# മലങ്കരസഭയുടെ സുവർണ്ണ യുഗശില്പി

മലങ്കരസഭാതേജസ്സ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II

(വാല്യം ഒന്ന്)

(Malayalam)

**Malankara Sabhayude Suvarna Yugasilpi**
**Malankara Sabha Thejas Pulikkottil Joseph Mar Dionysius II**
**Vol. 1**
**(Biographies)**

Editor:
**Fr. Dr. Joseph Cheeran**

Copy Right : Reserved with the Editor

First Published : July 12, 2011

Copies : 1000

Published by : **Dr. Geevarghese Mar Yulios**
M. J. D. Publishing House, Kunnamkulam

Cover Design,
Typesetting & Printing : Sophia Print House, Kottayam

**Rs. 500/-**

# മലങ്കരസഭയുടെ സുവർണ്ണ യുഗശില്പി

## മലങ്കരസഭാതേജസ്സ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II

(വാല്യം ഒന്ന്)


എഡിറ്റർ

**ഫാ. ഡോ. ജോസഫ് ചീരൻ**




പ്രസാധനം

**പുലിക്കോട്ടിൽ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ**

**എം. ജെ. ഡി. പബ്ലീഷിംഗ് ഹൗസ്, കുന്നംകുളം**

**ഫോൺ: 9495603174**



## ഫാ. ഡോ. ജോസഫ് ചീരൻ

തൃശ്ശൂർ ജില്ലയിൽ പഴഞ്ഞി സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയിൽ ചീരൻ ഗീവർഗീസ് കശ്ശീശായുടെ പൗത്രനായി 1945 ചിങ്ങം 1-ന് ജനിച്ചു. മാതാപിതാക്കൾ മാത്തപ്പൻ – കുഞ്ഞാത്തിരി. അവിഭക്ത കേരള സർവകലാശാലയുടെ ഒന്നാം റാങ്കോടു കൂടി മലയാളം ഭാഷയിൽ വിദ്വാൻ ബിരുദം നേടി. കാലിക്കട്ട് സർവ്വകലാശാലയിൽ നിന്ന് മാസ്റ്റർ ബിരുദം. മഹാത്മാഗാന്ധി സർവകലാശാലയിൽ നിന്ന് 'ആധുനിക മലയാള കവിതയിൽ ബൈബിളിന്റെ സ്വാധീനം' എന്ന വിഷയത്തെപ്പറ്റി തയാറാക്കിയ ഗവേഷണ പ്രബന്ധത്തിന് പി.എച്ച്.ഡി. ബിരുദം ലഭിച്ചു. തൃശ്ശൂർ സി.എം.എസ്. ഹൈസ്കൂളിലും ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളജിലും അധ്യാപകൻ. 2000 ജൂണിൽ റിട്ടയർ ചെയ്തു.

വൈദികഗുരു യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ. അദ്ദേഹത്തിൽ നിന്ന് വൈദികസ്ഥാനങ്ങൾ സ്വീകരിച്ചു. 1972 മുതൽ കൊച്ചി ഭദ്രാസനത്തിലും 1985 മുതൽ കുന്നംകുളം ഭദ്രാസനത്തിലും വിവിധ ഇടവകകളിൽ സേവനം ചെയ്തു. 2004 ജൂലായ് 1 മുതൽ തൃശൂർ ഭദ്രാസനത്തിൽ ആലായ്ക്കൽ കുളമ്പ്, കാക്കിനിക്കാട് എന്നീ ഇടവകകളിൽ സേവനം ചെയ്തു.

യൂഹാനോൻ മാർ സേവേറിയോസ് ഫൗണ്ടേഷൻ, മാർ ദീവന്നാസ്യോസ് പഠനകേന്ദ്രം, കുന്നംകുളം ക്രിസ്ത്യൻ സ്റ്റഡി സെന്റർ, എറണാകുളം ചർച്ച് ഹിസ്റ്ററി അസോസ്യേഷൻ എന്നിവയുടെ സ്ഥാപക ചെയർമാൻ. സീയോൻ സന്ദേശം, ഇടവകപത്രിക എന്നീ സഭാപ്രസിദ്ധീകരണങ്ങളുടെ സ്ഥാപക ചീഫ് എഡിറ്റർ, രണ്ട് ഡസനിലേറെ ഗ്രന്ഥങ്ങളും ഇരുന്നൂറ്റിഅമ്പതിലേറെ ഗവേഷണലേഖനങ്ങളും പ്രസിദ്ധീകരിച്ചു. മഹാത്മാഗാന്ധി സർവകലാശാലയിൽ റിസർച്ച് ഗൈഡ് ആയും ഓർത്തഡോക്സ് സ്റ്റഡി ബൈബിളിന്റെ മലയാളം പരിശോധകൻ ആയും മലങ്കര ഓർത്തഡോക്സ് ചർച്ച് ഹിസ്റ്ററി അസോസിയേഷൻ പ്രസിഡണ്ടായും പ്രവർത്തിക്കുന്നു.

യുണൈറ്റഡ് ബോർഡ് ഓഫ് ക്രിസ്ത്യൻ ഹയർ എജുക്കേഷന്റെ ധനസഹായത്തോടെ കേരളത്തിലെങ്ങുമുള്ള ആർക്കൈവ്സുകളിൽ ഗവേഷണപര്യടനം നടത്തി. മാർ ഗ്രീഗോറിയോസ് അബ്ദുൽ ജലീൽ (1665), മാർ ഈവാനിയോസ് (1685) എന്നിവരുടെ സുസ്താത്തിക്കോനുകൾ, മാർ ബസ്സേലിയോസ് യൽദൊ കാതോലിക്കായുടെ (1685) പള്ളിക്രമപ്പുസ്തകങ്ങൾ, ഭാരതത്തിലെ പ്രാചീന സെന്റ് തോമസ് ബൈബിൾ, തോമസ് അർക്കദിയാക്കോൻ (ഒന്നാം മാർത്തോമ്മാ) വത്തിക്കാനിലേക്കയച്ച കത്ത്, മാർ അഹത്തള്ളാ (1653) ഗോവയിൽ നിന്ന് ശെമ്മാശന്മാർ വശം കൊടുത്തയച്ച കത്ത്, കാട്ടുമങ്ങാട്ട് കൂറിലോസിന്റെ കുർബ്ബാനതക്സ, ഹൂദായ കാനോൻ 18 അക്കം കാനോൻ ആയി വ്യത്യാസപ്പെടുത്തുവാൻ റഫ്‌വർക്ക് ചെയ്ത കാനോൻ, ആർത്താറ്റ് ചെപ്പേട് (പടിയോല) എന്നിങ്ങനെ പൗരസ്ത്യ – പാശ്ചാത്യ സുറിയാനിയിലും കർസോനിയിലും വട്ടെഴുത്തിലും എഴുതിയ ഒട്ടധികം സഭാചരിത്രരേഖകൾ കണ്ടെടുത്ത് പ്രസിദ്ധീകരിച്ചു.


ഭാര്യ: കെ. വി. ഏലിയാമ്മ (റിട്ട. ഹെഡ്മിസ്ട്രസ്). മകൻ: പ്രസാദ് ചീരൻ, സ്നുഷ ദീപാ പ്രസാദ്. പൗത്രിമാർ: എൽസാ പ്രസാദ്, ടെസ്സാ പ്രസാദ്.

മകൾ: മേഴ്സി ജോർജ്ജ്, ജാമാതാവ്: ഡോ. പി. ഐ. ജോർജ്ജ്,

ദൗഹിത്രർ: ഹിമാ ജോർജ്ജ്, റാണാ പി. ജോർജ്ജ്.

വിലാസം: ചീരൻ ഹൗസ്, കിഴക്കേ അങ്ങാടി, പഴഞ്ഞി, തൃശൂർ ജില്ല.

ഫോൺ: 9495603174.



“പ്രീണനങ്ങളും പീഡനങ്ങളും പ്രയാസങ്ങളും അവഗണിച്ചും സഹിച്ചും പിതാക്കന്മാരുടെ വിശ്വാസത്തിൽ തുടർന്നു എന്ന് അഭിമാനിക്കാൻ കഴിവുണ്ടായിരുന്ന നസ്രാണികൾക്ക് ഒരുമിച്ച് നിൽക്കാൻ ആവശ്യമായ സംഘടനാസൗകര്യം ആയിരത്തിഎണ്ണൂറ് സംവത്സരകാലത്തേയ്ക്കു മലങ്കരയിൽ ഇല്ലായിരുന്നു. ആ കുറവ് പരിഹരിച്ച മഹാനാണ് ജോസഫ് ദീവന്നാസ്യോസ്. ചളിവാരി എറിയാൻ ആളുകൾ ഉണ്ടാകും, ഉണ്ട് എന്നു ശരിക്ക് അറിഞ്ഞ്കൊണ്ട്, മനം പതറാതെ, ഹൃദയം കുലുങ്ങാതെ, കാൽ വഴുതാതെ, മുമ്പോട്ടു കുതിച്ച് കേറിയ, സുന്നഹദോസിലും ഭരണത്തിലും മാപ്പിളയ്ക്കുള്ള സ്ഥാനം ശരിക്ക് അംഗീകരിച്ച മഹാനാണ് ദീവന്നാസ്യോസ് അഞ്ചാമൻ. മുളന്തുരുത്തി സുന്നഹദോസിന്റെയും മലങ്കരനസ്രാണികളുടെ വ്യവസ്ഥാപിത ഭരണകൂടത്തിന്റെയും മഹാശില്പിയും, ജാതിയുടെ സംഘാടകനും ആയ പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസ്യോസിനെ നമുക്ക് നമസ്ക്കരിക്കാം.”

**- ഇസഡ്. എം. പാറേട്ട്**

# ഉള്ളടക്കം


| | | |
|---|---|---|
| അനുഗ്രഹാശംസ | പ. മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവാ | 7 |
| പ്രസാധകകുറിപ്പ് | ഡോ. ഗീവർഗീസ് മാർ യൂലിയോസ് | 8 |
| അവതാരിക | ഡോ. പി. സി. മാത്യു പുലിക്കോട്ടിൽ | 10 |
| വാങ്മുഖം | എഡിറ്റർ | 13 |
| ഇതിലേ... ഇതിലേ... | | 29 |
| മഹാത്മാവായ കർമ്മയോഗി – പരിചയപ്പെടുത്തൽ | | 31 |
| **ജീവചരിത്ര രചനകൾ** | | |
| 1. മാർ ദീവന്നാസ്യോസ് | എം. പി. വർക്കി | 47 |
| 2. മാർ ദീവന്നാസ്യോസ് ചരിത്രഗാനം | പുലുത്തുരുത്തിൽ ചാക്കോ ചാക്കോ | 137 |
| 3 മാർ ദീവന്നാസ്യോസ് വിജയം | പനയ്ക്കൽ യാക്കോബ് കത്തനാർ | 169 |
| 4. മാർ ദീവന്നാസ്യോസ് | ഇസഡ്. എം. പാറേട്ട് | 184 |
| 5. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് II | ഫാ. പി. എം. ജോസ് | 285 |
| 6. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് | ഡോ. സാമുവൽ ചന്ദനപ്പള്ളി | 375 |
| 7. മഹാനായ മാർ ദീവന്നാസ്യോസ് | ഫാ. ഡോ. ജോസഫ് ചീരൻ | 388 |
| 8. കേരള നവോത്ഥാന നായകന്റെ ജീവിതകഥ | ഫാ. ഡോ. ജേക്കബ് കുര്യൻ | 730 |
| **ജീവചരിത്രഫലകം** | വർഗീസ് ജോൺ തോട്ടപ്പുഴ | 768 |

Website: www.mosc.in
E-mail: catholicos@mosc.in

Telephone : 0481-2574323, 2578500
Fax : 0481-2570569

**The Malankara Orthodox Syrian Church**
Catholicate of the East

**Baselios Marthoma Paulose II**
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN


Catholicate Palace
Kottayam - 686 038
Kerala, India

ജൂലൈ 6, 2011

# അനുഗ്രഹാശംസ

മലങ്കരസഭയുടെ നവോത്ഥാന ശില്പിയും, സാമൂഹ്യപരിഷ്കർത്താവും, സത്യവിശ്വാസത്തിന്റെ ഉത്തമ കാവൽഭടനുമായിരുന്ന സഭാതേജസ് അഭിവന്ദ്യ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ മലങ്കര മെത്രാപ്പോലീത്തായുടെ ഇതഃപര്യന്തം രചിക്കപ്പെട്ടിട്ടുള്ള എട്ട് ജീവചരിത്രങ്ങൾ സമാഹരിച്ച് ഒരു ഗ്രന്ഥമായി പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ നാം സന്തോഷിക്കുന്നു. കേരളീയ സമൂഹത്തിന്റെയും മലങ്കര സഭാ മക്കളുടെയും ആത്മീയവും ഭൗതികവുമായ ഉന്നമനവും സമഗ്രമായ പുരോഗതിയും ജീവിതവ്രതമായി കരുതിയ അഭിവന്ദ്യ പിതാവ് ഈ ലക്ഷ്യം കൈവരിക്കുവാനായി വിവിധ കർമ്മപരിപാടികൾ ആസൂത്രണം ചെയ്ത് മാതൃകാപരമായി നടപ്പിൽ വരുത്തി. മഹാതപസ്വിയും, ശ്രേഷ്ഠ മഹാപുരോഹിതനും, ഭരണകർത്താവുമായിരുന്ന പ. പിതാവിന്റെ ജീവിതവും സംഭാവനകളും വരുന്ന തലമുറയ്ക്ക് പരിചയപ്പെടുത്തുവാൻ ഈ ഗ്രന്ഥം സഹായിക്കും എന്ന് നാം പ്രത്യാശിക്കുന്നു. ഉദ്യമത്തിന് എല്ലാ ആശംസകളും നന്മകളും നേരുന്നു.

ദൈവം അനുഗ്രഹിക്കട്ടെ.



**ബസ്സേലിയോസ് മാർത്തോമ്മാ**
**പൗലോസ് ദ്വിതീയൻ**

# പ്രസാധകകുറിപ്പ്

**കു**ന്നംകുളം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന 'എം. ജെ. ഡി. പബ്ലിഷേഴ്സി'ന്റെ നാലാമത്തെ പുസ്തകം സഹൃദയ കേരളത്തിന് സമർപ്പിക്കുവാൻ അനല്പമായ അഭിമാനവും ആഹ്ലാദവുമുണ്ട്. 19-ാം നൂറ്റാണ്ടിൽ എഴുതപ്പെട്ട് കഴിഞ്ഞ കാലമത്രയും സുഖസുഷുപ്തിക്കായി വിധിക്കപ്പെട്ടതും സമകാല സഭാചരിത്രത്തിന്റെ ദൃക്സാക്ഷിയായ കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായാൽ വിരചിതവുമായ മലങ്കരസഭാചരിത്രം കണ്ടെടുത്ത് 'കണ്ടനാട് ഗ്രന്ഥവരി' എന്ന ശീർഷകത്തിൽ 2008-ൽ പ്രസിദ്ധീകരിച്ചതോടെയാണ് ഈ പ്രസിദ്ധീകരണവേദി പ്രവർത്തനക്ഷമമായത്. പിന്നീട് കോട്ടയം-അങ്കമാലി മെത്രാസന ഇടവകകളുടെ കടവിൽ വലിയ പൗലൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ ജീവചരിത്രം (2009), പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ഒന്നാമനും 1811-ലെ മലയാളം ബൈബിളും (2011) എന്നീ കൃതികൾ പുറത്തിറക്കി.

ഗവേഷണമൂല്യമുള്ള റഫറൻസ് ഗ്രന്ഥങ്ങൾ തയാറാക്കുക എന്ന മുഖ്യലക്ഷ്യത്തിലേക്കുള്ള ഈ പ്രയാണത്തെ സഹൃദയലോകം അംഗീകരിച്ച് പ്രോത്സാഹിപ്പിക്കുന്നു എന്ന് ഇതിനോടകം ഞങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. 2011-ൽ രൂപീകരിക്കപ്പെട്ടതും നമ്മുടെ ചുമതലയിൽ ഏല്പിക്കപ്പെട്ടതുമായ അഹമ്മദ്ബാദ് ഭദ്രാസനം സഭാവികസനപദ്ധതിയിൽ ഈദൃശമായ പ്രസിദ്ധീകരണ സംരംഭങ്ങൾക്ക് ഉത്തേജനം നൽകുവാൻ പ്രതിജ്ഞാബദ്ധമാണ്. ആ നിലയിൽ എം. ജെ. ഡി. പബ്ലിഷേഴ്സിന്റെ പുതിയ റഫറൻസ് ഗ്രന്ഥത്തെ അഹമ്മദ്ബാദ് ഭദ്രാസനത്തിന്റെ ഗ്രന്ഥരൂപത്തിലുള്ള കടിഞ്ഞൂൽക്കനിയായി വിശേഷിപ്പിക്കുന്നതിൽ നമുക്ക് അതിയായ സന്തോഷമുണ്ട്.

ഈ ഗ്രന്ഥത്തിൽ സമാഹരിക്കപ്പെട്ടിരിക്കുന്ന ജീവചരിത്രങ്ങൾക്ക് വിഷയമായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്തായുടെ കർമ്മപഥങ്ങൾ മലങ്കര ഓർത്തഡോക്സ് സഭയുടെ ചരിത്രത്തെ ഒരു സുവർണ്ണയുഗത്തിലേക്ക് സംക്രമിപ്പിച്ചു എന്ന് ശ്രീ. എം. പി. വർക്കിയുടെയും ശ്രീ. ഇസ്സഡ്. എം. പാറേട്ടിന്റെയും സാക്ഷ്യങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ പൂർവ്വീകൻ നേതൃത്വം നൽകി 1811-ൽ പ്രസിദ്ധീകരിച്ച പ്രഥമ മലയാളം ബൈബിളും 1814-ൽ സ്ഥാപിച്ച കോട്ടയം പഴയസെമിനാരിയും സാംസ്കാരിക കേരളത്തിന്റെ ആധുനികമുഖത്തെ രൂപപ്പെടുത്തുന്നതിൽ വഹിച്ച അതുല്യമായ പങ്ക് ഇത്തരുണത്തിൽ നാം സ്മരിക്കുന്നു. പുലിക്കോട്ടിൽ മഹാത്മാവായ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമനും കായംകുളം ഫീലിപ്പോസ് റമ്പാനും ചേർന്ന് വിവർത്തനം ചെയ്ത് പ്രസിദ്ധപ്പെടുത്തിയ മലയാളം ബൈബിളിന്റെ 200-ാം വാർഷികത്തിൽ, കേരള നവോത്ഥാനത്തിന്റെ പിതാവ് എന്ന് വിശേഷിപ്പിക്കാവുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ മലങ്കര മെത്രാപ്പോലീത്തായുടെ

ഇതഃപര്യന്തം രചിക്കപ്പെട്ട എട്ട് ജീവചരിത്രങ്ങളും സമാഹരിച്ച് ഒറ്റ വാല്യമായി പ്രസിദ്ധീകരിക്കുന്നത് സംഗതവും അന്വർത്ഥവുമാണെന്ന് നാം കരുതുന്നു.


മലങ്കരസഭ കണ്ടിട്ടുള്ളതിൽ ഏറ്റവും മഹാത്മാവായ ഈ കർമ്മയോഗിയെ 'സഭാതേജസ്' എന്ന ബിരുദം നൽകി ബഹുമാനിച്ചപ്പോൾ ആ പരിശുദ്ധ പിതാവിനോട് പില്ക്കാലചരിത്രം അറിഞ്ഞോ അറിയാതെയോ ചെയ്ത തമസ്ക്കരണശ്രമത്തെ തിരുത്തി എഴുതുകയാണ് ചെയ്തത്. അദ്ദേഹത്തെ കൂടുതൽ സത്യസന്ധമായി പഠിക്കുവാനും വിലയിരുത്തുവാനും ഈ വാല്യം സഹായിക്കുമെന്ന് നാം കരുതുന്നു. സഭയുടെ വളരുന്ന യുവാക്കൾക്ക് കർമ്മോത്സാഹവും ദിശാബോധവും നൽകുവാൻ കർമ്മയോഗിയായ ഈ മഹാപുരുഷന്റെ ജീവചരിത്ര പഠനം സഹായിക്കുമെന്നതിന് ഒരു സംശയവുമില്ല.

മലങ്കര ഓർത്തഡോക്സ് സഭയിലെ ഏറ്റവും പുതിയ മെത്രാസനങ്ങളിലൊന്നായ അഹമ്മദ്ബാദ് ഭദ്രാസനം ഈ ഉദ്യമത്തെ വിലമതിയ്ക്കുകയും ഭദ്രാസനത്തിന്റെയും എം. ജെ. ഡി. പബ്ലിഷേഴ്സിന്റെയും അധ്യക്ഷൻ എന്ന നിലയിൽ ഏറെ അഭിമാനത്തോടും ചാരിതാർത്ഥ്യത്തോടും കൂടെ ഇതിന്റെ പ്രവർത്തനത്തിൽ സംതൃപ്തി രേഖപ്പെടുത്തുകയും തുടർന്നുള്ള പ്രവർത്തനങ്ങളിൽ ഏവരുടേയും സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുകയും ചെയ്യുന്നു.

ഈ പ്രസിദ്ധീകരണങ്ങളിൽ സഹകരിച്ച എല്ലാവരേയും ദൈവംതമ്പുരാൻ വാഴ്ത്തി അനുഗ്രഹിക്കട്ടെ. പ. ദൈവമാതാവിന്റെയും മാർതോമ്മാ ശ്ലീഹായുടെയും നമ്മുടെ കാവൽപിതാക്കൾ ആയ എല്ലാ പരിശുദ്ധന്മാരുടെയും മദ്ധ്യസ്ഥപ്രാർത്ഥനകൾ ഈ പ്രസിദ്ധീകരണവേദിയുടെ പ്രവർത്തനങ്ങളോടൊപ്പം സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. മലങ്കര ഓർത്തഡോക്സ് സഭയുടെ തേജസും ഓജസും വർദ്ധിച്ച് അതിന്റെ വേരുകൾ ആഴപ്പെടുവാനും ശാഖകൾ വിസ്തൃതമാകുവാനും ഈദൃശ പ്രവർത്തനങ്ങൾ മൂലം ദൈവം ഇടയാക്കട്ടെ.

**ഡോ. ഗീവറുഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ**

25-6-2011
ഹൂസ്റ്റൺ (അമേരിക്കാ)



# അവതാരിക

യുഗപ്രഭാവനായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ തിരുമേനിയെക്കുറിച്ച് മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള വിശിഷ്ട ജീവചരിത്രരചനകളുടെ സമാഹാരമായ ഈ ഗ്രന്ഥത്തിന് അവതാരിക എഴുതുന്നതിൽ അതിയായ ചാരിതാർത്ഥ്യവും അഭിമാനവുമുണ്ട്. അതി പ്രഗത്ഭനായ ആ അത്യുന്നത ശ്രേഷ്ഠ മഹാചാര്യനെക്കുറിച്ച് ഗഹനമായ ഗവേഷണപഠനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നവർക്ക് ഈ ഉത്തമഗ്രന്ഥം ഒരു സ്വർണ്ണഖനിയാണ്. ഇതിലെ മിക്ക കൃതികളും ഇന്ന് ലഭ്യമല്ല. ആ നിലയ്ക്ക് അവയെല്ലാം ഒരു വാല്യത്തിൽ ഉൾപ്പെടുത്തി വായനക്കാർക്ക് തിരുമുൽക്കാഴ്ച വെക്കാൻ സന്മനസ്സായ കുന്നംകുളത്തെ എം. ജെ. ഡി. പബ്ലിഷിംഗ് ഹൗസിനും അതിന്റെ രക്ഷകനും, പ്രചോദകനും, പ്രണേതാവും ഓർത്തഡോക്സ് സഭയുടെ അഹമ്മദ്ബാദ് ഭദ്രാസനാധിപനും കുന്നംകുളം പുലിക്കോട്ടിൽ കുടുംബത്തിലെ ഇളമുറക്കാരനുമായ ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് തിരുമനസ്സിനും സർവ്വവിധ അഭിനന്ദനവും നേരുന്നു. ഈ ഗ്രന്ഥം അത്യുൽകൃഷ്ടമാംവിധം എഡിറ്റ് ചെയ്ത് ചേതോഹരമാക്കിയ ഫാ. പ്രൊഫ. ഡോ. ജോസഫ് ചീരന്റെ വൈദഗ്ധ്യത്തെ എത്ര ശ്ലാഘിച്ചാലും മതിയാവുകയില്ല. *കണ്ടനാട് ഗ്രന്ഥവരി, ഒരു പരദേശയാത്രയുടെ കഥ* തുടങ്ങി ഒട്ടനവധി അമൂല്യഗ്രന്ഥങ്ങൾ പ്രശംസനീയമാംവണ്ണം എഡിറ്റ് ചെയ്ത് വിജ്ഞാനദാഹികൾക്ക് സമർപ്പിച്ച ആ അനുഗൃഹീത കരങ്ങളുടെ മാസ്മരസ്പർശം ഈ വിശിഷ്ടഗ്രന്ഥത്തിന്റെ സൗകുമാര്യത വർദ്ധിപ്പിച്ചിരിക്കുന്നു. തൊട്ടതെല്ലാം പൊന്നാക്കുന്ന ആ അനുഗൃഹീത കരങ്ങളുടെ പരിലാളനമേൽക്കാൻ കൊതിച്ചുകൊണ്ട് നിതാന്തസൗഭാഗ്യം പ്രതീക്ഷിച്ച് മലങ്കരസഭയുടെ സാഹിത്യവല്ലരിയുടെ അണിയറയിൽ ഇനിയും അക്ഷരരത്നങ്ങൾ കാത്തിരിക്കുന്നുണ്ട്. അഗ്നി മാരുതയോഗംപോലെ അഭിവന്ദ്യ തിരുമേനിയും ചീരനച്ചനും ചേർന്ന് ഇനിയും എം. ജെ. ഡി. പബ്ലിഷിംഗ് ഹൗസിൽ നിന്നും പഠനാർഹങ്ങളായ ഉത്തമഗ്രന്ഥങ്ങൾ പുറത്തിറക്കാൻ ഇടയാകട്ടെ എന്ന് ആശംസിക്കുന്നു.

ജോസഫ് മാർ ദീവന്നാസ്യോസ് തിരുമേനി കുന്നംകുളത്തെ പ്രശസ്തമായ പുലിക്കോട്ടിൽ കുടുംബത്തിലാണ് ജനിച്ചത്. അദ്ദേഹത്തിന്റെ പൂർവ്വികനായി യൗസേഫ് മാർ ദീവന്നാസ്യോസ് എന്ന നാമത്തിൽ ഒരു വിശ്രുതനായ മെത്രാപ്പോലീത്താ ഉണ്ടായിരുന്നു. കോട്ടയം പഴയസെമിനാരി സ്ഥാപകൻ എന്ന പേരിലാണ് പുണ്യശ്ലോകനായ ആ തിരുമേനി മലങ്കരസഭാചരിത്രത്തിൽ അറിയപ്പെടുന്നത്. അദ്ദേഹത്തിന്റെ സഹോദരൻ താരുവിന്റെ മകന്റെ മകനാണ് എം. ഡി. സെമിനാരി സ്ഥാപകൻ എന്ന പേരിൽ പ്രസിദ്ധനായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ മെത്രാപ്പോലീത്താ. അദ്ദേഹത്തിന്റെ പിതാവിന്റെ പേര്

കുരിയത്. കുന്നംകുളം തെക്കെ അങ്ങാടിയിൽ പഴയപള്ളിക്കു സമീപ മുള്ള തിരുമേനി ജനിച്ചുവളർന്ന കുടുംബവീട് ഇന്നും അതേപടി നില നിൽക്കുന്നുണ്ട്.

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ തിരുമേ നിയെക്കുറിച്ച് സൂക്ഷ്മമായി പഠിക്കുമ്പോൾ പരിശുദ്ധ തിരുമേനിയുടെ മഹത്വം നമ്മെ ആശ്ചര്യപ്പെടുത്തുക തന്നെ ചെയ്യും. അദ്ദേഹത്തിന്റെ അപദാനങ്ങൾ എണ്ണിഎണ്ണി പറയുകയാണെങ്കിൽ ഒരുപാടുണ്ട്. നവോ ത്ഥാനനായകൻ എന്ന് ചരിത്രപണ്ഡിതന്മാർ അദ്ദേഹത്തെ പുകഴ്ത്തിപ്പ റയുന്നു; 'ചാണക്യനെപ്പോലും വെല്ലാൻ കഴിവുള്ള നയകോവിദനായ ഭരണതന്ത്രജ്ഞൻ' എന്ന് ഇസഡ്. എം. പാറേട്ട് വിശേഷിപ്പിച്ചിട്ടുണ്ട്. അക്ഷരലോകത്തിന്റെ വിപ്ലവാത്മകത തിരിച്ചറിഞ്ഞ മഹാചാര്യൻ എന്ന് മാധ്യമങ്ങൾ പ്രശംസിക്കുന്നു. 'അധീശത്വഭീഷണിക്കെതിരെ പോരാടിയ സഭാനായകൻ' എന്ന് മറ്റു ചിലർ രേഖപ്പെടുത്തിയിട്ടുണ്ട്. സംഭവബഹു ലമായ അദ്ദേഹത്തിന്റെ ജീവിതകാലത്ത് ഓരോരോ രംഗങ്ങളിലും വിജയം വരിച്ചുകൊണ്ട് അദ്ദേഹം മുന്നേറുന്ന കാഴ്ച വിസ്മയകരമായിരുന്നു. ഇതി നെല്ലാം ആ കുന്നംകുളത്തുകാരന് എങ്ങിനെ കഴിഞ്ഞു എന്ന് ആലോ ചിക്കുമ്പോൾ സത്യം പറഞ്ഞാൽ ഒരു എത്തും പിടിയും കിട്ടുന്നില്ല. ദൈവം തമ്പുരാൻ അദ്ദേഹത്തെ ശക്തനാക്കി എന്നു മാത്രമേ സാധാരണക്കാർക്ക് പറയാൻ കഴിയുന്നുള്ളു. ധർമ്മത്തിന് ഗ്ലാനി സംഭവിക്കുമ്പോൾ തൽപുനഃ സ്ഥാപനാർത്ഥം സർവ്വശക്തനായ ദൈവം കരുത്തനായ ഒരു രക്ഷകനെ ഈ ഭൂമിയിലേക്ക് അയയ്ക്കും എന്നാണ് വിശ്വാസം. അങ്ങനെ മലങ്കര സഭയ്ക്ക് സർവ്വവും തികഞ്ഞ ഒരു മഹാചാര്യനെ ലഭിച്ചു. ഇസഡ്. എം. പാറേട്ടിന്റെ വാക്കുകൾ ഓർമ്മ വരുന്നു: "ഈവിധം ബഹുമുഖങ്ങളായ പ്രവർത്തനങ്ങൾ നടത്തിയ മറ്റൊരു മെത്രാൻ നസ്രാണികൾക്ക് ഉണ്ടാ യിട്ടില്ല. ഇനി ഉണ്ടാകുമെന്ന് തോന്നുന്നുമില്ല." അങ്ങിനെയുള്ള അസാധാ രണ വിശിഷ്ട വ്യക്തിവിശേഷമുള്ള ഒരു മെത്രാപ്പോലീത്തായുടെ വീരാ പദാനങ്ങൾ ഉൾക്കൊള്ളുന്നതാണ് ഈ ഗ്രന്ഥം. ഈ പുസ്തകം മലങ്കര സഭയിലെ ഓരോ കുടുംബത്തിലും സൂക്ഷിച്ച് മതാപിതാക്കന്മാർ മക്കൾക്ക് അതിലെ ഉള്ളടക്കം പരിചയപ്പെടുത്തികൊടുക്കണം. ഉൽപ്പതിഷ്ണുവായ ഒരു മഹാചാര്യന്റെ ചരിത്രമാണ് അവർ പറഞ്ഞുകൊടുക്കുന്നത്. മല ങ്കരസഭയെ ഒരു വിഷമഘട്ടത്തിൽ വിജയകരമായി മുന്നോട്ടുനയിച്ച അസാ മാന്യവൈഭവമുള്ള ഒരു മെത്രാപ്പോലീത്തായെ കുട്ടികൾ അടുത്തറിയട്ടെ. പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യദശയിൽ കേരളത്തിലെ നവോ ത്ഥാനമുന്നേറ്റത്തിന് വീരനേതൃത്വം നൽകിയ ആ പരിഷ്കർത്താവിന്റെ ചരിത്രം തൊട്ടറിഞ്ഞ് ഭാവിതലമുറ ഉത്തേജനം കൈക്കൊള്ളട്ടെ. ഇല്ലാ യ്മയുടെയും വല്ലായ്മയുടെയും നടുവിൽനിന്ന് ശ്രേയസ്സിന്റെ അത്യുന്നത സോപാനത്തിലേക്ക് എങ്ങിനെ കുതിച്ചുകയറാം എന്ന പാഠം നമ്മുടെ കൊച്ചുമക്കൾ പഠിച്ച് ഭാവിജീവിതത്തിലേക്കു വേണ്ട ഊർജ്ജം സംഭരി ക്കട്ടെ.


ഈ അവസരത്തിൽ ഫാ. പ്രൊഫ. ഡോ. റ്റി. ജെ. ജോഷ്വായുടെ വാക്കുകൾ സ്മരിച്ചു പോകുന്നു. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയന്റെ ആദ്യകാല സംരംഭങ്ങളെപ്പറ്റി അദ്ദേഹം വിലയിരുത്തുകയായിരുന്നു: "ഇല്ലായ്മയുടെ പട്ടിക മാത്രമേ കയ്യിലുള്ളു. സ്വന്തമായി ഒരു ആസ്ഥാനമില്ല. വൈദികരെ പരിശീലിപ്പിച്ചു സജ്ജമാക്കാൻ ഉതകുന്ന സെമിനാരിയില്ല. രാജവാഴ്ച നിലനിന്ന അക്കാലത്ത് രാജകീയവിളംബരത്തിന്റെ പിൻബലമില്ല. വ്യവഹാരം നടത്തി കോടതി വിധിയിൽകൂടി എല്ലാം നേടിയെടുക്കണം. പക്ഷേ, അതിനാവശ്യമായ പണമില്ല. ആൾബലവും താരതമ്യേന പരിമിതം. ഏതൊരു നേതാവിനെയും നിരാശനും നിർവീര്യനുമാക്കുന്ന സാഹചര്യമാണ് തന്റെ മുമ്പിലുള്ളത്. ഒരു യുദ്ധതന്ത്രജ്ഞന്റെ ദീർഘദൃഷ്ടിയോടും സൂക്ഷ്മതയാർന്ന കരുതലോടും കൂടെയാണ് അദ്ദേഹം കരുക്കൾ നീക്കിയത്. മാനുഷികമായ ബുദ്ധിയും ദൈവികമായ ആലോചനയും ഒത്തുചേരുമ്പോൾ തടസ്സങ്ങൾ നീങ്ങുകയും വിജയം വന്നണയുകയും ചെയ്തു."

മേൽപ്പറഞ്ഞ ചേതോഹരമായ ഇതിഹാസത്തിന്റെ നേർകാഴ്ചകളാണ് ഈ ഗ്രന്ഥം കാഴ്ചവെയ്ക്കുന്നത്. ഈ പുസ്തകം - തങ്കലിപികളാൽ രേഖപ്പെടുത്തിയത് എന്ന് എനിക്കു തോന്നുന്ന ഈ സുവർണ്ണ ഗ്രന്ഥം സഹൃദയലോകത്തിന് കാഴ്ചവെയ്ക്കുന്ന അസുലഭമുഹൂർത്തം അതിധന്യമാണ്. ഇതിനെ അണിയിച്ചൊരുക്കിയ ദൈവാശ്രയമുള്ള കരങ്ങൾ അനുഗൃഹീതങ്ങളാണ്.

ഈ ഗ്രന്ഥത്തിന്റെ കെട്ടുംമട്ടും ആകാരഭംഗിയും മനോഹരമായിരിക്കുന്നു. ആർക്കും കൈയിലേന്തി താലോലിക്കുവാനും നെഞ്ചോട് ചേർത്ത് പിടിക്കുവാനും തോന്നുന്ന പുസ്തകം ഓരോ കുടുംബലൈബ്രറിക്കും മുതൽകൂട്ടായിരിക്കും. തികഞ്ഞ ആദരവോടെ, അതിലേറെ അഭിമാനത്തോടെ ഹൃദയം നിറഞ്ഞുകവിയുന്ന സന്തോഷത്തോടെ ഈ ഗ്രന്ഥം സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

**അഡ്വ. ഡോ. പി. സി. മാത്യു പുലിക്കോട്ടിൽ**
**B.A., B.L., M.S.W., D.S.S., Ph. D.**

കുന്നംകുളം
26-6-2011



## വാങ്മുഖം

# ഒരു പുത്തൻ വായനയുടെ സാഫല്യവും നിർവൃതിയും

മലയാള സാഹിത്യത്തിലും മലങ്കരസഭ ഉൾപ്പെടെ ഭാരത ക്രൈസ്തവ സഭാചരിത്രത്തിലും ഒരു നൂതന സംരംഭവും തന്മൂലം സാഹസിക പരീക്ഷണവും ആണ് ഈ കൃതി. മലയാള ഭാഷയിൽ ജീവചരിത്രശാഖയ്ക്ക് പത്തുപന്ത്രണ്ട് പതിറ്റാണ്ടിന്റെ ചരിത്രമേ ഉള്ളൂ. ഭാഷയിലെ ആദ്യത്തെ ജീവചരിത്രം അമേരിക്കൻ വിമോചകൻ ഏബ്രഹാം ലിങ്കൺ എന്ന മഹാപുരുഷന്റേതാണ്. തിരുവിതാംകൂർ ദിവാനായിരുന്ന ഒരു തമിഴ് സ്വദേശിയുടെ ജീവചരിത്രമാണ് അടുത്തത്. ജീവചരിത്രരചനയ്ക്കു വിഷയമായ ആദ്യത്തെ മഹാത്മാവായ മലയാളി മലങ്കര മെത്രാപ്പോലീത്തായും കേരള നവോത്ഥാനത്തിന് ബലിഷ്ഠമായ അടിത്തറ പാകിയ പ്രതിഭാശാലിയുമായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ ആണ്. ഗംഭീരപുരുഷനായ അദ്ദേഹത്തെ, കോട്ടയം പഴയസെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ മലങ്കര മെത്രാപ്പോലീത്തായിൽനിന്ന് വേർതിരിച്ചറിയുവാൻ ഈ അടുത്തകാലംവരെ കോട്ടയം എം.ഡി. സെമിനാരി സ്ഥാപകൻ എന്നാണ് വിശേഷിപ്പിച്ചിരുന്നത്. ജീവിച്ചിരുന്ന കാലത്ത് അദ്ദേഹം വിവാദ പുരുഷൻ ആയിരുന്നില്ല. എന്നാൽ നവീകരണവിഭാഗം ഒരു പ്രത്യേക സഭാവിഭാഗമായി രൂപപ്പെടുകയും ആ സഭാവിഭജനത്തിന് ചരിത്രപരമായ ന്യായീകരണം കണ്ടെത്തി സ്വന്തം അനുയായികളെ ഒരുമിച്ചു നിർത്തുകയും ചെയ്യാൻ ആ സഭ അഞ്ചു ദശാബ്ദങ്ങൾക്ക് ശേഷം എഴുതിയ സഭാചരിത്രങ്ങളിൽ അസത്യങ്ങളും അർദ്ധസത്യങ്ങളുമായ കുറെ ഭാവനാകഥകൾ എഴുതിച്ചേർത്തു. അതോടെ പാശ്ചാത്യവത്ക്കരണത്തിന്റെ നീരാളിപ്പിടുത്തത്തിൽനിന്ന് പൂർവ്വീക മലങ്കരസഭയെ വിമോചിപ്പിക്കുവാൻ ഐതിഹാസികവും സാഹസികവുമായ യത്നങ്ങൾ ചെയ്ത പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദ്വിതീയൻ വിവാദപുരുഷനായി ചിത്രീകരിക്കപ്പെട്ടു. കഥാപുരുഷന്റെ കാലശേഷം അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ പിൻബലത്തോടെ രൂപംകൊണ്ട ഒരു ന്യൂനപക്ഷത്തോട് നിയമയുദ്ധം നടത്തുവാൻ മലങ്കരസഭ നിർബദ്ധയായി. ദുഷ്ക്കരമായ ഈ ആഭ്യന്തര വ്യവഹാര കാരണങ്ങൾ മുൻഗാമി മൂലം സംഭവിച്ചതാണെന്ന് പില്ക്കാലസഭാ നേതൃത്വം കൈകഴുകുവാൻ പ്രയോഗിച്ച വിദ്യ ഫലിച്ചു. അതോടെ മലങ്കരസഭയിലും പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് വിവാദപുരുഷനായി. പില്ക്കാലത്ത് ഇരുപതാം നൂറ്റാണ്ടിന്റെ ഒടുവിൽ

സഭാചരിത്ര രചന നടത്തിയ പലരും പുലിക്കോട്ടിൽ തിരുമേനിയെപ്പറ്റി വിരചിതമായ സമകാലചരിത്രത്തെയല്ല, തിരുമേനിയോട് യുദ്ധം ചെയ്ത് പരാജയം ഏറ്റുവാങ്ങി പുതിയ സഭ രൂപീകരിച്ച് പോയവർ സ്വന്തം നില പാട് ന്യായീകരിക്കുവാൻ അഞ്ച് പതിറ്റാണ്ടിനുശേഷം രചിച്ച വികൃതവും വികലവുമായ ചരിത്രങ്ങളെയാണ് തങ്ങളുടെ സഭാചരിത്ര രചനയ്ക്കു വേണ്ടി ആശ്രയിച്ചത്. തൽഫലമായി കോട്ടയം പഴയ സെമിനാരി ചാപ്പ ലിന്റെ വടക്കേ കബർ മുറിയിൽ അന്ത്യവിശ്രമം കൊള്ളുന്ന പുണ്യശ്ലോ കനായ ഈ സുചരിതനെക്കുറിച്ച് "ആ വടക്കുപുറത്ത് കിടക്കുന്ന മനു ഷ്യനാണ് സഭയുടെ ഇന്നത്തെ എല്ലാ പ്രതിസന്ധികൾക്കും പ്രധാന കാരണം" എന്ന് വൈദികരെ വാർത്തുവിടുന്ന സെമിനാരിയിലെ ചരി ത്രാധ്യാപകർ പോലും ചരിത്രസത്യങ്ങളെ അതീവ ലളിതമായി ദുർവ്യാ ഖ്യാനം ചെയ്യുന്ന സ്ഥിതിയിലേക്കു കാര്യങ്ങൾ നീങ്ങി.

ഈ കലുഷിതാവസ്ഥയിലാണ് തൃശൂർ ആസ്ഥാനമായി ഇതെഴുതുന്ന ആളിന്റെ പ്രധാന നേതൃത്വത്തിൽ രൂപംകൊടുത്ത യൂഹാനോൻ മാർ സേവേറിയോസ് ഫൗണ്ടേഷൻ ചെലുത്തിയ പ്രേരണയുടെ ഫലമായി ചരിത്രപുരുഷന്റെ ചരമനവതി ആഘോഷം സഭാതലത്തിൽ 1999-ൽ നട ത്തിയത്. കോട്ടയം പഴയസെമിനാരിയിലും തൃശൂർ കേരള സാഹിത്യ അക്കാദമി ഹാളിലും കോട്ടോൽ ഓർത്തഡോക്സ് ദേവാലയത്തിലും സെമിനാറുകൾ സംഘടിപ്പിക്കപ്പെട്ടു. സെമിനാറുകളിൽ ഈ ലേഖകൻ അവതരിപ്പിച്ച പ്രബന്ധങ്ങൾ 'മലങ്കരസഭാ' മാസികയിലും 'പുരോഹി തൻ' ത്രൈമാസികത്തിലും പത്രമാധ്യമങ്ങളിലും പ്രത്യക്ഷപ്പെട്ടു. ഏറെ താമസിയാതെ അദ്ദേഹത്തെപ്പറ്റിയുള്ള പഠനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു സുവനീർ പ്രസിദ്ധീകരിച്ചു. ചൊവ്വന്നൂർ പള്ളിയുടെ മില്ലേനിയം സുവ നീറിലും കഥാപുരുഷനെക്കുറിച്ചുള്ള പഠനങ്ങൾ പ്രത്യക്ഷപ്പെട്ടു. തുടർന്ന് സ്മര്യപുരുഷനെപ്പറ്റി എം. പി. വർക്കി രചിച്ച ജീവചരിത്രവും, ചിങ്ങവ നത്ത് പുലാത്തുരുത്തേൽ ചാക്കോ ചാക്കോ എന്നു പേരുള്ള അന്ധകവി രചിച്ച 'മാർ ദീവന്നാസ്യോസ് ചരിത്രഗാന'വും കുന്നംകുളം പനയ്ക്കൽ യാക്കോബ് കത്തനാർ എഴുതിയ 'ദീവന്നാസ്യോസ് സ്മൃതി'യും സമാ ഹരിച്ച് വ്യാഖ്യാനവും ആമുഖ പഠനവും നടത്തി 'മഹാത്മാവായ മാർ ദീവന്നാസ്യോസ്' എന്ന പേരിൽ ഒരു ഗ്രന്ഥം കുന്നംകുളം 'ആത്മപോ ഷിണി'ക്കാർ പ്രസിദ്ധീകരിച്ചു. കഥാപുരുഷൻ എഴുതിയ 'ഒരു പരദേശ യാത്രയുടെ കഥ' ഉചിതമായ പഠനത്തോടുകൂടി 'ആത്മപോഷിണി' പ്രസി ദ്ധീകരിച്ചു. അക്കാലത്താണ് ചരിത്രപുരുഷന്റെ സമകാലീനനും കൊച്ചി യുടെ പ്രഥമ മെത്രാനുമായ കണ്ടനാട് കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസ് എഴുതിയതും കടുങ്ങമംഗലം പള്ളിയിൽ സൂക്ഷിച്ചിരു ന്നതുമായ കൈയെഴുത്തു സഭാചരിത്രം ശ്രദ്ധയിൽപെട്ടത്. അക്കാലത്ത് ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളജിൽ എന്റെ പ്രിയ ശിഷ്യൻ

ആയിരുന്ന ഡീക്കൻ സ്ലീബാ ജോർജ്ജ് പനയ്ക്കലും എന്റെ സഹപ്രവർത്തകയായിരുന്ന ഡോ. താരാ സൈമണും ഈ കൈയെഴുത്തുപ്രതിയുടെ ഒരു ഫോട്ടോകോപ്പി എനിക്ക് ലഭിക്കുവാൻ കാരണക്കാരായി. അത് സൂക്ഷ്മമായി വായിച്ചതോടെ അത് അച്ചടിയിലേയ്ക്കു കൊണ്ടുവരുവാൻ ഞാൻ ധൃതിപ്പെട്ടു. വളരെ പരസ്യം നൽകി എങ്കിലും സ്പോൺസർമാരെ കണ്ടെത്താനായില്ല. പ്രശ്നകലുഷിതമായ പത്തൊമ്പതാം നൂറ്റാണ്ടിൽ നടന്ന സംഭവങ്ങളുടെ ദൃക്സാക്ഷി വിവരണമായ ആ ചരിത്രകൃതിക്ക് ഇതെഴുതുന്ന ആൾ 'കണ്ടനാട് ഗ്രന്ഥവരി' എന്ന് പേർ നൽകി. കണ്ടനാട് ഗ്രന്ഥവരി നൽകുന്ന സമകാലസാക്ഷ്യങ്ങളെ മുൻനിർത്തി പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദ്വിതീയന്റെ സമഗ്രചരിത്രം ഞാൻ തയ്യാറാക്കി. ആത്മപോഷിണി അത് പ്രസിദ്ധീകരിച്ചു. അതിന്റെ പ്രസിദ്ധീകരണം സ്പോൺസർ ചെയ്ത ഫാ. ജോർജ്ജ് പുലിക്കോട്ടിൽ, പുലിക്കോട്ടിൽ മത്തായി & സൺസ് (എറണാകുളം) എന്നിവരോട് ഞാൻ അതീവ കൃതജ്ഞനാണ്. മലങ്കരയുടെ മഹാനായ മാർ ദീവന്നാസ്യോസ് എന്ന അഭിനവ ജീവചരിത്രം ഒരുപാട് പേരെ ആകർഷിച്ചു. കണ്ടനാട് ഗ്രന്ഥവരിയുടെ 'കന്യകാത്വമുള്ള മണ്ണ്' വെളിച്ചം കാണുവാൻ അതിടയാക്കി. അന്ന് അമേരിക്കയിലെ ചിക്കാഗോ സർവ്വകലാശാലയിൽ ഉപരിഗവേഷണം നടത്തുകയായിരുന്ന ഫാ. ഡോ. ജോർജ്ജ് പുലിക്കോട്ടിൽ (ഇന്നത്തെ അഹമ്മദ്ബാദ് ഭദ്രാസനാധിപൻ അഭിവന്ദ്യ പുലിക്കോട്ടിൽ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ) സ്പോൺസർ ചെയ്തതോടെ 'കണ്ടനാട് ഗ്രന്ഥവരി' വെളിച്ചം കണ്ടു.

അതോടെ മലങ്കരസഭാചരിത്രത്തിൽ ഒരു പൊളിച്ചെഴുത്ത് അനിവാര്യമായി. പുലിക്കോട്ടിൽ തിരുമേനിയെപ്പറ്റി ലഭിച്ച പുതിയ അറിവുകൾ കണ്ടനാട് ഗ്രന്ഥവരി വായിച്ചവർക്ക് അവഗണിക്കാനാവാതെയായി. ഈ സാഹചര്യത്തിലാണ് മാർ ദീവന്നാസ്യോസിന്റെ ചരമശതാബ്ദി ആഘോഷിക്കുവാൻ 'ഒടുവിൽ' 2009-ൽ മലങ്കരസഭ ഔദ്യോഗികമായി തീരുമാനിച്ചത്. ശതാബ്ദിയാചരണത്തിന് സമുചിതമായ പരിപാടികൾ തയാറാക്കുവാൻ ഇന്നത്തെ പ. കാതോലിക്കാബാവാ ആവശ്യപ്പെട്ടതനുസരിച്ച് പഴയസെമിനാരി ലൈബ്രേറിയൻ ഫാ. സി. സി. ചെറിയാനും ഇതെഴുതുന്ന ആളും ചേർന്ന് ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രഖ്യാപനത്തെ അർത്ഥവത്താക്കുവാൻ പര്യാപ്തമായ പരിപാടികളുടെ വിശദമായ രൂപരേഖ തയാറാക്കി സമർപ്പിച്ചു എങ്കിലും അതൊന്നും വേണ്ടത്ര പരിഗണിക്കപ്പെട്ടതായി തോന്നിയില്ല. ഒടുവിൽ കുന്നംകുളത്തുനിന്ന് ഒരു സുവനീർ മാത്രമായി ഒരു വർഷത്തെ ആഘോഷം പരിമിതപ്പെട്ടുവെന്ന് വന്നപ്പോൾ സഭാകേന്ദ്രത്തിൽ ചിലർ സമ്മർദ്ദം നടത്തി. അതോടെ സ്മര്യപുരുഷനെപ്പറ്റി ഒരു ലേഖനസമാഹാരം പ്രസിദ്ധീകരിക്കുവാൻ എം.ഒ.സി. തയാറാവുകയും അതിന്റെ ചീഫ് എഡിറ്റർ ആയി ഫാ. ഡോ. ജേക്കബ്

കുര്യനെ ചുമതലപ്പെടുത്തുകയും ചെയ്തു. ആ സമാഹാരം വായിച്ച പ്പോൾ ഇതെഴുതുന്ന ആൾക്ക് വിവരിക്കാനാവാത്ത ആഹ്ലാദം. 1999 മുതൽ കണ്ടനാട് ഗ്രന്ഥവരിയുടെ പ്രസിദ്ധീകരണം വരെ നടത്തിയ അദ്ധ്വാനം സഫലമായി എന്ന ചിന്തയാണ് ആഹ്ലാദത്തിന് കാരണമായത്. സേവേ റിയോസ് ഫൗണ്ടേഷൻ പ്രസിദ്ധീകരിച്ച സുവനീറും കണ്ടനാട് ഗ്രന്ഥവ രിയും സഭാചരിത്രത്തെ എത്രമേൽ ആവേശംകൊള്ളിച്ചു എന്ന് വ്യക്ത മാക്കുന്നവയായിരുന്നു ഈ ലേഖകന്റെ പങ്കാളിത്തമില്ലാതെ കുന്നംകുളം ഭദ്രാസനം തയാറാക്കിയ സുവനീറും ഈ ലേഖകന്റെ പങ്കാളിത്തത്തോ ടുകൂടി എം.ഒ.സി. തയാറാക്കിയ 'യുഗതേജസ്' എന്ന പഠനഗ്രന്ഥവും.

അതിന്റെ ആമുഖക്കുറിപ്പിൽ മുകളിലെഴുതിയ എല്ലാ പ്രസ്താവനക ളെയും ശരിവച്ച് അടിവരയിട്ടുകൊണ്ട് യുഗതേജസിന്റെ പ്രസാധകനും മലങ്കരസഭയിലെ സീനിയർ മെത്രാപ്പോലീത്തായുമായ അഭി. തോമസ് മാർ അത്താനാസ്യോസ് ഇപ്രകാരം ഒരു വലിയ സത്യം തുറന്നെഴുതി:

"മഹാന്മാരിൽ പലരുടെയും ചരിത്രത്തിൽ കാണുന്ന ഒരു വസ്തുത യുണ്ട്. അവർക്ക് തെറ്റിദ്ധരിക്കപ്പെടുകയും തമസ്ക്കരിക്കപ്പെടുകയും ചെയ്യ പ്പെട്ട ഒരു കാലഘട്ടത്തെ അതിജീവിക്കുവാനുണ്ട്. ഈ ഗണത്തിൽപ്പെ ടുന്ന മഹാനാണ് മലങ്കര മെത്രാനും കേരള നവോത്ഥാന നായകനുമാ യിരുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ" (പു. 9).

ആരാണ് തമസ്ക്കരിച്ചതെന്നും എന്തിനാണ് തമസ്ക്കരിച്ചതെന്നും കണ്ടെത്തുന്നത് ദുഷ്ക്കരമല്ലെന്നിരിക്കിലും ആവക യത്നങ്ങൾക്ക് ഇന്ന് പ്രസക്തിയില്ലാത്തതിനാൽ അതിന് തുനിയുന്നില്ല. എങ്കിലും 'യുഗ തേജസ്' ആ തമസ്ക്കരണത്തെ ഭേദിച്ചുകൊണ്ടെഴുതിയ ചില സാക്ഷ്യ ങ്ങൾ ശ്രദ്ധേയമാണ്:

"...... ഇക്കാലത്തുതന്നെ മലയാളക്കരയിൽ ബഹുമുഖ നവോത്ഥാന ത്തിന് തുടക്കം കുറിച്ചത് ഒരു ക്രൈസ്തവ പുരോഹിതശ്രേഷ്ഠനാണ്. പക്ഷേ, അദ്ദേഹത്തെ വേണ്ടപോലെ ആരും അറിഞ്ഞില്ല. വിദ്യകൊണ്ട് പ്രബുദ്ധരാകുവാൻ ശ്രീനാരായണഗുരു (1854–1928) ഉപദേശിക്കുന്ന സമ യത്ത്, മാർ ദീവന്നാസ്യോസിന്റെ പ്രേരണയാൽ ജാതിമതഭേദമില്ലാതെ കുട്ടികൾക്കു പഠിക്കുവാൻ ഇരുനൂറ്റിഅമ്പതോളം പ്രാഥമിക വിദ്യാലയ ങ്ങൾ മലയാളനാട്ടിൽ നടക്കുന്നുണ്ടായിരുന്നു. ... അങ്ങനെ നാടിന്റെ നവോത്ഥാനവും സഭയുടെ കെട്ടുപണിയും സമന്വയിപ്പിച്ച് നേതൃത്വം നൽ കിയ മാർ ദീവന്നാസ്യോസിനെ വേണ്ടവിധത്തിൽ മനസ്സിലാക്കാനോ ബഹുമാനിക്കാനോ കഴിയാതെ പോയത് യാദൃച്ഛികമോ ബോധപൂർവ്വമോ എന്നറിയില്ല. .... മാർ ദീവന്നാസ്യോസിനെ ഒരു പുതിയ കാഴ്ചപ്പാടിൽ

കാണുവാൻ ഈ ഗ്രന്ഥം സഹായിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. കേരള നവോത്ഥാന ചരിത്രത്തിന്റെ സമ്പൂർണ്ണതയ്ക്ക് ഈ പുസ്തകവും വഴി തെളിയിക്കും എന്ന് ആശിക്കുന്നു. ഈ ഗ്രന്ഥം മൂലം, പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമന് സഭാചരിത്രത്തിലെ സ്ഥാനം സുറിയാനിസഭാ പാത്രിയർക്കീസിന്റെ കീഴിൽ (മലങ്കര) സഭയെ തളച്ച് കേസുകളിലേക്ക് സഭയെ തെളിച്ച (നയിച്ച) സഭാനേതാവ് എന്നതിനു പകരം പാത്രിയർക്കീസിന് കൊടുക്കാവുന്ന ബഹുമാനം കൊടുത്തുകൊണ്ട് നിർത്തേണ്ടിടത്ത് നിർത്തി സഭയ്ക്ക് സമഗ്രമായ ദർശനവും വികസനവും ഉറപ്പാക്കിയ മഹാൻ എന്നതാണെന്ന് തിരിച്ചറിയുവാൻ സാധിക്കുമെന്നും വിചാരിക്കുന്നു" (പ. കാതോലിക്കാബാവാ, പു. 11-13).

പ്രസാധകസംഘം സെക്രട്ടറി 'യുഗതേജസ്സി'ന്റെ ലക്ഷ്യത്തെ വിശദീകരിക്കുന്നതിപ്രകാരം: "പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമന് കേരള നവോത്ഥാന ചരിത്രത്തിലുള്ള പ്രാബല്യവും മലങ്കര സഭാചരിത്രത്തിലുള്ള സ്ഥാനവും ഒരു പുനർ വായനയ്ക്ക് സമർപ്പിക്കുകയാണിവിടെ.

കേരള നവോത്ഥാനത്തിന്റെ ആദ്യനായകൻ എന്ന് അന്നത്തെ മലങ്കരനസ്രാണി സമൂഹത്തിന്റെ പ്രധാന ഇടയനായിരുന്ന മാർ ദീവന്നാസ്യോസിനെ വിശേഷിപ്പിക്കുവാൻ മടിക്കേണ്ടതില്ല എന്നാണ് ഈ ഗ്രന്ഥത്തിന്റെ പ്രധാന പ്രമേയം.

മലങ്കരസഭാചരിത്രത്തിൽ, നവീകരണ വിശ്വാസ വൈപരീത്യത്തെ ഫലപ്രദമായി തടഞ്ഞ് പൗരാണിക മാർത്തോമ്മാ (യുടെ) ശ്ലൈഹിക, പൗരോഹിത്യ പൈതൃകത്തിലും ഓർത്തഡോക്സ് വിശ്വാസത്തിലും സഭയെ ആധുനിക കാഴ്ചപ്പാടോടുകൂടി ഉറപ്പിച്ച വിശ്വാസധീരനാണ് മാർ ദീവന്നാസ്യോസ് എന്ന് പറയുവാൻ ഈ ഗ്രന്ഥം ശ്രമിക്കുന്നു" (ഫാ. തോമസ് വർഗീസ്, പു. 14).

ചീഫ് എഡിറ്റർ ഫാ. ഡോ. ജേക്കബ് കുര്യൻ കാര്യങ്ങളെ അർത്ഥശങ്കയില്ലാത്തവിധം വ്യക്തമാക്കുന്നു: "അവകാശവാദമായിട്ടല്ല, ചരിത്രത്തെളിവുകൾ സമർത്ഥിക്കുന്ന വസ്തുതയായിട്ടാണ് ഈ ഗ്രന്ഥത്തിന് ഒരു കാര്യം നിർദ്ദേശിക്കാനുള്ളത്. ആധുനിക കേരളത്തിന്റെ ആദ്യ നവോത്ഥാന നായകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ അഥവാ മലങ്കരയുടെ ദീവന്നാസ്യോസ് അഞ്ചാമൻ ആണ്. .... ഈ വസ്തുതകളുടെ ആഴത്തിലേക്കുള്ള പരിചിന്തനത്തിന്റെ ഭാഗമാണ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെ ദേഹവിയോഗശതാബ്ദി രേഖ. ഇത്, ഭാരതത്തിലെ ദേശീയസഭയും പൗരാണിക മാർത്തോമ്മൻ പൈതൃകത്തിന്റെ നേരവകാശവുമുള്ള, മലങ്കര ഓർത്തഡോക്സ് സഭ

ചരിത്രാന്വേഷികളോട് നടത്തുവാനുള്ള ഒരു ആഹ്വാനത്തിന്റെ ഭാഗമാണ്. എന്താണ് ആ ആഹ്വാനം? ചരിത്രസത്യങ്ങളെ മതത്തിന്റെയും സഭാവിഭാഗീയതയുടെയും മൂടുപടത്തിലൂടെ നോക്കാതെ നേരു നേരായി നേരോടെ നോക്കുവാനുള്ള ആഹ്വാനമാണത്. അപ്രകാരം നോക്കുമ്പോൾ ശ്രീനാരായണഗുരുവും ശ്രീ ചട്ടമ്പിസ്വാമികളും ശ്രീ അയ്യങ്കാളിയും ശ്രീ വാഗ്ഭടാനന്ദഗുരുവും അറിഞ്ഞോ അറിയാതെയോ ആവേശം ഉൾക്കൊണ്ട വികകസന ദർശനമായിരുന്നു പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസിന്റേത് എന്ന് ബോധ്യപ്പെടും. ഭാരതത്തിന്റെ സമകാലീന നവോത്ഥാന വീചികളോട് മലയാളക്കരയെയും സമരസപ്പെടുത്തിയ ഒരു നിയോഗം മാർ ദീവന്നാസ്യോസിൽ പൂർത്തീകരിക്കപ്പെട്ടു" (പു. 15-17).

ഉപസംഹാരക്കുറിപ്പിൽ ചീഫ് എഡിറ്റർ ഗ്രന്ഥത്തിന്റെ പ്രധാന ലക്ഷ്യങ്ങളും ഊന്നലുകളും വെളിപ്പെടുത്തി: "മാർ ദീവന്നാസ്യോസ് മലങ്കര സഭാചരിത്രത്തിൽ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ മേൽക്കോയ്മ ഉറപ്പിച്ച മലങ്കര മെത്രാപ്പോലീത്താ ആണ് എന്ന നിരീക്ഷണത്തെ, കാലഘട്ടത്തിന്റെ പശ്ചാത്തലത്തിൽ പുനർ വിചിന്തനം നടത്തുകയും, പകരം വിദേശ മേൽക്കോയ്മാശ്രമങ്ങളെ വിദഗ്ധമായും സമവായ സമീപനത്താലും അദ്ദേഹം തടഞ്ഞ ചിത്രം വ്യക്തമാക്കുകയും ചെയ്യുക" (പു. 623).

ഈ ലക്ഷ്യം സാധിക്കുവാൻ വേണ്ട യത്നങ്ങളിൽ 'യുഗതേജസ്സി'ന്റെ പ്രസാധകർ താഴെ പറയുന്ന കാരണങ്ങളാൽ വിജയം വരിച്ചുവോ എന്ന് സംശയിക്കുന്നവരുണ്ട്.

1. അശ്രദ്ധവും ഉദാസീനവും ആയി നടത്തിയ പ്രൂഫ് വായന. രണ്ട് ഉദാഹരണങ്ങൾ കാണുക:

a. സ്മര്യപുരുഷന് ജൂബിലിനാളിൽ സമർപ്പിച്ച മലങ്കരസഭയുടെ മംഗളപത്രം ചേർത്തപ്പോൾ ഒടുവിലെ ഏതാനും ഖണ്ഡികകൾ വിട്ടുപോയി (പു. 586).

b. പാറേട്ടിന്റെ സഭാചരിത്രം ഉദ്ധരിച്ച് ചേർത്ത പ്രധാന വാക്യം യുഗതേജസ്സിൽ കാണുന്നത് ഇപ്രകാരമാണ്: "ഈവിധം ബഹുമുഖങ്ങളായ പ്രവർത്തനങ്ങൾ നടത്തിയ മറ്റൊരു മെത്രാൻ നസ്രാണികൾക്ക് <u>വളരെ</u> ഉണ്ടായിട്ടില്ല. ഇനി ഉണ്ടാകുമെന്നു തോന്നുന്നില്ല" (പു. 453).

പാറേട്ടിന്റെ പ്രസ്താവന ഇങ്ങനെയല്ല: "ഈവിധം ബഹുമുഖങ്ങളായ പ്രവർത്തനങ്ങൾ നടത്തിയ മറ്റൊരു മെത്രാൻ നസ്രാണികൾക്ക് <u>വേറെ</u> ഉണ്ടായിട്ടില്ല. ഇനി ഉണ്ടാകുമെന്നും തോന്നുന്നില്ല" (മലങ്കര നസ്രാണികൾ, വാല്യം മൂന്ന്, പുറം 302).

'വേറെ' എന്ന പാറേട്ടിന്റെ വ്യതിരിക്തതയെ ഉറപ്പായി സൂചിപ്പിക്കുന്ന പദം 'യുഗതേജസ്സ്' വ്യത്യാസപ്പെടുത്തി വേറെയും ആൾക്കാർ ഉണ്ടെന്ന് അർത്ഥമാക്കി (വളരെ ഉണ്ടായിട്ടില്ല എന്ന പ്രയോഗത്തിന്റെ അർത്ഥം അതാണ്).

(ചീഫ് എഡിറ്റർ ഈ കൃത്രിമം അറിഞ്ഞു എന്ന് ആരോപിക്കുന്നില്ല, പ്രൂഫ് വായനക്കപ്പുറം ചില പ്രശ്നങ്ങൾ ഈ 'കടുംകൈ' സൂചിപ്പിക്കുന്നു. പാറേട്ടിന്റെ മുഴുവൻ കൃതികളും എം.ഒ.സി. പബ്ലിക്കേഷൻസ് പുനഃപ്രസിദ്ധീകരിക്കുമ്പോൾ പാറേട്ടിന്റെ ഏതേത് ഗവേഷണഫലങ്ങളാണോ പുതുതായി തമസ്ക്കരിക്കപ്പെടുക എന്ന് ചരിത്രവിദ്യാർത്ഥികൾ ഭയപ്പെടുന്നു)

2. 'യുഗതേജസ്സ്' ആകെ അച്ചടിച്ചത് 500 കോപ്പി മാത്രം. എഴുത്തുകാർക്കും മേല്പട്ടക്കാർക്കും സൗജന്യ വിതരണം ചെയ്തുകഴിഞ്ഞാൽ എത്ര പുസ്തകം ബാക്കി കാണും? കേരളത്തിലെ സർവകലാശാലാ ലൈബ്രറികൾക്കും ഗവേഷണകേന്ദ്രങ്ങൾക്കും സെക്കുലർ ചരിത്ര രചയിതാക്കൾക്കും നൽകുവാൻ പുസ്തകം കാണുമോ? അതില്ലെങ്കിൽ തമസ്ക്കരണം നീങ്ങുമോ?

തമസ്ക്കരണ കാലാവസ്ഥ നീക്കുന്നതിൽ പ. പൗലോസ് ദ്വിതീയൻ കാതോലിക്കായുടെ പ്രാർത്ഥനകളും പ്രവർത്തനങ്ങളും, ഡോ. ഗീവറുഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ സ്ഥാനപ്രാപ്തിയും അനുകൂല ഘടകങ്ങളായി എന്ന് കൃതജ്ഞതാപൂർവ്വം കുറിച്ചുകൊള്ളട്ടെ.

ഈ ചിന്തകൾ എം.ജെ.ഡി. പബ്ലിഷേഴ്സ് വേദനയോടെ പങ്കുവച്ചതിന്റെ ഫലമാണ് ഈ വാല്യം. അദ്ദേഹത്തിന്റെ ജീവചരിത്രങ്ങൾ ഈ വാല്യത്തിൽ സമാഹരിച്ച് പ്രസിദ്ധപ്പെടുത്തുകയാണ്. അവയിൽ പലതും ഇപ്പോൾ ലഭ്യമല്ല. അദ്ദേഹത്തിന്റെ രചനകളും കല്പനകളും എഴുത്തുകളും ഗ്രന്ഥങ്ങളും അദ്ദേഹത്തെപ്പറ്റിയുള്ള പഠനങ്ങളും ചേർത്തു മറ്റൊരു വാല്യം പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. താഴെ പറയുന്നവയാണ് ഈ വാല്യത്തിന്റെ മുഖ്യ ഉള്ളടക്കം.

## 1. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ, എം. പി. വർക്കി (1901)

കൊച്ചി അഞ്ചൽ സൂപ്രണ്ട്, സ്ലീബാദാസസമൂഹം സ്ഥാപകൻ മൂക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്തിയോസിന്റെ, സഹോദരൻ ഇടവക പത്രികയിലെ സ്ഥിരം ലേഖകൻ എന്നീ നിലകളിൽ പ്രശസ്തനായ തൃപ്പൂണിത്തുറ സ്വദേശി എം. പി. വർക്കി 19-ാം നൂറ്റാണ്ടിലെ അന്ത്യപാദത്തിലും 20-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിലും മലങ്കരസഭയിലെ

'അത്മായ ശബ്ദ'മായിരുന്നു. മലങ്കര അസോസ്യേഷനിലും മാനേജിംഗ് കമ്മറ്റിയിലും കണ്ടത്തിൽ വർഗ്ഗീസ് മാപ്പിളയുടെ സമശീർഷനായി പ്രവർത്തിച്ച ഗംഭീരാശയനായിരുന്നു. കെ. സി. മാമ്മൻ മാപ്പിള, ഇലഞ്ഞിക്കൽ ജോൺ വക്കീൽ, ചാക്കോ സൂപ്രണ്ട് തുടങ്ങിയവരുടെ നേതാവായി അവിഭക്ത മലങ്കരസഭയിൽ ശോഭിച്ചു. നവീകരണസഭയുമായുള്ള വ്യവഹാരം, പിന്നീടുണ്ടായ മെത്രാൻ-ബാവാകക്ഷി വ്യവഹാരം, ഭരണഘടനാനിർമ്മാണം എന്നീ കാലങ്ങളിൽ സഭയുടെ ചിന്തയും ശബ്ദവും എം. പി. വർക്കി ആയിരുന്നു. അദ്ദേഹത്തിന്റെ സമകാലസാക്ഷ്യമാണ് ഈ കൃതി. പില്ക്കാല മലങ്കരസഭാ ചരിത്രമെഴുതിയവരിൽ ഇസ്സഡ്. എം. പാറേട്ട് ഒഴിച്ചുള്ളവർ ഈ കൃതി വായിച്ചതായി തോന്നുന്നില്ല. പുലിക്കോട്ടിൽ തിരുമേനിയുടെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷം വരെയുള്ള സംഭവങ്ങൾ ഈ ചരിത്രം ഉൾക്കൊള്ളുന്നു. നവീകരണം സഭയ്ക്ക് വിപത്തായിത്തീർന്ന ഒരു മതഭേദമാണെന്ന ഈ കൃതിയിലെ സമകാല പരാമർശം ശ്രദ്ധിച്ചിരുന്നുവെങ്കിൽ, പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിനെ വീരപുരുഷനും ഓർത്തഡോക്സ് വിശ്വാസിയുമായ മലങ്കര മെത്രാപ്പോലീത്താ എന്ന പരാമർശം സഭയുടെ ഔദ്യോഗിക രേഖകളിൽ പ്രത്യക്ഷപ്പെടുകയില്ലായിരുന്നു. മലങ്കര മെത്രാനായി അദ്ദേഹത്തെ ആരും തെരഞ്ഞെടുത്തില്ല. മലങ്കര മെത്രാനായി അദ്ദേഹം വാഴിക്കപ്പെട്ടതിന് സംശയാതീതമായ രേഖകൾ മലങ്കരസഭ കണ്ടിട്ടില്ല. പ്രൊട്ടസ്റ്റണ്ട് വിശ്വാസികൾക്ക് പ്രാബല്യമുള്ള ബ്രിട്ടീഷ് സർക്കാർ നിയമിച്ച കമ്മറ്റി പ്രൊട്ടസ്റ്റണ്ട് ചായ്വുള്ള മെത്രാന് അനുകൂലമായി തീരുമാനമെടുത്തതിനാൽ രാജകീയ വിളംബരം പുറപ്പെട്ടു എന്നേ ഉള്ളൂ. രാജകീയ വിളംബരം മലങ്കര മെത്രാപ്പോലീത്താ ആകുന്നതിനു മാനദണ്ഡമാകുന്നതെങ്ങനെ? കുറഞ്ഞപക്ഷം അദ്ദേഹത്തിന്റെ ഒറിജിനൽ സ്ഥാത്തിക്കോനോ അദ്ദേഹം വായിച്ച് ഒപ്പിട്ടു നൽകിയ ശൽമൂസായോ പരിശോധിക്കാതെയും കാണാതെയും അദ്ദേഹത്തെ സാധുവായ മലങ്കര മെത്രാപ്പോലീത്താ എന്ന് വിശേഷിപ്പിക്കുന്നതിന്റെ ഔചിത്യം പുനഃപരിശോധനാർഹമാണ്. എം. പി. വർക്കി നൽകുന്ന സമകാല സാക്ഷ്യം അവിതർക്കിതമായ ചരിത്രരേഖയാണ്. കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള മനോരമയിൽനിന്ന് ഈ ജീവചരിത്രം പ്രസിദ്ധീകരിച്ചു. 2005-ൽ കുന്നംകുളം ആത്മപോഷിണി ഇതിന്റെ രണ്ടാം പതിപ്പ് പ്രസിദ്ധീകരിച്ചു. 2010-ൽ എം.ഒ.സി. 'യുഗതേജസ്സ്' എന്ന കൃതിയിൽ ഈ കൃതിയുടെ മൂന്നാം പതിപ്പ് പ്രസിദ്ധീകരിച്ചു. 4-ാം പതിപ്പ് ആവശ്യമായ കുറിപ്പുകളും വ്യാഖ്യാനവും ചെയ്ത് എം.ജെ.ഡി. പബ്ലിഷേഴ്സ് ഈ കൃതിയിലൂടെ അവതരിപ്പിക്കുന്നു. സമകാലസാക്ഷ്യത്തിൽ നിന്ന് മലങ്കരസഭയുടെ ആധുനിക നിലപാടുകൾ എത്രമാത്രം വ്യത്യാസപ്പെട്ടു എന്ന് സൂക്ഷ്മമായ പരിശോധനയിലൂടെ തിരിച്ചറിയുന്ന സഭാചരിത്ര വിദ്യാർത്ഥികൾക്ക് ആവശ്യമായ ധാരാളം വിഭവങ്ങൾ ഇതിലുണ്ട്.

## 2. മാർ ദീവന്നാസ്യോസ് ചരിത്രഗാനം (1901)

ചിങ്ങവനം സ്വദേശി പുലുത്തുരുത്തിൽ ചാക്കോ ചാക്കോ എന്ന അന്ധ കവി രചിച്ച ഗാനരൂപത്തിലുള്ള ഈ ജീവചരിത്രം സഭാചരിത്രത്തിലും സാഹിത്യചരിത്രത്തിലും ശ്രദ്ധിക്കപ്പെട്ടിട്ടില്ല. അതിവിസ്തൃതമായ കേര ളസാഹിത്യ ചരിത്രം തയാറാക്കിയ മഹാകവി ഉള്ളൂർ, നാടൻപാട്ടുകളെ പ്പറ്റി പരാമർശിക്കുന്നുണ്ടെങ്കിലും ഈ അന്ധകവിയുടെ രചനയെപ്പറ്റി പരാമർശിച്ചിട്ടില്ല. ഡോ. കെ. എം. ജോർജ്ജ് എഡിറ്റ് ചെയ്തിറക്കിയ സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ എന്ന പഠനഗ്രന്ഥത്തിൽ നാടൻപാട്ടുകളെപ്പറ്റി പഠനം ഉണ്ടെങ്കിലും മാർ ദീവന്നാസ്യോസ് ചരിത്ര ഗാനം ഗവേഷകന്റെ അന്വേഷണപരിധിയിൽ എത്തിയിട്ടില്ല. സാഹിത്യ ചരിത്രകാരന്മാരെ കുറ്റപ്പെടുത്തിയിട്ടു കാര്യമില്ല. ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ തയ്യാറാക്കപ്പെട്ട പ്രസ്തുത സാഹിത്യചരിത്രങ്ങൾ രചിക്കുന്ന കാലത്ത് മാർ ദീവന്നാസ്യോസ് തമസ്ക്കരിക്കപ്പെട്ടിരുന്നു. അപ്പം കോർത്തു വച്ച കോൽ എലി തിന്നുവെന്ന് പറഞ്ഞാൽ അപ്പത്തിന്റെ കഥ പിന്നെ പറയാനെന്തിരിക്കുന്നു എന്ന ന്യായപ്രകാരം മാർ ദീവന്നാസ്യോസ് തമസ്ക്കരിക്കപ്പെട്ടതോടെ അദ്ദേഹത്തിന്റെ ജീവചരിത്രങ്ങളും അപ്രത്യ ക്ഷമാകുന്നത് സ്വാഭാവികം തന്നെ. നമ്മുടെ ഭാഷയിലെ ഗാനസാഹിത്യം അത്രയൊന്നും സമ്പന്നമല്ല. കുറെ വടക്കൻപാട്ടുകളും ഏതാനും തെക്കൻ പാട്ടുകളും അജ്ഞാതകർത്തൃകങ്ങളായ മറ്റു ചില കൃഷിപ്പാട്ടുകളും തോറ്റംപാട്ടുകളും മാത്രമേ ആ വിഭാഗത്തിൽ കണ്ടെടുക്കപ്പെട്ടിട്ടുള്ളൂ. ജന കീയ ഗാഥാപ്രസ്ഥാനത്തെ ഗൗരവപൂർവ്വം പഠനവിധേയമാക്കിയാൽ ആ മേഖലയിലെ ചക്രവർത്തിസ്ഥാനം അലങ്കരിക്കുവാൻ ഈ അന്ധകവി യുടെ ചരിത്രഗാനത്തിന് അർഹതയുണ്ടെന്നതിന് ഒരു സംശയവുമില്ല. കുമ്മിയായും നാടൻ നൃത്തമായും അവതരിപ്പിക്കാവുന്നവയാണ് ആ ചരി ത്രഗാനത്തിലെ മിക്ക പാട്ടുകളും. നമ്മുടെ സണ്ടേസ്കൂൾ വാർഷികങ്ങ ളിലും മറ്റു മാമാങ്കവേളകളിലും അവയെ ഉപയോഗപ്പെടുത്തിയാൽ അവ യ്ക്ക് അർഹമായ പ്രചാരം ലഭിക്കാതിരിക്കുകയില്ല. ലഭ്യമായ നാടൻ പാട്ടുകളോട് താരതമ്യം ചെയ്താൽ ഈ ഗാനകാവ്യത്തിന്റെ രചനാ സൗഷ്ഠവവും ഗാനസൗകുമാര്യവും മികച്ചതെന്ന് ബോധ്യമാവും. തന്മൂലം മലയാളഭാഷാ സാഹിത്യഗവേഷണ വിദ്യാർത്ഥികൾക്ക് ഈ ചരിത്രഗാനം ആകർഷകമാവേണ്ടതാണ്.

## 3. മാർ ദീവന്നാസ്യോസ് വിജയം, പനയ്ക്കൽ യാക്കോബ് കത്തനാർ (1909)

ആകാശഗംഗയെ പരമശിവൻ സ്വന്തം ജടയിൽ സംഗ്രഹിച്ച് ഭൂമിയി ലൊഴുക്കി എന്ന് ഭാരതീയ പുരാണകഥ. സമുദ്രസമാനമായ ഒരു ഗംഭീര

പുരുഷന്റെ ജീവചരിത്രം മുപ്പത് ശ്ലോകങ്ങളിൽ സംഗ്രഹിച്ച പനയ്ക്കൽ യാക്കോബ് കത്തനാരുടെ സംക്ഷേപണപാടവം കീർത്തിക്കപ്പെടേണ്ട താണ്. രാമായണ ഭാരതങ്ങൾ സംഗ്രഹിച്ച് മലയാളിക്ക് സമ്മാനിച്ച തുഞ്ച ത്താചാര്യന്റെ ഗുരുകടാക്ഷം ഈ കവി നേടിയിരിക്കുന്നു. മണിപ്രവാള മഹാകാവ്യങ്ങളുടെയും കിളിപ്പാട്ടുകൃതികളുടെയും സംസ്ക്കാരം ഈ ലഘുകൃതിയിൽ പ്രകടമാവുന്നുണ്ട്. സംസ്കൃതം, മലയാളം, തമിഴ്, ഇംഗ്ലീഷ്, സുറിയാനി എന്നീ ഭാഷകളിൽ പണ്ഡിതനായ കവിയുടെ പദ സ്വാധീനവും അലങ്കാര വിന്യസനപാടവവും അതിസുന്ദരമാണെന്ന് പറ യാതെ വയ്യ.

1900–ത്തിനും 1910–നും ഇടയ്ക്കുള്ള പത്തു വർഷത്തിനിടയിൽ പുലി ക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിനെപ്പറ്റി മൂന്ന് ചരിത്ര രചന കൾ പുറത്തു വന്നു. രാജാക്കന്മാർ, കവികൾ, രാഷ്ട്രീയ ഭരണകർത്താ ക്കൾ എന്നിങ്ങനെ ഏത് മേഖലകളിൽ അന്വേഷണം നടത്തിയാലും ഇതൊരു സർവകാല റെക്കോർഡ് ആണ്. ഒരു നേതാവിന്റെ പൂർണ്ണ ജീവചരിത്രം ഗാനരൂപത്തിൽ ആവിഷ്ക്കൃതമായതിന്റെ മറ്റൊരുദാഹരണം സാഹിത്യ വിദ്യാർത്ഥി കൂടെയായ ഈ ലേഖകന്റെ ഓർമ്മയിലില്ല. ചരി ത്രപുരുഷന്റെ പ്രവർത്തനത്തികവും മികവും അത്രമാത്രം സമകാല തല മുറയിലെ പ്രതിഭാശാലികളെ ആവേശം കൊള്ളിച്ചതിന്റെ ഫലമാണിത്. മലങ്കരസഭയുടെ സുവർണ്ണയുഗശില്പിയെ തങ്ങളുടെ രചനകളാൽ അന ശ്വരതയിലേക്ക് പ്രതിഷ്ഠിക്കുവാൻ ആ തലമുറയിലെ സാഹിത്യഭാവന ശ്രമിച്ചതിന്റെ തെളിവുകളായിട്ടു വേണം ഈ മൂന്ന് കൃതികളെയും പരി ഗണിക്കുവാൻ. ഈ കൃതികൾ കണ്ടെടുത്ത് വ്യാഖ്യാനിച്ച് പ്രസിദ്ധീക രിച്ച് പൊതുജനസമക്ഷം അവതരിപ്പിക്കുവാൻ, ഒരു നൂറു കൊല്ലങ്ങൾ ക്കൊടുവിൽ സാധിച്ചതിൽ ഇതെഴുതുന്ന ആൾ കൃതകൃത്യത അനുഭവി ക്കുന്നു. ഒരു മഹാപുരുഷനെ തമസ്ക്കരണത്തിന്റെ ആഴംകൂടിയ ഗർത്ത ങ്ങളിൽനിന്ന് ഉയിർത്തെഴുന്നേല്പിച്ച് പൂർവ്വഗാമികളെയും അനന്തരഗാ മികളെയും നിഷ്പ്രഭമാക്കുന്ന അദ്ദേഹത്തിന്റെ സൂര്യപ്രഭ അനാവരണം ചെയ്യുന്നതിൽ എളിയപങ്കു വഹിക്കുവാൻ ഇടയായതിൽ ഈ ലേഖകന് അനല്പമായ അഭിമാനവുമുണ്ട് (ഈ ലേഖകന്റെ പിതാമഹന് 1883 ഏപ്രിൽ 2–ന് കുമരകത്ത് വച്ച് പൂർണ്ണശെമ്മാശുപട്ടവും 1886 സെപ്റ്റം ബർ 21–ന് നിരണത്തുവച്ച് കശീശാപട്ടവും നൽകിയത് ചരിത്രപുരുഷൻ ആയിരുന്നു എന്ന് സാന്ദർഭികമായി അനുസ്മരിച്ചുകൊള്ളട്ടെ. ആയു ഷ്ക്കാലം മുഴുവൻ പഴഞ്ഞി സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി യുടെ വികാരിയും മൂപ്പച്ചനുമായിരുന്ന, 1934 കർക്കിടകം 15–ന് അന്തരിച്ച ചീരൻ ഗീവറുഗീസ് കശ്ശീശയാണ് എന്റെ പിതാമഹൻ).

ഈ മൂന്ന് രചനകളും സമാഹരിച്ച് സവ്യാഖ്യാനം *മഹാത്മാവായ*

*കർമ്മയോഗി* എന്ന് ശീർഷകം നൽകി 'ആത്മപോഷിണി'യുടെ ബാന റിൽ ഇതെഴുതുന്ന ആൾ 2005-ൽ പ്രസിദ്ധീകരിച്ചു. 'ദീവന്നാസ്യോസ് ചരിത്രഗാന'വും 'ദീവന്നാസ്യോസ് വിജയ'വും ഇപ്പോൾ പ്രസിദ്ധീകരി ക്കുന്നത് മൂന്നാം പതിപ്പ് എന്ന നിലയിലാണ്.

### 4. മലങ്കര നസ്രാണികൾ മൂന്നാം വാല്യം, ഇസ്സഡ്. എം. പാറേട്ട് (1967, 1976)

20-ാം നൂറ്റാണ്ടിൽ മലങ്കരസഭയിൽ ഉണ്ടായ ചരിത്രകാരന്മാരിൽ ഏറ്റവും ശ്രേഷ്ഠൻ ഇസ്സഡ്. എം. പാറേട്ട് ആയിരുന്നു. *മലങ്കര നസ്രാ ണികൾ* എന്ന ശീർഷകത്തിൽ അദ്ദേഹം അവതരിപ്പിച്ച മലങ്കരസഭാ ചരിത്രം വിപുലവും ശ്രദ്ധേയവുമായിരുന്നു. രണ്ട് സൗഭാഗ്യങ്ങൾ അദ്ദേ ഹത്തെ തുണച്ചു. ഗവേഷണ തല്പരതയാണ് ഒന്നാമത്തെ പിൻബലം. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലും 20-ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധ ത്തിലും മലങ്കരസഭയുടെ അണിയറയിലും വേദിയിലും ഒരുപോലെ നിറ സാന്നിദ്ധ്യമായിരുന്ന പാറേട്ട് മാത്യൂസ് മാർ ഈവാനിയോസിന്റെ സഹോ ദരൻ എന്ന നിലയിൽ അദ്ദേഹത്തിന് ലഭിച്ച ഫസ്റ്റ് ഹാൻഡ് ഇൻഫർമേ ഷൻസ് ആണ് രണ്ടാമത്തെ പിൻബലം. സഭയുടെ തലസ്ഥാന നഗരി യിൽ ജീവിച്ച അദ്ദേഹത്തിന് കേന്ദ്ര ഓഫീസുകളുമായി സമ്പർക്കം പുല ർത്തി രേഖകൾ അന്വേഷിക്കുന്നതിന് സൗകര്യവും അവ അപഗ്രഥിക്കു വാൻ ഗവേഷണ വൈദഗ്ധ്യവും ഗവേഷണത്തിലധിഷ്ഠിതമായ ചരിത്രാ ഭിമുഖ്യവും അവ ആവിഷ്ക്കരിക്കുവാനുള്ള ഭാഷാശേഷിയും അവ ആരേയും കാത്തുനില്ക്കാതെ പ്രസിദ്ധീകരിക്കുവാനുള്ള സാമ്പത്തിക സൗകര്യവും ഉണ്ടായിരുന്നു. അതിവിശാലമായിപ്പോയി എന്ന ഒരു ന്യൂന തയേ അദ്ദേഹത്തിന്റെ ബൃഹത് സംരംഭത്തിന് ഉണ്ടായിരുന്നുള്ളൂ. അദ്ദേ ഹത്തിന്റെ നിരീക്ഷണങ്ങൾ സത്യസന്ധവും ധീരവും ആയിരുന്നു.

അദ്ദേഹം തന്റെ സഭാചരിത്രപരമ്പരയുടെ മൂന്നാം വാല്യത്തിൽ ഉൾ പ്പെടുത്തിയ 'മാർ ദീവന്നാസ്യോസ്' എന്ന ദീർഘഭാഗമാണ് ഇവിടെ ചേർ ത്തിട്ടുള്ള മറ്റൊരു ജീവചരിത്രം. മെത്രാപ്പോലീത്താ ദിവംഗതനായ ശേഷം അരനൂറ്റാണ്ട് കഴിഞ്ഞ് രചിക്കപ്പെട്ട ആ ജീവചരിത്രം മെത്രാപ്പോലീത്താ യോട് നീതി കാണിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. മലങ്കരസഭയുടെ സുവർണ്ണ യുഗത്തിന്റെ ശില്പി ആരെന്ന ചോദ്യത്തിന് അദ്ദേഹത്തിന് ഒരു ഉത്ത രമേ ഉള്ളൂ. ജീവചരിത്രത്തിന്റെ ഉപസംഹാരവാക്യമായി ആ നിരീക്ഷണം അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്: "..... ഇതുപോലെ ... വേറൊരു മെത്രാൻ മലങ്കരസഭയിലുണ്ടായിട്ടില്ല. ഇനി ഉണ്ടാകുമെന്നും തോന്നുന്നില്ല."

വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്, ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീ യൻ, ഔഗേൻ പ്രഥമൻ, മാത്യൂസ് പ്രഥമൻ, മാത്യൂസ് ദ്വിതീയൻ എന്നീ

മേല്പട്ടക്കാരെ വേണ്ടത്ര അറിഞ്ഞതിനുശേഷം പാറേട്ട് നൽകിയ സർട്ടിഫിക്കറ്റ് ആണിത് ('വേറൊരു മെത്രാൻ ഉണ്ടായിട്ടില്ല' എന്നത് വ്യത്യാസപ്പെടുത്തി 'വളരെ' മെത്രാന്മാർ ഉണ്ടായിട്ടില്ല എന്ന് പുലിക്കോട്ടിൽ തിരുമേനിയുടെ അതുല്യതയെയും അനന്വയസ്ഥാനത്തെയും നിഷേധിക്കുന്ന വിധം പാറേട്ടിന്റെ സാക്ഷ്യപത്രത്തെ തെറ്റായി ഉദ്ധരിക്കുന്ന പ്രവണത ഈയിടെ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. പാറേട്ടിന്റെ കൃതികൾ പൂർണ്ണമായി പുനഃപ്രസിദ്ധീകരിക്കുവാൻ പോകുന്നതായി വാർത്തയുണ്ട്. പാറേട്ടിന്റെ ഏതെല്ലാം നിരീക്ഷണങ്ങളും അപഗ്രഥനങ്ങളും പുതിയ പതിപ്പിൽ അപ്രത്യക്ഷമാകുമെന്ന് സഭാചരിത്ര വിദ്യാർത്ഥികൾ ഭയപ്പെടുന്നു.). പാറേട്ടിന്റെ മൂന്നാം വാല്യം രണ്ടു പതിപ്പുകൾ നേരത്തെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് മൂന്നാമത്തെ പതിപ്പായി പരിഗണിക്കാവുന്നതാണ്. പാറേട്ടിന്റെ രചനയെ, വർക്കിയുടെ രചനയെ എന്നപോലെ പുതിയ ചരിത്രപണ്ഡിതർ അവഗണിച്ചിരിക്കുന്നു. പുതിയ തലമുറയിലെ ചരിത്രകാരന്മാർ 1909-ന് ശേഷമുള്ള സംഭവങ്ങളെ ബാവാ-മെത്രാൻ കക്ഷികളിൽ ഏതെങ്കിലും ഒരു കക്ഷിയുടെ കാഴ്ചപ്പാടിൽ വ്യാഖ്യാനിക്കുവാനാണ് മുതിർന്നിട്ടുള്ളത്. 1909-നു ശേഷം മലങ്കരസഭയിൽ ആവിർഭവിച്ച യുദ്ധകോലാഹലങ്ങൾക്കിടയിൽ യുദ്ധപൂർവ്വ സുവർണ്ണദശയെപ്പറ്റി യാഥാർത്ഥ്യബോധത്തോടെ വിലയിരുത്തുവാൻ യത്നിക്കുകയും അതിൽ വിജയിക്കുകയും ചെയ്തു എന്ന കൃതകൃത്യത പാറേട്ടിന് അവകാശപ്പെട്ടതാണ്. ഇതര സഭാചരിത്രകാരന്മാർ 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിന്റെ ചരിത്രമെഴുതുവാൻ, അരനൂറ്റാണ്ടിനുശേഷം എഴുതപ്പെട്ട നിറംപിടിപ്പിച്ച നുണകളെയും അർദ്ധസത്യങ്ങളെയും ആശ്രയിച്ചപ്പോൾ, ആ ഒഴുക്കിൽപ്പെടാതെ ലഭ്യമായ തെളിവുകൾ തേടി അന്വേഷണപര്യടനങ്ങൾ നടത്തിയ പാറേട്ടിന്റെ ഗവേഷണപാതയാണ് ഇതെഴുതുന്ന ആൾ പലപ്പോഴും മാതൃകയായി സ്വീകരിച്ചിട്ടുള്ളത്.

## 5. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ, ഫാ. ജോസ് പുലിക്കോട്ടിൽ (1985)

ഇന്ന് കോറെപ്പിസ്ക്കോപ്പാ ആയി വിശ്രമജീവിതം നയിക്കുന്ന ഗ്രന്ഥകർത്താവ് എഴുതിയ ഈ കൃതി ഹ്രസ്വജീവചരിത്രമാണ്. വർക്കിയുടെ പുസ്തകം ഔട്ട് ഓഫ് പ്രിന്റ് ആവുകയും പാറേട്ടിന്റെ പുസ്തകം അതിവിസ്തൃതമാവുകയും ചെയ്ത പശ്ചാത്തലത്തിൽ ഒരു സാധാരണ വായനക്കാരനെ ഉദ്ദേശിച്ച് കുന്നംകുളം വൈദികരിൽ സാമാന്യേന അല്പം സാഹിത്യാഭിമുഖ്യം ഉള്ള ആൾ എന്ന നിലയിൽ ഫാ. ജോസ് എഴുതിയ ചരിത്രം പാരായണയോഗ്യം തന്നെ. അതിലെ ഭാഷാശാസ്ത്ര വിരുദ്ധമായ ചില നിഗമനങ്ങൾ, ചരിത്രസമ്മതമല്ലാത്ത ചില പരാമർശങ്ങൾ തുടങ്ങിയവ തെറ്റിദ്ധാരണകൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിലും തിരുമേനിയെ

പ്പറ്റി ശ്രീ. വർക്കിയും മറ്റും എഴുതിയ കുറെ വസ്തുതകൾ ആ രചന നമുക്ക് സമ്മാനിച്ചിട്ടുണ്ട് (പകലോമറ്റം - പുലിക്കോട്ടിൽ ബന്ധം, ചാട്ടുകുളങ്ങര എന്ന പദത്തിന്റെ നിഷ്പത്തി, പാലയൂർ പാരമ്പര്യം തുടങ്ങിയ കഥകൾ ഭാഷാശാസ്ത്ര വിരുദ്ധവും ചരിത്രേതരവും അടിസ്ഥാനരഹിതവുമെന്ന് പില്ക്കാല പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്). ആ പുസ്തകം ചില പ്രാദേശിക ഐതിഹ്യങ്ങളെ ഉൾപ്പെടുത്തിയിട്ടുള്ളത് പഠനാർഹവും ഗവേഷണ കുതുകികൾക്ക് താല്പര്യം ജനിക്കേണ്ടതുമാണ്. കോട്ടയത്തെ എം.ഡി. സെമിനാരി കോമ്പൗണ്ടിൽ താമസിക്കുകയും ഓർത്തഡോക്സ് ചർച്ച് ബുക്ക് ഹൗസ് എന്ന പ്രസാധകസ്ഥാപനം നടത്തുകയും ചെയ്ത പന്തളം സ്വദേശിയായ ഫാ. കെ. വി. ഗീവർഗീസ് എന്ന അവിവാഹിത വൈദികനാണ് പുസ്തകം പ്രസിദ്ധീകരിച്ചത്. അതിന്റെ പ്രതികൾ ഇപ്പോൾ ലഭ്യമല്ല. അത് രണ്ടാം പതിപ്പായി ഈ സമാഹാരത്തിൽ ഉൾപ്പെടുത്തുന്നു.

### 6. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ്, ഡോ. സാമുവൽ ചന്ദനപ്പള്ളി (1991)

'മലങ്കരസഭാപിതാക്കന്മാർ' എന്ന ബൃഹത് കൃതിയുടെ ഭാഗമായിട്ടാണ് ഈ ലഘുജീവചരിത്രം പണ്ഡിതനായ ഗ്രന്ഥകാരൻ രചിച്ചിട്ടുള്ളത്. തമസ്ക്കരണം സൃഷ്ടിച്ച മുൻവിധികൾ മനസ്സിൽ നിറഞ്ഞു നിന്നതിനാലാകാം അദ്ദേഹം ജീവചരിത്രം വളരെ ഉദാസീനമായിട്ടാണ് രചിച്ചിരിക്കുന്നത് എന്ന് പറയേണ്ടിയിരിക്കുന്നു. ആകരസാമഗ്രികളെ അദ്ദേഹം വേണ്ടത്ര ഉപയോഗിച്ചുവോ എന്ന് സംശയമാണ്. ഒരു ഉദാഹരണം മതി ഇത് വ്യക്തമാക്കാൻ. പുലിക്കോട്ടിൽ തിരുമേനി അമ്പത് വിദ്യാലയങ്ങൾ സ്ഥാപിച്ചു എന്ന് അദ്ദേഹം എഴുതിയിരിക്കുന്നു. ഇരുനൂറ്റിഅമ്പതിലേറെ വിദ്യാലയങ്ങൾ സ്ഥാപിച്ചു എന്ന് സഭാ സെക്രട്ടറിയും ചരിത്രകാരനുമായ ഇ. എം. ഫിലിപ്പ് സംശയരഹിതമായി രേഖപ്പെടുത്തിയിരിക്കേ ഈ തെറ്റ് എങ്ങനെ സംഭവിച്ചു? വർക്കിയുടെയും ഫിലിപ്പിന്റെയും പാറേട്ടിന്റെയും ചരിത്രഗ്രന്ഥങ്ങളെ വളരെ ഉദാസീനമായി മാത്രമേ അദ്ദേഹം പരിഗണിച്ചിട്ടുള്ളൂ. തമസ്ക്കരണ കാലഘട്ടത്തിന്റെ സൃഷ്ടിയാകയാൽ അത് സ്വാഭാവികമാണ്. അക്കാദമിക് പണ്ഡിതനായ അദ്ദേഹത്തിന് പോലും ഭേദിക്കാൻ കഴിയാത്തവിധം അതിശക്തമായിരുന്നു തമസ്ക്കരണത്തിന്റെ കട്ടിയുള്ള പുറന്തോട്.

### 7. മഹാനായ മാർ ദീവന്നാസ്യോസ്, ഫാ. ഡോ. ജോസഫ് ചീരൻ (2004)

2004-ൽ 'ആത്മപോഷിണി പബ്ലിക്കേഷൻസ്' പ്രസിദ്ധീകരിച്ച ഈ ജീവചരിത്രം മുൻ ചരിത്രങ്ങളിൽനിന്ന് ഏറെ വ്യത്യസ്തമാണ്. ഈ

ചരിത്ര രചനയ്ക്ക് ആധാരമായി സമകാലത്തെഴുതിയ ഒരു ആധികാരിക സഭാചരിത്രഗ്രന്ഥം പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞു എന്നതാണ് വ്യത്യസ്തതകൾക്കാധാരം. കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസ് കൈയെഴുത്തുപ്രതിയായി അവശേഷിപ്പിച്ച ചരിത്രം കണ്ടെടുക്കാനായതും അത് പരിശോധിക്കാനായതും വ്യാഖ്യാനം ചേർത്ത് പ്രസിദ്ധീകരിക്കാനായതും ഒരു നിയോഗമായി വേണം കരുതുവാൻ. ആ സഭാചരിത്രം മുഖ്യമായും 19-ാം നൂറ്റാണ്ടിന്റെ ദൃക്സാക്ഷി വിവരണമാണ്. സൂക്ഷ്മവും അതിനിശിതവും ആയ ആ പ്രതിപാദനശൈലി അനനുകരണീയം തന്നെ. അതിലെ നായകൻ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദ്വിതീയൻ ആണ്. വർക്കിയും പാറേട്ടും ഇ. എം. ഫിലിപ്പും അറിഞ്ഞിട്ടില്ലാത്ത ഒട്ടുവളരെ രേഖകളും സംഭവങ്ങളും അതിൽ ലഭ്യമാണ്. എല്ലാ തമസ്ക്കരണങ്ങളുടെയും കവചങ്ങൾ ഭേദിക്കുവാൻ കരുത്തുള്ള ആധികാരികത ആ പുസ്തകം നൽകി. ആരും സ്പർശിച്ചിട്ടില്ലാത്ത 'കന്യകാത്വമുള്ള മണ്ണ്' എന്ന നിലയിൽ ആ കൈയെഴുത്തുകൃതി ഈ എഴുത്തുകാരനെ ആവേശം കൊള്ളിച്ചു. ഇരുട്ടിൽ മറഞ്ഞുകിടന്ന ആ ഉപാദാന രേഖകളെ ആസ്പദമാക്കി പുലിക്കോട്ടിൽ തിരുമേനിയുടെ ജീവചരിത്രം രചിക്കുവാൻ പ്രേരണ ലഭിച്ചതങ്ങനെയാണ്. പി. വി. മാത്യു എറണാകുളം എഴുതിയ സഭാചരിത്രത്തിലെ ചരിത്രാഭാസങ്ങളെ പ്രതിരോധിക്കുവാൻ ഈ കൈയെഴുത്തുപ്രതി (*കണ്ടനാട് ഗ്രന്ഥവരി*) ഏറെ സഹായിച്ചു. ഫാ. ഡോ. ജോർജ്ജ് പുലിക്കോട്ടിൽ (ഡോ. ഗീവറുഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ) അത് പ്രസിദ്ധീകരിക്കാൻ സഹായിച്ചതോടെ തമസ്ക്കരണവാദികൾക്ക് തിരിച്ചടിയായി. ആ ജീവചരിത്രത്തെത്തുടർന്ന് *കണ്ടനാട് ഗ്രന്ഥവരി* സവ്യാഖ്യാനം പ്രസിദ്ധീകൃതമായതോടെ സഭാചരിത്രരംഗത്ത് തിരുത്തലുകൾ ആവശ്യമായി. പലരും മൗനത്തിലായി. ചിലർ ഉറക്കം നടിച്ചു. ആർജ്ജവബുദ്ധികളായ ചിലർ പുതിയ രേഖകളെയും കണ്ടെത്തലുകളെയും സ്വാഗതം ചെയ്തു. അതിന്റെ അടിസ്ഥാനത്തിലുണ്ടായ ചർച്ചയും പഠനവും തിരുത്തലുകളും ആണ് 2010-ൽ എം.ഒ.സി. പ്രസിദ്ധീകരിച്ച 'യുഗതേജസ്സ്' ഉൾക്കൊള്ളുന്നത്. എം.ഒ.സി. യുടെ തന്നെയും മുൻനിലപാടുകളെയും തിരുത്തുന്ന ഒരു നിലപാടിലേയ്ക്ക് സഭാചരിത്ര ചർച്ചയെ നയിച്ചതിന്റെ പിന്നിൽ 'മഹാനായ ദീവന്നാസ്യോസ് രണ്ടാമനും' 'കണ്ടനാട് ഗ്രന്ഥവരി'യും ചെലുത്തിയ സ്വാധീനം നിസ്സാരമല്ല. ആ ചരിത്രം ഇവിടെ രണ്ടാം പതിപ്പായി ഉൾക്കൊള്ളിച്ചിരിക്കുന്നു. *കണ്ടനാട് ഗ്രന്ഥവരി* അച്ചടിക്കുന്നതിന് മുമ്പുള്ള പ്രസിദ്ധീകരണമായതിനാൽ കൈയെഴുത്തുപ്രതിയിലെ പേജ് നമ്പർ ആണ് ചേർത്തിട്ടുള്ളത്. ചില അനുബന്ധങ്ങൾ ചേർത്ത് രണ്ടാം പതിപ്പ് പരിഷ്ക്കരിച്ചിട്ടുണ്ട്.

## 8. ഒരു കേരള നവോത്ഥാന നായകന്റെ ജീവിതകഥ, ഫാ. ഡോ. ജേക്കബ് കുര്യൻ (2010)

പുലിക്കോട്ടിൽ തിരുമേനിയുടെ ചരമ ശതാബ്ദിയോടനുബന്ധിച്ച് എം.ഒ.സി. യുടെ ചുമതലയിൽ പുറത്തിറക്കിയ 'യുഗതേജസ്സ്' എന്ന ഗ്രന്ഥത്തിലേക്ക് ചീഫ് എഡിറ്റർ തയാറാക്കിയ ജീവചരിത്ര പ്രധാനമായ ലേഖനമാണിത്. തമസ്ക്കരണത്തിന്റെ 'ഇരുമ്പുതിരശ്ശീല' ഭേദിക്കപ്പെട്ട തിന്റെ ശേഷം മലങ്കരസഭയിലുണ്ടായ പുനർവായനയുടെയും ഗതിമാറ്റ ത്തിന്റെയും പ്രാതിനിധ്യമുള്ള ലേഖനമാണിത്. ഔദ്യോഗിക പ്രസിദ്ധീ കരണമായതിനാൽ അതിലെ സ്വരഭേദം ഔദ്യോഗികമെന്ന് കരുതേണ്ടി യിരിക്കുന്നു. ആമുഖത്തിലും പ്രസാധകകുറിപ്പിലും ഉപസംഹാരക്കുറി പ്പിലും ഈ പുനർവായനയ്ക്ക് പ്രേരിപ്പിച്ച സാഹചര്യം വിശദമാക്കിയി ട്ടുണ്ട്. *കണ്ടനാട് ഗ്രന്ഥവരി*യും ഈ ലേഖകന്റെ 'മഹാനായ പുലിക്കോ ട്ടിൽ ദീവന്നാസ്യോസ് ദ്വിതീയനും', തൃശൂരിൽ നിന്ന് മാർ സേവേറിയോസ് ഫൗണ്ടേഷൻ 1999-ൽ ചരിത്രപുരുഷന്റെ ചരമനവതി പ്രമാണിച്ച് ഈ ലേഖകൻ ചീഫ് എഡിറ്റർ ആയി പ്രസിദ്ധീകരിച്ച സുവനീറും, ഈ ലേഖ കൻ ആമുഖപഠനത്തോടെ പ്രസിദ്ധീകരിച്ച 'ഒരു പരദേശയാത്രയുടെ കഥ'യും വർക്കിയുടെയും ചാക്കോ ചാക്കോയുടെയും പനക്കൽ യാക്കോബ് കത്തനാരുടെയും ഗദ്യ-പദ്യ ജീവചരിത്രങ്ങൾ ചേർത്ത് ഈ ലേഖകൻ സമാഹരിച്ച പുതിയ പതിപ്പും (മഹാത്മാവായ കർമ്മയോഗി) ഈ പുനർവായനയെ ഫലപ്രദമായി സ്വാധീനിച്ചതായി അടിക്കുറിപ്പുകൾ വ്യക്തമാക്കുന്നു. സ്മര്യപുരുഷനെപ്പറ്റി ഏറ്റവും ഒടുവിൽ ഉണ്ടായ ജീവ ചരിത്രപ്രധാനമായ ലേഖനം എന്ന നിലയിൽ അതും ഈ സമാഹാര ത്തിൽ ഉൾപ്പെടുത്തുകയാണ്.

പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് രണ്ടാമനെപ്പറ്റിയും 19-ാം നൂറ്റാ ണ്ടിന്റെ ഉത്തരാർദ്ധത്തെപ്പറ്റിയും കൃത്യമായ ചരിത്രവസ്തുതകൾ ആരാ യുന്ന ഗവേഷണ വിദ്യാർത്ഥികളെയും ഗവേഷണബുദ്ധിയുള്ള ചരിത്ര പഠിതാക്കളെയും ഉദ്ദേശിച്ചാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചിരിക്കുന്നത്. സ്മര്യപുരുഷനെപ്പറ്റി ഇതുവരെയുണ്ടായ മുഖ്യപഠനങ്ങളും നിരീക്ഷണ ങ്ങളും വിലയിരുത്തലുകളും ചേർത്ത് ഒരു രണ്ടാം വാല്യം അധികം വൈകാതെ പ്രസിദ്ധീകരിക്കുവാൻ എം. ജെ. ഡി. പബ്ലിഷേഴ്സ് ആഗ്ര ഹിക്കുന്നു. ഈദൃശ സംഭവങ്ങളെ ആശീർവ്വദിക്കുന്ന പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവായോടുള്ള ഭക്ത്യാദരവുകൾ നിസ്സീമമാണ്. പ്രസാധകസംഘം രൂപീകരിക്കുന്നതിലും അതിന്റെ നയപരിപാടികൾ തയ്യാറാക്കി നടപ്പാക്കുന്നതിലും നിർണ്ണായക നേതൃത്വം നൽകുന്നത് അഹമ്മദബാദ് ഭദ്രാസന മെത്രാപ്പോലീത്തായും സമിതിയുടെ പ്രസിഡണ്ടും ആയ പുലിക്കോട്ടിൽ ഡോ. ഗീവർഗ്ഗീസ് മാർ

യൂലിയോസ് മെത്രാപ്പോലീത്തായുടെ ചടുല സാന്നിദ്ധ്യവും ദീർഘവീക്ഷണവും പുതിയ കർമ്മമേഖലകളെയും വെല്ലുവിളികളെയും മുൻഗാമികളായ പുലിക്കോട്ടിൽ തിരുമേനിമാരെപ്പോലെ സാഹസികമായി ഏറ്റെടുക്കുന്ന ധീര സമീപനങ്ങളുമാണ്. കാലടി യൂണിവേഴ്സിറ്റിയിൽ നിന്ന് ഈയിടെ ഡോക്ടർ ബിരുദം നേടിയ അഡ്വ. ഡോ. പി. സി. മാത്യുവിന്റെ അവതാരിക ഈ ഗ്രന്ഥത്തെ തിലകം അണിയിക്കുന്നു. കഠിനോത്സാഹിയായ അദ്ദേഹത്തിന്റെ പുതിയ ബിരുദ പ്രാപ്തിയിൽ അദ്ദേഹത്തെ കൃതജ്ഞതാപൂർവ്വം അഭിനന്ദിച്ചുകൊള്ളട്ടെ. വിവിധതരത്തിൽ ഈദൃശ സംരംഭങ്ങളെ സഹായിച്ച ഫാ. സണ്ണി ചാക്കോ, എ. എസ്. ജോയ്, ഫാ. സി. സി. ചെറിയാൻ, ജോയ്സ് തോട്ടയ്ക്കാട്, അഡ്വ. ഗിൽബർട്ട് ചീരൻ എന്നിവരെ സ്മരിക്കുന്നു. എല്ലാവരോടും ഹൃദയപൂർവമായ നന്ദി പ്രകാശിപ്പിക്കുന്നു; തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ഈ സമാഹാര ഗ്രന്ഥം ഈവിധം പ്രസിദ്ധീകരിക്കുന്നതിൽ പരിശുദ്ധ പിതാക്കന്മാരായ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ഒന്നാമൻ, പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് രണ്ടാമൻ, ചാത്തുരുത്തി മാർ ഗ്രീഗോറിയോസ്, വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് തുടങ്ങിയവരുടെ അനുഗ്രഹവും കാവലും ലഭിച്ചതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു; സഹൃദയകേരളത്തിനു മുമ്പിൽ ഈ സമാഹാരം സവിനയം സമർപ്പിക്കുന്നു.

**ഫാ. ഡോ. ജോസഫ് ചീരൻ**
**(എഡിറ്റർ)**

പഴഞ്ഞി
2011 ജൂൺ 29
(മാർ പത്രോസ് പൗലൂസ്
ശ്ലീഹന്മാരുടെ ഓർമ്മപ്പെരുന്നാൾ)

# ഇതിലേ.... ഇതിലേ...

**(2005-ൽ കുന്നംകുളം ആത്മപോഷിണി പബ്ലിഷേഴ്സിന്റെ ബാനറിൽ മഹാത്മാവായ കർമ്മയോഗി എന്ന ശീർഷകത്തിൽ എം. പി. വർക്കിയുടെയും പുലുത്തുരുത്തിൽ ചാക്കോ ചാക്കോയുടെയും പനയ്ക്കൽ യാക്കോബ് കത്തനാരുടെയും രചനകൾ പ്രസിദ്ധീകരിച്ചിരുന്നു. അതിന്റെ അവതരണക്കുറിപ്പ്)**

മഹാത്മാവായ ഒരു മലങ്കര മെത്രാപ്പോലീത്തായെപ്പറ്റി - പുലിക്കോട്ടിൽ പ. ജോസഫ് മാർ ദീവന്നാസ്യോസ് പിതാവ് - അദ്ദേഹം ജീവിച്ചിരുന്ന കാലത്ത് എഴുതപ്പെട്ട മൂന്ന് ജീവചരിത്ര രചനകൾ, ആവശ്യമായ പഠനവും വ്യാഖ്യാനവും ചേർത്ത് പുനഃപ്രസിദ്ധീകരണം നടത്തുകയാണ്. മലങ്കരസഭ അത്യന്തം വിപത്ക്കരമായ ഒരു പ്രതിസന്ധിയിലായിരുന്ന കാലത്ത് സഭാഭരണം ഏറ്റെടുക്കുവാൻ നിയോഗം ലഭിച്ച അദ്ദേഹത്തെപ്പറ്റി ഒരു നൂറ്റാണ്ടിന് ശേഷം അസത്യപ്രസ്താവനകൾ നടത്തിയ പല പുസ്തകങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഓർത്തഡോക്സ് സെമിനാരിയിലെ ചരിത്രവിഭാഗവും സമീപകാലത്ത് രചിക്കപ്പെട്ട ചില ചരിത്രഗവേഷണഗ്രന്ഥങ്ങളും ഈ മഹാത്മാവിനോട് നീതി പുലർത്തിയോ എന്ന് സംശയമുണ്ട്. ഈ അസത്യ ഭാവനകൾ നാളത്തെ ചരിത്രരചനയെ അപകടമാംവിധം സ്വാധീനിച്ചേക്കാമെന്ന തിരിച്ചറിവാണ് ഈ ഗ്രന്ഥത്തിന്റെ പ്രകാശനത്തിന് ഞങ്ങളെ പ്രേരിപ്പിച്ചത്.

ഇതിലെ മൂന്ന് രചനകളും ചരിത്രപുരുഷന്റെ സമകാലികർ എഴുതി അക്കാലത്തു തന്നെ പ്രസിദ്ധീകരിച്ചവയാണ്. തന്മൂലം അവയുടെ ആധികാരികതയും പ്രാമാണികതയും അനിഷേധ്യമാണ്. പ്രാചീനമായ ഈ മൂന്ന് രചനകളും ഏറെക്കാലമായി ലഭ്യമല്ലാതിരുന്നതിനാൽ, നവീകരണക്കാർ എഴുതിയ സഭാചരിത്ര രചനകളെ ഉപജീവിച്ചാണ് ഓർത്തഡോക്സ് സഭാചരിത്രകാരന്മാർ ഈ പരിശുദ്ധ പിതാവിനെപ്പറ്റി കഥകൾ എഴുതിയിട്ടുള്ളത്. നവീകരണ സംരംഭങ്ങളെയും പാശ്ചാത്യവത്ക്കരണ ശ്രമങ്ങളെയും തോല്പിച്ച് നിയമപരമായ എല്ലാ യുദ്ധങ്ങളിലും വിജയശ്രീലാളിതനായ ഒരു പോരാളിയെ - കഥാപുരുഷനെ - പ്പറ്റി നവീകരണ ചരിത്രകാരന്മാർ ആക്ഷേപിക്കുന്നതും തേജോവധം നടത്തുന്നതും സ്വാഭാവികം. എന്നാൽ അന്ധമായി അവരെ പകർത്തിയെഴുതുമ്പോൾ ഓർത്തഡോക്സ് ചരിത്രകാരന്മാർ വിവേചനകൂടാതെ അവരെ അനുഗമിച്ചത് വലിയൊരളവിൽ സഭാദ്രോഹം തന്നെയായിട്ടുണ്ട്.

വിവാദകാലത്ത്, സംഭവബഹുലമായ സമകാല സഭാചരിത്രത്തിൽ ക്രിയാത്മകമായി പങ്കെടുത്ത, കൊച്ചിയുടെ പ്രഥമ ഇടയൻ അഭിവന്ദ്യ

കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസ് (കടുംഗമങ്ങലം) മെത്രാപ്പോലീത്താ എഴുതിയ *കണ്ടനാട് ഗ്രന്ഥവരി* എന്ന അപ്രകാശിത കൈയെഴുത്ത് സഭാചരിത്രം കണ്ടുകിട്ടിയതോടെ 1950–ന് ശേഷം രചിക്കപ്പെട്ട സഭാചരിത്ര ഗ്രന്ഥങ്ങളിലും നവീകരണക്കാർ സ്വന്തം നിലപാടുകളെ ന്യായീകരിക്കുവാൻ എഴുതിയിട്ടുള്ള ഗ്രന്ഥങ്ങളിലും ചരിത്രപുരുഷനെപ്പറ്റി എഴുതിയ വസ്തുതകൾ ചരിത്രാഭാസങ്ങളെന്നും എം. പി. വർക്കി മുതൽപേർ എഴുതിയ കാര്യങ്ങൾ സത്യസന്ധമാണെന്നും അവിതർക്കിതമായി തെളിഞ്ഞിരിക്കുന്നു.

ഈ സാഹചര്യത്തിൽ സമകാല രേഖകളായി പ്രസിദ്ധീകരിക്കപ്പെട്ട ഈ രചനകൾ വായനക്കാർക്കും ഗവേഷകർക്കും ലഭ്യമാക്കുവാൻ ഞങ്ങൾ ശ്രമിക്കുകയാണ്. കർമ്മകുശലൻ കൂടിയായ ചരിത്രപുരുഷന്റെ കാലം കഴിഞ്ഞപ്പോൾ മലങ്കരസഭ നിദ്രയിൽ പ്രവേശിക്കുകയാണ് ചെയ്തത്. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ചെയ്തികൾ അനുഭവിപ്പാനും അവ ചർച്ച ചെയ്യുവാനും അതിനെപ്പറ്റിയുള്ള വ്യവഹാരങ്ങൾ നടത്താനും സഭ സ്വപ്നാടനക്കാരനെപ്പോലെ പ്രവർത്തിക്കുന്നുണ്ടെങ്കിലും ക്രിയാത്മക പദ്ധതികളിൽ നിന്ന് നാം പിന്തിരിഞ്ഞു നടക്കുകയാണ് ഉണ്ടായത്. ഈ സ്വപ്നാടനവും ഉദാസീനതയും നിഷ്ക്രിയത്വവും ന്യായീകരിക്കുവാനാണ് കർമ്മകുശലനും സവ്യസാചിയും നവോത്ഥാന നേതാവും എഴുത്തുകാരനും സംഘാടകനും പരിശുദ്ധനുമായ കഥാപുരുഷനെ തേജോവധം ചെയ്യുന്നതിൽ ചിലർ ജീവിത സായൂജ്യം ദർശിക്കുന്നത്.

19–ാം നൂറ്റാണ്ടിലെ ക്രാന്തദർശിയായ ഒരു മലങ്കരമെത്രാപ്പോലീത്തായെപ്പറ്റി അദ്ദേഹത്തോടിടപ്പെട്ട മൂന്ന് വ്യത്യസ്ത പ്രദേശങ്ങളിലെ ചരിത്രകാരന്മാരുടെ ഈ സമകാലസാക്ഷ്യം, തന്മൂലം പഠനാർഹമാണ്. ഭാവി ചരിത്രകാരന്മാർക്കു ശരിയായ ദിശാബോധം നൽകുവാൻ ഈ സാക്ഷ്യങ്ങൾക്കു കരുത്തുണ്ട്. മുൻവിധികൾ അഴിച്ചുവച്ച് സത്യസന്ധമായ ചരിത്രം പഠിക്കുവാനും രചിക്കുവാനും ആഗ്രഹിക്കുന്നവരോട് ഞങ്ങൾക്കു പറയുവാൻ ഉള്ളത് ഇതാണ്. ഇതിലേ.... ഇതിലേ...

അഭിപ്രായങ്ങൾക്കു കാതോർത്തുകൊണ്ട്,

**– എഡിറ്റർ**

# ആമുഖം

# മഹാത്മാവായ കർമ്മയോഗി

1999-ൽ ചരമനവതി ആഘോഷിച്ച പുലിക്കോട്ടിൽ പ. ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്താ, മലങ്കരസഭയുടെ രക്ഷകനോ അതോ ശിക്ഷകനോ? ഈ വിഷയത്തെപ്പറ്റി നമ്മുടെ സഭാചരിത്രകാരന്മാർ സജീവമായ ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. സമകാല ജീവചരിത്രകാരനായ എം. പി. വർക്കിയും ഈ നൂറ്റാണ്ടിലെ ഏറ്റവും മഹാനായ സഭാചരിത്രകാരൻ എന്ന് വിശേഷിപ്പിക്കപ്പെടാവുന്ന ഇസ്സഡ്. എം. പാറേട്ടും സ്മര്യപുരുഷനെ മലങ്കരസഭയുടെ രക്ഷകൻ എന്ന് സപ്രമാണം പ്രകീർത്തിച്ചിട്ടുണ്ട്. എന്നാൽ ഒരു വ്യാഴവട്ടക്കാല ത്തിനിപ്പുറം പ്രസിദ്ധീകൃതമായിട്ടുള്ള ചില പ്രബന്ധങ്ങളിലും ഗ്രന്ഥങ്ങ ളിലും വ്യത്യസ്തമായ വിലയിരുത്തലുകൾ കാണുന്നുണ്ട്. ആ വാദഗതി ക്കാർ ഉന്നയിക്കുന്ന വാദമുഖങ്ങൾ ഇപ്രകാരം സംഗ്രഹിക്കാം.

1. സ്മര്യപുരുഷൻ മൂലം അന്ത്യോഖ്യൻ അധീശത്വം മലങ്കരസഭ അംഗീകരിക്കേണ്ടി വന്നു.

2. അദ്ദേഹത്തിന്റെ അത്യുൽസാഹം മൂലം നടന്ന മുളന്തുരുത്തി സുന്ന ഹദോസിന്റെയും, പിന്നീട് കോടതിയിൽ ഹാജരാക്കിയ വ്യാജനിർമ്മിത മായ ഒരു കാനോന്റെയും അടിസ്ഥാനത്തിലുണ്ടായ റോയൽ കോടതി വിധിയുടെ തീരുമാനങ്ങൾ താഴെ പറയുന്ന കളങ്കങ്ങൾ മലങ്കരസഭയ്ക്ക് വരുത്തിവച്ചു.

a. മലങ്കരസഭയിൽ ഒരാളെ മെത്രാനാക്കണമെങ്കിൽ പാത്രിയർക്കീ സിൽ നിന്ന് നേരിട്ടോ അല്ലാത്തപക്ഷം അദ്ദേഹത്തിന്റെ പ്രതിനിധിക ളിൽ നിന്നോ കൈവെപ്പ് സ്വീകരിച്ചിരിക്കണം. b. മലങ്കരയിലേക്കു മൂറോൻ അയച്ചുകൊടുക്കുവാനുള്ള അധികാരം പാത്രിയർക്കീസിനു മാത്ര മാണുള്ളത്. ഈ വാദഗതികളെ ചരിത്രദൃഷ്ട്യാ നമുക്ക് പരിശോധിക്കാം. മലങ്കരയിലെ അന്ത്യോഖ്യൻബന്ധത്തിന്റെ ചരിത്രം ആരംഭിക്കുന്നത് പുലിക്കോട്ടിൽ രണ്ടാമത്തെ മലങ്കര മെത്രാപ്പോലീത്താ ജനിക്കുന്നതിന് 150 കൊല്ലം മുമ്പാണ്. 1665-ൽ വന്ന അബ്ദുൾ ജലീൽ ഗ്രീഗോറിയോസ് അന്ത്യോഖ്യാക്കാരനാണെന്ന് 200 കൊല്ലങ്ങൾക്കുശേഷം അന്ത്യോഖ്യാ പക്ഷപാതികളായ ചില സഭാചരിത്രകാരന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ടെ ങ്കിലും അക്കാര്യം സംശയാതീതമല്ല. എന്നാൽ 1685-ൽ ഇവിടെ എത്തിയ മാർ ഈവാനിയോസ് അന്ത്യോഖ്യൻ മെത്രാൻ ആയിരുന്നു. അന്ത്യോ ഖ്യൻ കാനോനാകൾ അദ്ദേഹം ഇവിടെ പരിചയപ്പെടുത്തി. മാർത്തോ മ്മാശ്ലീഹായുടെ കാലംമുതൽ മലങ്കരസഭയ്ക്ക് അന്ത്യോഖ്യയുമായി

ബന്ധമുണ്ടെന്നും മലങ്കരസഭയ്ക്ക് ആവശ്യാനുസരണം മെത്രാന്മാരെ അയച്ചുകൊടുത്തിരുന്നത് അന്ത്യോഖ്യാ പാത്രിയർക്കീസ് ആണെന്നും അദ്ദേഹം സ്വന്തം കപോലകല്പിതമായ ചരിത്രം ചരിത്രാവബോധമില്ലാത്ത മലയാളിയെ പഠിപ്പിച്ചു. ഈ അഭിനവ പരശുരാമകഥ മലയാളി ഏറ്റുപാടി. ബ്രാഹ്മണർ ദുഷ്ടലാക്കോടുകൂടി പ്രചരിപ്പിച്ച പരശുരാമകഥ തദ്ദേശീയരായ ചരിത്രകാരന്മാർ നിഷ്കളങ്കമായി കേരളചരിത്രത്തിന്റെ ഭാഗമായി രേഖപ്പെടുത്തി വെച്ചിട്ടുണ്ട്. കേരളത്തിന്റെ ഉൽപ്പത്തിക്കും സംസ്ക്കാരത്തിനും ആധാരം ബ്രാഹ്മണരാണെന്ന് കേരളജനതയെ തെറ്റിദ്ധരിപ്പിച്ച് അവരെ എന്നേക്കും തങ്ങൾക്ക് വിധേയപ്പെടുത്തുകയായിരുന്നു പരശുരാമകഥയിലൂടെ ബ്രാഹ്മണർ ലക്ഷ്യംവച്ചത്. തൽ സമാന്തരമായി കേരളസഭയെ വിധേയത്വത്തിൽ എന്നേക്കും തളച്ചിടാം എന്നാണ് മാർ ഈവാനിയോസ് ലക്ഷ്യം വെച്ചത്. 1751-ൽ വന്ന മാർ ഈവാനിയോസും പ്രചരിപ്പിച്ച മലങ്കര-അന്ത്യോഖ്യൻ ബന്ധത്തിന്റെ കഥകളെ 1685-ലെ മാർ ഈവാനിയോസും 1815 വരെ മലങ്കരസഭയിൽ ഉണ്ടായിരുന്ന ഒമ്പത് പകലോമറ്റം മെത്രാന്മാരും പ്രചരിപ്പിച്ചുപോന്നു. മാർത്തോമ്മാശ്ലീഹായുടെ കാലംമുതൽ മലങ്കരസഭയിൽ പൗരോഹിത്യത്തിന്റെ മൊത്ത വിതരണക്കാർ തങ്ങളാണെന്ന് അംഗീകരിക്കുവാൻ അന്ത്യോഖ്യൻബന്ധത്തിന്റെ കഥ മലങ്കരസഭാംഗങ്ങളെ പ്രേരിപ്പിക്കുന്നു എന്ന ചിന്തയാണ് പകലോമറ്റം മെത്രാന്മാരെ ഈ ഐതിഹ്യത്തിന്റെ പ്രചാരകന്മാരാക്കിത്തീർത്തത്. പകലോമറ്റം കുടുംബവാഴ്ചയും അന്ത്യോഖ്യൻ അധീശത്വവും അനന്തകാലത്തേക്കും നിലനിർത്തുവാൻ ഈ കഥയ്ക്കുള്ള മാന്ത്രികശക്തി ഇരുഭാഗവും ഗ്രഹിച്ചിരുന്നു. അങ്ങനെയാണ് പൂർവ്വികകാലം മുതൽക്കേ മലങ്കരസഭയ്ക്കു അന്ത്യോഖ്യയുമായി ബന്ധമുണ്ടായിരുന്നു എന്ന ഐതിഹ്യം ചരിത്രത്തിന്റെ ഭാഗമായത്. 1686-ൽ ഒരു യൗസേപ്പ് കശ്ശീശാ മാർ ഈവാനിയോസിൽ നിന്ന് പകർന്നുകിട്ടിയ ചരിത്രജ്ഞാനവും കാനോനുകളും സുറിയാനി കൈയെഴുത്തായി രേഖപ്പെടുത്തിയ ഒരു ഗ്രന്ഥം ഈ ലേഖകന്റെ കൈവശമുണ്ട്. 4-ാം മാർത്തോമ്മാ കാലം ചെയ്യുന്നതുവരെയുള്ള വിവരങ്ങൾ അതിൽ ഒട്ടൊക്കെ സുറിയാനിയിലും ഒട്ടൊക്കെ കർസോനിയിലും രേഖപ്പെടുത്തിയിട്ടുണ്ട്. 6-ാം മാർത്തോമ്മായുടെ കാലത്തു വിരചിതമായ *നിരണം ഗ്രന്ഥവരി*യിൽ ഈ അന്ത്യോഖ്യാ ബന്ധത്തിന്റെ ചിത്രം കട്ടികൂടിയ ചായം ഉപയോഗിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. അതൊക്കെ ഉൾപ്പെടുത്തിയാണ് മലയാളത്തിലെ ആദ്യത്തെ മലങ്കരസഭാചരിത്രം ഇട്ടൂപ്പ് റൈട്ടർ പ്രസിദ്ധീകരിച്ചത്. ലഭ്യമായ അനേകം രേഖകൾ ഗവേഷണബുദ്ധിയോടെ കണ്ടെത്തി അവയെ അച്ചടിയിലേക്ക് കൊണ്ടുവന്ന അദ്ദേഹത്തോട് നാം കടപ്പെട്ടിരിക്കുന്നു. ആ സഭാചരിത്രം കുറ്റമറ്റതാണെന്നൊന്നും പറയാൻ ആവില്ല. പക്ഷേ, അദ്ദേഹം ചരിത്രകാരനല്ലെന്നും അദ്ദേഹം എഴുതിയത് ചരിത്രമല്ലെന്നും ഒക്കെ റോയൽ

കോടതിവിധിയിൽ ന്യൂനപക്ഷ ജഡ്ജി പറയുന്നുണ്ടെങ്കിലും ആ ഭാഗം മാത്രം ഉദ്ധരിച്ച് ഭൂരിപക്ഷ ജഡ്ജിമാരുടെ അഭിപ്രായങ്ങളെ കണ്ടില്ലെന്ന് നടിക്കുന്നത് നിലവാരമുള്ള ഒരു ചരിത്ര വിദ്യാർത്ഥിക്കും ഭൂഷണമല്ല.

17-ാം നൂറ്റാണ്ടു മുതൽ മലയാളിയുടെ ബോധമനസിന്റെയും ഉപബോധമനസിന്റെയും ഭാഗമായി കഴിഞ്ഞിരുന്നു മലങ്കര-അന്ത്യോഖ്യൻ ബന്ധത്തിന്റെ കഥ. കേരളത്തിലെ സമാന്തര സഭയായ റോമൻ കത്തോലിക്കാ ക്യാമ്പുകൾ ഒരു വിദേശസഭാദ്ധ്യക്ഷനെ പരമാദ്ധ്യക്ഷനായി അംഗീകരിക്കുന്ന ഒരു സാഹചര്യത്തിൽ അന്ത്യോഖ്യൻ ബന്ധത്തെ മലങ്കരസഭ ഒരു പാപമായി കരുതിയിരിക്കുവാൻ ഇടയില്ല. ഓർത്തഡോക്സ് സഭകളെക്കുറിച്ച് ഇന്നത്തെപ്പോലുള്ള അറിവുകൾ അന്ന് മലങ്കരസഭയിൽ ലഭ്യമായിരുന്നില്ലല്ലോ. അന്ത്യോഖ്യാ പാത്രിയർക്കീസിന് 5-ാം മാർത്തോമ്മാ അയച്ച മൂന്ന് കത്തുകൾ ഈ ലേഖകൻ കണ്ടെടുത്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട് (വന്ദ്യ ഞാർത്താങ്കൽ കോരതു മൽപ്പാനച്ചന്റെ സഹായത്തോടെ വിവർത്തനം ചെയ്ത് "ഇന്ത്യൻ ഓർത്തഡോക്സ് സഭ" എന്ന ഗ്രന്ഥത്തിൽ). 1745-ൽ അദ്ദേഹം എഴുതുന്നത് കാണുക: ".... തോമാശ്ലീഹായുടെ കാലംമുതൽ പറങ്കികൾ വരുന്നതുവരെ പിതാക്കന്മാർ ഇവിടെ വരികയും ഞങ്ങളുടെ മാതാപിതാക്കളോട് പ്രസംഗിക്കുകയും ചെയ്തു വന്നു. ... അല്പം കഴിഞ്ഞു മൽപ്പാനും ക്യാപ്റ്റനും പുണ്യവാനുമായ അബ്ദുൾ ജലീൽ മാർ ഗ്രീഗോറിയോസ് ദൈവപരിപാലനയിൽ ഇവിടെ വന്നു. ..."

1746-ൽ അദ്ദേഹം വീണ്ടും പാത്രിയർക്കീസിന് എഴുതുന്നു: "....നമ്മുടെ കർത്താവിന്റെ മരണശേഷം 52-ാം ആണ്ടിൽ തോമ്മാശ്ലീഹാ ഇന്ത്യയിൽ മലബാർ എന്ന സ്ഥലത്തു വന്നു. അക്കാലം മുതൽ മാർ ഇഗ്നാത്തിയോസിന്റെ കല്പനപ്രകാരം പാത്രിയർക്കീസും അനേകം മെത്രാപ്പോലീത്താമാരും അവരുടെ നാട്ടിൽ നിന്ന് വരികയുണ്ടായി. ..." ചരിത്രപരമായി നോക്കിയാൽ ഈ പ്രസ്താവനകൾ അബദ്ധപൂർണ്ണങ്ങളാണെങ്കിലും അവയിൽ പതിനെട്ടാം നൂറ്റാണ്ടിലെ മലങ്കരസഭയുടെ ബോധ്യമാണ് പ്രതിഫലിക്കുന്നത് എന്ന് സമ്മതിച്ചേ തീരൂ. അബദ്ധപൂർണ്ണമാണെങ്കിലും ഈ ഐതിഹ്യങ്ങൾ ചരിത്രമെന്ന നിലയിൽ പ്രചരിപ്പിക്കുവാൻ അന്ത്യോഖ്യൻ മെത്രാന്മാർക്കും പകലോമറ്റം മെത്രാന്മാർക്കും അവരവരുടേതായ കാരണങ്ങൾ ഉണ്ടായിരുന്നു. ഐതിഹ്യ മാത്രാധിഷ്ഠിതമായ ഈ നിലപാടിനെ ചെറുക്കുവാൻ അവിടവിടെ ഉണ്ടായ ഒറ്റപ്പെട്ട ശ്രമങ്ങളൊക്കെ പരാജയപ്പെട്ടു.

6-ാം മാർത്തോമ്മായുടെ കാലത്തു കുന്നംകുളം സന്ദർശിച്ച ഫ്രാൻസിസ് ബുക്കാനനോട് 1800-ൽ കോട്ടയം പഴയസെമിനാരി സ്ഥാപകൻ പറഞ്ഞത് അന്ത്യോഖ്യയിൽനിന്ന് ഇവിടത്തെ മെത്രാന്മാർ കൈവെപ്പ്

സ്വീകരിച്ചു വരുന്നു എന്നാണ്. ബ്രിട്ടീഷ് സർക്കാരിലേക്കു രേഖാമൂലം 8-ാം മാർത്തോമ്മാ നൽകിയ ഒരു മറുപടിയിൽ മലങ്കരയിലെ ബോധ്യങ്ങൾ പ്രതിഫലിക്കുന്നത് കാണുക: 'അന്ത്യോഖ്യായുടെ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസിന്റെ മുഷ്ക്കരത്വത്തിൻകീഴിലത്രേ മലയാളത്തിൻ ചട്ടവട്ടങ്ങൾ പ്രമാണിച്ച് നടന്നിരിക്കുന്നത്. അതിന്റെ ശേഷം മുൻ മാർത്തോമ്മാശ്ലീഹാ പട്ടം കൊടുത്തിരുന്ന തറവാട്ടിൽത്തന്നെ ഒരാൾക്കു പാത്രിയർക്കീസിന്റെ പ്രമാണത്താലെ യൗസേപ്പ് മെത്രാൻ അർക്കദിയാക്കോന്റെ സ്ഥാനവും കൊടുത്തു. ....' മാവേലിക്കര പടിയോലയിലും (1836) ഈ ബോധ്യം പ്രതിഫലിക്കുന്നത് നമുക്ക് അവഗണിക്കാനൊക്കുകയില്ല. "യാക്കോബായ സുറിയാനിക്കാരായ നാം അന്ത്യോഖ്യായുടെ പാത്രിയർക്കീസിന്റെ വാഴ്ചക്കീഴിലുള്ളവരും അദ്ദേഹത്തിന്റെ കല്പനയാൽ അയയ്ക്കപ്പെട്ട മേല്പട്ടക്കാരാൽ നടത്തപ്പെട്ടിരിക്കുന്ന പള്ളിക്രമങ്ങളും ചട്ടങ്ങളും നടന്നുവരുന്നതുമാകയാൽ..." എന്നാണ് മാവേലിക്കര പടിയോലയിലെ പ്രയോഗം. ഐതിഹ്യമാത്രാധിഷ്ഠിതമായ ഈ ചരിത്രാഭാസാവബോധത്തെ ചരിത്രത്തിന്റെ ഭാഗമാക്കിയത് പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസിന്റെ അനധികൃതമായ മെത്രാൻസ്ഥാന പ്രാപ്തിയാണ്. 'അന്ത്യോഖ്യയിൽനിന്ന് എഴുത്തുംകൊണ്ടു വന്നിരിക്കുന്ന' അത്താനാസ്യോസിനെ രാജകീയവിളംബരം നൽകി തിരുവിതാംകൂർ-കൊച്ചി രാജാക്കന്മാർ അംഗീകരിച്ച് ആദരിച്ചപ്പോൾ "അന്ത്യോഖ്യയുടെ എഴുത്ത്" മലങ്കരസഭയുടെ മേൽ ചരിത്രപരമായ ഒരു ബാധ്യതയായി മാറി. ഈ ബാധ്യതയുടെ പശ്ചാത്തലത്തിലാണ് പുലിക്കോട്ടിൽ ദീവന്നാസ്യോസ് ദ്വിതീയന് "അന്ത്യോഖ്യായിലെ എഴുത്ത്" (സുസ്താത്തിക്കോൻ) അനിവാര്യമായിത്തീർന്നത്. ചുരുക്കിപ്പറഞ്ഞാൽ സ്മര്യപുരുഷന്റെ കാലത്ത് മലങ്കര-അന്ത്യോഖ്യാ ബന്ധത്തിൽ വന്നുചേർന്ന ചില പുതിയ അധ്യായങ്ങൾ 200 കൊല്ലങ്ങളായി മലങ്കരസഭ വിശ്വസിച്ചും പ്രചരിപ്പിച്ചുംപോന്ന ഒരു ചരിത്രത്തിന്റെ സ്വാഭാവിക വളർച്ചയായിട്ടേ ഒരു ചരിത്രവിദ്യാർത്ഥിക്ക് കാണാനൊക്കുകയുള്ളു. അനിവാര്യമായ ഒരു സാഹചര്യത്തിലാണ് സ്മര്യപുരുഷൻ പാത്രിയർക്കീസിനെ മലങ്കരയിലേക്ക് ക്ഷണിച്ചത്. സഭയുടെ വിശ്വാസനിഷ്ഠയുടെ ചാരിത്ര്യം സംരക്ഷിക്കുവാനുള്ള വ്യഗ്രതയും അത്യുത്സാഹവുമാണ് ആ അനിവാര്യതയുടെ പിന്നിൽ. വിശ്വാസകാര്യങ്ങളിലുള്ള നിഷ്ഠയെ ലാഘവബുദ്ധിയോടെ സമീപിക്കുന്നവർക്ക് മലങ്കരയുടെ വിശ്വാസപരമായ ചാരിത്ര്യശുദ്ധി ഗൗരവമായ ഒരു പ്രശ്നമല്ലെന്ന് തോന്നുക സ്വാഭാവികം. അനിവാര്യമായ ആ സാഹചര്യത്തിൽപ്പോലും സഭയുടെ സമ്പൂർണ്ണ പ്രാതിനിധ്യമുള്ള ഒരു സമ്മേളനം പരുമലയിൽ വിളിച്ചുകൂട്ടി അതിന്റെ ഉപദേശപ്രകാരം പ്രവർത്തിക്കുവാൻ സ്മര്യപുരുഷൻ ശ്രദ്ധിച്ചിരുന്നു. എം. പി. വർക്കി അതിനെപ്പറ്റി എഴുതിയ സമകാലസാക്ഷ്യം ചില പിൽക്കാല ചരിത്രകാരന്മാർ പ്രമാ

ണമൊന്നും ഹാജരാക്കാതെ നിഷേധിച്ചിട്ടുള്ളത് ഗൗരവപൂർണ്ണമായ ചർച്ചയിൽ അവഗണിക്കുകയേ നിവൃത്തിയുള്ളു. പരുമലയോഗത്തിന്റെ നോട്ടീസും മിനിട്ട്സും രേഖപ്പെടുത്തിയ *കണ്ടനാട് ഗ്രന്ഥവരി* അടുത്ത കാലത്തു കണ്ടുകിട്ടിയതോടെ എം. പി. വർക്കിയുടെ ചരിത്രം അനിഷേധ്യമായിട്ടുണ്ട്.

മലങ്കരസഭ പുലർത്തി വന്നതും രേഖപ്പെടുത്തിയതുമായ നിലപാടുകളുടെ അടിസ്ഥാനത്തിലുണ്ടായ റോയൽക്കോടതിവിധിയെ നിഷേധിക്കുകയോ പരിഹസിക്കുകയോ ചെയ്തിട്ട് ആവശ്യമില്ല. മലങ്കരസഭ പകലോമറ്റം മെത്രാന്മാരുടെ കാലംമുതൽ പുലർത്തിവന്ന അബദ്ധധാരണകളെ തിരുത്തി നമുക്കു ലഭിച്ചിട്ടുള്ള കൂടുതൽ ശരിയായിട്ടുള്ള ചരിത്രബോധത്തിന്റെ അടിസ്ഥാനത്തിൽ ഭാവിചരിത്രത്തെ അന്യൂനമാക്കിത്തീർക്കുകയാണ് നമുക്കിന്ന് ചെയ്യുവാനുള്ളത്. അതിനുള്ള അതിമഹത്തായ രണ്ട് സംരംഭങ്ങളാണ് 1912-ൽ നടന്ന കാതോലിക്കാ വാഴ്ചയും 1934-ലെ ഭരണഘടന പാസ്സാക്കിയ കോട്ടയം എം. ഡി. അസോസ്യേഷനും. കാതോലിക്കേറ്റും ഭരണഘടനയും നിലവിൽ വന്നതോടെ ചരിത്രത്തിലെ പല കളങ്കങ്ങളിൽ നിന്നും മുക്തി നേടി, മെത്രാൻ വാഴ്ച, മൂറോൻ ഈ വക കാര്യങ്ങളിൽ പാത്രിയർക്കീസിനാണെന്ന് പറയപ്പെടുന്ന ആത്മീയാവകാശങ്ങൾ ഇല്ലാതായി. അന്ത്യോഖ്യാ എന്ന പദപ്രയോഗം 1934-ലെ ഭരണഘടനയിൽ ഒഴിവാക്കപ്പെട്ടിരുന്നുവെങ്കിലും അനധികൃതമായും അപ്രമാണമായും അത് പിൽക്കാലത്ത് ഭരണഘടനയിൽ പ്രവേശിച്ചത് അന്വേഷണ വിധേയമാക്കേണ്ടതാണ്. പകലോമറ്റം മെത്രാന്മാരും അന്ത്യോഖ്യൻ മെത്രാന്മാരും മുളന്തുരുത്തി സുന്നഹദോസും റോയൽക്കോടതി വിധിയും എന്തൊക്കെ അബദ്ധങ്ങൾ രേഖപ്പെടുത്തി വെച്ചിട്ടുണ്ടെങ്കിലും അവയൊക്കെ തിരുത്തുന്നതിനും ഭേദഗതി ചെയ്യുന്നതിനും സഭയുടെ പൂർണ്ണ സുന്നഹദോസ് ആയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷന് അധികാരമുണ്ടെന്നാണ് 1958-ലും 1995-ലും ഉണ്ടായ സുപ്രീം കോടതിവിധിയിൽ നിന്നും നാം മനസ്സിലാക്കുന്നത്. മൂറോൻ കൂദാശ, മെത്രാൻ വാഴ്ച എന്നിവയിൽ നിന്ന് പാത്രിയർക്കീസിനെ ഒഴിവാക്കാനും മലങ്കരയിൽ അംഗീകരിക്കപ്പെട്ട പാത്രിയർക്കീസ് എന്ന വ്യവസ്ഥ ഭരണഘടനയിലൂടെ നിയമപരമായി ഉൾപ്പെടുത്തുവാനും കഴിഞ്ഞത് നമ്മുടെ ചിന്തയ്ക്കു പുതിയ ഉൾക്കാഴ്ചകൾ നൽകുന്നുണ്ട്.

സഭയിൽ ഐക്യം പുനഃസ്ഥാപിക്കുകയാണ് ആദ്യം വേണ്ടത്. പാത്രിയർക്കീസ് വിഭാഗവും കാതോലിക്കാ വിഭാഗവും തമ്മിലുള്ള ഐക്യം സ്ഥാപിക്കുന്നതിനേക്കാൾ എത്രയോ മുമ്പ് ഇടവകകളിലും ഇടവകകൾ തമ്മിലും ഇടവകകളും മെത്രാസനങ്ങളും തമ്മിലുമുള്ള ഐക്യം പുനഃസ്ഥാപിക്കണം. സഭാസ്നേഹമുള്ളവർക്ക് ഈ ഐക്യ പുനഃസ്ഥാപന

ത്തിന് വേണ്ടി എത്രവലിയ വിലകൊടുക്കുവാനും സന്തോഷമേ കാണൂ. അതിനുശേഷം വൈദികരും അവൈദികരുമായ എല്ലാവർക്കും പങ്കാളിത്ത ബോധം ഉറപ്പുവരുത്തുമാറ് സഭയുടെ ഭരണതലങ്ങളെ സുതാര്യമാക്കണം. മേൽപ്പട്ടക്കാരും വൈദികരും തമ്മിൽ അസൂയാവഹമായ പരസ്പരധാരണ പുനഃസ്ഥാപിക്കപ്പെടണം. സ്മര്യപുരുഷന്റെ കാലത്തുണ്ടായിരുന്ന ഈ സുവർണ്ണ അധ്യായങ്ങൾക്ക് ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ തന്നെ അസ്തമയം സംഭവിച്ചതാണ് ഈ നൂറ്റാണ്ടിൽ മലങ്കരസഭയ്ക്കു വന്നുചേർന്ന ശാപമെന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. സഭ പിളർന്നത് പാത്രിയർക്കീസിന്റെ മുടക്ക് കൽപ്പന മൂലമല്ല. പാത്രിയർക്കീസിന്റെ മുടക്ക്കൽപന കൊണ്ട് സഭ പിളരുമെങ്കിൽ പുലിക്കോട്ടിൽ മെത്രാച്ചന്റെ കാലത്ത് ആ പിളർപ്പ് അനിവാര്യമായിരുന്നു. മുടക്കു കല്പനകൾ ഒരിക്കലല്ല രണ്ടു പ്രാവശ്യം പുലിക്കോട്ടിൽ മെത്രാച്ചന്റെ നേരെ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ പാത്രിയർക്കീസ് പുറപ്പെടുവിച്ചു. ലൗകികഉടമ്പടി കൊടുക്കാൻ പുലിക്കോട്ടിൽ മെത്രാച്ചൻ വിസമ്മതിച്ചതിനെ തുടർന്നാണ് ആദ്യത്തെ മുടക്ക് കല്പനയുണ്ടായത്. റിശീസാപ്പണം അയച്ചുകൊടുത്തില്ല എന്നതാണ് രണ്ടാമത്തെ മുടക്കിന് കാരണമായി പാത്രിയർക്കീസ് ഉന്നയിച്ചത്. മുടക്കുകല്പന മൂലം പുലിക്കോട്ടിൽ മെത്രാച്ചനിലോ സഭാസമാധാനത്തിന്മേലോ ഒരു ചെറിയ പോറൽപോലും ഏല്പിക്കാൻ കഴിയാതെ വന്നപ്പോഴാണ് കോപവിവശനായ പാത്രിയർക്കീസ് മലങ്കരയെ ഏഴു മെത്രാസനങ്ങളായി തന്നിഷ്ട പ്രകാരം വെട്ടിമുറിച്ചത്. മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ, മാനേജിംഗ് കമ്മറ്റി, മലങ്കരമെത്രാപ്പോലീത്താ ട്രസ്റ്റി, വൈദിക ട്രസ്റ്റി, അവൈദികട്രസ്റ്റി എന്നിവർ തെരഞ്ഞെടുക്കപ്പെട്ടതിന് ശേഷവും അതേ വേദികളിലൊന്നും ചർച്ച ചെയ്യാതെ ഭദ്രാസന വിഭജനം നടത്തി മെത്രാന്മാരെ വാഴിക്കാനൊരുങ്ങിയത് സഭയിൽ വ്യാപകമായ പ്രതിഷേധത്തിന് കാരണമായി. മെത്രാച്ചന്റെ മനഃസ്സാക്ഷി സൂക്ഷിപ്പുകാരായിരുന്ന പനയ്ക്കൽ ഐപ്പൂരുവും അക്കര കുരിയൻ റൈട്ടറും മലങ്കരസഭയുടെ പ്രതിഷേധം പാത്രിയർക്കീസിനെ അറിയിച്ചു. ഒരു ഫലവുമുണ്ടായില്ല. ഉടമ്പടി എഴുതിക്കൊടുത്ത മെത്രാൻ സ്ഥാനാർത്ഥികൾ പാത്രിയർക്കീസിൽ നിന്ന് സ്ഥാനം പ്രാപിക്കുകതന്നെ ചെയ്തു. മലങ്കര മെത്രാപ്പോലീത്താ ഈ മൂന്ന് പ്രാവശ്യമായി നടന്ന മെത്രാൻ വാഴ്ചകളിൽ അസാന്നിധ്യം കൊണ്ട് പ്രതിഷേധം അറിയിക്കുകയും ശ്രദ്ധേയനാവുകയും ചെയ്തു. മുളന്തുരുത്തി സുന്നഹദോസ് രൂപംകൊടുത്ത അസോസ്യേഷനും മാനേജിംഗ് കമ്മറ്റിയും ട്രസ്റ്റിസ്ഥാനങ്ങളും റദ്ദാക്കുകയാണ് പ്രതികാരദാഹിയായ പാത്രിയർക്കീസ് ചെയ്തത്. മലങ്കരയോടു യാത്ര പറയുമ്പോഴും മേലാൽ ആ സമിതികൾ ഒരിക്കലും സമ്മേളിച്ചുകൂടാ എന്ന് അന്ത്യശാസനം നൽകിയിട്ടാണ് പാത്രിയർക്കീസ് തീവണ്ടി കയറിയത്. നവീകരണക്കാർ മൂല

മുണ്ടായ ക്ഷീണം തീർക്കാൻ സഹായിക്കും എന്ന പ്രതീക്ഷയിൽ കൊണ്ടുവരപ്പെട്ട പാത്രിയർക്കീസ് കുറെ പുതിയ ക്ഷതങ്ങൾ ഏല്പിച്ചിട്ടാണ് മലങ്കരയോട് യാത്ര പറഞ്ഞത്. പാത്രിയർക്കീസിനോടൊപ്പം അനുയാത്ര ചെയ്ത് അദ്ദേഹത്തെ അനുനയിപ്പിച്ച് മുടക്ക് റദ്ദാക്കി കൊല്ലം മെത്രാസനത്തിന് നിയമനം പ്രാപിച്ച് പുലിക്കോട്ടിൽ മെത്രാച്ചൻ മടങ്ങി വന്നെങ്കിലും അദ്ദേഹത്തിന്റെ അവസ്ഥ പരിതാപകരമായിരുന്നു. അതുവരെ മലങ്കര മെത്രാനായി സഭയെ നയിച്ച ആൾ ആ സ്ഥാനം നഷ്ടപ്പെട്ട് കൊല്ലത്തിന്റെ മെത്രാപ്പോലീത്താ എന്ന് ചുരുങ്ങേണ്ടി വന്നു. വളരെ ഭാവനാപൂർവ്വം രൂപംകൊടുത്ത സുറിയാനി ക്രിസ്ത്യാനി അസോസ്യേഷനും മാനേജിംഗ് കമ്മറ്റിയും ട്രസ്റ്റിസ്ഥാനങ്ങളും വൃഥാവിലായി. പള്ളികളും പഴയസെമിനാരി ഉൾപ്പെടെയുള്ള സ്ഥാപനങ്ങളും നവീകരണക്കാരുടെ കൈവശത്തിൽ. അവ വീണ്ടെടുക്കാൻ വ്യയഹേതുകമായ വ്യവഹാര പരമ്പര അനിവാര്യമായിരിക്കെ അതിന് ചുമതലയുള്ള സ്ഥാനികളെ റദ്ദാക്കിയിരിക്കുന്നു. ഈ പ്രതികൂല പരിതഃസ്ഥിതികളോട് അദ്ദേഹം പ്രതികരിച്ചത് അത്ഭുതകരമായ അനുരഞ്ജനപാടവം പ്രകടമാക്കിക്കൊണ്ടാണ്. സഭയിലെ വൈദികരും അവൈദികരും മലങ്കര മെത്രാപ്പോലീത്തായെ ധൈര്യപ്പെടുത്തി. ഒരു മെത്രാൻ വേറൊരു മെത്രാന്റെ ഭരണസീമയിൽ പ്രവർത്തിച്ചുകൂടാ എന്ന് പാത്രിയർക്കീസിൽ നിന്ന് കല്പന എഴുതി വാങ്ങി മെത്രാസനത്തിന്റെ അതിർവരമ്പുകളെ മുൻ മലങ്കര മെത്രാപ്പോലീത്തായുടെ പ്രവേശനത്തിൽ നിന്ന് കോട്ടകെട്ടി വേർതിരിച്ച ആറു മെത്രാന്മാരും വ്യവഹാരം തുടങ്ങിയ പൊതുക്കാര്യങ്ങളുടെ നിർവ്വഹണത്തിന് എല്ലാ മെത്രാസനങ്ങളിലും പ്രവേശിക്കത്തക്കവിധം പുലിക്കോട്ടിൽ മെത്രാച്ചന് മുക്ത്യാർ എഴുതിക്കൊടുത്തു. ഇപ്രകാരം മലങ്കര മെത്രാപ്പോലീത്താ സ്ഥാനവും ഇതര ട്രസ്റ്റിസ്ഥാനങ്ങളും മാനേജിംഗ് കമ്മറ്റിയും അസോസ്യേഷനും അദ്ദേഹം പുനർജീവിപ്പിച്ചു. ചില മെത്രാച്ചന്മാർ എതിർത്തുവെങ്കിലും പുലിക്കോട്ടിൽ മെത്രാച്ചന്റെ നേതൃത്വത്തിൽ രൂപപ്പെട്ടുവന്ന ഐക്യത്തെ എതിർക്കുവാൻ അവർക്കും ധൈര്യമുണ്ടായിരുന്നില്ല. അവരിൽ ചിലർ പാത്രിയർക്കീസിനെ വിവരം എഴുതി അറിയിച്ചു. പാത്രിയർക്കീസ് മലങ്കരമെത്രാപ്പോലീത്തായെ വീണ്ടും മുടക്കി. മലങ്കരയിലെ ഐക്യത്തിൽ വിള്ളലേല്പിക്കാനൊന്നും ആ മുടക്കു കല്പനയ്ക്കു കഴിഞ്ഞില്ല. അടുത്ത തലമുറയിൽ ഈ ഐക്യം നഷ്ടപ്പെട്ടപ്പോഴാണ് 1909-ലെ മുടക്ക് ഒരു ബോംബിനേക്കാൾ മലങ്കരസഭയിൽ വിനാശകാരിയായിത്തീർന്നത്. ഈ സത്യം അംഗീകരിച്ചുകൊണ്ടു വേണം സഭയുടെ ഭാവിയിലെ പ്രവർത്തനങ്ങൾക്കു രൂപരേഖ തയ്യാറാക്കേണ്ടത്. 'ജനാൻ രഞ്ജയതി ഇതിരാജാ' എന്ന് രാജാവിനെ ഭാരത സംസ്ക്കാരം നിർവചിച്ചിട്ടുണ്ട്. സഭയുടെ രാജാവായ മെത്രാപ്പോലീത്താ ജനങ്ങളെ അനുരഞ്ജിപ്പിക്കുന്ന കലയിൽ പ്രാവീണ്യമുള്ള ആളായിരിക്കണം.

പുലിക്കോട്ടിൽ മെത്രാച്ചൻ ഈ നിർവചനം പ്രത്യക്ഷരം പ്രാവർത്തികമാക്കി. അജപാലകന്റെ ഒരു പുതിയ മുഖം മലങ്കരയിൽ ആദ്യമായി പ്രത്യക്ഷപ്പെടുകയായിരുന്നു. ഇടയന്റെ പിന്നിൽ ആടുകൾ അണിനിരക്കുക തന്നെ ചെയ്തു. അതാണ് മലങ്കരസഭാ ചരിത്രത്തിലെ ഒരു സുവർണ്ണ അധ്യായം രചിക്കുവാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയ ശക്തിയുടെ രഹസ്യം.

'ജീവിതമെനിക്കൊരു ചൂളയായിരുന്നപ്പോൾ

ഭുവിനാവെളിച്ചത്താൽ വെണ്മ ഞാനുളവാക്കി' എന്ന ഈരടി ഞാനിവിടെ ഉദ്ധരിക്കട്ടെ. ആത്മാവിൽ ഒരു തീച്ചൂള പേറുവാൻ വിധിക്കപ്പെട്ട സ്മര്യപുരുഷൻ ആ തീച്ചുളയുടെ ചൂട് സ്വയം അനുഭവിച്ച് ഉഷ്ണിക്കുകയും ആ തീച്ചൂള പ്രസരിപ്പിച്ച വെളിച്ചം കൊണ്ടു സഭയ്ക്കു വെളിച്ചം പകരുകയും ചെയ്തു എന്നതാണ് അദ്ദേഹത്തെ മറ്റുള്ളവരിൽ നിന്ന് വ്യാവർത്തിപ്പിക്കുന്ന വിശേഷ ഘടകം. അദ്ദേഹം സഭയ്ക്കു നൽകിയ വെളിച്ചങ്ങൾ എന്തൊക്കെയാണ്?

### 1. ജനാധിപത്യശൈലി പ്രാവർത്തികമാക്കി

ജനാധിപത്യ സമ്പ്രദായത്തെപ്പറ്റി ഭാരതം ചിന്തിച്ചു തുടങ്ങുന്നതിനെത്രയൊ മുമ്പ് മലങ്കര മെത്രാപ്പോലീത്തായിൽ മാത്രം നിക്ഷിപ്തമായിരുന്ന സഭാഭരണാധികാരത്തെ ധീരമായി വികേന്ദ്രീകരിച്ച് മെത്രാപ്പോലീത്തൻ ട്രസ്റ്റി - വൈദികട്രസ്റ്റി - അത്മായട്രസ്റ്റി എന്നിങ്ങനെ മൂന്ന് ട്രസ്റ്റിമാരെ നിയമിച്ച് അധികാരത്തിൽ പങ്കാളികളാക്കുകയും സഭ എല്ലാവരുടേയും കൂട്ടായ്മയാണെന്ന ബോധം എല്ലാവരിലും ഉണ്ടാക്കുകയും ചെയ്തു. ഭരണത്തിന്റെ കേന്ദ്രീകരണം ഫ്യൂഡൽ കാലഘട്ടത്തിന്റേതാണ്; വികേന്ദ്രീകരണം ജനാധിപത്യ കാലഘട്ടത്തിന്റേതും. മെത്രാന്മാരുടെ ഏകനായകശക്തിക്കു (അതാണ് കേന്ദ്രീകൃത ഭരണത്തെപ്പറ്റി പുലിക്കോട്ടിൽ മെത്രാച്ചൻ ഉപയോഗിച്ച പദം) അദ്ദേഹം അറുതി വരുത്തി. ഈ മഹാത്ഭുതം അദ്ദേഹം സാധിച്ചത് മുളന്തുരുത്തി സുന്നഹദോസിൽ വച്ച് പാത്രിയർക്കീസിന്റെ സഹായത്തോടെയാണ് എന്നാണ് ഇതുവരെ നാം മനസ്സിലാക്കിയിട്ടുള്ളത്. എന്നാൽ കണ്ടനാട് ഗ്രന്ഥവരി ആ ധാരണ തിരുത്തുന്നു. പരുമല വച്ച് 1873-ൽ ചേർന്ന സമ്മേളനത്തിലാണ് മെത്രാന്മാരുടെ ഏകനായകശക്തിക്കു പരിഹാരമായി വൈദിക-അവൈദിക ട്രസ്റ്റിമാരെയും മാനേജിംഗ് കമ്മറ്റി, അസ്സോസിയേഷൻ തുടങ്ങിയ സമിതികളെയുംപറ്റിയുള്ള തന്റെ ദർശനങ്ങളും അഭിപ്രായങ്ങളും അവതരിപ്പിച്ചത്. ഈ മൂന്ന് ഘടകങ്ങളും തമ്മിലുള്ള ഐക്യവും പരസ്പരധാരണയുമാണ് സഭയുടെ ശക്തി. ആ ശക്തിക്കു മുമ്പിൽ ഒരു പാത്രിയർക്കീസിനും ഭീഷണി ഉയർത്തുവാൻ കഴിയുകയില്ല. പുലിക്കോട്ടിൽ മെത്രാച്ചൻ

19-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ പ്രയോഗിച്ച മൃതസഞ്ജീവനി മന്ത്രം 20-ാം നൂറ്റാണ്ടിന്റെ സങ്കീർണ്ണവും അനാഥവുമായ സംഘർഷാവസ്ഥക ളിൽ വിവേകപൂർവ്വം പരീക്ഷിച്ചു നോക്കാവുന്നതാണ്.

## 2. സമുദായ സംഘടന

ഇടവകകൾ സമർത്ഥമായി സംഘടിപ്പിക്കപ്പെട്ടാൽ അവയെ ഊർജ്ജ സ്രോതസാക്കി മാറ്റാമെന്ന് കണ്ടുപിടിച്ച സമുദായ നേതാവായിരുന്നു സ്മര്യപുരുഷൻ. അദ്ദേഹത്തിന്റെ മുൻപിൽ അനുകരിക്കാൻ മാതൃകകൾ ഒന്നുമുണ്ടായിരുന്നില്ല. വളരെ പ്രതീക്ഷകളോടെയാണ് 1876-ൽ അദ്ദേഹം സുറിയാനി ക്രിസ്ത്യാനി അസോസിയേഷന് രൂപംകൊടുത്തത്. ഒരു മസ്തിഷ്ക്കത്തിൽ നിന്ന് ശരീരഭാഗങ്ങളിലേക്കെല്ലാം ചൈതന്യവും ഊർ ജ്ജവും വിതരണം ചെയ്യുന്ന ഒരു കേന്ദ്രമായിട്ടാണ് അദ്ദേഹം സമുദായ സംഘടനയെ വിവക്ഷിച്ചത്. അതിന്റെ അടിത്തറ ബലിഷ്ഠമാണെന്നാണ് സമുദായകേസിലെ വിധികൾ നമ്മെ പഠിപ്പിക്കുന്നത്. അതിനെ കാലാ നുസൃതമായി ഉപയോഗപ്പെടുത്തുവാൻ സാരഥികൾക്കു കഴിയണമെ ന്നേയുള്ളു. അധികാരകേന്ദ്രം സുറിയാനി ക്രിസ്ത്യാനി അസോസിയേ ഷനിൽ നിന്ന് മാറ്റുവാൻ ശ്രമം നടക്കുന്നതുകൊണ്ടാണ് ആ സംഘടന പ്രായേണ നിർജ്ജീവമായ ഒരാർഭാടവസ്തു മാത്രമായിപ്പോയത്. അസ്സോ സിയേഷന് വെളിയിൽ സഭയുടെ അധികാരം വിന്യസിക്കുവാൻ കഴിയു കയില്ലെന്ന് തിരിച്ചറിവ് നേടി സുറിയാനി ക്രിസ്ത്യാനി അസ്സോസിയേ ഷനെ ഫലപ്രദവും കാര്യക്ഷമവുമാക്കിത്തീർക്കുവാൻ ഭാവിയിലെങ്കിലും കഴിയുമെന്ന് നമുക്ക് ആശിക്കുക.

കേരളത്തിലെ ഒന്നാമത്തെ സമുദായിക സംഘടനയാണ് മലങ്കരസുറി യാനി ക്രിസ്ത്യാനി അസ്സോസിയേഷൻ. ഇതിനെ മാതൃകയാക്കിയും ഇതിന്റെ ശക്തി ഗ്രഹിച്ചുമാണ് കേരളത്തിലെ ഇതര സമുദായങ്ങൾ അവ രുടെ സംഘടനകൾക്ക് രൂപംകൊടുത്തത്. സംഘടിച്ച് ശക്തരാകുക എന്ന മുദ്രാവാക്യം പോലും ജനിക്കുന്നതിനു മുമ്പ് നമുക്ക് ഒരു സാമുദായിക സംഘടന ഉണ്ടായത് അഭിമാനകരമാണ്. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ 600-ൽ അധികം നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കാൻ ഉരുക്കുമനുഷ്യൻ എന്നറിയപ്പെടുന്ന സർദാർ പട്ടേൽ കാണിച്ച രാജ്യതന്ത്ര ജ്ഞതയേക്കാൾ ചെറുതായിരുന്നില്ല ഒരധികാരവും കൂടാതെ സ്മര്യപുരു ഷൻ ഇരുന്നൂറിലധികം സ്വതന്ത്ര ഇടവകകളെ സമുദായ സംഘടനയുടെ കീഴിൽ അണിനിരത്തുവാൻ കാണിച്ച നയതന്ത്രജ്ഞത. ഒരജപാലകന്റെ അനുരഞ്ജന പാടവമാണ് ഇവിടെയും വിജയക്കൊടി നാട്ടുവാൻ അദ്ദേ ഹത്തെ സഹായിച്ചത്. അദ്ദേഹം നടപ്പിലാക്കിയ ഫെഡറൽ ഭരണസംവി ധാനം ശക്തിപ്പെടുത്തുക മാത്രമേ നമുക്കിനിയും ചെയ്യാനുള്ളു. 1912-ലും

1934-ലും അതിന്റെ സമുചിതമായ ആരംഭം കുറിച്ചത് നാം ഇനിയും ഭാവനാപൂർവ്വം മുന്നോട്ടു കൊണ്ടുപോകേണ്ടിയിരിക്കുന്നു.

### 3. സാക്ഷരകേരളത്തിന്റെ പ്രജാപതി

വർണ്ണാശ്രമ ധർമ്മങ്ങളുടെ ആക്ഷരിക ആചരണവും ആധിപത്യവും മൂലം കട്ടപിടിച്ച ഇരുട്ട് കേരളത്തിന്റെ സാംസ്ക്കാരിക നഭോമണ്ഡലത്തെ വിഴുങ്ങിയിരുന്ന 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ അക്ഷരപ്രകാശം കൊണ്ട് അദ്ദേഹം കേരളത്തെ നവോത്ഥാന പ്രഭാതത്തിലേക്കു നയിച്ചു. തിരുവിതാംകൂറിലും കൊച്ചിയിലുമായി 250-ലേറെ മലയാളം പ്രാഥമിക വിദ്യാലയങ്ങൾ സ്ഥാപിച്ച സ്മര്യപുരുഷൻ അവയിൽ ജാതി-മത-വർണ്ണ -ലിംഗ ഭേദമെന്യേ വിദ്യാർത്ഥികൾക്കു പ്രവേശനം അനുവദിച്ചു. ഈ അക്ഷരങ്ങളുടെ അജപാലകൻ നടത്തിയ ഭഗീരഥശ്രമങ്ങളുടെ പശ്ചാത്തലത്തിലാണ് ഇരുപതാം നൂറ്റാണ്ടിലെ കേരള നവോത്ഥാനത്തെ നാം വിലയിരുത്തേണ്ടത്. പകുതിയിലേറെ സ്കൂളുകൾ സർക്കാർ ഗ്രാന്റു കൂടാതെ നടത്തേണ്ടി വന്നതിനാൽ സാമ്പത്തിക പ്രതിസന്ധികളെ പരിഹരിക്കുവാനായി സ്വന്തം സ്ഥാനചിഹ്നങ്ങളായ അംശവടി, സ്ലീബാ, മുദ്രമോതിരം, സ്വർണ്ണ കവചിതമായ കിരീടം തുടങ്ങിയവ പണയം വെച്ചിരുന്നുവെന്ന് കേൾക്കുമ്പോൾ ആ അക്ഷരസ്നേഹിയെ ആരാണ് നമസ്ക്കരിക്കാത്തത്? നൂറ് ശതമാനം സാക്ഷരതയുടെ ബഹുമതിക്കുവേണ്ടി വിലകുറഞ്ഞ അവകാശവാദങ്ങൾ ഉന്നയിക്കുന്നവർ ഈ സാക്ഷരകേരള പ്രജാപതിയെ ഓർക്കുന്നുണ്ടോ എന്തോ? വിദ്യാലയ സ്ഥാപനങ്ങൾ ആദായമാർഗ്ഗമാക്കിത്തീർക്കാമെന്ന കണ്ടുപിടുത്തം വരുന്നതിനു മുമ്പ് വിദ്യാവിതരണം ജീവിതലക്ഷ്യങ്ങളിലൊന്നാക്കി മാറ്റിയ ആ പിതാവിനെ സാംസ്ക്കാരിക കേരളമേ നീ നമസ്ക്കരിക്കുക. വിദ്യകൊണ്ട് വിജ്ഞരാകുക എന്ന ആഹ്വാനം നല്കിയ ഒരു സാമുദായികാചാര്യൻ സംസ്കാര ചരിത്രത്തിന്റെ തിളക്കമുള്ള ഒരദ്ധ്യായമായി മാറിയ കേരളത്തിൽ വിദ്യകൊണ്ട് വിജ്ഞരാകുവാൻ 250-ലേറെ വിദ്യാലയങ്ങൾ ത്യാഗപൂർവ്വം സ്ഥാപിച്ചു നടത്തിയ ഈ നവോത്ഥാന നായകന്റെ പേർ കേരളത്തിന്റെ സാസ്കാരിക ചരിത്രത്തിൽ പതിയാതെ പോയതിൽ സാസ്കാരിക കേരളം ലജ്ജിക്കേണ്ടതല്ലേ? സെക്കുലർ പാഠശാലകൾ മാത്രമല്ല കുന്നംകുളത്തും (സെഹ്യോൻ) കോട്ടയത്തും (എം.ഡി.) മാവേലിക്കരയിലും (തഴക്കര) പരുമലയിലും വൈദിക കലാശാലകളും കുന്നംകുളത്തും കോട്ടയത്തും തിരുവല്ലായിലും ഇംഗ്ലീഷ് പാഠശാലകളും സ്ഥാപിച്ച സ്മര്യപുരുഷന്റെ ക്രാന്തദർശിത്വത്തെ അന്യാദൃശം എന്നാണ് വിശേഷിപ്പിക്കേണ്ടത്.

## 4. അച്ചടി, പത്രപ്രവർത്തനം

അച്ചടിയും പത്രപ്രവർത്തനവും ഒരു മെത്രാപ്പോലീത്തായുടെ കർമ്മ പഥത്തിൽ വരേണ്ടതുണ്ടോ? സാധാരണഗതിയിൽ ആവശ്യമില്ല. എന്നാൽ നവീനദർശനങ്ങളും ആശയങ്ങളും അവിരാമമായി പുറപ്പെട്ടുകൊണ്ടേ യിരുന്ന അക്ഷയഖനിയായിരുന്നു അദ്ദേഹത്തിന്റെ മസ്തിഷ്ക്കം. ചെയ്തു തീർക്കാൻ അദ്ദേഹത്തിന് കുറെ കർമ്മപഥങ്ങൾ ഉണ്ടായിരുന്നു. അവയെ പ്പറ്റി പ്രചാരവേല ചെയ്ത് ആളുകളെ ബോധവൽക്കരിക്കുകയും അവ രുടെ സഹകരണം തേടുകയും ചെയ്യുക അദ്ദേഹത്തിന് ആവശ്യമായി രുന്നു. ദ്വിമുഖമായിരുന്നു അദ്ദേഹത്തിന്റെ കർമ്മരംഗങ്ങൾ. ഒന്ന്, സഭാ പരം. രണ്ട്, കേരള നവോത്ഥാനപരം. സഭാപരമായ നവീകരണ ആശയങ്ങ ളിലെ വിശ്വാസവ്യതിയാനങ്ങളെ ചെറുക്കുവാനും ചിതറിക്കിടക്കുന്ന ഇട വകകളെ ഇണക്കിചേർത്ത് ഐക്യത്തിൽ നയിക്കുവാനും ഒരു മേലദ്ധ്യ ക്ഷന്റെ അജപാലന ദൗത്യബോധം അദ്ദേഹത്തെ നിർബന്ധിച്ചു. തന്മൂലം മാധ്യമങ്ങളെ അദ്ദേഹം പ്രയോജനപ്പെടുത്തി. നവോത്ഥാനത്തിനായി ദാഹിക്കുന്ന ഒരു ജനതയ്ക്കു നവോത്ഥാനത്തെ ത്വരിതപ്പെടുത്തുന്ന ആശ യങ്ങൾ നൽകുവാനും മാധ്യമങ്ങൾ അനിവാര്യമെന്ന് ആ ഋഷിവര്യൻ ഗ്രഹിച്ചു. ഇരുപതാം നൂറ്റാണ്ടിന്റെ ഉദയത്തിലേക്ക് പത്തൊമ്പതാം നൂറ്റാ ണ്ടിനെ അർത്ഥവത്തായി ഉപനയിക്കുവാൻ ദൈവം ചുമതലപ്പെടുത്തിയ ഒരു സംക്രമണ പുരുഷനാണ് താനെന്ന് മെത്രാപ്പോലീത്തായ്ക്ക് സംശയാതീതമായ ബോദ്ധ്യം ഉണ്ടായിരുന്നു. തന്മൂലമാണ് കൊച്ചിയിലും കോട്ടയത്തുമായി അച്ചടിശാലകൾ അദ്ദേഹം സ്ഥാപിച്ചത്. മലയാളം, ഇംഗ്ലീഷ്, സുറിയാനി എന്നീ മൂന്ന് ഭാഷകളിൽ അച്ചടി നിർവഹിക്കുവാൻ അവയിൽ സംവിധാനം ഉണ്ടായിരുന്നു. കേരളപതാക, ഇടവകപത്രിക, സുറിയാനി സുവിശേഷകൻ എന്നീ മൂന്ന് പത്രങ്ങൾ പ്രസിദ്ധീകരിച്ച അദ്ദേ ഹത്തിന്റെ മാധ്യമ സങ്കല്പം അത്ഭുതാവഹമായിരുന്നു. നവീകരണ വിധേയമായി പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് പ്രസി ദ്ധീകരിച്ച പ്രാർത്ഥനാക്രമങ്ങൾക്കു പകരം സുറിയാനിയിൽ നിന്ന് വിവർ ത്തനം ചെയ്ത പ്രാർത്ഥനാക്രമങ്ങളുടെ പതിനൊന്നു പതിപ്പുകളെങ്കിലും അദ്ദേഹം പ്രസിദ്ധപ്പെടുത്തി. മാതൃഭാഷയിലൂടെ ആരാധന എന്ന വിപ്ല വകരമായ പ്രസ്ഥാനം മലങ്കരസഭയിൽ അരങ്ങേറിയത് ഈ പ്രസ്സുക ളിൽ നിന്ന് ഇറങ്ങിയ പുസ്തകങ്ങളിൽ കൂടെയാണ്. 1853-ൽ അദ്ദേഹം കുന്നംകുളത്ത് ഒരു പ്രസ്സ് തുടങ്ങി. കൈയെഴുത്തു പുസ്തകങ്ങളായി മാത്രം പ്രചരിച്ചുവന്ന സുറിയാനിയിലുള്ള പള്ളിയാരാധനക്രമങ്ങൾ അച്ച ടിക്കുവാനും അദ്ദേഹം ഈ പ്രസ്സുകളെ ഉപയോഗപ്പെടുത്തി. ശ്ഹീമാ നമസ്ക്കാരം ആനീദ, ആണ്ടു തക്സാ, കുർബാന തക്സാ എന്നിവ അപ്ര കാരം ഇറങ്ങിയ ഗ്രന്ഥങ്ങളാണ്.

## 5. ആദ്ധ്യാത്മിക പ്രസ്ഥാനങ്ങൾ

സഭയുടെ ശക്തീകരണവും നവോത്ഥാനവും സാധിക്കുവാൻ ആത്മീയ സംഘടനകളിലൂടെ സാധിക്കുമെന്ന് മനസ്സിലാക്കിയ സ്മര്യ പുരുഷൻ സണ്ടേസ്ക്കൂൾ, വിദ്യാർത്ഥിപ്രസ്ഥാനം, വൈദികപ്രസ്ഥാനം എന്നീ സംഘടനകൾ കേന്ദ്രതലത്തിൽ ആരംഭിച്ചു. തന്മൂലം ഒരു നവോത്ഥാന അന്തരീക്ഷം അന്ന് സഭയിലെങ്ങും അനുഭവപ്പെട്ടു. മലങ്കരമഹാജനസഭയാണ് അദ്ദേഹത്തിന്റെ മറ്റൊരു സംഭാവന. വിദ്യാസമ്പന്നരായ ആളുകളുടെ ചിന്തയും ദർശനവും മാർഗ്ഗനിർദ്ദേശവും സഭയിൽ പ്രയോജനപ്പെടുത്തുവാൻ രൂപവത്ക്കരിക്കപ്പെട്ട ആ സംഘടനയെ പില്ക്കാലത്ത് പ്രയോജനപ്പെടുത്തുവാനോ നിലനിർത്തുവാൻ പോലുമോ നമുക്ക് കഴിയാത്തതെന്തുകൊണ്ടെന്ന ചോദ്യത്തിന് ഇനിയും ഉത്തരം കണ്ടെത്തപ്പെടേണ്ടിയിരിക്കുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ മലങ്കരസഭയിൽ അറിയപ്പെട്ട അത്മായ നേതാക്കളുടെ നിര മഹാജനസഭയിലൂടെ പരിശീലനം നേടിയവരുടേതായിരുന്നു.

## 5. സന്യാസപ്രസ്ഥാന സ്ഥാപകൻ

കേരളത്തിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ ദയറാപ്രസ്ഥാനം പ്രോദ്ഘാടനം ചെയ്തത് സ്മര്യപുരുഷൻ ആണ്. വിദേശയാത്രയ്ക്കിടയിൽ സന്ദർശിച്ചിട്ടുള്ള ചില ദയറാകളും അവയുടെ ചരിത്രവും അദ്ദേഹത്തിന് ഇക്കാര്യത്തിൽ പ്രചോദനം നല്കി. വെട്ടിക്കൽ കുരിശുപള്ളിയെ ഒരു ദയറാ ആയി അദ്ദേഹം പ്രഖ്യാപിച്ചു. മുളന്തുരുത്തി ഇടവകയിലെ ഒരു വൈദികന് സന്യാസം നൽകി പ്രഥമ ദയറായുടെ ചുമതല ഏല്പിച്ചു. ഔചിത്യബോധത്തോടെ യോഗ്യരായ സ്ഥാനികളെ കണ്ടെത്തുവാൻ പ്രത്യേക പാടവമുണ്ടായിരുന്ന അദ്ദേഹം ദയറായുടെ ചുമതലക്കാരൻ മാത്രമായിട്ടല്ല തന്റെ പിൻഗാമി കൂടിയായിട്ടാണ് ഇക്കാര്യത്തിൽ ഗീവറുഗ്ഗീസ് കത്തനാരെ വിഭാവനം ചെയ്തത്. ആ റമ്പാനാണ് പില്ക്കാലത്തു മലങ്കരയിലെ പ്രഖ്യാപിത പരിശുദ്ധനായി വളർന്നത് എന്നോർക്കുമ്പോൾ ആ തെരഞ്ഞെടുപ്പിലെ ദിവ്യനിയോഗത്തെക്കുറിച്ച് നാം ഓർത്തുപോകും. പിൻഗാമിയെ തെരഞ്ഞെടുക്കുവാൻ മാത്രമല്ല ജീവിതത്തിന്റെ നിർണ്ണായകമായ ഏതു തീരുമാനം കൈക്കൊള്ളുമ്പോഴും ഏകാഗ്രമായ പ്രാർത്ഥനയിൽ മുഴുകുന്ന സമ്പ്രദായം അദ്ദേഹത്തിനുണ്ടെന്ന് അദ്ദേഹത്തിന്റെ യാത്രാവിവരണകൃതിയും സെക്രട്ടറി ഇ. എം. ഫിലിപ്പിന്റെ സാക്ഷ്യവും നമ്മെ ബോധ്യപ്പെടുത്തും. തന്റെ പിൻഗാമിയാകേണ്ട ആൾ തനിക്കു മുമ്പ് ഇഹലോകവാസം വെടിഞ്ഞത് സ്മര്യപുരുഷനെ അക്ഷരാർത്ഥത്തിൽ തളർത്തി. തന്റെ അരുമശിഷ്യന്റെ അന്ത്യ സംസ്കാരചടങ്ങുകൾ നടത്തുന്നതിനിടയിൽ പലപ്പോഴും ഏങ്ങലടികൾ മൂലം

ശുശ്രൂഷയിൽ പൂർണ്ണമായി സംബന്ധിക്കാനാവാതെ പാടുപെടുന്ന പുലിക്കോട്ടിൽ മെത്രാച്ചന്റെ ചിത്രം ജീവചരിത്രകാരൻ ഭംഗിയായി വരച്ചുവെച്ചിട്ടുണ്ട്.

അതിനുശേഷമാണ് അദ്ദേഹത്തിന്റെ കണ്ണുകൾ മല്പാൻ വട്ടശ്ശേരിൽ ഗീവർഗ്ഗീസ് കത്തനാരിൽ പതിഞ്ഞത്. വട്ടശ്ശേരിൽ കൊച്ചുമെത്രാച്ചനെ മലങ്കരമെത്രാപ്പോലീത്തായുടെ പിൻഗാമിയായി തെരഞ്ഞെടുത്തതിന്റെ പിന്നിൽ ഒരു അണിയറക്കഥയുണ്ട്. ഗീവറുഗ്ഗീസ് റമ്പാച്ചനോട് നീരസമുണ്ടായിരുന്ന കോനാട്ട് മാത്തൻ മല്പാനച്ചൻ കൊച്ചുപറമ്പിൽ പൗലോസ് റമ്പാനെ പിൻഗാമിസ്ഥാനത്തേക്ക് തെരഞ്ഞെടുക്കുവാൻ വടക്കൻ ഇടവകകളുടെ പിൻബലത്തോടെ യോഗം ചേർന്നു തീരുമാനിച്ച വിവരം മലങ്കര മെത്രാപ്പോലീത്തായെ ദുഃഖിപ്പിച്ചു. അസോസ്യേഷന്റെ തലേദിവസം പഴയസെമിനാരിയിലെത്തി മലങ്കരമെത്രാപ്പോലീത്തായുടെ കൈമുത്തിയ മല്പാനച്ചന്, കുശലാന്വേഷണങ്ങൾക്കു ശേഷം വിശേഷപ്പെട്ട ഒരു ചുവപ്പ് കുപ്പായവും സ്വർണ്ണമുദ്രയുള്ള ഒരു അരപ്പട്ടയും എടുത്തു കൊടുത്ത് അവ ധരിക്കാൻ ആവശ്യപ്പെട്ടു. വെള്ളി കെട്ടിയ ഒരു വടിയും അദ്ദേഹം അച്ചന് നൽകിക്കൊണ്ട് പറഞ്ഞു. വിവാഹിതനായതുമൂലം മാത്രമാണ് അച്ചൻ മെത്രാനാകാഞ്ഞത്. അർഹതക്കുറവൊന്നുമില്ല. മെത്രാന്മാർക്കു ചേർന്ന പ്രൗഢിയിൽ സഞ്ചരിച്ചുകൊള്ളുവാൻ അച്ചനെ നാം അനുവദിച്ചിരിക്കുന്നു. അച്ചനു സന്തോഷമായി. മെത്രാച്ചൻ പിറ്റേന്ന് നടക്കാനിരിക്കുന്ന അസോസ്യേഷനിലേക്ക് സംസാരം കൊണ്ടുവന്നു. രണ്ടു സ്ഥാനാർത്ഥികളിൽ പിൻഗാമിയാകാൻ ആർക്കാണ് പ്രാപ്തി എന്ന് മെത്രാച്ചൻ ചോദിച്ചു. മെത്രാച്ചന്റെ ഇംഗിതം അറിയാമായിരുന്ന അച്ചൻ പ്രതിവചിച്ചു. വട്ടശ്ശേരിൽ റമ്പാച്ചനാണ് പ്രാപ്തൻ. ഉടനെ വലിയ മെത്രാച്ചൻ ഇങ്ങനെ ഉപസംഹരിച്ചു: “എങ്കിൽ നാളത്തെ അസോസ്യേഷനിൽ വട്ടശ്ശേരിൽ റമ്പാച്ചന്റെ പേർ പിൻഗാമിയുടെ സ്ഥാനത്തേക്കു അച്ചൻ നിർദ്ദേശിക്കണം.” വലിയ മെത്രാപ്പോലീത്തായെ ഗുരുവായി സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്ന മല്പാനച്ചൻ വിയർത്തു. പിറ്റേദിവസം അസോസ്യേഷന്റെ ആമുഖ പ്രസംഗത്തിനുശേഷം പിൻഗാമിയുടെ പേർ നിർദ്ദേശിക്കുവാൻ വലിയ മെത്രാപ്പോലീത്താ മല്പാനച്ചനെ ക്ഷണിച്ചു. മല്പാനച്ചൻ അക്ഷോഭ്യനായി വട്ടശ്ശേരിൽ റമ്പാച്ചന്റെ പേർ പിൻഗാമിയുടെ സ്ഥാനത്തേക്കു നിർദ്ദേശിച്ചു. ആയത് ഏകകണ്ഠമായി അംഗീകരിക്കപ്പെടുകയും ചെയ്തു. കാര്യം അറിയാതിരുന്ന വടക്കൻ ഇടവകക്കാർ മല്പാനച്ചന്റെ അഭിപ്രായം മാറിയതെങ്ങനെയെന്നറിയാതെ അന്ധാളിച്ചതോടെ രംഗത്തിന് തിരശ്ശീല വീണു. പുലിക്കോട്ടിൽ വലിയ മെത്രാച്ചന്റെ നയതന്ത്രജ്ഞത അവിടെയും വെന്നിക്കൊടി നാട്ടി എന്ന് പറയുകയാണ് ശരി.

### 7. ജാത്യൈക്യപ്രസ്ഥാനം

സുറിയാനിസഭയുടെ റോമൻ കത്തോലിക്കാ ഘടകത്തെ കൂട്ടിച്ചേർത്തു സഭയെ ശക്തിപ്പെടുത്തുവാൻ നിധിയിരിക്കൽ മാണികത്തനാരുമായി അദ്ദേഹം നടത്തിയ ശ്രമങ്ങൾ ശ്രദ്ധേയമായിരുന്നു. ഒരു വലിയ എക്യുമെനിക്കൽ പ്രസ്ഥാനമാകുമായിരുന്ന ആ യത്നം മാണിക്കത്തനാർ പിൻവാങ്ങിയതോടെ തളർന്നുപോയെങ്കിലും തന്മൂലം സഭയ്ക്കു ലഭിച്ച സ്വത്തുക്കൾ ചെറുതായിരുന്നില്ല. മനോരമക്കമ്പനി ആരംഭിച്ചപ്പോൾ അതിലെ ആദ്യത്തെ ഏതാനും ഓഹരികൾ സ്വീകരിച്ച് കണ്ടത്തിൽ വർഗ്ഗീസ് മാപ്പിളയെ പ്രോത്സാഹിപ്പിക്കുവാൻ സ്മര്യപുരുഷൻ മുൻപന്തിയിലുണ്ടായിരുന്നു. മലയാളികളായ ഉദ്യോഗാർത്ഥികൾക്കു സർക്കാർ സർവ്വീസിൽ നിയമനം ലഭിക്കുവാൻ തിരുവിതാംകൂർ രാജാവിന് സമർപ്പിച്ച 'മലയാളി മെമ്മോറിയലിന്റെ' അണിയറ ശില്പികളിലൊരാൾ ഈ മതമേലദ്ധ്യക്ഷനായിരുന്നു.

### 8. സാഹിത്യകാരൻ

ബഹുമുഖ പ്രതിഭയായ പുലിക്കോട്ടിൽ മെത്രാച്ചൻ അനുഗൃഹീത എഴുത്തുകാരനുമായിരുന്നു. ഇടവകപത്രികയിലെ ലേഖനങ്ങളിൽ പ്രകടമാവുന്ന അദ്ദേഹത്തിന്റെ ഭാഷാശൈലി സ്വച്ഛവും സുന്ദരവും പ്രസാദാത്മകവുമാകുന്നു. പാതിരി മലയാളം എന്ന് പൊതുവേ വ്യവഹരിക്കുന്ന ഭാഷാവൈകല്യങ്ങളോ വൈകൃതങ്ങളോ ഇല്ലാത്ത പ്രതിഭാധനന്റെ ശൈലീവിലാസം അവയിൽ കാണാം. അദ്ദേഹത്തിന്റേതായി ഒരു യാത്രാവിവരണം കണ്ടുകിട്ടിയിട്ടുണ്ട്. 'ഒരു പരദേശയാത്രയുടെ കഥ.' 1864-ൽ അദ്ദേഹം നടത്തിയ മർദ്ദീൻ യാത്രയുടെ വിവരണമാണത്. മലയാളത്തിലെ രണ്ടാമത്തെ യാത്രാവിവരണകൃതി എന്ന നിലയിൽ അതിന്റെ പ്രാധാന്യം ശ്രദ്ധേയമാണ്. അദ്ദേഹത്തിന്റെ സംഭാവനകളെ അക്കമിട്ട് സംക്ഷേപിക്കട്ടെ:

1. നവീകരണക്കാർ ഉയർത്തിയ വിശ്വാസപരമായ ചാഞ്ചാട്ടത്തെ പ്രതിരോധിച്ചു.
2. മുളന്തുരുത്തി സുന്നഹദോസിലൂടെ ജനാധിപത്യമൂല്യങ്ങളിലധിഷ്ഠിതമായ ഒരു ജനകീയശൈലിക്കു രൂപംനൽകി.
3. മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ എന്ന കേരളത്തിലെ ഒന്നാമത്തെ സാമുദായിക സംഘടനയ്ക്കു രൂപംനൽകി.
4. മൂന്ന് ട്രസ്റ്റിമാരുടെ നിയമനത്തിലൂടെ ഭരണത്തെ വികേന്ദ്രീകൃതവും സുതാര്യവുമാക്കി.
5. ആരാധന മാതൃഭാഷയിൽ എന്ന വിപ്ലവ പ്രസ്ഥാനത്തിന് ജന്മം നൽകി (എ.ഡി. 1876).

6. കുന്നംകുളം, കോട്ടയം, മാവേലിക്കര, പരുമല എന്നിവിടങ്ങളിലായി വൈദിക കലാശാലകൾ സ്ഥാപിച്ചു.

7. കുന്നംകുളം, കൊച്ചി, കോട്ടയം എന്നിവിടങ്ങളിൽ അച്ചടിശാലകൾ സ്ഥാപിച്ചു.

8. സുറിയാനി കൈയെഴുത്തു ഗ്രന്ഥങ്ങളുടെ അച്ചടിരൂപങ്ങൾ പ്രസിദ്ധപ്പെടുത്തി.

9. കേരളപതാക, ഇടവകപത്രിക, സുറിയാനി സുവിശേഷകൻ എന്നീ പത്രമാസികകൾ പുറത്തിറക്കി.

10. 250-ലേറെ മലയാളം പ്രാഥമിക വിദ്യാലയങ്ങൾ സ്ഥാപിച്ചു.

11. 3 ഇംഗ്ലീഷ് ഹൈസ്ക്കൂളുകൾ സ്ഥാപിച്ചു.

12. വെട്ടിക്കൽ എന്ന സ്ഥലത്ത് മലങ്കരയിലെ ഒന്നാമത്തെ ദയറാ സ്ഥാപിച്ചു.

13. വൈദികസംഘം, വിദ്യാർത്ഥിപ്രസ്ഥാനം, സണ്ടേസ്കൂൾ പ്രസ്ഥാനം, മഹാജനസഭ എന്നിവ ആരംഭിച്ചു.

14. സഭയിലെ മേല്പ്പട്ടക്കാരും പട്ടക്കാരും അത്മായരും തമ്മിൽ ഐക്യവും പരസ്പരധാരണയും പൂർണ്ണമായും ആത്മാർത്ഥമായും ഉണ്ടെങ്കിൽ പാത്രിയർക്കീസിന്റെ മുടക്കിന് കടലാസിന്റെ വില പോലും ഇല്ലെന്ന് അദ്ദേഹം തെളിയിച്ചു.

15. യോഗ്യരായ ആളുകളെ - പരുമല മാർ ഗ്രീഗോറിയോസ്, വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് - പിൻഗാമികളായി കണ്ടെത്തി സുപ്രധാന ചുമതലകളിൽ നിയമിച്ചു.

16. 'ഒരു പരദേശയാത്രയുടെ കഥ' എന്ന പേരിൽ രണ്ടാമത്തെ (മലയാളത്തിലെ) യാത്രാവിവരണം രചിച്ചു.

17. മലങ്കരയിലെ എല്ലാ ഇടവകകളെയും മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ എന്ന സംഘടനയുടെ കീഴിൽ ഏകീകരിച്ചു.

18. സഭാതലത്തിലും ഇടവകതലത്തിലും ഭരണനിർവഹണത്തിന് സഹായകമാക്കാവുന്ന മുളന്തുരുത്തിക്കാനോനുകൾ എന്ന് പ്രസിദ്ധമായ ഭരണഘടനയ്ക്കു രൂപംനൽകി.

19. മലങ്കരസഭയ്ക്കും കേരളസംസ്ക്കാരത്തിനും അതുല്യമായ സംഭാവനകൾ നൽകി ഇരുപതാം നൂറ്റാണ്ടിലേക്കു നയിച്ച സംക്രമപുരുഷനെന്ന് അറിയപ്പെട്ടു.

20. അക്ഷരങ്ങളുടെ അജപാലകൻ എന്നും നവോത്ഥാനത്തിന്റെ രാജശില്പി എന്നും അറിയപ്പെട്ടു.

ഇപ്രകാരമുള്ള നിരവധികാര്യങ്ങൾ അന്വേഷണവിധേയമാക്കിയ ഇസ്സഡ് എം. പാറേട്ടിന്റെ നിരീക്ഷണം ശ്രദ്ധിക്കുക: “.... ഈവിധം ബഹു മുഖങ്ങളായ പ്രവർത്തനങ്ങൾ നടത്തിയ മറ്റൊരു മെത്രാൻ നസ്രാണി കൾക്കു ഇതേവരെ ഉണ്ടായിട്ടില്ല. ഇനി ഉണ്ടാകുമെന്നും തോന്നുന്നില്ല....” 1976-ൽ അദ്ദേഹം നടത്തിയ ഈ പ്രസ്താവന പ്രത്യക്ഷരം സത്യമെന്ന് ഭാവിചരിത്രം രേഖപ്പെടുത്തുമെന്നതിന് ഒരു സംശയവുമില്ല.

കുന്നംകുളം പുലിക്കോട്ടിൽ തറവാട്ടിൽ കുരിയൻ - താണ്ടമ്മ ദമ്പതി കളുടെ മകനായി സ്മര്യപുരുഷൻ ഇട്ടൂപ്പ് 1832 വൃശ്ചികം 24-ന് ജനിച്ചു. 1845 കന്നി 23-ന് കോതമംഗലം ചെറിയപള്ളിയിൽ വച്ച് ശെമ്മാശനായി. 1852 ചിങ്ങം 6-ന് ചാലിശ്ശേരി പള്ളിയിൽ വച്ച് യൂയാക്കീം മാർ കൂറിലോ സിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു. ചിറളയം പള്ളിയിൽ പുത്തൻ കുർബാന ചൊല്ലി, പഴഞ്ഞിപ്പള്ളിയിൽ വികാരിയായി നിയമിക്കപ്പെട്ടു. 1864 മെയ് 8-ന് മർദ്ദീനിൽ വെച്ച് പ. യാക്കൂബ് ദ്വിതീയൻ പാത്രിയർക്കീസ് മെത്രാൻപട്ടം നൽകി. 1909 ജൂലായ് 12-ന് കോട്ടയം പഴയസെമിനാരി യുടെ വടക്കേ മുറിയിൽ കബറടക്കപ്പെട്ടു. ആ പ. പിതാവിന്റെ പ്രാർത്ഥന തുടർന്നും നമുക്ക് കോട്ടയായിരിക്കട്ടെ. ആമ്മീൻ.

(സ്മര്യപുരുഷന്റെ ചരമനവതി അഖില മലങ്കരാടിസ്ഥാനത്തിൽ ആഘോഷിച്ചതിന്റെ ഭാഗമായി കോട്ടയം ഓർത്തഡോക്സ് സെമിനാരി യിൽ സംഘടിപ്പിച്ച അഖിലേന്ത്യാ സെമിനാറിൽ (12-7-1999) അവതരി പ്പിച്ച പ്രബന്ധം. സെന്റ് തോമസ് വൈദികസംഘത്തിന്റെ മുഖപത്രമായ ‘പുരോഹിതൻ’ മാസികയിലും തൃശൂർ മാർ സേവേറിയോസ് ഫൗണ്ടേ ഷൻ പ്രസിദ്ധീകരിച്ച നവതി സ്മരണികയിലും (1999) ഈ പ്രബന്ധം പ്രസിദ്ധീകരിച്ചിട്ടുണ്ട്.)

**- ഫാ. ഡോ. ജോസഫ് ചീരൻ**

നമ്മുടെ മഹാന്മാർ

മലങ്കരയിടവകയുടെ

# മാർ ദീവന്നാസ്യോസ്

## മെത്രാപ്പോലീത്താ

എറണാകുളം ഹജ്ജൂരാപ്പീസു റൈട്ടർ
എം. പി. വർക്കി
എഴുതിയത്

**MALAYALA MANORAMA CO. LD.**
**KOTTAYAM**

**1901**

ഈ പുസ്തകത്തിനു വിഷയമായ

## മാർ ദീവന്നാസ്യോസ്

## മെത്രാപ്പോലീത്താ

തിരുമനസ്സിലെ

കശ്ശീശാസ്ഥാനജൂബിലി ആഘോഷിക്കാൻ

ചുമതലപ്പെട്ടിരിക്കുന്ന കമ്മിട്ടിയുടെ

## പ്രസിഡെന്റ്

നി. വ. ദി. ശ്രീ.

അങ്കമാലി, കോട്ടയം ഇടവകകളുടെ

# മാർ അത്താനാസ്യോസ്

മെത്രാപ്പോലീത്താ

തിരുമനസ്സിലെ തൃപ്പാദങ്ങളിൽ

ഇതിനെ വിനയാദരപുരസ്സരം

സമർപ്പിച്ചുകൊള്ളുന്നു.

പ്രസാധകൻ

# ആദ്യ പതിപ്പിന്റെ മുഖവുര

ജീവിതചരിത്രങ്ങൾ വിഷയങ്ങളായിട്ടുള്ള പുസ്തകങ്ങളുടെ കുറവു മലയാളഭാഷയ്ക്കുള്ള പല കുറവുകളിൽ വെച്ചു പ്രധാനമായിട്ടുള്ള ഒന്നാണല്ലൊ. വായനക്കാർക്കു രസമോ പ്രയോജനമോ ഉണ്ടാകത്തക്ക ചരിത്രമുള്ള മലയാളികളുടെ കുറവും ഒട്ടും കുറവല്ലെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. ആധുനികന്മാരായി ഏതാനും "നമ്മുടെ മഹാന്മാർ" ഉള്ളവരുടെ ചരിത്രങ്ങൾ ഓരോ യോഗ്യന്മാരെക്കൊണ്ടു എഴുതിച്ചു നാലഞ്ചു കൊല്ലം മുമ്പു "മലയാള മനോരമ"പ്പത്രത്തോടു ചേർത്തു തുടരെത്തുടരെ പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്നതു പലരും ഓർക്കുന്നുണ്ടായിരിക്കുമെന്നു വിശ്വസിക്കുന്നു. ആ കൂട്ടത്തിൽ എഴുതിക്കിട്ടാൻ അമാന്തിച്ചതുകൊണ്ടുമാത്രം അന്നു പ്രസിദ്ധപ്പെടുത്തുവാൻ ഇടയാകാതെ കിടന്നുപോയ ചരിത്രങ്ങളിൽ ഒന്നാണ് ഇപ്പോൾ ഈ പുസ്തകത്തിനു വിഷയമായി തീർന്നിരിക്കുന്നത്. ഇത്ര വിസ്താരമുള്ള ഒരു ചരിത്രം ആ കൂട്ടത്തിൽ ചുരുക്കിത്തീർക്കാൻ ശ്രമിക്കാഞ്ഞതു നന്നായിപ്പോയി എന്നും തോന്നുന്നുണ്ട്. 160 ഭാഗങ്ങളുള്ള ഈ പുസ്തകം മലയാളത്തിൽ സാധാരണ ഉണ്ടായിക്കാണുന്ന പുതിയ പുസ്തകങ്ങളുടെ കൂട്ടത്തിൽ വളരെ വലിപ്പമുള്ള ഒന്നാണെന്നുള്ളതിനു സംശയമില്ലല്ലൊ. എന്നിട്ടും ഏറ്റവും വിചിത്രവും വിശിഷ്ടവുമായിരിക്കുന്ന ഈ ചരിത്രത്തിന്റെ പല ഘട്ടങ്ങളിലും വായനക്കാർക്ക് ഇച്ഛാഭംഗം വരാനാണ് എളുപ്പമുള്ളതെന്നു സംശയം തോന്നുന്നുണ്ട്. ചരിത്രത്തിനു വിഷയീഭൂതനായ മഹാൻ, ബാല്യം മുതൽ ഈ എഴുപതാമത്തെ വയസ്സുവരെ, അന്യോന്യം യാതൊരു സാമ്യവുമില്ലാത്ത പല ദേശങ്ങളിലും, മനുഷ്യരുടെ ഇടയിലും, കാര്യങ്ങളിലും പ്രവേശിച്ചു തനിക്കു ഉണ്ടായിട്ടുള്ള അനേകമനേകം അനുഭവങ്ങളെ, അനന്യസാധാരണമായ അൽഭുതധാരണാശക്തിയാൽ, ഭദ്രമായി സൂക്ഷിച്ചു വെച്ചിരിക്കുന്ന ഒരു പെട്ടിയിൽ നിന്നു, ഓരോന്നായി എടുത്തു കാണിക്കുന്നതുപോലെ ഓരോ സന്ദർഭവശാൽ പറഞ്ഞു കേൾക്കാറുള്ളതിന്റെ ഏകദേശമെങ്കിലും ഈ പുസ്തകത്തിൽ വരുത്താൻ കഴിഞ്ഞിട്ടില്ലെന്നു ഏറ്റുപറയാതെ നിവൃത്തിയില്ല.

ഇക്കാലത്തു സർവ്വോൽകൃഷ്ടമായിരിക്കുന്ന ഇംഗ്ലീഷിലോ നാട്ടുഭാഷയായ മലയാളത്തിലെങ്കിലുമോ പറയത്തക്ക പാണ്ഡിത്യമെന്നു പോയിട്ടു, സാധാരണ പഠിപ്പുപോലും കൂടാതെയും, അന്യോന്യമത്സരത്തോടുകൂടിയ പല മതങ്ങളിൽ ഒന്നിന്റെ, അല്ല, അതിന്റെ ഒരു ശാഖയുടെ, ഒരു വെറും അംഗമല്ല, അദ്ധ്യക്ഷൻ ആയും, ഈ അദ്ധ്യക്ഷത

തന്നെ, അതി ദുർഘടങ്ങളും അവസാനമില്ലാത്തവയുമായ കോടതി വ്യവഹാരങ്ങളാൽ സ്ഥാപിക്കേണ്ടതായും ഇരിക്കുന്ന ഒരു പുരുഷനു, എല്ലാവക ആളുകളുടേയും സ്നേഹബഹുമാനാദികൾക്കു, ഒരുപോലെ പാത്രീഭവിക്കാൻ കഴിയുന്നത് ആശ്ചര്യങ്ങളിൽ ഒന്നാണെന്നുള്ളതിനു സംശയമില്ല. ഈദൃശനായ ഒരു മഹാന്റെ ചരിത്രം തൃപ്തികരമായി എഴുതാൻ ആർക്കും അത്ര എളുപ്പമുള്ളതാണെന്നു തോന്നുന്നില്ല.

എന്നിരുന്നാലും എല്ലാറ്റിലും മുൻപേ എഴുതാൻ അത്യാവശ്യകമായ ഈ ചരിത്രം തക്കതായ പാണ്ഡിത്യവും പരിചയവും സമയവുമുള്ള ആരെക്കൊണ്ടെങ്കിലും എഴുതിക്കാൻ ഏറിയനാളായി ഫലമില്ലാതെ കാത്തിരുന്നതിന്റെ ശേഷം, പെട്ടെന്നു ജൂബിലിയാഘോഷം തീർച്ചയാക്കിയ കാലത്തു ഇനി നീട്ടാൻ നിവൃത്തിയില്ലെന്നു തോന്നുകയാൽ, എങ്ങനെയും ഒന്നു എഴുതുക തന്നെ എന്നു നിശ്ചയിച്ച്, ആരംഭിച്ചു അന്യകൃത്യങ്ങളുടെ ഞെരുക്കം കൂടാതെ അപ്പോഴപ്പോൾ മാത്രം ഉണ്ടാകുന്ന അല്പാല്പാവസരങ്ങളെ ഉപയോഗപ്പെടുത്തി ഞാൻ തന്നെ ഒന്നു രണ്ടു അദ്ധ്യായങ്ങളോളം എഴുതിക്കഴിഞ്ഞപ്പോഴേക്ക് ഉദ്ദേശിച്ചിരുന്നതിൽ വളരെയധികം കാലം പൊയ്പോയതായി കണ്ടു. ഈ ക്രമത്തിനു ഞാൻ എഴുതിയാൽ ജൂബിലിക്കകം പുസ്തകം പ്രസിദ്ധപ്പെടുത്താൻ സാധിക്കാതെ വന്നേക്കുമെന്നു ഭയപ്പെട്ടിട്ട്, ഉടനെ ഈ ഭാരം എനിക്കുവേണ്ടി വഹിപ്പാൻ, എന്റെ സ്നേഹിതന്മാരിലും, ശുദ്ധമായി മലയാളം എഴുതാൻ കഴിയുന്നവരായി എനിക്കു പരിചയമുള്ളവരിലും വെച്ചു, മുഖ്യനായ ഒരാളെ ഏല്പിക്കുകയാണു ചെയ്തത്. ഈ സ്നേഹിതൻ ഇത് അദ്ദേഹത്തിന്റെ ഒഴിച്ചുകൂടാത്ത കൃത്യങ്ങളിൽ ഒന്നായി സന്തോഷപൂർവ്വം സ്വീകരിച്ചു ഉടനെ ശ്രമം തുടങ്ങി. എങ്കിലും ചരിത്രത്തിനു വേണ്ട സംഗതികൾ പിന്നെയും പലതു ശേഖരപ്പെട്ടു കിട്ടാൻ വേണ്ടി വന്ന കാലതാമസം ഹേതുവായി കുറെ തിടുക്കത്തിലാണു പുസ്തകം അവധിക്കകം അച്ചടിച്ചു തീർത്തിട്ടുള്ളത്. ഇതു നിമിത്തവും മറ്റും ഇതിലെ സംഗതികളിൽ മാത്രമല്ല വാചകങ്ങളിലും അവിടവിടെ വല്ല സ്ഖലിതങ്ങളും കണ്ടേക്കാം. ഇതു വായനക്കാർ അറിഞ്ഞ് ക്ഷമിക്കാതിരിക്കയില്ലെന്നു വിശ്വസിക്കുന്നു.

ഇങ്ങനെയുള്ള എന്തെല്ലാം കുറ്റങ്ങൾ ഉണ്ടായിരുന്നാലും, ഇതിലെ പ്രകൃതമായ ചരിത്രത്തിനു വിഷയീഭൂതനായ വന്ദ്യപിതാവിന്റെ വിശ്രുതമായ നാമധേയം മാത്രമല്ല, വിശ്വമോഹനമായ ഛായാപടവും ധരിച്ചും കൊണ്ടുള്ള ഇതിന്റെ പുറപ്പാട്, അതുകളെയെല്ലാം വായനക്കാരുടെ ദൃഷ്ടിയിൽ നിന്നു നിശ്ചയമായി മറച്ചുകളയുമെന്നു വിശ്വസിച്ചുകൊണ്ടു സന്ദർഭോചിതമായ ഒരു ചുരുങ്ങിയ മംഗള പ്രാർത്ഥനയാൽ ഈ മുഖവുരയെ ഉപസംഹരിച്ചുകൊള്ളുന്നു.

(ഹിന്തുസ്ഥാൻതോടി... ഏകതാളം)

## പല്ലവി

അനുദിനവും ശുഭ-
മാർന്നാബൂൻ!* വാഴുക.

## ചരണങ്ങൾ

മലങ്കരയ്ക്കീശ!-അലംകൃതാചാര്യ!
മാർ ദീവന്നാസ്യോസ് മെത്രാ-പ്പോലീ-
ത്താ! മേലിൽ - ശുഭമാർന്നാബൂൻ! - വാഴുക.... അനു..

**2**

കാടലഞ്ഞോരീ-യാടുകൾക്കായി
തേടിയയച്ചോരിടയനായു-ള്ളോവേ!
നല്ലോവേ! - ശുഭമാർന്നാബൂൻ! - വാഴുക.... അനു..

**3**

അൻപതിറ്റാണ്ടേ-ക്കാളുവാൻ മേലും
ആയുരാരോഗ്യസൌഖ്യങ്ങൾ-ദൈവം
തന്നേവം - ശുഭമാർന്നാബൂൻ! - വാഴുക.... അനു..

**K. I. VARUGIS MAPPILLAY**
പ്രസാധകൻ

കോട്ടയം
77 വൃശ്ചികം 6

* ആബൂൻ = പിതാവ് (സുറിയാനി)

# മാർ ദീവന്നാസ്യോസ്
## മെത്രാപ്പോലീത്താ

### ഒന്നാം അദ്ധ്യായം

## ജനനവും ശൈശവവും
## 1008–1020

കേരളത്തിൽ ഇദംപ്രഥമമായി ക്രിസ്തുമതം പ്രചരിപ്പിച്ചു ലോകചരിത്രനദിയുടെ ഗതിക്കു വ്യത്യാസവും പൂർവാധികമായ വ്യക്തിയും ഉണ്ടാക്കിയ യേശുമിശിഹായുടെ പ്രിയ ശിഷ്യന്മാരിൽ ഒരാളായ "മാർത്തോമ്മാ ശ്ലീഹാ" എന്ന വന്ദ്യ പുരുഷൻ അന്നു ഇവിടെ ഏഴു പള്ളികൾ സ്ഥാപിച്ചിട്ടുള്ളതിൽ ഒന്നു ബ്രിട്ടീഷ് മലബാർ ഡിസ്ട്രിക്ടിൽ പൊന്നാനി താലൂക്കിൽ ചേർന്ന പാലൂർ എന്ന സ്ഥലത്തു ഇപ്പോൾ റോമ്മാസുറിയാനിക്കാരുടെ കൈവശം ഇരിക്കുന്നതാണ്.[1] ഈ പാലൂർ എന്നത് പരശുരാമൻ ഇവിടെ ബ്രാഹ്മണരെ കുടിയിരുത്തിയ അറുപത്തിനാലു ഗ്രാമങ്ങളിൽ ഒന്നാകയാൽ കേരളത്തിലെ ആദിമ ക്രിസ്ത്യാനികൾ പ്രായേണ മലയാള ബ്രാഹ്മണരിൽ നിന്നു തിരിഞ്ഞവരാണെന്നുള്ള ഐതിഹ്യത്തിനു ഇവിടെയുള്ളവരെ സംബന്ധിച്ചിടത്തോളം അധികം സാംഗത്യമുണ്ടെന്ന് ഊഹിക്കാവുന്നതാണല്ലൊ. പാലൂർ ഗ്രാമക്കാരായ ക്രിസ്ത്യാനികൾ കാലക്രമേണ സംഖ്യയിൽ വർദ്ധിച്ചു വരികയാൽ അടുത്തുള്ള ആർത്താറ്റു മുതലായ സ്ഥലങ്ങളിൽ മാറിത്താമസിക്കുകയും ഇവിടെയും ഒരു പള്ളി പിൽക്കാലത്തു ഉണ്ടായിവരികയും ചെയ്തു.[2] ആർത്താറ്റു പള്ളിയിടവകക്കാരും ക്രമേണ പെരുകി പഴഞ്ഞി, കുന്നംകുളങ്ങര മുതലായ സ്ഥലങ്ങളിൽ മാറിപ്പാർക്കുകയും അവിടവിടെയുള്ള ജനങ്ങളുടെ ഉപയോഗത്തിനായി ഓരോ കുരിശുപള്ളി സ്ഥാപിക്കപ്പെടുകയും ചെയ്തു.

ഇപ്പോൾ കുന്നംകുളങ്ങരയങ്ങാടിയിൽ പല ശാഖകളായി ഉള്ള പുലിക്കോട്ടു കുടുംബക്കാർ പാലൂർ നിന്നു ഒന്നാമതു ആർത്താറ്റും അവിടെ നിന്നു പിന്നീടു പഴഞ്ഞിയിലും മൂന്നാമതു പഴഞ്ഞിയിൽ നിന്നു കുന്നംകുളങ്ങരെയും മാറിമാറി പാർത്തവരാണ്.[3]

ഈ കുടുംബത്തിൽ കോട്ടയത്തു സുറിയാനിസിമ്മനാരി പണിയിച്ച "ഇട്ടൂപ്പു റെമ്പാൻ" എന്നു പ്രസിദ്ധനായ മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ മുതലായി അനേകം പട്ടക്കാർ ഉണ്ടായിട്ടുണ്ടു. ടി മെത്രാപ്പോലീത്തായുടെ അനുജന്റെ പുത്രനായി യോസേപ്പുകത്തനാർ എന്നു

പ്രസിദ്ധനായ ഒരു ഭക്തൻ ഉണ്ടായിരുന്നു. ഇദ്ദേഹത്തിന്റെ അനുജൻ താരുകുരിയൻ എന്നാൾ ടി മെത്രാപ്പോലീത്തായുടെ ഒരു പ്രധാന ശിഷ്യനും തന്റെ കാലത്തു ആർത്താറ്റു, കുന്നംകുളം, പഴഞ്ഞി ഈ പള്ളികളിലേക്കു മുഖ്യനും മല്പാനും ആയിരുന്ന പയിങ്ങാമുക്കു കുത്തൂരു ഗീവറുഗീസു കത്തനാരുടെ[4] സഹോദരന്റെ പുത്രിയായ താണ്ടമ്മ എന്ന സ്ത്രീയെ വിവാഹം ചെയ്തതിൽ മൂന്നു പുത്രന്മാരും മൂന്നു പുത്രിമാരും ഉണ്ടായി.

ഇവരിൽ കൊല്ലം 1008-ാമാണ്ടു വൃശ്ചികം 24-ാം തീയതിക്കു ക്രിസ്താബ്ദം 1833 നവംബർ 12-നു[5] ജനിച്ച ഒരു പുത്രനു മാതാപിതാക്കന്മാരും മറ്റും കൂടി ജ്ഞാനസ്നാനത്തിങ്കൽ അവരുടെ തറവാട്ടിൽ കാലം ചെയ്ത മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായുടെ യോസേപ്പു എന്ന പേരാണു ഇടുവിച്ചത്. ഈ യോസേപ്പു എന്ന കുട്ടി ആ ദിവ്യനും വിശിഷ്ടനും ആയിരുന്ന പൂർവികന്റെ പേരുവാശികൊണ്ടു ദൈവഹിതമുണ്ടെങ്കിൽ അദ്ദേഹത്തെപ്പോലെ ഒരു "മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ" ആയിക്കൂടെന്നില്ലയോ എന്നും ആ സമയത്തു തന്നെ അവിടെ കൂടിയിരുന്നവരിൽ ആരെങ്കിലുമോ ജ്ഞാനസ്നാനം കഴിച്ച പുരോഹിതനോ മനസ്സിൽ വിചാരിക്കുകയോ പക്ഷേ വല്ലവരോടും പറഞ്ഞുപോകയോ ചെയ്തിരുന്നിരിക്കാം. മനുഷ്യന്റെ വിചാരങ്ങളല്ല ദൈവത്തിന്റെ വിചാരങ്ങൾ എന്നിരുന്നാലും പലപ്പോഴും മനുഷ്യൻ വിചാരിക്കുന്നതു തന്നെ ദൈവം വിചാരിച്ചും പ്രവർത്തിച്ചും കാണാറുണ്ടല്ലോ. മനുഷ്യഹൃദയത്തിൽ ഉദിച്ചു ലോകത്തിൽ വ്യാപിക്കുന്ന എല്ലാ ആശകളും ദൈവത്തിൽ നിന്നു പുറപ്പെടുന്നവയാണെന്നും ദൈവം ഇഷ്ടപ്പെടുന്നതിനെയാണ് മനുഷ്യൻ ആഗ്രഹിക്കുന്നതെന്നും ഒരു ആംഗ്ലേയകവിശ്രേഷ്ഠൻ പറഞ്ഞിട്ടുണ്ട്.

കുട്ടിയായ യോസേപ്പിനെ അഞ്ചാം വയസ്സിൽ തന്നെ അങ്ങാടിയിൽ അക്കാലത്തെ സംപ്രദായപ്രകാരം ഉണ്ടായിരുന്ന ഒരു പള്ളിക്കൂടത്തിൽ മുറയ്ക്കു എഴുത്തിനിരുത്തി. പത്താം വയസ്സുവരെ ഇങ്ങനെ നാട്ടുഭാഷയായ മലയാളം തന്നെ പഠിച്ചു. ഈ അഞ്ചു കൊല്ലത്തിനകം ഒരു വിധം കൂട്ടിവായിക്കാനും അത്യാവശ്യം വേണ്ട കണക്കുകൾ കൂട്ടാനും അഭ്യസിച്ചുകഴിഞ്ഞാൽ കച്ചവടത്തിൽ പരിചയിക്കയാണു അങ്ങാടിയിലെ കുട്ടികളുടെ പതിവ്.

എന്നാൽ യോസേപ്പിനെക്കുറിച്ച് വലിയപ്പനായ യോസേപ്പു കത്തനാർക്കു മഹത്തരമായ വേറെ കരുതൽ ഉണ്ടായിരുന്നതുകൊണ്ടു ഇതിലേക്കു വിടാതെ അദ്ദേഹം തന്നെ കുറേശ്ശ സുറിയാനി പഠിപ്പിച്ചു തുടങ്ങി. തന്റെ അനന്തരവനായി ഉണ്ടാകുന്ന പുലിക്കോട്ടു യോസേപ്പു കത്തനാർ

എല്ലാവിധത്തിലും തന്നേക്കാൾ യോഗ്യനായിരിക്കണമെന്നു പ്രത്യേകം ആഗ്രഹമുണ്ടായിരുന്ന വലിയച്ചൻ ഇതിനു തന്റെ കൈവശമുള്ള അല്പം സുറിയാനി മാത്രമായാൽ മതിയാകില്ലെന്നു നിശ്ചയിച്ചു ആലോചിച്ചതിൽ ദേശാന്തര സഞ്ചാരത്തിനും മറ്റും ഉപയോഗപ്പെടുന്നതായ ഹിന്തുസ്ഥാനി ഭാഷ കുറെ വശമാക്കിക്കാമെന്നാണു തീർച്ചയാക്കിയത്. ഇതിനും മറ്റു പലതിലും ഉപയോഗപ്പെടുന്ന ഇംഗ്ലീഷു ഭാഷ അഭ്യസിപ്പിക്കുന്നതിനു വല്ല സൗകര്യവും അന്നു ഉണ്ടായിരുന്നെങ്കിൽ ഇദ്ദേഹം നിശ്ചയമായും അതിനു തന്നെ മനസ്സുവെക്കുമായിരുന്നു. ഇൻഡ്യാ രാജ്യവാസികളിൽ ധാരാളമായിക്കാണാത്ത വിശിഷ്ടലക്ഷണങ്ങളായ മനശ്ശക്തിയേയും മഹാമനസ്കതയേയും പിൽക്കാലങ്ങളിൽ പ്രദർശിപ്പിച്ചു പരിഷ്കൃതരായ പാശ്ചാത്യന്മാരുടെ അത്ഭുത ബഹുമാനങ്ങൾക്കു പാത്രീഭവിച്ച ഈ കുട്ടിക്കു ഇംഗ്ലീഷു ഭാഷാഭ്യസനത്തിനു സൗകര്യമുണ്ടാകാഞ്ഞതു വലിയ കഷ്ടമായിപ്പോയി എന്നു പറയാതെ കഴികയില്ല. എങ്കിലും കുട്ടിയായ യോസേപ്പു ദിവസവും ഉച്ചവരെ സുറിയാനിയും അതിന്റെ ശേഷം ഹിന്തു സ്ഥാനിയും പതിവായി പഠിച്ചുവന്നു.

## കുറിപ്പുകൾ

1. ക്രിസ്തുവിന് മുമ്പ് കേരളം വിദേശരാജ്യങ്ങളുമായി വ്യാപാരം നടത്തിയിരുന്നു. അറബികളും യഹൂദന്മാരും ബുദ്ധ-ജൈനമതക്കാരുമായിരുന്നു ചേരരാജാക്കന്മാരുടെ മേൽനോട്ടത്തിൽ നടന്നിരുന്ന വിദേശ വാണിജ്യത്തിലെ മുഖ്യപങ്കാളികൾ. പൊന്നാനി തുറമുഖത്തുനിന്ന് കയറ്റി അയയ്ക്കുന്ന കുരുമുളക്, ഏലം, തേക്കുതടി എന്നീ വിഭവങ്ങൾ അലക്സാണ്ട്രിയാ തുറമുഖം വഴി യൂറോപ്പിൽ വിതരണം ചെയ്യപ്പെടുകയും പതിവായിരുന്നു. പൊന്നാനിയുടെ തുറമുഖ പട്ടണമായിരുന്നു പാലൂർ. പൊന്നാനിയിൽ അറബികളും പാലൂരിൽ യഹൂദന്മാരും കോളനികളായി താമസിച്ചുവന്നു. പാലൂരിൽ ഒരു ജൂതക്കുന്നും അതിന് സമീപം ഒരു ജൂത സിനഗോഗും സ്ഥിതിചെയ്തിരുന്നതായി ചരിത്രത്തിൽ സൂചനകളുണ്ട്. പില്ക്കാലത്ത് ചാട്ടുകുളങ്ങര എന്നും ആർത്താറ്റ് എന്നും വിളിക്കപ്പെട്ട കുന്നിനെയാണ് ജൂതക്കുന്ന് എന്ന് വിളിച്ചിരുന്നത്. ഇന്നത്തെ തൃശ്ശൂർ ജില്ലയിലെ കുന്നംകുളം, പഴഞ്ഞി തുടങ്ങിയ പ്രദേശങ്ങൾ പാലൂരിന്റെ അതിർത്തിയിൽ ഉൾപ്പെട്ടിരുന്നു. പാലൂരിലെ യഹൂദകോളനിയെ എ.ഡി. 52-ൽ മാർത്തോമ്മാശ്ലീഹാ സന്ദർശിക്കുകയും അവരെ ക്രിസ്തുമതാനുയായികളാക്കി തീർക്കുകയും അവിടത്തെ സിനഗോഗ് ദൈവമാതാവിന്റെ നാമത്തിലുള്ള ആരാധനാലയമാക്കിത്തീർക്കുകയും ചെയ്തു. സമീപത്തുള്ള മറ്റം എന്ന സ്ഥലത്തും ഒരു യൂദകോളനി ഉണ്ടായിരുന്നു. അവിടെയും മാർത്തോമ്മാശ്ലീഹാ ക്രിസ്തുമതം സ്ഥാപിച്ചു. അങ്ങനെ കേരളീയ ക്രിസ്തുമതത്തിന്റെ ഒന്നാം തലമുറയ്ക്ക് 'പാലോർ മറ്റക്കാർ' എന്ന് പേർ പ്രസിദ്ധമായി. ഇത് പിന്നീട് പാലോമറ്റവും പാലമറ്റവും പദനിഷ്പത്തി അറിയാതെ പകലോമറ്റവും ആയി രൂപപരിണാമം പ്രാപിച്ചു.

എ.ഡി. 4-ാം നൂറ്റാണ്ടിൽ കേരളം സന്ദർശിച്ച ക്നായിതൊമ്മന്റെ നേതൃത്വത്തിൽ

ഉള്ള സിറിയൻ കുടിയേറ്റക്കാർ പാലൂരിനടുത്ത് കൊടുങ്ങല്ലൂർ രാജാവ് നൽകിയ സ്ഥലത്ത് ഒരു കൊച്ചു ദേവാലയം നിർമ്മിച്ചു. കൊടുങ്ങല്ലൂരിന്റെ കീഴിൽ മത്സ്യ ബന്ധന പ്രദേശമായിരുന്ന ആ സ്ഥലം പില്ക്കാലത്ത് ചാവക്കാട് എന്ന പേരിൽ അറിയപ്പെട്ടു. സിറിയൻ കുടിയേറ്റക്കാർ പുതിയ ദേവാലയം കുറിയാക്കോസ് സഹ ദായുടെ നാമത്തിലാണ് സ്ഥാപിച്ചത്. പാലൂരിലെ ദൈവമാതാവിന്റെ പള്ളിയുടെ കീഴിൽ ഒരു ഉപദേവാലയമായി ചാവക്കാട് സെന്റ് കുറിയാക്കോസ് ദേവാലയം നിലകൊണ്ടു. എ.ഡി. 1800-ൽ ഫ്രാൻസിസ് ബുക്കാനൻ കേരളം സന്ദർശിക്കു മ്പോഴും ഇതായിരുന്നു സ്ഥിതി എന്ന് അദ്ദേഹത്തിന്റെ യാത്രാവിവരണം - ബുക്കാ നന്റെ കേരളം - സാക്ഷ്യപ്പെടുത്തുന്നു.

1599-ലെ ഉദയംപേരൂർ സുന്നഹദോസിന്റെ കാലമായപ്പോഴേക്കും ചാവക്കാട് പ്രദേശത്ത് പോർച്ചുഗീസ് മിഷനറിമാരുടെ പ്രവർത്തനഫലമായി റോമ്മൻ പക്ഷ പാതികളായ ധാരാളംപേർ രൂപംകൊണ്ടു. അവർ ഒരു പ്രത്യേക പ്രാദേശിക സഭ യായി രൂപംപ്രാപിച്ചിട്ടില്ലായിരുന്ന അക്കാലത്ത് അവരും തലപ്പള്ളിയായി പാലൂ രിന്റെ കീഴിൽ ചാവക്കാട് പള്ളിയിൽ ആരാധന നടത്തിവന്നു.

നാലാം മാർതോമ്മായുടെ കാലത്ത് (1688-1728) മെത്രാന്റെ സ്ഥാനസാധുതയെ പ്പറ്റി ഉണ്ടായ തർക്കം പാലൂർ പള്ളിയിൽ രണ്ടു ഗ്രൂപ്പുകളെ സൃഷ്ടിച്ചു. കക്ഷി വഴക്കുകൾ സ്ഫോടനാത്മകമായപ്പോൾ തലപ്പള്ളി ദശകങ്ങളോളം പൂട്ടിയിടേണ്ടി വന്നു. കത്തോലിക്കാ പക്ഷപാതികൾ ചാവക്കാട് പള്ളിയിലും പുതിയ പള്ളി പണിതു കോട്ടപ്പടിയിലും; മെത്രാൻ പക്ഷപാതികൾ ചിറളയം - കുന്നംകുളം (പഴ യ) പള്ളികളിലും ധ്രുവീകരിക്കപ്പെട്ട് ആരാധനകൾ നടത്തുകയും ഇരു കൂട്ടരും പാലൂർ (ആർത്താറ്റ് - ചാട്ടുകുളങ്ങര) പള്ളിയെ ശവസംസ്ക്കാര കർമ്മത്തിനായി ഉപയോഗിക്കുകയും ചെയ്തു. ഇക്കാലത്താണ് 1789-ൽ ടിപ്പു സുൽത്താൻ പള്ളിക്ക് തീ വെച്ചത്. മേല്പുരയില്ലാതെ തല ഉയർത്തി നില്ക്കുന്ന തലപ്പള്ളി കണ്ടുവെന്ന് 1800-ൽ ഫ്രാൻസിസ് ബുക്കാനൻ രേഖപ്പെടുത്തിയിട്ടുണ്ട്.

പള്ളിയുടെ ശോചനീയാവസ്ഥ പുലിക്കോട്ടിൽ ഇട്ടൂപ്പ് (ജോസഫ്) കത്തനാർ കൊച്ചി രാജാവായ ശക്തൻ തമ്പുരാനെ അറിയിച്ചു. അദ്ദേഹത്തിന്റെ നിർദ്ദേശപ്ര കാരം പൂർവ്വീക സ്വത്തുക്കൾ നറുക്കിട്ട് നിശ്ചയിച്ചു. 1805-ലെ ഉഭയസമ്മതപ്രകാര മുള്ള നറുക്കെടുപ്പിലൂടെ പാലൂരിലെ പൂർവ്വീക തലപ്പള്ളി സുറിയാനിക്കാർക്കും ചാവക്കാട് സെന്റ് കുറിയാക്കോസ് പള്ളി കത്തോലിക്കർക്കും ലഭിച്ചു. മാർത്തോ മ്മാശ്ലീഹാ സ്ഥാപിച്ച പാലൂർപള്ളി നഷ്ടപ്പെട്ട വ്യഥ ചാവക്കാട്ടുകാർ ക്രിയാത്മക മായി പരിഹരിക്കാൻ ശ്രമിച്ചു. തങ്ങളുടെ പള്ളിയെ പാലയൂർ പള്ളി എന്ന് സംഘടി തമായി വിശേഷിപ്പിച്ചു. അതിന് രേഖകളിൽ സ്ഥാനം നൽകി. മാർതോമ്മായുടെ പേരിൽ പ്രാദേശിക ഐതിഹ്യങ്ങൾ പ്രചരിപ്പിച്ചു. തളിയക്കുളം, മ്യൂസിയം തുട ങ്ങിയ സ്മാരകങ്ങൾ സംഘടിപ്പിച്ചു. സമുദ്രതീരമായ ചാവക്കാട് പ്രദേശത്ത് ജൂത ക്കുന്ന് ഉണ്ടായിരുന്നതായി ആവർത്തിച്ച് അവകാശപ്പെട്ടു. സെന്റ് കുറിയാക്കോസ് പള്ളിയെ മാർതോമ്മാശ്ലീഹായുടെ നാമത്തിൽ പുനഃപ്രതിഷ്ഠിച്ചു. ഇപ്പോൾ ആണ്ടു തോറും മഹാതീർത്ഥാടനവും സംഘടിപ്പിച്ചിരിക്കുന്നു. അങ്ങനെ പാലൂരിനെ പാല യൂർ പാരമ്പര്യമാക്കി ചരിത്രം രചിക്കുന്നതിൽ അവർ വിജയിച്ചു. സാക്ഷാൽ പാലൂർ ........ ചാട്ടുകുളങ്ങര എന്നും ആർത്താറ്റ് എന്നും പേരുകൾ പിറന്നപ്പോൾ വിസ്മരി


ക്കപ്പെടുകയും ചെയ്തു. ശക്തമായ പ്രചാരവേലകൾ പഴമക്കാരെ പുത്തൻകൂറ്റു കാരും പുത്തൻ വിഭാഗക്കാരെ പഴയകൂറ്റുകാരും ആക്കിയ ചരിത്രാഭാസം നമ്മുടെ കൺമുമ്പിലുണ്ടല്ലോ. ഈ ചരിത്ര യാഥാർത്ഥ്യങ്ങൾ തിരിച്ചറിയാതെയാണ് പലരും ചാവക്കാടിനെ പാലയൂർ എന്നും പാലയൂരിനെ പഴയ പാലൂർ എന്നും തെറ്റായി വിശേഷിപ്പിക്കുന്നത്.

2. ആർത്താറ്റ് എന്ന് ഇന്ന് പറയപ്പെടുന്ന പള്ളിയാണ് മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച പാലൂർപള്ളി. 1599-ന് ശേഷമാണ് പാലൂരിൽ തലപ്പള്ളി നില്ക്കുന്ന ഭാഗത്തെ ആർത്താറ്റ് എന്ന് വിളിച്ചു തുടങ്ങിയത്. ആർത്താറ്റ് പള്ളിയുടെ മാർത്തോമ്മാ പാരമ്പര്യത്തെപ്പറ്റി പുത്തേഴത്തു രാമമേനോൻ എഴുതിയ 'ശക്തൻ തമ്പുരാൻ' എന്ന ചരിത്രഗ്രന്ഥത്തിൽ പരാമർശിക്കുന്നുണ്ട്.

3. പാലൂർ പ്രദേശത്തുനിന്ന് പുലിക്കോട്ടിൽ കുടുംബം പല പ്രദേശങ്ങളിലേക്ക് മാറി താമസിച്ചു എന്നത് തെറ്റിദ്ധാരണയുണ്ടാക്കുന്നു. ആർത്താറ്റ്, കുന്നംകുളം, പഴഞ്ഞി എന്നിങ്ങനെ ഇന്ന് വിവിധ പേരുകളിൽ അറിയപ്പെടുന്ന വിസ്തൃതമായ പ്രദേശത്തിന്റെ പ്രാചീനപേർ ആണ് പാലൂർ.

4. ഈ കുത്തൂർ ഗീവറുഗ്ഗീസ് കത്തനാർ കോട്ടയം പഴയസെമിനാരി സ്ഥാപ കൻ പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാരുടെ ശിഷ്യനായി കുന്നംകുളം ചിറളയം സെന്റ് ലാസറസ് പള്ളിയിലെ മല്പാൻ പള്ളിക്കൂടത്തിൽ പഠിച്ചിരുന്നതായി ശെമ്മാശൻ പകർത്തിയെഴുതിയ ബൈബിളിൽ (കൽദായ സുറിയാനി) രേഖപ്പെടുത്തിയിട്ടുണ്ട് (ഈ കൈയെഴുത്ത് ഗ്രന്ഥം കോട്ടയം 'സീറി'യിൽ ഇതെഴുതുന്ന ആൾ പരിശോ ധിച്ചിട്ടുണ്ട്). 1800-ൽ ഗുരുവും ശിഷ്യനും ഫ്രാൻസിസ് ബുക്കാനനെ സന്ദർശിച്ചു. ഗുരു മലങ്കര മെത്രാനായി; ശിഷ്യൻ തൊഴിയൂർ മെത്രാനും.

5. 1833 എന്ന വർഷം തെറ്റാണ്. മലയാളവർഷം ക്രിസ്ത്വബ്ദമാക്കാൻ 825 കൂട്ടണം എന്ന സാമാന്യ തത്വമാണ് വർക്കി സ്വീകരിച്ചത്. എന്നാൽ വൃശ്ചികമാസം A.D. യിലേക്ക് മാറ്റുമ്പോൾ 824 ആണ് കൂട്ടേണ്ടത്. ഈ കൃത്യത സ്വീകരിച്ചാൽ 1008 (M.E.) ന്റെ സമാനമായ വർഷം 1832 എന്ന് സിദ്ധിക്കുന്നു.



**ആർത്താറ്റ് പള്ളി**

### രണ്ടാം അദ്ധ്യായം

# പട്ടം

## 1021–1030

ഇങ്ങനെ രണ്ടു കൊല്ലത്തെ പഠിപ്പു കഴിഞ്ഞപ്പോഴേക്കു പട്ടംകൊട തീർച്ചയാക്കി. അതിലേക്കു ആർത്താറ്റുപള്ളിയോഗക്കാരുടെ സമ്മതവും വാങ്ങി അന്നു മലങ്കര വാണിരുന്ന ചേപ്പാട്ടു മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ സഞ്ചാരത്തിൽ ചെന്നു താമസിച്ച കോതമംഗലത്തു ചെറിയ പള്ളിയിൽ യോസേപ്പു കത്തനാർ കുട്ടിയേയും കൊണ്ടു ചെന്നെത്തി തന്റെ ആഗ്രഹം അറിയിക്കുകയും കൊല്ലം 1021–മാണ്ടു[1] കന്നി മാസം 21–ാം തീയതിക്കു മെത്രാപ്പോലീത്താ അവർകൾ യോസേപ്പിനു "കോറൂയോ"പ്പട്ടം കൊടുക്കുകയും ചെയ്തു. മലങ്കര സുറിയാനി സഭയുടെ സംരക്ഷണത്തിനായിക്കൊണ്ടു ശീമയിൽ നിന്നു രണ്ടു ബാവാന്മാർ[2] വളരെ കഷ്ടപ്പെട്ടതിന്റെ ശേഷം വന്നുചേർന്ന ഈ കോതമംഗലത്തു വെച്ചു തന്നെ പിൽക്കാലത്തു ആ സഭയുടെ ആത്മീയാദ്ധ്യക്ഷനായിത്തീർന്ന നമ്മുടെ കഥാനായകൻ അതിനുള്ള ആദ്യത്തെ പടി കയറിയെന്നുള്ളതു സ്മരണീയമായ ഒരു കാര്യമാണല്ലൊ. പട്ടം കിട്ടിയതിന്റെ ശേഷം കുന്നംകുളങ്ങരയ്ക്കു തിരിച്ചു പോയി യോസേപ്പു കോറൂയൊ തന്റെ കാരണവരുടെ അടുക്കൽ സുറിയാനി പഠിച്ചു താമസിച്ചു.

മലങ്കര സുറിയാനി സഭയുടെ ഏതൽക്കാലാവസ്ഥ എന്തായിരുന്നു എന്ന് അറിയുന്നതിനു പ്രകൃതം അല്പം വിടേണ്ടിയിരിക്കുന്നു. പാലക്കുന്നത്തു മാത്യൂസ് ശെമ്മാശ് അന്ത്യോക്യാ സിംഹാസനത്തിങ്കൽ നിന്നു സ്ഥാനമേറ്റു മാർ അത്താനാസ്യോസു മെത്രാപ്പോലീത്താ ആയി കൊല്ലം 1018–ാമാണ്ടു മലയാളത്തു വന്നു ചേർന്നു.[3] ഇദ്ദേഹം മതദ്വേഷിയാണെന്നും കൗശലത്താൽ സ്ഥാനം കൈക്കലാക്കിക്കൊണ്ടു പോന്നിരിക്കയാണെന്നും പള്ളിക്കാർ എഴുതി അറിയിക്കയാൽ അവിടെ നിന്നു മാർ അത്താനാസ്യോസിനെ മുടക്കി പകരം കൂറിലോസു ബാവായെ ഇവിടേക്കു അയക്കുകയും ഇദ്ദേഹം 1022–ാമാണ്ടു ചിങ്ങത്തിൽ കൊച്ചിയിൽ വന്നിറങ്ങുകയും ചെയ്തു.

മാർ അത്താനാസ്യോസ് മുടക്കിനെ[4] വകവയ്ക്കാതെ മത്സരിച്ചു നിൽക്കയാൽ പള്ളികളിൽ പലതും രണ്ടു കക്ഷിയായി തിരിഞ്ഞിരിക്കുന്നു എന്നും ഇങ്ങനെയിരിക്കയാൽ തന്റെ സഹായത്തിനു ഒരാളേക്കൂടി അയയ്ക്കണമെന്നും മാർ കൂറിലോസ് പാത്രിയർക്കീസ് ബാവായ്ക്ക് എഴുതിയയയ്ക്കുകയാൽ അവിടെ നിന്നു മാർ അത്താനാസ്യോസ്

സ്തേപ്പാനോസ് എന്നൊരു മെത്രാപ്പോലീത്തായേയും അദ്ദേഹത്തിന്റെ ഒരുമിച്ചു ശിമയോൻ എന്നൊരു റംബാനേയും അയച്ചു. ഇവർ കൊല്ലം 1024-ാമാണ്ടു ഇവിടെ വന്നെത്തുകയും ചെയ്തു.[5]

ഈ മാർ അത്താനാസ്യോസ് സ്തേപ്പാനോസിൽ നിന്നു നമ്മുടെ കഥാനായകൻ ആർത്താറ്റു പള്ളിയിൽ വെച്ച് ഉടനെ "ആറു പട്ടം" ഏറ്റു. ഇതിന്റെ ശേഷം മാർ സ്തേപ്പാനോസ് തെക്കൻ പള്ളികളെ സന്ദർശിക്കാൻ പുറപ്പെട്ടു. എങ്കിലും ശിമയോൻ റമ്പാൻ ആർത്താറ്റു തന്നെ ഒരു കൊല്ലത്തോളം താമസിച്ചു കുട്ടികളെ സുറിയാനി പഠിപ്പിച്ചു. വിദ്യാസമ്പാദനത്തിൽ അതി തല്പരനായിരുന്ന യോസേപ്പു ശെമ്മാശു സുറിയാ രാജ്യക്കാരനായ ഒരാളുടെ അടുക്കൽ നിന്നു തന്നെ സുറിയാനിഭാഷ പഠിക്കാൻ കിട്ടിയ ഈ നല്ല അവസരത്തെ ഉപയോഗപ്പെടുത്താതെയിരുന്നില്ലെന്നു വിശേഷിച്ചു പറയണമെന്നില്ലല്ലോ.[6]

പരദേശത്തു നിന്നു രണ്ടു മെത്രാപ്പോലീത്തന്മാരും ഒരു റമ്പാനും വന്നു അന്ത്യോക്യാ പാത്രിയർക്കീസു ബാവായുടെ കല്പനയെ പ്രബലപ്പെടുത്തി മാർ മാത്യൂസ് അത്താനാസ്യോസിനെതിരായി ചെയ്ത ശ്രമങ്ങൾ യാതൊന്നും ഫലിച്ചില്ല. എന്നു തന്നെയുമല്ല, ഈ പരദേശികൾക്കു പാസ്പോർട്ടു കൂടാതെ കൊച്ചീതിരുവിതാംകൂർ രാജ്യങ്ങളിൽ കടന്നുകൂടെന്നു ഉത്തരവുണ്ടാകുകയും ചെയ്തു. മാർ അത്താനാസ്യോസ് സ്തേഫാനോസ് വരുന്നതിനു മുമ്പായി 1023-ൽ മാർ മാത്യൂസ് അത്താനാസ്യോസും മാർ കൂറീലോസും തമ്മിലുള്ള വാദത്തെ കേട്ടു വിധി കല്പിക്കുന്നതിനായി തിരുവിതാംകൂർ ഗവൺമെന്റും ബ്രിട്ടീഷ് റെസിഡെണ്ടും കൂടി നിശ്ചയിച്ച കമ്മട്ടി (പഞ്ചായത്ത്) കൊല്ലത്തു കൂടിയതിൽ താൻ അന്ത്യോക്യാ പാത്രിയർക്കീസു ബാവായാൽ ന്യായമായി വാഴിക്കപ്പെട്ട മെത്രാപ്പോലീത്താ ആണെന്നും താൻ സഭയെ നവീകരിക്കാൻ ശ്രമിച്ചിട്ടില്ലെന്നും മാർ അത്താനാസ്യോസു പുറപ്പെടുവിച്ച വാദം കമ്മട്ടിക്കാർ അംഗീകരിച്ചു. എന്നു തന്നെയുമല്ല, മാർ കൂറിലോസ് തന്റെ വാദത്തെ പ്രബലപ്പെടുത്താനായി ഹാജരാക്കിയ ചില പ്രമാണങ്ങൾ വിശ്വാസയോഗ്യങ്ങളല്ലെന്നും പഞ്ചായത്തുകാർ വിധിച്ചു. ഈ വിധിയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് തിരുവിതാംകൂർ ഗവൺമെന്റ് 1027 കർക്കടകത്തിൽ പ്രസിദ്ധപ്പെടുത്തിയ തിരുവെഴുത്ത് വിളംബരത്തിൽ മാർ അത്താനാസ്യോസ് അന്ത്യോക്യയിൽ നിന്നു എഴുത്തുംകൊണ്ടു വന്നിരിക്കയാൽ സുറിയാനിക്കാർ എല്ലാവരും കീഴ്മര്യാദപ്രകാരം മാർ അത്താനാസ്യോസിനെ അനുസരിച്ചു നടന്നുകൊള്ളണമെന്ന് പ്രസ്താവിച്ചുമിരുന്നു. ഇതിനെ അനുസരിച്ച് ഒരു വിളംബരം 1028-ൽ കൊച്ചി ഗവൺമെന്റും പ്രസിദ്ധപ്പെടുത്തി. ഇതോടുകൂടി വിദേശീയ മെത്രാന്മാർ കൊച്ചീ-തിരുവിതാംകൂറിൽ പ്രവേശിച്ചു കൂടെന്നു റെസിഡണ്ടു മിസ്റ്റർ കല്ലൻ കല്പന അയയ്ക്കുകയും ചെയ്തു.

ഈ കല്പന ഉണ്ടായ ഉടനെ മാർ സ്തേപ്പാനോസ് മലയാളം വിട്ടു ലണ്ടനിൽ ചെന്നു കല്ലൻ സായിപ്പിന്റെ കല്പനയുടെ അനൗചിത്യത്തെപ്പറ്റി ഈസ്റ്റ് ഇൻഡ്യാ കമ്പിനിയുടെ നായകസംഘത്തിൽ (Court of Directors) ഹർജി ബോധിപ്പിച്ചു. ഇതിനു ഭാഗ്യവശാൽ അനുകൂലമായ മറുപടിയാണുണ്ടായത്. അന്ത്യോകൃയിൽ നിന്നു മലയാളത്തേയ്ക്കു വരുന്ന മെത്രാപ്പോലീത്തന്മാരെ അംഗീകരിക്കണോ വേണ്ടയോ എന്നു തീർച്ചയാക്കേണ്ടതു സുറിയാനി സമുദായമാണെന്നും ബ്രിട്ടീഷ് രാജപ്രതിനിധി ഇക്കാര്യത്തിൽ പ്രവേശിച്ചു ഈ വക മെത്രാന്മാരെ രാജ്യത്തു നിന്നു ബഹിഷ്ക്കരിക്കുന്നത് അനുചിതമാണെന്നും നായകസംഘം വിധി കല്പിച്ചു. പ്രജകൾക്കു പൂർണ്ണമായ മതസ്വാതന്ത്ര്യം അനുവദിക്കുന്നതുകൊണ്ടു തങ്ങളുടെ ആധിപത്യത്തിനു സ്ഥിരത വരുന്നതാണെന്നുള്ള തത്വത്തെ വളരെ കാര്യമായി വിചാരിച്ചുപോരുന്ന ബ്രിട്ടീഷു ജനസാമാന്യത്തിന്റെയും ഗവർമ്മെണ്ടിന്റെയും ഏകദേശമായ പ്രാതിനിധ്യം വഹിച്ചിരുന്ന ഈ കമ്പനി പ്രസ്തുത സംഗതിയിലും അതിനു സഹജമായ കാര്യാകാര്യജ്ഞാനത്തെയും രാജ്യതന്ത്രജ്ഞതയെയും പ്രദർശിപ്പിച്ചതിൽ ആശ്ചര്യപ്പെടാനില്ല.

മേൽ വിവരിച്ചവിധം ഒരു വിധി സമ്പാദിച്ചതിന്റെ ശേഷം ഉത്സാഹിയും സമർത്ഥനും ആയ മാർ സ്തേപ്പാനോസ് അന്ത്യോകൃയിലേക്കു പോയി. മലങ്കരസഭാ ചരിത്ര രംഗത്തുനിന്ന് മറഞ്ഞു കളഞ്ഞു. എങ്കിലും ഈ സഭയെ അനാഥ സ്ഥിതിയിൽ ഇട്ടുംവെച്ച് സ്വദേശത്തേയ്ക്കു മടങ്ങുന്നതിന് മാർ കൂറിലോസിനു ധൈര്യം വന്നില്ല. പരദേശ മെത്രാന്മാർ കൊച്ചി -തിരുവിതാംകൂർ സംസ്ഥാനങ്ങളിൽ പ്രവേശിച്ചു കൂടെന്നു റെസിഡെണ്ടു കല്പിച്ചപ്പോൾ മാർ കൂറിലോസ് ബ്രിട്ടീഷ് സ്ഥലമായ കൊച്ചീക്കോട്ടയിൽ ഒരു പള്ളിയും മുറിയും പണിയിച്ചു കുറേ നാൾ അവിടെ താമസിച്ച ശേഷം വേറൊരു ബ്രിട്ടീഷ് സ്ഥലമായ ചാലശ്ശേരിയിലേക്കു നീങ്ങി. യോസേപ്പു ശെമ്മാശു ഇദ്ദേഹത്തിന്റെ ഒരുമിച്ചു താമസിച്ചു ഒരു കൊല്ലം സുറിയാനി പഠിച്ചു. ശെമ്മാശിന്റെ പഠിപ്പു പൂർത്തിയായി എന്നു മാർ കൂറിലോസിനു തോന്നിയതിനാൽ അവിടുന്നു ചാലശ്ശേരിപ്പള്ളിയിൽ വെച്ചു 1028 ചിങ്ങം 6-നു ഇദ്ദേഹത്തിനു കശ്ശീശാസ്ഥാനം കൊടുത്തു. നമ്മുടെ കഥാനായകൻ ഈ മാസത്തിൽ തന്നെ കുന്നംകുളങ്ങര ചെറളയത്തു പള്ളിയിൽ വെച്ചു "പുത്തൻ കുർബ്ബാന" ചൊല്ലുകയും ചെയ്തു.

കശ്ശീശാ സ്ഥാനം ഏൽക്കുന്നതിനു മുമ്പു സുറിയാനിപ്പുരോഹിതന്മാർ വിവാഹം കഴിച്ചിരിക്കണമെന്നുള്ള നിബന്ധന അന്നും ഉണ്ടായിരുന്നു എങ്കിലും ഇതിനെ അന്നത്തെക്കാലത്തു ഇപ്പോഴത്തെപ്പോലെ നിഷ്ക്കർഷയായി നടത്താറില്ലായിരുന്നു എന്നു സ്പഷ്ടമാണ്. ഏതു നിയമത്തിലും വ്യത്യസ്തം ഉണ്ടായിരിക്കുന്നതു പക്ഷേ ഗുണമായിരിക്കാം.

അക്കാലങ്ങളിൽ ഈ വ്യത്യസ്തം ധാരാളമായി ഉപയോഗിക്കാറുണ്ടായിരുന്നതു അതിനു അർഹന്മാരായി അത്രയധികം ആളുകൾ ഉണ്ടായിരുന്നതുകൊണ്ടൊ അതൊ നിയമങ്ങളെ ആദരിക്കുന്നതിനു ജനങ്ങൾക്കുണ്ടായിരുന്ന സാധാരണ വൈമുഖ്യം കൊണ്ടൊ എന്നു നിശ്ചയമില്ല. ഏതായാലും യോസേപ്പു കത്തനാരെ സംബന്ധിച്ചെടത്തോളം ഈ വ്യത്യസ്തം പലരും പ്രതീക്ഷിച്ചിരിക്കാൻ ഇടയില്ലാത്ത വലിയ ലോകോപകാരത്തെ ചെയ്കയാണുണ്ടായത്. യോസേപ്പു കത്തനാർ അന്നു വിവാഹം കഴിച്ചിരുന്നു എങ്കിൽ മലങ്കര സുറിയാനി സഭയെ അക്കാലങ്ങളിൽ പീഡിപ്പിച്ചുകൊണ്ടിരുന്ന ശത്രു[7] വിജയീഭവിക്കുന്നതിനും അപ്പോസ്തോല സിംഹാസനം മലങ്കരെ നാമവശേഷമാകുന്നതിനും ഇടയാകുമായിരുന്നു. എന്നാൽ ഒരു പള്ളിയെ ഭരിക്കുന്നതിനേക്കാൾ എത്രയോ അധികം മഹത്തരങ്ങളായ കൃത്യങ്ങൾ ചെയ്യുന്നതിനു നമ്മുടെ കഥാനായകനെ കാലേകൂട്ടി നിയോഗിച്ചിരുന്ന സർവ്വജഗന്നിയന്താവു അദ്ദേഹം ഒരു മെത്രാപ്പോലീത്താ യാകുന്നതിനു എന്തെങ്കിലും പ്രതിബന്ധം വരുത്തിവെക്കണമെന്നുള്ള ശങ്കയ്ക്കു തന്നെ അവകാശമില്ലാത്തതാണു.

തിരുവിതാംകൂറിലെപ്പോലെതന്നെ കൊച്ചിയിലും മാർ അത്താനാസ്യോസിനു അനുകൂലമായി പ്രസിദ്ധപ്പെടുത്തിയ തിരുവെഴുത്ത് വിളംബരത്തെക്കുറിച്ച് ആർത്താറ്റ് ഇടവകയിൽ കേട്ടപ്പോൾ നമ്മുടെ കഥാനായകൻ ഉൾപ്പെട്ട പല കത്തനാരന്മാർക്കും അനേകം ജനങ്ങൾക്കും സഹിച്ചുകൂടാത്ത കോപവും വ്യസനവുമുണ്ടായി. മാർ അത്താനാസ്യോസിനെ പാത്രിയർക്കീസ് ബാവാ സ്ഥാനഭ്രഷ്ടനാക്കിയിട്ടുള്ളതുകൊണ്ടും ഇങ്ങനെ സ്ഥാനഭ്രഷ്ടൻ ആക്കാൻ അവിടേയ്ക്ക് പൂർണ്ണാധികാരം ഉള്ളതുകൊണ്ടും മാർ അത്താനാസ്യോസു സുറിയാനി മതോപദേശങ്ങളെ ഭേദപ്പെടുത്താൻ ഉൽസുകനായിരുന്നതുകൊണ്ടും[8] അദ്ദേഹത്തിന്റെ (മാർ അത്താനാസ്യോസിന്റെ) ആജ്ഞയിലിരിക്കുന്നത് അവിഹിതമെന്നു മേൽ പറഞ്ഞവർ തീർച്ചയാക്കി. ഇങ്ങനെ ഒരു ബോധം പത്തുനാനൂറു കുടുംബക്കാരിൽ ഉണ്ടാക്കുന്നതിനു യോസേപ്പു കത്തനാർ വളരെ യത്നം ചെയ്കയുണ്ടായി. മാർ അത്താനാസ്യോസിനെ സുറിയാനിക്കാരുടെ മെത്രാപ്പോലീത്തായായി വിളംബരം പ്രസിദ്ധപ്പെടുത്തിയത് തെറ്റാണെന്നു ഇവർക്കു ബോദ്ധ്യമുണ്ടായിരുന്നു എങ്കിലും അതിനെക്കുറിച്ച് വാദിച്ച് ജയിക്കുന്നത് പ്രയാസമാണെന്നു കണ്ടതിനാൽ കൊച്ചീ സർക്കാരിന്റെ അനുവാദത്തോടുകൂടി കുന്നംകുളങ്ങര കിഴക്കെ പുത്തൻപള്ളി 1028 വൃശ്ചികം 12-നു സ്ഥാപിച്ചു അന്നുമുതൽക്കു കുർബ്ബാന ചൊല്ലിത്തുടങ്ങുകയും ചെയ്തു. ഈ തീയതി ഒരു സുദിനമാണെന്നു[9] കോട്ടയത്തു സിമ്മനാരി പണിയിച്ച ആ വന്ദ്യ പിതാവിന്റെ മരണ ദിവസം നിശ്ചയമുള്ളവർ ഓർമ്മിക്കുന്നതാണല്ലൊ.

കുന്നംകുളങ്ങര പുത്തൻപള്ളി സ്ഥാപിച്ച വിവരം അറിഞ്ഞപ്പോൾ മാർ അത്താനാസ്യോസിനു കലശലായ കോപമാണുണ്ടായത്. ഈ പള്ളിയിൽ ദിവ്യകർമ്മങ്ങൾ നടത്തിക്കരുതെന്നു അദ്ദേഹം കൊച്ചി ദിവാൻ ശങ്കരവാര്യരവർകൾക്കു ഉടനെ എഴുതിയയച്ചതനുസരിച്ച് കർമ്മം വിരോധിക്കുന്നതിനു ദിവാൻജി ഉത്തരവയച്ചു. ഈ ഉത്തരവിനെ സാധൂകരിക്കാൻ ഏതു പക്ഷപാതിക്കും സാധിക്കുന്നതല്ല. വിളംബരപ്രകാരം മാർ അത്താനാസ്യോസിനെ അനുസരിച്ചു നടപ്പാൻ തനിക്കു പാടില്ലെന്നും അതിനാൽ ഒരു പുത്തൻപള്ളി വയ്പാൻ അനുവാദം കിട്ടണമെന്നും പുലിക്കോട്ടു യോസേപ്പു കത്തനാർ ബോധിപ്പിച്ചതനുസരിച്ചാണു ഈ പുത്തൻപള്ളി സ്ഥാപിക്കുന്നതിനു സർക്കാരനുവാദം സിദ്ധിച്ചിട്ടുള്ളത്. ഇങ്ങനെയിരിക്കെ കർമ്മം വിരോധിക്കുന്നതിനു ദിവാൻജിക്കു യാതൊരു അർഹതയുമില്ലാഞ്ഞതാണ്. എന്നിട്ടും കൊച്ചീരാജ്യഭാരത്തിനു കാലാനുരൂപമായ പരിഷ്ക്കാരം വരുത്തുന്നതിൽ അനുഗാമികൾക്കുള്ള ശ്രമത്തെ വളരെ ലഘുപ്പെടുത്തിയ യോഗ്യനായ ഈ രാജ്യതന്ത്രജ്ഞൻ ഇത്ര വിവരക്കേടായി ഒരുത്തരവയച്ചതു അഗണ്യമാക്കാൻ പാടില്ലാത്ത ഏതോ മഹാശക്തിയാൽ പ്രേരിതനായതുകൊണ്ടായിരിക്കണം. അന്യായമായ ഈ ഉത്തരവിനെ വകവെക്കാതെ യോസേപ്പു കത്തനാരു പുത്തൻപള്ളിയിൽ കുർബ്ബാന ചൊല്ലുകയാണു ചെയ്തത്. ന്യായാന്യായങ്ങളെക്കുറിച്ചുള്ള സ്ഥിരബോധത്തിന്റെ പരിപക്വഫലമായ ഈ പ്രവൃത്തി നമ്മുടെ കഥാനായകന്റെ ബുദ്ധിവിശേഷത്തിനും ധീരോദാത്തതയ്ക്കും ഒരു ദൃഷ്ടാന്തമായി ശോഭിക്കുന്നു. ഇദ്ദേഹം ആജ്ഞാ ലംഘനം ചെയ്ത വിവരം സ്ഥലത്തെ സർക്കാരുദ്യോഗസ്ഥന്മാർ ദിവാൻജിക്കു റിപ്പോർട്ടു ചെയ്തു. ഉടനെ വഴക്കും കൂട്ടവുമായി. ഇതിനെ സംബന്ധിച്ചു ദിവാൻജിയുടെ അടുക്കൽ പല വിചാരണകളും നടന്നതിന്റെ ശേഷം യോസേപ്പു കത്തനാർ പ്രസ്തുത പള്ളിയിൽ കർമ്മം കഴിച്ചതു നിയമവിരുദ്ധമല്ലെന്നും മേലാൽ ആ പള്ളിയിൽ കർമ്മാദികൾ നടത്തുന്നതിനു വിരോധമില്ലെന്നും ദിവാൻജി ന്യായാനുരൂപമായി തീരുമാനിച്ചു. ഇങ്ങനെ തീരുമാനിച്ചതു ആദ്യയുത്തരവു എഴുതിയ കാലത്തു അദ്ദേഹത്തിൽ പ്രവർത്തിച്ച ആ ശക്തി ഈ സമയം അസന്നിഹിതമോ അപ്രവർത്തകമോ ആയിരുന്നതുകൊണ്ടായിരിക്കണം. സത്യം സകലത്തേയും ജയിക്കേണ്ടതാണല്ലൊ.

മാർ മാത്യൂസ് അത്താനാസ്യോസ് തന്റെ ഉദ്ദേശ്യാനുരൂപങ്ങളായ കാര്യങ്ങളെ സ്വച്ഛന്ദമായി നിർവ്വഹിക്കാൻ തുടങ്ങി. അന്ത്യോക്യാ പാത്രിയർക്കീസു ബാവായ്ക്ക് സുറിയാനി സഭയുടെ മേൽ ആധിപത്യമില്ലെന്നു അദ്ദേഹം വാദിക്കാൻ തുടങ്ങിയിരുന്നില്ലെന്നു മാത്രമല്ല, തന്നെ മലങ്കര മെത്രാപ്പോലീത്തായായി ആ പാത്രിയർക്കീസു ചെയ്ത നിശ്ചയത്തെ സുറിയാനി സമുദായം തന്നെ അംഗീകരിക്കുന്നതിനു ഏകാധാരമായി

അദ്ദേഹം കരുതുകയും ചെയ്തുവന്നു. എങ്കിലും പ്രൊട്ടസ്റ്റന്റു മിഷനറിമാരുമായി ചെറുപ്പം മുതൽക്കേ ഉണ്ടായ സമ്പർക്കം നിമിത്തം സുറിയാനി സഭാ വിശ്വാസങ്ങളിൽ ചില ഭേദങ്ങൾ വരുത്തണമെന്നുണ്ടായിരുന്ന മോഹം മെത്രാപ്പോലീത്തായായതു മുതൽക്കേ ഇദ്ദേഹത്തിൽ വർദ്ധിച്ചുകൊണ്ടുതന്നെ ഇരുന്നു. ഇദ്ദേഹം മതസിദ്ധാന്തങ്ങളിൽ ഭേദം വരുത്തിയെന്നോ വരുത്താൻ ശ്രമിക്കുന്നുവെന്നോ എന്തെങ്കിലും ഒരാക്ഷേപം ഒരു ഹിന്തു ഗവൺമെന്റിനെ ബോധിപ്പിച്ചു ഫലിപ്പിച്ചുകൊള്ളാൻ പ്രയാസമാണല്ലോ. പിന്നെ ഉള്ളതു ബ്രിട്ടീഷു റെസിഡെണ്ടാണ്. പ്രൊട്ടസ്റ്റന്റു മിഷനറിമാരുടെ ആനുകൂല്യം ഉണ്ടായിരുന്നതുകൊണ്ടു ഈ വക ആവലാതികളെ റെസിഡെണ്ട് അത്ര ഗണിക്കുന്നതുമല്ലല്ലൊ. ഇതൊക്കെകൊണ്ടാണു മാർ അത്താനാസ്യോസ് തന്റെ മനസിലിരുന്ന ഓരോ കാര്യങ്ങളെ നിർഭയമായി നടത്താൻ തുടങ്ങിയത്. ആദ്യമെ തന്നെ ഇദ്ദേഹം കോട്ടയത്തു സിമ്മനാരിയിൽ ഒരു അച്ചുകൂട്ടം സ്ഥാപിച്ചു. ഈ അച്ചുകൂട്ടത്തിൽ നിന്നു 1031-ൽ മലയാളത്തിൽ ഒരു പുതിയ നമസ്ക്കാര പുസ്തകം അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തി. ഇതിലെ പ്രാർത്ഥനകൾ മിക്കതും ഇവിടെ പൂർവികമായി ഉപയോഗിച്ചു വന്നവ തന്നെ ആയിരുന്നു എങ്കിലും "നന്മ നിറഞ്ഞ മറിയാം" എന്നു തുടങ്ങുന്നതായ പ്രാർത്ഥന ഇല്ലായിരുന്നു.[10] അപ്പോസ്തോല വിശ്വാസാചാരങ്ങളുടെ നൈർമ്മല്യത്തെ പാലിക്കുന്നതിൽ പണ്ടേതന്നെ ജാഗരൂകനായിരുന്ന നമ്മുടെ കഥാനായകനു ഈ പുസ്തകം കണ്ടപ്പോൾ മറ്റെല്ലാവരെയുംകാൾ വ്യസനമുണ്ടായി. യോസേപ്പു കത്തനാരു ഉടനെ കോഴിക്കോട്ടു പോയി കാളഹസ്തിയപ്പ മുതലിയാരുടെ വക കല്ലച്ചിൽ സുറിയാനിസഭയുടെ വിശ്വാസത്തിനു ഒത്തതായ ക്രമത്തിൽ രണ്ടായിരം നമസ്ക്കാരപ്പുസ്തകം അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തി. അപ്പഴപ്പോൾ ദൂരസ്ഥലങ്ങളിൽ പോയി പുസ്തകങ്ങൾ അച്ചടിപ്പിക്കുന്നതിനുള്ള അസൗകര്യത്തെ വിചാരിച്ചിട്ടു തനതായ ഒരു അച്ചുകൂട്ടം സ്ഥാപിക്കാനാണു യോസേപ്പു കത്തനാരു പിന്നീടു ശ്രമിച്ചത്. അദ്യാപി ശുദ്ധോദ്ദേശ്യങ്ങളോടു കൂടിയ ഈ ഉത്സാഹശീലൻ വിചാരിച്ചാൽ സാധിക്കാതെ പോയിട്ടുള്ള കാര്യങ്ങൾ വളരെ ചുരുക്കമാണെന്നു വായനക്കാർക്കു ക്രമേണ ബോദ്ധ്യം വരുന്നതാണ്. യോസേപ്പു കത്തനാരു തലശ്ശേരിയിൽ പോയി അവിടെ ജർമ്മൻ മിഷ്യൻകാർ ഉപയോഗിച്ചുവന്നിരുന്ന ഒരു കൽപ്രെസ് വാങ്ങി കുന്നംകുളങ്ങര കൊണ്ടുവന്നു സ്ഥാപിച്ചു.[11] ഇക്കാലത്തെപ്പോലെ പരിഷ്കൃതമട്ടിലുള്ള യന്ത്രങ്ങൾ ഇല്ലാതെയും പഴയ സമ്പ്രദായത്തിൽ ഉള്ളവയ്ക്കു തന്നെ വില കൂടുതലായും ഇരുന്നതുകൊണ്ടു ഈ വകയ്ക്കു കുറെ അധികം പണം വേണ്ടി വന്നു. എങ്കിലും തന്റെ പ്രയത്നഫലത്താലും കുന്നംകുളങ്ങരക്കാരുടെ ഔദാര്യവിശേഷത്താലും ഇതു അധികം ബുദ്ധിമുട്ടും കാലതാമസവും കൂടാതെ

സാധിച്ചു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

യോസേപ്പു കത്തനാരു സ്വന്തം അച്ചുകൂട്ടത്തിൽ നിന്നു മലയാളത്തിൽ നമസ്ക്കാരപ്പുസ്തകവും കുർബ്ബാനക്രമവും സുറിയാനിയിൽ കുർബ്ബാന തക്സായും അച്ചടിച്ചു പ്രസിദ്ധപ്പെടുത്തി[12] (ഈ കല്ലച്ചു പിന്നീടു കൊച്ചി യിൽ കൊണ്ടുപോയി ഇട്ടിരുന്നു. അവിടെ നിന്നു കുറെ കഴിഞ്ഞപ്പോൾ പരുമല സിമ്മനാരിയിലേക്കു കൊണ്ടുപോയി. ഇപ്പോൾ ഇത് അവിടെ ഉപയോഗമില്ലാതെ കിടപ്പുണ്ട്). ഈ പുസ്തകങ്ങൾ പ്രായേണ കോട്ടയ ത്തിനു വടക്കുള്ള ജനങ്ങളിലും പള്ളികളിലുമാണു പ്രചരിച്ചത്. ഇതു നിമിത്തം മാർ അത്താനാസ്യോസിന്റെ പുസ്തകങ്ങൾ വടക്കർ അധികം വാങ്ങി ഉപയോഗിക്കാൻ സംഗതി വന്നില്ല. മതദ്വേഷവും തജ്ജന്യങ്ങളായ കക്ഷിവഴക്കും വ്യവഹാരങ്ങളും വടക്കൻ പള്ളികളിൽ വ്യാപിക്കാഞ്ഞ തിനുള്ള മുഖ്യകാരണം ഇതുതന്നെ ആയിരിക്കണം.

1. കോതമംഗലത്ത് കാലംചെയ്ത പൗരസ്ത്യ കാതോലിക്കാ യൽദൊ മാർ ബസ്സേലിയോസ് ബാവായുടെ ഓർമ്മപ്പെരുന്നാൾ.

2. മാർ ബസ്സേലിയോസ് കാതോലിക്കായോടൊപ്പം മാർ ഈവാനിയോസ് എന്നു പേരായ ഒരു മെത്രാനും വന്നിരുന്നു (ഇദ്ദേഹം മുളന്തുരുത്തിയിൽ കബറടങ്ങി).

3. മാത്യൂസ് മാർ അത്താനാസ്യോസ് യഥാർത്ഥത്തിൽ പട്ടമേറ്റിരുന്നുവോ? സാക്ഷി കളോ സുസ്താത്തിക്കോനോ ആണ് ഇക്കാര്യത്തിൽ മതിയായ സാക്ഷ്യം നൽകേ ണ്ടത്. ഇദ്ദേഹത്തിന്റെ കാര്യത്തിൽ രണ്ടും ഇല്ല. മാർത്തോമ്മാ സഭയുടെ പട്ടം സാധുവല്ല എന്നാണ് ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക നിലപാട്. അദ്ദേ ഹത്തെ മുടക്കിയതുകൊണ്ടാണ് പട്ടം അസ്വീകാര്യമായതെന്ന് ഒരു വ്യാഖ്യാനം ചിലർ നൽകുന്നുണ്ട്. മാത്യൂസ് അത്താനാസ്യോസിനെ ആരെങ്കിലും മുടക്കിയോ? മുടക്കി എന്ന് തലങ്ങും വിലങ്ങും പല കല്പനകളിലും കാണുന്നുണ്ട്. എന്നാൽ മുടക്കു കല്പന ആരും കണ്ടിട്ടില്ല. ഒരു കോടതിയിലും ആരും ഹാജരാക്കിയിട്ടു മില്ല. പാറേട്ട് എഴുതുന്നു: ".... അദ്ദേഹത്തെ മുടക്കിയതായി രേഖ ഒന്നും കണ്ടിട്ടി ല്ല. സെമിനാരിക്കേസിൽ ആവട്ടെ, ജോസഫ് ദീവന്നാസ്യോസ് നടത്തിയ വട്ടിപ്പണം കേസിലാവട്ടെ, (കോട്ടയം) ചെറിയ പള്ളിക്കേസിലാകട്ടെ മുടക്കിയതായി ചില പ്രസ്താവനകൾ അവിടെയും ഇവിടെയും ഉണ്ടെന്നല്ലാതെ രേഖ കാണാൻ കഴി ഞ്ഞില്ല" (*മലങ്കര നസ്രാണികൾ മൂന്നാം വാല്യം*, പു. 186).

പാലക്കുന്നത്ത് മാർ അത്താനാസ്യോസിനെപ്പറ്റി ദശാബ്ദങ്ങൾക്ക് ശേഷം മാർത്തോമ്മാസഭ പ്രസിദ്ധീകരിച്ച സഭാചരിത്ര - ജീവചരിത്ര ഗ്രന്ഥങ്ങളെ അടി സ്ഥാനമാക്കിയാണ് ഓർത്തഡോക്സ് സഭയിലെ ഔദ്യോഗികവും അനൗദ്യോഗി കവും ആയ ചരിത്രഗ്രന്ഥങ്ങൾ രചിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ശെമവൂൻ മാർ ദീവ ന്നാസ്യോസ് എഴുതിയ സമകാല സഭാചരിത്രം 'കണ്ടനാട് ഗ്രന്ഥവരി' എന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെട്ടതോടെ മുൻ ചരിത്രങ്ങളിൽ മാർ അത്താനാസ്യോസിനെപ്പറ്റി

എഴുതിയ പല കാര്യങ്ങളും അസത്യങ്ങളും അർദ്ധസത്യങ്ങളുമാണെന്ന് തെളിഞ്ഞു. നവീകരണനേതാവിന്റെ സ്ഥാനസാധുതയെപ്പറ്റി ഓർത്തഡോക്സ് സഭ പരമ്പരാഗതമായി സ്വീകരിച്ച നിലപാടിനെ ന്യായീകരിക്കുന്ന ഒട്ടേറെ സംഭവങ്ങൾ *കണ്ടനാട് ഗ്രന്ഥവരി*യിലുണ്ട്. അവയിൽ സുപ്രധാനമായവ കാണുക! നിരണം പള്ളിയിൽ മാർ അത്താനാസ്യോസിനെ സന്ദർശിക്കുവാൻ പത്രോസ് പാത്രിയർക്കീസ് എത്തിയപ്പോൾ ഭയം മൂലം മെത്രാൻ കെട്ടിടത്തിന്റെ ഉൾമുറിയിൽ ഒളിച്ചിരുന്നു. സുഹൃത്തുക്കളും അധികാരികളും സ്നേഹപൂർവ്വം നിർബന്ധിച്ചിട്ടും അദ്ദേഹം മുറിയുടെ വെളിയിൽ വരാൻ കൂട്ടാക്കിയില്ല (പാത്രിയർക്കീസ് ഭയപ്പെട്ട് രാത്രിയിൽ തന്നെ തിരിച്ചുപോയി എന്നാണ് മാർതോമ്മാ സഭയുടെ ചരിത്രത്തിൽ എഴുതിവിട്ടിരിക്കുന്നത്. സമകാലസാക്ഷ്യം വിശ്വസിക്കണമോ അതോ ദശാബ്ദങ്ങൾക്ക് ശേഷം സ്വപക്ഷത്തെ ന്യായീകരിക്കുവാൻ എഴുതപ്പെട്ട ചരിത്രത്തെ വിശ്വസിക്കണമോ?). തന്നെ സന്ദർശിക്കുവാൻ വന്ന പാത്രിയർക്കീസിനെ അഭിമുഖീകരിക്കുവാൻ കഴിയാത്തതും മാർ അത്താനാസ്യോസിനെ അടിമുടി ഗ്രസിച്ച ഭയത്തിന്റെ രഹസ്യമെന്ത്? പാത്രിയർക്കീസ് ഇന്ത്യയിൽ എത്തിയതു മുതൽ അദ്ദേഹത്തെ കാണുവാൻ ആഗ്രഹിക്കുന്നതായി ദൂതന്മാർ മുഖേനയും കത്തു മുഖേനയും അറിയിച്ചുകൊണ്ടിരുന്ന മെത്രാച്ചൻ അവസരം വന്നപ്പോൾ നിലപാട് മാറ്റിയതിന് എന്ത് ന്യായീകരണമാണ് പറയാനുള്ളത്?

2. നവീകരണപക്ഷത്ത് നിന്ന് പട്ടമേറ്റവർക്ക് യൂയാക്കീം കൂറിലോസും പുലിക്കോട്ടിൽ ദീവന്നാസ്യോസും പത്രോസ് പാത്രിയർക്കീസും അഴിച്ച് പട്ടം നൽകി. അപ്രകാരം പട്ടമേറ്റവരുടെ പേരുകൾ, സ്ഥലങ്ങൾ, തീയതികൾ എന്നിവ *കണ്ടനാട് ഗ്രന്ഥവരി*യിലുണ്ട്. മുമ്പ് സ്വീകരിച്ച പട്ടം അസാധുവായതിനാലാണ് അപ്രകാരം അഴിച്ചു പട്ടംകൊട ആവശ്യമായി വന്നത്. മുടക്കിയതുകൊണ്ട് പട്ടം അസാധുവാകയില്ല എന്ന് ഹൂദായകാനോനിൽ വ്യക്തമായ വിധിയുണ്ട്. ഈ കാനോൻവിധി അറിയാത്തവരും ലംഘിക്കുന്നവരും ആയിരുന്നോ മേല്പറഞ്ഞ മേല്പട്ടക്കാർ എല്ലാവരും?

3. അഴിച്ചു പട്ടംകൊട നടന്നതായി നേരിട്ട് അറിവില്ലെന്ന് പില്ക്കാല കേസുവിസ്താരവേളകളിൽ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് നൽകിയ സാക്ഷിമൊഴികളെ അവിശ്വസിക്കേണ്ടതില്ല. 1860-80 കാലഘട്ടത്തിൽ അദ്ദേഹം സഭാകാര്യങ്ങളുടെ മുൻനിരയിൽ പ്രത്യക്ഷപ്പെട്ടിരുന്നില്ലല്ലോ.

4. മാർ അത്താനാസ്യോസിനെ മുടക്കി എന്ന് എല്ലാവരും ഇടതടവില്ലാതെ പ്രസ്താവിക്കുന്നു. മുടക്ക് രേഖ ആരും കണ്ടിട്ടില്ല. പട്ടം ഏല്ക്കാത്തവരെ എങ്ങനെ, എന്തിന് മുടക്കണം എന്നാവുമോ അധികാരികൾ ചിന്തിച്ചത്?

5. ഇവർ പാലൂർ-ആർത്താറ്റ് പള്ളിയിൽ ശെമ്മാശന്മാരെ സുറിയാനി പഠിപ്പിക്കുന്ന മല്പാൻ പള്ളിക്കൂടം ആരംഭിച്ചു. പള്ളിയുടെ വടക്കുകിഴക്കു ഭാഗത്തുണ്ടായിരുന്ന ഇരുനില കെട്ടിടം ഈ ആവശ്യത്തിനുവേണ്ടി നിർമ്മിക്കപ്പെട്ടു. ഇത് നവീകരണക്കാരുമായുള്ള വ്യവഹാരകാലത്ത് അനാഥമാവുകയും നശിക്കുകയും ചെയ്തു. അതിനുശേഷമാണ് പള്ളിയുടെ പടിഞ്ഞാറുഭാഗത്ത് ഇപ്പോൾ കാണുന്ന ഇരുനിലയിലുള്ള പടിപ്പുരകെട്ടിടം പണിതത്. പള്ളിയുടെ വടക്കേ വരാന്തയിൽ കബറടങ്ങിയ പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാർ (വികാരി) ആണ് അന്ന് പണിയുവാൻ നേതൃത്വം നൽകിയത്.

6. സുറിയാനി മാത്രമല്ല, ഗുരുവിന്റെ മാതൃഭാഷയായ അറബിയും കഥാപുരുഷൻ അഭ്യസിച്ചു. പട്ടമേല്ക്കാൻ മർദ്ദീനിലേക്കു പോയപ്പോഴും പത്രോസ് തൃതീയന്റെ ദ്വിഭാഷിയായപ്പോഴും ഈ അറബി-സുറിയാനി ഭാഷാ പരിചയം കഥാപുരുഷനെ തുണച്ചു.

7. പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിനെ ‘മലങ്കരസഭയെ അക്കാലങ്ങളിൽ പീഡിപ്പിച്ചുകൊണ്ടിരുന്ന ശത്രു’ എന്നാണ് സമകാല ചരിത്രകാരനായ വർക്കി വിശേഷിപ്പിക്കുന്നത്. ഈ സമകാലസാക്ഷ്യത്തെ അവഗണിക്കുന്നമട്ടിൽ ഒരു നൂറ്റാണ്ടിനിപ്പുറം ഉണ്ടായിക്കൊണ്ടിരിക്കുന്ന വിചിത്ര നിരീക്ഷണങ്ങളെ താരതമ്യം ചെയ്ത് നോക്കുന്നത് രസാവഹവും വിജ്ഞാനപ്രദവും ആയിരിക്കും.

8. പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസ് സുറിയാനി മതോപദേശങ്ങളെ ഭേദപ്പെടുത്താൻ ഉൽസുകനായിരുന്നു എന്ന് സമകാലസാക്ഷ്യം. അദ്ദേഹം മരണം വരെ ഉറച്ച ഓർത്തഡോക്സ് വിശ്വാസിയായിരുന്നു എന്ന് സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണച്ചുമതലക്കാർ (MOCP) പ്രസിദ്ധപ്പെടുത്തിയ ജോർജ്ജ് വർഗ്ഗീസ് എഴുതിയ ചരിത്രാഖ്യായിക. ‘കണ്ട നീ മിണ്ടാതിരി, കേട്ട ഞാൻ പറയട്ടെ’ എന്ന പഴമൊഴി എത്രയോ അന്വർത്ഥം!!

9. കോട്ടയം പഴയസെമിനാരി സ്ഥാപകന്റെ ഓർമ്മദിനം സുദിനമെന്ന് ഒരു നൂറ്റാണ്ടിനു മുമ്പുള്ള സാക്ഷ്യം. മലങ്കരസഭയുടെ ഒരു പുണ്യവാനേ ഉള്ളൂ എന്നും അത് സെമിനാരി സ്ഥാപകൻ ആണെന്നും വർക്കി ഒരു ലേഖനത്തിൽ സമർത്ഥിച്ചിട്ടുണ്ട് (ഇടവകപത്രിക).

10. പാലക്കുന്നത്ത് വലിയ മെത്രാച്ചൻ പ്രസിദ്ധപ്പെടുത്തിയ നമസ്ക്കാര പുസ്തകമാണ് മലയാളത്തിലെ ആദ്യത്തെ നമസ്ക്കാരക്രമം. നമസ്ക്കാരക്രമം മലയാളത്തിൽ ലഭിച്ച ആഹ്ലാദപാരവശ്യത്തിൽ തർജ്ജിമയുടെ മറവിൽ വരുത്തിയ നവീകരണശ്രമങ്ങളെ വേണ്ടത്ര ശ്രദ്ധിച്ചില്ല.

11. ഈ കൽപ്രസിന് ‘പുലിക്കോട്ടിൽ ജോസഫ് കത്തനാര്സ് പ്രസ്’ എന്നായിരുന്നു പേർ. ഈ പേരോടുകൂടി അച്ചടിച്ച സുറിയാനി കുർബ്ബാന തക്സാ ഈ ലേഖകന്റെ ഗ്രന്ഥശേഖരത്തിലുണ്ട്.

12. ഈ പുസ്തകം പള്ളികൾതോറും നടന്ന് വിതരണം ചെയ്തതിലൂടെയാണ് അദ്ദേഹം മലങ്കരസഭ ഒട്ടുക്കും പ്രസിദ്ധനായത്. കാൽനടയായും വള്ളം വഴിയായും നടത്തിയ ആ യാത്രകൾ എത്രയോ ക്ലേശകരം ആയിരുന്നു.

## മൂന്നാം അദ്ധ്യായം

# തൊഴിയൂർ പള്ളി വ്യവഹാരങ്ങൾ

## 1031–1037

അന്ത്യോക്യയിൽ നിന്നു കൊല്ലം 926–ൽ മലങ്കരെ വന്ന മാർ ഗ്രീഗോറിയോസിനെ ചികിത്സിക്കാനായി കാട്ടുമങ്ങാട്ടു റെമ്പാൻ അന്നത്തെ മലങ്കര മെത്രാപ്പോലീത്തായായിരുന്ന വലിയ മാർ ദീവന്നാസ്യോസിന്റെ (ആറാം മാർത്തോമ്മായുടെ) അനുമതിയോടുകൂടി റെമ്പാന്റെ സ്വദേശമായ മുളന്തുരുത്തിയിലേക്കു കൊണ്ടുപോയി. ഇങ്ങനെ അകന്നു താമസിക്കയിൽ മാർ ഗ്രീഗോറിയോസിനു മാർ ദീവന്നാസ്യോസിനെക്കുറിച്ചു നല്ല വിശ്വാസമില്ലാതെ തീരുകയാൽ റെമ്പാന്റെ ആലോചനകൾ അദ്ദേഹത്തിൽ (മാർ ഗ്രീഗോറിയോസിൽ) ഫലിക്കുന്നതിനു ഇതൊരു നല്ല അവസരമായിരുന്നു. എന്തിനു വിസ്തരിക്കുന്നു? 945 വൃശ്ചികത്തിൽ മാർ ഗ്രീഗോറിയോസ് കാട്ടുമങ്ങാട്ടു റെമ്പാനെ മാർ കൂറിലോസ് എന്ന സ്ഥാനപ്പേരോടു കൂടി ഒരു മെത്രാപ്പോലീത്തായായി വാഴിച്ചു.[1]

മലങ്കര മെത്രാപ്പോലീത്താ ആയ മാർ ദീവന്നാസ്യോസിനു ഈ വിവരം കേട്ടപ്പോൾ വല്ലാത്ത ആശ്ചര്യമാണുണ്ടായത്. മാർ ഗ്രീഗോറിയോസിന്റെ ഈ പ്രവൃത്തി തീരെ അസംബന്ധമാണെന്നു അദ്ദേഹത്തിനു തോന്നി. മലങ്കരെ വിശേഷാൽ ഒരു മെത്രാപ്പോലീത്തായുടെ ആവശ്യകത തീരെ ഉണ്ടായിരുന്നില്ല. മാർ ഗ്രീഗോറിയോസ് ഒരു വിദേശീയനും മലങ്കരസഭാ ഭരണസമ്പ്രദായത്തിൽ അപരിചിതനും ആയിരുന്നതിനാൽ അദ്ദേഹത്തിന്റെ അപ്രതീക്ഷിതവും അനപേക്ഷിതവും ആയ ഈ പ്രവൃത്തി പക്ഷേ ക്ഷന്തവ്യമായിരിക്കാമെങ്കിലും ഇതിന്റെ ഫലം സഭയിൽ ആഭ്യന്തര കലഹങ്ങൾക്കു ഹേതുവായേക്കാമെന്നതാകകൊണ്ടു മാർ ദീവന്നാസ്യോസിനു അടങ്ങിയിരിക്കാൻ നിവൃത്തിയില്ലായിരുന്നു. ഉടനെ വഴക്കും വാദവുമായി. ഇതിന്റെ ഒരു വിവരണം ഇവിടെ അപ്രകൃതമാകയാൽ ചേർക്കുന്നില്ല. അവസാനത്തിൽ ഇപ്പോഴത്തെ ബ്രിട്ടീഷ് കൊച്ചിയുടെ അന്നത്തെ ഉടമസ്ഥന്മാരായിരുന്ന ഡച്ചുഗവർമ്മെണ്ടിന്റെ കൊച്ചിയിലെ പ്രതിനിധിയുടെ പഞ്ചായത്തു വിധികൊണ്ടു[2] പുതിയ മെത്രാനായ മാർ കൂറിലോസിനു കൊച്ചി തിരുവിതാംകൂർ സംസ്ഥാനങ്ങളിൽ താമസിക്കാൻ നിവൃത്തിയില്ലെന്നു വന്നു.

നമ്മുടെ കഥാനായകന്റെ പൂർവ്വികനായ (പുലിക്കോട്ടു) മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ അന്നു ഒരു കത്തനാരായിരുന്നു. ഇദ്ദേഹം മാർ കൂറിലോസിന്റെ (കാട്ടുമങ്ങാട്ടു റെമ്പാന്റെ) ഒരു ശിഷ്യനുമായിരുന്നു.

ഗുരുവിന്റെ ആപത്തിനെക്കുറിച്ച് കേട്ടിട്ടു ഇട്ടൂപ്പു കത്തനാരു ഒരു രാത്രി വള്ളത്തിൽ മുളന്തുരുത്തിക്കു സമീപമുള്ള കരിങ്ങാച്ചിറ പാലത്തിങ്കൽ എത്തി മാർ കൂറിലോസിനെ വള്ളത്തിൽ കയറ്റി കുന്നംകുളങ്ങരയ്ക്കു കൊണ്ടുപോയി. കുന്നംകുളങ്ങര കൊച്ചി ശീമയാകകൊണ്ടു അവിടെയും ഇദ്ദേഹത്തിനു അധികകാലം ഗൂഢമായി താമസിക്കാൻ തരമില്ലാഞ്ഞതിനാൽ, ഭരിക്കപ്പെടുന്നതിനു ജനങ്ങളില്ലാത്ത ഈ മെത്രാനു നിരുപദ്രവമായി ഇരിക്കാൻ ബ്രിട്ടീഷ് മലബാറിൽ ഒരു പള്ളി പണിയണമെന്നു തീർച്ചയാക്കി. ഇതിലേക്ക് അക്കാലത്ത് ഒരു പ്രഭുവിനെപ്പോലെ അഞ്ഞൂരിനു സമീപം പാർത്തിരുന്ന ഔർസുകുട്ടി മൂപ്പനെന്ന മുസൽമാനെ ചെന്നു കണ്ടു സ്വാധീനപ്പെടുത്തി ചാവക്കാട്ടു താലൂക്കിൽ ചേർന്ന തൊഴിയൂരിൽ ഒരു പള്ളിക്കു സ്ഥലം വാങ്ങി 949-ൽ ഒരു ചെറിയ പള്ളിയും മുറിയും പണിയിക്കുകയും മാർ കൂറിലോസു അവിടെ സ്ഥിരവാസം ആരംഭിക്കുകയും ചെയ്തു.[3]

തൊഴിയൂർ പള്ളിയുടെ ഉത്ഭവത്തെപ്പറ്റി വായനക്കാർക്കു ഒരു സംക്ഷേപമായ ജ്ഞാനം ഉണ്ടാകുന്നതിനായി എഴുതിയ ഈ മുഖവുരയുടെ തുടർച്ചയായി ഈ പള്ളി സ്ഥാപകന്റെ അനുഗാമികളെക്കുറിച്ചുള്ള വിവരണം ഇവിടെ തീരെ അസംഗതമാണ്. മാർ കൂറിലോസിന്റെ അനുഗാമികൾ അധികാരത്തിൽ ഭ്രമിച്ച് അപ്പോഴപ്പോൾ തങ്ങളുടെ സങ്കേതസ്ഥാനത്തുനിന്ന് കൊച്ചി തിരുവിതാംകൂർ അതൃത്തികളിൽ കടന്നു പല മന്നത്തങ്ങളും പ്രവർത്തിച്ചിട്ടുണ്ടെന്നു പറഞ്ഞാൽ കഴിഞ്ഞു.

1031-ൽ തൊഴിയൂർ എന്ന ഈ ഏക പള്ളിയുടെ മെത്രാനായിരുന്ന മാർ കൂറിലോസു ഗീവറുഗീസു[4] മരിച്ചു. അടുത്തുള്ള ആർത്താറ്റു പള്ളിയോഗക്കാർ ഉടനെ തൊഴിയൂർ പള്ളിയിൽ എത്തി വിലപിടിച്ച സാമാനങ്ങൾ എല്ലാം മേംപൂട്ടു മാളികയിൽ വെച്ചു പൂട്ടി മുദ്ര വെക്കുകയും താക്കോൽ ആർത്താറ്റു പള്ളി വികാരിയെ ഏല്പിക്കുകയും ചെയ്തു.[5] കാലക്രമേണ ആർത്താറ്റുപള്ളിയും തൊഴിയൂർ പള്ളിയും തമ്മിൽ മിത്രത്വേന വർത്തിക്കാൻ തുടങ്ങിയതുകൊണ്ടായിരിക്കണം ഇപ്രകാരം ചെയ്യാൻ സംഗതിയായത്. ഈ മിത്രത്വത്തെപ്പറ്റി പിന്നാലെ പ്രസ്താവിക്കുന്നതാണ്.

1030-ൽ ഊർശ്ലേമിന്റെ മാർ ഗ്രീഗോറിയോസ് മലങ്കരെ വന്നിരുന്നു. ഇദ്ദേഹവും അന്യോന്യം മത്സരിച്ചുകൊണ്ടിരുന്ന മാർ മാത്യൂസ് അത്താനാസ്യോസും മാർ കൂറിലോസും തമ്മിൽ തൊഴിയൂർ പള്ളിയുടെ മെത്രാൻ മരിച്ച ഇടയ്ക്കു രമ്യമായിരുന്ന കാരണത്താൽ ആർത്താറ്റു പള്ളിയോഗക്കാർ ഇവരെ മൂന്നു പേരെയും കൂടി തൊഴിയൂർ പള്ളിയിലേക്കു ക്ഷണിച്ചു. അവിടത്തെ മെത്രാൻ മരിച്ചുപോയതുകൊണ്ടുള്ള കുഴപ്പങ്ങളെ

തീർക്കുന്നതിനായിട്ടാണു ഇങ്ങനെ ക്ഷണിച്ചതു. ക്ഷണമനുസരിച്ച് മാർ മാത്യൂസ് അത്താനാസ്യോസ് ആദ്യം വന്നു തനിക്കു സഹജമായ പാടവത്തോടുകൂടി ആർത്താറ്റെ വികാരിയെ[6] സ്വാധീനപ്പെടുത്തി താക്കോൽ വാങ്ങുകയും ആർത്താറ്റു യോഗത്തിന്റെ അനുമതിയോ അറിവൊ കൂടാതെ യോഗമുദ്രയെ പൊട്ടിച്ചു[7] പൂട്ടു തുറക്കുകയും ചെയ്തതിനാൽ ആർത്താറ്റു യോഗത്തിനു ഇദ്ദേഹത്തിന്റെ നേരെ ഉണ്ടായ പരിഭവം എത്രമേൽ എന്നു വിവരിപ്പാൻ പ്രയാസം. ഇങ്ങനെയിരിക്കെ മാർ കൂറിലോസും[8] തൊഴിയൂരെത്തി. ഇരുവരും ആ പള്ളിയിൽ തന്നെ താമസിച്ചു. ആർത്താറ്റു യോഗക്കാർ വച്ചിരിക്കുന്ന മുദ്രയെ അവരുടെ അറിവു കൂടാതെ മാത്യൂസ് അത്താനാസ്യോസ് പൊട്ടിച്ച സംഗതിയെക്കുറിച്ചു യോഗക്കാർ മാർ കൂറിലോസിനെ അറിയിക്കുകയും ആ കാര്യത്തെക്കുറിച്ചു ചോദ്യപ്പെട്ടപ്പോൾ അത്താനാസ്യോസു യാതൊരു സമാധാനവും പറയാതെ മുഷിഞ്ഞിരുന്നു കളയുകയും ചെയ്കയാൽ ആർത്താറ്റു യോഗവും മാർ കൂറിലോസും ഒരു പക്ഷവും മാർ അത്താനാസ്യോസു ഒരു പക്ഷവും ആയി ഒരു ക്രിമിനൽ വ്യവഹാരം ആരംഭിച്ചു. ഇതിൽ ആർത്താറ്റുയോഗത്തിന്റെ കാര്യസ്ഥനായിരുന്നു നമ്മുടെ കഥാനായകൻ. അന്യായക്കാർ മാർ അത്താനാസ്യോസിന്റെ സ്വാധീനത്തിൽപെട്ടവരായ തൊഴിയൂർ പള്ളിയിലെ കത്തനാരന്മാരും ഇടവകക്കാരായ രണ്ടുമൂന്നു ആളുകളും ആയിരുന്നു. പ്രതികൾ ആർത്താറ്റു പള്ളിയോഗത്തിൽ പ്രമാണികളായ പനയ്ക്കൽ ഇയ്യപ്പൻ മുതൽപേരും ആയിരുന്നു. ചാവക്കാട്ടു മജിസ്ട്രേറ്റു വിചാരണ ചെയ്തതിന്റെ ശേഷം പ്രതികളായ പനയ്ക്കൽ ഇയ്യപ്പൻ മുതൽ പേരെ പാലക്കാട്ടേയ്ക്കു കമ്മീറ്റു ചെയ്തു. എങ്കിലും കേസു സാരമില്ലാതെ പോയി. പ്രതികളോടു ജാമ്യം വാങ്ങണമെന്നു തുക്ടി സായിപ്പ് (ഹേഡ് അസിസ്റ്റന്റു കളക്ടർ) വിധിച്ചു എങ്കിലും കോഴിക്കോട്ടു സെഷൻസു കോടതിയിൽ അപ്പീൽ ബോധിപ്പിച്ചതിൽ ഈ വിധിയെ അസ്ഥിരപ്പെടുത്തുകയാണു ചെയ്തത്.

പുകഞ്ഞുപോയ ഈ ക്രിമിനൽ വ്യവഹാരം നടക്കുന്നതിനിടയ്ക്ക് പ്രസ്താവയോഗ്യമായ വേറൊരു സംഗതിയുണ്ടായി. മരിച്ചുപോയ തൊഴിയൂരെ മാർ കൂറിലോസ് ഗീവറുഗീസിന് പകരം ആർത്താറ്റ് യോഗം വക മേംപൂട്ടിനു മുദ്രവച്ചു താക്കോൽ ഏല്പിച്ച വികാരി ആലത്തൂർക്കാരൻ ഇട്ടൂപ്പു കത്തനാരെ മാർ മാത്യൂസ് അത്താനാസ്യോസ്, മാർ കൂറിലോസ് എന്ന സ്ഥാനപ്പേരോടുകൂടി തൊഴിയൂരെ മെത്രാനാക്കി.

തൊഴിയൂർ പള്ളി വ്യവഹാരം മേൽ വിവരിച്ച ക്രിമിനൽ കേസുകൊണ്ട് അവസാനിച്ചില്ല. അതു പിന്നീട് ഉണ്ടായ സിവിൽ വ്യവഹാരത്തിന്റെ ഒരു മുന്നോടി മാത്രമായിരുന്നു. കൊച്ചി തിരുവിതാംകൂർ എന്നീ ഏതദ്ദേശ്യ രാജ്യങ്ങളിൽ മാർ അത്താനാസ്യോസിനു അനുകൂലമായി വിളംബരം

ഉണ്ടായിട്ടുള്ളതുകൊണ്ടു അന്ത്യോക്യാ പാത്രിയർക്കീസിന്റെ അദ്ധ്യക്ഷ തയെ ആ രാജ്യങ്ങളിൽ സ്ഥാപിക്കാൻ തൽക്കാലം നിവൃത്തിയില്ലെന്നും എന്നാൽ ബ്രിട്ടീഷ് സ്ഥലത്തുള്ള തൊഴിയൂർ പള്ളിയെ സംബന്ധിച്ച് ഒരു സിവിൾ വ്യവഹാരം നടത്തിയാൽ ഗുണമുണ്ടാകുമെന്നും മാർ കൂറിലോ സിനും ആർത്താറ്റുയോഗത്തിന്റെ വിശ്വസ്ത കാര്യസ്ഥനായ യോസേപ്പു കത്തനാർക്കും തോന്നി. ഇതിനെക്കുറിച്ചുള്ള ആലോചന നടത്തിയതിൽ വ്യവഹാരച്ചിലവു താൻ ചെയ്തുകൊള്ളാമെന്നു സമുദായാഭ്യുദയകാം ക്ഷിയായിരുന്ന പനയ്ക്കൽ ഈയപ്പൻ വാഗ്ദാനം ചെയ്തു. 1857–മാണ്ടു (കൊല്ലം 1032–ൽ) ഒന്നാം നമ്പ്രായി കോഴിക്കോട്ടു സിവിൽകോടതിയിൽ വ്യവഹാരം ഫയൽ ചെയ്കയും ചെയ്തു. മാർ കൂറിലോസു വാദിയായ ഈ വ്യവഹാരത്തിൽ മാർ അത്താനാസ്യോസും അദ്ദേഹത്തിൽ നിന്നു പട്ടമേറ്റ തൊഴിയൂർ മെത്രാനും ഒന്നും രണ്ടും പ്രതികൾ ആയിരുന്നു. ഇവരെ കൂടാതെ ഒരു കത്തനാരുൾപ്പെടെ അഞ്ചു പ്രതികൾ വേറെയുമു ണ്ടായിരുന്നു. മലങ്കര സുറിയാനി സഭയുടെ ആത്മീയാദ്ധ്യക്ഷനായിരുന്ന അന്ത്യോക്യാ പാത്രിയർക്കീസ് മാർ അത്താനാസ്യോസിനെ മുടക്കി തന്നെ (മാർ കൂറിലോസിനെ) മലങ്കര മെത്രാപ്പോലീത്തായായി നിശ്ച യിച്ചിട്ടുള്ളതുകൊണ്ടു വിവാദ പള്ളിയും സ്വത്തുക്കളും തനിക്കു ഒഴിപ്പിച്ചു കിട്ടണമെന്നായിരുന്നു മാർ കൂറിലോസിന്റെ അന്യായം. അന്ത്യോക്യാ പാത്രിയർക്കീസിനൊ തനിക്കൊ (മാർ അത്താനാസ്യോസിനൊ) ഈ തൊഴിയൂർ പള്ളിമേൽ യാതൊരു അവകാശമൊ സംബന്ധമൊ ഇല്ലെന്നും ഈ പള്ളിയും സ്വത്തുക്കളും അവിടത്തെ മെത്രാന്റെയും യോഗ ക്കാരുടേയും സ്വന്തമാണെന്നും തൊഴിയൂർ പള്ളിയുടെ മെത്രാനായിരുന്നു മരിച്ചുപോയ മാർ കൂറിലോസു ഗീവറുഗീസു രണ്ടാം പ്രതിയെ മെത്രാ നാക്കണമെന്നു അദ്ദേഹത്തിന്റെ മരണശാസനത്തിൽ പ്രസ്താവിച്ചിരുന്നു എന്നും, ഇതുപ്രകാരം യോഗക്കാർ അപേക്ഷിച്ചതുകൊണ്ടാണു താൻ തൊഴിയൂരെത്തി രണ്ടാം പ്രതിക്കു സ്ഥാനം കൊടുത്തതെന്നും ഒന്നാം പ്രതിയായ മാർ അത്താനാസ്യോസു പത്രിക ബോധിപ്പിച്ചു. ഇതനുസ രിച്ചു തന്നെ ശേഷം പ്രതികളും ബോധിപ്പിച്ചു.

ഈ പത്രികയെപ്പറ്റി അല്പം പറയാനുണ്ട്. മരിച്ചുപോയ മാർ ഗീവറു ഗീസ് വാസ്തവത്തിൽ മരണപത്രം ഒന്നും എഴുതിവച്ചിരുന്നില്ല. പിന്നെ പ്രതികൾ ഹാജരാക്കിയ മരണപത്രം അദ്ദേഹത്തിന്റെ മരണശേഷം നിർ മ്മിക്കപ്പെട്ടതായിരുന്നു.[9] ഈ തൊഴിയൂർ പള്ളി അതിന്റെ യോഗക്കാരെന്നു പറയപ്പെടുന്നവരുടേയോ അവരുടെ കാരണവന്മാരുടേയോ അപേക്ഷയോ ആവശ്യമൊപ്രകാരം സ്ഥാപിക്കപ്പെട്ടതല്ലെന്നും ഇതു കാട്ടുമങ്ങാട്ടു മെത്രാന്റെ അഭയസ്ഥാനമായി പണിയിക്കപ്പെട്ടതാണെന്നും ഈ അദ്ധ്യാ യത്തിന്റെ ആരംഭത്തിൽ വിവരിച്ചിട്ടുമുണ്ടല്ലൊ. പ്രസ്തുത വ്യവഹാരം

ഉണ്ടായ കാലത്തും യോഗക്കാരെന്നു പറയാനായി തൊഴിയൂർ പള്ളിക്കു ആരും ഉണ്ടായിരുന്നില്ല. ഈ പള്ളിയുടെ രക്ഷയും അഭിവൃദ്ധിയും മിക്ക വാറും ആർത്താറ്റു യോഗത്തിൽ ചേർന്നവരായ കുന്നംകുളങ്ങര മുത ലായ സ്ഥലങ്ങളിലെ ജനങ്ങളിൽ നിന്നുണ്ടായിട്ടുള്ളതാണ്. എങ്ങനെയെ ന്നാൽ, തൊഴിയൂർ പള്ളി സ്ഥാപിച്ച നാൾ മുതൽക്കു ആ പള്ളിയിൽ നിന്നു ധർമ്മശേഖരത്തിനായിക്കൊണ്ടു ഒരു ചെപ്പു കുന്നംകുളങ്ങരയങ്ങാ ടിയിലേക്കു ശനിയാഴ്ചതോറും അയയ്ക്കുക പതിവുണ്ടായിരുന്നു. ഈ വിധത്തിൽ നാലും അഞ്ചും രൂപ ആഴ്ചതോറും തൊഴിയൂർ പള്ളിക്കു കിട്ടിക്കൊണ്ടിരുന്നു. ഇതുകൊണ്ടും തൊഴിയൂരെ ആദ്യ മെത്രാനു അദ്ദേ ഹത്തെ ആ സ്ഥാനത്തിൽ ഉയർത്തിയ വിദേശീയനിൽ നിന്നു ലഭിച്ച ധനംകൊണ്ടും അത്രേ തൊഴിയൂർ പള്ളിക്ക് മുതലുണ്ടായത്. മേല്പറഞ്ഞ ധർമ്മശേഖരച്ചെപ്പ് ഇപ്പോഴും പതിവായി കുന്നംകുളങ്ങരയ്ക്ക് അയച്ച് പണം പിരിച്ചു വരുന്നുണ്ട്. കാവലിനായി തൊഴിയൂർ പള്ളിപ്പറമ്പിൽ താമ സിച്ചിരുന്ന ഏതാനും സാധുക്കളെയാണു പ്രതികൾ യോഗക്കാരായി വേഷം കെട്ടിച്ചത്. യോഗക്കാരെ ഉണ്ടാക്കാൻ പ്രതികൾ വളരെ പണി പ്പെട്ടു എങ്കിലും അഞ്ഞൂരു, വയലത്തൂര്, തൊഴിയൂരു ഇങ്ങനെ മൂന്നു ദേശങ്ങളിൽ നിന്നു പതിനെട്ടു വീട്ടുകാരെ മാത്രമേ കൈവശപ്പെടുത്താൻ സാധിച്ചുള്ളൂ. ഈ പതിനെട്ടു വീട്ടുകാരിൽ ഒരു കാശെങ്കിലും കരം കൊടു ക്കുന്ന ഒരുത്തനും ഉണ്ടായിരുന്നതുമില്ല.

വാസ്തവം ഇങ്ങനെയൊക്കെയാണെങ്കിലും അന്യായം തള്ളിയാണു വിധിയുണ്ടായതെന്നു ആശ്ചര്യസമേതം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. തൊഴിയൂർ പള്ളിയും മുതലുകളും പള്ളിയോഗക്കാരുടെ വകയാണെന്നും രണ്ടാം പ്രതിയെ ആ യോഗത്തിന്റെ അപേക്ഷാനുസരണം നിശ്ചയിച്ച താകകൊണ്ടു യോഗത്തിനു പ്രതികൂലമായ ഒരു വിധിക്കു കാരണം കാണുന്നില്ലെന്നുമാണു കോഴിക്കോട്ടെ സിവിൽ ജഡ്ജി തന്റെ വിധിയിൽ പ്രസ്താവിച്ചത്.

ഇതിന്മേൽ അപ്പീൽ ബോധിപ്പിക്കാനായി നമ്മുടെ കഥാനായകൻ മദി രാശിക്കു പോയി വേണ്ടതൊക്കെയും വളരെ ജാഗ്രതയോടുകൂടി പ്രവർ ത്തിച്ചു എങ്കിലും ഹൈക്കോടതി കീഴ്ക്കോടതി വിധിയെ സ്ഥിരപ്പെടു ത്തുകയാണു ചെയ്തത്. ഈ തീരുമാനവും വളരെ ആശ്ചര്യവ്യസന ങ്ങളെ ഉണ്ടാക്കുന്ന ഒന്നായിട്ടാണ് ഇപ്പോഴും ഇരിക്കുന്നത്. മലയാളത്തിൽ മുൻകാലങ്ങളിൽ ഓരോ സുറിയാനിപ്പള്ളിയെ ഓരോ മെത്രാൻ വീതം ഭരിച്ചു വരിക പതിവായിരുന്നു എന്നും ഇതനുസരിച്ചു തൊഴിയൂർ പള്ളി യുടെ ആരംഭം മുതൽക്കേ അവിടെ ഓരോ മെത്രാന്മാർ തുടർച്ചയായി ഉണ്ടായിട്ടുണ്ടെന്നും ഏറിയകാലമായിട്ടുള്ള ഈ നടത്തിപ്പിനെ മാറ്റാൻ പാടില്ലെന്നും രണ്ടാം പ്രതിയെ മരിച്ചുപോയ മെത്രാന്റെ ഒസ്യത്തും

(മരണശാസനം) യോഗജനങ്ങളുടെ സമ്മതവും അനുസരിച്ചു നിശ്ചയിച്ചിട്ടുള്ളതാണെന്നും പള്ളിയും മുതലും യോഗത്തിന്റെ വകയാണെന്നും ഈ ഹൈക്കോടതി അതിന്റെ വിധിയിൽ പ്രസ്താവിച്ചിട്ടുണ്ട്.[10]

ഈ വിധിയെക്കുറിച്ച് വിസ്തരിക്കാൻ വിചാരിക്കുന്നില്ല. മലയാളത്തുള്ള ഓരോ പള്ളിക്ക് ഓരോ മെത്രാന്മാർ വീതം ഉണ്ടായിരുന്നു എന്നുള്ള വില പിടിച്ച അഭിപ്രായം കേൾക്കുമ്പോൾ തന്നെ ഈ വിധിയെഴുതിയ ഹൈക്കോടതിയെപ്പറ്റി വായനക്കാർക്കു ഖണ്ഡിതമായ ഒരഭിപ്രായം തോന്നിക്കഴിയുന്നതാണ്. ഓരോ ദേശാചാരങ്ങളെയും നടപടികളേയും അറിയാതെ ഇപ്പോഴും ചില യൂറോപ്യൻ ജഡ്ജിമാർ ഏതാദൃശങ്ങളായ അഭിപ്രായങ്ങളെ എഴുതി വിടുന്നതായി നാം കേൾക്കാറുണ്ടല്ലോ. ഇന്ന് ഇത്രയ്ക്കുണ്ടെങ്കിൽ ഈ വക അറിവുകൾ സമ്പാദിക്കാനുള്ള സൗകര്യം വളരെ വളരെ കുറഞ്ഞിരുന്ന അന്നത്തെ കഥ പറയേണ്ടതില്ലല്ലോ.

1. കാട്ടുമങ്ങാട്ട് റമ്പാൻ താൻ പകർത്തി എഴുതിയ കുർബ്ബാന തക്സായിൽ സ്വന്തം പേർ എഴുതിയിട്ടുള്ളത് 'കൂറിലോസ് കശ്ശീശ' എന്നാണ്. കൂറിലോസ് എന്നത് എപ്പിസ്ക്കോപ്പൽ നാമമാണെന്ന ഭ്രമത്തിൽ പലരും കാര്യങ്ങളെ തെറ്റിദ്ധരിച്ചിട്ടുണ്ട്. പട്ടം കൊടുത്തു എന്നു പറയുന്ന മാർ ഗ്രീഗോറിയോസ് തന്നെ സന്ദർശിച്ച വൈദികരായ ദൂതന്മാരോട് (വലിയ മാർ ദീവന്നാസ്യോസും ചെങ്ങന്നൂർ കാലംചെയ്ത മാർ ഈവാനിയോസുമാണ് ഈ ദൂതന്മാരെ സത്യസ്ഥിതി അറിയാൻ അയച്ചത്) കൂറിലോസിന്റെ മെത്രാൻവാഴ്ചയെപ്പറ്റി താൻ ഒന്നും അറിഞ്ഞിട്ടില്ല എന്ന് മറുപടി നൽകിയതായി *നിരണം ഗ്രന്ഥവരി* സാക്ഷിക്കുന്നു. സംഭവപ്രദേശത്തു വച്ച് എഴുതപ്പെട്ട *കണ്ടനാട് ഗ്രന്ഥവരി*യും ഈ നിലപാട് രേഖപ്പെടുത്തിയിട്ടുണ്ട്. മാർ ഗ്രീഗോറിയോസിന്റെ മരണപത്രത്തിലും ജോർജ്ജ് കൂറിലോസ് എന്ന് മാത്രമേ കാണിച്ചിട്ടുള്ളൂ (മെത്രാപ്പോലീത്താ എന്നോ വിശേഷണപദമായ 'മാർ' എന്നോ ചേർത്തിട്ടില്ല. ഇളയബാവാ എന്ന് അറിയപ്പെടുന്ന കാട്ടുമങ്ങാട്ട് രണ്ടാം കൂറിലോസ് പകർത്തിയെഴുതിയ വേദപുസ്തകത്തിൽ എന്റെ വൈദികസഹോദരങ്ങളായ ബെന്യാമിൻ, കൂറിലോസ് തുടങ്ങിയവർക്കു വേണ്ടി പ്രാർത്ഥിക്കണമെന്നേ എഴുതിയിട്ടുള്ളൂ. ആറാം മാർത്തോമ്മാ രാജാവിന് നൽകിയ പരാതിയിൽ തന്റെ അനുവാദം കൂടാതെ അദ്ദേഹം മെത്രാൻപട്ടം ഏറ്റു എന്നല്ല പരാതിപ്പെട്ടത്; പ്രത്യുത മെത്രാൻസ്ഥാനം ഏറ്റിട്ടില്ല എന്ന് തന്നെയാണ്). അദ്ദേഹം സാധുവായി കശ്ശീശാപട്ടം ഏറ്റതുകൊണ്ട് അദ്ദേഹത്തിന് പട്ടമില്ല എന്ന നിലപാട് സ്വീകാര്യമല്ല; എന്നാൽ അദ്ദേഹത്തിന് മെത്രാൻസ്ഥാനമില്ല എന്നാണ് വിവക്ഷ.

2. മെത്രാനല്ലാത്തതുകൊണ്ട് മെത്രാന്റെ സ്ഥാനവേഷത്തിൽ ആരാധന നടത്തുവാൻ പാടില്ലെന്നും കശ്ശീശയും റമ്പാനും ആയിരുന്നതുകൊണ്ട് ആ വേഷത്തിൽ ആരാധന നടത്താമെന്നുമാണ് സർക്കാർ വിധി പ്രഖ്യാപിച്ചത്. ചരിത്രകാരന്മാർ ഇക്കാര്യം വേണ്ടത്ര ശ്രദ്ധിച്ചതായി തോന്നുന്നില്ല.

3. സ്ഥലം വിലകൊടുത്തു വാങ്ങി എന്നത് ചരിത്രം. എന്നാൽ അത്ഭുതരോഗ

ശാന്തിയുടെ ഫലമായി ഹൈദ്രോസ്കുട്ടി ദാനമായി നൽകിയ സ്ഥലമെന്ന് പിൽക്കാല കഥകൾ. പനക്കൽ താരു വില കൊടുത്തു വാങ്ങിയ സ്ഥലത്താണ് പള്ളി എന്ന് കാണിക്കുന്ന തീറാധാരം തൊഴിയൂർക്കേസിൽ ആലത്തൂർ യൗസേപ്പ് കൂറിലോസ് മദ്രാസ് ഹൈക്കോടതിയിൽ നടന്ന അപ്പീലിൽ ഹാജരാക്കിയിട്ടുണ്ട്.

4. 1800–ൽ കുന്നംകുളം സന്ദർശിച്ച ഡോ. ഫ്രാൻസിസ് ബുക്കാനനെ സന്ദർശിച്ച പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനെ അനുഗമിച്ച ശിഷ്യനായ ഈ കുത്തൂർ ഗീവറുഗീസ് ശെമ്മാശൻ പിന്നീട് കുത്തൂർ മല്പാൻ എന്ന പേരിൽ പ്രസിദ്ധനായി. ചേപ്പാട്ട് മാർ ദീവന്നാസ്യോസ് ഇദ്ദേഹത്തെ തൊഴിയൂരിന്റെ മെത്രാനായി പട്ടംകൊടുത്തു. മാവേലിക്കര സുന്നഹദോസിൽ ചേപ്പാട്ടു മെത്രാച്ചന്റെ സഹായിയായി ഇദ്ദേഹം പങ്കെടുത്തു. മരണംവരെ നവീകരണക്കാരെയോ പാലക്കുന്നത്ത് മെത്രാച്ചനെയോ തന്റെ ആസ്ഥാനത്ത് പ്രവേശിപ്പിച്ചില്ല. ആർത്താറ്റ് പള്ളിയുടെ നിലപാടിൽക്കവിഞ്ഞ ഒരു നിലപാട് തൊഴിയൂരിലെ ഇടവകക്കോ മെത്രാനോ അക്കാലങ്ങളിൽ ഉണ്ടായിരുന്നില്ല.

5. തൊഴിയൂർ പള്ളി ആർത്താറ്റ് ഇടവകയുടെ സംരക്ഷണത്തിലായിരുന്നു. അതാണ് ഈ ഉടമസ്ഥതയുടെ രഹസ്യം. അന്ന് ആർത്താറ്റ് വികാരി ആലത്തൂർ പനക്കൽ യൗസേപ്പ് കത്തനാർ ആയിരുന്നു.

6. അവിവാഹിതനായ യൗസേപ്പ് കശ്ശീശായെ സ്വാധീനിക്കുവാൻ 'മെത്രാൻസ്ഥാന' വാഗ്ദാനം മാത്രം മതിയായിരുന്നു.

7. യോഗസമ്മതം കൂടാതെ, സ്ഥാനബലത്തിൽ ഏല്പിക്കപ്പെട്ട താക്കോലുകൾ മാർ അത്താനാസ്യോസിനെ ഏല്പിച്ചത് ട്രസ്റ്റ് ലംഘനം ആയിരുന്നു.

8. മാർ അത്താനാസ്യോസ് അനധികൃതമായി മുദ്ര പൊട്ടിച്ചു എന്നും കെട്ടിടത്തിൽ പ്രവേശിച്ചു എന്നും തൊഴിയൂർ പള്ളിയുടെ ചരിത്രകാരൻ എഴുതി എങ്കിലും അനധികൃതമായ ഈ ക്രിമിനൽ കുറ്റകൃത്യത്തെ അദ്ദേഹം കണ്ടില്ലെന്ന് നടിക്കുകയാണ് ചെയ്തിട്ടുള്ളത്.

9. കുത്തൂർ മാർ കൂറിലോസിന്റേതായി കേസിൽ ഹാജരാക്കപ്പെട്ട മരണപത്രം കൃത്രിമമാണെന്ന് വർക്കി രേഖപ്പെടുത്തുന്നത് ശരിയാവാനാണ് സാധ്യത. കേസ് നടത്തിപ്പിൽ ബലം നൽകിയ മാർ അത്താനാസ്യോസിന്റെ ബുദ്ധി അതിന്റെ പിന്നിലുണ്ടാവാം. മലങ്കരസഭാചരിത്രത്തിൽ കൃത്രിമരേഖകൾ നിർമ്മിക്കുന്നതിന്റെ ആദ്യ ഉദാഹരണമാണിതെന്നു തോന്നുന്നു. മരണപത്രം കൃത്രിമമാണെന്ന് വാദിഭാഗം കോടതിയിൽ ആക്ഷേപം ഉന്നയിച്ചില്ല എന്നത് അതിനേക്കാൾ ഏറെ വിചിത്രമായി തോന്നുന്നു. അന്ത്യോഖ്യായുടെ അധീശത്വം മാത്രമാണ് യൂയാക്കീം മാർ കൂറിലോസ് കോടതിയിൽ ഉന്നയിച്ചത്. കേസ് വിജയിപ്പിക്കാൻ യൂയാക്കീം മെത്രാൻ കൂട്ടുനിൽക്കുകയായിരുന്നോ? ആർത്താറ്റ് ഇടവകയുടെ അറിയിപ്പനുസരിച്ച് നേരത്തെ എത്താമായിരുന്നിട്ടും അനിയന്റെ വിവാഹകാര്യം കാരണമായി ഉന്നയിച്ച യൂയാക്കീം കൂറിലോസ് തൊഴിയൂരിൽ യഥാസമയം എത്താതിരുന്നത് അത്താനാസ്യോസിന് അവസരം നൽകുവാനായിരുന്നുവോ?

10. തൊഴിയൂരിലെ പള്ളിയും മെത്രാന്റെ സംരക്ഷണവും നിർവ്വഹിക്കുന്നതിൽ

ആർത്താറ്റ് പള്ളിയുടെ നിർണ്ണായക പിന്തുണ ഉണ്ടായിരുന്നു എന്ന വസ്തുതയും കോടതിയിൽ ഉന്നയിച്ചില്ല. ഫലമോ? കേസ് ചെലവിലേക്ക് യൂയാക്കീം കൂറിലോസും മറ്റും പണിയിച്ച ചാലശ്ശേരി, പോർക്കുളം, മട്ടാഞ്ചേരി എന്നിവിടങ്ങളിലെ പള്ളികൾ തൊഴിയൂരിന് ലഭിച്ചു.



**മലങ്കരസഭാതേജസ്സ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ, മലങ്കര മെത്രാപ്പോലീത്തായുടെ ഔദ്യോഗിക വേഷത്തിൽ.**

### നാലാം അദ്ധ്യായം

## ആർത്താറ്റു പള്ളിയിലെ വാസം

### 1038

തൊഴിയൂർ പള്ളി വ്യവഹാരം താൻ വിചാരിച്ചിരുന്നതുപോലെ സഫലമാകാഞ്ഞതിൽ നമ്മുടെ കഥാനായകനു വല്ലാത്ത സുഖക്ഷയവും ആശാഭംഗവും ഉണ്ടായി. പറങ്കിയടിമയിൽ നിന്നു വിമുക്തമായതിന്റെ ശേഷം പ്രായേണ സ്വാതന്ത്ര്യവും ആശ്വാസവും അനുഭവിച്ചുപോന്ന ഈ പ്രാചീന സഭയെ പീഡിപ്പിക്കുന്നതിനു സഭയുടെ അദ്ധ്യക്ഷനായി നിശ്ചയിക്കപ്പെട്ടിരുന്ന ഒരാൾ തന്നെ ബദ്ധശത്രുവായി വർത്തിക്കുന്നതും[1] അതിനെ വിരോധിക്കുന്നതിനു ഒരു സത്യവിശ്വാസിയുടെ നിലയിൽ താൻ ആറേഴുകൊല്ലം ചെയ്ത ശ്രമങ്ങൾ വിഫലീഭവിച്ചതും ഓർത്തപ്പോൾ യോസേപ്പു കത്തനാരുടെ ഹൃദയം തകർന്നു പോയി. ഉഗ്രമായ കൊടുങ്കാറ്റിൽ അകപ്പെട്ടിരിക്കുന്ന ഈ സഭയാകുന്ന ജലവാഹനം അചിരേണ പാറയിൽ അടിച്ചു തകർന്നു പോയേക്കുമെന്നു അദ്ദേഹം ഭയപ്പെട്ടു.[2] അല്ലെങ്കിൽ സത്യവിരോധി ആയ കപ്പിത്താൻ ഈ കപ്പലിനെ നിത്യാന്ധകാരമയമായ പുറംകടലിലേക്കു ഓടിച്ചു കൊണ്ടു പൊയ്ക്കളഞ്ഞേക്കുമെന്നും അദ്ദേഹത്തിനു തോന്നി. കൊച്ചി തിരുവിതാംകൂർ സംസ്ഥാനങ്ങളിൽ മാർ അത്താനാസ്യോസു സുറിയാനിക്കാരുടെ ഏകച്ഛത്രാധിപതിയായി വാഴുന്നതിനാലും തദ്ദേശ ഗവർമ്മെണ്ടുകൾ അദ്ദേഹത്തെ അനാദരിക്കുന്നതിനു ഭയപ്പെട്ടിരുന്നതിനാലും അദ്ദേഹത്തിന്റെ അധികാരം ആ രാജ്യങ്ങളിൽ ദുർബ്ബലപ്പെടുത്തുന്നതു ദുസ്സാദ്ധ്യമെന്നു കണ്ടതുകൊണ്ടാണു നീതിതൽപരതയ്ക്കു അദ്വിതീയന്മാരായ ബ്രിട്ടീഷ് ന്യായാധിപന്മാരുടെ സമക്ഷത്തു ഈ സഭയുടെ സങ്കടങ്ങളെ സമർപ്പിക്കാമെന്നു വച്ചത്. ഇതിന്റെ ഫലമാണു നമ്മുടെ കഥാനായകനു ഇപ്പോൾ മർമ്മച്ഛേദകമായിത്തീർന്നിരിക്കുന്നത്. ലോകത്തിലുള്ള ന്യായാധിപന്മാർ എത്ര തന്നെ നിഷ്പക്ഷപാതികളും നല്ല ആന്തരത്തോടു കൂടിയവരും ആയിരുന്നാലും അവർ മനുഷ്യരാകയാൽ തെറ്റിപ്പോകാൻ പാടില്ലാത്തവരല്ലല്ലൊ എന്നോർത്തു യോസേപ്പു കത്തനാർ സമാധാനപ്പെടാൻ തുടങ്ങി. സത്യത്തെ വിജയീഭവിപ്പിക്കുന്നതിനു ലോകാധികാരികൾ മുഖാന്തരം പരിശ്രമിക്കുന്നതിന്റെ ഔചിത്യത്തെ അദ്ദേഹം സംശയിക്കാനും തുടങ്ങി. സുറിയാനി സഭയുടെ അനാഥത്വത്തെക്കുറിച്ചുള്ള നൈരാശ്യം തന്റെ ഹൃദയത്തിൽ നിന്നു ബഹിഷ്ക്കരിക്കാൻ നിവൃത്തിയില്ലെന്ന് അദ്ദേഹം കാണുകയും ചെയ്തു. എങ്കിലും ഈ സഭയുടെ ഉൽഗതിയെ ഉദ്ദേശിച്ചു തന്നാൽ കഴിയുന്ന വിധമൊക്കെ ശ്രമിച്ചതിനാലുള്ള ചാരിതാർത്ഥ്യത്തിൽ

നിന്നുണ്ടായ അപൂർണ്ണ സമാധാനമാണു അദ്ദേഹത്തിനു സിദ്ധിച്ചത്. പിന്നെയും ബലഹീനനായ താൻ വിചാരിച്ചാൽ എന്താണു സാധിക്കുന്നത്. പ്രഭുശക്തിയൊ മന്ത്രശക്തിയൊ വല്ലതും തനിക്കുണ്ടോ? അതു കൊണ്ടു സത്യസ്വരൂപനായ ദൈവം തന്നെ തന്റെ കാരുണ്യാമൃതത്തെ സന്തപ്തയായിരിക്കുന്ന ഈ സഭയുടെ മേൽ വർഷിക്കണം. പ്രലപിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും മാത്രമേ പുത്രന്മാർക്കു കഴിയുകയുള്ളൂ. ആവശ്യങ്ങളെ സാധിച്ചു തരുന്നതിനു ദയാനിധിയായ പിതാവു തന്നെ മനസ്സു വെക്കണം. ഈ വക വിചാരങ്ങളോടുകൂടി യോസേപ്പു കത്തനാർ 1038 ചിങ്ങം 1-ാം തീയതി മുതൽക്കു തന്റെ ഇടവകയായ ആർത്താറ്റു പള്ളിയിൽ സ്ഥിരവാസം ചെയ്യാൻ തുടങ്ങി.

പുരോഹിതന്മാർക്കുള്ള സാധാരണ അനുഭവങ്ങളൊന്നും തനിക്കു ആവശ്യമില്ലെന്നും ആർത്താറ്റുപള്ളിയിൽ നിന്നു വികാരിമാർക്കു കൊടുത്തു വന്നിരുന്ന ശമ്പളമായ അഞ്ചു രൂപ മാത്രം മതിയെന്നുമാണു ആ പള്ളിയിൽ താമസം തുടങ്ങിയശേഷം യോസേപ്പു കത്തനാർ ഒന്നാമതായി ചെയ്ത നിശ്ചയം. പനയ്ക്കൽ താരു മുതലായ ഇദ്ദേഹത്തിന്റെ ക്ഷേമകാംക്ഷികൾ ഈ നിശ്ചയത്തിനു പ്രതികൂലമായിരുന്നു എന്നു മാത്രമല്ല, അനുഭവങ്ങളിൽ പകുതിയെങ്കിലും സ്വീകരിക്കണമെന്നു അവർ നിർബന്ധിക്കുകയും ചെയ്തു. എങ്കിലും നമ്മുടെ കഥാനായകൻ തന്റെ നിശ്ചയത്തെ ഭേദപ്പെടുത്തിയില്ല. പള്ളിയിൽ താമസിക്കാൻ തുടങ്ങിയ തീയതി മുതൽക്കു യോസേപ്പു കത്തനാർ നാല്പതു ദിവസത്തേയ്ക്കു ഒരു നോയ്മ്പും ആരംഭിച്ചു. ആദ്യത്തെ ഞായറാഴ്ച ചെയ്ത പ്രസംഗത്തിനു ഉപയോഗപ്പെടുത്തിയ വാക്യം, സ്വർഗ്ഗത്തെ നല്ല മുത്തിനു സദൃശ്യപ്പെടുത്തി വി. മത്തായിയുടെ ഏവൻഗേലിയോനിലുള്ളതായിരുന്നു. ഈ പ്രസംഗം യോസേപ്പു കത്തനാരുടെ മനോഗതങ്ങളുടെ ഒരു സംക്ഷേപ വിവരണം ആണെന്നു ശ്രോതാക്കൾക്കു തോന്നി. ആർത്താറ്റു പള്ളിയിൽ പതിവായി ഞായറാഴ്ച കുർബ്ബാന പിരിയുന്നത് 11 മണിക്കാകകൊണ്ട് അതിനു മദ്ധ്യേ പ്രസംഗങ്ങൾ നടത്തുന്നതു പട്ടക്കാർക്കു വലിയ ശ്രമവും ജനങ്ങൾക്കു വളരെ അസൗകര്യപ്രദവും ആണെന്നും അതിനാൽ പ്രസംഗം ഉച്ചതിരിഞ്ഞു മൂന്നു മണിക്കുള്ള പ്രാർത്ഥനയോടുകൂടി ആരംഭിക്കുന്നതാകയാൽ എല്ലാവർക്കും ആശ്വാസമായിരിക്കുമെന്നും ആയിരുന്നു രണ്ടാമത്തെ ഞായറാഴ്ചയിലെ പ്രസംഗസാരം. പ്രാസംഗികന്റെ മതതീഷ്ണതയേയും വാക്പാടവത്തേയും കണ്ടിട്ടു നവീനതത്വങ്ങളോടു പ്രകൃത്യാ വിരസതയുള്ള ജനങ്ങൾ ഏക ശബ്ദത്തോടെ 'ആമ്മീൻ' എന്നു നിശ്ശങ്കമായി സമ്മതിച്ചു. പിറ്റെ ഞായറാഴ്ച മുതൽക്കു ഇതനുസരിച്ചു പ്രസംഗങ്ങൾ നടത്തിവന്നു. നമ്മുടെ കഥാനായകന്റെ ഉപദേശത്താൽ ഞായറാഴ്ച ലംഘനം ചെയ്യുന്നവർ അവിടെ തീരെ

ഇല്ലെന്നായിപ്പോയി. എല്ലാവരും വിശുദ്ധ ദിവസത്തിൽ കുർബ്ബാന കാണുന്നതിലും പ്രസംഗങ്ങൾ കേൾക്കുന്നതിലും മറ്റും മാത്രം ഉദ്യുക്തന്മാരായിരുന്നു. ഞായറാഴ്ച പള്ളിയിൽ കൂടുന്ന ആളുകൾക്കു ഓരോരുത്തരുടെ വകയായി കഞ്ഞി കൊടുക്കുന്ന സമ്പ്രദായം ആർത്താറ്റു ഉണ്ടായിരുന്നതിനെ യോസേപ്പു കത്തനാർ പൂർവ്വാധികമായ ശുഷ്ക്കാന്തിയോടുകൂടി നടത്താൻ തുടങ്ങി. മൂന്നു മണിക്കു പ്രസംഗങ്ങൾ കേൾക്കാൻ വരുന്നവരിൽ നിന്നു ഒരു ചുരുങ്ങിയ ധനശേഖരം ചെയ്യണമെന്നു ഒരു പുതിയ ഏർപ്പാടു നമ്മുടെ കഥാനായകൻ ഉണ്ടാക്കി. ഇങ്ങനെ പിരിഞ്ഞ ധനത്തെ പള്ളിയിൽ വരുന്ന അഗതികൾക്കു വസ്ത്രവും കുപ്പായവും വാങ്ങിക്കൊടുക്കുന്നതിനു വിനിയോഗിക്കുകയും ചെയ്തു വന്നു. യോസേപ്പു കത്തനാർ ആർത്താറ്റു നിന്നു പിരിയുന്നതുവരെ ഈ ഏർപ്പാടു നിർവിഘ്നമായി നടന്നു പോരികയും ചെയ്തു.

എങ്കിലും ഈ വാസം അധികകാലത്തേക്കു ഉണ്ടായില്ല. ആർത്താറ്റു പള്ളി ഇടവകജനങ്ങൾ പൊതുവെ യോസേപ്പു കത്തനാരെ യഥാർത്ഥത്തിൽ ഒരു പിതാവിനെപ്പോലെ ബഹുമാനിക്കാൻ ആരംഭിച്ചപ്പോൾ അദ്ദേഹം അവിടം വിട്ടുപോകേണ്ടി വന്നു. ഒരു പള്ളിയിലെ ജനങ്ങളെ ഭരിക്കുന്നതിനേക്കാൾ മഹത്തും ശ്രമകരവും ആയ ഒരു കൃത്യത്തിനായിട്ടാണ് അദ്ദേഹം വിളിക്കപ്പെട്ടത്. ഈ ദൈവാജ്ഞയെ യോസേപ്പുകത്തനാർ വേണ്ടകാലത്തു കൈക്കൊണ്ടതാണു ഇന്നു മലങ്കര സുറിയാനി സഭയ്ക്കുള്ളതായി കാണുന്ന ഏകയോഗക്ഷേമാവസ്ഥയ്ക്കു ഏക കാരണം.

1. ഓർത്തഡോക്സ് വിശ്വാസിയും ഔദ്യോഗിക മലങ്കര മെത്രാപ്പോലീത്തായും എന്ന് ഇന്ന് അധികൃതമായി പുകഴ്ത്തപ്പെടുന്ന പാലക്കുന്നത്ത് വലിയ മെത്രാച്ചനെപ്പറ്റിയുള്ള സമകാലസാക്ഷ്യം 'സഭയുടെ ബദ്ധശത്രു' (ബലയാർ എന്നാണ് പത്രോസ് പാത്രിയർക്കീസ് എല്ലാ കല്പനകളിലും എഴുതിയിരുന്നത്) എന്നായിരുന്നുവെന്ന് ശ്രീ. വർക്കി തറപ്പിച്ചു പറയുന്നു. ഒരു സമകാല തലമുറയുടെ അനുഭവസാക്ഷ്യമായിരുന്നു അത്.

ഒരാൾ മലങ്കര മെത്രാപ്പോലീത്താ ആകുന്നതിന് രണ്ടു അവശ്യ യോഗ്യതകൾ ആവശ്യം. 1. ആ തസ്തികയിലേക്ക് ഭരണീയർ തെരഞ്ഞെടുത്തിരിക്കണം. 2. ആ സ്ഥാനത്തേക്ക് സാധുവായി അഭിഷേകം ചെയ്യപ്പെട്ടിരിക്കണം. ഈ രണ്ട് അവശ്യ യോഗ്യതകൾ പാലക്കുന്നത്ത് മെത്രാച്ചന് ഉണ്ടായിരുന്നുവോ? രാജകീയ വിളംബരത്തിന്റെ പിൻബലമുണ്ട് എന്നത് സത്യം തന്നെ. എന്നാൽ രാജകീയ വിളംബരം സഭയുടെ വിശ്വാസത്തിലോ കാനോനുകളിലോ ചരിത്രത്തിലോ പരാമർശിക്കപ്പെടുന്ന ഒരു വിഷയമേ അല്ലല്ലോ.

2. പാലക്കുന്നത്ത് വലിയ മെത്രാച്ചന്റെ ഭരണം തുടർന്നാൽ സഭാവാഹനം

തകർന്നുപോകുമെന്ന് ഒരു തലമുറ വിലപിക്കുന്ന ശബ്ദമാണ് വർക്കി ഇവിടെ രേഖപ്പെടുത്തുന്നത്. അതിനെ സഭേതരമായ കാരണങ്ങളാൽ ഗൗരവ വിഹീനമായി കാണുന്നത് അഭിലഷണീയമോ? ഒരു പില്ക്കാല മലങ്കര മെത്രാപ്പോലീത്തായുടെ ധർമ്മസങ്കടം അവഗണിക്കുവാൻ ഒരു സഭാസ്നേഹിയ്ക്ക് കഴിയുമോ?

## അഞ്ചാം അദ്ധ്യായം

# അന്ത്യോഖ്യാ യാത്രാലോചന

## 1036–1038

മാർ കൂറിലോസു തന്റെ കീർത്തിക്കു ഹാനി വരത്തക്കവിധത്തിലുള്ള ആക്ഷേപവാക്കുകൾ പറഞ്ഞു എന്നും അതിനു പതിനായിരം രൂപ നഷ്ടം കിട്ടണമെന്നും 1036–ൽ വരാപ്പുഴ ആർച്ചുബിഷോപ്പവർകൾ ബ്രിട്ടീഷ് കൊച്ചിയിലെ സിവിൾ കോടതിയിൽ ഒരു നഷ്ടവ്യവഹാരം കൊടുത്തു. ഈ വ്യവഹാരം നടത്തുന്നതിനു വേഗത്തിൽ കൊച്ചിയിലെത്തണമെന്ന് പ്രതിയായ മാർ കൂറിലോസ് കൽപ്പനയയച്ചതനുസരിച്ച് യോസേപ്പു കത്തനാർ കൊച്ചിയിൽ എത്തി ബാവായൊടൊന്നിച്ച് താമസിക്കയിൽ (ഈ അന്യായം ചിലവു സഹിതം തള്ളുകയാണുണ്ടായത്) കോട്ടയത്തു ഇടവഴിക്കൽ വലിയച്ചന്റെ[1] ഒരെഴുത്ത് അദ്ദേഹത്തിനു കിട്ടി. എഴുത്തിലെ താല്പര്യം: യോസേപ്പു കത്തനാരെ ഒന്നു കാണുന്നതിനു തനിക്ക് കലശലായ ആഗ്രഹമുണ്ടെന്നും വാർദ്ധക്യം നിമിത്തം കൊച്ചിയിൽ എത്തി ആഗ്രഹം സാധിക്കാൻ നിവൃത്തിയില്ലാത്തതിനാൽ ദയവുണ്ടായി ഒന്നു കോട്ടയത്തോളം വന്നു പോകണമെന്നും ഇങ്ങനെ ചെയ്യാൻ സ്നേഹബുദ്ധ്യാ നിർബന്ധിക്കുന്നു എന്നും ആയിരുന്നു. വളരെ പ്രസിദ്ധിയും യോഗ്യതയുമുള്ള ഒരാളായി താനും കേട്ടിട്ടുള്ള ഒരു വല്യച്ചൻ സ്വന്തം മക്കളിൽ രണ്ടു പേരുടെ കൈവശം കോട്ടയത്തു നിന്നു കൊച്ചിയിൽ അയച്ച ഇപ്രകാരമുള്ള ഒരെഴുത്തിനെ എന്തെല്ലാം കൃത്യാന്തരങ്ങൾ ഉണ്ടായിരുന്നാലും ധിക്കരിക്കാൻ മനസ്സുവരാത്ത യോസേപ്പു കത്തനാർ ഉടനെ കോട്ടയത്തേക്കു പുറപ്പെടുകയാണു ചെയ്തത്. യോസേപ്പു കത്തനാരെ കണ്ടതിൽ വലിയച്ചനു വളരെ തൃപ്തിയും സന്തോഷവും ആയി എങ്കിലും മൂന്നു നാലു ദിവസം വരെ അദ്ദേഹത്തെ വിളിപ്പിച്ച കാര്യം പറയാതെ നാട്ടുവർത്തമാനങ്ങൾകൊണ്ടു കഴിച്ചു കൂട്ടുകയാണു ചെയ്തത്.

ഇതിനിടയ്ക്ക് വലിയച്ചന്റെ മകൻ കൊച്ചുകത്തനാരുടെ[2] ഉത്സാഹത്താൽ വരുത്തിയിരുന്ന ഒരു കൽപ്രെസ് ശരിയായി നടക്കാതെയിരുന്നത് ഈ വകയിൽ പരിചയമുണ്ടായിരുന്ന നമ്മുടെ കഥാനായകൻ നന്നാക്കി കൊടുക്കുകയുണ്ടായി. ഈ വൃദ്ധൻ തന്നെ കൊച്ചിയിൽ നിന്നു ഇത്രത്തോളം ബുദ്ധിമുട്ടിച്ചതു പക്ഷേ ഈ കൽപ്രെസ് നന്നാക്കിക്കാനായിരിക്കുമോ എന്നു കൂടി യോസേപ്പു കത്തനാർ ശങ്കിച്ചുപോയി. എങ്കിലും വലിയച്ചനു തന്നെക്കൊണ്ടു ഇതിലും ഗൗരവാവഹമായ ഒരു കാര്യമാണു നിർവ്വഹിക്കാനുണ്ടായിരുന്നതെന്ന് അധികം താമസംകൂടാതെ മനസ്സിലായി. യോസേപ്പു കത്തനാർ കോട്ടയത്തെത്തിയതിന്റെ നാലാം ദിവസം

രാത്രി അദ്ദേഹം പള്ളിയിൽ സ്വസ്ഥമായി ഉറങ്ങിക്കിടക്കുകയായിരുന്നു. പന്ത്രണ്ടു മണി കഴിഞ്ഞപ്പോൾ ഒരാൾ പള്ളിയിലെത്തി വിളിച്ചു വലിയ ച്ചൻ അടിയന്തിരമായി കാണ്മാൻ ആവശ്യപ്പെടുന്നു എന്നു പറഞ്ഞു. അർ ദ്ധരാത്രിയിൽ നിദ്രാഭംഗം വരുത്തുന്നതായ ഈ വിളിയനുസരിച്ച് അദ്ദേ ഹത്തിന്റെ അടുക്കലേക്ക് അപ്പോൾ പോകാൻ മടി കാണിച്ചു എങ്കിലും വളരെ പ്രത്യേകമായ ഒരു സംഗതി പറയാനാകകൊണ്ടു മടി പറയരു തെന്നു സന്ദേശവാഹി നിർബന്ധിച്ചതിനാൽ യോസേപ്പു കത്തനാർ വലി യച്ചന്റെ അടുക്കലേക്കു പോയി. ലോകപരിചയം നല്ലപോലെ ഉണ്ടായി രുന്ന വലിയച്ചൻ തന്റെ മനോഗതത്തെ വെളിപ്പെടുത്തുന്നതിനു തെര ഞ്ഞെടുത്ത സമയം എത്രയും ഉത്തമമായിരുന്നു. മനുഷ്യഹൃദയം മാത്ര മല്ല പ്രകൃതലോകം കൂടി സ്വസ്ഥമായും സർവ ദിക്കും നിശ്ചലമായും നിശ്ശബ്ദമായും ഇരിക്കുന്ന ഈ സമയത്ത് ആലോചിക്കപ്പെടുന്ന കാര്യ ത്തിനു സ്വതേ തന്നെ ഒരു ഗാംഭീര്യവും മാഹാത്മ്യവും സിദ്ധിക്കുന്നതാ ണല്ലൊ. യോസേപ്പു കത്തനാരെ വിളിച്ച കാര്യത്തെ ഇതുവരെ നിഗൂഢ മായി വെച്ചു കൊണ്ടിരുന്നതും ഇതുകൊണ്ടു തന്നെയാണ്. നമ്മുടെ കഥാ നായകന്റെ യാത്രാശ്രമം തീരുന്നതിനും വലിയച്ചന്റെ സ്വഭാവം അദ്ദേഹം നല്ലപോലെ മനസ്സിലാക്കുന്നതിനും ആയിട്ടായിരിക്കണം ഇതിനു മുമ്പി ലത്തെ രാത്രികളിൽ അദ്ദേഹത്തെ അസഹ്യപ്പെടുത്താഞ്ഞത്.

യോസേപ്പു കത്തനാരെ അടുക്കെ വിളിച്ചിരുത്തിക്കൊണ്ടു വലിയച്ചൻ പുത്രനിർവ്വിശേഷമായ വാത്സല്യത്തോടും സുറിയാനി സഭയുടെ കഷ്ട സ്ഥിതിയെ ഓർത്തിട്ടുണ്ടായ അസഹ്യമായ വ്യസനത്തോടും അശ്രുധാര യോടും കൂടി സംസാരിക്കാൻ തുടങ്ങി. മാർ അത്താനാസ്യോസ് അന്ത്യോ ക്യയിൽ പോയി സ്ഥാനമേറ്റു വന്നശേഷം, സ്ഥാനാരോഹണ സമയത്തു ദൈവസമക്ഷത്തു ചെയ്ത ശപഥത്തെ തൃണപ്രായമാക്കിയും പ്രൊട്ടസ്റ്റ ന്റുകാരോടു ചേർന്നും സഭയുടെ വിശ്വാസാചാരങ്ങളെ മലിനമാക്കുവാൻ ചെയ്യുന്ന ശ്രമങ്ങളെയാണ് ആദ്യം വിസ്തരിച്ചത്.[3] മാർ കൂറിലോസ് രോഗാ തുരനായിരിക്കുന്നു. അല്ലെങ്കിൽ തന്നെയും അദ്ദേഹത്തിന്റെ ഉത്സാഹവും കഷ്ടപ്പാടും നിഷ്ഫലമായിട്ടാണല്ലൊ ഇരിക്കുന്നത്. തനിക്ക് സഞ്ചാര ത്തിനും മറ്റും ശക്തിയില്ലാതായിപ്പോയതുകൊണ്ടാണു മാർ അത്താനാ സ്യോസിനു അനുകൂലമായി വിളംബരമുണ്ടാകാൻ സംഗതിയായത്. പള്ളി ക്കാർ മനസ്സില്ലാമനസ്സോടെയെങ്കിലും മാർ അത്താനാസ്യോസിനു കീഴ്പ്പെ ട്ടുകഴിഞ്ഞിരിക്കുന്നു. ദുരുപദേശങ്ങൾ[4] പള്ളികളിലും ജനങ്ങളുടെ ഇട യിലും നിറഞ്ഞു തുടങ്ങിയിരിക്കുന്നു. ഉടനെ ഒരു നിവൃത്തിയുണ്ടാക്കി യില്ലെങ്കിൽ സുറിയാനി സഭയും വിശ്വാസവും മലങ്കരെ ഇല്ലാതായി പ്പോകും.

അതുകൊണ്ടു യോസേപ്പു കത്തനാർ ഉടനെ അന്ത്യോക്യയിലേക്കു


പുറപ്പെട്ടു മെത്രാൻസ്ഥാനം ഏറ്റു വരണം എന്നു വലിയച്ചൻ സഹിച്ചു കൂടാത്ത മനോവേദനയോടും നിർബന്ധത്തോടും കൂടി അപേക്ഷിച്ചു. വലിയച്ചന്റെ പ്രസംഗം അവസാനിക്കുന്നതിന്റെ മുമ്പു തന്നെ നമ്മുടെ കഥാനായകന്റെ മനസ്സ്, വല്ലാതെ ഇളകിപ്പോയി. അദ്ദേഹം കുറെനേരം ഒന്നും മിണ്ടാതെ കണ്ണീരൊലിപ്പിച്ചും കൊണ്ടിരുന്നു. ഒരു മെത്രാപ്പോലീത്തായായി മലങ്കരസഭയെ ഭരിക്കുന്നതിനു തനിക്കുള്ള ശക്തിഹീനതയെപ്പറ്റി ആദ്യം ഓർത്തു. എന്നിട്ടു നാഥനില്ലാതെ കിടന്നു വലയുന്ന സുറിയാനി സഭയുടെ ഭാഗ്യദോഷാതിരേകത്തെപ്പറ്റി ആലോചിച്ചു. താൻ പരദേശത്തേയ്ക്കു പോയാൽ വൃദ്ധതയിലിരിക്കുന്ന തന്റെ മാതാപിതാക്കന്മാരുടെ സ്ഥിതി എന്തായിരിക്കുമെന്നു മൂന്നാമതായി ഓർത്തു സങ്കടപ്പെട്ടു. തന്റെ സ്വന്ത കഷ്ടപ്പാടിനെയൊ പക്ഷെ മരണത്തേയോ കുറിച്ച് ഇദ്ദേഹം ഒന്നും തന്നെ വിചാരിച്ചിരിക്കയില്ല. ഇങ്ങനെ ഒരു വിചാരം നമ്മുടെ കഥാനായകന്റെ സ്വഭാവത്തിനു വന്നു കൂടാത്തതാണ്. തന്റെ ചുണ്ടു അനങ്ങുന്നതു കാത്തുകൊണ്ടിരുന്ന വലിയച്ചന്റെ മുഖത്തേയ്ക്കു നോക്കി "എന്തിനു ഞാൻ അധികം പറയുന്നു? അന്ത്യോക്യയിൽ ചെന്നാൽ പട്ടം തരാമെന്നു പരിശുദ്ധ സിംഹാസനത്തിങ്കൽ നിന്നു കല്പന വരുത്തിയാൽ അന്നു ഞാൻ പുറപ്പെട്ടുകൊള്ളാം" എന്നു യോസേപ്പു കത്തനാരു വാഗ്ദാനം ചെയ്തു. വലിയച്ചന് ഇതു കേട്ടപ്പോൾ ഉണ്ടായ സന്തോഷം അനിർവചനീയമായിരുന്നു. അദ്ദേഹം യോസേപ്പു കത്തനാരെ വളരെ ആശീർവ്വദിച്ചു പിറ്റെ ദിവസം തന്നെ കൊച്ചിക്കു തിരികെ അയയ്ക്കുകയും അന്നു തന്നെ പാത്രിയർക്കീസു ബാവായ്ക്കു വിവരം കാണിച്ചു എഴുതിയയയ്ക്കുകയും ചെയ്തു. ഇതിനും പുറമെ, മാർ കൂറിലോസിനു ശരീരസുഖം ഇല്ലാതെ തീർന്നിരിക്കുന്നതിനാൽ മലങ്കര സഭയെ ഭരിക്കുന്നതിനു ഒരു മെത്രാപ്പോലീത്തായേയും സുറിയാനി ഭാഷാഭ്യസനം നടത്തുന്നതിനു ആ ഭാഷയിൽ നല്ല പാണ്ഡിത്യമുള്ള രണ്ടു റെമ്പാന്മാരെയും അയച്ചുതരണമെന്നു മലങ്കര സുറിയാനി സഭാ ജനങ്ങളുടെ വകയായി ഇദ്ദേഹം ചില ഹർജികൾ അയപ്പിക്കുകയും ചെയ്തു.

ഇതുകൾക്കു മറുപടിയായി പാത്രിയർക്കീസിൽ നിന്നു വന്ന കല്പനയിൽ, അന്ത്യോക്യയിൽ നിന്നു മെത്രാന്മാരെ അയക്കുന്നതുകൊണ്ടു മലങ്കര സുറിയാനിക്കാർക്കു വലിയ ഗുണമൊന്നും സിദ്ധിച്ചു കാണുന്നില്ലെന്നും പരദേശികളായ മെത്രാന്മാർ മലങ്കരെ വന്നു ചേരുമ്പോൾ രാജ്യം പിടിയ്ക്കായ്കയാൽ അവർ രോഗികളായി തീരുന്നതിനു പുറമെ മലയാള ഭാഷ അറിയായ്കയാൽ ഇവർക്കു അധിക ബുദ്ധിമുട്ടിനും പ്രയാസത്തിനും ഇടവരുന്നു എന്നും വിശേഷിച്ചു മാർ മാത്യൂസ് അത്താനാസ്യോസിന്റെ ഉപദ്രവത്താൽ കോടതികൾ കേറാനും സംഗതി വരുന്നു എന്നും മലയാളത്തുകാരെ പട്ടമേല്പിച്ചാൽ പരദേശികളെക്കൊണ്ടു ഉണ്ടാകാവു


ന്നതിൽ അധികം പ്രയോജനം ഉണ്ടാകുന്നതാണെന്നും അതുകൊണ്ടു ജനസമ്മതന്മാരും ദൈവഭക്തിയും വിവേകവുമുള്ളവരും ആയ ഒന്നു രണ്ടു പട്ടക്കാരെ തെരഞ്ഞെടുത്തു ഉടനെ അയച്ചുകൊള്ളണമെന്നും പ്രസ്താവിച്ചിരുന്നു.[5]

ഈ കല്പന വന്ന വിവരം ഇടവഴിക്കൽ വലിയച്ചൻ ഉടനെ നമ്മുടെ കഥാനായകനെ അറിയിച്ചു. യോസേപ്പു കത്തനാർ അന്നു (1038-ൽ) ആർത്താറ്റു പള്ളിയിൽ താമസിക്കുകയായിരുന്നു. മലയാളത്തു സുറിയാനി സഭയും വിശ്വാസവും സ്ഥിരമായി നിന്നു കാണണമെന്നു ആഗ്രഹമുണ്ടെങ്കിൽ പ്രതിബന്ധങ്ങൾ യാതൊന്നും വകവയ്ക്കാതെ തൽക്ഷണം അന്ത്യോക്യയിലേക്കു പുറപ്പെടണമെന്നും ഇപ്പോൾ ചെയ്തുവരുന്ന വേല കൊണ്ടു ആർത്താറ്റു പള്ളിയുടെ അഭ്യുദയം മാത്രമേ സാധിക്കുകയുള്ളൂ എന്നും മെത്രാനായി വന്നാൽ മലങ്കര സഭയ്ക്ക് ഒട്ടുക്കും ഉപകാരമുണ്ടാകുമെന്നും മറ്റും വളരെ വ്യസനത്തോടു കൂടി ഈ എഴുത്തിലും പ്രസ്താവിച്ചിരുന്നു. പാത്രിയർക്കീസിന്റെ കല്പന കിട്ടിയാൽ അന്ത്യോക്യയിലേക്കു ഉടനെ പുറപ്പെടാമെന്നു തീർച്ചയാക്കിയിരുന്ന യോസേപ്പു കത്തനാർക്കു ഈ എഴുത്തു കിട്ടിയപ്പോൾ നല്ല ധൈര്യവും ഉത്സാഹവുമാണ് ഉണ്ടായത്. എങ്കിലും വിവരം പുറത്തു പറയാൻ ഭയപ്പെട്ടു കുറെ ദിവസം കഴിച്ചു കൂട്ടി.

മാതാപിതാക്കന്മാർ വാർദ്ധക്യം മൂലം പരവശരായിരിക്കുന്നു. തന്നെ പഠിപ്പിക്കുകയും മിക്കവാറും വളർത്തുകയും ചെയ്ത വലിയപ്പൻ കത്ത



**ഫാ. ഫീലിപ്പോസ്**
**കശീശ**
**ഇടവഴീക്കൽ**
**(1799–1867)**



**ഫാ. ഫീലിപ്പോസ്**
**കോറെപ്പിസ്കോപ്പാ**
**ഇടവഴീക്കൽ**
**(1832–1875)**

നാരും ഈ സ്ഥിതിയിൽ തന്നെ ഇരിക്കുന്നു. ഇവരെ തന്റെ മനോഗതം അറിയിക്കുന്നത് എങ്ങനെ? അറിയിക്കുമ്പോൾ അവരുടെ മനോവ്യഥ എന്തു മാത്രമായിരിക്കും. ഇങ്ങനെ സംശയിച്ചും വ്യസനിച്ചും ഇരിക്കു മ്പോൾ വലിയച്ചൻ രണ്ടാമതും അയച്ച എഴുത്തു കിട്ടി. ഏതായാലും ഇനി അമാന്തിക്കുന്നതു വിഹിതമല്ലെന്നു നിശ്ചയിച്ച് ഇഷ്ടമിത്രനായ പന യ്ക്കൽ താരുവിനെ എഴുത്തുകൾ രണ്ടും കാണിച്ചു. എഴുത്തുകൾ വായിച്ചു കഴിഞ്ഞപ്പോൾ താരു വല്ലാതെ കുണ്ഠിതപ്പെടുകയാണു ചെയ്തത്.

യോസേപ്പു കത്തനാരുടെ പരദേശ യാത്രയ്ക്കു ഈ മുഖ്യ സ്നേഹി തൻ പല തടസ്സങ്ങളും പറഞ്ഞു എങ്കിലും അന്യോന്യം വളരെ വാദ പ്രതിവാദങ്ങൾ നടന്നതിന്റെ ശേഷം രണ്ടാളും ഏകദേശം ഒരഭിപ്രായ ത്തിലായി. ഈ ആത്മ സ്നേഹിതന്റെ ഹിതം അറിഞ്ഞ തീയതി മുത ൽക്കു യോസേപ്പു കത്തനാർ വിദേശഗമനത്തിനുള്ള ഒരുക്കങ്ങൾ ചെയ്തു തുടങ്ങി. ആദ്യം ചെയ്തതു ഇടവഴിക്കൽ വലിയച്ചനും മാർ കൂറിലോ സിനും എഴുതിയയക്കുകയായിരുന്നു. മാർ കൂറിലോസിന് അയച്ച എഴു ത്തിൽ താൻ അന്ത്യോക്യയിലേക്കു പോകാൻ സന്നദ്ധനാണെന്നും ഇതിനു ബാവായ്ക്കും മലങ്കര സുറിയാനി മഹാജനങ്ങൾക്കും സമ്മത മാണെങ്കിൽ വിവരം കാണിച്ചു പരിശുദ്ധ സിംഹാസനത്തിങ്കൽ നിന്നു വന്നിട്ടുള്ള കല്പനയോ അതിന്റെ പകർപ്പോ അയച്ചു കൊടുക്കണമെന്നും പ്രസ്താവിച്ചിരുന്നു.

ഇതിനു ഉടനെ മറുപടി വന്നു. യോസേപ്പു കത്തനാർ ശീമയ്ക്കു പോകാൻ തീർച്ചയാക്കിയതിൽ വളരെ സന്തോഷിക്കുന്നു എന്നും കാല താമസം കൂടാതെ പുറപ്പെടാൻ വേണ്ട ഒരുക്കങ്ങൾ ചെയ്തുകൊള്ളണ മെന്നും മറ്റും വളരെ ഉത്സാഹജനകമായി പലതും ഇതിൽ എഴുതിയി രുന്നു. അന്നു മുതൽ ഈ വിവരം യോഗ്യന്മാരായ ഓരോരുത്തരെ കണ്ടു പറയുന്നതിനും ഇടവകക്കാരുടെ സമ്മതം വാങ്ങുന്നതിനും ആയി നമ്മുടെ കഥാനായകൻ ഓരോ പള്ളികളിൽ സഞ്ചരിക്കാൻ തുടങ്ങി.

1. ഇടവഴിയ്ക്കൽ ഫീലിപ്പോസ് കത്തനാർ (1799-1867). കോട്ടയം വലിയപള്ളി യിലെ വികാരി. കോട്ടയം പഴയസെമിനാരി സ്ഥാപിച്ചപ്പോൾ ആദ്യ ബാച്ചിലെ വിദ്യാർത്ഥി എന്ന നിലയിൽ ഇദ്ദേഹം സെമിനാരി സ്ഥാപകന്റെ പ്രശസ്ത ശിഷ്യ രിൽ ഒരാൾ ആയിരുന്നു. എഴുത്തുകാരൻ ആയ ഇദ്ദേഹം മലങ്കരസഭയിലും വിദേ ശങ്ങളിലും അറിയപ്പെടുന്ന ആളായിരുന്നു. അന്ത്യോഖ്യാ പാത്രിയർക്കീസ്, ആ സഭയിലെ ചില മെത്രാന്മാർ, വൈദികർ, അത്മായ പ്രമുഖർ എന്നിവരുമായി നേരിട്ട് കത്തിടപാടുകൾ നടത്തിയിരുന്നു. സ്വർഗ്ഗരാജ്യത്തിലേക്കുള്ള വഴി തുടങ്ങിയ കൃതി കൾ രചിച്ചു.

2. ഇടവഴിക്കൽ ഫീലിപ്പോസ് കോറെപ്പിസ്ക്കോപ്പാ (1832-1875). ഇദ്ദേഹം യൂയാക്കീം മാർ കൂറിലോസിൽനിന്ന് കശ്ശീശാ സ്ഥാനവും കോറിസ്ഥാനവും ഒരേ ദിവസം സ്വീകരിച്ചു. സുറിയാനിസഭാ പഞ്ചാംഗം എന്ന കൃതി രചിച്ചു. പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിയുടെ ഉടമസ്ഥതയിലുള്ള കൊച്ചി സെന്റ് തോമസ് പ്രസ്സിൽ നിന്ന് 1873-ൽ ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചു.

3. പാലക്കുന്നത്തു വലിയ മെത്രാച്ചന്റെ സഭാപ്രവർത്തനത്തെ 'സഭയുടെ വിശ്വാസാചാരങ്ങളെ മലിനമാക്കുവാൻ ചെയ്യുന്ന ശ്രമങ്ങൾ' എന്ന് ഈ സീനിയർ വൈദികൻ വിലയിരുത്തുന്നു. സമകാല തലമുറയുടെ മറ്റൊരു സാക്ഷ്യം!!

4. പാലക്കുന്നത്ത് വലിയ മെത്രാച്ചന്റെ പ്രോത്സാഹനത്തോടെ സഭയിൽ പ്രചരിച്ചുകൊണ്ടിരിക്കുന്ന നവീകരണ ഉപദേശങ്ങളെ സമകാല തലമുറ 'ദുരുപദേശങ്ങൾ' എന്ന് സംശയലേശമെന്യേ വിവരിച്ചിരിക്കുന്നു.

5. ഈ കത്തിന്റെ പൂർണ്ണരൂപം *കണ്ടനാട് ഗ്രന്ഥവരി*യിൽ (എം.ജെ.ഡി. പബ്ലീഷിംഗ് ഹൗസ്, കുന്നംകുളം, 2008) കാണുക.

**(ആറു മുതൽ ഇരുപതാം അദ്ധ്യായം പകുതി വരെയുള്ള അദ്ധ്യായങ്ങളിലായി 'ഒരു പരദേശയാത്രയുടെ കഥ' എന്ന യാത്രാവിവരണം ചേർത്തിരിക്കുന്നു. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് രണ്ടാമൻ എഴുതിയ യാത്രാവിവരണമാണ് ഈ കൃതി. ഒരു പക്ഷേ മലയാളത്തിലെ ലക്ഷണമൊത്ത ആദ്യത്തെ യാത്രാവിവരണം. എഴുത്തുകാരൻ 'നാം' എന്ന് ഉപയോഗിച്ച സ്ഥലങ്ങളിൽ 'നമ്മുടെ കഥാനായകൻ' എന്ന് തിരുത്തി എഴുതി ആ രചന ജീവചരിത്രത്തിന്റെ ഭാഗമാക്കുകയായിരുന്നു. വിദേശയാത്ര കഴിഞ്ഞ് കൊച്ചിയിൽ തിരിച്ചെത്തുന്നതു വരെയുള്ള ഭാഗം ജീവചരിത്രത്തിന്റെ പൂർത്തീകരണത്തിന് ആവശ്യമാകയാൽ 'ഒരു പരദേശയാത്രയുടെ കഥ'യിലെ ചരിത്രാംശങ്ങൾ ഇവിടെ സംഗ്രഹിച്ചു ചേർക്കുന്നു. - എഡിറ്റർ)**

### 6-മുതൽ 20 വരെ അധ്യായങ്ങൾ

# ഒരു പരദേശയാത്രയുടെ കഥ

## (സംഗ്രഹം)

(1863 കുംഭമാസം 27-ന് കുന്നംകുളത്തുനിന്ന് യൗസേപ്പ് കത്തനാർ പുറപ്പെട്ടു. യൂയാക്കീം മാർ കൂറിലോസിനെ കണ്ട് പാത്രിയർക്കീസ് ബാവായ്ക്ക് കൊടുക്കുവാനുള്ള എഴുത്തുകൾ സമ്പാദിച്ചു. കോട്ടയത്ത് ഇടവഴീക്കൽ ഫീലിപ്പോസ് കത്തനാരെ സന്ദർശിച്ച് എഴുത്തുകൾ വാങ്ങി. തന്റെ പൂർവ്വീകൻ കബറടങ്ങിയിരിക്കുന്ന സെമിനാരി ചാപ്പലിൽ പോയി അനുഗ്രഹം തേടി. വടക്കുള്ള ചില പള്ളികൾ സന്ദർശിച്ച് യാത്ര പറഞ്ഞു മേടം 1-ന് കൊച്ചിയിലെത്തി. കണ്ടനാട്ട് മട്ടുമ്മേൽ ഗീവർഗ്ഗീസ് കത്തനാരും സ്വഭൃത്യൻ കുന്നംകുളം കുത്തൂർ താരപ്പനും സഹയാത്രികരായി കൂടെ ഉണ്ടായിരുന്നു. മേടം 14-ന് കപ്പൽ പുറപ്പെട്ടു. ക്ലേശകരമായ യാത്രയായിരുന്നു അത്. 22-ന് കപ്പൽ ബോംബെ തുറമുഖത്തെത്തി. ഇടവം 10-ന് കപ്പൽ യാത്ര തുടർന്നു. 13-ന് മസ്ക്കറ്റിലും 22-ന് ബസോറയിലുമെത്തി. മിഥുനം 1-ന് കപ്പൽ ബാഗ്ദാദിലെത്തി. 26-ന് മൂസലിലും. ചിങ്ങം 13-ന് മർദ്ദീൻ പട്ടണത്തിലുമെത്തി. പാത്രിയർക്കീസിനെക്കണ്ട് യാത്രോദ്ദേശ്യം അറിയിച്ചു. കഥാപുരുഷനെതിരായ കത്തുകൾ പാത്രിയർക്കീസിന് ലഭിച്ചിരുന്നു. അവയുടെ സത്യാവസ്ഥ അന്വേഷിക്കുവാൻ നടപടികളായി. ഇതിനിടയിൽ സഹയാത്രികൻ മട്ടുമ്മേൽ ഗീവർഗ്ഗീസ് കത്തനാർ ജ്വരം പിടിപെട്ട് കന്നി 10-ന് അന്തരിച്ചു. രോഗബാധിതനായ കഥാപുരുഷൻ അത്ഭുതകരമായി അചിരേണ പൂർണ്ണസുഖം പ്രാപിച്ചു. വിശ്രമാർത്ഥം വൃശ്ചികം 25-ന് കുറുക്കുമാ ദയറായിലെത്തി. പാത്രിയർക്കീസ് ബാവായുടെ സഹോദരി സ്വപുത്രനെ എന്നപോലെ അദ്ദേഹത്തെ ശുശ്രൂഷിച്ചു. ഏതാനും മാസങ്ങൾക്കുശേഷം മേടം 25-ന് അദ്ദേഹത്തിന് റമ്പാൻ സ്ഥാനം നൽകി. മേടം 26-ന് മാർ ദീവന്നാസ്യോസ് എന്ന സ്ഥാനനാമത്തിൽ അദ്ദേഹത്തെ മെത്രാപ്പോലീത്താ ആയി വാഴിച്ചു. ആമീദിലെ മെത്രാപ്പോലീത്തായും മർദ്ദീൻ മെത്രാപ്പോലീത്തായും അർമ്മേനിയൻ മെത്രാപ്പോലീത്തായും സംബന്ധിച്ചു. ഇടവം 2-ന് മടക്കയാത്ര ആരംഭിച്ചു. ജലയാത്രയ്ക്കിടയിൽ മരണത്തിൽ നിന്ന് അത്ഭുതകരമായി രക്ഷപ്പെട്ടു. ഉദ്വേഗജനകമായ നിരവധി കൂടിക്കാഴ്ചകൾക്കും അനുഭവങ്ങൾക്കും ശേഷം കർക്കിടകം 25-ന് ബോംബെയിൽ എത്തി - എഡിറ്റർ)

## ഇരുപതാം അദ്ധ്യായം

# പ്രാരബ്ധവിഘ്നങ്ങൾ

## 1040–1050

നമ്മുടെ കഥാനായകൻ ബോംബെയിൽ താമസിച്ചതു പഴയ അർമ്മേനിയൻ പള്ളിയിൽ തന്നെയാണു. കൊച്ചിയിൽ നിന്നു പുറപ്പെട്ടപ്പോൾ ബോംബയിലെ ഒരു കോളജിലെ പ്രിൻസിപ്പലായ ഡാക്ടർ വിൽസന്നു ഒരു പരിചയക്കത്തു കിട്ടിയിരുന്നു. അന്ത്യോക്യയിലേക്കു പോകുന്നവഴിക്കു അന്വേഷിച്ചപ്പോൾ സായ്പു പൂനായിലായിരുന്നതിനാൽ കാണ്മാൻ തരമായില്ല. മടക്കത്തിൽ ഇദ്ദേഹത്തെ കോളജിൽ ചെന്നു കണ്ടു. സായ്പിനു ഹിന്തുസ്താനി അറിയാമായിരുന്നു. നമ്മുടെ കഥാനായകനെ കണ്ടതിൽ ഇദ്ദേഹത്തിനു വളരെ സന്തോഷമുണ്ടായി. സായ്പു ഒരു സുറിയാനി മസുമുറാപുസ്തകം കയ്യിൽ കൊടുത്തതു നമ്മുടെ കഥാനായകൻ വായിച്ചപ്പോൾ അദ്ദേഹവും വിദ്യാർത്ഥികളും വളരെ സന്തോഷിച്ചു. അതിന്റെ ശേഷം സായ്പു സുറിയാനി ഭാഷയുടെ മാഹാത്മ്യത്തേയും മലങ്കരസുറിയാനി സഭയേയും കുറിച്ചു പ്രസ്താവിച്ചതിൽ യേശുക്രിസ്തു സംസാരിച്ച ഭാഷ സുറിയാനിയാണെന്നും മറ്റും കൂടി തന്റെ ശിഷ്യന്മാരെ പറഞ്ഞു മനസ്സിലാക്കി. ഡോക്ടർ വിൽസൻ നമ്മുടെ കഥാനായകനു വളരെ സഹായങ്ങളൊക്കയും ചെയ്തുകൊടുത്തതു കൂടാതെ അദ്ദേഹത്തെ അർമ്മേനിയൻപള്ളിയിൽ ചെന്നു കാണുകയും ചെയ്തു.

നമ്മുടെ കഥാനായകൻ ബോംബെയിൽ നിന്നു കപ്പൽ കേറി ആ മാസം 23-ാം തീയതി രാത്രി 12 മണിക്കു കൊച്ചിയിൽ എത്തി. ആഘോഷമായി ഒരു എതിരേൽപ്പിനു പലരും ഈ സമയം കൊച്ചിയിൽ തയാറുണ്ടായിരുന്നു എങ്കിലും അർദ്ധരാത്രിയിൽ വന്നെത്തിയതുകൊണ്ടു അതിനൊന്നിനും സംഗതിയായില്ല.

അവിടെ നിന്നു കന്നി 4-ാം തീയതി കുന്നംകുളങ്ങരയ്ക്കു പോയി. അങ്ങാടിക്കാരുടെ സന്തോഷസൽക്കാരങ്ങളെക്കുറിച്ചു വിസ്തരിക്കണമെന്നില്ല. അദ്ദേഹം അന്ത്യോക്യയിലേക്കായി പുറപ്പെട്ടപ്പോൾ അവർക്കുണ്ടായ അവ്യാജ ദുഃഖത്തെപ്പറ്റി ഓർമ്മയുള്ള വായനക്കാർക്കു തിരിച്ചു വന്നപ്പോൾ ഉണ്ടാകാവുന്ന സന്തോഷവും അദ്ദേഹത്തെ സൽക്കരിക്കാൻ അവർ ചെയ്യാവുന്ന ശ്രമങ്ങളും എന്തുമാത്രമായിരിക്കുമെന്നു ഊഹിക്കാവുന്നതാണല്ലോ. ഇങ്ങനെ ഒരു ജനക്കൂട്ടം കുന്നംകുളങ്ങരെ ഇതിനു മുമ്പും പിമ്പും ഉണ്ടായിട്ടില്ലെന്നു തീർച്ചയായിപ്പറയാം. നമ്മുടെ കഥാനായകന്റെ മാതാപിതാക്കന്മാരുടെ സന്തോഷത്തിനൊ അതിരില്ലല്ലോ. തങ്ങൾക്കു ഇനി കാണ്മാൻ ഭാഗ്യമില്ലെന്നു മിക്കവാറും വിചാരിച്ചിരുന്ന ഈ

പുത്രനെ പൂർവാധികമായ സ്ഥാനമാനങ്ങളോടുകൂടി കണ്ടപ്പോൾ ആ ഭാഗ്യവാന്മാർക്കുണ്ടായ മനോവികാരം എന്തെല്ലാമായിരുന്നിരിക്കാം. കന്നി 8-ാം തീയതി പെരുന്നാൾ ദിവസം നമ്മുടെ കഥാനായകൻ ആർത്താറ്റു പള്ളിയിൽ കുറുബാന ചൊല്ലുകയും പാത്രിയർക്കീസുബാവായുടെ സ്താത്തിക്കോൻ (അധികാരപത്രം) ജനങ്ങളെ വായിച്ചു കേൾപ്പിക്കുകയും ചെയ്തു. മൂസലിൽ വെച്ചുണ്ടായ മാതിരി പുതിയ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ ഇവിടെയും കസേരയിലെടുത്തു പ്രദക്ഷണമുണ്ടായി.

തുലാം 20-ാം തീയതി കുന്നംകുളങ്ങരെ നിന്നു കൊച്ചീക്കു തിരിച്ചു പോന്നു. കൈമുത്തു വകയിൽ കുന്നംകുളങ്ങരെ നിന്നു കിട്ടിയ പണം കൊണ്ടു മലയാളം നമസ്ക്കാരപ്പുസ്തകം അച്ചടിപ്പിക്കാൻ വെസ്റ്റൺസ്റ്റാർ ആപ്പീസിൽ ഏല്പിച്ചു. ഉടനെ കോനാട്ടു യോഹന്നാൽ മല്പാൻ മുതൽ പേരു വന്നു ക്ഷണിച്ചതനുസരിച്ചു പാമ്പാക്കുടെക്കു പുറപ്പെട്ടു. ഇടയ്ക്കു മാമ്മലശ്ശേരിപ്പള്ളിയിൽ കേറി അവിടെ അനേകനാൾ മുമ്പു ആരംഭിച്ച ഒരു വഴക്കു നിമിത്തം തുറക്കാതെ കിടന്നിരുന്ന മേംപൂട്ടു തുറപ്പിക്കുകയും വഴക്കു തീർക്കുകയും ചെയ്തു.[1] പാമ്പാക്കുടെ പല പള്ളിക്കാരെയും വിളിച്ചുകൂട്ടുകയും മാർ അത്താനാസിയോസിനെ സുറിയാനിക്കാർ അനുസരിച്ചു നടക്കണമെന്നുണ്ടായിട്ടുള്ള തിരുവെഴുത്തു വിളംബരത്തെ പിൻവലിക്കണമെന്നു ഒരു ഹർജി ബോധിപ്പിക്കേണ്ട കാര്യത്തെക്കുറിച്ചു ആലോചിക്കുകയും ചെയ്തു. കൊച്ചിയിൽ തിരിയെ വന്നതിന്റെ ശേഷം വക്കീൽ മിസ്റ്റർ വാക്കറിനെ തന്റെ പ്രതിനിധിയായി നിശ്ചയിച്ചു ഹർജിയോടു കൂടി തിരുവനന്തപുരത്തേക്കു അയച്ചു. മിസ്റ്റർ വാക്കറുമായി കണ്ടു സംസാരിക്കുകയും ഹർജി വായിക്കുകയും ചെയ്തതിന്റെ ശേഷം ദിവാൻ മാധവരായരവർകൾ നമ്മുടെ കഥാനായകന്നു അയച്ച മറുപടിയിൽ സുറിയാനിസഭയിൽ ഉണ്ടായിരിക്കുന്ന ഭിന്നതയെക്കുറിച്ചു താൻ ദുഃഖിക്കുന്നു എന്നും ഹർജിക്കു തീർച്ച കല്പിക്കുന്നതിനു മുമ്പു മെത്രാപ്പോലീത്തായുമായി ഒരു അഭിമുഖ സംഭാഷണത്തിനു താൻ ആഗ്രഹിക്കുന്നു എന്നും പ്രസ്താവിച്ചിരുന്നു.

ഉടനെ നമ്മുടെ കഥാനായകൻ തിരുവനന്തപുരത്തേക്കു പുറപ്പെട്ടു. വഴിമദ്ധ്യേ തെക്കുള്ള ചില പള്ളികളിൽ കേറുകയും പള്ളിക്കാർ വളരെ സന്തോഷത്തോടെ ആദരിക്കുകയും ചെയ്തു. ദിവാൻജിയെ കണ്ടു സംസാരിച്ചതിൽ അദ്ദേഹത്തിനു വളരെ സന്തോഷമാകയും പാത്രിയർക്കീസു ബാവാ നമ്മുടെ കഥാനായകനു കൊടുത്തിട്ടുള്ള സ്താത്തിക്കോനിൽ ബ്രിട്ടീഷ് കോൺസൽ അടയാളം വെച്ചിരിക്കുന്നതു ശരിയാണെന്നു ബ്രിട്ടീഷ് റെസിഡെണ്ടു സാക്ഷിപ്പെടുത്തിയാൽ തന്നെ മലങ്കര മെത്രാപ്പോലീത്തായായി അംഗീകരിക്കുന്നതിന് ഗവൺമെന്റു തയ്യാറാണെന്നു

പറയുകയും ചെയ്ക മാത്രമല്ല അദ്ദേഹം റെസിഡെണ്ടിനു ഒരു പരിചയ ക്കത്തു കൊടുക്കുകയും ചെയ്തു.

റെസിഡെണ്ടു അന്നു കന്യാകുമാരിയിൽ ആയിരുന്നതിനാൽ നമ്മുടെ കഥാനായകൻ അവിടെപ്പോയി അദ്ദേഹത്തെ കണ്ടു. ഇക്കാര്യത്തെക്കു റിച്ചു വേണ്ടവിധം ആലോചിച്ചു താമസിയാതെ തീരുമാനിക്കാമെന്നു റെസിഡെണ്ടു പറഞ്ഞു. എങ്കിലും ഒരു കൊല്ലത്തോളം യാതൊരു തീരു മാനവും ഉണ്ടായില്ല. അതു കഴിഞ്ഞപ്പോൾ ആ റെസിഡെണ്ടു (മിസ്റ്റർ ഹെന്റി ന്യൂവൽ) മാറിപ്പോകയും ചെയ്തു. ഇതിന്റെ ശേഷം റെസിഡെ ണ്ടിനും ദിവാൻജിക്കും ഇടവിടാതെ ഹർജികൾ അയച്ചുകൊണ്ടിരുന്നു. ദിവാൻജിയുടെ പക്കൽ നിന്നു ഒടുവിൽ കിട്ടിയ ഒരു മറുപടിയിൽ ഏതെ ങ്കിലും ഒരു പള്ളിയെക്കുറിച്ചു സിവിൾ വ്യവഹാരം നടത്തേണ്ടതാ ണെന്നും അതു ഗുണമായി അവസാനിച്ചാൽ മറ്റു പള്ളികളും നടത്തിച്ചു തരാമെന്നും പ്രസ്താവിച്ചിരുന്നു.

മാർ അത്താനാസ്യോസിനു അനുകൂലമായി വിളംബരം പ്രബലപ്പെ ട്ടിരിക്കുന്ന കാലത്തോളം സിവിൾ വ്യവഹാരം കൊണ്ടു ഗുണമില്ലെന്നു നിശ്ചയിച്ച നമ്മുടെ കഥാനായകൻ 1043-ൽ മദിരാശിയിൽ പോയി ബാരി സ്റ്റർ മോയൻ സായിപ്പിനെക്കൊണ്ടു ഒരു ഹർജി തയ്യാറാക്കിച്ചു ഗവർണ്ണർ സായ്പിനു കൊടുത്തു. മാർ അത്താനാസിയോസിനെ അന്തോക്യാ പാത്രി യർക്കീസു ബാവാ സ്ഥാനഭ്രഷ്ടനാക്കിയിരിക്കുന്നതിനാൽ അദ്ദേഹത്തിനു (മാർ അത്താനാസിയോസിനു) മലങ്കര സുറിയാനിസഭയുടെ മേൽ യാതൊരധികാരവുമില്ലെന്നും സുറിയാനിക്കാർ മാർ അത്താനാസ്യോ സിനെ അനുസരിച്ചു നടന്നുകൊള്ളണമെന്നു തിരുവിതാംകൂർ ഗവർ മ്മെണ്ടു വിളംബരം പ്രസിദ്ധപ്പെടുത്തി പ്രജകളുടെ മതസ്വാതന്ത്ര്യത്തെ തടഞ്ഞിരിക്കുന്നതു അനീതിയാണെന്നും ഏറിയകൂറു സുറിയാനിക്കാർ ഏതു ഭാഗത്തു ചേരുന്നുവോ ആ ഭാഗത്തേക്കു ഗുണമായി വിധിക്കു ന്നതു തനിക്കു സമ്മതമാണെന്നു മറ്റും വളരെ യുക്തമായി ആ ഹർജി യിൽ പ്രസ്താവിച്ചിരുന്നു എങ്കിലും മദിരാശി ഗവർമ്മെണ്ടു ഇതിൽ ഏർ പ്പെടുന്നതല്ലെന്നും തിരുവിതാംകൂർ ദിവാൻജിയുടെ ഉപദേശപ്രകാരം പ്രവ ർത്തിച്ചുകൊള്ളണമെന്നും ആയിരുന്നു മറുപടിയുണ്ടായത്. ഇതിങ്കൽ സ്വഭാവികമായി ഉണ്ടാകാവുന്ന വലിയ ഇച്ഛാഭംഗത്തോടുകൂടി നമ്മുടെ കഥാനായകൻ സ്വദേശത്തേക്കു മടങ്ങുകയും ചെയ്തു.

ഇങ്ങനെ ന്യായമായ അവകാശത്തെ സ്ഥാപിക്കാനായി നമ്മുടെ കഥാ നായകൻ അങ്ങുമിങ്ങും നടന്നുകോണ്ടിരുന്നു എങ്കിലും ഇതിനിടയ്ക്കു പ്രയോജനകരങ്ങളായ വേറെ ചില ഏർപ്പാടുകൾ ചെയ്യാതിരുന്നില്ല. 1045-ൽ സെന്തോമ്മാസ് എന്നു പേരായി ഒരച്ചുകൂട്ടം തനതുവകയായി കൊച്ചിയിൽ സ്ഥാപിക്കുകയും[2] അതിൽ നിന്നു സുറിയാനിക്കാർക്കു

ആവശ്യമുള്ള മതവിഷയ പ്രതിപാദകങ്ങളായ പുസ്തകങ്ങൾ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുകയും ചെയ്തു എന്നു മാത്രമല്ല, 'കേരളപതാക' എന്നു പേരായി ഒരു വൃത്താന്തപത്രവും നടത്തിവന്നു[3] (ഈ പത്രം പിന്നീട് 'പശ്ചിമതാരക'യെന്നു പേരായ വേറൊരു പത്രത്തിൽ ലയിക്കുകയും ഒടുവിൽ രണ്ടും കൂടി നാമാവശേഷമാകയും ചെയ്തു).

നമ്മുടെ കഥാനായകനു മെത്രാൻസ്ഥാനം കൊടുത്ത യാക്കോബു പാത്രിയർക്കീസു ബാവാ 1046 കുംഭത്തിൽ കാലഗതിയെ പ്രാപിച്ചു. ഇതിനെ സംബന്ധിച്ചു വന്നിരുന്ന കമ്പിയിൽ പുതിയ പാത്രിയർക്കീസിനെ തെരഞ്ഞെടുക്കുന്നതിനുള്ള ആലോചനയിൽ സംബന്ധിക്കാനായി മറ്റു മെത്രാന്മാരെപ്പോലെ മലങ്കര മാർ ദീവന്നാസ്യോസു[4] ചെന്നു ചേരണമെന്നു കൂടി പ്രസ്താവിച്ചിരുന്നു. ഇതിനു നിവൃത്തിയില്ലെന്നു വ്യസനപൂർവ്വം മറുപടി കൊടുത്തു.

നമ്മുടെ കഥാനായകൻ പിന്നീടു ശ്രമിച്ചതു തെക്കേ ദിക്കിൽ ഒരു പൊതുസ്ഥലം ഉണ്ടാക്കുന്നതിനായിരുന്നു. പള്ളികൾ മിക്കതും അന്യാധീനപ്പെട്ടിരിക്കുന്നതു വീണ്ടെടുക്കുന്നതിനു അതുകളുടെ മദ്ധ്യസ്ഥാനത്തു ഒരു വിശ്രമസ്ഥലം ഇല്ലാഞ്ഞാൽ പ്രയാസമാണെന്നുള്ള വിചാരത്തോടു കൂടി അദ്ദേഹത്തിന്റെ സ്വാധീനതയിലിരുന്നിരുന്ന മാവേലിക്കര പുത്തൻ പള്ളിയോടു ചേർത്തു ഒരു കെട്ടിടം പണിയിച്ചു എങ്കിലും അതു പൊതുവകയ്ക്കു വിട്ടുകൊടുക്കാൻ ആ പള്ളിക്കാർ മടി കാണിച്ചതിനാൽ ഒടുവിൽ ഉപേക്ഷിക്കേണ്ടി വന്നു.[5]

ഉടനെ പരുമല സിമ്മനാരി സ്ഥാപിക്കാനുള്ള ആലോചനയായി. പരുമല എല്ലാംകൊണ്ടും നല്ല സൌകര്യമുള്ള ഒരു സ്ഥലമാണു. ഇതിന്റെ സമീപമായി അന്നു തന്നെ ഉദ്ദേശം 25 പള്ളികളോളമുണ്ടായിരുന്നു. സ്ഥലം വിലയ്ക്കു വാങ്ങുന്നതിനാണു ആലോചന നടത്തിയതു എങ്കിലും ഉദാരബുദ്ധിയായ അതിന്റെ ഉടമസ്ഥൻ അരികുപുറത്തു മാത്തൻ എന്ന ആൾ ദാനമായി കൊടുത്തു. നിനച്ചിരിയാത്ത ഈ ഉപകാരം കണ്ടപ്പോൾ നമ്മുടെ കഥാനായകൻ ഹർഷാശ്രുക്കൾ പൊഴിച്ചു. 1047-ൽ ഈ സ്ഥലത്തു ഒരു ചെറിയ കെട്ടിടം പണിയിച്ചു അതിൽ താമസിക്കാൻ തുടങ്ങി. തെക്കേ ദിക്കിലുള്ള ചില ശെമ്മാശന്മാരെ വരുത്തി ചുരുങ്ങിയ മട്ടിൽ സുറിയാനി പഠിപ്പും ആരംഭിച്ചു.[6] പരുമലവാസം കൊണ്ടു തെക്കേ ദിക്കിൽ വച്ചു പ്രധാനപ്പെട്ട ഇടവകയായ നിരണത്തു നമ്മുടെ കഥാനായകനു കുറേ കക്ഷിയുണ്ടായി. പിന്നാലെ ഇതിനു ചുറ്റുമുള്ള എട്ടു പത്തു പള്ളികൾ സ്വാധീനപ്പെടുകയും ചെയ്തു.

പരുമലെയിരുന്നു പഠിപ്പു നടത്തുന്നതിനും മറ്റു പല വിധത്തിലും തന്നെ സഹായിക്കുന്നതിനുമായി ഒരു റമ്പാനെ വാഴിക്കണമെന്നാണു

നമ്മുടെ കഥാനായകനു പിന്നീടു തോന്നിയത്. ആരാണ് വേണ്ടതെന്നു തന്നെത്താൻ ആലോചിച്ചതിൽ അന്നു കത്തനാരായിരുന്ന ഇപ്പോഴത്തെ നിരണം ഇടവകയുടെ മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്താ അവർകളുടെ പേരാണു ഒന്നാമതായി തോന്നിയതു. ഉടനേ മുളന്തുരുത്തിയിൽ എത്തി ജനങ്ങളുമായി ആലോചിച്ചതിൽ എല്ലാവർക്കും വളരെ സന്തോഷവും തൃപ്തിയുമാകയും അങ്ങനെ 1047 മീന മാസത്തിൽ ചാത്തുരുത്തി ഗീവറുഗീസു കത്തനാരെ റമ്പാനാക്കുകയും ചെയ്തു.[7]

ഈ വക പ്രവൃത്തികൾ കൊണ്ടൊന്നും തന്റെ ന്യായമായ അധികാരലാഭം ഉണ്ടാകുന്നതല്ലെന്നും ഏതദ്ദേശ്യരാജ്യങ്ങൾ മാത്രമല്ല, ബ്രിട്ടീഷു ഗവർമ്മെണ്ടു കൂടി തന്റെ ആവലാധികളെ അഗണ്യമാക്കിയിരുന്നതിനാൽ പാത്രിയർക്കീസു ബാവായെ മലയാളത്തു വരുത്താതെ കാര്യമൊന്നും ശുഭമാകയില്ലെന്നും നമ്മുടെ കഥാനായകനു തോന്നിത്തുടങ്ങി. ഉത്സാഹിയായ ഒരാളുടെ വിചാരത്തിനും തൽഫലമായ പ്രവൃത്തിക്കും മദ്ധ്യേ അധിക കാലതാമസം വരുന്നതല്ലല്ലൊ. അദ്ദേഹം തന്റെ കീഴുള്ള പള്ളിക്കാരെ എല്ലാം 1048 ചിങ്ങത്തിൽ പരുമലെ വിളിച്ചുകൂട്ടി ഇക്കാര്യത്തെക്കുറിച്ചു പ്രസംഗിക്കുകയും എല്ലാവരുടേയും അഭിപ്രായം ആവശ്യപ്പെടുകയും ചെയ്തു.[8] മാർ കൂറിലോസു ഇക്കാലങ്ങളിൽ രോഗാതുരനായിരിക്കയായിരുന്നു എങ്കിലും അദ്ദേഹം തന്റെ സാന്നിദ്ധ്യത്താൽ സഭയ്ക്കു ധൈര്യം കൊടുത്തിരുന്നു. പാത്രിയർക്കീസു ബാവായെ വരുത്തണമെന്നുള്ള നമ്മുടെ കഥാനായകന്റെ അഭിപ്രായത്തോടു എല്ലാവരും ഐക്യകണ്ഠ്യേന യോജിക്കുകയും വിവരത്തിനു ബാവായ്ക്കു ഹർജി തയ്യാറാക്കി എല്ലാവരും ഒപ്പിട്ടയക്കുകയും ചെയ്തു.[9] അന്തോക്യയിൽ നിന്നു മെത്രാപ്പോലീത്തന്മാരെ അയക്കുന്നതിനു മലങ്കര സുറിയാനിക്കാർ ഇതിനു മുമ്പു പലപ്പോഴും അന്തോക്യ സിംഹാസനത്തിങ്കൽ അപേക്ഷിച്ചിട്ടുള്ളതാണെങ്കിലും ആ സിംഹാസനത്തെ അലങ്കരിക്കുന്ന ആൾ തന്നെ പുറപ്പെടണമെന്നു ഇതുവരെ അപേക്ഷിക്കാൻ സന്ദർഭം ഉണ്ടായിട്ടില്ല. സുറിയായിലെ മതാദ്ധ്യക്ഷന്മാർ പലപ്പോഴും അനപേക്ഷിതമായിട്ടു കൂടി മലങ്കരസഭയ്ക്കു വേണ്ടി കഷ്ടപ്പെടുന്നതിനും മരിക്കുന്നതിനും തയ്യാറായിട്ടുള്ളതുകൊണ്ടാണു പ്രഥമദൃഷ്ടത്തിൽ അനാദരസൂചകമായ ഈ അപേക്ഷയയ്ക്കാൻ നമ്മുടെ കഥാനായകനും ജനങ്ങൾക്കും ധൈര്യം വന്നത്.

ഇങ്ങനെയിരിക്കെ നമ്മുടെ കഥാനായകനെ വ്യസനിപ്പിക്കത്തക്ക ഒരു സംഭവമുണ്ടായി. മാർ മാത്യൂസ് അത്താനാസിയോസിന്റെ അധികാരത്തെ എതൃത്തു നിന്നിട്ടുള്ളവയിൽ ഒന്നായിരുന്നു കുന്നത്തുനാട്ടു താലൂക്കിൽ ചേർന്ന പള്ളിക്കരപ്പള്ളി. നമ്മുടെ കഥാനായകൻ അന്തോക്യായിൽ നിന്നു തിരിച്ചുവരുന്നതു വരെ ഈ പള്ളി മാർ കൂറിലോസിന്റെ കീഴായിരുന്നു.

നമ്മുടെ കഥാനായകനെ അനുസരിച്ചു നടന്നുകൊള്ളാമെന്നു ഈ പള്ളിക്കാർ അദ്ദേഹത്തിനു ഒരു ഉടമ്പടി റെജിസ്തരാക്കി കൊടുത്തു. അദ്ദേഹത്തിന്റെ സ്ഥാനാധികാരങ്ങളെ അവിതർക്കിതമാകുംവണ്ണം സ്വീകരിക്കുകയും ചെയ്തിരുന്നു. ഇങ്ങനെയിരിക്കെ ഈ പള്ളിയിലെ ജനങ്ങൾ തമ്മിൽ സംഗതിവശാൽ ഒരു മത്സരം ഉണ്ടായി. ഒരു കക്ഷി മാർ അത്താനാസ്യോസിനെ പള്ളിയിലേക്കു ക്ഷണിച്ചു വരുത്താൻ തീർച്ചയാക്കി. തിരുവിതാംകോട്ടെ സുറിയാനിപ്പള്ളികളൊക്കെ മാർ അത്താനാസിയോസിന്റെ കീഴായിരിക്കണമെന്നു വിളംബരം ഉണ്ടായിരുന്നു എങ്കിലും ഒരു പള്ളിക്കാർ മുഴുവനും ചേർന്നു ചെയ്ത ഒരു റെജിസ്തർ ഉടമ്പടിക്കു ന്യായദൃഷ്ട്യാ ഈ വിളംബരത്തിലധികം ബലമുണ്ടെന്നുള്ളതിനു സംശയമില്ലല്ലൊ. ഈ സ്ഥിതിക്കു ഉടമ്പടിയുടെ ശേഷമുണ്ടായ രണ്ടു കക്ഷികളിൽ ഒരു കക്ഷി ചെയ്ത അപേക്ഷയെ സ്വീകരിക്കുന്നതിനു മാർ അത്താനാസ്യോസിനു കാര്യമുണ്ടായിരുന്നില്ല. എങ്കിലും അദ്ദേഹം പള്ളിക്കരയ്ക്കു പുറപ്പെടാമെന്നു തന്നെയാണു തീർച്ചയാക്കിയതു. നമ്മുടെ കഥാനായകൻ ഈ പള്ളിയിൽ താമസിക്കുന്ന വിവരം അറിഞ്ഞിട്ടും അദ്ദേഹം കൂട്ടാക്കിയില്ല. ഈ പള്ളിയിൽ പൂർണ്ണ സ്വാതന്ത്ര്യമുള്ള നമ്മുടെ കഥാനായകൻ മാർ അത്താനാസിയോസിന്റെ പുറപ്പാടിനെക്കുറിച്ചു കേട്ടപ്പോൾ സഹജമായ സമാധാനതല്പരതയോടു കൂടി പള്ളിക്കരപ്പള്ളിയിൽ നിന്നു കൊച്ചിയിലേക്കു പൊയ്ക്കളഞ്ഞു.[10]

മാർ അത്താനാസിയോസിന്റെ വരവു വളരെ കോലാഹലത്തോടു കൂടിയായിരുന്നു. താൻ പള്ളിക്കരയ്ക്കു വടക്കുവശമുള്ള കഴക്കമ്പലത്തു റോമ്മാപ്പള്ളിക്കടവിൽ വന്നടുക്കുന്നതാണെന്നു ഇദ്ദേഹം തന്റെ കക്ഷിക്കാർക്കു കല്പനയയച്ചു. ഈ കടവു പള്ളിയിൽ നിന്നു ഒരു നാഴികയിലധികം ദൂരത്താണ്. പള്ളിക്കു സമീപമുള്ള കടവിൽ അടുത്താൽ തന്റെ എതിരേൽപ്പു അത്ര കോലാഹലമാക്കാൻ തരമില്ലല്ലൊ. എതിരേൽപ്പു വകയ്ക്കു ഇരുനൂറിലധികം കൊടികൾ മാർ അത്താനാസിയോസ് തന്നെ കാലേക്കൂട്ടി ഉണ്ടാക്കിച്ചു പള്ളിക്കരെ അയച്ചിരുന്നു. അകമ്പടിക്കു രണ്ടു ആനകളെ കൂടി ശട്ടം കെട്ടിയുമിരുന്നു. പല്ലക്കു, ആന്തോളം, മേനാവു മുതലായ വാഹനങ്ങളും 70-ൽ അധികം പെട്ടികളും പത്തുപന്ത്രണ്ടു പേർക്കു എടുപ്പതു കണക്കു ചുരുണകളും മറ്റനേകം സാമാനങ്ങളും ഉണ്ടായിരുന്നു. ഇത്ര വലിയ ഒരു ഘോഷയാത്രാസുഖം അനുഭവിക്കുന്നതിനു മാർ അത്താനാസിയോസിന്നു ഇതിനു മുൻപോ പിൻപോ സംഗതി വന്നിട്ടുണ്ടെന്നു തോന്നുന്നില്ല. ഇങ്ങനെ 1041 ധനു 21-നു ഇദ്ദേഹം പള്ളിക്കരയിൽ എത്തി. ഇതിനിടയ്ക്കു മാർ അത്താനാസിയോസിന്റെ അക്രമമായ പ്രവേശനത്തെക്കുറിച്ചു ആ പള്ളിക്കാരുടെ ഹർജിയും റെജിസത്ര് ഉടമ്പടിയുടെ പകർപ്പോടുകൂടി തന്റെ ഒരെഴുത്തും നമ്മുടെ

കഥാനായകൻ ചേർത്തല പേഷ്ക്കാർക്കു അയച്ചു (തിരുവിതാംകൂറിന്റെ വടക്കേ ഡിവിഷ്യന്റെ തലസ്ഥാനം അന്നു ചേർത്തലയായിരുന്നു). മാർ അത്താനാസ്യോസു പള്ളിയിൽ പ്രവേശിക്കുന്നതിനെ തടയുന്നതിനു പേഷ്കാർ കുന്നത്തുനാട്ടു മജിസ്ട്രേട്ടിനു കല്പന കൊടുത്തു. എങ്കിലും മജിസ്ട്രേട്ടു സ്ഥലത്തെത്തുന്നതിനു മുമ്പു മാർ അത്താനാസിയോസു പള്ളിയിൽ പ്രവേശിച്ചു കഴിഞ്ഞു. മാർ അത്താനാസിയോസ് മുഖാന്തിരം യാതൊരു സമാധാന ലംഘനവും ഉണ്ടാകാതിരിക്കുന്നതിനും മേംപൂട്ടു മുറികൾ മുതലായവ അദ്ദേഹം തുറക്കാതിരിക്കുന്നതിനും വേണ്ട ഏർപ്പാടുകൾ ചെയ്തതിന്റെ ശേഷം മജിസ്ട്രേട്ടു കുന്നത്തുനാട്ടേക്കു മടങ്ങി. മജിസ്ട്രേട്ടു ഇങ്ങനെ ചില തടസ്ഥങ്ങൾ ചെയ്തതിൽ വെച്ചു തന്റെ അഭീഷ്ടങ്ങൾ സാധിക്കാത്തതിനാൽ പള്ളിയുടെ കൈവശത്തെക്കുറിച്ചു ആ മജിസ്ട്രേട്ടിന്റെ മുമ്പാകെ ഒരു സമരി വിചാരണയ്ക്കു മാർ അത്താനാസിയോസു ഹർജി കൊടുക്കുകയും കേമമായി വിചാരണ നടത്തുകയും ചെയ്തു എങ്കിലും പള്ളിയുടെ മേലധികാരി മാർ ദീവന്നാസിയോസാണെന്നും മാർ അത്താനാസിയോസിന്റെ പ്രവേശനം ന്യായരഹിതമാണെന്നും പള്ളിയും സ്വത്തുക്കളും കീഴ്നടപ്പും റെജിസ്തർ ഉടമ്പടി നിശ്ചയവും പ്രകാരം മാർ ദീവന്നാസ്യോസിന്റെയും അദ്ദേഹത്തിന്റെ കക്ഷിയുടേയും അധീനതയിൽ ഇരിക്കേണ്ടതാണെന്നും വിധിയുണ്ടായി.

ഈ വിധിയിന്മേൽ മാർ അത്താനാസ്യോസു ചേർത്തല പേഷ്ക്കാരുടെ മുമ്പാകെ അപ്പീൽ ബോധിപ്പിക്കുകയും കേമന്മാരായ വക്കീലന്മാരെ ഏർപ്പെടുത്തി വിസ്താരം നടത്തുകയും ചെയ്തു എങ്കിലും പേഷ്ക്കാർ കീഴ്കോടതി വിധിയെ സ്ഥിരപ്പെടുത്തുകയാണു ചെയ്തത്. പിന്നീടു മാർ അത്താനാസിയോസു നമ്മുടെ കഥാനായകന്റെ കക്ഷിയിൽ നിന്നിരുന്ന ഒന്നു രണ്ടു പേരുടെ കൈവശമായിരുന്ന പള്ളിവക വസ്തുക്കൾ ഒഴിച്ചു കിട്ടുന്നതിനു പറവൂർ ജില്ലാകോടതിയിൽ ഫയലാക്കിയ അന്യായവും തള്ളിപ്പോയി. ഇതിന്റെയൊക്കെ തീരുമാനം കാണുന്നതിനു മാർ അത്താനാസ്യോസ് പള്ളിക്കരപ്പള്ളിയിൽ തന്നെ ഒരു വർഷത്തോളം താമസിച്ചു. സിവിൾ വ്യവഹാരവും ദോഷമായി എന്നറിഞ്ഞതിന്റെ ശേഷം ഒരു ദിവസം രാത്രി അദ്ദേഹം യാതൊരു കോലാഹലവും കൂടാതെയും വിശേഷിച്ചാരും അറിയാതെയും പള്ളിക്കരപ്പള്ളിയിൽ നിന്നു പൊയ്ക്കളയുകയും ചെയ്തു.[11]

ഈ അദ്ധ്യായം അവസാനിപ്പിക്കുന്നതിനു മുമ്പു നമ്മുടെ കഥാനായകൻ 1040-മാണ്ടു മുതൽ 1050-മാണ്ടു വരെ സ്ഥാപിച്ചിട്ടുള്ള ദേവാലയങ്ങളെക്കുറിച്ചു കൂടി രണ്ടു വാക്കു പറഞ്ഞുകൊള്ളുന്നു. പരുമല സിമ്മനാരി കൂടാതെ കരുവാറ്റ, കാട്ടൂരു, അയിരൂർ, പുത്തൻകാവു, ഓണക്കൂർ, ചേലാട്ടു, കണ്യാട്ടുനിരപ്പു, മഴുവന്നൂർ, നെല്ലിക്കൽ, മാറാട്ടിൽ, കുണ്ടറ,

കൊടച്ചനാടു, വേങ്ങൂർ, മഞ്ഞപ്ര, അല്ലപ്ര, തിരുവാങ്കുളം, ചാലശ്ശേരി എന്നീ പതിനേഴു സ്ഥലങ്ങളിൽ പുതിയ പള്ളികൾ ഈ പത്തു കൊല്ല ത്തിനകം ഉണ്ടായി.[12] ഇവയിൽ മിക്ക സ്ഥലങ്ങളിലും പള്ളികൾ ഉണ്ടാ കാനുള്ള കാരണം, മാർ അത്താനാസിയോസിനെ അനുസരിക്കാത്തവർ വേറെ പള്ളി സ്ഥാപിച്ചു പിരിഞ്ഞുപൊയ്ക്കൊള്ളണമെന്നുണ്ടായ തിരു വിതാംകൂർ ഗവർമ്മെണ്ടു സർക്കുലരുത്തരവാണ്.

ഇക്കഴിഞ്ഞ പത്തു കൊല്ലത്തെക്കുറിച്ചു ആലോചിക്കുന്നവർക്കു നമ്മുടെ കഥാനായകന്റെ മനശ്ശരീരങ്ങൾക്കു ഇക്കാലങ്ങളിൽ ഉണ്ടായി ട്ടുള്ള കഷ്ടപ്പാടുകളേയും, വേദനകളേയും പറ്റി ഏകദേശമായിട്ടെങ്കിലും മനസ്സിലാകാതിരിക്കയില്ല. മാർ അത്താനാസ്യോസു അന്തോക്യ പാത്രി യർക്കീസു ബാവായാൽ സ്ഥാനഭ്രഷ്ടനാക്കപ്പെട്ട ആൾ, താനോ മാർ അത്താനാസിയോസിന്റെ അനുഗാമിയായി ആ പാത്രിയർക്കീസിനാൽ തന്നെ നിയമിക്കപ്പെട്ട ആൾ. മാർ അത്താനാസ്യോസു മുറയ്ക്കു അധി കാരം നടത്തുന്നു. ഇതിനെ തടയുന്നതിനും തന്റെ ന്യായമായ അവകാ ശത്തെ സ്ഥാപിക്കുന്നതിനും ഈ പത്തു കൊല്ലത്തിനകം ഇടവിടാതെ ചെയ്തുകൊണ്ടിരുന്ന പ്രയത്നങ്ങൾ എല്ലാം പ്രായേണ നിഷ്ഫലങ്ങ ളായി പോയിരുന്നു. ഒരു മനുഷ്യനെ നിലയില്ലാത്ത നിരാശാകൂപത്തിൽ തള്ളിയിടുന്നതിനു ഇതിലധികം എന്താണു വേണ്ടതു? സുറിയാനിജന ങ്ങൾ മിക്കവാറും മനസ്സുകൊണ്ടു നമ്മുടെ കഥാനായകനെ സ്നേഹി ക്കുകയും അദ്ദേഹത്തിന്റെ അധികാരത്തെ ആദരിക്കുകയും ചെയ്തി രുന്നു എങ്കിലും ഏറിയകാലമായി തങ്ങൾ സത്യദൈവാരാധനയ്ക്കു ഉപ യോഗിച്ചു പോരുന്നവയും തങ്ങളുടെ പൂർവ്വന്മാർ നിത്യനിദ്രയെ പ്രാപിച്ചു സംസ്ക്കരിക്കപ്പെട്ടു കിടക്കുന്നവയുമായ പള്ളികളെ ഉപേക്ഷിക്കുന്നതിനു പലർക്കും വൈമനസ്യം ഉണ്ടാകുന്നതു സ്വാഭാവികമാകയാൽ അവരിൽ ഒരു ഗണ്യമായ ഭാഗം പുത്തൻപള്ളി സ്ഥാപിക്കാൻ ഉത്സാഹിക്കാത്ത തിൽ ആശ്ചര്യപ്പെടാനില്ല. നേരെ മറിച്ചു തൊട്ടതിലൊക്കെ തോറ്റും സാക്ഷാൽ ദൈവത്തിങ്കൽ നിന്നുള്ളതല്ലാതെ യാതൊരധികാരവും ഇല്ലാ തെയും നടന്ന പത്തു കൊല്ലക്കാലം കൊണ്ടു മേൽ പറഞ്ഞെടത്തോളം പുതിയ പള്ളികൾ സ്ഥാപിക്കാൻ ഇദ്ദേഹത്തിനു കഴിഞ്ഞതിനെക്കുറിച്ചു വളരെ അത്ഭുതപ്പെടാനുണ്ട് താനും.


1. മേല്പട്ടസ്ഥാനമേറ്റ് മലങ്കരയിലെത്തിയ 1865 മുതൽ മലങ്കര മെത്രാപ്പോ ലീത്താ എന്ന നിലയിൽ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് പ്രവർത്തനനിരത നായി. അദ്ദേഹത്തെ മേല്പട്ടക്കാരനായി വാഴിച്ചത് മലങ്കര മെത്രാപ്പോലീത്താ എന്ന സ്ഥാനനാമം പ്രഖ്യാപിച്ചുകൊണ്ടാണ്. സുസ്താത്തിക്കോനിൽ പട്ടംകൊട സാക്ഷ്യ പ്പെടുത്തിയ സ്തേപ്പാനോസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായും ഗീവ റുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും അദ്ദേഹത്തെ യഥാക്രമം




പത്രോസ് തൃതീയൻ പാത്രിയർക്കീസ്



അബ്ദുള്ളാ പാത്രിയർക്കീസ്



ചേപ്പാട്ട് മാർ ദീവന്നാസ്യോസ്




പ. ബസേലിയോസ് പൗലൂസ് പ്രഥമൻ
മുറിമറ്റത്തിൽ



പാലക്കുന്നത്ത്
മാത്യൂസ് മാർ
അത്താനാസ്യോസ്
(ഇടത്)

കടവിൽ
പൗലോസ് മാർ
അത്താനാ
സ്യോസ്



'മലയാളത്തിന്റെ മെത്രാപ്പോലീത്താ' എന്നും 'ഇന്ത്യയുടെ മെത്രാപ്പോലീത്താ' എന്നും മൂസലിലെ ഗീവറുഗീസ് കൂറിലോസ് 'ഇന്ത്യയുടെ അല്ലെങ്കിൽ മലബാറിന്റെ മെത്രാപ്പോലീത്താ' എന്നും വിശേഷിപ്പിച്ചിരിക്കുന്നു. 1865-ലെ ഈ രേഖകൾ നമ്മുടെ മുമ്പിലുണ്ടായിരിക്കേ അദ്ദേഹം 1876 മുതലേ മലങ്കര മെത്രാപ്പോലീത്താ ആവുന്നുള്ളൂ എന്ന് മലങ്കരസഭയുടെ ഔദ്യോഗികവും പ്രാമാണികവും ആയ (?) ചില സ്ഥാനങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത് തിരുത്തപ്പെടേണ്ടതല്ലേ?

2. കുന്നംകുളത്ത് 1860-കളിൽ സ്ഥാപിതമായ 'പുലിക്കോട്ടിൽ കത്തനാഴ്സ് പ്രസ്' ആണ് അദ്ദേഹം മെത്രാൻപട്ടം ഏറ്റ് കൊച്ചിയിൽ പ്രവർത്തനം ആരംഭിച്ചപ്പോൾ "സെന്റ് തോമസ് പ്രസ്" എന്ന പേരിൽ കൊച്ചിയിൽ ആരംഭിച്ചത്.

3. നാഗരികത വർദ്ധിക്കുക എന്നതാണ് 'കേരളപതാക'യുടെ ലക്ഷ്യം എന്ന് കണ്ടനാട് ഗ്രന്ഥവരിയിൽ കാണുന്നു. കേരളം എന്ന ദേശനാമം അന്ന് നിലവിലില്ല. ദീർഘദൃഷ്ടിയോടെ തന്റെ ദ്വൈവാരികയ്ക്ക് അദ്ദേഹം 'കേരളം' ചേർന്ന പേർ ഇടുകയായിരുന്നു.

4. 1872-ലെ പാത്രിയർക്കാ തെരഞ്ഞെടുപ്പിൽ സംബന്ധിക്കുവാൻ മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ ക്ഷണം ലഭിച്ചത് പാലക്കുന്നത്ത് മെത്രാച്ചനോ യൂയാക്കീം കൂറിലോസ് മെത്രാച്ചനോ അല്ല, പ്രത്യുത പുലിക്കോട്ടിൽ മെത്രാച്ചന് ആണ്. അന്ത്യോഖ്യൻ സഭയുടെ വീക്ഷണത്തിൽ 1865 മുതൽ അദ്ദേഹമായിരുന്നുവല്ലോ മലങ്കര മെത്രാൻ. മലങ്കരസഭയിലെ തദ്‌വിഷയകമായ തെറ്റുകൾ തിരുത്തുവാൻ ഈ വസ്തുത ആവശ്യപ്പെടുന്നില്ലേ?

5. മാവേലിക്കരയ്ക്ക് സമീപം തഴക്കര സെമിനാരി പുലിക്കോട്ടിൽ മെത്രാച്ചൻ സ്ഥാപിച്ചത് മലങ്കരയുടെ ഒരു പൊതുസ്ഥലം എന്ന നിലയിലാണ്. പള്ളിക്കാർ അത് വിസമ്മതിച്ചു. അദ്ദേഹം അവിടം ഉപേക്ഷിക്കുകയും ചെയ്തു.

6. പരുമല സെമിനാരിയിൽ വൈദികവിദ്യാഭ്യാസത്തിന് നേതൃത്വം നൽകിയത് അതിന്റെ സ്ഥാപകൻ കൂടിയായ പുലിക്കോട്ടിൽ തിരുമേനിയാണ്. അനന്തമായ യാത്രകൾ മൂലം വൈദികവിദ്യാഭ്യാസം മുടങ്ങാതിരിക്കുവാനുള്ള ആലോചനയുടെ ഫലമായിട്ടാണ് താൻ തന്നെ സ്ഥാപിച്ച വെട്ടിക്കൽ ദയറായിൽനിന്ന്, സ്വന്തം ദീർഘവീക്ഷണം മൂലം സന്യാസം നൽകി റമ്പാനാക്കിയ ചാത്തുരുത്തിൽ ഗീവറുഗീസ് റമ്പാനെ പരുമലയിലേക്ക് നിയോഗിച്ചത് (തഴക്കരയേ നിനക്കു ഹാ! കഷ്ടം!!).

7. ചാത്തുരുത്തി ഗീവറുഗീസ് റമ്പാനെ ആദ്യം വെട്ടിയ്ക്കൽ ദയറായിലേക്കാണ് കഥാനായകൻ നിയമിച്ചത്; 1872-ൽ. മലങ്കര മെത്രാപ്പോലീത്തായുടെ വലിയ സംഭാവനയാണ് റമ്പാനും വെട്ടിക്കൽ ദയറായും പരുമല സെമിനാരിയും. എന്നിട്ടും അദ്ദേഹം മലങ്കര മെത്രാനല്ലെന്ന് ചരിത്രം ചമയ്ക്കുന്നവർ ചരിത്രത്തോടും സഭയോടും വലിയ നന്ദികേട് അല്ലേ കാട്ടുന്നത്.

8. 1872 (1873) ചിങ്ങത്തിൽ കൂടിയ പള്ളിപ്രതിപുരുഷയോഗം സഭാചരിത്രത്തിന്റെ ഗതി നിർണ്ണയിച്ച നാഴികക്കല്ലാണ്. എങ്കിലും നമ്മുടെ സഭാചരിത്രകാരന്മാരിൽ ശ്രദ്ധേയരായ ആരും ഈ യോഗത്തെപ്പറ്റി തങ്ങളുടെ ചരിത്രഗ്രന്ഥങ്ങളിൽ പരാമർശിച്ചില്ല. ഈ അടുത്തകാലത്ത് വിരചിതമായ 'സഭ വളരുന്നു' എന്ന സഭാ

ചരിത്ര പാഠപുസ്തകം രചിച്ച ഫാ. ഡോ. വി. സി. ശാമുവേൽ പോലും ഈ യോഗത്തിന്റെ നേരെ കണ്ണടച്ചു. എന്താണ് ആ യോഗത്തിന്റെ പ്രാധാന്യം?

1. 1809-ൽ കണ്ടനാട് കൂടിയ സുന്നഹദോസിനും 1836-ൽ കൂടിയ മാവേലിക്കര സുന്നഹദോസിനും ശേഷം നടന്ന സുന്നഹദോസ് ആണ് 1872-ലെ പരുമല സുന്നഹദോസ്. 2. ഈ സുന്നഹദോസ് ആണ് അന്ത്യോഖ്യാ പാത്രിയർക്കീസിനെ മലങ്കരയിലേക്കു ക്ഷണിക്കുവാൻ നിശ്ചയിച്ചത്. 3. കേരളത്തിലെ ഒന്നാമത്തെ സാമുദായിക സംഘടനയായി സുറിയാനി ക്രിസ്ത്യാനി അസോസ്യേഷനും അതിന്റെ കർമ്മസമിതിയായി മാനേജിംഗ് കമ്മിറ്റിയും നിയമിതമായത് ഈ പരുമല സുന്നഹദോസിൽ വച്ചാണ്. 4. പരുമല സുന്നഹദോസിന്റെ നിശ്ചയങ്ങൾ 1809-ന് ശേഷം മലങ്കരസഭയിലുണ്ടായ ഒരു ഭരണഘടനയാണ്. 5. സഭയിൽ അത്മായ നേതൃത്വവും പങ്കാളിത്തവും ആദ്യം പ്രയോജനപ്പെടുത്താൻ തീരുമാനിച്ചത് ഈ യോഗമാണ്. 6. മലങ്കരസഭയ്ക്ക് ഒരു അജണ്ടായും അതിന്റെ മുൻഗണനയും അതിനുള്ള പ്രവർത്തനഫണ്ടും രൂപപ്പെടുന്നത് ഈ സുന്നഹദോസിൽ വച്ചാണ്.

സുപ്രധാനമായ ഈ നിശ്ചയങ്ങളുടെ എല്ലാം പിതൃത്വം 1876-ൽ പത്രോസ് തൃതീയൻ പാത്രിയർക്കീസിന്റെ നേതൃത്വത്തിൽ ചേർന്ന മുളന്തുരുത്തി സുന്നഹദോസിൽ ആണ് ചരിത്രകാരന്മാർ നിക്ഷേപിച്ചത്. സമകാല ചരിത്രകാരനും മാർ ദീവന്നാസ്യോസിന്റെ സെക്രട്ടറിയുമായ ഇ. എം. ഫിലിപ്പ് പോലും പരുമല സുന്നഹദോസിനെ തമസ്ക്കരിച്ചത് അന്ത്യോഖ്യൻ സഭാധ്യക്ഷനോടുള്ള അന്ധമായ വിധേയത്വം കൊണ്ടാകാം. ഇ. എം. ഫിലിപ്പിന്റെ പാതയാണ് പില്ക്കാല ചരിത്രകാരന്മാരും അവലംബിച്ചത്. ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ മാവേലിക്കരയിലെ പാലമറ്റം കുടുംബാഗമെന്ന് അഭിമാനപൂർവ്വം അവകാശപ്പെടുന്ന ഒരു ചരിത്രകാരൻ - പി. വി. മാത്യു - എം. പി. വർക്കിയുടെ പരാമർശത്തെ മുൻനിർത്തി ഒരു ചർച്ച നടത്തിയിട്ടുണ്ട്. അതിന്റെ ഉപസംഹാരം ഇങ്ങനെ സംക്ഷേപിക്കാം: "പരുമല സഞ്ചാരയോഗ്യമല്ലാത്ത ഒരു യക്ഷികേന്ദ്രമാണ്. തെക്കുള്ളവർ ആരും അവിടെ പോകുകയില്ല. വടക്കർക്കാകട്ടെ ഇങ്ങനെ ഒരു സ്ഥലത്തെപ്പറ്റി കേട്ടുകേൾവി പോലുമില്ല. ചുരുക്കിപ്പറഞ്ഞാൽ ഇതൊന്നും (പരുമല സുന്നഹദോസ്) നടന്നിട്ടുള്ള കാര്യമല്ല."

*കണ്ടനാട് ഗ്രന്ഥവരി* പ്രസിദ്ധീകരിച്ചതോടെ യോഗത്തിന്റെ നോട്ടീസ്, സംഘാടകന്റെ പ്രസംഗം, യോഗനടപടികൾ, യോഗനിശ്ചയങ്ങൾ, യോഗത്തിൽ പങ്കെടുത്തവരുടെ ലിസ്റ്റ്, ആദ്യത്തെ മാനേജിംഗ് കമ്മറ്റിയംഗങ്ങളുടെ പേരുവിവരം എന്നിവ അനിഷേധ്യമാംവിധം വെളിപ്പെട്ടു കഴിഞ്ഞിരിക്കുന്നു. മലങ്കര സഭാചരിത്രത്തെ നിർണ്ണായകമാംവിധം സ്വാധീനിച്ചത് 1876-ലെ മുളന്തുരുത്തി സുന്നഹദോസ് അല്ല. 1872-73 ൽ കൂടിയ പരുമല സുന്നഹദോസാണെന്ന് ഭാവിചരിത്രം വിലയിരുത്തും.

9. പാത്രിയർക്കീസ് ബാവായെ ക്ഷണിക്കുന്ന ഹർജി സുന്നഹദോസിൽ പങ്കെടുത്ത എല്ലാവരും ഒപ്പിട്ട് അയച്ചു എന്ന വർക്കിയുടെ പരാമർശം ശ്രദ്ധേയമാണ്. പാത്രിയർക്കീസിനെ ക്ഷണിച്ചതിന്റെ പൂർണ്ണ ഉത്തരവാദിത്തം പുലിക്കോട്ടിൽ മെത്രാച്ചന്റെ മേൽ കെട്ടിഏൽപ്പിക്കുന്ന സമീപനമാണ് മലങ്കരയിൽ സ്വീകരിക്കപ്പെട്ടിരിക്കുന്നത്. കാര്യങ്ങൾക്ക് ദൃക്സാക്ഷിയായ "നീ മിണ്ടരുത്, ഞങ്ങളുടെ താല്പര്യങ്ങൾക്കൊത്തു ഞങ്ങൾ ചരിത്രം എഴുതും. ഞങ്ങളുടെ സ്വാധീനം ഉപയോഗിച്ച്

അതിന് ഔദ്യോഗിക അംഗീകാരവും നേടും" എന്ന ധാർഷ്ട്യം വളർത്താൻ അനുവദിക്കുന്നത് ഭൂത-ഭാവി കാലങ്ങളോട് പ്രതിബദ്ധതയുള്ള സഭാനേതൃത്വം അനുവദിക്കാമോ?

10. പള്ളിക്കര പള്ളിയിൽ മാർ അത്താനാസ്യോസ് ഒരു വർഷത്തോളം താമസിച്ചു. ഈ താമസകാലത്ത് അദ്ദേഹത്തിന്റെ സുസ്താത്തിക്കോനും പാരമ്പര്യമായി മുൻഗാമികൾ എഴുതിവച്ച സഭാചരിത്രവും കളവുപോയി എന്ന് തോമസ് അത്താനാസ്യോസ് റോയൽക്കോടതിക്കേസിൽ ഒരു വാദമുഖം ഉന്നയിച്ചിരുന്നു. കേസ് കേട്ട മൂന്ന് ജഡ്ജിമാരും ആ മോഷണകഥ വിശ്വസിക്കുന്നില്ലെന്ന് അവരുടെ വിധിന്യായത്തിൽ എഴുതി.

ഒരു സംഘർഷം ഒഴിവാക്കുവാനാണ് മാർ ദീവന്നാസ്യോസ് പള്ളിക്കര പള്ളിയിൽനിന്ന് പോയത്. പത്രോസ് പാത്രിയർക്കീസ് നിരണം പള്ളിയിൽ മാർ അത്താനാസ്യോസിനെ അഭിമുഖീകരിക്കുവാൻ വിഫലമായി യാത്രയായപ്പോഴും സമാധാനപ്രിയനായ പുലിക്കോട്ടിൽ മെത്രാച്ചൻ അതിഥിയെ അനുഗമിച്ചില്ല എന്ന് ഓർക്കുക.

11. കോടതിവിധിയ്ക്ക് കാത്തുനില്ക്കുന്ന ഒരു സമാധാനപ്രിയനെ ഇവിടെയും കാണാം. കോലാഹലത്തോടു കൂടിവന്ന നവീകരണമെത്രാൻ അധികമാരും അറിയാതെ സ്ഥലംവിട്ടു. 1875-ൽ ആഘോഷമായി മലങ്കരയിലെത്തിയ പത്രോസ് മൂന്നാമൻ ബാവാ രണ്ടു കൊല്ലത്തെ പ്രവർത്തനങ്ങൾകൊണ്ട് അനഭിമതനായി അധികമാരും അറിയാതെ 1877-ൽ മലങ്കരയിൽനിന്ന് യാത്രയായത് ഇവിടെ ഓർക്കാവുന്നതാണ്.

12. 1865 മുതൽ 1875 വരെ ഈ മലങ്കര മെത്രാപ്പോലീത്താ നേരിട്ട് നേതൃത്വം നൽകുക മൂലം പതിനെട്ടു പള്ളികൾ ആവിർഭവിച്ചു. മറ്റ് മലങ്കര മെത്രാപ്പോലീത്തന്മാരുടെ സംഭാവനകൾ താരതമ്യം ചെയ്താൽ ഇതൊരു സർവകാല റിക്കാർഡ് ആണെന്ന് ബോധ്യമാകും.

### ഇരുപത്തൊന്നാം അദ്ധ്യായം

# അന്തോക്യാ പാത്രിയർക്കീസു ബാവായുടെ വരവു

## 1050–1052

സുറിയാനിക്കാരുടെ മതസ്വാതന്ത്ര്യത്തെ തടയുന്നതും മാർ അത്താനാസിയോസിനെ അന്യായമായി അനുകൂലിക്കുന്നതുമായ തിരുവെഴുത്തുവിളംബരത്തെ അസ്ഥിരപ്പെടുത്തുന്നതിനും മാർ അത്താനാസിയോസിനെ അന്തോക്യാ പാത്രിയർക്കീസു ബാവാ മുടക്കിയ കല്പനയെ ഫലിപ്പിക്കുന്നതിനും ബാവായുടെ ആഗമനം കൊണ്ടേ സാധിക്കുകയുള്ളു എന്നു കണ്ടു അവിടുന്നു മലയാളത്തേക്കു പുറപ്പെടണമെന്നു നമ്മുടെ കഥാനായകൻ മുഖാന്തരം മലങ്കരസുറിയാനിക്കാർ സമർപ്പിച്ച ഹർജിയുടെ യുക്തിയുക്തത ബാവായ്ക്കു പല വിധത്തിലും ബോദ്ധ്യമായി. തന്റെ കീഴുള്ള ജനങ്ങൾക്കു വേണ്ടി എന്തും ചെയ്വാൻ സന്നദ്ധനായിരുന്ന പരിശുദ്ധ പിതാവു ഉടനെ (1050–ൽ തന്റെ 74–ാമത്തെ വയസ്സിൽ) കുസ്തന്തീനോസ്പോലീസിലേക്കു പുറപ്പെട്ടു തുർക്കി സുൽത്താനെ കണ്ടതിന്റെ ശേഷം അവിടെനിന്നു ലണ്ടനിലേക്കു പോയി. ബാവായുടെ ലണ്ടനിലെ താമസം വകയ്ക്കു നമ്മുടെ കഥാനായകൻ രണ്ടു തവണയായി അഞ്ഞൂറു പവൻ അയച്ചുകൊടുക്കുകയും ചെയ്തു.[1] പള്ളികൾ മിക്കവാറും അന്യാധീനപ്പെട്ടിരുന്ന ഇക്കാലത്തു ഇത്രയും പണം ശേഖരിക്കാൻ വേണ്ടിവന്ന ബുദ്ധിമുട്ടു ചില്ലറയല്ല. ഇപ്പോൾ പതിനായിരം പവൻ ശേഖരിക്കാൻ വേണ്ടിവരുന്നതിലധികം പ്രയാസം അന്നു ഈ അഞ്ഞൂറു പവനു വേണ്ടിവന്നിരിക്കുമെന്നുള്ളതിനു സംശയമില്ല. ലണ്ടനിൽ വെച്ചു വിക്ടോറിയ ചക്രവർത്തിനി മുതലായവരെ സന്ദർശിച്ചതിന്റെ ശേഷം 1050 ഇടവത്തിൽ ബാവാ ബോംബെയിൽ എത്തി. ബാവായുടെ കമ്പി കിട്ടിയതനുസരിച്ചു നമ്മുടെ കഥാനായകൻ ഉടനെ ബോംബെയ്ക്കു പുറപ്പെട്ടു. പൂനയ്ക്കു സമീപമുള്ള ഒരു സ്റ്റേഷനിൽ എത്തിയപ്പോൾ ബോംബെയിൽ നിന്നു അവിടെ വന്ന വണ്ടിയിൽ ബാവായും പരിവാരങ്ങളും ഉണ്ടെന്നു യദൃച്ഛയാ മനസ്സിലായി.

ബാവാ നമ്മുടെ കഥാനായകൻ ചെല്ലാൻ കമ്പി അയച്ചു എങ്കിലും കുറെ കഴിഞ്ഞപ്പോൾ വെറുതെ ബോംബെയിൽ താമസിക്കാൻ കഴികയില്ലെന്നു നിശ്ചയിച്ചു മദിരാശിക്കു പുറപ്പെടുകയാണു ചെയ്തത്. ഏതായാലും ബാവായെ വഴിക്കു വെച്ചു കാണാൻ സംഗതിയായതു നന്നായി എന്നു വെച്ചു അവിടെ നിന്നു മദിരാശിക്കു വണ്ടികേറുന്നതിനു മുമ്പിൽ

മദിരാശിയിൽ ഒരു ബങ്കളാവു തയ്യാറാക്കുന്നതിനു അന്നു അവിടെ ബാരി സ്റ്റർ പ്രവൃത്തി നടത്തികൊണ്ടിരുന്ന മിസ്റ്റർ ടി. സി. പുന്നനു നമ്മുടെ കഥാനായകൻ ഒരു കമ്പിയയച്ചു.

ഗവർണ്ണർ സായ്പിനെ കാണുന്നതിനായിട്ടാണു ബാവാ മദിരാശിക്കു പുറപ്പെട്ടത്. മദിരാശിയിൽ എത്തിയപ്പോൾ സായ്പു ഉട്ടക്കമണ്ടിലാണെ ന്നറിഞ്ഞതിനാൽ ഉടനെ അവിടേയ്ക്കു പുറപ്പെട്ടു. അന്നു മേട്ടുപാളയം വരെ മാത്രമേ തീവണ്ടിയുണ്ടായിരുന്നുള്ളു. അവിടെ ബാവായോടു കൂടെ വന്നിരുന്ന ഊർശ്ലേമ്മിലെ മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്താ യേയും ശെമ്മാശിനേയും നമ്മുടെ കഥാനായകന്റെ കമ്പിയനുസരിച്ചു കോയമ്പത്തൂർ വെച്ചു ഒന്നിച്ചു ചേർന്ന പനയ്ക്കൽ ഐപ്പൂരു മുതലാളി യേയേും കുന്നുംപുറത്തു കുരിയൻ റൈട്ടരേയും താമസിപ്പിച്ചുംവെച്ചു ബാവായും നമ്മുടെ കഥാനായകനും കുന്നംകുളങ്ങരക്കാരൻ റൈട്ടർ ഇയ്യാക്കു എന്ന ആളും കൂടി മല കയറുവാൻ തുടങ്ങി. വാഹനം ഒരു വക കുട്ടയ്ക്കു തണ്ടു വെച്ചു കെട്ടി ആളുകൾ ചുമക്കുന്ന ഒരുതരം വാഹ നമേ അന്നു അവിടെ കിട്ടാനുണ്ടായിരുന്നുള്ളൂ. ഇതിൽ ഇരിക്കാനുള്ള ബുദ്ധിമുട്ടു ചില്ലറയല്ലായിരുന്നു. എല്ലാവരും വളരെ കഷ്ടപ്പെട്ടു. ഈ വഴി യാത്രയിൽ വെച്ചാണു ഇദംപ്രഥമമായി പിലാക്കാ (ചക്ക) കാണുന്നതിനും ഭക്ഷിക്കുന്നതിനും ബാവായ്ക്കു സംഗതിയായത്. കാലത്ത് ഏഴു മണിക്ക് മേട്ടുപാളയത്തിൽ നിന്നു പുറപ്പെട്ടു വൈകുന്നേരം നാലര മണിക്കു കുന്നൂ രിൽ എത്തി. അവിടെ നിന്നു ഗവർണ്ണർ താമസിക്കുന്ന ഉട്ടക്കമണ്ടിലേക്കു പത്തു നാഴിക ദൂരമുണ്ട്. അവിടെ താമസിക്കാൻ സ്ഥലം ശട്ടം കെട്ടീട്ടി ല്ലാഞ്ഞതിനാലും അവിടെ എത്തുമ്പോഴേയ്ക്കു രാത്രി എട്ടൊൻപതു മണിയായേക്കാവുന്നതിനാലും പിറ്റേദിവസം കാലത്തു പുറപ്പെട്ടാൽ മതി യെന്നു നമ്മുടെ കഥാനായകൻ പറഞ്ഞതു ബാവാ സമ്മതിച്ചില്ല. ഇരട്ട ക്കുതിര വണ്ടി അന്വേഷിച്ചു കൊണ്ടു വന്നപ്പോൾ മണി അഞ്ചോളമായി. ഇപ്പോൾ തന്നേ പുറപ്പെട്ടാൽ ഉട്ടക്കമണ്ടിൽ ചെന്നു കഷ്ടപ്പെടേണ്ടിവരു മെന്നു വണ്ടിക്കാർ പറഞ്ഞതിനേയും ബാവാ കൂട്ടാക്കിയില്ല. ഏതെങ്കിലും ഉടനെതന്നെ പുറപ്പെട്ടു. വഴി വളരെ ദുർഘടമായിരുന്നതിനാൽ കഷ്ട പ്പാടു ഒട്ടും കുറവല്ലായിരുന്നു. എട്ടര മണിക്കു മലമുകളിൽ എത്തി. സമുദ്ര നിരപ്പിൽ നിന്നു ഒന്നേകാൽ നാഴികയിലധികം ഉയരമുള്ള ഉട്ടക്കമണ്ടിലെ ശൈത്യം അതിദുസ്സഹമായിരുന്നെന്നു വിശേഷിച്ചു പറയണമെന്നില്ലല്ലോ. താമസിക്കാൻ ഒരു സ്ഥലം കിട്ടാഞ്ഞു നമ്മുടെ കഥാനായകൻ വളരെ ബുദ്ധിമുട്ടി. ഒടുവിൽ ഒരാൾ അവിടെയുള്ള യൂറോപ്യൻ ഹോട്ടൽ കാണി ച്ചുകൊടുത്തു. അതിന്റെ മാനേജർ സായ്പിനെ കണ്ടു ചോദിച്ചതിൽ സാധാരണമുറികളെല്ലാം യൂറോപ്യന്മാർ എടുത്തുകഴിഞ്ഞിരിക്കുന്നു എന്നും ഇനി ഒഴിവുള്ള ഒരു വിശേഷപ്പെട്ട മുറിക്കു ദിവസംപ്രതി

ഇരുപത്തിയഞ്ചു രൂപ കൂലി കൊടുക്കണമെന്നും അദ്ദേഹം പറഞ്ഞു. ആ രാത്രി കഠിനമായ തണുപ്പുകൊണ്ടു മരിക്കാതിരിക്കുന്നതിനു ഇതു മതിയെന്നറിഞ്ഞപ്പോൾ നമ്മുടെ കഥാനായകനു വളരെ സന്തോഷമായി.

ഇതുവരെ വണ്ടിയിൽ നിന്നു ഇറങ്ങാതിരുന്ന ബാവായെ ഉടനെ ഹോട്ടലിലേയ്ക്കു കൂട്ടിക്കൊണ്ടു പോകുകയും ചെയ്തു. മൂന്നാം ദിവസം ഗവർണർ ഓണറബിൾ വില്യം റോബിൻസൻ സായ്പിനെ കണ്ടു. സായ്പിനു മലയാളം അറിയാമായിരുന്നതുകൊണ്ടു നമ്മുടെ കഥാനായകൻ തന്നെയായിരുന്നു ദ്വിഭാഷി. സായ്പു ബാവായോടു സംസാരിച്ചതു വളരെ ഭക്ത്യാദരങ്ങളോടു കൂടിയായിരുന്നു. ബാവാ തന്റെ അതിഥിയായിത്താമസിക്കണമെന്നു സായ്പു അപേക്ഷിച്ചു. ബാവാ ആദ്യം ഇത് സമ്മതിച്ചില്ലെങ്കിലും സായ്പിന്റെ നിർബന്ധം ഹേതുവായി ഒടുവിൽ സമ്മതിക്കേിവന്നു. സായ്പിന്റെ ബംഗ്ലാവിന്റെ സമീപം അദ്ദേഹത്തിന്റെ ഡോക്ടർ താമസിച്ചിരുന്നു. ബംഗ്ലാവു ബാവായുടെ ആവശ്യത്തിനു ഒഴിച്ചുകൊടുത്തു. സായ്പിനെ രണ്ടാമതു കണ്ടപ്പോൾ ബാവാ വന്ന കാര്യം പറയുകയും ഇതിനേപ്പറ്റി പലതവണയും സംസാരിക്കുകയും ചെയ്തു. തിരുവിതാംകൂർ മഹാരാജാവു എല്ലാം ന്യായമായി തീരുമാനിക്കുന്നതിനു വേണ്ട എഴുത്തുകുത്തുകൾ നടത്തിക്കൊള്ളാമെന്നു സായ്പു വാഗ്ദാനം ചെയ്തു. ഉടനെ ഉട്ടക്കമണ്ടിൽ നിന്നു തിരിച്ചു മേട്ടുപാളയത്തു വന്നു അവിടെ താമസിച്ചവരോടൊന്നിച്ചു ചേർന്നു. പിറ്റേദിവസം വിവരത്തിനു കുന്നംകുളങ്ങരയ്ക്കു കമ്പിയച്ചതിന്റെ ശേഷം ചെറുവണ്ണൂരേക്കു തീവണ്ടി കേറി. ബാവായും പരിവാരങ്ങളും അവിടെ എത്തിയപ്പോൾ ആർത്താറ്റു, പഴഞ്ഞി, ചാലശ്ശേരി മുതലായ ഇടവകക്കാരായി ഉദ്ദേശം ആയിരംപേരോളം സ്റ്റേഷനിൽ ഹാജരുണ്ടായിരുന്നു. എല്ലാവരുടേയും കയ്യിൽ കുരുത്തോലകൾ ഉണ്ടായിരുന്നതു കണ്ടു ബാവാ വളരെ സന്തോഷിച്ചു. ഉടനെ ഷൊറണൂർ നിന്നു പുറപ്പെട്ടു 1050 ഇടവം 28-നു കുന്നംകുളം പള്ളിയിലെത്തി.[2] എതിരേൽപ്പു വളരെ കോലാഹലത്തോടു കൂടിയായിരുന്നു. പള്ളി മതിൽക്കകം ഭംഗിയായി അലങ്കരിച്ചിരുന്നതിനു പുറമേ തൽക്കാലാവശ്യത്തിനായി ഒരു കെട്ടിടം തയ്യാറാക്കി വിതാനിച്ചു മനോഹരമായി അലങ്കരിച്ചിരുന്നു. പെന്തിക്കൊസ്തി (അമ്പതാം പെരുന്നാൾ) ദിവസം ബാവാ കുർബ്ബാന ചൊല്ലി പ്രസംഗിച്ചു.[3]

അവിടെ നിന്നു ബാവാ കൊച്ചീയ്ക്കു പുറപ്പെടാൻ വിചാരിച്ചതിനാൽ വേണ്ട ഒരുക്കങ്ങൾ ചെയ്യുന്നതിനു നമ്മുടെ കഥാനായകൻ കുരിയൻ റൈട്ടറെ മുമ്പിൽകൂട്ടി അങ്ങോട്ടയയ്ക്കുകയും ബാവായെ എതിരേൽക്കാൻ കൊച്ചിയിൽ വന്നുചേരുന്നതിനു കൊച്ചീയ്ക്കു സമീപമുള്ള പള്ളികൾക്കു കല്പന അയയ്ക്കുകയും ചെയ്തു. മിഥുനം 10-ാം തീയതി ബാവാ കൊച്ചിയിലെത്തി. പത്തു മുപ്പതു പള്ളിക്കാർ വെള്ളിക്കുരിശു,

കൊട, കൊടി മുതലായവയോടു കൂടി കടവിൽ ഹാജരുണ്ടായിരുന്നു. ബ്രിട്ടീഷ് കൊച്ചിയിലെ വലിയ ഉദ്യോഗസ്ഥന്മാർ ബാവായെ എതിരേൽക്കാൻ കടവിലുണ്ടായിരുന്നു.

പത്തുദിവസം കൊച്ചിയിൽ താമസിച്ചു. ഉടനെ തിരുവനന്തപുരത്തേയ്ക്കു പുറപ്പെടുകയാണു വേണ്ടതെന്നു നമ്മുടെ കഥാനായകൻ അഭിപ്രായപ്പെട്ടതു ബാവാ സമ്മതിച്ചു. മിഥുനം 20-ാം തീയതി കൊച്ചിയിൽ നിന്നു പുറപ്പെട്ടു. ഇടയ്ക്കു ഒരു പ്രധാന ഇടവകയായ നിരണത്തു കേറണമെന്നു തീർച്ചയാക്കി. നിരണത്തിനു എട്ടുപത്തു നാഴിക ദൂരത്തിൽ വച്ചു തന്നെ നിരണത്തുകാരുടെ എതിരേല്പ്പു വള്ളങ്ങൾ കണ്ടുതുടങ്ങി. ഒന്നുരണ്ടു നാഴിക നീളത്തിൽ ആറ്റിൽ പലതരം വള്ളങ്ങൾ ഉണ്ടായിരുന്നു എന്നു പറയാം. ജനങ്ങളുടെ ഉത്സാഹത്തോടു കൂടിയ ആർപ്പുവിളിയും പാട്ടും ആകപ്പാടെയുണ്ടായ കോലാഹലവും കേട്ടും കണ്ടും ബാവായ്ക്കു വളരെ സന്തോഷവും വിസ്മയവുമുണ്ടായി. ലോകകാര്യങ്ങളിൽ അശേഷം രസമോ മോഹമോ ഇല്ലാത്ത ഗംഭീരാശയനായ ഒരു ദിവ്യന്റെ ഹൃദയത്തെ ഇളക്കണമെങ്കിൽ ആ എതിരേൽപ്പിനു കൂടിയിരുന്ന ജനങ്ങൾക്കു അദ്ദേഹത്തിന്റെ നേരെ ഉണ്ടായിരുന്ന യഥാർത്ഥ ഭക്തി ബഹുമാനങ്ങൾ എത്രത്തോളമായിരിക്കണമെന്നു ഊഹിക്കാവുന്നതാണ്.


നിരണത്തു നിന്നു ബാവായും നമ്മുടെ കഥാനായകനും കൂടി തിരുവനന്തപുരത്തേക്കു പുറപ്പെട്ടു. നമ്മുടെ കഥാനായകന്റെ ഉത്സാഹത്താൽ ഒരുക്കപ്പെട്ടിരുന്ന കണ്ണൻമൂല ബംഗ്ലാവിൽ താമസിച്ചു. താമസിയാതെ ആയില്യം തിരുനാൾ വലിയ തമ്പുരാൻ തിരുമനസ്സുമായി കൂടിക്കാഴ്ചയുണ്ടായി. ദ്വിഭാഷി നമ്മുടെ കഥാനായകൻ തന്നെയായിരുന്നു. തിരുമനസ്സുകൊണ്ട് ബാവായെ എതിരേറ്റതും ബാവായോടു സംസാരിച്ചതും ഒക്കെ വളരെ ഭക്തിയോടു കൂടിയായിരുന്നു. അന്തോക്യാ പാത്രിയർക്കീസിനെ കാണ്മാൻ തനിക്കു സംഗതി വന്നതിനാൽ താൻ തന്റെ കാരണവന്മാരേക്കാൾ ഭാഗ്യവാനായിത്തീർന്നിരിക്കുന്നു എന്നു വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ടു കല്പിച്ചു.[4] ഇതിന്റെ ശേഷം വിശാഖം തിരുനാൾ ഇളയതമ്പുരാൻ തിരുമനസ്സിലെയും കണ്ടു. പിന്നീടു വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടും ഇളയമ്പുരാൻ തിരുമനസ്സുകൊണ്ടും ബാവാ താമസിക്കുന്ന ബങ്കളാവിൽ പലപ്പോഴും എഴുന്നള്ളി ബാവായെ കാണുകയുണ്ടായി. ദ്വിഭാഷികളായി താൻ പലരേയും കണ്ടിട്ടുണ്ടെങ്കിലും നമ്മുടെ കഥാനായകനെപ്പോലെ അത്ര വേഗത്തിലും വ്യക്തമായും കാര്യം പറഞ്ഞു മനസ്സിലാക്കാൻ ശേഷിയുള്ള ഒരാളെ കിട്ടില്ലെന്നു വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു ഒരിക്കൽ കല്പിക്കുകയുണ്ടായി. തുർക്കിസുൽത്താൻ, റഷ്യാ ചക്രവർത്തി എന്നീ മഹാന്മാർ ബാവായ്ക്കു സമ്മാനിച്ച മുദ്രകളുടെ സമ്പ്രദായത്തിൽ ഒരു വിശേഷപ്പെട്ട മുദ്ര വലിയ



കോട്ടയം പഴയസെമിനാരി



പരുമല
സെമിനാരി
പഴയ പള്ളി



വെട്ടിക്കൽ ദയറാ

തമ്പുരാൻ തിരുമനസ്സുകൊണ്ടും മനോഹരമായ ഒരു പൊൻകുരിശു ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ടും ബാവായ്ക്കു ആദരപൂർവ്വം സമ്മാനിച്ചു.

മാർ അത്താനാസ്യോസിന് അനുകൂലമായി പ്രസിദ്ധപ്പെടുത്തിയിരുന്ന വിളംബരത്തെ ബാവായുടെ ആഗ്രഹപ്രകാരം ദുർബലപ്പെടുത്തി പുതുതായി ഒന്നു പ്രസിദ്ധപ്പെടുത്തുവാൻ തിരുവിതാംകൂർ ഗവർമ്മെണ്ടു തീർച്ചപ്പെടുത്തി എങ്കിലും പ്രസിദ്ധീകരണത്തിനു മുമ്പു മദിരാശി ഗവർമ്മെണ്ടിന്റെ അനുമതി സിദ്ധിക്കേണ്ടിയിരുന്നതുകൊണ്ടു അല്പം കാലതാമസം വന്നു. ഈ അനുമതി സിദ്ധിക്കുന്നതു വരെ ബാവാ തിരുവനന്തപുരത്തു തന്നെ താമസിക്കാതെ ഓരോ പള്ളികളെ സന്ദർശിക്കാൻ തുടങ്ങി. ബാവാ ചെന്ന പള്ളികളൊക്കെ ബാവായെ ഒരു പിതാവിനെയെന്നപോലെ അത്യാദരത്തോടെ എതിരേറ്റു. ബാവാ കോട്ടയത്തു ചെറിയ പള്ളിയിൽ താമസിക്കുമ്പോഴാണു മാർ അത്താനാസ്യോസിനു അനുകൂലമായി 1027-ൽ പ്രസിദ്ധപ്പെടുത്തിയ വിളംബരത്തെ ദുർബലപ്പെടുത്തുന്ന 1051 കുംഭം 23-ലെ വിളംബരം (ഇതിനെ സുറിയാനിക്കാർ തങ്ങളുടെ മാഗ്നാ ചാർട്ടാ - മഹാശാസനപത്രം - എന്നു വിചാരിക്കുന്നു എന്നു തിരുവിതാംകൂർ റോയൽ കോടതി പ്രസ്താവിച്ചിരുന്നത് പരമാർത്ഥമാണ്) പ്രസിദ്ധമായത്. രണ്ടു പന്തീരാണ്ടു കാലത്തോളം സുറിയാനിക്കാരുടെ മതസ്വാതന്ത്ര്യത്തെ തടഞ്ഞുകൊണ്ടിരുന്ന ആ വലിയ ചടങ്ങു ഇങ്ങനെ നീങ്ങി. 1027-ലെ വിളംബരപത്രം വെച്ചു കെട്ടിക്കൊണ്ടു ആകാശംമുട്ടെ പറന്നുകൊണ്ടിരുന്ന പ്രതിപക്ഷി ചിറകൊടിഞ്ഞു പെട്ടെന്നു ഭൂമിയിൽ വീണുപോയി. വീഴ്ചകൊണ്ടുള്ള കേടു പൂർവ്വസ്ഥാനത്തിന്റെ ഉയരത്തെ ആശ്രയിച്ചിരിക്കുന്നതാണല്ലൊ. ആസന്നമരണനായിരുന്ന പക്ഷിയെ വീണടത്തു നിന്നു എടുത്തു മാറ്റുന്നതിനു ഇനി സിവിൽ വ്യവഹാരമാണു ആവശ്യമുള്ളതു.


തന്റെ വിദേശഗമനത്തിന്റെ ഉദ്ദേശ്യം മിക്കവാറും ഇങ്ങനെ സാധിച്ചതിനാലുണ്ടായ ചാരിതാർത്ഥ്യത്തോടു കൂടി ബാവാ കോട്ടയത്തു നിന്നു കൊച്ചിയിലെ പള്ളികളിലേക്കു തിരിച്ചു. കൊച്ചി വലിയതമ്പുരാൻ തിരുമനസ്സിലേക്കു ശീലായ്മയായിരുന്നതുകൊണ്ടു തമ്മിൽ കാണ്മാൻ സംഗതിയായില്ല. നമ്മുടെ കഥാനായകന്റെ ഉത്സാഹപ്രകാരം 1051 മിഥുനം 15-ാം തീയതി മുളന്തുരുത്തിയിൽ മലങ്കരയുള്ള പള്ളികളുടെ പ്രതിനിധികളെ വിളിച്ചുകൂട്ടി മൂന്നു ദിവസത്തെ മഹായോഗം (സുന്നഹദോസ്) നടത്തി. ഇതിൽ 150 പള്ളികളുടെ പ്രതിനിധികൾ ഹാജരുണ്ടായിരുന്നു. എങ്കിലും യോഗനടപടികൾ സകലവും കഴിഞ്ഞതിന്റെ ശേഷം നിശ്ചയപത്രത്തിൽ ഒപ്പീടിക്കാൻ തുടങ്ങിയപ്പോൾ 102 പള്ളിക്കാരെ ഉണ്ടായിരുന്നുള്ളു. ബാക്കി പള്ളിക്കാർ ഒപ്പിടണമെന്നുള്ള കാര്യം അറിയാതെ അതിനു മുമ്പു തന്നെ

# പുലിക്കോട്ടിൽ തിരുമേനിയുടെ ഇരു കരങ്ങൾ




## കുന്നംകുളം പനയ്ക്കൽ ഐപ്പൂരൂ മുതലാളി

മലങ്കരസഭയിലെ മുഖ്യ അത്മായനേതാവ്. കൊച്ചിയിലെ പ്രമുഖ അടയ്ക്കാ വ്യാപാരി. കോട്ടയം പഴയസെമിനാരി നവീകരണക്കാരുടെ കൈവശത്തിലായത് മുതൽ മലങ്കരസഭയുടെ കേന്ദ്രഓഫീസും സിക്രട്ടേറിയേറ്റും മെത്രാപ്പോലീത്തായുടെ ആസ്ഥാനവും അച്ചടികേന്ദ്രവും കോൺഫറൻസ് ഹാളും ഇദ്ദേഹത്തിന്റെ കൊച്ചിയിലെ പാണ്ടികശാലയിലായിരുന്നു. പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിയെ മേല്പട്ടസ്ഥാനമേൽക്കുവാൻ അന്ത്യോഖ്യയ്ക്കു പോകുവാൻ പ്രോത്സാഹിപ്പിക്കുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്തു. കൊച്ചി രാജാവിന്റെ രാജകീയ ഡർബാറിലെ പ്രമുഖാംഗമായിരുന്നു.



**കുര്യൻ റൈട്ടർ**: 19-ാം നൂറ്റാണ്ടിലെ സഭാചരിത്രത്തിൽ പ്രത്യേക സ്ഥാനം അലങ്കരിച്ച അത്മായ പ്രമുഖൻ. കോട്ടയം അക്കര കുടുംബാംഗം. പ്രമുഖ വ്യവസായി. ധനാഢ്യൻ. 1860-ൽ വെസ്റ്റേൺ സ്റ്റാർ എന്ന ഇംഗ്ലീഷ് പത്രവും 1865-ൽ പശ്ചിമതാരക എന്ന മലയാളപത്രവും ആരംഭിച്ച് നടത്തി. നവീകരണക്കാർക്കെതിരായ വ്യവഹാരത്തിലും മുളന്തുരുത്തി സുന്നഹദോസിന്റെ നടത്തിപ്പിലും പനയ്ക്കൽ ഐപ്പൂരുവിനോടൊപ്പം നിർണ്ണായക നേതൃത്വം നൽകി. ക്ഷിപ്രകോപിയായിരുന്ന പത്രോസ് തൃതീയന്റെ പോലും സ്നേഹവാത്സല്യങ്ങൾക്ക് പാത്രമായി. മലങ്കരസഭാ നേതൃത്വത്തിൽ ദീർഘകാലം പ്രവർത്തിച്ചു. 1886-ൽ നിര്യാതനായി.

**സെമിനാരിക്കേസിൽ പരാജയപ്പെട്ട പാലക്കുന്നത്ത് തോമസ് മാർ അത്താനാസ്യോസ്**



പൊയ്ക്കളഞ്ഞു. ഈ യോഗത്തിൽ ബാവാ അഗ്രാസനം വഹിച്ച് ഒരു ദീർഘമായ പ്രസംഗം ചെയ്തു. സഭാകാര്യങ്ങളിൽ മേലന്വേഷണം ചെയ്യുന്നതിനു സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ കമ്മട്ടി ഏർപ്പെടുത്തിയത് ഈ യോഗം ചെയ്ത മുഖ്യ സംഗതികളിലൊന്നാണ്. ഈ കമ്മട്ടിയിൽ പട്ടക്കാരും അത്മേനികളും ഉൾപ്പടെ 24 സാമാജികന്മാർ ഉണ്ടായിരിക്കണമെന്നും ഇതിന്റെ പ്രസിഡണ്ടു മലങ്കര ഇടവകയുടെ മെത്രാപ്പോലീത്തായും രക്ഷാധികാരി അന്ത്യോക്യാ പാത്രിയർക്കീസും ആയിരിക്കണമെന്നും നിശ്ചയിച്ചു. സുറിയാനിക്കാർ സകല ആത്മീയകാര്യങ്ങളിലും അന്ത്യോക്യാ സിംഹാസനത്തിന്റെ ആജ്ഞയെ അനുസരിച്ചു നടക്കണമെന്നും കമ്മട്ടി പ്രസിഡണ്ടിന്റെ നിലയിൽ നമ്മുടെ കഥാനായകൻ സഭാസംബന്ധമായ വ്യവഹാരങ്ങൾ നടത്തണമെന്നും അദ്ദേഹത്തിന്റെ സഹായികളായി പുതുതായി ചില മെത്രാന്മാരെ വാഴിക്കണമെന്നു മറ്റും അനേകം സംഗതികൾ ഈ യോഗത്തിൽ തീർച്ചപ്പെടുത്തി.[5]

ഇതിന്റെ ശേഷം ബാവാ മുളന്തുരുത്തിയിൽ വെച്ചു തന്നെ മൂറോൻ (വിശുദ്ധ തൈലം) ഉണ്ടാക്കി. സുറിയാനി സഭാ നിയമപ്രകാരം ഈ വിശുദ്ധതൈലം ഉണ്ടാക്കുന്നതിനു അന്ത്യോക്യാ പാത്രിയർക്കീസിനു മാത്രമേ അധികാരമുള്ളു.[6] മൂറോൻ അന്ത്യോക്യായിൽ നിന്നു മലയാളത്തു വന്നു ചേരുന്നതിനുള്ള പ്രയാസവും കാലതാമസവും നിമിത്തം ചില ദിവ്യകർമ്മങ്ങൾക്കു ഒഴിച്ചുകൂടാത്തതായിരിക്കുന്ന ഇതിനെ സംബന്ധിച്ചു മലങ്കരസുറിയാനിക്കാർ പലപ്പോഴും വ്യസനിക്കാൻ ഇടയായിട്ടുണ്ട്.

മുളന്തുരുത്തിയിൽ നിന്നു ബാവാ വേറെ പള്ളികളിൽ സഞ്ചരിച്ചു. മുളന്തുരുത്തി സുന്നഹദോസിലെ നിശ്ചയപ്രകാരം[7] 1052 വൃശ്ചികത്തിൽ ബാവാ പറവൂർ പള്ളിയിൽവെച്ചു കോട്ടയം ഇടവകയുടെ മാർ പൌലൂസ് അത്താനാസ്യോസിനും തുമ്പമൺ ഇടവകയുടെ (കഴിഞ്ഞുപോയ) മാർ യൂലിയോസിന്നും അങ്കമാലി ഇടവകയുടെ (കഴിഞ്ഞുപോയ) മാർ കൂറിലോസിനും നിരണം ഇടവകയുടെ മാർ ഗ്രീഗോറിയോസിനും സ്ഥാനം കൊടുത്തു.

ഇതിന്റെ ശേഷം ബാവാ വേറെ ചില പള്ളികളിൽ സഞ്ചരിക്കുകയും ഒടുവിൽ വടക്കോട്ടു പോകുന്ന വഴിക്കു കുന്നംകുളം പള്ളിയിൽ[8] വെച്ചു കോലഞ്ചേരി ഇടവകയുടെ മാർ ഈവാനിയോസിനും കൊച്ചി ഇടവകയുടെ (കഴിഞ്ഞുപോയ) മാർ ദീവന്നാസ്യോസിനും സ്ഥാനം കൊടുക്കുകയും ചെയ്തതിന്റെ ശേഷം തീവണ്ടികേറി ബോംബെയ്ക്കു തിരിച്ചു. കപ്പൽ കേറുന്നതു വരെ നമ്മുടെ കഥാനായകൻ കൂടെ ഉണ്ടായിരുന്നു.

തന്റെ ജനങ്ങളുടെ സങ്കടങ്ങളെ നീക്കിയതിന്റെ ശേഷം ആ പരിശുദ്ധൻ ഇങ്ങനെ ഇൻഡ്യയുടെ തീരങ്ങളെ വിട്ടു സ്വദേശത്തേക്കു മടങ്ങി.

താൻ ഇൻഡ്യയിൽ താമസിച്ച കാലങ്ങളിലൊക്കെയും ഇദ്ദേഹത്തിന്റെ കൂടെ നമ്മുടെ കഥാനായകൻ മിക്കവാറും ഇടവിടാതെ സൂചിയുടെ പിന്നാലെ നൂലെന്നപോലെ ഉണ്ടായിരുന്നു. ബ്രിട്ടീഷു രാജ്യഭരണത്തോടു യാതൊരു സാമ്യവുമില്ലാത്ത തുർക്കി രാജ്യഭരണസമ്പ്രദായങ്ങളിലും അതുപോലെ തന്നെ വ്യത്യാസമുള്ള ആചാരമര്യാദകളിലും മാത്രം പരിശീലിച്ചിട്ടുള്ള ബാവായുടെ യാത്രയേയും ഓരോ യോഗ്യന്മാരുമായുള്ള സംഭാഷണങ്ങളേയും സുഗമവും രമ്യവുമാക്കുന്നതിനു നമ്മുടെ കഥാനായകൻ വളരെ പരിശ്രമിക്കുകയുണ്ടായി. ബാവായൊ മുഖം നോക്കി സംസാരിക്കുകയെന്നതു അശേഷം പഠിച്ചിട്ടില്ലല്ലൊ. തനിക്കു ന്യായമെന്നു തോന്നുന്ന അഭിപ്രായത്തെ ആരോടെങ്കിലും തുറന്നു പറയുന്നതിനോ അതിനെ എന്തെല്ലാം ആപത്തു വന്നാലും പാലിക്കുന്നതിനോ അദ്ദേഹത്തിനു അശേഷം ശങ്കയില്ലായിരുന്നു. സ്വഭാവത്തിലെന്നപോലെ ശരീരത്തിലും ദിവ്യലക്ഷണങ്ങളുണ്ടായിരുന്നു. ഇത്ര അസാധാരണത്തോടു കൂടിയ ഒരു മനുഷ്യനെ കാണ്മാൻ മലയാളികൾക്കു ഭാഗ്യമുണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. ബാവായുടെ സന്മാർഗ്ഗനിയുക്തമായ മനസ്ഥൈര്യത്തേയും ഹൃദയനൈർമ്മല്യത്തേയും സർവ്വപ്രധാനമായ ദൈവഭക്തിയേയും കണ്ടു ഇവിടങ്ങളിലുള്ള യോഗ്യന്മാർ പരിഭ്രമിച്ചുപോയി. അപൂർവ്വമായി മാത്രം ദൃശ്യമാകുന്നതും അസാധാരണപ്രഭയോടും ഗതിവേഗത്തോടും കൂടി കടന്നുപോകുന്നതുമായ ഒരു കൊള്ളിമീനോടു ഈ അപ്പോസ്തോലപ്രതിനിധിയെ ഉപമിക്കാം. സൂര്യോദയത്തിങ്കൽ അന്ധകാരമെന്നപോലെ തന്റെ മുമ്പിൽ നിന്നു സകലവിധ വിഘ്നങ്ങളും ഓടിയൊളിച്ചു. ലണ്ടനിലെ ഇൻഡ്യാ ആപ്പീസുദ്യോഗസ്ഥന്മാർക്കോ മദിരാശി ഗവർണർക്കോ കേരളത്തിലെ ഏതദ്ദേശ്യരാജ്യഭാരവാഹികൾക്കൊ തന്റെ അഭിപ്രായത്തിനും ഹിതത്തിനും വിപരീതമായി ഒരക്ഷരമെങ്കിലും മിണ്ടുന്നതിനു ധൈര്യമുണ്ടായില്ല. ഈ ദിവ്യന്റെ ദിവ്യമായ യുക്തിപ്രവാഹത്തെ തടഞ്ഞു നിറുത്തുന്നതിനു ആരാൽ കഴിയും? നീതിയും സത്യവും ഏതു വിധമെങ്കിലും സർവ്വോപരിയായിത്തീരേണ്ടതുമല്ലെ? (ബാവാ മലയാളത്തു നിന്നു പോകുന്നതിനു മുമ്പു തിരുവിതാംകൂർ ഗവർമ്മെണ്ട് 1051 കുംഭത്തിൽ പ്രസിദ്ധപ്പെടുത്തിയ വിളംബരത്തെ അനുസരിച്ചു ഒരു വിളംബരം കൊച്ചീരാജ്യത്തും പ്രസിദ്ധപ്പെടുത്തുകയുണ്ടായി).

1. പത്രോസ് തൃതീയൻ ബാവാ മലങ്കരയിലേക്കു വരുവാൻ യാത്രച്ചിലവ് യാതൊന്നും ആവശ്യപ്പെട്ടില്ലെന്നും മലങ്കരസഭയിലെ പനയ്ക്കൽ ഐപ്പൂരുവും അക്കര കുരിയൻ റൈട്ടറും ബാവായിൽനിന്ന് വലിയ സംഖ്യകൾ കടമായി വാങ്ങിയിട്ടുണ്ടെന്നും അതൊന്നും തിരിച്ചു കൊടുത്തിട്ടില്ലെന്നും ഒരു ദൃക്സാക്ഷിയെപ്പോലെ കണിയാമ്പറമ്പിൽ കുരിയൻ കോറെപ്പിസ്ക്കോപ്പാ അദ്ദേഹത്തിന്റെ *സുറിയാനി സഭാചരിത്ര*ത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പത്രോസ് ബാവായുടെ ആഗമനകാലത്ത് സഭയുടെ അകംവൃത്തങ്ങളിൽ പ്രവർത്തിച്ചിരുന്ന ഈ അത്മായനേതാവ്



**1892 – ൽ എടുക്കപ്പെട്ട ഫോട്ടോ.** ഇരിക്കുന്നവർ:- അമേരിക്കയുടെ മെത്രാപ്പോലീത്താ ആയി വാഴിക്കപ്പെട്ട റെനി വിലാത്തി മാർ തീമോത്തിയോസ്, മാർ ഈവാനിയോസ് മെത്രാപ്പോലീത്താ (മുറിമറ്റത്തിൽ, ഒന്നാം കാതോലിക്കാ), മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ (പുലിക്കോട്ടിൽ), മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ (കടവിൽ), മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ (പരുമല), അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ (ഗോവാ). നിൽക്കുന്നവരിൽ, കൊച്ചുപറമ്പിൽ പൗലോസ് റമ്പാൻ, മൂക്കഞ്ചേരിൽ ഗീവറുഗീസ് റമ്പാൻ, ചാലപ്പുറത്ത് യാക്കോബ് റമ്പാൻ, സ്ളീബാ ശെമ്മാശൻ (പിന്നീട് മാർ ഒസ്താത്തിയോസ്) എന്നിവരെ കാണാം.



**1899 – ൽ എടുക്കപ്പെട്ട ഫോട്ടോ.** ഇരിക്കുന്നവർ:- മാർ ഈവാന്നിയോസ് മുറിമറ്റം (മലങ്കരയിലെ പ്രഥമ കാതോലിക്കാ), മാർ അത്താനാസ്യോസ് കടവിൽ, മാർ ദീവന്നാസ്യോസ് പുലിക്കോട്ടിൽ, മാർ ഗ്രീഗോറിയോസ് പരുമല. നിൽക്കുന്നവർ:- വട്ടശ്ശേരിൽ ഗീവറുഗീസ് കത്തനാർ (പിന്നീട് മാർ ദീവന്നാസ്യോസ്), കല്ലാശ്ശേരിൽ പുന്നൂസ് റമ്പാൻ (മൂന്നാമത്തെ കാതോലിക്കാ), കൊച്ചുപറമ്പിൽ പൗലൂസ് റമ്പാൻ (മാർ കൂറിലോസ്), കാരുചിറ ഗീവറുഗീസ് റമ്പാൻ (ദ്വിതീയ കാതോലിക്കാ), കോനാട്ട് മാത്തൻ മൽപ്പാൻ.

നൽകുന്ന സമകാലസാക്ഷ്യത്തെ ഏത് തെളിവുകളുടെ അടിസ്ഥാനത്തിലാണ് അദ്ദേഹം നിഷേധിക്കുന്നത്? ഒരു നൂറ്റാണ്ടിന് ശേഷം മലങ്കരയിൽ വന്ന് കക്ഷി വഴക്കിന് നേതൃത്വം നൽകിയ ഒന്നുരണ്ട് സിറിയൻ റമ്പാന്മാർ എഴുതിയ ഭാവനാ സൃഷ്ടങ്ങളായ കഥകളെയാണ് അദ്ദേഹം ആധാരമാക്കിയിട്ടുള്ളത്. *കണ്ടനാട് ഗ്രന്ഥ വരി* ഇക്കാര്യത്തിൽ വ്യക്തവും വിശദവും അനിഷേധ്യവുമായ ചിത്രം നൽകിയി ട്ടുണ്ട്. 500 പവൻ യാത്രചിലവ് ആവശ്യപ്പെട്ടുകൊണ്ട് പത്രോസ് ബാവാ അയച്ച കമ്പികൾ, പണം സ്വരൂപിക്കുവാൻ പുലിക്കോട്ടിൽ മെത്രാച്ചൻ പള്ളികൾക്കയച്ച കല്പന, ഓരോ പള്ളിക്കാരും നൽകിയ തുകകൾ, കമ്പോളത്തിൽനിന്ന് മെത്രാ ച്ചൻ ഹുണ്ടികക്കാരിൽനിന്ന് (ഇപ്പോഴത്തെ ബ്ലേഡ് കമ്പനികൾക്ക് സമാനമായ അന്നത്തെ സ്ഥാപനം) കടംവാങ്ങിയ സംഖ്യ, പല തീയതികളിലായി ആവശ്യ പ്പെട്ട സംഖ്യ അയച്ചത് ഇതിന്റെയെല്ലാം തീയതി വച്ച വിവരങ്ങൾ കണ്ടനാട് ഗ്രന്ഥ വരി നമുക്ക് വെളിപ്പെടുത്തിത്തരുന്നു. വർക്കിയുടെ സമകാലസാക്ഷ്യവും കണ്ട നാട് ഗ്രന്ഥവരിയിലെ സമകാലസാക്ഷ്യവും മലങ്കരയിൽ കക്ഷിവഴക്ക് ആരംഭി ക്കുന്നതിന് മുമ്പുണ്ടായ രേഖകൾ ആകയാൽ അപ്രേം പൗലൂസ് റമ്പാന്റെ *ശീമ ക്കാരായ പിതാക്കന്മാരും* കണിയാമ്പറമ്പിലച്ചന്റെ *സുറിയാനി സഭാചരിത്ര*വും വായ നക്കാരെ വഴിതെറ്റിക്കുവാൻ ബോധപൂർവ്വം രചിക്കപ്പെട്ട കള്ളക്കഥകൾ ആണെന്ന് വരുന്നു. പല പില്ക്കാല ചരിത്രങ്ങൾക്കുമെന്നപോലെ ഈ കഥകൾക്കും ഗൗരവ പൂർണ്ണമായ ചരിത്ര ചർച്ചയിൽ പ്രവേശനം അനുവദിക്കേണ്ടതില്ല.

2. പത്രോസ് ബാവായെ കണ്ട മാത്രയിൽ ഇത്രയേറെ പ്രശംസാവചനങ്ങൾ കോരിച്ചൊരിഞ്ഞ മഹാരാജാവും ഇളയരാജാവും 1877-ൽ വീണ്ടും പാത്രിയർക്കീസ് സന്ദർശനാനുമതി ആവശ്യപ്പെട്ടപ്പോൾ നിഷേധിക്കുകയാണുണ്ടായതെന്ന് *കണ്ട നാട് ഗ്രന്ഥവരി* വെളിപ്പെടുത്തുന്ന സത്യം അനേകർ വിവേചിച്ചിട്ടില്ല. രണ്ടു വർഷം കൊണ്ട് ബാവാ മലങ്കരയിൽ എത്രമാത്രം വെറുക്കപ്പെട്ടു എന്ന് തിരിച്ചറിയുവാൻ ആ സംഭവം മാത്രം മതി. അന്ത്യോഖ്യാ ഭക്തരായ എഴുത്തുകാരും സഭാധ്യക്ഷ ന്മാരും ഈ സംഭവം വെളിപ്പെടുത്തുക പതിവില്ല.

3. മെത്രാന്മാരെ വാഴിക്കുവാൻ മുളന്തുരുത്തി യോഗം നിശ്ചയിച്ചു എന്ന് കാണു ന്നത് നോട്ടപ്പിശകാണ്. ബാവാ സ്വന്തം നിലയിൽ എടുത്ത തീരുമാനമാണത്. ഇതിൽ പ്രതിഷേധിച്ച് മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ രാജി എഴുതി സമർപ്പിച്ച വിവരം *കണ്ടനാട് ഗ്രന്ഥവരി* സവിസ്തരം രേഖപ്പെടുത്തുന്നുണ്ട്.

4. പാത്രിയർക്കീസ് പ്രചരിപ്പിച്ച ഒരു അസത്യമാണിത്. മൂറോൻ കൂദാശ ചെയ്യാൻ പാത്രിയർക്കീസിനും കാതോലിക്കായ്ക്കും മെത്രാപ്പോലീത്തായ്ക്കും അധികാരമു ണ്ടെന്ന് സുറിയാനിസഭയുടെ ഹൂദായകാനോനിൽ വ്യക്തമായി രേഖപ്പെടുത്തിയി ട്ടുണ്ട്. ആവശ്യത്തിലേറെ പ്രാധാന്യം ആ വിശുദ്ധ തൈലത്തിന് സിദ്ധിച്ചതും പാത്രിയർക്കീസിന്റെയും പാത്രിയർക്കാ ഭക്തന്മാരുടെയും പ്രചാരം മൂലമാണ്. അന്ത്യോഖ്യാ പാത്രിയർക്കീസ് പ്രാർത്ഥിച്ചാൽ വി. മൂറോൻ തൈലം തിളയ്ക്കു മെന്ന് പോലും ശീമഭക്തർ ആണ് പ്രചരിപ്പിച്ചത്. നിഷ്കളങ്കരായ വിശ്വാസികൾ അത് അപ്പാടെ വിഴുങ്ങിയിരുന്നു.

5. കുന്നംകുളം പള്ളി എന്ന് പ്രസ്താവിച്ചിരിക്കുന്നത് കുന്നംകുളം പഴയപള്ളിക്ക് സമീപമുള്ള ചിറളയം പള്ളിയെ ഉദ്ദേശിച്ചാണ്. നവീകരണക്കാരുമായുള്ള വ്യവ

ഹാരത്തെ തുടർന്ന് പാലൂർ-ചാട്ടുകുളങ്ങര പള്ളി അന്ന് പൂട്ടിക്കിടക്കുകയായിരുന്നു. ആർത്താറ്റ് പള്ളി കഴിഞ്ഞാൽ കുന്നംകുളത്തുള്ള പ്രധാന പള്ളി ചിറളയം പള്ളി ആയിരുന്നു. പുലിക്കോട്ടിൽ മെത്രാച്ചനോട് നീരസപ്പെട്ടു നടത്തിയ ഈ മെത്രാൻ വാഴ്ചയിൽ തൊട്ടടുത്ത് (ഒരു ഫർലോങ് മാത്രം ദൂരെ) പഴയപള്ളിയിൽ താമസി ച്ചിരുന്ന പുലിക്കോട്ടിൽ മെത്രാച്ചൻ പങ്കെടുത്തില്ല.

## ഇരുപത്തിരണ്ടാം അദ്ധ്യായം

# സിമ്മനാരി വ്യവഹാരം


## 1054–1064

ബാവാ മലയാളത്തുണ്ടായിരുന്ന കാലങ്ങളിൽ മാർ മാത്യൂസ് അത്താനാസ്യോസ് എന്തു ചെയ്കയായിരുന്നു? അദ്ദേഹത്തിന്റെ സ്ഥിതി എന്തായിരുന്നു? ഇദ്ദേഹം ബാവായുടെ മാർഗ്ഗങ്ങൾക്കു പാടുള്ളെടത്തോളം പ്രതിബന്ധങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുകയും 1027-ലെ വിളംബരത്തിന്റെ ശക്തിയാൽ തനിക്കു നിർബാധമായി കരസ്ഥമായിരുന്ന സിമ്മനാരിയും സ്വത്തുക്കളും ആ വിളംബരം ദുർബലപ്പെട്ടപ്പോൾ അതുകളുടെ ന്യായമായ അവകാശിക്കു ഒഴിഞ്ഞുകൊടുക്കാതെ ശഠിക്കുകയും ചെയ്കയായിരുന്നു എന്നു മേലെഴുതിയ ചോദ്യങ്ങൾക്കു സമഷ്ടിയായി ഉത്തരം പറയാം. ഇദ്ദേഹം ബാവായെ കാണ്മാൻ ഒരിക്കലും ആഗ്രഹിച്ചതായി അറിവില്ല.[1] താൻ പ്രവർത്തിച്ച അവിവേകത്തെക്കുറിച്ചു സാധാരണബുദ്ധികൾക്കു ഉണ്ടാകാവുന്ന പശ്ചാത്താപം ഇദ്ദേഹത്തിനു ലവലേശം ഉണ്ടായതായി വിചാരിക്കാൻ ന്യായം കാണുന്നില്ല.[2] അങ്ങനെ വല്ലതും അല്പം ഉണ്ടായിരുന്നെങ്കിൽ അതു ലോകത്തെ മനസ്സിലാക്കാനുള്ള അവസരം ബാവായുടെ സാമീപ്യത്തിൽ സിദ്ധിച്ചതു അദ്ദേഹം ഉപയോഗിക്കാതിരിക്കുകയില്ലായിരുന്നു. നേരെ മറിച്ചു തന്റെ സഹോദരനെ അനുഗാമിയായി വാഴിക്കുന്നതിനു ബാവായുടെ പോക്കിനെ ഇദ്ദേഹം പ്രതീക്ഷിച്ചിരിക്കയായിരുന്നു എന്നു തോന്നുന്നു. 1052 ഇടവത്തിൽ ഇദ്ദേഹം തന്റെ സഹോദരനെ മാർ തോമസ് അത്താനാസ്യോസെന്ന സ്ഥാനപ്പേരോടുകൂടി മെത്രാനായി വാഴിച്ചു. സുറിയാനി കാനോനു വിപരീതമായ ഈ പ്രവൃത്തി മാർ മാത്യൂസ് അത്താനാസ്യോസിന്റെ ഈ മാതിരി പ്രവൃത്തികളിൽ രണ്ടാമത്തേതും അവസാനത്തേതുമാണ്. 1031-ൽ ഇദ്ദേഹം തനിച്ചു തൊഴിയൂർ പള്ളിയിൽ വെച്ചു മാർ കൂറിലോസിനു സ്ഥാനം കൊടുത്ത വിവരം വായനക്കാരുടെ ദൃഷ്ടിപഥത്തിൽ ഉണ്ടെന്നു വിശ്വസിക്കുന്നു.

എന്നാൽ മാർ മാത്യൂസ് അത്താനാസ്യോസ് ഇങ്ങനെ ഓരോന്നു പ്രവർത്തിച്ചുകൊണ്ടിരിക്കാൻ ദൈവം സമ്മതിച്ചില്ല. തന്റെ ബുദ്ധിശക്തിയെയും സാമർത്ഥ്യത്തെയും ന്യായമായവിധത്തിൽ ഉപയോഗിച്ചിരുന്നു എങ്കിൽ മലങ്കര സുറിയാനി സമുദായത്തിനു വളരെ നന്മയ്ക്കു കാരണമായിത്തീരുമായിരുന്ന ഈ നിർഭാഗ്യവാൻ 1052 കർക്കടകത്തിൽ കാലഗതിയെ പ്രാപിച്ചു. അല്പജ്ഞന്മാരായ മനുഷ്യർ അറിവോടും പലപ്പോഴും അറിവുകൂടാതെയും പല തെറ്റുകളും പ്രവർത്തിച്ചുപോക പതിവാണ്. എന്നാൽ തങ്ങളുടെ പ്രവർത്തികളുടെ അബദ്ധത്തെക്കുറിച്ചു ബോദ്ധ്യമായി അനു



**മാലിത്തറ ഏലിയാസ്**
**കത്തനാർ (നീലംപേരൂർ)**
**മരണം 1077 മിഥുനം 12 (55 വയസ്സ്)**



**ഇ. എം. ഫിലിപ്പ് ഇടവഴീക്കൽ**
**(മുൻ സെക്രട്ടറി, മലങ്കര അസോസിയേഷൻ**
**മാനേജിംഗ് കമ്മിറ്റി)**



**പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ (അന്ന് 57 വയസ്സ്) മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി സെക്രട്ടറി ഇ. എം. ഫിലിപ്പ് ഇടവഴീക്കൽ (31 വയസ്സ്), 1889-ലെ റോയൽകോടതി വിധി വായിച്ചു കേൾപ്പിക്കുന്നു. ലോകപ്രശസ്ത ചിത്രകാരൻ രാജാ രവിവർമ്മയാൽ രചിക്കപ്പെട്ടതും, കോട്ടയം പഴയസെമിനാരി കമ്മിറ്റി മാളികയിൽ 1890-ൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നതുമായ ഫോട്ടോ.**

തപിക്കുന്നതിനു സന്ദർഭം ലഭിക്കുന്നതു മനുഷ്യരുടെ വലിയ ആഗ്രഹങ്ങളിലൊന്നാണ്. മാർ അത്താനാസ്യോസിനു ഈ സന്ദർഭം ലഭിച്ചിട്ടില്ലെന്നു വാദിക്കാൻ നിവൃത്തിയില്ല. നേരെമറിച്ചു തന്റെ മനോഗതങ്ങൾക്കുണ്ടെന്നു ഭാവിച്ചിരുന്ന ശുദ്ധിയേയും സ്വാഭിമാനത്തെയും പ്രത്യക്ഷീകരിക്കുന്നതിനുള്ള സന്ദർഭങ്ങൾ ഓരോന്നോരോന്നായി സ്വയമേവ ഉണ്ടായിക്കൊണ്ടിരുന്നു. ഇതുകളെ തീരെ അഗണ്യമാക്കാനല്ലാതെ ഇദ്ദേഹത്തിനു മനസ്സു വരാഞ്ഞതിനാലാണു ഇദ്ദേഹത്തെ ഞാൻ നിർഭാഗ്യവാനെന്നു വിളിച്ചത്.[3] മദിരാശിയിലെ കോളജിൽ നിന്നു ബഹിഷ്കൃതനായതു മുതൽക്കു തന്റെ സഹോദരനെ മെത്രാനായി വാഴിച്ചതുവരെ ഇദ്ദേഹം ചെയ്തിട്ടുള്ള ഓരോ കാര്യങ്ങളുടെ ഗുണദോഷവിവേചനം ചെയ്യുന്നതായാൽ ഞാനൊരു പ്രത്യേകാർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്ന ഈ 'നൈർഭാഗ്യം' അതുകളിൽ ഓരോന്നിലും വ്യക്തമായി കാണാവുന്നതാണ്. അന്ത്യോക്യാ സിംഹാസനവും മലങ്കര സുറിയാനിസഭയും തമ്മിലുള്ള ഗാഢസംബന്ധത്തേയും സുറിയാനി മതസിദ്ധാന്തങ്ങളേയും കുറിച്ചു ഇദ്ദേഹത്തിനു ആദ്യമുണ്ടായിരുന്ന അഭിപ്രായം മാറിവീണതു പരമാർത്ഥമായ മനോവികാരഭേദത്തിന്റെ ഫലമായിരുന്നെങ്കിൽ 1051 കുംഭം 23-ലെ വിളംബരത്തിനു ശേഷമെങ്കിലും സിമ്മനാരിയും സ്വത്തുക്കളും അതുകളുടെ ശരിയായ അവകാശിക്കു വിട്ടുകൊടുത്തു ഇദ്ദേഹത്തിനു പബ്ലിക്കു ജീവിതത്തിൽ നിന്നു മാന്യമായി മാറിക്കളയാമായിരുന്നു. സുറിയാനിസഭയിൽ ഇദംപ്രഥമമായി വലുതായ ആഭ്യന്തരകലഹം ഉണ്ടാകുന്നതിനുള്ള ഏക കാരണം താനാണെന്നുള്ള ദോഷാരോപണം നിഷ്പക്ഷപാതികളായ ചരിത്രകാരന്മാർ ചെയ്യാതിരിക്കുന്നതിനും ഇദ്ദേഹത്തിനു വല്ലതും പ്രവർത്തിക്കാമായിരുന്നു. ഈ വക സംഗതികളെ വിസ്തരിച്ചു വായനക്കാരുടെ ക്ഷമയെ പരീക്ഷിക്കാൻ വിചാരിക്കുന്നില്ല.

ബാവാ പോയ ഉടനെ നമ്മുടെ കഥാനായകൻ ശ്രമിച്ചതു സിമ്മനാരിയും സ്വത്തുക്കളും വീണ്ടെടുക്കുന്നതിനുള്ള സിവിൽ വ്യവഹാരം ഫയലാക്കുന്നതിനായിരുന്നു. ഈ വകയ്ക്കു ധനശേഖരം ചെയ്യുന്നതിനു അദ്ദേഹം പല പള്ളികളിലും സഞ്ചരിക്കുകയും ഒടുവിൽ 1053 കുംഭത്തിൽ പരുമലെ ഒരു മഹായോഗം വിളിച്ചുകൂട്ടുകയും ചെയ്തു. ഈ മഹായോഗത്തിൽ മലങ്കരെയുള്ള പള്ളികളിൽ ഏറിയ ഭാഗത്തിന്റെയും പ്രതിനിധികളും തന്റെ ആറു സഹായിമെത്രാന്മാരും ഹാജരുണ്ടായിരുന്നു. ഈ യോഗത്തിലേയും മുളന്തുരുത്തിയോഗത്തിലേയും നിശ്ചയപ്രകാരം 1054 കുംഭത്തിൽ ആലപ്പുഴ ജില്ലാകോടതിയിൽ 'സിമ്മനാരി വ്യവഹാര'മെന്നു പ്രസിദ്ധമായ കേസു ഫയലായി. ഇതിലെ വാദി നമ്മുടെ കഥാനായകനും പ്രതികൾ മാർ തോമസ് അത്താനാസ്യോസ് മുതൽപേരും ആയിരുന്നു. സുറിയാനിസമുദായത്തിന്റെ പൊതുസ്വത്തായ സ്ഥാവരജംഗമസ്വത്തു

ക്കളും ഒന്നാംപ്രതി ഉപയോഗിക്കുന്ന സ്ഥാനചിഹ്നങ്ങളും ഒഴിച്ചുകിട്ടണമെന്നായിരുന്നു വ്യവഹാരസാരം. ഈ മൂന്നു വകകൾക്കും കൂടി ഉദ്ദേശം 61,000 ഉറുപ്പിക വില നിശ്ചയിച്ചു ഫീസടച്ചാണു വ്യവഹാരപ്പെട്ടത്. ഇത്ര വലിയ ഒരു കേസ് തിരുവിതാംകോട്ടെ യാതൊരു കോടതിയിലും ഇതുവരെ ഫയലായിട്ടില്ല. കേസിന്റെ പ്രധാനതയേയും അതു സാധാരണ സമ്പ്രദായത്തിൽ വിസ്തരിക്കപ്പെട്ടാൽ ഉണ്ടാകാവുന്ന കാലതാമസത്തെയും ഓർത്തു തിരുവിതാംകൂർ വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു ഈ കേസു വിചാരണയ്ക്കു മാത്രമായിക്കൊണ്ടു ഒരു പ്രത്യേക ജഡ്ജിയെ നിശ്ചയിച്ചു. മലങ്കര സുറിയാനിസഭയുടെ മേൽ അന്ത്യോക്യാ പാത്രിയർക്കീസിനു യാതൊരുവിധത്തിലും അധികാരമില്ലെന്നും വ്യവഹാരം കൊണ്ടുവരുന്നതിനു നമ്മുടെ കഥാനായകനു യാതൊരർഹതയുമില്ലെന്നും വ്യവഹാരത്തിനു കാലഹരണദോഷമുണ്ടെന്നും മറ്റും പ്രതികൾ പത്രിക ബോധിപ്പിക്കുകയും വാദിക്കുകയും ചെയ്തു എങ്കിലും 1059 മിഥുനത്തിൽ മിക്കവാറും അന്യായപ്രകാരം വിധിയുണ്ടായി. ഇതിൻമേൽ പ്രതികൾ ആ കർക്കടകത്തിൽ ബോധിപ്പിച്ച അപ്പീൽ ഹൈക്കോടതിയിലെ രണ്ടു ജഡ്ജിമാർ കൂടിയിരുന്നു വിചാരണ കഴിച്ചതിന്റെ ശേഷം 1061 തുലാമാസത്തിൽ അപ്പീൽ തള്ളി വിധിച്ചു. ഇതിന്മേൽ പ്രതികൾ വീണ്ടും റോയൽ കോടതി മുമ്പാകെ 1061 കുംഭത്തിൽ അപ്പീൽ ബോധിപ്പിച്ചു. ഈ അപ്പീൽ മൂന്നു ജഡ്ജിമാർ കൂടിയിരുന്നു വിചാരണ കഴിച്ചതിന്റെ ശേഷം ഭൂരിപക്ഷം (ഒരാൾ ക്രിസ്ത്യാനി ജഡ്ജി അഭിപ്രായ വ്യത്യാസമായി) കീഴ്ക്കോടതി വിധികളെ സ്ഥിരപ്പെടുത്തി.

പത്തു കൊല്ലങ്ങളിലധികം നമ്മുടെ കഥാനായകന്റെ മനശ്ശരീരങ്ങൾക്കു വല്ലാത്ത അസ്വാസ്ഥ്യം ഉണ്ടാക്കിക്കൊണ്ടിരുന്ന ഈ കേസ് ഇങ്ങനെ മംഗളമായി പര്യവസാനിച്ചു. കേസിനു വേണ്ടി വന്ന ധനം സമയത്തിനു ശേഖരിക്കുന്നതിനും മറ്റും അദ്ദേഹം ചെയ്തിട്ടുള്ള ശ്രമം എത്രത്തോളമാണെന്നു എഴുതി ഫലിപ്പിക്കാൻ പ്രയാസം തന്നെ.[5] അവസാനം എന്തെന്നു നിശ്ചയിക്കാൻ നിവൃത്തിയില്ലാത്ത ഒരു കാര്യത്തിനു ധനസഹായം ചെയ്വാൻ പള്ളിക്കാർക്കു സാമാന്യമായ വൈമനസ്യമുണ്ടായിരുന്നു. പിന്നെ തിരുവിതാംകോട്ടെ പല പള്ളികളിലും കക്ഷിഭേദം ഉണ്ടായിരുന്നതിനാൽ ജനങ്ങൾക്കു തങ്ങളുടെ ആഗ്രഹരൂപമായവിധത്തിൽ കേസിൽ സഹായിക്കാൻ നിവൃത്തിയുണ്ടായിരുന്നില്ല. നമ്മുടെ കഥാനായകന്റെ മനസ്സൈഥര്യവും ജനങ്ങളെ സ്വാധീനപ്പെടുത്താനുള്ള വൈഭവവും ഈ പത്തു കൊല്ലങ്ങൾക്കിടയിൽ ശോഭിച്ചതിനേക്കാൾ അധികമായി ഒരിക്കലും ശോഭിച്ചിട്ടില്ല. ഒരു അമേരിക്കൻ വ്യാപാരിയും നമ്മുടെ കഥാനായകന്റെ പ്രാണസ്നേഹിതനുമായിരുന്ന മിസ്റ്റർ ഡാറായുടെ മനോഗുണം തന്നെ ഇക്കാലങ്ങളിൽ വളരെ സഹായിച്ചിട്ടുണ്ടെന്നുള്ള വിവരം ഒരു വിധത്തിലും വിസ്മരിക്കാൻ പാടില്ല.

വിധിയെപ്പറ്റി പറയുകയാണെങ്കിൽ ക്രിസ്ത്യാനി ജഡ്ജിയുടെ അഭിപ്രായത്തോടു യോജിക്കാൻ അധികം ആളുകൾ ഉണ്ടാകുമെന്നു തോന്നുന്നില്ല. താൻ എത്രതന്നെ നിഷ്പക്ഷപാതിയും സത്യസന്ധനും ആയിരുന്നാലും ഒരു ക്രിസ്ത്യാനിയെന്ന നിലയ്ക്കു ഇദ്ദേഹത്തിനു മനസ്സറിയാതെതന്നെ ഒരു കക്ഷിയുടെ നേരെ അധികപ്രതിപത്തിയുണ്ടായിപ്പോയി എന്നതു സ്വാഭാവികമായ ഒരനുമാനമാണ്. മറ്റു രണ്ടു ജഡ്ജിമാരുടെ കാര്യത്തിനു വളരെ അന്തരമുണ്ട്. രണ്ടുപേരും ഹിന്ദുക്കളാകയാൽ ഇരു കക്ഷികളേയും ഒരേവിധത്തിൽ കരുതുന്നതിനേ അവർക്കു നിവൃത്തിയുള്ളു. കേസിലെ തെളിവിനും കാര്യത്തിന്റെ യാഥാർത്ഥ്യത്തിനും വിരുദ്ധമായി പ്രവർത്തിക്കുന്നതിന് ഇവർക്കു മനസ്സില്ലായിരുന്നു എന്നതിന് വളരെ ശ്രമപ്പെട്ട് എഴുതീട്ടുള്ള വിധി ഉത്തമസാക്ഷ്യമാണ്. ചുരുങ്ങിയ പക്ഷം മൂന്നു ശതാബ്ദക്കാലമായിട്ടു മലങ്കര സുറയാനി സഭയുടെ ആത്മീയാദ്ധ്യക്ഷൻ അന്തോക്യാ പാത്രിയർക്കീസാണെന്നും ഈ സഭയുടെ വിശ്വാസാചാരങ്ങൾ യാക്കോബായയാണെന്നും പൊതുമുതലുകൾ യാക്കോബായ ട്രസ്റ്റാണെന്നും സമ്മതിക്കാത്ത ചരിത്രകാരന്മാർ ചുരുങ്ങും. പിന്നെ കഴിഞ്ഞുപോയ മാർ മാത്യൂസ് അത്താനാസ്യോസ് പണ്ടാരും ചെയ്തിട്ടില്ലാത്തവിധം അന്ത്യോക്യയോളം പോയി സ്ഥാനമേറ്റു വന്നതും പിന്നീട് അദ്ദേഹം അന്തോക്യാ അധികാരത്തെ നിഷേധിച്ചതും മറ്റും പ്രതികൾക്കു പ്രത്യാഖ്യാനിക്കാൻ നിവൃത്തിയില്ലാത്ത വാസ്തവങ്ങളാണ്. ഒരാൾക്കു സ്ഥാനം കൊടുക്കാൻ മറ്റൊരാൾക്ക് അധികാരമുണ്ടെങ്കിൽ ആ സ്ഥാനത്തെ എടുത്തു കളയുന്നതിനും അയാൾക്കു അർഹതയുണ്ടാകാതെ തരമില്ലല്ലൊ.[6] മാർ അത്താനാസ്യോസിനെ അന്തോക്യാ പാത്രിയർക്കീസ് സ്ഥാനഭ്രംശനാക്കി നമ്മുടെ കഥാനായകനെ ആ സ്ഥാനത്തിൽ പ്രതിഷ്ടിച്ചതും അദ്ദേഹത്തെ സുറിയാനിക്കാരിൽ ഭൂരിപക്ഷം അംഗീകരിച്ചിട്ടുള്ളതും സംശയലേശം കൂടാതെ തെളിഞ്ഞിട്ടുണ്ട്. മാർ അത്താനാസ്യോസും കൂട്ടരും സമുദായ സ്വത്തിനെ ട്രസ്റ്റിനു വിപരീതമായ വിധത്തിൽ ഉപയോഗിക്കുന്നുണ്ടെന്നുള്ളതും അതുപേലെ തന്നെ തെളിഞ്ഞിട്ടുണ്ട്. പിന്നെ അന്യായപ്രകാരം തന്നെ വിധിയുണ്ടായതിൽ എന്തൊരാശ്ചര്യമാണുള്ളത്? നിയമം വിശ്വാസക്രമം, ചരിത്രം, ആത്മീയാദ്ധ്യക്ഷത മുതലായി പല പ്രധാന സംഗതികളേയും കുറിച്ച് അനേകം വാദമുഖങ്ങളുള്ള ഈ പ്രമാദമായ കേസിനെപ്പറ്റി അധികം വിസ്തരിക്കുന്നില്ല. ഇതിലും പതിവുപോലെ സത്യം ജയിച്ചെന്നു മാത്രം പറഞ്ഞ് ഈ ഭാഗം അവസാനിപ്പിക്കുന്നു.[7]

1. പാത്രിയർക്കീസ് ബാവായെ കാണാൻ അനുവാദം ആവശ്യപ്പെട്ടുകൊണ്ട് കത്തുകൾ അയയ്ക്കുകയും ദൂതന്മാരെ അയയ്ക്കുകയും ചെയ്യുന്നതിൽ പാലക്കുന്നത്ത് മെത്രാച്ചൻ കാണിച്ച തന്ത്രങ്ങൾ *കണ്ടനാട് ഗ്രന്ഥവരി* വെളിപ്പെടുത്തുന്നുണ്ട്. പാത്രിയർക്കീസ് മഹാരാജാവിനെ കാണുന്നതിന് കാലതാമസം വരുത്തുവാൻ ഉദ്ദേ

ശിച്ചായിരുന്നു ഈ തന്ത്രം. ഇത് മനസ്സിലാക്കിയ ബാവാ തിരുവനന്തപുരത്തു നിന്നുള്ള മടക്കയാത്രയിൽ മാർ അത്താനാസ്യോസ് നിരണം പള്ളിയിലുണ്ടെന്ന റിഞ്ഞ് പള്ളിയിലെത്തി കാണാൻ ദൂതന്മാർ മുഖേന ആവശ്യപ്പെട്ടിട്ടും പള്ളികെട്ടി ടത്തിന്റെ ഉൾമുറിയിൽ ഒളിച്ചിരുന്ന കാര്യം *കണ്ടനാട് ഗ്രന്ഥവരി* വിശദമായി പ്രതി പാദിക്കുന്നുണ്ട്. കൂടെ ഉണ്ടായിരുന്ന പലരും മെത്രാച്ചന്റെ നിലപാടിൽ സംശയം ഉറച്ച് പാത്രിയർക്കീസിന്റെ അനുഗാമികൾ ആകുവാൻ ഇത് കാരണമായി.

2. പഴയസെമിനാരിയിൽ കടവിൽ മല്പാന്റെ നേതൃത്വത്തിൽ സന്ധ്യാന മസ്ക്കാരം നടന്നുകൊണ്ടിരിക്കുമ്പോൾ ഈ 'അഭിനവ മലങ്കര മെത്രാൻ?' കാട്ടി ക്കൂട്ടിയ മദ്യലഹരിയുടെ കോപ്രായങ്ങൾ കടവിൽ തിരുമേനിയുടെ ജീവചരിത്ര ത്തിൽ, സമകാല രേഖകളെ ഉദ്ധരിച്ച് വിശദീകരിച്ചിട്ടുണ്ട്. മലങ്കരസഭയുടെ ആരാ ധനകളോട് പുച്ഛം, കള്ളരേഖകൾ ചമക്കുവാനുള്ള സാമർത്ഥ്യം എന്നിവയിൽ ഈ 'മലങ്കര മെത്രാൻ' വേറിട്ട് നില്ക്കുന്നു.

3. മാർ അത്താനാസ്യോസ് 'നിർഭാഗ്യവാൻ' എന്ന് സമകാലസാക്ഷ്യം. ഭാഗ്യ വാനായ 'മലങ്കര മെത്രാൻ' എന്ന് ഒന്നേകാൽ നൂറ്റാണ്ടിന് ശേഷമുള്ള സാക്ഷ്യം!! ഉറങ്ങുന്നവനെ ഉണർത്തുവാനേ ചരിത്രത്തിന് കഴിയൂ. ഉറക്കം നടിക്കുന്നവനെ ഉണർത്തുവാൻ ആർക്കു കഴിയും?

4. ബാവാ പോയ 'ഉടനെ' എന്ന് വർക്കി എഴുതുന്നതിൽ ചില അസുഖകര ങ്ങളായ കാര്യങ്ങൾ വിട്ടുകളഞ്ഞിട്ടുണ്ട്. ആറു മെത്രാന്മാരെ ബാവാ വാഴിച്ചത് സ്വതന്ത്ര ചുമതലയിലേക്കാണ്. തന്മൂലം അവരെ അനുനയിപ്പിച്ച് അവരുടെ സമ്മ തപത്രം വാങ്ങുവാൻ സമയം ആവശ്യമായിരുന്നു. അസോസ്യേഷന് മൂലധനം സ്വരൂപിക്കുവാൻ നടത്തിയ ശ്രമം പാത്രിയർക്കീസ് പരാജയപ്പെടുത്തുക മാത്രമല്ല, അസോസ്യേഷൻ പിരിച്ചുവിടുകപോലും ചെയ്തു. ആ വക മുറിവുകളെ ചികി ത്സിച്ച് സുഖപ്പെടുത്തുവാനായി ഏതാനും സമയം ആവശ്യമായി വന്നു. തന്മൂലം 1879–ലേ വ്യവഹാരം ആരംഭിക്കുവാൻ കഴിഞ്ഞുള്ളൂ. 'ഉടനെ' എന്ന പ്രയോഗത്തിന് രണ്ടു കൊല്ലം കഴിഞ്ഞ് എന്നാണർത്ഥം.

5. സെമിനാരിക്കേസ് നടത്തിപ്പിൽ ചരിത്രപുരുഷൻ സഹിച്ച ക്ലേശങ്ങൾ 'മല ങ്കരസഭയുടെ രഹസ്യപേടകം' എന്ന ആത്മകഥയിൽ ഇ. എം. ഫിലിപ്പ് വിവരിച്ചി ട്ടുണ്ട്.

6. സ്ഥാനം കൊടുത്ത ആൾക്ക് സ്ഥാനം എടുത്തുകളയാനാവും എന്നത് അവി ദഗ്ധവും അകാനോനികവും ആയ അഭിപ്രായമാണ്. സഭയുടെ ഉപദേശമല്ല. നൽവ രങ്ങൾ നൽകാനല്ലാതെ തിരിച്ചെടുക്കുവാൻ ആർക്കും അധികാരമില്ല. മതിയായ കാരണങ്ങൾ ഉണ്ടെങ്കിൽ പ്രവർത്തനാനുമതി നിഷേധിക്കാമെന്ന് മാത്രം.

7. സെമിനാരിക്കേസ് അന്തിമവിധി പ്രഖ്യാപിക്കും മുമ്പ് മഹാരാജാവിന്റെ നിർദ്ദേ ശപ്രകാരം അനുരഞ്ജനത്തിന് ഇരു കൂട്ടരെയും വരുത്തി ശ്രമം നടത്തിയ വിവരം 'രഹസ്യപേടക'ത്തിൽ ഇ. എം. ഫിലിപ്പ് വിവരിച്ചിട്ടുണ്ട്. നവീകരണക്കാർ പൂർവ്വീക വിശ്വാസങ്ങളിലേക്ക് മടങ്ങിവരുവാൻ തയാറുണ്ടെങ്കിൽ താൻ സ്ഥാനം ഒഴിഞ്ഞ് മലങ്കരമെത്രാപ്പോലീത്താ സ്ഥാനം പാലക്കുന്നത്ത് തോമസ് അത്താനാസ്യോസിന് നൽകാമെന്ന് പുലിക്കോട്ടിൽ മെത്രാച്ചൻ മഹാമനസ്ക്കതയോടെ പറഞ്ഞു. എന്നാൽ

പൂർവ്വീക വിശ്വാസങ്ങൾ സ്വീകരിക്കുവാൻ മനഃസാക്ഷി അനുവദിക്കുന്നില്ലെന്ന് പറഞ്ഞ് നവീകരണാധ്യക്ഷൻ അനുരഞ്ജനത്തെ തട്ടിക്കളയുകയും തോൽവിയെ വരിക്കുകയും ചെയ്തു.

അനുരഞ്ജനത്തിന്റെ വാതിൽ തുറന്ന് കിടന്നുവെങ്കിലും വ്യവഹാരത്തിൽ അവലംബിച്ച കൃത്രിമരേഖകളും വ്യാജസാക്ഷിമൊഴികളും അവരെ സഭയിൽനിന്ന് അന്യരാക്കിയിരുന്നു. പ്രധാന വ്യാജരേഖ അവർ കേസിൽ ഹാജരാക്കിയ 'മലങ്കര കാനോൻ' ആയിരുന്നു. മലങ്കരസഭയിലെ യാതൊരു ചരിത്രകാരന്മാരും ആ വ്യാജ കാനോൻ പരിശോധിച്ചതായി തോന്നുന്നില്ല. നൂറ് ശതമാനവും വ്യാജമായ ആ കാനോൻ കാണാതെയും പരിശോധിക്കാതെയുമാണ് സാങ്കേതികമായി മാത്രം അല്പം വ്യാജസ്പർശമുള്ള ഹൂദായകാനോനെ 'കാപ്പിക്കാനോൻ' എന്ന് പരിഹസിച്ച് ആക്ഷേപിക്കുന്നത്. തങ്ങൾ ആക്ഷേപിക്കുന്ന കാപ്പിക്കാനോൻ പ. പരുമല മാർ ഗ്രീഗോറിയോസും വൈദികട്രസ്റ്റി കോനാട്ട് മാത്തൻ കത്തനാരും ചേർന്ന് അന്നത്തെ സഭാനേതൃത്വത്തിന്റെ തീരുമാനപ്രകാരം തയാറാക്കിയതാണെന്ന് ആക്ഷേപക്കാർ – അവരിൽ മാത്യൂസ് പ്രഥമൻ കാതോലിക്കാ വരെയുള്ള പ്രാമാണികർ പോലുമുണ്ട് – വേണ്ടത്ര ഗ്രഹിക്കാത്തതിൽ ദുഃഖിക്കുകയല്ലേ നിവൃത്തിയുള്ളൂ? കോനാട്ടച്ചന്റെ ഡയറിയിലെ സമകാലസാക്ഷ്യം ഇക്കാര്യത്തിൽ ആവശ്യമായ ഉൾക്കാഴ്ച നൽകുന്നുണ്ട്.

## ഇരുപത്തിമൂന്നാം അദ്ധ്യായം

# 1067–1077

# ആധുനികകാലം

ഈ അദ്ധ്യായത്തിൽ ഒന്നാമതായി പ്രസ്താവിക്കാനുള്ളതു "മലങ്കര യിടവകപ്പത്രിക"യുടെ ആവിർഭാവത്തെക്കുറിച്ചാണ്. അന്യ ക്രിസ്തീയ ശാഖകളിൽ പലതിനും ഇതിനു മുമ്പുതന്നെ അതതുകളുടെ കാര്യങ്ങളെ പ്രതിപാദിക്കാൻ പത്രങ്ങൾ ഉണ്ടായിരുന്നു. ഈ പത്രങ്ങളിൽ ചിലതു സ്വന്ത കാര്യങ്ങൾ പറയുന്നതിനു പുറമേ സഹായമില്ലാത്ത സുറിയാനി സഭയെ തരം വരുമ്പോഴൊക്കെയും അകാരണമമായി ദുഷിക്കുകയും ആ സഭാംഗങ്ങളിൽ ഛിദ്രം ഉണ്ടാക്കണമെന്നുള്ള വിചാരത്തോടു കൂടി ഓരോന്നു പ്രസ്താവിക്കുകയും പതിവായിരുന്നു. പിന്നെയും സുറിയാനി സഭയിലെ വിശ്വാസാചാരങ്ങൾ ക്രിസ്തുമത സിദ്ധാന്തങ്ങൾക്കു പ്രതി കൂലങ്ങളും മൌഢ്യസൂചകങ്ങളും എന്നു പ്രലപിക്കുക ഈ പത്രങ്ങ ളുടെ ഒരു മുഖ്യ കൃത്യവുമായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ ഇക്കാലങ്ങ ളിൽ 'വഴിയിൽ തൂക്കിയ ചെണ്ട' പോലെയായിരുന്ന സുറിയാനിസഭയുടെ നികൃഷ്ടാവസ്ഥയെ നീക്കുന്നതിനു നമ്മുടെ കഥാനായകൻ തന്റെ ഏറി യൊരു കൃത്യാന്തരങ്ങളുടെ ഇടയിൽ പലപ്പോഴും ആലോചിക്കാറുണ്ടാ യിരുന്നു. 1045-ൽ ആരംഭിച്ച 'കേരളപതാക' മൂലം പലതും സാധിക്കാ മായിരുന്നു എങ്കിലും അന്നത്തെ സ്ഥിതിക്കു ആ പത്രം നിന്നുപോകാതെ നിവൃത്തിയില്ലായിരുന്നു. 1067 മകരത്തിൽ കോട്ടയം മാർ തോമാസ് അച്ചു കൂട്ടത്തിൽ നിന്നു പുറപ്പെട്ട മലങ്കരയിടവകപ്പത്രികയെന്ന പ്രതിമാസ പത്രം മൂലം സുറിയാനി സഭയ്ക്ക് അനേകവിധത്തിൽ ഗുണമുണ്ടായിട്ടു ണ്ടെന്നുള്ള സംഗതി സുറിയാനിക്കാർ അശേഷം സംശയലേശം കൂടാതെ സമ്മതിക്കുന്നതാണ്. വെട്ടാൻ വരുന്ന പോത്തിനോടു വേദം ഓതുന്നതി നല്ല ഇടവകപത്രിക ശ്രമിച്ചത്. ഈ പത്രത്തിന്റെ ആരംഭം മുതൽക്കു സുറിയാനി സഭയെക്കുറിച്ചു എന്തും പറയാമെന്നു വിചാരിച്ചു പ്രവർ ത്തിച്ചു വന്നിരുന്ന പത്രങ്ങളുടെ സമ്പ്രദായം ആകപ്പാടെ ഒന്നു മാറി. സുറിയാനി സഭയും മാന്യമായ ഒന്നാണെന്നും അതിന്റെ നേരെ മാന്യ മായി തന്നെ വർത്തിക്കണമെന്നും പത്രിക അന്യസമുദായങ്ങളേയും അതുകളുടെ പ്രാതിനിധ്യം വഹിക്കുന്ന പത്രങ്ങളേയും നല്ലവണ്ണം പഠി പ്പിച്ചു. ഇതു മാത്രമല്ല പത്രിക സാധിച്ചിട്ടുള്ളത്, സഭാവിശ്വാസങ്ങളെക്കു റിച്ച് വ്യക്തമായി ജ്ഞാനം ഇല്ലാതിരുന്ന വളരെയാളുകൾക്കു പത്രിക പന്ത്രണ്ടു മാസവും ഒഴുകുന്ന ഒരു ഉറവയായിത്തീർന്നു. അന്യ കൃസ്ത്യാ നികളുടെ യുക്തികൾക്കു സമാധാനം പറയുന്നതിനും സുറിയാനി സഭാ വിശ്വാസാചാരങ്ങളുടെ നൈർമ്മല്ല്യത്തെ അന്യന്മാരെ ഗ്രഹിപ്പിക്കുന്ന

തിനും പത്രികാവായനക്കാർക്കു യാതൊരു പ്രയാസവുമില്ലെന്നായി. ഇതു കൂടാതെ സാമൂഹ്യകാര്യങ്ങളെ പ്രതിപാദിക്കുന്നതിനും ഭക്തിസംവർദ്ധകങ്ങളായ പ്രസംഗങ്ങൾ ചെയ്യുന്നതിനും പത്രിക ശുദ്ധമായ ഒരു രംഗമായും വിളങ്ങുന്നുണ്ട്.

ഇനി പറയാനുള്ളതു നമ്മുടെ കഥാനായകന്റെ നാമത്തിൽ സ്ഥാപിതമായി നടന്നുവരുന്ന മാർ ദീവന്നാസ്യോസ് സിമ്മനാരിയെന്ന വിദ്യാലയത്തെക്കുറിച്ചാണ്. ഈ കെട്ടിടത്തിന്റെ പണി ആരംഭിച്ചതു മിസ്റ്റർ ഡാറായുടെ ഔദാര്യ വിശേഷം കൊണ്ടാണെങ്കിലും അദ്ദേഹം പെട്ടെന്നു മരിച്ചുപോയതിനാൽ ഇതു ആഗ്രഹിച്ചിരുന്നപ്രകാരം വേഗത്തിൽ പണി തീർത്തു പഠിപ്പു തുടങ്ങാൻ സാധിച്ചില്ല. എങ്കിലും 1067-ൽ ഈ കെട്ടിടത്തിന്റെ പണി മുഴുവനും തീരുകയും 1068 മകരത്തിൽ മട്രിക്കുലേഷൻ ക്ലാസിനു കീഴുള്ള സകല ക്ലാസ്സുകളും ഏർപ്പെടുത്തി ആരംഭിക്കുകയും ചെയ്തു. 1069-ൽ ഇതിൽ മട്രിക്കുലേഷൻ ക്ലാസ്സു ഏർപ്പെടുത്തുകയും ഇതിനെ മദിരാശി സർവ്വകലാശാല അംഗീകരിക്കുകയും ചെയ്തു. ഈ സിമ്മനാരി കെട്ടിടം പണി ആരംഭിച്ച കാലത്തു ഇത്ര വലിയ കെട്ടിടം പണിയുന്നതു വലിയ കമ്പമാണെന്നു പലരും പറയുകയുണ്ടായി. എങ്കിലും ഇപ്പോൾ ഇതുപോലെ രണ്ടു കെട്ടിടവും കൂടി പണിതാൽ മതിയാകുമോ എന്നു സംശയിക്കത്തക്കവിധത്തിൽ കുട്ടികളുടെ സംഖ്യ വർദ്ധിച്ചിരിക്കുന്നു. ഇതിനെക്കാൾ അധികം കുട്ടികളുള്ള ഒരു ഹൈസ്ക്കൂൾ തെക്കെ ഇൻഡ്യയിൽ ഇല്ലെന്നു പറയുമ്പോൾ ഇതിനെ വിവിധ ജാതി മതസ്ഥന്മാരായ കേരളീയ മഹാജനങ്ങൾ എത്രത്തോളം ആദരിക്കുന്നുണ്ടെന്നു വായനക്കാർക്കു മനസ്സിലാക്കാവുന്നതാണു. ഈ സിമ്മനാരി സുറിയാനി സമുദായത്തിനുണ്ടായിരുന്ന ഒരു വലിയ കുറവിനെ പരിഹരിച്ചിരിക്കുന്നു. ഇംഗ്ലീഷു ഭാഷയുടെ പ്രചാരം കേരളത്തിൽ തുടങ്ങിയതു മുതൽക്കുതന്നെ ആ ഭാഷാഭ്യസനത്തിൽ സുറിയാനിക്കാർ ഉത്സാഹികളായിരുന്നുവെങ്കിലും അവർ അതിനു ഗവർമ്മെണ്ടു വകയോ യൂറോപ്യൻ മിഷൻ വകയോ ആയ പാഠശാലകളെ ആശ്രയിക്കേണ്ടി വന്നതിനാൽ സമുദായത്തിനു വളരെ ദോഷങ്ങൾ സംഭവിച്ചിട്ടുണ്ട്. ഗവർമ്മെണ്ടു പാഠശാലകൾ പഠിച്ചവരിൽ പലരും സമുദായ കാര്യങ്ങളിൽ അശ്രദ്ധന്മാരായി സമുദായത്തിനു ഗുണം ചെയ്യാൻ മനസ്സോ ത്രാണിയോ ഇല്ലാത്തവരായിപ്പോയി. മിഷൻ സ്കൂളുകളിൽ പഠിച്ചവരുടെ കഥയാണു ഇതിലും കഷ്ടമായി തീർന്നത്. ഈ പാഠശാലകളിലെ അദ്ധ്യാപകന്മാർ സുറിയാനി വിദ്യാർത്ഥികളെ ഇംഗ്ലീഷു ഭാഷ അഭ്യസിപ്പിക്കുന്നതിനോടു കൂടി സുറിയാനി മതസിദ്ധാന്തങ്ങൾ സർവ്വാബദ്ധങ്ങളാണെന്നും ആംഗ്ലിക്കൻ മതമാണു സർവ്വോൽകൃഷ്ടമെന്നും പഠിപ്പിച്ചു പോന്നു. ഇതു നിമിത്തം സുറിയാനി സഭയുടെ രക്ഷാധികാരികളായിരിക്കേണ്ടവരായ പലരും

തങ്ങളുടെ മാതൃസഭയെ ഉപേക്ഷിച്ചുകളഞ്ഞു. ഈ ദോഷത്തെ തടയുന്നതിനു മാർ ദീവന്നാസ്യോസ് സിമ്മനാരി വളരെ ഉപയോഗപ്പെടുന്നുണ്ടു. സിമ്മനാരിയുടെ ആരംഭം മുതൽക്കു സഭയ്ക്കു നല്ലൊരു സ്ഥിരത വന്നിട്ടുണ്ടെന്നു സൂക്ഷ്മജ്ഞന്മാർക്കു അറിയാം.

നമ്മുടെ കഥാനായകന്റെ ഉത്സാഹത്താൽ അന്യരാജ്യങ്ങളിൽ അന്ത്യോക്യാസഭയ്ക്കുണ്ടായിട്ടുള്ള പ്രചാരത്തേക്കുറിച്ചും അൽപ്പം പറയാനുണ്ട്. ഒരു റോമൻ കത്തോലിക്കാ പട്ടക്കാരനായിരുന്ന ഗോവ നാട്ടുകാരൻ ഫാദർ അൽവാറീസിനു ആ സഭയുടെ മതോപദേശങ്ങളുടെ തെറ്റിനെക്കുറിച്ചു ബോദ്ധ്യം വന്നതിനാൽ സത്യസഭ ഏതെന്നു തിരക്കാൻ തുടങ്ങുകയും പത്രോസ് ശ്ലീഹാ സ്ഥാപിച്ചതെന്നു വേദപുസ്തകത്തിൽ സ്പഷ്ടമായി പറഞ്ഞിട്ടുള്ള അന്ത്യോഖ്യാസഭയാണു സാക്ഷാൽ അപ്പോസ്തോല സഭയെന്നു ഒടുവിൽ സമ്മതമാകുകയും ചെയ്തു. ഇദ്ദേഹത്തിന്റെ അധീനതയിൽ പല പള്ളികളും അനേകം ജനങ്ങളും ഉണ്ടായിരുന്നു. ഇദ്ദേഹം നമ്മുടെ കഥാനായകന്റെ അടുക്കൽ വന്നു സംഗതികളൊക്കെ പറഞ്ഞു മനസ്സിലാക്കി. ഉടനെ അദ്ദേഹം അന്ത്യോക്യാ സിംഹാസനവുമായി എഴുത്തുകുത്തു നടത്തി അനുവാദം വാങ്ങി. ഫാദർ അൽവാറീസിനെ മാർ യൂലിയോസ് എന്ന സ്ഥാനപ്പേരോടുകൂടി ഗോവ, സിലോൺ എന്നീ രാജ്യങ്ങളിലെ മെത്രാപ്പോലീത്തായായി 1063-ൽ വാഴിക്കുകയും ചെയ്തു. ഈ മാർ യൂലിയോസിന്റെ പരിശ്രമത്താൽ അമേരിക്കയിലും ചിലർക്കു അന്ത്യോക്യാ സഭയെക്കുറിച്ചു ശരിയായ ജ്ഞാനം ഉണ്ടാകാൻ ഇടയായി. ഇവരിൽ പ്രധാനനായിരുന്ന ഫാദർ റീനി വിലാത്തിക്കു മേൽപട്ടം കൊടുക്കേണ്ടതിനും നമ്മുടെ കഥാനായകൻ അന്ത്യോക്യാ സിംഹാസനത്തിങ്കൽ നിന്നു അനുവാദം വാങ്ങി. ഇതിനായി ഫാദർ വിലാത്തി അമേരിക്കയിൽ നിന്നു കൊളമ്പിലെത്തി. മാർ അത്താനാസ്യോസ്, മാർ ഗ്രീഗോറിയോസ്, മാർ യൂലിയോസ് എന്നീ മെത്രാപ്പോലീത്താമാർ 1067-ൽ കൊളമ്പിൽ വെച്ചു ഫാദർ വിലാത്തിയെ മാർ തീമോത്തിയോസെന്ന സ്ഥാനപ്പേരോടു കൂടി അമേരിക്കയുടെ മെത്രാപ്പോലീത്തായായി വാഴിക്കുകയും ചെയ്തു.[1]

കോട്ടയത്തു ചെറിയപള്ളിയും വസ്തുക്കളും അതുകളെ അന്യായമായി കൈവശം വച്ചുകൊണ്ടിരുന്ന നവീകരണക്കാരിൽ നിന്നു ഒഴിപ്പിച്ചു കിട്ടുന്നതിനു നമ്മുടെ കഥാനായകൻ 1071 മിഥുനത്തിൽ ആലപ്പുഴ ജില്ലാ കോടതിയിൽ വ്യവഹാരപ്പെട്ടു. 1074 കർക്കടകത്തിൽ മിക്കവാറും അന്യായപ്രകാരം തന്നെ വിധിയുണ്ടായി. ഇതിന്മേൽ മറുകക്ഷി 1075 മീനത്തിൽ ഹൈക്കോടതിയിൽ അപ്പീൽ ചെയ്തു. ഹൈക്കോടതി അൽപ്പഭേദങ്ങളോടുകൂടി കീഴ്ക്കോടതി വിധിയെ 1076 ധനു മാസത്തിൽ സ്ഥിരപ്പെടുത്തുകയും കുംഭത്തിൽ പള്ളിയും സ്വത്തുക്കളും പ്രതികളിൽ നിന്നു

നടത്തിവാങ്ങുകയും ചെയ്തു. ഇതിന്റെ ശേഷം കൊല്ലം ജില്ലാക്കോർട്ടിൽ ഒരു പുതിയ സംപ്രദായത്തിൽ ഫയലായ കായംകുളം പള്ളിക്കേസിലെ അന്യായം തള്ളിയാണു വിധിയുണ്ടായത്. ഇതിന്മേൽ അപ്പീലോ ആദ്യ വ്യവഹാരമോ എന്തെങ്കിലും ഉടനെ ഉണ്ടാകും. പുത്തങ്കാവു പള്ളിയെ സംബന്ധിച്ച് ആലപ്പുഴ ജില്ലയിൽ ഫയലായ കേസു പ്രതികൾ പിൻവാങ്ങുകയാൽ വിസ്തരിക്കാൻ ഇടയാകാതെ വിധിയാകുകയും പള്ളി കൈവശപ്പെടുത്തുകയും ചെയ്തുകഴിഞ്ഞു. മറ്റു പല പള്ളികളുടേയും വ്യവഹാരങ്ങൾ ഫയലായിട്ടുണ്ട്.

ഇനി പറയാനുള്ളതു ഇപ്പോഴും അവസാന തീർച്ചയുണ്ടാകാതെ കിടക്കുന്ന ആർത്താറ്റുപള്ളിക്കേസു, വട്ടിപ്പണക്കേസു എന്നിതുകളെക്കുറിച്ചാണ്. കൊച്ചീസംസ്ഥാനത്തു നവീകരണ വിത്തു വീഴാൻ ഇടയായിട്ടുള്ളതു ആർത്താറ്റു ഇടവകയിൽ മാത്രമാണ്. ഈ പള്ളിയിന്മേൽ നവീകരണക്കാർക്കു ഇപ്പോഴുള്ള അവകാശത്തെ വിടർത്തിക്കിട്ടുന്നതിനു നമ്മുടെ കഥാനായകൻ 1069 കുംഭത്തിൽ തൃശ്ശീവപേരൂർ ജില്ലാകോടതിയിൽ വ്യവഹാരപ്പെട്ടു. 1073 വൃശ്ചികത്തിൽ അന്യായം തള്ളി വിധിയുണ്ടായി. ഇതിന്മേൽ ആ മിഥുനമാസത്തിൽ അപ്പീൽ ചെയ്തു. ഈ അപ്പീൽ ഒരു ജഡ്ജി തനിച്ചു പരിശോധിച്ചതിന്റെ ശേഷം അപ്പീൽ തള്ളി 1076 വൃശ്ചികത്തിൽ വിധിച്ചു. ഇതിന്മേൽ ഉടനെ റോയൽ അപ്പീൽ ഫയലാക്കീട്ടുണ്ട്. ഇതുവരെ വിചാരണയ്ക്കു വെച്ചിട്ടില്ല.[2]

വട്ടിപ്പണത്തിന്റെ ചരിത്രസംക്ഷേപം താഴെ വരുംപ്രകാരമാണു. വട്ടിപ്പണം എന്നു വച്ചാൽ വട്ടിക്കിട്ട (പലിശയ്ക്കിട്ട) പണം ആണല്ലോ. ഇതിന്റെ സംഖ്യ 10500 രൂപയ്ക്കു തുല്ല്യമായ മൂവായിരം പൂവരാഹനാണ്. അന്തോക്യയിൽ നിന്നു നിയമിക്കപ്പെട്ട പ്രതിനിധികളായിരുന്ന മാർ ഗ്രീഗോറിയോസു, മാർ ഈവാനിയോസു ബാവാന്മാരിൽ നിന്നു സ്ഥാനമേറ്റു പുത്തൻകാവു പള്ളിയിൽ വെച്ചു കാലം ചെയ്ത വലിയ മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ റസിഡെണ്ടു കർണ്ണൽ മെക്കാളി സായ്പു മുഖാന്തിരം ബ്രിട്ടീഷ് ഖജനാവിൽ ഏല്പിച്ചതാണ് ഈ പണം. കൊല്ലത്തിൽ 100-നു എട്ടു വീതം പലിശ കൊടുത്തുകൊള്ളാമെന്നു ബ്രിട്ടീഷ് ഗവൺമെന്റിൽ നിന്നു 1808-ൽ മെത്രാപ്പോലീത്തായ്ക്കു ഒരു കരാറും കൊടുത്തിട്ടുണ്ട്. 1837 വരെ ഇതിന്റെ പലിശ അതാതു കാലത്തെ മെത്രാപ്പോലീത്തന്മാർ മുറയ്ക്കു പറ്റിക്കൊണ്ടു പോന്നു. ആ ഇടയ്ക്കു സുറിയാനി സമുദായവും ചർച്ചു മിഷനറിമാരും തമ്മിൽ ഛിദ്രം ഉണ്ടായതിനാൽ കുറേനാൾ പലിശ വാങ്ങാതെ കിടന്നു. 1840-ൽ ഉണ്ടായ പഞ്ചായവിധിയിൽ സിമ്മനാരി സ്വത്തുക്കളിൽ ചിലതു മിഷനറിമാർക്കു സ്വാധീനമായിപ്പോയി എങ്കിലും വട്ടിപ്പണത്തിന്റെ അവകാശം സുറിയാനി സമുദായത്തിനു തന്നെ സിദ്ധിച്ചു. ഈ പണത്തിന്റെ കാര്യവിചാരം

സുറിയാനി മെത്രാപ്പോലീത്തായും സമുദായം തെരഞ്ഞെടുക്കുന്ന ഒരു കത്തനാരും ഒരു അത്മേനിയും കൂടി വഹിക്കണമെന്നു മേല്പറഞ്ഞ പഞ്ചായവിധിയിൽ പ്രസ്താവിച്ചിരുന്നു. അന്നത്തെ മെത്രാപ്പോലീത്താ (ചേപ്പാട്ടു മാർ ദീവന്നാസ്യോസ്) അവർകൾ പഞ്ചായവിധിയെ സമ്മതിക്കാതെ മദിരാശിയിലും ബിലാത്തിയിലും അപ്പീൽ ചെയ്തുകൊണ്ടിരുന്നതിനാൽ പലിശ പറ്റാൻ ഇടയായില്ല.

1045–ൽ മാർ മാത്യൂസ് അത്താനാസിയോസ് അന്നുവരെയുള്ള പലിശ വാങ്ങി. ഇങ്ങനെയിരിക്കുമ്പോഴാണല്ലോ സിമ്മനാരി വ്യവഹാരം ഉത്ഭവിച്ചത്. ഇതിന്റെ തീരുമാനത്താൽ നമ്മുടെ കഥാനായകൻ ഇതിന്റെ പലിശ പറ്റുന്നതിനുള്ള ഏകാവകാശിയായിത്തീർന്നു. എങ്കിലും അപ്രതീക്ഷിതങ്ങളായ പല വാദങ്ങളും കുഴപ്പങ്ങളും ഇതിനെ സംബന്ധിച്ചു ഉൽഭവിച്ചു. ഇടയ്ക്കു ഒരു റെസിഡണ്ടു ഇതിനു നവീകരണക്കാർക്കു കൂടി അവകാശമുണ്ടെന്നു അഭിപ്രായപ്പെട്ടതായും കേൾക്കുകയുണ്ടായി. 1072 ധനുവിൽ മദിരാശി ഗവർമ്മെണ്ടിന്റെ കല്പനപ്രകാരം നമ്മുടെ കഥാനായകനു റെസിഡെണ്ടു അയച്ച ഒരെഴുത്തിൽ വട്ടിപ്പണം പറ്റുന്നതിനോ പലിശ ചുരുക്കി ഏർപ്പാടു ചെയ്യുന്നതിനൊ മനസ്സുണ്ടൊ എന്നു ചോദിച്ചിരുന്നു. ഇതിലേതെങ്കിലും ചെയ്യുന്നതിനു തനിക്കു അധികാരമില്ലെന്നു അദ്ദേഹം മറുപടി അയച്ചു. പിന്നെയും ചില എഴുത്തുകുത്തുകൾ നടക്കുകയും നമ്മുടെ കഥാനായകൻ ഗവർണർ സായ്പിനെ (ലോർഡ് ഹാവലോക്ക്) തിരുവനന്തപുരത്തു വെച്ചു കണ്ടു ഇക്കാര്യത്തെപ്പറ്റി സംസാരിക്കുകയും ചെയ്തതിന്റെ ശേഷം ബ്രിട്ടീഷ് ഗവർമ്മെണ്ട് വാദിയായും ഇതിനു അവകാശം പറയുന്നവരൊക്കെ പ്രതികളായും ഒരു വ്യവഹാരം നടത്തണമെന്നു നമ്മുടെ കഥാനായകൻ അപേക്ഷിച്ചതനുസരിച്ച് 1075 കന്നിയിൽ തിരുവനന്തപുരം ഡിസ്ട്രിക്ട് കോടതിയിൽ ഇന്റർപ്ലീഡർ വ്യവഹാരം ഫയലായി. വിസ്താരം മിക്കവാറും കഴിഞ്ഞു എങ്കിലും ഇതുവരെ ഈ കേസു വിധി പറഞ്ഞിട്ടില്ല.

ഇക്കഴിഞ്ഞ പത്തു കൊല്ലങ്ങൾക്കിടയിൽ സംഭവിച്ച പ്രധാന സംഗതികളെ എടുത്തുപറഞ്ഞതിൽ ഇടയ്ക്കു വിട്ടുകളഞ്ഞിട്ടുള്ള വേറെ ചില കാര്യങ്ങളെ അതുകളുടെ കാലക്രമപ്രകാരം താഴെ വിവരിക്കുന്നു. 1068 വൃശ്ചികത്തിൽ വടി, മുടി, സ്ലീബാ മുതലായ സ്ഥാനചിഹ്നങ്ങളെ നമ്മുടെ കഥാനായകൻ മാർ തോമാസ് അത്താനാസിയോസിൽ നിന്നു കോടതിയിൽ വെച്ചു ഏറ്റു വാങ്ങി. ആ കൊല്ലം കർക്കടകത്തിൽ തന്നെ മാർ അത്താനാസിയോസ് കാലഗതിയെ പ്രാപിക്കുകയും ചെയ്തു. ഈ ദുഃഖകരമായ സംഭവത്തിനു മുമ്പു നമ്മുടെ കഥാനായകൻ അദ്ദേഹത്തെ പോയിക്കണ്ടു.

1070 കന്നിയിൽ മൂന്നാമത്തെ പത്രോസെന്നു തിരുനാമമായ

അന്തോക്യാ പാത്രിയർക്കീസു ബാവാ അവർകൾ 94-ാമത്തെ വയസ്സിൽ സ്വർഗ്ഗാരോഹണം ചെയ്തു. ഇദ്ദേഹം 1050-ൽ മലയാളത്തു വന്നു ചെയ്ത ഓരോ കാര്യങ്ങളെക്കുറിച്ചു ഇതിനു മുമ്പു വിസ്തരിച്ചിട്ടുള്ളതിനാൽ ഇവിടെ ആവർത്തിക്കേണ്ട ആവശ്യമില്ലല്ലൊ.

1071 വൃശ്ചികത്തിൽ കൂടിയ അസോസിയേഷനിൽ നമ്മുടെ കഥാനായകൻ തന്റെ പ്രായാധിക്യവും ക്ഷീണവും മൂലം മലങ്കരയിടവകയുടെ ഭരണം ഒഴിവാൻ ആഗ്രഹിക്കുന്നു എന്നും തനിക്കു പകരമായി തന്റെ സ്ഥാനത്തേക്കു ഒരു മേല്പട്ടക്കാരനെ നിയമിക്കുന്നതിനു ആഗ്രഹിക്കുന്നതായും പ്രസ്താവിച്ചു . മലങ്കരസഭയുടെ ഏതൽക്കാലാവസ്ഥയെപ്പറ്റി നല്ല നിശ്ചയമുള്ള അസോസ്യേഷനു ഈ ആഗ്രഹത്തെ സഫലമാക്കാൻ യാതൊരു നിവൃത്തിയുമില്ലാതിരുന്നതിനാൽ ഈ അപേക്ഷയെ പിൻവലിക്കണമെന്നു ഐകകണ്ഠ്യേന അപേക്ഷിച്ചു. ഗത്യന്തരമില്ലെന്നു കണ്ടതിനാൽ നമ്മുടെ കഥാനായകൻ വൈമനസ്യത്തോടു കൂടിയെങ്കിലും പിൻവലിക്കുകയും ചെയ്തു.

1073 വൃശ്ചികത്തിൽ പഴയസിമ്മനാരിപ്പള്ളി കൂദാശ ചെയ്തു. സിമ്മനാരി സ്ഥാപകന്റെ ഉദ്ദേശ്യങ്ങളിൽ ഒന്നായിരുന്നു ഈ പള്ളിയെങ്കിലും ഓരോ അസൌകര്യം കൊണ്ട് ഇതിന്റെ പൂർത്തിക്കു വിചാരിച്ചതിലധികം കാലതാമസം വേണ്ടി വന്നു. ഇപ്പോഴെങ്കിലും പൂർത്തിയായതു നമ്മുടെ കഥാനായകന്റെ അക്ഷീണപരിശ്രമം കൊണ്ടാണെന്നുള്ളതിനു സംശയമില്ല.

കോട്ടയത്തിനു വടക്കുള്ള സുറിയാനിക്കാർ ഈ പരിഷ്കൃത കാലത്തു ഒഴിച്ചുകൂടാത്തതായി വന്നിരിക്കുന്ന ഇംഗ്ലീഷ് ഭാഷാഭ്യസനത്തിൽ കാണിക്കുന്ന വിരക്തിയെ കഴിയുന്നെടത്തോളം കുറയ്ക്കണമെന്നുള്ളതു നമ്മുടെ കഥാനായകന്റെ മുഖ്യമോഹങ്ങളിലൊന്നാണ്. ഇതു സാധിക്കുന്നതിനു അദ്ദേഹം സഞ്ചാരങ്ങളിൽ വടക്കുള്ള പ്രമാണികളോടു പ്രത്യേകം ഉപദേശിക്കുകയും ഈവകയിൽ അവർക്കുള്ള ഉത്സാഹത്തെ വർദ്ധിപ്പിക്കുന്നതിനു എല്ലാവിധത്തിലും സഹായിക്കുകയും ചെയ്ക പതിവാണ്. ഇതിന്റെ ഫലമായി വടക്കെ രാജ്യങ്ങളിൽ സുറിയാനിക്കാരുടെ വകയായി രണ്ടുമൂന്നു ഇംഗ്ലീഷ് സ്കൂൾ സ്ഥാപിക്കപ്പെട്ടു നടന്നുവരുന്നുണ്ട്. എന്നാൽ ജനബാഹുല്യമുള്ള കുന്നംകുളം പട്ടണത്തിൽ അതിന്റെ പുഷ്ടിക്കും മാഹാത്മ്യത്തിനും തക്കവണ്ണം ഒരു സ്കൂൾ ഇല്ലാത്ത കുറവിനെ പരിഹരിക്കുന്നതിന് നമ്മുടെ കഥാനായകന്റെ പ്രത്യേക ശ്രമത്താൽ അവിടെ 1075 ചിങ്ങത്തിൽ "മാർ ഇഗ്നാത്യോസ് ഹൈസ്കൂൾ"[3] സ്ഥാപിച്ചു. 1070-ൽ കാലം ചെയ്ത പാത്രിയർക്കീസ് ബാവായുടെ നാമം ഇതിനു കല്പിച്ചതു എത്രയും ഉചിതമായെന്നു പറയേണ്ടതില്ലല്ലൊ. വരുന്ന കൊല്ലം

മുതൽക്കു ഈ സ്കൂളിൽ നിന്നു കുട്ടികൾ മട്രിക്കുലേഷൻ പരീക്ഷയ്ക്കു ചേരുന്നതാണ്. കുന്നംകുളം പട്ടണത്തിൽ ഭാഗ്യദോഷത്താൽ ഉൽഭവിച്ചിട്ടുള്ള ദുരുപദേശത്തിന്റെ വളർച്ചയെ തടയുന്നതിനും അതിനെ കാലക്രമേണ നിശ്ശേഷം നശിപ്പിക്കുന്നതിനും ഈ വിദ്യാലയം ഉപയോഗപ്പെടണമെന്നുള്ളതു അതിന്റെ ഭാരവാഹികളുടെ മുഖ്യോദ്ദേശ്യങ്ങളിലൊന്നാണ്. ഇതു അചിരേണ സാധിക്കട്ടെ.

വളരെനാൾ മുമ്പേ ആരംഭിക്കുകയും ഇടയ്ക്കു ധനമില്ലാതെ പണി മുടങ്ങി കിടക്കുകയും ചെയ്ത തിരുവനന്തപുരം പള്ളിയുടെ കൂദാശ 1076 വൃശ്ചികത്തിൽ കഴിഞ്ഞു. രാജസ്ഥാനത്തു ഒരു പള്ളി ഇല്ലാത്തതിനേപ്പറ്റി നമ്മുടെ കഥാനായകൻ പലപ്പോഴും ദുഃഖിച്ചു പ്രസ്താവിച്ചിട്ടുണ്ട്. ഇടയ്ക്കു പണി വീഴ്ചയായിക്കിടന്ന കാലത്തു അതു ആരംഭിക്കുന്നതിനു മുമ്പുണ്ടായിരുന്നതിനേക്കാൾ അധികം മനോവേദന അദ്ദേഹത്തിനുണ്ടായതാണെങ്കിലും അതും ദൈവകൃപയാൽ തീർന്നുവല്ലോ.

1076 മേടത്തിൽ കൂടിയ മലങ്കരയിടവകമഹായോഗത്തിൽ വെച്ചു, നമ്മുടെ കഥാനായകൻ കശീശാസ്ഥാനമേറ്റിട്ടു അമ്പതാമത്തെ വർഷം ആരംഭിക്കുന്ന ഇക്കൊല്ലം അദ്ദേഹത്തിന്റെ ജൂബിലി ആഘോഷിക്കണമെന്നും മലങ്കരയുള്ള എല്ലാ സുറിയാനി കുടുംബങ്ങളിൽ നിന്നും ഒരു ധനശേഖരം ചെയ്തു സ്മാരകമായി എന്തെങ്കിലും ഏർപ്പാടു ചെയ്യണമെന്നും തീർച്ചയാക്കി. നമ്മുടെ കഥാനായകനു മലങ്കര സഭയുടെ ഉൽഗതിയെ ഉദ്ദേശിച്ചു സാഫല്യത്തോടു കൂടി ചെയ്തിട്ടുള്ള അനേകം സൽപ്രവൃത്തികൾ അദ്ദേഹത്തിന്റെ ശാശ്വത സ്മാരകങ്ങളായിരിക്കുമെന്നുള്ളതിൽ ആർക്കും പക്ഷാന്തരമില്ലെങ്കിലും ജൂബിലി സ്മാരകമായി ചെയ്യുന്ന എന്തെങ്കിലും ഏർപ്പാടിനു ഒരു പ്രത്യേകതയുള്ളതാണല്ലോ. ഇക്കാര്യത്തിൽ ഓരോ പള്ളിക്കാർ അഹമഹിമികയോടു കൂടി ചെയ്യുന്ന ഉത്സാഹം തന്നെ ഇങ്ങനെയുള്ള ഒരേർപ്പാടു സർവസമ്മതമായ ഒന്നാണെന്നുള്ളതിനു നല്ല ലക്ഷ്യമായിരിക്കുന്നു.

വിഷയഗൌരവം ആലോചിച്ചാൽ ഒരു വിധത്തിലും പൂർണ്ണമായതെന്നു വിചാരിച്ചുകൂടാത്ത ഈ ചരിത്രം അവസാനിപ്പിക്കുന്നതിനു മുമ്പു വേറൊരു സംഗതി കൂടി പറയാനുണ്ടു. പ്രായേണ ആംഗ്ലിക്കൻ വിശ്വാസാചാരങ്ങളെ സ്വീകരിച്ചതു കൊണ്ടു കാൽ ശതാബ്ദത്തിനു മുമ്പു മാതൃസഭയിൽ നിന്നു പിരിഞ്ഞു പോകേണ്ടിവന്ന “മെത്രാൻകക്ഷികളെ” പുത്രവാത്സല്ല്യമുള്ള പിതാവു തന്നെ ഉപേക്ഷിച്ച പുത്രനെ എന്ന പോലെ സത്യവിശ്വാസത്തിലേക്കു ചേർക്കണമെന്നു നമ്മുടെ കഥാനായകൻ ആരംഭം മുതൽക്കേ ശ്രമിച്ചുവന്നതാണു. സിമ്മനാരി വ്യവഹാരത്തിൽ താൻ വിജയിയായി തീർന്നുവെങ്കിലും അതിന്റെ ഓരോ ഘട്ടങ്ങളിലും പിന്നീടു പല പ്രാവിശ്യവും ഇക്കാര്യത്തെക്കുറിച്ചു അദ്ദേഹം സഹജമായ നിഷ്കളങ്ക

ഹൃദയത്തോടുകൂടി ശ്രമിച്ചിട്ടുണ്ട്.[4] തന്റെ ഉദ്ദേശ്യത്തെ പ്രതിപക്ഷികൾ തെറ്റിധരിച്ചിട്ടൊ അതൊ തിരിഞ്ഞു നടക്കുന്നതിനു അവർക്കുള്ള മടി കൊണ്ടോ നമ്മുടെ കഥാനായകന്റെ ശ്രമവും ഉൽസാഹവും ആലോചനയുമൊക്കെ നിഷ്ഫലമാകുകയാണു ചെയ്തിട്ടുള്ളത്. ജൂബിലിക്കാലമായ ഇപ്പോഴും ഈ ആലോചന ആവർത്തിച്ചിട്ടുണ്ട്. ഈ പ്രാചീനസഭയിൽ അടുത്ത കാലത്തുണ്ടായ ഭിന്നത ഒരു പഴംകഥയായിത്തീരാൻ സർവശക്തനായ ദൈവം സംഗതി വരുത്തണേ എന്നതാണു മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ അവർകളുടെ സർവ്വപ്രധാനമായ പ്രാർത്ഥനയെന്നുള്ള വാസ്തവം പരമാർത്ഥമായ ആന്തരത്തോടു കൂടി പ്രസ്താവിച്ചുകൊള്ളുന്നു.

"കേൾപ്പാൻ ചെവികളുള്ളവൻ കേൾക്കട്ടെ."

1. ചരിത്രത്തിലാദ്യമായി ഇതരസഭകളിൽ നിന്ന് രണ്ട് വൈദികരെ മലങ്കരസഭയിലേക്ക് സ്വീകരിച്ച് രണ്ട് ശാഖാസഭകളുടെ മേല്പട്ടക്കാരായി അവരെ വാഴിച്ച് ഗോവയിലേയും അമേരിക്കയിലേക്കും അവരെ നിയോഗിച്ച നടപടി വേണ്ടത്ര ഗൗരവത്തോടെ നമ്മുടെ ചരിത്രകാരന്മാർ പരിശോധിച്ചിട്ടില്ല. സഭയുടെ കൊമ്പുകൾ ഉയർത്തുകയും ചക്രവാളങ്ങളെ വികസ്വരമാക്കുകയും ചെയ്ത ആ ധീരനടപടി പിൻഗാമികൾ ഏറ്റെടുത്തിരുന്നുവെങ്കിൽ സഭയുടെ മിഷൻ പ്രവർത്തനം കൂടുതൽ ഫലപ്രദവും കാര്യക്ഷമവും ആയേനേ. പുലിക്കോട്ടിൽ മെത്രാച്ചൻ കാലം ചെയ്തതോടെ അവർ രണ്ടുപേരും മലങ്കരസഭയ്ക്ക് അന്യരും ത്യാജ്യരും ആയി. അവരിൽ അൽവാറീസ് മാർ യൂലിയോസിനോട് മലങ്കരസഭ നീതി ചെയ്തില്ല എന്ന് ഒരു നൂറ്റാണ്ടിനിപ്പുറം സഭ കുമ്പസാരിച്ചു. അപരന്റെ കാര്യം ഇപ്പോഴും തൈഥെവാ. പുലിക്കോട്ടിൽ മെത്രാച്ചന്റെ വലിയ 'ഷൂസ്' പിൻഗാമികൾക്ക് പാകമാകാതെ പോയതിൽ നാം പരിതപിക്കുകയല്ലേ വേണ്ടത്. വലിയ മെത്രാച്ചന്റെ വലിയ ഭാവനകൾ മനസിലാക്കാൻ കഴിയാതെ പോയതിന്റെ ഉദാഹരണങ്ങൾ വേറെയുമുണ്ട്:


1. നാട്ടിൽ മൂന്ന് മെത്രാന്മാരുടെ സുന്നഹദോസുണ്ടായിട്ടും മേല്പട്ടസ്ഥാനാർത്ഥികൾ പട്ടമേല്ക്കുവാൻ ശീമയിലേക്കു പോയി. 2. ഇടവകപത്രിക എന്ന സഭാജിഹ്വ പ്രവർത്തനം നിലച്ചു. 3. പുതിയ അത്മായനേതാക്കൾ രംഗത്ത് ഉയർന്നുവരാതെയായി. 4. രണ്ടുംമൂന്നും ദിവസങ്ങളിലായി സമ്മേളിച്ച മലങ്കര അസോസ്യേഷൻ ഒരു പകൽനേരത്തേക്ക് മാത്രമുള്ള മാമാങ്കങ്ങളായി മാറി. 5. 250-ലേറെ വിദ്യാലയങ്ങൾ ഉണ്ടായിരുന്നതായി ഇ. എം. ഫിലിപ്പ് സാക്ഷ്യപ്പെടുത്തിയ സഭയുടെ വിദ്യാഭ്യാസമിഷൻ പ്രവർത്തനം മന്ദീഭവിപ്പിച്ചു. 6. ചുരുക്കത്തിൽ സഭയുടെ പ്രവർത്തനം വ്യവഹാരനടത്തിപ്പ് മാത്രമായി. 7. ഇതിനെ ന്യായീകരിക്കുവാൻ മുൻഗാമിയെ തമസ്ക്കരിക്കുന്നത് ഒരു ഔദ്യോഗിക കർത്തവ്യമെന്ന നിലയിൽ സ്വാഗതം ചെയ്യപ്പെട്ടു.

2. ആർത്താറ്റ് പള്ളിയുടെ വ്യവഹാരം കൊച്ചി റോയൽക്കോടതി 1905-ൽ പുലിക്കോട്ടിൽ മെത്രാച്ചന് അനുകൂലമായി വിധിച്ചു.

3. ഈ സ്കൂൾ പിൻഗാമിയുടെ കാലത്ത് നടത്തിപ്പിന് ആവശ്യമായ നേതൃത്വമില്ലാത്തതിനാൽ സർക്കാരിലേക്ക് വിട്ടുകൊടുത്തു. ഇപ്പോഴും 'മെത്രാച്ചന്റെ സ്കൂൾ' എന്നാണ് നാട്ടുകാർ ഈ ഹയർ സെക്കണ്ടറി സ്കൂളിനെ വിശേഷിപ്പിക്കുന്നത്.

4. പുലിക്കോട്ടിൽ തിരുമേനിയുടെ അന്ത്യകല്പനയിലെ മുഖ്യ ആഹ്വാനം ഈ സഭാസംയോജനം പിൻഗാമിയെ ഏല്പിക്കുന്നു എന്നതായിരുന്നു. പിൻഗാമിയ്ക്കാകട്ടെ വ്യവഹാരം ഒഴിഞ്ഞ് മുൻഗാമിയുടെ അന്ത്യകല്പനയെ അല്പമെങ്കിലും പ്രാവർത്തികമാക്കുവാൻ സമയം കണ്ടെത്തുവാൻ കഴിഞ്ഞില്ലെന്ന് തോന്നുന്നു.

**(കുറിപ്പുകൾ തയാറാക്കിയത് ഫാ. ഡോ. ജോസഫ് ചീരൻ, പഴഞ്ഞി)**



**പ. ഗീവറുഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ**

## ഉപസംഹാരാദ്ധ്യായം

### ജൂബിലിയാഘോഷദിവസത്തിൽ മലങ്കരസുറിയാനി മഹാജനങ്ങൾ ഒട്ടുക്കു കൂടി സമർപ്പിച്ച മംഗളപത്രം

നിതാന്തവന്ദ്യദിവ്യശ്രീ മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സറിയിക്കുന്നതിനു,

നിതാന്തവന്ദ്യ ദിവ്യപിതാവെ!

സ്നേഹസ്വരൂപനായ ദൈവം തന്റെ സൃഷ്ടിവർഗ്ഗങ്ങൾ തന്നെയും അന്യോന്യവും സ്നേഹിച്ചു ജന്മസാഫല്യം വരുത്തത്തക്കവണ്ണം അവരെ നടത്തുവാൻ അന്നന്നു തന്റെ ഇഷ്ടപ്രകാരമുള്ള ഓരോ ആളുകളെ അവിടവിടെ ആക്കി വെക്കുന്ന ക്രമം അനുസരിച്ചു മലങ്കര സുറിയാനി സർവ്വജനസംഘമായ ഞങ്ങളുടെ മേൽ ഞങ്ങളിൽ നിന്നു തന്നെ തക്ക കാലത്തു തിരഞ്ഞെടുക്കപ്പെട്ടു നിയുക്തനായ തിരുമേനി കശീശാസ്ഥാനം കൈകൊണ്ടതു മുതൽ 1077-മാണ്ടു ചിങ്ങമാസം 6-നു ആരംഭിക്കുന്ന ഈ അമ്പതാം വർഷത്തിൽ ഒരു ജൂബിലായാഘോഷം നടത്തുവാനും ഇതിലേക്കു ഞങ്ങളെ പ്രേരിപ്പിച്ച കാരണങ്ങൾ മുതലായവയെ ഇപ്രകാരം ഒരു മംഗളപത്രരൂപമായി ഇന്നെദിവസം തിരുമുമ്പാകെ പ്രസ്താവിച്ചു സമർപ്പിക്കുവാനും ഞങ്ങളെ ശക്തന്മാരാക്കി തീർത്ത ദൈവത്തെ ഞങ്ങൾ ഭക്തിപൂർവ്വം സ്തുതിക്കുന്നു.

നമ്മുടെ കർത്താവിന്റെ തൃപ്പാദത്തിങ്കൽ നിന്നു ദിവ്യോപദേശം കൈക്കൊണ്ട പന്തിരുവരിൽ ഒരുവനായ പരിശുദ്ധ മാർത്തോമ്മാ ശ്ലീഹാ ഈ ഭൂലോകാത്യൃത്തിയായ കേരളത്തിൽ അന്നെ പ്രബലന്മാരായിരുന്ന ബ്രാഹ്മണാദികളിൽ നിന്നു അത്ഭുതശക്തിയാൽ വേർതിരിച്ചു സ്ഥാപിച്ച നമ്മുടെ സത്യസഭ ആ കാലത്തു തന്നെയൊ അതിൽ പിന്നെയുള്ള അനേക കാലങ്ങൾക്കിടയിലൊ നിരന്തരശക്തിയോടു കൂടിയിരുന്ന ഹിന്തുക്കളിൽ ലയിച്ചുപോകയൊ ഇടക്കാലത്തു വാളിന്റെ മൂർച്ചയാൽ മതം പ്രചരിപ്പിച്ച മഹമ്മദു നിബിയുടെ ശിഷ്യന്മാർക്കു കീഴടങ്ങിപ്പോകയോ ചെയ്യാതെ അതിനെ കാത്തുകൊള്ളുവാൻ അതതു കാലത്തിനു ചേർന്ന ഒരോ അധികാരികളെ തെറ്റാതെ അയച്ചുകൊണ്ടിരുന്ന കരുണാനിധിയായ ദൈവം ഈ അവസാനകാലത്തു പൂർവ്വാധികമായ ശക്തിയോടു കൂടി നേരിട്ട പാശ്ചാത്യ മതഭേദങ്ങളിൽ നിന്നും അതിനെ സൂക്ഷിച്ചു രക്ഷിപ്പാൻ ഈ കാലത്തിനു അനുരൂപമായ കാര്യപ്രാപ്തിയും ധൈര്യാദിഗുണങ്ങളും തികഞ്ഞ അധികാരിയായി തിരുമേനിയെ തന്നെ തിരഞ്ഞെടുത്തു നിയമിച്ചതു ഈ പ്രാചീനസഭയുടെ ഭാഗ്യവൈഭവം ആണെന്നു ഞങ്ങൾ നിസ്സംശയമായി വിശ്വസിക്കുന്നു.

പോർത്തുഗീസുകാരുടെ കവർച്ചയിൽ നിന്നു അല്പമല്ലാത്ത നഷ്ട ത്തോടു കൂടിയെങ്കിലും വീണ്ടെടുക്കപ്പെട്ട നമ്മുടെ ജനങ്ങൾക്കു മേലാൽ എങ്കിലും അന്യമതക്കാരുടെ ആക്രമണങ്ങളെ തടുത്തു നിൽക്കുന്നതിനു ഒഴിച്ചുകൂടാത്ത ആയുധമായ വിദ്യാഭ്യാസം നൽകുവാൻ ഈ സിമ്മനാ രിയാകുന്ന സമുദായഭവനം സ്ഥാപിച്ച തിരുമേനിയുടെ വിശുദ്ധ പൂർവ്വി കനായ കാലം ചെയ്ത പുലിക്കോട്ടു മാർ ദീവന്നാസ്യോസു മെത്രാപ്പോ ലീത്താ തിരുമനസ്സിലെ ആ നല്ല ഉദ്യമത്തെ പുലർത്തുവാൻ എന്നുള്ള നാട്യത്തോടു കൂടി വന്ന ഇംഗ്ലീഷുകാർ അൽപ്പകാലത്തിനകം അവരുടെ പങ്കിനും കുറെ ആളുകളെ കവർന്നുംകൊണ്ടു തിരിഞ്ഞു നിൽക്ക മാത്ര മല്ല, ശേഷിച്ചവരും കാലക്രമേണ അവരിൽ ചെന്നു ലയിക്കത്തക്കവണ്ണം സഭയിൽ അവരുടെ ദുരുപദേശങ്ങൽ കടത്തി വിടുകയും ചെയ്ത് ആക പ്പാടെ അലംകോലമായതിന്റെ ശേഷം, വീണ്ടും സത്യത്തെ സ്ഥാപിക്കു വാൻ കാലം ചെയ്ത ആ തിരുമേനിയുടെ കുടുബത്തിൽ നിന്നു തന്നെ പൂർണ്ണമായ ഒരു ജൂബിലിക്കാലത്തു തിരുമേനി ദൈവത്തിന്റെ ആയുധ മായിത്തീർന്നതുകൊണ്ടത്രെ തിരുമേനിയെ ഉദ്ദേശിച്ചുള്ള ഈ ആഘോ ഷവും മംഗളപത്ര സമർപ്പണവും തിരുമേനിയുടെ പൂർവികനായ ഈ വന്ദ്യപിതാവിന്റെ വിശുദ്ധസ്മരണ കൊണ്ടാടപ്പെടുന്ന ഈ ശുഭ ദിവസ ത്തിൽ ഇവിടെവെച്ചു വേണമെന്നു ഞങ്ങൾ തീർച്ചയാക്കിയതു.

മലങ്കര സുറിയാനി സഭയ്ക്കു ഒരു നല്ല സ്ഥിതി ഉണ്ടായിക്കാണ്മാൻ കാത്തിരുന്നവരും ദിവ്യന്മാരുമായിരുന്ന പല വന്ദ്യ വൈദികന്മാരുടെ ജന്മ സ്ഥാനമായ ഒരു കുടുംബത്തിൽ നിന്നു അവരുടെയെല്ലാം പ്രാർത്ഥ നാഫലം മൂർത്തി കൈക്കൊണ്ടെന്ന പോലെ ജാതനായ തിരുമേനി ബാല്യത്തിൽ തന്നെ സഭയുടെ പുനരുദ്ധാരണം എന്ന ജന്മോദ്ദേശ്യസിദ്ധി യിൽ ജാഗരൂകനായിരുന്നു എന്നുള്ളതു മലങ്കരയിടവക ഒട്ടുക്കു പ്രസി ദ്ധമായിട്ടുള്ള ഒരു സംഗതിയാണ്. മലങ്കര സുറിയാനി ജനങ്ങളാകുന്ന ആടുകൾ ഇടക്കാലത്തു വേഷച്ഛന്നനായി അവരെ മേയിക്കാൻ വന്ന ഇട യൻ തങ്ങളെ എങ്ങോട്ടു കൊണ്ടുപോകുന്നു എന്നു അറിയാതെ അൽപം കൂടി കഴിഞ്ഞാൽ അശേഷം കരിങ്കാട്ടിൽ കടന്നു നശിച്ചുപോകുമെന്നായ കാലത്തു, കരുണാനിധിയായ ദൈവത്താൽ പിന്നാലെ നിയോഗിച്ചയക്ക പ്പെട്ട മാർ കൂറിലോസു ബാവായുടെ സത്യസ്വരം കേട്ടു പെട്ടെന്നു ഞെട്ടി തിരിഞ്ഞുനിന്ന കൂട്ടത്തിൽ കുട്ടിയായിരുന്ന തിരുമേനി ഈ ഇടയന്റെ സന്നിധിയിൽ ഓടിയെത്തി അദ്ദേഹത്തിന്റെ പാദശുശ്രൂഷിയായിത്തീർ ന്നതും, ഈ സ്ഥിതിയിലും പിന്നീടു കശീശാ സ്ഥാനം കൈക്കൊണ്ട ശേഷവും സഭയെ സത്യപന്ഥാവിലേക്കു വരുത്തുവാൻ ആ വന്ദ്യപിതാ വുചെയ്ത പലതരം ശ്രമങ്ങൾക്കും പങ്കുകാരനും ആലോചനക്കാരനും മുഖ്യഭാരവാഹിയും ആയിരുന്നതും ദൈവം അന്യഥാ നിശ്ചയിച്ചിരുന്ന

തിനാൽ ആ പ്രയത്നങ്ങൾ തൽക്കാലം മനുഷ്യദൃഷ്ടാ നിഷ്ഫലങ്ങളായിപ്പോയതുകൊണ്ടു നിരുത്സാഹിയും ഭഗ്നാശയനുമായിത്തീരാതെ സത്യത്തിലും ദൈവകൃപയിലും മാത്രം ആശ്രയിച്ചുംകൊണ്ടു തിരുമേനി ഇഷ്ടമിത്രങ്ങളേയും സ്വദേശത്തേയും തിരിച്ചുവന്നു കണ്ടെങ്കിൽ കണ്ടു എന്നു വച്ചു അസാധാരണമായ വ്യസനത്തോടും ധൈര്യത്തോടും കൂടി കൊച്ചീലഴിമുഖത്തു എത്തി കപ്പൽ കേറിയതും, ഇതു മുതൽ അസംഖ്യം അസംഖ്യം അവർണ്ണനീയങ്ങളായ കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും പലപ്പോഴും പ്രാണഭയം വരെയും സഹിച്ച് അന്തോക്യാ സിംഹാസനത്തിങ്കൽനിന്നും അതിമാത്രം അനുഗ്രഹത്തോടും ആശീർവാദത്തോടും കൂടി പ്രധാനപുരോഹിതസ്ഥാനം കൈക്കൊണ്ടു വീണ്ടും കൊച്ചിയിൽ വന്നിറങ്ങിയതും ആയി തിരുമേനിയുടെ ജീവചരിത്രത്തിന്റെ അത്യന്തരസകരങ്ങളായ ആരംഭാദ്ധ്യായങ്ങളുടെ ഏതെങ്കിലും ഭാഗം അത്ഭുത ദുഃഖ സന്തോഷസമ്മിശ്രമായ വികാരങ്ങളോടുകൂടി തിരുമേനിയുടെ അനനുകരണീയമായ വാചകങ്ങളിൽ കേട്ടു സാക്ഷാൽ അപഹൃതചിത്തവൃത്തികളായിട്ടില്ലാത്തവരായി ഇജ്ജനങ്ങളിൽ മാത്രമല്ല തിരുമേനിയെ കണ്ടു പരിചയപ്പെടുവാൻ സംഗതി വന്നിട്ടുള്ള അന്യജനങ്ങളിലും ആരും ഉണ്ടായിരിക്കുമെന്നു തോന്നുന്നില്ല.

ഇങ്ങനെ മലങ്കരയിടവക ജനങ്ങളുടെ അശേഷം ആത്മീയപിതാവായി വന്ന തിരുമേനിയെ കൈക്കൊള്ളുവാൻ അവരിൽ ഏറിയകൂറിനും വാസ്തവം അറിയാഞ്ഞും അറിഞ്ഞിരുന്ന ചുരുക്കം ചിലർക്കു അവരെ കവർന്നു ഭരിച്ചുവന്ന വേഷധാരിയുടെ അധികാരത്തെ ഭയപ്പെട്ടിട്ടും നിവൃത്തിയില്ലാതെ വരികയാൽ തിരുമേനി മലങ്കര ഒട്ടുക്കുള്ള അനേകം പ്രധാന പള്ളികളിലാകട്ടെ സ്വന്ത കാരണവൻ സ്ഥാപിച്ചിട്ടുള്ളതും അദ്ദേഹം കബറടങ്ങിയിരിക്കുന്നതുമായ ഈ സമുദായഭവനത്തിലാകട്ടെ ഒരിക്കലെങ്കിലും പ്രവേശിപ്പാനൊ പ്രാർത്ഥിപ്പാനോ കഴിയാതെ അന്യജാതിക്കാർക്കു പോലും പരിഹാസപാത്രമായി തോന്നത്തക്കവണ്ണം കണ്ണുനീരും കയ്യുമായി അലഞ്ഞു നടന്നതും എന്തെല്ലാം പീഡകൾ സഹിച്ചാലും തങ്ങളുടെ സത്യപിതാവിന്റെ പിന്നടിയെ വിട്ടു വരികയില്ലെന്നുറച്ചു നിന്ന പുത്രന്മാർക്കു വേണ്ടി അങ്ങുമിങ്ങും കുടിലുകൾ കെട്ടി 'പിതാവിനെ' വന്ദിക്കുന്നവർ ഊർശ്ലേമിലും ഈ മലയിലുമല്ല, ആത്മാവിലും സത്യത്തിലും വന്ദിക്കണമെന്നുള്ള വേദോക്തിയെ മാത്രം ആശ്രയിച്ചു ആത്മമയങ്ങളായ ദിവ്യാരാധനകളാൽ അതുകളെ സ്വർഗ്ഗങ്ങളും സ്വർഗ്ഗങ്ങളുടെ സ്വർഗ്ഗങ്ങളും അടക്കുവാൻ കഴിയാത്ത സാക്ഷാൽ ദൈവത്തിന്റെ സന്നിധികളാക്കി ഇടവിടാതെ പ്രാർത്ഥിച്ചും കൊണ്ടിരുന്നതും ഈ ദീർഘകാലപ്രാർത്ഥനയുടെ ഫലമായി ഒടുവിൽ ദൈവം തന്റെ കൃപയാൽ സർവാധികാരവാഹിയായ അന്തോക്യ പാത്രിയർക്കീസു ബാവാ

തിരുമനസ്സിലെ ഇവിടെ അയച്ചതും, ഈ പരിശുദ്ധ പിതാവിന്റെ തിരുമുഖം കണ്ട മാത്രയിൽ ശക്തന്മാരായിരുന്ന ശത്രുക്കൾ എല്ലാം പെട്ടെന്നു സ്തബ്ധശരീരന്മാരായിതീരുവാനും ഈ അവസരത്തിൽ ഇക്കാണായ സത്യസഭാപുത്രന്മാർ മിക്കവാറും അടിമ ഒഴിഞ്ഞ് ഓടിപ്പോന്ന് അവരുടെ സാക്ഷാൽ പിതാവിന്റെ പാദങ്ങളിൽ എന്നേക്കുമായി അഭയം പ്രാപിക്കുവാനും ഇടവരുത്തിയതും, കയ്യിലൊരു കാശുപോലും കാണാതെ കണക്കില്ലാത്ത ദ്രവ്യവ്യയവും ബുദ്ധിമുട്ടുകളും കഷ്ടപ്പാടും വേണ്ടിയിരുന്ന പല വലിയ വലിയ കോടതി വ്യവഹാരങ്ങൾ നടത്തി ഈ സമുദായഭവനവും സ്വത്തുക്കളും കൈവശപ്പെടുത്തിയതും മറ്റും മറ്റുമായി ഇടക്കാലത്തെ മലങ്കര സുറിയാനി സഭാചരിത്രസർവ്വസ്വമായ തിരുമേനിയുടെ മദ്ധ്യകാലചരിത്രം അടുത്തുനിന്നും സംബന്ധിച്ചും കണ്ടും അറിഞ്ഞിട്ടുള്ള ഇജ്ജനങ്ങളുടെ സന്തതികളുള്ള കാലത്തും മറക്കുന്നതും ആരാലും മറയ്ക്കപ്പെടാവുന്നതുമല്ല.

ഇതിന്റെ ശേഷവും ഇതിനിടയ്ക്കുമായി ഈ സഭയുടെയും ഇതിൽ ഉൾപ്പെട്ട ഓരോ സംഘങ്ങളുടേയും ഓരോ ആളുകളുടേയും ആത്മീയ ലൌകികാദ്യുദയങ്ങൾക്കു വേണ്ടി തിരുമേനി ഇടവിടാതെ ചെയ്തിട്ടുള്ളവയും ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നവയുമായ ശ്രമങ്ങളേയും ഞങ്ങൾ ഓർക്കാതിരിക്കുന്നില്ല. പ്രാചീനവും പരിശുദ്ധവുമായ അന്ത്യോക്യാ സിംഹാസനവും മലങ്കരയിടവകയും തമ്മിൽ മുമ്പിനാലെ ഉള്ള ഗാഢസംബന്ധത്തെ ആരാലും ഒരിക്കലും അഴിക്കാൻ പാടില്ലാത്ത വണ്ണം ഉറപ്പിച്ചതു, ഈ അപ്പോസ്തോലസഭയുടെ സത്യോപദേശാചാരങ്ങളെ ആർക്കും തോന്നിയതുപോലെ ഭേദപ്പെടുത്തുവാൻ പാടില്ലാത്ത പ്രകാരം രേഖപ്പെടുത്തിയതു, സഭയുടെ ഭരണത്തിനു ഐകരൂപ്യവും ആലോചനാഗുണവും സിദ്ധിക്കത്തക്കവണ്ണം മേൽപ്പട്ടക്കാരെ സഹായിപ്പാൻ ഒരു പ്രതിനിധിസംഘം ഏർപ്പെടുത്തിയതു, അപ്പോസ്തോലകാലം മുതൽ കുളത്തിലെ വെള്ളം പോലെ ഈ കേരളത്തിന്റെ അതൃത്തികൾക്കകത്തു കെട്ടിനിൽക്കുന്ന നമ്മുടെ സത്യവിശ്വാസത്തെ ബ്രിട്ടീഷ് ഇൻഡ്യ, സിലോൺ മുതലായവയിൽ മാത്രമല്ല അമേരിക്കാ തുടങ്ങിയുള്ള അതിദൂരദേശങ്ങളിലും യഥാശക്തി പ്രചരിപ്പിക്കുവാൻ ആരംഭിച്ചിട്ടുള്ളതു, സമുദായം ഒട്ടുക്കുള്ള കുട്ടികളുടെ വിദ്യാഭ്യാസം വകയ്ക്കു ഈ പ്രധാന സ്ഥലത്തു ഒരു ഹൈസ്കൂൾ സ്ഥാപിച്ചതു, അതിന്റെ നിലനിൽപ്പിനു വേണ്ടി ഒരു ലക്ഷം രൂപയുടെ ഒരു ഷോടതി അനുവദിപ്പിച്ചു നടത്തിയതു, ഏറിയകാലമായി ജീർണ്ണിച്ചും പണിക്കുറവു തീരാതെയും കിടന്നിരുന്ന ഈ പൂർവ്വികവേദാദ്ധ്യയനശാലയും ഇതോടു ചേർന്ന ദേവാലയവും ആശ്ചര്യകരമായവിധത്തിൽ കുറ്റം തീർത്തു നന്നാക്കിയതു, കുന്നംകുളങ്ങരെ മുതലായി വടക്കും തെക്കുമുള്ള പല ഇടവകപ്പള്ളികളോടും

ചേർന്നു ഇംഗ്ലീഷു പള്ളിക്കൂടങ്ങൾ ഏർപ്പെടുത്തിച്ചതു, രാജ്യം ഒട്ടുക്കു പ്രാഥമികവിദ്യാഭ്യാസം വകയ്ക്കു അനേകം മലയാളം പള്ളിക്കൂടങ്ങൾ നടത്തുന്നതും രാജസ്ഥാനമായ തിരുവനന്തപുരത്തു പണ്ടുണ്ടായിരുന്ന ദേവാലയം നശിച്ചുപോയതു നന്നായി എന്നു തോന്നത്തക്കവണ്ണം അവിടെ അതിമനോഹരമായ ഒരു പള്ളി ഈയിട പണി കഴിപ്പിച്ചതു, വെട്ടിക്കൽ, പരുമല, കുന്നംകുളങ്ങര, കൊട്ടാരക്കര ഈ ദിക്കുകളിൽ പൊതുസ്ഥലങ്ങൾ ഉണ്ടാക്കിച്ചതു, കോട്ടയത്തു ചെറിയപള്ളി, പുത്തൻകാവുപള്ളി, പഴഞ്ഞിപ്പള്ളി മുതലായ പ്രധാന ദേവാലയങ്ങൾ സത്യസഭയുടെ ആചാരാനുസരണമായുള്ള ആരാധനയ്ക്കു സ്വാതന്ത്ര്യപ്പെടുത്തിയതു, നിരണം മുതലായ മറ്റു പള്ളികളും ഇതുപോലെ ഒഴിപ്പിച്ചെടുക്കുവാൻ ആരംഭിച്ചിട്ടുള്ളതു, മദ്രാസു ഗവർമ്മെണ്ടിന്റെ കൈവശം ഏറിയ കാലമായി കിട്ടാതെ കിടക്കുന്ന വട്ടിപ്പണം താമസിയാതെ കിട്ടത്തക്ക നിലയിൽ വരുത്തിയതു, ഇടവകപ്പത്രികയും പല പുതിയ പുസ്തകങ്ങളും പുറപ്പെടുവിച്ചു സുറിയാനി മതോപദേശങ്ങൾ കേവലം ത്യാജ്യങ്ങളും നിന്ദ്യങ്ങളുമല്ലെന്ന് ഈ നാട്ടിലെ ക്രിസ്ത്യാനികളെ പൊതുവെ മനസ്സിലാക്കിയതു, കയ്യെഴുത്തിൽ മാത്രം ഇരുന്നിരുന്ന പല സുറിയാനിപ്പുസ്തകങ്ങളും അച്ചടിച്ചു പ്രചരിപ്പിച്ചു ഈ വൈദികഭാഷയുടെ അഭ്യസനത്തിനും ആരാധനാദികൾക്കും ലാഘവം വരുത്തിയതു, ദീർഘകാലത്തെ വ്യവഹാരം കൊണ്ടും മറ്റും കടം കേറിപ്പോയ സമുദായസ്വത്തിനു പകരം അതിൽ അധികം വേറെ വിധത്തിൽ സമ്പാദിച്ചതു, അനേകലക്ഷം ജനങ്ങളെ ഒന്നുപോലെ തൃപ്തിപ്പെടുത്തി ഭരിക്കുന്നതിനും മനുഷ്യശക്തിക്കു അപ്പുറമെന്നു തോന്നുന്ന കാര്യങ്ങളെ നിഷ്പ്രയാസമായി സാധിക്കുന്നതിനും തിരുമേനിയെ ശക്തിപ്പെടുത്തിയവയും തിരുമേനിയിൽ ദൈവദത്തമായി വിളങ്ങുന്നവയുമായ വിനയം, ദീനദയാലുത്വം, ക്ഷമ, പരിപാകം, ആലോചനാശക്തി, സ്ഥിരോത്സാഹം, ദൈവാശ്രയം, സ്വേച്ഛാവർജനം ഇത്യാദി ഏറിയോരു സൽഗുണങ്ങൾക്കു അനേകം തിരുവെഴുത്തുവിളംബരങ്ങളെയും സർക്കുലരുത്തരവുകളെയും ജയിക്കാൻ തക്ക ശക്തി ഉണ്ടെന്നു അനുഭവത്താൽ ഞങ്ങളെ പഠിപ്പിച്ചതു, സുറിയാനിക്കാർ സഹവസിക്കുവാൻ സംഗതി വരുന്നു അന്യസമുദായജനങ്ങളുടെ ഇടയിൽ സർവത്ര "ആ സുമുഖനും സുചരിതനും വശ്യവചസ്സുമായ വന്ദ്യ പുരുഷന്റെ ആജ്ഞയിൽ ഉൾപ്പെട്ടവരല്ലയോ" എന്നുള്ള ചോദ്യത്തോടുകൂടി ആദരിക്കപ്പെടുമാറാക്കിയതു, ഇവ മുതലായ തിരുമേനിയുടെ അക്ഷീണ പരിശ്രമംകൊണ്ടു ഈ സമുദായത്തിനു വരുത്തിയിട്ടുള്ള അക്ഷയങ്ങളായ യശസ്സുകളെ ഓരോന്നായി ആലോചിക്കുമ്പോൾ ഇതുകളെ ഏതു പ്രകാരമാണ് യഥായോഗ്യം വർണ്ണിക്കേണ്ടതെന്നും ഇതുകളാൽ ഞങ്ങൾക്കു തിരുമേനിയുടെ മേൽ ഉള്ളതും ഉണ്ടായിരിക്കേണ്ടതുമായ പരമാർത്ഥകൃതജ്ഞതയെ ഏതുപ്രകാരമാണ് ലക്ഷ്യപ്പെടുത്തേണ്ടതെന്നും അറിയാഞ്ഞിട്ടു വാസ്തവമായി ഞങ്ങൾ കുഴങ്ങുകയാണു ചെയ്യുന്നത്.

ഇങ്ങനെ ഏറിയൊരു നിത്യസ്മാരകങ്ങൾ തനിക്കായി താൻ തന്നെ സ്ഥാപിച്ചിട്ടുള്ള തിരുമേനിക്കു ഇവയിൽ ഏതെങ്കിലും ഒന്നിനേക്കാൾ ഉൽകൃഷ്ടമായ ഒരു സ്മാരകം സ്ഥാപിക്കുവാൻ ഞങ്ങൾ ഒരു വിധത്തിലും ശക്തന്മാരല്ല. ഈ സമുദായവും അന്ത്യോക്യാ പരിശുദ്ധ സിംഹാസനവും തിരുമേനിയുടെ അവർണ്ണനീയങ്ങളായ ബുദ്ധിമുട്ടുകളെയും സിംഹാസനത്തിനും സമുദായത്തിനും വേണ്ടി ചെയ്തിട്ടുള്ളവയും ചെയ്തുവരുന്നതുമായ പ്രയത്നങ്ങളെയും ആദരിക്കയും തിരുമേനിയുടെ മേൽ ഏറ്റവും കൃതജ്ഞതയോടു കൂടിയിരിക്കയും ചെയ്യുന്നു എന്നു കാലം ചെയ്ത പാത്രിയർക്കീസുബാവാതിരുമനസ്സുകൊണ്ടു കല്പനയോടുകൂടി കൊടുത്തയച്ച ഒരു പൊൻകുരിശിനാൽ രേഖപ്പെടുത്തിയിട്ടുള്ളതുകൂടാതെ, സമുദായത്തിൽ ഓരോ സംഘങ്ങളും പള്ളിയിടവകകളും ഓരോ സന്ദർഭങ്ങളിൽ ഇരട്ട നാഗപത്തിയുള്ള അംശവടി, രത്നഖചിതമായ സ്ലീബാ, സ്വർണ്ണ മുദ്രയോടുകൂടിയ ഇടക്കെട്ടു, അതിമനോഹരമായ മുടി, വിലയേറിയ പുസ്തകങ്ങൾ, മംഗളപത്രങ്ങൾ ഇത്യാദികൾ തൃപ്പാദസമർപ്പണം ചെയ്തും ലക്ഷ്യപ്പെടുത്തീട്ടുണ്ടെന്നു വരികിലും സമുദായത്തിനു ഒട്ടുക്കു തിരുമേനിയുടെ മേൽ ഉള്ള അളവറ്റ കൃതജ്ഞതയെ സമുദായം ഒട്ടുക്കു ചേർന്നും സമുദായത്തിനു പൊതുവെ ശാശ്വതമായി ഉപയോഗപ്പെടത്തക്കവിധത്തിലും എന്തെങ്കിലും സ്ഥാപനത്താൽ സൂചിപ്പിക്കുവാൻ ഞങ്ങൾക്കു ചുമതലയുണ്ടെന്നുള്ള ബോദ്ധ്യം ഈ ജൂബിലിയാഘോഷത്തോടു കൂടി തന്നെ ഈ ചുമതലയെ യഥാശക്തി നിറവേറ്റുവാൻ ഞങ്ങളെ നിർബന്ധിച്ചിരിക്കുന്നു എന്നുള്ള വിവരവും വിനയപൂർവ്വം തിരുമനസ്സറിയിച്ചുകൊള്ളുന്നു.

ഞങ്ങളുടെ ഈ ആഗ്രഹം അചിരേണ നിവർത്തിക്കുവാൻ ഞങ്ങളെ നിശ്ചയമായി സഹായിക്കും എന്നുള്ള ദൈവം ഞങ്ങളുടേയും ഞങ്ങൾ ഉൾപ്പെട്ടിരിക്കുന്ന സഭയുടേയും അഭ്യുദയത്തിനുവേണ്ടി തിരുമേനിയെ ഇനിയും അനേകകാലം ആരോഗ്യ സൌഖ്യങ്ങളോടുകൂടിയും ഇതിലും ഉയർന്ന സ്ഥാനപ്രാപ്തനാക്കിയും തന്റെ ഹിതാനുവർത്തിയായും കാത്തുരക്ഷിക്കയും അതിന്റേശേഷം പത്തു താലന്തു ഏറ്റു വ്യാപാരം ചെയ്തു പത്തു കൂടി ലാഭമുണ്ടാക്കിയ ഉത്തമനും വിശ്വസ്തനുമായ ദാസനെപ്പോലെ യജമാനനായ തന്റെ നിത്യ സന്തോഷത്തിലേക്കു വിളിച്ചു പ്രവേശിപ്പിക്കയും ചെയ്യണമെന്നു പൂർണ്ണഹൃദയത്തോടും അവ്യാജമായ ആഗ്രഹത്തോടും കൂടി ഐകകണ്ഠ്യേന പ്രാർത്ഥിക്കുന്ന ഞങ്ങളെ ആ അപ്പോസ്തോലീയഹസ്തങ്ങൾ നീട്ടി അനുഗ്രഹിക്കയും അസാദ്ധ്യങ്ങൾ എന്നു തോന്നുന്നവയെ പോലും സാദ്ധ്യങ്ങളാക്കുവാൻ തക്കവണ്ണം കനിവേറിയ ദൈവത്തെ ഇളക്കുവാൻ ശക്തിയുള്ള തിരുമനസ്സിലെ കളങ്കമറ്റ പുരോഹിതപ്രാർത്ഥനകളിൽ ഓർക്കുകയും ചെയ്യണമെന്നു വിനയ

പൂർവ്വം അപേക്ഷിച്ചുകൊണ്ടു ഈ മംഗളപത്രം സമർപ്പിച്ചുകൊള്ളുന്നു.

തിരുമനസ്സിലെ ആത്മീയപുത്രന്മാരായ
മലങ്കരയിടവകജനങ്ങൾ.

കോട്ടയത്തു സിമ്മനാരി
1077-മാണ്ടു വൃശ്ചിക മാസം 12-ാം തീയതി

## പരിശിഷ്ഠാദ്ധ്യായം

### ചില കഥകൾ

മഹാന്മാരെ സംബന്ധിച്ചുള്ള ഏതു സംഗതിയും അറിയാൻ ആളുകൾക്കു സാധാരണ ആഗ്രഹമുള്ളതാണല്ലോ. ഈ അറിവു അവർക്കു പലവിധത്തിൽ പ്രയോജനകരമായിരിക്കുകയും ചെയ്യും. സാധാരണന്മാരെ സംബന്ധിച്ചായാൽ രസമുണ്ടെന്നു തോന്നാൻ നിവൃത്തിയില്ലാത്ത കഥകളും ഒരു മഹാന്റെ നാമധേയത്തോടു സംബന്ധിച്ചാൽ അതുകൾക്കു സവിശേഷമായ ഒരു രസികതയും ഗൌരവവും സ്വതേ ഉണ്ടായിക്കാണാറുണ്ടല്ലോ. ഒരാളെ മഹാനാക്കിത്തീർത്ത ഗുണവിശേഷങ്ങളുടെ ബീജം അദ്ദേഹത്തെ സംബന്ധിച്ച ഏതു നിസ്സാരകഥയിലും സൂക്ഷ്മദൃക്കുകൾക്കു കാണാവുന്നതാണ്. നമ്മുടെ കഥാനായകനെപ്പറ്റിയും ഇങ്ങനെയുള്ള കഥകൾ ധാരാളം ഉണ്ടു എങ്കിലും തൽക്കാലം ശേഖരിക്കാൻ ഇടയായ ചുരുക്കം ചിലവയെ മാത്രം ഓരോന്നായി താഴെ ചേർത്തുകൊള്ളുന്നു.

കുട്ടിപ്രായത്തിൽ ഒരിക്കൽ നമ്മുടെ കഥാനായകനു 17 ഉറുപ്പികയുണ്ടായിരുന്ന ഒരു മടിശ്ശീല വഴിയിൽ കിടന്നു കിട്ടി. എന്താണു ചെയ്യേണ്ടതെന്നറിയാതെ കുട്ടി മടിശ്ശീല വീട്ടിലേക്കു കൊണ്ടുചെന്നു പിതാവിനെ ഏൽപ്പിച്ചു. വഴിയിൽ കിടന്നു കിട്ടിയ പണം വീട്ടിൽ കൊണ്ടുചെന്ന വകയ്ക്കു ആ പിതാവു കുട്ടിയെ പിടിച്ചു തല്ലുകയും അതിന്റെ ശേഷം അദ്ദേഹം മടിശ്ശീലയുടെ ഉടമസ്ഥനെ അന്വേഷിച്ചു അതു അയാൾക്കു തിരിയെ കൊടുക്കുകയും ചെയ്തു. ഇങ്ങനെ നീതിപഥത്തിൽ വളർത്തപ്പെട്ട ഒരു കുട്ടി, മുതിർന്നു വന്നപ്പോൾ നല്ലൊരു നീതിതല്പരനായി തീർന്നതിൽ ആശ്ചര്യപ്പെടാനില്ലല്ലൊ.

പിന്നെയും, നമ്മുടെ കഥാനായകൻ ശെമ്മാശനാകുന്നതിനു മുൻപു അധികം പ്രായഭേദമില്ലാത്ത ജേഷ്ഠനും കൂടി ഒരുമിച്ചു ദിവസംപ്രതി ഇളയപ്പനായ യോസേപ്പു കത്തനാരുടെ അടുക്കൽ ചെന്നു അന്നന്നു പഠിപ്പിച്ച പാഠം ചൊല്ലി കേൾപ്പിച്ചു കഴിഞ്ഞാൽ പലഹാരം തിന്നാൻ അദ്ദേഹം രണ്ടു കുട്ടികൾക്കും കാശു കൊടുക്കുക പതിവായിരുന്നു. ഇങ്ങനെ കിട്ടുന്ന കാശെല്ലാം യോസേപ്പു അന്നന്നു തന്നെ പള്ളിക്കൂടത്തിൽ കൊണ്ടുപോയി ആശാനു കൊടുത്തു വന്നു. ഈ വിവരം എങ്ങനെയോ യോസേപ്പു കത്തനാർ അറിഞ്ഞു സമാധാനം ചേദിച്ചപ്പോൾ ആശാൻ തന്നെ എഴുത്തു പഠിപ്പിക്കുന്ന ആളാണല്ലോ എന്നാണു കുട്ടിയായ യോസേപ്പു മറുപടി പറഞ്ഞതു.

പള്ളിയിൽ പെരുന്നാൾ ഉള്ള ദിവസങ്ങളിലൊക്കെയും കൊടിയെടുത്തു പ്രദക്ഷണത്തിനു മുമ്പിൽ നടക്കാൻ യോസേപ്പിനോളം ഉത്സാഹം

ആർക്കും ഉണ്ടായിരുന്നില്ല. ഇതനുസരിച്ചു ഒരു പെരുന്നാൾ ദിവസം രാത്രി പ്രദക്ഷിണത്തിൽ കൊടിയെടുക്കാനായി യോസേപ്പു ബദ്ധപ്പെട്ടു പള്ളിയിലേക്കു ഓടിപ്പോയപ്പോൾ വിരലിന്മേൽ കിടന്നിരുന്ന മോതിരം പെട്ടെന്നു ഊരി താഴെ വീണു പോയി. നല്ല ഇരുട്ടായിരുന്നതുകൊണ്ടു നോക്കിയെടുപ്പാൻ നിവൃത്തിയില്ലായിരുന്നു. ഇതിങ്കൽ ഒട്ടും പരിഭ്രമിക്കാതെ മോതിരം വീണ സ്ഥലത്തുതന്നെ ഇരുന്നു മൂത്രം വീഴ്ത്തി അടയാളപ്പെടുത്തിയതിന്റെ ശേഷം വീട്ടിൽ പോയി അപ്പനെ കൂട്ടികൊണ്ടുവന്നു പ്രയാസം കൂടാതെ മോതിരം എടുത്തു. ഈ കഥ നമ്മുടെ കഥാനായകന്റെ പ്രത്യുല്പന്നമതിത്വത്തിനു ഒരു നല്ല ദൃഷ്ടാന്തമാണ്.

വീണ്ടും, ബാലനായ യോസേപ്പു ഒരു ദിവസം പള്ളിക്കൂടത്തിൽ നിന്നു മടങ്ങി വന്നപ്പോൾ വീട്ടിൽ ഓരാശാരി ഇരുന്നു നിറുത്താതെ പണിയുന്നതു കണ്ടു. ഇങ്ങനെ വിശ്രമം കൂടാതെ പണിയുന്നതെന്താണെന്നു കൂട്ടി മനസ്സലിഞ്ഞു ചോദിച്ചപ്പോൾ, അങ്ങനെ ചെയ്തില്ലെങ്കിൽ തനിക്കു വേണ്ടെടത്തോളം കൂലി കിട്ടുകയില്ലെന്നു ആശാരി മറുപടി പറഞ്ഞു. ഇതു കേട്ടു കുട്ടി ആശാരിയുടെ കയ്ക്കു പിടിച്ചുംകൊണ്ടു "നീ ദൈവത്തോടു പ്രാർത്ഥിക്കണം. അപ്പോൾ നിന്റെ ആഗ്രഹങ്ങളൊക്കെയും ദൈവം സാധിച്ചു തരും. ഞങ്ങൾക്കു വേണ്ടതൊക്കെയും ദൈവത്തോടു അപേക്ഷിക്കുമ്പോൾ കിട്ടുന്നുണ്ടല്ലോ. ഞങ്ങളാരും നിന്നെപ്പോലെ ഇത്ര ബുദ്ധിമുട്ടി പണിയെടുക്കുന്നുമില്ല" എന്നു പറഞ്ഞു. പ്രായത്തിനു തക്കതല്ലാത്ത ഈ ഉപദേശത്തെ കേട്ടു നിന്ന പിതാവു ഇതിങ്കൽ വളരെ വിസ്മയിച്ചു സന്തോഷിച്ചു.

യോസേപ്പിനു പട്ടം കൊടുപ്പിക്കുന്നതിൽ മുഖ്യമായി ഉത്സാഹിച്ചതു അദ്ദേഹത്തിന്റെ പിതാവിന്റെ ജേഷ്ഠസഹോദരനായ യോസേപ്പു കത്തനാരാണല്ലോ. കത്തനാരുടെ വെറൊരനുജനും യോസേപ്പിന്റെ പ്രായത്തിൽ തന്നെ ഒരു പുത്രനുണ്ടായിരുന്നു. ഇവരിൽ ആർക്കാണു തന്റെ സ്ഥാനം കൊടുപ്പിക്കേണ്ടതെന്നു കത്തനാർക്കു കുറെ സംശയമുണ്ടായി. ഒടുവിൽ 1021 കന്നി 8-നു പെരുന്നാൾ ദിവസം അദ്ദേഹം കുർബ്ബാന ചൊല്ലിയതിനുശേഷം പള്ളിയകത്തു വെച്ചു രണ്ടു കുട്ടികളുടേയും പേരെഴുതി പരസ്യമായി ചിട്ടിയിട്ടാണ് ഈ സംശയം തീർച്ചയാക്കിയത്. പരമാർത്ഥതയോടു കൂടി ദൈവഹിതം അറിയാൻ ആവശ്യപ്പെടുന്നവർക്കു അതു ശരിയായി വെളിപ്പെടുമെന്നുള്ളതിന് ഇതൊരു നല്ല ദൃഷ്ടാന്തമാണ്.

ഒരിക്കൽ കോട്ടയത്തു സിമ്മനാരിയിൽ വെച്ചു ചേപ്പാട്ടു മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ അവർകൾ ഭക്ഷണത്തിനിരിക്കുമ്പോൾ കുട്ടിയായ യോസേപ്പു ശെമ്മാശു അടുക്കൽ നിൽപ്പുണ്ടായിരുന്നു. ഓരോ ഭക്ഷണസാധനങ്ങളെക്കുറിച്ചു സംഭാഷണം നടന്നുകൊണ്ടിരുന്നു. ശെമ്മാശിന്റെ നാട്ടിൽ കാച്ചിൽ (ഒരു വക കിഴങ്ങു) ഉണ്ടോ എന്നു

മെത്രാപ്പോലീത്താ ചോദിച്ചതിനു ശെമ്മാശു തന്റെ നാട്ടിൽ കാച്ചിൽ (തലയ്ക്കു കാച്ചിൽ) അധികമില്ലെന്നും ഒരാൾക്കു മാത്രം ഉണ്ടെന്നും മറുപടി പറഞ്ഞു. ഇതു കേട്ടു മെത്രാപ്പോലീത്താ അവർകളും മറ്റും പൊട്ടിച്ചിരിച്ചുപോയി. കുന്നംകുളം മുതലായ സ്ഥലങ്ങളിൽ കാച്ചിൽ കാച്ചിൽ എന്നു പറഞ്ഞാൽ തലക്കാച്ചിൽ എന്നേ അർത്ഥമുള്ളു.

കത്തനാരായിരുന്ന കാലത്തു ഒരിക്കൽ നമ്മുടെ കഥാനായകൻ കോഴിക്കോട്ടുനിന്നു കണ്ണൂർക്കു കടൽവഞ്ചിയിൽ പോകയായിരുന്നു. മിക്കവാറും മഹമ്മദീയരായിരുന്ന യാത്രക്കാരുടെ കൂട്ടത്തിൽ ഒരു ശൂദ്രസ്ത്രീയും കുട്ടിയും കൂടിയുണ്ടായിരുന്നു. മാർഗ്ഗമദ്ധ്യേ ഈ സ്ത്രീക്കു വിഷൂചിക ആരംഭിച്ചു. വഞ്ചിയിലുണ്ടായിരുന്ന മഹമ്മദീയർ ഈ സാധുസ്ത്രീയെ ഒട്ടും തന്നെ സഹായിച്ചില്ലെന്നു മാത്രമല്ല വളരെ നിന്ദ്യമായി പെരുമാറുകയും ചെയ്തു. നമ്മുടെ കഥാനായകനോ ശമറിയക്കാരനെപ്പോലെ തന്റെ ഭൃത്യന്മാരെക്കൊണ്ടു കാപ്പി തയ്യാറാക്കുക മുതലായ ശുശ്രൂഷകൾ ചെയ്യിക്കുകയും ഭയഭരിതയായ ആ അബലയെ ഓരോന്നു പറഞ്ഞു ആശ്വസിപ്പിക്കുകയും ചെയ്തു. കണ്ണൂർ എത്തിയപ്പോൾ അദ്ദേഹം തന്നെ ഈ സ്ത്രീയുടെ വഞ്ചിക്കൂലി കൊടുക്കുകയും അവരെ ഒരു ശൂദ്രവീട്ടിൽ കൊണ്ടുപോയി ആക്കിപ്പോരികയും ചെയ്തു.

1038-ൽ ആണെന്നു തോന്നുന്നു ഒരിക്കൽ യോസേപ്പു കത്തനാരു കോഴിക്കോട്ടു പോകുന്ന വഴി ബേപ്പൂർ താൻ പതിവായി താമസിക്കുന്ന ഉതുപ്പു എന്നാളിന്റെ വീട്ടിൽ കേറിയപ്പോൾ അയാളുടെ അളിയനും ഒരു ജെർമ്മൻ മിഷൻ ഉപദേശിയുമായിരുന്ന ഒരു ജോസെപ്പു കോഴിക്കോട്ടെ ഒരു മഹമ്മദീയ തങ്ങളുടെ ഏതോ അത്ഭുതപ്രവൃത്തികൾ കണ്ടു മഹമ്മദുവേദത്തിൽ ചേർന്നുകളഞ്ഞു എന്നറിഞ്ഞു വളരെ വ്യസനിച്ചു. ഉടനെ അദ്ദേഹം ജോസേപ്പിനെ വരുത്തി അയാൾ ചെയ്തതു അബദ്ധമായിപ്പോയി എന്നും തങ്ങൾ വല്ല അത്ഭുതപ്രവൃത്തികൾ ചെയ്യുന്നുണ്ടെങ്കിൽ അതു പിശാചിന്റെ സഹായത്താലാണെന്നും യേശുമിശിഹാ പ്രവർത്തിച്ച മാതിരിയുള്ള അത്ഭുതങ്ങളെ പ്രവർത്തിക്കാൻ ധൈര്യമുണ്ടെങ്കിൽ കാണട്ടെ എന്നും മറ്റും വളരെ വാശിയോടു കൂടി പറഞ്ഞു. ഇതെല്ലാം മഹമ്മദീയനായിത്തീർന്ന ജോസെപ്പു ചെന്നു തങ്ങളുടെ അടുക്കൽ പറഞ്ഞപ്പോൾ അയാൾക്കു വലിയ ദേഷ്യമായി. ഇതിന്റെ ഫലമായി കോഴിക്കോട്ടു ഒരു ഷാപ്പിലേക്കു പോകുന്ന വഴി യോസേപ്പു കത്തനാരെ ഉപദ്രവിക്കാൻ കുറെ മഹമ്മദീയർ ഒത്തുകൂടി എങ്കിലും ദൈവാനുഗ്രഹത്താൽ അദ്ദേഹത്തിനു അപകടമൊന്നും പറ്റിയില്ല. മഹമ്മദീയനായ ജോസേപ്പിനെ പിന്നെയും തനിയെ കണ്ടപ്പോൾ യോസേപ്പു കത്തനാരു അയാളോടു വീണ്ടും പ്രസംഗിക്കുകയും നിരുപദ്രവികളെ ഉപദ്രവിക്കുവാൻ ഒത്തുകൂടുന്നതിനു ആളുകളെ പ്രേരിപ്പിക്കുന്ന മതസിദ്ധാന്തങ്ങളുടെ

അയുക്തത അയാളെ ബോദ്ധ്യപ്പെടുത്തുകയും ചെയ്തു. ഇങ്ങനെ ജോസേപ്പു മനസ്സുതിരിഞ്ഞു വീണ്ടും ക്രിസ്ത്യാനിയായിത്തീരുകയും യോസേപ്പു കത്തനാരുടെ ഉപദേശത്താൽ അയാൾ കോഴിക്കോടു വിട്ടു പോകുകയും ചെയ്തു.

ധർമ്മവിഷയത്തിൽ നമ്മുടെ കഥാനായകനുള്ള താല്പര്യം സുപ്രസിദ്ധമാണ്. അഹോവൃത്തിക്കു നിവൃത്തിയില്ലാത്ത സമയത്തു കൂടി കയ്യിലുള്ളതു ധർമ്മം കൊടുക്കും. ധർമ്മം എത്ര കൊടുത്താലും ആവശ്യങ്ങൾ മുട്ടിയെന്നു വന്നിട്ടില്ല. അന്ത്യോക്യയിൽ നിന്നു വന്ന ഉടനെ നമ്മുടെ കഥാനായകൻ ഒരിക്കൽ കൊച്ചിയിൽ താമസിക്കയായിരുന്നു. പള്ളിക്കാർ സ്വാധീനപ്പെടാതെയിരുന്ന ഇക്കാലങ്ങളിൽ കൈവശം പണം ധാരാളം ഉണ്ടായിരിക്കാൻ നിവൃത്തിയില്ലല്ലോ. നിത്യച്ചിലവിനു മുട്ടിയപ്പോൾ ധർമ്മതല്പരത അല്പമൊന്നു കുറയ്ക്കണമെന്നു ഭൃത്യന്മാർ നിർബന്ധിച്ചതിനെ അധികം ആലോചിക്കാതെ സമ്മതിച്ചുപോയി. ഇതിൽ പിന്നെ വന്ന ഭിക്ഷക്കാരെയൊക്കെ ഭൃത്യന്മാർ ഓരോ ഉപായം പറഞ്ഞു മടക്കിയയക്കാൻ തുടങ്ങി. നമ്മുടെ കഥാനായകനു ഓരോരുത്തർ സൗജന്യമായി കൊടുത്തുവന്നിരുന്ന പണത്തിന്റെ വരവും അതോടുകൂടി പെട്ടെന്നു നിന്നു. ഇതു കണ്ടപ്പോൾ അദ്ദേഹം പശ്ചാത്തപിച്ചു പള്ളിയകത്തു കേറി ദൈവത്തോടു മാപ്പപേക്ഷിച്ചു പ്രാർത്ഥിക്കുകയും ഇനിയൊരിക്കലും ധർമ്മവിഷയത്തിൽ ഉപേക്ഷ കാണിക്കുകയില്ലെന്നു ശപഥം ചെയ്യുകയും ചെയ്തു. പള്ളിയിൽ നിന്നു തിരിച്ചുവന്നപ്പോൾ വളരെ ഭിക്ഷക്കാർ തന്നെ കാത്തുനിൽക്കുന്നു. കയ്യിൽ ആകപ്പാടെ രണ്ടു രൂപയെ ഉള്ളൂ. അതു കൊടുത്താൽ അത്താഴത്തിനു നിവൃത്തിയൊന്നുമില്ലെന്നു ഭൃത്യന്മാർ ശാഠ്യം പറഞ്ഞു. എങ്കിലും അതു വകവെയ്ക്കാതെ രൂപ രണ്ടും മാറി ധർമ്മക്കാർക്കു വീതിച്ചു കൊടുത്തു.

ഉടനെ അത്താഴത്തിനു ഒരുങ്ങേണ്ട സമയമായി. ഒരു മണി അരിയോ ഒരു ചെമ്പുകാശോ കയ്യിലില്ല. സാമാനങ്ങളുടെ കൂട്ടത്തിൽ ഒരു വെള്ളിക്കൈൽ (സ്പൂൺ) ഉണ്ടായിരുന്നു. ഇതു കുത്തിയൊടിച്ചു വിൽക്കാമെന്നുറച്ചു എടുത്തപ്പോൾ ഉണ്ടു ചില പള്ളിപ്രമാണികൾ വരുന്നു. ഇവരുടെ കൈവശം പണമുണ്ടായിരുന്നതുകൊണ്ടു വെള്ളിക്കൈൽ തൽക്കാലം ഒടിക്കാതെ കഴിഞ്ഞു.

വെള്ളിക്കൈലിന്റെ കാര്യം പറഞ്ഞപ്പോൾ ഇതുപോലെ വേറൊരു കഥ ഓർമ്മയിൽ വരുന്നു. പ്രസിദ്ധ വർത്തകനായിരുന്ന മിസ്റ്റർ ഡാറായിക്കു നമ്മുടെ കഥാനായകന്റെ നേരെ ഉണ്ടായിരുന്ന സ്നേഹബഹുമാനങ്ങൾ പ്രസിദ്ധമാണല്ലോ. ഒരിക്കൽ സായ്പു സ്നേഹിതനായ മെത്രാപ്പോലീത്തായെ കാണ്മാനായി കോട്ടയത്തു സിമ്മനാരിയിൽ വന്നപ്പോൾ കാപ്പി കുടിക്കുകയുണ്ടായി. തിരിയെ കൊല്ലത്തു ചെന്ന ഉടനെ സായ്പു നമ്മുടെ

കഥാനായകനു ആറു ചാക്കു കാപ്പിയരി കൊടുത്തയച്ചു. കൂടെ ഉണ്ടായിരുന്ന ഒരെഴുത്തിൽ താൻ മെത്രാപ്പോലീത്തായുടെ വക ആറു കൈൽ കാപ്പി കുടിച്ചതിനു പ്രതിഫലമാണു ഈ ആറു ചാക്കു കാപ്പിയരി എന്നു പ്രസ്താവിച്ചിരുന്നു.

രസകരങ്ങളായ കഥകൾ ഇങ്ങനെ പലതുമുണ്ടെങ്കിലും അതുകളെല്ലാം സാമാന്യം തിടുക്കത്തിൽ പ്രസിദ്ധപ്പെടുത്തുന്ന ഈ പുസ്തകത്തിൽ ചേർക്കാൻ നിവൃത്തിയില്ല. ഈയിടെ ഉണ്ടായ ഒരു സംഗതി കൂടി പ്രസ്താവിച്ചു ഈ അദ്ധ്യായം അവസാനിപ്പിച്ചുകൊള്ളുന്നു.

മനുഷ്യർ ഇന്നയിന്ന പ്രാചീന വംശത്തിൽ ചേർന്നവരാണെന്നുള്ളതു ശാസ്ത്രാനുരൂപമായ വിധത്തിൽ നിർണ്ണയിക്കുന്നതിൽ സമർത്ഥനെന്നു ജഗൽപ്രസിദ്ധമാണല്ലോ മദ്രാസ് ഗവർമ്മെണ്ട് മ്യൂസിയം സൂപ്രണ്ടായ ഡോക്ടർ തഷ്ടൻ എന്ന യൂറോപ്യപണ്ഡിതൻ. ഇദ്ദേഹം സുറിയാനിക്കാരുടെ വംശനിർണ്ണയം ചെയ്യുന്നതിനു 1077 തുലാ മാസത്തിൽ കോട്ടയത്തു വന്നിരുന്ന സമയം നമ്മുടെ കഥാനായകന്റെ തല അളക്കുകയുണ്ടായി. അപ്പോൾ ‘താൻ ഇതുവരെ കണ്ടിട്ടുള്ളതിലേക്കു വിശിഷ്ടമായ ഒരു യൂറോപ്യൻ സിവിലിയന്റെ തലയേക്കാൾ വിശിഷ്ടമാണ് ഈ തല’ എന്നു അദ്ദേഹം പറയുകയും പിന്നീടു തന്റെ ഈ വിദ്യയെക്കുറിച്ചു മാർ ദീവന്നാസ്യോസ് സിമ്മനാരിയിൽ വെച്ചു ചെയ്ത പ്രസംഗത്തിൽ ‘മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ കാണ്മാനും അദ്ദേഹത്തിന്റെ തല അളക്കാനും സംഗതിയായതു ഒരു പദവിയായിട്ടാണു താൻ ഗണിച്ചിരിക്കുന്നതെന്നും ഇദ്ദേഹത്തിന്റെ തലയുടെ നീളം വീതി ഉയരം എല്ലാം വളരെ കൂടുതലും അസാധാരണമായ ബുദ്ധിശക്തിയെ സൂചിപ്പിക്കുന്നതും ആണെന്നും’ പ്രസ്താവിക്കുകയും ചെയ്തു. നമ്മുടെ കഥാനായകന്റെ ബുദ്ധിശക്തിയെയും സ്വഭാവമാഹാത്മ്യത്തേയും കുറിച്ചു പൂർണ്ണ ജ്ഞാനമുള്ളവർക്കു ഈ അഭിപ്രായം കേൾക്കുമ്പോൾ ഒട്ടും ആശ്ചര്യം ഉണ്ടാകുന്നതല്ല.

# മാർ ദീവന്നാസ്യോസ് ചരിത്രഗാനം

## ചാക്കോ ചാക്കോ (1901)

(1852 ചിങ്ങം 6-ന് യൂയാക്കീം മാർ കൂറിലോസ് മെത്രാപ്പോലീത്താ യിൽ നിന്നും കശ്ശീശാപട്ടം ഏൽക്കുകയും കുന്നംകുളം ചിറളയം സെന്റ് ലാസറസ് പള്ളിയിൽ നവപൂജാർപ്പണം നടത്തുകയും പഴഞ്ഞി സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിലേക്ക് ആദ്യ നിയമനം ലഭിക്കുകയും ചെയ്ത പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ മല ങ്കര മെത്രാപ്പോലീത്തായുടെ പൗരോഹിത്യ സുവർണ്ണ ജൂബിലി 1901 വൃശ്ചികം 12-ന് (സെമിനാരി സ്ഥാപകൻ പ. ദീവന്നാസ്യോസ് പ്രഥമൻ മലങ്കര മെത്രാപ്പോലീത്തായുടെ ഓർമ്മപ്പെരുന്നാൾ) കോട്ടയം പഴയ സെമിനാരിയിൽ വെച്ച് അഖില മലങ്കരാടിസ്ഥാനത്തിൽ ആർഭാടമായി കൊണ്ടാടി. ഈ ആഘോഷങ്ങളും ആഘോഷങ്ങൾക്കു വിഷയമായ രാജർഷിയുടെ ഗംഭീരവും ധീരോദാത്തവുമായ ജീവിതവും ഒരു അന്ധ യുവാവിന്റെ കാവ്യഭാവനയെ തട്ടിയുണർത്തി. സമകാലീന സംഭവങ്ങൾ ആയിരുന്നെങ്കിലും അത് കാണാൻ ഭാഗ്യമില്ലാതെപോയ അഭിനവ ബർ ത്തീമായി, ദാവീദ്പുത്രനെ ശരണം വിളിച്ചു. കുരുടന്റെ നിലവിളി സൈന്യ ങ്ങളുടെ യഹോവയുടെ ശ്രവണപുടത്തിലെത്തി. കണ്ണുകൊണ്ട് ശേഖ രിക്കാനാവാത്ത വിശദാംശങ്ങൾ പോലും കേൾവികൊണ്ട് സ്വാംശീകരി ക്കാനാവശ്യമായ ശ്രവണ-ഭാവനാ നൈപുണികൾ ദൈവം അദ്ദേഹത്തിന് നൽകി. ചിങ്ങാനം (ചിങ്ങവനം) ഇടവകയിൽ പുലുത്തുരുത്തിൽ ചാക്കോ ചാക്കോ എന്ന അന്ധഗായകൻ ഈ രചനയിൽ പ്രകടിപ്പിക്കുന്ന ചരിത്ര ജ്ഞാനവും ആവിഷ്ക്കാര ചതുരതയും വർണ്ണനാപാടവവും കണ്ണുള്ള വരെ വിസ്മയിപ്പിക്കുവാൻ പര്യാപ്തമാണ്. 1901-ൽ രചിച്ച ഈ ഗാനം കോട്ടയം മാർത്തോമ്മാ പ്രസ്സിലാണ് അച്ചടിച്ചത്. 104 കൊല്ലം മുമ്പ് പ്രസി ദ്ധീകരിച്ച ഈ ചരിത്രഗാനം ഇന്ന് ലഭ്യമല്ല. ചരിത്രഗവേഷണങ്ങൾക്കിട യിൽ 1990-ൽ ഈ ലഘു കൃതി ഈ ലേഖകൻ കണ്ടെടുത്തു. കഴിഞ്ഞ വർഷം 2003-2004 ഇടവകപത്രികയുടെ തുടർലക്കങ്ങളിൽ ഇത് ഖണ്ഡശ്ശഃ പ്രസിദ്ധീകരിച്ചു. ഇപ്പോൾ ഈ വിശിഷ്ടകൃതി ആത്മപോഷിണി പബ്ലി ക്കേഷന്റെ ബാനറിൽ പുതിയ പതിപ്പായി പ്രസിദ്ധീകരിക്കുകയാണ്.)

### ഗ്രന്ഥകർത്താവ്

ചിങ്ങവനം പുലുത്തുരുത്തിൽ ചാക്കോ ചാക്കോ എന്ന ഗ്രന്ഥകർത്താ വിന്റെ വിശദമായ ജീവചരിത്ര സംഭവങ്ങൾ ലഭ്യമല്ല. അദ്ദേഹം 1903-ൽ എഴുതിയ മാർ ഗ്രീഗോറിയോസ് പാന നമുക്ക് ലഭിച്ചിട്ടുണ്ട് (പരുമല സ്മൃതി പുറം 450 കാണുക). പ്രഥമ രചനയായ ദീവന്നാസ്യോസ് ചരിത്ര

ഗാനത്തിലെ രചനയും ഭാഷാശുദ്ധിയും ഒന്നാംതരമെന്ന് പറയുക വയ്യ. പ്രചാരലുപ്തങ്ങളായ പല ഭാഷാപദങ്ങളും കുസന്ധികളും ചില സുറിയാനി പദങ്ങളെ മലയാളവല്ക്കരിച്ചതിന്റെ രചനാദോഷങ്ങളും അപ്രസന്നതകളും അവിടവിടെ കാണുന്നുണ്ടെങ്കിലും രണ്ടു കൊല്ലം കൂടെ കഴിഞ്ഞ് അദ്ദേഹം എഴുതിയ മാർ ഗ്രീഗോറിയോസ് പാന വ്യത്യസ്തമായ ഒരു ചിത്രമാണ് കാഴ്ച വെയ്ക്കുന്നത്. ഭക്തിരസ പ്രകർഷം മുറ്റിനിൽക്കുന്ന ആ രചനയിൽ തെളിഞ്ഞുകാണുന്ന കൈത്തഴക്കം വളർച്ച പൂർത്തിയായ കവിയുടേത് തന്നെ. രണ്ടു വർഷത്തെ കാവ്യാനുശീലനവും പരിശീലനവും അത്രമാത്രം ഏകാഗ്രതയോടെ നടത്തിയിരിക്കണം. ആ തപസ് വൃഥാവിലായില്ല എന്ന് പാന വിളിച്ചു പറയുന്നു. സ്തോത്ര കീർത്തനം, പ്രാർത്ഥനാഗീതം എന്നിങ്ങനെ രണ്ടു കൃതികൾ കൂടി ഈ അന്ധഗായകൻ രചിച്ചതായി അറിയാം. അവ കാണാനായിട്ടില്ല.

41 പുറങ്ങളിലായി എഴുതപ്പെട്ട മാർ ദീവന്നാസ്യോസ് ചരിത്രഗാനത്തിൽ 16 പാട്ടുകൾ ആണുള്ളത്. കർണ്ണാടക സംഗീത സ്വാധീനത്തിൽ ഒരു നൂറ്റാണ്ടിന് മുമ്പ് മലയാള ഭാഷയിലുള്ള കീർത്തനങ്ങളുടെ രാഗങ്ങളിലാണ് പാട്ടുകൾ രചിച്ചിട്ടുള്ളത്. സന്ദർഭോചിതവും രസാനുയോജ്യമായ രാഗങ്ങൾ ഉപയോഗിക്കുവാൻ പാട്ടുകാരൻ സഫലമായി ഉദ്യമിച്ചിട്ടുണ്ട്.

മാർ ഗ്രീഗോറിയോസ് പാന എന്ന വിലാപത്തിലെ രണ്ടു വരി ഉദ്ധരിക്കാം:

“സന്താപമേ എന്നും സന്താപമേ എന്നും
തീരാതെ കണ്ടുള്ള സന്താപമേ” എന്ന് ദീനരാഗത്തിൽ തേങ്ങലായി നിർഗ്ഗളിക്കുന്ന ശോകരസനിഷ്യന്ദിയായ കവിത മാർ ദീവന്നാസ്യോസിന്റെ ജൂബിലി പെരുന്നാൾ ഘോഷത്തെ വർണ്ണിക്കുമ്പോൾ ചടുല നൃത്തതാളമായി പ്രവഹിക്കുന്നതു നമ്മെ അത്ഭുതപ്പെടുത്തും.

സന്തോഷം ബഹുഘോഷമിതെല്ലാമെന്തൊരു സന്തോഷം
മാർ ദീവന്നാസ്യോസ് പിതാവിന് ജൂബിലിയാഘോഷം
.....................................................................................................
ഇന്ന് നമുക്കിഹ വന്ദ്യപിതാവിന് ജൂബിലി ഘോഷിക്കാം
ഇന്ന് മഹാബഹുമാനമൊടിപ്പെരുന്നാളിതു ഘോഷിക്കാം. (16-ാം പാട്ട്)

ഈ അനുഗൃഹീത ഗാനരചയിതാവ് മലയാള സാഹിത്യ ചരിത്രത്തിൽ നാളിതുവരെ വിലയിരുത്തപ്പെട്ടിട്ടില്ല. എം. പി. വർക്കി ഗദ്യജീവചരിത്രം എഴുതുന്നത് ജൂബിലിയാഘോഷത്തിന് മുമ്പും ചാക്കോ ചരിത്രഗാനം രചിക്കുന്നത് ജൂബിലിയാഘോഷത്തിന് ശേഷവുമാണെന്ന് അനുമാനിക്കുന്നു. ജൂബിലി മംഗളപത്രം ഗദ്യചരിത്രത്തിൽ കാണുന്നുണ്ടെങ്കിലും

ജൂബിലിയാഘോഷത്തിന്റെ വിശദാംശങ്ങൾ അതിലില്ലാത്തതിനാലും ഗാനചരിത്രത്തിൽ ജൂബിലി വിശേഷങ്ങൾ വിശദമായി വർണ്ണിച്ചിട്ടുള്ള തിനാലുമാണിപ്രകാരം അനുമാനിച്ചിട്ടുള്ളത്.

('മാർ ഗ്രീഗോറിയോസ് പാന' എന്ന വിലാപത്തിലെ "സന്താപമേ എന്നും സന്താപമേ എന്നും തീരാതെ കണ്ടുള്ള സന്താപമേ" എന്ന ഗാന മാണ് നൂറ്റിയേഴ് വർഷമായി പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാ ളിനോടനുബന്ധിച്ചുള്ള പരുമലപള്ളിയിലെ പ്രദക്ഷിണത്തിൽ പരുമല ദേശവാസികൾ ആലപിക്കുന്നത് എന്നത് കാലം ഈ കവിക്കു നൽകിയ ആദരവായി കണക്കാക്കാം. - എഡിറ്റർ)

### 1. ('കരുണാകരനാം പരനേ' എന്ന രീതി)

1. സർവ്വേശ്വരനാം പരനേ ശരണം
സർവ്വദയാപിതാവറിവുകൾ തരണം
ചേർത്തു വരം തരണം എൻ നാഥാ
അനുകൂലമാകണമേ ദയാലൂ.

2. ഉടയോനുടെ ദാസനുമീസഭയാ-
മടിയാരുടെ മേലിടയനുമായി
മാർ ദീവന്നാസ്യോസ് എന്നൊരു
പിതൃനാമമിതോ മാഹാത്മ്യം.

3. വളരെ വരുമീ പിതൃഗാനമിഹ
വളരെ മഹിമയാൽ പ്രബലതപ്പെടുവാൻ
ചേർത്തരുളീടണമേ ശ്രീയേശു
കൃപാവരമേകണമേ മഹോന്നതാ.

4. വിചിതാ ചരിതം ചിതമോടിങ്ങനെ
വിചിതരസിതമായി പറവതിനടിയൻ
വിദ്യാവിഹീനഹോ ദയാലൂ
അനുഗ്രഹമരുളുകിലോ പ്രകാശം.

5. മനുനാഥനുടെ ജനനീ മറിയാം
മമ ഹൃദയമതിൽ വെളിവരുളീടുവാൻ
ഓർത്തു ഭജിക്കണമേ സഹായം
സുതനോടിരക്കണമേ ജനനിയേ

6. കരുണാധിപനാം പരനുടെ ജനമേ
പരിശുദ്ധഗണമേ തിരുകൃപ വരുവാൻ
നിങ്ങളുമാശ്രയമായി ത്രീയേക
പരനോടിരക്കണമേ സഹായം.

## 2. ക്രിസ്തുവിന്റെ ഒരു ചരിത്രം

('സുന്ദരരൂപി' എന്ന രീതി) കൈകൊട്ടിക്കളി

1. മന്നിൽ മനുജാതനായ് ജനിച്ചു ദൈവ-
നന്ദനൻ ഭൂതലേ വന്നുദിച്ചു

2. പന്തിരു ശിഷ്യരെ താൻ വിളിച്ചു താത-
നന്തികേ ചേരും വഴി തിരിച്ചു.

3. ത്രിദശം മൂന്നോളം താൻ വസിച്ചു നാഥൻ
പ്രീതിയിൽ മാർഗ്ഗമരുൾ തികച്ചു.

4. നിന്ദ ദുഷികൾ താനേ സഹിച്ചു മന്നിൽ
വന്ന് ദുരിത ഭാരം വഹിച്ചു.

5. മുള്ളാൽ മുടഞ്ഞ മുടി ധരിച്ചു താപ-
മുള്ളിലശേഷം താനേ സഹിച്ചു.

6. ആക്ഷേപകുപ്പായവും ധരിച്ചു നീച-
രാക്ഷേപിച്ചു ദണ്ഡും താൻ പിടിച്ചു.

7. ശീലയാൽ മൂടി മുഖത്തടിച്ചു ഗുണ-
പാലൻ മനോഹിതമായ് സഹിച്ചു.

8. സ്ലീബാ പരൻ തിരുതോൾ വഹിച്ചു പുനർ-
സ്ലീബാമേലേറി നാഥൻ മരിച്ചു.

9. മൂന്നിലുയിർത്തു പരൻ ജയിച്ചു പിതൃ-
മന്ദിരം തന്നിലെ താൻ വസിച്ചു.

10. വല്ലഭന്റെ കൃപ കണ്ടീടുവാൻ, ലോക-
രെല്ലാവരും തന്നെ കൊണ്ടാടുവിൻ.

11. നല്ല ഗതി മാർഗ്ഗം തേടീടുവാൻ നാഥ-
നല്ലേലുയ്യാ സ്തുതി പാടിടുവീൻ.

## 3. മാർത്തോമ്മാശ്ലീഹാ മാർഗ്ഗം അറിയിച്ചതിന്റെയും മറ്റും ചുരുക്കം

('ഭൂതലമേ നിന്നുദരേ' എന്ന രീതി)

1. വാനവനാം ദൈവസൂനു നാഥൻ വാനതിലെഴുന്നരുളി
മാനവർ ശ്ലീഹർ പല ഭാഗേ മാനസം തെളിഞ്ഞു യാത്ര

2. പാർത്തലേ ഗ്രാമങ്ങളെല്ലാം ക്രിസ്തുവെ പ്രസിദ്ധം ചെയ്തു
സത്യ നൽ ശ്ലീഹാ മാർ തോമസ്സെത്തി താൻ മലങ്കരയ്ക്കും

3. കാവ്യരോടരുളി മാർഗ്ഗം പല കാവ്യരും മനം തിരിഞ്ഞു
ദൈവജനമേറി മലങ്കരെ ദൈവാലയം വേണമെന്ന്

4. നിശ്ചയിച്ചു സപ്താലയം/വച്ചു കൊൾവാ-
നന്ന് ശ്ലീഹാ വച്ചു താൻ കുരിശു
പുനരിച്ഛയിൽ മരിച്ചു താതൻ

5. നീചനെയ്ത ശൂലമതിനാലങ്ങീശോ മാർവിൽ ശ്ലീഹാ
സുതൻ ഭക്തനുടെ കായം മയിലാപ്പൂർ ഗ്രാമത്തിൽ ഭൂമിദാനം

6. ദീർഘനാൾ മലങ്കരയിൽ മാർഗ്ഗമീ സഭയ്ക്കു നാഥൻ
ദീർഘമായി ഭരിക്കുവാനും മാർഗ്ഗമില്ലാതെ ഭവിച്ചു

7. ഏറ്റവും വലഞ്ഞോരുമക്കളെ പോറ്റുവാനിടയായി
തന്നു ദേവൻ മാർ ദീവന്നാസ്യോസെ-
ന്നൊരുന്നത സ്ഥാനപതിയെ

8. താപസൻ ഭരിക്ക മൂലം താഴ്മയിൽ നരാധിപനാം
നാഥനെ സ്തുതിച്ചു തന്റെ നാമവും പുകഴ്ത്തിടേണം

9. ഹാലേലുയ്യാ ഉഹാലേലുയ്യാ നരപാലകനായി
ഹാലേലുയ്യാ ഉഹാലേലുയ്യാ നായകനെ
വാഴ്ത്തി നാമെല്ലാരും ഹാലേലുയ്യാ

### 4. നമ്മുടെ കഥാനായകന്റെ ചരിത്രാരംഭം

('എന്തഹോ ദൈവമേ' എന്ന രീതി)

ആദ്യനുമനാദ്യനുമാം ദൈവമേ നീ സദാസാധ്യ-
മോർത്തങ്ങാദ്യനേ നിന്നാർദ്ര സ്നേഹം-
ഓർത്തു ഞങ്ങൾ കീർത്തനമായി ചേർത്തു പാടി നിത്യം
ക്രിസ്തുനാഥനാം നിനക്കു സ്തോത്രഗീതം-
കർത്താവിന്നു ദാസനും മലങ്കരയിലുള്ള
സത്യസുറിയാനിസഭയ്ക്കു താതനുമായി
പാരതിൽ പ്രസിദ്ധനാം മാർ ദീവന്നാസ്യോസെന്ന
ഭാഗ്യവാൻ പിതൃചരിതം പാടിടുന്നേൻ
പാർത്തലേ കുന്നംകുളമാകീർത്തിദേശേ താതൻ
പാർത്തമന്ദിരം പുലിക്കോട്ടെന്നു നാമം-
ഭക്തിപാലനാം കുരിയാക്കോസു മാന്യൻ തന്റെ
ഭക്ത സുതാരാറിലേകൻ ഭാഗ്യസൂനു-
ത്രീസൂതന്മാരായവരിൽ മധ്യജാതൻ ദൈവ
പ്രീതിയിലവതരിച്ചൊരു കുമാരൻ

അത്ഭുതനാം ദൈവദാസനിഭൂവിയിൽ തന്റെ
ഉത്ഭവമിന്നേവരും ഗ്രഹിച്ചിടേണം.
ആണ്ടുകൾ സഹസ്രമെണ്ണൂറാണ്ടിനോടും പുന
രാണ്ടുനല്ലത്രീദശം മൂന്നായകാലം
കാർത്തികയിൽ വിംശതി നാലാം ദിനേ താൻ
മാതൃസൂതിനാൾ തികഞ്ഞു പാരിൽ ജാതനായി-
ജ്ഞാനസുതനായിനിന്നോരാത്മജനെ ജ്ഞാന-
സ്നാനനാളിൽ പേർ വിളിച്ചു യൗസേപ്പെന്നു നാമം
ഭക്തിയിൽ ജനകനുടെ അഗ്രജനാം ദൈവ-
ഭക്തനൊരാചാര്യനാൽ വളർത്തി തന്നെ-
ശീലഗുണപാലകൻ വളർന്നു തന്നെ പരി-
പാലരാം പിതൃജനനിക്കെത്ര മോദം
ബുദ്ധിമാനായി ഭൂതലെ മുതൃന്നഹോ താൻ നല്ല
വിദ്യപാലൻ ദ്വാദശവയസ്സിനോളം
ഇക്ഷിതിയിൽ ഭാഷ മലയാളമോടും താൻ
വിദ്യാക്ഷരമിന്തുസ്ഥാനിയും പാഠമാക്കി
പത്തിനോടും വത്സരം മൂന്നായകാലം പാരി-
ലുത്തമൻ സുറിയാനിയും പാഠം തുടങ്ങി-
പട്ടം ആ സംവത്സരേ ചേപ്പാട്ടു താതൻ കീർത്തി-
പ്പെട്ട മാർ ദീവന്നാസ്യോസധ്യക്ഷനാലെ
കോതമംഗലം പരിശുദ്ധാലയേ താൻ ക്രിസ്തു-
വാതിലോടണഞ്ഞു പട്ടം നാലുമേറ്റു-
പത്തുമോരേഴാം വയസ്സിൽ പട്ടമാറും നല്കി
ചിത്തപ്രീതിയാലെ സ്തേപ്പാനോസു ബാവാ
പിൻപുദശമൊൻപതാം വയസ്സിലെ താൻ
നല്ലോരൻപേറും കൂറിലോസ്പ്പിതാവിനാലെ
ശുദ്ധപൂജാസ്ഥാനമേറ്റു ഭക്തപാലൻ പരി-
ശുദ്ധ കർമ്മാചാര്യനായി ഭവിച്ചു പാരിൽ
ചോലോടിരു കാലമതിൻശേഷമായി വിശു-
ദ്ധാലയം പഴഞ്ഞിയിൽ വികാരിയായി-
ജ്ഞാനമായി ത്രിവൽസരം ഭരിച്ചു താതൻപുനർ
ജ്ഞാനഗുണശീലനവിടന്നുവാങ്ങി-
കാരണം തൊഴിയൂർ വ്യഹാരമതും ചാലി-
ശ്ശേരിയിലൊരീഴനെ താൻ സ്നാനഹേതു
കേസ്സുകൾ രണ്ടാലയസംബന്ധമായി ദൈവ-
ദാസനതിൻ ഭാരവാഹിയായി നടന്നു.

അഗ്നിവാഹനങ്ങളില്ലാതുള്ള നാളിൽ കര
മാർഗ്ഗമായി മദ്രാസിനും താൻ യാത്ര ചെയ്തു-
ഇണ്ടലോടി ദൂരദേശ രണ്ടു യാത്ര മനോകണ്ഠി-
താൽ പോയി വന്ന ദുഃഖമെന്തു ചൊല്ലാം-
അന്നതിനിടയിലേകൻ സ്വന്തമായി പ്രസ്സും
കല്ലിനാൽ സ്ഥാപിച്ചു സഭാസാധ്യമായി-
പുസ്തകങ്ങൾ മലയാള പ്രാർത്ഥനയും പൂജാ
തക്സാ സുറിയാനിയും പ്രസിദ്ധമാക്കി
മുപ്പതാം വയസ്സിലേറ്റം ഭക്തിയോടും ഭവാ-
നപ്പനും ജനനി താനും നൽകും അനുവാദമോടും
ആലയക്കാർ സമ്മതിച്ച പത്രമോടും ചില-
വാലയക്കാർ നൽകിയെന്ന ദ്രവ്യമോടും
ഇഷ്ടനാം പുരോഹിതനും ഭൃത്യനോടും ശ്ലീഹാ-
പ്പട്ടമതിന്നന്ത്യോഹെ താൻ യാത്രയായി.

## 5. അയ്യയ്യോ മഹാപാപം എന്ന രീതി

(മർദ്ദീൻ യാത്രയുടെ ആരംഭം)

കേട്ടാലും പരിതാപം യാത്രയിൽ തന്റെ
കൂട്ടമെല്ലാം വിലാപം. താതനും ജനനിയും
സഹോദരർ താപമെന്തു ചൊല്ലാവു
താതനഗ്രജനാകും തന്നെ വളർത്ത
താതൻ ഭക്തനാചാര്യൻ ദുഃഖമായി കരഞ്ഞേറ്റം
വിലാപങ്ങൾ ഒക്കെയിന്നുരക്കാമോ
സ്വന്ത സ്നേഹിതന്മാരു മുഖം വാടി
അന്തമില്ലേ വിലാപം. യാത്രയിൽ ജനക്കൂട്ടം
പിന്നാലോടി തൃശൂർ പട്ടണത്തോളം
സ്തോത്രമൊടവിടേന്നും കൊച്ചിയിൽ വന്നു
യാത്രക്കപ്പൽ കരേറി വഹ്നിവാഹനമേറ്റം
ചെറിയതായി വന്നതിൽ വലഞ്ഞേറ്റം
ഒമ്പതാം ദിനം ചേർന്നു ബോംബായി തന്നിൽ
തമ്പുരാൻ കൃപയാലെ. അന്നു താൻ വസിപ്പാനായി
മന്ദിരമില്ലാതന്വേഷിച്ചു വലഞ്ഞു
ദൈവദയവിനാലെ അർമ്മനിയാ ദൈവമന്ദിരം
ചേർന്നു പാർത്തു നാൾ ദശമോളം
സിന്ധുതീരം ചേർത്തു കപ്പൽ വരാതെ
യാത്ര ബെസ്രായിലേക്കും ഭൂഷേർഭാഗേ
എത്ര വായുവിൻ കോപം. അല്പം താമസിയാതെ

കടൽമദ്ധ്യേ കപ്പൽ മുങ്ങുമാറായി
കർത്താവാശ്രയമെന്നും വിലാപമോ-
ടൊത്തു പ്രാർത്ഥനയായി പത്താകും മണി രാവിൽ
ശമിക്കയാലുൾത്താരിൽ ഭയം മാറി
ചിത്തേ ഭീതിയില്ലാതെ ഗമിക്കയാൽ പത്തും
പഞ്ചമാന്നാളിൽ ചേർന്നു ബെസ്രാ കരയിൽ
വൈകിടാതെ വഹ്നിബോട്ടിൽ കരേറി.

## 6. (ആദിത്യചന്ദ്രാദികളെ എന്ന രീതി)

ബോട്ടെവിടേന്നസ്തമാനേ ബഗദാദിന്നു യാത്ര
വാട്ടമെന്ന്യ ദെക്കിലാസാപ്പുഴ കൂടി ഓടുന്നു
ദൈവഗത്യാലൊമ്പതാം നാൾ ബഗദാദ്പുരി ചേർന്നു
ദൈവദാസനസ്ഥലത്തിൽ ഭവനമില്ലാതായി
ഖിന്നതയറിഞ്ഞു നാഥൻ പരമകാരുണ്യത്താൽ
വഹ്നിബോട്ടിൽ വേലചെയ്യുമൊരു കൽദായ മർത്യൻ
അന്തുനെന്നവൻ ഭവനേ വസിപ്പിടം ലഭിച്ചു
ചിന്ത തെളിവാലവിടെ ദശപഞ്ചംനാൾ പാർത്തു
യാത്ര ദീർഘമായി പുനരങ്ങവിടെ നിന്നു വാങ്ങി
മോഷ്ടിതന്മാരുള്ള മാർഗ്ഗേ വനമിടയിൽ കൂടി
കൂട്ടജനമേറെയുമായി കഴുതമീതിൽ യാത്ര
കഷ്ടതയാൽ ഭീതിയോടും ദുരിതമാർഗ്ഗേ താതൻ
കൂട്ടുസഖി ഭൃത്യനുമായി ബഹുഗണത്തിൽ ചേർന്നു
മോഷ്ടിതന്മാരെ ഭയന്നു വളരെ യാത്രാസംഘം
വാട്ടമോടെ ദണ്ഡുമോരോന്നെടുത്തവരായി കൂടെ
കർത്തനുടെ കാവലാൽ താനപകടം കൂടാതെ
ബർത്തളെയാ പള്ളി ചേർന്നു ദശവും നാലാം നാളിൽ
ആ സ്ഥലത്തിലിപ്പിതാവെ ഹിതമൊടെതിരേല്പാൻ
ആസ്ഥയോടെ മൂസലിൽ നിന്നയച്ചവരെ കണ്ടു
വന്ന ധന്യസ്ഥാനികൾ രണ്ടവരുമായ് സന്തോഷം
അന്നു പാർത്തവിടെ നിന്നു മറുദിവസം യാത്ര
ചെന്നു നിനുവാ സമീപമണഞ്ഞു മൂസൽക്കാരും
വന്നങ്ങെതിരേല്പുഘോഷം പറവതല്ലേ പാരിൽ
എത്രയൊ പുരോഹിതരും ബഹുമനോസന്തോഷാൽ
അത്ര തന്നെ ചേർത്തുകൊൾവാൻ ബഹുജനവും കൂടി
എത്രയോ മഹാപ്രപഞ്ചമതിസന്നാഹമോടെ
എത്രയും ലാളിച്ചു തന്നെ ബഹുനരർ കൈക്കൊണ്ടു
ആർത്തു നല്ല മോദമോടുമസംഖ്യലോകർ തന്നെ

ചേർത്തു മൂസൽ പുക്കു താതൻ കരുണവാനേ സ്തോത്രം
അന്നു മേലദ്ധ്യക്ഷനായങ്ങവിടെയുള്ള താതൻ
ചെന്നയിപ്പിതാവിനെ കണ്ടതിമഹാസന്തോഷം
വാസരങ്ങൾ മുപ്പതോളം വസിച്ചവിടെ മോദം
മൂസലിൽ വാസാൽ മറന്നു വഴി ദുരിതമെല്ലാം
തല്പരസഹിതമതിനാലവിടെ നിന്നും ബാവാ
കല്പന പോലെ മറുദീൻ പുരിയിലേക്കും വാങ്ങി
ദുർഘടസ്ഥലങ്ങൾ കൂടി വളരെ ഭീതിയോടും
ദുഃഖമേറ്റം കഷ്ടതയാൽ കഴുതമേൽ പോയ് താതൻ
രക്ഷയാം കർത്താവു തന്റെ കരുണായാലമ്പോടെ
രക്ഷ ചെയ്തു മാനവനും ദശമോടഞ്ചാന്നാളിൽ
ചേർന്നു താൻ മറുദിനിലാസ്ഥലം പുകിന്തു സ്തോത്രം
ഉന്നതനാം രക്ഷിതാവിൻ കൃപക്കു തന്നെ സ്തോത്രം
ഉന്നതസ്ഥാനാധിപതി സഭയ്ക്കു നാഥൻ ബാവാ
വന്നു പിറ്റേ വാസരത്തിൽ ഡയർബക്കറിൽനിന്നും
നന്ദനനെ കണ്ടതിനാൽ പിതൃമഹാസന്തോഷം
അന്നുടനനുഗ്രഹങ്ങൾ സുതനു നല്കി താതൻ
ദീർഘനാൾ മുമ്പേ ജ്വരമി പിതൃതനിക്കും കൂടെ
മാർഗ്ഗയാത്രാചാര്യനുമായി ഭവിച്ചു പത്താം നാളിൽ
മൃത്യുസഖി ദുഃഖമോടെ കവർ മറച്ചു ദേഹം
മൃത്യുവോളം താപസനും വിരിയിൽ ശതൃമാസം
രക്ഷകാരൻ വീണ്ടും പുനരവിടെ നിന്നും ബാവാ
തൽക്ഷണമനുജ്ഞ ചൊന്നതനുസരിച്ചു യാത്ര
കുർക്കുമായിൽ പുത്രനെ താനയച്ചുടനെ താതൻ
വെക്കമ സ്ഥലത്തിൽ നിന്നും ഡയർബക്കറിൽ വാങ്ങി
ഇഷ്ടസുതനെ വിളിച്ചു തിരുവുള്ളപ്രകാരം
ഒട്ടും വൈകാതെ പിതാവിൻ തിരുമുന്നിൽ സന്തോഷം
ഇഷ്ടനായി വസിച്ചവിടെ ദിവ്യഗുരു ശ്ലീഹാ–
പട്ടമതിനെത്ര യോഗ്യനിതു ഗ്രഹിച്ചു ബാവാ
സത്യവാൻ ഭൂവാനദേവൻ തിരുനിയോഗം പോലെ
സത്യസഭാകർത്ത്വവ്യനായ് തിരഞ്ഞെടുത്തു തന്നെ
ആയിരത്തിൽ മുപ്പതോടു നവസംഖ്യയാം കൊല്ലം
ആയിടവം പെന്തിക്കുസ്തെന്നനുഗ്രഹനാൾ സ്ഥാനം
എത്രധന്യസ്ഥാനികളും പല പ്രധാനാചാര്യർ
എത്രയോ പുരോഹിതരും ബഹജനവും കൂടി
യാക്കൊബെന്ന പാത്രിയർക്കീസധിപതിയാം ബാവാ

ഉൾക്കനം തെളിഞ്ഞു പട്ടം സുതനു താനൻപോടെ
ഉന്നതസ്ഥാനം കൊടുത്തു പിതൃമനോസന്തോഷാൽ
അന്നു മാർ ദീവന്നാസ്യോസെന്നരുളി സ്ഥാനനാമം
ഇഷ്ടസുതനെ സഭക്കൊരധിപതിയുമാക്കി
പട്ടവും തികച്ചു താതൻ മലങ്കരയ്ക്കു നല്കി
സത്യശ്ലീഹാസ്ഥാനമിങ്ങു ലഭിച്ചതിനാൽ സ്തോത്രം
സമ്മതാൽ കൂട്ടത്തിനൊരു വിരുന്നു ബാവാ നൽകി
സ്ഥാനമേറ്റു യാത്രയിലി പിതൃതനിക്കു താതൻ
മാനസം തെളിഞ്ഞു സ്ലീബാ, കസവുപൂജാവസ്ത്രം
താതനീസുതനു മുമ്പേ കരുതിയ സമ്മാനം
താപസൻ ധരിയ്ക്കുവാനാക്കുരിശു കൂടെ നൽകി
മാനവൻ സമ്മാനമിങ്ങു ലഭിച്ചതിനാൽ സ്തോത്രം
വാനവനെ ധ്യാനമോടും സ്തുതിച്ചുടനേ യാത്ര.

## 7. മടക്കയാത്ര (കുമ്മി)

അദ്ധ്യക്ഷഭാരമേറ്റു പ്രധാന മേലദ്ധ്യക്ഷനായ് ഭവിച്ചു
കർത്താവനുഗ്രഹിച്ചു സഭയ്ക്കു താൻ കർത്തവ്യനായ് ഗമിച്ചു
യാത്രതിരിച്ചു കലുക്കമാർഗ്ഗെ മൂസലെത്തി മഹോന്നതനെ സ്തുതിച്ചു
കൂട്ടമസംഖ്യ ജനങ്ങൾകൂടി അവരൊട്ടും വൈകാതെ
കൈക്കൊണ്ടു തന്നെ

ഘോഷമൊടെ ജനമാദരിച്ചു മഹാ ഘോഷസന്തോഷമോടാലയത്തിൽ
ഉത്തമൻ സത്യസഭയ്ക്കു കർത്ത്യൻ പരിശുദ്ധദൈവത്തെ
സ്തുതിച്ചുമോദാൽ
വെക്കമങ്ങുജനം ഭക്തിയാലും തന്റെ തൃക്കരം മുത്തി മഹാനന്ദമായ്
ആസനം തന്നിൽ വഹിച്ചു പിതാവിനെ ആലയം ചുറ്റി സ്തുതിച്ചു ലോകർ

രണ്ടു ശുദ്ധസ്ഥലത്തും ബലി നൽകി താനിണ്ടലെന്ന്യെ
സുഖത്താൽ വസിച്ചു
മൂസലിൽ നിന്നു യാത്രാ പിതൃ നദി ദെക്കിലാസെന്ന മാർഗ്ഗേ താപസൻ
പോരും കലുക്കിങ്ങറബികൾ ദേവസ്സകൂട്ടങ്ങളെന്നപോലെ
ബന്തബസ്താക്കി മഹാ നീചരെത്രയുമന്തികരെന്നപോൽ വാദമായി

താതനോടൊന്നിച്ചുവന്നവർ നീചരോടാദിനം വാദിച്ച കാരണത്താൽ
ദുഷ്ടചോരർ വധിച്ചൊൻപതോളം ജനം പെട്ടെന്നു മൃത്യു ഭവിച്ചു കഷ്ടം!
കൂട്ടരിലുള്ള സാമാനങ്ങളും മഹാമോഷ്ടിതന്മാരങ്ങപഹരിച്ചു
ഇത്തരം കൃത്യങ്ങൾ കണ്ടു ചിത്തേ ഭയന്നെത്രയും താപസൻ
ദൈവധ്യാനം
കള്ളർ ജനങ്ങളെ നിഗ്രഹിച്ചെന്നിട്ടും കർത്താവിൻ ദാസനെ തൊട്ടതില്ലേ

ഇപ്രകാരം തന്നെ കാത്തുരക്ഷിച്ചൊരു തല്പരനെ നാം പുകഴ്ത്തിടേണം
കൊള്ള തിഗ്രീസിനോടടുത്താകയാൽ കള്ളരുപദ്രവം കേട്ടു പാഷാ
പെട്ടെന്നുടനശ്വപട്ടാളക്കാരെയും വിട്ടവർ മോഷ്ടിതരെ പിടിച്ചു

അക്രമവസ്തുക്കൾ വാങ്ങി ഉടയവർക്കൻപോടു പാഷാ കൊടുത്തയച്ചു
സ്തോത്രമോടെ ബഗദാദിൽ വന്നുപിന്നെ യാത്ര
ബസോറയിലേക്കും വന്നു
ബസ്രായിൽ കുറെ ദിനം പാർത്തുതാൻ പിന്നെ വൈകാതവിടേന്നു യാത്ര
ബോംബെയിൽ വാഹനം ചേർന്നു താനൻപോടെ ബോംബെയിൽ
മാനവൻ പാർത്തുകൊണ്ടേ
ഉന്നതൻ പ്രീതിയാലസ്ഥലത്തോളം താൻ വന്ന വിവരം
ഗ്രഹിക്കുവാനായി
ഉള്ളിലാനന്ദമായ് കുന്നംകുളങ്ങരെ പള്ളി പ്രധാനർക്കെഴുത്തയച്ചു
ഇച്ഛയിലങ്ങവിടേന്നും വാങ്ങി താൻ കൊച്ചിയിൽ വന്നിറങ്ങി

## 8. ജന്മനാട്ടിൽ ആനന്ദം

(നിത്യവന്ദനം നിനക്കു എന്ന രീതി)

ആദിനാഥനേശുദാസൻ മാർ ദീവന്നാസ്യോസ്
താതനിമലങ്കരക്കു നാഥനായി വന്നു
അൻപിനാൽ സഹസ്രമോടും നാല്പതായ കൊല്ലം
ആവണിയിരുപതും നാലായ വാസരത്തിൽ
അന്നു സുറിയാനി സഭ മേലദ്ധ്യക്ഷനായി
വന്നിറങ്ങി കൊച്ചിയിലിങ്ങെത്രയോ സന്തോഷം
മോദമോടവിടെനിന്നും വാഹനമേറി താൻ
ചേതസിലാനന്ദമോടും താനെഴുന്നെള്ളി വന്നു.

ബോംബായിൽ നിന്നുമയച്ച ലേഖനങ്ങളാലെ
ഇമ്പമോടങ്ങാലയപ്രധാനരൊക്കെവന്നു
സ്വദേശികളായവരും കൂട്ടമായി കൂടി
ഇദ്ദേഹത്തെ ഘോഷമോടങ്ങാദരിപ്പാനായി

കൂട്ടുങ്കൽ മഹാജനങ്ങളാദരത്താൽ വന്നു
കൂട്ടുങ്കലടുത്തു മുനി താപസ്സൻ താനന്ന്
ഭക്തരെതിരേല്പിനുള്ള സന്നാഹങ്ങളൊക്കെ
ശക്തിയിൽ മുഴങ്ങീടുന്ന ഘോഷമെന്തു ചൊല്ലാം

ചെണ്ടകൾ വാദ്യം വെടികൾ മദ്ദളവും പിന്നെ,
കണ്ടാലങ്ങെഴുന്നള്ളത്തിനെന്തലങ്കാരങ്ങൾ

എത്രവിധമായി നല്ല ഛത്രങ്ങളും മറ്റും
എത്രയോ മനോഹരക്കൊടികളും വിചിത്രം

താതനെ വഹിച്ചു ലോകർ വാഹനം തന്നിലായ്
വേഗേന സന്തോഷമോടെ താതനെഴുന്നെള്ളി
കൂട്ടങ്ങളീ യാത്രാമാർഗ്ഗേ കൂടിയാട്ടമായി
കൂട്ടത്തിൽ മഹാസന്തോഷമെന്തുര ചൊല്ലാവൂ

ആർത്താറ്റെന്നോരാലയത്തിൽ ഘോഷമായി തന്നെ
കർത്താവിന്റെ ദാസനും ചേർന്നുൾപ്രവേശിച്ചല്ലോ
നാഥനെ നമസ്കരിച്ചു ധ്യാനമായതിങ്കൽ
ആദരവാൽകൂടി ഭക്തരാചാര്യന്മാരെല്ലാം

ഭക്തരാം കൂട്ടങ്ങളെല്ലാം തൃക്കരം ചുംബിച്ചു
ഭക്തലോകർക്കാലയക്കാർ ഭക്ഷണവും നല്കി.
സ്തോത്രവും കഴിഞ്ഞവിടന്നൊട്ടും വൈകീടാതെ
യാത്രയിൽ സന്നാഹമോടും താപസൻ മടങ്ങി.

വേഗം തത്ര സാധിച്ചിടുവാനും ജാഗ്രതയോടെ
താതനോടു വഞ്ചനയിൽ സ്ഥാന ചിഹ്നം വാങ്ങി
വന്ന താപസന്റെ സർക്കുലർ വിളംബരം നീക്കി
തന്നെ ആ സ്ഥാനത്തു സർക്കാരാക്കണമെന്നുള്ള

തന്നവകാശങ്ങല്ലാം വിവരമായിത്തന്നെ
ഹർജികൾ കൊടുത്തു താതൻ ദിവാനുജി മുന്നിൽ
തന്റെ ഹർജികളെവിടെയുമസാദ്ധ്യമായി വന്നു
പിന്നെയും മഹാമുനി റസിഡണ്ടിനെക്കണ്ടു.

സാദ്ധ്യമിന്നതെന്നുമായതു നേടീടണമെന്നും
ഇപ്രകാരം താപസൻ താനങ്ങറിയിച്ചു, വേഗം
ബാവാച്ചൊൽപ്രകാരം സാദ്ധ്യമാക്കിത്തീർക്കണമെന്ന
അത്താനാസ്യോസുമായി യോജിച്ചിടാമെങ്കിൽ

വേഗമാസ്ഥ പോൽ സാധിക്കാമെന്നുമദ്ദേഹം ചൊല്ലി
സത്യസഭാകർത്തൃനാകും പാത്രിയർക്കീസു തന്നെ
അത്താനാസിയോസ്സു വണങ്ങീടുമെന്നാകിൽ
കൃത്യമാസ്ഥാനാപതിയോടൊത്തിടാമെന്നോതി

താതനുത്തരം ചൊല്ലി അവിടന്നക്ഷണത്തിൽ വാങ്ങി
ചിത്ത ധൈര്യമോടെ മഹാശ്രേഷ്ഠാനാമിദ്ദേഹം
നല്ല ചിത്തശ്രദ്ധയാലെ പോയ് മദ്രാശിന് വേഗാൽ
ഹർജിയും കൊടുത്തുടനെ ഗവർണറുടെ മുമ്പിൽ

തന്റെ ഹർജിയന്നവിടെയുമംഗീകരിച്ചില്ലാ
നാമം തന്റെ പൂർവ്വ താതൻ മാർ ദീവന്നാസ്യോസു
നാമത്തിൽ പ്രതിഷ്ഠ ചെയ്തൊരാലയത്തിൽ ചേർന്നു
ദൈവനാമത്തെ സ്തുതിച്ചു സാദരം തന്നെയും

ദൈവദാസനെത്രയുമലങ്കാരമോടെയും
അന്നവിടെനിന്നു താതൻ യാത്രയായി തന്റെ
മന്ദിരമതിനടുത്തൊരാലയത്തിൽ ചേർന്നു
തൻപിതാവിനാദ്യജനാം പുരോഹിതൻ താനും

തന്നുടെ ജനകൻ മാതൃസോദരങ്ങളെല്ലാം
കണ്ടു മോദമെന്നതിൻ പകരം ദുഃഖമായി
കാൺകയില്ല മൃത്യു ഭവിച്ചെന്നു കേൾക്കയാലെ
ഇവണ്ണം പ്രധാന മേലദ്ധ്യക്ഷനായി വന്നു

ഈ വിധം ദീർഘനാൾ കൂടി കാണുകയാൽ തന്നെ
ആദ്യം മഹാദുഃഖമായി പിന്നാലെ സന്തോഷം
സാദ്ധ്യമിതു ദൈവത്താലെന്നോർക്കയാലെ സ്തോത്രം
സ്നേഹിതന്മാരായവർ സ്വദേശികളെല്ലാമൊന്നായ്
സ്നേഹപൂർവ്വമാദരിച്ചു സന്തോഷത്താൽ തന്നെ

## 9. ക്രിസ്തു മുന്നിൽ വന്നാലാർത്തി എന്ന രീതി (കുമ്മി)

സത്യനാഥനീ സഭയ്ക്കു കർത്ത്യനെ തന്നു
നല്ല സത്യനാമി താതനുമധ്യക്ഷനായി വന്നു
യാക്കോബായ മർത്ത്യരെ ഭരിക്കുവാനായി
സത്കൃപയോടീ മലങ്കരയ്ക്കൊരു നാഥൻ

മേദിനിയിൽ കീർത്തിമാനാം മാർ ദീവന്നാസ്യോസു
മേലദ്ധ്യക്ഷനായതിന്റെ കാരണം കേൾപ്പിൻ
സത്യമാർഗ്ഗേ കൃത്യമായ് നടത്തുവാനായി
സത്യസഭയ്ക്കൊത്തമേലദ്ധ്യക്ഷരില്ലാതെ

വിഘ്നത കേൾ ഈ സഭയ്ക്കു സംഭവിച്ചേറ്റം
വിഘ്നതയാലീ ജനം വലയുമക്കാലം
വഞ്ചനയിൽ സ്ഥാനമേറ്റൊരത്താനാസിയോസ്
വഞ്ചകസ്ഥാനപതിയെ സജ്ജനസംഘം

ദ്വേഷമോടെ ധിക്കരിച്ച മാമുനിമൂലം
ദോഷമീസഭയ്ക്കു വരും നാശമൊക്കെയും
ബോധിപ്പിച്ചങ്ങന്ത്യോഖ്യാ സിംഹാസനത്തിങ്കൽ
ബാവാചിത്തം വാസ്തവം ഗ്രഹിച്ചു വൈകാതെ

അന്നയച്ചു മാർ കൂറിലോസെന്നൊരു താതൻ
വന്നിഹ മലങ്കരെ ഭരിക്കയാൽ തന്നെ
ഏറ്റമീ സഭക്കഹോ വിരുദ്ധമായി വന്നു
തെറ്റുകളോരോന്നറിഞ്ഞു സജ്ജനമെല്ലാം

ഒത്തുകൂടി നിശ്ചയിച്ചു ഭക്തർ വൈകാതെ
സത്യനിവിടേന്നൊരുവൻ പോകേണമെന്നും
സ്ഥാനമേറ്റൻപാലെ വന്നു വാഴേണമെന്നും
ലോകർ മനസ്സാലുറച്ചതിൽ സന്ദേഹമില്ലാതെ

ചിത്തഭക്തനിപ്പിതാവിനെ നിയോഗിച്ചു
കത്തുകളന്ത്യോഖ്യായിലങ്ങെത്തുമാറാക്കി
താപസനാം കൂറിലോസിൻ ഭരണമായതിൽ
മനോതാപമീ സഭക്കായ് വന്നതുമൂലം

സ്ഥാനമിദ്ദേഹത്തിനു നൽകീടേണമെന്നും
ബാവാമനം ഈ സങ്കടം ഗ്രഹിക്കണമെന്നും
ഹർജികളെയയച്ചവർ സിംഹാസനത്തിങ്കൽ
ബാവാ ഹർജികളിലേറ്റമങ്ങനുകൂലമായി

സജ്ജനങ്ങൾ സമ്മതിച്ച പത്രവും വാങ്ങി
സൽഗുണവാനി പിതാവന്ത്യോഖ്യായിൽ ചെന്നു
സത്യവാനെന്നുറപ്പിച്ച കത്തുകൾ മൂലം
ബാവാ ശ്ലീഹാപട്ടമിദ്ദേഹത്തിനു നൽകി

സ്ഥാനമേറ്റു താൻ പ്രധാനാചാര്യനായി തന്നെ
ധ്യാനമോടെ താപസൻ മലങ്കര വന്നു
അന്നു താൻ കുന്നംകുളമാം സ്വന്ത ഗ്രാമത്തിൽ
ദൈവമന്ദിരത്തിൽ ദീർഘമെന്യേ പാർത്തു വൈകാതെ

അപ്പനാകും പാത്രിയർക്കീസുത്തമൻ ബാവാ
തന്റെ കല്പന സാരങ്ങൾ സാധിപ്പതിനായി
ദക്ഷിണേ തിരുവനന്തപുരത്തെഴുന്നെള്ളി
അക്ഷണം ബാവായുടെ ആ കല്പന നൽകി

ആയതിനാൽ സാദ്ധ്യമെന്യേ മാനവൻ താനും
ആയവനെ ധ്യാനമോടുത്സാഹമായിത്തന്നെ
അക്രമത്താൽ ഭരിക്കും മെത്രാപ്പോലീത്തായെ
നീക്കി സർക്കാരീപതിയെ സ്വീകരിപ്പാനായ്

പാത്രിയർക്കീസുപിതാവിന്റെ കല്പന പോലെ
ബുദ്ധിശക്തി ചിത്തധൈര്യം വാനവൻ നൽകി
സത്യവാനി താതനെ നാഥൻ കടാക്ഷിച്ചു

### 10. മനുവേൽമന്നവനെ എന്ന രീതി

സത്യസഭയ്ക്കിടയൻ മലങ്കര മാർ ദീവന്നാസ്യോസെന്നൊരു
സത്യസഭാസമ്മതനതി ഗുണവാനെത്രമഹാപ്രബലൻ
ദിവ്യഗുരുസ്ഥാനം ലഭിച്ചിഹ സഭയെ ഭരിപ്പാനായി വന്നൊരു
ദൈവഹിത പ്രിയ ദാസനുമായൊരു താപസനിദ്ദേഹം
സർക്കുലർ ഉത്തരവും വിളംബരം തിരുവെഴുത്തും ബലമായി

വഹിച്ചൊരു ശത്രുവിനോടു എതൃപോരിനു ധൈര്യമോടെത്ര
പ്രയത്നിതനായി
സ്ഥാനമോടിദ്ദേഹം മലങ്കര വന്ന ദിനം മുതലേ താതനു
മാനസതാപമതായി വലഞ്ഞു താനാണ്ടുകൾ ദശമോളം
ദുഃഖമരിഷ്ടതയും സഭാധിപനക്കാലങ്ങളിലായി ഭവിക്കിലു-

മൊക്കെ അകറ്റി അനുഗ്രഹമോടു തുണച്ചു മഹാദൈവം
ആണ്ടുകളതിനിടയിൽ താപസനാണ്ടവനനുകൂലമായി ഭുവനേ
കണ്ടാലെത്ര തേജസ്സു വിളങ്ങും പരിമലെ എന്നവിടെ
സമുദായത്തിനുടെ പൊതു സ്ഥലമായൊരു സിമ്മനാരി

ചമപ്പാൻ സഭാനാഥൻ നിനവായതു പോലെ വഹിച്ചതുമത്ഭുതമായി
ഭൂമി നമുക്കവിടെ ഹിതം പോൽ ദാനമൊരുത്തനുടെ ലഭിക്കും
ഭൂമി അതുങ്കൽ നമുക്കു ചമക്കണമെന്നൊരു വാക്കിതിനെ
ദൂരദർശനമെന്ന പോലെ പിതാവിതിനാരംഭേ വചനം

ദൂരദർശനമായി ഭവിച്ചതു കേൾക്ക മഹാജനമേ
ആണ്ടുകളായിരമൊടു നാൽപതുമേഴായൊരുകൊല്ലം
തിങ്ങളതാവണിയിൽ ദശമെട്ടു തികഞ്ഞൊരു വാസരമാദിവസം
അരികുപുറം മരുവും മത്യുസെന്നൊരു ധനികനുടെ ദാനം

ധരണി ലഭിച്ചു മനോഹിതമായതു പോലിഹ താപസനായി
ഇതിനെ നിനച്ചു സഭാധിപാലകനതിബഹുമാനവനെ വാന-
വരതിശയമോടു സഹായിക്കുന്നതുമിതിനാലറിയണമേ
പുനരെ കൊല്ലങ്ങൾ സഹസ്രനാൽപതിനോടെട്ടിൽ മകരം

ദിനമാറിൽ പരിമല ദൈവാലയമതിനുമടിസ്ഥാനം
മാർ ദീവന്നാസ്യോസു ബാവാ തൃക്കരമതിനാലെ പ്രതിഷ്ഠ
മഹിമ വിളങ്ങും പള്ളി ചമപ്പാനതുമുതലുത്സാഹം
ദൈവാശ്രയമതിനാലോരോ ദൈവാധീനമുതകി താതനു

ദൈവസഹായം പലവിധ ജയമായി വന്നതുമോർക്കണമേ
ആദ്യമൊരാലയവും ലഭിച്ചതു പള്ളിക്കര തന്നിൽ ജയിച്ചു
ആയിരമൻപതു കർക്കടമിരുപതുമെട്ടായൊരു ദിവസം
എതൃവൈരിയൊടിഹ താൻ ജയിച്ചൊരു വിധി പ്രാപിച്ചവിടെ
താപസനതുമുതലോരോ ജയമുതകുന്നതുമറിക മഹാജനമേ.

## 11. വേദമാംമലയിൽ എന്ന രീതി
## പാത്രിയർക്കീസിന്റെ മലങ്കര സന്ദർശനം

മാനവനാം മാർ ദീവന്നാസ്യോസ് വാനവനേശുദാസനിദ്ദേഹം
താതനുണ്ടായ താപമൊക്കെയും നാഥനൻപോലെ താതനു മാറി
താപമൊക്കെയും ദൂരെ ശീമയിൽ താതനാം ബാവായോടറിയിച്ചു
പ്രീതിയിൽ ബാവാ താനെഴുന്നെള്ളി നീതിപാലകൻ മലങ്കരെ വന്നു

ദക്ഷിണരാജ്യേ താനെഴുന്നെള്ളി തൽക്ഷണമാ ഭൂപാലനെ കണ്ടു
ശത്രുനേടിയോരായുധങ്ങളെ എത്രയും വേഗാൽ താൻ പൊടിയാക്കി
അത്താനാസ്യോസു ദുർബ്ബലനായി ശത്രു താനേറ്റു കർത്ത്യനാൽ ശാപം
ഈ മലയാളം തന്നിലും ബാവാ ആലയങ്ങളെ സന്ദർശിച്ചു.

കൂടി താതൻ മാർ ദീവന്നാസ്യോസ് കൂടവെ താതനും ദാസനെപ്പോലെ
ഭക്തിയാലി സഭാതലവനെ ഭക്തരാം ലോകരാദരിച്ചേറ്റം
ഘോഷസന്തോഷാൽ പള്ളികൾ തോറും
ഘോഷമായി തന്നെ ലോകർ കൈക്കൊണ്ടു

ഇച്ഛയിൽ ബാവാ മുളന്തുരുത്തിലാ പള്ളിയിൽ തന്നെ സംഘവും കൂട്ടി
അന്നസോസ്യേഷൻ വലിയ കമ്മട്ടി ആ സ്ഥലം തന്നിലന്നുറപ്പിച്ചു
വന്ദ്യ മാർ ദീവന്നാസ്യോസു താതൻ അന്നതിൻ പ്രസിഡണ്ടാക്കിയതും ബാവാ
സത്യസഭയിൽ പുരോഹിതന്മാരിൽ സത്യമുള്ളൊരെ വേർതിരിച്ചു താൻ

ഇഷ്ടമോടാറു ഭക്തരാചാര്യർക്കിഷ്ടമോടെ താൻ മേല്പ്പട്ടവും നല്കി
താപസർ മേഞ്ഞു ഭരിക്കുവാൻ താതൻ നൽകി വേർതിരിച്ചാലയങ്ങളും
ഭക്തനാം പിതാവീ സഭക്കൊരൊ മുക്തിമാർഗ്ഗങ്ങൾ കൽപന നൽകി
ഇങ്ങനെ രണ്ടു കൊല്ലമോളം ബാവാ ഈ മലങ്കരെ സഞ്ചരിച്ചു താൻ

ഭക്തിയാലന്നീ മേലദ്ധ്യക്ഷനും ഭക്തിയിൽ ബാവായൊടു താൻ കൂടെ
ബോംബെയിൽ ചെന്നു കപ്പലോളം പോയി തമ്പുരാനൻപാലിത്തിരുമേനി
ആശ്രിതനായി യാത്രയോളം താൻ ആശീർവാദങ്ങൾ താതനാൽ വാങ്ങി

## 12. രീതി മാറി

നാഥനനുഗ്രഹമായ് പരനു തിരുദാസനദ്ധ്യക്ഷനുമായ്
ആനന്ദമോദവുമായ് ജനമെല്ലാം താതന്നൊരാശ്രയമായ്
താതനിഷ്ടരുമായി തിരിഞ്ഞവർ വേദവിരുദ്ധരുമായി
താപമില്ലാതെയുമായ് പിതാവിനു ലോകർ സ്വാധീനവുമായ്

സ്രഷ്ടാവനുഗ്രഹിച്ചു വ്യവഹാരം തിട്ടമായി നിശ്ചയിച്ചു
വാട്ടമെന്യേ നിനച്ചു പല കൂട്ടം കൂടിയുറച്ചു
കോട്ടയം തന്നിൽവെച്ചു പുത്തൻപള്ളിക്കൂട്ടമെല്ലാമൊന്നിച്ചു
ഇമ്പമോടാലോചിച്ചു വലിയൊരു നമ്പരിനാരംഭിച്ചു.

മാനസേ ധൈര്യമായി പിതാവു മാർ ദീവന്നാസ്യോസുമായി
ചിത്തമുത്സാഹമായി പിതാവ് മാർ അത്താനാസ്യോസുമായി
പട്ടക്കാർ കൂട്ടമായി ജനങ്ങൾ പലർ മഹാന്മാരുമായി
മാനസേ ധൈര്യമായി സ്തുതിച്ചുടനാലപ്പുഴയ്ക്കുപോയി

## 13. സുന്ദരരൂപി എന്ന രീതി

അൻപോടാലപ്പുഴജില്ലാക്കോട്ടിൽ നമ്പർ വലിയതിനാരംഭിച്ചു
വിക്രമരായങ്ങവിടെയുള്ള വക്കീലന്മാരുമായി ആലോചിച്ചു
നിശ്ചയമൊടങ്ങുറച്ചു വേഗം നിശ്ചയം പോലെ വഹിക്കാമെന്ന്
കർത്താവിലേറ്റവും ധൈര്യമായി കർത്താവിൻ ദാസൻ ദീവന്നാസ്യോസ്

ഉത്തമഭക്തനാമിപ്പിതാവിൻ ചിത്തമുറപ്പിച്ചു സത്യനാഥൻ
വെക്കമായ് കൃഷ്ണയ്യൻ മുതലായുള്ള വക്കീലന്മാരെയുമേർപ്പെടുത്തി
വാദി മാർ ദീവന്നാസ്യോസ് താതൻ വാദിക്കെതിരു പ്രതികൾ മൂന്നു
തോമ്മാസത്താനാസ്യോസു താനും താഴംപുന്നത്തുറ കത്തനാരും

ഉത്തരദേശം പറവൂർ തന്നിൽ പത്തനാ കുളങ്ങരെ പൈലിയേയും-
ചേർത്തു പ്രതികളോടുള്ള വാദം തീർത്തു സാധിക്കണം സർക്കാരെന്ന
നാലുലക്ഷമിരുപത്തയ്യായിരം നാനൂറും ത്രീദശം രണ്ടേകാലും
ഇത്രപണം വില സംഖ്യയുള്ളത്രയും വസ്തു സമ്പാദ്യമെല്ലാം

എ.ബി.സി.പട്ടികേൽ ചൊല്ലുംപോലെ ആകെ ലഭിക്കണമെന്നു വാദം
ആകത്തുകയ്ക്കുള്ള പീസിൻ പണം ഏകദേശം പന്തീരായിരമായി
നമ്പർ സഹസ്രമോടെൺപത്നാലിൽ കുംഭമിരുപത്തുരണ്ടാം നാളിൽ
അന്നു ഫയലായി വിസ്തരിപ്പാൻ ഒന്നു രണ്ടല്ല അവധികളായി

ഇങ്ങനെ വത്സരം മൂന്നോളമായി അങ്ങു വിസ്താരം നടന്നിടാതെ
ദീർഘം വരുമെന്നു കാൺകെ മൂലം ദീർഘമാകാതെ വിധി ലഭിപ്പാൻ
പ്രത്യേകം നമ്പരിതിന്നുവേണം കർത്ത്യനൊരു വിധിനാഥനെന്ന്
ഭൂപാലനൊടുമൈക്കൊടതിയിലും ആവലാധി പോലെ സാദ്ധ്യമാക്കി

കൊച്ചീൽ ദിവാനുജി നന്ദനനാം കൃഷ്ണമേനോനെ അനുവദിച്ചു
വിസ്താരമങ്ങനെ തുടർച്ചയായി വിദ്വാൻ ജഡ്ജി നടത്തിടുമ്പോൾ
അൻപിനൊടായിരമൻപതൊടും ഒൻപതിലാനിദശമൊടഞ്ചിൽ–
സാക്ഷികളാജരായി വാദിഭാഗം സക്ഷി ഏഴുദശം രണ്ടിനോളം

എത്രയും വാദിജയത്തിനായി എത്രയോ റിക്കാർട്ടു ഹാജരാക്കി
സത്യദൈവാധീനമായതിനാൽ വിസ്താരമങ്ങു നടന്ന ശേഷം
ഹീയറിങ്ങ് വാദി നടത്തുവാനായി വോക്കർധ്വരയെ വരുത്തി വേഗം
ഹീയറിങ്ങ് അങ്ങു നടന്ന ശേഷം ഹീനതയിൽ പ്രതിഭാഗമായി

മേൽചൊന്ന മാസം ദശമൊടാറിൽ ഇച്ഛപോൽ വാദി ജയം പ്രാപിച്ചു.
കർത്തവ്യനാമേകന്യായനാഥൻ കൃത്യമങ്ങു വിധി പ്രസ്താവിച്ചു.
സിമ്മനാരിയും വസ്തുക്കളെല്ലാം സമ്മതാൽ വാദിക്കാദായത്തോടെ
കെട്ടികൊടുക്കുക പ്രതികളെന്നും വട്ടിപ്പണവും വിധിച്ചു കൂടെ.

വാദി മാർ ദീവന്നാസ്യോസു തന്റെ വാദം ജയിച്ചു സന്തോഷമായി
നഷ്ടം നമുക്കെന്നു ശത്രുഭാഗം പെട്ടന്നവരപ്പീലാരംഭിച്ചു.
അക്കാലം തന്നെ ഗമിച്ചവരും ഹൈക്കോർട്ടിലന്ന്യായം ബോധിപ്പിച്ചു
കെൽപ്പൊടവിടെയും വിസ്തരിച്ചു തല്പരനാക്കേസും തീർച്ചയാക്കി.

രണ്ടു കൊല്ലങ്ങൾ തികയും മുൻപെ രണ്ടാം വിധിയും ജയിച്ചു താതൻ
ആണ്ടുസഹസ്രമറുപത്തൊന്നിൽ അല്പശിനാളിലിരുപത്തൊൻപതിൽ
കീഴ്ക്കോർട്ടിലെ വിധി ലംഘിക്കാതെ മേൽക്കോർട്ടിലും വിധി
പ്രസ്താവിച്ചു
ഭാഗ്യവാൻ മാർ ദീവന്നാസ്യോസു തന്റെ ഭാഗ്യാലവിടെയും ജയിച്ചു
താതൻ

രാജകീലപ്പീലവർ കൊടുത്തു രാജമുൻപാകെ വിസ്തരിച്ചു
മൂന്നോളം കൊല്ലമതിനിടയിൽ സന്ദേഹമെന്നിയെ വാദിഭാഗം
മാർ ദീവന്നാസ്യോസ താപസനും മാന്യരാം ശേഷമദ്ധ്യക്ഷന്മാരും
ഏറിയപട്ടക്കാർ കൂട്ടരോടും ഏറെ ജനങ്ങളസംഖ്യമോടും
എത്രയും ഘോഷസന്നാഹ–

മോടും എത്ര ജനത്തിൽ സംപ്രീതിയോടും
ആയിരം കൊല്ലമറുപത്തൊന്നിൽ ആടിയിലൊന്നാകും വാസരത്തിൽ
കർത്താവനുകൂലമായതിനാൽ മർത്തോമ്മാതൻ
ശ്ലീഹായുടെ ദുകറാനയിൽ
മാർ ദീവന്നാസ്യോസു താപസന്റെ പൂർവ്വനാൽ സ്ഥാപിച്ച
സിമ്മനാരിയിൽ
അന്നു മഹാജനക്കൂട്ടം മോദമോടെ വന്നസന്നാഹങ്ങളെന്തു ചൊല്ലാം

കൂട്ടമടുത്തു സന്ദേഹമെന്യെ പൂട്ടുകളെല്ലാം തകർത്തു വേഗം.
വന്ദ്യ ശ്രീ മാർ ദീവന്നാസ്യോസെന്ന വന്ദ്യ പിതാവിലാനന്ദമോടെ.

ഉത്തമർ ശേഷം പിതാക്കളെല്ലാം ചിത്തം തെളിഞ്ഞതിമോദമോടും.
കുഞ്ഞുങ്ങളും ബഹുകൂട്ടമോടും ഒത്തുകരേറി സിമ്മനാരി തന്നിൽ
ആയിരംകൊല്ലം അറുപത്നാലിൽ ആടിയിൽ ത്രിദശമായനാളിൽ.
മോറാൻ അധീനമായതിനാൽ റോയൽവിധിയും ജയിച്ചു താൻ.

കാലം വൈകാതെ പ്രതികൾ വേഗം ആലപ്പുഴെ വടി, സ്ലീബാ, മുടി
കോടതിമുൻപാകെ വച്ചൊഴിഞ്ഞു ഈടെഴും താപസ സാധീനമായി.
മാർ ദീവന്നാസ്യോസു താപസനെ വാനവനേറ്റം കടാക്ഷിച്ചല്ലോ.

## 14. കുമ്മിവർണ്ണനം

നാഥൻ മഹോന്നതനാലനുഗ്രഹദാസൻ മാർ ദീവന്നാസ്യോസ്
ജ്ഞാനമോടീ സഭമേൽ ഭരിക്കുവാൻ താനൊരു നാഥനിന്ന്
ഈ മഹാവന്ദ്യ പിതാവിനോടുന്നതന്റെ മഹാസ്നേഹ ലക്ഷ്യങ്ങളായി
മന്നവതുല്യന്റെ ജ്ഞാനപ്രയോഗങ്ങൾ മന്നിലോരോന്നു ചൊല്ലാവതല്ലേ.

എത്രയും തന്നുടെ വൈഭവനേട്ടങ്ങൾ ശത്രുക്കളാലും മതിക്കും വിധൗ
പാരതിലോരോന്നുരയ്ക്കുവാൻ മർത്ത്യരിലാരുമേ പോരാതനേകമുണ്ട്
എങ്കിലും വിദ്യാഹീനനറിവുകളൊക്കെയും വിസ്തരിക്കാം.
മുന്നം പരിമല പള്ളി സിമ്മനാരിയും മന്നിൽ പ്രതിഷ്ഠിച്ചു വന്ദ്യ താതൻ

അസ്ഥലം തന്നിലെ കെട്ടിടങ്ങൾക്കിന്നു കർത്തവ്യനായതും ഭാഗ്യതാതൻ.
നല്ല ഹൈസ്ക്കൂൾ വിശാലമായി സ്ഥാപിച്ചു
നല്ലതായി ക്ലാസ്സുകളേർപ്പെടുത്തി.
നന്നായി പഠിത്വമിന്നും നടത്തുന്നു വന്ദ്യൻ പിതാവിനാലെ

എത്ര സമർത്ഥൻ പ്രവൃത്തികളൊക്കെയുമെത്രവിധമെന്നു വിസ്തരിക്കാം
എത്ര ശുദ്ധ സ്ഥലങ്ങൾ പ്രതിഷ്ഠിച്ചു താനത്രയുമല്ല സന്ദേഹമെന്യേ
മന്നവസന്നിധി ഉന്നതമായ ദൈവമന്ദിരം വേണമെന്നൂന്നിതാതൻ
ദക്ഷിണദേശം തിരുവനന്തപുരം പക്ഷമോടാ പ്രസിദ്ധസ്ഥലത്തിൽ

ഭൂതലം വാങ്ങി പള്ളിക്കു താനൻപോടെ ഭൂപതിയാലനുവാദമോടും.
താപസനാലങ്ങവിടെയുമാലയം താമസമില്ലാതുയർത്തി വേഗം
അർത്ഥവും വസ്തുക്കളും സഭയ്ക്കു താനെത്രയും ശേഖരിച്ചു
ആദായവസ്തുക്കളെത്ര സമ്പാദിച്ചു സമുദായമങ്ങുയർത്തിടുവാനായി

കായൽനിലം മലഞ്ചേരിക്കലുകൾ സമ്പാദിച്ചതും മഹാവന്ദ്യതാതൻ
ഭൂപതിസമ്മതം വാങ്ങി സൽഭാഗ്യവാൻ ഷോടതിയാൽ ധനം നേടി താതൻ

അർത്ഥം കൊടുത്തു വസ്തുക്കൾ തേടുംവിധം ശത്രുകയ്യിൽ പോയ വസ്തുവെല്ലാം
അർത്ഥങ്ങളാലീപിതൃജയം നേടിയ വസ്തുക്കളേ സഭയ്ക്കുള്ളു കാൺമാൻ
ആലയനാമം ചെറിയതെന്നുള്ള ദൈവാലയക്കേസ്സതു വിസ്തരിച്ചു
ആലപ്പുഴയും ഹൈക്കോട്ടിലും വിധി ചേലൊത്തു താൻ ജയിച്ചു.
എത്ര ഭാരത്തൊടു പള്ളി സ്വത്തുക്കളും ശത്രുകയ്യിൽ നിന്നു വീണ്ടെടുത്തു
വാദങ്ങളെല്ലാം ജയിച്ചു സൽഭാഗ്യവാൻ ഖേദങ്ങൾ തീർന്നു സന്തോഷമോടെ

ഇക്കാലമേറ്റം മനോസമാധാനമായി തൽക്കാലമേകൻ ഭരിച്ചിടുന്നു
വാനവൻ സ്വാധീനമായതിനാൽ ബഹുമാനമോടോരോവിധം വഹിച്ചു
പള്ളിക്കധിപതി പള്ളികളെത്രയോ പള്ളിക്കൂടങ്ങളുമേർപ്പെടുത്തി
പള്ളി തേജസ്സു വിളങ്ങും സിമ്മനാരി പള്ളിയും മാനവൻ താനുയർത്തി
മാർത്തോമ്മസ് എന്നുള്ള പ്രസ്സും സ്വന്തമായ് പുസ്തകങ്ങൾ നമസ്കാരങ്ങളും
പ്രസ്താവിതമങ്ങടിക്കുന്നിടവകപ്പത്രിക നാവും പ്രസിദ്ധമുണ്ട്
ഈ വിധമെല്ലാം നടത്തും പിതാവിന്റെ ജീവകാലങ്ങൾ വർദ്ധിച്ചിടട്ടെ
ദൈവാഭിഷേക ദാസൻ ജയമെല്ലാം വിധേയനല്ല ദൈവകാരുണ്യമത്രേ

മന്നിലിന്നുന്നതൻ മന്നവസ്സമ്മതൻ ഭിന്നമെന്യേ സഭയ്ക്കിന്നു നാഥൻ
മാനവനീ മേലദ്ധ്യക്ഷന് സേവയാൽ മാനുഷരെത്ര ജീവിക്കുന്നുണ്ട്.
ഇഷ്ടരാം ഭൃത്യരും ദാസരുമെത്രെ പേരഷ്ടിക്കു നിത്യം ഭജിക്കുന്നുണ്ട്
മന്നിലോരോ ജനങ്ങൾക്കു താനെത്രയും മന്നവനായ് സഹായങ്ങളുണ്ട്.

അൻപെഴും മാനവൻ ഭൂവിലെത്രപേർക്കൻപോട് ശമ്പളം നൽകുന്നുണ്ട്
താപസൻ രാജസ്വാധീനഹേതു പലേർ ജീവനക്കാരുമാകുന്നുണ്ടു
അദ്ധ്യക്ഷനാമിപ്പിതാവിനാലെത്രപേർ വാധ്യാന്മാരായും ഭവിക്കുന്നുണ്ട്
സത്യമാർഗ്ഗങ്ങൾ പ്രസിദ്ധമാക്കിടുവാനെത്രപേരെ താനയയ്ക്കുന്നുണ്ട്.

അഷ്ടിക്കുമില്ലാതെ മുട്ടും പലർക്കും താനഷ്ടിക്കു മാർഗ്ഗം കൊടുക്കുന്നുണ്ടു
എത്ര ജനങ്ങൾ പിതാവിന്റെ കല്പനാപത്രങ്ങൾ കൊണ്ട് ജീവിക്കുന്നുണ്ട്
ഇങ്ങനെ താതൻ പരോപകാരങ്ങൾ ചെയ്തിമ്പസ്സുഖങ്ങൾ പ്രാപിക്കുന്നുണ്ട്
വന്ദ്യനാമിപ്പിതാവോട് സദൃശ്യരായി മുന്നമേയാരുണ്ടായതില്ലേ

പിന്നെയും താപസൻ തന്റെ പദവികൾ ഇന്നീ ഓരോന്നതും വിസ്തരിക്കാം

പൊന്ന് പൊതിഞ്ഞുള്ള ദണ്ഡും പിതാവിന്റെ സ്വർണ്ണകിരീടവും
സ്വർണ്ണ സ്ലീബാ
പൊന്നാൽ വിചിത്രം മുതലവായൻ മുടി മന്നവൻമാരും രസിക്കും വിധൗ
സ്വർണ്ണ കശവങ്ങലംകൃതമായി നൽ വർണ്ണകുപ്പായമാം പൂജാവസ്ത്രം

തങ്കമിടക്കെട്ടു ശീലക്കിരീടങ്ങൾ തങ്കപ്പണികളാലെത്രയുണ്ട്
കണ്ണിനു ശോഭ വിളങ്ങുംവിധം നല്ല സ്വർണ്ണമസനപ്സാ എത്രയുണ്ട്
പിന്നെയും താതനലങ്കാര ചിഹ്നങ്ങൾ ഇന്നിയും ചൊന്നാൽ വിചിത്രമുണ്ട്
ഇപ്പടി ചിത്രസമ്മാനങ്ങളോരോന്നായ് സമർപ്പിച്ചതും മഹാ ഭക്തലോകർ

മംഗളപത്രവും ഡ്രസ്സുകളൊക്കെയും മംഗലവാൻ പിതൃസന്നിധാനം
സന്തോഷമായി പാത്രിയർക്കീസു താതന്റെ സമ്മാനവും തനിക്കുണ്ടു
കാണ്മാൻ
കല്ലുകൾ ചേർത്തു പതിച്ചതായുള്ളൊരു നല്ല കുരിശൊന്നു സ്വർണ്ണമാല
ബാവായുടെ മഹാസന്തോഷലക്ഷ്യമായ് താപസനങ്ങൂന്നയച്ചു നൽകി

ഇങ്ങനെ ഭാഗ്യവാനെല്ലാപ്രകാരവും വന്നിനി താതനോടൊപ്പമാര്?
മാനവൻ താനങ്ങെഴുന്നെള്ളുവാനുള്ള വാഹനം കണ്ടാൽ മഹാ വിചിത്രം
ചൊല്ലെഴും നല്ല കനകം പൊതിഞ്ഞുള്ള പല്ലക്കിതു പോലെ
ആർക്കുമുണ്ടോ?
ഇങ്ങിനെ ഭാഗ്യവാനാം പിതാവിനു വന്ദനം നാമെന്നും പാടീടേണം

## 15. വർണ്ണഭേദം: ധരുളി

പരമഗുരു താപസനിരുന്നരുളുംശാലയിൽ
പലതര വിചിത്ര പീഠങ്ങളുണ്ട്
പതിവ്രത പിതാവിനുടെ സംഘമുറി തന്നിലും
പലവിധ വിശേഷതരമുണ്ടു കാണ്മാൻ

പണികളതിചിത്രമായി തീർത്തൊരു കസേര-
കളണിയണിനിരത്തിയങ്ങെത്ര കാണാം-
ചിത്രപ്പണി തീർത്ത പല മേശകളുമങ്ങിനെ
ചിത്രവിധമായ തരമെത്ര കാണാം.
ഇഷ്ടമതിനൊത്ത പല പെട്ടികൾ വിശേഷ-
മാം കട്ടിലുകൾവഞ്ചികളുമെത്ര കാണാം.
സ്ഫടികതരമാകിയ വിളക്കുകളുമങ്ങിനെ
അധികവിലയുള്ളതരമെത്ര കാണാം.

പതിവ്രത പിതാക്കളുടെ പല പല പടങ്ങളും
പരിചിതമൊടങ്ങിനെയുമെത്ര കാണാം

ചിതമതിവിചിത്രമാം ചപ്രമഞ്ചകട്ടിലിതി-
നൊടു സമാനമിന്നാർക്കുമുണ്ടോ?

അതിവിചിതമേൽക്കട്ടി മേൽവിധാനങ്ങളുമതി-
കൗതുകം നല്ല പരവതാനി
ഹിതമതിനിണങ്ങുന്ന കൊതുകുവല ചുറ്റിലും
ചിതമതിലങ്ങനെയുമുണ്ടു കാണ്മാൻ

സുഖമതിനു പട്ടുതരമെത്തകൾ തലോണകൾ
സുഖപതി സഭാധിപനു പള്ളികൊള്ളാൻ
വിരചിതഭംഗികൾ മനോഹരമിതൊക്കെയും
പതിവ്രതപിതാവിനു മഹാകൗതുകം

ഇതുതര പുകഴ്ചകൾ മഹാപ്രബലനേകുവാൻ
പലതരമനേകമുണ്ടായതല്ലോ
ഇരുനയനഹീനനാലഖിലമുരചെയ്യുവാൻ
ഒരു വിവരമില്ലയെന്നാകിലും ഞാൻ

ശ്രവണമതിനാലുള്ളൊരറിവകളശേഷവും
ധരണിയിലരിഷ്ടനുരചെയ്തു പ്രിയരേ
ചതുർവിധ മഹാപ്രബലനായ പിതൃഭൂതലേ
ചതുർവിധമുയർച്ചയോടു വാണു നമ്മെ

കനിവൊടു ഇനി മേലിലും ഭരണമതിനീശനാ-
ലനവധി അനുഗ്രഹം നേടുവാനായി
പിതൃവിനെ നിനച്ചു നാമഖിലപരിപാലനാം
പിതൃവിനൊടു പ്രാർത്ഥന നടത്തിടേണം

ദയപരനനുഗ്രഹമായി സഭാധിപൻ
ജയമൊടിനി വാഴുക വാഴ്ക! വാഴ്ക!!

### 16. (നാരിമാർ മണിസുന്ദരി എന്ന രീതി)

താതൻ മാർ ദീവന്നാസ്യോസധിപതി നാഥനനുഗ്രഹദാസൻ
താപസനിസഭയ്ക്കായി വഹിച്ച ഭാരം താനതി ദുരിതമെല്ലാം സഹിച്ചതും
ആകെയീ സഭയ്ക്കല്ലയോ മല്ലുകെട്ടി നടന്നല്ലലോടും താതൻ
വല്ലാവൈരികളൊക്കെയും തോല്ക്കുംവിധം താതൻ
മാർ ദീവന്നാസ്യോസ്
താതൻ സഭയ്ക്കോരൊ വാദങ്ങളാൽ മറ്റും ചേതസ്സിലാശ്വാസമെന്യേ
നടന്നെല്ലാ
വാദങ്ങളും ജയിച്ചു താൻ വീണ്ടെടുത്തു താതൻ മാർ ദീവന്നാസ്യോസ്

അർത്ഥമില്ലാഞ്ഞിട്ടും താതൻ കടം കൊണ്ടു
അർത്ഥാവശ്യങ്ങളൊക്കെയും സാധിച്ചതും
കർത്താവിൻ ദാസനല്ലയോ പുത്രവാത്സല്യവും ഭക്തിവൈരാഗ്യവും
എത്രയോ സഭാസ്നേഹവും കലർന്നൊരു താതൻ മാർ ദീവന്നാസ്യോസ്
മെത്രാപ്പോലീത്തന്മാർക്കുള്ള സുഖം മാനമത്രയും
മഹാസ്നേഹത്താൽ സഭയ്ക്കായി മാത്രം വെടിഞ്ഞതല്ലയോ
സത്യവിശ്വാസത്തെ ആക്രമിക്കും മഹാശത്രുവാകുന്ന ചെന്നായെ ജയിച്ചതും
താതൻ മാർ ദീവന്നാസ്യോസ് സത്യസഭയ്ക്കൊരു കേടുകൾ പോക്കുവാൻ
സത്യവൈരാഗ്യമോടെ പ്രയത്നിച്ചും സത്യസഭയെ പോറ്റുന്നു
അത്യുന്നതനാകും ദൈവദാസൻ ഭൂമൗ നിത്യയുന്നതി പ്രാപിച്ചും ഭരിക്കുന്ന
താതൻ മാർ ദീവന്നാസ്യോസ് ഭാഗ്യവാനും മഹാകീർത്തിമാനും താതൻ
ഭാഗ്യവാൻ മഹാഭാഗ്യവാൻ കർത്താവിന്നു യോഗ്യദാസനുമിദ്ദേഹം
ദീർഘദിനങ്ങൾ ശരീരസുഖം നൽകി സ്വർഗ്ഗസ്ഥനനുഗ്രഹിക്ക ഈ താപസനെ
താതൻ മാർ ദീവന്നാസ്യോസധിപതി നാഥനനുഗ്രഹ ദാസൻ

### 17. എന്താഘോഷം എന്ന രീതി

സന്തോഷം ബഹുഘോഷമിതെല്ലാമെന്തൊരു സന്തോഷം
മാർ ദീവന്നാസ്യോസു പിതാവിനു ജൂബിലി സന്തോഷം
ഏക സഹസ്രനവശതമൊന്നാൽ കാർത്തിക ദ്വാദശി നാൾ
ഏക സഭ പിതൃയൂബിലി വാസരമെത്ര മഹാഘോഷം

ദിവ്യപിതാവിനു പൂജസ്ഥാനം ലഭിച്ചൊരു നാളു മുതൽ
ദൈവസഹായാലൻപതു വത്സരമായൊരു കൊല്ലമിതു
ഇന്നു നമുക്കിഹ വന്ദ്യപിതാവിനു യൂബിലി ഘോഷിക്കാം
ഇന്നു മഹാബഹുമാനപ്പെരുന്നാളാഘോഷിച്ചീടാം

സഭഗതിവരുവാനധികപ്രയത്നം ചെയ്തൊരു താപസനെ
സഭയൊരുപോലെ പുകഴ്ത്തി ലയങ്ങളുമനവധി പാടീടാം
പ്രബലതയൊടിന്നരചനു സമ്മതനായതിനുടെ നാഥൻ
പ്രബലതയേറുമസോസേഷ്യനു മേൽ പ്രസിഡേണ്ടിദ്ദേഹം

പരവശരായി വലഞ്ഞൊരു സഭയെ സഹായിക്കുന്നതിനായ്
പല നമ്പരുകൾ ജയിച്ചു സഭയ്ക്കുയിർ നൽകിയതിദ്ദേഹം
സഭയിൽ വരുന്നൊരു നൊമ്പരമാകെയറിഞ്ഞു ചികിത്സിച്ചും
സമരക്ഷണയിൽ ഭരിച്ചുവരുന്നൊരു താപസനിദ്ദേഹം

അപകടമകറ്റിയജങ്ങളെയെന്നും ഹിതമൊടു മേയിച്ചും
അതികൃപയാൽ ദിവസേന നടത്തുമൊരിടയനുമിദ്ദേഹം
ചതൃവിധവും ബഹുമാനവനായ പിതാവിനു യൂബിലി നാൾ
ചതൃവിധമായൊരലങ്കാരങ്ങളിൽ ദിനമിതു ഘോഷിക്കാം

യൂബിലിയതിനൊരു പ്രസിഡണ്ടായി നടത്തുന്നൊരുനാഥൻ
ആകുലമെന്യേ പിതാവായൊരു മാറത്താനാസ്യോസും
അനുകൂല താപസനായ പിതൃ മാർ ഈവാനിയോസും
അതിഗുണപാലകനായ പിതൃ മാർ ഗ്രീഗോറിയോസും

സമഗതി ചേർന്നു പിതാവായുള്ളൊരു മാർ യൂലിയോസും
സമയോജ്യതയിലിവന്ദ്യപിതാക്കന്മാരുടെ നിശ്ചയമായി
ചിതമൊടു കല്പന പള്ളികൾ തോറുമയച്ചതിനാൽ തന്നെ
ഹിതമൊടു ഭക്തജനങ്ങൾ പിതാവിനു യൂബിലിയാഘോഷം

അനവധി ജനമിഹ വന്നൊരുമിച്ചൊരു ദിനമിതിലാനന്ദം
അനുകൂല പിതൃ മാർ ദീവന്നാസ്യോസിനു ബഹുമാനമഹോ
തലവൻ മാർ ദീവന്നാസ്യോസ് പിതാവിനു യൂബിലി നാൾ
പലവിധമായ് ജനമാഘോഷിക്കൂ മഹാജയ സന്തോഷം.

ഗാനം 1 - ഇതിൽ ആറു ഭാഗങ്ങളുണ്ട്. ഒന്നാം ഭാഗം ഇതര പദ്യകൃതികളിലെന്നപോലെ ഇഷ്ടദേവതാ വന്ദനവും വിഘ്നങ്ങൾ അകറ്റുവാനുള്ള ദേവസ്തുതിയും പ്രാർത്ഥനയുമാണ്. സർവ്വേശ്വരനാം പരൻ ആണ് ഇഷ്ട ദേവത. പരനേ ശരണം, അറിവുകൾ തരണം, വരം തരണം എന്നീ പ്രാസ പ്രയോഗഭംഗി ശ്രദ്ധേയം.

ഗാനത്തിന്റെ വിഷയം രണ്ടാം ഭാഗത്തിൽ നിർദ്ദേശിക്കുന്നു. സംസ്കൃത - മണിപ്രവാള - ഭാഷാ കാവ്യ നാടകങ്ങളിലെ പൊതുപാരമ്പര്യമാണിത്. ഉടയോനുടെ ദാസൻ = ദൈവദാസൻ. അടിയാരുടെ മേലിടയൻ = ഞങ്ങളുടെ മേലദ്ധ്യക്ഷൻ. പിതൃഗാനം = പിതാവിനെക്കുറിച്ചുള്ള ഗാനം. പ്രബലതപ്പെടുവാൻ = പ്രസിദ്ധമാകുവാൻ. വിചിത ചരിതം = വിചിത്രമായ ചരിത്രം, ചിതമൊട് = ഉചിതമായി, വിചിത രസിതം = രസകരമായ വൈചിത്ര്യത്തോടെ. മനുനാഥൻ - സൃഷ്ടികളുടെ നാഥൻ = ക്രിസ്തു. വെളിവരുളീടുവാൻ = പ്രകാശം ചൊരിയുവാൻ. ഇരക്കണമേ = അപേക്ഷിക്കണമേ. ത്രിയേകപരൻ = ത്രിത്വമായ ദൈവം. ഒന്നാം പാട്ടിൽ ദേവവന്ദനം - വിഷയനിർദ്ദേശം - വാക്കിനെ ഉപാസിക്കുവാൻ ക്രിസ്തുവിന്റെയും ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും സഹായം അഭ്യർത്ഥിക്കുന്നു.

ഗാനം 2 – ക്രിസ്തുവിന്റെ ജീവചരിത്രമാണിതിലെ പ്രതിപാദ്യം. മനുജാതൻ = മനുഷ്യപുത്രൻ, ത്രിദശം മൂന്നോളം = മുപ്പത്തിമൂന്നോളം, മാർഗ്ഗം = സുവിശേഷമാർഗ്ഗം, മന്നിൽ വന്ന ദുരിതഭാരം = ആദാമ്യ പാപം (ഉദാത്താലങ്കാരം). മുള്ളാൽ മുടഞ്ഞ മുടി = മുൾക്കിരീടം, മനോഹിതം = സ്വന്തം ഇഷ്ടം, സ്ലീബാ = കുരിശ്, മൂന്നിലുയിത്തു = മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു, നരർ ജയിച്ചു = ക്രിസ്തുവിന്റെ പുനരുത്ഥാനം മനുഷ്യവർഗ്ഗത്തിന്റെ വിജയമെന്ന നിരീക്ഷണം. പിതൃമന്ദിരം = സ്വർഗ്ഗം, ഓരോ പദത്തിന്റെയും ഒടുവിൽ ഉദിച്ചു, തിരിച്ചു, തികച്ചു, വഹിച്ചു, സഹിച്ചു, പിടിച്ചു, സഹിച്ചു, മരിച്ചു, വസിച്ചു എന്ന അന്ത്യപ്രാസം ശ്രദ്ധേയം.

ഗാനം 3 – ഇന്ത്യയിലെ ക്രിസ്തുസഭയുടെ ആരംഭവും വളർച്ചയും ചർച്ച ചെയ്യുന്നു. കാവ്യർ = വിജാതീയർ, സപ്താലയം = ഏഴു ദേവാലയം, കായം = ശരീരം, ഭൂമിദാനം = ഭൂമിയ്ക്കു ദാനം ചെയ്തു. അജങ്ങൾ = ആടുകൾ = വിശ്വാസികൾ.

ഗാനം 4 – കഥാനായകന്റെ ചരിത്രം ഇവിടം മുതൽ ആരംഭിക്കുന്നു.

പിതൃചരിത്രം = പിതാവിന്റെ ചരിത്രം, ത്രിസുതന്മാർ = മൂന്നു പുത്രന്മാർ.

1833 വൃശ്ചികം 24–ാം തീയതി ജനനം. മാതൃസൂതിനാൾ തികഞ്ഞ് = മാതാവിന്റെ ഗർഭകാലം പൂർത്തിയായപ്പോൾ, ജനകനുടെ അഗ്രജൻ = വലിയപ്പൻ (പുലിക്കോട്ടിൽ യൗസേപ്പ് കത്തനാർ എന്ന് ഇദ്ദേഹത്തിന്റെയും പേർ. ഇദ്ദേഹത്തിന്റെ കബറിടം ആർത്താറ്റ് പള്ളിയുടെ വടക്കേ വരാന്തയിൽ കാണാം).

ദ്വാദശ വയസ്സ് = പന്ത്രണ്ട് വയസ്സ്, ഇന്തിസ്ഥാനി = ഹിന്ദുസ്ഥാനി ഭാഷ. പത്തിനോട് വത്സരം മൂന്നായ കാലം = പതിമൂന്നു വയസ്സായപ്പോൾ. ചേപ്പോട്ടു താതൻ = ചേപ്പാട്ടു മാർ ദീവന്നാസ്യോസ് നാലാമൻ. പട്ടം നാലുമേറ്റു = നാലാം പട്ടം എന്നു പറഞ്ഞു വരുന്ന കോറൂയോ (Reader) സ്ഥാനം ഏറ്റു. പതിനേഴാം വയസ്സിൽ ആറു പട്ടം എന്ന് പറയുന്ന പൂർണ്ണ ശെമ്മാശുപട്ടം ആർത്താറ്റ് പള്ളിയിൽ വച്ച് സിറിയൻ പിതാവ് മാർ സ്തേപ്പാനോസ് അത്താനാസിയോസ് നൽകി. ബാവാ = പിതാവ്. 19–ാം വയസ്സിൽ ചാലിശ്ശേരി പള്ളിയിൽ വച്ച് യൂയാക്കീം മാർ കൂറിലോസിൽ നിന്ന് കശ്ശീശാപട്ടം ഏറ്റു. പൂജാസ്ഥാനം = കുർബാന പട്ടം. ജ്ഞാനഗുണശീലൻ = അറിവും നന്മയും തികഞ്ഞവൻ. ചാലിശ്ശേരിയിൽ ഒരു ഈഴവൻ സ്നാനമേറ്റതിനെ തുടർന്ന് വ്യവഹാരമുണ്ടായി (മലങ്കര മെത്രാൻ സ്ഥാനം ചേപ്പാട്ട് മെത്രാച്ചനിൽ നിന്ന് പ്രാപിച്ച യൂയാക്കീം കൂറിലോസിനെ അവഗണിച്ച് നവീകരണനേതാവായ പാലക്കുന്നത്ത്

മാത്യൂസ് മാർ അത്താനാസ്യോസിൽ നിന്ന് ആർത്താറ്റ് പള്ളിയുടെ പ്രതിഷേധം വകവയ്ക്കാതെ മെത്രാൻപട്ടമേറ്റ ആലത്തൂർ പനക്കൽ യൗസേഫ് കൂറിലോസിനെതിരേയും ആർത്താറ്റ് പള്ളി വ്യവഹാരം നടത്തി. രണ്ടു വ്യവഹാരങ്ങളുടെയും ചുമതല വഹിക്കേണ്ടി വന്നതിനാലാണ് പഴഞ്ഞിയിലെ വികാരി സ്ഥാനം മൂന്നു വർഷത്തിനുശേഷം ത്യജിക്കേണ്ടി വന്നത്. ആർത്താറ്റ് പള്ളിയിലെ വികാരിമാരിലൊരാളായിരുന്ന ആലത്തൂർ പനക്കൽ യൗസേപ്പ് കത്തനാർ ആർത്താറ്റ് പള്ളിയുടെ ചുമതലക്കാരൻ എന്ന നിലയിൽ ഏറ്റുവാങ്ങിയ തൊഴിയൂർ സ്ഥാപനങ്ങളുടെ താക്കോലുകൾ ആർത്താറ്റ് യോഗക്കാരുടെ സമ്മതമില്ലാതെ പാലക്കുന്നത്ത് മെത്രാച്ചനെ അനധികൃതമായി ഏല്പിച്ചതുമൂലമാണ് വിശ്വാസവഞ്ചന ആരോപിക്കുന്ന ആ വ്യവഹാരം ഉത്ഭവിച്ചത്. ആർത്താറ്റ് പള്ളിക്കുവേണ്ടി രണ്ടു വ്യവഹാരവും നടത്തിയതു കഥാപുരുഷൻ തന്നെ).

അഗ്നിവാഹനം = തീവണ്ടി (കേസ്സു കോടതിയിൽ തോറ്റു. മദ്രാസ് ഹൈക്കോടതിയിൽ അപ്പീൽ കൊടുത്തു. മറുഭാഗം ചില വ്യാജ രേഖകൾ ഹാജരാക്കിയതു കൊണ്ടും നവീകരണക്കാരൻ പാലക്കുന്നത്തു മെത്രാച്ചനോട് പ്രൊട്ടസ്റ്റന്റ് മതക്കാരായ ബ്രിട്ടീഷ് ഭരണാധികാരികൾക്കു അനുകൂലമനോഭാവമുണ്ടായിരുന്നതുകൊണ്ടുമാണ് വ്യവഹാരം ദോഷമായിത്തീർന്നത്. ചെലവ് സഹിതം അപ്പീൽ തള്ളിയതുകൊണ്ട് ചാലിശ്ശേരി പള്ളിയും പോർക്കളം പള്ളിയും ആലത്തൂക്കാരൻ മെത്രാച്ചന് ലഭിച്ചു. ഇതാണ് തൊഴിയൂരിന്റെ ആദ്യ ഇടവകകൾ. ഈ കേസിലാണ് തങ്ങൾ സ്വതന്ത്ര സഭയാണെന്ന് തൊഴിയൂർക്കാർ ആദ്യമായി വാദം ഉന്നയിച്ചത്. അതോടെ മലങ്കരസഭയും തൊഴിയൂരും തമ്മിലുള്ള ബന്ധം അവസാനിച്ചു. മുൻഗാമിയുടെ കാലത്തുണ്ടായ ഈ ശൈഥില്യം പിൻഗാമിയുടെ കാലത്തു പരിഹരിക്കുമെന്ന് പ്രതീക്ഷിച്ച അനേകർക്കും നിരാശയാണുണ്ടായത്. മാർത്തോമ്മാശ്ലീഹാ ഭാരതത്തിൽ ആദ്യമായി സ്ഥാപിച്ച ആർത്താറ്റ് പള്ളിയുടെ വേദന തൊഴിയൂർ സിംഹാസനത്തെ എന്നും അസ്വസ്ഥമാക്കിക്കൊണ്ടിരിക്കുന്നു എന്ന് ചിന്തിക്കുന്നവരുമുണ്ട്. മാർത്തോമ്മാ സഭയുമായി ചങ്ങാത്തം സ്ഥാപിച്ചിട്ടും സമാധാനമായിക്കിടന്നുറങ്ങാൻ പോലും കഴിയാത്ത അവസ്ഥയിലാണ് ആ സിംഹാസനത്തിന്റെ അധിപന്മാർ ജീവിക്കുന്നതെന്ന് ആ സിംഹാസനത്തിന്റെ ഇപ്പോഴത്തെ അധിപൻ പ്രസിദ്ധീകരിച്ച ഒരു കല്പനയിൽ നെടുവീർപ്പിടുന്നുണ്ട്).

അക്കാലത്താണ് കുന്നംകുളത്ത് പുലിക്കോട്ടിൽ ജോസഫ് കത്തനാർസ് പ്രസ് എന്ന പേരിൽ ഒരു കല്ലച്ച് സ്ഥാപിച്ചതും അതിൽ നിന്ന് സഭയ്ക്കു വേണ്ടി മലയാളത്തിൽ കുർബാന, പ്രാർത്ഥന ക്രമങ്ങളും സുറിയാനിയിൽ കുർബാനതക്സാ, മാമ്മൂദീസാ, വിവാഹം ഇവയുടെ

ക്രമങ്ങളും പ്രസിദ്ധീകരിച്ചതും. നവീകരിച്ച പ്രാർത്ഥനക്രമം പാലക്കുന്നത്തു മെത്രാച്ചൻ പ്രസിദ്ധീകരിച്ചതിന്റെ പ്രതികരണമായിട്ടാണ് ഈ കുന്നംകുളം പ്രസ് ഉത്ഭവിച്ചത്. കൊച്ചി രാജ്യത്തെ ഒന്നാമത്തെ പ്രസ് 1850 കളിൽ അദ്ദേഹം സ്ഥാപിച്ച ഈ അച്ചടിശാലയാണ്. നവീകരണവുമായി പൊരുതാൻ പടനായകനില്ലാത്ത കാലം. പാത്രിയർക്കീസ് അയച്ച യൂയാക്കീം കൂറിലോസ് തോറ്റു തുന്നം പാടിയ കാലം. മെത്രാൻ പട്ടമേൽക്കാൻ വിദേശത്തേക്കു പോകാൻ ആളുകൾ ഭയപ്പെട്ട കാലം. ആ പ്രതിസന്ധിഘട്ടത്തിൽ മുപ്പതു വയസ്സുകാരനായ ചരിത്രപുരുഷൻ സാഹസികമായ അന്ത്യോഖ്യൻ യാത്രയ്ക്കു തയ്യാറായി. മാതാപിതാക്കൾ അനുവാദം നല്കി. സഭ സമ്മതപത്രം നല്കി. പള്ളിക്കാർ യാത്രാച്ചിലവും നല്കി. കൂടെ രണ്ടു പേർ സഹയാത്രികരായുണ്ടായിരുന്നു – മട്ടുമ്മേൽ ഗീവർഗ്ഗീസ് കത്തനാരും ഭൃത്യൻ കുത്തൂർ താരപ്പനും.

ഗാനം 5 – ഈ ഗാനത്തിന്റെ ആദ്യഭാഗം കുന്നംകുളത്തു നിന്നുള്ള വിടവാങ്ങലിന്റെ ഭാഗങ്ങളാണ്. ആളുകൾ തൃശൂർ പട്ടണം വരെ അദ്ദേഹത്തെ അനുഗമിച്ചു. വഹ്നി വാഹനം = തീക്കപ്പൽ. ബോംബെയിലെ അർമ്മീനിയക്കാരുടെ പള്ളിയിൽ പത്തു ദിവസം പാർത്തു. അവിടെനിന്ന് ബസ്ര, ബുഷയർ എന്നിവിടങ്ങളിലെത്തി (കുന്നംകുളത്തു നിന്ന് വിടവാങ്ങുന്ന കാര്യം പ്രതിപാദിക്കുന്ന ഭാഗം കണ്ണുകൾ നനയിക്കുന്നു. വനവാസത്തിനായി അയോദ്ധ്യയോടു വിടവാങ്ങുന്ന രാമകഥയിലെ ഭാഗം ആരുടേയും ഓർമ്മയിലെത്തും).

ഗാനം 6 – ഈ ഗാനത്തിലും യാത്രാവിവരണം തുടരുന്നു. ദെക്കിലാസ് നദിയിലൂടെ ബാഗ്ദാദിലെത്തുന്നു. വസിപ്പിടം = പാർപ്പിടം, ദശപഞ്ചം = പതിനഞ്ചു. ദുഷ്കരമായ യാത്രയ്ക്കുശേഷം മൂസലിൽ ആഘോഷമായി സ്വീകരിക്കപ്പെട്ടു. വാസരം മുപ്പത് = മുപ്പത് ദിവസം. തുടർന്ന് മർദ്ദീനിലെത്തി. പുകിന്തു = പൂകി. രണ്ടുപേർക്കും ജ്വരം ബാധിച്ചു. ഗീവറുഗ്ഗീസ് കത്തനാർ അന്തരിച്ചു. ശതൃമാസം = ചതുർമാസം = നാലു മാസം. കൂർക്കുമാ ദയറായിൽ വിശ്രമം (പാത്രിയർക്കീസന്മാരുടെ അന്ത്യവിശ്രമസ്ഥാനമാണ് കൂർക്കുമാ ദയറാ). സഭാ കർത്ത്യൻ = സഭയുടെ ചുമതലക്കാരൻ. കൊല്ലവർഷം 1039 ഇടവമാസം പെന്തിക്കൊസ്തി പെരുന്നാൾ ദിവസം യാക്കോബ് പാത്രിയർക്കീസ് കഥാപുരുഷന് മെത്രാൻപട്ടം നല്കി. കശവ് പൂജാ വസ്ത്രം = കസവു നിർമ്മിതമായ കാപ്പ.

ഗാനം 7 – നൃത്തപ്രധാനമായ കുമ്മിയുടെ രാഗത്തിലാണ് ഈ ഗാനം രചിച്ചിട്ടുള്ളത്. സഭയ്ക്കു കർത്തവ്യൻ = ജാതിയ്ക്കു കർത്തവ്യൻ എന്ന പ്രയോഗത്തിന് സമാനം. കലുക്കം = ഒരു തരം ജലവാഹനം. കർത്ത്യൻ = കർത്തവ്യൻ. ആലയം ചുറ്റി = മേല്പ്പട്ടക്കാർ സ്ഥാനമേറ്റ് ആദ്യം ദേവാലയത്തിൽ വരുമ്പോൾ സിംഹാസനത്തിലിരുത്തി അതും വഹിച്ച്

പള്ളിക്കു ചുറ്റും പ്രദിക്ഷണം വച്ചിരുന്നു. ദേവസ്സക്കൂട്ടം = പിശാചുഗുണം. ബന്തവസ്താക്കി = തടവിലാക്കി, പാഷാ = അറബിനാട്ടിലെ ഭരണാധികാരി. ആപൽക്കരമായ യാത്ര കഴിഞ്ഞു ബോംബെയിലും അചിരേണ കൊച്ചിയിലും എത്തിച്ചേർന്നു.

ഗാനം 8 – 1040 (1864) ചിങ്ങം 24-ാം ദിവസം കൊച്ചിയിലെത്തി. കൂട്ടുങ്കൽ = ചാവക്കാടിന് സമീപമുള്ള കടവ്, ഛത്രം = മുത്തുക്കുട, പൂർവ്വതാതൻ മാർ ദീവന്നാസ്യോസ് = കോട്ടയം ഓർത്തഡോക്സ് സെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ പ. യൗസേപ്പ് മാർ ദീവന്നാസ്യോസ് പ്രഥമൻ. കുന്നംകുളത്തെ സ്വീകരണവും ദുഃഖവും സന്തോഷവും ഈ ഗാനത്തിൽ വർണ്ണിക്കപ്പെട്ടിരിക്കുന്നു. പൂർവ്വീകന്റെ നാമത്തിൽ സ്ഥാപിച്ച പള്ളി കുന്നംകുളം കിഴക്കേ പള്ളിയായിരിക്കാം. ആ പള്ളി മാർ ദീവന്നാസ്യോസ് സ്മാരകമായതിനാൽ അവിടത്തെ പെരുന്നാൾ വൃശ്ചികം 12-ാം തീയതി ആയി. ഒരു കാലത്ത് ഈ പെരുന്നാൾ കുന്നംകുളത്തിന്റെ ദേശീയ ഉത്സവമായിരുന്നു).

ഗാനം 9 – മാർ ദീവന്നാസ്യോസ് മേൽപ്പട്ടം ഏല്ക്കാൻ കാരണമായ മലങ്കരസഭയുടെ ചരിത്ര പശ്ചാത്തലമാണീ പാട്ടിൽ. വഞ്ചനയിൽ സ്ഥാനമേറ്റ അത്താനാസ്യോസ് = പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ്. ശെമ്മാശനായിരിക്കെ ഇദ്ദേഹത്തെ ചേപ്പാട്ട് മെത്രാച്ചൻ മുടക്കി. പാത്രിയർക്കീസിൽ നിന്ന് മെത്രാൻ പട്ടമേറ്റതായി അവകാശപ്പെട്ട് തിരിച്ചു വന്നു. ഒറിജിനൽ സുസ്താത്തിക്കോൻ ആരേയും കാണിക്കാത്തതിൽ ധാരാളം ദുരൂഹതകളുണ്ട്. സുസ്താത്തിക്കോന്റെ പകർപ്പെന്ന് അവകാശപ്പെട്ടു കോടതിയിൽ ഹാജരാക്കിയ രേഖയിൽ മലങ്കരയിൽ മെത്രാനില്ലെന്ന പരിതഃസ്ഥിതിയിലാണ് അദ്ദേഹത്തെ മെത്രാനാക്കിയതെന്ന് എഴുതിയിരുന്നു. തിരുവെഴുത്തു വിളംബരം ലഭിക്കുകയും ജനം അംഗീകരിക്കുകയും ചെയ്ത ചേപ്പാട്ട് മെത്രാച്ചൻ ജീവിച്ചിരിക്കേയാണ് വ്യാജമായി അവാസ്തവ കാര്യങ്ങൾ ബോധിപ്പിച്ചതും പട്ടം സ്വീകരിച്ചതും. പിൽക്കാലത്ത് പത്രോസ് പാത്രിയർക്കീസ് ബാവാ മലങ്കരയിലെത്തിയപ്പോൾ തന്നെ വന്നു കാണുവാൻ പലവട്ടം ആവശ്യപ്പെട്ടിട്ടും ഓരോരോ കാരണം പറഞ്ഞ് സന്ദർശനം ഒഴിവാക്കിയതും ഒടുവിൽ നിരണം പള്ളിയിലായിരുന്ന അത്താനാസ്യോസിനെ സന്ദർശിപ്പാൻ പാത്രിയർക്കീസ് ബാവാ അങ്ങോട്ട് ചെന്നപ്പോൾ മാർ അത്താനാസ്യോസ് വാതിൽപൂട്ടി അകത്തൊളിച്ചിരുന്നതും ആ സന്ദർശനം ഒഴിവാക്കാൻ രാജകീയ സംരക്ഷണം ആവശ്യമായതുമെല്ലാം അദ്ദേഹം ഏറ്റ സ്ഥാനത്തെപ്പറ്റിയുള്ള ദുരൂഹതകൾ വർദ്ധിപ്പിക്കുന്നു. കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസ് എഴുതിയ സമകാല കൈയെഴുത്തു സഭാചരിത്രം (*കണ്ടനാട് ഗ്രന്ഥവരി*) കണ്ടുകിട്ടിയതോടെ ഇക്കാര്യത്തിൽ നവീകരണ വിഭാഗം എഴുതിയ സഭാ

ചരിത്രങ്ങളിലെ വിവരണങ്ങൾ കള്ളക്കഥകൾ ആണെന്ന് തെളിഞ്ഞിട്ടുണ്ട്. ഈ കാര്യത്തിൽ തീർപ്പുണ്ടാക്കാൻ അയയ്ക്കപ്പെട്ട യൂയാക്കീം കൂറിലോസ് സ്വയം മലങ്കര മെത്രാപ്പോലീത്താ ആയതിന്റെ രേഖ ചമച്ചതുകൊണ്ട് സന്ദർശന ദൗത്യം പൂർത്തിയാക്കാനാവാതെ കോടതികളുടെ അതൃപ്തിക്കു പാത്രമായി. അദ്ദേഹത്തിന്റെ ഭരണത്തിലും ആളുകൾ അതൃപ്തരായിരുന്നു. സമ്പത്ത് സമ്പാദിച്ച് ഇവിടെ കഴിയുന്ന സഹോദരൻ മക്കുദിശാ ഗബ്രിയേൽ വഴി അത് നാട്ടിലെത്തിക്കുവാനാണ് അദ്ദേഹം കൂടുതൽ ജാഗ്രത പുലർത്തിയത്.

"താപസൻ കൂറിലോസിൻ ഭരണമായതിൽ
മനോതാപമീ സഭയ്ക്കായ് വന്നീടുക മൂലം" എന്നീ വരികൾ ഗാനകർത്താവ് മാർ കൂറിലോസിന്റെ ഭരണത്തെ ധ്വനിമധുരമായി അനാവരണം ചെയ്തിരിക്കുന്നു. മനോതാപം = സങ്കടം. മലങ്കരയിൽ വന്ന മാർ ദീവന്നാസ്യോസ്, മാർ അത്താനാസ്യോസിന്റെ രാജകീയ വിളംബരം അസ്ഥിരപ്പെടുത്തുവാൻ തിരുവനന്തപുരത്തു ചെന്ന് പരാതി നൽകി. തിരുവനന്തപുരത്തും മദ്രാസിലും നേരിട്ടുചെന്ന് പരാതികൾ നൽകിയെങ്കിലും ഫലമുണ്ടായില്ല.

ഗാനം 10 - പത്തു വർഷം ഈ വിഫല യത്നം തുടർന്നു. ഇതിനിടയിൽ സഭയുടെ പൊതു സ്ഥലമായിരിപ്പാനും വൈദിക വിദ്യാഭ്യാസം ഏർപ്പെടുത്തുവാനും കഥാപുരുഷൻ പരുമലയിൽ എളിയ തോതിൽ ഒരു സെമിനാരി സ്ഥാപിച്ചു. കൊല്ലവർഷം 1047 (1871) ചിങ്ങം 18-ന് അരികുപുറം മത്തായി എന്ന ഒരു സഭാസ്നേഹി ഇക്കാര്യത്തിൽ കഥാപുരുഷനെ തുണച്ചു. 1048 മകരം 6-ാം തീയതി (1873) പരുമലപള്ളിക്കു അദ്ദേഹം അടിസ്ഥാനമിട്ടു. നവീകരണക്കാർക്കെതിരായ വ്യവഹാരങ്ങളിൽ പള്ളിക്കര പള്ളിയിൽ വിജയമുണ്ടായി. 1050 (1875) കർക്കിടകം 28-നാണ് ഈ വിജയം സിദ്ധിച്ചത്.

ഗാനം 11 - പാത്രിയർക്കീസിന്റെ സന്ദർശനവും മറ്റുമാണ് ഈ പാട്ടിലെ വിഷയം.

ബാവാ തിരുവനന്തപുരത്ത് ചെന്ന് രാജാവിനെ കണ്ടു. കഥാപുരുഷൻ ദ്വിഭാഷിയായി വർത്തിച്ചു. രാജാവ് പ്രീതനായി. അത്താനാസ്യോസിന് നല്കപ്പെട്ടിരുന്ന രാജകീയ വിളംബരം ആദ്യം തിരുവിതാംകൂർ രാജാവും പിന്നീട് കൊച്ചി രാജാവും പിൻവലിച്ചു. മുളന്തുരുത്തിയിൽ അസോസ്യേഷൻ ചേർന്ന് കഥാപുരുഷനെ അതിന്റെ പ്രസിഡണ്ടായി നിയമിച്ചു. മലങ്കര മെത്രാപ്പോലീത്താ അധ്യക്ഷനായി മാനേജിംഗ് കമ്മിറ്റിയും നിലവിൽ വന്നു. ആറുപേരെ പാത്രിയർക്കീസ് തെരഞ്ഞെടുത്തു സ്വന്ത ഇഷ്ടത്താൽ ആറു പേർക്ക് മേൽപ്പട്ടം നൽകി. 7 ഭദ്രാസനങ്ങൾ ആയി സഭയെ

വിഭജിച്ച് ഓരോ മെത്രാന്മാരെ നിയമിച്ചു. അശ്രുവാദങ്ങൾ = ആശീർവാദങ്ങൾ. പാത്രിയർക്കീസ് ചെയ്ത അസുഖകരമായ കാര്യങ്ങൾ പാട്ടുകാരൻ അവഗണിച്ചു. അവ ചരിത്രവും അവഗണിച്ചു.

ഗാനം 12 – പാത്രിയർക്കീസിന്റെ രണ്ടു കൊല്ലം നീണ്ട സന്ദർശനത്തിന് ശേഷം അനൈക്യമെല്ലാം നീക്കി സഭയേയും കൂട്ടു മെത്രാന്മാരെയും യോജിപ്പിച്ച് നവീകരണക്കാർക്കെതിരെയുള്ള വ്യവഹാരം ആരംഭിച്ചു (സെമിനാരിക്കേസ്). നമ്പർ = കേസ്. പലകൂട്ടം കൂടുക = പലവട്ടം സമ്മേളനങ്ങൾ ചേരുക. ഐക്യത്തിന്റെ പിൻബലത്തിൽ ആലപ്പുഴ കോടതിയിൽ വ്യവഹാരം തുടങ്ങി.

ഗാനം 13 – കഥാപുരുഷന്റെ പ്രധാന വക്കീൽ ആലപ്പുഴ ജില്ലാ കോടതിയിലെ കൃഷ്ണയ്യർ ആയിരുന്നു. വാദി മാർ ദീവന്നാസ്യോസ് തന്നെ. പ്രതികൾ 3 പേർ: ഒന്ന്, പാലക്കുന്നത്ത് തോമസ് മാർ അത്താനാസ്യോസ് (മാത്യൂസ് മാർ അത്താനാസ്യോസ് ഇതിനകം പിൻഗാമിയെ വാഴിച്ച് അന്തരിച്ചിരുന്നു), രണ്ട്, കോട്ടയം പുന്നത്ര താഴത്തു ചാണ്ടപ്പിള്ള കത്തനാർ (വൈദിക ട്രസ്റ്റി), മൂന്ന്, പറവൂർ കുളങ്ങര പൈലി (അത്മായ ട്രസ്റ്റി). 425432.25 രൂപ ആണ് കേസിലെ വസ്തുക്കളുടെ വില കാണിച്ചത്. വസ്തുക്കൾ എ. ബി. സി. പട്ടികകളായി തിരിച്ചിരുന്നു. പന്തീരായിരം രൂപയോളം കോർട്ട് ഫീസായി അടച്ചു. 1054–ൽ (1879) കുംഭം 22–ന് വ്യവഹാരം തുടങ്ങി. വിസ്താരം വൈകുന്നതു കണ്ട് പ്രത്യേക കോർട്ട് അനുവദിച്ചു. വാദിഭാഗത്തേക്ക് 72 സാക്ഷികളെ ഹാജരാക്കി. ഹിയറിംഗിന് വോക്കർ സായിപ്പിനെ ചുമതലപ്പെടുത്തി. വാദിഭാഗം ജയിച്ചു. സെമിനാരിയും വസ്തുക്കളും വട്ടിപ്പണത്തിന്റെ ഉടമാവകാശവും കഥാപുരുഷന് ലഭിച്ചു. എതിർവിഭാഗം നൽകിയ അപ്പീലിലും കഥാപുരുഷൻ ജയിച്ചു. (കൊല്ലവർഷം 1061 – 1885 – തുലാം 29–നാണ് അപ്പീൽ വിധിയുണ്ടായത്). 1885 കർക്കിടകമാസം 3–ന് മെത്രാപ്പോലീത്താ കോടതിയുത്തരവിൻപടി പഴയസെമിനാരി കൈവശപ്പെടുത്തി. കത്തങ്ങൾ = വൈദികർ. റോയൽ കോടതി അപ്പീലിലും അദ്ദേഹം ജയിച്ചു. 1064 (1889–ൽ) 30–ാം തീയതി റോയൽക്കോടതിയും അദ്ദേഹത്തിനനുകൂലമായി വിധി പ്രസ്താവിച്ചു. ഇതിനെ തുടർന്ന് മലങ്കര മെത്രാപ്പോലീത്തായുടെ ഔദ്യോഗിക ചിഹ്നങ്ങൾ (അംശവടി, കിരീടം, സ്ലീബാ മുതലായവ) പ്രതി വാദിക്കു കൈമാറി.

ഗാനം 14 – ചരിത്രപുരുഷന്റെ സംഭാവനകളെ ഈ ഗാനം വിലയിരുത്തുന്നു.

ശത്രുക്കൾ പോലും മതിക്കും വിധൗ = ശത്രുക്കൾ പോലും മതിപ്പ് രേഖപ്പെടുത്തുന്നവിധത്തിൽ. 1. പരുമല സെമിനാരിയും പള്ളിയും

സ്ഥാപിച്ചു. 2. വെട്ടിക്കൽ ദയറാ സ്ഥാപിച്ചു. 3. എം.ഡി. സെമിനാരി സ്ഥാപിച്ചു. 4. ഡാറാ സായിപ്പിൽ നിന്ന് സ്ഥലം വാങ്ങി കെട്ടിടങ്ങളും എം.ഡി. ഹൈസ്ക്കൂളും സ്ഥാപിച്ചു. 5. നിരവധി ദേവാലയങ്ങൾ സ്ഥാപിച്ചു. 6. തലസ്ഥാനനഗരിയിൽ രാജകീയാനുമതിയോടെ ദേവാലയം സ്ഥാപിച്ചു. 7 കായൽ നിലം (മൺറോ തുരുത്ത്) മലമ്പ്രദേശങ്ങൾ എന്നീ സ്വത്തുക്കൾ സഭയ്ക്കായി സമ്പാദിച്ചു. 8. ഷോടതി രാജാനുമതിയോടെ നടത്തുകയും കടം വീട്ടാനുള്ള സംഖ്യ സ്വരൂപിക്കുകയും ചെയ്തു. 9. ശത്രുക്കളുടെ കൈവശം പോയ സ്ഥാവരജംഗമ വസ്തുക്കളെല്ലാം വീണ്ടെടുത്തു. 10 കോട്ടയം ചെറിയപ്പള്ളിക്കേസ് നടത്തി വിജയിച്ചു. 11. 250–ലേറെ മലയാളം പ്രാഥമിക വിദ്യാലയങ്ങൾ സ്ഥാപിച്ചു. 12. കോട്ടയം സെമിനാരി ചാപ്പൽ പുതുക്കിപ്പണിതു. 13. മാർത്തോമ്മാ പ്രസ് സ്ഥാപിച്ച് സ്വന്തമായി പുസ്തകങ്ങളും നമസ്ക്കാരക്രമങ്ങളും നിരവധി പതിപ്പുകൾ പ്രസിദ്ധീകരിച്ചു. 14. സഭയുടെ ഔദ്യോഗിക ജിഹ്വയായി മലങ്കര ഇട വകപത്രികയെന്ന മാസിക പ്രസിദ്ധപ്പെടുത്തി. 15. രാജാവിനെ സ്വാധീ നിച്ച് ഒരുപാട് പേർക്ക് സർക്കാർ സർവ്വീസിൽ ജോലി കൊടുത്തു. 16. എത്രയോ പേർക്ക് (സ്കൂൾ അദ്ധ്യാപകർക്കും മറ്റ് ജീവനക്കാർക്കും) നേരിട്ട് ശമ്പളം നല്കുന്നു. 17. എത്രയോ സുവിശേഷകന്മാരെ അദ്ദേഹം നിയമിച്ചിരിക്കുന്നു. 18. എത്രയോ ദരിദ്രന്മാരെ ഇദ്ദേഹം നേരിട്ട് പോറ്റുന്നു. 19. ഇദ്ദേഹത്തിന്റെ കല്പന മൂലം എത്രയോ പേരുടെ ജീവിതം സുര ക്ഷിതമായിരിക്കുന്നു. പരോപകാരം ചെയ്യലിൽ ഇദ്ദേഹം ആനന്ദം അനു ഭവിക്കുന്നു.

സ്വർണ്ണം പൊതിഞ്ഞുള്ള ദണ്ഡ് = അംശവടി, മുതലവായൻ മുടി = മേല്പ്പട്ടക്കാരുടെ പഴയ കിരീടത്തിന്റെ പേർ (ഇപ്പോൾ മലങ്കരസഭയിൽ സാധാരണ ഉപയോഗത്തിലില്ല. അതിന് പകരം അന്ത്യോഖ്യൻ സമ്പ്രദാ യത്തിലുള്ള മത്തങ്ങാമുടിയാണിപ്പോൾ ഉപയോഗത്തിലുള്ളത്. എന്നാൽ തൊഴിയൂർ സഭയും മാർത്തോമാ സഭയും ഈ പഴയ മുതലവായൻ തൊപ്പി സ്ഥാനചിഹ്നമായി ഉപയോഗിക്കുന്നു. മസനപ്സാ = സന്യാസി മാരും സന്യാസിമാരായ മെത്രാന്മാരും ഉപയോഗിക്കുന്ന 13 കുരിശ് അങ്കി തമായ ശിരോവസ്ത്രം.

പതിനാലാം ഗാനത്തിന്റെ അന്ത്യഭാഗം കഥാപുരുഷന്റെ താമസസ്ഥ ലത്തിന്റെ വർണ്ണനയാണ്. കമ്മിറ്റി മാളികയെക്കുറിച്ചും അവയിലെ ഉപ കരണങ്ങളെക്കുറിച്ചും വർണ്ണിച്ചിട്ടുണ്ട്. രണ്ടു കണ്ണുകൾക്കും കാഴ്ചയി ല്ലാത്ത താൻ ഈ വർണ്ണനകൾ നടത്തുന്നത് കേട്ട അറിവുകൾ വച്ചാ ണെന്ന് പ്രസ്താവിക്കുന്നു.

ഗാനം 15 – അനവധി ദുരിതങ്ങളും ക്ലേശങ്ങളും താൻ സഹിച്ചു. സഭ യ്ക്കുവേണ്ടി പോരാളിയായി. വൈരികളെ തോല്പിച്ചു. അപവാദശരങ്ങ

ളേറ്റ് മനസ്സിൽ വേദന പേറി നടന്നു. എല്ലാ കേസ്സുകളും ജയിച്ചു. ശത്രുവിന്റെ കൈവശമായിരുന്ന എല്ലാ സ്വത്തുക്കളും വീണ്ടെടുത്തു. കടം വാങ്ങി സഭയുടെ കാര്യങ്ങൾ നടത്തി. മെത്രാന്മാർക്ക് അനുഭവിക്കാമായിരുന്ന സുഖവും ബഹുമാനവും വെടിഞ്ഞു. അത്രമാത്രം സഭാസ്നേഹി ആയിരുന്നു അദ്ദേഹം. വിശ്വാസവിപരീതമാകുന്ന ചെന്നായയെ നിശ്ശേഷം തോല്പിച്ചു. സഭയ്ക്കേറ്റ ക്ഷതങ്ങൾ അദ്ദേഹം പരിഹരിച്ചു.

ഗാനം 16 – ഇത് പൂർണ്ണമായും ജൂബിലിയാഘോഷത്തിന്റെ വർണ്ണനയാണ്. ഇവിടെയും അദ്ദേഹത്തിന്റെ പൂർവ്വോക്തമല്ലാത്ത അപദാനങ്ങൾ പരാമർശിക്കുന്നുണ്ട്.

സഭയ്ക്ക് ആശാസ്യമായ ഗതി വരുവാൻ അധിക പ്രയത്നം ചെയ്ത പിതാവ്, രാജസമ്മതനായ പിതാവ്, അസോസ്യേഷന്റെ പ്രസിഡണ്ടായ പിതാവ്, കേസ്സുകൾ ജയിച്ച് സഭയ്ക്കു ജീവൻ നൽകിയ പിതാവ്, സഭയുടെ നൊമ്പരങ്ങളെ ചികിത്സിച്ച് സംരക്ഷിച്ച നാഥൻ, വഴിയിലെ അപകടങ്ങളിൽ നിന്ന് ആടുകളെ ദീർഘവീക്ഷണത്തോടെ സംരക്ഷിച്ച ഇടയൻ.

എം. പി. വർക്കി നൂറ്റമ്പതോളം പേജുകളിലായി രചിച്ച ഒരു മഹാത്മാവിന്റെ ജീവചരിത്രം പതിനാറു ഹ്രസ്വഗാനങ്ങളിൽ – പതിനാറു പുറങ്ങളിലായി – നമ്മുടെ ഗാന കവി സംഗ്രഹിച്ചിരിക്കുന്നു. മഹാഭാരതവും രാമായണവും സംഗ്രഹിച്ച തുഞ്ചത്താചാര്യന്റെ ഔചിത്യബോധവും മർമ്മജ്ഞതയും വാഗ്മിതയും ധ്വനനശേഷിയും ഈ അന്ധകവിയെ വലിയൊരളവിൽ കടാക്ഷിച്ചിരിക്കുന്നു.

ഗാനരൂപത്തിൽ എഴുതപ്പെട്ട മലയാളത്തിലെ ഒന്നാമത്തെ ജീവചരിത്ര രചന എന്ന പ്രാധാന്യം മലയാള സാഹിത്യചരിത്രത്തിൽ ഈ അന്ധ ഗാന രചയിതാവിന് സ്വന്തം.

**വ്യാഖ്യാനം: ഫാ. ഡോ. ജോസഫ് ചീരൻ**

# മാർ ദീവന്നാസ്യോസ് വിജയം (ദശകത്രയം)

## പനയ്ക്കൽ യാക്കോബ് കത്തനാർ

കുന്നംകുളം ഇടവകയിൽ പനയ്ക്കൽ യാക്കോബ് കത്തനാർ (കാക്കു അച്ചൻ) 1875 ജൂലായ് 28-ന് ജനിച്ചു. തൃശൂർ സി.എം.എസ്. ഹൈസ്ക്കൂളിൽ ഹൈസ്ക്കൂൾ വിദ്യാഭ്യാസവും മദ്രാസിൽ എഫ്.എ. യും പൂർത്തിയാക്കി. സുറിയാനിഭാഷാ പണ്ഡിതനും സംസ്കൃത മലയാളഭാഷകളിൽ പണ്ഡിതനും പ്രതിഭാവാനും ആയിരുന്നു. പനയ്ക്കൽ ഇയ്യപ്പന്റെ മകൾ ഇറ്റ്യേന്യം ഭാര്യ. അഞ്ച് ആൺമക്കളും രണ്ട് പെൺ മക്കളും. പരുമല ഗീവർഗ്ഗീസ് മാർ ഗ്രീഗോറിയോസിൽ നിന്ന് കശ്ശീശാപ്പട്ടം സ്വീകരിച്ചു. മാവേലിക്കര പള്ളിയിൽ ആദ്യ കുർബ്ബാനാർപ്പണം. 1910-ൽ പറവൂർ വികാരി. കോട്ടയം പഴയസെമിനാരിയിൽ മല്പാൻ. എഴുത്തിലും വായനയിലും പ്രാർത്ഥനയിലും ആനന്ദം കണ്ടെത്തിയ അദ്ദേഹത്തിന്റെ കുടുംബജീവിതം സുഖപ്രദമായിരുന്നില്ല. അന്തർമുഖനായിരുന്നു. അർഹിക്കുന്ന അംഗീകാരം ലഭിക്കാത്തതിൽ അദ്ദേഹം അതീവ ദുഃഖിതൻ ആയിരുന്നു. സഹപ്രവർത്തകർ തന്നെ ഒറ്റപ്പെടുത്തുകയാണോ എന്ന ചിന്ത അദ്ദേഹത്തെ നിരാശനുമാക്കി. ആർത്താറ്റ് വലിയപള്ളിയിൽ (ഇടവകപ്പള്ളി) അദ്ദേഹത്തിന് പ്രവേശനം അനുവദിക്കപ്പെട്ടില്ല. ഈ വിഷമസന്ധിയിൽ അദ്ദേഹം ആർത്താറ്റ് സിംഹാസനപ്പള്ളിയിൽ വികാരിത്വം സ്വീകരിച്ചു. 1923-ൽ അദ്ദേഹം ആർത്താറ്റ് സിംഹാസനപ്പള്ളിയുടെയും ചേലക്കര മാർ ഗീവറുഗീസ് സഹദാ ചാപ്പലിന്റെയും ചുമതല വഹിച്ചിരുന്നതായി കാണുന്നുണ്ട്. 1922-ൽ അദ്ദേഹത്തിന്റെ ഒരു പുസ്തകം (എ. ആർ. പി. യിൽ അച്ചടിച്ചത്) ആർത്താറ്റ് സിംഹാസന പള്ളിയിൽ പ്രവർത്തിച്ചിരുന്ന മാർ ഒസ്താത്തിയോസ് സ്മാരകശാലയിൽ നിന്ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒടുവിൽ 1928-ൽ ഇദ്ദേഹം കത്തോലിക്കാ സഭയിൽ ചേർന്നു. പുതുശ്ശേരി പള്ളിയിൽ വികാരിയായിരുന്നു. 1955 ആഗസ്റ്റ് 4-ന് ഇഹലോകവാസം വെടിഞ്ഞു. പുതുശ്ശേരി കത്തോലിക്കാ പള്ളിയിൽ സംസ്ക്കരിക്കപ്പെട്ടു.

താഴെ പറയുന്നവയാണ് അദ്ദേഹത്തിന്റെ രചനകൾ: 1. വി. സ്നാപകന്റെ ജീവചരിത്രത്തിൽ നിന്ന് പത്തു പാഠങ്ങൾ, 2. പുതിയ മംഗല്യ ഗീതങ്ങൾ, 3. ചെറിയ പ്രാർത്ഥനാപുസ്തകം, 4. ക്രിസ്തീയ ബാലഗീതങ്ങൾ, 5. വി. തിരുസഭ, 6. വി. സഭയുടെ ശുദ്ധീകരണം, 7. പ്രതിഷ്ഠ (വി. സഭയുടെ), 8. വിശുദ്ധന്മാരോടുള്ള സംസർഗ്ഗം (പദ്യം), 9. പീഡാനുഭവ ധ്യാനമാല (പദ്യം), 10. വി. കുർബ്ബാനധ്യാനമാല (പദ്യം) 11. സുറിയാനി കീർത്തനമാല (പദ്യം, വിവർത്തനം), 12. ശ്രീയേശു ബാലചരിതം (പദ്യം),

13. വി. കുർബ്ബാനധ്യാനം, 14. മാർ ദീവന്നാസ്യോസ് വിജയം (പദ്യം), 15. ശ്രീയേശു മാഹാത്മ്യ കീർത്തനം (പദ്യം).

ഇത്രയേറെ സഭാവിഷയമായ ഗ്രന്ഥങ്ങൾ രചിച്ച ഒരു ഗ്രന്ഥകാരൻ മലങ്കരസഭയിൽ അക്കാലത്ത് ജീവിച്ചിരുന്നിട്ടില്ല. വിവാഹിതനായിരുന്നിട്ടു പോലും കത്തോലിക്കാസഭാ (മലങ്കര റീത്തു സഭ അന്ന് ഇല്ല) അദ്ദേഹത്തെ വൈദികനായി സ്വീകരിച്ചു. അക്കാദമിക് പണ്ഡിതനും ഗ്രന്ഥകാരനുമായ അദ്ദേഹം നയകോവിദൻ ആയിരുന്നില്ല. സ്വന്തം തത്വങ്ങളെ അനുരഞ്ജനത്തിന്റെ പേരിൽ ത്യജിക്കുവാൻ സന്നദ്ധനായിരുന്നില്ല. അശാന്താത്മാവായ അദ്ദേഹം തികഞ്ഞ നിരാശയിലാണ് അന്ത്യകാലം ചെലവഴിച്ചിരുന്നത്. അദ്ദേഹത്തിന്റെ വി. കുർബ്ബാന ധ്യാനം, കുർബ്ബാനയെപ്പറ്റി മലയാള ഭാഷയിൽ വിരചിതമായ ഒന്നാമത്തെ വ്യാഖ്യാനം ആണ്.

## മാർ ദീവന്നാസ്യോസ് വിജയം (ദശകത്രയം)

### ശ്രീ സദാത്മനെ നമഃ മംഗലമസ്തു

1. അരിയൊരു സിറിയൻ ജനൗഘ മിത്രം
പെരിയൊരു ദിവ്യ പിതാവു തൻ ചരിത്രം
തിരുസുതരറിവാൻ കുറച്ചു മാത്രം
പറയുവനിക്കഥയെത്രയോ വിചിത്രം

2. നിരുപമകൃപയാലിങ്ങായിരത്തെട്ടിലാളു-
ന്നിരുപതുമൊരുനാലും വൃശ്ചികം ചെന്ന നാളിൽ
സരസമിഹ പുലിക്കോട്ടന്വയേ ജാതനായി
സരസിജ മുഖനന്നേ തൻ ജനപ്രീതനായി

3. ദിനമനു കുറിയാക്കോസാഖ്യ ദിവ്യന്നു ഖേദം
തനയനകലെയാക്കി കൊണ്ടിരുന്നു സമോദം
വലിയ മഹിമയാൽ താൻ യോഗ്യനാമെന്നു കുന്ദം-
കുല നഗരമതിങ്കൽ കേളിയുണ്ടായി മന്ദം.

4. കുലവരമണി ദീവന്നാസിയോസെന്ന തൻ മാ-
തുലനുടെയൊരു യോസേപ്പെന്ന പേരിൽ മഹാത്മാ
പലതര ഗുണമാർന്നും ഭാഷയൊട്ടഭ്യസിച്ചു
പലരുമമല ബാലൻ തന്നിലേറ്റം രസിച്ചു.

5. തനയനെ ഹിതമായ് വ്യാപാരജോലിക്കിരുത്തി
ജനകനനഘനെന്നാൽ തന്റെ വേലയ്ക്കുയർത്തീ
പുരു ഗുണ നിധി ചേപ്പാട്ടച്ചനാലന്നു ബാലൻ
പരനുടയനിയോഗാൽ പട്ടമേറ്റു സുശീലൻ.

6. പുനരനുപമദാസൻ കൂറിലോസെന്ന താതൻ
കനിവിനൊടു കാശീശായാക്കിനാൻ പൂജ്യപാദൻ
പടുതയോടറിവേകാൻ വന്നൊരത്താതനേറ്റം
കഠിനനൊരത്തനേഷ്യസ്സോതിനാൻ അറ്റകുറ്റം

7. സിറിയരുടെ സദാചാരങ്ങൾ സർവ്വം വെടിഞ്ഞീ
നിരുപമ മതവിശ്വാസത്തിൽ നിന്നും തിരിഞ്ഞു
തരമൊടു റസിഡെണ്ടാം കല്ലനോടൊത്തു ചാഞ്ഞീ
തിരുസഭയുടെ വസ്ത്രം മാത്യു മെത്രാനുരിഞ്ഞു

8. വിപുലമതി പിതാവിന്നന്നു കോപം മുതിർന്നു
നിപുണനിഹ പുലിക്കോട്ടച്ചനുൾത്താപമാർന്നു
കൃപയോടിടവഴിക്കൽ കത്തനാരൊത്തുചേർന്നി
യപകടവഴി നീക്കാൻ മാർഗ്ഗമൊന്നോർത്തിരുന്നു.

9. വിരുതുടയ പുലിക്കോട്ടച്ചനന്ത്യോഖിലെത്തി
ത്തിറമോടരിയ മെത്രാനായ് വരാനന്നുണർത്തി
തിരുസഭയെ നടത്താനേതുമെ ശക്തിയില്ലെ-
ന്നറിക ചെറിയൊരച്ചനെന്നു താനൊന്നു ചൊല്ലി.

10. പുനരപി ഗുരുവാകും താതനാശിർവദിച്ചുൾ-
ക്കനിവൊടു പറയുന്നീക്കാര്യവും സമ്മതിച്ചു.
ധനമിതു ജനമേകിപ്പോയ് വരാനായ് തുണച്ചു
ജനകനനുവദിച്ചു യാത്രയാകാനുറച്ചു.

11. ഇനി മമ മകനെ ഞാനെന്നു കാണുന്നുവെന്ന-
ജ്ജനനി മുറവിളിക്കുന്നേരമാഹന്ത ചൊന്നാൻ
ജനഹിതമതിനന്ത്യോഖിന്നു ഞാൻ പോയ് വരട്ടെ-
യനുപമനഖിലേശൻ നിങ്ങളെ കാത്തിടട്ടെ.

12. പലരൊടുമിതുപോലോരോന്നു ചൊന്നന്നു കുന്നം-
കുല നഗരമതിങ്കൽ നിന്നു കൊച്ചിക്കു പോന്നു
അലിവോടരിയ മുപ്പത്തെട്ടു കുംഭത്തിലച്ചൻ
ജലനിധി വഴി പോകാൻ കപ്പലേറി മഹേശൻ

13. ഒരു സഖി വറുഗീസെന്നാഖ്യനാചാര്യനന്നീ
തരമൊടുമൊരുമിച്ചും പോകുവാൻ വന്നു ചേർന്നു.
വിരവിലമല മാർ ത്തോമാ പദധ്യാനമാർന്ന-
ങ്ങിരുവരും ഒരു കോണിൽ കപ്പലിൽ ചെന്നിരുന്നു.

14. വലിയ കടലിലൂടെ കപ്പലോടാൻ തുടങ്ങി
ചില തിരകൾ വരുന്നേരത്തു ചുറ്റിക്കറങ്ങി

സലില നിധിയടങ്ങാനേശു പാദം വണങ്ങി
നലമൊടൊരുവിധത്തിൽ ബോംബെയിൽ ചെന്നിറങ്ങി.

15. വടിവോടവിടെയല്പം താമസിച്ചാശ്വസിച്ചു
കൊടിയൊരു വിപരീത ക്കത്തിനാൽ സന്തപിച്ചു
ഉടനടി മലയാളത്തിനു പോരാനുറച്ചു.
പടുമതി പുനരന്ത്യോഖിന്നു തന്നെ തിരിച്ചു.

16. ശുഭദിനമതിലമ്പാർന്നങ്ങു മർദ്ദീനിലെത്തി
സ്സഭയുടെ പതിയോടീ വാർത്തയെല്ലാമുണർത്തി
വിഭുസുതനുടെ ദാസൻ തന്മടീലന്നിരുത്തി
സ്വഭുജമതു ശിരസ്സിൽ വച്ചഹൊ തന്നെ വാഴ്ത്തി.

17. അനുദിനമിതുമൂലം ജ്ഞാനവും വന്നുറച്ചു
മനസി പരമമോദം പാരമായങ്കുരിച്ചു
ഗുണ നിധി വറുഗീസാചാര്യനന്നാൾ മരിച്ചു
പനിയതു പിടി പെട്ടെന്നാകിലും താൻ കുളിച്ചു.

18. തിരുജനപരിപാലൻ പോകയാൽ മർത്യരത്നം
തിരുവടി മരുവുന്നാമീദിലെത്തി സയത്നം
സരസമവിടെ വച്ചന്നേലിയാസ് പാത്രിയർക്കീ-
സരിയൊരു ദയറായക്കാരനായ്ത്തന്നെയാക്കി

19. മറുദിനമൊരു ദീവന്നാസിയോസാഭിധാനം
തിരുമകനു വിളിച്ചന്നേകി തൽസ്ഥാന നാമം
തിരുസഭയെ നടത്താൻ പോരുവാനാജ്ഞയായി
കരതളിരതു ചുംബിച്ചാശു താൻ യാത്രയായി.

20. നിരൂപമഗുരു തന്നെ നിത്യസംരക്ഷ ചെയ്തി-
ട്ടരിയ പിതാസംഘം നാല്പതിൽ നാട്ടിലെത്തി
പുനരുടനെയഹോ മുളന്തുരുത്തിൽ വന്നുൾ-
ക്കനിവു കലർന്നവിടെ സുഖിച്ചിരുന്നു.

21. സിറിയരുടെ നമസ്ക്കാരങ്ങൾ വേണ്ടുന്ന പോലെ
സരസമവിടെ നിന്നങ്ങച്ചടിപ്പിച്ചു കാലേ
പരുമലെ ഹിതമേറുന്നാശ്രമം തീർത്തു കോലു-
ന്നരിമയോടു വിശുദ്ധന്മാരുടെ തൃപ്തിയാലും

22. തിരുവടിയൊരു റമ്പാനാക്കിനാൻ ചാത്തുരുത്തിൽ
തിരു മഹിമ കലർന്നൊരച്ചനെയിത്തരത്തിൽ
അതുപൊഴുതതിരോഷാൽ മാത്യു മെത്രാൻ കയർത്തു
പൊതു മുതലിനായ് ത്താൻ വാദമേറ്റം തകർത്തു.

23. അഭിഹിതമരുളാനായമ്പതാമാണ്ടിലന്നീ
സഭയുടെ ഗുരു പത്രോസ് പാത്രിയർക്കീസു വന്നു.
സഭയമമലരാകും മാടവഞ്ചീശരന്നീ
ശുഭഗുണനിധി മുമ്പിൽ ചെന്നു കൈകൂപ്പി നിന്നു.

24. നിപുണമതി പിതാവും മാത്യു മെത്രാന്റെ ദോഷം
നൃപതി മണികളോടങ്ങോതിനാനന്നശേഷം
കൃപയൊടു തിരുവിഷ്ടം പോലഹോ സത്തമന്മാർ
സപദി തിരുവെഴുത്തും റദ്ദു ചെയ്തു നൃപന്മാർ.

25. അവസരമിതിലത്താനാസ്സിയോസാർത്തി തേടി
സവിനയമിഹ ദീവന്നാസ്യോസ് കീർത്തി നേടി
പുനരരിയ പിതാവന്നേകിയോരാജ്ഞയോടീ
ജനമൊരു പൊതുയോഗം ഭംഗിയായൊത്തു കൂടി

26. ദയവോടധിപനായിത്തന്നെയന്നാക്കിയെന്ന
നയജലനിധി പോയാനന്തിയോഖിന്നു തന്നെ
പ്രിയ തിരുസഭയെ ഞാൻ നീതി വസ്ത്രങ്ങളാലാ-
മയ രഹിതമുടുപ്പിച്ചീടിനാൻ പ്രീതിയാലെ.

27. വടിവോടിതു സഭയ്ക്കാസ്ഥാനമാം സിമ്മനാരി-
ക്കുടനടിയൊരു കക്ഷിക്കാരുമായ് വാദമേറി
കുടിലതയോടു കോസ്ബി ദോഷമായും വിധിച്ചി
ങ്ങൊടുവിലമല തൃപ്ത്യാ റോയലഫീൽ ജയിച്ചു.

28. അരിയ മണി നിനാദം കൊണ്ടു വാനം മുഴങ്ങി
സിറിയരഹഹ മോദം പൂണ്ടു ഗാനം തുടങ്ങീ
തിറമുടയൊരു മെത്രാൻ കക്ഷി തോറ്റന്നടങ്ങി
തിരുസഭയിതു മങ്ങീടാതെ യേവം വിളങ്ങി.

29. അരികളോടിരുപത്താറാണ്ടു പോരാടിയാടി
ത്തിരുവടി വിജയം കൊണ്ടാടി നൽ ഖ്യാതി നേടി
ഇതിനിടയിഹ തൻ നാമത്തിൽ വിദ്യാലയമ്പി-
ന്നതിനരികിലഹോ ദേവാലയം തീർത്തിതമ്പിൽ.

30. പ്രഥിതഗുണമെഴുന്നിത്താതനെൺപത്തിനാലിൽ
മിഥുനമതിരുപത്തെട്ടാം ദിനം ഹന്ത മേലിൽ
വിഭുസുതനോടു വേണ്ടും കാര്യമോരോന്നുണർത്താൻ
സഭയുടെ പതി നാകം പൂകിനാൻ ചിത്രമോർത്താൽ.

## മാർ ദീവന്നാസ്യോസ് വിലാപം

ഹാ നാഥാ കൃപയാലെ - തുണയ്ക്കെന്നിൽ
ദീന വത്സലാ കാലേ എന്നാഥാ
പുണ്യരാശിയാം താത - നയ്യൊ വാനം
തന്നിലായഹോ നാഥാ എന്നാഥാ
നാഥരറ്റമട്ടായി - ഗ്രീഗോറിയോസ്
താതൻ മുന്നമേ പോയി എന്നാഥാ
ഞങ്ങൾ ചെയ്തിടും പാപം - മൂലമാണോ
യിങ്ങിനെ മഹാകോപം. എന്നാഥാ
അയ്യയ്യോ പൊറുക്കേണം - പാപം നാഥാ
നീയിമ്പം ചൊരിയേണം എന്നാഥാ
എന്നാലി പ്രിയ താത-ന്മാരെ ഞങ്ങ-
ളെന്നു കാണുമെൻ നാഥാ എന്നാഥാ
പോയപോൽ വരുമെന്നും - നീ ചൊന്നിട്ടു-
ണ്ടായതോർത്തിടുമിന്നും എന്നാഥാ
ധന്യരന്നഹൊ നാഥാ - നിന്നെ വാഴ്ത്തി
നിന്നീടുമതി മോദാൽ എന്നാഥാ
അന്നീ ദാസരും കൂടെ - നിൽപാൻ ഭാഗ്യം
തന്നാലും പ്രിയത്തോടെ എന്നാഥാ
കാഹളം മുഴക്കീടും - നിന്റെ ദൂതർ നിൻ
മാഹാത്മ്യമുണർത്തീടും എന്നാഥാ
വാനം ഭൂമിയും മായും - മേഘം പോലെ
താനെ നിൻ രഥം പായും എന്നാഥാ
മാലാഖഗണം പാടും - ധന്യന്മാരും
മാലകന്നുടൻ കൂടും എന്നാഥാ
ദുഷ്ടരഗ്നിയിൽ വീഴും - സ്വർഗ്ഗം തന്നിൽ
ശിഷ്ടന്മാരഹോ വാഴും എന്നാഥാ
താതനാത്മജൻ നീയും - ദിവ്യാത്മാവും
മോദമേകമൊന്നായും എന്നാഥാ
ആണിയേറ്റ തൃപ്പാദം - വാഴ്ത്തി പാടി
വാണിടുവതുമോദം എന്നാഥാ
ശൂലമേറ്റ നിൻ മാറും - കാണുന്നേരം
മാലോരോന്നുടൻ മാറും എന്നാഥാ
പാടേറ്റു വിലസുന്ന - നിന്മെ കണ്ടു
പാടി വാഴ്ത്തണമെന്നും എന്നാഥാ
ക്രൂശെടുത്തുലഞ്ഞെന്ന - നിന്മെ ലോകാ-

ധീശ കാണണമെന്നും എന്നാഥാ
മുൾമുടിയണിഞ്ഞെന്ന - നിൻ ശിരസ്സിൽ
വെണ്മ കാണണമന്നും എന്നാഥാ
ക്രൂശിന്മേൽ പതിഞ്ഞെന്ന - തൃക്കൈ രണ്ടും
യീശാ കാണണമെന്നു എന്നാഥാ
അക്കാലം മഹായോഗേ - ഞങ്ങളാകെ
നിൽക്കേണം വലംഭാഗെ എന്നാഥാ
എന്നാലിങ്ങോരോ പാപം ചെയ്തേനെന്നീൽ
തോന്നല്ലേ മഹാ കോപം എന്നാഥാ
നിന്ദിവ്യ ശരീരത്തെ- യാസ്വദിച്ച
നിൻ ദാസരിവരത്രേ എന്നാഥാ
നിന്തിരു രുധിരത്തെ - നീ തന്നെന്ന
നിൻ ദാസരിവരത്രേ എന്നാഥാ
മാർ തോമ്മാ പദേ ചേർന്നു - പാടേണം മേ
കീർത്തനം ചിലതന്നും എന്നാഥാ
പാപിഷ്ടരിവരെന്നാൽ - നീ പാടേറ്റു
കോപിച്ചീടരുതന്നാൾ എന്നാഥാ
ഇക്കാണും ജനത്തിന്നായ് - നീ മരിച്ചെ-
ന്നോർക്കണം രസാലന്നും എന്നാഥാ
ദീനനാകിയോരെന്നെ - നീ ചേർത്തന്ന-
ന്ന്യൂനമോതണമെന്നും എന്നാഥാ
നഗ്നത മറച്ചെന്നും - ചൊല്ലി ദയാ-
മഗ്നനാക്കണമെന്നും എന്നാഥാ
വന്നു കണ്ടു നീയെന്നെ - ക്കാരാഗാരേ
യെന്നോതീടണമെന്നു. എന്നാഥാ
ആരുമേതുമില്ലാത്തോ-രോടീ മട്ടി-
പ്പാരിൽ ചെയ്യണ മോർത്താൽ എന്നാഥാ
ഏറെ നാളിവൻ ലോകേ - പുണ്യം നേടീ
സ്വൈരം വാഴണം നാകേ. എന്നാഥാ
ത്രൈ ലോകാധിപസൂനോ- സന്തതം മാം
പാലയ നയഭാനോ എന്നാഥാ
ഹാസ ഭാജനമാക്കി-ടല്ലേയന്ന്യ
ർക്കീ സഭാ ജനമോർക്കിൽ എന്നാഥാ
ത്വത്സഭാധിപന്മാരെ - കാത്താലും നീ
വാത്സല്യമോടും നേരെ എന്നാഥാ
പാരം ശുദ്ധനും താത - നീവാനിയോസ്
സ്വൈരം വാഴണം നാഥാ എന്നാഥാ

ഇന്നിക്കേരള നാഥൻ - ദീവന്നാസ്യോസ്
ധന്ന്യൻ വാഴണം മോദാൽ എന്നാഥാ
കൂറേറുന്നൊരു ദിവ്യൻ - കൂറിലോസി
ങ്ങേറെ വാഴണം ഭവ്യൻ എന്നാഥാ
ധന്യരായുയരട്ടെ - സന്ന്യസ്ഥന്മാർ
നിന്നെയോർത്തിരിക്കട്ടെ എന്നാഥാ
സൽകൃത്യം നടത്തട്ടെ - വൈദികന്മാർ
ദുഷ്കൃത്യമകലട്ടെ എന്നാഥാ
ശ്രീമാടക്ഷിതി പാലൻ - വാണിടട്ടെ
ശ്രീമാനായ് ദയാശീലൻ എന്നാഥാ
ശ്രീ വഞ്ചീശ്വരൻ ധന്യൻ - വാണിടട്ടെ
ഭുവിതിൽ ചിരം മാന്യൻ എന്നാഥാ
ഇന്ത്യാ ഭുവന വീരൻ - വാഴട്ടെയുൾ
സന്തോഷത്താൽ മഹാധീരൻ എന്നാഥാ
പാരിൽ നിൻ ജനൗന്നത്യം - എഡ്വേർഡ് ഭുപൻ
കൂറൊട് കാക്കണം നിത്യം എന്നാഥാ
രാജാവിങ്ങിവർക്കില്ലേ - യാക്കോബായ
രാജാവേശു നീയല്ലേ എന്നാഥാ
യാക്കോബിൻ കുലത്തിനെ-ന്നേയ്ക്കും രാജാ
ഓർക്കുമ്പോൾ ഭവാൻ തന്നെ എന്നാഥാ
നസ്രായാരിവരത്രെ - യാക്കോബായ
തിസ്രായേല്യരുമത്രേ എന്നാഥാ
മോശയെ അതുപോലെ - യോർക്കി സഭ
യ്ക്കീശനെ കൃപയാലെ എന്നാഥാ
തെറ്റുന്ന ജനം തന്നെ - കുറ്റം പോക്കി
പോറ്റണമുടൻ തന്നെ എന്നാഥാ
അന്യജാതിയിൽ നിന്നു - നിൻ പ്രീതരായ്
ചേർന്നവരിവർ തന്നെ എന്നാഥാ
നിൻ മേശയ്ക്കിരിപ്പാനും- ഒത്തിടട്ടെ
ഉണ്മയിൽ നടപ്പാനും എന്നാഥാ
നീതി നേടിയിച്ചാലിൽ - വർഗ്ഗീസും നിൻ
പ്രീതനാകണം മേലിൽ എന്നാഥാ
സന്താപമകലട്ടെ - നിൻ കാരുണ്യ
സിന്ധൗ ഞാൻ കളിക്കട്ടെ എന്നാഥാ
എൻ ദോഷം പൊറുക്കട്ടെ - നിൻ കാരുണ്യം
സന്തോഷമുയർത്തട്ടെ എന്നാഥാ

ശ്ലോകം 1 – വൃത്തം – പുഷ്പിതാഗ്ര
ലക്ഷണം – നന രയ വിഷമത്തിലും സമത്തിൽ
പുനരിഹ നം ജജരംഗാ പുഷ്പിതാഗ്രാ

ശ്രീ സദാത്മനേ നമഃ = ഐശ്വര്യവാനായ പരിശുദ്ധാത്മാവിനെ നമസ്ക്കരിക്കുന്നു. സദാത്മൻ = പരിശുദ്ധമായ ആത്മാവ്. പ്രാചീന കാവ്യമാതൃകയിൽ ഇഷ്ടദേവത എന്ന നിലയിൽ വന്ദനയോടെ ആരംഭിക്കുന്നു. ക്രൈസ്തവ സങ്കൽപ്പത്തിൽ വാക്കിന്റെ അധിദേവൻ പരിശുദ്ധാത്മാവാണ്. ഗായകൻ പരിശുദ്ധാത്മാവും ഗാനോപകരണം കവിയും.

മംഗലമസ്തു = മംഗളം ഭവിക്കട്ടെ, ദശകത്രയം = മൂന്നു പതികങ്ങൾ (മുപ്പത് ശ്ലോകങ്ങൾ), സിറിയൻ ജനൗഘം = സുറിയാനിക്കാരുടെ സമൂഹം (ജന + ഓഘം), അരിയ = ഭംഗിയേറിയ = കുലീന സാംസ്ക്കാരിക പാരമ്പര്യമുള്ള, ദ്വിതീയാക്ഷരപ്രാസത്തോടൊപ്പം പാദാന്ത്യത്തിലുള്ള മിത്രം, ചരിത്രം, മാത്രം, വിചിത്രം എന്നീ അന്ത്യപ്രാസവും ശ്രദ്ധേയം.

ശ്ലോകം 2 – വൃത്തം – മാലിനി

ലക്ഷണം – നനമയയുഗമെട്ടിൽ തട്ടണം മാലിനിയ്ക്കു.

കൊല്ലവർഷം 1008 വൃശ്ചികം 24 (1832 എ.ഡി.) പുലിക്കോട്ടന്വയേ = പുലിക്കോട്ടിൽ എന്ന കുടുംബത്തിൽ. അന്വയം = കൂടിച്ചേർന്നത് (കുടുംബം). സരസിജമുഖൻ = താമര പോലെ മുഖമുള്ളവൻ. അന്നേതൻജനപ്രീതനായി = ബാല്യം മുതലേ അദ്ദേഹം എല്ലാവർക്കും പ്രിയങ്കരനായിരുന്നു. ഇവിടെയും ദ്വിതീയാക്ഷരത്തിലും പാദാന്ത്യത്തിലുമുള്ള പ്രാസപ്രയോഗം ശ്രദ്ധേയം.

ശ്ലോകം 3 – ദിനമനു – അനുദിനം = ദിവസംതോറും. കുരിയാക്കോസാഖ്യദിവ്യൻ = കുരിയാക്കോസ് എന്ന് പേരുള്ള മഹാൻ. കഥാപുരുഷന്റെ പിതാവിന്റെ പേർ കുരിയാക്കോസ് എന്നായിരുന്നു. ഖേദം തനയനകലെയാക്കി = പിതാവിന്റെ ദുഃഖങ്ങൾ മകൻ ഇല്ലാതെയാക്കി. കുന്നംകുലനഗരം = കുന്നംകുളം എന്ന പട്ടണം, ലളയോരഭേദം. പുത്രൻ മഹാനാകുമെന്ന് നാട്ടിൽ ക്രമേണ സംസാരമുണ്ടായി. രണ്ട് പ്രാസപ്രയോഗങ്ങളും കാവ്യത്തിൽ ഉടനീളം പ്രയോഗിച്ചിട്ടുണ്ട്.

ശ്ലോകം 4 – കുലവരമണി = വംശത്തിലെ ശ്രേഷ്ഠ രത്നം, മുൻശ്ലോകത്തിലെ കുന്നംകുലപ്രയോഗം മറ്റൊരർത്ഥത്തെ ധ്വനിപ്പിക്കുന്നു. കുന്നംകുളത്തെ ശ്രേഷ്ഠരത്നം, കോട്ടയം സെമിനാരി സ്ഥാപകനായ വംശ പൂർവ്വീകൻ യൗസേപ്പ് ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ സ്ഥാനനാമം കഥാപുരുഷന് നൽകി. അങ്ങനെ യൗസേപ്പ് (ഇട്ടൂപ്പ് = ഇട്ടി + യൗസേപ്പ്) എന്ന് പേരായി. ഭാഷയൊട്ടഭ്യസിച്ചു = മലയാളം, ഹിന്ദി,

സുറിയാനി എന്നീ ഭാഷകൾ ബാല്യത്തിലേ അഭ്യസിച്ചു. അക്കാലത്ത് ഹിന്ദി ഭാഷാഭ്യസനം അത്യപൂർവ്വമായിരുന്നു. അമലബാലൻ = ബാല്യ ത്തിലേ വിശുദ്ധിയുടെ ലക്ഷണങ്ങൾ പ്രകടമായിരുന്നു.

ശ്ലോകം 5 – കുന്നംകുളം സുറിയാനി ക്രിസ്ത്യാനികളുടെ കുലത്തൊ ഴിൽ വ്യാപാരമായിരുന്നു. പൊന്നാനി തുറമുഖം വഴി നടന്നിരുന്ന വിദേശ വാണിജ്യം തുറമുഖ പട്ടണക്കാരായ കുന്നംകുളം സ്വദേശികളെ വ്യാപാ രികളാക്കി മാറ്റി. ജൂതത്തെരുവുകളിൽ കാണുന്നപോലെ തെരുവുകളായി – അങ്ങാടി – സജ്ജീകരിച്ച വാസസ്ഥലങ്ങളുടെ മുൻഭാഗം വ്യാപാരശാ ലയും പിൻഭാഗം താമസസ്ഥലവുമാണ്. ആൺമക്കളെ ബാല്യം മുത ൽക്കേ കച്ചവടം പരിചയിപ്പിക്കും. അങ്ങനെ വ്യാപാരാഭിമുഖ്യം തലമുറ കളിലേക്കു സംക്രമിക്കുന്നു. കഥാപുരുഷനെയും വ്യാപാരിയാക്കുവാൻ സ്വാഭാവികമായും പിതാവ് ആഗ്രഹിച്ചു. അന്നത്തെ മലങ്കര മെത്രാപ്പോ ലീത്താ ചേപ്പാട്ട് പീലിപ്പോസ് മാർ ദീവന്നാസ്യോസ് ബാലന്റെ തേജസ്സും ബുദ്ധിവൈഭവവും സംസാരചാതുരിയും ദേവാലയശുശ്രൂഷയിലെ ആഭി മുഖ്യവും ശ്രദ്ധിച്ചു. പിതൃസഹോദരൻ ആയ സീനിയർ യൗസേപ്പ് കത്ത നാരും ഈ ചിന്തയെ അനുകൂലിച്ചു. അങ്ങനെ അദ്ദേഹം ആദ്യപട്ടം (കോറൂയോ – Reader) ഏറ്റു. ചേപ്പാട്ടച്ചൻ = ചേപ്പാട്ട് മെത്രാച്ചൻ. അച്ചൻ എന്നാൽ തലവൻ, യജമാനൻ എന്നാണർത്ഥം (കത്തനാർമാരുടെ തല വൻ എന്ന നിലയിൽ മെത്രാന്മാരെ അച്ചൻ എന്നാണ് വിളിച്ചിരുന്നത്. 1811–ൽ പ്രസിദ്ധീകരിച്ച മലയാളം ബൈബിളിൽ യജമാനൻ എന്നതിന് പകരം അച്ചൻ എന്നാണ് സാർവ്വത്രികമായി പ്രയോഗിച്ചിട്ടുള്ളത്. ഇപ്പോ ഴത്തെ അച്ചന്മാരെ അന്ന് കത്തനാർ എന്ന പേരിൽ മാത്രമേ വിശേഷിപ്പി ച്ചിരുന്നുള്ളൂ.).

ശ്ലോകം 6 – കൂറിലോസ് താതൻ = മലങ്കരയിലെ നവീകരണവുമായി ബന്ധപ്പെട്ട് പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിനെതിരായ പരാതികളെപ്പറ്റി അന്വേഷിക്കുവാൻ പാത്രിയർക്കീസിന്റെ നിയോഗപ്ര കാരം മലങ്കരയിലെത്തിയ യൂയാക്കീം മാർ കൂറിലോസ് മെത്രാപ്പോ ലീത്താ. അദ്ദേഹമാണ് കഥാപുരുഷന് കുന്നംകുളത്തിനടുത്ത് ചാലിശ്ശേരി പള്ളിയിൽ വച്ച് കത്തനാർ പട്ടം നൽകിയത്. കൂറിലോസിനെ സഹായി ക്കുവാൻ മലങ്കരയിലെത്തിയ സ്തേപ്പാനോസ് മാർ അത്താനാസ്യോസ് കഥാപുരുഷന് ഉയർന്ന വൈദികവിദ്യാഭ്യാസം നൽകി. ഓതിനാൽ അറ്റ കുറ്റം = പൂർണ്ണതയെ പരിശീലിപ്പിച്ചു. കഠിനൻ = വ്രതനിഷ്ഠകൾ കഠിന മായി പരിശീലിപ്പിച്ചിരുന്നവൻ. കശ്ശീശാ = മൂപ്പൻ (Elder, പ്രസ്ബിറ്റർ) കത്തനാർ പട്ടത്തിന്റെ ഔദ്യോഗിക സ്ഥാനപ്പേർ.

ശ്ലോകം 7 – നിരുപമ മതവിശ്വാസം = സ്തുതിചൊവ്വാക്കപ്പെട്ട വിശ്വാസം (ഓർത്തഡോക്സ് വിശ്വാസം). മാത്യു മെത്രാൻ = മാത്യൂസ്

മാർ അത്താനാസ്യോസ് (പാലക്കുന്നത്തു വലിയ മെത്രാച്ചൻ). സഭയുടെ വസ്ത്രം ഉരിഞ്ഞു = സഭയെ നഗ്നമാക്കി = ഉപദേശാചാരങ്ങളാകുന്ന പാതിവ്രത്യത്തിന്റെ വസ്ത്രം ഭേദഗതി ചെയ്തതിനെയാണിവിടെ പരാമർശിക്കുന്നത് (നവീകരണം അത്രമേൽ നീചവും ഭയാനകവും ആയിരുന്നു എന്ന് ധ്വനി). കല്ലനോടൊത്തു പാർത്തു = ബ്രിട്ടീഷ് റസിഡണ്ടായിരുന്ന കല്ലൻ സായിപ്പ് പ്രൊട്ടസ്റ്റണ്ട് മതവിശ്വാസിയായിരുന്നു. നവീകരണമെത്രാൻ റസിഡണ്ടിന്റെ മതോപദേശം സ്വീകരിച്ചു.

തിരുസഭയുടെ വസ്ത്രം ഉരിഞ്ഞു എന്ന പദപ്രയോഗം പാഞ്ചാലീ വസ്ത്രാക്ഷേപത്തെ ഓർമ്മയിലെത്തിക്കുന്നു. ധ്വനീമധുരമാണീ പ്രയോഗം.

ശ്ലോകം 8 – വിപുലമതി = അതിബുദ്ധിമാൻ. അന്ന് നവീകരണ സംരംഭങ്ങളെ ചെറുക്കാൻ നേതൃത്വം നൽകിയ വൈദികശ്രേഷ്ഠനാണ് കോട്ടയം ഇടവഴിക്കൽ പീലിപ്പോസ് കത്തനാർ. കോട്ടയം പഴയസെമിനാരിയുടെ ആദ്യ ബാച്ചിലെ വിദ്യാർത്ഥിയായ ഇദ്ദേഹം സുറിയാനി പണ്ഡിതനും ഗ്രന്ഥകർത്താവുമായിരുന്നു. ഇടവഴിക്കൽ വലിയച്ചനോടൊത്ത് സത്യവിശ്വാസ പുനരുദ്ധാരണശ്രമത്തിൽ കഥാപുരുഷൻ മുഴുകി. അപകടവഴി = നവീകരണപ്രവണത.

ശ്ലോകം 9 – കഥാപുരുഷൻ അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്ന് മെത്രാൻ പട്ടമേറ്റു വരണമെന്ന് സഭാപ്രതിനിധിയോഗം ആവശ്യപ്പെട്ടു. ആ ഉന്നതസ്ഥാനത്തിന് താൻ യോഗ്യനല്ലെന്ന് കഥാപുരുഷൻ വിനയത്തോടെ പറഞ്ഞു.

ശ്ലോകം 10 – നിർബന്ധമേറിയപ്പോൾ അദ്ദേഹം സഭയുടെ നിയോഗം സ്വീകരിച്ചു. യൂയാക്കീം കൂറിലോസ് ആശീർവ്വാദം നൽകി, ആവശ്യമായ യാത്രാച്ചെലവ് സഭാജനങ്ങൾ നൽകി. മാതാപിതാക്കൾ അനുവദിച്ചു. അപ്രകാരം യാത്ര സുനിശ്ചിതമായി.

ശ്ലോകം 11 – കടൽയാത്ര അക്കാലങ്ങളിൽ അത്യസാധാരണം. കപ്പൽ യാത്രയുടെ സുരക്ഷിതത്വമില്ലായ്മയെ ഭയന്നും കപ്പൽ കൊള്ളക്കാരെ ഭയന്നും അന്യനാട്ടിലെ കവർച്ചാസംഘങ്ങളെ ഭയന്നുമാണ് മെത്രാൻ സ്ഥാനമേൽക്കുവാൻ മറ്റാരും അന്ന് സന്നദ്ധത പ്രകടിപ്പിക്കാതിരുന്നത്. തന്റെ മകൻ അപകടം നിറഞ്ഞ യാത്രയാണ് ആരംഭിക്കുന്നതെന്നറിഞ്ഞതോടെ അമ്മയ്ക്കു സങ്കടമായി. അമ്മയുടെ വിലാപമാണ് ഈ ശ്ലോകത്തിൽ. ജനഹിതത്തെ ദൈവഹിതമായി കരുതിയ കഥാപുരുഷൻ അമ്മയെ ആശ്വസിപ്പിച്ച് യാത്ര പറഞ്ഞിറങ്ങി.

ശ്ലോകം 12 – കുന്നംകുളത്ത് അങ്ങാടിയിലും ദേവാലയങ്ങളിലും യാത്ര

ചോദിച്ച് കൊല്ല വർഷം 1038 കുംഭത്തിൽ (എ.ഡി. 1863) കഥാപുരുഷൻ കപ്പൽ കയറി (കാനാവിലെ കല്യാണത്തെപ്പറ്റി, വെള്ളം അതിന്റെ നാഥനെ കണ്ടു, അവളുടെ മുഖം തുടുത്തു എന്നെഴുതിയ ആംഗ്ലേയ കവിയുടെ സംക്ഷേപണചാതുരിയും ധ്വനിസാന്ദ്രതയും ഇവിടെ കാണുന്നതു ശ്രദ്ധേയം.).

ശ്ലോകം 13 – വിശുദ്ധനാടുകൾ സന്ദർശിക്കുവാനാഗ്രഹിച്ച് കണ്ടനാട്ടുകാരൻ മട്ടുമ്മേൽ ഗീവർഗ്ഗീസ് കത്തനാർ കൂടെയുണ്ടായിരുന്നു (ഭൃത്യൻ താരപ്പന്റെ കാര്യം കവി അവഗണിച്ചിരിക്കുന്നു). മാർത്തോമ്മാപദ ധ്യാനം. ഇന്ത്യൻ സഭയുടെ സ്ഥാപകനായ മാർത്തോമ്മാശ്ലീഹായെ ധ്യാനിച്ച് (മാർത്തോമ്മായുടെ സഭയ്ക്കു വേണ്ടിയാണല്ലോ യാത്ര).

മാർത്തോമ്മായുടെ പാദം ധ്യാനിച്ചു എന്നതിൽ സാഭിപ്രായ വിശേഷമുണ്ട്. പരികരാലങ്കാരം. വരുംപരികാരം ചൊന്നാൽ സാഭിപ്രായവിശേഷണം.

ശ്ലോകം 14 – സലില നിധിയടങ്ങാൻ യേശു പാദം വണങ്ങി. പുരാവൃത്തപരാമർശം. സലിലം = വെള്ളം – സലിലനിധി – സമുദ്രം.

യേശു ശിഷ്യരുമൊത്ത് കടൽയാത്ര ചെയ്യുമ്പോൾ കടൽ ക്ഷോഭിച്ചു. യാത്രക്കാർ ഭയന്നു വിറച്ചു. ഉണർന്ന യേശു കടലിനെ ശാസിക്കുകയും കടൽ ശാന്തമാവുകയും ചെയ്തു. ഇതാണ് ഇവിടത്തെ സൂചിത കഥ.

അലങ്കാരം – ഉദാത്തം: പുരാവർത്ത പരാമർശനം ഉദാത്തം ശ്രീസമൃദ്ധിയും.

അലങ്കാരം പരികരം – ഇവിടെയും സാഭിപ്രായവിശേഷണമുണ്ട്. യേശു എന്നാൽ രക്ഷകൻ എന്നർത്ഥം.

ശ്ലോകം 15 – കൊടിയൊരു വിപരീതകത്ത്, മേൽപ്പട്ടക്കാരനാകുവാൻ കഥാപുരുഷൻ യോഗ്യനല്ലെന്ന് പ്രതികൂലമായി പ്രതിപാദിക്കുന്ന കത്ത്. പരസ്യമായി അനുകൂലാഭിപ്രായം പറയുകയും രഹസ്യമായി വ്യത്യസ്ത നിലപാടെടുക്കുകയും ചെയ്യുന്ന കുതികാൽവെട്ടുകാർ എന്നും സഭയിലുണ്ടായിരുന്നു. തന്റെ യാത്രാവിവരണമായ *ഒരു പരദേശയാത്രയുടെ കഥ*യിൽ ഈവിധമുള്ള കത്തുകളെക്കുറിച്ച് വേദനയോടെ കഥാപുരുഷൻ വിവരിക്കുന്നുണ്ട്. യാത്ര തുടരേണ്ടതില്ല എന്ന് ആദ്യം ചിന്തിച്ചെങ്കിലും അത് തന്നിൽ സഭ അർപ്പിച്ച വിശ്വാസ്യതയ്ക്കു കളങ്കം ചാർത്തുമെന്നതിനാൽ യാത്ര തുടരാൻ തന്നെ നിശ്ചയിച്ചു. ഇക്കാര്യത്തിൽ ഭൃത്യന്റെ ഉപദേശം മാർഗ്ഗനിർദ്ദേശമായി എന്ന് അദ്ദേഹം എഴുതിയിട്ടുണ്ട്.

ശ്ലോകം 16 – ക്ലേശം നിറഞ്ഞ യാത്രയ്ക്കു ശേഷം മർദ്ദീനിലെത്തി

(അന്ത്യോഖ്യാ പാത്രിയർക്കീസെന്ന് പറയുമെങ്കിലും ആ സ്ഥാനം പല പ്പോഴും പല സ്ഥലങ്ങളിലേക്കും മാറ്റിയിട്ടുണ്ട്. അക്കാലങ്ങളിൽ മർദ്ദീനി ലായിരുന്നു ആസ്ഥാനം. ഇപ്പോഴത് ദമാസ്ക്കസിൽ ആണ്). വിഭുസു തൻ = ദൈവപുത്രൻ.

ശ്ലോകം 17 – സഹയാത്രികൻ ഗീവർഗ്ഗീസ് കത്തനാർ ജ്വരം ബാധിച്ചു മരിച്ചു. ജ്വരം ബാധിച്ചെങ്കിലും കഥാപുരുഷൻ അചിരേണ സുഖം പ്രാപിച്ചു. കുളിച്ചു = സൗഖ്യമായി എന്ന അർത്ഥത്തിൽ ഈ പ്രയോഗം ഇന്നും കുന്നംകുളത്ത് ഉപയോഗിക്കാറുണ്ട്.

ശ്ലോകം 18 – ദയറാ = ആശ്രമം, ദയറാക്കാരൻ = ആശ്രമവാസിയായ സന്യാസി. സുറിയാനി സഭയിൽ റമ്പാൻ. ഓർത്തഡോക്സ് പാരമ്പര്യ ത്തിൽ ദയറായക്കാരിൽ നിന്ന് മാത്രമേ മെത്രാൻസ്ഥാനികളെ ഏറെക്കാ ലമായി സ്വീകരിക്കാറുള്ളു (ആദ്യം വിവാഹിതരെയും മെത്രാന്മാരാക്കി യിരുന്നു). മെത്രാനാക്കുന്നതിന് മുമ്പ് ദയറാസ്ഥാനം നൽകുന്ന പതിവ് ഇപ്പോഴും സഭയിലുണ്ട്. ഇത് ഒരു പൗരോഹിത്യസ്ഥാനമല്ല. ഏതൊരു ദയറായുടെയും തലവന് (മെത്രാനാകണമെന്നില്ല) ദയറാക്കാരെ നിയ മിച്ച് സ്ഥാനം കൊടുക്കാം. അമീദ് = സിറിയയിലെ ഒരു പട്ടണം. അക്കാ ലത്ത് പാത്രിയർക്കീസ് അവിടെയായിരുന്നതിനാൽ കഥാപുരുഷൻ അങ്ങോട്ടു പോയി.

ശ്ലോകം 19 – അടുത്തദിവസം ദീവന്നാസ്യോസ് എന്ന സ്ഥാനനാമ ത്തിൽ കഥാപുരുഷൻ അഭിഷിക്തനായി. തിരുസഭയെ നടത്താൻ ആജ്ഞ യായി. സഭയെ നയിക്കുവാനുള്ള അധികാരപത്രം (സുസ്താത്തിക്കോൻ) ലഭിച്ചു. മടക്കയാത്ര ഉടനെ ആരംഭിച്ചു. നാല്പതിങ്കൽ = കൊല്ലവർഷം 1040–ൽ.

ശ്ലോകം 20 – നാട്ടിലെത്തി. മുളന്തുരുത്തിപ്പള്ളിയിൽ അല്പം വിശ്ര മിച്ചു.

ശ്ലോകം 21 – കൊച്ചിയിൽ കഥാപുരുഷൻ സ്ഥാപിച്ച സെന്റ് തോമസ് അച്ചുകൂടത്തിൽ നിന്ന് സുറിയാനി പ്രാർത്ഥനാ പുസ്തകങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിച്ചു. അചിരേണ പരുമലയിൽ വൈദികവിദ്യാഭ്യാസാർത്ഥം സെമിനാരി സ്ഥാപിച്ചു.

ശ്ലോകം 22 – മുളന്തുരുത്തി ഇടവകയിൽ സ്വശിഷ്യനായ ചാത്തുരു ത്തിൽ ഗീവർഗ്ഗീസ് കോറെപ്പിസ്ക്കോപ്പായെ അദ്ദേഹം റമ്പാനാക്കി. വെട്ടി ക്കൽ എന്ന സ്ഥലത്ത് (മുളന്തുരുത്തി ഇടവകയിൽ) ഒരു ദയറാ സ്ഥാപിച്ച് പുതിയ റമ്പാനെ അവിടെ നിയമിച്ച് അവിടെ വൈദിക വിദ്യാഭ്യാസം ആരംഭിച്ചു. പാലക്കുന്നത്ത് മെത്രാച്ചനെതിരായ വ്യവഹാരങ്ങൾ ആരംഭിച്ചു.

ശ്ലോകം 23 – മലങ്കരമെത്രാനെന്ന നിലയിൽ രാജാക്കന്മാരുടെ തിരുവെഴുത്തു വിളംബരം നേടുകയും പ്രോട്ടസ്റ്റണ്ടുകാരായ ബ്രിട്ടീഷ് ഭരണാധികാരികളുടെ വഴിയെ സഞ്ചരിക്കുകയും ചെയ്ത നവീകരണനേതാവായ പാലക്കുന്നത്ത് വലിയ മെത്രാച്ചനെതിരെയുള്ള ഒരു പരാതിക്കും നീതിപൂർവ്വകമായ പരിഗണന ലഭിച്ചില്ല. തന്മൂലം സഭയുടെ തീരുമാന പ്രകാരം അന്നത്തെ പാത്രിയർക്കീസ് പത്രോസ് തൃതീയൻ ബാവായെ ക്ഷണിച്ചു വരുത്തി. 1050–ൽ (കൊല്ലവർഷം) വന്ന പാത്രിയർക്കീസിന്റെ ആകർഷകവും വശ്യവുമായ ആകാരവും വ്യക്തിത്വവും രാജാക്കന്മാരിൽ ഭക്തി ഉളവാക്കി. തിരുവിതാംകൂർ, കൊച്ചി രാജാക്കന്മാർ പാത്രിയർക്കീസിന്റെ ഹിതപ്രകാരം പ്രവർത്തിക്കുവാൻ തയ്യാറായി.

ശ്ലോകം 24 – സഭയെ നവീകരിച്ച് പാശ്ചാത്യവത്ക്കരിക്കുവാൻ മാത്യൂസ് മെത്രാച്ചൻ ശ്രമിക്കുന്നുവെന്ന് പാത്രിയർക്കീസ് രാജാക്കന്മാരെ ബോധ്യപ്പെടുത്തി. തൽഫലമായി രാജാക്കന്മാർ നേരത്തെ നൽകിയ രാജകീയ വിളംബരം റദ്ദാക്കി. ഇതോടെ പാലക്കുന്നത്തു വലിയ മെത്രാച്ചന്റെ കവചം ഭേദിക്കപ്പെട്ടു.

ശ്ലോകം 25 – ഇതോടെ അത്താനാസ്യോസ് തളർന്നു. ദീവന്നാസ്യോസ് ശക്തിപ്പെട്ടു. തുടർന്നു മുളന്തുരുത്തിയിൽ പള്ളിപ്രതിപുരുഷയോഗം ചേർന്നു (ചരിത്രം ഈ സമ്മേളനത്തെ മുളന്തുരുത്തി സുന്നഹദോസ് എന്ന് വിശേഷിപ്പിക്കുന്നു).

ശ്ലോകം 26 – അസോസ്യേഷന്റെയും മാനേജിംഗ് കമ്മിറ്റിയുടെയും പ്രസിഡണ്ടായി കഥാപുരുഷൻ നിയമിതനായി. പുതിയ മലങ്കര മെത്രാപ്പോലീത്താ മുൻ മെത്രാപ്പോലീത്താ നഗ്നയാക്കിയ സഭയുടെ ദുഃഖങ്ങൾ തീരുമാറ് നീതിയുള്ള വസ്ത്രങ്ങളാൽ അവളെ വീണ്ടും വസ്ത്രമണിയിച്ചു (പാഞ്ചാലിയോട് ശ്രീകൃഷ്ണൻ അനുവർത്തിച്ച നയം ഇവിടെ ഓർക്കാം).

ശ്ലോകം 27 – തുടർന്ന് സെമിനാരി കേസ് ആരംഭിച്ചു. കേസുകളിൽ ചരിത്രപുരുഷൻ ജയിച്ചു. ഒടുവിൽ അപ്പീലുകൾ റോയൽക്കോടതിയിലെത്തി. 3 ജഡ്ജിമാരിൽ ഓറംസ്ബി കഥാപുരുഷന് ദോഷമായി വിധി എഴുതിയെങ്കിലും രണ്ടുപേർ അനുകൂലവിധി എഴുതിയതിനാൽ ഭൂരിപക്ഷ വിധി നടപ്പാക്കുവാൻ മഹാരാജാവുത്തരവിട്ടു (ഓറംസ്ബി എന്നത് കവിതയിൽ കോസ്ബി എന്നാക്കിയിരിക്കുന്നു).

ശ്ലോകം 28 – അക്കാലങ്ങളിൽ നവീകരണ കക്ഷി 'മെത്രാൻ കക്ഷി' എന്നറിയപ്പെട്ടു. മണിനിനാദം = വിജയം പ്രഖ്യാപിക്കുന്ന ദേവാലയ മണിനാദം.

ശ്ലോകം 29 – ഇരുപത്തിആറു കൊല്ലം വ്യവഹാരങ്ങൾ നീണ്ടു നിന്നു. ഇതു കൂടാതെ എം. ഡി. സെമിനാരിയും ഹൈസ്കൂളും ഏലിയാ കത്തീഡ്രലും അദ്ദേഹം പണിതു.

ശ്ലോകം 30 – 1084 (എ.ഡി. 1909) മിഥുനം 28–ൽ അദ്ദേഹം ദിവംഗതനായി. അന്ത്യോഖ്യാ പതിയോടു മലങ്കരസഭാ വിശേഷങ്ങൾ അറിയിക്കാനാണ് മർദ്ദീൻ യാത്ര നടത്തിയതെങ്കിൽ ഈ സ്വർഗ്ഗയാത്ര കാര്യങ്ങൾ ദൈവപുത്രനെ അറിയിക്കുവാൻ വേണ്ടിയായിരുന്നു.

അലങ്കാരം – ഉൽപ്രേക്ഷ (ഫലോൽപ്രേക്ഷ) ലക്ഷണം: മറ്റൊന്നിൻ ധർമ്മയോഗത്താൽ അതു താനല്ലയോ ഇത് എന്ന് വർണ്ണ്യത്തിലാശങ്ക ഉത്പ്രേക്ഷാഖ്യയലംകൃതി.

**വ്യാഖ്യാനം: ഫാ. ഡോ. ജോസഫ് ചീരൻ**

# ജോസഫ് മാർ ദീവന്നാസ്യോസ്

ഇസ്സഡ്. എം. പാറേട്ട്

(മലങ്കര നസ്രാണികൾ മൂന്നാം വാല്യത്തിൽ നിന്നും)

## ജോസഫ് ദീവന്നാസ്യോസ്

കർണ്ണൽ മൺട്രോയുടെ കാലത്തു മലങ്കരമത്രാൻ സ്ഥാനത്തു പ്രവേശിച്ച പുലിക്കോട്ടിൽ ഇട്ടൂപ്പു ദീവന്നാസ്യോസിന്റെ കുടുംബജനായ ജോസഫ് ദീവന്നാസ്യോസിനെ 5-ാം അദ്ധ്യായത്തിൽ, ഒരു കത്തനാർ എന്ന നിലയിൽ ഈ ചരിത്രത്തിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. മലങ്കര മെത്രാൻ പദം കൈഅടക്കുന്നതിനു ശ്രമിച്ചുകൊണ്ടിരുന്ന പരദേശി യൂയാക്കീം കൂറിലോസിന്റെ സെക്രട്ടറി എന്ന നിലയിലും, അദ്ദേഹവും മാത്യൂസ് അത്താനാസ്യോസും തമ്മിൽ നടന്ന വടംവലിയിൽ കൂറിലോസിന്റെ വ്യവഹാര നടത്തിപ്പുകാരൻ എന്ന നിലയിലും സമുദായ രംഗത്തു ധാരാളമായി പ്രവർത്തിച്ചുകൊണ്ടിരുന്ന പുലിക്കോട്ടിൽ ജോസഫ് കത്തനാർ 1008-ാമാണ്ട് വൃശ്ചിക മാസത്തിൽ ജനിച്ചു. 1028-ൽ യൂയാക്കീം കൂറിലോസിൽ നിന്ന് കത്തനാർപട്ടം സ്വീകരിച്ചു. പ്രൊട്ടസ്റ്റന്റ് വശത്തേക്കു ചാഞ്ഞുചാഞ്ഞു പോകുന്ന അത്താനാസ്യോസിൽ നിന്നു സമുദായത്തെ രക്ഷിക്കുന്നതിന് മലങ്കരനസ്രാണി ആയ ഒരു മെത്രാൻ ഉണ്ടെങ്കിൽ മാത്രമേ സാധിക്കുകയുള്ളു എന്ന്, കൂറിലോസും അത്താനാസ്യോസും തമ്മിൽ നടന്ന വ്യവഹാരങ്ങൾ ജോസഫ് കത്തനാരെ ബോദ്ധ്യപ്പെടുത്തി. പോരെങ്കിൽ കൂറിലോസ് രോഗി ആയിത്തീരുകയും ചെയ്തു. യൂയാക്കീം കൂറിലോസിന്റെയും അദ്ദേഹത്തിൽ നിന്ന് ഭരണം ഏല്ക്കാൻ ഒരുങ്ങി വന്ന് നിരാശപ്പെട്ടു മടങ്ങിപ്പോയ സ്തേപ്പാനോസ് മെത്രാന്റെയും അനുഭവത്തിൽ നിന്ന്, മാത്യൂസ് അത്താനാസ്യോസിനെ കീഴ്പ്പെടുത്തുക ക്ഷണസാദ്ധ്യമല്ലെന്നും മലങ്കരനസ്രാണി അല്ലാത്ത ഒരാളെ താൻ അയച്ചാൽ അധികാരം കിട്ടുന്നതല്ലെന്നും അന്ത്യോഖ്യാ പാത്രിയർക്കീസിന് ബോദ്ധ്യമായിക്കഴിഞ്ഞിരുന്നു. അത്താനാസ്യോസിനോടു മല്ലിടാൻ തയ്യാറുള്ള ആരുതന്നെ ചെന്നാലും മെത്രാൻസ്ഥാനം കൊടുക്കാൻ പാത്രിയർക്കീസ് ഒരുക്കമായി. ഈ ഘട്ടത്തിലാണ് ജോസഫ് കത്തനാർ പാത്രിയർക്കീസിന്റെ ആസ്ഥാനത്തേയ്ക്കു പുറപ്പെടുന്നു എന്നുള്ള വിവരം അവിടെ കിട്ടിയത്. രണ്ടാം ദീവന്നാസ്യോസിന്റെ കുടുംബജനും യൂയാക്കീം കൂറിലോസിന്റെ ശിഷ്യനും, അദ്ദേഹത്തിനുവേണ്ടി മാത്യൂസ് അത്താനാസ്യോസുമായി വളരെ വർഷങ്ങൾ വ്യവഹാരം നടത്തിയ ആളും ആയതുകൊണ്ട് തന്റെ പിണിയാൾ ആയിക്കൊള്ളും എന്നുള്ള പ്രതീക്ഷയിലായിരിക്കണം, ആമീദിൽ വച്ച് 1039 മേടം 25-ാം തീയതി ജോസഫ് കത്തനാരെ ദീവന്നാസ്യോസ് എന്ന സ്ഥാനനാമത്തിൽ മെത്രാനായി യാക്കോബ് പാത്രിയർക്കീസ് വാഴിച്ചു. അങ്ങിനെ, മാത്യൂസ് അത്താനാസ്യോസിനെ തുടർന്ന്, രണ്ടാമതൊരു മലങ്കര നസ്രാണി അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്ന് മെത്രാൻസ്ഥാനം സ്വീകരിച്ചു. തന്റെ പിടി ശരിയ്ക്കും മുറുകി എന്നു പാത്രിയർക്കീസ് വിശ്വസിച്ചു എന്ന്

ദീവന്നാസ്യോസിനു കൊടുത്ത അധികാരപത്രം കാണിക്കുന്നു. ജോസഫ് കത്തനാർ മെത്രാൻ സ്ഥാനം വാങ്ങുന്നതിന് സുറിയായിലേക്കു പുറപ്പെട്ടു എന്ന് അറിഞ്ഞ് അദ്ദേഹത്തിനു സ്ഥാനം കൊടുക്കരുതെന്ന് അന്നു മലങ്കരയിൽ ഉണ്ടായിരുന്ന യൂയാക്കീം കൂറിലോസ് അന്ത്യോഖ്യാ പാത്രിയർക്കീസിനു കത്തയച്ചു എന്ന് ഇ. എം. പീലിപ്പോസ് രേഖപ്പെടുത്തിയിട്ടുണ്ട് (മലങ്കരസഭയുടെ രഹസ്യപേടകം, പുറം 144). പാത്രിയർക്കീസിന്റെ കള്ള ഒപ്പിട്ടോ, അദ്ദേഹം മുദ്ര പതിച്ചുകൊടുത്ത വെള്ളക്കടലാസ് ഉപയോഗിച്ചോ, സ്താത്തിക്കോൻ ചമച്ചു മലങ്കര മെത്രാൻ പദം കൈക്കലാക്കുവാൻ വിഫലശ്രമം നടത്തിയ കൂറിലോസിനെ നീക്കം ചെയ്തു പകരം സ്തേപ്പാനോസ് എന്ന മെത്രാനെ ഇവിടേക്കയച്ചിട്ടും പാത്രിയർക്കീസിനു പിടിപാടു കിട്ടാതെ വന്ന വിവരം മുമ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. ജോസഫ് കത്തനാർക്കു മെത്രാൻസ്ഥാനം കൊടുത്താൽ അധികാരം സ്ഥാപിക്കുന്നതിന് പറ്റിയേക്കാമെന്നു പാത്രിയർക്കീസ് പ്രതീക്ഷിച്ചു എന്ന് വിചാരിക്കുന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല. ജോസഫ് കത്തനാർ ദീവന്നാസ്യോസ് എന്ന സ്ഥാനനാമത്തിൽ മെത്രാൻപദം പ്രാപിച്ച് മടങ്ങി എത്തിയിട്ട്, സ്ഥാനപ്രാപ്തിയ്ക്ക് എതിരായി ശ്രമിച്ച യൂയാക്കീം കൂറിലോസിനോടു വളരെ സൗഹാർദ്ദമായി വർത്തിച്ചതു അദ്ദേഹത്തിന്റെ സന്മനസ്സിനും തന്ത്രജ്ഞതയ്ക്കും നല്ല തെളിവാണ്.

**സ്താത്തിക്കോൻ**

ജോസഫ് ദീവന്നാസ്യോസിനു കിട്ടിയ സ്താത്തിക്കോനിൽ പറയുന്നു: "... സ്വർഗ്ഗരാജ്യത്തിന്റെ അവകാശികളും ദൈവീക രഹസ്യങ്ങളെ അറിയുന്നവരും ശുദ്ധീകരിക്കപ്പെട്ട ജനവും അനുഗ്രഹിക്കപ്പെട്ട കൂട്ടവും തിരഞ്ഞെടുക്കപ്പെട്ട ഗോത്രവും ആയി ആദ്യമെ പള്ളിചട്ട (പ്രകാരം) അഹറോന്നടുത്ത പ്രകാശിക്കപ്പെട്ട പട്ടക്കാറരും സ്തേപ്പാനോസ്സിനടുത്ത വെടിപ്പുള്ള ശെമ്മാശന്മാരും സ്വാതന്ത്ര്യമുള്ള (എന്നതു അധികാരമുള്ള) എപ്പിത്രോപ്പെന്മാരും വിഗാരിമാരും തലവന്മാരും പ്രധാനികളും നിറവുള്ള ജ്ഞാനികളും വലിയ കച്ചവടക്കാരും വിശ്വാസമുള്ള പ്രഭുക്കന്മാരും വേല ചെയ്യുന്നവരും ബഹുമാനമുള്ള വൃദ്ധന്മാരും കൗതുകമുള്ള വാലിഭക്കാറരും പൈതങ്ങളും ശിശുക്കളും സ്ത്രീകളും പുത്രിമാരും കന്യകമാരും വലിയവരും ചെറിയവരുമായി ആർത്താറ്റുപള്ളി, കുന്നംകുളങ്ങരെ പള്ളി, ചെറളയത്തു പള്ളി, പഴഞ്ഞിപ്പള്ളി, ചാലിശ്ശേരി പള്ളി, ശ്രായിപള്ളി, നടമേൽ പള്ളി, കരിങ്ങാശ്ര പള്ളി, മുളന്തുരുത്തി പള്ളി, രാമങ്ങലത്തു പള്ളി, കൊച്ചി പള്ളി, കോട്ടയത്തു വലിയപള്ളി, കോട്ടയത്തു ചെറിയപള്ളി, പുതുപ്പള്ളിപ്പള്ളി, നീലംപേരൂർ പള്ളി, കോലഞ്ചേരിപ്പള്ളി, കുറിച്ചി പള്ളി, വാകത്താനത്തു പള്ളി, കല്ലുംകത്ര പള്ളി, കോതമംഗലത്തു പള്ളി, കുറുപ്പുംപടി പള്ളി, കടമറ്റത്തു പള്ളി, കുന്നക്കുരുടി പള്ളി, റാക്കാട്ടു

പള്ളി, മാമ്മലശ്ശേരി പള്ളി, കണ്ടനാട്ടു പള്ളി, അങ്കമാലി പള്ളി, പള്ളിക്കര പള്ളി, പാമ്പാക്കുട പള്ളി, കോട്ടയത്തു സിമ്മനാരി (മുതലായ) മാർത്തോമ്മാ ശ്ലീഹായുടെ ഇടവകയായ ഇന്ത്യാ രാജ്യത്തിൽ വസിച്ചു പാർക്കുന്നവർ എല്ലാവരും ആയ ..." (ആർത്താറ്റ്പള്ളി ചരിത്രം, പുറം 83, 84).

നിരണം, മണർകാട് മുതലായ വളരെ അധികം പള്ളികളുടെ പേര് സ്താത്തിക്കോനിൽ ചേർത്തിരുന്നില്ലെങ്കിലും, മലങ്കരയെ ഒട്ടാകെ ഉൾപ്പെടുത്തിയിരുന്നു എന്ന് മുകളിൽ ഉദ്ധരിച്ചിട്ടുള്ളതിൽ നിന്ന് വ്യക്തമാകുന്നു. അങ്ങിനെ മലങ്കരയ്ക്ക് അധികാരമുള്ള മെത്രാനായി, പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് 1040 ചിങ്ങം 23-ാം തീയതി കൊച്ചിയിൽ എത്തി. തന്നെ മലങ്കരമെത്രാനായി പാത്രിയർക്കീസ് നിയമിച്ചു എന്നു വാദിച്ചു വളരെ വർഷങ്ങൾ കേസുകൾക്ക് പുറകെ കേസുകൾ നടത്തിയ യൂയാക്കീം കൂറിലോസ് ജീവനോടെ ഇരിക്കവെയാണ്, മലങ്കരയ്ക്ക് അധികാരിയായി ദീവന്നാസ്യോസിനെ പാത്രിയർക്കീസ് വാഴിക്കുകയും സ്താത്തിക്കോൻ കൊടുക്കുകയും ചെയ്തത്. ആ അധികാരപത്രത്തിൽ യൂയാക്കീം കൂറിലോസിനെപ്പറ്റി ഒരക്ഷരം പോലും ഉണ്ടായിരുന്നില്ല. ഭരണഘടനാപരമായ സംഗതികൾക്ക്, പാത്രിയർക്കീസ് കൊടുത്തിരുന്ന സ്ഥാനം എന്താണെന്ന് ഇവ വ്യക്തമാക്കുന്നുണ്ടല്ലോ!

### വിഫലശ്രമങ്ങൾ

മെത്രാനായി മലങ്കര എത്തിയ ജോസഫ് ദീവന്നാസ്യോസ് അടർക്കളത്തിൽ അതിവേഗം പ്രവേശിച്ചു എന്നു പറഞ്ഞാൽ ശരിയാവില്ല. അടർ നടന്നുകൊണ്ടിരിക്കുന്ന കളത്തിന്റെ നടുവിലാണ് വന്നിറങ്ങിയപ്പോൾ അദ്ദേഹം കാൽ ചവിട്ടിയത് എന്നതാണ് പരമാർത്ഥം. ജോസഫ് ദീവന്നാസ്യോസിനെ സ്വീകരിക്കുന്നതിന് വടക്കൻ പ്രദേശത്തെ പള്ളിക്കാരിൽ ഭൂരിപക്ഷവും തയ്യാറായിരുന്നതുകൊണ്ട് "ഭരിക്കാൻ" ഇടം കിട്ടി. ഭരണീയരുടെ കാരുണ്യം കൊണ്ട് ഭരിക്കുക എന്നു വന്നാൽ ഭരണം നടത്തുന്ന ആളിന് അതു എത്ര കണ്ട് തൃപ്തി ആയിരിക്കും? അങ്ങിനെ ചില പള്ളികൾ ഭരിക്കുകയും അതേ സമയം തന്നെ മാത്യൂസ് അത്താനാസ്യോസിനെ നീക്കം ചെയ്ത് ആ സ്ഥാനം കൈവശപ്പെടുത്താൻ തുടർച്ചയായി ശ്രമിക്കുകയും ചെയ്ക എന്ന നയമാണ് അദ്ദേഹം സ്വീകരിച്ചത്. ദീവന്നാസ്യോസിന്റെ ആ വക ശ്രമങ്ങളെപ്പറ്റി സവിസ്തരം പ്രതിപാദിക്കുക സാധ്യമല്ല. അദ്ദേഹത്തിന്റെ സെക്രട്ടറിയും വ്യവഹാരകാര്യസ്ഥനും മറ്റും ആയിരുന്ന ഇ. എം. പീലിപ്പോസിന്റെ ചരിത്രത്തിൽ നിന്ന് അല്പം ഉദ്ധരിക്കാം: "ദീവന്നാസ്യോസ് അഞ്ചാമൻ തിരിച്ചെത്തിയിട്ട് ആദ്യമായി ചെയ്തത് അത്താനാസ്യോസിന് അനുകൂലിച്ചുണ്ടായിട്ടുള്ള രാജകീയ

വിളംബരവും സർക്കുലർ ഉത്തരവും അസ്ഥിരപ്പെടുത്തി കിട്ടണമെന്ന് ദിവാന്റെ പേർക്ക് ഒരപേക്ഷ അയയ്ക്കുക ആയിരുന്നു. ഇതിനു ദിവാൻ കൊടുത്ത മറുപടി റസിഡന്റിന്റെ അടുക്കൽ എത്തി അദ്ദേഹത്തിന്റെ ശുപാർശയോടുകൂടെ അപേക്ഷിക്കണമെന്നായിരുന്നു. റസിഡണ്ട് മിഷനറിമാരുടെ സ്വാധീനത്തിൽ അത്താനാസ്യോസിന് ഒരു പ്രത്യക്ഷ കക്ഷി ആയിരുന്നതുകൊണ്ട് അദ്ദേഹത്തിന്റെ ആനുകൂല്യം കിട്ടുക അസാദ്ധ്യമായിരുന്നു. ഒടുവിൽ റസിഡന്റിന്റെ ആവശ്യപ്രകാരം ദിവാൻ മെത്രാപ്പോലീത്തായോട് "കോടതി കയറുവാൻ" ആജ്ഞാപിക്കുകയും "ഒരു പള്ളിയുടെ കാര്യത്തിൽ എന്തെങ്കിലും ഒരു തീർച്ചയുണ്ടായാൽ ആ തീർച്ചയിൽ അന്തർഭവിച്ചിരിക്കുന്ന തത്വമനുസരിച്ച് മറ്റു പള്ളിയുടെ കാര്യവും നിശ്ചയിക്കാമല്ലൊ" എന്ന് അഭിപ്രായപ്പെടുകയും ചെയ്തു (ദിവാന്റെ 4-7-1866 ലെ 2530-ാം നമ്പർ കത്ത്) ഈ തീർച്ചയിന്മേൽ മദ്രാസ് ഗവൺമെന്റിൽ അപ്പീൽ ബോധിപ്പിച്ചതിൽ അവിടെ ദിവാന്റെ തീർച്ചയെ ശരിവയ്ക്കുകയാണുണ്ടായത് (1869-ലെ 408-ാം നമ്പർ ഹർജിക്ക് മാർച്ച് 3-ാം തീയതി ഉണ്ടായ ഇണ്ടാസ്). അതിനാൽ 'ഒരു പള്ളിയുടെ കാര്യത്തിൽ' കേസുകൊടുത്തു നോക്കി. എന്നാൽ ആ കേസിൽ തിരുവിതാംകൂർ ഹൈക്കോടതിയുടെ തീർച്ച ഇപ്രകാരമായിരുന്നു: "ഒരു മെത്രാപ്പോലീത്താ ആണെന്നു വാദിക്കുന്ന ആളിനെ സർക്കാർ ആ നിലയിൽ അംഗീകരിക്കാതെ കോടതികൾക്ക് അംഗീകരിക്കാൻ പാടില്ല. അത്താനാസ്യോസിന്റെ എതിരാളിയുടെ നിയമനത്തിന് തിരുവിതാംകൂർ സർക്കാരിന്റെ അനുവാദവും അംഗീകാരവും സിദ്ധിക്കുന്നതുവരെ അദ്ദേഹം (അത്താനാസ്യോസ്) നിയമപ്രകാരവും യഥാർത്ഥത്തിലും മെത്രാപ്പോലീത്താ ആണെന്നുള്ള തത്വമനുസരിച്ചായിരിക്കണം ഞങ്ങൾ പ്രവർത്തിക്കേണ്ടത്."

(എ. എസ്. 154/1044-ൽ തിരുവിതാംകൂർ ഹൈക്കോടതിയുടെ 1873 ആവണി 14-ലെ ജഡ്ജ്മെന്റ്) (ഇ. എം. ഫീലിപ്പോസ്, പുറം 228, 229).

ഇ. എം. പീലിപ്പോസ് ആധാരമായി കാണിച്ചിട്ടുള്ള രേഖകൾ കാണാൻ കഴിഞ്ഞില്ല. എന്നാൽ സെമിനാരിക്കേസിൽ TTT പ്രമാണമായി ഹാജരാക്കിയ തിരുവിതാംകൂർ സിവിൽക്കോടതിയിൽ 1049-ൽ എം.എസ് 350-ലെ ജഡ്ജ്മെന്റിൽ ഈവിധം കണ്ടു: " ദീവന്നാസ്യോസിനെ ശരിയായ മെത്രാനായി പാത്രിയർക്കീസ് ഇപ്പോൾ അംഗീകരിച്ചിട്ടുള്ളതിനാൽ അത്താനാസ്യോസിനെ കൈയേറ്റക്കാരനായും അദ്ദേഹത്തിന്റെ ഔദ്യോഗിക നടപടികൾ അസാധുവായും ഗണിക്കണമെന്ന് ഒരു വാദം കൊണ്ടുവരാൻ ഇവിടെ ശ്രമം ഉണ്ടായി. എന്നാൽ അത്താനാസ്യോസിനെ ഇപ്പോഴും സാധുവായ മെത്രാപ്പോലീത്താ ആയി തിരുവിതാംകൂർ ഗവൺമെന്റ് അംഗീകരിച്ചു വരുന്നതിനാൽ ഈ പ്രശ്നം പരിഗണിക്കുന്നതിന്

ഞങ്ങൾക്ക് അധികാരമില്ല (സെമിനാരി കേസ് ബുക്ക്, ഭാഗം 1, പുറം 206). രണ്ടാം ജഡ്ജി ഡബ്ല്യു. ഇ. ഓംസ്ബിയും നാലാം ജഡ്ജി റ്റി. കൃഷ്ണയ്യരും ചേർന്ന് 1050 അല്പശി 28-ാം തീയതി എഴുതിയ ജഡ്ജ്മെന്റിലാണിങ്ങനെ പറഞ്ഞിട്ടുള്ളത്.

## പ്രാരാബ്ധങ്ങളും കഠിനയത്നങ്ങളും

ദീവന്നാസ്യോസിന്റെ ബഹുമുഖങ്ങളായ ഭഗീരഥപ്രയത്നങ്ങളെപ്പറ്റി പ്രതിപാദിക്കാൻ ശ്രമിച്ചതിൽ ശരിയായ ഒരു അടുക്കനുസരിച്ച് അതു കൊണ്ടുപോകാൻ പണിയായിട്ടാണ് കാണുന്നത്. കാലഗണനയ്ക്കു വേണ്ടത്ര പ്രാധാന്യം കൊടുക്കാൻ പ്രയാസം ഉണ്ടാകുന്നു. പ്രധാന കേസുകളുടെ കാര്യമെങ്കിലും ശരിക്കു പരിഗണിക്കണമെന്നുണ്ട്. സാധിക്കാൻ പണിയാണ്. പള്ളിക്കരപള്ളി സംബന്ധമായ ഒരു വ്യവഹാരത്തിൽ ദീവന്നാസ്യോസ് വിജയിക്കുകയും മാത്യൂസ് അത്താനാസ്യോസിനു തോൽവി സംഭവിക്കുകയും ചെയ്തു. ആ തോൽവി അദ്ദേഹത്തിന്റെ അവരോഹണത്തിന്റെ ആരംഭത്തെ കുറിക്കുന്നതായി ഗണിക്കപ്പെട്ടിട്ടുണ്ട്. ആ കേസിലേയ്ക്കു കടക്കണമെന്നു വിചാരിക്കുന്നില്ല. വ്യവഹാരം പലപ്പോഴും സൃഷ്ടിപരമായ ക്രിയ ആയിരിക്കാം. എങ്കിലും അതിനെ സംഹാരത്തോടു ബന്ധിച്ചു ചിന്തിക്കാറുണ്ട്. ജോസഫ് ദീവന്നാസ്യോസ് വ്യവഹാരങ്ങളെ സൃഷ്ടിപരമായ ആയുധങ്ങളായി ഉപയോഗിച്ചതുകൊണ്ട് അവയ്ക്കു പ്രാധാന്യം കല്പിക്കുന്നു.

## പത്രപ്രവർത്തനം

മെത്രാൻപദം പ്രാപിച്ചു മടങ്ങി എത്തി പ്രാരാബ്ധങ്ങളിൽ മുഴുകിയിരുന്ന കാലത്തു തന്നെ ദീവന്നാസ്യോസ് ഒരു വർത്തമാനപത്രം ആരംഭിച്ചു. പൊതുജനാഭിപ്രായം രൂപവൽക്കരിക്കുന്നതിനു പത്രങ്ങൾക്കുള്ള ശക്തി ആ മതിമാൻ അന്നേ കണ്ടു! അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ എം. പി. വർക്കി പറയുന്നു: "... ഇങ്ങനെ ന്യായമായ അവകാശത്തെ സ്ഥാപിക്കാനായി നമ്മുടെ കഥാനായകൻ അങ്ങുമിങ്ങും നടന്നുകൊണ്ടിരുന്നു എങ്കിലും ഇതിനിടയ്ക്കു പ്രയോജനകരങ്ങളായ വേറെ ചില ഏർപ്പാടുകൾ ചെയ്യാതിരുന്നില്ല. 1045-ൽ സെന്തോമസ് എന്നു പേരായി ഒരു അച്ചുകൂടം തനതുവകയായി കൊച്ചിയിൽ സ്ഥാപിക്കുകയും അതിൽ നിന്ന് സുറിയാനിക്കാർക്ക് ആവശ്യമുള്ള മതവിഷയ പ്രതിപാദകങ്ങളായ പുസ്തകങ്ങൾ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുകയും ചെയ്തു എന്നു മാത്രമല്ല "കേരളപതാക" എന്ന പേരിൽ ഒരു വൃത്താന്തപത്രവും നടത്തി വന്നു (ജോസഫ് ദീവന്നാസ്യോസ്, pp. 113, 114). ഇത് അധികകാലം നടന്നു എന്നു തോന്നുന്നില്ല.

പ്രാരാബ്ധങ്ങൾ തീർന്നിട്ട് പത്രം നടത്തുന്നതിനല്ല, അവയ്ക്കു പരിഹാരം തേടുന്നതിനു പത്രം ആരംഭിക്കുകയാണ് അദ്ദേഹം ചെയ്തത്. അല്പം ആശ്വാസം ലഭിച്ച ക്ഷണത്തിൽ 1067-ൽ പഴയസെമിനാരിയിൽ ഉണ്ടായിരുന്ന മാർത്തോമാപ്രസ്സിൽ നിന്ന് "ഇടവകപത്രിക" എന്ന സമുദായ മാസിക ആരംഭിച്ചു. വിജയപ്രദമായ പ്രചരണ പ്രവർത്തനങ്ങൾ ആ മാസിക വഴി കുറെ കാലം നടക്കുകയും ചെയ്തു.

## പരുമല പുണ്യക്ഷേത്രവും പുണ്യവാളനും

കഠിന യാതനകൾക്കു ഇടയിൽ ചെയ്ത വേറൊരു ശ്രമത്തിന്റെ ഫലമാണ്, ഇന്ന് അത്യുന്നത സ്ഥാനമുള്ള തീർത്ഥാടനകേന്ദ്രമായി പരിലസിക്കുന്ന പരുമലയിലെ പുണ്യക്ഷേത്രം. ആ ക്ഷേത്രത്തിന്റെ ആരംഭത്തെപ്പറ്റി പറയുന്നിടത്തു കാലഗണന അവഗണിച്ച് അതിനു ആസ്ഥാനം നൽകിയ പരുമല പണ്യവാളനെപ്പറ്റി അല്പം എഴുതുകയാണ്. ജോസഫ് ദീവന്നാസ്യോസിന്റെ ജീവചരിത്രകാരൻ പറയുന്നു: "പിന്നീട് ശ്രമിച്ചത് തെക്കെ ദിക്കിൽ ഒരു പൊതുസ്ഥലം ഉണ്ടാക്കുന്നതിനായിരുന്നു. ... സ്വാധീനത്തിലായിരുന്ന മാവേലിക്കര പുത്തൻപള്ളിയോടു ചേർത്ത് ഒരു കെട്ടിടം പണിയിച്ചു എങ്കിലും അതു പൊതുവകയ്ക്കു വിട്ടുകൊടുക്കുന്നതിനു ആ പള്ളിക്കാർ മടികാണിച്ചതിനാൽ ഒടുവിൽ ഉപേക്ഷിക്കേണ്ടി വന്നു. ഉടനെ പരുമല സിമ്മനാരി സ്ഥാപിക്കാനുള്ള ആലോചനയായി. ... സ്ഥലം വാങ്ങുന്നതിനാണ് ആലോചന നടത്തിയത് എങ്കിലും ഉദാരബുദ്ധിയായ അതിന്റെ ഉടമസ്ഥൻ അരികുപുറത്തു മാത്തൻ എന്ന ആൾ ദാനമായി കൊടുത്തു. ... 1047-ൽ ഈ സ്ഥലത്തു ഒരു ചെറിയ കെട്ടിടം പണിയിച്ച് അതിൽ താമസിക്കാൻ തുടങ്ങി. തെക്കെ ദിക്കിലുള്ള ശെമ്മാശന്മാരെ വരുത്തി ചുരുങ്ങിയ മട്ടിൽ ഒരു സുറിയാനി പഠിത്തം ആരംഭിച്ചു. ... പരുമലയിരുന്നു പഠിപ്പു നടത്തുന്നതിനും മറ്റു പല വിധത്തിൽ തന്നെ സഹായിക്കുന്നതിനുമായി 1047 മീനമാസത്തിൽ ചാത്തുരുത്തി ഗീവറുഗ്ഗീസ് കത്തനാരെ റമ്പാനാക്കുകയും ചെയ്തു" (ജോസഫ് ദീവന്നാസ്യോസ്, പുറം 113-115).

അലങ്കാരലേശമില്ലാത്ത ഈ പ്രസ്താവന സൂചിപ്പിക്കുന്ന സംഭവം, അന്ന് അധികമാരുടെയും ശ്രദ്ധയിൽപ്പെട്ടു എന്നു തന്നെ വിചാരിക്കാനില്ല. 24 വയസ്സു മാത്രം പ്രായമുള്ള ഒരു യുവാവിനെ നിത്യ ബ്രഹ്മചാരി വ്രതത്തിലേയ്ക്കു നിയോഗിച്ച ജോസഫ് ദീവന്നാസ്യോസ് മലങ്കരസഭയിലെ ഏക പുണ്യവാളനെന്ന പ്രശസ്തി സമ്പാദിക്കാനുള്ള ആളിനെ അദ്ദേഹത്തിന്റെ പ്രവർത്തനരംഗത്തേയ്ക്കു ആനയിക്കുകയാണ് താൻ എന്നു സംശയിക്കുകപോലും ചെയ്തിരിക്കില്ല. ലക്ഷോപലക്ഷം തീർത്ഥാടകരെ ആകർഷിച്ചു തൃപ്തിപ്പെടുത്താൻ പോകുന്ന ഒരു കേന്ദ്രമാണ് നിർമ്മിക്കുന്നതെന്ന് കൊള്ളക്കാരും കൊലപാതകികളുമായ പറയരു

ടെയും യക്ഷികിന്നരന്മാരുടെയും വിഹാരരംഗം എന്നു കുപ്രസിദ്ധി സമ്പാദിച്ച പരുമല ദ്വീപിൽ, "അഴിപ്പുര" പണിയിച്ചപ്പോൾ അദ്ദേഹം ഓർത്തിരിക്കുകയില്ല. ആ ചെറ്റപ്പുര, മലങ്കരസഭാഭരണത്തിന്റെ ചുക്കാൻ പിടിക്കുന്ന മലങ്കരമെത്രാൻ സ്ഥാനികൾക്ക് മനഃസമാധാനം വീണ്ടെടുക്കുന്നതിനും ഉദ്ബോധനത്തിനും ഉള്ള ഉറവിടമൊ ആശ്രയസങ്കേതമൊ ആയി ഭവിക്കുമെന്നും ആ സമർത്ഥൻ ഓർത്തിരിക്കുകയില്ല. കാളികൂളന്മാരുടെ ആസ്ഥാനമായി എണ്ണപ്പെട്ടിരുന്ന പരുമല, മലങ്കരയ്ക്ക് എന്നും ഒരു അക്ഷയപാത്രവും, അന്തവും, അഴിവും ഇല്ലാത്ത ഭണ്ഡാരവും ആയി ഭവിക്കുമെന്നും അദ്ദേഹം ഓർത്തിരിക്കുകയില്ല. ജോസഫ് ദീവന്നാസ്യോസ് നിത്യബ്രഹ്മചാരിപദത്തിലേയ്ക്കു ആനയിച്ച ആ യുവാവിനോടു സർവ്വാധികാരങ്ങളും സമ്മതിച്ചുകൊണ്ടുള്ള രജിസ്റ്റർ ഉടമ്പടി പത്രോസ് തൃതീയൻ ആവശ്യപ്പെട്ടു. പിതാവിന്റെ ആജ്ഞ ചാത്തുരുത്തി ഗീവറുഗീസ് റമ്പാൻ അനുസരിച്ചു. മെത്രാൻപദത്തിൽ പ്രവേശിച്ചശേഷം പിതാവിനെപ്പോലെ ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്ത ജോസഫ് ദീവന്നാസ്യോസിന്റെ വിശ്വസ്ത സഹ്രഗനായി ആത്മാർത്ഥതയോടെ സഭയെ സേവിച്ചു. പരിശുദ്ധമായ ജീവിതം നയിച്ചു എങ്കിലും, കോടതി കേറിയിട്ടും മലങ്കരസഭയെ ത്രാണനം ചെയ്യുന്നതിന് കടപ്പെട്ടവനാണെന്ന് പരുമല മാർ ഗ്രീഗോറിയോസ് വിശ്വസിച്ചിരുന്നു എന്ന് സെമിനാരിക്കേസിൽ കൊടുത്ത മൊഴിയിൽ നമുക്കു കാണാം. 1059 തുലാം 4-ാം തീയതിയിലെ മൊഴിയിൽ നിന്ന് അല്പം താഴെ ചേർക്കുന്നു:

"എന്നെ വാഴിക്കുന്നതിന് മുമ്പ് നിരണം ഇടവകയ്ക്കു തനിച്ചൊരു മെത്രാൻ ഉണ്ടായിരുന്നതായി അറിവില്ല. മലയാളത്തിന് ആകമാനം ഒരു മെത്രാനാണുണ്ടായിരുന്നത്. മലങ്കരയ്ക്കെല്ലാം അധികാരമുള്ള ആ മെത്രാന്റെ കീഴിലാണ് എന്നെ വാഴിച്ചത്. മലങ്കരയെ നിരണം ഉൾപ്പെടെ ഏഴ് ഇടവകകളായി വിഭജിച്ചു. ആ ഏഴ് ഇടവകകളും അന്നും ഇന്നും മലങ്കരയിൽ ആകമാനം അധികാരമുള്ള മെത്രാന്റെ കീഴിലാണ്. ഞാൻ ഒരു മെത്രാപ്പോലീത്താ ആണ്. എപ്പിസ്ക്കോപ്പാ അല്ല. മലങ്കരയിൽ എല്ലായിടത്തും അധികാരമുള്ള മെത്രാൻ എന്നു ഞാൻ പറഞ്ഞത് ദീവന്നാസ്യോസ് (വാദി) ആണ്. ഞങ്ങളെ വാഴിച്ചശേഷം ഞങ്ങളുടെ മേൽ അധികാരം നൽകുന്നതായി അദ്ദേഹത്തിന് സ്താത്തിക്കോൻ കൊടുത്തില്ല. അദ്ദേഹം അസ്സോസിയേഷൻ കമ്മറ്റി പ്രസിഡണ്ട് ആയതുകൊണ്ടും മുമ്പുകൊടുത്ത സ്താത്തിക്കോൻ ഉള്ളതുകൊണ്ടും ആണ് ഞാൻ വാദിയുടെ കീഴിൽ ആണെന്നു പറഞ്ഞതു. എന്നെ വാഴിക്കുന്നതിനു മുമ്പാണ് അദ്ദേഹത്തെ കമ്മറ്റി പ്രസിഡണ്ടാക്കിയതു. ... ചോദ്യം: അവിടുന്നും മറ്റു മെത്രാന്മാരും ഇടവകകളിൽ അധികാരം നടത്തുന്നു എന്നു പറഞ്ഞുവല്ലൊ. ആ രീതിയിൽ വാദി ഏതെങ്കിലും ഇടവക ഭരിക്കുന്നുണ്ടൊ അതൊ കീഴിലുള്ളവർക്കു ആജ്ഞ നൽകി കാര്യങ്ങൾ നടത്തിക്കുക

യാണൊ. ഉത്തരം: എല്ലാ ഇടവകകളിലും പൊതുപ്പെട്ട കാര്യങ്ങൾ വാദി മേലാവ് എന്ന നിലയിൽ ലഭിച്ചിട്ടുള്ള അധികാരം ഉപയോഗിച്ചു നടത്തിക്കുന്നു. ...” (Seminary Case Book, Part1, p. 435, 436).

അന്ത്യോഖ്യായുടെ അധികാരം സ്ഥാപിക്കുന്നതിനും നിലനിർത്തുന്നതിനും നടത്തുന്നതിനും വേണ്ടി മലങ്കരയെ ഏഴായി കഷണിച്ച്, തന്റെ കിങ്കരന്മാരായി കഴിയുമെന്നുള്ള ഉദ്ദേശത്തിൽ പത്രോസ് തൃതീയൻ നിയോഗിച്ചവർ, ജോസഫ് ദീവന്നാസ്യോസിന്റെ പക്ഷത്തായി എന്നതിന് ഏറ്റം പറ്റിയതും ഉത്തമവും ആയ തെളിവാണ് പരുമല ഗ്രീഗോറിയോസ്. പരിശുദ്ധനായ അദ്ദേഹം തെറ്റുചെയ്തു എന്നൊ, തെറ്റാണെന്നു കാണുന്ന പ്രവൃത്തി ചെയ്‌വാൻ അദ്ദേഹം പുറപ്പെടുമെന്നൊ ആരും പറയുകയില്ല. പാത്രിയർക്കീസിന്റെ ഉദ്ദേശ്യമെന്തായിരുന്നു എങ്കിലും, മെത്രാന്മാരുടെ ധർമ്മം മലങ്കരയെ സേവിക്കുകയാണെന്ന് ഗ്രീഗോറിയോസിനെ, ദീവന്നാസ്യോസ് ബോദ്ധ്യപ്പെടുത്തി – മറ്റുള്ളവരെയും. പത്രോസ് തൃതീയന്റെ ഭിന്നിപ്പിച്ചു ഭരിക്കുക എന്നുള്ള ലക്ഷ്യം തെറ്റുകയും ചെയ്തു. പരുമല പുണ്യവാളൻ തന്റെ മൊഴിയിൽ വ്യക്തമായി പറഞ്ഞിട്ടില്ല എങ്കിലും, ഒരു മെത്രാൻ ഭരിച്ചുവന്ന മലങ്കരയെ ഏഴായി കഷണിച്ച് ഓരോ കഷണവും സ്വതന്ത്രനായ ഒരു മെത്രാനെ പത്രോസ് തൃതീയൻ ഏല്പിച്ചതു മലങ്കരയെ വിഭജിച്ച് ശക്തിഹീന ആക്കണം എന്ന് ഉദ്ദേശിച്ചാണ് എന്ന് സൂചിപ്പിച്ചിട്ടുണ്ട്. ജോസഫ് ദീവന്നാസ്യോസ് മറ്റു മെത്രാന്മാരെയും അടുപ്പിച്ചു നിർത്തി, യോജിച്ചു കഴിയുന്നതിനു പറ്റിയ നയം സ്വീകരിച്ചതു കൊണ്ട് പാത്രിയർക്കീസിന്റെ ഉദ്ദേശ്യം സാധിച്ചില്ല. അതു ഉത്തമമായ നയം ആയിരിക്കുന്നു എന്നാണ് തന്റെ അഭിപ്രായം എന്ന് പരുമല ഗ്രീഗോറിയോസിന്റെ മൊഴി സ്പഷ്ടമാക്കുന്നുണ്ട്. അദ്ദേഹം പരിശുദ്ധനായിരുന്നു. ജാത്യാഭിമാനിയും ആയിരുന്നു. അതുകൊണ്ട് അതിൽ കൂടുതൽ പ്രതീക്ഷിച്ചുകൂടല്ലൊ.

ആത്മീയമേഖലയിലും, സഭാഭരണകാര്യങ്ങളിലും ഒന്നുപോലെ ശോഭിച്ച, മലങ്കരസഭയ്ക്ക് കെടാവിളക്കായും, സഭയെ നടത്തുന്ന നക്ഷത്രമായും പ്രശോഭിക്കുന്ന ഗ്രീഗോറിയോസിനെ കണ്ടുപിടിച്ച് അദ്ദേഹത്തിൽ നിന്ന് സഭയ്ക്കു പ്രയോജനം വരത്തക്ക സ്ഥാനത്തു നിയോഗിച്ചത് ജോസഫ് ദീവന്നാസ്യോസിന്റെ ദീർഘദൃഷ്ടിക്കും കൂർമ്മബുദ്ധിക്കും ഭാഗ്യത്തിനും നല്ല തെളിവാണ്. ശിഷ്യനും യുവാവും ആണെങ്കിലും ഗ്രീഗോറിയോസിന്റെ പ്രാർത്ഥനയിൽ ആശ്രയിക്കുന്നതിന് അദ്ദേഹത്തിന് മടിയൊ സംശയമോ ഇല്ലായിരുന്നു. തന്റെ പ്രവർത്തനങ്ങളുടെ വിജയത്തിനു “കൊച്ചുമെത്രാച്ചന്റെ” പ്രാർത്ഥന വളരെ സഹായിച്ചിട്ടുണ്ട്, തുടർന്നും പ്രാർത്ഥിക്കണം എന്ന് ഗ്രീഗോറിയോസിനോട് ദീവന്നാസ്യോസ് തുറന്നു പറയാറുമുണ്ടായിരുന്നു.

മലങ്കര ജനങ്ങളുടെ ആരാധനാപാത്രമായിരുന്ന ഗ്രീഗോറിയോസ് 1078 തുലാം 17-ാം തീയതി അമ്പത്തിഅഞ്ചാം വയസ്സിൽ ചരമം പ്രാപിച്ചു. അദ്ദേഹത്തിന്റെ പ്രവർത്തനകേന്ദ്രമായിരുന്ന ഓണംകേറാമൂലയിലെ പരുമല സെമിനാരിയിൽ കബറടക്കപ്പെട്ടു. അതോടുകൂടെ മലങ്കരയ്ക്ക് ഒരു തീർത്ഥാടനകേന്ദ്രം - പുണ്യക്ഷേത്രം - ലഭ്യമാകുകയും ചെയ്തു. ഗ്രീഗോറിയോസിനു ശോഭിക്കുന്നതിനും അദ്ദേഹത്തിന്റെ പ്രഭ മലങ്കര നസ്രാണികൾക്കു പ്രയോജനപ്പെടുന്നതിനും ജോസഫ് ദീവന്നാസ്യോസ് ആണ് കാരണക്കാരൻ. അദ്ദേഹത്തിന്റെ പ്രാരാബ്ധക്കാലത്തെ പ്രവർത്തനത്തിന്റെ ഫലമായിരുന്നു അത്. അതുകൊണ്ടാണ് കാലഗണന അവഗണിച്ച് ഗ്രീഗോറിയോസിനെപ്പറ്റി ഇവിടെ ഇത്രയും എഴുതിയത്. ഗ്രീഗോറിയോസിന്റെ അകാലനിര്യാണം ദീവന്നാസ്യോസിനു ഒരു ആഘാതമായിരുന്നു. അത് അദ്ദേഹം തുറന്നു പറഞ്ഞിട്ടുമുണ്ട്. ഇഹത്തിൽ നിന്നു വേർപെട്ട് സ്വർലോകം പ്രാപിച്ച സ്വശിഷ്യന്റെ മദ്ധ്യസ്ഥതയിൽ തനിക്ക് അഗാധമായ വിശ്വാസം ഉണ്ടെന്നും ആ മാർഗ്ഗത്തിലൂടെ അനുഗ്രഹങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നു എന്നും, അദ്ദേഹം വ്യക്തമാക്കുക അസാധാരണസംഭവം ഒന്നുമായിരുന്നില്ല.

## മറ്റ് 5 മെത്രാന്മാർ

പത്രോസ് തൃതീയൻ വിഭജിച്ചു ഭരിക്കുക എന്നുള്ള - ഭരണകർത്താക്കൾ പ്രാചീനകാലം മുതൽ തന്നെ സ്വീകരിക്കാറുള്ള - തത്വം അനുസരിച്ച് ഗ്രീഗോറിയോസിനെ കൂടാതെ, കാനോൻ നിയമങ്ങൾക്കു വിരുദ്ധമായി വാഴിച്ച അഞ്ചു മെത്രാന്മാരെ സംബന്ധിച്ചും ഇവിടെ ചുരുക്കമായി പ്രസ്താവിച്ച് കടന്നുപോകാമെന്നു വിചാരിക്കുന്നു.

(1) മുറിമറ്റത്തിൽ പൗലൂസ് ഈവാനിയോസ് ചിറളയം പള്ളിയിൽ വെച്ച് മെത്രാൻ പദത്തിലേയ്ക്ക് ഉയർത്തപ്പെട്ടു. കണ്ടനാട് ഭരിച്ചു. മലങ്കരയിലെ, ഒന്നാമത്തെ കാതോലിക്കാ ആയി 1088 കന്നി 2-ാം തീയതി സ്ഥാനം പ്രാപിക്കുന്നതിനുള്ള ഭാഗ്യവും, അതിനുവേണ്ട ത്യാഗബുദ്ധിയും ഉണ്ടായിരുന്ന അദ്ദേഹം, 1913 മെയ് 3-ാം തീയതി നിര്യാതനായി. പാമ്പാക്കുട ചെറിയപള്ളിയിൽ കബറടക്കപ്പെട്ടു.

(2) കടവിൽ പൗലൂസ് അത്താനാസ്യോസ്, പറവൂർ പള്ളിയിൽ വച്ച് മെത്രാൻ സ്ഥാനം പ്രാപിച്ചു. കോട്ടയം, അങ്കമാലി ഇടവകകൾ ഭരിച്ചു. ജോസഫ് ദീവന്നാസ്യോസുമായി ചില ഉരസലുകൾ ഉണ്ടായി. എങ്കിലും സമുദായ താല്പര്യ സംരക്ഷണാർത്ഥം വേണ്ട പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരുന്നു. 1087-ൽ ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ കബറടങ്ങി.

(3) അമ്പാട്ടു വടക്കൻ ഗീവറുഗീസ് കൂറിലോസ്, പറവൂർ പള്ളിയിൽ

വച്ച് മെത്രാൻ സ്ഥാനം പ്രാപിച്ചു. അങ്കമാലി ഇടവകയുടെ ആസ്ഥാനമായി ആലുവാ സെമിനാരി ഒരു ചെറിയ തോതിൽ ആരംഭിച്ചതു ഇദ്ദേഹമാണ്. 1068-ൽ മരിച്ചു. അങ്കമാലി പള്ളിയിൽ കബറടക്കി.

(4) കരോട്ടുവീട്ടിൽ ശീമോൻ ദീവന്നാസ്യോസ്. ചിറളയം പള്ളിയിൽ വച്ചു മെത്രാൻ സ്ഥാനം പ്രാപിച്ചു. 1061-ൽ മരിച്ചു. കടുങ്ങമംഗലം പള്ളിയിൽ കബറടക്കി. ഇദ്ദേഹത്തെ കൊച്ചി ഇടവക മെത്രാനായി പട്ടംകെട്ടി.

(5) കോനാട്ട് ഗീവറുഗീസ് യൂലിയോസ്. പറവൂർ പള്ളിയിൽ വച്ച് തുമ്പമൺ ഇടവകയ്ക്കു മെത്രാനായി വാഴിക്കപ്പെട്ടു. 1060-ൽ മരിച്ചു. പാമ്പാക്കുട പള്ളിയിൽ കബറടക്കി.

ശീമോൻ ദീവന്നാസ്യോസിനും ഗീവറുഗീസ് യൂലിയോസിനും ഭരണം കിട്ടിയില്ല. ഇടവകക്കാർ സ്വീകരിക്കാഞ്ഞതു കൊണ്ട് രണ്ടാൾക്കും ഭരണം കിട്ടിയില്ലാ എന്ന് ഗീവറുഗീസ് ദീവന്നാസ്യോസ് വട്ടിപ്പണക്കേസിൽ 1093 കർക്കടകം 3-ാം തീയതി മൊഴി കൊടുക്കുകയുണ്ടായി. "ശീമോൻ ദീവന്നാസ്യോസ് മരിച്ചിട്ട് ഇരുപത് ഇരുപത്തിയഞ്ച് കൊല്ലമായി. അദ്ദേഹം മെത്രാപ്പോലീത്താ ആയിട്ട് അഞ്ചുപത്തു വർഷം ജീവിച്ചിരുന്നിരിക്കണം. അദ്ദേഹം വളരെനാൾ കൊച്ചി ഇരുമീശോ പള്ളിയിൽ ആണ് താമസിച്ചിരുന്നത്. കൊച്ചി ഇടവകകാര്യത്തിൽ അദ്ദേഹത്തെ ഒരു പള്ളിക്കാരും വകവച്ചു കാര്യങ്ങൾ ഏർപ്പെടുത്തിയിരുന്നില്ല" എന്ന് എം. എ. ചാക്കോ 1092 ഇടവം 24-ാം തീയതി വട്ടിപ്പണക്കേസിൽ മൊഴികൊടുക്കുകയുണ്ടായി. ശീമോൻ ദീവന്നാസ്യോസ് കൊച്ചി ഇടവക ഭരിച്ചു എന്ന് അടുത്ത കാലത്തു ചില പത്ര പ്രസ്താവനകൾ കണ്ടതുകൊണ്ടാണ് ഇവിടെ ഇങ്ങിനെ ഊന്നിപ്പറയുന്നത്.

മുറിമറ്റത്തു ഈവാനിയോസ് കാതോലിക്കാസ്ഥാനം പ്രാപിച്ചതിനെ സംബന്ധിച്ച് യഥാസ്ഥാനത്തു ചർച്ച ചെയ്യുന്നത് ഒഴിച്ച് ഈ ആറു മെത്രാന്മാരെപ്പറ്റിയും ഇനി കാര്യമായ പ്രതിപാദനം ഉണ്ടായിരിക്കുന്നതല്ല. നമുക്ക് ജോസഫ് ദീവന്നാസ്യോസിന്റെ ചരിത്രത്തിലേയ്ക്കു മടങ്ങാം.

പരുമല ഗ്രീഗോറിയോസിനു ശോഭിക്കുന്നതിന് അവസരം നല്കുന്നതിനും ആ ശോഭ കണ്ട് മലങ്കരസമുദായത്തെ പ്രകാശിതമാക്കുന്നതിനും ദീവന്നാസ്യോസിനു കഴിഞ്ഞു - ഒരു മധ്യരാശിയുടെ നില സ്വീകരിക്കുന്നതിനുള്ള ഭാഗ്യം അദ്ദേഹത്തിനു സിദ്ധിച്ചു.

മലങ്കരയെ ''നവീകരണ''ത്തിൽ നിന്നു മോചിപ്പിക്കുന്നതിന് അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ സഹായസഹകരണങ്ങൾ ആവശ്യമാണെന്നു മനസ്സിലാക്കി ആ മതിമാൻ മടിയും മടുപ്പും ഉപേക്ഷിച്ച് അവ തേടി. ആമീദു വരെ അപകടപൂർണ്ണമായ യാത്ര ചെയ്തു മെത്രാൻ പദം

പ്രാപിച്ചു. പാത്രിയർക്കീസിന്റെ സാന്നിദ്ധ്യം മലങ്കരയിൽ ഇല്ലാതെ നവീകരണത്തെ ഉഴിഞ്ഞുമാറ്റാൻ പറ്റുന്നില്ലെന്നു കണ്ടപ്പോൾ പണത്തിനു വളരെ കഷ്ടപ്പെടുന്ന കാലമായിരുന്നിട്ടും യാത്രാചെലവിനു അഞ്ഞൂറു പവൻ അയച്ചുകൊടുത്ത് പത്രോസ് പാത്രിയർക്കീസിനെ ഇവിടേയ്ക്കു വരുത്തി (ജോസഫ് ദീവന്നാസ്യോസ്, പുറം 121). അന്നു അഞ്ഞൂറു പവന് ഇന്നത്തെ അയ്യായിരം അല്ല അതിൽ വളരെ അധികം പവന്റെ ഈടുണ്ടെന്നു ഓർക്കണം. പത്രോസ് തൃതീയൻ മടങ്ങിപ്പോയപ്പോൾ എന്ത്, എത്ര കൊടുത്തു എന്ന് നമുക്കു വിവരമില്ല. ഇവയെല്ലാം യാതനകൾക്കിടയിൽ നടന്നവയായതുകൊണ്ട് ഈ ഭാഗത്തു ചേർക്കുകയാണ്. "പാത്രിയർക്കീസിനുള്ളതു പാത്രിയർക്കീസിനും മലങ്കരനസ്രാണി സമുദായത്തിനുള്ളത് അവർക്കും കൊടുക്കണം എന്ന് അദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നതുകൊണ്ട് ലൗകികാധികാരത്തിനുള്ള വടംവലിയിൽ നിന്നു പിൻവാങ്ങിയില്ല എന്ന്, പത്രോസ് തൃതീയന്റെ വിചിത്രമായ ഒരു രേഖ (വട്ടിപ്പണക്കേസിലെ ജെ. എൻ. അക്കം) "കല്പന" തെളിയിക്കുന്നുണ്ട്. ആ രേഖ പിന്നാലെ വരുന്നുണ്ട്. "അത്രയും മതി, കൂടുതൽ അടുക്കേണ്ട" എന്നു പറയുന്ന തരത്തിൽ റോയൽകോർട്ട് ജഡ്ജുമെന്റിൽ എഴുതിയത് ജോസഫ് ദീവന്നാസ്യോസിന്റെ ഗുരുത്വം കൊണ്ടോ, മലങ്കര നസ്രാണിയുടെ ഭാഗ്യം കൊണ്ടോ എന്നു തീരുമാനിക്കേണ്ടതായിട്ടാണ്, ഹൈക്കോടതികളിലെ മൂന്നുനാലു ഫുൾബഞ്ച് വിധികളും, സുപ്രീംകോർട്ടിലെ ഒരു വിധിയും കഴിഞ്ഞിട്ട് ഇപ്പോഴും ഇരിക്കുന്നത്.

## പത്രോസ് തൃതീയന്റെ ആഗമനം

തന്റെ സ്ഥാനത്തിനു അംഗീകാരം ലഭിക്കുന്നതിനും അത്താനാസ്യോസിന്റെ അംഗീകാരം പിൻവലിക്കപ്പെടുന്നതിനും ദീവന്നാസ്യോസ് ശ്രമം നടത്തിക്കൊണ്ടിരിക്കുമ്പോഴാണ് മുപ്പതു വർഷക്കാലത്തെ വട്ടിപ്പണ പലിശയും കൊല്ലം പഞ്ചായത്തിന്റെ തീരുമാനപ്രകാരം നസ്രാണികളുടെ വീതമായി മാറ്റിവച്ച സംഖ്യയും കിട്ടണമെന്ന് അത്താനാസ്യോസ് അപേക്ഷിച്ചത്. ദീവന്നാസ്യോസിന്റെ രൂക്ഷമായ എതിർപ്പിനെപ്പറ്റി റസിഡന്റു ഒരു അന്വേഷണം നടത്തി സംഖ്യ അത്താനാസ്യോസിനു കൊടുക്കാൻ തീർപ്പു കല്പിച്ചു. അത്താനാസ്യോസ് പണം വാങ്ങുകയും ചെയ്തു. അത് ദീവന്നാസ്യോസിന് ഒരു നല്ല അടിയായി പരിണമിച്ചു. പാത്രിയർക്കീസിനെ തിരശ്ശീലയ്ക്കു പിമ്പിൽ നിറുത്തിക്കൊണ്ട്, അദ്ദേഹത്തിൽ നിന്ന് ലഭിച്ച സ്ഥാനത്തിന്റെയും സ്താത്തിക്കോന്റെയും ബലത്തിന്മേൽ കാര്യം കാണാമെന്ന് കുശാഗ്രബുദ്ധിയായ ദീവന്നാസ്യോസ് നിശ്ചയിച്ചത്, അതിനപ്പുറം കടന്നാൽ കുഴപ്പങ്ങൾ പലതും ഉണ്ടാകുമെന്ന് അറിയാമായിരുന്നതുകൊണ്ടായിരിക്കണം. കഴിവും സ്വാധീനവും അത്രയും പ്രയോഗിച്ചിട്ടും ഫലം കിട്ടാതെ വന്നപ്പോൾ, അറ്റകൈ ആയി പാത്രിയർക്കീസിനെ

കേരളത്തിലേയ്ക്കു ക്ഷണിക്കാൻ അദ്ദേഹം നിർബന്ധിതനായി. ആ വിധം ചെയ്തത്, മറ്റു ഗതി ഒന്നുമില്ലാത്തതുകൊണ്ടാണെന്ന് ഇ. എം. പീലിപ്പോസ് തന്നെ രേഖപ്പെടുത്തിയിട്ടുള്ളതു കാണുക: "എല്ലാ പ്രകാരത്തിലും ഭഗ്നാശനായ ദീവന്നാസ്യോസ് അഞ്ചാമൻ അവസാന കൈ ആയി തന്റെ പാത്രിയർക്കീസിന്റെ അടുക്കൽ സഹായം അഭ്യർത്ഥിച്ചു" (ഇ. എം. പീലിപ്പോസ്, പുറം 231–232). അന്നത്തെ അന്ത്യോഖ്യാ പാത്രിയർക്കീസ് പത്രോസ് തൃതീയൻ അനിതരസാധാരണമായ കഴിവും ദീർഘദൃഷ്ടിയും ഉള്ള ഒരു രാജ്യതന്ത്രജ്ഞനായിരുന്നു. 1665 മുതൽ മലങ്കരയെ കൈഅടക്കുന്നതിന് അന്ത്യോഖ്യൻ അധികാരികൾ ചെയ്തുവന്ന വിഫലശ്രമങ്ങളെപ്പറ്റി അറിവുണ്ടായിരുന്ന പത്രോസ് തൃതീയൻ, ദീർഘകാലത്തെ സ്വപ്നങ്ങൾ ഫലപ്രാപ്തിയിൽ എത്തിക്കുന്നതിനുള്ള മുഹൂർത്തം സമാഗമമായി എന്നു കണ്ട് ദീവന്നാസ്യോസിന്റെ ക്ഷണം ലഭിച്ച ക്ഷണത്തിൽ ആ എഴുപത്തിയഞ്ചുകാരൻ യാത്രയ്ക്കു ഒരുങ്ങിക്കഴിഞ്ഞു. ബ്രിട്ടന്റെ കീഴിലുള്ള രാജ്യമായതുകൊണ്ട് ഇംഗ്ലണ്ടിൽ എത്തി രാജ്ഞിയെ കണ്ട് ആശിസ്സോ അനുവാദമൊ സമ്പാദിച്ചു എന്നു വരുത്തുന്നതു ഉദ്ദേശ്യസാദ്ധ്യത്തിനു സഹായകമായിരിക്കും എന്നു വച്ച് ലണ്ടനിലേക്കാണ് അദ്ദേഹം പുറപ്പെട്ടത്. അവിടെ ഏതാനും മാസങ്ങൾ താമസിച്ചശേഷം ഇന്ത്യയിലേക്കു തിരിച്ചു. രാജ്ഞിയെയും കാന്റർബറി ആർച്ചുബിഷപ്പിനെയും മറ്റും കണ്ടു കിട്ടാവുന്ന പിടിപാടുകൾ വാങ്ങാനാണ് ലണ്ടനിൽ താമസിച്ചതെന്നായിരുന്നു വയ്പ്. മലങ്കരയിൽ പ്രതീക്ഷ വളരട്ടെ, മുറുകട്ടെ എന്നും ഉദ്ദേശമില്ലായിരുന്നു എന്നു വച്ചുകൂടാ. അന്ത്യോഖ്യാ പാത്രിയർക്കീസിനെ "കാണപ്പെടുന്ന ദൈവം" ആയി ഗണിച്ചുവന്ന മലങ്കര നസ്രാണികളിൽ പത്രോസ് തൃതീയന്റെ വരവ് വളരെ അധികം ജിജ്ഞാസയും പ്രതീക്ഷയും വളർത്തി എന്നു പറയേണ്ടതില്ലല്ലൊ. പാത്രിയർക്കീസ് ലണ്ടനിൽ ചെന്നു കണ്ടവരെല്ലാം അദ്ദേഹത്തിന്റെ അനിതരസാധാരണമായ വ്യക്തിമാഹാത്മ്യത്തിന്റെ സ്വാധീനത്തിൽപ്പെട്ടു നിശ്ചേതനരായി എന്നുവരെ പോയിട്ടുണ്ട് പ്രചരണ വിരുതന്മാരുടെ പ്രസ്താവനകൾ. "... കാര്യം കഴിയുന്നതും അനുകൂലമായി ആലോചിക്കണമെന്ന് ആ (ബ്രിട്ടീഷ്) ഗവൺമെന്റ് മദ്രാസ് ഗവൺമെന്റിനോടാവശ്യപ്പെടുകയും അദ്ദേഹത്തിനുവേണ്ട ശുപാർശകത്തുകൾ കൊടുക്കുകയും ചെയ്തു. ... മഹാരാജ്ഞി പല കൂടിക്കാഴ്ചകൾ അനുവദിക്കുകയും കൊട്ടാരത്തിൽ ക്ഷണിച്ചുവരുത്തി വിരുന്നു കൊടുക്കുകയും കീർത്തിമുദ്രകൾ സമ്മാനിക്കുകയും ചെയ്തു. ഇംഗ്ലീഷ് ജനസാമാന്യം ബാവായുടെ അസാധാരണ ഭാവഗൗരവത്തിൽ അതിശയം കൂറിയതായി കാണുന്നു" എന്ന് ഇ. എം. പീലിപ്പോസ് (ഇ. എം. ഫീലിപ്പോസ്, പുറം 232) രേഖപ്പെടുത്തിയിരിക്കുന്നതു ഒരു മാതൃകയായി ഗണിക്കാം.

## പാത്രിയർക്കീസ് രംഗത്ത്

പത്രോസ് തൃതീയനെ ബോംബെയിൽ വെച്ച് സ്വീകരിക്കുന്നതിന് ജോസഫ് ദീവന്നാസ്യോസും സമുദായനേതാക്കന്മാരും അവിടേയ്ക്കു പുറപ്പെട്ടിരുന്നു. പാത്രിയർക്കീസിന്റെ പരിപാടിയിൽ മാറ്റം ഉണ്ടാകയും മലങ്കര നിന്നു പോയവർ ബോംബെയിൽ എത്തുന്നതിനു മുമ്പ് അദ്ദേഹം ഇങ്ങോട്ടു പുറപ്പെടുകയും ചെയ്തു. എങ്കിലും പൂനായിക്കു സമീപമുള്ള ഒരു തീവണ്ടി സ്റ്റേഷനിൽ വെച്ച് കണ്ടുമുട്ടുകയാൽ എല്ലാവർക്കും ഒരുമിച്ചു യാത്ര ചെയ്യുവാൻ സാധിച്ചു. പാത്രിയർക്കീസും മെത്രാപ്പോലീത്തായുടെ അനുയായികളും കൂടെ ഊട്ടക്കമണ്ഡിൽ ചെന്ന് അവിടെ വിശ്രമിച്ചുകൊണ്ടിരുന്ന മദ്രാസ് ഗവർണറെ കണ്ടു. പത്രോസ് തൃതീയൻ അദ്ദേഹത്തിന്റെ യാത്രോദ്ദേശ്യം ഗവർണറെ ധരിപ്പിച്ചു. "തിരുവിതാംകൂർ മഹാരാജാവ് എല്ലാം ന്യായമായി ചെയ്യുന്നതിനുവേണ്ട എഴുത്തുകുത്തുകൾ നടത്തിക്കൊള്ളാമെന്ന് ഗവർണർ വാഗ്ദത്തം ചെയ്തു എന്നും", തിരുവിതാംകൂർ മഹാരാജാവ് പാത്രിയർക്കീസിനെ "എതിരേറ്റതും സ്വീകരിച്ചതും വളരെ ഭക്തിയോടുകൂടെ ആയിരുന്നു എന്നും അന്ത്യോഖ്യാ പാത്രിയർക്കീസിനെ കാണ്മാൻ തനിക്കു സംഗതി വന്നതിനാൽ താൻ തന്റെ കാരണവൻമാരേക്കാൾ ഭാഗ്യവാനായി തീർന്നിരിക്കുന്നു" (മാർ ജോസഫ് ദീവന്നാസ്യോസ്, പുറം 125) എന്ന് മഹാരാജാവ് പറഞ്ഞു എന്നും എം. പി. വർക്കി *ജോസഫ് ദീവന്നാസ്യോസ്* എന്ന ജീവചരിത്ര ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

"ബാവാ ഈ നാട്ടിൽ എത്തിയപ്പോൾ തിരുവിതാംകൂറിന് മുൻപ് ചെയ്ത പ്രവൃത്തികളുടെ അനീതി ബോദ്ധ്യമായി. സുറിയാനി സഭയിലെ മെത്രാന്മാരെ ആക്കുകയും നീക്കുകയും ചെയ്യുന്നതിനുള്ള അവകാശത്തെ ഒഴിഞ്ഞും എല്ലാ കക്ഷികളും തങ്ങളുടെ വാദങ്ങളെ സിവിൾ കോടതി മുഖാന്തിരം തീർത്തുകൊള്ളണമെന്ന് ആജ്ഞാപിച്ചും ഒരു വിളംബരം ഉടനെ പ്രസിദ്ധപ്പെടുത്തി" (ഇ. എം. പീലിപ്പോസ്, പുറം 232, 233) എന്ന് ഇ. എം. പീലിപ്പോസ് പറയുന്നു.

പാത്രിയർക്കീസ് ഈ നാട്ടിൽ വന്ന ഉടനെ പ്രസിദ്ധപ്പെടുത്തി എന്നു പീലിപ്പോസ് പറയുന്ന വിളംബരത്തിന്റെ തീയതി 1051 കുംഭം 23 ആണ്. പാത്രിയർക്കീസ് 1050 മിഥുനം 10-ാം തീയതി കൊച്ചിയിൽ എത്തി. മിഥുനത്തിൽ തന്നെ തിരുവനന്തപുരത്തെത്തി മഹാരാജാവിനെ കാണുകയും ചെയ്തു. ജോസഫ് ദീവന്നാസ്യോസ് 1039-ൽ മെത്രാനായി വന്നപ്പോൾ മുതൽ പന്ത്രണ്ടു വർഷത്തോളം ഭഗീരഥപ്രയത്നം ചെയ്തിട്ടും പറ്റാഞ്ഞതു, പാത്രിയർക്കീസ് വന്നുചേർന്ന് എട്ടൊമ്പതു മാസം കൊണ്ട് പറ്റി എന്നു വന്നതു പത്രോസ് തൃതീയനെ സംബന്ധിച്ചിടത്തോളം നല്ലൊരു വിജയം തന്നെയായിരുന്നു എന്ന് സമ്മതിക്കണം.

## വിളംബരം

മാത്യൂസ് അത്താനാസ്യോസിന് 1039-ൽ അംഗീകാരം കൊടുത്ത വിളംബരത്തെ ഭേദപ്പെടുത്തിക്കൊണ്ട് 1051 കുംഭത്തിൽ പ്രസിദ്ധപ്പെടുത്തിയ വിളംബരം പി. അക്കം പ്രമാണമായി 'സെമിനാരി കേസിൽ' ഹാജരാക്കിയിരുന്നു (സുറിയാനി സെമിനാരിയും, മലങ്കര സമുദായം വക ഇതര സ്വത്തുക്കളും മാത്യൂസ് അത്താനാസ്യോസിന്റെ കൈവശമായിരുന്നല്ലൊ. അദ്ദേഹത്തിന്റെ കാലശേഷം അവ തോമസ് അത്താനാസ്യോസിന്റെയും മറ്റും കൈവശമായി. നവീകരണക്കാരായ അവരിൽ നിന്നു വസ്തുക്കൾ ഒഴിപ്പിച്ചു കിട്ടുന്നതിന് ജോസഫ് ദീവന്നാസ്യോസ് വാദി ആയി തോമസ് അത്താനാസ്യോസ്, പുന്നത്ര (താഴത്തു) ചാണ്ടപ്പിള്ള കത്തനാർ, കുളങ്ങര ഇട്ടിയച്ചൻ പൈലി എന്നിവരെ പ്രതികളായി ചേർത്ത് 1054-ൽ 439-ാം നമ്പരായി ആലപ്പുഴ ജില്ലാക്കോടതിയിൽ ഒരു കേസ് കൊടുത്തു. ഈ കേസാണ് പ്രസിദ്ധമായ 'റോയൽ കോടതി വിധി'യിൽ പര്യവസാനിച്ച 'സെമിനാരി കേസ്.' ഈ കേസിനെപ്പറ്റി ഇനിവരുന്ന ഭാഗങ്ങളിൽ പലപ്പോഴും പലതും പ്രസ്താവിക്കേണ്ടതായി വരുന്നതാണ്. അപ്പോൾ എല്ലാം 'സെമിനാരി കേസ്' എന്നു മാത്രം പറയുന്നതായിരിക്കും). ആ വിളംബരം താഴെ വരുംവിധം സംക്ഷേപിക്കാം.

1027 കുംഭം 15-ാം തീയതി അന്ത്യോഖ്യയിൽ നിന്നുള്ള എഴുത്തിൻപടി മാത്യൂസ് അത്താനാസ്യോസിനെ സുറിയാനി സഭയുടെ മെത്രാനായി നിയമിച്ചു എന്നും, അന്ത്യോഖ്യാ പാത്രിയർക്കീസൊ, അദ്ദേഹത്തിന്റെ മുൻഗാമിയൊ അത്താനാസ്യോസിനെ സ്ഥാനഭ്രംശം ചെയ്തു മറ്റൊരു മെത്രാനെ നിയമിച്ചു എന്നും നിവേദനങ്ങൾ ലഭിച്ചിരിക്കുന്നു. പള്ളികളെയും സ്വത്തുക്കളെയും, അവയോടു ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയും നീക്കം ചെയ്യുകയും ചെയ്യുന്നതിനെയും സംബന്ധിച്ചുള്ള പ്രശ്നങ്ങൾ കോടതികളുടെ അധികാരപരിധിയിൽ നിന്നു മുൻ വിളംബരം നീക്കം ചെയ്തു എന്ന് വിചാരിക്കേണ്ടതില്ല. ഒരു മെത്രാനെ മാറ്റി എന്നൊ മറ്റൊരു മെത്രാനെ നിയമിച്ചു എന്നൊ അവയോടു ബന്ധപ്പെട്ട മറ്റു തർക്കങ്ങളെ സംബന്ധിച്ചോ ഉള്ള സംഗതികളിൽ സർക്കാർ സമാധാന സംരക്ഷണത്തിൽ മാത്രമേ ഇടപെടുകയുള്ളു. സ്ഥിതിഗതികൾ മാറിവന്നിട്ടുള്ള പരിതസ്ഥിതികളിൽ കക്ഷികൾ കോടതികൾ മുഖേന നിവൃത്തികൾ തേടിക്കൊള്ളേണ്ടതാണ് (Seminary Case Book, Part II, Exhibits p. 38).

1027-ലെ വിളംബരം തന്റെ കൈകാലുകൾ ബന്ധിച്ചിരിക്കുന്നു എന്നുള്ള നിലയിൽ കഷ്ടപ്പെട്ടുവന്ന ജോസഫ് ദീവന്നാസ്യോസിനെ പുതിയ വിളംബരം ഉത്സാഹഭരിതനാക്കി എന്നു പറയേണ്ടതില്ല. എഴുപത്തിആറുകാരനായ പത്രോസ് തൃതീയൻ, തന്റെ ലക്ഷ്യത്തിൽ

എത്താൻ ഇനി പണിയില്ല എന്നു വിശ്വസിച്ചു എങ്കിൽ അദ്ദേഹത്തെ കുറ്റപ്പെടുത്താനുമില്ല. മാത്യൂസ് അത്താനാസ്യോസുമായി നേരിട്ട് ഒരു മൽപിടുത്തം നടത്തി അടിപ്പെടുത്തുന്നതിനുള്ള ശ്രമമാണ് ഇനി നടത്തേണ്ടത്. അതിനുള്ള മുഹൂർത്തം ആഗതമായി എന്ന് ജോസഫ് ദീവന്നാസ്യോസ് കണ്ടു. വിജയശ്രീലാളിതനായ പത്രോസ് തൃതീയൻ എന്തിനും ഒരുക്കമായിരുന്നു.

## കോപ്പുകൂട്ടൽ

മാത്യൂസ് അത്താനാസ്യോസിനെ കോടതികളുടെ അധികാരത്തിന് വിധേയനാക്കി വിളംബരം പ്രസിദ്ധപ്പെടുത്തിയപ്പോൾ മുതൽ അദ്ദേഹത്തിന്റെ അധികാരത്തെ ചോദ്യം ചെയ്തു കോടതിയിൽ വ്യവഹാരപ്പെടുന്നതിനുള്ള കോപ്പുകൂട്ടൽ ജോസഫ് ദീവന്നാസ്യോസ് ആരംഭിച്ചു. യൂയാക്കീം കൂറിലോസിനു വേണ്ടി പല പല കേസുകൾ നടത്തി സമ്പാദിച്ച അനുഭവ പരിചയങ്ങൾ ഈ ഘട്ടത്തിൽ വളരെ പ്രയോജനപ്പെട്ടു. ജനങ്ങളുടെ സഹകരണം പൂർണ്ണമായി ലഭിക്കുന്നതിന് പാത്രിയർക്കീസിനെ മുമ്പിൽ നിർത്തിക്കൊണ്ട് ശ്രമിക്കുകയാണ് വേണ്ടതെന്നു ശരിക്ക് അറിയാമായിരുന്ന ആ തന്ത്രജ്ഞൻ അതിനുപറ്റിയ ഒരു മാർഗ്ഗവും കണ്ടുപിടിച്ചു. ഒരു സുന്നഹദോസ് വിളിച്ചുകൂട്ടി ജനസഹകരണം തേടുക എന്നുള്ള മാർഗ്ഗമാണ് അദ്ദേഹം കണ്ടുപിടിച്ചത്. അന്ത്യോഖ്യാ പാത്രിയർക്കീസന്മാരിൽ പലരും മലങ്കരയെ കീഴ്പ്പെടുത്തുന്നതിനു നടത്തിയിട്ടുള്ള ശ്രമങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ പത്രോസ് തൃതീയന് അറിയാമായിരുന്നു. മുൻഗാമികൾക്കു തോൽവി സംഭവിച്ചിടത്തു വിജയിക്കാൻ അവസരം ഉണ്ടായി എന്നു കണ്ട് അദ്ദേഹം സന്തോഷിച്ചു. വിജയം വരിക്കുന്നതിന് ദീവന്നാസ്യോസ് ചൂണ്ടിക്കാണിക്കുന്ന മാർഗ്ഗം സ്വീകരിക്കാൻ ഒരുങ്ങി. അങ്ങിനെയാണ് മുളന്തുരുത്തി സുന്നഹദോസ് കൂടുന്നതിനുള്ള നോട്ടീസ് അദ്ദേഹം പുറപ്പെടുവിച്ചത്. സെമിനാരി കേസിൽ WWW അക്കം പ്രമാണമായി ഹാജരാക്കപ്പെട്ടിരുന്നതും 1876 ഇടവം 22-ാം തീയതി കുറുപ്പംപടി പള്ളിയിൽ നിന്ന് പുറപ്പെടുവിച്ചതുമായ ആ രേഖയുടെ സംക്ഷേപം താഴെ ചേർക്കുന്നു:

ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ എന്നു തുടങ്ങി, ഈ തരം "കല്പന"കളിൽ സാധാരണ കാണാറുള്ള ആശീർവാദാനുഗ്രഹാദികൾ ഉൾക്കൊള്ളുന്ന മൂന്നു ഖണ്ഡികകൾക്കുശേഷം കാര്യത്തിലേക്കു പ്രവേശിക്കുന്നു.

'കൂടുതലായി നിങ്ങളുടെ സ്നേഹത്തോട് അറിയിക്കുന്നത് എന്തെന്നാൽ നാം ഈ രാജ്യത്തു നിങ്ങളുടെ മദ്ധ്യത്തിൽ എത്തിയിട്ട് ഒരു വർഷത്തോളമായി. നിങ്ങളെ എല്ലാവരെയും വിളിച്ച് ഒരു സുന്നഹദോസു കൂടി

ആത്മീയ കാര്യങ്ങളെപ്പറ്റി സംസാരിക്കാൻ ഇതേവരെ സമയം കിട്ടാഞ്ഞതിൽ ദുഃഖിക്കുന്നു. അതിനാൽ ഇപ്പോൾ നാം നിങ്ങളെ അറിയിക്കുന്നത് എന്തെന്നാൽ, അനുഗ്രഹത്തിന്റെ ഈ ലേഖനം കിട്ടിയാലുടൻതന്നെ, നിങ്ങളിൽ നിന്നു സത്യസന്ധന്മാരും വിശ്വസ്തന്മാരും ആയ ഒരു വൈദികനെയും രണ്ട് പ്രധാനികളെയും നിങ്ങൾക്ക് എല്ലാവർക്കും വേണ്ടി സുന്നഹദോസിൽ സംസാരിക്കുന്നതിനായി തെരഞ്ഞെടുത്ത്, സുന്നഹദോസിന്റെ തീരുമാനങ്ങൾ നിങ്ങൾക്ക് സ്വീകാര്യമായിരിക്കുന്നതിനായി നിങ്ങളുടെ അഭിപ്രായങ്ങൾ ധരിപ്പിച്ച് അയയ്ക്കണം. നമ്മുടെ സഭയുടെ പൊതുവായ ആത്മീയ കാര്യങ്ങളെപ്പറ്റി ആലോചിച്ചു തീരുമാനിക്കുന്നതിനുള്ള ഈ സുന്നഹദോസ് മാർ തോമാശ്ലീഹായുടെ നാമത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള മുളന്തുരുത്തിപള്ളിയിൽ കൂടണമെന്ന് നിശ്ചയിച്ചിരിക്കുന്നതിനാൽ അടുത്ത മിഥുനം 15-ാം തീയതി നമ്മുടെ മുമ്പാകെ ഹാജരാകേണ്ടതാകുന്നു. ദൈവകൃപയിൽ ആശ്രയിച്ചു നടത്താൻ നിശ്ചയിച്ചിട്ടുള്ള ഈ സുന്നഹദോസിന്റെ ആലോചനകളുടെ ഫലമായി നമ്മുടെ സഭയിലുള്ള മത്സരവും ഭിന്നതയും അവസാനിപ്പിക്കുന്നതിനും നിരപ്പും സമാധാനവും ജനങ്ങളിൽ കൈവരുത്തുന്നതിനും ഇടയാകട്ടെ. മത്സരങ്ങളിലും വഴക്കുകളിലും നിങ്ങൾ ഇടപെടുകയൊ, അവയ്ക്ക് ഇടം കൊടുക്കുകയൊ ചെയ്യരുത്. എന്റെ നാമത്തിൽ രണ്ടോമൂന്നോ ആളുകൾ കൂടുന്നപക്ഷം അവരുടെ മദ്ധ്യത്തിൽ ഞാൻ ഉണ്ടായിരിക്കും എന്നുള്ള വാഗ്ദത്തം നിറവേറത്തക്കവിധം നമ്മുടെ കർത്താവ് യേശുമിശിഹായുടെ നാമത്തിൽ സുന്നഹദോസ് നടത്താൻ നാം ദൈവത്തിൽ ശരണപ്പെടുന്നു. ഭിന്നതകൾ മറന്ന് ആലോചനകളിൽ സംബന്ധിക്കുന്നതായാൽ പൂർവ്വീകകാലത്തെ ആത്മീയ സുന്നഹദോസുകളിൽ വച്ച് പരിശുദ്ധ റൂഹാ പ്രത്യക്ഷമായി സംസാരിച്ചവിധം നമ്മോടും സംസാരിക്കുമെന്നും നാം ദൈവത്തിൽ ശരണപ്പെടുന്നു. നിങ്ങളുടെ അറിവിന് ഇപ്പോൾ ഇതു മതി. ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും എന്നും നിങ്ങളിൽ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആമ്മീൻ.'

## മുളന്തുരുത്തി സുന്നഹദോസ്

1051 മിഥുനം 15, 16, 17 തീയതികളിലാണ് മുളന്തുരുത്തി സുന്നഹദോസ് നടന്നത്. ഒന്നാം ദിവസം പാത്രിയർക്കീസിന്റെ ഉദ്ഘാടനപ്രസംഗരൂപത്തിലുള്ള ഒരു പ്രസ്താവനയും രണ്ടാം ദിവസം പള്ളിപ്രതിപുരുഷന്മാരുടെ ഒരു നിശ്ചയവും മാത്രമാണ് നടന്നത്. മൂന്നാം ദിവസം പതിനെട്ടു നിശ്ചയങ്ങൾ ചെയ്കയും സന്നിഹിതരായിരുന്ന 102 പള്ളികളിൽ നിന്നുള്ള പ്രതിപുരുഷന്മാരും, മെത്രാപ്പോലീത്തായും നിശ്ചയങ്ങളിൽ ഒപ്പിടുകയും ചെയ്തു. സിറിയയിൽ "ഒപ്പ്" എന്നൊരു ഏർപ്പാട് ഇല്ലാത്തതുകൊണ്ട് പാത്രിയർക്കീസിന് ഒപ്പുവയ്ക്കുവാൻ അറിഞ്ഞുകൂടായിരുന്നു

എങ്കിലും മലങ്കരയിലെ രീതിക്ക് അത് ആവശ്യമാണെന്നു ധരിപ്പിച്ചതിനാൽ നിശ്ചയങ്ങൾ എഴുതിയ എല്ലാ കടലാസുകളിലും തന്നെ അദ്ദേഹം രണ്ടുവരിയായി പേര് എഴുതുകയുണ്ടായി. മുളന്തുരുത്തി സുന്നഹദോസിന്റെ കാനോനുകളുടെ അസ്സൽ ഭംഗിയായി എഴുതിയിട്ടുള്ള ആ രേഖ സെമിനാരിക്കേസിൽ ജി. ജി. അക്കപ്രമാണമായി ഹാജരാക്കിയിരുന്നു.

ഈ ചരിത്രകാരൻ എഴുതി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള "മുളന്തുരുത്തി സുന്നഹദോസ്" എന്ന ചരിത്ര ഗ്രന്ഥത്തിൽ ഈ കാനോനകൾ സംബന്ധിച്ച് എല്ലാ വിവരങ്ങളും - ഉള്ളടക്കവും, അവയുടെ വ്യാഖ്യാനവും ചരിത്രവും - ചേർത്തിട്ടുണ്ട്. പള്ളികളുടെയും, പ്രതിനിധികളുടെയും പേരും അതിൽ ഉണ്ട്. പത്തൊമ്പതു ശതാബ്ദങ്ങളോളം എഴുതപ്പെട്ടതായ ഒരു ഭരണഘടന കൂടാതെയാണ് മലങ്കരസഭാ കാര്യങ്ങൾ നടന്നു വന്നത്. ആ കുറവ് പരിഹരിച്ച മുളന്തുരുത്തി സുന്നഹദോസിനു മലങ്കര നസ്രാണി ചരിത്രത്തിൽ ഉള്ള സ്ഥാനം എത്ര മഹത്താണ്!! പാത്രിയർക്കീസിന്റെ അധികാരത്തെ നിയന്ത്രിക്കേണ്ടതാവശ്യമാണെന്നു സുന്നഹദോസ് കാണുകയും അതിനു ഉപയുക്തമായ 17-ാം കാനോനാ എഴുതുകയും ചെയ്ത നമ്മുടെ പൂർവ്വന്മാരുടെ കഴിവ് അത്ഭുതകരമായിരുന്നു എന്നു പറഞ്ഞാൽ അധികമാവില്ല. നിശ്ചയങ്ങളുടെ പരിഭാഷ അവ എഴുതുമ്പോൾ തന്നെ പാത്രിയർക്കീസിനെ വായിച്ചുകേൾപ്പിക്കുകയും, അദ്ദേഹം സമ്മതിക്കുകയും ചെയ്തു എന്നുള്ളതും അത്ഭുതകരമായിത്തന്നെ തോന്നുന്നു. പരിഭാഷ ചെയ്തു താൻ പാത്രിയർക്കീസിനെ വായിച്ചു കേൾപ്പിച്ചു എന്ന് പരുമല മാർ ഗ്രീഗോറിയോസ് സെമിനാരി കേസിൽ 1059 തുലാം 11-ാം തീയതി മൊഴി കൊടുത്തതു വായിച്ചപ്പോൾ മാത്രമാണ് അതു വിശ്വസിച്ചത് എന്നും രേഖപ്പെടുത്തിക്കൊള്ളട്ടെ (Seminary Case Book, Vol. 1, p. 455).

## കുര്യൻ റൈട്ടർ

മുളന്തുരുത്തി സുന്നഹദോസിന്റെ കാനോനാകളുടെ വൈശിഷ്ട്യത്തെ എത്ര പുകഴ്ത്തിയാലും അധികമാകുമെന്നു തോന്നുന്നില്ല. സിറിയാക്കാരെ അതിമാനുഷരായി എണ്ണുന്ന രീതി അതിൽ ഇല്ല. അന്ത്യോഖ്യാ പാത്രിയർക്കാ സിംഹാസനത്തിന്മേൽ പരദേശ ഇടവകയ്ക്കു തുല്യമായ അവകാശം മലങ്കരയ്ക്കും ഉണ്ടെന്ന് വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. ആ കാനോനാകൾ രൂപപ്പെടുത്തുന്നതിൽ ജോസഫ് ദീവന്നാസ്യോസിന്റെ കൂർമ്മബുദ്ധി പ്രവർത്തിച്ചിരുന്നു എന്ന് അദ്ദേഹത്തെപ്പറ്റി അറിയാവുന്നവർക്കെല്ലാം കാണാൻ കഴിയും. വാചകം പറഞ്ഞു കൊടുത്ത് എഴുതിച്ചത് അക്കര കുര്യൻ റൈട്ടർ ആയിരുന്നു എന്ന് കെ. സി. മാമ്മൻമാപ്പിള, എ. ഫീലിപ്പോസ്, കെ. വി. ചാക്കോ, പി. പി. ജോൺ എന്നിവർ ചേർന്ന് 1910-ൽ, ഗീവറുഗീസ് ദീവന്നാസ്യോസിന്റെ മുടക്കുകാലത്ത് പ്രസിദ്ധപ്പെ

ടുത്തിയ “മലങ്കരസഭയിലെ കുഴപ്പങ്ങൾ” എന്ന ലഘുലേഖയിൽ പറയുന്നുണ്ട്. കുര്യൻ റൈട്ടറെ പറ്റി അല്പം ഇവിടെ തന്നെ പറഞ്ഞുകൊള്ളട്ടെ. മാത്യൂസ് അത്താനാസ്യോസിന്റെ കാലത്ത് മലങ്കര നസ്രാണി സമുദായകാര്യങ്ങളിൽ വളരെ അധികം സ്വാധീനം ചെലുത്തിയിരുന്ന ആളായിരുന്നു കുര്യൻ റൈട്ടർ. ആദ്യകാലത്ത് മാത്യൂസ് അത്താനാസ്യോസിനോടു ചേർന്നു നിന്നിരുന്നു.

കെ. സി. മാമ്മൻ മാപ്പിളയുടെ ജീവിതസ്മരണകളിൽ അദ്ദേഹം കുര്യൻ റൈട്ടറെപ്പറ്റി എഴുതിയിട്ടുള്ളതിൽ അല്പം ഉദ്ധരിക്കുന്നു: “... ഇദ്ദേഹം ആദ്യകാലത്ത് കൊച്ചിയിലെ ചില യൂറോപ്യൻ കമ്പനികളിൽ ജോലിയിലിരുന്ന ശേഷം സ്വന്തമായി കറപ്പുകുത്തകയും, മറ്റു പല കുത്തക വ്യാപാരങ്ങളും നടത്തി അതിൽ നിന്നു വളരെ ധനവും മാനവും കീർത്തിയും നേടി. കുര്യൻ റൈട്ടർ വെറും ഒരു വ്യവസായി മാത്രമല്ലായിരുന്നു. അന്നത്തെ കാലസ്ഥിതിയെ കവിഞ്ഞ് പുരോഗമനപരമായ ആശയ സംസ്ക്കാരവും, പ്രത്യേകിച്ച് സമുദായാഭിമാനവും കർമ്മകുശലതയും തികഞ്ഞ ഒരു മാന്യനായിരുന്നു. സ്വന്ത സമുദായാംഗങ്ങളായ സുറിയാനി ക്രിസ്ത്യാനികളുടെ അഭിവൃദ്ധിയിൽ അദ്ദേഹം അത്യധികം ശ്രദ്ധാലുവും ഉൽസുകനും ആയിരുന്നു. ഇങ്ങിനെ പല വിധത്തിൽ സിദ്ധിച്ച മാനസോത്തേജനങ്ങളുടെ ഫലമായി അദ്ദേഹം കൊച്ചിയിൽ നിന്ന് WESTERN STAR എന്ന പേരിൽ ഒരു ഇംഗ്ലീഷ് പത്രവും പശ്ചിക താരക എന്ന പേരിൽ ഒരു മലയാള പത്രവും തുടങ്ങി. ...” (മലയാള മനോരമ ആഴ്ചപ്പതിപ്പ്, പു. 1, ലക്കം 2).

വളരെക്കാലം പഴയസെമിനാരി “വിചാരിപ്പു”കാരനായിരുന്ന അഞ്ചേരിൽ വർക്കിപ്പിള്ളയുടെ ഒരു കയ്യെഴുത്തുരേഖയിൽ നിന്ന് ചില വിവരങ്ങളുടെ സംക്ഷേപം താഴെ ചേർക്കുന്നു: “1043-ൽ പാലക്കുന്നത്ത് തോമസ് കശീശായെ തോമസ് അത്താനാസ്യോസ് മെത്രാനായി വാഴിച്ചു. അതിലേയ്ക്കു മാത്യൂസ് അത്താനാസ്യോസും അഞ്ഞൂർ കൂറിലോസും പള്ളിയകത്തേയ്ക്കു ഇറങ്ങാൻ ഒരുങ്ങിയപ്പോഴും കുര്യൻ റൈട്ടർ കൊച്ചിയിൽ നിന്ന് വന്നു ചേർന്നില്ല. കാലത്തു പത്തു മണിയോടു കൂടിയാണ് അദ്ദേഹം വന്നത്. ‘മക്കൾ കാപ്പി കുടിച്ചു വന്നാൽ മതി. ഞങ്ങൾ പള്ളിയിൽ ഇറങ്ങി തുടങ്ങട്ടൊ’ എന്നു ചോദിച്ചുംകൊണ്ടാണ് ഇറങ്ങിയത്. അപ്പോൾ ഞാൻ (വർക്കിപിള്ള) കൂടെ ഉണ്ട്. തോമസ് അത്താനാസ്യോസിനു പട്ടംകൊട കഴിഞ്ഞപ്പോൾ ആദ്യമായി ഇട്ട ചുവന്ന ളോഹ റൈട്ടറുടെ സമ്മാനമായിരുന്നു. ഇങ്ങനെ വട്ടിപ്പണം 1048-ാമാണ്ട് കിട്ടുന്നതു വരെ ... വളരെ അടുപ്പമായിരുന്നു. വട്ടിപ്പണം കൈകാര്യം ചെയ്യുന്ന സംഗതിയെപ്പറ്റി ... അഭിപ്രായ വ്യത്യാസം ഉണ്ടാകയാൽ റൈട്ടരും ജ്യേഷ്ഠനും (കോര ഉലഹന്നാൻ) കക്ഷിയിൽ നിന്നു പിരിഞ്ഞു പോരുകയും ചെയ്തു....”

ജോസഫ് ദീവന്നാസ്യോസിന്റെ എല്ലാ പുരോഗമന പ്രവർത്തനങ്ങളിലും കുര്യൻ റൈട്ടർ അദ്ദേഹത്തോടു സഹകരിച്ചു പ്രവർത്തിച്ചിരുന്നു. ചരമവിവരം വർക്കിപ്പിള്ള എഴുതിയിട്ടുള്ളത് ഈ വിധമാണ്: “1061 ഇടവം 31-ാം തീയതി അസ്തമിച്ചു വെളുപ്പിനു 3 മണിക്ക് കുന്നുംപുറത്തു കോര കുര്യൻ റൈട്ടർ മരിച്ചു. ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും ഏതാനും കശീശ്ശന്മാരും കൂടെയാണ് അന്ത്യകൂദാശ കഴിച്ചത്. ഞാനും അവിടെ എത്തിയിരുന്നു. ദീനമായി നേരത്തോടുനേരം മാത്രമേ കിടന്നുള്ളു. ... പുത്തൻപള്ളിയിൽ കുടുംബകബറു കെട്ടി ശവമടക്കി.”

## മുളന്തുരുത്തിയിൽ പാത്രിയർക്കീസിന്റെ ഉൽഘാടന പ്രസംഗം

സ്നേഹിക്കപ്പെട്ടും, വാൽസല്യപ്പെട്ടും, അനുഗ്രഹിക്കപ്പെട്ടും ഇരിക്കുന്ന ചൊവ്വുള്ള പട്ടക്കാരും, പ്രധാനികളും എപ്പിത്രൊപ്പന്മാരും വാഴ്ത്തപ്പെട്ട ജനം ഒക്കെയുമായ നമ്മുടെ ആത്മിക പുത്രന്മാരുടെ നെറുകകൾമേൽ - ദൈവീകത്തിനടുത്ത കൃപയും ആകാശത്തിനടുത്ത വാഴ്വുകളും വന്ന് ആവസിക്കുകയും ദൈവമായ കർത്താവിന്റെ വാഴ്വ് അവരുടെമേൽ ചിന്തപ്പെടുകയും ചെയ്യുമാറാകട്ടെ. ആമ്മീൻ.

എന്നാൽ നിങ്ങളുടെ നിത്യസ്നേഹത്തോടു അറിവിക്കുന്നതും എന്തെന്നാൽ നാം ഇന്ത്യായിൽ എത്തിയ ദിവസം മുതൽ നമ്മുടെ പള്ളിക്കാര്യത്തെക്കുറിച്ചും, നമ്മുടെ വിശ്വാസത്തെക്കുറിച്ചും, സ്തുതി ചൊവ്വാകപ്പെട്ട വിശ്വാസത്തിന്റെ വൈരികൾ മുഖാന്തിരം നമ്മുടെ ജനങ്ങൾക്ക് ഭവിച്ചിരിക്കുന്ന ദുഃഖത്തെക്കുറിച്ചും പരിശോധിപ്പാനായിട്ട്, റൂഹായ്ക്കടുത്ത ഒരു സമൂഹം കൂട്ടണമെന്നു നാം വിചാരിച്ചു. നമുക്ക് അതിന് സമയമുണ്ടായില്ല. ഇപ്പോൾ നാം വാഴ്വിന്റെ ലേഖനങ്ങളെ നിങ്ങൾക്കു അയച്ചാറെ റൂഹായ്ക്കടുത്ത താല്പര്യത്തോടുകൂടെ നിങ്ങൾ കൂടപ്പെട്ടിരിക്കുന്നുവല്ലൊ. നിങ്ങളുടെ വരവും അനുഗ്രഹിക്കപ്പെട്ടതായിരിക്കട്ടെ. ഈ സമൂഹം പരസ്യമായി റൂഹാദക്കുദീശാ അവരുടെമേൽ ആവസിച്ചിട്ടുള്ള ശുദ്ധമാകപ്പെട്ട മൂന്നു സുന്നഹദോസുകളുടെ സമൂഹത്തെപ്പോലെ ആക്കിതീർപ്പാൻ നാം ദൈവത്തോടു പ്രാർത്ഥിക്കുന്നു. അപ്രകാരം ഒരു ആത്മീക സമൂഹത്തിന്മേൽ ആശ്വാസപ്രദനായ ശുദ്ധമുള്ള റൂഹാ പ്രബലമായി വസിച്ചു കാര്യങ്ങളെ സത്യമായി സംസാരിപ്പാൻ ബോധവും - അറിവും - ജ്ഞാനവും - നിങ്ങൾക്കു നൽകുമെന്നു ദൈവത്തിൽ നമുക്ക് ആശയുണ്ട്. നിങ്ങൾക്കു സംഭവിച്ചിരിക്കുന്ന അനർത്ഥവും ദുഃഖവും നമ്മെക്കാൾ അധികം നിങ്ങൾ തന്നെ അറിഞ്ഞിരിക്കുന്നു.

ഒന്നാമതു നിങ്ങളുടെ പഴയ ചരിത്ര പുസ്തകത്തെ നാം വായിച്ചു നോക്കി. പാപ്പാമതക്കാരാകുന്ന പോർച്ചുഗീസുകാർ ഇന്ത്യയിലേക്കു വന്ന സമയം അവർ നിങ്ങളുടെ ഇടയിൽ വിരുദ്ധങ്ങളെ ഉണ്ടാക്കി. മീൻ

പിടിക്കുന്നവർ ചൂണ്ടലിൽ ഇരകൊത്തി നദിയിൽ എറിയുന്നതുപോലെ തന്നെ നിങ്ങളുടെ ഇടയിലും അവർ പ്രവർത്തിച്ചു. അക്കാലത്തിൽ മടിയന്മാരും ദ്രവ്യാഗ്രഹികളുമായിട്ടുണ്ടായിരുന്ന മനുഷ്യരുടെ ഇടയിൽ അവർ ദ്രവ്യത്തെ ധാരാളമായി ചിലവഴിച്ചു. നമ്മുടെ ജനത്തെയും പള്ളികളെയും അവർ കവർച്ച ചെയ്തു. പുസ്തകങ്ങളെയും തക്സാകളെയും പള്ളി ചട്ടങ്ങളെയും ദഹിപ്പിച്ചുകളഞ്ഞു. ആത്മീകസമ്പത്തു പുസ്തകങ്ങൾ ആകകൊണ്ട് അവർ നിങ്ങളെ ആത്മീകകാര്യങ്ങളിൽ വ്യർത്ഥന്മാരും ദരിദ്രന്മാരും ആക്കിതീർത്തു. യാതൊരുത്തനിൽ നിന്നു പുസ്തകവും പഠിത്വവും – ശൂന്യമായി പോകുമെങ്കിൽ – ആ ജനം വിജ്ഞാനമില്ലാത്തതും ആത്മീകകാര്യങ്ങളിലും ക്രമപ്പെടുത്തിയിരിക്കുന്ന നടപടികളിലും വ്യർത്ഥമായിട്ടുള്ളതും ആയി തീരും. അങ്ങിനെയുള്ള ജനത്തിന്റെ അടുക്കൽ വാചാലനും പുസ്തകവായനശീലമുള്ളവനും ആയ ഒരുത്തൻ വന്ന് എന്തു പറഞ്ഞാലും വിശ്വസിക്കും. ഉത്തരം പറവാൻ ജ്ഞാനമില്ലായ്കകൊണ്ട് എടത്തൂടായിരുന്നാലും സമ്മതിക്കും. ഇതു നിമിത്തമായിട്ടു പാപ്പാ മതക്കാർ നമ്മുടെ ജനത്തിൽ പാതിയിൽ അധികംപേരെ പിടിച്ചു കൽദയരാക്കിത്തീർത്തിരിക്കുന്നു. നമ്മുടെ ചെറുപ്പം മുതൽ നിങ്ങളുടെ ദുഃഖം നാം കേട്ടിരിക്കുന്നു. ബലയാർ സിംഹാസനത്തുങ്കൽ വന്നപ്പോൾ നാം അവനെ പരിശോധിച്ചു. അവൻ ഉപായമുള്ളവനും നമുക്കുള്ള വിശ്വാസത്തിന്റെ വിപരീതിയും ആകുന്നു എന്ന് നമുക്കു കാണപ്പെട്ടു. വഴിദൂരംകൊണ്ടും, മൂസലിൽ നിന്നു അവന്റെ കൂടെ വന്നിരുന്ന ചില ഉപായികൾ ഏലിയാസു പാത്രിയർക്കീസു ബാവായെ വഞ്ചിക്കകൊണ്ടും ഞാൻ കശ്ശീശാ ആകുന്നു എന്ന് ഇവൻ ഏറ്റുപറഞ്ഞതുകൊണ്ടും അവനെ മെത്രാനായി പട്ടംകെട്ടി. പൂർവ്വ സുറിയാനിക്കാരുടെ വിശ്വാസത്തെ അവൻ വ്യത്യാസപ്പെടുത്തുകയില്ലെന്നു സത്യത്തോടുകൂടെ വാഗ്ദത്തം ചെയ്തു. എന്നാൽ അവൻ നിങ്ങളുടെ അടുക്കൽ വന്നപ്പോൾ മലയാളഭാഷയിലും അപ്രകാരം ഒരു എഴുത്ത് എഴുതി മുദ്രവച്ചു. അതും നമ്മുടെ കയ്യിലുണ്ട്. ആവിശ്യം വരുമ്പോൾ നാം നിങ്ങളെ കാണിക്കയും ആം.

രണ്ടാമതു. അയോഗ്യനായ നമ്മെ പാത്രിയർക്കീസു സ്ഥാനത്തിനു തിരഞ്ഞെടുത്തു. ... കഴിഞ്ഞപ്പോൾ നിങ്ങൾക്കും പള്ളികൾക്കും ബലയാറിൽനിന്നു ഭവിച്ചിട്ടുള്ള സങ്കടം നാം ഗ്രഹിച്ചപ്പോൾ ഉടനെ കുസ്തന്തീനൊപ്പൊലീസിലേക്കും അവിടെനിന്നു ലണ്ടനിലേക്കും നാം പോയി...

നാം ഇന്ത്യായിൽ എത്തി നീലഗിരിയിൽ ബഹുമാനപ്പെട്ട ഗവർണരുടെ അടുക്കൽ ചെന്നു. നാം തിരുവനന്തപുരത്തു എത്തി സങ്കടത്തിന്റെ വിവരം ബഹുമാനപ്പെട്ട മഹാരാജാവു അവർകളെ അറിയിച്ചപ്പോൾ മഹാരാജാവു തീർച്ച ചെയ്തു മദ്രാസ് ഗവൺമെണ്ടിലേയ്ക്കു എഴുതി അയച്ചു. ചിങ്ങമാസം മുതൽ കുംഭമാസം വരെ അക്കാര്യത്തെക്കുറിച്ച് താമസം

ഉണ്ടായി. പിന്നത്തേതിൽ മദ്രാസിൽ നിന്നും തിരുവിതാംകൂർ സർക്കാരിലേയ്ക്കു തീർച്ചയായ മറുപടി വന്നു. മഹാരാജാവ് മുമ്പിലത്തെ വിളംബരത്തെ അസ്ഥിരമാക്കി ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. ...

ഇതുനിമിത്തം നമ്മുടെ ജനങ്ങൾക്കു കുറഞ്ഞൊരു ആശ്വാസം ഉണ്ടായി. ഇപ്പോൾ ചില ഉദ്യോഗസ്ഥന്മാരു ന്യായരഹിതമായി ചില വിധികൾ ഉണ്ടാക്കി നമ്മുടെ ജനങ്ങളെ പള്ളികളിൽ നിന്നു പുറത്താക്കി വരുന്നപ്രകാരം കേട്ടിരിക്കുന്നു. അവർ ബഹുമാനപ്പെട്ട ഗവർണരുടെ തീർച്ചയെ ലംഘിച്ചു ഭേദപ്പെടുത്തിയിരിക്കുന്നു. നിങ്ങളുടെ പള്ളികളുടെയും പൂർവ്വിക പിതാക്കന്മാരുടെയും വിശ്വാസത്തിൽ നിങ്ങൾ ഇഷ്ടപ്പെടുന്നു എങ്കിൽ കീഴ്നടപ്പുപോലെ പാത്രിയർക്കീസിന്റെ കല്പന നിങ്ങൾ കേട്ടു അനുസരിക്കയും ഒരു സമ്മതപത്രം എഴുതി കൈയൊപ്പു വെക്കയും വേണം. അല്ലെങ്കിൽ നിങ്ങൾ നമുക്കു മറുപടി തരണം – താമസിച്ചതു മതി. അങ്ങിനെ അല്ലെങ്കിൽ ഒരു സ്ഥിരമുള്ള അടിസ്ഥാനത്തെ നിങ്ങൾ ഉണ്ടാക്കുകയും സകല ജനത്തിന്നു പകരം കാര്യസ്ഥന്മാരായിരിക്കേണ്ടതിനു തിരിച്ചറിവും, സാമർത്ഥ്യവും ദൈവജ്ഞാനവും ഉള്ള മനുഷ്യരെ നിങ്ങൾ തിരഞ്ഞെടുക്കയും – പോലീസു സംബന്ധമായൊ സിവിൾ സംബന്ധമായൊ വേദസംബന്ധമായൊ ജനങ്ങൾക്കുണ്ടാകുന്ന സകല കാര്യങ്ങൾക്കും സർക്കാരിൽ കാണിപ്പാനും എല്ലാ കാര്യങ്ങൾക്കും നിങ്ങൾക്കു പകരം അവർ ചുമതലക്കാരായിരിപ്പാനും സമ്മതപത്രം എഴുതി കൊടുക്കയും വേണം. ...

വിരുദ്ധം കൂടാതെ ചൊവ്വുള്ള വഴിയിൽ നിങ്ങളെ നടത്തുവാനും നിങ്ങളോടു പൊരുതുന്ന എല്ലാ വൈരികളിൽ നിന്നും നിങ്ങളെ രക്ഷിപ്പാനുമായിട്ട് കർത്താവിനോടു നാം പ്രാർത്ഥിക്കുന്നു. ...

**രണ്ടാം ദിവസം**

മലങ്കരയുള്ള യാക്കോബായ സുറിയാനിക്കാരായ നമ്മുടെ വിശുദ്ധ പിതാവും അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്റെ അധികാരിയും ആകുന്ന മൂന്നാമത്തെ പത്രോസ് എന്ന മാറാൻ ഇഗ്നാത്ത്യോസ് പാത്രിയർക്കീസു ബാവാ തിരുമനസ്സുകൊണ്ട് ഈ സുന്നഹദോസിനു നമ്മെ വിളിച്ചു കൂട്ടുകയും കാരണം നമ്മോടു കല്പിക്കയും – ചെയ്തതിനെ നാം എല്ലാവരും കേട്ടുവല്ലൊ – ഈ സുന്നഹദോസിൽ മുഖ്യാസനപതി ആയിരിപ്പാൻ പിതാവിനോടു നാം എല്ലാവരും അപേക്ഷിക്കണം.

**അപേക്ഷ പിതാവു സമ്മതിച്ചു തന്റെ കല്പന യോഗം മുമ്പാകെ വായിച്ചു.**

മലങ്കരയുള്ള നമ്മുടെ സഭ അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തുങ്കലെ സ്തുതി ചൊവ്വാകപ്പെട്ട വിശ്വാസത്തിലും ചൊല്ലുവിളിയിലും സ്ഥിരപ്പെട്ടും അനുസരണപ്പെട്ടും എന്നേക്കും ഇരിക്കുന്നതിനും പല പ്രകാരണയായി നമ്മുടെ സഭകളിൽ സംഭവിച്ചിരിക്കുന്ന വിരുദ്ധങ്ങൾ നീങ്ങി അയികമത്യവും സമാധാനവും നമ്മുടെയിടയിൽ സ്ഥിരപ്പെട്ടിരിക്കുന്നതിനും വിദ്യാഭ്യാസവും അതിൽനിന്നുള്ള വിശേഷഫലങ്ങളും മേൽക്കുമേൽ വർദ്ധിച്ചുവരുന്നതിനും നമ്മുടെ മൂന്നു വിശുദ്ധ പിതാക്കന്മാരാൽ ശപിച്ചു തള്ളപ്പെട്ടിട്ടും തന്റെ ദുർമാർഗ്ഗങ്ങളിൽ ഉറച്ചുനിന്നു താന്തോന്നിയായി മത്സരിച്ചു അനേകവിധമുള്ള വിരുദ്ധങ്ങൾ നമ്മുടെ സഭയോടു ചെയ്തുവരുന്നവനും സത്യലംഘനത്താൽ ബലയാർ എന്നു നാമധേയം ധരിച്ചവനും ആയവന്റെയും അവന്റെ കൂട്ടാളികളുടെയും ദുഷ്പ്രയത്നങ്ങൾ പ്രബലീകരിക്കാതിരിക്കുന്നതിനും വേണ്ടുന്ന നിശ്ചയങ്ങളും ഉറപ്പുകളും എത്രയുംവേഗം ചെയ്യേണ്ടതു വിഹിതമായിരിക്കയാൽ അതിനുവേണ്ട മാർഗ്ഗങ്ങൾ ഇന്നവയെന്നു ആലോചിക്കേണ്ടിയിരിക്കുന്നു.

ഈ ആലോചനയ്ക്കും കല്പനയുടെ മറുപടി ഉണ്ടാകുവാനും യോഗത്തെ ഭരമേല്പിച്ച് ഇന്നത്തെ കൂട്ടം അവസാനിപ്പിച്ചു. 1051 മിഥുനം 16-ാം തീയതി.

## മൂന്നാം ദിവസം കാനോനാകൾ

അസ്സൽരേഖ 6 മുതൽ 14 വരെയുള്ള പേജുകളിൽ, മിഥുനം 17-ാം തീയതി നടന്ന സുന്നഹദോസിന്റെ തീരുമാനങ്ങൾ എഴുതിയിരിക്കുന്നു. അവയിൽ സംഗതമായവ താഴെ ചേർക്കുന്നു:

മിഥുനം 17-നു രാവിലെ 10 മണിക്കു കൂടി. പിതാവിന്റെ കൽപ്പനയ്ക്കു മറുപടി വായിച്ചു തിരുമുമ്പാകെ വച്ചു. അന്ത്യോഖ്യായുടെ സിംഹാസനത്തുങ്കലെ ചൊല്ലുവിളിക്കും സ്തുതിചൊവ്വാകപ്പെട്ട യാക്കോബായ സുറിയാനി വിശ്വാസത്തിനും വിപരീതം ഒരിക്കലും ഉണ്ടാകാതെയിരിപ്പാൻ അതാതു ഇടവകക്കാർ എല്ലാവരുംകൂടി ഒരു കരാർ ആധാരം എഴുതി രജിസ്ട്രാക്കി പള്ളിമേമ്പൂട്ടിൽ വയ്ക്കുവാനും ഓരോ പകർപ്പ് രജിസ്ട്രാറുടെ കയ്യൊപ്പും മുദ്രയൊടും കൂടി പിതാവിനു കൊടുപ്പാനും നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു.

അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തുങ്കലെ സ്തുതി ചൊവ്വാകപ്പെട്ട വിശ്വാസത്തിലും ചൊല്ലുവിളിയിലും സ്ഥിരപ്പെട്ടും അനുസരിച്ചും ഇരിക്കുമെന്നുള്ളതിനു മുഖ്യമായിട്ടു അതാതിടവകയിൽ കൂടിവരുന്ന വീട്ടുകാരുടെ വീട്ടുപേരും കാരണവരുടെ പേരും - ആണിത്ര, പെണ്ണിത്ര, ആകെ ഇത്ര - എന്നും കാരണവരുടെ ഒപ്പും വിശ്വാസസ്ഥിതിയും കാണിക്കുന്നതായ ഒരു പട്ടിക കൂടുന്നിടത്തോളം വേഗം എടവക

പട്ടക്കാർ മുഖാന്തിരം വിശുദ്ധ പിതാവിന്റെ തിരുമുമ്പാകെ എത്തിക്കേണ്ടതിനു അച്ചടി മാതിരി ബുക്ക് ഇപ്പോൾ തന്നെ കൊടുത്തയയ്ക്കുന്നത് നല്ലതെന്നും അത് വിശ്വാസത്തെ സ്ഥിരപ്പെടുത്തുന്നതിനു ഉപയോഗമായി വരുന്നതു കൂടാതെ സിംഹാസനത്തുങ്കലെ റെശ്ശീസ്സാ വക മുതൽ വസൂൽ ചെയ്വാൻ ഒരു കണക്കിനും കൂടി ഉപയോഗപ്പെടുന്നതാണെന്നും യോഗം നിശ്ചയിച്ച് ഉറപ്പിച്ചു.

സ്തുതി ചൊവ്വാകപ്പെട്ട വിശ്വാസത്തിന്റെ സ്ഥിരതയ്ക്കു വേണ്ടി ആവശ്യപ്പെട്ട കാനോനും നടപടിയും അടങ്ങിയ പുസ്തകം സുറിയാനിയിലൊ മലയാളത്തിലൊ കല്പനപ്രകാരം അച്ചടിച്ചു മുദ്രയോടുകൂടി ഓരോ പുസ്തകം എല്ലാ പള്ളിയിലും കൊടുത്തു അതിൻപ്രകാരം അല്ലാതെ മേൽ നടപ്പാൻ പാടില്ലെന്നു വച്ചാൽ എത്രയും നല്ലതെന്നു നിശ്ചയിച്ചു ഉറപ്പിച്ചു.

മാമോദീസ്സാ - വിവാഹം - ശവമടക്കൽ ഈ വകയ്ക്ക് പ്രത്യേകം പ്രത്യേകം മാതിരി പ്രകാരം കള്ളി വരച്ചതായ മൂന്നു പുസ്തകം എല്ലാ ഇടവകയിലും വൈക്കേണ്ടതും അതിൽ മേൽ പറഞ്ഞവ അതാതു സമയം എഴുതിക്കൊള്ളുവാൻ വികാരിമാരെ ചുമതലക്കാരാക്കേണ്ടതും ആ വക പുസ്തകങ്ങളിൽ അന്നു ഭരിക്കുന്ന മെത്രാന്മാരുടെ മുദ്ര കുത്തിയിരിക്കേണ്ടതും ആകുന്നു. ഈ മൂന്നു പുസ്തകങ്ങൾ എടവകയിലുള്ള ജനങ്ങളുടെ വിശ്വാസസ്ഥിരതയ്ക്ക് സാക്ഷിയായി വരുന്നതാകയാൽ ഇതിനെ യോഗം ഉറപ്പിച്ചു.

വിരുദ്ധങ്ങൾ നീങ്ങി അയികമത്യവും സമാധാനവും വർദ്ധിക്കുന്നതിനുള്ള തടസ്സങ്ങൾ, വിശ്വാസത്തിൽ സ്ഥിരതയില്ലായ്ക - ചൊല്ലുവിളി ഇല്ലായ്ക - പൊതുകാര്യം ഗുണദോഷങ്ങളെകുറിച്ച് ചിന്തിക്കുന്നതിനു ചുമതലക്കാരില്ലായ്ക - പൊതുമുതൽ ഇല്ലായ്ക - ഇതുകളാണ്. ഇതിൽ വിശ്വാസത്തിന്റെ സ്ഥിരതയ്ക്കും ചൊല്ലുവിളിക്കും ചില പ്രതിവിധികൾ മേൽ പ്രസ്താവിച്ചിട്ടുള്ളതു കൂടാതെ ശേഷം വേണ്ടതിനു വഴി ഉറയ്ക്കുമ്പോൾ വിരുദ്ധങ്ങൾ ഒഴിഞ്ഞും അയികമത്യവും സമാധാനവും വർദ്ധിച്ചും വരുന്നതാകുന്നു.

### ആവക പ്രതിവിധികൾ ഏതെല്ലാമെന്നാൽ

ഇപ്പോൾ നമ്മുടെ പള്ളികളിൽ ഉണ്ടായിരിക്കുന്ന വിരുദ്ധങ്ങൾ മതസംബന്ധമായും മുതൽസംബന്ധമായും അധികാരസംബന്ധമായും ഉള്ള ചില തർക്കങ്ങൾ നിമിത്തം വന്നിരിക്കുന്നതാകയാൽ ഇതിലേക്കു അതാതു എടവകക്കാരാൽ മാത്രം നിർവ്വഹിപ്പാൻ പ്രയാസവും ബലഹീനതയും ആയിട്ടു തീർന്നിരിക്കയാൽ മേലാൽ എവിടെ എങ്കിലും മേല്പറഞ്ഞ ഏതിലും ഉത്ഭവിക്കുന്ന സമാധാനവിരോധത്തെക്കുറിച്ച് യോഗം

കൂടി ആലോചിച്ചു ന്യായമായി തീർച്ച ഉണ്ടാക്കുകയും, ഇവകൾ എതൃ കക്ഷികളിൽ നിന്നുണ്ടാകുന്നതായിരുന്നാൽ അതിലേക്കു ആവശ്യപ്പെടുന്ന മുതൽ ചിലവൊ - വ്യവഹാരമൊ - പൊതുവിൽനിന്നു നടത്തി നിർവഹിക്കേണ്ടതു ആവശ്യമാകുന്നു.

മേല്പറഞ്ഞ പൊതുമുതൽ ഉണ്ടാകുന്നതിനും വിദ്യാഭ്യാസവും - അതിൽനിന്നുള്ള വിശേഷഫലങ്ങളും നമ്മുടെ ജാതിക്കു പൊതുവെ ഉണ്ടാക്കുന്നതിനും എന്തുമാർഗ്ഗമെന്നു ചിന്തിക്കുന്നത് എത്രയും ആവശ്യമാകുന്നു. മെത്രാന്മാരുടെ ഏകനായകത്വത്തിന്റെ ശക്തിനിമിത്തം പള്ളിവക മുതൽ ദുർല്ലഭമായി തീർന്നിരിക്കയാൽ ജനങ്ങളിൽനിന്നു തന്നെ പ്രയാസവും ഞെരുക്കവും കൂടാത്തവിധം ഒരു മുതൽശേഖരം ഉണ്ടാകേണ്ടതായിരിക്കുന്നു. അതിലേയ്ക്കു ജാതി മുഴുവൻ കൂടിയതായ ഒരു സമൂഹവും അതിനു സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ എന്ന പേരും അതിൽ ഇപ്പോഴത്തെ നമ്മുടെ വിശുദ്ധ പിതാവും ആ സ്ഥാനം പ്രാപിക്കുന്നവരും പെയിറ്റ്റനും, ഭരിക്കുന്ന മെത്രാപ്പോലീത്താ പ്രസിഡണ്ടും, ആയിരിക്കേണ്ടതും, ഇതിലേയ്ക്കു ചേരപ്പെടുന്ന ജനങ്ങൾ നാലു ക്ലാസ്സായിട്ടും - ഒന്നാം ക്ലാസ്സു നൂറീതു രൂപായും, രണ്ടാം ക്ലാസ്സ് അമ്പതീതു രൂപായും, മൂന്നാം ക്ലാസ്സ് ഇരുപത്തഞ്ചീതു രൂപായും, നാലാം ക്ലാസ്സ് പതുപ്പത്തു രൂപായും - പള്ളി ഒന്നുക്കു അഞ്ഞൂറു രൂപാ മുതൽ കീഴ്പ്പോട്ടു താരതമ്യപ്രകാരവും പ്രവേശന ഫീസ്സു കൊടുത്ത് ചേരേണ്ടതും,തൽക്കാലം മുതൽ ഹാജരില്ലെങ്കിൽ തിങ്കളിൽ നൂറ്റുക്കു ഒന്നുവീതം ലാഭം കൊടുപ്പാൻ സമൂഹ സിക്രട്ടറിക്കു കടപ്പത്രം എഴുതികൊടുക്കേണ്ടതും, കൊള്ളാമെന്നു നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു.

മലയാളത്തിൽ മേലദ്ധ്യക്ഷന്മാരുടെ ഏകനായകശക്തിക്കു എതിരായ ശക്തി ഇല്ലായ്ക നിമിത്തം സഭയ്ക്കു ദോഷം സംഭവിച്ചിരിക്കയാൽ മേൽപ്പറഞ്ഞ സമൂഹം സ്ഥിരപ്പെടുത്തുന്നതു എത്രയും ആവശ്യവും അവരെല്ലാംകൂടി കാര്യങ്ങൾ നടത്തുന്നതിനു പ്രയാസവും ആകയാൽ ഇതിൽ കൂടിയിരിക്കുന്ന പട്ടക്കാരിൽ നിന്നു എട്ടും, ഒന്നാം ക്ലാസ്സിൽനിന്ന് അയ്മേനികൾ പതിനാറും, ഭരിക്കുന്ന മെത്രാപ്പോലീത്താ പ്രസിഡണ്ടും, കൂടിയതായ ഒരു പ്രധാന കമ്മറ്റിയും, അതിലേക്കു മാസപ്പടി കൊടുത്തു നിശ്ചയിക്കേണ്ട ഒരു സെക്രട്ടറിയും, ജാമ്യം സ്ഥിരപ്പെടുത്തി വരുന്നതായ ഒരു സ്രാപ്പും വേണ്ടുന്നതും, ജാതിയുടെ പൊതുവിലേക്കു വേണ്ടുന്ന മതസംബന്ധമായും സമൂഹസംബന്ധമായും ഉള്ള സകല കാര്യങ്ങൾക്കും കൈകാര്യകർത്താക്കളും ഭാരവാഹികളും ആയി ഇവരെ ചുമതലപ്പെടുത്തേണ്ടതും അവരുടെ നടപടികൾക്കു വേണ്ടുന്ന ശട്ടവട്ടങ്ങളെ നിശ്ചയിച്ചു ഉറപ്പിക്കേണ്ടതും അങ്ങനെ ചെയ്യുന്നപക്ഷം എല്ലാവിധ ഗുണവും സഭയ്ക്കു പൊതുവെ സിദ്ധിക്കുന്നതും ആകയാൽ ആ

വകക്കു കൊള്ളാകുന്നവരും, പൊതു കാര്യത്തിലേക്ക് താൽപര്യമുള്ള വരും ആയി മേല്പറഞ്ഞ പട്ടക്കാരെയും, അയ്മേനികളെയും, ഈ സുന്ന ഹദോസിൽ വച്ചുതന്നെ സ്ഥിരപ്പെടുത്തുന്നതു ആവശ്യമെന്നു യോഗം നിശ്ചയിച്ചുറപ്പിച്ചു.

മേൽ നിശ്ചയിച്ച വക മുതൽകൂടാതെ വേറിട്ടും മുതൽ ഉണ്ടാക്കുക, വർദ്ധിപ്പിക്കുക, സബ്ബ് കമ്മറ്റി ഉണ്ടാക്കുക മുതലായ സകല ഗുണീക രണ പ്രവൃത്തിക്കും മേൽ കമ്മറ്റിക്കാർക്കു സ്വാതന്ത്രിയാധികാരം കൊടു ക്കേണ്ടതും, കൊല്ലംതോറും സമൂഹം കൂടി കമ്മറ്റിക്കാരുടെ സകല വരവു ചെലവിന്റെയും മറ്റു നടത്തകളുടെയും വിവരം റെപ്പട്ടു (റിപ്പോർട്ട് – എഡി റ്റർ) അച്ചടിച്ചതും കണ്ടു ബോധിച്ചു ഒരു പ്രതി അന്ത്യോഖ്യാ സിംസാ സനത്തുങ്കലേയ്ക്കും ഓരോപ്രതി എല്ലാ പള്ളികളിലേക്കും അയയ്ക്കേ ണ്ടതും, കമ്മറ്റി മെമ്പ്രന്മാരെ നീക്കി വേറെ ആളുകളെ ആക്കുകയൊ അവരെ തന്നെ സ്ഥിരപ്പെടുത്തുകയൊ ചെയ്യുന്നതിനു സമൂഹക്കാർക്കു സ്വാതന്ത്ര്യം ഉണ്ടായിരിക്കണമെന്നു നിശ്ചയിക്കയും ഉറപ്പിക്കയും ചെയ്തു.

സാരമായ വല്ല സംഗതിയിലും സമൂഹക്കാരുടെ സമ്മതം വരുത്തി നടത്തിക്കേണ്ടതായി തോന്നുന്ന ഏതു സമയവും സമൂഹക്കാരിൽ ഒന്നാം ക്ലാസ്സിൽ ചേരുന്നവരെന്നു ഊഹിച്ചു പിതാവിനാൽ നിശ്ചയിക്കപ്പെട്ടു താഴെ പേരു ചേർക്കുന്നവരെ കമ്മറ്റിക്കാരുടെ അനുവാദപ്രകാരം മേൽപ്പടി സെക്രട്ടറി മുഖാന്തിരം എഴുതി അയച്ചു വരുത്തി ആലോചിക്കണമെന്നു യോഗം ഉറപ്പിച്ചു.

സുറിയാനി സമൂഹത്തിനു അവരുടെ പള്ളിവകയായും പൊതുവക യായും ഉള്ള മുതലിനെപ്പറ്റി ഇപ്പോൾ ഉള്ള ശട്ടങ്ങളെ ഭേദപ്പെടുത്തുന്ന തിനും പുതിയ ക്രമങ്ങളെ ഏർപ്പെടുത്തുന്നതിനും, പള്ളികണക്കുകൾ ആണ്ടടക്കമുള്ളതു കേട്ടു തീർക്കുന്നതിനും, യോഗം നിശ്ചയിക്കുന്ന അതതു പള്ളിയിലെ എപ്പിത്രോപ്പന്മാരെ സ്ഥിരപ്പെടുത്തുന്നതിനും വിദ്യാ ഭ്യാസങ്ങൾ വർദ്ധിക്കുന്നതിനു വേണ്ട പ്രയത്നങ്ങൾ ചെയ്യേണ്ടതിനുള്ള ചുമതലയും സമുദായത്തിനു ഉപയോഗപ്പെടുന്ന പുസ്തകങ്ങൾ ആവ ശ്യപ്പെട്ട ഭാഷകളിൽ അച്ചടിപ്പിക്കുന്നതിനും, കേടു ഭവിച്ചിരിക്കുന്ന പള്ളി കളുടെ അറ്റകുറ്റം തീർക്കുന്നതിനും പുതിയ പള്ളികൾ പണിയിക്കുന്ന തിനും ഇസ്കൂളുകൾ ഉണ്ടാക്കുന്നതിനും, മേൽ കമ്മറ്റിക്കാർ ചുമതല ക്കാരായിരിക്കേണ്ടതാണെന്നു നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു.

പാത്രിയർക്കീസിനു റെശ്ശീസാ പിരിച്ചു അയക്കുന്നതിനും, ഭരിക്കുന്ന മെത്രാപ്പോലീത്തായ്ക്കുള്ള കൈമുത്തവകാശം മുതലായി പള്ളികളിൽ നിന്നും വരേണ്ടുന്ന മുതലുകൾ പിരിപ്പിക്കുന്നതിനും അതുകൊണ്ടു പോരാതെ വരുന്നു എങ്കിൽ അതിലേക്കുള്ള വഴി സ്ഥിരപ്പെടുത്തുന്നതു

കൂടാതെ, ദയറായക്കാർക്കുള്ള ചിലവിന്റെ മാർഗ്ഗവും ആലോചിച്ചു ആയതും, വികാരിമാർക്കു എടവകയിൽ നിന്നും ശക്തിപോലെ ഒരു ശമ്പളം കൊടുപ്പിക്കുന്നതിനും സിക്രട്ടറി മുതലായവരുടെ മാസപ്പടികൾ കൊടുത്തു നടത്തുന്നതിനും കമ്മട്ടിക്കാർ ചുമതലക്കാരായിരിക്കണമെന്നു സ്ഥിരപ്പെടുത്തി.

ആണ്ടടക്കം പള്ളിവക വരവുചെലവിന്റെ കണക്കിനും, ഓരോ പള്ളിയിലുള്ള പൊൻവെള്ളി, ശീലവെഞ്ചനാദി, വെങ്കലപാത്രം, നിലംപുരയിടം മുതലായിട്ടുള്ളതിന്റെ മുതൽവിവരം പട്ടികക്കും, ഓരോ സംവത്സരങ്ങളിൽ വിശേഷാൽ ഉണ്ടാകുന്നവയും കേടുവരുന്നവയും ആയ വസ്തുവകകളുടെ വിവരത്തിനുള്ള കണക്കും, മാമോദീസ്സാ, പെൺകെട്ട്, ശവമടക്കൽ മുതലായതിനു എഴുതിവരുന്നതിന്റെയും ഓരോ പ്രതി, കണക്കെഴുതി വികാരിയും കൈക്കാരനും യോഗത്തിൽ നാലുപേരും കൂടി ഒപ്പിട്ടു മേല്പറഞ്ഞ കമ്മട്ടിക്കാർക്ക് ആണ്ടുതോറും അയയ്ക്ക വേണ്ടിയിരിക്കുന്നതു കൂടാതെ, മതസംബന്ധമായും സമൂഹസംബന്ധമായും ഉള്ള സകല കാര്യങ്ങൾക്കും ആവശ്യംപോലെ വേണ്ടുന്നവകയ്ക്കു അതാതുസമയം കമ്മട്ടിക്കാരുടെപേർക്കു എഴുതി അറിവിക്കണമെന്നു നിശ്ചയിച്ചു യോഗം ഉറപ്പിച്ചു.

നമ്മുടെ സമൂഹംവക എല്ലാ കാര്യങ്ങൾക്കും കമ്മട്ടിക്കാരു കൈകാര്യകർത്താക്കളായിരിക്കണമെന്നു മേൽ വകുപ്പുകളിൽ നിശ്ചയിച്ചിട്ടുണ്ടെങ്കിലും, മതസംബന്ധമായും സാമൂഹ്യസംബന്ധമായും പൊതുവിൽ ഉണ്ടായിവരുന്ന സകല വ്യവഹാരങ്ങളും അവർ എല്ലാവരും കൂടി നടത്തുന്നതു പ്രയാസമാകയാൽ അവകൾ ഒക്കെയും നടത്തുന്നതിനു ആവശ്യപ്പെടുന്ന മുതൽ ശേഖരിക്കുന്നതിനും ഉള്ള അധികാരം പ്രസിഡണ്ട് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകൾക്കായിരിക്കണമെന്നും, അതിലേക്കു കമ്മട്ടിമെമ്പറന്മാരു സഹായികളായിരിക്കണമെന്നും നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു.

പ്രസിഡണ്ടു മെത്രാപ്പോലീത്താ അവർകൾ പള്ളികളിൽ സർക്കൂറ്റു ചെയ്യുന്ന സമയങ്ങളിൽ അദ്ദേഹം പള്ളി തെരട്ടുകൾ പരിശോധിക്കുകയും എപ്പിത്രോപ്പെന്മാരെ സ്ഥിരപ്പെടുത്തുകയും സ്കൂളുകൾ മുതലായത് ഏർപ്പെടുത്തുകയും പള്ളികളിൽ ഉണ്ടാകുന്ന തർക്കങ്ങളെ തീർച്ചപ്പെടുത്തുകയും അതാതുസമയം ആവശ്യപ്പെടുന്ന കാര്യങ്ങളെ നടത്തുകയും ചെയ്യുന്നതു കൂടാതെ, ആ ദേഹത്തിന്റെ സകല നടത്തകൾക്കും ഒരു ഡയറി എഴുതി സൂക്ഷിക്കേണ്ടതും ആയതു കമ്മട്ടി കൂടുമ്പോൾ വായിക്കേണ്ടതും ആണെന്നു നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു.

ഏതെങ്കിലും സംഗതിവശാൽ കമ്മട്ടിമെമ്പറന്മാരുടെ തുക കൂട്ടുകയൊ

കുറയ്ക്കുകയൊ ചെയ്യുന്നതിനുള്ള അധികാരം സമൂഹക്കാർക്കായിരിക്കേണ്ടതും, ഇങ്ങനെയുള്ള എല്ലാ കാര്യങ്ങളിലും അധികംപേരുടെ അഭിപ്രായം സ്വീകരിച്ച് നടത്തേണ്ടതും ആണെന്നു നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു.

പുരാതനകാലം മുതൽക്കെ നമ്മുടെ മലങ്കര യാക്കോബായ സുറിയാനിസഭയും അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്റെ താഴയുള്ള മറ്റു സുറിയാനിസഭകളും തമ്മിലുള്ള യോജിപ്പും സംബന്ധവും ഇല്ലാതാക്കണമെന്നു അന്യമതക്കാർ വളരെ കാലമായി നാനാ പ്രകാരണയുള്ള പ്രയത്നങ്ങൾ ചെയ്തു വരുന്നതും ബ്രിട്ടീഷു റസിഡണ്ടായിരുന്ന മിസ്റ്റർ ബെല്ലാർഡു മുഖാന്തിരം ഉണ്ടാക്കിച്ചിട്ടുള്ള വിരുതു പ്രകരണത്തിൽ അന്ത്യോഖ്യായുടെ സാഹിത്യം നിലനിൽക്കും കാലമൊക്കെയും മലയാളത്തുള്ള സുറിയാനിസഭയിൽ സമാധാനം ഉണ്ടാകയില്ലെന്നു പറഞ്ഞിട്ടുള്ളതു നോക്കുമ്പോൾ, ആ സാഹിത്യം നിലനിൽക്കുവാനായി സകല കാര്യങ്ങളിലും പരദേശ ഇടവകകളും മലങ്കര ഇടവകയും എപ്പോഴും യോജിച്ചു രണ്ടുവകക്കാർക്കും അന്തോഖ്യാ സിംഹാസനത്തിങ്കലേക്കുള്ള അവകാശം സമവും സംബന്ധം തുല്യവും ആയിരിക്കുകയും ഇവിടുത്തെ, മജിലീസ്സും അവിടുത്തെ മജിലീസ്സും അന്യോന്യതയോടെ ഇരിക്കുകയും, കമ്മട്ടിയുടെ അനുമതിയോടുകൂടി നമ്മുടെ സഭയ്ക്കും സമുദായത്തിനുംവേണ്ടി ചെയ്യപ്പെടുന്ന സകല ഏർപ്പാടുകളും സാധുവായിരിക്കുകയും ചെയ്യണമെന്ന് നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു.

ഈ നിശ്ചയങ്ങൾ വിശുദ്ധ പിതാവും മെത്രാപ്പോലീത്തായും സമൂഹക്കാരും അന്യോന്യം സമ്മതിച്ചു എന്നുള്ള ഉറപ്പിനുവേണ്ടി വിശുദ്ധ പിതാവും മെത്രാപ്പോലീത്തായും തങ്ങളുടെ ഒപ്പും മുദ്രയും വയ്ക്കുന്നതല്ലാതെ സമൂഹക്കാരും ഒപ്പുകൾ ഇട്ടു ഉറപ്പിക്കണമെന്നു യോഗം നിശ്ചയിച്ചതിനെ സ്ഥിരപ്പെടുത്തി ഒപ്പുകൾ ഇട്ടിരിക്കുന്നു.

ദീവന്നാസ്യോസ് മെത്രാപ്പോലീത്താ (ഒപ്പ്)

### സുന്നഹദോസിനുശേഷം

മുളന്തുരുത്തി സുന്നഹദോസിലെ സൂത്രധാരദ്വയങ്ങളായ പത്രോസ് തൃതീയൻ പാത്രിയർക്കീസിന്റെയും, ജോസഫ് ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെയും ലക്ഷ്യം ഏകവും അതേസമയം തന്നെ വിഭിന്നവും ആയിരുന്നു. മലങ്കരസഭ നവീകരണം എന്ന വിപത്തിനെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു എന്ന് ജോസഫ് ദീവന്നാസ്യോസും അദ്ദേഹത്തിന്റെ പിമ്പിൽ അണിനിരന്ന ഭൂരിപക്ഷവും വിശ്വസിച്ചു. മലങ്കരസഭയെ രക്ഷിക്കുന്നതിനു നവീകരണം അത്യാവശ്യമാണെന്നു ആ പ്രസ്ഥാനത്തിന്റെ കർത്താക്കൾ വിശ്വസിച്ചിരിക്കാം. മാത്യൂസ് അത്താനാസ്യോസും

ജോസഫ് ദീവന്നാസ്യോസും ഓരോ കക്ഷിയുടേയും നേതാക്കന്മാർ എന്ന തരത്തിൽ നിലകൊണ്ടു. നിയമത്തിൽ തൊണ്ണൂറു ശതമാനവും കൈവശത്തെ ആശ്രയിക്കുന്നു എന്നുള്ള തത്വം മാത്യൂസ് അത്താനാസ്യോസിന്റെ നിലയ്ക്കു ഉറപ്പു നൽകുകയും ജോസഫ് ദീവന്നാസ്യോസിന്റെ സർവ്വ ശ്രമങ്ങളേയും ഫലശൂന്യമാക്കുകയും ചെയ്തു. "എല്ലാ പ്രകാരത്തിലും ഭഗ്നാശയനായ ദീവന്നാസ്യോസ് അഞ്ചാമൻ അവസാന കൈ ആയി തന്റെ പാത്രിയർക്കീസിന്റെ അടുക്കൽ അഭ്യർത്ഥിച്ചു. ഈ നിർബന്ധ അപേക്ഷ അനുസരിച്ചു...." പത്രോസ് തൃതീയൻ മിഥുനം 10-ാം തീയതി കൊച്ചിയിൽ എത്തി. 1051 ഇടവത്തിലാണ് മുളന്തുരുത്തി സുന്നഹദോസിനുള്ള നോട്ടീസ് അദ്ദേഹം അയച്ചത്. അതിനിടയിൽ മാത്യൂസ് അത്താനാസ്യോസ് കോടതികൾക്ക് അതീതൻ എന്ന നില മാറ്റുന്നതിനു സാധിച്ചു. ആവിധം വിജയം വരിച്ചു എങ്കിലും പാത്രിയർക്കീസ് സ്വന്തം അധികാരം സ്ഥാപിക്കുന്നതിനൊ ഉറപ്പിക്കുന്നതിനൊ നടപടികൾ ഒന്നും ആ ഘട്ടത്തിൽ നടത്തി എന്നു തോന്നുന്നില്ല. പുതിയ രാജകീയ വിളംബരത്തിലൂടെ ഭാഗികമായി വിജയം വരിച്ച് ഏതാണ്ട് നാലു മാസത്തിനു ശേഷം സുന്നഹോസ് നടന്നു. അതിനു മുമ്പ് പത്രോസ് തൃതീയൻ അദ്ദേഹത്തിന്റെ ലക്ഷ്യം എന്താണെന്നു വെളിപ്പെടുത്തിയതായി രേഖകൾ ഒന്നും കണ്ടില്ല. "ചൊല്ലുവിളിക്കും സ്തുതിചൊവ്വാകപ്പെട്ട വിശ്വാസത്തിനും വിപരീതം ഉണ്ടാകാതെ ഇരിപ്പാൻ" അതാതു ഇടവകക്കാർ കരാർ ആധാരം എഴുതി രജിസ്റ്റർ ആക്കണമെന്നും അടയാളത്തോടുകൂടിയ ഓരോ പകർപ്പ് പാത്രിയർക്കീസിനു അയച്ചുകൊടുക്കണമെന്നും ഉള്ള മുളന്തുരുത്തി സുന്നഹദോസിന്റെ ഒന്നാം കാനോനായിലെ വ്യവസ്ഥ തന്റെ അധികാരം ഉറപ്പിക്കുന്നതിനു സഹായിക്കുമെന്നു പാത്രിയർക്കീസ് വിശ്വസിച്ചിരുന്നിരിക്കാം. ആ ഉദ്ദേശത്തോടുകൂടെ അദ്ദേഹം നിർദ്ദേശിച്ച മാർഗ്ഗമായിരിക്കാം കരാർ ആധാരം. മതവിശ്വാസത്തെ രജിസ്റ്റർ ആധാരം വഴി ഉറപ്പിക്കാൻ പറ്റുമൊ? പറ്റുമെന്നു ധരിച്ചു കാത്തിരിക്കുകയും, കരാർ ആധാരങ്ങൾ ഉണ്ടാകുന്നില്ല എന്നു കണ്ടപ്പോൾ കാലം നഷ്ടപ്പെട്ടതു പരിഹരിക്കുന്നതിനായി അദ്ദേഹം ഇറങ്ങി പുറപ്പെടുകയും, ആറെട്ടു മാസക്കാലം അശ്രാന്തപരിശ്രമം നടത്തുകയും ചെയ്തു എന്നാണ് വിചാരിക്കേണ്ടത്. സുന്നഹദോസ് കഴിഞ്ഞ് ഒരു വർഷത്തിനുള്ളിൽ പത്രോസ് തൃതീയൻ മലങ്കര നിന്നു - ഇന്ത്യയിൽ നിന്നു - മടങ്ങിപ്പോയി.

സുന്നഹദോസു കഴിഞ്ഞ് ഏതാണ്ട് ഒമ്പതുമാസം മാത്രമാണ് പത്രോസ് തൃതീയൻ ഈ നാട്ടിൽ ഉണ്ടായിരുന്നത്. ആ ഒമ്പതു മാസം കൊണ്ട് അദ്ദേഹം എന്തെല്ലാമാണ് സാധിച്ചത്!! പല രജിസ്റ്റർ ഉടമ്പടികൾ വാങ്ങിച്ചു. ആറു മെത്രാന്മാരെ വാഴിച്ചു. ഇത് "മുളന്തുരുത്തിയിലെ നിശ്ചയപ്രകാരം" ആയിരുന്നു എന്ന് എം. പി. വർക്കിയും (ദീവന്നാസ്യോസ് മെത്രാപ്പോലീത്താ, പു. 128) ജോസഫ് ദീവന്നാസ്യോസിനെ

മലങ്കര മെത്രാപ്പോലീത്താ ആയി നിയമിക്കുകയും അദ്ദേഹത്തിന്റെ 'സഹായത്തിനായി ആറു മെത്രാന്മാരെ നിയമിക്കുകയും ചെയ്തു' എന്ന് ഇ. എം. ഫീലിപ്പോസും പറയുന്നു (*മാർതോമ്മാശ്ലീഹായുടെ ഇന്ത്യൻ സഭ*, പു. 233).

മുളന്തുരുത്തി സുന്നഹദോസിലെ നിശ്ചയപ്രകാരം ആണ് മെത്രാന്മാർ ആറു പേരെ വാഴിച്ചതെന്നു എം. പി. വർക്കി പറയുന്നതു ശരി അല്ലെന്ന്, മുളന്തുരുത്തി സുന്നഹദോസ് നിശ്ചയങ്ങൾ തെളിയിക്കുന്നു. ജോസഫ് ദീവന്നാസ്യോസിനെ സഹായിക്കുന്നതിനായി ആറു മെത്രാന്മാരെ നിയമിച്ചു എന്നുള്ള ഇ. എം. ഫീലിപ്പോസിന്റെ പ്രസ്താവനയ്ക്ക് ആ പ്രസ്താവന അല്ലാതെ ആധാരം ഒന്നുമില്ല. ജോസഫ് ദീവന്നാസ്യോസിനെ സഹായിക്കാനാണ് ആറു മെത്രാന്മാരെ നിയമിച്ചതെന്ന് ഇ. എം. ഫീലിപ്പോസ് സാക്ഷ്യപ്പെടുത്തുന്നുണ്ടെങ്കിലും, ആ സാക്ഷ്യം അയഥാർത്ഥമാണെന്ന്, ജോസഫ് ദീവന്നാസ്യോസ് ആറു മെത്രാന്മാരിൽ ഒരാളുടെയും അഭിഷേകത്തിൽ താൻ പങ്കുകൊണ്ടില്ല എന്ന് സെമിനാരി കേസിൽ പ്രതിഭാഗം ഒന്നാം സാക്ഷിയായി 1058 വൃശ്ചികം 21-ാം തീയതി മൊഴികൊടുത്തു സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് (Seminary Case Book, Vol. 2, p. 14).

## പാത്രിയർക്കീസിന്റെ കണക്കുകൂട്ടൽ തെറ്റി

മുളന്തുരുത്തി സുന്നഹദോസിന്റെ നാഡീചലനം തന്നെ പത്രോസ് തൃതീയൻ നോക്കിക്കൊണ്ടാണിരുന്നത്. ഓരോ നിശ്ചയങ്ങളുടെയും പരിഭാഷ സുറിയാനിയിൽ അദ്ദേഹത്തെ വായിച്ചുകേൾപ്പിച്ചും കാണിച്ചും അംഗീകാരം വാങ്ങിയാണ് മുമ്പോട്ടു പൊയ്ക്കൊണ്ടിരുന്നത്, എന്ന് പരുമല ഗ്രീഗോറിയോസാണ് സെമിനാരികേസിൽ മൊഴികൊടുത്തത്. അതിൽ അധികം വിശ്വസനീയമായ തെളിവ് എന്താണുണ്ടാവുക? പാത്രിയർക്കീസിന്റെ സമ്മതത്തോടുകൂടെ നിശ്ചയങ്ങൾ ചെയ്തു. പക്ഷേ, പ്രതീക്ഷിച്ച ഫലം ഉണ്ടായില്ല. സുന്നഹദോസ് കൂടിയതിന്റെ അതിപ്രധാന ഉദ്ദേശ്യമൊ ഉദ്ദേശ്യങ്ങളിൽ ഒന്നൊ, നവീകരണക്കാരുമായി വ്യവഹാരം നടത്തുന്നതിനു തയ്യാർ എടുക്കുക ആയിരുന്നു. അല്ലെങ്കിലും മലങ്കരയിലെ നേതാക്കന്മാരുടെ ഉദ്ദേശം അതായിരുന്നു. പാത്രിയർക്കീസയച്ച നോട്ടീസിൽ സഭാസംബന്ധമായ ആത്മീയകാര്യങ്ങളെപ്പറ്റി ആലോചിക്കുന്നതിനാണ് സുന്നഹദോസ് കൂടുന്നതെന്ന് ഉറപ്പിച്ച് തറപ്പിച്ചു പറഞ്ഞു. സഭയിൽ ഉണ്ടായിട്ടുള്ള ഭിന്നതയും വഴക്കും അവസാനിപ്പിക്കുന്നതിനു ഈ സമ്മേളനം സഹായകരമാകുമെന്നു പ്രതീക്ഷിക്കുന്നതായും സൂചിപ്പിച്ചിട്ടുണ്ട്. നവീകരണക്കാരുമായി കേസു നടത്തുന്നതിനു ഒരുങ്ങുക എന്നതാണ് ആ വാക്കുകൾ കൊണ്ട് ഉദ്ദേശിച്ചതെന്ന് എല്ലാവർക്കും അന്നും ഇന്നും അറിയാം. പ്രധാന സൂത്രധാരന്മാർ അതേപ്പറ്റി ആലോചിച്ചു വേണ്ട തീരുമാനങ്ങളും ചെയ്തിരിക്കണം. ആ ഗഡുക്കളിൽ ഒരിക്കലെങ്കിലും

കൂടുതൽ മെത്രാന്മാരെ വാഴിക്കുന്ന പ്രശ്നം പാത്രിയർക്കീസ് ഉന്നയിക്കുകയൊ, ജോസഫ് ദീവന്നാസ്യോസൊ അദ്ദേഹത്തിന്റെ കൂടെയുള്ളവരോ അവതരിപ്പിക്കുകയോ ചെയ്തിട്ടില്ല എന്നതിന് ആ പ്രശ്നത്തിനു കാനോനാകളിൽ സ്ഥാനം ഇല്ലാത്തത് തെളിവാണ്. അതിൽ കുറെകൂടെ ശക്തവും സ്പഷ്ടവും ആയ തെളിവാണ് മെത്രാന്മാരുടെ "ഏകനായകത്വത്തെ" രണ്ടു കാനോനാകളിൽ അപലപിച്ചിട്ടുള്ളത്. പാത്രിയർക്കീസിനെ പ്രധാനാസനപതി ആക്കി രജിസ്റ്റർ ആധാരമെഴുതി അടയാളസഹിതമുള്ള പകർപ്പുകൾ എല്ലാ പള്ളികളും കൊടുക്കണം. റെശീസ്സാപിരിവ് ഊർജ്ജിതപ്പെടുന്നതിനു ജനസംഖ്യ എടുക്കുകയൊ ഇടവക രജിസ്റ്ററുകൾ ഉണ്ടാക്കുകയൊ ചെയ്യണം എന്നിങ്ങനെ ആശ കൊടുക്കുന്ന പല വ്യവസ്ഥകൾ കാനോനാകളിൽ ഉണ്ടായിരുന്നു. അവയുടെ ഫലം പ്രതീക്ഷിച്ചു പാത്രിയർക്കീസ് ഏതാനും വാരങ്ങൾ കാത്തിരുന്നു. ഒരു ഇടവകക്കാരെങ്കിലും രജിസ്റ്റർ ആധാരം ഉണ്ടാക്കുകയൊ പകർപ്പ് പാത്രിയർക്കീസിനു കൊടുക്കുകയൊ ചെയ്തില്ല. കണക്കുകൂട്ടലിൽ തെറ്റുപറ്റി എന്നും, സുന്നഹദോസ് നടത്തിയതുകൊണ്ട് താൻ ഉദ്ദേശിച്ച ഫലം സിദ്ധിച്ചില്ല, സിദ്ധിക്കുന്നില്ല എന്നും മനസ്സിലായപ്പോൾ പത്രോസ് തൃതീയൻ പ്രവർത്തനനിരതനായി. എട്ടുപത്തു മാസത്തിനകം ആറു മെത്രാന്മാരെ വാഴിക്കയും, "മലങ്കരയെ ഏഴു ഇടവകകളായി വിഭജിച്ച് മെത്രാന്മാരെ നിയമിക്കുകയും" ചെയ്തു.

1665 മുതൽ കൊല്ലം 1052-ന് ക്രിസ്താബ്ദം 1877 വരെയുള്ള കാലത്ത് ഒരുത്തരും സ്മരിക്കുകപോലും ചെയ്തിട്ടില്ലാത്ത നടപടിയാണ് - മെത്രാന്മാരുടെ "നിയമന"വും ഇടവകകളുടെ സൃഷ്ടിയും - പത്രോസ് തൃതീയൻ സ്വീകരിച്ചത്. അദ്ദേഹം വാഴിച്ച മെത്രാന്മാരുടെയും അവർക്കു കൊടുത്ത ഇടവകകളുടെയും വിവരങ്ങൾ താഴെ ചേർക്കുന്നു.

### പറവൂർ പള്ളിയിൽവച്ച് വാഴിക്കപ്പെട്ടവർ

1. പൗലൂസ് അത്താനാസ്യോസ് (കടവിൽ) കോട്ടയം ഇടവക. കബർ അടങ്ങിയത് ആലുവാ സെമിനാരി.

2. ഗീവറുഗീസ് യൂലിയോസ് (കോനാട്ട്) തുമ്പമൺ ഇടവക. കബർ - പാമ്പാക്കുട വലിയപള്ളി.

3. ഗീവറുഗീസ് കൂറിലോസ് (അമ്പാട്ട്) അങ്കമാലി ഇടവക. കബർ - അങ്കമാലിപള്ളി.

4. ഗീവറുഗീസ് ഗ്രീഗോറിയോസ് (ചാത്തുരുത്തി) നിരണം ഇടവക. കബർ - പരുമല സെമിനാരി.

### കുന്നംകുളം ചിറളയം പള്ളിയിൽവച്ചു വാഴിക്കപ്പെട്ടവർ

5. പൗലൂസ് ഈവാനിയോസ് (മലങ്കരയിലെ ഒന്നാം കാതോലിക്കാ.

മുറിമറ്റം) കണ്ടനാട് ഇടവക. കബർ – പാമ്പാക്കുട ചെറിയപള്ളി.

6. ശീമോൻ ദീവന്നാസ്യോസ് (കരോട്ടുവീട്ടിൽ) കൊച്ചി ഇടവക. കബർ – കടുംഗമംഗലം പള്ളി.

## മെത്രാന്മാരോട് വാങ്ങിയ ഉടമ്പടി

മുകളിൽ പേരു കൊടുത്തിട്ടുള്ള ആറു പേരെയാണ് മെത്രാൻ സ്ഥാന ത്തേയ്ക്കു ഉയർത്തിയതെന്നുള്ളതിൽ ആർക്കും തർക്കമില്ല. ഇവരോട് എല്ലാവരോടും പത്രോസ് ഉടമ്പടി വാങ്ങി. സ്ഥാനം കൊടുക്കുന്ന സമയം വാങ്ങുന്ന 'ശൽമൂസൊ' എന്ന ഉടമ്പടി അല്ല. സ്ഥാനം നൽകാമെന്നു പറഞ്ഞശേഷം രജിസ്റ്റർ ഉടമ്പടികളാണ് വാങ്ങിയത്. ഈ വിവരവും ജോസഫ് ദീവന്നാസ്യോസിന്റെ മുൻപറഞ്ഞ 1059 വൃശ്ചികം 21-ലെ മൊഴി യിൽ ഉണ്ട്. (Seminary Case Book, Vol. II, p. 14). മെത്രാൻ സ്ഥാനാർത്ഥിക ളിൽ നിന്നു ഉടമ്പടി വാങ്ങിയൊ ഇല്ലയൊ എന്നു സമുദായകാര്യങ്ങളിൽ ധാരാളം ഇടപെടാറുള്ളവർക്കുപോലും ഇന്ന് വിവരമില്ല എന്ന് അനുഭവ ത്തിൽ മനസ്സിലായപ്പോൾ ഉടമ്പടികളെപ്പറ്റി അന്വേഷണം നടത്തി. ഈ ഉടമ്പടികളിൽ ചിലതു സെമിനാരി കേസിൽ ഹാജരാക്കിയിരുന്നു. അവ ഒന്നും ഇന്നു കാണാനേ ഇല്ല.

പരുമല മാർ ഗ്രീഗോറിയോസിനോടും പാത്രിയർക്കീസ് രജിസ്റ്റർ ഉട മ്പടി വാങ്ങി എന്ന് അദ്ദേഹം സെമിനാരികേസിൽ വാദിഭാഗം 6-ാം സാക്ഷി യായി 1059 തുലാം 4-ാം തീയതി കൊടുത്ത മൊഴിയിൽ പറയുന്നു:- പാത്രിയർക്കീസിന്റെ അനുസരണത്തിൽ നടന്നുകൊള്ളാമെന്ന് ഞാൻ ഒരു രജിസ്റ്റർ ഉടമ്പടി കൊടുത്തു. അതു മെത്രാൻസ്ഥാനം ലഭിക്കുന്ന തിനു മുമ്പായിരുന്നു. സ്ഥാനം കിട്ടിയ മാസത്തിൽ, സ്ഥാനം കിട്ടുന്ന തിന് അല്പം മുമ്പ് ആയിരുന്നു. ആ മാസത്തിൽ തന്നെ ആയിരുന്നു എന്ന് നിശ്ചയമാണ് (Seminary Case Book Vol. II, p. 434).

മെത്രാന്മാരോട് പത്രോസ് വാങ്ങിയ ഉടമ്പടി വളരെ ദീർഘമായതു കൊണ്ട് ഇവിടെ ചേർക്കാൻ പറ്റുന്നില്ല. "മുളന്തുരുത്തി സുന്നഹദോസ്" എന്ന പുസ്തകത്തിൽ 197 മുതൽ 206 വരെ പേജുകളിൽ, കോനാട്ട് യൂലി യോസ് കൊടുത്ത ഉടമ്പടി ചേർത്തിട്ടുണ്ട്. പൂർണ്ണവിവരം അറിയണമെ ന്നുള്ളവർക്ക് അത് നോക്കാം. ആ ഉടമ്പടിയിൽ നിന്നു അല്പം ചില വിവരങ്ങൾ താഴെ ചേർക്കുന്നു.

## യൂലിയോസിന്റെ ഉടമ്പടി

"ബാവായും പുത്രനും ജീവനും ശുദ്ധവും ഉള്ള റൂഹായും ആയ സത്യമുള്ള ഏകദൈവത്തിന്റെ തിരുനാമത്തിൽ ബലഹീനനും പാപിയു മാകുന്ന ദാസനാകുന്ന തിരുവിതാംകൂർ മൂവാറ്റുപുഴ മണ്ടപത്തുംവാതു

ക്കൽ രാമമംഗലം പ്രവർത്തിയിൽ മേമുറി കരയിൽ പാമ്പാക്കുട പള്ളിയിൽ വൈദീകവൃത്തി കോനാട്ടു ഗീവറുഗീസു ദയറായൊ ആയ ഞാൻ വിശ്വാസത്തോടെ, എന്റെമേൽതന്നെ ഞാൻ പൂർണ്ണമനസ്സോടും സന്തോഷത്തോടും തൃപ്തിയോടുംകൂടി എഴുതിവയ്ക്കുന്ന ഉടമ്പടിയാവിത്. സർവ്വശക്തനായിരിക്കുന്ന ജീവനുള്ള ദൈവത്തിന്റെ മുമ്പാകയും ശുദ്ധമുള്ള തന്റെ മാലാഖമാരുടെ മുമ്പാകയും ദൈവത്തിന്റെ രഹസ്യങ്ങളുടെ ശുദ്ധതയുടെ ശുദ്ധതയായ മദ്ബഹായുടെ മുമ്പാകയും.... പിതാവ് മാറാൻ മാർ ഇഗ്നാത്യോസ് പാത്രിയർക്കീസു ബാവായുടെ ശുദ്ധതയുടെ മുമ്പാകയും ഞാൻ വാഗ്ദത്തം ചെയ്യുന്നു.... (ആറോളം പേജ് വിട്ടുകളയുന്നു) എന്റെ സ്വന്തമനസ്സാലെ ഞാൻ തന്നെ എഴുതിയിട്ടുള്ള ഈ പത്രത്തെ എങ്കിലും, എന്റെ മേൽപറഞ്ഞ വാഗ്ദത്തങ്ങളിൽ യാതൊന്നിനെ എങ്കിലും, ഇതിൽ പറഞ്ഞിരിക്കുന്ന യാതൊരു വിധത്തിലെങ്കിലും ഭേദപ്പെടുത്തുകയൊ വ്യത്യാസപ്പെടുത്തുകയൊ ചെയ്കകൊണ്ടും ഈ വാഗ്ദത്തത്തെ ന്യായവും യോഗ്യവുമായിരിക്കുന്നപ്രകാരം ഞാൻ ആചരിക്കായ്കകൊണ്ടും സകല പള്ളികളിൽനിന്നും എന്നെ തള്ളിക്കളവാനും, ഒരുത്തനും എന്റെ വചനം വിശ്വസിക്കാതെയിരിപ്പാൻ തക്കവണ്ണം ഞാൻ വ്യാജക്കാരനെന്നു എന്നെക്കുറിച്ചു പ്രസിദ്ധം ചെയ്യാനും തിരുമനസ്സിലേക്കു ന്യായമുള്ളതാകുന്നു. ഇപ്രകാരം തിരുമനസ്സുകൊണ്ടൊ ആ സ്ഥാനത്തു ഇനി വരുന്ന ബാവാന്മാരൊ ചെയ്യുമ്പോൾ തിരുമനസ്സിലേക്കൊ ആ സ്ഥാനത്തു വരുന്നവർക്കൊ 2850 ബ്രിട്ടീഷ് ഉറുപ്പിക തന്നു ഈ പത്രം മടക്കിവാങ്ങിക്കൊള്ളുകയും ചെയ്യാം.

എന്റെ വാഗ്ദത്തത്തിനു ശുദ്ധമുള്ള മാലാഖമാരും, ജീവനുള്ള സ്ലീബായും, വന്ദിക്കപ്പെട്ട ഏവൻഗേലിയോനും, പട്ടത്വത്തിനടുത്ത ഈ കൂട്ടവും ബഹുമാനപ്പെട്ട ജനവും സാക്ഷിയായിരിക്കുന്നു. ....."

### ധീരനായ പാത്രിയർക്കീസ്

പത്രോസ് തൃതീയൻ തന്ത്രജ്ഞനും കർമ്മകുശലനും ആയിരുന്നു എന്ന് ചരിത്രം തെളിയിക്കുന്ന വിവരം ഇതിനു മുമ്പ് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. അദ്ദേഹം അസാധാരണ ധീരനുമായിരുന്നു എന്ന് സുന്നഹദോസിനു ശേഷം സ്വീകരിച്ച നടപടികൾ തെളിയിക്കുന്നുണ്ട്. ഏതാണ്ട് ആയിരത്തി തൊള്ളായിരം വർഷത്തെ പാരമ്പര്യമുള്ള മലങ്കരയെ എന്നും ഒറ്റ മെത്രാനാണ് ഭരിച്ചുകൊണ്ടിരുന്നതെന്നും, പരദേശിയായ മെത്രാൻ കേവലം നാമമാത്ര തലവനും യഥാർത്ഥ അധികാരി സ്വദേശി ആയ അർക്കദിയാക്കോനും - ഇതാണ് ഇവിടുത്തെ രീതി എന്നും അദ്ദേഹം അറിഞ്ഞിരുന്നിരിക്കണം. ക്രൈസ്തവസഭാ ഭരണത്തിന്റെ അടിസ്ഥാനം ഉറപ്പിച്ചിട്ടുള്ളത് കീഴുനടപ്പുകളിന്മേലും ആചാരങ്ങളിന്മേലും ആയിരുന്നു. ആദിമ ശതകങ്ങളിൽ തന്നെ മെത്രാൻ പദത്തിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനു

വേണ്ട വ്യവസ്ഥകൾ ഉണ്ടായിരുന്നു. (Decline and Fall of the Roman Empire Vol. 2, pp. 246, 247). അതൊന്നും പത്രോസ് തൃതീയൻ പാത്രിയർക്കീസ് അറിഞ്ഞില്ലെന്നു വരികയില്ല. അറിഞ്ഞുകൊണ്ട് എല്ലാം അവഗണിച്ചാണ് പത്രോസ് മലങ്കരയിൽ ആറു മെത്രാന്മാരെ കൂടെ ഇഷ്ടാനുസരണം വാഴിച്ചതും മലങ്കരയെ ഇഷ്ടാനുസരണം ഏഴായി കഷണിച്ചതും. ആറു മെത്രാന്മാർ മതി എന്നു വച്ചത് എന്തുകൊണ്ടെന്ന് എത്ര ആലോചിച്ചിട്ടും കാരണം കണ്ടുപിടിക്കാൻ സാധിക്കുന്നില്ല! 1085 ചിങ്ങം 14-നു കൂടിയ മാനേജിംഗ് കമ്മട്ടിക്കാരോട് അബ്ദുള്ളാ പാത്രിയർക്കീസ് ചെയ്ത പ്രസംഗത്തിന്റെ അവസാനത്തിൽ “നിങ്ങൾക്ക് ഏതാനും മെത്രാന്മാരെ വേണമെന്നു കേട്ടു, എത്രപേരെയാണ് വേണ്ടത്. ‘ശീമ’യിലെ സ്ഥിതി ആലോചിച്ചാൽ ഇവിടെ അമ്പതു മെത്രാന്മാർ വേണ്ടിയിരിക്കുന്നു. നിങ്ങൾക്ക് എത്ര വേണമെന്നു പറയണം” (വട്ടിപ്പണക്കേസിൽ ഗീവറുഗീസ് ദീവന്നാസ്യോസിന്റെ മൊഴി, പു. 871) എന്നാണല്ലോ ആവശ്യപ്പെട്ടത്.

പത്രോസ് തൃതീയന്റെ ലക്ഷ്യം സർവ്വാധിപത്യം ആയിരുന്നു എന്ന്, കോനാട്ട് യൂലിയോസിൽനിന്ന് വാങ്ങിയ ഉടമ്പടി ഉച്ചൈസ്തരം വിളിച്ചു പറയുന്നുണ്ട്. മെത്രാൻ ഇടത്തോട്ടോ വലത്തോട്ടോ തിരിയണമെങ്കിൽ പാത്രിയർക്കീസിന്റെ അനുമതി വാങ്ങണം. അനുമതി കൂടാതെ ശ്വാസം കഴിച്ചുപോയിയെങ്കിൽ പ്രായശ്ചിത്തം 2850 കൊടുത്തുകൊള്ളാം എന്ന് വാഗ്ദത്തം ചെയ്തിരിക്കുന്നു!

## പള്ളികളും സ്വത്തുക്കളും സ്വന്തമാക്കി

രജിസ്റ്റർ ഉടമ്പടികൾ വാങ്ങി ആറു മെത്രാന്മാരെ “നിയമിക്കുക”യും, മലങ്കരയെ ഏഴായി വിഭജിച്ച് അവർക്കു കൊടുക്കുകയും ചെയ്തതുകൊണ്ട് തന്റെ അധികാരം സ്ഥാപിച്ചു കഴിഞ്ഞില്ല, വേണ്ടത്ര ഉറപ്പു വന്നില്ല എന്നു തോന്നിയിട്ടാണൊ അദ്ദേഹം, തുടർന്നു പള്ളികളിൽനിന്നു രജിസ്റ്റർ ഉടമ്പടികൾ വാങ്ങിയത്? അല്ല, അവയിന്മേൽ ഉടമസ്ഥാവകാശം സ്ഥാപിച്ചു ലൗകികാധികാരം ഉറപ്പിക്കാം എന്നു വച്ചായിരുന്നു എന്നാണ് മനസ്സിലാക്കേണ്ടത്. പന്ത്രണ്ടു പള്ളിക്കാരിൽ നിന്നു ഉടമ്പടി വാങ്ങിയത്രെ. പുതുപ്പള്ളിപള്ളി അതിൽപ്പെടുന്നു.

പള്ളികളിൽനിന്നു പത്രോസ് തൃതീയൻ വാങ്ങിയ ഉടമ്പടിയുടെ മാതൃക ആയി പുതുപ്പള്ളിപള്ളി ഇടവകക്കാരിൽനിന്നു വാങ്ങിയതിനെ സ്വീകരിക്കാം. അതിൽനിന്നു ചില ഭാഗങ്ങൾ താഴെ ചേർക്കുന്നു:

“ക്രിസ്താബ്ദം 1876-ന് കൊല്ലം 1052-ാമാണ്ടു കന്നിമാസം 22-ാം തീയതി ചങ്ങനാശ്ശേരി ഡിസ്ട്രിക്ടിൽ ചേർന്ന പുതുപ്പള്ളി പ്രവൃത്തിയിൽ പുതുപ്പള്ളിപള്ളിയിൽ യോഗക്കാരായ താഴെ പേരെഴുതി കൈയ്യൊ

പ്പിട്ടിരിക്കുന്ന എല്ലാവരുംകൂടി സത്യംചെയ്തു എഴുതുന്ന കരാർപത്രം എന്തെന്നാൽ........

പൂർവ്വീകകാലം മുതലെ മലയാളത്തിലുള്ള സുറിയാനി പള്ളികളും പള്ളിവക നിലംപുരയിടങ്ങളും പൊൻവെള്ളി മുതലായ എപ്പേർപ്പെട്ട സകല സാമാനങ്ങളും മേലെഴുതിയ സിംഹാസനത്തിങ്കലെ സ്വന്ത വകയും അവിടുത്തെ പൂർണ്ണ അധികാരത്തിൻകീഴു അടങ്ങിയതുമാക കൊണ്ട്, മറ്റു യാതൊരുത്തർക്കും യാതൊരവകാശവും ഇല്ല. മെത്രാൻമാരെയും പട്ടക്കാരെയും മറ്റുള്ള എല്ലാ സ്ഥാനികളെയും ആക്കുന്നതിനും നീക്കുന്നതിനും ഉള്ള പൂർണ്ണ അധികാരം തിരുമനസ്സിലേക്കാകുന്നു. തിരുമനസ്സുകൊണ്ട് ആക്കുന്നവർ കൈക്കൊള്ളപ്പെട്ടവരും നീക്കുന്നവർ ഉപേക്ഷിക്കപ്പെട്ടവരും ആകുന്നു. നമ്മുടെ ശുദ്ധമാന പള്ളിക്കു ഭരമേല്പിക്കപ്പെട്ടു എന്ന ശുദ്ധമുള്ള സുന്നഹദോസുകളുടെ വിശ്വാസത്തിൽ നിന്നും, നമ്മുടെ മതത്തിന്റെയും സത്യവിശ്വാസത്തിന്റെയും തലവനാകുന്ന തിരുമനസ്സിലെ കല്പനയിൽ നിന്നും വലത്തോട്ടെങ്കിലും ഇടത്തോട്ടെങ്കിലും നമ്മളും നമ്മളുടെ സന്തതികളും മരണംവരെയും വിട്ടുമാറുന്നതല്ല. ഇതുനിമിത്തം ഒടുവിലത്തെ ശ്വാസംവരെയും ഇതിനു ഭേദമില്ലെന്നു ദൈവത്തിന്റെ തിരുമുമ്പാകെയും തിരുമനസ്സിലെ പരിശുദ്ധതയുടെ മുമ്പാകെയും, സ്ലീബായും ഏവൻഗേല്യോനും പിടിച്ചു ഉറപ്പോടെ നമ്മൾ സത്യം ചെയ്തിരിക്കുന്നു. ഇതിനു ഏതെങ്കിലും തെറ്റ് വ്യത്യാസമായി നമ്മളിൽ ആരെങ്കിലും ഏതെങ്കിലും പ്രവർത്തിച്ചാൽ ആയവർ ആളൊന്നുക്ക് (100) ഒരുനൂറു രൂപാവീതം പള്ളിനടയിൽ കെട്ടിവച്ച് പള്ളിമേലും പള്ളിവക എപ്പേർപ്പെട്ടതിന്മേലും യാതൊരു അവകാശവും അർഹതയും ഇല്ലാതെ ഒഴിഞ്ഞിരിക്കുന്നപ്രകാരം സമ്മതിച്ച് ഈ ഉടമ്പടിപത്രം എഴുതി.

ടി പള്ളിയിൽ മൂപ്പൻ പുതുപ്പള്ളി മുറിയിൽ താഴത്തു ഇളന്തുരുത്തിൽ പീലിപ്പോസ് കത്തനാരു, മറ്റത്തിൽ കോരുള കുര്യൻ കത്തനാരു, പടിഞ്ഞാറെക്കുറ്റു വറീയ്തു യാക്കോബ് കത്തനാരു, വല്യപറമ്പിൽ വറുഗീസു യോഹന്നാൻ ശെമ്മാശ്...." ഈ വൈദീകരെ തുടർന്ന് നൂറോളം ഇടവകാംഗങ്ങളും ഒപ്പിട്ടിട്ടുണ്ട്.

ആത്മീയാധികാരത്തിന്റെ അവതാരമെന്നു ഭാവിക്കുന്ന പാത്രിയർക്കീസിന്റെ സ്വന്തം വകയാണ് "മലയാളത്തിലുള്ള പള്ളികളും പള്ളിവക നിലംപുരയിടങ്ങളും പൊൻ, വെള്ളി മുതലായ എപ്പേർപ്പെട്ട സകല സാമാനങ്ങളും" എന്ന് പന്ത്രണ്ട് പള്ളികളിലെ ഇടവകക്കാരെക്കൊണ്ട് "സത്യം" ചെയ്യിച്ചതിന്റെ ഉദ്ദേശ്യം ആത്മീയ പരമാദ്ധ്യക്ഷന് ലൗകികാധികാരം ഉണ്ടെന്നു സ്ഥാപിക്കുന്നതിനായിരുന്നു എന്നതിൽ സംശയിക്കാനില്ലല്ലൊ. പക്ഷേ, ഉദ്ദേശ്യം സാധിച്ചില്ല. നവീകരണക്കാരുമായുള്ള വ്യവഹാര യജ്ഞം ഉൽഘാടനം ചെയ്യപ്പെട്ടത് മുളന്തുരുത്തി സുന്നഹദോസിൽ

വച്ചാണെന്നും, അതിന്റെ ഉൽഘാടകൻ പത്രോസ് തൃതീയൻ ആയിരുന്നു എന്നും വ്യക്തമാണ്. ഉൽഘാടനം ചെയ്തത് ശുഭമുഹൂർത്തത്തിൽ ആയിരുന്നതുകൊണ്ടാവാം കേസിൽ വിജയം സിദ്ധിച്ചത്! പക്ഷേ, ഉൽഘാടകന് ദൃഷ്ടിഗോചരമായ ഒന്നിന്മേലും കർത്തവ്യം ഇല്ലെന്നും, അഗോചരമായ ആത്മലോകമാണ് അദ്ദേഹത്തിന്റെ അധികാരസീമ എന്നും റോയൽ കോടതി 1064 മിഥുനം 30-ാം തീയതി വിധിച്ചുകളഞ്ഞു! റോയൽ കോടതിയുടെ ഭൂരിപക്ഷ ജഡ്ജ്മെന്റ് പറയുന്നു: "... പാത്രിയർക്കീസിന് സഭയുടെ ലൗകികങ്ങളിന്മേലുള്ള ഭരണത്തിന് അധികാരം ഒരിക്കലും ഉണ്ടായിരുന്നില്ല. അക്കാര്യത്തിൽ (മലങ്കര) സഭ ഒരു സ്വതന്ത്രസഭ ആയിരുന്നു" (Royal Court Judgment, Para 347).

### ലൗകികാധികാരം ദൈവദത്തമാണെന്ന്

പാത്രിയർക്കീസിനു മലങ്കരസഭയുടെ ലൗകികങ്ങളിന്മേൽ യാതൊരധികാരവും ഇല്ലെന്നു വിധിച്ച 1064-ലും പത്രോസ് തൃതീയൻ ഭരണാധിപനായി തന്നെ തുടർന്നിരുന്നു. റോയൽകോടതി വിധിയേയും പാത്രിയർക്കീസിന്റെ ലൗകികാധികാരത്തിന്റെ പരമഭദ്രതയെയും പറ്റി മുളന്തുരുത്തിയിൽ വച്ച് "നിയമിച്ച" 24 അംഗങ്ങൾക്ക് (മാനേജിംഗ് കമ്മറ്റി) 1068 തുലാം 23-ാം തീയതി (1892 നവംബർ 7) അദ്ദേഹം എഴുതിയ ഒരു "കല്പന"യുടെ ചില ഭാഗങ്ങൾ താഴെ ചേർക്കുന്നു. ഇത് "സമുദായ കേസിൽ" (കോട്ടയം ജില്ലാകോർട്ടിൽ 1113-ൽ അസ്സൽ 111-ാം നമ്പർ) പ്രതിഭാഗം 172-ാം അക്കപ്രമാണമായും വട്ടിപ്പണകേസിൽ J.N. അക്കപ്രമാണമായും ഹാജരാക്കിയിരുന്നു. സുദീർഘമായ ആ "കല്പന"യുടെ സംഗതമായ ഭാഗങ്ങൾ സ്ഥലപരിമിതി അവഗണിച്ച് താഴെ ചേർക്കുന്നുണ്ട്:

".... വീണ്ടും നല്ലതും വെടിപ്പുള്ളതുമായ എണ്ണയ്ക്കു പകരം നിങ്ങൾ പള്ളിഅകത്തും മദ്ബഹായിലും മണ്ണെണ്ണ കത്തിക്കുന്നു. റൂഹായ്ക്കടുത്ത പഠിത്വവും വായനയും നിങ്ങൾ നിറുത്തി ജഡകാര്യങ്ങൾ ഒക്കെയും നിങ്ങൾ എടുത്തിരിക്കുന്നു. പാത്രിയർക്കീസിനു ലൗകികകാര്യങ്ങളിൽ അധികാരമില്ലെന്നു വിധിച്ചതുകൊണ്ട് നിങ്ങൾ എന്തു വിചാരിക്കുന്നു, ആ അധികാരം അശേഷം വിട്ടുപോയി എന്നു തോന്നിയിട്ടു നിങ്ങളുടെ അന്തർഗ്ഗതം സാധിച്ചു എന്നുവച്ചു സന്തോഷിക്കുന്നുവൊ. ഈ നിസ്സാര വിചാരം നിങ്ങൾക്ക് ഉണ്ടാകരുത്. ഉള്ള ജഡ്ജിമാർ എല്ലാവരുംകൂടി വിധിച്ചുകഴിഞ്ഞാലും പാത്രിയർക്കാസ്ഥാനത്തിന്റെ റൂഹായ്ക്കടുത്ത അധികാരം ആത്മീയകാര്യങ്ങളിലാകട്ടെ ലൗകികകാര്യങ്ങളിലാകട്ടെ ഇല്ലാതായിപ്പോകയില്ല. എന്തെന്നാൽ അവ രണ്ടും തമ്മിൽ യോജിച്ചും ബന്ധിച്ചും ഇരിക്കുന്നു. ആത്മിക അധികാരം മാത്രമായിട്ടൊ ലൗകിക അധികാരം മാത്രമായിട്ടൊ വരുന്നതല്ല. അവ രണ്ടും തമ്മിൽ സംബന്ധമുള്ളവയാ

കുന്നു. ഈ റൂഹായ്ക്കടുത്ത അധികാരം ദൈവത്തിൽ നിന്നു ലഭിക്കപ്പെടുന്നതാകയാൽ ആരെങ്കിലും ഇതിനെ ഇല്ലായ്മ ചെയ്യണമെന്ന് വിചാരിച്ചാൽ കഴിയുന്നതല്ല. മേലിൽനിന്നു ദൈവം തന്റെ ദാസന്മാർക്കു കൊടുത്തിരിക്കുന്നതിനെ ഇല്ലായ്മ ചെയ്‌വാൻ ഭൂമിയിലുള്ളവർക്കു എങ്ങനെ കഴിയും. കാനോനായേയും ചട്ടങ്ങളേയും ധിക്കരിക്കാമെന്നു വന്നതു നിങ്ങളിൽ ആരുമൂലമെന്നു നമുക്ക് അറിവില്ല. മെത്രാന്മാരിൽ ഒരുവൻ മൂലമൊ സുന്നഹോസിന്റെ അംഗങ്ങൾ നിമിത്തമൊ നമ്മുടെ പുത്രനായ ദീവന്നാസ്യോസ് മുഖാന്തിരമോ ഉണ്ടായതു? അവനെ (ദീവന്നാസ്യോസിനെ) നാം വാത്സല്യപുത്രനെപ്പോലെ വിചാരിച്ചു എല്ലാവർക്കും മേലായി അവന്റെ കൊമ്പിനെ നാം ഉയർത്തി വച്ചു. 41-ാം മസുമൂറിൽ "ഞാൻ അവന്റെ മേൽ ശരണം വച്ചിരിക്കുന്നതായി എന്റെ അപ്പം ഭക്ഷിക്കുന്ന മനുഷ്യൻ എന്നോടു വളരെ വഞ്ചന ചെയ്തു" എന്നു പറഞ്ഞിരിക്കുന്നപ്രകാരം ഇപ്പോൾ അവൻ അവന്റെ കുതികാലിനെ ഉയർത്തിയിരിക്കുന്നു. അനുഗ്രഹിക്കപ്പെട്ട മക്കളെ, കേൾപ്പിൻ. ഒന്നാമത് അവന്റെ എഴുത്തുകൾ മൂലമാകുന്നു നാം വൃദ്ധതയിൽ നമ്മുടെ സ്ഥലവും സിംഹാസനവും വിട്ടും വച്ചു അവനെ സഹായിപ്പാനായിട്ടു ലണ്ടനിലേക്കും അവിടെനിന്നു നിങ്ങളുടെ അടുക്കലേയ്ക്കും എത്തിയത്. നാം അവിടെ എത്തിയ ഉടനെ കർത്താവിന്റെ സഹായത്താൽ മഹാരാജാവ് അവർകൾ നമ്മുടെ നിമിത്തം മത്തായിയുടെ വിളംബരം അസ്ഥിരപ്പെടുത്തി. പിന്നത്തേതിൽ നാം സുന്നഹദോസ് ഉറപ്പിച്ചു. ദീവന്നാസ്യോസിനെ അതിന്റെ പ്രസിഡണ്ടാക്കി വച്ചു. അനന്തരം അവന്റെ സഹായത്തിനായിട്ടു ആറു മെത്രാന്മാരെയും നാം വാഴിച്ചു. അവൻ കോടതിസംബന്ധമായ കാര്യങ്ങളിലും, അവർ ഓരോരുവൻ തന്റെ ഇടവകകളിൽ ആത്മികവിഷയങ്ങളിലും ഉപദേശങ്ങളിലും ഇരിക്കണമെന്നും അതാതു ഇടവക കർത്താവിന്റെ മനസ്സുകൂടാതെ ഒരുവൻ മറ്റൊരുവന്റെ ഇടവകയിലേക്കു സഞ്ചരിച്ചു അപഹരിക്കരുതെന്നും, അവൻ (ദീവന്നാസ്യോസ്) ആഗ്രഹിക്കുന്ന കാര്യത്തിൽ എല്ലാവരും അവനെ സഹായിക്കണമെന്നും ചട്ടംകെട്ടി. അതിന്റെശേഷം 1883 മകരം 25-ാം തീയതി ആലപ്പുഴെ ഈ കാര്യം വിസ്തരിക്കുന്ന ജഡ്ജിക്കു ഈ പറഞ്ഞ വിവരങ്ങൾക്കു നാം ഒരു എഴുത്തുകൊടുത്തു. അവൻ ബലപ്പെട്ടു ബഹുമാനമുള്ളവനായി തീരുന്നതിനും ശത്രുക്കളാൽ ആക്രമിക്കപ്പെടാതിരിക്കുന്നതിനും വേണ്ടി അവനു സഹായമായിട്ടത്രെ എഴുതിയത്. അതിനോടുകൂടെ മറ്റു മെത്രാന്മാർക്കും അവർ അവനെ വഴങ്ങുകയും നഷ്ടമൊ വ്യസനമൊ അവനു വന്നുകൂടാതെ അവനെ സഹായിക്കയും ചെയ്യണമെന്നും പൊതുവായി എഴുതി അയച്ചു. അവർ നമ്മുടെ കല്പനപ്രകാരം അവനെ അനുസരിച്ചു. അവന്റെ മുമ്പിൽ സാക്ഷിമൊഴി പറഞ്ഞു. നമ്മുടെ കല്പന നിമിത്തം അവന്റെ കയ്യിൽ അവരുടെ ജീവനെ വച്ചുകൊടുത്തു. പിന്നീടു ദൈവം ശത്രുക്കളുടെമേൽ നമുക്കു ജയം

തരികയും സന്തോഷിക്കയും ചെയ്ത ഉടനെ അവന്റെ (ദീവന്നാസ്യോസിന്റെ) മൂലം ജയം ഉണ്ടായിരിക്കുന്നതുകൊണ്ടു അവനു സന്തോഷത്തിന്റെ ഒരു അടയാളം കൊടുക്കണമെന്നും അവിടുത്തെ പരിശുദ്ധതയിൽനിന്ന് ഇങ്ങനെ ഒരു അടയാളത്തിനു ഈ സഹോദരൻ യോഗ്യനാകുന്നു എന്നു നമ്മുടെ പുത്രനായ മരിച്ചുപോയ ശെമയോൻ അത്താനാസ്യോസ് നമ്മോടു അപേക്ഷിച്ചപ്പോൾ നാം സന്തോഷിച്ച് സകല സന്തോഷത്തിന്റെയും ജയത്തിന്റെ അടയാളമായി നെഞ്ചിന്മേൽ ഇടുന്ന സ്ലീബാ അവന്റെ പേർക്കു കൊടുത്തയച്ചു. ആ പൊതുവായ കല്പനയിൽ മത്തായിയുടെ ശിഷ്യനായ തോമ്മാ അനുതപിച്ചു വന്നാൽ കൈയ്ക്കൊണ്ടു മുടക്കു തീർക്കണമെന്നും കാണിച്ചിരുന്നു. പിന്നീടു കത്തനാരായതിന്റെ ശേഷം വിവാഹം ചെയ്തവരായി നാം ശപിച്ചിട്ടുള്ള പട്ടക്കാരുടെ മുടക്കു തീർക്കണമെന്നും കൂടെ അനുവദിപ്പാൻ അവൻ നമ്മോടു അപേക്ഷിക്കയും അവന്റെ മനസ്സുപോലെ അവരുടെ മുടക്കു തീർക്കാൻ നാം അനുവദിക്കയും ചെയ്തു. പിന്നീടു അമേരിക്കയിൽനിന്നു വന്ന വിലാത്തി പട്ടക്കാരനു മെത്രാൻസ്ഥാനം കൊടുപ്പാൻ അനുവദിക്കണമെന്നു അവൻ നമ്മോടു അപേക്ഷിക്കുകയും, മെത്രാന്മാരിൽ ഒരുവനും ലഭിക്കാത്ത അനുവാദം അവന്റെ മനസ്സുപോലെ നാം അവനു കൊടുക്കയും, മെത്രാന്മാർക്കു മേലായും ഉന്നതമായും നാം അവനെ വിചാരിക്കയും ചെയ്തു. അവന്റെ സകല ശത്രുക്കളുടെ മേലും അവൻ ജയം പ്രാപിക്കണമെന്നുള്ള ഉന്നംകൊണ്ടാണ് ഇതെല്ലാം നാം അവനു ചെയ്തത്. ദൈവം അവന്റെ അനുഗ്രഹപ്രകാരം അവനു ജയം നൽകി. ജയം കിട്ടിയതിലും വിശേഷിച്ചു, പള്ളികളിൽനിന്നു പൊൻ വെള്ളി സാമാനങ്ങളും അവനു ബഹുമാന ചിഹ്നമായി ലാഭം കിട്ടി. നമ്മുടെ പുത്രന്റെ സന്തോഷം നമ്മുടെ സന്തോഷമാകകൊണ്ടു ഈ സംഗതിയിലും നമ്മുടെ സന്തോഷം വർദ്ധിക്കയത്രെ ചെയ്തത്. ഇതുകൂടാതെ വളരെ സമ്മാനങ്ങൾ തരാമെന്ന് ഇടവിടാതെ അവൻ നമ്മോടു വാഗ്ദത്തം ചെയ്തുകൊണ്ടിരുന്നു. അവന്റെ വാഗ്ദത്തങ്ങൾ കളവാണെന്നു നമുക്ക് അറിയാമായിരുന്നു എങ്കിലും പിതാവ് തന്റെ പുത്രനെ വളർത്തുന്നതുപോലെ നാം ദീർഘക്ഷമയോടിരുന്നു. ഈ വ്യവഹാരം അവസാനിപ്പിച്ചാൽ ഉടനെ ബാങ്കിലെ പണത്തിൽ നിന്നു പതിനായിരം രൂപാ നമുക്കു കൊടുത്തയയ്ക്കാമെന്നു 1881 മകരമാസത്തിൽ അവൻ എഴുതി അയച്ചു. ദ്രവ്യത്തിനും സമ്പാദ്യത്തിനും നാം പറഞ്ഞുകൊടുക്കാതെയും അതിനു ആഗ്രഹിക്കാതെയും ഇരുന്നു. കൂടാതെ നമ്മുടെ മക്കളോടു ദ്രവ്യം അപഹരിച്ചിട്ടു അവരെ മുട്ടുകാരാക്കി വയ്ക്കുന്നതു നമുക്ക് യോഗ്യത അല്ലായ്കകൊണ്ട്, ആ എഴുത്തിനു മറുപടി പറകപോലും ചെയ്തില്ല. പിന്നീടു പൊന്നുകൊണ്ട് കുർബ്ബാന സാമാനവും വെള്ളം കുടിക്കുന്നതിന് ഒരു പൊൻപാത്രവും ഉണ്ടാക്കിത്തരാമെന്ന് നമുക്ക് എഴുതി അറിയിച്ചു. അതിനും നാം മറുപടി

പറഞ്ഞില്ല. പിന്നീട് പൊന്നുകൊണ്ട് ഒരു അംശവടി ഉണ്ടാക്കിത്തരാമെന്നും, തലമാത്രം തീർന്നില്ലെന്നും നമ്മെ എഴുതി അറിയിച്ചു. അംശവടി ഉണ്ടാക്കിയെന്നും തല തീരാതിരിക്കുന്നും എന്നും കേട്ടതിന്റെ ശേഷം നാം അവനു വാഴ്വിന്റെ ഒരു ലേഖനം അയയ്ക്കുകയും, അതിൽ നിങ്ങൾ പ്രയാസം കഴിച്ച് അംശവടി ഉണ്ടാക്കിയിട്ട് തലമാത്രം തീരാതിരിക്കുന്നുവല്ലൊ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. നിങ്ങളുടെ വഴിപാട് വേഗം നിവർത്തിച്ച് അയച്ചുതരണം, നാം അതിനെ കണ്ട് നിങ്ങളെ അനുഗ്രഹിക്കട്ടെ എന്നു പ്രസ്താവിക്കയും ചെയ്തു. ഇതെല്ലാം കഴിഞ്ഞിട്ടും തല തീരാതെ കിടപ്പാണ്. പിന്നീടും അംശവടി കൊടുത്തയയ്ക്കാത്തത് എന്തുകൊണ്ടാണെന്നു ചോദിക്കയും അപേക്ഷിക്കയും ചെയ്തിട്ടും നമ്മോടു മറുപടി പറവാൻ ഭാവമില്ല. പിന്നീട് നമുക്കു റീശ്ശീസാ അയയ്ക്കണമെന്നു ആവശ്യപ്പെട്ടാറെ ആയിരം രൂപാ അയച്ചുകൊള്ളാമെന്നും വാഗ്ദത്തം അനുസരിച്ചു പൊൻ അംശവടി പുറകെ അയച്ചുകൊള്ളാമെന്നും 1891 മേടം 9-നു നമുക്ക് അവൻ എഴുതി അയച്ചു. അവിടുന്ന് ആറുമാസം കഴിഞ്ഞിട്ട് തുലാമാസത്തിൽ അവൻ നമ്മുടെ പേർക്ക് എഴുതി അയച്ചതിൽ 500 രൂപാ നമുക്ക് അയച്ചിരിക്കുന്നു എന്നു പറഞ്ഞു. നാം അങ്ങോട്ടും ഇങ്ങോട്ടും നോക്കി പരിശോധിച്ചിട്ട് രൂപാ കണ്ടില്ല. ഉടനെ നമ്മുടെ പുത്രനായ സ്ലീബാ ശെമ്മാശു നമുക്കു എഴുതി അയച്ചതിൽ ദീവന്നാസ്യോസ് മെത്രാച്ചൻ ഒരു ആളിന്റെ കൈവശം പോസ്റ്റ് വഴിയായി 500 രൂപാ അയച്ചു എന്നും, ആ ആൾ രൂപാ പോസ്റ്റിൽ ഇട്ടില്ലെന്നും, മെത്രാച്ചൻ ആ വിവരം അറിഞ്ഞുവെന്നും പറഞ്ഞിരിക്കുന്നു. ശെമ്മാശനിൽനിന്നു ഇതു നാം കേട്ടപ്പോൾ ഒന്നും കൊടുത്തയയ്ക്കാതെ വ്യാജം പറഞ്ഞതാണെന്നും, ശെമ്മാശനും അവനെ മര്യാദക്കാരനാക്കുവാൻവേണ്ടി അവനോടുകൂടെ വ്യാജം പറയുന്നുണ്ടെന്നും നമുക്കു മനസ്സിലായി. ഈ വക ഒന്നിലും നമ്മുടെ ഹൃദയം വിരുദ്ധപ്പെടുകയൊ വിചാരപ്പെടുകയൊ ചെയ്തിട്ടില്ലായെന്നുള്ളതിന് ഇതേവരെ പറഞ്ഞിരിക്കുന്ന സംഗതികൾക്ക് അവൻ നമ്മുടെ പേർക്ക് എഴുതി അയച്ചതിന്റെ ശേഷം നാം അയച്ചിട്ടുള്ള ലേഖനങ്ങൾ തന്നെ സാക്ഷിയായിരിക്കും. പട്ടക്കാരുടെ മുടക്കു തീർപ്പാൻ അനുവദിച്ച കടലാസ്സിലും, ഒന്നാമതും രണ്ടാമതും മെത്രാൻപട്ടം കൊടുപ്പാൻ അനുവദിച്ച കടലാസ്സിലും വ്യാകരണ പുസ്തകം അയച്ചതിനോടുകൂടെയുള്ള കടലാസ്സിലും ജനത്തെക്കൊണ്ട് ഒരു പ്രമാണം നമ്മുടെ പേർക്ക് എഴുതിക്കണമെന്ന് പറഞ്ഞിട്ടുണ്ടായിരുന്നു. ഈ ലേഖനങ്ങൾ ഒക്കെയും നിങ്ങൾ വായിച്ചുനോക്കിയാൽ നാം പറഞ്ഞിട്ടുള്ളതെല്ലാം ശരിയൊ എന്ന് നിങ്ങൾക്ക് അറിവാൻ കഴിയും. എന്നാൽ പാത്രിയർക്കീസിന്റെ ആത്മീകമായും ലൗകീകമായുമുള്ള കൽപ്പനയ്ക്ക് കീഴ്പെട്ടനുസരിച്ച് ഇരുന്നുകൊള്ളാമെന്നു തങ്ങളുടെ മേൽതന്നെ ഒരു പ്രമാണം നിർമ്മിക്കുന്നതിന് ജനത്തിന്റെ മുമ്പാകെയും പ്രധാനികളുടെ മുമ്പാകെയും പ്രസ്താവിപ്പാ

നായിട്ട് നാലു മെത്രാന്മാർക്കും കൂടി നാം അയച്ച പൊതുവായ കല്പന വായിച്ചില്ലെന്നു കേട്ടപ്പോൾ അതിനെക്കുറിച്ച് നമുക്ക് വളരെ വിചാരമുണ്ടായി. വിശേഷിച്ചും ദീവന്നാസ്യോസ് വിവാഹം കൂടാതെ കശീശന്മാരെ ഉണ്ടാക്കിയെന്നു കേട്ടപ്പോൾ, പാത്രിയർക്കീസിന്റെ അധികാരം ലൗകീകകാര്യങ്ങളിൽ നിന്ന് എടുത്തുകളയാമെന്നുള്ളിടത്തോളം ജഡ്ജിമാരെ കലക്കിയതു അവൻ തന്നെ ആണെന്നും നാം ഉറപ്പായിട്ടു നിശ്ചയിച്ചു. നമ്മുടെ അനുഗ്രഹിക്കപ്പെട്ട മക്കളെ, ബഹുമാനം ചെയ്തതുകൊണ്ടും ദീർഘമായി ക്ഷമിച്ചതുകൊണ്ടും എന്തു ഫലമുണ്ടായി എന്ന് നോക്കുവിൻ. നാം അവനോട് ഒരു വിരോധവും ചെയ്തിട്ടില്ല. അവൻ നമ്മോടു അപേക്ഷിച്ചതെല്ലാം സാധിച്ചുകൊടുത്തിട്ടും അവന്റെ എഴുത്തുകൾ മൂലം നമ്മെ കളിയാക്കി എന്തെല്ലാം വ്യാജങ്ങൾ നമ്മോടു പറഞ്ഞിരിക്കുന്നു. കരുണയുള്ള പിതാവ് തന്റെ പുത്രൻ ചെയ്യുന്നതു അനുഭവിക്കുന്ന പ്രകാരം നാം അവനിൽ നിന്നു അനുഭവിച്ചു. ഇതെല്ലാം നാം ചെയ്തതു മത്തായിയോടു ആയിരുന്നെങ്കിൽ ഇവനേക്കാൾ അവൻ നന്നായേനെ. മത്തായിയെ ശപിച്ചതു എന്തിനായിട്ട്? അവൻ ചട്ടങ്ങളെയും കാനോനാകളെയും ധിക്കരിച്ചതുകൊണ്ടു മാത്രമാണ്, മറ്റൊന്നുകൊണ്ടും അല്ല. അവന്റെ മുടക്കു തീർത്തിരുന്നു എങ്കിൽ സമാധാനത്തിലേയ്ക്കു വരുമായിരുന്നു. ഇതാ ഇവനും എല്ലാ ചട്ടങ്ങളെയും കാനോനാകളെയും ധിക്കരിച്ച് സകലത്തിലും നമുക്ക് എതിരായി നിൽക്കുകയും, നമ്മുടെ കൽപ്പന നിമിത്തം അവന്റെ കയ്പിടിയിൽ തങ്ങളുടെ ജീവനെ വച്ചുകൊടുത്തിട്ടുള്ള അവന്റെ സഹോദരന്മാരായ മെത്രാന്മാരുടെ തലയിൽ ചവിട്ടുകയും ചെയ്തിരിക്കുന്നു. നമ്മുടെ കല്പനപ്രകാരം അവർ അവനെ വണങ്ങിയതാകകൊണ്ട് ഇപ്പോൾ അവൻ ചവിട്ടിയതു അവരുടെ മേലല്ലാ നമ്മുടെ മേൽ അത്രെ. ആയതുകൊണ്ട് ഇനി മേലിൽ സുന്നഹദോസിൽ യാതൊരു കാര്യവും നിശ്ചയിപ്പാനും പൊതുവായുള്ള കാര്യങ്ങളിൽ പ്രവേശിപ്പാനും അവനു അധികാരമില്ലെന്നും നാം കല്പിച്ചിരിക്കുന്നു. ഇടവകകളിൽ വച്ച് കൊച്ചി ഇടവകയും കൊല്ലം ഇടവകയും മാത്രം അവനിരിക്കട്ടെ. ഇതല്ലാതെ വേറെ പാടില്ല. ഈ കാര്യങ്ങളെ നിങ്ങൾ പരിശോധിച്ചു സ്ഥിരപ്പെടുത്തി നമ്മോടു അറിവിക്കുന്നതു വരെ ഈ രണ്ടു ഇടവകകളെ വിട്ടു മറ്റു ഇടവകകളിലേയ്ക്കു കാൽചവിട്ടുവാനും സഞ്ചരിപ്പാനും അവന് അനുവാദമില്ല.

## കുറിപ്പ്

ദൈവത്തെപ്പറ്റി എഴുതുമ്പോഴും പറയുമ്പോഴും പോലും He എന്ന പദം ഇംഗ്ലീഷിൽ ഉപയോഗിക്കുന്നു. ആ രീതി തന്നെയാണ് സുറിയാനി ഭാഷയിലും ഉള്ളത്. അന്ത്യോഖ്യരെ ദേവന്മാരായി എണ്ണിവന്ന കാലത്ത് അവിടെനിന്നു വരുന്നു എന്നു വച്ചിട്ടുള്ള കടലാസുകളിൽ He എന്നു

കണ്ടതെല്ലാം നമ്മുടെ പഴവന്മാർ “അവൻ” എന്നു ഭാഷാന്തരം ചെയ്തു. ‘അദ്ദേഹം’ എന്നു എഴുതിയാൽ ആ ‘ദേവന്മാർ’ കോപിച്ചേക്കുമെന്നു ഭയം ഉണ്ടായിരുന്നിരിക്കാം! പത്രോസ് തൃതീയന്റെ “കല്പന”യുടെ പരിഭാഷയിൽ അവൻ തന്നെ തുടർന്നുപോകട്ടെ എന്നു വച്ച് അങ്ങിനെ തന്നെ ചേർത്തിരിക്കുകയാണ് (പത്രോസിന്റെ ഗർജ്ജനം തുടരട്ടെ!).

## സുന്നഹദോസ് പ്രസിഡണ്ട് കത്തനാർ മതി

മെത്രാന്മാരിൽ ഒരുവനെയും സുന്നഹദോസിന്റെ പ്രസിഡണ്ടാക്കുവാൻ ന്യായവും ആവശ്യവും ഇല്ല. എന്നാലൊ കാശീശന്മാരിൽ ഒരാളെ തിരഞ്ഞെടുത്തു കൊൾവിൻ. അതു സാമർത്ഥ്യമുള്ള മല്പാൻ ആയിരിക്കട്ടെ. പ്രസിഡണ്ടാക്കുന്നവനോടു പാത്രിയർക്കീസിന്റെ കല്പനയും പിതാക്കന്മാരുടെ സകല കാനോനുകളും വിട്ടു നടക്കുകയില്ലെന്നു പ്രമാണം വാങ്ങിക്കൊള്ളേണ്ടിയിരിക്കുന്നു. സുന്നഹദോസിൽ നിശ്ചയിക്കപ്പെടുന്ന എല്ലാ കാര്യങ്ങളും അവൻ സുറിയാനി ഭാഷയിൽ ആക്കി നമുക്ക് അച്ചുതരണം. അല്ലെങ്കിൽ നിങ്ങളും കുറ്റത്തിൽ ഉൾപ്പെട്ടുവെന്നു വന്നുപോകും.

വീണ്ടും നിങ്ങളുടെ അടുക്കലുള്ള നമ്മുടെ ലേഖനങ്ങൾ എല്ലാം ശേഖരിച്ച് അവയെ പരിശോധിച്ച് ഒരു നിയമം തിരഞ്ഞെടുത്ത് പിതാക്കന്മാരുടെ കാനോനായോടു ചേർത്തുകൊള്ളണം. അതിനെ വിട്ടു യാതൊന്നും പ്രവർത്തിപ്പാൻ നിങ്ങൾക്കു അനുവാദമില്ല. പഠിത്വത്തെക്കുറിച്ചും ആത്മിക നടപടിയെക്കുറിച്ചും നിങ്ങൾ ഉത്സാഹിച്ചു ദൈവഭയത്തോടെ നടപ്പിൻ. കാനോനാപ്രകാരം നീക്കുകയും വേർതിരിക്കുകയും ചെയ്യാൻ സകലത്തിലും നിങ്ങൾക്ക് അധികാരം തന്നിരിക്കുന്നു. കാനോനായെ വിട്ടുപാടില്ലാ താനും. നമ്മെ അനുസരിക്കാതെ ഈ നമ്മുടെ കല്പനയ്ക്കു എതിരായി നിൽക്കുന്നവർ ആരൊ ആയവൻ ശ്ലീഹാ പറഞ്ഞതു പോലെയും മേൽ നാം പറഞ്ഞതുപോലെയും ദൈവദൂതനായാലും സഭയിൽ നിന്നു ശപിക്കപ്പെട്ടവൻ ആയിരിക്കും. ആയവൻ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധറൂഹായുടെയും തിരുവായിൽ നിന്നും നമ്മുടെ ബലഹീനതയുടെ വായിൽ നിന്നു ശപിക്കപ്പെട്ടവനായിരിക്കും. നിങ്ങൾ അനുസരണവും ചൊല്ലുവിളിയും ഉള്ളവരായിരിക്കണം, എന്തെന്നാൽ കർത്താവിന്റെ വാഴ്വ് അനുസരണക്കാർക്കുള്ളതാകുന്നു. വീണ്ടും നമ്മുടെ മക്കളെ, ശെമ്മാശ്ശന്മാർ അന്യന്മാരുടെ അടുക്കൽ പോയി വായിക്കുകയും പഠിക്കുകയും ചെയ്യത്തക്കവണ്ണം നിങ്ങളുടെ ഇടയിൽ പഠിത്വം നിന്നുപോയി എന്നും നാം കേട്ടിരിക്കുന്നു. നിങ്ങൾ കഴിച്ച കഠിന പ്രയാസങ്ങളും ചിലവഴിച്ച വളരെ പണവും കൊണ്ട് ഇപ്പോൾ എന്തു പ്രയോജനമുണ്ട്. ഇത്ര കെട്ട അവസ്ഥയിൽ നാം നിങ്ങളെ വിട്ടുകളഞ്ഞാൽ നിങ്ങൾ എല്ലാവരും പാപ്പാമതക്കാരും ഇംഗ്ലീഷുകാരും ആയി

പോകുമല്ലൊ. മക്കളെ, നാം നിങ്ങളോടു ചോദിക്കുന്നു, നിങ്ങളുടെ ജാതിയെയും സത്യവിശ്വാസത്തെയും ഉപേക്ഷിച്ച് അന്യന്മാരോടു ചേർന്നിരിപ്പാൻ ആണൊ നിങ്ങളുടെ മനസ്സ്? അങ്ങിനെ നമുക്ക് തോന്നുന്നില്ല. നിങ്ങൾക്ക് അതിന് ഇടവരരുതെ! നിങ്ങൾക്ക് അതിന് മനസ്സാണെങ്കിൽ ഇഷ്ടം പോലെ ആകട്ടെ. നിങ്ങളുടെ പാപം നിങ്ങളുടെ കഴുത്തിൽ തന്നെ ഇരിക്കും. നാം അതിൽനിന്നും ഒഴിഞ്ഞിരിക്കുന്നു. വിരുദ്ധവും ഭിന്നതയ്ക്കു കാരണവും ഉണ്ടാക്കുന്നവൻ ആരൊ ആയവൻ ദൈവത്തിങ്കൽ ഉത്തരം കൊടുക്കേണ്ടിവരും. സത്യവിശ്വാസത്തിൽ നിന്നും തെറ്റിഒഴിയുന്ന എല്ലാവന്റെയും പാപം അവനവന്റെ കഴുത്തിൽ തന്നെ ഇരിക്കട്ടെ. ഈ നമ്മുടെ വൃദ്ധതയിൽ ജലമാർഗ്ഗവും കരമാർഗ്ഗവും ആയി ലണ്ടനിലേക്കും നിങ്ങളുടെ അടുക്കലേക്കും നാം യാത്ര ചെയ്തതിൽ വച്ചു അനുഭവിച്ചിട്ടുള്ള കഷ്ടതകളും ഞെരുക്കങ്ങളും പ്രയാസങ്ങളും, നിങ്ങളുടെ നിമിത്തം നമുക്കു വന്നുകൂടിയ പൈദാഹങ്ങളും ഭീതികളും, എല്ലാം നമുക്ക് എതിരായിട്ടും നാം അവരുടെ പിന്നടിയിൽ കൂടി നടക്കുന്ന പിതാക്കന്മാർക്ക് എതിരായിട്ടും എഴുന്നേൽക്കുന്ന എല്ലാവന്റെയും തലയിൽ സകല പ്രതികാരങ്ങളും വരുത്തികൂട്ടുമാറാകട്ടെ. ആ പ്രതികരണങ്ങൾ ഒക്കെയും അവന്റെ മേൽ മാത്രമല്ല അവന്റെ ശേഷം അവന്റെ മക്കളുടെ മേലും വരുമാറാകട്ടെ ആമ്മീൻ. അനുസരണമുള്ള എല്ലാവരുടേമേലും അവരുടെ ശേഷം അവരുടെ മക്കളുടെ മേലും എന്നേയ്ക്കും വാഴ്‌വും കൃപയും വസിക്കുമാറാകട്ടെ ആമ്മീൻ. അനുഗ്രഹിക്കപ്പെട്ട മക്കളെ, അനുസരണയില്ലാത്തവരായി ഭവിപ്പാൻ നിങ്ങൾക്കു സംഗതി വരാതിരിക്കട്ടെ. ...” (വട്ടിപ്പണം J.N. അക്കം).

ജോസഫ് ദീവന്നാസ്യോസിന് ഒരു ചെറിയ മുടക്ക് കൊടുത്തിരിക്കുന്നു. എന്തിന്? ജനങ്ങളിൽ നിന്ന് ഉടമ്പടി വാങ്ങി അയച്ചില്ല. പിന്നെ എന്തൊക്കെയായിരുന്നു കുറ്റം എന്നു തെളിച്ച് എഴുതിയിട്ടുണ്ടല്ലൊ! സുന്നഹദോസിന്റെ പ്രസിഡണ്ട് ഒരു കത്തനാരായാൽ മതി. പക്ഷേ, പാത്രിയർക്കീസിന്റെ കല്പനകൾ അനുസരിക്കാമെന്നു പ്രമാണം – രജിസ്റ്റർ ഉടമ്പടി – കൊടുക്കുന്ന ആളായിരിക്കണം. അതാണ് ഏറ്റം പ്രധാന യോഗ്യത!! ഈ മുടക്ക് ജോസഫ് ദീവന്നാസ്യോസിന്റെ നിലയെയൊ സ്ഥാനത്തെയൊ അൽപ്പംപോലും സ്പർശിച്ചില്ല. സുന്നഹദോസിന്റെ പ്രസിഡണ്ടാകാൻ ഒരു മെത്രാനും ഒരു മല്പാനും ഒരുങ്ങി പുറപ്പെട്ടതുമില്ല. അതിൽ നിന്ന് അദ്ദേഹത്തിനുണ്ടായിരുന്ന അത്യുന്നത നില നമുക്ക് ഏറെക്കുറെ മനസ്സിലാക്കാൻ കഴിയും.

### വേറൊരു പരിശ്രമം

ജോസഫ് ദീവന്നാസ്യോസ് വാക്കു വ്യത്യാസം കാണിച്ചു. കളവു പറഞ്ഞു. ഒക്കെ ആയിട്ടും ക്ഷമിച്ചു മൗനം അവലംബിച്ചു എന്ന് പത്രോസ്

പറയുന്നതായിട്ടാണല്ലൊ മുകളിൽ ചേർത്തിട്ടുള്ള സന്ദേശത്തിൽ കാണുന്നത്. ക്ഷമയോടെ കാത്തിരുന്നു എന്ന് പറഞ്ഞിട്ടുള്ള കാലത്തും അദ്ദേഹം അധികാരം ഉറപ്പിക്കുന്നതിനുള്ള ശ്രമത്തിൽ നിന്നു പിന്മാറിയിരുന്നില്ല എന്നും വിഭജിച്ചു ഭരിക്കുക എന്നുള്ള തത്വം നന്നാണെന്നു അദ്ദേഹത്തിനു നിശ്ചയമുണ്ടായിരുന്നു എന്നും, രജിസ്റ്റർ ഉടമ്പടി ഭ്രമക്കാരനായിരുന്നു എന്നും താഴെ ചേർക്കുന്ന "കല്പന"യും തെളിയിക്കും. ജോസഫ് ദീവന്നാസ്യോസിനെ "സഹായിക്കാൻ നിയമിച്ചു" എന്ന് ഇ. എം. ഫീലിപ്പോസ് പറയുന്ന ആറു മെത്രാന്മാരിൽ മൂപ്പനായിരുന്നു എന്നു തോന്നുന്നു, കോട്ടയം മെത്രാൻ കടവിൽ പൗലൂസ് അത്താനാസ്യോസ്. ജോസഫ് ദീവന്നാസ്യോസിന്റെ സഫ്രഗനായി കഴിയുന്നതിൽ അദ്ദേഹത്തിന് നല്ല തൃപ്തി ഇല്ലായിരുന്നു. പലപ്പോഴും സുഖകരമല്ലാത്ത പലതും ഉണ്ടായിട്ടുമുണ്ട്. ജോസഫ് ദീവന്നാസ്യോസിന്റെ നയചാതുര്യം കൊണ്ട് തമ്മിൽ തെറ്റിപ്പിരിയാതെ കാര്യങ്ങൾ നടത്തിക്കൊണ്ടു പോയി എന്നാണ് അറിഞ്ഞിട്ടുള്ളത്. കടവിൽ അത്താനാസ്യോസ് സംതൃപ്തൻ അല്ലെന്നറിഞ്ഞ് അദ്ദേഹത്തെ ആയുധമാക്കി വിടവുണ്ടാക്കി മലങ്കരയാകുന്ന കോട്ടയ്ക്കുള്ളിൽ കടന്നു പിടിച്ചടക്കാനുള്ള ശ്രമം അല്ലേ താഴെ ചേർക്കുന്നതും അത്താനാസ്യോസിനു അയച്ചതും ആയ "കല്പന"യിൽ കാണുന്നത്? രജിസ്റ്റർ ഉടമ്പടികൾ വാങ്ങി കിങ്കരന്മാരായ മെത്രാന്മാരെ പിന്നെയും സൃഷ്ടിക്കുന്നതിനുള്ള ആ ശ്രമവും ഫലപ്രാപ്തിയിൽ എത്താതിരുന്നതു ജോസഫ് ദീവന്നാസ്യോസിന്റെ സാമർത്ഥ്യം കൊണ്ട് മാത്രമായിരിക്കണം.

## "കല്പനയുടെ സംഗതമായ ഭാഗം"

സർവ്വശക്തനായ സാരാംശപൂർണ്ണനായിരിക്കുന്ന ആദ്യന്തമില്ലാത്ത സ്വയംഭൂവിന്റെ നാമത്തിൽ തനിക്കു സ്തുതി. തന്റെ ദാസനായ ബലഹീനനായ മൂന്നാമത്തെ പത്രോസ് എന്ന അന്ത്യോഖ്യായുടെ സിംഹാസനത്തിന്റെ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് (ഇവിടെ കിഴക്കൊക്കെയും ഇല്ല).

(മുദ്ര)

വാഴ്ത്തപ്പെട്ടവനും അനുഗ്രഹിക്കപ്പെട്ടവനും ആയ നമ്മുടെ ആത്മീയ പുത്രൻ ബ: പൗലൂസ് അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ ശിരസ്സിന്മേൽ അനുഗ്രഹങ്ങളും വാഴ്വുകളും വന്നാവസിക്കുമാറാകട്ടെ.

പിന്നെയും അങ്കമാലി അകപ്പറമ്പു പള്ളി ഇടവകയിൽ നിന്നു വന്നിട്ടുള്ള എഴുത്തുകളെ നിങ്ങൾ അയച്ചുവല്ലൊ. അതിനു നാം മറുപടി എഴുതി. അവർക്കു ഒരു മേല്പ്പട്ടക്കാരനെ ആക്കുവാൻ ഒരുവനെ അവർ തെരഞ്ഞെടുക്കട്ടെയെന്നും, അയാൾ അവിടെയുള്ള മെത്രാപ്പോലീത്താന്മാരിൽ നിന്നും ജനങ്ങളിൽ നിന്നും അടയാളം വയ്ക്കപ്പെട്ട ലേഖനം

കൊണ്ടുവരണമെന്നും സർക്കാർ രജിസ്റ്ററിൽ ഉറപ്പിക്കപ്പെട്ടിരിക്കണമെന്നും അയാൾ നമ്മുടെ അടുക്കൽ വരുമ്പോൾ ദൈവകൃപയാൽ പട്ടം കൊടുക്കാമെന്നും നാം പ്രമാണിച്ചിട്ടുണ്ട്. ... പിന്നെയും ശീമോൻ ദീവന്നാസ്യോസിന്റെ ഇടവകയും (കൊച്ചി) യൂലിയോസിന്റെ ഇടവകയും (തുമ്പമൺ) വിധവകളായിരിക്കുന്നുവല്ലോ. ഓരോ ഇടവകക്കാർ തങ്ങളുടെ മേല്പട്ടക്കാരെ ഉണ്ടാക്കാൻ അപേക്ഷിക്കുന്നു എങ്കിൽ അവർ ആളിനെ തെരഞ്ഞെടുക്കുകയും മേലെഴുതിയിരിക്കുന്നപ്രകാരം സർക്കാർ രജിസ്റ്ററോടുകൂടി വരുകയും ചെയ്യട്ടെ. നാം അവർക്കു പട്ടം കൊടുക്കുമെന്നു നിങ്ങൾ അവരെ അറിയിപ്പിൻ. ദൈവകൃപയാൽ സമാധാനത്തോടുകൂടി അവർ തിരിച്ചുപോകും. വഴിയുടെയും അന്യദേശത്തിന്റെയും ഞെരുക്കത്തെക്കുറിച്ചും മരണത്തെക്കുറിച്ചും ഭയപ്പെടാതിരിപ്പാൻ നിങ്ങൾ അവരെ ധൈര്യപ്പെടുത്തണം. ഒരുത്തനും തന്റെ കാലം വരെ മരിക്കയില്ല. അവന്റെ കാലം വരുമ്പോൾ വീട്ടിലിരുന്നാലും വീടിനു പുറത്തിരുന്നാലും മരിക്കും. കൊല്ലുന്നതും ജീവിപ്പിക്കുന്നതും ദൈവമാകുന്നു.

എന്നാൽ പിന്നെയും ദീവന്നാസ്യോസിന്റെ ഇടവക ഒഴിച്ചു മറ്റുള്ള ഇടവകകളിൽ പ്രവേശിക്കുന്നതിനെക്കുറിച്ച് അവനവന്റെ കൈയിലുള്ള സ്താത്തിക്കോൻ പോലെയും സർക്കാർ രജിസ്റ്റർ പോലെയും അല്ലാതെ മറ്റൊരുത്തന്റെ ഇടവകയിൽ ഒരുത്തനും പ്രവേശിക്കരുതെന്നു ആലപ്പുഴ ജഡ്ജിക്കു നാം എഴുതിയിട്ടുണ്ട്. .....

1892 (1067) മകരം 4.

ശീമോൻ ദീവന്നാസ്യോസിന് കൊച്ചി ഇടവകയും ഗീവറുഗീസ് യൂലിയോസിനു തുമ്പമൺ ഇടവകയുമാണ് പത്രോസ് തൃതീയൻ കൊടുത്തത്. അവർക്ക് ഭരണം കിട്ടിയിരുന്നില്ല. കിട്ടാതെ വന്നത് ജനങ്ങൾ അവരെ സ്വീകരിക്കാതെ വന്നതുകൊണ്ടാണ് എന്ന് ഗീവറുഗീസ് ദീവന്നാസ്യോസ് വട്ടിപ്പണക്കേസിൽ 1093 മിഥുനം 31-ാം തീയതി മൊഴി കൊടുക്കുകയുണ്ടായി (വട്ടിപ്പണംമൊഴി, പുറം 888, 889). അപ്പോൾ ഈ മെത്രാന്മാർ മരിച്ചതുംകൊണ്ട് ഇടവകകൾക്കൊന്നിനും വൈധവ്യം ഭവിച്ചിരുന്നില്ല എന്നു വരുന്നു. രജിസ്റ്റർ ഉടമ്പടി കൊടുത്തവരിൽ മരിച്ചു പോയവർക്കു പകരം വയ്ക്കാൻ ആളുകളെ ക്ഷണിക്കുകയാണല്ലോ പാത്രിയർക്കീസ് ചെയ്തിരിക്കുന്നത്. വഴിയുടെ ദൂരമോ യാത്രാക്ലേശമോ, മരണത്തെയുള്ള ഭയമൊ അവരെ തടഞ്ഞുനിർത്താതിരിക്കാൻ പത്രോസ് തൃതീയൻ ശ്രമിക്കുന്നു. രജിസ്റ്റർ ഉടമ്പടി കൊണ്ടുചെല്ലുക എന്നതാണ് മുഖ്യമായ വ്യവസ്ഥ!!

ഒരു മെത്രാൻ മറ്റൊരു മെത്രാന്റെ ഇടവകയിൽ കേറുന്നതു തടയാൻ ആലപ്പുഴ ജഡ്ജിക്കു എഴുതി എന്നു കാണുന്നുണ്ടല്ലോ. ജോസഫ്

ദീവന്നാസ്യോസ് മലങ്കര അസ്സോസിയേഷൻ പ്രസിഡണ്ട് എന്ന നിലയിൽ എല്ലാ ഇടവകകളിലും അധികാരം നടത്തുകയും, ഇടവക മെത്രാന്മാരെ ആ വിധം സഫ്രഗന്മാരാക്കിത്തീർക്കുകയും ചെയ്യുന്നു എന്നതായിരുന്നു കടവിൽ അത്താനാസ്യോസിന്റെ പ്രധാന പരാതി എന്നു തോന്നുന്നു. ആ പരാതി നേരിട്ടു പറയാൻ തയ്യാറാകാഞ്ഞിട്ടൊ, പറഞ്ഞിട്ടു ഫലമില്ലാഞ്ഞിട്ടൊ പാത്രിയർക്കീസിനെ ധരിപ്പിച്ചതിന് സമാധാനമായിട്ടായിരിക്കണം "ആലപ്പുഴ ജഡ്ജിക്ക്" എഴുതുകയൊ എഴുതി എന്നെഴുതുകയൊ ചെയ്തത്.

ഒന്ന് സമ്മതിക്കണം. പത്രോസ് തൃതീയൻ ഊർജ്ജസ്വലൻ ആയിരുന്നു. അധികാരസ്ഥാപനവിഷയത്തിൽ അദ്ദേഹം നീറുപോലെ നിന്നു. അദ്ദേഹം കാലം ചെയ്തതു മലങ്കര നിന്നു മടങ്ങി പതിനഞ്ചു വർഷമായപ്പോൾ ആണെന്ന് ഇ. എം. പീലിപ്പോസ് രേഖപ്പെടുത്തിയിട്ടുണ്ട് (ഇ. എം. പീലിപ്പോസ്, പുറം 234). ഇവിടെ നിന്നു പോയത് 1052 അവസാനത്തിൽ – 1877 – ആയിരുന്നു. അന്ന് 76 വയസ്സ്. അപ്പോൾ മുകളിൽ ചേർത്ത "കല്പന" എഴുതിയത് 91-ാം വയസ്സിൽ ആയിരുന്നു എന്ന് വിചാരിക്കാം. അന്നും അദ്ദേഹത്തിന്റെ ദൃഷ്ടി ലക്ഷ്യത്തിൽ നിന്ന് അല്പംപോലും വ്യതിചലിച്ചിരുന്നില്ല എന്നു കാണാം. എന്തൊരു ശക്തനായിരുന്നിരിക്കണം? അതിനു ചേർന്ന ഒരാൾ, പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് മലങ്കരയിൽ ഇല്ലായിരുന്നു എങ്കിൽ എന്തു സംഭവിക്കുമായിരുന്നു?

### അറബിവേഷവും സ്വീകരിക്കുക

മലങ്കര അന്ത്യോഖ്യായുടെ സ്വന്തം ആക്കണമെന്നു പത്രോസ് തൃതീയൻ ആഗ്രഹിച്ചു. അതിനായി പരിശ്രമിച്ചു. അതിനു അവകാശം ഉണ്ടെന്നു എങ്ങനെയൊ ഒരു ധാരണ അദ്ദേഹത്തിനു ഉണ്ടായി എന്നു തോന്നുന്നു. അതുകൊണ്ടാണ് ദീർഘയാത്രയും കഷ്ടപ്പാടും സഹിച്ചതും, ഇവിടെ വന്നു രണ്ടു വർഷത്തോളം ശ്രമിച്ചതും എന്നു വയ്ക്കാം. പരിപൂർണ്ണമായി കൈഅടക്കാൻ സ്വീകരിച്ച മാർഗ്ഗമാണ് മലങ്കരയെ ഏഴ് മെത്രാസന ഇടവകയാക്കിയതും, ആറു മെത്രാന്മാരിൽ നിന്നു രജിസ്റ്റർ ഉടമ്പടികൾ – അനുവാദം കൂടാതെ ശ്വാസം കഴിക്കുകപോലും ഇല്ലെന്നു വ്യവസ്ഥ ചെയ്തിട്ടുള്ള ഉടമ്പടികൾ – വാങ്ങിയതും. ഏഴു മെത്രാസനങ്ങളാക്കി, ഏഴു മെത്രാന്മാരുടെ കീഴിൽ ആക്കിയാൽ സിറിയായിലെപ്പോലെ ഒരു മെത്രാനു രണ്ടു, നാലു, പള്ളിവീതം എന്നു വരുമ്പോൾ എതിർക്കാൻ കഴിവുണ്ടാകില്ല, പറയുന്നതു കേട്ടു നടന്നുകൊള്ളും എന്നായിരുന്നിരിക്കണം പ്രതീക്ഷ. സിറിയായിലെ രീതി പകർത്തുന്നതിനുള്ള ശ്രമം അതുകൊണ്ട് അവസാനിച്ചില്ല. നസ്രാണികളുടെ ജാത്യാചാരങ്ങൾ പരിഷ്ക്കരിച്ച് അറബി രീതിയിലാക്കാനും അദ്ദേഹം ശ്രമിച്ചു. 1051 മിഥുനത്തിലാണ്

മുളന്തുരുത്തി സുന്നഹദോസ് നടന്നത്. അതുകഴിഞ്ഞ് രണ്ടുമൂന്നു മാസം അവിടെ താമസിച്ചു. പിന്നീട് പുറത്തുകടന്നിട്ട് കൊടുങ്കാറ്റ് മാതിരിയാണ് പ്രവർത്തനം നടത്തിയത്. പന്ത്രണ്ട് പ്രധാന പള്ളികൾ "അട്ടിപ്പേറാക്കി" ക്കൊണ്ടുള്ള ഉടമ്പടികളും, ആറു മെത്രാൻ സ്ഥാനാർത്ഥികളോട് അടിമ കളായിരിക്കത്തക്കവിധത്തിലുള്ള ഉടമ്പടികളും വാങ്ങി. അതിനിടയിലും അതിനോടൊപ്പവും ജാത്യാചാരങ്ങൾ മാറ്റി മറിക്കുന്നതിനുവേണ്ട പദ്ധ തിയും സൃഷ്ടിച്ചു നടപ്പിൽ വരുത്താൻ വേണ്ടവിധം ശ്രമിക്കയും ചെയ്തു.

മണലാരണ്യത്തിൽ നിന്നുയരുന്ന മണൽപൊടിയിൽ നിന്നു രക്ഷ തേടേണ്ട അറബിയുടെ രീതിയിൽ പുരുഷന്മാർ എല്ലാം താടിയും മീശയും വളർത്തണമെന്നായിരുന്നു ഒരു "കല്പന." അതിൽ പറയുന്നു:

"..... ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിച്ചിരിക്കുന്ന..... പുരുഷനു ..... താടിയും മീശയും ക്ഷൌരം ചെയ്തു ലജ്ജ കൂടാതെ നടന്നുവരുന്ന തിൽ നാം ഖേദിക്കുന്നു. "നിന്റെ താടിയുടെ കോണിനെ വഷളാക്കുകയും അരുത്.... പുരുഷന്മാർക്കു താടിയും മീശയും വളർത്തുവാൻ ന്യായമാ കുന്നു. എങ്കിലും വൃദ്ധർ മീശയും താടിയും നീട്ടുകയും ബാല്യക്കാർ മീശവെക്കുകയും ചെയ്യേണ്ടതാകുന്നു."

സ്ത്രീപുരുഷന്മാർ എല്ലാം കാക്കുപ്പായം ധരിച്ചുകൊള്ളണമെന്നായി രുന്നു വേറൊരു ആജ്ഞ: "... ദൈവം നമുക്ക് കല്പിച്ചിട്ടുള്ള കുപ്പായ ങ്ങളെ നാം ധരിക്കാതെ നഗ്നരായി നടക്കുന്നത് കൽപ്പന ലംഘനവും പാപം ജനിക്കുന്നതിനു കാരണവും ആകുന്നതിനാൽ ഇനിമേൽ നമ്മുടെ ക്രമപ്രകാരം പുരുഷന്മാർക്ക് കാക്കുപ്പായവും അങ്കറയ്ക്കായും തൊപ്പിയും സ്ത്രീകൾക്ക് മുഴുക്കുപ്പായവും കാക്കുപ്പായവും മൂടുപടവും കൂടാതെ നടപ്പാൻ അനുവാദമില്ല. ..."

1052-ന് 1877 മകരം 15-ാം തീയതി കൊച്ചീകോട്ട പള്ളിയിൽ നിന്നും (*ആർത്താറ്റുപള്ളി ചരിത്രം*, 89, 90).

പത്രോസ് തൃതീയൻ സഭയിന്മേലും അതിന്റെ സ്വത്തുക്കളിന്മേലും, ആത്മീയ ലൗകീകാധികാരങ്ങൾ ഉറപ്പിക്കുന്നതിനു ഉടമ്പടികൾ ധാരാളം വാങ്ങി. അങ്ങിനെ, ആത്മാവിന്റെയും ആസ്തികളുടെയും കാര്യത്തിൽ - ആത്മീയ ലൗകീകാധികാരങ്ങൾ - അഷ്ടബന്ധം ഇട്ട് ഉറപ്പിച്ചു എന്നു വിശ്വസിച്ചായിരിക്കണം 1052 മകരം മധ്യത്തിൽ കൊച്ചീകോട്ടയിൽ നിന്നു മുകളിൽ ചേർത്ത ആജ്ഞ പുറപ്പെടുവിച്ചത്. ആത്മീയ ലൗകീകമണ്ഡ ലങ്ങൾ അധീനത്തിലായി. നസ്രാണികൾക്ക് ബാക്കി ഉണ്ടായിരുന്ന മാന സിക ശാരീരിക മണ്ഡലങ്ങൾ കൊച്ചീകോട്ട 'കല്പന' കൊണ്ടും കൈ അടക്കി ദീർഘശ്വാസവും കഴിച്ച് സംതൃപ്തിയോടുകൂടെ, പത്രോസ്

തൃതീയൻ മലങ്കരനിന്നു മടങ്ങി. പണം എന്തു കിട്ടി, “നേർച്ചകാഴ്ചകൾ” ആയി എന്തെല്ലാം ലഭിച്ചു എന്നു നമുക്കു ശരിക്ക് അറിഞ്ഞുകൂടാ. അമ്പതിനായിരം രൂപാ കൊണ്ടുപോയി എന്നു കാണുന്നുണ്ട്. വിജയലാളിതനായി മടങ്ങിയ പാത്രിയർക്കീസിനെ ബോംബെ വരെ അനുഗമിച്ചു കപ്പൽ കയറ്റിയിട്ടാണ് “എളിയ ദാസനും വാത്സല്യപുത്രനും” ആയ ജോസഫ് ദീവന്നാസ്യോസ് മടങ്ങിപ്പോന്നത്

## പാത്രിയർക്കീസ് നിയമം ലംഘിച്ചു

പത്രോസ് തൃതീയൻ ഇന്ത്യയിൽ നിന്നു മടങ്ങിയതു വരെ അനുസരണയുള്ള ശിഷ്യനൊ അനുയായിയൊ ആയി ജോസഫ് ദീവന്നാസ്യോസ് പാത്രിയർക്കീസിന് അകമ്പടി സേവിച്ചു എന്നു തന്നെ പറയണം. മലങ്കരയിലെ കീഴ്നടപ്പിനും മാത്രമല്ല, കാനോൻ നിയമങ്ങൾക്കു വിരുദ്ധമായിട്ടും ആണ് പത്രോസ് തൃതീയൻ ആറു മെത്രാന്മാരെ വാഴിച്ചത്. ഒഴിവില്ലാത്ത അത്യാവശ്യഘട്ടങ്ങളിൽ അല്ലാതെ മൂന്നു എപ്പിസ്കോപ്പന്മാർ ചേരാതെ ഒരു എപ്പിസ്കോപ്പായെ വാഴിച്ചുകൂടാ എന്നുള്ള കാനോൻ നിയമം (ഹൂദായകാനോൻ അദ്ധ്യായം 7, ഖണ്ഡിക 3) ലംഘിക്കാതെ കഴിക്കണമെന്നു പത്രോസ് തൃതീയന് ആഗ്രഹം ഉണ്ടായിരുന്നു എങ്കിൽ, ദീവന്നാസ്യോസിനെയും പാത്രിയർക്കീസും ഒന്നിച്ചുവന്ന ഗ്രീഗോറിയോസി (പിന്നീട് അബ്ദുള്ളാ പാത്രിയർക്കീസ്) നെയും സ്ഥാനാഭിഷേകങ്ങളിൽ സംബന്ധിപ്പിക്കാമായിരുന്നു. പുതിയ ആറു മെത്രാന്മാരുടെ സ്ഥാനാഭിഷേകങ്ങളിൽ ദീവന്നാസ്യോസ് സംബന്ധിച്ചില്ല എന്ന് അദ്ദേഹം സെമിനാരികേസിൽ 1058 വൃശ്ചികം 21-ാം തീയതി മൊഴി കൊടുക്കുകയുണ്ടായി (Seminary Case Book Vol. 2, p.14). ഗ്രീഗോറിയോസ് മെത്രാൻ പത്രോസ് തൃതീയനുമായി തെറ്റിപിരിഞ്ഞിരുന്നു. അദ്ദേഹം മലങ്കരയിൽ അവിടെയും ഇവിടെയും സഞ്ചരിക്കുക ആയിരുന്നു എന്ന് പത്രോസ് ശീമോൻ ദീവന്നാസ്യോസിനു എഴുതിയ കത്തിൽ ഉള്ളതു രണ്ടാം വാല്യം 12-ാം അദ്ധ്യായത്തിൽ കാണിച്ചിട്ടുണ്ട്. “...... പേരിൽ മാത്രം മെത്രാനായ ഗ്രീഗോറിയോസ് എന്നോടുകൂടെ പോന്നില്ല എന്നറിയാമല്ലൊ. അവൻ നിങ്ങളുടെ രാജ്യത്തിൽ താമസിക്കുന്നപക്ഷം അവൻ ശപിക്കപ്പെട്ടവനും തള്ളപ്പെട്ടവനും ആയിരിക്കുമെന്നു ഞാൻ അവനു എഴുതി. എതിർത്തു നിന്ന അവനോടു സഹകരിക്കുന്നവരും അവനെപ്പോലെ ശപിക്കപ്പെട്ടവരായിരിക്കും (സമുദായകേസ് 180 അക്ക പ്രമാണം) എന്നാണ് പാത്രിയർക്കീസ് എഴുതിയത്.

## പണത്തിന് പെട്ട പാട്

മുളന്തുരുത്തി സുന്നഹദോസ് കൂടി അസ്സോസിയേഷൻ സ്ഥാപിച്ചു. പണപ്പിരിവിന് ഒരു പദ്ധതി സൃഷ്ടിച്ചു. പത്രോസ് തൃതീയനെ യാത്ര

ആക്കി മടങ്ങി ഏതാനും മാസങ്ങൾക്കുള്ളിൽ, പ്രതിയോഗികളായി സൃഷ്ടിക്കപ്പെട്ട മെത്രാന്മാരെ ദീവന്നാസ്യോസ് അനുസരണത്തിലാക്കി. അവരെ പരുമല സുന്നഹദോസിൽ വരുത്തി പണപ്പിരിവിനുള്ള ഏർപ്പാടുകൾ ഒന്നു കൂടി പുതുക്കുകയൊ മുറുക്കുകയൊ ചെയ്തു ശരിപ്പെടുത്തി. ആവശ്യത്തിനും അതിലധികവും പണം ദീവന്നാസ്യോസ് നീട്ടിയ കൈയിൽ വന്നു വീണു, കേസു നടത്തി, ജയിച്ചു എന്നു തോന്നാം. പള്ളിക്കൂടങ്ങൾ സ്ഥാപിച്ചു ഗ്രാന്റ് വാങ്ങി, അങ്ങിനെ കിട്ടുന്ന പണം കേസിനു ചെലവു ചെയ്തു പിന്നെ പള്ളികളിൽ നിന്നു പിരിഞ്ഞു വരുന്ന പണം അദ്ധ്യാപകർക്കു കൊടുത്ത് അവരെ തൃപ്തിപ്പെടുത്തി എന്നും ഇതിനു മുകളിൽ കാണിച്ചിട്ടുണ്ട്.

ഒരു കൈഎഴുത്തു രേഖയിൽ ഈവിധം കണ്ടു: മേൽപ്രകാരം കമ്മറ്റി കൂടി (പരുമല) നിശ്ചയങ്ങൾ ഒക്കെയും ചെയ്തു എങ്കിലും പണം പിരിഞ്ഞില്ല. പ്രസിഡണ്ട് മെത്രാപ്പോലീത്താ ആലപ്പുഴ എത്തി അണ്ണാസാമി, അണ്ണാശാസ്ത്രി, എറണാകുളം കൃഷ്ണയ്യൻ മുതലായവരെക്കൊണ്ട് അന്യായം തയ്യാറാക്കിച്ചു. ... മേൽപറഞ്ഞ ആളുകൾ കൂടി പ്രമാണം എഴുതിക്കൊടുത്തു കുറെ പണം ചട്ടംകെട്ടി. ...രുടെ കത്ത് ഹുണ്ടിയൽ കച്ചവടക്കാർക്കു വന്നതനുസരിച്ച് അവർക്കു പ്രമാണം കൊടുത്തും പണം വാങ്ങി. അങ്ങിനെ ഫീസു ഒടുക്കി കേസു കൊടുത്തു. കേസു നടത്തുന്നതിനു കൂടെക്കൂടെ ആലപ്പുഴ പോകുകയും അവിടെ താമസിക്കുകയും ചെയ്യേണ്ട ഘട്ടമായപ്പോൾ ഇപ്പോൾ സനാതനധർമ്മ വിദ്യാലയം സ്ഥാപിച്ചിരിക്കുന്ന സ്ഥലത്ത് ആണ്ടിപ്പിള്ള എന്നയാളിന്റെ വകയായി ഉണ്ടായിരുന്ന ഒരു കെട്ടിടം വാടകയ്ക്കു എടുത്തു. ഇ. എം. ഫീലിപ്പോസ് പറയുന്നു: "വ്യവഹാരത്തിന് ആലപ്പുഴെ താമസിക്കുമ്പോൾ നിത്യ ചെലവിനു പോലും പണമില്ലാതെ തിരുമനസ്സിലെ മോതിരവും സ്ഥാന വടിയും ചിലപ്പോൾ പണയം വയ്ക്കുകയും എടുപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു" (മലങ്കരസഭയുടെ രഹസ്യപേടകം, പുറം 34).

## പരുമല സുന്നഹദോസ്

ഉടനടി നടക്കേണ്ടത് നവീകരണക്കാർ കൈവശപ്പെടുത്തി വച്ചിരിക്കുന്ന സെമിനാരി തുടങ്ങിയ സമുദായ വസ്തുക്കൾ വീണ്ടെടുക്കുന്നതിനു കേസു കൊടുക്കുക ആണെന്ന് അറിഞ്ഞുകൊണ്ടാണ് ജോസഫ് ദീവന്നാസ്യോസ് പാത്രിയർക്കീസിനെ വരുത്തിയതും അസ്സോസിയേഷൻ രൂപീകരിച്ചതും. പണം പിരിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ പൂർത്തിആക്കിയതും, മുളന്തുരുത്തി നിശ്ചയങ്ങൾ അനുസരിച്ച് വേണ്ട നടപടികൾ നടത്തുന്നതിനോടൊപ്പം തന്നെ, മറ്റൊരു ഭഗീരഥപ്രയത്നം കൂടെ ചെയ്യുന്നതിന് പത്രോസ് തൃതീയന്റെ ലൗകീകാധികാരമോഹം ദീവന്നാസ്യോസിനെ നിർബന്ധിതനാക്കി. മലങ്കരയെ ഏഴ് ഇടവകകളായി

വിഭജിച്ച്, പാത്രിയർക്കീസിന്റെ ആത്മീയ-ലൗകീക സർവ്വാധിപത്യം സമ്മതിച്ചുള്ള ആറു കരാർ ഉടമ്പടികൾ വാങ്ങിക്കൊണ്ട് ആറു മെത്രാന്മാരെ സൃഷ്ടിച്ചതു മൂലം വന്നുകൂടിയ വിപത്താണ് ആ പ്രയത്നത്തിനു ഇടയാക്കിയത്. അത് അദ്ദേഹം എത്ര ക്ഷണത്തിലും എത്രമാത്രം ഭംഗിആയും കൈകാര്യം ചെയ്തു എന്ന് "പരുമല സുന്നഹദോസ്" തെളിയിക്കുന്നു. 1053 കുംഭം 6-ാം തീയതിയാണ് പരുമലയോഗം നടന്നത് - പത്രോസ് തൃതീയനെ യാത്രഅയച്ച് എട്ടൊമ്പതു മാസത്തിനുള്ളിൽ. ആ ചുരുങ്ങിയ കാലയളവിൽ എതിരുകാരായി, നിത്യം കുത്തുന്ന മുള്ളുകളായി ഇരിക്കുന്നതിനു പത്രോസ് സൃഷ്ടിച്ച മെത്രാന്മാർ ആറു പേരും ജോസഫ് ദീവന്നാസ്യോസിന്റെ സപ്രഗന്മാരായി മാറിക്കഴിഞ്ഞു!! സെമിനാരിക്കേസിൽ A.H. അക്കപ്രമാണമായി ഹാജരാക്കപ്പെട്ടിരുന്ന പരുമല സുന്നഹദോസ് തീരുമാനങ്ങളിൽ ചിലവയുടെ സംക്ഷേപം താഴെ ചേർക്കുന്നു:

**നിശ്ചയങ്ങൾ**

1876 (1051) മിഥുനം 15-ാം തീയതി മുളന്തുരുത്തിയിൽ ചേർന്ന സുന്നഹദോസ് സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ രൂപവൽക്കരിക്കണമെന്നും 24 അംഗങ്ങളും പ്രസിഡണ്ടും ഉള്ള ഒരു കമ്മറ്റി ഉണ്ടായിരിക്കണമെന്നും, ഒരു പൊതുമുതൽ ശേഖരിക്കുകയും സിവൾകേസു കൊടുക്കുകയും ചെയ്യണമെന്നും തീരുമാനിച്ചു എങ്കിലും അവയിൽ ഒന്നും നടപ്പിൽ വന്നിട്ടില്ല. അംഗങ്ങളിൽ ചിലർ സ്ഥാനമാറ്റം കൊണ്ടും, രണ്ടു പേരു മരണം മൂലവും കമ്മറ്റിയിൽ നിന്നു പോയി. രാജകീയ വിളംബരത്തിലെ വ്യവസ്ഥപ്രകാരം സ്ഥാനസമ്പാദനത്തിനു വ്യവഹാരപ്പെടാനുള്ള അവകാശം കാലഹരണത്തോട് അടുക്കുന്നു. ആ വക സംഗതികളെപ്പറ്റി ആലോചിക്കുന്നതിനും ഉടൻതന്നെ വ്യവഹാരപ്പെടുന്നതിനു വേണ്ട തീരുമാനങ്ങൾ ചെയ്യുന്നതിനും ആയി നാം സമ്മേളിക്കണമെന്നു പ്രസിഡണ്ട് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകൾ കല്പന മൂലം ആവശ്യപ്പെട്ടതനുസരിച്ച് നാം കൂടുകയും കല്പന വായിക്കുകയും ചെയ്തിട്ടുള്ളതാകുന്നു.

സുന്നഹദോസിൽ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷനായിരിക്കണമെന്നപേക്ഷിച്ചു. പരിശുദ്ധ പിതാവ് സമ്മതിക്കുകയും സമ്മേളനത്തെ അനുഗ്രഹിക്കുകയും ചെയ്തു.

കടപ്പത്രങ്ങൾ വിറ്റു പണം അതിവേഗം ശേഖരിക്കുന്നതിനു തീവ്രശ്രമം ചെയ്യണം. പ്രസിഡണ്ട് ഉൾപ്പെടെ എല്ലാ മെത്രാന്മാരും നാല്പതു മറ്റു അംഗങ്ങളുമുള്ള ഒരു കമ്മറ്റിയെ നിയമിക്കണം. ആ നാൽപ്പതു പേരും കൈയിനാൽ 500 രൂപാ വീതം എടുത്തു വ്യവഹാരം കൊടുക്കുന്നതിനും,

കടപ്പത്രങ്ങൾ വിറ്റും സമുദായം വക വരവുകളിൽ നിന്നും എടുത്തും അവരുടെ കടം തീർക്കുന്നതിനും നിശ്ചയിച്ചു.

ദീവന്നാസ്യോസ് പ്രസിഡണ്ടും മറ്റു ആറു മെത്രാന്മാരും 17 എ ക്ലാസ്സ് അംഗങ്ങളും, 23 ബി ക്ലാസ്സ് അംഗങ്ങളും ഉള്ള ഒരു കമ്മറ്റിയെ തെരഞ്ഞെടുത്തു. പണപ്പിരിവിന്റെ പ്രധാന ചുമതല മെത്രാന്മാർ തന്നെ വഹിക്കേണ്ടതാണ്. പണം പിരിച്ചു വ്യവഹാരപ്പെടുന്നതിനു ഇനി വൈകിക്കൂടാത്തതിനാൽ കമ്മറ്റി അംഗങ്ങൾ നാൽപ്പതുപേരും നൂറ്റിഅമ്പതു രൂപാ വീതം എടുത്ത് ആറായിരം രൂപാ ഉണ്ടാക്കുകയും കേസ് ഫയൽ ചെയ്യുന്നതിലേയ്ക്കു വേണ്ട ആലോചനകൾക്കായി തിരുവനന്തപുരത്തു പോകുകയും ചെയ്യണം എന്നു നിശ്ചയിച്ചു.

കടപ്പത്രങ്ങൾ സംബന്ധിച്ചുള്ള ചുമതല മെത്രാപ്പോലീത്തായ്ക്ക് ആണെങ്കിലും, കമ്മറ്റി അംഗങ്ങളെ ഇരുപതു കടപ്പത്രങ്ങൾ വീതം ഏൽപ്പിക്കണമെന്നും അവ വിറ്റു പണം ഉണ്ടാക്കുന്നതിനു അവർ സ്വാധീനം ചെലുത്തണമെന്നും, കേസു നടത്തുന്നതിന്റെ ചുമതല പ്രസിഡണ്ട് മെത്രാൻ തന്നെ വഹിക്കണമെന്നും നിശ്ചയം ചെയ്തു (Seminary Case Book Part II, Ext. pp. 96, 100).

## സെമിനാരി കേസ് ജില്ലാകോടതിയിൽ

പരുമല സുന്നഹദോസ് 1053 കുംഭം 6-ാം തീയതി കൂടി, കേസു ഫയൽ ചെയ്യുന്നതിന് ജോസഫ് ദീവന്നാസ്യോസിനു പൂർണ്ണാധികാരം നൽകുകയും പണം പിരിക്കുന്നതിനുള്ള ചട്ടവട്ടങ്ങൾ പൂർത്തിആക്കുകയും ചെയ്തു. അന്നുമുതൽ ഒരു വർഷവും 15 ദിവസവും കഴിഞ്ഞ നാൾ, 1054 കുംഭം 22-ന് ആലപ്പുഴ ജില്ലാക്കോടതിയിൽ 1054-ൽ 439-ാം നമ്പരായി കേസ് ഫയൽ ആകയും ഉണ്ടായി. സമുദായ സ്വത്തുക്കൾ അത്രയും കൈഅടക്കി വച്ചിരുന്നവരും, അന്നും സ്വാധീനം ചെലുത്താൻ കഴിവുള്ള മിഷനറിമാരുടെ പിൻതുണ ഉള്ളവരും ആയ നവീകരണ പക്ഷത്തെ പ്രതി ചേർത്ത്, ഇത്ര ക്ഷണത്തിൽ വ്യവഹാരം കൊടുക്കാൻ കഴിഞ്ഞത് ജോസഫ് ദീവന്നാസ്യോസിന്റെ അക്ഷീണ പരിശ്രമം കൊണ്ട് ആയിരുന്നിരിക്കണം. മുളന്തുരുത്തി സുന്നഹദോസ് നടന്ന് ഒരു വർഷവും ഒരു പക്ഷവും കഴിഞ്ഞപ്പോൾ - 1052 കർക്കിടകം 2-ാം തീയതി - മാത്യൂസ് അത്താനാസ്യോസ് കാലം ചെയ്തതുകൊണ്ട് പ്രതിപക്ഷത്തിന്റെ ശക്തി ലാഘവപ്പെട്ടതു ജോസഫ് ദീവന്നാസ്യോസിന്റെ ശ്രമത്തിന്റെ ഘനം കുറച്ചു എന്നു സമ്മതിക്കേണ്ടതുണ്ട്. എങ്കിലും അത്ര വമ്പിച്ച ഒരു കേസ് അതിന്റെ പ്രാരംഭച്ചെലവിന് ആവശ്യമുള്ള ഭീമമായ സംഖ്യ പിരിച്ചെടുത്ത് ഒരു വർഷം കൊണ്ട് ഫയൽ ചെയ്തു എന്നുള്ളത് ഒരു അസാധാരണ വിജയമായി ഗണിക്കാവുന്നതാണ്. അതിനും അദ്ദേഹം

എത്രമാത്രം ഞെരുങ്ങി എന്നൂഹിപ്പാൻ പോലും ഇന്ന് നമുക്ക് സാധിക്കുകയില്ല.

കേസിൽ വാദി ഭാഗത്തേയ്ക്കു 72 സാക്ഷികളെയും പ്രതിഭാഗത്തേയ്ക്കു 103 സാക്ഷികളേയും വിസ്തരിച്ചു. 1059 മിഥുനം 16–ാം തീയതി – അന്യായം ഫയൽ ചെയ്ത് അഞ്ചു വർഷത്തിനുശേഷം – അന്യായം അനുവദിച്ചു അഡീഷ്യനൽ ജഡ്ജി ടി. സി. കൃഷ്ണമേനോൻ വിധി പ്രസ്താവിച്ചു. വാദിയുടെ കോർട്ടു ചെലവ് പ്രതികളെക്കൊണ്ട് കൊടുപ്പിക്കണമെന്നുള്ള അപേക്ഷ മാത്രം നിരസിച്ചു. കൃഷ്ണമേനോൻ അതിനു സമാധാനമായി പറയുന്നു: "പ്രതികൾ വാദിയുടെ കോടതി ചെലവ് കൊടുക്കുന്നതിന് വിധിക്കാൻ ന്യായമുണ്ട്. എന്നാൽ ഒന്നാം പ്രതി ദീർഘകാലം മെത്രാനായിരുന്നു. അദ്ദേഹത്തിനും ആരു സ്ഥാനം നൽകിയൊ, ആരിൽ നിന്നു സ്വത്തുക്കൾ കിട്ടിയൊ, അദ്ദേഹത്തിന്റെ ആജ്ഞ അനുസരിക്കുകയാണ് പ്രതി ചെയ്തത്. പ്രതിയെ ശരിയായ മതത്തലവനായി ഗണിക്കുന്ന ധാരാളം സുറിയാനി ക്രിസ്ത്യാനികൾ ഉണ്ട്. ഈ കാരണങ്ങളാൽ പ്രതികൾ വാദിയുടെ കോടതിച്ചെലവ് കൊടുക്കാൻ വിധിക്കുന്നില്ല. പ്രതികൾ അവരുടെ ചെലവ് സഹിക്കേണ്ടതാണ് (District Court Judgement. Concluding para).

### ഹൈക്കോടതിയിൽ

1059 മിഥുനം 16–ാം തീയതി ഉണ്ടായ വിധിയിന്മേൽ പ്രതികൾ കർക്കടകമാസം 25–ാം തീയതി അപ്പീൽ കൊടുത്തു. ഹൈക്കോടതിയിൽ കേസു നീണ്ടു കിടന്നില്ല. ടി. ആർ. നാരായണപിള്ള, ജി. എസ്. ആര്യനായകം എന്നിവരുൾപ്പെട്ട ഡിവിഷ്യൻ ബഞ്ചാണ് വാദം കേട്ടത്. അവർ കീഴ്ക്കോടതി വിധി ശരിവച്ചും വാദിയുടെ കോടതിച്ചെലവും പ്രതികൾ കൊടുക്കേണ്ടതാണെന്നും 1061 തുലാം 29–ാം തീയതി വിധി പ്രസ്താവിച്ചു.

### റോയൽകോടതിയിൽ

ഹൈക്കോടതി വിധിയിന്മേൽ 1061 കുംഭം 19–ാം തീയതി പ്രതികൾ തിരുവിതാംകൂർ മഹാരാജാവിന്റെ അടുക്കൽ അപ്പീൽ ബോധിപ്പിച്ചു. അപ്പീൽ 1061 മിഥുനം 31–ാം തീയതി 3–ാം നമ്പരായി സ്വീകരിക്കപ്പെട്ടു. മഹാരാജാവിനു സമർപ്പിക്കുന്ന അപ്പീൽ അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം ഹൈക്കോടതിയിലെ മൂന്നു ജഡ്ജിമാർ വാദം കേട്ട് വിധിക്കുകയാണ് നടപടി. എന്നാൽ വിധിയുടെ അവസാനത്തിൽ ജഡ്ജിമെന്റിലെ ശുപാർശ സ്വീകരിച്ച് മഹാരാജാവ് തീർച്ചകൽപ്പിക്കണമെന്ന് മഹാരാജാവിനെ സബഹുമാനം ഉപദേശിക്കുന്നു എന്ന് എഴുതുകയും, രാജാവ് അതു സ്വീകരിക്കുകയും ആവിധം ജഡ്ജിമെന്റിനു പ്രാബല്യം സിദ്ധിക്കുകയുമാണ് ചെയ്യാറുള്ളത്. അപ്പീൽ 3–ാം നമ്പർ വാദം കേട്ടത്, ചീഫ് ജസ്റ്റീസ്

കെ. കൃഷ്ണസ്വാമി റാവു, ഒരു യൂറോപ്യൻ ജഡ്ജി ഉണ്ടായിരിക്കണമെന്നുള്ള തത്വമനുസരിച്ച് നിയമിതനായിരുന്ന ഡബ്ല്യു. ഓംസ്ബി, എ. സീതാരാമയ്യർ എന്നിവരാണ്. വാദം 1064 മകരം 17 മുതൽ കുംഭം 10 വരെ നടന്നു. മിഥുനം 30-ാം തീയതി വിധി പ്രസ്താവിക്കപ്പെട്ടു. കൃഷ്ണസ്വാമിറാവു, സീതാരാമയ്യർ എന്നിവർ കീഴ്കോടതി വിധികൾ ശരിവച്ച് അപ്പീൽ തള്ളി വാദിക്ക് അനുകൂലമായ തീർപ്പു കൽപ്പിക്കണമെന്നാണ് മഹാരാജാവിനോടു ശുപാർശ ചെയ്തത്.

ഓംസ്ബിയാവട്ടെ, കീഴ്ക്കോടതി വിധികൾ അസ്ഥിരപ്പെടുത്തുകയും അന്യായം തള്ളിക്കളയുകയും ചെയ്യേണ്ടതാണെന്നും, ആ വിധം മഹാരാജാവിനോടു ശുപാർശ ചെയ്യണമെന്നും ആണ് എഴുതിയത്.

ആത്മീയൻ ആണെങ്കിലും മലങ്കരയുടെ ലൗകീകങ്ങളിന്മേൽ പരിപൂർണ്ണമായ പരമാധികാരം ഉണ്ടെന്നുള്ള പത്രോസ് തൃതീയന്റെയും അദ്ദേഹത്തിന്റെ ചില മുൻഗാമികളുടെയും വാദത്തെ വേരോടെ പറിച്ചു മാറ്റിക്കൊണ്ടാണ് ചീഫ് ജസ്റ്റീസ് കെ. കൃഷ്ണസ്വാമി റാവുവും, ജസ്റ്റീസ് ടി. സീതാരാമയ്യരും വിധി എഴുതിയത്. റോയൽ കോടതി ജഡ്ജുമെന്റിൽ നിന്നു ചില പ്രധാനഭാഗങ്ങളുടെ സാരാംശം മാത്രം താഴെ ചേർക്കുന്നു:

“.... ചരിത്രത്തിൽ കാണാവുന്നിടത്തോളം മലങ്കരസഭയിന്മേൽ പാത്രിയർക്കീസ് അധികാരം നടത്തിയിട്ടുള്ളത് ആത്മീയ കാര്യങ്ങളിൽ മാത്രമാണെന്നാണ്, ഞങ്ങൾ വിചാരിക്കുന്നത്.... പാത്രിയർക്കീസൊ പ്രതിനിധിയൊ ഈ രാജ്യത്തു സഞ്ചരിച്ചപ്പോൾ... ലൗകീകകാര്യങ്ങളിൽ ഒരിക്കലും പ്രവേശിച്ചിട്ടില്ല. ലൗകീകകാര്യങ്ങളിൽ ചില അധികാരമൊ പ്രവേശനമൊ ഉണ്ടാക്കുവാൻ രണ്ടുമൂന്നു പ്രാവശ്യം അവർ ശ്രമിച്ചപ്പോൾ മെത്രാപ്പോലീത്തായും സമുദായവും വിജയകരമായി അവരോട് എതിർത്തു തടഞ്ഞു നിറുത്തി. ...” (Royal Court Judgement, para 2 2, 213).

“... മലങ്കര മെത്രാപ്പോലീത്താ മലങ്കര സ്വദേശി ആയ ഒരു നസ്രാണി ആയിരിക്കണം. അദ്ദേഹം ജനങ്ങൾക്കു സ്വീകാര്യനും ആയിരിക്കണം.” (Ibid para 213).

“... റിശ്ശീസായെക്കുറിച്ച്... ഹാജരാക്കിയിട്ടുള്ള തെളിവ് തൃപ്തികരമല്ല... സഭാതലവനുവേണ്ടി ഒരു പിരിവ് എടുക്കുന്നുണ്ടെന്നു വ്യക്തമായിട്ടുണ്ട്. ഈ നാട്ടിലുള്ള മെത്രാനാണൊ വിദേശത്തുള്ള പ്രധാനാദ്ധ്യക്ഷനാണൊ അതു ചൊല്ലേണ്ടതെന്നു വ്യക്തമായിട്ടില്ല....” (Ibid para 218).

“... മലങ്കര മെത്രാന് ജനസ്വീകരണം ഇല്ലെങ്കിൽ പാത്രിയർക്കീസ് തനിച്ച് സാധുവായ രീതിയിൽ വാഴിക്കപ്പെട്ടയാളായാലും ലൗകീകങ്ങളുടെ ഭരണത്തിനു അവകാശം ലഭിക്കുകയില്ല” (Ibid para 225, 226).

“മൊത്തത്തിൽ പാത്രിയർക്കീസിന് അധികാരം ആത്മീയകാര്യങ്ങളിൽ പൊതുവായ മേലന്വേഷണം നടത്തുകയും മൂറോൻ എന്ന വിശുദ്ധ തൈലം അയയ്ക്കുകയും ചെയ്യുന്നതിലാകുന്നു. പാത്രിയർക്കീസിന് ഒരിക്കലും ലൗകീകകാര്യങ്ങളിൽ അധികാരം ഉണ്ടായിരുന്നിട്ടില്ല. ആ കാര്യത്തിൽ ഈ സഭ ഒരു സ്വതന്ത്ര സഭയാകുന്നു...” (Royal Court Judgement, para 347).

ഈ വിധി മഹാരാജാവ് സ്വീകരിച്ച് തുല്യം ചാർത്തിയതോടെ പാത്രിയർക്കീസിന്റെ അവകാശവാദം പൊളിയുകയും ചെയ്തു. ആ വിവരം അറിഞ്ഞപ്പോൾ, ജോസഫ് ദീവന്നാസ്യോസ് തന്ത്രത്തിൽ തന്നെ പറ്റിച്ചതാണെന്ന് പത്രോസ് ധരിച്ചു (ആത്മീയ ലൗകീകാധികാരങ്ങൾ വേർപെടുത്താൻ പാടില്ലാത്തവിധം ഏകമാണെന്നും, ദൈവദത്തമായ ആ അധികാരത്തെ ചോദ്യം ചെയ്യുകയൊ നിരാകരിക്കുകയോ ചെയ്ത് ലോകത്തുള്ള ജഡ്ജിമാർ എല്ലാം ചേർന്ന് വിധിച്ചാലും ഫലിക്കുകയില്ലെന്ന് അദ്ദേഹം എഴുതിയത് (ജെ.എൻ. അക്കം ഇതിനു മുമ്പ് ചേർത്തിട്ടുള്ളത്) നോക്കുക.

### സെമിനാരി നടത്തി എടുത്തു

ഹൈക്കോടതി വിധി അനുസരിച്ച് സെമിനാരിയും മറ്റും നടത്തി എടുക്കാൻ വാദിയും, റോയൽ കോർട്ടിൽ അപ്പീൽ കൊടുത്തു തീരുമാനിക്കപ്പെടുന്നതുവരെ കൈവശം വിടാതെ കഴിക്കാൻ പ്രതികളും ആവുംമട്ടു ശ്രമിച്ചു. വാദി വിജയിച്ചു. കെട്ടിടങ്ങൾ പ്രതികൾ തുറക്കാത്തപക്ഷം തുറപ്പിച്ചു നടത്തിക്കൊടുക്കുന്നതിന് കോടതിയിൽ നിന്ന് ആജ്ഞാപിച്ചിരുന്നു. കമ്മീഷണരുടെ റിപ്പോർട്ടനുസരിച്ച് കോട്ടയം തഹസീൽദാരും പോലീസ് ഇൻസ്പെക്ടരും മറ്റും സ്ഥലത്തെത്തി പൂട്ടുകൾ കൊല്ലനെക്കൊണ്ട് തുറപ്പിച്ചു നടത്തിക്കൊടുത്തു. വിധി നടത്തു നിർത്തി വയ്ക്കണമെന്നു മേൽകോടതിയിൽ നിന്ന് ഉത്തരവു വന്നപ്പോഴേയ്ക്ക് നടത്തു കഴിഞ്ഞതിനാൽ ആ ഉത്തരവുകൊണ്ട് പ്രയോജനം ഉണ്ടായില്ല. 1061 കർക്കടകം 3-ാം തീയതി വാദി ജോസഫ് ദീവന്നാസ്യോസ് ഔപചാരികമായി സെമിനാരി കൈവശപ്പെടുത്തി, അന്ന് വള്ളംകളി മുതലായ ആഹ്ലാദപ്രകടനങ്ങളും ഉണ്ടായിരുന്നു. സെമിനാരി കൈവശം കിട്ടി, വൈകാതെ തന്നെ അവിടെ ശെമ്മാശന്മാരെ പഠിപ്പിക്കുന്നതിനുവേണ്ട നടപടികൾ ആരംഭിച്ചു. 1062 ചിങ്ങം 31, കന്നി 1 ഈ തീയതികളിൽ സമ്മേളിച്ച മാനേജിംഗ് കമ്മറ്റി വളരെ പ്രാധാന്യമർഹിക്കുന്ന ചില നിശ്ചയങ്ങൾ ചെയ്തു. അവ: (1) അടുത്ത തുലാം 1 മുതൽ എല്ലാ ശെമ്മാശന്മാരും സെമിനാരിയിൽ ഹാജരായി പഠിക്കേണ്ടതാണ്. (2) ഓരോരുത്തരും പത്തുപണം വീതം ഫീസ്സടയ്ക്കണം. ഫീസ്സടയ്ക്കാൻ പ്രാപ്തിയില്ലാത്തവർ അടയ്ക്കേണ്ടതില്ല. (3) അടുത്ത സംബന്ധത്തിൽ പെട്ടവർ തമ്മിൽ ചില സ്ഥലങ്ങളിൽ വിവാഹം

നടക്കുന്നതായി അറിയുന്നു. മേലാൽ സഹോദരന്മാരുടെ രണ്ടു വഴിയിലും മുമ്മൂന്നു തലമുറ കഴിഞ്ഞു നാലാമത്തെ തലമുറക്കാർ തമ്മിൽ അല്ലാതെ വിവാഹം നടത്തിക്കൂടാ.

## വട്ടിപ്പണക്കേസ്

കത്തനാർ ട്രസ്റ്റി ആയിരുന്ന താഴത്തു ചാണ്ടപ്പിള്ള കത്തനാർ നവീകരണാഭിപ്രായക്കാരനായിരുന്നു. സെമിനാരി കേസിൽ രണ്ടാം പ്രതി ആയി ചേർത്തിരുന്നു എങ്കിലും അദ്ദേഹത്തെ ട്രസ്റ്റി സ്ഥാനത്തു നിന്നു നിക്കിയല്ല വിധി ഉണ്ടായത്. അതുകൊണ്ട് അതിലേക്ക് വേറൊരു കേസ് 1069-ൽ 162-ാം നമ്പരായി ദീവന്നാസ്യോസ് ആലപ്പുഴ ജില്ലാക്കോടതിയിൽ ഫയൽ ചെയ്തു. ട്രസ്റ്റി സ്ഥാനം സ്വമനസ്സാലെ ഒഴിഞ്ഞിരിക്കുന്നു എന്ന് ചാണ്ടപ്പിള്ളക്കത്തനാർ കോടതിയിൽ ഹർജി കൊടുത്തതുകൊണ്ട് ആ കേസ് മുമ്പോട്ടു കൊണ്ടുപോകേണ്ടതായി വന്നില്ല. എന്നാൽ അദ്ദേഹത്തിനു പകരം കത്തനാർ ട്രസ്റ്റി ആയി തെരഞ്ഞെടുത്ത കോനാട്ട് മാത്തൻ മല്പാനെ റസിഡന്റ് അംഗീകരിക്കാതെ വന്നു. തുടർന്ന് ജോസഫ് ദീവന്നാസ്യോസ് നടത്തിയ പരിശ്രമത്തിന്റെ ഫലമായി 1059 മുതൽ വാങ്ങാതെ കുടിശ്ശികയായി കിടന്ന വട്ടിപ്പണപലിശ കോടതിയിൽ കെട്ടിവച്ചുകൊണ്ട് ബ്രിട്ടീഷ് റസിഡണ്ട് തിരുവനന്തപുരം ജില്ലാക്കോടതിയിൽ 1075-ൽ 25-ാം നമ്പരായി ഒരു "ഇന്റർ പ്ലീഡർസൂട്ടു" ഫയൽ ചെയ്തു. ജോസഫ് ദീവന്നാസ്യോസും കൂട്ടുട്രസ്റ്റികളും പണം വാങ്ങാൻ അർഹരാണെന്നു 1077 മകരം 21-ാം തീയതി വിധിയുണ്ടായി. ആ പണം കിട്ടിയപ്പോൾ "ദരിദ്രനാരായണൻ" എന്ന നിലയിൽ നിന്നു ജോസഫ് ദീവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്കു താൽക്കാലികമായിട്ടെങ്കിലും ഒരു മാറ്റം കിട്ടി.

## ചെറിയപള്ളിക്കേസ്

മലങ്കരസഭയുടെ "തലസ്ഥാനം" എന്ന നില ഉണ്ടായിരുന്ന കോട്ടയത്തെ ഏറ്റം പ്രധാന പള്ളി ആയിരുന്നതിനാൽ "ചെറിയപള്ളിക്ക്" ഇടവകക്കാരുടെ സംഖ്യ, ആസ്തികൾ ഇവ കണക്കിലെടുക്കുമ്പോൾ അനർഹമായ പ്രാധാന്യം സിദ്ധിച്ചിരുന്നു. പുന്നത്ര ദീവന്നാസ്യോസിന്റെ ഇടവകപ്പള്ളി ആയിരുന്ന ഈ ദേവാലയത്തിന്, അദ്ദേഹത്തിന്റെ കാലത്ത് കൂടുതൽ പ്രാധാന്യം ഉണ്ടായതിൽ അത്ഭുതപ്പെടാനില്ലല്ലൊ. ആ മെത്രാപ്പോലീത്തായുടെ അനന്തിരവനായിരുന്ന താഴത്തു ചാണ്ടപ്പിള്ള കത്തനാരുടെ വ്യക്തിമാഹാത്മ്യവും ബുദ്ധിസാമർത്ഥ്യവും കുടുംബനിലയും കാരണം ചെറിയപള്ളിക്കാര്യങ്ങളിൽ അദ്ദേഹത്തിനും അതിരറ്റ ഔന്നത്യം ലഭിച്ചു. ശത്രുക്കളെ സമ്പാദിക്കുന്നതിനും അതു വളരെ സഹായിച്ചു എന്നു പറയേണ്ടതില്ല. പ്രാചീനതയിലും സംഖ്യയിലും

തുല്യസ്ഥാനം തന്നെ ഉണ്ടായിരുന്ന ചില കുടുംബക്കാർ അദ്ദേഹത്തിന്റെ ശത്രുവർഗ്ഗത്തിൽ ആയിഭവിച്ചു. പത്രോസ് തൃതീയൻ 1051-ൽ ചെറിയ പള്ളി സന്ദർശിച്ചത് ഒരു അവസരമാക്കി അവർ പള്ളിയിൽ പ്രവേശിച്ച്, മാത്യൂസ് അത്താനാസ്യോസിനോടു ചേർന്നുനിന്ന ചാണ്ടപ്പിള്ള കത്ത നാരെ പുറംതള്ളാൻ ഒരു ശ്രമം നടത്തി. അതു സംബന്ധിച്ച് പാത്രി യർക്കീസ്, ജോസഫ് ദീവന്നാസ്യോസ് എന്നിവരെയും മറ്റും പ്രതികളാക്കി ശൂരനായ ചാണ്ടപ്പിള്ള കത്തനാർ ഒരു ക്രിമിനൽ കേസ് കൊടുത്തു. പ്രതികളെ ശിക്ഷിച്ചില്ലെങ്കിലും പള്ളിയുടെയും സ്വത്തുക്കളുടെയും കൈവശം ചാണ്ടപ്പിള്ള കത്തനാർക്കാണെന്നു വിധി ഉണ്ടായതോടുകൂടെ ആ അങ്കം തല്ക്കാലത്തേക്കു അവസാനിച്ചു. മുളന്തുരുത്തി - പരുമല സുന്നഹദോസുകൾ വഴി സംഘടന രൂപീകരിക്കുകയും ശക്തി ആർജ്ജി ക്കുകയും ചെയ്തശേഷം 1054-ൽ 439-ാം നമ്പരായി "സെമിനാരികേസ്" ഫയൽ ചെയ്ത് വളരെ വൈകാതെ, ആലപ്പുഴ ജില്ലാക്കോടതിയിൽ തന്നെ 1054-ൽ 613-ാം നമ്പരായി, ചാണ്ടപ്പിള്ള കത്തനാരിൽ നിന്നു ചെറിയപള്ളി വീണ്ടെടുക്കുന്നതിന് ജോസഫ് ദീവന്നാസ്യോസ് ഒരു കേസ് കൊടുത്തു. ഇതും റോയൽകോടതി വരെ പോയിട്ടും ദീവന്നാസ്യോസിന് വിജയി ക്കാൻ പറ്റിയില്ല. "വ്യവഹാരം ഒരു തരം ചൂതുകളിയാണ്" എന്നുള്ള ചൊല്ലിനെ ആശ്രയിച്ചായിരിക്കാം, തോൽവിയുടെ കാലം കഴിഞ്ഞ് വിജ യദശയിലേക്കു കടന്നു മുന്നേറുകയാണ് താൻ എന്നു ബോദ്ധ്യപ്പെട്ടപ്പോൾ ജോസഫ് ദീവന്നാസ്യോസും, കോട്ടയം ഇടവക മെത്രാനായിരുന്ന പൗലൂസ് അത്താനാസ്യോസും ചില അയ്മേനികളും വാദിയായി, ചാണ്ട പ്പിള്ള കത്തനാരെയും വേറൊരാളെയും പ്രതികളാക്കി 1071-ൽ 303-ാം നമ്പരായി ഒരു അന്യായം കൊടുത്തു. 1054-ൽ 613-ാം നമ്പരിൽ വാദിഭാ ഗത്തു നിന്നു ഉന്നയിച്ച വാദങ്ങൾക്കു എതിരായിട്ടാണ് ഈ കേസ്സിൽ വാദം പുറപ്പെടുവിച്ചതെങ്കിലും ആദ്യകോടതി 1074 കർക്കിടകത്തിൽ അന്യായം അനുവദിച്ചു വിധിച്ചു. അതിന്മേൽ 1075-ൽ 125-ാം നമ്പരായി പ്രതികൾ അപ്പീൽ കൊടുത്തു. അവിടെ ചീഫ് ജസ്റ്റീസ് സി. വെങ്കിടാ ചാര്യർ, എ. ഗോവിന്ദപ്പിള്ള എന്നിവർ ആദ്യവിധി സ്ഥിരപ്പെടുത്തിയും അപ്പീൽ തള്ളിയും വിധിച്ചു. എഫ്. ജെ. ആർ. വി. ഹണ്ട് അപ്പീൽ ചെലവു സഹിതം അനുവദിക്കേണ്ടതാണെന്ന് ഒരു ഭിന്ന ജഡ്ജുമെന്റ് എഴുതുകയുണ്ടായി. 1076 കുംഭത്തിൽ വാദികൾ പള്ളി നടത്തി എടുത്തു. അങ്ങനെ ജോസഫ് ദീവന്നാസ്യോസ് ആ യജ്ഞത്തിലും വിജയിച്ചു.

## ആർത്താറ്റ് പള്ളിക്കേസ്

ആർത്താറ്റ് (കുന്നംകുളം) മലങ്കര നസ്രാണികളുടെ ഏറ്റം പ്രധാന ഇടവകകളിൽ ഒന്നാണ്. അത് ജോസഫ് ദീവന്നാസ്യോസിന്റെ സ്വന്തം ഇടവകയായിരുന്നു. കത്തനാർ എന്ന നിലയിൽ അദ്ദേഹം അവിടെ ഭരണം

നടത്തുകയും ചെയ്തിട്ടുണ്ട്. ആർത്താറ്റു പള്ളിയുടെ കീഴിൽ കുന്നംകുളം, ചിറളയം, തെക്കെക്കുരിശു, കിഴക്കെ പുത്തൻപള്ളി ഇവ കൂടെ ചേർന്ന ഒറ്റ ഇടവകയൊ, ട്രസ്റ്റൊ ആയിട്ടാണ് നടന്നുവന്നിരുന്നത്. അവിടെ ഉണ്ടായ ചില ആഭ്യന്തര മത്സരങ്ങൾ വഴി, നവീകരണത്തിനു ബലം സിദ്ധിച്ചു. അവർക്കു സംഖ്യാബലം കുറവായിരുന്നു എങ്കിലും ചില പ്രബലന്മാർ ആ ഭാഗത്തും ഉണ്ടായിരുന്നു. തോമസ് അത്താനാസ്യോസിനെ ആർത്താറ്റേയ്ക്കു കൊണ്ടുപോകുന്നതിന് നവീകരണക്കാർ ഉദ്യമിച്ചു. മറുപക്ഷക്കാർ അതിനെ തടയുന്നതിനുള്ള ശ്രമത്തിൽ റസിഡന്റിനും കൊച്ചി സർക്കാരിലേയ്ക്കും ഹർജികൾ അയച്ചു. ഇരുകക്ഷികളും പള്ളിയിൽ പ്രവേശിക്കുന്നതിനെ തടയുകയാണ് വേണ്ടതെന്നായിരുന്നു റസിഡന്റിന്റെ മതം. ഒരു വിചാരണയ്ക്കു ശേഷം സമാധാനലംഘനം ഉണ്ടാകാതിരിക്കുന്നതിനായി, ഇരുഭാഗ മെത്രാന്മാരുടെയും പ്രവേശനത്തെ നിരോധിച്ചുകൊണ്ട് കൊച്ചി സർക്കാർ കല്പന പുറപ്പെടുവിച്ചു. സിവിൾ വ്യവഹാരം വഴി അല്ലാതെ പ്രശ്നം പരിഹരിക്കാൻ പറ്റുകയില്ല എന്ന് ദീവന്നാസ്യോസിന് ബോദ്ധ്യമായി. അദ്ദേഹവും നാലു കത്തങ്ങളും പതിനാറു അയ്മേനികളും വാദികളായി, തോമസ് അത്താനാസ്യോസിനെയും (കൊട്ടാരത്തിൽ വർക്കി മകൻ തോമാ കത്തനാർ എന്നാണ് അന്യായത്തിൽ പറഞ്ഞിരുന്നത്!) മൂന്നു കത്തങ്ങളെയും മുപ്പത്തിഏഴു അയ്മേനികളെയും പ്രതികളാക്കി തൃശൂർ ജില്ലാകോടതിയിൽ 1069-ൽ 56-ാം നമ്പരായി വ്യവഹാരം ബോധിപ്പിക്കയും ചെയ്തു.

ഇരുഭാഗത്തെയും തെളിവിനുശേഷം ജഡ്ജി രാമചന്ദ്രയ്യർ അന്യായം ചെലവു സഹിതം തള്ളി വിധി പ്രസ്താവിച്ചു. വാദി ഭാഗത്തു നിന്നും ഇതിന്മേൽ, കൊച്ചി ചീഫ് കോടതിയിൽ 1073-ൽ 83-ാം നമ്പരായി അപ്പീൽ കൊടുത്തു. ജഡ്ജി നാരായണമാരാര് വാദം കേട്ട് അപ്പീൽ തള്ളി വിധിച്ചു.

## കൊച്ചി റോയൽ കോടതിയിൽ

വാദിഭാഗത്തു നിന്ന് കൊച്ചി റോയൽ കോടതിയിൽ 1076-ൽ 7-ാം നമ്പരായി അപ്പീൽ ബോധിപ്പിച്ചു.

ദിവാൻ എസ്. പട്ടാഭിരാമറാവു ചീഫ് കോടതിയിൽ ചീഫ് ജസ്റ്റീസ് എസ്. ലോക്ക്, സീനിയർ ജഡ്ജി ടി. സി. കൃഷ്ണമേനോൻ ഇവർ വാദം കേട്ട്, രാജാവിന്റെ അനുമതിക്ക് വിധേയമായി കീഴ്ക്കോടതി വിധി അസ്ഥിരപ്പെടുത്തി, അന്യായം അനുവദിച്ച് 1080 കർക്കടകം 31-നു വിധി പ്രസ്താവിച്ചു. കൈമുത്ത് അവകാശം അന്യായത്തിൽ ആവശ്യപ്പെട്ടിരുന്നു എങ്കിലും അതു വേണമെന്ന് വാദിക്ക് നിർബന്ധമില്ലെന്നു വാദത്തിൽ വന്നതുകൊണ്ട് അത് അനുവദിക്കുന്നില്ലെന്നും, വിവാദപള്ളി ഇരുഭാഗക്കാരും വളരെ കാലമായി ഉപയോഗിച്ചു വരുന്നതാകയാൽ, താഴത്തെ

കോടതികളിലെയും, ഈ കോടതികളിലെയും ചെലവു കൊടുക്കണെമെന്നു ആജ്ഞാപിക്കുന്നില്ലെന്നും ജഡ്ജുമെന്റിൽ കാണിച്ചിരുന്നു. റോയൽ കോർട്ട് വിധി അനുസരിച്ച് അഞ്ചു പള്ളികളും സ്വത്തുക്കളും 1081 വൃശ്ചികം 8-ാം തീയതി വിധി നടത്തി എടുക്കുകയും ചെയ്തു.

"ആർത്താറ്റുപള്ളിചരിത്ര"ത്തിൽ നിന്ന് ഒരു വാചകം ഉദ്ധരിക്കുന്നു: "മെത്രാപ്പോലീത്താ തിരുമേനി കുന്നംകുളത്തും പഴഞ്ഞിയിലും ആയി 14 മാസത്തോളം (വിധി നടത്തി എടുത്തശേഷം) താമസിക്കുകയും ഒരു കൊല്ലത്തോളം പള്ളി ഭരണം നേരിട്ട് നടത്തുകയും, പിന്നീട് യോഗം വിളിച്ചുകൂട്ടി കയ്ക്കാരന്മാരെ തിരഞ്ഞെടുത്ത് നിശ്ചയിച്ചു ഭരണകാര്യങ്ങൾ ക്രമപ്പെടുത്തുകയും ചെയ്തു."("ആർത്താറ്റു പള്ളി ചരിത്രം", പുറം 115).

തൊഴിയൂർ പള്ളി സംബന്ധിച്ച് യൂയാക്കീം കൂറിലോസിനുവേണ്ടി, പുലിക്കോട്ടിൽ ജോസഫ് കത്തനാർ എന്ന നിലയിൽ 1031-ൽ ആരംഭിച്ച വ്യവഹാര മഹായജ്ഞം, ജോസഫ് ദീവന്നാസ്യോസ് എന്ന നിലയിൽ വിജയത്തിനു പുറമേ വിജയം വരിച്ച് 1081-ൽ അവസാനിപ്പിക്കുകയാണ് ചെയ്തത്. ആ വിജയങ്ങളോടു ബന്ധപ്പെട്ട സംഗതികളിൽ ജോസഫ് ദീവന്നാസ്യോസിന് ഏറ്റം കൂടുതൽ ആനന്ദവും അതേ സമയം തന്നെ സങ്കടവും ഉണ്ടാക്കിയത്, "1068 വൃശ്ചികത്തിൽ വടി, മുടി, സ്ലീബാ മുതലായ സ്ഥാനചിഹ്നങ്ങളെ നമ്മുടെ കഥാനായകൻ തോമസ് അത്താനാസ്യോസിൽ നിന്ന് കോടതിയിൽ വച്ച് ഏറ്റുവാങ്ങി" (ജോസഫ് ദീവന്നാസ്യോസ്, പുറം 141) യപ്പോഴായിരുന്നിരിക്കണം. സന്തോഷം കേസിൽ അന്ത്യവിജയം സിദ്ധിച്ചതിലും, ഖേദം ഏതാനും സഹോദരങ്ങൾ വിട്ടു പിരിഞ്ഞു പോയതിലും. കോടതിയിൽ വച്ചു സ്ഥാനചിഹ്നങ്ങൾ മറുപക്ഷ നേതാവിൽ നിന്നു വാങ്ങാൻ കഴിഞ്ഞത് ഉത്സാഹത്തിനിട നൽകുന്ന സംഭവം ആയിരുന്നെങ്കിലും, ആ കേസ് മൂലം പൊതുജനങ്ങൾ ധരിച്ചിട്ടുള്ളവിധം വസ്തുവകകൾ കിട്ടിയിട്ടില്ല എന്ന് ജോസഫ് ദീവന്നാസ്യോസ് ട്രസ്റ്റി ആയിരുന്ന കുന്നുമ്പുറത്തു കോര ഉലഹന്നാന് 1898 തുലാം 23-ാം തീയതി എഴുതിയ ഒരു കത്തിൽ പറയുന്നു. ഈ കത്ത് വട്ടിപ്പണക്കേസിൽ '9' അക്കപ്രമാണമായിരുന്നു: "സെമിനാരി വകയായി ആകെ 28000 ക. യ്ക്കു കീഴെ വസ്തുക്കൾ മാത്രമാണ് വിധിപ്രകാരം നമുക്കു കിട്ടിയിരിക്കുന്നത്. ഈ വസ്തുക്കൾ കൈവശപ്പെടുത്തി കിട്ടുവാനോ കാലഹരണദോഷത്തേയും മറ്റും തീർക്കുവാനൊ ഉണ്ടായ വ്യവഹാരങ്ങളും നഷ്ടങ്ങളും എത്ര ഒക്കെ എന്നു കണക്കിനാൽ ബോധപ്പെടുന്നതാകുന്നു (Exit 9 in 0 5, 94/1088 വട്ടിപ്പണം).

## എം. ഡി. സെമിനാരി

ജോസഫ് ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ നേട്ടങ്ങളിൽ വളരെ പ്രയോജനപ്പെട്ടത് എം. ഡി. സെമിനാരിയും തോപ്പും ആകുന്നു എന്ന് സംശയം കൂടാതെ പറയാം. ആ വിദ്യാലയത്തിനു മലങ്കര നസ്രാണികളുടെ വകയായി ഇന്നുള്ള നിരവധി ഇംഗ്ലീഷ് പള്ളിക്കൂടങ്ങളുടെ മാതൃസ്ഥാനമുണ്ട്. സെമിനാരിയുടെ ഉത്ഭവത്തിനിടയാക്കിയ ബിന്ദുവിന്റെ ഉദ്ഗമം പുത്തൻകൂർ, പഴയകൂർ എന്നിങ്ങനെ രണ്ടാക്കപ്പെട്ട നസ്രാണികൾക്ക് യോജിച്ചു പ്രവർത്തിക്കുന്നതിന് ഒരു രംഗം ഉണ്ടാകണം എന്ന് ആഗ്രഹിച്ച്, മെത്രാപ്പോലീത്തായും നിധിയിരിക്കൽ മാണിക്കത്തനാരും ചേർന്ന് രൂപപ്പെടുത്തിയ "നസ്രാണിജാത്യൈക്യസംഘ"ത്തിൽ നിന്നായിരുന്നു എന്നു വയ്ക്കാം. അന്നത്തെ സ്ഥിതിഗതികളും ചുറ്റുപാടുകളും സംബന്ധിച്ച് സംക്ഷിപ്തമായ ചില വിവരങ്ങൾ ഇതിൽ ഉൾപ്പെടുത്തേണ്ടതാണെന്നു തോന്നുന്നു.

മോതിരവും അംശവടിയും കൂടെക്കൂടെ പണയം വയ്ക്കുകയും വീണ്ടെടുക്കുകയും ചെയ്തുവന്ന കാലത്തു തന്നെ വിദ്യാലയങ്ങൾ നടത്തുന്നതിനുള്ള ശ്രമത്തിൽ ദീവന്നാസ്യോസ് പ്രവേശിച്ചു പ്രവർത്തിച്ചുകൊണ്ടിരുന്നു. ഇ. എം. പീലിപ്പോസിന്റെ "മലങ്കരസഭയുടെ രഹസ്യപേടക"ത്തിൽ നിന്ന് അൽപ്പം ഉദ്ധരിക്കട്ടെ: "ഗ്രാന്റ് കാര്യത്തിൽ സഭയെന്നൊ സമുദായമെന്നൊ ന്യായമായ മെത്രാൻ എന്നൊ, മുടക്കപ്പെട്ട മെത്രാൻ എന്നൊ, ഉള്ള വ്യത്യാസം ഇല്ലെന്നും, പള്ളിക്കൂടം ഉണ്ടാക്കി പഠിത്തം നടത്തിക്കൊണ്ട് അപേക്ഷിച്ചാൽ ആർക്കും ഗ്രാന്റു കിട്ടുമെന്നും... മനസ്സിലാക്കിയതു പരേതനായ ദിവാൻ നാണുപിള്ളയിലൂടെ ആയിരുന്നു. അപ്പോൾ മുതൽ അദ്ദേഹവും (മാർ ദീവന്നാസ്യോസ്) അങ്ങുമിങ്ങും സ്കൂളുകൾ ഏർപ്പെടുത്താൻ തുടങ്ങി. ഇങ്ങനെ പല സ്ഥലങ്ങളിലായി പത്തറുപതു സ്കൂളുകൾക്ക് 1054-മാണ്ടിടയ്ക്കു ഗ്രാന്റ് അനുവദിച്ചു കിട്ടി. ... സെമിനാരി വ്യവഹാരത്തിലേക്ക് ആവശ്യപ്പെട്ട വലിയ ചെലവിൽ ഒരു ഭാഗം പലപ്പോഴും ഗ്രാന്റു പണം കൊണ്ട് വഹിച്ചിട്ടുണ്ട്. ആറാം മാസത്തിൽ ഒന്നടങ്കമായി പണം (ഗ്രാന്റ്) കെട്ടി വാങ്ങിച്ചാൽ അതു വ്യവഹാരച്ചെലവിലേയ്ക്കു വാങ്ങിച്ച കടം വീട്ടലിനുപയോഗിക്കുകയും പിന്നീടു പള്ളികളിൽ നിന്നു പിരിഞ്ഞു വരുന്ന പണം കൊണ്ടും കടം വാങ്ങിയും കുറേശ്ശ കൊടുത്തു വാദ്ധ്യാന്മാരെ തൃപ്തിപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു. വാദ്ധ്യാന്മാർ...... ഗ്രാന്റായി വല്ലതും കിട്ടുന്നത് അവരുടെ നിജവരുമാനത്തിനു പുറമെ കിട്ടുന്ന ഒരാദായമായി കരുതിപോന്നു. ...." ഏകദേശം നൂറോളം പള്ളിക്കൂടങ്ങൾക്കു ക്രമേണ ഗ്രാന്റു കിട്ടി. ..... (*മലങ്കര സഭയുടെ രഹസ്യപേടകം*, പു. 86, 87).

മലയാളം പള്ളിക്കൂടങ്ങൾ സ്ഥാപിച്ചു നടത്തി ആ പ്രവർത്തനം കൊണ്ടുള്ള പ്രയോജനം ശരിക്കു മനസ്സിലാക്കി കഴിഞ്ഞപ്പോൾ ആയിരിക്കണം ഒരു ഇംഗ്ലീഷ് ഹൈസ്ക്കൂൾ ആരംഭിക്കണം എന്നുള്ള മോഹം ദീവന്നാസ്യോസിനുണ്ടായത്. എം.ഡി. സെമിനാരി സ്ഥാപനത്തെപ്പറ്റി എം. പി. വർക്കി, ജോസഫ് ദീവന്നാസ്യോസിന്റെ ജീവചരിത്രത്തിൽ പറയുന്നു: "... ദീവന്നാസ്യോസ് സെമിനാരി... കെട്ടിടത്തിന്റെ പണി ആരംഭിച്ചത് മിസ്റ്റർ ഡാറായുടെ ഔദാര്യവിശേഷം കൊണ്ടാണെങ്കിലും അദ്ദേഹം പെട്ടെന്നു മരിച്ചു പോയതിനാൽ ആഗ്രഹിച്ചപ്രകാരം വേഗത്തിൽ പണി തീർത്തു പഠിപ്പു തുടങ്ങാൻ സാധിച്ചില്ല. എങ്കിലും 1067-ൽ ഈ കെട്ടിടത്തിന്റെ പണി മുഴുവനും തീരുകയും 1068 മകരത്തിൽ മട്രിക്കുലേഷൻ ക്ലാസിനു കീഴുള്ള സകല ക്ലാസ്സും ഏർപ്പെടുത്തി ആരംഭിക്കുകയും 1069-ൽ മട്രിക്കുലേഷൻ ക്ലാസ്സ് ഏർപ്പെടുത്തുകയും ഇതിനെ മദിരാശി സർവ്വകലാശാല അംഗീകരിക്കുകയും ചെയ്തു" (ജോസഫ് ദീവന്നാസ്യോസ്, പു. 126, 127).

ഇതേപ്പറ്റി ഐ. സി. ചാക്കോ, "മാർ ളൂയിസ് പഴേപറമ്പിൽ" എന്ന ഗ്രന്ഥത്തിൽ എഴുതിയിട്ടുള്ള ചില വാചകങ്ങൾ ചേർക്കുന്നു: "എം. പി. വർക്കി ഇങ്ങനെ പറഞ്ഞിരിക്കുന്നു. ഈ കെട്ടിടത്തിന്റെ പണി ആരംഭിച്ചത് മിസ്റ്റർ ഡാറായുടെ ഔദാര്യവിശേഷം കൊണ്ടാണെങ്കിലും അദ്ദേഹം പെട്ടെന്നു മരിച്ചു പോയതിനാൽ ഇതു ആഗ്രഹിച്ചിരുന്നപ്രകാരം വേഗത്തിൽ പണിതീർത്തു പഠിപ്പു തുടങ്ങാൻ സാധിച്ചില്ല. ഈ വാചകത്തിൽ പറയുന്ന സംഭവങ്ങൾ യഥാർത്ഥങ്ങളാണെങ്കിലും ആ സംഭവങ്ങൾക്കു നൽകിയിരിക്കുന്ന സംബന്ധം ചരിത്രത്തെ പൂർണ്ണമായി വിവരിക്കുന്നില്ല. ഡാറാ സായിപ്പിന്റെ ഔദാര്യവിശേഷത്തിനു പാത്രമായതു പഴയകൂറ്റുകാരെയും പുത്തൻകൂറ്റുകാരെയും ഉദ്ദേശിച്ചു സ്ഥാപിതമായിരുന്ന ജാത്യൈക്യസംഘമായിരുന്നു. ദീവന്നാസ്യോസ് സെമിനാരിയും "മനോരമ" കെട്ടിടങ്ങളുമിരിക്കുന്ന വുഡ്ലാൻഡ്സ് എന്ന സ്ഥലം ഡാറാ സായിപ്പ് ദീവന്നാസ്യോസിന്റെയും മാണിയച്ചന്റെയും (ഫാദർ നിധിരി) പേരിൽ തീറെഴുതി കൊടുക്കുന്ന കാലത്ത് മാണിയച്ചൻ ആലപ്പുഴ മാർ സ്ലീബാപ്പള്ളിയിൽ വികാരിയായിരുന്നു. മാണിയച്ചനും ഡാറായും സ്നേഹിതന്മാരുമായിരുന്നു. 'ഡാറായുടെ ഔദാര്യവിശേഷ'ത്തെ ആകർഷിച്ചതു ജാത്യൈക്യസംഘത്തിന്റെ ഉദ്ദേശ്യവും ആസന്നമെന്നു വിചാരിക്കപ്പെട്ടിരുന്ന അതിന്റെ സിദ്ധിയുമായിരുന്നു. ഡാറാ സായിപ്പ് ഒരു കത്തോലിക്കനായിരുന്നു. യാക്കോബായക്കാർ കത്തോലിക്കരായിത്തീരാൻ നിശ്ചയിച്ചിരിക്കുന്നു എന്നുള്ള വാർത്ത അദ്ദേഹത്തെയും ഈ പ്രസ്ഥാനത്തിൽ ഉത്സുകനാക്കിത്തീർത്തു. അനുനയ സമർത്ഥനായിരുന്ന മാണിയച്ചന്റെ വാഗ്വിലാസത്തിനു പുറമെ, ദലഗാദപ്പസ്തോലിക്കായും അദ്ദേഹത്തെ ജാത്യൈക്യസംഘത്തിൽ ഉൽസുകനാക്കിത്തീർത്തിരിക്കണം. ഡാറാ

സായിപ്പ് വുഡ്ലാൻഡ്സ് എഴുതി കൊടുക്കുന്ന കാലത്ത് അല്ലിയാർദി ആയിരുന്നു ദലഗാദപ്പസ്തോലിക്കാ. അല്ലിയാർദിയും ദീവന്നാസ്യോസും തമ്മിൽ നേരിട്ട് ഇടപാടുണ്ടായിരുന്നു എന്നു തെളിയിക്കുന്ന യാതൊരു രേഖയും നമുക്കു ലഭിച്ചിട്ടില്ല. ..." (ലൂയിസ് പഴേപറമ്പിൽ, പു. 521, 522).

## ഐ.സി. ക്കു തെറ്റു പറ്റിയൊ

എം. പി. വർക്കി എഴുതിയിട്ടുള്ളത് കെട്ടിടത്തിന്റെ പണി ആരംഭിച്ചത് ഡാറായുടെ ഔദാര്യവിശേഷം കൊണ്ടാണ് എന്നാണെങ്കിലും, ഐ. സി. അത് എം.ഡി. സെമിനാരിയും മറ്റും ഇരിക്കുന്ന വുഡ്ലാൻഡ്സ് എസ്റ്റേറ്റ് ഡാറായുടെ ഔദാര്യവിശേഷം മൂലം കിട്ടി എന്ന് വർക്കി എഴുതിയെന്ന വിധത്തിലാണല്ലൊ വ്യാഖ്യാനിച്ചിരിക്കുന്നത്. അതു തെറ്റ് എന്നു പറയാതെ കഴിവില്ല. അതുകൊണ്ടും തീർന്നില്ല. 1) ഡാറാ വുഡ്ലാൻഡ്സ് എസ്റ്റേറ്റ് തീറെഴുതി കൊടുത്തത് അദ്ദേഹത്തിന്റെ ഔദാര്യവിശേഷം കൊണ്ടായിരുന്നു. (2) ഫാദർ നിധിരി അക്കാലത്തു ആലപ്പുഴ സ്ലീബാ പള്ളി വികാരി ആയിരുന്നു. ആ വഴിക്ക് അദ്ദേഹത്തിനു കൂടുതൽ സ്വാധീനം ചെലുത്തി ഡാറായിൽ "ഔദാര്യവിശേഷം" ഉളവാക്കി എന്നൊരു സൂചന ഐ.സി. നൽകുന്നു. 3) ഡാറാ ഒരു റോമൻ കത്തോലിക്കനായിരുന്നു. "യാക്കോബായക്കാർ കത്തോലിക്കരായി തീരാൻ നിശ്ചയിച്ചിരിക്കുന്നു എന്നുള്ള വാർത്ത അദ്ദേഹത്തെയും ഈ പ്രസ്ഥാനത്തിൽ ഉൽസുകനാക്കി. 4) ദലഗാദപ്പസ്തോലിക്കാ അല്ലിയാർദിയും ഡാറായെ ജാത്യൈക്യസംഘത്തിൽ ഉൽസുകനാക്കിയിരിക്കണം. അല്ലിയാർദിയും ദീവന്നാസ്യോസും തമ്മിൽ നേരിട്ട് ഇടപാടുകൾ ഉണ്ടായിരുന്നു എന്നു തെളിയിക്കുന്ന രേഖ ലഭിച്ചിട്ടില്ല. ഇങ്ങനെ നാലു പോയിന്റുകൾ ഐ. സി. യെ "ഉൽസുകൻ" ആക്കിയിട്ടുണ്ട്. ഈ പോയിന്റുകളിൽ ഒന്നെങ്കിലും ശരിയായ അടിസ്ഥാനത്തിന്മേൽ ഉറപ്പിച്ചു പണിതതാണൊ കേവലം ആകാശക്കോട്ടയാണൊ എന്ന് നമുക്കു പരിശോധിക്കാം. ആ പരിശോധനയ്ക്കു അത്യാവശ്യമുള്ള ഒരു രേഖയാണ് ഡാറാ എഴുതിക്കൊടുത്ത തീറാധാരം. വട്ടിപ്പണക്കേസിൽ ഡി.ഒ. അക്കമായി ഹാജരാക്കിയിരുന്ന ആ ആധാരം താഴെ ഉദ്ധരിക്കുന്നു:

1064-ാമാണ്ട് തുലാമാസം 24-നു പഴയകൂറ്റുകാരും പുത്തൻകൂറ്റുകാരുമായ സുറിയാനി ക്രിസ്ത്യാനികളുടെ നസ്രാണി ജാത്യൈക്യസംഘത്തിന്റെ സ്ഥാപകന്മാരായ കോട്ടയം മണ്ടപത്തുംവാതുക്കൽ കോട്ടയം പ്രവൃത്തിയിൽ ഗോവിന്ദപുരം കരയിൽ സുറിയാനി സെമിനാരിയിൽ താമസിക്കും പള്ളിഭരിപ്പു ക്രിസ്തുമതം 56 വയസ്സായ മോസ്റ്റ് റവറൻഡു മാർ ഡയനീഷ്യസ് മെത്രാപ്പോലീത്താ അവർകൾക്കും, ഏറ്റുമാനൂർ മണ്ടപത്തുംവാതുക്കൽ ഏറ്റുമാനൂർ പ്രവൃത്തിയിൽ കുറവിലങ്ങാട്ടു പള്ളിയിൽ താമസിക്കും 47 വയസ്സായ റവറൻഡു ഫാദർ ഇമ്മാനുവെൽ ഏബ്രഹാം

നിധിയിരി അവർകൾക്കും കൂടെ, ആലപ്പുഴ കൊമെർഷ്യാൽ ഏജന്റും ഇപ്പോൾ യൂറോപ്പിലേയ്ക്കു പോയിരിക്കുന്ന ആളും ആയ മിസ്റ്റർ ഹ്യൂ ക്രാഫൊർട്ടു അവർകളുടെ മുക്തിയാർ നാമാവുകാരനായ ആലപ്പുഴ മുറിയിൽ കടപ്രത്ത് പുത്തൻ ബങ്കളാവിൽ താമസിക്കും അമേരിക്കൻ കച്ചവടം 62 വയസ്സായ മിസ്റ്റർ ജേമ്സ് ഡാറാ എഴുതി കൊടുത്ത തീറാധാരം ആവിത്. ടി ക്രാഫോർട്ടു അവർകളുടെ വക താഴെ പട്ടികയിൽ പറയുന്ന വസ്തുക്കളും കെട്ടിടങ്ങളും അതിലുള്ള ഈടുമാടുകളും വൃക്ഷങ്ങൾ മുതലായ സകലവും കൂടി 3541 ബ്രിട്ടീഷ് രൂപാ 4 പൈസായ്ക്കു ടി ജാത്യൈക്യ സംഘം വകയ്ക്കായി മോസ്റ്റ് റവറൻഡ് മാർ ഡയനീഷ്യസ് മെത്രാപ്പോലീത്താ അവർകൾക്കും, ടി റവറൻഡ് ഫാദർ ഇമ്മാനുവെൽ ഏബ്രഹാം നിധിയിരി അവർകൾക്കും കൂടി ടി മിസ്റ്റർ ഹ്യൂ ക്രാഫൊർട്ട് അവർകളുടെ മുക്തിയാർ അധികാരപ്രകാരം 1886 മാർച്ച് 24-ാംനു ഞാൻ തീറുവായി വസ്തുക്കൾ ഒഴിഞ്ഞുതന്ന് ആ വകയ്ക്ക് അർത്ഥം പറ്റുവിവരം 1886 മാർച്ച് 24-ാംനു തന്ന രൂപാ 500-ം ടി നവംബർ 4-ാംനു തന്ന രൂപാ 557-ം ടി ഡിസംബർ 16-ാംനു തന്ന രൂപാ 340-ം 1887 മാർച്ച് 2-ാംനു തന്ന രൂപാ 2144-ം പൈസാ 4-ം, ആകെ പറ്റുരൂപാ 3541 പൈസാ 4-ം ടി രൂപാ മൂവായിരത്തിഅഞ്ഞൂറ്റിനാല്പത്തിഒന്നും പൈസാ നാലും പറ്റിക്കൊണ്ടു ടി വസ്തുക്കൾ മേൽപ്പറഞ്ഞപ്രകാരം തീറു തന്നു കൈവശപ്പെടുത്തി തന്നിരിക്കകൊണ്ടു ടി വസ്തുക്കൾ പേരിൽ കൂട്ടി കരം തീർത്തു തീറുവാകെ അനുഭവിച്ചുകൊള്ളുന്നതിന് സമ്മതിച്ചിരിക്കുന്നു. ഇതിന്റെ മുൻപ്രമാണങ്ങളും മുക്തിയാർ നാമാവും, മറ്റു വസ്തുക്കളെ കൂടി സംബന്ധിച്ചതാകയാൽ അവയുടെ പകർപ്പ് ഞാൻ അടയാളം വച്ച് ഇതു സഹിതം തന്നിരിക്കുന്നു.”

ഇതാണ് തീറാധാരം. ആധാരത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വസ്തുക്കൾ: കോട്ടയത്തു വുഡ്ലൻഡു ബങ്കളാവും പറമ്പും; ചെമ്പകശ്ശേരി പുരയിടവും അതിൽ നിൽക്കുന്ന കാപ്പിപ്പുരയും; കുട്ടമല നിലം എട്ടു പറയും ആകുന്നു. എലുകയും ഇനവും ഇവിടെ ചേർക്കുന്നില്ല.

“.... 1064-ാമാണ്ട് തുലാമാസം 26-ാം തീയതി പകൽ ഒന്നരമണിക്ക് ഹാജരാക്കപ്പെട്ടു. നസ്രാണി ജാത്യൈക്യസംഘത്തിന്റെ സ്ഥാപകന്മാരിൽ ഒരുവനായ കുറവിലങ്ങാട്ടു പള്ളിയിൽ താമസിക്കും റവറൻഡ് ഫാദർ ഇമ്മാനുവെൽ ഏബ്രഹാം നിധിയിരി (ഒപ്പ്)

.............................................................................................

കോറൂയാ വൈദീകവൃത്തി പള്ളിക്കൽ തൊമ്മൻ കുര്യൻ (ഒപ്പ്)

1064-ാമാണ്ട് തുലാമാസം 26-ാം തീയതി കുരുവിള വർക്കി ഡിസ്ട്രിക്ട് രജിസ്ട്രാർ (ഒപ്പ്)

**പോയിന്റ് 1**

ഡാറാ വെറും മുക്തിയാർകാരനാണ്. വസ്തു ഉടമസ്ഥൻ ഹ്യൂ ക്രോഫോർട്ട്. അപ്പോൾ റോമൻ കത്തോലിക്കനായതുകൊണ്ടും, ഫാദർ നിധിയിരിയുമായുള്ള സ്നേഹബന്ധംകൊണ്ടും ഡാറാ എന്തിൽ ഉത്സുകനായാലും ക്രോഫോർട്ടിന്റെ വസ്തു തോന്നിയപാട് തീറ് എഴുതിക്കൊടുക്കാൻ പറ്റുകയില്ലല്ലോ!

**പോയിന്റ് 2**

ആധാരം എഴുതിയ കാലത്തു ഫാ. നിധിരി ആലപ്പുഴ പള്ളി വികാരി ആയിരുന്നു എന്നുള്ള പ്രസ്താവന അയഥാർത്ഥമാണെന്നും താമസം കുറവിലങ്ങാട്ടായിരുന്നു എന്നും രജിസ്റ്റർ ആധാരത്തിൽ കാണുന്നു. 75 വർഷം കഴിഞ്ഞ്, കേട്ടറിഞ്ഞ ഐ.സി. പറയുന്നതൊ രജിസ്റ്റർ ആധാരത്തിൽ ഒപ്പിട്ട ഫാ. നിധിയിരി പറയുന്നതോ ഏതാണ് വിശ്വസിക്കേണ്ടത്? കുറവിലങ്ങാട്ട് താമസമായിരുന്നെങ്കിലും സ്വാധീനം ചെലുത്തലും ഔദാര്യവിശേഷം സൃഷ്ടിക്കലും ആകാമായിരിക്കാം. പക്ഷേ, രജിസ്റ്റർ ആധാരത്തിൽ അങ്ങിനെയല്ലെന്നു മാത്രം.

**പോയിന്റ് 3, 4**

"ഡാറാ ഒരു റോമൻ കത്തോലിക്കനായിരുന്നു. മലങ്കര നസ്രാണികൾ റോമൻ കത്തോലിക്കരായി തീരാൻ നിശ്ചയിച്ചിരിക്കുന്നു എന്ന വാർത്ത ഫാ. നിധിയിരിയും അനുനയസാമർത്ഥ്യം കൊണ്ട് അന്നത്തെ ദലഗാദ് അപ്പസ്തോലിക്കാ ആയിരുന്ന അല്ലിയാർദിയും, അദ്ദേഹത്തെ (ഡാറാ) ജാത്യൈക്യസംഘത്തിൽ ഉത്സുകനാക്കിയിട്ടുണ്ടാവണം" എന്നും എഴുതിയശേഷം ദീവന്നാസ്യോസും അല്ലിയാർദിയും തമ്മിൽ നേരിട്ടു ഇടപാടുകൾ ഉണ്ടായിരുന്നതായി രേഖകൾ കിട്ടിയിട്ടില്ല, എന്നാൽ അയൂത്തി ഫാ. നിധിയിരിക്കു എഴുതിയ ഒരു കത്തിൽ താൻ 'മലബാറിൽ വരുമ്പോൾ തന്നെ സന്ദർശിക്കാൻ ആഗ്രഹിക്കുന്ന ദീവന്നാസ്യോസിനെ സ്വീകരിക്കാൻ സന്തോഷമായിരിക്കും, അദ്ദേഹത്തിന്റെ സന്ദർശനം ഏറ്റം ഹൃദ്യമായിരിക്കും" എന്നും ഉണ്ടായിരുന്നതായി ഐ. സി. രേഖപ്പെടുത്തിയിരിക്കുന്നു.

മലങ്കരനസ്രാണികളെ ഏതുതരത്തിലെങ്കിലും റോമാവലയിൽ പെടുത്താനുള്ള മോഹം വളരെ പഴയതാണ്. അടിച്ചൊ ഇടിച്ചൊ വെടിവെച്ചൊ കീഴ്പ്പെടുത്താൻ ചുരുങ്ങിയപക്ഷം ഉദയമ്പേരൂർ സുന്നഹദോസ് നടത്തിയ മെനസിസ്സു മുതൽ ഇങ്ങോട്ടു പലരും ശ്രമിച്ചിട്ടുള്ളതു നാം കണ്ടു കഴിഞ്ഞല്ലൊ. മോഹം സാധിക്കാൻ പണിയെന്നു കാണുമ്പോൾ മോഹം വർദ്ധിക്കുക അസാധാരണമല്ലെന്ന് ഈ പരിശ്രമങ്ങളുടെ ചരിത്രവും

തെളിയിക്കുന്നു. ജാത്യൈക്യസംഘത്തിന്റെ ലക്ഷ്യം മലങ്കര നസ്രാണികൾക്കു റോമായിൽ ചേരാൻ സൗകര്യമുണ്ടാക്കി കൊടുക്കുക ആയിരുന്നു എന്നു ഐ.സി. സൂചിപ്പിക്കുന്നു. 1439-ൽ യുജിൻ (ഔഗേൻ) പാപ്പാ 'ഇന്ത്യയുടെ എമ്പ്രദോരായ വാത്സല്യപുത്രൻ തോമസിന്' അയച്ച ഒരു കത്തിൽ നിങ്ങളും പ്രജകളും എല്ലാം സത്യക്രിസ്ത്യാനികളാണെന്ന കേൾവി പലപ്പോഴും കേൾക്കാറുണ്ടെന്നു' പറഞ്ഞിരുന്നു. "കേട്ടതിൽ" നിന്നു ആ എമ്പ്രദോർ റോമാക്കാരനാണെന്നു വ്യക്തമാകുന്നു എന്ന് ഫാ. ബർത്തലൂമ്യോ എന്ന ദേഹം വ്യാഖ്യാനിച്ച കഥ മുമ്പു ചൂണ്ടികാണിച്ചിട്ടുള്ളതാണ്. എന്തൊ ഒരു ഭ്രമമൊ വിഭ്രമമൊ പലർക്കും ഉണ്ടാകുന്നു "പുനരൈക്യം" എന്നു കേൾക്കുമ്പോൾ!! എന്താണു ഇതിലെ 'പുനർ', അത് എവിടെ നിന്നു കിട്ടി എന്ന് ആലോചിക്കാറില്ല! ഒരുതരം കമ്പമൊ, ഇളക്കമൊ എന്നുവയ്ക്കാം!

ജാത്യൈക്യസംഘത്തിന്റെ ലക്ഷ്യം മലങ്കരനസ്രാണികളെ റോമായിൽ ചേർക്കുകയായിരുന്നു എന്ന് ഐ.സി. ചാക്കോ വിശ്വസിച്ചിരുന്നു എന്നും, ആ വിശ്വാസത്തിൽ ഉറച്ചു നിന്നുകൊണ്ടാണ് അദ്ദേഹം ഈവിധം എഴുതിയത് എന്നും വച്ചാൽ തന്നെയും, ആ വിശ്വാസത്തിന് ആധാരം എന്താണ്? അല്ലിയാർദിയും ദീവന്നാസ്യോസും തമ്മിൽ 'പുനരൈക്യ' കാര്യത്തിൽ നേരിട്ട് ഇടപാട് ഉള്ളതായി രേഖ കണ്ടിട്ടില്ലെന്ന് ഐ.സി. സമ്മതിക്കുന്നു. എന്നാൽ അല്ലിയാർദിയുടെ പിൻഗാമി അയൂത്തി വന്നയുടനെ ദീവന്നാസ്യോസ് പുനരൈക്യനടപടികൾ നടത്തിയിരുന്നു എന്നു തെളിയിക്കുന്ന രേഖകൾ കാണുന്നുണ്ട്" എന്നും ഐ.സി. ചാക്കോ പറയുന്നു. അവ എന്ത്, എങ്ങിനെ, എവിടെ കാണുന്നുണ്ട് എന്ന് ഉരിയാടുന്നില്ല. എന്നാൽ ആ "നടപടികളും പുനരൈക്യവും" ആദ്യം എവിടെനിന്നുവൊ അവിടെനിന്ന് ഒരു ഇഞ്ച് എങ്കിലും മുമ്പോട്ടുപോകാഞ്ഞത് എന്തുകൊണ്ടാണ്? ഐക്യമെന്നൊ പുനരൈക്യമെന്നൊ ഉള്ള ഇര കാണിച്ചാൽ ചിലരെ എവിടെവരെ വേണമെങ്കിലും കൊണ്ടുപോകാൻ കഴിയുമെന്നറിഞ്ഞ ജോസഫ് ദീവന്നാസ്യോസ് ഒന്നു "ചിങ്കുകളിപ്പിച്ചു" എന്നു വരാൻ പാടില്ലാതില്ല! നസ്രാണി ജാത്യൈക്യസംഘം സംഘടിപ്പിക്കാൻ മുൻകൈ എടുത്ത ജോസഫ് ദീവന്നാസ്യോസ്, നിധിയിരിക്കൽ മാണിക്കത്തനാർ എന്ന രണ്ടുപേരും വൃഥാ കളിക്കുന്നവരല്ലെന്നു മാപ്പിളയ്ക്കെല്ലാം അറിയാം. അവർ ജാത്യൈക്യസംഘം രൂപവൽക്കരിച്ചത് സാമൂഹ്യവും വിദ്യാഭ്യാസപരവും ആയ ലക്ഷ്യത്തോടുകൂടെ ആയിരുന്നു എന്നു പഴയകൂറ്റുകാരുടെയും പുത്തൻകൂറ്റുകാരുടെയും ഭാഗത്തുനിന്നു പ്രസ്താവന ഉണ്ടായിട്ടുണ്ട്. 1888 ഏപ്രിൽ മാസത്തിൽ ബിഷപ്പ് ലവീഞ്ഞിനു അദ്ദേഹത്തിന്റെ മിസ്സത്തിലെ വൈദികരും ജനങ്ങളും ചേർന്ന് ഒരു "സ്വാഗതമംഗളപത്രം" കൊടുത്തു. അതിൽ പറയുന്നു: "സ്വന്തം ബിഷപ്പന്മാരില്ലാതിരുന്നതുകൊണ്ട് ഞങ്ങളുടെ പൂർവ്വികാചാ

രാദികൾക്കു കോട്ടവും ഹാനിയും സംഭവിച്ചു. അങ്ങയുടെ ഭരണകാലത്തു അവയെ എല്ലാം പൂർവ്വീകമായ ഉന്നതനിലയിൽ എത്തിക്കുമെന്നും ഒരു പുതിയ കോളജും, അതിനോടു ബന്ധപ്പെട്ട ഇംഗ്ലീഷു വിദ്യാലയങ്ങളും സ്ഥാപിച്ച് വിദ്യാഭ്യാസവിഷയത്തിൽ ഇന്നു ഞങ്ങൾക്കുള്ള താണനില യിൽനിന്ന് ഉന്നമിപ്പിക്കുമെന്നും ഞങ്ങൾ പ്രത്യാശിക്കുന്നു. ഇതിലേയ്ക്കു ഞങ്ങൾ യാക്കോബായക്കാരായ സഹോദരങ്ങളുമായി ചില ധാരണക ളിൽ എത്തിയിട്ടുണ്ട്" (An account of a very important period of the History of the Catholic Christians of Malabar, p. 187).

ജാത്യൈക്യവും വിദ്യാലയവും ഒക്കെ ഇവിടെ കാണിച്ചിട്ടുണ്ട്. എന്നാൽ "പുനരൈക്യ"ത്തിന്റെ ലാഞ്ചനപോലും ഇവിടെങ്ങുമില്ല. ലവീഞ്ഞ് മംഗളപത്രത്തിനു പറഞ്ഞ മറുപടിയിൽ: "നിങ്ങൾക്കു ആവ ശ്യമുള്ള, ഇക്കാലത്തിനു അനുയോജ്യമായ വിദ്യാഭ്യാസം ഇടവകകൾ തോറും ഉള്ള പള്ളിക്കൂടങ്ങളിൽ നിന്നും, താമസിയാതെ സ്ഥാപിക്കണ മെന്നുദ്ദേശിക്കുന്ന ഹൈസ്ക്കൂളിലൊ കോളജിലൊ നിന്നും ലഭിക്കുന്ന താണ് (Ibid, p. 190). എന്നല്ലാതെ "യാക്കോബായക്കാ"രുമായി ഉണ്ടാക്കിയ ധാരണയെപ്പറ്റി അദ്ദേഹം ഒരു അക്ഷരംപോലും പറഞ്ഞില്ല. പഴെപറ മ്പിൽ ബിഷപ്പ് എഴുതിയതും, പഴെപറമ്പിൽ ചാക്കോ മാത്തൻ പ്രസിദ്ധ പ്പെടുത്തിയതും ആയ ഗ്രന്ഥത്തിൽ നിന്നാണ് ഈ വിവരങ്ങൾ.

ഐ.സി. ചാക്കോ 'വുഡ്ലാൻഡി'നെപ്പറ്റി 1933-ൽ "ദാസൻ" പത്ര ത്തിൽ എഴുതിയ ഒരു ലേഖനം. "ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്" എന്ന ജീവചരിത്രത്തിൽ എടുത്തുചേർത്തിട്ടുണ്ട്. "പഴയസെമിനാരിക്കേസ് സന്നിഗ്ദാവസ്ഥയിൽ കിടക്കുമ്പോൾ ഒരു പ്രത്യാവർത്തനശ്രമമുണ്ടായി രുന്നു, ...... ഇപ്പോൾ മനോരമയും എം.ഡി. സ്കൂളും ഇരിക്കുന്ന സ്ഥലം വാങ്ങിക്കുകയും മറ്റും ചെയ്തത്..... മാണിയച്ചന്റെ പ്രതീക്ഷ, യാക്കോ ബായക്കാർ ഈ പ്രസ്ഥാനം വഴി കത്തോലിക്കരാകുകയും തന്മൂലം സുറി യാനി സമുദായം ഒന്നായിതീരുകയും ചെയ്യുമെന്നായിരുന്നു. അദ്ദേഹ ത്തിന്റെ ഈ പ്രതീക്ഷയിൽ ലവീഞ്ഞു മെത്രാൻ അനുഭാവി ആയിത്തീ ർന്നു. ......." (ആർച്ചുബിഷപ്പ് ഈവാനിയോസ്, പു. 65, 66) എന്ന് ആ ലേഖനത്തിൽ പറയുന്നു.

ഈവിധം "ളൂയിസ് പഴേപറമ്പിൽ" എന്ന ജീവചരിത്രത്തിലൂടെയും "ദാസൻ" പത്രം വഴിയും ഐ.സി. ചാക്കോ, ഉന്നയിച്ചിട്ടുള്ള ആരോപ ണങ്ങളോ കഥയൊ ദുർബുദ്ധിയിൽ നിന്നു ഉദിച്ചവയല്ലെന്നും, റോമാമത കാര്യങ്ങളിലുള്ള അതിതീഷ്ണത കൊണ്ടാണെന്നും വയ്ക്കാം. രേഖ കൾക്കു എതിരായുള്ള ചില പ്രസ്താവനകൾ മുകളിൽ എടുത്തുകാണി ച്ചിട്ടുണ്ടല്ലൊ.

വുഡ്ലാൻഡ്സ് തോപ്പും കെട്ടിടങ്ങളും ജോസഫ് ദീവന്നാസ്യോസ്, നിധിയിരിക്കൽ കത്തനാർ ഇവരുടെ പേരിലാണ് വാങ്ങിയതെന്ന് ഐ. സി. ചാക്കോയും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എങ്ങിനെയൊ കുറെ കാലം റോമൻ കത്തോലിക്കാ വൈദികർ അവിടെ താമസിച്ചതുകൊണ്ട് വുഡ്ലാൻഡ്സ് അവരുടെ കൈവശത്തിലായി അത്രെ. ഐ.സി. പറയുന്നു: "അപ്പോൾ ആ സ്ഥലം (വുഡ്ലാൻഡ്സ്) പൂർണ്ണമായും പഴയകൂറ്റുകാരുടെ കൈവശത്തിലായിരുന്നു. നിയമത്തിൽ ഒമ്പതു ഭാഗവും കൈവശമാണെന്നുണ്ടല്ലൊ" (ളൂയിസ് പഴേപറമ്പിൽ, പു. 526, 527). "ഈ ഒൻപതവകാശവും സ്വാധീനമാക്കാനുള്ള വഴി യാക്കോബായക്കാർ ആലോചിച്ചു. പഴയകൂറ്റുകാരെ അവിടെ നിന്നിറക്കി ആ സ്ഥലം തങ്ങൾക്കു മാത്രം കൈവശമുള്ളതാക്കാൻ അവർ ശ്രമിച്ചില്ല. കൂട്ടുകൈവശത്തിനേ അവർ പ്രയത്നിച്ചുള്ളു....." എന്ന് എഴുതിയിട്ടുണ്ടെങ്കിലും, "നിയമത്തിലെ പൂർണ്ണാവകാശം" കൈ അടക്കി വച്ചിരുന്നവരിൽനിന്നു, തങ്ങൾക്കുള്ള കുറഞ്ഞ അവകാശം കൂട്ടവകാശികൾ പിടിച്ചെടുത്തതു കടുംകൈ ആയിപ്പോയി എന്നാണ് വാദഗതി!

രേഖകൾക്കു എതിരായി എഴുതി ഫലിപ്പിക്കാൻ ശ്രമിക്കാമെങ്കിൽ, അവകാശത്തിൽ ഉറച്ചുനിന്നതു തെറ്റാണെന്നു വാദിക്കാൻ മടിക്കേണ്ടതില്ലല്ലൊ!

കൂട്ടുകൈവശം കിട്ടുന്നതിന് ഒരു പുത്തൻകൂർ വൈദികനെയും അദ്ദേഹത്തിന്റെ ഭാര്യയെയും അവിടെ താമസിപ്പിക്കണമെന്ന് അവർ നിശ്ചയിച്ചു. ... ഈ ഗൂഢാലോചന എങ്ങിനെയൊ ലവീഞ്ഞു മെത്രാന്റെ ചെവിയിലെത്തി. അവിടെ താമസിച്ചിരുന്ന റോമാവൈദികർ, അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം ഇടയ്ക്കാട്ടുപള്ളിയിലേയ്ക്കു മാറി. അങ്ങനെ മൂന്നു മാസം താമസിച്ചപ്പോൾ അവർ കുടമാളൂർ പള്ളിയിലേയ്ക്കു താമസം മാറ്റാൻ മെത്രാൻ ആജ്ഞാപിച്ചു. ലവീഞ്ഞു മെത്രാൻ വാടകയ്ക്കു എടുത്തിരുന്ന നെല്ലിക്കൽ ബംഗ്ലാവിൽ, മെത്രാൻ സ്ഥലത്തില്ലാതിരുന്നപ്പോൾ, ഔദ്യോഗിക കൃത്യനിർവ്വഹണാർത്ഥം ഫാദർ നിധിയിരി താമസിച്ചത് അറിഞ്ഞ് എന്റെ വീട് മുസാവിരി ബംഗ്ലാവല്ല, ഉടനെതന്നെ നിങ്ങൾ കുടമാളൂർക്ക് തിരിച്ചു പൊയ്ക്കൊള്ളണം എന്ന് എഴുതി. ലവീഞ്ഞു മെത്രാൻ മാണിയച്ചന്റെ വടി, മുടി മുതലായ സ്ഥാനചിഹ്നങ്ങൾ തന്റെ അധീനതയിൽവച്ചു എന്നു മാത്രമല്ല വികാരിജനറലിനെ മെത്രാന്റെ കല്പന കൂടാതെ യാതൊരു പള്ളിക്കാരും എതിരേല്ക്കരുതെന്നു വിരോധിക്കയും ചെയ്തു. ചങ്ങനാശ്ശേരി സുന്നഹദോസിൽവച്ച് മാണിയച്ചനെ ആക്ഷേപിച്ചു പ്രസംഗിച്ചു. അദ്ദേഹത്തിന്റെ വികാരിജനറൽ അധികാരങ്ങളെ പരസ്യമായും ആക്ഷേപകരമായും നിയന്ത്രിച്ചു (ളൂയിസ് പഴേപറമ്പിൽ, അദ്ധ്യായം 27). ഈവിധം ഐ. സി. തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. ഫാ.

നിധിയിരിയെ ദീവന്നാസ്യോസും പുത്തൻകൂറ്റുകാരും കൂടെ കളിപ്പിച്ചു എന്നും, ലവീഞ്ഞ് അദ്ദേഹത്തെ ദ്രോഹിച്ചു എന്നും ഐ. സി. വിശ്വസിച്ചു എന്നാണൊ ധരിക്കേണ്ടത്? ഫാ. നിധിയിരിയും മറ്റും വുഡ്ലാൻഡ്സ് കൈഅടക്കി കൈവശാവകാശം സ്ഥാപിക്കാൻ ശ്രമിച്ചപ്പോൾ, മറുപക്ഷം തന്ത്രത്തിൽ അവരെ ചാടിച്ചു എന്നു വന്നാൽതന്നെ അതൊരു തെറ്റാണെന്നു വയ്ക്കാനുണ്ടൊ? പുത്തൻകൂർ കത്തനാരും ബസ്ക്കിയാമ്മയും വുഡ്ലാൻസ് ബംഗ്ലാവിൽ പ്രവേശിച്ചു എന്നു പറയുന്നതു വെറും പൊളി ആണെന്നാണ് കഴിവുള്ള എല്ലാത്തരത്തിലും ആരാഞ്ഞിട്ടു കിട്ടിയ അറിവ്. ലവീഞ്ഞിന്റെ വിശ്വസ്ത സേവകരിൽ ആരൊ വുഡ്ലാൻഡ്സിലൊ സമീപത്തൊ വച്ച് സംശയാസ്പദമായ രീതിയിൽ ഒരു സ്ത്രീയെയൊ സ്ത്രീകളെയൊ കണ്ട്, അതേപ്പറ്റി അന്വേഷണം നടത്തി. ആരോപണത്തിനു വിധേയരായവർ, ബസ്ക്കിയാമ്മക്കഥ സൃഷ്ടിച്ചു. അതുകൊണ്ട് തൃപ്തി ആകാതെ മെത്രാൻ വൈദികരെ എടയ്ക്കാട്ടു പള്ളിയിലേയ്ക്കും, അതുകൊണ്ടും ആകുന്നില്ലെന്നു കണ്ടപ്പോൾ കുടമാളൂരേയ്ക്കും മാറ്റിയത്രെ. നിധിയിരിക്കൽ കത്തനാരോടു പിന്നീടു പലതരത്തിൽ കർക്കശമായി പ്രവർത്തിച്ചത് ഇതുകൊണ്ടാണ് എന്നൊരു കഥയും അതിൽ വിശ്വസിക്കുന്നവരിൽ നിന്നു കേൾക്കാൻ ഇടയായി.

വുഡ്ലാൻഡ് തോട്ടക്കാര്യത്തെപ്പറ്റി സി. ജെ. കുര്യൻ വട്ടിപ്പണക്കേസിൽ കൊടുത്ത മൊഴി വളരെ വിജ്ഞേയമാണ്. മൊഴികൊടുക്കുന്ന കാലത്ത് അദ്ദേഹത്തിനു ജോസഫ് ദീവന്നാസ്യോസിന്റെയും, അദ്ദേഹത്തിന്റെ സ്ഥാനത്തു പ്രവേശിച്ച ഗീവറുഗീസ് ദീവന്നാസ്യോസിന്റെയും കാര്യത്തിൽ അല്പം പോലും അനുഭാവം ഉണ്ടായിരുന്നില്ല എന്ന് ഓർക്കേണ്ടതുണ്ട്. 1092 കുംഭം 15-ാം തീയതിയിലെ മൊഴിയിൽ സി. ജെ. കുര്യൻ പറയുന്നു: "റോമാ സുറിയാനിക്കാരും യാക്കോബായ സുറിയാനിക്കാരും യോജിച്ചു പള്ളിക്കൂടം നടത്തിക്കൂടാ എന്നു പോപ്പിന്റെ ഉത്തരവു വന്നു. അപ്പോൾ യാക്കോബായ സുറിയാനിക്കാരുമായി യോജിച്ചു പള്ളിക്കൂടം നടത്തുന്നതിൽ നിന്നു റോമാ സുറിയാനിക്കാർ ഒഴിഞ്ഞു. അപ്പോൾ D.O. അക്കത്തിലെ (24-3-1064-ൽ എഴുതിയ വുഡ്ലാൻഡ്സ് തീറാധാരം) വസ്തുവിൽ റോമാ സുറിയാനിക്കാർക്കുള്ള അവകാശത്തെ ജോസഫ് ദീവന്നാസ്യോസ് സമുദായം വക പണം കൊടുത്തു തീർത്തു. അങ്ങിനെ എം.ഡി. സെമിനാരിയും സ്ഥലവും യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ വകയായിത്തീർന്നു" (വട്ടിപ്പണക്കേസ് മൊഴി, പു. 76).

ഈ വിവരങ്ങൾ എല്ലാം ശരിക്കുതന്നെ ഓർമ്മയിൽവച്ചുകൊണ്ട് തന്റെ കീഴിലുള്ള വൈദികനൊ വൈദീകരൊ ഇടയ്ക്കാട്ടുപള്ളിയിലും നെല്ലിക്കൽ ബംഗ്ലാവിലും താമസിക്കരുതെന്ന് ലവീഞ്ഞ് ആജ്ഞാപിച്ചത് എന്തുകൊണ്ടായിരുന്നു എന്ന് ചിന്തിക്കണം. കോട്ടയത്തെ "അന്തരീക്ഷത്തിൽ"

എന്തൊ തൊന്തരവുണ്ടെന്നൊ, തൊന്തിരവുണ്ടാകുന്നു എന്നൊ മനസ്സിലാക്കിയപ്പോൾ, വൈദീകരെ വുഡ്ലാൻഡ്സിൽ നിന്നും കുടമാളൂരിൽ ഒറ്റപ്പെടുത്തി താമസിപ്പിച്ചു എന്നു വയ്ക്കുക ആയിരിക്കയില്ലേ കുറെക്കൂടെ സ്വാഭാവികമായിട്ടുള്ളത്? അസാധാരണ സമർത്ഥനും ധീരനും ആയ നിധിയിരിക്കൽ മാണിക്കത്തനാരെ പലതരത്തിൽ നിയന്ത്രിച്ചു. അക്കൂട്ടത്തിൽ അദ്ദേഹത്തിന്റെ വികാരിജനറൽ പദവിയെ "മരവിപ്പിക്കുക"യും ചെയ്തു. അതെല്ലാം പുത്തൻകൂറ്റുകാരുടെ ചരടുവലിയുടെ ഫലമായിരുന്നു എന്ന് ആരോപണം ഉണ്ടാകാഞ്ഞതുതന്ന ആശ്വാസകരമാണ്! ജാത്യൈക്യസംഘം ഉണ്ടാക്കുന്നതിനും വുഡ്ലാൻഡ്സ് തോപ്പു വാങ്ങുന്നതിനും ജോസഫ് ദീവന്നാസ്യോസിനെ പ്രേരിപ്പിച്ചത്, നവീകരണക്കാരുമായി നടന്നുകൊണ്ടിരിക്കുന്ന സെമിനാരിക്കേസിൽ തോൽവി സംഭവിക്കാമെന്നുള്ള ഭീതി ആയിരുന്നു എന്നും, തോൽവി സംഭവിച്ചാൽ റോമായിൽ ചേർന്നുകൊള്ളാമെന്നാണ് അദ്ദേഹം ഉദ്ദേശിച്ചതെന്നും ഐ. സി. പറയുന്നു (ളൂയിസ് പഴേപറമ്പിൽ, പു. 497, 498).

അദ്ദേഹം പറയുന്നത് ശരിയല്ലെന്ന് രേഖകൾ തെളിയിക്കുന്നു. വുഡ്ലാൻഡ്സിന്റെ ആധാരം 1064-ാമാണ്ട് തുലാമാസം 24-ാം തീയതിയാണ് എഴുതിയതെന്ന് ഇതിനു മുമ്പു ചേർത്തിട്ടുള്ള പകർപ്പിൽ കാണാം. സെമിനാരിക്കേസ് ജില്ലാക്കോടതിയിൽ ജോസഫ് ദീവന്നാസ്യോസിനു അനുകൂലമായി 1059 മിഥുനത്തിൽ വിധിച്ചു. പ്രതികൾ ഹൈക്കോടതിയിൽ കൊടുത്ത അപ്പീൽ 1061 തുലാമാസത്തിൽ അദ്ദേഹത്തിനു അനുകൂലമായി വിധിക്കുകയും 1061 കർക്കിടകത്തിൽ സെമിനാരി നടത്തി എടുക്കുകയും ചെയ്തു. പിന്നൊരു മൂന്നു വർഷം കഴിഞ്ഞാണ് വുഡ്ലാൻഡ്സിന്റെ ആധാരം. സർക്കാർ രേഖകൾ ഈവിധം ഇരിക്കുമ്പോൾ, തോൽവി ഭയന്ന് റോമാമതത്തിൽ ചേരാൻ ഒരുങ്ങിക്കൊണ്ട് വുഡ്ലാൻഡ്സ് വാങ്ങുകയും ജാത്യൈക്യസംഘം ഉണ്ടാക്കുകയും ചെയ്തു എന്ന് ഐ. സി. ചാക്കോ തന്നെ എഴുതിയാൽപോലും അത് യഥാർത്ഥമാണെന്നു വരുകയില്ലല്ലൊ!

തോറ്റു നില്ക്കുന്ന ഘട്ടത്തിൽ അല്ല വുഡ്ലാൻഡ്സ് ആധാരം ജോസഫ് ദീവന്നാസ്യോസ് എഴുതി വാങ്ങിയത്. ജില്ലാക്കോടതിയിലും ഹൈക്കോടതിയിലും അദ്ദേഹത്തിനു അനുകൂലമായി കേസ് വിധിച്ചു. അതിന്മേൽ പ്രതികൾ റോയൽ കോടതിയിൽ അപ്പീൽ കൊടുത്തത് 1061-ലായിരുന്നു. അവിടെ അപ്പീൽ വാദം 1064 മീനത്തിൽ നടന്നു, വിധി 1064 മിഥുനത്തിൽ ഉണ്ടായി. അപ്പീൽ വാദം സംബന്ധിച്ചുള്ള ചെലവിലേയ്ക്ക്, പതിവുപോലെ ജോസഫ് ദീവന്നാസ്യോസിന്റെ പക്കൽ പണം ഇല്ലായിരുന്നു. അദ്ദേഹം തിരുവനന്തപുരത്തേയ്ക്കുള്ള യാത്രയിൽ ആലപ്പുഴ ചെന്ന് ഡാറായെ കണ്ടു സംഗതികൾ എല്ലാം ധരിപ്പിച്ചപ്പോൾ

ആവശ്യത്തിലധികം പണം അദ്ദേഹം തിരുമനസ്സിലേയ്ക്കു കൊടുത്തു (*മലങ്കരസഭയുടെ രഹസ്യപേടകം*, പു. 40) എന്നാണ് ഇ. എം. പീലിപ്പോസ് എഴുതിയിരിക്കുന്നത്. അവിടെ നിധിയിരിക്കൽ കത്തനാരുടെ സ്വാധീനം ഒന്നുമുണ്ടായില്ല. കേസു തോറ്റാൽ റോമായിൽ ചേരാൻ ഒരുങ്ങിയിരുന്നു എന്ന് ഐ. സി. പറയുന്ന കഥ ഡാറായിക്കു അറിഞ്ഞുകൂടായിരുന്നു എന്നു വരുമൊ? അറിയാമായിരുന്നു എങ്കിൽ കേസ് ജയിക്കുന്നതിനുള്ള ശ്രമത്തിന് ഡാറാ പണം കൊടുത്തു സഹായിച്ചത് ഒരു റോമാക്കാരനു യോജിച്ച നടപടി ആയിരുന്നൊ? ഇതെല്ലാം ഐ. സി. ഓർത്തില്ലായിരിക്കുമൊ?

'നിയമത്തിൽ ഒമ്പതു വശവും കൈവശം' എന്ന് ഐ. സി. പറഞ്ഞിട്ടുണ്ട്. ആ തത്വത്തിൽ ഉറച്ചുനിന്ന് വുഡ്ലാൻഡ്സ് കാര്യത്തിൽ പങ്കുകാരെ തട്ടിക്കാനാണ് റോമാക്കാരുടെ ഭാവം എന്ന് ദീവന്നാസ്യോസിനു മനസ്സിലായി. അദ്ദേഹം കൈവശാവകാശത്തിന്മേൽ ഉറച്ചുനിന്നു.

പങ്കുകാരെ വട്ടത്തിലാക്കാൻ ശ്രമിച്ച റോമാക്കാർക്ക് അവരുടെ മെത്രാൻ പിൻതുണ നൽകിയുമില്ല. അവരുടെ നടപടി നീതിവിരുദ്ധം ആയതുകൊണ്ടൊ, ഫാ. നിധിയിരിയുടെ "നടപടികളെ" സംബന്ധിച്ച് സംശയം ഉണ്ടായിരുന്നതുകൊണ്ടൊ ആയിരുന്നിരിക്കുമൊ ലവീഞ്ഞ് നിവർത്തനനയം സ്വീകരിച്ചത്? പുത്തൻകൂറ്റിലും, പഴയകൂറ്റിലും ഉള്ള നസ്രാണി എന്തിലെങ്കിലും യോജിച്ചു പ്രവർത്തനങ്ങൾ തുടങ്ങിയാൽ ലത്തീൻ അധികാരികളോടു മല്ലുവെട്ടലും കൂനൻകുരിശു സത്യവും, മാർത്തോമ്മാ ഒന്നാമൻ വേട്ടയും ആവർത്തിക്കപ്പെടും എന്ന് ലവീഞ്ഞിനും മറ്റും ഭയം ഉണ്ടായിരുന്നിരിക്കാം. റോമാക്കാരിൽതന്നെ ഉള്ള വടക്കുംഭാഗക്കാരും തെക്കുംഭാഗക്കാരും തമ്മിൽ അന്ന് നടന്നുകൊണ്ടിരുന്ന ശബ്ദരഹിത സമരത്തിൽ ലവീഞ്ഞു മെത്രാൻ തെക്കുംഭാഗത്തേയ്ക്കു ചാഞ്ഞു. അതുകൊണ്ടാണ് ഫാ. നിധിയിരിയെ താഴ്ത്തിക്കെട്ടാൻ ശ്രമിച്ചത്. ആ ചായ്വിന്റെ ഫലമായിട്ടാണ് മാക്കിമെത്രാന് സ്ഥാനം ലഭിച്ചത് എന്ന് അഭിപ്രായമുള്ളവരുണ്ട്.

എന്തായാലും പുത്തൻകൂറ്റുകാരെ കൈക്കില കൂടാതെ എടുത്ത് ദൂരത്തെറിഞ്ഞ് വുഡ്ലാൻഡ്സ് സ്വന്തമാക്കാൻ ചെയ്ത ശ്രമം വിഫലമായി. പ്ലാൻ അനുസരിച്ച് ജാത്യൈക്യസംഘം വകയായി ആരംഭിക്കുന്നതിനു നിശ്ചയിച്ചിരുന്ന ഹൈസ്ക്കൂൾ കാര്യം പ്രവൃത്തിയിൽ വരുത്താൻ ശ്രമം ആരംഭിച്ചപ്പോഴേയ്ക്ക് ലവീഞ്ഞ് മെത്രാനായി വന്നു കഴിഞ്ഞു എന്നും, സ്കൂൾ നടത്തുന്നതിൽ ജെസ്വിത്തർ ഉത്സുകരായിരുന്നു എന്നും, അദ്ധ്യാപകരെ ആക്കുകയും നീക്കുകയും ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം തനിക്കായിരിക്കണമെന്ന് ലവീഞ്ഞ് വാദിച്ചു എന്നും, (ളൂയിസ് പഴേപറമ്പിൽ, പു. 525) അദ്ദേഹം വന്നത് 1888 ഡിസംബർ 18-ന് ഏകദേശം

ഏഴരമാസം മുമ്പാണെന്നും (Ibid, p. 497) ഐ. സി. എഴുതിയിട്ടുണ്ട്. ലവീഞ്ഞിന്റെ നിർദ്ദേശമനുസരിച്ചാണ് പഴയകൂറ്റു വൈദികർ വുഡ്ലാൻഡ്സ് ബംഗ്ലാവിൽ നിന്നു ഇടയ്ക്കാട്ടുപള്ളിയിലേയ്ക്കു പോയതെന്നുമുണ്ടല്ലോ (Ibid, p. 527). ഇവ എല്ലാം ചേർത്തു നോക്കുമ്പോൾ “വുഡ്ലാൻഡ്സ് സംഭവം” നടന്നത് 1888 മെയ് മാസത്തിലൊ അതിനു ശേഷമൊ ആണെന്നു കാണാം.

സ്കൂൾ ജെസ്വിത്തന്മാരുടെ പിടിയിൽ അമരുകയും, ഇഷ്ടമുള്ള അദ്ധ്യാപകരെ നിയമിക്കുകയും ചെയ്താൽ നടക്കുന്നതു കേവലം ഒരു റോമൻ കത്തോലിക്കാ വിദ്യാലയം ആയിരിക്കുമെന്നു മനസ്സിലാക്കാൻ ജോസഫ് ദീവന്നാസ്യോസിനു കഴിവുണ്ടായിരുന്നതുകൊണ്ട് അദ്ദേഹം അതിൽനിന്നു പിൻമാറി. “ജാത്യൈക്യസംഘത്തെയും കൂട്ടുവിദ്യാലയ സ്ഥാപനത്തെയും കഠിനമായി വിരോധിക്കുന്ന ഒരു കല്പന പാപ്പായിൽ നിന്നു വരികയും..... സ്ഥലത്തു ഫാ. നിധിയിരി മുതൽപേർ താമസിച്ചു വന്നതിനെ നിരോധിക്കയും ചെയ്തു. അതിനാൽ അവർ സ്ഥലം വിട്ടു പോകയും...” ഉണ്ടായി എന്ന് ഇ. എം. ഫിലിപ്പ് എഴുതിയിട്ടുണ്ട്. (*മലങ്കര സഭയുടെ രഹസ്യപേടകം*, പു. 92) ദീവന്നാസ്യോസ് പറഞ്ഞിട്ടുള്ളതു പിന്നാലെ വരുന്നു.

## വുഡ്ലാൻഡ്സ് കേസ്

കാലം വളരെ കഴിഞ്ഞതുകൊണ്ട് എന്തൊക്കെയാണ് നടന്നതെന്ന് ശരിക്ക് അറിഞ്ഞുകൂടാ. ഏതായാലും വുഡ്ലാൻഡ്സ് വീണ്ടെടുക്കുന്നതിനു റോമാക്കാർ ഒരു ശ്രമം നടത്തി. എം.ഡി. സെമിനാരി ആരംഭിച്ചത് 1892 (1067) ജനുവരി 30-ാം തീയതി ആയിരുന്നു.

“അവിടുത്തെ വിദ്യാർത്ഥികളുടെ ഉപയോഗത്തിനായി ഒരു ചാപ്പൽ വയ്ക്കുന്നതിന് 1072 വൃശ്ചികം 23-ാം തീയതി കൊടുത്ത അപേക്ഷ അനുവദിച്ചു. ബംഗ്ലാവിന്റെ ഒരു മുറി ശരിപ്പെടുത്തി അവിടെ പൗലൂസ് റമ്പാൻ (പിന്നീട് കൂറിലോസ്) കുർബാന ചൊല്ലി. എഴുപത്തി ഒന്നരേ അരയ്ക്കാൽ പണം നടവരവുണ്ടായിരുന്നു. കൂടിയിരുന്നവർക്കു കണ്ടത്തിൽ വറുഗീസ് മാപ്പിള കഞ്ഞി കൊടുത്തു” എന്നൊരു പഴയ കൈഎഴുത്തു രേഖയിൽ കാണുന്നു. അതിൽതന്നെ പറയുന്നു “ചാപ്പൽ വയ്ക്കുന്നതിനു ബോധിപ്പിച്ചു നടന്ന വിചാരണ കൊണ്ട് ആഗ്രഹം സിദ്ധിക്കാഴികയാൽ സിവിൽ വ്യവഹാരം കൊടുത്ത് ഇഞ്ചംഗ്ഷൻ മൂലം തടസ്സം ചെയ്യിക്കണമെന്നു കരുതി കടുത്തുരുത്തി പ്രവൃത്തിയിൽ ആയാംകുടി കരയിൽ കമ്മാത്തുരുത്തേൽ അവുരാ പൈലി വാദിയായി ദീവന്നാസ്യോസ് മെത്രാപ്പോലീത്താ മുതൽപേരുടെ മേൽ കോട്ടയം മുനിസിപ്പിൽ 1072-ൽ സിവിൽ 382-ാം നമ്പരായി അന്യായം ബോധിപ്പിച്ചു. .....”

ഒന്നാംപ്രതി ജോസഫ് ദീവന്നാസ്യോസും രണ്ടാംപ്രതി ഫാ. നിധിയിരിയും ആയിരുന്നു. മൂന്നാംപ്രതി ആയി നിധിയിരിക്കൽ ഇട്ടിയവിരാ കുരുവിള എന്നൊരാളെയും ചേർത്തിരുന്നു. ജാത്യൈക്യസംഘത്തിന്റെ മാനേജരാകയാൽ ടിയാനെ കക്ഷിചേർക്കുന്നു എന്ന് അന്യായത്തിൽ കാണിച്ചിരുന്നു.

**പത്രിക**

നിധിയിരിക്കൽ കത്തനാരൊ, കുരുവിളയൊ പത്രിക കൊടുത്തതായി കോടതിരേഖകളിൽ കാണുന്നില്ല. ജോസഫ് ദീവന്നാസ്യോസ് സമർപ്പിച്ച പത്രികയിൽ നിന്ന് സംഗതമായ ചില ഭാഗങ്ങൾ ഉദ്ധരിക്കുന്നു:

വാദിക്ക് ഈവിധം വ്യവഹാരം നടത്തുന്നതിന് ഒരു പ്രകാരത്തിലും അവകാശമൊ അർഹതയൊ ഇല്ല....

അന്യായത്തിനു ശരിയായ ഫീസ് തീർന്നിട്ടില്ല.

പഴയകൂറ്റുകാരും പുത്തൻകൂറ്റുകാരും ആയ ക്രിസ്ത്യാനികൾ തമ്മിൽ ഒരു യോജിപ്പ് ഉണ്ടാക്കണമെന്നും അതിലേയ്ക്കു പ്രവർത്തിക്കുന്നതിലേയ്ക്കായി ഒരു സംഘം ഉണ്ടാക്കണമെന്നും നാമും രണ്ടാം പ്രതിയും കൂടി ആലോചിക്കുകയും ഒരു പൊതു സ്കൂൾ ഉണ്ടാക്കുന്നതിലേയ്ക്കായി വിവാദവസ്തു നാമും രണ്ടാംപ്രതിയും കൂടി തീറുവാങ്ങിയിട്ടുള്ളതല്ലാതെ ജാത്യൈക്യസംഘം ഉണ്ടാക്കുകയൊ സംഘനടപടികൾക്ക് വ്യവസ്ഥയായ ഒരു കരാർ ഉണ്ടാക്കുകയൊ ചെയ്തിട്ടില്ല. .....

മേൽ വകുപ്പിൽ വിവരിക്കുന്ന ഉദ്ദേശം പഴയകൂറ്റു മതത്തിന്റെ പ്രധാന മേലദ്ധ്യക്ഷനായ റോമാപ്പോപ്പ് അവർകൾ അറിഞ്ഞപ്പോൾ ഈ യോജിപ്പിനെ പബ്ലിക്കായി വിരോധിക്കുകയും ആ വിരോധത്തെ നിരസിക്കുന്നവരെ കഠിനശിക്ഷയ്ക്കു പാത്രമാക്കിത്തീർക്കയും ചെയ്കയാൽ യോജിപ്പ് അസാദ്ധ്യമായി തീർന്നിരിക്കുന്നു എന്നും ഉദ്ദേശ്യസാദ്ധ്യത്തിനു ശ്രമിക്കപോലും ചെയ്‌വാൻ പാടില്ലാതെയായിരിക്കുന്നു എന്നും നമ്മെ ഗ്രഹിപ്പിച്ച് രണ്ടാംപ്രതി പിൻമാറുകയും സകല സ്വത്തുക്കളും നമ്മുടെ സ്വന്ത അധീനത്തിൽ ആകുകയും ചെയ്തു......

പ്രസ്താവ വസ്തുക്കളുടെ തീറർത്ഥം വകയിൽ ഏറിയഭാഗവും കടം വാങ്ങി അടച്ചശേഷം 2-ാം പ്രതി പിൻമാറുകയാൽ നാം തനിച്ചു വീട്ടിയതുകൂടാതെ നാംതന്നെ അധികചെലവു ചെയ്തു മുൻ ആരംഭിച്ച പള്ളിക്കൂടം പണിക്കുറ തീർത്തു പഠിത്വം നടത്തിച്ചു വരികയും ചെയ്യുന്നതാകുന്നു. .......

**ഇഞ്ചംഗ്ഷൻ അപേക്ഷ**

ഒന്നാംപ്രതി ദീവന്നാസ്യോസ് വിവാദ കെട്ടിടം ഉപയോഗിക്കാതെ

തടയണമെന്നു കാണിച്ച് വാദി 1072 ധനു 6-ാം തീയതി ഒരു ഹർജി കൊടുത്തു. ആ അപേക്ഷ തള്ളി മകരം 2-ാം തീയതി ഉത്തരവുണ്ടായി.

ആ ഉത്തരവിന്മേൽ ആലപ്പുഴ ജില്ലാക്കോടതിയിൽ വാദി വക്കീൽ കെ. ജയിക്കബ് (അയ്മനം. പിന്നീട് ഹൈക്കോടതി ജഡ്ജി) മുഖാന്തിരം അപ്പീൽ കൊടുത്തു. കീഴ്ക്കോടതി ഉത്തരവ് അസ്ഥിരപ്പെടുത്തി ഇഞ്ചംഗ്ഷൻ അനുവദിച്ച് 1072 മിഥുനം 21-ാം തീയതി എം. കെ. രാമചന്ദ്രരായർ ഉത്തരവു ചെയ്തു.

ജില്ലാകോടതിയുടെ ഉത്തരവ് അസ്ഥിരപ്പെടുത്തി കിട്ടുന്നതിന് ജോസഫ് ദീവന്നാസ്യോസ്, വക്കീൽ രാമനാഥരായർ മുഖാന്തിരം റിവിഷ്യൻ കൊടുത്തു. 1073-ൽ 17-ാം നമ്പരായി സ്വീകരിക്കപ്പെട്ട റിവിഷ്യൻ, റ്റി. കുഞ്ഞിരാമൻ നായർ, എ. ഗോവിന്ദപ്പിള്ള എന്നിവരുടെ ബഞ്ചിൽ 1073 കന്നി 23-ാം തീയതി വാദംകേട്ടു. അപ്പീൽപ്രതി (അസൽവാദി) ക്കുവേണ്ടി ഹാജരായത്, ആർ. വീരരാഘവയ്യങ്കാരും, പിന്നീട് ഹൈക്കോടതി ജഡ്ജി ആയ പി. ജെ. വറുഗീസ് പനംപുന്നയും ആയിരുന്നു (ഗീവറുഗീസ് ദീവന്നാസ്യോസിനു എതിരായി 1093 മീനം 10-ാം തീയതി വട്ടിപ്പണക്കേസ് - O.S. 94/1088 - അപ്പീൽ വിധിച്ച ഫുൾബഞ്ചിൽ ചീഫ് ജസ്റ്റീസ് എന്ന നിലയിൽ ഭാഗഭാക്കായ ആർ. വീരരാഘവയ്യങ്കാർ തന്നെ). ജഡ്ജിമാർ സുദീർഘമായ ഒരു ഓർഡർ 1073 കന്നി 29-ാം തീയതി എഴുതി, ഡിസ്ട്രിക്ട് ജഡ്ജിയുടെ ഉത്തരവ് അസ്ഥിരപ്പെടുത്തുകയും മുൻസിഫിന്റെ ഓർഡർ പ്രാബല്യത്തിൽ വരുത്തുകയും ചെയ്തു. വിവാദവസ്തു 3500 രൂപയിലധികം വിലയ്ക്കു വാങ്ങിയതാണെന്നും അതിനുശേഷം പുതിയ കെട്ടിടങ്ങൾ ഉണ്ടാക്കി എന്നും, 500 രൂപാ വരേയ്ക്കുമാത്രം അധികാരസല ഉള്ള മുൻസിഫിന് ഈ കേസ് വിസ്തരിക്കാൻ അധികാരമുണ്ടൊ എന്നു സംശയമാണെന്നും ആ ഉത്തരവിൽ പറഞ്ഞിരുന്നു (T.L.R. XII, Appendix pp. 22, 27).

കേസ് മുൻസിഫ് കോടതിയിൽ മടങ്ങിവന്നശേഷം, ഹൈക്കോടതി ഉത്തരവ് ചൂണ്ടിക്കാണിച്ചുകൊണ്ട്, കോടതിക്കു വിസ്തരിക്കാൻ പാടില്ല എന്നും ഡിസ്ട്രിക്ട് കോടതിയിൽ കൊടുക്കണമെന്നും കാണിച്ച് 1074 മിഥുനം 31-ാം തീയതി ഒരുത്തരവ് എഴുതി അന്യായം വാദിക്കു മടക്കി കൊടുത്തു.

### നേരിട്ട് ഇറങ്ങി

1075 തുലാം 15-ാം തീയതി 13-ാം നമ്പരായി നേരിട്ട് അസ്സൽ രണ്ടാം പ്രതി നിധിയിരിക്കൽ മാണി കത്തനാരും, മൂന്നാംപ്രതി ഇട്ടിയവിരാ കുരുവിള മാപ്പിളയും അപ്പീൽ വാദികളായി ആലപ്പുഴ ജില്ലാകോടതിയിൽ ഒരു അപ്പീൽ കൊടുത്തു. അപ്പീൽ പ്രതി അസ്സൽ ഒന്നാംപ്രതി ജോസഫ്

ദീവന്നാസ്യോസ് ആയിരുന്നു. അദ്ദേഹത്തിന്റെ വക്കീൽ കെ. എ. കൃഷ്ണയ്യങ്കാരും.

ഇരുഭാഗം വക്കീലന്മാരും ഹാജരില്ല എന്ന കാരണത്താൽ അപ്പീൽ 1075 കുംഭം 15-ാം തീയതി തള്ളി. റോമൻ കത്തോലിക്കാ നേതാവായിരുന്ന നിധിയിരിക്കൽ മാണിക്കത്തനാർ തന്നെ തുറന്നിറങ്ങിയ ശേഷമാണ് കേസ് അവസാനിച്ചത്. ദീവന്നാസ്യോസ് തന്ത്രപ്രയോഗം കൊണ്ടാണ് എം. ഡി. സെമിനാരിയും, ബസേലിയോസ് കോളജും മറ്റും സ്ഥിതി ചെയ്യുന്നതും കോട്ടയം നഗരത്തിന്റെ ഹൃദയസ്ഥാനത്തുള്ളതും, മലങ്കര സമുദായത്തിന്റെ ഏറ്റം പ്രധാന സ്വത്തും, ആയ വുഡ്ലാൻഡ്സ് തോപ്പ് കൈവശത്തിലാക്കിയതെന്നുള്ള ആരോപണം അടിസ്ഥാനരഹിതമാണെന്നു, മേൽ കാണിച്ചിട്ടുള്ള വിവരങ്ങളും ചേർത്തിട്ടുള്ള രേഖകളും പ്രസ്പഷ്ടമാക്കുന്നു. കേസിന്റെ രേഖകളിൽ പലതും നശിച്ചു. ബാക്കി ഉള്ളവയ്ക്കുതന്നെ “പൊടിവും” ബാധിച്ചു. അതിനാൽ ഇതിലധികം വിവരങ്ങൾ ശേഖരിക്കാൻ പണി ആയിട്ടാണ് അനുഭവപ്പെട്ടത്. റോമാസമുദായത്തിൽനിന്നൊ സമുദായാംഗങ്ങളിൽ നിന്നൊ നിധിയിരിക്കൽ കത്തനാർ മുഖാന്തിരം വളരെ അധികം പണം വുഡ്ലാൻഡ്സ് കാര്യത്തിൽ മുടങ്ങി എന്നു പറയുന്നു. സ്കൂൾകെട്ടിടം പണിവകയ്ക്കു പാറായിയോടു വാങ്ങിയ കടം, വ്യവഹാരപ്പെട്ടു വിധിച്ച ശേഷം മലങ്കരസമുദായമാണു കൊടുത്തുതീർത്തത്. ഗീവറുഗീസ് ദീവന്നാസ്യോസ് 1093 മിഥുനം 23-ാം തീയതി വട്ടിപ്പണക്കേസിൽ കൊടുത്ത മൊഴി കാണുക: “കാലംചെയ്ത ജോസഫ് ദീവന്നാസ്യോസും നിധിയിരിക്കൽ മാണിക്കത്തനാരും കൂടെയാണ് എം.ഡി. സെമിനാരിസ്ഥലം വാങ്ങിയത്. അതിലേയ്ക്കുള്ള പ്രമാണം ഞാൻ കണ്ടിട്ടുണ്ട്. ജാത്യൈക്യസംഘം വകയ്ക്കായിട്ടാണ് ആ സ്ഥലം ആദ്യം വാങ്ങിയത്. ... ചോ. എം. ഡി. സെമിനാരി സ്ഥലവും ബംഗ്ലാവും പാറായിയുടെ കടത്തിനുവേണ്ടി ജപ്തി ചെയ്കയും പരസ്യം അയയ്ക്കുകയും ഉണ്ടായിട്ടുണ്ടൊ? ഉ. ആ വിധിക്കടം മുൻപറഞ്ഞ മെത്രാപ്പോലീത്തായുടെ പേരിലും മാണിക്കത്തനാരുടെ പേരിലും ആയിരുന്നു. ആ വിധിക്കടം സെമിനാരിവക പൊതു ട്രസ്റ്റുഫണ്ടിൽ നിന്നാണു കൊടുത്തുതീർത്തത് (വട്ടിപ്പണക്കേസ് മൊഴി, പു. 864).

എം.ഡി. സെമിനാരിയുടെ ചെലവിലേയ്ക്ക് ജോസഫ് ദീവന്നാസ്യോസ് പലരോടും കടം വാങ്ങി എന്നതിനു രേഖകൾ ഉണ്ട്. അദ്ദേഹം 1898 തുലാം 23-ാം തീയതി, അന്നു ട്രസ്റ്റി ആയിരുന്ന അക്കര ഉലഹന്നാന് എഴുതിയ ഒരു കത്തിൽ പറയുന്നു: “ആലപ്പുഴ ഉണ്ടിയൽക്കാർക്കും വക്കീൽ കെ. കൃഷ്ണയ്യനും ഇപ്പോൾ കൊടുപ്പാനുള്ള കടവും പുത്തൻ സെമിനാരി (എം.ഡി.) യുടെ പണിവകയ്ക്കായി വാങ്ങിച്ചിട്ടുള്ളതാകുന്നു എന്ന് അറിഞ്ഞിട്ടുള്ളതാകുന്നു എന്നു വിശ്വസിക്കുന്നു” (വട്ടിപ്പണക്കേസ് 9 അക്ക പ്രമാണം).

ഹ്യൂ ക്രാഫോർട്ടിന്റെ മുക്തിയാർകാരൻ എന്ന നിലയിൽ വുഡ്ലാൻഡ്സ് തോപ്പിന്റെ (എം.ഡി.) തീറാധാരം എഴുതിക്കൊടുത്ത ജെയിംസ് ഡാറാ, 18000 രൂപാ ജോസഫ് ദീവന്നാസ്യോസിനു ദാനം ചെയ്തതായി തനിക്കറിവുണ്ടെന്ന് ഗീവറുഗീസ് ദീവന്നാസ്യോസ് 1098 തുലാം 8-ാം തീയതി വട്ടിപ്പണക്കേസിൽ മൊഴി കൊടുത്തിട്ടുണ്ട് (വട്ടിപ്പണക്കേസ് മൊഴി, പു. 1193).

ഇ. എം. പീലിപ്പോസ് ഇക്കാര്യങ്ങളെപ്പറ്റി നേരിട്ട് അറിവുള്ള ആളായിരുന്നു. അക്കാലമെല്ലാം ജോസഫ് ദീവന്നാസ്യോസിന്റെ സെക്രട്ടറി ആയിരുന്ന അദ്ദേഹം ഈ വിധം എഴുതിയിട്ടുണ്ട്: "..... പുത്തൻകൂറ്റുകാരും പഴയകൂറ്റുകാരും തമ്മിൽ ഒരു ബന്ധവും ഉണ്ടാകാൻ പാടില്ലാത്തവണ്ണം ജാത്യൈക്യസംഘത്തെയും കൂട്ടുവിദ്യാലയ സ്ഥാപനത്തെയും കഠിനമായി വിരോധിക്കുന്ന ഒരു കൽപ്പന പാപ്പായിൽനിന്നു വരികയും ദലഗാദ് അപ്പസ്തോലിക്കാ അത് എല്ലാ പള്ളികൾക്കും അയച്ചു കൊടുത്തു പ്രസിദ്ധപ്പെടുത്തുകയും ചെയ്തതു കൂടാതെ, സ്ഥലത്തു ഫാദർ നിധിയിരി മുതൽപേർ താമസിച്ചു വന്നതിനെ നിരോധിക്കുകയും ചെയ്തു. അതിനാൽ അവർ സ്ഥലംവിട്ടു പോകയും ചെയ്തു. ആ സ്ഥലത്തിന്റെ തീറർത്ഥം വകയ്ക്കു കടം വാങ്ങിച്ചിരുന്ന പണത്തിൽ ഫാദർ നിധിയിരിയുടെ ഓഹരി കൊടുത്തുതീർക്കാതിരുന്നതുകൊണ്ട് ..... മെത്രാപ്പോലീത്താ തന്നെ കൊടുത്തുതീർത്തു. ജാത്യൈക്യസംഘം വകയ്ക്കായി തീറാധാരം വാങ്ങിച്ചു എന്നല്ലാതെ അതിലെ അർത്ഥത്തിൽ യാതൊരംശവും റോമ്മാ സുറിയാനിക്കാർ കൊടുത്തിട്ടില്ല" (*മലങ്കരസഭയുടെ രഹസ്യപേടകം*, പു. 92).

എം. ഡി. സെമിനാരിയുടെയും, വുഡ്ലാൻഡ്സ് തോപ്പിന്റെയും ചരിത്രത്തിന്റെ ഒരു സംക്ഷേപമാണ് ഇത്. പഴയ വിഴുപ്പിന്റെ മലിനതയും ദുർഗന്ധവും പ്രദർശിപ്പിക്കുന്നതിനും ഇളക്കിവിടുന്നതിനും ഇടയാകാതിരിക്കാൻ കഴിയുന്നത്ര ശ്രദ്ധിച്ചിട്ടുണ്ട്. ജോസഫ് ദീവന്നാസ്യോസിനെ കളിപ്പിക്കാൻ കാപ്പുകെട്ടി ചെന്നവരുടെ തന്ത്രം ഫലിച്ചില്ല എന്നതാണ് പരമാർത്ഥം!

## ഇതര വിദ്യാലയങ്ങൾ

ജോസഫ് ദീവന്നാസ്യോസിന്റെ കാലത്ത് തിരുവല്ലായിൽ ഒരു ഇംഗ്ലീഷ് ഹൈസ്കൂൾ ആരംഭിക്കുന്നതിനു പരുമല മാർ ഗ്രീഗോറിയോസ് മുൻകൈ എടുത്തു. അതേപ്പറ്റി മാർ ഗീവറുഗീസ് ദീവന്നാസ്യോസ് വട്ടിപ്പണക്കേസിൽ കൊടുത്ത മൊഴിയിൽ നിന്നു സ്വല്പം എടുത്താൽ ആ സ്കൂൾ കാര്യത്തിൽ ജോസഫ് ദീവന്നാസ്യോസിനുണ്ടായിരുന്ന പങ്ക് വ്യക്തമാകും: "...... എം. ജി. എം. ഹൈസ്ക്കൂൾ സമുദായം വകയാണ്.

കാലം ചെയ്ത മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായാണ് ആ സ്കൂൾ വയ്പിക്കുന്നതിനു സ്ഥലം ഒഴിപ്പിച്ചു വാങ്ങിയത്. ..... സ്ക്കൂളിന്റെ പണി വകയ്ക്ക് .... പരുമല സെമിനാരിയിൽനിന്നു പണം ..... ജോസഫ് ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ കല്പനയനുസരിച്ച് ഞാൻ കൊടുത്തു. പണം കൊടുക്കുന്ന കാലത്ത് ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ഉണ്ടായിരുന്നില്ല. അദ്ദേഹം മരിച്ചു പോയി. ....... അദ്ദേഹം പണി നടത്തിച്ചിട്ടില്ല. ...” (വട്ടിപ്പണക്കേസ് മൊഴി, പു. 866).

ബഥനി ഈവാനിയോസ് 1930-ൽ റോമാസഭയിൽ ചേർന്നപ്പോൾ, മലങ്കര സുറിയാനിക്കാരുടെ പണം കൊണ്ട്, അവരുടെ താമസപ്രദേശങ്ങളിൽ പണിയിച്ചിരുന്ന ഏതാനും “ബഥനി ചാപ്പലുകളും”, ഏതാണ്ട് അറുപത്തിഅഞ്ചോളം എം. ഡി. സ്കൂളുകളും കൈ അടക്കിക്കൊണ്ട് ആണ് പോയത്. സമുദായത്തിൽ നിന്ന് ഇദംപ്രഥമമായി എം.എ. ബിരുദം സമ്പാദിച്ച വൈദികൻ, മെത്രാൻ എന്നീ നിലകൾ ഉണ്ടായിരുന്നതുകൊണ്ട്, ഗീവറുഗീസ് ദീവന്നാസ്യോസ് പാത്രിയർക്കീസിനെ കാണാൻ മർദ്ദീനിലേയ്ക്കു പോയപ്പോൾ അദ്ദേഹത്തെ ആ വിദ്യാലയങ്ങളുടെ മാനേജരായി നിയോഗിച്ചിരുന്നു. അദ്ദേഹം കൊണ്ടുപോയ സ്ക്കൂളുകളിൽ ഭൂരിഭാഗവും വ്യവഹാരപ്പെട്ട് തിരികെവാങ്ങി എന്നല്ലാതെ അവയുടെ ചരിത്രത്തിലേയ്ക്കു കടക്കാൻ ഉദ്ദേശ്യമില്ല. ബഥനി മെത്രാൻ അങ്ങിനെ കൊണ്ടുപോയ വിദ്യാലയങ്ങൾ മിക്കവാറും എല്ലാംതന്നെ ജോസഫ് ദീവന്നാസ്യോസ് സ്ഥാപിച്ചവ ആയിരുന്നു എന്നു പറയുമ്പോൾ വിദ്യാഭ്യാസപ്രചരണകാര്യത്തിൽ അദ്ദേഹം എത്രമാത്രം താൽപ്പര്യം എടുത്തിരുന്നു എന്ന് മനസ്സിലാക്കാമല്ലോ.

## അത്യുച്ചത്തിൽ - കാതോലിക്കാസ്ഥാനത്തോടടുത്തു

1077-ൽ, ജോസഫ് ദീവന്നാസ്യോസ് കത്തനാർ പദവിയിൽ പ്രവേശിച്ചതിന്റെ സ്വർണ്ണജൂബിലി ആഘോഷിച്ചു. 1076-ൽ കൂടിയ മലങ്കര ഇടവകയിലെ പള്ളിപ്രതിപുരുഷന്മാരുടെ യോഗം ചെയ്ത തീരുമാനം അനുസരിച്ച് നടത്തിയ ആ ജൂബിലി, ദീവന്നാസ്യോസ് അത്യുച്ചവാനായി എന്നു പ്രഖ്യാപിച്ചതായൊ, അതിനെ അദ്ദേഹം നടത്തിയ അശ്വമേധം ആയൊ ഗണിക്കുന്നതിൽ തെറ്റില്ല. സെമിനാരി കേസിൽ ഹൈക്കോടതിവിധി അനുസരിച്ച് സെമിനാരിയും സ്വത്തുക്കളും 1061 കർക്കിടക മാസത്തിൽ നടത്തിഎടുത്തതോടുകൂടെ ദീവന്നാസ്യോസ്, ഗ്രഹപ്പിഴ നിർഭരമായിരുന്ന ദശകളെല്ലാം തരണം ചെയ്തു “ശുക്രദശ”യിൽ പ്രവേശിച്ചു എന്നും, തോമസ് അത്താനാസ്യോസിൽ നിന്ന് 1068-ൽ വടി മുടി സ്ലീബാ തുടങ്ങിയ സ്ഥാനചിഹ്നങ്ങൾ വാങ്ങിയതോടുകൂടി ശുക്രദശാഫലത്തിന്റെ മാധുര്യം ശരിക്ക് ആസ്വദിക്കാൻ തുടങ്ങി എന്നും വയ്ക്കാം. വ്യവഹാരങ്ങളിൽ ഒന്നിനു പുറകെ ഒന്നായി വിജയിക്കുകയും, സ്വസഹോദരങ്ങൾ

എങ്കിലും പരിതഃസ്ഥിതികളുടെ മർദ്ദനം മൂലം ബദ്ധശത്രുക്കളായി പരിഗണിക്കാനിടയായ "നവീകരണക്കാരെ തോൽപ്പിച്ചു തുന്നംപാടിച്ചു" എന്ന് വ്യക്തമാകയും ചെയ്തതോടുകൂടെ, വ്യവഹാരപ്രിയന്മാരായ മലങ്കര നസ്രാണികൾ ജോസഫ് ദീവന്നാസ്യോസിനെ ആരാധിച്ചു തുടങ്ങി എന്നു തന്നെ പറയാം. ദീവന്നാസ്യോസിനെ പൂട്ടി നിലയ്ക്കു നിർത്തുന്നതിന് പത്രോസ് തൃതീയൻ സൃഷ്ടിച്ച മെത്രാപ്പോലീത്തന്മാരും ആരാധകവർഗ്ഗത്തിൽ ചേർന്നതുകൊണ്ടുകൂടെ ആയിരിക്കണമല്ലോ അവരും അദ്ദേഹത്തിന്റെ പിന്നിൽ അണിനിരന്നത്.

തിഗ്രീസിൽ അസ്തമിച്ചുപോയ കാതോലിക്കാ സിംഹാസനത്തിന് മലങ്കരയാണ് ശരിയായ അവകാശി എന്ന് മലങ്കര നസ്രാണികൾ വിശ്വസിച്ചു. അത് ഇവിടെ സ്ഥാപിച്ചു കിട്ടണമെന്നുണ്ടായിരുന്ന മോഹം സാധിക്കുന്നതിനു ചില ശ്രമങ്ങൾ നടത്തുകയുണ്ടായി. ജോസഫ് ദീവന്നാസ്യോസിന്റെ ജൂബിലി അവസരത്തിൽ കൊടുത്ത മംഗളപത്രത്തിൽ അദ്ദേഹത്തിനു ആ സ്ഥാനം ലഭിക്കാൻ മലങ്കര ജനങ്ങൾക്കുള്ള ആഗ്രഹം സൂചിപ്പിച്ചിരുന്നു. ഗീവറുഗീസ് ദീവന്നാസ്യോസും, കെ. സി. മാമ്മൻമാപ്പിളയും മറ്റും വട്ടിപ്പണക്കേസിൽ കൊടുത്ത മൊഴിയിൽ ഇതു സംബന്ധിച്ചു ചില പ്രസ്താവനകൾ ഉണ്ട്. ജോസഫ് ദീവന്നാസ്യോസിനെ കാതോലിക്കാ സ്ഥാനത്തേയ്ക്കു ഉയർത്തുന്നതിനു കോനാട്ടു മാത്തൻ മല്പാൻ ചെയ്ത ശ്രമങ്ങളെപ്പറ്റി പറയുന്ന, അദ്ദേഹത്തിന്റെ രണ്ടു കത്തുകൾ വട്ടിപ്പണക്കേസിൽ ഹാജരാക്കപ്പെട്ടിരുന്നു. ഇവയിൽ നിന്നെല്ലാം ചില ഭാഗങ്ങൾ താഴെ ചേർക്കുന്നുണ്ട്.

മപ്രിയാനാ, കാതോലിക്കാ എന്നീ പേരുകൾ ചിന്താക്കുഴപ്പം ഉണ്ടാക്കാതിരിക്കണം. പദപ്രയോഗചാതുര്യത്തിൽ സാർവ്വഭൗമൻ എന്നു സമ്മതി സിദ്ധിച്ചിട്ടുള്ള ഒ. എം. ചെറിയാന്റെ "കാതോലിക്കാസിംഹാസന ചരിത്ര സംഗ്രഹ"ത്തിൽ പറയുന്നു: "ബലവാന്മാരായ നെസ്തോര്യർ കാതോലിക്കാ എന്ന പദം ഉപയോഗിക്കുക സാധാരണമാകയാൽ, ഓർതൊദുക്സൊ സഭക്കാർ കിഴക്കിന്റെ സ്വന്തം നേതാവിനെ, അർത്ഥമില്ലാത്ത മൽപ്രിയാനാ എന്ന നാമം കൊണ്ട് നിർവചനം ചെയ്തു (കാതോലിക്കാ സിംഹാസനം, പു. 66).

മാർ ഗീവറുഗീസ് ദീവന്നാസ്യോസ് 1094 തുലാം 5-ാം തീയതി വട്ടിപ്പണക്കേസിൽ കൊടുത്ത മൊഴിയിൽ കാണുന്നു: 'ചോ – മപ്രിയാനാ എന്ന പേരുണ്ടായത് ഏതു കാലത്താണെന്നറിയാമൊ. ഉ – തിഗ്രീസിന്റെ പ്രധാന മേല്പട്ടക്കാരനുള്ള പേരു കാതോലിക്കാ എന്നായിരുന്നു. നെസ്തോറുകാരുടെ ശക്തി ബലപ്പെട്ടു തിഗ്രീസു സിംഹാസനം അവർ കൈവശപ്പെടുത്തുകയും കാതോലിക്കോസ് എന്നുള്ള സ്ഥാനപ്പേര് അവർക്കുള്ളതായി അവർ ഉപയോഗിക്കുകയും ചെയ്ത കാലത്ത് യാക്കോബായക്കാരുടെ

സിംഹാസനവും പേരും മാറ്റേണ്ടതായി വന്നതിനാൽ അന്നുമുതൽ കാതോലിക്കോസിനു പകരം മഫ്രിയാനാ എന്നൊരു പേരു ഉപയോഗിക്കാൻ തുടങ്ങി എന്നും ആണ് ചരിത്രങ്ങൾ വായിച്ചതുമൂലം എനിക്കുണ്ടായിട്ടുള്ള അനുമാനം. അത് ഏതു നൂറ്റാണ്ടിലെന്നു പറവാൻ നിശ്ചയമില്ല. ..... ചോ - കാതോലിക്കാ എന്നുള്ള പേര് ഉണ്ടായതു ഏതു നൂറ്റാണ്ടിൽ ആണെന്നറിയാമൊ. ഉ - നിഖ്യാ സുന്നഹദോസിനു പിമ്പെന്നല്ലാതെ ഏതു കാലത്തെന്നു തീർച്ചയായി പറവാൻ പ്രയാസം (വട്ടിപ്പണക്കേസ് മൊഴി, പു. 1175).

### ഊട്ടി സംഭാഷണം

അബ്ദുള്ളാ പാത്രിയർക്കീസിനെ ബോംബെയിൽവച്ചു സ്വീകരിച്ച് അദ്ദേഹവും ഒരുമിച്ചു ഊട്ടിയിലേയ്ക്കു പോയി. അവിടെ താമസിക്കുമ്പോൾ നടന്ന സംഭാഷണം സംബന്ധിച്ചു ദീവന്നാസ്യോസ് 1093 മിഥുനം 28-ാം തീയതി വട്ടിപ്പണക്കേസിൽ കൊടുത്ത മൊഴിയിൽ അൽപ്പം താഴെ ചേർക്കുന്നു:

“ചോ - ഊട്ടിയിൽവച്ച് കാതോലിക്കായെ സംബന്ധിച്ചു വല്ല സംഭാഷണവും ഉണ്ടായൊ. ഉ - ഉണ്ടായി. 5-ാം പ്രതിയും (കോനാട്ടു മാത്തൻ മല്പാൻ) ഫാദർ ഗീവറുഗീസും, കെ. സി. മാമ്മൻ മാപ്പിളയും, ഇ. എം. പിലിപ്പും, തമ്മിലായിരുന്നു ആ സംഭാഷണം. ചോ - അവിടുന്ന് ആ കൂട്ടത്തിൽ ഉണ്ടായിരിക്കുകയൊ സംഭാഷണത്തിൽ ഉൾപ്പെടുകയൊ ചെയ്തൊ. ഉ - ഇല്ല. ചോ - ഇതിനെ സംബന്ധിച്ച് അവിടെ നടന്ന സംഭാഷണം ഏതു വിധമായിരുന്നു. ഉ - നാം മുമ്പു ആലോചിക്കുകയും എഴുത്തുകുത്തുകൾ ചെയ്യുകയും ചെയ്ത കാതോലിക്കാ സ്ഥാപനം ഈ അബ്ദുള്ളാ പാത്രിയർക്കീസു ബാവായിൽനിന്നും ലഭിക്കുന്നതല്ല. നാലായിരമൊ അയ്യായിരമൊ രൂപാ ആരെങ്കിലും ഉണ്ടാക്കിത്തരുന്നപക്ഷം അബ്ദേദു മ്ശിഹാ പാത്രിയർക്കീസു ബാവായിൽനിന്ന് അതു സാധിക്കാമെന്ന് എനിക്കു നല്ല നിശ്ചയം ഉണ്ട് എന്നും മറ്റും 5-ാം പ്രതി (കോനാട്ടു മല്പാൻ) പറയുന്നതു ഞാൻ കേൾക്കുകയുണ്ടായി. ...... ചോ - അവിടുത്തേക്കു കാതോലിക്കാസ്ഥാനം കിട്ടണമെന്ന് അവിടുന്ന് അബ്ദുള്ളാ ബാവായോടൊ വേറെ ആരോടെങ്കിലുമൊ ആവശ്യപ്പെട്ടിട്ടുണ്ടൊ. ഉ - ഞാൻ ആരോടും ഒരിക്കലും ആവശ്യപ്പെട്ടിട്ടില്ല. ..... ജോസഫ് ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിക്കു കാതോലിക്കാസ്ഥാനം കൊടുക്കുന്നതിനെപ്പറ്റി ആലോചന നടന്നിട്ടുണ്ട്. കോട്ടയത്തു സാമൂഹ്യസമ്മേളനത്തിന്റെ ഒരു യോഗത്തിൽ വച്ചാണ് ആലോചന നടന്നത്. ..... അതിനെ സംബന്ധിച്ച് ഒരിക്കൽ പാത്രിയർക്കീസ് ബാവായുടെ പേർക്ക് എഴുതി അയച്ചു. ....” (വട്ടിപ്പണക്കേസ് മൊഴി, പു. 868).

## കെ. സി. മാമ്മൻമാപ്പിള

കെ. സി. മാമ്മൻ മാപ്പിള പ്രതിഭാഗം 8–ാം സാക്ഷിയായി 1092 മിഥുനം 8–ാം തീയതി കൊടുത്ത മൊഴിയിൽ ഈവിധം കാണുന്നു: “.... ബാവായും ഞാനും ഊട്ടിയിൽ താമസിക്കുന്ന കാലത്ത് കാതോലിക്കായെപ്പറ്റി സംഭാഷണം ഉണ്ടായിട്ടുണ്ട്. ഇ. എം. ഫിലിപ്പ്, അഞ്ചാംപ്രതി (മല്പാൻ), ഫാ. പി. റ്റി. ഗീവറുഗീസ്, ഞാൻ ഇങ്ങിനെ നാലുപേരും കൂടിയിരിക്കുമ്പോൾ ആണ് സംഭാഷണം ഉണ്ടായത്. ..... മലങ്കരസഭയ്ക്ക് ഒരു മൽപ്രിയാനാ വേണമെന്നു അബ്ദേദ് മിശിഹാ ബാവായുടെ പേർക്ക് അഞ്ചാംപ്രതി പല എഴുത്തുകൾ അയച്ചിരുന്നതായും അതിൽ ചില എഴുത്തുകൾ അബ്ദുള്ളാ ബാവായുടെ കൈയിൽ കിട്ടിയതായും, അതിനെപ്പറ്റി ബാവാ ബോംബെയിൽവച്ച് അഞ്ചാംപ്രതിയെ വളരെ ശാസിച്ചതായും വർത്തമാനമദ്ധ്യേ അഞ്ചാംപ്രതി പറഞ്ഞശേഷം, മലങ്കരസഭയ്ക്ക് ഏതായാലും ഒരു മൽപ്രിയാനാ ആവശ്യമാണെന്നും, വലിയ മെത്രാപ്പോലീത്താ ജോസഫ് ദീവന്നാസ്യോസ് ഉള്ളപ്പോൾ മുതൽക്കേ നാം ഇതിൽ ശ്രമിച്ചുകൊണ്ടിരിക്കുന്നതാണല്ലോ എന്നും ഇതുവരെ യാതൊരു ഫലവും ഉണ്ടായിട്ടില്ലെന്നും ... അഞ്ചാംപ്രതി പറഞ്ഞു” (Ibid. p.303).

## കോനാട്ടു മല്പാന്റെ കത്തുകൾ

മലങ്കരയിലെ അധികാര രാഷ്ട്രീയത്തിൽ, അല്ലെങ്കിൽ അധികാര വടംവലിയിൽ കോനാട്ടു മല്പാന്മാർക്ക് എന്നുംതന്നെ ഒരു പ്രധാനസ്ഥാനം ഉണ്ടായിരുന്നു. ചേപ്പാട്ടു ദീവന്നാസ്യോസിന്റെ കാലത്ത്, “ആയിരമാണ്ടു വന്ന അത്താനാസ്യോസിനോട്” ചേർന്ന് ഒരു കോനാട്ടു മല്പാനും മറ്റും നടത്തിയ വടംവലിയെപ്പറ്റി അഞ്ചാം അദ്ധ്യായത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ജോസഫ് ദീവന്നാസ്യോസിന് മപ്രിയാനാ സ്ഥാനം ലഭിക്കുന്നതിനു കോനാട്ടു മാത്തൻ മല്പാൻ ചെയ്ത ശ്രമങ്ങളെപ്പറ്റി അദ്ദേഹം മെത്രാപ്പോലീത്തായ്ക്കു അയച്ചതും, വട്ടിപ്പണക്കേസിൽ ഡി. ബി. എന്നും ഇ. ഡി. എന്നും അക്കങ്ങളിട്ടു ചേർത്തിരുന്നതുമായ രണ്ടു കത്തുകളിൽ കാണാം. ജോസഫ് ദീവന്നാസ്യോസ് ബഹുമതി അർഹിക്കുന്നു, നൽകണം എന്നുള്ള പൊതുജനാഭിപ്രായത്തിന്റെ പ്രതിദ്ധ്വനി ആയി ഗണിക്കാവുന്ന ആ കത്തുകളിൽ നിന്ന് ചില ഭാഗങ്ങൾ താഴെ ചേർക്കുന്നു:

1) “... എങ്കിലും തിരുമേനിയുടെ അടുക്കൽ എന്നപോലെ മറ്റുള്ളവരുടെ അടുക്കൽ താഴുന്നതും മൗനം ദീക്ഷിക്കുന്നതും സങ്കടമാകയാൽ സംഗതി സംസാരിക്കുമ്പോൾ ന്യായമായി സംസാരിക്കാൻ എന്നെ അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു. ന്യായങ്ങളെ പറഞ്ഞുകഴിഞ്ഞ് കല്പനപോലെ കേട്ടുകൊള്ളാം. ശീമയ്ക്കു രണ്ടു കത്തുകൾ തയ്യാറാക്കിയിട്ടുണ്ട്. ... ഒന്ന് വല്യബാവായ്ക്കും ഒന്ന് അന്തോൻ അവർകൾക്കും ആണ്.

... എഴുത്തിലെ ആന്തരം തിരുമേനിയെക്കുറിച്ചും മേൽപ്പട്ടം ഇവിടെ നടത്തുവാൻ അനുവദിക്കണമെന്നുള്ളതിനെക്കുറിച്ചും ആണ്. അതിന് ശുപാർശ ചെയ്യണമെന്നാണ് അന്തോൻ അവർകൾക്ക് എഴുതിയിരിക്കുന്നത്. അതിനുള്ള അധികാരം (മപ്രിയാനാ) അവിടേക്കു കൊടുക്കണമെന്നും സൂചിപ്പിച്ചിട്ടുണ്ട്. അവിടുന്നു തടുത്താലും ഞാൻ അതിൽ കഴിയുന്ന ശ്രമം ചെയ്യാതെ പിൻമാറുകയില്ല. അതിലേക്കു ഞാൻ കടക്കാരനാണെന്നു തന്നെ വിശ്വസിക്കുന്നു. കമ്മട്ടി മുദ്രവച്ചു കിട്ടിയാൽ കൊള്ളാം. അതിനു ദോഷം ഉണ്ടെങ്കിൽ വേണ്ടാ. ...” (വട്ടിപ്പണം ഡി.ബി. അക്കം).

2) “... ഞാൻ ഇങ്ങനെ കൂടെക്കൂടെ എഴുതി അവിടുത്തെ വൃദ്ധതയെ അസഹ്യപ്പെടുത്തുന്നതിനു വെറുപ്പു തോന്നുകയില്ലെന്നു വിശ്വസിക്കുന്നു. അവിടേയ്ക്കു വിരോധം ചെയ്യുന്നവർ ഇഷ്ടന്മാരും അവിടേക്കു വേണ്ടി ജീവൻ ഉപേക്ഷിക്കുവാൻ നടക്കുന്നവർ അനിഷ്ടന്മാരും ആയി കാണപ്പെടുന്നതിൽ വളരെ വ്യസനമുണ്ട്. എന്തായാലും ഞാൻ തിരുമേനിയുടെ മരണം വരെ അവിടുത്തെ തിരുവിഷ്ടത്തിന് എതിരായി കാണപ്പെടരുതെന്നു നല്ലവണ്ണം കരുതിയിട്ടുണ്ട്. അവിടെനിന്നു ദോഷം അനുഭവിച്ചാലും സഹിച്ചുകൊണ്ട് വ്യസനിക്കയല്ലാതെ മറുത്തു ഭാവിച്ചിട്ടില്ല. മുമ്പെ ചിലതിൽ അങ്ങനെ അല്ലാതെ മറിച്ചു വന്നുപോയതിൽ വ്യസനിക്കുന്നു. കൊച്ചുമെത്രാച്ചന്റെ സാമാനങ്ങളെക്കുറിച്ച് ശീമയിൽ നിന്നു വന്ന കല്പനയിൽ കാണിച്ചിരുന്ന കുറിപ്പ് എന്താണെന്നും, ആരെന്നും തിരുമേനിയെക്കുറിച്ചു സ്തുത്യമായി എന്റെ പേർക്കു വന്ന കല്പനയിലെ കുറിപ്പ് എങ്ങനെ ഏതു വഴിയിൽ എന്നും ഓർക്കുമല്ലൊ. ഫലം കൊണ്ടാണല്ലോ വൃക്ഷം അറിയപ്പെടുന്നത്. അന്ന് എന്റെ പേർക്കുള്ള കല്പനയുടെ പകർപ്പ് ഞാൻ അയച്ചിരുന്നു. ഇപ്പോഴും ഇതാ ശീമയിൽ നിന്നു വന്ന അന്തോന്റെ രണ്ടു എഴുത്തുകളുടെ പകർപ്പ് അയയ്ക്കുന്നു. അവിടുത്തെക്കുറിച്ചു സ്തുത്യമായി ബാവാ മുൻ എഴുതിയതിനു ഇതൊരു സാക്ഷിയായിരിക്കട്ടെ. ബാവായുടെ കൽപ്പന തന്നെ ഉടനെ വരും. ഏറിയാൽ മൂന്നു മാസത്തെ താമസം ഉണ്ടാകും. അതിൽ സ്ഥാനത്തെക്കുറിച്ചും തിരുമേനിയെക്കുറിച്ചും എന്തു പറയുമെന്ന് കാണാമല്ലൊ. ആരുടെ പ്രയത്നമാണെന്നും എന്റെ ഹൃദയം എങ്ങനെയുള്ളതാണെന്നും വെളിപ്പെടും. അങ്ങനെ അല്ലാതെ എന്നിൽ നിന്നു മറിച്ചു വരുന്നതല്ല. ... എന്റെ അവകാശം ഞാൻ സ്വമനസ്സാൽ ഉപേക്ഷിക്കയൊ കൽപ്പനപ്രകാരം ഉപേക്ഷിക്കുകയൊ ചെയ്യുന്നതിനു വിരോധമില്ല. വല്ലവരും ഇല്ലാതാക്കുന്നതു സങ്കടമാണ്. അതുകൊണ്ടാണ് ഇത്രവളരെ സങ്കടം പറയുന്നത്. അവിടുന്നു സങ്കട നിവൃത്തി ഉണ്ടാക്കിത്തരാത്തത് വല്യദണ്ഡമാണ്. എന്തായാലും ഞാൻ തട്ടുമാറി ചവിട്ടാൻ ഭാവമില്ല. മെത്രാച്ചനോ റമ്പാച്ചനൊ വിരോധപ്പെട്ടാൽ സ്ഥാനകാര്യത്തിൽ ഒന്നും വരാനില്ല. വിശേഷിച്ചു പിറവത്തെ സംഘത്തിൽ വച്ചു സ്ഥാനം കൊടുപ്പാനുള്ള അനുവാദം തിരുമേനിക്കു

കൊടുക്കുകയൊ മപ്രിയാനൂസോയൊ, റീശ് എപ്പിസ്ക്കൂപ്പൂസോയോ കൊടുക്കുകയോ ചെയ്യണമെന്നും, ഈ സഭയ്ക്കു വേണ്ടി മറ്റാരും ചെയ്തിട്ടില്ലാത്തതും ചെയ്യാത്തതുമായ പ്രവൃത്തികൾ കഷ്ടപ്പാടോടും കണ്ണീരോടും ചെയ്തിട്ടുള്ള ആളാണെന്നും, വല്ല ബഹുമതികളും ബാവാ ആർക്കെങ്കിലും കൊടുക്കുന്നപക്ഷം അതിന് ഇത്രത്തോളം യോഗ്യൻ വേറെ ഇല്ലെന്നും മറ്റും പള്ളിക്കാരുടെ ഒരെഴുത്തു തയാറാക്കി അതും, അതനുസരിച്ച് എന്റെ എഴുത്തും ബാവായ്ക്കും അന്തോനും അയച്ചി രുന്നു. പള്ളിക്കാരുടെ എഴുത്ത് ബാവായ്ക്കു മാത്രമല്ല അന്തോനും ഉണ്ടാ യിരുന്നു. ബാവായ്ക്കുള്ളതു അന്തോൻ കൈപ്പറ്റി അവിടെ നിന്നും അയ ച്ചുകൊടുക്കുകയായിരുന്നു. ബാവായ്ക്കു അന്തോൻ അയച്ചിട്ടുണ്ടായിരുന്ന മറുപടിയുടെ വിവരവും അന്തോന്റെ മറുപടിയിൽ കാണുന്നുണ്ട്. (സുറി യാനി) എന്ന് ആദിയായി കാണുന്ന പകർപ്പ് പള്ളിക്കാർക്കുള്ളതും മറ്റതു എന്റെ പേർക്കു വന്നിട്ടുള്ളതും ആണ്. ഇതിനു പണി തുടങ്ങിയിട്ട് ഒരു സംവത്സരം ആയി. ആ പണിയുടെ ഫലമാണ് മുൻകല്പനയിലെ സ്തുത്യങ്ങളും കടവി മെത്രാച്ചനു ശാസനയും. ഈ മറുപടി വായിച്ചു നോക്കിയതിൽ സന്തോഷിപ്പാൻ വകയുണ്ട്. നിങ്ങൾ സന്തോഷിക്കുമെ ന്നുള്ള പദം അന്തോന്റെ മറുപടിയിലും കാണുന്നു. അന്തോൻ നന്നാ മുറുകി പിടിച്ചിട്ടുണ്ടെന്നുള്ളതുകൊണ്ടു മാത്രമല്ല, മാസംതോറും വരുന്ന എഴുത്തുകളിൽ കാണാം. ഇതു രഹസ്യമായിരിക്കണമെന്നും, കാര്യം പറ്റുമ്പോൾ വെളിയിൽ പ്രസ്താവിച്ചാൽ മതിയെന്നും അപേക്ഷ. സ്ഥാന ത്തിന്റെ കാര്യത്തിൽ കുറെ വല്ലതും കിട്ടണമെന്നുള്ള ഭാവം കാണു ന്നുണ്ട്. അനുവദിക്കുമ്പോൾ കരുതലിൽ അധികമായ പ്രവൃത്തി ഉണ്ടാ കുമെന്നു ഞാൻ ചൂണ്ടിയിട്ടുമുണ്ട്. ... എന്തു ചിലവാക്കിയിട്ടും സ്ഥാനം കൈവശപ്പെടുത്തുകയാണ് വേണ്ടതെന്നു ഞാൻ വിചാരിക്കുന്നു. അല്ലെ ങ്കിൽ പണ്ടത്തെപ്പോലെ മൂപ്പന്മാരു അടിയന്തിരം നടത്തുകയൊ ജനങ്ങൾ കൂടി സ്ഥാനം കൊടുക്കുകയൊ ചെയ്യേണ്ടിവന്നേക്കും. ഞാൻ ഇങ്ങനെ കടലാസ്സു പുണ്ണാക്കുകയല്ലാതെ പണം കൊടുപ്പാൻ സാദ്ധ്യമല്ലെന്നും അറിയാമല്ലൊ. ...” (Ext. E.D. in O. S. 94/1088 വട്ടിപ്പണം).

1027 വൃശ്ചികം 12–ാം തീയതി ജൂബിലി അവസരത്തിൽ ദീവന്നാസ്യോ സിനു മലങ്കര ജനങ്ങൾ കൊടുത്ത മംഗളപത്രത്തിലും മപ്രിയാനാ (കാതോലിക്കാ) സ്ഥാനത്തേയ്ക്കു ഒരു വിരൽ ചൂണ്ടുകയുണ്ടായി. “തിരു മേനിയെ ... ഇതിലും ഉയർന്ന സ്ഥാനപ്രാപ്തനാക്കിയും തന്റെ ഹിതാ നുവൃത്തിയായും കാത്തു രക്ഷിക്കുകയും ... ചെയ്യണമെന്നു പൂർണ്ണഹൃദ യത്തോടും അവ്യാജമായ ആഗ്രഹത്തോടും കൂടി പ്രാർത്ഥിക്കുന്നു. ...” (ജോസഫ് ദീവന്നാസ്യോസ്, ഉപസംഹാരാദ്ധ്യായം, പുറം 8).

**മംഗളപത്രം**

ജൂബിലി കൊണ്ടാടിയപ്പോൾ സമർപ്പിച്ച മംഗളപത്രത്തിൽ അദ്ദേഹം സമുദായസേവനത്തിൽ കൈവരിച്ച നേട്ടങ്ങളിൽ പലതും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മംഗളപത്രങ്ങൾ പ്രായേണ "മുഖപത്രങ്ങൾ" ആണെന്നുള്ള വസ്തുത ഓർമ്മയിൽ വച്ചുകൊണ്ട് ഇതിനെ വിലയിരുത്തിയാൽ തന്നെയും ഒരു മനുഷ്യായുസ്സിൽ സാധിക്കാൻ കഴിയുന്നതിൽ കൂടുതൽ ദീവന്നാസ്യോസ് സാധിച്ചു എന്നു തോന്നിപ്പോകും. നന്ദി നിറഞ്ഞ ഹൃദയത്തോടെ മലങ്കരജനം സമർപ്പിച്ച ആ മംഗളപത്രത്തിൽ നിന്ന് പ്രസക്തഭാഗം താഴെ ഉദ്ധരിക്കുന്നു:

".... ഇതിന്റെ ശേഷവും ഇതിനിടയ്ക്കുമായി ഈ സഭയുടെയും ഇതിൽ ഉൾപ്പെട്ട ഓരോ സംഘങ്ങളുടേയും ഓരോ ആളുകളുടേയും ആത്മീയ ലൌകികാദ്യുദയങ്ങൾക്കു വേണ്ടി തിരുമേനി ഇടവിടാതെ ചെയ്തിട്ടുള്ളവയും ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നവയുമായ ശ്രമങ്ങളേയും ഞങ്ങൾ ഓർക്കാതിരിക്കുന്നില്ല. പ്രാചീനവും പരിശുദ്ധവുമായ അന്തോക്യാ സിംഹാസനവും മലങ്കരയിടവകയും തമ്മിൽ മുമ്പിനാലെ ഉള്ള ഗാഢസംബന്ധത്തെ ആരാലും ഒരിക്കലും അഴിക്കാൻ പാടില്ലാത്ത വണ്ണം ഉറപ്പിച്ചതു, ഈ അപ്പോസ്തോലസഭയുടെ സത്യോപദേശാചാരങ്ങളെ ആർക്കും തോന്നിയതുപോലെ ഭേദപ്പെടുത്തുവാൻ പാടില്ലാത്ത പ്രകാരം രേഖപ്പെടുത്തിയതു, സഭയുടെ ഭരണത്തിനു ഐകരൂപ്യവും ആലോചനാഗുണവും സിദ്ധിക്കത്തക്കവണ്ണം മേൽപ്പട്ടക്കാരെ സഹായിപ്പാൻ ഒരു പ്രതിനിധിസംഘം ഏർപ്പെടുത്തിയതു, അപ്പോസ്തോലകാലം മുതൽ കുളത്തിലെ വെള്ളം പോലെ ഈ കേരളത്തിന്റെ അതൃത്തികൾക്കകത്തു കെട്ടിനിൽക്കുന്ന നമ്മുടെ സത്യവിശ്വാസത്തെ ബ്രിട്ടീഷ് ഇൻഡ്യ, സിലോൺ മുതലായവയിൽ മാത്രമല്ല അമേരിക്കാ തുടങ്ങിയുള്ള അതിദൂരദേശങ്ങളിലും യഥാശക്തി പ്രചരിപ്പിക്കുവാൻ ആരംഭിച്ചിട്ടുള്ളതു, സമുദായം ഒട്ടുക്കുള്ള കുട്ടികളുടെ വിദ്യാഭ്യാസം വകയ്ക്കു ഈ പ്രധാന സ്ഥലത്തു ഒരു ഹൈസ്കൂൾ സ്ഥാപിച്ചതു, അതിന്റെ നിലനിൽപ്പിനു വേണ്ടി ഒരു ലക്ഷം രൂപയുടെ ഒരു ഷോടതി അനുവദിപ്പിച്ചു നടത്തിയതു, ഏറിയകാലമായി ജീർണ്ണിച്ചും പണിക്കുറവു തീരാതെയും കിടന്നിരുന്ന ഈ പൂർവ്വികവേദാദ്ധ്യയനശാലയും ഇതോടു ചേർന്ന ദേവാലയവും ആശ്ചര്യകരമായവിധത്തിൽ കുറ്റം തീർത്തു നന്നാക്കിയതു, കുന്നംകുളങ്ങരെ മുതലായി വടക്കും തെക്കുമുള്ള പല ഇടവകപ്പള്ളികളോടും ചേർന്നു ഇംഗ്ലീഷു പള്ളിക്കൂടങ്ങൾ ഏർപ്പെടുത്തിച്ചതു, രാജ്യം ഒട്ടുക്കു പ്രാഥമികവിദ്യാഭ്യാസം വകയ്ക്കു അനേകം മലയാളം പള്ളിക്കൂടങ്ങൾ നടത്തുന്നതും രാജസ്ഥാനമായ തിരുവനന്തപുരത്തു പണ്ടുണ്ടായിരുന്ന ദേവാലയം നശിച്ചുപോയതു നന്നായി എന്നു തോന്നത്തക്കവണ്ണം

അവിടെ അതിമനോഹരമായ ഒരു പള്ളി ഈയിട പണി കഴിപ്പിച്ചതു, വെട്ടിക്കൽ, പരുമല, കുന്നംകുളങ്ങര, കൊട്ടാരക്കര ഈ ദിക്കുകളിൽ പൊതുസ്ഥലങ്ങൾ ഉണ്ടാക്കിച്ചതു, കോട്ടയത്തു ചെറിയപള്ളി, പുത്തൻകാവുപള്ളി, പഴഞ്ഞിപ്പള്ളി മുതലായ പ്രധാന ദേവാലയങ്ങൾ സത്യസഭയുടെ ആചാരാനുസരണമായുള്ള ആരാധനയ്ക്കു സ്വാതന്ത്ര്യപ്പെടുത്തിയതു, നിരണം മുതലായ മറ്റു പള്ളികളും ഇതുപോലെ ഒഴിപ്പിച്ചെടുക്കുവാൻ ആരംഭിച്ചിട്ടുള്ളതു, മദ്രാസു ഗവർമ്മെണ്ടിന്റെ കൈവശം ഏറിയ കാലമായി കിട്ടാതെ കിടക്കുന്ന വട്ടിപ്പണം താമസിയാതെ കിട്ടത്തക്ക നിലയിൽ വരുത്തിയതു, ഇടവകപ്പത്രികയും പല പുതിയ പുസ്തകങ്ങളും പുറപ്പെടുവിച്ചു സുറിയാനി മതോപദേശങ്ങൾ കേവലം ത്യാജ്യങ്ങളും നിന്ദ്യങ്ങളുമല്ലെന്ന് ഈ നാട്ടിലെ ക്രിസ്ത്യാനികളെ പൊതുവെ മനസ്സിലാക്കിയതു, കയ്യെഴുത്തിൽ മാത്രം ഇരുന്നിരുന്ന പല സുറിയാനിപ്പുസ്തകങ്ങളും അച്ചടിച്ചു പ്രചരിപ്പിച്ചു ഈ വൈദികഭാഷയുടെ അഭ്യസനത്തിനും ആരാധനാദികൾക്കും ലാഘവം വരുത്തിയതു, ദീർഘകാലത്തെ വ്യവഹാരം കൊണ്ടും മറ്റും കടം കേറിപ്പോയ സമുദായസ്വത്തിനു പകരം അതിൽ അധികം വേറെ വിധത്തിൽ സമ്പാദിച്ചതു, അനേകലക്ഷം ജനങ്ങളെ ഒന്നുപോലെ തൃപ്തിപ്പെടുത്തി ഭരിക്കുന്നതിനും മനുഷ്യശക്തിക്കു അപ്പുറമെന്നു തോന്നുന്ന കാര്യങ്ങളെ നിഷ്പ്രയാസമായി സാധിക്കുന്നതിനും തിരുമേനിയെ ശക്തിപ്പെടുത്തിയവയും തിരുമേനിയിൽ ദൈവദത്തമായി വിളങ്ങുന്നവയുമായ വിനയം, ദീനദയാലുത്വം, ക്ഷമ, പരിപാകം, ആലോചനാശക്തി, സ്ഥിരോത്സാഹം, ദൈവാശ്രയം, സ്വേച്ഛാവർജനം ഇത്യാദി ഏറിയോരു സൽഗുണങ്ങൾക്കു അനേകം തിരുവെഴുത്തുവിളംബരങ്ങളെയും സർക്കുലരുത്തരവുകളെയും ജയിക്കാൻ തക്ക ശക്തി ഉണ്ടെന്നു അനുഭവത്താൽ ഞങ്ങളെ പഠിപ്പിച്ചതു, സുറിയാനിക്കാർ സഹവസിക്കുവാൻ സംഗതി വരുന്ന അന്യസമുദായജനങ്ങളുടെ ഇടയിൽ സർവത്ര "ആ സുമുഖനും സുചരിതനും വശ്യവചസ്സുമായ വന്ദ്യ പുരുഷന്റെ ആജ്ഞയിൽ ഉൾപ്പെട്ടവരല്ലയോ" എന്നുള്ള ചോദ്യത്തോടുകൂടി ആദരിക്കപ്പെടുമാറാക്കിയതു, ഇവ മുതലായ തിരുമേനിയുടെ അക്ഷീണ പരിശ്രമംകൊണ്ടു ഈ സമുദായത്തിനു വരുത്തിയിട്ടുള്ള അക്ഷയങ്ങളായ യശസ്സുകളെ ഓരോന്നായി ആലോചിക്കുമ്പോൾ ഇതുകളെ ഏതു പ്രകാരമാണ് യഥായോഗ്യം വർണ്ണിക്കേണ്ടതെന്നും ഇതുകളാൽ ഞങ്ങൾക്കു തിരുമേനിയുടെ മേൽ ഉള്ളതും ഉണ്ടായിരിക്കേണ്ടതുമായ പരമാർത്ഥകൃതജ്ഞതയെ ഏതുപ്രകാരമാണ് ലക്ഷ്യപ്പെടുത്തേണ്ടതെന്നും അറിയാഞ്ഞിട്ടു വാസ്തവമായി ഞങ്ങൾ കുഴങ്ങുകയാണു ചെയ്യുന്നത്.

ഇങ്ങനെ ഏറിയൊരു നിത്യസ്മാരകങ്ങൾ തനിക്കായി താൻ തന്നെ സ്ഥാപിച്ചിട്ടുള്ള തിരുമേനിക്കു ഇവയിൽ ഏതെങ്കിലും ഒന്നിനേക്കാൾ ഉൽകൃഷ്ടമായ ഒരു സ്മാരകം സ്ഥാപിക്കുവാൻ ഞങ്ങൾ ഒരു

വിധത്തിലും ശക്തന്മാരല്ല. .... തിരുമനസ്സിലെ ആത്മീയപുത്രന്മാരായ മല ങ്കരയിടവകജനങ്ങൾ.

കോട്ടയത്തു സിമ്മനാരി
1077-മാണ്ടു വൃശ്ചിക മാസം 12-ാം തീയതി
(ജോസഫ് ദീവന്നാസ്യോസ്, ഉപസംഹാരം-pp.1-8

## മാർ അൽവാറീസ്

“നമ്മുടെ വിശ്വാസത്തെ സിലോൺ, അമേരിക്കാ തുടങ്ങിയ വിദൂര ദേശങ്ങളിലും യഥാശക്തി പ്രചരിപ്പിക്കാൻ ആരംഭിച്ചിട്ടുള്ളത് ... എന്നു മംഗളപത്രത്തിൽ പറയുന്നത്, റോമാ സഭാംഗവും ഗോവാക്കാരനുമായ അൽവാറീസിനെ സഭയിൽ ചേർത്തു യൂലിയോസ് എന്ന സ്ഥാനനാമ ത്തിൽ മെത്രാനായി വാഴിച്ചതിനെയും അന്ത്യോഖ്യാ പാത്രിയർക്കീസ് ആവശ്യപ്പെട്ടതനുസരിച്ച് അമേരിക്കക്കാരനായ റീനിവിലാത്തിയെ തീമോ ത്തിയോസ് എന്ന സ്ഥാനനാമത്തിൽ വാഴിച്ചതിനെയും ലക്ഷ്യമാക്കി യാണ്. യൂലിയോസിനോടുകൂടി റോമാസഭയിൽ നിന്നു കുറെ ആളുകളും പള്ളികളും കൂടെ വന്നു. അവരിൽ ഭൂരിപക്ഷവും മടങ്ങി റോമാസഭയി ലേക്കു പോയി. എങ്കിലും തെക്കെ കർണ്ണാടകത്തിൽ ചില പള്ളികളും പള്ളിക്കൂടവും കുറെ ജനങ്ങളും ഇന്നും ഉണ്ട്. ഒരു മിഷൻ കേന്ദ്രമാക്കാ നുള്ള സൗകര്യങ്ങൾ അവിടെ ഉള്ളതുകൊണ്ട് യൂലിയോസിന്റെ സഭാപ്രവേശം പ്രയോജനപ്രദമായിരുന്നു എന്നു കാണാം. അതിലൊക്കെ വളരെ പ്രയോജനകരമായ ഒരു സേവനം ആപത്ഘട്ടത്തിൽ മലങ്കരയ്ക്ക് അദ്ദേഹത്തിൽ നിന്നു ലഭിച്ചു. 1086-ൽ അബ്ദുള്ളാ, ഗീവറുഗീസ് ദീവ ന്നാസ്യോസിനെ “മുടക്കി”യപ്പോൾ ആ മുടക്ക് അനാവശ്യമാണെന്നും പരിഗണനാർഹം തന്നെ അല്ലെന്നും തുറന്ന് എഴുതി ജനങ്ങളുടെ മനോ വീര്യം സംരക്ഷിക്കുന്നതിന് മാർ യൂലിയോസ് മുമ്പോട്ടിറങ്ങി. അതിനു പ്രതികാരമായി അബ്ദുള്ളാ പുറപ്പെടുവിച്ച “മുടക്കി”നെ അൽവാറീസ് തൃണവൽക്കരിക്കയും ചെയ്തു. വിപത്സന്ധിയിൽ സ്നേഹപൂർവ്വം സഹായിച്ച അദ്ദേഹത്തെ കൃതജ്ഞതയോടെ സ്മരിക്കേണ്ടതാണ്.

## എപ്പിസ്ക്കോപ്പി തിണ്ടാട്ടം

റീനിവിലാത്തിയെ കൊളൊംബിൽ വെച്ച്, കടവിൽ അത്താനാസ്യോസ്, പരുമല ഗ്രീഗോറിയോസ്, യൂലിയോസ് അൽവാറീസ് എന്നിവർ ചേർന്നു അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ആവശ്യമനുസരിച്ച് 1067 ഇടവം 17-ാം തീയതി തീമോത്തിയോസ് എന്ന നാമത്തിൽ മെത്രാനായി വാഴിച്ചു. അൽവാറീസിൽ നിന്നു സഹായം ലഭിച്ചുവെങ്കിൽ റീനിവിലാത്തിയിൽ നിന്നു എപ്പിസ്ക്കോപ്പസിക്കു ഉണ്ടായത് വേറൊരു തരത്തിലുള്ള അനു ഭവമാണ്. അമേരിക്കയിലെ ആർച്ചുബിഷപ്പ് എന്നുള്ള ഉന്നതസ്ഥാനം

സ്വീകരിച്ച വിലാത്തി എത്ര എത്ര എപ്പിസ്ക്കോപ്പന്മാരെ വാഴിച്ചു എന്നു ശരിയായ കണക്കില്ല. 'എപ്പിസ്ക്കോപ്പി തിണ്ടാട്ടക്കാരും ആംഗ്ലിക്കൻ സഭയും (Episcopi Magantes and the Anglican Church) എന്ന ഗ്രന്ഥത്തിന്റെ രണ്ടാം പതിപ്പിന് ചെംസ്ഫോർഡിലെ ബിഷപ്പ് എഴുതിയ അവതാരിക യിൽ "തിണ്ടാടി നടക്കുന്ന ഇരുനൂറിലധികം ബിഷപ്പന്മാർ ഇന്നു ജീവി ച്ചിരിപ്പുണ്ടെന്നു കേട്ടാൽ ആംഗ്ലിക്കൻ സഭാംഗങ്ങളിൽ പലരും അത്ഭുത പ്പെട്ടേക്കാം" എന്ന് പറയുന്നു (Episcopi Vagantes (Forword). "1898-നും 1929-നും ഇടയ്ക്കു വിലാത്തി ഏഴു ബിഷപ്പന്മാരെ വടക്കേ അമേരിക്ക യിലും യൂറോപ്പിലുമായി വാഴിച്ചു. എത്ര വൈദീകരെ വാഴിച്ചു എന്നു കണക്കില്ല." ആ ബിഷപ്പുമാർ പല പല ബിഷപ്പന്മാരെ വാഴിച്ചിട്ടുണ്ട്. അതുകൊണ്ട് റീനിവിലാത്തിയുടെ കൈവയ്പു കിട്ടിയ ബിഷപ്പന്മാരുടെ കണക്കു തിട്ടപ്പെടുത്താൻ പണിയാണ്. വടക്കെ അമേരിക്കാ, ആഫ്രിക്കാ, യൂറോപ്പ് എന്നിവിടെയുള്ള ഇരുപതു "സഭകൾ" റീനിവിലാത്തിയിൽ നിന്നുള്ള കൈവയ്പു കിട്ടിയിട്ടുള്ളതായി അവകാശപ്പെടുന്നു. ഇവയിൽ പലതും അദ്ദേഹത്തിൽ നിന്നു നേരിട്ട് കൈവയ്പു ലഭിച്ചവയും മറ്റുള്ളവ, വിലാത്തിയിൽ നിന്നു കൈവയ്പു ലഭിച്ചവരിൽ നിന്ന് ലഭിച്ചവയുമാണ്. "തങ്ങളുടെ പട്ടത്വം ഗോവയിലും സിലോണിലുമുള്ള യാക്കോബായ കാതോലിക്കാസഭയിൽ" നിന്നുള്ളതാണെന്നാണ് ഈ സഭകളിൽ പലതും അവകാശപ്പെടുന്നത്. സമീപകാലത്ത് വിലാത്തിയുടെ കൈവയ്പും അതു പോലുള്ള ചെച്ചെമിയൻ, മാത്യു തുടങ്ങിയ ശാഖകളിൽ നിന്നുള്ള കൈവയ്പും കൂടി കലർന്നു പോയിട്ടുണ്ട്. ഈ സങ്കലനത്തിൽ അവർ അഭിമാനം കൊള്ളുകയാണ് (Bishops at Large, p. 128) എന്ന് സ്വതന്ത്രന്മാ രായ ബിഷപ്പന്മാർ (Bishops at Large) എന്ന ഗ്രന്ഥത്തിൽ കാണാം.

മുകളിൽ ആദ്യം പേരു പറഞ്ഞിട്ടുള്ളതും എപ്പിസ്ക്കോപ്പി തിണ്ടാട്ട ക്കാരെന്നു ഇവിടെ പേരു പരിഭാഷപ്പെടുത്തിയതും ആയ ഗ്രന്ഥത്തിന്റെ 58 മുതൽ 69 വരെയുള്ള പുറങ്ങളിൽ മലങ്കരയിൽ നിന്നു മെത്രാന്മാർ കൊളംബിൽ പോയി വാഴിച്ച റീനിവിലാത്തിയെയും അദ്ദേഹത്തിൽ നിന്നു സ്ഥാനം ലഭിച്ചവരെയുംപറ്റി പല വിവരങ്ങൾ കൊടുത്തിട്ടുണ്ട്. വിലാത്തിക്കു സ്ഥാനം കൊടുത്തത് "കോട്ടയം സിറിയൻ അന്ത്യോക്യൻ ആർച്ച് ബിഷപ്പ് മാർ പൗലൂസ് അത്താനാസ്യോസും, ഗോവാ സിലോൺ സ്വതന്ത്ര കാതോലിക സഭയുടെ ആർച്ചുബിഷപ്പ് മാർ യൂലിയോസ് അൽവാറീസും" കൂടെ ആണെന്നാണ് കാണിച്ചിരിക്കുന്നത്. പുണ്യവാള നായ പരുമല മാർ ഗ്രിഗോറിയോസിന്റെ പേര് അവിടെ കാണാഞ്ഞപ്പോൾ അല്പം സന്തോഷം തോന്നി!

"വടക്കെ അമേരിക്കയുടെ ആർച്ച് ബിഷപ്പ്" എന്ന പേരെടുത്ത റീനി വിലാത്തി പോളണ്ടുകാരനായിരുന്നു എന്നാണ് കാണുന്നത്. പോളീഷു

വംശജനായിരിക്കാം. അമേരിക്കനാണെന്നാണ് ഇവിടെ ഉള്ള ചുരുക്കം രേഖകളിൽ കാണുന്നത്.

റീനിവിലാത്തിയും അദ്ദേഹത്തിൽ നിന്നു സ്ഥാനം ലഭിച്ചവരും നന്നായി വിഹരിക്കുകതന്നെ ചെയ്തു. യൂറോപ്പിലും അമേരിക്കയിലും ആഫ്രിക്കയിലും എല്ലാം കേട്ടിട്ടുപോലുമില്ലാത്ത സഭകൾക്കും, സ്ഥല ങ്ങളിലേക്കും ബിഷപ്പന്മാരെ വാഴിച്ചു. ഒരാളെ സംബന്ധിച്ചു ചില വിവ രങ്ങൾ താഴെ ചേർക്കുന്നു: എബനസ്സർ ജോൺസൺ ആണ്ടേഴ്സൻ, അഥവാ മാർ കോമീൻ എൻടെസ്റ്റി ബ്രെസി ആണ്ടൊ. 1935 സെപ്തം ബർ 1–ാം തീയതി ആഫ്രിക്കയിലെ സാർവത്രിക സ്വതന്ത്രസഭയുടെയും സംയുക്ത പശ്ചിമാഫ്രിക്കൻ സഭകളുടെയും, ഫ്ളോറിഡായിലെ ഓർത്ത ഡോക്സ് സഭയുടെയും പ്രധാന പുരോഹിതനായി അഭിഷേകം ചെയ്യ പ്പെട്ടു. ഇദ്ദേഹം ഏതാനും വർഷങ്ങൾ ലണ്ടനിൽ താമസിച്ചിരുന്നു. അവിടെ നിന്നു ആഫ്രിക്കയിൽ ഗോൾഡ് കോസ്റ്റിലേക്കു മടങ്ങി. 1935 സെപ്തംബർ 13–ാം തീയതി "ഹോൺസെ ജെർണൽ" എന്ന പ്രസിദ്ധീ കരണത്തിൽ, ഇദ്ദേഹത്തിന്റെ സഭയും അബ്സീനിയൻ സഭയും ഈഗു പ്തായ സഭയും ആയി പരിപൂർണ്ണ വിശുദ്ധസംസർഗ്ഗം ഉണ്ട്; തെക്കെ അമേരിക്കയിൽ രണ്ടു പ്രവിശ്യകൾ അദ്ദേഹത്തിന്റെ കീഴിൽ ഉണ്ട്. അമേ രിക്കയിലെ ഓർത്തഡോക്സ് കാതോലിക സഭയിൽ ഉള്ള ഇരുനൂറു ലക്ഷം അംഗങ്ങൾ ഇദ്ദേഹത്തെ മേലദ്ധ്യക്ഷനായി സ്വീകരിക്കുന്നു എന്ന് പ്രസ്താവിച്ചിട്ടുണ്ട്. "ആപാമിലെ രാജകീയ പാത്രിയർക്കീസ്" എന്ന് സ്ഥാനമൊ സ്ഥാനനാമമൊ ആണ് അദ്ദേഹം ഇപ്പോൾ ഉപയോഗിക്കുക (Episcopi Vagantes, pp. 58-67).

വിലാത്തി സ്ഥാപിച്ച നിരവധി സഭകളിൽ ചിലതിന്റെ വിവരം താഴെ ചേർക്കുന്നു:

1) അമേരിക്കൻ കാതോലിക സഭ. ഇതിൽ അമേരിക്കൻ എപ്പിസ്ക്കോ പ്പൽ, അമേരിക്കൻ കാതോലിക (അന്ത്യോഖ്യൻ സുറിയാനി), അമേരി ക്കൻ ഓർത്തഡോക്സ്, അമേരിക്കൻ പാത്രിയർക്കാ സ്ഥാപനത്തോടു ബന്ധമുള്ള പൗരസ്ത്യസഭ എന്നീ സഭകളെല്ലാം ഉൾപ്പെടുന്നു.

2) ആഫ്രിക്കൻ ഓർത്തഡോക്സ് സഭ, ന്യൂയോർക്ക് മസാച്ചുസെറ്റ്സ് ഓർത്തഡോക്സ് സഭ, ആഫ്രിക്കൻ ഗ്രീക്ക് ഓർത്തഡോക്സ് സഭ, ആഫ്രോ അമേരിക്കൻ കാതോലിക സഭ.

3) പഴയ കാതോലിക സഭ, കാതോലിക ക്രിസ്ത്യൻ സഭ, ഇംഗ്ല ണ്ടിലെ ഓർത്തഡോക്സ് കാതോലിക സഭ. ഇവ കൂടാതെ മൂന്നു നാലു സഭകളുടെ പേരും കാണുന്നുണ്ട്.

നാലാം പട്ടികയിൽ ലത്തീൻ ഭാഷയിലൊ മറ്റൊ ആണ് എട്ടുപത്തു സഭകളുടെ പേരുകൾ കൊടുത്തിരിക്കുന്നത് (Bishops at Large Ch.VIII).

അടുത്ത കാലത്ത് സി.എസ്.ഐ. യിൽ നിന്നു പിരിഞ്ഞ് അവശ ക്രൈസ്തവർ ഒരു ബിഷപ്പിനെ വാഴിച്ചപ്പോൾ അതിൽ സംബന്ധിക്കു ന്നതിന് വന്നിരുന്ന ബിഷപ്പ് ഡോ. കാൾ മാക്കിന്റയർ റീനിവിലാത്തിയുടെ കൈവയ്പ്പു വഴി നൽവരം ലഭിച്ച ആളാണെന്നു ഒരു സ്നേഹിതൻ അറി യിച്ചിട്ടുണ്ട്. അവരുടെ എല്ലാവരുടെയും സ്ഥാനം സാധുവാണെന്നു സ്ഥാപിക്കുന്ന "കാനോൻ" നിയമം ഉണ്ടായിരിക്കാം!!!

### മുടക്കുകുറിയും പാത്രിയർക്കീസും

ബിഷപ്പ് എൽ. ഡബ്ല്യു. ബ്രൗൺ, ഇന്ത്യൻ ക്രിസ്ത്യൻസ് ഓഫ് സെന്റ് തോമസ്" എന്ന ഗ്രന്ഥത്തിൽ പറയുന്നു: റീനിവിലാത്തി ആദ്യം പ്രസ് ബിറ്റീറിയൻ സഭയിൽ ആയിരുന്നു. പിന്നീട് അമേരിക്കൻ പ്രൊട്ടസ്റ്റന്റ് എപ്പിസ്ക്കോപ്പൽ സഭയിൽ ചേർന്നു വൈദീകസ്ഥാനം പ്രാപിച്ചു. 1892 മാർച്ചിൽ ആ സ്ഥാനത്തു നിന്നു നീക്കപ്പെട്ടു. അദ്ദേഹത്തിന്റെ ബിഷ പ്പിന്റെ കത്തും കമ്പിയും അവഗണിച്ച് 1892 ഓഗസ്റ്റ് മാസത്തിൽ കൊളം ബിൽ വച്ച് മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു. ആംഗ്ലിക്കൻ സഭയിൽ നിന്നു മാറിയ ഏതാണ്ട് ഇരുനൂറ്റിഅമ്പതോളം ലത്തീൻ സുറിയാനിക്കാ രുടെ മെത്രാനായിട്ടാണ് അദ്ദേഹം അമേരിക്കയിൽ മടങ്ങിചെന്നത്. വിലാത്തി ഒട്ടധികം പേരെ എപ്പിസ്ക്കോപ്പാ പദത്തിലേയ്ക്കു ഉയർത്തി" (L.W. Brown, p. 151).

ബിഷപ്പ് ബ്രൗൺ പറയുന്ന കമ്പിയും കത്തും അന്ത്യോഖ്യാ പാത്രിയർ ക്കീസിനാണ് അമേരിക്കയിൽ നിന്നു അയച്ചത് എന്നും പാത്രിയർക്കീസ് അവ അവഗണിച്ചു എന്നും ആണ് മനസ്സിലാകുന്നത്. ആ വക മുടക്കു കുറികൾ ഒന്നും പാത്രിയർക്കീസിനു ബാധകമല്ലായിരിക്കാം. എന്താ യാലും അതുകൊണ്ട് എപ്പിസ്ക്കോപ്പന്മാർ കുറെ ഉണ്ടായി!

### ഭരണഘടനാ നിർമ്മാണം

പത്തൊമ്പതു ശതവർഷത്തോളം പഴക്കമുണ്ടെന്നു അഭിമാനിക്കുന്ന മലങ്കരസഭയ്ക്ക് ഒരു ലിഖിത ഭരണഘടന ഉണ്ടായിരുന്നില്ല. കീഴുനടപ്പും ജാത്യാചാരങ്ങളും മാത്രമായിരുന്നു ആധാരം. ആ കുറവ് മനസ്സിലാക്കി പരിഹരിക്കുന്നതിനുള്ള ഭാഗ്യം അത്യഗാധ ബുദ്ധിമാൻ എന്നു പറഞ്ഞു കൂടാത്ത ജോസഫ് ദീവന്നാസ്യോസിനാണ് സിദ്ധിച്ചത്. കുറവ് പരിഹ രിച്ചത് പാത്രിയർക്കീസിന്റെ "ന്യായ"ത്തിൽ നിന്നും "സത്യ"ത്തിൽ നിന്നും വളരെ വ്യതിചലിക്കാത്തവിധവും ആയിരുന്നു. പതിനേഴാം ശത കത്തിൽ ഒന്നാം മാർത്തോമ്മായുടെ സ്ഥാനം ക്രമീകരിക്കുന്നതിനു

ഗ്രീഗോറിയോസ്, ഒരു സർക്കുലർ കത്തു കണ്ട് വന്നുചേർന്നതിനെ തുടർന്നുണ്ടായ അന്ത്യോഖ്യായുടെ അവകാശവാദം അനുവദിച്ചൊ വക വെച്ചൊ കൊടുക്കാതെയും, എന്നാൽ അതു തട്ടിത്തെറിപ്പിച്ച് പിണക്കാതെയും മലങ്കരയുടെ അവകാശാധികാരങ്ങൾ അങ്ങനെയങ്ങു നഷ്ടപ്പെടുത്താതെയും മുളന്തുരുത്തി സുന്നഹദോസ് രൂപവൽക്കരിച്ച ഭരണഘടന ഒരു നല്ല രേഖ തന്നെയാണ്. സർവ്വാധിപത്യത്തിൽ ദൃഷ്ടിപതിപ്പിച്ചു കൊണ്ടിരുന്ന പത്രോസ് തൃതീയൻ പാത്രിയർക്കീസിന്റെ സമ്മതത്തോടുകൂടെ പാത്രിയർക്കാ സിംഹാസനത്തിന് മലങ്കരയ്ക്കു അവകാശവാദം പുറപ്പെടുവിക്കുന്നതിന് വലിയ വാദതടസ്സം ഇല്ലെന്നു വാദിക്കത്തക്കവിധത്തിൽ - വഴിതുറന്ന് ഇട്ടുകൊണ്ട് - ആ ഘടന കരുപ്പിടിപ്പിക്കാൻ എങ്ങനെ സാധിച്ചു? ഒരുത്തരെയും മുഷിപ്പിക്കാതെ, കാര്യം കൈവിടാതെ ഉദ്ദിഷ്ട സ്ഥാനത്തു എത്തുന്നതിനു അദ്ദേഹത്തിനുണ്ടായിരുന്ന പ്രത്യേക സാമർത്ഥ്യം കൊണ്ട് - നയചാതുര്യം കൊണ്ട്, വരംകൊണ്ട് - മാത്രമാണ് അത് സാധിച്ചത്!! പല ദശവർഷക്കാലം ദീവന്നാസ്യോസിനോടു അടുത്തു പെരുമാറിയിട്ടുള്ള ഇ. എം. ഫീലിപ്പോസ് പറയുന്നത് "ആരേയും മുഷിപ്പിക്കാതെ സൂത്രപ്രയോഗം കൊണ്ട് ആളുകളെ വശീകരിക്കുന്നതിന് വലിയ തിരുമേനി..." (മലങ്കരസഭയുടെ രഹസ്യപേടകം, പുറം 82) യ്ക്ക് ശക്തി ഉണ്ടായിരുന്നു എന്നാണ്.

## അന്ത്യദശ

ജോസഫ് ദീവന്നാസ്യോസിനെപ്പറ്റി ഇ. എം. ഫീലിപ്പോസ് എഴുതിയ ഒന്നു രണ്ടു വാചകങ്ങൾ ഉദ്ധരിച്ചുകൊള്ളട്ടെ: "അദ്ദേഹത്തിന്റെ പ്രാർത്ഥന വളരെ ശക്തിയേറിയതായിരുന്നു... അനുതാപത്താലും പൊടിഞ്ഞ ഹൃദയത്തോടുകൂടിയ പ്രാർത്ഥനയാലും ദൈവത്തെ സ്വാധീനമാക്കാൻ ദാവീദിന്റെ ആത്മാവ് അദ്ദേഹത്തിൽ ഉണ്ടായിരുന്നു. ഏതുകാര്യം ഉദ്ദേശിച്ചു കൊണ്ട് അദ്ദേഹം പ്രാർത്ഥിച്ചുവൊ ആ കാര്യം അതിശയകരമായ വിധത്തിൽ സാധിച്ചു കിട്ടാൻ തക്കവണ്ണം തന്റെ എരിവേറിയ പ്രാർത്ഥനയ്ക്കു ശക്തിയുണ്ടായിരുന്നു എന്നുള്ളതിനു ഞാൻ ഒരു ദൃക്സാക്ഷിയാകുന്നു. (ibid, p.50). "ജോസഫ് ദീവന്നാസ്യോസ് മെത്രാനായിരുന്നെങ്കിലും അത്യന്തം ബലഹീനനായ ഒരു മനുഷ്യനായിരുന്നു എന്ന് അദ്ദേഹത്തിന്റെ വിശ്വസ്ത സെക്രട്ടറി എഴുതിയതിനെ പരിഭാഷ ചെയ്യണമെന്നു വയ്ക്കാം.

തന്റെ കുറവുകൾ മനസ്സിലാക്കി പരിഹാരാർത്ഥം സർവ്വശക്തനെ അഭയം പ്രാപിക്കുന്ന ഒരു മനുഷ്യനെ ബലഹീനനായി എണ്ണാമൊ? ബലഹീനതകൾക്ക് ക്ഷമയും മോചനവും സമ്പാദിക്കുന്നതിന് പ്രാർത്ഥനയെക്കാൾ ഉത്തമമായ മാർഗ്ഗം ഇല്ലെന്നു മനസ്സിലാക്കി പ്രാർത്ഥനാനിരതനായി കഴിയുന്ന ഒരാളെ ശക്തനായിട്ടല്ലെ എണ്ണേണ്ടത്? ഒരു കൊച്ചു കുട്ടി

പിതാവിനെ അഭയം പ്രാപിക്കുന്ന തരത്തിൽ സ്നേഹമൂർത്തിയും സർവ്വ ശക്തനും എല്ലാവരുടെയും പിതാവും ആയ സർവ്വ ജഗൽനിയന്താവിന്റെ പാദത്തിങ്കൽ വീണ്, ആ ശക്തൻ - ദീവന്നാസ്യോസ് - കേണപേക്ഷിക്കുന്നതു താൻ കണ്ടിട്ടുണ്ടെന്നു ഇ. എം. ഫീലിപ്പോസ് സാക്ഷ്യപ്പെടുത്തുന്നുണ്ട്. അതിൽ നിന്നു എന്താണ് മനസ്സിലാക്കേണ്ടത്? ദൈവത്തിന്റെ കാഴ്ചപ്പാട് എന്താണ്, എങ്ങനെയാണ് എന്നു വിധിക്കുന്നതിനൊ മനസ്സിലാക്കുന്നതിനൊ മനുഷ്യനു ശക്തിയില്ല.

ദീവന്നാസ്യോസിന്റെ ചിത്രത്തിനുള്ള ചെറുമുഖങ്ങൾ എല്ലാ വിശദമായി പരിശോധിക്കുന്നതിനൊ പരിഗണിക്കുന്നതിനൊ, അദ്ദേഹത്തിന്റെ മഹത്വങ്ങളെ പ്രകീർത്തിക്കുന്നതിനൊ, കുറവുകൾ എടുത്തുകാണിക്കുന്നതിനൊ തുനിയുന്നില്ല. ഒരു ജീവചരിത്രഗ്രന്ഥമായിരുന്നു എങ്കിൽ അത് അനുയോജ്യമായിരിക്കുമായിരുന്നു.

ആരെയും മുഷിപ്പിക്കാതെ, ആരോടും "കറുത്തതിൽ ഒരു വാക്കുപോലും പറയാതെ" തന്നെ അദ്ദേഹം ജീവിതാന്ത്യത്തിൽ എത്തിച്ചേർന്നു. നവീകരണമെന്ന കോളിൽപെട്ട്, മുങ്ങുമൊ എന്നു ഭയം തോന്നുന്ന നിലയിൽ - അനാഥമെന്നു തന്നെ പറയത്തക്ക സ്ഥിതിയിൽ - ആണ് മലങ്കര സഭാനൗക അദ്ദേഹത്തിന്റെ കൈയിൽ കിട്ടിയത്. ചേപ്പാട്ടു ദീവന്നാസ്യോസിന്റെ കഴിവു കുറവും മാത്യൂസ് അത്താനാസ്യോസിന്റെ ആജ്ഞാശക്തിയും, യൂയാക്കീം കൂറിലോസിന്റെ 'കുറുക്കുവഴികളും' ഒക്കെക്കൂടെ ദുർഘടത്തിൽ എത്തിച്ചിരുന്ന നൗകയെ അതിസമർത്ഥനായ ആ ചുക്കാനി വിപത്തിൽനിന്നു രക്ഷിച്ച് കരയോട് അടുപ്പിച്ചു. അഭിമുഖീകരിക്കേണ്ടതായി വന്ന വിവിധതരത്തിലും രീതിയിലും ഉള്ള കുഴപ്പങ്ങൾ പരിഹരിക്കുന്നതിന് അതതിനു അനുയോജ്യമായ പ്രതിവിധികൾ അതതുസമയം ഈശ്വരൻ കാണിച്ചു തന്നു എന്നും, ഭാവിയിലും ആ ദിവ്യശക്തി തന്നെ കാത്തുരക്ഷിക്കയും രക്ഷാമാർഗ്ഗങ്ങൾ ചൂണ്ടിക്കാട്ടുകയും ചെയ്യും എന്നും അദ്ദേഹം വിശ്വസിച്ചിരുന്നു. എങ്കിലും ഒരു ഒറ്റ സംഗതിയിൽ അൽപമായ "മാനസിക വിഭ്രമത്തിന്" വിധേയനായിരുന്നു എന്നു വിചാരിക്കാൻ ന്യായം കാണുന്നുണ്ട്. മുളന്തുരുത്തി സുന്നഹദോസിൽ വച്ച് ഒരു ഭരണഘടന സൃഷ്ടിച്ച്, സമുദായത്തിന്റെ കുത്തിക്കെട്ടു മുറുക്കുന്നതിനു സാന്നിദ്ധ്യം മൂലം സഹായിച്ച പത്രോസ് തൃതീയനോട് കടപ്പാടുണ്ടെന്ന് അദ്ദേഹം വിശ്വസിച്ചു എന്നും, അതു വീട്ടുന്നതിന് ആവും മട്ടു ശ്രമിക്കാറുണ്ടായിരുന്നു എന്നും ഉള്ളതാണ് അങ്ങനെ സംശയിക്കാൻ ഇടം നൽകുന്നത്. പാത്രിയർക്കീസു സ്ഥാനത്തു നിന്ന് തുടർച്ചയായി ഉണ്ടായിക്കൊണ്ടിരുന്ന മുട്ടിച്ചുള്ള അവകാശവാദങ്ങൾ - അഭ്യർത്ഥനകൾ - അദ്ദേഹത്തെ കുഴക്കി. അംശവടിയും മോതിരവും പണയം വെച്ചു കാര്യങ്ങൾ നടത്തേണ്ടതായി വരുന്ന പരിതഃസ്ഥിതികളിൽ ഉണ്ടായ ഔചിത്യ

രഹിതമായ ആ ഡിമാണ്ട് അല്ലെങ്കിൽ അഭ്യർത്ഥന, ദീവന്നാസ്യോസിനെ അക്ഷമനാക്കി എങ്കിൽതന്നെയും ഒരുത്തരോടും "കറുത്തതിൽ ഒരു വാക്കു" പറയാത്ത ആ നാവ് "ഇല്ല" എന്ന് ഉച്ചരിക്കാതെ കഴിക്കാൻ ശ്രമിച്ചു. പുഞ്ചിരി സുസ്ഥിരമായി സ്ഥാനം പിടിച്ചിരുന്ന ആ മുഖാരവിന്ദത്തിൽ ഭാവപ്പകർച്ചയുണ്ടാകാതെ കഴിക്കാൻ അദ്ദേഹം പണിപ്പെട്ടു. തന്നില്ലെങ്കിൽ മുടക്കിക്കളയും എന്നുള്ള രീതിയിൽ തുടർച്ചയായി ഉണ്ടായിക്കൊണ്ടിരുന്ന ഭീഷണികൾ ജോസഫ് ദീവന്നാസ്യോസിനെ കുഴക്കി. പാത്രിയർക്കാ കേന്ദ്രത്തിൽ സ്വീകരിച്ചിരുന്ന രീതിക്കു നല്ലൊരുദാഹരണമാണ് ഈ അദ്ധ്യായത്തിന്റെ ആദ്യഭാഗത്തു ചേർത്തിരിക്കുന്ന വട്ടിപ്പണക്കേസിലെ ജെ.എൻ. അക്കം രേഖ - പത്രോസ് പാത്രിയർക്കീസിന്റെ "കല്പന."

## പിൻഗാമി നിയമനം

കാലചക്രം അതിവേഗം കറങ്ങിക്കൊണ്ടിരുന്നു. ജോസഫ് ദീവന്നാസ്യോസ് വൃദ്ധനായി. 1088-ാമാണ്ട് ഭൂജാതം ചെയ്ത അദ്ദേഹത്തിന് 1083-ൽ 75 വയസ്സു പ്രായമായി. അന്ന് രാജ്യത്തെ പൊതു ആയൂർദൈർഘ്യം പരിഗണിച്ചാൽ 75 "അതിരുകടന്ന പ്രായം" ആയി തോന്നാമായിരുന്നു. സങ്കീർത്തനക്കാരൻ പാടിയിട്ടുള്ളതു കണക്കിലെടുത്താൽ തന്നെയും പരമായുസ്സ് കഴിഞ്ഞ് പിന്നെയും നാലഞ്ചു വർഷവും ആയി. സ്ഥൂലിച്ച ശരീരപ്രകൃതി ആരോഗ്യസംരക്ഷണത്തിനു തടസ്സങ്ങൾ വരുത്തിക്കൂട്ടിക്കൊണ്ടും ഇരുന്നു. ഭരണത്തിന്റെ ഭാരം വഹിക്കാൻ പണി ആയിത്തുടങ്ങി. സമുദായകാര്യങ്ങൾ കുഴപ്പം കൂടാതെ നടത്തിക്കൊണ്ടു പോകുന്നതിനു പറ്റിയ ഒരു പിൻഗാമിയെ തെരഞ്ഞെടുത്തു തന്നോടു സഹകരിച്ചു പ്രവർത്തിക്കുന്നതിനു നിയോഗിക്കേണ്ടത് ആവശ്യമാണെന്നും, അങ്ങനെ ചെയ്യാത്തപക്ഷം തന്റെ പ്രയത്നങ്ങൾ കൊണ്ടുണ്ടായിട്ടുള്ള ഫലം നഷ്ടപ്പെടുമെന്നും മെത്രാപ്പോലീത്തായ്ക്കു ബോദ്ധ്യമായി.

അദ്ദേഹത്തിന്റെ കല്പന അനുസരിച്ച് മലങ്കരയിലെ എല്ലാ പള്ളികളിൽനിന്നും തെരഞ്ഞെടുത്ത് അയച്ചിരുന്ന പ്രതിപുരുഷന്മാരുടെ യോഗം 1083 കുംഭം 15-ാം തീയതി കോട്ടയത്തു സെമിനാരിയിൽ കൂടി. മേല്പ്പട്ട സ്ഥാനത്തേയ്ക്കു വട്ടശ്ശേരിൽ ഗീവറുഗീസ് റമ്പാനെയും കൊച്ചുപറമ്പിൽ പൗലൂസ് റമ്പാനെയും തെരഞ്ഞെടുത്തു. ജോസഫ് ദീവന്നാസ്യോസിന് പ്രായാധിക്യവും സുഖക്കേടും മൂലം ഭരണം ആഗ്രഹംപോലെ നടത്തിക്കൊണ്ടുപോകാൻ പ്രയാസം നേരിട്ടിരിക്കുന്നതുകൊണ്ട് ഒരു സഹായി വേണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. അതിനാൽ ഗീവറുഗീസ് റമ്പാനെ മെത്രാൻസ്ഥാനം ഏറ്റാൽ ഉടൻതന്നെ അസിസ്റ്റന്റും പിൻഗാമിയുമായി മലങ്കരയിടവകയിലെ പൊതുവായ ഭരണം ഏൽപ്പിക്കണമെന്നും പൊതുയോഗം തീരുമാനിച്ചു.

അബ്ദുൽ മ്ശിഹാ പാത്രിയർക്കീസിന്റെ ഫർമാൻ തുർക്കി സർക്കാർ പിൻവലിച്ചതു മൂലം ഉണ്ടായ കുഴപ്പങ്ങൾ സംബന്ധിച്ചു വേണ്ടത്ര വിവരങ്ങൾ അപ്പോഴും ഇവിടെ ലഭിച്ചിരുന്നില്ല. സർക്കാരിന്റെ അനിഷ്ടത്തിനു പാത്രീഭൂതനായ ഒരു സഭാദ്ധ്യക്ഷനിൽ നിന്നു സ്ഥാനം സ്വീകരിക്കാൻ സിറിയായിലേയ്ക്കു പുറപ്പെടുന്നതുപോലും വിപൽപൂർണ്ണമായ ഒരു കാര്യമായി അന്ന് ഗണിക്കപ്പെട്ടിരുന്നു. അപ്പോൾ ഫർമാൻ നഷ്ടപ്പെട്ട അബ്ദുൽ മ്ശിഹായെ, മലനാട്ടിൽ എവിയെയൊ ഉള്ള അദ്ദേഹത്തിന്റെ ആസ്ഥാനത്തു ചെന്നു കണ്ട് സ്ഥാനം വാങ്ങണമെന്നു ചിന്തിക്കുന്നതിന് തന്നെ ഇവിടെ ഇടം ഉണ്ടായിരുന്നില്ല. സർക്കാരിന്റെ പിൻതുണ ഉണ്ടെന്നു വയ്ക്കപ്പെട്ടിരുന്ന രണ്ടാം പാത്രിയർക്കീസ് അബ്ദുള്ളാ മലയാളത്തുനിന്നു ചെല്ലുന്നവർക്കു സിറിയായിലെ അരക്ഷിത പ്രദേശങ്ങളിലൂടെ യാത്ര ചെയ്യുന്നതിനുള്ള കഷ്ടപ്പാട് ഒഴിവാക്കുന്നതിനു യേറുശലേമിൽ എത്തി മെത്രാൻ സ്ഥാനം നൽകാൻ തയ്യാറാണെന്നു അറിയിക്കുകയും ചെയ്തിരുന്നു. തെരഞ്ഞെടുക്കപ്പെട്ട റമ്പാന്മാരും പരിവാരവും 1083-ൽ വലിയ നോമ്പുകാലത്ത് യേറുശലേമിലേക്കു പുറപ്പെട്ടു. ഇവർ ബോംബെയിൽ നിന്നു കപ്പലിൽ ഡെക്കിലാണ് - മേപ്പുരയൊ അടവൊ ഇല്ലാത്ത തുറന്നു കിടക്കുന്ന തട്ടിൽ - യാത്ര ചെയ്തതെന്നു കൂടി രേഖപ്പെടുത്തിക്കൊള്ളട്ടെ. റമ്പാന്മാർക്കു സ്ഥാനം കൊടുത്തു. ആവശ്യപ്പെട്ടതനുസരിച്ച് വട്ടശ്ശേരിൽ ഗീവറുഗീസ് റമ്പാന് ദീവന്നാസ്യോസ് എന്ന സ്ഥാനനാമമാണ് നൽകിയത്. അദ്ദേഹം ജോസഫ് ദീവന്നാസ്യോസിന്റെ അസിസ്റ്റന്റും പിൻഗാമിയും ആയിരിക്കണം എന്നുള്ള മലങ്കരയിലെ തീരുമാനത്തെ പാത്രിയർക്കീസ് ആദരിച്ചു എന്നു വയ്ക്കുന്നതിന് ഈ സ്ഥാനനാമം അവസരം നൽകി. മെത്രാന്മാർ ഉടമ്പടികൾ രജിസ്റ്റർ ചെയ്തു കൊടുക്കാമെന്ന് സ്ഥാനം ലഭിച്ച അവസരത്തിൽ വാഗ്ദത്തം ചെയ്തിരുന്നു എന്നൊരു വാദം പിന്നീട് പുറപ്പെട്ടു എങ്കിലും, അന്ന് അങ്ങിനെ ആരും ആവശ്യപ്പെട്ടില്ല സമ്മതിച്ചില്ല എന്നാണ് വിവരങ്ങൾ തെളിയിക്കുന്നത്.

പുതിയ മെത്രാന്മാർ മലങ്കര എത്തി ചുമതലകൾ നിർവ്വഹിച്ചു തുടങ്ങി. വളരെ വൈകാതെ, അബ്ദുള്ളാ പാത്രിയർക്കീസ് ഇങ്ങോട്ടു പുറപ്പെട്ടിരിക്കുന്നു എന്നു വിവരം ലഭിച്ചു. അദ്ദേഹത്തിന്റെ മുൻഗാമിയും ഗുരുവും ഇദംപ്രഥമമായി മലങ്കര സന്ദർശിച്ച് അതിന്റെ സ്വാദ് അറിയുന്നതിന് ഭാഗ്യം സിദ്ധിച്ച പാത്രിയർക്കീസുമായ പത്രോസ് തൃതീയൻ തുർക്കിയിൽ നിന്നു ലണ്ടനിലേയ്ക്കു പോയി. അവിടെനിന്നു കിട്ടാവുന്നത്ര പിടിപാടുകളുമായിട്ടാണ് മലങ്കരയിൽ എത്തിയത്. അന്ന് പാത്രിയർക്കീസിന്റെ കൂടെ ഉണ്ടായിരുന്ന അബ്ദുള്ളാ - അപ്പോൾ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ - യിക്കു ഈ വിവരങ്ങൾ നേരിട്ടു തന്നെ അറിയാമായിരുന്നതുകൊണ്ടായിരിക്കാം അദ്ദേഹം ആ മാർഗ്ഗം സ്വീകരിച്ചത്.

അബ്ദുള്ളാ പാത്രിയർക്കീസ് ഇവിടേയ്ക്ക് പുറപ്പെട്ടു കഴിഞ്ഞു എന്നുള്ള വാർത്ത ജോസഫ് ദീവന്നാസ്യോസിനെ വല്ലാതെ കുലുക്കി ക്കളഞ്ഞു. ഇദംപ്രഥമമായി മലങ്കര സന്ദർശിച്ച അന്ത്യോഖ്യാ പാത്രി യർക്കീസ് പത്രോസ് തൃതീയനുമായുണ്ടായ ശബ്ദരഹിതമായ രൂക്ഷ സമരത്തിന്റെ തിക്ത സ്മരണകൾ ഉണർന്നതാണിതിനു കാരണം. 1911 മാർച്ച് 3-ാം തീയതി ഇ. എം. ഫിലിപ്പ് ഇ. ജെ. ജോണിന് എഴുതിയ ഒരു കത്ത് വട്ടിപ്പണക്കേസിൽ ബി. ഇ. അക്കമായി ഹാജരാക്കിയിരുന്നു. രസാ വഹങ്ങളായ ചില തത്വങ്ങളും അഭിപ്രായങ്ങളും ഉൾക്കൊള്ളുന്ന ആ കത്തിൽ പറയുന്നു: ".... കാലം ചെയ്ത പാത്രിയർക്കീസ് (പത്രോസ് തൃതീയൻ) ശൽമൂസൊ എഴുതികൊടുക്കണമെന്ന് കാലം ചെയ്ത മെത്രാ നോട് (ജോസഫ് ദീവന്നാസ്യോസ്) ആവശ്യപ്പെട്ടു. മുടക്കിക്കളയുമെന്നു ഭിഷണിപ്പെടുത്തുകപോലും ചെയ്തു. ദീവന്നാസ്യോസ് "സാദ്ധ്യമല്ലെ"ന്നു തീർത്തു പറഞ്ഞു. പാത്രിയർക്കീസ് അങ്ങു പോയി. അത്ര തന്നെ. ..." (Ext. B.E.Vattippanam). നല്ല പ്രായത്തിൽ പത്രോസ് തൃതീയന്റെ ഭീഷ ണികളെ അവഗണിക്കുകയൊ, തന്ത്രങ്ങളെ മറ്റു തന്ത്രങ്ങൾ കൊണ്ട് നിഷ്ഫലമാക്കുകയൊ ചെയ്വാൻ അദ്ദേഹത്തിന് കഴിവുണ്ടായിരുന്നു. വയോവൃദ്ധനും രോഗബാധിതനും ആയിക്കഴിഞ്ഞപ്പോഴാണ് അബ്ദുള്ളാ പാത്രിയർക്കീസിന്റെ പുറപ്പാടു സംബന്ധിച്ചു വിവരം ലഭിച്ചത്. അബ്ദു ള്ളായുടെ അഭിപ്രായഗതിയും പ്രവർത്തനരീതികളും 'പ്രത്യേകതകളും' 1050-52-ൽ ശരിക്കു മനസ്സിലാക്കിയിരുന്നതുകൊണ്ട് സംഘട്ടനം ഒഴിവാ ക്കാൻ പറ്റുകയില്ലെന്നും ദീവന്നാസ്യോസിനു അറിയാമായിരുന്നിരിക്കണം.

വളരെ വളരെ കാലം മലങ്കരയിൽ ഒരു ഭിക്ഷാംദേഹി എന്ന നില യിൽ എല്ലാവരേയും പ്രീണിപ്പിക്കാൻ വാൽ ആട്ടി കഴിച്ചു വന്ന സ്ലീബാ ശെമ്മാശനെ അബ്ദുള്ളാ മെത്രാനായി ഉയർത്തി എന്നും, പുതിയ മെത്രാൻ ഒസ്താത്യോസിനു മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിലും ഏഴു ഇടവകകളും അതാതിന്റെ മെത്രാൻ എന്ന നിലയിലും ഭരിക്കുന്ന തിനു സ്താത്തിക്കോൻ കൊടുത്തിട്ടുണ്ടെന്നും അറിഞ്ഞത് ജോസഫ് ദീവന്നാസ്യോസിനെ കഠിനമായി വേദനപ്പെടുത്തി. ജോസഫ് ദീവന്നാ സ്യോസിന്റെ കാലം ഒന്നു കഴിയട്ടെ, ഭരണം നടത്തുന്നത് എങ്ങിനെ എന്നു കാണിച്ചു കൊടുക്കും എന്ന് ഒസ്താത്യോസ് വീമ്പിളക്കിക്കൊ ണ്ടിരുന്നത് വഹിക്കാനും സഹിക്കാനും വയോധികനായ മെത്രാപ്പോലീ ത്തായ്ക്കു കഴിവില്ലായിരുന്നു.

ഏതായാലും അബ്ദുള്ളാ വരുന്നു എന്നു തീർച്ചപ്പെട്ടതോടുകൂടെ ദീവ ന്നാസ്യോസിന്റെ ആരോഗ്യനില വളരെ മോശമായി. കോട്ടയം ചെറിയ പള്ളിയിൽ വാതരോഗം സംബന്ധിച്ച് എന്തൊ ചികിത്സയ്ക്കു വിധേയ നായി കഴിഞ്ഞുവന്ന മെത്രാപ്പോലീത്തായുടെ രോഗത്തിന്റെ ഗതിക്കു പെട്ടെന്നു മാറ്റം സംഭവിച്ചു.

നയകോവിദനായ അദ്ദേഹം, പാത്രിയർക്കീസന്മാരുമായി തുറന്ന സംഘട്ടനത്തിന് ഇടയാക്കാതെയും മലങ്കരയുടെ ജന്മസിദ്ധമായ സ്വാതന്ത്ര്യം നഷ്ടപ്പെടുത്താതെയും കഴിക്കാൻ എത്രമാത്രം പണിപ്പെട്ടു എന്ന് പറയാവതല്ല. മലങ്കരയിൽ എത്തിയാൽ അബ്ദുള്ളായെ സമാധാനപ്പെടുത്തുന്നതിനൊ തൃപ്തിപ്പെടുത്തുന്നതിനൊ വേണ്ടതു ചെയ്‌വാൻ താൻ ഇഹത്തിൽ ഉണ്ടായിരിക്കുകയില്ല എന്ന് ദീവന്നാസ്യോസിനു അറിയാമായിരുന്നു. ഈ ഘട്ടത്തിൽ പുതിയ മെത്രാന്മാർ രണ്ടാളും ഒരുമിച്ച് നില്ക്കേണ്ടത് സഭയുടെയും സുദായത്തിന്റെയും രക്ഷയ്ക്ക് അത്യാവശ്യമാണെന്നു നിശ്ചയമുണ്ടായിരുന്നതിനാൽ, രോഗി ആയ ജോസഫ് ദീവന്നാസ്യോസ് അവരെ ഇരുവരെയും വിളിച്ചു വരുത്തി. അപ്പോൾ അവിടെ ഉണ്ടായിരുന്ന ഒസ്താത്യോസും ആലോചനകളുടെ വിവരം ധരിച്ചാൽ കുഴപ്പം ഉണ്ടാകുമെന്നു നിശ്ചയമുണ്ടായിരുന്നതിനാൽ എന്തൊ കാര്യം ഉണ്ടാക്കി അദ്ദേഹത്തെ പാണമ്പടി പള്ളിയിലേക്കു പറഞ്ഞയച്ചു. അതിനുശേഷം ദീവന്നാസ്യോസിനെയും കൂറിലോസിനെയും രോഗിയുടെ കിടക്കയുടെ സമീപത്തു വിളിച്ചിരുത്തി, അബ്ദുള്ളാ വന്നാൽ ഉണ്ടാകാൻ ഇടയുള്ള സംഗതികൾ അവരെ ധരിപ്പിച്ചു. എന്തു വന്നാലും ഇരുവരും ഒരേനിലയിൽ തന്നെ നില്ക്കണമെന്ന് ഉപദേശിക്കുകയും ചെയ്തു. കാര്യം മനസ്സിലാക്കിയ കൊച്ചു മെത്രാന്മാർ, വല്യമെത്രാച്ചന്റെ ഉപദേശം ശിരസ്സാവഹിച്ചുകൊള്ളാമെന്ന് ഉറപ്പുകൊടുത്തു. അതു ഉറപ്പിക്കുന്നതിനായി പരസ്പരം ആലിംഗനം ചെയ്യിച്ചു. തന്റെ സഭയുടെയും സമുദായത്തിന്റെയും ഭാവി അവരുടെ കൈകളിൽ സുരക്ഷിതമായിരിക്കും എന്നുള്ള പ്രതീക്ഷയോടു കൂടെ ജോസഫ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ 1084 മിഥുനം 28-ാം തീയതി ഇഹലോകവാസം വെടിഞ്ഞു. മൃതശരീരം സഭയും ജാതിയും വിധിച്ചിട്ടുള്ള സർവ്വവിധ ചടങ്ങുകളോടുംകൂടെ പിറ്റെന്നാൾ പഴയസെമിനാരി ചാപ്പലിൽ അടക്കം ചെയ്തു.

## ഒരു തിരിഞ്ഞു നോട്ടം

ജോസഫ് ദീവന്നാസ്യോസിന്റെ കാലത്തെ ചരിത്രം ആകപ്പാടെ ഒന്ന് തിരിഞ്ഞുനോക്കി ഉപസംഹരിക്കുകയാണ്. മലങ്കരസമുദായത്തെ സംബന്ധിച്ചിടത്തോളം അത്യന്തം വിപത്കരമായ ഒരു കാലഘട്ടത്തിലാണ് ജോസഫ് ദീവന്നാസ്യോസ് രംഗപ്രവേശനം ചെയ്തത്. മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ സ്വധർമ്മം പരിതഃസ്ഥിതികളും കഴിവും അനുസരിച്ച് അത്മാർത്ഥതയോടും, വൈദഗ്ദ്ധ്യത്തോടും വിജയകരമായും അദ്ദേഹം നിറവേറ്റി എന്നു സമ്മതിക്കണം. എന്നാൽ മുൻഗാമിയുടെ നടപടി മൂലം വന്നുകൂടിയ വിധേയത്വത്തിൽ നിന്നു പൂർണ്ണമായ മോചനം കൈവരുത്തുന്നതിന് അദ്ദേഹത്തിന് കഴിഞ്ഞില്ല. കാര്യസാദ്ധ്യത്തിന് ആ വിധേയത്വവും ഒട്ടൊക്കെ പ്രയാജനപ്പെടുത്തിക്കൊണ്ട് തന്ത്രപരമായി ഒഴു

യുന്നതിന് ചെയ്ത ശ്രമം സ്വതന്ത്രമായ ഭാവിയുടെ നാമ്പ് അടഞ്ഞു പോകാതെ - അന്തസ്സത്തയെ നഷ്ടപ്പെടുത്താതെ - പരിരക്ഷിച്ചു. രണ്ടായിരം വർഷത്തെ അസൂയാവഹവും ശ്രേഷ്ഠതരവുമായ പാരമ്പര്യമുള്ള മലങ്കരയെ വടക്കു പടിഞ്ഞാറൻ ഏഷ്യയിലുള്ള അഗതിയായ ഒരു ചെറു സഭയുടെ വിധേയയാക്കി തീർക്കുന്നതിനുള്ള ദൗർഭാഗ്യമാണ് ഗംഭീരനായ മാത്യൂസ് അത്താനാസ്യോസിനു വന്നുചേർന്നത്. അഭിമാനകരമല്ലാത്ത ആ അവസ്ഥ പാലിക്കുകയും, അതേസമയം തന്നെ തന്റെ ജനങ്ങളെ ആ നിലയിൽ നിന്ന് ഉദ്ധരിക്കുകയും ചെയ്യേണ്ട ഭാരം ജോസഫ് ദീവന്നാസ്യോസിന്റെ തലയിൽ വീണു. എന്നാൽ കൺകെട്ടുകാരെ പോലും അത്ഭുതപ്പെടുത്തുന്ന സാമർത്ഥ്യത്തോടു കൂടെ ആ ദുർഘടങ്ങളിൽ നിന്നു ഒഴിയുന്നതിന് അദ്ദേഹം മാർഗ്ഗം കണ്ടുപിടിച്ചു. ഉടൻ ചെയ്യാവുന്നതു ചെയ്തു. പിൻഗാമികൾക്കു സ്വാതന്ത്ര്യപ്രവർത്തനത്തിനു മാർഗ്ഗം തുറന്ന് ഇടുകയും ചെയ്തു.

1665-ൽ ഒന്നാം മാർതോമായുടെ സ്ഥാനം ക്രമീകരിക്കുന്നതിന് ഗ്രിഗോറിയോസ് എന്ന പരദേശി മെത്രാൻ എങ്ങിനെയൊ എത്തുന്നതുവരെ സിറിയായിലെ യാക്കോബായക്കാരുമായി മലങ്കര നസ്രാണികൾക്കു പ്രത്യേക ബന്ധം ഒന്നും ഇല്ലായിരുന്നു. എന്നാൽ പിന്നീട് മലങ്കര നസ്രാണികൾ ജൂഗുപ്സയ്ക്കു വിധേയമായ യാക്കോബായ നാമം ചുമക്കേണ്ടതായി വന്നു. സിറിയായിലെ ശേമ്യർ ഓർത്തഡോക്സുകാരായി ശോഭിക്കുകയും! ഇതിന് ഉത്തരവാദി ആരാണ്? അത് വിസ്മരിക്കാൻ പ്രയാസം തന്നെ.

ചേപ്പാട്ടു ദീവന്നാസ്യോസും മറ്റുമായുള്ള ആയോധനത്തിൽ വിജയം വരിക്കുന്നതിന് ആയിരുന്നുവത്രേ പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസ് സിറിയായിൽ പോയി അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്നു മെത്രാൻപദം പ്രാപിച്ചത്. സി.എം.എസ്. മിഷനറിമാരുടെ സ്വാധീനം ഹേതുവാലും മറ്റും സഭയുടെ പ്രാചീന വിശ്വാസാചാരങ്ങൾ നവീകരിക്കുന്നതിനു മാത്യൂസ് അത്താനാസ്യോസ് മുതിരേണ്ടിവന്നു. ആ ശ്രമം വിഫലമാക്കുന്നതിന്, അദ്ദേഹത്തെ രക്ഷിച്ചുകൊണ്ടിരുന്ന കവചം, അല്ലെങ്കിൽ അദ്ദേഹത്തെ പ്രബലനാക്കിയ ആയുധം - അന്ത്യോഖ്യൻ ബന്ധം - ചുമക്കുന്നതിന് ജോസഫ് ദീവന്നാസ്യോസ് നിർബന്ധിതനായി ഭവിച്ചു എന്ന് ഒരു ഒഴികഴിവ് ചൂണ്ടിക്കാണിക്കാം. ഒഴികഴിവൊ സമാധാനമൊ എന്തുതന്നെ ആയാലും മാത്യൂസ് അത്താനാസ്യോസിനെ തുടർന്നു ജോസഫ് ദീവന്നാസ്യോസ് കൂടെ അന്ത്യോഖ്യൻ ബാന്ധവത്തിൽ പ്രവേശിച്ചതോടുകൂടെ പതിനെട്ടിലധികം ശതാബ്ദക്കാലം മലങ്കരയ്ക്കുണ്ടായിരുന്ന ദേശീയ ഔന്നത്യത്തിനു കോട്ടം തട്ടി എന്നു സമ്മതിക്കാതെ കഴിവില്ല.

സി.എം.എസുകാരുമായുണ്ടായ സമ്പർക്കം പുലർത്തുകയും, പാശ്ചാത്യ വിദ്യാഭ്യാസരീതി അനുസരിച്ചുള്ള അഭ്യസനമൊ അറിവൊ സമ്പാദിക്കുകയും ചെയ്ത സമുദായത്തിന്റെ ഉന്നതതലത്തിലുള്ള ചിലർ നവീകരണോത്സുകരായി ഭവിച്ചിരുന്നു. മിഷനറിമാരുടെ സഹായവും സഹാനുഭൂതിയും അവർക്കു ധാരാളമായി ഉണ്ടായിരുന്നതുകൊണ്ട്, അധിരാജ പ്രതിനിധിയുടെയും, ആ മാർഗ്ഗത്തിലൂടെ സർക്കാർ അധികാരികളുടെയും സന്മനസ്സും സഹായവും അവർക്കു ലഭിക്കുമായിരുന്നു. സ്വജനങ്ങളിൽ ഉയർന്ന പടിയിൽ ഉള്ള ഒരു വിഭാഗവുമായി തുറന്നു പടവെട്ടേണ്ട ദുര്യോഗമാണ് ജോസഫ് ദീവന്നാസ്യോസിനുണ്ടായത്. പാത്രിയർക്കീസിന്റെ അധികാരം സമ്മതിച്ച് സ്ഥാനം സ്വീകരിച്ച സ്താത്തിക്കോനുമായി വന്ന മാത്യൂസ് അത്താനാസ്യോസിനു അധികാരം നൽകിക്കൊണ്ട് തിരുവിതാംകൂറിൽ പ്രസിദ്ധപ്പെടുത്തിയ രാജകീയ വിളംബരം ആറാം അദ്ധ്യായത്തിൽ ചേർത്തിട്ടുണ്ട്. "അന്ത്യോഖ്യയിൽ നിന്നും എഴുത്തു വാങ്ങിച്ചുകൊണ്ടുവന്നിരിക്കുന്ന അത്താനാസ്യോസിനാണ്" അതിൻപടി അധികാരം നൽകിയത്. അതിനു മുമ്പുണ്ടായിട്ടുള്ള വിളംബരങ്ങളിൽ ഒന്നിലും ഇല്ലാത്ത സ്ഥാനിയാണ് പാത്രിയർക്കീസ്. അദ്ദേഹം കൊടുത്ത സ്ഥാനം പിൻവലിച്ചു എന്നുള്ള വാദം കൊണ്ടു പോലും മാത്യൂസ് അത്താനാസ്യോസിനെ മാറ്റിനിർത്താൻ ജോസഫ് ദീവന്നാസ്യോസിനു സാധിച്ചില്ല. സിവിൾ കോടതി തന്നെയും ആ വിളംബരത്തെ അത്താനാസ്യോസിന്റെ പരിചയായി സ്വീകരിച്ച് ദീവന്നാസ്യോസിനെ പിൻതള്ളി. ആ ഘട്ടത്തിലാണ് പാത്രിയർക്കീസ് "വച്ചത് പാത്രിയർക്കീസിനെ വരുത്തി തിരികെ എടുപ്പിക്കണം" എന്ന് അദ്ദേഹം തീർച്ചപ്പെടുത്തിയത്. പാത്രിയർക്കാ പ്രേമിയായ ഇ. എം. ഫീലിപ്പോസ് ആ സന്ദർഭത്തെ തന്മയത്വത്തോടുകൂടി പ്രകാശിപ്പിച്ചിട്ടുള്ളത് ഒരിക്കൽക്കൂടെ ഉദ്ധരിച്ചുകൊള്ളട്ടെ: "എല്ലാ പ്രകാരത്തിലും ഭഗ്നാശനായ ദീവന്നാസ്യോസ് അഞ്ചാമൻ അവസാനകൈയായി തന്റെ പാത്രിയർക്കീസിന്റെ അടുക്കൽ സഹായം അഭ്യർത്ഥിച്ചു" (ഇ. എം. പീലിപ്പോസ്, പുറം 232). മറ്റു യാതൊരു ഗതിയുമില്ലാതെ വന്നപ്പോളാണ് പാത്രിയർക്കീസിനെ സമീപിച്ചതെന്നു ദീവന്നാസ്യോസിന്റെ പ്രൈവറ്റ് സെക്രട്ടറിയും, പാത്രിയർക്കീസിനു മലങ്കരസഭമേൽ പരമാധികാരം ഉണ്ടെന്നു വാദിക്കുകയും, വേണമെന്ന് ആഗ്രഹിക്കുകയും ചെയ്തിരുന്ന ആളും ആയ ഇ. എം. ഫീലിപ്പോസ് തന്നെ രേഖപ്പെടുത്തിയിട്ടുള്ളതു മെത്രാപ്പോലീത്തായുടെ കുറ്റത്തിന്റെ ഗൗരവം കുറയ്ക്കുന്നുണ്ട്. എന്നാലും എന്തെല്ലാം വൈതരണികളിലാണ് അത് നമ്മെ ചാടിച്ചത്? ഇനി ചാടിക്കുകയില്ലെന്നു സമീപഭൂതകാലത്തു നടന്ന സംഭവങ്ങളെ ആശ്രയിച്ചു ആശിക്കാമൊ?

മുളന്തുരുത്തി സുന്നഹദോസ്, പത്രോസ് തൃതീയന്റെ സമ്മതത്തോടുകൂടെ അവിടെവെച്ചു എഴുതി പാസ്സാക്കിയ കാനോനാകളും, ജോസഫ്

ദീവന്നാസ്യോസിന്റെ കാര്യസാരതന്ത്രജ്ഞതയ്ക്ക് എന്നും സാക്ഷിയായി പരിലസിക്കുമെന്നുള്ളതിൽ സംശയമില്ല. പത്രോസ് "വന്നു, കണ്ടു, പിടിച്ചക്കി" എന്ന വിശ്വാസത്തിലാണ് ആറു പുതിയ മെത്രാന്മാരെ വാഴിച്ച് മലങ്കരയെ ഏഴായി വിഭജിച്ച് അബലയാക്കി മടങ്ങിയത്. എന്നിട്ട് എന്തുപറ്റി. എന്തുകിട്ടി? ആ ചോദ്യത്തിന് ശരിയായ ഉത്തരം കിട്ടണമെന്നാഗ്രഹിക്കുന്നവർ ഈ അദ്ധ്യായത്തിൽ തന്നെ "ദീവന്നാസ്യോസിനു കിട്ടിയ സമ്മാനം" എന്ന തലക്കെട്ടിൽ ചേർത്തിട്ടുള്ള വട്ടിപ്പണക്കേസിലെ ജെ. എൻ. അക്ക പ്രമാണം ശരിക്കു മനസ്സിരുത്തി വായിക്കണം.

ജോസഫ് ദീവന്നാസ്യോസ് ചാണക്യനെ പോലും വെല്ലാൻ കഴിവുള്ള നയകോവിദനായ ഒരു തന്ത്രശാലിയായിരുന്നു. നയത്തിന്റെയൊ തന്ത്രത്തിന്റെയൊ മാറ്റു വർദ്ധിച്ചുപോയതു കൊണ്ടായിരിക്കുമോ, ആരോടും അഹിതമായി ഒന്നും പറയാൻ കഴിവില്ലാതെ വന്നത്? അത് എങ്ങിനെ ആയാലും സാമ്പത്തികമേഖലയിലും, രാഷ്ട്രീയ മേഖലയിലും സമുദായത്തിനും സഭയ്ക്കും അദ്ദേഹത്തിന്റെ ഭരണകാലത്ത് ഉന്നമനം ഉണ്ടായി എന്നതിൽ സംശയമില്ല. നയജ്ഞനായ ദീവന്നാസ്യോസിന് ആക്രമണത്തോടു പ്രകൃതാ ഉണ്ടായിരുന്ന വൈമുഖ്യം ഹേതുവാലായിരിക്കാം, അദ്ദേഹം ഒരു ഭീരു ആയി കാണപ്പെടാറുണ്ടായിരുന്നു. മറ്റ് യാതൊരു ഗതിയുമില്ലാതെ വന്നപ്പോഴാണ് അന്ത്യോഖ്യയുമായുള്ള ബാന്ധവത്തിനും തുനിഞ്ഞതെന്നു കണ്ടല്ലൊ. ഏതുതരത്തിൽ എങ്കിലുമുള്ള ഒരു "അർദ്ധ ഉപേക്ഷണചീട്ട്" എങ്കിലും എഴുതി ആ ബാന്ധവം അവസാനിപ്പിക്കുന്നതിന് അദ്ദേഹം ആഗ്രഹിച്ചു. പിണങ്ങി പിരിയാനല്ല എത്രയും കുറച്ചു ശല്യം അവരിൽ നിന്നുണ്ടാകത്തക്കവിധം കഴിയുന്നത്ര അകലത്തിൽ എന്നാൽ ബന്ധുവായി തന്നെ, നിർത്താനാണ് ശ്രമിച്ചത്. സെമിനാരി കേസിൽ ജില്ലാക്കോടതി ജഡ്ജുമെന്റിലും ഹൈക്കോടതി ജഡ്ജുമെന്റിലും അന്ത്യോഖ്യാ പാത്രിയർക്കീസിനു മലങ്കരസഭമേൽ അധികാരമുണ്ടെന്നാണ് പറഞ്ഞിരുന്നത്. റോയൽകോർട്ട് വിധിയിൽ പാത്രിയർക്കീസിന് മലങ്കരസഭമേൽ ലൗകികാധികാരം ഇല്ലെന്നും, അക്കാര്യത്തിൽ മലങ്കര ഒരു സ്വതന്ത്ര സഭയാണെന്നും വ്യക്തമായി തന്നെ പ്രഖ്യാപനം ചെയ്തിട്ടുണ്ട്.

"അന്ത്യോഖ്യാ സിംഹാസനത്തിൽ നിന്നു മലങ്കരമേൽ തുടർച്ചയായി ആത്മീയാധികാരം എങ്കിലും നടത്തിവന്നു എന്നു സ്ഥാപിക്കുന്ന കാര്യം സാദ്ധ്യമല്ലായിരുന്നു" എന്ന് ഓംസ്ബിയുടെ ജഡ്ജുമെന്റിൽ ചാരിനിന്നു കൊണ്ട്, ജോസഫ് ദീവന്നാസ്യോസിന്റെ വ്യവഹാര കാര്യസ്ഥൻ ഇ. എം. പീലിപ്പോസ് തന്നെ സമ്മതിക്കുന്നുണ്ട് (മലങ്കരയുടെ രഹസ്യപേടകം പുറം 50). അന്ത്യോഖ്യായ്ക്കു കുറെ ആത്മീയാധികാരം വകവച്ചു കൊടുക്കാത്തപക്ഷം പഴയസെമിനാരി തോമസ് അത്താനാസ്യോസിൽ നിന്ന്

വിടുർത്തി ഭാഗ്യശാലിയായ ജോസഫ് ദീവന്നാസ്യോസിനു കിട്ടാൻ പറ്റാതെ വരുമായിരുന്നു. വ്യവഹാരം നല്ലൊരു ചൂതുകളിയാണെന്ന് ഇതിനു മുമ്പ് പ്രസ്താവിച്ചിട്ടുണ്ടല്ലോ. സമുദായകേസുകളിൽ ഇത് പ്രത്യേകിച്ചു ശരിയാണെന്നു ചിലപ്പോൾ കണ്ടിട്ടുള്ളതാണ്. പ്രതീക്ഷയ്ക്കു വിരുദ്ധമായി വിധിയുണ്ടാകുമ്പോൾ മറുകക്ഷി കൈക്കൂലി കൊടുക്കുകയൊ ശുപാർശകൊണ്ടു വിധികർത്താവിനെ പിടിക്കുകയൊ ചെയ്തു എന്നു പറയുകയും സാധാരണമാണ്. ഇതു പലപ്പോഴും വെറും കള്ള പ്രസ്താവനയാണെന്ന്, ഒരു സമുദായക്കേസിൽ കൈക്കൂലി കൊടുത്തു എന്ന കഥാലേശമില്ലാത്ത ആരോപണത്തിനു ഒരിക്കൽ പാത്രമായതുകൊണ്ട് സ്വന്തനിലയിൽ അനുഭവിച്ചു തന്നെ അറിവാൻ ചരിത്രകാരനും കഴിഞ്ഞു. അതു എന്തുമാവട്ടെ, വ്യവഹാരഫലം – അന്ത്യഫലം – അപ്രതീക്ഷിതമായി ഭവിക്കാം എന്ന് സമുദായസംബന്ധമായ പല വ്യവഹാരങ്ങളും ശരിക്കും തെളിയിച്ചിട്ടുണ്ട്.

ഭാഗ്യവാനായ ജോസഫ് ദീവന്നാസ്യോസ് അതിയായി ആഗ്രഹിച്ച വിധം, പാത്രിയർക്കീസിനെ ലൗകികാധികാരത്തിൽ നിന്നു ഒഴിച്ചു മാറ്റിയും അദ്ദേഹത്തിന്റെ ആത്മീയാധികാരത്തെ തന്നെ നിയന്ത്രിച്ചും റോയൽകോടതി വിധികല്പിച്ചു. പിന്നീട് നടന്ന വമ്പിച്ച വ്യവഹാരങ്ങളിൽ എല്ലാം അദ്ദേഹം വിജയം വരിച്ചു. എങ്കിലും അറബിക്കഥകളിൽ പറഞ്ഞിട്ടുള്ളവിധം അദ്ദേഹവും കൂടി വിളിച്ചു വരുത്തിയ ഭൂതം ദീവന്നാസ്യോസിന് എന്നും എപ്പോഴും പേടിസ്വപ്നമായി തന്നെ അനുഭവപ്പെട്ടിരുന്നു. സിറിയക്കാരെ പൂർണ്ണമായി തൃപ്തിപ്പെടുത്തുക അസാദ്ധ്യം തന്നെ ആണെന്നു അറിയാമായിരുന്നതുകൊണ്ടായിരിക്കാം അതിനു ശ്രമിക്കാതെ ചക്കരവാക്കുകൊണ്ട് തൃപ്തിപ്പെടുത്താൻ ശ്രമിച്ചത്. ഈ നയത്തിന്റെ പ്രതിഛായയൊ ലഘുചിത്രമൊ പത്രോസ് തൃതീയന്റെ സന്ദേശത്തിൽ, (ജെ. എൻ. അക്കം) കാണാം. തന്ത്രം കൊണ്ട് കാര്യം കാണാൻ ആത്മീയാധികാരിയായ മഹാചാര്യൻ ജോസഫ് ദീവന്നാസ്യോസ് ശ്രമിച്ചതു ദിവ്യശക്തിക്കു തൃപ്തിയാകാഞ്ഞതു കൊണ്ടായിരിക്കുമൊ അദ്ദേഹം എന്നും തന്നെ ഭയപ്പെട്ടു കഴിയട്ടെ എന്നു വിധിച്ചത്? തൻകാര്യം “അടിയിൽ” ഇല്ലാത്തതിനാൽ ഭയപ്പെട്ടാൽ മതി എന്നും സിറിയക്കാരുടെ ശല്യത്തിൽ നിന്നു ഒഴിവു കിട്ടുന്നതിനായി – എപ്പോഴാണ് അവരുടെ മുടക്ക് എന്ന ബോംബ് വരുന്നതെന്നു നിശ്ചയമില്ലാതിരുന്നതുകൊണ്ട് – സിറിയായിൽ നിന്നു വരുന്ന കത്തുകൾ ഒന്നും ജോസഫ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ പൊട്ടിച്ചുകൂടാ എന്നൊരു നിശ്ചയം മാനേജിംഗ് കമ്മറ്റിയെ കൊണ്ട് ചെയ്യിക്കുകയുണ്ടായി. “മുടക്കു” വന്നാലും അക്കഥ വിധിക്കപ്പെടുന്നവനും അനുയായികളും മറ്റും അറിയാതിരുന്നാൽ പിന്നെ കുഴപ്പമില്ലല്ലൊ!

മലങ്കരസഭ ഭരിക്കാൻ ഓരോ സമയത്തും ആവശ്യമുള്ള കഴിവുകൾ ഉള്ളവരെ നിയതി നിയോഗിച്ചുകൊണ്ടിരുന്നു എന്ന് പിമ്പോട്ടു നോക്കിയാൽ ബോദ്ധ്യമാവണം എന്നു മുമ്പ് പ്രസ്താവിച്ചിട്ടുണ്ട്. അന്നത്തെ പരിതഃസ്ഥിതികളിൽ ആക്രമണത്തിനൊ നിരോധനത്തിനൊ രണ്ടിനുമൊ വൈദഗ്ദ്ധ്യമുള്ള ഒരാളേക്കാൾ ആവശ്യം വശ്യവചസ്സായ, പുഞ്ചിരി കൊണ്ട് വിജയിക്കാൻ കഴിവുള്ള കോമളകളേബരനായ ഒരു തന്ത്രജ്ഞ നാണെന്നു കണ്ട് നിയതി തെരഞ്ഞെടുത്തു അയച്ചവനായിരുന്നു പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ്. അദ്ദേഹം അത്തരത്തിൽ വിജയിക്കുകയും ചെയ്തു.

## വേർപിരിവ്, പുരോഗതി

ജോസഫ് ദീവന്നാസ്യോസിന്റെ കാലത്തിനു മുമ്പു തന്നെ കുറെ നസ്രാണികൾ സി.എം.എസിൽ ചേർന്നു. എങ്കിലും അവരുടെ വേർപാട് പൂർത്തിയായതു അദ്ദേഹത്തിന്റെ കാലത്താണെന്നാണ് വയ്ക്കേണ്ടത്. സഭയിലെ വിശ്വാസാചാരങ്ങൾ നവീകരിക്കണമെന്നു വാദിക്കുകയും അതിനായി ശ്രമിക്കുകയും പിന്നീടൊരിക്കൽ “മാർത്തോമ്മാ” നാമം സ്വീകരിക്കുകയും ചെയ്തവർ സഭയിൽ നിന്നു പൂർണ്ണമായി വേർപെട്ടു പോയത് സെമിനാരി കേസ് റോയൽ കോർട്ടിൽ വിധിച്ച 1064 കുംഭത്തിനു ശേഷമാണ്. മിഷനറിമാരുമായി സമ്പർക്കം പുലർത്തുകയും വിദ്യാഭ്യാസത്തിൽ പുരോഗതി സമ്പാദിക്കുകയും ചെയ്ത നസ്രാണികളിൽ ഓരോ വിഭാഗം ഈ രണ്ടു വേർപിരിവു മൂലം മാതൃസംഘത്തിൽ നിന്ന് ഒഴിഞ്ഞുപോയി. മൂന്നാമതൊരു കൂട്ടം “യൂ.യോ.മ.യം” എന്ന പേരു സ്വീകരിക്കുകയും “അഞ്ചര” എന്ന പേരിൽ അറിയപ്പെടുകയും ചെയ്ത മതത്തിലേയ്ക്കു ഒഴുകുകയുണ്ടായി. ക്രിസ്തുമതം സ്വീകരിക്കുകയും സി.എം.എസിൽ വൈദികപദവിയിൽ എത്തുകയും ചെയ്ത യൂസ്തൂസ് ജോസഫ് ആയിരുന്നു “അഞ്ചര” മതത്തിന്റെ സ്ഥാപകൻ. കർത്താവിന്റെ രണ്ടാമത്തെ വരവിനു കാലമായി. ഇനി അഞ്ചരവർഷം മാത്രമേയുള്ളൂ എന്ന് 1050-ൽ ഈ ദേഹം പ്രഖ്യാപനം ചെയ്തു. നസ്രാണി സ്ത്രീകൾ തമിഴരുടെ തരം ചേല ഉടുക്കണം. സ്വർണ്ണാഭരണം - താലിപോലും - ഉപേക്ഷിക്കണം. എല്ലാവരും മത്സ്യമാംസാദികൾ വർജ്ജിക്കണം ഇതൊക്കെ ആയിരുന്നു ആചാരാദികളിൽ വരുത്തിയ പരിഷ്ക്കാരങ്ങൾ. നസ്രാണി വർഗ്ഗത്തിൽ സാമൂഹ്യമായും സാംസ്ക്കാരികവും വിജ്ഞാനപരവും ആയും ഔന്നത്യമുള്ള പലരും “അഞ്ചര”യിൽ ചേർന്നു എന്ന് കേട്ടാൽ അതു എന്തൊരു കമ്പമായിരുന്നു എന്നു തോന്നാം. സ്ഥാനമുള്ള പല വൈദികർ പള്ളിയും കർമ്മങ്ങളും ഇട്ടെറിഞ്ഞ് പോകയുണ്ടായി. അങ്ങനെ പോയ ഒരു വൈദികൻ രണ്ടാമത്തെ വരവും ലോകാവസാനവും ഒന്നും ഉണ്ടായില്ലെന്നു കണ്ടപ്പോൾ മടങ്ങിപ്പോന്നു. പല

പള്ളികൾ - ചിലവ നവീകരണത്തിലും - സ്ഥാപിച്ചു. ഒരു 'വിശ്വാസി" യുടെ പുത്രൻ - "അഞ്ചര" മതത്തിൽ നടപ്പുണ്ടായിരുന്ന രീതിയിൽ "സ്നാനം" ഏറ്റ ഒരു യുവാവ് - പിന്നീട് മലങ്കരസഭയിൽ ഒരു മെത്രാപ്പോലീത്താ യായിത്തീരുന്നതിനും (മീഖായേൽ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ) ഇടയായി. വിദ്വാൻകുട്ടി എന്നു സാധാരണ വിളിക്കപ്പെട്ടിരുന്ന യൂസ്തൂസ് ജോസഫ് നല്ല ഒരു പാട്ടുകാരനും പ്രാസംഗികനുമായിരുന്നു. അദ്ദേഹത്തിന്റെ ഉണർവ്വു പ്രസംഗങ്ങളും കേൾവിക്കാരെ കോൾമയിർ കൊള്ളിച്ച് ഇളക്കിവിടാൻ സഹായിക്കുന്ന പാട്ടുകളും പുതിയ മതത്തിനു ജനപ്രീതി ഉണ്ടാക്കി. വിദ്വാൻകുട്ടി പ്രഖ്യാപിച്ചതുപോലെ അഞ്ചരക്കൊല്ലം തികഞ്ഞപ്പോൾ "രണ്ടാമത്തെ വരവ്" ഉണ്ടായില്ല. മതത്തിന്റെ പ്രചാരം അസ്തമിക്കുക മാത്രമല്ല, അത് അതിവേഗം നാമമാത്രമായി പരിണമിക്കുകയും ചെയ്തു. ഇന്ന് കൈവിരലിൽ എണ്ണാൻ മാത്രം ആളുകൾ ഒന്നൊ രണ്ടൊ കേന്ദ്രങ്ങളിൽ ഉണ്ട്.

## ബഹുമുഖ പ്രവർത്തനങ്ങൾ

### രാഷ്ട്രീയം

കർണൽ മൺട്രോയുടെ കാലത്ത് സർക്കാർ സർവ്വീസിൽ ജഡ്ജി ഉദ്യോഗങ്ങളിൽ പോലും നസ്രാണികളെ നിയമിച്ചതും, അതിൽ ഉച്ചവർണ്ണക്കാർക്കുണ്ടായ അസുഖവും, അദ്ദേഹത്തിന്റെ വേർപാടിനെ തുടർന്ന് അവരിൽ ഭൂരിപക്ഷത്തെയും ജോലിയിൽ നിന്നു വിടുർത്തിയതും മറ്റും ഓരോ ഘട്ടത്തിൽ പ്രതിപാദിച്ചിട്ടുള്ളതാണ്.

മലങ്കര നസ്രാണികൾ ഒരു പ്രബലജാതി ആയിരുന്നു എങ്കിലും, ഉൾപ്പിരിവും കൂട്ടിൽ കുത്തലും മൂലം ഇക്കാലം ബലഹീനരായി ഭവിച്ചു. പത്രപ്രവർത്തനം, അച്ചടിശാലാ സ്ഥാപനം തുടങ്ങിയവ പുരോഗതിക്ക് ആവശ്യമാണെന്ന് കഷ്ടപ്പാടു കാരണം ക്ഷീണിച്ചുകൊണ്ടിരുന്ന കാലത്തു തന്നെ മനസ്സിലാക്കി പ്രവർത്തിച്ച്, ജോസഫ് ദീവന്നാസ്യോസ് കാലത്തിൽ കവിഞ്ഞ് പുരോഗമനോന്മുഖമായി ചിന്തിക്കുന്ന ആളാണെന്ന് തെളിയിച്ചു. കാര്യങ്ങളുടെ ഗതിയും സ്ഥിതിയും മാറിയതനുസരിച്ച് അദ്ദേഹം നടപടികളിലും വേണ്ട മാറ്റങ്ങൾ വരുത്തിക്കൊണ്ടിരുന്നു. ഒരു ഗവൺമെന്റ് ചെലവാക്കുന്ന പണം നികുതിദായകരുടേതാണ്, അങ്ങിനെ ചെലവാകുന്നതിൽ ഒരംശം ജോലി ചെയ്തു ശമ്പളമായി വാങ്ങുന്നതിന് അവർക്ക് അവകാശമുണ്ട്, ഗവൺമെന്റ് സർവ്വീസിൽ പ്രവേശം ലഭിക്കുന്നതുകൊണ്ട് നമുക്ക് ഉയർച്ചയും പുരോഗതിയും ഉണ്ടാകും. അതിനാൽ തന്റെ ജനങ്ങൾക്ക് പഴയകാലങ്ങളിലെ പോലെ ഗവൺമെന്റ് ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിന് അവസരം ഉണ്ടാക്കണം എന്നു തീർച്ചപ്പെടുത്തി ദീവന്നാസ്യോസ് അവസരം കാത്തിരിക്കുമ്പോൾ വിശാഖം നാൾ മഹാരാജാവ്

(1055–1060) സിംഹാസനാരോഹണത്തിനു ശേഷം ആദ്യമായി കോട്ടയം സന്ദർശിച്ചു. അപ്പോൾ ദീവന്നാസ്യോസിന്റെ ആളുകൾ മഹാരാജാവിന് ഒരു മംഗളപത്രം കൊടുത്തു. മഹാരാജാവ് സന്തോഷിച്ചു സ്വന്തം കൈ കൊണ്ട് ഇംഗ്ലീഷിൽ എഴുതിക്കൊടുത്ത മറുപടിയിൽ നിന്നു ചില ഭാഗ ങ്ങളുടെ സംക്ഷേപം താഴെ ചേർക്കുന്നു: "സുറിയാനി സഭയിലെ വൈദി കന്മാരും ജനങ്ങളുമെ! നിങ്ങൾ ഇപ്പോൾ നമ്മുടെ മുമ്പാകെ സമർപ്പിച്ച ഇമ്പവും പരമാർത്ഥവും ഉള്ള മംഗളപത്രത്തിൽ നമുക്കു സംതൃപ്തി ഉളവായിരിക്കുന്നു. നിങ്ങളുടെ സമുദായം പൂർവ്വീകകാലം മുതലേ ഉള്ളതും, ചരിത്രസംബന്ധമായ സാഹിത്യത്തോടു കൂടിയതുമായ ഒരു സംഘവും, തൃപ്തിയുടെയും സമാധാനത്തിന്റെയും രാജഭക്തിയുടെയും ഉത്തമ ദൃഷ്ടാന്തവും ആകുന്നു. ... നിങ്ങളുടെ സമുദായം അനുഭവിച്ചു വരുന്ന വലിയ പദവി ... കൾ യാതൊരു ഭേദവും കൂടാതെ നിങ്ങൾക്കു നിലനിർത്താമെന്ന് ഉറച്ചുകൊൾവിൻ. സർക്കാർജീവനം അതിന്റെ മിക്ക തുറകളിലും മതവിഷയം ആലോചിക്കാതെ എല്ലാവർക്കും തുറക്കപ്പെട്ടി രിക്കുന്നു. മതവിശ്വാസം ഗൗനിക്കാതെ യോഗ്യതയും ശേഷിയുമുള്ളവരെ അംഗീകരിക്കുന്നതാകുന്നു എന്നു നാം നിങ്ങളോടു ഉറപ്പു പറയുന്നു. .... രാമവർമ്മ. 1055 കർക്കടകം 31."

ഈ മറുപടിയിൽ മാപ്പിളയുടെ രാജഭക്തി എടുത്തു പറഞ്ഞത് അവർ ചുണയില്ലാത്തവരാണെന്നുള്ള സൂചനയാണെന്നു ബഹുമാന്യനായ ഒരു നസ്രാണി അഭിപ്രായപ്പെടുകയുണ്ടായി. സർക്കാർ സർവീസിൽ പ്രവേ ശവം കിട്ടുന്നതിനു നസ്രാണികൾക്കുള്ള അവകാശവും അവർക്കു രാജ്യ ത്തുള്ള ഉന്നതനിലയും രാജാവ് അംഗീകരിച്ച് പ്രഖ്യാപനം ചെയ്തു എന്നത് ഒരു മെച്ചമായി തന്നെ ഗണിക്കാമല്ലൊ. അക്കാലത്ത് രാജഭക്തി ഒരു സൽഗുണമായല്ലാതെ, പിൻകാലത്തെപ്പോലെ ഒരു ബലഹീനതയായി എണ്ണാറുണ്ടായിരുന്നില്ല. മിക്കവാറും സർവാധിപതി ആയിരുന്ന മഹാരാ ജാവിന്റെ തൃപ്തിക്കു പാത്രമായതു നിസ്സാരമായി തള്ളിക്കളയാൻ വയ്യാ ത്തതുമാണ് എന്ന് ആ മാന്യന് മറുപടി കൊടുക്കാവുന്നതാണ്. ഈ മംഗ ളപത്ര സമർപ്പണം കഴിഞ്ഞ് അഞ്ചാം വർഷത്തിൽ മഹാരാജാവ് കാലം ചെയ്തതുകൊണ്ട്, അദ്ദേഹത്തിന്റെ വാഗ്ദത്തം അനുസരിച്ചുള്ള പ്രയോ ജനം നസ്രാണിക്കു കിട്ടാതെ പോയി. അതുകൊണ്ട് ജോസഫ് ദീവന്നാ സ്യോസിന്റെ രാഷ്ട്രീയ - സാമൂഹ്യയജ്ഞം പൂർണ്ണമായി വിജയിച്ചില്ല. അക്കാലത്തു തിരുവിതാംകൂർ സർക്കാരിൽ ഉയർന്ന ഉദ്യോഗങ്ങൾ വഹി ച്ചിരുന്നതു പ്രധാനമായി പരദേശ ബ്രാഹ്മണരായിരുന്നതുകൊണ്ടും അവർക്കു സമർത്ഥന്മാരായ നാട്ടുകാരോടു അസൂയ തോന്നുക അസാ ധാരണമല്ലായിരുന്നതുകൊണ്ടും, നസ്രാണികളെയും നായന്മാരെയും ഒഴിച്ചുനിർത്താനുള്ള വിദ്യകൾ അവർ സ്വീകരിച്ചുകൊണ്ടിരുന്നു.

ആ അനീതിക്ക് എതിരായി നസ്രാണിയും നായരും നമ്പൂരിയും യോജിച്ച് പതിനായിരത്തിഇരുപത്തിഎട്ടു പേർ ഒപ്പിട്ടതും "മലയാളി മെമ്മോറിയൽ" എന്ന് പിന്നീട് പേർ വിളിക്കപ്പെട്ടതുമായ ഒരു മെമ്മോറിയൽ 1066-ൽ (ജനുവരി 1) ശ്രീമൂലം മഹാരാജാവിനു സമർപ്പിക്കുന്നതിനു ദിവാനെ ഏല്പിച്ചു. തിരുവിതാംകൂർ മഹാരാജാക്കന്മാർ മെമ്മോറിയൽ സ്വീകരിക്കുകയൊ, പ്രതിനിധി സംഘങ്ങളെ സ്വീകരിക്കുകയൊ ചെയ്യുക പതിവില്ലായിരുന്നതിനാൽ മെമ്മോറിയൻ ദിവാനു കൊടുക്കുകയാണുണ്ടായത്. ഉദ്യോഗ വിതരണത്തിലുള്ള അസമത്വം പരിഹരിച്ചു കിട്ടുന്നതിനും നിയമനിർമ്മാണത്തിൽ പൗരാവലിയേയും ഭാഗഭാക്കാക്കുന്നതിനുമാണ് മെമ്മോറിയലിൽ ആവശ്യപ്പെട്ടിരുന്നത്. കുറെ കാത്തിരുന്നിട്ടും ഫലം ഉണ്ടായില്ല. ഉദ്യോഗം കൈഅടക്കി വച്ചുകൊണ്ടിരുന്ന പരദേശി ബ്രാഹ്മണരിൽ നിന്ന് ഒരു മെമ്മോറിയൽ അധികൃതർ വാങ്ങുകയും ഉണ്ടായി. അതോടുകൂടെ നാടിന്റെ നാനാഭാഗങ്ങളിലും പൊതുയോഗങ്ങളും പ്രസംഗങ്ങളും ആയി. ഇതിൽ ദീവന്നാസ്യോസും, വറുഗീസ് മാപ്പിളയും ഭാഗഭാക്കുകളായി. അന്ന് ശൈശവാവസ്ഥയിൽ ആയിരുന്ന മലയാളമനോരമ"യെ കൊണ്ടുള്ള പ്രയോജനവും ശരിക്കുണ്ടായി. തിരുവിതാംകൂറിൽ ഇദംപ്രഥമമായി നടന്ന രാഷ്ട്രീയ പ്രക്ഷോഭണത്തെ തിരശ്ശീലയ്ക്കു ഉള്ളിൽ നിന്നുകൊണ്ടായിരുന്നെങ്കിലും നിയന്ത്രിച്ച പ്രധാനന്മാരിൽ ഒരുവൻ ദീവന്നാസ്യോസായിരുന്നു. ഈ പ്രക്ഷോഭണത്തിന്റെ ഫലമായി 1891 ജൂലൈ മാസത്തിൽ മെമ്മോറിയൽകാർക്കു അനുകൂലമായ മറുപടി ലഭിക്കുകയും, എതിർ മെമ്മോറിയൽ കൊടുത്ത പരദേശികൾ പിൻമാറുകയും ചെയ്തു. ജനകീയ ഭരണത്തിലേക്കുള്ള ആദ്യ ചുവടുവയ്പിൽ ഭാഗഭാക്കാകുന്നതിനു തക്ക ദീർഘദൃഷ്ടി ഉള്ള ആളായിരുന്നു ജോസഫ് ദീവന്നാസ്യോസ് എന്നാണല്ലൊ ഇത് തെളിയിക്കുന്നത്.

**മഹാജനസഭ**

യോജിച്ചു നിന്നു പ്രവർത്തിക്കാതെ ജീവിതസമരത്തിൽ വിജയം വരിക്കാൻ സാധിക്കുകയില്ല എന്ന് ജോസഫ് ദീവന്നാസ്യോസിനു നിശ്ചയമുണ്ടായിരുന്നു. അതിനാൽ തന്റെ അനുയായികളെ സഭേതര കാര്യങ്ങളിലും സംഘടിപ്പിക്കുന്നതിന് അദ്ദേഹം മുൻകൈ എടുത്തു പ്രവർത്തിച്ചു. ആ പ്രവർത്തനഫലങ്ങളിൽ ഒന്നായിരുന്നു "സാമൂഹ്യസമ്മേളനം" അല്ലെങ്കിൽ "മലങ്കരമഹാജനസഭ" എന്ന സംഘടന. 1085 ഇടവത്തിൽ ഇ. ജെ. ജോൺ, അബ്ദുള്ളാ പാത്രിയർക്കീസിനയച്ച ഒരു തുറന്ന കത്തിൽ മഹാജനസഭയെപ്പറ്റി പ്രതിപാദിച്ചിട്ടുള്ളതു ഈ വിധം സംഗ്രഹിക്കാം: "മലങ്കരമഹാജനസഭയുടെ ഉൽഭവചരിത്രം... സുറിയാനി സമുദായത്തിന്റെ വർത്തമാന ചരിത്രത്തിൽ സുപ്രസിദ്ധങ്ങളാണ്. സുറിയാനി സഭയിൽ മുളച്ചുവളർന്ന മതഭേദത്തോടുള്ള പോരാട്ടത്തിൽ ആയുസ്സിനെ വിനിയോ

ഗിക്കേണ്ടിവന്ന... ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ കൃത്യാന്തരബാഹുല്യം നിമിത്തം സമുദായത്തിന്റെ വിദ്യാഭ്യാസ കേന്ദ്രസ്ഥാനമായ എം. ഡി. സെമിനാരിക്കു കൂടിയും ഉണ്ടായ ഞെരുക്കത്തെയും അനേകം പള്ളികളിലെ കുഴപ്പങ്ങളെയും മറ്റു പല സമുദായ വിപത്തുകളെയും കണ്ടുകൊണ്ട് സഹിച്ചിരിക്കാൻ സമുദായസ്നേഹം അനുവദിക്കാഞ്ഞ ചില യോഗ്യന്മാർ ആലോചിച്ചു ഏകദേശം പതിനഞ്ചു വർഷം മുമ്പ് സ്ഥാപിച്ചിട്ടുള്ളതാണ് മഹാജനസഭ. വറുഗീസ് മാപ്പിള, ശങ്കരമംഗലത്തു വർക്കി, ഗീവറുഗീസ് ദീവന്നാസ്യോസ്, കൊല്ലംപറമ്പിൽ കുര്യൻ, അക്കര സി. ചെറിയാൻ ഇവരെ ഈ സഭയുടെ പ്രാരംഭകന്മാരായി ഇപ്പോൾ ഓർമ്മയിൽ വരുന്നു (വട്ടിപ്പണം ബി. ബി. അക്കം, പുറം 26).

"ഇംഗ്ലീഷ് വിദ്യാഭ്യാസം ചെയ്ത സുറിയാനിക്കാരുടെ ഒരു യോഗം 1092 മേടത്തിൽ എം.ഡി. സെമിനാരിയിൽ കൂടി സാമൂഹ്യ പരിഷ്ക്കാരത്തെ ഉദ്ദേശിച്ച് ചില പ്രസംഗങ്ങൾ നടത്തുകയും പ്രതിവർഷം ഒരു സമ്മേളനം നടത്തണമെന്ന് നിശ്ചയിക്കുകയും ചെയ്തു. ഒന്നു രണ്ടു വർഷം കഴിഞ്ഞപ്പോൾ ... ഇംഗ്ലീഷ് പഠിക്കാത്തവരുമായ.... ചേരാമെന്നു നിശ്ചയിച്ചു. അതുമുതൽ സമ്മേളനം ആണ്ടുതോറും പുഷ്ടി പ്രാപിച്ചു വന്നു..." (*മലങ്കരസഭയുടെ രഹസ്യപേടകം,* പുറം 117) എന്നാണ് ഇ. എം. ഫീലിപ്പോസ് രേഖപ്പെടുത്തിയിട്ടുള്ളത്.

## വറുഗീസു മാപ്പിള, പത്രപ്രവർത്തനം

"മലയാള മനോരമ"യുടെ സ്ഥാപകനായിരുന്ന കണ്ടത്തിൽ വറുഗീസ് മാപ്പിളയും ജോസഫ് ദീവന്നാസ്യോസും പല കാര്യങ്ങളിൽ സഹകരിച്ചു പ്രവർത്തിച്ചിരുന്നു എന്ന് ഇതിനു മുമ്പു തന്നെ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. "മലയാള മനോരമ നടത്തുന്നതിനായി വറുഗീസ് മാപ്പിള ആരംഭിച്ച കമ്പിനിയിൽ മെത്രാപ്പോലീത്താ ഓഹരിക്കാരനായിരുന്നു. മലയാള മനോരമ പത്രത്തിന്റെ ആഫീസ് ഏതാനും കാലത്തേയ്ക്കു വുഡ്ലാൻഡ്സ് ബംഗ്ലാവിൽ (ചാപ്പൽ) നടത്തി. വറുഗീസ് മാപ്പിളയുടെ താമസവും ആ ബംഗ്ലാവിലായിരുന്നു. പിന്നീടാണ് വുഡ്ലാൻഡ്സ് തോപ്പിന്റെ വേറൊരു ഭാഗത്ത് ഇന്നു കാണുന്ന "മലയാള മനോരമ" ആഫീസ് കിടക്കുന്ന സ്ഥലത്ത് ആ കെട്ടിടം ഉണ്ടാക്കി പ്രസ്സും ആഫീസ്സും അവിടെ ആക്കിയത്. വറുഗീസ് മാപ്പിള എം. ഡി. സെമിനാരി മാനേജിംഗ് കമ്മറ്റിയുടെ സെക്രട്ടറി, എം. ഡി. ഷോടതിയുടെ സെക്രട്ടറി, എം.ജി.എം. ഹൈസ്കൂളിന്റെ മാനേജർ എന്നീ നിലകളിൽ ദീവന്നാസ്യോസുമായി സഹകരിക്കുകയും 1904 ജൂലൈ മാസത്തിൽ മരണത്തിനിടയാക്കിയ രോഗത്തിന്റെ ആരംഭം വരെ ക്ലേശങ്ങൾ സഹിക്കുകയും ചെയ്തു. ദീവന്നാസ്യോസ് 1054-ൽ കൊച്ചിയിൽ നിന്നു "കേരളപതാക" എന്നൊരു പത്രം പ്രസിദ്ധപ്പെടുത്തിയ വിവരം ഇതിനു മുമ്പു രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. ജോസഫ്

ദീവന്നാസ്യോസും വറുഗീസ് മാപ്പിളയും തമ്മിലുണ്ടായിരുന്നതും, സമുദായത്തിനു പലവിധ നന്മകൾക്കും ഇടയാക്കിയതും ആയ വേഴ്ച, ഇരുവർക്കും ഉണ്ടായിരുന്ന പത്രപ്രവർത്തന കമ്പത്തിൽ നിന്നു ഉൽഭൂതമായതാവാം. ഈവിധം ബഹുമുഖങ്ങളായ പ്രവർത്തനങ്ങൾ നടത്തിയ മറ്റൊരു മെത്രാൻ നസ്രാണികൾക്ക് ഇതേവരെ ഉണ്ടായിട്ടില്ല. ഇനി ഉണ്ടാകുമെന്നും തോന്നുന്നില്ല.

# പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ്

## (എം. ഡി. സെമിനാരി സ്ഥാപകൻ)

**ഫാ. പി. എം. ജോസ്**
**പുലിക്കോട്ടിൽ**

---

(ഓർത്തഡോക്സ് ചർച്ച് ബുക്ക് ഹൗസ്, കോട്ടയം
1985–ൽ പ്രസിദ്ധീകരിച്ചതാണ് ഈ ഗ്രന്ഥം.)

# അവതാരിക

1865 മുതൽ 1909 വരെയുള്ള കാലഘട്ടത്തിൽ മലങ്കരനസ്രാണികളുടെ അനിഷേധ്യ നേതാവായിരുന്നുകൊണ്ട് നീറുന്ന പ്രശ്നങ്ങളിലും വിശ്വാസവിപരീതത്തിന്റെ നീരാളിപ്പിടുത്തത്തിലും കിടന്നു നട്ടംതിരിഞ്ഞു കൊണ്ടിരുന്ന ആ സമൂഹത്തെ അഥവാ മലങ്കരസഭയെ നയിച്ച മോശയ്ക്കു തുല്യനായ നേതാവായിരുന്നു പുലിക്കോട്ടിൽ തറവാട്ടിൽ ജനിച്ച രണ്ടാമത്തെ ജോസഫ് മാർ ദീവന്നാസ്യോസ്. എട്ടാം മാർത്തോമ്മായുടെ കാലശേഷം മലങ്കരസഭയ്ക്കു ശരിയായ നേതൃത്വത്തിന് ആരും ഇല്ലാതിരുന്ന സാഹചര്യത്തിൽ മലങ്കരസഭയുടെ സാരഥ്യം ഏറ്റെടുക്കുകയും സഭയ്ക്ക് ഇന്നും അഭിമാനിക്കുവാൻ ഉതകുമാറ് പ്രശസ്തിയാർജ്ജിച്ചിരിക്കുന്ന വൈദികസെമിനാരിക്ക് അഥവാ പഴയസെമിനാരിക്കു തുടക്കം കുറിക്കുകയും ചെയ്ത പരിശുദ്ധനായ ജോസഫ് മാർ ദീവന്നാസ്യോസായിരുന്നു പുലിക്കോട്ടിൽ തറവാട്ടിൽ നിന്നുള്ള ആദ്യത്തെ മെത്രാപ്പോലീത്താ. പകലോമറ്റം തറവാട് ഒഴിച്ചാൽ ഒരു കുടുംബത്തിൽ നിന്നു തന്നെ രണ്ടു മെത്രാപ്പോലീത്തന്മാരെ മലങ്കരസഭയ്ക്കു പ്രദാനം ചെയ്യുവാൻ അധികം കുടുംബങ്ങൾക്കു സാധിച്ചിട്ടില്ല. അതും പകലോമറ്റം തറവാടിന്റെ തന്നെ മറ്റൊരു ശാഖയിൽ പിറന്ന പുണ്യപുരുഷന്മാർ തന്നെ. അവർ രണ്ടുപേരും മലങ്കരസഭാചരിത്രത്തിനു രണ്ടു നാഴികക്കല്ലുകളാണ്. അവരുടെ നേട്ടങ്ങൾ മലങ്കരസഭയ്ക്കു നിത്യസ്മാരകങ്ങളാണ്.

സദുദ്ദേശത്തോടുകൂടി നാം കൂട്ടുപിടിച്ച സി.എം.എസ്സ്. മിഷനറിമാർ മലങ്കരസഭയെ അവരുടെ പൂണിയിൽ ഒതുക്കാൻ ശ്രമിച്ചപ്പോൾ അരയും തലയും മുറുക്കി അതിനെ സുധീരം നേരിടുകയും മലങ്കരസഭയ്ക്ക് അവരിൽനിന്നു സ്വാതന്ത്ര്യം നേടിക്കൊടുക്കുകയും ചെയ്തത് ചേപ്പാട്ടു മാർ ദീവന്നാസ്യോസ് തിരുമേനിയായിരുന്നു. എങ്കിലും സി.എം.എസ്സ്. മിഷനറിമാരുടെ ആളായി പ്രവർത്തിച്ച മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായിൽനിന്നും നവീകരണ സിദ്ധാന്തങ്ങളിൽ നിന്നും മലങ്കരസഭയെ രക്ഷിക്കാൻ ദൈവംതമ്പുരാൻ വിളിച്ചാക്കിയത് ചേപ്പാട്ടു മാർ ദീവന്നാസ്യോസിന്റെ പിൻഗാമിയായവനും പുലിക്കോട്ടിൽ തറവാട്ടിലെ തന്നെ മറ്റൊരു ജോസഫ് മാർ ദീവന്നാസ്യോസിനെയാണ്. അതായതു ദീവന്നാസ്യോസ് അഞ്ചാമൻ.

ചെറുപ്പം മുതലേ ദൈവഭക്തിയിലും ജീവിതനിഷ്ഠയിലും വളർത്തപ്പെട്ട അദ്ദേഹം ആജീവനാന്തം ആ ശീലം തുടർന്നുകൊണ്ടുപോയി. അതീവബുദ്ധിമാനും ദീർഘദൃഷ്ടിയുള്ളവനും നയചതുരനും സംഘാടക വൈദഗ്ദ്ധ്യമുള്ളയാളും ആയിരുന്നു ആ വന്ദ്യപിതാവ്. വളരെ ശക്തനും ബുദ്ധിമാനും പോരെങ്കിൽ അന്നത്തെ ഭരണാധികാരികളായി

രുന്ന ഇംഗ്ലീഷുകാരുടെ ഉറ്റമിത്രവുമായിരുന്ന മാർ മാത്യൂസ് അത്താനാസ്യോസ് മെത്രാപ്പോലീത്തായോടു സധീരം എതിർത്തു നിൽക്കാൻ സാമാന്യക്കാരെക്കൊണ്ടു സാദ്ധ്യമായിരുന്നില്ല. അവിടവിടങ്ങളിലായി ചുരുക്കം ചില ആൾക്കാരുടെ സഹായവും സ്വാധീനവും അല്ലാതെ മറ്റൊന്നും കൈമുതലായി ഇല്ലാതിരുന്ന തിരുമേനി ദൈവാശ്രയം കൊണ്ടും പ്രാർത്ഥനകൊണ്ടും നയചതുരതകൊണ്ടും പെരുമാറ്റ വിശേഷംകൊണ്ടും സ്നേഹംകൊണ്ടും മലങ്കരസഭയെ ഒരു ചരടിൽ കോർത്തിണക്കിക്കൊണ്ട് നവീകരണ സിദ്ധാന്തങ്ങളുടെ ചുഴിയിൽ നിന്നു കരേറി.

മുമ്പൊരിക്കലും ഇല്ലാതിരുന്ന ഒരു നടപടിക്രമമായിരുന്നു അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്നും പട്ടം ഏറ്റ് സ്ഥാത്തിക്കോൻ വാങ്ങി മലങ്കരസഭ ഭരിക്കുക എന്നുള്ളത്. അതിനു വിപരീതമായിട്ടായിരുന്നു മാർ മാത്യൂസ് അത്താനാസ്യോസ് മെത്രാപ്പോലീത്താ ശീമയിൽ പോയി മെത്രാനായതും പാത്രിയർക്കീസിന്റെ സ്ഥാത്തിക്കോൻ വാങ്ങിയതും, അതിന്റെ വെളിച്ചത്തിലും ബലത്തിലും മലങ്കരസഭാ ഭരണത്തിനുള്ള തീട്ടൂരം തിരുവിതാകൂർ, കൊച്ചി രാജാക്കന്മാരിൽ നിന്നും നേടിയെടുത്തതും. ഈ സംഭവം അന്ത്യോഖ്യൻ അധീശത്വം മലങ്കരയിലേക്കു ക്ഷണിച്ചുവരുത്തുകയായിരുന്നു. ഈ അവസരം തക്കത്തിൽ ഉപയോഗിച്ചു മലങ്കരയുടെ മേൽ മേൽക്കോയ്മ ഉറപ്പിക്കുവാൻ തക്കംപാർത്തിരുന്ന അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ഉദ്ദേശ്യം ശരിക്കും മനസ്സിലാക്കിക്കൊണ്ടും പാത്രിയർക്കീസിനെക്കൊണ്ടു തന്നെ വച്ച വിഷം എടുപ്പിക്കണമെന്നും ബുദ്ധിമാനായ തിരുമേനി നിശ്ചയിച്ചു. അതേസമയം പാത്രിയർക്കീസിന്റെ പിടിച്ചടക്കൽ പരിപാടിയെ വിഫലമാക്കാനുള്ള കരുക്കൾ തയ്യാറാക്കുകയും ചെയ്തു. ഇതിന്റെ ഫലമായാണ് റോയൽക്കോടതി വിധിയിൽ മലങ്കരസഭ "എല്ലാകാര്യങ്ങളിലും സ്വതന്ത്രമാണെന്നും മലങ്കരസഭയുടെ വൈദികവും ആത്മികവും ലൗകികവുമായ അധികാരം ഇന്നാട്ടുകാരനായ മലങ്കര മെത്രാപ്പോലീത്തായിൽ നിക്ഷിപ്തമായിരിക്കുന്നു" എന്നും വിധി സമ്പാദിച്ചത്. തൽഫലമായി നവീകരണ സിദ്ധാന്തങ്ങളിൽ നിന്നും സഭയെ രക്ഷിക്കുക മാത്രമല്ല വൈദേശിക മേധാവിത്വത്തിന്റെ കരാളഹസ്തങ്ങളിൽ നിന്നും മലങ്കരസഭ ഭാഗികമായിട്ടെങ്കിലും വിമുക്തമായി. വിഭജിച്ച് ഭരിക്കുക എന്നുള്ള പടിഞ്ഞാറൻ തത്വസംഹിത മലങ്കരസഭയിൽ പ്രായോഗികമാക്കുവാൻ ശ്രമിച്ച പാത്രിയർക്കീസിന് ഏറ്റ ഒരു വലിയ അടിയായിരുന്നു അത്. അതിൽ കുപിതനായ പാത്രിയർക്കീസ് അവരുടെ സ്വാഭാവികമായ ഖഡ്ഗപ്രയോഗം നടത്തിയെങ്കിലും ഫലശൂന്യമായിപ്പോയി. അങ്ങനെ മലങ്കരസഭയെ താല്ക്കാലികമായിട്ടെങ്കിലും ഒരു ഉറച്ച പാറയിന്മേൽ നിറുത്തുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. അദ്ദേഹത്തിന്റെ കാലശേഷം ഇന്നേയോളം മലങ്കരസഭയിൽ

കോളിളക്കങ്ങളും വിദേശീയ കൈയേറ്റങ്ങളും ഒക്കെ ഉണ്ടായിട്ടുണ്ടെങ്കിലും മലങ്കരസഭയുടെ അഖണ്ഡതയും സ്വാതന്ത്ര്യവും സത്യവിശ്വാസവും ഇന്നും അന്യൂനം തുടർന്നുപോകുന്നു എന്നുള്ളതിന് കാരണക്കാരൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് തിരുമേനിയാണ്.

ഏകനായകത്വത്തിന്റെ കീഴിൽ കഴിഞ്ഞിരുന്ന മലങ്കരസഭയ്ക്കു വ്യവസ്ഥാപിതമായ ഒരു ഭരണക്രമവും ചട്ടക്കൂടും ഉണ്ടാകുന്നതിനുള്ള സംവിധാനങ്ങളായ മലങ്കര അസ്സോസ്യേഷനും മാനേജിംഗ് കമ്മറ്റിയുമൊക്കെ ഈ വന്ദ്യപിതാവിന്റെ സംഭാവനകളാണ്. അതിന്മേലാണ് പിന്നീടുള്ള കെട്ടുപണികളെല്ലാം നടത്തിപ്പോരുന്നതും.

ആധുനികലോകത്തിൽ കാലാനുസൃതമായ വിദ്യാഭ്യാസം സഭാമക്കൾക്ക് ആവശ്യമാണെന്നുള്ള ദീർഘവീക്ഷണത്തോടുകൂടി ആരംഭിച്ച പ്രവർത്തനങ്ങളുടെ ഫലമാണ് ഇന്ന് മലങ്കരസഭയ്ക്ക് അഭിമാനസ്തംഭങ്ങളായി നിൽക്കുന്ന M.D. Seminary High School, M.G.M. High School തുടങ്ങിയ High school കളും മറ്റു U.P. യും L.P. യും സ്കൂളുകളും. സാമൂഹ്യകാര്യങ്ങളിൽ മലങ്കരനസ്രാണികൾ മതവിശ്വാസ വ്യത്യാസങ്ങൾക്കതീതമായി ഒന്നിച്ച് കഴിഞ്ഞുകൂടുകയും സാമൂഹ്യമായി പരാധീനതകളും ഉച്ചനീചത്വങ്ങളും തുടച്ചുനീക്കി ഔന്നത്യത്തിലേക്കുള്ള പടികൾ ചവിട്ടിക്കയറുവാനുള്ള പ്രേരണകൾ നൽകിയതും ഈ തിരുമേനിയുടെ പ്രവർത്തനങ്ങൾ കൊണ്ടാണ്. ജാത്യൈക്യസഭയെന്നും മറ്റുമുള്ള പേരിൽ ആരംഭിച്ചു നിവർത്തിച്ചിട്ടുള്ള സംഘടനകളുടെയെല്ലാം ശില്പി തിരുമേനിയായിരുന്നു. പല പ്രസിദ്ധീകരണങ്ങളും സഭയുടേതായി ആരംഭിച്ചു.

മലങ്കരസഭയുടെ സുവിശേഷ പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചുകൊണ്ട് സിലോൺ മിഷൻ തുടങ്ങിയ പ്രവർത്തനങ്ങൾ ആരംഭിച്ചു. യൂലിയോസ് അൽവാറീസ്, റീനിവിലാത്തി തുടങ്ങിയവർക്കു മെത്രാൻ സ്ഥാനം കൊടുത്തു. സഭയുടെ മിഷൻ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിച്ചു. അതുപോലെ നാട്ടിനുള്ളിലുള്ള ജനങ്ങളുടെ ഇടയിലുള്ള സുവിശേഷപ്രവർത്തനങ്ങളും അക്കൂട്ടത്തിൽപ്പെടുന്നതാണ്.

വ്യവഹാരങ്ങളുടെ നൂലാമാലകളിൽപെട്ടു വലയുമ്പോഴും സാമ്പത്തിക ഞെരുക്കത്തിൽപ്പെട്ടു നട്ടംതിരിയുമ്പോഴും സമൂഹത്തോടുള്ള കടപ്പാടുകളോ സമൂഹത്തിന്റെ ഉന്നതിയ്ക്കു വേണ്ടിയുള്ള പരിശ്രമങ്ങളോ ഉപേക്ഷിക്കാതെ അവയെല്ലാം ഒരേ കാലയളവിലും ഒരേ സമയത്തും നടത്തിക്കൊണ്ടു പോവുക എന്നുള്ളത് സാധാരണക്കാരനായ ഒരു വ്യക്തിയെക്കൊണ്ടു സാദ്ധ്യമല്ല. മലങ്കരസഭയ്ക്കുവേണ്ടിയുള്ള അദ്ദേഹത്തിന്റെ ത്യാഗനിർഭരമായ പ്രവർത്തനങ്ങളെ വിലയിരുത്തിക്കൊണ്ടും അവയ്ക്കെല്ലാം സഭാംഗങ്ങൾക്കുള്ള നന്ദിയും അദ്ദേഹത്തോടുള്ള അഗാധമായ

ഭക്തിയും പ്രകടിപ്പിക്കാൻ തക്കവണ്ണം അദ്ദേഹത്തിന്റെ പൗരോഹിത്യ സുവർണ്ണജൂബിലി സഭയാകമാനം ചേർന്നു കൊണ്ടാടി അദ്ദേഹത്തെ ബഹുമാനിക്കുകയുണ്ടായി. അതിന് മുമ്പും പിമ്പും അതുപോലുള്ള ഒരു ആഘോഷം മലങ്കരസഭയിൽ ഉണ്ടായിട്ടില്ല.

ഇങ്ങനെ ബഹുമുഖ വ്യക്തിപ്രഭാവനായ ഒരു നേതാവിന്റെ ജീവിത ചരിത്ര സംഭവങ്ങൾ പല ഏടുകളിലായി ചിന്നിച്ചിതറിക്കിടപ്പുണ്ട്. എന്നി രുന്നാലും അവയെ എല്ലാം തേടിപ്പിടിച്ച് ഒരു ചരടിൽ കോർത്തിണക്കി ഒരു പുസ്തകരൂപേണ പ്രസിദ്ധീകരിക്കുവാൻ ആരും ഇതേവരെ ശ്രമി ച്ചിട്ടില്ല. പരേതനായ ഇസ്സഡ്. എം. പാറേട്ട് ആയതിനായി ശ്രമിച്ച് ബൃഹ ത്തായ ഒരു ഗ്രന്ഥത്തിൽ കുറെ എഴുതിയിട്ടുണ്ട്. എന്നിരുന്നാലും സാമാ ന്യജനങ്ങൾക്ക് എത്തിപ്പെടുവാനോ വായിച്ചു മനസ്സിലാക്കത്തക്കവിധത്തി ലുള്ളതോ ആയ ചെറു ഗ്രന്ഥം ഇന്നോളം ലഭ്യമായിട്ടില്ല. ആ കുറവ് പരിഹരിക്കത്തക്കവണ്ണമാണ് ആ വന്ദ്യപിതാവിന്റെ തന്നെ കുടുംബ ത്തിലെ പിൻതലമുറക്കാരനായ പുലിക്കോട്ടിൽ ബ. ജോസ് അച്ചൻ ഈ ചെറു ഗ്രന്ഥം തയ്യാറാക്കി പൊതുജനസമക്ഷം സമർപ്പിച്ചിരിക്കുന്നത്. തിരുമേനിയുടെ ചരമ പ്ലാറ്റിനം ജൂബിലി വർഷമായ 1985-ൽ ഈ ചെറു ഗ്രന്ഥം പ്രകാശനം ചെയ്യുന്നത് തികച്ചും സംഗതമായിട്ടുണ്ട്. ബ. പുലിക്കോട്ടിൽ ജോസ് അച്ചൻ തന്നെ പഴയസെമിനാരി സ്ഥാപകനായ പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ഒരു ലഘു ചരിത്രം പ്രസിദ്ധീകരിച്ചിട്ടുണ്ട് എന്നുള്ളതും പ്രത്യേകം പ്രസ്താ വ്യമാണ്.

സരളമായ ഭാഷയിൽ വായനക്കാർക്കു മുഷിപ്പു തോന്നാത്ത രീതി യിലും ഏതൊരാൾക്കും ഹൃദയസ്പർശിയായിരിക്കുന്ന ശൈലിയിലും മട്ടിലും ഈ ഗ്രന്ഥം ചമച്ചതിന് അച്ചൻ പ്രശംസാർഹനാണ്. ബൃഹത്തായ ഒരു ഗ്രന്ഥത്തിനുള്ള വകകൾ ഇനിയും അദ്ദേഹത്തിന്റെ കാലഘട്ടത്തിലെ ചരിത്രസംഭവങ്ങളിൽ നിന്നും അടർത്തിയെടുക്കാനുണ്ട്. വളരെ കുറച്ചു മാത്രമെ ഈ ചെറുഗ്രന്ഥത്തിലുള്ളു എന്നിരുന്നാലും ഈ സംരംഭം മല ങ്കരസഭാമക്കൾക്ക് ഭാവിതലമുറ യുഗപ്രഭാവനായ ആ വന്ദ്യപിതാവിനെ സംബന്ധിച്ചുള്ള ഓർമ്മ പുതുക്കുന്നതിന് സഹായിക്കുമെന്നുള്ളതിന് സംശയമില്ല. ഗ്രന്ഥകർത്താവിന് എല്ലാ ആശംസകളും നേരുന്നു.

**ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ**

ദേവലോകം

18-6-85

# പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ്
## (മലങ്കര മെത്രാപ്പോലീത്താ)

### ആമുഖം

സഭയുടെ ഏറ്റവും വലിയ ഒരു പ്രതിസന്ധിയിൽ ധീരമായ നേതൃത്വം നൽകി സത്യവിശ്വാസം കാത്തുസംരക്ഷിച്ച ഒരു ശ്രേഷ്ഠമഹാപുരോഹിതനായിരുന്നു കാലം ചെയ്ത പുലിക്കോട്ടിൽ കുടുംബത്തിലെ രണ്ടാമത്തെ ജോസഫ് മാർ ദീവന്നാസിയോസ് (അതായതു ദീവന്നാസിയോസ് അഞ്ചാമൻ). മലങ്കരസഭയുടെ ചരിത്രത്തിൽ നവീനമായ ഒരു അദ്ധ്യായം തന്നെ അദ്ദേഹം സൃഷ്ടിച്ചു. അതികഠിനമായ പീഡനങ്ങൾ ഉണ്ടായിട്ടും പതറാതെ അവയെല്ലാം ധീരപൂർവ്വം അഭിമുഖീകരിച്ച് അദ്ദേഹം വിജയം കണ്ടെത്തി. നമ്മുടെ സഭയുടെ പുരോഗമനത്തിനായുള്ള അദ്ദേഹത്തിന്റെ അക്ഷീണപ്രവർത്തനങ്ങളുടെ നിത്യസ്മാരകങ്ങളായി പരിലസിക്കുന്നവയാണ് 1. മലങ്കരസഭയുടെ ഭരണഘടന, 2. മലങ്കരസഭയുടെ അസ്സോസിയേഷൻ, 3. എം. ഡി. സെമിനാരി, 4. പരുമല സെമിനാരി, 5. അനേകം പള്ളികൾ, 6. അനേകം സ്കൂളുകൾ തുടങ്ങിയവ. നമ്മുടെ സഭയ്ക്കു വേണ്ടി മാത്രമല്ല കേരളത്തിന്റെ പൊതുവായ സാംസ്ക്കാരിക നിലവാരം ഉയർത്തുവാനായിട്ടും രംഗത്തിറങ്ങിയ ഒരു രാഷ്ട്രീയ നേതാവും നയതന്ത്രജ്ഞനും പത്രപ്രവർത്തകനും കൂടിയായിരുന്നു അദ്ദേഹം. ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും ഉറവിടമായിരുന്ന അദ്ദേഹത്തിന്റെ ഭക്തിനിർഭരമായ പ്രാർത്ഥനാജീവിതമായിരുന്നു വേദവിപരീതികളുടെ കിരാതവാഴ്ചയിൽ നിന്നു നമ്മുടെ സഭയെ രക്ഷിച്ചത്.

### പുലിക്കോട്ടിൽ കുടുംബം

മാർത്തോമാശ്ലീഹാ എ.ഡി. 52-ൽ പാലയൂര് വെച്ച് അനേകം ബ്രാഹ്മണരെ മാമോദീസാ മുക്കിയതായി പിൽക്കാല ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മാർത്തോമാശ്ലീഹാ സ്ഥാപിച്ച പാലയൂർ പള്ളിയുടെ തൊട്ടടുത്ത് പടിഞ്ഞാറു വശത്തുള്ള പറമ്പിന് സർവ്വേ പുസ്തകത്തിൽ 'പാലയൂർ ദേശം 64-ാം നമ്പ്രിൽ സബ് ഡിവിഷ്യൻ 7-ാം നമ്പ്ര് പകലോൻ മഠം പുലിക്കോട്ട് പറമ്പ്' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പകലോൻമഠം തറവാട് പല ശാഖകളിലായി പല പേരുകളിൽ അറിയപ്പെട്ടിരുന്നു. പനംകുഴയ്ക്കൽ, പുലിക്കോട്ട്, അറയ്ക്കൽ, പള്ളപറ, കടുകരി തുടങ്ങിയവ അവയിൽ ചില ശാഖകളാകുന്നു. പകലോൻമഠം തറവാട്ടിൽ ആചാര്യകുടുംബം പുലിക്കോട്ട് ഇല്ലമായിരുന്നു. നാലു തറവാടു

കളിൽ നിന്ന് മാർത്തോമാശ്ലീഹാ പുരോഹിതന്മാരെ വാഴിച്ചിരുന്നതിൽ, പകലോൻമഠം പുലിക്കോട്ട് ഇല്ലത്തിലെ രണ്ടു യുവാക്കന്മാരെയാണ് പ്രധാന പുരോഹിതന്മാരായി വാഴിച്ചതെന്നു പാലയൂർപള്ളി ചരിത്രത്തിൽ കാണുന്നു.

പുന്നത്തൂർ രാജാവും സാമൂതിരിയും തമ്മിൽ പലപ്പോഴായി നടന്നു കൊണ്ടിരുന്ന യുദ്ധങ്ങളിൽ പാലയൂർദേശം ഒരു യുദ്ധക്കളമായി മാറി. അനേകം ക്രിസ്ത്യൻ കുടുംബങ്ങൾ പാലയൂരിൽ നിന്നും പല സ്ഥല ങ്ങളിലേക്കും മാറിതാമസിച്ചു. പകലോൻമഠം തറവാട്ടിൽ പുലിക്കോട്ടിൽ കുടുംബക്കാർ ഒഴിച്ച് മറ്റെല്ലാ കുടുംബങ്ങളും, ശങ്കരപുരി, കള്ളിയാങ്കൽ, കാളിയകാവ് എന്നീ ആചാര്യത്വ കുടുംബങ്ങളും കുറുവേലൻ കാട്ടിലേ (കുറുവിലങ്ങാട്) ക്ക് കുടിയേറി താമസിച്ചപ്പോൾ പകലോൻമഠത്തിലെ പുലിക്കോട്ട് ഇല്ലക്കാർ ചാട്ടുകുളങ്ങര എന്ന ദേശത്താണ് താമസമാക്കി യത്.

**ചാട്ടുകുളങ്ങര പള്ളി**

തൃശൂർ ജില്ലയിൽ കുന്നംകുളം പട്ടണത്തിനടുത്ത് ചാട്ടുകുളങ്ങര ദേശത്ത് അന്ന് ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു. മാർത്തോമാ ശ്ലീഹാ യാൽ സ്നാനമേല്ക്കുന്നതിനു ഭാഗ്യം ലഭിച്ചവരായിരുന്നു അവർ. ആ പ്രദേശത്തിനടുത്തുള്ള എയ്യാൽ, മറ്റം തുടങ്ങിയ സ്ഥലങ്ങളിൽ താമസ മുണ്ടായിരുന്ന യൂദന്മാരെ സന്ദർശിക്കാൻ മാർത്തോമാശ്ലീഹാ പോയ പ്പോൾ വഴിമദ്ധ്യേ കുറെ സൂര്യാരാധനക്കാർ ഒരു കുളം കുഴിക്കുന്നതു കണ്ടുവെന്നും ആ കുളത്തിൽ വെള്ളം ലഭിക്കാതെ ഭഗ്നാശയരായി നില്ക്കുന്ന അവരെ കണ്ടപ്പോൾ മാർത്തോമാശ്ലീഹാ ഒരു ചാട്ട കൊണ്ട് ആ കുളത്തിൽ അടിച്ചുവെന്നും പെട്ടെന്ന് ആ കുളം വെള്ളംകൊണ്ട് നിറ ഞ്ഞുവെന്നും *ആർത്താറ്റു പള്ളിചരിത്ര*ത്തിൽ കാണുന്നു. അനേകർ ആ കുളത്തിൽ വെച്ചു തന്നെ ശ്ലീഹായിൽ നിന്ന് സ്നാനമേല്ക്കുകയുണ്ടായി. അവരുടെ ആരാധനാ സൗകര്യത്തിനായി അവിടെ ഒരു കുരിശ് മാർ ത്തോമാശ്ലീഹാ സ്ഥാപിച്ചു. ചാട്ടകൊണ്ട് അടിച്ച് വെള്ളം ലഭിച്ച ആ കുള ത്തിന് പിന്നീട് ചാട്ടകുളം എന്നു പേരുണ്ടായി. ഏതു വേനലിലും വറ്റാതെ ഇന്നും ആ കുളം നമുക്ക് കാണാം. പിന്നീട് ചാട്ടുകുളങ്ങരെ ദേശം (ടിപ്പു വിന്റെ ആക്രമണത്തിനു ശേഷം) ആർത്താറ്റ് എന്ന പേരിൽ അറിയപ്പെ ട്ടിരുന്നു. മാർത്തോമാശ്ലീഹാ സ്ഥാപിച്ച കുരിശാണ്, ഇന്ന് നാം കാണുന്ന ആർത്താറ്റ് സെന്റ് മേരീസ് പള്ളിയായി പിന്നീട് രൂപാന്തരപ്പെട്ടത്. ടിപ്പു വിന്റെ ആക്രമണത്തിനുശേഷം പരിശുദ്ധനായ പുലിക്കോട്ടിൽ ഒന്നാ മെത്ത ജോസഫ് മാർ ദീവന്നാസിയോസ് (അതായത് ദീവന്നാസിയോസ് രണ്ടാമൻ) ഈ പള്ളി പുതുക്കിപണിയിച്ചു.

## അർക്കദിയാക്കന്മാർ

പകലോൻമഠം കുടുംബക്കാർ കുറവിലങ്ങാട്ടേക്ക് പോയതിനു ശേഷമാണ് പകലോൻമഠം, പകലോൻമറ്റം എന്ന പേരിൽ അറിയപ്പെടുന്നത്. ആ കുടുംബത്തിൽ നിന്നാണ് പാരമ്പര്യമായി അർക്കദിയാക്കന്മാരെ വാഴിച്ചുകൊണ്ടിരുന്നത്. ആത്മികവും ലൗകികവുമായ ഒരു ഭരണാധികാരിയാണ് അർക്കദിയാക്കന്മാർ എന്ന് സഭാചരിത്രത്തിൽ കാണുന്നു. പകലോൻമറ്റം തറവാടിന്റെ ഒരു ശാഖയായ പുലിക്കോട്ടു കുടുംബം ഒറ്റപ്പെട്ട് വടക്കുമാറി ചാട്ടുകുളങ്ങരെ ഒരു മൂലയിൽ ഒതുങ്ങി താമസിച്ചിരുന്നതു കൊണ്ടാകാം അന്ന് പുലിക്കോട്ടിൽ കുടുംബത്തിൽ നിന്ന് അർക്കദിയാക്കന്മാർ ഉണ്ടാകാതിരുന്നത്. പകലോമറ്റം തറവാട്ടിലെ മറ്റു കുടുംബക്കാരുടെ (പനംകുഴയ്ക്കൽ, പള്ളപറ, കടുകരി, അറായ്ക്കൽ തുടങ്ങിയവ) ഒരു സ്ഥിര അവകാശമായി അർക്കദിയാക്കൻ സ്ഥാനം ഉറപ്പിക്കപ്പെട്ടിരുന്നു. തന്മൂലം അദ്ധ്യാത്മിക ചൈതന്യവും ഭരണനൈപുണ്യവുമില്ലാത്ത മടിയന്മാരായ അർക്കദിയാക്കന്മാർ സഭയെ നയിക്കുവാനിടയായി. ഇതിനു അറുതി വരുത്തിയത് പരിശുദ്ധനായ പുലിക്കോട്ടിൽ ഒന്നാമത്തെ ജോസഫ് മാർ ദീവന്നാസിയോസായിരുന്നുവെന്ന് ചരിത്രകാരന്മാർ പറയുന്നു. പകലോമറ്റം തറവാട്ടിന് കുത്തകാവകാശമായിരുന്ന ആ ഉന്നത പദവി നഷ്ടപ്പെടുകയും അർക്കദിയാക്കൻ എന്ന സ്ഥാനപ്പേരിന് മാറ്റം വരുത്തുകയും ആ സ്ഥാനത്ത് ആദ്യമായി പുലിക്കോട്ടിൽ തറവാട്ടിൽ നിന്ന് ഒരു മെത്രാപ്പോലീത്താ അവരോധിക്കപ്പെടുകയും ചെയ്തത് അത്ഭുതകരമായിരിക്കുന്നു. പകലോമറ്റം തറവാടിന്റെ അവകാശം നഷ്ടപ്പെടുകയല്ല, ആ അവകാശം തുടരുകയത്രെ തന്മൂലം സംഭവിച്ചത്. എങ്കിലും ആ യാഥാർത്ഥ്യം ആരും അന്ന് മനസ്സിലാക്കിയില്ല. അപ്രകാരം അന്ന് മനസ്സിലാക്കാതിരുന്നതും ദൈവനിയോഗമായിരുന്നു എന്നു വേണം അനുമാനിക്കാൻ. അല്ലെങ്കിൽ പഴയ പ്രവണത വീണ്ടും തുടരുകയും കഴിവില്ലാത്തവരും ആത്മീയ ചൈതന്യമില്ലാത്തവരുമായ മേലദ്ധ്യക്ഷന്മാർ സഭയെ നയിക്കുവാൻ ഇടയാകുകയും ചെയ്യുമായിരുന്നു. പുലിക്കോട്ടിൽ ഒന്നാമത്തെ തിരുമേനിക്കുശേഷം പുന്നത്ര മാർ ദീവന്നാസിയോസും തുടർന്ന് ചേപ്പാട് മാർ ദീവന്നാസിയോസും സഭാഭരണം നടത്തി. ചേപ്പാട് മാർ ദീവന്നാസിയോസ് മലങ്കര മെത്രാപ്പോലീത്തായായിരിക്കുമ്പോഴാണ് മാത്യൂസ് മാർ അത്താനാസിയോസ് അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്ന് 1842-ൽ മെത്രാൻ സ്ഥാനമേറ്റ് മലങ്കര വന്ന് വേദവിപരീതം പഠിപ്പിക്കുകയും മലങ്കരമെത്രാപ്പോലീത്താ സ്ഥാനത്തിന് അവകാശവാദം പുറപ്പെടുവിക്കുകയും ചെയ്തത്. ഈ കാലഘട്ടത്തിൽ പുലിക്കോട്ടിൽ തറവാട്ടിലെ രണ്ടാമത്തെ മെത്രാപ്പോലീത്താ ജോസഫ് മാർ ദീവന്നാസിയോസ് (അന്ന് ഒരു പട്ടക്കാരൻ) രംഗപ്രവേശം ചെയ്യുന്നു.

## ബാല്യകാലം

പുലിക്കോട്ടിൽ ഒന്നാമത്തെ തിരുമേനി (പഴയസെമിനാരി സ്ഥാപകൻ) യുടെ സഹോദരന്റെ പുത്രൻ കുരിയൻ എന്നയാൾ പെങ്ങാമുക്ക് കുത്തൂര് ഗീവർഗ്ഗീസ് കത്തനാരുടെ സഹോദരപുത്രിയായ താണ്ടമ്മ എന്ന സ്ത്രീയെയാണ് വിവാഹം കഴിച്ചിരുന്നത്. ആ ദമ്പതികൾക്ക് 1008 വൃശ്ചികം 24-ന് ജനിച്ച പുത്രനാണ് പുലിക്കോട്ടിൽ തറവാട്ടിൽ രണ്ടാമത്തെ മെത്രാപ്പോലീത്തായായ ജോസഫ് മാർ ദീവന്നാസിയോസ്. അദ്ദേഹത്തിന്റെ ജനനം തന്നെ ഒരു അത്ഭുതമായിരുന്നു. ഒരു ആൺകുഞ്ഞിനെ ലഭിക്കുകയാണെങ്കിൽ തറവാട്ടിലെ പൂർവ്വികനായ ജോസഫ് ദീവന്നാസിയോസ് തിരുമേനിയുടെ പേര് (ഉട്ടൂപ്പ്) കുട്ടിക്ക് നൽകാമെന്ന വാഗ്ദാനത്തോടെ, നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി ആ ദമ്പതികൾക്ക് ലഭിച്ച ദൈവികദാനമായിരുന്നു ആ പൈതൽ. പിറന്നുവീണ പൈതൽ പൊട്ടിക്കരഞ്ഞു, നിലയ്ക്കാത്ത കരച്ചിൽ. സൂതികർമ്മിണിയും അമ്മായിയും മാതാവും അന്തം വിട്ടു നിന്നു. കുഞ്ഞിനെ കുളിപ്പിച്ചതിനു ശേഷം അമ്മായി കുഞ്ഞിനെ കൈകളിലേന്തി മുറിയുടെ പുറത്തുവന്ന് പിതാവിനെ കാണിച്ചപ്പോൾ ആ പൈതലിന്റെ ഇളംചുണ്ടിൽ പുഞ്ചിരി വിരിയുകയായിരുന്നു. മകന്റെ പുഞ്ചിരിതൂകുന്ന ആ മുഖം കണ്ട് പിതാവ് ആനന്ദിച്ചു. ഒരു മണിക്കൂർ മാത്രം പ്രായമുള്ള പൈതൽ, പുഞ്ചിരിക്കുക എന്നത് അസാധാരണമാണെന്ന് സൂതികർമ്മിണിയും അയല്ക്കാരും പറഞ്ഞു. “ഈ പൈതൽ എന്തായിത്തീരും” എന്ന് യോഹന്നാൻ സ്നാപകന്റെ ജനനത്തിൽ ജനം ആകാംക്ഷ പ്രകടിപ്പിച്ചതുപോലെ സുന്ദരനായ ഈ പൈതലിനെക്കുറിച്ചും അന്നത്തെ ജനം ആകാംക്ഷാഭരിതരായിരുന്നു. മാതാപിതാക്കന്മാരുടെ വാഗ്ദാനമനുസരിച്ച് മാമോദീസായിൽ ഉട്ടൂപ്പ് (ജോസഫ്) എന്ന പേര് നൽകപ്പെടുകയും ചെയ്തു.

അഞ്ചു വയസ്സ് പ്രായമായപ്പോൾ കുഞ്ഞിനെ ഒരു പള്ളിക്കൂടത്തിലയച്ച് പഠിപ്പിച്ചു. പത്തു വയസ്സു വരെ മാത്രമേ കുന്നംകുളത്തെ സാധാരണ കുടുംബക്കാർ തങ്ങളുടെ കുഞ്ഞുങ്ങൾക്ക് അന്നത്തെക്കാലത്ത് വിദ്യാഭ്യാസം നൽകാറുള്ളു. പത്തു വയസു കഴിഞ്ഞാൽ എന്തെങ്കിലും കച്ചവടത്തിൽ ചേർക്കുക എന്നതാണ് സാധാരണ പതിവ്. എന്നാൽ ഉട്ടൂപ്പുകുട്ടിയുടെ വലിയച്ചൻ യൌസേഫ് കത്തനാർക്ക് ഉട്ടൂപ്പുകുട്ടിയെ ഒരു വൈദികനാക്കണമെന്നുള്ളതായിരുന്നു അഗ്രഹം. ഉട്ടൂപ്പുകുട്ടിയുടെ മാതാപിതാക്കന്മാരും അദ്ദേഹത്തിന്റെ അഭിപ്രായത്തിന് എതിരായിരുന്നില്ല. പത്തു വയസ്സിനു ശേഷം ഉട്ടൂപ്പുകുട്ടി വലിയച്ചനോടൊന്നിച്ച് ആർത്താറ്റ് പള്ളിയിൽ താമസിച്ച് സുറിയാനി പഠിക്കാൻ ആരംഭിച്ചു. പഠിക്കുന്നതിൽ അതീവ തൽപ്പരനായിരുന്ന കുട്ടിക്ക് ഹിന്ദി ഭാഷയിൽ വേണ്ട പരിജ്ഞാനം നൽകുന്നതിലും യൌസേഫ് കത്തനാർ ശ്രദ്ധിക്കാതിരുന്നില്ല. രണ്ടു

കൊല്ലത്തെ പരിശീലനം കഴിഞ്ഞപ്പോൾ, അദ്ധ്യാപകനും വിദ്യാർത്ഥിയും തമ്മിൽ സുറിയാനിയിലും ഹിന്ദിയിലും മാത്രമായിരുന്നു സംഭാഷണം നടത്തിയിരുന്നത്.

തന്റെ ശിക്ഷണത്തിൽ സുറിയാനിയും ഹിന്ദിയും പഠിച്ചുകൊണ്ടിരുന്ന ശിഷ്യനെ സംബന്ധിച്ച് മല്പാന് തികഞ്ഞ സംതൃപ്തിയായിരുന്നു. ശിഷ്യനെ ഒരു വൈദികനാക്കണമെന്നുള്ള തന്റെ ആഗ്രഹം അന്നത്തെ മലങ്കര മെത്രാപ്പോലീത്തായായിരുന്ന ചേപ്പാട് മാർ ദീവന്നാസിയോസിനെ അദ്ദേഹം എഴുതി അറിയിച്ചു. അനുകൂലമായ മറുപടി ലഭിച്ചപ്പോൾ മല്പാനേക്കാൾ കൂടുതൽ സന്തോഷിച്ചത് ഉട്ടൂപ്പുകുട്ടിയുടെ മാതാപിതാക്കളായിരുന്നു.

ഇടവകയിൽ ഒരു വൈദികനാകണമെങ്കിൽ ഇടവക പൊതുയോഗം ആ വ്യക്തിയെ തെരഞ്ഞെടുത്ത് മെത്രാപ്പോലീത്തായോട് അപേക്ഷിക്കുക എന്നുള്ളതായിരുന്നു അന്നത്തെ രീതി (ആ സമ്പ്രദായം 1958 വരെയും കുന്നംകുളത്ത് നിലവിലുണ്ടായിരുന്നു). ആർത്താറ്റ് കുന്നംകുളം മഹാഇടവക പൊതുയോഗം ചേരുകയും ഉട്ടൂപ്പിനെ ഒരു വൈദികനാക്കുന്നതിന് മെത്രാപ്പോലീത്തായോട് അപേക്ഷിക്കുകയും ചെയ്തു. പരിശുദ്ധനായ മാർ യൽദോ ബാസ്സേലിയോസ് കാതോലിക്കാബാവാ അന്ത്യവിശ്രമം കൊള്ളുന്ന കോതമംഗലം പള്ളിയിലായിരുന്നു മലങ്കരമെത്രാപ്പോലീത്താ അന്ന് എഴുന്നള്ളി താമസിച്ചിരുന്നത്. മല്പാൻ തന്റെ ശിഷ്യനുമൊന്നിച്ച് കോതമംഗലം പള്ളിയിലെത്തി തിരുമേനിയെ സന്ദർശിച്ചു. സുന്ദരനും ആരോഗ്യദൃഢഗാത്രനും വിനയസമ്പന്നനുമായ ഉട്ടൂപ്പുകുട്ടിയെ തന്റെ അരികിൽ നിർത്തി സ്നേഹപൂർവ്വം തടവി പുഞ്ചിരിയോടെ മെത്രാപ്പോലീത്താ ചോദിച്ചു – "ശെമ്മാശനാകാൻ മോന് ഇഷ്ടമാണോ?" മലയാളത്തിലുള്ള ചോദ്യത്തിന് ആ ബാലൻ പെട്ടെന്ന് മറുപടി പറഞ്ഞു. "എനിക്ക് ഇഷ്ടമാണ്." മറുപടി സുറിയാനി ഭാഷയിലായിരുന്നു. മെത്രാപ്പോലീത്തായും ഉട്ടൂപ്പുകുട്ടിയും തമ്മിൽ പിന്നീട് നടന്ന സംസാരം സുറിയാനിഭാഷയിൽ മാത്രമായിരുന്നു. അല്പസമയത്തിനു ശേഷം മെത്രാപ്പോലീത്താ മല്പാനോടു കല്പിച്ചു: തന്റെ ശിഷ്യൻ അത്ര മോശക്കാരനല്ലല്ലോ.' മല്പാൻ പറഞ്ഞു: 'സുറിയാനി പഠിക്കാൻ ഇവൻ മിടുക്കനാണ്. ഹിന്ദുസ്ഥാനിയും ഇവൻ നന്നായി സംസാരിക്കും." മെത്രാപ്പോലീത്താ തുടർന്ന് കല്പിച്ചു. "ഇംഗ്ലീഷ് ഭാഷയും പഠിച്ചിരുന്നെങ്കിൽ നന്നായിരുന്നു. നിങ്ങളുടെ കുടുംബത്തിലുണ്ടായിരുന്ന മെത്രാപ്പോലീത്താ ഒരു പരിശുദ്ധനായിരുന്നു. അദ്ദേഹമായിരുന്നു കേരളത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് ആരംഭം കുറിച്ചത്. അദ്ദേഹത്തിന് ശേഷം പുന്നത്ര തിരുമേനിയും പിന്നീട് നാമും മലങ്കര മെത്രാപ്പോലീത്താമാരായി എങ്കിലും അദ്ദേഹം ആരംഭിച്ച ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് വേണ്ടത്ര പ്രചോദനവും

പ്രചരണവും നൽകാൻ ഞങ്ങൾക്ക് കഴിഞ്ഞില്ല." "ഇംഗ്ലീഷ് വിദ്യാഭ്യാസം നൽകാൻ കുന്നംകുളത്ത് സൗകര്യമുണ്ടായിരുന്നെങ്കിൽ നിശ്ചയമായും ഇവനെ ഞാൻ ഇംഗ്ലീഷും പഠിപ്പിക്കുമായിരുന്നു. ഇവന് പ്രായമായിട്ടി ല്ലല്ലോ, സൗകര്യമനുസരിച്ച് ഇവൻ ഇംഗ്ലീഷുഭാഷയും പഠിക്കും." മല്പാൻ സവിനയം ഉണർത്തിച്ചു.

## വൈദിക പദവിയിലേക്ക്

ഉട്ടൂപ്പുകുട്ടിയുടെ സംസാരത്തിലും പെരുമാറ്റത്തിലും ദൈവഭക്തിയിലും സംതൃപ്തനായ മലങ്കര മെത്രാപ്പോലീത്താ ചേപ്പാട് മാർ ദീവന്നാസി യോസ് ഉട്ടൂപ്പ് (യൌസേഫ്) കുട്ടിക്ക് 1021 കന്നി മാസം 23-ന് കോതമം ഗലംപള്ളിയിൽ വെച്ച് കോറൂയോസ്ഥാനം നൽകി. അതിനുശേഷം യൗസേഫ് ശെമ്മാശൻ തന്റെ വലിയപ്പനായ പുലിക്കോട്ടിൽ ജോസഫ് കത്തനാരോടൊന്നിച്ച് ആർത്താറ്റ് പള്ളിയിൽ താമസിച്ച് പഠനം തുടർന്നു.

1022 ചിങ്ങമാസത്തിൽ പാത്രിയർക്കീസിനാൽ നിയമിതനായ യൂയാക്കീം മാർ കൂറിലോസ് മലങ്കരയിൽ വന്നപ്പോൾ യൗസേഫ് ശെമ്മാ ശൻ അദ്ദേഹത്തിന്റെ സെക്രട്ടറിയായും ദ്വിഭാഷിയായും സേവനമനു ഷ്ഠിച്ചു. യൂയാക്കീം മാർ കൂറിലോസിന്റെ സഹായത്തിനായി മറ്റൊരു മെത്രാപ്പോലീത്താ മാർ സ്തേപ്പാനോസിനെയും ശിമയോൻ റമ്പാച്ച നെയും 1024-ാം ആണ്ടിൽ പാത്രിയർക്കീസ് മലങ്കരയിലേയ്ക്കു അയ യ്ക്കുകയുണ്ടായി. ശിമയോൻ റമ്പാൻ സ്ഥിരമായി ഒരു വർഷത്തോളം ആർത്താറ്റ് പള്ളിയിൽ താമസിച്ചിരുന്നു. യൌസേഫ് ശെമ്മാശൻ സുറി യാനി ഭാഷയിൽ വേദശാസ്ത്രവും തത്വശാസ്ത്രവും മറ്റും അല്പം പഠി ച്ചത് റമ്പാച്ചനിൽ നിന്നായിരുന്നു.

ഒരു പട്ടക്കാരനാകാനുള്ള യോഗ്യതകളെല്ലാം ശെമ്മാശനിൽ തെളി ഞ്ഞുകണ്ടപ്പോൾ അദ്ദേഹത്തിന്റെ വലിയപ്പൻ യൗസേഫ് കത്തനാർ ശെമ്മാശനെ പൂർണ്ണശെമ്മാശനാക്കുവാൻ ധൃതികൂട്ടി. വിവരമറിഞ്ഞ വീട്ടു കാർ ഉടനെത്തന്നെ ശെമ്മാശന്റെ വിവാഹം നടത്തുന്നതിന് ഒരുക്കങ്ങൾ തുടങ്ങി. വിവാഹം കഴിക്കുവാൻ ആഗ്രഹിക്കുന്നവർ പൂർണ്ണശെമ്മാശ നാകുന്നതിനു മുമ്പ് വിവാഹിതനായിരിക്കേണ്ടതാണ് എന്നുള്ള സഭയുടെ പാരമ്പര്യമനുസരിച്ചാണ് വീട്ടുകാർ ധൃതിവെച്ചത്. വീട്ടുകാരുടെ ഉദ്ദേശ്യം മനസ്സിലാക്കിയ ശെമ്മാശൻ അവരുടെ അഭീഷ്ടത്തിന് വഴങ്ങാൻ തയ്യാ റായിരുന്നില്ല. ശെമ്മാശന്റെ ജീവിതത്തിൽ ഏതെങ്കിലും അനുസരണ ക്കേട് അനുഭവപ്പെട്ടിട്ടുണ്ടെങ്കിൽ അത്, ഈ വിവാഹകാര്യം ഒന്നു മാത്ര മായിരുന്നെന്ന് അദ്ദേഹത്തിന്റെ കുടുംബക്കാർ പിന്നീട് പറയുകയുണ്ടാ യിട്ടുണ്ട്. ദൈവഹിതമായിരുന്നു അതെന്ന് അന്ന് അവർ അറിഞ്ഞില്ല. മാർ സ്തേപ്പാനോസ് മെത്രാനിൽ നിന്നായിരുന്നു ശെമ്മാശൻ പൂർണ്ണ ശെമ്മാശന്റെ പദവി സ്വീകരിച്ചത്.

## ആർത്താറ്റു പള്ളി പെരുന്നാൾ

ഇന്നത്തെപ്പോലെ വാഹനസൗകര്യങ്ങളോ ആവശ്യത്തിന് പള്ളികളോ ഇല്ലാതിരുന്ന അക്കാലത്ത് കുന്നംകുളത്തിന്റെ സമീപപ്രദേശങ്ങളായ എയ്യാൽ, മരത്തംകോട്, മറ്റം, പോർക്കുളം, പയ്യൂർ, കോട്ടപ്പടി തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് ഇടവകക്കാർ കാളവണ്ടിയിലോ നടന്നോ വേണം ആർത്താറ്റു പള്ളിയിലെത്താൻ. പള്ളിപ്പറമ്പിൽ രണ്ടുവശങ്ങളിലായി തൊട്ടികളിൽ വെള്ളം നിറച്ചിട്ടുണ്ടാകും. പള്ളിയിലെത്തുന്നവർ കാലും മുഖവും കഴുകി അല്പനേരം വിശ്രമിച്ചതിനു ശേഷമാണ് പള്ളിക്കക ത്തേക്ക് പ്രവേശിക്കുക. അതുകൊണ്ട് രാവിലെ പത്തുമണി കഴിഞ്ഞാണ് ഞായറാഴ്ചകളിൽ വി. കുർബാന ആരംഭിക്കുക. കുർബാന കഴിഞ്ഞാൽ എല്ലാവർക്കും കഞ്ഞി നൽകുന്നു. പെരുന്നാൾ ദിവസം ഉച്ചകഴിഞ്ഞ് 4 മണിക്ക് പ്രദിക്ഷണം കഴിഞ്ഞതിന് ശേഷം നടത്തുന്ന സദ്യയിൽ എല്ലാ വരും സംബന്ധിക്കുന്നു. അതിനുശേഷം മാത്രമേ എല്ലാവരും തിരിച്ചു പോകാറുള്ളു. പെരുന്നാൽ സദ്യ കഴിഞ്ഞ് എല്ലാവരും തിരിച്ചുപോകുന്ന തിനു മുമ്പ് പള്ളിയുടെ സമീപത്തുള്ള അമ്പലത്തിൽ നിന്നുള്ള ഉത്സവ ഘോഷയാത്ര പള്ളിനടയിൽ എത്തിയിട്ടുണ്ടാകും. ഈ അമ്പലവും പള്ളിയും തമ്മിൽ വിടർത്താനാകാത്ത ഒരു ബന്ധമുണ്ട്.

## ആർത്താറ്റു പള്ളിയും ഭദ്രകാളി ക്ഷേത്രവും

മതഭ്രാന്തനായ ടിപ്പു സുൽത്താൻ ആർത്താറ്റു പള്ളിക്കു തീ കൊളുത്തി. ഓല കൊണ്ടു മേഞ്ഞ ആ പള്ളി കത്തി നശിച്ചപ്പോൾ ആർ ത്താറ്റുപള്ളിയിൽ അന്നത്തെ വികാരിയായിരുന്ന പുലിക്കോട്ടിൽ ജോസഫ് കത്തനാർ (പഴയസെമിനാരി സ്ഥാപകൻ) പള്ളി പുതുക്കിപ്പണിയുന്ന തിന് ശ്രമമാരംഭിച്ചു. തച്ചുശാസ്ത്രത്തിൽ വിദഗ്ദ്ധനായിരുന്ന അദ്ദേഹം, സ്വയം വരച്ചുണ്ടാക്കിയ പ്ലാൻ അനുസരിച്ച് പള്ളി പണിയിക്കുവാൻ അന്ന് ഉണ്ടായിരുന്ന സ്ഥലത്തിന് പുറമെ, തൊട്ടുപുറകിലുള്ള കുറച്ചു സ്ഥലം കൂടി ആവശ്യമായിരുന്നു. ആ സ്ഥലത്തു ഹിന്ദുക്കളുടെ ഒരു ക്ഷേത്രമാ യിരുന്നു. ക്ഷേത്രത്തിന്റെ സ്ഥലം പള്ളിക്ക് വിട്ടുതരണമെന്നും പകരമായി അവർ ഇഷ്ടപ്പെടുന്ന സ്ഥലത്ത് ഇന്ന് ഉള്ളതിനേക്കാൾ കൂടുതൽ സ്ഥലം വാങ്ങിത്തരാമെന്നും അച്ചൻ പറഞ്ഞപ്പോൾ ആ ക്ഷേത്രഭാരവാഹികൾ അതിനു തയ്യാറായിരുന്നില്ല. ആ സംഭവം അച്ചനെ വളരെയധികം വിഷ മിപ്പിച്ചു. പ്രാർത്ഥനയിൽക്കൂടി മാത്രം എല്ലാം ലഭിക്കുന്നു എന്ന് ദൃഢ മായി വിശ്വസിച്ചിരുന്ന അച്ചൻ, പള്ളി പണിയുന്നതിനെ സംബന്ധിച്ച് എപ്പോഴും പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ടിപ്പു സുൽത്താൻ തീ വെച്ചതിനു ശേഷം താല്ക്കാലികമായി അവിടെ പണിത പള്ളിയിലായിരുന്നു ആരാ ധനകൾ നടത്തിക്കൊണ്ടിരുന്നത്. ഒരു ദിവസം സന്ധ്യാ നമസ്ക്കാരത്തിനു ശേഷം അച്ചൻ പള്ളിനടയിലെത്തിയപ്പോൾ വാളുമേന്തി തുള്ളിക്കൊണ്ടി

രുന്ന ഒരു വെളിച്ചപ്പാടിനെയാണ് കാണാൻ കഴിഞ്ഞത്. കാലുകളില ണിഞ്ഞ ചിലങ്കകളും കൈയിലേന്തിയ വാളും ചലിപ്പിച്ചുകൊണ്ട് വെളി ച്ചപ്പാട് പറഞ്ഞു: "തമ്പ്രാൻ കല്പിക്കുന്നിടത്തേക്ക് ഞങ്ങൾ പോകാം. ഞങ്ങളെ വേദനിപ്പിക്കരുതേ." ആ വാക്കുകൾ കേട്ടപ്പോൾ ആനന്ദാതി രേകത്താൽ അച്ചന്റെ കണ്ണുകൾ നിറഞ്ഞു. വെളിച്ചപ്പാട് വീണ്ടും പറഞ്ഞു: "അമ്മയുടെ പള്ളിപ്പെരുന്നാൾ ദിവസം തന്നെ അമ്പലത്തിലെ ഉത്സവവും. അന്ന് ഞങ്ങൾ പള്ളിനടയിൽ വന്ന് തൊഴാൻ അനുവദിക്കുകയും പള്ളി യിൽ നിന്ന് എന്തെങ്കിലും പ്രസാദം തന്ന് ഞങ്ങളെ അനുഗ്രഹിക്കുകയും വേണം." അച്ചൻ സസന്തോഷം അവരുടെ ആഗ്രഹം അംഗീകരിക്കു കയും പള്ളിയിൽനിന്ന് അധികം ദൂരത്തല്ലാതെ ഒരു സ്ഥലം അവർക്ക് വാങ്ങിക്കൊടുക്കുകയും ചെയ്തു. അച്ചൻ വാങ്ങിക്കൊടുത്ത സ്ഥല ത്തേക്ക് ഹിന്ദുക്കൾ അവരുടെ ക്ഷേത്രം മാറ്റിസ്ഥാപിക്കുകയും ചെയ്തു. എല്ലാ കൊല്ലവും പെരുന്നാൾദിവസം സദ്യയ്ക്കുശേഷം ക്ഷേത്രത്തിലെ ഉത്സവം പള്ളിനടയിലെത്തുകയും പള്ളിയിൽനിന്ന് പൂജാരിക്ക് ഒരു കൊട്ട ചോറും ഒരു പണവും കൊടുത്ത് അവരെ തിരിച്ചയക്കുകയും ചെയ്യുന്ന പതിവ് ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു (കന്നി 8-നു പെരുന്നാൾ സെപ്തംബർ 8-ന് മാറ്റിയപ്പോൾ ക്ഷേത്രത്തിലെ ഉത്സവവും സെപ്തം ബർ 8-ലേക്കു മാറ്റുകയുണ്ടായി).

പതിവുപോലെ അക്കൊല്ലവും പെരുന്നാളും ഉത്സവവും നടന്നു. അന്ന് വല്യച്ചന്റെ നിർദ്ദേശാനുസരണം യൌസേഫ് ശെമ്മാശനാണ് ചോറും പണവും വെളിച്ചപ്പാടിന് നൽകിയത്. ശെമ്മാശനെക്കണ്ട വെളിച്ചപ്പാട് ഒരു ഞെട്ടലോടെ ഉറക്കെ പറഞ്ഞു: "അമ്മേ വല്യമ്പ്രാൻ." വെളിച്ചപ്പാ ടിന്റെ അബോധാവസ്ഥയിലെ ഒരു ജല്പനം മാത്രമാണ് അതെന്നു കേട്ടു നിന്നവർ അപ്പോൾ കരുതി. പള്ളി പുതുക്കിപ്പണിത കാലം ചെയ്ത അച്ചനെ (പഴയസെമിനാരി സ്ഥാപകൻ) ശെമ്മാശനിൽ കണ്ട് ഭയപ്പെട്ടി ട്ടായിരിക്കാം വെളിച്ചപ്പാട് അപ്രകാരം പറഞ്ഞതെന്ന് കേൾവിക്കാരും അന്ന് ചിന്തിച്ചില്ല.

## കത്തനാർ പദവിയിലേക്ക്

അന്നത്തെ മലങ്കര മെത്രാപ്പോലീത്തായുടെ അനുമതിയോടെ, 1028 ചിങ്ങം 6-ന് യൂയാക്കീം മാർ കൂറിലോസിൽ നിന്ന് ചാലിശ്ശേരി പള്ളി യിൽ വച്ച് യൗസേഫ് ശെമ്മാശൻ കത്തനാർ പദവി സ്വീകരിച്ചു. കുന്നം കുളത്ത് ചിറളയം പള്ളിയിലാണ് അദ്ദേഹം പുത്തൻ കുർബാന ചൊല്ലി യത്. സുന്ദരനും ആരോഗ്യദൃഢഗാത്രനുമായ അദ്ദേഹത്തിന്റെ മുഖം ശാന്തമായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ ഓരോ വാക്കുകളും അർത്ഥ ഗാംഭീര്യമുള്ളവയും ആജ്ഞാശക്തിയുള്ളവയുമായിരുന്നു.

**മലങ്കരസഭ അന്ന്**

അദ്ദേഹം ഒരു പട്ടക്കാരനായി രംഗപ്രവേശം ചെയ്യുമ്പോൾ സഭയുടെ അന്നത്തെ സ്ഥിതി എന്തായിരുന്നുവെന് അല്പം അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ്. മലങ്കരസഭയുടെ ഉയർച്ചയും നന്മയും കരുതിയാണ് യൂറോപ്യൻ മിഷനറിമാർ കേരളത്തിൽ വരികയും പ്രവർത്തിക്കുകയും ചെയ്തുകൊണ്ടിരുന്നതെന്ന് നിഷ്കളങ്കരായ നമ്മുടെ മെത്രാപ്പോലീത്താമാർ ചിന്തിച്ചു. മിഷനറിമാർ നമ്മുടെ സഭയെ കൈവശപ്പെടുത്താൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്ന യാഥാർത്ഥ്യം നമ്മുടെ സഭ മനസ്സിലാക്കാൻ അല്പം വൈകിപ്പോയി. സംഭവങ്ങളുടെ ഏകദേശരൂപം മനസ്സിലാക്കിയ ചേപ്പാട് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ സഭയുടെ ഭാവിയെക്കുറിച്ച് ചിന്തിച്ചു. 1835–ൽ യൂറോപ്യൻ മിഷനറിമാരുടെ കൽക്കത്താ ബിഷപ്പ് റവ. വിൽസൺ കേരളത്തിൽ വന്ന് താമസമുറപ്പിച്ചിരുന്നു. മിഷനറി ബെയിലിയുടെ വസതിയിൽ വെച്ച് 1835 നവംബർ 21–ന് ബിഷപ്പ് വിൽസനും ചേപ്പാട് മാർ ദീവന്നാസിയോസും തമ്മിൽ സഭാകാര്യങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യുകയുണ്ടായി. മിഷനറിമാർ അനധികൃതമായി സുറിയാനിക്കാരുടെ പള്ളികളിൽ കയ്യേറ്റം നടത്തുന്നു എന്ന ദുഃഖസത്യം മെത്രാപ്പോലീത്താ ബിഷപ്പിനെ അറിയിച്ചു. സുറിയാനി സഭയിൽ കാലോചിതമായി ഉടൻ സ്വീകരിക്കേണ്ടതായ ചില പരിഷ്ക്കാരങ്ങളെക്കുറിച്ചായിരുന്നു ബിഷപ്പിന് മെത്രാപ്പോലീത്തായോട് പറയാനുണ്ടായിരുന്ന പ്രധാന കാര്യം. ചർച്ചാവേളയിൽ അസിസ്റ്റന്റ് റസിഡന്റ് ക്യാപ്റ്റൻ വൈറ്റും സന്നിഹിതനായിരുന്നു. മെത്രാപ്പോലീത്തായുടെയും മിഷനറിമാരുടെയും പരാതികൾ ശ്രദ്ധിച്ച ബിഷപ്പ് താഴെ പറയുന്ന ഏഴു വ്യവസ്ഥകൾ എഴുതി ഒപ്പിട്ട് ഇരുകൂട്ടരേയും ഏല്പിക്കുകയുണ്ടായി.

1. സെമിനാരിയിൽ പഠിച്ച്, സ്വഭാവത്തിനും വിജ്ഞാനത്തിനും സർട്ടിഫിക്കറ്റ് വാങ്ങിയവർക്ക് മാത്രമേ വൈദികപദവി നൽകാൻ മെത്രാപ്പോലീത്തായ്ക്ക് അധികാരമുള്ളു.

2. പള്ളികളിലെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിന് റസിഡണ്ടിന് അയച്ചുകൊടുക്കണം.

3. വൈദികർക്ക് മാന്യമായി ജീവിക്കുന്നതിന് വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തണം.

4. മരിച്ചവർക്ക് വേണ്ടി പ്രർത്ഥനകൾ നടത്തുകയും ആ വീട്ടുകാരിൽ നിന്ന് ലഭിക്കുന്ന വരുമാനം ഒരു അനിശ്ചിത വരുമാനമാകയും ചെയ്യുന്നതിനാൽ ആ നടപടി നിർത്തിവെച്ച് പകരം സ്ഥിരമായ ഒരു ഫണ്ട് രൂപീകരിക്കണം.

5. സാമ്പത്തികസ്ഥിതിയനുസരിച്ച് എല്ലാ ഇടവകകളിലും സ്കൂളുകൾ സ്ഥാപിക്കണം.

6. ഞായറാഴ്ച ദിവസം ആരാധനയിൽ മലയാളത്തിൽ സുവിശേഷം പ്രസംഗിക്കണം.

7. ദീർഘമല്ലാത്ത ഒരു തക്സാ മലയാളത്തിൽ ഉണ്ടാക്കുകയും മലയാളഭാഷയിൽ ആരാധന നടത്തുകയും വേണം.

മേലുദ്ധരിച്ച വ്യവസ്ഥകൾ ഒറ്റനോട്ടത്തിൽ എല്ലാവർക്കും സ്വീകാര്യമായി തോന്നാമെങ്കിലും അതിൽ ഒളിഞ്ഞുകിടക്കുന്ന കാപട്യം എന്തൊക്കെയാണെന്ന് സാധാരണക്കാർക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ല. വ്യവസ്ഥകൾ വായിച്ചു മനസ്സിലാക്കിയ മെത്രാപ്പോലീത്താ ആ വ്യവസ്ഥകൾ അംഗീകരിക്കാൻ തയ്യാറല്ലായിരുന്നു.

"വൈദികനാകണമെങ്കിൽ അദ്ധ്യാപകർ സർട്ടിഫിക്കറ്റ് നൽകണം. സെമിനാരിയിൽ പ്രധാന അദ്ധ്യാപകൻ സി.എം.എസ്. മിഷനറിയും. കണക്ക് ഓഡിറ്റ് ചെയ്യേണ്ടത് സി.എം.എസ്സുകാരനായ റസിഡണ്ട്. വൈദികരുടെ നന്മയെ മാത്രം ലക്ഷ്യം വെച്ചുകൊണ്ടാണെന്ന് പുറമെ തോന്നിപ്പിക്കത്തക്കവിധം മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന നിരോധിക്കുക, തക്സാ പരിഭാഷപ്പെടുത്തുമ്പോൾ മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന നീക്കം ചെയ്യുക, സ്കൂളുകളിൽ സി.എം.എസ്. മിഷനറിമാർ വേദപഠന ക്ലാസ്സെടുക്കുക" എന്നീ ദുരുദ്ദേശങ്ങളായിരുന്നു ആ വ്യവസ്ഥകളിൽ ഒളിഞ്ഞുകിടന്നിരുന്നത്. മലങ്കരസഭയിലെ ജനങ്ങളെ സാവധാനത്തിൽ സി.എം.എസ്. സഭയിൽ ചേർക്കാൻ സാധിക്കുമെന്നുള്ള ദീർഘവീക്ഷണത്തോടെയാണ് ആ വ്യവസ്ഥകൾ നല്കപ്പെട്ടത്. അന്ന് സി.എം.എസ്സുകാർ നമ്മുടെ പള്ളികളിലാണ് ആരാധന നടത്തിവന്നിരുന്നത്. സ്വന്തം സഭയെ വികസിപ്പിക്കാനല്ല പരിശ്രമിക്കുന്നതെന്നും അതുകൊണ്ട് പ്രത്യേകം പള്ളികൾ ആവശ്യമില്ലെന്നും പ്രസ്താവിച്ചിരുന്നതിന്റെ അടിസ്ഥാനത്തിലാണ് സി.എം.എസ്സുകാരെ നമ്മുടെ പള്ളികളിൽ ആരാധന നടത്തുന്നതിന് അനുവദിച്ചിരുന്നത്.

ബിഷപ്പ് നൽകിയ വ്യവസ്ഥകൾ അവഗാഢമായി പഠിച്ച ചേപ്പാട്ട് മാർ ദീവന്നാസിയോസ് പെട്ടെന്ന് ഒരു മറുപടി പറയാതെ, വൈദികരുമായി ആലോചിക്കട്ടെ എന്നു മാത്രമാണ് മറുപടി നൽകിയത്. അതിന്റെ അടിസ്ഥാനത്തിൽ 1836 ജനുവരി 16-നു മാവേലിക്കരയിൽ വെച്ച് മെത്രാപ്പോലീത്താ ഒരു യോഗം വിളിച്ചുകൂട്ടുകയും ബിഷപ് നൽകിയ വ്യവസ്ഥകളെ സംബന്ധിച്ച് ഒരു വിശദീകരണം നൽകുകയും ചെയ്തു. മാവേലിക്കര സുന്നഹദോസ് എന്ന പേരിലാണ് ആ യോഗം അറിയപ്പെടുന്നത്. സഭയിലെ എല്ലാ വൈദികരും അത്മായ പ്രതിനിധികളും തൊഴിയൂർ

മെത്രാപ്പോലീത്താ മാർ കൂറിലോസും യോഗത്തിൽ സംബന്ധിച്ചിരുന്നു. താഴെപ്പറയുന്നവയായിരുന്നു യോഗത്തിലെ പ്രധാന തീരുമാനങ്ങൾ.

1. മിഷനറിമാരുടെ കേരളത്തിലെ പ്രവർത്തനങ്ങളിൽ യോഗം നന്ദി രേഖപ്പെടുത്തുന്നു.

2. മെത്രാപ്പോലീത്താ രശീതി കൊടുത്ത് വാങ്ങുന്ന വട്ടിപ്പണത്തിന്റെ പലിശ മിഷനറിമാർ ഇഷ്ടാനുസരണം ചിലവാക്കുകയും മെത്രാപ്പോലീത്തായെ അതിന്റെ കണക്കുകൾ ബോദ്ധ്യപ്പെടുത്താതെ സെമിനാരി കാര്യങ്ങൾ അവർ ഇഷ്ടാനുസരണം നടത്തുകയും ചെയ്യുന്നതിൽ യോഗം പ്രതിഷേധിക്കുന്നു.

3. നമ്മുടെ പള്ളികളിലെ കണക്കുകൾ നമ്മുടെ മേല്പ്പട്ടക്കാർ മാത്രം പരിശോധിക്കേണ്ടതാകുന്നു.

4. സുറിയാനിക്കാരുടെ വിശ്വാസാചാരാനുഷ്ഠാനങ്ങൾക്ക് വിധേയമല്ലാത്ത യാതൊരു പഠിത്തവും സെമിനാരിയിലോ സ്കൂളുകളിലോ പഠിപ്പിക്കുന്നതിന് മിഷനറിമാർക്ക് അധികാരമില്ലാത്തതാകുന്നു.

മാവേലിക്കര സുന്നഹദോസ് തീരുമാനങ്ങൾ അറിഞ്ഞ മിഷനറിമാർ അവരുടേതായ ഒരു പള്ളി ആദ്യമായി മല്ലപ്പള്ളിയിൽ സ്ഥാപിക്കുകയുണ്ടായി. അപ്രകാരം അവർ വേർപിരിഞ്ഞപ്പോൾ, മിഷനറിമാർ നമ്മുടെ പള്ളികളിൽ പ്രവേശിക്കുകയോ പ്രസംഗിക്കുകയോ ചെയ്യരുതെന്ന് മെത്രാപ്പോലീത്താ എല്ലാ പള്ളികൾക്കും കല്പന അയയ്ക്കുകയും ചെയ്തു. അതോടെ മിഷനറിമാരുമായുള്ള സമ്പർക്കം സഭയിൽ നിന്ന് വിഛേദിക്കപ്പെട്ടു. കുപിതരായ മിഷനറിമാർ സുറിയാനി സഭയുടെ സ്വത്തുക്കളിന്മേൽ തങ്ങൾക്കുള്ള അവകാശതർക്കവുമായി രംഗത്തിറങ്ങി. ഇരുകൂട്ടരും മദ്രാസിൽ റസിഡണ്ടിന്റെ അടുക്കൽ പരാതികൾ നല്കി.

ഇരുകൂട്ടരും യോജിച്ച് ഒരു തീരുമാനത്തിലെത്താൻ സാധിക്കാത്ത പക്ഷം, മെത്രാപ്പോലീത്താ, മിഷനറിമാർ, സർക്കാർ എന്നിങ്ങനെ ഓരോരുത്തരും നിശ്ചയിക്കുന്ന മദ്ധ്യസ്ഥരുടെ തീരുമാനത്തിൽ തർക്കം പരിഹരിക്കേണ്ടതാണ് എന്നായിരുന്നു റസിഡണ്ടിന്റെ തീരുമാനം. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മെത്രാപ്പോലീത്താ, ജെ. എസ്. വെർനീഡിനേയും, സർക്കാർ ഹോഴ്സിലിയേയും, മിഷനറിമാർ ആൽബിസൈലെയും മദ്ധ്യസ്ഥരായി നിയോഗിച്ചു.

താഴെപറയുന്നവിധം സ്വത്തുക്കൾ വിഭജിച്ച് മെത്രാപ്പോലീത്തായും മിഷനറിമാരും തമ്മിലുള്ള ബന്ധം വിടർത്തണമെന്നായിരുന്നു മദ്ധ്യസ്ഥ തീരുമാനം. ഈ തീരുമാനം കൊച്ചിൻ അവാർഡ് എന്ന പേരിലറിയപ്പെടുന്നു (1840).

"വട്ടിപ്പണവും പലിശയും തിരുവല്ലായിലെ പള്ളി നശിപ്പിച്ചതിൽ നഷ്ട പരിഹാരമായി ലഭിച്ച 8000 രൂപ 1818-ൽ മഹാറാണി സംഭാവന ചെയ്ത 20,000 രൂപ, യൂറോപ്യന്മാരിൽ നിന്ന് ലഭിച്ച 14035 രൂ 1 അണ 6 സ, കടമറ്റം വസ്തുവും പണവും പലിശയും, സെമിനാരി, സെമിനാരിപറമ്പ് എന്നിവ മെത്രാപ്പോലീത്തായ്ക്കും മൺട്രോതുരുത്ത് പലവകകളിലായി അമ്പതിനായിരം രൂപാ എന്നിവ മിഷനറിമാർക്കും നൽകേണ്ടതാണ്."

ഈ തീരുമാനത്തിന്മേൽ മലങ്കര മെത്രാപ്പോലീത്താ ലണ്ടനിൽ സെക്ര ട്ടറി ഓഫ് സ്റ്റേറ്റിന് ആക്ഷേപം കൊടുക്കുകയും ചെയ്തിട്ടുണ്ടായിരുന്നു.

ഇപ്രകാരം മിഷനറിമാരും മെത്രാപ്പോലീത്തായും വേർപിരിഞ്ഞപ്പോൾ സഭയ്ക്കകത്തു നിന്നു തന്നെ മറ്റൊരു ഭീഷണി ഉയർന്നുവന്നു. പാലക്കു ന്നത്ത് അബ്രഹാം മല്പാനായിരുന്നു അതിന് നേതൃത്വം നൽകിയത്. മിഷനറിമാർ പഠിപ്പിച്ചിരുന്ന ഉപദേശങ്ങൾ നമ്മുടെ പള്ളികളിലും പഠിപ്പി ക്കണമെന്നായിരുന്നു മല്പാന്റെ ഉദ്ദേശം. മിഷനറിമാർ മല്പാന് പണവും പ്രചോദനവും നൽകി. പരിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന, പരേ തർക്കുവേണ്ടിയുള്ള പ്രാർത്ഥന തുടങ്ങിയ വിശ്വാസാചാരങ്ങൾ വെറും അന്ധവിശ്വാസങ്ങളാണെന്ന് മല്പാൻ പ്രസ്താവിച്ചു. മിഷനറിമാരുടെ സഹായത്തോടെ മല്പാനോടൊന്നിച്ച് കുറെയാളുകളും രംഗത്തിറങ്ങി. ചില നാട്ടുപ്രമാണിമാരേയും ചില പട്ടക്കാരേയും വശീകരിച്ച് അവരുടെ ശുപർശക്കത്തുകളുമായി മെത്രാപ്പോലീത്താ സ്ഥാനമേല്ക്കുന്നതിന് ഒരു ശെമ്മാശനെ പാത്രിയർക്കീസിന്റെ അടുക്കലേക്ക് 1842-ൽ അയയ്ക്കാൻ മല്പാന് കഴിഞ്ഞു. മാത്യു എന്നായിരുന്നു ശെമ്മാശന്റെ പേര്. അബ്രഹാം മല്പാന്റെ സഹോദരപുത്രനായിരുന്നു മാത്യു ശെമ്മാശൻ. പ്രൊട്ടസ്റ്റന്റു കാരുടെ മദ്രാസിലുള്ള ഒരു കോളജിലാണ് ശെമ്മാശൻ പഠിച്ചുകൊണ്ടി രുന്നത്. സ്വഭാവദൂഷ്യംകൊണ്ട് സെമിനാരിയിൽ നിന്ന് പുറത്താക്കപ്പെട്ട പ്പോഴാണ് ശെമ്മാശൻ മദ്രാസിൽ പോയി വിദ്യാഭ്യാസം തുടർന്നതെന്ന് പറയപ്പെടുന്നു.

## മാത്യൂസ് മാർ അത്താനാസിയോസ്

മർദീനിൽ എത്തിയ ശെമ്മാശനെ പാത്രിയർക്കീസിന് വളരെ ഇഷ്ട പ്പെട്ടു (മലങ്കരയിൽ മെത്രാപ്പോലീത്തായുടെ ആവശ്യം വരുമ്പോൾ ശീമയ്ക്ക് എഴുതി അയയ്ക്കുകയും ശീമയിൽ നിന്ന് വരുന്ന മെത്രാപ്പോ ലീത്താ മലങ്കരയിൽ ഒരാളെ മെത്രാപ്പോലീത്തായായി വാഴിക്കുകയുമാണ് പതിവെന്ന് പറയപ്പെടുന്നു). മാത്യു ശെമ്മാശൻ മർദീനിലേക്ക് പോകുന്ന സന്ദർഭത്തിൽ മലങ്കരസഭ ഭരിച്ചുകൊണ്ടിരുന്ന ചേപ്പാട് മാർ ദീവന്നാസി യോസും അദ്ദേഹത്തിന്റെ മുൻഗാമികളായിരുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസും (പഴയസെമിനാരി സ്ഥാപകൻ), പുന്നത്ര മാർ

ദീവന്നാസിയോസും തൊഴിയൂരുള്ള നാട്ടുമെത്രാനിൽ നിന്നാണ് മെത്രാൻ സ്ഥാനം സ്വീകരിച്ചിട്ടുള്ളത്. ഏതായാലും തന്റെ മുമ്പിൽ ഹാജരായി മെത്രാൻ സ്ഥാനമേൽക്കാൻ ആദ്യമായി മലങ്കരയിൽ നിന്നു വന്ന ശെമ്മാശനെ മെത്രാനാക്കി തിരിച്ചയയ്ക്കണമെന്നു തന്നെ പാത്രിയർക്കീസ് നിശ്ചയിച്ചു. മെത്രാൻസ്ഥാനം നൽകുന്നതിനു വേണ്ടത്ര ശുപാർശക്കത്തുകളും ശെമ്മാശന്റെ പക്കൽ ഉണ്ടായിരുന്നു. അബ്രഹാം മല്പാന്റെ തന്ത്രം ശരിക്കും ഫലിച്ചു. ഏലിയാസ് രണ്ടാമൻ പാത്രിയർക്കീസ് ബാവാ, മാത്യു ശെമ്മാശനെ 1842-ൽ മാർ അത്താനാസിയോസ് എന്ന സ്ഥാനപ്പേരിൽ മെത്രാപ്പോലീത്തായായി വാഴിച്ച് മലങ്കരയിലേക്ക് തിരിച്ചയച്ചു. അന്ന് അദ്ദേഹത്തിന് 23 വയസ്സ് പ്രായമായിരുന്നു. മാർ അത്താനാസിയോസിന് നല്കിയ സ്താത്തിക്കോനിൽ മലങ്കരയിൽ ഭരണം നടത്തുന്ന ചേപ്പാട്ട് മാർ ദീവന്നാസിയോസിനെ മുടക്കിയതായി പറഞ്ഞിട്ടില്ല. നാട്ടുമെത്രാനിൽ നിന്ന് മെത്രാൻസ്ഥാനമേറ്റ ഒരാൾ മെത്രാനാവുകയില്ല എന്നും പാത്രിയർക്കീസിന്റെ ദുർബുദ്ധികൊണ്ട്, മലങ്കരയിൽ അപ്പോൾ ഭരണം നടത്തിക്കൊണ്ടിരുന്ന മാർ ദീവന്നാസിയോസ് പാത്രിയർക്കീസിന്റെ ദൃഷ്ടിയിൽ ആരുമല്ല എന്നതുകൊണ്ടുമായിരിക്കാം മാർ ദീവന്നാസിയോസിനെക്കുറിച്ച് ഒന്നുംതന്നെ രേഖപ്പെടുത്താതിരുന്നത്. മലങ്കരസഭ അനാഥാവസ്ഥയിലാണെന്നും അതുകൊണ്ട് മലങ്കരസഭാഭരണം നടത്താൻ മലങ്കര മെത്രാപ്പോലീത്തായായി മാർ അത്താനാസിയോസിനെ നിയമിച്ചിരിക്കുന്നുവെന്നും പ്രസ്താവിക്കുന്ന സ്താത്തിക്കോനുമായി (അധികാര കല്പന) മലങ്കരയിൽ വന്ന അത്താനാസിയോസ് ഒരു വിപ്ലവം തന്നെ സൃഷ്ടിച്ചു. മലങ്കരസഭമേൽ തന്റെ സർവ്വാധിപത്യം സ്ഥാപിക്കാൻ കരുതിക്കൂട്ടി പാത്രിയർക്കീസ് ചെയ്ത പ്രവൃത്തി, മലങ്കരസഭയിൽ വലിയൊരു വിപ്ലവം സൃഷ്ടിക്കുമെന്ന് ഒരുപക്ഷെ പാത്രിയർക്കീസ് ചിന്തിച്ചിട്ടുണ്ടാവുകയില്ല.

മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തിരുന്ന് ഭരണം നടത്താനുള്ള അധികാരപത്രവുമായി കൊച്ചിയിൽ കപ്പലിറങ്ങിയ മാർ അത്താനാസിയോസ് ആദ്യമായി മട്ടാഞ്ചേരി പള്ളിയിൽ കുർബാനയർപ്പിച്ചു. പഴയ രീതിയിലും വിശ്വാസത്തിലുമുള്ള തക്സാ ഉപയോഗിച്ചാണ് അദ്ദേഹം കുർബാനയർപ്പിച്ചത്. ഈ വാർത്ത അബ്രഹാം മല്പാനെ വേദനിപ്പിച്ചു.

ഉടനെ തിരുവനന്തപുരത്തു പോയി മഹാരാജാവിനെ കണ്ട് വിളംബരം കൈവശമാക്കാൻ മാർ അത്താനാസിയോസിനെ അദ്ദേഹത്തിന്റെ അനുഭാവികൾ നിർബന്ധിച്ചു. അതനുസരിച്ച് മാർ അത്താനാസിയോസ് തിരുവനന്തപുരത്തേക്കു പോയി.

ഈ സന്ദർഭത്തിൽ അബ്രഹാം മല്പാൻ രോഗശയ്യയിലായിരുന്നു. കുർബാന അനുഭവിക്കണമെന്ന് മല്പാന് ആഗ്രഹമുണ്ടായി.

വിവരമറിഞ്ഞു മാർ അത്താനാസിയോസ് തിരിച്ചെത്തി. അദ്ദേഹം മല്പാന് വി. കുർബാന നൽകാൻ ഒരുങ്ങിയപ്പോൾ, മല്പാൻ സമ്മതിച്ചില്ല. പൂർവ്വിക തക്സാ ഉപയോഗിച്ച് അത്താനാസിയോസ് കുർബാനയർപ്പിക്കും എന്നായിരുന്നു മല്പാന്റെ ഭയം. ഏതായാലും കുർബാന അനുഭവിക്കാതെ തന്നെ 1021 ചിങ്ങം 24-നു അമ്പതാമത്തെ വയസ്സിൽ അബ്രഹാം മല്പാൻ നിര്യാതനായി. സത്യവിശ്വാസികളെ വശീകരിക്കാൻ അത്താനാസിയോസ് പ്രയോഗിച്ച ഒരു സൂത്രമായിരുന്നു പഴയ തക്സാ ഉപയോഗിച്ച് മട്ടാഞ്ചേരിയിൽ വച്ച് കുർബാനയർപ്പിച്ചതെന്ന് പിന്നീടാണ് ലോകം മനസ്സിലാക്കിയത്.

പാത്രിയർക്കീസ്, മാർ അത്താനാസിയോസിന് നൽകിയ സ്ഥാത്തിക്കോനെ സംബന്ധിച്ച് അറിഞ്ഞപ്പോൾ 1019 ചിങ്ങം 3-നു കണ്ടനാട് പള്ളിയിൽ വെച്ച് പ്രതിപുരുഷയോഗം ചേരുന്നതിന് മാർ ദീവന്നാസിയോസ് എല്ലാ പള്ളികൾക്കും കല്പന അയച്ചു. മാർ അത്താനാസിയോസിനെയും യോഗത്തിലേക്കു ക്ഷണിക്കാൻ അദ്ദേഹം മറന്നില്ല. പാത്രിയർക്കീസ് നൽകിയ സ്ഥാത്തിക്കോൻ വായിച്ചുകേട്ട് വേണ്ടതായ തീരുമാനങ്ങൾ എടുക്കുന്നതിനായിരുന്നു യോഗം ചേർന്നത്. എന്നാൽ അത്താനാസിയോസ് യോഗത്തിൽ സംബന്ധിക്കുകയോ സ്ഥാത്തിക്കോൻ കൊടുത്തയയ്ക്കുകയോ ചെയ്യാഞ്ഞതിനാൽ സഭയിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധികളെക്കുറിച്ച് ചർച്ച ചെയ്യുകയും, പാത്രിയർക്കീസിനെ ഉടൻ വിവരങ്ങളറിയിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

അതേ അവസരത്തിൽ മാത്യൂസ് മാർ അത്താനാസിയോസ് 1019 കന്നി 3-ാം തീയതി കല്ലുങ്കത്രപ്പള്ളിയിൽ വെച്ച് ഒരു യോഗം ചേരുകയുണ്ടായി. ആ യോഗത്തിന് ശേഷം മാർ അത്താനാസിയോസ് മഹാരാജാവിനെ സന്ദർശിച്ച് ഭരണാധികാരത്തിനുള്ള വിളംബരം ആവശ്യപ്പെട്ടു. രാജകീയ വിളംബരമനുസരിച്ച് ഭരണം നടത്തിക്കൊണ്ടിരുന്ന ചേപ്പാട് മാർ ദീവന്നാസിയോസിനെ പാത്രിയർക്കീസ് മുടക്കിയെന്നും, തന്നെയാണ് ആ സ്ഥാനത്തു നിയമിച്ചിരിക്കുന്നതെന്നും മാർ അത്താനാസിയോസ് മഹാരാജാവിനെ അറിയിച്ചു. മെത്രാപ്പോലീത്തായുടെ സംഭാഷണചാതുര്യത്തിൽ ആകൃഷ്ടനായ മഹാരാജാവ് മെത്രാപ്പോലീത്തായുടെ അപേക്ഷയിന്മേൽ 1027 കർക്കിടകം 15-ാം തീയതി തിരുവെഴുത്തു വിളംബരം പ്രസിദ്ധീകരിച്ചു. 1848-ലെ കൊല്ലം അവാർഡിനു ശേഷമാണ് ഈ തിരുവെഴുത്തു വിളംബരം കൊടുക്കുന്നത്.

### വിളംബരം

നമ്പ്ര് 249-ാമത് രായസം ശ്രീ പത്മനാഭ ദാസ വഞ്ചിബാല മാർത്താണ്ഡവർമ്മ കുലശേഖരകിരീടപതി സുൽത്താൻ മഹാരാജാ ഭാഗ്യോദയ

രാമരാജബഹദൂർ ഷംഷ്യർ ജംഗമമഹാരാജാവ് അവർകൾ സകലമാന പേർക്കും പ്രസിദ്ധപ്പെടുത്തുന്ന വിളംബരം എന്തെന്നാൽ - കോട്ടയത്തു പാർക്കുന്ന മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായ്ക്ക് വയസ്സുകാലമായി സ്ഥാനം ഒഴിഞ്ഞിരിക്കകൊണ്ടും ആ സ്ഥാനത്തേക്ക് അന്ത്യോഖ്യയിൽ നിന്ന് എഴുത്തുവാങ്ങിച്ചു കൊണ്ടു വന്നിരിക്കുന്ന മാർ അത്താനാസിയോസിനെ മെത്രാപ്പോലീത്തായായിട്ട് നിശ്ചയിച്ചിരിക്കകൊണ്ടും ഇതിനാൽ പ്രസിദ്ധം ചെയ്യുന്നതെന്തെന്നാൽ, മലങ്കര ഇടവകയിൽ പുത്തൻകൂറ്റിൽ സുറിയാനിക്കാർ ഉൾപ്പെട്ട എല്ലാവരും മേലെഴുതിയ മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായെ അനുസരിച്ച് കീഴുമര്യാദപോലെ നടക്കുകയും വേണം. എന്ന് 1027-ാം ആണ്ട് കർക്കിടകമാസം 15-ാം തീയതി.

അഞ്ചൂര് കിടങ്ങൻ മാർ പീലക്സിനോസിനാൽ വാഴിക്കപ്പെട്ട പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് (1815, പഴയസെമിനാരി സ്ഥാപകൻ), 1817-ൽ പുന്നത്ര മാർ ദീവന്നാസിയോസ്, 1825-ൽ ചേപ്പാട് മാർ ദീവന്നാസിയോസ് എന്നിവരാണ് ഇപ്രകാരം രാജകീയ വിളംബരമനുസരിച്ച് ഭരണം നടത്തിയ മലങ്കര മെത്രാപ്പോലീത്താമാർ. എന്നാൽ ഒരു വിദേശീയ ഭരണത്തിന് (പാത്രിയർക്കീസിന്) ഈ സഭ വഴങ്ങുന്നു എന്നു പ്രസ്താവിച്ചുകൊണ്ട് പ്രസിദ്ധപ്പെടുത്തിയ ഒരു വിളംബരമായിരുന്നു അത്താനാസിയോസിനു നൽകപ്പെട്ടത്. അങ്ങനെ സഭാചരിത്രത്തിൽ ആദ്യമായി വിദേശീയ മേധാവിത്വത്തിന് കീഴ്പ്പെട്ട് ഒരു വിളംബരം കരസ്ഥമാക്കിയ മെത്രാനാണ് മാർ അത്താനാസിയോസ്.

മാർ ദീവന്നാസിയോസിനെ നിഷ്ക്കാസനം ചെയ്ത് തന്റെ അധികാരം ഉറപ്പിക്കുന്നതിന് അത്താനാസിയോസ് ശ്രമങ്ങളാരംഭിച്ചു. ചേപ്പാട് മാർ ദീവന്നാസിയോസ് സ്ഥാനം ഒഴിഞ്ഞുകൊടുക്കുന്നതിന് തയ്യാറായിരുന്നില്ല.

പാത്രിയർക്കീസിന്റെ സ്ഥാത്തിക്കോനും രാജകീയ വിളംബരവും കൂടിയായപ്പോൾ അത്താനാസിയോസ് ഓരോ പള്ളികളിലും അധികാരത്തോടെ തന്നെ പ്രവേശിച്ചുതുടങ്ങി. വിദേശ മിഷനറിമാർ മാർ അത്താനാസിയോസിനു പിന്തുണയും പ്രഖ്യാപിച്ചിരുന്നു. കന്യകമറിയാമിനോടും പരിശുദ്ധന്മാരോടുമുള്ള മദ്ധ്യസ്ഥ പ്രാർത്ഥന, പരേതർക്കുവേണ്ടിയുള്ള പ്രാർത്ഥന തുടങ്ങിയ ഓർത്തഡോക്സ് സഭാവിശ്വാസങ്ങൾക്കെതിരായി പ്രവർത്തിച്ചുകൊണ്ടിരുന്ന മിഷനറിമാരും റസിഡണ്ടും അവരുടെ വിശ്വാസങ്ങൾക്ക് പിന്തുണ നൽകുന്ന മാർ അത്താനാസിയോസിനെ സഹായിച്ചുകൊണ്ടിരുന്നതിൽ അത്ഭുതത്തിന് അവകാശമില്ലല്ലോ. ഏതായാലും മലങ്കരസഭയിൽ വലിയൊരു വിപ്ലവത്തിനുള്ള സാഹചര്യങ്ങളെല്ലാം തെളിഞ്ഞുവന്നു. മാർ ദീവന്നാസിയോസും അദ്ദേഹത്തോടൊന്നിച്ച് പതറാതെ

നിന്നിരുന്ന സഭാംഗങ്ങളും മലങ്കരസഭയുടെ വിഷമ പ്രശ്നങ്ങളെ സംബന്ധിച്ച് പാത്രിയർക്കീസിനെ എഴുതി അറിയിച്ചു.

മാർ അത്താനാസിയോസിനെ വാഴിച്ച് മലങ്കരയിലേക്ക് അയച്ചത് അബദ്ധമായിയെന്ന് മലങ്കരയിൽ നിന്നുള്ള കത്തുകൾ കിട്ടിയപ്പോഴാണ് പാത്രിയിർക്കീസിന് മനസ്സിലാകുന്നത്. മലങ്കരയിലെ സ്ഥിതിവിശേഷങ്ങൾ മനസ്സിലാക്കിയപ്പോൾ പാത്രിയർക്കീസ് ദുഃഖിച്ചു. അതോടൊപ്പം അദ്ദേഹം സന്തോഷിക്കുകയായിരുന്നു. മലങ്കരയിലെ വിഷമസന്ധികൾ തരണം ചെയ്യുന്നതിന് ഒരു മെത്രാപ്പോലീത്തായെ മലങ്കരയിലേക്ക് അയക്കാമെന്നും ആ മെത്രാപ്പോലീത്താ മലങ്കരയിൽ ആവശ്യമുള്ള ക്രമീകരണങ്ങൾ ചെയ്തുകൊള്ളുമെന്നും അതോടൊപ്പം തന്റെ അധികാരം മലങ്കരയിൽ ഉറപ്പിക്കാൻ അത് മറ്റൊരു മാർഗ്ഗമായിരിക്കുമെന്നും പാത്രിയർക്കീസ് പ്രതീക്ഷിച്ചു. അതനുസരിച്ചാണ് യൂയാക്കീം മാർ കൂറിലോസിനെ അദ്ദേഹം മലങ്കരയിലേക്ക് അയച്ചത്.

മലങ്കരയിലെത്തിയാൽ ആവശ്യാനുസരണം കല്പനകൾ പുറപ്പെടുവിക്കുന്നതിന് ഒപ്പും മുദ്രയും വെച്ച കുറെ വെള്ളക്കടലാസുകളും കൂറിലോസ് വശം പാത്രിയർക്കീസ് കൊടുത്തയച്ചിരുന്നു. മാർ കൂറിലോസ് മലങ്കരയിൽ എത്തിയതിനുശേഷം ആദ്യമായി പാത്രിയർക്കീസിന്റെ ഒരു കല്പന പ്രസിദ്ധീകരിച്ചു. 'മാർ അത്താനാസിയോസിനെ നാം മുടക്കിയിരിക്കുന്നു' ഇതായിരുന്നു കല്പന. പക്ഷേ, ആ കല്പനയൊന്നും വകവെയ്ക്കാതെ മാർ അത്താനാസിയോസ് പള്ളികൾ ഓരോന്നും കൈവശപ്പെടുത്തുകയായിരുന്നു.

കൂടുതൽ ശക്തിയാർജ്ജിക്കാൻ മറ്റൊരു മെത്രാപ്പോലീത്തായെ കൂടി മലങ്കരയിലേക്ക് അയക്കണമെന്ന് മാർ കൂറിലോസ് ഒരു കത്തു മുഖേന പാത്രിയർക്കീസിനെ അറിയിച്ചു. മാർ സ്തേപ്പാനോസ് എന്ന ഒരു മെത്രാപ്പോലീത്തായേയും ശീമോൻ എന്നു പേരുള്ള ഒരു റമ്പാച്ചനേയും അധികം താമസിയാതെ പാത്രിയർക്കീസ് മലങ്കരയിലേക്ക് അയച്ചു.

ഈ സന്ദർഭത്തിൽ മാർ കൂറിലോസ് ഒരു തന്ത്രമുപയോഗിച്ചു. മാർ ദീവന്നാസിയോസ് അദ്ദേഹത്തിന്റെ സ്ഥാനത്തു നിന്ന് സ്വയം പിൻമാറിയിരിക്കുന്നുവെന്നും യൂയാക്കീം മാർ കൂറിലോസിനെ മലങ്കര മെത്രാപ്പോലീത്തായായി പാത്രിയർക്കീസ് നിയമിച്ചിരിക്കുന്നുവെന്നും പ്രസ്താവിക്കുന്ന പാത്രിയർക്കീസിന്റെ ഒരു കല്പന എല്ലാ പള്ളികൾക്കും മാർ കൂറിലോസ് അയച്ചുകൊടുക്കുകയുണ്ടായി (പാത്രിയർക്കീസിന്റെ ഒപ്പും മുദ്രയുമുള്ള വെള്ളക്കടലാസുകൾ കൈവശമുള്ളപ്പോൾ കല്പനകൾ അയക്കാൻ കൂറിലോസിന് പ്രയാസമില്ലല്ലോ). മാർ ദീവന്നാസിയോസ് ഈ കല്പനയെ എതിർത്തില്ല.

## കൊല്ലം കമ്മിറ്റി

മാർ കൂറിലോസും മാർ അത്താനാസിയോസും തമ്മിലായിരുന്നു പിന്നീടുണ്ടായ വ്യവഹാരങ്ങൾ. ഇരുവരും റസിഡണ്ടിന്റെ മുമ്പാകെ അപേക്ഷകൾ സമർപ്പിച്ചു. സർക്കാർ നിശ്ചയിക്കുന്ന നാലു മെമ്പർമാർ ചേർന്ന് കൊല്ലത്തു വച്ച് ഒരു കമ്മിറ്റി കൂടുന്നതിനും പരാതിക്കാരുടെ അപേക്ഷകളിന്മേൽ ആ കമ്മിറ്റി തീരുമാനമെടുക്കണമെന്നുമായിരുന്നു റസിഡണ്ടിന്റെ ഉത്തരവ്. രണ്ടാം ജഡ്ജി മി. കോലഫ്, ദിവാൻ സെക്രട്ടറി മി. വൈറ്റിൻ, മേലെഴുത്തുപിള്ള അനന്തൻപിള്ള, പോലീസ് ശിരസ്തദാർ വെങ്കിട്ടരാമയ്യർ എന്നിവരായിരുന്നു സർക്കാർ നിയമിച്ച കമ്മിറ്റി അംഗങ്ങൾ. 1023 കന്നി 4-നു കൊല്ലത്തു വച്ച് കമ്മിറ്റി കൂടി. മാർ കൂറിലോസും മാർ അത്താനാസിയോസും ഓരോ പള്ളികളിൽ നിന്നും ഒരു പട്ടക്കാരനും നാലു സമുദായപ്രമാണികളും കമ്മിറ്റിയിലേക്ക് ക്ഷണിക്കപ്പെട്ടിരുന്നു. ഇരുകൂട്ടരുടെയും വാദങ്ങൾ കേട്ടു കമ്മിറ്റി താഴെപ്പറയുന്ന ഉത്തരവ് പ്രസ്താവിച്ചു.

'മാർ അത്താനാസിയോസാണ് ന്യായമായി പാത്രിയർക്കീസിനാൽ വാഴിക്കപ്പെട്ടിട്ടുള്ളത്. അദ്ദേഹത്തിനാണ് മലങ്കരസഭയുടെ ഭരണാധികാരം. സഭയെ നവീകരിക്കാൻ നൂതന ഉപദേശങ്ങളൊന്നും അദ്ദേഹം പഠിപ്പിച്ചിട്ടില്ല.'

കമ്മിറ്റിയുടെ ഈ തീരുമാനത്തിന് മിഷനറിമാരുടെ പ്രേരണ ഉണ്ടായിരുന്നുവെന്ന് സംശയിക്കപ്പെടുന്നു. ബ്രിട്ടീഷ് ഗവൺമെന്റിനെ അനുസരിച്ചല്ലാതെ മുമ്പോട്ടു പോകാൻ നാട്ടുരാജാക്കന്മാർക്ക് സാദ്ധ്യമല്ലായിരുന്നു. കൊല്ലം കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു മാർ അത്താനാസിയോസിനെ അനുസരിച്ച് സുറിയാനിക്കാർ പ്രവർത്തിക്കണമെന്ന് 1027-ൽ തിരുവിതാംകൂർ രാജാവും 1028-ൽ കൊച്ചി രാജാവും വിളംബരം പ്രസിദ്ധപ്പെടുത്തിയിരുന്നത്.

മലങ്കരമെത്രാപ്പോലീത്താ സ്ഥാനം അവകാശപ്പെട്ട് മാർ കൂറിലോസ് സമർപ്പിച്ച പാത്രിയർക്കീസിന്റെ കല്പന വ്യാജനിർമ്മിതമാണെന്നും മാർ കൂറിലോസിനും മാർ സ്തേപ്പാനോസിനും തിരുവിതാംകൂറിലും കൊച്ചിയിലും താമസിക്കാൻ അർഹതയില്ലെന്നും മഹാരാജാക്കന്മാർ ഉത്തരവായപ്പോൾ മാർ സ്തേപ്പാനോസ് വേഗം സ്ഥലംവിട്ടു. ബ്രിട്ടീഷ് മലബാറിൽ ചാലിശേരി പള്ളിയിലേക്ക് മാർ കൂറിലോസ് താമസം മാറ്റുകയും ചെയ്തു.

മാർ അത്താനാസിയോസിനു അനുകൂലമായി വിധിയുണ്ടാവുകയും മാർ കൂറിലോസിനെ നാടുകടത്തുകയും ചെയ്തപ്പോൾ കുന്നംകുളത്തുകാർ രോഷാകുലരായി. മാർ കൂറിലോസിനെ നാടുകടത്തിയതിലല്ല,

വിശ്വാസവിപരീതം പഠിപ്പിക്കുന്ന ഒരു മെത്രാപ്പോലീത്തായുടെ കീഴിൽ ജീവിക്കാൻ സാദ്ധ്യമല്ല എന്നതുകൊണ്ടാണ് അവർ മുറവിളി കൂട്ടിയത്. കുന്നംകുളം ഇടവകക്കാരെ ഒരേ ചരടിൽ കോർത്തിണക്കി സഭാ വിശ്വാസം നിലനിർത്താൻ മുൻനിരയിൽ രംഗത്തിറങ്ങിയത് നമ്മുടെ കഥാ നായകനായ പുലിക്കോട്ടിൽ ജോസഫ് കത്തനാർ (മാർ ജോസഫ് ദീവ ന്നാസിയോസ്) ആയിരുന്നു.

വിളംബരമനുസരിച്ച് കുന്നംകുളത്തെ പള്ളികൾ മാർ അത്താനാസി യോസിന്റെ കൈവശത്തിൽ അകപ്പെട്ടുകഴിഞ്ഞിരുന്നു. കേസിൽ ഉൾപ്പെ ടാത്തതായി മറ്റൊരു പള്ളി കുന്നംകുളത്തുകാർക്ക് ആവശ്യമായി വന്നു. ഉടനെ ഒരു പള്ളി പണിയുന്നതിന് അവർ തീരുമാനിക്കുകയും ചെയ്തു.

## കുന്നംകുളം പുത്തൻപള്ളി

കുരിശാകൃതിയിൽ കിടക്കുന്ന കുന്നംകുളം പട്ടണത്തിന്റെ പടി ഞ്ഞാറെ അങ്ങാടിയിൽ മണക്കുളം രാജാവ് പണിയിച്ചുകൊടുത്ത സെന്റ് ലാസറസ് പള്ളിയും (ഈ പള്ളി പിന്നീട് പുലിക്കോട്ടിൽ ഒന്നാമത്തെ തിരുമേനി പുതുക്കി പണിയിച്ചിട്ടുണ്ട്) വടക്കേ അങ്ങാടിയിൽ ചിറളയം രാജാവ് പണിയിച്ചുകൊടുത്ത സെന്റ് ലാസറസ് പള്ളിയും തെക്കേഅങ്ങാ ടിയിൽ ശക്തൻ തമ്പുരാൻ മഹാരാജാവ് സംഭാവന ചെയ്ത അന്തിമാ ളൻകാവ് ക്ഷേത്രം, പള്ളിയായി രൂപാന്തരപ്പെടുത്തിയ സെന്റ് മത്ഥിയാസ് പള്ളിയും സ്ഥിതിചെയ്തിരുന്നു. കിഴക്കെ അങ്ങാടിയിൽ പള്ളി ഉണ്ടായി രുന്നില്ല. വർഷങ്ങൾക്കു മുമ്പ് അവിടെ ഒരു സ്ഥലം വാങ്ങിച്ച് ഒരു കുരിശ് സ്ഥാപിച്ചിരുന്നു.

ആ കുരിശ് സ്ഥാപിക്കുന്നതിനുള്ള സാഹചര്യം കൂടി നാം അറിഞ്ഞി രിക്കുന്നത് നല്ലതാണ്. കാലം ചെയ്ത അച്ചന്റെ (പുലിക്കോട്ടിൽ ഒന്നാ മത്തെ തിരുമേനിയെ കാലംചെയ്ത അച്ചൻ എന്ന പേരിലാണ് കുന്നം കുളത്ത് അറിയപ്പെടുന്നത്)* ഒരു സ്മാരകം കുന്നംകുളം പഴയപള്ളി യ്ക്കകത്ത് പണിയുകയും അവിടെ വിളക്കു കൊളുത്തി ധൂപപ്രാർത്ഥന നടത്തുകയും ചെയ്തുകൊണ്ടിരുന്നു. മലങ്കരയിൽ വന്ന യൂയാക്കീം മാർ കൂറിലോസിന് അത് ഇഷ്ടമായില്ല. ശീമക്കാരനല്ലാത്ത ഒരാളെ

---

* (പുലിക്കോട്ടിൽ ഒന്നാമത്തെ തിരുമേനി ഒരിക്കലും ഒരു മെത്രാനാകാൻ ഇഷ്ട പ്പെട്ടിരുന്നില്ല. അതിനുള്ള യോഗ്യത തനിക്കില്ല എന്നാണ് പരിശുദ്ധനായ ആ പിതാവ് പറഞ്ഞുകൊണ്ടിരുന്നത്. സഭാഭരണത്തിനും വട്ടിപ്പണത്തിന്റെ പലിശ വാങ്ങിക്കുന്നതിനുമായി ഒരു മെത്രാപ്പോലീത്താ ഇല്ലാതായപ്പോൾ കേണൽ മൺട്രോ സായ്പും സമുദായ പ്രമാണികളും നിർബന്ധിച്ചതിന്റെ അടിസ്ഥാനത്തിലാണ് വൈമ നസ്യത്തോടെയെങ്കിലും മെത്രാൻസ്ഥാനം ഏല്ക്കുന്നതിന് അദ്ദേഹം സമ്മതിച്ച ത്. തൊഴിയൂർ മാർ പീലക്സീനോസിൽ നിന്ന് പട്ടമേറ്റാൽ ഒരു മെത്രാച്ചനാകുന്ന

പരിശുദ്ധനായി കരുതാൻ പാടില്ലെന്നും അതുകൊണ്ട് ആ സ്മാരകം പള്ളിക്കകത്തുനിന്ന് പൊളിച്ചുമാറ്റണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. നമ്മുടെ കഥാനായകൻ അന്ന് ഒരു ശെമ്മാശനായിരുന്നു. അന്നത്തെ വികാരി, ശെമ്മാശന്റെ വലിയപ്പനുമായിരുന്നു. ശീമമെത്രാന്റെ വാക്കുകൾ ശ്രദ്ധിച്ച അവർ സ്തബ്ധരായി നിന്നു. ഉടനെ മാർ കൂറിലോസ് ആ സ്മാരകം കാൽ കൊണ്ട് ചവുട്ടിമെതിച്ചു. ഈ സംഭവം കുന്നംകുളത്തു കാരെ വളരെയധികം വേദനിപ്പിച്ചു. മാർ അത്താനാസിയോസ് പള്ളിക ളെല്ലാം കൈവശമാക്കാൻ പരിശ്രമിച്ചുകൊണ്ടിരുന്ന ആ സന്ദർഭത്തിൽ ശീമമെത്രാനോട് ഒരു തുറന്ന വെല്ലുവിളി നടത്തുന്നത് ഉചിതമല്ലെന്നു മനസ്സിലാക്കിയ കുന്നംകുളത്തുകാർ നിശ്ശബ്ദരായി നിന്നു. ആ സ്മാര കത്തിൽ സ്ഥാപിച്ചിരുന്ന കുരിശ് ഒരു ദേവാലയത്തിൽ സ്ഥാപിക്കണ മെന്ന് അവർ ആഗ്രഹിച്ചു. കിഴക്കെ അങ്ങാടിയിൽ ഒരു പള്ളി ഇല്ലാത്ത തുകൊണ്ട് അവിടെ ഒരു സ്ഥലം വാങ്ങിച്ച് ഒരു കുരിശുപള്ളി സ്ഥാപി ക്കുകയും ആ കുരിശ് അതിൽ സ്ഥാപിക്കുകയും ചെയ്തു. (കാലം ചെയ്ത) അച്ചന്റെ സ്മാരകത്തിൽ ചവുട്ടിയ മാർ കൂറിലോസിന്റെ കാലു കൾ നീരുവന്ന് വീർത്തു. അദ്ദേഹം കാലം ചെയ്യുന്നതുവരെ ആ നീര് കാലിൽ നിന്ന് വിട്ടുമാറിയില്ല.

ആ കുരിശ് സ്ഥാപിച്ചിരുന്ന സ്ഥലത്ത് എത്രയും വേഗത്തിൽ ഒരു പള്ളി പണിയുന്നതിന് കുന്നംകുളത്തുകാർ പരിശ്രമം തുടങ്ങി. പള്ളി പ്പണി കഴിഞ്ഞപ്പോഴാണ് ദിവാനിൽ നിന്ന് ഒരു നിരോധനാജ്ഞ ലഭി ച്ചത്. തന്റെ അനുവാദമില്ലാതെ ഒരു പള്ളി പണിയിച്ചിരുന്നുവെന്നും ആ പള്ളിയിൽ ആരാധന നടത്തുന്നത് നിരോധിക്കണമെന്നും മാർ അത്താനാ സിയോസ് ദിവാനോട് അപേക്ഷിച്ചിരുന്നതിന്റെ അടിസ്ഥാനത്തിലായി രുന്നു ആ നിരോധനാജ്ഞ. പക്ഷേ, ആ നിരോധനാജ്ഞ വക

---

തിൽ തെറ്റില്ലെന്നും അതിന് ഒരു ശീമ മെത്രാൻ ആവശ്യമില്ലെന്നും അദ്ദേഹം പ്രസ്താവിച്ചു. അങ്ങനെ തൊഴിയൂർ മാർ പീലക്സിനോസിൽ നിന്ന് അദ്ദേഹം മെത്രാൻസ്ഥാനം സ്വീകരിച്ചു. എങ്കിലും സന്യാസിയുടെ കറുത്ത കുപ്പായമല്ലാതെ മെത്രാന്റെ ചുവന്നളോഹ ധരിക്കാൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. മാത്രവുമല്ല, മരിച്ചു കഴിഞ്ഞാൽ ഒരു പട്ടക്കാരനെ സംസ്ക്കരിക്കുന്നതുപോലെ തന്നെയും സംസ്ക്ക രിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ച് അദ്ദേഹം സ്ഥാപിച്ച പഴയസെമിനാരിയിൽ അദ്ദേഹത്തെ പെട്ടിയിൽ കിടത്തിയാണ് കബറടക്കം നട ത്തിയത്. എട്ടുപത്തു കൊല്ലങ്ങൾ മുമ്പുവരെ അതുപോലെയുള്ള കബറിടമായി രുന്നു പഴയസെമിനാരി ചാപ്പലിൽ ഉണ്ടായിരുന്നത്. ഏതോ കാരണവശാൽ ആ കബറിടം പൊളിച്ചുനീക്കി ചതുരാകൃതിയിൽ ആ സ്ഥലത്ത് ഒരു സ്ളാബ് പതിച്ചി ട്ടുള്ളതായി ഇപ്പോൾ കാണുന്നു. അപ്രകാരം ചെയ്തത് അദ്ദേഹത്തിന്റെ അന്തിമാ ഭിലാഷത്തോട് നാം അനാദരവ് കാണിക്കുകയല്ലേ എന്ന് സംശയമുണ്ട്. മാത്രവു മല്ല ആദ്യമുണ്ടായിരുന്ന കബറിടം ചരിത്രത്തിന് ഒരു സാക്ഷ്യവുമാകുമായിരുന്നു.

വെയ്ക്കാതെ ആ പള്ളിയിൽ ആദ്യമായി നമ്മുടെ കഥാനായകൻ പുലിക്കോട്ടിൽ ജോസഫ് കത്തനാർ (മാർ ദീവന്നാസിയോസ്) കുർബാന ചൊല്ലുകയാണുണ്ടായത്. ആജ്ഞാലംഘനം നടത്തിയതായി സർക്കാർ ഉദ്യോഗസ്ഥന്മാർ ദിവാനു റിപ്പോർട്ടയച്ചു. പുലിക്കോട്ടിൽ ജോസഫ് കത്തനാർ ദിവാന്റെ മുമ്പാകെ ഹാജരാകാൻ കല്പനയായി. അത്താനാസിയോസിനെ അംഗീകരിക്കാൻ സാദ്ധ്യമല്ലാത്തതിനാൽ പുതിയ ഒരു പള്ളി പണിയിക്കുന്നതിന് അനുവദിക്കണമെന്നുള്ള ജോസഫ് കത്തനാരുടെ അപേക്ഷയിന്മേൽ കൊച്ചി സർക്കാർ അനുവാദം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് പള്ളി പണിയിച്ചിട്ടുള്ളതെന്ന് ദിവാൻ അറിഞ്ഞിരുന്നില്ല. ഏതായാലും ദിവാന്റെ വിചാരണയ്ക്കുശേഷം അദ്ദേഹം താഴെ പറയുന്ന കല്പനയെഴുതി:

"ജോസഫ് കത്തനാർ കിഴക്കെ പുത്തൻപള്ളിയിൽ കർമ്മം നടത്തിയത് നിയമവിരുദ്ധമല്ല. ആ പള്ളിയിൽ കർമ്മങ്ങൾ അനുഷ്ഠിക്കുവാൻ വിരോധമില്ലാത്തതാകുന്നു." കോടതി മുഖേനയല്ലെങ്കിലും ജോസഫ് കത്തനാർ നടത്തിയ ആദ്യത്തെ വ്യവഹാരം വിജയകരമായി പര്യവസാനിച്ചു.

മാത്യൂസ് മാർ അത്താനാസിയോസ് അദ്ദേഹത്തിന്റെ വേദവിപരീത ഉപദേശങ്ങളുമായി മലങ്കര മെത്രാപ്പോലീത്താ പദവിയിൽ ഓരോ പള്ളികളിലും കയറിയിറങ്ങി വിലസുകയായിരുന്നു. മിഷനറിമാരുടേയും റസിഡണ്ടിന്റെയും നിർലോഭമായ പിൻതുണ അദ്ദേഹത്തിന് ലഭിച്ചു. അത്താനാസിയോസിന്റെ ഉപദേശങ്ങൾ സ്വീകരിക്കുന്നതും അദ്ദേഹത്തിന്റെ ആജ്ഞയിൻകീഴിലിരിക്കുന്നതും ലജ്ജാകരമാണെന്ന് ജോസഫ് കത്തനാർ ഉറച്ച ശബ്ദത്തിൽ ഉൽഘോഷിച്ചു. വിരലിൽ എണ്ണാവുന്ന വീടുകൾ ഒഴിച്ച് കുന്നംകുളത്തുള്ള എല്ലാ വീട്ടുകാരും ജോസഫ് കത്തനാർക്ക് പിന്തുണ വാഗ്ദാനം ചെയ്തു.

മാർ അത്താനാസിയോസ് കോട്ടയം സെമിനാരിയിൽ ഒരു പ്രസ്സ് ആരംഭിക്കുകയും നൂതന ഉപദേശങ്ങളടങ്ങുന്ന പ്രാർത്ഥനാപുസ്തകങ്ങൾ അച്ചടിച്ച് മലങ്കരയിൽ എല്ലാ വീടുകളിലും എത്തിച്ചുകൊടുക്കുന്നതിന് ഏർപ്പാടു ചെയ്യുകയും ചെയ്തു. പ്രാർത്ഥനാപുസ്തകം ഒറ്റനോട്ടത്തിന് പൂർവ്വിക നമസ്കാര പുസ്തകത്തിൽ നിന്ന് വ്യത്യസ്തമല്ല എന്ന് തോന്നാമെങ്കിലും 'നന്മ നിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥനയും പരിശുദ്ധന്മാരോടുള്ള പ്രാർത്ഥനയും പരേതർക്കുവേണ്ടിയുള്ള പ്രാർത്ഥനയും അതിൽ ഇല്ലായിരുന്നു. സത്യവിശ്വാസികളുടെ വിശ്വാസത്തെ അചിരേണ നഷ്ടപ്പെടുത്താൻ മാർ അത്താനാസിയോസ് ചെയ്ത ഈ തന്ത്രം മനസ്സിലാക്കിയ ജോസഫ് കത്തനാർ, നമ്മുടെ വിശ്വാസാചാരാനുഷ്ഠാനങ്ങൾക്ക് വിധേയമായ പ്രസിദ്ധീകരണങ്ങൾ ഉടനെ ആവശ്യമാണെന്ന്

തീരുമാനിച്ചു. അദ്ദേഹം തലശ്ശേരിയിലെത്തി ഒരു കൽപ്രസ് വാങ്ങിച്ചു[1] കുന്നംകുളത്ത് കൊണ്ടുവരികയും വേണ്ടത്ര പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഈ പ്രവർത്തനത്തിന് ചിലവായ സംഖ്യ മുഴുവനും കുന്നംകുളത്തെ സഭാവിശ്വാസികൾ തന്നെയാണ് സംഭാവന ചെയ്തത്.

## മാർ അത്താനാസിയോസ് തൊഴിയൂരിൽ

1031-ൽ തൊഴിയൂർ മെത്രാപ്പോലീത്താ ഗീവർഗ്ഗീസ് മാർ കൂറിലോസ്[2] കാലം ചെയ്തു. അക്കാലത്തു തൊഴിയൂർ പള്ളിയിലേയും ആർത്താറ്റ്-കുന്നംകുളം പള്ളിയിലേയും പട്ടക്കാർ ഊഴമനുസരിച്ച് തൊഴിയൂരും ആർത്താറ്റും കുർബാനയർപ്പിച്ചുകൊണ്ടിരുന്നു. മെത്രാപ്പോലീത്താ കാലം ചെയ്ത വാർത്ത കേട്ടയുടൻ മാർ അത്താനാസിയോസ് അവിടെ ഓടിയെത്തി. അദ്ദേഹം അവിടെ എത്തുന്നതിനു മുമ്പു തന്നെ കുന്നംകുളത്തുകാർ തൊഴിയൂരെത്തി പള്ളിയിലെ വിലകൂടിയ വസ്തുക്കൾ അരമന മാളികമുറിയിൽ വെച്ച് പൂട്ടുകയും വാതിലിൽ മുദ്രവെയ്ക്കുകയും ചെയ്തിരുന്നു. താക്കോൽ, ആർത്താറ്റു പള്ളി വികാരി ആലത്തൂക്കാരൻ ഉട്ടൂപ്പു കത്തനാരെ ഏല്പിക്കുകയും ചെയ്തു. മലങ്കര മെത്രാപ്പോലീത്താ എന്ന അധികാരത്തിൽ തൊഴിയൂരും തന്റെ ഭരണത്തിൻകീഴിലാണെന്നുള്ള അഹങ്കാരത്തോടെയാണ് അത്താനാസിയോസ് അവിടെ എത്തിയത്. അദ്ദേഹം ആദ്യം ചെയ്ത പ്രവൃത്തി ആർത്താറ്റുപള്ളി വികാരിയെ വശീകരിച്ച് മാളികമുറിയുടെ താക്കോൽ തട്ടിയെടുക്കുക എന്നതായിരുന്നു. മാളികമുറിയുടെ താക്കോൽ ലഭിക്കുന്നതിനും അരമന കൈവശമാക്കുന്നതിനും ആലത്തൂക്കാരൻ ഉട്ടൂപ്പ് കത്തനാർക്ക് നല്ലൊരു പ്രതിഫലം നൽകാമെന് അത്താനാസിയോസ് വാഗ്ദാനം ചെയ്തിരുന്നു. ആർത്താറ്റു പള്ളിക്കാർ, ചാലിശ്ശേരിയിൽ താമസിച്ചുകൊണ്ടിരുന്ന[3] യൂയാക്കീം മാർ കൂറിലോസുമൊന്നിച്ച് തൊഴിയൂരെത്തി. അപ്പോഴേക്കും മാർ അത്താനാസിയോസ് എല്ലാംതന്നെ കൈവശപ്പെടുത്തിക്കഴിഞ്ഞിരുന്നു. മുദ്രവെച്ച മുറി, ആർത്താറ്റു പള്ളിക്കാരുടെ അറിവുകൂടാതെ, മാർ അത്താനാസിയോസ് തുറന്നതിൽ അമർഷം പ്രകടിപ്പിച്ച മാർ കൂറിലോസും ജോസഫ് കത്തനാരും കുന്നംകുളം ദേശവാസികളും നിരാശയോടെ അവിടെ നിന്നു മടങ്ങി.[4] അധികം താമസിയാതെ മാർ അത്താനാസിയോസ് തന്റെ വാഗ്ദാനമനുസരിച്ച് ആലത്തൂക്കാരൻ ഉട്ടൂപ്പ് കത്തനാർക്ക് വിലയേറിയ പ്രതിഫലം നൽകുകയും ചെയ്തു. മാർ അത്താനാസിയോസ് ഉട്ടൂപ്പ് കത്തനാരെ മാർ കൂറിലോസ് എന്ന പേരിൽ ഒരു മെത്രാപ്പോലീത്തായായി വാഴിച്ചു. അതോടെ കുന്നംകുളം ഇടവകയും തൊഴിയൂർ ഇടവകയും തമ്മിലുള്ള ബന്ധം ശിഥിലമാക്കപ്പെട്ടു. തൊഴിയൂർ പള്ളി സ്ഥാപനത്തെക്കുറിച്ച് വായനക്കാർ അല്പം അറിഞ്ഞിരിക്കേണ്ടതുണ്ട്.

## തൊഴിയൂർ പള്ളി സ്ഥാപനം

1751-ൽ മാർത്തോമ്മാ അഞ്ചാമന്റെ കാലത്ത് ശക്രള്ളാ ബസേലിയോസ് ഗ്രീഗോറിയോസ് എന്നീ ശീമമെത്രാന്മാർ കേരളത്തിൽ വന്നു. ശക്രള്ളാ ബസേലിയോസ് കാലം ചെയ്തു കണ്ടനാട്ടു പള്ളിയിൽ അടക്കി. മാർതോമ്മാ അഞ്ചാമനെ കീഴ്പ്പെടുത്തി മലങ്കര സഭാഭരണം കൈവശമാക്കണമെന്ന ആഗ്രഹത്തോടെയായിരുന്നു കേരളത്തിൽ (അവരുടെ) പ്രവർത്തനം. പക്ഷേ, അവരുടെ പ്രവർത്തനങ്ങളെയെല്ലാം തടഞ്ഞു നിർത്തുവാൻ മാർത്തോമ്മാ അഞ്ചാമന് കഴിഞ്ഞിരുന്നു. ഏതെങ്കിലും തരത്തിൽ തന്റെ പ്രതിയോഗിയെ ഉപദ്രവിക്കണമെന്നുതന്നെ ഗ്രീഗോറിയോസ് നിശ്ചയിച്ചു. മുളന്തുരുത്തിയിൽ കാട്ടുമങ്ങാട്ട് കുടുംബത്തിൽ ഒരു റമ്പാച്ചനുണ്ടായിരുന്നു. റമ്പാച്ചന്റെ ചില നടപടികളിൽ ഇഷ്ടപ്പെടാതിരുന്ന മാർ ദീവന്നാസിയോസ് ഒന്നാമൻ (മാർത്തോമ്മാ ആറാമൻ)** റമ്പാച്ചന് താക്കീതു നൽകിയിരുന്നു. തന്മൂലം മാർ ദീവന്നാസ്യോസിനെ റമ്പാച്ചൻ ഒരു ശത്രുവായി കരുതി. മാത്രവുമല്ല, മാർ ഗ്രീഗോറിയോസിന്റെ ഒരു ചാരനായി അദ്ദേഹം പ്രവർത്തിക്കുകയും ചെയ്തു. മാർ ദീവന്നാസിയോസിന്റെ അറിവോ സമ്മതമോ കൂടാതെ മാർ ഗ്രീഗോറിയോസ്, കാട്ടുമങ്ങാട്ട് അബ്രഹാം[5] റമ്പാനെ മാർ കൂറിലോസ് എന്ന പേരിൽ മട്ടാഞ്ചേരി പള്ളിയിൽവച്ച് 1772 വൃശ്ചികം 17-ന് ഒരു മെത്രാനായി വാഴിച്ചു. സ്ഥാനം ലഭിച്ച കൂറിലോസ്, ഗ്രീഗോറിയോസിനോടൊപ്പം മലങ്കരസഭാഭരണത്തിനുവേണ്ടി പ്രയത്നിച്ചു തുടങ്ങി. കൊച്ചി രാജാവിന്റെ തീട്ടുരവും പാലിയത്ത് നീട്ടും, ലന്ത കമ്പനിക്കാരുടെ അംഗീകരണവുമായി പള്ളികളിൽ അദ്ദേഹം കയറിച്ചെന്നു. ഉടനെ മാർ ദീവന്നാസിയോസ് കണ്ടനാട് പള്ളിയിൽവെച്ച് ഒരു പള്ളിപ്രതിപുരുഷയോഗം കൂടി.[6] അനധികൃതമായി സഭയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മാർ കൂറിലോസിന്റെ

---

* മാർത്തോമ്മാ അഞ്ചാമൻ മാർത്തോമ്മാ ആറാമനെ 1761-നു വാഴിച്ചശേഷം 1765 മേടത്തിൽ കാലം ചെയ്തു. മാർത്തോമ്മാ അഞ്ചാമന്റെ കാലശേഷം മാർത്തോമ്മാ ആറാമൻ* ഭരണം ഏറ്റു നടത്തി. അദ്ദേഹമാണ് പിന്നീട് ദീവന്നാസ്യോസ് ഒന്നാമൻ എന്ന പേരിൽ അറിയപ്പെട്ടിരുന്ന വലിയ മാർ ദീവന്നാസ്യോസ്).

** എന്നാൽ മാർ ഗ്രീഗോറിയോസിന്റെയും മറ്റും നിർബന്ധത്തിന് വഴങ്ങി 1770-ൽ അവരിൽനിന്നും വീണ്ടും സ്ഥാനപൂർത്തീകരണം എന്ന വ്യാജേന സ്ഥാനം ഏറ്റു. മാർതോമ്മാ എന്ന പേരിനോടുകൂടി ദിവന്നാസിയോസ് എന്നുകൂടി ചേർത്തു. അന്നു മുതലാണ് ദിവന്നാസ്യോസ് എന്നു നാമകരണം ആരംഭിച്ചതും മാർത്തോമ്മാ എന്നുള്ള നാമം പോയതും.

പ്രവർത്തനങ്ങൾ തടയാൻ കൊച്ചി മഹാരാജാവിനെ സമീപിക്കുന്നതിന് ഒരു കമ്മറ്റിയെ യോഗം നിയോഗിച്ചു.

കമ്മറ്റിക്കാർ[7] സമർപ്പിച്ച അപേക്ഷ രാജാവ്, ലന്ത കമ്പനിക്കാരെ ഏല്പിച്ചു. മാർ കൂറിലോസിനോട് വലിയ (മാർത്തോമ്മാ ആറാമനെ) മാർ ദീവന്നാസിയോസിനെ അനുസരിച്ച് പ്രവർത്തിക്കുവാൻ (ഡച്ച്) ലന്ത കമ്പനിക്കാർ നിർദ്ദേശിച്ചു. വലിയ മാർ ദീവന്നാസിയോസിനെ അനുസരിക്കാൻ തയ്യാറല്ലെങ്കിൽ, മാർ കൂറിലോസ് തിരുവിതാംകൂർ, കൊച്ചി പ്രദേശങ്ങളിൽ താമസിക്കരുതെന്ന് ലന്തക്കാരുടെ ഒരു പഞ്ചായത്ത് വിധിയുമുണ്ടായി.

നമ്മുടെ കഥാനായകന്റെ പൂർവ്വികൻ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് ഒന്നാമൻ അന്ന് ഒരു കത്തനാരായിരുന്നു. അദ്ദേഹം കുറെക്കാലം കാട്ടുമങ്ങാട്ടു റമ്പാച്ചന്റെ (കൂറിലോസ്) ശിഷ്യനുമായിരുന്നു. തന്റെ ഗുരുവിന് വന്ന ആപത്തിനെക്കുറിച്ച് അറിഞ്ഞപ്പോൾ അദ്ദേഹം ഒരു വള്ളത്തിൽ കരിങ്ങാച്ചിറയിൽ എത്തുകയും മാർ കൂറിലോസിനെ അപ്പോൾതന്നെ വള്ളത്തിൽ കയറ്റി കുന്നംകുളത്തേക്ക് കൊണ്ടുവരികയും ചെയ്തു. മാർ ദിവന്നാസിയോസിനോട് എതിർത്തു നിൽക്കുന്ന ഒരാളെ അപ്രകാരം കൊണ്ടുവന്ന് രക്ഷപ്പെടുത്തുന്നത് ന്യായമല്ല എന്ന് അദ്ദേഹത്തിന് തോന്നിയെങ്കിലും അന്തരാത്മാവ് അദ്ദേഹത്തെ പ്രേരിപ്പിച്ചതുപോലെ അദ്ദേഹം പ്രവർത്തിച്ചു. കുന്നംകുളം പട്ടണം കൊച്ചി രാജ്യത്ത് ഉൾപ്പെട്ടതായിരുന്നതിനാൽ ജോസഫ് കത്തനാർ ബ്രിട്ടീഷ് സ്ഥലമായ (കുന്നംകുളത്തുനിന്ന് 3 കി. മീ. ദൂരം) തൊഴിയൂരെത്തി അവിടത്തെ ഒരു ധനാഢ്യനായ ഔർസുകുട്ടി മൂപ്പനെന്ന ഒരു മുസൽമാനെ കണ്ട് കുറച്ച് സ്ഥലം വാങ്ങി. അവിടെ ചെറിയ ഒരു വീട് പണിത് മാർ കൂറിലോസിനെ അവിടെ താമസിപ്പിച്ചു. 1774-ൽ അവിടെ ഒരു പള്ളിയും അരമനയും പണിയുകയുണ്ടായി (മലങ്കരസഭയിൽ ഒരു മെത്രാപ്പോലീത്താ ഇല്ലാതിരുന്ന സന്ദർഭത്തിൽ ജോസഫ് കത്തനാരെ ഒരു മെത്രാപ്പോലീത്തായായി വാഴിക്കുന്നതിന് മലങ്കരസഭ ആവശ്യപ്പെട്ടത്, ഈ കൂറിലോസിന്റെ പിൻഗാമിയായിരുന്ന കിടങ്ങൻ മാർ പീലക്സിനോസിനോടായിരുന്നു. തുടർന്ന് പുന്നത്ര മാർ ദീവന്നാസിയോസിനേയും ചേപ്പാട് മാർ ദീവന്നാസിയോസിനേയും മാർ പീലക്സിനോസ് തന്നെയാണ് മെത്രാപ്പോലീത്താമാരായി വാഴിച്ചത്. കാട്ടുമങ്ങാട് മാർ കൂറിലോസിനെ പുലിക്കോട്ടിൽ ജോസഫ് കത്തനാർ ഒരു വള്ളത്തിൽ കയറ്റി രക്ഷപ്പെടുത്തിയത് പരിശുദ്ധാത്മ നിർദ്ദേശപ്രകാരമായിരുന്നു എന്നതിന് ഈ സംഭവങ്ങൾ പ്രത്യക്ഷ തെളിവുകളാകുന്നു).

മലങ്കരസഭയും തൊഴിയൂർ പള്ളിയും തമ്മിലുള്ള ഐക്യം നഷ്ടപ്പെട്ടപ്പോൾ നമ്മുടെ കഥാനായകന് അത്യന്തം മനഃപ്രയാസമുണ്ടായി.

ഐക്യം പുനഃസ്ഥാപിക്കണമെന്ന ഉദ്ദേശത്തോടെ മാർ കൂറിലോസുമായി അദ്ദേഹം സംസാരിച്ചു. പക്ഷേ, അത്താനാസിയോസിന്റെ ദാനസൃഷ്ടി യായ മാർ കൂറിലോസിന് ഐക്യത്തിനുള്ള യാതൊരു വ്യവസ്ഥയും അംഗീകരിക്കാനായില്ല. തൊഴിയൂർ പള്ളിയിൽ ഉള്ള അവകാശം സ്ഥാപിച്ചു കിട്ടുന്നതിന് ഒരു സിവിൾകേസ് കൊടുക്കാൻ യൂയാക്കീം മാർ കൂറിലോസ് നിർബന്ധിതനായി.

മലങ്കരമെത്രാപ്പോലീത്താ സ്ഥാനമൊഴിഞ്ഞ് വാർദ്ധക്യദശയിലെത്തി യിരുന്ന ചേപ്പാട് മാർ ദിവന്നാസിയോസ് 1031-ൽ 75-ാമത്തെ (1856) വയ സ്സിൽ അർശ്ശസുരോഗം മൂലം കാലം ചെയ്തു.

1032-ൽ ഒന്നാം നമ്പ്രായി കോഴിക്കോട് സിവിൾ കോടതിയിൽ തൊഴി യൂർ പള്ളിയുടെ അവകാശം സ്ഥാപിച്ചുകിട്ടുന്നതിനുവേണ്ടി കേസ്സ് ഫയൽ ചെയ്തു. കേസ് നടത്തിയത് പുലിക്കോട്ടിൽ ജോസഫ് കത്ത നാരായിരുന്നു. കുന്നംകുളം സ്വദേശി പനയ്ക്കൽ ഇയ്യപ്പനായിരുന്നു ഈ കേസ്സിൽ പണം സംബന്ധമായി സഹായിച്ചുകൊണ്ടിരുന്നത്.

ആ കേസ്സിൽ മാർ അത്താനാസിയോസിനും തൊഴിയൂർ മാർ കൂറി ലോസിനും അനുകൂലമായി ഒരു വിധിയുണ്ടായി. മദിരാശിയിലെ ഹൈക്കോടതിയും കീഴ്ക്കോടതിവിധി സ്ഥിരപ്പെടുത്തുകയും തൊഴിയൂർ പള്ളിയും ഇടവകയും ഒരു സ്വതന്ത്രസഭയാണെന്ന് പ്രഖ്യാപിക്കപ്പെടു കയും ചെയ്തു. ഈ സംഭവം യുവാവായ പുലിക്കോട്ടിൽ ജോസഫ് കത്തനാരെ വളരെയധികം വേദനിപ്പിച്ചു. പൂർവ്വികന്മാർ പഠിപ്പിച്ചിട്ടുള്ള സത്യവിശ്വാസങ്ങൾക്കെതിരായി പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന മാർ അത്താനാസിയോസിന്റെ പ്രവർത്തനങ്ങൾ എത്രയും വേഗം തടയേണ്ടത് ഒരു ആവശ്യമാണെന്ന് അദ്ദേഹത്തിനു തോന്നി.

### ഇനി എന്ത്?

മലങ്കരസഭയിൽ ഇടവകക്കാർക്ക് ഒന്നും ചെയ്യാനാവാത്തവിധം മാർ അത്താനാസിയോസ് ഗവൺമെന്റിൽ നിന്നും അധികാരങ്ങൾ കൈവശ മാക്കുകയും മിഷനറിമാരുടെ പിന്തുണയോടെ ഭരണം നടത്തുകയും ചെയ്യുന്നു. സഭയിൽ കാറുംകോളും നിറഞ്ഞിരിക്കുന്ന അന്തരീക്ഷം. സഭാ നൗക ആടിയുലയുന്നു. ഏതു നിമിഷത്തിലും അതു പൊട്ടിത്തകർന്നു പോകാം. ഈ പരിതഃസ്ഥിതിയിൽ തന്നെക്കൊണ്ട് എന്തു ചെയ്യാനാകും, ജോസഫ് കത്തനാർ ചിന്തിച്ചു. സത്യത്തിനും നീതിക്കും വേണ്ടി നിര ന്തരമായി പ്രാർത്ഥിച്ചാൽ വിജയം സുനിശ്ചിതമാണെന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചു.

കുന്നംകുളം ഇടവകക്കാരിൽ പാറേമൽ ചാക്കുണ്ണിയും പനയ്ക്കൽ

ഇയ്യപ്പനും നാട്ടുപ്രമാണികളായിരുന്നു. ഇവർ രണ്ടുപേരും രാജകൊട്ടാരം ദർബാറിൽ അംഗങ്ങളുമായിരുന്നു. ഇവരിൽ പാറേമൽ ചാക്കുണ്ണിയെ തന്റെ ആജ്ഞാനുവർത്തിയാക്കാൻ സാധിച്ചു എങ്കിലും പനയ്ക്കൽ ഇയ്യപ്പനും ഇടവകയിൽ മറ്റെല്ലാ കുടുംബക്കാരും പുലിക്കോട്ടിൽ ജോസഫ് കത്തനാർക്ക് പിന്തുണ പ്രഖ്യാപിച്ചിരുന്നതിനാൽ ആർത്താറ്റുപള്ളി കൈവശമാക്കാൻ മാർ അത്താനാസിയോസിന് കഴിഞ്ഞിരുന്നില്ല. 1038 ചിങ്ങം 1-ാം തീയതി ജോസഫ് കത്തനാർ ആർത്താറ്റുപള്ളിയിൽതന്നെ സ്ഥിരതാമസമാക്കി. ആദ്യത്തെ ഞായറാഴ്ച ആർത്താറ്റുപള്ളിയിൽ അദ്ദേഹം പ്രസംഗിച്ചു. 'സ്വർഗ്ഗരാജ്യം നല്ല മുത്തിനോടു സദൃശ്യമാകുന്നു' എന്നുള്ളതായിരുന്നു പ്രസംഗവിഷയം. സഭയ്ക്കു സംഭവിച്ചിരിക്കുന്ന വിപൽസന്ധിയെക്കുറിച്ച് അദ്ദേഹം സൂചിപ്പിച്ചു. ക്ലേശങ്ങൾ സഹിച്ച് ആ മുത്ത് സമ്പാദിക്കുവാൻ അദ്ദേഹം ജനങ്ങളെ ആഹ്വാനം ചെയ്തു. മാർ അത്താനാസിയോസ് സഭയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അനീതികളെക്കുറിച്ചു പ്രസ്താവിച്ചപ്പോൾ അദ്ദേഹത്തിന്റെ കണ്ഠമിടറി. കണ്ണുകളിൽനിന്ന് കണ്ണുനീർകണങ്ങൾ അടർന്നുവീണു. കേൾവിക്കാരുടെ കണ്ണുകളിലും അപ്പോൾ വെള്ളം നിറഞ്ഞു. നിരന്തരമായ പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ഈ വ്യാധി നീങ്ങിപ്പോവുകയില്ല എന്നു പറഞ്ഞ് അദ്ദേഹം പ്രസംഗം ഉപസംഹരിച്ചു. അന്നുമുതൽ നാല്പത് ദിവസം ആർത്താറ്റ് പള്ളിയിൽ താമസിച്ച് അദ്ദേഹം ഉപവാസമനുഷ്ഠിച്ചു. അദ്ദേഹത്തോടൊന്നിച്ച് പലരും പള്ളിയിൽ വന്ന് ഉപവാസമനുഷ്ഠിച്ചുകൊണ്ടിരുന്നു. ഉപവാസത്തിനുശേഷം ധൈര്യപൂർവ്വം അദ്ദേഹം രംഗത്തിറങ്ങി, കുന്നംകുളത്തെ ഓരോ വീടുകളും അദ്ദേഹം സന്ദർശിച്ചു.

## ദൈവവിളി

കോട്ടയത്ത് താമസിച്ചിരുന്ന ഇടവഴിക്കൽ വലിയച്ചൻ വാർദ്ധക്യം മൂലം രോഗശയ്യയിലായിരുന്നു. സഭയിലെ പ്രശസ്തനും പ്രഗത്ഭനും നല്ലൊരു വാഗ്മിയുമായിരുന്നു വലിയച്ചൻ. ജോസഫ് കത്തനാർക്ക് ഒരു ദിവസം വലിയച്ചനിൽനിന്ന് ഒരു കത്ത് ലഭിച്ചു. വലിയച്ചന്റെ മകൻ തന്നെയാണ് ആ കത്ത് ജോസഫ് കത്തനാരെ ഏല്പിച്ചത്. ജോസഫ് കത്തനാർ ആ കത്ത് വായിച്ച് അല്പസമയം ചിന്താമഗ്നനായി ഇരുന്നു. കത്തിൽ രണ്ടു വാചകം മാത്രം. 'യാത്ര ചെയ്യുന്നതിന് എന്റെ വാർദ്ധക്യം അനുവദിക്കുന്നില്ലെന്ന് അച്ചന് അറിയാമല്ലോ. കോട്ടയത്ത് വന്ന് അച്ചൻ എന്നെ കാണണമെന്ന് ഞാൻ നിർബന്ധിക്കുന്നു. എന്ന് വാത്സല്യപൂർവ്വം വലിയച്ചൻ.'

ഒട്ടും താമസിക്കാതെ ജോസഫ് കത്തനാർ കോട്ടയത്തെത്തി വലിയച്ചനെ സന്ദർശിച്ചു. കുന്നംകുളം വാർത്തകളും മറ്റു നാട്ടുവിശേഷങ്ങളും സംസാരിച്ചുകൊണ്ടിരുന്നു എന്നല്ലാതെ ഗൗരവമുള്ള ഒരു കാര്യവും വലിയച്ചനിൽനിന്ന് കേൾക്കാൻ അദ്ദേഹത്തിന് സാധിച്ചില്ല. തിരിച്ചുപോകാൻ

ഒരുങ്ങുമ്പോഴെല്ലാം 'നാളെ അച്ചന് പോകാം' എന്നുപറഞ്ഞ് മൂന്നു ദിവസം ജോസഫ് കത്തനാർ വലിയച്ചനോടൊന്നിച്ച് താമസിച്ചു. അന്ന് അർദ്ധരാത്രി കഴിഞ്ഞ സമയം. ആരോ തന്നെ വിളിച്ചുണർത്തുന്നു. ജോസഫ് കത്തനാർ എഴുന്നേറ്റു. വിശ്വസിക്കാൻ പ്രയാസം. കട്ടിലിൽ നിന്നെഴുന്നേറ്റു വന്ന് വലിയച്ചൻ തന്നെയാണ് തന്നെ വിളിച്ചുണർത്തുന്നത്. ജോസഫ് കത്തനാർ മെഴുകുതിരി കത്തിച്ചു. വലിയച്ചന്റെ മുഖം പ്രസന്നമായിരുന്നു. അദ്ദേഹം കൊച്ചച്ചനെ ചുംബിച്ച് കട്ടിലിൽ ഇരുന്നു. അപ്പോൾ വലിയച്ചന്റെ കണ്ണുകൾ നിറയുന്നുണ്ടായിരുന്നു. ഇടറിയ സ്വരത്തിൽ പാതിരാത്രിയിലെ നിശ്ശബ്ദതയിൽ വൃദ്ധനായ ആ പുരോഹിതൻ പറഞ്ഞു:

"നമ്മുടെ പള്ളികൾ മാർ അത്താനാസിയോസ് കൈവശപ്പെടുത്തുന്നതോടൊപ്പം നമ്മുടെ ഇടവകക്കാരും നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. വേദവിപരീത ഉപദേശങ്ങൾ സ്വീകരിക്കാൻ നമ്മുടെ ജനങ്ങൾ നിർബന്ധിതരായിത്തീരുന്നു. ആലോചന കൂടാതെ പാത്രിയർക്കീസ് ബാവാ ചെയ്ത പ്രവൃത്തി അബദ്ധമായി. ഇത്രയൊന്നും സംഭവിക്കുമെന്ന് അദ്ദേഹം ചിന്തിച്ചു കാണുകയില്ല. ഏതായാലും സംഭവിക്കേണ്ടത് സംഭവിച്ചു. യൂയാക്കീം മാർ കൂറിലോസാണെങ്കിൽ വാർദ്ധക്യത്തിലെത്തിയിരിക്കുന്നു. അദ്ദേഹത്തിന് മലങ്കരയിൽ ഒന്നും പ്രവർത്തിക്കാനാവില്ല." ഇത്രയും പറഞ്ഞ് വലിയച്ചൻ സംസാരം നിർത്തി. അദ്ദേഹം കിതയ്ക്കുന്നുണ്ടായിരുന്നു. കൊച്ചച്ചൻ അദ്ദേഹത്തിന്റെ പുറം തടവി. വലിയച്ചൻ ആ കട്ടിലിൽ കിടന്നു. അല്പസമയത്തിനുശേഷം വീണ്ടും എഴുന്നേറ്റിരുന്ന് പറഞ്ഞു. "അച്ചൻ ഉടൻ മർദീനിലേക്ക് പോകണം. ബാവായെ കണ്ട് എല്ലാ വിവരങ്ങളും പറഞ്ഞു മനസ്സിലാക്കുന്നതിന് അച്ചനെ മാത്രമേ ഞാൻ കാണുന്നുള്ളു. മാത്രവുമല്ല മലങ്കരസഭയുടെ ഭരണാധികാരിയെ അച്ചനിൽമാത്രം ഞാൻ ദർശിക്കുന്നു. മലങ്കര മെത്രാപ്പോലീത്തായായി അച്ചൻ തിരിച്ചു വരണം."

വലിയച്ചന്റെ സംസാരം കേട്ട് ജോസഫ് കത്തനാർ തെല്ലൊന്നമ്പരന്നു. അദ്ദേഹം അല്പനേരം മൗനമവലംബിച്ചതിനുശേഷം കട്ടിലിന്നടുത്ത് താഴെ ഒരു പായിൽ ഇരുന്നു. മലങ്കര മെത്രാപ്പോലീത്തായായി മലങ്കര സഭയെ നയിക്കുവാൻ തനിക്ക് കഴിവുണ്ടോ എന്ന് അദ്ദേഹം ചിന്തിച്ചു. മറുപടി കേൾക്കാൻ അക്ഷമനായി കാത്തിരുന്ന വലിയച്ചനോട് അദ്ദേഹം പറഞ്ഞു:

"ചേപ്പാട് മാർ ദിവന്നാസിയോസിനെ മലങ്കര മെത്രാപ്പോലീത്തായായി കാണാൻ പാത്രിയർക്കീസിന് കഴിയാതെ പോയതാണ് കുഴപ്പങ്ങൾക്കെല്ലാം കാരണമെന്ന് വലിയച്ചൻ തന്നെ പലതവണ എന്നോടു പറഞ്ഞിട്ടുണ്ട്. ശീമക്കാരിൽനിന്ന് പട്ടമേല്ക്കുന്നവർക്ക് മാത്രമാണ് മലങ്കരയിൽ

ഭരണം നടത്താൻ അധികാരമുള്ളതെന്ന് പാത്രിയർക്കീസ് ചിന്തിക്കുന്നു. മലങ്കരയിൽ വഴക്കുകൾ സൃഷ്ടിച്ച് ഭരണാധികാരം ഉറപ്പിക്കാമെന്നാണ് പാത്രിയർക്കീസ് കരുതുന്നത്. പാത്രിയർക്കീസിന്റെ ഈ ചിന്താഗതിയെ അനുകൂലിക്കാൻ എനിക്ക് സാദ്ധ്യമല്ല വല്യച്ചാ."

അല്പനേരം ചിന്താമഗ്നനായിരുന്ന വല്യച്ചൻ പറഞ്ഞു. "അച്ചൻ പറഞ്ഞ എല്ലാ കാര്യങ്ങളും ഞാൻ സമ്മതിക്കുന്നു. പക്ഷേ, ഇന്നത്തെ പരിതഃസ്ഥിതിയെക്കുറിച്ച് ചിന്തിക്കാതെയാണ് അച്ചൻ മറുപടി പറഞ്ഞത്. പാത്രിയർക്കീസു നൽകിയ സ്ഥാത്തിക്കോൻ അനുസരിച്ചാണ് അത്താനാസിയോസിനെ മലങ്കര മെത്രാപ്പോലീത്തായായി ഗവൺമെന്റ് അംഗീകരിച്ചത്. പാത്രിയർക്കീസിൽനിന്ന് ഒരു സ്ഥാത്തിക്കോൻ കിട്ടാതെ ഇനിയും മറ്റൊരു മെത്രാനും ഇവിടെ ഭരണം നടത്താനാവില്ല. അത്താനാസിയോസിനെ നീക്കി മറ്റൊരാളെ മലങ്കരമെത്രാപ്പോലീത്തായായി നിയമിച്ച ഒരു സ്ഥാത്തിക്കോൻ പാത്രിയർക്കീസിൽ നിന്നു തന്നെ കിട്ടണം. നമ്മുടെ സഭയെ രക്ഷിക്കാൻ അച്ചനു മാത്രമേ കഴിയൂ."

ജോസഫ് കത്തനാർ അല്പനേരം ചിന്തിച്ചിരുന്നു. വല്യച്ചനോട് എന്താണു മറുപടി പറയേണ്ടതെന്ന് അദ്ദേഹം ആലോചിച്ചു. ഒടുവിൽ അദ്ദേഹം പറഞ്ഞു. "എന്റെ വലിയച്ചനോട് (അച്ചന്റെ പിതാവിന്റെ ജ്യേഷ്ഠൻ പുലിക്കോട്ടിൽ ജോസഫ് കത്തനാർ) ഞാൻ ചോദിക്കട്ടെ. അദ്ദേഹം അനുവദിക്കുകയും പാത്രിയർക്കീസിന് വല്യച്ചൻ എഴുതി അയച്ച് അനുകൂല മറുപടി ലഭിക്കുകയും ചെയ്യുകയാണെങ്കിൽ വല്യച്ചന്റെ ആഗ്രഹംപോലെ ഞാൻ പ്രവർത്തിക്കാം." വല്യച്ചന് സന്തോഷമായി. "എല്ലാം ദൈവം നടത്തും." വല്യച്ചൻ പറഞ്ഞു. അന്നുതന്നെ ജോസഫ് കത്തനാർ തിരിച്ചുപോരുകയും ചെയ്തു.

ജോസഫ് കത്തനാരുടെ വലിയപ്പൻ, ഇടവഴിക്കൽ വല്യച്ചന്റെ അഭിപ്രായത്തോട് യോജിക്കുകയാണ് ചെയ്തത്.

'പുലിക്കോട്ടിൽ ജോസഫ് കത്തനാരെ മെത്രാപ്പോലീത്തായായി വാഴിക്കണം' എന്ന അപേക്ഷയോടെ മലങ്കരയിലെ ജനങ്ങൾ ഒരു മെമ്മോറാണ്ടം പാത്രിയർക്കീസിന് അയച്ചുകൊടുത്തു. കുന്നംകുളത്തുകാരൻ പനയ്ക്കൽ ഇയ്യപ്പനാണ് മെമ്മോറാണ്ടത്തിൽ ഒന്നാമതായി ഒപ്പിട്ടത്. മെമ്മോറാണ്ടത്തോടൊപ്പം വല്യച്ചന്റെ ഒരു കത്തും പാത്രിയർക്കീസിന് അയച്ചുകൊടുത്തിരുന്നു.

മാസങ്ങൾ കഴിഞ്ഞു. മാർ അത്താനാസിയോസ് സകലവിധ അധികാരത്തോടുംകൂടി പള്ളികൾ ഓരോന്നും കൈവശമാക്കിക്കൊണ്ടിരുന്നു. ആർത്താറ്റു പള്ളി കൈവശമാക്കുന്നതിനും അദ്ദേഹം ഒരുക്കങ്ങൾ ചെയ്തു. ജോസഫ് കത്തനാർ ആർത്താറ്റുപള്ളിയിൽ തന്നെ സ്ഥിരതാമസമാക്കി.

ഈ സന്ദർഭത്തിലാണ് വല്യച്ചന് പാത്രിയർക്കീസിന്റെ കല്പന ലഭിച്ചത്. ആ കല്പന ഉടനെതന്നെ തന്റെ മകൻവശം ജോസഫ് കത്തനാർക്ക് അദ്ദേഹം എത്തിച്ചു കൊടുത്തു. കല്പന ഇപ്രകാരമായിരുന്നു:

'അവൻ ജനസമ്മതനും ദൈവഭക്തിയുള്ളവനുമാണെങ്കിൽ നമ്മുടെ അടുക്കൽ അയയ്ക്കുക. മത്തായി (അത്താനാസിയോസ്) ഉപദ്രവം ചെയ്യുന്നത് നാം മനസിലാക്കുന്നു. നിങ്ങൾ പറയുന്ന പുലിക്കോട്ടിൽ ജോസഫ് കത്തനാർ യോഗ്യനാണെങ്കിൽ നമ്മുടെ മുമ്പാകെ വരട്ടെ. അവനെ നാം മെത്രാപ്പോലീത്തായായി വാഴിക്കും.' പാത്രിയർക്കീസിന്റെ കല്പനയോടൊന്നിച്ച് വല്യച്ചൻ ഒരു കത്തും കൊടുത്തയച്ചിരുന്നു. ആ കത്തിൽ താഴെ പറയുംവിധത്തിൽ പ്രസ്താവിച്ചിരുന്നു:

'ആർത്താറ്റു പള്ളിയിലേക്ക് എത്തിനോക്കാൻപോലും അത്താനാസിയോസിന് ഇതുവരെ സാധിക്കാതിരുന്നത് അച്ചന്റെ നിരന്തരമായ പരിശ്രമവും ജനങ്ങളിൽനിന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന പിന്തുണയുമാണെന്ന് എനിക്കറിയാം.' ആർത്താറ്റു പള്ളിയുടെ സംരക്ഷണം മാത്രമല്ല, മലങ്കര സഭയുടെ സംരക്ഷണമാണ് അച്ചനിൽ ഞാൻ കാണുന്നത്. അതിനാൽ ഏതെല്ലാം പ്രതിസന്ധികളുണ്ടായാലും മർദീനിലേക്ക് പോകാൻ അച്ചൻ ഉടൻ ഒരുങ്ങുക.'

പാത്രിയർക്കീസിന്റെ കല്പനയും വല്യച്ചന്റെ എഴുത്തും തന്റെ വലിയപ്പനെ വായിച്ചു കേൾപ്പിച്ചു. 'മോൻ യാത്രയ്ക്ക് ഒരുങ്ങുക. ദൈവം മോനെ അനുഗ്രഹിക്കും.' വലിയപ്പൻ പറഞ്ഞു. അന്നുരാത്രി മുഴുവൻ ജോസഫ് കത്തനാർ ആർത്താറ്റു പള്ളിക്കകത്ത് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. പ്രഭാതത്തിൽ പള്ളിക്കകത്തുനിന്ന് പുറത്തു വന്നപ്പോൾ തന്റെ ഉത്തമ സ്നേഹിതൻ പനക്കൽ താരുവിനെയാണ് ആദ്യമായി കണ്ടത്. തന്റെ സ്നേഹിതനുമായി വളരെനേരം ജോസഫ് കത്തനാർ സംസാരിച്ചു. മർദീനിലേക്കു പോകണമെന്നു തന്നെയായിരുന്നു താരുവിന്റേയും അഭിപ്രായം.

ജോസഫ് കത്തനാർ യാത്ര പുറപ്പെടുന്നതിന് മുമ്പ് കുന്നംകുളം നിവാസികൾ ഒരു യോഗം ചേർന്ന് അച്ചന് മംഗളങ്ങൾ ആശംസിച്ചു. ആ യോഗത്തിൽ അച്ചൻ ഇപ്രകാരം പ്രസ്താവിച്ചു:

'സഭാസ്നേഹികളേ, ബലഹീനനായ ഞാൻ മർദീനിൽ ചെന്ന് പാത്രിയർക്കീസു ബാവായിൽനിന്ന് മെത്രാൻസ്ഥാനം സ്വീകരിക്കണമെന്ന് പാത്രിയർക്കീസു ബാവായും യൂയാക്കീം മാർ കൂറിലോസും എന്റെ വലിയപ്പച്ചനും ഇടവഴിക്കൽ വല്യച്ചനും എന്റെ ഉത്തമ സുഹൃത്തുക്കളും നിർബന്ധിക്കുന്നതനുസരിച്ച് ഞാൻ മർദീനിലേക്ക് യാത്ര പുറപ്പെടുന്നു. ഒരു മേല്പട്ടക്കാരന്റെ സ്ഥാനത്തിന് അയോഗ്യനാണ് ഞാൻ. നിങ്ങൾ

എല്ലാവരുടേയും പ്രാർത്ഥന മാത്രമാണ് എന്നെ ആ സ്ഥാനത്തിന് അർഹ നാക്കിത്തീർക്കുക. നിങ്ങളുടെ പ്രാർത്ഥനയിൽ ഞാൻ ആശ്രയിച്ചുകൊണ്ട് ഞാൻ നിങ്ങളോട് യാത്ര പറയുന്നു. നിങ്ങൾ ആഗ്രഹിക്കുന്നതുപോലെ ഞാൻ തിരിച്ചുവരുന്നതിന് നിത്യവും മുടങ്ങാതെ എനിക്കുവേണ്ടി പ്രാർത്ഥിക്കുക. വേദവിപരീത കിരാതശക്തികളിൽനിന്ന് നമ്മുടെ സഭയെ രക്ഷ പെടുത്താൻ സർവ്വശക്തനായ ദൈവം നമ്മെ സഹായിക്കട്ടെ.'

പ്രസംഗം ശ്രദ്ധിച്ച കേൾവിക്കാരുടെ കണ്ണുകൾ നിറഞ്ഞു. യാത്രച്ചി ലവിനുള്ള സംഖ്യ കുന്നംകുളത്തുകാർ അച്ചനെ ഏല്പിച്ചു.

### ശീമ യാത്ര

1038 കുംഭം 27-നു പുലിക്കോട്ടിൽ ജോസഫ് കത്തനാർ കുന്നംകുള ത്തുനിന്ന് യാത്ര പുറപ്പെട്ടു.

പിന്നീട് അദ്ദേഹം മാർ കൂറിലോസ് മെത്രാനേയും കോട്ടയത്തു ചെന്ന് വല്യച്ചനേയും സന്ദർശിച്ചു.

മട്ടുമ്മേൽ ഗീവറുഗീസു കത്തനാരെ തന്റെ കൂടെ ഒരു സഹയാത്ര ക്കാരനായി മാർ കൂറിലോസ് ഏർപ്പെടുത്തിയിരുന്നതിൽ അച്ചൻ സന്തോഷിച്ചു. വിശ്വസ്ത ഭൃത്യൻ കൂത്തൂര് താരപ്പനേയും തന്റെ കൂടെ കൊണ്ടു പോകുന്നതിന് അച്ചൻ തീരുമാനിച്ചിരുന്നു. കപ്പൽ കൊച്ചി തുറമുഖത്ത് എത്തുന്നത് പ്രതീക്ഷിച്ച് കൊച്ചിയിൽതന്നെ അവർ മൂവരും താമസിച്ചു.

മേടമാസം 14-നു ബോംബെയ്ക്ക് പോകുന്ന രണ്ടു കപ്പലുകൾ തുറ മുഖത്ത് എത്തിയിട്ടുള്ളതായി അറിഞ്ഞു. ആ കപ്പലുകളിൽ ഒരു കപ്പ ലിന് ബോംബെയ്ക്കുള്ള ചാർജ് 20 രൂപയും മറ്റെ കപ്പലിന് 15 രൂപയുമാ യിരുന്നു. 45 രൂപ കൊടുത്ത് രണ്ടാമത്തെ കപ്പലിൽ യാത്ര ചെയ്യുന്ന തിന് മൂന്നു ടിക്കറ്റുകളെടുത്തു.

ജോസഫ് കത്തനാരുടെ ഒരു സുഹൃത്തിന്റെ പരിശ്രമഫലമായി ബ്രിട്ടീഷ് കൊച്ചിയിലെ ജഡ്ജിയിൽനിന്ന് ഒരു എഴുത്ത് സമ്പാദിക്കുവാ നായി കഴിഞ്ഞു. യാത്രാമദ്ധ്യേ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുവാനും അവരിൽനിന്ന് വേണ്ട സഹായസഹകരണങ്ങൾ ലഭിക്കുന്നതിനും ഉത കുന്ന ഒരു ശുപാർശക്കത്തായിരുന്നു അത്.

1038 മേടം 14-ാം തീയതി നമ്മുടെ യാത്രക്കാർ കൊച്ചിയിൽ നിന്നു കപ്പൽ കയറി. ഭാഗീകമായ ഒരു ചെറിയ കച്ചവടകപ്പലായിരുന്നു അവർ യാത്ര ചെയ്തത്. 15-ാം തീയതി കോഴിക്കോട്ടും 16-ാം തീയതി തലശ്ശേ രിയിലും 17-ാം തീയതി കണ്ണൂരും 18-ാം തീയതി മംഗലാപുരത്തും 19-ാം തീയതി ഗോവയിലും കപ്പൽ നിർത്തി ചരക്കുകൾ കയറ്റിയിറക്കിക്കൊ

ണ്ടിരുന്നു. ഗോവയിൽ കരയോട് ചേർന്നാണ് കപ്പൽ നിർത്തിയിരുന്നത്. രാവിലെ എത്തിച്ചേർന്ന കപ്പൽ ഉച്ചയ്ക്ക് ഒരു മണിക്കാണ് ഗോവയിൽ നിന്ന് പുറപ്പെടുക എന്ന് അറിഞ്ഞപ്പോൾ യാത്രക്കാരിൽ പലരും കര യ്ക്കിറങ്ങി. ജോസഫ് കത്തനാരും അവരോടൊന്നിച്ച് ഇറങ്ങിയിരുന്നു. കുളിക്കണം, കുറെ ഭക്ഷണസാധനങ്ങൾ വാങ്ങണം എന്നൊക്കെയായി രുന്നു അദ്ദേഹത്തിന്റെ ഉദ്ദേശം. അല്പം ദൂരം നടന്നപ്പോൾ ഒരു മുസ്ലീം വൃദ്ധനെ അദ്ദേഹം കണ്ടുമുട്ടി. കുളിക്കാൻ ഒരു കുളം എവിടെയാണെന്ന് അന്വേഷിച്ചപ്പോൾ ആ വൃദ്ധൻ സമീപത്തുതന്നെ ഒരു കുളം ചൂണ്ടികാ ണിച്ചുകൊടുത്തു. അച്ചൻ ആ കുളത്തിൽ സുഖമായിട്ടൊന്നു കുളിച്ചു. കരയ്ക്കു കയറുമ്പോൾ ഒരാൾ ചോദിച്ചു, 'നിങ്ങൾ ഏതു മതക്കാര നാണ്.' 'ഞാൻ ഒരു ക്രിസ്ത്യാനി.' അച്ചന്റെ മറുപടി കേട്ട അയാൾ രോഷാകുലനായി പറഞ്ഞു. 'മുസ്ലീമിന്റെ കുളത്തിൽ ഒരു ക്രിസ്ത്യാനി കുളിക്കുകയോ. നടക്ക് മദ്രസ്സയിലേക്ക്, അല്ലെങ്കിൽ.' ജോസഫ് കത്ത നാർക്ക് സംഗതി മനസ്സിലായി. അച്ചന്റെ തൊപ്പിയും ഇറക്കം കൂടിയ കമ്മീസും കണ്ടപ്പോൾ ഒരു മുസ്ലീം ആണെന്ന് ധരിച്ചാണ് വൃദ്ധനായ മുസ്ലീം, അച്ചന് ആ കുളം കാണിച്ചുകൊടുത്തത്. ഇനിയും അവിടെനിന്ന് ഉടനെ രക്ഷപെടുകയാണ് ആവശ്യം. കൂടുതൽ മുസ്ലീമുകൾ അറിഞ്ഞാൽ വളരെ അപകടകരമാണെന്ന് മനസ്സിലാക്കിയ അച്ചൻ, പോക്കറ്റിൽനിന്ന് ഒരു രൂപയെടുത്ത് ആ മുസ്ലീമിന് സംഭാവന നൽകി. ഒരു പച്ചച്ചിരിയോടെ അയാൾ രൂപ വാങ്ങിയപ്പോൾ, അച്ചന് സമാധാനമായി. യാതൊരക്ഷരവും ഉരിയാടാതെ ആ മുസ്ലീം നടന്നകന്നപ്പോൾ, അച്ചൻ പട്ടണവീഥികളിലേക്ക് തിരിച്ചു. കുറെ ഭക്ഷണസാധനങ്ങൾ വാങ്ങിയതിനുശേഷം തുറമുഖത്ത് തിരിച്ചെത്തുമ്പോൾ കപ്പൽ യാത്ര പുറപ്പെട്ട് അല്പ നിമിഷങ്ങൾ കഴി ഞ്ഞിരുന്നു. തന്റെ കഴുത്തിലെ തോർത്ത് (റൗവൽ) വീശി കപ്പൽക്കാ രുടെ ശ്രദ്ധയാകർഷിച്ചു. ഗീവർഗീസു കത്തനാരും താരപ്പനും ഉറക്കെ നിലവിളിക്കുന്ന ശബ്ദം കപ്പലിൽനിന്നു കേൾക്കാമായിരുന്നു. കപ്പലിലെ നിലവിളിയും അച്ചന്റെ തിളങ്ങുന്ന മുഖവും കണ്ടപ്പോൾ കപ്പിത്താൻ കപ്പൽ നിർത്തി. അവിടെ കിടന്നിരുന്ന ഒരു വഞ്ചിയിൽ കയറി അച്ചൻ കപ്പലിലേക്ക് എത്തിച്ചേർന്നു. രണ്ടു രൂപ കൂലി പറഞ്ഞാണ് വഞ്ചിയിൽ കയറിയതെങ്കിലും കപ്പലിൽ കയറിയയുടൻ കപ്പൽ പുറപ്പെട്ടതിനാൽ വഞ്ചിക്കാരന് കൂലി കൊടുക്കാൻ കഴിഞ്ഞില്ല.

മേടം 22-നു കപ്പൽ ബോംബെ തുറമുഖത്തടുത്തു. ഇടവം 9-നു ആണ് ബസറയിലേക്കുള്ള കപ്പൽ. കപ്പൽകൂലി മൂന്നുപേർക്കും കൂടി 96 രൂപ അടച്ച് രസീത് വാങ്ങി. ബോംബെയിൽ അവർ താമസിച്ചത് ഒരു അർമ്മീ നിയൻ പള്ളിയിലായിരുന്നു.

## കപ്പലിൽ കോളറ

ഇടവം 13-ാം തീയതി മസ്ക്കറ്റ് തുറമുഖത്ത് കപ്പലടുത്തു. മസ്ക്കറ്റിൽനിന്ന് ബൂശേറിലേക്ക് പുറപ്പെട്ട കപ്പലിൽ ഒരു മുസ്ലീമും ഭാര്യയും മകനും യാത്രചെയ്യുന്നുണ്ടായിരുന്നു. കുറേദൂരം യാത്രചെയ്തപ്പോൾ പെട്ടെന്നാണ് ആ മുസ്ലീമിന് കോളറ ബാധിച്ചത്. അധികസമയം കഴിയുന്നതിന് മുമ്പ് അയാൾ മരിച്ചു. ഭാര്യയും മകനും വാവിട്ടലറി. അച്ചൻ അവരെ ആശ്വസിപ്പിച്ചുകൊണ്ടിരുന്നു. മൃതദേഹം ഒരു പായയിൽ പൊതിഞ്ഞുകെട്ടി കടലിൽ എറിഞ്ഞു. അധികസമയം കഴിഞ്ഞില്ല, വിധവയായ ആ സ്ത്രീക്കും കോളറാരോഗം. ആ സ്ത്രീയും മരിച്ചു. കപ്പൽ കരയോട് അടുക്കാറായിരുന്നു. അപ്പോഴേക്കും മകനും കോളറാരോഗം ബാധിച്ചു മരിച്ചു വീണു. കപ്പലിലുള്ളവർ പരിഭ്രാന്തരായി. ജോസഫ് കത്തനാരും ഗീവറുഗീസ് കത്തനാരും എല്ലാവരേയും ആശ്വസിപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടിരുന്നു. കപ്പൽ തുറമുഖത്ത് എത്തിയപ്പോൾ കപ്പലിലുണ്ടായിരുന്ന മുസ്ലീമുകൾ മൃതശരീരങ്ങൾ കരയ്ക്കിറക്കി കബറടക്കം നടത്തുകയും ചെയ്തു. ഇനിയും ആരെയാണ് രോഗം ആക്രമിക്കുക എന്ന് ഓർത്ത് എല്ലാവരും പ്രാർത്ഥനയിൽ മാത്രം ആശ്രയിച്ചു. ദൈവകൃപയാൽ മറ്റ് ആരേയും രോഗം ബാധിക്കുകയുണ്ടായില്ല. ബുശേരിൽനിന്ന് ബസറായിലേക്കായിരുന്നു കപ്പൽ യാത്ര തുടർന്നത്. ബസറായിൽ എത്തിയ കപ്പൽ യാത്ര തുടർന്ന് മിഥുനം 1-ാം തീയതി ബാഗ്ദാദിൽ എത്തിച്ചേർന്നു.

ബാഗ്ദാദിൽ കപ്പലിറങ്ങിയ നമ്മുടെ യാത്രക്കാർ പല വൈദികശ്രേഷ്ഠരുടെയും ആതിഥ്യം സ്വീകരിച്ചതിനുശേഷം മിഥുനം 26-ാം തീയതി മൂസലിലേക്ക് യാത്ര പുറപ്പെട്ടു. കോവർകഴുതപ്പുറത്തായിരുന്നു യാത്ര. യാത്രയിൽ വളരെ ക്ലേശങ്ങൾ അവർ സഹിക്കേണ്ടതായി വന്നു. കഴുതപ്പുറത്തു സവാരിചെയ്യാനറിയാത്ത നമ്മുടെ യാത്രക്കാർ, കഴുതപ്പുറത്ത് ഓരോ കസേര വെച്ചുകെട്ടി അതിൽ ഇരുന്നാണ് യാത്ര ചെയ്തത്. മൂസലിൽ എത്തിച്ചേർന്ന അവർ കർക്കിടകം 28-ാം തീയതി മർദ്ദീനിലേക്ക് യാത്ര തുടർന്നു. ഉദ്ദേശം ഇരുനൂറിൽപരം യാത്രക്കാരുണ്ടായിരുന്നു. ഓരോ തീയതി മുൻകൂട്ടി നിശ്ചയിച്ച്, ആ ദിവസം എല്ലാവരും ഒരു സ്ഥലത്ത് എത്തിച്ചേർന്ന് എല്ലാവരും ഒന്നിച്ചുചേർന്നാണ് യാത്ര ചെയ്യുക. കള്ളന്മാരിൽനിന്നും മറ്റുമുള്ള ആക്രമണം തടയാൻ ഗവൺമെന്റ് പട്ടാളക്കാരും അവരോടൊന്നിച്ച് ഉണ്ടാകും. ചിങ്ങം 13-ാം തീയതി അവർ മർദ്ദീനിൽ എത്തിച്ചേർന്നു.

ജോസഫ് കത്തനാരും ഗീവർഗീസ് കത്തനാരും താരപ്പനും കൊച്ചിയിൽ നിന്നു യാത്ര പുറപ്പെട്ട് നാലു മാസങ്ങൾ പിന്നിട്ടു കഴിഞ്ഞു. യാത്രാമദ്ധ്യേ അവർ സഹിച്ചിട്ടുള്ള കഷ്ടതകൾ അനേകമത്രെ. മണൽ

കൊടുങ്കാറ്റ്, കഠിനചൂട്, കഠിന തണുപ്പ്, ഇതര മതസ്ഥരിൽനിന്നുള്ള പീഡനങ്ങൾ, യാത്രയ്ക്കുള്ള അസൗകര്യങ്ങൾ, അന്യഭാഷക്കാരുമായി സംസാരിക്കാനുള്ള പ്രയാസം എന്നിങ്ങനെ അനേകം യാതനകൾ അവർ സഹിച്ചു. നാലു മാസത്തിനുശേഷം അവർ ലക്ഷ്യസ്ഥാനത്ത് എത്തി ച്ചേർന്നിരിക്കുകയാണ്.

മലങ്കരസഭയിൽ ഇപ്പോഴത്തെ സ്ഥിതിവിശേഷമെന്താണെന്ന് നാം അറിഞ്ഞിരിക്കേണ്ടതത്രെ. മാത്യൂസ് മാർ അത്താനാസ്യോസ് ഉന്നതകുല ജാതനും തേജസ്വിയും പ്രഗത്ഭ ഭരണകർത്താവുമായിരുന്നു. ഇരുപത്തി മൂന്നാമത്തെ വയസ്സിൽ മെത്രാപ്പോലീത്തായായി നാട്ടിൽ തിരിച്ചെത്തിയ പ്പോൾ പ്രൗഢി പ്രകടമാക്കാനുള്ള പ്രവർത്തനങ്ങളാണ് അദ്ദേഹം ചെയ്തുകൊണ്ടിരുന്നത്. എന്നാൽ ആ പ്രൗഢി ആവശ്യമില്ലെന്ന് അദ്ദേ ഹത്തിന്റെ ഉപദേശകനും മല്പാനും വല്യപ്പനുമായ അബ്രഹാം മല്പാൻ അദ്ദേഹത്തെ ഉപദേശിച്ചിരുന്നു. പക്ഷേ, ആ ഉപദേശം അംഗീകരിക്കാൻ അദ്ദേഹം തയ്യാറല്ലായിരുന്നു. ജോസഫ് കത്തനാർ മെത്രാൻ സ്ഥാന ലബ്ധിക്കുവേണ്ടി പാത്രിയർക്കീസിന്റെ അടുക്കലേക്ക് യാത്ര പുറപ്പെട്ടു എന്ന് അറിഞ്ഞതോടെ മാർ അത്താനാസിയോസ് മലങ്കരസഭമേൽ അധികാരം നേടിയെടുക്കാൻ നടത്തിക്കൊണ്ടിരുന്ന സമരത്തെ കൂടുതൽ ശക്തീകരിച്ചു. നവീകരണപ്രസ്ഥാനം ഉറപ്പിക്കുന്നതോടൊപ്പം മലങ്കരസ ഭയിന്മേൽ ആത്മീക ലൗകീക അധികാരങ്ങൾ കൈവശമാക്കാൻ തീവ്ര യത്ന പരിപാടികൾ ആസൂത്രണം ചെയ്ത് അദ്ദേഹം പ്രവർത്തിച്ചു കൊണ്ടിരുന്നു.

1039 ചിങ്ങം 13-നു മർദീനിൽ എത്തിച്ചേർന്ന ജോസഫ് കത്തനാരും സഹയാത്രികരും പാത്രിയർക്കാ അരമനയിലേക്ക് പോയി. പാത്രിയർ ക്കീസു ബാവാ ആമീദിൽ പോയിരിക്കുകയാണെന്ന് അരമനയിലെത്തി യപ്പോഴാണ് അവർ അറിഞ്ഞത്. ആമീദിലെത്തി പാത്രിയർക്കീസിനെ സന്ദർശിക്കാൻ യാത്രയ്ക്ക് ഒരുങ്ങുമ്പോഴാണ്, 19-ന് പാത്രിയർക്കീസ് മർദീനിൽ തിരിച്ചെത്തുമെന്നുള്ള കമ്പിസന്ദേശം കിട്ടിയത്. അരമന മാനേ ജർ അബ്ഭാദാലോഹാ എന്ന ഒരു പട്ടക്കാരനായിരുന്നു. അദ്ദേഹത്തിന്റെ ആതിഥ്യം സ്വീകരിച്ച് ജോസഫ് കത്തനാരും കൂട്ടുകാരും പാത്രിയർക്കാ അരമനയിൽ താമസിച്ചു.

19-നു രാവിലെ പട്ടക്കാരും ശെമ്മാശന്മാരും അവരോടൊന്നിച്ച് ജോസഫ് കത്തനാരും കൂട്ടുകാരും പാത്രിയർക്കീസിനെ സ്വീകരിക്കുന്ന തിനായി പട്ടണാതിർത്തിയിലുള്ള പാത്രിയർക്കീസിന്റെ വിശ്രമ ബംഗ്ലാ വിലേക്ക് പുറപ്പെട്ടു. അറബി കുതിരകളുടെ പുറത്താണ് അവരെല്ലാവരും യാത്ര ചെയ്തത്.

ആദ്യമായി ആമീദിലെ മെത്രാപ്പോലീത്താ മാർ ഗ്രീഗോറിയോസാണ് എത്തിച്ചേർന്നത്. അല്പസമയത്തിനുശേഷം പാത്രിയർക്കീസും പരിവാരവും എത്തിച്ചേർന്നു. "തക്തർവാൻ" എന്ന വാഹനത്തിലാണ് പാത്രിയർക്കീസ് യാത്ര ചെയ്തത്. പല്ലക്കിനോട് സാദൃശ്യമുള്ള ഒരു വാഹനമാണ് തക്തർവാൻ. പാത്രിയർക്കീസിന്റെ കൈ മുത്തി കഴിഞ്ഞപ്പോൾ എല്ലാവരും തോട്ടത്തിൽ വിശ്രമിക്കുന്നതിനായി പാത്രിയർക്കീസ് കല്പിച്ചു. എല്ലാവർക്കും മുന്തിരിപഴം വിതരണം ചെയ്തു. പാത്രിയർക്കീസ് വിശ്രമിച്ചുകൊണ്ടിരുന്നപ്പോൾ ജോസഫ് കത്തനാർ അദ്ദേഹത്തെ സന്ദർശിച്ചു കൈമുത്തി. ജോസഫ് കത്തനാരുടെ കണ്ണുകളിൽനിന്ന് അടർന്നുവീണ കണ്ണുനീർതുള്ളികൾ പാത്രിയർക്കീസിന്റെ കൈകളിൽ പതിച്ചു. ദുഃഖത്തിനുള്ള കാരണം ആരാഞ്ഞപ്പോൾ, മലങ്കരസഭയുടെ ആധുനിക ചരിത്രം ചുരുക്കമായി പാത്രിയർക്കീസിനെ ജോസഫ് കത്തനാർ അറിയിച്ചു. മലങ്കരസഭയുടെ ദയനീയസ്ഥിതി ഓർത്തപ്പോൾ കണ്ണുനീർ പ്രവാഹം തടയാനായില്ല എന്ന് ജോസഫ് കത്തനാർ കണ്ണുനീരോടെ പറഞ്ഞപ്പോൾ പാത്രിയർക്കീസിന്റെ അധരങ്ങളിൽ പുഞ്ചിരി വിടർന്നു. "അച്ചൻ വരുന്നതിനെ സംബന്ധിച്ച് മലയാളത്തുനിന്ന് പല കത്തുകൾ നമുക്ക് കിട്ടിയിട്ടുണ്ടെന്നും മലയാളത്തുകാരുടെ ആവശ്യം നാം മനസ്സിലാക്കുന്നു"വെന്നും പാത്രിയർക്കീസ് കല്പിക്കുകയുണ്ടായി. അല്പസമയത്തെ വിശ്രമത്തിനു ശേഷം എല്ലാവരും മർദീനിൽ പാത്രിയർക്കാ അരമനയിലേക്ക് പുറപ്പെട്ടു.

അന്നുരാത്രി സുത്താറാ നമസ്ക്കാരത്തിന് മുമ്പ് പാത്രിയർക്കീസു ബാവായും ജോസഫ് കത്തനാരും തമ്മിൽ വളരെനേരം സംസാരിച്ചു. അപ്പോഴാണ് ജോസഫ് കത്തനാർക്ക് ഒരു സത്യം മനസ്സിലായത്, മെത്രാപ്പോലീത്താസ്ഥാനം നൽകുന്നതിനുവേണ്ടി ജോസഫ് കത്തനാരെ തിരുമുമ്പിലേക്ക് അയയ്ക്കുന്നു എന്ന് മലങ്കരയിൽനിന്ന് എഴുതി അയച്ചവർ തന്നെ പാത്രിയർക്കീസിന് വീണ്ടും എഴുതിയിരിക്കുന്നു. 'ജോസഫ് കത്തനാർ ഒരു ധിക്കാരിയും ദുസ്വഭാവിയുമാകയാൽ അയാളെ മെത്രാനാക്കി അയച്ചാൽ സഭ നശിച്ചുപോകുമെന്ന്.' ഈ വാർത്ത കേട്ടപ്പോൾ ജോസഫ് കത്തനാർ പുഞ്ചിരിക്കുകയാണ് ചെയ്തത്. വളരെയേറെ ബുദ്ധിമുട്ടുകൾ സഹിച്ച് നാലുമാസത്തെ യാത്രയ്ക്കുശേഷം ലക്ഷ്യസ്ഥാനത്ത് എത്തിയപ്പോൾ ലക്ഷ്യപ്രാപ്തി നേടാൻ സ്വന്തം ആളുകളിൽ നിന്നുതന്നെ എതിർപ്പുകൾ ഉണ്ടായിരിക്കുന്നു എന്ന് കേൾക്കുമ്പോൾ ഏതൊരു വ്യക്തിയാണ് അമ്പരക്കാതിരിക്കുക. പക്ഷേ, ജോസഫ് കത്തനാർ അമ്പരന്നില്ല. ലഭിച്ചിട്ടുള്ള കത്തുകൾ ഓരോന്നും താരതമ്യപഠനം നടത്തി വിശകലനം ചെയ്താൽ സത്യം എന്തെന്ന് അറിയാൻ സാധിക്കുമെന്ന് ജോസഫ് കത്തനാർ ധൈര്യപൂർവ്വം പാത്രിയർക്കീസിനോട് മറുപടി പറഞ്ഞു.

മലയാളത്തുനിന്ന് വന്നിട്ടുള്ള കത്തുകൾ വായിച്ച് ഓരോന്നും വിശകലനം ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുവാൻ പാത്രിയർക്കീസുബാവാ ഒരു കമ്മറ്റിയെ നിയോഗിച്ചു. ആമീദിന്റെ മെത്രാൻ മാർ ഗ്രീഗോറിയോസ്, മർദീനിലെ മാർ അത്താനാസിയോസ്, തൂറബ്ദീന്റെ മാർ ആഹോ എന്നിവരും കൂടാതെ എട്ട് റമ്പാന്മാരും 6 പട്ടക്കാരും 6 അത്മേനികളുമായിരുന്നു കമ്മറ്റിക്കാർ. ജോസഫ് കത്തനാർവശം കൊടുത്തയച്ചിട്ടുള്ള കത്തുകളും രേഖകളും അതുവരെ തപാലിൽ ലഭിച്ചിട്ടുള്ള കത്തുകളും കമ്മറ്റിക്കാർ പരിശോധിച്ചു. ഒരു ആഴ്ചയോളം ദിവസവും കമ്മറ്റി കൂടുകയുണ്ടായി.

'പുലിക്കോട്ടിൽ ജോസഫ് കത്തനാർ ഒരു ഭക്തനും ജ്ഞാനിയും ധീരനുമാകുന്നു. അദ്ദേഹത്തിന് മെത്രാൻസ്ഥാനം കൊടുക്കണമെന്ന് ശുപാർശ ചെയ്തിട്ടുള്ളവർ, സ്ഥാനം കൊടുക്കരുതെന്ന് വീണ്ടും എഴുതിയിട്ടുള്ള കത്തുകൾ വ്യാജകത്തുകളാകുന്നു.' കമ്മറ്റിക്കാർ റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ട് കേട്ടപ്പോൾ ജോസഫ് കത്തനാർ പുഞ്ചിരിച്ചില്ല. അദ്ദേഹത്തിന്റെ കണ്ണുകളിൽനിന്ന് കണ്ണുനീർ പ്രവാഹമത്രെ പാത്രിയർക്കീസിന് കാണാൻ കഴിഞ്ഞത്.

മെത്രാപ്പോലീത്താ സ്ഥാനാരോഹണദിവസം, പിന്നീട് നിശ്ചയിക്കുന്നതാണെന്ന് കല്പനയുണ്ടായതനുസരിച്ച് ജോസഫ് കത്തനാരും മട്ടുമ്മേൽ ഗീവറുഗ്ഗീസു കത്തനാരും താരപ്പനും അരമനയിൽതന്നെ താമസിച്ചു.

അരമനയിലെ താമസത്തിനിടയ്ക്ക് അവർ മർദീൻ പട്ടണത്തിന്റെ എല്ലാ ഭാഗവും സന്ദർശിച്ചു. മനോഹരമായ ഒരു പട്ടണമാണ് മർദീൻ. ഒരു മലയുടെ തെക്കുഭാഗത്തായിട്ടാണ് ഈ പട്ടണം. മലയുടെ താഴ്വാരം മുതൽ മേല്പോട്ട് നിരനിരയായി കെട്ടിടങ്ങൾ പണിതിരിക്കുന്നു. താഴ്വാരത്തുനിന്ന് മേല്പോട്ട് നോക്കിയാൽ മനോഹരമായ ഒരു കാഴ്ചയാണ് അത്. സുറിയാനിക്കാരും മുഹമ്മദീയരും അർമ്മീനിയൻകാരും മാക്ലുബിൻകാരും യഹൂദരും കൽദയരും അവിടെ ഇടകലർന്ന് താമസിക്കുന്നു.

മർദീനിൽ താമസിച്ചുകൊണ്ടിരുന്നപ്പോൾ ജോസഫ് കത്തനാർക്കും മട്ടുമ്മേൽ ഗീവറുഗീസു കത്തനാർക്കും അതിസാരവും പനിയും ബാധിച്ചു. അവർ അവശതയിലായി. വൈദ്യൻ വന്ന് അവർക്ക് ചികിത്സ നടത്തിയെങ്കിലും ഗീവറുഗീസു കത്തനാരുടെ രോഗം ഗുരുതരമാവുകയും കന്നി 10-ാം തീയതി അദ്ദേഹം നിര്യാതനാവുകയും ചെയ്തു. തന്റെ സഹയാത്രികനും സ്നേഹിതനുമായിരുന്ന അദ്ദേഹത്തിന്റെ നിര്യാണം ജോസഫ് കത്തനാരെ വളരെയധികം വേദനിപ്പിക്കുകയും തന്മൂലം കൂടുതൽ ക്ഷീണിതനായിത്തീരുകയും ചെയ്തു. ആരോഗ്യം വീണ്ടെടുക്കാൻ കുറുക്കുമാ ദയറായിലേക്ക് മാറിതാമസിക്കുന്നത് നന്നായിരിക്കുമെന്ന്

പാത്രിയർക്കീസ് ഉപദേശിച്ചതനുസരിച്ച് അടുത്ത ദിവസംതന്നെ ജോസഫ് കത്തനാരും താരപ്പനും കുറുക്കുമാ ദയറായിലേക്ക് താമസം മാറ്റി.

### കുർക്കുമാ ദയറാ

മർദീനിൽനിന്ന് അഞ്ചുനാഴിക ദൂരെയാണ് കുറുക്കുമാ ദയറാ. ദയറായ്ക്ക് ചുറ്റും സുറിയാനിക്കാർ മാത്രം താമസിക്കുന്ന മൂന്നു ഗ്രാമങ്ങൾ ഉണ്ട്. ഒരു കുന്നിൻമുകളിലാണ് ദയറാ. ഏകദേശം 20 അടി ഉയരത്തിൽ തറ പണിതതിനുശേഷം അതിനു മീതെയാണ് ദയറാ പണിതിട്ടുള്ളത്. ദയറായ്ക്ക് 90 അടി പൊക്കവും 300 അടി നീളവും 160 അടി വീതിയുമുണ്ട്. ചുറ്റും മതിൽകെട്ടി ഉറപ്പിച്ചിരിക്കുന്നു. വെണ്ണക്കല്ലുകൾകൊണ്ട് പണിതിട്ടുള്ള ദയറായോടു ചേർന്ന് ഒരു പള്ളിയും പള്ളിക്ക് മനോഹരമായ ഒരു മണിമാളികയുമുണ്ട്. ഈ പള്ളിയോടു ചേർന്നാണ് പാത്രിയർക്കീസുമാരുടെ കബറിടങ്ങൾ. പാത്രിയർക്കീസിനുമാത്രം കുർബാന ചൊല്ലാൻ മറ്റൊരു പള്ളിയും ദയറായോട് ചേർന്ന് പണിയിച്ചിട്ടുണ്ട്. ഈ പള്ളിയുടെ മദ്ബഹായുടെ വളവിൽ ഇരുവശത്തുമായി ആറുവീതം കല്ലുകൾ പതിച്ചിട്ടുണ്ട്.

### പന്ത്രണ്ടു കല്ലുകളുടെ ഐതിഹ്യം

അന്ത്യോഖ്യായിലെ പള്ളിയും പട്ടണവും ശത്രുക്കൾ നശിപ്പിച്ചു. യേശുവിന്റെ ശിഷ്യന്മാർ ആ പള്ളിയിൽ സ്ഥാപിച്ചിരുന്ന കല്ലുകളാണത്രെ അവ. അവിടെനിന്ന് ആ കല്ലുകൾ എടുത്ത് ഓടിപ്പോന്ന പിതാക്കന്മാർ ഉറഹാ എന്ന സ്ഥലത്ത് കുറെനാൾ അവ സൂക്ഷിച്ചു. പിന്നീടു തൂറബ്ദീനിലുള്ള മാർ ഔഗേന്റെ ദയറായിലേക്ക് അവ കൊണ്ടുവന്നു. ആ സ്ഥലത്ത് നെസ്തോറുകാർ പ്രബലപ്പെടുകയും ദയറായ്ക്ക് അവർ അവകാശം ഉന്നയിക്കുകയും ചെയ്തു. സുറിയാനിക്കാരെ മുഴുവൻ നശിപ്പിക്കാൻ അവർ പരിപാടി ആസൂത്രണം ചെയ്തിട്ടുള്ളതായി അറിവു കിട്ടിയപ്പോൾ പിതാക്കന്മാർ ആ കല്ലുകൾ മാത്രം അവിടെനിന്ന് എടുത്ത് മർദീനിലേക്ക് ഓടിപ്പോവുകയും കുറുക്കുമാ ദയറായിൽ ആ കല്ലുകൾ സ്ഥാപിക്കുകയും ചെയ്തു എന്നാണ് ഐതിഹ്യം.

അന്നു മുതൽ പത്രോസു ശ്ലീഹായുടെ സിംഹാസനം അന്ത്യോഖ്യായിൽനിന്ന് മർദീനിലേക്ക് മാറ്റപ്പെട്ടു.

ദയറാവക ലൈബ്രറിയിൽ അനേകം പുസ്തകങ്ങളും തുകൽ ചുരുളുകളും ഉണ്ട്. ചില തുകൽ ചുരുളുകൾ യേശുവിന്റെ ശിഷ്യന്മാരിൽ ചിലർ സ്വന്തം കൈയക്ഷരത്തിൽ എഴുതിയിട്ടുള്ളവയാണെന്ന് പറയപ്പെടുന്നു. നിഖ്യാസുന്നഹദോസ് നിശ്ചയങ്ങളുടെ തുകൽചുരുളും ഈ ലൈബ്രറിയിൽ ഉണ്ട്. പാത്രിയർക്കീസിന്റെ അനുവാദമില്ലാതെ

ലൈബ്രറിയിൽ പ്രവേശിക്കുന്നതിനും പുസ്തകങ്ങൾ വായിക്കുന്നതിനും ആർക്കും അധികാരമില്ല. പുസ്തകങ്ങൾ പുറത്തുകൊണ്ടുപോകാൻ ആരേയും അനുവദിക്കാറില്ല (ഇന്നത്തെ സ്ഥിതിയല്ല 1040-ലെ സ്ഥിതി യാണ് മേലുദ്ധരിച്ചത്).

കുറുക്കുമാ ദയറായിൽ താമസമാക്കിയ ജോസഫ് കത്തനാരെ വൃദ്ധ യായ ഒരു സ്ത്രീയാണ് ശുശ്രൂഷിച്ചുകൊണ്ടിരുന്നത്. മാതൃതുല്യം അദ്ദേ ഹത്തെ ശുശ്രൂഷിച്ച ആ സ്ത്രീ പാത്രിയർക്കീസിന്റെ സഹോദരിയായി രുന്നു. അവിവാഹിതയായ ആ സ്ത്രീ അറുപത് വയസ്സിനുശേഷം ദയ റായിലായിരുന്നു താമസം. ആ നല്ല സ്ത്രീയുടെ പരിചരണത്തിൽ ജോസഫ് കത്തനാർ പരിപൂർണ്ണ ആരോഗ്യവാനായിത്തീർന്നു. നാലു മാസക്കാലം അദ്ദേഹം ആ ദയറായിൽ താമസിച്ചു. ആമീദിലേക്ക് എത്തി ച്ചേരണമെന്ന് പാത്രിയർക്കീസിന്റെ കല്പന കിട്ടിയപ്പോൾ മീനം 17-ന് അദ്ദേഹം ആമീദിലേക്ക് പുറപ്പെട്ടു. പാത്രിയർക്കീസുമൊന്നിച്ച് ആമീദിൽ അദ്ദേഹം താമസിച്ചിരുന്നു എങ്കിലും ആമീദിലേക്ക് വരാൻ കല്പിച്ചത് എന്തിനാണെന്ന് പാത്രിയർക്കീസിൽനിന്ന് അറിയാൻ കഴിഞ്ഞില്ല.

### മെത്രാൻ പദവിയിലേക്ക്

മേടം 19-നു വി. കുർബാന മദ്ധ്യേയുള്ള പ്രസംഗത്തിലാണ് പാത്രി യർക്കീസിൽനിന്ന് ആ പ്രഖ്യാപനം ഉണ്ടായത്. 'മലയാളത്തുനിന്ന് നമ്മുടെ മുമ്പാകെ വന്നിട്ടുള്ള പുലിക്കോട്ടിൽ യൗസേഫ് കത്തനാരെ അടുത്ത ഞായറാഴ്ച മെത്രാപ്പോലീത്തായായി നാം വാഴിക്കുന്നതാണ്.'

തന്റെ പൂർവ്വീകന്റെ സ്ഥാനനാമംതന്നെ തനിക്കും നൽകണമെന്ന് ജോസഫ് കത്തനാർ ആവശ്യപ്പെട്ടപ്പോൾ പാത്രിയർക്കീസ് ചോദിച്ചു. 'ആരാണ് നിന്റെ പൂർവ്വീകൻ.'

'പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ്.' ജോസഫ് കത്ത നാർ മറുപടി നൽകി. രോഷാകുലനായ പാത്രിയർക്കീസ് കല്പിച്ചു. 'അവനെ നാം അറിയുന്നില്ല. അവൻ ശപിക്കപ്പെട്ടവൻ.'

മറുപടി കേട്ടപ്പോൾ ജോസഫ് കത്തനാരുടെ മുഖം മ്ലാനമായി. അദ്ദേഹം നിശബ്ദനായി നിന്നു. തന്റെ പൂർവ്വീകനെ സംബന്ധിച്ചുള്ള സ്മരണകൾ അദ്ദേഹത്തിന്റെ സ്മൃതിപഥത്തിലുയരുകയായിരുന്നു അപ്പോൾ.

ദൈവവിളി ശ്രദ്ധിച്ച് എവിടേക്കെന്ന് ലക്ഷ്യമില്ലാതെ ഒരു വള്ളത്തിൽ കയറി യാത്രചെയ്ത ഒരു പരിശുദ്ധനാണ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് ഒന്നാമൻ. റമ്പാച്ചനായിരിക്കുമ്പോഴായിരുന്നു ആ യാത്ര. കോട്ടയത്ത് മീനച്ചിലാറിന്റെ തീരത്താണ് ആ യാത്ര അവസാനി

പ്പിച്ചത്. അവിടെ ഒരു കാഞ്ഞിരമരച്ചുവട്ടിൽ ദീർഘനാൾ അദ്ദേഹം തപസനുഷ്ഠിച്ചു. പ്രാർത്ഥനയുടേയും ഉപവാസത്തിന്റേയും ഫലമായി അനേകം അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ അദ്ദേഹത്തെ ദൈവം അനുവദിച്ചു. അദ്ദേഹം തപസ്സനുഷ്ഠിച്ചുവന്നിരുന്ന സ്ഥലം ഉൾപ്പെടെ 16 ഏക്കർ സ്ഥലം മഹാരാജ്ഞി ആ പരിശുദ്ധന് സംഭാവന ചെയ്തപ്പോൾ ദൈവഹിതം എന്താണെന്ന് അദ്ദേഹം മനസ്സിലാക്കി ആ സ്ഥലത്ത് അദ്ദേഹം വൈദികകോളജ് (പഴയസെമിനാരി) സ്ഥാപിച്ചു. സഭയുടെ അന്നത്തെ പരിതഃസ്ഥിതിയിൽ അദ്ദേഹം മെത്രാപ്പോലീത്താസ്ഥാനമേല്ക്കണമെന്ന് സമുദായപ്രമാണിമാർ നിർബന്ധിച്ചപ്പോൾ ചില വ്യവസ്ഥകളോടെ അദ്ദേഹം അവരുടെ ആഗ്രഹത്തിനു വഴങ്ങി.

വൈദികകോളജിൽ ആദ്യമായി ക്ലാസ്സു തുടങ്ങിയപ്പോൾ ആദ്യത്തെ ബാച്ചിൽ പഠിച്ചുകൊണ്ടിരുന്ന ഇടവഴിക്കൽ ഫീലിപ്പോസ് കത്തനാർ തന്റെ നാളാഗമത്തിൽ എഴുതിവെച്ചിരുന്നത് ഇപ്രകാരമായിരുന്നു: 'മലയാളത്ത് പരിശുദ്ധന്മാരായി ആരെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ അവരിൽ പ്രഥമ സ്ഥാനം പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസിന് മാത്രമാണ്.'

ജോസഫ് കത്തനാർ ചിന്തിച്ചു: 'പാത്രിയർക്കീസിന്റെ ദൃഷ്ടിയിൽ അദ്ദേഹം ശപിക്കപ്പെട്ടവൻ മാത്രം. ശീമമെത്രാനിൽകൂടി മാത്രമേ മെത്രാൻ സ്ഥാനം സ്വീകരിക്കാവൂ എന്ന് ആ പരിശുദ്ധൻ വിശ്വസിച്ചിരുന്നില്ല. അതുകൊണ്ടാണല്ലോ അദ്ദേഹം തൊഴിയൂർ കിടങ്ങൻ മാർ പീലക്സിനോസിൽ നിന്ന് മെത്രാൻസ്ഥാനം സ്വീകരിച്ചത്. ആ സംഭവം പാത്രിയർക്കീസിന് ഇഷ്ടപ്പെട്ടില്ല. അപ്പോൾ ആ പരിശുദ്ധൻ പാത്രിയർക്കീസിന്റെ ദൃഷ്ടിയിൽ ഒരു ശപിക്കപ്പെട്ടവൻ മാത്രം.

പാത്രിയർക്കീസിൽ നിന്നുണ്ടായ ആ കല്പന ജോസഫ് കത്തനാരെ വേദനിപ്പിച്ചു. കൈകാലുകൾ വിറച്ചു. തിരിച്ചുപോരണമെന്നുപോലും അദ്ദേഹം വിചാരിച്ചതായിരുന്നു. പക്ഷേ, സഭയുടെ ഇന്നത്തെ സാഹചര്യത്തിൽ എല്ലാം സഹിക്കാനേ നിവൃത്തിയുള്ളു എന്ന് നയതന്ത്രശാലിയായ അദ്ദേഹം തീരുമാനിച്ചു. ജോസഫ് കത്തനാർ ഭവ്യതയോടെ പറഞ്ഞു. 'ദീവന്നാസിയോസ് എന്ന സ്ഥാനനാമം എനിക്ക് നൽകുകയാണെങ്കിൽ അങ്ങേയ്ക്ക് അതിൽ അഭിമാനിക്കാം. മലങ്കരയിൽ ആ സ്ഥാനനാമത്തിന് എന്തെങ്കിലും പോരായ്മ വന്നിട്ടുണ്ടെങ്കിൽ അതിനെ ഇല്ലാതാക്കുകയാണ് അങ്ങുന്ന് ചെയ്യുന്നത്.'

പാത്രിയർക്കീസിന് സന്തോഷമായി. 'നീ തന്നെ നമ്മുടെ പുത്രൻ' പാത്രിയർക്കീസ് കല്പിച്ചു.

1039 മേടം 26-നു ആമീദിലേയും മർദീനിലേയും മെത്രാപ്പോലീത്താ

മാരുടെ സഹകരണത്തോടെ അനേകം പട്ടക്കാരുടേയും നല്ലൊരു ജനക്കൂട്ടത്തിന്റെയും സാന്നിദ്ധ്യത്തിൽ യാക്കൂബ് മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസു ബാവാ, ജോസഫ് കത്തനാരെ മാർ ദീവന്നാസിയോസ് എന്ന സ്ഥാനപ്പേരിൽ മെത്രാപ്പോലീത്തായായി വാഴിച്ചു.

## ശീമയിൽനിന്നുള്ള മടക്കയാത്ര

1039 ഇടവം 2-നു പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് മലങ്കരയിലേക്ക് യാത്ര പുറപ്പെട്ടു. മെത്രാപ്പോലീത്തായുടെ വിശ്വസ്ത പരിചാരകനായ താരപ്പന് പാത്രിയർക്കീസ് ബാവായുടെ അംഗരക്ഷകൻ ധരിക്കുന്ന മാതൃകയിൽ ഒരു യൂണിഫോറം പാത്രിയർക്കീസ് സംഭാവന നൽകിയിരുന്നു. യൂണിഫോറം ധരിച്ചായിരുന്നു താരപ്പൻ, തിരുമേനിയെ അനുഗമിച്ചത്. ഇത്രയുംകാലത്തെ താമസംകൊണ്ട് അറബിഭാഷയിലും സുറിയാനി ഭാഷയിലും സംസാരിക്കാനുള്ള കഴിവും താരപ്പൻ നേടിയിരുന്നു.

പന്ത്രണ്ട് പട്ടക്കാരുടേയും മൂന്നു ശെമ്മാശന്മാരുടേയും അകമ്പടിയോടെ ഒരു രാജകീയ ജലവാഹനത്തിലാണ് ആമീദിൽനിന്ന് മൂസലിലേക്ക് യാത്ര തിരിച്ചത്. തുകൽസഞ്ചികളിൽ വായു നിറച്ച പല സഞ്ചികൾ നിരത്തിവെച്ച് ഒന്നിച്ച് ബന്ധിക്കുകയും അതിനുശേഷം അവയ്ക്കു മീതെ മരത്തടികൾ നിരത്തിവെയ്ക്കുകയും ചെയ്യുന്നു. അപ്രകാരം നിർമ്മിക്കുന്ന ആ ജലവാഹനത്തിന് നല്ല ഒരു ചങ്ങാടത്തിന്റെ വലിപ്പമുണ്ടായിരിക്കും.

25 പേർക്കു സുഖമായി അതിൽ യാത്ര ചെയ്യാം. ആമീദിൽനിന്ന് 6 ദിവസം നദിയിൽ കൂടി യാത്ര ചെയ്യുമ്പോൾ മൂസലിൽ എത്തുന്നു. യാത്രാമദ്ധ്യേ നദീതീരത്ത് ഇടയ്ക്കിടെ അറബികളുടെ കൂടാരങ്ങൾ കാണാം. അവർ പല സ്ഥലങ്ങളിലേക്ക് മാറിമാറി കൂടാരമടിച്ച് താമസിക്കുന്നവരാണ്. അക്ഷരജ്ഞാനമില്ലാത്ത അവരിൽ ഭൂരിഭാഗവും കവർച്ചക്കാരുമായിരിക്കും. നമ്മുടെ യാത്രക്കാർ ഒന്നോരണ്ടോ ദിവസം കൂടുമ്പോൾ വാഹനം കരയ്ക്കടുപ്പിച്ച്, മുട്ട, പാൽ, വെണ്ണ തുടങ്ങിയ ഭക്ഷണസാധനങ്ങൾ വാങ്ങിക്കും.

ഇടവം 9-ാം തീയതി മൂസലിൽ എത്തിയ അവരെ മൂസലിലെ മെത്രാപ്പോലീത്തായും പട്ടക്കാരും ചേർന്ന് സ്വീകരിച്ചു. പാത്രിയർക്കീസ് നിർദ്ദേശിച്ചതനുസരിച്ച് മാർ ദീവന്നാസിയോസ് മൂസലിലെ ഇംഗ്ലീഷ് കോൺസൽ വി. റസ്സാമിനെ കാണുകയുണ്ടായി. പാത്രിയർക്കീസു നൽകിയ സ്ഥാത്തിക്കോനിൽ (അധികാരപത്രം) റസ്സാം ഒപ്പും മുദ്രയും വെയ്ക്കുകയും ചെയ്തു.

മിഥുനം 5-ാം തീയതി മൂസലിൽനിന്ന് അവർ യാത്ര തുടർന്നു. തിരുമേനിയും താരപ്പനും കൂടാതെ സോപ്പുകച്ചവടക്കാരായ ചില ഇംഗ്ലീഷുകാരും ചില ഫ്രഞ്ചുകാരും ആ ജലവാഹനത്തിൽ യാത്ര ചെയ്തിരുന്നു. കുറേ ദൂരം യാത്ര ചെയ്തപ്പോൾ കാറ്റു പ്രതികൂലമായതിനാൽ ചങ്ങാടം കരയോടടുപ്പിച്ചു. ചങ്ങാടത്തിൽനിന്നു വേർപെട്ടുപോയ രണ്ടു തുകൽ സഞ്ചികൾ ഒരു അറബികുട്ടി വെള്ളത്തിൽ നീന്തി എടുത്തു. അതു കണ്ടപ്പോൾ ചങ്ങാടം നയിക്കുന്നവരിൽ പ്രധാനി തോൽസഞ്ചികൾ കുട്ടിയിൽനിന്നു തിരിച്ചുവാങ്ങി. കുട്ടി കരച്ചിൽ തുടങ്ങി. കരച്ചിൽ കേട്ട് കൂടാരങ്ങളിൽനിന്ന് ഓടിയെത്തിയ അറബികൾ ചങ്ങാടം നിയന്ത്രിക്കുന്ന ആളെ കത്തിയൂരി കുത്തി. ചങ്ങാടം നയിക്കുന്ന മറ്റുള്ളവർ കരയ്ക്കിറങ്ങി ബഹളം കൂട്ടി. അവരിൽ ഒരാളേയും അറബികൾ കുത്തിക്കൊന്നു. അപ്പോഴേക്കും ഒരു അറബി യുവാവ് ചങ്ങാടത്തിലേക്കു ചാടിക്കയറി ചങ്ങാടത്തിലുള്ളതെല്ലാം കവർച്ചചെയ്തു. തിരുമേനിയുടെ പുറംകുപ്പായം പോലും അവർ കൊണ്ടുപോയി. അറബി കോളനിയിലെ പ്രധാനി അപ്പോഴേക്കും കുതിരപ്പുറത്ത് അതിശീഘ്രം അവിടെ ഓടിയെത്തി. അയാൾ പറഞ്ഞു. അബദ്ധം ചെയ്യരുത്. ബ്രിട്ടീഷുകാരുടേയും ഫ്രഞ്ചുകാരുടേയും സാധനങ്ങളാണ് ചങ്ങാടത്തിൽ. മാത്രവുമല്ല പാത്രിയർക്കീസിന്റെ ആൾക്കാരാണ് യാത്രക്കാർ. എല്ലാ സാധനങ്ങളും ഉടനെ തിരിച്ചേല്പിക്കുക. ആരും അയാളെ എതിർത്തില്ല. എല്ലാ സാധനങ്ങളും ഉടൻ അവർ തിരിച്ചേല്പിച്ചു. പക്ഷേ, ചങ്ങാടം നയിക്കാൻ ആളില്ല. അവർ കുത്തേറ്റു മരിച്ചുകിടക്കുകയാണ്. പ്രധാനിയുടെ കല്പനയനുസരിച്ച് നാലു പേർ ചങ്ങാടത്തിൽ കയറി തുഴഞ്ഞു. എങ്കിലും തിരുമേനിയുടെ കൺമുമ്പിൽ വെച്ച് കുറെയാളുകൾ കുത്തേറ്റ് മരിക്കാനിടയായതിൽ തിരുമേനി പൊട്ടിക്കരഞ്ഞു.

1039 മിഥുനം 9-ാം തീയതി എല്ലാവരും തിഗ്രീസിൽ എത്തിച്ചേർന്നു. ഈ സ്ഥലത്തിന് സെലൂക്യാ എന്നും പറഞ്ഞുവരുന്നു. കാതോലിക്കായുടെ ആസ്ഥാനം സെലൂക്യയായിരുന്നു. സെലൂക്യയിൽ ഒരു കാതോലിക്കാ ഉണ്ടായിരിക്കണമെന്നും ഇന്ത്യ ഉൾപ്പെടെ പൗരസ്ത്യദേശങ്ങൾ അദ്ദേഹത്തിന്റെ ഭരണത്തിലായിരിക്കണമെന്നും പാത്രിയർക്കീസിനെ വാഴിക്കേണ്ടത് കാതോലിക്കായും, കാതോലിക്കായെ വാഴിക്കേണ്ടത് പാത്രിയർക്കീസുമാണെന്ന് നിഖ്യാസുന്നഹദോസിൽ നിശ്ചയം ചെയ്തിട്ടുണ്ടായിരുന്നു. നിഖ്യാ സുന്നഹദോസ് മുടക്കിയ വ്യക്തിയായിരുന്നു നെസ്തോർ.[8] അയാളുടെ സഹോദരിയുടെ മകളുടെ മകൻ ബർസൗലാ മെത്രാന്റെ പ്രവർത്തനം മൂലം സെലൂക്യയിലെ ഓർത്തഡോക്സ് കാതോലിക്കാ വധിക്കപ്പെട്ടു. പിന്നീട് ബാബി എന്ന പേരിലുള്ള മെത്രാനാണ് കാതോലിക്കാ സിംഹാസനത്തിൽ ആരൂഢനായത്. പേർഷ്യാ രാജാവ്

ക്രിസ്ത്യാനികളുടെ ശത്രുവായിരുന്നു. അദ്ദേഹത്തിന്റെ ഭരണാതിർത്തിയിലായിരുന്നു സെലൂക്യാ. റോമാരാജാക്കന്മാരുടെ ഭരണാധികാരത്തിലായിരുന്നു അന്ത്യോഖ്യാ. മേലുദ്ധരിച്ച രണ്ടു രാജ്യങ്ങളും പരസ്പരം മത്സരിച്ചുകൊണ്ടിരുന്നു. പാത്രിയർക്കീസ് അന്ത്യോക്യായിൽ വിളിച്ചുകൂട്ടിയ യോഗത്തിൽ സംബന്ധിക്കുവാനായി ബാബി കാതോലിക്കാ യാത്രയ്ക്കൊരുങ്ങി. ബർസൗലാ മെത്രാൻ തന്റെ ഒരു സുഹൃത്തായ പേർഷ്യാരാജാവിനെ ഗൂഢമായി ഈ വിവരമറിയിച്ചു. അന്ത്യോക്യാ പാത്രിയർക്കീസുമായി ബന്ധപ്പെടുന്ന ഒരു ക്രിസ്ത്യാനിക്കും തന്റെ രാജ്യത്ത് താമസിക്കാൻ അനുവാദമില്ലെന്ന് പേർഷ്യാരാജാവ് വിളംബരം ചെയ്തു. സ്വതന്ത്രമായി ഭരണംനടത്താൻ കഴിവുള്ള നെസ്തോർ വിശ്വാസി മാത്രമാണ് ആ രാജ്യത്തെ ക്രിസ്ത്യാനികളുടെ മതനേതാവ് എന്നും വിളംബരത്തിൽ പ്രഖ്യാപിച്ചിരുന്നു. ബാബി കാതോലിക്കാ നെസ്തോർ വിശ്വാസിയാകാൻ തയ്യാറില്ലായിരുന്നു. പേർഷ്യൻ പട്ടാളക്കാർ ബാബി കാതോലിക്കായേയും അദ്ദേഹത്തോടു ചേർന്നുനിന്നവരേയും കൊന്നുകളഞ്ഞു. അതോടെ ബർസൗലാ സ്വയം കാതോലിക്കായായി പ്രഖ്യാപനം ചെയ്ത് ഭരണം നടത്തുകയും ചെയ്തു. നെസ്തോറിയൻ വിശ്വാസികളെയാണ് പിന്നീട് ഒരു കാലഘട്ടംവരെ നാം അവിടെ കാണുന്നത്.

സെലൂക്യയിൽ എത്തിയ മാർ ദീവന്നാസിയോസ് പ. കാതോലിക്കാ സിംഹാസനത്തിന്റെ അപ്പോഴത്തെ അതിന്റെ അനാഥാവസ്ഥയെ ഓർക്കാതിരുന്നില്ല. ഒരു മുസൽമാന്റെ ബംഗ്ലാവിലാണ് തിരുമേനി താമസിച്ചത്.

സെലൂക്യയിൽനിന്ന് ഒരു ബോട്ടിൽ ബഗദാദിലും അവിടെനിന്ന് ബസറായിലുമെത്തി. അവിടെനിന്ന് കപ്പൽകയറി ബോംബെയിൽ എത്തിച്ചേർന്നു. അർമ്മീനിയ പള്ളിയിലാണ് അദ്ദേഹം താമസിച്ചത്. പതിനാലു മാസവും പതിനഞ്ചു ദിവസവും യാത്രചെയ്ത് മാർ ദീവന്നാസിയോസ് കൊച്ചിയിൽ കപ്പലിറങ്ങിയപ്പോൾ അദ്ദേഹത്തെ സ്വീകരിക്കാൻ അനേകം സഭാവിശ്വാസികൾ അവിടെ എത്തിച്ചേർന്നിരുന്നു. കൊച്ചിയിൽനിന്ന് അദ്ദേഹം ആദ്യമായി കുന്നംകുളത്തേക്കാണ് എഴുന്നെള്ളിയത്. വമ്പിച്ച ഒരു ഘോഷയാത്രയുടെ അകമ്പടിയോടെ ആർത്താറ്റു കുന്നംകുളം പള്ളി ഇടവകക്കാർ അദ്ദേഹത്തിന് സ്വീകരണം നൽകി. കന്നി 8-നു ആർത്താറ്റു പള്ളിയുടെ പെരുന്നാൾ ദിവസം അദ്ദേഹം വി. കുർബാന അർപ്പിക്കുകയും പാത്രിയർക്കീസിൽനിന്ന് ലഭിച്ച സ്ഥാത്തിക്കോൻ ജനങ്ങളെ വായിച്ചു കേൾപ്പിക്കുകയും ചെയ്തു.

മലങ്കരയിൽ തിരിച്ചെത്തിയ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് ആദ്യമായി ചെയ്തത്, മാർ അത്താനാസിയോസിന് നൽകിയിട്ടുള്ള വിളംബരം റദ്ദാക്കുന്നതിന് ദിവാന് ഒരു അപേക്ഷ അയക്കുക എന്നതായിരുന്നു. റസിഡണ്ടിന്റെ അടുക്കൽ അപേക്ഷിക്കണമെന്നായി

രുന്നു ദിവാനിൽ നിന്ന് ലഭിച്ച മറുപടി. റസിഡണ്ടും മിഷനറിമാരും അത്താനാസിയോസിന് പിൻതുണ നൽകുന്ന പരിതഃസ്ഥിതിയിൽ ഒരു അനുകൂല മറുപടി പ്രതീക്ഷിക്കുവാൻ സാദ്ധ്യമല്ലായിരുന്നു.

## കേസുകളിലേക്ക്

തന്റെ അവകാശം സ്ഥാപിക്കാൻ മലങ്കരയിൽ ഒരു പള്ളിക്കുവേണ്ടി മാത്രം ദീവന്നാസിയോസ് ഒരു കേസ്സ് ഫയൽ ചെയ്തു. ദിവാന്റെ നിർദ്ദേശാനുസരണമാണ് അദ്ദേഹം അപ്രകാരം ചെയ്തത്. ആ കേസ്സിന്റെ വിധി അനുകൂലമായാൽ മറ്റു പള്ളികളും കൈവശമാക്കാൻ വിധി സമ്പാദിക്കുന്നതിന് എളുപ്പം സാധിക്കുമെന്നായിരുന്നു കണക്കുകൂട്ടൽ. പക്ഷേ, വിധി അനുകൂലമായിരുന്നില്ല.

കാറും കോളും നിറഞ്ഞ അന്തരീക്ഷത്തിൽ അകപ്പെട്ടു കഴിഞ്ഞ മലങ്കരസഭയെ രക്ഷിക്കാൻ വഴിതെളിക്കണമെ എന്ന്, സർവ്വശക്തനോട് കണ്ണുനീരൊഴുക്കി തിരുമേനി പ്രാർത്ഥിച്ചു. നമ്മുടെ ജനങ്ങൾ ധൈര്യസമേതം സമരരംഗത്തിറങ്ങുന്നതിന് അവരെ ബോധവാന്മാരാക്കുന്നതിനായി ഒരു വാർത്താപത്രം ആവശ്യമാണെന്ന് അദ്ദേഹത്തിന് തോന്നി. കൊച്ചിയിൽ സ്വന്തം വകയായി സെന്റ് തോമസ് എന്ന പേരിൽ ഒരു പ്രസ്സ് അദ്ദേഹം സ്ഥാപിച്ചു. കേരളപതാക എന്ന വാർത്താപത്രം ആ പ്രസ്സിൽനിന്നാണ് അച്ചടിച്ചു പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നത്. നമ്മുടെ സഭാവിശ്വാസ പഠനത്തിനാവശ്യമായ പുസ്തകങ്ങളും അച്ചടിച്ചു പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നു. ഇടവകപത്രിക[9] എന്ന പേരിൽ മറ്റൊരു സാമുദായിക വാർത്താപത്രവും കോട്ടയം സെന്റ് തോമസ് പ്രസ്സിൽനിന്ന് പ്രസിദ്ധീകരിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു.

## പള്ളിക്കരപള്ളി

മാർ അത്താനാസിയോസിനോട് ശക്തിയായി എതിർത്തുനിന്നിരുന്ന ഒരു പള്ളിയാണ് പള്ളിക്കരപള്ളി. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസിനെ അനുസരിച്ച് ഇടവകഭരണം നടത്തുമെന്ന് ആ പള്ളിയുടെ പൊതുയോഗം ഉടമ്പടി ചെയ്ത് രജിസ്റ്ററാക്കിയിരുന്നു. പക്ഷേ, ആ ഇടവകയിലെ ജനങ്ങൾ തമ്മിൽത്തമ്മിൽ കുറച്ച് മാസങ്ങൾക്കുശേഷം ഒരു തർക്കമുണ്ടായി. മെത്രാപ്പോലീത്തായെ സംബന്ധിക്കുന്നതല്ല തർക്കവിഷയമെങ്കിലും ആ കലഹത്തിന് ചൂട്ട് വീശാൻ മാർ അത്താനാസിയോസ് രംഗത്തിറങ്ങി. അങ്ങനെ രണ്ടു വിഭാഗക്കാർ ആ പള്ളിയിലുണ്ടാവുകയും ഒരു കൂട്ടർ മാർ അത്താനാസിയോസിനും മറ്റുള്ളവർ മാർ ദീവന്നാസിയോസിനും പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തു. മാർ ദീവന്നാസിയോസ് ആ പള്ളിയിൽ താമസിച്ചുകൊണ്ടിരുന്നപ്പോൾ മാർ

അത്താനാസിയോസ് ആ പള്ളിയിലേക്ക് ഘോഷയാത്രയായി എത്തുന്നതിന് ഒരു പരിപാടി ആസൂത്രണം ചെയ്തിരുന്നു. ഈ വാർത്ത കേട്ട് വലിയൊരു ജനക്കൂട്ടം പള്ളിപ്പറമ്പിൽ തടിച്ചുകൂടുകയും ഘോഷയാത്ര തടയുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ചിന്താകുലനായിരുന്ന മാർ ദീവന്നാസിയോസ് ജനക്കൂട്ടത്തിനു മദ്ധ്യേ ഇറങ്ങിനിന്ന് അവരോട് സൗമ്യനായി പറഞ്ഞു: "മക്കളേ നമ്മൾ കലഹിക്കേണ്ടവരല്ല. എനിക്കുവേണ്ടി മരിക്കാനും തയ്യാറുള്ളവരാണ് നിങ്ങളെന്ന് ഞാൻ മനസ്സിലാക്കുന്നു. പക്ഷേ, നിങ്ങൾ ആരും അങ്ങനെ മരിക്കേണ്ടവരല്ല. മാർ അത്താനാസിയോസ് വരട്ടെ. ഇവിടെ താമസിക്കട്ടെ. ഈ അക്രമത്തിന് ഒരു അന്ത്യം ഞാൻ കാണുന്നു. ദൈവം പ്രവർത്തിക്കും, നിശ്ചയം. സമാധാനലംഘനം ഉണ്ടാകാതിരിപ്പാൻ ഈ പള്ളിയിൽനിന്ന് ഇപ്പോൾ ഞാൻ പോകുന്നു. നിങ്ങൾ എന്നെ അനുവദിക്കുക. സമാധാനപൂർവ്വം വീണ്ടും ഞാൻ ഈ പള്ളിയിലേക്കു വരും." ഇപ്രകാരം ജനങ്ങളെ ആശ്വസിപ്പിച്ചതിനുശേഷം അദ്ദേഹം പള്ളിക്കരപള്ളിയിൽനിന്ന് ഇറങ്ങിപ്പോന്നു. ഗംഭീരമായ ഘോഷയാത്രയുടെ അകമ്പടിയോടെയാണ് അത്താനാസിയോസ് പള്ളിക്കര പള്ളിയിൽ എത്തിയത്. എതിരേല്പിന് മുന്നൂറിലധികം കൊടികൾ മാർ അത്താനാസിയോസ് തന്റെ സ്വന്തം ചിലവിൽ ഉണ്ടാക്കിച്ച് പള്ളിക്കരയ്ക്ക് എത്തിച്ചുകൊടുത്തിരുന്നു. കൂടാതെ അത്താനാസിയോസിന്റെ നിർദ്ദേശാനുസരണം നെറ്റിപ്പട്ടം കെട്ടിയ രണ്ട് ആനകളും, നഗാരം, ചെണ്ട തുടങ്ങിയ വാദ്യങ്ങളും ഘോഷയാത്രയിൽ അകമ്പടിയായിട്ടുണ്ടായിരുന്നു. പല്ലക്കിൽ ആരൂഢനായി ഘോഷയാത്രയിൽ സംബന്ധിച്ച മാർ അത്താനാസിയോസിന് ഇതിനുമുമ്പോ പിമ്പോ ഇതുപോലെ ഒരു ഘോഷയാത്രാനന്ദം അനുഭവിക്കുവാൻ ഇടയായിട്ടില്ലത്രെ.

മാർ അത്താനാസിയോസിന്റെ ഈ അക്രമപ്രവേശനം നിരോധിക്കാൻ ആ പള്ളിപ്രമാണികളുടെ ഹർജിയും പള്ളിക്കാർ നൽകിയിട്ടുള്ള ഉടമ്പടിയുടെ പകർപ്പും, ചേർത്തല പേഷ്ക്കാർക്ക് മാർ ദീവന്നാസിയോസ് അയച്ചുകൊടുത്തു. പള്ളിയിൽ പ്രവേശിക്കുന്നതിനെ തടയാൻ കുന്നത്തുനാടു മജിസ്ട്രേട്ടിന് പേഷ്ക്കാർ കല്പന കൊടുത്തെങ്കിലും മജിസ്ട്രേട്ട് സ്ഥലത്ത് എത്തുന്നതിന് മുമ്പ് മാർ അത്താനാസിയോസ് പള്ളിയിൽ പ്രവേശിച്ചു കഴിഞ്ഞിരുന്നു. പള്ളിയുടെ മേമ്പൂട്ട് മുറികൾ പൂട്ടി മുദ്രവെച്ചതിനുശേഷം മജിസ്ട്രേട്ട് മടങ്ങിപ്പോയി.

തന്റെ പ്രവേശനത്തെ തടയുന്നതിന് പരിശ്രമിക്കുന്നതിനും മേമ്പൂട്ടുകൾ പൂട്ടി മുദ്ര വെയ്ക്കുന്നതിനും ഇടയാക്കിയ സാഹചര്യത്തെക്കുറിച്ച് വിചാരണ ചെയ്യുവാൻ ആ മജിസ്ട്രേട്ടിന്റെ മുമ്പാകെതന്നെ മാർ അത്താനാസിയോസ് ഒരു ഹർജി നൽകി. കേസ്സു വിചാരണ തീരാൻ വളരെ ദിവസങ്ങൾ വേണ്ടിവന്നു. 'പള്ളിയുടെ മേലധികാരി മാർ ദീവന്നാസിയോ

സാണെന്നും അത്താനാസിയോസിന്റെ പ്രവേശനം അനധികൃതമാണെന്നും' വിധി പ്രസ്താവിച്ചു. മാർ അത്താനാസിയോസ്, പേഷ്ക്കാർ മുമ്പാകെ അപ്പീൽ ബോധിപ്പിച്ചു. അദ്ദേഹം കീഴ്ക്കോടതിവിധി സ്ഥിരപ്പെടുത്തുകയാണുണ്ടായത്. ഈ കേസിന്റെ അവസാനംവരെ, ഉദ്ദേശം ഒരു കൊല്ലത്തോളം മാർ അത്താനാസിയോസ് പള്ളിക്കര പള്ളിയിൽ തന്നെയാണ് താമസിച്ചിരുന്നത്. പേഷ്ക്കാർ വിധി പ്രസ്താവിച്ചപ്പോൾ, ആരുമാരും അറിയാതെ, കോലാഹലഘോഷയാത്ര കൂടാതെ, ഒരു രാത്രിയിൽ മാർ അത്താനാസിയോസ് പള്ളിക്കര പള്ളിയോടു യാത്ര പറഞ്ഞു.

പള്ളിക്കരപള്ളി പൊതുയോഗം ഉടമ്പടിയുടെ അടിസ്ഥാനത്തിൽ മേലുദ്ധരിച്ച വിധിയുണ്ടായെങ്കിലും രാജകീയ വിളംബരത്തിന്റെ അധികാരത്തിൽ മാർ അത്താനാസിയോസ് പള്ളികൾ ഓരോന്നും കൈവശമാക്കിക്കൊണ്ടിരുന്നു. ഇനിയും എന്തു ചെയ്യണമെന്ന് അറിയാതെ മാർ ദീവന്നാസിയോസ് വിഷമിച്ചു. രാജകീയ വിളംബരം റദ്ദാക്കിക്കിട്ടാൻ യാതൊരു മാർഗ്ഗവും അദ്ദേഹത്തിന്റെ മുമ്പിൽ തെളിഞ്ഞു കണ്ടില്ല. റസിഡണ്ടും മിഷനറിമാരും അത്താനാസിയോസിന്റെ പുറകെതന്നെയുണ്ട്. റസിഡണ്ട് പറയുന്നതിൽ കവിഞ്ഞ് ഒന്നും പ്രവർത്തിക്കുവാൻ രാജാവിന് ധൈര്യവുമില്ല. 'ഞാൻ എന്തു വേണമെന്ന് എന്നോട് കല്പിക്കേണമെ.' തിരുമേനി സദായ്പോഴും പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

## പരുമല സെമിനാരി

തെക്കുപ്രദേശത്ത് ഒരു ദയറാ വേണമെന്ന് തന്റെ പൂർവ്വീകനായിരുന്ന ജോസഫ് മാർ ദീവന്നാസിയോസ് ആഗ്രഹിച്ചിരുന്നതായി നമ്മുടെ കഥാനായകൻ ജോസഫ് മാർ ദീവന്നാസിയോസ് മനസ്സിലാക്കിയിരുന്നു. ആയതിന് പറ്റിയ സ്ഥലവും അതിനുവേണ്ട പണവും എവിടെനിന്നു ലഭിക്കുമെന്ന് അദ്ദേഹം ചിന്തിച്ചു. സുഹൃത്തുക്കളോടെല്ലാം ഈ കാര്യം പറയാറുണ്ടായിരുന്നു. ഒരു ദിവസം അരികുപുറത്ത് മാത്തനുമായി തിരുമേനി സംസാരിക്കാൻ ഇടയായി. ഉദാരമനസ്കനായ മാത്തൻ അദ്ദേഹത്തിന്റേതായി പരുമലയുള്ള സ്ഥലം ദയറാ പണിയുന്നതിനു ദാനമായി തരുന്നതിനു സമ്മതിക്കുകയുണ്ടായി. ആനന്ദംകൊണ്ട് അപ്പോൾ തിരുമേനിയുടെ കണ്ണുകൾ നിറഞ്ഞു. 1047-ൽ ആ സ്ഥലത്ത് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് ഒരു കെട്ടിടം (ദയറാ) പണിയിക്കുകയും ശെമ്മാശന്മാരെ പഠിപ്പിക്കുന്നതിനായി അത് ഉപയോഗിക്കുകയും ചെയ്തു. ദയറായുടെ നിയന്ത്രണത്തിന് അനുയോജ്യനായ ഒരു റമ്പാച്ചൻ ആവശ്യമായിരുന്നു. വെട്ടിക്കൽ ദയറായിൽ താമസിച്ചുകൊണ്ടിരുന്ന ചാത്തുരുത്തിൽ ഗീവറുഗീസ് കത്തനാരെയാണ് ആ സ്ഥാനത്തേക്ക് നിയമിക്കുവാൻ അനുയോജ്യനായ ഒരു വ്യക്തിയായി തിരുമേനി കണ്ടെത്തിയത്. ഗീവറുഗീസു കത്തനാരെ റമ്പാച്ചനായി വാഴിച്ച് പരുമല സെമിനാരിയിൽ നിയമിക്കുകയും ചെയ്തു.[10]

കൊള്ളക്കാരും കൊലപാതകികളുമായ പറയരുടേയും യക്ഷികളുടേയും കേളീരംഗമെന്ന് അറിയപ്പെട്ടിരുന്ന പരുമല ദ്വീപ് അന്നുമുതൽ വിശുദ്ധിയുടെ പ്രഭയേറ്റ് ഇരുളിനെ അകറ്റിക്കൊണ്ടിരുന്നു. 24 വയസു മാത്രം പ്രായമുള്ള റമ്പാച്ചനെ പരുമല സെമിനാരിയിൽ നിയമിക്കുമ്പോൾ, എല്ലാവർക്കും ആശ്വാസമേകാൻ നിയുക്തനായ ഒരു സമാധാന ഭണ്ഡാഗാരവും അക്ഷയപാത്രവുമാണ് ആ യുവസന്യാസി എന്ന്, അദ്ദേഹത്തെ നിയമിച്ച മാർ ദീവന്നാസിയോസ് തിരുമേനി പോലും അന്ന് ചിന്തിച്ചു കാണുകയില്ല.

മാർ അത്താനാസിയോസിന് നൽകപ്പെട്ട രാജകീയ അധികാരപത്ര (വിളംബരം) ത്തിന്റെ അംഗീകാരം റദ്ദാക്കി കിട്ടുന്നതിനു മാർ ദീവന്നാസിയോസ് അശ്രാന്തം പരിശ്രമിച്ചുകൊണ്ടിരുന്നു. ഈ ഘട്ടത്തിലാണ്, മുപ്പതു വർഷക്കാലമായി വാങ്ങാതിരുന്നിട്ടുള്ള വട്ടിപ്പണപ്പലിശയും കൊല്ലം കമ്മറ്റിയുടെ തീരുമാനപ്രകാരം നീക്കിവെച്ചിട്ടുള്ള സംഖ്യയും കിട്ടുന്നതിന് മാർ അത്താനാസിയോസ് അപേക്ഷ സമർപ്പിച്ചത്. മാർ ദീവന്നാസിയോസ് അതിനെ എതിർത്തു എങ്കിലും അത്താനാസിയോസിന്റെ വിശ്വാസത്തിന് അനുകൂലിയായ റസിഡണ്ട് ആ സംഖ്യ അത്താനാസിയോസിനു നൽകുകയുണ്ടായി. മാർ ദീവന്നാസിയോസിന് ഏറ്റ നല്ലൊരു പ്രഹരമായിരുന്നു അത്. ഇനി എന്തു വേണമെന്ന് ബുദ്ധിമാനായ ദീവന്നാസിയോസ് ആലോചിച്ചു. ഒരേ ഒരു പോംവഴി മാത്രം അദ്ദേഹം കണ്ടെത്തി. "പാത്രിയർക്കീസിനെ മലങ്കരയിലേക്ക് ക്ഷണിക്കുക." മലങ്കരയിൽ വന്നാൽ മലങ്കരസഭമേൽ കയ്യേറ്റം നടത്താൻ അദ്ദേഹം ശ്രമിക്കാതിരിക്കയില്ല എന്ന് തിരുമേനിക്കറിയാം. ചാത്തുരുത്തിൽ ഗീവർഗീസ് റമ്പാച്ചനുമായി തിരുമനസ്സുകൊണ്ട് ഈ കാര്യത്തെക്കുറിച്ച് ചർച്ച ചെയ്തു. പാത്രിയർക്കീസ് നൽകിയിട്ടുള്ള സ്ഥാത്തിക്കോൻ അനുസരിച്ചാണല്ലോ മാർ അത്താനാസിയോസിന് രാജകീയ അധികാരം നൽകപ്പെട്ടിട്ടുള്ളത്. അത്താനാസിയോസിന് നൽകിയ സ്ഥാത്തിക്കോൻ പിൻവലിച്ചിരിക്കുന്നു എന്നും തൽസ്ഥാനത്ത് യൂയാക്കീം മാർ കൂറിലോസിനെ നിയമിച്ചിരിക്കുന്നു എന്നുമുള്ള പാത്രിയർക്കീസിന്റെ കല്പന വ്യാജമാണെന്നാണല്ലോ കൊല്ലം കമ്മറ്റി തീരുമാനിച്ചത്. തനിക്ക് പാത്രിയർക്കീസ് നൽകിയിട്ടുള്ള കല്പനയും വ്യാജമാണെന്ന് പറയാൻ ന്യായമുണ്ട്. അതുകൊണ്ട് പാത്രിയർക്കീസ് മലങ്കരയിൽ എഴുന്നെള്ളുക തന്നെ വേണം. അതല്ലാതെ മറ്റൊരു മാർഗ്ഗവും തിരുമേനി കണ്ടെത്തിയില്ല.

ഇംഗ്ലീഷ് ഭരണാധികാരത്തിൻകീഴിലായിരുന്നല്ലോ അന്ന് ഭാരതം. പാത്രിയർക്കീസ് ബ്രിട്ടീഷ് രാജ്ഞിയെ ചെന്നു കാണുകയാണെങ്കിൽ ബ്രിട്ടീഷുകാർ അത്താനാസിയോസിന് ചെയ്തുകൊടുക്കുന്ന ആനുകൂല്യങ്ങൾ പിൻവലിക്കാനിടയുണ്ട് എന്നൊക്കെ തിരുമേനി ചിന്തിച്ചു.

1048 ചിങ്ങത്തിൽ മാർ ദീവന്നാസിയോസ് പരുമലവെച്ച് ഒരു പള്ളി പ്രതിപുരുഷയോഗം ചേർന്നു. മലങ്കരസഭയുടെ ശോചനീയാവസ്ഥയെക്കുറിച്ച് തിരുമേനി യോഗത്തിൽ സംസാരിച്ചു. പാത്രിയർക്കീസ് ബാവായെ മലങ്കരയിലേക്കു ക്ഷണിച്ചു വരുത്തുക എന്നതു മാത്രമാണ് നമ്മുടെ സഭയെ രക്ഷിക്കുവാൻ ഇനിയും നമുക്കു ചെയ്യാവുന്ന ഏക മാർഗ്ഗമെന്ന് തിരുമേനി യോഗത്തിൽ അഭിപ്രായപ്പെട്ടു. സന്നിഹിതരായ എല്ലാ മെമ്പർമാരും തിരുമേനിയുടെ അഭിപ്രായത്തോടു യോജിക്കുകയും ചെയ്തു. യോഗതീരുമാനമനുസരിച്ച് എല്ലാ വിവരണങ്ങളും പാത്രിയർക്കീസിനെ എഴുതി അറിയിക്കുന്നതിനോടൊപ്പം എത്രയുംവേഗം പാത്രിയർക്കീസു ബാവാ മലങ്കരയിലേക്ക് എഴുന്നള്ളണമെന്ന് അപേക്ഷിക്കുകയും ചെയ്തു.[11]

## പുതിയ പള്ളികൾ

പള്ളികൾ പലതും അത്താനാസിയോസിന്റെ കൈവശത്തിലകപ്പെട്ടു കഴിഞ്ഞതിനാൽ നമ്മുടെ ജനങ്ങൾക്ക് ആരാധന നടത്തുന്നതിനായി പല സ്ഥലങ്ങളിലും മാർ ദീവന്നാസിയോസ് പുതിയ പള്ളികൾ പണിയിച്ചു. 1040 മുതൽ പത്തു വർഷത്തിനകം അദ്ദേഹം പണിയിച്ച പള്ളികളിൽ ചില പള്ളികളാണ് താഴെ പറയുന്നവ: പരുമല സെമിനാരി, കരുവാറ്റ, ചാലിശ്ശേരി, തിരുവാങ്കുളം, കാട്ടൂര്, അയിരൂർ, മഞ്ഞപ്ര, അല്ലപ്ര, വേങ്ങൂർ, കുടശ്ശനാട്, പുത്തൻകാവ്, കണ്യാട്ടുനിരപ്പ്, കുണ്ടറ, മാറാട്ടിൽ, ഓണക്കൂർ, നെല്ലക്കിൽ, ചേലാട്, മെഴുവന്നൂർ.

## പാത്രിയർക്കീസ് മലങ്കരയിൽ

പാത്രിയർക്കീസിന്റെ യാത്രച്ചിലവിലേക്ക് മലങ്കരയിൽനിന്ന് അഞ്ഞൂറു പവൻ അയച്ചുകൊടുത്തിരുന്നു. പണമില്ലാതെ വിഷമിക്കുമ്പോൾ, അഞ്ഞൂറ് പവൻ അയച്ചുകൊടുക്കുക എന്നത് അത്ര എളുപ്പമായിരുന്നില്ല. മലങ്കരയിൽനിന്ന് ക്ഷണം കിട്ടിയ ഉടൻ എഴുപത്തഞ്ചു വയസ്സു പ്രായമുള്ള പത്രോസ് പാത്രിയർക്കീസ് ബാവാ മലങ്കരയിലേക്ക് പുറപ്പെട്ടു. ഇതുവരെയും ഒരു പാത്രിയർക്കീസിനും ലഭിച്ചിട്ടില്ലാത്ത ഒരു മഹാഭാഗ്യമായിരുന്നു ഭാരതത്തിലേക്കുള്ള എഴുന്നള്ളത്ത് എന്ന് അദ്ദേഹം കരുതിയിരിക്കണം. മലങ്കരസഭയെ ആകമാനം തന്റെ കൈപ്പത്തികൾക്കുള്ളിൽ അമർത്താൻ നല്ലൊരു സന്ദർഭമാണെന്ന് അദ്ദേഹം ഓർത്തിരിക്കാം.

മാർ അത്താനാസിയോസിൽ നിന്ന് സഭയെ രക്ഷിക്കണമെന്ന ആത്മാർത്ഥതയോടെ തന്നെയാണ് അദ്ദേഹം യാത്ര പുറപ്പെട്ടത്. യാത്രാമദ്ധ്യേ ബാവാ കുസ്തന്തീനോസ്പോലീസിൽ എത്തി തുർക്കി സുൽത്താനെ കണ്ടതിനുശേഷം ലണ്ടനിൽ ചെന്ന് വിക്ടോറിയാ ചക്രവർത്തിനിയെ

സന്ദർശിച്ചു. മലങ്കരയിൽ എത്തിയാൽ പാത്രിയർക്കീസിനു വേണ്ട എല്ലാ സഹായസഹകരണങ്ങളും ചെയ്തുകൊടുക്കുന്നതിന് റസിഡണ്ടിന് ഒരു കല്പനയും ചക്രവർത്തിനിയിൽ നിന്ന് പാത്രിയർക്കീസു ബാവാ സമ്പാദിച്ചിരുന്നു.

1050 ഇടവത്തിൽ ബാവാ ബോംബെയിലെത്തി. മാർ ദീവന്നാസിയോസും പരിവാരവും അദ്ദേഹത്തെ സ്വീകരിക്കാൻ ബോംബെയിൽ എത്തിയിരുന്നു. അവരെല്ലാം പിന്നീട് മദിരാശിയിലേക്കാണ് പോയത്. റസിഡണ്ടിനെ കണ്ടു സംസാരിക്കണമെന്നതായിരുന്നു ഉദ്ദേശ്യം. പക്ഷേ, റസിഡണ്ട് ഊട്ടക്കമണ്ടിലേക്കു പോയിരിക്കുകയായിരുന്നു. അവർ മദിരാശിയിൽ നിന്നു മടങ്ങി. പാത്രിയർക്കീസുബാവായും മാർ ദീവന്നാസിയോസും കുന്നംകുളത്തുകാരൻ റയിട്ടർ ഇയ്യാക്കുവും ഊട്ടക്കമണ്ടിലേക്കും ശേഷമുള്ളവർ കുന്നംകുളത്തേക്കും പോയി.

ഊട്ടക്കമണ്ടിൽ എത്തിയപ്പോൾ രാത്രി പത്തുമണി കഴിഞ്ഞിരുന്നു. അന്ന് അവർ ഒരു യൂറോപ്യൻ ഹോട്ടലിൽ താമസിച്ചു. മൂന്നാംദിവസമാണ് റസിഡണ്ടിനെ കണ്ടത്. റസിഡണ്ടിന് മലയാളം അറിയാമായിരുന്നു. പാത്രിയർക്കീസും റസിഡണ്ടും തമ്മിലുള്ള സംഭാഷണത്തിൽ ദ്വിഭാഷി മാർ ദീവന്നാസിയോസ് തന്നെയായിരുന്നു. റസിഡണ്ട് വില്യം റോബിൻസൺ സായ്പ് പാത്രിയർക്കീസിനെ അദ്ദേഹത്തിന്റെ അതിഥിയായി താമസിക്കാൻ ക്ഷണിക്കുകയുണ്ടായി. പാത്രിയർക്കീസ് അദ്ദേഹത്തിന്റെ ആതിഥ്യം സ്വീകരിക്കുകയും ചെയ്തു. സഭയുടെ പ്രശ്നങ്ങളെ സംബന്ധിച്ച് അവരിരുവരും സംസാരിച്ചു. ബ്രിട്ടീഷ് മഹാരാജ്ഞി റസിഡണ്ടിന് കൊടുത്തയച്ച എഴുത്ത് ബാവാ തിരുമേനി റസിഡണ്ടിനെ ഏല്പിച്ചിരുന്നു. തിരുവിതാംകൂർ മഹാരാജാവ് നീതിയോടെ ഒരു തീരുമാനമെടുക്കുന്നതിന് വേണ്ടത്ര നടപടികൾ സ്വീകരിക്കുന്നതാണെന്ന് റസിഡണ്ട് വാഗ്ദാനം ചെയ്തു.

1050 ഇടവം 28-ാം തീയതി പാത്രിയർക്കീസു ബാവായും പരിവാരവും കുന്നംകുളത്ത് എത്തിച്ചേർന്നു. മലങ്കര ആദ്യമായി ഒരു പാത്രിയർക്കീസിനെ കാണുകയാണ്. കുന്നംകുളം പട്ടണം കമനീയമായി അലങ്കരിച്ചിരുന്നു. ഗംഭീരമായ ഒരു വരവേല്പാണ് പാത്രിയർക്കീസിന് നൽകപ്പെട്ടത്. പെന്തിക്കോസ്തി ദിവസം പാത്രിയർക്കീസുബാവാ ആർത്താറ്റുപള്ളിയിൽ വി. കുർബാനയർപ്പിച്ചു.

മിഥുനം 10-ാം തീയതി അദ്ദേഹം കൊച്ചിയിലെത്തുകയും പത്ത് ദിവസം അവിടെ താമസിക്കുകയും ചെയ്തു. പിന്നീട് തിരുവനന്തപുരത്തെത്തി ആയില്യം തിരുനാൾ വലിയ തമ്പുരാനുമായി ഒരു കൂടിക്കാഴ്ച നടത്തി. മാർ ദീവന്നാസിയോസ് തന്നെയായിരുന്നു തദവസരത്തിൽ

ദ്വിഭാഷി. ബ്രിട്ടീഷ് മഹാരാജ്ഞിയുടെ വലിയൊരു സുഹൃത്താണ് ബാവായെന്നും ഒരു പിതാവിനെപ്പോലെയാണ് രാജ്ഞി ബാവായെ ബഹുമാനിക്കുന്നതെന്നും മാർ ദീവന്നാസിയോസ്, തമ്പുരാനെ അറിയിച്ചു. മാത്രവുമല്ല, മലങ്കരയിലേക്ക് എഴുന്നള്ളുമ്പോൾ യാത്രാമദ്ധ്യേ രാജ്ഞിയുടെ കൊട്ടാരത്തിൽ രാജ്ഞിയുടെ അതിഥിയായി ബാവാ താമസിച്ചിരുന്നുവെന്നും പാത്രിയർക്കീസിന്റെ ആഗ്രഹങ്ങളെല്ലാം നിർവ്വഹിച്ചുകൊടുക്കാൻ രാജ്ഞി എപ്പോഴും സന്നദ്ധയാണെന്നും മറ്റും മാർ ദീവന്നാസിയോസ് രാജാവിനെ അറിയിക്കുകയുണ്ടായി. ഇളയ വിശാഖം തിരുനാൾ തമ്പുരാനും അവിടെ സന്നിഹിതനായിരുന്നു. പാത്രിയർക്കീസിന്റെ മുഖഭാവവും നിറവും വേഷഭൂഷണങ്ങളുമെല്ലാം തമ്പുരാക്കന്മാരെ അത്ഭുതപ്പെടുത്തി. തുർക്കി സുൽത്താൻ, റഷ്യൻ ചക്രവർത്തി, ബ്രിട്ടീഷ് രാജ്ഞി എന്നിവർ സമ്മാനിച്ചവയാണ് പാത്രിയർക്കീസിന്റെ മാലയിൽ കോർത്തിണക്കിയിട്ടുള്ള മുദ്രകൾ എന്ന് മാർ ദീവന്നാസിയോസ് അറിയിച്ചപ്പോൾ തമ്പുരാക്കന്മാർക്ക് പാത്രിയർക്കീസിനോടുള്ള ബഹുമാനം ശതഗുണീഭവിച്ചു. സഭാകാര്യങ്ങളെക്കുറിച്ച് അന്നത്തെ കൂടിക്കാഴ്ചയിൽ ഒന്നുംതന്നെ സംസാരിച്ചില്ല. രണ്ടുദിവസം കഴിഞ്ഞ് വീണ്ടും രാജാവിനെ കാണാനായി ഒരുങ്ങുമ്പോഴായിരുന്നു, പാത്രിയർക്കീസ് താമസിച്ചിരുന്ന കണ്ണൻമൂല ബംഗ്ലാവിലേക്ക് ഇളയതമ്പുരാൻ എഴുന്നള്ളിയത്. മലങ്കരസഭയുടെ ചരിത്രവും സഭയുടെ അന്നത്തെ ശോചനീയസ്ഥിതിയും സ്വതസിദ്ധമായ ഭാഷാശൈലിയിലും ഗൗരവത്തിലും മാർ ദീവന്നാസിയോസ് ഇളയതമ്പുരാനെ അറിയിച്ചു. പിന്നീട് മൂവരും ചേർന്ന് വലിയതമ്പുരാന്റെ കൊട്ടാരത്തിലേക്ക് പോയി. ബ്രിട്ടീഷ് രാജ്ഞിയുടെ ഒരു സുഹൃത്ത് എന്ന നിലയിൽ അതിയായ ഭക്തിയോടും ബഹുമാനത്തോടും കൂടിയാണ് മഹാരാജാവ് പാത്രിയർക്കീസിനെ സ്വീകരിച്ചത്.

സഭാവിശ്വാസവും, തന്റെ കല്പനയും മാർ അത്താനാസിയോസ് ലംഘിച്ചിരിക്കയാണെന്നും അത്താനാസിയോസിന് നൽകിയ സ്ഥാത്തിക്കോൻ റദ്ദാക്കിയിരിക്കുന്നുവെന്നും തൽസ്ഥാനത്തേക്ക് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസിനെയാണ് മലങ്കര മെത്രാപ്പോലീത്തായായി നിയമിച്ചിട്ടുള്ളതെന്നും പാത്രിയർക്കീസ്, രാജാവിനെ അറിയിച്ചു. മാർ അത്താനാസിയോസിനെ മലങ്കരമെത്രാപ്പോലീത്തായായി അംഗീകരിച്ചുകൊണ്ടുള്ള മഹാരാജാവിന്റെ വിളംബരം റദ്ദാക്കുകയും മാർ ദീവന്നാസ്യോസിനെ മലങ്കരമെത്രാപ്പോലീത്തായായി പ്രഖ്യാപിച്ച് വിളംബരം പ്രസിദ്ധപ്പെടുത്തുകയും ചെയ്യണമെന്ന് മഹാരാജാവിനോട് ഉണർത്തിക്കുകയുണ്ടായി.

മേൽപറഞ്ഞ കാര്യങ്ങൾ ഉൾക്കൊള്ളുന്ന ഒരപേക്ഷയും പാത്രിയർക്കീസ് മഹാരാജാവിന് സമർപ്പിച്ചു. അനുകൂലമായ മറുപടിയാണ് മഹാ

രാജാവിൽ നിന്ന് ലഭിച്ചത്. എങ്കിലും മദിരാശിയിൽ നിന്ന് റസിഡണ്ടിന്റെ അനുമതിയും ആവശ്യമാകയാൽ അല്പംകൂടി കാത്തിരിക്കണമെന്ന് കൊട്ടാരത്തിൽ നിന്ന് ഉത്തരവുണ്ടായി.

മഹാരാജാവും പാത്രിയർക്കീസും തമ്മിൽ നടന്ന കൂടിക്കാഴ്ചയെ സംബന്ധിച്ച് അറിഞ്ഞപ്പോൾ മാർ അത്താനാസിയോസ് കൂടുതൽ ഉന്മേഷവാനാകയാണ് ചെയ്തത്. ബാവായുടെയും മാർ ദീവന്നാസിയോസിന്റെയും പ്രവർത്തനങ്ങൾക്ക് പ്രതിബന്ധങ്ങളുണ്ടാക്കാൻ അദ്ദേഹം കഴിയുന്നത്ര പരിശ്രമിച്ചു. മിഷനറിമാരുടെ സഹായം ഒരു പരിധിവരെ അദ്ദേഹത്തിന്റെ ഉദ്ദേശ്യ സാഫല്യത്തിന് സഹായിക്കുകയും ചെയ്തു. വിളംബരം റദ്ദാക്കാതിരിക്കാൻ മദ്രാസ് റസിഡണ്ടിനെ വശത്താക്കാൻ അദ്ദേഹം പരിശ്രമിക്കാതിരുന്നില്ല. തന്റെ കൈവശത്തിലുള്ള പള്ളികൾ തന്നിൽനിന്ന് കൈവിട്ടുപോകാതിരിക്കാൻ അദ്ദേഹം പ്രയത്നിച്ചു.

പാത്രിയർക്കീസു ബാവായെ സന്ദർശിക്കാൻ പോലും അദ്ദേഹം തയ്യാറായിരുന്നില്ല. പാത്രിയർക്കീസിനെ മാർ അത്താനാസിയോസ് സന്ദർശിച്ചിരുന്നുവെങ്കിൽ ഒരു പക്ഷേ മലങ്കരസഭാചരിത്രം തന്നെ വ്യത്യസ്തമായേനെ. പാത്രിയർക്കീസിനോടൊന്നിച്ച് ഏതു സമയത്തും മാർ ദീവന്നാസിയോസ് ഉണ്ടായിരുന്നതിനാൽ പാത്രിയർക്കീസിനെ സന്ദർശിക്കാൻ മാർ അത്താനാസിയോസിന് ധൈര്യമുണ്ടായില്ല എന്നതാണ് വാസ്തവം.

പാത്രിയർക്കീസ് ബാവാ കേരളത്തിലെത്തുമ്പോൾ മാർ അത്താനാസിയോസ് രോഗാവസ്ഥയിലായിരുന്നെങ്കിലും വളരെ ഊർജ്ജസ്വലതയോടെ അദ്ദേഹം പ്രവർത്തിച്ചുകൊണ്ടിരുന്നു. തന്റെ മരണശേഷം ഒരു പിൻഗാമി ആവശ്യമാണെന്ന് മുൻകൂട്ടി നിശ്ചയിച്ച അദ്ദേഹം തന്റെ പിതൃസഹോദരന്റെ പുത്രൻ തോമസിനെ, മാർ അത്താനാസിയോസ് എന്ന പേരിൽ 1043-ൽ മെത്രാപ്പോലീത്തായായി വാഴിച്ചിരുന്നു.

പാത്രിയർക്കീസ് ബാവായും ദീവന്നാസിയോസ് തിരുമേനിയും മദ്രാസ് റസിഡണ്ടിനെ ഊട്ടക്കമണ്ടിൽ ചെന്നു കണ്ട് വിവരങ്ങൾ വിശദമായി അദ്ദേഹത്തെ അറിയിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ, വിളംബരം പിൻവലിക്കുന്നതിനെ സംബന്ധിച്ച് തിരുവിതാംകൂർ സർക്കാരിൽ നിന്ന് ലഭിച്ച റിപ്പോർട്ടിന്മേൽ റസിഡണ്ട് ഉടനെ ഉത്തരവ് നൽകി. വിളംബരം എത്രയും വേഗം റദ്ദാക്കണമെന്നായിരുന്നു ഉത്തരവ്.

റസിഡണ്ടിൽ നിന്നുള്ള ഉത്തരവ് ലഭിച്ചതിനുശേഷം 1052 കുംഭം 23-ന് മഹാരാജാവ് മറ്റൊരു വിളംബരം പ്രസിദ്ധീകരിച്ചു. അന്ത്യോഖ്യാ പാത്രിയർക്കീസിനാൽ അത്താനാസിയോസിന് നല്കപ്പെട്ടിട്ടുള്ള അധികാരം പാത്രിയർക്കീസ് പിൻവലിക്കുകയും മാർ അത്താനാസിയോസിനെ അദ്ദേഹം മുടക്കുകയും ചെയ്തിട്ടുള്ളതായി, പാത്രിയർക്കീസു തന്നെ;

സ്വന്തം കൈയെഴുത്തിലും മുഖദാവിലും ബോധിപ്പിച്ചിരിക്കുന്നതിനാൽ ആ സ്ഥാനത്ത് പാത്രിയർക്കീസു നിയമിച്ചിട്ടുള്ള മാർ ദീവന്നാസിയോസിനെ പുത്തൻകൂറ്റു സുറിയാനിക്കാരായ എല്ലാവരും അനുസരിച്ചുകൊള്ളണമെന്ന് മഹാരാജാവിന്റെ വിളംബരത്തിൽ പ്രസ്താവിച്ചിരുന്നു.[12] വിളംബരം പ്രസിദ്ധീകരിച്ചു എങ്കിലും അത്താനാസിയോസ് കൈവശമാക്കിയിട്ടുള്ള പള്ളികളും സ്വത്തുക്കളും കോടതി മുഖേന മാത്രമേ തിരിച്ചു ലഭിക്കുവാൻ സാദ്ധ്യമായിരുന്നുള്ളു.

തന്നെ ബന്ധിച്ചിരുന്ന കയറിന്റെ കെട്ടിന് വിളംബരം മൂലം അയവു വന്നെങ്കിലും 'ഇനിയെന്ത്' എന്ന ചോദ്യചിഹ്നം മാർ ദീവന്നാസിയോസിന്റെ കൺമുമ്പിൽ തെളിഞ്ഞുവന്നു. കൂടുതൽ ജനസഹകരണം തേടുക മാത്രമാണ് ഇനിയുള്ള ഏക പോംവഴി എന്ന് അദ്ദേഹം തീരുമാനിച്ചു. ജനസഹകരണം ലഭിക്കുന്നതിനുവേണ്ടി, പാത്രിയർക്കീസിന്റെ സാന്നിദ്ധ്യത്തിൽ ഒരു പള്ളിപ്രതിപുരുഷയോഗം ചേരുക എന്നതായിരുന്നു മാർ ദീവന്നാസിയോസ് ആലോചനാപൂർവ്വമെടുത്ത തീരുമാനം. തിരുമേനിയുടെ അഭിപ്രായം പാത്രിയർക്കീസിനെ അറിയിച്ചപ്പോൾ പാത്രിയർക്കീസ് ബാവായും ആ അഭിപ്രായത്തോട് യോജിച്ചു. അധികം താമസിയാതെ മുളന്തുരുത്തിയിൽ വെച്ച് ഒരു യോഗം ചേരുന്നതിന് എല്ലാ പള്ളികൾക്കും പാത്രിയർക്കീസുബാവാ കല്പന അയച്ചു. കല്പനയുടെ പ്രസക്തഭാഗങ്ങൾ താഴെ ചേർക്കുന്നു.

'നാം മലയാളത്തിൽ വന്നിട്ട് ഒരു വർഷം കഴിഞ്ഞു. നിങ്ങളെ എല്ലാവരെയും വിളിച്ച് ഒരു യോഗം ചേരുന്നതിന് ഇതുവരെ സാധിച്ചില്ല. അതിനാൽ മിഥുനം 15-ന് മുളന്തുരുത്തി മാർ തോമാശ്ലീഹായുടെ പള്ളിയിൽ വെച്ച് നമ്മുടെ എല്ലാ പള്ളികളിലേയും പ്രതിപുരുഷന്മാരുടെ ഒരു യോഗം ചേരുവാൻ നാം ആഗ്രഹിക്കുന്നു. വിശ്വസ്തരും സത്യസന്ധരുമായ രണ്ടു പ്രധാനികളെയും ഒരു വൈദികനേയും നിങ്ങൾക്ക് എല്ലാവർക്കുംവേണ്ടി സംസാരിക്കുന്നതിനായി ഓരോ പള്ളിയിൽ നിന്നും തെരഞ്ഞെടുത്ത് യോഗത്തിൽ സംബന്ധിക്കുവാൻ അയക്കണം. നമ്മുടെ സഭയിലെ മത്സരവും ഭിന്നതയും അവസാനിപ്പിക്കുന്നതിനും നിരപ്പും സമാധാനവും ജനങ്ങളിലുണ്ടാകുവാനും വേണ്ട എല്ലാ ക്രമീകരണങ്ങളും വിശുദ്ധാത്മാവ് ആ യോഗം വഴിയായി നമുക്ക് കാണിച്ചുതരുമെന്ന് നാം വിശ്വസിക്കുന്നു.

1051 മിഥുനം 15, 16, 17 എന്നീ തീയതികളിലാണ് മുളന്തുരുത്തിയിൽ യോഗം ചേർന്നത്.

## മുളന്തുരുത്തി സുന്നഹദോസ്

മുളന്തുരുത്തി സുന്നഹദോസ് എന്ന പേരിലാണ് ഈ യോഗം അറി

യപ്പെടുന്നത്. യോഗത്തിൽ പാത്രിയർക്കീസ് ബാവാ നടത്തിയ ഉൽഘാടന പ്രസംഗത്തിൽ നിന്ന് ചില ഭാഗങ്ങൾ താഴെ ചേർക്കുന്നു.

"അവൻ (അത്താനാസിയോസ്) ഒരു ഉപായിയായിരുന്നു. നമ്മുടെ മുൻഗാമി ഏലിയാസ് പാത്രിയർക്കീസിനെ വഞ്ചിച്ച് അവൻ മെത്രാൻ സ്ഥാനം കൈവശപ്പെടുത്തി. നാം പാത്രിയർക്കാ സ്ഥാനത്ത് അവരോധിക്കപ്പെട്ടപ്പോൾ നമ്മുടെ പള്ളികൾക്ക് അവനിൽ നിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്ന ഉപദ്രവങ്ങളെക്കുറിച്ച് നിങ്ങൾ എഴുതി അയച്ചു. അതനുസരിച്ച് നാം കുസ്തന്തീനോസ്പോലീസിലും ലണ്ടനിലും പോവുകയും അധികാരികളെ കണ്ട് സംസാരിക്കുകയും ചെയ്തതിനു ശേഷമാണ് ഇവിടെ വന്നത്. മഹാരാജാവിനെയും റസിഡണ്ടിനേയും നാം കണ്ട് സംസാരിച്ചു. അത്താനാസിയോസിന് നൽകപ്പെട്ട വിളംബരം ഇപ്പോൾ റദ്ദാക്കപ്പെട്ടിരിക്കുകയാണ്. നാം വാഴിച്ച പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസാണ് നിങ്ങളുടെ മെത്രാപ്പോലീത്താ. നമുക്ക് നഷ്ടപ്പെട്ട പള്ളികളും ഇടവകകളും വീണ്ടെടുക്കാൻ വ്യവഹാരം ആവശ്യമായി വന്നിരിക്കുന്നു. വ്യവഹാരം നടത്തുന്നതിന് ദൈവജ്ഞാനമുള്ളവരും വിദഗ്ദ്ധരുമായ ഒരു കമ്മറ്റിയെ നിങ്ങൾ തെരഞ്ഞെടുക്കണം."

**ഭരണഘടന**

പാത്രിയർക്കീസിന്റെ സാന്നിദ്ധ്യത്തിൽ ജോസഫ് മാർ ദീവന്നാസിയോസാണ് യോഗത്തിൽ സംസാരിച്ചത്. അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു. "ഓരോ ഇടവകയ്ക്കും ഇടവക രജിസ്റ്റർ, മാമോദീസാ രജിസ്റ്റർ, വിവാഹ രജിസ്റ്റർ, മരണ രജിസ്റ്റർ എന്നിവ ഉണ്ടായിരിക്കേണ്ടതും അവയിൽ മെത്രാപ്പോലീത്തായുടെ ഒപ്പും മുദ്രയും ഉണ്ടായിരിക്കേണ്ടതുമാണ്. പൊതുമുതലുകൾ വർദ്ധിപ്പിക്കുന്നതിനും ആത്മിക പ്രബോധനം, വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതിനുമായി സഭയ്ക്കാകമാനം ഒരു സമൂഹം ഉണ്ടായിരിക്കണം. ആ സമൂഹത്തിന് 'സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ' എന്ന് നാമകരണം ചെയ്യേണ്ടതാണ്. ഇടവക പൊതുയോഗം ചേർന്ന് അവരിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന രണ്ടു അയ്മേനികളും ആ പള്ളി വികാരിയും അസോസിയേഷൻ അംഗങ്ങളായിരിക്കുന്നതാണ്. അസോസിയേഷൻ പ്രസിഡണ്ട് മലങ്കര മെത്രാപ്പോലീത്തായായിരിക്കും. പള്ളിയുടെ കണക്കുകൾ മെത്രാപ്പോലീത്താ അംഗീകരിച്ചിരിക്കണം. പള്ളിതർക്കങ്ങൾ ഉണ്ടായാൽ മെത്രാപ്പോലീത്താ തർക്കങ്ങൾക്ക് വിധി പ്രസ്താവിക്കണം."

ഇവ കൂടാതെ മറ്റു ഉപവകുപ്പുകളും മെത്രാപ്പോലീത്താ പ്രസ്താവിക്കുകയും യോഗത്തിൽ അഭിപ്രായം ആരായുകയും ചെയ്തു. പാത്രിയർക്കീസ് ബാവായും മാർ ദീവന്നാസിയോസും പ്രസ്താവിച്ച എല്ലാ കാര്യ

ങ്ങളും യോഗം ഐകകണ്ഠേന അംഗീകരിക്കുകയും എല്ലാവരും ഒപ്പു വയ്ക്കുകയും ചെയ്തു. അങ്ങനെ മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ഒരു അസോസിയേഷനും ഭരണഘടനയും രൂപമെടുത്തു.

യോഗത്തിൽ ഉപസംഹാര പ്രസംഗത്തിൽ പാത്രിയർക്കീസ് ബാവാ ഇപ്രകാരം പ്രസ്താവിച്ചു. 'പാത്രിയർക്കീസിന്റെ കല്പന കേട്ടനുസരിച്ച് പ്രവർത്തിക്കാമെന്ന് ഒരു സമ്മതപത്രം എല്ലാ പള്ളിക്കാരും എഴുതി കൈയൊപ്പ് വെച്ച് രജിസ്റ്ററാക്കിത്തരേണ്ടതാണ്.' ഈ പ്രസ്താവന യോഗത്തിൽ അധികമാളുകളും ശ്രദ്ധിക്കാനിടയായില്ല.

മാർ അത്താനാസിയോസിനെ പുറംതള്ളുന്നതിനുള്ള എല്ലാ ക്രമീകരണങ്ങളും ചെയ്യുന്നതിനു വേണ്ടിയാണ് യോഗം ചേർന്നത് എന്നല്ലാതെ, മലങ്കരസഭ മേൽ പൂർണ്ണഅധികാരം കൈവശപ്പെടുത്തുക എന്നതും കൂടി പാത്രിയർക്കീസിന്റെ ഈ ഉദ്യമത്തിലുണ്ടായിരുന്നുവെന്ന് ആർക്കും വ്യക്തമായിരുന്നില്ല. എന്നാൽ പാത്രിയർക്കീസിന്റെ ഓരോ ചലനവും മാർ ദീവന്നാസിയോസ് വീക്ഷിക്കുന്നുണ്ടെന്ന് പാത്രിയർക്കീസും അറിഞ്ഞിരുന്നില്ല. മലങ്കരസഭയുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്നതിന് ഇടയാക്കാമായിരുന്ന രജിസ്റ്റർ ഉടമ്പടി ഒരു പള്ളിക്കാരും പാത്രിയർക്കീസിന് നൽകുകയുണ്ടായില്ല.

മാർ അത്താനാസിയോസിൽ നിന്ന് സഭയ്ക്കു നേരിട്ടുകൊണ്ടിരിക്കുന്ന പീഡനങ്ങളിൽ നിന്ന് രക്ഷ കിട്ടാൻ പ്രവർത്തിച്ചുകൊണ്ടിരുന്നപ്പോൾ മാർ ദീവന്നാസിയോസിന് നേരിടേണ്ടതായി വന്ന മറ്റൊരു ഭീഷണിയായിരുന്നു പാത്രിയർക്കീസ്.

മുളന്തുരുത്തി സുന്നഹദോസു കൊണ്ട് താൻ ഉദ്ദേശിച്ച ഫലം സിദ്ധിച്ചില്ല എന്ന് കണ്ടപ്പോൾ പാത്രിയർക്കീസ് മറ്റൊരു തന്ത്രം ഉപയോഗിച്ചു. മലങ്കരസഭയെ വിഭജിച്ച് ഓരോ ഭദ്രാസനത്തിന് ഓരോ മെത്രാപ്പോലീത്തായെ വാഴിക്കുക എന്നതായിരുന്നു പദ്ധതി. അതനുസരിച്ച് പറവൂർ പള്ളിയിൽ വെച്ച് കടവിൽ പൗലൂസ് മാർ അത്താനാസിയോസിനേയും കോനാട്ട് ഗീവർഗ്ഗീസ് മാർ യൂലിയോസിനേയും അമ്പാട്ട് മാർ ഗീവറുഗീസ് കൂറിലോസിനേയും ചാത്തുരുത്തി മാർ ഗീവർഗീസ് ഗ്രീഗോറിയോസിനെയും, കുന്നംകുളം ചിറളയം പള്ളിയിൽ വെച്ച് മുറിമറ്റം പൗലൂസ് മാർ ഈവാനിയോസിനേയും കരോട്ടു ശീമോൻ മാർ ദീവന്നാസ്യോസിനെയും മെത്രാപ്പോലീത്താമാരായി പാത്രിയർക്കീസ് വാഴിക്കുകയുണ്ടായി. മെത്രാപ്പോലീത്താമാരെ വാഴിക്കുമ്പോൾ മാർ ദീവന്നാസിയോസിനോട് ആലോചിക്കാൻപോലും പാത്രിയർക്കീസ് തയ്യാറായിരുന്നില്ല. മാർ ദീവന്നാസിയോസിനെ പാത്രിയർക്കീസും പാത്രിയർക്കീസിനെ മാർ ദീവന്നാസിയോസും നല്ലവണ്ണം പഠിച്ചുകഴിഞ്ഞിരുന്നു. മാർ ദീവന്നാസിയോസ്

തന്നെ ധിക്കരിച്ചാലും താൻ വാഴിച്ച മെത്രാന്മാർ തന്നെ അനുകൂലിച്ച് നില്ക്കുമെന്ന് പാത്രിയർക്കീസ് വ്യാമോഹിച്ചു. അത്താനാസിയോസിന്റെ അനധികൃത കയ്യേറ്റങ്ങൾ തടയാൻ പാത്രിയർക്കീസിന്റെ സാന്നിദ്ധ്യം സഹായകരമാണെന്നുള്ളതുകൊണ്ട് മാർ ദീവന്നാസിയോസ് പാത്രിയർ ക്കീസിന്റെ പ്രവർത്തനങ്ങൾക്കൊന്നും തടസ്സമുണ്ടാക്കിയതുമില്ല.

പുതുതായി വാഴിക്കപ്പെട്ട മെത്രാന്മാർ പാത്രിയർക്കീസിന് ഉടമ്പടി എഴു തിക്കൊടുത്തിരുന്നു. ഉടമ്പടിയനുസരിച്ച് ഒരു മെത്രാന് ഇടത്തോട്ടോ വല ത്തോട്ടോ തിരിയുന്നതിന് പാത്രിയർക്കീസ് അനുവദിക്കണം. അനുമതി ഇല്ലാതെ എന്തെങ്കിലും ചെയ്താൽ മെത്രാൻ രണ്ടായിരത്തിഎണ്ണൂറ്റി അമ്പതു രൂപാ പിഴയടയ്ക്കണം. ചില പള്ളിക്കാരും ഉടമ്പടി നല്കിയ തായി പറയപ്പെടുന്നു. അതിൽ ഒന്ന് പുതുപ്പള്ളി പള്ളിയാണ്. പാത്രി യർക്കീസിന്റെ കല്പനയെ ലംഘിച്ചാൽ ആ വ്യക്തി നൂറു രൂപ പിഴയട യ്ക്കണം എന്നായിരുന്നു ഉടമ്പടി വ്യവസ്ഥ. മെത്രാന്മാരും ചില പള്ളി ക്കാരും കൊടുത്ത ഉടമ്പടിയനുസരിച്ച് പാത്രിയർക്കീസിന് സർവാധി പത്യം നേടിയെടുക്കാൻ സാധിച്ചുവോ എന്നും പിന്നീടുള്ള സംഭവങ്ങ ളിൽ നിന്ന് മനസ്സിലാക്കാം.

നമ്മുടെ ജനങ്ങൾ അറബിവേഷം ധരിക്കണമെന്ന് പാത്രിയർക്കീസിന് ആഗ്രഹമുണ്ടായിരുന്നു. പുരുഷന്മാർ താടിയും മീശയും വളർത്തണ മെന്നും പുരുഷന്മാർ കാൽക്കുപ്പായവും അങ്കർക്കായും തൊപ്പിയും സ്ത്രീകൾ മുഴുക്കുപ്പായവും കാൽക്കുപ്പായവും മൂടുപടവും ധരിച്ചിരിക്ക ണമെന്നും പാത്രിയർക്കീസിന്റെ ഒരു കല്പനയിൽ പറയുന്നു.

## മാർ അത്താനാസിയോസിന്റെ മരണം

പാത്രിയർക്കീസ് തിരിച്ചെഴുന്നെള്ളാൻ ഒരുക്കങ്ങളാരംഭിച്ച അവസര ത്തിൽ മാർ അത്താനാസിയോസ് ഗുരുതരമായ രോഗാവസ്ഥയിലായി രുന്നു. 1052 കർക്കിടകമാസം 2-ാം തീയതി മാർ അത്താനാസിയോസ് കാലം ചെയ്തു. അന്ന് പഴയസെമിനാരി അദ്ദേഹത്തിന്റെ കൈവശത്തി ലായിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ ശവസംസ്ക്കാരം നടന്നത് മാരാ മണ്ണ് പള്ളിയിൽ വെച്ചായിരുന്നു. ശവസംസ്ക്കാരം പഴയസെമിനാരിയി ലാകാതിരുന്നത് ഇരുകൂട്ടർക്കും നല്ലതായി എന്നതിന് യാതൊരു സംശ യവുമില്ല. അദ്ദേഹം കാലം ചെയ്യപ്പെടുന്നതിന് മുമ്പ് തന്റെ പിൻഗാമി യായി വാഴിച്ച തോമസ് മാർ അത്താനാസിയോസ് സഭാഭരണം ഏറ്റെ ടുത്തു. സെമിനാരിയും സ്വത്തുക്കളും അദ്ദേഹത്തിന്റെ കൈവശത്തിലാ യിത്തീർന്നു.

1052 അവസാനത്തോടെ പാത്രിയർക്കീസ് ബാവാ മർദീനിലേക്ക് തിരി ച്ചുപോയി. അദ്ദേഹം തിരിച്ചെഴുന്നള്ളുന്നതുവരെയും പാത്രിയർക്കീസ്

മാർ ദീവന്നാസിയോസിനോടൊ ദീവന്നാസിയോസ് പാത്രിയർക്കീസിനോടൊ യാതൊരു വിദ്വേഷവും പ്രകടിപ്പിച്ചിരുന്നില്ല എന്നതു രണ്ടുപേരുടേയും സ്വഭാവവൈശിഷ്ട്യങ്ങളിൽ ഒന്നായി കണക്കാക്കാം. യാത്രാചെലവിന് അഞ്ഞൂറു പവൻ അയച്ചുകൊടുത്ത മാർ ദീവന്നാസിയോസ് പാത്രിയർക്കീസ് തിരിച്ചെഴുന്നള്ളുമ്പോൾ എത്ര പവൻ കൊടുത്തു എന്ന് അറിഞ്ഞു കൂടാ. വളരെ സന്തോഷത്തോടെയാണ് അദ്ദേഹം തിരിച്ചെഴുന്നള്ളിയത്.

പാത്രിയർക്കീസ് തിരിച്ചെഴുന്നള്ളിയതിന് ശേഷം മാർ ദീവന്നാസിയോസ് പരുമലവെച്ച് 1053 കുംഭം 6-ാം തീയതി അസോസിയേഷൻ യോഗം വിളിച്ചുകൂട്ടുകയുണ്ടായി. വ്യവഹാരങ്ങൾ നടത്തേണ്ടത് അത്യാവശ്യമായിരിക്കുന്നുവെന്നും അതിന് പണമില്ലാതെ വിഷമിക്കുകയാണെന്നും തിരുമേനി യോഗത്തിൽ പ്രസ്താവിച്ചു. യോഗതീരുമാനങ്ങൾ താഴെപ്പറയുന്നവയാകുന്നു.

കടപ്പത്രങ്ങൾ വിറ്റു പണം ശേഖരിക്കുക. പ്രസിഡണ്ട് ഉൾപ്പടെ 40 അംഗങ്ങളുള്ള ഒരു കമ്മറ്റിയെ ആയതിന് നിയോഗിക്കുക. നാല്പതു മെമ്പറന്മാരും അഞ്ഞൂറു രൂപാ വീതം എടുത്ത് ഉടനെ വ്യവഹാരം ആരംഭിക്കുക.

കമ്മറ്റിയെ തെരഞ്ഞെടുക്കുകയും അവർ നൽകിയ പണം ചിലവു ചെയ്ത് കേസ് ഫയൽ ചെയ്യുകയും ചെയ്തു. കടപ്പത്രങ്ങളുടെ വില്പനയും ധൃതഗതിയിൽ പുരോഗമിച്ചുകൊണ്ടിരുന്നു.

### വ്യവഹാരം

1054 കുംഭം 22-ാം തീയതി ആലപ്പുഴ ജില്ലാക്കോടതിയിൽ 439-ാം നമ്പരായി ഫയലാക്കിയ കേസ്സിന്റെ പരിപൂർണ്ണ ഉത്തരവാദിത്വം മാർ ദീവന്നാസിയോസിനായിരുന്നു. പുതുതായി വാഴിക്കപ്പെട്ട മെത്രാന്മാർ, പാത്രിയർക്കീസ് സ്വപ്നം കണ്ടിരുന്നതുപോലെ തെറ്റിപ്പിരിയാൻ ഇടയായില്ല എന്നു മാത്രമല്ല, അവർ മാർ ദീവന്നാസിയോസിന് വേണ്ടത്ര പിന്തുണ നൽകിക്കൊണ്ടിരുന്നു എന്നത് മാർ ദീവന്നാസിയോസിന് ആശ്വാസമേകി.

1054 മുതൽ 1057 വരെ വെറും പ്രാരംഭ വിചാരണ മാത്രമാണ് നടന്നത്. 1057 മുതൽ 1059 വരെ സാക്ഷിവിസ്താരം നടന്നു. കേസിലെ പ്രതികൾ തോമസ് മാർ അത്താനാസിയോസ്, ട്രസ്റ്റിമാരായ പുന്നത്തറ ചാക്കോ ചാണ്ടപ്പിള്ള കത്തനാരും കുളങ്ങരെ ഇട്ട്യേച്ചൻ പൈലിയുമായിരുന്നു. വാദിഭാഗത്തേക്ക് 72 സാക്ഷികളെയും പ്രതിഭാഗത്തേക്ക് 103 സാക്ഷികളെയും വിസ്തരിച്ചു. കേസിന്റെ പ്രസംഗത്തിന് വെസ്റ്റേൺ സ്റ്റാർ പത്രാധിപർ മി. എച്ച്. എം. വാക്കർ സായ്പും പ്രതിഭാഗത്തേയ്ക്ക് ബാരിസ്റ്റർ ഗാൻസു സായ്പും ഹാജരായിരുന്നു.

ആലപ്പുഴയിൽ ദീർഘകാലം താമസിച്ച് കേസ്സു നടത്തുന്നതിന് വളരെ പണച്ചിലവുണ്ടായിരുന്നു. വിചാരിച്ചപോലെ പണം പിരിഞ്ഞു കിട്ടിയില്ല. വിചാരിച്ചതിനേക്കാൾ അധികം ചിലവും വന്നുകൊണ്ടിരുന്നു. മാർ ദീവന്നാസിയോസ് വല്ലാതെ വിഷമിച്ചു. പല സന്ദർഭങ്ങളിലും അദ്ദേഹത്തിന്റെ കൈവശമുള്ള സ്വർണ്ണ നിർമ്മിത വസ്തുക്കൾ പണയപ്പെടുത്തിക്കൊണ്ടിരുന്നു എന്നു പറയപ്പെടുന്നു. പണമില്ലാതെയും മനസ്സമാധാനമില്ലാതെയും വിഷമിക്കുമ്പോൾ അദ്ദേഹം പരുമല സെമിനാരിയിലാണ് സമാധാനം കണ്ടെത്തിയത്. തന്നേക്കാൾ വളരെ പ്രായം കുറഞ്ഞയാളും തന്റെ ശിഷ്യനുമായ മാർ ഗ്രീഗോറിയോസ് തിരുമേനി തനിക്കുവേണ്ടിയും സഭയ്ക്കു വേണ്ടിയും നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യക്തിയാണെന്ന് തിരുമേനിക്കറിയാമായിരുന്നു.

## പരുമലയിലെ പുണ്യവാളൻ

ഒരു ദിവസം രാത്രി 12 മണിക്കാണ് ഒരു വള്ളത്തിൽ മാർ ദീവന്നാസിയോസ് പരുമല കടവിൽ എത്തിച്ചേർന്നത്. തന്റെ വിശ്വസ്ത സെക്രട്ടറി ഇ. എം. ഫിലിപ്പും അദ്ദേഹത്തോടൊന്നിച്ചുണ്ടായിരുന്നു. ഗ്രീഗോറിയോസ് തിരുമേനി താമസിക്കുന്ന മുറിയുടെ വാതിലിൽ മുട്ടിയപ്പോൾ വാതിൽ തുറന്നു. മുറിക്കുള്ളിൽ തിരുമേനി ഇല്ലായിരുന്നു. ഈ പാതിരാ കഴിഞ്ഞ നേരത്ത് തിരുമേനി എവിടെ പോകാൻ. അവർ അല്പനേരം ആലോചിച്ചു നിന്നതിനു ശേഷം ചാപ്പലിലേക്കു നടന്നു. ചാപ്പലിന്റെ വാതിൽ തുറന്നു കിടക്കുന്നു. മെഴുകുതിരിയുടെ വെളിച്ചത്തിൽ അവർ ആ കാഴ്ച കണ്ടു. മാർ ഗ്രീഗോറിയോസ് തിരുമേനി മുട്ടിന്മേൽ നിന്ന് കരഞ്ഞു പ്രാർത്ഥിക്കുന്നു. വളരെനേരം ഇരുവരും ചാപ്പലിന്റെ വാതില്ക്കൽ കാത്തു നിന്നു. പ്രാർത്ഥന കഴിഞ്ഞ് കലങ്ങിയ കണ്ണുകളോടെ മാർ ഗ്രീഗോറിയോസ് തിരുമേനി ചാപ്പൽ കവാടത്തിലെത്തിയപ്പോൾ മലങ്കര മെത്രാപ്പോലീത്തായും തന്റെ ഗുരുവുമായ മാർ ദീവന്നാസിയോസിനെയാണ് കണ്ടത്. മാർ ഗ്രീഗോറിയോസ് കൈകസ്തൂരി നൽകാൻ കൈനീട്ടിയപ്പോൾ മാർ ദീവന്നാസിയോസ്, ഗ്രീഗോറിയോസ് തിരുമേനിയെ കെട്ടിപ്പിടിച്ച് ആലിംഗനം ചെയ്തു. മാർ ദീവന്നാസിയോസിന്റെ കണ്ണുനീർ ഇറ്റിറ്റു വീണുകൊണ്ടിരുന്നു. ആ രംഗം വീക്ഷിച്ച ഇ. എം. ഫീലിപ്പോസും അപ്പോൾ പൊട്ടിക്കരഞ്ഞു.

മാർ ഗ്രീഗോറിയോസിന്റെ പ്രാർത്ഥനയാണ് എല്ലാ വിപത്തിൽനിന്നും നമ്മുടെ സഭയെ രക്ഷിച്ചുകൊണ്ടിരിക്കുന്നത് എന്നത് മാർ ദീവന്നാസിയോസ് പല യോഗങ്ങളിലും പ്രസ്താവിക്കാറുണ്ടായിരുന്നു.

ആലപ്പുഴ കോടതിയിൽ വാക്കർ സായ്പിന്റെ പ്രസംഗം കഴിഞ്ഞപ്പോൾ ഈ പ്രസംഗം കൊണ്ട് യാതൊന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലെന്നും പോയിന്റുകൾ ഉന്നയിച്ച് ഓരോന്നിനും വിശദീകരണം നൽകേണ്ടതായി

രുന്നു എന്നും കോടതി അഭിപ്രായപ്പെട്ടു. വാസ്തവത്തിൽ വാക്കർ സായ്പ് കേസ്സിനെ സംബന്ധിച്ച് നല്ലവണ്ണം പഠിച്ചിരുന്നില്ല എന്നതാണ് വാസ്തവം എന്ന് പറയപ്പെടുന്നു. അതിന്റെ പുറകിൽ മിഷനറിമാരുടെ വഞ്ചനയുണ്ടായിരുന്നോ എന്നും സംശയിക്കപ്പെടുന്നു. കോടതിയുടെ അഭിപ്രായം കേട്ടപ്പോൾ തിരുമേനി പരിഭ്രമിച്ചു. ഇനി എന്തു വേണം. കേസ്സിനെ സംബന്ധിച്ച് ഉപദേശം നൽകിക്കൊണ്ടിരുന്നത് അക്കര കുര്യൻ റയിട്ടർ ആയിരുന്നു. റയിട്ടറുടെ അഭിപ്രായമനുസരിച്ചാണ് വാക്കർ സായ്പിനെ കേസ്സിന്റെ പ്രസംഗത്തിന് നിയോഗിച്ചത്. കുര്യൻ റയിട്ടറെ ആളയച്ച് വരുത്തി തിരുമേനി സംസാരിച്ചു.

ഈ അവസരത്തിൽ പ്രതിഭാഗം വക്കീൽ വളരെ തന്മയത്വത്തോടെ പ്രസംഗിക്കുകയായിരുന്നു. മറുപടി പ്രസംഗത്തിൽ എല്ലാ കുറവുകളും നികത്താമെന്ന് കുര്യൻ റയിട്ടറോട് വാക്കർ സായ്പ് പറഞ്ഞു. പക്ഷേ, വാക്കർ സായ്പിന്റെ പ്രതീക്ഷകൾ നടന്നില്ല. പറഞ്ഞുകഴിഞ്ഞ കാര്യങ്ങളിന്മേൽ വീണ്ടും പ്രസംഗിക്കാൻ അനുവാദമില്ലെന്ന് കോടതി ഉത്തരവുണ്ടായി. എങ്കിലും ഓരോ പോയിന്റുകൾക്കും വേണ്ടതായ പ്രമാണങ്ങളും അവയുടെ വിശദീകരണങ്ങളും സാക്ഷിമൊഴികളുടെ വിശദീകരണങ്ങളും ഇ. എം. ഫിലിപ്പും കുര്യൻ റയിട്ടറും ചേർന്ന് എഴുതിയുണ്ടാക്കിയിരുന്നത് വായിക്കാൻ വാക്കർ സായ്പിനു കോടതി അനുമതി നൽകുകയുണ്ടായി. വായിച്ച വിശദീകരണങ്ങളും ലിസ്റ്റുകളും കോടതിയിൽ സമർപ്പിക്കുകയും ചെയ്തു.

കേസ്സുകാര്യങ്ങളിൽ തിരുമേനിയെ സഹായിച്ചുകൊണ്ടിരുന്നത് മാലിത്ര അച്ചനും ഇ. എം. ഫീലിപ്പോസും കുര്യൻ റയിട്ടറും ആയിരുന്നു. കേസ്സ് നടത്തുന്നതിന് പണമില്ലാതെ തിരുമേനി വിഷമിച്ചു. മാലിത്തറ അച്ചനും ഫീലിപ്പോസും തിരുമേനിയും കേസ്സുനടത്തിപ്പിനായി ആലപ്പുഴയിൽ താമസിച്ചുകൊണ്ടിരിക്കുമ്പോൾ രണ്ടു ദിവസം മുഴുപട്ടിണിയിലായിരുന്നു അവർ. അവശരായ അച്ചനും ഫീലിപ്പോസും മുറിയിൽ തളർന്നു കിടക്കുകയായിരുന്നു. ഫീലിപ്പോസ് തമാശരൂപത്തിൽ മാലിത്തറ അച്ചനോട് പറഞ്ഞു: ' എന്റെ അച്ചോ, നമ്മുടെ ഈ ഉപവാസം അമ്പതുനോമ്പുകാലത്തായിരുന്നെങ്കിൽ' അടുത്ത മുറിയിൽ ഹൃദയവ്യഥയിൽ അസ്വസ്ഥനായി ഉറക്കംവരാതെ നടന്നുകൊണ്ടിരുന്ന തിരുമേനി, തന്റെ സഹപ്രവർത്തകരുടെ സ്ഥിതി എന്തെന്നറിയാൻ അവരുടെ മുറിയിലേക്ക് കടന്നുചെന്നപ്പോൾ അദ്ദേഹം കേട്ടതു ഫീലിപ്പോസിന്റെ ആ വാക്കുകൾ ആയിരുന്നു. അസഹനീയ ഹൃദയവ്യഥയോടെ തിരുമേനി അവരെ ആശ്വസിപ്പിച്ചു.

അന്യായപ്രകാരം 1059 മിഥുനം 16-നു ആലപ്പുഴ ജഡ്ജി കൃഷ്ണമേനോൻ മാർ ദീവന്നാസിയോസിന് അനുകൂലമായി വിധി പ്രസ്താവിച്ചു. വിധി പ്രസ്താവിച്ചതിനു ശേഷം ഉടനെതന്നെ തിരുമേനി പരുമല സെമി

നാരിയിലേക്കാണ് പോയത്. കേസ്സിൽ അനുകൂലമായ ഒരു വിധി സമ്പാദിക്കാൻ കഴിഞ്ഞതിൽ മാർ ഗ്രീഗോറിയോസ് തിരുമേനി സർവ്വശക്തനായ ദൈവത്തെ മഹത്വപ്പെടുത്തി.

## കേസ് ഹൈക്കോടതിയിൽ

ജില്ലാ കോടതി വിധിയിന്മേൽ 1059-ൽ 137 നമ്പ്രായി ഹൈക്കോടതിയിൽ പ്രതികൾ അപ്പീൽ ഫയൽ ചെയ്തു. കോടതിയിൽ നിന്ന് സമൻസ് കിട്ടിയപ്പോൾ തിരുമേനിയും മാലിത്തറ അച്ചനും ഫീലിപ്പോസും തിരുവനന്തപുരത്തേക്ക് താമസം മാറ്റി.

ഹൈക്കോടതിയിൽ തിരുമേനിയുടെ വക്കീൽ ആർ. രാമനാഥരായിരുന്നു. 1060 മകരം 10-നാണ് ആദ്യമായി കേസ്സ് വിചാരണ ആരംഭിച്ചത്. ജസ്റ്റീസ് നാരായണപിള്ളയും ജസ്റ്റീസ് അരിനായകം പിള്ളയും ചേർന്ന ബഞ്ചിൽ കേസ്സ് വിചാരണയ്ക്ക് പ്രതിഭാഗം വക്കീൽ മി. ഗാൻസ് ആയിരുന്നു. ആദ്യമായി മിസ്റ്റർ ഗാൻസും പിന്നീട് കുംഭം ഒന്നു മുതൽ പതിനാറു വരെ രാമനാഥരായരും വാദിച്ചു. മദ്ധ്യവേനൽ അവധിക്കുശേഷം വിധി പ്രസ്താവിക്കുന്നതാണെന്ന് കോടതി ഉത്തരവാകുകയും ചെയ്തു.

തിരുവനന്തപുരത്തു നിന്ന് തിരിച്ചുവന്ന തിരുമേനി നമ്മുടെ എല്ലാ പള്ളികളിലും ഒരു പര്യടനം നടത്താൻ നിശ്ചയിച്ചു. പക്ഷേ, പല പള്ളികളിലും പ്രവേശിക്കാൻ അദ്ദേഹത്തിന് സാധിച്ചില്ല. മാത്യൂസ് മാർ അത്താനാസിയോസിന്റെ പിൻഗാമി തോമസ് മാർ അത്താനാസിയോസ് അദ്ദേഹത്തിന്റെ മുൻഗാമിയുടെ പന്ഥാവിൽകൂടിത്തന്നെ നമ്മുടെ പള്ളികളിൽ കൈവശാവകാശം സ്ഥാപിച്ചുകഴിഞ്ഞിരുന്നു. ഇടവകക്കാരിൽ പലരും മാർ അത്താനാസിയോസിനെ ഭയന്ന് മാർ ദീവന്നാസിയോസിനെ സന്ദർശിക്കാൻപോലും സന്നദ്ധരായിരുന്നില്ല. എങ്കിലും നിരാശനാകാതെ തിരുമേനി ഇടവകകളെല്ലാം സന്ദർശിച്ചുകൊണ്ടിരുന്നു. പള്ളികളിൽ പ്രവേശനം നിരോധിക്കപ്പെടുമ്പോൾ, തന്നെ അനുകൂലിക്കുന്ന ചിലരുടെ വീടുകളിലാണ് തിരുമേനി താമസിച്ചിരുന്നത്. സത്യം കുഴിച്ചുമൂടാൻ ഒരുത്തർക്കും സാദ്ധ്യമല്ല എന്ന് അദ്ദേഹം ദൃഢമായി വിശ്വസിച്ചു.

1061 തുലാമാസം 29-നു ഹൈക്കോടതി വിധി പ്രസ്താവിച്ചു. കീഴ്ക്കോടതിവിധി സ്ഥിരപ്പെടുത്തിക്കൊണ്ട് രണ്ടു കോടതികളിലേയും ചിലവു സഹിതം അപ്പീൽ തള്ളുകയാണുണ്ടായത്. കീഴ്കോടതി വിധിയിൽ കോടതി ചിലവ് തരുന്നതിന് അനുവദിച്ചിരുന്നില്ല. ചിലവും കൂടി അനുവദിച്ച് അനുകൂലമായി വിധി പ്രസ്താവിച്ചപ്പോൾ മാർ ദീവന്നാസിയോസിനേക്കാൾ കൂടുതൽ സന്തോഷിച്ചത് പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയായിരുന്നു.

പഴയസെമിനാരിയിൽ, മാത്യൂസ് മാർ അത്താനാസിയോസിന്റെ പിൻഗാമി തോമസ് മാർ അത്താനാസിയോസ് സ്ഥിരതാമസമാക്കിയിരുന്ന കാലമായിരുന്നു അപ്പോൾ. ഹൈക്കോടതിവിധിയുടെ അടിസ്ഥാനത്തിൽ ഉടൻ സമുദായ സ്വത്തുക്കൾ നടത്തിയെടുക്കേണ്ടത് ആവശ്യമായിരുന്നു. ആയതിനു മാർ ദീവന്നാസിയോസ് ആലപ്പുഴ ജില്ലാക്കോടതിയിൽ അപേക്ഷ ബോധിപ്പിച്ചു. പി. ജെ. പുന്നൻ വക്കീലായിരുന്നു കോടതിയിൽ ഹാജരായിരുന്നത്. ഹൈക്കോടതിയിൽ നിന്നു റിക്കാർഡുകൾ വന്നതിനുശേഷം ആലോചിക്കാമെന്നു ജഡ്ജി പത്മനാഭയ്യർ ഉത്തരവിട്ടു. റോയൽക്കോടതിയിൽ പ്രതികൾ അപ്പീൽ കൊടുക്കുന്നുണ്ടെന്നു കേൾവിയുണ്ടായിരുന്നു. വക്കീൽ രാമനാഥരായരെ തിരുമേനി എല്ലാ വിവരങ്ങളും അറിയിച്ചു. വീണ്ടും ഒരു അപേക്ഷ കൊടുക്കുന്നതിന് രാമനാഥരായർ ഉപദേശിക്കുകയും അപേക്ഷ തയ്യാറാക്കിക്കൊടുക്കുകയും ചെയ്തു. ആ അപേക്ഷയിന്മേൽ 1061 മിഥുനത്തിൽ രാമനാഥരായർ ആലപ്പുഴ കോടതിയിൽ ഹാജരായി വാദിച്ചു. ഉടനെ വിധി നടത്തുന്നതിന് ജഡ്ജി പത്മനാഭയ്യർ തന്നെ ഉത്തരവിടുകയും ചെയ്തു. വിധി നടത്താൻ കോടതിയിൽ നിന്ന് നിയമിച്ച ആമീൻ പഴയസെമിനാരിയിൽ ചെന്നപ്പോൾ സെമിനാരി പൂട്ടിക്കിടക്കുന്നതാണ് കണ്ടത്. വിവരം ഉടനെ കോടതിയെ അറിയിച്ചു. കൊല്ലനെ കൊണ്ടുവന്ന് സെമിനാരി തുറക്കാൻ പോലീസിനെ കോടതി അധികാരപ്പെടുത്തി. അങ്ങനെ തന്റെ പൂർവ്വികൻ സഭയ്ക്കുവേണ്ടി സമ്പാദിച്ചതും തന്റെ പൂർവ്വികനെ കബറടക്കിയിട്ടുള്ളതുമായ പഴയസെമിനാരിയിൽ 1061 കർക്കിടകം 3-നു സെന്റ് തോമസ് ദിനത്തിൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് പ്രവേശിച്ചു.

സെമിനാരിയും കെട്ടിടങ്ങളും അവ സ്ഥിതിചെയ്യുന്ന സ്ഥലവും മാത്രമാണ് അന്ന് കൈവശമാക്കാൻ സാധിച്ചത്. മറ്റു സ്വത്തുക്കൾ നടത്തിയെടുക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ എതിർകക്ഷികൾ റോയൽ കോടതിയിൽ അപ്പീൽ ബോധിപ്പിച്ചുകഴിഞ്ഞിരുന്നു. തന്മൂലം വിധി നടത്തുന്നത് നിർത്തിവെയ്ക്കാൻ കോടതി ഉത്തരവായി.

## കേസ് റോയൽ കോടതിയിൽ

തിരുമേനിയുടെ മുമ്പിൽ വീണ്ടും ഒരു ചോദ്യ ചിഹ്നം തെളിഞ്ഞു വന്നു. 'ഇനിയെന്ത്'- റോയൽകോടതിയിൽ കേസ് നടത്തണമെങ്കിൽ പണം കുറെയേറെ വേണം. ഇതുവരെയും കുന്നംകുളത്തുകാരും മറ്റ് സഹൃദയരും സഹായിച്ചു. ഇനിയും അവരെ വിഷമിപ്പിക്കുന്നതു ശരിയല്ല. പണക്കുറവു മൂലം കേസിനു ദോഷം വരാനും പാടില്ല. ഇതുവരെ വഴി തെളിയിച്ചു തന്ന സർവ്വശക്തൻ ഇനിയും എല്ലാം നടത്തിത്തരുമെന്ന് തിരുമേനി ദൃഢമായി വിശ്വസിച്ചു.

ഒരു ദിവസം ഉച്ചസമയത്താണ് ഇ. എം. ഫീലിപ്പോസും പുന്നൻ വക്കീലും പഴയസെമിനാരിയിലെത്തിയത്. രാവിലെ കാപ്പിമേശയ്ക്കു ശേഷം ചാപ്പലിനകത്തു പ്രവേശിച്ചതാണത്രെ തിരുമേനി. അദ്ദേഹം ഇതുവരെ ചാപ്പലിനകത്തു നിന്നു പുറത്തു വന്നിട്ടില്ല എന്നായിരുന്നു വേലക്കാരനിൽ നിന്ന് അവർക്ക് അറിയാൻ കഴിഞ്ഞത്. ചാപ്പലിന്റെ വാതിൽ അകത്തുനിന്ന് ബന്ധിച്ചിരിക്കുന്നു. ഫീലിപ്പോസ് ജനാലയുടെ മേൽവശത്തുകൂടി എത്തിനോക്കിയപ്പോൾ തിരുമേനി മുട്ടിന്മേൽ നിന്ന് പ്രാർത്ഥിക്കുന്നതാണ് കണ്ടത്. കുറെസമയം കഴിഞ്ഞ് വീണ്ടും ഫീലിപ്പോസ് എത്തിനോക്കി. തന്റെ പൂർവ്വികന്റെ കബറിടത്തെ കെട്ടിപ്പിടിച്ച് കരയുന്ന തിരുമേനിയെയാണ് അപ്പോൾ കാണാൻ കഴിഞ്ഞത്. ആരും തിരുമേനിയെ ശല്യപ്പെടുത്തിയില്ല. ഇരുപത്തിരണ്ടര കഴിഞ്ഞപ്പോൾ (3 pm) ചാപ്പലിന്റെ വാതിൽ തുറന്ന് തിരുമേനി പുറത്തുവന്നു. പുന്നനും ഫീലിപ്പോസും അപ്പോൾ തിരുമേനിയുടെ കൈമുത്തി. 'ഞങ്ങൾ വന്നിട്ട് കുറെ ഏറെ നേരമായി.' ഫീലിപ്പോസ് തിരുമനസ്സറിയിച്ചു. 'നമുക്ക് പണം വേണ്ടേ പീലി. ഞാൻ അപ്പച്ചനോട് ചോദിക്കുകയായിരുന്നു. കുറെ പണം വേണമല്ലോ അപ്പച്ചാ എന്ന്.' നിഷ്കളങ്കത നിറഞ്ഞ ആ വാക്കുകൾ കേട്ട് ഫീലിപ്പോസും പുന്നൻ വക്കീലും അത്ഭുതപ്പെട്ടു. ഫീലിപ്പോസ് ഒരു കുസൃതിച്ചിരിയോടെ ചോദിച്ചു: 'എന്നിട്ട് അപ്പച്ചൻ പണം തന്നോ തിരുമേനി.'

'എന്താ പീലി ഇത്ര സംശയം. ഇപ്പോൾ പണം വേണ്ടല്ലോ. ആവശ്യം വരുമ്പോഴല്ലേ പണം. അപ്പോൾ അപ്പച്ചൻ തരും. പീലി സംശയിക്കേണ്ട."

തിരുമേനിയോടൊന്നിച്ച് അവരിരുവരും കാപ്പി കുടിച്ചു. കേസ് കാര്യങ്ങളെക്കുറിച്ച് വളരെ നേരം അവർ സംസാരിച്ചു. അന്ന് വൈകിട്ടു തന്നെ ആലപ്പുഴയെത്തി അവിടെ നിന്ന് തിരുവനന്തപുരത്തേക്കു പോകണമെന്ന് അവർ തീരുമാനിച്ചു.

പിറ്റെദിവസം രാവിലെ ആലപ്പുഴയിലെത്തിയ അവർ ഒരു ഹോട്ടലിലാണ് താമസിച്ചത്. ആലപ്പുഴയിലെ ഒരു വൻ വ്യവസായിയും ധനാഢ്യനുമായ ഡാറാ സായ്പ് തിരുമേനിയുടെ ഒരു സുഹൃത്തായിരുന്നു. തിരുമേനി അന്നു രാവിലെ തന്നെ ഡാറാ സായ്പിനെ സന്ദർശിക്കുകയുണ്ടായി. അവരുടെ സംസാരത്തിനിടയിൽ, അത്യാവശ്യമായി കുറെ പണത്തിന് വിഷമിക്കുകയാണെന്നുള്ള കാര്യവും തിരുമേനി ഡാറാ സായ്പിനെ അറിയിച്ചു. അനുകൂലമായ മറുപടി സായ്പിൽ നിന്ന് ലഭിച്ചില്ല. തിരുമേനിയുടെ ആവശ്യം ശ്രദ്ധിച്ച സായ്പ് ഒന്ന് പുഞ്ചിരിക്കുക മാത്രമാണ് ചെയ്തത്. താമസസ്ഥലത്ത് തിരിച്ചെത്തിയ തിരുമേനി മ്ലാനവദനനായി ആരോടും ഒന്നും സംസാരിക്കാതെ ഇരിക്കുന്നതു കണ്ടപ്പോൾ കൂടെയുള്ളവർക്കും പ്രയാസമായി. അന്നു രാത്രി തിരുവനന്തപുരത്തേക്കു

പോകണമെന്നതായിരുന്നു പരിപാടി. ആ പരിപാടിയെല്ലാം തകർന്നിരിക്കുന്നു. ഡാറാ സായ്പ് സഹായിക്കുമെന്നു തന്നെയായിരുന്നു തിരുമേനിയുടെ വിശ്വാസം. പണമില്ലാതെ എങ്ങനെ തിരുവനന്തപുരത്തേയ്ക്കു പോകും. വക്കീൽ രാമനാഥരായർ റോയൽക്കോടതിയിൽ കേസ് വാദിക്കണമെങ്കിൽ മൂവായിരം രൂപ വേണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. അത്രയും ഫീസ് വളരെ കൂടുതലായിരുന്നു. പക്ഷേ, രാമനാഥരായർ ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറല്ല. ഇങ്ങനെ ഓരോന്ന് ചിന്തിച്ചിരുന്ന് നേരം സന്ധ്യയായി.

നമസ്ക്കാരം കഴിഞ്ഞ് കതകിൽ ആരോ മുട്ടുന്നു. തിരുമേനി കതകു തുറന്നു നോക്കിയപ്പോൾ ഡാറാ സായ്പ്പ്. അദ്ദേഹം ഒരു നീണ്ട കവർ തിരുമേനിയെ ഏല്പിച്ചു. താല്ക്കാലിക ആവശ്യത്തിന് വേണ്ടതിലധികം പണം ആ നീണ്ട കവറിലുണ്ടായിരുന്നു. അന്നു രാത്രി തന്നെ അവർ തിരുവനന്തപുരത്തേയ്ക്കു പുറപ്പെട്ടു.

പ്രതികൾ നല്കിയ അപ്പീൽ അനുസരിച്ച് 1031 മിഥുനം 31-നു മൂന്നാം നമ്പ്രായി റോയൽ കോടതിയിൽ ഫയൽ ചെയ്ത കേസിൽ ചീഫ് ജസ്റ്റീസ് കെ. കൃഷ്ണസ്വാമിറാവു, ജസ്റ്റീസ് സീതാരാമയ്യർ, യൂറോപ്യൻ ജഡ്ജ് ഉണ്ടായിരിക്കണമെന്നുള്ള നിയമമനുസരിച്ച് നിയമിതനായിരുന്ന ഡബ്ളിയു. ഇ. ഓംസ്ബി എന്നിവരാണ് ബഞ്ചിലിരുന്നത്.

മഹാരാജാവിന്റെ നിർദ്ദേശാനുസരണം ഹൈക്കോടതിയിലെ മൂന്നു ജഡ്ജിമാർ വാദം കേൾക്കും. അതിൽ ഒരു ജഡ്ജി യൂറോപ്യനാകണമെന്ന് നിർബന്ധമായിരുന്നു. ജഡ്ജിമാർ വാദം കേട്ടതിനുശേഷം അവരുടെ അഭിപ്രായം മഹാരാജാവിനെ അറിയിക്കും. അഭിപ്രായം സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെയ്യുന്നതിന് മഹാരാജാവിന് അധികാരമുണ്ട്. മാത്രവുമല്ല ജഡ്ജിമാരുടെ അഭിപ്രായത്തിന് എന്തെങ്കിലും വ്യത്യാസം വരുത്തുന്നതിനോ തീരെ നിരാകരിച്ച് രാജാവിന്റെ അഭിപ്രായമനുസരിച്ച് വിധി പ്രസ്താവിക്കുന്നതിനോ മഹാരാജാവിന് അധികാരമുണ്ട്. മഹാരാജാവിന്റെ വിധിയിന്മേൽ അപ്പീൽ ഉണ്ടായിരിക്കുകയില്ല. അന്നത്തെ റോയൽ കോടതിയിലെ നടപടികൾ മേൽ പ്രസ്താവിച്ചിട്ടുള്ളതുപോലെയായിരുന്നു.

റോയൽക്കോടതിയിൽ കേസ്സിന്റെ പ്രാരംഭവാദം ആരംഭിച്ചപ്പോൾ തന്നെ യൂറോപ്യൻ ജഡ്ജി, അപ്പീൽവാദി തോമസ് മാർ അത്താനാസിയോസിന് അനുകൂലമാണെന്ന് മനസ്സിലാക്കാമായിരുന്നു. ജോസഫ് മാർ ദീവന്നാസിയോസിന്റെ വക്കീൽ രാമനാഥരായർ, ബാരിസ്റ്റർ അങ്കി ധരിച്ചവനോ, ബി. എൽ. ബിരുദധാരിയോ ആയിരുന്നില്ല. പക്ഷേ, അദ്ദേഹം പ്രശസ്തനായ ഒരു വക്കീൽ ആയിരുന്നു. കേസ് വാദിച്ചുകൊണ്ടിരിക്കു

മ്പോൾ രാമനാഥരായരോട് യൂറോപ്യൻ ജഡ്ജിയുടെ ഒരു ചോദ്യം. 'സമുദായസ്വത്തിന്മേൽ അധികാരിയാവാൻ ഒരു മെത്രാനു പാത്രിയർക്കീസിൽ നിന്നുള്ള വാഴ്ചയും സമുദായസമ്മതവും രണ്ടും ഒഴിച്ചുകൂടാത്ത ആവശ്യമാണോ.' രണ്ടും ഒഴിച്ചുകൂടാത്ത ആവശ്യമാണെന്ന് സമ്മതിച്ചാൽ ജനസമ്മതത്തെ കാണിക്കുന്ന ഏക രേഖ മുളന്തുരുത്തി സുന്നഹദോസ് ആണ്. എല്ലാ പള്ളിക്കാരും ആ യോഗം അംഗീകരിച്ചിട്ടില്ല എന്ന് എതിർകക്ഷികൾ തെളിവുകൾ സമർപ്പിച്ചിട്ടുണ്ട്. ആ തെളിവുകളുടെ അടിസ്ഥാനത്തിൽ വിധിയുണ്ടായാൽ മാർ ദീവന്നാസിയോസിന് സ്ഥാനമില്ലാതാകും. യൂറോപ്യൻ ജഡ്ജിയുടെ ഉദ്ദേശ്യം രാമനാഥരായർ പെട്ടെന്ന് മനസ്സിലാക്കി. തന്റെ കക്ഷിക്ക് ജനസമ്മതവും പാത്രിയർക്കീസിന്റെ വാഴ്ചയുമുണ്ട് എന്നല്ലാതെ, രണ്ടും ഒഴിച്ചുകൂടാത്ത ആവശ്യങ്ങളാണെന്നും, അല്ലെന്നും സമ്മതിക്കാതെ കുറെനേരം വക്കീൽ രാമനാഥരായർ സംസാരിച്ചുകൊണ്ടിരുന്നു. യൂറോപ്യൻ ജഡ്ജിക്കു കോപം വർദ്ധിച്ചു. 'ചോദ്യത്തിനുത്തരം' എന്ന് സായ്പ് ഉറക്കെ പറഞ്ഞു. അപ്പോൾ വക്കീലിനും കോപം വന്നു.

അദ്ദേഹം ധൈര്യസമേതം പറഞ്ഞു. 'ഞാൻ ആരാണെന്ന് ധരിച്ചാണ് ബ. കോടതി ഇപ്രകാരം കല്പിക്കുന്നത്. ഞാൻ കക്ഷിയല്ല, കക്ഷിയുടെ വക്കീലാണ്. റിക്കാർഡുകളിൽ ഉള്ള കാര്യങ്ങൾ ബോധിപ്പിക്കുക എന്നതാണ് എന്റെ കടമ. റിക്കാർഡുകളിൽ ഇല്ലാത്ത സംഗതി എന്നെക്കൊണ്ട് സമ്മതിപ്പിക്കാൻ കോടതി എത്ര ശാഠ്യം പിടിച്ചാലും അതിനെ ഭയന്ന് എന്തെങ്കിലും പറയാൻ ഞാൻ തയ്യാറല്ല. കോടതി ചോദിച്ച ചോദ്യം ഒഴിച്ചുകൂടാത്തതാണെങ്കിൽ എന്റെ കക്ഷിയെ 16 ദിവസം സാക്ഷിക്കൂട്ടിൽ ഇരുത്തി വിസ്തരിച്ചപ്പോൾ കക്ഷിയോടു തന്നെ ചോദിക്കാമായിരുന്നു. എതിർ കക്ഷിയോ കോടതിയോ എന്റെ കക്ഷിയിൽ നിന്ന് ചോദിച്ചു മനസ്സിലാക്കാതിരുന്നതിന് ഞാനാണോ ഉത്തരവാദി. എന്റെ കക്ഷിക്കു ജനസമ്മതവും പാത്രിയർക്കീസിൽ നിന്നുള്ള വാഴ്ചയും ഉണ്ടെന്ന് റിക്കാർഡുകൾ തെളിയിക്കുന്നുണ്ട്. കേസ്സിൽ ഇതുവരെ ഇല്ലാത്ത ഒരു ചോദ്യത്തിന് റിക്കാർഡുകളിൽ ഒന്നും കാണാത്ത ഈ ചോദ്യത്തിന് മറുപടി പറയാൻ ഞാൻ തയ്യാറല്ല."

മറുപടി കേട്ടപ്പോൾ യൂറോപ്യൻ ജഡ്ജിക്കു പിന്നെയൊന്നും ചോദിക്കാൻ തോന്നിയില്ല. 'ഞാൻ പിന്നെ കണ്ടോളാം' എന്ന ഭാവത്തിൽ യൂറോപ്യൻ ജഡ്ജി പറഞ്ഞു. 'നിർത്തൂ. രാമനാഥരായർ വാദം തുടരൂ.' രാമനാഥരായാർ വാദം തുടരുകയും ചെയ്തു.

ഇരുകക്ഷികളുടേയും വക്കീലന്മാർ പ്രസംഗിച്ചു കഴിഞ്ഞതിനു ശേഷം മദ്ധ്യവേനൽ അവധിക്കുശേഷം വിധി പറയാൻ നിശ്ചയിച്ച് കോടതി പിരിഞ്ഞു.

## വിദ്യാഭ്യാസ പ്രവർത്തനം

കേസുകൾ നടന്നുകൊണ്ടിരിക്കുമ്പോൾ തന്നെ മാർ ദീവന്നാസിയോസ് വിദ്യാഭ്യാസ രംഗത്തു തീവ്രമായി പ്രയത്നിച്ചുകൊണ്ടിരുന്നു. സ്കൂളുകളുടെ ആവശ്യകതയെക്കുറിച്ച് ബോധവാനായിരുന്ന തിരുമേനിക്ക് ദിവാൻ നാണുപിള്ള വേണ്ടത്ര ഗവൺമെന്റ് സഹകരണം നൽകിക്കൊണ്ടിരുന്നു. 1054-ൽ അദ്ദേഹം സ്ഥാപിച്ചു കഴിഞ്ഞിരുന്ന അറുപതു സ്കൂളുകൾക്ക് ഗ്രാന്റ് അനുവദിച്ചു കിട്ടി. ആണ്ടിൽ രണ്ടു ഗഡുവുകളിലായി ലഭിച്ചുകൊണ്ടിരുന്ന വരുമാനം കൊണ്ട് അദ്ധ്യാപകർക്കു ശമ്പളം കൊടുത്തുവന്നു. ഒരു അദ്ധ്യാപകന് അന്നത്തെ പ്രതിമാസ ശമ്പളം മൂന്ന് ബ്രിട്ടീഷ് രൂപയായിരുന്നു.

1816-ൽ പുലിക്കോട്ടിൽ തറവാട്ടിലെ ഒന്നാം ജോസഫ് മാർ ദീവന്നാസിയോസാണ് കേരളത്തിൽ ആദ്യമായി ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് ആരംഭം കുറിച്ചത്. പഴയസെമിനാരിയിൽ പിന്നീട് സി.എം.എസ്സുകാരും പിന്നീട് നവീകരണക്കാരും നമ്മുടെ സഭയ്ക്കെതിരെ കേസ് നടത്തിയപ്പോൾ പഴയസെമിനാരിയിലെ ഇംഗ്ലീഷ് വിദ്യാഭ്യാസ പരിപാടി നിന്നുപോയിരുന്നു. പുതിയ സെമിനാരിയിൽ (സി.എം.എസ് കോളജ്) ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിക്കുകയും ചെയ്തിരുന്നു. നമ്മുടെ സഭ വകയായി ഇംഗ്ലീഷ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാകണമെന് തിരുമേനിക്ക് ആഗ്രഹമുണ്ടായിരുന്നു. അതിനുള്ള പരിപാടികൾ തിരുമേനി ആസൂത്രണം ചെയ്തു.

## കേരളത്തിൽ എക്യുമിനിസം

ഒരു എക്യുമിനിക്കൽ പ്രസ്ഥാനം ആരംഭിക്കുക എന്നുള്ളതായിരുന്നു അദ്ദേഹം കണ്ടെത്തിയ ആദ്യ പരിപാടി. ജാതൈക്യസംഘം എന്ന പേരിൽ ഒരു സംഘടനയ്ക്ക് അദ്ദേഹം രൂപംനൽകി. കുര്യൻ റയിട്ടറും കത്തോലിക്കാ സഭയിലെ നിധിയിരിക്കൽ മാണിക്കത്തനാരും തിരുമേനിയും ചേർന്ന് ആ സംഘടനയെ വികസിപ്പിച്ചു. കോട്ടയത്തിന്റെ ഹൃദയഭാഗത്ത് കെ. കെ. റോഡിൽ വുഡ്ലാൻണ്ട് എന്ന പേരിലറിയപ്പെട്ടിരുന്ന തോട്ടം മാർ ദീവന്നാസിയോസും നിധിയിരിക്കൽ മാണിക്കത്തനാരും ചേർന്ന് തീറു വാങ്ങി. മിസ്റ്റർ ഡി ക്രാഫോർട്ട് എന്ന യൂറോപ്യൻ സ്വദേശത്തേക്ക് പോയിരുന്നതുകൊണ്ട് അദ്ദേഹത്തിന്റേതായ വുഡ്ലാണ്ട് തോട്ടം, മുക്തിയാർ അനുസരിച്ച് തിരുമേനിയുടെ സ്നേഹിതനും ഒരു കത്തോലിക്കനുമായിരുന്ന ഡാറാ സായ്പിൽ നിന്നാണ് തീറുവാങ്ങിച്ചത്. ഡിസ്ട്രിക്ട് റജിസ്ട്രാർ കുരുവിള വർക്കിയാണ് 1064 തുലാ മാസം 26-ാം തീയതി ഈ സ്ഥലത്തിന്റെ തീറ് നടത്തി ആധാരത്തിൽ മുദ്ര വെച്ചിട്ടുള്ളത്. 3541 രൂ. 4 പൈസയാണ് ഈ സ്ഥലത്തിന്റെ തീറു വിലയായി ആധാരത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

## റോയൽ കോടതി വിധി

കേസ്സിന്റെ പ്രസംഗം കഴിഞ്ഞ് ഏഴു മാസത്തിനു ശേഷമാണ് ജഡ്ജിമാരുടെ അഭിപ്രായം രാജസന്നിധിയിൽ എത്തിയത്. ജഡ്ജിമാർ നൽകിയ വിധിന്യായം വായിച്ചു മനസ്സിലാക്കിയ മഹാരാജാവ്, ഇരുകൂട്ടരേയും വിളിപ്പിച്ച് കേസ്സ് സമാധാനമാക്കാൻ സാധിക്കുമോ എന്ന് ഒരു ശ്രമം നടത്തി നോക്കാൻ തീരുമാനിച്ചു. ഇരുകൂട്ടരും ദിവാന്റെ ബംഗ്ലാവിൽ എത്തിച്ചേരുവാൻ കല്പന അയക്കുന്നതിന് ദിവാൻ രാമരായരോട് രാജാവ് കല്പിക്കുകയും ചെയ്തു. ആ കല്പന അനുസരിച്ച് മാർ ദീവന്നാസിയോസ് തിരുമേനിയും ഇ. എം. ഫീലിപ്പോസും എതിർഭാഗത്തേക്ക് തോമസ് മാർ അത്താനാസിയോസ് തിരുമേനിയും, ചാണ്ടപ്പിള്ള കത്തനാരും (താഴത്തച്ചൻ) ഹാജരായി. മദ്ധ്യസ്ഥരായി മഹാരാജാവ് ഒരു കമ്മറ്റിയെ നിയമിച്ചിരുന്നു. ദിവാൻ രാമരായർ, ഹജൂർ സെക്രട്ടറി മി. വാട്ട്സ്, സർവ്വാധി നീലകണ്ഠപിള്ള എന്നിവരായിരുന്നു കമ്മറ്റിക്കാർ. ചർച്ചാവേളയിൽ മാർ ദീവന്നാസിയോസ് ഇപ്രകാരം പ്രസ്താവിച്ചു. 'എതിർകക്ഷി മാർ അത്താനാസിയോസ് നൂതനോപദേശങ്ങൾ ഉപേക്ഷിക്കുകയും മുളന്തുരുത്തി സുന്നഹദോസ് നിശ്ചയങ്ങൾ അംഗീകരിക്കുകയും ചെയ്യുകയാണെങ്കിൽ, ഞാൻ എന്റെ എല്ലാ അധികാരാവകാശങ്ങളും മാർ അത്താനാസിയോസിന് ഏല്പിച്ചുകൊടുക്കുവാൻ സന്നദ്ധനാകുന്നു.' മാർ അത്താനാസിയോസിന്റെ പ്രസ്താവന ഇപ്രകാരമായിരുന്നു. 'യാക്കോബായ വിശ്വാസം ഞങ്ങളുടെ മനസ്സാക്ഷിക്കു വിപരീതമാകയാൽ മാർ ദീവന്നാസിയോസിന്റെ പ്രസ്താവന ഞങ്ങൾക്ക് സ്വീകാര്യമല്ല.'

മനസ്സാക്ഷിക്ക് വിപരീതമായി പ്രവർത്തിക്കണമെന്ന് ഉപദേശിപ്പാൻ മദ്ധ്യസ്ഥ കമ്മറ്റിക്ക് അധികാരമില്ലാത്തതിനാൽ, യോജിപ്പ് ഉണ്ടാകില്ലെന്ന് കമ്മറ്റി നിശ്ചയിച്ചു. കമ്മറ്റിയുടെ നിശ്ചയം അവർ മഹാരാജാവിനെ അറിയിക്കുകയും ചെയ്തു.

റോയൽ കോടതിയിൽ നിയമിക്കപ്പെട്ടിരുന്ന ജഡ്ജിമാരിൽ യൂറോപ്യൻ ജഡ്ജി ഓംസ്ബി കീഴ്ക്കോടതി വിധി അസ്ഥിരപ്പെടുത്തിയും കൃഷ്ണസ്വാമിറാവു, സീതാരാമയ്യർ എന്നിവർ കീഴ്ക്കോടതി വിധി സ്ഥിരപ്പെടുത്തിയുമാണ് വിധിയെഴുതിയിരുന്നത്. ഭൂരിപക്ഷ ജഡ്ജിമാരുടെ വിധിന്യായത്തിൽ മഹാരാജാവ് 1064 മിഥുനം 30-ന് തുല്യം ചാർത്തിയിരുന്നതനുസരിച്ച് വിധി പ്രസ്താവിക്കുകയും ചെയ്തു.

1061-ൽ ഹൈക്കോടതി വിധിയനുസരിച്ച് സെമിനാരി കൈവശപ്പെടുത്തിയെങ്കിലും വട്ടിപ്പണത്തിന്റെ പലിശ, കോട്ടയം ചെറിയപള്ളി, ആർത്താറ്റു വലിയപള്ളി ഇങ്ങനെ പല കാര്യങ്ങളിലും മാർ അത്താനാസിയോസിനുണ്ടായിരുന്ന കൈവശാധികാരം ദുർബലപ്പെടുത്തുവാൻ വേറെ വേറെ കേസ്സുകൾ ആവശ്യമായിരുന്നു.

## മാർത്തോമാ സഭ

1068-ൽ കോടതി വിധിയനുസരിച്ച് മാത്യൂസ് മാർ അത്താനാസിയോസിന്റെ പിൻഗാമിയായ തോമസ് മാർ അത്താനാസിയോസിൽ നിന്ന് മലങ്കര മെത്രാപ്പോലീത്തായുടെ ചിഹ്നങ്ങളായ സ്വർണ്ണ അംശവടി, സ്ലീബാ, ശീലമുടി മുതലായവ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് കോടതിയിൽ ഏറ്റുവാങ്ങി.

അതോടെ (നവീകരണസഭ) എന്ന പേരിൽ മാത്യൂസ് മാർ അത്താനാസിയോസിന്റെ അനുഗാമികൾ മലങ്കരസഭയിൽ നിന്ന് പിരിഞ്ഞുപോയതായി പ്രഖ്യാപിക്കപ്പെട്ടു. പിന്നീട് നവീകരണസഭയ്ക്കു മാർത്തോമ്മാ സഭ എന്ന പേരു സ്വീകരിച്ചു. എങ്കിലും അവരുടെ കൈവശത്തിലുള്ള പള്ളികളും സ്വത്തുക്കളും വിട്ടുതരുന്നതിന് അവർ തയ്യാറില്ലായിരുന്നു.

## വീണ്ടും കേസുകൾ

നിധിയിരിക്കൽ മാണിക്കത്തനാരും മാർ ദീവന്നാസിയോസും ചേർന്ന് വാങ്ങിച്ചതായ വുഡ്‌ലാണ്ടിൽ 1067 ജനുവരി 30-ന് ഒരു സ്കൂൾ ആരംഭിച്ചു (ഇംഗ്ലീഷ് സ്കൂൾ). 1072 വൃശ്ചികം 23-ാം തീയതി അവിടെ ഒരു ചാപ്പൽ സ്ഥാപിക്കുന്നതിനുള്ള അനുവാദവും ലഭിക്കുകയുണ്ടായി.

ചാപ്പൽ സ്ഥാപിക്കുന്നതിന് അനുവദിക്കരുതെന്നു ഗവൺമെന്റിനോട് അപേക്ഷിച്ചിരുന്നു എങ്കിലും ഗവൺമെന്റ് അത് ഗൗനിക്കാതിരുന്നതിൽ ക്ഷുഭിതരായ കത്തോലിക്കർ, ആയാംകുടി കരയിൽ കുമ്മാന്തുരുത്തേൽ അവിരാ പൈലി വാദിയായി മാർ ദീവന്നാസിയോസിന്റെ പേരിൽ കോട്ടയം മുൻസിപ്പിൽ 1072-ൽ 382-ാം നമ്പ്രായി ഒരു കേസ് ഫയൽ ചെയ്യിച്ചു.

ഒന്നാം പ്രതി മാർ ദീവന്നാസിയോസ്, രണ്ടാം പ്രതി നിധിയിരിക്കൽ മാണിക്കത്തനാർ, മൂന്നാം പ്രതി സംഘം മാനേജർ നിധിയിരിക്കൽ ഇട്ടിയവിര കുരുവിള.

മാർ ദീവന്നാസിയോസ് സമർപ്പിച്ച പത്രികയിലെ ചില ഭാഗങ്ങൾ: വാദിക്ക് ഈ വിധം ഒരു വ്യവഹാരം നടത്താൻ അവകാശമോ അർഹതയോ ഇല്ല. അന്യായത്തിന് ശരിയായ ഫീസ് കെട്ടിയിട്ടില്ല. പഴയകൂറ്റുകാരും പുത്തൻകൂറ്റുകാരും തമ്മിൽ ഒരു യോജിപ്പുണ്ടാക്കി പ്രൊട്ടസ്റ്റന്റുകാരെ തടയാൻ വേണ്ടി ഒരു സംഘം ഉണ്ടാക്കാൻ ഞാനും രണ്ടാം പ്രതിയും തമ്മിൽ ആലോചിക്കുകയും ഒരു സംഘം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. വിവാദ വസ്തുവിൽ ഞങ്ങൾ രണ്ടുപേരും ചേർന്ന് ഒരു സ്കൂൾ സ്ഥാപിച്ചിട്ടുണ്ട്. സംഘവുമായി ഇതിന് യാതൊരു ബന്ധവുമില്ല. സഭയുടെ ഐക്യത്തെ ഉദ്ദേശിച്ച് രൂപീകരിച്ച ജാത്യൈക്യസംഘത്തെക്കുറിച്ച് മാർപാപ്പാ അറിഞ്ഞപ്പോൾ ഞങ്ങളുടെ ശ്രമം അദ്ദേഹം

നിരോധിച്ചിരിക്കുകയാണെന്നും അതുകൊണ്ട് രണ്ടാം പ്രതിക്ക് എന്നോടൊന്നിച്ച് സഹകരിച്ച് പ്രവർത്തിക്കാനാവില്ലെന്നും രണ്ടാം പ്രതി എന്നെ അറിയിച്ചിരിക്കുന്നു. വിവാദ വസ്തുവിൽ രണ്ടാം പ്രതിക്കുള്ള അവകാശം കണക്കു പറഞ്ഞ് അവസാനിപ്പിക്കുകയും ഞാൻ തന്നെ സ്കൂൾ നടത്തിക്കൊണ്ടിരിക്കുന്നതുമാകുന്നു.

ഈ കേസ്സ് ആലപ്പുഴ ജില്ലാകോടതിയിലേക്കും അവിടെ നിന്നു ഹൈക്കോടതിയിലേക്കും ഹൈക്കോടതി ആ കേസ്സ് വീണ്ടും മുൻസിഫ് കോടതിയിലേക്കും തിരിച്ചയച്ചു. 500 രൂപയ്ക്കു മാത്രം അധികാരസലയുള്ള മുൻസിഫിന് ഈ കേസ്സ് വിസ്തരിക്കാൻ അധികാരമില്ലെന്ന് ഹൈക്കോടതി വിധി ചൂണ്ടിക്കാണിച്ച് 1074 മിഥുനം 31-ന് അന്യായം വാദിക്ക് മടക്കി അയക്കുകയാണുണ്ടായത്.

ഈ കേസ്സിനെ സംബന്ധിച്ച് മാർ ദീവന്നാസിയോസിന്റെ സെക്രട്ടറിയായിരുന്ന ഇ. എം. ഫീലിപ്പോസ് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

പുത്തൻകൂറ്റുകാരും പഴയകൂറ്റുകാരും തമ്മിൽ ഒരു ബന്ധവും ഉണ്ടാക്കാൻ പാടില്ലാത്തവണ്ണം ജാതൈക്യസംഘത്തെയും വിദ്യാലയത്തെയും നിരോധിക്കുന്നതിനായി മാർപാപ്പായുടെ ഒരു കല്പന ദലഗാദ് അപ്പോസ്തോലിക്കാ പ്രസിദ്ധീകരിച്ചു. വുഡ്ലാണ്ടിലെ കെട്ടിടത്തിൽ നിധിയിരിക്കൽ മാണിക്കത്തനാർ താമസിക്കുന്നതിനെ ദലഗാദ് നിരോധിക്കുകയും ചെയ്തു. കത്തനാർ വുഡ്ലാണ്ട് വിട്ടുപോവുകയും ആ സ്ഥലം മാർ ദീവന്നാസിയോസിന്റെ കൈവശത്തിലാവുകയും ചെയ്തു. ആ സ്ഥലം വാങ്ങുന്നതിന് മാണിക്കത്തനാർ മുടക്കിയിട്ടുള്ള ഓഹരിസംഖ്യ, മാർ ദീവന്നാസിയോസ്, കത്തനാർക്ക് മടക്കിക്കൊടുക്കുകയും ചെയ്തു.

വുഡ്ലാണ്ടിൽ സ്കൂൾ, ചാപ്പൽ, സെമിനാരി തുടങ്ങിയവ പണിയുന്നതിന് ഡാറാ സായ്പ് ധാരാളം സഹായം ചെയ്തുകൊണ്ടിരുന്നു എന്നത് പ്രസ്താവ്യമാണ് (അനേകം ഏക്കർ വിസ്തീർണ്ണമുള്ള വുഡ്ലാണ്ടിൽ ബസ്സേലിയോസ് കോളജ്, ഏലിയാ കത്തീഡ്രൽ, എം. ഡി. ഹൈസ്കൂൾ എന്നിവ ഇപ്പോൾ സ്ഥിതിചെയ്യുന്നു. മാത്രവുമല്ല, ഒരു ഷോപ്പിംഗ് കോമ്പ ളക്സും ഇപ്പോൾ അവിടെ പണി തീർത്തിട്ടുണ്ട്. കോട്ടയത്തിന്റെ പ്രധാന ഭാഗത്ത് ഇപ്രകാരം ഒരു സ്ഥലം പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസിന് അന്നു നേടിയെടുക്കാൻ സാധിച്ചത് സഭയ്ക്ക് ഒരു നേട്ടം തന്നെയാണ്.).

### സ്കൂളുകൾ

ബഥനിയിലെ മാർ ഈവാനിയോസ് റോമാ സഭയിൽ ചേർന്നപ്പോൾ നമ്മുടെ അറുപഞ്ചോളം സ്കൂളുകൾ അദ്ദേഹം കൈവശപ്പെടുത്തിയി

രുന്നു. അദ്ദേഹമായിരുന്നു അന്ന് സ്കൂളുകളുടെ മാനേജർ. ആ സ്കൂളുകൾ പലതും മാർ ദീവന്നാസിയോസ് തന്റെ പൂർവ്വികന്റെ പേരിൽ സ്ഥാപിച്ചവയായിരുന്നു. പിന്നീട് ഈവാനിയോസുമായി കേസ് നടത്തി പല സ്കൂളുകളും നമുക്ക് തിരിച്ചു കിട്ടിയിട്ടുണ്ട്. തിരുവല്ലാ എം.ജി.എം. സ്കൂളിന്റെ ശില്പിയും മാർ ദീവന്നാസിയോസായിരുന്നു. കുന്നംകുളത്ത് ആദ്യമായി ഒരു ഇംഗ്ലീഷ് സ്കൂൾ സ്ഥാപിച്ചതും അദ്ദേഹമായിരുന്നു. മാർ അത്താനാസിയോസുമായി കേസ്സ് നടന്നുകൊണ്ടിരുന്നപ്പോൾ, ആർത്താറ്റ് -കുന്നംകുളം പള്ളികളിൽ മാർ ദീവന്നാസിയോസിന് പ്രവേശനം നിരോധിക്കപ്പെട്ടിരുന്ന കാലത്താണ്, ആ സ്കൂൾ സ്ഥാപിച്ചത്. പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയും മാർ ദീവന്നാസിയോസ് തിരുമേനിയും കുന്നംകുളത്ത് എഴുന്നള്ളി ഗുരുവായൂർ മെയിൻ റോഡിനു സമീപം പനമ്പുകൊണ്ട് മറച്ച ഒരു കുടിലിലാണ് താമസിച്ചിരുന്നത്. ആ സ്കൂളിന് കല്ലിട്ടത് മാർ ഗ്രീഗോറിയോസ് തിരുമേനിയായിരുന്നു. സ്കൂളിന് 'മാർ ഇഗ്നാത്തിയോസ് ഇംഗ്ലീഷ് സ്കൂൾ' എന്നായിരുന്നു പേര്.[13] ആ സ്കൂളിനു സമീപം തന്നെ മാർ കുറിയാക്കോസ് സഹദായുടെ നാമധേയത്തിൽ പരുമല തിരുമേനി ഒരു കുരിശുപള്ളി സ്ഥാപിക്കുകയുണ്ടായി. പനമ്പു മറച്ച ആ സ്ഥലത്താണ് ഗ്രീഗോറിയോസ് തിരുമേനി കുർബാന ചൊല്ലിയത് (ഉദ്ദേശം മൂന്ന് ഏക്കർ വിസ്തീർണ്ണമുള്ള സ്ഥലത്ത് പണിതുയർത്തിയ സ്കൂൾ ആർത്താറ്റു കുന്നംകുളം പള്ളിയിൽ നിന്ന് ഒരു കാലത്ത് ഗവൺമെന്റിലേക്ക് വില്ക്കുകയാണുണ്ടായത്. 'മെത്രാച്ചന്റെ സ്കൂൾ' എന്ന പേരിൽ ഇന്നും ആ സ്കൂൾ അറിയപ്പെടുന്നു. പരുമല തിരുമേനി സ്ഥാപിച്ച കുരിശുപള്ളിയോടു ചേർന്ന് തിരുമേനിയുടെ നാമധേയത്തിൽ ഇപ്പോൾ മനോഹരമായ ഒരു പള്ളി പണിയിച്ചിട്ടുണ്ട്.)

## ഇനിയും കേസ്സുകൾ

പുന്നത്ര മാർ ദീവന്നാസിയോസിന്റെ ഇടവകപള്ളിയായ കോട്ടയം ചെറിയപള്ളിയിൽ അന്നത്തെ വികാരി താഴത്ത് ചാണ്ടപ്പിള്ള കത്തനാരായിരുന്നു. അദ്ദേഹം മാർ അത്താനാസിയോസിനെ അനുകൂലിക്കുന്നയാളും കേസ്സിൽ രണ്ടാം പ്രതിയുമായിരുന്നു. ചെറിയപള്ളി കൈവശമാക്കുന്നതിന് 1071-ൽ 303-ാം നമ്പ്രായി ആലപ്പുഴ ജില്ലാകോടതിയിൽ മാർ ദീവന്നാസിയോസ് ഒരു കേസ്സ് ഫയൽ ചെയ്തു. ഈ കേസ്സ് ഹൈക്കോടതിയിലെത്തുകയും 1076-ൽ മാർ ദീവന്നാസിയോസിന് അനുകൂലമായി ഹൈക്കോടതി വിധി പ്രസ്താവിക്കുകയും മാർ ദീവന്നാസിയോസ് ചെറിയപള്ളിയിൽ പ്രവേശിക്കുകയും ചെയ്തു.

താഴത്ത് ചാണ്ടപ്പിള്ള കത്തനാർ സെമിനാരി കേസ്സിന്റെ രണ്ടാം പ്രതിയായിരുന്നെങ്കിലും കോടതിവിധിയിൽ അദ്ദേഹത്തെ ട്രസ്റ്റി സ്ഥാനത്തു

നിന്ന് നീക്കിയതായി പ്രസ്താവിച്ചിരുന്നില്ല. അതുകൊണ്ട് 1069-ൽ 163-ാം നമ്പ്രായി ആലപ്പുഴ ജില്ലാകോടതിയിൽ ഒരു കേസ്സ് ഫയൽ ചെയ്തു. ചാണ്ടപ്പിള്ള കത്തനാർ ട്രസ്റ്റി സ്ഥാനത്തു നിന്നും സ്വയം ഒഴിഞ്ഞിരിക്കുന്നതായി കോടതിയിൽ ബോധിപ്പിച്ചതിനാൽ കേസ്സ് തുടർന്ന് നടത്തേണ്ടതായി വന്നില്ല. അദ്ദേഹത്തിനു പകരം കോനാട്ട് മാത്തൻ കത്തനാരെ അസോസിയേഷൻ യോഗം തെരഞ്ഞെടുത്തെങ്കിലും റസിഡണ്ട് അദ്ദേഹത്തെ ട്രസ്റ്റിയായി അംഗീകരിച്ചില്ല. 1059 മുതൽ വാങ്ങാതെ കുടിശിഖയായി കിടന്ന വട്ടിപ്പണപ്പലിശ റസിഡണ്ട് കോടതിയിൽ കെട്ടിവെയ്ക്കുകയും 1075-ൽ 25-ാം നമ്പ്രായി ഒരു ഇന്റർപ്ലീഡർ കേസ്സ് ഫയൽ ചെയ്യുകയും ചെയ്തു. 1077 മകരം 21-ാം തീയതി ആ കേസ്സിന്റെ വിധി പ്രസ്താവിച്ചു. ജോസഫ് മാർ ദീവന്നാസിയോസും അസോസിയേഷൻ തെരഞ്ഞെടുത്ത ട്രസ്റ്റികളും ചേർന്ന് പലിശ വാങ്ങാൻ അർഹരാകുന്നു എന്നതായിരുന്നു വിധി. ആ പലിശ വാങ്ങിയതോടെ മെത്രാപ്പോലീത്തായ്ക്കു തല്ക്കാലമെങ്കിലും പണസംബന്ധമായി ആശ്വാസം ലഭിച്ചു.

മറ്റൊരു പ്രധാനപ്പെട്ട കേസ്സായിരുന്നു ആർത്താറ്റു പള്ളിയുടേത്. പാത്രിയർക്കീസ് ബാവാ തിരിച്ചെഴുന്നള്ളുന്നതിനു മുമ്പു തന്നെ കൊച്ചി രാജാവ്, മാർ അത്താനാസിയോസിനു നൽകിയ വിളംബരം റദ്ദാക്കി മാർ ദീവന്നാസിയോസിനെ മലങ്കര മെത്രാപ്പോലീത്തായായി അംഗീകരിക്കണമെന്നുള്ള വിളംബരം പ്രസിദ്ധീകരിച്ചിരുന്നു.[14]

## ആർത്താറ്റു പള്ളിക്കേസ്

മലങ്കര സുറിയാനി ക്രിസ്ത്യാനികളുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഇടവകയാണ് ആർത്താറ്റു കുന്നംകുളം മഹാഇടവക.[15] നാലായിരത്തിലധികം കുടുംബക്കാർ ഈ പള്ളിയുടെ ഇടവകക്കാരാണ്. എല്ലാ കുടുംബങ്ങളും അടുത്ത അടുത്ത വീടുകളിൽ ഒരു സമൂഹമായി താമസിക്കുന്നു എന്നതാണ് ഈ ഇടവകയുടെ പ്രത്യേകത. ഈ വീടുകൾക്കിടയിൽ മറ്റു മതസ്ഥരുടെ വീടുകൾ ഇല്ലെന്നുതന്നെ പറയാം. ഈ ഇടവകയാണ് പുലിക്കോട്ടിൽ തിരുമേനിമാർക്ക് ജന്മം നൽകിയത്.

മാർ ദീവന്നാസിയോസ്, അച്ചനായിരിക്കുമ്പോൾ തന്നെ കുന്നംകുളത്തെ പാറമേൽ കുടുംബം മാർ അത്താനാസിയോസിന്റെ ഭാഗത്തു ചേർന്നിരുന്നു. കുന്നംകുളത്ത് രണ്ടു പ്രബല തറവാട്ടുകാരിൽ പനക്കൽ കുടുംബം മാർ ദീവന്നാസിയോസിനെ അനുകൂലിക്കുകയും പാറമേൽ കുടുംബം അത്താനാസിയോസിനെ അനുകൂലിക്കുകയും ചെയ്തപ്പോൾ കുന്നംകുളത്ത് മാർത്തോമ്മാ സഭയ്ക്ക് തുടക്കം കുറിച്ചു. പാറേമൽ ചാക്കുണ്ണി എന്നയാളുടെ വ്യക്തിപ്രഭാവത്തിൽ മുപ്പതോളം വീട്ടുകാർ മാർത്തോമ്മാ സഭക്കാരായി (കുന്നംകുളത്ത് ഉദ്ദേശം നൂറു കുടുംബങ്ങൾ

മാർത്തോമാ സഭയിൽ ഇന്ന് ഉണ്ട്). ആർത്താറ്റു പള്ളിയുടെ അവകാശം പറഞ്ഞ് മാർ അത്താനാസിയോസിനെ ആർത്താറ്റു പള്ളിയിലേക്കു കൊണ്ടുവരാൻ അവർ ഒരു ശ്രമം നടത്തുകയുണ്ടായി. അതിനെ തടയുവാൻ മാർ ദീവന്നാസിയോസ് റസിഡണ്ടിനും കൊച്ചി സർക്കാരിനും ഓരോ അപേക്ഷകൾ അയച്ചു. ഇരുകൂട്ടരും പള്ളിയിൽ പ്രവേശിക്കരുത് എന്നായിരുന്നു റസിഡണ്ടിന്റെ കല്പന. കൊച്ചി സർക്കാരും അതുപോലെ തന്നെ ഉത്തരവിടുകയാണുണ്ടായത്. ഇതിനു എതിരായി മാർ ദീവന്നാസിയോസ് 1069-ൽ 56-ാം നമ്പ്രായി മാർ അത്താനാസിയോസിനേയും 37 അയ്മേനികളെയും പ്രതിചേർത്ത് കേസ് ഫയൽ ചെയ്തു. വാദിഭാഗം വക്കീൽ ഗോവർ സായ്പും പ്രതിഭാഗം നരസു അയ്യരുമായിരുന്നു.

1073-ൽ മാർ ദീവന്നാസിയോസിന് പ്രതികൂലമായി ഒരു വിധിയാണ് ആ കേസ്സിൽ ഉണ്ടായത്. നിരാശനാകാതെ ഉടനെതന്നെ കൊച്ചിൻ ഹൈക്കോടതിയിൽ തിരുമേനി അപ്പീൽ നല്കി. ജസ്റ്റീസ് നാരായണ മാരാരായിരുന്നു ബഞ്ചിൽ. അദ്ദേഹവും കീഴ്ക്കോടതി വിധി സ്ഥിരപ്പെടുത്തുകയാണുണ്ടായത്.

ഇതുവരെ എല്ലാ കേസ്സുകളിലും വിജയം കണ്ടെത്തിയ തിരുമേനിക്ക് തന്റെ സ്വന്തം ഇടവകയിൽ തോൽവി സംഭവിച്ചപ്പോൾ വല്ലാതെ വിഷമം തോന്നി. തിരുമേനി ഉടനെ പരുമലയ്ക്കാണ് പോയത്. തന്റെ വാത്സല്യ ശിഷ്യൻ മാർ ഗ്രീഗോറിയോസ് തിരുമേനിയോട് അദ്ദേഹം പറഞ്ഞു: 'അബൂൻ, പ്രാർത്ഥിക്കുക.' പരുമല തിരുമേനി അദ്ദേഹത്തെ ആശ്വസിപ്പിച്ചു. പരുമലയിൽ നിന്ന് മടങ്ങുമ്പോൾ പഴയസെമിനാരിയിലെത്തി തന്റെ പൂർവ്വികന്റെ കബറിടത്തിലും അദ്ദേഹം മുട്ടുകുത്തി പ്രാർത്ഥിച്ചു.

1076-ൽ 7-ാം നമ്പ്രായി കൊച്ചി റോയൽ കോടതിയിൽ മാർ ദീവന്നാസിയോസ് അപ്പീൽ കേസ് ഫയൽ ചെയ്തു.

### ജൂബിലി

ആർത്താറ്റുപള്ളിക്കേസ്സിൽ ജില്ലാകോടതിയിലും ഹൈക്കോടതിയിലും പ്രതികൂലമായ വിധിയുണ്ടായപ്പോൾ മാർ ദീവന്നാസിയോസ് വളരെ വ്യസനിച്ചു. ആ സന്ദർഭത്തിൽ, അദ്ദേഹത്തിന് കൂടുതൽ ഉന്മേഷവും ശക്തിയും പ്രദാനം ചെയ്തത്, മലങ്കരസഭാമക്കൾ അദ്ദേഹത്തിന് നല്കിയ രാജകീയ സ്വീകരണമായിരുന്നു.

1076-ൽ ചേർന്ന പള്ളിപ്രതിപുരുഷയോഗം തിരുമേനിയുടെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷിക്കുവാൻ തീരുമാനിച്ചിരുന്നു. കോട്ടയം പട്ടണം അതുവരെയും ദർശിച്ചിട്ടില്ലാത്ത അതിഗംഭീരമായ ഘോഷയാത്രയുടെ അകമ്പടിയോടെയാണ് ജൂബിലി സമ്മേളനപന്തലി

ലേക്ക് തിരുമേനി പ്രവേശിച്ചത്. ഇന്നത്തെപ്പോലെ യാത്രാസൗകര്യങ്ങൾ ഇല്ലാതിരുന്ന അക്കാലത്ത് മലങ്കരസഭയുടെ നാനാഭാഗത്തുനിന്നും വന്നു കൂടിയ ജനസഞ്ചയം കോട്ടയം നിവാസികൾക്ക് ഒരു അത്ഭുതമായിരുന്നു.

ഘോഷയാത്രയിൽ എല്ലാ പള്ളികളിലേയും സ്വർണ്ണക്കുരിശുകളും, വെള്ളിക്കുരിശുകളും മുത്തുക്കുടകളും മുൻനിരയിൽ നിരന്നു നിന്നപ്പോൾ അതിന്റെ തൊട്ടുപുറകിലായി തിരുവിതാംകൂർ മഹാരാജാവിന്റെ പെരുമ്പറയുടെ ശബ്ദം ദിഗന്തമെങ്ങും മുഴങ്ങി പ്രതിധ്വനിച്ചു. നായർ സമുദായത്തിന്റെ നാദസ്വരം ഇമ്പമാർന്ന സ്വരത്തിൽ ഗീതങ്ങളാലപിച്ചപ്പോൾ തൊട്ടടുത്ത് പുറകിലായി മുസ്ലീം സമുദായത്തിന്റെ കോൽക്കളിയും പരിശമുട്ടുകളിയും ഘോഷയാത്രയ്ക്കു നിറമേകി. നീലകണ്ഠൻമാരാരുടെ നേതൃത്വത്തിൽ നൂറ്റിഅമ്പത്തൊന്നു പേർ നിരന്നുനിന്ന ചെണ്ടമേളമായിരുന്നു അടുത്ത ഇനം. ഘോഷയാത്രയിൽ ജാതിമതവ്യത്യാസമെന്യേ ജനസഹസ്രങ്ങൾ തെരുവിൽ ഒഴുകുകയായിരുന്നു. കറുത്ത കുപ്പായം ധരിച്ച പട്ടക്കാരും ശെമ്മാശന്മാരും നിരനിരയായി നിന്ന് സ്തോത്രഗീതങ്ങൾ ആലപിച്ച് ജനങ്ങൾക്ക് പുറകെ നടന്നുനീങ്ങുമ്പോൾ അവർക്ക് പുറകിലായി മേനാവുകളിൽ തിരുമേനിമാരും രാജകീയപല്ലക്കിൽ ജൂബിലേറിയൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായും ഉപവിഷ്ടരായിരുന്നു. ഏറ്റവും പുറകിലായി മഹാരാജാവിന്റെ രണ്ട് അശ്വാരൂഢഭടന്മാർ അകമ്പടിയായിട്ടുണ്ടായിരുന്നു. സർവ്വമത മൈത്രിയുടെ ഒരു പ്രത്യക്ഷ പ്രകടനമായിരുന്നു ആ ഘോഷയാത്ര.

ഘോഷയാത്ര സമ്മേളനപന്തലിൽ എത്തിച്ചേർന്നപ്പോൾ ദിഗന്തമെങ്ങും മാറ്റൊലിക്കൊണ്ട് അമ്പത്തൊന്നു കതിനാവെടികൾ മുഴങ്ങി. മനോഹരമായി അലങ്കരിച്ചൊരുക്കിയ സമ്മേളനപന്തലിൽ മലങ്കരസഭയിലെ എല്ലാ തിരുമേനിമാരും അവരുടെ മദ്ധ്യേ വാർദ്ധക്യത്തിലും സുന്ദരനായ ജൂബിലേറിയൻ മെത്രാപ്പോലീത്തായും ഉപവിഷ്ടരായിരുന്നു. എപ്പോഴും പുഞ്ചിരി മാത്രം വിടരുന്ന തിരുമേനിയുടെ അധരങ്ങളിൽ അപ്പോഴും പുഞ്ചിരി പൂവിട്ടുനിന്നിരുന്നു.

വിദേശികളായ സി.എം.എസുകാരും അവരുടെ പ്രേരണയ്ക്കു വിധേയരായി സ്വന്തനാട്ടിൽ മുളച്ചുവന്ന വേദവിപരീതികളും വീശിയ വലയിൽ കുടുങ്ങി ശ്വാസം മുട്ടിയിരുന്ന മലങ്കര ക്രിസ്ത്യാനികളെ, ആ വലകൾ പൊട്ടിച്ചെറിഞ്ഞ് രക്ഷപ്പെടുത്തിയ തിരുമേനിയെ കൺകുളിർക്കെ കണ്ട് സഭാമക്കൾ ആനന്ദിച്ചു. തിരുമേനി ചെയ്ത സേവനങ്ങൾക്ക് പ്രതിഫലമായി ഒരു മംഗളപത്രം മാത്രമാണ് ഞങ്ങൾക്ക് നൽകാനുള്ളതെന്ന് മലങ്കരസഭയ്ക്കുവേണ്ടി കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള യോഗത്തിൽ പ്രസ്താവിക്കുകയും മംഗളപത്രം വായിച്ച് സമർപ്പിക്കുകയും ചെയ്തു. തിരുമേനി ചെയ്ത സേവനങ്ങളെല്ലാം മംഗളപത്രത്തിൽ പ്രസ്താവിച്ചിരുന്നു. മാത്ര

വുമല്ല, തിരുമനസ്സുകൊണ്ട് കാതോലിക്കാ പദവിയിലേക്കുയർന്ന് മലങ്കരസഭയെ നയിക്കുന്നത് കാണാൻ സഭാമക്കൾ ആകാംക്ഷയോടെ കാത്തിരിക്കയാണെന്നും മംഗളപത്രത്തിൽ സഭാമക്കൾ തിരുമേനിയോട് അപേക്ഷിച്ചിരുന്നു.

ജൂബിലേറിയൻ തിരുമേനിയുടെ മറുപടി പ്രസംഗത്തിൽ നിന്ന് ചില ഭാഗങ്ങൾ താഴെ ചേർക്കുന്നു: "നിങ്ങൾ നമുക്ക് നൽകിയ സ്വീകരണത്തിന് എപ്പോഴും നാം കൃതജ്ഞതയുള്ളവനായിരിക്കും. പ്രലോഭനങ്ങൾക്ക് വിധേയരാകാതിരിക്കുക. സഭയുടെ സ്വാതന്ത്ര്യത്തെ ഹനിക്കത്തക്കവിധം ഒന്നും പ്രവർത്തിക്കരുത്. നമ്മുടെ സഭയിൽ ഇന്ന് നിലവിലുള്ള സ്വയംഭരണാവകാശവും ഭരണഘടനയും അസോസിയേഷനും നിലനിർത്തിക്കൊണ്ട് പ. പാത്രിയർക്കീസ് ബാവായെ അനുസരിപ്പാൻ എപ്പോഴും നാം ചുമതലക്കാരാണെന്ന് നാം കാണുന്നു. എന്നും വിദേശിയരെ മാത്രം ആശ്രയിച്ച് കഴിയേണ്ടവരല്ല നമ്മൾ. അതിനുവേണ്ടിയല്ല മാർത്തോമാശ്ലീഹാ ഭാരതത്തിൽ വരികയും സഭ സ്ഥാപിക്കുകയും ചെയ്തത്. നമ്മുടെ ഈ വർദ്ധക്യകാലത്ത് നിങ്ങൾ ആഗ്രഹിക്കുന്നതുപോലെ കാതോലിക്കാസ്ഥാനം സ്വീകരിക്കുന്നതിന് നാം ആഗ്രഹിക്കുന്നില്ല. അതിനുള്ള പ്രാപ്തിയും എനിക്കില്ല. ഒരു കാതോലിക്കായെ വാഴിക്കുന്നതിനുള്ള എല്ലാ രംഗങ്ങളും നാം ഒരുക്കിയിട്ടുണ്ടെന്നാണ് നമ്മുടെ വിശ്വാസം. നമ്മുടെ പിൻഗാമി ആ കാര്യം നിർവഹിച്ചുകൊള്ളും. സംശയിക്കേണ്ട. ആർത്താറ്റു പള്ളിക്കേസ് റോയൽക്കോടതിയിലാണെന്ന് നിങ്ങൾക്കറിയാമല്ലോ. ഇന്നുവരെ വിജയം നൽകിയ സർവ്വശക്തൻ ആർത്താറ്റുപള്ളിയുടെ കാര്യത്തിലും വിജയം നൽകുമെന്ന് എനിക്കുറപ്പുണ്ട്. നിങ്ങൾ പ്രാർത്ഥിക്കുക. എനിക്കുവേണ്ടിയും നമ്മുടെ സഭയ്ക്കുവേണ്ടിയും. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ."

മലങ്കര മെത്രാപ്പോലീത്താ ജീവനോടിരിക്കുമ്പോൾ അദ്ദേഹത്തിന്റേതായ ഒരു ജൂബിലി മലങ്കര അടിസ്ഥാനത്തിൽ അതിഗംഭീരമായി ആഘോഷിക്കുന്നതിനുള്ള മഹാഭാഗ്യം പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് മലങ്കര മെത്രാപ്പോലീത്തായ്ക്കല്ലാതെ മറ്റൊരു മെത്രാപ്പോലീത്തായ്ക്കും ലഭിച്ചിട്ടുണ്ടോ എന്ന് സംശയമാണ്.

മാർ ദീവന്നാസിയോസിന് ലഭിച്ച ആ സ്വീകരണം അദ്ദേഹത്തിന്റെ മനസ്സിന് കുളിർമ്മയും ആനന്ദവും നൽകി. തന്റെ ഹൃദയത്തിൽ ആ സുന്ദരദിനത്തിന്റെ ഓർമ്മകൾ അലയടിച്ചുകൊണ്ടിരുന്നപ്പോഴാണ് മാർ ദീവന്നാസിയോസിനെ പൊട്ടിക്കരയിക്കാൻ മറ്റൊരു ദുർദിനം ഓടിയെത്തിയത്. 1078 തുലാമാസം 20-ാം തീയതി പ്രാർത്ഥനയിൽക്കൂടി തനിക്ക് ആത്മികചൈതന്യം സമൃദ്ധമായി നൽകിക്കൊണ്ടിരുന്ന താപസശ്രേഷ്ടനായ പരുമല ഗ്രീഗോറിയോസ് തിരുമേനി കാലം ചെയ്ത ദിവസം. വാർദ്ധ

കൃത്തിലെത്തിയ തന്നെ, ഭൂമിയിൽ അവശേഷിപ്പിച്ച് ആ കൊച്ചു മെത്രാച്ചൻ ഉയരത്തിലേക്കു പറന്നുയർന്നല്ലോ എന്നോർത്ത് മാർ ദീവന്നാസിയോസ് ദുഃഖിച്ചു. പരുമല കൊച്ചുമെത്രാച്ചൻ ഇഹലോക യവനികക്കുള്ളിൽ മറഞ്ഞുപോയാലും അദ്ദേഹം സഭയ്ക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുമെന്ന വിശ്വാസമാണ് മാർ ദീവന്നാസിയോസിനെ ധൈര്യപ്പെടുത്തിയത്. കേസ്സുകളുടെ പരമ്പരയിൽ ആർത്താറ്റു പള്ളിക്കേസു മാത്രമാണ് അപ്പോൾ അവശേഷിച്ചിരുന്നത്. ആ കേസ്സിലും വിജയം നേടാൻ കൊച്ചുമെത്രാച്ചൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കും എന്ന് തിരുമേനി വിശ്വസിച്ചു.

## ആർത്താറ്റു പള്ളിക്കേസ് റോയൽ കോടതിയിൽ

കൊച്ചി റോയൽ കോടതിയിൽ കേസ് വാദിക്കാൻ പ്രശസ്തനായ ഒരു വക്കീലിനെ ഏർപ്പെടുത്താൻ ഇം. എം. ഫീലിപ്പോസിനെ തിരുമേനി മദ്രാസിലേക്കയച്ചു. നല്ല ഒരു വക്കീലിനെ കിട്ടണമെങ്കിൽ 5,000 രൂപ ഫീസും യാത്രാചിലവും കൂടാതെ 250 രൂപ വീതം പ്രതിദിന ബത്തയും നൽകേണ്ടതായി വരുമെന്ന് മനസ്സിലാക്കിയ ഫീലിപ്പോസ്, എന്തു ചെയ്യണമെന്നറിയാതെ വിഷമിച്ചു. ഒടുവിൽ കമ്പിസന്ദേശം വഴി അദ്ദേഹം തിരുമേനിയെ വിവരമറിയിച്ചു. കുന്നംകുളത്തുകാർ സഹായിക്കുമെന്ന് തിരുമേനിക്ക് ഉറപ്പുണ്ടായിരുന്നു. എന്തു ചിലവു വന്നാലും ഉടനെ വക്കീലിനെ ഏർപ്പെടുത്താൻ തിരുമേനി കമ്പിസന്ദേശമയച്ചു. ദിവാൻ ബഹദൂർ സർ വി. ഭാഷ്യമയ്യങ്കാർ ബി. എൻ. ടി. എസ്. ഐ. എഫ്. എം. യു. നൈറ്റ് എന്ന പ്രശസ്തനായ വക്കീലിനെ കണ്ട് ഫീലിപ്പോസ് സംസാരിച്ചു. ദൂരയാത്ര ചെയ്യാൻ വിഷമമാണെന്നും ഫീസ് പോരായെന്നുമൊക്കെ ശഠിച്ചെങ്കിലും മനസ്സില്ലാമനസ്സോടെ കേസിൽ വാദിക്കുന്നതിന് ഭാഷ്യമയ്യങ്കാർ സമ്മതിക്കുകയും ചെയ്തു.

ചീഫ് ജസ്റ്റീസ് ലോക്ക് സായ്പിന്റെയും ജഡ്ജി കൃഷ്ണമേനോന്റെയും കോടതിയിൽ കേസ് വിചാരണയാരംഭിച്ചു. റസ്ജൂഡിക്കേറ്റാ, കാലഹരണം എന്നിങ്ങനെ പല തടസ്സവാദങ്ങളും അവതരിപ്പിച്ച് പ്രതിഭാഗം വക്കീൽ സരസു അയ്യർ സരസമായി പ്രസംഗിച്ചു. പക്ഷേ, ഭാഷ്യമയ്യങ്കാരുടെ പ്രസംഗം അവസാനിച്ചപ്പോൾ സരസു അയ്യർ പ്രസംഗിച്ചതിൽ പ്രാബല്യത്തിൽ വരുത്താവുന്ന യാതൊരു പോയിന്റുമില്ലെന്ന് കേൾവിക്കാരായ മറ്റു വക്കീലന്മാർ പറയുകയുണ്ടായി. ആ വക്കീലൻമാരുടെ വാക്കുകൾ തിരുമേനിയെ ആശ്വസിപ്പിക്കാൻ പര്യാപ്തമായിരുന്നില്ല. തന്റെ സ്വന്തം ഇടവകയ്ക്കു സംഭവിച്ചിട്ടുള്ള ദുർവിധിയെ ഓർത്ത് അദ്ദേഹം ദുഃഖിച്ചു. സന്ധ്യ കഴിഞ്ഞാൽ തിരുമേനി അധികസമയവും മുറിയിൽ വാതിലടച്ചു പ്രാർത്ഥിച്ചുകൊണ്ടിരുന്നു. പ്രസംഗം കഴിഞ്ഞ് ഒരു മാസം കഴിഞ്ഞു. 1080 കർക്കിടകം 31-ാം തീയതി ജഡ്ജിമാർ എഴുതിയ

വിധിന്യായത്തിൽ കൊച്ചി മഹാരാജാവ് തുല്യം ചാർത്തി വിധി പ്രസ്താവിച്ചു. കീഴ്ക്കോടതി വിധികൾ അസ്ഥിരപ്പെടുത്തി, തിരുമേനിക്ക് അനുകൂലമായി വിധി പ്രസ്താവിച്ചപ്പോൾ തിരുമേനിയോടൊന്നിച്ച് മലങ്കരസഭാമക്കൾ എല്ലാവരും ആഹ്ലാദിച്ചു. എങ്കിലും തിരുമേനിയുടെ മുഖത്ത് ഏതോ ഒരു മ്ലാനത തെളിഞ്ഞു കാണാമായിരുന്നു. മരിച്ചു കഴിഞ്ഞിട്ടും പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന പരുമല കൊച്ചുതിരുമേനി. അദ്ദേഹം ഈ സന്തോഷാവസരത്തിൽ നമ്മോടുകൂടിയില്ലല്ലോ എന്നതായിരുന്നു ആ മ്ലാനതയ്ക്കു കാരണം.

റോയൽ കോടതി വിധിയനുസരിച്ച് പൂട്ടിക്കിടന്ന ആർത്താറ്റു പള്ളിയും മേമ്പൂട്ടുകളും തുറന്നു. പള്ളി അടച്ചപ്പോൾ മേമ്പൂട്ടിൽ അറയിലുണ്ടായിരുന്ന 900 പറ നെല്ല് പൊടിരൂപത്തിലായിക്കഴിഞ്ഞിരുന്നു.

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് തിരുമേനിയുടെ ചരിത്രത്തിൽ കേസുകളുടെ പരമ്പര ഇവിടെ അവസാനിക്കുന്നു. കാറും കോളും നിറഞ്ഞ അന്തരീക്ഷത്തിൽ അലതല്ലുന്ന അലയാഴിയിൽ ഒരു ചെറുവള്ളത്തിൽ കയറി കരയ്ക്കണഞ്ഞ ഒരു പ്രതീതിയാണ് തിരുമേനിക്കുണ്ടായത്. മലങ്കരസഭയെ മുഴുവൻ വിഴുങ്ങിക്കൊണ്ടിരുന്ന കരാളസർപ്പത്തിന്റെ വായിൽനിന്ന് മലങ്കരസഭയെ രക്ഷിക്കാൻ സാധിച്ചതിൽ തിരുമേനി സന്തുഷ്ടനായിരുന്നു. എങ്കിലും പരുമല മാർ ഗ്രീഗോറിയോസ് കൊച്ചുമെത്രാച്ചൻ തന്നോടൊന്നിച്ച് ആനന്ദിക്കാൻ ഇഹത്തിലില്ലല്ലോ എന്നോർക്കുമ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞു.

### ഷോടതി

പണം സംബന്ധമായി വന്നുചേർന്നിട്ടുള്ള പ്രതിസന്ധി എങ്ങനെ തരണം ചെയ്യാനാവും എന്നുള്ളതായിരുന്നു ഇനിയും തിരുമേനിയെ വിഷമിപ്പിച്ചുകൊണ്ടിരുന്ന പ്രശ്നം. എം. ഡി. സെമിനാരിയുടെയും ഹൈസ്കൂളിന്റെയും പണി പൂർത്തീകരിച്ചിട്ടില്ല. കേസിന്റെ ചിലവുകൾക്കായി പലരോടും കടം വാങ്ങിയിട്ടുള്ളത് തിരിച്ചു കൊടുക്കണം. ഇവയ്ക്കെല്ലാം പണം ലഭിക്കുന്നതിന് ഒരു ലോട്ടറി നടത്തുന്നത് നന്നായിരിക്കുമെന്ന് തിരുമേനി നിശ്ചയിച്ചു. ലോട്ടറി നടത്താൻ 1098 ഓഗസ്റ്റ് 6-ാം തീയതി ജി.ഒ. 4400-ാം നമ്പ്രായി ഗവൺമെന്റിൽ നിന്ന് അനുവാദം ലഭിച്ചു. ലോട്ടറിയുടെ പ്രചരണത്തിന് ഇ. എം. ഫീലിപ്പോസ് സ്തുത്യർഹമായ സേവനമാണ് അനുഷ്ഠിച്ചത്. പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടും ഇന്ത്യാരാജ്യം മുഴുവനും ലോട്ടറി ടിക്കറ്റുകൾ വില്പനയ്ക്കും നൽകി. കോട്ടയം ദിവാൻ പേഷ്ക്കാരുടെ സാന്നിദ്ധ്യത്തിൽ 1901 മാർച്ച് 4-ാം തീയതി കുറിയെടുത്ത് സമ്മാനാർഹരുടെ പേരുകൾ പ്രഖ്യാപിച്ചു. എല്ലാ ചിലവുകളും കഴിച്ച് 35000 രൂപ മിച്ചമെടുക്കാൻ ഈ ഷോടതികൊണ്ട് സാധിച്ചു.

അതോടെ പണം സംബന്ധമായ ശക്തിയായ പ്രതിബന്ധങ്ങൾ കുറെ യൊക്കെ നീങ്ങിക്കിട്ടുകയും ചെയ്തു.

## നമ്മുടെ സഭ വിദേശങ്ങളിൽ

ഇപ്പോൾ നമ്മുടെ സഭയുടേതായി വിദേശങ്ങളിൽ രൂപമെടുക്കുന്ന ഇട വകകളെക്കുറിച്ച് നാം അഭിമാനിക്കാറുണ്ട്. വിദേശങ്ങളിൽപ്പോയി താമ സിക്കുന്ന നമ്മുടെ സഭാംഗങ്ങളുടെ പരിശ്രമഫലമായി രൂപമെടുക്കുന്ന വയാണ് അവ. എന്നാൽ വിദേശീയരായ ആളുകളെ നമ്മുടെ സഭയിൽ ചേർത്ത് നമ്മുടെ സഭയ്ക്ക് വിദേശങ്ങളിൽ പല ഇടവകകൾ രൂപീകരി ക്കാൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസിന് കഴിഞ്ഞു എന്നത് അദ്ദേഹത്തിന്റെ ചരിത്രത്തിൽ ഒരിക്കലും മറക്കാനാവാത്ത സംഭ വമാണ്. അമേരിക്കൻ പ്രൊട്ടസ്റ്റന്റ് സഭയിലെ വൈദികനായിരുന്ന റവ. റീനിവിലാത്തി, ഊട്ടിയിൽ വെച്ച് ജോസഫ് മാർ ദീവന്നാസിയോസിനെ കാണാനിടയായി. സഭയുടെ വിശ്വാസങ്ങളെ സംബന്ധിച്ച് തിരുമേനിയും അച്ചനും തമ്മിൽ ദീർഘനേരം സംസാരിച്ചു. തിരുമേനിയുടെ സ്നേഹം സ്ഫുരിക്കുന്ന സംസാരവും സഭാവിശ്വാസത്തിന്റെ നിർമ്മലതയും റവ. റീനിവിലാത്തിയെ നമ്മുടെ സഭയിലേക്ക് ആകർഷിച്ചു. അദ്ദേഹം നമ്മുടെ സഭയിൽ ചേരുകയും അമേരിക്കയിൽ നമ്മുടെ സഭയ്ക്കുവേണ്ടി പ്രവർ ത്തിക്കുകയും ചെയ്തു. പിന്നീട് മാർ ദീവന്നാസിയോസിന്റെ കല്പനയ നുസരിച്ച് കടവിൽ മാർ അത്താനാസിയോസും അൽവാറീസ് മാർ യൂലി യോസും ചേർന് അദ്ദേഹത്തെ കൊളമ്പിൽ വെച്ച് മാർ തീമോത്തിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിച്ചു. മാർ തീമോത്തിയോസ് പോളണ്ടുകാരനായിരുന്നു എന്നും പറയപ്പെടുന്നുണ്ട്. *എപ്പിസ്കോപ്പൽ വെഗാന്റീസ് ആൻഡ് ദി ആംഗ്ലിക്കൻ ചർച്ച്* എന്ന ഗ്രന്ഥത്തിൽ മാർ തീമോ ത്തിയോസിനെക്കുറിച്ച് ഇപ്രകാരം കാണുന്നു. '1898-നും 1929-നും ഇടയ്ക്ക് മാർ തീമോത്തിയോസ് റീനിവിലാത്തി ഏഴു ബിഷപ്പുമാരെ വടക്കെ അമേരിക്കയിലും യൂറോപ്പിലുമായി വാഴിച്ചു. എത്ര പട്ടക്കാരെ വാഴിച്ചു എന്നതിന് കണക്കില്ല. ഈ ബിഷപ്പുമാരിൽ നിന്നു പട്ടമേറ്റ ബിഷ പ്പുമാർ വടക്കെ അമേരിക്ക, ആഫ്രിക്കാ, യൂറോപ്പ് എന്നീ സ്ഥലങ്ങളിൽ ഭദ്രാസനങ്ങൾ രൂപീകരിച്ചിട്ടുണ്ട്. അങ്ങിനെ ഓർത്തഡോക്സ് സഭയുടെ അനേകം ശാഖകൾ വിദേശങ്ങളിൽ രൂപമെടുത്തു.' നമ്മുടെ ശ്രദ്ധക്കുറ വുകൊണ്ടാകാം ഇന്ന് ആ ഇടവകകളെക്കുറിച്ച് ഒന്നുംതന്നെ നമ്മൾ അറി യുന്നില്ല.

മാർ തീമോത്തിയോസ് റീനിവിലാത്തിയെ വാഴിച്ച മെത്രാന്മാരിൽ ഒരാൾ അൽവാറീസ് മാർ യൂലിയോസായിരുന്നല്ലോ. ഗോവാക്കാരനായ അദ്ദേഹം ഒരു കത്തോലിക്കനായിരുന്നു. അദ്ദേഹം ഒരു ദിവസം മാർ ദീവന്നാസിയോസിനെ കാണാനിടയായി. മാർ ദീവന്നാസിയോസിന്റെ

പുഞ്ചിരിക്കുന്ന സുന്ദരമുഖവും സ്നേഹമസൃണമായ പെരുമാറ്റവും അൽ വാറീസിനെ ആകർഷിച്ചു എന്നാണ് അദ്ദേഹം തന്നെ പറഞ്ഞിട്ടുള്ളത്. മാർ ദീവന്നാസിയോസ് അദ്ദേഹത്തെ സസന്തോഷം സ്വീകരിക്കുകയും 1063-ൽ മാർ യൂലിയോസ് എന്ന പേരിൽ ഒരു മെത്രാപ്പോലീത്തായായി വാഴിക്കുകയും ചെയ്തു. സിലോൺ, ഗോവ എന്നീ സ്ഥലങ്ങളിലെ മെത്രാപ്പോലീത്തായായിട്ടാണ് അദ്ദേഹത്തെ വാഴിച്ചത്. അദ്ദേഹത്തോടൊന്നിച്ച് കത്തോലിക്കാ സഭയിലെ കുറെ ആളുകളും പള്ളികളും നമ്മുടെ സഭയിൽ ചേരുകയുണ്ടായി. നമ്മുടെ അശ്രദ്ധകൊണ്ടാവാം, കാലക്രമത്തിൽ ആ പള്ളികളും ആളുകളും റോമാസഭയിൽ തന്നെ തിരികെ ചേർന്നു. ഗോവയിൽ അദ്ദേഹത്തൊടൊന്നിച്ച് നിന്നവരെല്ലാം പിൻമാറിയെങ്കിലും അദ്ദേഹത്തിന്റെ പരിശ്രമഫലമായി തെക്കെ കർണ്ണാടകത്തിൽ അദ്ദേഹം സ്ഥാപിച്ച ചില പള്ളികളും നല്ലൊരു ഹൈസ്കൂളും (ബ്രഹ്മവാറിൽ) നമുക്ക് ഇന്ന് കൈവശത്തിലുണ്ട് എന്നത് സന്തോഷകരം തന്നെ.

മലങ്കര സഭയ്ക്ക് നേരിട്ട ഒരു ആപൽഘട്ടത്തിൽ മാർ യൂലിയോസ് ചെയ്ത സേവനം നമുക്ക് ഒരിക്കലും മറക്കാനാവില്ല. 1086-ൽ അബ്ദുള്ളാ പാത്രിയർക്കീസ് വട്ടശ്ശേരിൽ തിരുമേനിയെ മുടക്കിയപ്പോൾ, ആ മുടക്ക് അന്യായമാണെന്നും, അതിനെ അംഗീകരിക്കാനാവില്ലെന്നും ഉറച്ച ശബ്ദത്തിൽ അദ്ദേഹം പ്രസ്താവിച്ചു. പ്രസംഗങ്ങൾ മുഖേനയും ലഘുലേഖകളിൽ കൂടിയും അദ്ദേഹം ജനങ്ങളെ പ്രബുദ്ധരാക്കിക്കൊണ്ടിരുന്നു. പാത്രിയർക്കീസിനു തന്നെ അദ്ദേഹം എഴുതുകയുണ്ടായി. ഉടനെ അതിനു പ്രതികാരമായി അബ്ദുള്ളാ പാത്രിയർക്കീസിൽ നിന്ന് മാർ യൂലിയോസിനെ മുടക്കിയതായി ഒരു കല്പന ലഭിച്ചു. ആ മുടക്ക് കല്പന വെറും ഒരു പുൽക്കൊടി മാത്രമാണെന്നാണ് അൽവാറീസ് മാർ യൂലിയോസ് പ്രസ്താവിച്ചത്.

ഇനിയും ഒരു നഗ്നസത്യം നാം അറിഞ്ഞിരിക്കുക. അൽവാറീസ് മാർ യൂലിയോസ് ഒരു രക്തസാക്ഷിയായി നമ്മുടെ സഭയ്ക്കു വേണ്ടി മരിച്ചു എന്നതാണ് വാസ്തവം. കത്തോലിക്കർ അദ്ദേഹത്തെ കഠിനമായി ഉപദ്രവിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തെ അവർ കാരാഗൃഹത്തിലടച്ചു. കാരാഗൃഹത്തിൽ നിന്ന് മോചനം വേണമെങ്കിൽ കത്തോലിക്കാ സഭയിൽ ചേരണം എന്ന് അവർ ശഠിച്ചു. അദ്ദേഹം പറഞ്ഞു. ഞാൻ ഈ കാരാഗൃഹത്തിൽ കിടന്നു മരിക്കണം. എന്റെ ജനങ്ങളെ നിങ്ങൾ വശീകരിച്ചെടുത്തു. നിങ്ങൾക്ക് എന്നെ വശീകരിക്കാൻ സാദ്ധ്യമല്ല. അദ്ദേഹത്തിന്റെ ഈ വിപൽസന്ധിയിൽ പോലും നമ്മുടെ സഭാനേതൃത്വം അങ്ങോട്ടൊന്ന് എത്തിനോക്കിയില്ല. അദ്ദേഹം ആ കാരാഗൃഹത്തിൽ കിടന്ന് മരിച്ചു. മലങ്കരസഭ അത് അറിഞ്ഞില്ല. ഇന്നത്തെപ്പോലെ യാത്രാസൗകര്യവും വാർത്താവിനിമയ സൗകര്യവും അന്ന് ഉണ്ടാകാതിരുന്നതുകൊണ്ടാകാം

ഈ സംഭവം നമ്മുടെ സഭ അറിയാതിരുന്നത്. കാരാഗൃഹ കാവൽക്കാർ അദ്ദേഹത്തെ ഗോവയിൽ മുൻസിപ്പൽ പൊതുശ്മശാനത്തിൽ കബറടക്കുകയും ശവപ്പൊലിയിൽ അൽവാറീസ് മാർ യൂലിയോസ് എന്ന് എഴുതിയ ഒരു സ്ലാബ് സ്ഥാപിക്കുകയും ചെയ്തു. വർഷങ്ങൾ പലതു കഴിഞ്ഞു. ഗോവയിൽ ഇന്ന് നമുക്ക് ഒരു പള്ളിയുണ്ട്. മാർ അൽവാറീസിന്റെ കബറടക്കം നടത്തിയിട്ടുള്ളത് എവിടെയാണെന്ന് നമ്മുടെ ആളുകൾ അന്വേഷിച്ചു. മുൻസിപ്പിൽ പൊതുശ്മശാനത്തിൽ അവർ ആ കബറിടം കണ്ടെത്തി. ഗവൺമെന്റിന്റെ അനുവാദത്തോടെ ആ കബറിടം തുറന്ന് തിരുശേഷിപ്പ് നമ്മുടെ പള്ളിയിൽ കൊണ്ടുവരികയും ഒരു മെത്രാപ്പോലീത്തായ്ക്കടുത്ത എല്ലാ ബഹുമതികളോടും കൂടി കബറടക്കം നടത്തുകയും ചെയ്തു. ഈ സംഭവം കഴിഞ്ഞിട്ട് അധികനാളുകളായില്ല.

## മാർ ദീവന്നാസിയോസ് രാഷ്ട്രീയരംഗത്ത്

ക്രിസ്തീയ സഭാംഗങ്ങളിൽ അർഹരായിരുന്നവർക്ക് ഉയർന്ന ഉദ്യോഗം ലഭിച്ചുകൊണ്ടിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. കർണൽ മണ്ട്റോയുടെ കാലത്തായിരുന്നു അത്. അദ്ദേഹം സ്ഥലം മാറി പോയതിനുശേഷം, ഉയർന്ന ഉദ്യോഗത്തിലിരുന്ന നാട്ടുകാരായ ഉദ്യോഗസ്ഥന്മാരെ ഗവണ്മെന്റ് പിരിച്ചുവിടുകയാണുണ്ടായത്. കേരളത്തിനു പുറത്തുള്ള തമിഴ് ബ്രാഹ്മണരാണ് ആ കസേരകളിൽ കയറിയിരുന്നത്. ഈ സംഭവം മാർ ദീവന്നാസിയോസിനെ രാഷ്ട്രീയരംഗത്ത് പ്രവർത്തിക്കുന്നതിന് കാരണമാക്കി. ഈ അനീതി അവസാനിപ്പിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. ‘ഈ നാട്ടുകാർ കൊടുക്കുന്ന നികുതിയിൽ നിന്നാണ് തമിഴ് ബ്രാഹ്മണർക്ക് ശമ്പളം കൊടുക്കുന്നത്. നികുതി കൊടുക്കുന്നവർക്കാണ് ശമ്പളം വാങ്ങാൻ അവകാശം.’ അദ്ദേഹം പത്രത്തിൽ എഴുതി. ആ പ്രവർത്തനം കേരളത്തിൽ ഒരു ചലനം സൃഷ്ടിച്ചു.

വിശാഖം തിരുനാൾ മഹാരാജാവ് സിംഹാസനാരോഹണത്തിനു ശേഷം ആദ്യമായി കോട്ടയം പട്ടണം സന്ദർശിക്കുകയുണ്ടായി. മാർ ദീവന്നാസിയോസ് സംഘടിപ്പിച്ച ഒരു സ്വീകരണയോഗത്തിൽ മഹാരാജാവിന് കോട്ടയം നിവാസികൾ ഒരു മംഗളപത്രം സമർപ്പിച്ചു. മംഗളപത്രത്തിൽ, നാട്ടുകാരിൽ അർഹരായവരെ ഉയർന്ന ഉദ്യോഗങ്ങളിൽ നിയമിക്കുവാൻ ഉത്തരവുണ്ടാകണമെന്ന് സൂചിപ്പിച്ചിരുന്നു.

തനിക്ക് ലഭിച്ച സ്വീകരണത്തിനും മംഗളപത്രത്തിനും മറുപടിയായി മഹാരാജാവ് സ്വന്തം കൈയക്ഷരത്തിൽ എഴുതിയ ഒരു കത്ത് മാർ ദീവന്നാസിയോസിന് നൽകി. ആ കത്തിലെ പ്രസക്ത ഭാഗങ്ങൾ മാത്രം താഴെ ചേർക്കുന്നു:

“നിങ്ങൾ നൽകിയ സ്വീകരണത്തിനും മംഗളപത്രത്തിനും നാം നന്ദി

പറയുന്നു. സർക്കാർ ഉദ്യോഗത്തിന്റെ എല്ലാ തുറകളിലും മതവിഷയം ചിന്തിക്കാതെ നിയമനങ്ങൾ നടത്തുന്നതാണ്. യോഗ്യതയും ശേഷിയുമുള്ളവരെ ഉദ്യോഗത്തിന് അംഗീകരിക്കുന്നതാണ്. 1055 കർക്കിടകം 31. രാമവർമ്മ (ഒപ്പ്).”

മഹാരാജാവ് ഇപ്രകാരം ഉത്തരവായെങ്കിലും ഈ ഉത്തരവ് പ്രായോഗികമാക്കാൻ അദ്ദേഹത്തിന് സാധിച്ചില്ല. ഉത്തരവു നൽകി ഒന്നുരണ്ടു വർഷത്തിനകം അദ്ദേഹം തീപ്പെട്ടുപോയി. പഴയതുപോലെതന്നെ ഭരണചക്രം തിരിഞ്ഞുകൊണ്ടിരുന്നു.

അന്ന് കേരളത്തിൽ ആദ്യമായി ഒരു മതസൗഹാർദ സമ്മേളനം നടന്നു. മാർ ദീവന്നാസിയോസായിരുന്നു സമ്മേളനത്തിന് നേതൃത്വം നൽകിയത്. ക്രിസ്ത്യാനിയും നായരും നമ്പൂതിരിയും ഈഴവനും മുസ്ലീമുകളും മറ്റ് എല്ലാ മതവിഭാഗങ്ങളും ആ സമ്മേളനത്തിൽ പങ്കെടുത്തു. അവകാശങ്ങൾ ആവശ്യപ്പെട്ട് ഒരു മെമ്മോറാണ്ടം മഹാരാജാവിന് സമർപ്പിക്കുവാൻ ആ സമ്മേളനം തീരുമാനിച്ചു. മെമ്മോറാണ്ടം നേരിട്ട് മഹാരാജാവിന് സമർപ്പിക്കുന്ന സമ്പ്രദായം അന്നുണ്ടായിരുന്നില്ല. അതുകൊണ്ട് നാനാജാതിമതസ്ഥരായി പതിനായിരത്തിഇരുപത്തിയെട്ടു പേർ ഒപ്പിട്ട മെമ്മോറാണ്ടം ദിവാൻ വഴി മഹാരാജാവിന് സമർപ്പിക്കപ്പെട്ടു. ഉദ്യോഗങ്ങൾ കൈയടക്കിവെച്ചിരുന്ന പരദേശബ്രാഹ്മണരും അപ്പോൾ മഹാരാജാവിന് ഒരു മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ, സമ്മേളനനിശ്ചയപ്രകാരം സമർപ്പിച്ച മെമ്മോറാണ്ടത്തിന് ഒരു മറുപടിയും ഉണ്ടായില്ല. നാടിന്റെ പല ഭാഗങ്ങളിലും പൊതുയോഗങ്ങൾ നടത്തുന്നതിന് മതനേതാക്കൾ തീരുമാനമെടുത്തു. മാർ ദീവന്നാസിയോസും കണ്ടത്തിൽ വറുഗീസു മാപ്പിളയും ഈ പ്രക്ഷോഭണത്തിന്റെ മുൻനിരയിലുണ്ടായിരുന്നു. മലയാളമനോരമ പത്രം ആരംഭിച്ചിട്ട് അധികകാലമായിരുന്നില്ല. മാർ ദീവന്നാസിയോസും കണ്ടത്തിൽ വറുഗീസു മാപ്പിളയും മറ്റു ചില പ്രമുഖ വ്യക്തികളും മനോരമയുടെ ഓഹരിക്കാരായിരുന്നു. മേലുദ്ധരിച്ച രാഷ്ട്രീയപ്രക്ഷോഭണം മലയാളമനോരമയുടെ വളർച്ചയ്ക്ക് സഹായകരമായിട്ടുണ്ട്. 1891-ൽ മെമ്മോറാണ്ടത്തിന് അനുകൂലമായ തിരുവെഴുത്തു വിളംബരമുണ്ടായി. പരദേശബ്രാഹ്മണരിൽ ഭൂരിഭാഗവും സ്വന്തനാട്ടിലേക്ക് തിരിച്ചുപോവുകയും ചെയ്തു.

ദീർഘദൃഷ്ടിയോടെ മാർ ദീവന്നാസിയോസ് സംഘടിപ്പിച്ച ആ മഹാസമ്മേളനം ഒരു സാമൂഹ്യ സർവ്വമത സമ്മേളനമായി പരിഗണിക്കപ്പെടുന്നു. സർവ്വമത സൗഹാർദത്തിലേക്ക് ഒരു ചൂണ്ടുപലകയായിരുന്നു ആ സാമൂഹ്യ സമ്മേളനം. ജനായത്ത ഭരണ സംവിധാനത്തിന്റെ മാഹാത്മ്യം മുന്നിൽ കണ്ടുകൊണ്ട് മാർ ദീവന്നാസിയോസ് സംഘടിപ്പിച്ച ഒരു പ്രസ്ഥാനം തന്നെയായിരുന്നു ആ സാമൂഹ്യ സർവ്വമത സമ്മേളനം.[16]

സഭയുടെ ഭാവി ശോഭനമാക്കുന്നതിനായി തീവ്രയത്നം ചെയ്തുകൊണ്ടിരുന്നതിനിടയിലാണ് മാർ ദീവന്നാസിയോസ് മേലുദ്ധരിച്ച ബഹുമുഖ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരുന്നത്.

1088-ൽ ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായ്ക്ക് 75 വയസ്സ് തികഞ്ഞു. ഭരണഭാരം വഹിക്കാൻ അദ്ദേഹത്തിനു പ്രയാസം നേരിട്ടു. പഴയസെമിനാരിയിൽ അദ്ദേഹം വിശ്രമിച്ചു.

തിരുമേനിയുടെ പൂർവ്വികനായ പഴയസെമിനാരി സ്ഥാപകന്റെ ഓർമ്മപ്പെരുന്നാളിന്റെ തലേദിവസം. കോരിച്ചൊരിയുന്ന പേമാരി. ഏതോ ആവശ്യത്തിനായി തിരുമേനി പണപ്പെട്ടി തുറന്നു. ഇരുമ്പുകൊണ്ട് ഉണ്ടാക്കിയതായിരുന്നു പെട്ടി. പെട്ടെന്നാണ് അത് സംഭവിച്ചത്. ശക്തിയായ ഇടി. തിരുമേനി ബോധരഹിതനായി താഴെ വീണു. ശെമ്മാശന്മാർ ഓടിയെത്തി. പണപ്പെട്ടി തുറന്നിരിക്കുന്നു. പക്ഷേ, വെള്ളിനാണയങ്ങളല്ല അവർ കണ്ടത്. തിളയ്ക്കുന്ന വെള്ളി. ഇടിവെട്ടേറ്റ് നാണയം മുഴുവൻ ഉരുകിയിരുന്നു. ഡോക്ടർമാർ ഓടിയെത്തി. അപ്പോഴേക്കും ബോധം തെളിഞ്ഞ് തിരുമേനി എഴുന്നേറ്റ് ഇരുന്നിരുന്നു.

ഇത്രയും വലിയ ഒരു അപകടത്തിൽനിന്നു രക്ഷിച്ച സർവ്വശക്തനെ തിരുമേനിയും സെമിനാരിയിലെ അന്തേവാസികളും മഹത്വപ്പെടുത്തി. ഇടിവെട്ടേറ്റ സമയത്ത് തിരുമേനിയുടെ കൈകൾ ആ പെട്ടിയിന്മേൽ ആയിരുന്നതുകൊണ്ടാകാം, അദ്ദേഹത്തിന്റെ രണ്ട് വിരലുകളുടെ അറ്റം കരിഞ്ഞുപോകാനിടയായി (കേട്ടുകേൾവിയിൽ നിന്നുള്ള കഥയാണ് ഇത്. വാർദ്ധക്യകാലത്ത് എടുത്ത അദ്ദേഹത്തിന്റെ ഫോട്ടോയിൽ വിരലുകളുടെ അറ്റം മുറിഞ്ഞുപോയിട്ടുള്ളതായി കാണാം).

തന്റെ അനാരോഗ്യാവസ്ഥയിൽ തന്നോടൊന്നിച്ച് പ്രവർത്തിക്കുവാൻ ശക്തനായ ഒരു പിൻഗാമിയെ തെരഞ്ഞെടുക്കണമെന്ന് മാർ ദീവന്നാസിയോസ് നിശ്ചയിച്ചു. പിൻഗാമിയായി ആരെ നിയമിക്കണം. അദ്ദേഹം സർവ്വശക്തനായ ദൈവത്തോട് സദായ്പോഴും പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ സെക്രട്ടറിയായിരുന്ന ഇ. എം. ഫീലിപ്പോസ്, തിരുമേനിയുടെ പ്രാർത്ഥനാശക്തിയെക്കുറിച്ച് പ്രസ്താവിച്ചിട്ടുള്ളത് ഇപ്രകാരമാണ്. "അദ്ദേഹത്തിന്റെ പ്രാർത്ഥന ശക്തിയേറിയതായിരുന്നു. ഏതുകാര്യം ഉദ്ദേശിച്ചുകൊണ്ട് അദ്ദേഹം പ്രാർത്ഥിച്ചാലും ആ കാര്യം അത്ഭുതകരമായ വിധത്തിൽ സാധിച്ചുകിട്ടാൻ തക്കവണ്ണം അദ്ദേഹത്തിന്റെ എരിവേറിയ പ്രാർത്ഥനയ്ക്ക് ശക്തിയുണ്ടായിരുന്നു."

പാത്രിയർക്കീസ് മലങ്കരയിൽ വന്നപ്പോൾ വാഴിച്ച മെത്രാപ്പോലീത്താമാരിൽ ആരേയും തന്റെ പിൻഗാമിയായി കണ്ടെത്താൻ അദ്ദേഹം ശ്രമിച്ചില്ല. ദൈവം തെരഞ്ഞെടുക്കും എന്നുതന്നെ അദ്ദേഹം വിശ്വസിച്ചു.

ആരേയും വിഷമിപ്പിക്കാതെ, ആരോടും ശത്രുത കരുതി ഒരു വാക്കു പോലും ഉച്ചരിക്കാതെ അദ്ദേഹം ജീവിതാന്ത്യത്തിലേക്ക് അടുത്തുകൊണ്ടിരുന്നു. പുഞ്ചിരിമാത്രം സ്ഥിരമായി സ്ഥാനം പിടിച്ചിരുന്ന അധരങ്ങളിൽ അപ്പോഴും പുഞ്ചിരി വിടരുന്നുണ്ടായിരുന്നു. അത്യന്തം അപകടം നിറഞ്ഞ ഒരു കാലഘട്ടത്തിലായിരുന്നു മാർ ദീവന്നാസിയോസ് സഭയുടെ നേതാവായി ഭരണചക്രം തിരിക്കാൻ ഇടവന്നത്. ഒരു മാജിക്കുകാരനെ പോലും അതിശയിപ്പിക്കത്തക്കവിധമാണ് ദുർഘടസന്ധികളിൽ നിന്ന് രക്ഷപ്പെട്ട് സഭയെ അദ്ദേഹം രക്ഷപ്പെടുത്തിയത്. ഉടൻ പ്രവർത്തിക്കേണ്ടത് ഉടൻ പ്രവർത്തിക്കുക. അപ്രകാരം പ്രവർത്തിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ കഴിവ് പ്രശംസനീയമായിരുന്നു. പത്രോസ് പാത്രിയർക്കീസു ബാവായെ മലങ്കരയിലേക്ക് കൊണ്ടുവരികയും മുളന്തുരുത്തി സുന്നഹദോസ് കൂടുകയും, പാത്രിയർക്കീസിന്റെ സാന്നിദ്ധ്യത്തിൽ തന്നെ ഭരണഘടനയ്ക്ക് രൂപംനല്കുകയും ചെയ്തപ്പോൾ, പാത്രിയർക്കീസ് പലതും വ്യാമോഹിച്ചിരുന്നു. നയതന്ത്രശാലിയായ ജോസഫ് മാർ ദീവന്നാസിയോസ് പാത്രിയർക്കീസിൽനിന്ന് അനേകം കിലോമീറ്റർ ദൂരെയാണെന്ന് പാത്രിയർക്കീസ് അന്ന് അറിഞ്ഞില്ല. മലങ്കരസഭയിൽ ആറു മെത്രാന്മാരെ വാഴിച്ച് മലങ്കരസഭയെ ഏഴായി വിഭജിച്ചപ്പോൾ മലങ്കര സഭ തളർന്ന് തന്റെ കൈക്കുമ്പിളിൽ അമർന്നിരിക്കുമെന്ന് പാത്രിയർക്കീസ് കരുതി. പക്ഷേ, ഒന്നും സംഭവിച്ചില്ല. മെത്രാന്മാരുമായി പിണങ്ങാൻ മാർ ദീവന്നാസിയോസ് ആഗ്രഹിച്ചില്ല. വിദേശീയ ഭരണ മേധാവിത്വം ദൂരെയെറിഞ്ഞ് നാട്ടിലെ മെത്രാന്മാരുമായി ഇണങ്ങിച്ചേർന്ന് സഭയെ നയിക്കാനാണ് അദ്ദേഹം ആഗ്രഹിച്ചത്. അതിന്റെ ദൃഷ്ടാന്തമാണ് റോയൽകോടതിവിധി.

റോയൽകോടതി വിധിയിൽ ഇപ്രകാരം പറയുന്നു: 'പാത്രിയർക്കീസിന് മലങ്കരസഭമേൽ അധികാരമില്ലെന്നും മലങ്കരസഭ എന്നും സ്വതന്ത്രമാണെന്നും ഞങ്ങൾ മനസ്സിലാക്കുന്നു.'

പത്രോസ് പാത്രിയർക്കീസു ബാവാ, മലങ്കരസഭയെ മുഴുവൻ കൈവശമാക്കാമെന്ന ഉദ്ദേശത്തോടെത്തന്നെയാണ് മലങ്കരയിലേക്ക് എഴുന്നള്ളിയത്. മാത്രവുമല്ല നല്ലൊരു സംഖ്യയും സമ്മാനങ്ങളും നേടിയെടുക്കാമെന്നും അദ്ദേഹം ചിന്തിച്ചിരുന്നു. പക്ഷേ, ദീവന്നാസിയോസ് അദ്ദേഹത്തെ പിണക്കാതെ അദ്ദേഹത്തിൽനിന്ന് അകലെമാറി നില്ക്കുകയായിരുന്നുവെന്ന് പാത്രിയർക്കീസിന്റെ ഒരു കല്പനയിൽനിന്ന് വ്യക്തമാകുന്നുണ്ട്. ആ കല്പന മെത്രാപ്പോലീത്തായ്ക്ക് അയച്ചുകൊടുത്തില്ല. അസോസിയേഷൻ മാനേജിംഗ് കമ്മറ്റി അംഗങ്ങൾക്കാണ് ആ കല്പന അയച്ചത്. ആ കല്പനയിലെ ചില ഭാഗങ്ങൾ മാത്രം വായനക്കാരുടെ അറിവിനായി

എഴുതുന്നു (ഈ കല്പന സമുദായക്കേസ്സിൽ JN അക്കപ്രമാണമായി കോടതിയിൽ സമർപ്പിച്ചിട്ടുള്ളതാകുന്നു):

## പാത്രിയർക്കീസിന്റെ കല്പന

"..... ദൈവം അവന്റെ (മാർ ദീവന്നാസിയോസ്) ആഗ്രഹപ്രകാരം അവനു ജയം നൽകി. പള്ളികളിൽനിന്ന് പൊൻവെള്ളി സാധനങ്ങളും അവന് സമ്മാനമായി കിട്ടി. വളരെ സമ്മാനങ്ങൾ നമുക്ക് തരാമെന്ന് അവൻ നമ്മെ അറിയിച്ചിരുന്നു. പക്ഷേ, ഒന്നും നമുക്ക് കിട്ടിയില്ല. പൊന്നു കൊണ്ട് കുർബ്ബാന സാമാനങ്ങളും വെള്ളം കുടിക്കുന്നതിന് പൊന്നു കൊണ്ട് ഒരു പാത്രവും ഉണ്ടാക്കിത്തരാമെന്ന് അവൻ പറഞ്ഞിരുന്നു. പക്ഷേ തന്നില്ല. .... പൊന്നുകൊണ്ട് ഒരു അംശവടി ഉണ്ടാക്കിത്തരാമെന്ന് അവൻ പറഞ്ഞിരുന്നു. നാം എഴുതി അയച്ചപ്പോൾ അവൻ മറുപടി അയച്ചു. 'അംശവടി പണിതിട്ടുണ്ട്. അതിന്റെ തലമാത്രം ഇനിയും പണി തീരാനുണ്ട്' എന്ന്. വീണ്ടും നാം എഴുതി. അപ്പോഴും തല തീരാതെ കിടക്കുകയാണെന്ന് അവൻ നമുക്ക് എഴുതി. എല്ലാ പള്ളിക്കാരും ഒരു ഉടമ്പടി പ്രമാണം എഴുതി നമ്മുടെ പേർക്കു അയച്ചുതരാമെന്ന് അവൻ പറഞ്ഞിരുന്നു. പാത്രിയർക്കീസിന്റെ ആത്മീക ലൗകീക കല്പനയ്ക്ക് കീഴ്പ്പെട്ടിരിക്കാമെന്ന് നമ്മുടെ പേരിൽ ഒരു പ്രമാണം അയച്ചുതരുന്ന തിന് നമ്മുടെ മെത്രാപ്പോലീത്താമാരുടെ പേർക്ക് അയച്ച കല്പന പള്ളി കളിൽ വായിച്ചില്ലെന്ന് കേട്ടപ്പോൾ നാം വ്യസനിച്ചു. നമ്മുടെ അധികാരം ലൗകീക കാര്യങ്ങളിൽനിന്ന് എടുത്തുകളയണമെന്ന് ജഡ്ജിമാരെ പഠി പ്പിച്ചത് അവനാണെന്ന് നാം ഉറപ്പായിട്ടു നിശ്ചയിച്ചു. വാത്സല്യമക്കളേ, അവനോടു നാം ഒരു വിരോധവും ചെയ്തിട്ടില്ല. പിന്നെന്തിന് നമ്മുടെ അധികാരത്തെ അവൻ എടുത്തു കളയുന്നു. നാം അവിടെ വന്ന് നിങ്ങൾക്കുവേണ്ടി എത്ര കഷ്ടം സഹിച്ചു. ഇതെല്ലാം ആ മത്തായിക്ക് (മാർ അത്താനാസിയോസ്) ചെയ്തുകൊടുത്തിരുന്നുവെങ്കിൽ ഇവനേ ക്കാൾ അവൻ നന്നാകുമായിരുന്നു. അവന്റെ (അത്താനാസിയോസ്) മുടക്ക് തീർത്തിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു എന്ന് നാം ചിന്തി ക്കുകയാണ്. ഇപ്പോൾ അവൻ (ദീവന്നാസിയോസ്) നാം വാഴിച്ച മെത്രാ ന്മാരുടേയും തന്മൂലം നമ്മുടെ തലയിലും ചവുട്ടിയിരിക്കുന്നു. ഇനി മേലാൽ സുന്നഹദോസിൽ അവന് അധികാരമില്ലെന്ന് നാം കല്പിക്കുന്നു. കൊച്ചി, കൊല്ലം എന്നീ ഇടവകകളിൽ മാത്രമല്ലാതെ മറ്റൊരിടത്തും പ്രവേ ശിപ്പാൻ അവന് അധികാരമില്ല."

ഈ കല്പന, മാർ ദീവന്നാസിയോസിന്റെ സ്ഥാനത്തെ അല്പം പോലും സ്പർശിച്ചില്ല. ഒരു മെത്രാനും ഒരു മല്പാനും അദ്ദേഹത്തിന് എതിരായി നിന്നതുമില്ല. അദ്ദേഹത്തിന് അന്ന് സഭയിലുണ്ടായിരുന്ന അത്യുന്നത പദവിയും, അധികാരവും, എപ്പോഴും പുഞ്ചിരിക്കുന്ന മുഖവും

സ്നേഹമസൃണമായ അദ്ദേഹത്തിന്റെ പെരുമാറ്റവും ഭക്തിജീവിതവുമാണ് അപ്രകാരം എതിർപ്പുകൾ ഉണ്ടാകാതിരിക്കാനുള്ള കാരണം.

**പിൻഗാമി**

മാർ ദീവന്നാസിയോസിനുശേഷം മലങ്കരസഭയുടെ ഭരണസംവിധാനം എങ്ങനെയായിരിക്കണമെന്നും അദ്ദേഹത്തിന്റെ പിൻഗാമിയായി ആരെ തെരഞ്ഞെടുക്കണമെന്നും ആലോചിക്കുന്നതിനായി 1083 കുംഭം 15-ാം തീയതി കോട്ടയം പഴയസെമിനാരിയിൽ അസോസ്യേഷൻ യോഗം ചേർന്നു. വട്ടശ്ശേരിയിൽ ഗീവർഗീസ് റമ്പാനേയും കൊച്ചുപറമ്പിൽ പൗലൂസ് റമ്പാനേയും മേല്പട്ടസ്ഥാനത്തേയ്ക്ക് ആ യോഗം തെരഞ്ഞെടുത്തു. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസിന് പ്രായാധിക്യം മൂലം സഭാഭരണം നടത്തിക്കൊണ്ടുപോകാൻ പ്രയാസം അനുഭവപ്പെടുന്നതുകൊണ്ട് ഗീവർഗീസ് റമ്പാൻ, എത്രയുംവേഗം മെത്രാൻ സ്ഥാനം സ്വീകരിച്ച് മാർ ദീവന്നാസിയോസിന്റെ അസിസ്റ്റന്റും പിൻഗാമിയുമായി ഭരണമേല്ക്കണമെന്നും യോഗം തീരുമാനിക്കുകയുണ്ടായി.

പുതിയതായി തെരഞ്ഞെടുക്കപ്പെട്ട റമ്പാന്മാർക്ക് മെത്രാൻസ്ഥാനം നൽകേണ്ടത് ആരായിരിക്കണമെന്ന് മാർ ദീവന്നാസിയോസ് ചിന്തിക്കാതിരുന്നില്ല. മലങ്കരയിലുള്ള മെത്രാന്മാരും മാർ ദീവന്നാസിയോസും ചേർന്ന് അവരെ മെത്രാന്മാരായി വാഴിക്കാമായിരുന്നു. പക്ഷേ, മാർ അത്താനാസിയോസ് തന്ത്രപൂർവ്വം ഉണ്ടാക്കിയ പാരമ്പര്യം പാത്രിയർക്കീസിന്റെ സ്ഥാത്തിക്കോൻ ലഭിക്കുന്ന ആൾ ആയിരിക്കണം മലങ്കര മെത്രാപ്പോലീത്താ എന്ന രാജകീയ വിളംബരം, പ്രാബല്യത്തിൽ ഇല്ലെങ്കിലും അത് വലിയൊരു പ്രശ്നം തന്നെയായിരുന്നു. ഇനിയും കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കരുതെന്ന് കരുതി, പാത്രിയർക്കീസിൽ നിന്നുതന്നെ അവർ മെത്രാൻ സ്ഥാനം സ്വീകരിക്കട്ടെ എന്നായിരുന്നു അവസാന തീരുമാനം.

പാത്രിയർക്കാ സിംഹാസനത്തിൽ ആരൂഢനായിരുന്ന അബ്ദേദ് മശിഹാ പാത്രിയർക്കീസിന്റെ ഫർമാൻ (ഗവണ്മെന്റ് അംഗീകരണം) തുർക്കി ഗവണ്മെന്റ് റദ്ദാക്കിയിരുന്ന കാലഘട്ടമായിരുന്നു അന്ന്. മാർ ഗ്രീഗോറിയോസ് മെത്രാൻ (അബ്ദുള്ളാ) തുർക്കി ഗവണ്മെന്റിന് കൈക്കൂലി കൊടുത്താണ് അബ്ദേദ് മിശിഹാ പാത്രിയർക്കീസിന്റെ ഫർമാൻ റദ്ദാക്കിച്ചത് എന്ന് പറയപ്പെടുന്നു. അബ്ദേദ് മിശിഹാ ബാവായ്ക്ക് തുർക്കി ഗവണ്മെന്റ് നൽകിയ ഫർമാൻ റദ്ദാക്കപ്പെട്ടപ്പോൾ മാർ ഗ്രീഗോറിയോസ്, പാത്രിയർക്കാ സ്ഥാനം കൈവശമാക്കി. ഗവണ്മെന്റ് അദ്ദേഹത്തിന് ഫർമാൻ നൽകുകയും ചെയ്തു. തന്നോടുകൂടി സഹവസിക്കുകയും അസിസ്റ്റന്റായി പ്രവർത്തിക്കുകയും ചെയ്തുകൊണ്ടിരുന്ന മാർ ഗ്രീഗോറിയോസ് (അബ്ദുള്ളാ) തന്നോട് ഇത്രയും കൊടുംവഞ്ചന

ചെയ്യുമെന്ന് അബ്ദേദ് മിശിഹാ ബാവാ ചിന്തിച്ചിരുന്നില്ല. അദ്ദേഹത്തിന് ലോകം നൽകിയ ഫർമാൻ നഷ്ടപ്പെട്ടാലും ദൈവം നൽകിയ ഫർമാൻ ഒരിക്കലും ആർക്കും കവർന്നെടുക്കാൻ സാദ്ധ്യമല്ലെന്ന് അദ്ദേഹം വിശ്വസിച്ചാശ്വസിച്ചു.

ഫർമാൻ ലഭിച്ചിട്ടുള്ള പാത്രിയർക്കീസിൽ നിന്നാണ്, അന്നത്തെ പരിതഃസ്ഥിതിയിൽ, നമ്മുടെ റമ്പാന്മാർക്ക് മെത്രാൻസ്ഥാനം ലഭിക്കേണ്ടിയിരുന്നത്. മലങ്കരസഭ നാഥനില്ലാതാകരുതെന്ന് കരുതി ഗീവർഗീസ് റമ്പാനേയും പൗലൂസ് റമ്പാനേയും മെത്രാൻ സ്ഥാനാർത്ഥികളായി യറുശലേമിലേക്ക് അയച്ചു. മലങ്കരയിൽനിന്ന് തന്റെ മുമ്പാകെ ഹാജരായ റമ്പാന്മാരെ അബ്ദുള്ളാ പാത്രിയർക്കീസ് സസന്തോഷം സ്വീകരിക്കുകയും അവരെ മെത്രാന്മാരാക്കി വാഴിക്കുകയും ചെയ്തു.

പുലിക്കോട്ടിൽ ഒന്നാമത്തെ തിരുമേനിക്കും തുടർന്ന് മറ്റു മലങ്കര മെത്രാപ്പോലീത്താമാർക്കും നൽകപ്പെട്ടിരുന്ന “ദീവന്നാസിയോസ്” എന്ന സ്ഥാനപ്പേര് തന്നെയാണ് ഗീവർഗീസ്സ് റമ്പാനെ മെത്രാനായി വാഴിക്കുമ്പോൾ പാത്രിയർക്കീസു നൽകിയത്. മലങ്കരസഭയുടെ തീരുമാനത്തെ പാത്രിയർക്കീസിന് നിഷേധിക്കാനായില്ല എന്ന് “ദീവന്നാസിയോസ്” എന്ന സ്ഥാനപ്പേര് നൽകിയതിൽനിന്നും മനസ്സിലാക്കാം (മലങ്കരമെത്രാപ്പോലീത്തായുടെ സ്ഥാനനാമം ദീവന്നാസിയോസ് എന്ന് ആയിരിക്കണമെന്ന് അന്നത്തെ സുന്നഹദോസ് നിശ്ചയിച്ചിരുന്നു എന്നാണ് അറിവ്).

പുതിയ മെത്രാന്മാരോട് ഉടമ്പടി എഴുതികൊടുക്കണമെന്ന് പാത്രിയർക്കീസ് ആവശ്യപ്പെട്ടു എങ്കിലും ബുദ്ധിമാനായ വട്ടശേരിൽ തിരുമേനി, ഉടമ്പടി എഴുതുന്നതിൽനിന്ന് തന്ത്രപൂർവ്വം രക്ഷപ്പെടുകയാണുണ്ടായത്.

ഈ കാലഘട്ടത്തിൽ തന്നെ, വളരെക്കാലം മലങ്കരയിൽ ഒരു സന്യാസിപോലെ താമസിച്ചിരുന്ന ശീമക്കാരൻ സ്ലീബാ ശെമ്മാശനെ ഒസ്താത്തിയോസ് എന്ന നാമധേയത്തിൽ മെത്രാപ്പോലീത്തായായി പാത്രിയർക്കീസ് വാഴിക്കുകയുണ്ടായി.[17] അദ്ദേഹം മലങ്കരയിലേക്ക് തിരിച്ചുവരികയും ചെയ്തു.

ജോസഫ് മാർ ദീവന്നാസിയോസിനു ശേഷം, മലങ്കരസഭ ഭരിക്കുന്നത് മാർ ഒസ്താത്തിയോസ് ആയിരിക്കുമെന്ന് ഒരു കിംവദന്തി നാട്ടിലെങ്ങും പരന്നു. മാർ ഒസ്താത്തിയോസ് തന്നെ പ്രസ്താവിച്ചതാണത്രെ ഈ കിംവദന്തിക്ക് കാരണം. ഏതായാലും ആ വാർത്ത ജോസഫ് മാർ ദീവന്നാസിയോസിനെ വിഷമിപ്പിച്ചു. ചേപ്പാട് മാർ ദീവന്നാസിയോസ് ഭരണം നടത്തിക്കൊണ്ടിരിക്കുമ്പോൾ മാത്യൂസ് മാർ അത്താനാസിയോസിനും, അവർ രണ്ടുപേരും തമ്മിൽ മലങ്കരയിൽ അധികാര വടംവലി നടന്നുകൊണ്ടിരിക്കെ യൂയാക്കീം മാർ കൂറിലോസിനും, മലങ്കരസഭ

ഭരിക്കാൻ സ്ഥാത്തിക്കോൻ കൊടുക്കാൻ മടിക്കാത്ത പാത്രിയർക്കീസ്, മാർ ഒസ്താത്തിയോസിനും സ്ഥാത്തിക്കോൻ കൊടുക്കുന്നതിന് മടിക്കുകയില്ല എന്ന് പലരും പ്രസ്താവിച്ചു.

വയോവൃദ്ധനും രോഗബാധിതനുമായ മാർ ദീവന്നാസിയോസിന് മറ്റൊരു വാർത്തയും കേൾക്കാൻ കഴിഞ്ഞു. "മലങ്കരസഭ ക്ഷണിക്കാതെ തന്നെ അബ്ദുള്ളാ പാത്രിയർക്കീസ് മലങ്കര സന്ദർശിക്കുന്നു." കോട്ടയം ചെറിയപള്ളിയിലായിരുന്നു തിരുമേനി താമസിച്ചിരുന്നത്. വാതസംബന്ധമായ ചികിത്സയ്ക്ക് വേണ്ടിയാണ് അദ്ദേഹം അവിടെ താമസിച്ചിരുന്നത്.

അബ്ദുള്ളാ പാത്രിയർക്കീസിനെ അദ്ദേഹം മെത്രാനായിരിക്കുമ്പോൾ തന്നെ മാർ ദീവന്നാസിയോസിന് പരിചയമായിരുന്നു. അദ്ദേഹത്തിന്റെ കപടതയും തന്ത്രങ്ങളും ദുർവ്വാശിയുമൊക്കെ മാർ ദീവന്നാസിയോസിന് നല്ലവണ്ണം അറിയാം. മാർ അബ്ദുള്ളാ പാത്രിയർക്കീസ് മലങ്കരയിൽ വന്നാൽ മലങ്കരസഭ പിളർക്കുമെന്നുതന്നെ തിരുമേനി വിശ്വസിച്ചു. അധികാരവും പണവും മാത്രം പ്രതീക്ഷിച്ചുകൊണ്ടാണ് പാത്രിയർക്കീസുമാർ മലങ്കരയിലേക്ക് ദൃഷ്ടി പതിപ്പിച്ചുകൊണ്ടിരിക്കുന്നതെന്ന് മുൻ പാത്രിയർക്കീസുമാരുടെ കല്പനകളും പെരുമാറ്റങ്ങളും തെളിയിക്കുന്നുണ്ട്.

**അന്ത്യദശ**

ജോസഫ് മാർ ദീവന്നാസിയോസിന്റെ വാർദ്ധക്യസഹജമായ ക്ഷീണം വർദ്ധിച്ചുകൊണ്ടിരുന്നു. പുതിയ രണ്ട് മെത്രാന്മാരെ, വട്ടശേരിൽ ഗീവർഗ്ഗീസ് മാർ ദീവന്നാസിയോസ്, കൊച്ചുപറമ്പിൽ പൗലൂസ് മാർ കൂറിലോസ് എന്നിവരെ തിരുമേനി ചെറിയപള്ളിയിലേക്ക് വിളിച്ചുവരുത്തി. അന്ന്, കോട്ടയം ചെറിയപള്ളിയിൽ സ്ലീബാ മാർ ഒസ്താത്തിയോസും ഉണ്ടായിരുന്നു. പുതിയ കൊച്ചുമെത്രാന്മാരോട് കല്പിക്കാനുണ്ടായിരുന്ന അന്ത്യസന്ദേശം മാർ ഒസ്താത്തിയോസ് കേൾക്കുന്നത് അപകടകരമാണെന്ന് മനസ്സിലാക്കിയ ജോസഫ് മാർ ദീവന്നാസിയോസ്, ഒസ്താത്തിയോസിനെ പാണമ്പടി പള്ളിയിലേക്ക് പറഞ്ഞയച്ചു. മലങ്കരയിൽ പാത്രിയർക്കീസിന്റെ ഒരു ചാരൻ എന്ന നിലയിലാണ് മാർ ഒസ്താത്തിയോസ് പ്രവർത്തിക്കുന്നതെന്നായിരുന്നു ജനസംസാരം.

**അന്ത്യസന്ദേശം**

ഗീവർഗ്ഗീസ് മാർ ദീവന്നാസിയോസിനേയും പൗലൂസ് മാർ കൂറിലോസിനേയും തന്റെ കട്ടിലിനരികിലേക്ക് വിളിച്ചുനിർത്തി മന്ദസ്വരത്തിൽ ജോസഫ് മാർ ദീവന്നാസിയോസ് കല്പിച്ചു:

“അബ്ദുള്ളാ പാത്രിയർക്കീസ് മലങ്കരയിലേക്ക് പുറപ്പെട്ടതായി അറിയുന്നു. അദ്ദേഹത്തെ എനിക്ക് നല്ലവണ്ണമറിയാം. അദ്ദേഹം നമ്മുടെ സഭയെ പിളർക്കും. അതിനാൽ നിങ്ങൾ ഇരുവരും ഐകമത്യത്തോടെ സഭയെ ഭരിക്കണം. ഐകമത്യം ഇല്ലാതായാൽ അപകടമാണെന്ന് ഓർക്കുക. പാത്രിയർക്കീസിനെ നിഷേധിക്കണമെന്ന് ഞാൻ പറയുകയില്ല. എന്നാൽ മലങ്കരസഭയെ അദ്ദേഹത്തിന് നിങ്ങൾ വില്ക്കരുത്. എന്തു വിഷമങ്ങൾ വന്നാലും അതിനെ തരണം ചെയ്യാൻ നിങ്ങളുടെ ഐകമത്യവും പ്രാർത്ഥനയുമാണ് ആവശ്യം.”

“വലിയതിരുമേനി വിഷമിക്കരുത്. ഏത് പ്രതികൂല സാഹചര്യങ്ങളേയും തരണം ചെയ്യാൻ പ്രാർത്ഥനയോടും ഐകമത്യത്തോടുംകൂടി ഞങ്ങൾ പ്രവർത്തിക്കും.” രണ്ടു കൊച്ചു മെത്രാന്മാരുടേയും പ്രതിജ്ഞ കേട്ടപ്പോൾ വലിയതിരുമേനിയുടെ മുഖം ശോഭിതമായി. സംതൃപ്തി കൊണ്ട് ആ കണ്ണുകൾ നിറഞ്ഞു. തിരുമേനി കൊച്ചു മെത്രാന്മാരെ ആലിംഗനം ചെയ്തു. കൊച്ചു മെത്രാന്മാർ തിരുമേനിയേയും.

തിരുമേനി ഓരോദിവസം ചെല്ലുന്തോറും കൂടുതൽ ക്ഷീണിതനായിക്കൊണ്ടിരുന്നു. മെത്രാപ്പോലീത്താമാർ അദ്ദേഹത്തിന് തൈലാഭിഷേകം നടത്തി. തൈലാഭിഷേക കൂദാശ നടത്തുമ്പോൾ കൂദാശാക്രമത്തിലെ ഗീതങ്ങൾ തിരുമേനിയും പാടിക്കൊണ്ടിരുന്നു. തിരുമേനിയുടെ മുഖം അപ്പോഴും പ്രസന്നമായിരുന്നു. അബ്ദുള്ളാ പാത്രിയർക്കീസ് മലങ്കരയിലേക്കു വരുന്നു എന്നത് മാത്രമാണ് തിരുമേനിയെ വിഷമിപ്പിച്ചുകൊണ്ടിരുന്ന ഏക പ്രശ്നം. അദ്ദേഹം വന്നാൽ സഭയുടെ ഭാവി എന്തായിരിക്കും. പത്രോസ് പാത്രിയർക്കീസ് തന്നെ ഒരിക്കൽ മുടക്കിയിട്ടുള്ള ആളാണ് അബ്ദുള്ളാ. മുടക്കുകല്പനയിൽ ഇപ്രകാരം പറയുന്നു: ‘പ്രവൃത്തിയിൽ നിന്നും പരിശുദ്ധാത്മാവിനടുത്തവരിൽനിന്നും വേർപിരിഞ്ഞവനായ അബ്ദുള്ളായെക്കുറിച്ച് സത്യമുള്ള നിങ്ങളുടെ സ്നേഹത്തോട് അറിയിക്കുന്നത്. മൂന്ന് സംവത്സരമായി എന്നോടുകൂടെ അവൻ സഞ്ചരിച്ചു. അവനെ നാം നല്ലവണ്ണം ശോധന ചെയ്തു. അവൻ നിഗളിയും ദ്രവ്യാഗ്രഹിയുമാകുന്നു. അവൻ അബ്ശലോമിനെപോലെയാകുന്നു. നാം കൊടുത്തയച്ച മൂറോൻ അവൻ വിറ്റ് പണം സമ്പാദിച്ചു.’

ഈ അബ്ദുള്ളാ, നിയമാനുസരണമായ മാർഗ്ഗങ്ങളിൽ കൂടിയല്ലാതെ പാത്രിയർക്കീസ് സ്ഥാനത്ത് കയറിയിരുന്നവനാണ്. ഈ പാത്രിയർക്കീസ് മലങ്കരസഭയെ എത്രമാത്രം വേദനിപ്പിക്കും എന്നതായിരുന്നു മാർ ദീവന്നാസിയോസിനെ വേദനിപ്പിച്ചത്.

സഭയുടെ ഭാവി, തന്റെ പിൻഗാമി വട്ടശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസിന്റെ കൈകളിൽ സുരക്ഷിതമായിരിക്കുമെന്ന് തിരുമേനി ദൃഢമായി വിശ്വസിച്ചു.

മെത്രാപ്പോലീത്താമാരും പട്ടക്കാരും ശെമ്മാശന്മാരും കട്ടിലിന്നരികിൽ സുറിയാനി ഗീതങ്ങൾ പാടിക്കൊണ്ടിരുന്നപ്പോൾ 1084 മിഥുനം 28–ന് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ തന്റെ എഴുപത്താറാമത്തെ വയസ്സിൽ കാലം ചെയ്തു.

തന്റെ പൂർവ്വികനായ, പഴയസെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് തിരുമേനിയുടെ കബറിന്നരികെ പഴയ സെമിനാരി ചാപ്പലിൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായെ കബറടക്കി.

അന്നത്തെ സാഹചര്യങ്ങളനുസരിച്ച് കഴിവിന്റെ പരമാവധി സഭയ്ക്കുവേണ്ടി ജോസഫ് മാർ ദീവന്നാസിയോസ് അശ്രാന്തം പരിശ്രമിച്ചു എന്നതിന് യാതൊരു സംശയവുമില്ല. വളരെ ആത്മാർത്ഥതയോടും വൈദഗ്ധ്യത്തോടും കൂടി അദ്ദേഹം സഭാനൗകയെ നയിച്ച് കരയിലെത്തിച്ചു. സഭയുടെ സ്വാതന്ത്ര്യത്തേയും സ്തുതിചൊവ്വാകപ്പെട്ട സത്യവിശ്വാസത്തേയും ഹനിച്ച മാർ അത്താനാസിയോസിനെ പുറംതള്ളാൻ പാത്രിയർക്കീസിന്റെ സാന്നിദ്ധ്യം ആവശ്യമായി വന്നെങ്കിലും, തന്റെ ജനത്തെ വിശ്വാസവിപരീതത്തിൽനിന്ന് ഉദ്ധരിച്ച് സ്വതന്ത്ര പന്ഥാവിൽകൂടി പ്രയാണം ചെയ്വാൻ തന്റെ പിൻഗാമികളെ ഒരുക്കിനിർത്തുന്നതിന് അദ്ദേഹത്തിന് സാധിച്ചു എന്നത് സഭാചരിത്രത്തിൽ മറയാത്ത ഒരു നാഴികക്കല്ലായി പ്രശോഭിക്കുന്നു.

പ്രവർത്തിക്കേണ്ട സന്ദർഭങ്ങളിൽ പ്രവർത്തിക്കേണ്ടതുപോലെ ഉടനെ ബുദ്ധിപൂർവ്വം അദ്ദേഹം പ്രവർത്തിച്ചു എന്നതാണ് ആ നേട്ടം കൈവരിക്കാൻ സാദ്ധ്യമാക്കിത്തീർത്തത്.

സഭാചരിത്ര പണ്ഡിതനായ ഇസ്സഡ്. എം. പാറേട്ട്, പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസിനെക്കുറിച്ച് പ്രസ്താവിച്ചിട്ടുള്ളത് ഇപ്രകാരമാണ്:

“വശ്യവചിസ്സായ പുഞ്ചിരികൊണ്ട് വിജയിക്കാൻ കഴിവുള്ള കോമളകളേബരനായ ഒരു നയതന്ത്രജ്ഞനായിരുന്നു ഭാഗ്യവാനായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ. ... ഈ വിധം ബഹുമുഖങ്ങളായ പ്രവർത്തനങ്ങൾ നടത്തി, എല്ലാ പ്രവർത്തനത്തിലും വിജയം കണ്ടെത്തിയ മറ്റൊരു മെത്രാൻ നസ്രാണികൾക്ക് ഇതുവരെയുണ്ടായിട്ടില്ല. ഇനി ഉണ്ടാകുമെന്നും തോന്നുന്നില്ല.”

ചരിത്രത്തിൽ മൂന്നു നാഴിക കല്ലുകളായി പ്രശോഭിക്കുന്ന മൂന്നു ദീവന്നാസിയോസ് തിരുമേനിമാർ പഴയസെമിനാരി ചാപ്പലിൽ കബറടങ്ങിയിരിക്കുന്നു. പുലിക്കോട്ടിൽ ഒന്നാമത്തെ തിരുമേനി ജോസഫ് മാർ ദീവ

ന്നാസിയോസ്, പുലിക്കോട്ടിൽ രണ്ടാമത്തെ തിരുമേനി ജോസഫ് മാർ ദീവന്നാസിയോസ്, വട്ടശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ്. തിരുമേനിമാരുടെ പ്രാർത്ഥന നമുക്കു കോട്ടയായിരിക്കട്ടെ.

## Reference from


1. മലങ്കര നസ്രാണികൾ, ഇസ്സഡ്. എം. പാറേട്ട്.
2. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ്, എം. പി. വർക്കി.
3. പാലയൂർപള്ളി ചരിത്രം, എം. കുറിയാക്കോസ് തലക്കോട്ടുകര.
4. ആർത്താറ്റുപള്ളി ചരിത്രം, പി. സി. കുഞ്ഞാത്തു.


## കുറിപ്പുകൾ

1. പുലിക്കോട്ടിൽ ജോസഫ് കത്തനാര്ഴ്സ് പ്രസ് എന്ന് ഇതിന് പേരിട്ടു. ഭാരതത്തിൽ ആദ്യം സുറിയാനി അച്ചടിച്ചത് ഈ പ്രസിലാണ്.
2. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമന്റെ ശിഷ്യൻ. ചേപ്പാട്ട് മാർ ദീവന്നാസ്യോസിൽ നിന്ന് മെത്രാൻസ്ഥാനം പ്രാപിച്ച കൂത്തൂർ മാർ കൂറിലോസ്.
3. യൂയാക്കീം കൂറിലോസ് ആ സമയത്ത് ചാലിശ്ശേരിയിൽ അല്ലായിരുന്നു. സഹോദരന്റെ വിവാഹം പ്രമാണിച്ച് തിരുവല്ലായിൽ ആയിരുന്നു.
4. ഈ സംഭവമാണ് തൊഴിയൂരിലെ ക്രിമിനൽ-സിവിൽ വ്യവഹാരങ്ങൾക്ക് കാരണമായത്.
5. കാട്ടുമങ്ങാട്ട് അബ്രഹാം എന്നത് ഒരു സാങ്കല്പിക പേർ മാത്രം. കുരിയൻ എന്നാണ് ശരിയായ പേർ.
6. ഇങ്ങനെ പ്രതിപുരുഷയോഗം കൂടിയതായി മറ്റ് പുസ്തകങ്ങളിൽ പ്രസ്താവമില്ല.
7. മാർ ദീവന്നാസ്യോസ് പരാതിപ്പെട്ടത് കൂറിലോസിന്റെ മെത്രാൻ സ്ഥാനാവകാശവാദം വ്യാജമാണെന്നായിരുന്നു. ഇത് കോടതി അംഗീകരിച്ചു. നിയമനപത്രമോ സാക്ഷികളോ ഇല്ല എന്നതാണ് കാരണം. റമ്പാന്റെ നിലയിൽ പ്രവർത്തിക്കാൻ കോടതി അനുവദിച്ചു.
8. നെസ്തോറിനെ മുടക്കിയത് നിഖ്യാ സുന്നഹദോസ് അല്ല. 431-ൽ ചേർന്ന എഫേസൂസ് സുന്നഹദോസ് ആണ്.
9. ഇടവകപത്രിക പിന്നീട് കോട്ടയത്ത് നിന്നാണ് ആരംഭിച്ചത്.

10. ചാത്തുരുത്തി ഗീവറുഗീസ് കോറിയെ പുലിക്കോട്ടിൽ തിരുമേനി നേരത്തെ റമ്പാൻ സ്ഥാനം നൽകി വെട്ടിക്കൽ ദയറാ സ്ഥാപിച്ച് അതിലേക്ക് നിയോഗിച്ചിരുന്നു.

11. പരുമലയോഗത്തിന്റെ തീരുമാനങ്ങൾ *കണ്ടനാട് ഗ്രന്ഥവരി*യിൽ കാണുക, പു. 189–200.

12. മുൻ വിളംബരം റദ്ദാക്കുക മാത്രമേ പുതിയ വിളംബരത്തിൽ ചെയ്തിട്ടുള്ളു.

13. ഇരുനൂറ്റിഅമ്പതിലേറെ വിദ്യാലയങ്ങൾ പുലിക്കോട്ടിൽ തിരുമേനി സ്ഥാപിച്ചതായി തന്റെ സഭാചരിത്രത്തിൽ ഇ. എം. ഫിലിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.

14. മാർ ദീവന്നാസ്യോസിനെ മലങ്കര മെത്രാപ്പോലീത്താ ആയി അംഗീകരിക്കണമെന്ന് വിളംബരത്തിലില്ല.

15. മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച പാലൂർ പള്ളിയാണ് പില്ക്കാലത്ത് ചാട്ടുകുളങ്ങര പള്ളി എന്ന് അറിയപ്പെട്ട ആർത്താറ്റ് പള്ളി.

16. മഹാജനസഭ. അത് സർവ്വമത സമ്മേളനമായിരുന്നില്ല.

17. സ്ലീബാ ശെമ്മാശനെ മെത്രാനായി വാഴിച്ച ശേഷമാണ് മലങ്കരയിലെ മെത്രാൻസ്ഥാനാർത്ഥികളെ വാഴിച്ചത്.

# പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ്: രണ്ടാമൻ (എം.ഡി. സെമിനാരി സ്ഥാപകൻ)

ഡോ. സാമുവൽ ചന്ദനപ്പള്ളി

## ഉപോദ്ഘാതം

പ്രാചീന ക്രൈസ്തവകേന്ദ്രമായ കുന്നംകുളത്തെ പുലിക്കോട്ടിൽ തറവാട്ടിൽ 1008 വൃശ്ചികം 24-നാണ് (1833 നവംബർ 12) ജോസഫ് മാർ ദീവന്നാസ്യോസ് ഭൂജാതനായത്. താരു കുര്യനായിരുന്നു പിതാവ് (പഴയ സെമിനാരി സ്ഥാപകനായ മാർ ദീവന്നാസ്യോസിന്റെ അനുജന്റെ പുത്രനാണ് ഇദ്ദേഹം). മാതാവ്, പെങ്ങാമുക്ക് കുത്തൂരു ഗീവറുഗീസ് കത്തനാരുടെ സഹോദരപുത്രി താണ്ടമ്മയും. ജോസഫ് എന്നായിരുന്നു മാമ്മോദീസാ വേളയിലിട്ട പേര്. പിതൃ-മാതൃവഴിയിൽ, ക്രൈസ്തവാന്തരീക്ഷത്തിൽ വളരാൻ ജോസഫിനു ബാല്യംമുതലേ സാധിച്ചു. പ്രാർത്ഥനയും, പാട്ടും, ഉപവാസവും, ഉപവിയും ജീവിതചര്യയായി സ്വീകരിച്ചിരുന്നവരായിരുന്നു ഇരുകുടുംബങ്ങളും.

## വൈദികവൃത്തിയിലേക്ക്

അഞ്ചുവയസ്സായപ്പോൾ ജോസഫിനെ എഴുത്തിനിരുത്തി. നാട്ടുനടപ്പനുസരിച്ചുള്ള വിദ്യാഭ്യാസം പത്തുവയസ്സു വരെ തുടർന്നു. സാമാന്യം സമർത്ഥനായ വിദ്യാർത്ഥിയായിരുന്നു ജോസഫ്. സുറിയാനി ഭാഷാപഠനവും ഇക്കാലത്ത് നടത്തി. ഗുരുസ്ഥാനീയനായിത്തീർന്നത് കുടുംബാംഗമായ ജോസഫ് കത്തനാരായിരുന്നു. ബാലനിൽ വിളങ്ങിയിരുന്ന ആത്മീയ ചൈതന്യത്തിന്റെ ആദ്യാങ്കുരങ്ങൾ അദ്ദേഹം കണ്ടെത്തിയിരുന്നു. സഭയുടെ ഭാവിനേതാവിനെ ബാലനിൽ ദർശിച്ചു. ആ വഴി സഞ്ചരിക്കുവാൻ സർവ്വഥാ യോഗ്യനെന്നു കണ്ടു. വൈദികവൃത്തിയിലേക്കു തിരിച്ചുവിടാൻ തീരുമാനിച്ചു. ഈ സദ്വാർത്ത അറിഞ്ഞ കുന്നംകുളം ആർത്താറ്റ് പള്ളിക്കാർ അതിനെ സഹർഷം സ്വാഗതം ചെയ്തു.

ജോസഫിനു 1021 കന്നി 23-നു (1845 ഒക്ടോബർ 5) കോറൂയോ പട്ടം നല്കിയത് മലങ്കരമെത്രാപ്പോലീത്താ ചേപ്പാട് മാർ ദീവന്നാസ്യോസായിരുന്നു. കോതമംഗലം ചെറിയപള്ളി ആ ധന്യശുശ്രൂഷയ്ക്ക് സാക്ഷ്യം വഹിച്ചു. കുന്നംകുളത്ത് തിരിച്ചെത്തിയ കോറൂയോ വൈദികാഭ്യസനം തുടർന്നു. വഴികാട്ടി ജോസഫ് കത്തനാർ തന്നെ. അക്കാലത്ത് മലങ്കരയിലെത്തിയ വൈദേശികനായ മാർ അത്താനാസ്യോസ് സ്തേഫാനോ

സിൽ നിന്ന്, 1024–ൽ ജോസഫ് കോറൂയോ, പൂർണ്ണശെമ്മാശപട്ടം സ്വീകരിച്ചു. തുടർന്ന് ശീമക്കാരനായ ശിമയോൻ റമ്പാന്റെ ശിഷ്യനായി. സുറിയാനിയിൽ ഉപരിപഠനം നടത്തി. ഒരു വർഷക്കാലം അങ്ങനെ കഴിഞ്ഞു. വേദാഭ്യസനം ഏറെക്കുറെ പൂർത്തിയാക്കിയ ശെമ്മാശൻ വൈദികപട്ടത്തിനുവേണ്ട പരിശീലനത്തിൽ മുഴുകി.

ചാലശേരി പള്ളിയിൽവച്ച് യൂയാക്കീം മാർ കൂറിലോസ് മെത്രാൻ ജോസഫ് ശെമ്മാശനെ വൈദികപദവിയിലേക്കുയർത്തി. 1028 ചിങ്ങം ആറിന് (1852 ആഗസ്റ്റ് 18) കുന്നംകുളങ്ങര ചെറളയത്തു പള്ളിയിൽ നവപൂജാർപ്പണവും നടത്തി.

അന്ന് മലങ്കരസഭയിൽ ആഭ്യന്തരവും ബാഹ്യവും ആയ അസ്വസ്ഥതകൾ അലയടിച്ചുയർന്നുകൊണ്ടിരുന്നു. പാലക്കുന്നത്ത് അബ്രഹാം മല്പാന്റെ അനന്തിരവൻ മാത്യൂസ് ശെമ്മാശൻ അന്ത്യോഖ്യയിൽ പോയി, മാത്യൂസ് മാർ അത്താനാസ്യോസ് എന്ന പേരിൽ മെത്രാനായി തിരിച്ചെത്തി. മലങ്കരയിലെ പള്ളികൾ സന്ദർശിച്ച അദ്ദേഹം നവീകരണോപദേശങ്ങൾ പ്രചരിപ്പിച്ചു. താമസിയാതെ രാഷ്ട്രീയസ്വാധീനത്തോടെ 'മലങ്കര മെത്രാപ്പോലീത്താ' സ്ഥാനം നേടിയെടുക്കുകയും ചെയ്തു. "സഭയ്ക്കുള്ളിൽ നിന്നു എതിർക്കുന്ന നവീകരണവാദക്കാരോടും 'അന്ധവിശ്വാസങ്ങൾ' നീക്കി സഭയെ ശുദ്ധീകരിക്കാൻ വെമ്പിക്കൊണ്ടിരുന്ന സി.എം.എസ്. മിഷനറിമാരോടും പോരാടി ചേപ്പാട്ട് മാർ ദീവന്നാസ്യോസ് ക്ഷീണിച്ചു. ..... മലങ്കരയിലെ കാര്യങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കുന്നതിന് പാത്രിയർക്കീസ് ഇവിടേക്കയച്ച യൂയാക്കീം കൂറിലോസ് എന്ന പരദേശി മെത്രാൻ ഈ ഘട്ടത്തിൽ വന്നുചേർന്നു. ഇഷ്ടാനുസരണം പാത്രിയർക്കീസിന്റെ കല്പനകൾ സൃഷ്ടിക്കാൻ ഒപ്പിട്ട വെള്ളക്കടലാസുകൾ കൂറിലോസ് കൊണ്ടുവന്നിരുന്നുവെന്നും ചരിത്രകാരന്മാർ പറയുന്നുണ്ട്. മലങ്കരമെത്രാനായി പാത്രിയർക്കീസ് നേരിട്ടു നിയമിക്കുന്നതായുള്ള രേഖയോടുകൂടെ അംഗീകാരത്തിനായി, കൂറിലോസ് അധികൃതസമക്ഷം അപേക്ഷ ബോധിപ്പിച്ചു. രാജകീയ വിളംബരം അനുസരിച്ചു അധികാരം നടത്തിവന്ന ചേപ്പാട്ടു മാർ ദീവന്നാസ്യോസ് തുടർച്ചയായി നടന്നുകൊണ്ടിരുന്ന അങ്കംമൂലം ക്ഷീണിതനായി. അനാരോഗ്യം മൂലം സ്ഥാനം ഒഴിയുന്നു, പാത്രിയർക്കീസ് നിയോഗിച്ചിട്ടുള്ള യൂയാക്കീം കൂറിലോസിനെ മെത്രാനായി അംഗീകരിച്ചു വിളംബരം ഉണ്ടാവണം എന്ന് അദ്ദേഹം കൂറിലോസിനെ അനുകൂലിച്ച് അധികൃതരോട് അപേക്ഷിച്ചു. പാത്രിയർക്കീസിൽ നിന്നു നേരിട്ടു സ്ഥാനം ലഭിച്ചിട്ടുള്ള തന്നെ അംഗീകരിക്കണമെന്നു പല വർഷങ്ങളായി മാർ മാത്യൂസ് അത്താനാസ്യോസ് പിന്നെയും പിന്നെയും അപേക്ഷകൾ അയച്ചുകൊണ്ട് ഇരിക്കുന്നുണ്ടായിരുന്നു. ഇവയെപ്പറ്റി അന്വേഷിക്കുന്നതിനു ഒരു സ്പെഷ്യൽ കമ്മറ്റി

നിയമിതമായി. യൂയാക്കീം കൂറിലോസ് ഹാജരാക്കിയ അധികാരപത്രം കള്ളപ്രമാണമാണെന്നും, കള്ളരേഖാ നിർമ്മാണത്തിൽ ചേപ്പാട്ടു മാർ ദീവന്നാസ്യോസിനും എന്തോ കൈയുണ്ടെന്നും തീരുമാനിക്കപ്പെട്ടു. കള്ള പ്രമാണ നിർമ്മാണകൻ എന്ന മുദ്ര അടിച്ചു കൂറിലോസിനെ തിരുവി താംകൂറിൽ നിന്നും ബഹിഷ്ക്കരിച്ചു. ചേപ്പാട്ടു മാർ ദീവന്നാസ്യോസ് വച്ച് ഒഴിഞ്ഞു നഷ്ടപ്പെടുത്തിയ മലങ്കരമെത്രാൻ സ്ഥാനത്തേക്കു മാർ മാത്യൂസ് അത്താനാസ്യോസ് നിയമിക്കപ്പെട്ടു. പല വർഷക്കാലം ഇടമു റിയാതെ നടത്തിയ ശ്രമത്തിന്റെ ഫലമായിട്ടാണു രാജകീയ വിളംബരം വഴിയുള്ള അധികാരം മാർ മാത്യൂസ് അത്താനാസ്യോസിനു ലഭി ച്ചത്" (ഇസ്സഡ്. എം. പാറേട്ട്, *മുളന്തുരുത്തി സുന്നഹദോസ്, പുറം* 7, 8).

### വിദേശയാത്ര

1848 മുതൽ 1865 വരെ മാത്യൂസ് മാർ അത്താനാസ്യോസിന്റെ ഭരണം തുടർന്നുകൊണ്ടിരുന്ന ഈ സാഹചര്യത്തിൽ, നവീകരണക്കാരിൽനിന്നു സഭയെ സംരക്ഷിച്ച്, സത്യവിശ്വാസത്തിൽ അടിയുറപ്പിച്ച് നിലനിർത്താൻ സഭാംഗങ്ങൾ തയ്യാറായി. സഭാകാര്യങ്ങളിൽ സജീവ താല്പര്യം കാണി ച്ചിരുന്ന, ഊർജ്ജിതാശയനും ഉജ്വലവാഗ്മിയും നയതന്ത്രജ്ഞനുമായി രുന്ന ജോസഫ് കത്തനാരെ അന്ത്യോഖ്യയിലേക്കു അയക്കാൻ തീരുമാ നിച്ചു. മേല്പട്ടസ്ഥാനത്തേക്ക് ആ പേര് ഏകകണ്ഠമായി ശുപാർശ ചെയ്തു. പാത്രിയർക്കീസിൽ നിന്ന് അനുവാദവും ലഭിച്ചു. പുലിക്കോ ട്ടിൽ ജോസഫ് കത്തനാർ വിദേശയാത്രയ്ക്കു പുറപ്പെട്ടു. 1039 കുംഭം 27-നു കുന്നംകുളങ്ങര അങ്ങാടിയിൽ നിന്നായിരുന്നു യാത്ര. പള്ളികൾ കയറിയിറങ്ങി യാത്ര ചോദിച്ചു. കോലഞ്ചേരി പള്ളിയിലെത്തി കൂറി ലോസ് തിരുമേനിയെ കണ്ടു കൈമുത്തി. ശുപാർശക്കത്തുകൾ സ്വീക രിച്ചു. അനന്തരം കൊച്ചിയിലെത്തി. തുടർന്നു ബോംബെയിലും. സഹ യാത്രികരായി കണ്ടനാട്ടുകാരൻ മട്ടുമ്മേൽ ഗീവറുഗീസു കത്തനാരും, കുന്നംകുളത്ത് കുത്തൂര് താരപ്പനും ഉണ്ടായിരുന്നു. ബോംബെ, മസ്ക്കറ്റ്, ബസോറ എന്നീ സ്ഥലങ്ങളിലൂടെ കപ്പൽമാർഗ്ഗം യാത്ര തുടർന്നു.

1034 മിഥുനം ഒന്നിന് ബാഗ്ദാദിൽ എത്തി. മൂസലിലേക്കുള്ള യാത്ര കഴുതപ്പുറത്തായിരുന്നു. ദുർഘടപൂർണ്ണമായിരുന്നു പ്രയാണം. പ്രത്യേ കിച്ചും കഴുതപ്പുറത്തെ കന്നിയാത്ര. മൂസലിൽനിന്നും മർദ്ദീനിലേക്കുള്ള യാത്ര ആനന്ദകരമായിരുന്നു. മർദ്ദീനിൽ നിയുക്ത മെത്രാന്നും സംഘ ത്തിനും ഹൃദ്യമായ വരവേല്പാണു ലഭിച്ചത്. അവിടെവച്ച് അവർക്ക് വിഷൂ ചികാരോഗം പിടിപെട്ടു. മട്ടുമ്മേൽ ഗീവറുഗീസ് കത്തനാർ അകാലചരമം പ്രാപിച്ചു. ദുഃഖിതനായ ജോസഫ് കത്തനാർക്ക് ഇതൊരാഘാതമായി രുന്നു. കുറെ ദിവസംകൂടി അദ്ദേഹം അവിടെ താമസിച്ചു. രോഗവിമുക്ത നായി. യാത്ര തുടർന്ന് ആമീദിലെത്തി പാത്രിയർക്കീസിനെ സന്ദർശിച്ചു.

**മെത്രാൻ സ്ഥാനം**

1039 മേടം 25-ന് (1864 മെയ് 7) ജോസഫ് കത്തനാർക്ക് റമ്പാൻ സ്ഥാനം നൽകി. അടുത്തദിവസം പുതുഞായറാഴ്ച വി. കുർബ്ബാന മദ്ധ്യേ, റമ്പാനെ, ജോസഫ് മാർ ദീവന്നാസ്യോസ് എന്ന പേരിൽ മേല്പട്ടസ്ഥാനത്തേക്ക് ഉയർത്തി. ഒരു അർമ്മേനിയൻ മെത്രാപ്പോലീത്തായുൾപ്പെടെ നാലു മെത്രാന്മാരും, അനവധി റമ്പാന്മാരും, പട്ടക്കാരും ശുശ്രൂഷകളിൽ പങ്കുകൊണ്ടു (ഇടവം രണ്ടിനു). ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ മലങ്കരയിലേക്കു മടങ്ങിപ്പോന്നു.

മലങ്കരമെത്രാപ്പോലീത്താ സ്ഥാനം വീണ്ടെടുക്കാൻ ജോസഫ് മാർ ദീവന്നാസ്യോസിന് കഠിനാദ്ധ്വാനം ചെയ്യേണ്ടിവന്നു. 1865 മുതൽ അതിനായി ശ്രമം. 1866 ജൂലൈ 14-നു അദ്ദേഹം ഒരു നിവേദനം ഗവൺമെന്റിനു സമർപ്പിച്ചു. അതിനു കിട്ടിയ മറുപടി ഇങ്ങനെയായിരുന്നു: 'മാർ അത്താനാസ്യോസുമായി സന്ധിയുണ്ടാക്കുകയോ സിവിൽ കോടതിയിൽ വ്യവഹാരം ബോധിപ്പിച്ച് നിവർത്തി വരുത്തുകയോ ചെയ്തുകൊള്ളുക.' ഈ പശ്ചാത്തലത്തിൽ മാത്യൂസ് മാർ അത്താനാസ്യോസ് മലങ്കര മെത്രാപ്പോലീത്തായായി ഭരണം തുടരുക മാത്രമല്ല, അനന്തരീയനായി പിതൃസഹോദരപുത്രനെ തോമസ് മാർ അത്താനാസ്യോസ് എന്ന പേരിൽ 1868-ൽ മെത്രാപ്പോലീത്തായാക്കി വാഴിച്ച് സർവ്വാധികാരാവകാശങ്ങളും അദ്ദേഹത്തിനാണെന്ന് എഴുതിവെയ്ക്കുകയും ചെയ്തു. കാര്യങ്ങൾ ഇത്രത്തോളം ആയപ്പോൾ, അന്നത്തെ പാത്രിയർക്കീസ് പത്രോസ് തൃതീയൻ ബാവായെ മലങ്കരയിലേക്കു ക്ഷണിക്കാൻ മാർ ദീവന്നാസ്യോസ് തീരുമാനിച്ചു. അഞ്ഞൂറു പവൻ അതിനായി ചെലവിട്ടു. മലങ്കരയിലെത്തിയ അദ്ദേഹം 1876 ജൂൺ 27 മുതൽ 29 വരെ (മിഥുനം 15-17) 'മുളന്തുരുത്തി സുന്നഹദോസ്' സംഘടിപ്പിച്ചു. 152 പള്ളികളിൽ നിന്നായി പള്ളിപ്രതിപുരുഷന്മാരും വികാരിമാരും പങ്കെടുത്ത യോഗം പാസ്സാക്കിയ നിയമങ്ങളിൽ 102 പള്ളിപ്രതിപുരുഷന്മാർ മാത്രമേ ഒപ്പുവച്ചുള്ളു.

മലങ്കരസഭയുടെ ആഭ്യന്തരവും ബാഹ്യവും ആയ പ്രശ്നങ്ങൾ പരിഹരിക്കുക, സഭയിൽ ശാശ്വതസമാധാനം ഉണ്ടാക്കുക, ഇവയൊക്കെയായിരുന്നു സുന്നഹദോസിന്റെ ലക്ഷ്യം. എങ്കിലും മലങ്കരസഭയുടെമേൽ ലൗകികാധികാരംകൂടി ഉറപ്പിച്ചെടുക്കാനുള്ള ബോധപൂർവ്വമായ യത്നം കൂടി പാത്രിയർക്കീസിനുണ്ടായിരുന്നതായി ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. പാത്രിയർക്കീസിന്റെ ഇത്തരം ശ്രമങ്ങളെ കർമ്മധീരനായ മാർ ദീവന്നാസ്യോസ് നിശ്ശബ്ദനായി എതിർത്തു. പാത്രിയർക്കീസാകട്ടെ പ്രതികാരബുദ്ധിയോടുകൂടി പ്രവർത്തിച്ചു. 'വിശ്വാസസ്ഥിരതയെ ലക്ഷ്യമാക്കി ഓരോ കരാർ ആധാരം എഴുതി രജിസ്റ്റർ ചെയ്ത് അസ്സൽ പള്ളിമേമ്പൂട്ടിൽ സൂക്ഷിക്കുകയും അടയാളസഹിതം പകർപ്പ് പാത്രിയർക്കീ

സിനു കൊടുക്കുകയും ചെയ്യണം' എന്ന മുളന്തുരുത്തി സുന്നഹദോസ് തീരുമാനം, കൈക്കൊള്ളാനോ ചെവിക്കൊള്ളാനോ മലങ്കരസഭാംഗങ്ങൾ തയ്യാറായില്ല. മാർ ദീവന്നാസ്യോസ് തന്റെ ഇംഗിതത്തിന് വഴങ്ങുന്നില്ലാ യെന്നു ബോധ്യമായപ്പോൾ, പാത്രിയർക്കീസ് അദ്ദേഹത്തെ മുടക്കി. കൂടാതെ, പാത്രിയർക്കീസിന്റെ ആജ്ഞാനുവർത്തികളായി ആറു മെത്രാന്മാരെ, പറവൂർ, കുന്നംകുളം (ചിറളയം) പള്ളികളിൽവച്ച് വാഴിക്കുക കൂടി ചെയ്തു. അവരോടു ഉടമ്പടിയും വാങ്ങി. മലങ്കരയെ ഏഴു ഭദ്രാസനങ്ങളായി വിഭജിച്ചു. അധികാരം അവർക്കു നല്കി. ഈ സ്ഥാനാഭിഷേക ചടങ്ങുകളിലൊന്നും മാർ ദീവന്നാസ്യോസ് പങ്കെടുത്തില്ല.

പൂർവിക സംസ്ക്കാരത്തിലും, ഉൾഭരണസ്വാതന്ത്ര്യത്തിലും മലങ്കര സഭയെ ഉരുക്കുകോട്ടപോലെ നിലനിർത്താൻ അദ്ധ്വാനിച്ച മാർ ദീവന്നാസ്യോസ്, പാത്രിയർക്കീസിന്റെ കുതന്ത്രങ്ങൽക്ക് കീഴ്പ്പെട്ടില്ല. സഭയുടെ സനാതനസത്യങ്ങളും സ്വാതന്ത്ര്യവും അദ്ദേഹത്തിനു വിലപ്പെട്ടതായിരുന്നു. പാത്രിയർക്കീസിന്റെ സ്വാർത്ഥത്തിന്റെ മുനയൊടിക്കാൻ മാർ ദീവന്നാസ്യോസിന്റെ കുശാഗ്രബുദ്ധിക്കു കഴിഞ്ഞു.

ഒരു 'വ്യവഹാരയുഗ'ത്തിലൂടെ മാർ ദീവന്നാസ്യോസിനു കടന്നു പോകേണ്ടിവന്നു. 'സെമിനാരിക്കേസ്സാ'യിരുന്നു അവയിൽ മുഖ്യം. ആലപ്പുഴ ജില്ലാക്കോടതി, ഹൈക്കോടതി, തിരുവിതാംകൂർ റോയൽകോർട്ട് എന്നിവിടങ്ങളിൽ നടന്ന കേസ്, അന്തിമമായി മാർ ദീവന്നാസ്യോസിന് അനുകൂലമായ വിധിയിലെത്തിച്ചേർന്നു. റോയൽകോർട്ടു വിധിയിലെ പ്രസക്തഭാഗം ഇവിടെ ഉദ്ധരിക്കട്ടെ, 'ചരിത്രം കാത്തിരിക്കുന്നിടത്തോളം മലങ്കരസഭയുടെമേൽ പാത്രിയർക്കീസിനുള്ള അധികാരം ഈ ആത്മികവിഷയങ്ങളിൽ മാത്രം ഉള്ളതായി ഞങ്ങൾക്കു തോന്നുന്നു. പാത്രിയർക്കീസോ തന്റെ പ്രതിനിധികളോ ഈ രാജ്യത്തു വന്നു താമസിച്ചപ്പോൾ സഭയുടെ മുതൽ സംബന്ധമായ ഭരണം സ്വദേശ മെത്രാപ്പോലീത്തായേയും ട്രസ്റ്റികളേയും ഏല്പിച്ചു. ആത്മികവിഷയങ്ങളിൽ മാത്രമെ പ്രവേശിച്ചിട്ടുള്ളു. ഇതിൽ മുൻപറഞ്ഞ ആൾ, മുതൽസംബന്ധമായ വിഷയത്തിൽ ഒന്നിലും പ്രവേശിച്ചിട്ടില്ല. രണ്ടോമൂന്നോ സംഗതികളിൽ അവർ മുതൽസംബന്ധിച്ച കാര്യങ്ങളിൽ പ്രവേശിപ്പാനോ വല്ല അധികാരം കാട്ടുവാനോ ശ്രമിച്ചപ്പോൾ മെത്രാപ്പോലീത്തായും സമുദായവും അവരോട് ജയത്തോടുകൂടെ എതിർത്തു നിന്നു. .... മലങ്കരമെത്രാപ്പോലീത്താ മലങ്കര സ്വദേശിയായ ഒരു നസ്രാണിയായിരിക്കണം. അദ്ദേഹം ജനങ്ങൾക്കു സ്വീകാര്യനുമായിരിക്കണം. ..... മലങ്കര സുറിയാനിസഭ ഒരു സ്വതന്ത്ര സഭയാകുന്നു. അപ്പീൽപ്രതി (മാർ ദീവന്നാസ്യോസ്) ജനങ്ങളുടെ ഇടയിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളവനും അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്നും ക്രമമായ അധികാരം കിട്ടിയവനുമാകയാൽ അപ്പീൽവാദി (മാർ

അത്താനാസ്യോസ്) ഇപ്രകാരം ഉള്ള ആൾ അല്ലാത്തതുകൊണ്ട് സഭയുടെ സ്വത്തുക്കളുടെയും അതേ സംബന്ധിച്ചിട്ടുള്ളതിന്റെയും കൈവശവും മെത്രാപ്പോലീത്തായുടെ സ്ഥാനത്തേയ്ക്കുയർത്തിയെടുത്തതിൽ തെറ്റായിരിക്കുന്നുവെന്നു ..... അപ്പീൽവാദി സഭയുടെ മെത്രാപ്പോലീത്താസ്ഥാനത്തേയും സ്ഥാനചിഹനങ്ങളേയും അപ്പീൽ പ്രതിയെ ഏല്പിക്കണം.' ഈ വിധിയുടെ വെളിച്ചത്തിൽ, പഴയസെമിനാരി മാർ ദീവന്നാസ്യോസിന്റെ കൈവശമായി. അവിടെ പഠനം പുനരാരംഭിച്ചു.

വട്ടിപ്പണക്കേസ്, കോട്ടയം ചെറിയപള്ളിക്കേസ്, കുന്നംകുളം ആർത്താറ്റുപള്ളികേസ്, വുഡ്ലാൻഡ് കേസ് തുടങ്ങിയവയിലും മലങ്കരസഭയ്ക്കും, മാർ ദീവന്നാസ്യോസിനും അനുകൂലമായ വിധികൾ ഉണ്ടായി. ഇവയൊക്കെ നടത്താൻ, തളരാത്ത മനസ്സോടെ പ്രവർത്തിച്ച മാർ ദീവന്നാസ്യോസ്, മലങ്കരസഭയുടെ ഭാവി, ദീർഘദൃഷ്ടിയോടെ കണ്ട് കരുക്കൾ നീക്കുകയായിരുന്നു. നിരന്തരമായ കേസ്സും, തജ്ജന്യമായ അസ്വസ്ഥതകളും അദ്ദേഹത്തെ വ്രണിതഹൃദയനാക്കിയില്ല. ദൈവനിയോഗമനുസരിച്ച് ചെയ്തു തീർക്കുന്നുവെന്ന് അദ്ദേഹം വിശ്വസിച്ചു. പകലത്തെ കഠിനാദ്ധ്വാനത്തിനുശേഷം രാത്രിയുടെ ഏകാന്തതയിൽ, കണ്ണീരോടെ കർത്തൃസന്നിധിയിൽ അദ്ദേഹം അർപ്പിച്ച പ്രാർത്ഥനയ്ക്കു ലഭിച്ച മറുപടിയായിരുന്നു ഈ നേട്ടങ്ങൾ.

## പരുമല സെമിനാരി

വ്യവഹാരവിമുക്തനായ അദ്ദേഹം സഭയുടെ സർവ്വതോന്മുഖമായ ഐശ്വര്യത്തിനും അഭിവൃദ്ധിക്കും ഉതകുന്ന കർമ്മപരിപാടികൾക്ക് തുടക്കമിട്ടു. രാജ്യത്തിന്റെ പ്രമുഖകേന്ദ്രങ്ങളിൽ കാതോലിക്കേറ്റിന് ആസ്ഥാനങ്ങളുറപ്പിച്ചു. പില്ക്കാലത്ത് ഒരു പരമ വിശുദ്ധന്റെ പവിത്ര പ്രവർത്തനംകൊണ്ടു പ്രശസ്തമായിത്തീർന്ന പരുമലസെമിനാരിയുടെ സ്ഥാപകൻ, മാർ ദീവന്നാസ്യോസ് ആയിരുന്നു. 1872-ൽ സ്ഥാപിതമായ പരുമല സെമിനാരിയിൽ ചാത്തുരുത്തിൽ ഗീവറുഗീസ് മാർ ഗ്രീഗോറിയോസിനെ അദ്ധ്യാപകനായി നിയമിച്ചതും, മാർ ദീവന്നാസ്യോസ് തന്നെ. ഇരുവരും കൂടി മലങ്കരസഭയുടെ മഹത്തായ പാരമ്പര്യവും സംസ്ക്കാരവും നിലനിർത്താൻ നടത്തിയ തീവ്രവും തീഷ്ണവും ആയ പ്രവർത്തനങ്ങൾ ചരിത്രത്തിന്റെ ഭാഗങ്ങളാണ്.

നവീകരണക്കാരുടെ കൈവശം കുന്നംകുളം ആർത്താറ്റുപള്ളി ചെന്നുചേർന്നത് മാർ ദീവന്നാസ്യോസിനെ ഏറെ ദുഃഖിതനാക്കി. ജന്മനാട്ടിൽ ഒരാസ്ഥാനമുണ്ടാക്കാൻ അദ്ദേഹം ആഗ്രഹിച്ചു. അതിന് 1069 വൃശ്ചികം മൂന്നിന് ഒരു സ്ഥലംവാങ്ങി അവിടെ ഒരു ബംഗ്ലാവ് ഉണ്ടാക്കി. സെഹിയോൻ ബംഗ്ലാവ് എന്നാണ് ഇത് അറിയപ്പെടുക. വിശുദ്ധ കുർബാനയർ

പ്പിക്കാൻ പ്രത്യേക സ്ഥലമുണ്ടായിരുന്നു ബംഗ്ലാവിൽ. സഭയുടെ സുപ്ര ധാന സമ്മേളനങ്ങൾ പലതും ഇവിടെവച്ചു നടന്നിട്ടുണ്ട്.

കൊട്ടാരക്കര കോട്ടപ്പുറം സെന്റ് ഇഗ്നാത്തിയോസ് പള്ളിയും മാർ ദീവന്നാസ്യോസിന്റെ ദീർഘവീക്ഷണത്തിന്റെ ഫലമാണ്. തെക്കൻ ഭദ്രാ സനത്തിന്റെ സിരാകേന്ദ്രം, തിരുവനന്തപുരം യാത്രയിൽ ഇടത്താവളം എന്നീ നിലകളിൽ ഒരാസ്ഥാനമുണ്ടാക്കാൻ ആഗ്രഹിച്ചു. പരിശുദ്ധനായ പരുമല തിരുമേനി ആ അഭിലാഷം പൂർത്തീകരിച്ചു. ഈ പള്ളിയും തിരു വനന്തപുരം പട്ടണത്തിന്റെ ഹൃദയഭാഗത്തു സ്ഥിതിചെയ്യുന്ന സെന്റ് ജോർജ്ജ് പള്ളിയും പുതുക്കിപ്പണിയുന്നതിന് നേതൃത്വം നല്കിയത് മാർ ദീവന്നാസ്യോസ് ആയിരുന്നു. അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ പ. പരു മല തിരുമേനി പള്ളിയുടെ പുനഃപ്രതിഷ്ഠാകർമ്മം നടത്തുകയും ചെയ്തു.

മാർ ദീവന്നാസ്യോസിന്റെ ചിരകാല സ്വപ്നസാക്ഷാൽക്കാരമാണ്, പഴ യസെമിനാരി ചാപ്പൽ. സെമിനാരി സ്ഥാപകനായിരുന്ന പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിന്, പൂർത്തീകരിക്കാനാവാതിരുന്നത് പിൻഗാമി പ്രാവർത്തികമാക്കി.

### ആശ്വാസദൂതൻ

മലങ്കരയുടെ വിവിധഭാഗങ്ങളിൽ മാർ ദീവന്നാസ്യോസ്, നിരവധി ദേവാലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. നവീകരണകൊടുങ്കാറ്റ് ആഞ്ഞടിച്ചപ്പോൾ പല ദേവാലയങ്ങളും നഷ്ടപ്പെട്ടു. പക്ഷേ, അവിടെയെല്ലാം ആശ്വാസ ദൂതനെപ്പോലെ ഓടിയെത്തി സഭാംഗങ്ങളെ സാന്ത്വനപ്പെടുത്തി. ദേവാ ലയങ്ങളുടെ സ്ഥാപനത്തിലും, പുനഃപ്രതിഷ്ഠയിലും അവരോടൊത്ത് നിന്ന് അദ്ധ്വാനിച്ച ആ പുണ്യപുരുഷന്റെ ചരിത്രം പുളകോദ്ഗമകാരി യാണ്.

### സൺഡേസ്കൂൾ

മലങ്കര ഓർത്തഡോക്സ് സഭയിലെ ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളായ സൺഡേസ്കൂൾ പ്രസ്ഥാനം, വിദ്യാർത്ഥിപ്രസ്ഥാനം എന്നിവയുടെ പ്രോദ് ഘാടകൻ മാർ ദീവന്നാസ്യോസാണ്. 1890-ലാരംഭിച്ച സൺഡേസ്കൂൾ പ്രസ്ഥാനത്തിന് 1892-ൽ പരുമലതിരുമേനി, പരുമലയിൽ വിളിച്ചുകൂട്ടിയ വൈദികയോഗം സർവ്വപിന്തുണയും പ്രഖ്യാപിച്ചു. അതോടുകൂടി പ്രസ്ഥാ നത്തിന് അഖില മലങ്കര അസ്തിത്വം കൈവന്നു. സഭയുടെ ഭാവി സൺ ഡേസ്കൂൾ വിദ്യാർത്ഥികളിലാണെന്നദ്ദേഹത്തിനറിയാമായിരുന്നു. 1908-ൽ വിദ്യാർത്ഥിപ്രസ്ഥാനമാരംഭിക്കുവാൻ അനുമതി നൽകിയതും, മാർ ദീവന്നാസ്യോസ് തന്നെ. വൈദിക അവൈദികവ്യത്യാസം കൂടാതെ സഭയുടെ വിഭിന്ന മേഖലകളിൽ വിദഗ്ധനേതൃത്വം നൽകാൻ കെല്പുള്ള

പ്രതിഭാശാലികളെ ഈ പ്രസ്ഥാനം സംഭാവന ചെയ്തിട്ടുണ്ട്. ആധുനിക തലമുറയിലെ ആത്മീയമേലദ്ധ്യക്ഷന്മാരും അല്മായ പ്രമുഖരും വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ വീരസന്താനങ്ങളാണ്. ഈ യാഥാർത്ഥ്യം ഒരു നൂറ്റാണ്ടിനു മുമ്പു തന്നെ നോക്കിക്കണ്ടു പ്രവർത്തിക്കാൻ മാർ ദീവന്നാസ്യോസിന്റെ പ്രവാചകപ്രതിഭയ്ക്കു കഴിഞ്ഞു.

'വ്യവഹാരയുഗ'ത്തിലൂടെ നീങ്ങിയ തിരുമേനിക്കു പലപ്പോഴും സഭയെ 'മിഷനറിയുഗ'ത്തിലേക്കു തിരിച്ചുവിടാൻ കഴിഞ്ഞിരുന്നില്ല. സ്വകാര്യ സംഭാഷണത്തിലും കല്പനകളിലും ആ ദുഃഖത്തിന്റെ ധ്വനി കേൾക്കാമായിരുന്നു. മിഷൻപ്രവർത്തനങ്ങൾ പലതും, പരുമലതിരുമേനിയിലൂടെ പ്രാവർത്തികമാകുന്നതു കാണുമ്പോൾ, അദ്ദേഹം ആനന്ദനിർവൃതിയടഞ്ഞിരുന്നു. പരുമല മാർ ഗ്രീഗോറിയോസിന്റെ മേൽനോട്ടത്തിൽ കോനാട്ടു മല്പാന്റെ ഉത്സാഹത്തിലാരംഭിച്ച ത്രിസൈ ശുബഹോ (സത്യവിശ്വാസ) സംഘവും അധഃകൃതരുടെയിടയിൽ പ്രവർത്തിച്ച വിജാതീയ മിഷനും ഇക്കൂട്ടത്തിൽ പ്രത്യേകം ശ്രദ്ധാർഹമത്രേ. ഇവ രണ്ടിന്റെയും കാവൽ പിതാവ് മാർ ദീവന്നാസ്യോസ് ആയിരുന്നു.

സാമൂഹിക, രാഷ്ട്രീയ, വിദ്യാഭ്യാസ മേഖലകളിൽ കാലത്തിനൊത്ത് പ്രവർത്തിക്കുവാൻ മാർ ദീവന്നാസ്യോസ് സന്നദ്ധനായി. സർക്കാർ സർവീസിൽ നസ്രാണികൾക്ക് ന്യായമായ സ്ഥാനം ലഭിക്കേണ്ടതാണെന്ന് അദ്ദേഹം വാദിച്ചു. സർക്കാർ ആഫീസുകളിലെ സ്ഥിരം ലാവണക്കാരായ പരദേശ ബ്രാഹ്മണരെ, മാറ്റി സ്വദേശീയർക്കു സ്ഥാനം നല്കാൻ സമാരംഭിച്ച മലയാളി മെമ്മോറിയലിൽ തിരശ്ശീലയ്ക്കുള്ളിലിരുന്ന് അദ്ദേഹം ഭാഗഭാക്കായി, അക്കാര്യത്തിന് കണ്ടത്തിൽ വറുഗീസ് മാപ്പിളയുടെയും മലയാള മനോരമയുടെയും പിൻബലവും ഉണ്ടായിരുന്നു. "ഈ പ്രക്ഷോഭണത്തിന്റെ ഫലമായി 1891 ജൂലൈ മാസത്തിൽ മെമ്മോറിയൽകാർക്ക് അനുകൂലമായ മറുപടി ലഭിക്കുകയും എതിർ മെമ്മോറിയൽ കൊടുത്ത പരദേശികൾ പിൻമാറുകയും ചെയ്തു. ജനകീയ ഭരണത്തിലേക്കുള്ള ആദ്യ ചുവടുവയ്പിൽ ഭാഗഭാക്കാകുന്നതിനു തക്ക ദീർഘദൃഷ്ടിയുള്ള ആളായിരുന്നു ജോസഫ് മാർ ദീവന്നാസ്യോസ് എന്നാണല്ലോ ഇത് തെളിയിക്കുന്നത്" (*മലങ്കര നസ്രാണികൾ വാല്യം 3*, പു. 390).

**മലങ്കരമഹാജന സഭ**

സാമൂഹ്യ സമ്മേളനം അല്ലെങ്കിൽ 'മലങ്കര മഹാജനസഭ' മാർ ദീവന്നാസ്യോസിന്റെ സംഘടനാപാടവത്തിന്റെ സദ്ഫലമാണ്. കണ്ടത്തിൽ വറുഗീസ് മാപ്പിള, ശങ്കരമംഗലത്ത് വർക്കി, മാർ ഗീവറുഗീസ് ദീവന്നാസ്യോസ്, കൊല്ലംപറമ്പിൽ കുര്യൻ, അക്കര സി. ചെറിയാൻ തുടങ്ങിയവർ ഇതിന്റെ പ്രാരംഭപ്രവർത്തകരായിരുന്നു.

## കേരളപതാക

സാംസ്കാരികരംഗത്ത്, പത്രപ്രവർത്തനവുമായി ബഹുദൂരം മുൻപോട്ടു പോയിരുന്നു മാർ ദീവന്നാസ്യോസ്. ഒരു പക്ഷേ, അന്നും ഇന്നും, ഇത്രയും താല്പര്യം കാട്ടിയ മറ്റൊരു മെത്രാപ്പോലീത്തായെ സഭാചരിത്രത്തിൽ കാണുകയില്ല. അച്ചടിശാലയുടെ സ്ഥാപനം, പത്രമാസികകളുടെ പ്രസിദ്ധീകരണം, ഗ്രന്ഥ പുനഃപ്രകാശനം, ഇവയെല്ലാം ആത്മീയ ജീവിതത്തിന് അവശ്യം ആവശ്യമാണെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. അച്ചടിച്ച താളുകളുടെ വില മനസ്സിലാക്കിയ മെത്രാപ്പോലീത്താ, നവീകരണോപദേശങ്ങൾ നിറഞ്ഞിരുന്ന നമസ്ക്കാരപുസ്തകങ്ങൾ ഉപേക്ഷിക്കുവാൻ ആഹ്വാനം ചെയ്തു. പകരം കുന്നംകുളങ്ങരയിൽ നിന്നും ലഭിച്ച കൈമുത്ത് ഉപയോഗിച്ച് ഒരു മലയാളം നമസ്ക്കാരപുസ്തകം അച്ചടിപ്പിച്ച് സഭാമക്കൾക്ക് വിതരണം ചെയ്തു. 1870-ൽ സെന്റ് തോമസ് അച്ചുകൂടം കൊച്ചിയിൽ സ്ഥാപിച്ച് 'കേരളപതാക' എന്നൊരു പത്രം പ്രസിദ്ധീകരണമാരംഭിച്ചു. 1892-ൽ ആരംഭിച്ച മലങ്കര ഇടവകപത്രിക സഭയുടെ ശക്തമായ ജിഹ്വയായിരുന്നു. നവീകരണക്കാരും വിദേശ മിഷനറിമാരും, മലങ്കരസഭയുടെമേൽ നടത്തിയ നഗ്നവും പ്രാകൃതവും ആയ ആശയാസ്ത്രങ്ങളെ ചെറുത്തുനിർത്തി മുനയൊടിച്ചുവിടാൻ 'പത്രിക'യുടെ പംക്തികൾക്കു കഴിഞ്ഞു. സാമൂഹികവും സാംസ്കാരികവും മതപരവും ആയ ഈടുറ്റ ലേഖനങ്ങൾ ഇടവകപത്രികയിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നു; കൂടാതെ മാർ ദീവന്നാസ്യോസിന്റെ ഇടയലേഖനങ്ങളും കല്പനകളും; ആകെകൂടി ഒരു കാലഘട്ടത്തിന്റെ ചരിത്രവും, സംസ്കാരവും അന്വേഷിച്ചുപോകുന്നവർക്ക്, ഒരു വജ്രഖനിയാണ് ഇടവകപത്രികയുടെ ഇതളുകൾ. 'സുറിയാനി സുവിശേഷകൻ' എന്നൊരു മാസികയും കുറെനാൾ അദ്ദേഹം പ്രസിദ്ധീകരിച്ചിരുന്നു.

## സ്കൂൾ

വിദ്യാഭ്യാസമേഖലയായിരുന്നു മാർ ദീവന്നാസ്യോസിന്റെ മറ്റൊരു പ്രവർത്തനനിര. സാമ്പത്തികമായി വളരെയധികം ഞെരുക്കങ്ങൾ അനുഭവിച്ചുകൊണ്ടിരുന്നപ്പോഴും സ്കൂൾ സ്ഥാപനത്തിൽനിന്നും അദ്ദേഹം പിന്മാറിയില്ല. 'മോതിരവും അംശവടിയും കൂടെകൂടെ പണയം വയ്ക്കുകയും വീണ്ടെടുക്കുകയും' ചെയ്തുകൊണ്ടാണ് സ്കൂളുകൾ സ്ഥാപിച്ചത്. പണസമ്പാദനമല്ലായിരുന്നു, പ്രത്യുത ആശയസമ്പാദനവും വിതരണവും ആയിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. വിദ്യാസമ്പന്നതയിലൂടെ വിജ്ഞാനകുതുകികളും, വിവേകമതികളുമായ ഒരു തലമുറയുടെ ഉദയം അദ്ദേഹം സ്വപ്നം കണ്ടു. വിദ്യയിലൂടെ സാമ്പത്തികഭദ്രത ദർശിച്ചു. അതുവഴി സമൂഹത്തിന്റെ സമഗ്ര പുരോഗതിയും. 1879-ൽ ആയപ്പോ

ഴേക്കും ഏതാണ്ട് 60 സ്കൂളുകൾ അദ്ദേഹം സ്ഥാപിച്ചു. എല്ലാറ്റിനും ഗവൺമെന്റിൽ നിന്നും ഗ്രാന്റും ലഭിച്ചിരുന്നു. ഇവയെല്ലാം മലയാളം സ്കൂളുകളായിരുന്നു. വിദ്യാദാനത്തിൽനിന്നു പ്രചോദനംകൊണ്ട മെത്രാപ്പോലീത്താ ഇംഗ്ലീഷ് സ്കൂളുകൾ കൂടി തുടങ്ങി. എം.ഡി. സെമിനാരി ഹൈസ്ക്കൂൾ ആ അഭിലാഷത്തിന്റെ ആദ്യഫലമാണ്. കുന്നംകുളം മാർ ഇഗ്നാത്തിയോസ് ഹൈസ്കൂൾ, തിരുവല്ല എം.ജി.എം. ഹൈസ്കൂൾ എന്നിവയും അദ്ദേഹത്തിന്റെ അക്ഷരസ്നേഹത്തിന്റെ അനശ്വരസ്മാരകങ്ങളാണ്.

വിശ്രമരഹിതനായി, മലങ്കരസഭയ്ക്കുവേണ്ടി അദ്ധ്വാനിച്ച ജോസഫ് മാർ ദീവന്നാസ്യോസ് ജീവിത സായാഹ്നത്തിൽ പൂർവ്വാധികം ശോഭിച്ചു. അദ്ദേഹത്തിന്റെ ആത്മീയവീര്യത്തെ കെടുത്തുവാൻ പ്രായത്തിന്റെ പരുക്കുകൾക്കു കഴിഞ്ഞില്ല. 1901-ൽ അദ്ദേഹത്തിന്റെ പൗരോഹിത്യ ജൂബിലി സഭാംഗങ്ങൾ ആഘോഷിച്ചു. ആയുരാരോഗ്യങ്ങൾ ആശംസിച്ചു. മംഗളപത്രസമർപ്പണവും നടന്നു. കാതോലിക്കായായി അദ്ദേഹം അഭിഷിക്തനാകട്ടെയെന്ന് സഭാമക്കൾ പ്രാർത്ഥിച്ചു: മക്കളുടെ മനോനൈർമ്മല്യത്തിന്റെ വാക്കുകൾ കേട്ട് ആ വൃദ്ധതാപസൻ ആനന്ദാശ്രുക്കൾ പൊഴിച്ചു.

കോട്ടയം ചെറിയപള്ളിയിൽ മാർ ദീവന്നാസ്യോസ് വിശ്രമജീവിതം നയിച്ചു. എഴുപത്തിയഞ്ചുവയസ്സു പിന്നിട്ടു. പിൻഗാമിയെ കണ്ടെത്തണം. അതായി അദ്ദേഹത്തിന്റെ ആഗ്രഹം, 1908-ൽ (1083 കുംഭം 15) കോട്ടയം പഴയസെമിനാരിയിൽ മലങ്കര അസോസിയേഷൻ വിളിച്ചുകൂട്ടി. രണ്ടു പേരെ മേല്പട്ടസ്ഥാനത്തേക്കു തെരഞ്ഞെടുത്തു. വട്ടശ്ശേരിൽ ഗീവറുഗീസ് കത്തനാരെയും, പഴയസെമിനാരി മാനേജർ പൗലൂസ് റമ്പാനെയും. വട്ടശ്ശേരിൽ ഗീവറുഗീസ് റമ്പാൻ മെത്രാൻപട്ടം സ്വീകരിച്ചാലുടൻ മലങ്കര മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റും പിൻഗാമിയുമായി, ഭരണനിർവ്വഹണം നടത്തണമെന്ന് അസോസിയേഷൻ തീരുമാനമെടുത്തു. രണ്ടു റമ്പാന്മാരും താമസംവിനാ, യെരുശലേമിലുണ്ടായിരുന്ന പാത്രിയർക്കീസിനെ സന്ദർശിച്ചു. മെത്രാൻസ്ഥാനാഭിഷേകം അവിടെവച്ചു നടന്നു. വട്ടശ്ശേരിൽ റമ്പാൻ ‘ഗീവറുഗീസ് മാർ ദീവന്നാസ്യോസ്’ എന്ന പേരിലും പൗലൂസ് റമ്പാൻ ‘പൗലൂസ് മാർ കൂറിലോസ്’ എന്ന നാമത്തിലും മേല്പട്ടസ്ഥാനം സ്വീകരിച്ചു നാട്ടിലേക്കു മടങ്ങി. ഭരണകാര്യങ്ങളിൽ വ്യാപൃതരായി.

ഇതിനിടെ അബ്ദുള്ളാ പാത്രിയർക്കീസ് മലങ്കരയിലേക്കു വരുന്നതായി മാർ ദീവന്നാസ്യോസിന് അറിവു കിട്ടി. പാത്രിയർക്കീസന്മാരുടെ ഓരോ സന്ദർശനത്തിന്റെയും തിക്തഫലങ്ങൾ അനുഭവിച്ചിട്ടുള്ള തിരുമേനി സഭയുടെ ഭാവി ഓർത്തു ദുഃഖിതനായി. പുതിയ മെത്രാന്മാരെ അരികിൽ വിളിച്ച് ആശ്ലേഷിച്ചു. എന്തു പ്രതിസന്ധി വന്നാലും

ഒറ്റക്കെട്ടായി ഇരുവരും നില്ക്കണമെന്ന് ഉദ്ബോധിപ്പിച്ചു. അവർ അത് ശിരസ്സാവഹിച്ചുകൊള്ളാമെന്ന് ഉറപ്പുകൊടുത്തു. തീരുമാനം ഒന്നുകൂടി ഉറപ്പിക്കുന്നതിനായി അവരെ പരസ്പരം ആലിംഗനം ചെയ്യിപ്പിച്ചു. സഭയുടെ, സമുദായത്തിന്റെ ഭാവി അവരിൽ സുരക്ഷിതമെന്ന് അദ്ദേഹം ആശ്വസിച്ചു. എല്ലാം ഭംഗിയെന്നു കണ്ട ആ പുണ്യശ്ലോകൻ 1084 മിഥുനം 28-നു (1909 ജൂലൈ 11) കാലം ചെയ്തു; 76-ാം വയസ്സിൽ. അന്ന് പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ ദിവസമായിരുന്നു.

കൊല്ലവർഷം 1027 വൃശ്ചികം 12-ാം തീയതി (1901 നവംബർ 25) മാർ ദീവന്നാസ്യോസിന്റെ പൗരോഹിത്യജൂബിലി ആഘോഷിച്ചപ്പോൾ മലങ്കരസഭാംഗങ്ങൾ നൽകിയ മംഗളപത്രത്തിലെ ചില ഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഈ ഭാഗം അവസാനിപ്പിക്കുന്നു:

'ഇതിന്റെ ശേഷവും ഇതിനിടയ്ക്കുമായി ഈ സഭയുടെയും ഇതിൽ ഉൾപ്പെട്ട ഓരോ സംഘങ്ങളുടെയും ഓരോ ആളുകളുടെയും ആത്മിക ലൗകികഭ്യുദയങ്ങൾക്കു വേണ്ടി തിരുമേനി ഇടവിടാതെ ചെയ്തിട്ടുള്ളവയും ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നവയുമായ ശ്രമങ്ങളെ ഞങ്ങൾ ഓർക്കാതിരിക്കുന്നില്ല. പ്രാചീനവും പരിശുദ്ധവുമായ അന്ത്യോഖ്യാ സിംഹാസനവും മലങ്കരയിടവകയും തമ്മിൽ മുമ്പിനാലെ ഉള്ള ഗാഢബന്ധത്തെ ആരാലും ഒരിക്കലും അഴിയാൻ പാടില്ലാത്തവണ്ണം ഉറപ്പിച്ചത് ഈ അപ്പോസ്തോലസഭയുടെ സത്യോപദേശാചാരങ്ങളെ ആർക്കും തോന്നിയതുപോലെ ഭേദപ്പെടുത്തുവാൻ പാടില്ലാത്തപ്രകാരം രേഖപ്പെടുത്തിയതു സഭയുടെ ഭരണത്തിനു ഐകരൂപ്യവും ആലോചനാഗുണവും സിദ്ധിക്കത്തക്കവണ്ണം മേൽപ്പട്ടക്കാരെ സഹായിപ്പാൻ ഒരു പ്രതിനിധിസംഘം ഏർപ്പെടുത്തിയതു, അപ്പോസ്തലകാലം മുതൽ കുളത്തിലെ വെള്ളം പോലെ ഈ കേരളത്തിന്റെ അതിർത്തികൾക്കകത്തു കെട്ടിനില്ക്കുന്ന നമ്മുടെ സത്യവിശ്വാസത്തെ ബ്രിട്ടീഷ്ഇന്ത്യ, സിലോൺ മുതലായവയിൽ മാത്രമല്ല, അമേരിക്കാ തുടങ്ങിയുള്ള അതിദൂരദേശങ്ങളിലും യഥാശക്തി പ്രചരിപ്പിക്കുവാൻ ആരംഭിച്ചിട്ടുള്ളതു, സമുദായം ഒട്ടുക്കുള്ള കുട്ടികളുടെ വിദ്യാഭ്യാസം വകയ്ക്ക് ഈ പ്രധാനസ്ഥലത്തു ഒരു ഹൈസ്കൂൾ സ്ഥാപിച്ചതു, അതിന്റെ നിലനില്പിനുവേണ്ടി ഒരു ലക്ഷം രൂപയുടെ ഒരു ഷോടതി അനുവദിപ്പിച്ചു നടത്തിയതു, ഏറിയകാലമായി ജീർണ്ണിച്ചും പണിക്കുറവു തീരാതെയും കിടന്നിരുന്ന ഈ പൂർവ്വിക വേദാദ്ധ്യയനശാലയും ഇതോടുചേർന്ന ദേവാലയവും ആശ്ചര്യകരമായവിധത്തിൽ കുറ്റംതീർത്തു നന്നാക്കിയതു, കുന്നംകുളങ്ങര മുതലായി വടക്കും തെക്കുമുള്ള പല ഇടവകപള്ളികളോടും ചേർന്നു ഇംഗ്ലീഷ് പള്ളിക്കൂടങ്ങൾ ഏർപ്പെടുത്തിയതു, രാജ്യം ഒട്ടുക്കു പ്രാഥമിക വിദ്യാഭ്യാസം വകയ്ക്കു അനേകം മലയാളം പള്ളിക്കൂടങ്ങൾ നടത്തുന്നതു, രാജ

സ്ഥാനമായ തിരുവനന്തപുരത്തു പണ്ടുണ്ടായിരുന്ന ദേവാലയം നശിച്ചു പോയതു നന്നായി എന്നു തോന്നത്തക്കവണ്ണം അവിടെ അതിമനോഹര മായ ഒരു പള്ളി ഈയിടെ പണികഴിപ്പിച്ചതു, വെട്ടിക്കൽ, പരുമല, കുന്നം കുളങ്ങര, കൊട്ടാരക്കര ഈ ദിക്കുകളിൽ പൊതുസ്ഥലങ്ങൾ ഉണ്ടാക്കി ച്ചതു, കോട്ടയത്തു ചെറിയപള്ളി, പുത്തൻകാവുപള്ളി, പഴഞ്ഞിപ്പള്ളി മുതലായ മറ്റു പള്ളികളും ഇതുപോലെ ഒഴിപ്പിച്ചെടുക്കുവാൻ ആരംഭിച്ചി ട്ടുള്ളതു, മദ്രാസ് ഗവൺമെന്റിന്റെ കൈവശം ഏറിയകാലമായി കിട്ടാതെ കിടക്കുന്ന വട്ടിപ്പണം താമസിയാതെ കിട്ടത്തക്കനിലയിൽ വരുത്തിയതു, ഇടവകപ്പത്രികയും പല പുതിയ പുസ്തകങ്ങളും പുറപ്പെടുവിച്ചു സുറി യാനി മതോപദേശങ്ങൾ കേവലം ത്യാജ്യങ്ങളും നിന്ദ്യങ്ങളുമല്ലെന്നു ഈ നാട്ടിലെ ക്രിസ്ത്യാനികളെ പൊതുവെ മനസ്സിലാക്കിയതു, കൈയെഴു ത്തിൽ മാത്രം ഇരുന്നിരുന്ന പല സുറിയാനി പുസ്തകങ്ങളും അച്ചടിച്ചു പ്രചരിപ്പിച്ച് ഈ വൈദികഭാഷയുടെ അഭ്യാസത്തിനും ആരാധനാദി കൾക്കും ലാഘവം വരുത്തിയതു, ദീർഘകാലത്തെ വ്യവഹാരം കൊണ്ടും മറ്റും കടം കേറിപ്പോയ സമുദായത്തിനുപകരം അതിൽ അധികം വേറെ വിധത്തിൽ സമ്പാദിച്ചതു, അനേകം ലക്ഷം ജനങ്ങളെ ഒന്നുപോലെ തൃപ്തിപ്പെടുത്തി ഭരിക്കുന്നതിനും മനുഷ്യശക്തിക്കു അപ്പു റമെന്നു തോന്നുന്ന കാര്യങ്ങളെ നിഷ്പ്രയാസമാക്കി സാധിക്കുന്നതിനും തിരുമേനിയെ ശക്തിപ്പെടുത്തിയവയും തിരുമേനിയിൽ ദൈവദത്തമായി വിളങ്ങുന്നവയുമായ വിനയം, ദീനദയാലുത്വം, ക്ഷമ, പരിപാകം, ആലോ ചനാശക്തി, സ്ഥിരോത്സാഹം, ദൈവാശ്രയം, സ്വേഛാവർജനം ഇത്യാദി ഏറിയൊരു സൽഗുണങ്ങൾക്കു അനേകം തിരുവെഴുത്തു വിളംബരങ്ങ ളെയും സർക്കുലറുത്തരവുകളെയും ജയിക്കാൻതക്ക ശക്തിയുണ്ടെന്നു ഞങ്ങളെ പഠിപ്പിച്ചതു, സുറിയാനിക്കാർ സഹവസിക്കുവാൻ സംഗതി വരുന്ന അന്യസമുദായ ജനങ്ങളുടെ ഇടയിൽ സർവ്വത്ര 'ആ സുമുഖനും സുപരിചിതനും വശ്യവചസ്സുമായ വന്ദ്യപുരുഷന്റെ ആജ്ഞയിൽ ഉൾപ്പെ ട്ടവരല്ലയോ' എന്നുള്ള ചോദ്യത്തോടു കൂടി ആദരിക്കപ്പെടുമാറായതു, ഇവ മുതലായി തിരുമേനിയുടെ അക്ഷീണ പരിശ്രമംകൊണ്ടു സമുദായ ത്തിനു വരുത്തിയിട്ടുള്ള അക്ഷയങ്ങളായ യശസ്സുകളെ ഓരോന്നായി ആലോചിക്കുമ്പോൾ ഇതുകളെ ഏതുപ്രകാരമാണു യഥായോഗ്യം വർണ്ണിക്കേണ്ടതെന്നും ഇതുകളാൽ ഞങ്ങൾക്കു തിരുമേനിയുടെമേൽ ഉള്ളതും ഉണ്ടായിരിക്കേണ്ടതുമായ പരമാർത്ഥ കൃതജ്ഞതയെ ഏതു പ്രകാരമാണു ലക്ഷ്യപ്പെടുത്തേണ്ടതെന്നും അറിയാഞ്ഞിട്ടു വാസ്തവ മായി ഞങ്ങൾ കുഴങ്ങുകയാണ് ചെയ്യുന്നത്. ഇങ്ങനെ ഏറിയൊരു നിത്യ സ്മാരകങ്ങൾ തനിക്കായി താൻ തന്നെ സ്ഥാപിച്ചിട്ടുള്ള തിരുമേനിക്കു ഇവയിൽ ഏതെങ്കിലും ഒന്നിനെക്കാൾ ഉൽകൃഷ്ടമായ ഒരു സ്മാരകം സ്ഥാപിക്കുവാൻ ഞങ്ങൾ ഒരുവിധത്തിലും ശക്തരല്ല. ...... തിരുമനസ്സിലെ

ആത്മീയ പുത്രന്മാരായ മലങ്കരയിടവക ജനങ്ങൾ' (ഇസ്സഡ്. എം. പാറേട്ട്, *മലങ്കര നസ്രാണികൾ വാല്യം 3,* 1967, പു. 363–366).

**(ഡോ. സാമുവൽ ചന്ദനപ്പള്ളി 1991–ൽ രചിച്ച *മലങ്കരസഭാപിതാക്കന്മാർ* എന്ന ഗ്രന്ഥത്തിൽ നിന്നും)**

# മലങ്കരയുടെ
# മഹാനായ മാർ ദീവന്നാസ്യോസ്

ഫാ. ഡോ. ജോസഫ് ചീരൻ

കുന്നംകുളം ആത്മപോഷിണി പബ്ലീഷേഴ്സ് 2004 മാർച്ചിൽ പ്രസിദ്ധീകരിച്ചതാണ് ഈ ഗ്രന്ഥം.

# ആമുഖം

19–ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മലങ്കരസഭയിൽ ഗൗരവപൂർവ്വം പഠിക്കാതെയും വിശകലനം ചെയ്യാതെയും രേഖപ്പെടുത്താതെയും പോയ കാലഘട്ടമാണ്. സത്യത്തിൽ ഇന്ത്യൻ ഓർത്തഡോക്സ് സഭയുടെ ചരിത്രത്തിലെ സുവർണ്ണ അദ്ധ്യായം എന്ന് ആ അഞ്ചു പതിറ്റാണ്ടുകളെ വിശേഷിപ്പിക്കാം. കേരള സഭയെയും കേരള സംസ്ക്കാരത്തെയും തേജോമയമായ പുതിയ നൂറ്റാണ്ടിലേക്കു സംക്രമിപ്പിച്ച ഒരു മഹാപ്രതിഭയാണീ സുവർണ്ണ കാലഘട്ടത്തിന്റെ മുഖ്യശില്പി. 1912 മുതൽ വ്യവഹാര കോലാഹലങ്ങളിലേക്കു കച്ച കെട്ടി ഇറങ്ങാൻ നിർബദ്ധമായ സഭയും സമുദായവും തേജോമയമായ മുൻ കാലഘട്ടം സമ്മാനിച്ച തിളക്കമാർന്ന സംഭാവനകളെ തിരിച്ചറിഞ്ഞില്ല. തിരിച്ചറിയാമായിരുന്ന പരുമല പിതാവിന്റെ ദേഹവിയോഗമാകാം ഒരു കാരണം. ജനാധിപത്യപരവും സുതാര്യവുമായ മുൻഗാമിയുടെ പ്രവർത്തനശൈലികൾ പിൻഗാമി അസ്വീകാര്യമെന്ന് കരുതി തിരസ്കരിച്ചത് മറ്റൊരു കാരണമാകാം. ഏതായാലും ആ കാലഘട്ടത്തിന്റെ തമസ്ക്കരിക്കപ്പെട്ട ചിത്രമാണ് സഭാചരിത്രത്തിൽ കാണുന്നത്.

എന്നാൽ ആ നൂറ്റാണ്ടിൽ എഴുതപ്പെട്ട കണ്ടനാട് ഗ്രന്ഥവരി 1990–കളിൽ കണ്ടുകിട്ടിയതോടെ ഇരുട്ട് മാറി. സംഭവങ്ങളിൽ നേരിട്ട് സാക്ഷിയും പങ്കാളിയും വിമർശകനും ആയിരുന്ന കണ്ടനാട്ട് കരോട്ട് വീട്ടിൽ ശെമവൂൻ കോറെപ്പിസ്ക്കോപ്പാ (പിന്നീട് കൊച്ചിയുടെ പ്രഥമ മെത്രാപ്പോലീത്താ ശെമവൂൻ മാർ ദീവന്നാസ്യോസ്) എഴുതിയ കൈയെഴുത്ത് സഭാചരിത്രം തമസ്ക്കരിക്കപ്പെട്ട പല സംഭവങ്ങളിലേക്കും വെളിച്ചം വീശി. മഹാത്മാവായ ഒരാത്മീയ മഹാപുരോഹിതന്റെയും നവോത്ഥാന നായകന്റെയും സംക്രമപുരുഷന്റെയും ദേശാഭിമാനിയുടെയും ക്രാന്തദർശിയുടെയും ചിത്രം അതോടെ മറ നീക്കി പ്രത്യക്ഷപ്പെട്ടു. ഇന്ത്യൻ ഓർത്തഡോക്സ് സഭയിൽ അനന്വയം എന്ന് സത്യസന്ധമായി വിശേഷിപ്പിക്കാവുന്ന ഒരു മഹാപുരുഷനെ കണ്ടനാട് ഗ്രന്ഥവരി വെളിപ്പെടുത്തി. അതോടെ ആ മഹാവ്യക്തിത്വത്തെ സമകാലരേഖകളുടെ പ്രാമാണിക പിൻബലത്തോടെ വരച്ചുകാട്ടുവാൻ ആവശ്യമായ ഉപാദാനരേഖകൾ സംലഭ്യമായി. ആ ഉപാദാനരേഖകളെ അടിസ്ഥാനമാക്കി രചിച്ച പൂർണ്ണ ജീവചരിത്രമാണിത്.

തമസ്ക്കരിക്കപ്പെട്ട ഒരു പരിശുദ്ധ പിതാവ് ഒരു നൂറ്റാണ്ടിന് ശേഷം മലങ്കരയിൽ സൂര്യപ്രഭാവനായി വീണ്ടും പ്രത്യക്ഷപ്പെടുന്നു. പില്ക്കാല ചരിത്രകാരന്മാർ ബോധപൂർവ്വം പ്രചരിപ്പിച്ച കഥകൾ ഈ സൂര്യതാപമേറ്റ് ഉരുകിയൊലിച്ചു പോകുന്നത് തികച്ചും സ്വാഭാവികം.

ഒരു പതിറ്റാണ്ടു കാലം നടത്തിയ ഗവേഷണത്തിന്റെ ഫലമായ ഈ ജീവചരിത്രഗ്രന്ഥം മലയാളത്തിലെ ചരിത്രസാഹിത്യത്തിന്റെയും ഇന്ത്യൻ ഓർത്തഡോക്സ് സഭയുടെ ചരിത്രശാഖയുടെയും ഗണത്തിലേക്ക് പറഞ്ഞുവിടുന്നു.

വായനക്കാരുടെ വിലയിരുത്തലിന് കാതോർത്തുകൊണ്ട്

**ഫാ. ഡോ. ജോസഫ് ചീരൻ**

മാർച്ച് 25, സൂബോറോ പെരുന്നാൾ, 2004

# ഉള്ളടക്കം

ആമുഖം

അവതാരിക

1. മലങ്കരസഭ അന്ന്

2. കുന്നംകുളത്ത് നിന്ന് ഒരു ദാവീദ്

3. അനുരഞ്ജനകലയുടെ മാന്ത്രികൻ (പരുമല പടിയോല)

4. മലങ്കരസഭയിൽ സന്ദർശനം നടത്തിയ ആദ്യത്തെ അന്ത്യോഖ്യാ പാത്രിയർക്കീസ്

5. കർമ്മധീരനായ പത്രോസ് തൃതീയൻ ബാവാ

6. മുളന്തുരുത്തി സുന്നഹദോസിന് ശേഷം

7. മാർ ദീവന്നാസ്യോസ് വീണ്ടും അമരക്കാരൻ

8. നീതിപീഠങ്ങളിലൂടെ

9. കേരള നവോത്ഥാനത്തിന്റെയും സംസ്കാരത്തിന്റെയും രാജശില്പി

10. വടംവലികൾ

11. നല്ല പോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തു...

# അവതാരിക

## ഫാ. ഡോ. ജോർജ്ജ് പുലിക്കോട്ടിൽ

ബഹുമാനപ്പെട്ട ഡോ. ജോസഫ് ചീരനച്ചൻ രചിച്ച മഹാനായ മലങ്കര മെത്രാപ്പോലീത്താ - പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ജോസഫ് ദ്വിതീയൻ - എന്ന ജീവചരിത്രഗ്രന്ഥം വായിച്ചു. മലങ്കരയുടെ അഞ്ചാം ദീവന്നാസ്യോസ് എന്നും വലിയ തിരുമേനി എന്നും പുലിക്കോട്ടിൽ രണ്ടാമനെന്നും ഒക്കെ അറിയപ്പെടുന്ന, ഒരു കാലഘട്ടത്തിന്റെ ദിശാബോധവും അഭിമാനവുമായി വർത്തിച്ച നവോത്ഥാന കേരളത്തിന്റെയും ആധുനിക മലങ്കരസഭയുടെയും പിതാവെന്ന് ഏതൊരു ചരിത്രപഠിതാവിനും നിസ്സംശയം വിശേഷിപ്പിക്കാവുന്ന ആളുമായ ആ മഹാത്മാവിനെ കണ്ടനാട് ഗ്രന്ഥവരിയുടെയും മറ്റ് സമകാലീന രേഖകളുടെയും അനിഷേധ്യമായ പിൻബലത്തോടെ 21-ാം നൂറ്റാണ്ടിലെ മലയാളികൾക്കും മലങ്കര സഭയ്ക്കും മുന്നിൽ പുനരാഖ്യാനം നടത്തുകയാണ് ബ. ചീരനച്ചൻ ചെയ്തിരിക്കുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം ദശകം മുതൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകം വരെയുള്ള ഒരു നൂറ്റാണ്ടു കാലത്തെ മലയാളത്തിന്റെയും മലങ്കരസഭയുടെയും ചരിത്രത്തിലേക്കുള്ള സുവ്യക്തമായ ഒരു കവാടം കൂടെയാണ് ഈ ഗ്രന്ഥം. പഴയസെമിനാരി സ്ഥാപനം മുതൽ കേരളത്തിന്റെ സാംസ്ക്കാരിക നവോത്ഥാനത്തിൽ മലങ്കരസഭയും സഭാപിതാക്കന്മാരും വഹിച്ച നിർണ്ണായകമായ പങ്ക് നവീന കേരള ചരിത്രകാരന്മാരും സഭാചരിത്രകാരന്മാർ പോലും ബോധപൂർവ്വമോ അറിവില്ലായ്മകൊണ്ടോ വിസ്മരിക്കുന്ന ഈ കാലഘട്ടത്തിൽ അത് സമകാലിക രേഖകളിലെ പ്രമാണങ്ങളിലൂടെ പുനരവതരിപ്പിക്കപ്പെടുന്നുവെന്നതാണ് ഈ ഗ്രന്ഥത്തിന്റെ ഏറ്റവും വലിയ സംഭാവന. ബ. ചീരനച്ചന്റെ വാദമുഖങ്ങൾ ശക്തമാണ്, അന്യൂനമാണ്, ഒപ്പം ചിന്തോദ്ദ്യോതകവും വിമർശനാത്മകവും വെല്ലുവിളികളുമാണ്. അബദ്ധജഡിലങ്ങളും പാർശ്വവൽക്കരിക്കപ്പെട്ടവയുമായ ചരിത്രഗ്രന്ഥങ്ങളെ പകർത്തിയെഴുതി അവയ്ക്കു മുകളിൽ സ്വന്തം പേരുകൾ കൊത്തിവയ്ക്കുന്നവർക്ക് ഈ ഗ്രന്ഥവും രചനാശൈലിയും അന്യമായിരിക്കാം. എന്നാൽ ചരിത്രത്തെ അതിന്റെ സൂക്ഷ്മതയിലും തനിമയിലും കാണുവാൻ ഇഷ്ടപ്പെടുന്നവർ ഈ ഗ്രന്ഥത്തെ അവരുടെ ചരിത്രപഠനങ്ങൾക്ക് ഉപയോഗിക്കാതിരിക്കയില്ല.

പതിനൊന്ന് അദ്ധ്യായങ്ങളിലായി ക്രമീകരിച്ചിരിക്കുന്ന ഗ്രന്ഥം മലങ്കരസഭയുടെയും മലയാളക്കരയുടെയും തത്കാലഘട്ടത്തിന്റെ സൂക്ഷ്മ വിവരണങ്ങളിലൂടെയാണ് ആരംഭിക്കുന്നത്. പഴയസെമിനാരിയിൽ കേരള നവോത്ഥാനത്തിന്റെ ശംഖൊലി മുഴങ്ങുന്നതോടെ സഭയിലും സമൂഹ

ത്തിലും അതിന്റെ മാറ്റൊലികൾ ഉണ്ടാകുന്നു. കഥാപുരുഷന്റെ രംഗപ്രവേശനത്തിനു മുമ്പുവരെയുള്ള നല്ലൊരു കാലഘട്ട വിവരണവും അന്ന് സഭ നേരിട്ടിരുന്ന പ്രശ്നങ്ങളും ഒന്നാം അദ്ധ്യായത്തിൽ സൂക്ഷ്മാവലോകനം നടത്തിയിരിക്കുന്നത് വായനക്കാരനെ ആ കാലഘട്ടത്തിലേക്ക് നയിക്കുവാൻ തികച്ചും പര്യാപ്തമാണ്. ഏതൊരു പ്രസ്ഥാനവും എത്രമാത്രം സ്ഥാപനവൽക്കരിക്കപ്പെടുന്നുവോ അത്രമാത്രം അത് സങ്കീർണ്ണമാകുമെന്നത് ഒരു പൊതു നിയമമാണല്ലോ. പഴയസെമിനാരിയിലെ ആദ്യ ദശകങ്ങളിലെ ആശയസംഘട്ടനങ്ങളും അഭിപ്രായഭിന്നതകളും ആ രീതിയിലാണ് സത്യത്തിൽ വിലയിരുത്തപ്പെടേണ്ടതെന്നു തോന്നുന്നു. എന്നാൽ നവീന ആശയങ്ങൾ മുന്നോട്ടു വരുന്നു എന്ന് അവകാശപ്പെട്ടവർ തന്നെ സ്വാർത്ഥതാല്പര്യങ്ങൾക്കായി സഭയെ ബലിയാടാക്കുകയും സ്വതന്ത്ര ഭാരതസഭയെ വിദേശ ആധിപത്യത്തിനു മുന്നിൽ അനാശാസ്യ മാർഗ്ഗങ്ങളിലൂടെ അടിയറ വയ്ക്കുകയും ചെയ്യുന്ന ചിത്രമാണ് പാലക്കുന്നത്ത് അബ്രഹാം മല്പാനിലും അത്താനാസ്യോസ് (മരണമില്ലാത്തവൻ) ആയിത്തീർന്ന മാത്യൂസ് ശെമ്മാശനിലും കാണുന്നത്. പുലിക്കോട്ടിൽ ഒന്നാമൻ ആരംഭിച്ച സ്വാതന്ത്ര്യപ്രസ്ഥാനങ്ങൾ (സ്വദേശമെത്രാൻ വാഴ്ച, ആർത്താറ്റ് പടിയോലയിലെ പ്രഖ്യാപനം തുടങ്ങിയവ) ഈ അഭിശപ്ത അധികാരദുർമോഹത്തിലൂടെ നിലംപൊത്തുന്നതും തൽഫലമായി പുതിയ ഒരു വിദേശ ആധിപത്യത്തിന്റെ നുകം മലങ്കരയുടെ കഴുത്തിൽ വരുന്നതും കാണുന്നു. 1860-കൾ മുതൽ മലങ്കരസഭയുടെ മുഴുവൻ ശ്രദ്ധയും എങ്ങിനെ ഈ പ്രതിസന്ധിഘട്ടത്തെ തരണം ചെയ്യാമെന്നതായിരുന്നു.

വാഴിക്കൽ, മുടക്കൽ, ശപിക്കൽ, നിരോധിക്കൽ തുടങ്ങിയവ സിംഹാസനങ്ങളിലിരിക്കുന്നവരുടെ ധനാഗമമാർഗ്ഗമായും തമാശയായും നിലനിന്നിരുന്ന ഒരു കാലഘട്ടത്തിൽ ലേഖകൻ ആയതിന് അമിത പരിഗണന നൽകിയിട്ടുണ്ടോ എന്ന് ഒന്നാം അദ്ധ്യായത്തിലെ ചില പ്രസ്താവനകളിലെങ്കിലും തോന്നിപ്പോകുന്നു. കണ്ടനാട് ഗ്രന്ഥവരി ഈ രചനയുടെ അടിസ്ഥാനപ്രമാണങ്ങളിൽ ഒന്നായതിനാൽ ആയത് പൂർണ്ണരൂപത്തിൽ പ്രസിദ്ധീകരിക്കപ്പെടേണ്ടതും ആവശ്യമെന്ന് ഒന്നാം അദ്ധ്യായം വായിക്കുമ്പോഴേ ബോദ്ധ്യപ്പെടും (ചരിത്രത്തിലെ തെറ്റുകൾ തിരുത്തപ്പെടുന്നതിന്റെ ഭാഗമായി ഗ്രന്ഥവരി സഭയുടെ പ്രസിദ്ധീകരണവിഭാഗം എത്രയും പെട്ടെന്ന് പ്രസിദ്ധീകരിക്കുവാൻ ശ്രമിക്കുമെന്ന് ആശിക്കുന്നു).

കുന്നംകുളത്ത് നിന്നും ഒരു മോശ അഥവാ ദാവീദ് ജനിക്കുന്നു. രണ്ടാം അദ്ധ്യായത്തിലെ ഈ അനുമാനം ഗ്രന്ഥം വായിച്ചുതീരുമ്പോൾ ഏതു വായനക്കാരനും പൂർണ്ണമായും ശരി വയ്ക്കും. കഥാപുരുഷന്റെ അന്ത്യകല്പനയിൽ അദ്ദേഹം തന്നെ പൂർണ്ണ എളിമയോടെ തന്നെ ദാവീദിനോട് ഉപമിക്കുന്നുണ്ട്. സ്മര്യപുരുഷന്റെ ബാല്യകാലവിവരങ്ങൾ ആ കാലത്തെ

മത–സാമൂഹിക മണ്ഡലങ്ങളിലേക്ക് നല്ലൊരു കവാടമാണ്. ആർത്താറ്റ്, പാലൂർ, പഴഞ്ഞി, തൊഴിയൂർ ഇടവകകളുടെ പശ്ചാത്തലത്തിൽ മലങ്കര മേയിച്ചു ഭരിക്കുന്ന പൗരോഹിത്യ കുടുംബക്രമത്തിൽ ദൈവത്തിന്റെ പ്രത്യേക തെരഞ്ഞെടുപ്പുപ്രകാരം ജനിച്ചു വളരുന്ന ഒരു വിശുദ്ധ പ്രജ, മലങ്കരയുടെ മഹാനായ ദീവന്നാസ്യോസിന് ദൈവം ഒരുക്കിയ ബാല്യം, ബാല്യമെന്ന ആ തൂയോബോയ്ക്കു ശേഷം യൗവനം മുതൽ തന്നെ അദ്ദേഹം ഫലം കായ്ക്കുവാൻ തുടങ്ങിയതിൽ എന്ത് അത്ഭുതം. ഇസ്രായേലിന്റെ രക്ഷയ്ക്കുവേണ്ടി ഫറവോന്റെ അരമനയിൽ ഒരുക്കപ്പെട്ട മോശയെയും യിശ്ശായിയുടെ ആട്ടിൻകൂട്ടത്തെയല്ല; ദൈവത്തിന്റെ വിശുദ്ധ ജനത്തെത്തന്നെ മേയിക്കുവാൻ തെരഞ്ഞെടുക്കപ്പെട്ട ദാവീദിനെയും ഒരുക്കിയ ദൈവം മലങ്കരയുടെ രക്ഷയ്ക്കായി കുന്നംകുളത്തുനിന്നും യോസേപ്പുകുട്ടിയെ തെരഞ്ഞെടുത്ത് ഒരുക്കുന്നു. ഇസ്രായേലിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുന്നുമില്ല; ഉറങ്ങുന്നുമില്ല എന്ന് ചീരനച്ചന്റെ ഈ ഭാഗത്തെക്കുറിച്ചുള്ള ആഖ്യാനം വായിച്ചപ്പോൾ അശ്രുകണങ്ങളോടെയല്ലാതെ ഓർക്കുവാൻ സാധിച്ചില്ല. അതെ, എത്ര പ്രതിസന്ധികൾ വന്നാലും മലങ്കര എന്ന തന്റെ അരുമ മകളെ വിശുദ്ധ തോമസ്സ് അപ്പോസ്തോലന്റെ രക്തത്തിലൂടെ വളർത്തി 20 നൂറ്റാണ്ടുകൾ പരിപാലിച്ച മകളെ അവൻ കൈവെടിയുകയില്ല എന്ന ദൃഢവിശ്വാസവും ആത്മീയമായ ഒരു അനുഭൂതിയും ഈ അദ്ധ്യായം വായിക്കുന്ന ഏതൊരു സഭാചരിത്ര സ്നേഹിക്കും ഉണ്ടാകും. ആദാമ്യപാപം തീർപ്പാൻ ദൈവം മനുഷ്യനായി, ഏറെ ത്യാഗം സഹിച്ചു. ആരെ ഞാൻ അയക്കേണ്ടു, ആർ നമുക്കുവേണ്ടി പോകും, എന്ന ചോദ്യത്തിന് പ്രവാചകൻ മറുപടി കൊടുത്തു. അതെ, മലങ്കരയുടെ രക്ഷയ്ക്കുവേണ്ടി തന്റെ യൗവനവും തനിക്കുണ്ടായിരുന്ന സർവ്വവും ത്യജിച്ച് യുവാവായ യൗസേപ്പ് മർദ്ദീനിലേക്ക് തിരിച്ചതിന്റെ പുറകിൽ മറ്റെന്തായിരിക്കാം കാരണം? ഫെലിസ്ത്യന്റെ ആക്രോശത്തിനു മുന്നിൽ ഇസ്രായേലിന്റെ അഭിമാനവും രക്ഷയുമാകുന്ന ദാവീദിനോടും പിതൃവാക്യത്തിന് കളങ്കം വരാതിരിക്കുവാൻ രാജ്യഭരണം ഉപേക്ഷിച്ച് വനവാസം തെരഞ്ഞെടുക്കുന്ന രാമനോടും യൗസേപ്പു ശെമ്മാശ്ശനെ എങ്ങിനെ ചീരനച്ചന് ഉപമിക്കാതിരിപ്പാനാകും? മത്സ്യത്തിന്റെ വയറ്റിൽ യൗസേപ്പു കത്തനാരുടെ വിരൽ കാണുവാൻ ആഗ്രഹിച്ചവർ മലങ്കരയുടെ വീണ്ടെടുപ്പിനും രാജ്യത്തിന്റെ നവോത്ഥാനത്തിനും അനുയോജ്യനായ ദാവീദിനെയാണ് കണ്ടെതെങ്കിൽ അതിനു കാരണം അവനെ ഒരുക്കിയത് ദൈവത്തിന്റെ പരിശുദ്ധാത്മാവാണ് എന്ന് തർക്കം കൂടാതെ പറയാം. തന്റെ പരദേശയാത്രാവിവരണത്തിലെ ഓരോ വരികളും ആയതിനു സാക്ഷ്യമാണ്.

പൂർവ്വപിതാക്കന്മാരുടെ രചനകൾ, കല്പനകൾ അവർക്ക് ലഭിച്ചിട്ടുള്ളതും അവർ നൽകിയിട്ടുള്ളതുമായ അനുവാദ കല്പനകൾ, ഉടമ്പടികൾ

എന്നിവ അർഹിക്കുന്ന ഗൗരവത്തോടെ സൂക്ഷിക്കുവാനും പഠിക്കുവാനും ഇന്നും മലങ്കരസഭയ്ക്ക് കഴിഞ്ഞിട്ടുണ്ടോ എന്ന് നാം പരിശോധിക്കണം. ദിവംഗതനായ ശ്രീ. സാമുവൽ ചന്ദനപ്പള്ളിയും ബ. ചീരനച്ചനും വെട്ടി ത്തുറക്കുന്ന ഈ പാതയിലേക്ക് പുതിയ ചരിത്രവിദ്യാർത്ഥികൾ കടന്നുവന്നിരുന്നെങ്കിൽ എന്ന് ആശിച്ചുപോകുന്നു. നമ്മുടെ പഴയ പള്ളി കളിൽ പിതാക്കന്മാരാൽ സൂക്ഷിക്കപ്പെട്ടിരുന്ന ചരിത്രരേഖകൾ ചിതലും പുഴുവും ദഹിപ്പിക്കുന്നതല്ലാതെ അവ സ്വരൂപിക്കുവാനുള്ള ശ്രമം സഭ യിലെ ഏതെങ്കിലും ഒരു ഉന്നതസ്ഥാനി നടത്തിയിട്ടുണ്ടോ എന്ന് കുറ്റ പ്പെടുത്തുവാൻ ഞാൻ മടിക്കുന്നില്ല. കുന്നംകുളം പഴയപള്ളിയുടെ മേല്പൂട്ട് എന്ന് വിളിക്കുന്ന ഒരു ഇരുളടഞ്ഞ മുറിയിൽ യുവജനപ്രസ്ഥാ നത്തിന്റെ പ്രവർത്തകനായിരുന്ന സമയത്ത് പ്രവേശിക്കുവാൻ സാധിച്ച പ്പോൾ ആ ഇരുളിന്റെ മറവിൽ ഒരു കാലഘട്ടത്തിന്റെ ചരിത്രരേഖകൾ പലതും ഗാഢനിദ്രയിൽ ഇരിക്കുന്നത് കണ്ടു. ഒരു കൈപ്പെട്ടി തുറന്ന പ്പോൾ പട്ടിൽ പൊതിഞ്ഞ ഒരു ചെപ്പ് അതിൽ ഇരിക്കുന്നു. അതിനകത്ത് എന്തോ കിലുങ്ങുന്നുണ്ടെങ്കിലും വിശുദ്ധമെന്ന് ആദ്യനോട്ടത്തിൽ തോന്നുന്ന ആ വസ്തുവിലേക്ക് കൂടുതൽ അടുക്കുവാൻ സാധിച്ചില്ല. പ്രവേശനം തന്ന വൈദികൻ അനുവദിച്ചതുമില്ല. അന്നുമുതൽ ചുകന്ന പട്ടിനകത്തെ ആ ചെപ്പ് പലപ്പോഴും മനസ്സിൽ വരാറുണ്ട്. മർദ്ദീനിൽ നിന്നും മടങ്ങിയെത്തിയ പുലിക്കോട്ടിൽ തിരുമേനിയുടെ കൈപ്പെട്ടിയാ യിരുന്നുവോ അത്? യാക്കോബ് ദ്വിതീയൻ കൊടുത്തുവിട്ട തിരുശേഷി പ്പുകളാണോ ആ ചുമന്ന പട്ടിനകത്തെ രഹസ്യം? കലങ്ങിമറിയുന്ന സഭാ ന്തരീക്ഷം ശാന്തമാകുമ്പോൾ പൂർണ്ണബഹുമാനത്തോടെ സ്ഥാപിക്കുവാ നായി കരുതിവയ്ക്കപ്പെട്ടതിനാലാണോ തിരുമേനി അന്ന് അവ സൂക്ഷിച്ച് വച്ചത്? ആർക്കാണ് ഇന്ന് ഇതൊക്കെ അറിയേണ്ടത്? തുറന്നിരിക്കുന്നവ പോലും അടയ്ക്കുവാൻ വെമ്പൽ കൊള്ളുന്ന ഒരു കാലഘട്ടത്തിന്റെ അവ ശേഷിക്കുന്ന വെളിച്ചംപോലും ഗ്രസിക്കപ്പെടുന്ന അവസരത്തിൽ അട ഞ്ഞിരിക്കുന്നവ തുറക്കാൻ ആർക്കുണ്ടു സമയം? തന്റെ അന്ത്യകല്പന യിലെ ശലോമോൻ ഇല്ലാതെപോയ ദാവീദ് എന്നെങ്കിലും പുനർജീവി ക്കുമോ?

ജീവനുള്ള യഹോവ മുൻനടന്ന് ഇസ്രായേലിനെ വാഗ്ദത്ത ഭൂമിയി ലേക്ക് നയിച്ചിട്ടും മോശയെ മദ്ധ്യസ്ഥനായി നിർത്തിയിട്ടും അതൊന്നും മനസ്സിലാക്കുവാനോ ആത്മീയയാത്ര നടത്തുവാനോ ഇസ്രായേലിന് സാധിച്ചില്ല. അതെ, ആ പാളയത്തിലെ പട തന്നെയാണ് മലങ്കരയുടെയും തീരാശാപം. അനുരഞ്ജനകലയുടെ മാന്ത്രികൻ – മൂന്നാം അദ്ധ്യായം ഈ ചരിത്രസത്യത്തിന്റെ പുനരാഖ്യാനമാണ്. നാലരദശകത്തിന്റെ ആ യാത്രയിൽ അഭിനവ മോശ പക്ഷേ തളരുന്നില്ലെന്നു മാത്രമല്ല അഗ്നി യിൽ വിശിഷ്ട പുഷ്പങ്ങളെ ജനിപ്പിക്കുകയായിരുന്നുവെന്നത്

അത്ഭുതത്തോടെ മാത്രമേ നോക്കി കാണുവാൻ കഴിയൂ (ഒമ്പതാം അദ്ധ്യായം മുഴുവൻ ഇക്കാര്യം സാക്ഷിക്കുന്നു). കേരളപതാക, വെട്ടിക്കൽ ദയറാ, പരുമല സെമിനാരി അങ്ങിനെ എണ്ണിയാലൊടുങ്ങാത്ത എന്തൊക്കെ ചരിത്രസംഭവങ്ങളാണ് ഈ ശോധനയുടെ യാത്രയിൽ മലങ്കരയ്ക്ക് ലഭിച്ചത്. എന്നിട്ടും ഫറവോന്യ അടിമത്വത്തിലേക്ക് മടങ്ങുവാൻ വെമ്പൽ കൊള്ളുന്ന ഒരു സമൂഹം അവശേഷിക്കുന്നുവെന്നതും ചരിത്രത്തിന്റെ തനിയാവർത്തനം ആകാം!

കോറെപ്പിസ്ക്കോപ്പാസ്ഥാനം അന്ന് ഒരു പക്ഷേ ഇന്നത്തേതുപോലുള്ള ആടയാഭരണങ്ങൾ ആയിരുന്നിരിക്കില്ല. എങ്കിലും കോറിയും മെത്രാനുമല്ലാതെ ഒരു സന്യാസിപ്രസ്ഥാനം സഭയ്ക്ക് ഇല്ലാതിരുന്ന കാലത്ത് വിശുദ്ധനായ ഒരു കോറെപ്പിസ്ക്കോപ്പായെ സന്യാസത്തിന്റെ ഉത്തുംഗങ്ങളിലേക്ക് ഉപനയിപ്പിച്ച് വെട്ടിക്കലിൽ പർണ്ണാശ്രമം ചമച്ച് സന്നിവേശിപ്പിച്ച വിശുദ്ധന്റെ മുന്നിൽ ഞാനുൾപ്പെടുന്ന അഭിനവ സന്യാസികൾക്ക് നമോവാകം പറയുവാൻ പോലും അർഹതയില്ലെന്ന് കുമ്പസാരിക്കട്ടെ. വെള്ളിക്കോലിലെ വെള്ളി കണക്കാണ് സഭയിലെ ഇന്നത്തെ സന്യാസപ്രസ്ഥാനം. സിംഹാസനാരൂഢനാവാനല്ലാതെ ഒരു പൂർണ്ണസന്യാസിയാകുവാൻ ആർക്കും പ്രചോദനമില്ലെന്ന ദുരവസ്ഥ. അതിവാർദ്ധക്യത്തിലെങ്കിലും ഇനി ഞാൻ ആത്മവിശ്രമം നടത്തും, പർണ്ണാശ്രമത്തിലിരുന്ന് തേജോരൂപിയാകുമെന്ന് ചിന്തിക്കുവാൻ എന്തുകൊണ്ട് നമ്മുടെ ആത്മീയതയ്ക്ക് കഴിയുന്നില്ലെന്ന് സ്വയം ചോദിക്കുന്നു. അർത്ഥപൂർണ്ണമായ ഒരു സന്യാസവഴിയിലേക്ക് ത്യജനത്തിന്റെ പാതയിലേക്ക് നമ്മുടെ യുവതീയുവാക്കളെ ഒന്നു വിളിക്കുവാൻ നമ്മിൽ ആർക്കു സാധിക്കും? ദൈവം കരുതട്ടെ (ഈ ആത്മവേദനപോലും തെറ്റിദ്ധരിക്കപ്പെടുമെന്ന് അറിഞ്ഞുകൊണ്ടു തന്നെയാണ് എഴുതുന്നത്).

1873-ലെ പരുമല സമ്മേളനത്തിൽ സ്മര്യപുരുഷൻ കാണിച്ച ക്രാന്തദർശിത്വം ചീരനച്ചൻ പ്രത്യേകം വരച്ചു കാട്ടുന്നു. അസോസിയേഷൻ തീരുമാനമില്ലാതെ ഒരാളെയും ഭാവിയിൽ മെത്രാന്മാരാക്കുകയില്ല എന്ന ഒരു തീരുമാനം തന്നെ മതി സഭയുടെ ഭാവിയെക്കുറിച്ചും സുവ്യക്തമായ ഒരു ഭരണഘടനയെക്കുറിച്ചും അതിന്റെ അടിസ്ഥാനത്തിൽ നിലനിൽക്കുന്ന പാർലമെന്റിനെക്കുറിച്ചുമുള്ള അദ്ദേഹത്തിന്റെ ദർശനം അറിയുവാൻ.

അതെ, പരുമലയിൽ ഇപ്പോൾ (2002) പൂർണ്ണ അധികാരത്തോടെ അസോസിയേഷൻ കൂടുവാനും അറിവില്ലായ്മകൊണ്ട് അബദ്ധം കാണിച്ചവരെ സഭാഗാത്രത്തിലേക്ക് തിരികെ ക്ഷണിച്ച് ഇടയത്വവേല ഏല്പിക്കുന്നതിനും സാധിച്ചത് ശുഭസൂചനയായി കാണാം. അറിവില്ലായ്മയ്ക്ക് പക്ഷേ ഇനിയും സ്ഥാനമില്ലെന്നും അസോസ്യേഷനാണ് അടിസ്ഥാന

മെന്നും ഒരിക്കൽകൂടെ പ്രഖ്യാപിക്കുവാൻ 2004-ലും വരും വർഷങ്ങളിലും പരുമലയ്ക്ക് സാധിക്കട്ടെ.

മലങ്കരയിൽ സന്ദർശനം നടത്തിയ ആദ്യ അന്ത്യോഖ്യാ പാത്രിയർക്കീസും അദ്ദേഹത്തിന്റെ ചെയ്തികളുമാണ് നാലാം അധ്യായത്തിലെ പ്രതിപാദ്യം. ഈ ഭാഗങ്ങൾ സമകാലിക ചരിത്രരേഖകളുടെ പിൻബലത്തോടെ അച്ചൻ സുന്ദരമായി പുനരാഖ്യാനം ചെയ്തിരിക്കുന്നു. പത്രോസ് തൃതീയനും പാലക്കുന്നത്ത് അത്താനാസ്യോസും കൂടിക്കാണാതിരുന്നത് പുലിക്കോടന്റെ കളികൊണ്ടായിരുന്നുവെന്ന് ദുരുദ്ദേശ്യത്തോടെ തട്ടിവിട്ടത് പാടി നടക്കുകയായിരുന്ന മലങ്കരസഭാ ചരിത്രകാരന്മാരുടെ മുന്നിൽ ബഹു. അച്ചൻ കണ്ടനാട് ഗ്രന്ഥവരി ഉദ്ധരിക്കുന്നു. ഇനിയെങ്കിലും "പഞ്ചകല്യാണി"യെപ്പോലും വാഴ്ത്തിപാടുന്നവർ തെറ്റു തിരുത്തിയിരുന്നെങ്കിൽ. 1685-ലെ ഈവാനിയോസിന്റെ എഴുത്തുകൾ മുതൽ (ഇതിനെ ചരിത്രം എന്നു വിളിക്കുവാൻ സാധിക്കുകയില്ല) മലങ്കര പാടിയ ചരിത്രപരമായ അന്ധത മാറ്റിയെടുക്കുവാൻ ഒരു കേസരി ഇല്ലാതെ പോയെന്ന് ചീരനച്ചൻ ആശ്ചര്യപ്പെടുമ്പോൾ അച്ചൻ ഈ ഗ്രന്ഥത്തിലൂടെ കേസരിത്വത്തിലേക്ക് കടന്നുവരുന്നുവെന്ന് ഇതിലെ വായനക്കാർക്ക് തീർച്ചയായും പറയുവാൻ സാധിക്കുമെന്ന് തോന്നുന്നു. അച്ചന്റെ സഭാചരിത്രരചനകളിലെ കേസരിഗർജ്ജനം ഈ ഗ്രന്ഥത്തിൽ കുറേക്കൂടെ ആഴത്തിൽ മുഴങ്ങുന്നു, അവയ്ക്ക് പ്രതിധ്വനികളും. ധൈര്യമുള്ള കേസരിമാർക്ക് പ്രതിശബ്ദങ്ങൾ ഉണ്ടെങ്കിൽ അവയും മുഴങ്ങട്ടെ. ഒരു പുതിയ സഭാചരിത്ര പഠനത്തിനും ചർച്ചകൾക്കും ഈ ഗ്രന്ഥം വഴി വയ്ക്കട്ടെ. ഏതായാലും മലങ്കരയുടെ അന്ത്യോഖ്യാബന്ധം പുലിക്കോട്ടിൽ തിരുമേനിയുടെ സൃഷ്ടിയല്ല; മറിച്ച് കഥയറിയാതെ ആട്ടം കണ്ടവർ എല്ലാവരും ചേർന്ന് ഇരുന്നൂറോളം വർഷങ്ങൾകൊണ്ട് (1685 മുതലെങ്കിലും) ആവർത്തിച്ചതാണെന്നും ഈ പ്രഹേളിക സ്വാർത്ഥലാഭത്തിന് ദുരുപയോഗപ്പെടുത്തിയ നവീകരണക്കാരുടെ മുന്നിൽ പ്രയോജനപ്പെടുത്തിക്കൊള്ളുകയല്ലാതെ മറ്റു മാർഗ്ഗമില്ലാത്തതിനാൽ അതു ചെയ്യുവാൻ നേതൃത്വം നൽകിയെന്ന അപരാധമേ പുലിക്കോട്ടിൽ തിരുമേനിയിൽ ഉള്ളുവെന്നും അച്ചൻ തെളിയിക്കുന്നു.

ഒപ്പം ദേശസ്വാതന്ത്ര്യം സ്വപ്നം കാണുവാൻ പോലും അവകാശമില്ലാതിരുന്ന ഒരു കാലത്ത് മലയാളത്തിൽ ഒരു അസോസ്യേഷന് രൂപം നൽകുകയും ആ അടിസ്ഥാനത്തിൽ ഒരു ഭരണഘടന അഥവാ കാനോൻ രൂപീകരിക്കുകയും പൂർണ്ണ ജനപങ്കാളിത്തത്തോടെ ദൈവത്തിന്റെ സഭയെ പണിയുകയും ചെയ്തുവെന്ന തെറ്റു മാത്രമാണ് - അത് തെറ്റാണെങ്കിൽ - അദ്ദേഹം ചെയ്തത്. വി. പത്രോസിന്റെ നാമധാരിയായ ശേമ്യവംശജൻ സ്വതഃസിദ്ധമായ ചില പരാക്രമങ്ങൾ കാണിച്ചപ്പോൾ -

തീർത്തും അപ്രതീക്ഷിതം ആയിരുന്നു അത് – ആതിഥേയൻ കൂടെയായ ആ ചാണക്യൻ ബോധപൂർവ്വം അവ സഹിച്ച് വാൽനക്ഷത്രത്തെ മടക്കി യെന്നതൊഴിച്ചാൽ മുളന്തുരുത്തി സുന്നഹദോസ് മലങ്കരസഭയുടെ മാഗ്നാ കാർട്ട തന്നെയാണെന്നതിന് യാതൊരു സംശയവുമില്ല.

സ്വന്തം ചെയ്തികളുടെ ഫലകം കമ്മിറ്റിയിൽ വായിക്കപ്പെടുന്ന സുതാര്യതയും രണ്ട് കൂട്ടുട്രസ്റ്റികളെ വച്ച് അവരിലൂടെ സഭയുടെ വരുമാനം നിലക്കണ്ണാടിയിലെ ചിത്രംപോലെ വ്യക്തമാക്കുകയും ചെയ്ത ആ പിതാവിന്റെ നേതൃത്വവും മലങ്കരയുടെ കമ്മിറ്റി തീരുമാനപ്രകാരമുള്ള കാര്യങ്ങൾക്കേ മലങ്കരയിൽ സാധുത്വമുള്ളൂ എന്ന് എഴുതിച്ച ദർശനവും അച്ചൻ വരച്ചുകാട്ടുന്നു.

സുന്നഹദോസിനു ശേഷമെന്ന അദ്ധ്യായവും ഒരുപാട് ചിന്തകൾ ദ്യോതിപ്പിക്കുന്നതാണ്. പത്രോസ് മൂന്നാമൻ എന്ന അതിഥിയുടെ ആക്രോശങ്ങളും ബോംബെ വരെ അതിഥിയെ അനുധാവനം ചെയ്യുന്ന ആതിഥേയനിലെ ക്രിസ്തീയഭാവവും ആ പിതാവിനും മലങ്കര മുഴുവനും വേണ്ടി വെട്ടിക്കൽ ദയറായിൽ ഉണർന്നിരുന്ന് പ്രാർത്ഥിക്കുന്ന സഹപ്രവർത്തകരുടെ ആത്മാവുമൊക്കെ ത്രസിക്കുന്ന ഹൃദയത്തോടെ മാത്രമേ വായിക്കുവാൻ സാധിക്കൂ. സഭയ്ക്കുവേണ്ടി താൻ ഭൂമിയോളം ക്ഷമിക്കുകയും പാതാളത്തോളം ചവിട്ടി താഴ്ത്തപ്പെടുവാൻ അനുവദിച്ചുകൊടുക്കുകയും ചെയ്തപ്പോൾ ആ മലയാളത്തിന്റെ പിതാവ് അവിഭക്തസഭയെയാണ് ഏറ്റവും പ്രാധാന്യമേറിയതായി കണ്ടത്. മലയാളത്തിന്റെ ദീവന്നാസ്യോസ്, കൊല്ലത്തിന്റെ ദീവന്നാസ്യോസ് ആകുവാൻ മടിച്ചില്ല. അതുകൊണ്ട് തന്നെ അദ്ദേഹം മഹാനെന്ന് അറിയപ്പെടുന്നു. ഇന്നാകട്ടെ കടുംപിടുത്തങ്ങളുടെ പേരിൽ ഭദ്രാസനങ്ങളെ നാം എ, ബി എന്ന് തിരിക്കുന്നു.

നീതിപീഠങ്ങളിലൂടെ എന്ന എട്ടാം അദ്ധ്യായം പഞ്ചാഗ്നി മദ്ധ്യേയുള്ള തപസ്സിന്റെ കഥ തന്നെയാണ്. തന്റെ നാഥനെപ്പോലെ ചെയ്യാത്ത കുറ്റങ്ങൾക്ക് വേണ്ടി താൻ പീഡയേറ്റപ്പോഴും ക്ഷമിക്കണമേ എന്ന പ്രാർത്ഥനയായിരുന്നു ആ പരിശുദ്ധ ജീവിതം മുഴുവനുമെന്ന് അദ്ദേഹത്തിന്റെ ദൃക്സാക്ഷികൾ സംഭവങ്ങളിലൂടെ വിവരിക്കുന്നു. കപടനാടകങ്ങളും നാട്യങ്ങളും ഒരുപക്ഷേ അദ്ദേഹത്തിന് അന്യമായിരുന്നതുകൊണ്ടായിരിക്കാം അദ്ദേഹത്തിലെ വിശുദ്ധത ഒരു വലിയ രഹസ്യമായി നിലനിൽക്കുന്നത്. ആയത് അങ്ങനെ തന്നെ നിൽക്കട്ടെ.

കേരള നവോത്ഥാനത്തിന്റെയും സാംസ്ക്കാരിക ഉന്നതിയുടെയും രാജശില്പിയായ ദീവന്നാസ്യോസിനെയാണ് ഒമ്പതാം അദ്ധ്യായത്തിൽ ആലേഖനം ചെയ്തിരിക്കുന്നത്. എന്തെന്തു സംഭാവനകൾ! ഒരു

മനുഷ്യായുസ്സുകൊണ്ട് അദ്ദേഹം തുടങ്ങിവെച്ച എണ്ണിയാലൊടുങ്ങാത്ത പ്രസ്ഥാനങ്ങൾ! അവ നൽകിയ സന്ദേശങ്ങൾ. അവ ഒരു ആമുഖ പഠനത്തിൽ സംക്ഷേപിക്കുക പ്രയാസം എന്നതിനാൽ ആയതിനു മുതിരുന്നില്ല. പാളയത്തിലെ പടയ്ക്കകത്തുനിന്നുകൊണ്ടാണ് അദ്ദേഹം സഭയുടെ മാത്രമല്ല സമൂഹത്തിന്റെ മുഴുവൻ സമഗ്ര ഉദ്ധാരണത്തിന് ധീരമായ നേതൃത്വം കൊടുത്തത് എന്നത് ആരെയും അത്ഭുതപ്പെടുത്തും. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, സമുദായസംഘടന, ഭാഷാഭിമാനം, ഭരണക്രമത്തിലെ ജനകീയ ശൈലി, അധഃകൃതോദ്ധാരണം, അച്ചടി സ്ഥാപനങ്ങൾ, ആത്മീയ പ്രസ്ഥാനങ്ങൾ, ദയറാപ്രസ്ഥാനം, വിദ്യാർത്ഥി പ്രസ്ഥാനം, ജാത്യൈക്യ പ്രസ്ഥാനം, സാഹിത്യപ്രവർത്തനം അങ്ങനെ നീണ്ടുപോകുന്നു ആ പ്രവർത്തന സരണികൾ.

റോയൽകോടതിവിധിയും മലങ്കരസഭയുടെ സമ്പൂർണ്ണ സ്വാതന്ത്ര്യവുമൊക്കെയാണ് പുസ്തകത്തിലെ തുടർന്നുള്ള പ്രതിപാദ്യം. ഇവിടെയും ശ്രദ്ധേയമായ ചില കാര്യങ്ങൾ ചൂണ്ടിക്കാണിപ്പാനുണ്ട്. റോയൽകോടതിവിധി മലങ്കരയുടെ അസ്തിത്വത്തിന് രാഷ്ട്രീയവും ദേശീയവുമായ മാനവും അംഗീകാരവും നേടിത്തന്ന സംഭവമായിരുന്നു. 1895-ലെ അസോസ്യേഷൻ മുതലെങ്കിലും അങ്ങിനെയൊരു ഔന്നത്യത്തിലേക്ക് മലങ്കരസഭയെ നയിപ്പാൻ ഇരട്ടി ആത്മാവും ദൈവകൃപയുമുള്ള പരുമല ഗ്രീഗോറിയോസ് തിരുമേനിയെ അമരത്തിരുത്തി സഭാനൗകയുടെ മഹത്ത്വകരമായ പ്രയാണം കാണണമെന്ന് ആഗ്രഹിച്ചായിരുന്നു ആ മഹാത്മാവിന്റെ പ്രവർത്തനങ്ങൾ. 63-ാം വയസ്സിൽ തനിക്ക് പിൻഗാമിയെ വേണമെന്ന് ആവശ്യപ്പെട്ടതിന്റെ കാരണവും ആതായിരിക്കാം.

1902 മലങ്കരയുടെ നഷ്ടമെന്ന് അക്കാലങ്ങളിൽ എല്ലാവരും പറയുമായിരുന്നു (ഇപ്പോൾ അത് മലങ്കരയുടെ ഏറ്റവും വലിയ ലാഭമാണ്). അതെ, ദാവീദ് ആഗ്രഹിച്ച ശലോമോനെ ദൈവം മറ്റ് ദൗത്യങ്ങളാണ് ഏല്പിച്ചത്. ഏതായിരുന്നാലും മലങ്കരസഭാ ചരിത്രത്തിന്റെ മറ്റൊരു മുഖം അവിടെ ആരംഭിക്കുകയായിരുന്നു. തുടർന്നുള്ള കാലഘട്ടത്തിലേക്ക് പ്രതീക്ഷയുടെ എത്തിനോട്ടത്തിലൂടെ അച്ചൻ ഗ്രന്ഥത്തിന്റെ അവസാന ഭാഗത്തേക്ക് വരികയാണ്. അന്ത്യകല്പന വായിക്കുന്നവർക്ക് ഒരു കാര്യം വ്യക്തമാകുന്നു. “ഓട്ടം തികച്ചു വിശ്വാസം കാത്തു” എന്ന് പ. പൗലൂസിനെപ്പോലെ പറയുവാനും, ജീവിക്കുന്നുവെങ്കിലും മരിക്കുന്നുവെങ്കിലും ആയത് ദൈവകരങ്ങളിൽ ആകട്ടെ എന്ന് സമർപ്പിക്കുവാനും തയ്യാറായി ഒരുങ്ങികിടക്കുന്ന ഒരു പിതാവ്. ശരശയ്യാവലംബിയായ ഭീഷ്മ മഹാചാര്യന്റെ കിടപ്പിനോടാണ് ഈ മഹാത്മാവിന്റെ അവസാനസമയങ്ങളെ വിശേഷിപ്പിക്കാവുന്നത്. മരണത്തിന് തയ്യാറെടുക്കുന്നവർക്കും അതിനു ശേഷമാണ് യഥാർത്ഥ ജീവകിരീടം ലഭിക്കുന്നതെന്ന് ഉത്തമബോധ്യമു

ള്ളവർക്കും മാത്രമേ അന്ത്യകല്പന എഴുതുവാൻ കഴിയൂ. യാത്ര ചോദിക്കുവാൻ കഴിയൂ. പ്രൗഢവും ഗംഭീരവും ഭക്തിജന്യവുമായ ആ ഒറ്റ കല്പന മതി ആ മഹാവിശുദ്ധന്റെ ജീവിതം മുഴുവൻ പഠിക്കുവാൻ. ആവശ്യമുള്ളതിനും ഇല്ലാത്തതിനും കല്പന എഴുതുകയും അന്ത്യമുണ്ടെന്ന ചിന്തയേ ഇല്ലാത്തതിനാൽ അന്ത്യ കല്പനകൾ ഉണ്ടാകാത്തതുമായ ഈ കാലഘട്ടത്തിൽ ആർ എന്തു പറയുവാൻ?

ഏതായാലും "മഹാനായ ദീവന്നാസ്യോസ്" ഒരു അനുഭവമാണ്. ആയത് പഠനസ്വഭാവത്തോടെ വായിക്കുവാനാഗ്രഹിക്കുന്നവർക്ക് അന്നത്തെ സഭയും ഇന്നത്തെ സാധ്യതകളും തങ്ങളുടെ മനോമുകുരങ്ങളിൽ തെളിയുമെന്നതിന് സംശയമില്ല. മലങ്കരയിൽ ഇനിയും മഹാന്മാർ ഉണ്ടാകുവാൻ ഈ പുസ്തകത്തിന്റെ പ്രകാശനത്തിലൂടെ ദൈവം ഇടയാക്കട്ടെ. ചീരനച്ചനെന്ന മലങ്കരയുടെ കേസരിയ്ക്ക് ഇനിയും അർത്ഥപൂർണ്ണമായി ഗർജ്ജിക്കുവാൻ ദൈവം അവസരങ്ങൾ നൽകട്ടെ.

ഈ ഒരു വലിയ കൃത്യത്തിന് ബലഹീനനായ എന്നെ തെരഞ്ഞെടുത്തതിലുള്ള അനല്പമായ സന്തോഷം രേഖപ്പെടുത്തുന്നു.

## അധ്യായം 1

# മലങ്കരസഭ അന്ന്

1815 മീന മാസത്തിൽ (മാർച്ച്, ഏപ്രിൽ) ഇരുപത്തിയഞ്ച് വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചുകൊണ്ട് കോട്ടയം പഴയസെമിനാരി പ്രവർത്തനം ആരംഭിച്ചതോടെ മലങ്കര ഓർത്തഡോക്സ് സഭയിൽ ഒരു പ്രഭാതം പൊട്ടിവിടർന്നു. ആ സ്ഥാപനത്തെ മലങ്കരസഭയുടെ ഹൃദയവും മസ്തിഷ്ക്കവുമെന്നും അതിന്റെ സ്ഥാപകൻ പുലിക്കോട്ടിൽ ഇട്ടൂപ്പു റമ്പാനെ (പിന്നീട് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്താ പ്രഥമൻ അഥവാ സഭാജ്യോതിസ്സ്) "ആധുനിക മലങ്കരസഭയുടെ പ്രൊമിത്യൂസ്"[1] എന്നും ചരിത്രകാരന്മാർ വിശേഷിപ്പിച്ചിട്ടുണ്ട്. മലങ്കരയിലുണ്ടായിരുന്ന ഏക മെത്രാന്റെ - മലങ്കര മെത്രാപ്പോലീത്താ - ഔദ്യോഗികവസതി, സഭാസെക്രട്ടറിയേറ്റ്, ഇംഗ്ലീഷ് വിദ്യാഭ്യാസം, വൈദിക വിദ്യാഭ്യാസം, ബൈബിൾ വിവർത്തനം എന്നിങ്ങനെ സഭയിൽ ആരംഭിച്ച പല നവോത്ഥാന പ്രവർത്തനങ്ങൾക്കും അവിടം വേദിയായിട്ടുണ്ട്. കേണൽ മൺറോയുടെ സഹായത്തോടെ സ്ഥാപിക്കപ്പെട്ടതുകൊണ്ട് സെമിനാരിയുടെ ഉടമസ്ഥത തങ്ങൾക്കാണെന്ന് സി.എം.എസ്. മിഷണറിമാർ തെറ്റിദ്ധരിച്ചിരുന്നു. മെത്രാപ്പോലീത്തായോട് ആലോചിക്കാതെ മൺറോ സായിപ്പ് ക്ഷണിച്ചുവരുത്തിയ മിഷനറി റവ. തോമസ് നോർട്ടനെ പഴയ സെമിനാരിയിൽ താമസിപ്പിക്കണമെന്ന മൺറോയുടെ ആവശ്യം ആദ്യശ്രവണത്തിൽത്തന്നെ നിഷേധിച്ച മെത്രാപ്പോലീത്തായുടെ മുമ്പിൽ മൺറോ പതറുക തന്നെ ചെയ്തു. ഉടമസ്ഥതാബോധം കൊണ്ട് ജ്വലിച്ചു നില്ക്കുന്ന മലങ്കര മെത്രാന്റെ അഭിമാനബോധവും കർത്തവ്യനിഷ്ഠയും അപ്രതിരോധ്യമെന്ന് സായിപ്പിന് ബോധ്യമായി. മെത്രാച്ചന്റെ മരണം വരെ മിഷണറിമാർ മൗനം പാലിച്ചു. ഒരു ഭാഗത്ത് പകലോമറ്റം മെത്രാന്മാരുടെ ഭാഗത്തുനിന്ന് നേരിടേണ്ടിവന്ന തിരസ്ക്കാരങ്ങൾ, മറുഭാഗത്ത് മിഷണറിമാരുടെ ഭാഗത്തുനിന്നുണ്ടായ ആക്രമണങ്ങൾ. ഇവയുടെ മദ്ധ്യേ അചഞ്ചലനായി പുലിക്കോട്ടിൽ ഒന്നാം മെത്രാപ്പോലീത്താ ആരോഗ്യകരമായ ചില കീഴ്വഴക്കങ്ങൾ സഭയിൽ സ്ഥാപിച്ചു. എന്നാൽ അദ്ദേഹത്തിന്റെ അതീവ ഹ്രസ്വമായ സഭാശുശ്രൂഷയ്ക്കു ശേഷം പിന്നീട് ഇടക്കാല മലങ്കര മെത്രാപ്പോലീത്താ ആയി മിഷണറിമാർ മുൻകൈ എടുത്ത് നിയമിച്ച, തൊഴിയൂരിലെ കിടങ്ങൻ ഗീവറുഗ്ഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ മിഷണറിമാരുടെ ആജ്ഞാനുവർത്തിയാവുന്നതിൽ സംതൃപ്തി കണ്ടെത്തി. സെമിനാരിയിൽ മിഷണറിമാർ പിടിമുറുക്കിയ തങ്ങനെയാണ്. കാര്യങ്ങളൊക്കെ പിടിയിൽ അമർന്നതിന് ശേഷം മിഷണറിമാർ പുതിയ മലങ്കര മെത്രാപ്പോലീത്തായായി പുന്നത്ര ഗീവറുഗീസ്

മാർ ദീവന്നാസ്യോസിനെ വാഴിക്കുവാൻ എല്ലാ ഒത്താശകളും ചെയ്തു. പുതിയ മെത്രാൻ സ്ഥാനമേൽക്കുമ്പോഴേക്കും മിഷണറിമാർ വൈദിക സെമിനാരിയിൽ താമസം ആരംഭിച്ചു കഴിഞ്ഞിരുന്നു. മലങ്കര മെത്രാന് വേണ്ടി കോട്ടയം ചെറിയപള്ളിയിൽ ഒരാസ്ഥാനം ക്രമീകരിക്കേണ്ടി വന്നു.

സെമിനാരിയിൽ മിഷണറിമാർ കാണിച്ച പല ദുഃസ്വാതന്ത്ര്യങ്ങളും മലങ്കര മെത്രാന് മൗനമായി സഹിക്കേണ്ടി വന്നു. മിഷണറിമാരുടെ സൗഹൃദവും അവരുടെ പുരോഗമന പ്രവർത്തനവും സഭയ്ക്ക് ഉത്തേജ കമായിരുന്നതിനാൽ മെത്രാൻ പുതിയ സാഹചര്യങ്ങളെ എതിർക്കാതെ കഴിഞ്ഞുകൂടി. 1819 മുതൽ 1836 മകരം 5-ന് കൂടിയ മാവേലിക്കര സുന്ന ഹദോസ് വരെ മലങ്കരസഭ ഈ നിലപാട് തുടർന്നു. നവീകരണക്കാർക്കു വേണ്ടി കൽക്കട്ടാ ബിഷപ്പ് വിത്സൺ നിർദ്ദേശിച്ച നവീകരണ പരിഷ്ക്കാ രങ്ങൾ സുന്നഹദോസ് പൂർണ്ണമായി നിരാകരിച്ചു. മാവേലിക്കര സുന്ന ഹദോസ് രൂപംകൊടുത്ത പടിയോലയുടെ പ്രസക്തഭാഗം കാണുക:

"യാക്കോബായ സുറിയാനിക്കാരായ നാം അന്ത്യോഖ്യായുടെ പാത്രി യർക്കീസിന്റെ കല്പനയാൽ അയക്കപ്പെട്ട മേൽപ്പട്ടക്കാരാൽ നടത്തപ്പെ ട്ടിരിക്കുന്ന പള്ളിക്രമങ്ങളും ചട്ടങ്ങളും നടന്നുവരുന്നതിൻവണ്ണം അല്ലാതെ വ്യത്യാസമായിട്ട് നടക്കുന്നതിനും നടത്തുന്നതിനും നമുക്ക് അധികാരവും സമ്മതവും ഇല്ല...... മെത്രാപ്പോലീത്തായെ ബോധിപ്പിക്കാതെ സെമിനാ രിയിൽപ്പെട്ട കാര്യങ്ങൾ നടത്തുകയും മെത്രാപ്പോലീത്തായുടെ പറ്റു ചീട്ടിൻപ്രകാരം വാങ്ങിക്കുന്ന വട്ടിപ്പണം സായിപ്പന്മാരു തന്നെ ചെലവി ടുകയും പഠിച്ച് പാർത്തിരുന്ന ശെമ്മാശന്മാരെ സെമിനാരിയിൽ നിന്ന് പിരിച്ചയക്കുകയും...... ചെയ്തുവരുന്നത് ഏറ്റവും സങ്കടകരവും ബുദ്ധി മുട്ടും ആയിത്തീർന്നിരിക്കുന്നതിനാലെ...... വേറെ യാതൊരു പഠിത്തവും ക്രമവിശ്വാസവും നമ്മൾ അനുസരിച്ചു കൊള്ളുന്നില്ല. ..."[2]

മലങ്കരസഭയും മിഷണറിമാരും തമ്മിലുള്ള എല്ലാ ബന്ധവും ഈ പടിയോലയുടെ പശ്ചാത്തലത്തിൽ 1840-ലെ കൊച്ചിൻ അവാർഡ് പ്രകാരം വിച്ഛേദിക്കപ്പെട്ടു. ഏകപക്ഷീയമായി തീരുമാനിക്കപ്പെട്ട കൊച്ചിൻ അവാ ർഡ് തീരുമാനങ്ങൾപ്രകാരം മലങ്കരസഭയ്ക്കു ഭീമമായ നഷ്ടങ്ങൾ വരു ത്തിക്കൊണ്ട് മിഷണറിമാർ പിരിഞ്ഞുപോയെങ്കിലും അവരോട് അനുഭാ വമുള്ള ഒരു വിഭാഗം നവീകരണ തൽപ്പരരായി സഭയിൽ തുടരുക തന്നെ ചെയ്തു. ചേപ്പാട്ട് മെത്രാച്ചൻ ശക്തമായ നിലപാടുകൾ സ്വീകരിച്ചു. നവീ കരണ വ്യഗ്രത കാണിച്ച മല്പാന്മാർ ഉൾപ്പെട്ട ചിലരെ അദ്ദേഹം മുടക്കി. ഇത് മലങ്കരസഭയിൽ മറ്റൊരു യുദ്ധക്കളം രൂപപ്പെട്ടുവരുവാൻ കാരണ മായി. മെത്രാപ്പോലീത്താ മുടക്കിയ ഒരു ശെമ്മാശനെ - പാലക്കുന്നത്തു മാത്യൂസ് ശെമ്മാശനെ - പാലക്കുന്നത്ത് അബ്രഹാം മല്പാൻ (അദ്ദേ ഹവും മുടക്കപ്പെട്ട ആളായിരുന്നു) അതീവ രഹസ്യമായി ശീമയിലേക്കു

വിട്ടു. അദ്ദേഹം മാത്യൂസ് മാർ അത്താനാസ്യോസ് എന്ന പേരിൽ മെത്രാൻ സ്ഥാനമേറ്റ് 1843 ഇടവം 3-നു കൊച്ചിയിലെത്തി. ആധുനിക വിദ്യാഭ്യാസത്തിലും കാര്യപ്രാപ്തിയിലും മികവ് പുലർത്തിയ അഭിനവ മെത്രാൻ രാജകീയ വിളംബരത്തിന്റെ പിൻബലത്തോടെ ഭരണം നടത്തിയിരുന്ന ചേപ്പാട്ട് മെത്രാച്ചനെ കാണുവാൻപോലും കൂട്ടാക്കാതെ പള്ളികൾ സന്ദർശിക്കുവാൻ തുടങ്ങി. അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്ന് മലങ്കരസഭാ ചരിത്രത്തിലാദ്യമായി ഒരു മേൽപ്പട്ടക്കാരൻ സ്ഥാനമേറ്റ് വന്നപ്പോഴേക്കും അഭിനവ മെത്രാൻ മലങ്കര മെത്രാനാൽ മുടക്കപ്പെട്ട ആളായിരുന്നുവെന്നും അദ്ദേഹത്തെ മെത്രാനാവാൻ സഭയിൽ നിന്നും ആരും നിയോഗിച്ചില്ല എന്നും ഒരു മെത്രാൻ ജീവിച്ചിരിക്കുമ്പോൾ മറ്റൊരു മെത്രാൻ അദ്ദേഹത്തിന്റെ അറിവും അനുമതിയും ഇല്ലാതെ സ്ഥാനമേറ്റു എന്നവകാശപ്പെടുന്നതിൽ പന്തികേടുണ്ടെന്നും ജനങ്ങൾ മറന്നുപോയി. അന്ത്യോഖ്യാ പാത്രിയർക്കീസ് എന്ന് കേട്ടാൽ അതിന്റെ മാസ്മരികപ്രഭയിൽ മയങ്ങുവാൻ പരിശീലിപ്പിക്കപ്പെട്ട ഒരു പാരമ്പര്യമാണ് പകലോമറ്റം മെത്രാന്മാരുടെ കാലംമുതൽ മലങ്കരയിൽ സൃഷ്ടിക്കപ്പെട്ടിരുന്നത്.

അന്ത്യോഖ്യാ - മലങ്കരബന്ധം മലങ്കരയിൽ ഒരു യാഥാർത്ഥ്യമായത് മുളന്തുരുത്തി സുന്നഹദോസിൽ വച്ച് ആണെന്നും അതിന് വഴി വരുത്തിയത് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്താ ആയിരുന്നുവെന്നും ഇക്കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി ചില ചരിത്രപണ്ഡിതരും ചരിത്രപണ്ഡിതമാനികളായ വേറെ ചിലരും അഭിപ്രായപ്പെട്ടിട്ടുള്ളത് വേണ്ടത്ര ചരിത്രജ്ഞാനമില്ലാത്തതുകൊണ്ടാണ്.[3] എന്താണ് സത്യം എന്ന് ഇത്തരുണത്തിൽ ഒരു പരിശോധന ആവശ്യമായിരിക്കുന്നു. മലങ്കരസഭ അന്ത്യോഖ്യയുടെ കീഴിലാണെന്ന് ഇവിടെ ആദ്യം പ്രചരിപ്പിച്ചത് 1685-ൽ കേരളത്തിൽ വന്ന മാർ ഈവാനിയോസ് ആണ്. അദ്ദേഹം തന്നെയാണ് സുറിയാനിസഭയുടെ കാനോൻ ഭാഗികമായിട്ടാണെങ്കിലും മലങ്കരസഭയിൽ ആദ്യം പരിചയപ്പെടുത്തിയത്. റോമ്മാസഭയിലെ പോപ്പിന്റെ സമാന്തരസ്ഥാനിയാണ് പാത്രിയർക്കീസ് എന്നും മലങ്കരസഭ ഉൾപ്പെട്ട പൗരസ്ത്യസഭകൾ അദ്ദേഹത്തിന്റെ കീഴിലാണെന്നും ഈ മെത്രാൻ ജനങ്ങളെ പഠിപ്പിച്ചു. ജനം അത് പൂർണ്ണമായി വിശ്വസിക്കുകയും അവരുടെ പാരമ്പര്യങ്ങളിലും ഐതിഹ്യങ്ങളിലും ചരിത്രങ്ങളിലും ഈ നവീനമായ അറിവ് ഉൾപ്പെടുത്തുകയും ചെയ്തു.

1751-ൽ വന്ന മാർ ഈവാനിയോസ് ഈ അറിവുകളുടെ ആഴവും വ്യാപ്തിയും വർദ്ധിപ്പിച്ചു. ഇദ്ദേഹത്തിന്റെ കാലത്ത് വിരചിതമായ പകലോമറ്റം കുടുംബഡയറിയിലാണ് (നിരണം ഗ്രന്ഥവരി എന്നു ചിലർ

ഇതിനെ വിശേഷിപ്പിച്ചിട്ടുണ്ട്) അന്ത്യോഖ്യൻ അധീശത്വം മലങ്കരയിൽ പൂർവ്വീകമായി ഉണ്ടായിരുന്നു എന്ന പ്രസ്താവന മലങ്കരസഭാചരിത്രത്തിന്റെ ഭാഗമാകുന്നത്. മലങ്കരസഭയുടെമേൽ പൗരാണികമായി അന്ത്യോഖ്യൻ അധീശത്വത്തിന്റെ തെളിവിനെപ്പറ്റി യാതൊരു രേഖയും ഇല്ലെങ്കിലും ഈ അധീശത്വം ഒരു വെളിപാടുപോലെ പകലോമറ്റം കുടുംബഡയറി (നിരണം ഗ്രന്ഥവരി) യെത്തുടർന്ന് എല്ലാ ചരിത്രകാരന്മാരും ചരിത്രേതര കാരണങ്ങളാൽ അന്ധമായി ഉരുവിട്ടു പോന്നു. മലങ്കര മൽപാൻ ഞാർത്താങ്കൽ കോരത് കത്തനാർ വിവർത്തനം ചെയ്തു തന്നിട്ടുള്ള അഞ്ചാം മാർത്തോമ്മാ വിദേശത്തേയ്ക്കെഴുതിയ മൂന്ന് സുറിയാനി കത്തുകളിലും ഈ ചരിത്രേതരമായ നിലപാട് ആവർത്തിക്കുന്നത് കാണുക.

1745-ലെ കത്ത്: "ദൈവകൃപ വെളിപ്പെട്ട അന്ത്യോഖ്യാ സിംഹാസനത്തെ ഭരിച്ചുകൊണ്ടിരിക്കുന്ന അന്ത്യോഖ്യായുടെ ഇഗ്നാത്തിയോസ് പാത്രിയർക്കീസിനും കർത്താക്കന്മാരുടെ കർത്താവിന്റെ സിംഹാസനവും ദൈവത്തിന്റെ നഗരവും ആയ ഊർശ്ലേമിന്റെ ബസ്സേലിയോസ് കാതോലിക്കായ്ക്കും ശ്ലീഹന്മാരിൽ നിന്ന് പ്രാപിച്ച വിശ്വാസത്തെ ഭംഗം കൂടാതെ പരിരക്ഷിച്ചു പോരുന്ന സിറിയായിലെ എപ്പിസ്ക്കോപ്പന്മാർക്കും..... സ്നേഹവും ശാന്തിയും ഉള്ളതുമായ സമാധാനം ഞങ്ങൾ അയയ്ക്കുന്നു."

"…. തോമ്മാശ്ലീഹായുടെ കാലം മുതൽ പറങ്കികൾ വരുന്നതുവരെ പിതാക്കന്മാർ ഇവിടെ വരികയും ഞങ്ങളുടെ മാതാപിതാക്കളോട് അവർ പ്രസംഗിക്കുകയും ചെയ്തുവന്നു. ഞങ്ങളുടെ അടുക്കലേക്ക് പിതാക്കന്മാർ വരുവാൻ കർത്താവ് വഴി തെളിയിച്ചു. അല്പം കഴിഞ്ഞ് മല്പാനും ക്യാപ്റ്റനും പുണ്യവാനുമായ അബ്ദുൽ ജലീൽ മാർ ഗ്രീഗോറിയോസ് ദൈവപരിപാലനയിൽ ഇവിടെ വന്നു. …."

1746-ലെ കത്ത്: "…. നമ്മുടെ കർത്താവിന്റെ മരണശേഷം 52-ാം ആണ്ടിൽ തോമ്മാശ്ലീഹാ ഇന്ത്യയിൽ മലബാർ എന്ന സ്ഥലത്തു വന്നു. അക്കാലം മുതൽ അന്ത്യോഖ്യായിലെ മഹത്വമുള്ള സിംഹാസനത്തിൽ ഭാഗ്യമോടെ വാണരുളുന്ന മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസിന്റെ കല്പനപ്രകാരം പാത്രിയർക്കീസും അനേകം മെത്രാപ്പോലീത്താമാരും ഞങ്ങളുടെ നാട്ടിൽ വരികയുണ്ടായി. …."

1738-ലെ കത്ത്: "…. പാത്രിയർക്കീസിന്റെ മരണശേഷം മാർ ഈവാനിയോസ്. അതിനുശേഷം 40 കൊല്ലക്കാലം ഞങ്ങളുടെ പിതാക്കന്മാർ ആരും വന്നില്ല. ആയതിനാൽ ഞങ്ങൾ അനാഥരായി. …"

ഈ മൂന്നു കത്തുകൾ പ്രതിഫലിപ്പിക്കുന്നത് അവ എഴുതിയ 5-ാം മാർത്തോമ്മായുടെ വിശ്വാസം മാത്രമല്ല, 18-ാം നൂറ്റാണ്ടിലെ മലങ്കരസഭ

യുടെ വിശ്വാസമാണ്. സഹായിക്കാൻ വന്നവരായാലും ദ്രോഹിക്കാൻ വന്നവരായാലും സഹായംതേടി വന്നവരായാലും കപ്പൽ കയറി വരുന്ന വരിൽ മെത്രാന്മാരെയും മെത്രാന്മാരെന്ന് ഭാവിക്കുന്നവരെയും അടിമത്ത മനോഭാവത്തോടെ സ്വീകരിക്കുകയും അവരെപ്പറ്റി ഒന്നും അറിയാതെ അവരെ അന്ത്യോഖ്യയുമായി ബന്ധിപ്പിക്കുകയും ചെയ്യുന്ന ഒരു നില പാടാണ് 18-ാം നൂറ്റാണ്ടിൽ മലങ്കരസഭ പുലർത്തിപ്പോന്നത്.[4]

8-ാം മാർത്തോമ്മായുടെ കാലമായപ്പോഴേക്കും അത് ആളിക്കത്തി. തങ്ങളുടെ പൂർവ്വീകർക്ക് ഒന്നാം മാർത്തോമ്മാ മുതൽക്ക് മാത്രമല്ല ഒന്നാം നൂറ്റാണ്ട് മുതൽക്ക് തന്നെ അന്ത്യോഖ്യൻ പിതാക്കന്മാർ മലങ്കരസഭയുടെ ഭരണം ഏൽപ്പിച്ചുതന്നിരുന്നു എന്ന ധാരണ പ്രബലപ്പെടുത്തുവാൻ സഹാ യിക്കുമെന്നതിനാലാവണം പകലോമറ്റം മെത്രാന്മാർ ഈ ചരിത്രപരമായ അന്ധതയെ പ്രോത്സാഹിപ്പിച്ചത്. എട്ടാം മാർത്തോമ്മാ ബ്രിട്ടീഷ് സർക്കാ രിനെഴുതിക്കൊടുത്ത ഒരു ഔദ്യോഗിക രേഖയിൽ അന്ത്യോഖ്യാ മല ങ്കരബന്ധത്തെ പരാമർശിക്കുന്നതു കാണുക:[5]

“അന്ത്യോഖ്യായുടെ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസിന്റെ മുഷ് ക്കരത്വത്തിൻകീഴത്രേ മലയാളത്തിൽ ചട്ടവട്ടങ്ങൾ പ്രമാണിച്ച് നടന്നിരി ക്കുന്നത്. മെത്രാന്മാരും അന്ത്യോഖ്യായിൽ നിന്ന് വന്ന മാർത്തോമാ ശ്ലീഹായിൽ നിന്ന് പട്ടം കൈക്കൊണ്ട് നടക്കുന്ന തറവാട്ടിൽ തന്നെ ഉള്ള ആളുകൾക്ക് സ്ഥാനം കൊടുക്കുകയും അവർ ദിഷ്ടതികൾ കഴിച്ചു വരി കയും കർത്തവ്യമായിട്ട് മുട്ടുദിഷ്ടതികൾക്കു അന്ത്യോഖ്യാ പാത്രിയർക്കീ സിനെ ബോധിപ്പിച്ചും അത്രേ കഴിഞ്ഞു വരുന്നത്. ..... അതിന്റെ ശേഷം മുൻ മാർത്തോമ്മാശ്ലീഹാ പട്ടംകൊടുത്തിരുന്ന തറവാട്ടിൽ തന്നെ ഒരാൾക്കു പാത്രിയർക്കീസിന്റെ പ്രമാണത്താലെ യൗസേപ്പ് മെത്രാൻ അർക്കദിയാക്കോന്റെ സ്ഥാനവും കൊടുത്തു മലയാളം ഒക്കെയുടെയും ജനങ്ങളെ ശിക്ഷിച്ചും രക്ഷിച്ചും മാർഗ്ഗം നടത്തിവന്ന കാലം ഒക്കെയും അന്ത്യോഖ്യായിൽ നിന്നും പാത്രിയർക്കീസിന്റെ കല്പനയാൽ മലയാള ത്തിൽ വരുന്ന മെത്രാന്മാർ ഒക്കെയും അറുക്കദിയാക്കോന്മാർക്കു മല യാളത്തെ മുഷ്ക്കരത്തം കൊടുത്തു 48 സംവത്സരം ഭരിച്ചു വന്നതിനിട യിൽ കൊച്ചീക്കോട്ടയിൽ പറങ്കി വന്നതുമുതൽ അന്ത്യോഖ്യയിൽ നിന്ന് മെത്രാന്മാരുടെ വരവ് മുടങ്ങി. ...”

പകലോമറ്റം മെത്രാന്മാർ പ്രചരിപ്പിച്ച ഈ തെറ്റിദ്ധാരണകളെ ചെറു ക്കുവാൻ പുലിക്കോട്ടിൽ സഭാജ്യോതിസ്സ് മാർ ദീവന്നാസ്യോസ്, പുന്നത്ര മാർ ദീവന്നാസ്യോസ്, ചേപ്പാട്ട് മാർ ദീവന്നാസ്യോസ് എന്നീ മലങ്കര മെത്രാപ്പോലീത്തന്മാർ ബോധപൂർവ്വം ശ്രമിച്ചു നോക്കി എങ്കിലും പാല ക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് അന്ത്യോക്യാ പാത്രിയർക്കീ സിൽ നിന്ന് പട്ടമേറ്റു വന്നതോടെ പഴയ അബദ്ധധാരണകൾ

പൂർവ്വാധികം പ്രബലമാവുകയാണ് ചെയ്തത്. തന്മൂലം "…. പത്തൊമ്പതാം നൂറ്റാണ്ടിൽ സംജാതമായ പ്രത്യേക സാഹചര്യത്തിൽ മുളന്തുരുത്തി സുന്നഹദോസ് അത് (അന്ത്യോഖ്യൻ അധീശത്വം) സമ്മതിച്ചു കൊടുക്കുകയായിരുന്നു"[6] എന്ന ഡോ. വി. സി. സാമുവൽ അച്ചന്റെ പ്രസ്താവന പുനഃപരിശോധന അർഹിക്കുന്നു. അന്ത്യോഖ്യൻ അധീശത്വം കുറഞ്ഞത് 17–ാം നൂറ്റാണ്ടിന്റെ അന്ത്യപാദം മുതൽ മലങ്കരസഭയിൽ വേരുറച്ചു കഴിഞ്ഞിരുന്നു. മലങ്കരസഭ നാളിതുവരെ കണ്ടിട്ടുള്ള കാനോൻ വിദഗ്ധരിൽ പ്രഥമ ഗണനീയനായ സഭാഭാസുരൻ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് പോലും അന്ത്യോഖ്യൻ ബന്ധത്തെ അപ്രകാരമൊരു കാഴ്ചപ്പാടിലാണ് വിലയിരുത്തിയിട്ടുള്ളത്. 1932–ൽ അദ്ദേഹം പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയ ഭരണഘടനാ ഡ്രാഫ്റ്റിന്റെ പ്രസക്തഭാഗം കാണുക:

"ക്രിസ്തീയ സഭകൾ ഓരോ കാരണങ്ങളാൽ തമ്മിൽ വേർപിരിഞ്ഞതിന്റെ ശേഷം നമ്മുടെ സഭയ്ക്ക് അബിസീനിയൻ ഉൾപ്പെട്ട ഈഗുപ്തായ സഭയോടും അർമ്മീനിയൻ സഭയോടും കമ്മ്യൂണിയനും …. പാത്രിയർക്കീസിന്റെ അധികാരത്തിൽപെട്ട അന്ത്യോഖ്യൻ ഓർത്തഡോക്സ് സഭയുമായി കമ്മ്യൂണിയനേക്കാൾ കൂടുതൽ സംബന്ധവുമുള്ളതാണ്."[7]

പാലക്കുന്നത്ത് മാർ അത്താനാസ്യോസ്, മലങ്കര മെത്രാനോട് വിധേയത്വമില്ലെന്ന മട്ടിൽ പ്രവർത്തിച്ചുവെങ്കിലും അദ്ദേഹത്തെ സ്വീകരിക്കുവാൻ മലങ്കര മെത്രാൻ സന്നദ്ധനായിരുന്നു. പാത്രിയർക്കീസ് നൽകിയ സുസ്താത്തിക്കോൻ വായിച്ച് കേൾക്കാൻ, കണ്ടനാട് യോഗം വിളിച്ചു കൂട്ടിയത് അതുകൊണ്ടാണ്. കണ്ടനാട് യോഗത്തിൽ പാത്രിയർക്കീസ് നൽകിയ സുസ്താത്തിക്കോൻ വായിക്കുവാൻ മാർ അത്താനാസ്യോസ് കൂട്ടാക്കിയില്ല. അസൂയാലുക്കളായ ചില ഇടനിലക്കാർ ഉണ്ടാക്കിയ കുഴപ്പങ്ങളാണ് അതിന് കാരണം എന്ന് ചില ശുദ്ധാത്മാക്കൾ എഴുതി വച്ചിട്ടുള്ളത് ശരിയല്ല. പരസ്യമായ ഒരു വേദിയിൽ വായിക്കാൻ പറ്റിയതായിരുന്നില്ല ആ സുസ്താത്തിക്കോൻ. പുതിയ മെത്രാന്റെ പല വ്യാജങ്ങളും ആ സുസ്താത്തിക്കോൻ വെളിപ്പെടുത്തുമെന്ന് അറിയാമായിരുന്ന ബുദ്ധിരാക്ഷസനായ പാലക്കുന്നത്ത് മെത്രാച്ചനോട് അത്യാദരവും വീരാരാധനയും പുലർത്തിയിരുന്ന ചില പിൻതലമുറക്കാരായ എഴുത്തുകാർ സുസ്താത്തിക്കോൻ വായന നടക്കാഞ്ഞതിന്റെ ഉത്തരവാദിത്തം ചില ഏഷണിക്കാരായ ഇടനിലക്കാരുടെമേൽ ചുമത്തിയത്, ചരിത്രരേഖകളെ ഗൗരവബുദ്ധ്യാ അപഗ്രഥനം ചെയ്യാൻ ആവശ്യമായ ശ്രമവും അന്വേഷണവും അവർക്ക് ഇല്ലാതെ പോയതിന്റെ ഫലമായിട്ടാണ്. ഈ തലമുറയിൽപോലും ചിലർ ഇത്തരം കെട്ടുകഥകളെ പ്രമാണവൽക്കരിച്ച് ചരിത്രം രചിക്കുന്നത് ചരിത്രവിദ്യാർത്ഥികളെ ദുഃഖിപ്പിക്കാതിരിക്കുകയില്ല.

1019 ചിങ്ങം 3-നു (1843 ആഗസ്റ്റ്) മലങ്കരമെത്രാൻ ചേപ്പാട്ട് മാർ ദീവന്നാസ്യോസ് കണ്ടനാട്ടു വിളിച്ചുകൂട്ടിയ പള്ളിപ്രതിപുരുഷയോഗത്തിൽ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് സുസ്താത്തിക്കോൻ വായിക്കാത്തതിന് ഒരു ന്യായീകരണവും ചരിത്രദൃഷ്ട്യാ സ്വീകരിക്കാവുന്നതല്ല. മലങ്കരയിലേക്ക് വാഴിക്കപ്പെട്ട ഒരു മെത്രാന്റെ നിയമനപത്രം – സുസ്താത്തിക്കോൻ – മലങ്കരസഭയെ അഭിസംബോധന ചെയ്യുന്ന രേഖയാണ്. നിലവിലുള്ള മലങ്കര മെത്രാപ്പോലീത്താ രാജകീയ വിളംബരം മൂലം അധികാരം വഹിച്ചുകൊണ്ടിരിക്കേ പുതിയ മെത്രാന്റെ നിയമനരേഖ മലങ്കര മെത്രാനെ ഏല്പിക്കാതിരിക്കുന്നത് ധിക്കാരവും അധികാര ദുർവിനിയോഗവും ആണെന്നേ പറയാനാവൂ. അല്ലെങ്കിൽ ആ സുസ്താത്തിക്കോൻ കൃത്രിമമായിരുന്നെന്നും ആ കൃത്രിമത്വം വെളിപ്പെടാതിരിക്കാനാണ് കണ്ടനാട് യോഗത്തിൽ പാലക്കുന്നത്ത് മെത്രാച്ചൻ ശ്രമിച്ചതെന്നും പറയേണ്ടി വരും. അങ്ങനെയും നിരീക്ഷിക്കുവാൻ മതിയായ കാരണങ്ങൾ ഉണ്ട്. ആ സുസ്താത്തിക്കോന്റെ അസ്സൽ രേഖ ചുമതലപ്പെട്ടവർ ആരും കണ്ടിട്ടില്ല. സെമിനാരിക്കേസിൽ പോലും സുസ്താത്തിക്കോന്റെ പകർപ്പ് മാത്രമേ ഹാജരാക്കിയിട്ടുള്ളു.[8] കേസിൽ വാദം കേട്ട ജഡ്ജിമാർ സുസ്താത്തിക്കോന്റെ അസ്സൽ രേഖ ഹാജരാക്കാത്തതിൽ അത്ഭുതം രേഖപ്പെടുത്തിയിട്ടുണ്ട്. ഒറിജിനൽ രേഖ ഹാജരാക്കുന്നതിന് തടസമായി ആ ഭാഗക്കാർ നൽകിയ മോഷണകഥ വിശ്വാസ്യമല്ലെന്ന് ജഡ്ജിമാർ ഏകകണ്ഠമായി പുച്ഛിച്ചു തള്ളിയിട്ടുണ്ട്. സുസ്താത്തിക്കോനെപ്പറ്റി ചേപ്പാട്ട് മെത്രാച്ചൻ 1019 കന്നി 4-നു (എ.ഡി. 1843) കുന്നംകുളം പനക്കൽ ഇയ്യപ്പന് എഴുതിയ ഒരു കത്ത് 1100 മിഥുനം 7-നു (എ.ഡി. 1925) മലയാള മനോരമയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത് ഇപ്രകാരമാണ്.

"മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എഴുത്ത്. നമ്മുടെ പനക്കൽ ഇയ്യപ്പൻ കണ്ടെന്നാൽ... ഇപ്പോൾ ആ കാര്യത്തിന് എല്ലാ പള്ളിക്കാരും കൂടി നാമും കോനാട്ടു മല്പാൻ മുതലായ ആളുകളും കൂടെ അയാൾ (പാലക്കുന്നത്ത് മെത്രാച്ചൻ – ഗ്രന്ഥകാരൻ) കൊണ്ടുവന്നിരിക്കുന്ന സുസ്താത്തിക്കോൻ കണ്ട് ശോധന ചെയ്യുന്നതിന് ആളയച്ചാറെ പള്ളിയിൽ വച്ച് വായിക്കുക മാത്രമേ ഉള്ളുവെന്നും കാണിച്ചു തരുമെന്നും പറഞ്ഞു കാണിക്കാതെ പിരിഞ്ഞിരിക്കുന്നതും ആയതിൽ വളരെ വ്യത്യാസങ്ങൾ ആയിട്ടുള്ളപ്രകാരം കേൾക്കുന്നതും ..... നേരായുള്ളപ്രകാരം നമ്മയ്ക്കു തോന്നുന്നില്ലാത്തതിനാലും...."[9]

മാർ അത്താനാസ്യോസിന്റെ സുസ്താത്തിക്കോൻ വ്യാജരേഖയാണെന്ന് അത് കണ്ടവരെല്ലാം അന്നുതന്നെ പറഞ്ഞിരുന്നതായി ചരിത്രകാരന്മാർ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്.[10] റോയൽക്കോടതിയിൽ സമർപ്പി

ക്കപ്പെട്ട സുസ്താത്തിക്കോന്റെ കോപ്പിയിലെ ചില വാക്യങ്ങൾ വിധിയിൽ നിന്ന് വിവർത്തനം ചെയ്ത് ചേർക്കുന്നത് കാര്യങ്ങളുടെ നിജസ്ഥിതി അറിയാൻ സഹായിക്കും: "...... പ്രിയ വാത്സല്യ മക്കളേ, നാം വീണ്ടും നിങ്ങളെ അറിയിക്കുന്നതെന്തെന്നാൽ, നിങ്ങൾ അയച്ചിരുന്ന കത്തുകളിൽ ഞങ്ങൾക്കു ഇടയനും പൗരോഹിത്യവും മാമ്മൂദീസായും ഭരണകർത്താവും ഇല്ല എന്നും മറ്റും പരാതിയായി അയച്ചിരുന്നുവല്ലോ. വിശ്വാസികളായ നിങ്ങൾ ചിതറിപ്പോയ വാർത്ത കേട്ട് നാം ദുഃഖിക്കുകയും മനോവേദനപ്പെടുകയും ചെയ്തു. മലയാളത്തുള്ള നമ്മുടെ മക്കളുടെ വിശ്വാസസംരക്ഷണത്തിനും ആത്മീയ മേൽനോട്ടത്തിനുമായി അനുയോജ്യനായ ഒരു ഇടയനെ നിങ്ങൾക്കായി നിയോഗിക്കുവാൻ നാം ആശിച്ചു. മലയാളത്തേക്കു ആരെ അയയ്ക്കേണ്ടൂ എന്ന് നാം മനോവിഷമതയിലിരിക്കുമ്പോൾ നിങ്ങളുടെ അടുത്തു നിന്ന് മത്തായി കശ്ശീശാ സമാധാനത്തോടെ നമ്മുടെ അടുത്തു വന്നു. അദ്ദേഹത്തെ കണ്ടപ്പോൾ നമുക്കു സന്തോഷമായി. അവിടെ നിന്നൊരാൾ വന്നതിനാൽ അവിടെ പിതാവും നായകനുമായി അദ്ദേഹം തന്നെ ചുമതലയേൽക്കട്ടെ എന്ന് നാം പറഞ്ഞു: ആദ്യം ശെമ്മാശനായും പിന്നീട് കശ്ശീശാ ആയും റമ്പാനായും മെത്രാപ്പോലീത്താ ആയും നാം അദ്ദേഹത്തെ പട്ടംകെട്ടി. ..."[11]

ഇതിലെ പ്രസ്താവനകൾ വ്യാജമാണ്. ഇവിടെ പട്ടവും മാമ്മോദീസായും ഒരു മെത്രാനും ഉള്ളപ്പോഴാണ് അവയെ നിഷേധിക്കുന്ന സ്ഥാനപത്രം പ്രത്യക്ഷപ്പെട്ടത്. ഇദ്ദേഹം കൊണ്ടുവന്ന സ്ഥാനപത്രം പോലെ അദ്ദേഹം ഏറ്റതായി അവകാശപ്പെടുന്ന സ്ഥാനവും വ്യാജമാണോ? അപ്രകാരം ന്യായമായും സംശയിക്കാവുന്ന ചില സൂചനകൾ ലഭ്യമാണ്. അവ താഴെ ചേർക്കുന്നു.

1. സാധുവായ ഒരു സുസ്താത്തിക്കോൻ അദ്ദേഹത്തിന് ലഭിച്ചില്ല. അതു കൃത്രിമമായി ചമച്ചതാണ്. തന്മൂലം അത് സുറിയാനി ഭാഷ അറിയുന്നവരുടെ മുമ്പിലും കോടതിയിലും കാണിക്കാനാവാതെ വന്നു.

2. മലങ്കര മാർത്തോമ്മാ സഭയ്ക്ക് കൈവെപ്പില്ല എന്ന് ഓർത്തഡോക്സ് സഭയുടെ പ്രധാന മേലദ്ധ്യക്ഷന്മാർ പറഞ്ഞുവരുന്നു. മുടക്കപ്പെട്ടതുകൊണ്ട് മാത്രം ഒരാളുടെ പട്ടം മലങ്കരസഭ നിഷേധിക്കാറില്ല. അതിന് ഗൗരവമുള്ള മറ്റു കാരണങ്ങളുണ്ടാവണം.

3. പട്ടമില്ലാത്ത മേൽപ്പട്ടക്കാരനിൽ നിന്ന് പട്ടമേറ്റതാവാം തൊഴിയൂർ സഭയ്ക്ക് പട്ടമില്ലെന്ന് ഓർത്തഡോക്സ് സഭ ചിന്തിക്കുവാൻ കാരണം.

4. സുറിയാനിസഭയിലെ മേൽപ്പട്ടക്കാർ അനുഷ്ഠിക്കാറുള്ള ചില ക്രിയാനുഷ്ഠാനങ്ങൾ മാർത്തോമ്മാ സഭയിലെ മേലദ്ധ്യക്ഷന്മാർക്കു അനുകരിക്കുവാൻ കഴിയുന്നില്ല. സാധുവായ മേൽപ്പട്ടസ്ഥാനാരോഹണത്തിന്

മുമ്പ് ആ സ്ഥാനി നടത്തുവാനുള്ള ക്രിയാനുഷ്ഠാനങ്ങൾ പരിശീലിപ്പി ച്ചിരിക്കണം.

5. പത്രോസ് ബാവാ, പാലക്കുന്നത്ത് മെത്രാച്ചനെ ഒരിക്കൽ പോലും ബലയാർ എന്നല്ലാതെ പേർ ചൊല്ലി പരാമർശിച്ചിട്ടില്ല; മലങ്കരയിൽ നിന്ന് പോകുന്നത് വരെ.

6. മലങ്കരയിലെത്തിയ പത്രോസ് പാത്രിയർക്കീസിനെ കാണുവാൻ പാലക്കുന്നത്ത് മെത്രാച്ചൻ ആഗ്രഹിച്ചിരുന്നുവെന്നും ചില ഇടനിലക്കാരുടെ ഏഷണിമൂലം അത് സാധിക്കാതെ പോയി എന്ന് ചില പിൽക്കാല ചരിത്രകാരന്മാർ എഴുതിയിട്ടുണ്ടെങ്കിലും, മാർ അത്താനാസ്യോസ് പത്രോസ് ബാവായെ നേരിടുവാൻ ഭയപ്പെട്ടിരുന്നുവെന്നും പാത്രിയർക്കീസ് ആവശ്യപ്പെട്ടിട്ടും അദ്ദേഹം ഒരു സന്ദർശനത്തിന് വഴങ്ങിയില്ല എന്നും സമകാലരേഖയായ കണ്ടനാട് ഗ്രന്ഥവരിയിൽ ശെമവൂൻ മാർ ദീവന്നാസ്യോസ് എഴുതിവച്ചിട്ടുണ്ട് (ഇക്കാര്യം പിന്നീട് വിശദമായി പരാമർശിക്കുന്നതാണ്).

ഇതൊക്കെയാണെങ്കിലും മാർ അത്താനാസ്യോസ് വിജയകരമായി മുന്നേറുന്നത് കണ്ട് മലങ്കരസഭ അന്തം വിട്ടു നിന്നു. മാർ അത്താനാസ്യോസിന്റെ വിജയത്തിന് പല അനുകൂല സാഹചര്യങ്ങൾ അന്ന് കേരളത്തിലുണ്ടായിരുന്നു.

1. മെത്രാപ്പോലീത്താ ആധുനിക വിദ്യാഭ്യാസം നേടിയ ആളും ധീരനും സമുദായ പരിഷ്കർത്താവുമെന്ന നിലയിൽ ജനങ്ങളുടെയും ഉദ്യോഗസ്ഥന്മാരുടെയും ആദരം നേടിയിരുന്ന ആളുമായിരുന്നു.

2. വൈദികരുടെ നിലയും വിലയും ഉയർത്തുവാൻ നിരന്തരം അത്യദ്ധ്വാനം ചെയ്ത ആൾ എന്ന നിലയിൽ വൈദികർ അദ്ദേഹത്തെ പിന്തുണച്ചു.

3. നവീകരണാശയത്തോടുള്ള അദ്ദേഹത്തിന്റെ അനുകൂല മനോഭാവത്തെ പിന്തുണയ്ക്കുവാൻ നവീകരണപ്രസ്ഥാനക്കാരായ പ്രോട്ടസ്റ്റണ്ട് വിഭാഗത്തിൽപെട്ട ബ്രിട്ടീഷ് ഭരണാധികാരികൾ താല്പര്യം കാണിച്ചു.

4. അദ്ദേഹത്തിന്റെ കർമ്മശേഷിയും നേതൃത്വശേഷിയും അനുപമമായിരുന്നു.

5. സുറിയാനി ഭാഷയിൽ നിന്ന് മലയാളത്തിലേക്കു നമസ്ക്കാരപ്പുസ്തകങ്ങൾ വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചപ്പോൾ ആണ് അവയിൽ നവീകരണങ്ങൾ ഏറെയും സൂത്രത്തിൽ ഉൾക്കൊള്ളിച്ചത്. മലയാളത്തിൽ പ്രാർത്ഥനാക്രമങ്ങൾ ആദ്യമായി കൈയിൽ കിട്ടിയപ്പോൾ അതിലെ നവീകരണങ്ങൾ ആളുകൾ ശ്രദ്ധിച്ചില്ല.

കണ്ടനാട് പ്രതിപുരുഷയോഗത്തിൽ സുസ്താത്തിക്കോൻ വായിക്കുവാൻ വിസമ്മതിച്ച പുതിയ മെത്രാപ്പോലീത്താ തന്റെ അനുയായികളെ മാത്രം കല്ലുങ്കത്ര പള്ളിയിൽ വിളിച്ചുകൂട്ടി സുസ്താത്തിക്കോൻ വായിച്ചു. പാത്രിയർക്കീസ് എന്ന നാമത്തിന് മാസ്മര പ്രഭാവമുണ്ടായിരുന്ന ആ കാലഘട്ടത്തിൽ അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്ന് പട്ടമേറ്റതായി അവകാശപ്പെടുന്ന മാർ അത്താനാസ്യോസിനെ കൈവിടുവാൻ നിവൃത്തിയില്ലായിരുന്നു. അദ്ദേഹത്തിന്റെ നവീകരണഭ്രമവും അനാശാസ്യ നടപടികളും നിമിത്തം അദ്ദേഹത്തെ പിന്തുണയ്ക്കുവാനും നിവൃത്തിയില്ലായിരുന്നു.

കാര്യങ്ങൾ പാത്രിയർക്കീസിനെ അറിയിക്കുവാനും പരിഹാരം കാണുവാനും മലങ്കര മെത്രാപ്പോലീത്താ തയ്യാറായി. പരാതി ലഭിച്ച പാത്രിയർക്കീസ് മാർ അത്താനാസ്യോസിനോട് വിശദീകരണം ചോദിക്കുന്നതിന് പകരം ഒരു മെത്രാപ്പോലീത്തായെ മലങ്കരയിലേക്കയച്ചത് നാളിതുവരെ യാതൊരു സഭാചരിത്രകാരന്മാരും വിമർശനവിധേയമാക്കിയിട്ടില്ലെങ്കിലും ഒരു സംശയം ഉയർത്തുവാനുണ്ട്. സംശയം ഇതാണ്: മാർ അത്താനാസ്യോസ് അന്ത്യോഖ്യാ സിംഹാസനത്തിന് അപരിചിതനും അന്യനുമായിരുന്നുവോ?

അങ്ങനെ പാലക്കുന്നത്ത് വലിയ മെത്രാച്ചനെതിരെ മലങ്കരയിൽ നിന്ന് ലഭിച്ച പരാതികളെക്കുറിച്ച് അന്വേഷിക്കുവാനും നടപടി സ്വീകരിക്കുവാനുമായിട്ടാണ് യൂയാക്കീം മാർ കൂറിലോസ് മലങ്കരയിൽ 1846-ൽ എത്തിയത്. “മാർ അത്താനാസ്യോസിന്റെ പേരിലുള്ള ഈ കുറ്റാരോപണങ്ങളെപ്പറ്റി വിചാരണ ചെയ്യുന്നതിന് അധികാരപ്പെടുത്തുകയും കുറ്റം തെളിയുന്നപക്ഷം ഉപയോഗിക്കുന്നതിന് മുടക്കുകല്പനകൾ കൊടുത്തും പാത്രിയർക്കീസ് മാർ കൂറിലോസ് യൂയാക്കീം എന്നൊരു മെത്രാനെ അയച്ചു എന്ന് ഇ. എം. ഫിലിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും[12] വിചാരണ നടന്നതായോ വിചാരണ നടത്താൻ ശ്രമിച്ചതായോ രേഖപ്പെടുത്തിയിട്ടില്ല!! വിചാരണ നടത്തിയതായി ഇട്ടൂപ്പ് റൈട്ടരും അവകാശപ്പെടുന്നില്ല.[13] കണിയാമ്പറമ്പിൽ അച്ചനും പൂർവ്വഗാമികളെ പകർത്തുകയാണ് ഇക്കാര്യത്തിൽ ചെയ്തിട്ടുള്ളത്: “.... പാത്രിയർക്കീസ് ബാവാ മാർ അത്താനാസ്യോസിന്റെ പേരിലുള്ള കുറ്റാരോപണങ്ങൾ പരിശോധിക്കുന്നതിന് അധികാരപ്പെടുത്തിയും കുറ്റം തെളിയുന്നപക്ഷം ഉപയോഗിക്കുന്നതിന് മുടക്കു കല്പന കൊടുത്തും യൂയാക്കീം മാർ കൂറിലോസ് ബാവായെ അയച്ചു.”

നാളിതുവരെ വെളിച്ചം കാണാത്ത ഒരു സഭാചരിത്രം ഈ വിഷയത്തിൽ നൽകുന്ന സമകാലസാക്ഷ്യം ഇത്തരുണത്തിൽ പരിശോധിക്കാനുണ്ട്. കുടുംങ്ങമംഗലത്ത് കബറടങ്ങിയ ശെമവൂൻ മാർ ദീവന്നാസ്യോസ്

കണ്ടനാട് വികാരിയായിരിക്കെ എഴുതിവെച്ച കണ്ടനാട് ഗ്രന്ഥവരിയാണ് ഈ സമകാലസാക്ഷ്യത്തിന്റെ രേഖ (ഈ ജീവചരിത്രത്തിൽ വിവാദ വിഷയങ്ങളിൽ തീരുമാനങ്ങൾ സ്വീകരിക്കുന്നത് സമകാല സാക്ഷ്യ ത്തിന്റെ അടിസ്ഥാനത്തിലാണ്).

"..... പാലക്കുന്നൻ മാത്തൻ ശെമ്മാശു അന്ത്യോഖ്യായിൽ ചെന്ന് മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവായെക്കണ്ട് അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ സ്ഥാനമേറ്റ് മശിഹാക്കാലം 1844-ാം കാലം (1843-?) ഇടവമാസം 4-നു തിങ്കളാഴ്ച കൊച്ചിയിൽ വന്നിറങ്ങി. കോനാട്ട് അബ്രഹാം മല്പാൻ മുതൽപേര് ചിലര് ചെന്ന് കണ്ടാറെ അത്താനാ സ്യോസ് മെത്രാപ്പോലീത്താ കൊണ്ടുവന്നിരിക്കുന്ന സുസ്താത്തിക്കോ നിൽ "നിങ്ങളിൽ നിന്ന് മത്തായി കശീശാ ഞങ്ങൾക്കവൻ അടുത്തു" എന്നും മറ്റും ചില ഭേദങ്ങൾ കാണുകയാൽ നിരണത്തു പള്ളിയിൽ ചെന്ന് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ കണ്ടാറെ പള്ളിക്കാർ എല്ലാവരും കൂടി നിശ്ചയിപ്പാനുള്ളതാകയാൽ എല്ലാ പള്ളിക്കാരും ചിങ്ങ മാസം 19-നു കണ്ടനാട് പള്ളിയിൽ കൂടത്തക്കവണ്ണം (സാധനം =കല്പന) എഴുതിയതും അദ്ദേഹവും അദ്ദേഹം വാഴിച്ച അഞ്ഞൂർ പള്ളിയിൽ ഇരു ന്നിരുന്ന കൂറിലോസ് മെത്രാപ്പോലീത്തായും കണ്ടനാട് എത്തി. സാധ നത്തുംപ്രകാരം അത്താനാസ്യോസ് മെത്രാപ്പോലീത്തായും പള്ളിക്കാരും വന്നുകൂടിയ ശേഷം അത്താനാസ്യോസ് മെത്രാപ്പോലീത്താ സുസ്താ ത്തിക്കോൻ കാണിക്കാതെ വിവദിച്ച് പിരിയുകയും ചെയ്തു. ...."[15] മല ങ്കരസഭയെ ഭരിക്കുവാനുള്ള സുസ്താത്തിക്കോനും കൊണ്ടാണ് മാർ കൂറിലോസ് 1846-ൽ കൊച്ചിയിലെത്തിയത്. മാർ കൂറിലോസ് മലങ്കര മെത്രാന്റെ സ്ഥാനം ലഭിക്കത്തക്കവിധം ചേപ്പാട്ട് മെത്രാച്ചൻ സ്ഥാനമൊ ഴിഞ്ഞു എന്ന് സഭാചരിത്രകാരന്മാർ എഴുതിവച്ചതിൽ ഒരു ചെറിയ നോട്ട പ്പിശകു വന്നുപോയിട്ടുണ്ട്. പാത്രിയർക്കീസിന്റെ സുസ്താത്തിക്കോൻ പ്രകാരം മാർ അത്താനാസ്യോസ് മലങ്കര മെത്രാൻ സ്ഥാനം അവകാശ പ്പെടുന്നു. അതേ പാത്രിയർക്കീസിന്റെ സുസ്താത്തിക്കോൻ പ്രകാരം യൂയാക്കീം മാർ കൂറിലോസ് മലങ്കര മെത്രാൻ സ്ഥാനം അവകാശപ്പെ ടുന്നു. ഏക കാലത്ത് രണ്ട് പ്രഗത്ഭന്മാരോട് യുദ്ധം ചെയ്യുവാൻ ചേപ്പാട്ട് മെത്രാച്ചന് സ്വാഭാവികമായും വിഷമം അനുഭവപ്പെട്ടിരിക്കണം. നവീക രണത്തോട് ചായ്വുള്ളവരും സർക്കാരും അത്താനാസ്യോസിനെ അനു കൂലിച്ചു. നവീകരണത്തോട് ചായ്വില്ലാത്തവരും പാത്രിയർക്കീസും മാർ കൂറിലോസിനെ പിന്തുണച്ചു. ഈ അവസ്ഥയിലാണ് സ്വന്തം സ്ഥാനം മാർ കൂറിലോസിന് നൽകിക്കൊണ്ട് വൃദ്ധനായ ചേപ്പാട്ട് മെത്രാച്ചൻ യുദ്ധ ക്കളത്തിൽ നിന്ന് പിന്മാറിയത്. തന്റെ ക്യാമ്പിൽ ഒറ്റക്കെട്ടായിരുന്ന ഇട വകകൾ കുറെ എണ്ണം മാർ അത്താനാസ്യോസിന്റെ ക്യാമ്പിലേക്കും ബാക്കിയുള്ളവർ മാർ കൂറിലോസിന്റെ ക്യാമ്പിലേക്കുമായി ധ്രുവീകരി

ക്കപ്പെട്ടപ്പോൾ മലങ്കരമെത്രാന് മറ്റൊന്നും ചെയ്യുവാൻ കഴിയുമായിരുന്നില്ല.

പാലക്കുന്നത്ത് മെത്രാച്ചനാണെങ്കിൽ, തനിക്കനുകൂലമായി രാജകീയ വിളംബരം ലഭിക്കുവാനായി നിരന്തരം സർക്കാരിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരുന്നു. വർഷങ്ങളോളം നീണ്ടുനിന്ന ഈ സമ്മർദ്ദത്തിൽ നേരും നേരുകേടും അദ്ദേഹം സ്വവിജയത്തിനായി ഉപയോഗിച്ചു. അപ്രകാരമുള്ള ചില അപേക്ഷകൾ റോയൽക്കോടതി വിധിയിൽ നിന്ന് സ്വന്തമായി വിവർത്തനം ചെയ്തു ചേർക്കുകയാണ്:

"അന്ത്യോഖ്യയുടെ അഭിവന്ദ്യനായ പാത്രിയർക്കീസ് (അദ്ദേഹം ഇതര സ്ഥലങ്ങളിലെന്നപോലെ മലബാറിലെയും സുറിയാനി ക്രിസ്ത്യാനികളുടെ ആത്മീയ വിഷയങ്ങളിൽ പരമാധികാരിയാണ്) ഇപ്പോഴത്തെ മെത്രാനായ മാർ ദീവന്നാസ്യോസിനെ, അദ്ദേഹത്തിന്റെ അനുവാദവും നിയോഗവും കൂടാതെ പ്രവർത്തിക്കുന്നത് മൂലം മുടക്കുകയും ആ വിവരത്തിന് അഭിവന്ദ്യ പാത്രിയർക്കീസ് അദ്ദേഹത്തിന്റെ പേർക്കും സമുദായത്തിന്റെ പേർക്കും ഔദ്യോഗികമായ കല്പനകൾ അയയ്ക്കുകയും ചെയ്തിട്ടുള്ള വിവരങ്ങൾ അങ്ങയെ അറിയിക്കട്ടെ. 1842 ഫെബ്രുവരി 1-നു ആ പിതാവ് മലബാറിലുള്ള സുറിയാനി ക്രിസ്ത്യാനികളുടെ മെത്രാപ്പോലീത്താ ആയി എന്നെ അഭിഷേകം ചെയ്യുകയും അധികാരപത്രവും രേഖകളും നൽകി ഇങ്ങോട്ടയയ്ക്കുകയും ചെയ്തു. ...."[16] (ഇതിലെ അസത്യ പ്രസ്താവനകൾ ശ്രദ്ധേയം).

1843 നവംബർ 30-ന് പാലക്കുന്നത്ത് അത്താനാസ്യോസ് റസിഡണ്ടിനയച്ച കത്ത് ഇപ്രകാരമാണ്: ".... അന്ത്യോഖ്യാ പാത്രിയർക്കീസ് നേരിട്ട് എന്നെ മെത്രാപ്പോലീത്താ ആയി നിയമിച്ചതുകൊണ്ട് നിയമാനുസൃതമായ എന്റെ ഔദ്യോഗിക കർത്തവ്യങ്ങൾ നിർവ്വഹിക്കണമെന്നാണ് എന്റെ ഉദ്ദേശ്യം......."[17]

1845 ജൂലായ് 12-ന് അദ്ദേഹം വീണ്ടും എഴുതുന്നു: "മലബാറിലുള്ള സുറിയാനി ക്രിസ്ത്യാനികളുടെ മെത്രാപ്പോലീത്താ ആയി അന്ത്യോഖ്യായിലെ അഭിവന്ദ്യ പാത്രിയർക്കീസ് എനിക്കു നൽകിയ സുസ്താത്തിക്കോന് അനുകൂലമായി തിരുവിതാംകൂർ സർക്കാരിന്റെ വിളംബരം ലഭിക്കുവാൻ രണ്ടു കൊല്ലമായി കാത്തിരിക്കുന്നു. ...."[18]

'ദിവാൻ പേഷ്കാർ കൊച്ചുശങ്കരപിള്ള വ്യർത്ഥനായ മാർ ദീവന്നാസ്യോസിൽ നിന്ന് 3000 രൂപ കൈക്കൂലി വാങ്ങിയതായി വിശ്വാസ്യമായി തനിക്ക് അറിവ് ലഭിച്ചിട്ടുണ്ടെന്നും ആ കൈക്കൂലിയുടെ സ്വാധീനം മൂലമാണ് തനിക്കു രാജകീയ വിളംബരം ലഭിക്കാൻ തടസമുണ്ടാകുന്നത്' എന്നും മെത്രാപ്പോലീത്താ വീണ്ടും റസിഡണ്ടിന് എഴുതുന്നു.[19]

ഈ കത്തുകൾ ഉദ്ധരിച്ച് മാർ അത്താനാസ്യോസിന്റെ വാദഗതിയെ ജഡ്ജ്മെന്റിൽ ഉപസംഹരിച്ചിട്ടുള്ളത് ഇപ്രകാരമാണ്:

"മലങ്കരയെ ഭരിക്കുന്ന മാർ ദീവന്നാസ്യോസ് പാത്രിയർക്കീസിൽ നിന്നോ പാത്രിയർക്കീസ് അധികാരപ്പെടുത്തിയ പ്രതിനിധിയിൽ നിന്നോ സ്ഥാനമേറ്റിട്ടില്ല എന്ന ഏകകാരണത്താൽ സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു എന്നും അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്നും സ്ഥാനവും നിയമനവും സ്വീകരിച്ചു എന്ന ഒറ്റക്കാരണത്താൽ സ്വന്തം അവകാശവാദം സുഭദ്രമാണെന്നും മാർ അത്താനാസ്യോസ് വാദിച്ചിരിക്കുന്നു."[20]

ഏതായാലും മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേയ്ക്കു ആദ്യം പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസും പിന്നീട് യൂയാക്കീം കൂറിലോസും അവകാശവാദം ഉന്നയിച്ചത് സർക്കാരിന് തലവേദനയായി. 1848-ൽ സർക്കാർ നിയമിച്ച ഒരു കമ്മിറ്റി കൊല്ലത്ത് ചേർന്ന് യൂയാക്കീം കൂറിലോസിന്റെ സ്ഥാനവാദം നിരാകരിക്കുവാനും മാർ അത്താനാസ്യോസിന്റെ സ്ഥാനവാദം അംഗീകരിക്കുവാനും സർക്കാരിന് ശുപാർശ സമർപ്പിച്ചു. കൊല്ലം കമ്മിറ്റിയുടെ ഈ തീർപ്പ് അനുസരിച്ച് മാർ അത്താനാസ്യോസിന് അനുകൂലമായ രാജകീയ വിളംബരം പുറപ്പെട്ടു. രാജഭരണകാലത്ത് രാജകീയവിളംബരത്തിന്റെ പ്രാധാന്യം വളരെ വലുതാണ്. സിവിൽക്കോടതികൾക്കുപോലും മാർ അത്താനാസ്യോസിനെതിരായ കേസ്സുകൾ ഇക്കാരണത്താൽ പരിഗണിക്കുവാൻ സാധിക്കാതെ വന്നിട്ടുണ്ട്. മാവേലിക്കര സുന്നഹദോസിൽ നവീകരണത്തിനെതിരായി നിശ്ചയം പാസ്സാക്കിയ ചേപ്പാട് മെത്രാച്ചനെ ശത്രുവായി കണ്ടിരുന്ന മിഷണറിമാരുടെ പ്രതിനിധിയായി രാജ്യത്ത് ഭരണമേൽനോട്ടം വഹിക്കുന്ന ബ്രിട്ടീഷ് റസിഡണ്ടും തൽസ്വാധീനത്താൽ സർക്കാരുകളും മാർ അത്താനാസ്യോസിനെ പിന്തുണച്ചത് സ്വാഭാവികം മാത്രം. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കൈവെപ്പും സുസ്താത്തിക്കോനും കൂടാതെ ഒരാൾക്കു മലങ്കരമെത്രാന്റെ സ്ഥാനം സ്വീകരിച്ചു കൂടാ എന്ന കീഴ്വഴക്കവും ഈ സംഭവം മൂലം മലങ്കരസഭയിൽ സംജാതമായി. ഇതിന് മുമ്പ് നാല് മലങ്കര മെത്രാന്മാർക്ക് രാജകീയവിളംബരം ലഭിച്ചിട്ടുണ്ടെങ്കിലും അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കൈവെപ്പ് അതിന് ഒരു അവശ്യ ഉപാധിയായി ആരും ചിന്തിച്ചിരുന്നില്ല. ആ ചിന്ത ആദ്യം പുറപ്പെടുവിച്ച് അംഗീകാരം നേടിയത് പാലക്കുന്നത്ത് മെത്രാച്ചനാണ്. രാജകീയ വിളംബരത്തോടെ ഭരണം നിർവ്വഹിക്കുന്ന മെത്രാനെതിരെ ആദ്യം യൂയാക്കീം മാർ കൂറിലോസും പിന്നീട്, സ്തേപ്പാനോസ് മാർ അത്താനാസ്യോസും നടത്തിയ നിയമയുദ്ധങ്ങൾ പരാജയപ്പെട്ടു. ഔദ്യോഗികസ്ഥാനത്തിരുന്ന് പാലക്കുന്നത്ത് വലിയ മെത്രാച്ചൻ അദ്ദേഹം വിഭാവനം ചെയ്തുപോന്ന നവീകരണങ്ങൾ നടപ്പിലാക്കി. പല നവീകരണങ്ങളും നടപ്പിലാക്കിയത്

പരിഭാഷയുടെ മറവിലാണ്. ആരാധനക്രമങ്ങൾ ആദ്യമായി മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ടതിൽ സന്തോഷിച്ച ആളുകൾ വിവർത്തനത്തിലൂടെ നടത്തിയ കാപട്യങ്ങൾ തിരിച്ചറിയാൻ അശക്തരായിരുന്നു. നാട്ടിൽ ക്രിസ്ത്യാനികളുടെ നിലയും വിലയും മെച്ചപ്പെടുത്തുവാനും ഇടവകകളിൽ വൈദികരുടെ നിലയും വിലയും മെച്ചപ്പെടുത്തുവാനും ഏറെ താല്പര്യം കാണിച്ച മെത്രാച്ചന് എല്ലാ ഭാഗത്തുനിന്നും ആദരവ് ലഭിക്കുവാൻ പ്രയാസമുണ്ടായിരുന്നില്ല. ഈ ആദരവിന്റെ മറവിൽ അദ്ദേഹം നടപ്പിൽ വരുത്തിയ നവീകരണങ്ങളും കൈയേറ്റങ്ങൾ പോലും പൊതുവിൽ സ്വാഗതം ചെയ്യപ്പെട്ടു. എന്നാൽ വിശ്വാസങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും അദ്ദേഹം വരുത്തിയ ക്ഷതങ്ങൾ ഒരു ന്യൂനപക്ഷത്തെ വേദനിപ്പിച്ചു. അവർക്കു ശബ്ദവും നേതൃത്വവും ഇല്ലായിരുന്നു. ആ അനാഥാവസ്ഥയിൽ ദൈവം എഴുന്നേല്പിച്ച മോശയാണ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്താ. 1909-ൽ അദ്ദേഹം അന്തരിച്ചതിന് ശേഷവും മഹാരഥന്മാരായ വട്ടശ്ശേരിൽ ഗീവറുഗ്ഗീസ് മാർ ദീവന്നാസ്യോസ്, ബസ്സേലിയോസ് ഗീവറുഗ്ഗീസ് ദ്വിതീയൻ, ബസ്സേലിയോസ് ഔഗേൻ പ്രഥമൻ, മാത്യൂസ് പ്രഥമൻ, മാത്യൂസ് ദ്വിതീയൻ എന്നീ മേലദ്ധ്യക്ഷന്മാരെ നന്നായി പഠിച്ചതിന് ശേഷവും 1967-ൽ ഇസ്സഡ്. എം. പാറേട്ട് ഇപ്രകാരം എഴുതി:

"..... ഈ വിധം ബഹുമുഖങ്ങളായ പ്രവർത്തനങ്ങൾ നടത്തിയ മറ്റൊരു മെത്രാൻ നസ്രാണികൾക്ക് ഇതേവരെ ഉണ്ടായിട്ടില്ല. ഇനി ഉണ്ടാകുമെന്നും തോന്നുന്നില്ല."[21]

മാർ ദീവന്നാസ്യോസ് (പുലിക്കോട്ടിൽ ദ്വിതീയൻ) മെത്രാപ്പോലീത്താ ആരായിരുന്നുവെന്ന് ഒരു നീണ്ട ചർച്ചയ്ക്കു ശേഷം പാറേട്ട് വീണ്ടും വിലയിരുത്തുന്നത് കാണുക: "..... പത്തു വർഷം നാലു മാസത്തെ സമരം കൊണ്ട് മാർ ജോസഫ് ദീവന്നാസ്യോസ് സമ്പൂർണ്ണ വിജയം കൈവരിച്ചു. മലങ്കരസഭയിന്മേൽ ലൗകികമായി പരിപൂർണ്ണാധികാരം ഉറപ്പിക്കാൻ അന്ത്യോഖ്യാ പാത്രിയർക്കീസ് ചെയ്ത യജ്ഞം റോയൽക്കോടതി വിധിയോടെ തകർന്നു. അതു ജോസഫ് ദീവന്നാസ്യോസിന് ഒരു പ്രത്യേക നേട്ടം തന്നെ ആയിരുന്നു. മലങ്കരയെ അന്ത്യോഖ്യായ്ക്ക് ആത്മീയമായി കീഴ്പ്പെടുത്തിയത് ശരിയായില്ല എന്നോ അധർമ്മമായിരുന്നു എന്നോ അഭിപ്രായമുള്ളവർ ഈ ജനകീയ കാലത്ത് ധാരാളം ഉണ്ടായിരിക്കാം. മാർ ഗീവർഗ്ഗീസ് ദീവന്നാസ്യോസ്..... ഹൈക്കോടതിയിൽ ജ. ചാറ്റുഫീൽഡ്, ജ. ജോസഫ് തളിയത്ത്, ജ. പരമേശ്വരൻപിള്ള എന്നിവരുടെ ബെഞ്ചിൽ നിന്ന് സമ്പാദിച്ച വിധിയും, മൂന്നാം നസ്രാണി കാതോലിക്കോസ് നടത്തിയ 1113-ൽ അസ്സൽ 111-ാം നമ്പരിൽ 1954 മെയ് മാസം 21-ാംനു ഇന്ത്യൻ സുപ്രീംകോടതിയിൽ ചീഫ് ജസ്റ്റീസ് എസ്. ആർ. ദാസ്,

ജ. ഭഗവതി, ജ. സിൻഹാ, ജ. സുബ്ബറാവു, ജ. വാഞ്ചു എന്നിവരുടെ ബെഞ്ചിൽ നിന്നുണ്ടായ വിധിയും വഴി സമ്പാദിച്ച അവകാശാദികളും കണക്കിൽ എടുക്കണം. ജോസഫ് ദീവന്നാസ്യോസ് ഭയന്നും സംശയിച്ചും ഇട്ട അസ്തിവാരത്തിന്മേലാണ് അവ ഉറപ്പിച്ചതെന്ന് ഓർത്താൽ അദ്ദേഹത്തിന്റെ ശ്രമഫലം എത്ര വിശിഷ്ടമാണെന്ന് മനസ്സിലാക്കാൻ കഴിയും. ..... പ്രീണനങ്ങളും പീഢനങ്ങളും പ്രയാസങ്ങളും അവഗണിച്ചും സഹിച്ചും പിതാക്കന്മാരുടെ വിശ്വാസത്തിൽ തുടർന്നു എന്ന് അഭിമാനിക്കുവാൻ കഴിവുണ്ടായിരുന്ന നസ്രാണികൾക്ക് ഒരുമിച്ച് നിൽക്കാൻ ആവശ്യമായ സംഘടനാസൗകര്യം ആയിരത്തിഎണ്ണൂറ് സംവത്സരക്കാലത്തേക്കു മലങ്കരയിൽ ഇല്ലായിരുന്നു. ആ കുറവ് പരിഹരിച്ച മഹാനാണ് ജോസഫ് ദീവന്നാസ്യോസ്. ചളി വാരി എറിയാൻ ആളുകൾ ഉണ്ടാകും; ഉണ്ട് എന്ന് ശരിക്ക് അറിഞ്ഞുകൊണ്ട്, മനം പതറാതെ, ഹൃദയം കുലുങ്ങാതെ, കാൽ വഴുതാതെ മുമ്പോട്ടു കുതിച്ചു കയറിയ, സുന്നഹദോസിലും ഭരണത്തിലും മാപ്പിളയ്ക്കുള്ള സ്ഥാനം ശരിക്ക് അംഗീകരിച്ച മഹാനാണ് ദീവന്നാസ്യോസ് അഞ്ചാമൻ. മുളന്തുരുത്തി സുന്നഹദോസിന്റെയും മലങ്കര നസ്രാണികളുടെ വ്യവസ്ഥാപിത ഭരണകൂടത്തിന്റെയും മഹാശില്പിയും ജാതിയുടെ സംഘാടകനും ആയ പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസ്യോസിനെ നമുക്ക് നമസ്ക്കരിക്കാം."[22]

## റഫറൻസ് ഗ്രന്ഥസൂചിക

1. ഫാ. ഡോ. ജോസഫ് ചീരൻ, *പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ*, പു. 193, 220.

2. ഫാ. ഡോ. ജോസഫ് ചീരൻ, *ഇന്ത്യൻ ഓർത്തഡോക്സ് സഭ*, പു. 140, 141.

3. റവ. ഡോ. എം. ഒ. ജോൺ, വൈദിക സെമിനാരിയുടെ 175-ാം വാർഷിക സുവനീർ (1990). മുളന്തുരുത്തി സുന്നഹദോസ് - മലങ്കര സഭാചരിത്രത്തിലെ വഴിത്തിരിവ് (ലേഖനം), പു. 236 (231-36).

റവ. ഡോ. ടി. ഐ. വർഗ്ഗീസ്, *മലങ്കര-അന്ത്യോഖ്യൻ ബന്ധം പത്തൊമ്പതാം നൂറ്റാണ്ടിന്റെ സൃഷ്ടി*, 1997, പുറം. 81.

ശ്രീ. പി. വി. മാത്യു. *കേരളത്തിലെ നസ്രാണി ക്രിസ്ത്യാനികൾ* വാല്യം 3, പു. 190.

ശ്രീ. കെ. വി. മാമ്മൻ. മേൽപുസ്കത്തിനെഴുതിയ അവതാരിക, പു. IX.

4. ഫാ. ഡോ. ജോസഫ് ചീരൻ, *ഇന്ത്യൻ ഓർത്തഡോക്സ് സഭ*, പുറം 41-46.

5. ഇട്ടൂപ്പ് റൈറ്റർ, സഭാ ചരിത്രം, പു. 177.

6. റവ. ഡോ. വി. സി. സാമുവൽ, *മലങ്കരസഭയുടെ അന്ത്യോഖ്യൻ ബന്ധം*, പുറം 17, 18.

7. ഇസ്സഡ്. എം. പാറേട്ട്, *മലങ്കരനസ്രാണികൾ വാള്യം 10*, പുറം 508-537.

8. Royal Court Judgment, The Orthodox Church Book House, Kottayam, p. 44.

9. ജോർജ്ജ് വർഗ്ഗീസ് മദ്രാസ്, *മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാചരിത്രം 3-ാം ഭാഗം*, പു. 106, 107.

10. ജോർജ്ജ് വർഗ്ഗീസ്, *മാത്യൂസ് മാർ അത്താനാസ്യോസ്*, പുറം 124, 125.

11. റോയൽക്കോടതി ഭൂരിപക്ഷവിധി, പു. 47.

12. ഇ. എം. ഫിലിപ്പ്, സഭാചരിത്രം, പു. 223.

13. ഇട്ടൂപ്പ് റൈട്ടർ, സഭാചരിത്രം, പു. 250, 251.

14. കുര്യൻ, കണിയാമ്പറമ്പിൽ കോറി, *സുറിയാനിസഭ*, പു. 200.

15. കണ്ടനാട് ഗ്രന്ഥവരി (കയ്യെഴുത്ത്പ്രതി), പുറം 151, 152.

16. റോയൽക്കോടതിക്കേസിൽ QQ എന്ന നമ്പർ നൽകിയ കത്ത്. ഈ കത്ത് പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് 1843 സെപ്തംബർ 21-നു ബ്രിട്ടീഷ് റസിഡണ്ട് മേജർ ജനറൽ കല്ലന് അയച്ചതാണ്. (Book III, 110).

റോയൽക്കോടതിവിധി (1889), Published in 1975, p. 48.

17. റോയൽക്കോടതിവിധി, പു. 49.

18. ടി പുസ്തകം, പുറം 49.

19. ടി പുസ്തകം, പുറം 50.

20. ടി പുസ്തകം, പുറം 52.

21. ഇസ്സഡ്. എം. പാറേട്ട്, മലങ്കരനസ്രാണികൾ മൂന്നാം ഭാഗം, പുറം 302.

22. ഇസ്സഡ്. എം. പാറേട്ട്, മുളന്തുരുത്തി സുന്നഹദോസ്, പു. 243, 244.

## അധ്യായം 2

# കുന്നംകുളത്തു നിന്ന് ഒരു ദാവീദ്

ശൗലിന്റെ നേതൃത്വത്തിലുള്ള ഇസ്രായേലിനെതിരെ ഫെലിസ്ത്യ യോദ്ധാവ് ഗോലിയാത്ത് വെല്ലുവിളി മുഴക്കിയപ്പോൾ ഇസ്രായേൽ പാള യത്തിലുണ്ടായ സംഭ്രമവും അമ്പരപ്പും മലങ്കരസഭ അന്നും അനുഭവിച്ചു. നാഥന്റെ സാന്നിദ്ധ്യത്തിൽ അനാഥത്വം അനുഭവിക്കേണ്ടി വരിക, ദുസ്സ ഹമാണത്. പാലക്കുന്നത്ത് മെത്രാച്ചൻ അഭ്യാസം, യുദ്ധതന്ത്രം, പിൻ ബലം എന്നിവയിൽ അജയ്യനായ ഗോലിയാത്തു തന്നെയായിരുന്നു. അദ്ദേഹത്തോടേറ്റുമുട്ടിയ ചേപ്പാട്ട് ദീവന്നാസ്യോസും, സ്തേഫാനോസ് അത്താനാസ്യോസും യൂയാക്കീം കൂറിലോസും തേജോഹാനിയിലക പ്പെട്ടു. ഒരാൾ സ്ഥലം വിട്ടു. മറ്റേ ആൾ ലാഭകരമായ മറ്റു കർമ്മവ്യാപാര ങ്ങളിലേക്കു പിൻവലിഞ്ഞു. അനേകർക്കു ബോധമുണ്ടായിരുന്നുവെ ങ്കിലും വർത്തമാനകാല സംഭവങ്ങൾക്കും ആധിപത്യത്തിനുമെതിരായി ഉരിയാടുവാൻ ധൈര്യമുണ്ടായില്ല. ഈ പശ്ചാത്തലത്തിലാണ് ദാവീദിന്റെ ദൈവാശ്രയബോധത്തോടെ ഒരു കോമളയുവാവ്, യുദ്ധക്കളത്തിലേക്ക്, ജഡരക്തങ്ങളോടാരായാതെ എടുത്തുചാടിയത്. പുലിക്കോട്ടിൽ ജോസഫ് കത്തനാരുടെ, സഭാചരിത്രത്തിലേക്കുള്ള പ്രവേശനത്തിന്റെ പശ്ചാത്തലം ഇതാണ്.

കേരളത്തിൽ ഇദംപ്രഥമമായി ക്രിസ്തുമതം രൂപപ്പെട്ട പാലൂർ (ചാട്ടു കുളങ്ങര) ഇടവകയിൽ 1832 നവംബർ 12-നു (1008 വൃശ്ചികം 24) അദ്ദേഹം ജനിച്ചു. വിശ്രുതമായ പുലിക്കോട്ടിൽ താരു കുരിയനും പെങ്ങാ മുക്കു ദേശത്ത് (പഴഞ്ഞി ഇടവക) കുത്തുർ ഗീവർഗ്ഗീസ് മല്പാന്റെ (തൊഴിയൂരിലെ ഗീവർഗ്ഗീസ് മാർ കൂറിലോസ് - കുത്തൂരെ മെത്രാച്ചൻ) സഹോദരി താണ്ടമ്മയുമാണ് മാതാപിതാക്കൾ. രണ്ടു സഹോദരന്മാരും മൂന്ന് സഹോദരിമാരും ഉൾപ്പെടെ ആറു മക്കളുള്ള ഒരു കുടുംബമായി രുന്നു അത്. കോട്ടയം പഴയസെമിനാരി സ്ഥാപകൻ സഭാജ്യോതിസ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോ ലീത്താ പിതൃതാവഴിയിലും തൊഴിയൂർ കുത്തൂരെ ഗീവർഗ്ഗീസ് മാർ കൂറി ലോസ് (മാവേലിക്കര സുന്നഹദോസിൽ പങ്കെടുത്തു) മെത്രാപ്പോലീത്താ മാതൃവഴിയിലും ഇദ്ദേഹത്തിന്റെ കാരണവന്മാർ ആയിരുന്നു. ആർത്താറ്റ് (പാലൂർ) പഴയപള്ളിയുടെ വടക്കേ വരാന്തയിൽ കബറടങ്ങിയ പുലി ക്കോട്ടിൽ ജോസഫ് കത്തനാർ പഴയസെമിനാരി സ്ഥാപകന്റെ സഹോ ദരപുത്രനും കഥാനായകന്റെ വലിയപ്പനും ആ തലമുറയിലെ പ്രസിദ്ധ മല്പാനും ആയിരുന്നു (കണ്ടനാട് പടിയോല 1809-ൽ എഴുതി ഒപ്പിട്ട പശ്ചാത്തലത്തിൽ 8-ാം മാർത്തോമ്മായിൽ നിന്ന് ശെമ്മാശുപട്ടം ഏറ്റത്

ഇദ്ദേഹമാണ്. നിരണം ഗ്രന്ഥവരി). വലിയപ്പൻ യൗസേപ്പ് കത്തനാരുടെ ശിക്ഷണത്തിലും കരുതലിലും ഈ കോമളബാലൻ വളർന്നു. യൗസേപ്പ് എന്ന് നാമകരണം ചെയ്യുകയും ആ പേരിന്റെ നാട്ടുരൂപമായ ഇട്ടൂപ്പ് (ഇട്ടി + യൗസേപ്പ്) എന്ന് ആ ബാലനെ വിളിക്കുകയും ചെയ്തപ്പോൾ കുടുംബകാരണവരും സഭയുടെ വിമോചകനും കോട്ടയം പഴയസെമിനാരി സ്ഥാപകനുമായ ഇട്ടൂപ്പിനെ അവർ ഓർത്തുവോ എന്തോ? ഒരു കാര്യം തീർച്ച; പകലോമറ്റം കുടുംബാധിപത്യം നിർത്തലാക്കിയ സഭയുടെ വിമോചകനേതാവും കോട്ടയം പഴയസെമിനാരി സ്ഥാപനത്തിലൂടെ സഭയ്ക്കുണ്ടായ നവോന്മേഷത്തിന്റെയും വികാസത്തിന്റെയും കാരണക്കാരനും ടിപ്പുവിന്റെ ആക്രമണകാലത്ത് ആർത്താറ്റ്-പാലൂർ ദേശത്ത് തൂക്കിക്കൊല്ലപ്പെട്ട സഹദേന്മാർക്ക് പ്രചോദകനും 1811-ലെ ബൈബിൾ വിവർത്തകനുമായ പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാരെപ്പറ്റിയുള്ള അഭിമാനകരവും സാഹസികവും രോമാഞ്ചദായകവും ആയ ഭൂതകാല വീരകഥകൾ കേട്ടാണ് ആ ബാലൻ വളർന്നത്. സഭാചരിത്രത്തിൽ തന്റെ ഇടവകയും തന്റെ കുടുംബവും ത്യാഗപൂർവ്വം സഹിച്ച കഥകൾ ആ ബാലനിൽ കൗതുകം ജനിപ്പിച്ചു. ഉദയംപേരൂർ സുന്നഹദോസിനോട് ധീരമായി വിയോജിച്ച തന്റെ പൂർവ്വികന്മാരുടെ ചങ്കൂറ്റത്തെപ്പറ്റിയും സഭയുടെ സർവ്വ വിദേശബന്ധങ്ങളെയും തിരസ്ക്കരിക്കുന്ന പ്രഖ്യാപനത്തിലൂടെ (ആർത്താറ്റ് പടിയോല) തന്റെ ഇടവക പ്രദർശിപ്പിച്ച സ്വാതന്ത്ര്യബോധത്തെയും തന്റെ വ്യക്തിത്വത്തിന്റെ ഭാഗമാക്കുവാൻ കഥാപുരുഷനെ സഹായിച്ചത് വലിയപ്പനിൽ നിന്നും മറ്റുമായി കേട്ട കഥകൾ ആയിരിക്കാം.

അഞ്ചാം വയസ്സിൽ അദ്ദേഹത്തെ എഴുത്തിനിരുത്തി. വലിയപ്പനായിരുന്നു ആശാൻ. ആശാൻ ശിഷ്യന് മലയാളവും സുറിയാനിയും പഠിപ്പിച്ചു. അക്ഷരം പഠിക്കുന്ന വിദ്യാർത്ഥികൾക്കു വായനയിൽ സാമർത്ഥ്യം നേടാൻ ഏറെ പുസ്തകങ്ങളൊന്നും അക്കാലത്തു ലഭ്യമായിരുന്നില്ല. തന്റെ പൂർവ്വീകൻ പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനും കായംകുളം ഫിലിപ്പോസ് റമ്പാനും കൂടി വിവർത്തനം ചെയ്ത് ക്ലോഡിയസ് ബുക്കാനന്റെ സഹായത്തോടെ ബോംബെ കൊറിയർ പ്രസ്സിൽ 1811-ൽ അച്ചടിപ്പിച്ച വേദപുസ്തകം (പുതിയനിയമത്തിലെ നാലു സുവിശേഷങ്ങൾ) മാത്രമായിരുന്നു അക്കാലങ്ങളിൽ ലഭ്യമായ മലയാളം അച്ചടിപുസ്തകം. പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ വിവർത്തനം ചെയ്ത സങ്കീർത്തനപുസ്തകവും ബൈബിളിന്റെ മറ്റു ഭാഗങ്ങളും കൈയെഴുത്തു രൂപത്തിൽ ലഭ്യമായിരുന്നു. സുറിയാനിയിൽ അന്നു കൈയെഴുത്തു പുസ്തകങ്ങൾ മാത്രമേ ലഭ്യമായിരുന്നുള്ളു. പൗരസ്ത്യ സുറിയാനി ലിപിയിൽ എഴുതപ്പെട്ട പുസ്തകങ്ങളിലാണ് അദ്ദേഹം ആദ്യം സുറിയാനി ഭാഷ പരിചയപ്പെട്ടത്. കുട്ടിക്കാലത്തു തന്നെ അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിൽ ആ ബാലൻ മികവ് പുലർത്തി. അക്കാലത്ത് തലപ്പള്ളി

താലൂക്ക് ഉല്പാദിപ്പിക്കുന്ന പ്രകൃതിവിഭവങ്ങൾ കൊച്ചി തുറമുഖത്തേക്ക് പോയിരുന്നത് ചാട്ടുകുളങ്ങര-ചാവക്കാട് വഴി ജലമാർഗ്ഗമായിട്ടായിരുന്നു. കച്ചവടാവശ്യത്തിന് കുന്നംകുളം കമ്പോളത്തിലേക്കു പല വേഷക്കാരും ഭാഷക്കാരും സംസ്ക്കാരക്കാരുമായ വ്യാപാരികൾ വരുമായിരുന്നു. അവരിൽ അറബികളും ഉത്തരേന്ത്യക്കാരും ഉണ്ടായിരുന്നു. അവരുടെ ജലസഞ്ചാരം ആരംഭിക്കുന്നത് പാലൂർ-ചാട്ടുകുളത്തിൽ നിന്നായിരുന്നു. പലപ്പോഴും വലിയപ്പനോടൊപ്പം പാലൂർ ചാട്ടുകുളങ്ങര പള്ളിയിൽ താമസിച്ചു വന്ന ബാലൻ ഈ വ്യാപാരികളുമായി സാധ്യമായ അളവിൽ പരിചയപ്പെടുമായിരുന്നു. പലപ്പോഴും വിശ്രമകേന്ദ്രങ്ങളോ സത്രങ്ങളോ ഇല്ലാതിരുന്ന ആ കാലത്ത് വലിയപ്പന്റെ ക്ഷണപ്രകാരം ഈ വ്യാപാരികളിൽ പലരും വിശ്രമാർത്ഥം പള്ളിയിൽ താമസിക്കുമ്പോൾ കൗതുകം വിടർന്ന മിഴികളോടും മനസ്സോടുംകൂടി കഥാപുരുഷൻ അവരുടെ നാട്, സംസ്ക്കാരം, ജീവിതരീതി ഇവകളൊക്കെ അന്വേഷിക്കാറുണ്ടായിരുന്നു. ഉത്തരേന്ത്യക്കാരായ അവരിൽ ചിലരിൽ നിന്ന് ഹിന്ദുസ്ഥാനിയും തമിഴരിൽ നിന്ന് തമിഴും അഭ്യസിക്കുവാൻ ആ ബാലൻ സഫലമായി യത്നിച്ചു. കുതിരസവാരിയിൽ ഭ്രമക്കാരനായ കുന്നംകുളം സ്വദേശി പനയ്ക്കൽ ഇയ്യപ്പന്റെ സഹായത്തോടെ കുതിരസവാരിയും ബാലൻ അഭ്യസിച്ചു. കൂർമ്മബുദ്ധിയും പരിശ്രമശാലിയും ആയ ഇട്ടൂപ്പ് ഭാഷകളുടെ പഠനം, ലോകപരിചയം, കുതിരസവാരി, സഭാചരിത്രബോധം തുടങ്ങിയ കാര്യങ്ങളിൽ കുട്ടിക്കാലത്തു തന്നെ അസാമാന്യ പരിശീലനം നേടി. മോശയെപ്പോലെ ഇട്ടൂപ്പും ഏതോ മഹത്കാര്യങ്ങൾക്കായി പരിശീലിപ്പിക്കപ്പെടുകയായിരുന്നുവെന്ന് പിൽക്കാല ജീവിതം തെളിയിച്ചു.

കഥാപുരുഷന്റെ ബാല്യകാലത്ത് ദൂരവ്യാപകങ്ങളായ ഫലങ്ങൾ ഉണ്ടാകാവുന്ന നിരവധി കാര്യങ്ങൾ മലങ്കരസഭയിൽ സംഭവിച്ചു. ഏറ്റവും പ്രധാനപ്പെട്ടത് 1836-ലെ മാവേലിക്കര സുന്നഹദോസ് ആണ്. തന്റെ വലിയപ്പനും മാതാവിന്റെ മാതുലൻ കുത്തൂരെ കൂറിലോസും പങ്കെടുത്ത ആ യോഗത്തിൽ വച്ച് തന്റെ പൂർവ്വീകൻ സെമിനാരി സ്ഥാപകൻ പ്രതീക്ഷാപൂർവ്വം പടുത്തുയർത്തിയ മിഷണറിബന്ധം വിച്ഛേദിക്കപ്പെട്ടതൊന്നും ആ നാലു വയസ്സുകാരനെ അലട്ടിയിരിക്കാൻ ഇടയില്ല. എന്നാൽ ഒരു പ്രഗത്ഭ വൈദികന്റെ ഭവനത്തിൽ നടക്കുന്ന ഭാഷണങ്ങൾ കൗമാരപ്രായത്തിലും അദ്ദേഹം അവഗണിച്ചിരിക്കാനിടയില്ല. മാതാവിന്റെ മാതുലനായ കുത്തൂരെ കൂറിലോസിന്റെ അരമനയിൽ ആ ബാലൻ സ്ഥിരസന്ദർശകൻ ആയിരുന്നു. മല്പാൻ കൂടെ ആയിരുന്ന അദ്ദേഹവും കഥാപുരുഷന്റെ ഗുരുനാഥനാണ്. ഇംഗ്ലീഷ് ഭാഷ അല്പാല്പം കൈകാര്യം ചെയ്യുവാൻ ആ ഗുരുശിഷ്യബന്ധം പ്രേരണ ചെലുത്തി. തന്റെ പൂർവ്വീകന്റെ കാലത്താരംഭിച്ച മിഷണറിബന്ധത്തെ തുടർന്ന് കുന്നംകുളം സന്ദർശിച്ചിരുന്ന മിഷണറിമാർ അധികവും തൊഴിയൂർ അരമനയിലാണ് താമസി

ച്ചിരുന്നത്. ആ ഇംഗ്ലീഷ് മിഷണറിമാരുമായുള്ള സംസർഗ്ഗമാണ് ആ ഭാഷ അൽപമെങ്കിലും അഭ്യസിക്കുവാൻ കെല്പും സാഹചര്യവും നൽകിയത്. മാവേലിക്കര സുന്നഹദോസിന് ശേഷം ക്രമേണ മിഷണറി സന്ദർശനങ്ങൾ കുറഞ്ഞതോടെ ഇംഗ്ലീഷ് പഠനസൗകര്യം നിലച്ചു.

കോതമംഗലത്ത് കബറടങ്ങിയ യെൽദൊ മാർ ബസ്സേലിയോസ് മപ്രിയാനയുടെ 160-ാം ഓർമ്മപ്പെരുന്നാൾ പ്രമാണിച്ച് 1845-ൽ ചേപ്പാട്ട് മാർ ദീവന്നാസ്യോസ് കോതമംഗലത്തെത്തി. വലിയപ്പന്റെയും ആർത്താറ്റ് (പാലൂർ) യോഗക്കാരുടെയും താല്പര്യപ്രകാരം കോതമംഗലം മാർത്തോമ്മൻ ചെറിയപള്ളിയിൽ വച്ച് ഇട്ടൂപ്പിന് കോറൂയോ സ്ഥാനം മാർ ദീവന്നാസ്യോസ് നൽകി. തിരിയെ അദ്ദേഹം കുന്നംകുളത്തെത്തി. സുറിയാനി പഠനം തുടർന്നു. തന്റെ വലിയപ്പനെക്കൂടാതെ ആലത്തൂർ പനക്കൽ യൗസേപ്പ് കത്തനാർ, കോലാടി ചാക്കുണ്ണിക്കത്തനാർ തുടങ്ങിയവർ അന്ന് ആർത്താറ്റ് (പാലൂർ) ഇടവകപ്പട്ടക്കാരായിട്ടുണ്ടായിരുന്നു. അന്ന് കുന്നംകുളം പ്രദേശത്ത് ആർത്താറ്റ് (പാലൂർ) പള്ളി കൂടാതെ കുന്നംകുളം പഴയപള്ളി, ചിറളയംപള്ളി, പഴഞ്ഞിപള്ളി എന്നീ മൂന്നു പള്ളികളേ ഉണ്ടായിരുന്നുള്ളു.

1842-ൽ പാലക്കുന്നത്ത് മാർ അത്താനാസ്യോസ് മർദ്ദീനിൽ നിന്ന് പട്ടമേറ്റ് മലങ്കരയിൽ വന്നതിനെത്തുടർന്നുണ്ടായ സംഭവപരമ്പരകൾ അരങ്ങേറുന്ന കാലമായിരുന്നു അത്. 13 വയസ്സുകാരനായ കൊച്ചുശെമ്മാശൻ കാര്യങ്ങളെ സാകൂതം വീക്ഷിച്ചു. പാലക്കുന്നത്ത് ഏബ്രഹാം മല്പാനച്ചന്റെ നവീകരണത്തെ അനുകൂലിച്ചും പ്രതികൂലിച്ചും മലങ്കരസഭ ധ്രുവീകരിക്കപ്പെടുന്നത് ശെമ്മാശൻ ദുഃഖത്തോടെ വീക്ഷിച്ചു. മലങ്കരസഭയുടെ പരാതിയെത്തുടർന്ന് കാര്യങ്ങളന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ പാത്രിയർക്കീസിൽ നിന്ന് നിയോഗവുമായി 1846 ചിങ്ങം 26-നു യൂയാക്കീം മാർ കൂറിലോസ് മലങ്കരയിലെത്തി. മലങ്കര മെത്രാനായി നിയമിക്കപ്പെട്ട സുസ്താത്തിക്കോനും കൊണ്ടാണ് യൂയാക്കീം മാർ കൂറിലോസ് കൊച്ചിയിലെത്തിയത്.[1] ഈ സാഹചര്യത്തിലാണ് ചേപ്പാട്ട് മെത്രാച്ചൻ സ്ഥാനം രാജിവച്ച് മാർ കൂറിലോസിനെ അംഗീകരിച്ചത്. വെള്ളക്കാർ രണ്ടു പേരും നാട്ടുകാർ രണ്ടു പേരും അടങ്ങിയ കൊല്ലം കമ്മിറ്റി 1847 മീനം 1-ന് സമ്മേളിച്ച് പാലക്കുന്നത്ത് മെത്രാച്ചനെ മലങ്കര മെത്രാനായി അംഗീകരിക്കുവാൻ ശുപാർശ ചെയ്തതോടെ യൂയാക്കീം മെത്രാച്ചൻ തികഞ്ഞ നിസ്സഹായതയോടെ യുദ്ധരംഗത്തു നിന്നു പിന്മാറി. ഇതിനിടയിൽ 1849 മീനമാസത്തിൽ കൂറിലോസിനെ സഹായിക്കുവാനായി സ്തേഫാനോസ് മാർ അത്താനാസ്യോസ് എന്ന ഒരു മെത്രാനെയും ശെമവൂൻ എന്ന ഒരു റമ്പാച്ചനെയും മലങ്കരയിലേക്ക് പാത്രിയർക്കീസ് അയച്ചു. അവരുടെ കൂടെ കൂറിലോസ് മെത്രാച്ചന്റെ

സഹോദരൻ മക്കുദിശാ ഗബ്രിയേലും ഉണ്ടായിരുന്നു.[2] കൊല്ലം കമ്മിറ്റി യുടെ ശുപാർശ പ്രതികൂലമെന്ന് കണ്ട ഉടൻ മാർ യൂയാക്കീം കുന്നംകു ളത്തെത്തി. "കൊച്ചി ശീമയിൽപ്പെട്ട ചാലിശ്ശേരിയിൽ ഒരു പള്ളി അദ്ദേ ഹത്തിന്റെ തനതുവകയായിട്ട് പണിയിച്ചു."[3] അവിടെ താമസമാക്കി. ശിമ യോൻ റമ്പാനച്ചൻ ആർത്താറ്റ് (പാലൂർ) പള്ളിയിൽ താമസിച്ച് വൈദി കവിദ്യാർത്ഥികൾക്കു പരിശീലനം നൽകിവന്നു. നമ്മുടെ കഥാപുരുഷൻ സുറിയാനിയിലും ദൈവശാസ്ത്രത്തിലും ഉപരി വിദ്യാഭ്യാസം നേടിയത് ശിമയോൻ റമ്പാച്ചനിൽ നിന്നും ആയിരുന്നു. ആർത്താറ്റ് പള്ളിയിൽ വച്ച് സ്തേഫാനോസ് മാർ അത്താനാസ്യോസിൽ നിന്ന് കഥാപുരുഷൻ പൂർണ്ണ ശെമ്മാശുപട്ടം സ്വീകരിച്ചു. 1852 ജൂലായ് 28-ന് തിരുവിതാംകൂർ സർക്കാരും 1853 ഒക്ടോബർ 4-നു കൊച്ചി സർക്കാരും പാലക്കുന്നത്ത് മാർ അത്താനാസ്യോസിന് അനുകൂലമായി രാജകീയ വിളംബരം പ്രസി ദ്ധീകരിച്ചതോടെ ചേപ്പാട്ട് മെത്രാച്ചൻ അവശനായി. വിദേശ മെത്രാന്മാർ തിരുവിതാംകൂർ, കൊച്ചി പ്രദേശങ്ങളിൽ പ്രവേശിച്ചു കൂടെന്ന് റസിഡണ്ട് കല്ലൻ കല്പന അയച്ചതോടെ[4] വിദേശമെത്രാന്മാരുടെ സ്ഥിതിയും പരു ങ്ങലിലായി. മാർ അത്താനാസ്യോസ് മടങ്ങിപ്പോയി. പോകുംവഴി ബ്രിട്ടീഷ് സർക്കാരിൽ ഹർജി കൊടുക്കുകയും മെത്രാന്മാർക്കെതിരായ - പള്ളിപ്രവേശനം നിരോധിച്ച - കൽപനയിൽ അയവ് വരുത്തുകയും ചെയ്തു.

കഥാപുരുഷൻ ചാലിശ്ശേരി പള്ളിയിൽ വച്ച് 1852 ചിങ്ങം 6-നു യൂയാക്കീം മാർ കൂറിലോസിൽ നിന്ന് കശ്ശീശാപട്ടം ഏറ്റു. ചിറളയം പള്ളി യിൽ പ്രഥമ ദിവ്യബലി അർപ്പിച്ചു. പഴഞ്ഞി-ചാലിശ്ശേരി പള്ളികളുടെ വികാരിയായിരുന്ന ചീരൻ ഇട്ടൂപ്പ് കത്തനാരുടെ സഹായിയായി നവ വൈദികൻ - പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാർ - നിയമിതനായി. സർഗ ധനനായ അദ്ദേഹം പഴഞ്ഞിപ്പള്ളിയിൽ സേവനം അനുഷ്ഠിച്ചിരുന്ന കാലത്ത് പഴഞ്ഞി പ്രദേശങ്ങളിൽ അഭൂതപൂർവ്വമായ പ്രവർത്തനസര ണികൾക്ക് നേതൃത്വം നൽകി. പള്ളിയുടെ ഉൾഭാഗത്തുനിന്ന് മുറിത്തട്ടി ലേക്ക് കയറുവാനായി പള്ളിയകത്ത് സ്ഥാപിച്ചിരുന്ന ഗോവണി അദ്ദേഹം നീക്കം ചെയ്തു. പടിഞ്ഞാറുഭാഗത്ത് പള്ളിക്കു പൂമുഖം പണിയിക്കു കയും രണ്ടു നിലകളുള്ള അതിന്റെ താഴത്തെ നിലയിൽ ഗോവണി സ്ഥാപിക്കുകയും ചെയ്തു. പിൽക്കാലത്ത് മലങ്കര മെത്രാപ്പോലീത്താ ആയിത്തീർന്ന അദ്ദേഹവും പരുമല മെത്രാച്ചനും ദീർഘകാലം താമസി ച്ചിരുന്നതും പള്ളിവക മേമ്പൂട്ട് സ്ഥാപിച്ചിട്ടുള്ളതും ഈ പുത്തൻ നിർമ്മി തിയുടെ മുകൾ ഭാഗത്താണ്.

ഇന്ന് പെങ്ങാമുക്ക്, കാട്ടകാമ്പാൽ, മൂലേപ്പാട്ട്, മങ്ങാട്, കരിക്കാട്, പെരും തുരുത്തി, കോട്ടോൽ, ഐനൂർ എന്നിവിടങ്ങളിൽ കാണുന്ന പള്ളികൾ

പിൽക്കാലത്തുണ്ടായവയാണ്. സ്മര്യപുരുഷന്റെ കാലത്ത് ഈ പ്രദേശങ്ങളെല്ലാം പഴഞ്ഞി ഇടവകയുടെ ഭാഗങ്ങളായിരുന്നു. ഈ ഭാഗങ്ങളിൽ അക്കാലങ്ങളിൽ യാതൊരു സ്കൂളുകളും ഉണ്ടായിരുന്നില്ല. പഴഞ്ഞി പള്ളിയിലെ മൂന്നു കൊല്ലത്തെ സേവനത്തോടൊപ്പം പഴഞ്ഞി, കാഞ്ഞിരമുക്ക്, കാട്ടകാമ്പാൽ, മങ്ങാട്, കരിക്കാട് എന്നീ പ്രദേശങ്ങളിലായി ആറു മലയാളം പള്ളിക്കൂടങ്ങൾ പള്ളിയുടെ മേൽനോട്ടത്തിൽ അദ്ദേഹം ആരംഭിച്ചു. ജാതിമതലിംഗഭേദമെന്യേ ഏവർക്കും അവയിൽ പ്രവേശനം അനുവദിച്ചു. പിൽക്കാലത്ത് പള്ളി ചുമതലയിൽ നിന്ന് സ്മര്യപുരുഷൻ കൂടുതൽ വിശാലമായ പ്രവർത്തനങ്ങളിലേക്കു പ്രവേശിച്ചപ്പോൾ പിൻഗാമികളായി വന്ന പള്ളിച്ചുമതലക്കാർക്ക് ഈ വലിയ മനുഷ്യന്റെ ദർശനത്തിന്റെയും ഭാവനയുടെയും അനുകാരികളാകുവാൻ കഴിഞ്ഞില്ല. സ്കൂളുകളുടെ പ്രവർത്തനം അവർക്കു ഭാരമായി തോന്നി. അതോടെ ചില സ്കൂളുകൾ സർക്കാരിലേക്കു വിട്ടുകൊടുത്തു. ചില സ്കൂളുകൾ അതതു കാലത്തെ പള്ളിയധികാരികൾ സ്വകാര്യസ്വത്താക്കി പിൻഗാമികൾക്കു നൽകി. അവയിൽ ഒരു സ്കൂളിന്റെ ആദ്യകാല അഡ്മിഷൻ റജിസ്റ്ററിന്റെ ആദ്യപേജിൽ മാർ ദീവന്നാസ്യോസ് സ്മാരക വിദ്യാലയം എന്ന് എഴുതിയിട്ടുള്ളതിന്റെ ദൃക്സാക്ഷികളുണ്ട്. സ്ഥാപനങ്ങൾ ഉണ്ടാക്കുന്നതു പോലെ പ്രധാനമാണ് അവ പരിരക്ഷിച്ചുപോരുക എന്നതും. പഴഞ്ഞി പള്ളിയുടെ കീഴിലുണ്ടായിരുന്ന സ്കൂളുകൾക്കുണ്ടായ പിൽക്കാലാനുഭവം സ്മര്യപുരുഷൻ പിൽക്കാലത്ത് ഭാവനാപൂർവ്വം പടുത്തുയർത്തിയ മിക്ക പ്രസ്ഥാനങ്ങൾക്കും സംഭവിച്ചു. ചിലത് അന്യാധീനമായി. ചിലത് പ്രവർത്തനരഹിതമായി. ചിലതാകട്ടെ നിറംകെട്ട് ഇന്നും നിലനിൽക്കുന്നു. ഭാവനാകുബേരന്മാർക്ക് പലപ്പോഴും സംഭവിച്ചിട്ടുള്ള ദുര്യോഗമാണിത്.

സ്മര്യപുരുഷൻ പഴഞ്ഞിപ്പള്ളിയുടെ ചുമതലയിലിരിക്കുമ്പോഴാണ് പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസിന് രാജകീയ വിളംബരം ലഭിക്കുന്നത്. വിളംബരത്തെത്തുടർന്ന് പള്ളികളെല്ലാം നവീകരണക്കാരുടെ കൈവശമായി. വിശ്വാസമെന്തായിരുന്നാലും പഴയ പള്ളികൾ ഉപേക്ഷിക്കുന്നത് ആളുകൾക്ക് അന്നും സങ്കടകരമായിരുന്നു. കഥാപുരുഷന് അന്ന് 20 വയസ്സ് പ്രായമാണ്. "തിരുവെഴുത്ത് വിളംബരത്തെക്കുറിച്ച് ആർത്താറ്റ് ഇടവകയിൽ കേട്ടപ്പോൾ നമ്മുടെ കഥാനായകൻ ഉൾപ്പടെ പല കത്തനാർമാർക്കും അനേക ജനങ്ങൾക്കും സഹിച്ചുകൂടാത്ത കോപവും വ്യസനവും ഉണ്ടായി. മാർ അത്താനാസ്യോസിനെ പാത്രിയർക്കീസ് ബാവാ സ്ഥാനഭ്രഷ്ടൻ ആക്കിയിട്ടുള്ളതുകൊണ്ടും ഇങ്ങനെ സ്ഥാനഭ്രഷ്ടനാക്കാൻ അവിടേക്കു പൂർണ്ണ അധികാരം ഉള്ളതുകൊണ്ടും മാർ അത്താനാസ്യോസ് സുറിയാനി മതോപദേശങ്ങളെ ഭേദപ്പെടുത്താൻ ഉത്സുകനായിരുന്നതുകൊണ്ടും അദ്ദേഹത്തിന്റെ ആജ്ഞയിലിരിക്കുന്നത് അവിഹിതമെന്ന് മേൽപറഞ്ഞവർ തീർച്ചയാക്കി.

ഇങ്ങനെ ഒരു ബോധം പത്തുനാനൂരു കുടുംബക്കാരിൽ ഉണ്ടാക്കുന്നതിന് യൗസേപ്പ് കത്തനാർ വളരെ യത്നം ചെയ്യുകയുണ്ടായി. മാർ അത്താനാസ്യോസിനെ സുറിയാനിക്കാരുടെ മെത്രാപ്പോലീത്താ ആയി വിളംബരം പ്രസിദ്ധപ്പെടുത്തിയത് തെറ്റാണെന്ന് ഇവർക്ക് ബോധ്യമുണ്ടായിരുന്നു. എങ്കിലും അതിനെക്കുറിച്ച് വാദിച്ച് ജയിക്കുന്നത് പ്രയാസമാണെന്ന് കണ്ടതിനാൽ കൊച്ചി സർക്കാരിന്റെ അനുവാദത്തോടെ കുന്നംകുളങ്ങര കിഴക്കേ പുത്തൻപള്ളി 1028 (1852) വൃശ്ചികം 12-നു (പഴയസെമിനാരി സ്ഥാപകന്റെ ഓർമ്മപ്പെരുന്നാൾ ദിനം) സ്ഥാപിച്ച് അന്നുമുതൽക്ക് കുർബ്ബാന ചൊല്ലിത്തുടങ്ങുകയും ചെയ്തു.[5]

കഥാപുരുഷന്റെ നിർമ്മാണ പ്രതിഭ വീണ്ടും പ്രകടമാവുന്നത് ഈ ദേവാലയ നിർമ്മിതിയിലാണ്. അന്ന് കേവലം ഇരുപത് വയസ്സ് പ്രായമേ ഉള്ളൂ എങ്കിലും സൃഷ്ടിപരമായ നവീന ഉദ്യമങ്ങൾക്ക് നേതൃത്വം നൽകാനുള്ള സർഗവൈഭവം അദ്ദേഹത്തിന് വേണ്ടുവോളം ഉണ്ടായിരുന്നുവെന്ന് ഈ സംഭവവും തെളിയിക്കുന്നു. നിയമത്തിന്റെ മർമ്മം കണ്ടെത്തുവാനും അപഗ്രഥിക്കാനുമുള്ള കുശാഗ്രബുദ്ധി ഈ സംഭവത്തിൽ പ്രതിഫലിക്കുന്നത് കാണുക:

"കുന്നംകുളങ്ങരെ പുത്തൻപള്ളി പണിയിച്ച വിവരം അറിഞ്ഞപ്പോൾ മാർ അത്താനാസ്യോസിന് കലശലായ കോപമാണുണ്ടായത്. ഈ പള്ളിയിൽ ദിവ്യകർമ്മങ്ങൾ നടത്തിക്കരുതെന്ന് അദ്ദേഹം കൊച്ചി ദിവാൻ ശങ്കരവാരിയർ അവർകൾക്ക് ഉടനെ എഴുതി അയച്ചതനുസരിച്ച് കർമ്മം വിരോധിക്കുന്നതിന് ദിവാൻജി ഉത്തരവയച്ചു. ഈ ഉത്തരവിനെ സാധൂകരിപ്പാൻ ഏതു പക്ഷപാതിക്കും സാധിക്കുന്നതല്ല. വിളംബരപ്രകാരം മാർ അത്താനാസ്യോസിനെ അനുസരിച്ച് നടപ്പാൻ തനിക്കു പാടില്ലെന്നും അതിനാൽ ഒരു പുത്തൻ പള്ളി വെയ്പ്പാൻ അനുവാദം കിട്ടണമെന്നും പുലിക്കോട്ട് യൗസേപ്പ് കത്തനാർ ബോധിപ്പിച്ചതനുസരിച്ചാണ് ഈ പുത്തൻ പള്ളി സ്ഥാപിക്കുന്നതിന് സർക്കാരനുവാദം സിദ്ധിച്ചിട്ടുള്ളത്. ഇങ്ങനെയിരിക്കേ കർമ്മം വിരോധിക്കുന്നതിന് യാതൊരർഹതയുമില്ലാത്തതാണ്. ... അന്യായമായ ആ ഉത്തരവിനെ വകവെയ്ക്കാതെ യൗസേപ്പ് കത്തനാർ കുർബ്ബാന ചൊല്ലുകയാണ് ചെയ്തത്. ന്യായാന്യായങ്ങളെക്കുറിച്ചുള്ള സ്ഥിരബോധത്തിന്റെ പരിപക്വമായ ഈ പ്രവൃത്തി നമ്മുടെ കഥാനായകന്റെ ബുദ്ധിവിശേഷത്തിനും ധീരോദാത്തതയ്ക്കും ഒരു ദൃഷ്ടാന്തമായി ശോഭിക്കുന്നു. ഇദ്ദേഹം ആജ്ഞാലംഘനം ചെയ്ത വിവരം സ്ഥലത്തെ സർക്കാരുദ്യോഗസ്ഥന്മാർ ദിവാൻജിയ്ക്കു റിപ്പോർട്ട് ചെയ്തു. ഉടനെ വഴക്കും കൂട്ടവുമായി. ഇതിനെ സംബന്ധിച്ച് ദിവാൻജിയുടെ അടുക്കൽ പല വിചാരണകളും നടന്നതിന്റെ ശേഷം യൗസേപ്പ് കത്തനാർ പ്രസ്തുത പള്ളിയിൽ കർമ്മം കഴിച്ചത് നിയമവിരുദ്ധമല്ലെന്നും മേലാൽ ആ പള്ളിയിൽ

കർമ്മാദികൾ നടത്തുന്നതിന് വിരോധമില്ലെന്നും ദിവാൻജി ന്യായാനുരൂപമായി തീരുമാനിച്ചു.[6] അങ്ങനെ ഇരുപതാം വയസ്സിൽ സിംഹപ്രതാപിയായ പാലക്കുന്നത്ത് മാർ അത്താനാസ്യോസിനെ നിയമയുദ്ധത്തിൽ തറപറ്റിച്ച കോമള യുവാവായ അഭിനവ ദാവീദിനെ മലങ്കരസഭ ഒട്ടുക്കു അഭിനന്ദനപൂർവ്വം ശ്രദ്ധിച്ചു.

പാലക്കുന്നത്ത് മാർ അത്താനാസ്യോസ് നവീകരണക്കാരൻ ആയിരുന്നില്ലെന്ന് മാർത്തോമ്മാ സഭയിൽ പിൽക്കാലത്തുണ്ടായ ചില ചരിത്ര കഥകളെ ഉപജീവിച്ച് ഇരുപതാം നൂറ്റാണ്ടിലെ ചില ചരിത്രകഥാകാരന്മാർ എഴുതിതുടങ്ങിയിട്ടുണ്ട്. അപ്രകാരമുള്ള ചില ചരിത്ര്യാഖ്യായികകളെ ചരിത്രമെന്ന് വ്യാഖ്യാനിച്ച് പ്രസിദ്ധീകരിക്കുന്നതിൽ ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണവിഭാഗം താല്പര്യം കാട്ടിയിട്ടുണ്ട്.[7] പാലക്കുന്നത്ത് വലിയ മെത്രാച്ചൻ കാലം ചെയ്ത് ഏഴു പതിറ്റാണ്ടുകൾക്കു ശേഷം കേട്ടുകേൾവിയെ ആധാരമാക്കിയും സ്വന്തം സഭയുടെ നിലപാടുകൾക്ക് സാധൂകരണം ലഭിക്കാൻ വേണ്ടിയും ശിരസ്ത്രദാർ വർഗ്ഗീസ് എഴുതിയ പാലക്കുന്നത്തു വലിയ മെത്രാച്ചന്റെ ചരിത്രകഥ ആഖ്യായികയെന്ന് വേർതിരിച്ചറിയാതെ ചില ഓർത്തഡോക്സ് പ്രസാധകന്മാർ പുനഃപ്രസാധനം ചെയ്തിട്ടുണ്ട്.[8] എന്നാൽ സമകാല രേഖകളിൽ കാണുന്ന പ്രമാണസഹിതമായ വസ്തുതകളെ പ്രമാണങ്ങളുടെ പിൻബലമില്ലാതെ തിരുത്തുന്നതിന് ഈ ചരിത്രാഖ്യായികകളെ അവലംബമാക്കുന്ന നിർഭാഗ്യകരമായ പ്രവണതകളെച്ചൊല്ലി ചരിത്രവിദ്യാർത്ഥികൾ വേദനിക്കുകയാണ്. ഇക്കാര്യത്തിൽ സമകാല ചരിത്രകാരൻ പറയുന്നത് കേൾക്കുക:

"..... ആദ്യമേ ഇദ്ദേഹം (പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ്) കോട്ടയത്തു സിമ്മനാരിയിൽ ഒരു അച്ചുകൂടം സ്ഥാപിച്ചു. ഈ അച്ചുകൂടത്തിൽ നിന്ന് 1031-ൽ (1856-ൽ) മലയാളത്തിൽ ഒരു നമസ്കാരപ്പുസ്തകം അച്ചടിച്ചു പ്രസിദ്ധപ്പെടുത്തി. ഇതിലെ പ്രാർത്ഥനകൾ മിക്കതും ഇവിടെ പൂർവ്വീകമായി ഉപയോഗിച്ചു വന്നവ തന്നെ ആയിരുന്നുവെങ്കിലും നന്മ നിറഞ്ഞ മറിയം എന്നു തുടങ്ങുന്ന ഭാഗം ഇല്ലായിരുന്നു. അപ്പോസ്തോലികാചാരങ്ങളുടെ നൈർമ്മല്യത്തെ പാലിക്കുന്നതിൽ പണ്ടേതന്നെ ജാഗരൂകനായിരുന്ന നമ്മുടെ കഥാനായകന് ഈ പുസ്തകം കണ്ടപ്പോൾ മറ്റെല്ലാവരേക്കാളും വ്യസനമുണ്ടായി. യോസേപ്പു കത്തനാരു ഉടനെ കോഴിക്കോട്ടു പോയി കാളഹസ്തിയപ്പ മുതലിയാരുടെ വക കല്ലച്ചിൽ സുറിയാനിസഭയുടെ വിശ്വാസത്തിനു ഒത്തതായ ക്രമത്തിൽ രണ്ടായിരം നമസ്ക്കാരപ്പുസ്തകം അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തി. അപ്പഴപ്പോൾ ദൂരസ്ഥലങ്ങളിൽ പോയി പുസ്തകങ്ങൾ അച്ചടിപ്പിക്കുന്നതിനുള്ള അസൗകര്യത്തെ വിചാരിച്ചിട്ടു തനതായ ഒരു അച്ചുകൂട്ടം

സ്ഥാപിക്കാനാണു യോസേപ്പു കത്തനാരു പിന്നീടു ശ്രമിച്ചത്. ... യോസേപ്പു കത്തനാരു തലശ്ശേരിയിൽ പോയി അവിടെ ജർമ്മൻ മിഷ്യൻകാർ ഉപയോഗിച്ചുവന്നിരുന്ന ഒരു കൽപ്രെസ് വാങ്ങി കുന്നംകുളങ്ങര കൊണ്ടുവന്നു സ്ഥാപിച്ചു. ... യോസേപ്പു കത്തനാരു സ്വന്തം അച്ചുകൂട്ടത്തിൽ നിന്നു മലയാളത്തിൽ നമസ്ക്കാരപ്പുസ്തകവും കുർബ്ബാനക്രമവും സുറിയാനിയിൽ കുർബ്ബാന തക്സായും അച്ചടിച്ചു പ്രസിദ്ധപ്പെടുത്തി."[9]

ഈ വിഷയത്തെക്കുറിച്ച് ഒരു പുരാതന വിവരണം കേൾക്കുക: "മാർ അത്താനാസ്യോസ് (പാലക്കുന്നത്ത്) മെത്രാപ്പോലീത്താ കോട്ടയത്ത് സിമ്മനാരിയിൽ സ്ഥാപിച്ച ഒരു അച്ചുകൂടത്തിൽ നിന്ന് 1031-ൽ ഒരു മലയാള നമസ്ക്കാരപുസ്തകം അച്ചടിച്ചു പരസ്യം ചെയ്തു. ഈ പുസ്തകത്തിൽ ചേർത്തിരുന്ന മിക്ക പ്രാർത്ഥനകളും അതിപുരാതനകാലം തുടങ്ങി സുറിയാനി സമുദായം ഉപയോഗിച്ചു വന്നിരുന്നവ തന്നെ ആയിരുന്നുവെങ്കിലും അതിൽ കൃപ നിറഞ്ഞ മറിയമേ എന്നാരംഭിക്കുന്ന ദൈവമാതാവിനോടുള്ള പ്രാർത്ഥന ഉൾപ്പെടുത്തിയിരുന്നില്ല. ഇതു മലങ്കര സുറിയാനി സമുദായാംഗങ്ങൾക്കു അശേഷം രസിച്ചില്ല. ......

അത്താനാസ്യോസിന്റെ നമസ്ക്കാരപുസ്തകം പ്രസിദ്ധപ്പെടുത്തിയപ്പോൾ അപ്പോസ്തോലിക വിശ്വാസാചാരങ്ങളുടെ നൈർമ്മല്യത്തെ പരിപാലിക്കുന്നതിൽ സദാ ജാഗരൂകനും ബദ്ധശ്രദ്ധനും ആയിരുന്ന മാർ കൂറിലോസ് ബാവാ (യൂയാക്കീം) അവർകൾ തന്റെ വിശ്വസ്ത സ്നേഹിതനായ യൗസേപ്പു കത്തനാരുമായി ആലോചിച്ച് കത്തനാരെ കോഴിക്കോട്ടയച്ച് രണ്ടായിരത്തോളം നമസ്ക്കാരപ്പുസ്തകങ്ങൾ അച്ചടിച്ചു വരുത്തി സമുദായാംഗങ്ങളുടെ ഇടയിൽ വിതരണം ചെയ്തു. ഈ പുസ്തകങ്ങളെല്ലാം അച്ചടിപ്പിച്ചത് കോഴിക്കോട്ടെ ഒരു പൗരപ്രധാനനായ കാളഹസ്തിയപ്പാ എന്ന് പേരായ ഒരു മുതലിയാരുടെ വകയായ ഒരു കല്ലച്ചിൽ ആയിരുന്നു. ചില പുരാതന ക്രിസ്ത്യൻ കുടുംബങ്ങളിൽ ഇന്നും ഇത്തരം പുസ്തകങ്ങൾ ദുർല്ലഭമായി കാണപ്പെടുന്നുണ്ട്. പിന്നീടും ബാവായുടെയും മറ്റും പരിശ്രമത്താൽ യൗസേപ്പ് കത്തനാരെ (കഥാനായകനെ) തലശ്ശേരിയിലയച്ചു. ജർമ്മൻ മിഷ്യൻകാരുടെ വക ഒരു കൽപ്രസ്സു വാങ്ങിച്ചു. ആയത് യൗസേപ്പു കത്തനാരുടെ സ്വദേശമായ കുന്നംകുളങ്ങരെ സ്ഥാപിച്ചു. അതിൽ നിന്നു യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ വിശ്വാസാചാര നടപടികൾക്ക് അനുയോജ്യമായ വിധത്തിലുള്ള പ്രാർത്ഥനാക്രമങ്ങൾ ആദിയായ പല നല്ല ഗ്രന്ഥങ്ങളും അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുകയുണ്ടായി" (യൂയാക്കീം മാർ കൂറിലോസ് ബാവാ അവർകൾ (ലേഖനം), സുറിയാനി സഭാ മാസിക, പുസ്തകം 3, ലക്കം 8, 9, 1929 ഓദോർ, നിസോൻ, പേജ് 182-83).

പാലക്കുന്നത്ത് മെത്രാച്ചന്റെ നമസ്ക്കാരപുസ്തകം പരിശോധിച്ച

താഴത്ത് പുന്നത്ര ചാക്കോ ചാക്കോ എഴുതിയിട്ടുള്ളത് "അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുള്ള നമസ്ക്കാരപ്പുസ്തകം പരിശോധിക്കുന്നപക്ഷം അദ്ദേഹം ഒരു തനി യാക്കോബായ സഭാ മേലദ്ധ്യക്ഷനായിരുന്നുവെന്ന് നിസ്സന്ദേഹം വെളിപ്പെടുന്നതാണ്" എന്നാണ്.[10] നമസ്ക്കാരക്രമത്തെ പൂർണ്ണമായും സൂക്ഷ്മമായും അവലോകനം ചെയ്യാൻ ശ്രീ. ചാക്കോ അശക്തനായിരുന്നുവെന്നാണ് ഈ നിരീക്ഷണം വ്യക്തമാക്കുന്നത്. ടി നമസ്ക്കാരക്രമത്തിൽ കുറഞ്ഞപക്ഷം മൂന്ന് കൃത്രിമങ്ങൾ ഈ ഗ്രന്ഥകാരൻ ശ്രദ്ധിച്ചിട്ടുണ്ട്.

1. കൗമ്മയിൽ നന്മ (കൃപ) നിറഞ്ഞ മറിയം ഒഴിവാക്കപ്പെട്ടിരിക്കുന്നു.

2. ഒമ്പതാം മണി (ഇരുപത്തിരണ്ടര) നമസ്ക്കാരത്തിന്റെ ഒടുവിൽ ഉപയോഗിച്ചു വന്ന മാർ ബാലായിയുടെ അപേക്ഷ (അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനേ..... എന്ന് അതിന്റെ ഗദ്യവിവർത്തനം. കരുണ നിറഞ്ഞവനേ........ എന്ന് പദ്യവിവർത്തനം) പൂർണ്ണമായും ഒഴിവാക്കപ്പെട്ടിരിക്കുന്നു.

3. സൂത്താറാ നമസ്ക്കാരത്തിൽ ചേർത്തിട്ടുള്ള മാർ അപ്രേമിന്റെ ശയന പ്രാർത്ഥനയിൽ

"നിന്നെപ്പെറ്റന്നമ്മയുടെ<br>
നിന്നോടുള്ള അപേക്ഷയാലെ<br>
എനിക്കുള്ള ശയനത്തിൻമേൽ<br>
തിന്മപ്പെട്ടവൻ അണയരുതേ" എന്ന ഭാഗം താഴെ പറയുംവിധം തിരുത്തിയിരിക്കുന്നു.

"കാരുണ്യഉടയവനോട്<br>
നിനക്കുള്ള അപേക്ഷയാലേ<br>
എനിക്കുള്ള ശയനത്തിന്മേൽ<br>
തിന്മപ്പെട്ടവൻ അണയരുതേ......."

പാലക്കുന്നത്ത് അബ്രഹാം മൽപ്പാനെപ്പോലെ വിരലിലെണ്ണാവുന്ന ചില വൈദികർ മാത്രമേ അക്കാലങ്ങളിൽ നവീകരിച്ച കുർബ്ബാന തക്സായും പ്രാർത്ഥനക്രമവും ഉപയോഗിച്ചിരുന്നുള്ളു. നവീകരിച്ച രൂപത്തിൽ തക്സാ പകർത്തി എഴുതി മലങ്കരയിലെങ്ങും പ്രചരിപ്പിക്കുവാൻ നവീകരണക്കാർ ശ്രമിച്ചപ്പോൾ സ്വന്തം കല്ലച്ചിൽ കുർബ്ബാന തക്സാ സുറിയാനി ഭാഷയിൽ കഥാപുരുഷൻ അച്ചടിപ്പിച്ചു. അതിന്റെ ഒരു പ്രതി ഇതിനകം കണ്ടെടുക്കുവാൻ സാധിച്ചിട്ടുണ്ട്. തക്സായ്ക്കു പുറമേ മാമ്മൂദീസാ, വിവാഹം എന്നീ ക്രമങ്ങളും കുർബ്ബാന തക്സായുടെ ഭാഗമായി അച്ചടിക്കപ്പെട്ടിട്ടുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ

പത്രോസ് തൃതീയൻ ബാവാ മലങ്കരയിൽ വരുത്തിയ പരിഷ്ക്കാരങ്ങളുടെ ക്ഷതമേൽക്കാത്ത ക്രമങ്ങൾ എന്ന നിലയിൽ ആ പുസ്തകത്തിന്റെ ഗവേഷണമൂല്യം അനുപമമാണ്. തന്റെ അച്ചടിച്ച സുറിയാനി തക്സായും മലയാളം നമസ്ക്കാരപ്പുസ്തകവുമായി മലങ്കരയിലെ പള്ളികളിൽ സഞ്ചരിച്ച സ്മര്യപുരുഷൻ മലങ്കരയിലെങ്ങും സുപരിചിതനാകാൻ ഈ സംഭവം സഹായകമായി.

ക്രമേണ കഥാപുരുഷൻ ആർത്താറ്റ് (പാലൂർ) പള്ളിയിൽ സ്ഥിരവാസമാക്കിയതായി നാം കാണുന്നു. അതൊരു കഠിനതപസ്യയുടെ കാലം ആയിരുന്നു. വീണ്ടുവിചാരത്തിന്റെയും ദൈവനിയോഗമറിയലിന്റെയും ശക്തി സംഭരണത്തിന്റെയും കാലം. മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച ചാട്ടുകുളങ്ങര (പാലൂർ) പള്ളിയും[11] ടിപ്പു സുൽത്താന്റെ കാലത്ത് വിശ്വാസനിഷ്ഠയുടെ പേരിൽ തൂക്കിക്കൊല്ലപ്പെട്ട അനുയായികളുടെ ആത്മീയസാന്നിധ്യവും[12] അദ്ദേഹത്തെ വികാരതരളിതനാക്കി. പ്രാർത്ഥനയിലൂടെ ദൈവത്തെ മുഖാമുഖമായി കണ്ട ദിനങ്ങളായിരുന്നു അവ. ആർത്താറ്റ് ദേവാലയത്തിലെ വാസം അദ്ദേഹത്തെ ഒരു പ്രാർത്ഥനാമല്ലനാക്കിത്തീർത്തു. ഒരു ജീവിതകാലം മുഴുവൻ അദ്ദേഹത്തിന്റെ പ്രൈവറ്റു സെക്രട്ടറിയും സമുദായ സെക്രട്ടറിയുമായി ജീവിച്ച ഇ. എം.പീലിപ്പോസ് സ്മര്യപുരുഷന്റെ മരണാനന്തരം അദ്ദേഹത്തിന്റെ പ്രാർത്ഥനാ സ്വഭാവത്തെപ്പറ്റി സാക്ഷ്യപ്പെടുത്തിയിട്ടുള്ളതിപ്രകാരമാണ്.

“സിമ്മനാരി വ്യവഹാരം സംബന്ധിച്ച് ഒരു ക്രിസ്ത്യാനിയുടെ നിലയിൽ നിന്നുകൊണ്ട് നോക്കുന്നവർക്ക് കാണാവുന്ന ഒരു വിശേഷം ഇനി പറയാനുണ്ട്. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ഒരസാമാന്യ സമർത്ഥനായിരുന്നുവെങ്കിലും കേസ് ജയിച്ചത് അദ്ദേഹത്തിന്റെയോ ആരുടെയെങ്കിലുമോ സാമർത്ഥ്യം കൊണ്ടല്ലെന്നാണ് എന്റെ വിശ്വാസം. അദ്ദേഹത്തിന്റെ പ്രാർത്ഥന വളരെ ശക്തിയേറിയതായിരുന്നു. .... അനുതാപത്താലും പൊടിഞ്ഞ ഹൃദയത്തോടു കൂടിയ പ്രാർത്ഥനയാലും ദൈവത്തെ സ്വാധീനമാക്കുവാൻ ദാവീദിന്റെ ആത്മാവ് അദ്ദേഹത്തിൽ ഉണ്ടായിരുന്നു. ഏത് കാര്യം ഉദ്ദേശിച്ചുകൊണ്ട് അദ്ദേഹം പ്രാർത്ഥിച്ചുവോ ആ കാര്യം അതിശയകരമായവിധത്തിൽ സാധിച്ചുകിട്ടാൻ തക്കവണ്ണം തന്റെ എരിവേറിയ പ്രാർത്ഥനയ്ക്കു ശക്തിയുണ്ടായിരുന്നു എന്നുള്ളതിന് ഞാൻ ദൃക്സാക്ഷിയാകുന്നു. ഈ പ്രാർത്ഥനാ ശക്തികൊണ്ടും ദൈവകൃപ കൊണ്ടും എതിർ കക്ഷിയോടുള്ള ദൈവകോപം കൊണ്ടും സിമ്മനാരി വ്യവഹാരം ദൈവവിചാരണയിലായിരുന്നു ആദ്യന്തം നടത്തപ്പെട്ടതെന്ന് എനിക്ക് പൂർണ്ണബോധ്യം വന്നിട്ടുണ്ട്.”[13]

ആർത്താറ്റ് (പാലൂർ) ദൈവമാതാവിന്റെ പള്ളിയിൽ നിന്നാണ് അദ്ദേഹം പ്രാർത്ഥനയിലെ ഏകാഗ്രത ജീവിതശൈലിയായി വളർത്തിയെടുത്തത്.

ധർമ്മസങ്കടങ്ങളിൽ വഴി കാണാതലയുമ്പോൾ അദ്ദേഹത്തെ ശക്തിപ്പെടുത്തിയത് ഈ പ്രാർത്ഥനയാണെന്ന് പില്ക്കാല ജീവിതത്തിൽ കാണുവാൻ കഴിയും. കെ. സി. മാമ്മൻ മാപ്പിളയുടെ സ്മരണകളിൽ നിന്ന് ഉദ്ധരിക്കട്ടെ:

"..... ശ്രീ. ഇ. എം. പീലിപ്പോസ് രാവിലെ സിമ്മനാരിയിലെത്തി. മുറിയിൽ ചെന്ന് നോക്കിയപ്പോൾ തിരുമേനിയെ കണ്ടില്ല. അന്വേഷിച്ചതിൽ കാപ്പിമേശ കഴിഞ്ഞു മുറിയിലുണ്ടായിരുന്നുവെന്നല്ലാതെ, എവിടെപ്പോയെന്ന് ആർക്കും നിശ്ചയമില്ലായിരുന്നു. .... ഒടുവിൽ സംശയം തോന്നി സിമ്മനാരി ചാപ്പലിലേക്കു ചെന്നു. ചാപ്പലും അടഞ്ഞാണ് കിടന്നത്. അതിന്റെ ഒരു വശത്തെ ജനലിന്റെ വെനീഷ്യൻ പലക നിശബ്ദമായി പൊക്കി നോക്കിയപ്പോൾ തിരുമേനി മദ്ബഹായിൽ ത്രോണോസിന്റെ മുമ്പാകെ കിഴക്കോട്ട് കമിഴ്ന്നു കിടക്കുന്നതായി, മദ്ബഹായിലെ തുണിമറയുടെ കീഴെക്കൂടെ കാൽപാദങ്ങളും ചുമന്ന കുപ്പായത്തിന്റെ വിളുമ്പും കണ്ട് മനസ്സിലായി. ശ്രീ. പീലിപ്പോസ് ശബ്ദം കേൾപ്പിക്കാതെ ഒരു മുറിയിൽ വന്ന് കാത്തിരിപ്പായി. മണിക്കൂറുകൾ മുന്നോട്ടു നീങ്ങി. ഉച്ച മേശയ്ക്കുള്ള സമയവും കഴിഞ്ഞു. തിരുമേനി മടങ്ങിയെത്തിയിട്ടില്ല. എന്തിന്! ഉച്ച കഴിഞ്ഞ് മണി അഞ്ചായി. അപ്പോഴേക്കും തിരുമേനി തന്റെ മുറിയിൽ പ്രത്യക്ഷപ്പെട്ടു. തിരുമേനി ചാപ്പലിലേക്കു പോയതും തിരിയെ മുറിയിൽ പ്രവേശിച്ചതും ആരും കണ്ടില്ല. ....."[13]

പ്രസന്നമായ, എപ്പോഴും പുഞ്ചിരിക്കുന്ന മുഖവും വാഗ്വിലാസവും ഉദാരമായ നിലപാടുകളും മൂലം വലിയ ഒരു സുഹൃദ്വലയം സൃഷ്ടിച്ചെടുക്കുവാൻ അദ്ദേഹത്തിന് പ്രയാസമുണ്ടായില്ല. തൊഴിയൂർ വ്യവഹാരം മൂലം യൂയാക്കീം കൂറിലോസിനോടുള്ള ബന്ധം ദൃഢതരമായി. ശിഷ്യത്വംകൊണ്ട് സ്തേഫാനോസ് മാർ അത്താനാസ്യോസിന്റെ വാത്സല്യത്തിന് പാത്രീഭവിച്ചു. തൊഴിയൂർ വ്യവഹാരം, കുർബ്ബാന തക്സാ, നമസ്ക്കാരക്രമം ഇവയുടെ വില്പനയും വിതരണവും മൂലം അങ്കമാലി, അകപ്പറമ്പ്, വടക്കൻപറവൂർ, കോതമംഗലം, കുറുപ്പംപടി, കോട്ടയം, മുളന്തുരുത്തി, കരിങ്ങാച്ചിറ, കണ്ടനാട് തുടങ്ങിയ സ്ഥലങ്ങളിൽ അദ്ദേഹത്തിന് ഉറ്റ സുഹൃത്തുക്കളുണ്ടായി. കുന്നംകുളം പുത്തൻപള്ളി കേസ് കഴിഞ്ഞപ്പോൾ കൊച്ചി ദിവാൻ ശങ്കുണ്ണി വാരിയർ സുഹൃത്തായി. മധ്യപൗരസ്ത്യദേശങ്ങളിൽ നിന്ന് ചാവക്കാട് തുറമുഖം വഴി കേരളത്തിലെത്തിയിരുന്ന കൽദായ-യാക്കോബായ വൈദികരെയും വ്യാപാരികളെയും തൊട്ടടുത്ത ദേവാലയമെന്ന നിലയിൽ (പാലൂർ) ചാട്ടുകുളങ്ങര പള്ളിയിൽ സ്വീകരിച്ച് സൽക്കരിക്കുവാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു (ജലസഞ്ചാരം മാത്രം സാധ്യമായിരുന്ന അക്കാലത്ത് കൊച്ചി സംസ്ഥാനത്തിന്റെ തലപ്പള്ളി പ്രദേശത്തു നിന്ന് തിരുവിതാംകൂർ ഭാഗത്തേക്ക് യാത്ര

ചെയ്യുന്നവർ ആർത്താറ്റ് (പാലൂർ) വഴി ചാവക്കാട്ടെത്തി ജലവാഹനം ഉപയോഗിച്ച് ചെറായി, വടക്കൻപറവൂർ എന്നീ സ്ഥലങ്ങളിലൂടെ യാത്ര ചെയ്യേണ്ടിയിരുന്നു. ആർത്താറ്റ് പലപ്പോഴും മതപീഡനമുണ്ടായപ്പോൾ ആളുകൾ തിരുവിതാംകൂർ സംസ്ഥാനത്തിന്റെ പല ഭാഗത്തും കുടിയേറിപ്പാർക്കാൻ ഇടവന്നത് ഈ ജലമാർഗ്ഗം മുഖേനയാണെന്നത് പ്രത്യേക പരാമർശം അർഹിക്കുന്നു). ആ യുവവൈദികന്റെ പില്ക്കാല ജീവിതത്തിൽ ഈ സദ്ശീലങ്ങളും സുഹൃദ്ബന്ധങ്ങളും വലിയൊരളവിൽ അനുഗ്രഹമായി ഭവിച്ചു.

ചേപ്പാട്ട് മാർ ദീവന്നാസ്യോസ് മെത്രാൻ പട്ടം നൽകിയ തൊഴിയൂരിലെ കുത്തൂർ ഗീവർഗ്ഗീസ് മാർ കൂറിലോസ് (കൂത്തൂരെ ഗീവറുഗ്ഗീസ് മല്പാൻ - ഇദ്ദേഹം കോട്ടയം പഴയസെമിനാരി സ്ഥാപകന്റെ ശിഷ്യനായിരുന്നു) ഈ സമയത്താണ് 1856 ജൂൺ 16-നു കാലം ചെയ്തത്. മുൻപതിവുപോലെ തൊഴിയൂരിലെ മെത്രാന്റെ പിൻഗാമിയെ കണ്ടെത്തേണ്ടത് ആർത്താറ്റ് (പാലൂർ) പള്ളിയിലെ പട്ടക്കാരിൽ നിന്നായിരുന്നു (കാട്ടുമങ്ങാട് സ്ഥാനികൾക്കുശേഷം ചീരൻ മെത്രാച്ചനും കിടങ്ങൻ മെത്രാച്ചനും കുത്തൂരെ മെത്രാച്ചനും അപ്രകാരം ആർത്താറ്റ് പട്ടക്കാർ ആയിരുന്നു). കുത്തൂരെ മെത്രാച്ചൻ നവീകരണശ്രമങ്ങളിൽ വിയോജിപ്പുള്ള ആളും മാവേലിക്കര സുന്നഹദോസിൽ നവീകരണ സംരംഭക്കാരെ തുരത്തുന്നതിൽ ചേപ്പാട്ട് മെത്രാച്ചനെ പിന്തുണച്ച ദേഹവുമായിരുന്നു. മാർ അത്താനാസ്യോസിനെ പാത്രിയർക്കീസ് മുടക്കിയപ്പോൾ ഈ മെത്രാച്ചൻ അത് അംഗീകരിക്കുകയും ആർത്താറ്റ് ഇടവകയോടൊപ്പം യൂയാക്കീം മാർ കൂറിലോസിനെ പിന്തുണയ്ക്കുകയും ചെയ്തു. മെത്രാച്ചൻ കാലം ചെയ്തതോടെ തൊഴിയൂർക്കാർ പള്ളികളിലെ എല്ലാ വസ്തുവകകളും പൂട്ടി മുദ്രവച്ച് താക്കോൽ ആർത്താറ്റ് യോഗക്കാരെ ഏൽപ്പിച്ചു. തൊഴിയൂർ പള്ളി അന്ന് ഒരു മെത്രാന്റെ അഭയകേന്ദ്രം മാത്രമായിരുന്നു. ആ കേന്ദ്രത്തിന്റെ സംരക്ഷണം നിർവ്വഹിച്ചിരുന്നത് കുന്നംകുളം ഇടവകക്കാരാണ്. തൊഴിയൂർ പള്ളിയുടെ പറമ്പിൽ കാവലിനായി 18 വീട്ടുകാർ താമസിച്ചിരുന്നുവെങ്കിലും അവരിൽ ഒരു കാശെങ്കിലും കരം കൊടുക്കുന്നവൻ ഉണ്ടായിരുന്നില്ല (എം. പി. വർക്കി, പു. 18). മുൻപതിവനുസരിച്ച് തൊഴിയൂരിലെ പിൻഗാമിയുടെ കാര്യത്തിൽ ആർത്താറ്റ് - കുന്നംകുളം ഇടവകയോഗക്കാർ തീരുമാനമെടുക്കുന്നതിന് മുമ്പ്, മാർ അത്താനാസ്യോസ് തൊഴിയൂരിലെത്തിയപ്പോൾ അവിടത്തെ ഭണ്ഡാരം, മുറി മുതലായവ മുദ്രവച്ച് ബന്ധിച്ചിരിക്കുന്നതായി കണ്ടു. മാർ അത്താനാസ്യോസ് മുദ്ര പൊട്ടിച്ച് കതകു തുറന്ന് അകത്ത് പ്രവേശിച്ചു (ഫാ. കെ. സി. വർഗ്ഗീസ്, തൊഴിയൂർ ചരിത്രം, പു. 75). ഇത്രയുമായപ്പോൾ ആർത്താറ്റ് പള്ളി വികാരി ആലത്തൂരെ പനക്കൽ ഔസേപ്പ് കത്തനാർ തൊഴിയൂരിലെത്തി. ആർത്താറ്റ് പള്ളിയുടെ ഉടമസ്ഥതയിലിരുന്ന വസ്തുവകകളിൽ കയ്യേറ്റം

നടത്തിയ പാലക്കുന്നത്ത് മെത്രാച്ചനോട് പ്രതിഷേധിക്കുവാൻ ബാധ്യസ്ഥനായിരുന്ന ആർത്താറ്റ് പള്ളി വികാരിയായ അദ്ദേഹം, മെത്രാൻ സ്ഥാന വാഗ്ദാനം പാലക്കുന്നത്ത് മെത്രാച്ചനിൽ നിന്ന് ലഭിച്ചതിനാലാവാം, അക്രമിയുടെ പക്ഷം ചേരുകയാണുണ്ടായത്. ആർത്താറ്റ് പള്ളിയുടെ മേലദ്ധ്യക്ഷതയിലിരിക്കുന്ന പള്ളിയും വസ്തുക്കളും കയ്യേറ്റം ചെയ്ത പാലക്കുന്നത്ത് മെത്രാനെയും ട്രസ്റ്റ് ലംഘനം നടത്തിയ വികാരി പനക്കൽ യൗസേപ്പ് കത്തനാരെയും തൊഴിയൂരിൽ നിന്ന് പുറത്തിറക്കുവാൻ ആർത്താറ്റ് ഇടവകക്കാർ സംഘം ചേർന്ന് തൊഴിയൂരിലേക്ക് മാർച്ച് ചെയ്തു. മാർച്ചിന് നേതൃത്വം നൽകിയത് കഥാപുരുഷൻ ആയിരുന്നു. മെത്രാപ്പോലീത്തായുടെ സ്നേഹിതനും സഹപാഠിയും പുത്തൻകാവ് സ്വദേശിയും അക്കാലങ്ങളിൽ ചാവക്കാട് മുൻസിഫും ആയിരുന്ന ആലുംമൂട്ടിൽ ജോർജ്ജിന്റെ ഇടപെടൽമൂലം പാലക്കുന്നത്ത് മെത്രാച്ചൻ തൊഴിയൂരിൽ വിജയം വരിച്ചു. ഈ തർക്കങ്ങൾക്ക് ശേഷം ആലത്തൂക്കാരൻ യൗസേപ്പ് കശ്ശീശാ കൂറിലോസെന്ന പേരിൽ മെത്രാനായി വാഴിക്കപ്പെട്ടു. സ്വസഹോദരൻ മക്കുദിശാ ഗബ്രിയേലിന്റെ വിവാഹകാര്യങ്ങൾ മൂലം യൂയാക്കീം കൂറിലോസ് തൊഴിയൂരിലെത്തുവാൻ വൈകിയതിനാലാണ് സംഭവങ്ങൾ ഇപ്രകാരത്തിലെല്ലാമായത്. തുടർന്ന് യൂയാക്കീം മെത്രാച്ചൻ വാദിയായി കോഴിക്കോട് കോടതിയിലും അവിടെ പരാജയപ്പെട്ടതിനെത്തുടർന്ന് മദ്രാസിലും തൊഴിയൂർ പള്ളിക്കു വേണ്ടി വ്യവഹാരങ്ങൾ നടന്നു. ഈ വ്യവഹാരങ്ങളിൽ, ചാലിശ്ശേരിയിൽ താമസിച്ചിരുന്ന യൂയാക്കീം കൂറിലോസിന് വേണ്ടി പ്രതിനിധിയായി പ്രവർത്തിച്ചത് പുലിക്കോട്ടിൽ യൗസേപ്പ് കത്തനാർ ആയിരുന്നു. ഈ വ്യവഹാരങ്ങളിൽ മാർ കൂറിലോസ് അമ്പേ പരാജയപ്പെടുകയും നഷ്ടപരിഹാരം എന്ന നിലയിൽ ചാലശ്ശേരി, പോർക്കളം, മട്ടാഞ്ചേരി എന്നിവിടങ്ങളിലുണ്ടായിരുന്ന ദേവാലയങ്ങൾ തൊഴിയൂർ ഇടവകയ്ക്കു വിട്ടുകൊടുക്കേണ്ടി വരികയും ചെയ്തു. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് പ്രഥമനും കിടങ്ങൻ മെത്രാച്ചനും കൂടി വളർത്തിയെടുത്ത കുന്നംകുളം-തൊഴിയൂർ സൗഹൃദം ഇപ്രകാരം അസ്തമിച്ചു.

പാത്രിയർക്കീസിൽ നിന്ന് പട്ടമേറ്റു എന്ന ഏക കാരണത്താൽ രാജകീയ വിളംബരം സിദ്ധിച്ച പാലക്കുന്നത്ത് മെത്രാച്ചന്റെ നവീകരണ വ്യഗ്രത, തൊഴിയൂർ വ്യവഹാര പരാജയത്തിന് ശേഷം നവീകരണത്തെ ചെറുക്കുന്നതിൽ യൂയാക്കീം കൂറിലോസ് കാണിച്ച അജാഗ്രത എന്നിവയിൽ മനംനൊന്ത ഒരു വലിയ വിഭാഗം അവരുടെ സങ്കടങ്ങൾ തുടരെത്തുടരെ അന്ത്യോഖ്യാ പാത്രിയർക്കീസിന് അയച്ചുകൊണ്ടിരുന്നു. മലങ്കരയിൽ നിന്ന് അയച്ച അപേക്ഷകൾക്കുള്ള മറുപടി യൂയാക്കീം കൂറിലോസിന് പാത്രിയർക്കീസ് അയച്ചത് ഇപ്രകാരമാണ്:

"..... ഇവിടെനിന്നും മലയാളത്തിന് വന്ന മെത്രാന്മാർ ക്ഷവസുഖം (വാർദ്ധക്യം) കൊണ്ടും മറ്റും മരിച്ചതല്ലാതെ മലയാളത്തിലെ പള്ളികളെ സുഖത്തോടെ ഭരിച്ചപ്രകാരം കാണ്മാനില്ലാത്തതിനാൽ ഇനി മേലിൽ ഇവിടെ നിന്നും മെത്രാന്മാരെയും മറ്റും അങ്ങോട്ട് അയയ്ക്കുന്നതല്ലെന്നും അതിനാൽ അവിടെ നിന്നും കൊള്ളാവുന്ന രണ്ടോ മൂന്നോ കശ്ശീശന്മാരെ ഇവിടേക്കു പറഞ്ഞയച്ചാൽ ശോധന ചെയ്ത് പഠിപ്പിച്ച് മെത്രാന്റെ സ്ഥാനം കൊടുത്തു അയയ്ക്കുന്നതാകുന്നു."[15]

പാത്രിയർക്കീസിന്റെ ഈ കല്പനയ്ക്കു അവിഭക്ത മലങ്കരസഭ അയച്ചു കൊടുത്ത മറുപടി, അക്കാലത്ത് മലങ്കരസഭ പുലർത്തിയ ധാര ണകളും ചരിത്രപരമായ ബോധ്യങ്ങളും വെളിപ്പെടുത്തുമെന്നതിനാൽ 1863 ധനു 11-ലെ മറുപടി ഇവിടെ ഉദ്ധരിക്കുകയാണ്:

"കൽപിച്ച് കൊടുത്തയച്ച എഴുത്ത് വായിച്ച് കണ്ടതിനാൽ ഞങ്ങൾക്ക് എത്രയും സങ്കടം. അവിടെനിന്നും ബാവാമാർ ഇവിടെ വരാതെ ഇരു ന്നാൽ ഈ മാർഗ്ഗം ഇല്ലാതെ ആയിപ്പോകുന്നതു കൂടാതെ ഇവിടങ്ങളിൽ കല്പനപ്രകാരം കൊള്ളാകുന്ന പട്ടക്കാർ ഇവിടെനിന്ന് പോരുന്നതിന് മടിയായി വന്നിരിക്കുന്നു. അതിനാൽ അവിടെനിന്ന് രണ്ടു ബാവാമാരെയും പത്തു റമ്പാന്മാരെയും വേണ്ടുന്ന പുസ്തകങ്ങളും മൂറോൻ മുതലായതും കൊടുത്തു അയയ്ക്കണം. ബാവാ (മാർ യൂയാക്കീം കൂറിലോസ്) എത്രയും രോഗപ്പെട്ടവനാകകൊണ്ട് ഇവിടെ താമസിക്കുന്നതിന് പാടി ല്ലാതെ തീർന്നിരിക്കുന്നു. ഒരു പ്രകാരവും മേൽപ്പറഞ്ഞ സങ്കടം തീർത്തു രക്ഷിക്കുന്നതല്ലാ എങ്കിൽ ഇവിടെ വച്ചു തന്നെ ഒന്നോ രണ്ടോ പേരെ മെത്രാനായി വാഴിക്കുന്നതിന് വേണ്ടി കൂറിലോസ് ബാവായുടെ പേർ ക്കായി അനുവാദകല്പന കൊടുത്തയച്ചെങ്കിലും നിദാനം വരുത്തി രക്ഷി പ്പാറാകണമെന്ന് അപേക്ഷിക്കുന്നു എന്ന് 1863 ധനു 11-ാം തീയതി."[16]

കോട്ടൂർ പള്ളിയിൽ സമ്മേളിച്ച സഭാ പ്രതിനിധി സമ്മേളനമാണ് ഇപ്ര കാരം ഒരു മറുപടി തയ്യാറാക്കിയത്. എന്നാൽ ആ കത്ത് പാത്രിയർക്കീ സിന് കൊടുത്തയയ്ക്കുന്നതിന് മുമ്പായി പുലിക്കോട്ടിൽ യോസേപ്പ് കത്ത നാർ 1039 മീനം 2-നു (1864. കോട്ടൂർ സമ്മേളനം കഴിഞ്ഞ് രണ്ടര മാസ ങ്ങൾക്കു ശേഷം) യൂയാക്കീം കൂറിലോസിനെ സന്ദർശിച്ചു. ഈ സന്ദർശ നത്തെ അനിവാര്യമാക്കിയ ചില അണിയറ സംഭവങ്ങൾ ഇവിടെ വെളി പ്പെടുത്തുവാനുണ്ട്.

കടൽ യാത്ര ചെയ്ത് പാത്രിയർക്കീസിനെ സന്ദർശിക്കുവാൻ ആരും തയ്യാറായില്ല എന്ന് എഴുതിയെങ്കിലും പുലിക്കോട്ടിൽ യോസേപ്പ് കത്ത നാരെക്കുറിച്ച് ചിലർക്കൊക്കെ പ്രതീക്ഷകൾ ഉണ്ടായിരുന്നു. സാഹസി കനായ ആ യുവ വൈദികൻ ഒരു കടൽയാത്രയ്ക്ക് സന്നദ്ധനാണെങ്കിൽ

– അതൊന്ന് പരീക്ഷിക്കുവാൻ കോട്ടൂർ കൂടിയ സമ്മേളനത്തിന്റെ സംഘാടകരിലൊരാളായ ഇടവഴിക്കൽ വലിയ പീലിപ്പോസ് കത്തനാർ ആഗ്രഹിച്ചു. ഈ ഇടവഴിക്കൽ വലിയച്ചൻ കോട്ടയം പഴയസെമിനാരിയിലെ ആദ്യത്തെ ബാച്ചിൽപ്പെട്ട വൈദിക വിദ്യാർത്ഥികളിൽ ഒരാളും സഭാജ്യോതിസ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ മലങ്കര മെത്രാപ്പോലീത്തായുടെ ശിഷ്യനും ആയിരുന്നു. സെമിനാരി സ്ഥാപകൻ 8–ാം മാർത്തോമായിൽ നിന്ന് റമ്പാൻ സ്ഥാനമേറ്റതോടൊപ്പം കോറൂയോ സ്ഥാനം സ്വീകരിച്ച പുലിക്കോട്ടിൽ വലിയച്ചൻ (കഥാപുരുഷന്റെ വലിയപ്പൻ) ഇടവഴിക്കൽ വലിയച്ചനോടൊപ്പം കോട്ടയം സെമിനാരിയിൽ സതീർത്ഥ്യനായിരുന്നു. തന്റെ സതീർത്ഥ്യന്റെ സഹോദര പുത്രനായ കഥാപുരുഷൻ ഇടവഴിക്കൽ വലിയച്ചന്റെ വാത്സല്യത്തിന് പാത്രമായിരുന്നു.

(ഈ ഇടവഴിക്കൽ വലിയച്ചനെ സഭാചരിത്ര വിദ്യാർത്ഥികൾക്കു പരിചയമുണ്ടാകും. 1825–ൽ മലങ്കരയിലെത്തിയ മാർ അത്താനാസ്യോസ്, കാട്ടുമങ്ങാട്ട് കൂറിലോസ് ഒരിക്കലും മെത്രാഭിഷേകം പ്രാപിച്ചിട്ടില്ല എന്ന് കണ്ടെത്തുകയും ആ പരമ്പരയിൽ നടന്നിട്ടുള്ള എല്ലാ പട്ടംകൊടകളും വ്യാജങ്ങളും തൽഫലമായി വ്യർത്ഥങ്ങളും ആണെന്ന് വ്യവച്ഛേദിച്ച് പറയുകയും ചെയ്തപ്പോൾ സാധുവായ കൈവെപ്പ് ലഭിക്കുവാൻ വീണ്ടും പട്ടമേറ്റവരിൽ പ്രമുഖന്മാരാണ് ഈ ഇടവഴിക്കൽ വലിയ പീലിപ്പോസ് കത്തനാരും കോനാട്ട് വലിയ ഏബ്രഹാം മല്പാനച്ചനും. സർക്കാരിന്റെ അംഗീകാരമുള്ള ദീവന്നാസ്യോസ് നൽകിയ പൗരോഹിത്യദാന ശുശ്രൂഷകളെ പുച്ഛിക്കുകയും തുച്ഛീകരിക്കുകയും ചെയ്തതുകൊണ്ട് സർക്കാർ ഇവരെ ശിക്ഷിച്ചു. കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും ഈയിടെ കണ്ടുകിട്ടിയ കാട്ടുമങ്ങാട്ടു കൂറിലോസിന്റെ കുർബ്ബാനതക്സായും *നിരണം ഗ്രന്ഥവരി*യും *കണ്ടനാട് ഗ്രന്ഥവരി*യും 1825–ൽ ശീമയിൽ നിന്ന് വന്ന മാർ അത്താനാസ്യോസ് വെളിപ്പെടുത്തിയ വൃത്താന്തങ്ങളെയും തദ്വാരാ പീലിപ്പോസ് കത്തനാർ തുടങ്ങിയ പ്രഗത്ഭ വൈദികർ സ്വീകരിച്ച നിലപാടിനെയും ശരി വെയ്ക്കുകയാണ് ചെയ്യുന്നത്. തങ്ങൾക്കു സർക്കാരിൽ നിന്നു ലഭിച്ച ശിക്ഷയുടെ പിന്നിൽ പ്രവർത്തിച്ചത് ചേപ്പാട്ട് മാർ ദീവന്നാസ്യോസ് ആണ് എന്നറിഞ്ഞിട്ടും അവരുടെ സഭാസ്നേഹം തണുത്തു പോയില്ല. പാലക്കുന്നത്ത് മാർ അത്താനാസ്യോസ് ശീമയിൽ നിന്ന് പട്ടമേറ്റതായി അവകാശപ്പെട്ട് കേരളത്തിൽ വന്ന് നവീകരണത്തിലേക്കു പ്രേരിപ്പിക്കുകയും ചേപ്പാട്ട് മെത്രാച്ചനെ പീഡിപ്പിക്കുകയും ചെയ്തപ്പോൾ അവരുടെ സഭാസ്നേഹം ഉണരുകയും അവർ ചേപ്പാട്ട് മെത്രാച്ചനെ പിന്തുണയ്ക്കുകയും ചെയ്തു. അവർ മുഖേനയാണ് യൂയാക്കീം മാർ കൂറിലോസും സ്തേഫാനോസ് മാർ അത്താനാസ്യോസും മലങ്കരയിലെത്തിയത്. നവീകരണത്തെ എതിർത്തു തോൽപി

ക്കുവാൻ പരദേശ മെത്രാന്മാർക്കാവുകയില്ലെന്ന് ബോധ്യമായപ്പോൾ അവർ മലങ്കരയിലെങ്ങും കണ്ണോടിച്ചു. മെത്രാൻ സ്ഥാനത്തേക്കു ശുപാർശ ചെയ്യാൻ അനുയോജ്യമായ ഒരു സ്ഥാനാർത്ഥിയായി പുലിക്കോട്ടിൽ ജോസഫ് കത്തനാരെ അവർ കണ്ടെത്തിയതങ്ങനെയാണ്.)

1861-ൽ യൂയാക്കീം കൂറിലോസിനെതിരെ വരാപ്പുഴ ആർച്ച് ബിഷപ്പ് കൊടുത്ത മാനനഷ്ടക്കേസ് നടത്തുവാനായി കൊച്ചിയിൽ താമസിച്ചിരുന്ന ജോസഫ് കത്തനാരെ ഇടവഴിക്കൽ വലിയച്ചൻ കോട്ടയത്തേക്കു വിളിപ്പിച്ച് മലങ്കരയുടെ ധർമ്മസങ്കടങ്ങൾ പങ്കുവെച്ചിരുന്നു. പാത്രിയർക്കീസിന്റെ കല്പനയും കോട്ടൂർ സമ്മേളനവും കഴിഞ്ഞപ്പോൾ ആ യുവ വൈദികനെ വലിയച്ചൻ കോട്ടയത്തേക്കു വിളിച്ചു. ജീവചരിത്രകാരൻ ആ സന്ദർശനത്തെപ്പറ്റി എഴുതുന്ന സമകാല പരാമർശം ഇപ്രകാരമാണ്:

“.... യൗസേപ്പ് കത്തനാർ ഉടനെ അന്ത്യോഖ്യയിലേക്ക് പുറപ്പെട്ട് മെത്രാൻ സ്ഥാനമേറ്റ് വരണമെന്ന് അസഹ്യമായ വ്യസനത്തോടും അശ്രുധാരയോടുംകൂടി പറഞ്ഞു. അദ്ദേഹം (യൗസേപ്പ് കത്തനാർ) കുറേ നേരം ഒന്നും മിണ്ടാതെ കണ്ണീരൊലിപ്പിച്ചും കൊണ്ടിരുന്നു. ഒരു മെത്രാപ്പോലീത്താ ആയി മലങ്കരസഭയെ ഭരിക്കുന്നതിന് തനിക്കുള്ള ശക്തിഹീനതയെപ്പറ്റി ആദ്യം ഓർത്തു. എന്നിട്ട് നാഥനില്ലാതെ കിടന്ന് വലയുന്ന സുറിയാനി സഭയുടെ ഭാഗ്യദോഷാതിരേകത്തെപ്പറ്റി ആലോചിച്ചു. താൻ പരദേശത്തേക്കു പോയാൽ വൃദ്ധരായിരിക്കുന്ന തന്റെ മാതാപിതാക്കന്മാരുടെ സ്ഥിതി എന്തായിരിക്കുമെന്ന് മൂന്നാമതായി ഓർത്തു സങ്കടപ്പെട്ടു. .... അന്ത്യോഖ്യായിൽ ചെന്നാൽ പട്ടംതരാമെന്ന് പരിശുദ്ധ സിംഹാസനത്തിങ്കൽ നിന്ന് കൽപന വരുത്തിയാൽ താൻ പുറപ്പെട്ടുകൊള്ളാമെന്ന് യൗസേപ്പ് കത്തനാർ വാഗ്ദാനം ചെയ്തു. അന്നു തന്നെ പാത്രിയർക്കീസ് ബാവായ്ക്കു വിവരം കാണിച്ച് എഴുത്ത് അയയ്ക്കുകയും ചെയ്തു. ഇതിനും പുറമേ മാർ കൂറിലോസിന് ശരീരസുഖം ഇല്ലാതെ തീർന്നിരിക്കുന്നതിനാൽ..... സുറിയാനി ഭാഷാഭ്യസനം നടത്തുന്നതിന് ആ ഭാഷയിൽ പാണ്ഡിത്യമുള്ള രണ്ടു റമ്പാന്മാരെയും അയച്ചുതരണമെന്ന് മലങ്കര സുറിയാനി മഹാജനങ്ങളുടെ വകയായി ഇദ്ദേഹം ചില ഹർജികൾ അയപ്പിക്കുകയും ചെയ്തു.”[17]

പാലക്കുന്നത്ത് ഏബ്രഹാം മല്പാന്റെ നവീകരണ സംരംഭങ്ങളിൽ അദ്ദേഹത്തിന്റെ സഹോദരപുത്രനായ അത്താനാസ്യോസ് മെത്രാച്ചന് പങ്കൊന്നുമില്ലായിരുന്നുവെന്ന് അടുത്ത കാലത്ത് നിരാധാരമായി ഒരു പ്രസ്താവം ബോധപൂർവ്വം പ്രചരിപ്പിക്കപ്പെടുന്നുണ്ട്. സമകാല നിരീക്ഷകനും ദൃക്സാക്ഷിയുമായ, കണ്ടനാട്ടു കരോട്ടുവീട്ടിൽ ശെമവൂൻ കോറി (പിന്നട് കൊച്ചിയുടെ ശെമവൂൻ മാർ ദീവന്നാസ്യോസ്) *കണ്ടനാട് ഗ്രന്ഥവരി*യിൽ കാര്യങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതിപ്രകാരമാണ്: “മാരാമണ്ണ്

പള്ളിയിൽ പാലക്കുന്നൻ മൽപാൻ മുതലായിട്ട് മൂന്ന് കശ്ശീശന്മാരും അഞ്ചു ശെമ്മാശന്മാരും പാതിരിസായിപ്പുമാർക്കു ചേർന്ന് ബുധനാഴ്ച യിലും വെള്ളിയാഴ്ചയിലും ഇറച്ചി തിന്നുകയും കുർബ്ബാനയിൽ കന്യാ സ്ത്രീ അമ്മയുടെ നാമത്തെക്കുറിച്ചുള്ള അപേക്ഷകൾ കുറച്ച് പാലക്കു ന്നൻ മൽപാന്റെ അനന്തരവർ മാത്തൻ ശെമ്മാശന്റെ (മാർ അത്താനാ സ്യോസ്) കൈഎഴുത്തായിട്ട് കുർബ്ബാനതക്സാ എഴുതുകയും അതിൻ പ്രകാരം പാലക്കുന്നൻ മൽപാൻ കുർബ്ബാന ചൊല്ലുകയും മാത്തൻ ശെമ്മാശു കൂടുകയും ചെയ്കയാൽ കൂടിയ കശ്ശീശന്മാരെയും ശെമ്മാ ശന്മാരെയും ദീവന്നാസ്യോസ് മെത്രാപ്പോലീത്താ മുടക്കുകയാൽ...."[18]

ഏതായാലും 1863-ലെ കോട്ടൂർ സമ്മേളനം കഴിഞ്ഞ് അധികം വൈകാതെ യൂയാക്കീം മാർ കൂറിലോസിനെ സന്ദർശിച്ച യൗസേപ്പ് കത്ത നാർക്കു ആർത്താറ്റ്, കുറുപ്പംപടി മുതലായ പല പള്ളികളുടെയും ഇടവ ഴിക്കൽ വലിയച്ചൻ തുടങ്ങിയ വൈദികരുടെയും പിന്തുണയുണ്ടെന്നറി ഞ്ഞതോടെ മാർ കൂറിലോസ് സന്തോഷം ഭാവിക്കുകയും ആർത്താറ്റ് മുതലായ പള്ളിക്കാർ എഴുതിയ എഴുത്തിലും പള്ളിക്കാർ ധനു മാസ ത്തിൽ കൂടി നിശ്ചയിച്ച എഴുത്തിലും ബാവാ കൈയൊപ്പ് മുദ്ര വെയ്ക്കു കയും ചെയ്തതു കൂടാതെ ബാവായും കൂടെ കല്പനയെഴുതി. അതിലെ സാരം: കൽപിച്ച് കൊടുത്തയച്ച കൽപനയ്ക്കു മറുപടി നിശ്ചയിപ്പാനായി കോട്ടൂർ പള്ളിയിൽ പള്ളിക്കാർ കൂടിയ സമയം ഈ കശ്ശീശാ പോകുന്ന തിനായി എത്തപ്പെട്ടിട്ടില്ലാത്തതിനാലത്രേ ഇപ്രകാരം പള്ളിക്കാർ എഴു തുവാൻ സംഗതി വന്നത് എന്ന് ഞാൻ വിചാരിക്കുന്നു. അതിനാൽ തിരു മുമ്പാകെ ഈ ആൾ വന്നാൽ തിരുമനസ്സുപോലെ ചെയ്യുന്നതിന് ഒക്കെ എനിക്കും പള്ളിക്കാർക്കും സമ്മതമാകുന്നു. എന്ന് 1864 മീനമാസം 11-നു കോട്ടൂർ പള്ളിയിൽ നിന്ന്.[19] ഇപ്രകാരം പള്ളികൾക്കും തനിക്കും സമ്മ തമാണെന്ന് മാർ കൂറിലോസ് കത്തു കൊടുത്തെങ്കിലും മറ്റൊരു മെത്രാൻ മലങ്കരയിൽ ഉണ്ടാകുവാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നില്ലായെന്നാണ് അദ്ദേ ഹത്തിന്റെ മറ്റു നടപടികൾ വ്യക്തമാക്കുന്നത്. കോട്ടയത്ത് ഇടവഴിക്കൽ പീലിപ്പോസ് കത്തനാരെ കാണരുതെന്നും അയാളിൽ നിന്ന് യാതൊരു എഴുത്തുകളും വാങ്ങിക്കൊണ്ടുപോകരുതെന്നും (മാർ കൂറിലോസ് യൗസേപ്പ് കത്തനാരോട്) കല്പിച്ചിട്ടുണ്ടായിരുന്നു.[20] പാത്രിയർക്കീസ് ബാവായുമായി സ്വതന്ത്രമായി എഴുത്തുകുത്തുകൾ നടത്തിയിരുന്ന വലി യച്ചനെ യൗസേപ്പ് കത്തനാർ സന്ദർശിച്ചുവെന്നറിഞ്ഞപ്പോൾ ബാവാ കോപിക്കുകയും വലിയച്ചനിൽ നിന്നും കത്തുകളൊന്നും വാങ്ങിച്ചിട്ടില്ല എന്ന് കേട്ടപ്പോൾ അരിശം മാറി പ്രസാദിക്കുകയും പാത്രിയർക്കീസ് ബാവായ്ക്കും മറ്റു ചില ബാവാന്മാർക്കും നാട്ടുകാർക്കും കല്പന കൊടു ത്തതു കൂടാതെ പാത്രിയർക്കീസ് ബാവായ്ക്ക് വെള്ളി കൊണ്ട് ഉദ്ദേശം മുപ്പത്തഞ്ചു രൂപാ തൂക്കം വരുന്ന ഒരു മുറോനീസായും (അംശവടി)

ബാവാ പോരുമ്പോൾ പരദേശത്ത് നിന്ന് കൊണ്ടുപോന്നിട്ടുള്ള പൊന്നു പൂശിയ സ്ലീബായും കൊടുത്തു.[21]

കുന്നംകുളത്തുകാർ സ്വരൂപിച്ച് നൽകിയ അഞ്ഞൂറു രൂപായും അങ്കമാലി, അകപ്പറമ്പ്, കുറുപ്പംപടി, കോതമംഗലം, കുന്നക്കുരുടി, കടമറ്റം, കോലഞ്ചേരി തുടങ്ങിയ ഇടവകകൾ നൽകിയ സംഭാവനകളും സ്വീകരിച്ച് യൗസേപ്പ് കത്തനാർ യാത്രയ്ക്ക് ഒരുക്കം കൂട്ടി. മാർ കൂറിലോസിന്റെ ശുപാർശയുമായി കണ്ടനാട്ടുകാരൻ മട്ടുമ്മേൽ ഗീവർഗ്ഗീസ് കത്തനാർ ഈ അവസരത്തിൽ കഥാപുരുഷനെ സമീപിച്ചു. പരദേശയാത്ര തന്റെ വലിയ ഒരു ആഗ്രഹമാകയാൽ തന്നെയും കൂടെ കൊണ്ടുപോകണമെന്ന് അദ്ദേഹം അപേക്ഷിക്കുകയും അക്കാര്യത്തിനായി അദ്ദേഹം സ്വരൂപിച്ച 100 രൂപ യൗസേപ്പ് കത്തനാരെ ഏൽപ്പിക്കുകയും ചെയ്തു. അപ്രകാരം രണ്ടു പട്ടക്കാരും കുന്നംകുളത്തുനിന്ന് പരിചാരകനായി നേരത്തെ ക്രമീകരിച്ച കുത്തൂരെ താരപ്പനും ഉൾപ്പെടെ മൂന്നുപേർ യാത്രാസന്നദ്ധരായി കൊച്ചിയിലെത്തി.

ഈ അവസ്ഥയെപ്പറ്റി കണ്ടനാടു ഗ്രന്ഥവരിയുടെ ഗ്രന്ഥകാരൻ കരോട്ടുവീട്ടിൽ ശെമവൂൻ കോറി അഭിപ്രായം എന്ന ശീർഷകത്തിൽ കണ്ടനാടു ഗ്രന്ഥവരിയിൽ എഴുതിയ നിരീക്ഷണം രസകരമാകയാൽ ഇവിടെ പകർത്തുന്നു: "പരദേശത്തിന്ന് പോയിരിക്കുന്ന ഇവരിൽ യൗസേപ്പ് കത്തനാരച്ചൻ മുപ്പതു വയസ്സുകാരൻ ആകയാലും ശരീരത്തിന് യാതൊരു രോഗവും ഇപ്പോൾ സംഭവിച്ചിട്ടില്ലാത്തതിനാലും..... രൂപാ കൈക്കൽ ഉള്ളവനാകയാലും..... കാര്യങ്ങൾക്കും പടുത്വത്തിനും മിടുക്കനാകയാലും സുറിയാനി, തമിഴ്, ഹിന്ദുസ്ഥാനി മുതലായ രണ്ട് മൂന്ന് ഭാഷകൾ മുഖ്യമായി തോന്നുന്നവനാകയാലും, ചത്തില്ലാ എന്നു വരികിൽ സംശയം കൂടാതെ മെത്രാന്റെ സ്ഥാനം ഏറ്റുകൊണ്ട് വരുമെന്ന് വിചാരിക്കുന്നു. ഗീവർഗ്ഗീസ് കത്തനാരച്ചൻ ഏകദേശം 28 വയസ്സ് പ്രായമുള്ളവനാകുന്നു. എങ്കിലും ശരീരത്തിന്റെ അവസ്ഥ (യിൽ) രോഗി ആകയാലും പടുത്വം കുറഞ്ഞവനാകയാലും രൂപായ്ക്കു കൈക്കൽ വകയില്ലാത്തവൻ ആകയാലും മലയാളഭാഷ അല്ലാതെ മറ്റു ഭാഷകൾ തിരിപ്പില്ലാത്തവനാകയാലും തിരികെ വരുമെന്നും മറ്റും തോന്നുന്നില്ല. അവരുടെ കൂടെ പോയിരിക്കുന്ന വാലിഭക്കാരൻ ഏകദേശം 50 വയസ്സുള്ളവൻ ആകുന്നുവെങ്കിലും ശരീരത്തിൽ സുഖവാനാകയാൽ തിരികെ വരുമെന്ന് വിചാരിക്കുന്നു."[22]

1864 മേടമാസം 11-നു ഉച്ച കഴിഞ്ഞു യാത്ര ആരംഭിച്ചു എന്നാണ് കണ്ടനാട് ഗ്രന്ഥവരിയിൽ കാണുന്നത് (പു. 366). കഥാപുരുഷൻ എഴുതിയ യാത്രാവിവരണത്തിൽ, ഈ യാത്ര ആരംഭിക്കുന്നത് 1038 മേടം 14-നു (1863) ഉച്ച കഴിഞ്ഞു 4 1/2 മണിക്കാണ്. ഈ തീയതി വ്യത്യാസം എങ്ങനെ സംഭവിച്ചു എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ഗ്രന്ഥവരി

യുടെ 428-ാം പുറത്ത്, കഥാപുരുഷൻ മെത്രാൻ സ്ഥാനമേറ്റ് കൊച്ചിയിലെത്തി പള്ളികൾക്കു കൽപന അയച്ച തീയതി 1865 ചിങ്ങം 25 ആണെന്ന് കാണിച്ചിട്ടുണ്ട്. നാലു മാസം കൊണ്ട് മർദ്ദീൻ യാത്ര അക്കാലത്ത് ദുഷ്ക്കരമാകയാലും യാത്രയുടെ വിശദാംശങ്ങൾ യാത്രാവിവരണത്തിൽ കൊടുത്തിട്ടുള്ളതിനാലും ഗ്രന്ഥവരിയിലെ കൊല്ലം സ്വീകാര്യമല്ല. യാത്രാവിവരണത്തിൽ കൊടുത്തിട്ടുള്ള 1863 മേടം 14-നു യാത്ര ആരംഭിച്ചു എന്ന് കഥാപുരുഷൻ സ്വന്തം കൈപ്പടയിൽ എഴുതിയിട്ടുള്ളത് കണ്ടുകിട്ടിയിട്ടുണ്ട്. കുന്നംകുളം ഇടവകയുമായുള്ള അദ്ദേഹത്തിന്റെ ഗാഢബന്ധം ആ വിവരണത്തിൽ തുടിച്ചു നിൽക്കുന്നത് കാണുക:

"1863-നു കൊല്ലം 1038-ാമാണ്ടു കുംഭ മാസം 27-ാം തീയതി 3 മണിക്കു കുന്നംകുളങ്ങരെ നിന്നും നാം യാത്ര പുറപ്പെട്ടു. ക്രമപ്രകാരം എല്ലാവരോടും യാത്ര പറഞ്ഞു പുറപ്പെടുന്നതിൽ വച്ചു അധിക വ്യസനത്തിന്നും ദുഃഖത്തിനും ഇടവന്നേക്കുമല്ലോ, എല്ലാവരുടെയും ദുഃഖത്തെ കാണുമ്പോൾ നാം അധികം വ്യസനിച്ചു യാത്ര മുടക്കത്തിനും കൂടെ സംഗതി വന്നേയ്ക്കുമോ എന്നു ഭയന്നു ആരോടും യാത്ര പറയാതെ രാത്രികാലങ്ങളിൽ പുറപ്പെട്ടുപോകുവാനായി പല പ്രാവശ്യം ആലോചിച്ചു എങ്കിലും ആ പുറപ്പാടും പോക്കും ദുഷ്കേൾവികൾക്കിടയായിത്തീർന്നേക്കാമെന്നു ശങ്കിച്ചു മുറയ്ക്കു എല്ലാവരോടും യാത്ര പറഞ്ഞു പുറപ്പെടുക തന്നെ ഉത്തമമെന്നു ധൈര്യപ്പെട്ടു പുറപ്പെടുന്ന ദിവസം കാലത്തു മുതൽ കമ്പോളത്തിൽ പ്രത്യേകമുള്ള ഓരോ ഭവനങ്ങളിൽ കേറി യാത്രപറച്ചിൽ തുടങ്ങി. മൂന്നു മണി വരെയും ഈ ശ്രമത്തിലും വിലാപത്തിലും നാം കഴിച്ചുകൂട്ടി എന്നല്ലാതെ യാത്ര പറയുന്ന സമയങ്ങളിൽ നമുക്കും നമുക്കുള്ളവർക്കും ഉണ്ടായ വ്യസനങ്ങളും സങ്കടങ്ങളും ഏതുപ്രകാരമെന്നു വായനക്കാർ ആലോചിച്ചറിയുന്നതല്ലാതെ വിവരിച്ചു പറവാൻ പ്രയാസം.

ആകയാൽ എല്ലാവരോടും ഒരു വിധം യാത്ര പറഞ്ഞു കഴിച്ചു കൂട്ടിയതിന്റെ ശേഷം പള്ളിയിൽ കേറി പ്രാർത്ഥിച്ചു ഇറങ്ങുവാനായി പള്ളിയിലേക്കു പോയി. പ്രാർത്ഥിച്ചു തുടങ്ങിയപ്പോൾ കമ്പോളക്കാർ ഒരു വലിയ കൂട്ടമായി പള്ളിക്കകത്തുവന്നു നമ്മോടുകൂടി പ്രാർത്ഥിക്കുകയും വിലപിക്കുകയും ചെയ്തു തുടങ്ങി. പള്ളിയിൽ നിന്നു നാം ഇറങ്ങിയപ്പോൾ എല്ലാവരും നമ്മുടെ പിന്നാലെ വലിയ ദുഃഖത്തോടെ പുറപ്പെട്ടു. കുന്നത്തങ്ങാടി കഴിഞ്ഞപ്പോൾ (കുന്നംകുളം പഴയപള്ളിയിൽ നിന്ന് ഗുരുവായൂർ റോഡിലേയ്ക്കുള്ള ഉയർന്ന റോഡിന് ഇന്നും കുന്നത്തങ്ങാടി എന്നാണ് പേർ - എഡിറ്റർ) എല്ലാവരും അവിടെ നില്പാനായി പറഞ്ഞു വളരെ സങ്കടത്തോടെ നാം മഞ്ചൽ കേറുകയും ചെയ്തു. എങ്കിലും നമ്മുടെ വേർപിരിവിൽ ജനങ്ങൾക്കുള്ള സങ്കടം ഒതുങ്ങായ്കയാൽ പിന്നെയും നമ്മുടെ പിന്നാലെ ബദ്ധപ്പെട്ടും വ്യസനിച്ചും വരുന്നുവെന്നു

മഞ്ചൽകാർ പറഞ്ഞപ്പോൾ പിന്നെയും മഞ്ചലിൽ നിന്നു നാം ബദ്ധപ്പെട്ടു ഇറങ്ങി അനേകവിധമുള്ള ആശ്വാസവാക്കുകൾ എല്ലാവരോടും പറഞ്ഞു വലിയ പ്രയാസത്തോടെ എല്ലാവരെയും അവിടെ നിർത്തി പുറപ്പെടുകയും ചെയ്തു.”

അയോധ്യയിൽ നിന്ന് വനവാസത്തിനായി പുറപ്പെട്ട ശ്രീരാമൻ അയോധ്യയോടു യാത്ര പറഞ്ഞ വേളയിൽ ഉണ്ടായ വികാര പാരവശ്യത്തിന് സമാനവും കണ്വാശ്രമത്തിൽ നിന്ന് ദുഷ്യന്ത രാജധാനിയിലേക്കു പുറപ്പെടുന്ന ശകുന്തളയുടെ വിടവാങ്ങലിന് സമാന്തരവും ആയ ഒരു യാത്ര പറച്ചിലിന്റെ വീർപ്പുമുട്ടിക്കുന്ന അനുഭവമാണ് സ്മര്യപുരുഷനും കുന്നംകുളം നിവാസികൾക്കും അന്ന് അനുഭവപ്പെട്ടത് എന്ന് തോന്നുന്നു. കടൽ കടന്നുള്ള യാത്രയുടെ ഭീകരമായ കഥകളും കടൽയാത്രയ്ക്കു ശേഷമുണ്ടായേക്കാവുന്ന അനിശ്ചിതത്ത്വങ്ങളും ആ വിടവാങ്ങലിനെ ശോകമൂകമാക്കിയതാവാം.

(മത്സ്യമാർക്കറ്റിൽ വലിയ കടൽ മത്സ്യങ്ങൾ മുറിക്കുമ്പോഴൊക്കെയും കഥാപുരുഷന്റെ ഒരു വിരൽ മത്സ്യത്തിന്റെ വയറ്റിൽ നിന്ന് കിട്ടി എന്ന എതിരാളികളുടെ നിന്ദാപൂർവ്വമായ പ്രചാരണം അദ്ദേഹത്തിന്റെ വൃദ്ധ മാതാപിതാക്കളെ നിത്യവും വേദനിപ്പിച്ചിരുന്നുവെന്ന് ശ്രീ. എം. പി. വർക്കി രേഖപ്പെടുത്തിയിട്ടുണ്ട്.)

യാത്രയ്ക്കൊരുങ്ങുന്ന വേളയിൽ ദൈവഗത്യാ ഉണ്ടായ ചില അനുകൂല സാഹചര്യങ്ങൾ സ്മര്യപുരുഷൻ എഴുതിയിട്ടുള്ളത് ഇപ്രകാരം സംഗ്രഹിക്കാം. പള്ളികളിൽ കയറി ഇറങ്ങി യാത്ര ചോദിച്ചതിന്റെ ശേഷം കോട്ടയം സെമിനാരിപ്പള്ളിയിൽ കേറി പ്രത്യേകം പ്രാർത്ഥിച്ചു. ഇടവഴിക്കൽ വലിയച്ചൻ പാത്രിയർക്കീസ് ബാവായ്ക്കുള്ള എഴുത്തുകൾ കൊടുത്തേൽപ്പിച്ചു. പാസ്പോർട്ട് കൂടാതെ യാത്ര ആരംഭിക്കരുതെന്ന് മാർ കൂറിലോസിന്റെ കത്തു കിട്ടുകയാൽ അതിനുവേണ്ടി ശ്രമിച്ചെങ്കിലും മദിരാശിയിൽ ചെന്നാലേ അതു കിട്ടൂ എന്നറിഞ്ഞതിനാൽ ആ ശ്രമം ഉപേക്ഷിച്ചു. റോമ്മൻ കത്തോലിക്കാ വിശ്വാസിയും മൂസൽ നാട്ടുകാരനുമായ പൗലൂസ് കശ്ശീശായെ ആയിടക്ക് കൊച്ചിയിൽ വച്ച് കണ്ടുമുട്ടി. മൂന്നു നാലു ദിവസം അദ്ദേഹത്തെ കൂടെ താമസിപ്പിച്ച്, മൂസൽ വരെയുള്ള വഴികളുടെയും ഓരോ സ്ഥലങ്ങളിൽ ഉണ്ടാകുന്ന താമസങ്ങളുടെയും വിവരങ്ങൾ ഗ്രഹിച്ചു. ബസോറയിലേക്കും ബാഗ്ദാദിലേക്കും ചില ശുപാർശക്കത്തുകൾ അദ്ദേഹത്തിൽ നിന്ന് ലഭിച്ചു. മൂസലിലെ റോമ്മാ മെത്രാനു കൊടുക്കുവാൻ ഏതാനും സമ്മാനങ്ങളും അദ്ദേഹം യൗസേപ്പ് കശ്ശീശായെ ഏൽപ്പിച്ചു. കപ്പൽ നീക്കുന്ന 14-നു യാത്രയ്ക്കൊരുങ്ങി കൊച്ചീക്കോട്ട പള്ളിയിൽ പ്രാർത്ഥിച്ചിറങ്ങിയപ്പോൾ സുഹൃത്തായ ജി. കുരിയൻ പാതിരി മുഖേന ബ്രിട്ടീഷ് കൊച്ചിയിലെ ജഡ്ജി സായിപ്പ് ഒരു

കത്ത് കൊടുത്തയച്ചത് കിട്ടി. അതിൽ, യൗസേപ്പ് കത്തനാർ ഒരു സുറിയാനിക്കാരനാണെന്നും അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അടുക്കലേക്കു പോകയാണെന്നും കൊള്ളാവുന്ന ആളുകൾ ഇദ്ദേഹത്തിന്റെ യാത്രയിൽ കഴിയുന്ന സഹായങ്ങൾ ചെയ്തുകൊടുക്കേണ്ടതാണെന്നും പ്രസ്താവിച്ചിരുന്നു. വള്ളത്തിൽ കയറുമ്പോൾ ജി. കുര്യൻ പാതിരി, തൃപ്പൂണിത്തുറ മൂക്കഞ്ചേരിൽ ഗീവറുഗ്ഗീസ് കത്തനാർ (പിന്നീട് റമ്പാൻ), കരിങ്ങാച്ചിറ കുറ്റിക്കാട്ടിൽ ഗീവർഗ്ഗീസ് കത്തനാർ, കുമരകത്തുകാരൻ മുറിപ്പുരയ്ക്കൽ കുരുവിള മേനോൻ, പുകടിയിൽ ഇട്ടൂപ്പ് റൈട്ടർ മുതലായവർ ഉണ്ടായിരുന്നു.[23]

കഥാപുരുഷന്റെ യാത്രയെപ്പറ്റി അദ്ദേഹം തന്നെ എഴുതിയ *ഒരു പരദേശ യാത്രയുടെ കഥ* എന്ന യാത്രാവിവരണത്തിൽ വിശദമായി കൊടുത്തിട്ടുണ്ട്. കടൽ കടന്ന് യാത്ര ചെയ്താൽ സമുദായം ഭ്രഷ്ടു കൽപ്പിക്കുന്ന കാലമായിരുന്നു അന്ന് ഇന്ത്യയിൽ. കടൽക്കൊള്ളക്കാരുടെയും കപ്പൽ അപകടങ്ങളുടെയും കഥകൾ നിരന്തരം കേട്ടുകൊണ്ടിരുന്ന കേരളത്തിൽ കടൽ യാത്രയ്ക്കൊരുങ്ങുവാൻ അസാമാന്യ സാഹസബുദ്ധിയും ധീരതയും ദൈവാശ്രയവും കൂടിയേ തീരൂ. എത്ര പ്രതിബന്ധങ്ങളെ അതിജീവിച്ചിട്ടായാലും മലങ്കരസഭയെ പാശ്ചാത്യവൽക്കരണത്തിന്റെയും തൽഫലമായ നവീകരണത്തിന്റെയും നീരാളിപ്പിടുത്തത്തിൽ നിന്ന് വിമോചിപ്പിക്കണമെന്ന ഇച്ഛാശക്തി, പണ്ട് വിമോചകനായ മോശയ്ക്കും ദാവീദിനും എന്നപോലെ യൗസേഫ് കശ്ശീശായ്ക്കും ആത്മവിശ്വാസവും ധൈര്യവും പകർന്നുകൊടുത്തു. ദൈവകൃപ അദ്ദേഹത്തോടുകൂടെ ആദ്യന്തം യാത്ര ചെയ്തുവെന്ന് ആ യാത്രാവിവരണം വ്യക്തമാക്കുന്നുണ്ട്. അദ്ദേഹത്തിന്റെ പ്രത്യുൽപ്പന്നമതിത്വവും വളരെ ഗുണം ചെയ്തു. പരസ്യമായി യൗസേപ്പ് കത്തനാരെ എല്ലാവരും അനുകൂലമായി അനുഗ്രഹിച്ച് യാത്ര അയച്ചുവെങ്കിലും ഇരട്ടമുഖമുള്ളവരും കൂട്ടത്തിൽ ഉണ്ടായിരുന്നു. അപ്രകാരം ചിലർ മട്ടുമ്മേൽ ഗീവർഗ്ഗീസ് കത്തനാർ വശം പാത്രിയർക്കീസിന് കൊടുത്തയച്ചിട്ടുള്ള കത്തുകളിൽ പ്രതികൂലമായ പല വ്യാജങ്ങളും വിശ്വസനീയമായി എഴുതിയിരുന്നു. മാർ കൂറിലോസ് പോലും ഇക്കാര്യത്തിൽ കാപട്യം കാണിച്ചുവോ എന്ന് സംശയിക്കാവുന്നതാണ്. ചില കത്തുകൾ പാത്രിയർക്കീസിന് നേരിട്ടും അദ്ദേഹം മലങ്കരയിൽ നിന്നും അയച്ചിരുന്നു. ദൈവകൃപയിലാശ്രയിച്ചുംകൊണ്ട് എല്ലാ പ്രതികൂലതകളെയും കഥാപുരുഷൻ അചഞ്ചലനായി തരണം ചെയ്തു. യൗസേപ്പ് കത്തനാരുടെ പരദേശയാത്രയിൽ എഴുതിയിട്ടുള്ള പല കാര്യങ്ങളും അവാസ്തവങ്ങളാണെന്ന് നൂറ്റിമുപ്പത് കൊല്ലങ്ങൾക്കു ശേഷം മലങ്കരയിൽ ചിലർ എഴുതി വിടുന്നുണ്ട്; യാതൊരു പ്രമാണങ്ങളുടെയും പിൻബലമില്ലാതെ. തന്മൂലം കൊച്ചിയിൽ നിന്ന് യാത്ര തിരിച്ച് കൊച്ചിയിലെത്തുന്നതുവരെയുള്ള സംഭവങ്ങൾ പരദേശയാത്രയുടെ കഥയെ

അവലംബിക്കാതെ കണ്ടനാട് ഗ്രന്ഥവരിയെ അവലംബിച്ച് എഴുതുകയാണ്: "മുൻ പരദേശത്തിന് കപ്പലു കയറിപ്പോയ യൗസേപ്പ് കത്തനാർ മുതൽ പേരുടെ എഴുത്തുകൾ ഇടവം 5-ന് ഇവിടെ ബോംബായിൽ നിന്ന് തപാൽ വഴി ഈ പള്ളിക്കാർക്കായിട്ടും മറ്റും വന്നു. ആ എഴുത്തിൽ 11-ന് ഞങ്ങൾ കപ്പൽ കരേറി 23-ന് ബോംബായിൽ എത്തി എന്നും ഇവിടെ നിന്നും (ഇടവം) 10-ാം തീയതിയ്ക്കകം ബസോറായ്ക്കു കപ്പൽ കയറി പോകുമെന്നും മറ്റും എഴുത്തിലെ സാരമാകുന്നു."[24]

വീണ്ടും 376-ാം പേജിൽ, പരദേശത്തിന് പോയിരുന്ന പുലിക്കോട്ടിൽ യൗസേപ്പ് കത്തനാരച്ചൻ മുതൽപേരുടെ കത്തുകൾ രണ്ടാമതും ഇടവമാസം 25-ന് ബാബേലിൽ നിന്നും തപാലുവഴി എത്തി എന്ന് എഴുതിയിട്ടുണ്ട്. "ചിങ്ങമാസം 11-നു ഇവിടെ വരികയും ചെയ്തു." ആ എഴുത്തിൽ മേടമാസം 23-ന് ഞങ്ങൾ ബസോറയ്ക്കു പോകുന്നതിന് ബോംബെയിൽ നിന്നും കപ്പൽ കയറി എന്നും ഇടവമാസം 15-ന് ബസോറയിൽ എത്തി എന്നും ബാബേലിന് പോകുന്ന ബോട്ട് തയ്യാറായിട്ടുണ്ടായിരുന്നതിനാൽ കര (യിൽ) ഇറങ്ങാതെ ബാബേലിന് പോയി എന്നും ഇടവമാസം 23-ന് ബാബേലിൽ എത്തി എന്നും ബോംബായിൽ നിന്നും ബാബേലിൽ എത്തുന്നതിനിടയിൽ ദുഃഖങ്ങൾ വി (വ) രപ്പെടുത്തി എഴുതുന്നില്ലെന്നും ബാബേലിൽ ഒരു കൽദായക്കാരന്റെ വീട്ടിൽ പാർത്തുവരുന്നു എന്നും അവിടെനിന്നും രണ്ടുനാലു ദിവസത്തിനകം മൂസലിന് പോകുമെന്നും 15 ദിവസത്തെ വഴി അവിടെനിന്നും മൂസലിന് ഉണ്ടെന്നും ആയതു കര വഴി വാഹനമേറിപോകണമെന്നും പലരും അവരെ ബഹുമാനിച്ച് പല സഹായങ്ങളും ചെയ്തുകൊടുക്കുന്നു എന്നും അവർക്കു മൂവർക്കും സുഖമെന്നും മറ്റും അത്രെ അതിലെ സാരം എന്നും രേഖപ്പെടുത്തിയിരിക്കുന്നു." അതേ പുറത്തിൽ തന്നെ കാണുന്നതിപ്രകാരമാണ്: "ഇങ്ങനെയിരിക്കുമ്പോൾ ബാബേലിൽ നിന്നും കൽദായക്കാരൻ യൗസേഫ് പാത്രിയർക്കീസിന്റെയും മൂസലിന്റെ നെസ്തോറിയക്കാരൻ ശെമവൂൻ പാത്രിയർക്കീസിന്റെയും മറ്റും എഴുത്തുകൾ കർക്കിടകമാസം 27-നു എഴുതിയ എഴുത്ത് കന്നിമാസം 3-നു കോട്ടൂർ പള്ളിയിൽ ബാവാ (മാർ കൂറിലോസ്) ഇരിക്കുമ്പോൾ ബാവായ്ക്കു വന്നതിൽ, മലയാളത്തിൽ നിന്നും വന്ന യൗസേപ്പ് കത്തനാരു മുതൽപ്പേർ ഇടവമാസത്തിൽ മൂസലിൽ എത്തി എന്നും ശെമവൂൻ പാത്രിയർക്കീസ് ബാവാ വാഴിച്ചയച്ച അബ്ദീശോ മെത്രാനെ മലയാളത്തിലുള്ള കൽദായക്കാർ കൈക്കൊള്ളാത്തതിനാൽ ഏറ്റവും വ്യസനം ഉണ്ടെന്നും അതിനാൽ രണ്ടു മാസം മുമ്പെ മലയാളത്തിന് അയപ്പാനായി യോഹന്നാൻ എന്നു പേരുള്ള ഒരു പട്ടക്കാരനെ മലയാളത്തിലുള്ള കൽദായ സുറിയാനിക്കാരെ ഭരിപ്പാനായി ഏലിയാസ് മെത്രാപ്പോലീത്താ എന്ന് പേർ വിളിച്ച് യൗസേപ്പ് പാത്രിയർക്കീസ് വാഴ്ച കൊടുത്തിരിക്കുന്നു എന്നും അതിനാൽ ഈ വിവരം

അബ്ദീശോ മെത്രാനെയും ശേഷം കൽദായ സുറിയാനിക്കാരെയും കൽദായ സുറിയാനിക്കാരിൽ വലിയ ധനവാനായ പാറായി കുഞ്ഞവരാ യെയും അറിയിച്ച് ആ വിവരത്തിന് മറുപടി അയയ്ക്കണമെന്നും മറ്റും എഴുതിയിരിക്കയാൽ ബാവാ ഈ വിവരങ്ങൾക്ക് അബ്ദീശോ മെത്രാ നെയും പാറായിൽ കുഞ്ഞവിരാ തരകനെയും മറ്റും അറിയിച്ചിരിക്കുന്നു." (പു. 378). ഗ്രന്ഥവരിയുടെ 420-ാം പുറത്ത് ഇപ്രകാരം കാണുന്നു: "ഇവിടെ നിന്നും പരദേശത്തിന് പോയിരുന്ന പുലിക്കോട്ടിൽ യൗസേപ്പ് കത്തനാ രച്ചൻ മുതൽപേരു മറുദ്ദീനിൽ പാത്രിയർക്കീസ് ബാവായുടെ അടുക്കൽ എത്തിയിരിക്കുന്നു എന്നും മറ്റും ഊർശ്ലേമ്മിന്റെ അഞ്ചാമത്തെ പാത്രി യർക്കീസായ അബ്ദേദ് നൂറെന്ന ബാവാ (ഇവിടങ്ങളിൽ സഞ്ചരിച്ച് ഊർ ശ്ലേമിലേക്ക് ധർമ്മങ്ങളും വഴിപാടുകളും കിട്ടുന്നതിനായി വന്ന് തിരികെ പ്പോയ ബാവ) യുടെ എഴുത്ത് മീനമാസത്തിൽ ബാവാ പള്ളിക്കര പള്ളി യിൽ ഇരിക്കുമ്പോൾ വന്നു." ഗ്രന്ഥവരിയിൽ കാണുന്ന അടുത്ത കത്ത് (പുറം 424) ഇപ്രകാരമാണ്. പരദേശത്തിന് പോയിരുന്ന പുലിക്കോട്ടിൽ അച്ചന്റെ എഴുത്ത് കർക്കിടകമാസം 1-ന് കുന്നംകുളങ്ങര പനയ്ക്കൽ അയ്പൂരുവിന്റെ പേർക്ക് വരികയും ആ വിവരങ്ങൾ ഞങ്ങളിൽ ഏതാനും പേരെ കൂടെ തിരിയെപ്പെടുത്തണമെന്ന് ഉണ്ടായിരിക്കയാൽ അയിപ്പൂരു കർക്കിടകം 2-ന് ഇനിയ്ക്കു എഴുതി അയയ്ക്കുകയും 10-നു കൊച്ചി യിൽ നിന്നും ഇവിടെ കിട്ടുകയും ചെയ്തിരിക്കുന്നു. എഴുത്തിലെ സാരം: "ഓമീദിന്റെ പള്ളിയിൽ വെച്ച് പാത്രിയർക്കീസ് ബാവാ യൗസേപ്പ് കത്ത നാരച്ചന് മെത്രാപ്പോലീത്തായുടെ സ്ഥാനം കൊടുത്തു എന്നും സ്ഥാന പ്പേര് ദീവന്നാസ്യോസ് എന്നാകുന്നുവെന്നും മട്ടുമ്മേൽ ഗീവർഗ്ഗീസ് കത്ത നാരച്ചൻ പനിയുടെ ദീനംകൊണ്ട് മരിച്ചുപോയി എന്നും എടവമാസം 12-ന് മൂസലിൽ നിന്നും പുലിക്കോട്ടിൽ അച്ചന്റെ കൈയക്ഷരമായി എഴു തിയിരിക്കുന്ന എഴുത്ത് കർക്കിടകമാസം 1-നു കിട്ടി എന്നും മറ്റും ആകുന്നു."

ഗ്രന്ഥവരിയിലെ ഈ കത്തുകളൊക്കെയും പരദേശയാത്രയുടെ കഥ യിലെ വിവരണങ്ങളോട് ഒത്തിരിക്കുന്നതിനാൽ ഈ സമകാല രേഖയുടെ വിശ്വാസ്യതയെപ്പറ്റി സംശയിക്കാനില്ല. ഇടവം 9-ന് മാർ ദീവന്നാസ്യോസ് മൂസലിലെത്തി. പാത്രിയർക്കീസ് ബാവാ കൽപ്പിച്ചതനുസരിച്ച് നവാഭി ഷിക്തനായ മെത്രാൻ മൂസലിലെ ഇംഗ്ലീഷ് കോൺസൽ ആയ മിസ്റ്റർ റസ്സാമിനെപ്പോയി കാണുകയും സുസ്താത്തിക്കോനിൽ അദ്ദേഹത്തിന്റെ മുദ്ര പതിപ്പിക്കുകയും ചെയ്തു (വർക്കി, പു. 99). ഈ യാത്രയിൽ കഥാ നായകന്റെ ചില സ്വഭാവവിശേഷങ്ങൾ നാം കാണാതിരുന്നുകൂടാ. യാത്ര യിൽ ഓരോ സ്ഥലത്തും എത്തുമ്പോൾ ഉത്കണ്ഠാകുലരായി നാട്ടിൽ കഴിയുന്ന നാട്ടുകാർക്കും സഭയിലെ പ്രധാനികൾക്കും യാത്രയുടെ പുരോ ഗതിയെപ്പറ്റി അറിയിച്ചുകൊണ്ടിരിക്കുകയും എത്തിച്ചേർന്ന താവളത്തിൽ

നിന്ന് യാത്ര പുറപ്പെടുമ്പോൾ അടുത്ത ലക്ഷ്യസ്ഥാനത്തേക്ക് കമ്പി മുഖേന വിവരം അറിയിക്കുകയും ചെയ്യുന്നതിൽ അദ്ദേഹം കാണിച്ച ജാഗ്രത, കൃത്യനിഷ്ഠയും സമയനിഷ്ഠയും ദൗത്യബോധവും ഉത്തരവാദിത്തബോധവും തുടിച്ചു നിൽക്കുന്നതും ആസൂത്രണകലയിൽ പാടവം നേടിയതുമായ ഒരു സുസംസ്കൃത മനസ്സിനെയാണ് അനാവരണം ചെയ്യുന്നത്. നാട്ടിലേക്കു കത്തെഴുതുന്നതിന്റെ യാതൊരു വിവരവും പരദേശ യാത്രയുടെ കഥയിൽ അദ്ദേഹം വെളിപ്പെടുത്തിയിട്ടില്ല. മാർഗമദ്ധ്യേ താൻ നേരിട്ട നിരവധി മരണഭീഷണികളെയും ദുരനുഭവങ്ങളെയും കത്തുകളിൽ വെളിപ്പെടുത്താതിരുന്നതിൽ നിന്നും അദ്ദേഹം ഒരു ഗംഭീരമനസ്സിന്റെ ഉടമയായിരുന്നുവെന്നും സംശയമെന്യേ വ്യക്തമാകുന്നുണ്ട്. പരദേശയാത്രയുടെ കഥയിൽ ഈ യാത്രയെപ്പറ്റി വിശദവിവരങ്ങൾ ഉണ്ടെങ്കിലും ഒരു ജീവചരിത്രഗ്രന്ഥമെന്ന നിലയിൽ അതിന്റെ ഒരു സംക്ഷേപം ഇവിടെ ചേർക്കേണ്ടിയിരിക്കുന്നു.

കൊച്ചിയിൽ നിന്ന് ബോംബെയ്ക്കു പോകുന്ന 20 രൂപായും 15 രൂപായും കപ്പൽ കൂലിയുള്ള രണ്ടു കപ്പലുകളിൽ കൂലി കുറഞ്ഞ കപ്പലിലാണ് കഥാപുരുഷൻ യാത്ര ചെയ്തത്. മെത്രാൻ സ്ഥാനാർത്ഥി, വൈദികൻ, പരിചാരകൻ എന്നീ വ്യത്യാസങ്ങളൊന്നും ടിക്കറ്റെടുത്തപ്പോൾ കാണിച്ചില്ല. എല്ലാവരും ഒരേ ക്ലാസ്സിൽ യാത്ര ചെയ്തു. ഭക്ഷണസാധനങ്ങൾ ഇല്ലാതെവന്നപ്പോൾ മൂന്നുപേരും ഈ ദുർഭിക്ഷതയെ തുല്യമായി പങ്കിട്ടു. ബോംബെയിൽ നിന്ന് ബസോറായിലേക്കു കപ്പൽ കേറിയപ്പോളും മൂന്നുപേരും മൂന്നാം ക്ലാസ്സിലാണ് യാത്ര ചെയ്തത്. പുകയുടെ ശല്യത്തിൽ നിന്ന് രക്ഷനേടുവാൻ സംവിധാനം ലഭിച്ചപ്പോൾ മൂന്നു പേർക്കും പണമടച്ച് ആ സൗകര്യം മൂന്നു പേർക്കുമായി പങ്കിട്ടു. കരവഴിയുള്ള യാത്രാവേളകളിൽ കോവർകഴുതയുടെ ഇരുവശത്തുമായി ക്രമീകരിച്ച കസേരകളിൽ ഇരുന്ന് ഉറങ്ങുവാനുള്ള സൗകര്യം സഹവൈദികനും പരിചാരകനും കൊടുത്തപ്പോൾ മെത്രാൻ സ്ഥാനാർത്ഥി കഴുതപ്പുറത്ത് ഉറക്കമൊഴിഞ്ഞിരുന്ന് രാത്രി മുഴുവൻ സവാരി ചെയ്യുകയായിരുന്നു. ഇതൊക്കെ അദ്ദേഹത്തിന്റെ സമദർശിത്വത്തെയല്ലയോ കാണിക്കുന്നത്? പണ്ഡിതാഃ സമദർശിനാഃ (സമദർശന ശീലമാണ് പാണ്ഡിത്യത്തിന്റെ മാനദണ്ഡം) എന്ന നിർവചനം അനുസരിച്ച് ഒരു തനി ഫ്യൂഡൽ യുഗത്തിൽപ്പോലും പരിചാരകനെ സമനിലയിൽ വീക്ഷിക്കുവാൻ കഴിഞ്ഞ കഥാപുരുഷന്റെ ദർശനം ഇരുപതാം നൂറ്റാണ്ടിലെ സഭാമേലദ്ധ്യക്ഷന്മാരെയും പിന്നിലാക്കുമെന്നാണ് ഇതെഴുതുന്ന ആൾക്ക് തോന്നുന്നത്.

പാസ്പോർട്ട് പരിശോധകരുടെ മുമ്പിൽ പാസ്പോർട്ട് ഇല്ലാതെ നിൽക്കേണ്ടിവന്നപ്പോഴും മുസൽമാന്മാരുടെ കുളത്തിൽ അറിയാതെയാണെ

ങ്കിലും കുളിച്ചത് മൂലം ക്ഷുഭിതനായ മുസൽമാനെ നേരിട്ടപ്പോഴും അർമ്മേനിയൻ പള്ളിയാണെന്ന് തെറ്റിദ്ധരിച്ച് അറബിപ്പള്ളിയിൽ ചെന്ന് അറബികളെ അഭിമുഖീകരിച്ചപ്പോഴും സ്ഥിരം ശല്യം ചെയ്യുന്ന സഹയാത്രികരിൽ നിന്ന് രക്ഷ നേടാൻ ഉദ്യോഗസ്ഥന്മാർക്കായി ആസ്വാദ്യമായ വിരുന്നൊരുക്കിയപ്പോഴും തനിക്കെതിരെ നാട്ടിൽ നിന്ന് പാത്രിയർക്കീസിന് കത്തുകൾ ലഭിച്ചു എന്നറിഞ്ഞപ്പോഴും തന്റെ സഹയാത്രികനും തനിക്കും ദീനം കലശലായി സഹയാത്രികൻ അന്തരിച്ചു പോയപ്പോഴും അദ്ദേഹം പ്രദർശിപ്പിച്ച വിപദിധൈര്യവും പ്രത്യുൽപന്നമതിത്വവും ഒരു ഗംഭീരപുരുഷനിൽക്കുറഞ്ഞ ഒരാൾക്ക് സ്വായത്തമാക്കാവുന്നവ ആയിരുന്നില്ല.

*പരദേശ യാത്രയുടെ കഥ* അനാവരണം ചെയ്യുന്ന അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ മറ്റൊരു മുഖം അദ്ദേഹത്തിന്റെ അടങ്ങാത്ത ജ്ഞാനതൃഷ്ണയാണ്. യാത്രയിൽ കണ്ടുമുട്ടുന്ന ഓരോ വ്യക്തിയെപ്പറ്റിയും സ്ഥലത്തെപ്പറ്റിയും ചരിത്രം, ഭൂമിശാസ്ത്രം, സംസ്ക്കാരം, കൃഷി, വ്യാപാരം തുടങ്ങി സമസ്തമേഖലകളെപ്പറ്റിയും അന്വേഷിച്ചറിയുന്ന ഒരു അന്വേഷകനെ അദ്ദേഹത്തിൽ കാണാം. കൽദായർ, അർമ്മീനിയർ, യാക്കോബായക്കാർ, മാറോനീത്താക്കാർ, മെൽക്കായിറ്റുകാർ തുടങ്ങി ക്രൈസ്തവസമൂഹത്തെപ്പറ്റി മാത്രമല്ല, മുസൽമാൻ-അറബി സംസ്ക്കാരങ്ങളെ പറ്റിയും അറിയാൻ അദ്ദേഹത്തിനുത്സാഹമാണ്. കുറുക്കുമാദയറാ, മാർ മത്തായിയുടെ ദയറാ, അല്ലെപ്പിന്റെ ദയറാ തുടങ്ങിയ സ്ഥാപനങ്ങളുടെ ശില്പവൈഭവം, സന്യാസിമാരുടെ ചിത്രങ്ങൾ, ധനശേഷി തുടങ്ങിയവ അദ്ദേഹത്തിന്റെ അന്വേഷണപരിധിയിൽപ്പെടുന്നു. അവയൊക്കെ ഒരു ചരിത്രാധ്യാപകന്റെ മികവോടെ വരച്ചുകാട്ടുന്നതിൽ അദ്ദേഹം പ്രദർശിപ്പിക്കുന്ന ജാഗ്രത പ്രതിഭാശാലിയായ ഒരു സാഹിത്യകാരന്റേതിനേക്കാൾ ഒട്ടും കുറഞ്ഞതല്ല. സൂക്ഷ്മസ്വഭാവ ചിത്രവർണ്ണനം, നർമ്മബോധം, ഭാഷാശുദ്ധി, വികാരസംക്രമണശേഷി, രസനിഷ്യന്ദിയായ പ്രതിപാദനശൈലി എന്നിവ നോക്കിയാൽ അദ്ദേഹം മികച്ച ഒരു സാഹിത്യകാരനാണെന്ന് കാണുവാൻ പ്രയാസമില്ല. പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ *വർത്തമാനപ്പുസ്തക*ത്തിന് ശേഷം മലയാള ഭാഷയിൽ വിരചിതമായ ഒന്നാമത്തെ യാത്രാവിവരണകൃതിയാണ് 'പരദേശയാത്രയുടെ കഥ.'

1039 ചിങ്ങം 13-ന് പരദേശയാത്രികർ മർദ്ദീൻ പട്ടണത്തിൽ എത്തി. ആമീദിലായിരുന്ന പാത്രിയർക്കീസ് 19-ന് വന്നപ്പോൾ ബാവായെ പരിചയപ്പെട്ടു. ആയിടെയാണ് രണ്ടു വൈദികർക്കും പനിയും ദീനവും ആരംഭിച്ചത്. മട്ടുമ്മേൽ അച്ചൻ ഈ ദീനം മൂലം കന്നി 10-ന് നിദ്ര പ്രാപിച്ചു. മെത്രാൻസ്ഥാനാർത്ഥി മരണം പ്രാപിച്ചില്ലെങ്കിലും ക്ഷീണം കൊണ്ട് പരവശനായി. അചിരേണ അദ്ദേഹം വിശ്രമത്തിനായി കുറുക്കുമാ ദയറായിൽ

പ്രവേശിക്കപ്പെട്ടു. പാത്രിയർക്കീസിന്റെ സഹോദരി മറിയാം (75 വയസ്സ്) അദ്ദേഹത്തെ, പുത്രനെ എന്ന പോലെ ശുശ്രൂഷിച്ചു. ക്രമേണ അദ്ദേഹം ആരോഗ്യം വീണ്ടെടുത്തു. അതിന് മുമ്പുതന്നെ കഥാപുരുഷനെതിരായി എത്തിയ കത്തുകളും അദ്ദേഹം നേരിൽ ഹാജരാക്കിയ കത്തുകളും പരിശോധിച്ച് അദ്ദേഹം മെത്രാൻ സ്ഥാനത്തിന് അർഹനാണോ എന്ന് പരിശോധിക്കുവാൻ ആമീദിന്റെ മാർ ഗ്രീഗോറിയോസ്, കുർക്കുമാ ദയറായിലെ മാർ ബഹനാൻ, മർദ്ദീനിലെ മാർ അത്താനാസ്യോസ്, തൂർ അബ്ദീന്റെ മാർ ആഹോ എന്നീ നാലു മെത്രാപ്പോലീത്തന്മാരും എട്ടു റമ്പാന്മാരും 6 കശ്ശീശന്മാരും 6 അയ്മേനികളും ഉൾപ്പെട്ട ഒരു കമ്മിറ്റി പാത്രിയർക്കീസിന്റെ അധ്യക്ഷതയിൽ പലവട്ടം സമ്മേളിക്കുകയും കഥാപുരുഷനെ വിസ്തരിക്കുകയും രേഖകൾ സൂക്ഷ്മമായി പരിശോധിക്കുകയും ചെയ്ത് അദ്ദേഹത്തിനനുകൂലമായി ഏകകണ്ഠമായ തീരുമാനം സ്വീകരിച്ചിരുന്നു.

അതനുസരിച്ച് മേടം 19-ന്, പുതുഞായറാഴ്ച പാത്രിയർക്കീസ് ആമീദ് പള്ളിയിൽ കഥാപുരുഷന്റെ മെത്രാൻസ്ഥാനാഭിഷേകം അടുത്ത ഞായറാഴ്ച നടത്തുമെന്ന് പ്രഖ്യാപിച്ചു. 25-ന് അദ്ദേഹത്തിന് റമ്പാൻ സ്ഥാനം നൽകി. അന്നു നാലുമണി വരെയും പട്ടാഭിഷേകത്തിന് തന്നോടുകൂടെ ഉണ്ടായിരിപ്പാൻ പാത്രിയർക്കീസ് ബാവാ ആവശ്യപ്പെട്ടിരുന്ന മെത്രാപ്പോലീത്താ മർദ്ദീനിൽ നിന്ന് വന്നുചേരാത്തതുകൊണ്ട് ആമീദിലുള്ള അർമ്മീനിയൻ മെത്രാപ്പോലീത്തായോടു പട്ടാഭിഷേകത്തിൽ സംബന്ധിക്കാൻ വരണമെന്ന് ബാവാ ആവശ്യപ്പെട്ടതനുസരിച്ച് അദ്ദേഹം രാവിലെ പള്ളിയിലെത്തി. മർദ്ദീനിൽ നിന്ന് മെത്രാപ്പോലീത്താ ശനിയാഴ്ച അസ്തമിച്ചതിന് ശേഷം വന്നെത്തി. അർമ്മീനിയാ മെത്രാപ്പോലീത്താ പ്രത്യേക ക്ഷണപ്രകാരം വന്ന ആളായതുകൊണ്ട് പട്ടാഭിഷേക സമയത്തിൽ പാത്രിയർക്കീസ് ബാവായുടെ ഇടത്തും വലത്തും ഓരോ മെത്രാന്മാർ നിന്ന് ശുശ്രൂഷ നടത്തേണ്ട ക്രമത്തിന് നിർത്തിയത് ഈ അർമ്മേനിയാ മെത്രാനെ ആയിരുന്നു. ഞായറാഴ്ച ഏഴു മണിക്കു സകല കർമ്മങ്ങളും കഴിഞ്ഞു. പട്ടാഭിഷേകസമയം ‘നല്ല ഇടയൻ തന്റെ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കും’ എന്ന വാക്യത്തെക്കുറിച്ച് ഒരു പ്രസംഗം പാത്രിയർക്കീസ് ബാവായും ‘മൂന്നു പറ പൊടിയെടുത്തു അതിൽ ഒളിപ്പിച്ചുവച്ച പുളിച്ച മാവിന് സ്വർഗ്ഗരാജ്യം സദൃശ്യമാകുന്നു’ എന്നുള്ള വാക്യത്തെക്കുറിച്ച് അർമ്മേനിയാ മെത്രാനും പ്രസംഗിച്ചു. അതിനുശേഷം കൃതജ്ഞത അർപ്പിച്ചുകൊണ്ട് നവാഭിഷിക്തനായ മെത്രാപ്പോലീത്താ പ്രസംഗിച്ചു. പതിവിന് വിരുദ്ധമായി അന്നത്തെ സദ്യയ്ക്ക് ആവശ്യമായ ചെലവ് ചെയ്തത് പാത്രിയർക്കീസ് ആയിരുന്നു. മാത്രവുമല്ല, പട്ടാഭിഷേക ദിവസം കഥാനായകനെ ധരിപ്പിച്ച സകല സാമാനങ്ങളും ബാവാ അദ്ദേഹത്തിന് സമ്മാനിച്ചു. തീബോട്ടിൽ കേറുന്നതുവരെ അദ്ദേഹത്തിന് സഹായി

ആയിരിപ്പാൻ യെറമിയാ എന്ന് പേരായ ഒരു ശെമ്മാശനെ കൂടെ അയയ്ക്കുകയും ചെയ്തു.[25]

(ഇപ്രകാരം ഒരു പട്ടംകൊട നടത്തിയിട്ടില്ലെന്ന് അഭ്യൂഹങ്ങളെ മാത്രം അടിസ്ഥാനമാക്കി എഴുതിയ ഒരു പുസ്തകം ഈയിടെ കാണുകയുണ്ടായി. മാർ ദീവന്നാസ്യോസ് കൊണ്ടുവന്ന സുസ്താത്തിക്കോൻ യൂയാക്കീം മാർ കൂറിലോസ് ഉൾപ്പെടെ മലങ്കരസഭ പരിശോധിച്ചിട്ടുള്ളതും റോയൽക്കോടതി വിധിയിൽ ശരിവച്ചിട്ടുള്ളതുമാണ്. ഈ സുസ്താത്തിക്കോൻ (സുറിയാനി ഭാഷയിലുള്ളത്) അവിശ്വസനീയമാണെന്ന് സുറിയാനി അക്ഷരങ്ങൾ കൂട്ടിവായിക്കുവാൻ പോലും അറിയാത്ത ഒരു മനുഷ്യൻ, സുസ്താത്തിക്കോൻ കാണുകപോലും ചെയ്യാതെ അഭ്യൂഹിക്കുകയും, ദീർഘകാലം മലയാളത്തിലെ ഒരു പ്രശസ്ത പത്രത്തിന്റെ ജീവനക്കാരനായി പെൻഷൻ പറ്റിയ മറ്റൊരു മാന്യൻ ഈ അന്ധമായ പ്രസ്താവനയ്ക്ക് ചൂട്ടുപിടിക്കുകയും ചെയ്തിട്ടുണ്ട്. പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായെ വെള്ളപൂശാൻ അധികൃതസ്ഥാനങ്ങളുടെ ആശീർവ്വാദത്തോടെ ഒരു സംഘടിതശ്രമം നടത്തിയിട്ടുള്ളതിന്റെ ഭാഗമാണ് ഈ ചരിത്രാഭാസത്തിന്റെ രചന. അല്ലാത്തപക്ഷം എം.ഒ.സി. യുടെ പ്രസിദ്ധീകരണച്ചുമതലക്കാർ ഇത്തരം ചില ചരിത്രാഭാസങ്ങളുടെ പ്രസിദ്ധീകരണം ഏറ്റെടുക്കുന്നതെങ്ങനെ? സുസ്താത്തിക്കോൻ വ്യാജമാണെന്ന് അഭ്യൂഹിക്കുവാൻ അദ്ദേഹം ചൂണ്ടിക്കാണിക്കുന്ന തെളിവ് ആർത്താറ്റു-കുന്നംകുളം പള്ളികളുടെ ചരിത്രമാണ്. ഈ പുസ്തകത്തിൽ അതിന്റെ കർത്താവ് ശ്രീ. പി. സി. കുഞ്ഞാത്തു ഈ സുസ്താത്തിക്കോന്റെ ആദ്യഭാഗം മാത്രമേ ഉദ്ധരിച്ചിട്ടുള്ളൂ. അതിന്റെ കാരണം പി. സി. കുഞ്ഞാത്തു പറഞ്ഞിട്ടുള്ളത് ഇപ്രകാരമാണ്: "1040 കന്നി 4-ന് പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസ്യോസ് ശീമയിൽ നിന്ന് മെത്രാൻ സ്ഥാനാഭിഷേകം കഴിഞ്ഞു കുന്നംകുളത്ത് തിരിച്ചെത്തി. കന്നി 8-ന് പെരുന്നാൽ ദിവസം ആർത്താറ്റ് പള്ളിയിൽ വിശുദ്ധ കുർബ്ബാനയും ചൊല്ലി. അദ്ദേഹം ശീമയിൽ നിന്ന് മലയാളത്തേക്കു തിരിക്കുന്ന അവസരത്തിൽ പ. യാക്കോബ് പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് അദ്ദേഹത്തിന് കൊടുത്ത സുസ്താത്തിക്കോന്റെ മുഖവുര വാചകങ്ങൾ അക്കാലത്തെ കൽപനകളുടെ സമ്പ്രദായങ്ങൾ അറിയുന്നതിന് വേണ്ടി താഴെ ചേർക്കുന്നു." സുസ്താത്തിക്കോന്റെ തലവാചകങ്ങൾ മാത്രമായി ഉദ്ധരിച്ചതിന്റെ കാരണം മുകളിൽ പറഞ്ഞിരിക്കേ അപൂർണ്ണമായ ഈ സുസ്താത്തിക്കോനിൽ തീയതി ഇല്ല എന്നും സ്ഥാനനാമത്തെക്കുറിച്ചു പറയുന്നില്ലെന്നും ആണ് ചരിത്രകാരൻ നിരീക്ഷിച്ചിട്ടുള്ളത്!! എത്ര ബാലിശവും ഉപരിപ്ലവവുമായ നിരീക്ഷണമാണ് ഇവിടെ എഴുതിയിട്ടുള്ളത്? (*കേരളത്തിലെ നസ്രാണി ക്രിസ്ത്യാനികൾ വാല്യം 3*, പു. 44-48). സുസ്താത്തിക്കോൻ ഉൾപ്പെടെ ഏതു

കല്പനയുടെയും സ്ഥലവും തീയതിയും അന്ത്യഭാഗത്താണ് ചേർക്കുക. സ്ഥാനനാമവും മറ്റും ചേർക്കുക സുസ്താത്തിക്കോന്റെ സംബോധന കഴിഞ്ഞിട്ടാണ്. ഇവിടെ ഉദ്ധരിച്ച അപൂർണ്ണ സുസ്താത്തിക്കോനിൽ ആർ ആർക്ക് അയയ്ക്കുന്നു എന്ന ഭാഗം മാത്രമേ ഉള്ളൂ. ഇക്കാര്യം ഉദ്ധരിച്ച വർ തന്നെ വ്യക്തമാക്കിയിരിക്കേ അതിലുണ്ടാവാൻ നിവൃത്തിയില്ലാത്ത കാര്യങ്ങൾ അതിലില്ലെന്ന് വിമർശിക്കുന്നത് അപഹാസ്യമേ ആകൂ. സുസ്താത്തിക്കോൻ അതിന്റെ പൂർണ്ണരൂപത്തിൽ കണ്ടനാട് കരോട്ടു വീട്ടിൽ ശെമവൂൻ കോറി, യൂയാക്കീം മാർ കൂറിലോസ് എന്നീ സുറി യാനി പണ്ഡിതന്മാർ പരിശോധിച്ച് ശരിവച്ചിട്ടുള്ളതാണെന്ന് കണ്ടനാട് ഗ്രന്ഥവരി സാക്ഷിക്കുന്നുണ്ട്. സുസ്താത്തിക്കോൻ അതിന്റെ പൂർണ്ണരൂ പത്തിൽ സെമിനാരിക്കേസിൽ ഹാജരാക്കിയിട്ടുണ്ട്. അതിന് എന്തെങ്കിലും ന്യൂനത ഉള്ളതായി റോയൽക്കോടതി വിധിയിൽ വാദിഭാഗത്തു നിന്നോ പ്രതിഭാഗത്തുനിന്നോ ഏതെങ്കിലും വക്കീലന്മാരോ കോടതിയോ സൂചി പ്പിച്ചിട്ടില്ല (പ്രത്യുത പാലക്കുന്നത്തു മാർ മാത്യൂസ് അത്താനാസ്യോസിന്റെ സുസ്താത്തിക്കോന്റെ ഒറിജിനൽ ആരും കണ്ടിട്ടില്ല. അത് കോടതിയിൽ ഹാജരാക്കിയിട്ടുമില്ല. ഒറിജിനൽ നഷ്ടപ്പെട്ടു എന്ന സത്യവാചക കസ ർത്തിൽ കോടതി സംശയവും അസന്തുഷ്ടിയും രേഖപ്പെടുത്തിയതായി റോയൽക്കോടതിവിധിയിൽ മൂന്ന് ജഡ്ജിമാരും രേഖപ്പെടുത്തിയിട്ടുണ്ട്.!!)

സുസ്താത്തിക്കോന്റെ ആമുഖ ഖണ്ഡികകൾ ആർത്താറ്റ് പള്ളി ചരി ത്രത്തിൽ ശ്രീ. പി. സി. കുഞ്ഞാത്തു നൽകിയിട്ടുള്ളതു മാത്രം വായി ച്ചത് കൈമുതലാക്കി ഒരു ചരിത്രകാരൻ തന്റെ വാദമുഖം ഉപസംഹരി ച്ചിട്ടുള്ളത് ഇപ്രകാരമാകുന്നു: "ഇങ്ങനെയുള്ള സുപ്രധാന വിവരങ്ങൾ ഒന്നും തന്നെ യൗസേപ്പ് മെത്രാന്റെ സ്താത്തിക്കോനിൽ കൊടുത്തിട്ടി ല്ലാത്തതിനാൽ യൗസേപ്പ് മെത്രാന്റെ സ്താത്തിക്കോൻ കൃത്രിമമായി ചമച്ചിട്ടുള്ളതാണെന്ന് ബോധ്യമാകുന്നു" (*കേരളത്തിലെ നസ്രാണി ക്രിസ്ത്യാനികൾ വാല്യം 3*, പുറം 47). "പുലിക്കോട്ടിൽ മാർ ദീവന്നാ സ്യോസിനെ പാത്രിയർക്കീസിനെക്കൊണ്ട് മെത്രാനായി വാഴിച്ചുവെന്ന് കരുതി സ്വീകരിക്കുകയും" എന്ന് അവതാരികാകാരൻ ശ്രീ. കെ. വി. മാമ്മനും ഈ അന്ധതയെ അറിഞ്ഞോ അറിയാതെയോ ശരിവച്ചിട്ടുണ്ട്. വേണ്ടത്ര അന്വേഷണവും പഠനവും ചരിത്രബോധവും ഇല്ലാതെ ചരിത്ര മെഴുതുവാൻ ചില ആളുകൾ ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ ഒരുങ്ങിയിട്ടുള്ളതുമൂലം ഉണ്ടായിട്ടുള്ള ചരിത്രപരമായ അനാഥത്വം, ശ്രദ്ധി ക്കുവാൻ ചുമതലപ്പെട്ടവർ തന്നെ അത് അവഗണിക്കുന്നത് സങ്കടം തന്നെ യാകുന്നു. മുൻവിധികളും പ്രാദേശിക വികാരങ്ങളും ചരിത്രത്തെ വിക ലമാക്കിക്കൂടാ. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ സഭയുടെ സർവ്വതോമുഖമായ പ്രവർത്തനസരണികൾക്കു ആരംഭവും നേതൃത്വവും നൽകി ത്യാഗപൂർണ്ണമായ ജീവിതം നയിച്ച് പുതിയൊരു നൂറ്റാണ്ടിലേക്കു

സഭയെ നയിച്ച സ്മര്യപുരുഷൻ മലങ്കരസഭയുടെ അഭിമാനവും കേരളത്തിന്റെ സാംസ്ക്കാരിക നവോത്ഥാനനായകനും ആയിരുന്നുവെന്ന സത്യം ആർക്കും നിഷേധിക്കാനാവില്ല.

പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദ്വിതീയന് ലഭിച്ച സുസ്താത്തിക്കോൻ അതിന്റെ പൂർണ്ണരൂപത്തിൽ താഴെ ചേർക്കുന്നു (ഇതിന്റെ വിവർത്തകൻ കോനാട്ട് മത്തായി ശെമ്മാശൻ ആണ്. റോയൽക്കോടതിയില വസാനിച്ച കേസിൽ ഈ സുസ്താത്തിക്കോൻ വാദിഭാഗത്തേക്ക് ഹാജരാക്കിയതായി വക്കീൽ മണികൃഷ്ണനും വിധിയ്ക്കുശേഷം തിരിച്ചു നൽകിയതായി ദിവാന്റെ സിക്രട്ടറിയും ഒപ്പിട്ടിട്ടുള്ളതായി കാണുന്നുണ്ട്).

കാരണങ്ങളുടെ കാരണവും ദാനങ്ങളുടെ കർത്തവ്യവും ആയവന്റെ (തിരു) നാമത്താൽ ബലഹീനനായ രണ്ടാമത്തെ യാക്കോബ് എന്ന അന്ത്യോക്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്റെ ഇഗ്നാത്യോസ് പാത്രിയർക്കീസ്.

ദൈവ (തിരു) വചനത്താൽ മോക്ഷത്തിന്റെ താക്കോലുകൾ കരസ്തപ്പെട്ടിരിക്കുന്നവനായ പ്രധാന പുരോഹിതസ്ഥാനത്തിന്റെ സിംഹാസനത്തുമ്മേൽ ഇരിക്കുന്നവനും പട്ടത്വത്തുമ്മേൽ അധികാരപ്പെട്ടിരിക്കുന്നവനും ആയവനാൽ (എഴുതുന്നതു).

(മുദ്ര) (മുദ്ര) (മുദ്ര)

നല്ലതും പരിപൂർണ്ണമുള്ളതും ആയ സകല ദാനവും പ്രകാശങ്ങളുടെ പിതാവിന്റെ അടുക്കൽ നിന്നു മേലിൽ നിന്നു ഇറങ്ങുന്നു.

(മുദ്ര) (മുദ്ര) (മുദ്ര)

മനസ്സാകുന്നവന്റെ കൈകളിലും അല്ലാ – ഓടി എത്തുന്നവന്റെ കൈകളിലും അല്ലാ – അനുഗ്രഹം ചെയ്യുന്നവനായ ദൈവത്തിന്റെ തൃക്കൈകളിൽ അത്രെ.

(മുദ്ര) (മുദ്ര) (മുദ്ര)

സകലത്തെയും ദൈവീകത്തിനടുത്താക്കിത്തീർത്ത ദൈവത്വത്തിൽ നിന്നുള്ള ദൈവങ്ങളുടെ ദൈവം നിശ്ചമായിട്ടു അവൻ ദൈവവും ദെയ്വികം നൽകുന്നവനും ആകുന്നു.

സകലത്തിന്റെയും സ്രഷ്ടാവും സകലത്തിന്റെയും രക്ഷ തന്റെ തൃക്കൈകളിൽ ഇരിക്കുന്നവനും സകലത്തിന്റെയും ആരംഭം തന്നാൽ ഉണ്ടായവനും സകലത്തിന്റെയും അവസാനം തന്റെ അടുക്കൽ ഇരിക്കുന്നവനും ആയി ജീവനുള്ള ദൈവത്തിന്റെ തിരുനാമത്താൽ സകലത്തിൽ നിന്നും തനിക്കു സ്തുതിയും സകലത്തിൽ നിന്നും തനിക്കു സ്തോത്രവും അത് ഇപ്പോഴും എന്നേക്കും ആമ്മീൻ.

## സുസ്താത്തിക്കോൻ

സർവ്വ വല്ലഭനായി കാതൽത്വം തിങ്ങപ്പെട്ടിരിക്കുന്ന ആദ്യന്തമില്ലാത്ത സ്വയംഭൂവിന്റെ തിരുനാമത്താൽ രണ്ടാമത്തെ യാക്കോബ് എന്ന അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്റെ ഇഗ്നാത്യോസ് പാത്രിയർക്കീസ്.

(മുദ്ര) (മുദ്ര) (മുദ്ര)

തന്റെ അനുഗ്രഹങ്ങൾ സകലത്തിന്മേലും ചിതറപ്പെട്ടിരിക്കുന്നവനും തന്റെ കൃപ സംക്ഷേപിക്കപ്പെടുവാൻ വഹിയാത്തതും തന്റെ തിരുവചനം എല്ലാ മനുഷ്യരിൽ നിന്നും ആദർശമായിരിക്കുന്നതും ആയ സ്രഷ്ടാവായ ദൈവത്തിന്റെ വചനമായ നമ്മുടെ കർത്താവീശോമശിഹായുടെ ദാസന്മാരുടെ ദാസനായ അന്ത്യോഖ്യായുടെ വലിയ സിംഹാസനത്തിന്റെ ഇഗ്നാത്ത്യോസ് പാത്രിയർക്കീസ്. വാത്സല്യമുള്ളവരും സ്വർഗ്ഗരാജ്യത്തിന്റെ അവകാശികളും ദൈവീക രഹസ്യങ്ങളെ അറിയുന്നവരും ശുദ്ധീകരിക്കപ്പെട്ട ജനവും അനുഗ്രഹിക്കപ്പെട്ട കൂട്ടവും തിരഞ്ഞെടുക്കപ്പെട്ട ഗോത്രവും ആയി ആദ്യമെ പള്ളിചട്ട (പ്രകാരം) അഹറോന്നടുത്ത പ്രകാശിക്കപ്പെട്ട പട്ടക്കാററും സ്തേപ്പാനോസ്സിനടുത്ത വെടിപ്പുള്ള ശെമ്മാശന്മാരും സ്വാതന്ത്ര്യമുള്ള (എന്നതു അധികാരമുള്ള) എപ്പിത്രോപ്പെന്മാരും വിഗാരിമാരും തലവന്മാരും പ്രധാനികളും നിറമുള്ള ജ്ഞാനികളും വലിയ കച്ചവടക്കാരും വിശ്വാസമുള്ള പ്രഭുക്കന്മാരും വേല ചെയ്യുന്നവരും ബഹുമാനമുള്ള വൃദ്ധന്മാരും കൗതുകമുള്ള വാലിഭക്കാററും പൈതങ്ങളും ശിശുക്കളും സ്ത്രീകളും പുത്രിമാരും കന്യകമാരും വലിയവരും ചെറിയവരുമായി ആർത്താറ്റുപള്ളി, കുന്നംകുളങ്ങരെ പള്ളി, ചെറളയത്തു പള്ളി, പഴഞ്ഞിപ്പള്ളി, ചാലിശ്ശേരി പള്ളി, ശ്രായിപള്ളി, നടമേൽ പള്ളി, കരിങ്ങാശ്ര പള്ളി, മുളന്തുരുത്തി പള്ളി, രാമങ്ങലത്തു പള്ളി, കൊച്ചി പള്ളി, കോട്ടയത്തു വലിയപള്ളി, കോട്ടയത്തു ചെറിയപള്ളി, പുതുപ്പള്ളിപ്പള്ളി, നീലംപേരൂർ പള്ളി, കോലഞ്ചേരിപ്പള്ളി, കുറിച്ചി പള്ളി, വാകത്താനത്തു പള്ളി, കല്ലുംകത്ര പള്ളി, കോതമംഗലത്തു പള്ളി, കുറുപ്പുംപടി പള്ളി, കടമറ്റത്തു പള്ളി, കുന്നക്കുരുടി പള്ളി, റാക്കാട്ടു പള്ളി, മാമ്മലശ്ശേരി പള്ളി, കണ്ടനാട്ടു പള്ളി, അങ്കമാലി പള്ളി, പള്ളിക്കര പള്ളി, പാമ്പാക്കുട പള്ളി, കോട്ടയത്തു സിമ്മനാരി (മുതലായ) മാർത്തോമ്മാ ശ്ലീഹായുടെ ഇടവകയായ ഇന്ത്യാ രാജ്യത്തിൽ വസിച്ചു പാർക്കുന്നവർ എല്ലാവരും ആയ നമ്മുടെ മക്കൾക്കു ദൈവിക സമാധാനവും ശുദ്ധമുള്ള സമാധാനവും അയച്ചു പറയുന്നു. ഏവൻഗേലിസ്തന്മാരുടെ നിയമപ്രകാരം ഇടവിടാതെയുള്ള പ്രാർത്ഥനയും നാം അയക്കും. ദൈവത്തിന്റെ ശക്തിയും യുദ്ധശാലികളായ തന്റെ സൈന്യങ്ങളും അവരെ കാത്തുകൊള്ളുമാറാകട്ടെ. ആമ്മീൻ. നാം നല്കിയതും നൽകാനിരിക്കുന്നതു

മായ വളരെ സമാധാനത്തിന്റെയും അധിക അപേക്ഷയുടെയും ഇടവിടാതെയുള്ള പ്രാർത്ഥനകളുടെയും ശേഷം നിങ്ങളുടെ സത്യസ്നേഹത്തോടു അറിവിക്കുന്നതു.

ദൈവം തിന്മയായിട്ടുള്ള യാതൊന്നും നിങ്ങളോടു അറിവിക്കാതെ ഇരിക്കട്ടെ. എന്തെന്നാൽ വൃഥാ കലങ്ങപ്പെടുന്ന ചിലർ ഉള്ളതുകൊണ്ടു (അവരെപ്പോലെ) നാം വൃഥാ കലങ്ങപ്പെടരുതെന്നു ദൈവിക രഹസ്യങ്ങളുടെ ഉപദേഷ്ടാവായ പൗലൂസ് ശ്ലീഹാ നമ്മെ സൂഷ്മപ്പെടുത്തി പറയുന്നു. തിരഞ്ഞെടുക്കപ്പെട്ടവനും പരിശുദ്ധാത്മാവിന്റെ വാസസ്ഥലവും ആയ പൗലോസ് പിന്നെയും പറയുന്നത് എന്തെന്നാൽ സകല നല്ല ദാനവും സകല പൂർണ്ണ അധികാരവും തന്നിൽ നിന്ന് നൽകപ്പെടുന്നതുകൊണ്ട് മനസ്സാകുന്നവന്റെ കൈകളിലും അല്ലാ ഓടി എത്തുന്നവന്റെ കൈകളിലും അല്ലാ ജീവനുള്ള ദൈവത്തിന്റെ തൃക്കൈകളിൽ ഇരിക്കുന്നു. അതു പരിശുദ്ധാത്മാവിന്റെ ശക്തിയാൽ അത്രെ (നൽകപ്പെടുന്നതു). അവരുടെ വിശ്വാസത്തിന്റെ ഉറപ്പിനു വേണ്ടിയും വിശുദ്ധ ചട്ടങ്ങളെയും ഏവൻഗേലിയോന്നടുത്ത കല്പനകളെയും ആചരിക്കുന്നതിനുള്ള അവരുടെ വൈരാഗ്യത്തിനു വേണ്ടിയും മാർത്തോമ്മാശ്ലീഹായുടെ ഇടവകയായ ഇന്ത്യായിലേക്കു അയപ്പാൻ ഇടയനും ഭരിക്കുന്നവനുമായി (ഒരുവനെ) എവിടെനിന്നു തിരഞ്ഞെടുക്കേണ്ടു എന്നു ബലഹീനനായ നമ്മുടെ ബോധം കൊണ്ടു പരിശോധിക്കപ്പെട്ടു വളരെ വ്യസനത്തോടും വിചാരങ്ങളോടും കൂടിയിരിക്കുമ്പോൾ ഇതിനെപ്പറ്റി വൈരാഗ്യം നമ്മെ സൂഷ്മപ്പെടുത്തി ഈ പ്രവൃത്തി യോഗ്യമില്ലാത്തതായി തീരാതെയും ഭോഷന്മാരിൽ നിന്നും ഹൃദയ കുരുടന്മാരിൽ നിന്നും നാം നിന്ദ ഏല്ക്കാതെയും ഇരിപ്പാനായിട്ടു വളരെ നാം പ്രയാസപ്പെട്ട് പലരും വിരുദ്ധപ്പെട്ടതായി നമ്മുടെ കണ്ണുകൾ കൊണ്ടു കാണുകയും ചെവികൾ കൊണ്ടു കേൾക്കയും ചെയ്തപ്രകാരം നാം നിരസിക്കപ്പെടാതെയും വിരുദ്ധത്തിന്റെ പാറയിൽ വിരുദ്ധപ്പെടാതെയും ഇരിക്കേണ്ടുന്നതിനായിട്ടും പരിശോധന കൂടാതെയും പരീക്ഷ കൂടാതെയും ഈ വലിയ രഹസ്യം വേഗം ചെയ്‌വാൻ നമുക്കു ഇഷ്ടമായില്ല. ഈ വലിയ പ്രയാസം കഴിച്ചതിന്റെ ശേഷം നമ്മുടെ വാത്സല്യപുത്രൻ യൗസേപ്പു കത്തനാരുടെ യോഗ്യതയിലും അവസ്ഥയിലും ബോധംകൊണ്ടു പരിശോധിച്ചു നോക്കിയാറെ ദാവീദു രാജാവിന്റെ നേരെ ശമുയേൽ ദീർഘദർശിയുടെ കൈകളാൽ (അഭിഷേകതൈലം) കൊമ്പു തിളച്ചപ്രകാരം അവന്റെ നേരെ രഹസ്യം ഇളകപ്പെട്ടു. മുൻകൂട്ടി ഈ സംഗതി നിവൃത്തിക്കപ്പെട്ടില്ലാ. സകലവും അതാതിന്റെ സമയത്തിൽ (വേണ) മെന്നും സകല (സംഗതികൾ) ക്കും സകല പ്രവൃത്തിക്കും അദ്ധ്വാനത്തിന്നും സമയം ഉണ്ടെന്നും പരിപൂർണ്ണതയ്ക്കു സമയം ആവശ്യമാകുന്നു എന്നും പറയപ്പെട്ടിരിക്കുന്നപ്രകാരം ഈ സംഗതി ദൈവികവേലയിൽ നിന്നല്ലാതെ വിരോധമായിട്ടും

ഞെരുക്കത്തോടും അല്ല. ദൈവം തിരുമനസ്സായി തന്റെ ദാസനായ ഇവനെ വേർതിരിച്ചതുവരെയും ഈ സംഗതി മേൽനിന്നു വിരോധിക്കപ്പെട്ടു. നാമും ഭരണക്കാറരും പിതാക്കന്മാരുടെ സുന്നഹദോസും കൂടി ആലോചന കഴിച്ചാറെ അപ്പോൾ നമ്മുടെ ബലഹീനതയ്ക്കും സുന്നഹദോസിന്നും ദൈവിക രഹസ്യങ്ങളുടെ രഹസ്യമായ ദൈവീകരഹസ്യം വെട്ടപ്പെട്ടു. (ആ) സമയം എല്ലാവനും അത്ഭുതത്തെ പ്രത്യക്ഷപ്പെടുത്തി. സമീപവും അകലെയും ഉള്ള സകല വായും നാവും ഈ പ്രവൃത്തി ദൈവത്തിൽ നിന്നാകുന്നു എന്നും തിരഞ്ഞെടുക്കുകയും തിരഞ്ഞെടുക്കുന്നു എന്ന സ്ഥലത്തു വസിക്കുകയും ന്യായമാകുന്നു എന്നയവിടെ തിരഞ്ഞെടുക്കുകയും അവന്റെ ഉദയത്താൽ ദൈവിക അറിവിന്റെ പ്രകാശത്തിൽ ബോധം പ്രകാശിക്കപ്പെടുകയും ചെയ്യുന്ന പരിശുദ്ധാത്മാവിന്റെ വിളിയാകുന്നു എന്നും ഏറ്റു പറഞ്ഞു അറുവിച്ചു. ഇപ്രകാരം എറമിയാനിബ്യായെപ്പോലെ അവന്റെ മാതാവിന്റെ വയറ്റിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ടവനായി ഉത്തമനും പരിശുദ്ധാത്മാവിന്റെ വാസസ്ഥലവും ആയ ഈ കശ്ശീശ്ശാ യൗസേപ്പിനെ ഈ ദൈവികവേലയ്ക്കായി വിളിക്കപ്പെട്ടു. അവന്റെ പരിപൂർണ്ണത കൊണ്ടും സകല നന്മകളിലും (ഉള്ള) അവന്റെ ഉത്സാഹം കൊണ്ടും അടക്കമൊതുക്കം കൊണ്ടും താഴാഴ്മ കൊണ്ടും നോമ്പു കൊണ്ടും ഇടവിടാതെയുള്ള പ്രാർത്ഥന കൊണ്ടും ആത്മിക പഠിത്വത്താൽ ദരിദ്രന്മാരോടുള്ള സ്നേഹം കൊണ്ടും വിശുദ്ധ പുസ്തകങ്ങളുടെ വ്യാഖ്യാനം കൊണ്ടും മേല്പട്ടസ്ഥാനത്തിനു അവൻ സത്യമായിട്ടു യോഗ്യനും കൊള്ളാകുന്നവനും ആകുന്നു. ശരീരകണ്ണുകൊണ്ടു അവനെ നോക്കി ബോധത്തിന്റെ കാഴ്ച അവനിൽ പരിശോധിക്കപ്പെട്ടപ്പോൾ ഇതു മനുഷ്യനിൽ നിന്നല്ലാ, മനുഷ്യൻ മുഖാന്തിരവും അല്ലാ, ജീവനുള്ള ദൈവത്താൽ അത്രെ എന്നു സകല വായും നാവും അട്ടഹസിച്ചു. ഇതു നിമിത്തമായിട്ട് ഈ വിളി പരിശുദ്ധാത്മാവിൽ നിന്നാകുന്നതിനാൽ ശബ്ദങ്ങളിൽ ശബ്ദങ്ങൾ വർദ്ധിച്ചു. അവൻ വിളിക്കു യോഗ്യമാകപ്പെട്ടതുപോലെ മാർ ദീവന്നാസ്യോസ് എന്ന നാമത്തിനും യോഗ്യനാകുന്നു. ഇപ്പോൾ നാമും ശുദ്ധമുള്ള സകല എപ്പിസ്ക്കോപ്പന്മാരും പട്ടക്കാരും ശെമ്മാശന്മാരും ഏക ശബ്ദത്തോടെ അട്ടഹസിച്ചു പട്ടത്വത്തിന്നടുത്ത സകല കൂട്ടവും ആ സമയത്തിൽ നമ്മോടുകൂടെ അക്സിയോസ്സ്, അക്സിയോസ്സ്, അക്സിയോസ്സ് ഇടയനും മേല്പട്ടക്കാരനും ആയ യൗസേപ്പു മെത്രാപ്പോലീത്താ ആകുന്ന മാർ ദീവന്നാസ്യോസ്സ് യോഗ്യനും കൊള്ളാകുന്നവനും ആകുന്നുവെന്നു അട്ടഹസിച്ചു.

ദൈവത്വത്തിനു വാസസ്ഥലം ആകുവാനായിട്ടു ദൈവത്തിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ടു എന്ന നല്ല പുരുഷന്റെ തിരഞ്ഞെടുപ്പു സമയത്തു മാലാകെന്മാരുടെ സകല സൈന്യങ്ങൾക്കും വലിയ സന്തോഷം ഉണ്ടായതുകൊണ്ടു അവരും നമ്മോടുകൂടെ അട്ടഹസിച്ചു. നമ്മുടെ കർത്താവായ

ഈശോമിശിഹായിൽ നിന്നു ശുദ്ധമുള്ള ശ്ലീഹന്മാർക്കു നൽകപ്പെട്ട പ്രകാരം ഇപ്പോൾ നമ്മുടെ ബലഹീനത മൂലം കെട്ടുവാനും അഴിപ്പാനും ന്യായങ്ങളും ശട്ടങ്ങളും വിധിപ്പാനും നിയമങ്ങളെ ഏർപ്പെടുത്തുവാനും പള്ളികളും മദുബഹാകളും കൂദാശ ചെയ്വാനും കോറിമാരെയും പട്ടക്കാരെയും ശെമ്മാശന്മാരെയും എവുപ്പദിയോക്കന്മാരെയും കാറോയന്മാരെയും മ്സമറാനെന്മാരെയും പട്ടംകെട്ടുവാനും ക്രമങ്ങൾക്കും സ്ഥാനങ്ങൾക്കും യോഗ്യമാകുന്ന സകലവും നിവൃത്തിച്ചുകൊള്ളുവാനും പരിശുദ്ധാത്മാവിൽ നിന്നു അവന്നു പൂർണ്ണ അധികാരം കൊടുക്കപ്പെട്ടു. പള്ളികളുടെ ദ്രവ്യവും പള്ളികളിലുള്ള സകലവും അവന്റെ അധികാരത്തിൻകീഴായിരിക്കണം. ബഹുമാനപ്പെട്ട യൗസേപ്പു മെത്രാപ്പോലീത്താ ആയ മാർ ദീവന്നാസ്യോസ് ബാവാ യാതൊരു മനുഷ്യനെയും ബന്ധിച്ചാൽ ആ മനുഷ്യൻ (അവന്റെ) വചനത്തുംകീഴായിരിക്കയും ദൈവത്തിൽ നിന്നും നമ്മുടെ ബലഹീനതയിൽ നിന്നും ശപിക്കപ്പെട്ടവനും തള്ളപ്പെട്ടവനും ആകുകയും ചെയ്യും. ഈ നിങ്ങളുടെ പിതാവു ബന്ധിച്ച മനുഷ്യൻ കോറി ആയാലും പട്ടക്കാരനായാലും ശെമ്മാശനായാലും അൽമ്മേനി ആയാലും വലിയവനായാലും ചെറിയവനായാലും വൃദ്ധനായാലും യൗവ്വനക്കാരനായാലും പുരുഷനായാലും സ്ത്രീ ആയാലും അവനിൽ നിന്നല്ലാതെ അഴിവും മോചനവും ഉണ്ടാകയില്ല. മേൽപറഞ്ഞ പിതാവു വാഴ്ത്തുന്ന മനുഷ്യൻ ഒക്കെയും ദൈവത്തിൽ നിന്നു വാഴ്വുകളും നമ്മുടെ ബലഹീനതയിൽ നിന്നു പ്രാർത്ഥനകളും കൈക്കൊള്ളുന്നു. (പിന്നെയും) നിങ്ങളുടെ സത്യസ്നേഹത്തോടു അപേക്ഷിക്കുന്നതു എന്തെന്നാൽ ആത്മികസന്തോഷത്തോടെ നിങ്ങൾ ഒരുങ്ങപ്പെട്ടവരായി നിങ്ങളുടെ വായ ബഹുമാനവും സ്തോത്രവും നിറെച്ചു ആത്മിക മഹത്വവും സന്തോഷവും പുകഴ്ചയും ആകുന്ന ഓശാനകളുടെ കൊമ്പുകൾ നിങ്ങളുടെ കൈകളിൽ എടുത്തു നിങ്ങളുടെ ആത്മിക പിതാവായ ഈ നല്ല ഇടയന്റെ എതിരേല്പിനു നിങ്ങൾ പുറപ്പെടുകയും അക്സിയോസ്, അക്സിയോസ്, അക്സിയോസ്, ബഹുമാനപ്പെട്ട യൗസേപ്പു മെത്രാപ്പോലീത്താ ആകുന്ന ശുദ്ധമുള്ള ആബൂൻ മാർ ദീവന്നാസ്യോസ് യോഗ്യനും കൊള്ളാകുന്നവനും ആകുന്നു എന്നു അടക്കം കൂടാതെ ഏകശബ്ദത്തോടെ അവന്റെ മുമ്പാകെ നിങ്ങൾ അട്ടഹസിച്ചു പറകയും വേണം. ശുദ്ധമുള്ള ഇടയന്റെ പട്ടംകൊട സമയത്തു നാമും ഉണ്ടായിരുന്ന എപ്പിസ്ക്കോപ്പന്മാരും അട്ടഹസിച്ചതുപോലെ തന്നെ. ദൈവ ഇഷ്ടത്തെ നിവൃത്തിച്ചു ആ സമയത്ത് ഞങ്ങൾ അട്ടഹസിച്ചതുപോലെ തന്നെ നിങ്ങളും ഈ റൂഹായ്ക്കടുത്ത ശബ്ദത്തെ ഞങ്ങളോടുകൂടെ അട്ടഹസിപ്പിൻ. എന്നാൽ ഇപ്പോൾ നിങ്ങളുടെ സന്തോഷം ആത്മാവും പ്രകാരവും ജഡപ്രകാരവും ആകുവാനായിട്ടു ഉറച്ച ശബ്ദത്തോടെ അട്ടഹസിപ്പിൻ. ഇപ്പോൾ നമ്മുടെ വാത്സല്യ മക്കളെ നിങ്ങളോടു നാം

പറയുന്നതു സൂക്ഷിച്ചു കേൾപ്പീൻ. എന്തെന്നാൽ നമ്മുടെ കർത്താവായ യേശുമിശിഹാ ശുദ്ധമുള്ള ശ്ലീഹന്മാർക്കു നൽകിയതുപോലെ നമ്മുടെ വചനം അവന്റെ വായിലേക്കു പകരുകയും അവനു പൂർണ്ണ അധികാരം കൊടുക്കപ്പെടുകയും ചെയ്തു, ന്യായമാകുന്ന സകല ചട്ടങ്ങളെയും അവ നുണ്ടാക്കിക്കൊള്ളുന്നു. നിങ്ങൾക്കു പിതാവിനെപോലെയും ഇടയനെ പോലെയും ഭരിക്കുന്നവനെ പോലെയും അവനായിരിക്കണം. അവനെ ബഹുമാനിക്കാനും സ്നേഹിപ്പാനും ശെമഓൻ കീപ്പായുടെ കല്പന പോലെ അവന്റെ വചനവും അവന്റെ കല്പനകളും കേൾപ്പാനും നിങ്ങൾക്കു ന്യായമാകുന്നു. അവനെ കൈക്കൊള്ളുന്നവനൊക്കെയും ദൈവത്തിൽ നിന്നും നമ്മുടെ ബലഹീനതയിൽ നിന്നും അനുഗ്രഹിക്ക പ്പെട്ടവനായിരിക്കും. കേൾക്കാതെയും കൈയ്ക്കൊള്ളാതെയും ഇരിക്കു ന്നവൻ ദൈവത്തിൽ നിന്നും നമ്മുടെ ബലഹീനതയിൽ നിന്നും അകല പ്പെട്ടവനായിരിക്കും. നിങ്ങളുടെ അടുക്കലേക്കുള്ള അവന്റെ വരവ് അനു ഗ്രഹിക്കപ്പെട്ടതാകുവാനും അവൻ വന്നുചേരുമ്പോൾ നിങ്ങൾ സന്തോ ഷിപ്പാനുമായിട്ടു ബലഹീനന്മാരായ ഞങ്ങൾ ദൈവത്തിൽ നിന്നു അപേ ക്ഷിക്കയും ചെയ്യും. പിന്നെയും നമ്മുടെ ആത്മിക മക്കളെ, നിങ്ങളുടെ സ്നേഹത്തോടു അറിവിക്കുന്നതു എന്തെന്നാൽ, ഈ നിങ്ങളുടെ പിതാ വിനോടു പള്ളികളെക്കുറിച്ചും ദയറാകളെക്കുറിച്ചും സത്യത്തിന്റെ വഴി യിൽ നിന്നു വിട്ടു നടക്കരുതെന്നും അന്യായത്തിൽ നിന്നും അത്യാഗ്രഹ ത്തിൽ നിന്നും മുഖസ്തുതിയിൽ നിന്നും അകലപ്പെട്ടുകൊള്ളണമെന്നും പൂർവ്വ പിതാക്കന്മാരുടെ വഴിയിൽ നടന്നുകൊള്ളുന്നതല്ലാതെ സഭാചട്ടം വിട്ട ആചാര്യമര്യാദ നിങ്ങളുടെ മേൽ പുതുതായി ഏർപ്പെടുത്തരുതെന്നും ഒരുത്തനോടും അവസ്ഥയിൽ അധികമൊന്നും യാചിക്കരുതെന്നും പട്ട ത്വത്തിന്റെ ക്രമത്തെ വ്യത്യാസം കൂടാതെ കൈക്കൂലിയാൽ നിരസിക്ക രുതെന്നും നാം കല്പിച്ചു ഓർമ്മപ്പെടുത്തിയിട്ടുണ്ടു. പിന്നെയും നമ്മുടെ വാത്സല്യ മക്കളെ നിങ്ങളോടു കല്പിക്കുന്നതെന്തെന്നാൽ, ഈ നിങ്ങ ളുടെ ആത്മികപിതാവിന്റെ അടുക്കൽ നിങ്ങളുടെ സ്നേഹത്തെ കാണി ക്കണം. അവനു വിരോധമായി നിൽക്കയും അവന്റെ വചനം അനുസരി ക്കാതിരിക്കയും ചെയ്യുന്ന എല്ലാ മനുഷ്യനും നിങ്ങൾ വിരോധികളായി രിക്കണം. അവന്റെ പക്കൽ നിങ്ങളുടെ വൈരാഗ്യത്തെ കാണിക്കയും എല്ലാ നേരത്തിലും സഹായികളായി ഇരിക്കയും വേണം. നിങ്ങൾക്കു വേണ്ടി അവൻ നമസ്ക്കരിക്കയും അപേക്ഷിക്കയും ചെയ്വാനായിട്ടു അധികാരികളുടെ പക്കലാകട്ടെ ന്യായാധിപതിമാരുടെ പക്കലാകട്ടെ പ്രധാ നികളുടെ പക്കലാകട്ടെ ആവശ്യപ്പെട്ടിരിക്കുന്ന സകലത്തിലും അവന്റെ കൂടെ നിങ്ങൾ നിന്നുകൊള്ളണം. പള്ളികളുടെയും ദയറാകളുടെയും അവൻ പാർക്കുന്ന സ്ഥലങ്ങളുടെയും പണിക്കു അവനെ നിങ്ങൾ സഹാ യിക്കണം. അതു നാം കേൾക്കുമ്പോൾ നിങ്ങളുടെ മേൽ വാഴ്വുകളെ

വർദ്ധിപ്പിക്കയും സൈത്തുകളുടെ മലയിൽ വച്ചു തന്റെ ശുദ്ധമുള്ള തൃക്കൈകളെ നീട്ടി ശുദ്ധമുള്ള തന്റെ ശ്ലീഹന്മാരെ വാഴ്ത്തുകയും പരിശുദ്ധാത്മാവിനെ അയയ്ക്കാമെന്നു അവരോടു വാഗ്ദത്തം ചെയ്കയും ചെയ്തു എന്ന നമ്മുടെ കർത്താവായ യേശുമിശിഹാ തന്റെ ശുദ്ധമുള്ള തൃക്കൈകളെ നീട്ടി നിങ്ങളുടെമേലും നിങ്ങളുടെ ഭവനങ്ങൾമേലും നിങ്ങളുടെ മക്കൾമേലും നിങ്ങളുടെ വിത്തുകൾമേലും വിളവുകൾമേലും അനുഗ്രഹിക്കുന്നതിനും അനുഗ്രഹങ്ങളുടെ വാതിൽ നിങ്ങളുടെ നേരെ തുറന്നു തരുന്നതിനും തന്റെ വാഴ്വുകളും നന്മകളും നിങ്ങൾ എല്ലാവരുടെമേലും ധാരാളപ്പെടുത്തുന്നതിനും നിങ്ങൾ ജീവനോടിരിക്കുന്ന ദിവസങ്ങൾ ഒക്കെയും സമാധാനത്തിന്റെയും സന്തോഷത്തിന്റെയും കാലം നിങ്ങൾക്കു തരുന്നതിനും നിങ്ങളുടെ വൃദ്ധന്മാരെ ദൈവം താങ്ങുന്നതിനും നിങ്ങളുടെ വാലിഭക്കാരെ കർത്താവു കാത്തുകൊള്ളുന്നതിനും നിങ്ങളുടെ പൈതങ്ങളെ വളർത്തുന്നതിനും ദൈവം നിങ്ങളുടെ നോമ്പുകളും നമസ്ക്കാരങ്ങളും കൈക്കൊള്ളുന്നതിനും നിങ്ങളുടെ കുറുബാനകളും ധർമ്മങ്ങളും നേർച്ചകളും ദശാംശങ്ങളും കൈക്കൊള്ളുന്നതിനും കർത്താവ് നിങ്ങളുടെ പാപങ്ങളെ ക്ഷമിക്കുന്നതിനും നിങ്ങളുടെ ചെറുപ്പങ്ങളെ മായിക്കുന്നതിനും കർത്താവ് തന്റെ സത്യമുള്ള വാഗ്ദത്തങ്ങൾ നിങ്ങളുടെ കൂടെ നിവൃത്തിക്കുന്നതിന്നും കർത്താവ് രണ്ടു ലോകങ്ങളുടെയും നന്മകൾ നിങ്ങൾക്കു തരുന്നതിനും ഈ ലോകത്തിൽ നിങ്ങളുടെമേലും നിങ്ങളുടെ ഭവനങ്ങൾമേലും സമ്പാദ്യങ്ങൾമേലും നന്മകളും വാഴ്വുകളും വസിപ്പിപ്പാനും ആ ലോകത്തിൽ നിങ്ങളെയും അനുകൂലപ്പെട്ടിരിക്കുന്ന നിങ്ങളുടെ മരിക്കപ്പെട്ടവരെല്ലാവരെയും നീതിമാന്മാരോടും പുണ്യവാന്മാരോടും കൂടെ സ്വർഗ്ഗരാജ്യം അവകാശമായി അനുഭവിപ്പിക്കുമെന്നും എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ എന്റെ അടുക്കൽ നിങ്ങൾ വന്നു പ്രവേശിച്ചു ലോകാരംഭത്തിനു മുമ്പേ നിങ്ങൾക്കു ഒരുക്കിയിരിക്കുന്നു എന്ന ആ മോക്ഷം നേടിക്കൊൾക എന്നു വലത്തേതിന്റെ പുത്രന്മാരോടു അരുളിചെയ്യുന്ന മഹത്വമുള്ള ശബ്ദം നിങ്ങളെയും അവരെയും കേൾപ്പിക്കുന്നതിനും ആയിട്ട് (തന്നിൽ) നിന്നു അപേക്ഷിക്കയും ചെയ്യും. അതു ദൈവത്തെ പ്രസവിച്ച മറിയത്തിന്റെയും സകല സഹദേന്മാരുടെയും പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ തന്നെ. പിതാവായ ദൈവത്തിന്റെ സ്നേഹവും തനിയൻ പുത്രന്റെ കൃപയും വന്ദിക്കപ്പെട്ട ശുദ്ധമുള്ള റൂഹായുടെ സംബന്ധവും എല്ലാ നേരത്തിലും നിങ്ങൾ എല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ ആമ്മീൻ.

(മുദ്ര) മിശിഹാകാലം 1865-മാണ്ടു (മുദ്ര)

എന്നാൽ ബലഹീനനായ അത്താനാസ്യോസ് സ്തേപ്പാനോസ്സ് എപ്പിസ്ക്കോപ്പാ ആയ ഞാൻ മലയാളത്തിന്റെ മാർ ദീവന്നാസ്യോസ്

യൗസേപ്പു മെത്രാപ്പോലീത്തായ്ക്കു കൊടുക്കപ്പെട്ട ഈ സുസ്താത്തിക്കോൻ കണ്ടപ്പോൾ ബഹുമാനപ്പെട്ട മാർ ഇഗ്നാത്യോസ് യാക്കോബ് പാത്രിയർക്കീസിന്റെ കല്പനപ്രകാരം ഈ ആബൂൻ മാർ ദീവന്നാസ്യോസിനായിട്ടു മൂന്നു പ്രാവശ്യം അക്സിയോസ്, അക്സിയോസ്, അക്സിയോസ് അവൻ യോഗ്യനും കൊള്ളാകുന്നവനും ആകുന്നു എന്നു ഇവിടെയുള്ള പിതാക്കന്മാരോടു കൂടെ അട്ടഹസിച്ചു.

മിശിഹാകാലം 1865-ാമാണ്ടു ശ്രേഷ്ഠന്മാരുടെ പട്ടണമായ ഗൊസർത്തായിൽ വച്ചു ഇവയുണ്ടായി. (മുദ്ര) (മുദ്ര)

മിശിഹാകാലം 1865-ാമാണ്ടു ഇന്ത്യാദേശത്തിലേക്കു മെത്രാപ്പോലീത്തായായ നമ്മുടെ സഹോദരൻ മാർ ദീവന്നാസ്യോസിനെ സ്ഥിരപ്പെടുത്തിയപ്പോൾ ഓാമ്മീദിന്റെ ഗ്രീഗോറിയോസ് ഗീവറുഗീസ് എപ്പിസ്ക്കോപ്പായായ ബലഹീനനായ ഞാനും മൂന്നു പ്രാവശ്യം അക്സിയോസ്, അക്സിയോസ്, അക്സിയോസ് എന്നു ഉണ്ടായിരുന്ന പിതാക്കന്മാരോടുകൂടെ അട്ടഹസിച്ചു. കർത്താവ് അവനെ അനുഗ്രഹിച്ചിരിക്കുന്നു. (മുദ്ര)

മിശിഹാകാലം 1865-ാമാണ്ടു ഗീവറുഗീസ്സാകുന്ന ഇപ്പോൾ മൂസലിൽ ഇരിക്കുന്ന കൂറിലോസ് മെത്രാപ്പോലീത്തായായ ബലഹീനനായ ഞാൻ ഇന്ത്യയുടെ അല്ലെങ്കിൽ മലബാറിന്റെ മെത്രാപ്പോലീത്തായായ ആബൂൻ മാർ ദീവന്നാസ്യോസിന്റെ കയ്യിൽ സുസ്താത്തിക്കോൻ കണ്ടപ്പോൾ ഉണ്ടായിരുന്ന പിതാക്കന്മാരോടുകൂടെ മൂന്നു പ്രാവശ്യം അക്സിയോസ്, അക്സിയോസ്, അക്സിയോസ് എന്നു അട്ടഹസിച്ചു. കർത്താവ് അവനെ അനുഗ്രഹിച്ചിരിക്കുന്നു. (മുദ്ര)

ശിഷ്യന്മാരിൽ ചെറിയവനായ മത്ത്യാസെന്ന ജനിക്കപ്പെട്ടവരിൽ ഹീനതയുള്ള പാപപ്പെട്ടവൻ എഴുതി അവന്റെ തലെ (വേല) യുടെ കൂലി നശിക്കാതെയിരിപ്പാനായിട്ടു ചിന്തപ്പെട്ട കണ്ണുനീരുകളെ ഒഴുക്കുന്നു.

തർജ്ജമക്കാരൻ കോനാട്ടു മത്തായി ശെമ്മാശൻ. (ഒപ്പ്)

വീണ്ടും നമുക്ക് ഗ്രന്ഥവരിയിലേക്ക് മടങ്ങാം. “ഇപ്രകാരം ഇരിക്കുമ്പോൾ ചിങ്ങമാസം 17-ാം തീയതി ബൊമ്പായിൽ നിന്നും പുലിക്കോട്ടച്ചന്റെ സാധനം (കല്പന) പനയ്ക്കൽ അയ്പ്പൂരുവിന് വരികയും ആയതിലും ഞങ്ങളിൽ ഏതാനും പേരെക്കൂടെ തെര്യപ്പെടുത്തണമെന്ന് ഉണ്ടായിരുന്നതിനാൽ 18-ാം തീയതി അവന്റെ പേർക്ക് (= അവൻ) എനിക്ക് എഴുതി അയച്ചു. അതിലെ സാരം: ബൊമ്പായിൽ ഇനി കൊച്ചിയ്ക്കു വരുന്ന തീക്കപ്പലിൽ കയറി കൊച്ചിയിൽ ഇറങ്ങുമെന്നും തീക്കപ്പൽ 25-ാം തീയതിക്കകം കൊച്ചിയിൽ വരുമെന്നും അതിനാൽ മേൽപ്പറഞ്ഞ തീയതിയ്ക്ക് നിശ്ചയമായിട്ട് എത്തുമെന്നാകുന്നു.” ഇപ്രകാരം എഴുത്തു വരി

കയാൽ ഞാൻ മുതലായി രണ്ടുമൂന്നു പേർ 25-ാം തീയതി കൊച്ചിയിൽ ചെന്നപ്പോൾ മേൽപ്പറഞ്ഞ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ, കോട്ടയിൽ ഇയ്യപ്പൻ പണിയിച്ച പാണ്ടകശാല മുറിയിൽ വന്നിറങ്ങിയിരിക്കുന്നു. അദ്ദേഹത്തെക്കണ്ട് വർത്തമാനങ്ങൾ ചോദിച്ചാറെ 19-ാം തീയതി ബോംബെയിൽ നിന്നും തീക്കപ്പൽ കയറിയെന്നും 24-ാം തീയതി അസ്തമയത്തിന് ഇവിടെ ഇറങ്ങിയിരിക്കുന്നുവെന്നും ബൊമ്പായിൽ നിന്ന് കൊച്ചിയിൽ ഇറങ്ങുന്ന വകയ്ക്ക് 100 രൂപ കപ്പൽകൂലി കൊടുത്തു എന്നും മറ്റും സന്തോഷമായ വർത്തമാനങ്ങൾ പറഞ്ഞതു കൂടാതെ പാത്രിയർക്കീസ് ബാവാ അദ്ദേഹത്തിന് കൊടുത്തിട്ടുള്ള കസവുകാപ്പാ മുതലായതും സ്ലീബായും കുരിശും മൂറോനും വടിയും മാർ കൗമ്മായുടെയും മാർ യാക്കോബ് ബുർദ്ദാനായുടെയും മാർ യാക്കോബ് മപസ്ക്കായുടെയും അസ്ഥികളും മലയാളമൊക്കെ ഭരിപ്പാനായി കൊടുത്തിട്ടുള്ള സുസ്താത്തിക്കോനും എന്നെ കാണിച്ച് സന്തോഷമായിരിക്കയിൽ 25-ാം തീയതി വൈകുന്ന സമയം അദ്ദേഹത്തിന്റെ എതിരേല്പിന്നായി കുന്നംകുളങ്ങരെ നിന്നും പനക്കൽ കാക്കു (യാക്കോബ്) കത്തനാരച്ചൻ, പനക്കൽ ഇയ്യപ്പൻ മുതലായ ഏതാനുംപേരും വരികയും അവരു വന്നു കണ്ടു സന്തോഷിച്ചതിന്റെ ശേഷം ഞങ്ങൾ ഉണ്ടായിരുന്നവരു കൂടിനിശ്ചയിച്ച് ഈ വിവരങ്ങൾ ഒക്കെയും കൊച്ചിക്കു സമീപമുള്ള പള്ളികൾക്കും ബാവായ്ക്കും എഴുതി അയയ്ക്കണമെന്ന് അദ്ദേഹത്തെ ബോധിപ്പിച്ച് പള്ളികളിലേക്കും എടവകകളിൽ പ്രമാണപ്പെട്ട പട്ടക്കാർക്കും ക്രിസ്ത്യാനികൾക്കും സാധനം (കല്പന) അയച്ചു. അതിലെ സാരം: "നാം അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായുടെ അടുക്കൽ പോയ വിവരം നിങ്ങൾ അറിഞ്ഞിട്ടുണ്ടല്ലോ. അവിടെനിന്നും മെത്രാപ്പോലീത്തായുടെ സ്ഥാനം നാം കൈക്കൊണ്ട് ചിങ്ങം 24-നു അസ്തമനത്തിന് ഇവിടെ എത്തിയിരിക്കുന്നു. അതിനാൽ നിങ്ങളെ എല്ലാവരെയും കാണ്മാൻ ആഗ്രഹിക്കകൊണ്ട് താമസം കൂടാതെ നിങ്ങൾ വരുന്നതിന് ആഗ്രഹം. എന്ന് 1865-ാമാണ്ട് ചിങ്ങം 25-നു കൊച്ചിക്കോട്ട പള്ളിയിൽ നിന്നും." ഇപ്രകാരം സാധനങ്ങൾ പള്ളികൾക്കും പ്രധാനപ്പെട്ടവർക്കും എഴുതി അയച്ചു. അതിന്റെശേഷം ഞാൻ അവിടെ നിന്ന് പോരികയും ചെയ്തു. ഈ സമയം മാർ കൂറിലോസ് ബാവാ അങ്കമാലിപള്ളിയിൽ ആയിരുന്നു. അത്താനാസ്യോസ് മെത്രാപ്പോലീത്താ കോട്ടയത്ത് സിമ്മനാരിയിൽ ആയിരുന്നു. ബാവായ്ക്ക്, ഇദ്ദേഹത്തിന്ന് പാത്രിയർക്കീസ് ബാവാ പട്ടം കൊടുത്ത വിവരത്തിനും മറ്റും പരദേശത്തു നിന്നും യാതൊരു എഴുത്തുകളും വരായ്കയാലും അതുവരെ ഇദ്ദേഹത്തിന്റെ എഴുത്ത് ബാവായ്ക്ക് വരായ്കയാലും ഈ വിവരം കേട്ടു എന്തെന്ന് സംശയിച്ച് കൊച്ചിക്ക് സമീപമുള്ള വടക്കേ ദിക്കുകളിലുള്ള പള്ളികൾക്ക് സാധനം എഴുതി. അതിലെ സാരം: "പുലിക്കോടൻ, മെത്രാന്റെ സ്ഥാനം ഏറ്റു

എന്നും മറ്റും നാം കേട്ടിരിക്കുന്നു. പള്ളിക്കാരിൽ നിന്ന് വിചാരണ ചെയ്യാതെ പാത്രിയർക്കീസ് ബാവാ കൊടുത്തത് എന്തെന്ന് നാം അറിയുന്നില്ല. ഈ വിവരത്തെ കുറിച്ച് ഇതുവരെ നമുക്ക് യാതൊരു എഴുത്തും വന്നിട്ടില്ല. അതിനാൽ കീഴ്നാളിലെ ശട്ടംപോലെ നാമെല്ലാവരും കൂട്ടം കൂടി നിശ്ചയിക്കുന്നതുവരെ അയാളെ അനുസരിക്കുകയും അയാളുടെ കല്പനകൾ പള്ളികളിൽ വായിക്കുകയും ചെയ്യരുത് എന്നും മറ്റുമാകുന്നു. എന്ന് 1865 ചിങ്ങം 24-നു അങ്കമാലി പള്ളിയിൽ നിന്ന്. ഇപ്രകാരം ബാവായുടെ കല്പന വരികയാൽ പള്ളികളിൽ പുലിക്കോട്ടിൽ മെത്രാപ്പോലീത്തായുടെ സാധനം വായിച്ചതുമില്ല. ബാവായുടെ കല്പനകളും ചില പള്ളികളിൽ വായിച്ചില്ല. സമീപെ ഉള്ള പള്ളിക്കാരും പാമ്പാക്കുട മല്പാനച്ചന്റെ അനന്തിരവൻ കുഞ്ഞുവർക്കി കത്തനാരച്ചൻ മുതൽപേരു പോയി കാണുകയും ...... ചെയ്തുവരുന്നു. കോട്ടയത്ത് എടവഴിക്കൽ പീലിപ്പോസ് കത്തനാരച്ചന്റെ മകൻ കത്തനാരച്ചൻ (പീലിപ്പോസ് കോറി) 25-നു വന്നു. അന്നു മുതൽ കൂടെ താമസിച്ചു വരുന്നു. പീലിപ്പോസ് കത്തനാരച്ചൻ ക്ഷെവസുഖം (വാർദ്ധക്യം) കൊണ്ടും ദീനം കൊണ്ടും ഇതുവരെ വന്നില്ല. ഉടനെ ഇയ്യപ്പൻ മുതൽപേരും കൂടി കന്നിമാസം 8-ന് പെരുന്നാളുകൾക്കായി 5-ന് ഞായറാഴ്ച അസ്തമനത്തിന് മെത്രാപ്പോലീത്തായെ കുന്നംകുളത്തിന് കൊണ്ടുപോകുകയും ചെയ്തു. അവിടെ ചെന്ന് സുസ്താത്തിക്കോൻ മുതലായത് വായിച്ച് ആർത്താറ്റ് പള്ളിയിൽ വച്ച് കസേരമേൽ പൊക്കി കൈക്കൊണ്ട് വലിയതായി ബഹുമാനിച്ചു. ... അവിടെ പാർത്തു വരുന്നു.

അങ്ങനെ 'ഫെലിസ്ത്യ പാളയ'ത്തിന്റെ വെല്ലുവിളികളെ നേരിടുവാൻ ഒരു ദാവീദ് സ്ഥാനം പ്രാപിച്ച് തിരിച്ചു വന്നപ്പോൾ സ്വന്തം പാളയത്തിൽ ഒരു പടയ്ക്കു കാർമേഘങ്ങൾ ഉരുണ്ടുകൂടുകയായിരുന്നു. തന്റെ മലങ്കരയിലെ പ്രസക്തിയും പ്രശസ്തിയും പുതിയ മെത്രാന്റെ ആഗമനം മൂലം അസ്തമിക്കുമോ എന്ന യൂയാക്കീം മാർ കൂറിലോസിന്റെ ഭയമായിരുന്നു പാളയത്തിലെ പടയ്ക്കു മുഖ്യഹേതു. അങ്കമാലി, കണ്ടനാട്, കോതമംഗലം, മുളന്തുരുത്തി എന്നീ ഇടവകകളെ ആശ്രയിച്ച് രൂപപ്പെട്ടുവന്ന സഭാതലസ്ഥാനം പുതിയ മെത്രാന്റെ ആഗമനത്തോടെ നിഷ്പ്രഭമാകും എന്ന പ്രാദേശിക വികാരത്തെ തൊട്ടുണർത്തി കൊണ്ടാണ് മാർ കൂറിലോസ് ഈ യുദ്ധത്തിന് പിന്തുണ തേടിയത്. തൽക്കാലത്തേക്കെങ്കിലും മലങ്കരസഭ പൊതു ശത്രുവിനെ വിസ്മരിച്ചു. ഫലത്തിൽ മൂന്നു കക്ഷികൾ രൂപപ്പെടുകയാണുണ്ടായത്. പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസിനെ പിന്തുണയ്ക്കുന്ന ഒരു കക്ഷി, യൂയാക്കീം കൂറിലോസിനെ അനുകൂലിക്കുന്ന മറ്റൊരു കക്ഷി, പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിനെ പിന്തുണയ്ക്കുന്ന മൂന്നാമതൊരു കക്ഷി. ഇപ്രകാരം വിഭജിതമായ ഒരു സഭാന്തരീക്ഷത്തെയാണ് അഭിനവ മെത്രാന് നേരിടേണ്ടി വന്നത്.

## റഫറൻസ് ഗ്രന്ഥസൂചിക

1. കണ്ടനാട് ഗ്രന്ഥവരി (കൈയെഴുത്തുപ്രതി), പു. 96.
2. കണ്ടനാട് ഗ്രന്ഥവരി (കൈയെഴുത്തുപ്രതി), പു. 99.
3. കണ്ടനാട് ഗ്രന്ഥവരി (കൈയെഴുത്തുപ്രതി), പു. 98.
4. എം. പി. വർക്കി, *മാർ ദീവന്നാസ്യോസ്*, പു. 6.
5. എം. പി. വർക്കി, പു. 9, 10.
6. എം. പി. വർക്കി, പു. 10.
7. ജോർജ്ജ് വർഗ്ഗീസ് മദ്രാസ്, *മാത്യൂസ് മാർ അത്താനാസ്യോസ്*, എം. ഒ.സി., കോട്ടയം, 1988.
8. പി. വി. മാത്യു എറണാകുളം, *മാത്യൂസ് മാർ അത്താനാസ്യോസ്*, പുനഃപ്രസിദ്ധീകരണം, 1988.
9. എം. പി. വർക്കി, പു. 11, 12.
10. ജോർജ്ജ് വർഗ്ഗീസ്, പു. 247.
* കുന്നംകുളം പുലിക്കോട്ടിൽ ജോസഫ് കത്തനാരുടെ പ്രസ് എന്നായിരുന്നു പ്രസ്സിന്റെ പേർ.
11. ഡോ. ഫാ. ജോസഫ് ചീരൻ, *സഭാ ജ്യോതിസ്സ് മാർ ദീവന്നാസ്യോസ്*, പു. 24.
12. ഡോ. ചീരൻ, *ഇന്ത്യൻ ഓർത്തഡോക്സ് സഭ,* പു. 81.
13. ഇ. എം. ഫിലിപ്പ്, *മലങ്കരസഭയുടെ രഹസ്യപേടകം*, 1-ാം പതിപ്പ്, പു. 60, 61.
14. കെ. സി. മാമ്മൻ മാപ്പിള, *മലങ്കര സഭയുടെ രഹസ്യപേടകം*, അവതാരിക, പു. viii.
15. കണ്ടനാട് ഗ്രന്ഥവരി, പു. 352 (176).
16. കണ്ടനാട് ഗ്രന്ഥവരി, പു. 354 (127).
17. എം. പി. വർക്കി, പു. 24, 25, 26.
18. കണ്ടനാട് ഗ്രന്ഥവരി, പു. 186, 187 (93, 94).
19. കണ്ടനാട് ഗ്രന്ഥവരി, പു. 360.
20. കണ്ടനാട് ഗ്രന്ഥവരി, പു. 362.
21. കണ്ടനാട് ഗ്രന്ഥവരി, പു. 364.
22. കണ്ടനാട് ഗ്രന്ഥവരി, പു. 368.
23. എം. പി. വർക്കി, പു. 29-31.
24. കണ്ടനാട് ഗ്രന്ഥവരി, പു. 370.
25. എം. പി. വർക്കി, പു. 94, 95.

## അധ്യായം 3

# അനുരഞ്ജന കലയുടെ മാന്ത്രികൻ
# (പരുമല പടിയോല)

"ജനാൻ രഞ്ജയതി ഇതി രാജ"[1] എന്നാണ് 'രാജ' ശബ്ദത്തിന്റെ വിഗ്രഹരൂപം. ജനങ്ങളെ അനുരഞ്ജിപ്പിക്കുകയാണ് രാജാവിന്റെ മുഖ്യ ദൗത്യം എന്നാണ് ആ ശബ്ദനിഷ്പത്തി അർത്ഥമാക്കുന്നത്. പുരോഹിതൻ – പ്രവാചകൻ – രാജാവ് എന്നീ ത്രിതലധർമ്മങ്ങൾ സഭ ഏൽപ്പിച്ചിട്ടുള്ളതിനാൽ ഒരു മേൽപ്പട്ടക്കാരൻ രാജാവിന്റെ അനുരഞ്ജനസ്വഭാവം പുലർത്തിയേ മതിയാവൂ. അനുരഞ്ജനപാടവമാണ് ഭരണ വിജയത്തിന്റെ രഹസ്യം. അനുരഞ്ജനം ഒരു കലയാണ്. ആ കലയിൽ വൈദഗ്ധ്യം നേടുവാൻ മറ്റേതൊരു കലയിലും എന്നപോലെ ജന്മസിദ്ധമായ പ്രതിഭാവിലാസവും അഭ്യാസസിദ്ധമായ പ്രയോഗപരിചയവും ആവശ്യമാണ്. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് ഏത് വിപരീത സാഹചര്യങ്ങളോടും പ്രസന്നത കൈവിടാതെ പ്രതികരിക്കുവാൻ കഴിഞ്ഞതിന് ധാരാളം ഉദാഹരണങ്ങൾ ഉണ്ട്. സാമം, ദാനം, ഭേദം, ദണ്ഡം എന്നീ ചതുരുപായങ്ങളിൽ അദ്ദേഹത്തിനിഷ്ടം സാമ, ദാനങ്ങളോടായിരുന്നു. മാർ ദീവന്നാസ്യോസ് 1865 ചിങ്ങ മാസത്തിൽ, മെത്രാൻസ്ഥാനം പ്രാപിച്ച് കൊച്ചിയിലെത്തിയപ്പോൾത്തന്നെ മലങ്കരസഭയിലെ അന്തരീക്ഷത്തിന് വന്ന മാറ്റം അഭിനവമെത്രാൻ ശ്രദ്ധിക്കാതിരുന്നില്ല. സ്വന്തം ക്യാമ്പിനെ ഐക്യത്തിലൂടെ സജ്ജമാക്കിയാലല്ലാതെ നവീകരണശ്രമങ്ങളെ ചെറുക്കാനാവുകയില്ല എന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. തന്മൂലം ആർത്താറ്റ്, കന്നി 8–ാം തീയതി പെരുന്നാളിന് ശേഷം ആ വഴിക്കായിരുന്നു കഥാപുരുഷന്റെ യത്നങ്ങൾ. ആദ്യമേ കുന്നംകുളം ഇടവകയുടെ പിന്തുണ ഉറപ്പുവരുത്തി. സ്വന്തം ഇടവകയിൽ നിന്ന് രണ്ടാമതൊരു മലങ്കരമെത്രാൻ ഉണ്ടായതിൽ ആ ഇടവക ആഹ്ലാദപൂർവ്വം അഭിമാനിക്കയും ദ്രവ്യശക്തികൊണ്ടും ആൾബലം കൊണ്ടും അദ്ദേഹത്തെ ധൈര്യപ്പെടുത്തുകയും ചെയ്തു. പള്ളി ഭരണത്തിൽ പ്രബലന്മാരായിരുന്ന പാറമേൽ കുരിയപ്പൻ തുടങ്ങി ഏതാനുംപേർ ആദ്യനാളുകളിൽ പ്രതികൂലികൾ ആയിരുന്നെങ്കിലും മെത്രാച്ചന് ആൾസ്വാധീനം ദിനംപ്രതി വർദ്ധിക്കുന്നതു കണ്ട് എതിരാളികൾ ക്രമേണ നിശബ്ദരാവുക തന്നെ ചെയ്തു. കോനാട്ട് യോഹന്നാൻ മല്പാൻ മുതൽപ്പേർ വന്ന് ക്ഷണിച്ചതനുസരിച്ച് പാമ്പാക്കുടയ്ക്കു പുറപ്പെട്ടു. ഇടയ്ക്ക് മാമ്മലശ്ശേരി പള്ളിയിൽ കയറി അവിടെ അനേകനാൾ മുമ്പ് ആരംഭിച്ച ഒരു വഴക്കു നിമിത്തം തുറക്കാതെ കിടന്നിരുന്ന മേൽപ്പൂട്ട് തുറപ്പിക്കുകയും വഴക്കു തീർക്കുകയും ചെയ്തു.

ഇടവകകൾ അധികവും അഭിനവ മെത്രാനെ സ്വീകരിക്കുവാൻ തയ്യാറായിരുന്നുവെങ്കിലും തങ്ങൾ കുറേക്കാലം ബാവാ എന്ന് വിളിച്ച് ആദരിച്ച മാർ യൂയാക്കീം കൂറിലോസിനെ അദ്ദേഹത്തിന്റെ വാർദ്ധക്യകാലത്ത് ദുഃഖിപ്പിക്കുവാൻ തയ്യാറില്ലായിരുന്നു. അങ്ങനെയിരിക്കേ കോനാട്ട് മല്പാന്റെ ശ്രാദ്ധം (വലിയ അബ്രഹാം കത്തനാർ ആയിരിക്കാം) പ്രമാണിച്ച് "വടക്കേ ദിക്കിലുള്ള എല്ലാ പള്ളിക്കാരും വന്നിട്ടുണ്ടായിരുന്നതിനാൽ പുലിക്കോടന്റെ കാര്യം നിശ്ചയിച്ച് പിരിയണമെന്ന് (മാർ കൂറിലോസ്) കല്പിക്കകൊണ്ടും 17-നു ഞായറാഴ്ച പന്ത്രണ്ട് കത്തങ്ങൾക്ക് നേർച്ച അവിടെ ഉണ്ടാകകൊണ്ടും മിക്ക പള്ളിക്കാരും അവിടെ താമസിക്കയും ഉണ്ടായിരുന്ന പള്ളിക്കാരും ബാവായും പുലിക്കോടനുമായി ഐമോസ്യപ്പെട്ട് (ഐക്യപ്പെട്ട്) നടക്കണമെന്ന് നിശ്ചയിച്ച് പിരിയുകയും ചെയ്തു."[1]

പാമ്പാക്കുട ചെന്ന് പല പള്ളിക്കാരെയും വിളിച്ചു കൂട്ടുകയും മാർ അത്താനാസ്യോസിനെ സുറിയാനിക്കാർ അനുസരിച്ച് നടക്കണമെന്നുണ്ടായിട്ടുള്ള തിരുവെഴുത്തു വിളംബരത്തെ പിൻവലിക്കണമെന്ന് ഒരു ഹർജി ബോധിപ്പിക്കേണ്ട കാര്യത്തെക്കുറിച്ച് ആലോചിക്കുകയും ചെയ്തു. മി. വാക്കറിനെ ഹർജിയോടുകൂടി തിരുവനന്തപുരത്തേക്ക് അയച്ചു. ഹർജിയ്ക്കു ലഭിച്ച ദിവാൻ മാധവരായരുടെ മറുപടിയിൽ, സുറിയാനി സഭയിൽ ഉണ്ടായിരിക്കുന്ന ഭിന്നതയെക്കുറിച്ചു താൻ ദുഃഖിക്കുന്നു എന്നും ഹർജിക്കു തീർച്ച കൽപ്പിക്കുന്നതിന് മുമ്പ് മെത്രാപ്പോലീത്തായുമായി ഒരു അഭിമുഖ സംഭാഷണത്തിന് ക്ഷണിക്കുന്നു എന്നും അറിയിച്ചു. ഉടനെ കഥാപുരുഷൻ തിരുവനന്തപുരത്തേക്ക് പുറപ്പെട്ടു. വഴിമദ്ധ്യേ തെക്കുള്ള ചില പള്ളികളിൽ അദ്ദേഹം കയറുകയും പള്ളിക്കാർ വളരെ സന്തോഷത്തോടെ ആദരിക്കുകയും ചെയ്തു. ദിവാൻജിയെക്കണ്ടു സംസാരിച്ചതിൽ അദ്ദേഹത്തിന് വളരെ സന്തോഷമാവുകയും പാത്രിയർക്കീസ് ബാവാ കൊടുത്ത സുസ്താത്തിക്കോനിൽ ബ്രിട്ടീഷ് കോൺസൽ അടയാളം വച്ചിരിക്കുന്നത് ശരിയാണെന്ന് ബ്രിട്ടീഷ് റസിഡണ്ട് സാക്ഷ്യപ്പെടുത്തിയാൽ അദ്ദേഹത്തെ മലങ്കര മെത്രാപ്പോലീത്താ ആയി അംഗീകരിക്കുന്നതിന് ഗവൺമെണ്ട് തയ്യാറാണെന്ന് പറയുകയും ചെയ്തു. റസിഡണ്ടിന് ദിവാൻ ഒരു പരിചയക്കത്ത് കൊടുക്കുകയും ചെയ്തു. ഉടനെ കന്യാകുമാരിയിൽ പോയി റസിഡണ്ടിനെ കണ്ടു. ഉടനെ തീരുമാനിക്കാമെന്ന് പറഞ്ഞെങ്കിലും ഒരു കൊല്ലമായിട്ടും തീരുമാനം ആയില്ല. ഒടുവിൽ, സിവിൽ വ്യവഹാരം നടത്തുവാനുള്ള ഉപദേശമാണ് ദിവാൻജിയിൽ നിന്നും കിട്ടിയത്. രാജകീയ വിളംബരമുള്ളിടത്തോളം കാലം സിവിൽ വ്യവഹാരം ഗുണപ്പെടുകയില്ല എന്നറിയാവുന്നതിനാൽ 1868-ൽ മദിരാശിയിൽ ചെന്ന് ബാരിസ്റ്റർ മോയിൻ സായിപ്പിനെക്കൊണ്ട് ഒരു ഹർജി

തയ്യാറാക്കിച്ച് ഗവർണ്ണർ സായിപ്പിന് കൊടുത്തു.* മാർ അത്താനാസ്യോസിനെ അന്ത്യോഖ്യാ പാത്രിയർക്കീസ് സ്ഥാനഭൃഷ്ടനാക്കിയതിനാൽ അദ്ദേഹത്തിന് മലങ്കരസുറിയാനിസഭയുടെ മേൽ യാതൊരധികാരവുമില്ലെന്നും സുറിയാനിക്കാർ മാർ അത്താനാസ്യോസിനെ അനുസരിച്ച് നടന്നുകൊള്ളണമെന്ന് തിരുവിതാംകൂർ ഗവൺമെണ്ട് വിളംബരം പ്രസിദ്ധപ്പെടുത്തി പ്രജകളുടെ മതസ്വാതന്ത്ര്യത്തെ തടഞ്ഞിരിക്കുന്നത് അനീതിയാണെന്നും ഏറിയകൂട്ടം (ഭൂരിപക്ഷം) സുറിയാനിക്കാർ ഏതു ഭാഗത്തു ചേരുന്നുവോ ആ ഭാഗത്തേക്ക് ഗുണമായി വിധിക്കുന്നത് തനിക്ക് സമ്മതമാണെന്നും മറ്റും വളരെ യുക്തിയുക്തമായി ആ ഹർജിയിൽ പ്രസ്താവിച്ചിരുന്നുവെങ്കിലും മദിരാശി ഗവൺമെണ്ട് ഇതിൽ പ്രവേശിക്കുന്നതല്ലെന്നും തിരുവിതാംകൂർ ദിവാൻജിയുടെ ഉപദേശപ്രകാരം പ്രവർത്തിച്ചുകൊള്ളണമെന്നും ആയിരുന്നു മറുപടി. ഇതിൽ സ്വാഭാവികമായി ഉണ്ടാകാവുന്ന വലിയ ഇച്ഛാഭംഗത്തോടുകൂടി പുലിക്കോട്ടിൽ മെത്രാപ്പോലീത്താ സ്വദേശത്തേക്കു മടങ്ങുകയും ചെയ്തു.*

ഇപ്രകാരം പാലക്കുന്നത്ത് മെത്രാച്ചനുമായി പുലിക്കോട്ടിൽ മെത്രാച്ചൻ നടത്തിയ നിയമയുദ്ധങ്ങളെ പറ്റി ചരിത്രപുസ്തകങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പാളയത്തിനകത്തെ പടയെപ്പറ്റി യാതൊരു ചരിത്രങ്ങളിലും വിശദമായ പരാമർശങ്ങളില്ല. കഥാനായകന്റെ ജീവിതം പഠിക്കുവാൻ ആ സംഭവങ്ങളെയും ഈ ജീവചരിത്രത്തിൽ അന്വേഷിക്കുകയാണ്.

നാളിതുവരെ യാതൊരു മലങ്കരസഭാ ചരിത്രത്തിലും രേഖപ്പെടുത്തിയിട്ടില്ലാത്ത ഏതാനും സംഭവങ്ങൾ കണ്ടനാട് ഗ്രന്ഥവരിയിൽ നിന്ന് ഉദ്ധരിച്ച് ചേർക്കുകയാണ്. "ഇങ്ങനെ ഇരിക്കുമ്പോൾ പാമ്പാക്കുട ഉലഹന്നാൻ മല്പാൻ പുലിക്കോട്ടിൽ മെത്രാനച്ചന്റെ പേർക്കു വരുന്നതിന് ബാവായുടെ കൽപനപ്പടി കുന്നംകുളങ്ങരെയ്ക്കു എഴുതി അയയ്ക്കുകയും ഉടനെ ഇയ്യപ്പനും മെത്രാപ്പോലീത്തായും ഒരുമിച്ച് ധനുമാസം 18-നു കൊച്ചിയിൽ എത്തി. ആ വിവരത്തിന് പാമ്പാക്കുടയ്ക്കും മറ്റും വടക്കേദിക്കിലുള്ള പ്രമാണപ്പെട്ട പട്ടക്കാർക്കും മറ്റും എഴുതി അയച്ച് താമസിച്ചു വരുന്നു. മല്പാനച്ചൻ ബാവായുടെ അടുക്കൽ ഈ വിവരങ്ങൾ ഒക്കെയും അറിയിക്കുന്നതിന് കുഴിക്കാട്ടുകുന്നേൽ ചെന്ന വിവരം മെത്രാൻ അറിഞ്ഞു... ഉടനെ ബാവായും മെത്രാച്ചനുമായി തമ്മിൽ ആലോചിച്ച് ഓരോരോവിധവും അഭിപ്രായങ്ങൾ മനസ്സിൽ വിചാരിച്ചുംകൊണ്ട് ഐകമത്യപ്പെട്ട് എല്ലാ പള്ളിക്കാരും കോലഞ്ചേരി പള്ളിയിൽ കൂടത്തക്കവണ്ണം ബാവായും മേൽപ്രകാരം മെത്രാച്ചൻ തന്നെ വടക്കേ ദിക്കിലുള്ള പള്ളിക്കാർക്കും കല്പനകൾ എഴുതി അയച്ചു. ബാവായുടെ കല്പനയുടെ സാരം - നാം ഈ മലയാളത്തിൽ വന്നിട്ട് ഇരുപത് സംവത്സരമായി.

ഇതുവരെ ശരീരസുഖക്കേടുകൊണ്ടും മറ്റും നാം ക്ഷീണിച്ചതല്ലാതെ യാതൊരു സുഖവും നമുക്കും നമ്മുടെ ജാതിക്കും ഉണ്ടായിട്ടില്ലെന്നും അതിനാൽ ബ. പാത്രിയർക്കീസിന്റെ ബഹുമാനത്തിന് വേണ്ടിയും ആലോചിച്ച് ഉറയ്ക്കുന്നതിനായി കുംഭമാസം 12-ന് ആ പള്ളിയിൽ നിന്ന് ഒന്നോ രണ്ടോ പട്ടക്കാരും രണ്ടോ നാലോ മാപ്പിളമാരും മേൽപ്പറഞ്ഞ തീയതിക്കു കോലഞ്ചേരിപള്ളിയിൽ വന്നു ചേർന്നുകൊള്ളുകയും വേണം എന്ന് 1866-ാമത് മകരമാസം 12. കോലഞ്ചേരി പള്ളിയിൽ എല്ലാ പള്ളിക്കാരും കൂടത്തക്കവണ്ണം ബാവാ കൽപിച്ച് എഴുതിയതിനാൽ അതു നിമിത്തം ഗുണം സംഭവിക്കുമെന്നും നമുക്കും തോന്നിയിരിക്കകൊണ്ട് നാം അതിൽ സംബന്ധപ്പെട്ട് മേൽപ്പറഞ്ഞ തീയതിക്കു കോലഞ്ചേരി പള്ളിയിൽ എത്തുന്നതാകകൊണ്ട് ആ പള്ളിയിൽ നിന്നും ആലോചനയ്ക്ക് കൊള്ളുന്നതായി രണ്ടു കത്തനാർമാരും രണ്ട് മാപ്പിളമാരും മേൽപറഞ്ഞ തീയതിക്കു കോലഞ്ചേരിപള്ളിയിൽ വന്നു ചേർന്നുകൊള്ളുകയും വേണം. അപ്രകാരം തന്നെ എന്ന് 1866-ാമത് മകരം 15-ന് വടകര പള്ളിയിൽ നിന്നും. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ഇപ്രകാരം തന്നെ വടക്കും തെക്കും ഉള്ള പ്രമാണപ്പെട്ടവർക്കും എഴുതി അയച്ചു.

ഇതിന്മണ്ണം കൂട്ടം കൂടുന്നതിന് മല്പാനച്ചൻ മുതൽപേരോട് ആലോചിക്കായ്കകൊണ്ടും സാധനങ്ങളിൽ കാര്യവിവരമില്ലായ്മകൊണ്ടും മെത്രാച്ചനുമായിട്ടുള്ള സൊരുമ മല്പാനച്ചൻ മുതൽപേർ അറിയായ്കകൊണ്ടും ഉടനെ ഏതാനുംപേരുമായി ആലോചിച്ച് മല്പാനച്ചൻ മുതൽപേര് കൊച്ചിയിൽനിന്നും പുലിക്കോട്ടച്ചനെ പാമ്പാക്കുടയ്ക്കു ഏറിയ ആഘോഷത്തോടുകൂടി പിറവം, മാമ്മലശ്ശേരി മുതലായ പള്ളികളിൽക്കൂടി കൊണ്ടുവരികയും പാമ്പാക്കുട വന്നശേഷം ബാവായുമായി കാണണമെന്നും.... മറ്റും ബാവായുടെ പക്കൽ അറിയിച്ചാറെ, ബാവാ പുലിക്കോട്ടിൽ മെത്രാച്ചൻ കുഴിക്കാട്ട്കുന്നേൽ ചെല്ലുന്നതിന് അനുവദിക്കാതെയും..... ഇവര് ഇവിടെ നിന്ന് മല്പാനച്ചൻ മുതൽപേരുമായി ഈ വിവരങ്ങൾ ഒക്കെയും പറഞ്ഞാറെ കുറുപ്പംപടി മുതലായി ഏതാനും പള്ളിക്കാരെ വരുത്തി ഈ കാര്യങ്ങൾ കൊണ്ട് ആലോചിച്ച് മേൽപ്പറഞ്ഞവരുടെ കൽപനപ്രകാരം നമ്മളിലാരും കോലഞ്ചേരി പള്ളിയിൽ 12-ന് കൂടരുതെന്നും അവരുടെ ആലോചനയിൽ സംബന്ധപ്പെടുത്തരുതെന്നും മറ്റും നിശ്ചയിച്ചതു കൂടാതെ മുളന്തുരുത്തിയിലോ മറ്റ് ഏത് സ്ഥലത്തോ നാം എല്ലാവരും സൊരുമിച്ചു കൂടി സ്താത്തിക്കോൻ മുതലായത് വായിച്ച് പുലിക്കോട്ടിൽ മെത്രാച്ചനെ കൈക്കൊണ്ടു കൊള്ളാമെന്ന് നിശ്ചയിച്ച് പിരിയുകയും ചെയ്തു. ഈ വിവരങ്ങൾ ഒക്കെയും ബാവാ കേട്ട് കുംഭമാസം 4-ന് പാമ്പാക്കുട വന്ന് പുലിക്കോട്ടച്ചനുമായി കണ്ട് ബാവായ്ക്കോ പള്ളിക്കാർക്കോ ഏതെങ്കിലും എഴുത്തുകൾ ഉണ്ടോ എന്ന് ചോദിക്കു

കയും സ്താത്തിക്കോൻ ഒഴികെ മറ്റു യാതൊരെഴുത്തുകളും ഇല്ലാ എന്ന് പറഞ്ഞ് സ്താത്തിക്കോൻ ബാവായെ കാണിച്ചാറെ, അതിലെ അക്ഷര ങ്ങൾ പാത്രിയർക്കീസ് ബാവായുടെ കൈയെഴുത്തും മുദ്രയും ആകുന്നു എന്ന് ബാവാ സമ്മതിച്ച് പറഞ്ഞതല്ലാതെ മെത്രാന്മാരുടെ സ്ഥാനമുറയ്ക്ക് അദ്ദേഹത്തെ കൈക്കൊള്ളാതെ കണ്ട് ആ രാത്രി തന്നെ തിരികെ കുഴി ക്കാട്ടുകുന്നേലേക്കു പോകുകയും ചെയ്തു. പിന്നീട് ബാവാ കുഴിക്കാ ട്ടുകുന്നേൽ നിന്നും 7-ാം തീയതി വടകര ചെന്നു. അവിടെനിന്നു 8-ന് പെരുന്നാൾ അടിയന്തിരവും കഴിഞ്ഞു ഇരുപേരും സൊരുമിച്ച് 10-ന് കോല ഞ്ചേരിക്കു പോകുന്ന വഴി ബാവാ പാമ്പാക്കുട കയറി. 12-ന് കൂട്ടത്തിന് (യോഗം) പുലിക്കോട്ടച്ചനോടും മല്പാനച്ചനോടും മറ്റും എത്തത്തക്ക വണ്ണം പറകയും മെത്രാച്ചൻ പാമ്പാക്കുട പള്ളിയിൽ കയറാതെ ബാവാ തിരികെ വരുന്നതു വരെ പള്ളിത്താഴത്തു നിൽക്കുകയും ബാവാ വന്ന യുടൻ സൊരുമിച്ച് കോലഞ്ചേരി എത്തുകയും ബാവാ കോട്ടൂരും മെത്രാ നച്ചൻ കോലഞ്ചേരിയിലുമായി താമസിച്ചതും ഇതിനിടയിൽ അഞ്ഞൂരെ മെത്രാൻ വരുന്നതിന് എഴുതി അയയ്ക്കുകയും കണ്ടനാട് വഴി വരാ മെന്ന് മറുപടി വരികയാൽ അദ്ദേഹത്തെ ബഹുമാനിക്കത്തക്കവണ്ണം കണ്ട നാട് പള്ളിക്ക് മെത്രാച്ചൻ കല്പന കൊടുത്തയച്ചത് കൂടാതെ കോല ഞ്ചേരിയിൽ നിന്ന് പല്ലക്കു മുതലായ സാധനങ്ങൾ അയയ്ക്കുകയും ചെയ്തു. 13-ാം തീയതി വരെയും അഞ്ഞൂർ മെത്രാൻ വരാതെയും..... പള്ളിക്കാർ എല്ലാവരോടും കൂടാത്തതിനാലും യാതൊരു ആലോചനയും കൂടാതെ ഇരുന്നതും...."[2]

(കഥാപുരുഷനെ മെത്രാൻ സ്ഥാനമേറ്റു വരുവാൻ നിർബന്ധിച്ചവരിൽ പ്രധാനിയായ ഇടവഴിക്കൽ വലിയച്ചനെപ്പറ്റി കണ്ടനാട് ഗ്രന്ഥവരിയിൽ കാണുന്ന ഒരു പരാമർശം ഇവിടെ ഉദ്ധരിക്കട്ടെ. അദ്ദേഹത്തെപ്പറ്റി ഈയിടെ ഇറങ്ങിയ ചില പുസ്തകങ്ങളിൽ അദ്ദേഹത്തെ കാണുക പോലും ചെയ്യാത്ത ചില ഇളമുറക്കാർ പ്രമാണരഹിതമായി എഴുതിവെച്ച ചില അപകപ്രസ്താവനകൾ ചരിത്രവിദ്യാർത്ഥികളെ വഴിതെറ്റിക്കാതി രിക്കുവാനാണ് ഈ സമകാലസാക്ഷ്യം ഉദ്ധരിക്കുന്നത്: "...... കോട്ടയത്തു വലിയപള്ളിയിൽ എടവഴിക്കൽ പീലിപ്പോസ് കത്തനാരച്ചൻ മരിച്ചു. ഇദ്ദേഹം .... ഇതിനിടയിൽ ചെയ്തിരിക്കുന്ന വിസ്മയങ്ങളും ഉണ്ടാക്കി യിരിക്കുന്ന പുസ്തകങ്ങളും ആയതിലെ യുക്തികളും മറ്റു പല സംഗ തികളും ചേർത്തുനോക്കുമ്പോൾ ഇതുപോലെ ബോധമുള്ളതിൽ ഒരു മനുഷ്യൻ ജനിക്ക ഇല്ലെന്ന് നിരൂപിക്കാം. എങ്കിലും എല്ലാവന്റെയും സ്രഷ്ടാവ് ദൈവമാകയാൽ അവിടത്തേയ്ക്കു ഇവ ഒന്നും പ്രയാസമില്ല എന്നും ഉറയ്ക്കാം. ഈ ദേഹത്തെ, ഈ രാജ്യത്ത് തന്നെ അല്ലാ എഴുത്തു മുഖാന്തിരത്താൽ അന്ത്യോഖ്യാ മുതലായ സ്ഥലങ്ങളിലും സമ്മതിച്ചിരി

ക്കുന്നതു തന്നെയല്ല ഇംഗ്ലണ്ടിൽ നിന്ന് തർക്ക ചോദ്യങ്ങൾ എഴുതി വന്ന തിനാൽ ആയതിനൊക്കെയും മതിയായ യുക്തിയോടും സാക്ഷിയോടും കൂടി ആ വക തർക്കചോദ്യങ്ങൾക്ക് മറുപടി എഴുതിയാറെ ഈ ദേശത്തു പാർത്തുവരുന്ന വെള്ളക്കാരും സമ്മതിച്ചിരിക്കുന്നു. പല പുസ്തകങ്ങൾ ഇദ്ദേഹം ഉണ്ടാക്കിയിട്ടുണ്ട്. ആയതിൽ വെന്തിങ്ങാ പുസ്തകമെന്ന് നാമ ധേയമായി ഒരു ചോദ്യഉത്തരപുസ്തകം ഉണ്ടാക്കിയത് വെള്ളക്കാർ ഏറെ ഇനാം കൊടുത്തു വാങ്ങി ധർമ്മമായി (വില കൂടാതെ) അച്ചടിച്ച് പ്രസിദ്ധം ചെയ്തു. ആയതിൽ വെന്തിങ്ങാ ഇടുന്നതിനെക്കുറിച്ചുള്ള തർക്കവും രൂപം വയ്ക്കുന്നതിനെക്കൊണ്ടും ബെസ്പുർക്കാന എന്ന് പറയുന്നതിനെ ക്കൊണ്ടും റോമ്മാപാപ്പായുടെ പറ്റിൽ മോക്ഷത്തിന്റെയും നരകത്തി ന്റെയും താക്കോൽ ഉണ്ടെന്ന് പറഞ്ഞതിനെയും കൊണ്ടുള്ള തർക്കങ്ങൾ ആകുന്നു. ഇതുകൂടാതെ ഉള്ള പുസ്തകങ്ങൾ ഇദ്ദേഹം ഗതിക്ഷയക്കാര നാകകൊണ്ട് സഹായിപ്പാൻ ആളില്ലാതെ വന്നതിനാൽ അച്ചടിച്ച് പ്രസിദ്ധം ചെയ്യുവാൻ ഇടവന്നില്ല. ഇദ്ദേഹം മരിക്കുന്ന സമയം മക്കളിൽ ഒരു കത്തനാരച്ചനും ഒരു ശെമ്മാശനും ഉണ്ട്. ഇവരു പടുത്വമുള്ളവർ ആകുന്നുവെങ്കിലും ഇതുപോലെ ഉള്ള യുക്തികൾ ഉണ്ടാകുന്നതല്ല എന്ന് എല്ലാ ജനവും പ്രസിദ്ധമായി പറഞ്ഞുവരുന്നു.")[3]

മാർ കൂറിലോസ് മാർ ദീവന്നാസ്യോസിന്റെ സുസ്താത്തിക്കോനും അതിലെ മുദ്രയും പാത്രിയർക്കീസിന്റേതാണെന്ന് സ്ഥിരീകരിച്ചിട്ടും മാർ ദീവന്നാസ്യോസിനെ വാഴിച്ച വിവരത്തിന് തനിക്ക് നേരിട്ട് കല്പന ലഭി ച്ചില്ലെന്ന കാരണം പറഞ്ഞ് മാർ ദീവന്നാസ്യോസിനോടു നീരസപ്പെടു കയും അദ്ദേഹത്തിന്റെ പ്രവർത്തനസ്വാതന്ത്ര്യത്തെ തുടർച്ചയായി തട സപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്തു. മലങ്കരമെത്രാന്റെ സ്ഥാനം തനിക്കുണ്ടായിരുന്നത് നഷ്ടപ്പെട്ട് മലങ്കരയിലെ വിപുലമായ വരുമാന സാദ്ധ്യതകൾ നഷ്ടപ്പെടുത്തുവാൻ മാത്രം ബുദ്ധിശൂന്യത മാർ കൂറി ലോസിനുണ്ടായിരുന്നില്ല. പാലക്കുന്നത്ത് അത്താനാസ്യോസ് നവീകര ണവാദി ആയാലും കൊള്ളാം സഭയിൽ വിശ്വാസത്തിന്റെ തായ്വേരു കൾ മുറിഞ്ഞുപോയാലും ഒരു വിരോധവുമില്ല സ്വന്തം വരുമാനമാർഗ്ഗ ങ്ങൾ തടസപ്പെടാതിരുന്നാൽ മതി എന്ന ഉദാസീനമനോഭാവമാണ് മാർ കൂറിലോസ് പുലർത്തിയിരുന്നത്. കത്തുന്ന പുരയുടെ തീ കെടുത്തുന്ന തിനേക്കാൾ കഴുക്കോൽ ഊരിയെടുത്തു സ്വന്തമാക്കലാണ് ആദായകരം എന്ന ചിന്തയാണ് അദ്ദേഹത്തെ ഭരിച്ചതെന്ന് തോന്നുന്നു. സഹോദരൻ മക്കുദിശാ ഗബ്രിയേൽ മുഖേന തന്റെ വരുമാനങ്ങൾ സ്വദേശത്തേക്കു കൊടുത്തയക്കുവാൻ ജീവപര്യന്തം അദ്ദേഹം തൽപരനായിരുന്നു. തന്മൂലം പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദ്വിതീയൻ, മലങ്കര മെത്രാന്റെ സുസ്താത്തിക്കോനുമായി മലങ്കരയിലെത്തിയത് മാർ കൂറി ലോസിന് സഹിക്കാവുന്നതിലപ്പുറമായിരുന്നു.

നവാഭിഷിക്തനായ പുലിക്കോട്ടിൽ മെത്രാൻ അനുരഞ്ജനത്തിനായി നേരിട്ടും അനുഭാവികളായ വൈദികർ മുഖേനയും നടത്തിവന്ന ശ്രമങ്ങളെ മാർ കൂറിലോസ് പരാജയപ്പെടുത്തി വന്നു. തന്മൂലം ദ്വിമുഖമായ യുദ്ധം മാർ ദീവന്നാസ്യോസിന് നയിക്കേണ്ടി വന്നു. പാലക്കുന്നത്ത് മാർ അത്താനാസ്യോസിനെ പാത്രിയർക്കീസ് മുടക്കുകയും പകരം തന്നെ നിയമിക്കുകയും ചെയ്തതിനാൽ മുൻ രാജകീയ വിളംബരം റദ്ദാക്കി തനിക്കനുകൂലമായി വിളംബരം പുറപ്പെടുവിച്ച് കിട്ടുവാനുള്ള സമരമുഖമാണ് ഒന്ന്. മാർ കൂറിലോസിനോട് രമ്യപ്പെട്ട് മലങ്കരയുടെ ശക്തി മുഴുവൻ സമാഹരിക്കാനുള്ള സാഹസികമായ യത്നമായിരുന്നു രണ്ടാമത്തേത്. തന്റെ എല്ലാ പ്രവർത്തനങ്ങൾക്കും മാർ കൂറിലോസിന്റെ ആശീർവാദം തേടുവാൻ മാർ ദീവന്നാസ്യോസ് വിഫലശ്രമം നടത്തിക്കൊണ്ടിരുന്നു. ഒരു ഉദാഹരണം ഇതാ:

"മാർ കൂറിലോസ് ബാവാ പള്ളിക്കര നിന്ന് വടകര, പിറവം, മുളക്കുളം മുതലായ പള്ളികളിൽ ചുറ്റി 1044 (1868) തുലാ മാസം 5-നു ചെമ്പിൽ വന്ന് ..... അവിടെനിന്നും മാന്തുരുത്തേൽ പള്ളിയിൽ എത്തി 7-നു പള്ളിയും കൂദാശ ചെയ്ത് 8-നു കൊച്ചീക്കോട്ടയിൽ എത്തി. ആ സമയം മദ്രാസിന് പോകുന്നതിനായി പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ വന്നിട്ടുണ്ടായിരുന്നതിനാൽ അവരു തമ്മിൽക്കണ്ട് നല്ല സന്തോഷമല്ലാത്തപ്രകാരം പിരിഞ്ഞതിനാൽ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ വൃശ്ചികം 10-നു കുന്നംകുളങ്ങരയ്ക്കും 16-നു കൂറിലോസ് ബാവാ കരിങ്ങാശ്ര പള്ളിയിലേക്കും പോവുകയും ചെയ്തു."[4]

മാർ കൂറിലോസിന്റെ പിന്തുണ നേടുന്നതിൽ മാത്രമല്ല 1868-ൽ മദിരാശിയിൽ ചെന്ന് ബാരിസ്റ്റർ മോയിൻ സായ്പിനെ കണ്ട് ഗവർണർ സായിപ്പിന് നൽകിയ ഹർജിയിലും മാർ ദീവന്നാസ്യോസ് പരാജയപ്പെട്ടു. ഇപ്രകാരമുള്ള മാനസികമായ മരുഭൂമിവാസത്തിനിടയിലാണ് "1045-ൽ (1870) സെന്റ് തോമസ് എന്ന് പേരായി ഒരച്ചുകൂടം തനതുവകയായി കൊച്ചിയിൽ സ്ഥാപിക്കുകയും അതിൽ നിന്ന് സുറിയാനിക്കാർക്ക് ആവശ്യമുള്ള മതവിഷയപ്രതിപാദകങ്ങളായ പുസ്തകങ്ങൾ അച്ചടിച്ച് പ്രസിദ്ധപ്പെടുത്തുകയും ചെയ്തതു എന്ന് മാത്രമല്ല 'കേരള പതാക' എന്ന് പേരായി ഒരു വൃത്താന്ത പത്രവും നടത്തിവന്നു."[5]

മാർ ദീവന്നാസ്യോസ് ഇവിടെ ഉണ്ടായിരിക്കേ, തനിക്ക് ബോംബെയിൽ ദീർഘനാളിലെ ചികിത്സ ആവശ്യമുള്ളതിനാൽ അങ്ങോട്ടു പോകുന്നുവെന്നും മെത്രാനായി വാഴിക്കുവാൻ ഒരാളെ നിർദ്ദേശിക്കുവാൻ പള്ളിക്കാർ കരിങ്ങാശ്ര പള്ളിയിൽ 1868 ധനു 15-നു സമ്മേളിക്കണമെന്നും മാർ കൂറിലോസ് പള്ളിക്കാർക്ക് 1868 ധനു 3-നു കല്പന അയച്ചു. "ചുരുക്കം ചില പള്ളിക്കാർ വരികയും വന്നവർ അഭിപ്രായമൊന്നും

പറയാതെയും ഇരുന്നതിനാൽ മാർ കൂറിലോസ് തുടർ നടപടികളിലേക്ക് പ്രവേശിച്ചില്ല."[6] ധർമ്മശേഖരത്തിന് പാത്രിയർക്കീസ് ബാവായുടെ കൽപനയുമായി ആയിടെ കേരളത്തിലെത്തിയ യാക്കോബ് ശെമ്മാശൻ വശം കൂറിലോസിനും ദീവന്നാസ്യോസിനും പാത്രിയർക്കീസ് ബാവാ ഓരോ കൽപന കൊടുത്തയച്ചു. കൂറിലോസിന് അയച്ച എഴുത്തിലെ സാരം: "ദീവന്നാസ്യോസ് മെത്രാന്റെ പറ്റിൽ നിനക്കായി ഇവിടെനിന്നും അയച്ച കല്പന കിട്ടീട്ടില്ലാത്തപ്രകാരം നമുക്കു അറിവു വന്നിരിക്കയാൽ അയാൾക്ക് ഇതോടുകൂടി ഒരു കൽപന അയയ്ക്കുന്നു. ആയതു അയാൾക്ക് കൊടുത്ത് മുൻ അയച്ച കൽപനകൾ വാങ്ങിക്കൊള്ളണം. നീ പുലിക്കോടന്റെ പേർക്ക് ഏറിയ ദൂഷണങ്ങൾ ഈ രാജ്യത്തും എഴുതി പ്രസിദ്ധം ചെയ്യുന്നതിനാൽ അതു നമുക്കു കുറവുള്ളതിനാൽ മേൽ അപ്രകാരം (ഒരു വരി തെളിഞ്ഞിട്ടില്ല) ........ പള്ളിക്കാരുടെയും പുലിക്കോട്ടിൽ യൗസേപ്പ് മെത്രാന്റെയും എടവഴിക്കൽ പീലിപ്പോസ് കശ്ശീശായുടെയും അപേക്ഷപ്രകാരം മലയാളത്തിന്ന് വരണമെന്ന് വിചാരിച്ച് അതിനായി സുൽത്താന്റെ കൽപന വാങ്ങിയിരിക്കുന്നു എന്നും ഇംഗ്ലീഷ് രാജസ്ത്രീയുടെ കല്പന വാങ്ങിയുംകൊണ്ട് വരണമെന്ന് അവർ എഴുതിയപ്രകാരം കല്പന കിട്ടുന്നതിന് വേണ്ടി ഊർശ്ലേമ്മിൽ പാർക്കുന്ന ഇംഗ്ലീഷ് പാതിരിയുടെ പേർക്ക് എഴുതി അയച്ചാറെ ഇതുവരെ മറുപടി വന്നിട്ടില്ലെന്നും ഒരു പക്ഷേ ഈ സമയത്ത് ഇംഗ്ലണ്ടു വഴിയായി വരണമെന്ന് നാം വിചാരിച്ചിരിക്കുന്നു എന്നും മറ്റും കല്പനയിലെ സാരമാകുന്നു. പുലിക്കോട്ടിൽ മെത്രാച്ചന് വന്ന കല്പനയിലെ സാരം: കൂറിലോസ് മെത്രാന്റെ പേർക്കായി നിന്റെ പറ്റിൽ അയച്ച കല്പനകൾ നീ കൊടുത്തിട്ടില്ലെന്നും മറ്റും നമുക്ക് അറിവ് കിട്ടിയിരിക്കയാൽ കൊടുത്തില്ലെന്നു വരികിൽ ഉടൻ കൊടുത്തുകൊള്ളണം."[7]

ധർമ്മശേഖരത്തിന് വന്നവർ 1045 (1869) വൃശ്ചികം 29-ന് കൊച്ചിയിൽ നിന്ന് കപ്പൽ കയറി മടങ്ങിപ്പോകുമ്പോൾ "പാത്രിയർക്കീസ് ബാവായുടെ പേർക്കായി എഴുത്തുകൾ എഴുതിയത് കൂടാതെ പാത്രിയർക്കീസ് ബാവായ്ക്കു 35 രൂപാ തൂക്കം വെള്ളികൊണ്ട് മൂറോസീസാ എന്ന ഒരു വടി പൊന്നുകൊണ്ട് പൂശി ആയതും ആനക്കൊമ്പ് കൊണ്ട് വിചിത്രമായി പണി ചെയ്യപ്പെട്ട ഒരു വിശറിയും ...... കൊടുത്തു."[8]

പാത്രിയർക്കീസിന്റെ അപ്രീതി ഒഴിവാക്കാനും പ്രീതി സൃഷ്ടിക്കുവാനും നയതന്ത്രജ്ഞനായ ഒരു മർമ്മഗ്രാഹി നടത്തുന്ന ശ്രമങ്ങളായിട്ടു വേണം ഈ സംഭാവനകളെ പരിഗണിക്കുവാൻ. മലങ്കരസഭയുടെ യഥാർത്ഥപ്രശ്നങ്ങൾ പരിഹരിക്കുവാൻ പാത്രിയർക്കീസിനോ കൂറിലോസിനോ താല്പര്യമില്ലെന്ന കയ്പേറിയ സത്യം മാർ ദീവന്നാസ്യോസ് ഇതിനോടകം ശ്രദ്ധിച്ചിരുന്നു. "മലങ്കരക്കാനോൻ" എന്ന പേരിൽ മാത്യൂസ് മാർ

അത്താനാസ്യോസ് 1857-ൽ പ്രസിദ്ധീകരിച്ച വ്യാജസൃഷ്ടി മലങ്കരസഭയുടെ വിശ്വാസാചാര പാരമ്പര്യങ്ങളിൽ വരുത്തിയേക്കാവുന്ന വിദൂരഫലങ്ങളെപ്പറ്റി അവരൊന്നും ചെറുവിരൽ അനക്കുവാൻ പോലും തയ്യാറായിരുന്നില്ല. നമ്മുടെ സഭാചരിത്രകാരന്മാരും ആ കാനോൻ കണ്ടിട്ടുണ്ടെന്ന് തോന്നുന്നില്ല. മലങ്കരക്കാനോൻ മലങ്കരസഭയിൽ സൃഷ്ടിച്ച അരാജകത്വവും അനാഥത്വവും എത്രത്തോളമെന്ന് മാർ ദീവന്നാസ്യോസിനെപ്പോലെ മറ്റാരും മനസ്സിലാക്കിയിരുന്നില്ല. ഈ കാനോൻ അവതരിപ്പിച്ചുകൊണ്ട് പാലക്കുന്നത്ത് വലിയ മെത്രാച്ചൻ നടത്തുന്ന ചില അവകാശവാദങ്ങൾ ശ്രദ്ധേയമാണ്. “മലങ്കര സുറിയാനിസഭ അതിന്റെ ജനകനായ ശുദ്ധമുള്ള മാർത്തോമ്മാശ്ലീഹായാലും പിൻവാഴികളായ പിതാക്കന്മാരാലും ചട്ടപ്പെടുത്തി നടത്തിവന്ന കാനോൻ, പള്ളിക്രമം, വിശ്വാസരീതികൾ മുതലായവയാൽ അലങ്കരിക്കപ്പെട്ടിരിക്കുന്നു. ഫ്രങ്കായക്കാർ എന്ന ഇതര മതക്കാർ ഈ സഭയുടെ അനേക പൂർവ്വീക പ്രബന്ധങ്ങളോടുകൂടി മേൽപറയപ്പെട്ട കാനോനുകളും പള്ളിക്രമങ്ങളും ചുട്ടുകളഞ്ഞു സഭയെ നാനാവിധപ്പെടുത്തി എന്നുള്ളതും പ്രസിദ്ധമല്ലോ. ഈ നഷ്ടത്തിന് പിറകു സഭാപിതാക്കന്മാരിലും വിശ്വാസികളായ അയ്മേനികളിലും പരിജ്ഞാനത്താൽ പാഠമായിരുന്ന മര്യാദകളും ചില അപൂർണ്ണ ക്രാസുകളും ആധാരമായ നടപടികളില്ലാതെ മൂലാവസ്ഥയോട് ഒത്തതായ ഒരു രേഖയെ ലഭിപ്പാൻ അപ്രാപ്തയായി സഭ അലഞ്ഞിരുന്നു. ... എല്ലാ പ്രകാരത്തിലും ഈ സഭ അലയപ്പെട്ടിരുന്ന വിഷയത്തിങ്കൽ സർവ്വശക്തനായ ദൈവം ഈ തന്റെ സഭയുടെ ഭരണത്തിനായി നമ്മെ വിളിച്ചിരുന്ന വിളിയെ നാം അഗണ്യമാക്കാതെ മൂലാധാരങ്ങളെതേടി തിരഞ്ഞതിൽ തുലോം പൂർവ്വീകമായ കൈയെഴുത്തുകളുടെയും കുറിപ്പുകളുടെയും ചില ക്രാസുകൾ അവിടവിടെ നിന്നും കണ്ടുകിട്ടിയതിനെ പരിശോധിച്ച് ഈ സമുദായം ആചരിച്ചുവന്ന പൂർവ്വീക കാനോനായ്ക്ക് ശരിയായ ഒരു ചുരുക്കം കൂടിച്ചേർപ്പാൻ സംഗതി ആയതിൽ നാം സന്തോഷിക്കുന്നു.

നമ്മുടെ അന്വേഷണത്താൽ ലഭിച്ചിട്ടുള്ള ഈ കുറിപ്പുകൾ സമുദായത്തിന്റെ പൂർവ്വീക നടപടിയോട് എത്രയും ശരിയായും ഏവൻഗേലിയോന്റെ കൽപനകൾക്കു മഹാ യോജിപ്പായും കണ്ടതിനാൽ ഇതിനെത്തന്നെ അടിസ്ഥാനമാക്കി ചട്ടപ്പെടുത്തുന്നതിങ്കൽ ഈ സമുദായത്തിന്റെ മുൻ നടപടികൾക്ക് പ്രതികൂലങ്ങളായിരിക്കുന്ന ആചാരങ്ങൾ, മതഭേദങ്ങൾ എപ്പേർപ്പെട്ടവയും ഒടുങ്ങി സകലവും യുക്തമായും ക്രമമായും തീരുമെന്ന് നാം വിശ്വസിക്കുന്നു. മൂലഭാഷയുടെ പഠിത്തക്കുറവും പൂർവ്വീക കാനോനാകളുടെ പരിജ്ഞാനക്കുറവും അധികരിച്ചിരിക്കുന്ന സ്ഥിതിയ്ക്ക് ഈ കാനോനാകൾ ചമക്കപ്പെട്ട സുറിയാനിഭാഷയിൽത്തന്നെ മേലാലും അതെഴുതി സൂക്ഷിക്കുക എന്നു വന്നാൽ സമുദായത്തിന് ഒട്ടുക്കും നിരന്തരമായ പ്രയോജനം വരികയില്ലെന്ന് കണ്ട് സ്വദേശ

ഭാഷയിലേക്ക് അതുകളെ തർജ്ജിമ ചെയ്തു ചേർത്തു അച്ചടിപ്പിച്ചിരിക്കുന്നു.

ഈ തർജ്ജിമ നമുക്കു ലഭിക്കപ്പെട്ട പഴയ പകർപ്പുകളുടെ ശരിയായ പരിഭാഷയും സ്വന്തം അഭിപ്രായങ്ങൾ യാതൊന്നും കരേറ്റീട്ടില്ലാത്തതും ആകുന്നു."

ഈ കാനോൻ അതിന്റെ മുഖവുരയിൽ അവകാശപ്പെട്ടതുപോലെ സുറിയാനി മൂലത്തിൽ നിന്ന് തർജ്ജിമ ചെയ്തിട്ടുള്ളതല്ല. സുറിയാനി ക്കാനോനാകൾ അതത് നിശ്ചയം പാസ്സാക്കിയ കൗൺസിലിന്റെ പേരിലും വ്യക്തികളുടെ നിർദ്ദേശമാണെങ്കിൽ ആ വ്യക്തിയുടെ പേരിലും മാത്രമേ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളു. ആ പതിവ് മലങ്കരക്കാനോന്റെ പതിനഞ്ച് അധ്യായങ്ങളിലും സ്വീകരിച്ചിട്ടില്ല. ഭരണഘടനയിലെ ശൈലിയിലാണ് ഈ ഗ്രന്ഥം ചമച്ചിട്ടുള്ളത്. മലങ്കരസഭ പൂർവ്വീകകാലം മുതൽ പേർഷ്യൻ കാതോലിക്കായുമായും 17-ാം നൂറ്റാണ്ടുമുതൽ അന്ത്യോഖ്യൻ പാത്രിയർക്കീസുമായും ബന്ധപ്പെട്ടാണ് സ്ഥിതി ചെയ്തിരുന്നതു എന്നിരിക്കേ ഈ കാനോനിൽ കാതോലിക്കാ-പാത്രിയർക്കീസ് എന്നീ സ്ഥാനികളെ വിഭാവനം ചെയ്യുന്നതേ ഇല്ല. കൂദാശകളെല്ലാം ക്രമപ്രകാരം ചെയ്യണമെന്ന് നിർദ്ദേശിച്ച മലങ്കരക്കാനോൻ പള്ളിക്കൂദാശയിൽ മദ്ബഹാ ഭിത്തികളിൽ മൂറോൻ കൊണ്ട് ത്രിത്വനാമത്തിൽ മുദ്രയിടണമെന്ന് ക്രമവിരുദ്ധമായി രേഖപ്പെടുത്തിയിരിക്കുന്നു. നവീകരണക്കാർ സഭയിൽ ബോധപൂർവ്വം വരുത്തിയ തെറ്റുകളും നടപടികളും മലങ്കരസഭയുടെ പൂർവ്വീക വിശ്വാസങ്ങളും ശൈലികളും ആണെന്ന് വരുത്തുവാൻ വികലബുദ്ധിയായ പാലക്കുന്നത്ത് മെത്രാച്ചൻ നടത്തിയ കടുംകൈ ആണ് മലങ്കരക്കാനോൻ. കേസിന് ബലം കൊടുക്കുവാൻ തയ്യാറാക്കിയ ഈ നൂറു ശതമാനം വ്യാജനെ നേരിടുവാനാണ് പില്ക്കാലത്ത് മലങ്കരസഭ മുളന്തുരുത്തി സുന്നഹദോസ് തീരുമാനങ്ങൾ കാനോനിൽ ചേർത്തത്. കേസു കഴിഞ്ഞപ്പോൾ നവീകരണവിഭാഗം അവരുണ്ടാക്കിയ മലങ്കരക്കാനോൻ പാടേ ഉപേക്ഷിച്ചു. മലങ്കരസഭയിലാകട്ടെ ഈ മുളന്തുരുത്തി തീരുമാനങ്ങൾ കൂട്ടിച്ചേർത്ത കാനോൻ ഒരു വിഭാഗം നിലനിർത്തി.

വി. കുർബ്ബാനയുടെ ആരംഭത്തിൽ "നിന്നെ പ്രസവിച്ച മറിയാമും നിന്നെ മാമ്മൂദീസാ മുക്കിയ യൂഹാനോനും ഞങ്ങൾക്കുവേണ്ടി നിന്നോടപേക്ഷിക്കും" എന്ന എക്ബാ മലയാളത്തിലേക്കു വിവർത്തനം ചെയ്ത് "മറിയാമ്മിൽ നിന്ന് ജനിക്കയും യൂഹാനോനിൽ നിന്ന് മാമ്മൂദീസാ ഏൽക്കുകയും ചെയ്തു എന്ന മശിഹാതമ്പുരാനേ...." എന്ന് വിവർത്തനം ചെയ്തപ്പോഴും നവീകരണക്കാർ അവകാശപ്പെട്ടത് തർജ്ജിമയിൽ സ്വന്തമായി ഒന്നും ചേർത്തിട്ടില്ല എന്നായിരുന്നു. സുറിയാനി ഭാഷാനഭിജ്ഞരെ

ചൂഷണം ചെയ്യുവാൻ അക്കാലത്തെ നവീകരണവിഭാഗം ശ്രമിച്ചിട്ടുള്ള തിന്റെ നിരവധി ഉദാഹരണങ്ങൾ ഇന്ന് ലഭ്യമാണ്.[9]

രാജകീയ അംഗീകാരത്തിന്റെ പിൻബലത്തോടെ പാലക്കുന്നത്ത് മെത്രാച്ചൻ കാണിച്ചുപോന്ന ഈ ധാർഷ്ട്യങ്ങളോടും വ്യാജങ്ങളോടും യുദ്ധം ചെയ്യുവാൻ യൂയാക്കീം കൂറിലോസ് യാതൊരു താല്പര്യവും കാണിക്കാതെ വലിയപള്ളികളിൽ നിന്ന് വലിയപള്ളികളിലേക്ക് മാറി മാറി സഞ്ചരിച്ച് പെരുന്നാളും വിവാഹവും മാമ്മൂദീസായും ശവസംസ്ക്കാരവും ഭവനകൂദാശയും പട്ടംകൊടയും അഴിച്ചു പട്ടംകൊടയും നടത്തി വരുമാനം വർദ്ധിപ്പിച്ചുകൊണ്ടിരുന്നപ്പോൾ ഏകനായി, ഏകാംഗപ്പടയാളിയായി പുലിക്കോട്ടിൽ മെത്രാച്ചന് പോർക്കളത്തിലിറങ്ങേണ്ടി വന്ന ചരിത്രം ഹൃദയസ്പർശിയാണ്. ഗോലിയാത്തിന്റെ വെല്ലുവിളി കേട്ട രാജാവും സൈന്യവും തല മാളത്തിലേക്ക് വലിച്ചപ്പോൾ ഒരു കോമള ബാലൻ – ദാവീദ് – ദൈവാശ്രയത്തോടെ മല്ലയുദ്ധക്കളത്തിലേക്കിറങ്ങിയ സംഭവമാണ് ഈ ചരിത്ര ഭാഗം നമ്മെ ഓർമ്മിപ്പിക്കുക.

മദ്രാസിൽ നിന്നും മടങ്ങിയെത്തിയ മെത്രാച്ചൻ തീർത്തും നിരാശനായിരുന്നു. 1869 കന്നി 4–ന് കുന്നംകുളത്തുനിന്ന് മടങ്ങിയെത്തി കൊച്ചീക്കോട്ടയിൽ ഇയ്യപ്പന്റെ പണ്ടകശാലയിൽ താമസിച്ചുവരവേ 16–നു മൽപാനച്ചന്റെ ശ്രാദ്ധം പ്രമാണിച്ച് പാമ്പാക്കുടയ്ക്കു പോയി. ഈ സമയത്ത് മലങ്കരസഭയെ തന്റെ കരവലയത്തിൽ ഒതുക്കാനായി പാലക്കുന്നത്ത് വലിയ മെത്രാച്ചൻ തുലാമാസം 9–നു കോട്ടയം പഴയസെമിനാരിയിൽ ഒരു പ്രതി പുരുഷയോഗം വിളിച്ചുകൂട്ടിക്കൊണ്ട് 1869 കന്നി 30–നു കോട്ടയം സെമിനാരിയിൽ നിന്ന് കൽപന പുറപ്പെടുവിച്ചു. ഈ യോഗത്തിൽ പാലക്കുന്നത്ത് തോമസ് അത്താനാസ്യോസ് മെത്രാനും പങ്കെടുത്തിരുന്നു (അദ്ദേഹം 1868 എടവം 9–നു റമ്പാനായും 19–നു മെത്രാനായും വാഴിക്കപ്പെട്ടിരുന്നു). കോട്ടയം സമ്മേളനം 100 തീരുമാനങ്ങൾ സ്വീകരിച്ചതായി കാണുന്നു.[10] ഇക്കാലത്താണ് സമ്പൂർണ്ണ വേദപുസ്തകം മലയാളത്തിൽ ഹെന്റി ബേക്കർ സായ്പ് പാലക്കുന്നത്ത് മെത്രാച്ചന്റെ കല്പനയോടുകൂടി സൗജന്യമായി അയച്ചു കൊടുത്തത്. 1870 മിഥുനം 22–നു കോട്ടയം സെമിനാരിയിൽ പാലക്കുന്നത്ത് തോമസ് മാർ അത്താനാസ്യോസിന്റെ അധ്യക്ഷതയിൽ കൂടിയ ആലോചനായോഗം 20 നിശ്ചയങ്ങൾ പാസ്സാക്കി.[11]

പുലിക്കോട്ടിൽ മെത്രാച്ചന് സ്ഥാനംകൊടുത്ത യാക്കോബ് രണ്ടാമൻ പാത്രിയർക്കീസ് 1871 കുംഭം 11–നു ഓമ്മീദ് പള്ളിയിൽ വച്ച് കാലം ചെയ്തു. വിവരത്തിന് മാർ കൂറിലോസിനും പുലിക്കോട്ടിൽ മെത്രാച്ചനും തപാൽ വഴി കമ്പി വന്നു. ഇതുമായി ബന്ധപ്പെട്ട് ശീമയിലേക്കു പോകുവാൻ താൻ തീരുമാനിച്ചിരിക്കുകയാൽ എല്ലാ പള്ളിക്കാരും വഴിച്ചിലവിനുള്ള തുക പിരിച്ചുതരുവാനായി മുളന്തുരുത്തി പള്ളിയിൽ കൂടണമെന്ന്

1871 കുംഭം 28-ന് കൽപന വടക്കും തെക്കുമുള്ള പള്ളിക്കാർക്ക് മാർ കൂറിലോസ് അയച്ചുവെങ്കിലും അന്നേ ദിവസം മീനം 15-നു കോട്ടൂർ, പാലക്കുഴ, തുരുത്തിപ്പള്ളി എന്നീ മൂന്നു പള്ളിക്കാർ മാത്രമേ വന്നു ചേർന്നിട്ടുള്ളു എന്നതിനാൽ ഒന്നും നിശ്ചയിക്കാതെ പിരിഞ്ഞു. പുലിക്കോട്ടിൽ മെത്രാച്ചൻ ബാവായുടെ നാല്പതാം അടിയന്തിരം കുന്നംകുളം പള്ളിയിൽ വെച്ച് മേടം 5-നു നടത്തുന്ന വിവരത്തിന് മീനമാസം 22-നു കൽപന അയച്ചു. കുന്നംകുളത്തെ അടിയന്തിരത്തിന്റെ കാര്യം കണ്ടനാട് ഗ്രന്ഥവരിയിൽ കാണുന്നത് ഇപ്രകാരമാണ്: "പാത്രിയർക്കീസ് ബാവായുടെ അടിയന്തിരം കഴിപ്പാൻ നിശ്ചയിച്ചിരിക്കുന്നു എന്ന് പള്ളികൾക്കു എഴുതിയ തീയതി തന്നെ കുന്നംകുളങ്ങരെ പള്ളിയിൽ വെച്ച് പുലഅടിയന്തിരം പോലെ വല്യ പപ്പടം, പഞ്ചസാര മുതലായ സാമാനങ്ങൾ കൊണ്ടത്രേ കഴിച്ചത്. അന്നേദിവസം 300 പറ അരി വച്ചാണ് ഊട്ടു കഴിച്ചത്. മേൽപ്പറഞ്ഞ അരിയും സാമാനങ്ങളും കുന്നംകുളം അയിപ്പൂരു മുതൽ ..... വീതിച്ചെടുത്താണ് ഉണ്ടാക്കി കഴിച്ചത്. ഈ അടിയന്തിരത്തിന് ഇവിടങ്ങളിൽ നിന്ന് പാമ്പാക്കുട യോഹന്നാൻ മല്പാനച്ചനും മാടപ്പറമ്പിൽ കുഞ്ഞിക്കുറുവും കുറുപ്പംപടിക്കൽ കല്ലറയ്ക്കൽ കുഞ്ഞിക്കോരയും പൊയ്ക്കാട്ടിൽ കത്തനാരച്ചനും ഇങ്ങനെ 12 പേർ മാത്രമേ പോയുള്ളു. അവർ പോകുമ്പോൾ പാമ്പാക്കുട നിന്നും മറ്റും ഒന്ന് രണ്ട് വെള്ളിക്കുരിശുകളും അരുളിക്കാ മെഴുകുതിരിക്കാലും, കസവുകാപ്പാ മുതലായ ചില സാമാനങ്ങളും കൂടെക്കൊണ്ടുപോയ പ്രകാരവും അടിയന്തിരം ബഹുപുഷ്ടിയായ് കഴിഞ്ഞു എന്നും പറഞ്ഞു കേട്ടതു കൂടാതെ ഈ അടിയന്തിരത്തിന് വിരോധമായി അഞ്ഞൂരിൽ ഇരുന്നിരുന്ന ആലത്തൂക്കാരൻ മെത്രാനും പാറമ്മേൽ കുരിയപ്പനും കൂടി അന്നേ ദിവസം തന്നെ കുന്നംകുളങ്ങര കുന്നത്തു അങ്ങാടിയിൽ കിഴക്കു വശത്തായി അഞ്ഞൂർ വകയായി ഇപ്പോൾ പണിതുവരുന്ന പള്ളിയിൽ വെച്ച് ഇറച്ചി, മീൻ, മോര്, തൈര് മുതലായ സാമാനങ്ങൾ കൊണ്ട് കഴിച്ചു എന്നും അന്നേ ദിവസം 150 പറ അരി വെച്ചു എന്നും ആ ഭാഗക്കാർ എല്ലാവരും അവിടെ കൂടി എന്നും ആയത് പുഷ്ടി ആയി കഴിഞ്ഞു എന്നും കേട്ടു. വിശേഷിച്ച് ഇരു കൂട്ടക്കാർക്കും വീതിച്ച് വന്നതിൽ ചിലവു നീക്കി അധികമുള്ള രൂപാ കൊണ്ട് പുലിക്കോട്ടച്ചൻ ഒരു മുറി പണിയിക്കുന്നു എന്നും അഞ്ഞൂർ അച്ചൻ അടിയന്തിരം കഴിച്ച് പള്ളി പണിയിക്കുന്നു എന്നും കേട്ടു."[12]

പാത്രിയർക്കാ തെരഞ്ഞെടുപ്പിന് താൻ വരുന്നു എന്ന് കൂറിലോസും ദൂരയാത്ര പ്രമാണിച്ച് വരുന്നില്ലെന്ന് ദീവന്നാസ്യോസും ശീമയിലേക്ക് അറിയിച്ചിരുന്നു. പുലിക്കോട്ടിൽ മെത്രാച്ചൻ "കുന്നംകുളങ്ങരെ നിന്നും കൊച്ചിയിൽ വന്ന് അവിടെ താമസിച്ച് അച്ചടി തുടങ്ങുന്നതിന് വേണ്ടി 200 രൂപയ്ക്ക് അച്ച് മുതലായത് വാങ്ങിച്ചത് തന്നെയല്ലാ മുൻ അദ്ദേഹത്തിനുണ്ടായിരുന്ന കല്ലച്ച് മുതലായതും കൊണ്ടു കർക്കിടകമാസം 11-ന്

മുളന്തുരുത്തി പള്ളിയിൽ വന്നിരുന്ന് അച്ചടി മുതലായത് നിവൃത്തിക്കുന്നതിന് വേണ്ടി ഒരു ഭാഗ്യശിട്ടി കൂടത്തക്കവണ്ണവും ആയത് ലക്ഷം നമ്പരും പേരൊന്നുക്കു രണ്ട് ചക്രം വീതത്തിൽ മുതൽ രൂപാ 7000–ത്തിൽ ഒന്ന് പാതി രൂപാ അച്ചടി മുതലായ ചെലവുകൾക്കും ശേഷം രൂപ കുറിയിട്ട് കിട്ടുന്നവർക്ക് മുറക്കു കൊടുക്കത്തക്കവണ്ണവും നിശ്ചയിച്ച് ആ വകയ്ക്കുള്ള ടിക്കറ്റ്, പരസ്യം മുതലായതു കല്ലച്ചിൽ അച്ചടിച്ചു വരുന്നു."[13]

1870–ൽ കൊച്ചി–തിരുവിതാംകൂർ റസിഡണ്ട് ജി. എ. ബല്ലാർഡ് സായിപ്പ് പരസ്യപ്പെടുത്തിയതനുസരിച്ച് മലയാളത്തുള്ള സുറിയാനി സഭയെയും സമൂഹത്തെയും കുറിച്ച് ഒരു നല്ല പ്രകരണം എഴുതിയ തിരുവല്ലാ റവ. ഇട്ടീര ഈപ്പൻ, കോട്ടയം റവ. ജോർജ്ജ് കുരിയൻ, കൊച്ചിയിൽ റവ. കുരുവിള കുരുവിള, കോട്ടൂർ റവ. യൗസേപ്പ് കത്തനാർ എന്നിവരുടെ പ്രകരണങ്ങൾ സമ്മാനാർഹങ്ങളായി എന്ന് കേരളവർമ്മ വലിയ കോയിത്തമ്പുരാൻ തുടങ്ങിയവർ അടങ്ങിയ കമ്മിറ്റി പ്രഖ്യാപിക്കുകയും അവർക്കു യഥാക്രമം 150 രൂപായും ശേഷം എല്ലാവർക്കും കൂടി 100 രൂപായും കൊടുക്കുകയും ചെയ്തു.

പരദേശയാത്രയിൽ നമ്മുടെ കഥാപുരുഷനെ ഏറ്റവും ആകർഷിച്ച രണ്ടു പ്രവർത്തനങ്ങൾ ആയിരുന്നു ദയറാകളും വിദ്യാലയങ്ങളും. മലങ്കരസഭയിൽ അന്നുവരെ ദയറാ പ്രസ്ഥാനമോ, കാര്യമായ വിദ്യാഭ്യാസ പ്രവർത്തനങ്ങളോ ആരംഭിച്ചിട്ടില്ലായിരുന്നു. പകലോമറ്റം മെത്രാന്മാരുടെ കാലത്ത് സ്ഥാപിക്കപ്പെട്ട വെട്ടിക്കൽ കുരിശ് ഭൂമിശാസ്ത്രപരമായി ഒരു ദയറായ്ക്ക് ചേർന്ന അന്തരീക്ഷമാണെന്ന് അദ്ദേഹം കണ്ടെത്തി. മുളന്തുരുത്തി, കണ്ടനാട് തുടങ്ങി വടക്കൻ മേഖലയുടെ ഹൃദയഭാഗത്തായിരുന്നതിനാൽ ഏതാനും ഉത്തമമായ സന്യാസിമാരെ ഏൽപിച്ചാൽ ഒരു വൈദിക കലാലയം അവിടെ വളർത്തിയെടുക്കാമെന്ന് അദ്ദേഹം ചിന്തിച്ചു. അപ്പോഴത്തെ പരിതഃസ്ഥിതിയിൽ നവീകരണത്തിന്റെ മിശ്രിതം ചേരാത്ത വൈദിക വിദ്യാഭ്യാസത്തിന് സഭയിൽ സൗകര്യമില്ലായിരുന്നു. തന്റെ പ്രിയ ശിഷ്യൻ ചാത്തുരുത്തി ഗീവറുഗ്ഗീസ് കത്തനാർക്കു 1872 മീനമാസം 26–നു ഞായറാഴ്ച മുളന്തുരുത്തി പള്ളിയിൽ വെച്ച് മാർ ദീവന്നാസ്യോസ് റമ്പാൻസ്ഥാനം നൽകി. റമ്പാച്ചൻ കണ്ടനാട്ട് പള്ളിപ്പുറത്ത് കല്ലറക്കൽ എന്നും മുളന്തുരുത്തിയിൽ കരപുള്ളിൽ എന്നും പള്ളത്തട്ടേൽ എന്നും വീട്ടുപേരുകളിൽ അറിയപ്പെട്ടിരുന്നു. സുറിയാനി ഭാഷാപാണ്ഡിത്യം, ഭക്തിപാരമ്യം, ജീവിത വിശുദ്ധി, ഗുരുഭക്തി, ദൈവാശ്രയം, ആരാധനാ നിഷ്ഠകൾ എന്നിവയിൽ അദ്വിതീയൻ ആയിരുന്നു വെട്ടിക്കൽ ദയറായിലേക്ക് പുലിക്കോട്ടിൽ മെത്രാച്ചൻ നിയോഗിച്ച റമ്പാച്ചൻ. ആ റമ്പാൻ മൂലം മലങ്കരസഭാചരിത്രം എത്ര കണ്ട് തേജോമയമാകാനിരിക്കുന്നുവെന്ന് സ്ഥാനദാതാവ് അറിഞ്ഞില്ല എന്ന് കരുതാനാവില്ല. സ്വന്തം പിൻഗാമിയാകാനുള്ള

ഒരാളെ മെത്രാച്ചൻ റമ്പാനിൽ കണ്ടെത്തുകയായിരുന്നുവെന്ന് പിൽക്കാല സംഭവങ്ങളും വെളിപ്പെടുത്തുന്നുണ്ട്. കോട്ടയം സെമിനാരി നവീകരണ ക്കാരുടെ കൈയിൽ ഒതുങ്ങിയപ്പോൾ ഇടവക പള്ളികൾക്ക് നേരിട്ട് നിയ ന്ത്രണമില്ലാത്ത ഒരു പൊതു ആസ്ഥാനം വെട്ടിക്കൽ ആശ്രമത്തോടു ചേർത്തു രൂപപ്പെടുത്തുവാൻ ആ ഭാവനാശാലി ചിന്തിച്ചിരുന്നു. ഇക്കാ ര്യത്തെപ്പറ്റി കണ്ടനാട്, കരിങ്ങാശ്ര, നടമേൽ, പറവൂർ, കുറിഞ്ഞി മുത ലായ പള്ളികൾക്ക് 1872 മീനം 25-നു ദീവന്നാസ്യോസ് മെത്രാച്ചൻ കല്പന അയച്ചിരുന്നു.

1872 ഇടവം 7-നു ഞായറാഴ്ച മാർ ദീവന്നാസ്യോസ് കണ്ണ്യാട്ടുനിര പ്പേൽ പള്ളിക്കു മാർ യൂഹാനോൻ മാംദാനയുടെ നാമത്തിൽ ശിലാസ്ഥാ പനം നടത്തി. ഒരു പ്രതിഭാശാലിയായ മെത്രാന്റെ നിർമ്മാണക്ഷമമായ പ്രജ്ഞ പ്രവൃത്യുന്മുഖമാകുന്നതിന്റെ ദൃഷ്ടാന്തങ്ങളാണിവ. നേരത്തേ പറഞ്ഞതുപോലെ "കൊച്ചിയിൽ, പനക്കൽ അയ്പ്പൂരുവിന്റെ പണ്ടകശാ ലയിൽ സെന്റ് തോമസ് പ്രസ് എന്ന പേരിൽ അച്ചുകൂടം സ്ഥാപിച്ച് മല യാളത്തിലും സുറിയാനിയിലും പൂർണ്ണമായും ചുരുക്കമായി ഇംഗ്ലീഷിലും അച്ചടിവേലകൾ ചെയ്തു തുടങ്ങി. വീണ്ടും പരജനങ്ങൾക്ക് വിദ്യയും നാഗരികതയും അഭിവൃദ്ധിയായി വരുവാൻ വേണ്ടി കേരള പതാക എന്ന് നാമധേയമായി ഒരു വർത്തമാനപത്രിക കൊല്ലം 1048-ാം ആണ്ട് (1872) ചിങ്ങം ഒന്ന് മുതൽ മാസത്തിൽ 2 തവണയായി പ്രസിദ്ധം ചെയ്ത് വന്നു."[14] കേരളപതാകയിലെ വാർത്തകളുടെ അന്നത്തെ സമ്പ്രദായം അറിയുവാൻ 1048 കന്നി 16-നു (1872) തിങ്കളാഴ്ച പ്രസിദ്ധം ചെയ്ത കേരളപതാകയിലെ ഒരു വാർത്ത ഗ്രന്ഥവരിയിൽ നിന്ന് ഉദ്ധരിക്കുന്നു:-

"ശുദ്ധമുള്ള പത്രോസ് ശ്ലീഹായുടെ അനന്തിരവനും കാതോലിക്കാ പള്ളിയുടെ വികാരിയുമായ അന്ത്യോഖ്യായുടെ ശുദ്ധമുള്ള രണ്ടാമത്തെ യാക്കോബ് എന്ന് പേരായ മോറാൻ മാർ ഇഗ്നാത്തിയോസ് പാത്രിയർ ക്കീസ് ബാവാ സ്വർഗ്ഗാരോഹണം ചെയ്ത ശേഷം പിന്നീട് ശുദ്ധമുള്ളതും ശ്ലീഹായ്ക്കടുത്തതുമായ ഈ വലിയ സ്ഥാനത്തേയ്ക്ക് ആരെ നിയമി ക്കേണ്ടൂ എന്ന് ആലോചിപ്പാനായി ശുദ്ധമുള്ള മെത്രാപ്പോലീത്താമാർ ഉന്നതപ്പെട്ട എപ്പിത്രോപ്പന്മാർ വൈരാഗികളായ കോർഎപ്പിസ്ക്കോപ്പന്മാർ, വ്രതക്കാരായ റമ്പാന്മാർ, ശോഭയുള്ള ഒനുവായക്കാർ, ഉത്തമന്മാരായ പട്ടക്കാർ, മല്പാന്മാരായ അർക്കദിയോക്കന്മാർ, ഉണർച്ചയുള്ള ശെമ്മാ ന്മാർ, ബഹുമാനപ്പെട്ട പ്രഭുക്കന്മാർ മുതലായവർ മർദ്ദീൻ പട്ടണത്തിൽ കുർക്കുമാ എന്ന ദയറായിൽ സുന്നഹദോസുകൂടി ആലോചിച്ചതിൽ സുറിയായുടെ പൂനിക്കി എന്ന നഗരത്തിന്റെ പ്രധാന മേല്പട്ടക്കാരനായ പത്രോസ് എന്ന പരിശുദ്ധന്റെ നോമ്പും ഉറക്കമൊഴിച്ചിൽ, രാപകലുള്ള പ്രാർത്ഥനകൾ, ദരിദ്രന്മാരോടുള്ള സ്നേഹം ഈ വകകളെകൊണ്ടും

രക്ഷിതാവായ മശിഹായുടെ സഭയ്ക്കു വേണ്ടി പലപ്പോഴും താൻ സഹിച്ചിട്ടുള്ള പീഡകളെ കൊണ്ടും ഈ വലിയ സ്ഥാനത്തേയ്ക്ക് യോഗ്യനെന്ന് നിശ്ചയിച്ചു. വിവരം അദ്ദേഹത്തെ ഗ്രഹിപ്പിച്ചാറെ മഹത്വമുള്ള ഈ സ്ഥാനത്തിന് താൻ അയോഗ്യനെന്നും തന്നിൽ നിന്ന് ഇതിനെ ഒഴിക്കണമെന്നും ഈ പരിശുദ്ധൻ പ്രത്യേകം അപേക്ഷിക്കയാൽ കുറെ താമസത്തിന് ഇട വന്നു പോയി. പിന്നീട് സുന്നഹദോസുകാർ ആദ്യം നിശ്ചയിച്ച നിശ്ചയത്തെ ദൈവത്തിന്റെ തിരുനാമത്താൽ ഒന്നുകൂടി ഉറപ്പിക്കുകയും അവർ എല്ലാവരും കൂടെ ഈ പരിശുദ്ധനെ പാത്രിയർക്കീസ് എന്ന് പേർ വിളിക്കുകയും ചെയ്തതിനാൽ ഇദ്ദേഹം ദൈവത്തിന്റെ ഇഷ്ടത്തിന് സുന്നഹദോസിന്റെ മുമ്പാകെ തല ചായ്ക്കയും ചെയ്തു."[15]

ഈ പാത്രിയർക്കാവാഴ്ചയെപ്പറ്റി ഇടവഴിക്കൽ പീലിപ്പോസ് കത്തനാർക്ക് വന്ന സന്ദേശമാണ് 'കേരളപതാക'യിൽ പ്രസിദ്ധപ്പെടുത്തിയത്. പുലിക്കോട്ടിൽ മെത്രാച്ചന്റെ വാഴ്ചയുടെ വിവരം എന്ന പോലെ പത്രോസ് തൃതീയൻ പാത്രിയർക്കീസിന്റെ സ്ഥാനാരോഹണവിവരവും മാർ കൂറിലോസിന് നേരിട്ട് യഥാസമയം ലഭിച്ചില്ല.

മാർ ദീവന്നാസ്യോസ് 1047 (1872) മീനം മുതൽ കോട്ടയം മുതലായി തെക്കോട്ടുള്ള പള്ളികളിൽ സഞ്ചരിച്ചുവരുമ്പോൾ പാലക്കുന്നത്ത് മെത്രാച്ചന്മാരുടെ കൽപനപ്രകാരം പല മര്യാദകളും പല പള്ളികളിലും വ്യത്യാസപ്പെട്ടതായിക്കണ്ട് ദുഃഖിച്ചു. പരിഹാരമാർഗ്ഗത്തെപ്പറ്റി ഉടനെ ചിന്തിച്ചു. "... അതിനാൽ ഈ തെക്കേ ദിക്കുകളിൽ എവിടെ എങ്കിലും സുറിയാനി മാർഗ്ഗം അഭ്യസിപ്പിക്കുന്ന ഒരു പുതിയ സിമ്മനാരി പണിയിക്കണമെന്നും മറ്റും അറിയിക്കയാൽ തിരുവല്ലയോട് ചേർന്ന് മാന്നാർ അരികുപുറത്ത് കോരത് മാത്തൻ എന്ന് നാമധേയവും പരോപകാരപ്രിയനും ആയുള്ള ആൾക്ക് ഈ കാര്യത്തിൽ ഭക്തിവൈരാഗ്യം തോന്നിയിട്ട് തന്റെ വക പരുമല എന്ന സ്ഥലത്ത് ഒരു പുരയിടം സിമ്മനാരി വയ്ക്കുന്ന വകയ്ക്കായിട്ട് മെത്രാപ്പോലീത്തായ്ക്ക് ദാനം ചെയ്തിരിക്കുന്നതു കൂടാതെ സിമ്മനാരിപ്പണി ഉടനെ ആരംഭിപ്പാൻ വേണ്ടി തന്റെ വക ഇരുപത്തിരുക്കോൽ നീളമുള്ള ഒരു നെൽപ്പുരയും പൊളിച്ചു കൊടുത്തിരിക്കുന്നു. ആ സ്ഥലത്ത് സിമ്മനാരിയ്ക്ക് .... അടിസ്ഥാനം ഇട്ടു ക്രമപ്രകാരം പണിയും നടത്തിവരുന്നു. സിമ്മനാരിയുടെ അനുബന്ധമായിത്തീരാനുള്ള ചെറിയപള്ളി സർക്കാരിൽ നിന്ന് അനുവാദം ലഭിച്ചാൽ ഉടനെ പണിയിച്ച് കൊടുക്കാമെന്ന് മേൽപ്പറഞ്ഞ കോരത് മാത്തനും സിമ്മനാരിപ്പണിവകയ്ക്കുള്ള സകല ചെലവുകളും നിർവഹിച്ചുകൊള്ളാമെന്ന് നിരണം ആദിയായുള്ള ഏതാനും പള്ളിക്കാരും ഭരമേറ്റിരിക്കുന്നപ്രകാരം കേട്ടറിയുന്നു."[16]

ജീവചരിത്രകാരന്റെ നിരീക്ഷണം കൂടെ ഇവിടെ ചേർക്കട്ടെ: "മാർ

ദീവന്നാസ്യോസ് പിന്നീട് ശ്രമിച്ചത് തെക്കേ ദിക്കിൽ ഒരു പൊതു സ്ഥലം ഉണ്ടാക്കുവാനായിരുന്നു. പള്ളികൾ മിക്കതും അന്യാധീനപ്പെട്ടുപോയത് വീണ്ടെടുക്കുന്നതിന് അതുകളുടെ മധ്യസ്ഥാനത്ത് ഒരു വിശ്രമസ്ഥലം ഇല്ലാഞ്ഞാൽ പ്രയാസമാണെന്നുള്ള വിചാരത്തോടുകൂടി സ്വന്തം സ്വാധീനത്തിലായിരുന്ന മാവേലിക്കര പുത്തൻപള്ളിയോട് ചേർന്ന് ഒരു കെട്ടിടം (തഴക്കര സെമിനാരി) പണിയിച്ചു എങ്കിലും അതു പൊതുവകയ്ക്കു വിട്ടുകൊടുക്കാൻ പള്ളിക്കാർ മടി കാണിച്ചതിനാൽ ആ യത്നം ഉപേക്ഷിക്കേണ്ടി വന്നു. പിന്നത്തെ നോട്ടത്തിലാണ് പരുമല കൂടുതൽ അനുയോജ്യമെന്ന് കണ്ടത്. അന്നു തന്നെ പരിസരത്തായി 25 പള്ളികൾ ഉണ്ടായിരുന്നു. ... 1047-ൽ (1872) തന്നെ ഈ സ്ഥലത്ത് ഒരു ചെറിയ കെട്ടിടം പണിയിച്ച് അതിൽ താമസിക്കുവാൻ തുടങ്ങി. തെക്കേ ദിക്കിലുള്ള ചില ശെമ്മാശന്മാരെ വരുത്തി ചുരുങ്ങിയ മട്ടിൽ സുറിയാനിപഠിത്തവും ആരംഭിച്ചു.[17] നിരണത്തെ അനുയായികൾക്ക് പുറമേ പരുമലയ്ക്കു ചുറ്റുമുള്ള എട്ടുപത്തു പള്ളികൾ പരുമലവാസം കൊണ്ട് മാർ ദീവന്നാസ്യോസിന് സ്വാധീനമായി. സെമിനാരി ചാപ്പൽ നിർമ്മാണത്തിനുള്ള പണം മാത്തനും നിരണം തുടങ്ങിയ പള്ളിക്കാരും കൊടുക്കാമെന്ന് വാഗ്ദാനം ചെയ്തു."

1872 തുലാമാസം 23-നു മെത്രാച്ചൻ തിരുവാങ്കുളത്തെത്തി. 1043 (1868) മീനമാസത്തിൽ തീ പിടിച്ച ശേഷം അവിടത്തെ പള്ളി ആരും ഉപയോഗിച്ചിരുന്നില്ല. ദീവന്നാസ്യോസ് ആ പള്ളി 26-നു മാർ സ്തേഫാനോസ് സഹദായുടെ നാമത്തിൽ കൂദാശ ചെയ്തു.

പരുമല സെമിനാരി നിർമ്മാണം നടന്നുകൊണ്ടിരിക്കേ, എല്ലാ പള്ളിക്കാരും 1872 ചിങ്ങം 27-നു പരുമലയിൽ സമ്മേളിക്കുവാൻ മാർ ദീവന്നാസ്യോസ് കൽപന അയച്ചു. കൽപനപ്രകാരം 80-ൽ അധികം പള്ളിക്കാർ അവിടെ സമ്മേളിച്ചു. മാർ കൂറിലോസും റമ്പാച്ചനും (ചാത്തുരുത്തിൽ) മക്കുദിശായും (കൂറിലോസിന്റെ സഹോദരൻ ഗബ്രിയേൽ) മൂസൽക്കാരൻ സ്തേപ്പാനോസ് ശെമ്മാശൻ തുടങ്ങി ഒട്ടുവളരെ പ്രധാനികൾ ആ യോഗത്തിൽ കൂടിയിരുന്നു.[18] പരുമല സമ്മേളനത്തെപ്പറ്റി ഒരു ചരിത്ര പുസ്തകത്തിൽ കൊടുത്തിട്ടുള്ള പ്രസ്താവന ഇവിടെ ചേർക്കുന്നതു വായനക്കാർക്ക് രസകരമാകാതിരിക്കുകയില്ല: "പരുമല ദ്വീപിന്റെ അക്കാലത്തെ സ്ഥിതിയെക്കുറിച്ച് ഒരു സഭാചരിത്രകാരൻ പറയുന്നത് കൊള്ളക്കാരും കൊലപാതകികളുമായ പറയരുടെയും യക്ഷികിന്നരന്മാരുടെയും വിഹാരരംഗം എന്ന് കുപ്രസിദ്ധി സമ്പാദിച്ചതും കാളികൂളന്മാരുടെ ആസ്ഥാനമായി എണ്ണപ്പെട്ടതായിരുന്നതുമായ പരുമല ദ്വീപ് എന്നാണ്. ഇങ്ങനെയുള്ള ഒരു സ്ഥലത്ത് (ആ സ്ഥലം എവിടെയാണെന്ന് അറിയാമായിരുന്നാലും) തെക്കുനിന്നുമുള്ള പള്ളിക്കാർ അവിടെ വന്നു ചേരുവാനുള്ള സാധ്യത വളരെ കുറവാണ്. വടക്കുള്ള പള്ളിക്കാർക്ക് ആ സ്ഥലം

എവിടെയാണെന്ന് പോലും അറിയുവാൻ പ്രയാസവുമായിരുന്നു. പിന്നെ തന്റെ കീഴിലുള്ള പള്ളിക്കാരെയെല്ലാം കൊ. വ. 1048 (1872) ൽ ചിങ്ങ മാസത്തിൽ പരുമല വിളിച്ചുകൂട്ടി തീരുമാനമെടുത്തുവെന്ന് പറയുന്നത് ശരിയാകാൻ തരമില്ല." മുൻ ഖണ്ഡികയിൽ അദ്ദേഹം ഉറപ്പിച്ചു തന്നെ ശ്രീ. എം. പി. വർക്കിയുടെ ജീവചരിത്രത്തിലെ സമകാല പ്രസ്താവ നയെ നിഷേധിച്ചുകൊണ്ട് പറയുന്നു: "ഇതൊന്നും നടന്നിട്ടുള്ള കാര്യ ങ്ങളല്ല."[19]

പരുമല സമ്മേളനത്തിന്റെ നടപടികളും തീരുമാനങ്ങളും മലങ്കരസഭാ ചരിത്രത്തിലെ അതിപ്രധാനരേഖകൾ ആകയാൽ അവയെ ഈ പ്രകര ണത്തിൽ സംഗ്രഹിച്ച് അവതരിപ്പിക്കുകയാണ്.

മാർ അത്താനാസ്യോസിനെ മുൻ പാത്രിയർക്കീസന്മാർ മുടക്കി മഹ റോൻ ചൊല്ലിയെന്ന് വിവരിക്കുന്ന പത്രോസ് തൃതീയൻ ബാവായുടെ കൽപന യോഗത്തിൽ ആദ്യം വായിച്ചു. പിന്നീട് മാർ ദീവന്നാസ്യോസിന്റെ പ്രസംഗത്തിൽ മാർ കൂറിലോസിനെ അധ്യക്ഷവേദിയിലേക്ക് ക്ഷണിക്കു കയും യോഗത്തിൽ ആലോചിച്ച് തീരുമാനിക്കേണ്ട കാര്യങ്ങൾ എന്തെ ല്ലാമെന്ന് വിവരിക്കുകയും ചെയ്തു.

1. കക്ഷിഭിന്നതകൾ നീങ്ങുവാനും ഐക്യവും സമാധാനവും ഉണ്ടാ കുവാനും വിദ്യാഭ്യാസം വർദ്ധിച്ചു വരുവാനുമായി മെത്രാന്മാർ തമ്മിലുള്ള വഴക്കുകൾ തീരണം. മെത്രാന്മാരുടെ വഴക്കുകൾകൊണ്ടും ഏകനായ കത്വത്തിന്റെ ബലം ഹേതുവായിട്ടും സഭയ്ക്കു ദോഷം ഭവിക്കാതെ ഇരി ക്കണം. സുറിയാനി സമുദായത്തിന്റെ ക്ഷേമാഭിവൃദ്ധികൾക്കു സ്ഥിരമായ മാർഗ്ഗങ്ങളും പദ്ധതികളും കണ്ടെത്തണം. സർക്കാരിലെ അധികാര ത്തോടെ ഇപ്പോൾ ഭരിച്ചുവരുന്ന പാലക്കുന്നത്ത് മെത്രാച്ചന്റെ പേരിൽ തെറ്റുകൾ ഉണ്ടെന്നും പാത്രിയർക്കീസ് അദ്ദേഹത്തെ മുടക്കിയിട്ടുള്ളതി നാൽ അദ്ദേഹത്തെയും അദ്ദേഹം സ്ഥാനം കൊടുത്തിട്ടുള്ള രണ്ടു മെത്രാ ന്മാരെയും സ്വീകരിക്കുവാൻ പാടില്ലെന്നും, അതേസമയം നിലവിലുള്ള വരിൽ ചില മെത്രാന്മാരെ സ്വീകരിക്കുകയും ചിലരെ പരിത്യജിക്കുകയും ചെയ്താൽ കൂടുതൽ കലഹങ്ങൾ ഉണ്ടാകാനിടയുണ്ടെന്നും എല്ലാവരും യോജിക്കാൻ ശ്രമം നടത്തുകയാണ് ആദ്യം വേണ്ടതെന്നും ഇവിടെ യോജിപ്പിന് വേണ്ടി നാം ചെയ്യുന്ന ശ്രമങ്ങൾ പാത്രിയർക്കീസിനെ സന്തോഷിപ്പിക്കുമെന്നും അദ്ദേഹം പ്രസ്താവിച്ചു. തെറ്റുകൾ ഏറ്റുപറ യുവാനും അന്ത്യോഖ്യാ പാത്രിയർക്കീസിനെ വേദത്തലവനായി അംഗീ കരിപ്പാനും ഈ യോഗ തീരുമാനങ്ങൾ അനുസരിക്കുവാനും സമ്മത മാണോ എന്ന് അന്വേഷിക്കുവാൻ ഒരു ഡെപ്യൂട്ടേഷനെ മാർ അത്താനാ സ്യോസിന്റെ അടുക്കലേക്ക് അയയ്ക്കണം. മറുപടി അനുകൂലമല്ലെങ്കിൽ, പാത്രിയർക്കീസുബാവായുടെ കല്പനപ്രകാരമുള്ള മെത്രാപ്പോലീ

ത്തായെ അംഗീകരിച്ച് സ്ഥിരപ്പെടുത്തിത്തരുവാൻ സർക്കാരിനോടപേക്ഷിക്കണം.

2. മെത്രാന്മാരുടെ ഏകനായകശക്തി സഭയ്ക്കു ദോഷമായിരിക്കുകയാൽ മതസംബന്ധമായും സാമൂഹ്യസംബന്ധമായും മറ്റുമുള്ള സകല വിഷയങ്ങളെയും നടത്തുന്നതിന് സ്വാതന്ത്ര്യവും അധികാരവുമുള്ള ഒരു കൂട്ടത്തെ നിശ്ചയിക്കുകയും അതിനെ പ്രത്യേകം ഒരു പേർ വിളിക്കയും ചെയ്യണം.

3. ഒരു മെമ്പറുടെ ഫീസ് വാങ്ങി ഓരോ പള്ളിയുടെയും വികാരിയെ അസോസ്യേഷനിലെ അംഗമാക്കി എല്ലാ ഇടവകകളുടെയും പ്രാതിനിധ്യം ഉറപ്പാക്കണം.

4. സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ അംഗങ്ങളിൽ നിന്നുണ്ടാകുന്ന വരുമാനം കൂടാതെ ഒരു ധർമ്മശേഖരം നടത്തേണ്ടതും അവർ തരുന്ന സംഖ്യയ്ക്ക് തക്കപോലെ വ്യത്യസ്ത ക്ലാസുകളായി അവരെ തിരിച്ച് ആ അടിസ്ഥാനത്തിൽ അവരുടെ അവകാശങ്ങളെ ക്രമപ്പെടുത്തുകയും വേണം.

5. അസോസ്യേഷൻ വിപുലമായ സംഘടന ആകയാൽ ഒന്നിച്ച് കൂടുക ബുദ്ധിമുട്ടാണ്. തന്മൂലം അവരിൽനിന്ന് കാര്യാദികൾ നടത്തുന്നതിന് ശേഷിയുള്ള 4 പട്ടക്കാരെയും 8 അയ്മേനികളെയും കമ്മട്ടിക്കാരായി തെരഞ്ഞെടുത്തു നിശ്ചയിക്കണം.

6. കമ്മറ്റിക്കാർക്കു സമ്മതമുള്ള ഒരാളെ സെക്രട്ടറി ആയിട്ടും മറ്റൊരാളെ മുതൽപിടി ആയിട്ടും നിശ്ചയിക്കണം. എഴുത്തുകളും കുത്തുകളും പ്രമാണങ്ങളും കണക്കുകളും സെക്രട്ടറിയും ധനസമാഹരണം, വിനിയോഗം എന്നിവ മുതൽപിടിയും കൈകാര്യം ചെയ്യണം.

7. കമ്മറ്റിക്കാരു അസോസ്യേഷൻ മെമ്പർമാരുടെ സമ്മതം വാങ്ങി കാര്യങ്ങൾ ചെയ്യണം. ഭിന്നത വന്നാൽ അധിക മെമ്പർമാരുടെ (?) സമ്മതം പ്രാബല്യത്തിലിരിക്കണം.

8. സുറിയാനി സമുദായത്തിനും പള്ളിവകയ്ക്കും ഈ കമ്മട്ടി രക്ഷകർത്താക്കൾ എന്നപോലെ മത-സാമൂഹ്യമായും മറ്റുമുള്ള കാര്യങ്ങളിൽ ചട്ടങ്ങൾ പാലിക്കുവാനും ഭേദഗതി ചെയ്യുവാനും വ്യവഹാരങ്ങൾ നടത്തുവാനും അധികാരം വഹിക്കണം.

9. വിദ്യാഭ്യാസം വർദ്ധിക്കുവാൻ പഠിത്തവീടുകൾ (സ്കൂളുകൾ) പണിയിക്കുവാനും പുസ്തകങ്ങൾ അച്ചടിപ്പിക്കുവാനും ഇംഗ്ലീഷ് - സുറിയാനി - മലയാളം എന്നീ മൂന്നു ഭാഷകൾ പഠിപ്പിക്കുവാൻ യോഗ്യരായ സ്വദേശികളെയോ പരദേശികളെയോ നിയമിക്കുവാനും അവയ്ക്കുള്ള മുതൽ

ശേഖരിക്കുവാനും അവ പലിശയ്ക്കു കൊടുത്ത് മുതൽ നശിക്കാതെ ചെലവിടുന്നതിനും കമ്മറ്റിക്കാർക്ക് ചുമതല ഉണ്ടായിരിക്കണം.

10. ആൺ പൈതങ്ങൾക്കും പെൺ പൈതങ്ങൾക്കും പഠിക്കുവാൻ പഠിത്തവീടുകൾ എല്ലാ ഇടവകകളിലും സ്ഥാപിക്കണം. അക്കാര്യങ്ങൾ കമ്മറ്റിയുടെ ചുമതലയിലായിരിക്കണം.

11. പള്ളികൾ കേടുപാടുകൾ പോക്കാനും പുതിയ പള്ളികൾ സ്ഥാപിക്കാനും വിദ്യാലയങ്ങൾ സ്ഥാപിക്കുവാനും ആവശ്യമെങ്കിൽ പൊതു സമുദായ ഫണ്ടിൽ നിന്ന് കമ്മറ്റിക്കാർക്ക് പണം ചെലവിടുന്നതാണ്. ആ ചെലവിടുന്ന മുതലിന്റെ പലിശ ഇടവകക്കാർ നൽകുമെന്ന് ഉറപ്പുവരുത്തണം.

12. എല്ലാ പള്ളികളിലെയും വസ്തുക്കൾക്കും സാമാനങ്ങൾക്കും ഇരിപ്പു മുതലിന്നും ഉള്ള കണക്കുകളുടെ ഓരോ പകർപ്പുരേഖകൾ തൽക്കാലമുള്ള കൈക്കാരന്മാരും വികാരിമാരും കൂടെ മെത്രാപ്പോലീത്തായ്ക്കും കമ്മേറ്റിക്കാർക്കും കൊടുക്കണം. പള്ളികളുടെ വാർഷിക തെരട്ട് കൈക്കാരനും വികാരിയും കൂടെ മെത്രാപ്പോലീത്തായ്ക്കും കമ്മറ്റിക്കാർക്കും കൊടുക്കണം.

13. വിദ്യാഭ്യാസവർദ്ധന, ബാലവിവാഹം നിറുത്തൽ ചെയ്യൽ, മാമ്മൂദീസാ, വിവാഹം, ശവമടക്കം ഇവകൾക്കു രജിസ്റ്റർ ഉണ്ടാക്കി സൂക്ഷിക്കൽ, ഇവയുടെ പകർപ്പ് കമ്മറ്റിക്കാർക്ക് കൊടുക്കൽ എന്നിവയ്ക്കായി വികാരിമാരെ മെത്രാപ്പോലീത്താ മുഖാന്തിരം ചുമതലപ്പെടുത്തണം.

14. സുവിശേഷ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ യോഗ്യതയുള്ള പട്ടക്കാരെയും പ്രമാണികളെയും ചുമതലപ്പെടുത്തണം. അവർക്കു ശമ്പളം നൽകണം. കമ്മറ്റിക്കാർ അതിന്റെ ചുമതല വഹിക്കണം.

15. മലയാളത്തിലെ സുറിയാനിക്കാരുടെ നടപടിക്കു ഉപയോഗപ്പെടുന്ന കാനോനാകളെ സുറിയാനിയിൽ നിന്ന് പഠിത്തമുള്ള മല്പാന്മാർ മുഖാന്തിരം പരിഭാഷപ്പെടുത്തി അവയും മറ്റു വിധികളും ജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധപ്പെടുത്തണം. വേദകാര്യങ്ങളിൽ അറിവുണ്ടാക്കാൻ പുസ്തകങ്ങൾ, ചരിത്രങ്ങൾ ഇവ വിവർത്തനം ചെയ്ത് പുതിയ പുസ്തകങ്ങൾ ഉണ്ടാക്കിയും ജനങ്ങളെ പ്രബുദ്ധരാക്കാൻ കമ്മറ്റി ചുമതലയേൽക്കണം.

16. മെത്രാന്മാരുടെ പിൻതുടർച്ചയിൽ തർക്കം ഒഴിവാക്കാനായി പഠിത്തവും പ്രാപ്തിയുമുള്ള രണ്ടു പട്ടക്കാർ അസോസ്യേഷനാൽ തെരഞ്ഞെടുക്കപ്പെട്ട് പാത്രിയർക്കീസിന്റെ അടുക്കൽ താമസിക്കണം. ഇവിടെ ആവശ്യം വരുമ്പോൾ അവരിൽ ഒരാൾ പട്ടമേറ്റ് വരണം. അസോസ്യേഷന്റെ അംഗീകാരമില്ലാതെ യാതൊരാളെയും ഭാവിയിൽ മെത്രാന്മാരായിട്ട് കൈക്കൊള്ളുകയില്ല.

17. മെത്രാപ്പോലീത്തായ്ക്കും അസോസ്യേഷനും സമ്മതമുള്ള ഒരാളെ അർക്കദിയാക്കോൻ ആയി നിയമിക്കണം. അയാൾ മെത്രാനെ സഹായിക്കണം.

18. മെത്രാപ്പോലീത്തായുടെ സകല ചിലവുകളും സമുദായം വഹിച്ചുകൊള്ളണം. എന്നാൽ അദ്ദേഹം കുടുംബാവശ്യങ്ങൾക്ക് സമുദായം വക പണം ഉപയോഗിക്കരുത്. പട്ടംകൊട മുതലായ വിശുദ്ധകർമ്മങ്ങൾക്ക് പ്രതിഫലം വാങ്ങരുത്. അങ്ങനെ ആരോപണങ്ങളുണ്ടായാൽ അസോസ്യേഷൻ മുഖാന്തിരം പാത്രിയർക്കീസിനെ അറിയിച്ച് അദ്ദേഹത്തിന്റെ വിധിപ്രകാരം നടന്നുകൊള്ളേണ്ടതാകുന്നു.

19. ആണ്ടുതോറും റീശീസാ പിരിച്ച് ആയത് കമ്മറ്റിക്കാർ പാത്രിയർക്കീസിന് നൽകേണ്ടതാണ്.

20. വൈദികവിദ്യാർത്ഥികൾ വികാരിയുടെ സാക്ഷ്യത്തിന് പുറമേ കമ്മറ്റിക്കാരുടെ സമ്മതവും പ്രത്യേകം നിയോഗിക്കപ്പെട്ട രണ്ടു മല്പാന്മാരുടെ സർട്ടിഫിക്കറ്റും നേടിയിരിക്കണം.

21. അതത് കാലത്ത്, ആവശ്യമായ ചട്ടങ്ങൾ ഹാജരാക്കിയെടുത്ത് നടപ്പിലാക്കുവാൻ കമ്മറ്റിക്കു ചുമതലയുണ്ട്.

22. കമ്മറ്റിക്കാർ തെറ്റുകാരെന്ന് തോന്നിയാൽ അസോസ്യേഷൻ വിചാരണ ചെയ്യുന്നതും അവരെ കമ്മിറ്റിയിൽ നിന്ന് നീക്കുന്നതും വേറെ ആൾക്കാരെ ചേർക്കുന്നതുമാകുന്നു.

23. അസോസ്യേഷനും കമ്മറ്റിയും രൂപംകൊണ്ടതിന് ശേഷം മെത്രാന്മാരെ യോജിപ്പിക്കാനുള്ള ഡെപ്യൂട്ടേഷൻ ആയതിന് ശ്രമം തുടങ്ങണം.

24. ഇക്കാര്യങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലും അച്ചടിച്ചു പ്രസിദ്ധപ്പെടുത്തണം. കൊച്ചി, തിരുവിതാംകൂർ രാജാക്കന്മാർക്കും, റസിഡണ്ട് സായിപ്പ് അവർകൾക്കും ഓരോ കോപ്പി നൽകണം. അസോസ്യേഷന് സർക്കാർ അംഗീകാരം നൽകുവാൻ അപേക്ഷിക്കണം.

25. അസോസ്യേഷൻ രൂപവത്ക്കരണം ആറു മാസത്തിനകം നടത്തണം. അതിന്റെ നടത്തിപ്പ് സംബന്ധമായ വ്യവസ്ഥകൾ തയ്യാറാക്കണം (നിയമാവലി).

26. പരുമല പഠിത്തവീടും പള്ളിയും പണിയാൻ ദ്രവ്യസഹായം നൽകിയ മാത്തനോടും അച്ചുകൂടം നിർമ്മിക്കാൻ സഹായിച്ചവരോടും മറ്റും അടുത്ത യോഗത്തിൽ കൃതജ്ഞത അറിയിക്കണം.

27. യോഗത്തിൽ മുഖ്യസ്ഥാനപതിയായ മാർ കൂറിലോസ് ബാവായോട് നന്ദിയറിയിക്കുന്നു.

പരുമല യോഗത്തിൽ മാർ ദീവന്നാസ്യോസ് അവതരിപ്പിച്ച ഈ 27 പ്രമേയങ്ങൾ സൂക്ഷ്മപഠനം അർഹിക്കുന്നു. അദ്ദേഹത്തിലെ ഉൽപ്പതിഷ്ണുത്വം, ജനാധിപത്യബോധം, നിയമങ്ങളോടുള്ള ബഹുമാനം, വിദ്യാഭ്യാസകാര്യങ്ങളിലുള്ള താല്പര്യം, ഭാഷാഭിമാനം, അധികാരവികേന്ദ്രീകരണം, സാമൂഹ്യപരിഷ്ക്കരണം, ആസൂത്രണശൈലി, ദീർഘദൃഷ്ടി, വർത്തമാനകാലത്തിന്റെ അപഗ്രഥനവൈഭവം, നേതൃത്വശേഷി, ദൈവാശ്രയം, സർഗവൈഭവം, ഐക്യദാഹം തുടങ്ങി ഒരു മഹാപുരുഷന്റെ എല്ലാ മുഖങ്ങളും ഈ പ്രകടനപത്രികയിൽ പ്രതിഫലിക്കുന്നുണ്ട്. അവയിൽ പലതും അദ്ദേഹത്തിന്റെ കാലത്തു തന്നെ നടപ്പിലായി. പലതും പിൻഗാമികളുടെ കാലത്ത് നടപ്പിലായി. ഒന്നേകാൽ നൂറ്റാണ്ടിന് ശേഷവും അദ്ദേഹത്തിന്റെ പല നിർദ്ദേശങ്ങളും ഇനിയും നടപ്പിലാക്കേണ്ടതായിട്ടാണ് ഇരിക്കുന്നതെന്ന് കാണുമ്പോൾ അദ്ദേഹം അന്ന് പ്രദർശിപ്പിച്ച ക്രാന്തദർശിത്വത്തെ എത്ര വാഴ്ത്തിയാലും മതിയാകുന്നില്ല. സമുദായത്തിന് ഒരു കേന്ദ്രീകൃതസംഘടന രൂപവത്ക്കരിക്കണമെന്ന ആശയം കേരളത്തിൽ ഇതാദ്യമായിട്ടാണ് ഒരു സമുദായാധ്യക്ഷൻ ആഹ്വാനം ചെയ്യുന്നത്. കേരളത്തിലെ ഒന്നാമത്തെ സാമുദായിക സംഘടന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ ആകുന്നു. ഈ അസോസ്യേഷന്റെ രൂപവൽക്കരണം, ഘടന, ചുമതലകൾ, അവകാശങ്ങൾ എന്നിവ ഒരു പൂർവ്വമാതൃകയും ഇല്ലാതെ അദ്ദേഹം നിർവചനരൂപത്തിൽ അവതരിപ്പിച്ചിരിക്കുന്നത് ആർക്കാണ് അവഗണിക്കാനാവുക? സ്വന്തം ജീവചരിത്രം സ്വന്തം കൺമുൻപിൽ വെച്ച് എം. പി. വർക്കി പിൽക്കാലത്തെഴുതിയപ്പോൾ പോലും പരുമല സമ്മേളനത്തിന്റെ വിശദാംശങ്ങൾ അതിൽ വിട്ടുപോയത് ഈ ഗംഭീരമാനസൻ അവഗണിക്കുകയാണ് ചെയ്തത്. സ്വന്തം ചെയ്തികളുടെ മഹത്വം തമ്പേറടിച്ച് പ്രസിദ്ധപ്പെടുത്തുവാൻ അദ്ദേഹം ശ്രമിച്ചിരുന്നില്ല എന്നത് നമ്മെ അത്ഭുതപ്പെടുത്തുന്നു. പരുമല സമ്മേളനത്തിൽ അവതരിപ്പിച്ചിട്ടുള്ളത് സഭയുടെ ഒരു ഭരണഘടന തന്നെയാകുന്നു. എപ്പിസ്ക്കോപ്പൽ വീക്ഷണത്തിന്റെ ദുഃസ്വാധീനം ഇതിൽ ഒട്ടും കാണുന്നില്ല എന്നത് ശ്രദ്ധേയമായിരിക്കുന്നു. മെത്രാപ്പോലീത്തായും കമ്മറ്റിയും സഭയുടെ പൊതുഭരണത്തിൽ തുല്യപ്രാധാന്യത്തോടെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. അന്ത്യോഖ്യാ പാത്രിയർക്കീസിനെപ്പറ്റി ഇതിൽ കാണുന്ന ചില പരാമർശങ്ങൾ ഇന്നത്തെ കാഴ്ചപ്പാടിൽ നമുക്കു യോജിക്കാൻ ബുദ്ധിമുട്ടുള്ളവയാണ്. എന്നാൽ അന്ന് സഭ പുലർത്തിയ വിശ്വാസപ്രകാരമാണ് ആ പരാമർശങ്ങളെ വിലയിരുത്തേണ്ടത്. പിൽക്കാലത്ത് വി. ജെ. ഗീവർഗ്ഗീസ് മൽപാൻ മതോപദേശസാരം എഴുതിയപ്പോൾ പോലും മലങ്കരയുടെ പൗരോഹിത്യപരമായ പരമ മേലധികാരം അന്ത്യോഖ്യാ പാത്രിയർക്കീസിനാണ് എന്ന് പ്രമാണമെഴുതിയത് നമുക്ക് മറക്കുവാൻ വയ്യല്ലോ. 1912-ന് ശേഷം മാത്രമേ നമുക്ക് വ്യത്യസ്തമായി

ചിന്തിക്കുവാനും പറയുവാനും കഴിഞ്ഞിട്ടുള്ളു എന്ന് ആധുനിക ചരിത്രകാരന്മാർ ഓർക്കാത്തതിൽ സഹതപിക്കുകയേ നിവൃത്തിയുള്ളൂ. പുലിക്കോട്ടിൽ തിരുമേനി കൊച്ചിയിൽ നിന്ന് തീക്കപ്പലിൽ മൂന്നാം ക്ലാസ്സ് ടിക്കറ്റെടുത്ത് ബോംബെ മാർഗ്ഗം മർദ്ദീനിലേക്കു പോയതിന്റെ കയ്പുള്ള കഥകൾ പറയവേ, അദ്ദേഹത്തിന് കൊച്ചിയിൽ നിന്നോ തിരുവനന്തപുരത്തു നിന്നോ വിമാനമാർഗ്ഗം പോകാമായിരുന്നല്ലോ എന്ന് ഒരു വൈദികൻ പ്രതിവചിച്ച രസകരമായ സംഭവം ഓർമ്മയിൽ വരുന്നു. ശാസ്ത്രബോധമില്ലാത്ത ശാസ്ത്രജ്ഞന്മാരും ചരിത്രബോധമില്ലാത്ത ചരിത്രകാരന്മാരും നമ്മുടെ ഇടയിൽ വേണ്ടുവോളമുണ്ട്.

പുലിക്കോട്ടിൽ മെത്രാച്ചൻ പരുമല സമ്മേളനത്തിൽ അവതരിപ്പിച്ച പ്രമേയങ്ങളോട് യോഗം പ്രതികരിച്ചതെങ്ങനെയെന്നും കൂടെ ഇവിടെ സംക്ഷേപിക്കാം. വാർദ്ധക്യവും രോഗവും നിമിത്തം യൂയാക്കീം കൂറിലോസ് സ്ഥലംവിട്ടതിനാൽ മക്കുദിശാ ഗബ്രിയേൽ (മാർ കൂറിലോസിന്റെ സഹോദരൻ) ആധ്യക്ഷം വഹിക്കണമെന്ന് കുന്നംകുളം ഐപ്പൂരു അഭിപ്രായപ്പെട്ടത് യോഗം അംഗീകരിച്ചു. കോനാട്ട് ഗീവർഗ്ഗീസ് മൽപാൻ, പനക്കൽ യാക്കോബ് കത്തനാർ, എളന്തുരുത്തിൽ ഫിലിപ്പോസ് കത്തനാർ, വെളിയത്ത് കോറെപ്പിസ്ക്കോപ്പാ എന്നിങ്ങനെ 4 വൈദികരെയും പനക്കൽ ഐപ്പൂരു, മൽക്കി മക്കുദിശാ ഗബ്രിയേൽ, കല്ലറക്കൽ കോര, കുന്നുംപുറത്ത് കോര കുര്യൻ, അറക്കൽ പറമ്പിൽ യാക്കോബ്, ചിറക്കടവിൽ കൊച്ചുകോരുള, കളപ്പുരക്കൽ യാക്കോബ്, പുത്തൻവീട്ടിൽ കൊച്ചുകോശി, പുത്തുപ്പള്ളി ഗീവർഗ്ഗീസ് എന്നീ 9 അവൈദികരെയും കമ്മറ്റിക്കാരായി തെരഞ്ഞെടുത്തു. കുന്നുംപുറത്ത് കോര കുരിയനെ സെക്രട്ടറിയായും ഇടവഴിക്കൽ പീലിപ്പോസ് കോറെപ്പിസ്ക്കോപ്പായെ സുറിയാനി സെക്രട്ടറിയായും നിശ്ചയിച്ചു. മുതൽപിടിയായി ഒരാളിനെ സ്ഥിരപ്പെടുത്തുന്നതുവരെ വടക്കൻ ഭാഗങ്ങളിലേക്കു പനക്കൽ അയിപ്പൂരുവിനെയും പനക്കൽ യാക്കോബ് കത്തനാരെയും അങ്കമാലി മുതൽ മുളക്കുളം വരെ കല്ലറക്കൽ കോരയെയും വെളിയത്തു കോറെപ്പിസ്ക്കോപ്പായെയും മുളക്കുളം മുതൽ ചങ്ങനാശ്ശേരി വരെ ചിറക്കടവിൽ കൊച്ചു കോരുളയെയും എറികാട്ട് മാത്തുവിനെയും അതിന് തെക്കോട്ടേയ്ക്ക് എലഞ്ഞിക്കൽ യാക്കോബിനെയും പുത്തൻവീട്ടിൽ കോശിക്കൊച്ചുകോരയെയും പുത്തുപ്പള്ളി ഗീവർഗ്ഗീസിനെയും നിശ്ചയിച്ചു. കമ്മറ്റിക്കാരുടെ യോഗം ചേരുന്നതുവരെ അഭിപ്രായങ്ങൾ അറിയിക്കുവാനും എഴുതി അറിയിച്ച് സമ്മതം വരുത്തി ചെയ്യേണ്ടതാകുന്നു എന്ന് സർവസമ്മതമായി തീരുമാനിച്ച് മാർ കൂറിലോസും പള്ളിക്കാരും ഒപ്പിട്ട് യോഗം പിരിഞ്ഞു.

യോഗത്തിൽ വായിക്കപ്പെട്ട പത്രോസ് തൃതീയൻ ബാവായുടെ കല്പനയുടെ പ്രസക്തഭാഗം. "..... മലയാളത്തിന്റെ മാർ ദീവന്നാസ്യോസ്

മെത്രാപ്പോലീത്തായുടെ മേലും..... ആവസിക്കുമാറാകട്ടെ........ ഇതുവരെയും നമ്മുടെ എഴുത്തുകളുടെ മറുപടി നിങ്ങൾ അയച്ചിട്ടില്ല. ഒരു സമൂഹം കൂടുന്നു എന്നും മറ്റും കമ്പിത്തപാൽ മാർഗ്ഗം അറിയപ്പെടുത്തിയതേയുള്ളൂ. എന്നാൽ പ്രിയമുള്ളവരേ, മാത്യൂസ് എന്നവൻ നമുക്കുമുമ്പേ ഭരിച്ചുവന്ന പാത്രിയർക്കീസ് ബാവാമാരാൽ ശപിക്കപ്പെട്ടവൻ ആകുന്നു. ഇപ്പോൾ നാം രണ്ടാമതും അവനെയും ശ്ലീഹന്മാരുടെയും ബാവാമാരുടെയും നിയമത്തിന് വിരോധമായി മേൽപ്പട്ടക്കാരുടെ നാമത്തിൽ അവൻ പേരുമാറ്റി വിളിച്ചിരിക്കുന്ന രണ്ടു മനുഷ്യരെയും നാം ശപിച്ചിരിക്കുന്നു. ഇനിമേലാൽ നിങ്ങളുടെ പള്ളികളിൽ നിന്ന് അവരെ ആട്ടിക്കളയണം. എന്തെന്നാൽ മാത്യൂസും ആ രണ്ടു മനുഷ്യരും മേൽപ്പട്ടസ്ഥാനത്തിന്റെ യാതൊരു ക്രമത്തിലും പെരുമാറുവാൻ ദൈവത്താൽ അധികാരം അവർക്കില്ല. .... എന്ന് 1873 മീനം 11-നു ഓമ്മീദ് പട്ടണത്തിൽ നിന്നും."[20]

അക്കാലത്ത് പാത്രിയർക്കീസ് ബാവായെപ്പറ്റി മലങ്കരയിലുള്ള ബോധ്യം പ്രതിഫലിപ്പിക്കുമെന്നതിനാൽ, വെട്ടിക്കൽ ദയറാ പുനരുദ്ധരിക്കുവാൻ ചാത്തുരുത്തിൽ ഗീവർഗ്ഗീസ് റമ്പാൻ എല്ലാ പള്ളിക്കാർക്കും അയച്ച അഭ്യർത്ഥനയുടെ ആദ്യഭാഗം മാത്രം ഉദ്ധരിക്കട്ടെ: "അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിങ്കൽ ഇന്ന് നമുക്ക് വാണിരിക്കുന്ന ശുദ്ധമുള്ളവനും സ്തുതിക്കപ്പെട്ടവനും ആയ മൂന്നാമത്തെ പത്രോസ് എന്ന മാറാൻ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവായുടെ കല്പനയാൽ മലയാളത്തിൽ ഇന്ന് നമ്മെ ഭരിച്ച് വരുന്ന ബഹുമാനപ്പെട്ടവരും പുണ്യപ്പെട്ടവരുമായ മാർ കൂറിലോസ് മെത്രാപ്പോലീത്തായും മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും ആയ നമുക്കുള്ള പിതാക്കന്മാരുടെ അനുവാദത്താൽ വെട്ടിയ്ക്കൽ പള്ളിയിൽ ഇരിക്കും ശക്തിക്ഷയപ്പെട്ടവനും പാപിയുമായ ദയറായ ഗീവറുഗീസ് - കണ്ടനാട് പള്ളി എടവകയിൽ ഉൾപ്പെട്ട സത്യക്രിസ്ത്യാനികളായ ചെറിയവരും വലിയവരും ആയ എല്ലാവരിൽ നിന്നും ഭാഗ്യം നിറപ്പെട്ടിരിക്കുന്ന കന്യാസ്ത്രീ മർത്തമറിയാം നമുക്കുള്ള അമ്മയുടെ തിരുനാമത്താൽ യാചിച്ച് എരക്കുന്നത്. .... എന്ന് മശിഹാകാലം 1873-ന് കൊല്ലം 1049 ധനുമാസം 28-നു വെട്ടിക്കൽ പള്ളിയിൽ നിന്ന്."[21]

കുന്നത്തുനാട് താലൂക്കിൽ പള്ളിക്കര പള്ളി പാലക്കുന്നത്ത് മെത്രാച്ചനെ ആദ്യകാലം മുതലേ എതിർക്കുകയും യൂയാക്കീം മാർ കൂറിലോസിനെ പിന്തുണയ്ക്കുകയും ചെയ്തു. പിന്നീട് മാർ ദീവന്നാസ്യോസിന് വിധേയത്വം പ്രാപിക്കുന്ന ഒരു രജിസ്റ്റേർഡ് ഉടമ്പടിയും ഈ ഇടവക നൽകിയിരുന്നു. പിന്നീടുണ്ടായ ഒരു തർക്കത്തെത്തുടർന്ന് ഇടവകയിലൊരു വിഭാഗം അത്താനാസ്യോസിനെ പള്ളിക്കര പള്ളിയിലേക്ക് ക്ഷണിച്ചു. അദ്ദേഹം ക്ഷണത്തിൽ ആ ക്ഷണം സ്വീകരിക്കുകയും

ചെയ്തു. മാർ ദീവന്നാസ്യോസ് പള്ളിക്കര പള്ളിയിൽ താമസിക്കുമ്പോഴാണ് ഇത് സംഭവിച്ചത്. സമാധാനപ്രിയനായ ദീവന്നാസ്യോസ് മെത്രാച്ചൻ സമാധാനലംഘനം ഒഴിവാക്കുവാൻ കൊച്ചിയിലേക്ക് മാറുകയും ചേർത്തല പേഷ്കാർക്ക് പരാതി നൽകുകയും ചെയ്തു. പേഷ്ക്കാർ നൽകിയ നിരോധനാജ്ഞ കൈപ്പറ്റുന്നതിന് മുമ്പ് മാർ അത്താനാസ്യോസ് പള്ളിയിൽ പ്രവേശിച്ചു കഴിഞ്ഞിരുന്നു. ദീവന്നാസ്യോസ് ഉടനെ മജിസ്ട്രേറ്റിന് ഒരു ഹർജി നൽകി: "..... പള്ളിയുടെ മേലധികാരി മാർ ദീവന്നാസ്യോസ് ആണെന്നും മാർ അത്താനാസ്യോസിന്റെ പ്രവേശനം ന്യായരഹിതമാണെന്നും പള്ളിയും സ്വത്തുക്കളും കീഴ്നടപ്പും റജിസ്റ്റേർഡ് ഉടമ്പടി നിശ്ചയവുംപ്രകാരം മാർ ദീവന്നാസ്യോസിന്റെയും അദ്ദേഹത്തിന്റെ കക്ഷിയുടെയും അധീനതയിൽ ഇരിക്കേണ്ടതാണെന്നും വിധിയുണ്ടായി." ഇതിനെതിരെ അത്താനാസ്യോസിന്റെ പക്ഷക്കാർ കോടതിയിൽ അപ്പീൽ നൽകിയത് തള്ളിപ്പോയി. ആഘോഷമായി പള്ളിക്കര പള്ളിയിൽ പ്രവേശിച്ച് ഒരു കൊല്ലത്തോളം അവിടെ താമസിച്ച് കേസ് നടത്തിയ അത്താനാസ്യോസ് കേസുകളിൽ പാടേ പരാജയപ്പെട്ടതിനെത്തുടർന്ന് ആരും അറിയാതെ ഒരു രാത്രിയിൽ പള്ളിക്കര പള്ളിയിൽ നിന്നും അപ്രത്യക്ഷനായിക്കഴിഞ്ഞു. മാർ അത്താനാസ്യോസിനെതിരായി മാർ ദീവന്നാസ്യോസ് ആദ്യമായി ഒരു നിയമയുദ്ധത്തിൽ പൂർണ്ണവിജയം നേടിയത് പള്ളിക്കര വ്യവഹാരത്തിലാണ്. ഈ വിജയവും പരുമല സമ്മേളനവും മാർ ദീവന്നാസ്യോസിന്റെ ആത്മവിശ്വാസത്തെ അല്പമൊന്നുമല്ല വർദ്ധിപ്പിച്ചത്. എട്ടു വർഷം മലങ്കരസഭയിലെ ഓരോ പള്ളികളിലും സന്ദർശനം നടത്തി അനുരഞ്ജനത്തിന്റെ പാതയിലൂടെ മാർ കൂറിലോസിന്റെ ഉപരോധങ്ങളെ അതിജീവിച്ചതിന്റെ വിജയപ്രഖ്യാപനമാണ് പരുമല സുന്നഹദോസിന്റെ ഏകകണ്ഠമായ തീരുമാനങ്ങൾ. നയതന്ത്രജ്ഞതയും നിയമമർമ്മജ്ഞതയും കർമ്മകുശലതയും സഭാസ്നേഹവും ഏകത്ര സമ്മേളിച്ചതിന്റെ ഫലമായിരുന്നു പള്ളിക്കര പള്ളിക്കേസിലെ വിജയം. ഈ 8 വർഷങ്ങളിലായി മാർ ദീവന്നാസ്യോസ് പരുമല സെമിനാരിപള്ളി ഉൾപ്പെടെ കരുവാറ്റ, കാട്ടൂർ, അയിരൂർ, പുത്തൻകാവ്, ഓണക്കൂർ, ചേലാട്ട്, കണ്ണ്യാട്ടുനിരപ്പ്, മഴുവന്നൂർ, നെല്ലിക്കൽ, മാറാട്ടിൽ, കുണ്ടറ, കൊടശ്ശനാട്, വേങ്ങൂർ, മഞ്ഞപ്ര, അല്ലപ്രാ, തിരുവാങ്കുളം, ചാലിശ്ശേരി എന്നിവിടങ്ങളിലായി 18 ദേവാലയങ്ങൾ സ്ഥാപിച്ചു. അജപാലകന്റെ മികവും അനുരഞ്ജകന്റെ തികവും സമഞ്ജസമായി സമ്മേളിച്ച ഒരു രാജർഷിയെ മാർ ദീവന്നാസ്യോസിൽ മലങ്കരസഭ കൺകുളിർക്കേ കണ്ട് അഭിമാനകഞ്ചുകിതയായി.

1. കണ്ടനാട് ഗ്രന്ഥവരി (കൈയെഴുത്തുപ്രതി), 433.1

* ഈ ഹർജിയുടെ പൂർണ്ണരൂപത്തിന് കണ്ടനാട് ഗ്രന്ഥവരി 415 മുത

ലുള്ള പുറങ്ങൾ കാണുക.
* എം. പി. വർക്കി, പുറം 111-115.
2. കണ്ടനാട് ഗ്രന്ഥവരി, പുറം 432-442.
3. കണ്ടനാട് ഗ്രന്ഥവരി, പുറം 446-448.
4. കണ്ടനാട് ഗ്രന്ഥവരി, പുറം 465.
* അനുബന്ധം കാണുക.
5. എം. പി. വർക്കി, പു. 113, 114.
6. കണ്ടനാട് ഗ്രന്ഥവരി, പു. 468.
7. കണ്ടനാട് ഗ്രന്ഥവരി, പു. 472.
8. കണ്ടനാട് ഗ്രന്ഥവരി, പു. 536.
9. ഫാ. ഡോ. ജോസഫ് ചീരൻ, *ഇന്ത്യൻ ഓർത്തഡോക്സ് സഭാ.* നവീകരണം. അറിയപ്പെടാത്ത ചില ഏടുകൾ, പുറം 237-268.
10. കണ്ടനാട് ഗ്രന്ഥവരി, പു. 544-550.
11. കണ്ടനാട് ഗ്രന്ഥവരി, പു. 560-568.
12. കണ്ടനാട് ഗ്രന്ഥവരി, പു. 581-583.
13. കണ്ടനാട് ഗ്രന്ഥവരി, പു. 588.
14. കണ്ടനാട് ഗ്രന്ഥവരി, പു. 640-641.
15. കണ്ടനാട് ഗ്രന്ഥവരി, പു. 640-648.
16. കണ്ടനാട് ഗ്രന്ഥവരി, പു. 650.
17. എം. പി. വർക്കി, പു. 114, 115.
18. കണ്ടനാട് ഗ്രന്ഥവരി, പു. 658-662, എം. പി. വർക്കി, പു. 115.
19. പി. വി. മാത്യു, *കേരളത്തിലെ നസ്രാണികൾ*, വാല്യം 3, പു. 90.
20. കണ്ടനാട് ഗ്രന്ഥവരി, പു. 664-706.
21. കണ്ടനാട് ഗ്രന്ഥവരി, പു. 738.

## അദ്ധ്യായം 4

# മലങ്കരയിൽ സന്ദർശനം നടത്തിയ ആദ്യത്തെ അന്ത്യോഖ്യാ പാത്രിയർക്കീസ്

1874 ചിങ്ങം 20-നു യൂയാക്കീം മാർ കൂറിലോസ് നിര്യാതനായി. അന്നു തന്നെ മാർ ദീവന്നാസ്യോസ് വിവരം ഒരു കൽപന മുഖേന എല്ലാ പള്ളികളെയും അറിയിച്ചു. ചിങ്ങം 22-നു അദ്ദേഹത്തെ മുളന്തുരുത്തിയിൽ കബറടക്കി. കബറടക്കത്തിനു തൊട്ടുമുമ്പായി നഗരികാണിക്കൽ കഴിഞ്ഞശേഷം "വടിയും മുടിയും സ്ലീബായും മോതിരവും, പാത്രിയർക്കീസ് നിന്നെ ഏൽപ്പിച്ചിരിക്കുന്ന അധികാരങ്ങളും ഞാൻ ഏറ്റിരിക്കുന്നു" എന്നും എന്റെ ആട്ടിൻകൂട്ടത്തെ മേഞ്ഞുനടത്തിക്കൊള്ളുന്നു എന്നും പറഞ്ഞു മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ വാങ്ങുകയും ചെയ്തു. മാർ കൂറിലോസിന്റെ സർവസമ്പാദ്യങ്ങളും സഹോദരൻ മക്കുദിശാ ഗബ്രിയേൽ കയ്യടക്കുകയും അദ്ദേഹം ബ്രിട്ടീഷ് കൊച്ചിയിലേക്കു യാത്രയാവുകയും അത് പിന്നീട് ഒരു വ്യവഹാരത്തിന് കാരണമാവുകയും ചെയ്തു. നവീകരണവിരുദ്ധ ക്യാമ്പിൽ ക്രമേണ രംഗം ശാന്തമായിക്കൊണ്ടിരുന്നു. പാത്രിയർക്കീസ് കൂറിലോസിനെ ശാസിച്ചത് മുതൽ ക്യാമ്പ് ശാന്തമാകാൻ തുടങ്ങിയെങ്കിലും മാർ കൂറിലോസിന്റെ നിര്യാണത്തോടെയാണ് പ്രശ്നങ്ങൾ പൂർണ്ണമായി അവസാനിച്ചത്.

പരുമല സമ്മേളനപ്രകാരം മാർ അത്താനാസ്യോസിനെ കാണുവാൻ ഡപ്യൂട്ടേഷൻ പോയോ എന്നറിഞ്ഞുകൂടാ. മാർ കൂറിലോസിന്റെ രോഗശയ്യയിൽ അദ്ദേഹത്തെ സന്ദർശിക്കുവാൻ വന്ന അത്താനാസ്യോസിന്, കൂറിലോസ് ഉപദേശം നൽകിയിട്ടും അത് നിരാകരിക്കപ്പെട്ടതിനാൽ ഡപ്യൂട്ടേഷൻ ആശയം ഉപേക്ഷിച്ചതാകാം. ശ്രീ. വർക്കി എഴുതുന്നു: സുറിയാനിക്കാരുടെ മതസ്വാതന്ത്ര്യത്തെ തടയുന്നതും മാർ അത്താനാസ്യോസിനെ അന്യായമായി അനുകൂലിക്കുന്നതുമായ തിരുവെഴുത്തു വിളംബരത്തെ അസ്ഥിരപ്പെടുത്തുന്നതിനും മാർ അത്താനാസ്യോസിനെ അന്ത്യോക്യാ പാത്രിയർക്കീസ് ബാവാ മുടക്കിയ കല്പനയെ ഫലിപ്പിക്കുന്നതിനും ബാവായുടെ ആഗമനം കൊണ്ടേ സാധിക്കുകയുള്ളൂ എന്ന് കണ്ട് അവിടുന്ന് മലയാളത്തേക്ക് പുറപ്പെടണമെന്ന് നമ്മുടെ കഥാനായകൻ മുഖാന്തിരം മലങ്കര സുറിയാനിക്കാർ സമർപ്പിച്ച ഹർജി യുക്തിയുക്തമെന്ന് ബാവായ്ക്ക് ബോധ്യമായി."[1]

74-ാം വയസ്സിൽ പാത്രിയർക്കീസ് കോൺസ്റ്റാന്റിനോപ്പിളിൽ ചെന്ന്

തുർക്കി സുൽത്താനെ കണ്ട് ലണ്ടനിലേക്കു പോയി. അവിടെനിന്ന് അയച്ച കല്പനയിൽ ഇപ്രകാരം കാണുന്നു: "നിങ്ങളുടെ കാര്യത്തിനായി നാം ഇവിടെ വന്നുചേർന്നു. നമുക്കും കൂടെ ഉള്ളവർക്കും ചിലവിന് ചുരുക്കമായി തീർന്നിരിക്കുകയാൽ ആയതിന് 500 പവൻ ഉടനെ ഇവിടെ എത്തിക്കണം."[2] അതിനുശേഷം മറ്റൊരു കമ്പി: "കൊച്ചിയിലെ യാക്കോബായ സുറിയാനിക്കാരുടെ അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്ന് യൗസേപ്പ് മെത്രാപ്പോലീത്താ അവർകൾക്ക്, നിങ്ങളുടെ ഹർജികളും മറ്റും വന്നുചേരുന്നതിനായി നാം കാത്തിരിക്കുന്നു." രണ്ടു ദിവസം കഴിഞ്ഞു വീണ്ടും മെത്രാച്ചന് കമ്പി വന്നു. "കയ്യിലുണ്ടായിരുന്ന പണം ചെലവായിപ്പോയിരിക്കുന്നു. പള്ളികളിൽ നിന്ന് 500 പവൻ പിരിച്ച് ലണ്ടനിൽ കിട്ടത്തക്കവിധം കമ്പിത്തപാൽ മാർഗ്ഗം എത്തിക്കണം."[3] 1874 തുലാം 23-ന് ഇക്കാര്യം കാണിച്ച് മെത്രാച്ചൻ എല്ലാ പള്ളികൾക്കും കല്പന അയച്ചുവെങ്കിലും അതിന്റെ പിരിവ് വൈകുമെന്ന് കണ്ട് 1000 രൂപാ പെട്ടെന്ന് മെത്രാച്ചൻ അയച്ചുകൊടുത്തു. ആയത് 500 രൂപ കുന്നംകുളം പനക്കൽ മാത്തുവും കോട്ടയം കുന്നുംപുറത്തു കുരിയൻ റൈട്ടറും കൂടിയും 75 രൂപ തെക്കൻ പറവൂർ പള്ളിക്കാരും 150 രൂപ മുളന്തുരുത്തി പള്ളിക്കാരും 35 രൂപ മാന്തുരുത്തേൽ പള്ളിക്കാരും നൽകിയതും ശേഷം 240 രൂപ മെത്രാച്ചന്റെ സ്വന്തവും ആയിരുന്നു. വീണ്ടും സംഖ്യ അയക്കേണ്ടത് ആവശ്യമായി വന്നതുകൊണ്ട് ചിലരെ ജാമ്യം നിർത്തി പത്തു ദിവസത്തെ അവധിക്കു ഹുണ്ടികക്കാരിൽ നിന്ന് 2300 രൂപ കടം വാങ്ങി ലണ്ടനിലേക്കയച്ചു. 1874 വൃശ്ചികം 1-നും ധനുമാസം 6-നും 7-നും മകരം 1-നും കുംഭമാസം 4-നും കുംഭം 12-നും മീനം 3-നും മേടം 9-നും പാത്രിയർക്കീസ് ബാവാ കേരളത്തിലേക്കു വരുവാൻ ചെയ്യുന്ന സന്നാഹങ്ങളെക്കുറിച്ചും പണം ആവശ്യപ്പെട്ടും മറ്റും പുലിക്കോട്ടിൽ മെത്രാച്ചനും മക്കുദിശായ്ക്കും മറ്റും അയച്ച കത്തുകളുടെയും കമ്പികളുടെയും സാരം ഗ്രന്ഥവരിയിൽ കാണുന്നുണ്ട് (പുറം 836-880). രണ്ടു തവണയായി അഞ്ഞൂറ് പവൻ ലണ്ടനിലേക്കു അയച്ചതായി ശ്രീ. വർക്കി രേഖപ്പെടുത്തുന്നു (പു. 121).

(1875) ഇടവം 9-ന് ബാവാ ബോംബെയിലെത്തിയ വിവരം മക്കുദിശാ നിരണത്ത് പള്ളിയിലുണ്ടായിരുന്ന പാലക്കുന്നത്ത് മെത്രാച്ചനെ അറിയിച്ചു. "പാത്രിയർക്കീസ് ബാവാ ഇതുവരെ എന്റെ പേർക്കു യാതൊരു എഴുത്തുകളും എഴുതാതെ ഇരിക്കുന്ന സമയം ഞാൻ വരുന്നില്ല എന്നും എന്നെ അറിയിച്ചാൽ ഞാൻ വന്ന് കല്പന പോലെ കേട്ടുകൊള്ളാമെന്നും....." അദ്ദേഹം പറഞ്ഞയച്ചു (ഗ്രന്ഥവരി, പു. 990). കണ്ടനാട് ഗ്രന്ഥവരിയുടെ കർത്താവ് കരോട്ടുവീട്ടിൽ ശെമവൂൻ കോറി, മാർ കൂറിലോസ് അന്തരിച്ചതോടെ പാലക്കുന്നത്ത് മെത്രാച്ചനോട് അനുഭാവമുള്ളവനായി എന്നാണ് തോന്നുന്നത്. അദ്ദേഹം രഹസ്യമായി മെത്രാച്ചനുമായി

ബന്ധപ്പെട്ട് പാത്രിയർക്കീസിനെ സ്വീകരിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. പാത്രിയർക്കീസ് മാർ അത്താനാസ്യോസിനെ വെറുക്കാതിരിക്കുവാൻ മക്കുദിശാ ഗബ്രിയേലുമൊന്നിച്ച് ചില ശ്രമങ്ങൾ നടത്തിയതായും ഗ്രന്ഥ വരി വ്യക്തമാക്കുന്നത് കാണുക:

“ഇങ്ങനെ ഇരിക്കുമ്പോൾ മദ്രാസിൽ നിന്ന് മക്കുദിശായുടെ എഴുത്ത് എനിക്കു വന്നതിൽ 18-നു തിങ്കളാഴ്ച മദ്രാസിൽ എത്തി ... പാത്രിയർ ക്കീസ് ബാവായെ കണ്ടു എന്നും മത്തിയാസ് (അത്താനാസ്യോസ്) മന സ്താപപ്പെട്ടിരിക്കുന്നുവെങ്കിൽ എന്തുകൊണ്ട് സൊരുമിച്ച് വരാഞ്ഞു എന്നും മറ്റും കല്പിച്ചാറെ ഭയം നിമിത്തം വന്നില്ലെന്നും മറ്റും അറിയി ച്ചാറെ, മനസ്താപം പൂർണ്ണമാകുന്നുവെങ്കിൽ എന്തിന് ഭയപ്പെടുന്നു എന്നും പിഴക്കാത്ത ദാസനും ക്ഷമിക്കാത്ത യജമാനനും ഇല്ലെന്നും നമ്മുടെ ജാതിയിൽ നിന്ന് ഒരുത്തനും നശിച്ചുപോകുവാൻ നമുക്ക് മന സ്സില്ലെന്നും മറ്റും കല്പിച്ചിരിക്കുന്നപ്രകാരവും മറ്റും എഴുതി വരികയാൽ ഉടനെ തിരുമുമ്പാകെ വന്നുചേരണമെന്നും മറ്റും മക്കുദിശായുടെ എഴുത്ത് പതിച്ച് തിരുവനന്തപുരത്തേക്ക് പാലക്കുന്നത്തു അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ പേർക്ക് ഉടനെ ഞാൻ എഴുതി അയച്ചു.”[4]

പാത്രിയർക്കീസ് സമ്പന്നൻ ആയിരുന്നുവെന്നും ദ്രവ്യാഗ്രഹി അല്ലാ യിരുന്നുവെന്നും വെള്ളപൂശാൻ അടിസ്ഥാനരഹിതമായ ചില പ്രസ്താ വനകൾ ഒരു “സത്യസന്ധമായ” ചരിത്രത്തിൽ ചേർത്തിട്ടുള്ളത് കാണുക:

“.... പാത്രിയർക്കീസ് ഇവിടെ താമസിച്ചിരുന്നപ്പോൾ അദ്ദേഹത്തിൽ നിന്നും ദീവന്നാസ്യോസ് മെത്രാപ്പോലീത്താ 1800 രൂപായും കുര്യനും ഐപ്പൂരും 3000 രൂപായും കടം വാങ്ങിയിരുന്നു (ശീമക്കാരായ പിതാക്ക ന്മാർ, പു. 130). അതിനുംപുറമേ ആറു മാസത്തെ ഇംഗ്ലണ്ടു വാസം, ഇംഗ്ല ണ്ടിൽ നിന്ന് ഇവിടേക്കുള്ള യാത്രാച്ചെലവ് ഇതൊന്നും മലങ്കരസഭ കൊടു ത്തതായി ഒരു രേഖയും കണ്ടിട്ടില്ല.”[5]

കണ്ടനാട് ഗ്രന്ഥവരി കണിയാമ്പറമ്പിലച്ചൻ കണ്ടിട്ടില്ല എന്നത് ക്ഷന്ത വ്യമാണ്. പക്ഷേ, അദ്ദേഹം ഗ്രന്ഥസൂചിയിൽ കാണിച്ച ഇസ്സഡ്. എം. പാറേട്ടിന്റെ ‘മലങ്കര നസ്രാണികളും’, വർക്കിയുടെ ‘ജോസഫ് ദീവന്നാ സ്യോസും’ വായിച്ചില്ലാ എങ്കിൽ അതു അക്ഷന്തവ്യം തന്നെയാണ്. പാറേട്ടും (*മുളന്തുരുത്തി സുന്നഹദോസ്*, പു. 156) എം. പി. വർക്കിയും ജോസഫ് മാർ ദീവന്നാസ്യോസ് പാത്രിയർക്കീസിന് അഞ്ഞൂറ് പവൻ അയച്ചുകൊടുത്തു എന്ന് അർത്ഥശങ്കയ്ക്കിടവരാതെ രേഖപ്പെടുത്തിയി രിക്കേ യാതൊരു രേഖയും കണ്ടിട്ടില്ല എന്ന് എഴുതിയ വെരി. റവ. കോറിയുടെ സത്യസന്ധതയെ സംശയിക്കാതിരിക്കുന്നതെ ങ്ങനെ? കണ്ടനാടു ഗ്രന്ഥവരിയിൽ പണമയയ്ക്കാൻ ആവശ്യപ്പെട്ട്

പാത്രിയർക്കീസ് അയച്ച കത്തുകളും കമ്പികളും പണപ്പിരിവിന് മാർ ദീവന്നാസ്യോസ് പള്ളികൾക്കയച്ച ഹ്രസ്വവും ദീർഘവുമായ കല്പനകളും കൊടുത്തിട്ടുണ്ട്. അയച്ച രൂപ ആരിൽ നിന്നെല്ലാം ശേഖരിച്ചു എന്നും കടം വാങ്ങി എന്നും കണ്ടനാട് ഗ്രന്ഥവരി വിശദമായി നമ്മെ അറിയിച്ച സ്ഥിതിയ്ക്ക് ബഹു. കോറി ഇനിയെങ്കിലും ചരിത്രമെഴുതുന്നതിന് മുമ്പ് സമകാല രേഖകൾ പരിശോധിക്കുമെന്ന് ന്യായമായും നമുക്കു കരുതാം. പത്രോസ് തൃതീയനിൽ നിന്ന് ചിലർ കടം വാങ്ങിയ കാര്യം 175 കൊല്ലങ്ങൾക്ക് ശേഷം എഴുതപ്പെട്ട ശീമക്കാരായ പിതാക്കന്മാർ എഴുതിയ ശീമക്കാരൻ പൗലൂസ് റമ്പാച്ചന് ഏതു രേഖയെ അവലംബമാക്കിയാണ് പറയാൻ കഴിഞ്ഞതെന്ന് ബഹു. കോറി പറഞ്ഞിരുന്നെങ്കിൽ കോറിയുടെ ആ പ്രസ്താവന ഒന്ന് പരിശോധിക്കുക എങ്കിലും ചെയ്യാമായിരുന്നു. കോറിയുടെ പ്രസ്താവന ബോധപൂർവ്വമായ സത്യനിഷേധമാണെന്ന് അനിഷേധ്യമായി തെളിയിക്കുന്ന ഒരു രേഖ ഈയിടെ കാണാൻ കഴിഞ്ഞു. ബഹു. ആത്തുങ്കൽ ഗീവർഗ്ഗീസ് കോറെപ്പിസ്ക്കോപ്പാ ഗവേഷണബുദ്ധ്യാ എഴുതിയ കുറുപ്പമ്പടിപള്ളിയുടെ ചരിത്രം ആണ് ആ രേഖ. ആ ഗ്രന്ഥത്തിന്റെ ശീർഷലേഖ്യം എഴുതിയിട്ടുള്ളത് ബഹുമാനപ്പെട്ട കണിയാമ്പറമ്പിലച്ചൻ ആണ്. ആത്തുങ്കലച്ചന്റെ ചരിത്രഗ്രന്ഥം സത്യസന്ധമാണെന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഗ്രന്ഥത്തിലെ പ്രസ്താവന ശ്രദ്ധിക്കുക:

“.... ബാവായുടെ (പത്രോസ് പാത്രിയർക്കീസ് ബാവാ) മലങ്കരയിലേക്കുള്ള യാത്രചിലവിനായി ഈ പള്ളിയിൽ നിന്നും (കുറുപ്പമ്പടി) 708 3/4 രൂപ, 10 പുത്തൻ, 1535 ചക്രവും ഈ പള്ളി ഇടവകജനങ്ങളിൽ നിന്ന് പിരിവിട്ടെടുത്തു 241 7/8 രൂപാ, 109 പുത്തൻ 684 ചക്രവും കൊടുത്തു” (പു. 172). ബാവായുടെ വരവ് സംബന്ധിച്ച് എന്തെങ്കിലും യാത്രാച്ചെലവ് അയച്ചുകൊടുത്തതായി രേഖ കണ്ടിട്ടില്ല എന്ന കോറിയുടെ മുൻ പ്രസ്താവനയും കോറിയുടെ സാക്ഷ്യപത്രത്തോടെ പ്രസിദ്ധീകരിച്ച ആത്തുങ്കൽ കോറിയുടെ വിവരണവും താരതമ്യപ്പെടുത്തി കണിയാമ്പറമ്പിൽ കോറിയുടെ ചരിത്രത്തിന്റെ സത്യസന്ധത വായനക്കാർ വിലയിരുത്തട്ടെ.

പാത്രിയർക്കീസിന്റെ വരവ് രാജകീയ പരിവേഷം ചാർത്തി ചരിത്രകാരന്മാർ വിവരിച്ചിട്ടുള്ളതത്രയും പരമാർത്ഥം തന്നെ. പക്ഷേ, അതിമഹത്തായ ഒരു ദൗത്യം നിർവഹിക്കുവാൻ വേണ്ട ആസൂത്രണവും സജ്ജീകരണവും ആ യാത്രയിലുണ്ടാവണമെന്ന് ആ യാത്രയുടെ പ്രധാന സൂത്രധാരനും ആതിഥേയനുമായ മാർ ദീവന്നാസ്യോസിന് നിർബന്ധമായിരുന്നു. തന്മൂലം മാർഗ്ഗമദ്ധ്യേ സാധിക്കുവാനുള്ള കാര്യങ്ങൾ അതിഥിയെ നേരത്തെ ഗ്രഹിപ്പിച്ചും ഇരുന്നു. ബ്രിട്ടീഷ് റസിഡണ്ടിന് നവീകരണശ്രമ

ങ്ങൾ മൂലം ഇഷ്ടനായ, അത്താനാസ്യോസിനെ ഫലപ്രദമായി നേരിട ണമെങ്കിൽ ബ്രിട്ടീഷ് സർക്കാരിന്റെ അനുഗ്രഹം അനിവാര്യമായിരുന്ന തിനാൽ മാർ ദീവന്നാസ്യോസിന്റെ അപേക്ഷകൾക്കു പാത്രിയർക്കീസ് ഇപ്രകാരം എഴുതി "ഇവിടെ നിന്നും നമുക്കു ലഭിക്കാനുള്ളതൊക്കെയും കിട്ടിയിരിക്കുന്നു."[6] ഈ കത്ത് 1875 മേടം 9-നു പുലിക്കോട്ടിൽ മെത്രാ ച്ചനും മക്കുദിശായ്ക്കും ലഭിച്ചു. ഇടവം 10-നു ബാവാ ബോംബെയി ലെത്തി. മെത്രാച്ചൻ വിവരം പള്ളിക്കാരെ അറിയിച്ചശേഷം ഉടനെ ബോംബെയിലേക്ക് പുറപ്പെട്ടു. പൂനയ്ക്കു സമീപമുള്ള ഒരു സ്റ്റേഷനിൽ എത്തിയപ്പോൾ ബോംബെയിൽ നിന്ന് അവിടെ വന്ന വണ്ടിയിൽ ബാവായും പരിവാരങ്ങളും ഉണ്ടെന്ന് യദൃച്ഛയാ മനസ്സിലായി. .... അവിടെ നിന്നു മദിരാശിക്കു വണ്ടി കേറുന്നതിന് മുമ്പായി മദിരാശിയിൽ ഒരു ബംഗ്ലാവ് തയ്യാറാക്കുവാൻ അന്നവിടെ ബാരിസ്റ്റർ ആയിരുന്ന ടി. സി. പുന്നൂസിന് മെത്രാച്ചൻ കമ്പി അടിച്ചു. ഗവർണർ സായിപ്പിനെ കാണുക യാണ് മദ്രാസ് യാത്രയുടെ ലക്ഷ്യം. അവിടെ ചെന്നപ്പോൾ സായിപ്പ് ഊട്ടി യിലാണെന്നറിഞ്ഞ് അങ്ങോട്ട് തിരിച്ചു. അന്ന് മേട്ടുപ്പാളയം വരെ മാത്രമേ തീവണ്ടിയുള്ളൂ. പരിവാരങ്ങളെ അവിടെ താമസിക്കാൻ ഏർപ്പാടു ചെയ്തു ബാവായെയും കുന്നംകുളങ്ങരക്കാരൻ റൈട്ടർ ഇയ്യാക്കു എന്ന ആളെയും കൂട്ടി മല കയറുവാൻ തുടങ്ങി. ഒരു വക കൊട്ടയ്ക്ക് താങ്ങുവെച്ച് കെട്ടി ആളുകൾ ചുമക്കുന്ന ഒരു തരം വാഹനമേ അന്ന് അവിടെ ഉണ്ടായിരു ന്നുള്ളു. ഇതിൽ ഇരിക്കാനുള്ള ബുദ്ധിമുട്ടു ചില്ലറയല്ലായിരുന്നു. എല്ലാ വരും വളരെ കഷ്ടപ്പെട്ടു. ഈ വഴിയാത്രയിൽ വെച്ചാണ് ഇഥംപ്രദമ മായി പിലാക്കം (ചക്ക) കാണുന്നതിനും ഭക്ഷിക്കുന്നതിനും ബാവായ്ക്കു സംഗതി ആയത്. വൈകുന്നേരം 4 1/2 മണിക്ക് കുന്നൂരിൽ എത്തി. അവിടെ നിന്ന് ഗവർണ്ണർ താമസിക്കുന്ന ഊട്ടിയിലേക്കു 10 നാഴിക ദൂര മുണ്ട് (16 കി.മീ.). ... പിറ്റേദിവസം കാലത്ത് പുറപ്പെട്ടാൽ മതിയെന്ന മെത്രാച്ചന്റെ അഭിപ്രായവും മറ്റും ബാവാ നിരസിച്ചു. ഇരട്ടക്കുതിരവണ്ടി അന്വേഷിച്ച് കൊണ്ടുവന്ന് 5 മണിക്ക് പുറപ്പെട്ടു. യാത്ര ദുർഘടം. 8 1/2 മണിക്കു മലമുകളിൽ എത്തി. അതി ദുസ്സഹമായ ശൈത്യം. അന്നു രാത്രി 25 രൂപ വാടക കൊടുത്തു ഒരു ഹോട്ടൽ മുറിയിൽ കഴിഞ്ഞു. മൂന്നാം ദിവസം ഗവർണർ വില്യം റോബിൻസൺ സായിപ്പിനെ കണ്ടു. മെത്രാ ച്ചൻ ദ്വിഭാഷിയായി വർത്തിച്ചു. സായ്പ് ബാവായോട് ഭക്ത്യാദരവുക ളോടെ സംസാരിക്കുകയും പെരുമാറുകയും ചെയ്തു. സായിപ്പിന്റെ നിർബന്ധപൂർവ്വമായ അപേക്ഷയെത്തുടർന്ന് ബാവാ സായിപ്പിന്റെ ആഥിത്യം സ്വീകരിച്ചു. ഗവർണറുടെ ഡോക്ടർ താമസിച്ചിരുന്ന ബംഗ്ലാവ് അതിഥികൾക്കു നൽകി. ക്രമേണ സൗഹൃദം വളർന്നു. ഒടുവിൽ സന്ദർ ശനദൗത്യം പാത്രിയർക്കീസ് വെളിപ്പെടുത്തി. തിരുവിതാംകൂർ രാജാവ് എല്ലാം ന്യായമായി തീരുമാനിക്കുവാനുള്ള എഴുത്തുകുത്തുകൾ

നടത്താമെന്ന് ബാവായോട് ഗവർണർ വാഗ്ദാനം ചെയ്തു. തിരിച്ച് മേട്ടുപ്പാളയത്തെത്തി പരിവാരങ്ങളുമൊന്നിച്ച് കുന്നംകുളത്തിന് കമ്പിയടിച്ച് ചെറുവണ്ണൂർക്ക് തീവണ്ടി കയറി. അവിടെ ആർത്താറ്റ്, പഴഞ്ഞി, ചാലിശ്ശേരി മുതലായ ഇടവകകളിൽ നിന്ന് ആയിരംപേരോളം പേർ കുരുത്തോലകൾ വഹിച്ചുകൊണ്ട് കാത്തുനിന്നിരുന്നു. ബാവായ്ക്കു സന്തോഷമായി. 1050 (1875) ഇടവം 28-നു കുന്നംകുളം പള്ളിയിലെത്തി (29-നു വ്യാഴാഴ്ചയെന്ന് ഗ്രന്ഥവരി). ആദ്യത്തെ അറിയിപ്പ് അനുസരിച്ച് കൊച്ചിയിൽ കാത്തുനിന്നവർ നിരാശരായി മടങ്ങിപ്പോയി. മെത്രാച്ചന്റെ കമ്പിസന്ദേശപ്രകാരം വെട്ടിക്കലിൽ നിന്ന് ചാത്തുരുത്തി റമ്പാച്ചനും പാമ്പാക്കുട മല്പാനും മറ്റും കുന്നംകുളത്തു ചെന്നു. അല്പമുണ്ടായിരുന്ന അസുഖം മാറിയപ്പോൾ മിഥുനം 5-നു വ്യാഴാഴ്ച കുന്നംകുളത്തു ചെറളയം പള്ളിയിൽ വച്ച് കോനാട്ട് ഗീവർഗ്ഗീസ് മല്പാന് റമ്പാൻസ്ഥാനം നൽകി. 8-നു ഞായറാഴ്ച കുർബ്ബാനയ്ക്കു ശേഷം (അതൊരു പെന്തിക്കോസ്തി ഞായർ ആണെന്ന് പഴമക്കാർ പറയുന്നത് കേട്ടിട്ടുണ്ട് - ലേഖകൻ) കൊച്ചിയ്ക്കു യാത്രയായി. ഇതിനിടയിൽ മദ്രാസിൽ നിന്നും ഗവർണ്ണറുടെ കമ്പി സന്ദേശം ബന്ധപ്പെട്ട എല്ലാവർക്കും ലഭിച്ചു. അതിൽ പാത്രിയർക്കീസിനെ സർക്കാർ ബഹുമാനിക്കണമെന്നും കഴിയുന്ന സഹായങ്ങൾ ചെയ്തുകൊടുക്കണമെന്നും ആജ്ഞാപിച്ചിരുന്നു (ദ്വിഭാഷിയായ മെത്രാച്ചൻ സന്ദർശനവേളയിൽ പ്രദർശിപ്പിച്ച നയതന്ത്രജ്ഞതയും ബാവായുടെ വ്യക്തിത്വമാഹാത്മ്യവും ഇവിടെ ഓർക്കാവുന്നതാണ്).

കൊച്ചിയിലെ സ്വീകരണം ഗ്രന്ഥവരിയിൽ കാണുംപ്രകാരം ഉദ്ധരിക്കുന്നു: "...... തിരുവിതാംകൂറിലും കൊച്ചിയിലും ഉള്ള മണ്ടപത്തും വാതിൽ തോറും അന്ത്യോഖ്യാ പാത്രിയർക്കീസ് മലയാളത്തിൽ വരുന്നതിനാൽ ഏത് അതിർത്തികളിലെങ്കിലും വരുന്നു എന്ന് അറിയപ്പെട്ടാൽ പോലീസുകാർ മുതലായവർ ഹാജരായി ബഹുമാനിക്കുന്നത് തന്നെയല്ലാ കഴിയുന്ന സഹായങ്ങളും ചെയ്തുകൊടുക്കണമെന്ന് ദിവാൻജിമാർ കല്പന അയച്ചു. കൊച്ചിയിലേക്കുള്ള യാത്രയ്ക്കായി ദിവാൻജിയുടെ ബോട്ടും ഒരു വെള്ളിവില്ലക്കാരനെയും അയച്ചു. ആചാരവെടി മുഴക്കുവാൻ പീരങ്കികൾ തയ്യാറാക്കി. പള്ളിക്കാർ 20-ൽ അധികം തഴക്കുടയും പതിനഞ്ചിൽ അധികം മുത്തുക്കുടയും കൊടികളും 2 പൊൻകുരിശും 14 വെള്ളിക്കുരിശും കരുതിയിരുന്നു. 200-ൽ അധികം പട്ടക്കാരും എണ്ണമില്ലാത്ത ഏറിയ ജനക്കൂട്ടവും ഉണ്ടായിരുന്നു. പട്ടക്കാർ മെഴുകുതിരി കത്തിച്ച് 2 നിരയായി നടന്നു. ബാവായ്ക്കു കുതിരവണ്ടിയും മെത്രാച്ചന്മാർക്ക് മേനാവുകളും ഹാജരാക്കിയിരുന്നു. സർക്കാർ ഉദ്യോഗസ്ഥന്മാരും ശിപായികളും കടവിൽ ഹാജരായി. ആചാരവെടി മുഴങ്ങിയപ്പോൾ കൊച്ചിക്കോട്ടയും സമീപമുള്ള സ്ഥലങ്ങളും ഇളകിപ്പോയി. വാദ്യങ്ങളോടുകൂടി പ്രത്യേകം തയ്യാറാക്കിയ ബംഗ്ലാവിലേക്ക് ബാവായെ ആനയിച്ചു. മിഥുനം

10-നു കൊച്ചിയിലെത്തിയ ശേഷം ബാവാ ആവശ്യപ്പെട്ടതനുസരിച്ച് പള്ളിക്കാർ ബാവായ്ക്കു നൽകിയ അപേക്ഷയിൽ ബാവാ ഒരു സുന്നഹദോസ് കൂടി ഭരണപരമായ കാര്യങ്ങൾക്കും മറ്റും ക്രമീകരണം ഉണ്ടാക്കി ക്രമപ്പെടുത്തുവാനും മറ്റും എഴുതിയിരുന്നു. തിരുവനന്തപുരത്തുപോയി മഹാരാജാവിനെ കാണുവാൻ ഉടൻ ഒരു യാത്ര ആവശ്യമാകയാൽ അതിനുള്ള ശ്രമങ്ങളിലേക്കു മെത്രാച്ചന്റെ ശ്രദ്ധ തിരിഞ്ഞു. മിഥുനം 12-നു എല്ലാ പള്ളിക്കാർക്കും കല്പന അയച്ചു." പണപ്പിരിവിന് മെത്രാച്ചൻ കല്പന അയച്ചതിൽ ബാവാ അസംതൃപ്തി ഭാവിച്ചു. താൻ പണക്കൊതിയനല്ല എന്ന് വിലയിരുത്തുവാനുള്ള ശ്രമമായിരുന്നു അത് (അതേ പാത്രിയർക്കീസ് പിന്നീട് മൂറോൻ കൊടുത്തതിന്റെ പ്രതിഫലമായി പണം ചോദിച്ചുകൊണ്ട് പള്ളികൾക്ക് കൽപന അയയ്ക്കുകയും റിശീസാ കിട്ടിയില്ല എന്ന് ആവർത്തിച്ച് പരാതിപ്പെടുകയും പണം തന്നില്ലെന്ന് മെത്രാച്ചനെ കുറ്റപ്പെടുത്തുകയും ചെയ്യുന്ന കല്പനകൾ ഇറക്കുകയും ചെയ്തത് നമ്മെ അത്ഭുതപ്പെടുത്താതിരിക്കുകയില്ല). 15-നു ബാവാ മട്ടാഞ്ചേരി ഇരുമീശോ പള്ളിയിൽ കുർബ്ബാന ചൊല്ലി. മിഥുനം 17-നു (ചൊവ്വ) ബാവാ എല്ലാ പള്ളിക്കാർക്കുമായി അയച്ച കല്പനയിൽ ഇപ്രകാരം കാണുന്നു: ".... ഈ ആഴ്ചയിൽ തന്നെ തിരുവനന്തപുരത്തേക്കായി നാം യാത്ര പുറപ്പെട്ട് നിരണം പള്ളിയിൽ എത്തുന്നതാകകൊണ്ട് എല്ലാ പള്ളികളിൽ നിന്നും ഓരോ പട്ടക്കാരനും രണ്ടു പ്രമാണികളും നമ്മോടുകൂടി തിരുവനന്തപുരത്തേക്കു ഉണ്ടായിരിപ്പാൻ നമുക്കു താല്പര്യമാകയാൽ... ഉടൻതന്നെ ആ പള്ളിയിൽ നിന്ന് ഒരു പട്ടക്കാരനും 2 പ്രമാണികളും ഈ ഞായറാഴ്ചത്തേക്കു നിരണത്തു പള്ളിയിൽ വന്നുചേരണം."

ഇതിനിടയിൽ മാർ കൂറിലോസിന്റെ വടിയും മുടിയും സ്ലീബായും പുലിക്കോട്ടിൽ മെത്രാച്ചൻ ബാവായ്ക്ക് സമർപ്പിച്ചു. വടിയും സ്ലീബായും ബാവാ എടുത്തു. മുടി മെത്രാച്ചന് കൊടുത്തു. ഇവ തന്നെ ഏൽപിക്കുവാൻ ബാവാ പുലിക്കോട്ടിൽ മെത്രാച്ചന് നേരത്തെ കല്പന അയച്ചിരുന്നു. 21-നു ശനിയാഴ്ച ബാവായെയും ഗ്രീഗോറിയോസ് (പിന്നീട് അബ്ദുള്ളാ ബാവാ), 2 റമ്പാച്ചന്മാർ, മക്കുദിശാ, സ്തേഫാനോസ് ശെമ്മാശൻ, കുരിയൻ റൈട്ടർ എന്നിവരെ കൂട്ടി മെത്രാച്ചൻ നിരണത്തേക്കു പുറപ്പെട്ടു. ഗവർണ്ണരുടെ ശിപായിയും ദിവാൻജിയുടെ ശിപായിയും അകമ്പടി സേവിച്ചു. കോട്ടയം സെമിനാരി മല്പാൻ കൂരൻ പൗലൂസ് കത്തനാരെ ബാവായുടെ അനുമതിയോടെ, പാലക്കുന്നനെ കാണാനും അദ്ദേഹം നിരണത്ത് വെച്ച് ബാവായെക്കാണാൻ ആവശ്യപ്പെടാനുമായി മക്കുദിശായും കോറിയും കൂടി തിരുവനന്തപുരത്തേക്ക് നേരത്തെ അയച്ചു. നിരണത്തേക്കു വരുവാൻ അസൗകര്യമെന്നും തിരുവനന്തപുരത്തേക്ക് വരുമ്പോൾ കാണാമെന്നും അത്താനാസ്യോസ് കൊച്ചിയിലെ കുരുവിള പാതിരിക്കു മിഥുനം 14-നു കമ്പി അടിച്ചു. അദ്ദേഹം ആയത്

മക്കുദിശായെ അറിയിക്കുകയും ചെയ്തു. വിവരം ബാവായെ അറിയിച്ച പ്പോൾ അവന്റെ കാലം നല്ലതല്ലെന്നും അവന് നാശം അടുത്തിരിക്കുന്നു എന്നും ആയിരുന്നു ബാവായുടെ പ്രതികരണം. 24-നു ബാവാ നിരണത്തു കുർബ്ബാന അർപ്പിച്ചു. എല്ലാ പള്ളികളിൽ നിന്നും ഒരു പട്ടക്കാരനും രണ്ടു പ്രമാണിമാരും തിരുവനന്തപുരം യാത്രയിൽ തന്റെ അകമ്പടിക്കാരായി വരണമെന്ന് ബാവാ കല്പന അയച്ചതിന് പ്രതികരണം ഒന്നും ഉണ്ടാ യില്ല (300-ലധികം പേർക്ക് ബാവായുടെ കൂടെ തിരുവനന്തപുരം പോയി മടങ്ങുവാനും താമസിക്കാനുമായി ഒരു തുക ചെലവു വരുമെന്നും നിര വധി ക്ലേശങ്ങൾ അനുഭവിക്കുന്ന മെത്രാച്ചന് ഇത് താങ്ങാവുന്നതിലധി കമാവുമെന്നും പള്ളിക്കാർക്കറിയാമെങ്കിലും അതിഥി സ്വന്തം മാനവും മഹത്വവും മാലോകരെ അറിയിക്കണമെന്നേ കരുതിയുള്ളൂ. ആരും വരാ ത്തതിനെപ്പറ്റി അദ്ദേഹം ചോദ്യങ്ങളൊന്നും ഉന്നയിച്ചില്ല. താൻ കൽപന അയയ്ക്കുന്നതൊക്കെ മലയാളത്തുകാർ അനുസരിച്ചുകൊള്ളും എന്നത് മിഥ്യാവിശ്വാസമാണെന്ന് മനസ്സിലാക്കുവാൻ ഈ അനുഭവം സഹായക മായി. കണ്ടനാട്ടുകാരൻ ശെമവൂൻ കോറിയും മക്കുദിശായും വേറെ ചിലരും പാലക്കുന്നന്റെ മനസ്താപത്തെക്കുറിച്ച് ഇടവിടാതെ ബാവായെ ബോധ്യപ്പെടുത്താൻ ശ്രമിച്ചെങ്കിലും ബോംബെ, മദ്രാസ്, കുന്നംകുളം, കൊച്ചി, നിരണം ഇവിടങ്ങളിലൊന്നും നമ്മുടെ തിരുമുമ്പാകെ ഇതുവരെ അവൻ വന്ന് മനസ്താപപ്പെടാതെ ഇരുന്നത് നാം കണ്ടാറെ അവന്ന് മന സ്താപം എന്ന് പറയുന്നത് വിശ്വസിപ്പാൻ പാടില്ല എന്ന് ബാവായ്ക്ക് അനുഭവം കൊണ്ട് ബോധ്യമായി).[7]

മിഥുനം 25-നു സംഘം തിരുവനന്തപുരത്തേക്കു യാത്രയായി. അന്നു രാത്രി ശംഖുമുഖം കടവിലെത്തി. കണ്ണൻമൂലയിൽ താമസിച്ചു. അടുത്ത പ്രഭാതത്തിൽ രാജകീയ ബഹുമതികൾ ബാവായെ കാത്തുനിന്നു. പട്ടാ ളത്തിന്റെ കവാത്തും ബാന്റുവാദ്യവും മറ്റും ബാവായെ സന്തോഷിപ്പിച്ചു. 27-നു "പാലക്കുന്നത്ത് മെത്രാച്ചന്റെ അനന്തിരവൻ അയിരൂർ ചെറുകര പീലിപ്പോസ് കത്തനാരും അളിയൻ പുത്തൻകാവ് അയിരുകുഴിയിൽ കത്തനാരും മറ്റ് ഏതാനും പട്ടക്കാരും തിരുമുമ്പാകെ വന്ന് പാലക്കു ന്നത്ത് മെത്രാപ്പോലീത്താ തിരുമുമ്പാകെ വരുവാൻ മനസ്സായിരിക്കുന്നു എന്നും എപ്പോൾ വരേണ്ടൂ എന്നും മറ്റും തിരുമനസ്സറിയിച്ചാറെ ഇതു വരെ വരാതെ ഇരുന്നത് എന്ത് എന്ന് കൽപിച്ച് ചോദിച്ചപ്പോൾ കൊച്ചി യിലും മറ്റും വരാഞ്ഞത് ഇവിടെ 18-നു മഹാരാജാവിന്റെ അടുക്കൽ ഒരു കമ്മറ്റി ഉണ്ടായിരുന്നതുകൊണ്ട് വരുന്നതിന് ഇടയായില്ല എന്നും അതി നിടയിൽ വന്നേ മതിയാവൂ എന്ന് മറുപടി അയച്ചാൽ ഉടനെ അവിടെ എത്തിക്കൊള്ളാമെന്നും കൊച്ചിക്കു മക്കുദിശായുടെ പേർക്കു കമ്പി അയ ച്ചാറെ മറുപടി അയയ്ക്കാത്തതിനാലാണ് അന്വേഷിച്ച് വരുന്നതിന് ഇട വരാഞ്ഞതെന്ന് എന്നും മറ്റും അവർ തിരുമനസ്സറിയിച്ചു. ഉടനെ

മക്കുദിശായെ വിളിച്ച് വിവരം ചോദിച്ചാറെ ഇപ്രകാരം എന്റെ പേർക്ക് ഒരു കമ്പിയും അയച്ചിട്ടില്ലെന്നും അങ്ങനെ ഇവർ പറയുന്നപക്ഷം ആയ തിന്റെ രശീതും പകർപ്പും കൊണ്ടുവരട്ടെ എന്നും ഇപ്രകാരമുള്ള ഭോഷ്ക് ബാവായുടെ മുമ്പാകെ പറയരുതെന്നും കുരുവിള പാതിരിയുടെ പേർക്ക് വരുന്നതല്ലെന്ന് കമ്പി അയച്ചപ്രകാരം എനിക്ക് അറിവുണ്ടെന്നും ഇതു കൂടാതെ യാതൊന്നും ഞാൻ അറിഞ്ഞിട്ടില്ലെന്നും ഇവർ കള്ളന്മാരാ ണെന്നും ഇവരെ വിശ്വസിക്കാൻ പാടില്ലെന്നും മറ്റും മക്കുദിശാ തിരുമന സ്സറിയിച്ചു. ഉടനെ നാളെയാകട്ടെ എന്ന് അവരോടു കൽപനയാകയും ചെയ്തു." "..... മുൻപറഞ്ഞ പീലിപ്പോസ് കത്തനാർ പിറ്റേദിവസം മെത്രാ ച്ചൻ വരുന്നു എന്ന് മുൻകൂട്ടി പറവാനായി ചെന്നപ്പോൾ ഇപ്പോൾ ഇന്ന് സമയമില്ലെന്നും അങ്ങനെ കാണണമെന്ന് മനസ്സുണ്ടെങ്കിൽ മനസ്താപ പ്പെട്ടിരിക്കുന്നുവെന്നും കൽപനപോലെ സകലവും കേട്ട് അനുസരിച്ച് കൊള്ളാമെന്നും മറ്റും എഴുതി അയച്ചതിന്റെ ശേഷം വരേണ്ടതുമാകു ന്നുവെന്ന് കൽപിച്ചപ്രകാരം മേൽപ്പറഞ്ഞ പീലിപ്പോസ് കത്തനാരച്ചൻ മുതൽ പേർ വന്ന് പറകയാൽ മടങ്ങിപ്പോരികയും...... തമ്മിൽ കാണുന്ന തിന് താല്പര്യമാകയാൽ എപ്പോൾ വരേണ്ടൂ എന്നും മറ്റും മറുപടി അയ യ്ക്കണമെന്ന് സുറിയാനി ഭാഷയിൽ എഴുതി.... ബാവായുടെ തിരുമു മ്പാകെ കൊടുത്തയച്ചു..... നാളെ കഴിഞ്ഞു തിങ്കളാഴ്ച മറുപടി അയ യ്ക്കാമെന്ന് കൽപിക്കുകയും ചെയ്തു. ..... മറുപടി കൊടുക്കുന്നതല്ലെന്നും തിങ്കളാഴ്ച കാലത്ത് അയാൾ ഇവിടെ വന്നാൽ കാണുന്നതിന് സമയം ഉണ്ടാക്കാമെന്നും മറ്റും..... പറകയാൽ ഉടനെ മെത്രാച്ചന്റെ അടുക്കൽ ഞാൻ ചെന്ന് ഈ വിവരങ്ങൾ പറഞ്ഞാറെ ഏറിയ വിരോധങ്ങൾ പറഞ്ഞു എങ്കിലും നാളെ കാലത്ത് തിരുമുമ്പാകെ വരാമെന്ന് മക്കുദി ശായ്ക്കും ശെമ്മാശനും മുഷിച്ചിൽ കൂടാതെ പറഞ്ഞുകൊള്ളത്തക്കവ ണ്ണവും മറ്റും പറഞ്ഞു. പറഞ്ഞപ്രകാരം പിറ്റേദിവസം വന്നതുമില്ല. ഇതി നിടയിൽ ഞാൻ പാലക്കുന്നന്റെ അടുക്കൽ പോകുന്നുണ്ടെന്നും മറ്റും ബാവായെ തിരുമനസ്സറിയിച്ചു. 30-നു തിങ്കളാഴ്ച ഞാൻ ചെന്നപ്പോൾ മത്തിയാസിന്റെ അടുക്കൽ നീ പോയോ, അവനെ കണ്ടോ എന്നും മറ്റും എന്നോട് കല്പിച്ചു ചോദിച്ചു. പോയി കണ്ടു എന്നും അറിയിച്ചു. ഇനി അവന്റെ അടുക്കൽ പോകരുതെന്നും അവൻ മനസ്താപപ്പെട്ട് വരുമെന്ന് നാം നിരൂപിച്ചിരുന്നു. അവൻ മനസ്താപപ്പെട്ടു വരുന്നതല്ലെന്നും നാം ഉറച്ചു. പിതാക്കന്മാർ സ്ഥാനഭ്യഷ്ടനാക്കിയതുപോലെ അവനെ നാം ഭ്രഷ്ട നാക്കി ഇരിക്കുന്നു എന്നും മറ്റും നിരണത്തുവച്ച് നാം പ്രസ്താവിച്ചിരി ക്കുന്നത് നീ അറിഞ്ഞു. പിന്നെയും അവന്റെ പക്കൽ പോകുവാൻ കാരണം എന്തെന്നും ഇതുവരെ നീയും മക്കുദിശായും ശെമ്മാശും കൂടി വിചാരിച്ചിട്ട് യാതൊരു ഗുണവും കാണാതെ ഇരിക്കുമ്പോൾ എന്തിന് പോയി എന്നും ആ ശപിക്കപ്പെട്ടവന്റെ അടുക്കൽ ഇനി മേലാൽ പോകയും

കാണുകയും ചെയ്യരുതെന്നും മറ്റും എന്നോട് കൽപിച്ചു. നിരണത്തു വെച്ച് കല്പിച്ച വിവരം ഞാൻ അറിഞ്ഞില്ലെന്നും ഇനി മേലാൽ ഞാൻ പോയി അയാളെ കാണുന്നതല്ലെന്നും മറ്റും തിരുമനസ്സറിയിച്ചു. ..."

മാർ അത്താനാസ്യോസ് തന്ത്രശാലിയായിരുന്നു. ബാവായുടെ അനുഗ്രഹത്തിനായി താൻ കാത്തിരിക്കുകയാണെന്ന് ബാവായെ തെറ്റിദ്ധരിപ്പിച്ച് ബാവായും മഹാരാജാവും തമ്മിലുള്ള സന്ദർശനം നീട്ടിക്കൊണ്ടു പോകയും ആ സമയം ഉപയോഗിച്ച് രാജാവിനെയും ബ്രിട്ടീഷ് സർക്കാരിനെയും തന്റെ വശത്താക്കാൻ പരിശ്രമിക്കുകയുമാണ് അദ്ദേഹം ചെയ്തത്. 'മലങ്കരസഭാ നവീകരണത്തിന്റെ മുന്നോടികൾ' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം കാണുന്നു: "പാത്രിയർക്കീസ് ബാവാ വിക്ടോറിയാ രാജ്ഞിയെ കണ്ടതിന് ശേഷമുള്ള വരവിനെപ്പറ്റിയുള്ള വിവരങ്ങൾ ഏതോ വിധത്തിൽ മനസ്സിലാക്കിയ രാജാവ് മാത്യൂസ് തിരുമേനിയെ കാര്യങ്ങൾ ഗ്രഹിപ്പിച്ചു. ...... തിരുമേനി താഴത്തച്ചനെ ഉടനെ തിരുവനന്തപുരത്തേക്ക് യാത്രയാക്കി. അച്ചൻ അവിടെ ഒന്നരമാസത്തോളം താമസിച്ച് ഇതിനുള്ള പ്രതിവിധി ആലോചിച്ചു. കോലഫ് സായിപ്പും വർക്കി മുൻസിഫും വേണ്ട നിർദ്ദേശങ്ങൾ നൽകി. അതിൻപ്രകാരം എല്ലാ വിവരങ്ങളും അടങ്ങിയ ഒരു പേജു വരുന്ന കമ്പിസന്ദേശം വിക്ടോറിയാ റാണിയ്ക്കും സ്റ്റേറ്റ് സെക്രട്ടറിയ്ക്കും ഒരു കോപ്പി മദ്രാസ് ഗവർണർക്കും അയച്ചുകൊടുത്തു. പ്രധാനപ്പെട്ട ഈ കാര്യം പാത്രിയർക്കീസിന്റെ ഭാഗം മാത്രം കേട്ട് യാതൊരു തീരുമാനവും എടുക്കരുതെന്നും ഇരുഭാഗക്കാരുടെയും വാദം കേട്ടശേഷം മാത്രമേ ഏതെങ്കിലും തീരുമാനമെടുക്കാവൂ എന്നും കാണിച്ചിരുന്നു. ഇതിൻപ്രകാരം മെത്രാച്ചന്റെ അനുകൂലികളായിട്ടുള്ള നിരവധി ആളുകളെക്കൊണ്ട് ഒരു ഹർജി ഒപ്പിടുവിച്ച് തയ്യാറാക്കി മേൽപറഞ്ഞ എല്ലാവർക്കും അയച്ചുകൊടുക്കുകയും ചെയ്തു. ഇതനുസരിച്ച് മദ്രാസ് ഗവർണർ തിരുമേനിയുടെ പേരിലുള്ള എല്ലാ നടപടികളും നിർത്തിവെച്ചു. മേലിൽ ഈ വിധമുള്ള കാര്യങ്ങൾ ഇരു കൂട്ടരുടെയും വാദം കേട്ട് കോടതി മുഖാന്തിരം മാത്രമേ തീരുമാനം എടുക്കാവൂ എന്ന് ഗവർണറിൽ നിന്ന് അറിയിപ്പു കിട്ടി."[9]

ഈ രംഗത്തെവിടെയും പുലിക്കോട്ടിൽ മെത്രാച്ചനെ കാണുന്നില്ലെങ്കിലും പാത്രിയർക്കീസും പാലക്കുന്നത്ത് മെത്രാച്ചനും തമ്മിലുള്ള കൂടിക്കാഴ്ചയ്ക്കു തടസം സൃഷ്ടിച്ചത് പുലിക്കോട്ടിൽ മെത്രാച്ചനാണെന്ന് ചിലർ നിർവ്വിശങ്കം ഒരു രേഖയെയും അവലംബമാക്കാതെ തട്ടിവിട്ടിരിക്കുന്നത് കാണുക: "...... ആദ്ധ്യാത്മികരംഗത്ത് എന്തും നേടുവാൻ കഴിയുമെന്ന് ധരിച്ച പുലിക്കോട്ടിൽ മെത്രാച്ചൻ പാത്രിയർക്കീസിനെ ഇവിടെ വെച്ച് സന്ദർശിക്കുവാൻ മറ്റാരെയും അനുവദിച്ചിരുന്നുമില്ല."[10] വേറെ ഒരു വിദ്വാൻ കാര്യങ്ങൾ നിരീക്ഷിക്കുന്നത് കൂടുതൽ വിചിത്രമായ

രീതിയിലാണ്: “..... ഇവർ ചെല്ലുന്നുണ്ടെന്ന് അറിവു കിട്ടിയിരുന്ന പുലിക്കോട്ടിൽ മെത്രാച്ചനും മറ്റും വിവരം ബാവായെ അറിയിക്കാതെ, കാണുന്നതിന് അനുവാദമില്ലെന്ന് പടിവാതുക്കൽ ആളെ നിർത്തി പറയിക്കയാൽ മടങ്ങിപ്പോരേണ്ടി വന്നു. ബാവായും പാലക്കുന്നത്ത് മെത്രാച്ചനും തമ്മിൽ കാണുന്നതിനിടയായാൽ ബാവാ പാലക്കുന്നത്ത് മെത്രാച്ചന്റെ സ്വാധീനത്തിലാകുമെന്ന് പുലിക്കോട്ടിൽ മെത്രാച്ചൻ മുതലായവർക്ക് നല്ലതു പോലെ അറിയാമായിരുന്നതിനാലാണ് അങ്ങനെ ഒരു കൂടിക്കാഴ്ചയ്ക്കു വഴി ഒരുക്കി കൊടുക്കാഞ്ഞത്.”[11]

പാലക്കുന്നത്ത് മെത്രാച്ചനും പാത്രിയർക്കീസും തമ്മിലുള്ള കൂടിക്കാഴ്ച തടസ്സപ്പെട്ടതിനെപ്പറ്റി ഇത്ര തരംതാണ വിമർശനങ്ങൾ പുറപ്പെട്ട സ്ഥിതിയ്ക്ക് അതിന്റെ സത്യാവസ്ഥ വായനക്കാർ തീർച്ചപ്പെടുത്തുവാൻ സഹായകമായ ഒരു സംഭവം കൂടെ കണ്ടനാട് ഗ്രന്ഥവരിയിൽ നിന്ന് ഉദ്ധരിച്ച് ചേർത്തുകൊള്ളട്ടെ:

“...... ഇങ്ങനെ ഇരിക്കുമ്പോൾ ബലയാർ എന്നു പറയുന്ന പാലക്കുന്നൻ നിരണത്തു പള്ളിയിൽ ഇരുന്നുകൊണ്ട് ഓരോവിധമൊക്കെയും ഭീഷണികൾ പറയുന്നപ്രകാരം ബാവായ്ക്ക് അറിവു കിട്ടുകയാൽ നിരണത്തിനു പോകുന്നുവെന്നും മറ്റും കല്പിച്ചു. എല്ലാവരും ആ കാര്യത്തിൽ വിരോധം പറഞ്ഞു. ആയത് സമ്മതിക്കാതെ നിരണത്തിനു പോകണമെന്നും അവിടെ ചെന്നാൽ അവന്റെ മസ്നപ്സ ഞാൻ ഊരി എടുക്കുമെന്നും മറ്റും കല്പിച്ചു. അതിനാൽ വളരെ കലഹങ്ങൾക്കും മറ്റും ഇട വരുമെന്ന് ഭയന്ന് പല പ്രകാരത്തിലും തിരുമനസ്സറിയിച്ചാറെ ഇനി വെളിനാട്ടുകാരുടെ അപേക്ഷപ്രകാരം എഴുന്നള്ളാമെന്ന് ഉറച്ചു. അവർ വന്ന് എതിരേറ്റ് പോകുംവഴി നിരണത്തേക്കുള്ള വഴി, പുളിയ്ക്കകടവിൽ ജനങ്ങൾ കൂടിനിൽക്കുന്നതു കണ്ട് ഈ സ്ഥലം എവിടെ എന്നും മറ്റും കല്പിച്ചു ചോദിച്ചപ്പോൾ നിരണത്തേക്കുള്ള വഴി എന്നും ജനങ്ങൾ നിരണത്തുകാർ എന്നും ബാവായ്ക്ക് മനസ്സിലായി. ബോട്ട് ആ കടവിൽ അടുക്കണമെന്ന് ദേഷ്യത്തോടെ കല്പനയായി. കല്പനയുടെ ശക്തിയാൽ ആ കടവിൽ അടുപ്പിച്ചു. നിരണത്തിനു പോകണമെന്നും പോകരുതെന്നും വളരെ സങ്കടം ബോധിപ്പിച്ചാറെ നിരണത്തേക്ക് നിങ്ങൾ കൊണ്ടുപോയില്ലെങ്കിൽ ഇനി നിങ്ങളുടെ ഇടയിൽ നാം താമസിക്കുന്നതല്ലെന്നും മറ്റും വളരെ കോപത്തോടു കൂടെ കല്പന ആയതിനാൽ ഒരു പ്രകാരവും വിരോധിച്ച് നിറുത്തുവാൻ പാടില്ലെന്ന് കണ്ടതിനാൽ ബാവായുടെ ഇഷ്ടംപോലെ ആകട്ടെ എന്ന് എല്ലാവരും സമ്മതിച്ചു. ബാവായും റമ്പാച്ചന്മാരും ഒന്നു രണ്ടു പട്ടക്കാരും മക്കുദിശാ ഗബ്രിയേലും മൂസൽക്കാരൻ ശാമ്മു എന്നവനും ശേഷം ഏതാനും ജനക്കൂട്ടവും ആയിട്ട് നിരണത്തു പള്ളിയിലേക്ക് പോകയും ചെയ്തു. ഗ്രീഗോറിയോസ് ബാവായേയും കൂടെ വന്നിരുന്ന

യൗസേഫ് ശെമ്മാശനെയും മറ്റും കടവിൽ താമസിപ്പിച്ചത്രേ പോയത്. നിരണത്തേക്കു പോകുന്നതിനുള്ള ഭയത്താൽ പുലിക്കോട്ടിൽ മെത്രാപ്പോലീത്താ ബാവായോട് സൊരുമിച്ച് പോരാതെ പള്ളിയ്ക്ക് സമീപം പള്ളിവാതുക്കൽ യാക്കോബ് എന്നവന്റെ വീട്ടിൽ വന്ന് താമസിച്ചു.

ബാവായും ജനക്കൂട്ടവുമായി പള്ളിയിലേക്ക് വരുന്നു എന്ന് ബലയാർ എന്നു പറയുന്ന പാലക്കുന്നൻ കേട്ടപ്പോൾ അയാളോട് കൂടെ ഉള്ള ഏതാനും പട്ടക്കാരും ക്രിസ്ത്യാനികളും ഭയന്ന് പള്ളിയുടെ വടക്കുവശത്ത് ചമയപ്പുര മാളികയിൽ കയറി വാതിലടച്ചു. ഏകദേശം 29-ാം തീയതി ബുധനാഴ്ച പത്തു നാഴ്ക പകലേ നിരണത്ത് പള്ളിയിൽ എഴുന്നള്ളി. മദ്ബഹായിൽ കയറി ലുത്തിനിയായും കഴിച്ച് പടിഞ്ഞാട്ട് തിരിഞ്ഞ് ബലയാർ എവിടെ എന്നും അവനെ കാണണമെന്നും അവന്റെ അരക്കച്ചയുടെ ശക്തി എന്തു മാത്രമെന്ന് അറിയണമെന്നും മറ്റും കോപത്തോടെ കല്പിച്ചു. ബലയാർ ഇവിടെ ഉണ്ടെന്നും ഭയത്താൽ മുറിക്കകത്ത് കയറി വാതിൽ അടച്ചു എന്നും മറ്റും തിരുമനസ്സറിയിച്ചപ്പോൾ കോപത്തോടെ അവന്റെ മുറിയുടെ വാതിൽ ഇപ്പോൾ പൊളിക്കണമെന്നും അവൻ ഇരിക്കുന്ന മുറി എവിടെ എന്നും കല്പിച്ചപ്പോൾ ഞങ്ങൾ എല്ലാവരും കൂടി കരഞ്ഞ് തൃക്കാൽക്കൽ വീണ് വന്ദിച്ചു. കരുണയുള്ള പിതാവേ, അവിടെ പോകയും കതക് പൊളിക്കുകയും ചെയ്യരുതെന്നും പുറത്ത് ഇറങ്ങി ഇരുന്ന് ആളയച്ചാൽ തിരുമുമ്പാകെ അയാൾ വരുമെന്നും വരാത്തപക്ഷം തിരുമുമ്പാകെ ഞങ്ങൾ കൊണ്ടുവരാമെന്നും തിരുമനസ്സറിയിച്ചപ്പോൾ ദൈവകൃപയാൽ അനുസരിച്ച് അവിടെനിന്നും എഴുന്നള്ളി പൂമുഖത്ത് പോയി ഇരുന്നു. അവൻ വരട്ടെ എന്നും വരാത്തപക്ഷം കൊണ്ടുവരണമെന്നും കല്പനയായി. അതുപ്രകാരം ആവാമെന്ന് തിരുമനസ്സറിയിച്ചു. അവൻ എന്നോട് ഒരു അരക്കൈ നോക്കാമെന്നും മറ്റും പല ഭീഷണി വാക്കുകൾ പറഞ്ഞതായിട്ടും നാം അറിഞ്ഞിരിക്കകൊണ്ട് അവന്റെ അരക്കയ്യും പരാക്രമവും ഭീഷണിയും നമുക്ക് കാണണമെന്നും മറ്റും കോപത്തോടെ കല്പിച്ചു. വിളിപ്പാനായി പലരെയും അയച്ചു. വാതിൽ തുറക്കുകയും ഉത്തരം പറകയും ചെയ്തില്ല. പിന്നീട് വിശുദ്ധ പിതാവ് എന്നെ വിളിച്ച് നീ മുമ്പെ അവന്റെ സ്നേഹിതനല്ലോ ആയിരുന്നു. നീ അവന്റെ അടുക്കൽ ചെന്ന് നമ്മുടെ മുമ്പാകെ വരുവാൻ പറയണമെന്നും അവനോട് നാം ഒന്നും ചെയ്യുന്നതല്ലെന്നും ഈ സ്ഥാനം നിനക്ക് ലഭിച്ചത് എവിടെ നിന്നാകുന്നു എന്ന് മാത്രം ചോദിക്കുകയും നമ്മുടെ കല്പന അനുസരിപ്പാൻ പാടില്ലാത്തപക്ഷം നാം കൊടുത്തിരിക്കുന്ന മസ്നപ്സായും മെത്രാന്റെ ചമയത്തിന്റെ ഉടുപ്പുകളും നമ്മുടെ മുമ്പാകെ വച്ചുംവച്ച് അവൻ പൊയ്ക്കൊള്ളട്ടെ എന്നും ആയതല്ലാത്ത പക്ഷം മേൽപ്പറഞ്ഞ സാമാനങ്ങൾ അവനിൽ നിന്ന് നാം എടുക്കുമെന്നും ആയതിന് ഇടവരുത്തരുതെന്നും മറ്റും പറയണമെന്ന് കല്പിച്ച്

അയച്ചപ്പോൾ ഞാൻ ചെന്ന് കതക് മുട്ടി വിളിച്ചു. ഞാൻ എന്നറിഞ്ഞ പ്പോൾ അകത്തുണ്ടായിരുന്ന ഏതാനും പട്ടക്കാർ എന്തെന്ന് ചോദിച്ചു. കല്പിച്ചയച്ച ചില കാര്യങ്ങൾ പറവാനുണ്ടെന്നും അതിനാൽ കതക് തുറക്കണമെന്നും മറ്റും പറഞ്ഞു. ഈ വിവരം അവർ ചെന്ന് ബലയാറിനെ അറിയിച്ചാറെ കാര്യമെന്തെന്ന് ചോദിച്ചറിഞ്ഞ് വരണമെന്ന് പറഞ്ഞയച്ച വിവരം എന്നോട് പറഞ്ഞപ്പോൾ മുഖദാവിൽ പറയുന്നതിനല്ലാതെ പറഞ്ഞ് പറയിപ്പാൻ എനിക്ക് കല്പന ഇല്ലെന്നും മറ്റും ഞാൻ മറുപടി പറഞ്ഞു. ഈ വിവരവും മറ്റും അവർ ചെന്നറിയിച്ചാറെ കതക് തുറപ്പാൻ ഇപ്പോൾ പാടില്ലെന്നും അയാൾ നമ്മുടെ ശത്രുവായ ബാവായോട് സൊരുമിച്ച് വന്നിരിക്കുകയാൽ തല്ക്കാലം വിശ്വസിപ്പാൻ പാടില്ലെന്നും ഈ വിവരങ്ങൾക്ക് തഹശീൽദാരുടെ പേർക്ക് എഴുതി അയച്ചിട്ടുണ്ടെന്നും തഹശീൽദാർ ഇപ്പോൾ വരുമെന്നും അപ്പോൾ കതക് തുറന്ന് കൊള്ളാ മെന്നും മറ്റും എന്നോട് മറുപടി പറഞ്ഞു. ഈ വിവരം ഞാൻ കേട്ടപ്പോൾ, കതക് തുറക്കുന്നതല്ലെന്നും തഹശീൽദാർക്ക് ആളയച്ചിരിക്കുന്നു എന്നും മറ്റും പറഞ്ഞു എന്ന വിവരങ്ങൾ ഒക്കെയും ബാവായുടെ തിരുമനസ്സ റിയിച്ചു. ആ സമയം ബാവാ നിരണത്തേക്ക് എഴുന്നള്ളുന്നു എന്നു കേട്ട് മുൻ ഉത്തരവിലെ താല്പര്യപ്രകാരം തിരുവല്ലാ മണ്ഡപത്തുംവാതുക്കൽ നിന്ന് പോലീസ് നായ്ക്കൻ മുതൽപേർ എഴുന്നള്ളത്തിന് ഹാജരായി വന്നിട്ടുണ്ടായിരുന്നു. ഉടനെ നായ്ക്കനെ വിളിച്ച് നമ്മുടെ കല്പനക്ക് വിരോധമായി ഈ പള്ളിയിൽ ബലയാർ എന്നും പറയുന്ന പാലക്കുന്നൻ കയറി മുറിക്കകത്ത് കതകടച്ച് ഇരിക്കുന്നതിനാൽ അയാളെ ഇറക്കി വിടുന്നതിന് തഹശീൽദാരെ ആളയച്ച് വരുത്തണമെന്ന് കല്പിച്ചു. ഉടനെ നായ്ക്കൻ കല്പന പ്രകാരം തഹശീൽദാർ വരുവാൻ ശിപായിയെ അയച്ചു. ബാവാ പൂമുഖത്തുനിന്നും പള്ളിയുടെ മുറിത്തട്ട് മാളികയിൽ കയറി ഇരിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട വിശുദ്ധ പിതാവിനും കൂടെയുള്ള ഞങ്ങൾ എല്ലാവർക്കും ആ ഇടവകയിൽ പ്രധാനികൾ ആകുന്ന എലഞ്ഞിക്കൽ ചാക്കോയും മട്ടയ്ക്കൽ ചാക്കോ വൈദ്യനും പുതുപ്പള്ളി ഗീവറുഗീസും മറ്റും കൂടി ഭക്ഷണസാമാനങ്ങൾ ഒക്കെയും ഒരുക്കിത്തരികയും ചെയ്തു. ബാവാ കോപത്താൽ വൈകുന്നേരത്തെ നമസ്കാരത്തിന് പള്ളിയകത്ത് ഇറങ്ങിയില്ല. ഞങ്ങളോട് നമസ്കരിപ്പാൻ കല്പിച്ചു. ഞങ്ങൾ പള്ളിയകത്ത് ചെന്ന് നമസ്കരിച്ചു. ബലയാറും കൂട്ടവും ഭയന്ന് കതക് തുറന്നില്ല. സന്ധ്യ കഴിഞ്ഞപ്പോൾ തഹശീൽദാർ വന്നു. സമയം ചോദിച്ച് ബാവായുടെ അടുക്കൽ വന്നു. നമ്മുടെ കല്പ നയ്ക്ക് വിരോധമായി ബലയാർ മുറിയിൽ കയറി കതകടച്ച് ഇരിക്കുന്നു എന്നും ഇവിടെ നിന്നും അവനെ എറക്കി അയക്കണമെന്നും മറ്റും കല്പന ആയി. ബലമായി ഒരുത്തൻ കയറിയാൽ മുറയ്ക്ക് സ്ഥലത്ത് ബോധി പ്പിച്ച് കല്പനയോടു കൂടെ അല്ലാതെ തന്നിഷ്ടമായി ഇറക്കുവാൻ നമുക്ക്

അധികാരം ഇല്ലെന്നും അദ്ദേഹത്തോട് ശല്യത്തിനായി താങ്കൾ ഇവിടെ വന്നിരിക്കുന്നു എന്നും മറ്റും വലിയ ഭയത്തോടു കൂടെ അദ്ദേഹം നമ്മുടെ മുമ്പാകെ എഴുതി ബോധിപ്പിച്ചിരിക്കുന്നു എന്നും ഇങ്ങനെ ഒക്കെയും ഇരിക്കെ ബോധിപ്പിക്കാതെ തന്നിഷ്ടമായി ഈ കാര്യത്തിൽ ഒന്നും പ്രവർത്തിപ്പാൻ പാടില്ലെന്നും അദ്ദേഹത്തിന് ഇവിടത്തെ കല്പന പോലെ കേട്ട് നടക്കുന്നത് ഉത്തമമെന്നും അതിനാൽ അദ്ദേഹത്തെക്കൂടി ഒന്ന് കാണുന്നതിന് എനിക്ക് അനുവാദം തരണമെന്നും പറഞ്ഞു. അവനെ നീ കാണുന്നതിന് എനിക്ക് വിരോധം ഇല്ലെന്നും മറ്റും കല്പന ആയതിന്റെ ശേഷം തഹശീൽദാർ അദ്ദേഹത്തിന്റെ അടുക്കൽ ചെന്ന് കണ്ട് പറഞ്ഞാറെ അത്യന്ത ഭയത്താൽ വളരെ ഭീഷണികൾ ഒക്കെയും പറഞ്ഞു. വി. പിതാവ് എന്നെ കണ്ടാൽ വല്ലതും പ്രവർത്തിച്ചേക്കുമെന്നും അതിനാൽ അടുക്കൽ ചെല്ലുന്നതിന് ഭയമെന്നും പരദേശ മനുഷ്യനാകുകയാൽ നിശ്ചയിപ്പാൻ പാടില്ലെന്നും തഹശീൽദാരും പറഞ്ഞു. പിന്നീട് തഹശീൽദാർ ബാവായുടെ അടുക്കൽ വന്ന് ഇദ്ദേഹത്തെ ഇറക്കി വിടുന്നതിന് മേലാവിൽ ബോധിപ്പിക്കാതെ പാടില്ലാ എന്നും തിരുമുമ്പാകെ വരുന്നതിന് ഭയത്താൽ അയാൾക്ക് മനസ്സില്ലെന്നും പറഞ്ഞു. ഉടൻ ഞങ്ങൾ എല്ലാവരും കൂടി ഇനി ഇവിടെ താമസിക്കുന്നത് ശരി അല്ലെന്നും ബാവാ ഇവിടെ എഴുന്നള്ളിയപ്പോൾ അരക്കൈ നോക്കാതെ ഭയന്ന് മുറിക്കകത്ത് കയറി കതകടച്ചിരിക്കുന്നതിനെ നോക്കുമ്പോൾ ഇവിടെ നിന്ന് എഴുന്നള്ളുന്നത് ഉത്തമമെന്നും മറ്റും തിരുമനസ്സറിയിച്ചാറെ ദൈവകൃപയാൽ ആയതിനെ സമ്മതിച്ച് വെളുക്കാറാവുമ്പോൾ യാത്ര പുറപ്പെടാമെന്ന് സമ്മതിച്ച ഉടനെ തഹസീൽദാർ പോകയും ചെയ്തു. പുലർച്ചയ്ക്ക് ബാവാ തിരുമനസ്സു കൊണ്ട് അവിടെ നിന്ന് എഴുന്നള്ളുകയും ചെയ്തു. അവിടെ നിന്നും പുറപ്പെട്ട് കടവിൽ വന്ന് ബോട്ട് കയറി. ആ സമയം പുലിക്കോട്ടിൽ മെത്രാപ്പോലീത്തായും കടവിൽ വന്നു. അവിടെ നിന്നു പുറപ്പെട്ട് വെളിനാട്ട് പള്ളിയിൽ എത്തി അവിടെ താമസിച്ചു."[12]

കണ്ടനാട്ട് കരോട്ടുവീട്ടിൽ ശെമവൂൻ കോറിയുടെ ഈ ദീർഘവിവരണം ഇവിടെ ഉദ്ധരിച്ചത് അത് സമകാല സാക്ഷ്യവും ദൃക്സാക്ഷി വിവരണവും ആകയാലാണ്. ഇനി പ്രിയ വായനക്കാർക്ക് പാത്രിയർക്കീസ് – പാലക്കുന്നൻ സന്ദർശനം നടക്കാത്തതിന്റെ ഉത്തരവാദി പുലിക്കോട്ടിൽ മെത്രാച്ചനാണെന്ന് നിരാധാരമായി ചില ആധുനിക ചരിത്രകാരന്മാർ എഴുതിയിട്ടുള്ളതിനെ സംബന്ധിച്ച് വസ്തുനിഷ്ഠമായ തീരുമാനമെടുക്കാൻ കഴിഞ്ഞേക്കും.

പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദ്വിതീയനെതിരായി ഈ ദശകത്തിലെ ചില ചരിത്രകാരന്മാർ ഉന്നയിച്ചിട്ടുള്ള ഗൗരവതരമായ മറ്റ് ചില പരാതികളെപ്പറ്റിയും ഇവിടെ ഒരു ചർച്ച ആവശ്യമായി വരുന്നു. പരാതി തൽക്കർത്താക്കളുടെ വാക്കുകളിൽ ഉദ്ധരിക്കാം.

1. 1876-ൽ നടന്ന മുളന്തുരുത്തി സുന്നഹദോസ് വഴിയാണ് ഇദംപ്രഥമ മായി അന്ത്യോഖ്യൻ അധീശത്വം സ്വീകരിച്ചത്.[13]

2. മുളന്തുരുത്തി സുന്നഹദോസ് വരെയും അന്ത്യോഖ്യൻ സുറിയാനി സഭയുടെ ഭാഗമല്ലാതിരുന്ന മലങ്കരസഭയെ ദീവന്നാസ്യോസ് അതിന്റെ ഭാഗമാക്കിത്തീർക്കുകയും അന്ത്യോഖ്യായുടെ അധീശത്വം അതിന്മേൽ സ്ഥാപിക്കയും ചെയ്തു.[14]

ഈ രണ്ടു പ്രസ്താവനകൾക്കു പ്രാതിനിധ്യസ്വഭാവമുള്ളതുകൊണ്ട് മറ്റ് എഴുത്തുകാരുടെ അഭിപ്രായങ്ങൾ ഉദ്ധരിക്കുന്നില്ല. 20-ാം നൂറ്റാണ്ടിൽ ലഭ്യമായ സഭാചരിത്രവിജ്ഞാനത്തിന്റെ കണ്ണടവെച്ച് മുൻ നൂറ്റാണ്ടിന്റെ ചെയ്തികളെ നിരീക്ഷിക്കുന്നു എന്നതാണീ പ്രസ്താവനകളുടെ മൗലിക പ്രശ്നം.

പതിനേഴാം നൂറ്റാണ്ടുവരെ മലങ്കരയിൽ ഒരു സഭാചരിത്രം രൂപപ്പെട്ടി ല്ലായിരുന്നുവെന്ന് നമ്മുടെ സഭാചരിത്രകാരന്മാർ അറിഞ്ഞിരിക്കണം. ഇവിടെ കുറെ ഐതിഹ്യങ്ങളും മാമ്മൂലുകളുമാണ് തൽസ്ഥാനത്തുണ്ടാ യിരുന്നത്. ചോളപ്പെരുമാളും (ചോഷപ്പെരുമാളും), ചേരകോൻ പെരുമാളും (ചേരപ്പെരുമാളും) ഹാബ്ബാനും കൊട്ടാരംപണിയും ഏഴരപ്പള്ളികളും ക്നായിത്തൊമ്മനും യൗസേപ്പ് മെത്രാനും ശാബോറും അഫ്രോത്തും ഒക്കെ ആ ഐതിഹ്യകഥകളിലെ നായകന്മാർ മാത്രം. കേരളത്തിന്റെ ഉല്പത്തി പരശുരാമനിൽ നിന്നാണെന്ന ദൃക്സാക്ഷി വിവരണം (?) അട ങ്ങുന്ന കേരളോൽപത്തിക്കഥകൾ പോലും പ്രത്യക്ഷപ്പെടുന്നത് പതി നേഴാം നൂറ്റാണ്ടിന് ശേഷമാണ്. കേരളത്തിലുണ്ടായ ആദ്യത്തെ ചരിത്ര രചന കേരളോൽപത്തിയാണ്. അതെഴുതിയത് കേരളത്തിൽ കുടിയേറി പ്പാർത്ത് ശക്തിപ്രാപിച്ച ആര്യബ്രാഹ്മണരായ നമ്പൂതിരിമാരായിരുന്നു. കേരളത്തിന്റെ ഉൽപത്തിയും സംസ്ക്കാരവും ഉത്ഭവിച്ചത് നമ്പൂതിരി ബ്രാഹ്മണരിൽ നിന്നാണ് എന്ന് സ്ഥാപിക്കുവാനാണ് ആ ചരിത്രം രചി ക്കപ്പെട്ടത്. ഇന്നും ആ ഐതിഹ്യം അവതരിപ്പിക്കാതെ ഒരു കേരളചരിത്രം രചിക്കപ്പെടാൻ കഴിയാതിരിക്കുമാറ് ആ വാചികവും ലിഖിതവുമായ പാര മ്പര്യം ജനഹൃദയങ്ങളിൽ ആഴത്തിൽ വേരോടിയിട്ടുണ്ട്. 1685-ൽ കേരള ത്തിലെത്തിയ മാർ ഈവാനിയോസ് കേരളത്തിന്റെ ചരിത്രസാഹിത്യ പരമായ ഈ പാപ്പരത്തം കണ്ടു. കേരളോല്പത്തിക്കു സമാന്തരമായി ഒരു മലങ്കരസഭാചരിത്രത്തിന് രൂപംകൊടുത്തു. ഐതിഹ്യങ്ങൾക്കു ചിറകു മുളച്ചു. കേരളത്തിൽ വ്യാപാരികളായോ സഞ്ചാരികളായോ കുടി യേറിപ്പാർപ്പുകാരായോ വന്നിട്ടുള്ള എല്ലാ ഐതിഹ്യനായകന്മാരെയും അദ്ദേഹം അന്ത്യോഖ്യായോടും അന്ത്യോഖ്യാ പാത്രിയർക്കീസിനോടും ബന്ധപ്പെടുത്തി. അങ്ങനെ അലക്സാണ്ട്രിയാ, പേർഷ്യ തുടങ്ങിയ പൗര സ്ത്യസഭകളിൽ നിന്ന് വന്നവർപോലും അദ്ദേഹത്തിന്റെ തൂലികാവിലാ

സത്തിൽ അന്ത്യോഖ്യാ പാത്രിയർക്കീസിനാൽ അയയ്ക്കപ്പെട്ട സുറിയാനിക്കാരായി. അക്കാലത്ത് പ്രാമാണ്യം നേടിയ പള്ളികൾ തോമ്മാശ്ലീഹാ സ്ഥാപിച്ച പള്ളികളായി. അദ്ദേഹത്തിന്റെ കാലത്ത് പ്രമാണിത്തം നേടിയ തറവാട്ടുകാരെയും പൗരോഹിത്യത്തറവാട്ടുകാരെയും തോമ്മാശ്ലീഹായുടെ കാലവുമായി ബന്ധപ്പെടുത്തി. അന്നത്തെ പ്രബല സമുദായം കേരളത്തിൽ നമ്പൂതിരിമാരായിരുന്നതിനാൽ, അതിനോടിണക്കി തോമ്മാശ്ലീഹായുടെ കാലം മുതൽ നമ്പൂതിരിമാർ മാർഗ്ഗം മാറിയാണ് ക്രിസ്ത്യാനികൾ ഉത്ഭവിച്ചതെന്ന് അദ്ദേഹം കണ്ണുംപൂട്ടി എഴുതി വച്ചു. ഇതൊന്നും ചരിത്രപരമായി സാധുവായ കാര്യമല്ല. കേരളോല്പത്തിപോലെ ഒരു ഐതിഹ്യകഥ മാത്രമാണ്. എന്നാൽ കേരളോല്പ്പത്തിയെ ഐതിഹ്യം എന്ന് പില്ക്കാല ചരിത്രം വേർതിരിച്ച് മനസ്സിലാക്കിയതുപോലെ മാർ ഈവാനിയോസ് ചമച്ച മലങ്കരസഭാചരിത്രം ഐതിഹ്യാധിഷ്ഠിതമായ ഒരു കഥയാണെന്ന് സഭാചരിത്രകാരന്മാർ നാളിതുവരെ തിരിച്ചറിഞ്ഞതായി കാണുന്നില്ല. പതിനെട്ടാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിലും പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലുമായി എഴുതപ്പെട്ട മലങ്കരസഭാചരിത്രത്തിന്റെ മൂന്നു കയ്യെഴുത്ത്പ്രതികൾ ഈ എഴുത്തുകാരൻ സഭാചരിത്ര ഗവേഷണങ്ങൾക്കിടയിൽ ശേഖരിച്ചിട്ടുണ്ട്. അവസാനം പരാമർശിച്ച രണ്ടു പുസ്തകങ്ങൾ *നിരണം ഗ്രന്ഥവരി*യും *കണ്ടനാട് ഗ്രന്ഥവരി*യും ആണ്. അവ യഥാക്രമം ആറാം മാർത്തോമ്മായുടെ കാലത്തും ശെമവൂൻ മാർ ദീവന്നാസ്യോസിന്റെ കാലത്തും എഴുതപ്പെട്ടവയാണ്. ആദ്യത്തേത് മാർത്തോമ്മാ മൂന്നാമന്റെയോ നാലാമന്റെയോ കാലത്ത് എഴുതിയിട്ടുള്ളതാണ്. കേരളോല്പത്തികളിലെ പരശുരാമകഥ പോലെ ഈ കൈയെഴുത്ത് സഭാചരിത്രങ്ങളിലെല്ലാം അന്ത്യോഖ്യൻ ബന്ധത്തിന്റെ കഥ വിശദമായിത്തന്നെ ദൃക്സാക്ഷിവിവരണം പോലെ കൊടുത്തിട്ടുണ്ട്. അതൊന്നും ഗവേഷണം ചെയ്തു എഴുതപ്പെട്ട സഭാചരിത്രങ്ങളല്ല. കേരളത്തിന്റെ ആദ്യകാല സഭാചരിത്ര സംബന്ധമായ വിവരങ്ങൾക്ക് ഉപാദാനരേഖയായി സ്വീകരിക്കുവാൻ ലഭ്യമായ ഏക രേഖാസമുച്ചയം അറിയപ്പെട്ടിടത്തോളം സംഘസാഹിത്യകൃതികളാണ്. അവ പരിശോധിക്കാതെ ക്രിസ്ത്വാബ്ദം ആദ്യനൂറ്റാണ്ടുകളിലെ കേരള ക്രൈസ്തവസഭയുടെ ചരിത്രം സത്യസന്ധമായി രചിക്കാനാവില്ല. മേൽപ്പറഞ്ഞ ചരിത്രങ്ങൾ രചിക്കപ്പെട്ട കാലത്ത് സംഘകാല സാഹിത്യകൃതികളെപ്പറ്റി വ്യക്തമായ അറിവുപോലും ലഭ്യമായിരുന്നില്ല. തന്മൂലം സംഘസാഹിത്യം പരിശോധിക്കാത്തതിന് ഇന്നത്തെ സഭാചരിത്രകാരന്മാരെ കുറ്റപ്പെടുത്താമെങ്കിലും മുൻ നൂറ്റാണ്ടിലെ സഭാചരിത്രകാരന്മാരെ കുറ്റപ്പെടുത്താൻ ഒക്കുകയില്ല. പിൽക്കാല കേരളചരിത്രകാരന്മാരിൽ കേസരി എ. ബാലകൃഷ്ണപിള്ള, ഇളംകുളം, എ. ശ്രീധരമേനോൻ തുടങ്ങിയവർ സംഘകാലകൃതികളെപ്പറ്റി പഠനം നടത്തിയപ്പോഴാണ് കേരളോൽപ്പ

ത്തിക്കഥകളുടെ ബാലിശത്തം നാമറിഞ്ഞത്. അതോടെ കേരളോൽപ ത്തിക്കഥകൾ പുരാവസ്തുക്കളായി മാറി. ഇന്നിവ കണ്ടുകിട്ടുവാൻ പോലും പ്രയാസം. എന്നാൽ മലങ്കരസഭാചരിത്രത്തിൽ ഒരു കേസരി നാളിതുവരെ, ദൗർഭാഗ്യവശാൽ, സംഘസാഹിത്യം പരിശോധിക്കുവാൻ ശ്രമിച്ചിട്ടില്ല. പാശ്ചാത്യ ചരിത്രകാരന്മാർ എഴുതിവച്ച ചില പുസ്തക ങ്ങൾക്കപ്പുറം സംസ്കൃതവും തമിഴും പഠിച്ച് കേരളത്തിന്റെ പ്രാചീന സാഹിത്യത്തിൽ മലങ്കരസഭയെപ്പറ്റി എന്തെങ്കിലും പരാമർശമുണ്ടോ എന്ന് അല്പമെങ്കിലും പരിശോധിച്ചിട്ടുള്ളത് കഴിഞ്ഞ തലമുറയിൽ ജെ. ജെ. മോറീസു മാത്രമാണ്. കേരള ചരിത്രഗവേഷണ ചക്രവർത്തിയായ എൻ. വി. കൃഷ്ണവാരിയർ, അദ്ദേഹത്തിന്റെ കണ്ടെത്തലുകളെ മുക്ത കണ്ഠം പ്രശംസിച്ചിട്ടുണ്ട്. എന്നാൽ അവയൊന്നും മലങ്കരസഭാചരിത്ര കാരന്മാരുടെ ശ്രദ്ധയിൽപ്പെട്ടതായി തെളിവുകളില്ല. അച്ചടിക്കപ്പെട്ട ഒന്നാ മത്തെ മലയാളസഭാചരിത്രം ഇട്ടൂപ്പ് റൈട്ടറുടേതാണ്. അദ്ദേഹം മലങ്കര സഭയുടെ പ്രാചീനദശയെപ്പറ്റി യാതൊരു പഠനവും നടത്താതെ മേൽപ്പ റഞ്ഞ കൈയെഴുത്തു സഭാചരിത്രഗ്രന്ഥങ്ങളിൽ എഴുതിയ കാര്യങ്ങൾ അതേ പടിയും ചിലപ്പോൾ സ്വന്തം പരിഷ്ക്കാരങ്ങൾ സ്വതാല്പര്യങ്ങൾക്ക നുസരിച്ച് ചേർത്തും രചിക്കുകയാണ് ചെയ്തിട്ടുള്ളത്. പിന്നീട് വന്ന ചരി ത്രകാരന്മാർ, ഇട്ടൂപ്പ് റൈട്ടറുടെ അനുകൂലികളും പ്രതികൂലികളും, പ്രാചീന സഭാചരിത്രത്തെ സംബന്ധിച്ചിടത്തോളം ഇട്ടൂപ്പ് റൈട്ടറെ അന്ധ മായി പകർത്തുകയാണ് ചെയ്തിട്ടുള്ളത്.

ചരിത്രമെന്ന് വിശേഷിക്കപ്പെട്ട ഈ വക ഐതിഹ്യങ്ങളാണ് പതി നെട്ടും പത്തൊമ്പതും നൂറ്റാണ്ടുകളിൽ മലങ്കരസഭയുടെ മനസ്സിൽ ഉണ്ടാ യിരുന്നതെന്ന് നമ്മുടെ സഭാചരിത്രകാരന്മാർ സമ്മതിക്കേണ്ടതല്ലേ? ഈ തലമുറയിൽ പോലും "അന്ത്യോഖ്യായുടെ അറിവോടെ മാർത്തോമ്മാ ശ്ലീഹാ ഇന്ത്യയിൽ വന്നു"[15] എന്ന് എഴുതിവിടുവാൻ സങ്കോചമില്ലാത്ത ചരിത്രകാരന്മാർ കേരളത്തിൽ ജീവിച്ചിരിക്കേ, ഇരുന്നൂറ് കൊല്ലം മുമ്പു ണ്ടായ സംഭവങ്ങളെ വിലയിരുത്തുമ്പോൾ അക്കാലത്തെ സഭാചരിത്രാ ന്തരീക്ഷത്തെ അവഗണിക്കുന്നത് സത്യസന്ധമായ ഗവേഷണത്തിന്റെ പാതയാണോ? സിറിയയിൽ ചെന്ന് അവിടെ ലഭ്യമായ മിഖായേൽ റാബോ യുടെയും ബാർ എബ്രായയുടെയും മറ്റും സഭാചരിത്രങ്ങൾ പഠിച്ച ഔഗേൻ ബാവായും വി. സി. ശാമുവേലച്ചനും അന്നു ജനിച്ചിട്ടില്ലായിരു ന്നുവെന്ന് ഓർക്കാനുള്ള ചരിത്രബോധമെങ്കിലും നമ്മുടെ ചരിത്രാധ്യാ പകർക്കും ചരിത്രവിദ്യാർത്ഥികൾക്കും ആവശ്യമല്ലേ? ഇതെഴുതുന്ന ആൾ നടത്തിയ ഗവേഷണശ്രമങ്ങൾക്കിടയിൽ അഞ്ചാം മാർത്തോമ്മാ അന്ത്യോഖ്യാ പാത്രിയർക്കീസിനയച്ച മൂന്ന് സുറിയാനിക്കത്തുകൾ കണ്ടു കിട്ടിയിട്ടുണ്ട്."[16] വന്ദ്യ മലങ്കര മല്പാൻ ഞാർത്താങ്കൽ കോരത് മല്പാ നച്ചനെ കൊണ്ട് വിവർത്തനം ചെയ്യിച്ച ആ കത്തുകൾ 18-ാം നൂറ്റാണ്ടിലെ

സഭാചരിത്രവിജ്ഞാനം പ്രതിഫലിപ്പിക്കുന്നുണ്ട്. 1751-ൽ മലങ്കരസഭയിൽ വന്ന വിദേശ സഭാധ്യക്ഷന്മാരുടെ ചില പുസ്തകങ്ങൾ തൊഴിയൂർ ആർക്കൈവ്സിൽ ശേഖരിച്ചിട്ടുള്ളതിൽ നിന്നാണ് ഈ അമൂല്യരേഖകൾ ലഭിച്ചത്. അതിലെ ഏതാനും പ്രസക്തഭാഗങ്ങൾ ഇവിടെ വീണ്ടും ഉദ്ധരിച്ചുകൊള്ളട്ടെ:

"ദൈവകൃപ വെളിപ്പെട്ട അന്ത്യോഖ്യാ സിംഹാസനത്തെ ഭരിച്ചുകൊണ്ടിരിക്കുന്ന അന്ത്യോഖ്യായുടെ ഇഗ്നാത്തിയോസ് പാത്രിയർക്കീസിനും കർത്താക്കന്മാരുടെ കർത്താവിന്റെ സിംഹാസനവും ദൈവത്തിന്റെ നഗരവും ആയ ഊർശ്ലേമിന്റെ ബസ്സേലിയോസ് കാതോലിക്കായ്ക്കും (?) ശ്ലീഹന്മാരിൽ നിന്ന് പ്രാപിച്ച വിശ്വാസത്തെ ഭംഗം കൂടാതെ പരിരക്ഷിച്ചുപോരുന്ന സിറിയായിലെ എപ്പിസ്ക്കോപ്പന്മാർക്കും ശോഭയുള്ള അഹറോന്യ പുരോഹിതന്മാർക്കും .... സമാധാനം ഞങ്ങൾ അയയ്ക്കുന്നു.

....... തോമ്മാശ്ലീഹായുടെ കാലം മുതൽ പറങ്കികൾ വരുന്നതുവരെ പിതാക്കന്മാർ ഇവിടെ വരികയും ഞങ്ങളുടെ മാതാപിതാക്കന്മാരോട് അവർ പ്രസംഗിക്കുകയും ചെയ്തുവന്നു. ഞങ്ങളുടെ അടുക്കലേക്ക് പിതാക്കന്മാർ വരുവാൻ കർത്താവ് വഴി തെളിയിച്ചു. അല്പം കഴിഞ്ഞ് മല്പാനും ക്യാപ്റ്റനും പുണ്യവാനുമായ അബ്ദുൽ ജലീൽ മാർ ഗ്രീഗോറിയോസ് ദൈവപരിപാലനയിൽ ഇവിടെ വന്നു. അദ്ദേഹത്തിന്റെ വരവുമൂലം പിതാക്കന്മാർ ധൈര്യം പ്രാപിച്ച് സത്യവിശ്വാസത്തിൽ ഉറപ്പുള്ളവരായി.... സത്യവിശ്വാസക്കാരുടെ തലവനും പുണ്യവാനും വെടിപ്പിന്റെ ഉറവിടവും ആശ്വാസകനും ആയ അവിടത്തോട് മശിഹായുടെ സ്നേഹത്തെപ്രതി പഠനത്തിൽ നിസ്സാരരായ ഞങ്ങളെ പഠിപ്പിക്കുന്ന പിതാക്കന്മാരെ അയച്ചു തരണം. വന്ന് സഹായിക്കുകയും ഭരിക്കുകയും കുറവുകൾ പരിഹരിക്കുകയും തുണക്കുകയും വേണം. സ്നേഹവും ഔദാര്യവും നിമിത്തം ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിപ്പിൻ." അറബിയിലുള്ള അടിക്കുറിപ്പ്: എ.ഡി. 1745-ൽ എഴുതപ്പെട്ടത്. ബെസ്രാ തുറമുഖത്ത് വെച്ച് ഞങ്ങൾ ഈ എഴുത്തു കണ്ടു (അകത്തു മാർത്തോമ്മായുടെ മുദ്രയുണ്ട്).

മറ്റൊരു കത്ത് 1746-ലേതാണ്: "... പ്രസിദ്ധമായ ബാബേലിൽ ഇരിക്കുന്ന യാക്കൂബ് കശ്ശീശായുടെ പുത്രൻ സ്കറിയ കശീശാ ആയ നിന്റെ സ്നേഹത്തോട് അറിയിക്കുന്നു: ....... നമ്മുടെ കർത്താവിന്റെ മരണശേഷം 52-ാം ആണ്ടിൽ തോമ്മാശ്ലീഹാ ഇന്ത്യയിൽ മലബാർ എന്ന സ്ഥലത്ത് വന്നു. അക്കാലം മുതൽ അന്ത്യോഖ്യായിലെ മഹത്വമുള്ള സിംഹാസനത്തിൽ ഭാഗ്യമോടെ വാണരുളുന്ന മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസിന്റെ കല്പനപ്രകാരം പാത്രിയർക്കീസും അനേകം മെത്രാപ്പോലീത്താമാരും ഞങ്ങളുടെ നാട്ടിൽ വരികയുണ്ടായി. അവർ സത്യവിശ്വാസിക

ളായ സുറിയാനിക്കാരുടെ സമ്പ്രദായമനുസരിച്ച് കുർബ്ബാനയും നോമ്പാചരണവും ഞങ്ങളെ പഠിപ്പിച്ചു. തന്മൂലം യാക്കോബായക്കാരെയല്ലാതെ മറ്റുള്ളവരെ സ്വീകരിക്കുവാൻ ഞങ്ങൾ ഇഷ്ടപ്പെട്ടില്ല. .... ബഹുമാനപ്പെട്ട അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കല്പനയാലെ നിങ്ങൾ വരണം" (1746 കോനൂൻ ക്ദീം 7-നു ശനിയാഴ്ച). (ഈ കത്തിന്റെ മുഖക്കുറിപ്പ് അറബിയിൽ ഇപ്രകാരമാണ്: "ഇത് ഇന്ത്യയിൽ നിന്ന് വന്ന എഴുത്തിന്റെ രൂപം. ബാതഷ്ക്കായുടെ മകൻ മൂസാ ഈ കത്തുകൾ കൊച്ചിയിൽ നിന്ന് കൊണ്ടുവന്നു. ബെസ്രാ തുറമുഖത്തു നിന്ന് കിട്ടി.")

ഈ എഴുത്തുകൾ പ്രതിഫലിപ്പിക്കുന്ന ചിത്രത്തിന്റെ ആധികാരികത ആർക്കും നിഷേധിക്കാനാവില്ല. ഈ ചിത്രം മറ്റ് ഓർത്തഡോക്സ് സഭകളുടെ ചരിത്രവും ശൈലികളും നാം അറിഞ്ഞു തുടങ്ങിയ ഈ നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ നമുക്ക് അരോചകമായി തോന്നാമെങ്കിലും അക്കാലത്തുള്ളവർക്കങ്ങനെ തോന്നിയിരിക്കാൻ ഇടയില്ല. മലങ്കരസഭയിൽ അവർക്കു പരിചയപ്പെടേണ്ടിവന്ന റോമൻ കത്തോലിക്കർക്കും കൽദായ സുറിയാനിക്കാർക്കും ഇന്ത്യയ്ക്കു വെളിയിൽ പാത്രിയർക്കീസന്മാർ ഉണ്ടായിരുന്നു. അതിന് സമാന്തരമായി നമുക്കുള്ള വിദേശമേലദ്ധ്യക്ഷൻ ആണ് അന്ത്യോഖ്യാ പാത്രിയർക്കീസെന്ന് ശരിയായ ചരിത്രാഭ്യാസം നേടിയിട്ടില്ലാത്ത നമ്മുടെ പൂർവ്വീകർ കരുതി. മാർ ഈവാനിയോസ് (1685) പഠിപ്പിച്ചത് സ്വീകരിച്ചതാവാം കാരണം.

6-ാം മാർത്തോമ്മാ മാർ ഗ്രീഗോറിയോസിൽ (1751) നിന്ന് പുനരഭിഷേകം പ്രാപിച്ചപ്പോൾ ലഭിച്ച ശൽമൂസായിലും മലങ്കരസഭയുടെ തലവൻ അന്ത്യോഖ്യാ പാത്രിയർക്കീസാണെന്ന് രേഖാമൂലം വ്യക്തമാക്കിയിട്ടുണ്ട്. കാട്ടുമങ്ങാട്ട് കൂറിലോസിനെതിരായ കേസിൽ ആ ശൽമൂസായും സുസ്താത്തിക്കോനും ഹാജരാക്കപ്പെട്ടതുമൂലം ആ വിശ്വാസത്തിന്റെ രേഖകൾ അന്നു മുതൽക്കു തന്നെ സർക്കാരിന്റെ കൈവശമുണ്ടായിരുന്നു. 8-ാം മാർത്തോമ്മായുടെ കാലത്ത് ശക്തമായ തർക്കങ്ങൾ ഉത്ഭവിച്ചപ്പോൾ ഈ വിശ്വാസപാരമ്പര്യങ്ങൾക്കു കൂടുതൽ ശക്തമായ രേഖകൾ രൂപംകൊള്ളുന്നുണ്ട്. മലങ്കരസഭയുടെ വിശ്വാസം, പട്ടത്വം, ഭരണം, ആരാധന എന്നിവയെപ്പറ്റി മദ്രാസ് ഗവൺമെന്റ് പതിനേഴു ചോദ്യങ്ങൾ അയച്ചു. 1812-ൽ അവയ്ക്കു മെത്രാൻ (8-ാം മാർത്തോമ്മാ) നൽകുന്ന മറുപടിയിൽ ഒരു വാക്യം ശ്രദ്ധേയമാണ്. ഇ. എം. ഫിലിപ്പിന്റെ വാക്കുകളിൽ അതു പകർത്തുന്നു: "അന്ത്യോഖ്യായുടെ മേൽക്കോയ്മയെയും സുറിയാനി സഭയിലെ മെത്രാൻ സ്ഥാനപിന്തുടർച്ചയെയും പറ്റിയുള്ള ചോദ്യത്തിന് അദ്ദേഹം ഇപ്രകാരം മറുപടി കൊടുത്തു. മലങ്കരസഭ എക്കാലത്തും അന്ത്യോഖ്യായിക്കധീനമായിരുന്നു. ക്നായിത്തോമ്മാ കേരളത്തിൽ കുടിയേറി വാസം ആരംഭിച്ചതിനോടു കൂടിയാണ്

പ്രസ്താവ്യ മേൽക്കോയ്മ ഉണ്ടായത്. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ സ്ഥാനാപതികളാണ് കേരളത്തിലെ മെത്രാന്മാരെ വാഴിച്ചു വരുന്നത്.”[17] ഈ കാര്യം ഇട്ടൂപ്പ് റൈട്ടർ 8-ാം മാർത്തോമ്മായുടെ വാക്കുകളിൽ തന്നെ ചോദ്യോത്തരമായി കൊടുത്തിട്ടുള്ളതും ഉദ്ധരിച്ചു കൊള്ളട്ടെ:

ചോദ്യം 2. സുറിയാനി പള്ളികൾ ഏത് യജമാനന്റെ മുഷ്ക്കരത്വത്തിൻ കീഴായിട്ട് ചട്ടവട്ടങ്ങൾ പ്രമാണിച്ച് നടന്നിരിക്കുന്നു? മെത്രാന്മാരും സ്ഥാന ക്കാരും ആരുടെ ഇടത്തിൽ നിന്ന് എന്നും കർത്തവ്യമായിട്ട് കണ്ട് വരു ന്നതും ബോധിപ്പിച്ച് കഴിയുന്നതും.... മുട്ടുദിഷ്ടതികൾക്കു കണ്ടു വരു ന്നതും ആരെ ആകുന്നു?

ഉത്തരം: അന്ത്യോഖ്യായുടെ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീ സിന്റെ മുഷ്ക്കരത്വത്തിൻകീഴത്രേ മലയാളത്തിൽ ചട്ടവട്ടങ്ങൾ പ്രമാ ണിച്ചു നടന്നിരിക്കുന്നത്. മെത്രാന്മാരും അന്ത്യോഖ്യായിൽ നിന്നും മല യാളത്തുവന്ന മാർത്തോമ്മാശ്ലീഹാ (?) യിൽ നിന്ന് പട്ടം കൈക്കൊണ്ട് നടക്കുന്ന തറവാട്ടിൽത്തന്നെ ഉള്ള ആളുകൾക്ക് സ്ഥാനം കൊടുക്കയും അവർ ദിഷ്ടതികൾ കഴിച്ചുവരികയും കർത്തവ്യമായിട്ട് മുട്ടു ദിഷ്ടതി കൾക്ക് അന്ത്യോഖ്യാ പാത്രിയർക്കീസിനെ ബോധിപ്പിച്ചും അത്രേ കഴിഞ്ഞുപോന്നത്.

ചോദ്യം 3: അന്ത്യോഖ്യാ പാത്രിയർക്കീസായിട്ട് സുറിയാനിപ്പള്ളിക ളുടെ മേൽ ഏതുപ്രകാരത്തിലുള്ള മുഷ്ക്കരത്തം പ്രവർത്തിച്ചിരിക്കുന്നു?

ഉത്തരം: മാർത്തോമ്മാശ്ലീഹായിൽ നിന്ന് പട്ടംകെട്ടിയ പട്ടക്കാരുടെ കാലം കഴിഞ്ഞു 293 സംവത്സരം വേദതലവന്മാർ ഇല്ലാതെ..... മാർ ഇഗ്നാ ത്തിയോസ് പാത്രിയർക്കീസ് കല്പിച്ച് ഉറഹായുടെ ഔസേപ്പ് എന്നു പേരായ മെത്രാനെയും..... യാത്രയാക്കി........ പാത്രിയർക്കീസിന്റെ പ്രമാ ണത്താലെ യൗസേപ്പ് മെത്രാൻ അർക്കദിയാക്കോന്റെ സ്ഥാനവും കൊടുത്തു. ..... അന്ത്യോഖ്യായിൽ നിന്നും പാത്രിയർക്കീസിന്റെ കല്പ നയാൽ മലയാളത്തിൽ വരുന്ന മെത്രാന്മാർ ഒക്കെയും അർക്കദിയാക്കോ ന്മാർക്ക് മലയാളത്തെ മുഷ്ക്കരത്തം കൊടുത്തു 480 സംവത്സരം ഭരിച്ചു വന്നതിനിടയിൽ കൊച്ചീക്കോട്ടയിൽ പറങ്കി വന്നതുമുതൽ അന്ത്യോഖ്യാ യിൽ നിന്ന് മെത്രാന്മാരുടെ വരവ് മുടങ്ങി. വീണ്ടും 825-ാം കാലം.... മാർ ശാബോർ എന്നും മാർ അഫർഇത്ത എന്നും പേരായ രണ്ടു മെത്രാന്മാർ വന്നു. ഇങ്ങനെ അത്രെ അന്ത്യോഖ്യായിൽ നിന്ന് മലയാളത്തുള്ള സുറി യാനിപ്പള്ളികളുടെ മേൽ മുഷ്ക്കരത്തം നടത്തിയിരുന്നത്.”[18]

1959-ൽ കെ. ദാവീദ് കോർഎപ്പിസ്ക്കോപ്പാ *മലങ്കര സുറിയാനിസഭ* എന്ന പേരിൽ എഴുതിയ പുസ്തകത്തിൽ കാര്യങ്ങൾ ചരിത്രപരമായി അവതരിപ്പിക്കുവാൻ ശ്രമിച്ചത് മുതൽക്കാണ് മലങ്കരസഭയുടെ പേർഷ്യൻ

ബന്ധത്തെ പറ്റി നമുക്ക് ബോധോദയം ഉണ്ടായത്. നിർഭാഗ്യവശാൽ ആ ബോധം വികസിപ്പിക്കുന്നതിന് പകരം ചിലരെ പുകഴ്ത്തുവാനും ചിലരെ ഇകഴ്ത്തുവാനും ആണ് തൊട്ടുപുറകെ വന്ന സഭാചരിത്രകാരന്മാർ ശ്രമിച്ചത് (അമ്പതുകളിൽ പോലും യാക്കോബായ സുറിയാനി പള്ളി എന്ന പ്രയോഗം മലങ്കരയിൽ സാർവ്വത്രികമായി ഉപയോഗത്തിലിരുന്നു. അമ്പതുകളിലാണ് അത് ഓർത്തഡോക്സ് സുറിയാനി പള്ളിയായി വ്യത്യാസപ്പെട്ടത്. ബോധവൽക്കരണം കൊണ്ടാണ് അത് സാധിച്ചത്).

പകലോമറ്റം കുടുംബക്കാർക്ക് ലഭിച്ച പൗരോഹിത്യം മാർ തോമ്മാ ശ്ലീഹാ മുതൽക്കാണെന്നും ഇവിടെ വന്ന വിദേശ സ്ഥാനികൾ അത് തുടരുവാൻ അനുവദിച്ചു എന്നും സ്ഥാപിക്കുവാനാണ് മാർ ഈവാനിയോസ് ചരിത്രവത്ക്കരിച്ച ഐതിഹ്യങ്ങളെ പകലോമറ്റം മെത്രാന്മാർ ഏറ്റുപാടിയത്. അതേസമയം 1806-ൽ ഉണ്ടായ ആർത്താറ്റ് പടിയോലയും 1809-ൽ ഉണ്ടായ കണ്ടനാട്ട് പടിയോലയും ഈ സഭയുടെ ദേശീയ സ്വാതന്ത്ര്യം പ്രഖ്യാപിച്ചുവെങ്കിലും പകലോമറ്റം മെത്രാന്മാർ ആ സ്വാതന്ത്ര്യ പ്രഖ്യാപനങ്ങളെ തങ്ങൾക്കെതിരായുള്ള യുദ്ധകാഹളങ്ങളായി അവഗണിക്കുകയാണ് ചെയ്തത്. പകലോമറ്റം കുടുംബഢയറി എന്നുകൂടി വിശേഷിപ്പിക്കപ്പെട്ട *നിരണം ഗ്രന്ഥവരി*യിൽ ഈ രണ്ടു പടിയോലകളെയും തീർത്തും അവഗണിച്ചിരിക്കുകയാണ്. *നിരണം ഗ്രന്ഥവരി* പകലോമറ്റം കുടുംബവാഴ്ചയെ അനുകൂലിച്ചുവെങ്കിലും അചിരേണ ആ കുടുംബവാഴ്ച അസ്തമിക്കുക തന്നെ ചെയ്തു. പാത്രിയർക്കീസിന്റെ സാന്നിധ്യമോ അദ്ദേഹം അയച്ച ഏതെങ്കിലും മെത്രാന്റെ സാന്നിദ്ധ്യമോ കല്പനയോ കൂടാതെ മാർത്തോമ്മാ 8-ാമന്റെ കാലത്തു തന്നെ കോട്ടയം പഴയസെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് ഒന്നാമൻ (ബൈബിളിന്റെ മലയാളം വിവർത്തകൻ - 1811-ൽ) പഴഞ്ഞി പള്ളിയിൽ വെച്ച് കിടങ്ങൻ ഗീവറുഗ്ഗീസ് പീലക്സിനോസിൽ നിന്ന് മെത്രാൻ പട്ടമേറ്റു. പുന്നത്ര മെത്രാച്ചനും ചേപ്പാട്ട് മെത്രാച്ചനും ഈ വഴി പിൻതുടർന്നു. ചേപ്പാട്ട് മെത്രാച്ചൻ തൊഴിയൂർ കൂറിലോസിനെ വാഴിച്ചപ്പോഴും കാര്യങ്ങൾ ഭംഗിയായിപ്പോയി. ഈ സുസ്താത്തിക്കോനുകളിലെങ്ങും പാത്രിയർക്കീസിന്റെ പേരോ സ്ഥാനമോ അധികാരപ്പെടുത്തലോ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ഈ തെളിഞ്ഞ വഴിയിലൂടെ ഏറെക്കാലം പോകുവാൻ സഭയ്ക്കു ഭാഗ്യമുണ്ടായില്ല. ഇംഗ്ലീഷ് പ്രൊട്ടസ്റ്റന്റ് മിഷണറിമാർ സഭയെ വിഴുങ്ങുവാൻ ശ്രമിച്ചതാണ് കാരണം. കോട്ടയം പഴയ സെമിനാരി സ്ഥാപനം, ബൈബിൾ വിവർത്തനം തുടങ്ങിയ കാര്യങ്ങളിൽ മിഷണറിമാരുടെ സഹായം സ്വീകരിച്ചതു മൂലം അവരോട് തുറന്ന് യുദ്ധം ചെയ്യുവാൻ മലങ്കരസഭയ്ക്കു സങ്കോചമുണ്ടായി. തന്മൂലമാണ് മാവേലിക്കരയിൽ 1836 മകരം 5-ന് ചേർന്ന സുന്നഹദോസ് (പള്ളി പ്രതിപുരുഷയോഗം) "...... യാക്കോബായ സുറിയാനിക്കാരായ നാം അന്ത്യോഖ്യാ

യുടെ പാത്രിയർക്കീസിന്റെ വാഴ്ചക്കീഴുൾപെട്ടവരും അദ്ദേഹത്തിന്റെ കല്പനയാൽ അയയ്ക്കപ്പെട്ട മേൽപ്പട്ടക്കാരാൽ നടത്തപ്പെട്ടിരിക്കുന്ന പള്ളിക്രമങ്ങളും ചട്ടങ്ങളും നടന്നുവരുന്നതുമാകയാൽ ആയതിന് യാതൊരു വ്യത്യാസമെങ്കിലും വരുത്തി നമ്മുടെ പള്ളികളിൽ നടക്കയും .... വ്യത്യാസമായിട്ട് നടക്കുന്നതിനും നടത്തുന്നതിനും നമുക്ക് അധികാരവും സമ്മതവും ഇല്ല"[19] എന്ന് ധൈര്യമായി അന്ത്യോഖ്യയെ മറ പിടിച്ച് പ്രഖ്യാപിച്ചത്. കാര്യങ്ങൽ അവിടെ അവസാനിക്കുമെന്ന് കരുതിയവർക്ക് തെറ്റു പറ്റി. അതൊരാരംഭമായിരുന്നു. മറക്കാൻ തുടങ്ങിയ കാര്യങ്ങൾ ബോധമനസ്സിലേക്ക് കയറി വന്നു. വിദേശിയായ മാർ അത്താനാസ്യോസ് സഹായിക്കാനെത്തി. മലങ്കരയിൽ പട്ടമില്ലെന്ന് കണ്ടെത്തിയതും പലർക്കും അഴിച്ചു പട്ടം കൊടുത്തതും അദ്ദേഹത്തെ കെട്ടുകെട്ടി അയച്ചതുമായ സംഭവങ്ങളാണ് പിന്നീട് അരങ്ങേറിയത്. സ്വാഭാവികമായും ചേപ്പാട്ട് മെത്രാച്ചനെ ഒതുക്കുവാൻ ആഗ്രഹിച്ച വിഭാഗക്കാർ പാത്രിയർക്കീസിനെ കൂട്ടുപിടിച്ച് പാലക്കുന്നത്തു ശെമ്മാശനെ മെത്രാനാക്കി. ഒരമ്പതു കൊല്ലമായി മലങ്കരസഭ നേടിയ പുരോഗമനം ആ ഒരൊറ്റ സംഭവം കൊണ്ട് അർത്ഥശൂന്യമായിത്തീർന്നു. അമ്പതുകൊല്ലം അന്ത്യോഖ്യായുടെ മേൽവിലാസം കൂടാതെ മലങ്കരസഭ പുരോഗമിച്ചുവെങ്കിലും സഭയുടെ മനസ്സിൽ 150 കൊല്ലത്തെ ബന്ധം ഉപബോധസ്വാധീനമായി വർത്തിച്ചിരുന്നു. 1867-ൽ നിര്യാതനായ ഇടവഴിക്കൽ പീലിപ്പോസ് കത്തനാരുടെ മരണപത്രം ഇപ്രകാരം രേഖപ്പെടുത്തുന്നു: "....... അന്ത്യോഖ്യാ യാക്കോബായ സുറിയാനിക്കാരായ നമ്മൾ....."[20]

കാര്യങ്ങളുടെ നിജസ്ഥിതി ഇപ്രകാരമായിരിക്കേ, അന്ത്യോഖ്യൻ ബന്ധം പുലിക്കോട്ടിൽ ദീവന്നാസ്യോസ് ദ്വിതീയന്റെ കാലത്തുണ്ടായി എന്ന നവീന കണ്ടുപിടിത്തം അടിസ്ഥാനരഹിതവും സഭേതരവും ചരിത്രേതരവുമായ താല്പര്യങ്ങൾകൊണ്ടും പ്രാദേശികമായ കക്ഷി ചിന്തകൊണ്ടും അസത്യമായിരിക്കുന്നുവെന്ന് രേഖപ്പെടുത്തേണ്ടി വന്നിരിക്കുന്നു. പുതുതായി ലഭിച്ചിട്ടുള്ള ഉപദാനരേഖകൾ കൂടി പരിശോധിച്ച് നിഗമനങ്ങൾ അതത് ഗ്രന്ഥകർത്താക്കൾ പുനഃപരിശോധിക്കുമെന്ന് ഇതെഴുതുന്ന ആൾക്ക് പൂർണ്ണ ബോധ്യമുണ്ട്. ഉറങ്ങുന്നവരെയല്ലാതെ ഉറക്കം നടിക്കുന്നവരെ ഉണർത്താൻ ആർക്കാണ് കഴിയുക?

റോയൽക്കോടതി വിധിയിൽ പര്യവസാനിച്ച സെമിനാരിക്കേസിൽ പുലിക്കോട്ടിൽ മെത്രാച്ചന്റെ ഭാഗത്തു നിന്ന് ഹാജരാക്കിയ കാനോനെപ്പറ്റിയും ചില വസ്തുതകൾ വെളിപ്പെടുത്തുവാനുണ്ട്. റോയൽക്കോടതി ക്കേസിൽ തോമസ് മാർ അത്താനാസ്യോസും ജോസഫ് മാർ ദീവന്നാസ്യോസും ഓരോ കാനോൻ പ്രമാണം ഹാജരാക്കിയിട്ടുണ്ട്. ഈ രണ്ടു കാനോനും കാണാതെയും കാനോൻ പ്രമാണത്തിന്റെ ഉത്ഭവം,

ആധികാരികത എന്നിവ അറിയാതെയും ചരിത്രകാരന്മാർ പുറപ്പെടുവിച്ചിട്ടുള്ള പ്രസ്താവനകൾ ആരെയും അത്ഭുതപ്പെടുത്തും. പിതാക്കന്മാരുടെ സമ്മേളനതീരുമാനങ്ങളാണ് കാനോൻ. ഓരോ കാനോനിലും ആ തീരുമാനം ഏതു സമ്മേളനത്തിന്റെ എത്രാം നമ്പർ തീരുമാനമെന്ന് വെളിപ്പെടുത്താറുണ്ട്. ഓരോ സഭയും തങ്ങൾ അംഗീകരിച്ച സമ്മേളനങ്ങളുടെ (സുന്നഹദോസുകളുടെ) തീരുമാനങ്ങൾ മാത്രമേ കാനോനാകളായി സ്വീകരിക്കാറുള്ളു. ചില സമ്മേളനങ്ങൾ അസ്വീകാര്യങ്ങളാണെങ്കിലും അവയിലെ ചില കാനോനാകൾ സ്വീകരിച്ചിട്ടുള്ളതിന്റെ ഉദാഹരണങ്ങളും ഹൂദായ കാനോനിൽ കാണാം. പല കാനോനാകളും അതത് കാലത്ത് അതത് സ്ഥലത്ത് രൂപംകൊണ്ട തർക്കങ്ങളെ പരിഹരിക്കുവാനായി ഉണ്ടായിട്ടുള്ള തീരുമാനങ്ങളാണ്. ചില കാര്യങ്ങളിൽ പ്രാമാണികന്മാർ പുറപ്പെടുവിച്ച വ്യത്യസ്തവും വിരുദ്ധവുമായ തീരുമാനങ്ങൾ പോലും ഹൂദായ കാനോനിൽ കാണുന്നുണ്ട്. നമുക്ക് ലഭിച്ചിട്ടുള്ള കാനോൻ ബാർ എബ്രായ എ.ഡി. 12-ാം നൂറ്റാണ്ടിൽ എഡിറ്റ് ചെയ്തിട്ടുള്ള കാനോൻ ആണ്. ഈ കാനോൻ കാലാനുസൃതമായി വളർന്നിട്ടുള്ളതാണെന്ന് ആഭ്യന്തരവും ബാഹ്യവുമായ തെളിവുകൾ കൊണ്ട് ആർക്കും മനസ്സിലാക്കാവുന്നതാണ്. അംഗീകൃതസമ്മേളനങ്ങൾക്കും പ്രാമാണികന്മാർക്കും കാനോൻ പരിഷ്ക്കരിക്കുകയോ എഡിറ്റ് ചെയ്യുകയോ ചെയ്യാവുന്നതാണ്. സഭയുടെ പൂർണ്ണ പ്രാതിനിധ്യമുള്ള സുന്നഹദോസുകൾക്ക് (ഉദാഹരണത്തിന് മലങ്കര അസോസ്യേഷൻ) കാനോൻ നിർമ്മിക്കുവാൻ അധികാരമുള്ളതുകൊണ്ട് നമ്മുടെ ആർത്താറ്റ് പടിയോലയും, കണ്ടനാട്ട് പടിയോലയും, മാവേലിക്കര പടിയോലയും, പരുമല പടിയോലയും, മുളന്തുരുത്തി സുന്നഹദോസ് നിശ്ചയങ്ങളും 1934-ലെ മലങ്കര അസോസ്യേഷൻ നിശ്ചയങ്ങളും മലങ്കരസഭയുടെ കാനോനാകൾ തന്നെയാണ്. ബാർ എബ്രായയെപ്പോലെ പ്രാമാണികനായ ഒരു കാനോൻ വിദഗ്ധന് അവ എഡിറ്റ് ചെയ്ത് കാനോന്റെ ഭാഗമായി പ്രഖ്യാപിക്കുവാൻ സഭാപരമായ നിയമതടസമൊന്നുമില്ല.

റോയൽക്കോടതിയിലവസാനിച്ച സെമിനാരിക്കേസിൽ നവീകരണ വിഭാഗം സമർപ്പിച്ച മലങ്കരക്കാനോൻ നമ്മുടെ ചരിത്രകാരന്മാരാരെങ്കിലും കണ്ടിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. കണ്ടതായി അവരാരും തന്നെ അവകാശപ്പെട്ടിട്ടില്ല. അവരുടെ ചരിത്രപരാമർശങ്ങൾ കണ്ടാൽ അവർ ആരും മലങ്കരക്കാനോൻ കണ്ടിട്ടില്ല എന്നാണ് മനസ്സിലാക്കാവുന്നത്. പി. വി. മാത്യു മറ്റു പല അവസരങ്ങളിലുമെന്നപോലെ ഇക്കാര്യത്തിലും ദൃക്സാക്ഷി വിവരണം എന്ന പോലെ നടത്തുന്ന പ്രഖ്യാപനം ഇപ്രകാരമാണ്: “ഈ കേസിൽ തോമസ് മാർ അത്താനാസ്യോസ് തന്റെ വാദമുഖങ്ങൾ സ്ഥാപിക്കുവാൻ പല രേഖകൾ കോടതിയിൽ ഹാജരാക്കി. അതിൽ ഒന്ന് യഥാർത്ഥ ഹൂദായ കാനോൻ ആയിരുന്നു.” സെമിനാരി

ക്കേസിൽ പാലക്കുന്നത്ത് ജൂനിയർ മെത്രാച്ചൻ നൽകിയ കാനോൻ 38 എന്ന നമ്പരിൽ ആണ് അറിയപ്പെടുന്നത്. ഇത് ഹൂദായ കാനോന്റെ ശരിയായ പ്രതി ആണെന്ന പരാമർശങ്ങൾ ഭാവി ചരിത്രകാരന്മാരെ വഴി തെറ്റിക്കുമെന്നതിനാൽ 38 അക്കം മലങ്കരക്കാനോനിൽ നിന്ന് ഒരു ഭാഗം പൂർണ്ണമായി ഉദ്ധരിക്കുകയാണ്.

“മൂന്നാം ഭാഗം കൈക്കാരന്മാരെക്കുറിച്ച്.”[22]

1. പള്ളി പ്രതിഷ്ഠിക്കുകയോ കൂദാശ ചെയ്യുകയോ ചെയ്യുന്ന സമയം കൂടപ്പെടുന്ന സഭാമധ്യത്തിങ്കൽ വച്ച് പള്ളിസ്ഥലവും പള്ളിപ്പണിയ്ക്കുള്ള ചിലവർപ്പും ആരിൽ നിന്ന്, ഏതുവഴി ഉത്ഭവിച്ചു എന്ന് മേൽപ്പട്ടക്കാരൻ വിചാരണ കഴിക്കണം.

2. പള്ളിസ്ഥവും ചിലവർപ്പുകളും നാലുഭാഗത്തുമുള്ള ജനങ്ങളിൽ നിന്നും എന്ന് കണ്ടാൽ ആ പള്ളിയുടെ എപ്പിത്രോപ്പന്മാരായി പന്ത്രണ്ട് ആളുകളെ തെരഞ്ഞെടുക്കുകയും അതിൽ രണ്ട് പേരെ മുതൽക്കെട്ട് കണക്കെഴുത്ത് കൈക്കാരന്മാരായി നിയമിക്കുകയും ചെയ്യേണ്ടതാകുന്നു.

3. ഈ വക കൈക്കാരന്മാർ മേൽപ്പട്ടക്കാരന്റെ കല്പനപ്പടി മുതൽ എടുക്കുകയും വരവ് ചെലവ് കണക്ക് ക്രമമായി എഴുതിക്കൊൾകയും ചെയ്യേണ്ടതുമല്ലാതെ ആണ്ടറുതിയിൽ വികാരിയും എപ്പിത്രോപ്പന്മാർ എല്ലാവരും കൂടി കണക്കു കേട്ട് തിരട്ട് എഴുതി അടയാളത്തോടുകൂടി ഒരു പ്രതി മേൽപ്പട്ടക്കാരന് അയയ്ക്കുകയും ഒരു പ്രതി അടയാളം വെച്ച് വരുത്തി പള്ളിയിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാകുന്നു.

4. എപ്പിത്രോപ്പന്മാരിൽ ഈരണ്ടാൾ ആണ്ടുതോറും മാറി മാറി ഈ വേല നോക്കേണ്ടിയതാകുന്നു.

5. നടപ്പു കൈക്കാരന്മാരെ മാറ്റി എപ്പിത്രോപ്പന്മാരിൽ മറ്റു രണ്ടുപേരെ നിയമിക്കണമെന്നോ വേറിട്ട് രണ്ടുപേരെ പ്രത്യേകിച്ച് ആക്കണമെന്നോ ഇടവകക്കാർ അപേക്ഷിച്ചാൽ മേൽപ്പട്ടക്കാരൻ അന്വേഷണം ചെയ്ത് വേറെ ആളുകളെ നിയമിക്കാവുന്നതാകുന്നു.

6. നടപ്പു കൈക്കാരന്മാരെ മാറ്റുമ്പോഴും വേറിട്ടാളുകളെ നിയമിക്കുമ്പോഴും ഭരണത്തിന്റെ താക്കോൽ മദ്ബഹാ മുന്നിൽ വയ്ക്കുകയും നിയമിക്കപ്പെട്ടവർ എടുക്കുകയും ചെയ്യേണ്ടതാകുന്നു.

7. പള്ളിക്കു സ്ഥലവും ചിലവർപ്പും മൂന്നോ നാലോ പേർ ആദ്യമായി നിന്ന് സ്വന്ത വകയിൽ നിന്നും അവരുടെ സാഹസത്താൽ മറ്റുള്ളവരിൽ നിന്നും ശേഖരിച്ച് പള്ളി മുഴുവനാക്കി എന്ന് കാണപ്പെട്ടാൽ മുതൽ വീഴ്ചയും സാഹസവും ഉള്ള വീട്ടുകാരെ കൈക്കാരന്മാരായും ഏർപ്പാടുകൾക്കു തക്കവണ്ണം ഏറെക്കുറെ വ്യത്യാസപ്പെടുത്തിയും നിയമിക്കേ

ണ്ടതാകുന്നു. ഇങ്ങനെ നിയമിക്കുന്നത് ആറു വീട്ടുകാരിൽ കൂടുതൽ ആകയും അരുത്.

8. ഈ വക കൈക്കാരന്മാർ പള്ളി വരുമാനങ്ങളെ എടുക്കയും ചില വുകൾ ചെയ്കയും ചെയ്യേണ്ടതാകുന്നു.

9. ആണ്ടറുതിയിൽ കണക്കുകൾ തീർക്കുന്ന സമയം ഇടവകയുടെ ബുക്കിനേന്മാർ ആയി മേൽപ്പട്ടക്കാരനാൽ നിയമിക്കപ്പെട്ടവരുടെ മുമ്പാകെ വച്ച് പരിശോധിച്ച് മുൻനിയമപ്രകാരം ഒക്കെയും ചെയ്യേണ്ടതാകുന്നു.

10. ഈ വക കൈക്കാരന്മാരിൽ ചില കുടുംബക്കാർ ഇല്ലാതെയാകയോ അയോഗ്യരായി വരികയോ ചെയ്താൽ മേൽപ്പട്ടക്കാരൻ മുതല്ക്കെട്ട് കൈക്കാരന്മാരെ കൂടി നിയമിച്ച് അവരെക്കൊണ്ട് തനിച്ചോ ഇരുവിഭാഗ ക്കാരെക്കൊണ്ടുമോ അന്വേഷിപ്പിക്കാവുന്നതാകുന്നു.

11. ഈ വിധമായ കൈക്കാരന്മാർ പള്ളി വക കൈകാര്യം ചെയ്തിരു ന്നാലും ഇല്ലാതെ ഇരുന്നാലും അവർക്കുള്ള ഓഹരി മുടക്കപ്പെട്ടുകൂടാ ത്തതാകുന്നു.

12. ഒരു കുടുംബത്തിൽ നിന്ന് തന്നെ പള്ളിക്ക് സ്ഥലം കൊടുക്കു കയും പള്ളിവകയ്ക്ക് ദ്രവ്യം ചെലവ് ചെയ്കയും ചെയ്തതായി കാണ പ്പെട്ടാൽ ആ കുടുംബക്കാരെ മാറാകൈസ്ഥാനക്കാരായി വിചാരിക്കപ്പെ ടണം.

13. പള്ളിയുടെ അഭിവൃദ്ധിയ്ക്കായി ഈ ഭവനക്കാരുടെ കൈകാര്യ കർത്തൃത്വം പള്ളിമുതൽ കാര്യങ്ങളിന്മേൽ ഇരിക്കണമെന്ന് വിചാരിച്ച് പ്രവർത്തിക്കുന്ന സമയമൊക്കെയും ഈ അവകാശം അവരിൽ നിന്നും വേർപെടുത്തിക്കൂടാത്തതാകുന്നു.

14. ഈ വിധമുള്ള പള്ളികളിൽ ഇടവകക്കാർ കൂടി വരികയും അവ രിൽ നിന്നുള്ള വരുമാനം അധികരിക്കുകയും ചെയ്താൽ യോഗത്തിന്റെ അപേക്ഷയിന്മേൽ മേൽപ്പട്ടക്കാരൻ മുതൽക്കെട്ട് കൈക്കാരന്മാരെക്കൂടി നിയമിക്കേണ്ടതാകുന്നു.

15. എല്ലാ ഭണ്ഡാരങ്ങളുടെയും മേൽപ്പൂട്ടും അന്വേഷണവും കാരണ ഭൂതരായ കുടുംബക്കാർക്കു ഇരിക്കേണ്ടതാകുന്നു. വരവ് ചെലവുകളെ കുറിച്ചുള്ള കണക്കു മേൽ നിയമിച്ചിരിക്കുന്നപ്രകാരം ചെയ്യാനുള്ളതാ കുന്നു.

16. മാറാ കൈസ്ഥാന കുടുംബത്തിലേക്കു ഓഹരികൾ കൊടുക്കുന്ന തല്ലാതെ ആ കുടുംബക്കാരോട് കുഴിക്കാണം വാങ്ങിക്കൂടാത്തതാകുന്നു.

17. ഇങ്ങനെയുള്ള കുടുംബത്തിൽ അന്വേഷണത്തിന് പ്രാപ്തിയുള്ള

വർ ഇല്ലാതെ വന്നാൽ അവർക്കു സഹായി ആയി തെരഞ്ഞെടുക്കുന്ന വരെ കൊണ്ടും അവർക്കു നടത്തിക്കാവുന്നതാകുന്നു.

ഇവിടെ മൂന്നാം ഭാഗം അവസാനിക്കുന്നു. ഇത് ഹൂദായ കാനോന്റെ സത്യരൂപം ആണെന്നാണ് സെമിനാരിക്കേസിന്റെ കാനോൻ ചർച്ചയിൽ ചിലർ പ്രത്യക്ഷമായും ചിലർ പരോക്ഷമായും പ്രസ്താവിക്കുകയോ ധ്വനിപ്പിക്കുകയോ ചെയ്തിട്ടുള്ളത്. സത്യത്തിൽ ഇപ്രകാരം ഒരു അദ്ധ്യായം ഹൂദായ കാനോന്റെ യാതൊരു പകർപ്പുകളിലും ഇല്ല. മലങ്കരസഭയിലെ പല പുരാതന പള്ളികളിലും നടപ്പിലിരുന്ന ഭരണസമ്പ്രദായം നിയമവൽക്കരിച്ചുകൊണ്ട് എഴുതിയ ഓരോ വകുപ്പുകളാണിവയെല്ലാം. അവയ്ക്കാധാരമായി യാതൊരു തീരുമാനങ്ങളും കാനോൻ സമാഹർത്താവിന് ചൂണ്ടിക്കാണിക്കാൻ കഴിഞ്ഞിട്ടില്ല. ഒരഭിപ്രായമോ, കീഴ്നടപ്പോ കാനോൻ ആയി അംഗീകരിക്കപ്പെടണമെങ്കിൽ ആയത് ഒരു അംഗീകൃത സമ്മേളനത്തിന്റെ തീരുമാനം എന്ന പദവിയിലേക്കുയരുകയും ആ യോഗതീരുമാനവിവരം കാനോന്റെ കൂടെ ഉദ്ധരിക്കപ്പെടുകയും വേണം. മലങ്കരക്കാനോനിൽ ആകെ 15 അധ്യായങ്ങളുള്ളതിൽ യാതൊരു അധ്യായങ്ങളിലും യാതൊരു തീരുമാനങ്ങളും ഏതെങ്കിലുമൊരു സമ്മേളനവുമായി ബന്ധമുള്ളതായി സൂചിപ്പിച്ചിട്ടില്ല. ഈ കാനോനിൽ മലങ്കരയ്ക്കു വെളിയിൽ ഏതെങ്കിലും ഒരു സഭയുള്ളതായോ അവയ്ക്കു കാതോലിക്കാ (മപ്രിയാന), പാത്രിയർക്കീസ് എന്നീ സ്ഥാനികൾ ഉള്ളതായോ പ്രസ്താവിക്കപ്പെട്ടിട്ടില്ല. ഇപ്രകാരം അനവധി കാരണങ്ങളാൽ മലങ്കരക്കാനോൻ നൂറുശതമാനവും വ്യാജമെന്ന് പറയുവാനും മൂലഭാഷയിൽ നിന്ന് യാതൊരു വ്യത്യാസവും വരുത്താതെ തർജ്ജിമയാണെന്നുള്ള മാർ അത്താനാസ്യോസിന്റെ അവകാശവാദം പൂർണ്ണമായും അവാസ്തവമാണെന്നും പറയുവാൻ മടിക്കേണ്ടതില്ല. സെമിനാരിക്കേസിന് വേണ്ടി മാത്രം വിരചിക്കപ്പെട്ട ഈ കാനോനെ നേരിടുവാനാണ് കോനാട്ട് മാർ യൂലിയോസ് ഹൂദായ കാനോൻ സെമിനാരിക്കേസിൽ ഹാജരാക്കിയത്. ഹൂദായക്കാനോന്റെ ടെക്സ്റ്റിൽ മുളന്തുരുത്തി സുന്നഹദോസിന്റെ ചില തീരുമാനങ്ങൾ കൂട്ടിച്ചേർത്തിരുന്നത് സത്യമാണ്. ഈ കൂട്ടിച്ചേർക്കപ്പെടലുകൾ കോടതിയിൽ അംഗീകരിക്കപ്പെടാതെ വന്നാലോ എന്ന് കരുതി മുളന്തുരുത്തി തീരുമാനങ്ങളെ മുളന്തുരുത്തി തീരുമാനങ്ങൾ എന്ന് ചേർക്കാതെ പഴയ ടെക്സ്റ്റിലെ തീരുമാനങ്ങളോടുകൂടി എഴുതിച്ചേർത്തു എന്ന അർത്ഥത്തിൽ ആ കാനോനിൽ സാങ്കേതികമായ പോരായ്മകൾ ആരോപിക്കാവുന്നതാണ്. അപ്രകാരം ആരോപിക്കുന്നവർ ആ ആരോപണങ്ങൾ കേവലം സാങ്കേതികമായ അർത്ഥത്തിലേ ആരോപണങ്ങൾ ആകുന്നുള്ളു എന്നും മാർ യൂലിയോസ് ഹാജരാക്കിയ ഹൂദായ കാനോനിലെ കൂട്ടിച്ചേർക്കലുകൾ മുളന്തുരുത്തിയിലും പരുമലയിലും സമ്മേളിച്ച സുന്നഹദോസുകളുടെ തീരുമാനങ്ങളാകയാൽ മലങ്കരസഭ സ്വീകരിച്ച

കാനോനാകൾ ആയിരുന്നുവെന്നും വിസ്മരിക്കുവാൻ പാടുള്ളതല്ല. ദൗർഭാഗ്യവശാൽ മലങ്കരസഭാചരിത്രം എഴുതിയവർ ഈ വശം അവഗണിച്ചതെന്തുകൊണ്ട് എന്ന് മനസ്സിലാകുന്നില്ല. "ഏതായാലും ഇരുവിഭാഗവും കോടതിയിൽ ഹാജരാക്കിയിരുന്ന ഹൂദായകാനോന്റെ രൂപങ്ങൾ വ്യാജനിർമ്മിതങ്ങളായിരുന്നു"[23] എന്ന് രണ്ടു കാനോനുകളെയും നിഷ്പക്ഷബുദ്ധ്യാ എന്ന മട്ടിൽ നിരീക്ഷിച്ചിട്ടുള്ളവർ പോലും ഇതിൽ ഒരു കാനോനിലെ പൂർണ്ണവ്യാജത്തെ മറുകാനോനിലെ സാങ്കേതികത്തകരാറിനോടു അറിഞ്ഞോ അറിയാതെയോ തുല്യമാക്കുകയാണ് ചെയ്തിട്ടുള്ളത്. മലങ്കരസഭയ്ക്കു, സെമിനാരിക്കേസുവരെ എഴുതപ്പെട്ട രൂപത്തിൽ ഒരു സഭാകാനോൻ ഉണ്ടായിരുന്നില്ല എന്ന് കോട്ടയം പഴയസെമിനാരിയിലെ സഭാചരിത്രവിഭാഗം തലവൻ പറയുന്നത്[24] വസ്തുതകൾ വേണ്ടവിധം പരിശോധിച്ചല്ല. 1665-ൽ വന്ന ഗ്രീഗോറിയോസിൽ നിന്നും 1685-ൽ വന്ന ഈവാനിയോസിൽ നിന്നും 1751-ൽ ഈവാനിയോസിൽ നിന്നും ഹൂദായകാനോൻ ഭാഗികമായിട്ടും പൂർണ്ണമായും സുറിയാനിയിൽ നിന്ന് പകർത്തിയെഴുതി പല വൈദികരും ഉപയോഗിച്ചിട്ടുള്ളതിന്റെ മാതൃകകൾ ഈ ഗ്രന്ഥകാരന്റെ കൈവശമുണ്ട്. വിശദമായ മാതൃകകൾ തൊഴിയൂർ ആർക്കൈവ്സിൽ ഈ ഗ്രന്ഥകാരൻ നിരീക്ഷിച്ചിട്ടുമുണ്ട്. അവ സാർവത്രികമായിരുന്നില്ലെന്നും വിവർത്തനം ചെയ്ത രൂപത്തിൽ ലഭ്യമായിരുന്നില്ലെന്നും മാത്രമേ പറയാനാവൂ. കോനാട്ട് മാർ യൂലിയോസ് ഹാജരാക്കിയ കാനോൻ സത്യകാനോൻ ആണെന്ന് പ. പരുമല തിരുമേനി സെമിനാരിക്കേസിൽ സാക്ഷ്യപ്പെടുത്തിയത് ആരുടെയും നിർബ്ബന്ധത്തിന് വഴങ്ങിയതുകൊണ്ടല്ല. ആ കാനോനാകൾ മലങ്കരസഭയുടെ തീരുമാനങ്ങളാകയാൽ സാരാംശത്തിൽ സത്യകാനോനാകൾ തന്നെ എന്ന് ദൃക്സാക്ഷിയ്ക്കു ഉത്തമബോധ്യം ഉള്ളതുകൊണ്ടാണ്. പില്ക്കാലത്തു സഭയ്ക്ക് സമ്മതമെങ്കിൽ ആ കാനോനാകളെ പിൻവലിക്കുവാൻ സ്വാതന്ത്ര്യമുണ്ടല്ലോ. അതാണല്ലോ നാം 1934-ൽ ചെയ്തത്. 1934-ലെ ഭരണഘടന മലങ്കരസഭയുടെ കാനോൻ തന്നെയാണ്. ആ കാനോനിൽ നാം അന്ത്യോഖ്യാ പാത്രിയർക്കീസ് എന്ന പ്രയോഗത്തിലെ അന്ത്യോഖ്യാ എന്ന പദം പൂർണ്ണമായി എടുത്തുമാറ്റി. അന്നും മലങ്കരസഭയിൽ വ്യവഹാരമുണ്ടായിരുന്നു. ആ നടപടിയിലൂടെ മുളന്തുരുത്തി സുന്നഹദോസിൽ എന്തെങ്കിലും നിയമപരമായ ക്ഷീണം സഭയ്ക്കു സംഭവിച്ചിട്ടുണ്ടെങ്കിൽ അതു പരിഹരിക്കുകയാണ് നാം ചെയ്തത്. എന്നാൽ എപ്പിസ്ക്കോപ്പൽ സഭ എന്ന സങ്കൽപ്പം കെട്ടിപ്പടുക്കുന്നതിൽ കണ്ണുള്ള ചില പ്രഗത്ഭമതികൾ പാത്രിയർക്കാ പ്രയോഗത്തിൽ അന്ത്യോഖ്യായെന്ന പദം അറുപതുകളിൽ കൂട്ടിച്ചേർത്തു. മുപ്പതുകളിൽ നടന്ന ഈ പുരോഗമനവും അറുപതുകളിൽ നടന്ന ഈ പശ്ചാത്ഗമനവും നമ്മുടെ സഭാചരിത്രകാരന്മാർ അറിഞ്ഞിട്ടുള്ളതായിട്ടുപോലും നാളിതുവരെ ഭാവിച്ചിട്ടില്ല എന്നത് ഇതെഴുതുന്ന ആളെ അത്ഭുതപ്പെടുത്തുന്നു.

വാസ്തവത്തിൽ പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസ് ഇച്ഛാശക്തിയുള്ള ഒരു പ്രതിഭാശാലി ആയിരുന്നു. അദ്ദേഹം പ്രൊട്ടസ്റ്റന്റ് മാതൃകയിൽ വിശ്വാസപരമായ നവീകരണവും ഭരണപരമായി റോമ്മൻ കത്തോലിക്കാ മാതൃകയിൽ എപ്പിസ്ക്കോപ്പൽ ഭരണവും ആഗ്രഹിച്ചു. അതിന്റെ അനിഷേധ്യ തെളിവുകൾ അദ്ദേഹം വ്യാജമായി ചമച്ച മലങ്കരക്കാനോനിൽ സമൃദ്ധിയായിക്കാണാം. മാർ ദീവന്നാസ്യോസിന്റെ ഏറ്റുമുട്ടൽ ഈ രണ്ടിനോടുമായിരുന്നു. മെത്രാന്മാരുടെ ഏകനായകസ്ഥിതിയ്ക്ക് പരിഹാരമുണ്ടാകണമെന്ന് പരുമലയോഗത്തിൽ ആവശ്യപ്പെട്ടത് മാർ ദീവന്നാസ്യോസ് ആണ്. ഒരു വൈദികട്രസ്റ്റിയും ഒരു അത്മായട്രസ്റ്റിയും ഒരു മെത്രാപ്പോലീത്തൻ ട്രസ്റ്റിയുമായി സഭാഭരണം പുനഃസംവിധാനം ചെയ്ത് മെത്രാന്മാരുടെ ഏകനായക ഭരണത്തെ തിരുത്തണമെന്ന് നിർദ്ദേശിച്ചതും അദ്ദേഹം തന്നെ. പക്ഷേ പിൽക്കാലത്ത് മലങ്കരസഭ ഈ വ്യവസ്ഥകളിൽ വെള്ളം ചേർത്തു. അവരിൽ പലർക്കും പാലക്കുന്നത്ത് മെത്രാച്ചൻ റോമ്മാസഭയിൽ നിന്ന് സ്വീകരിച്ച എപ്പിസ്ക്കോപ്പൽ ഭരണസംവിധാനത്തിനോടായിരുന്നു ചായ്‌വ്. തന്മൂലം ആ വ്യവസ്ഥയെ തകിടെ മറിച്ച ദീവന്നാസ്യോസിനെയും മുളന്തുരുത്തി സുന്നഹദോസിനെയും തള്ളിപ്പറയുക അവരുടെ ലക്ഷ്യമായിരുന്നു. എപ്പിസ്ക്കോപ്പസിയെ തകർത്തവൻ എന്ന് വിശേഷിപ്പിച്ചാൽ അതേറ്റുപാടുവാൻ മലങ്കരയിൽ ആളെക്കിട്ടാതെ വന്നാലോ എന്ന ശങ്ക കൊണ്ടാവാം പാത്രിയർക്കാബന്ധം കൊണ്ടുവന്ന ആൾ എന്ന വിശേഷണം ചിലർ അദ്ദേഹത്തിന് നൽകിയത് (വീട്ട് വസ്തുക്കളെ ജീവനു തുല്യം സ്നേഹിച്ച് കാവൽ ചെയ്യുന്ന കാവൽപ്പട്ടിയെ കൊല്ലാൻ കൊള്ളക്കാർ ആദ്യം ചെയ്യുക അതു പേപ്പട്ടിയാണെന്ന പ്രചാരണം അഴിച്ചുവിടുകയാണ്. സംശയത്തിന്റെ പേരിൽ വീട്ടെജമാനൻ തന്നെ ആ മിത്രത്തെ കൊല്ലാനേർപ്പാടാക്കും എന്ന അർത്ഥാന്തരന്യാസം ഓർമ്മയിൽ വരുന്നു).

ഇപ്രകാരം മാർ ദീവന്നാസ്യോസിന്റെ സുസ്താത്തിക്കോൻ, തെരഞ്ഞെടുപ്പ്, മുളന്തുരുത്തി സുന്നഹദോസ് മുഖേനയുണ്ടായ പാത്രിയർക്കാബന്ധങ്ങൾ, സെമിനാരിക്കേസിലെ കാനോൻ ഇവയുടെ അടിസ്ഥാനത്തിൽ മാർ ദീവന്നാസ്യോസിനെ തേജോവധം ചെയ്യാൻ ശ്രമിക്കുന്നവർ അറിയാതെയെങ്കിലും സ്വന്തം പൈതൃകത്തെയാണ് അടിസ്ഥാനരഹിതമായി തേജോവധം ചെയ്യുന്നതെന്ന് രേഖപ്പെടുത്താതെ വയ്യ.

1. ശ്രീ. വർക്കി, പു. 121.
2. *കണ്ടനാട് ഗ്രന്ഥവരി (കൈയെഴുത്തുപ്രതി)*, പു. 834.
3. *കണ്ടനാട് ഗ്രന്ഥവരി*, പു. 836.
4. *കണ്ടനാട് ഗ്രന്ഥവരി*, പു. 890.

5. ഡോ. കണിയാമ്പറമ്പിൽ കുരിയൻ കോറി, *സുറിയാനിസഭ*, പു. 218.
6. *കണ്ടനാട് ഗ്രന്ഥവരി*, പു. 876.
7. *കണ്ടനാട് ഗ്രന്ഥവരി*, പു. 892–916.
8. *കണ്ടനാട് ഗ്രന്ഥവരി*, പു. 920–926.
9. ഡോ. ടി. സി. കോര, പു. 42.
10. കെ. വി. മാമ്മൻ (അവതാരിക), *കേരളത്തിലെ നസ്രാണി ക്രിസ്ത്യാനികൾ*.
11. പി. വി. മാത്യു, *കേരളത്തിലെ നസ്രാണി ക്രിസ്ത്യാനികൾ*, പു. 110, 111.
12. *കണ്ടനാട് ഗ്രന്ഥവരി*, പു. 958–970.
13. ജോർജ്ജ് വർഗ്ഗീസ് മദ്രാസ്, *മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാചരിത്രം മൂന്നാം ഭാഗം*, പു. 75.
14. ഡോ. ടി. ഐ. വർഗ്ഗീസ്, *മലങ്കര അന്ത്യോഖ്യൻ ബന്ധം. 19–ാം നൂറ്റാണ്ടിന്റെ സൃഷ്ടി*, പുറം 81.
15. ഫാ. വർഗ്ഗീസ് കല്ലാപ്പാറ, *മലങ്കരസഭാചരിത്രം*.
16. ഫാ. ഡോ. ജോസഫ് ചീരൻ, *ഇന്ത്യൻ ഓർത്തഡോക്സ് സഭ*, പു. 40–46.
17. ഇ. എം. ഫിലിപ്പ്, *മാർത്തോമ്മാശ്ലീഹായുടെ ഇന്ത്യൻ സഭ*, പു. 188.
18. ഇട്ടൂപ്പ് റൈറ്റർ, പു. 176–178.
19. *ഇന്ത്യൻ ഓർത്തഡോക്സ് സഭ*, പു. 140.
20. ഇ. എം. പീലിപ്പോസ്, *മലങ്കരസഭയുടെ രഹസ്യപേടകം*, പു. 10.
21. പുറം 3, 4, 5 (മലങ്കരക്കാനോൻ).
22. ഫാ. ഡോ. ടി. ഐ. വർഗ്ഗീസ്, *മലങ്കര അന്ത്യോഖ്യൻ ബന്ധം. 19–ാം നൂറ്റാണ്ടിന്റെ സൃഷ്ടി*, പു. 84.
23. ടി പുസ്തകം, പു. 84.

## അധ്യായം 5

# കർമ്മധീരനായ പത്രോസ് തൃതീയൻ ബാവാ

പത്രോസ് ബാവാ തിരുവനന്തപുരത്ത് ചെയ്തുതീർത്ത കാര്യങ്ങൾ ഇനിയും നിരീക്ഷിക്കണം. കർക്കിടകം 2-ന് വഴുതയ്ക്കാട്ട് ബംഗ്ലാവിൽ വെച്ച് ബാവായും റസിഡണ്ടു സായിപ്പും തമ്മിൽ കൂടിക്കാഴ്ചയുണ്ടായി. പിന്നീട് 5-ന് ശനിയാഴ്ച നക്ഷത്ര ബങ്കളാവിൽ വെച്ച് മഹാരാജാവു മായി കൂടിക്കാഴ്ച നടന്നു. മഹാരാജാവ് ബാവായെക്കണ്ട് പെരുത്ത് സന്തോഷിച്ചു; വളരെ ഭക്തിയോടുകൂടി ആചാരം ചെയ്തു. എന്നാൽ കഴി യുന്നവിധമുള്ള സഹായങ്ങൾ ചെയ്തുതരാമെന്നും പാലക്കുന്നത്ത് മെത്രാന് വിളംബരം അമ്മാവൻ കൊടുത്തിരിക്കുന്നതും മാധവനായിട്ട് നിശ്ചയിച്ച് ചെയ്തതാകുന്നു എന്നും ഞാൻ ഈ വകയിൽ ഒന്നും ചെയ്തില്ലെന്നും ഇനി ഇവിടത്തെ കല്പന പോലെ സകലവും ചെയ്‌വാൻ ഞാൻ ഒരുങ്ങിയിരിക്കുന്നു എന്നും മഹാരാജാവ് കല്പനയായി. പിന്നീട് 7-ന് മത്ഥിയാസിനെ നാം സ്ഥാനത്തു നിന്ന് നീക്കിയിരിക്കുന്നതിനാൽ അവന് കൊടുത്തിരിക്കുന്ന വിളംബരവും സർക്കുലറും നീക്കിത്തരണ മെന്നും മറ്റും ബാവാ മഹാരാജാവിന്റെ മുമ്പാകെ എഴുതി ബോധിപ്പിച്ചു. 8-ന് ചൊവ്വാഴ്ച വടക്കേ കൊട്ടാരത്തിൽ വെച്ച് ഇളയ രാജാവുമായി കൂടി ക്കാഴ്ച ഉണ്ടായി. ആ സമയം എന്റെ ഓർമ്മയ്ക്കായി ബാവായുടെ രൂപം വരപ്പിച്ച് എടുക്കുന്നതിന് ആഗ്രഹമുണ്ടെന്ന് രാജാവ് കല്പനയായി. ആയതു ബാവാ സമ്മതിച്ചു. 9 മുതൽ 25-ാം തീയതി വരെ 16 ദിവസം കൊണ്ട് ചിത്രം പൂർത്തിയാക്കി. ഇളയ രാജാവ്, ബാവായ്ക്ക് പതിനഞ്ചു പവനോളം വരുന്ന ഒരു സ്വർണ്ണ കുരിശ് മാലയും രാജാവിന്റെ ചിത്രവും സമ്മാനിച്ചു. ശംഖുമുഖം കൊട്ടാരത്തിൽ വെച്ച് മഹാരാജാവുമായി ബാവായും പുലിക്കോട്ടിൽ മെത്രാച്ചനും സംഭാഷണം നടത്തി. ഈ അഭി മുഖങ്ങളിലെല്ലാം ദ്വിഭാഷിയായി വർത്തിച്ച പുലിക്കോട്ടിൽ മെത്രാച്ചൻ ബാവായോട് രാജാക്കന്മാർക്കും ബാവായ്ക്ക് രാജാക്കന്മാരോടും പ്രീതിയും ആദരവും വർദ്ധിപ്പിക്കത്തക്കവിധത്തിൽ സംഭാഷണങ്ങളെ സോദ്ദേശ്യമായി നയിച്ചുകൊണ്ടിരുന്നു. വിളംബരം റദ്ദാക്കുവാനുള്ള തീരു മാനം ഉത്തരവായി പുറപ്പെടുവാൻ വൈകുമെന്ന് മറുപടി കിട്ടുകയാൽ മഹാരാജാവും ഇളയരാജാവും ബാവായെ വന്നു കാണുകയും പള്ളി കൾ സന്ദർശിക്കുവാനുള്ള ബാവായുടെ ആഗ്രഹത്തിന് എല്ലാ സൗകര്യ ങ്ങളും ചെയ്തുകൊടുക്കുവാൻ കീഴ്സ്ഥാനികൾക്ക് കൽപന നൽകു കയും ചെയ്തു. സന്ദർശനത്തിന്റെ തുടക്കത്തിൽ നിരണത്ത് വെച്ച്

പാലക്കുന്നത്ത് മെത്രാച്ചനെ സന്ദർശിക്കുവാൻ ബാവാ ശ്രമിച്ചതിന്റെ വിവരങ്ങൾ നേരത്തെ കൊടുത്തിരുന്നുവല്ലോ. അടുത്തതായി വെളിനാട്ടു പള്ളിയിലെത്തി അവിടെ പത്തുനാൾ താമസിച്ച് പള്ളിയും ത്രോണോസുകളും നാലു തബ്ലൈത്താകളും കൂദാശ ചെയ്തു. പിന്നീട് നീലംപേരൂർ പള്ളിയിൽ 11 ദിവസം താമസിച്ച് സൈത്ത് കൂദാശ നടത്തി. കുറിച്ചി, കോട്ടയം ചെറിയപള്ളി എന്നിവ സന്ദർശിച്ചു. ഈ സന്ദർശനങ്ങൾക്കിടയിൽ മലങ്കരയിലെ പല പതിവുകളും ബാവാ വ്യത്യാസപ്പെടുത്തി. പട്ടക്കാർ തലയിൽ തൊപ്പിവയ്ക്കണമെന്നും കറുപ്പ് ളോഹ ഇട്ടു നടക്കണമെന്നും നിർദ്ദേശിക്കുകയും ഒരു മദ്ബഹായിൽ ഒരു ത്രോണോസ് എന്ന് ക്രമപ്പെടുത്തുകയും മൂന്ന് ത്രോണോസുകൾ ഉള്ള സ്ഥലങ്ങളിൽ അവ പൊളിച്ചു കളയുകയും ഒരു ദിവസം ഒരു ത്രോണോസിൽ ഒരു കുർബ്ബാന എന്ന് നിജപ്പെടുത്തുകയും മാമ്മൂദീസാതൊട്ടി പള്ളിയുടെ തെക്കുഭാഗത്തു ക്രമീകരിക്കുകയും പള്ളിനടയിലെ ഓട്ടുവിളക്കിനു പകരം പളുങ്കു വിളക്കു സ്ഥാപിക്കുകയും ചെയ്തു. ഈ സന്ദർശനത്തിനിടയിൽ 1051 കുംഭം 23-നു മഹാരാജാവിന്റെ വിളംബരം താഴെക്കാണുംവിധം പുറപ്പെട്ടു.

"ശ്രീപത്മനാഭ ദാസ വഞ്ചി ബാലരാമവർമ്മ കുലശേഖരകിരീടപതി
മന്നെസുൽത്താൻ മഹാരാജരാജരാമരാജബഹദൂർ
ജംഗനൈറ്റ് ഗ്രാൻഡ് കമാൻഡ് ഓഫ് ദി മോസ്റ്റ് എക്സാൾട്ടഡ്
ആഡർ ഓഫ് ദി സ്റ്റാർ ഓഫ് ഇന്ത്യാ മഹാരാജാ അവർകൾ
സകലമാനപേർക്കും പ്രസിദ്ധപ്പെടുത്തുന്ന വിളംബരം.

ആന്റിയോക്കിൽ നിന്ന് എഴുത്തു വന്നതുകൊണ്ട് മാർ അത്തനേഷ്യസ്സിനെ സിറിയൻ പള്ളിയിൽ മെത്രാൻ സ്ഥാനത്തിലേക്കു നിയമിച്ചിട്ടുള്ളതായി 1027-ാമാണ്ട് കർക്കിടകമാസം 15-നു ഉണ്ടായ വിളംബരത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുകൊണ്ടും ആന്റിയോക്കിലെ ഇപ്പോഴത്തെ പേട്രിയാർക്കോ പേട്രിയാർക്കിന്റെ പൂർവ്വീകനോ മേൽപ്പറഞ്ഞ മാർ അത്തനേഷ്യസ്സിനെ സ്ഥാനത്തിൽ നിന്നും മാറ്റി മറ്റൊരു മെത്രാനെ നിയമിച്ചിരിക്കുന്നതായി വാദിക്കുന്നതായി അറിയുന്നതുകൊണ്ടും ഇതിൽ സംബന്ധം ഉള്ള സകലമാനപേരെയും ഇതിനാൽ അറിയപ്പെടുത്തുന്നത് എന്തെന്നാൽ,

ഏതെങ്കിലും പള്ളികളുടെയോ അവയിൽ ചേർന്നിട്ടുള്ള വസ്തുവിന്റെയോ ഉടമസ്ഥതയെയോ അവയിലേക്കുള്ള അവകാശങ്ങളെയോ അല്ലെങ്കിൽ തൽസംബന്ധികളായ ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയോ മാറ്റുകയോ ചെയ്യേണ്ടതിലേക്കുള്ള അധികാരത്തെയോ കുറിച്ചുള്ള ഏതെങ്കിലും വ്യവഹാരങ്ങളെ സാധാരണ കോടതികളിൽ എടുത്തു വിസ്തരിച്ച് തീർച്ചപ്പെടുത്തുന്നതിലേക്കു മുമ്പിൽ ഉണ്ടായ വിളംബരം ഒരു പ്രകാരേണയും ബാധകമാണെന്ന് വിചാരിച്ചു പോകരുതാത്തതാകുന്നു.

ഇങ്ങനെയുള്ള എല്ലാ കാര്യങ്ങളിലും ബോധിക്കുന്നതുപോലെ മെത്രാനെ മാറ്റുകയും മറ്റൊരാളിനെ നിശ്ചയിക്കുകയും ചെയ്യുന്നതിൽ വെച്ച് ഉത്ഭവിക്കാവുന്ന മറ്റു വല്ല തർക്കങ്ങളിലും സർക്കാരിൽ നിന്നും അക്രമം നടത്താതെ സമാധാനത്തെ രക്ഷിക്കുന്നതിന് മാത്രമേ പ്രവേശിക്കയുള്ളൂ.

കാലക്രമേണ ഇപ്പോൾ ഭേദപ്പെട്ടു പോയിട്ടുള്ളവയായ ഓരോ സമയങ്ങളിലും ഓരോ സംഗതിവശാലും ഉണ്ടായിട്ടുള്ള വിളംബരങ്ങളാൽ സിറിയൻ പള്ളിയിൽ ഓരോ സ്ഥാനനിയമങ്ങളെക്കുറിച്ച് സർക്കാരിലേക്കുള്ളതായിട്ട് പരാമർശിക്കപ്പെടുന്നതായി തോന്നുന്ന എല്ലാ സംബന്ധത്തെയും ഇപ്പോൾ മുതൽക്ക് ഒഴിച്ചു കളയുന്നതാകുന്നു. എല്ലാ കക്ഷിക്കാരും ഈ രാജ്യത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന കോടതി മുഖാന്തരേണ താന്താങ്ങൾക്കു അർഹങ്ങളായി തോന്നുന്ന സങ്കടനിവൃത്തികൾ വരുത്തിക്കൊള്ളേണ്ടതാകുന്നു. എന്ന് എല്ലാവരെയും സ്പഷ്ടമായി തെര്യപ്പെടുത്തുന്നു. എന്ന് 1051-ാമാണ്ട് കുംഭമാസം 28-ാം തീയതി.

ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഈ വിളംബരം പാത്രിയർക്കീസിനെയും മറ്റും ആഹ്ലാദിപ്പിച്ചു. ഇനിയും കൊച്ചിരാജാവിനെയും സന്ദർശിക്കേണ്ടതുണ്ടെന്ന് പുലിക്കോട്ടിൽ മെത്രാച്ചന്റെ കൽപനപ്പടി പനക്കൽ അയ്പൂരുവും കുരിയൻ റൈട്ടറും പാത്രിയർക്കീസിനെ അറിയിക്കയാൽ അങ്ങോട്ടു യാത്രയായി. പുലിക്കോട്ടിൽ മെത്രാച്ചന്റെ കല്പനപ്രകാരം കരിങ്ങാശ്ര പള്ളിക്കാർ സമീപത്തുള്ള കണ്ടനാട്, മുളന്തുരുത്തി, കുറിഞ്ഞി, നടമേൽ മുതലായ പള്ളികളിലെ പള്ളിയുപകരണങ്ങളും ജനങ്ങളുമായി ഒരുമിച്ച് അകമ്പടി തയ്യാറായെങ്കിലും, തിരുവല്ല വലിയപള്ളിയിൽ നവീകരണക്കാർ ചില പ്രശ്നങ്ങൾ ഉണ്ടാക്കിയതിനാൽ തൽപരിഹാരാർത്ഥം ബാവായും പുലിക്കോട്ടിൽ മെത്രാച്ചനും ചാത്തുരുത്തി റമ്പാച്ചനും മറ്റും തിരുവനന്തപുരത്ത് പോകേണ്ടിവന്നതിനാൽ ആ പരിപാടി തൽക്കാലം ഉപേക്ഷിക്കേണ്ടി വന്നു. പിന്നീട് മടക്കയാത്രയിൽ കണ്ടനാട് പള്ളി സന്ദർശിച്ചു. മദ്ബഹായിലെ മാർത്തോമ്മാ 4-ാമന്റെയും ശാക്രള്ളാ മപ്രിയാനയുടെയും കബറിടങ്ങളും ചിത്രങ്ങളും മദ്ബഹായിൽ നിന്ന് പൊളിപ്പിച്ചു കളഞ്ഞു. വിളക്കുകളും എടുത്തുമാറ്റിച്ചു.

ഇങ്ങനെയിരിക്കേ അഞ്ഞൂർ പള്ളിയിലെ ആലത്തൂക്കാരൻ കൂറിലോസ് മെത്രാച്ചൻ ബാവായെ കാണുവാൻ അനുവാദം അപേക്ഷിച്ച് 1876 ഇടവം 15-നു മട്ടാഞ്ചേരി പള്ളിയിൽ നിന്നും കത്തെഴുതി (ഗ്രന്ഥവരി, പു. 1074). ബാവായുടെ അനുവാദം കിട്ടിയെങ്കിലും അദ്ദേഹം പാലക്കുന്നന്റെ അഭിപ്രായം അറിവാൻ കോട്ടയത്തേക്കു പോകയാണുണ്ടായത്. പിന്നീടും ആഗ്രഹം പ്രകടിപ്പിച്ചുവെങ്കിലും വന്നില്ല. ഇപ്രകാരം കരിങ്ങാച്ചിറപള്ളിയിൽ ഇരിക്കുമ്പോഴാണ് 1876 ഇടവം 22-നു മുളന്തുരുത്തി

സുന്നഹദോസ് കൂടുവാനുള്ള നോട്ടീസ് ബാവാ അയച്ചത്. ഇതിനിടയിൽ പാലക്കുന്നത്ത് മെത്രാച്ചനിൽ നിന്നും ചേപ്പാട്ട് മെത്രാച്ചനിൽ നിന്നും പട്ട മേറ്റ നിരവധി പേർക്ക് ബാവാ വീണ്ടും പട്ടംകൊടുത്തു. ദശാംശം റീശീസാ ആയി കൊടുപ്പാൻ 1876 ഇടവം 28-ന് മുളന്തുരുത്തി പള്ളി യിൽ നിന്ന് കല്പന പുറപ്പെടുവിച്ചു. മിഥുനം 15-നു തൃപ്പൂണിത്തുറ മൂക്ക ഞ്ചേരിൽ ഗീർഗ്ഗീസ് കശ്ശീശായ്ക്കും അങ്കമാലി അമ്പാട്ട് ഗീവർഗ്ഗീസ് കശ്ശീ ശായ്ക്കും മുളന്തുരുത്തി പള്ളിയിൽ വെച്ച് റമ്പാൻ സ്ഥാനം നൽകി. അന്ന് മുളന്തുരുത്തി സുന്നഹദോസിന്റെ ആദ്യദിനം ആയിരുന്നു. വടക്കു നിന്ന് 26 പള്ളിക്കാരും തെക്കു നിന്ന് 36 പള്ളിക്കാരും വന്നു ചേർന്നു. അവരുടെ പേരുവിവരം അന്ന് രേഖപ്പെടുത്തി. പിറ്റെന്നാൾ ബുധനാഴ്ച ഔപചാരികമായി സുന്നഹദോസ് ആരംഭിച്ചു. പാത്രിയർക്കീസും മാർ ദീവന്നാസ്യോസ് മെത്രാച്ചനും സിംഹാസനങ്ങളിൽ ഉപവിഷ്ടരായി. മാർ കൂറിലോസിന്റെ കബർ മുതൽ പള്ളിയുടെ നീളം വരെ കെട്ടിയുണ്ടാ ക്കിയ നെടുമ്പുരയിൽ നിറയെ ആളുകൾ സന്നിഹിതരായിരുന്നു. മലങ്ക രസഭയിലെ അന്നത്തെ പ്രതിസന്ധികൾ പള്ളിപ്രതിനിധികൾ രേഖാമൂലം സുന്നഹദോസിൽ അവതരിപ്പിച്ചതിന്റെ പ്രസക്തഭാഗം കണ്ടനാട് ഗ്രന്ഥ വരിയിൽ നിന്ന് ഉദ്ധരിക്കുന്നു: “ഇങ്ങനെ ഇരിക്കുമ്പോൾ അന്നിരുന്ന ദീവ ന്നാസ്യോസ് മെത്രാപ്പോലീത്താ വേദവിപരീതംകൊണ്ടും മറ്റും സഭയിൽ നിന്ന് തള്ളിക്കളഞ്ഞു എന്ന പാലക്കുന്നത്ത് മത്തായി ശെമ്മാശു മദ്രാ സിൽ പോയി പഠിച്ച് മിഷനറിമാരുടെ സഹായത്താൽ തിരുമുമ്പാകെ സിംഹാസനത്തും മുന്നിൽ വന്ന് കത്തനാരാകുന്നു എന്നു പറഞ്ഞു ഞങ്ങ ളുടെ പേർക്ക് ഒരു കള്ള എഴുത്തുംകൊണ്ട് സിംഹാസനത്തിൻ മുമ്പാകെ വന്ന് തട്ടിച്ച് സ്ഥാനം കൈക്കലാക്കി വന്നശേഷം സ്തുതിചൊവ്വാകപ്പെട്ട വിശ്വാസത്തെ നീക്കംചെയ്യുന്നതിനുള്ള വേല തുടങ്ങിയ വിവരം സിംഹാ സനത്തിൽ ബോധിപ്പിച്ചാറെ കൂറിലോസ് ബാവായെ അയയ്ക്കുകയും പാലക്കുന്നൻ ഇംഗ്ലീഷുകാരോട് ചേർന്നു നിന്ന് മഹാരാജാവിനെയും റസി ഡണ്ട് തുടങ്ങിയ ഉദ്യോഗസ്ഥന്മാരെയും സ്വാധീനപ്പെടുത്തി .... വിളംബ രവും പ്രസിദ്ധപ്പെടുത്തി. .... വിശുദ്ധ പിതാവിന് ആർദ്ര കരുണ തോന്നി ഈ ക്ഷവസുഖത്തിൽ (വാർദ്ധക്യത്തിൽ - ഗ്രന്ഥകാരൻ) ലണ്ടൻ മുത ലായ സ്ഥലങ്ങളിൽ എഴുന്നള്ളി ഇവിടെ വന്ന് മേൽപ്പറഞ്ഞ വിളംബ രത്തെ നീക്കം ചെയ്ത് പാലക്കുന്നത്ത് മത്തിയാസ് എന്ന് പറയുന്ന ബല യാറിന്റെ അടിമയിൽ നിന്ന് ഞങ്ങളെ മുൻ പറങ്കികളുടെ അടിമയിൽ നിന്ന് രക്ഷിച്ചപ്രകാരം രക്ഷിച്ചിരിക്കുന്നു. ....” മിഥുനം 17-ന്. 100 പള്ളി ക്കാർ ഇതിൽ ഒപ്പുവെച്ചു. ഇതിനുശേഷം ചില പ്രധാന കാനോനാകൾക്കു സുന്നഹദോസ് രൂപംനൽകി. ഈ കാനോനാകൾ മുളന്തുരുത്തി എന്ന ശീർഷകത്തിൽ ചേർക്കാവുന്നതാകുന്നു (നവീകരണക്കാർക്കെതിരായ വ്യവഹാരത്തിൽ ഈ സുന്നഹദോസ് അംഗീകരിച്ച കാനോനുകളാണ് ഹൂദായ കാനോനിൽ പരിഷ്ക്കരിച്ച് ചേർത്തതെന്ന് ഓർക്കുക).

**കാനോനാകൾ**

"അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തുങ്കലെ സ്തുതിചൊവ്വാകപ്പെട്ട വിശ്വാസത്തിലും ചൊല്ലുവിളിയിലും സ്ഥിരപ്പെട്ടും അനുസരിച്ചും ഇരിക്കുമെന്നുള്ളതിന് മുഖ്യമായിട്ട് അതാതിടവകയിൽ കൂടിവരുന്ന വീട്ടുകാരുടെ വീട്ടുപേരും കാരണവരുടെ പേരും - ആണിത്ര, പെണ്ണിത്ര, ആകെ ഇത്ര എന്നും കാരണവരുടെ ഒപ്പും വിശ്വാസ സ്ഥിതിയും കാണിക്കുന്നതായ ഒരു പട്ടിക കഴിയുന്നിടത്തോളം വേഗം എടവകപട്ടക്കാർ മുഖാന്തിരം വി. പിതാവിന്റെ മുമ്പാകെ എത്തിക്കേണ്ട തിന് അച്ചടിമാതിരി ബുക്ക് ഇപ്പോൾ തന്നെ കൊടുത്തയയ്ക്കുന്നത് നല്ല തെന്നും അത് വിശ്വാസത്തെ സ്ഥിരപ്പെടുത്തുന്നതിന് ഉപയോഗമായി വരു ന്നത് കൂടാതെ സിംഹാസനത്തുങ്കലെ റീശീസാവക മുതൽ വസൂൽ ചെയ്യാൻ ഒരു കണക്കിനും കൂടി ഉപയോഗപ്പെടുന്നതാണെന്ന് യോഗം നിശ്ചയിച്ച് ഉറപ്പിച്ചു" (ഈ കാനോനിലെ പാത്രിയർക്കീസുമായി ബന്ധ പ്പെടുത്തിയ ആമുഖവിഭാഗവും റീശീസായുമായി ബന്ധപ്പെടുത്തിയ അന്ത്യഭാഗവും ഒഴിച്ചു കാതലായ മധ്യഭാഗം പരുമല സുന്നഹദോസ് നിർദ്ദേശിച്ച അജണ്ടയിൽ മാർ ദീവന്നാസ്യോസ് ഉൾപ്പെടുത്തിയിരുന്ന ഇടവക റജിസ്റ്റർ എന്ന ആശയമാണെന്ന് കാണാം. അദ്ധ്യക്ഷവേദിയിലി രുന്ന പിതാവിനെ പ്രസാദിപ്പിക്കുവാൻ വേണ്ടിയാവണം ആദ്യ - അന്ത്യ ഭാഗങ്ങൾ കാനോനിൽ ഉൾപ്പെടുത്തിയത്).

"സ്തുതിചൊവ്വാകപ്പെട്ട വിശ്വാസത്തിലെ സ്ഥിരതയ്ക്കുവേണ്ടി ആവ ശ്യപ്പെട്ട കാനോനും നടപടിയും അടങ്ങിയതായ പുസ്തകം സുറിയാനി യിലോ മലയാളത്തിലോ കല്പനപ്രകാരം അച്ചടിച്ച് മുദ്രയോടുകൂടി ഓരോ പുസ്തകം എല്ലാ പള്ളിയിലും കൊടുത്ത് അതിൻപ്രകാരം അല്ലാതെ മേൽനടപ്പാൻ പാടില്ലെന്ന് വച്ചാൽ എത്രയും നല്ലതെന്ന് നിശ്ച യിച്ച് ഉറപ്പിച്ചു" (ഈ നിശ്ചയപ്രകാരമാണ് കോനാട്ട് മാത്തൻ മല്പാന ച്ചൻ നടപടിക്രമം എഴുതിയതും വട്ടശ്ശേരിൽ ഗീവറുഗ്ഗീസ് മല്പാൻ മതോപദേശസാരം എഴുതിയതും എന്നിവിടെ ഓർക്കാവുന്നതാണ്).

"മാമ്മൂദീസാ, വിവാഹം, ശവമടക്കൽ ഈ വകയ്ക്കു പ്രത്യേകം പ്രത്യേകം മാതിരിപ്രകാരം കള്ളി വരച്ചതായ മൂന്ന് പുസ്തകം എല്ലാ ഇടവകയിലും വെക്കേണ്ടതും അതിൽ മേൽപ്പറഞ്ഞവ അതത് സമയം എഴുതിക്കൊള്ളുവാൻ വികാരിമാരെ ചുമതലക്കാരാക്കേണ്ടതും ആ വക പുസ്തകങ്ങളിൽ എടവകയിലുള്ള ജനങ്ങളുടെ വിശ്വാസസ്ഥിരതയ്ക്ക് സാക്ഷി വരുന്നതാകയാൽ ഇതിനെ യോഗം ഉറപ്പിച്ചു" (പരുമല സെമി നാരി സമ്മേളനം 13-ാം നിർദ്ദേശം. ഇതുപ്രകാരം ശിഥിലമായിക്കിടന്നി രുന്ന ഇടവകകളെ വികാരിമാരിലൂടെ മെത്രാപ്പോലീത്തായുടെ കീഴിൽ സുസംഘടിതമാക്കുവാനുള്ള ശ്രമമാണ് നടന്നത്. 600-ൽ പരം നാട്ടു

രാജ്യങ്ങളെ ഇന്ത്യൻ യൂണിയന്റെ ഭാഗമായി ഏകീകരിക്കുവാൻ ഭാരതത്തിന്റെ ഉരുക്കുമനുഷ്യനായ സർദാർ പട്ടേൽ വിജയകരമായി ശ്രമിച്ചതിന്റെ 75 കൊല്ലം മുമ്പ് നടന്ന ഈ ശ്രമത്തെ പ്രശംസിക്കാതിരിക്കുന്നതെങ്ങനെ?).

"ഇപ്പോൾ നമ്മുടെ പള്ളികളിൽ ഉണ്ടായിരിക്കുന്ന വിരുദ്ധങ്ങൾ മതസംബന്ധമായും മുതൽസംബന്ധമായും അധികാരസംബന്ധമായും ചില തർക്കങ്ങൾ നിമിത്തം വന്നിരിക്കുന്നതാകയാൽ ഇതിലേക്കു അതതു ഇടവക എവിടെയെങ്കിലും മേൽപ്പറഞ്ഞ ഏതിലും ഉത്ഭവിക്കുന്ന സമാധാന വിരോധത്തെക്കുറിച്ച് യോഗം കൂടി ആലോചിച്ച് ന്യായമായി തീർച്ച ഉണ്ടാക്കുകയും ഇവകൾ എതിർ കക്ഷികളിൽ നിന്നുണ്ടാകുന്നതായിരുന്നാൽ അതിലേക്കു ആവശ്യപ്പെടുന്ന മുതൽ ചിലവോ - വ്യവഹാരമോ - പൊതുവിൽ നിന്ന് നടത്തി നിർവഹിക്കേണ്ടത് ആവശ്യമാകുന്നു" (പരുമല സമ്മേളനം, 8-ാം നിശ്ചയം).

"മേൽപ്പറഞ്ഞ പൊതുമുതൽ ഉണ്ടാക്കുന്നതിനും വിദ്യാഭ്യാസവും അതിൽ നിന്നുള്ള വിശേഷഫലങ്ങളും ഉണ്ടാക്കുന്നതിനും എന്തു മാർഗ്ഗമെന്ന് ചിന്തിക്കുന്നത് എത്രയും ആവശ്യമാകുന്നു. മെത്രാന്മാരുടെ ഏകനായകത്വത്തിന്റെ ശക്തി നിമിത്തം പള്ളിവക മുതൽ ദുർല്ലഭമായിത്തീർന്നിരിക്കയാൽ ജനങ്ങളിൽ നിന്ന് തന്നെ പ്രയാസവും ഞെരുക്കവും കൂടാത്തവിധം ഒരു മുതൽശേഖരം ഉണ്ടാകേണ്ടിയിരിക്കുന്നു. അതിലേക്കു ജാതി മുഴുവൻ കൂടിയതായ ഒരു സമൂഹവും അതിന് സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ എന്ന് പേരും അതിൽ ഇപ്പോഴത്തെ നമ്മുടെ പിതാവും ആ സ്ഥാനം പ്രാപിക്കുന്നവരും പേട്രനും ഭരിക്കുന്ന മെത്രാപ്പോലീത്താ പ്രസിഡണ്ടും ആയിരിക്കേണ്ടതും ഇതിലേക്കു ചേരപ്പെടുന്ന ജനങ്ങൾ നാലു ക്ലാസായിട്ടും - ഒന്നാം ക്ലാസ് നൂറീതു രൂപായും, രണ്ടാം ക്ലാസ് അമ്പതീതു രൂപായും, മൂന്നാം ക്ലാസ് ഇരുപത്തിഅഞ്ചീതു രൂപായും, നാലാം ക്ലാസ് പതുപത്തുരൂപായും - പള്ളി ഒന്നുക്കു അഞ്ഞൂറുരൂപാ മുതൽ കീഴ്പോട്ട് താരതമ്യപ്രകാരവും പ്രവേശനഫീസ് കൊടുത്തു ചേരേണ്ടതും തല്ക്കാലം മുതൽ ഹാജരില്ലെങ്കിൽ നിങ്ങളിൽ നൂറ്റുക്കു ഒന്നുവീതം ലാഭം കൊടുപ്പാൻ സമൂഹസിക്രട്ടറിക്കു കടപ്പത്രം എഴുതിക്കൊടുക്കേണ്ടതും കൊള്ളാമെന്ന് നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു" (പരുമല സമ്മേളനം, നിശ്ചയം 6, 2, 4).

"മലയാളത്തിൽ മേലദ്ധ്യക്ഷന്മാരുടെ ഏകനായകശക്തിക്കു എതിരായ ശക്തി ഇല്ലായ്ക നിമിത്തം സഭയ്ക്കു ദോഷം സംഭവിച്ചിരിക്കയാൽ മേൽപ്പറഞ്ഞ സമൂഹം സ്ഥിരപ്പെടുത്തുന്നത് എത്രയും ആവശ്യവും അവരെല്ലാവരും കൂടി കാര്യങ്ങൾ നടത്തുന്നത് പ്രയാസവും ആകയാൽ ഇതിൽ കൂടിയിരിക്കുന്ന പട്ടക്കാരിൽ നിന്നും എട്ടും ഒന്നാം ക്ലാസിൽ നിന്ന്

അയ്മേനികൾ പതിനാറും ഭരിക്കുന്ന മെത്രാപ്പോലീത്താ പ്രസിഡണ്ടും കൂടിയതായ ഒരു പ്രധാന കമ്മിറ്റിയും അതിലേക്കു മാസപ്പടി കൊടുത്തു നിശ്ചയിക്കേണ്ട ഒരു സിക്രട്ടറിയും ജാമ്യം സ്ഥിരപ്പെടുത്തി വരുന്നതായ ഒരു സ്രാപ്പും വേണ്ടുന്നതും ജാതിയുടെ പൊതുവിലേക്ക് വേണ്ടുന്ന മത സംബന്ധമായും സമൂഹസംബന്ധമായും ഉള്ള സകല കാര്യങ്ങൾക്കും കൈകാര്യകർത്താക്കളും ഭാരവാഹികളുമായി ഇവരെ ചുമതലപ്പെടുത്തേണ്ടതും അവരുടെ നടപടികൾക്ക് വേണ്ട ചട്ടവട്ടങ്ങളെ നിശ്ചയിച്ച് ഉറപ്പിക്കേണ്ടതും അങ്ങനെ ചെയ്യുന്നപക്ഷം എല്ലാവിധ ഗുണവും സഭയ്ക്കു പൊതുവേ സിദ്ധിക്കുന്നതും ആ വകയ്ക്കു കൊള്ളാവുന്നവരും പൊതു കാര്യത്തിലേക്കു താല്പര്യമുള്ളവരും ആയി മേൽപ്പറഞ്ഞ പട്ടക്കാരെയും അയ്മേനികളെയും ഈ സുന്നഹദോസിൽ വെച്ചു തന്നെ സ്ഥിരപ്പെടുത്തുന്നത് ആവശ്യമെന്ന് യോഗം നിശ്ചയിച്ച് ഉറപ്പിച്ചു" (പരുമല സുന്നഹദോസ് നിശ്ചയം 2, 5, 6, 7, 8, 9, 10, 11, 12, 13, 14, 15, 16 എന്നീ ഖണ്ഡികകൾ കാണുക. ഈ കാനോനാ പാത്രിയർക്കീസ് ബാവായെ തീർത്തും നിരാശനാക്കി. മലങ്കരയിൽ മേലദ്ധ്യക്ഷന്റെ ഏകനായകശക്തി എന്ന പദപ്രയോഗം കൊണ്ട് പാത്രിയർക്കീസിന് മനസ്സിലായത് ഇവിടെ ഒരു മെത്രാപ്പോലീത്തായുടെ ഭരണത്തിന് പകരം കൂടുതൽ മെത്രാന്മാരെ നിയമിച്ച് ഭരണം വികേന്ദ്രീകരിക്കുവാൻ മലങ്കരസഭ ആഗ്രഹിക്കുന്നു എന്നാണ്. മലങ്കര മെത്രാനിൽ കേന്ദ്രീകൃതമായ അധികാരവിസ്തൃതിയെ മലങ്കര അസോസ്യേഷൻ, മാനേജിംഗ് കമ്മിറ്റി തുടങ്ങിയ തെരഞ്ഞെടുക്കപ്പെട്ട വൈദികരിലേക്കും അവൈദികരിലേക്കും സംക്രമിപ്പിക്കുവാനുള്ള ജനാധിപത്യസംവിധാനമാണ് പുലിക്കോട്ടിൽ മെത്രാച്ചൻ ആഗ്രഹിച്ചതെന്ന് പാത്രിയർക്കീസിനോ മറ്റോ മനസ്സിലാക്കാൻ മാത്രം ജനാധിപത്യയുഗം അന്ന് ഭാരതത്തിൽ ജനിച്ചിട്ടില്ലായിരുന്നു. കൂടുതൽ മെത്രാന്മാരെ സൃഷ്ടിച്ച് മലങ്കര മെത്രാനിൽ കേന്ദ്രീകൃതമായ മലങ്കരസഭയുടെ ശക്തിദുർഗ്ഗത്തെ ഭേദിക്കുകയും അവരെ തന്റെ സാമന്തന്മാരാക്കുക വഴി അവരുടെ മേൽ അധികാരം ചെലുത്തുകയും ചെയ്യാമെന്ന് വ്യാമോഹിച്ച പാത്രിയർക്കീസിനെ മുളന്തുരുത്തി സുന്നഹദോസ് ഒട്ടും പിന്തുണച്ചില്ല).

മുളന്തുരുത്തി സുന്നഹദോസു തന്നെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ ആയി രൂപപ്പെട്ടു. ഈ അസോസ്യേഷൻ കേരളത്തിലെ ഒന്നാമത്തെ സാമുദായിക സംഘടനയാണ്. ഈ സംഘടനയെ മാതൃകയാക്കി മറ്റൊരു സാമുദായിക സംഘടന ജനിക്കുന്നതു 27 കൊല്ലം കഴിഞ്ഞാണ്. 1903-ലെ ഈഴവസംഘടനയെ എസ്.എൻ.ഡി.പി. യോഗമാണിവിടെ ഉദ്ദേശിക്കുന്നത് (ഈ രണ്ടാമത്തെ സംഘടനയും അതിന്റെ സ്ഥാപകൻ നാരായണഗുരുവും കേരളത്തിന്റെ സാംസ്ക്കാരിക ചരിത്രത്തിലെ ഒരു പ്രധാന അധ്യായമായി മാറിയപ്പോൾ ഒന്നാമത്തെ സാമുദായികസംഘടനയെ മലങ്കരസുറിയാനി ക്രിസ്ത്യാനി അസോസ്യേഷനും

അതിന്റെ സ്ഥാപക പ്രസിഡണ്ടായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമനും സാംസ്ക്കാരിക ചരിത്രത്തിൽ അവഗണിക്കപ്പെട്ടുപോയതെന്തുകൊണ്ട് എന്ന ചിന്ത നമ്മെ അത്ഭുതപ്പെടുത്തും. നിഷ്പക്ഷമതികൾ ചരിത്രകാരന്റെ തൂലിക ഏറ്റെടുക്കുമ്പോൾ ഈ അവഗണന അപ്രത്യക്ഷമാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം).

യോഗത്തിൽ വെച്ച് ഒന്നാമത്തെ മാനേജിംഗ് കമ്മിറ്റിക്ക് രൂപം നൽകി. മാവേലിക്കര വടക്കേതലക്കൽ അലക്സന്ത്രയോസ് കത്തനാർ, പുതുപ്പള്ളി എളന്തുരുത്തി പീലിപ്പോസ് കത്തനാർ, വാകത്താനത്ത് വള്ളിക്കാട്ട് പൗലോസ് കത്തനാർ, നീലംപേരൂർ മാലിത്തറ ഏല്യാസ് കത്തനാർ, കോട്ടൂർ മുറിമറ്റത്തിൽ പൗലൂസ് കത്തനാർ, കണ്ടനാട്ട് കരോട്ടുവീട്ടിൽ ശെമവൂൻ കോറി, തെക്കൻപറവൂർ തോപ്പിൽ ലൂക്കോസ് കത്തനാർ ഇവരായിരുന്നു അതിലെ എട്ടു വൈദിക പ്രതിനിധികൾ.

അവൈദിക പ്രതിനിധികൾ ആകെ 16 പേർ. 1. പനക്കൽ പാത്തപ്പൻ ഐപ്പൂരു (കുന്നംകുളം), 2. കുന്നുംപുറത്ത് കോര കുര്യൻ (കോട്ടയം), 3. തുകലൻ മാത്തു പൗലൂസ് (കണ്ടനാട്ട്), 4. ചാലിൽ ഔസേപ്പ് ചെറിയ (മുളന്തുരുത്തി), 5. കല്ലറയ്ക്കൽ കോര കുഞ്ഞുവർക്കി (കുറുപ്പംപടി), 6. ഇലഞ്ഞിക്കൽ മാത്തു ചാക്കോ (നിരണം), 7. മുറിപ്പുരക്കൽ പോത്തൻ കുരുവിള (കുമരകം), 8. കളപ്പുരക്കൽ ചാക്കോ ചെറിയാൻ (ഒളശ്ശ), 9. പുത്തൻപുരയ്ക്കൽ ഉതുപ്പാൻ തോമ്മാ (കുമരങ്കരി), 10. എടത്തുംപടിക്കൽ തൊമ്മൻ കുരിയൻ (പള്ളം), 11. കൊച്ചുപാറേട്ടു ഇട്ടിയവിര കത്തനാർ കൊച്ചുവർക്കി (പുതുപ്പള്ളി), 12. എടയത്തു വർക്കി ചെറിയ (മാമ്മലശ്ശേരി), 13. കൊല്ലൻപറമ്പിൽ കുഞ്ഞേനാ ഈപ്പൻ (പുത്തൻകാവ്), 14. പുത്തൻപുരയിൽ മാത്തൻ കുഞ്ഞിക്കോര (പാമ്പാക്കുട), 15. ചാത്തുരുത്തിൽ മത്തായി വർക്കി (മുളന്തുരുത്തി), 16. വയലിപ്പറമ്പിൽ മാത്തു ഇട്ടൂപ്പ് (അങ്കമാലി-നെടുമ്പാശ്ശേരി).

"മേൽ നിശ്ചയിച്ച വക മുതൽ കൂടാതെ വേറിട്ടും മുതൽ ഉണ്ടാക്കുക, വർദ്ധിപ്പിക്കുക, സബ്കമ്മിറ്റി ഉണ്ടാക്കുക, മുതലായ സകല ഗുണീകരണപ്രവൃത്തിയും മേൽ കമ്മിറ്റിക്കാർക്ക് സ്വാതന്ത്ര്യാധികാരം കൊടുക്കേണ്ടതും കൊല്ലംതോറും സമൂഹം കൂടി കമ്മിറ്റിക്കാരുടെ സകല വരവ് ചെലവ് കണക്കിന്റെയും നടത്തുകളുടെയും വിവരം റെപ്പെട്ട് (റിപ്പോർട്ട് ?) അച്ചടിച്ചതും കണ്ടുബോധിച്ച് ഒരു പ്രതി അന്ത്യോഖ്യാ സിംഹാസനത്തുങ്കലേക്കും ഓരോ പ്രതി എല്ലാ പള്ളികളിലേക്കും അയക്കേണ്ടതും കമ്മറ്റി മെമ്പർമാരെ നീക്കി വേറെ ആളുകളെ ആക്കുകയോ അവരെത്തന്നെ സ്ഥിരപ്പെടുത്തുകയോ ചെയ്യുന്നതിന് സമൂഹക്കാർക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കണമെന്ന് നിശ്ചയിക്കുകയും ഉറപ്പിക്കുകയും ചെയ്തു" (പരുമല സുന്നഹദോസ് നിശ്ചയം 20, 21 കാണുക).

“സാരമായ വല്ല സംഗതിയിലും സമൂഹക്കാരുടെ സമ്മതം വരുത്തി നടക്കേണ്ടതായിത്തോന്നുന്ന ഏതു സമയവും സമൂഹക്കാരിൽ ഒന്നാം ക്ലാസിൽ ചേരുന്നവരെന്ന് ഊഹിച്ച് പിതാവിനാൽ നിശ്ചയിക്കപ്പെട്ട് താഴെ പേരു ചേർക്കുന്നവരെ കമ്മറ്റിക്കാരുടെ അനുവാദപ്രകാരം മേൽപ്പടി സിക്രട്ടറി മുഖാന്തിരം എഴുതി അയച്ചു വരുത്തി ആലോചിക്കണമെന്ന് യോഗം ഉറപ്പിച്ചു.”

പിതാവിനാൽ നിശ്ചയിച്ച് യോഗം മുമ്പാകെ വായിച്ച വക ആളുകളുടെ പേരുവിവരം.

1. പാമ്പാക്കുട പള്ളിയിൽ കോനാട്ടു യോഹന്നാൻ മല്പാൻ, 2. അങ്കമാലി പള്ളിയിൽ ചക്കരയകത്തൂടു തരീയ്തു കത്തനാരു, 3. കുറുപ്പുംപടി പള്ളിയിൽ വെളിയത്തു ഗീവറുഗീസു കോറി, 4. കണ്ടനാടു പള്ളിയിൽ തുകലൻ മത്തായി കത്തനാരു, 5. ടി പള്ളിയിൽ പാടത്തുകാരൻ അബ്രഹാം കത്തനാരു, 6. കടമറ്റത്തു പള്ളിയിൽ തേക്കിലക്കാട്ടു ഗീവറുഗ്ഗീസ്സു കത്തനാരു, 7. ശ്രായി പള്ളിയിൽ കുറ്റിക്കാട്ടു ഗീവറുഗ്ഗീസ്സു കത്തനാരു, 8. വടക്കൻപറവൂർ പള്ളിയിൽ മുക്കാലിൽ ഗീവറുഗ്ഗീസു കത്തനാരു, 9. മുളന്തുരുത്തി പള്ളിയിൽ പാലക്കാട്ടു ഗീവറുഗ്ഗീസ്സു കത്തനാരു, 10. കോലഞ്ചേരി പള്ളിയിൽ കല്ലാനിക്കൽ പൌലോസ്സു കത്തനാരു, 11. കോതമംഗലത്തു ചെറിയപള്ളിയിൽ ചേലാട്ടു ഗീവറുഗ്ഗീസ്സു കത്തനാരു, 12. മുളക്കുളത്തു പള്ളിയിൽ മുറന്തൂക്കിൽ യാക്കോബു കത്തനാരു, 13. ചാത്തന്നൂ പള്ളിയിൽ മഞ്ചാടി വിളാകത്തു യാക്കോബു കത്തനാരു, 14. കുണ്ടറപള്ളിയിൽ കിഴക്കേവിളയിൽ മത്തായി കത്തനാരു, 15. ഓമല്ലൂർപള്ളിയിൽ പീടികയിൽ ഗീവറുഗ്ഗീസ്സു കോറി, 16. തുമ്പമൺപള്ളിയിൽ കരിങ്ങാട്ടിൽ സ്കറിയാ കോറി, 17. ചേപ്പാട്ടുപള്ളിയിൽ പുത്തൻവീട്ടിൽ പീലിപ്പോസ്സു കത്തനാരു, 18. മാവേലിക്കരപള്ളിയിൽ കിഴക്കേപ്പറമ്പിൽ പണിക്കരു യാക്കോബു കത്തനാരു, 19. നെരണത്തുപള്ളിയിൽ മട്ടയ്ക്കൽ ബഹനാൻ കത്തനാരു, 20. കുറിച്ചിയിൽപള്ളിയിൽ കോലത്തുകളത്തിൽ കുരുവിള കത്തനാരു, 21. കടമ്പനാട്ടു പള്ളിയിൽ പള്ളിവാതുക്കൽ കോശി കത്തനാരു, 22. കല്ലൂപ്പാറപള്ളിയിൽ കല്ലൂര പീലിപ്പോസ്സു കത്തനാരു, 23. തിരുവല്ലാ പള്ളിയിൽ കോവൂർ ഗീവറുഗ്ഗീസ്സു കത്തനാരു, 24. കുന്നംകുളങ്ങര പള്ളിയിൽ പനെയ്ക്കൽ യാക്കോബു കത്തനാർ, 25. കോട്ടയം തോമ്മസ്സു മത്തായി മുൻസീപ്പു, 26. അങ്കമാലി അമ്പാട്ടു തരിയ്ത, 27. മഞ്ഞപ്ര അറയ്ക്കപറമ്പിൽ ചാക്കോ, 28. ആർത്താറ്റു പനെയ്ക്കൽ താരു, 29. കുന്നംകുളങ്ങര കാക്കശ്ശെരിൽ, ഇയ്യ്യപ്പൻ, 30. പനയ്ക്കൽ ചാക്കു ചേറു, 31. പനയ്ക്കൽ ഇട്ടിയവിരാ, 32. ചെറുവത്തൂര മാത്തുക്കുട്ടി, 33. പഴഞ്ഞിയിൽ പുലിക്കോട്ടിൽ മാത്തു, 34. ടി പുലിക്കോട്ടിൽ ചുമ്മാരു, 35. ചാലശ്ശേരിൽ തോമ്പ്ര പത്രോസ്സു, 36.

വടക്കൻപറവൂർ ഈരാളി വറുഗ്ഗീസ്സു, 37. കൊളങ്ങര ഇട്ടിയച്ചൻ മാത്തു, 38. തൃപ്പൂണിത്തറ മൂക്കഞ്ചേരിൽ ചെറിയാ, 39. കരിങ്ങാശ്രെ മാമലെ ഇത്താപ്പിരി, 40. കുറിഞ്ഞിയിൽ പാലാൽ കൊച്ചിട്ടൻ, 41. കണ്ടനാടു പുത്തൻവീട്ടിൽ മത്തായി, 42. ടി കരോട്ടുവീട്ടിൽ കോര, 43. മുളന്തുരുത്തിൽ വന്മേലിൽ കുര്യൻ, 44. തണങ്ങാട്ടിൽ കുരുവിള, 45. തെക്കൻപറവൂർ അക്കര പാടത്തു പൈലി, 46. ടി കാടംപുരത്തു കുഞ്ഞിപ്പാവു, 47. മാന്തുരുത്തേൽ തറയിൽ ചാക്കോ, 48. പിറവത്തു പുത്തൻപുരയ്ക്കൽ തൊമ്മി, 49. പാമ്പാക്കുടെ മാടപ്പറമ്പേൽ കുഞ്ഞുക്കുറു, 50. മഴുവന്നൂര മാടപ്പറമ്പേൽ കുഞ്ഞുവർക്കി, 51. വടകര തട്ടമ്പാറ മത്തായി, 52. കുന്നക്കുരുടിയിൽ വേങ്ങച്ചേരിൽ കുഞ്ഞിപൈലി, 53. മുളക്കുളത്തു മൊറന്തൂക്കിൽ ചാണ്ടി, 54. പള്ളിക്കരെ കുരിശുങ്കൽ കുഞ്ഞവരാ, 55. നെരണത്തു മട്ടക്കൽ ചാക്കോ വൈദ്യൻ, 56. വരത്തറ പള്ളത്തു മത്തായി, 57. പുത്തൂപ്പള്ളിൽ ഗീവറുഗീസ്സു, 58. വള്ളക്കാലിൽ ചാക്കോ, 59. പള്ളിക്കാവിൽ കുഞ്ചെറിയ, 60. തിരുവല്ലാ ചാലക്കുഴിയിൽ മാത്തൻ, 61. ടി കോടിയാട്ടു ഗീവറുഗീസ്സു, 62. കോട്ടയത്തു കൊച്ചുപുരയ്ക്കൽ കൊച്ചുതുപ്പു മുതൽപിടിക്കാരൻ, 63. കുന്നുംപുറത്തു യോഹന്നാൻ, 64. വെള്ളൂര കൊച്ചിടിച്ചാണ്ടി മുതൽപിടിക്കാരൻ, 65. തെക്കേത്തല കുര്യൻ വക്കീൽ, 66. എറികാട്ടു മാത്തു, 67. കാരിക്കൽ കുരുവിള, 68. കോട്ടയത്തു വല്യപള്ളി എടവകക്കാരൻ ഒറ്റത്തയ്ക്കൽ മാണി, 69. കുമരകത്തു ഉമ്മാച്ചേരിൽ ചാണ്ടി, 70. കല്ലുങ്കത്ര തെക്കേക്കരി ചാക്കോ, 71. മണർകാട്ടു വെങ്കടത്തു മാത്തു, 72. പുതുപ്പള്ളിൽ കരോട്ടു ചാണ്ടി, 73. ടി പാറയ്ക്കൽ ഈശൊ, 74. വാകത്താനത്തു വെട്ടീപറമ്പിൽ തൊമ്മൻ, 75. കുറിച്ചിയിൽ പുത്തൻപുരയ്ക്കൽ ഇട്ടിയവിരാ, 76. പുത്തൻകാവിൽ പുത്തൻപുരയ്ക്കൽ മാത്തൻ, 77. ടി കിഴക്കേത്തലയ്ക്കൽ ഉമ്മൻ, 78. കാരയ്ക്കൽ മൂലമണ്ണിൽ ചെറിയാൻ, 79. നീലംപേരൂര പനച്ചിത്ര കുരുവിള, 80. കല്ലൂപ്പാറെ അടങ്ങപ്പുറത്തു ഈപ്പൻ പണിക്കരു, 81. കല്ലിച്ചേരിൽ തുണ്ടിയിൽ ചാക്കോ, 82. റാന്നിയിൽ കല്ലൻപറമ്പിൽ ചാക്കോ, 83. കൈപ്പട്ടൂർ പുത്തൻവീട്ടിൽ കൊച്ചുകോശി, 84. കണ്ണൻകോട്ടു കള്ളോട്ടു കോശി, 85. പരുമലെ അരികുപുറത്തു മാത്തൻ, 86. ചാത്തന്നൂർ കോയിപ്രത്തു ചാക്കോ, 87. തുമ്പമൺ പള്ളിവാതുക്കൽ സ്കറിയ, 88. ടി ചക്കിട്ടടത്തുപാറയിൽ മാത്തൻ, 89. കടമ്പനാടു അമ്പനാട്ടു ഇടിച്ചാണ്ടി, 90. പള്ളത്തു പടനിലത്തു ചാക്കോ, 91. വീയപുരത്തു പുരയ്ക്കൽ ചാക്കോ, 92. മേപ്രാൽ പൂതിയോട്ടു മാത്തു, 93. മല്ലപ്പള്ളിൽ കയ്യാലാത്തു ഗീവറുഗീസ്, 94. കായംകുളത്തു കൊട്ടക്കാട്ടു ചെറിയ, 95. ചേപ്പാട്ടു പുത്തൻവീട്ടിൽ യോഹന്നാൻ, 96. ഓമല്ലൂർ വടക്കേടത്തു ചെറിയ, 97. മാവേലിക്കര തൂമ്പുങ്കൽ കൊച്ചുവർക്കി, 98. പള്ളിപ്പാട്ടു മൂലയിൽ ഗീവറുഗീസ്സു, 99. കാരിച്ചാൽ ആലുംമൂട്ടിൽ കൊച്ചുകോശി, 100. കൊട്ടാരക്കര ആവിയോട്ടു ഗീവറുഗ്ഗീസ്സു, 101. ടി കിഴക്കേ

തെരുവിൽ കിഴക്കേടത്തു ഉമ്മച്ചൻ, 102. കുണ്ടറെ ഉണ്ണിക്കോട്ടു മാത്തൻ പണിക്കരു, 103. കാട്ടൂർ വടശേരിയകത്തു അയിപ്പു.

"സുറിയാനി സമൂഹത്തിന് അവരുടെ പള്ളിവകയായും പൊതുവക യായും ഉള്ള മുതലിനെപ്പറ്റി ഇപ്പോഴുള്ള ശട്ടങ്ങളെ ഭേദപ്പെടുത്തുന്നതിനും പുതിയ ക്രമങ്ങളെ ഏർപ്പെടുത്തുന്നതിനും പള്ളിക്കണക്കുകൾ ആണ്ടട ക്കമുള്ളത് കേട്ടു തീർക്കുന്നതിനും - യോഗം നിശ്ചയിക്കുന്ന അതതു പള്ളിയിലെ എപ്പിത്രോപ്പന്മാരെ സ്ഥിരപ്പെടുത്തുന്നതിനും വിദ്യാഭ്യാസ ങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ട പ്രയത്നങ്ങൾ ചെയ്യേണ്ടതിനുള്ള ചുമ തലയും സമുദായത്തിന് ഉപയോഗപ്പെടുത്തുന്ന പുസ്തകങ്ങൾ ആവ ശ്യപ്പെട്ട ഭാഷകളിൽ അച്ചടിപ്പിക്കുന്നതിനും കേടുഭവിച്ചിരിക്കുന്ന പള്ളി കളുടെ അറ്റകുറ്റം തീർക്കുന്നതിനും പുതിയ പള്ളികൾ പണിയിക്കുന്ന തിനും സ്കൂളുകൾ ഉണ്ടാക്കുന്നതിനും മേൽകമ്മറ്റിക്കാർ ചുമതലക്കാർ ആയിരിക്കേണ്ടതാണെന്ന് നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു" (പരുമല സുന്നഹദോസ് 26, 15, 11, 10, 9 എന്നീ നിശ്ചയങ്ങൾ കാണുക).

"ആണ്ടടക്കം പള്ളി വരവു ചെലവിന്റെ കണക്കിനും ഓരോ പള്ളിയി ലുള്ള പൊൻ-വെള്ളി-ശീല വെഞ്ജനാദി-വെങ്കല പാത്രം-നിലംപുരയിടം, മുതലായിട്ടുള്ളതിന്റെ മുതൽ-വിവരം പട്ടികയ്ക്കും ഓരോ സംവത്സര ങ്ങളിൽ വിശേഷാൽ ഉണ്ടാകുന്നവയും കേടുവരുന്നവയും ആയ വസ്തു വകകളുടെ വിവരത്തിനുള്ള കണക്കും മാമ്മൂദീസാ, പെൺകെട്ട്, ശവ മടക്കൽ മുതലായതിന് എഴുതിവരുന്നതിന്റെയും ഓരോ പ്രതി കണക്കെ ഴുതി വികാരിയും കൈക്കാറരും യോഗത്തിൽ നാലു പേരും ഒപ്പിട്ട് മേൽപ്പ റഞ്ഞ കമ്മിറ്റിക്കാർക്ക് ആണ്ടുതോറും അയയ്ക്ക വേണ്ടിയിരിക്കുന്നതു കൂടാതെ മതസംബന്ധമായും സമൂഹസംബന്ധമായും ഉള്ള സകല കാര്യ ങ്ങൾക്കും ആവശ്യം പോലെ വേണ്ടുന്ന വകയ്ക്ക് അതത് സമയം കമ്മ റ്റിക്കാരുടെ പേർക്ക് എഴുതി അറിയിക്കണമെന്ന് നിശ്ചയിച്ചത് യോഗം ഉറപ്പിച്ചു" (പരുമല നിശ്ചയം 12).

"നമ്മുടെ സമൂഹം വക എല്ലാ കാര്യങ്ങൾക്കും കമ്മറ്റിക്കാർ കൈക്കാ ര്യകർത്താക്കൾ ആയിരിക്കണമെന്ന് മേൽപ്പെട്ട വകുപ്പുകളിൽ നിശ്ചയി ച്ചിട്ടുണ്ടെങ്കിലും മതസംബന്ധമായും സാമൂഹ്യസംബന്ധമായും പൊതു വിൽ ഉണ്ടായിവരുന്ന സകല വ്യവഹാരങ്ങളും അവർ എല്ലാവരും കൂടി നടത്തുന്നതു പ്രയാസമാകയാൽ അതുകൾ ഒക്കെയും നടത്തുന്നതിന് ആവശ്യപ്പെടുന്ന മുതൽ ശേഖരിക്കുന്നതിനുള്ള അധികാരം പ്രസിഡണ്ട് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകൾക്കായിരിക്കണമെ ന്നും അതിലേക്കു കമ്മിറ്റി മെമ്പർമാർ സഹായികളായിരിക്കണമെന്നും നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു."

(ഈ നിശ്ചയം പരുമല സെമിനാരി നിശ്ചയങ്ങളിൽ കാണുന്നില്ല. നിശ്ചയമെന്ന പേരിൽ എഴുതിയിട്ടില്ലാ എങ്കിലും വ്യവഹാരനടത്തിപ്പു മുതൽ സഭയുടെ എല്ലാ ക്രിയാപദ്ധതികളും മലങ്കരമെത്രാപ്പോലീത്തായാണ് നിർവ്വഹിക്കേണ്ടത് എന്ന ചിന്ത പരുമല നിശ്ചയങ്ങളിലാകെ നിറഞ്ഞു നിൽക്കുന്നുണ്ട്. ആയതിന് ഔപചാരികമായ അധികാരപ്പെടുത്തലാണ് ഈ നിശ്ചയത്തിൽ കാണുന്നത്. അതു വലിയ ഒരു ദൈവനിയോഗമായിട്ടുവേണം കരുതുവാൻ. ഈ തീരുമാനത്തിന്റെ പശ്ചാത്തലമില്ലായിരുന്നെങ്കിൽ പില്ക്കാലത്ത് മലങ്കരയുടെ പൊതുകാര്യങ്ങൾ നിർവ്വഹിക്കുവാൻ മറ്റു മെത്രാപ്പോലീത്തന്മാരിൽ പലരും വിഘാതം സൃഷ്ടിക്കുമായിരുന്നുവെന്നതു തീർച്ചയാണ്. മറ്റൊരു അദ്ധ്യക്ഷൻ കമ്മിറ്റിയെ നയിക്കട്ടെ എന്ന് പാത്രിയർക്കീസ് തിരുവായ്മൊഴിഞ്ഞപ്പോഴും അതാരും ചെവിക്കൊള്ളാഞ്ഞത് കമ്മിറ്റി പ്രസിഡണ്ടിൽ നിക്ഷിപ്തമായ ഈ വൻ ചുമതലയെ ഓർത്തിട്ടാവണം. പല മെത്രാന്മാരെ വാഴിക്കുവാനുള്ള പാത്രിയർക്കീസിന്റെ അഭിലാഷം മണത്തറിഞ്ഞ്, സഭയുടെ പൊതുനടത്തിപ്പ് അലങ്കോലപ്പെടാതിരിക്കുവാൻ ഈ നിശ്ചയത്തിലൂടെ കഥാപുരുഷൻ സുന്നഹദോസിനെ നയിച്ചതാവാം. മലങ്കരസഭ പാത്രിയർക്കീസിന്റെ കീഴിൽ പല കഷണങ്ങളായി ഛിന്നഭിന്നമാകാതിരിക്കുവാൻ ഈ നിശ്ചയം സഹായിച്ചു).

"പ്രസിഡണ്ടു മെത്രാപ്പോലീത്താ അവർകൾ പള്ളികളിൽ സർക്കീട്ട് ചെയ്യുന്ന സമയങ്ങളിൽ അദ്ദേഹം പള്ളിതെരട്ടുകൾ പരിശോധിക്കുകയും എപ്പിത്രോപ്പന്മാരെ സ്ഥിരപ്പെടുത്തുകയും സ്കൂളുകൾ മുതലായത് ഏർപ്പെടുത്തുകയും പള്ളികളിൽ ഉണ്ടാകുന്ന തർക്കങ്ങളെ തീർച്ചപ്പെടുത്തുകയും അതാത് സമയം ആവശ്യപ്പെടുന്ന കാര്യങ്ങളെ നടത്തുകയും ചെയ്യുന്നതുകൂടാതെ അദ്ദേഹത്തിന്റെ സകല നടത്തുകൾക്കും ഒരു ഡയറി എഴുതി സൂക്ഷിക്കേണ്ടതും ആയതു കമ്മിറ്റി കൂടുമ്പോൾ വായിക്കേണ്ടതും ആണെന്ന് നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു (തന്റെ മേലധ്യക്ഷസേവനങ്ങളെ സുതാര്യമാക്കുവാൻ ഈ നിശ്ചയം മൂലം മെത്രാപ്പോലീത്താ ശ്രമിച്ചു. ഭരണീയരുടെ കണ്ണും കാതും മനവും ഒരിടയൻ കവരുന്നതിന്റെ ഉത്തമ ദൃഷ്ടാന്തമായി ഈ നിശ്ചയത്തെ കാണാവുന്നതാണ്. ഒരു ഡയറിയിലൂടെ സ്വന്തം ചെയ്തികളുടെ വിശദാംശങ്ങൾ ജനങ്ങളെ അറിയിക്കുവാൻ നിയമമുണ്ടാക്കുന്ന ഒരു മേലദ്ധ്യക്ഷന്റെ അതുല്യമായ ജനാധിപത്യബോധം മലങ്കരസഭയ്ക്കു പില്ക്കാലത്ത് കൈമോശം വന്നുവോ എന്ന് സംശയിക്കണം. ഈ ജനാധിപത്യശൈലി പുലർത്തുന്ന ഒരു മേലദ്ധ്യക്ഷസ്ഥാനിക്കു മാത്രമേ വൈദികട്രസ്റ്റി, അത്മായട്രസ്റ്റി ഇവരുടെ വിശ്വാസവും പരിപൂർണ്ണ സഹകരണവും ആർജ്ജിച്ചുകൊണ്ട് സഭാഭരണം നിർവഹിക്കുവാനൊക്കുകയുള്ളു. പുലിക്കോട്ടിൽ ദ്വിതീയന്റെ 1909 വരെയുള്ള ഭരണകാലത്ത് പാത്രിയർക്കീസിനെപ്പോലും

അവഗണിച്ചുകൊണ്ട് മലങ്കരസഭ ഐക്യത്തിൽ നിന്നതിന്റെ പിന്നിലുള്ള ഇന്ദ്രജാലം പുലിക്കോട്ടിൽ മെത്രാച്ചന്റെ ഭരണത്തിൽ നിറഞ്ഞുനിന്ന സുതാര്യതയും ജനാധിപത്യബോധവും ആയിരുന്നു. ഈ ഘടകങ്ങൾ ചോദ്യം ചെയ്യപ്പെട്ടപ്പോഴെല്ലാം സഭയിലെ ഐക്യം ശിഥിലമായതായും പരദേശശക്തികൾ മലങ്കരസഭാകാര്യങ്ങളിൽ നിർണ്ണായകസ്ഥാനം നേടിയതായും അനന്തരകാല സഭാചരിത്രം തെളിയിക്കുന്നു. നവീകരണപ്പോരാട്ടകാലത്ത് സഭ നേരിട്ട വിശ്വാസപ്രശ്നങ്ങൾ നിസ്സാരമെന്ന് ലഘൂകരിക്കുന്നവർക്കു പുലിക്കോട്ടിൽ മെത്രാച്ചൻ ഈ നിശ്ചയത്തിലൂടെ ആരംഭിച്ച അന്തസ്സാർന്ന ഇടയശൈലിയുടെ ഔചിത്യം എളുപ്പത്തിൽ മനസ്സിലാവുകയില്ല. മലങ്കരസഭാചരിത്രത്തിൽ ഈദൃശ കാര്യങ്ങളെപ്പറ്റി കാര്യമായ ചർച്ചകൾ ഇതുവരെയും ഉണ്ടാകാതിരുന്നതു അതുകൊണ്ടാണ്).

“ഏതെങ്കിലും സംഗതിവശാൽ കമ്മറ്റി മെമ്പർമാരുടെ തുക കൂട്ടുകയോ കുറക്കുകയോ ചെയ്യുന്നതിനുള്ള അധികാരം സമൂഹക്കാർക്കിരിക്കേണ്ടതും ഇങ്ങനെയുള്ള എല്ലാ കാര്യങ്ങളിലും അധികം പേരുടെ അഭിപ്രായം സ്വീകരിച്ചു നടത്തേണ്ടതും ആണെന്ന് നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു” (പരുമല നിശ്ചയം 25).

“പുരാതന കാലം മുതല്ക്കേ നമ്മുടെ മലങ്കര യാക്കോബായ സുറിയാനിസഭയും അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്റെ താഴെയുള്ള മറ്റു സുറിയാനി സഭകളും തമ്മിലുള്ള യോജിപ്പും സംബന്ധവും ഇല്ലാതാക്കണമെന്ന് അന്യമതക്കാർ വളരെ കാലമായി നാനാപ്രകാരണേയുള്ള പ്രയത്നങ്ങൾ ചെയ്തുവരുന്നതും ബ്രിട്ടീഷ് റസിഡണ്ട് ആയിരുന്ന ബല്ലാർഡ് സായിപ്പു മുഖാന്തിരം ഉണ്ടാക്കി വച്ചിട്ടുള്ള വിരുത് പ്രകരണത്തിൽ അന്ത്യോഖ്യായുടെ സാഹിത്യം നിലനിൽക്കും കാലമൊക്കെയിലും മലയാളത്തുള്ള സുറിയാനിസഭയിൽ സമാധാനം ഉണ്ടാകയില്ലെന്ന് പറഞ്ഞിട്ടുള്ളതു നോക്കുമ്പോൾ ആ സാഹിത്യം നിലനിൽക്കുവാനായി സകല കാര്യങ്ങളിലും പരദേശ ഇടവകകളും മലങ്കര ഇടവകയും എപ്പോഴും യോജിച്ച് ആ വകക്കാർക്കും അന്ത്യോഖ്യാ സിംഹാസനത്തിങ്കലേക്കുള്ള അവകാശം സമവും സംബന്ധം തുല്യവും ആയിരിക്കുകയും ഇവിടത്തെ മജ്ലീസും (കമ്മിറ്റി) അവിടുത്തെ മജ്ലീസും അന്യോന്യതയോടെ ഇരിക്കയും കമ്മിറ്റിയുടെ അനുമതിയോടുകൂടി നമ്മുടെ സഭയ്ക്കും സമുദായത്തിനും വേണ്ടി ചെയ്യപ്പെടുന്ന സകല ഏർപ്പാടുകളും സാധുവായിരിക്കുകയും ചെയ്യണമെന്ന് നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു” (ഈ നിശ്ചയം പരുമല സമ്മേളനത്തിൽ നിശ്ചയിച്ചിട്ടുള്ളതല്ല. പരുമല സമ്മേളനം കൂടുമ്പോൾ പാത്രിയർക്കീസിനെ പറ്റി ആശങ്കകളൊന്നും ഉണ്ടായിരുന്നില്ല. 1875 ആയപ്പോഴേക്കും പാത്രിയർക്കീസിനെ അടുത്തുനിന്ന് വീക്ഷിച്ചവർക്ക് അദ്ദേഹത്തിന്റെ തനിനിറവും

ആന്തരോദ്ദേശ്യങ്ങളും അറിവായി. അദ്ദേഹത്തിന്റെ ചെയ്തികൾക്ക് പരിമിതമായ ഒരതിർത്തിയും ബന്ധനവും ക്രമപ്പെടുത്തണമെന്ന് തോന്നിയതിന്റെ ഫലമാണീ നിശ്ചയം. മലങ്കരയുടെ കമ്മിറ്റി തീരുമാനപ്രകാരം പാത്രിയർക്കീസ് ചെയ്യുന്ന കാര്യങ്ങൾക്കേ മലങ്കരയിൽ സാധുത്വമുള്ളൂ എന്നും ശീമയിലെ മജ്‌ലീസിനും മലങ്കരയിലെ മജ്‌ലീസിനും പാത്രിയർക്കീസ് സിംഹാസനത്തിലുള്ള അവകാശം തുല്യമെന്നും കാനോനാകൾ എഴുതിവെച്ച പുലിക്കോട്ടിൽ മെത്രാച്ചന്റെയും മറ്റു നേതാക്കളുടെയും ക്രാന്തദർശിത്വത്തെ അനുപമം എന്നാണ് വിശേഷിപ്പിക്കേണ്ടത്. മുളന്തുരുത്തി സുന്നഹദോസിലൂടെ മലങ്കരസഭ അടിമകളായി എന്ന ഉപരിപ്ലവമായ നിരീക്ഷണം പുലർത്തുന്നവർ ഈ കാനോൻ വിഭാവനം ചെയ്യുന്ന അനന്തസാദ്ധ്യതകളെ ഇപ്പോഴെങ്കിലും പഠിച്ചു പ്രാവർത്തികമാക്കുകയാണ് വേണ്ടത്. 1934-ലെ ഭരണഘടന ഒരതിർത്തിവരെ ഈ കാനോൻ നൽകുന്ന സാദ്ധ്യതയെ ഉപയോഗപ്പെടുത്തി. ഭരണഘടനയുടെ ആദ്യ വകുപ്പിൽ അന്ത്യോഖ്യാ എന്ന പദം ഉൾപ്പെടുത്താതെ പാത്രിയർക്കീസ് എന്ന് മാത്രം രേഖപ്പെടുത്തിയപ്പോൾ 1934-ലെ കോട്ടയം എം.ഡി. സെമിനാരി അസോസ്യേഷൻ മുളന്തുരുത്തി സുന്നഹദോസിന്റെ ഈ കാനോൻ ഔചിത്യപൂർവ്വം ഉപയോഗപ്പെടുത്തുകയാണ് ചെയ്തത്. പാത്രിയർക്കീസിന്റെ ഏതു ചെയ്തികളും കമ്മിറ്റി തീരുമാനത്തിന് വിധേയമായാലേ സാധുവാകൂ എന്നതാണ് മുളന്തുരുത്തി കാനോനാകളുടെ അന്തരാത്മാവെന്ന് മുളന്തുരുത്തി സുന്നഹദോസിനെതിരെ വിമർശനങ്ങൾ തൊടുത്തുവിട്ട ചരിത്രകാരന്മാർ ഓർക്കുന്നതു കൊള്ളാം. പാത്രിയർക്കാ സിംഹാസനത്തിലേക്കുള്ള അവകാശം എന്ന ഭാഗം നിയമാനുസൃതം വ്യാഖ്യാനിച്ചും അന്ത്യോഖ്യാബന്ധത്തിന് നിയന്ത്രണമോ വിരാമം തന്നെയോ ഏർപ്പെടുത്തുവാനുള്ള സൗകര്യം മുളന്തുരുത്തി കാനോനാകൾ നൽകുന്നുണ്ട്. മുളന്തുരുത്തി സുന്നഹദോസ് നിശ്ചയത്തിന് ശേഷം പാത്രിയർക്കാ സിംഹാസനത്തിലേക്കു പല തവണ തെരഞ്ഞെടുപ്പും വാഴ്ചയും നടന്നു. മലങ്കരസഭ മുളന്തുരുത്തി നിശ്ചയപ്രകാരം പാത്രിയർക്കാസ്ഥാനത്തേയ്ക്കു അവകാശം ഉന്നയിക്കാഞ്ഞത് എന്തുകൊണ്ട് എന്ന ചോദ്യം ഇന്നും പ്രസക്തമാണ്. പാത്രിയർക്കീസിന്റെ മേലധികാരം ഔപചാരികമായി പ്രഖ്യാപിച്ച സുന്നഹദോസ് തന്നെ, ആവശ്യമെങ്കിൽ ആ മേലധികാരം ത്യജിക്കുവാനും പ്രസ്തുത കാനോനിൽ വഴി ഒരുക്കിയിട്ടുണ്ടെന്ന വസ്തുത നമ്മുടെ നിയമവിദഗ്ധന്മാർക്കും ചരിത്രപണ്ഡിതന്മാർക്കും ഇനിയും നിരീക്ഷിക്കാവുന്നതാണ്).

"ഈ നിശ്ചയങ്ങൾ വി. പിതാവും മെത്രാപ്പോലീത്തായും സമൂഹക്കാരും അന്യോന്യം സമ്മതിച്ചു എന്നുള്ള ഉറപ്പിന് വേണ്ടി വി. പിതാവും മെത്രാപ്പോലീത്തായും തങ്ങളുടെ ഒപ്പും മുദ്രയും വയ്ക്കുന്നതല്ലാതെ സമൂഹക്കാരും ഒപ്പുകൾ ഇട്ട് ഉറപ്പിക്കണമെന്ന് യോഗം നിശ്ചയിച്ചതിനെ

സ്ഥിരപ്പെടുത്തി ഒപ്പുകൾ ഇട്ടിരിക്കുന്നു" (ഈ 18 കാനോനാകളും ഉദ്ധരിച്ചത് ഇസ്സഡ്. എം. പാറേട്ടിന്റെ *മുളന്തുരുത്തി സുന്നഹദോസ്* എന്ന ഗ്രന്ഥം 90 മുതൽ 128 വരെ പേജുകളിൽ നിന്നാണ്).

താഴെ പറയുന്ന പള്ളിക്കാർ കാനോനാകൾക്കു താഴെ ഒപ്പുവച്ചതോടെ മുളന്തുരുത്തി കാനോനാകൾ മലങ്കരയുടെ അംഗീകൃത നിയമാവലിയായി.

1. പാത്രിയർക്കീസ്. പേരും മുദ്രയും.
2. മാർ ദീവന്നാസ്യോസ്. പേരും ഒപ്പും മുദ്രയും.

പള്ളികൾ :

**1. അങ്കമാലി അകപ്പറമ്പു പള്ളി**

| | |
|---|---|
| താഴത്തുവീട്ടിൽ ഇട്ടിമാത്തു കത്തനാരു | ഒപ്പ് |
| ചക്കര അകത്തൂട്ടു ദാവീദ് കത്തനാരു | ,, |
| കൂരൻ യാക്കോബു കത്തനാരു | ,, |
| വൈലിപറമ്പിൽ മാത്തു ഇട്ടൂപ്പ് | ,, |
| അമ്പാട്ടു മാത്തു തരിയ്തു | ,, |
| തേലപ്പള്ളിൽ വറുഗീസ് മത്തായി | ,, |

**2. നെരണത്തു പള്ളി**

| | |
|---|---|
| മട്ടയ്ക്കൽ ബഹനാൻ കത്തനാരു | ,, |
| പനയ്ക്കാമറ്റത്തു മത്തായി കത്തനാരു | ,, |
| കണിയാന്ത്ര നൈനാൻ കത്തനാരു | ,, |
| കാരിക്കോട്ടു മട്ടയ്ക്കൽ ദാനിയേൽ കത്തനാരു | ,, |
| എലഞ്ഞിക്കൽ മാത്തു ചാക്കോ | ,, |
| മട്ടയ്ക്കൽവീട്ടിൽ പെരുമാൾ ചാക്കോ വൈദ്യൻ | ,, |
| പള്ളിക്കടവിൽ ചാക്കോ കുഞ്ചെറിയ | ,, |
| വരത്തര പള്ളത്തു മാമ്മൻ മത്തായി | ,, |
| പുത്തുപ്പള്ളിൽ വർക്കി കൊച്ചുവർക്കി | ,, |

**3. ആർത്താറ്റു കുന്നംകുളം മുതലായ പള്ളി**

| | |
|---|---|
| പനെയ്ക്കൽ യാക്കോബ കത്തനാരു | ,, |
| പനയ്ക്കൽ പാത്തപ്പൻ അയ്പൂരു | ,, |
| ടിയിൽ ഇയ്യാക്കു താരു | ,, |
| പനയ്ക്കൽ വറുഗീസു ഇട്ട്യേര | ,, |
| കാക്കശ്ശേരിൽ ഇയ്യാക്കു ഈയ്യ്യപ്പൻ | ,, |

**4. പള്ളിക്കര പള്ളി**

| | |
|---|---|
| കോച്ചേരിൽ പൗലോസു കത്തനാരു | ,, |
| കല്ലൂപ്പാറെ പത്രോസ് കത്തനാരു | ,, |
| പാപ്പാറെ മാത്തു മാത്തുള്ള | ,, |

**5. മഞ്ഞപ്ര പള്ളി**

അറയ്ക്കപ്പറമ്പിൽ അബ്രഹാം കത്തനാരു ഒപ്പ്
ടിയിൽ ഇട്ട്യേച്ചൻ വർക്കി ,,

**6. മാമ്മലശ്ശേരി പള്ളി**

മാനാംകോട്ട് പൗലോസ് കത്തനാരു ,,
എടയത്തു വർക്കി ചെറിയ ,,
തുരുത്തിക്കാട്ട് പൊരവത്തു മാത്തു ,,

**7. പുരവത്തു പള്ളി**

കാരാമെൽ അബ്രഹാം കത്തനാരു ,,
പുത്തൻപുരയ്ക്കൽ തോമ്മാ ശെമ്മാശ് ,,

**8. ചിറളയത്ത് പള്ളി**

കരുമാങ്കുഴി പൗലോസു കത്തനാരു ,,
ചെറുവത്തൂരു മത്തായി ശെമ്മാശ് ,,

**9. മാക്കാംകുന്ന് പള്ളി**

തെങ്ങുന്ത്ര ഗീവറുഗ്ഗീസു കോറി ,,

**10. കുന്നംകുളം പുത്തൻപള്ളി**

കോലാടി മാത്തു കത്തനാരു ,,
പനയ്ക്കൽ ഇട്ട്യേര ചേറു ,,

**11. കിഴവള്ളു പള്ളി**

വികാരി പീടികയിൽ ഗീവറുഗീസ് കോറി ,,

**12. കുണ്ടറ പള്ളി**

കിഴക്കേവിളയിൽ മത്തായി കത്തനാരു ,,
കൈക്കാരൻ കുരിയേശു ,,

**13. ഓണക്കുറ്റി പള്ളി**

വികാരി വാളനടയിൽ യോഹന്നാൻ കത്തനാരു ,,

**14. വേങ്ങൂർ പള്ളി**

വികാരി പൊയ്ക്കാട്ടിൽ ഗീവർഗ്ഗീസു കത്തനാരു ,,

**15. കുണ്ടറ പുത്തൻപള്ളി**

തെങ്ങുവിളയിൽ ഈശോ കത്തനാരു ,,
മുതൽക്കെട്ടു നടുവിലെവിളയിൽ ഗീവർഗ്ഗീസു ,,
തളിയച്ചിറെ ദാവീദ ശെമ്മാശ് ഒപ്പ്
കാരാമെൽ ഇട്ടിയവിര ഉലഹന്നൻ ,,

**16. പോത്താനിക്കാട്ടു പള്ളി**

ചെട്ടിയാൻ കുടിയിൽ ഗീവർഗീസ്സു കത്തനാരു ,,
ചെട്ടിയാൻകുടിയിൽ പൈലി ചെറിയ ,,

**17. മുളക്കുളത്തു പള്ളി**

മൊറന്തൂക്കിൽ പൗലോസ് കത്തനാരു ,,
ടിയിൽ ഔസേപ്പു ചാണ്ടി ,,
ചാണ്ടിയടത്തു ചാണ്ടി പൗലോസ ഒപ്പ്

**18. തെക്കൻപറവൂര പള്ളി**

പാലത്തുങ്കൽ തോമ്മാ കത്തനാരു ,,
കൊച്ചുപാലത്തുങ്കൽ മത്തായി കത്തനാരു ,,
തോപ്പിൽ ലൂക്കോസ് കത്തനാരു ,,
വെളിയങ്ങാട്ടിൽ ഗീവറുഗ്ഗീസ ശെമ്മാശ് ,,
കൊച്ചുപാലത്തുങ്കൽ പൗലോ ,,
കോട്ടൂര ഉലഹന്നാൻ ,,

**19. പുറ്റുമാനു പള്ളി**

കണ്ണെത്തു ശീമോൻ കത്തനാരു ,,
പാളിയാൽ കുര്യാക്കു കുര്യാക്കു ,,
കണ്ണെത്തു ഇട്ടൻ വർക്കി ,,

**20. വടകര പള്ളി**

ചേലാപറമ്പത്തു ദാവീദ കത്തനാരു ,,

**21. കുറിഞ്ഞി പള്ളി**

വികാരി തുകലൻ മത്തായി കത്തനാരു ,,
നടുത്തുടിയിൽ ഇട്ടൻ കൊച്ചുക്കുറു ,,
പാലാൽ വർക്കി ഇട്ടൂപ്പ ,,

**22. കോട്ടൂര് നസ്രാസു പള്ളി**

ചെന്നക്കാട്ടു പൗലോസു കത്തനാരു ,,
മുറിമറ്റത്തിൽ പൗലോസു കത്തനാരു ,,
ചെന്നക്കാട്ടു യോഹന്നാൻ കത്തനാരു ഒപ്പ്
മുറിമറ്റത്തിൽ കൊച്ചുപുരയ്ക്കൽ കുര്യൻ അയിപ്പു ,,
ഞാറ്റുപെട്ടിൽ വർക്കി ചാക്കോ ,,

**23. കോലഞ്ചേരി പള്ളി**

കല്ലാനിക്കൽ പൗലോസ് കത്തനാരു ,,
കുന്നത്തു പത്രോസ് കത്തനാരു ,,
തേനുങ്കൽ യൗസേപ്പ് കത്തനാരു ,,
വാലയിൽ ഇട്ടൂപ്പ് മാത്തു ,,
കല്ലുങ്കൽ കുര്യൻ തൊമ്മൻ ,,
എളൂര വർക്കി മാത്തുള്ള ,,

**24. കണ്ണിയാട്ടു നെരപ്പേൽ പള്ളി**

പെരുമ്പാ പുത്തൻവീട്ടിൽ മത്തായി കത്തനാരു ,,
എടപ്പള്ളി മറ്റത്തിൽ പീലിപ്പോസ് ശെമ്മാശ് ,,
മുരീക്കൽ മത്തായി ശെമ്മാശ് ഒപ്പ്
പെരുമ്പ പുത്തൻവീട്ടിൽ പൗലോ ചെറിയാ ,,

**25. ശ്രായി ചെറിയപള്ളി**

മഴുവഞ്ചേരിപറമ്പത്ത് യാക്കോബ കത്തനാരു ,,

**26. പരിയാരത്തു പള്ളി**

വികാരി തെങ്ങുന്റെ ഗീവർഗ്ഗീസ് കോറി ,,

**27. നടമെൽ പള്ളി**

വടയാടി ഗീവർഗ്ഗീസ കത്തനാരു ,,
കളരിക്കൽ സ്ക്കറിയ കത്തനാരു ,,
മൂക്കഞ്ചേരി ചെറിയതു ചെറിയ ,,
മഞ്ഞളി വർക്കി പൈലി ,,
വടയാടി വർക്കി മാത്തു ,,
പട്ടച്ചേരി വർക്കി വർക്കി ,,
മനേടപൊരത്തു തൊമ്മൻ ,,

**28. മാറാടി പള്ളി**

കുറ്റിപ്പിഴെ പൗലോസ് കത്തനാരു ,,

**29. ചാത്തന്നൂർ പള്ളി**

കൈക്കാരൻ കോയിപ്രത്തു ചാക്കോ ഒപ്പ്

**30. റാക്കാട്ടു പള്ളി**

ഓണാട്ടുതോട്ടത്തിൽ കുരുവിള കത്തനാരു ,,

**31. പന്തളത്തു പള്ളി**

വികാരി കിഴക്കേവീട്ടിൽ തോമ്മാ കത്തനാരു ,,

**32. പാമ്പാക്കുട പള്ളി**

കോനാട്ടു യോഹന്നാൻ മല്പാൻ ,,
കോനാട്ടു പുത്തൻപുരയ്ക്കൽ മാത്തൻ കോര ,,

**33. പഴഞ്ഞി പള്ളി**

വികാരി ചീരൻ ഉട്ടൂപ്പു കത്തനാരു ,,

**34. കണ്ടനാട്ടു പള്ളി**

കരോട്ടു ശീമോൻ കോറി ,,
പാടത്തുകാരൻ അബ്രഹാം കത്തനാരു ,,
പുന്നച്ചാലിൽ ഗീവറുഗ്ഗീസ് കത്തനാരു ,,
കരിമാങ്കുളം യോഹന്നാൻ കത്തനാരു ,,
തൊഴുപ്പാടൻ പൗലോസ് കത്തനാരു ,,

തുകലൻ മാത്തു പൗലോസ ,,
കരവട്ടു കോരുത് കോര ഒപ്പ്
തുകലൻ ചുമ്മാരു പൗലോസ ,,
പള്ളിവാതുക്കൽ വർക്കി വർക്കി ,,

**35. മാന്തുരുത്തേൽ പള്ളി**

ചെറുതോട്ടിൽ ഗീവർഗ്ഗീസ് കത്തനാരു ,,
കാഴാപുരത്തു പൗലോസ് കത്തനാരു ,,
വരിക്കച്ചേരിൽ കുറിയാക്കോസ് ശെമ്മാശ് ,,
അരികുപുറത്തു പൊറൊത്ത ,,

**36. കൊച്ചീകോട്ടയിൽ പള്ളി**

വികാരി മട്ടുമ്മെൽ മത്തായി കത്തനാരു ,,
പള്ളിപറമ്പിൽ ചുമ്മാരു ദാനിയേൽ

**37. കുന്നക്കുരുടി പള്ളി**

പുളിയനാട്ടു ഇത്താപ്പുരി കത്തനാരു ഒപ്പ്
വെട്ടിക്കെഴക്കൻ ചെറിയതു വർക്കി ,,
വേങ്ങച്ചേരി മത്തായി പൈലി ,,

**38. രാമമങ്ങലത്തു പള്ളി**

മാങ്ങാച്ചാലിൽ ഗീവർഗ്ഗീസ് കത്തനാരു ,,

**39. റാന്നി പള്ളി**

വികാരി താഴത്തു മാത്തു കത്തനാരു ,,

**40. തിരുവല്ലാ പള്ളി**

കോവൂർ ഗീവർഗ്ഗീസ കത്തനാരു ,,
കോടിയാട്ടു യാക്കോബ കത്തനാരു ,,
ടി ഗീവർഗ്ഗീസു ഗീവർഗ്ഗീസ ,,
തെക്കേ പൈനുംമൂട്ടിൽ കോശി വർക്കി ,,
പുത്തൻപുരയ്ക്കൽ മാത്തു കൊച്ചിട്ടി ,,
കൊങ്കരെ ഇക്ക ഉമ്മൻ ,,
പീടികയ്ക്കൽ ഇട്ടിക്കുരുവിള വർക്കി ,,

**41. കുറിച്ചിയിൽ പള്ളി**

കോലത്തുകളത്തിൽ കുരുവിള കത്തനാർ ,,
എടത്തികുന്നേൽ തൊമ്മി മാത്തൻ ,,

**42. നെല്ലിക്കൽ പള്ളി**

ചുങ്കത്തിൽ യാക്കോബ് കത്തനാരു ,,
മാലെത്തു വർഗ്ഗീസു ,,

**43. അയിരൂർ പള്ളി**

മാവേലിൽ ഗീവർഗ്ഗീസ് കത്തനാരു ,,
കുറ്റിക്കണ്ടത്തിൽ ചാക്കോ തോമ്മാ ഒപ്പ്

**44. കാട്ടൂർ പള്ളി**

വട്ടപ്പറമ്പിൽ അബ്രഹാം ചെമ്മാശ് ,,
വടശ്ശേരിയകത്ത് ഇടിച്ചാണ്ടി അയിപ്പ് ,,

**45. മല്ലപ്പള്ളി പള്ളി**

പയ്യംമ്പള്ളി ഗീവർഗ്ഗീസ് അവിരാ ,,
കൈയ്യാലത്തു ചാക്കോ പോത്ത ,,
വാളക്കുഴിയിൽ അയിപ്പ വർഗ്ഗീസ ഒപ്പ്

**46. കല്ലിച്ചേരി പള്ളി**

പുളിമൂട്ടിൽ അബ്രഹാം കത്തനാരു ,,
തുണ്ടിയിൽ തോമ്മാ കത്തനാരു ,,
വാളൻപറമ്പിൽ മാത്തുള്ള ഇട്ടിയവിര ,,
പഞ്ചംകുളത്തു ഇട്ടിയവിരാ ചാക്കോ ,,

**47. പാമ്പാടി പള്ളി**

കരിങ്ങണാമറ്റത്തിൽ കുര്യൻ ചാക്കോ ഒപ്പ്
കടവുംഭാഗത്തെ തൊമ്മൻ തൊമ്മൻ ,,
കരോട്ടു കുര്യൻ ഇട്ടി ,,

**48. നാലുന്നാക്കൽ പള്ളി**

പുതുപ്പറമ്പിൽ ഗീവർഗ്ഗീസ കത്തനാരു ,,

**49. കയ്പട്ടൂർ പള്ളി**

വികാരി പീടികയിൽ അബ്രഹാം കത്തനാരു ,,
നെടുവേലിൽ ചാക്കോ ഗീവർഗ്ഗീസ ,,

**50. ഓമല്ലൂർ പള്ളി**

പീടികയിൽ അബ്രഹാം കത്തനാരു ,,

**51. കടമറ്റത്തു പള്ളി**

തേക്കിലക്കാട്ടു ഗീവർഗ്ഗീസ് കത്തനാരു ,,
മുണ്ടൻചിറ തൊമ്മൻ വർക്കി ,,
ചേണാൽ ഇത്താപ്പിരി ഇത്താക്കു ,,

**52. തുമ്പമൺ പള്ളി**

കരിങ്ങാട്ടിൽ സ്കറിയാ കത്തനാരു ,,
കണിച്ചേരിൽ കോരുതു കിയ്യാപിള്ള ,,

**53. കൊടശ്ശനാട്ടു പള്ളി**

വികാരി തെക്കേടത്തു യോഹന്നാൻ കത്തനാരു ,,
വല്യവീട്ടിൽ കുരുവിള കോശി ,,
കീപ്പള്ളിൽ മാമ്മൻ മാമ്മൻ ,,

**54. ചന്ദനപ്പള്ളി പള്ളി**

കരിങ്ങാട്ടിൽ സ്കറിയ കത്തനാരു ,,

**55. പുതുപ്പള്ളി പള്ളി**

പടിഞ്ഞാറെക്കുറ്റ് യാക്കോബു കത്തനാരു ഒപ്പ്
പാറയ്ക്കൽ മാണി ഈശോ ,,
ഏലമലെ മാണി മാണി ,,

**56. കോട്ടയത്തു വല്യപള്ളി**

എടവഴിക്കൽ ഗീവർഗ്ഗീസു കത്തനാരു ,,
ഒറ്റത്തയ്ക്കൽ തൊമ്മൻ മാണി ,,

**57. ചേലക്കര പള്ളി**

വികാരി കോലാടി മാത്തു കത്തനാരു ,,

**58. തുരുത്തിക്കാട്ടു പള്ളി**

വികാരി കാരിക്കോട്ടു ദാനിയേൽ കത്തനാരു ,,
കൊന്നക്കൽ മാത്തുള്ള ചെറിയാൻ ,,
ചെട്ടുപള്ളിൽ പോത്തൻ ചാണ്ടി ,,

**59. പീച്ചാനിക്കാട്ടു പള്ളി**

കൂരൻ പൗലോസ് കത്തനാർ ,,
തേലപ്പിള്ളീൽ ഇട്ടിയവിര വറുഗ്ഗീസ ,,
പൂവന്ത്ര വർക്കി യൌസേപ്പു ,,

**60. മഴുവന്നൂർ പള്ളി**

കുളങ്ങാട്ടിൽ യൗസേപ്പ് കത്തനാരു ,,
മാടപ്പറമ്പെൽ വർഗ്ഗീസു മാത്തു ,,

**61. ചെമ്പിൽ പള്ളി**

മണപ്രത്തു തോമ്മാ കത്തനാരു ,,
മാളിയ്ക്കെൽ ഉലഹന്നൻ തൊമ്മൻ ,,

**62. നീലംപേരൂ പള്ളി**

മാലിത്തറ ഏല്യാസു കത്തനാരു ,,
വഞ്ചിത്ത്റ തൊമ്മൻ കുരുവിള ,,
നസ്രാണിതുണ്ടിയിൽ കുര്യൻ കുര്യൻ ,,

**63. പുത്തൻകാവ് പള്ളി**

ആലുംമൂട്ടിൽ പത്രോസു കത്തനാരു ,,
പുത്തൻപുരയ്ക്കൽ മാമ്മൻ ഈപ്പൻ ,,
കൊല്ലൻപറമ്പിൽ കുഞ്ഞെനാ ഈപ്പൻ ഒപ്പ്

**64. കുറുപ്പുംപടി പള്ളി**

വെളിയത്തു ഗീവർഗ്ഗീസു കോർഎപ്പിസ്കോപ്പാ ,,
തോട്ടത്തിൽ മാത്തു ശെമ്മാശ് ,,
തോമ്പ്ര ഗീവർഗ്ഗീസ ശെമ്മാശ് ,,
കല്ലറയ്ക്കൽ കോരാ വർക്കി ,,

തുരുത്തിയിൽ മത്തായി വർക്കി ,,
മഞ്ഞമ്മക്കുടി മാത്തു പൈലി ,,

**65. ചെന്നിത്തല പള്ളി**

കൊറ്റത്തുവിളയിൽ ഗീവർഗ്ഗീസ് കത്തനാരു ,,

**66. ചെങ്ങന്നൂർ പള്ളി**

കൈക്കാരൻ കടന്തൊട്ടിൽ മാമ്മൻ

**67. കോതമംഗലത്തു വല്യപള്ളി**

ഇരുമലെ യൌസെപ്പു കത്തനാരു ,,
ശ്രാമ്പിക്കുടി വർക്കി വർക്കി ,,
തക്കിരിക്ക വർക്കി പാവു ,,

**68. കുമരകത്തു പള്ളി**

ഉമ്മാച്ചേരിൽ അബ്രഹാം കത്തനാരു ,,
മുറിപ്പുരയ്ക്കൽ പോത്തൻ കുരുവിള ,,
കളത്തിപ്പറമ്പിൽ കുര്യൻ ഇട്ടി ,,

**69. കോട്ടപ്പടി പള്ളി**

ഇരുമലെ യൌസേപ്പ് കത്തനാരു ,,
മഞ്ഞുമ്മക്കുടി മാത്തു പൈലി ,,
ശ്രാമ്പിക്കുടി വർക്കി വർക്കി ,,

**70. കല്ലൂപ്പാറ പള്ളി**

കല്ലൂർ പീലിപ്പോസ് കത്തനാരു ,,
പന്നിക്കോട്ട് ഈപ്പൻ പോത്ത ,,

**71. കല്ലുങ്കത്ര പള്ളി**

മുപ്പാത്തിയിൽ സ്കറിയാ കത്തനാരു ,,
കളപ്പുരയ്ക്കൽ ചാക്കോ ചെറിയാൻ ,,
പുത്തൻകളത്തിൽ ഉലഹന്നാൻ ചാക്കോ ഒപ്പ്

**72. മാവേലിക്കര പള്ളി – തഴക്കര**

വടക്കെതലയ്ക്കൽ ഇടിച്ചാണ്ടി കത്തനാരു ,,
പോളച്ചിറയ്ക്കൽ പുത്തൻവീട്ടിൽ ഉമ്മൻച്ചാണ്ടി ,,
വടക്കേവീട്ടിൽ അയിപ്പു ഗീവർഗ്ഗീസു ,,

**73. പാലക്കൊഴ പള്ളി**

കുളിരാങ്കൽ തൊമ്മാ കത്തനാരു ഒപ്പ്
വേണാട്ടു കുരുവിള മത്തായി ,,

**74. ചേപ്പാട്ടു പള്ളി**

പുത്തൻവീട്ടിൽ മാത്തു കത്തനാരു ,,
ടി പീലിപ്പോസ് കത്തനാരു കൊച്ചുകോശി ,,
തറയിൽ ഇട്ടൂപ്പ ഇട്ടി ,,

**75. കരിങ്ങാശ്ര പള്ളി**

കുറ്റിക്കാട്ടിൽ ഗീവർഗ്ഗീസു കത്തനാരു ,,
കറുത്തെടുത്തു പീലിപ്പോസ് കത്തനാരു ,,
കുഴിയാഞ്ഞാൽ ഗീവർഗ്ഗീസു കത്തനാരു ,,
ചെറുതോട്ടിൽ കുര്യൻ വർക്കി ,,

**76. പള്ളിപ്പാട്ടു പള്ളി**

കയ്മവീട്ടിൽ മാത്തൻ കത്തനാരു ,,
വെങ്ങാലിൽ മാത്തൻ ഗീവർഗ്ഗീസ ,,
അറ്റകുളങ്ങരെ മാത്തൻ മാത്തൻ ,,

**77. കാരിച്ചാൽ പള്ളി**

പുത്തൻവീട്ടിൽ മാത്തൻ കത്തനാരു
കൊളങ്ങര കിഴക്കേതിൽ മാത്തൻ കോശി ,,
കണിയാം വടക്കെതിൽ ചാക്കോ ചാക്കോ ,,
മൊളമൂട്ടിൽ മാത്തുണ്ണി മത്തായി ,,

**78. വെളിയനാട്ടു പള്ളി**

കണ്ണെത്തു അബ്രഹാം കത്തനാരു ,,
പുത്തൻപുരയ്ക്കൽ ഉതുപ്പാൻ തോമ്മാ ,,
വാഴയിൽ ഉതുപ്പാൻ തോമ്മാ ,,

**79. തുരുത്തിപിളി പള്ളി**

തുരുത്തിയിൽ അബ്രഹാം കത്തനാരു ,,

**80. പരുമല പള്ളി**

വികാരി കാരിക്കോട്ടു ദാനിയേൽ കത്തനാരു ,,

**81. വാകത്താനത്തു പള്ളി**

വള്ളിക്കാട്ടു പൗലോസ് കത്തനാരു ,,

**82. പുതുശ്ശെരി പള്ളി**

വികാരി എളന്തുരുത്തിൽ പീലിപ്പോസ് കത്തനാരു ,,

**83. പള്ളത്തു പള്ളി**

എടത്തുംപടിക്കൽ തൊമ്മൻ കുര്യൻ ,,
പാറപ്പുറത്ത് കുര്യൻ ഉലഹന്നാൻ ,,

**84. കോട്ടയത്തു ചെറിയപള്ളി**

വേങ്കടത്തു അലക്സന്ത്രയോസു കത്തനാരു ,,
ടി അലക്സന്ത്രയോസു ശെമ്മാശ് ,,
കുന്നുംപുറത്തു കോര കുര്യൻ ,,
കാഞ്ഞരത്തിൽ ഇട്ടിയവിര ചെറിയാൻ ,,
വഞ്ചിത്റ ചാക്കോ ചാണ്ടി ,,
കോമടത്തുശേരിൽ അവിരാ വർഗ്ഗീസു ,,

**85. കോതമംഗലത്തു ചെറിയപള്ളി**

പള്ളിമാലി ഗീവറുഗീസ്സു കത്തനാരു ,,
ചേലാട്ടു ഗീവറുഗീസ കത്തനാരു ,,
പുതൃക്കയിൽ കുരുവിള മാത്തു ,,
ചേലാട്ടു ഔസേപ്പു വർക്കി ,,
കാക്കക്കുടി തോമ്മാ കത്തനാരു വർക്കി ,,

**86. മണർകാട്ടു പള്ളി**

വേങ്കടത്തു അലക്സന്ത്രയോസ് കത്തനാരു ,,
ടിയിൽ അയ്പു മാത്തു ,,
പറമ്പുകരെ അയിപ്പു ചെറിയാൻ ,,

**87. മാവേലിക്കര പുതിയകാവു പള്ളി**

വികാരി പണിക്കരു യാക്കോബ് കത്തനാരു ,,
വിലനിലത്തു ഗീവർഗ്ഗീസു കത്തനാരു ഒപ്പ്
കാഞ്ഞിരത്തുംമൂട്ടിൽ പെരുമാൾ പീലിപ്പോസ്സു ,,

**88. മുളന്തുരുത്തി പള്ളി**

തോപ്പിൽ സ്കറിയാ കത്തനാരു ,,
പാലക്കാട്ടു ഗീവർഗ്ഗീസ കത്തനാർ ,,
ചാലപ്പുറത്ത് യാക്കോബ കോർഎപ്പിസ്കോപ്പാ ,,
ചാലിൽ ചെറിയ കുഞ്ഞിക്കോര ,,
എടെമ്പാടത്തു കുരുവിള ഇട്ടിയവിര ,,

**89. ശ്രായി പള്ളി**

മഴുവഞ്ചേരിപറമ്പത്തു കോരുത കുഞ്ഞിപ്പൈലി ,,

**90. കോട്ടയത്തു പുത്തൻപള്ളി**

കുന്നുംപുറത്തു യാക്കോബു കത്തനാരു ,,
എരുത്തിക്കൽ സ്കറിയ കത്തനാരു ,,
നെട്ടാച്ചേരി മാണി ഇട്ടിയവിര ,,
എരുത്തിക്കൽ കുഞ്ഞുതൊമ്മൻ ചാണ്ടി ,,
എലഞ്ഞിത്റ കുര്യൻ കുര്യൻ ,,

**91. കാരക്കൽ പള്ളി**

വികാരി കടവിൽ അബ്രഹാം കത്തനാരു ,,
പുത്തൻപുരക്കൽ കുര്യ കൊച്ചുകുര്യ ,,

**92. തലവടി കിഴക്കേക്കര പള്ളി**

വികാരി കണിയാന്ത്രെ യൌനാൻ കത്തനാരു ,,
ആറ്റുമാലി പുത്തൻപുരക്കൽ ചാണ്ടി ,,
അടങ്ങപ്രത്തു കോടിക്കൽ മാത്തു മാത്തു ,,

**93. തിരുവല്ലാ പുത്തൻപള്ളി**

കോടിയാട്ടു യാക്കോബു കത്തനാരു ,,
കൊല്ലവനെ ഇടിക്കുള മാത്തു ,,

**94. കറ്റാനത്തു പള്ളി**

വല്ലിയഴുത്തു മാത്തുണ്ണി മാത്തൻ ,,
കുറ്റിയിൽ തൊമ്മി കോശി ,,

**95. വിയപുരത്തു പള്ളി**

പുരക്കൽ മത്തായി കത്തനാരു ,,
തേവേരിൽ ഉമ്മമ്മൻ വറീതു ,,

**96. കരുവാറ്റ പള്ളി**

മണച്ചിറക്കൽ ഗീവർഗ്ഗീസ ശെമ്മാശ് ,,
മണച്ചിറ പുത്തൻപുരക്കൽ ഇടുക്കുള വർക്കി ,,
നെടുങ്ങോട്ടു കോശി ഇടുക്കുള ,,

**97. ആനപ്രമ്പാൽ പള്ളി**

വരിക്കളത്തിൽ മാത്തൻ മാത്തൻ ,,
പുത്തൻപുരക്കൽ മാമ്മൻ മാമ്മൻ ,,

**98. തലവടി കുഴിപ്പള്ളി**

വികാരി പൈനുംമൂട്ടിൽ ഗീവർഗ്ഗീസു കത്തനാരു ,,
ചക്കാലയിൽ ചാണ്ടി കൊച്ചാണ്ടി ,,
കുമ്പംതാനത്തു ഇട്ടിയവിര ചാക്കോ ,,

**99. നെച്ചൂർ പള്ളി**

ചോളൊത്തിൽ അബ്രഹാം കത്തനാരു ,,

**100. ചാലശ്ശേരി പള്ളി**

വികാരി ചീരൻ ഇട്ടൂപ്പു കത്തനാരു ,,
തോമ്പ്ര പത്റോസ്സു ,,

**101. ചെങ്ങളത്തിൽ പള്ളി**

വികാരി യാക്കോബു കത്തനാരു ,,
മുണ്ടാട്ടു അയിപ്പു അയിപ്പു ,,

**102. കായങ്കുളത്തു പള്ളി**

പള്ളിത്തോട്ടത്തിൽ ഇട്ടിച്ചെറിയ കുഞ്ഞുതൊമ്മി ,,
ആലൂംമൂട്ടിൽ യൊഹന്നാൻ മമ്മൻ ,,
പാറമേൽ ഇടിചാണ്ടി കോശി ,,

**103. കണ്ണൻകോട്ടു പള്ളി**

കൈക്കാരൻ കള്ളോട്ടു കുഞ്ഞുകോശി ,,

ഇത്രയുമാണ് മുളന്തുരുത്തി സുന്നഹദോസിന്റെ നടപടികൾ. ഒറിജിനൽ രേഖ ഇന്ന് ലഭ്യമാണ്. ഒരു വ്യാജരേഖ മുളന്തുരുത്തി സുന്നഹദോ

സിന്റെ മേൽവിലാസത്തിൽ നിർമ്മിച്ച് പ്രചരിപ്പിക്കുവാൻ ചിലർ ഉദ്യമിക്കുന്നുണ്ട്. ഈ വ്യാജരേഖയ്ക്കു മുളന്തുരുത്തി പടിയോല എന്നാണ് പേരിട്ടിരിക്കുന്നത്. മുളന്തുരുത്തി നിശ്ചയങ്ങൾക്ക് നടപടിക്രമത്തിൽ പേരിട്ടിരിക്കുന്നത് കാനോനാകൾ എന്നാണ്. ഒറിജിനൽ രേഖ നിലവിലില്ലെന്ന് ഭ്രമിച്ച ചിലരാവാം ഈ വ്യാജസൃഷ്ടിക്കു ധൈര്യപ്പെട്ടത്. സഭാചരിത്രത്തിലെ കൃത്രിമ രേഖകളുടെ ചവറ്റുകൊട്ടയിലേക്കു മുളന്തുരുത്തി പടിയോലയും തള്ളപ്പെടേണ്ടതാണ്.



## അധ്യായം 6

# മുളന്തുരുത്തി സുന്നഹദോസിന് ശേഷം

1876-ലെ മുളന്തുരുത്തി സുന്നഹദോസും അതിന് മുമ്പ് ചേർന്ന 1873-ലെ പരുമല സുന്നഹദോസും മലങ്കരസഭാ ചരിത്രത്തിൽ ചെലുത്തിയ സ്വാധീനമെന്ത്? പരുമല സുന്നഹദോസിനെപ്പറ്റിയുള്ള വിവരങ്ങൾ നാളിതുവരെ യാതൊരു സഭാചരിത്രകാരന്മാരുടെയും നിരീക്ഷണത്തിന് വിധേയമായിട്ടില്ല. പരുമല പടിയോല സൂക്ഷ്മമായി പരിശോധിച്ചാൽ മാർ ദീവന്നാസ്യോസ് ഉന്നംവെച്ച സഭാ പ്രവർത്തനങ്ങളുടെ ബ്ലൂപ്രിന്റ് അതിലുണ്ടെന്ന് വ്യക്തമായിക്കാണാം. ശിഥിലമായിക്കിടക്കുന്ന ഇടവകകളെ ഒരു സാമുദായികസംഘടനയുടെ കേന്ദ്രീകൃത കൊടിക്കീഴിൽ അണിനിരത്തി സമുദായത്തിന്റെ ശക്തിയെ സമാഹരിക്കുകയായിരുന്നു പ്രധാന ലക്ഷ്യം. മലങ്കരമെത്രാനിൽ കേന്ദ്രീകൃതമായിരുന്ന മലങ്കരയുടെ ഏകനായകശക്തിയെ വൈദികട്രസ്റ്റി, അത്മായട്രസ്റ്റി സ്ഥാനങ്ങളിലേക്കു കൂടി വികേന്ദ്രീകരിച്ച് സഭാഭരണത്തെ സുതാര്യമാക്കുക എന്നത് മറ്റൊരു ലക്ഷ്യം. വിദ്യാഭ്യാസ വിപ്ലവം, അച്ചടി, പത്രപ്രവർത്തനം തുടങ്ങിയ സാംസ്ക്കാരിക പ്രവർത്തനത്തിലൂടെ സഭയെയും സമൂഹത്തെയും നവോത്ഥാനത്തിലേക്കു നയിക്കുവാനും പരുമല പടിയോല ആഹ്വാനം ചെയ്യുന്നുണ്ട്. വാസ്തവത്തിൽ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷന്റെയും മാനേജിംഗ് കമ്മിറ്റിയുടെയും രൂപവത്ക്കരണം പരുമലയിൽ വച്ചാണുണ്ടായത്. പക്ഷേ, പരുമലയിൽ മലങ്കരയിലെ ഭൂരിപക്ഷവും സമ്മേളിച്ചുവെങ്കിലും വലിയൊരു ന്യൂനപക്ഷം പങ്കെടുത്തിരുന്നില്ല. പാത്രിയർക്കീസിന്റെ സാന്നിധ്യത്തിൽ കൂടുതൽ പങ്കാളിത്തമുണ്ടാവും എന്ന പ്രതീക്ഷയിലാണ് പരുമലയിലെ അജണ്ട തന്നെ മുളന്തുരുത്തിയിലും അവതരിപ്പിച്ച് പാസ്സാക്കിയത്. 150 പള്ളികൾ പങ്കെടുത്തതോടെ മെത്രാച്ചൻ ലക്ഷ്യം നേടി. അതേസമയം മുളന്തുരുത്തി സുന്നഹദോസിലൂടെ തന്റെ വൈദികവും ലൗകികവും ആത്മീയവും ആയ പരമാധികാരം മലങ്കരയിൽ സ്ഥാപിച്ചെടുക്കുവാൻ വേദിയൊരുക്കുക എന്നതായിരുന്നു പാത്രിയർക്കീസിന്റെ ഉന്നം. അദ്ദേഹത്തിന്റെ പ്രസംഗത്തിലും തജ്ജന്യമായ പല കാനോനാകളിലും ഈ ലക്ഷ്യം പ്രതിഫലിച്ചിരുന്നു. ഒന്നാം കാനോനിലെ കരാർ ആധാരം എഴുതി റജിസ്റ്റർ ചെയ്യുവാനുള്ള നിശ്ചയത്തെ സഭാചരിത്രകാരന്മാർ ഇതിന്റെ സൂചനയായി വ്യാഖ്യാനിച്ചിട്ടുണ്ട്.[1] എന്നാൽ സുന്നഹദോസിന് ശേഷം കരാർ ആധാരങ്ങൾ ഹാജരാക്കപ്പെടുന്നില്ല എന്ന് അദ്ദേഹം കണ്ടു. ലക്ഷ്യം നേടുന്നതിന് അദ്ദേഹം മാർഗ്ഗം

അന്വേഷിച്ചു. അതിലൊന്നായിരുന്നു മൂറോൻ കൂദാശ. ആയതിനുള്ള അറിയിപ്പ് പാത്രിയർക്കീസിന് വേണ്ടി ചാത്തുരുത്തി റമ്പാച്ചൻ താഴെ കാണുന്നവിധം തെക്കും വടക്കുമുള്ള എല്ലാ പള്ളികൾക്കും അയച്ചു.

ശുദ്ധ മൂറോൻ കൂദാശ ഈ പള്ളിയിൽ വെച്ച് ചിങ്ങം 15-ാം തീയതി ഞായറാഴ്ച കഴിക്കണമെന്നും വിവരം പള്ളിക്കാരെ അറിയിക്കണമെന്നും വിശുദ്ധപിതാവ് കൽപിച്ചിരിക്കുന്നു. കൂദാശയ്ക്കു എല്ലാ ജനങ്ങളും കൂടി സംബന്ധപ്പെട്ട് വാഴ്‌വ് കൈക്കൊള്ളുന്നതു കൂടാതെ താന്താങ്ങളുടെ യഥാശക്തിപ്രകാരം കൈമുത്തു വയ്ക്കുകയും പതിവാണ്. നിങ്ങളും ഒരുങ്ങപ്പെട്ട് വന്നുചേർന്നു കൊള്ളണം. ........ എന്ന് കല്പനപ്പടി ദയറോയോ ഗീവറുഗ്ഗീസ്.

1877-ൽ നടന്ന മൂറോൻ കൂദാശയിൽ പന്ത്രണ്ടു പട്ടക്കാരല്ല 2 മേൽപ്പട്ടക്കാരാണ് ധൂപം വീശിയത്. പന്ത്രണ്ട് പട്ടക്കാർ തിരി പിടിച്ചു. 12 ശെമ്മാശന്മാർ മറുവഹസാകളും. 4000-ലധികം ആളുകൾ അതിൽ പങ്കെടുത്തിരുന്നതായി കണ്ടനാട് ഗ്രന്ഥവരി സാക്ഷിക്കുന്നു. 1877 മകരം 15-ാം തീയതി കൊച്ചീക്കോട്ട പള്ളിയിൽ നിന്നും പാത്രിയർക്കീസ് അയച്ച കല്പനയിൽ അദ്ദേഹത്തിന്റെ ദ്രവ്യാഗ്രഹം തല പൊക്കുന്നതു കാണുക:

“...... ശുദ്ധമുള്ള മൂറോനാൽ അഭിഷേകം ചെയ്യപ്പെട്ടവൻ അതിന്റെ പ്രതിഫലം കൊടുക്കാതെ ഇരുന്നാൽ അവന്റെ ശരീരം വെടിപ്പായിരിക്കയില്ല. ... കൊയിത്തുകാരുടെ നിലവിളി പുരുഷാരങ്ങളുടെ കർത്താവിന്റെ ചെവികൾക്കു പ്രവേശിച്ചു എന്ന് യാക്കോബ് ശ്ലീഹാ പറഞ്ഞതുപോലെ കൂലിക്കാരന്റെ കൂലി എന്നല്ലാതെ ഇത് ഒരു സമ്മാനവും ചിലവർപ്പുകളും അല്ലെന്ന് അറിഞ്ഞുകൊള്ളണം. നിങ്ങൾ വേഗം റീശീസാകൾ ശേഖരിച്ച് ദൈവത്തിൽ നിന്ന് പാത്രിയർക്കീസിന് മേലുള്ള നിങ്ങളുടെ കടം നിങ്ങൾ വീട്ടണം.”

ഏതാനുംപേർക്ക് റജിസ്റ്റേർഡ് ഉടമ്പടി വാങ്ങി മെത്രാൻപട്ടം കൊടുക്കുവാൻ പാത്രിയർക്കീസ് വട്ടം കൂട്ടി. കണ്ടനാട് ഗ്രന്ഥവരിയിൽ അക്കാര്യം പ്രതിപാദിക്കുന്നതിങ്ങനെയാണ്.

“... പാമ്പാക്കുട കോനാട്ട് ഗീവർഗ്ഗീസ് റമ്പാനും വടക്കൻപറവൂർ കടവിൽ പൗലൂസ് റമ്പാനും മുളന്തുരുത്തിൽ ചാത്തുരുത്തിൽ ഗീവർഗ്ഗീസ് റമ്പാനും അങ്കമാലി അമ്പാട്ട് ഗീവറുഗീസ് റമ്പാനും മെത്രാന്റെ സ്ഥാനം കൊടുക്കുമെന്നും ആയതിന് നല്ലപോലെ നടന്നുകൊള്ളാമെന്നും കല്പന വ്യത്യാസം ചെയ്യുന്ന ദിവസം ആളൊന്നിന് 500 രൂപാ വീതം കെട്ടിവച്ച് സ്ഥാനത്തിൽ നിന്ന് ഒഴിഞ്ഞുകൊള്ളാമെന്നും മറ്റും റജിസ്റ്റർ ചെയ്തു എഴുതിത്തന്നാൽ സ്ഥാനം കൊടുക്കാമെന്ന് കല്പിക്കുകയാൽ അവർ നാലുപേരും കൂടി ആയതിനെ സമ്മതിച്ച് എറണാകുളം രജിസ്ട്രാരിൽ

പടികെട്ടി; രജിസ്റ്റർ ചെയ്യാനായി മുദ്രക്കടലാസോടെ 15–ാം തീയതി രജിസ്ട്രാറു വന്നിട്ടുണ്ടായിരുന്നു. 16–ാം തീയതി തിരുമനസ്സറിയിച്ച് റജിസ്റ്റർ ചെയ്യുന്നതിന് തുടങ്ങി. പനക്കൽ ഐപ്പൂരുവും കുര്യൻ റൈട്ടറും മറ്റും ആലോചനക്കാരായ ഞങ്ങളോടു കല്പിച്ച് ചോദിക്കാതെ റജിസ്റ്റർ ചെയ്യുന്നത് ശരി അല്ലെന്നും ഈ വിവരം ബാവായെ തിരിയപ്പെടുത്തണമെന്നും നിശ്ചയിച്ചു. ആലോചനക്കാരായ ഞങ്ങൾ ബാവായുടെ തിരുമനസ്സറിയുന്നതിന് എഴുതി അയച്ചു. അതിന്റെ പകർപ്പ്: പരിശുദ്ധ പിതാവും ജനങ്ങളും കൂടി ഞങ്ങളെ സുറിയാനി സമൂഹക്കാരായി തിരഞ്ഞെടുക്കുകയും ഇന്നേ ദിവസങ്ങളിൽ മിക്ക ആളുകളും ഇവിടെ ഉള്ളപ്പോൾ ഞങ്ങളോടും കൂടി ആലോചിക്കാതെ സുറിയാനിക്കാരായ ഞങ്ങളുടെ കാര്യത്തിന് വേണ്ടി ഏതോ റജിസ്റ്റർ ചെയ്യുന്നപ്രകാരം കേൾക്കയാൽ ഞങ്ങൾക്കു അത്യന്തം വ്യസനമായിരിക്കുന്നു. അതിനാൽ ആലോചന കൂടാതെ ചെയ്യുന്നപക്ഷം ഈ സമൂഹത്തിൽ നിന്ന് ഞങ്ങളെ ഒഴിച്ചുതരുന്നതിന് കല്പന ഉണ്ടാകുവാൻ അപേക്ഷിക്കുന്നു എന്ന് 1876 ചിങ്ങം 16–ാം തീയതി കരവട്ടു ശെമവൂൻ കോറി; മാലിത്തറ ഏലിയാസ് കത്തനാർ, എളന്തുരുത്തിൽ പീലിപ്പോസ് കത്തനാർ, മുറിമറ്റത്തിൽ പൗലൂസ് കത്തനാർ, വള്ളിക്കാട്ട് ഗീവർഗ്ഗീസ് കത്തനാർ, ചാലപ്പുറത്ത് കോറി യാക്കോ, ബ. തോപ്പിൽ ലൂക്കോസ് കത്തനാർ, പനക്കൽ ഐപ്പൂരു, കുന്നുംപുറത്തു കുരിയൻ, മുറിപ്പുരയ്ക്കൽ കുരുവിള, ചാലിൽ ചെറിയ, പുത്തൻപുരയ്ക്കൽ തോമ്മാ, ചാത്തുരുത്തിൽ വർക്കി, കോനാട്ട് ഇട്ടൻ, തുകലൻ പൗലൂസ്, കല്ലറയ്ക്കൽ പൗലൂസ്. മേൽപ്പറഞ്ഞവർ മാത്രമേ അന്നേദിവസം വന്നിട്ടുണ്ടായിരുന്നുള്ളു. അവർ പേർ വെച്ചു എഴുതി അയച്ചു. ബാവാ അതു കണ്ടാറെ നല്ല രസമില്ലാത്തപ്രകാരം ആയി. രജിസ്റ്റർ ചെയ്യാനായി കല്പിച്ചു. മെത്രാന്റെ സ്ഥാനം കൊടുക്കുന്നത് എന്റെ അധികാരമെന്നും മറ്റൊരുത്തർക്കും ഇതിൽ പ്രവേശിപ്പാൻ ഇട ഇല്ലെന്നും മറ്റും കല്പിച്ചു (പുറം 600).

മുളന്തുരുത്തി സുന്നഹദോസിൽ താൻ ആവശ്യപ്പെട്ടപ്രകാരം പള്ളിക്കാർ കരാർ ഉടമ്പടി സമർപ്പിക്കാത്തതിന്റെ പിന്നിൽ മാർ ദീവന്നാസ്യോസിന്റെ പ്രേരണയുണ്ടെന്ന് പാത്രിയർക്കീസ് സംശയിച്ചു. അതിന്റെ പ്രതികാരം മെത്രാൻ വാഴ്ചയിലെ നടപടികളിൽ പ്രകടമായിരുന്നു. മലങ്കരയുടെ ഒട്ടുക്കു അധിപനായിരുന്ന മലങ്കരമെത്രാൻ ഏകനായി കൈയാളിയിരുന്ന സാമ്രാജ്യത്തെ ഏഴായി വിഭജിക്കുക. അങ്ങനെ പുലിക്കോട്ടിൽ മെത്രാനെ ഏഴു പേരിൽ ഒരാളാക്കി ചെറുതാക്കുക. ഇതൊന്നാമത്തെ ലക്ഷ്യം. തന്നിഷ്ടമായി മലങ്കരയിൽ ഭരണം നടത്തുവാൻ താനാണ് അവകാശി എന്ന കീഴ്വഴക്കം സൃഷ്ടിക്കുക. ഇത് രണ്ടാമത്തെ ലക്ഷ്യം. ഒരു വെടിക്ക് രണ്ട് പക്ഷികൾ!!

1876 വൃശ്ചികം 22-ന് ഞായറാഴ്ച പാമ്പാക്കുട കോനാട്ട് ഗീവറുഗ്ഗീസ് റമ്പാച്ചന് യൂലിയോസ് എന്ന പേരിലും പറവൂർ കൂരൻ പൗലൂസ് റമ്പാച്ചന് അത്താനാസ്യോസ് എന്ന പേരിലും വടക്കൻപറവൂർ പള്ളിയിൽ വെച്ച് പത്രോസ് തൃതീയൻ ബാവാ മെത്രാൻപട്ടം നൽകി. കോനാട്ട് മെത്രാച്ചന് തുമ്പമൺ ഭദ്രാസനവും അത്താനാസ്യോസ് മെത്രാച്ചന് കൊല്ലം, മാവേലിക്കര തുടങ്ങിയ ഇടവകകളും കൊടുത്തു. പിന്നീട് വൃശ്ചികം 29-ാം തീയതി ഞായറാഴ്ച (അതേ പള്ളിയിൽ വെച്ച്) അകപ്പറമ്പിൽ വടക്കൻ എന്ന അമ്പാട്ടിൽ ഗീവർഗ്ഗീസ് റമ്പാച്ചന് കൂറിലോസ് എന്ന പേരിലും മുളന്തുരുത്തി ചാത്തുരുത്തി ഗീവറുഗ്ഗീസ് റമ്പാച്ചന് ഗ്രീഗോറിയോസ് എന്ന പേരിലും മെത്രാൻസ്ഥാനം നൽകി. അമ്പാട്ടിൽ മെത്രാച്ചനെ അങ്കമാലിയിലും ഗ്രീഗോറിയോസ് മെത്രാച്ചനെ നിരണം മെത്രാസനത്തിലും നിയമിച്ചു. മെത്രാന്മാരെ ആദ്യം നിയോഗിച്ചത് പാത്രിയർക്കീസിനുള്ള റിശ്ശീസാ പിരിച്ചുകൊണ്ടു വരുവാനുള്ള ദൗത്യവുമായാണ്.

ഈ നാലു മെത്രാൻ വാഴ്ചയും കാനോനികമായി സാധൂകരിക്കുവാൻ ബുദ്ധിമുട്ടുണ്ട്. ഒരു സംസ്ഥാനത്തെ മെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യമോ സമ്മതമോ കൂടാതെ ഒരാൾ മെത്രാൻ സ്ഥാനമേറ്റാൽ സ്ഥാനമേറ്റ ആൾ പ്രവർത്തനരഹിതമായിരിക്കണമെന്നും സുന്നഹദോസിന്റെ സാന്നിദ്ധ്യമില്ലാതെ പട്ടംകൊടുക്കുന്നത് അനിവാര്യ സാഹചര്യങ്ങളിൽ മാത്രമേ ആകാവൂ എന്നും ഹൂദായ കാനോനിൽ പ്രമാണമുണ്ട്. അന്നത്തെ മലങ്കര മെത്രാനും പത്രോസ് തൃതീയന്റെ കൂടെ വന്ന ഗ്രീഗോറിയോസ് മെത്രാച്ചനും പട്ടംകൊടയുടെ ആഴ്ചകളിൽ തെക്കൻ ദിക്കുകളിൽ പര്യടനം നടത്തുകയായിരുന്നു. പട്ടംകൊടയിൽ അവർ സംബന്ധിച്ചിരുന്നില്ല.

1876 ഡിസംബർ 3-ാം തീയതി കൊച്ചി മഹാരാജാവ് താഴെ പറയും പ്രകാരം രാജകീയ വിളംബരം പ്രസിദ്ധപ്പെടുത്തി: അന്തിയോക്കിൽ നിന്നും എഴുത്തു വന്നതുകൊണ്ട് മാർ അത്താനാസ്യോസിനെ സിറിയൻ പള്ളികളിൽ മെത്രാൻ സ്ഥാനത്തിലേക്കു നിയമിച്ചിട്ടുള്ളതായി 1029 തുലാം 9-ാം തീയതി ഉണ്ടായ വിളംബരത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുകൊണ്ടും അന്ത്യോഖ്യായിലെ ഇപ്പോഴത്തെ പാത്രിയർക്കോ പാത്രിയർക്കിന്റെ പൂർവികനോ മേൽപ്പറഞ്ഞ മാർ അത്താനാസ്യോസിനെ സ്ഥാനത്തു നിന്നു മാറ്റി മറ്റൊരു മെത്രാനെ നിയമിച്ചിരിക്കുന്നു എന്നും വാദിക്കുന്നതായി അറിയുന്നതുകൊണ്ടും ഇതിൽ സംബന്ധമുള്ള സകലമാനപേരെയും ഇതിനാൽ അറിയിക്കുന്നതെന്തെന്നാൽ:- ഏതെങ്കിലും പള്ളികളുടെയോ അവയിൽ ചേർന്നിട്ടുള്ള ഏതെങ്കിലും വസ്തുവിന്റെയോ ഉടമസ്ഥതയോ അവയിലേക്കുള്ള അവകാശങ്ങളേയോ

അല്ലെങ്കിൽ തൽസംബന്ധികളായ ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയോ മാറ്റുകയോ ചെയ്യേണ്ടതിലേക്കുള്ള അധികാരത്തേയോ കുറിച്ചുള്ള ഏതെങ്കിലും വ്യവഹാരങ്ങളെ സാധാരണ കോടതികളിൽ എടുത്തു വിസ്തരിച്ച് തീർച്ചപ്പെടുത്തുന്നതിലേക്കു മുമ്പിലുണ്ടായ വിളംബരം ഒരു പ്രകാരേണയും ബാധകമാണെന്ന് വിചാരിച്ചു പോകരുതാത്തതാകുന്നു. ഇങ്ങനെയുള്ള എല്ലാ കാര്യങ്ങളിലും വാദിക്കുന്നതുപോലെ ഒരു മെത്രാനെ മാറ്റുകയും മറ്റൊരാളെ നിയമിക്കുകയും ചെയ്യുന്നതിൽ വെച്ച് ഉത്ഭവിക്കാവുന്ന മറ്റു വല്ല തർക്കങ്ങളിലും സർക്കാരിൽ നിന്നും അക്രമം നടക്കാതെ സമാധാനത്തെ രക്ഷിക്കുന്നതിന് മാത്രമേ പ്രവേശിക്കുകയുള്ളൂ. കാലക്രമേണ ഇപ്പോൾ ഭേദപ്പെട്ടുപോയിട്ടുള്ളവയായ ഓരോ സമയങ്ങളിലും ഓരോ സംഗതിവശാലും ഉണ്ടായിട്ടുള്ള വിളംബരങ്ങളാൽ സിറിയൻ പള്ളിയിൽ ഓരോ നിയമങ്ങളെക്കുറിച്ച് സർക്കാരിലേക്കുള്ളതായിട്ട് പരാമർശിക്കപ്പെടുന്നതായി തോന്നുന്ന എല്ലാ സംബന്ധത്തെയും ഇപ്പോൾ മുതൽ ഒഴിച്ചു കളയുന്നതാകുന്നു. എല്ലാ കക്ഷിക്കാരും ഈ രാജ്യത്ത് സ്ഥാപിക്കപ്പെട്ടിരിക്കുന്ന കോടതി മുഖാന്തിരം തങ്ങൾക്കു അർഹങ്ങളായി തോന്നുന്ന സങ്കട നിവൃത്തികൾ വരുത്തിക്കൊള്ളേണ്ടതാകുന്നു എന്ന് എല്ലാവരേയും സ്പഷ്ടമായിട്ട് അറിയിക്കുന്നു. പള്ളികളും പള്ളിവസ്തുക്കളും ഇപ്പോൾ കൈവശം വച്ചിരിക്കുന്നവരുടെ അധീനത്തിൽ നിന്നും എടുക്കുന്നതിന് താല്പര്യമുള്ളവർ സിവിൽ കോടതിയിൽ അപേക്ഷിക്കുകയും ആ കോടതിയിൽ നിന്നും തീർച്ചപ്പെടുത്തുന്നതുവരെ മജിസ്ട്രേറ്റ് ഇപ്പോഴത്തെ കൈവശക്കാരുടെ അധീനത്തിൽ തന്നെ നിർത്തിക്കൊടുക്കുകയും ചെയ്യേണ്ടതാകുന്നു (കണ്ടനാട് ഗ്രന്ഥവരി, പുറം 616).

തിരുവിതാംകൂർ-കൊച്ചി രാജാക്കന്മാർ മാർ അത്താനാസ്യോസിന് നൽകിയ രാജകീയ വിളംബരങ്ങൾ റദ്ദാക്കപ്പെട്ടതോടെ മാർ അത്താനാസ്യോസ് കോടതികൾക്കു അതീതൻ എന്ന നില മാറി. ഇനിയും അദ്ദേഹത്തിന്റെ കൈവശത്തിലിരിക്കുന്ന സമുദായ സ്വത്തുക്കൾ വീണ്ടെടുക്കുവാൻ വ്യയഹേതുകമായ വ്യവഹാരം ആവശ്യമായ ഘട്ടത്തിലാണ് പത്രോസ് തൃതീയൻ മലങ്കരസഭയിൻമേൽ ആധിപത്യം നേടാനുള്ള നടപടികൾ ആരംഭിച്ചത്. രാജകീയ വിളംബരങ്ങൾ പിൻവലിക്കപ്പെട്ടതോടെ തന്റെ ദൗത്യം സഫലമായി എന്ന് അദ്ദേഹം ധരിച്ചതായി തോന്നുന്നു. ഒരു പുതിയ കോളനി കീഴ്പ്പെടുത്തുവാനുള്ള ആവേശമാണ് അദ്ദേഹത്തെ പിന്നീട് നയിച്ചതെന്ന് പറയാതെ തരമില്ല.

മുളന്തുരുത്തി സുന്നഹദോസ് കഴിഞ്ഞെങ്കിലും നവീകരണക്കാർക്ക് ലഭിച്ചുകൊണ്ടിരുന്ന വട്ടിപ്പണപ്പലിശ നേടുവാനും പള്ളികൾ ഒഴിപ്പിച്ചെടുക്കുവാനും ഒരു ശ്രമവും നടന്നിരുന്നില്ല. മെത്രാന്മാരുടെ ഏകനായകത്വം

ഒഴിവാക്കാൻ പുലിക്കോട്ടിൽ മെത്രാച്ചൻ ആവശ്യപ്പെട്ടത് വൈദികട്രസ്റ്റി, അത്മായട്രസ്റ്റി തുടങ്ങിയവരെ തെരഞ്ഞെടുത്തു സഭാഭരണം വികേന്ദ്രീകരിക്കുവാനാണെങ്കിൽ പാത്രിയർക്കീസ് അതിനെ മനസ്സിലാക്കിയത് ഏകനായകത്വത്തിന്റെ സ്ഥാനത്ത് പല മെത്രാന്മാരെ വാഴിച്ച് അവരിൽ നിന്ന് വിധേയത്വ ഉടമ്പടി വാങ്ങി മലങ്കരയെ കോളനിയാക്കുവാൻ ദൈവം അവസരം നൽകി എന്നാണ്. തന്മൂലം നവീകരണക്കാരുമായുള്ള യുദ്ധത്തിന് താമസം നേരിട്ടു; കാര്യങ്ങൾക്കു ശുഭമായ തുടക്കം കുറിക്കുവാനായി മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ വെളിയനാട്ടു പള്ളിയിൽ 1877 മകരം 15 മുതൽ 17 വരെ സമ്മേളിച്ചു. സിവിൽ വ്യവഹാരത്തിന് പതിനായിരം രൂപ ചെലവ് വരുമെന്ന് കണക്കാക്കി. തൽക്കാലം പള്ളികളിൽ നിന്ന് പ്രയാസമാകയാൽ കമ്മട്ടിക്കാർ 24 പേരും അറുപതു വീതം രൂപായും ആലോചനക്കാർ മുപ്പതുവീതം രൂപായും എടുക്കുവാൻ നിശ്ചയിച്ചു. വക്കീലായി നിശ്ചയിച്ച വാക്കർ സായിപ്പും 17-ാം തീയതിയിലെ യോഗത്തിൽ സംബന്ധിച്ചു. ആ യോഗത്തിൽ പാത്രിയർക്കീസ് ഹൂദായകാനോൻ അവതരിപ്പിക്കുകയും യോഗം ആമ്മീൻ ചൊല്ലി അത് അംഗീകരിക്കുകയും ചെയ്തു. കണ്ടനാട് ഗ്രന്ഥവരി തുടർന്ന് ഉദ്ധരിക്കട്ടെ: “അതിന്റെശേഷം മലയാളം ഏഴ് എടവകയായി തിരിച്ചിരിക്കുന്നു എന്നും ഇപ്പോൾ അഞ്ചു മെത്രാന്മാർ മലയാളത്തിൽ ഉള്ളതിനോടു കൂടി ഇനി രണ്ടു പേർക്കു കൂടി പട്ടം കൊടുക്കണമെന്നും മറ്റും വി. പിതാവ് നിശ്ചയിച്ച് കൂട്ടത്തോട് കല്പിച്ചു. രണ്ടു പേർക്കു കൂടി പട്ടം കൊടുക്കണമെന്നുള്ള കാര്യത്തിൽ ജനത്തിന് തീരുമാനം ഇഷ്ടമല്ലെന്നും ഇപ്പോൾ ഈ അഞ്ചുപേർ ഉള്ളതു മതി എന്നും ഇതിൽ പൊതുകാര്യങ്ങൾ അന്വേഷിക്കുന്നതിന് പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ കമ്മറ്റിയിൽ തലവനായി കല്പിച്ച് ആക്കിത്തരണമെന്നും കൂട്ടമായി പിതാവിന്റെ തിരുമുമ്പാകെ ഒരു സങ്കടം എഴുതിവച്ചു. ആയത് അവിടത്തെ ഇഷ്ടത്തിന് വിരോധമായിരുന്നതിനാൽ കോപിച്ച് ആത്മീയമായ നമ്മുടെ കാര്യത്തിൽ പ്രവേശിപ്പാൻ നിങ്ങൾക്ക് എന്തു കാര്യം എന്നും മറ്റും കല്പിച്ച് ആ കടലാസ് കീറി കൂട്ടത്തിന്റെ മുമ്പാകെ ഇട്ടു കളഞ്ഞു. അതിനാൽ കൂട്ടത്തിന് എത്രയും വ്യസനവും ഭയവും ആയിത്തീർന്നു. ഇതിന്റെ ശേഷം യാതൊരു ആലോചനയും നിവൃത്തിയും കൂടാതെ തീർത്തതു തന്നെയല്ലാ വക്കീലായി വന്നിരുന്ന മിസ്റ്റർ വോക്കർ സായിപ്പും കൊച്ചിക്ക് തിരിച്ചു പോകയും ചെയ്തു.[33]

അതിന്റെ ശേഷം വി. പിതാവ് ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെയും പനയ്ക്കൽ ഐപ്പൂരുവിന്റെയും കുര്യൻ റൈട്ടരുടെയും ആലോചനയാൽ, കൂട്ടം മേൽപ്രകാരം നമ്മുടെ മുമ്പാകെ എഴുതിവയ്പാൻ ഇട വന്നതാകുന്നു എന്നും മറ്റും കല്പിച്ച് അവർ മൂവരുടെ മേൽ കോപിച്ച്

ദീവന്നാസ്യോസ് മെത്രാപ്പോലീത്താ മേലിൽ ഈ കൂട്ടത്തിൽ പ്രവേശിക്കരുതെന്നും കല്പിച്ചു. അതിനാൽ അദ്ദേഹവും തെക്കരിൽ ഏതാനും പള്ളിക്കാരും കൂടി അന്നുതന്നെ പോയി പരുമല താമസിച്ചു. അതിന്റെശേഷം അന്നുതന്നെ കുര്യൻ റൈട്ടറും അയ്പ്പൂരുവും മറ്റ് ഏതാനുംപേരും കൂടി പ്പോയി. ഐപ്പൂരു കൊച്ചിക്കും റൈട്ടർ ചങ്ങനാശ്ശേരിക്കും അത്രേ പോയത്. വടക്കു നിന്നും വന്ന പള്ളിക്കാരിൽ ആരുംതന്നെ പോയില്ല. തെക്കരിൽ കോട്ടയത്തു നിന്നും പുതുപ്പള്ളിയിൽ നിന്നും ഏതാനുംപേർ മാത്രം താമസിച്ചു. തെക്കരും ശേഷം എല്ലാവരും പോയത് പുലിക്കോട്ടച്ചന്റെ പേരിലുള്ള താല്പര്യം കൊണ്ടും വി. പിതാവിനോടുള്ള മുഷിച്ചിൽ കൊണ്ടുമല്ല, രണ്ട് മൂന്ന് ദിവസം താമസത്തിന് ഇട വന്നതുകൊണ്ടും ഇനിയും താമസത്തിന് ഇട വന്നേക്കുമെന്നുള്ള വിചാരം കൊണ്ടും എങ്ങനെയെല്ലാം നിശ്ചയിക്കുന്നതൊക്കെയും സമ്മതമെന്നും മറ്റും പറഞ്ഞ് സമ്മതപത്രം റീശ് ദയറായെയും മറ്റും ഏല്പിച്ചത്രേ പോയത് (പാത്രിയർക്കീസിനെ വെള്ള പൂശുന്ന വ്യക്തമായ പക്ഷപാതം ഇവിടെ ഗ്രന്ഥകാരൻ പ്രദർശിപ്പിച്ചിട്ടുള്ളത് ശ്രദ്ധേയം. വാസ്തവത്തിൽ പുലിക്കോട്ടിൽ മെത്രാച്ചനെ അസോസ്യേഷനിൽ നിന്ന് മുടക്കി പുറത്താക്കിയതിനോടുള്ള പ്രതിഷേധപ്രകടനം തന്നെയായിരുന്നു ആ ബഹിഷ്ക്കരണമെന്ന് നിഷ്പക്ഷമതികൾക്കു ഗ്രഹിക്കുവാൻ പ്രയാസമില്ല - ഗ്രന്ഥകർത്താവ്). പിറ്റെ ദെവസി 18-ാം തീയതി മേൽപ്പറഞ്ഞവരൊക്കെയും പോയി എന്ന് പിതാവ് കണ്ടപ്പോൾ വ്യസനമായി എങ്കിലും ശേഷിക്കപ്പെട്ട കൂട്ടത്തെ താൻ വാഴ്ത്തി അനുഗ്രഹിച്ച് ഇനി നിങ്ങളുടെ ജ്ഞാനത്തിൽ തോന്നുന്നപ്രകാരം വേണ്ടുന്ന ആലോചനകൾ ഒക്കെയും ചെയ്തു സിവിൽ വ്യവഹാരത്തിന് വക്കീലിനെ നിയമിക്കണമെന്നും മറ്റും കല്പിച്ചു. അവർ 16-ാം തീയതി ഉണ്ടായ കൂട്ട ദിവസം നിശ്ചയപ്രകാരം പ്രധാന ആലോചനക്കമ്മിറ്റിക്കാർ 24 പേരിൽ മേൽപ്പറഞ്ഞ അറുപത് വീതം രൂപ കൊടുപ്പാൻ മനസ്സില്ലാതെ ഉള്ളവരും മറ്റു ഹേതുവാൽ മനസ്സില്ലാത്തവരും ആയിട്ടുള്ളവരെ നീക്കി പകരം ആളെ നിശ്ചയിച്ച് എഴുതുകയും ആലോചനക്കമ്മെറ്റിക്കാർ മുമ്പ് മുളന്തുരുത്തി സുന്നഹദോസിൽ വെച്ച് എൺപതുപേരെ നിശ്ചയിച്ചിരുന്നതിനോടുകൂടി 355 പേരെ ഏർപ്പെടുത്തുകയും അവരു മുപ്പതുരൂപ വീതം പൊതുവകയ്ക്ക് കൊടുക്കത്തക്കവണ്ണവും ചെയ്തത് കൂടാതെ കുംഭമാസം 15-ാം തീയതി പ്രധാനികൾ എല്ലാവരും കോട്ടയത്തു കൂടുകയും അതിനകം മേൽപ്പറഞ്ഞ കമ്മറ്റിക്കാരിൽ നിന്നും ആലോചനക്കാരിൽ നിന്നും രൂപാ പിരിക്കുന്നതിന് എല്ലാ പള്ളികളിലുമുള്ള കൈക്കാരന്മാർ അതാതു ഇടവകകളിലുള്ള പ്രധാനികളിൽ നിന്നും ആലോചനക്കാരിൽ നിന്നും മേൽ എഴുതിയ പ്രകാരമുള്ള രൂപാ പിരിച്ച് അവർ കൊണ്ടുവരുന്നതിന് പിതാവ് കല്പന അയയ്ക്കേണ്ടതാകുന്നു എന്ന് അവർ നിശ്ചയിച്ച പടിക്ക് എല്ലാവരും കൂടി തിരുമുമ്പാകെ എഴുതി വയ്ക്കുകയും ചെയ്തു (പു. 620-626).

മലങ്കരയിൽ മെത്രാന്മാരെ വാഴിക്കുന്നതിന് മുമ്പ് കമ്മറ്റിക്കാർ രേഖാമൂലം അഹിതം പുറപ്പെടുവിച്ചു. ബാവാ അത് അവഗണിച്ചു. വീണ്ടും വാഴിക്കുന്നതിനെ അസോസ്യേഷൻ മൊത്തം രേഖാമൂലം പ്രതിഷേധിച്ചു. കോപാവേശം കൊണ്ട് ബാവാ ആ രേഖ എഴുതിയവരുടെ മുമ്പിൽ വച്ച് കീറി വലിച്ചെറിഞ്ഞു. ബാവായുടെ ജനാധിപത്യബോധം വ്യക്തമാക്കുവാൻ ഇതിൽക്കൂടുതൽ തെളിവുകൾ ആവശ്യമില്ല. മലങ്കര മെത്രാപ്പോലീത്തായെ അസോസ്യേഷനിൽ നിന്ന് പുറത്താക്കിയപ്പോൾ തന്റെ ആതിഥേയനാണദ്ദേഹമെന്നും അദ്ദേഹം മലങ്കരയുടെ കണ്ണിലുണ്ണിയാണെന്നും ബാവാ ഓർത്തില്ല. തന്റെ മുടക്ക് ജനം അംഗീകരിക്കുമെന്നും വെളിയനാട്ട് അസോസ്യേഷൻ നിർവിഘ്നം നടക്കുമെന്നും അദ്ദേഹം വ്യാമോഹിച്ചു. പ്രമുഖ യോഗാംഗങ്ങളെല്ലാം അസോസ്യേഷനെ ബഹിഷ്ക്കരിച്ചു എന്ന് കണ്ടപ്പോൾ ബാവാ നിരാശനായി എങ്കിലും താൻ പ്രഖ്യാപിച്ച മെത്രാൻ വാഴ്ച സംബന്ധിച്ച തീരുമാനത്തിൽ നിന്നും പുലിക്കോട്ടിൽ മെത്രാച്ചനെ മുടക്കിയതിൽ നിന്നും പിൻവാങ്ങിയില്ല. 18-ാം തീയതി ശേഷമുള്ളവർ തീരുമാനിച്ച വിഷയത്തിൽ ബാവാ കല്പന നൽകുകയോ അയയ്ക്കുകയോ ചെയ്തില്ല. തീരുമാനത്തിന്റെ അപക്വതയും അപ്രായോഗികതയും വ്യർത്ഥതയും അദ്ദേഹം തിരിച്ചറിഞ്ഞിട്ടുണ്ടാവാം.

വെളിയനാട്ട് വെച്ചുണ്ടായ സ്തംഭനം തീർപ്പാൻ മകരം 19-ാം തീയതി കുര്യൻ റൈട്ടർ ബാവായെ കണ്ടു. അതിനുശേഷം അദ്ദേഹം പരുമല ചെന്ന് പുലിക്കോട്ടിൽ മെത്രാച്ചനെ കൊണ്ടുവന്നു. ബാവായ്ക്ക് മെത്രാച്ചനോടു തോന്നിയ നീരസം തൽക്കാലത്തേയ്ക്കെങ്കിലും നീങ്ങിയതായി തോന്നി. കോട്ടയം സമ്മേളനം നടന്നില്ല എന്ന് പറയേണ്ടതില്ലല്ലോ. മകരം 29-ാം തീയതി കമ്മറ്റിക്കാർ കൊച്ചിയിൽ കൂടണമെന്നും അന്ന് എല്ലാവരെയും കണ്ട് യാത്ര പറഞ്ഞ് കപ്പൽ കയറണമെന്നും ബാവാ നിർദ്ദേശിച്ചതനുസരിച്ച് പരുമലമെത്രാച്ചൻ കല്പന പുറപ്പെടുവിച്ചു. കാര്യങ്ങളുടെ തീരുമാനം ഒന്നും വരാതെ എഴുന്നള്ളുന്നത് സങ്കടമെന്നും ഉടനെ സിവിൽ വ്യവഹാരത്തിന് രൂപാ തൽക്കാലം കടം വാങ്ങിച്ച് എങ്കിലും തുടങ്ങിക്കൊള്ളാമെന്നും വ്യവഹാരത്തിന് റസിഡണ്ടാപ്പീസിൽ നിന്നും ചില കച്ചീട്ട് മുതലായ റിക്കാർഡുകൾ വാങ്ങിക്കൊണ്ടു വരാനുള്ളത് ഉടനെ വാങ്ങിച്ചുകൊണ്ടുവരാമെന്നും മറ്റും കുരിയൻ റൈട്ടർ, ഐപ്പൂരു മുതലായ സകല പ്രധാനികളും കൂടി പറഞ്ഞു വിശുദ്ധ പിതാവിന്റെ തിരുമുമ്പാകെ സങ്കടം എഴുതി വയ്ക്കുകയും ചെയ്തതിനെ പിതാവ് സമ്മതിച്ച് യാത്ര മുടക്കുകയും ചെയ്തു (പു. 627).

കുംഭം 6-നു കൊത്തിനെ ഞായറാഴ്ച ബാവാ കൊച്ചീക്കോട്ടപള്ളി പത്രോസ് ശ്ലീഹായുടെ നാമത്തിൽ കൂദാശ ചെയ്ത് സ്ഥിരപ്പെടുത്തി. കൂദാശയിൽ പുലിക്കോട്ടിൽ മെത്രാച്ചനും ശേഷം മെത്രാച്ചന്മാർ എല്ലാവരും പങ്കെടുത്തു.

1052 മീനം 15-നു കുന്നത്തുനാട് രജിസ്റ്റർ ആപ്പീസിൽ വെച്ച് മുറിമറ്റത്തിൽ പൗലൂസ് റമ്പാനും കരോട്ടുവീട്ടിൽ ശെമവൂൻ റമ്പാനും ബാവായ്ക്കു ഉടമ്പടി രജിസ്റ്റർ ചെയ്തു കൊടുത്തു.

അക്കൊല്ലത്തെ ഹാശാ ശുശ്രൂഷകൾ ബാവാ കുറുപ്പംപടി പള്ളിയിൽ നടത്തി. ഉയിർപ്പിന്റെ കുർബ്ബാന കഴിഞ്ഞു വിശുദ്ധ പിതാവ് മുറിയിൽ വന്നിരുന്നതിന്റെ ശേഷം കൈക്കാരന്മാരെ വരുത്തി. 100 രൂപാ പള്ളിയിൽ നിന്ന് ഇപ്പോൾതന്നെ തരണമെന്ന് കല്പിച്ചു. പള്ളിയിൽ തല്ക്കാലം ഇത്രയും രൂപാ മുഴുവൻ ഇരിപ്പില്ലാത്തതിനാൽ 50 രൂപാ അവർ കൊണ്ടുവന്ന് തിരുമുമ്പാകെ കൊടുത്തു. ഉടനെ റമ്പാച്ചനും പൗലൂസ് റമ്പാച്ചനും യൗസേപ്പ് ശെമ്മാശനും തളിച്ചിറെ ശെമ്മാശനും 5 രൂപാ വീതവും പിതാവിന്റെയും മെത്രാന്മാരുടെയും റമ്പാന്മാരുടെയും വാലിഭക്കാർക്ക് 2 രൂപാ വീതവും സമ്മാനമായി കൊടുത്തു. ഏകദേശം മേൽപ്പറഞ്ഞ വകയ്ക്കു 53 രൂപാവരെ ചെലവായപ്രകാരം തോന്നുന്നു (പു. 653). അവിടെ വച്ച് കോതമംഗലം ചെറിയപള്ളിയിൽ കൂടുന്നവർ 500 രൂപായും 100 രൂപാ തൂക്കംവരുന്ന 2 മെഴുകുതിരിക്കാലുകളും 100 രൂപാ വരെ ഉള്ളതായ ഒരു ധൂപക്കുറ്റിയും കൊണ്ടുവന്ന് വച്ചു കൈ മുത്തി. പിതാവ് അവരെ അനുഗ്രഹിച്ചു (പു. 653).

പാത്രിയർക്കീസ് ബാവായെ പ്രസാദിപ്പിക്കുവാനുള്ള ശരിയായ ഉപായം മലങ്കരസഭ അപ്പോഴേക്കും പഠിച്ചു കഴിഞ്ഞു. ബാവാ തുടർന്ന് കല്പിച്ചു. നിങ്ങളുടെ പള്ളിയിൽ മദ്ബഹായുടെ ഉള്ളിൽ മാർ ബസ്സേലിയോസ്സിന്റെ കബറിടം ഉണ്ടെന്ന് കേട്ടു. ആയത് മദ്ബഹായിൽ വച്ചിരിക്കുന്നത് ശരിയല്ലെന്നും ആയത് അവിടെ നിന്നും എടുത്തുകളഞ്ഞു മദ്ബഹാ നിരപ്പും വെടിപ്പുമായിത്തീർക്കണമെന്നും മറ്റും കല്പിച്ചതിനാൽ അപ്രകാരം ചെയ്യുന്നതിന് വിരോധമില്ലെന്നും മറ്റും പിതാവിന് കോപം വരാതെ ഇരിപ്പാൻ തക്ക വിധത്തിൽ അവർ തിരുമനസ്സറിയിച്ചു.

വടക്കൻപറവൂർ പള്ളിയിലെ അബ്ദുൾ ജലീൽ ഗ്രീഗോറിയോസിന്റെ കബറിടം മദ്ബഹായിലുണ്ടായിരുന്നത് പൊളിച്ചുകളഞ്ഞ ബാവാ തങ്ങളുടെ പള്ളിയിൽ വന്നാൽ അതുതന്നെ ആവർത്തിച്ചേക്കുമെന്ന് ഭയന്ന് അവർ പിന്നീട് ബാവായെ കോതമംഗലത്തേക്കു ക്ഷണിച്ചില്ല. അങ്ങനെ കുറുപ്പംപടിയിലെത്തിയ ബാവാ രണ്ട് ആഴ്ചയോളം അവിടെ താമസിച്ചിട്ടും മാർ ബസ്സേലിയോസ് മപ്രിയാനയുടെ കബറിടം സ്ഥിതി ചെയ്യുന്ന തൊട്ടടുത്ത കോതമംഗലം പള്ളി സന്ദർശിച്ചില്ല. തുടർന്ന് യൂലിയോസിന് തുമ്പമൺ, ഗ്രീഗോറിയോസിന് നിരണം, അത്താനാസ്യോസിന് കോട്ടയം, കൂറിലോസിന് അങ്കമാലി എന്നീ മെത്രാസനങ്ങൾ നൽകുന്ന സുസ്താത്തിക്കോൻ നൽകി. അതിൽ റവന്യൂ ഉദ്യോഗസ്ഥൻ പിസ്ക്കൊന്തു സായ്പിനെ കൊണ്ട് ഒപ്പിടുവിക്കാനും സർക്കാർ മുദ്ര പതിപ്പിക്കാനും

പാത്രിയർക്കീസ് മറന്നില്ല. 25-നു തിങ്കളാഴ്ച ബാവാ കുന്നംകുളത്തേക്കു പുറപ്പെട്ടു. പുതുതായി വാഴിക്കപ്പെട്ട 4 മെത്രാന്മാരും വാഴിക്കാനുള്ള രണ്ടു റമ്പാന്മാരും കൂടെ ഉണ്ടായിരുന്നു. 26-നു വൈകിട്ട് ചാവക്കാട്ടെത്തി. പിറ്റേ ദിവസം കാലത്ത് ആർത്താറ്റ് എത്തി ഇടവമാസം 7-ാം തീയതി വരെ ചിറളയം പള്ളിയിൽ താമസിച്ചു. ഗ്രന്ഥവരി ഉദ്ധരിക്കട്ടെ: അഞ്ഞൂർ പള്ളിയിൽ മെത്രാനെന്ന് നാമവും പറഞ്ഞിരിക്കുന്ന ആലത്തൂക്കാരനും തിരുമുമ്പാകെ വന്ന് കണ്ട് വാഴ്വ് കൈക്കൊള്ളണമെന്ന് ആഗ്രഹമുണ്ട് എന്നും മേലാൽ കല്പന അയാൾ കേട്ടു നടക്കുമെന്നും മാത്തു മുതൽ പേർ തിരുമനസ്സറിയിച്ചു. എന്റെ പക്കൽ വരുന്നതിന് വിരോധമില്ലെന്നും കല്പന കേട്ട് അനുസരിച്ച് നടന്നുകൊള്ളാമെന്ന് രജിസ്റ്റർ ചെയ്തു തരണമെന്നും മറ്റും കല്പിച്ചാറെ തിരുമുമ്പാകെ വന്നു കണ്ട ശേഷം മേൽപ്രകാരമൊക്കെയും ചെയ്യുന്നതാകുന്നുവെന്ന് തിരുമനസ്സറിയിച്ചു. അതുപ്രകാരം വിശുദ്ധ പിതാവ് സമ്മതിച്ചു. ഉടനെ ആ വിവരങ്ങൾ അഞ്ഞൂക്കാരനെ അറിയിക്കയാൽ അയാൾ വിശുദ്ധ പിതാവിനെ കാൺമാനായി മേടം 30-ാം തീയതി ശനിയാഴ്ച ഏകദേശം 6 നാഴിക രാത്രി ആയ സമയം ചിറളയത്തുപള്ളിയിൽ വന്നു. അയാൾ വരുന്ന ഘോഷശബ്ദം കേട്ട് എന്താകുന്നു എന്ന് കല്പിച്ച് ചോദിച്ചാറെ അഞ്ഞൂർക്കാരൻ വരുന്നതാകുന്നു എന്നും മറ്റും തിരുമനസ്സറിയിച്ചു. അവൻ മനസ്താപം കൂടാതെ യുദ്ധത്തിന് ആയി വരുന്നപ്രകാരം തോന്നുന്നതു തന്നയല്ലാ അസമയമായി രാത്രിയിൽ വന്നതിനാൽ ഇപ്പോൾ കാണുന്നതിന് സമയമില്ലെന്നും നാളെ കാലത്തു ആയിക്കൊള്ളാമെന്നും മറ്റും കല്പിച്ച് പിതാവ് കതകടച്ച് കിടന്നു. മെത്രാന്റെ ചമയത്തിൽ വന്നു എന്നു തന്നെയല്ലാ മേനാവ് കയറി ദീവെട്ടി മുതലായ ആഘോഷത്തോടുകൂടി അത്രെ അയാൾ വന്നത്. ഇതിന്റെ ശേഷം മെത്രാന്മാരോട് കൂടി സൊരുമിച്ച് മുറിത്തട്ടുമാളികയിൽ വന്നിരുന്ന് അത്താഴമേശയും കഴിഞ്ഞ് കല്പന അനുസരിച്ച് നടന്നുകൊള്ളാമെന്നും മറ്റും സമ്മതിച്ച് പറഞ്ഞു എങ്കിലും പിറ്റേദിവസം ഞായറാഴ്ച ആകയാൽ എന്റെ സ്ഥാനമുറ അല്ലാതെ ഇരിക്കുന്നതിന് സങ്കടമെന്നും മറ്റും പറഞ്ഞു എങ്കിലും താഴെ മുറിയിൽ ചെന്ന് താമസിച്ചു. ഉടനെ ആ ഭാഗക്കാരും പനക്കൽ മാത്തു മുതൽപേരുമായി ആലോചിച്ച് തൽക്കാലത്തെ അപമാനത്തെ ഓർത്ത് ആ രാത്രി തന്നെ അഞ്ഞൂരേക്കു തിരികെപ്പോയി. പിറ്റെ ദിവസം ബാവാ എഴുന്നേറ്റപ്പോൾ പോയവിവരം അറിഞ്ഞാറെ, അവൻ പൂർണ്ണ മനസ്താപത്തോടെ വന്നതല്ലെന്നും സാത്താൻ ആദത്തെ തട്ടിച്ചതുപോലെ നമ്മെ തട്ടിപ്പാനായി വന്നതാകുന്നുവെന്നും ഇനി രജിസ്റ്റർ ചെയ്തല്ലാതെ നമ്മുടെ മുമ്പാകെ വരുന്നതിന് മനസ്സില്ലെന്നും കല്പിച്ചു.

ഇടവം 1-ാം തീയതി ഞായറാഴ്ച ഏകദേശം പത്തു നാഴിക പുലർന്ന സമയം, ബാവായുടെ നിർദ്ദേശപ്രകാരം പുലിക്കോട്ടിൽ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തെക്കു നിന്ന് വന്നു. ഇതുവരെ തിരുമുമ്പാകെ വരാതെ

ഇരുന്നതിനെക്കുറിച്ചും മറ്റും ഇനി മേലിൽ നിന്നെ കാണുന്നതിന് എനിക്കു മനസ്സില്ലെന്നും മറ്റും അതികോപമായി കല്പിച്ചു എങ്കിലും ശേഷം മെത്രാന്മാരു രജിസ്റ്റർ ചെയ്തതുപോലെ രജിസ്റ്റർ ചെയ്യണമെന്നും അപ്രകാരം ചെയ്തു തരുന്നപക്ഷം ഇനി കണ്ടനാട്, കൊല്ലം, കൊച്ചി ഇങ്ങനെ മൂന്ന് ഇടവക ഉണ്ടെന്നും ഇതിൽ ഏതെങ്കിലും അദ്ദേഹത്തിന് ഉറപ്പിച്ചുകൊടുക്കാമെന്നും ആയത് അല്ലാത്തപക്ഷം ഇടവകയും മറ്റും കൊടുക്കുന്നതല്ലെന്നും മറ്റും ഉറപ്പായി കല്പിച്ചു. ... തല്ക്കാലം കല്പനപ്രകാരം രജിസ്റ്റർ ചെയ്യാൻ സമ്മതിച്ചില്ല. ഒന്നുരണ്ടു ദിവസം അവിടെ താമസിച്ചാറെ പിതാവിന് നല്ല ഇഷ്ടവും സന്തോഷവും ഇല്ലാഞ്ഞതിനാൽ അവിടെ നിന്നും കുന്നംകുളങ്ങര പള്ളിയിൽ പോയി താമസിച്ചു.

രജിസ്റ്റർ ചെയ്തവരായ കോലഞ്ചേരി പള്ളിയിൽ മുറിമറ്റത്തിൽ പൗലൂസ് റമ്പാച്ചനും കണ്ടനാട്ട് പള്ളി ഇടവകയിൽ കരോട്ടുവീട്ടിൽ ശെമവൂൻ റമ്പാനും 1877 ഇടവം 5-ാം തീയതി 40-ാം പെരുന്നാളിന് മെത്രാന്റെ സ്ഥാനം കൊടുത്തു. പൗലൂസ് റമ്പാച്ചന് ഈവാനിയോസ് എന്ന പേരും കണ്ടനാട്ട് മെത്രാസനവും നൽകി. ശെമവൂൻ കോറിക്ക് ദീവന്നാസ്യോസ് എന്ന് പേരും കൊച്ചി മെത്രാസനവും നൽകി. രണ്ടുപേർക്കും മേൽ പ്രകാരം സുസ്താത്തിക്കോൻ കൊടുത്തു. ഇടവം 7-ാം തീയതി ശനിയാഴ്ച ഏകദേശം 10 നാഴിക പുലർന്ന നേരം ചിറളയത്തു പള്ളിയിൽ നിന്നും ചാലിശ്ശേരി പടിഞ്ഞാറെപള്ളിയിൽ എത്തി. 8-ാം തീയതി മാർ ഗ്രീഗോറിയോസ്, പിതാവിന്റെ സാന്നിദ്ധ്യത്തിൽ കുർബ്ബാന ചൊല്ലി ആർത്താറ്റ് ഇടവകയിൽ മൂന്നു പേർക്ക് ശെംശോനൂസോ എന്ന പട്ടവും ... സമറോനൂസോ എന്ന പട്ടവും നൽകി (ബാവായുടെ നിർദ്ദേശപ്രകാരം) ഞായറാഴ്ച ഉച്ചകഴിഞ്ഞ് കുന്നംകുളങ്ങരെ നിന്ന് പുലിക്കോട്ടിൽ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും പനക്കൽ ഐപ്പൂരു മുതൽപേരും വന്നു. ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തോമ്പ്ര പത്രോസിന്റെ വീട്ടിൽ താമസിച്ചതല്ലാതെ പിതാവിന്റെ തിരുമുമ്പാകെ വന്നില്ല. 9-ാം തീയതി തിങ്കളാഴ്ച ഏകദേശം പത്തു നാഴിക വെളുപ്പുള്ളപ്പോൾ വി. പിതാവും ശേഷം മെത്രാന്മാരും രണ്ടുനാലു പട്ടക്കാരും പനക്കൽ ഐപ്പൂരു മുതലായി കുന്നംകുളങ്ങരെ നിന്നും നൂറിൽ അധികം ജനങ്ങളും ആയി പുറപ്പെട്ടു ആറുനാഴിക പുലർന്ന സമയം പട്ടാമ്പി ആപ്പീസിൽ എത്തി. ബോംബെയ്ക്കു പോകുന്നതിനുള്ള കൂലി ഒടുക്കി ടിക്കറ്റ് വാങ്ങിച്ചു. പിതാവിന് ഒന്നാം ക്ലാസും കൂടെയുള്ള സൈപ്പ് ശെമ്മാശന് രണ്ടാം ക്ലാസും കുന്നംകുളങ്ങരെക്കാരൻ പനക്കൽ ഇട്ടി മാത്തുവിന് മൂന്നാം ക്ലാസും ആയിട്ടാണ് ടിക്കറ്റ് വാങ്ങിയത്. സാമാനങ്ങൾ എല്ലാം കൂടി കിടക്ക, തലയിണ തുടങ്ങിയ ഭാണ്ഡങ്ങൾ കൂടാതെ ഒമ്പതു പെട്ടി വരെ ഉണ്ടായിരുന്നു. ...... ഇതിന്റെ ശേഷം 11 1/2 മണിക്ക് ബോംബെയ്ക്കു പോകുന്ന വണ്ടി വന്നു ചേർന്നു. ആയതിൽ സകല സാമാനങ്ങളും കേറ്റുകയും പിതാവ്

കയറുകയും ചെയ്തു. ആ സമയം തമ്മിലുള്ള പിരിച്ചിലിനെക്കുറിച്ചും മറ്റും ഓർത്തുണ്ടായ വിലാപവും ദുഃഖവും മറ്റും എഴുത്തിനാൽ ഒതുങ്ങാത്തതിനാൽ എഴുതുന്നില്ല. വിശുദ്ധ പിതാവ് മെത്രാച്ചന്മാരെയും ജനത്തെയും അനുഗ്രഹിച്ച് ആശീർവ്വദിക്കുകയും ചെയ്തിട്ടാണ് വണ്ടിയിൽ കയറിയത്. പിന്നെയും മെത്രാന്മാർ എല്ലാവരും വണ്ടിയിൽ പ്രവേശിച്ച് തൃക്കരം ചുംബനം ചെയ്ത് അനുഗ്രഹം കൈക്കൊള്ളുകയും ചെയ്തു. ഏകദേശം 12 മണി ആയ സമയം വണ്ടി നീക്കി പോകയും ചെയ്തു. ആ സമയത്തും വിശുദ്ധ പിതാവ് അരൂപിക്കടുത്ത തന്റെ മക്കളും തന്റെ ആട്ടിൻകൂട്ടവുമായ ജനത്തെ വണ്ടിയിൽ ഇരുന്നുകൊണ്ട് വണ്ടി ഓടുന്ന സമയം തന്റെ തൃക്കൈ നീട്ടി അനുഗ്രഹിക്കുകയും ആശീർവദിക്കുകയും കൂടെ ഉണ്ടായി.

പുലിക്കോട്ടിൽ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ പിതാവ് അറിയാതെ വണ്ടി കയറി ബോംബെയ്ക്കു പോയി.

ബാവാ ഇടവം 6–ാം തീയതി വെള്ളിയാഴ്ച ചിറളയത്തു പള്ളിയിൽ വെച്ച് 6 മെത്രാന്മാരെയും വിളിച്ച് നിങ്ങളെല്ലാവരും തമ്മിൽ തമ്മിൽ സ്നേഹത്തോടും ഉപവിയോടും കൂടി നടക്കണമെന്നും ഒരുത്തൻ മറ്റൊരുത്തന്റെ ഇടവകയിൽ കയറി യാതൊരു അധികാരവും പ്രവർത്തിച്ചു പോകരുതെന്നും മജിലിസായി നാം നിശ്ചയിച്ചിരിക്കുന്നത് നീക്കം ചെയ്തിരിക്കക്കൊണ്ട് ഇനിമേലാൽ അതുപ്രകാരം കൂടുകയും കൂട്ടുകയും നടക്കുകയും നടത്തിക്കുകയും ചെയ്തുപോകരുതെന്നും മറ്റും നടക്കേണ്ടുന്ന കാര്യങ്ങൾക്കു ഏറിയ ഗുണദോഷങ്ങൾ ബുദ്ധിയോടും കൂടി കല്പിച്ചത് കൂടാതെ നിങ്ങൾക്ക് ഏതെങ്കിലും ചോദിച്ചറിവാനുണ്ടെങ്കിൽ ചോദിക്കണമെന്നും മറ്റും കല്പിക്കുകയാൽ ഓരോരുത്തരും അവരവരുടെ ഇടവകയിൽ പിതാവ് മുടക്കിയിരിക്കുന്നവരുടെ കാര്യങ്ങൾക്കൊണ്ടും മറ്റും വിവരമായി ചോദിച്ചാറെ മുടക്കുകൾ പൂർണ്ണ മനസ്താപത്തോടുകൂടി തിരിഞ്ഞു എന്ന് നിങ്ങൾക്ക് ബോധം വരുന്നപക്ഷം യുക്തംപോലെ ചെയ്തുകൊള്ളണമെന്നും ശേഷം കാര്യാദികളും നിങ്ങളുടെ യുക്തം പോലെ കാനോനുകൾക്ക് തെറ്റുകൂടാതെ നടത്തിക്കൊള്ളണമെന്നും കൽപിച്ചു. ഇപ്രകാരം തന്നെ പട്ടാമ്പിയിൽ വെച്ച് വണ്ടി കയറുന്നതിന് മുന്നവും ഇതുപോലെ ഉള്ള ഗുണദോഷ വർത്തമാനങ്ങൾ പലതും പറഞ്ഞു തന്ന് അനുഗ്രഹിച്ചത് കൂടാതെ പുലിക്കോട്ടിൽ ദീവന്നാസ്യോസും ഗ്രീഗോറിയോസ് അബ്ദുള്ളായും നമ്മുടെ കല്പനയ്ക്കു വിരോധികളാകയാൽ അവരോടുകൂടെ നിങ്ങൾ യാതൊരു സംബന്ധവും ചെയ്തുപോകരുതെന്നും അബ്ദുള്ളായെ കണ്ടനാട്ടുനിന്നും ഉടനെ ഇറക്കി അയച്ചുകൊള്ളണമെന്നും അവൻ വേറെ പള്ളികളിൽ സഞ്ചരിച്ച് പണം ശേഖരിക്കുന്നതിന് നിങ്ങൾ സമ്മതിക്കരുതെന്നും മറ്റും

കല്പിച്ചു. ഇതിനിടയിൽ ചിറളയത്തു പള്ളിയിൽ വെച്ച് ഇളയബാവായുടെ പേർക്ക് (മാർ അബ്ദുള്ളാ) കല്പനപ്പടി ഉടനെ പരദേശത്തിന് പോകണമെന്നും ഈ മലയാളത്തിൽ താമസിച്ചു പോകരുതെന്നും മറ്റും എഴുതി അയച്ചിട്ടുണ്ടായിരുന്നു.

വി. പിതാവിന്റെ എഴുന്നെള്ളത്തിന്റെ ശേഷം നമ്മുടെ കർത്താവിന്റെ കരേറ്റം കഴിഞ്ഞതിൽ പിന്നെ ശ്ലീഹന്മാർ ദുഃഖത്തോടെ മലയിൽ നിന്നു പുറപ്പെട്ടു ഊർശ്ലേമ്മിൽ വന്ന് താമസിച്ചപ്രകാരം മെത്രാച്ചന്മാർ എല്ലാവരും പൊതുസ്ഥലമായ വെട്ടിക്കൽ ദയറായിൽ വന്ന് മിഥുനം 29-ാം തീയതി പത്രോസ് - പൗലോസിന്റെ പെരുന്നാൾ വരെ ഉപവസിച്ചു പാർക്കണമെന്ന് നിശ്ചയിച്ചു. അപ്പോൾ തന്നെ പട്ടാമ്പിയിൽ നിന്ന് പുറപ്പെട്ട് ഏകദേശം 4 നാഴിക രാത്രി ചെന്ന സമയം കുന്നംകുളങ്ങരെ പള്ളിയിൽ എത്തി. ഭക്ഷണം കഴിഞ്ഞ ഉടനെ അവിടെനിന്നും പുറപ്പെട്ട് 10-ാം തീയതി ചൊവ്വാഴ്ച ഉഷെപ്പിന് ചാവക്കാട്ട് എത്തി. പിറ്റേദിവസം അവിടെ നിന്ന് പുറപ്പെട്ട് 11-ാം തീയതി ബുധനാഴ്ച കൊച്ചീക്കോട്ടയിൽ എത്തി. ഐപ്പൂരുവിന്റെ ബംഗ്ലാവിൽ 17-ാം തീയതി ചൊവ്വാഴ്ച വരെ താമസിച്ചു.

ബാവായുടെ സുഖവിവരം അറിവാൻ ഇടവം 14-ന് കമ്പി അയയ്ക്കയും ബോംബെയിലെത്തിയ വിവരവും (12-ന് എത്തി) 16-ാം തീയതി തിങ്കളാഴ്ച കപ്പൽ കയറുമെന്ന വിവരവും മറുപടിക്കമ്പിയിൽ നിന്ന് അറിയുകയും ചെയ്തു. 17-ന് ഉച്ചകഴിഞ്ഞ് കൊച്ചിയിൽ നിന്ന് പുറപ്പെട്ടു പാതിരാത്രിക്കു മുമ്പായി കണ്ടനാട്ടെത്തി. അബ്ദുള്ളായെക്കണ്ട് ബാവായുടെ യാത്രയെപ്പറ്റിയും എത്രയും വേഗം ഊർശ്ലേമ്മിലെത്തിക്കൊള്ളണമെന്ന കൽപനയെപ്പറ്റിയും അദ്ദേഹത്തെ അറിയിച്ചു. ആ രാത്രിയിൽ തന്നെ മെത്രാന്മാർ 6 പേരും വെട്ടിക്കൽ എത്തി. 40 ദിവസത്തെ ഉപവാസം ആരംഭിച്ചു. അവരുടെ മുമ്പിൽ ഏതാനും ചോദ്യങ്ങൾ മറുപടിക്കായി അവശേഷിച്ചിരുന്നു.

1. സിവിൽ വ്യവഹാരം ആര്, എങ്ങനെ നടത്തും?

2. പിതാവ് പിരിച്ചുവിട്ട അസോസ്യേഷനും മാനേജിംഗ് കമ്മറ്റിയും പുനർജീവിപ്പിക്കാതെ വ്യവഹാരത്തിനുള്ള ശക്തി സംഭരിക്കുന്നതെങ്ങനെ?

3. അവ വിളിച്ചുകൂട്ടി പിതാവിന്റെ കല്പന ധിക്കരിക്കുന്നതെങ്ങനെ?

4. മലങ്കര മെത്രാനായിരുന്ന തങ്ങളുടെ ഗുരുവിനോട് എങ്ങനെ പെരുമാറണം?

5. പാത്രിയർക്കീസ് മുടക്കിയ ആളുമായി സംബന്ധം പുലർത്തണമോ?

6. സംബന്ധം പുലർത്തിയാൽ ബാവാ തങ്ങളെയും മുടക്കിയാലോ?


7. സ്വതന്ത്രമായി ലഭിച്ച മെത്രാസനങ്ങളെ കോ-ഓർഡിനേറ്റ് ചെയ്യാനുള്ള സംവിധാനം എന്താണ്?

8. പാത്രിയർക്കീസ് സന്ദർശിച്ച വകയിലും സിവിൽ വ്യവഹാരം വകയിലും പതിനയ്യായിരത്തിലധികം വരുന്ന തുക ആവശ്യമുള്ളത് എങ്ങനെ സംഘടിപ്പിക്കും?

ഈ ചോദ്യങ്ങൾ പട്ടാമ്പിയിൽ വച്ചു തന്നെ ചർച്ചാവിഷയമായിരുന്നു. മെത്രാച്ചന്മാർ പല അഭിപ്രായക്കാരായിരുന്നു. ഒടുവിൽ പരുമല മെത്രാച്ചൻ തീർപ്പു കല്പിച്ചു. നമുക്ക് വെട്ടിക്കലിൽ 40 ദിവസം ഉപവസിച്ചു പ്രാർത്ഥിക്കാം. ദൈവംതമ്പുരാൻ തന്നെ ഈ ചോദ്യങ്ങൾക്കു ഏകരൂപമായ മറുപടി നമ്മുടെ ചിന്തയിൽ ഉദിപ്പിക്കട്ടെ. അങ്ങനെയാണ് വെട്ടിക്കൽ ദയറായിലെ ധ്യാനവും ഉപവാസവും തീരുമാനിക്കപ്പെട്ടത്.

1. ഇസ്സഡ്. എം. പാറേട്ട്, *മലങ്കര നസ്രാണികൾ മൂന്നാം വാല്യം*, പു. 226.

2. കണ്ടനാട് ഗ്രന്ഥവരി, പു. 1184.



## അധ്യായം 7

# മാർ ദീവന്നാസ്യോസ് വീണ്ടും അമരക്കാരൻ

രാജകീയ വിളംബരം പിൻവലിക്കപ്പെട്ടതു മുതൽ പുലിക്കോട്ടിൽ മെത്രാച്ചൻ അവഗണിക്കപ്പെട്ടുകൊണ്ടേ ഇരുന്നു. പാത്രിയർക്കീസ് രാജാക്കന്മാരിൽ ഉളവാക്കിയ ആദരവും സ്വാധീനവും മൂലം ആണ് വിളംബരം റദ്ദാക്കപ്പെട്ടത് എന്ന് ചിന്തിച്ചുവശായ ബാവാ പിന്നീട് അതിന് വില ചോദിക്കാനുള്ള ശ്രമങ്ങളാണ് ആവിഷ്ക്കരിച്ചത്. മുളന്തുരുത്തി സുന്നഹദോസിലെ പ്രസംഗവും ബാവായുടെ പള്ളി സന്ദർശനങ്ങളും മെത്രാന്മാരുടെ വാഴ്ചയുമൊക്കെ മലങ്കരമെത്രാനെ ദുർബലപ്പെടുത്തുവാനുള്ള ശ്രമങ്ങളായിരുന്നു. പുലിക്കോട്ടിൽ മെത്രാച്ചനെ മുടക്കുകയും സുറിയാനി ക്രിസ്ത്യാനി അസോസ്യേഷനും മലങ്കര മാനേജിംഗ് കമ്മറ്റിയും പിരിച്ചുവിടുകയും ചെയ്തതോടെ നവീകരണക്കാരോടുള്ള പോരാട്ടത്തിനുള്ള എല്ലാ ശക്തിയും ശിഥിലമാവുകയും മെത്രാന്മാരെ വാഴിച്ചതോടെ മെത്രാന്മാർ തമ്മിലുള്ള കിടമത്സരവും അനൈക്യവും സുനിശ്ചിതമാവുകയും ചെയ്തു. വെട്ടിക്കലിലെ ഉപവാസത്തിലൂടെ പ്രശ്നങ്ങൾക്കു ദൈവം പരിഹാരം വിധിക്കുന്നതാണ് നാം പിന്നീട് കാണുന്നത്. നമുക്ക് വീണ്ടും കണ്ടനാട് ഗ്രന്ഥവരിയിലെ സമകാല പരാമർശം ശ്രദ്ധിക്കാം:

“പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ വിശുദ്ധ പിതാവിനോടുകൂടി ബോംബെയിൽ ചെന്ന് പിതാവിന്റെ യാത്രയുടെ ശേഷം അവിടെനിന്ന് സന്തോഷത്തോടെ തിരിച്ചെത്തി.” ഈ സന്തോഷത്തിന്റെ പിന്നിൽ ഒരു കഥയുണ്ട്. തീവണ്ടി ഓരോ സ്റ്റേഷനിലും നിർത്തുമ്പോഴും മെത്രാച്ചൻ ഇറങ്ങി വന്ന് ബാവായുടെ ക്ഷേമം അന്വേഷിച്ചിരുന്നു. ബോംബെയ്ക്കു മുമ്പുള്ള സ്റ്റേഷനിൽ വണ്ടി നിറുത്തിയപ്പോൾ പതിവുപോലെ പുലിക്കോട്ടിൽ മെത്രാച്ചൻ ബാവായുടെ മുറിയിൽ ചെന്നു. അവിടെ കണ്ട കാഴ്ച മെത്രാച്ചനെ ഭയപ്പെടുത്തി. ബാവാ, കഠാര മുമ്പിലുള്ള സായിപ്പിന്റെ നേരെ നീട്ടിപ്പിടിച്ചിരിക്കുന്നു. സായിപ്പ് ബാവായുടെ നേരെ റിവോൾവർ നീട്ടിപ്പിടിച്ചിരിക്കുന്നു. ഏതോ വിഷയത്തെക്കുറിച്ച് ശണ്ഠ കൂടിയതാണ്. മെത്രാച്ചൻ ഉടനെ ഇടയിൽക്കയറി, സായിപ്പിനോടു പറഞ്ഞു. ഇദ്ദേഹം സുറിയാനി സഭയുടെ പരമാധ്യക്ഷനാണ്. ഇംഗ്ലണ്ടിലെ രാജ്ഞിയുടെ സാക്ഷ്യപത്രവും കൊണ്ട് ഇന്ത്യയിൽ വന്ന അതിഥിയാണ്. സായിപ്പ് തണുത്തു. മെത്രാച്ചൻ ബാവായോടു പറഞ്ഞു: ബ്രിട്ടീഷുകാരുടെ ഭരണത്തിലാണ് ഇന്ത്യ. സായിപ്പന്മാരെ പിണക്കുന്നത് ബുദ്ധിയല്ല. അങ്ങനെ ബാവായും തണുത്തു. ഈ സംഭവത്തെ തുടർന്നാണ്

പത്രോസ് ബാവാ, പുലിക്കോട്ടിൽ മെത്രാച്ചന്റെ മുടക്ക് തീർക്കുകയും കൊല്ലം മെത്രാസനത്തിലേക്കു നിയമനകല്പന കൊടുക്കുകയും ചെയ്തത്. "കുന്നംകുളങ്ങരെ വന്ന് 17-ാം തീയതി കൊച്ചിയിലെത്തി അവിടെനിന്നും വെട്ടിക്കൽ ദയറായിലേക്കു ഞങ്ങൾ എല്ലാവരുടെയും പേർക്കായി, 'വി. പിതാവ് ഇടവം 16-ാം തീയതി തിങ്കളാഴ്ച അലക്സാ ണ്ട്രിയായിലേക്കു ഡീമ്മൻ എന്ന ആവിക്കപ്പൽ വഴി എഴുന്നള്ളി എന്നും കൂടെ ഉണ്ടായിരുന്ന ഇട്ടിമാത്തുവിന്റെ ദീനം നിമിത്തം അവിടെയും എനിക്കു നല്ല സുഖം ഇല്ലാത്തതിനാൽ കുന്നംകുളങ്ങരെയും അല്പം താമസത്തിന് ഇടവന്നു എന്നും നിങ്ങൾ സഹോദരന്മാരെക്കണ്ട് സന്തോ ഷിപ്പാൻ പ്രത്യേകം ആവശ്യമാകയാൽ എനിക്കു നല്ല സുഖം വന്നില്ലെന്ന് വരികിലും നാലു ദിവസത്തിനകം ഞാൻ അവിടെ വരുന്നതാകയാൽ ഞാൻ വരുന്നതുവരെ നിങ്ങളിൽ ആരും അവിടെനിന്ന് പിരിയരുതെന്ന് ആഗ്രഹം. ശേഷം കാഴ്ചയ്ക്കെന്ന് ശരണപ്പെട്ട് ചുരുക്കുന്നു" എന്നിപ്ര കാരം എഴുത്തു കിട്ടി. ഉടനെ ഞങ്ങൾ എല്ലാവർക്കും വളരെ സന്തോഷ മായി. യൂലിയോസ് മെത്രാപ്പോലീത്തായ്ക്ക് പനിയും ഒഴിച്ചിലും ആയി രുന്നതിനാൽ പാമ്പാക്കുടയ്ക്കു പോകണമെന്ന് നിശ്ചയിച്ചിരുന്നു. ഈ എഴുത്ത് വന്നതുകൊണ്ട് തമ്മിൽ കൂടി കണ്ടതിനുമേൽ പാമ്പാക്കുടയ്ക്കു പോകാമെന്ന് നിശ്ചയിച്ചു. ഇപ്രകാരം ഇരിക്കുമ്പോൾ മിഥുനം 22-ാം തീയതി ബുധനാഴ്ച വൈകുന്ന സമയം മുളന്തുരുത്തി പള്ളിയിൽ മെത്രാ പ്പോലീത്താ കൊച്ചിയിൽ നിന്നും എത്തി എന്ന് കേൾക്കയാൽ പിറ്റെ ദിവസം വ്യാഴാഴ്ച കാലത്ത് വെട്ടിക്കൽ നിന്നും മൂന്നുനാലു ശെമ്മാശ ന്മാരെ ഇങ്ങോട്ടുള്ള അദ്ദേഹത്തിന്റെ യാത്രയിൽ എതിരേല്പിനായി പറ ഞ്ഞയച്ചു. അവിടെ അവർ ചെന്ന ഉടനെ അദ്ദേഹം ഇവിടേക്കു യാത്ര പുറപ്പെട്ടു. ഏകദേശം പത്തു നാഴിക പുലർന്നപ്പോൾ ഇവിടെ എത്തി. എല്ലാവരുമായി കണ്ട് ഏറ്റവും സന്തോഷവൃത്താന്തത്തോടു കൂടി അന്നു താമസിച്ചു. പിറ്റേദിവസം കാലത്തു ഞങ്ങൾ മെത്രാന്മാർ എല്ലാവരും മാത്രം ഒരു സ്ഥലത്ത് കൂടി ഇരുന്ന് പിതാവിന്റെ പിന്നാലെ പോയി ബോംബെയിൽ ചെന്ന് അധികസന്തോഷമായി പിരിഞ്ഞിരിക്കുന്നു എന്നും പിതാവ് കൊല്ലം, മാവേലിക്കര മുതലായ സ്ഥലങ്ങൾ ഭരിപ്പാനായി കല്പിച്ച് ആ വകയ്ക്ക് വേണ്ടപ്പെടുന്ന കല്പനകൾ നമുക്ക് തന്നിരി ക്കുന്നു എന്ന് അദ്ദേഹം പറയുകയും ചെയ്തു. ഞങ്ങൾ എല്ലാവരും അവ രവർക്കു തന്നിരിക്കുന്ന സുസ്താത്തിക്കോൻ മുതലായതു കാണിച്ചു കൊടുത്തു. ആയതൊക്കെയും അദ്ദേഹം വായിച്ചു കണ്ടതിന്റെ ശേഷം അദ്ദേഹത്തിന് ലഭിച്ച കല്പന കാണിക്കണമെന്ന് ഞങ്ങൾ പറഞ്ഞപ്പോൾ ആയത് അദ്ദേഹവും കാണിച്ചു. ഇതുകൂടാതെ റീശീസാ പിരിക്കുന്നതിനു മറ്റും പാത്രിയർക്കീസ് ഒരു കല്പന താഴെ പറയുംപ്രകാരം കൊടുത്ത യച്ചിരുന്നു. അരൂപിയ്ക്കടുത്ത നമ്മുടെ മക്കളായ കൊല്ലം ഇടവകയുടെ

ദീവന്നാസ്യോസ് യൗസേപ്പ് മെത്രാപ്പോലീത്തായ്ക്കും തുമ്പമൺ ഇടവകയുടെ യൂലിയോസ് മെത്രാപ്പോലീത്തായ്ക്കും നിരണം ഇടവകയുടെ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായ്ക്കും വാഴ്വ്.

ദീവന്നാസ്യോസ് യൗസേപ്പ് മെത്രാപ്പോലീത്താ ബൊമ്പായി വരെ നമ്മുടെ കൂടെ വന്ന് നല്ല അനുസരണവും മനസ്താപവും കാണിച്ചിരിക്കകൊണ്ട് അവനെ നാം സ്വീകരിച്ച് കൊല്ലം, മാവേലിക്കര മുതലായ സ്ഥലങ്ങൾ ഭരിപ്പാനായി കല്പന കൊടുത്തയച്ചിരിക്കുന്നു. നിങ്ങൾ ഏഴു പേരും തമ്മിൽ തമ്മിൽ സ്നേഹത്തിലും ഉപവിയിലും നടക്കുന്നത് കൂടാതെ ഒരുത്തൻ ഒരുത്തന് മീതെ എന്നും ഒരുത്തൻ താഴെ എന്നും നിഗളത്തിനടുത്തതും സാത്താനടുത്തതുമായ വിചാരത്തിൽ പുറപ്പെടാതെ സഹോദരന്മാരെപ്പോലെ ഇരുന്നു കൊൾക. ... മെത്രാന്മാർ എല്ലാവരും ആണ്ടിൽ 4 തവണ സുന്നഹദോസ് ആയിക്കൂടി വേണ്ടപ്പെട്ട കാര്യങ്ങൾ ആലോചിച്ചു കൊള്ളുകയും ഇപ്പോൾ നിങ്ങൾ മൂന്നുപേരും നിങ്ങളുടെ ഇടവകയിൽ നിന്ന് 750 രൂപ വീതം പിരിച്ച് ആണ്ടുതോറും സിംഹാസനത്തുങ്കൽ എത്തിച്ചുകൊൾകയും വേണം. 1877 ഇടവം 16-ാം തീയതി." ഈ എഴുത്തുകൾ ഞങ്ങളും സുസ്താത്തിക്കോൻ അദ്ദേഹവും വായിച്ചു കണ്ടതിന്റെ ശേഷം കൊല്ലം ഇടവക ഞാൻ ഭരിക്കുന്നതിന് പ്രയാസമെന്നും വിശുദ്ധ പിതാവ് കല്പിച്ചപ്പോൾ അനുസരിക്കാതെ മറുത്തുപറഞ്ഞാൽ കോപത്തിന്നിട വന്നേക്കുമെന്ന് കരുതി ഞാൻ സമ്മതിച്ചതാകുന്നു എന്നും ഇതുവരെ മലയാളത്തിനുടെ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എന്ന് എഴുതി വന്നത് ഇനി മലയാളത്തിൽ കൊല്ലം ഇടവകയുടെ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എന്ന് എഴുതുന്നതു തന്നെയും സങ്കടം. അതിൽ ഒന്നും കൂടാതെ ഒരു സ്ഥലത്ത് സുഖമായി ഇരിക്കണമെന്നാകുന്നു എന്റെ ആഗ്രഹമെന്നും എന്നെക്കൊണ്ട് എന്തെങ്കിലും ആവശ്യം വന്നാൽ യാതൊരു തടസവും പറയാതെ എവിടെ എങ്കിലും പോകയും ബുദ്ധിമുട്ടുകയും ചെയ്യാമെന്നും അതിനാൽ ഈ കാര്യത്തിന് നിങ്ങൾ എല്ലാവരും കൂടി ഒരു ഒഴിവ് ചെയ്തു തരുന്നത് കൂടാതെ പിതാവിന്റെ എഴുന്നള്ളത്തു വകയ്ക്കു 3000 രൂപാ വരെ എനിക്കു കടം ഉള്ളതും ആയതിൽ 1000 രൂപാ വരെ ഓക്കർ സായിപ്പ് അന്യായം വെച്ച് വിധിയായിരിക്കുന്നു എന്നും എന്നെ പിടിപ്പാൻ വാറണ്ടു വയ്ക്കുന്നതിന് അയാൾ അന്വേഷിച്ചു നടക്കുന്നു എന്നും രണ്ടായിരം രൂപായിൽ അധികം കൊടുപ്പാനുള്ളതിന് അന്യായം ചെയ്വാൻ നിശ്ചയിച്ചിരിക്കുന്ന പ്രകാരം കേൾക്കയാലും അത്യന്ത വ്യസനമാകുന്നു എന്നും ഇക്കാര്യങ്ങൾ ഒക്കെയും നിങ്ങൾ എല്ലാവരും നല്ലവണ്ണം അറിഞ്ഞിരിക്കയാലും എന്റെ അവസ്ഥയും നിങ്ങൾക്കു വിവരം ഉള്ളതിനാലും ഇതിൽ അധികം ഒന്നും പറയുവാൻ ഞാൻ അറിയുന്നില്ല എന്നും മറ്റും പറഞ്ഞു. ശേഷം

ഞങ്ങൾ എല്ലാവരും കൂടി ആലോചിച്ച് എടവക ഭരിക്കുന്നതിന് വി. പിതാവ് നിശ്ചയിച്ചിരിക്കയാൽ അക്കാര്യത്തിൽ യാതൊരു വ്യത്യാസവും ചെയ്യാൻ നമുക്കു പാടില്ലെന്നും കടത്തിന് താങ്കൾ തന്നെ എല്ലാ പള്ളികളിലും നടന്ന് പിരിക്കുന്നതിന് ഞങ്ങൾക്ക് വിരോധമില്ലെന്നും ആയതിന് വേണ്ടപ്പെടുന്ന സഹായം ഞങ്ങളും കൂടെ ചെയ്തുതരാമെന്നും ഇതല്ലാതെ രൂപ ഞങ്ങളുടെ കൈയിൽ നിന്ന് തരുന്നതിന് പ്രയാസവും ഞങ്ങൾ പള്ളികളിലേക്കു എഴുതുകയോ നടന്ന് പിരിക്കുകയോ ചെയ്യുന്ന പക്ഷം പിരിയുന്നതിന് ഞെരുക്കമാകുന്നുവെന്ന് അറിയാമല്ലോ. അതിനാൽ മേൽപ്രകാരം ചെയ്യുന്നതു ഞങ്ങൾക്കു പൂർണ്ണസമ്മതമാകുന്നുവെന്ന് പറഞ്ഞാറെ അതുപ്രകാരം സന്തോഷത്തോടെ സമ്മതിക്കുകയും പാത്രിയർക്കീസ് ബാവായുടെ എഴുന്നള്ളത്തു തത്രത്തിൽ ആകയാലും കാര്യാദികൾക്കു യാതൊരു തീർച്ചയും ഇതുവരെ ഉണ്ടാകായ്കയാലും പള്ളിക്കാർ എല്ലാവരെയും സുന്നഹദോസായി വിളിച്ചുകൂട്ടി ആലോചിപ്പാൻ ആവശ്യമാകയാൽ ആയത് വേണമോ, വേണമെങ്കിൽ എന്ന് വേണ്ടൂ എന്ന് നിശ്ചയിക്കേണ്ടതാകുന്നു എന്നും മറ്റും പറയുകയാൽ ആയതിന് മറുപടിയായി പിതാവ് മുളന്തുരുത്തിയിലെ സുന്നഹദോസിൽ വച്ച് ആലോചനക്കാരെ നിയമിച്ച് അവർക്ക് പള്ളികളുടെ നിലംപുരയിടങ്ങൾ മുതലായ സകല വസ്തുക്കൾമേലും ലൗകികകാര്യങ്ങളിൽ മെത്രാന്മാരുടെ മേലും അധികാരമായി കല്പന കൊടുത്തിരിക്കുന്നതും ഇപ്പോൾ ഞങ്ങൾക്ക് തന്നിരിക്കുന്ന സുസ്താത്തിക്കോനിൽ പള്ളിവക സകല മുതലുമേലും അധികാരപ്പെടുത്തിത്തരികയും ആലോചനക്കൂട്ടം നാം അസ്ഥിരപ്പെടുത്തിയിരിക്കകൊണ്ട് ഇനിമേലാൽ അവർക്കു കൊടുത്തിരിക്കുന്ന കല്പനപോലെ നടത്തുകയും നടത്തിക്കയും ചെയ്യരുതെന്ന് ചിറളയം പള്ളിയിൽ വെച്ചും പട്ടാമ്പിയിൽ വെച്ചും കല്പിച്ചിരിക്കകൊണ്ട് ഇപ്പോൾ പള്ളിക്കാരെ കൂട്ടിയാൽ ആലോചനക്കാർ അവരെ ആലോചനയ്ക്കായി നിയമിച്ചിരിക്കുന്നുവെന്നും അതിനാൽ അവർക്ക് കൊടുത്തിരിക്കുന്ന കല്പനപോലെ നടക്കേണ്ടതാകുന്നു എന്നും മറ്റും സമൂഹത്തിൽ തർക്കം വീണാൽ ആയതു സമ്മതിപ്പാൻ നമുക്ക് പാടില്ല. അപ്പോൾ ഇപ്പോഴത്തേതിലും വലിയ കലഹമായി വന്നേക്കാം. അതിനാൽ ഇപ്പോൾ പള്ളിക്കാരെ കൂട്ടുന്നതിനും മറ്റും തൽക്കാലം ആവശ്യമില്ല എന്ന് ഞങ്ങൾക്ക് തോന്നുന്നു. പിന്നെ അവിടുത്തെ മനസ്സുപോലെ ഞങ്ങൾക്കും സമ്മതമാകുന്നുവെന്ന് പറഞ്ഞാറെ ആയത് ശരി ആകുന്നുവെന്നും കല്പനയിലെ താല്പര്യപ്രകാരം നാം എല്ലാവരും എന്ന് കൂടേണ്ടൂ എന്നും എവിടെ വേണ്ടൂ എന്നും മറ്റും പറഞ്ഞാറെ ആലോചിച്ച് കന്നിമാസം 30-ാം തീയതി പരുമല കൂടിക്കൊള്ളാമെന്ന് നിശ്ചയിച്ചു. പരുമല ഇനി നാം കൂടുമ്പോൾ ശേഷം കാര്യങ്ങൾമേലും പള്ളിക്കാരെ കൂട്ടേണ്ട കാര്യത്തിന്മേലും ആലോചിച്ച് ഉറക്കുന്നതിനോടുകൂടി ഇപ്പോൾ നിങ്ങൾ എഴുതി ഉണ്ടാക്കാവുന്ന

ചട്ടം വായിച്ച് കണ്ട് ഉറച്ചുകൊള്ളാമെന്നും മറ്റും പറഞ്ഞു എത്രയും സന്തോഷത്തോടുകൂടി തമ്മിൽ പരിശുദ്ധ ചുംബനം ചെയ്ത് 25-ാം തീയതി ശനിയാഴ്ച ഉച്ച കഴിഞ്ഞു മുളന്തുരുത്തി പള്ളിയിലേക്കു പോകയും അന്നുതന്നെ യൂലിയോസ് മെത്രാപ്പോലീത്തായ്ക്കു സുഖം ഇല്ലാത്തതിനാൽ പാമ്പാക്കുടെക്കു പോകയും ചെയ്തു. ദീവന്നാസ്യോസ് യൊസേപ്പ് മെത്രാപ്പോലീത്താ മുളന്തുരുത്തിയിൽ നിന്ന് 27-ാം തീയതി തിങ്കളാഴ്ച അസ്തമിച്ച് അവിടെ നിന്നും കോട്ടയം, കൊല്ലം മുതലായ സ്ഥലങ്ങളിലേക്കു പോകയും ചെയ്തു.

പാലക്കുന്നത്തു മാത്യൂസ് അത്താനാസ്യോസ് മെത്രാപ്പോലീത്താ മാരാമണ്ണിൽ വച്ച് 1052 കർക്കിടകമാസം 4-ാം തീയതി തിങ്കളാഴ്ച അന്ത രിച്ചു. "പാലക്കുന്നത്ത് ബലയാർ കൊച്ചിയിൽ നിന്ന് തിരുവനന്തപുര ത്തിന് ധനു മാസത്തിൽ പോയി. അവിടെനിന്നും കൊല്ലത്ത് വന്ന് താമസിച്ചിരിക്കുമ്പോൾ അകാരണമായി ഒരു ദിവസം രാത്രിയിൽ കാലിന്റെ അകത്ത് എലി കടിച്ചു എന്ന് തോന്നുകയും ആയതിനു വേണ്ട പ്പെടുന്നതൊക്കെയും ചെയ്താറെ സുഖം വരാതെ കാലിന്റെ പാദകത്തെ പഴുപ്പ് തുടങ്ങുകയും പിന്നീട് മേട മാസം 15-ാം തീയതിയോടു കൂടി മാരാമണ്ണ് അയാളുടെ വീട്ടിൽ കൊണ്ടുവന്നു ഏറിയ ചികിത്സകൾ ചെയ്താറെയും യാതൊരു സുഖവും കാണാതെ കണ്ടതിലും ദീനം കൂടുതലായി വരികയാൽ അനന്തിരവൻ തോമ്മാ ബലയാറും അഞ്ഞൂർ നിന്ന് കൈവാഴ്ചക്കാരൻ ബലയാറും മാരാമണ്ണ് എത്തുകയും ദീനം സുഖമില്ല എന്നു കണ്ടതിനാൽ സുറിയാനിക്കാരുടെ ക്രമപ്രകാരം ഉപ്പ്റൂ ശ്മാ[19]യെന്ന് സാധാരണയായി പറഞ്ഞുവരുന്ന സൈത്തു പൂശൽ മുത ലായതു കഴിക്കുകയും ചെയ്തതിന്റെ ശേഷം കൊല്ലം 1052-ാമാണ്ട് കർക്കിടക മാസം 4-ാം തീയതി തിങ്കളാഴ്ച ഈ മാർഗ്ഗവിരോധിയും അനുസരണക്കേടുകാരനുമായ അത്താനാസ്യോസ് എന്ന് പറഞ്ഞുവന്ന മത്തിയോസ് ബലയാർ ഈ ലോകം വിട്ട് മരണം പ്രാപിക്കുകയും ചെയ്തു. ചൊവ്വാഴ്ച നാൾ സുറിയാനിക്കാരുടെ ക്രമപ്രകാരം മാരാമണ്ണ് പള്ളി മതില്ക്കകത്ത് തന്നെ മേൽപ്പറഞ്ഞ ദ്രോഹിയെ അടക്കം ചെയ്തു. ... ലൗകികകാര്യങ്ങളിലും എഴുത്തുകുത്തുവേലകളിലും മറ്റും ഇത്ര മിടുക്കും സാമർത്ഥ്യവും ഉള്ള ആൾ ഇതുപോലെ ഒരുത്തനും കുറ ഞ്ഞൊരു കാലങ്ങൾക്കിടയിൽ ഒരു ജാതിയിലും ഈ മലയാളത്തിൽ ഉണ്ടായപ്രകാരം ഒരു കേൾവിയും ഇല്ല. ഈ ആൾ മുഖാന്തിരം സുറി യാനിക്കാർക്കു ലൗകികകാര്യങ്ങളിൽ ചില ഗുണങ്ങളും ചെയ്തുതന്നി ട്ടുണ്ട്. കൊച്ചി സംസ്ഥാനത്തെ സുറിയാനിക്കാരുടെ ഊഴിയം മുതലായ വേലകൾ നിറുത്തൽ ചെയ്തതും മറ്റും ഈ ആൾ മുഖാന്തിരമാകുന്നു. ഇംഗ്ലീഷ് മുതലായി മൂന്നുനാലു ഭാഷകളിൽ എത്രയും വിരുതനും

സാമർത്ഥ്യമുള്ളവനും ആയിരുന്നു. കൊച്ചി, തിരുവിതാംകൂർ മുതലായ എല്ലാ സംസ്ഥാനങ്ങളിലും കേൾവിപ്പെട്ടവനും സമ്മതിക്കപ്പെട്ടവനും ആയിരുന്നു. സുറിയാനിക്കാരുടെ കാനോനാകൾക്കും ചട്ടത്തിന്നും വിശ്വാസത്തിന്നും വിരോധമായി തമ്പുരാനെപ്പെറ്റ മാതാവിനോടും പരിശുദ്ധന്മാരോടും പ്രാർത്ഥിക്കേണ്ട എന്നും മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥനയും വേണ്ടാ എന്നും ഇവകൾ കൊണ്ട് യാതൊരു ഉപകാരവും ഗുണവും ഇല്ലെന്നത്രേ ഈ ആളിന്റെ വിശ്വാസവും പ്രവൃത്തിയും. ഇവയോടു ചേരുന്നതായ വിശ്വാസവിപരീതവും ഉണ്ടായിരുന്നുവെങ്കിലും വിശ്വാസത്തിൽ മുഖ്യതയും എല്ലാ ജനത്തിനും അറിയപ്പെട്ടതും ഇതുതന്നെ ആയിരുന്നു. അത് എന്തെന്നാൽ ശുദ്ധിമാന്മാരോടുള്ള പ്രാർത്ഥനയും മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥനയും നീക്കി സുറിയാനിക്കാർക്ക് പല നമസ്കാരപുസ്തകങ്ങളും അച്ചടിച്ചു പ്രസിദ്ധം ചെയ്തു. ഇതുനിമിത്തം സുറിയാനിക്കാരിൽ കോട്ടയം മുതൽ തെക്കുള്ളതിൽ പലരും വടക്കരിൽ ദുർല്ലഭമായിട്ടും ജനങ്ങൾ ഇതിനെ വിശ്വസിച്ചും സമ്മതിച്ചും നടന്നുവരുന്നുണ്ടായിരുന്നു. വി. മോറാൻ പാത്രിയർക്കീസ് ബാവാ വന്ന ശേഷം ഏറിയ ജനം എടക്കാലത്തിൽ മേൽപ്പറഞ്ഞ ബലയാർ മുഖാന്തിരം ഉണ്ടായ വേദവിപരീതം വിട്ടൊഴിഞ്ഞു സത്യസുറിയാനിക്കാരെപ്പോലെ സമ്മതിച്ച് നടന്നുവരുന്നു. തെക്കേ ദിക്കുകളിൽ ചിലർ ഇപ്പോഴും അയാളുടെ വിശ്വാസത്തിനും അയാൾക്കും ചേർന്ന് നടക്കുന്നുണ്ട്. ഇതുകൂടാതെ തനിക്കു അധികാരവും ക്രമവും ഇല്ലാത്തതായി രണ്ടുപേരെ മെത്രാന്മാരുടെ സ്ഥാനത്തിൽ നിയമിച്ചു. ഒരാളിനെ കുന്നംകുളങ്ങരെയ്ക്കു സമീപം തൊഴൂർ എന്നും അഞ്ഞൂർ എന്നും പറഞ്ഞുവരുന്ന പള്ളിയിൽ താമസിച്ച് ഭരിപ്പാനായിട്ടും മറ്റൊരുത്തൻ ഇയാളുടെ ചിറ്റപ്പന്റെ മകൻ തോമ്മാ എന്ന കശ്ശീശായെ ഈ ആളിന്റെ കാലശേഷം തന്റെ വേദവിപരീതത്തിൽ ജനങ്ങളെ ഭരിപ്പാനായിട്ട് അത്താനാസ്യോസ് എന്നുള്ള തന്റെ പേരും വിളിച്ചത്രെ നിയമിച്ചാക്കിയിരിക്കുന്നത്. ഈ ബലയാർ കാലം ചെയ്തതിന്റെ ശേഷം ഇപ്പോൾ മേൽപ്പറഞ്ഞ വേദവിപരീതികൾ കൊച്ചുബലയാറിനെ അനുസരിച്ചും കൈക്കൊണ്ടും നടന്നുവരുന്നു. സുറിയാനിക്കാരുടെ പൊതു സ്ഥലമാകുന്ന കോട്ടയത്തു സിമ്മനാരിയും കമ്പനിയിൽ ഇട്ടിരുന്ന മൂവായിരം പൂവരാഹനും അതോടൊന്നിച്ചുള്ള ചെപ്പേട് മുതലായതും മറ്റും ഇപ്പോഴും അയാളുടെ കൈവശമാകുന്നു. മേൽപ്പറഞ്ഞ സാമാനങ്ങൾക്കു സിവിൽ വ്യവഹാരം ചെയ്തു വാങ്ങണമെന്ന് ഞങ്ങൾ ആലോചിച്ചും നിരൂപിച്ചും വരുന്നു. ദൈവമായ കർത്താവ് തങ്ങളുടെ ആലോചനയെ നിവൃത്തിയാക്കി തന്റെ ആട്ടിൻകൂട്ടത്തെ സത്യമുള്ള സുറിയാനിക്കാരുടെ ചേലുള്ള വഴിയിൽ നടത്തിച്ചുതരുമാറാകട്ടെ (ഗ്രന്ഥവരി, പു. 675).

പാലക്കുന്നത്തു മാർ അത്താനാസ്യോസ് വലിയ മെത്രാച്ചൻ കറ കളഞ്ഞ ഓർത്തഡോക്സ് വിശ്വാസി എന്ന് എഴുതിവച്ച ഗ്രന്ഥകാരന്മാ

രുണ്ട്. അവ സത്യമെന്ന് ഏറ്റുപാടുന്നു ഓർത്തഡോക്സ് സഭാ പ്രസിദ്ധീകരണ നേതൃത്വം. അദ്ദേഹത്തിന്റെ യുവസുഹൃത്തും സമകാലീനനും ആയ ശെമവൂൻ മാർ ദീവന്നാസ്യോസ് അക്കാലങ്ങളിൽ തന്നെ എഴുതി വച്ച സാക്ഷ്യവും വിലയിരുത്തലും അനേകരുടെ കണ്ണുതുറപ്പിക്കുവാൻ പര്യാപ്തമാകുമെന്നാണ് ഇതെഴുതുന്ന ആൾ വിശ്വസിക്കുന്നത്. പുലിക്കോട്ടിൽ മെത്രാച്ചൻ മലങ്കരമെത്രാൻ സ്ഥാനം പിടിച്ചുവാങ്ങുവാൻ അനാവശ്യ ധൃതി കാണിച്ചതുകൊണ്ട് അപരിഹാര്യമായ ക്ഷതങ്ങൾ സംഭവിച്ചു എന്ന് സഭാചരിത്രത്തെ തെറ്റായി നിരീക്ഷിച്ച എഴുത്തുകാരൻ കണ്ടനാട് ഗ്രന്ഥവരിയുടെ സമകാലസാക്ഷ്യം തിരിച്ചറിയുമോ? പുലിക്കോട്ടിൽ മെത്രാച്ചന്റെ ജീവചരിത്രകാരൻ എം. പി. വർക്കി എഴുതിയിട്ടുള്ള കാര്യങ്ങൾ കണ്ടനാട് ഗ്രന്ഥവരി സ്ഥിരീകരിച്ചിരിക്കുകയാണ്. ഇത്രയും സുവ്യക്തമായ തെളിവുകൾ ലഭ്യമായിട്ടും ഒരു തലമുറയ്ക്കു ശേഷം കേട്ടുകേൾവിയെ മാത്രം ആശ്രയിച്ച് എഴുതിയ കഥകളെ ചരിത്രമെന്നമട്ടിൽ അംഗീകരിക്കുവാൻ ചില ചരിത്രകാരന്മാർ മുതിർന്നിട്ടുള്ളതു ഖേദകരം തന്നെ. ഉറക്കം നടിക്കുന്നവരെ ആർക്കാണ് ഉണർത്തുവാൻ കഴിയുക? കണ്ടനാട് ഗ്രന്ഥവരി കണ്ടെടുക്കപ്പെട്ടതോടെ പുലിക്കോട്ടിൽ മെത്രാച്ചൻ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ നടത്തിയ ഏകാംഗയുദ്ധം അനിവാര്യമായ വിശ്വാസപ്പോരാട്ടം തന്നെയായിരുന്നുവെന്ന് രേഖപ്പെടുത്തിയ ഇ. എം. ഫിലിപ്പും, എം. പി. വർക്കിയും അനാവരണം ചെയ്തിട്ടുള്ളത് സത്യത്തിന്റെ അദ്ധ്യായം തന്നെയെന്ന് അനിഷേധ്യമായി തെളിഞ്ഞിരിക്കുകയാണ്. 1877-ൽ എഴുതിയ ഈ നിരീക്ഷണത്തെ നിഷേധിക്കുന്ന യാതൊരു ചരിത്രരേഖയും നാളിതുവരെ വെളിച്ചം കണ്ടിട്ടില്ല.

പരുമല കൂടാമെന്ന് നേരത്തെ നിശ്ചയിച്ചിരുന്ന യോഗം പ്രായോഗിക കാരണങ്ങളാൽ കൊച്ചിയിൽ വെച്ച് കൂടി. അസുഖമായതിനാൽ കടവിൽ മെത്രാച്ചൻ മാത്രം ഹാജരായില്ല. പനക്കൽ ഐപ്പൂരുവും കുന്നുംപുറത്തു കുരിയൻ റൈട്ടറും ഉണ്ടായിരുന്നു. ആലോചനകൾ പലവിധമായിരുന്നുവെങ്കിലും തമ്മിൽ യോജിച്ച് നിശ്ചയിച്ചതാവിത്: കോട്ടയത്തു സിമ്മനാരിക്കും വട്ടിപ്പണം മുതലായതിന്നും സിവിൽ നമ്പ്ര് ഇട്ടു വ്യവഹാരം ചെയ്യുന്നതിന് കമ്മറ്റിക്കാരുടെ പേർക്കും യൗസേപ്പ് ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ പേർക്കും ശേഷം മെത്രാന്മാർ ആറുപേരും കൂടി ഒരു സമ്മതപത്രം എഴുതിക്കൊടുക്കത്തക്കവണ്ണവും 2-ാമത് ഇപ്പോൾ പൊതുവിൽ സുറിയാനി പഠിത്വത്തിന് ഒരു സ്ഥലം ഇല്ലാത്തതിനാൽ ദൈവകാരുണ്യത്താൽ കോട്ടയത്തു സിമ്മനാരി കൈവശപ്പെടുന്നതുവരെ പുതുപ്പള്ളിപള്ളിയിൽ ഇരുന്ന് കോട്ടയം ഇടവകയുടെ അത്താനാസ്യോസ് മെത്രാപ്പോലീത്തായും തുമ്പമൺ ഇടവകയുടെ യൂലിയോസ് മെത്രാപ്പോലീത്തായും വടക്കുനിന്നും തെക്കുനിന്നും ശെമ്മാശന്മാരെ കൂട്ടി വൃശ്ചികമാസം മുതൽ പഠിപ്പിക്കത്തക്കവണ്ണവും ആ ചിലവ് വകയ്ക്ക് തെക്കെ

ദിക്കുകളിൽനിന്ന് പിടിഅരിയും മറ്റും പിരിച്ച് നടത്തിക്കൊള്ളാമെന്നും ദൈവകാരുണ്യത്താൽ സിമ്മനാരി കൈവശം വന്നാൽ പൊതുസ്ഥലം ആയതും വിശേഷാൽ തെക്കും വടക്കും ഓരോ സിമ്മനാരി കൂടെ ഉണ്ടാക്കിക്കൊള്ളാമെന്നും ശേഷം മെത്രാന്മാർ അവരവരുടെ ഇടവകകളിലേക്കു പോകത്തക്കവണ്ണവും ഇനി മകരമാസത്തിൽ തീയതി നിശ്ചയിച്ച് കൂടി വേണ്ടും കാര്യം ആലോചിച്ചുകൊള്ളാമെന്നും സുറിയാനിക്കാർക്കായി പഠിത്തം വകയ്ക്ക് സർക്കാരിൽ നിന്ന് നിശ്ചയിച്ചിരിക്കുന്ന രൂപായ്ക്ക് യൗസേപ്പ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ഹർജി ബോധിപ്പിച്ച് നടത്തിക്കൊള്ളണമെന്നും നിശ്ചയിച്ച് കന്നി 29-ാം തീയതി വെള്ളിയാഴ്ച പരിശുദ്ധ ചുംബനത്താൽ സന്തോഷത്തോടെ പിരിയുകയും ചെയ്തു (ഗ്രന്ഥവരി, പു. 678).

പാത്രിയർക്കീസ് റദ്ദാക്കിയ മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേയ്ക്ക് യൗസേപ്പ് മാർ ദീവന്നാസ്യോസ് വീണ്ടും പ്രവേശിക്കുന്ന ചിത്രമാണ് ഈ തീർപ്പുകളിൽ. മൂന്നു കാര്യങ്ങളാണ് മെത്രാന്മാർ ഇദ്ദേഹത്തെ ഏൽപ്പിച്ചത്.

1. മലങ്കരസഭ ഒട്ടുക്കു സഞ്ചരിച്ച് പണം ശേഖരിക്കുക.

2. സിവിൽ വ്യവഹാരം നടത്തുക.

3. സർക്കാരിലേക്കു സമുദായത്തെ പ്രതിനിധാനം ചെയ്തു ഹർജി സമർപ്പിച്ച് ഗ്രാന്റു സ്കൂളുകളും മറ്റും സ്ഥാപിക്കുക.

പാത്രിയർക്കീസ് വരച്ച വരയിൽ നിന്ന് മെത്രാന്മാർ യൗസേപ്പ് ദീവന്നാസ്യോസിന്റെ സഫ്രഗന്മാർ എന്ന നിലയിലേക്കു സ്വമനസ്സോടെ ഒതുങ്ങിക്കൂടി എന്നത് ഈ തീരുമാനങ്ങൾ സൂചിപ്പിക്കുന്നുണ്ട്. ഏറെ താമസിയാതെ, പാത്രിയർക്കീസ് റദ്ദാക്കിയ കമ്മറ്റിക്കാരെ അഭിസംബോധന ചെയ്തുകൊണ്ട് അഭിനവ മെത്രാന്മാർ ആറു പേരും 1877 കന്നി 27-ാം തീയതി താഴെ പറയുംപ്രകാരം, വെട്ടിക്കൽ ദയറായിൽ യാക്കോബ് റമ്പാനെയും ചെമ്പിൽപ്പള്ളിയിൽ അമ്പലത്തുങ്കൽ പത്രോസ് കത്തനാരെയും സാക്ഷികളായി ഒപ്പിടുവിച്ചുകൊണ്ട് എഴുതി:

"...... സുറിയാനി അസോസ്യേഷൻ കമ്മറ്റിയിലേക്കു എഴുതുന്നത്: നമ്മുടെ പൊതുസ്ഥലമാകുന്ന കോട്ടയത്ത് സിമ്മനാരിയും അതിൽ ഉൾപ്പെട്ട വസ്തുക്കളും വട്ടിപ്പണം മുതലായതും കൈവശം വരുത്തേണ്ടതിനുവേണ്ടി വരുന്ന സകല വ്യവഹാരങ്ങളും നിങ്ങൾ കമ്മറ്റിക്കാർ ചെയ്തു കൈവശപ്പെടുത്തേണ്ടതിനും നമ്മുടെ വിശുദ്ധ പിതാവായ മോറാൻ മാർ ഇഗ്നാത്യോസ് പാത്രിയർക്കീസ് ബാവായുടെ അനുവാദ പ്രകാരം അതുകൾ കൊണ്ട് പൊതുവിൽ പഠിത്തം, അച്ചടി മുതലായതു

നിങ്ങൾ നടത്തുന്നതിനും ഞങ്ങൾ സമ്മതിച്ച് താഴെ പറയുന്ന സാക്ഷികളുടെ മുമ്പാകെ ഒപ്പിട്ടിരിക്കുന്നു."

മലങ്കരയിലെ കാര്യങ്ങൾ റിപ്പോർട്ട് ചെയ്യുന്ന പതിവ് മെത്രാന്മാർ ക്രമേണ നിർത്തി എങ്കിലും പാത്രിയർക്കീസ് അന്വേഷണം തുടർന്നു. അപ്രകാരം 1877 തുലാം 7-നു കൊച്ചി മെത്രാച്ചന് വന്ന കല്പന ഗ്രന്ഥവരിയിൽ കാണുന്നു (പു. 683). 6 മെത്രാന്മാരും ചേർന്ന് ആ കത്തിന് താഴെ വിവരിക്കുംപ്രകാരം മറുപടി എഴുതി:

"..... ഞങ്ങൾ എല്ലാവരുംകൂടി കൊച്ചിയിൽ കൂടി, വട്ടിപ്പണത്തിന്റെയും സിമ്മനാരിയുടെയും കാര്യത്തെക്കുറിച്ച് ആലോചിച്ചാറെ, എല്ലാവരും കൂടി അന്യായപ്പെട്ട് വ്യവഹാരം നടത്തുന്നത് ശരി അല്ല എന്നും അതിനാൽ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ നടത്തുന്നതും ആയതു കൈവശപ്പെട്ടുവരുന്നപക്ഷം വിശുദ്ധ പിതാവിനെ ബോധിപ്പിച്ച് വരുന്ന കല്പനപ്രകാരം പൊതുവിൽ വേണ്ടപ്പെടുന്ന കാര്യങ്ങൾ നടത്തുന്നത് സമ്മതമെന്നും മറ്റും ഞങ്ങൾ എല്ലാവരുംകൂടി അദ്ദേഹത്തിന് എഴുതിക്കൊടുത്തു. ... തിരുവനന്തപുരത്തേയ്ക്ക് പോയിരിക്കുന്നു. കോട്ടയത്തിന്റെ അത്താനാസ്യോസ് മെത്രാപ്പോലീത്തായും നിരണത്തിന്റെ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും വെട്ടിക്കൽ ദയറായിൽ താമസിച്ച് കല്ലച്ചു മുതലായതുകൊണ്ട് പുസ്തകങ്ങൾ അച്ചടിക്കുന്നതിന് താല്പര്യപ്പെട്ടു വരുന്നു. അങ്കമാലിയുടെ കൂറിലോസ് മെത്രാപ്പോലീത്താ ആലുവയിൽ താമസിച്ച് അവിടെ ഒരു പള്ളിയും സിമ്മനാരിയും മുതലായതും പണിയിക്കുന്നതിന് താല്പര്യപ്പെട്ടു വരുന്നു. ശേഷം പേർ അവരവരുടെ ഇടവകകളിൽ അന്വേഷിച്ചുവരുന്നു. ...... വൃശ്ചികം 15-ാം തീയതി (പു. 686).

ഇതിനിടയിൽ വെട്ടിക്കൽ ദയറായുടെ പ്രതിഷ്ഠ പ്രമാണിച്ച് മെത്രാന്മാർ മിക്കവരും 1878 മകര മാസം ഒന്നാം തീയതി ഒന്നിച്ചുകൂടി. അവരുടെ തീരുമാനപ്രകാരം മലങ്കരയിലെ എല്ലാ പള്ളികൾക്കും യൗസേപ്പ് ദീവന്നാസ്യോസ് മെത്രാച്ചൻ മകരമാസത്തിൽത്തന്നെ ഒരു കല്പന അയച്ചു. അതിന്റെ ആരംഭം ശ്രദ്ധിക്കുക: യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ കമ്മറ്റിയുടെ പ്രസിഡണ്ടായ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും നമ്മുടെ ....... പള്ളിക്കാർക്ക് വാഴ്വ് (പു. 696).

ഈ കല്പനപ്രകാരം പരുമലയിൽ, പ്രസിഡണ്ട് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും തുമ്പമൺ ഇടവകയുടെ മാർ യൂലിയോസ് മെത്രാപ്പോലീത്തായും കോട്ടയം ഇടവകയുടെ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായും കണ്ടനാട് ഇടവകയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും കൊച്ചി ഇടവകയുടെ മാർ ദീവന്നാസ്യോസ്

മെത്രാപ്പോലീത്തായും നിരണം ഇടവകയുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും വടക്കുനിന്ന് കണ്ടനാട്, കുറിഞ്ഞി, മുളന്തുരുത്തി, മാന്തുരുത്തേൽ, കുന്നക്കുരുടി, മുളക്കുളം, തെക്കൻ പറവൂര്, കോട്ടപ്പടി ഇത്രയും പള്ളിക്കാരും തെക്കു നിന്ന് മിക്ക പള്ളിക്കാരും വന്നുകൂടി. അങ്കമാലിയുടെ മാർ കൂറിലോസ് മെത്രാപ്പോലീത്താ വന്നില്ല. ആയതു വാതത്തിന്റെ ദീനംകൊണ്ട് കിഴി മുതലായ ചികിത്സകൾ ചെയ്യുന്നതിനാലത്രേ. അല്ലാതെ സമ്മതക്കേടുകൊണ്ടല്ല. അവിടെ എല്ലാവരും കൂടി നിശ്ചയിച്ച് എഴുതിയതിന്റെ പകർപ്പ്:

അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്റെ അധികാരിയും നമ്മുടെ വിശുദ്ധ പിതാവുമായ മൂന്നാമത്തെ പത്രോസെന്ന മോറാൻ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് 1876 മിഥുനം 15-ാം തീയതി മുളന്തുരുത്തി പള്ളിയിൽ കൂടപ്പെട്ട സുന്നഹദോസിൽ വച്ച് മലങ്കരയുള്ള നമ്മുടെ യാക്കോബായ സുറിയാനി സഭയ്ക്കു ഒരു സമൂഹവും ആയതിന് സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ എന്ന് പേരും അതിൽ 24 മെമ്പ്രന്മാരും ഒരു പ്രസിഡണ്ടും കൂടിയതായ കമ്മറ്റിയും അവരാൽ നടത്തപ്പെടേണ്ടതായ അനേക കാര്യങ്ങളുടെ കൂട്ടത്തിൽ പൊതുമുതൽ കച്ചീട്ടുംപ്രകാരം ഉണ്ടാക്കി വ്യവഹാരം മുതലായത് നടത്തിക്കേണ്ടതിനെ പറ്റി തീർച്ചയാക്കി നിശ്ചയിക്കപ്പെട്ടതല്ലാതെ ഇതുവരെ യാതൊന്നും നടക്കാതെയും നടത്തിക്കാതെയും നമ്മുടെ സഭ പരിതപിക്കേണ്ട സ്ഥിതിയിൽ ആയിരിക്കുന്നതും കമ്മറ്റിക്കാരിൽ ചിലർ സ്ഥാനത്താലും രണ്ടാളു മരണത്താലും രോഗത്താലും വേർപ്പെട്ടും ഇരിക്കുന്നതും വിളംബരത്തിന്റെ കാലം അതിക്രമിച്ച് സ്ഥാനതർക്കം കാലഹരണത്തിൽ ആകുന്നതിനായി കാലം സമീപിച്ചിരിക്കുന്നതും ആകയാൽ അതേക്കുറിച്ച് ചിന്തിക്കുന്നതിനും കാലവിളംബരം കൂടാതെ വ്യവഹാരം തുടങ്ങുന്നതിന് വേണ്ടി ആർക്കും വ്യസനം തോന്നത്തക്കവണ്ണം എല്ലാവർക്കും കല്പന അയച്ചു വരുത്തീട്ടുള്ളതും ആകയാൽ കല്പിക്കുകയും അയച്ച കല്പന വായിക്കുകയും ചെയ്തു. കല്പനയുടെ പകർപ്പും ഹാജരുള്ള പള്ളിക്കാരുടെ പേരുവിവരം പട്ടികയും ഇതോടൊന്നിച്ചു ഫയൽ ചെയ്തു.

സുന്നഹദോസിൽ പ്രസിഡണ്ടായ യൗസേപ്പ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് മുഖ്യാസനപതി ആയിരിപ്പാൻ അപേക്ഷിക്കണമെന്നു യോഗം നിശ്ചയിച്ചു. തിരുമനസ്സുകൊണ്ട് സമ്മതിക്കുകയും യോഗത്തെ അനുഗ്രഹിക്കുകയും ചെയ്തു. പിതാവിന്റെ കല്പനയും ജനങ്ങളുടെ മനസ്സും നിശ്ചയവും ഏകീകരിക്കാതെയും ആരംഭിച്ചതായ കടച്ചീട്ടുകൾ മുഴുവനാകാതെയും പൊതുമുതൽ ഉണ്ടാക്കുന്നതിനുള്ള ശ്രമം ഇല്ലാതെയും തീർന്നതിനാൽ സംഭവിച്ചതിന് വിഘ്ന

മാകയാൽ അതുണ്ടാകുന്നതിന് ഉള്ള ഉത്സാഹം അത് ആവശ്യവും അങ്ങനെയുള്ള കച്ചീട്ടുകൊണ്ട് മുതലുണ്ടാകുന്നതിനുള്ള ശ്രമത്തോടുകൂടി പ്രസിഡണ്ട് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ കൂടാതെ ഉള്ള മെത്രാപ്പോലീത്തന്മാരെയും സ്ഥാനത്താലും മരണത്താലും വേർപെട്ടു പോയ ആളുകൾക്കു പകരമായി വേണ്ടി വരുന്നവരോടുകൂടി നാല്പതു ആളുകളെയും കമ്മറ്റിക്കാരായി നിശ്ചയിക്കുകയും ആ നാല്പത് ആളുകൾ കൂടി അഞ്ഞൂറു രൂപ വരെ ആളാംപ്രതി എടുത്ത് സമൂഹ മുതലാക്കി വ്യവഹാരം മുതലായതു നടത്തുകയും കടച്ചീട്ടുകൊണ്ടോ സമൂഹം വക വേറെ പിരിവുകൾകൊണ്ടോ ആ കടം വീട്ടുകയും ചെയ്താൽ എളുപ്പത്തിൽ കാര്യനടത്തിപ്പിന് സംഗതി വരുന്നതാണെന്ന് നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു. കമ്മറ്റിക്കാരുടെ പേർ ഇവിടെ ചേർക്കയും മുൻ നിശ്ചയിച്ചവർക്കു എ എന്നും ഇപ്പോൾ നിശ്ചയിച്ചവർക്ക് ബി എന്നും അടയാളം ഇടുകയും ചെയ്തു.

പ്രസിഡണ്ട്: യൗസേപ്പ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ.

1. മാർ യൂലിയോസ് മെത്രാപ്പോലീത്താ.
2. മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ.
3. മാർ ഈവാനിയോസ് മെത്രാപ്പോലീത്താ.
4. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ.
5. മാർ കൂറിലോസ് മെത്രാപ്പോലീത്താ.
6. മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ.

**എ.**

മാവേലിക്കര വടക്കേത്തല അലക്സന്ത്രയോസ് കത്തനാർ
നീലംപേരൂർ മാലിത്തറ ഏലിയാസ് കത്തനാർ
തെക്കൻപറവൂർ തോപ്പിൽ ലൂക്കോസ് കത്തനാർ
പുതുപ്പള്ളിൽ എളന്തുരുത്തിൽ പീലിപ്പോസ് കോറി
കോട്ടയത്ത് കുന്നുംപുറത്തു കുരിയൻ റൈട്ടർ
കുന്നംകുളങ്ങര പനക്കൽ പാത്തപ്പൻ ഐപ്പൂരു
കണ്ടനാട്ട് തുകലൻ പൗലോസ്
മുളന്തുരുത്തിൽ ചാലിൽ ചെറിയ
കുമരകത്തു മുറിപ്പുരക്കൽ കുരുവിള മേനോൻ
വെളിനാട്ട് പുത്തൻപുരയ്ക്കൽ തോമ്മാ
പള്ളത്ത് എടത്തുംപടിക്കൽ കുര്യൻ
പുത്തൻകാവിൽ കൊല്ലംപറമ്പിൽ ഈപ്പൻ
പാമ്പാക്കുട കോനാട്ട് ഇട്ടൻപിള്ള
കുറുപ്പംപടിക്കൽ കല്ലറയ്ക്കൽ കുഞ്ഞുവർക്കി
മാമ്മലശ്ശേരിൽ എടയത്ത് ചെറിയ
മുളന്തുരുത്തി ചാത്തുരുത്തി വർക്കി
അങ്കമാലിൽ വയൽപ്പറമ്പിൽ ഇട്ടൂപ്പ്

**ബി.**

നിരണത്ത് പുത്തുപ്പള്ളി ഗീവറുഗ്ഗീസ്
ചാത്തന്നൂർ കോയിപ്പുറത്ത് ചാക്കോ
കൈപ്പട്ടൂർ തേരകത്ത് കൊച്ചുകോശി
ചെങ്ങന്നൂർ കടന്തോട്ടിൽ മാമ്മൻ
കല്ലൂപ്പാറ അടങ്ങപ്പുറത്ത് ഈപ്പൻ പണിക്കർ
നിരണത്ത് എലഞ്ഞിക്കൽ പെരുമാൾ
കാരക്കൽ മൂലമണ്ണിൽ ചെറിയാൻ
റാന്നിയിൽ കല്ലപറമ്പിൽ ചാക്കോ
മേപ്രാൽ പൂതിയോട്ട് പുത്തൻപുരയ്ക്കൽ മാത്തു
കണ്ടനാട് കരവട്ട്വീട്ടിൽ കോരാ
കുമരകത്ത് ഉമ്മാശ്ശേരി ഇട്ടി
കോട്ടയത്ത് എറികാട്ട് മാത്തു
വാകത്താനത്ത് ചെട്ടിപ്പറമ്പിൽ തൊമ്മൻ
കുറിച്ചിയിൽ കല്ലാശ്ശേരിൽ ഉലഹന്നാൻ
കുറിഞ്ഞിയിൽ പാലാൽ ഇട്ടൻ
കല്ലൂപ്പാറ മാരേട്ട് അവ്സേപ്പ്
കല്ലൂപ്പാറ കണ്ടത്തിൽ പോത്ത
കോട്ടയത്ത് തെക്കേത്തലക്കൻ കുര്യൻ വക്കീൽ
അങ്കമാലി ചക്കരയകത്തൂട്ട് തരിയൻ
നിരണം മാന്നാനത്ത് വെങ്ങാഴിയിൽ യോഹന്നാൻ
പുതുപ്പള്ളിൽ പാറയ്ക്കൽ ഈശോ

മേൽപ്പറഞ്ഞ കടംശീട്ട് വകക്ക് കടശ്ശീട്ടുകൊണ്ടോ മറ്റോ പൊതുമുതൽ ഉണ്ടാക്കുന്നതിന് മെത്രാപ്പോലീത്തന്മാർ മുഖ്യചുമതലക്കാരും കമ്മട്ടി മെമ്പർമാർ സഹായികളും ആയിരിക്കേണ്ടതും മെത്രാപ്പോലീത്തന്മാർ പള്ളികൾതോറും വെവ്വേറെയോ ഒന്നിച്ചോ നടന്ന് പൊതുമുതൽ ഉണ്ടാക്കുന്നതിന് ഉത്സാഹിച്ച് ഉണ്ടാക്കി കടം വീട്ടുകയും വേണ്ടതാണെന്ന് നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു.

മുതൽ ഉണ്ടാക്കി വ്യവഹാരം ആരംഭിക്കുന്നതിന് ഇനി ഒട്ടും താമസം പാടില്ലാത്തതിനാൽ ഒരു ചുരുങ്ങിയ അവധിയായ മീനം 15-ാം തീയതി (17) 40 മെമ്പർമാർ കൂടി 150 രൂപാ വീതം 6000 രൂപാ തല്ക്കാലം ശേഖരപ്പെടുത്തി മെത്രാപ്പോലീത്തന്മാരോടോ മെത്രാപ്പോലീത്തായോ കൂടി തിരുവനന്തപുരത്തു ചെന്ന് വ്യവഹാരത്തിനുള്ള മാർഗ്ഗവും തരവും ചിന്തിച്ച് ആരംഭിക്കേണ്ടത് അത്യാവശ്യമെന്ന് പറഞ്ഞതിനെ യോഗം ഉറപ്പിച്ചു.

ശേഖരപ്പെടുത്തുന്ന മുതൽ വാങ്ങി രശീതി കൊടുക്കുന്നതിന് മെമ്പർമാരിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടതായ ഒരു തൽക്കാല മുതൽപിടിയും

കണക്കു മുതലായ എഴുത്തുകൾക്കു ഒരു തല്ക്കാല സെക്രട്ടറിയും വേണ്ടതാകയാൽ മുതൽപിടി വേലയ്ക്കു പുത്തുപ്പള്ളി ഗീവറുഗ്ഗീസിനെയും സെക്രട്ടറിവേലയ്ക്കു കാരിക്കൽ കുരുവിള ഈപ്പനെയും ഏർപ്പെടുത്തുകയും കമ്മിറ്റിക്കാരുടെ അനുമതിയിന്മേൽ പ്രസിഡണ്ടിന്റെ മുദ്രയോടുകൂടി സെക്രട്ടറി എഴുതി ഒപ്പിട്ടു കൊടുക്കുന്ന പ്രമാണം പിടിച്ച് മുതൽപിടി പണം (ചെല) വിടേണ്ടതും ആയി നിശ്ചയിച്ചാൽ കൊള്ളാമെന്ന് ആവശ്യപ്പെട്ടതു യോഗം ഉറപ്പിച്ചു.

കമ്മട്ടി മെമ്പർമാരിൽ പണച്ചുമതലക്കാരായവർ സമയാസമയങ്ങളിൽ ഓഹരിപ്രകാരം മുതൽ എടുക്കാതെയും ആവശ്യപ്പെടുമ്പോൾ അവരോ അധികാരപത്രക്കാരോ ഹാജരാകാതെയും ഉദാസീനത കാണിച്ചാൽ കമ്മട്ടിക്കാരിൽ അധികപക്ഷക്കാരുടെ സമ്മതപ്രകാരം നീക്കി വേറെ ആളുകളെ ഏർപ്പെടുത്തുന്നതിനും കമ്മട്ടിക്കാർക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കണമെന്ന് യോഗം നിശ്ചയിച്ച് ഉറപ്പിച്ചു.

കമ്മട്ടി മെമ്പർമാരിൽ മെത്രാപ്പോലീത്തന്മാർക്ക് കടശ്ശീട്ടിന്റെ ചുമതല വച്ചിട്ടുണ്ടെങ്കിലും ശേഷം മെമ്പർമാരുടെ സ്വാധീനത്തിൽ ഉള്ളവരെക്കൊണ്ട് ആവക കടച്ചീട്ടുകൾ തീർപ്പിക്കുന്നതിന് 20 വീതം ചീട്ടുകളിൽ കുറയാതെ ബ്രോക്ക (ർ) ചീട്ടുകൾ കൊടുത്തേല്പിക്കുന്നത് കൊള്ളാമെന്ന് നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു.

കച്ചീട്ടിന്റെ ചുമതലകൾ സാധാരണയായി മെത്രാപ്പോലീത്തന്മാർ എല്ലാവരുടെമേലും വച്ചിട്ടുള്ളതല്ലാതെ അവർ ആളാംപ്രതി നടത്തുന്ന ഉത്സാഹം കാണ്മാൻ ഇടവരുന്നതല്ലായ്കയാൽ അതിന് പ്രത്യക്ഷപ്പെടുത്തിക്കാണിപ്പാൻ മാസംതോറും ഏർപ്പെടുത്തുന്ന ശീട്ടുകൾക്ക് വിവരം പട്ടികയോടുകൂടെ കമ്മട്ടി മുതൽപിടിയിൽ ഏല്പിക്കേണ്ടതാകുന്നു എന്നും ആവക പട്ടികകൾ കമ്മട്ടി റിക്കാർഡിൽ ഇരിക്കേണ്ടതാകുന്നു എന്നും യോഗം നിശ്ചയിച്ച് ഉറപ്പിച്ചു.

ഈ സുന്നഹദോസിന് ചില പള്ളിക്കാർ കൂടിയിട്ടില്ലാത്തതും ഇപ്പോഴത്തെ നിശ്ചയങ്ങൾ എല്ലാവരും സമ്മതിച്ചപ്രകാരം ലക്ഷ്യങ്ങൾ ഇല്ലാത്തതും ഒരു സമ്മതപത്രം കമ്മട്ടിയിൽ വേണ്ടതും ആകയാൽ അങ്ങനെ ഒരു സമ്മതപത്രം പ്രസിഡണ്ട് അവർകൾ കല്പിച്ച് അച്ചടിച്ച് അയച്ച് ഒപ്പ് ഇടുവിച്ച് വാങ്ങി റിക്കാർഡിൽ ചേർക്കേണ്ടതാണെന്ന് യോഗം നിശ്ചയിച്ച് ഉറപ്പിച്ചു.

കടശ്ശീട്ട് തീർക്കേണ്ടതിന് ചുമതലപ്പെടുത്തിയിരിക്കുന്ന മെത്രാപ്പോലീത്താമാരുടെ പേരുവിവരം ആ വകയ്ക്ക് തിരിച്ചിട്ടുള്ള അതിർത്തികളും കാണിച്ച് കമ്മറ്റിയിൽനിന്നും എല്ലാ പള്ളികൾക്കും ഒരു കല്പന അയയ്ക്കേണ്ടത് ആവശ്യമെന്ന് നിശ്ചയിച്ചതിനെ യോഗം ഉറപ്പിച്ചു.

ഈ നിശ്ചയങ്ങൾ മെത്രാപ്പോലീത്താമാരും മെമ്പർമാരും അന്യോന്യം സമ്മതിച്ചു എന്നും അതുപ്രകാരം നടക്കയും നടത്തിക്കയും ചെയ്യുമെന്നും ഉള്ള സമൂഹത്തിന്റെ സമ്മതത്തിനും ഉറപ്പിനുംവേണ്ടി പ്രസിഡണ്ട് തന്റെ ഒപ്പും മുദ്രയും ഇടുന്നതല്ലാതെ കമ്മട്ടിക്കാരും ഒപ്പുകൾ ഇട്ട് ഉറപ്പിക്കേണ്ടതെന്ന് യോഗം നിശ്ചയിച്ചതിനെ സ്ഥിരപ്പെടുത്തി ഒപ്പുകൾ ഇട്ടിരിക്കുന്നു.

സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ കമ്മറ്റിയുടെ പ്രസിഡണ്ട് മലയാളത്തിനുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ (ഒപ്പ്)

തുമ്പോൻ ഇടവകയുടെ മാർ യൂലിയോസ് മെത്രാപ്പോലീത്താ (ഒപ്പ്)

കോട്ടയം ഇടവകയുടെ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ (ഒപ്പ്)

കണ്ടനാട് ഇടവകയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ (ഒപ്പ്)

കൊച്ചി ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ (ഒപ്പ്)

അങ്കമാലി ഇടവകയുടെ കൂറിലോസ് മെത്രാപ്പോലീത്താ (ഒപ്പ്)

നിരണം ഇടവകയുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ (ഒപ്പ്)

മാവേലിക്കല വടക്കേത്തല അലക്സന്ത്രയോസ് കത്തനാർ (ഒപ്പ്)

ഇപ്രകാരം കമ്മട്ടിക്കാർ എല്ലാവരും അപ്പോൾ ഉണ്ടായിരുന്നവർ എല്ലാവരും പേർ എഴുതി ഒപ്പിട്ട് പിരിഞ്ഞു.ഇതിന്റെ ശേഷം മധ്യസ്ഥലമായ കോട്ടയത്തു സിമ്മനാരി നമുക്ക് കൈവശം ഇല്ലാത്തതിനാലും തെക്കും വടക്കും ഓരോ സിമ്മനാരി വേണ്ടതിനാലും ആയത് എവിടെ വേണ്ടൂ എന്നും പഠിപ്പിക്കേണ്ടത് ആരെന്നും മറ്റും ആലോചിച്ചതിൽ തെക്ക് പരുമല സിമ്മനാരിയിൽ കോട്ടയം മുതലുള്ള ശെമ്മാശന്മാർ മുതലായവരെ വരുത്തി പഠിപ്പിച്ചുകൊള്ളണമെന്നും ആയത് നിരണം ഇടവകയുടെ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ പഠിപ്പിക്കത്തക്കവണ്ണവും സിമ്മനാരി വകക്കും മറ്റുമുള്ള ചിലവുകൾക്ക് കോട്ടയം മുതലുള്ള പള്ളികളിലെ ജനങ്ങളിൽനിന്നും പിടിയരിയും നൂറു തെങ്ങിൽ താഴെയുള്ള പറമ്പുകളിൽനിന്ന് ഒരു തെങ്ങും 200 തെങ്ങിൽ അധികമുള്ള പറമ്പുകളിൽനിന്ന് രണ്ടു തെങ്ങുവീതം എല്ലാ പറമ്പുകളിൽ നിന്നും 100 ഇടങ്ങഴി വിത്തു വിതയ്ക്കുന്നവന് വിതസമയം ഒന്നുക്ക് 1 ഇടങ്ങഴി വിത്ത് വീതവും കൊയ്ത്ത് സമയത്തു 100 ഇടങ്ങഴി പൊലിക്ക് 1 ഇടങ്ങഴി നെല്ല് വീതവും അതിൽ താണവർ യുക്തംപോലെയും മനസ്സ്പോലെയും സിമ്മനാരി വകക്ക് പിരിക്കത്തക്കവണ്ണവും ആയത് പിരിക്കുന്നതിനുള്ള ക്രമവും ചട്ടംകെട്ടും കോട്ടയം ഇടവകയുടെ അത്താനാസ്യോസ് മെത്രാപ്പോലീത്താ ചുമതലക്കാരൻ ആയിരിക്കുന്നതിനും യോഗം നിശ്ചയിച്ച് പിരിവു

നടത്തണമെന്നുള്ളത് പെന്തിക്കൊസ്തിക്കകം അവിടെ എവിടെയെങ്കിലും ഇനിയത്തെ കമ്മട്ടികൂടി നിശ്ചയിച്ചുകൊള്ളാമെന്നും അതുവരെ വെട്ടിക്കൽ തന്നെ ശെമ്മാശന്മാർ മുതലായവരെ കൂട്ടി തുമ്പൊൻ ഇടവകയുടെ മാർ യൂലിയോസ് മെത്രാപ്പോലീത്താ തൽക്കാലത്തേക്ക് പഠിപ്പിക്കത്തെക്കവണ്ണവും നിശ്ചയിച്ച് യോഗം പിരിയുകയും ചെയ്തു (പുറം 701 വരെ).

മുളന്തുരുത്തി സുന്നഹദോസിൽ വെച്ച് രൂപംകൊണ്ട തീരുമാനങ്ങളും കമ്മറ്റിയും എല്ലാം റദ്ദാക്കിപ്പോയ പാത്രിയർക്കീസ് ഛിന്നഭിന്നമായി മത്സരിക്കുന്ന ഒരു മലങ്കരസഭയെയും മത്സരങ്ങളിൽ എപ്പോഴും തീർപ്പു കല്പിക്കാനായി മലങ്കരസഭയിൽ ഇടപെട്ടുകൊണ്ടിരിക്കുന്ന ഒരു അന്ത്യോഖ്യാ സിംഹാസനത്തെയും ആണ് വിഭാവനം ചെയ്തിരുന്നത് എന്ന് വ്യക്തം. അസോസ്യേഷനോ കമ്മറ്റിയോ കൂടാതിരിക്കത്തക്കവണ്ണം പ്രസിഡണ്ടിനെ പുറത്താക്കിയതും മറ്റു മെത്രാന്മാരെ സൂക്ഷ്മമായി ആവർത്തിച്ച് ചട്ടംകെട്ടിയതും ഈ അരാജകത്വം സൃഷ്ടിക്കാനും കലക്കവെള്ളത്തിൽ സ്ഥിരമായി മീൻപിടിക്കുവാനും ആയിട്ടായിരുന്നു. പാത്രിയർക്കീസ് പോയി ഏതാനും ആഴ്ചകളിൽ ആ നിലപാടിനെ പുതിയ മെത്രാന്മാർ അനുകൂലിച്ചു. രജിസ്റ്റർ ഉടമ്പടി കൊടുത്ത മെത്രാന്മാർക്ക് പാത്രിയർക്കീസിന്റെ ഇംഗിതപ്രകാരം പാവകളി നടത്തുവാനല്ലാതെ നിർവാഹമില്ലായിരുന്നു. മലങ്കരയുടെ മാർ ദീവന്നാസ്യോസിനെ കൊല്ലം ഇടവകയുടെ ദീവന്നാസ്യോസ് എന്ന് കല്പന കൊടുത്തപ്പോൾ ഇനി മലങ്കരസഭ സ്വന്തം കാലിൽ നിവർന്ന് നിൽക്കുകയില്ലെന്ന് പാത്രിയർക്കീസ് വ്യാമോഹിച്ചു. പക്ഷേ, മലങ്കരസഭയെക്കുറിച്ചുള്ള ദൈവഹിതം അതല്ലായിരുന്നു. വെട്ടിക്കൽ ദയറായിൽ ഉപവാസമനുഷ്ഠിച്ച അഭിനവ മെത്രാന്മാരുടെ ഉപവാസവും പ്രാർത്ഥനയും, പീഡാനുഭവങ്ങൾക്കു നിരന്തരം വിധേയനായിക്കൊണ്ടിരുന്ന മാർ ദീവന്നാസ്യോസിന്റെ നിലവിളിയും സ്വർഗ്ഗത്തിൽ സ്വീകരിക്കപ്പെട്ടു. 1878 കുംഭം 6-നു പരുമലയിൽ വിളിച്ചു കൂട്ടിയ അസോസ്യേഷൻ താഴെ പറയുന്ന കാര്യങ്ങൾ ചെയ്തു.

1. പാത്രിയർക്കീസ് റദ്ദാക്കിയ കമ്മിറ്റി പുനഃസ്ഥാപിച്ചു.

2. അതിന്റെ പ്രസിഡണ്ടായി യൗസേപ്പ് ദീവന്നാസ്യോസ് മെത്രാച്ചൻ തുടരണമെന്നും അദ്ദേഹം പണ്ടത്തെപ്പോലെ മലയാളത്തിനുടെ മെത്രാപ്പോലീത്താ എന്ന് അറിയപ്പെടണമെന്നും തീരുമാനിച്ചു.

3. വ്യവഹാരം, വിദ്യാലയങ്ങൾ, സെമിനാരികൾ ഇവ നടത്തുന്നതിന് ക്രിയാത്മക പരിപാടികൾ ആവിഷ്ക്കരിച്ചു.

4. പുതിയ മെമ്പർമാരെ ചേർത്തു കമ്മിറ്റി വിപുലമാക്കി.

ഈ തീരുമാനങ്ങൾ പാത്രിയർക്കീസിന്റെ തീരുമാനങ്ങൾക്കു

വിധേയമാണെന്നോ പാത്രിയർക്കീസിന് അയച്ചുകൊടുക്കണമെന്ന് പോലുമോ യോഗത്തിൽ ആരും അഭിപ്രായപ്പെട്ടില്ല. കലക്കക്കാരനും ദ്രവ്യാഗ്രഹിയും ഉഗ്രകോപിയുമായ പാത്രിയർക്കീസിനെയും മുളന്തുരുത്തി സുന്നഹദോസിൽ അദ്ദേഹം പ്രകടമാക്കിയ അധീശമനോഭാവത്തെയും മലങ്കരസഭ ഉപേക്ഷിക്കുവാനും തിരസ്ക്കരിക്കുവാനും തീരുമാനിച്ചു എന്നാണ് ഈ യോഗത്തിന്റെ നിശ്ചയങ്ങൾ ധ്വനിപ്പിക്കുന്നത്. മലയാളത്തിന്റെ മാർ ദീവന്നാസ്യോസ് എപ്പോഴെങ്കിലും കൊല്ലം ഇടവകയുടെ ദീവന്നാസ്യോസ് എന്ന് എഴുതുകയോ മറ്റോ ചെയ്തതായി രേഖയില്ല. മലങ്കരസഭയും അദ്ദേഹത്തെ മലയാളത്തിന്റെ മെത്രാപ്പോലീത്താ എന്ന് മുമ്പത്തെപ്പോലെ വിശേഷിപ്പിക്കുവാനാണ് ഇഷ്ടപ്പെട്ടത്. കരിങ്ങാച്ചിറ ഇടവകയിൽ കടുംഗമംഗലം മുറിയിൽ പെലിക്കാകുന്നേൽ തുരുത്തേൽ പടിഞ്ഞാറേ അറ്റം കൊണ്ട് മുകളിൽ നെടുംതരിശായിക്കിടക്കുന്ന സ്ഥലം ..... പള്ളി വയ്ക്കുന്നതിന് തുരുത്തിയിൽ വർക്കി ഉലഹന്നാൻ എഴുതിക്കൊടുത്ത തീറാധാരത്തിൽ ദീവന്നാസ്യോസ് മെത്രാച്ചനെ മലയാളത്തിനുടെ മാർ ദീവന്നാസ്യോസ് എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത് (ഗ്രന്ഥവരി, പു. 703).


അസോസ്യേഷൻ യോഗത്തിലും സമ്മതപത്രത്തിലും മറ്റും എല്ലാവരും ഒപ്പിട്ടു എങ്കിലും പുലിക്കോട്ടിൽ മെത്രാച്ചൻ പഴയസ്ഥാനത്തേയ്ക്കു തിരിച്ചുവന്നതിൽ അപ്രിയമുള്ള ആളായിരുന്നു കൊച്ചിയുടെ മാർ ദീവന്നാസ്യോസ്. അദ്ദേഹം ഗ്രന്ഥവരിയിൽ രേഖപ്പെടുത്തുന്നു:

'മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ കമ്മറ്റി തലവനെന്ന് പറയുകയും അതുപ്രകാരം പള്ളികൾക്ക് ഓരോ കാരണവശാൽ പിതാവിന്റെ കല്പനയ്ക്കു വിരോധമായി അതിർത്തി കയറി സാധനം (കല്പന) എഴുതുകയും പള്ളികളിൽ ചുറ്റിനടക്കുകയും ചെയ്തുവരുന്നു' (പു. 709). നിശ്ചയമായും ഇവിടത്തെ വിവരങ്ങൾ യഥാസമയം കൊച്ചിയുടെ ദീവന്നാസ്യോസ് പാത്രിയർക്കീസ് ബാവായെ അറിയിച്ചുകൊണ്ടിരുന്നു. കൊച്ചിയിലെ പള്ളിക്കാർ അദ്ദേഹത്തെ സ്വീകരിക്കാത്തതിന്റെ പിന്നിൽ കൊച്ചിയിലെ പ്രമുഖ ഇടവകയായ ആർത്താറ്റ് പള്ളിക്കാരനായ മാർ ദീവന്നാസ്യോസിന്റെ പ്രേരണയുണ്ടെന്ന് അദ്ദേഹം സംശയിച്ചിരുന്നു (കൊച്ചിയിലെവിടെയും ഒരു താമസസ്ഥലം നിർമ്മിക്കാൻ കൊച്ചിയുടെ മെത്രാച്ചന് ഒരു പള്ളിക്കാരും സ്ഥലമോ സഹകരണമോ നൽകിയില്ല. മലങ്കരയുടെ മാർ ദീവന്നാസ്യോസിനെതിരായ നിലപാട് സ്വീകരിച്ചതു മൂലം സ്വന്തം ഇടവകയായ കണ്ടനാടും അദ്ദേഹത്തോട് നീരസം പുലർത്തി. താമസിക്കാൻ മറ്റെങ്ങും ഇടംകിട്ടായ്കയാൽ കണ്ടനാട്ട് പള്ളിയുടെ അപ്രധാനഭാഗത്ത് രോഗിയായ സമയത്ത് അദ്ദേഹത്തിന് അഭയം നൽകി. ആ താമസ മുറിയിലാണ് അദ്ദേഹം അന്ത്യം വരെയും ആരാധനകൾ

നടത്തിയത്. കാലം ചെയ്യുമ്പോൾ മൃതദേഹം കുളിപ്പിക്കുവാൻ ഒരു ചെമ്പ് പോലും കണ്ടനാട്ട് പള്ളിക്കാർ കൊടുത്തില്ല. മൃതദേഹം കണ്ടനാട്ടു പള്ളിയിൽ സംസ്കരിക്കുവാൻ വിസമ്മതിക്കുകയും ചെയ്തു. അങ്ങനെയാണ് അന്ത്യവിശ്രമസ്ഥലം കടുംഗമംഗലം പള്ളിയിൽ ക്രമീകരിക്കേണ്ടി വന്നത്.*).

1054 കുംഭമാസം 22-നു കോട്ടയം പഴയസെമിനാരിയുടെ പുതിയ കൈവശക്കാരൻ തോമസ് അത്താനാസ്യോസ് മുതൽപേരെ പ്രതിയാക്കി യൗസേപ്പ് മാർ ദീവന്നാസ്യോസ് വാദിയായി ആലപ്പുഴ ജില്ലാക്കോടതിയിൽ സിവിൽ വ്യവഹാരം ആരംഭിച്ചു. കോട്ടയം പഴയസെമിനാരിയും ശേഷം പൊതുമുതലുകളും തോമസ് മാർ അത്താനാസ്യോസ് മെത്രാച്ചനിൽ നിന്നും ഒഴിപ്പിച്ചെടുക്കുകയായിരുന്നു അന്യായത്തിന്റെ ലക്ഷ്യം. 4 കൊല്ലത്തെ അനിശ്ചിതത്വത്തിന് ശേഷം മലങ്കരയുടെ അമരക്കാരൻ ആരെന്നത് ഒരിക്കൽ കൂടി വ്യക്തമായി.

* കരോട്ടുവീട്ടിൽ കുടുംബത്തിലെ ഡോ. താരാ സൈമണിൽ നിന്നാണ് തലമുറയായി കൈമാറിയ ഈ വിവരം ഇതെഴുതുന്ന ആൾ ഗ്രഹിക്കുവാനിടയായത്. ഡോ. താരാ സൈമൺ ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളജിൽ ഇതെഴുതുന്ന ആളിന്റെ സഹപ്രവർത്തകയായിരുന്നു.



## അധ്യായം 8

# നീതിപീഠങ്ങളിലൂടെ

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാച്ചനുവേണ്ടി കേസു നടത്തുവാൻ മാലിത്തറ ഏലിയാസ് കത്തനാരും കാരക്കൽ കുരുവിള ഈപ്പനും നിയോഗിക്കപ്പെട്ടു. 1054 മുതൽ 1057 വരെ മൂന്നു വർഷമായിട്ടും പ്രാരംഭ വിചാരണ കഴിഞ്ഞ് സാരനിർണ്ണയം കഴിഞ്ഞത ല്ലാതെ സാരാംശത്തിൽ പ്രവേശിച്ച് സാക്ഷിവിസ്താരം തുടങ്ങിയിട്ടില്ലാ യിരുന്നു. ഈ മട്ടിൽ വിസ്താരം കൊണ്ടുപോയാൽ രണ്ടു പുരുഷായുസ്സു കഴിഞ്ഞാലും അവസാനിക്കയില്ലെന്നുള്ള ലക്ഷണം കാണുകയാൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുവനന്തപുരത്തിന് പോയി ദിവാൻജിയെ കണ്ട് അപേക്ഷിക്കുകയും ടി. സി. കൃഷ്ണമേനോൻ ബി.എ.; ബി.എൽ. അവർകളെ ഇതിലേക്കു പ്രത്യേക ജഡ്ജിയായി നിയമിച്ച് ഉത്ത രവ് വരുത്തുകയും ചെയ്തു. അതിൻപ്രകാരം കൃഷ്ണമേനോൻ ജഡ്ജി ആലപ്പുഴ വന്ന് സെമിനാരിക്കേസ് തുടർച്ചയായി വിസ്തരിക്കാൻ തുട ങ്ങിയത് 1057 മകരമാസം ഇടയ്ക്കായിരുന്നു.[1]

വ്യവഹാര കാര്യസ്ഥനായി ഇ. എം. ഫിലിപ്പിനെ മാർ ദീവന്നാസ്യോസ് നിയമിച്ചു. ആലപ്പുഴ ചെങ്ങളയ്ക്കാട്ട് ബംഗ്ലാവിലായിരുന്നു കേസ് നട ത്തിപ്പുകാരുടെ താമസം. അവിടെവച്ച് കൂടിയ മാനേജിംഗ് കമ്മിറ്റി ഇ. എം. ഫിലിപ്പിനെ അസോസ്യേഷൻ സെക്രട്ടറിയായി നിയമിച്ചു.[2] വാദി ഭാഗത്തേക്കു 72-ഉം പ്രതിഭാഗത്തേക്കു 103-ഉം സാക്ഷികളെ 1057 മകരം മുതൽ 1059 കുംഭം വരെ രണ്ടു വർഷത്തിൽ അധികകാലം കൊണ്ട് വിസ്തരിച്ചു.

മാർ അത്താനാസ്യോസ് വഹിച്ചിരുന്ന മെത്രാപ്പോലീത്താ സ്ഥാനം അദ്ദേഹം ജീവിച്ചിരുന്നപ്പോൾ തന്നെ അന്ത്യോഖ്യാ പാത്രിയർക്കീസി നാൽ റദ്ദാക്കപ്പെട്ടിരുന്നു. സിവിൽകോർട്ട് മുഖേന അദ്ദേഹത്തിനെതിരായി വ്യവഹാരപ്പെടുവാനുണ്ടായിരുന്ന തടസം 1051 കുംഭം 23-ലെ രാജകീയ വിളംബരം മൂലം മാറിക്കിട്ടിയതിനാൽ ഈ വ്യവഹാരത്തിന് സംഗതി യായി. കാലം ചെയ്തുപോയ മാർ അത്താനാസ്യോസ് സ്ഥാനഭ്രഷ്ടനാ യപ്പോൾ വസ്തുവകകൾ ഒന്നാംപ്രതി ചോദ്യം കൂടാതെ നമ്മെ ഏല്പി ക്കേണ്ടതായിരുന്നു. അവ കൈവശം വെച്ച് അനുഭവിപ്പാൻ ഒന്നാം പ്രതിയ്ക്കോ അദ്ദേഹത്തെ അനുകൂലിക്കുന്ന രണ്ടും മൂന്നും പ്രതി കൾക്കോ അവകാശമില്ലാത്തതാകുന്നു. മേൽപ്പറഞ്ഞ മാർ അത്താനാ സ്യോസ് കാലം ചെയ്ത 1051 കർക്കിടകം 3-ാം തീയതിയാണ് ഈ

നടപടിക്കു ഹേതുവായ സംഭവം നടക്കുന്നത്.[3] ഇതൊക്കെയാണ് മാർ ദീവന്നാസ്യോസ് അന്യായത്തിൽ കാണിച്ചിരിക്കുന്ന കാര്യങ്ങൾ.[4]

ഒന്നാം പ്രതി പത്രികയിൽ കൊടുത്ത കാര്യങ്ങൾ ഇപ്രകാരം സംഗ്രഹിക്കാം: 1. അന്യായക്കാരൻ എന്ന്, എവിടെവെച്ച്, ആരാൽ മെത്രാനാകപ്പെട്ടു എന്നും പുത്തൻകൂർ സുറിയാനി ക്രിസ്ത്യാനികളുടെ അസോസ്യേഷൻ കമ്മിറ്റിയുടെ (അസോസ്യേഷന് തന്നെ സാധുതയില്ല) പ്രസിഡണ്ടായി എന്നും വ്യക്തമാകാത്തതിനാൽ അന്യായം ദോഷമുള്ളതാകുന്നു.

2. അന്യായത്തിന് മിസ് ജോയിണ്ടർ എന്ന സാങ്കേതികദോഷമുണ്ട്.

3. സദിർക്കോടതി, ബ്രിട്ടീഷ് മലബാർ ജില്ലാ കോടതി, മദ്രാസ് ഹൈക്കോർട്ട് എന്നിവയിൽ നിഷേധിക്കപ്പെട്ട ഈ അവകാശവാദങ്ങൾക്ക് റസ്ജുഡിക്കേറ്റ എന്ന വാദതടസമുണ്ട്.

4. അന്യായത്തിന് കാലഹരണദോഷമുണ്ട്.

5. അന്യായക്കാരന് സ്ഥാനമോ സഭയുടെ അംഗീകാരമോ ലഭിച്ചിട്ടില്ല.

6. അന്യായപ്പട്ടികയിൽ കാണിച്ച വസ്തുവഹകളെപ്പറ്റി അവകാശം ഉന്നയിക്കുവാൻ വാദിക്കു അർഹതയില്ല.

7. വാദി ഗൗരവാവഹമായ കടങ്ങളുള്ള ബാധ്യതക്കാരനും മതാചാര നിയമങ്ങൾക്കു വിരുദ്ധമായി പ്രവർത്തിക്കുന്നവനും ശാരീരികമായി അംഗഭംഗമുള്ളവനും ആകുന്നു.

8. മലങ്കരസഭയും ആ സമുദായവും സ്വന്തം മെത്രാന്മാരാൽ ഭരിക്കപ്പെട്ടുവരുന്നതും അതിന് അസോസ്യേഷൻ സഭയുമായി യാതൊരു ബന്ധവും ഇല്ലാത്തതുമാകുന്നു.

9. മലബാറിലെ സുറിയാനി ക്രിസ്ത്യാനികളുടെ മേൽ അന്ത്യോഖ്യാ പാത്രിയർക്കീസിനാൽ മെത്രാനായി വാഴിക്കപ്പെട്ടത് തികച്ചും യാദൃച്ഛികം മാത്രമാകുന്നു.

10. പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് അന്ത്യോഖ്യാ പാത്രിയർക്കീസിനാൽ മെത്രാനായി വാഴിക്കപ്പെട്ടത് തികച്ചും യാദൃച്ഛികം മാത്രമാകുന്നു.

11. അന്ത്യോഖ്യായിൽ പല പാത്രിയർക്കീസന്മാർ ഒരേ സമയം പ്രാബല്യത്തിലിരിക്കെ വാദി മെത്രാൻ സ്ഥാനമേറ്റത് ഏത് പാത്രിയർക്കീസിൽ നിന്നാണെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല.

12. ഏത് പാത്രിയർക്കീസിൽ നിന്ന് പട്ടം കിട്ടിയാലും അന്ത്യോഖ്യായിൽ

നിന്ന് തികച്ചും സ്വതന്ത്രമായ മലങ്കര ഇടവകയിന്മേലുള്ള പിന്തുടർച്ചാവകാശത്തിന് അത് അർഹത നൽകുന്നില്ല.

13. സ്വന്തം ജീവിതകാലത്ത് പിൻഗാമിയെ കണ്ടെത്തുകയും അദ്ദേഹത്തെ ജനങ്ങളുടെ സമ്മതത്തോടെ മുൻഗാമിതന്നെ വാഴിക്കുകയും ചെയ്യുക എന്നതാണ് മലങ്കരയിലെ പൂർവ്വീക പാരമ്പര്യം.

14. ഒന്നാം പ്രതി അപ്രകാരം മുൻപതിവനുസരിച്ച് നോമിനേറ്റ് ചെയ്യപ്പെടുകയും വസ്തുവഹകളിന്മേൽ മെത്രാൻ എന്ന നിലയിൽ കൈവശം ഏല്പിക്കപ്പെടുകയും ചെയ്തിട്ടുള്ളത് മുൻഗാമിയായ മാർ അത്തോനാസ്യോസിനാൽ ആകുന്നു.

15. ഇവിടെ വന്ന പാത്രിയർക്കീസ് വാദിയെ മെത്രാൻ സ്ഥാനത്തുനിന്ന് ബഹിഷ്ക്കരിക്കുകയും വാദി ഭാവിക്കുന്ന ഔദ്യോഗിക സ്ഥാനങ്ങളിൽ നിന്ന് ബഹിഷ്ക്കരിക്കുകയും ചെയ്തതായിട്ടാണ് അറിവ്.

16. അന്യായപട്ടികയിലെ ഒരു ഭാഗം മുൻഗാമിയുടെ കാലം മുതൽക്ക് തന്നെ ഒരു ചാക്കോയുടെ കൈവശത്തിലാണ്.

17. അന്യായപ്പട്ടികയിൽ കാണിച്ചിട്ടുള്ള വസ്തുവകകൾ വീണ്ടെടുക്കുവാൻ വാദിയെ ആരും ചുമതലപ്പെടുത്തിയിട്ടില്ല.

2-ാം പ്രതി അദ്ദേഹത്തെ ബാധിക്കുന്ന അന്യായത്തിലെ പരാമർശങ്ങൾക്കു മറുപടി നൽകുന്ന ഒരു പത്രിക ബോധിപ്പിച്ചിരുന്നു.[5]

കേസ് നടത്തിപ്പ് സംബന്ധിച്ച് വ്യവഹാരകാര്യസ്ഥനും മലങ്കര അസോസ്യേഷൻ സെക്രട്ടറിയുമായിരുന്ന ഇ. എം. ഫിലിപ്പ് ആത്മകഥയായ *മലങ്കരസഭയുടെ രഹസ്യപേടക*ത്തിൽ കൊടുത്തിട്ടുള്ള ഭാഗം രസകരമാകയാൽ ഉദ്ധരിക്കുന്നു:

“ഈ കേസിൽ ഹിയറിംഗ് പറയാൻ വക്കീലായി വെസ്റ്റേൺ സ്റ്റാർ പത്രാധിപർ മിസ്റ്റർ എച്ച്. എം. വാക്കറിനെ നിശ്ചയിക്കണമെന്ന് കുരിയൻ റൈട്ടർ അഭിപ്രായപ്പെട്ടു. മി. വാക്കർ കേസിന്റെ ആരംഭകാലത്ത് ഈ കേസിൽ ഒന്നാം പ്രതിയെ വിസ്തരിച്ച വക്കീലായിരുന്നു. അന്നുതന്നെ അക്കാരണങ്ങളാൽ മെത്രാപ്പോലീത്തായ്ക്കു സായ്പിനോടു അതൃപ്തി ഉണ്ടായതിനാൽ ഹിയറിങ്ങിന് സായ്പിനെ നിശ്ചയിക്കുന്ന കാര്യത്തിൽ അദ്ദേഹത്തിന് പൂർണ്ണ സന്തോഷമില്ലായിരുന്നു. കുര്യൻ റൈട്ടറുടെ ആലോചനയെ നിഷേധിക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ട് മെത്രാപ്പോലീത്താ വൈമനസ്യത്തോടുകൂടി സമ്മതിച്ചു എന്നേയുള്ളു. ഹിയറിങ് വകയ്ക്ക് സായിപ്പ് 1000 രൂപയാണ് ഫീസ് സമ്മതിച്ചത്. ..... സായിപ്പിനെ കേസ് പഠിപ്പിക്കേണ്ട ചുമതല എന്റേതായിരുന്നു. എന്റെ അറിവിനും ശക്തിക്കും തക്കവണ്ണം ഞാൻ നോട്ടുകളും പ്രധാന

റിക്കാർഡുകളുടെ തർജ്ജിമയും ഉണ്ടാക്കിക്കൊടുത്തു എങ്കിലും അവയിൽ ഒരക്ഷരംപോലും സായിപ്പ് വായിച്ചുനോക്കുകയോ കേസ് പഠിക്കാൻ വല്ല ശ്രമവും ചെയ്കയോ ചെയ്തില്ല. ...... കുറച്ചു കഴിഞ്ഞപ്പോൾ എനിക്കു കാര്യം മനസ്സിലായി. വളരെ വേദനയോടുകൂടി മെത്രാപ്പോലീത്തായ്ക്ക് എഴുതി അയച്ചേച്ച് ഞാൻ കോട്ടയത്ത് വന്ന് മാലിത്തറ അച്ചനെ കൂട്ടി കൊച്ചിയ്ക്കു പോയി. ... കേസെല്ലാം തനിക്കറിയാമെന്ന് പറകയല്ലാതെ ഒരു നോട്ട് എഴുതാൻ പറഞ്ഞാൽ സായിപ്പ് കൂട്ടാക്കില്ല. ..... കടശ്ശി അവധി അടുത്തു. ... ഹിയറിംഗ് ദിവസം വാദി ഭാഗത്തേക്ക് വാക്കർ സായിപ്പും പ്രതിഭാഗത്തേക്ക് ബാരിസ്റ്റർ ഗാൻസ് സായിപ്പും കോടതിയിൽ ഹാജരായി. രണ്ടു വണ്ടി നിറയെ ലാപുസ്തകങ്ങളുമായിട്ടുള്ള വാക്കറിന്റെ വരവ് കണ്ടാൽ ആർക്കും ഇളക്കം തട്ടിപ്പോവും. വാക്കർ പ്രസംഗം ആരംഭിച്ചത് ഒന്നാം പ്രതി തോമസ് അത്താനാസ്യോസിന്റെ മൊഴി വായിച്ച് അതിന്റെ ആക്ഷേപങ്ങൾ പറഞ്ഞുകൊണ്ടായിരുന്നു. ഒന്നാം ദിവസം മുഴുവൻ ഇങ്ങനെ തന്നെ കഴിച്ചുകൂട്ടി. രണ്ടാം ദിവസം സായിപ്പ് അതിനെത്തുടർന്ന് ഒരു മണിക്കൂർ സംസാരിച്ചപ്പോൾ കോടതി തർക്കം പുറപ്പെടുവിച്ചു. ഒന്നാം പ്രതിയുടെ മൊഴി ആപാദചൂഡം ആക്ഷേപിച്ചതുകൊണ്ടുള്ള പ്രയോജനം മനസ്സിലാകുന്നില്ലെന്നും ഓരോ പോയിന്റിനെപ്പറ്റിയുള്ള തെളിവുകൾ പറയുകയും അതിലേക്കു ഒന്നാം പ്രതിയുടെ മൊഴികൾ സഹായിക്കുന്നുണ്ടെങ്കിൽ അപ്പോൾ ആ ഭാഗം വായിക്കുകയും ചെയ്യണമെന്നാണ് കോടതി പറഞ്ഞത്. ഇത് ന്യായമായ ഒരു കാര്യമായിരുന്നു. വാക്കർ കേസ് വായിച്ചിട്ടില്ലാത്തതിനാൽ വിഷമിച്ചു. ...... വല്ലാത്ത ഘട്ടത്തിൽ ആയപ്പോൾ പോയിന്റ് കടലാസ് എടുത്ത് ആദ്യാവസാനം വായിച്ച് ഇതെല്ലാം ഈ കേസ്സിൽ ധാരാളം തെളിഞ്ഞിട്ടുണ്ടെന്ന് മൊത്തത്തിൽ പറഞ്ഞേച്ച് സായിപ്പ് ആസനാരൂഢനായി. കോടതിയ്ക്കും എതിർകക്ഷി വക്കീലിനും വലിയ ആശ്ചര്യവും ഞങ്ങൾക്കു അവർണ്ണനീയമായ വേദനയും ഉണ്ടായി. ഇതിന്റെ രഹസ്യം എന്താണെന്ന് ആർക്കും അറിഞ്ഞുകൂടാ. സായിപ്പ് സാരാംശത്തിൽ പ്രവേശിച്ച് പ്രസംഗിക്കാതെ നിർത്തിയത് ഏതോ വലിയ സൂത്രമാണെന്ന് ചിലരുടെ സംശയം. എതിർകക്ഷിയോട് കൈക്കൂലി വാങ്ങി ചതിക്കയാണെന്ന് വേറെ ചിലരുടെ വിചാരം. ..... ചുരുക്കിപ്പറയാം. മി. വാക്കറിനെക്കൊണ്ട് തനിക്ക് യാതൊരു സഹായവും ഉണ്ടായിട്ടില്ലെന്ന് ജഡ്ജി ഒരു റിമാർക്കു പറഞ്ഞ് പ്രതിവക്കീൽ പ്രസംഗിപ്പാൻ അനുവദിച്ചു. .... ഈ വർത്തമാനം കേട്ടു മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ദുഃഖാബ്ധിയിൽ നിമഗ്നനായിരുന്നു. ....... പ്രതിവക്കീലിന്റെ വാദം കഴിഞ്ഞപ്പോൾ മറുപടി പ്രസംഗത്തിൽ ഒന്നും കൊണ്ടുവരുവാൻ നിയമം അനുവദിച്ചിട്ടില്ലെങ്കിലും ഓരോ പോയിന്റിലേക്കും ഉപയോഗമുള്ള പ്രമാണങ്ങളുടെയും സാക്ഷികളുടെയും ഒരു ലിസ്റ്റ് ഞാനെഴുതി കൊടുത്തത് വാക്കർ സായിപ്പ് വായിക്കയും

തടസം പറയാതെ കോടതി അത് നോട്ട് ചെയ്കയും ചെയ്തു. ഇങ്ങനെ ഹിയറിംഗ് അവസാനിച്ചു. വാദി ഭാഗം വക്കീൽ ശരിയായി പ്രസംഗിച്ചില്ലെങ്കിലും വിധികർത്താവ് കേസ് ആദ്യം മുതൽ വിസ്തരിച്ച ജഡ്ജി ആയിരുന്നതിനാലും ഓരോ പോയിന്റിലേക്കുള്ള തെളിവുകൾ മേൽപ്പറഞ്ഞ നോട്ടുകൊണ്ട്, പ്രയാസപ്പെട്ടാൽ കണ്ടുപിടിക്കാൻ സൗകര്യമുണ്ടായിരുന്നതിനാലും അനുകൂലമായ വിധി ലഭിക്കുമെന്നുള്ള ആശയോടുകൂടി ഞാൻ ആലപ്പുഴ പട്ടണത്തോടു യാത്ര പറഞ്ഞു വീട്ടിലേക്കു പോന്നു. എന്റെ ആശ പോലെ കോർട്ട് ചെലവ് ഒഴിച്ച് അന്യായപ്രകാരം ഒരു വിധി 1069 മിഥുനം 16-ാം തീയതി പ്രസ്താവിച്ചു."[6]

ഇതിനിടയിൽ ചില അണിയറനീക്കങ്ങൾ ശക്തിപ്പെടുന്നുണ്ടായിരുന്നു. പാത്രിയർക്കീസിന്റെ കീഴിൽ സ്വതന്ത്ര ഭദ്രാസനങ്ങളായി മലങ്കരസഭ കഴിഞ്ഞുകൂടിക്കൊള്ളണം എന്ന് നിർബന്ധമുള്ള മെത്രാന്മാർ ആയിരുന്നു ശെമവൂൻ ദീവന്നാസ്യോസ്, പൗലൂസ് അത്താനാസ്യോസ് തുടങ്ങിയവർ. പരുമല സമ്മേളനത്തിൽ മാനേജിംഗ് കമ്മിറ്റി സജീവമാകുകയും പുലിക്കോട്ടിൽ മെത്രാച്ചൻ പ്രസിഡണ്ട് എന്ന നിലയിൽ വീണ്ടും മലങ്കരയുടെ പൊതുഭരണത്തിൽ പ്രവേശിക്കുകയും ചെയ്തത് ഏകകണ്ഠമായ തീരുമാനപ്രകാരം ആയിരുന്നുവെങ്കിലും ഭീരുക്കളായ ചില മെത്രാന്മാർ പാത്രിയർക്കീസിനെ കൂട്ടുപിടിച്ച് ഈ സംരംഭങ്ങളെ തകർക്കുവാൻ ശ്രമിച്ചിരുന്നു. അക്കാലത്ത് ചില മെത്രാന്മാർക്ക് പത്രോസ് തൃതീയൻ അയച്ച ചില കത്തുകൾ വ്യക്തമാക്കുന്നത് മാർ ദീവന്നാസ്യോസ് മലങ്കര മെത്രാനായി പ്രവർത്തിക്കുന്നതിനെ ചില മെത്രാച്ചന്മാർ രഹസ്യമായി എതിർത്തു എന്നാണ്. സ്വന്തം ഇടവകയായ ആർത്താറ്റുള്ള രണ്ട് ശെമ്മാശന്മാരെ കശ്ശീശന്മാരായി പുലിക്കോട്ടിൽ മെത്രാച്ചൻ പട്ടംകെട്ടിയതോടെ രഹസ്യമായ എതിർപ്പുകൾ അല്പം പരസ്യമാവുക തന്നെ ചെയ്തു. മലങ്കരമെത്രാന്റെ ചെയ്തികൾക്കെതിരെ കൊച്ചിയുടെ കരോട്ടുവീട്ടിൽ മെത്രാച്ചൻ വ്യവഹാരപ്പെടുകപോലും ചെയ്തു. കൊച്ചിയുടെ മെത്രാച്ചനെ പിന്തുണയ്ക്കുവാൻ ആ മെത്രാസനത്തിൽ തന്നെ അധികംപേരും തയ്യാറായില്ല. തിരുവാങ്കുളം, കണ്ടനാട്, കരിങ്ങാച്ചിറ തുടങ്ങിയ പള്ളികളുമായുണ്ടായ വ്യവഹാരത്തിൽ പള്ളിക്കാർ ശെമവൂൻ ദീവന്നാസ്യോസിന്റെ മേലധികാരം നിരസിക്കുവാനായി ഉന്നയിച്ച കാരണം അദ്ദേഹം ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ടവനല്ല എന്നതാണ്. ഈ ഭാഗം മറ്റു മെത്രാന്മാർ ശ്രദ്ധിച്ചു. അവരാരും ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ടവർ ആയിരുന്നില്ലല്ലോ. ശെമവൂൻ ദീവന്നാസ്യോസ് കരിങ്ങാച്ചിറ വ്യവഹാരത്തിൽ പരാജയപ്പെട്ടതിനെത്തുടർന്ന് മലങ്കരമെത്രാനോട് പരസ്യമായ വിയോജിപ്പ് പ്രകടിപ്പിക്കുവാൻ ശേഷം മെത്രാന്മാർ ഭയപ്പെട്ടു. കൊച്ചിയുടെ മെത്രാൻ കൊച്ചിക്കാരാൽ തിരസ്കൃതനായി കുറേക്കാലം കൊച്ചീക്കോട്ടപള്ളിയിൽ പാർത്തു.

സെമിനാരി കേസിൽ കോടതിയിൽ നിന്നയച്ച സമൺ നോട്ടീസ് കൈപ്പറ്റിയതു പരുമല മെത്രാച്ചൻ മാത്രമായിരുന്നു. അസോസ്യേഷൻ കമ്മറ്റി പ്രസിഡണ്ട്, പൊതുവിന്നടുത്ത അധികാരങ്ങൾ, ഭദ്രാസനമെത്രാന്മാരും മലങ്കര മെത്രാനും തമ്മിലുള്ള ബന്ധത്തിന്റെയും അധികാരത്തിന്റെയും നിർവചനങ്ങൾ എന്നിവ അദ്ദേഹത്തിന്റെ സാക്ഷിമൊഴിയിൽ ഭംഗിയായി വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.[7] സാക്ഷിമൊഴിയെപ്പറ്റി കണ്ടനാട് ഗ്രന്ഥവരിക്കാരൻ രേഖപ്പെടുത്തുന്നു:

“.... മറ്റും എഴുതിയതു കൂടാതെ ശേഷം മെത്രാന്മാരെ എല്ലാവരെയും സാക്ഷിയായി വിളിപ്പിച്ചാറെ നിരണം ഇടവകയുടെ മാർ ഗ്രീഗോറിയോസ് ഒഴികെ ശേഷം ആരും സമണിൽ ഒപ്പിടാതെ മടങ്ങി. അദ്ദേഹം ആലപ്പുഴ ചെന്നിരുന്ന് കമ്മീഷന്റെ മുറപ്രകാരം വിസ്താരം നടത്തിയതിൽ പുലിക്കോട്ട് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ സുറിയാനിക്കാരുടെ അസോസ്യേഷൻ കമ്മറ്റിയിൽ പ്രസിഡണ്ടായി വിശുദ്ധ പിതാവാകുന്ന മാറാൻ പാത്രിയർക്കീസ് ബാവായും കമ്മറ്റിക്കാരും ശേഷം പള്ളിക്കാരും കൂടി നിശ്ചയിച്ചിരിക്കുന്നു എന്നും ആത്മീയ കാര്യത്തിൽ ഞങ്ങൾ മെത്രാന്മാർ എല്ലാവരും ഒരുപോലെ അധികാരപ്പെട്ടിരിക്കുന്നുവെന്നും ലൗകിക കാര്യങ്ങളിൽ അദ്ദേഹം ഞങ്ങളിൽ മീതെ എന്നും മറ്റും എഴുതിവെച്ച് വിസ്താരവും നടന്നു വരുന്നു”[8] (ഗ്രന്ഥവരി, പുറം 727).

ഇതിനോടകം ക്രമപ്രകാരമുള്ള റീശീസായും പ്രതീക്ഷിച്ചുകൊണ്ടിരുന്ന ഉപഹാരങ്ങളും ലഭിക്കാത്തതിൽ പത്രോസ് തൃതീയൻ കുപിതനായി. അദ്ദേഹം തന്റെ കീഴിലുള്ള ശെമവൂൻ മാർ അത്താനാസ്യോസ് എന്ന് പേരുള്ള ഒരു മെത്രാനെ മലങ്കരയിലേക്കയച്ചു. നേരത്തെ സ്തേപ്പാനോസ് മാർ അത്താനാസ്യോസിനോടൊപ്പം മലങ്കരയിൽ വന്ന് തിരിച്ചുപോയ ശെമവൂൻ റമ്പാൻ ആണിദ്ദേഹം. പുലിക്കോട്ടിൽ മെത്രാച്ചനെ, ആർത്താറ്റു വൈദിക പാഠശാലയിൽ - സെഹിയോൻ ബംഗ്ലാവിൽ - വച്ച് സുറിയാനിയുടെ ഉപരിപാഠങ്ങൾ പഠിപ്പിച്ച സുറിയാനി പണ്ഡിതനാണിദ്ദേഹം. മെത്രാനായി മലങ്കരയിൽ വരുമ്പോൾ ഇദ്ദേഹത്തിന് 64 വയസ്സുണ്ട്. 1880 ധനു 3-ാം തീയതി (കൊല്ലം 1056) കൊച്ചിയിലെത്തിയ ഇദ്ദേഹത്തോടൊപ്പം സ്ലീബാ എന്നു പേരായ ഒരു ശെമ്മാശനും ഉണ്ടായിരുന്നു. ശെമവൂൻ മാർ അത്താനാസ്യോസിനെ പാത്രിയർക്കാ ഡെലിഗേറ്റ് എന്ന് പില്ക്കാലത്ത് മലങ്കരയിൽ വിശേഷിപ്പിച്ചിട്ടുണ്ടെങ്കിലും അദ്ദേഹം ഒരു പണപ്പിരിവുകാരനായിട്ടാണ് മലങ്കരയിലെത്തിയതെന്ന് കണ്ടനാട് ഗ്രന്ഥവരി സാക്ഷ്യപ്പെടുത്തുന്നത് കാണുക:

“അന്ത്യോഖ്യായുടെ മോറോൻ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവായുടെ കല്പനയാൽ സിംഹാസനത്തുങ്കലേക്കു റീശീസാ പിരിപ്പാനായി കല്പനയോടുകൂടി 1880-ന് കൊല്ലം 1056-ാമാണ്ട് ധനുമാസം

3-ാം തീയതി ശെമവൂൻ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ കൊച്ചീക്കോട്ടയിൽ വന്നു"[9] (ഗ്രന്ഥവരി പുറം 761).

അതാത് ഭദ്രാസന മെത്രാപ്പോലീത്തന്മാരോടൊപ്പം ഇദ്ദേഹം പള്ളികളിൽ നിന്ന് റീശീസാ ശേഖരിച്ചിരുന്നു. റീശീസാ കിട്ടുന്ന മുറയ്ക്കു അദ്ദേഹം ആയതു ശീമയിലേക്കു അയച്ചുവന്നു. സുറിയാനിയിലും ദൈവശാസ്ത്രത്തിലും വിദഗ്ധനായ ഇദ്ദേഹം ഏറിയകൂറും പരുമലയിൽ താമസിച്ച് ശെമ്മാശന്മാരെ അഭ്യസിപ്പിച്ചു വന്നു. ആലപ്പുഴയിൽ കേസ്സു നടത്തിയിരുന്ന കാലമായതിനാൽ പുലിക്കോട്ടിൽ മെത്രാച്ചനും പരുമലയിൽ ആയിരുന്നു അക്കാലങ്ങളിൽ താമസിച്ചിരുന്നത്. ഈ മൂന്ന് പിതാക്കന്മാരും വൈദിക വിദ്യാർത്ഥികളായ ശെമ്മാശന്മാരും ഒരുമനപ്പെട്ടു നടത്തിയ ഉപവാസത്തിനും പ്രാർത്ഥനയ്ക്കും ദൈവം നൽകിയ മറുപടി ആയിട്ടുവേണം 1884-ലെ ആദ്യവിജയത്തെ മനസ്സിലാക്കേണ്ടത്. വക്കീൽ വാക്കർ സായിപ്പ് കേസ്സു പഠിക്കാതെയും വാദിക്കനുകൂലമായ വാദമുഖങ്ങൾ പ്രസംഗത്തിലൂടെ അവതരിപ്പിക്കാതെയും ഒരു കേസ്സ് വിജയിക്കണമെങ്കിൽ അതിന്റെ പിന്നിൽ ദിവ്യമായ നടത്തിപ്പുണ്ടെന്ന് പറയാതിരിക്കുന്നതെങ്ങനെ? പില്ക്കാലത്തും കേസ്സു നടത്തിയതിന്റെ ഓരോ ഘട്ടത്തിലും വ്യവഹാര കാര്യസ്ഥനും സമുദായ സെക്രട്ടറിയുമായ ഇ. എം. ഫിലിപ്പ് അവകാശപ്പെടുന്നത് കേസിന്റെ നടത്തിപ്പിൽ ഉടനീളം ദൈവത്തിന്റെ ഇടപെടലുകൾ തനിക്കു ബോധ്യപ്പെട്ടു എന്നാണ്. പുലിക്കോട്ടിൽ മെത്രാച്ചന്റെ കണ്ണീരിന്റെ നിലയ്ക്കാത്ത പ്രവാഹമാണ് ദൈവകൃപയുടെ നിലയ്ക്കാത്ത പ്രവാഹത്തിന്റെ പിന്നിലെ രഹസ്യം എന്ന് ഇ. എം. ഫിലിപ്പ് നിരീക്ഷിച്ചിട്ടുണ്ട്. ഒരു വശത്ത് പണമില്ലായ്മ, മറ്റൊരു ഭാഗത്ത് നവീകരണത്തിലേക്കു ചായാനൊരുങ്ങി നിൽക്കുന്ന ഇടവകകൾ, മറ്റൊരു വശത്ത് മലങ്കര മെത്രാനെ ദുർബ്ബലപ്പെടുത്തുവാൻ വ്യവഹാരം വരെ നടത്തുന്ന സഹമെത്രാന്മാർ, മറ്റൊരിടത്തു പണം കൊണ്ടുവാ, കൊണ്ടുവാ എന്ന് നിരന്തരമായി റീശീസായ്ക്കുവേണ്ടി കല്പന അയച്ച് ശല്യപ്പെടുത്തുന്ന പാത്രിയർക്കീസ്, മറ്റൊരുഭാഗത്ത് മലങ്കരക്കാനോൻ എന്ന പേരിൽ നൂറു ശതമാനവും നവീനമായ ഒരു കാനോൻ എഴുതിയുണ്ടാക്കി അത് മലങ്കരയിലെ പ്രാചീനമായ കാനോൻ ആണെന്ന് അവകാശപ്പെട്ടുകൊണ്ട് വസ്തുതകളെ കീഴ്മേൽ മറിക്കുവാൻ ശ്രമിക്കുന്ന നവീകരണക്കാർ - ഈ പഞ്ചാഗ്നികളുടെ മദ്ധ്യേ ആണ് പുലിക്കോട്ടിൽ മെത്രാച്ചൻ തപസ്സനുഷ്ഠിച്ചത്. പരുമലയിൽ പർണ്ണാശ്രമത്തിൽ മൂന്നു തപസ്വിമാർ ഏകാഗ്രമായി തപം ചെയ്തു. മാർ ഗ്രീഗോറിയോസ്, അദ്ദേഹത്തിന്റെ ഗുരുവായ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ്, അദ്ദേഹത്തിന്റെയും ഗുരുവായ മാർ അത്താനാസ്യോസ്. അവിച്ഛിന്നമായ ആ തപസ്സ് ഒടുവിൽ വിജയം കാണുകയായിരുന്നു. ആ വർഷങ്ങളിൽ പരുമല വൈദികസെമിനാരിയിൽ പരിശീലനം നേടിക്കൊണ്ടിരുന്ന ശെമ്മാശന്മാർ ഈ താബോർ

അനുഭവത്തിന്റെ ദൃക്സാക്ഷികളാണ് (ഇതെഴുതുന്ന ആളിന്റെ പിതാമഹൻ അക്കാലത്തെ പരുമലയിലെ രോമാഞ്ചദായകമായ അനുഭവങ്ങൾ പങ്കിട്ടതിന്റെ ഓർമ്മകൾ പിതാവിൽനിന്നും കേൾക്കാൻ കഴിഞ്ഞിട്ടുണ്ട്).

തോമസ് മാർ അത്താനാസ്യോസും കൂട്ടരും എത്രയുംവേഗം അപ്പീൽ തയ്യാറാക്കി. 1884 ആഗസ്റ്റ് 8-ന് (1059 ആടിമാസം 25-ന്) അപ്പീൽ ഫയൽ ചെയ്തു. കേസ് പ്രമാണിച്ച് മെത്രാച്ചൻ താമസം തിരുവനന്തപുരത്തേക്ക് മാറ്റി. ആർ. രാമനാഥരായർ ആയിരുന്നു മെത്രാച്ചന്റെ വക്കീൽ. മറുഭാഗം വക്കീൽ ഗാൻസ് സായിപ്പും. 1061 തുലാം 29-ന് (1885) പുലിക്കോട്ടിൽ മെത്രാച്ചന് അനുകൂലമായി കീഴ്ക്കോടതി വിധി സ്ഥിരപ്പെടുത്തുകയും കോടതിച്ചെലവ് അനുവദിക്കുകയും ചെയ്ത് വിധിയുണ്ടായി.

ഹൈക്കോടതിവിധിപ്രകാരം സെമിനാരിയും സ്വത്തുക്കളും നടത്തി എടുക്കുവാൻ ദ്രുതഗതിയിൽ നടപടികൾ ആരംഭിച്ചു. സാങ്കേതികമായ ചില തടസങ്ങൾ കോടതി നടപടികളിലുണ്ടായെങ്കിലും ദൈവഗത്യാ വിധി നടത്തു ഹർജി അനുവദിക്കപ്പെട്ടു.[10] ആ ഉത്തരവിൻപ്രകാരം ആമ്മീൻ കോട്ടയത്തു വന്നപ്പോൾ സെമിനാരി കെട്ടിടങ്ങൾ പൂട്ടിക്കാണുകയാൽ വിവരം കോർട്ടിലേക്കു റിപ്പോർട്ട് ചെയ്തതിൽ കൊല്ലനെ വരുത്തി തുറപ്പിക്കാൻ ആമ്മീന്റെ പേർക്കും വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കാൻ മജിസ്ത്രേട്ടിന്റെയും പോലീസ് ഇൻസ്പെക്ടറുടെയും പേർക്കും കോർട്ടിൽ നിന്ന് ഉത്തരവായി. അതിൻപ്രകാരം സെമിനാരിയുടെ പൂട്ടുകൾ തുറപ്പിച്ച് നടത്തികൊടുക്കുകയും ചെയ്തു. 1886 (1061 കർക്കിടകം 3-നു) ജൂലായ് 3-ന് (?) പുലിക്കോട്ടിൽ മെത്രാച്ചനും ശെമവൂൻ അത്താനാസ്യോസ് മെത്രാച്ചനും കോട്ടയം സെമിനാരിയിൽ പ്രവേശിച്ച് താമസം ആരംഭിച്ചു. തന്റെ കാരണവർ സ്ഥാപിച്ചതും കാരണവരുടെ അന്ത്യവിശ്രമസ്ഥാനം സ്ഥിതി ചെയ്യുന്നതും ആയ ആ മണ്ണിൽ അനന്തരവൻ വികാരപാരവശ്യത്തോടെ വാസം ആരംഭിച്ചു. സെമിനാരിയും കെട്ടിടങ്ങളും അവ സ്ഥിതിചെയ്യുന്ന ഭൂമികളും മാത്രമേ ഈ ഗഡുവിൽ നടത്തിക്കുവാൻ കഴിഞ്ഞുള്ളു. മറ്റു സ്വത്തുക്കളെ നടത്തി വാങ്ങാൻ ആരംഭിച്ചപ്പോൾ എതിർകക്ഷികൾ റോയൽക്കോടതിയിൽ അപ്പീൽ ചെയ്തതിനാൽ വിധി നിർത്തിവെയ്ക്കാൻ ഉത്തരവായി. തന്മൂലം ശേഷം വസ്തുക്കൾ നടത്തി എടുക്കുവാൻ അപ്പോൾ കഴിഞ്ഞില്ല.

1886 ജൂലായ് 12-ന് റോയൽക്കോടതിയിൽ കേസ് അഡ്മിറ്റ് ചെയ്തു. പുലിക്കോട്ടിൽ മെത്രാച്ചനുവേണ്ടി രാമനാഥരായരും നവീകരണവിഭാഗത്തിനുവേണ്ടി ബാരിസ്റ്റർ ഗോവർ സായിപ്പും ഹാജരായി. റോയൽക്കോടതിയിൽ കേസ് കേട്ടത് ചീഫ് ജസ്റ്റീസ് ആറംസ്ബിയും ജസ്റ്റീസ് സീതാരാമയ്യരും ആയിരുന്നു.

പരമ്പരയായി മലങ്കരമെത്രാൻ അതതുകാലത്തു രേഖപ്പെടുത്തി വന്നിരുന്ന മലങ്കരസഭാചരിത്രവും പാലക്കുന്നത്ത് വലിയ മെത്രാച്ചന്റെ ഒറിജിനൽ സുസ്താത്തിക്കോനും മറ്റനവധി രേഖകളും കേസിൽ നവീകരണവിഭാഗം സമർപ്പിച്ചില്ല. പള്ളിക്കര പള്ളിയിൽ വെച്ച് അവ മോഷ്ടിക്കപ്പെട്ടു എന്ന് തോമസ് അത്താനാസ്യോസ് മെത്രാൻ കോടതിയെ അറിയിച്ചു. ആ മോഷണ കഥ സൗകര്യപൂർവ്വം കെട്ടിച്ചമച്ചതാണെന്നും ഞങ്ങൾ അതു വിശ്വസിക്കുന്നില്ല എന്നും കോടതി ആ മോഷണ കഥയെ പരിഹാസപൂർവ്വം തിരസ്ക്കരിച്ചു. നവീകരണവിഭാഗം കേസിലെ വാദമുഖങ്ങൾ മലങ്കരയിലെ പൂർവ്വീകനടപടികൾക്കും ചട്ടങ്ങൾക്കും അനുയോജ്യമാണ് എന്ന് കാണിപ്പാൻ ഒരു കാനോൻ എഴുതിയുണ്ടാക്കി. അത് പാലക്കുന്നത്ത് വലിയ മെത്രാച്ചന്റെ കാലത്ത് ശേഖരിച്ച പൂർവ്വീക കാനോനുകളുടെ ശരിത്തർജ്ജമയാണെന്ന് സാക്ഷ്യപ്പെടുത്തി കോടതിയിൽ ഹാജരാക്കി. മലങ്കരക്കാനോൻ എന്ന പേരിൽ ആയത് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. പൂർവ്വീകമായ ഹൂദായക്കാനോനിൽ, മുളന്തുരുത്തി സുന്നഹദോസ് തീരുമാനങ്ങൾക്കനുയോജ്യമായവിധത്തിൽ പത്തോ പന്ത്രണ്ടോ കാനോനുകളിൽ ഭേദഗതി തിരുത്തി എഴുതിച്ചേർത്ത് പുലിക്കോട്ടിൽ മെത്രാച്ചന്റെ ഭാഗവും കോടതിയിൽ ഹാജരാക്കി. പിന്നീട് മാർ ഒസ്താത്തിയോസ് ആയിത്തീർന്ന സ്ലീബാ ശെമ്മാശന്റെ കയ്പടയിലാണ് തിരുത്തുകൾ രേഖപ്പെടുത്തിയിരുന്നത് (ഹൂദായകാനോൻ ഹോളണ്ടിൽ നിന്ന് സുറിയാനിയിൽ അച്ചടിച്ചപ്പോൾ മലങ്കരയിലെ കാനോനിലെ വ്യത്യസ്തതകൾ എന്ന് രേഖപ്പെടുത്തി അനുബന്ധത്തിൽ കൊടുത്തിട്ടുള്ളത് ഈ ഗ്രന്ഥകാരൻ കണ്ടിട്ടുണ്ട്. ഇപ്പോൾ 18 അക്കം കാനോൻ എന്ന പേരിൽ പ്രചരിച്ചിട്ടുള്ളതും ഉദയഗിരിയിൽ നിന്ന് പ്രസിദ്ധം ചെയ്തിട്ടുള്ളതുമായ കാനോൻ ഒരു കൗൺസിലിന്റെയും പിൻബലമില്ലാതെ 20-ാം നൂറ്റാണ്ടിൽ നിരവധി ഭേദഗതികൾ കൂട്ടിച്ചേർത്തും നിരവധി ഭാഗങ്ങൾ ഒഴിവാക്കുകയും ചെയ്ത് ചമച്ച കള്ളക്കാനോൻ ആകുന്നു. ഇതിലേക്കു പുതുപ്പള്ളിക്കാരനായ ഒരച്ചൻ എഴുതിയ കൈയെഴുത്തു കാനോനിൽ ഭേദഗതികളും തിരുത്തുകളും പെൻസിൽകൊണ്ട് റഫ് വർക്ക് ചെയ്തിട്ടുള്ളത് ഈ ഗ്രന്ഥകാരൻ നിരീക്ഷിച്ചിട്ടുണ്ട്. ഏലിയാസ് മാർ യൂലിയോസിന്റെ കൈപ്പടയിലാണ് പില്ക്കാല തിരുത്തുകൾ രേഖപ്പെടുത്തിയിട്ടുള്ളത് എന്നു തോന്നുന്നു).

രണ്ട് ഭാഗത്തു നിന്നായി ഹാജരാക്കിയ കാനോനാകളും കള്ളക്കാനോനുകളാണെന്ന് വളരെ ലാഘവബുദ്ധിയോടെ പലരും എഴുതിയിട്ടുള്ളത് പില്ക്കാലത്തു വായിച്ചിട്ടുണ്ട്. മാർ ദീവന്നാസ്യോസിന്റെ ഭാഗക്കാർ ഹാജരാക്കിയ കാനോനിൽ തിരുത്തുകളുണ്ട് എന്നത് ശരി തന്നെ. എന്നാൽ ആ തിരുത്തുകൾക്കെല്ലാം മുളന്തുരുത്തി സുന്നഹദോസിന്റെ

പിൻബലമുണ്ടായിരുന്നു. എന്നാൽ മറുഭാഗം ഹാജരാക്കിയ കാനോനിൽ സത്യത്തിന്റെ ഒരംശം പോലുമില്ലായിരുന്നു. അതു പൂർണ്ണമായും വ്യാജ കാനോൻ തന്നെയായിരുന്നു.

"ഇരു കക്ഷികളും ചെലവു വഹിക്കണമെന്ന ഭേദഗതിയോടുകൂടി കീഴ്ക്കോടതിവിധി സ്ഥിരപ്പെടുത്തിക്കൊണ്ട് ഭൂരിപക്ഷം ജഡ്ജിമാർ വിധിച്ചു. ചീഫ് ജസ്റ്റീസും ജസ്റ്റീസ് സീതാരാമയ്യരും എഴുതിയ ഭൂരിപക്ഷ വിധിയ്ക്കെതിരായി ജസ്റ്റീസ് ഓറംസ്ബി ന്യൂനപക്ഷവിധിയും എഴുതി. 1889 മിഥുനം 30-ന് ഉണ്ടായ ഈ റോയൽക്കോടതിവിധി സെമിനാരിക്കേസിന് അന്ത്യം കുറിച്ചു. മഹാരാജാവ് ഭൂരിപക്ഷവിധി നടപ്പിലാക്കുവാൻ ഉത്തരവിട്ടു. ഉത്തരവ് അയയ്ക്കുന്നതിനു മുമ്പായി ഇരുഭാഗം മെത്രാന്മാരെയും വിളിച്ചു വരുത്തി ഒരു രാജി ആലോചിക്കണമെന്ന് മഹാരാജാവ് തിരുമനസ്സുകൊണ്ട് കല്പിക്കുകയും ദിവാൻ രാമരായരെയും ഹജൂർ സിക്രട്ടറി മിസ്റ്റർ വാറ്റ്സിനെയും സർവാധി നീലകണ്ഠപിള്ളയെയും മധ്യസ്ഥന്മാരായി തിരുമനസ്സുകൊണ്ടുതന്നെ തെരഞ്ഞെടുത്തു കല്പനപ്പടി ഹജൂർക്കു സാധനമയയ്ക്കുകയും ചെയ്തതിനാൽ രാജി ആലോചനയ്ക്കു സമയം നിശ്ചയിച്ച് ദിവാന്റെ ലെറ്റർ ഇരുകക്ഷി മെത്രാന്മാർക്കും അയച്ചു കൊടുത്തു. അതിൻപ്രകാരം നിശ്ചിത സമയത്ത് ദിവാന്റെ ബംഗ്ലാവിൽ മധ്യസ്ഥന്മാരും നമ്മുടെ ഭാഗത്തേക്കു മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും ഞാനും (ഇ. എം. ഫിലിപ്പ്) എതിർഭാഗത്തേക്കു തോമസ് അത്താനാസ്യോസും ചാണ്ടപ്പിള്ള കത്തനാരും ഹാജരായി. നവീകരണക്കാർ നൂതനമായി സ്വീകരിച്ചിരിക്കുന്ന മതവിപരീതങ്ങളെ പരിത്യജിച്ച് അവരും അവരുടെ പിതാക്കന്മാരും മുമ്പിനാലെ കൈക്കൊണ്ടിരുന്ന പ്രാചീനവിശ്വാസത്തിലും അന്ത്യോഖ്യാ സിംഹാസനത്തിന്റെ ആത്മീയ ആജ്ഞയിലും ഇരിക്കണമെന്നല്ലാതെ അവരെ പിരിച്ചുവിടണമെന്ന് ഞങ്ങൾക്ക് അശേഷം ആഗ്രഹമില്ലെന്നും അവർ അതിന് സമ്മതിച്ചാൽ അവരെ സ്വീകരിക്കാനും സ്ഥാനപൂർത്തി വരുത്തി വേണ്ട അധികാരങ്ങളോടുകൂടി നടത്താനും പാത്രിയർക്കീസ് അനുവദിച്ച് കല്പന അയച്ചിട്ടുണ്ടെന്നും അവർ അതിന് വഴിപ്പെടുന്നപക്ഷം താൻ സ്വസ്ഥനായിരുന്നുകൊണ്ട് സർവ്വാധികാരവും എതിർകക്ഷിമെത്രാനെ ഏൽപിച്ചു കൊടുപ്പാൻ താൻ സന്നദ്ധനാണെന്നും മറ്റും മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ വളരെ വാക്ചാതുര്യത്തോടും ഹൃദയംഗമമായും പ്രസ്താവിക്കയും ദിവാൻജി മുതൽപേർ തന്റെ ഔദാര്യത്തെയും സമചിത്തതയേയും കുറിച്ച് പ്രശംസിക്കുകയും ചെയ്തു. എതിർകക്ഷിയുടെ പ്രസ്താവന, യാക്കോബായ വിശ്വാസം മനഃസാക്ഷിക്കു വിപരീതമാകയാൽ കൈക്കൊള്ളാൻ മനസ്സില്ലെന്നായിരുന്നു. മനഃസാക്ഷിക്കു വിപരീതം പ്രവർത്തിക്കണമെന്ന് ഉപദേശിപ്പാൻ മധ്യസ്ഥന്മാർക്കു അവകാശമില്ലാത്തതുകൊണ്ട് യോജിപ്പുണ്ടാകയില്ലെന്ന് അവർ തീരുമാനിച്ചു. അനന്തരം

മേൽ വ്യവഹാരങ്ങളും വഴക്കുകളും ഉണ്ടാക്കാതിരിക്കാനും എതിർകക്ഷിക്കു വന്നു കൂടാവുന്ന ബുദ്ധിമുട്ടുകൾക്കു പരിഹാരമായും ദിവാൻജി താഴെ പറയുംപ്രകാരം പ്രസ്താവിച്ചു. വിധിപ്രകാരം സിമ്മനാരിയും സ്വത്തുക്കളും ഒഴിഞ്ഞുകൊടുക്കാതെ ഒരു നിവൃത്തിയുമില്ല. ഓരോ പള്ളികളും ഇതുപോലെ ഒഴിഞ്ഞുകൊടുക്കേണ്ടി വരും. അപ്പോൾ നവീകരണക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്കു പരിഹാരമായി ഇരു കക്ഷികളുള്ള പള്ളികളിൽ, പള്ളികളിന്മേലോ സ്വത്തുക്കളിന്മേലോ വരുമാനങ്ങളിന്മേലോ അവർക്കു യാതൊരു അവകാശവും കൂടാതെ അവരുടെ കർമ്മങ്ങൾ ഒരു ക്ലിപ്ത സമയത്ത് പള്ളികളിൽ വെച്ച് ചെയ്തുകൊള്ളാൻ അവർക്കു അനുവദിച്ചുകൊടുക്കണമെന്ന് ദിവാൻജി മെത്രാപ്പോലീത്തായോട് ആവശ്യപ്പെട്ടു. അപ്രകാരം അനുവദിക്കുന്നത് ട്രസ്റ്റിന് വിരോധവും ന്യായരഹിതവും ആണെങ്കിലും ദിവാൻജി പറഞ്ഞതാകകൊണ്ട് സമ്മതിക്കാമെന്ന് മാർ ദീവന്നാസ്യോസ് ഇതിന് മറുപടി പറഞ്ഞു. അത് ഇവിടെ സമ്മതിക്കുമോ എന്ന് അവർ സംശയിച്ചിരുന്നതിനാൽ ഈ സമ്മതം തിരുമനസ്സുകൊണ്ട് കൊടുത്തപ്പോൾ ദിവാൻജിക്കും കൂട്ടുമദ്ധ്യസ്ഥന്മാർക്കും ഉണ്ടായ സന്തോഷം അല്പമല്ലായിരുന്നു. ഇത്രത്തോളം ഇവിടെ സമ്മതിച്ചത് ഒരു വലിയ സംഗതിയാണെന്നുള്ള അഭിപ്രായത്തോടുകൂടി ഇതിന് ചേർന്ന് രാജിപ്പെട്ടു പോകണമെന്ന് ദിവാൻ എതിർകക്ഷിയോട് ആവശ്യപ്പെട്ടു. ആ കക്ഷിയിലുള്ള ദൂരസ്ഥന്മാരായ യോഗ്യന്മാരോട് ആലോചിക്കാതെ മറുപടി പറയാൻ തരമില്ലെന്ന് അവർ ഒഴികഴിവ് പറകയാൽ ആലോചിച്ച് മറുപടി പറയുന്നതിന് ഒരു അവധി നിശ്ചയിച്ച് യോഗം പിരിഞ്ഞു. ഈ അവധി കഴിഞ്ഞപ്പോൾ മേൽപ്പറഞ്ഞ ആലോചനകൾക്കു സമ്മതമില്ലെന്ന് അവർ മറുപടി കൊടുക്കയാൽ രാജി നടക്കുകയില്ലെന്ന് ദിവാൻ കൊട്ടാരത്തിലേക്ക് റിപ്പോർട്ട് ചെയ്കയും ഭൂരിപക്ഷം ജഡ്ജിമാരുടെ വിധി സ്ഥിരപ്പെടുത്തി ഹൈക്കോർട്ടിലേക്കു അയയ്ക്കുകയും ചെയ്തു. ഇപ്രകാരം സിമ്മനാരി വ്യവഹാരം ദൈവകൃപയാൽ ഗുണമായി പര്യവസാനിച്ചു.”[11]

1892 വൃശ്ചികത്തിൽ കോടതിയിൽ വെച്ച്, സ്ഥാനചിഹ്നമായ വടി, മുടി, സ്ലീബാ തുടങ്ങിയവ പാലക്കുന്നത്ത് തോമസ് മാർ അത്താനാസ്യോസിൽ നിന്ന് പുലിക്കോട്ടിൽ മെത്രാച്ചൻ ഏറ്റുവാങ്ങി. വിഷാദഭരിതനും നിരാശനുമായ തോമസ് അത്താനാസ്യോസ് മെത്രാച്ചൻ ഏറെക്കാലം ജീവിച്ചില്ല. 1893 കർക്കിടകത്തിൽ അദ്ദേഹം കാലം ചെയ്തു. 1868 ഇടവം 19-നു സഹോദരൻ മാത്യൂസ് മാർ അത്താനാസ്യോസിൽ നിന്ന് മെത്രാൻപട്ടം പ്രാപിച്ചതുമുതൽ മാർത്തോമ്മാസഭ സ്ഥാപിക്കുന്നതുവരെ ഇദ്ദേഹം തന്റെയും ജ്യേഷ്ഠന്റെയും നിലപാടുകൾ സാധൂകരിക്കുവാൻ തുടങ്ങിയ ശ്രമങ്ങളിൽ അനവധി വ്യാജങ്ങളും കൃത്രിമങ്ങളും ഉണ്ടാക്കിയിരുന്നത് അനേകരും അറിഞ്ഞിട്ടില്ല. അദ്ദേഹത്തിന്റെ കർമ്മശേഷിയുടെ ആകർഷ

ണവലയത്തിൽപെട്ടവർക്ക് ഈ വ്യാജങ്ങളെ തിരിച്ചറിയുവാൻ കഴിയു മായിരുന്നില്ല. ഈ വ്യാജങ്ങളാണ് ഇരു സഭകളും തമ്മിൽ അടുക്കാത്ത വിധം അകലാൻ കാരണമായത്. പിൽക്കാല സഭാചരിത്രകാരന്മാരിൽ പലരും കേസ് വിജയത്തിനായി ഇദ്ദേഹം ചെയ്തുകൂട്ടിയ കൃത്രിമത്വ ങ്ങളെ ശരിയായി പരിശോധിക്കാതെയും തിരിച്ചറിയാതെയും പുറപ്പെടു വിച്ചിട്ടുള്ള പരാമർശങ്ങൾ പുനഃപരിശോധനാർഹങ്ങളാണ്. കുറഞ്ഞ പക്ഷം മലങ്കരക്കാനോൻ എങ്കിലും പരിശോധിക്കുവാൻ സഭാചരിത്രകാര ന്മാർക്കു ഇനിയെങ്കിലും മനസ്സുണ്ടാകട്ടെ എന്നാണ് ഈ ഗ്രന്ഥകാരന്റെ പ്രാർത്ഥന.

മലങ്കരസഭയിൽ നാളിതുവരെ ഉണ്ടായിട്ടുള്ള വ്യവഹാരങ്ങളിൽ മൗലി കങ്ങളായ ചില പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെട്ട ഒരു കേസ്സ് എന്ന നില യിൽ ആ കേസ് നടത്തിപ്പിനെപ്പറ്റി പ്രധാന ചുമതലക്കാരൻ രേഖപ്പെടു ത്തിയ ചില സാക്ഷ്യങ്ങൾ ഇവിടെ ഉദ്ധരിക്കുകയാണ്. കഥാനായകനോടു കൂടി ഒരു ജീവിതകാലം മുഴുവൻ അടുത്തിടപഴകി അദ്ദേഹത്തിന്റെ ദിന ചര്യകളും സമീപനങ്ങളും നിഷ്ഠകളും വീക്ഷണങ്ങളും അറിയാനിടവന്ന ആളിന്റെ സാക്ഷ്യം സ്മര്യപുരുഷനെ കൂടുതൽ മനസ്സിലാക്കുവാൻ സഹായകമാകും:

“സിമ്മനാരി വ്യവഹാരം സംബന്ധിച്ച് ഒരു സത്യക്രിസ്ത്യാനിയുടെ നിലയിൽ നിന്നുകൊണ്ട് നോക്കുന്നവർക്കു കാണാവുന്ന ഒരു വിശേഷം ഇനി പറയാനുണ്ട്. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ഒരസാമാന്യ സമർത്ഥനായിരുന്നുവെങ്കിലും കേസ് ജയിച്ചത് അദ്ദേഹത്തിന്റെയോ വേറെ ആരുടെയെങ്കിലുമോ സാമർത്ഥ്യം കൊണ്ടല്ലെന്നാണ് എന്റെ വിശ്വാസം. അദ്ദേഹത്തിന്റെ പ്രാർത്ഥന വളരെ ശക്തിയേറിയതായിരുന്നു. മാനുഷികമായ എല്ലാ വീഴ്ചകൾക്കും പാപങ്ങൾക്കും അദ്ദേഹം വശം വദനായിരുന്നു. എങ്കിലും അനുതാപത്താലും പൊടിഞ്ഞ ഹൃദയത്തോ ടുകൂടിയ പ്രാർത്ഥനയാലും ദൈവത്തെ സ്വാധീനമാക്കുവാൻ ദാവീദിന്റെ ആത്മാവ് അദ്ദേഹത്തിന്റെമേൽ ഉണ്ടായിരുന്നു. ഏതു കാര്യം ഉദ്ദേശിച്ചു കൊണ്ട് അദ്ദേഹം പ്രാർത്ഥിച്ചുവോ ആ കാര്യം അതിശയകരമായ വിധ ത്തിൽ സാധിച്ചു കിട്ടാൻ തക്കവണ്ണം തന്റെ എരിവേറിയ പ്രാർത്ഥനയ്ക്കു ശക്തിയുണ്ടായിരുന്നു എന്നുള്ളതിന് ഞാൻ ദൃക്സാക്ഷിയാകുന്നു. ഈ പ്രാർത്ഥനാശക്തികൊണ്ടും ദൈവകൃപകൊണ്ടും എതിർകക്ഷിയോടുള്ള ദൈവകോപം കൊണ്ടും സിമ്മനാരി വ്യവഹാരം ദൈവവിചാരണയിലാ യിരുന്നു ആദ്യന്തം നടത്തപ്പെട്ടതെന്ന് എനിക്കു പൂർണ്ണ ബോധ്യം വന്നി ട്ടുണ്ട്. ഒരു ക്രിസ്ത്യാനിയുടെ നിലയിൽ നോക്കുമ്പോൾ ദൈവനടത്തി പ്പിന്റെ ലക്ഷ്യങ്ങൾ എനിക്ക് ധാരാളം കാണാമായിരുന്നു എങ്കിലും അത് എന്റെ മുൻവിധിയാണെന്ന് പറഞ്ഞു നിസ്സാരമായി ഗണിച്ചുപോയേക്കാം.

ഒരു ഹിന്ദുവായിരുന്ന വക്കീൽ രാമനാഥരായർക്കും ഈ ബോധ്യം വന്നു വെങ്കിൽ അത് ആശ്ചര്യമല്ലയോ? ഓരോ സന്ദർഭങ്ങളിൽ പ്രത്യക്ഷമായി കണ്ടുവന്ന ദൈവവിചാരണയെക്കുറിച്ച് അദ്ദേഹം ഒരിക്കൽ ഇപ്രകാരം എന്നോട് പറഞ്ഞു: ഇങ്ങനെ ആശ്ചര്യകരമായ ഒരു കേസ് ഞാൻ കണ്ടി ട്ടില്ല. ഇത് നടത്തുന്നത് ഞാനോ നിങ്ങളോ മെത്രാപ്പോലീത്തായോ അല്ല, ഈശ്വരൻ തന്നെയാണ്. ഈശ്വരനടത്തിപ്പിന്റെ അടയാളങ്ങൾ ഒരിക്കലല്ല, പല പ്രാവശ്യം ഞാൻ കാണുന്നു. അതു കാണുമ്പോൾ ആശ്ചര്യംകൊണ്ട് എന്റെ രോമങ്ങൾ എഴുന്ന് നിൽക്കുന്നു. ഈ കേസ് തോറ്റുപോകുമെന്ന് ഒരിക്കലും ഭയപ്പെടേണ്ട."[12]

സെമിനാരിക്കേസിന്റെ വിജയംകൊണ്ട് മലങ്കരയുടെ ന്യായമായ മെത്രാപ്പോലീത്താ മാർ ദീവന്നാസ്യോസ് ആണെന്നും സമുദായ സ്വത്തു ക്കൾ യാക്കോബായ ട്രസ്റ്റ് ആണെന്നും സ്ഥാപിച്ച് കിട്ടിയെങ്കിലും ആ കേസിൽ രണ്ടാം പ്രതിയും സെമിനാരിയുടെ കൂട്ടുട്രസ്റ്റികളിൽ ഒരാളുമാ യിരുന്ന പുന്നത്ര ചാണ്ടപ്പിള്ള കത്തനാരെ ട്രസ്റ്റിസ്ഥാനത്തു നിന്നും നീക്കിക്കിട്ടിയില്ല. കീഴ്ക്കോടതികൾ അയാളെ ഈ സ്ഥാനത്തു നിന്ന് ഒഴിച്ചുവെങ്കിലും അയാളെ നീക്കാൻ മതിയായ കാരണം തെളിയിച്ചിട്ടി ല്ലെന്നുള്ള അഭിപ്രായത്തിന്മേൽ റോയൽക്കോടതി ഈ സംഗതിയിൽ കീഴ്ക്കോടതി വിധിയെ അസ്ഥിരപ്പെടുത്തി. തന്മൂലം റസിഡണ്ടാപ്പീസിൽ വട്ടിക്കിട്ടിരുന്ന പൂവരാഹന്റെ പലിശ ലഭിക്കുവാൻ വൈദിക ട്രസ്റ്റിയെ മാറ്റേണ്ടത് അനിവാര്യമായിത്തീർന്നു. അപ്രകാരം 1069-ൽ 163-ാം നമ്പർ ആയി ആലപ്പുഴ ജില്ലാക്കോടതിയിൽ മെത്രാപ്പോലീത്താ വാദിയായി ഒരു വ്യവഹാരം ഫയൽ ചെയ്തു. പുതിയ വൈദികട്രസ്റ്റിയായി 1895 വൃശ്ചികം 9, 10, 11 തീയതികളിൽ യോഗം ചേർന്ന് കോനാട്ട് മാത്തൻ മല്പാനെ തെരഞ്ഞെടുത്തു. ഒടുവിൽ 1077 മകരം 21-നു (1902) അനുകൂലമായ വിധിയുണ്ടായി. വട്ടിപ്പണം യാക്കോബായ ട്രസ്റ്റ് ആണെന്നും പലിശ വാങ്ങാൻ അർഹന്മാർ മാർ ദീവന്നാസ്യോസും യാക്കോബായ സമുദായം തെരഞ്ഞെടുത്ത കൂട്ടുട്രസ്റ്റികളുമാണെന്നും ആണ് വിധിച്ചത്.

ഇനിയും പരാമർശിക്കുന്നത് കോട്ടയം ചെറിയപള്ളിക്കേസ് ആണ്. പുന്നത്ര കുടുംബാംഗവും പാലക്കുന്നത്ത് മെത്രാച്ചന്മാരുടെ ബന്ധുവും വൈദികട്രസ്റ്റിയും ആയ താഴത്തച്ചൻ കോട്ടയം ചെറിയപള്ളിയിലെ മുടി ചൂടാമന്നൻ ആയിരുന്നു. ആ പള്ളി സംബന്ധമായ മുൻ കേസിൽ അദ്ദേ ഹത്തിന്റെ കൈവശാധികാരം കോടതി അനുവദിച്ചിരുന്നു. 1054-ൽ 613-ാം നമ്പ്ര് ആയി ആലപ്പുഴ കോടതിയിൽ താഴത്തച്ചനെ പ്രതിയാക്കി പുലിക്കോട്ടിൽ മെത്രാച്ചൻ അന്യായം ഫയൽ ചെയ്തു. ആ കേസ് അനു കൂലമാവാതെ വന്നതിനാൽ മലങ്കരമെത്രാനും കോട്ടയം ഇടവകയുടെ കടവിൽ മെത്രാനും വികാരിയും കൂട്ടുട്രസ്റ്റികളും ചേർന്ന് 1071-ൽ (1896)


303-ാം നമ്പ്ര് ആയി ആലപ്പുഴ ജില്ലാക്കോടതിയിൽ വീണ്ടും അന്യായം ഫയൽ ചെയ്തു. 1074 കർക്കിടകം 32-നു (1899) ഈ കേസ് പുലിക്കോട്ടിൽ മെത്രാച്ചന് അനുകൂലമായി വിധിച്ചു. ചാണ്ടപ്പിള്ള കത്തനാർ ഹൈക്കോടതിയിൽ സമർപ്പിച്ച അപ്പീൽ കോടതി തള്ളി. 1076 കുംഭം 27-നു പള്ളി നടത്തി എടുത്തു. അതുകഴിഞ്ഞ് നിരണം, പുത്തൻകാവ്, കായംകുളം മുതലായ പല പള്ളികൾക്കു വേണ്ടിയും വ്യവഹാരം നടത്തി. അവയും പുതുപ്പള്ളി, നിലക്കൽ തുടങ്ങിയ പള്ളികളും മെത്രാച്ചന്റെ കൈവശത്തിൽ വന്നു.

ഏറ്റവും ഒടുവിൽ നടന്നത് ആർത്താറ്റ് വ്യവഹാരം ആയിരുന്നു. ആ ഇടവക മലങ്കരമെത്രാന്റെ സ്വന്തം ഇടവകയും സ്വന്ത സംസ്ഥാനത്തെ ഏറ്റവും പ്രബലമായ ഒരിടവകയും ആയിരുന്നു. അവിടെ പ്രവേശനം ലഭിക്കാത്തത് മെത്രാച്ചന് വ്യക്തിപരമായി വലിയ പരാജയബോധമുണ്ടാക്കി. തൃശൂർ ജില്ലാ കോടതിയിലും കൊച്ചി അപ്പീൽകോടതിയിലും മെത്രാച്ചനു ദോഷമായിട്ടാണ് വിധിയുണ്ടായത്. ഒടുവിൽ കൊച്ചി റോയൽ ക്കോടതിയിലെ അന്തിമവിധി മെത്രാച്ചന് അനുകൂലമായിരുന്നു. കൊച്ചി റോയൽക്കോടതിയിൽ മെത്രാച്ചൻ നല്കിയ അപേക്ഷ ലഭ്യമാണ്. കഥാപുരുഷന്റെ സഭാസ്നേഹവും മർമ്മജ്ഞതയും അപഗ്രഥനപാടവവും ആർജ്ജവവും വെളിവാക്കുന്ന ആ അപ്പീൽ പെറ്റീഷൻ മലങ്കരസഭാചരിത്ര സംഗ്രഹമാണ്. 1080 കർക്കിടക മാസം 31-നു (1905) മെത്രാച്ചന് അനുകൂലമായി റോയൽക്കോടതി വിധി പ്രസ്താവിച്ചു.

ഇപ്രകാരം കൊച്ചി, തിരുവിതാംകൂർ സർക്കാരുകൾ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിന്റെ വിളംബരം പിൻവലിച്ചതു മുതൽ സമുദായ സ്വത്തുക്കൾക്കുവേണ്ടിയും ഇടവകപ്പള്ളികൾക്കു വേണ്ടിയും പുലിക്കോട്ടിൽ മെത്രാച്ചൻ നടത്തിയ സർവ വ്യവഹാരങ്ങളും ഓരോന്നായി വിജയം കണ്ടു. കാൽ നൂറ്റാണ്ടു കാലം ആലപ്പുഴ, തിരുവനന്തപുരം, തൃശൂർ, കൊച്ചി എന്നിവിടങ്ങളിൽ നീതിയ്ക്കു വേണ്ടി അദ്ദേഹം നടത്തിയ നിയമയുദ്ധങ്ങൾ സഭാസ്വത്തുക്കൾ വീണ്ടെടുക്കാൻ മാത്രമല്ല, ഇടക്കാലങ്ങളിൽ സ്വന്തം ക്യാമ്പുകളിൽ പിറുപിറുപ്പായും പടലപ്പിണക്കങ്ങളായും രൂപംകൊണ്ട ചെറു ഗ്രൂപ്പുകളെ ഇല്ലാതാക്കാനും സമുദായം മുഴുവൻ സ്വന്തം കുടക്കീഴിൽ നിഷ്കണ്ടകമായി തീർക്കുവാനും സഹായകമായി. മലങ്കര മെത്രാച്ചന്റെ ഗുരുവായിരുന്ന ശെമവൂൻ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ ഇതിനിടയിൽ 1889-ൽ കോട്ടയത്തു വച്ച് കാലം ചെയ്തു. 1872 മുതൽ 1886 വരെ ഈ നിയമയുദ്ധത്തിന്റെ അണിയറ പരുമല സെമിനാരി ആയിരുന്നു; 1886 മുതൽ പഴയസെമിനാരിയും.

1. ഇ. എം. ഫിലിപ്പ്, *മലങ്കരയുടെ രഹസ്യപേടകം*, പുറം 29.

2. ടി പുറം 30.
3. റോയൽക്കോടതി വിധി (ഇംഗ്ലീഷ്), പുറം 3.
4. അന്യായത്തിന്റെ പൂർണ്ണരൂപം കണ്ടനാട് ഗ്രന്ഥവരിയിലുണ്ട്.
5. 1-ാം പ്രതിയും 2-ാം പ്രതിയും ബോധിപ്പിച്ച പത്രികകളുടെ പൂർണ്ണ രൂപം കണ്ടനാട് ഗ്രന്ഥവരിയിലുള്ളത് കാണുക.
6. *മലങ്കരയുടെ രഹസ്യപേടകം,* പുറം 30-33.
7. പരുമല മാർ ഗ്രീഗോറിയോസിന്റെ സാക്ഷിമൊഴി ഗ്രന്ഥവരിയിൽ കാണുക.
8. ഗ്രന്ഥവരി, പുറം 1454.
9. ഗ്രന്ഥവരി, പുറം 1522.
10. *മലങ്കരയുടെ രഹസ്യപേടകം,* പുറം 38, 39.
11. *മലങ്കരയുടെ രഹസ്യപേടകം,* പുറം 47, 48.
12. *മലങ്കരയുടെ രഹസ്യപേടകം,* പുറം 50, 51.



## അധ്യായം 9

# കേരള നവോത്ഥാനത്തിന്റെയും സംസ്കാരത്തിന്റെയും രാജശില്പി

അപൂർവ്വവസ്തു നിർമ്മാണക്ഷമാ പ്രജ്ഞ എന്ന് പ്രതിഭയെ ഭാരതീയ സാഹിത്യാചാര്യന്മാർ നിർവചിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. സാഹിത്യ നിർമ്മാണത്തെപ്പറ്റി പറയുന്ന സന്ദർഭത്തിലാണീ നിർവചനം കാണുന്നതെങ്കിലും ഏതു പ്രസ്ഥാനങ്ങളെക്കുറിച്ചുള്ള ചർച്ചയിലും ഈ നിർവ്വചനം പ്രസക്തമാണ്. പുതിയൊരു നൂറ്റാണ്ടിലേക്ക് മലങ്കരസഭയെയും കേരള ജനതയെയും ഭാരതസംസ്കാരത്തെയും ഉപനയിക്കുവാൻ അവതരിച്ച ഒരു സംക്രമണപുരുഷന്റെ ശൈലികളാണ് സ്മര്യപുരുഷൻ ആവിഷ്ക്കരിച്ചത്. അദ്ദേഹം സാധിച്ച സാമൂഹിക വ്യതിയാനങ്ങളെ വിവരിക്കുന്നതിന് മുമ്പ് അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ കേരളത്തിന്റെ സാംസ്കാരിക പരിതോവസ്ഥകൾ എന്തെല്ലാമായിരുന്നുവെന്ന് നിരീക്ഷിക്കേണ്ടതുണ്ട്. ബ്രാഹ്മണാധിപത്യത്തിന്റെ കീഴിൽ അമർന്നിരുന്ന കേരളം ചരിത്രം കണ്ടതിലേക്കും വെച്ച് ഏറ്റവും വലിയ സാസ്കാരിക അപചയത്തിന് വിധേയമായ കാലഘട്ടമായിരുന്നു 14 മുതൽ 19 കൂടിയുള്ള ശതകങ്ങൾ. ഐതിഹ്യങ്ങളും അന്ധവിശ്വാസങ്ങളും പൗരോഹിത്യ ദുർഭരണവും ഫ്യൂഡൽ മേധാവിത്തവും കുടുംബ സങ്കല്പത്തിന്റെ തകർച്ചയും അതിന്റെ ഉച്ചാവസ്ഥയിൽ കാണുന്നത് ഇക്കാലത്താണ്. 19-ാം നൂറ്റാണ്ടിന്റെ ഏറ്റവും ഒടുവിലത്തെ ദശകത്തിൽ കേരളം സന്ദർശിച്ച സ്വാമി വിവേകാനന്ദന്റെ ഭ്രാന്താലയം എന്ന ഒരൊറ്റ വിശേഷണം അന്നത്തെ കേരളത്തിന്റെ സാംസ്കാരിക തകർച്ചയെ സൂക്ഷ്മമായി സാക്ഷിക്കുന്നുണ്ട്. അക്കാലത്തെ കേരള സംസ്കാരത്തെപ്പറ്റി പഠനം നടത്തിയ ശ്രീ. പി. കെ. ബാലകൃഷ്ണൻ വരച്ചിട്ടുള്ള ചിത്രം ശ്രദ്ധിക്കുക:

"…. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മുതൽ ഇരുപതാം നൂറ്റാണ്ടിന്റെ പിറവി വരെയുള്ള 50 കൊല്ലം അത്ഭുതകരവും അവിശ്വസനീയവുമായ പരിവർത്തനങ്ങളാണ് കേരളക്കരയിൽ വരുത്തിയത്. 1850-ന് അപ്പുറത്തേക്കു കടന്നാൽ പണ്ടെന്നോ, പണ്ടുപണ്ടെന്നോ പറയാവുന്ന ഒരു പ്രാകൃതകാലത്തിലാണ് നാം ചെന്നെത്തുക. അതുപോലെ 1900 കഴിഞ്ഞാൽ തീർത്തും ആധുനികമായ ഒരു യുഗത്തിലും നാം വന്നെത്തും. ... കേരളീയ ജീവിതം രണ്ടായിരം കൊല്ലത്തിന്റെ ചാട്ടം ചാടിയ കാലമാണ് ആ അമ്പതു കൊല്ലം. ... സാംസ്കാരിക മണ്ഡലത്തിലാകമാനം മുറ്റിത്തഴച്ചു നിന്നിരുന്ന പാഴ്ചെടിപ്പടർപ്പുകളുടെ ഇടയിൽ ഒരു നവോത്ഥാനത്തിന്റെ ശക്തിമത്തായ മുളകൾ വളർന്നുകൊണ്ടിരുന്നത്

അന്നേക്കു ദൃശ്യമായിക്കഴിഞ്ഞിരുന്നില്ല. ... ആ കാലത്തു തന്നെയാണ് പുതിയ ഒരു സംസ്കാരത്തെയും സാഹിത്യത്തെയും വഹിക്കാൻ പോന്ന ചില പ്രവണതകൾ കിളിർത്തത്. ...."[1]

## 1. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ

ത്രൈവർണ്ണികർ എന്നറിയപ്പെടുന്ന ഒരു ന്യൂനപക്ഷത്തെ മാറ്റിനിർത്തിയാൽ ശേഷമുള്ള ഭൂരിപക്ഷത്തിനും അക്ഷരാഭ്യാസം ലഭ്യമാവാത്ത രാഷ്ട്രീയ - മത - സാംസ്ക്കാരിക പാരമ്പര്യങ്ങൾ ആണ് അക്കാലങ്ങളിൽ കേരളം വാണിരുന്നത്. രാജാക്കന്മാരെ നിയന്ത്രിച്ചിരുന്ന സ്മൃതികൾ ശൂദ്രരെപ്പോലും അക്ഷരക്ഷേത്രങ്ങളിൽ നിന്ന് ദൂരത്താക്കിയ ഒരു വ്യവസ്ഥിതിയിൽ അവർണ്ണരുടെ കഥ പറയാനുണ്ടോ? വിദ്യ അഗ്നിയാണെന്നും അത് ദേവന്മാർക്കു മാത്രം വിധിച്ചതാണെന്നും ഭൂദേവന്മാർ ശഠിച്ചിരുന്ന ഒരു കാലത്ത് പവിത്രമായ ആ അഗ്നിയെ ദേവന്മാർക്കു വെളിയിൽ വർണ്ണാവർണ്ണഭേദമില്ലാതെ, ആൺപെൺ ഭേദമില്ലാതെ സാർവത്രികമായി സംക്രമിപ്പിച്ച ധീരോദാത്തനായകനായിരുന്നു പുലിക്കോട്ടിൽ ദീവന്നാസ്യോസ് ജോസഫ് ദ്വിതീയൻ മലങ്കരമെത്രാപ്പോലീത്താ. ഈ അർത്ഥത്തിൽ മനുഷ്യരെ സ്നേഹിച്ച ഗ്രീക്കു ദേവന്റെ - പ്രൊമിത്യൂസിന്റെ - ഛായയാണ് സ്മര്യപുരുഷനുള്ളത്. അദ്ദേഹത്തിന്റെ വിദ്യാഭ്യാസദർശനം നാം ആദ്യം കാണുന്നത് 1851-ൽ അദ്ദേഹം വൈദികനായി ആദ്യ ഇടവകയിൽ (പഴഞ്ഞി) പ്രവർത്തനം ആരംഭിച്ചപ്പോഴാണ്. യാതൊരു സർക്കാർ ഗ്രാന്റിന്റെയും സഹായം കൂടാതെ അദ്ദേഹം 4 മലയാളം പള്ളിക്കൂടങ്ങൾ പഴഞ്ഞിയിലും (തൃശ്ശൂർ ജില്ല) പരിസരപ്രദേശങ്ങളിലുമായി സ്ഥാപിച്ചു. ഒന്നരനൂറ്റാണ്ടിന് മുമ്പ് തന്റെ ഉള്ളിൽ ജ്വലിച്ചിരുന്ന അക്ഷരസ്നേഹം വ്യാപകമായി ഒരു പ്രസ്ഥാനമായി പടർന്ന് പന്തലിക്കത്തക്കവിധം അദ്ദേഹം പ്രഖ്യാപിക്കുന്നത് 1873-ലെ പരുമല പടിയോലയിലാണ്. ഒരു സഭാനേതാവ് സഭയിലെ ആഭ്യന്തരപ്രശ്നങ്ങളുടെ നീർച്ചുഴിയിൽപ്പെട്ട് നട്ടംതിരിയുമ്പോൾ ഒരു സാംസ്കാരിക നവോത്ഥാനം കൊണ്ട് നാടിന്റെ ഉയിർത്തെഴുന്നേല്പ് സ്വപ്നം കാണുകയോ? "അരിമണിയൊന്ന് കൊറിക്കാനില്ല, തരിവളയിട്ട് കിലുക്കാൻ മോഹം" എന്ന മട്ടിൽ അദ്ദേഹത്തിന്റെ പ്രഖ്യാപനത്തെ ആരും എതിർത്തില്ലെങ്കിലും ആരും ഗൗരവമായി എടുത്തില്ല. സഭാവ്യവഹാരത്തിന് പണം സ്വരൂപിക്കുവാനായി കേരളക്കരയിലെ പള്ളികളിലെങ്ങും സഞ്ചരിക്കുന്ന കൂട്ടത്തിൽ ഓരോ ഇടവകയിലും ചുരുങ്ങിയത് ഒരു മലയാളം പള്ളിക്കൂടം എന്ന ആശയം അദ്ദേഹം പ്രാവർത്തികമാക്കി. മാർ യൗസേബിയോസ് മെത്രാപ്പോലീത്തായുടെ സാക്ഷ്യം കാണുക: "സഭയിലെ ഒന്നാമത്തെ വിദ്യാഭ്യാസസ്ഥാപനമായ എം.ഡി. സെമിനാരി സ്കൂൾ സ്ഥാപിച്ചത് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ആണ്. മലങ്കരസഭയിലെ വിദ്യാഭ്യാസ മിഷന്റെ തുടക്കം

അവിടെയാണ് എന്ന് പറയാം. ക്രാന്തദർശിയായ മാർ ദീവന്നാസ്യോസി നോട് സഭയും സമൂഹവും കടപ്പെട്ടിരിക്കുന്നു."[2]

അന്ന് മലങ്കരസഭയിൽ ഇരുന്നൂറിൽ താഴെ ദേവാലയങ്ങളേ ഉണ്ടായി രുന്നുള്ളു. അവിടങ്ങളിലെല്ലാമായി ഇരുന്നൂറ്റമ്പതിലധികം മലയാളം പ്രാഥ മിക വിദ്യാലയങ്ങൾ അദ്ദേഹം സ്ഥാപിച്ചു. ഡോ. സാമുവൽ ചന്ദനപ്പള്ളി എഴുതുന്നു: "വിദ്യാഭ്യാസ മേഖലയായിരുന്നു മാർ ദീവന്നാസ്യോസിന്റെ മറ്റൊരു പ്രവർത്തനമേഖല. സാമ്പത്തികമായി വളരെ അധികം ഞെരു ക്കങ്ങൾ അനുഭവിച്ചുകൊണ്ടിരുന്നപ്പോഴും സ്കൂൾ സ്ഥാപനത്തിൽ നിന്ന് അദ്ദേഹം പിന്മാറിയില്ല. മോതിരവും അംശവടിയും കൂടെക്കൂടെ പണയം വയ്ക്കുകയും വീണ്ടെടുക്കുകയും ചെയ്തുകൊണ്ടാണ് സ്കൂളുകൾ സ്ഥാപിച്ചത്. പണസമ്പാദനമല്ലായിരുന്നു പ്രസ്തുത ആശയസമ്പാദനവും വിതരണവുമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. വിദ്യാസമ്പന്നതയിലൂടെ വിജ്ഞാനകുതുകികളും വിവേകമതികളുമായ ഒരു തലമുറയുടെ ഉദയം അദ്ദേഹം സ്വപ്നം കണ്ടു. വിദ്യയിലൂടെ സാമ്പത്തിക ഭദ്രത ദർശിച്ചു. അതുവഴി സമൂഹത്തിന്റെ സമഗ്ര പുരോഗതിയും..."[3]

ഏതു സാമൂഹ്യമാറ്റവും വിജയിക്കുക, വിദ്യയുടെ വെളിച്ചം നേടിയ മനസ്സുകളിലാണെന്ന് അദ്ദേഹം കണ്ടെത്തി. സമഗ്രമായ ഒരു നവോ ത്ഥാനം സംഭവിക്കണമെങ്കിൽ അക്ഷരാഭ്യാസം അനിവാര്യമെന്ന് അദ്ദേഹം വിശ്വസിച്ചു. ഇന്നത്തെപ്പോലെ വിദ്യാലയ നടത്തിപ്പ് ഒരു വ്യവ സായവും ധനാഗമമാർഗ്ഗവും ആയിരുന്നില്ല അക്കാലത്ത്. വിദേശങ്ങളിൽ നിന്നുള്ള ധനസമാഹരണങ്ങളും അന്ന് സാധ്യമായിരുന്നില്ല. സ്വന്തം നാട്ടിലെ വിഭവങ്ങൾ സമാഹരിച്ച് നാടിന്റെ നവോത്ഥാനം ദ്രുതഗതിയി ലാക്കുവാൻ അദ്ദേഹം യത്നിച്ചു. ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു എന്ന ക്രിസ്തുവചനത്തെ കാലോചിതമായും സംസ്കാരാഭിമുഖമായും വ്യാഖ്യാനിക്കുവാൻ മെത്രാപ്പോലീത്തായ്ക്കു കഴിഞ്ഞതിന്റെ നിദർശന മാണ് അദ്ദേഹം സ്ഥാപിച്ച വിദ്യാലയങ്ങൾ. കഠിനപ്രയത്നത്തിന്റെ ഫല മായി നൂറിലേറെ വിദ്യാലയങ്ങൾക്ക് സർക്കാർ ഗ്രാന്റു ലഭിച്ചതായി സമു ദായ സെക്രട്ടറി ശ്രീ. ഇ. എം. ഫിലിപ്പ് സഭാചരിത്രത്തിൽ രേഖപ്പെടു ത്തിയിട്ടുണ്ട്. പള്ളികളെല്ലാം ഒരസോസ്യേഷന്റെ കീഴിൽ സംഘടിപ്പിക്ക ണമെന്നും അസോസ്യേഷന്റെ മുഖ്യ ധർമ്മങ്ങളിലൊന്ന് വിദ്യാവിതരണ മാണെന്നും പ്രഖ്യാപിക്കുവാനും ആ പ്രഖ്യാപനം നടപ്പിൽ വരുത്തുവാനും സ്മര്യപുരുഷന് കഴിഞ്ഞു. ഇത്രയും വിദ്യാലയങ്ങളിലൂടെ അക്ഷരാ ഭ്യാസം നേടിയ ഒരു തലമുറയാണ് കേരള നവോത്ഥാനത്തിന്റെ ആദ്യകാല വക്താക്കളായിത്തീർന്നത്. 'ആശാരികൾക്കൊക്കെയാശാരി യാണയാൾ' എന്ന് പെരുന്തച്ചനെ കവി വിശേഷിപ്പിച്ചതുപോലെ എല്ലാ നവോത്ഥാന നായകന്മാരുടെയും ആവിർഭാവത്തിന്റെ ആദികാരണം

സ്മര്യപുരുഷനാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. മലയാളം പള്ളിക്കൂടങ്ങളുടെ സ്ഥാപനം സാർവത്രികവും വിജയകരവുമായി എന്ന് കണ്ടപ്പോൾ രാജ്യത്ത് ഏതാനും ഇംഗ്ലീഷ് വിദ്യാലയങ്ങൾ സ്ഥാപിക്കുവാൻ സാഹസികമായും അദ്ദേഹം മുതിർന്നു. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ മലങ്കരമെത്രാപ്പോലീത്താ വൈദിക വിദ്യാർത്ഥിയാവാൻ പഴഞ്ഞിയിൽ നിന്ന് കൊണ്ടുപോയി പരുമലയിൽ താമസിപ്പിച്ച ചീരൻ വർഗ്ഗീസ് അക്കാലത്തെഴുതുന്നതിങ്ങനെയാണ്:

"1890 മുതൽക്കു അദ്ദേഹം ഭരണഭാരം കയ്യേറ്റു. പള്ളികളുടെ എണ്ണം 175-ൽ നിന്ന് 282 ആയി ഉയർന്നു. അദ്ദേഹത്തിന്റെ കഠിനാദ്ധ്വാനത്തിൽ 3 ഹൈസ്കൂൾ, 8 മിഡിൽ സ്കൂളുകൾ, നിരവധി ഇംഗ്ലീഷ് പ്രൈമറി വിദ്യാലയങ്ങൾ തുടങ്ങിയവ ഉണ്ടായി. 250-ൽ കുറയാത്ത മലയാളം സ്കൂളുകളും അദ്ദേഹം സ്ഥാപിച്ചു" (ചീരൻ വി. വർഗ്ഗീസ്, ഫെയ്ത്ത് ഓഫ് അവർ ഫാദേഴ്സ്, പുറം 110). കോട്ടയത്തും തിരുവല്ലായിലും കുന്നംകുളത്തും ആരംഭിച്ച സെക്കണ്ടറി ഇംഗ്ലീഷ് വിദ്യാലയങ്ങൾ ഇന്നും നിലനിൽക്കുന്നു. പിൽക്കാലത്ത് സഭാനേതൃത്വത്തിലേക്ക് വന്നവരുടെ പരിഗണനാക്രമത്തിൽ വിദ്യാവിതരണം ഇല്ലാതെ പോയതുകൊണ്ട് ഈ വിദ്യാലയത്തിൽ പലതും പില്ക്കാലത്ത് പ്രവർത്തനരഹിതമായി. കുറേ എണ്ണം അതതു സ്ഥലത്തെ പ്രമാണിമാരുടെ കൈവശത്തിലും ക്രമേണ ഉടമസ്ഥതയിലുമായി. മറ്റു ചില സ്ഥലങ്ങളിൽ അവ സർക്കാരിന് കൈമാറി. കേരളത്തിലുണ്ടായിരുന്ന വിദ്യാലയങ്ങളുടെ ചരിത്രം പരിശോധിച്ചാൽ ഈ മൂന്നിനും നിരവധി ഉദാഹരണങ്ങൾ കാണാൻ കഴിയും.

സെക്കുലർ വിദ്യാഭ്യാസത്തിന്റെ വ്യാപനത്തോടെ വൈദിക വിദ്യാഭ്യാസത്തിന്റെ സാർവ്വത്രികതയ്ക്കുവേണ്ടിയും പദ്ധതികൾ തയ്യാറാക്കി. തന്റെ പൂർവ്വീകൻ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ജോസഫ് പ്രഥമൻ കോട്ടയത്ത് സ്ഥാപിച്ച പഴയസെമിനാരി ക്രമേണ നവീകരണക്കാരുടെ കൈവശത്തിൽ വന്നപ്പോൾ അദ്ദേഹം അതിനോട് പ്രതികരിച്ചത് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നാല് സെമിനാരികൾ സ്ഥാപിച്ചുകൊണ്ടാണ്. കുന്നംകുളം ആർത്താറ്റ് പള്ളിയിൽ സെഹിയോൻ ബംഗ്ലാവ് പണിയിച്ച് അവിടെ വൈദിക വിദ്യാഭ്യാസത്തിന് വേദിയൊരുക്കി. കോട്ടയം മാർ ദീവന്നാസ്യോസ് സെമിനാരിയിലും മാവേലിക്കര (തഴക്കര) യിലും വൈദികവിദ്യാഭ്യാസത്തിന് വേദിയൊരുക്കിയതോടെ സുറിയാനിസഭ ഒരു സാമൂഹ്യമാറ്റത്തിന്റെ പ്രചാരകരാകുവാനുള്ള പരിശീലനത്തിൽ പങ്കുചേരുകയായിരുന്നു. വൈദിക പരിശീലനകേന്ദ്രങ്ങളിൽ പരമ്പരാഗത സമ്പ്രദായത്തിന് പുറമേ ഗ്രീക്ക്, സംസ്കൃതം, തമിഴ്, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകളിൽ വിജ്ഞാനം നേടുവാൻ സൗകര്യം ക്രമീകരിച്ചിരുന്നു. ലോക ക്ലാസിക് ഭാഷകളായ ഗ്രീക്കും ഇംഗ്ലീഷും ഇന്ത്യൻ ക്ലാസിക് ഭാഷയായ

സംസ്കൃതവും കേരളത്തിന്റെ തറവാട്ടുഭാഷയായ തമിഴും സുറിയാനി മലയാളങ്ങൾക്കു പുറമേ അഭ്യസിച്ചു വേണം മലങ്കരസഭയിലെ വൈദികർ ഇടവക സേവനത്തിന് സുസജ്ജരാകേണ്ടത് എന്ന നിലപാടിന്റെ പുറകിൽ മെത്രാപ്പോലീത്താ പുലർത്തിയ വിദ്യാഭ്യാസ വീക്ഷണത്തിന്റെ ആഴവും വിസ്തൃതിയും വാക്കുകൾകൊണ്ടു വർണ്ണിക്കാനാവില്ല. സെക്കുലർ വിദ്യാഭ്യാസരംഗത്തും വൈദിക വിദ്യാഭ്യാസരംഗത്തും ഈ വിധം ബൃഹത്തായ കർമ്മപദ്ധതികൾ കൊണ്ട് സാംസ്കാരിക നവോത്ഥാനത്തിന് രാജപാതകളൊരുക്കിയ മറ്റൊരു പ്രതിഭാശാലിയെ ഭാരതത്തിലെവിടെയെങ്കിലും അതിന് മുമ്പോ പിമ്പോ കണ്ടെത്താനാവുമെന്ന് തോന്നുന്നില്ല. സാക്ഷരതയിൽ സമ്പൂർണ്ണത അവകാശപ്പെടുന്ന കേരളം സാക്ഷര കേരളത്തിന്റെ ചക്രവർത്തിയായി സ്മരിക്കേണ്ടത് ഈ മഹാപ്രതിഭയെയാണ്.

ഇതോടൊപ്പം ചേർത്ത് പ്രസ്താവിക്കപ്പെടേണ്ട ഒന്നാണ് അദ്ദേഹം ആവിഷ്ക്കരിച്ച മതവിദ്യാഭ്യാസ പാഠശാലകൾ. ഇടവകകൾതോറും സെക്കുലർ വിദ്യാഭ്യാസത്തിനായി കെട്ടിടങ്ങൾ നിർമ്മിക്കപ്പെട്ടതോടെ പില്ക്കാലത്ത് രവിദിന പാഠശാലകൾ എന്ന് വിളിക്കപ്പെട്ട മതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇടവകകൾതോറും അദ്ദേഹം ആവിഷ്ക്കരിച്ചു. മതവിശ്വാസകാര്യങ്ങൾ പരിചയപ്പെടുത്തുവാനും ബൈബിൾ അദ്ധ്യയനം നടത്തുവാനും ഈ പദ്ധതി പ്രയോജനപ്പെട്ടു. അക്കാലങ്ങളിൽ ആരാധകൾ നടത്തിയിരുന്നത് സുറിയാനിഭാഷയിലായിരുന്നു. സങ്കേതപ്രധാനങ്ങളായ ആരാധനാനുഷ്ഠാനങ്ങളെ അർത്ഥവത്തായി പരിചയപ്പെടുവാനും ഹൃദയംഗമമായി അംഗീകരിക്കുവാനും ഈ വിദ്യാലയങ്ങൾ സഹായകമായി. വിശ്വാസകാര്യങ്ങൾ ലളിതമായി മലയാളഭാഷയിൽ തയ്യാറാക്കി അച്ചടിപ്പിച്ചത് മതപരമായ ഉന്മേഷത്തിനും വിചിന്തനങ്ങൾക്കും കാരണമായി. 1901-ൽ അദ്ദേഹത്തിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയാഘോഷിച്ചപ്പോൾ സമർപ്പിച്ച മംഗളപത്രത്തിൽ അദ്ദേഹത്തിന്റെ വിദ്യാഭ്യാസ സംഭാവനകളെ ഇപ്രകാരമാണ് പരാമർശിച്ചിട്ടുള്ളത്:

"... സമുദായം ഒട്ടുക്കുള്ള കുട്ടികളുടെ വിദ്യാഭ്യാസവകയ്ക്കു ഈ പ്രധാന സ്ഥലത്ത് (കോട്ടയം) ഒരു ഹൈസ്കൂൾ സ്ഥാപിച്ചത്, അതിന്റെ നിലനിൽപിനുവേണ്ടി ഒരു ലക്ഷം രൂപയുടെ ഷോടതി അനുവദിപ്പിച്ച് നടത്തിയത്..... കുന്നംകുളങ്ങര, മുതലായി വടക്കും തെക്കുമുള്ള പല ഇടവകപ്പള്ളികളോടും ചേർന്ന് ഇംഗ്ലീഷ് പള്ളിക്കൂടങ്ങൾ ഏർപ്പെടുത്തിയത്, രാജ്യം ഒട്ടുക്കു പ്രാഥമിക വിദ്യാഭ്യാസം വകയ്ക്കു അനേകം മലയാളം പള്ളിക്കൂടങ്ങൾ നടത്തുന്നത്...."[4] മാർ ദീവന്നാസ്യോസ് ചരിത്രഗാനത്തിൽ ഇക്കാര്യം പരാമർശിക്കുന്നതിപ്രകാരമാണ്: "പള്ളിക്കധിപതി പള്ളികൾ, എത്രയോ പള്ളിക്കൂടങ്ങളും ഏർപ്പെടുത്തി."

## 2. കേരളത്തിലെ ഒന്നാമത്തെ സമുദായ സംഘടന

സ്മര്യപുരുഷൻ മെത്രാപ്പോലീത്താ ആയി രംഗപ്രവേശം ചെയ്യുന്ന കാലത്ത് ഇരുന്നൂറിലേറെ പള്ളികൾ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി ഉണ്ടായിരുന്നു. കേരള ക്രൈസ്തവ ചരിത്രത്തിലെ തന്നെ ഏറ്റവും പുരാതന ദേവാലയങ്ങളായിരുന്നു അവ. ഇന്നത്തെപ്പോലെ ചെറിയ ഇടവകകളുടെ രൂപവത്ക്കരണം അന്ന് പ്രോത്സാഹിപ്പിക്കപ്പെട്ടിരുന്നില്ല. ഒരിടവകയിൽ ആയിരക്കണക്കിന് കുടുംബങ്ങൾ ഉണ്ടായിരുന്നു. ഒരിടവകയിൽ ഒന്നിലേറെ, പലപ്പോഴും ഒരു ഡസനിലേറെ വൈദികരും ഉണ്ടാവും. മലങ്കരമെത്രാപ്പോലീത്താ എന്ന പേരിൽ ഒരു ബിഷപ്പ് മാത്രമേ അക്കാലങ്ങളിൽ സഭയിലുണ്ടായിരുന്നുള്ളു. പെരുന്നാളുകൾ, പട്ടംകൊട, പള്ളി കൂദാശ തുടങ്ങിയ കാര്യങ്ങളിൽ മാത്രമേ മലങ്കരമെത്രാപ്പോലീത്തായ്ക്കു കർത്തവ്യം ഉണ്ടായിരുന്നുള്ളു. വൈദികർക്ക് പോലും പട്ടമേറ്റ് ഇടവകയിലേക്കു നിയമനം ലഭിച്ചുകഴിഞ്ഞാൽ പിന്നീട് മെത്രാപ്പോലീത്തായോട് വളരെയൊന്നും ബന്ധവും വിധേയത്വവും ഇല്ലായിരുന്നു. ഇടവകയുമായുള്ള ഉടമ്പടികൾ നിമിത്തം അവർ ഇടവകയുടെ രക്ഷണത്തിനും ശിക്ഷണത്തിനും വിധേയരാവണമായിരുന്നു. ഒരിടവകയുടെ ശക്തിയും ദൗർബല്യവും അതുതന്നെ – വൈദികരുടെ കഴിവുകൾ ഇടവകയുടെ അതിർത്തിക്കകത്ത് പരിമിതപ്പെട്ടുപോയിരുന്നു. ഇടവകക്കാർക്കു സ്വന്തം ഇടവകയുടെ വെളിയിൽ കർത്തവ്യവും താല്പര്യവും ഇല്ലായിരുന്നു. തന്മൂലം ശക്തമായ നിരവധി ഇടവകകൾ ഉണ്ടായിരുന്നിട്ടും സമുദായം ക്ഷീണാവസ്ഥയിൽ തന്നെ കഴിഞ്ഞുകൂടേണ്ടി വന്നു. ഇടവകകളെ ഫലപ്രദമായി ഇണക്കി സമുദായതാല്പര്യത്തിനനുയോജ്യമായി പൊതു ലക്ഷ്യങ്ങളിലേക്കു നയിക്കുക സാധ്യമായിരുന്നില്ല. ഓരോ ഇടവകയും നിധി കാക്കുന്ന ഭൂതങ്ങളെപ്പോലെ അതത് ഇടവകകളിൽ മുഖം പൂഴ്ത്തി ഇരുന്നു.

സഭാഭരണരംഗത്ത് ആവിഷ്ക്കരിക്കുവാനുള്ള നിരവധി സ്വപ്നങ്ങളുമായി രംഗപ്രവേശം ചെയ്ത സ്മര്യപുരുഷന് ഈ അവസ്ഥ അസഹ്യമായി. ഒരു മെത്രാപ്പോലീത്തായെ നിഷ്ക്രിയനാക്കുന്ന ഈ പാരമ്പര്യം പൊളിച്ചെഴുതുവാൻ അദ്ദേഹം നിശ്ചയിച്ചു. ഇടവകകൾക്കു ഒരു പൊതു വേദി സംവിധാനം ചെയ്യുവാൻ അദ്ദേഹം ശ്രമിച്ചു. ആ വേദി ഒരേസമയം ഓരോ ഇടവകയ്ക്കും പ്രാതിനിധ്യം ഉള്ളതും അതേസമയം ഓരോ ഇടവകയെയും നിയന്ത്രിക്കുന്നതും ആയിരിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. കർമ്മധീരനായ അദ്ദേഹം തനിക്കു സന്ദർശിക്കുവാൻ അവസരം ലഭിച്ച സ്ഥലങ്ങളിലെല്ലാം ഈ നൂതനാശയം പങ്കുവച്ചു. ഇടവകകളാല്ലാതെ സഭയോ സമുദായമോ അന്ന് ഇല്ലായിരുന്നു. മരങ്ങളല്ലാതെ കാടില്ലായിരുന്നു. മെത്രാപ്പോലീത്താ മരങ്ങളെ സംഘടിപ്പിച്ച് കാട്

സൃഷ്ടിക്കുവാൻ ശ്രമം നടത്തി. വമ്പിച്ച സാധ്യതകളുള്ള ഈ പരിഷ്ക്കാരം സ്വാഗതം ചെയ്യുന്നവരും എതിർക്കുന്നവരും ഉണ്ടായിരുന്നു. പൊതുവേദിയുടെ ശക്തിയെപ്പറ്റി എല്ലാവർക്കും ബോധ്യമായിരുന്നെങ്കിലും അതിന്റെ പേരിൽ ഇടവകയുടെ ശക്തി ചോർന്നുപോകുന്നതിൽ അനേകർക്ക് ഉത്ക്കണ്ഠയുണ്ടായിരുന്നു. സ്മര്യപുരുഷനിലെ അനുരഞ്ജന പാടവവും സംഘാടകശേഷിയും ഏറ്റവും അധികം കർമ്മോന്മുഖമായ രംഗമായിരുന്നു ഇത്. ഒരു നാടിന്റെ നവോത്ഥാനത്തിന് നേതൃത്വം നൽകുവാൻ സമുദായത്തിന്റെ ചിതറിക്കിടക്കുന്ന ശക്തി ഏകീകരിക്കപ്പെടണമെന്ന അഭിപ്രായം ആകർഷകമായി അദ്ദേഹം ഓരോ ഇടവകയുടെയും മുമ്പിൽ അവതരിപ്പിച്ചു. ഒരു മെത്രാപ്പോലീത്തായുടെ നേതൃത്വവും സേവനവും ഫലപ്രദമായി സമുദായത്തിന് ലഭിക്കുവാൻ ഈ ഒരു ഫെഡറൽ സംവിധാനം അനിവാര്യമെന്ന് അദ്ദേഹം ഇടവകകളെ ബോധ്യപ്പെടുത്തി. അദ്ദേഹത്തിന് മുമ്പിൽ പൂർവ്വമാതൃകകൾ ഇല്ലായിരുന്നു. സമകാല സഹോദര സമുദായങ്ങളിലും മാതൃകകൾ ഇല്ലായിരുന്നു. ഒരു പ്രതിഭാശാലിയുടെ അപൂർവ്വ വസ്തുനിർമ്മാണക്ഷമമായ പ്രജ്ഞ ആവിഷ്ക്കാരം തേടുകയായിരുന്നു. നവീകരണവിഭാഗത്തിനെതിരെ സമുദായശക്തി സംഭരിക്കുവാനാണ് എല്ലാവരുടെയും ഉന്നമെങ്കിലും നവീകരണക്കാരുടെ പ്രശ്നം പരിഹരിച്ചുകഴിഞ്ഞാലും ശാശ്വതമായി സമുദായശക്തി സംഭരിക്കാനുള്ള ഒരു ശക്തിസ്രോതസ്സിന് രൂപംനൽകുവാനാണ് മെത്രാപ്പോലീത്താ ശ്രമിച്ചത്. തന്മൂലം നവീകരണക്കാരോട് എന്തു നിലപാട് എടുക്കണമെന്ന് ആലോചിക്കുവാനായി 1873-ൽ പരുമലയിൽ ചേർന്ന ആദ്യത്തെ കാര്യാലോചനായോഗത്തിൽത്തന്നെ സ്വന്തം സ്വപ്നം അദ്ദേഹം അവതരിപ്പിച്ചു. സമുദായത്തെ ആകമാനം പ്രതിനിധാനം ചെയ്യുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ എന്ന് പേരിടാവുന്ന ഈ സംഘടനയ്ക്ക് എല്ലാ ഇടവകകളിന്മേലും പൊതുവായ മേലന്വേഷണം ഉണ്ടായിരിക്കും. ഇടവകകളുടെ ശക്തിയെ സമാഹരിക്കുവാനും ശക്തികുറഞ്ഞ ഇടവകകളെ സഹായിക്കുവാനും ഈ സമുദായ സംഘടന യത്നിക്കണം. ഈ ബൃഹത് സംഘടന നിലനിൽക്കെത്തന്നെ തെരഞ്ഞെടുക്കപ്പെടുന്ന ഒരു മാനേജിംഗ് കമ്മിറ്റി അസോസ്യേഷന്റെ കർമ്മസമിതിയായി പ്രവർത്തിക്കണം. സമുദായത്തിന്റെ വിദ്യാഭ്യാസം, സാമൂഹ്യ പുരോഗതി, പ്രസിദ്ധീകരണം തുടങ്ങിയ എല്ലാ പ്രവർത്തനങ്ങൾക്കും ഈ സമിതി അധികാരപ്പെട്ടിരിക്കണം എന്നിങ്ങനെ തന്റെ ഭാവനകൾ പൂർണ്ണമായി സ്മര്യപുരുഷൻ 1873-ലെ പരുമല സമ്മേളനത്തിൽ വെളിപ്പെടുത്തി. ഇടവകകൾ ഒരേ സമയം സ്വതന്ത്ര യൂണിറ്റുകളും അതേ സമയം പൊതു സമുദായത്തിന്റെ ശാഖകളുമെന്ന നിലയിൽ ഒരു ഫെഡറൽ സംവിധാനമാണ് അദ്ദേഹം അവതരിപ്പിച്ച നിർദ്ദേശത്തിന്റെ കാതൽ. ക്രിയാത്മകവും അപൂർവ്വവുമായ ഈ നിർദ്ദേശം പരുമല സമ്മേളനം

ഏകകണ്ഠമായി അംഗീകരിച്ചു. അങ്ങനെയാണ് മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷനും മലങ്കര മാനേജിംഗ് കമ്മിറ്റിയും രൂപവത്ക്കരിക്കപ്പെട്ടത്. അന്ന് മലങ്കരയിലുണ്ടായിരുന്ന വിദേശമെത്രാൻ യൂയാക്കീം മാർ കൂറിലോസിന് ഈ ഭരണപരിഷ്ക്കാരം അഭിമതമല്ലായിരുന്നു. തനിക്കു വെളിയിൽ ഒരു അധികാരകേന്ദ്രം രൂപപ്പെടുകയാണ് അസോസ്യേഷന്റെയും മാനേജിംഗ് കമ്മിറ്റിയുടെയും രൂപവത്ക്കരണം കൊണ്ട് സാധിക്കാൻ പോകുന്നതെന്ന് അസാമാന്യ ബുദ്ധിശാലിയായ മാർ കൂറിലോസ് കാര്യങ്ങളെ തിരിച്ചറിഞ്ഞു. പാത്രിയർക്കീസിന്റെ അനുമതി കൂടാതെ ഈദൃശഭരണപരിഷ്ക്കാരങ്ങൾ നടപ്പാക്കുന്നത് അനുചിതവും സഭാനേതൃത്വത്തോടുള്ള വെല്ലുവിളിയുമാണെന്ന് അദ്ദേഹം ജനത്തെ ബോധവൽക്കരിച്ചു. നവീകരണക്കാരുമായുള്ള പോരാട്ടത്തിൽ പാത്രിയർക്കീസുമായുള്ള സൗഹൃദം ഏക ആശ്രയമെന്ന് തെളിഞ്ഞതിനാൽ പാത്രിയർക്കീസിനെ പ്രകോപിപ്പിക്കുന്ന യാതൊരു നടപടിയും മലങ്കരയുടെ ഭാഗത്തു നിന്നുണ്ടാകരുതെന്ന് പുലിക്കോട്ടിൽ മെത്രാച്ചന് അറിയാമായിരുന്നു. തന്മൂലം വളരെ ഭാവനാപൂർവ്വം മെനഞ്ഞെടുത്ത് പ്രാവർത്തികമാക്കിയ ഈ സമുദായ സംഘടനയെ പ്രവർത്തനക്ഷമമാക്കുവാൻ സാങ്കേതികമായി സാധിച്ചില്ല. എങ്കിലും അദ്ദേഹം അവതരിപ്പിച്ച ആശയത്തെ പിഴുതുകളയുവാൻ മാർ കൂറിലോസിന് കഴിഞ്ഞില്ല.

താൻ വിളിച്ചുകൂട്ടിയ പരുമലസമ്മേളനത്തിന് എന്തെങ്കിലും സാങ്കേതികമായ പോരായ്മകൾ ഉണ്ടെങ്കിൽ പരിഹരിക്കണമെന്നും ചെറിയ ഒരു അപസ്വരം പോലും നവീനമായ ഈ മഹാപ്രസ്ഥാനത്തെ പോറലേല്പിക്കരുതെന്നും നിർബന്ധമുള്ളതുകൊണ്ടാണ് 1876-ൽ പാത്രിയർക്കാ സന്ദർശനം കേരളത്തിൽ വിജയകരമാക്കാൻ പുലിക്കോട്ടിൽ മെത്രാച്ചൻ അഹോരാത്രം അധ്വാനിച്ചത്. അപ്പോഴേക്കും യുയാക്കീം കൂറിലോസ് മെത്രാച്ചൻ അന്തരിച്ചതുമൂലം പാളയത്തിലെ പടയുടെ ശക്തി അസ്തമിച്ചു എങ്കിലും മെത്രാൻസ്ഥാനമോഹികളായ ഏതാനുംപേരുടെ രംഗപ്രവേശം അദ്ദേഹത്തെ ശല്യപ്പെടുത്തിക്കൊണ്ടേ ഇരുന്നു. കൂടുതൽ മെത്രാന്മാരുടെ ആവിർഭാവം സഭയുടെ ഏകാഗ്രതയെ ശിഥിലമാക്കുമെന്നതിനാൽ ആ ആലോചന പുലിക്കോട്ടിൽ മെത്രാച്ചൻ ആദ്യം മുതലേ അംഗീകരിച്ചിരുന്നില്ല. തന്മൂലം മെത്രാച്ചന്റെ കീഴിൽ അണിനിരന്ന അസോസ്യേഷന്റെ അംഗീകാരത്തോടുകൂടി തങ്ങൾക്ക് തല്ക്കാലം മെത്രാന്മാരാകാൻ കഴിയില്ലെന്ന് ഏവർക്കും ഉറപ്പായിരുന്നു. തന്മൂലം പാത്രിയർക്കീസിനെ പ്രീണിപ്പിച്ചാൽ മാത്രമേ തങ്ങൾക്കു മെത്രാൻസ്ഥാനം ലഭിക്കൂ എന്നത് മെത്രാൻസ്ഥാനമോഹികൾക്കു തീർച്ചയായിരുന്നു. മലങ്കരമെത്രാന്റെയും മലങ്കരയിലെ സമുദായത്തിന്റെയും ഹിതം കൂടാതെയും എതിർപ്പിനെ വകവയ്ക്കാതെയും പാത്രിയർക്കീസ് അകാനോനികമായി മെത്രാന്മാരെ പട്ടംകെട്ടുവാൻ ആരംഭിച്ചപ്പോൾ ഒരു

മെത്രാൻ സ്ഥാനാർത്ഥിയും അഹിതം പ്രകടിപ്പിക്കുകയോ പിന്മാറുകയോ ചെയ്തില്ലെന്ന് ഇവിടെ ഓർക്കാവുന്നതാണ്. 1876-ലെ മുളന്തുരുത്തിയിൽ വീണ്ടും കൂടിയ സമ്മേളനത്തിലും പരുമല സമ്മേളനത്തിൽ തീരുമാനമായ കാര്യങ്ങൾക്കു അംഗീകാരം വരുത്തുവാനാണ് സ്മര്യപുരുഷൻ ഉത്സാഹിച്ചത്. അസോസ്യേഷൻ മുഖേന സമുദായത്തിന് സാധിക്കാവുന്ന വൻകാര്യങ്ങളെപ്പറ്റി അദ്ദേഹം അത്രയ്ക്കു ബോധവാൻ ആയിരുന്നു. മുളന്തുരുത്തി സുന്നഹദോസ് കഴിഞ്ഞതോടെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷന്റെയും മാനേജിംഗ് കമ്മിറ്റിയുടെയും പ്രവർത്തനത്തിനുണ്ടായിരുന്ന എല്ലാ പ്രതിബന്ധങ്ങളും നീങ്ങിക്കിട്ടി. പക്ഷേ, പിന്നീട് ദൗർഭാഗ്യകരമായി ഭദ്രാസനവിഭജനവും മെത്രാൻ വാഴ്ചയും ഏകപക്ഷീയമായി പാത്രിയർക്കീസ് നടത്തിയതുമൂലം കമ്മിറ്റിയും അതിന്റെ പ്രസിഡണ്ടും പാത്രിയർക്കീസുമായി അകലാൻ ഇടയായത് വീണ്ടും പ്രശ്നങ്ങൾ സൃഷ്ടിച്ചു. കമ്മിറ്റിയെ റദ്ദാക്കിയും പ്രസിഡണ്ട് സ്ഥാനം നിരാകരിച്ചുംകൊണ്ടാണ് പാത്രിയർക്കീസ് മലങ്കരയോട് യാത്ര പറഞ്ഞത്. പാത്രിയർക്കീസിന്റെ ആജ്ഞാനുവർത്തികളാവാൻ വിധിക്കപ്പെട്ട ആറു മെത്രാന്മാരിവിടെയുണ്ടായിരുന്നതുകൊണ്ടും അവരിൽ ചിലർ പാത്രിയർക്കീസിന്റെ ചാരന്മാരായിപ്പോലും വർത്തിക്കുവാൻ സന്നദ്ധരായിരുന്നതുകൊണ്ടും കുറച്ചുകാലത്തേക്കു കൂടി കമ്മിറ്റിയ്ക്ക് സ്തംഭനം നേരിട്ടു. എന്നാൽ മൂന്നുനാലു വർഷത്തെ കഠിനാദ്ധ്വാനം കൊണ്ടും ത്യാഗനിർഭരമായ അനുരഞ്ജനപാടവം കൊണ്ടും കമ്മിറ്റിയെ പുനർജീവിപ്പിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. അദ്ദേഹം അസോസ്യേഷൻ സ്ഥാപനത്തിലൂടെ അടിസ്ഥാനപ്പെടുത്തിയ ഭരണസംവിധാനം പിൽക്കാലത്ത് പല സുപ്രീംകോടതി വിധികളും സ്ഥിരപ്പെടുത്തുകയുണ്ടായി. ആദ്യകാലങ്ങളിൽ അസോസ്യേഷനും കമ്മിറ്റിയും കൂടിയിരുന്നത് ഏതാനും മണിക്കൂർ നേരത്തേക്ക് ഔപചാരികമായിട്ടല്ല, ഒന്നിലേറെ ദിവസങ്ങൾ നീണ്ടുനിൽക്കുന്ന സമ്മേളനങ്ങളിൽ സമുദായത്തിന്റെ സമസ്ത വിഷയങ്ങളും ചർച്ചയ്ക്കു വിഷയീഭവിപ്പിച്ചായിരുന്നു. സഭാഭരണത്തിന്റെ കേന്ദ്രസ്ഥാനത്തു മലങ്കരമെത്രാപ്പോലീത്താ പ്രതിഷ്ഠിക്കപ്പെട്ടിരുന്നുവെങ്കിലും സമുദായത്തിന്റെ ഹിതം അസോസ്യേഷനിലൂടെ വെളിപ്പെടുത്തുവാൻ അവസരം നൽകുകയും അവയെ പരിഗണിക്കുകയും ചെയ്യാതെ മലങ്കരമെത്രാപ്പോലീത്താ യാതൊന്നും പ്രവർത്തിക്കുമായിരുന്നില്ല. ഈ പ്രവർത്തനശൈലി പിൽക്കാലത്ത് പലരും ആദരവോടെ അനുസ്മരിച്ചിട്ടുണ്ട്. മാർ ദീവന്നാസ്യോസിന്റെ പ്രവർത്തനങ്ങൾ വിജയത്തിൽ കലാശിച്ചിരുന്നതിന്റെ ഒരു രഹസ്യം അദ്ദേഹം പ്രകടമാക്കിയ ഈ ജനാധിപത്യബോധം ആയിരുന്നു. അദ്ദേഹത്തിന്റെ ഈ ശൈലി സഭാനേതാക്കന്മാരുടെ മനസ്സിൽ ഘനീഭവിച്ചു കിടന്നിരുന്നതുകൊണ്ടാണ് 1934-ലെ ഭരണഘടനയുടെ ചർച്ചകളിൽ ജനാധിപത്യശൈലിയ്ക്കു വിരുദ്ധനിലപാട്

അന്നത്തെ മലങ്കരമെത്രാപ്പോലീത്താ സ്വീകരിച്ചപ്പോൾ അപസ്വരങ്ങളും എതിർപ്പും ഉണ്ടായതെന്നും, വട്ടശ്ശേരിൽ മെത്രാച്ചന്റെ കാലത്ത് ഭരണ ഘടന പാസ്സാവാതെ പോയത് ഈ വിയോജിപ്പുകൊണ്ടാണെന്നും അക്കാലങ്ങളിൽ സഭാഭരണത്തിന്റെ അകത്തളങ്ങളിൽ സർവ്വസ്വാതന്ത്ര്യത്തോടെ പെരുമാറിയിരുന്ന പാറേട്ട് മാത്യൂസ് ശെമ്മാശന്റെ (പിന്നീട് പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ്) ഡയറിക്കുറിപ്പുകളെ ആധാരമാക്കി *മലങ്കരനസ്രാണികൾ* എന്ന ചരിത്രഗ്രന്ഥപരമ്പരയിൽ ഇസ്സഡ്. എം. പാറേട്ട് നിരീക്ഷിച്ചിട്ടുണ്ട്.

കുതിരസവാരി ചെയ്യുന്ന യോദ്ധാവ് കുതിരയെ പ്രാണന് തുല്യം സ്നേഹിക്കുന്നവനാകണമെന്ന് പുലിക്കോട്ടിൽ മെത്രാച്ചന് നിർബന്ധമായിരുന്നു. പില്ക്കാലത്തെ പല മലങ്കരമെത്രാപ്പോലീത്തന്മാരും അസോസ്യേഷനെ യജമാനൻ എന്ന ഭംഗിവാക്കായി വിശേഷിപ്പിക്കുകയും അസോസ്യേഷനെ ഏതാനും മണിക്കൂറു നേരത്തേക്കു മാത്രം ചേരുന്ന ഔപചാരികമേളകൾ മാത്രമായി സങ്കോചിപ്പിക്കുകയും ചെയ്തിട്ടുള്ളത് സ്മര്യപുരുഷൻ വിഭാവനം ചെയ്ത അസോസ്യേഷന്റെ നടത്തിപ്പുശൈലിയാണെന്ന് തോന്നുന്നില്ല.

അസോസ്യേഷൻ പ്രവർത്തനക്ഷമമായതോടെ സഭയിൽ പണ്ടില്ലാത്ത ഒരു നവോന്മേഷം സംജാതമായി. സഭയുടെ പൊതുഭരണത്തിൽ പങ്കാളിത്തം ലഭിച്ചതിന്റെ ആഹ്ലാദമായിരുന്നു ആ നവോന്മേഷത്തിന്റെ രഹസ്യം. സഭയിൽ ഒരിക്കലും ഉണ്ടായിട്ടില്ലാത്തവിധം അവൈദിക പങ്കാളിത്തം സഭയിൽ പ്രയോജനപ്പെട്ടത് സ്മര്യപുരുഷന്റെ കാലത്താണ്. അദ്ദേഹം പ്രദർശിപ്പിച്ച ഈ ജനാധിപത്യശൈലിയുടെ നിഷ്ഠ മൂലമാകാം അദ്ദേഹത്തെ പിൻഗാമികൾ അനുകരിക്കാതെ പോയതും വേറെ ശൈലികളിലേക്കു സഭയെ ഉപനയിച്ചതും. പിൽക്കാലത്ത് സഭയിലുണ്ടായ അസമാധാനത്തിന്റെയും കലഹത്തിന്റെയും അടിസ്ഥാനകാരണം ഈ ശൈലീഭേദം ആയിരുന്നുവോ എന്ന് അനേകർ ചിന്തിക്കുന്നുണ്ട്.

ഏതായാലും ഈദൃശമായ മറ്റൊരു സമുദായ സംഘടന കേരളത്തിലുണ്ടാകുന്നത് 29 കൊല്ലത്തിന് ശേഷം 1902-ലാണ്. ശ്രീനാരായണ ധർമ്മ പരിപാലനയോഗം. വിദ്യകൊണ്ട് വിജ്ഞരാകുക, സംഘടിച്ച് ശക്തരാകുക തുടങ്ങിയ മുദ്രാവാക്യങ്ങൾ ശ്രീനാരായണഗുരു ആവിഷ്ക്കരിച്ചത് തന്റെ തൊട്ടു മുമ്പുള്ള തലമുറയിൽ സുറിയാനിക്രിസ്ത്യാനികളുടെ മേലധ്യക്ഷൻ നടത്തിയ വിദ്യാഭ്യാസ പ്രവർത്തനങ്ങളെയും അസോസ്യേഷൻ രൂപീകരണത്തെയും നിരീക്ഷിച്ചതിൽ നിന്ന് പ്രചോദനം ആർജ്ജിച്ചിട്ടാണ്. വിദ്യാഭ്യാസസ്ഥാപനങ്ങളുടെ കാര്യത്തിൽ ഗുരുവിന്റെ ആഹ്വാനം അനുയായികൾ ഗൗരവമായി അന്നെടുത്തില്ലെങ്കിലും ഇന്ന് ആ സംഘടന ആ വഴിക്കു കാര്യമായി പരിശ്രമം തുടങ്ങിയിട്ടുണ്ട്. സംഘടിക്കുന്നതിന്റെ

കാര്യത്തിൽ ആ സംഘടന അന്നേ ഗൗരവമായി ശ്രദ്ധിച്ചു. സാമൂഹിക മായി ആ സമുദായം ഇന്നു കാണുന്ന സർവ്വഔന്നത്യങ്ങളും പിടിച്ചട ക്കിയതിന്റെ പിന്നിൽ ആ സംഘടനയുടെ പ്രവർത്തനം കാണാം. സുറി യാനി ക്രിസ്ത്യാനികളുടെ സമുദായ സംഘടന പിറവികൊണ്ട് മറ്റെല്ലാ കേരളീയ സമുദായങ്ങളെയും ആവേശം കൊള്ളിച്ചുവെങ്കിലും പിൻഗാ മികളുടെ കാലത്തെ മന്ദതകൊണ്ട് ഓട്ടമത്സരത്തിനിറങ്ങിയ മുയലി ന്റെയും ആമയുടെയും കഥയിലെ മുയലിനെപ്പോലെ പരിഹാസ്യമായ അവസ്ഥയിലെത്തിയോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഒരു കാര്യം തീർച്ച. മലങ്കരയിൽ അസ്വസ്ഥതകളും ഭിന്നതകളും അകലുവാൻ ആദ്യം ചെയ്യേണ്ടത് അസോസ്യേഷനെ അതിന്റെ സ്ഥാപനോദ്ദേശ്യത്തിനനുസൃ തമായി പുനഃസംവിധാനം ചെയ്യുകയാണ്.

### 3. ഭാഷാഭിമാനം

ഏതൊരു ദേശാഭിമാനിയുടെയും ദേശാഭിമാനത്തിന്റെ പ്രമുഖമായ ഒരു ഭാഗം ഭാഷാഭിമാനമായിരിക്കും. മാതൃഭാഷയുടെ ശേഷിയെ ആവുന്നത്ര പ്രയോജനപ്പെടുത്തുവാനാവും അവർ യത്നിക്കുക. സ്വപ്നങ്ങളും കർമ്മ സങ്കല്പങ്ങളും അവയുടെ പ്രയോഗത്തിലേക്കു സംക്രമിക്കുക മാതൃ ഭാഷയിലൂടെയാണ്. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലെ മലയാളഭാഷ യുടെ മാതൃകകൾ നമുക്കിന്ന് ലഭ്യമാണ്. സംസ്കൃതത്തിന് മുൻതൂ ക്കമുള്ള തുഞ്ചത്തെഴുത്തച്ചൻശൈലിയാണ് പദ്യമേഖലയിൽ ആധി പത്യം ഉറപ്പിച്ചിരുന്നത്. എന്നാൽ ഗദ്യമേഖല അവ്യവസ്ഥിതമായിരുന്നു. ഒരു ഗദ്യശൈലി ഉരുത്തിരിയുവാൻ പ്രസവവേദന സഹിക്കുകയായിരുന്നു അന്ന് മലയാളം. കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ സംസ്കൃത ബഹുലമായ ഗദ്യശൈലിയെ അനുകരിക്കുന്ന കുറെ എഴുത്തുകാർ അന്നു ണ്ടായിരുന്നു. എന്നാൽ കൂടുതൽ ജീവസ്സുറ്റ ഗദ്യശൈലി റവ. ജോർജ്ജ് മാത്തൻ അവതരിപ്പിച്ച ഗദ്യശൈലിയായിരുന്നു. അതിന്റെ ആർജ്ജവവും പ്രസന്നതയും അർത്ഥസ്ഫുടതയും തമ്പുരാന്റെ ശൈലിക്കന്യമായിരുന്നു. എങ്കിലും ഫ്യൂഡൽ കാലമായതുകൊണ്ട് കേരളം തമ്പുരാക്കന്മാരുടെ ശൈലിക്കു കൂടുതൽ മാർക്കിടുന്ന കാലമായിരുന്നു.

സുറിയാനി സഭയിലാണെങ്കിൽ സുറിയാനി ഭാഷ പരിപാവന ഭാഷ യാണെന്നും ആ സെമിറ്റിക് ഭാഷയിൽ വിരചിതമായ പ്രാർത്ഥനകൾ മല യാളത്തിലേക്ക് പരിഭാഷപ്പെടുത്തിയാൽ അതിന്റെ വിശുദ്ധി നഷ്ടപ്പെടു മെന്നും ചിന്തിച്ചുപോന്ന ഒരു കാലമായിരുന്നു അത്. ഉല്പതിഷ്ണു ആയി രുന്ന സ്മര്യപുരുഷൻ കർമ്മരംഗത്തേക്കു വരുന്നതു തന്നെ ആരാധന ക്രമങ്ങൾ മലയാളഗദ്യഭാഷയിലേക്കു വിവർത്തനം ചെയ്തുകൊണ്ടാണ്. 1850-കളിൽ ദിനംതോറുമുള്ള യാമപ്രാർത്ഥനകൾ, കുമ്പസാരക്രമം, ചില ദീർഘങ്ങളായ പ്രാർത്ഥനകൾ, പീഡാനുഭവ വാരത്തിലെ പ്രാർത്ഥനകൾ

തുടങ്ങിയവ മലയാള ഭാഷയിലേക്കു വിവർത്തനം ചെയ്തു അച്ചടിപ്പിച്ചു. അവൈദികർക്കു ഞായറാഴ്ചകളിൽ ഉപയോഗിക്കുവാനുള്ള കുർബാന ക്രമവും ഈ വിവർത്തനത്തിൽ ഉൾപ്പെടുന്നു. അരനൂറ്റാണ്ടിനകം ഇരുപതിനായിരത്തിലധികം പ്രതികൾ 15 പതിപ്പുകളിലൂടെ അദ്ദേഹം പ്രസിദ്ധപ്പെടുത്തി. ആദ്യം കോഴിക്കോടും പിന്നീട് കുന്നംകുളം, കൊച്ചി, കോട്ടയം എന്നിവിടങ്ങളിലുമായിട്ടാണ് അച്ചടി നടന്നത്. ഈ വിവർത്തനങ്ങളിൽ തമ്പുരാക്കന്മാരുടെ ഗദ്യശൈലി അദ്ദേഹം സ്വീകരിച്ചില്ല. ഓജസ്സേറിയ കൊച്ചു കൊച്ചു വാക്യങ്ങളിലൂടെ ആശയപ്രകാശനത്തിന്റെ പ്രസന്നമാതൃകകൾ ആണ് അദ്ദേഹം അവതരിപ്പിച്ചത്. അവയിൽ സംസ്കൃത പദങ്ങൾ തീരെ വിരളമാണ്. സുറിയാനിയിൽ നിന്ന് വൃത്താനുവൃത്തം വിവർത്തനം ചെയ്ത ഒരു ഗാനം മാതൃകയായി കൊടുക്കുന്നു:

“മക്കളിലപ്പൻ കൃപ ചെയ്വതുപോലെ
ഭക്തന്മാരിൽ ദൈവം കൃപ ചെയ്യും
പുല്ലിനു തുല്യം നരനുടെ നാളുകൾ അഹോ
പൂക്കുന്നിതു വയലിൽ പുച്ചെടി പോലെ.”

അദ്ദേഹം ആരംഭിച്ചു നടത്തിയ പത്രമാസികകളാണ് അദ്ദേഹത്തിന്റെ ഭാഷാപ്രയത്നത്തിന്റെ മറ്റ് ഉദാഹരണങ്ങൾ. അതീവ ശുഷ്ക്കമായിരുന്നു അക്കാലത്തു കേരളത്തിലെ പത്രപ്രവർത്തനരംഗം. മെത്രാച്ചൻ ഈ രംഗത്തു നടത്തിയ സാഹസികയത്നങ്ങൾ പ്രത്യേകം പരാമർശമർഹിക്കുന്നു. ഒരു മെത്രാപ്പോലീത്തായുടെ പ്രവർത്തനമേഖല ആത്മീയം മാത്രമെന്ന് ധരിച്ചുവശായിട്ടുള്ള ഒരു സമൂഹത്തിന്റെ തലവൻ മാതൃഭാഷാവിജൃംഭിതനായി കേരളപതാക, ഇടവകപത്രിക, സുറിയാനി സുവിശേഷകൻ എന്നീ പത്രമാസികകൾ നടത്തി. ആദ്യത്തെ പത്രം നവോത്ഥാന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ആശയങ്ങളും വാർത്തകളും പ്രാധാന്യം നൽകി പ്രസിദ്ധീകരിച്ചു. ഉല്പതിഷ്ണുക്കളായ എഴുത്തുകാരുടെ രചനകൾ അതിലൂടെ വെളിച്ചം കണ്ടു. നവോത്ഥാനത്തിന്റെ വൈദേശിക മാതൃകകളെയും ഇതര സംരംഭങ്ങളെയും കേരളപതാക മലയാളിക്കു പരിചയപ്പെടുത്തി. മലയാളിയുടെ അറിവിന്റെ മേഖലകളെ വിശാലതരമാക്കുവാൻ സഹായകമായ പഠനങ്ങളും ചിന്തകളും കേരളപതാക അവതരിപ്പിച്ചു വന്നു. കേരളത്തിന്റെ നവോത്ഥാനം സംബന്ധിച്ച് സ്മര്യപുരുഷന്റെ കാഴ്ചപ്പാടുകൾ സാസ്കാരിക കേരളം ശ്രവിച്ചത് “കേരളപതാക”യിലൂടെയാണ്.

“ഇടവകപത്രിക” തികച്ചും സഭാപരമായ ദൗത്യമാണ് നിർവഹിച്ചിരുന്നത്. മറ്റു സഭകൾ മാധ്യമങ്ങൾ മുഖേന നടത്തിയിരുന്ന വിമർശനങ്ങൾക്കു ചുട്ട മറുപടി നൽകുവാനും ഓർത്തഡോക്സ് സഭയെ അതിന്റെ ആഴത്തിലും വ്യാപ്തിയിലും വ്യാഖ്യാനിക്കുവാനുമുള്ള ശ്രമമാണ് ഇതിൽ

കാണുന്നത്. മലങ്കരസഭയുടെ ഏകീകരണത്തെപ്പറ്റിയും ഇടവകകൾ ഭരണപരമായും അനുഷ്ഠാനസംബന്ധമായും കൈക്കൊള്ളുവാനുള്ള ശൈലിയെപ്പറ്റിയും നിർദ്ദേശം നല്കുവാനും സഭാ വിശ്വാസപരമായ ചർച്ചകളും ചരിത്രസംവാദങ്ങളും നടത്തുവാനും ഇടവകപത്രിക ശ്രദ്ധിച്ചിരുന്നു. വാർത്തകളിലൂടെ ഇടവകകൾ തമ്മിൽ സൗഹൃദവും ഐക്യബോധവും വളർത്തിയെടുക്കുവാനും ഇടവകപത്രികയ്ക്കു കഴിഞ്ഞു. ഈ പത്രങ്ങളിൽ ഏറ്റവും കൂടുതൽ കാലം ജീവിച്ചത് എല്ലാ അർത്ഥത്തിലും ഇടവക പത്രികയാണ്. പ്രത്യേകിച്ചും മലങ്കര അസോസ്യേഷൻ രൂപീകരണം, നവീകരണക്കാരുമായുള്ള വ്യവഹാരം, പാത്രിയർക്കീസ് ബാവായുടെ സന്ദർശനങ്ങളും ചെയ്തികളും, ബാവാ വിദേശത്തു നിന്ന് അയച്ചിരുന്ന സുറിയാനി കല്പനകളുടെ പരിഭാഷകൾ, മെത്രാപ്പോലീത്തായുടെ ഇടവക സന്ദർശനം, ഇടവകകളിലെ സ്കൂൾ സ്ഥാപനം, പുതിയ പള്ളികളുടെ സ്ഥാപനം, മെത്രാന്മാരുടെ പരിപാടികൾ തുടങ്ങി വിജ്ഞാനപ്രദവും കൗതുകപ്രദവും ഉത്ക്കണ്ഠാജനകവുമായ വാർത്തകളും വഹിച്ചുകൊണ്ടാണ് ഇടവകപത്രികയുടെ ഓരോ ലക്കവും പുറപ്പെട്ടിരുന്നത്. കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള, എം. പി. വർക്കി, കൊട്ടാരത്തിൽ ശങ്കുണ്ണി, ഇ. എം. ഫിലിപ്പ്, ഇടവഴിക്കൽ വലിയ ഫിലിപ്പോസച്ചൻ, ഇടവഴിക്കൽ പീലിപ്പോസ് കോറെപ്പിസ്ക്കോപ്പാ, പനക്കൽ യാക്കോബ് കത്തനാർ, കുരിയൻ റൈട്ടർ തുടങ്ങിയ എഴുത്തുകാരെ വളർത്തിയെടുക്കുന്നതിൽ ഇടവകപത്രികയ്ക്കു വലിയ പങ്കു വഹിക്കാൻ കഴിഞ്ഞു. കോനാട്ട് മാത്തൻ മല്പാൻ, വട്ടശ്ശേരിൽ ഗീവറുഗ്ഗീസ് മല്പാൻ, ചാത്തുരുത്തിൽ മാർ ഗ്രീഗോറിയോസ് തുടങ്ങിയ മല്പാന്മാരെ മലങ്കര സഭയിൽ പരിചയപ്പെടുത്തിയതും ഇടവകപ്പത്രിക തന്നെ.

“സുറിയാനി സുവിശേഷക”ന്റെ ശൈലി വ്യത്യസ്തമായിരുന്നു. ബൈബിളിന്റെ സുവിശേഷദൗത്യ നിർവഹണത്തിന് ഈ മാസിക പ്രാധാന്യം നല്കി. ഇടവകപത്രിക രണ്ടാഴ്ചയിലൊരിക്കൽ പ്രസിദ്ധപ്പെടുത്തിയപ്പോൾ സുറിയാനി സുവിശേഷകൻ മാസത്തിലൊരിക്കൽ പ്രസിദ്ധപ്പെടുത്തി. ജാത്യാചാരങ്ങൾ, വിവാഹസങ്കല്പങ്ങൾ, അന്ധവിശ്വാസങ്ങൾ തുടങ്ങിയ സാമൂഹിക ജീവിതത്തെ ബൈബിൾ കാഴ്ചപ്പാടിൽ നവീകരിക്കുകയും ശുദ്ധീകരിക്കുകയും ചെയ്യാൻ ഈ മാസിക ഉദ്യമിച്ചു. അയിത്തം, വർണ്ണാശ്രമധർമ്മങ്ങൾ, ബ്രാഹ്മണമേധാവിത്തം, സ്ത്രീകളോടുള്ള അവഗണന, മരുമക്കത്തായം, ബഹുഭാര്യാത്വം, ബഹുഭർത്തൃത്വം, ദുർദേവതാരാധന, വിഗ്രഹാരാധന തുടങ്ങിയ സാമൂഹിക പ്രശ്നങ്ങളിൽ ബൈബിളിന്റെ കാഴ്ചപ്പാടുകളും മാർഗ്ഗദർശനവും വെളിപ്പെടുത്തുന്ന സുറിയാനി സുവിശേഷകന്റെ ശബ്ദം സാംസ്ക്കാരിക കേരളത്തിന് വലിയൊരാവേശമായി. ശുദ്ധീകരണത്തിന് അല്ലെങ്കിൽ നാശത്തിന് തയ്യാറാവുക എന്ന മുദ്രാവാക്യം എല്ലാ സമുദായങ്ങളിലും മുഴങ്ങി.

"മാറ്റുവിൻ ചട്ടങ്ങളെ സ്വയം, അല്ലെങ്കിൽ

മാറ്റുമതുകളീ നിങ്ങളെ താൻ" എന്ന വിരൽ ചൂണ്ടലുകൾ കേരളത്തിൽ സാർവ്വത്രികമായും മുഴങ്ങി. ഈഴവ സമുദായവും നായർ സമുദായവും നമ്പൂതിരി സമുദായവും ഒടുവിൽ മുസ്ലീം സമുദായവും ആഭ്യന്തര പരിശോധനയ്ക്കും ശുദ്ധീകരണത്തിനും സംഘടിതമായ യത്നം ആരംഭിച്ചത് 'സുവിശേഷകന്റെ' പ്രേരണയാലാണ്. സമുദായ ശുചീകരണത്തിനും നവോത്ഥാനത്തിനുമായി കേരളത്തിൽ രണ്ടാമത്തെ സംഘടന രൂപൽക്കരിക്കപ്പെട്ടത് 1902–ലാണെന്നോർക്കുക. ചെറുശ്ശേരി ചാത്തുനായർ, ജോസഫ് ഫെൻ എന്ന പേരിൽ ക്രിസ്തുമതം സ്വീകരിച്ചതും അജ്ഞാനകുഠാരം എന്ന വിമർശാത്മകകാവ്യം രചിച്ചതും നമുക്ക് മറക്കാനാവില്ല. സമുദായ പരിഷ്ക്കാരം അനിവാര്യമാക്കുന്ന ഇന്ദുലേഖ എന്ന നോവൽ പ്രത്യക്ഷപ്പെടുന്നതും പതിതസംസ്ക്കാരത്തെ രൂപകല്പന ചെയ്തു വീണപൂവ് തുടങ്ങിയ കാവ്യങ്ങളുടെ രചന സോദ്ദേശ്യമായി നടക്കുന്നതും പത്രങ്ങളുണ്ടാക്കിയ ആശയ പ്രബോധനപരമായ വിപ്ലവങ്ങളുടെ പ്രേരണ മൂലമാണ്. ദൈവം സ്നേഹമാകുന്നു എന്ന ബൈബിൾ ദർശനമാണ് കേരളത്തിലെ എല്ലാ സമുദായങ്ങളിലും നാളിതുവരെ നടന്നിട്ടുള്ള നവോത്ഥാനത്തിന്റെ അടിത്തറയിലുള്ള അടിസ്ഥാന ബീജം എന്നുള്ളത് അനിഷേധ്യമാണ്. നാരായണഗുരു, സഹോദരൻ അയ്യപ്പൻ, വാഗ്ഭടാനന്ദൻ തുടങ്ങി കേരളം കണ്ട നവോത്ഥാന നായകന്മാരെല്ലാം ബൈബിൾ അനാവരണം ചെയ്യുന്ന സ്നേഹദർശനത്തിന്റെ അടിത്തറയിൽ സ്വസമുദായങ്ങളിലെ കാര്യങ്ങളെ വ്യാഖ്യാനിക്കുകയും പുനഃസംവിധാനം ചെയ്യുകയും ചെയ്തതോടെയാണ് കേരള നവോത്ഥാനം ഒരു വൻ പ്രസ്ഥാനമായി വികസിക്കുന്നത്. സുറിയാനി സുവിശേഷകനാണ് ഈദൃശചിന്തകളെ സാംസ്ക്കാരിക കേരളത്തിൽ അവതരിപ്പിച്ച പ്രധാന പത്രങ്ങളിലൊന്ന്.

ഇവയിൽ കേരളപതാക കൊച്ചിയിൽ നിന്നും ഇടവകപത്രികയും സുറിയാനി സുവിശേഷകനും കോട്ടയത്ത് പഴയസെമിനാരിയിലെ മാർ തോമസ് അച്ചുകൂടത്തിൽനിന്നും ആണ് പ്രസിദ്ധീകരിക്കപ്പെട്ടത്. മലയാളത്തിലെ ഗദ്യഭാഷയുടെ പുരോഗതിയ്ക്കും എഴുത്തുകാരുടെ വളർച്ചയ്ക്കും ഈ പത്രങ്ങളും അവ ആരംഭിച്ചു നടത്തിയ പുലിക്കോട്ടിൽ മെത്രാപ്പോലീത്തായും നൽകിയ സംഭാവനകൾ അവഗണിക്കാവുന്നതല്ല.

### 4. സഭാഭരണത്തിലെ ജനകീയശൈലി

പത്തൊമ്പതാം നൂറ്റാണ്ടിലെ കേരള മതങ്ങൾ പ്രകടമായി രണ്ട് പ്രവണതകളാണ് ഭരണതലത്തിൽ പ്രകടമാക്കിയിരുന്നത്. ഹിന്ദുമതത്തിലും കത്തോലിക്കാ സഭയിലും വൈദികരുടെ ആധിപത്യമാണ് മുന്നിട്ടുനിന്നിരുന്നത്. നവീകരണ സഭകളിലാണെങ്കിൽ വൈദികർ ഉണ്ടെങ്കിലും ഭരണം

കൈയാളിയിരുന്നത് അവൈദികരാണ്. വേണമെങ്കിൽ ക്രിസ്തീയപദങ്ങൾ ഉപയോഗിച്ച് ഈ വ്യത്യസ്തതകളെ എപ്പിസ്ക്കോപ്പൽ ഭരണം എന്നും കോൺഗ്രിഗേഷണൽ ഭരണം എന്നും വിശേഷിപ്പിക്കാവുന്നതാണ്. രണ്ടിനും അതതിന്റെ മേന്മകളും കോട്ടങ്ങളുമുണ്ടെന്ന് സൂക്ഷ്മദർശിയായ സ്മര്യപുരുഷൻ കണ്ടെത്തി. തന്റെ സഭയുടെ ഭരണത്തിന് രണ്ട് ശൈലിയുടെയും ഉത്തമാംശങ്ങൾ ശേഖരിച്ച് അപൂർവമായ ഒരു പുത്തൻ ശൈലി അദ്ദേഹം ആവിഷ്ക്കരിച്ചു. അത് തനി വൈദികഭരണശൈലിയോ അവൈദിക ഭരണശൈലിയോ ആയിരുന്നില്ല.

ബിഷപ്പ്, വൈദികൻ, അവൈദികൻ എന്നീ മൂന്ന് ഗണങ്ങളെ അദ്ദേഹം കണക്കിലെടുത്തു. സഭയുടെ ട്രസ്റ്റ് കൈകാര്യം ചെയ്യുന്നത് മൂന്ന് ഗണത്തിന്റെയും പ്രതിനിധികൾ ഒന്നിച്ചു ചേർന്നിട്ടാവണം എന്നുള്ളതാണ് ആ പിതാവ് ആവിഷ്ക്കരിച്ച ജനകീയ ഭരണശൈലിയുടെ കാതൽ. എല്ലാ ഇടവകകൾക്കും തുല്യ പ്രാതിനിധ്യമുള്ള മലങ്കര അസോസ്യേഷനിൽ സഭയുടെ പരമാധികാരം നിക്ഷിപ്തമായിരിക്കുന്നു. മെത്രാന്റെ അധ്യക്ഷത അസോസ്യേഷന് സഭാപരമായി അതിർവരമ്പുകൾ ഇട്ടിരിക്കുന്നു. ഈ യോഗം നിശ്ചയിക്കുന്ന ഒരു മെത്രാൻ ട്രസ്റ്റി, ഒരു വൈദികട്രസ്റ്റി, ഒരു അത്മായട്രസ്റ്റി ഇവർ മൂന്നുപേർ ചേർന്ന് ട്രസ്റ്റ് കൈകാര്യം ചെയ്യുന്നു. മൂന്ന് വിഭാഗത്തിന്റെയും പങ്കാളിത്തമുള്ള മാനേജിംഗ് കമ്മറ്റി അസോസ്യേഷന്റെ കർമ്മസമിതിയായി പ്രവർത്തിക്കുന്നു. ഈ സമതുലിതാവസ്ഥ സുറിയാനി സഭയെ മാത്രമല്ല കേരളീയ മതജീവിതത്തിനാകമാനം ഉൾക്കാഴ്ച നൽകുന്നതായിരുന്നു. പുരോഹിത ഭരണത്തിൽ ശാഠ്യം പിടിച്ചിരുന്ന പ്രസ്ഥാനങ്ങളിൽ അവൈദിക പങ്കാളിത്തത്തിന് വേണ്ടിയുള്ള മുറവിളി ക്രമേണ ഉയർന്നു. ക്രമേണയാണെങ്കിലും പരിമിതമായ തോതിൽ അവൈദിക പ്രതിനിധികളെ പള്ളിഭരണത്തിലേക്കു പ്രവേശിപ്പിക്കുവാൻ പല തിരുസഭകളിലും തീരുമാനമായതിന്റെ പിന്നിൽ മലങ്കരസഭയിൽ വിജയപൂർവ്വം പരീക്ഷിച്ച ഈ ജനകീയ ശൈലിയുടെ സ്വാധീനം കാണാം. മതപരമായ ജനകീയ പ്രസ്ഥാനങ്ങൾക്കു പിന്നീടുണ്ടായ ഭരണഘടനകളിൽ വൈദികന്റെയോ സന്യാസിമാരുടെയോ സ്ഥാനം അനിവാര്യമായിത്തീർന്നത് ഈ ക്രാന്തദർശി നടപ്പിൽ വരുത്തിയ ഭരണശൈലിയുടെ സ്വാധീനത്തിന്റെ ഫലമായിട്ടായിരുന്നു. ചുരുക്കത്തിൽ 1873-ലും 1876-ലുമായി നിലവിൽവന്ന മലങ്കരസഭയിലെ ജനാധിപത്യ ശൈലിയിൽ അധിഷ്ഠിതമായ ഭരണഘടനയാണ് കേരളത്തിലെ എല്ലാ സമൂഹങ്ങളിലും പിന്നീട് രൂപംകൊണ്ട് വളർച്ച പ്രാപിച്ച ഭരണഘടനകളുടെയും പ്രചോദനം. പുലിക്കോട്ടിൽ മെത്രാച്ചൻ മലങ്കരസഭയ്ക്കു ഒരു ഭരണഘടനയുണ്ടാക്കുമ്പോൾ കേരളത്തിലെ മറ്റേതെങ്കിലും പ്രസ്ഥാനങ്ങൾക്കു അംഗീകൃത ഭരണഘടനകൾ രൂപംപ്രാപിച്ചിരുന്നില്ല എന്നതും ശ്രദ്ധേയമാണ്. പരുമലയിലെയും മുളന്തുരുത്തിയിലെയും കാനോനാകൾ ഒരർത്ഥത്തിൽ ഭരണഘടന തന്നെയാണ്.

### 5. അധഃകൃതോദ്ധാരണം

കേരള നവോത്ഥാനത്തെ സ്വാധീനിച്ച ആശയങ്ങളിലൊന്ന് മനുഷ്യ സമത്വത്തിലധിഷ്ഠിതമായ ബൈബിൾ ദർശനമാണ്. ആ ദർശനത്തോടു പൊരുത്തപ്പെട്ടു പോവാൻ ആഭിജാത്യം അവകാശപ്പെട്ടു പോന്നിരുന്ന സുറിയാനിക്രിസ്ത്യാനികൾ തയ്യാറായിരുന്നില്ല. സ്മര്യപുരുഷൻ ക്ഷമാ പൂർവ്വം അവരിൽ ആശയപരമായ മസ്തിഷ്ക്കപ്രക്ഷാളനം നടത്തി മനു ഷ്യാവകാശസമത്വത്തിന് വേണ്ടി നിലകൊള്ളുവാൻ അവരെ പ്രേരിപ്പിച്ചു. പൂർണ്ണമായി അക്കാലത്ത് അതു വിജയിച്ചില്ലെങ്കിലും ഒരു വിജാതീയ മിഷൻ സ്ഥാപിക്കുവാനും സഭയ്ക്കു വെളിയിൽ ബൈബിൾ സന്ദേശ ത്തിനുള്ള പ്രസക്തി അംഗീകരിക്കുവാനും സമുദായം സന്നദ്ധമായി. താൻ സ്ഥാപിച്ച ഇരുന്നൂറ്റിഅമ്പതിലേറെ പ്രാഥമിക വിദ്യാലയങ്ങളിൽ അവർ ണ്ണർക്കും പ്രവേശനാനുമതി നൽകിക്കൊണ്ടാണ് അദ്ദേഹം അവശോദ്ധാ രണശ്രമങ്ങൾ ആരംഭിച്ചത്. പുലയന് ആത്മാവുണ്ടോ എന്ന് പോലും ചോദിക്കത്തക്കവിധം കുലീനതയുടെ അഹന്തയിൽ ക്രിസ്തീയത മര വിച്ചുപോയ ഒരു സമുദായത്തെ തൊട്ടുണർത്തുവാൻ ഈ യത്നം സഹാ യിച്ചു. കുഷ്ഠരോഗികളെപ്പോലെ സമൂഹം അകറ്റി നിർത്തിയിരുന്ന അവ ർണ്ണ സമുദായത്തിലെ മനുഷ്യരെ “എനിക്കു മനസ്സുണ്ട്, നീ ശുദ്ധനാ കുക” എന്ന് കൽപ്പിച്ച യേശുവിന്റെ സാന്നിധ്യത്തെ അനുസ്മരിപ്പിക്കു മാറ് അദ്ദേഹം സ്നേഹിക്കുകയും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ആനയിക്കുവാൻ ഉദ്യമിക്കുകയും ചെയ്തു. സെക്കുലർ വിദ്യാലയങ്ങളിൽ മാത്രമല്ല സണ്ടേസ്കൂളുകളിലും അവർക്കു പ്രവേശനം അനുവദിക്കു കയും ശുചിത്വം, ദൈവസ്നേഹം, മനുഷ്യസാഹോദര്യം എന്നീ മൂല്യ ങ്ങളുടെ വെളിച്ചം അവർക്കു പകർന്നുകൊടുപ്പാൻ നിർദ്ദേശിക്കുകയും ചെയ്തു. വസ്ത്രധാരണ സമ്പ്രദായത്തിലും കുടുംബസങ്കൽപ്പങ്ങളിലും ഈ പുത്തൻ മൂല്യബോധം നേടിയ നേതാക്കൾ അവർണ്ണ സമുദായങ്ങ ളിൽ പരിഷ്ക്കാരങ്ങളേർപ്പെടുത്തിയത് സവർണ്ണർക്കും മറ്റു മേലാളർക്കും അരോചകമായിത്തീർന്നതിന്റെ അനിഷ്ട സംഭവങ്ങൾ ചില സ്ഥലങ്ങ ളിൽ അരങ്ങേറി എങ്കിലും ആ സമുദായങ്ങളുടെ പുത്തൻ ബോധ്യങ്ങൾ ചരിത്രത്തിൽ വിജയക്കൊടി പാറിക്കുക തന്നെ ചെയ്തു. അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ വെട്ടിക്കൽ, പരുമല, കുന്നംകുളം എന്നീ ക്രൈസ്തവ കേന്ദ്രങ്ങളിൽ അവർണ്ണരെ ഉദ്ധരിക്കുവാനായി അക്ഷരാഭ്യസന ക്ലാസ്സു കളും ശുചിത്വപരിശീലന പ്രബോധനങ്ങളും നടത്തിയിരുന്നു. തൽഫല മായി ആ പ്രദേശങ്ങളിലുണ്ടായ പ്രബുദ്ധത വിപുലമായ തോതിലുള്ള മതംമാറ്റത്തിന് വഴിഒരുക്കിയിട്ടുണ്ട്. പുലിക്കോട്ടിൽ മെത്രാച്ചന്റെ ഈ അവ ശോദ്ധാരണയത്നം പരുമല മാർ ഗ്രീഗോറിയോസിനെ ഒട്ടൊന്നുമല്ല ആവേശംകൊള്ളിച്ചത്. തന്റെ പ്രവർത്തനമേഖലകളിൽ അവർണ്ണരെ

മനുഷ്യരാക്കുവാനുള്ള പല കർമ്മപദ്ധതികളും അദ്ദേഹം തയ്യാറാക്കിയിരുന്നു. തത്സൂചകമായ ആഹ്വാനങ്ങൾ അദ്ദേഹത്തിന്റെ സർക്കുലറുകളിൽ ധാരാളമായി കാണുന്നുണ്ട്. ഈ രണ്ടു മെത്രാച്ചന്മാരും – വലിയ മെത്രാച്ചനും കൊച്ചു മെത്രാച്ചനും – മറ്റു പല കാര്യങ്ങളിലുമെന്നപോലെ ഈ വിഷയങ്ങളിലും ഏകാത്മാവായി പ്രവർത്തിച്ചത് സഭയിലൊരു മിഷണറി പ്രസ്ഥാനത്തിന്റെ ഉദയത്തിന് കാരണമായി. ഇവരോടൊപ്പം സ്ലീബാ ശെമ്മാശൻ ഈ പ്രസ്ഥാനത്തിൽ ആകൃഷ്ടനായി പ്രവർത്തനത്തിൽ പങ്കുചേർന്നു. ഈ പ്രവർത്തനത്തിന്റെ വെളിച്ചവും മാധുര്യവും നുകർന്നുകൊണ്ടാണ് മൂക്കഞ്ചേരിൽ എം. പി. പത്രോസ് (പിന്നീട് കത്തനാർ; മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ) 'ഇടവകപത്രിക'യിൽ പല ലേഖനങ്ങൾ എഴുതുകയും സ്വയമായി പല മിഷൻ പ്രവർത്തനങ്ങളും ചെയ്യുകയുമുണ്ടായത്. പിന്നീട് അദ്ദേഹം സ്ലീബാദാസ സമൂഹം എന്ന മിഷണറി സംഘടനയ്ക്കു രൂപംനൽകി. അനേകംപേരെ പ്രബുദ്ധതയിലേക്ക് നയിക്കുവാൻ സാധിച്ച ഈ പ്രസ്ഥാനത്തിന്റെ പ്രേരണ ആരംഭിക്കുന്നത് സ്മര്യപുരുഷനിൽ നിന്നാണ്. എം. പി. പത്രോസിനെ സഭാസേവനത്തിന് വിട്ടുനൽകുവാൻ (അവിവാഹിത പട്ടക്കാരനായി) ആവശ്യപ്പെട്ട് മെത്രാപ്പോലീത്താ നേരിട്ടും കത്തു മുഖേനയും ശ്രമിച്ചിട്ടും വീട്ടുകാരും, പ്രത്യേകിച്ച് ജ്യേഷ്ഠൻ എം. പി. വർക്കിയും (തിരുമേനിയുടെ ജീവചരിത്രകാരൻ) അനുകൂലമായി പ്രതികരിക്കാതിരിക്കെ, എതിർപ്പിനെ വകവയ്ക്കാതെ വീട്ടിൽനിന്നും ഒളിച്ചുവന്ന എം. പി. പത്രോസിന് പരുമലയിൽ വച്ച് ശെമ്മാശുപട്ടം നൽകി സഭാസേവനരംഗത്തേക്ക് കൈപിടിച്ചു നടത്തിയതും മെത്രാപ്പോലീത്തായാണ്.

## 6. അച്ചടി സ്ഥാപനങ്ങൾ

ഹൃദയം നിറഞ്ഞു കവിയുന്നത് വായ് സംസാരിക്കുന്നു. ഹൃദയത്തിൽ ആശയം തിളച്ചുമറിയുന്നവർക്ക് ഒരു ആശയപ്രകാശന മാധ്യമത്തിന്റെ അനിവാര്യത ബോധ്യമാകാതെ വരികയില്ല. പുലിക്കോട്ടിൽ മെത്രാച്ചൻ ആശയങ്ങൾ ചീറ്റുന്ന പ്രവാചക സ്രോതസ്സായിരുന്നു. അച്ചടിയുടെ സാധ്യത മറ്റു പലരേയുംകാൾ മുമ്പ് ഗ്രഹിച്ച അദ്ദേഹം അച്ചടിശാലകൾ സ്ഥാപിക്കുന്നത് തന്റെ മുഖ്യപ്രവർത്തനങ്ങളിലൊന്നായി തെരഞ്ഞെടുത്തു. അക്കാലങ്ങളിൽ വൈദിക പരിശീലനത്തിന്റെ സിംഹഭാഗവും വിദ്യാർത്ഥികൾ ചെലവഴിച്ചിരുന്നത്, തങ്ങൾക്കുപയോഗിക്കാനുള്ള സുറിയാനി ഭാഷയിലുള്ള പള്ളിക്രമങ്ങൾ കൈയെഴുത്തായി പകർത്തിയെഴുതുവാനാണ്. ക്രമങ്ങൾ എഴുതി പൂർത്തിയായാൽ മിക്കവാറും വൈദിക വിദ്യാഭ്യാസം പൂർത്തിയായി എന്നായിരുന്നു അക്കാലത്തെ വിശ്വാസം. കൈയെഴുത്ത് മോശമായ പലരും ഇക്കാര്യത്തിൽ ക്ലേശിക്കാറുണ്ടായിരുന്നു. പകർത്തിയെഴുതുമ്പോൾ വരുന്ന തെറ്റുകൾ പലപ്പോഴും

പിൻമുറക്കാർ അതേപടി പകർത്തി വയ്ക്കുമായിരുന്നു. ഉൽപതിഷ്ണുവായ സ്മര്യപുരുഷൻ തലശ്ശേരി കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന മിഷണറിമാരിൽ നിന്ന് ഒരു കല്ലച്ച് പ്രസ്സ് വിലയ്ക്ക് വാങ്ങി കുന്നംകുളത്ത് സ്ഥാപിച്ചു. 'പുലിക്കോട്ടിൽ ജോസഫ് കത്തനാർസ് പ്രസ്' എന്നായിരുന്നു അച്ചടിശാലയുടെ പേര്. അവിടെനിന്ന് സുറിയാനിയിലുള്ള കുർബാനതക്സായും മാമ്മൂദീസാക്രമവും വിവാഹക്രമവും അദ്ദേഹം അച്ചടിച്ചു പ്രസിദ്ധപ്പെടുത്തി. സുറിയാനി സഭയിലെ ആദ്യത്തെ സുറിയാനി അച്ചടി പുസ്തകം അതായിരുന്നു. 1850-കളുടെ ആദ്യവർഷങ്ങളിലാണ് ഈ പ്രസ് ആരംഭിച്ചത്. ഇതിനുശേഷം മലയാളത്തിൽ നമസ്ക്കാരക്രമവും കുർബാനക്രമവും ചേർത്ത് പ്രസിദ്ധപ്പെടുത്തുവാൻ തുടങ്ങി. കഥാപുരുഷന്റെ പ്രവർത്തനം കൊച്ചിയിലേക്കു മാറ്റിയപ്പോൾ അച്ചുകൂടവും കൊച്ചിയിലേക്കു കൊണ്ടുപോയി സ്ഥാപിച്ചു. പനക്കൽ മുതലാളിയുടെ കൊച്ചിയിലുള്ള പാണ്ടികശാലയിലാണ് പ്രസ് പ്രവർത്തിച്ചത്. കല്ലച്ച് പ്രസ്സ് കഥാനായകനോടൊപ്പം പിന്നീട് പരുമലയിലെത്തി.

കൊച്ചിയിൽ വച്ച് ഒരു ലറ്റർ പ്രസ്സ് അദ്ദേഹം ആരംഭിച്ചു. സെന്റ് തോമസ് പ്രസ് എന്ന് പേരിട്ടു. കേരളപതാക ഇവിടെ നിന്നാണ് പ്രസിദ്ധം ചെയ്യാൻ ആരംഭിച്ചത്. നമസ്ക്കാരം തുടങ്ങിയ ആരാധനക്രമങ്ങൾ മാത്രമല്ല ഇടവഴിക്കൽ പീലിപ്പോസ് കത്തനാരുടെ സഭാപഞ്ചാംഗം, വിശ്വാസപരമായ ലഘുഗ്രന്ഥങ്ങൾ ഇവയും ഈ പ്രസ്സിൽ അച്ചടിച്ചിരുന്നതായി കണ്ടനാട് ഗ്രന്ഥവരിയിൽ പരാമർശിച്ചിട്ടുണ്ട്. മലയാളം, സുറിയാനി, തമിഴ്, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ അച്ചടി നിർവഹിക്കുവാൻ സെന്റ് തോമസ് പ്രസ്സിൽ സൗകര്യമേർപ്പെടുത്തിയിരുന്നു എന്ന് കേൾക്കുമ്പോൾ സ്മര്യപുരുഷന്റെ ഭാവനാപ്രപഞ്ച വിസ്തൃതി ആരെയാണ് അത്ഭുതപ്പെടുത്താത്തത്? കോട്ടയത്തു നിന്ന് 1889 മുതൽ സർക്കുലറുകളും മലയാളത്തിലും സുറിയാനിയിലും ഉള്ള പള്ളിക്രമങ്ങളും ഇടവകപത്രിക, സുറിയാനി സുവിശേഷകൻ തുടങ്ങിയ മാസികകളും പ്രസിദ്ധപ്പെടുത്തി വന്നു. കേരളത്തിന്റെ അഭിമാനമായ എഴുത്തച്ഛൻ കൃതികളും ഗാഥയും തുള്ളൽകൃതികളും അച്ചടിയിലേക്കു വരുന്നതിന് എത്രയോ ദശകങ്ങൾക്കു മുമ്പ് ഈ നവോത്ഥാന നായകൻ തന്റെ സഭാംഗങ്ങളുടെ സഭാജീവിതത്തെ ഉന്മേഷപ്പെടുത്തുമാറ് അച്ചടിശാലകളിലൂടെ അവർക്കാവശ്യമായ ഗ്രന്ഥങ്ങൾ അച്ചടിച്ചു വിതരണം ചെയ്തു.

### 7. സഭയിലെ ആത്മീയ പ്രസ്ഥാനങ്ങളുടെ പ്രോദ്ഘാടകൻ

സഭയിലെ സണ്ടേസ്കൂൾ സ്ഥാപനത്തെപ്പറ്റി നേരത്തെ സൂചിപ്പിച്ചുവല്ലോ? സഭയിലും സമൂഹത്തിലും ദൂരവ്യാപകങ്ങളായ സൽഫലങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള പല പ്രസ്ഥാനങ്ങളുടെയും ജനയിതാവ് സ്മര്യപുരുഷനാണ്. അവയിൽ പ്രധാനമാണ് വൈദിക സംഘടന. സഭയിലെ

രക്തധമനികളാണ് വൈദികർ എന്നും അവരിലൂടെ ദൈവികചിന്തയും ജീവനും പ്രസരിപ്പിക്കണമെങ്കിൽ അവരെ കാലോചിതമായി പ്രബോധിപ്പിക്കേണ്ടതുണ്ടെന്നും ആദ്യം വിവേചിച്ചറിഞ്ഞത് സ്മര്യപുരുഷനാണ്. ആണ്ടുതോറും വൈദികരുടെ മഹാസമ്മേളനങ്ങൾ സഭാതലത്തിൽ നടത്തുവാനും ഗ്രാസ്റൂട്ട് തലത്തിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുവാനും പരിഹാരം ആരായുവാനും അദ്ദേഹം സംവിധാനം ഉണ്ടാക്കി. ഇടവകയ്ക്കു വെളിയിൽ വൈദികർക്കു കർത്തവ്യമുണ്ടെന്നും വൈദികർ സഭയുടെ പൊതുസ്വത്താണ് എന്നുമുള്ള തിരിച്ചറിവിലേക്കുള്ള പ്രയാണത്തിന്റെ ആദ്യനടപടിയായിട്ടു വേണം ഇതിനെ കാണുവാൻ. 1900 മേടമാസം 1-ാം തീയതി കടമ്പനാട്ട് പള്ളിയിൽ നിന്നും അയച്ച പൊതുകല്പനയിൽ വൈദികസംഘ രൂപീകരണത്തിന്റെ പിന്നിൽ പുലർത്തിയ സ്വപ്നങ്ങളെ അദ്ദേഹം അവതരിപ്പിക്കുന്നതു കാണുക:

"നമ്മുടെ സഭയ്ക്ക് നേരിട്ടുകൊണ്ടിരിക്കുന്ന അന്യോപദ്രവങ്ങളെ തടുക്കുന്നതിനുള്ള ശ്രമത്തിൽ ഒഴിച്ചുകൂടാതെ വന്നുകൂടുന്ന വ്യവഹാരങ്ങളാലും മറ്റും സഭയുടെ ആത്മീയവളർച്ചക്കു ആവശ്യപ്പെട്ട പരിഷ്ക്കാരങ്ങൾ ഒന്നും നടപ്പാക്കുവാനും അതിനായി പരിശ്രമിക്കുവാനും സമയവും സൗകര്യവും കിട്ടാതെ നമ്മുടെ ആയുസ്സ് വൃദ്ധതയെ പ്രാപിച്ചിരിക്കുന്നത് ഓർക്കുമ്പോൾ നമുക്കു വളരെ വ്യസനം ഉണ്ട്. ... അതിനാൽ ഇതിലേക്ക് വല്ല നിവാരണമാർഗ്ഗങ്ങളും ആലോചിച്ചുണ്ടാക്കുവാൻ സാമൂഹ്യസമ്മേളനത്തോട് അടുത്ത് പട്ടക്കാരുടെ ഒരു പ്രത്യേക സംഘം ഉണ്ടാക്കണമെന്ന് പോയ ആണ്ടിൽ നാം ഒരു കല്പന അയയ്ക്കുകയും പല പട്ടക്കാർ കൂടുകയും ചെയ്തുവല്ലോ. അന്ന് പട്ടക്കാരുടെ യോഗത്തിൽ മലങ്കര ഇടവകയിലെ എല്ലാ വൈദികന്മാരും ഉൾപ്പെട്ട് ഒരു വൈദികസംഘം ഉണ്ടാക്കണമെന്നും മറ്റും നിശ്ചയിച്ച വിവരങ്ങളെക്കുറിച്ച് സംഘം സിക്രട്ടറിമാരും നമ്മുടെ പ്രിയ പുത്രന്മാരുമായ മല്പാന്മാർ നമ്മെ അറിയിച്ചപ്പോൾ അല്പമല്ലാത്ത സന്തോഷം നമുക്കുണ്ടായി. ... ഈ കാലത്തുള്ള നമ്മുടെ പട്ടക്കാരെക്കുറിച്ച് ആലോചിച്ചാൽ അവർ മുമ്പിലത്തേതിലും ദൈവഭയത്തിലും വിശ്വാസത്തിലും സന്മാർഗ്ഗത്തിലും വർദ്ധിച്ചുവരികയാകുന്നു എന്ന് പറയുവാൻ സംശയമില്ല. അവരെ ഭക്തിയിൽ വളർത്തിയും വർദ്ധിപ്പിച്ചും കൊണ്ടുപോകുന്നതിനുള്ള ശ്രമം മാത്രം ചെയ്താൽ മതി. അതിലേക്കുള്ള ഈ സംഘം വളരെ ഉപയോഗപ്പെടുമെന്ന് നാം വിശ്വസിക്കുന്നു. അവരുടെ വരുമാനം തുലോം നിസ്സാരസ്ഥിതിയിലായിരിക്കുമെന്ന് ആർക്കും അറിയാം. അവർ ഇത്ര നികൃഷ്ടസ്ഥിതിയിലായിരുന്നിട്ടും ഇത്രത്തോളം വിശ്വസ്തന്മാരും സൻമാർഗ്ഗികളും ആയിരിക്കുന്നതിനെ ഓർത്താൽ നാം അവരെക്കുറിച്ച് കൃതജ്ഞന്മാരായിരിക്കേണ്ടതാണ്. അതിനാൽ നമ്മുടെ പട്ടക്കാരിൽ ഭക്തിയും വിശ്വാസവും വർദ്ധിപ്പിക്കുന്നതിനും യോഗ്യന്മാരെ ഇതിലേക്കു ആകർഷിപ്പാൻ

തക്കവണ്ണം അവരുടെ അന്തസിനെ ഉയർത്തുന്നതിനും അത്യന്തം ആവശ്യമായിരിക്കുന്ന ശ്രമങ്ങളിൽ നാം ഇനിയും മൗനമായിരുന്നാൽ നമ്മുടെ സഭ നാമാവശേഷമായിപ്പോകും. ....”[6]

ഇക്കാര്യത്തിൽ പരുമല കൊച്ചുതിരുമേനിയും ഉന്നതദർശനങ്ങൾ പുലർത്തിയിരുന്നു. അദ്ദേഹം സ്വന്തം ഭദ്രാസനങ്ങളിൽ ആരംഭിച്ച വൈദികപ്രസ്ഥാനത്തെ പ്രയോജനപ്രദമെന്ന് കണ്ട് സഭാതലത്തിലേക്ക് വിശാലപ്പെടുത്തുകയാണ് വലിയ മെത്രാപ്പോലീത്താ ചെയ്തത്. മേൽപട്ടക്കാരുടെ ആലോചനാസംഘം, സുവിശേഷസംഘം എന്നിവയുടെ ചുമതലക്കാരായി കാര്യബോധമുള്ള വൈദികരുടെ സേവനം പ്രയോജനപ്പെടുത്തുവാൻ രണ്ടു പിതാക്കന്മാരും വൈദിക സംഘത്തിന്റെ നടത്തിപ്പിൽ ശ്രദ്ധിച്ചിരുന്നു. എന്നാൽ യൗസേപ്പിനെ അറിയാത്ത ഫറവോമാർ സിംഹാസനാരൂഢരായപ്പോൾ വൈദികരുടെ സേവനം ഇടവകതലത്തിൽ മാത്രമായി പരിമിതപ്പെട്ടുപോയി. ഇടവകയ്ക്കു മുകളിലുള്ള എല്ലാ തലങ്ങളിലുമുള്ള എല്ലാ പ്രവർത്തനങ്ങളുടെയും പങ്കാളിത്തബോധം വൈദികരിൽ അസ്തമിക്കുവാൻ ഇടയായതുമൂലം സഭയ്ക്ക് എന്തെങ്കിലും ക്ഷീണം സംഭവിച്ചിട്ടുണ്ടോ എന്ന് ഇത്തരുണത്തിൽ പരിശോധിക്കാവുന്നതത്രേ. ഈ മെത്രാന്മാരുടെ കാലത്ത് എഴുതപ്പെട്ട *മതോപദേശസാരങ്ങ*ളിൽ പട്ടക്കാർ ഉൾപ്പെട്ട ഒരു വലിയ സുന്നഹദോസിനെപ്പറ്റി പരാമർശമുണ്ട്. ഈ മെത്രാന്മാർക്കു ശേഷം എഴുതപ്പെട്ട ഭരണഘടനയിലാകട്ടെ, സഭയിലെ പൊതുവേദികളിൽ വൈദികർ കാഴ്ചക്കാരായാൽ മതി എന്ന ചിന്തയാണ് നിഴലിച്ചു കാണുന്നത്. സണ്ടേസ്കൂൾ, വൈദികസംഘം, വിദ്യാർത്ഥിപ്രസ്ഥാനം എന്നിവയ്ക്ക് പുറമേ യുവജനപ്രസ്ഥാനവും സ്മര്യപുരുഷന്റെ ഭരണകാലത്ത് ആരംഭിച്ചതായി 'ഇടവകപത്രിക'യുടെ ലക്കങ്ങൾ സാക്ഷിക്കുന്നു. സഭയുടെ ശക്തി സംഘടനകളിലൂടെ എന്ന മുദ്രാവാക്യം അദ്ദേഹം സഫലമായി അവതരിപ്പിക്കുകയായിരുന്നു.

**8. ദയറാപ്രസ്ഥാനം**

പുലിക്കോട്ടിൽ മെത്രാച്ചൻ സഭയിലെ നവോത്ഥാനത്തിനായി നടത്തിയ ശ്രമങ്ങളിൽ അവഗണിക്കാനാവാത്ത ഒന്ന് ആശ്രമപ്രസ്ഥാന സ്ഥാപനയാണ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം വരെ മലങ്കരസഭയിൽ ആശ്രമപ്രസ്ഥാനം രൂപപ്പെട്ടില്ലായിരുന്നു. അങ്ങിങ്ങു അവിവാഹിതരായ വൈദികരെ കാണാമായിരുന്നുവെങ്കിലും അവരെ ഒരു സമൂഹമായി സംഘടിപ്പിക്കുവാനും അവർക്കു പ്രവർത്തനവേദി ഒരുക്കുവാനും ആരും ശ്രമിച്ചിരുന്നില്ല. അദ്ധ്യക്ഷസ്ഥാനമേൽക്കുവാൻ വേണ്ടി മർദ്ദീനിലേക്കു പോയപ്പോൾ അവിടങ്ങളിൽ അദ്ദേഹം കണ്ട ദയറാകൾ അദ്ദേഹത്തെ ആകർഷിക്കുകയും ചിന്തിപ്പിക്കുകയും ചെയ്തു. നവീനമായി എന്തു കണ്ടാലും അതിനെ പ്രയോജനപ്പെടുത്തുവാൻ അശ്രാന്തപരിശ്രമം

ചെയ്യുന്ന അദ്ദേഹം ആശ്രമങ്ങളെപ്പറ്റി ഗൗരവമായി പഠിച്ചു. സിറിയൻ സഭയിലെ പ്രസിദ്ധ സന്യാസാശ്രമങ്ങളെപ്പറ്റിയും അവയുടെ നടത്തിപ്പിനെപ്പറ്റിയും അവ സഭയ്ക്കു കാലാകാലങ്ങളിൽ നൽകിയിട്ടുള്ള അവിസ്മരണീയമായ സംഭാവനകളെപ്പറ്റിയും അദ്ദേഹം വിചിന്തനം ചെയ്തു. പൂർണ്ണസമയ സേവനം സഭയ്ക്കുവേണ്ടി കാഴ്ചവയ്ക്കുവാൻ തയ്യാറുള്ള ഏതാനും അവിവാഹിത വൈദികരെ സംഘടിപ്പിച്ച് ഒരു ദയറാ സ്ഥാപിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. മുളന്തുരുത്തി ഇടവകയിലെ വെട്ടിക്കൽ എന്ന സ്ഥലത്തുള്ള കുരിശുപള്ളി അതിന് അനുയോജ്യമായ ഭൂപ്രദേശമാണെന്ന് അദ്ദേഹം കണ്ടെത്തി. പള്ളിക്കാരിൽ നിന്നും ആ സ്ഥലം അദ്ദേഹം എഴുതി വാങ്ങി. ഒരു ചെറിയ കെട്ടിടം അവിടെ ഉണ്ടായിരുന്നു. പ്രശാന്തസുന്ദരമായ ആ ലളിത സാഹചര്യങ്ങളിൽ പ്രാർത്ഥനയിലും തപസിലും മുഴുകി ആദ്ധ്യാത്മികശക്തിയുടെ സ്രോതസ്സാവാൻ പറ്റിയ അവിവാഹിത വൈദികരെ കണ്ടെത്തുവാൻ അദ്ദേഹത്തിന്റെ സൂക്ഷ്മദൃഷ്ടി മലങ്കരയിലെങ്ങും പരതി നടന്നു. ഒടുവിൽ ആ ഇടയന്റെ ദൃഷ്ടി മുളന്തുരുത്തി ഇടവകയിലെ ചാത്തുരുത്തി ഗീവറുഗ്ഗീസ് കോറെപ്പിസ്ക്കോപ്പായിൽ പതിഞ്ഞു. അദ്ദേഹവുമായി മെത്രാച്ചൻ തന്റെ ഭാവനകൾ പങ്കിട്ടു. തന്റെ ഗുരു കൂടിയായ വലിയ മെത്രാച്ചന്റെ ഭാവന ഗ്രഹിക്കുവാനും ഉൾക്കൊള്ളുവാനും ശിഷ്യനു കഴിയുമായിരുന്നു. ഏറെ താമസിയാതെ അടുത്തുള്ള പള്ളികൾക്കൊക്കെ കല്പന അയച്ച് ചാത്തുരുത്തിക്കോറിയെ മുളന്തുരുത്തിപള്ളിയിൽ വച്ച് റമ്പാൻ സ്ഥാനം നൽകി റീശ്ദയറോയോ ആയി വെട്ടിക്കലിൽ നിയമിച്ചു. അഭിനവ റമ്പാൻ വെട്ടിക്കൽ ആശ്രമത്തിൽ താപസജീവിതം ആരംഭിച്ചു. മലങ്കരയിലെ ഏക പ്രഖ്യാപിത പരിശുദ്ധനെ വാർത്തെടുത്ത പുണ്യഭൂമിയായി വെട്ടിക്കൽ ദയറാ പിൽക്കാലത്ത് അറിയപ്പെട്ടു. കോട്ടയം പഴയസെമിനാരി നവീകരണക്കാരുടെ കൈവശത്തിലായിരുന്നതിനാൽ വൈദിക പരിശീലനവേദി ഇല്ലാത്തതിന്റെ കുറവ് പരിഹരിച്ചത് വെട്ടിക്കൽ ദയറാ ആയിരുന്നു. ചാത്തുരുത്തി റമ്പാച്ചൻ സുറിയാനി പണ്ഡിതനും ഭക്തിവൈരാഗ്യങ്ങളിൽ മാതൃകാപുരുഷനും ആയിരുന്നു. വൈദിക വിദ്യാർത്ഥികളെ മലങ്കരമെത്രാപ്പോലീത്താ വെട്ടിക്കൽ ദയറായിലേക്ക് അയയ്ക്കുവാൻ തുടങ്ങി. സഭയിലെ ആദ്യത്തെ ദയറാ ക്രമേണ ഒരു സെമിനാരിയായി മാറി. പില്ക്കാലത്ത് പരുമലയിൽ വൈദിക വിദ്യാഭ്യാസം വിപുലമായി ആരംഭിക്കാൻ തീരുമാനമായതോടെ, അന്നു മെത്രാനായിക്കഴിഞ്ഞിരുന്ന ആശ്രമാധിപൻ ആ ആശ്രമം വിട്ടു പരുമലയിൽ സെമിനാരിയുടെ ചുമതല കയ്യേൽക്കുകയാണുണ്ടായത്. അദ്ദേഹത്തിനു ശേഷം മൂക്കഞ്ചേരിൽ ഗീവറുഗ്ഗീസ് റമ്പാച്ചൻ വെട്ടിക്കൽ ദയറായിലെ റീശുദയറോയോ ആയി നിയമിതനായി. വെട്ടിക്കൽ ദയറായിലെ കെട്ടിടംപണി സംബന്ധിച്ച് ചാത്തുരുത്തി ഗീവറുഗ്ഗീസ് റമ്പാച്ചൻ മലങ്കരമെത്രാപ്പോലീത്തായുടെ അനുവാദത്തോടുകൂടി പള്ളികൾക്കയച്ച

ഒരു കല്പന ആശ്രമപ്രസ്ഥാനത്തെക്കുറിച്ച് വലിയ മെത്രാച്ചനും ആശ്രമാധിപനും ഉണ്ടായിരുന്ന ഉദാത്ത ദർശനങ്ങളെ പ്രതിഫലിപ്പിക്കുന്നുണ്ട്.

പത്രോസ് തൃതീയൻ ബാവാ മേൽപ്പട്ടം നൽകിയ ആറു പേരും വെട്ടിക്കൽ ദയറായുമായും അതിന്റെ അധിപനുമായും വിവിധതരത്തിൽ ബന്ധപ്പെട്ടിട്ടുള്ളവരാണ്. 6 മെത്രാന്മാർക്ക് മേൽപ്പട്ടം നൽകിയ പാത്രിയർക്കീസ് മടങ്ങിപ്പോയതിന്റെ ശേഷം അദ്ദേഹം അവശേഷിപ്പിച്ച പ്രശ്നങ്ങളിൽ എന്ത് നിലപാടെടുക്കണമെന്ന ദിവ്യനിയോഗത്തിനായി മെത്രാന്മാർ നാല്പതുനാൾ ഉപവസിച്ച് പ്രാർത്ഥിച്ച് താമസിച്ചത് ഈ ദയറായിലായിരുന്നു. പില്ക്കാലത്ത് വലിയ മെത്രാച്ചന്റെ സഹ്രഗന്മാരായി മെത്രാസനച്ചുമതല തുടരാനും മലങ്കരയിലെ ഐക്യം മറ്റ് ഏത് വിധേയത്വത്തേക്കാളും വലുതെന്ന അവബോധം നിലനിർത്തുവാനും ആവശ്യമായ വെളിപാടുകൾ ആറു മെത്രാന്മാർക്കു ലഭിക്കുവാനും ഈ വെട്ടിക്കൽ ദയറായിലെ തപസ് സഹായകമായി. അതിനുശേഷം ആശ്രമപ്രസ്ഥാനം പ്രബലമായില്ല എങ്കിലും പില്ക്കാലത്ത് വലിയ മെത്രാച്ചന്റെ ദർശനത്തിൽ നിന്ന് പ്രചോദനം ആർജ്ജിച്ചാണ് ബഥനി, താബോർ, ഓതറ തുടങ്ങിയ നിരവധി ആശ്രമപ്രസ്ഥാനങ്ങൾ സഭയ്ക്കുണ്ടായത്. വാസ്തവത്തിൽ ചാത്തുരുത്തി റമ്പാച്ചനെ വെട്ടിക്കൽ ദയറായുടെ അധിപൻ ആയിട്ടു മാത്രമല്ല, തന്റെ പിൻഗാമി ആയിട്ടു കൂടെയാണ് സ്മര്യപുരുഷൻ വിഭാവനം ചെയ്തിരുന്നത്.


## 9. വിദ്യാർത്ഥി പ്രസ്ഥാനം

പുലിക്കോട്ടിൽ മെത്രാച്ചൻ വിജയകരമായി നേതൃത്വം നൽകിയ മറ്റൊരു ആത്മീയ പ്രസ്ഥാനം വിദ്യാർത്ഥി സംഘടനയായിരുന്നു. ഉന്നത വിദ്യാഭ്യാസം നേടിയ യുവതലമുറയിലാണ് സഭയുടെ ഉയർച്ച അദ്ദേഹം കണ്ടത്. തന്മൂലം വിദ്യാർത്ഥികളായിരിക്കെത്തന്നെ അവരെ സഭയോട് പ്രതിബദ്ധതയുള്ളവരാക്കുവാൻ വിദ്യാർത്ഥിപ്രസ്ഥാനത്തിന് കഴിയും എന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. പില്ക്കാല ചരിത്രം പരിശോധിക്കുമ്പോൾ അദ്ദേഹത്തിന്റെ പ്രതീക്ഷ പ്രത്യക്ഷരം സത്യമായിരുന്നുവെന്ന് കാണുവാൻ കഴിയും. ഒരു നൂറു കൊല്ലം സഭയുടെ നേതൃത്വസ്ഥാനത്തേയ്ക്കു നിയോഗം ലഭിച്ചവരെല്ലാം വിദ്യാർത്ഥിപ്രസ്ഥാനത്തിലൂടെ ഉയർന്നവരായിരുന്നു. ആ തലമുറ ഇപ്പോഴും അസ്തമിച്ചിട്ടില്ല. ഇന്നും സഭയുടെ സുശക്തമായ ആത്മീയ പ്രസ്ഥാനങ്ങളിലൊന്ന് ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനമാണ്. അവിചാരിതമായി നിര്യാതനായ പരുമല പുണ്യവാളന്റെ പരിപാവനനാമധേയം നിലനിർത്തുവാനായി വിദ്യാർത്ഥിപ്രസ്ഥാനത്തിന് ആ പരിശുദ്ധ പിതാവിന്റെ നാമം നൽകിയതുമൂലം പരുമല മെത്രാച്ചനാണ് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ സ്ഥാപകൻ എന്ന് അനേകരും ധരിച്ചുവശായിട്ടുണ്ട്. പരുമല സെമിനാരിയുടെയും

ദേവാലയത്തിന്റെയും സ്ഥാപകൻ പരുമല തിരുമേനിയാണെന്ന ധാരണ പോലെ ഇതും അടിസ്ഥാനരഹിതമാണ്. രണ്ടിന്റെയും സ്ഥാപകൻ പുലിക്കോട്ടിൽ മെത്രാച്ചൻ ആണ്. നിശ്ചയമായും അദ്ദേഹത്തിന്റെ ജീവിതകാലം മുഴുവൻ ഏത് പ്രവർത്തനത്തിലും പരുമല മെത്രാച്ചന്റെ പിന്തുണയുണ്ടായിരുന്നതുപോലെ ഈ പ്രവർത്തനങ്ങളിലും കൊച്ചുമെത്രാച്ചന്റെ സഹകരണം ഉണ്ടായിരുന്നുവെന്നത് വിസ്മരിച്ചുകൊണ്ടല്ല ഇതെഴുതുന്നത്. പില്ക്കാലത്ത് ഇതര മതവിഭാഗങ്ങളിൽ നവോത്ഥാന ശ്രമങ്ങൾക്കു നേതൃത്വം നൽകുവാനായി ആശ്രമ പ്രസ്ഥാനവും വിദ്യാർത്ഥി പ്രസ്ഥാനങ്ങളും ആരംഭിച്ചിട്ടുള്ളത് വെട്ടിക്കൽ ദയറായുടെയും ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെയും അനുഗൃഹീത സാഫല്യത്തിന്റെ പ്രേരണയാലാവാം (വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ ശതാബ്ദി സഭാതലത്തിൽ 2008-ൽ ആഘോഷിച്ചപ്പോൾ സ്ഥാപകനെ സ്മരിക്കാതെ പോയത് അഭിനന്ദനീയം ആണെന്ന് തോന്നുന്നില്ല. തമസ്ക്കരണ കാലഘട്ടമായിരുന്നുവല്ലോ അത്.).

### 10. ജാത്യൈക്യ പ്രസ്ഥാനം

1599-ലെ ഉദയംപേരൂർ സുന്നഹദോസ് അവിഭക്ത മലങ്കരസഭയെ രണ്ടു ഭാഗങ്ങളാക്കി വിഭജിച്ചതിന്റെ വേദന സത്യഇടയന്മാരെല്ലാം അനുഭവിച്ചിട്ടുള്ളതാണ്. അവരിൽ പലരും വിഭജനം നീങ്ങി മലങ്കരസഭ പണ്ടത്തെപ്പോലെ ഒന്നായിത്തീർന്നെങ്കിൽ എന്ന് ആഗ്രഹിച്ചിട്ടുള്ളവരുമാണ്. പക്ഷേ മൂന്ന് ശതാബ്ദങ്ങളായി വ്യത്യസ്ത പാതകളിലൂടെ സഞ്ചരിച്ചുപോന്ന സഭകൾ പെട്ടെന്ന് പൂർവ്വാവസ്ഥയിലെത്തുമെന്ന് ചിന്തിക്കുക സാധ്യമല്ലല്ലോ. തന്മൂലം രണ്ട് സഭവിഭാഗങ്ങൾക്കും പങ്കാളിത്തമുള്ള പ്രവർത്തന സരണികൾ വെട്ടിത്തുറന്ന് ക്രമേണ ഏകീകരണത്തിലെത്താം എന്ന് സ്മര്യപുരുഷൻ ചിന്തിച്ചു. സമാനചിന്താഗതിയുള്ള ഒരാളെ കത്തോലിക്കാ സഭയിൽ കണ്ടെത്തിയപ്പോൾ അദ്ദേഹം ആഹ്ലാദിച്ചു. അങ്ങനെയാണ് ജാത്യൈക്യസംഘം രൂപംകൊണ്ടത്. തന്മൂലം സുറിയാനിസഭയുടെ റോമൻ കത്തോലിക്കാ വിഭാഗത്തെ കൂട്ടിച്ചേർത്തു സഭയെ പൂർവ്വാധികം ശക്തിപ്പെടുത്തുവാൻ നിധിയിരിക്കൽ മാണിക്കത്തനാരുമായി അദ്ദേഹം നടത്തിയ ശ്രമങ്ങൾ ശ്രദ്ധേയമായി. 3541 രൂപാ 4 പൈസാ വില നൽകി ജാത്യൈക്യസംഘം കോട്ടയം പട്ടണത്തിന്റെ ഹൃദയഭാഗത്ത് "വുഡ്ലാന്റ്" എസ്റ്റേറ്റ് വിലയ്ക്കു വാങ്ങി. മെത്രാച്ചന്റെയും മാണിക്കത്തനാരുടെയും പേരുകളിലാണ് തീറാധാരം എഴുതിയത്.[7] സുറിയാനിക്കാരെ കത്തോലിക്കാ സഭയിലേക്ക് ചേർക്കുവാനുള്ള ശ്രമമായിട്ടാണ് ജാത്യൈക്യസംഘത്തെ ചിലർ കണ്ടത്. പൂർവ്വീകതയിലേക്ക് ഇരുഭാഗത്തെയും മടക്കിക്കൊണ്ടുവരുവാനുള്ള ശ്രമങ്ങൾക്കു കത്തോലിക്കാ ഭാഗത്തു നിന്നും പിന്തുണ വേണ്ടത്ര ലഭിച്ചില്ല. തുടർന്ന് സംഘത്തിന്റെ



മാണിക്കത്തനാർ

പ്രവർത്തനത്തിൽ നിന്ന് മാണിക്കത്തനാർ പിൻവലിക്കപ്പെട്ടു. മാണിക്കത്തനാർക്കു അവകാശത്തുക നൽകി സ്ഥലം മെത്രാപ്പോലീത്താ വീണ്ടെടുക്കുകയും ചെയ്തു. ജാത്യൈക്യ സംഘം പരാജയത്തിൽ കലാശിച്ചുവെങ്കിലും അത് പ്രകടമാക്കിയ ഐക്യദാഹം ആവേശപ്രദമായിരുന്നു. ഒരുതരത്തിൽ പറഞ്ഞാൽ കേരളത്തിലെ (ഒരു പക്ഷേ ലോകക്രൈസ്തവ ചരിത്രത്തിൽ തന്നെയും) ആദ്യത്തെ എക്യുമെനിക്കൽ സംരംഭമായിരുന്നു അത്. ഈ സംഘത്തിന്റെ പര്യവസാനത്തെപ്പറ്റി പിന്നീട് പല തെറ്റിദ്ധാരണകളും ഉണ്ടായിട്ടുള്ളതിനാൽ ഒരു സാക്ഷിമൊഴി ചേർത്തു ആ ഭാഗം വ്യക്തമാക്കട്ടെ.

റോമ്മാ സുറിയാനിക്കാരും യാക്കോബായ സുറിയാനിക്കാരും യോജിച്ച് പള്ളിക്കൂടം നടത്തിക്കൂടാ എന്ന് പോപ്പിന്റെ ഉത്തരവ് വന്നു. അപ്പോൾ യാക്കോബായ സുറിയാനിക്കാരുമായി യോജിച്ച് പള്ളിക്കൂടം നടത്തുന്നതിൽ നിന്ന് റോമ്മാസുറിയാനിക്കാർക്കുള്ള അവകാശത്തെ ജോസഫ് ദീവന്നാസ്യോസ് സമുദായം വക പണം കൊടുത്തു തീർത്തു. അങ്ങനെ എം.ഡി. സെമിനാരിയും സ്ഥലവും യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ വകയായിത്തീർന്നു.[8]

### 11. രാഷ്ട്രീയ രംഗത്ത് സ്വാധീനമാവുന്നു

തമിഴ് ബ്രാഹ്മണർക്കു സർക്കാരിൽ പ്രധാനപ്പെട്ട തസ്തികകളിൽ നിയമനം ലഭിച്ചിരുന്ന കാലമായിരുന്നു അത്. നികുതിദായകരായ തദ്ദേശീയരെ അവഗണിക്കുന്നത് അനീതിയാണെന്ന് തന്റെ പത്രം മുഖേന മെത്രാച്ചൻ ജനങ്ങളെ ഉദ്ബോധിപ്പിച്ചു. സ്വന്ത സമുദായത്തിന് അർഹമായ ഉദ്യോഗങ്ങൾ ലഭിക്കുവാൻ ആ സമുദായോദ്ധാരകൻ ശ്രമിച്ചു. അങ്ങനെയിരിക്കെയാണ് വിശാഖം തിരുനാൾ മഹാരാജാവ് ഭരണം കയ്യേൽക്കുന്നതും സിംഹാസനാരോഹണത്തിന് ശേഷം കോട്ടയം സന്ദർശിച്ചതും. സമുദായത്തിന്റെ ചിരകാലാഭിലാഷം പ്രതിഫലിക്കുന്ന ഒരു മംഗളപത്രം മെത്രാപ്പോലീത്താ മഹാരാജാവിന് സമർപ്പിച്ചു. മഹാരാജാവ് സന്തോഷിച്ച് സ്വന്തം കൈപ്പടയിൽ ഇംഗ്ലീഷിൽ എഴുതിക്കൊടുത്ത മറുപടി ഇപ്രകാരമായിരുന്നു: “സുറിയാനി സഭയിലെ വൈദികരും ജനങ്ങളുമേ,

നിങ്ങൾ ഇപ്പോൾ നമ്മുടെ മുമ്പാകെ സമർപ്പിച്ച ഇമ്പവും പരമാർത്ഥവുമുള്ള മംഗളപത്രത്തിൽ നമുക്കു സംതൃപ്തി ഉളവായിരിക്കുന്നു. നിങ്ങളുടെ സമുദായം - പൂർവ്വീകകാലം മുതലേ ഉള്ളതും ചരിത്ര സംബന്ധമായ സാഹിത്യത്തോടു കൂടിയതുമായ ഒരു സംഘവും തൃപ്തിയുടെയും സമാധാനത്തിന്റെയും രാജഭക്തിയുടെയും ഉത്തമദൃഷ്ടാന്തവും ആകുന്നു. ... നിങ്ങളുടെ സമുദായം അനുഭവിച്ചുവരുന്ന വലിയ പദവിയിൽ യാതൊരു ഭേദവും കൂടാതെ നിങ്ങൾക്കു നിലനിറുത്താമെന്ന് ഉറപ്പിച്ചുകൊൾവിൻ. സർക്കാർ ജീവനം അതിന്റെ മിക്ക തുറകളിലും മതവിഷയം ആലോചിക്കാതെ എല്ലാവർക്കും തുറക്കപ്പെട്ടിരിക്കുന്നു. മതവിശ്വാസം ഗൗനിക്കാതെ യോഗ്യതയും ശേഷിയും ഉള്ളവരെ അംഗീകരിക്കുന്നതാകുന്നുവെന്ന് നാം നിങ്ങളോട് ഉറപ്പിച്ചു പറയുന്നു. ..."[9]

പിന്നീട് കേരളീയ സമുദായങ്ങളിൽ നിന്ന് താഴ്ന്ന വിഭാഗങ്ങളെ സർക്കാർ ഉദ്യോഗത്തിൽ നിന്ന് തള്ളിയപ്പോഴും മലയാളികൾക്കു പൊതുവിൽ സർക്കാർ ഉദ്യോഗസ്ഥാനങ്ങൾ അപ്രാപ്യമായപ്പോഴും ജനവികാരത്തെ സംഘടിപ്പിച്ച് മലയാളി മെമ്മോറിയൽ എന്ന നിവേദനം സർക്കാരിന് സമർപ്പിച്ചതിൽ ഈ നവോത്ഥാന നായകന്റെ ചിന്തയും കൈകളും ഉണ്ടായിരുന്നു. ഇസ്സഡ്. എം. പാറേട്ട് എഴുതുന്നു: "... മംഗളപത്ര സമർപ്പണം കഴിഞ്ഞ് അഞ്ചാം വർഷത്തിൽ മഹാരാജാവ് കാലം ചെയ്തതുകൊണ്ട് അദ്ദേഹത്തിന്റെ വാഗ്ദത്തം അനുസരിച്ചുള്ള പ്രയോജനം നസ്രാണിക്കു കിട്ടാതെ പോയി. അതുകൊണ്ട് ജോസഫ് ദീവന്നാസ്യോസിന്റെ രാഷ്ട്രീയ - സാമൂഹ്യയജ്ഞം പൂർണ്ണമായി വിജയിച്ചില്ല. അക്കാലത്തു തിരുവിതാംകൂർ സർക്കാരിൽ ഉയർന്ന ഉദ്യോഗങ്ങൾ വഹിച്ചിരുന്നത് പ്രധാനമായി പരദേശ ബ്രാഹ്മണരായിരുന്നതു കൊണ്ടും അവർക്കു സമർത്ഥന്മാരായ നാട്ടുകാരോട് അസൂയ തോന്നുക അസാധാരണമല്ലായിരുന്ന


**ആയില്യം തിരുനാൾ മഹാരാജാവ്**


**വിശാഖം തിരുനാൾ മഹാരാജാവ്**


**മൂലം തിരുനാൾ മഹാരാജാവ്**

തുകൊണ്ടും നസ്രാണികളെയും നായന്മാരെയും ഒഴിച്ചുനിർത്താനുള്ള വിദ്യകൾ അവർ സ്വീകരിച്ചുകൊണ്ടിരുന്നു.

ആ രീതിയ്ക്കു എതിരായി നസ്രാണിയും നായരും നമ്പൂതിരിയും യോജിച്ച് പതിനായിരത്തിഇരുപത്തിയെട്ടുപേർ ഒപ്പിട്ടതും മലയാളി മെമ്മോറിയൽ എന്ന് പിന്നീട് പേർ വിളിക്കപ്പെട്ടതുമായ ഒരു മെമ്മോറിയൽ 1066-ൽ (1891 ജനുവരി 1-ാം തീയതി) ശ്രീമൂലം മഹാരാജാവിനെ ഏല്പിക്കുന്നതിന് ദിവാനെ ഏൽപ്പിച്ചു. തിരുവിതാംകൂർ മഹാരാജാക്കന്മാർ മെമ്മോറിയൽ സ്വീകരിക്കുകയോ പ്രതിനിധി സംഘങ്ങളെ സ്വീകരിക്കുകയോ ചെയ്യുക പതിവില്ലായിരുന്നതിനാൽ മെമ്മോറിയൽ ദിവാന് കൊടുക്കുകയാണുണ്ടായത്. ഉദ്യോഗവിതരണത്തിൽ അസമത്വം പരിഹരിച്ചു കിട്ടുന്നതിനും നിയമനിർമ്മാണത്തിൽ പൗരാവലിയെയും ഭാഗഭാക്കാക്കുന്നതിനുമാണ് മെമ്മോറിയൽ ആവശ്യപ്പെട്ടിരുന്നത്. കുറെ കാത്തിരുന്നിട്ടും ഫലം ഉണ്ടായില്ല. ഉദ്യോഗം കൈ അടക്കി വച്ചുകൊണ്ടിരുന്ന പരദേശി ബ്രാഹ്മണരിൽ നിന്ന് ഒരു മെമ്മോറിയൽ അധികൃതർ വാങ്ങുകയും ഉണ്ടായി. അതോടുകൂടി നാടിന്റെ നാനാഭാഗങ്ങളിലും പൊതുയോഗങ്ങളും പ്രസംഗങ്ങളും ആയി. ഇതിൽ ദീവന്നാസ്യോസും വർഗീസ് മാപ്പിളയും ഭാഗഭാക്കുകളായി. അന്നു ശൈശവാവസ്ഥയിലായിരുന്ന മലയാള മനോരമയെക്കൊണ്ടുള്ള പ്രയോജനവും ശരിക്കുണ്ടായി. തിരുവിതാംകൂറിൽ ഇദംപ്രഥമമായി നടന്ന രാഷ്ട്രീയ പ്രക്ഷോഭത്തെ തിരശ്ശീലയ്ക്കുള്ളിൽ നിന്നുകൊണ്ടായിരുന്നെങ്കിലും നിയന്ത്രിച്ച പ്രധാനന്മാരിൽ ഒരുവൻ ദീവന്നാസ്യോസ് ആയിരുന്നു. ഈ പ്രക്ഷോഭത്തിന്റെ ഫലമായി 1891 ജൂലായ് മാസത്തിൽ മെമ്മോറിയൽകാർക്കു അനുകൂലമായ മറുപടി ലഭിക്കുകയും എതിർ മെമ്മോറിയൽ കൊടുത്ത പരദേശികൾ പിന്മാറുകയും ചെയ്തു. ജനകീയ ഭരണത്തിലുള്ള ആദ്യ ചുവടു വയ്പ്പിൽ ഭാഗഭാക്കാകുന്നതിന് തക്ക ദീർഘദൃഷ്ടി ഉള്ള ആളായിരുന്നു ജോസഫ് ദീവന്നാസ്യോസ് എന്നാണല്ലോ ഇത് തെളിയിക്കുന്നത്.[10]

## 12. മഹാജനസഭയുടെ സംഘാടകൻ

ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ച ഒരു തലമുറയുടെ കൈകളിലാണ് കേരളത്തിന്റെ നവോത്ഥാനവും സാമൂഹ്യപുരോഗതിയും എന്ന് മനസ്സിലാക്കിയ മെത്രാപ്പോലീത്താ ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ സമുദായാംഗങ്ങളെ "മഹാജനസഭ" എന്ന പേരിൽ സംഘടിപ്പിച്ചു. ഇ. എം. ഫിലിപ്പ് ആ സമിതിയുടെ രൂപവത്ക്കരണത്തിന്റെ ചരിത്രം വരച്ചു കാട്ടുന്നത് ഇപ്രകാരമാണ്: "ഇംഗ്ലീഷ് വിദ്യാഭ്യാസം ചെയ്ത സുറിയാനിക്കാരുടെ ഒരു യോഗം 1072 മേടത്തിൽ (1897) എം.ഡി. സിമ്മനാരിയിൽ കൂടി സാമൂഹ്യ പരിഷ്ക്കാരത്തെ ഉദ്ദേശിച്ച് ചില പ്രസംഗങ്ങൾ നടത്തുകയും പ്രതിവർഷം സമ്മേളനം നടത്താമെന്ന് നിശ്ചയിക്കുകയും ചെയ്തു. ഒന്നുരണ്ടു വർഷം

കഴിഞ്ഞപ്പോൾ.... ഇംഗ്ലീഷ് പഠിക്കാത്തവരുമായ... ചേരാമെന്ന് നിശ്ചയിച്ചു. അതുമുതൽ സമ്മേളനം ആണ്ടുതോറും പുഷ്ടി പ്രാപിച്ചുവന്നു."[11] പാറേട്ട് എഴുതുന്നു: "യോജിച്ചു നിന്നു പ്രവർത്തിക്കാതെ ജീവിതസമരത്തിൽ വിജയം വരിക്കാൻ സാധിക്കുകയില്ല എന്ന് ജോസഫ് ദീവന്നാസ്യോസിന് നിശ്ചയമുണ്ടായിരുന്നു. അതിനാൽ തന്റെ അനുയായികളെ സഭേതര കാര്യങ്ങളിലും സംഘടിപ്പിക്കുവാൻ അദ്ദേഹം മുൻകൈ എടുത്തു പ്രവർത്തിച്ചു. ആ പ്രവർത്തനഫലങ്ങളിൽ ഒന്നായിരുന്നു സാമൂഹ്യസമ്മേളനം അല്ലെങ്കിൽ 'മലങ്കര മഹാജനസഭ' എന്ന സംഘടന. 1085 ഇടവത്തിൽ ഇ. ജെ. ജോൺ, അബ്ദുള്ളാ പാത്രിയർക്കീസിനയച്ച ഒരു തുറന്ന കത്തിൽ മഹാജനസഭയെപ്പറ്റി പരാമർശിച്ചിട്ടുള്ളത് ഈവിധം സംഗ്രഹിക്കാം: മലങ്കര മഹാജനസഭയുടെ ഉത്ഭവചരിത്രം... സുറിയാനി സമുദായത്തിന്റെ വർത്തമാന ചരിത്രത്തിൽ സുപ്രസിദ്ധങ്ങളാണ്. സുറിയാനി സഭയിൽ മുളച്ചു വളർന്ന മതഭേദത്തോടുള്ള പോരാട്ടത്തിൽ ആയുസ്സിനെ വിനിയോഗിക്കേണ്ടി വന്ന... ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ കൃത്യാന്തരബാഹുല്യം നിമിത്തം സമുദായത്തിന്റെ വിദ്യാഭ്യാസകേന്ദ്രസ്ഥാനമായ എം.ഡി. സിമ്മനാരിയിൽ കൂടിയും ഉണ്ടായ ഞെരുക്കത്തെയും അനേകം പള്ളികളിലെ കുഴപ്പങ്ങളെയും മറ്റു പല സമുദായ വിപത്തുകളെയും കണ്ടുകൊണ്ട് സഹിച്ചിരിക്കാൻ സമുദായസ്നേഹം അനുവദിക്കാത്ത...... ആലോചിച്ച് ഏകദേശം പതിനഞ്ച് വർഷം മുമ്പ് സ്ഥാപിച്ചിട്ടുള്ളതാണ് മഹാജനസഭ. വർഗ്ഗീസ് മാപ്പിള, ശങ്കരമംഗലത്ത് വർക്കി, ഗീവറുഗ്ഗീസ് ദീവന്നാസ്യോസ്, കൊല്ലംപറമ്പിൽ കുര്യൻ, അക്കര സി. ചെറിയാൻ ഇവരെ ഈ സഭയുടെ പ്രാരംഭകരായി ഇപ്പോൾ ഓർമ്മയിൽ വരുന്നു.[12] ആണ്ടുതോറും സമ്മേളിക്കുന്ന മഹാജനസഭയിലും വൈദികസംഘടനാ സമ്മേളനത്തിലും ചർച്ചയിലൂടെ ഉരുത്തിരിയുന്ന കർമ്മപഥങ്ങൾ മലങ്കര അസോസ്യേഷനിലൂടെയും മാനേജിംഗ് കമ്മറ്റിയിലൂടെയും പ്രവർത്തന പദ്ധതികളായി രൂപംപ്രാപിക്കുന്ന തേജോമയമായ ഒരു കാലഘട്ടമായിരുന്നു അത്.

## 13. പത്രപ്രവർത്തനവും സാഹിത്യപ്രവർത്തനവും

സാമൂഹ്യ പുരോഗതിയിൽ മാധ്യമങ്ങൾക്കുള്ള സ്ഥാനത്തെപ്പറ്റി മറ്റാരേക്കാളും ബോധ്യം ഉണ്ടായിരുന്ന മഹാത്മാവായിരുന്നു മാർ ദീവന്നാസ്യോസ്. ആദ്യകാലങ്ങളിൽ അദ്ദേഹം തന്നെ നേരിട്ട് സ്ഥാപിച്ച് നടത്തിയ കേരളപതാകയും ഇടവകപത്രികയും സുറിയാനി സുവിശേഷകനും ഇക്കാര്യം തെളിയിക്കുന്നു. പത്രപ്രവർത്തന രംഗത്തു പ്രവേശിച്ചു എന്ന് വിശേഷിപ്പിക്കാവുന്ന ഒരു മെത്രാപ്പോലീത്തായും സുറിയാനി സമുദായത്തിലെന്നല്ല ഇന്ത്യയിലെ യാതൊരു ക്രൈസ്തവസഭകളുടെയും ചരിത്രത്തിൽ അന്ന് പ്രത്യക്ഷപ്പെട്ടിരുന്നില്ല. കേരളപതാകയും സുറിയാനി

സുവിശേഷകനും അദ്ദേഹത്തിന്റെ കാലത്തു തന്നെ പ്രവർത്തനം നില ച്ചുപോയതിൽ അദ്ദേഹം ദുഃഖിച്ചു. ആയിടയ്ക്കാണ് കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള, മലയാളമനോരമ പത്രം ആരംഭിക്കുവാൻ ശ്രമിക്കുന്നത്. സമ കാലീകനും മെത്രാപ്പോലീത്തായുടെ സെക്രട്ടറിയുമായ ഇ. എം. ഫിലിപ്പ് ആത്മകഥയിൽ എഴുതുന്നു:

"... മലയാള മനോരമ നടത്തുന്നതിനായി വറുഗീസ് മാപ്പിള ആരം ഭിച്ച കമ്പനിയിൽ മെത്രാപ്പോലീത്താ ഓഹരിക്കാരനായിരുന്നു. മലയാള മനോരമ പത്രത്തിന്റെ ഓഫീസ് ഏതാനും കാലത്തേക്കു വുഡ്ലാന്റ് ബംഗ്ലാവിൽ നടത്തി. വർഗ്ഗീസ് മാപ്പിളയുടെ താമസവും ആ ബംഗ്ലാവി ലായിരുന്നു. പിന്നീടാണ് വുഡ്ലാന്റ്സ് തോപ്പിന്റെ വേറൊരു ഭാഗത്ത് ഇന്നുകാണുന്ന മലയാള മനോരമ ഓഫീസ് കിടക്കുന്ന സ്ഥലത്ത് കെട്ടിടം ഉണ്ടാക്കി പ്രസും ഓഫീസും അവിടെയാക്കിയത്. ... ജോസഫ് ദീവന്നാ സ്യോസും വർഗ്ഗീസ് മാപ്പിളയും തമ്മിലുണ്ടായിരുന്നതും സമുദായത്തിന് പലവിധ നന്മകൾക്കും ഇടയാക്കിയതും ആയ വേഴ്ച, ഇരുവർക്കും ഉണ്ടാ യിരുന്ന പത്രപ്രവർത്തനക്കമ്പത്തിൽ നിന്ന് ഉത്ഭൂതമായതാവാം."[13]

മനോരമക്കമ്പനി രജിസ്റ്റർ ചെയ്തപ്പോൾ ആകെ 16 ഓഹരിക്കാരാണ് ഉണ്ടായിരുന്നത്. അതിൽ നാല് ഓഹരി പുലിക്കോട്ടിൽ മെത്രാച്ചൻ ആണ് എടുത്തിരുന്നത് (മനോരമയുടെ കൂട്ടുയാദാസ്ത്, മലയാള മനോരമ ഷഷ്ട്യബ്ദപൂർത്തി സ്മാരകഗ്രന്ഥം, 1950).

മെത്രാപ്പോലീത്താ ഒരു സാഹിത്യകാരനും കൂടി ആയിരുന്നു എന്ന് അനേകംപേർ അറിഞ്ഞിട്ടില്ല. പ്രസന്നവും തേജോമയവും ആർജ്ജവത്വം തികഞ്ഞതുമായ ഒരു സ്വകീയ മലയാളശൈലിയുടെ ഉടമയായിരുന്നു സ്മര്യപുരുഷൻ. ഏതാണ്ട് പതിനാല് ദശാബ്ദങ്ങൾക്കു മുമ്പ് അദ്ദേഹം എഴുതിയ *ഒരു പരദേശയാത്രയുടെ കഥ* മലയാളത്തിലെ രണ്ടാമത്തെ യാത്രാവിവരണകൃതിയാണ്. അതിലെ നിരീക്ഷണസ്വഭാവവും അപഗ്ര ഥനപാടവവും സൂക്ഷ്മവർണ്ണനകളും രസകരമായ ചിത്രണങ്ങളും ധ്വനി മധുരമായ ആത്മഗതങ്ങളും സംഘർഷമുഹൂർത്തത്തിലെ മനഃസാന്നി ധ്യവും ആത്മധൈര്യവും മനഃസ്ഥൈര്യവും ഔചിത്യപൂർണ്ണമായ സമീ പനങ്ങളും ദൈവാശ്രയത്തിലധിഷ്ഠിതമായ ചലനങ്ങളും ധീരോദാത്ത നായ ഒരു നായക കഥാപാത്രത്തിന്റെ ചിത്രം നമുക്കു സമ്മാനിക്കുന്നു.

മേൽപ്പറഞ്ഞ വൈവിധ്യമാർന്ന കർമ്മമേഖലകളിൽ ചടുലവും സഫ ലവും കാലോചിതവും ആയ നേതൃത്വം കാഴ്ചവെച്ച് കേരളത്തിന്റെ സഭാജീവിതത്തെയും സാംസ്ക്കാരിക ജീവിതത്തെയും അതീവ ധന്യ മാക്കി കേരളത്തെ നവോത്ഥാനത്തിന്റെ പാതയിലേക്ക് ഉപനയിച്ച രാജ ശില്പിയും പുതിയ നൂറ്റാണ്ടിലേക്കു സഭയെയും സമൂഹത്തെയും അതി

ശക്തമായ ഇടയബോധത്തോടെ ആനയിച്ച സംക്രമണപുരുഷനുമായ പുലിക്കോട്ടിൽ ദീവന്നാസ്യോസ് യൗസേഫ് ദ്വിതീയനെ നമുക്ക് വിനയ പൂർവ്വം നമസ്ക്കരിക്കാം. അദ്ദേഹം വെട്ടിത്തെളിച്ച രാജപാത അനന്യഗ മ്യമാണെന്ന് പിൻഗാമികൾ തെളിയിച്ചുകൊണ്ടിരിക്കുന്നു.

1. ചന്തുമേനോൻ: ഒരു പഠനം, പു. 62-64.
2. ക്രാന്തദർശിയായ പിതാവ് (ലേഖനം), ചരമ നവതി ജൂബിലി സ്മര ണിക, 1999, പ്രസാധകർ: യൂഹാനോൻ മാർ സേവേറിയോസ് ഫൗണ്ടേ ഷൻ, തൃശൂർ, പുറം 31.
3. *മലങ്കരസഭാ പിതാക്കന്മാർ*, മാർ ജോസഫ് ദീവന്നാസ്യോസ് രണ്ടാ മൻ (ലേഖനം), ഡോ. സാമുവൽ ചന്ദനപ്പള്ളി.
4. എം. പി. വർക്കി, *മാർ ദീവന്നാസ്യോസ്,* ഉപസംഹാര അധ്യായം, പു. 5, 6.
5. പുലാത്തുരുത്തിൽ ചാക്കോ ചാക്കോ, 1901, പു. 33.
6. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ജോസഫ് ദ്വിതീയൻ ചരമ നവതി സ്മരണിക, പു. 95, 96.
7. *മലങ്കര നസ്രാണികൾ*, വാല്യം 3, പു. 260.
8. ടി പുസ്തകം, പു. 265.
9. ടി പുസ്തകം, പു. 299.
10. ടി പുസ്തകം, പു. 300, 301.
11. *രഹസ്യപേടകം,* പു. 117.
12. *മാർ ദീവന്നാസ്യോസ്*, പു. 301.
13. *രഹസ്യപേടകം,* പു. 117.

## അധ്യായം 10

# വടംവലികൾ

റോയൽക്കോടതി വിധി നവീകരണക്കാരുമായുള്ള തർക്കവിഷയങ്ങളിൽ അന്തിമതീരുമാനങ്ങൾ പ്രഖ്യാപിച്ചുവെങ്കിലും തദനന്തരം ആഭ്യന്തരവും ബാഹ്യവുമായ കാരണങ്ങളാൽ ഉണ്ടായ സംഘർഷങ്ങൾ സ്മര്യപുരുഷനെ അസ്വസ്ഥനാക്കിക്കൊണ്ടേ ഇരുന്നു. അതിൽ ഏറ്റവും പ്രധാനമായത് പാത്രിയർക്കീസിന് മലങ്കരയിൽ ആത്മീയാധികാരമല്ലാതെ ലൗകികാധികാരങ്ങൾ ഒരിക്കലും ഉണ്ടായിരുന്നില്ല എന്ന് റോയൽക്കോടതിവിധി വ്യക്തമാക്കിയതായിരുന്നു.[1] ഈ വിധിയോടു രണ്ടുതരം പ്രതികരണങ്ങൾ സഭയിലുണ്ടായി. ഒന്ന് – അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ പ്രതികരണം. രണ്ട് – മലങ്കരയിലെ മാർ ദീവന്നാസ്യോസിന്റെ അനുയായികളുടെ പ്രതികരണം.

1892 നവംബർ 7–ാം തീയതി പാത്രിയർക്കീസ് 24 മാനേജിംഗ് കമ്മറ്റി അംഗങ്ങൾക്കു അയച്ച കല്പനയിൽ പാത്രിയർക്കീസിന്റെ പ്രതികരണം വ്യാഖ്യാനങ്ങളൊന്നും കൂടാതെ വ്യക്തമാക്കുന്നുണ്ട്. പിന്നീട് സമുദായ ക്കേസിൽ ഹാജരാക്കിയ സുദീർഘമായ ആ കല്പനയിലെ ചില ഭാഗങ്ങൾ ഉദ്ധരിച്ച് ചേർക്കട്ടെ: "... റൂഹായ്ക്കടുത്ത പഠിത്വവും വായനയും നിങ്ങൾ നിറുത്തി ജഡകാര്യങ്ങൾ ഒക്കെയും നിങ്ങൾ എടുത്തിരിക്കുന്നു. പാത്രിയർക്കീസിന് ലൗകികകാര്യങ്ങളിൽ അധികാരമില്ലെന്ന് വിധിച്ചതുകൊണ്ട് നിങ്ങൾ എന്ത് വിചാരിക്കുന്നു? ആ അധികാരം അശേഷം വിട്ടുപോയി എന്ന് തോന്നിയിട്ട് നിങ്ങളുടെ അന്തർഗ്ഗതം സാധിച്ചു എന്ന് വച്ച് സന്തോഷിക്കുന്നുവോ? ഈ നിസ്സാരവിചാരം നിങ്ങൾക്കുണ്ടാവരുത്. ഉള്ള ജഡ്ജിമാർ എല്ലാവരും കൂടി വിധിച്ചു കഴിഞ്ഞാലും പാത്രിയർക്കാസ്ഥാനത്തിന്റെ റൂഹായ്ക്കടുത്ത അധികാരം ആത്മീയകാര്യങ്ങളിലാകട്ടെ ലൗകിക കാര്യങ്ങളിലാകട്ടെ ഇല്ലാതായിപ്പോവുകയില്ല. എന്തെന്നാൽ അവ രണ്ടും തമ്മിൽ യോജിച്ചും ബന്ധിച്ചും ഇരിക്കുന്നു. ആത്മിക അധികാരം മാത്രമായിട്ടോ, ലൗകിക അധികാരം മാത്രമായിട്ടോ വരുന്നതല്ല. അവ രണ്ടും തമ്മിൽ സംബന്ധമുള്ളവയാകുന്നു. ഈ റൂഹായ്ക്കടുത്ത അധികാരം ദൈവത്തിൽ നിന്ന് ലഭിക്കപ്പെടുന്നതാകയാൽ ആരെങ്കിലും ഇതിനെ ഇല്ലായ്മ ചെയ്യണമെന്ന് വിചാരിച്ചാൽ കഴിയുന്നതല്ല. മേലിൽ നിന്ന് ദൈവം തന്റെ ദാസന്മാർക്കു കൊടുത്തിരിക്കുന്നതിനെ ഇല്ലായ്മ ചെയ്യുവാൻ ഭൂമിയിലുള്ളവർക്ക് എങ്ങനെ കഴിയും? കാനോനായെയും ചട്ടങ്ങളെയും ധിക്കരിക്കാമെന്ന് വന്നത് നിങ്ങളിൽ ആരു മൂലമാണെന്ന് നമുക്ക് അറിവില്ല.[2] മെത്രാന്മാരിൽ ഒരുവൻ മൂലമോ സുന്നഹദോസിന്റെ അംഗങ്ങൾ നിമിത്തമോ നമ്മുടെ പുത്രനായ ദീവന്നാസ്യോസ് മുഖാന്തി

രമോ ഉണ്ടായത്? അവനെ നാം വാത്സല്യപുത്രനെപ്പോലെ വിചാരിച്ച് എല്ലാവർക്കും മേലായി അവന്റെ കൊമ്പിനെ നാം ഉയർത്തിവെച്ചു ( ഈ പ്രസ്താവന അസത്യമെന്ന് വിശേഷിപ്പിക്കാതെ വയ്യ. മറ്റു മെത്രാന്മാരെ പ്പോലെ പാത്രിയർക്കീസിന് ഉടമ്പടി നൽകിയില്ല എന്ന കാരണത്താൽ ദീവന്നാസ്യോസിന് ഒരു മെത്രാസനവും നൽകാതെ മുടക്കുകയും അദ്ദേഹം പ്രസിഡണ്ടായി രൂപവത്ക്കരിച്ച അസോസ്യേഷനും മാനേജിംഗ് കമ്മറ്റിയും പിരിച്ചുവിടുകയും അവ സമ്മേളിക്കരുതെന്ന് ശേഷം മെത്രാ ന്മാരെ വിലക്കിയുമാണ് പാത്രിയർക്കീസ് കേരളം വിട്ടത്. ബോംബെ വരെ അനുയാത്ര ചെയ്തു പാത്രിയർക്കീസിനെ അവിചാരിതമായി മരണത്തിൽ നിന്നു രക്ഷിച്ച് മധുരസംഭാഷണങ്ങളാൽ പ്രീതിപ്പെടുത്തി മുടക്കു തീർക്കു കയും കൊല്ലം മെത്രാസനത്തിന്റെ സുസ്താത്തിക്കോൻ പ്രാപിക്കുകയും ചെയ്ത് മാർ ദീവന്നാസ്യോസ് മടങ്ങി വരികയാണുണ്ടായത്. പിന്നീട് മാർ ദീവന്നാസ്യോസ് മലങ്കരയിൽ നേടിയ ജനസമ്മതി മൂലവും അനുര ഞ്ജനപാടവം മൂലവും മറ്റു മെത്രാന്മാർ സഫ്രഗന്മാരായിത്തീർന്നതിന് പാത്രിയർക്കീസിന്റെ ഒത്താശയൊന്നും ഉണ്ടായിട്ടില്ല. എന്നാലും മാർ ദീവ ന്നാസ്യോസിന് പില്ക്കാലത്തു ലഭിച്ച അംഗീകാരം തന്റെ ഔദാര്യം മൂലം ലഭിച്ചതാണെന്ന് പാത്രിയർക്കീസ് അവകാശപ്പെടുന്നത് നിരാധാരമായി ട്ടാണ് – ഗ്രന്ഥകർത്താവ്).

41–ാം മസുമൂറിൽ... എന്റെ അപ്പം ഭക്ഷിക്കുന്ന മനുഷ്യൻ എന്നോട് വഞ്ചന ചെയ്തു എന്ന് പറഞ്ഞിരിക്കുന്നപ്രകാരം ഇപ്പോൾ അവൻ അവന്റെ കുതികാലിനെ ഉയർത്തിയിരിക്കുന്നു. അനുഗ്രഹിക്കപ്പെട്ട മക്കളെ കേൾപ്പിൻ. ഒന്നാമത്, അവന്റെ എഴുത്തുകൾ മൂലമാകുന്നു നാം വൃദ്ധതയിൽ നമ്മുടെ സ്ഥലവും സിംഹാസനവും വിട്ടും വച്ച് അവനെ സഹായിപ്പാനായിട്ട് ലണ്ടനിലേക്കും അവിടെനിന്ന് നിങ്ങളുടെ അടുക്ക ലേക്കും എത്തിയത്. നാം അവിടെ എത്തിയ ഉടനെ കർത്താവിന്റെ സഹാ യത്താൽ മഹാരാജാവ് അവർകൾ നമ്മുടെ നിമിത്തം മത്തായിയുടെ (പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസ്) വിളംബരം അസ്ഥിരപ്പെ ടുത്തി. പിന്നത്തേതിൽ നാം സുന്നഹദോസ് ഉറപ്പിച്ചു. ദീവന്നാസ്യോ സിനെ അതിന്റെ പ്രസിഡണ്ടാക്കി വച്ചു. അനന്തരം അവന്റെ സഹായ ത്തിനായിട്ട് ആറു മെത്രാന്മാരെയും നാം വാഴിച്ചു (അവന്റെ സഹായ ത്തിനായിട്ട് എന്ന പ്രയോഗം വീണതു വിദ്യയാക്കുന്ന തരംതാണ അട വായിപ്പോയി. മാർ ദീവന്നാസ്യോസിന്റെയും മാനേജിംഗ് കമ്മിറ്റിയുടെയും വാക്കാലും രേഖയാലും ഉള്ള കഠിനമായ എതിർപ്പിനെ അവഗണിച്ചു കൊണ്ടാണ് ആ പട്ടംകൊടകൾ നടന്നത്. ആ മെത്രാഭിഷേകം അകാ നോനികവും ആയിരുന്നു. അനിവാര്യമായ സാഹചര്യങ്ങളിൽ മാത്രമേ ഒരു മെത്രാനെ വാഴിക്കുമ്പോൾ മൂന്നിൽക്കുറയാത്ത മെത്രാന്മാരുള്ള സുന്നഹദോസുണ്ടായിരിക്കണമെന്ന വ്യവസ്ഥ ഭേദപ്പെടുത്താവൂ എന്ന്

ഹൂദായകാനോനിൽ വ്യക്തമാക്കിയിരിക്കേ മലങ്കരയിൽ അന്നുണ്ടായിരുന്ന മലങ്കര മെത്രാൻ മാർ ദീവന്നാസ്യോസിനെയും പാത്രിയർക്കീസിന്റെ കൂടെ വന്ന അബ്ദുള്ളാ ഗ്രീഗോറിയോസിനെയും പങ്കെടുപ്പിക്കാതെ വടക്കൻപറവൂരിൽ ആദ്യം നടന്ന മെത്രാൻ പട്ടംകൊട അകാനോനികമാണെന്ന് തീർച്ചയാണ് - ഗ്രന്ഥകർത്താവ്). കോടതി സംബന്ധമായ കാര്യങ്ങളിലും അവർ ഓരോരുവൻ തന്റെ ഇടവകയിൽ ആത്മീയ വിഷയങ്ങളിലും ഉപദേശങ്ങളിലും ഇരിക്കണമെന്നും അതത് ഇടവക ഭരണകർത്താവിന്റെ മനസ്സുകൂടാതെ ഒരുവൻ മറ്റൊരുവന്റെ ഇടവകയിലേക്ക് സഞ്ചരിച്ച് അപഹരിക്കരുതെന്നും അവൻ (മാർ ദീവന്നാസ്യോസ്) ആഗ്രഹിക്കുന്ന കാര്യത്തിൽ എല്ലാവരും അവനെ സഹായിക്കണമെന്നും ചട്ടം കെട്ടി. അതിന്റെ ശേഷം 1883 മകരം 25-ാം തീയതി ആലപ്പുഴെ ഈ കാര്യം വിസ്തരിക്കുന്ന ജഡ്ജിക്കും ഈ പറഞ്ഞ വിവരങ്ങൾക്കു നാം ഒരു എഴുത്ത് കൊടുത്തു (ഈ എഴുത്ത് പുലിക്കോട്ടിൽ മെത്രാച്ചനു പ്രതികൂലമായും ശെമവൂൻ ദീവന്നാസ്യോസ് മെത്രാച്ചനു അനുകൂലമായും ഉള്ള കല്പനയാണെന്നാണ് കണ്ടനാട് ഗ്രന്ഥവരിയിൽ ശെമവൂൻ ദീവന്നാസ്യോസ് പ്രതിപാദിച്ചിരിക്കുന്നത് - ഗ്രന്ഥകർത്താവ്). അവൻ ബലപ്പെട്ട് ബഹുമാനമുള്ളവൻ ആയിത്തീരുന്നതിനും വേണ്ടി അവന് സഹായമായിട്ടത്രെ എഴുതിയത്. അതിനോടുകൂടി മറ്റു മെത്രാന്മാർക്കും അവർ അവനെ വഴങ്ങുകയും നഷ്ടമോ വ്യസനമോ അവന് വന്നുകൂടാതെ അവനെ സഹായിക്കുകയും ചെയ്യണമെന്ന് പൊതുവായി എഴുതി അറിയിച്ചു (മാർ ദീവന്നാസ്യോസും മറ്റു മെത്രാന്മാരും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് തോമസ് മാർ അത്താനാസ്യോസ് നൽകിയ പത്രികയെത്തുടർന്ന് സെമിനാരിക്കേസ്സിൽ വിശദമായി വാഗ്വാദങ്ങൾ നടക്കുകയുണ്ടായി. മാർ ദീവന്നാസ്യോസ് മറ്റു മെത്രാന്മാരെപ്പോലെ ഒരു മെത്രാസനത്തിന്റെ മാത്രം അധിപതി ആകയാൽ മറ്റു മെത്രാന്മാരേക്കാൾ ഉയർന്ന ഒരു സ്ഥാനി എന്ന നിലയിൽ സഭാസ്വത്തുക്കൾക്കുവേണ്ടി വ്യവഹാരപ്പെടാൻ അർഹനല്ലെന്നും പത്രികയിൽ കാണിച്ചിരുന്നു. തൽസംബന്ധമായി പാത്രിയർക്കീസിന്റെ ഏതെങ്കിലും കല്പനയുണ്ടായിരുന്നുവെങ്കിൽ മാർ ദീവന്നാസ്യോസിനു അനുകൂലമായി താൻ നൽകിയ സാക്ഷിമൊഴിയിൽ പരുമല മെത്രാച്ചൻ അത് പരാമർശിക്കുമായിരുന്നു. പരുമല മെത്രാച്ചൻ സാക്ഷിമൊഴിയിൽ പുലിക്കോട്ടിൽ മെത്രാച്ചനെ മെത്രാനായി വാഴിച്ചപ്പോൾ മുൻ പാത്രിയർക്കീസ് നൽകിയ സുസ്താത്തിക്കോനെ മാത്രം അടിസ്ഥാനരേഖയായി പരാമർശിച്ചത് മറ്റു രേഖകളൊന്നും അദ്ദേഹത്തിന്റെ അറിവിൽ ഇല്ലാത്തതു മൂലമാണ്. മാർ ദീവന്നാസ്യോസിന്റെ മേലധികാരം സംബന്ധിച്ച് ആലപ്പുഴ ജഡ്ജിയ്ക്കും 6 മെത്രാന്മാർക്കും കല്പന അയച്ചിരുന്നു എന്ന് പാത്രിയർക്കീസ് ഇവിടെ എഴുതിയിട്ടുള്ളതിനെ അംഗീകരിക്കുന്നതെങ്ങനെ? - ഗ്രന്ഥകർത്താവ്).

അവർ നമ്മുടെ കല്പനപ്രകാരം അവനെ അനുസരിച്ചു. അവന്റെ മുമ്പിൽ സാക്ഷിമൊഴി പറഞ്ഞു. നമ്മുടെ കല്പന നിമിത്തം അവന്റെ കയ്യിൽ അവരുടെ ജീവനെ വച്ചുകൊടുത്തു. പിന്നീട് ദൈവം ശത്രുക്കളുടെമേൽ നമുക്ക് ജയം തരികയും സന്തോഷിക്കുകയും ചെയ്ത ഉടനെ അവന്റെ (ദീവന്നാസ്യോസിന്റെ) മൂലം ജയം ഉണ്ടായിരിക്കകൊണ്ട് അവർക്ക് സന്തോഷത്തിന്റെ ഒരടയാളം കൊടുക്കണമെന്നും അവിടുത്തെ പരിശുദ്ധതയിൽ നിന്ന് ഇങ്ങനെ ഒരു അടയാളത്തിന് ഈ സഹോദരൻ യോഗ്യനാകുന്നു എന്നും നമ്മുടെ പുത്രനായ മരിച്ചുപോയ മാർ അത്താനാസ്യോസ് നമ്മോട് അപേക്ഷിച്ചപ്പോൾ നാം സന്തോഷിച്ച് സകല സന്തോഷത്തിന്റെയും ജയത്തിന്റെയും അടയാളമായി നെഞ്ചിൻമേൽ ഇടുന്ന സ്ലീബാ അവന്റെ പേർക്കു കൊടുത്തയച്ചു. ... പട്ടക്കാരുടെ മുടക്കു തീർക്കുവാൻ അനുവദിച്ച കടലാസിലും ഒന്നാമതും രണ്ടാമതും മെത്രാൻ പട്ടം കൊടുപ്പാൻ അനുവദിച്ച കടലാസിലും ജനത്തെക്കൊണ്ട് ഒരു പ്രമാണം നമ്മുടെ പേർക്ക് എഴുതിക്കണമെന്ന് പറഞ്ഞിട്ടുണ്ടായിരുന്നു. ... എന്നാൽ പാത്രിയർക്കീസിന്റെ ആത്മീയമായും ലൗകികമായും ഉള്ള കല്പനയ്ക്കു കീഴ്പ്പെട്ട് അനുസരിച്ച് ഇരുന്നുകൊള്ളാമെന്ന തങ്ങളുടെ മേൽത്തന്നെ ഒരു പ്രമാണം നിർമ്മിക്കുന്നതിന് ജനത്തിന്റെ മുമ്പാകെയും പ്രധാനികളുടെ മുമ്പാകെയും പ്രസ്താവിപ്പാനായിട്ട് നാലു മെത്രാന്മാർക്കും കൂടി നാം അയച്ച പൊതു കല്പന വായിച്ചില്ലെന്ന് കേട്ടപ്പോൾ അതിനെക്കുറിച്ച് നമുക്കു വളരെ വിചാരമുണ്ടായി. വിശേഷിച്ചും ദീവന്നാസ്യോസ് വിവാഹം കഴിക്കാത്ത കശീശന്മാരെ ഉണ്ടാക്കിയെന്ന് കേട്ടപ്പോൾ, പാത്രിയർക്കീസിന്റെ അധികാരം ലൗകികകാര്യങ്ങളിൽ നിന്ന് എടുത്തുകളയാമെന്നിടത്തോളം ജഡ്ജിമാരെ കലക്കിയത് അവൻ തന്നെ ആണെന്നും നാം ഉറപ്പായിട്ടു നിശ്ചയിച്ചു (വിവാഹം കഴിച്ചവരെയും വിവാഹം കഴിക്കാത്തവരെയും കശ്ശീശന്മാരാക്കുന്നത് മലങ്കരയിലെ പൂർവ്വികമായ പതിവാണ്. അത് പത്രോസ് തൃതീയൻ ബാവായ്ക്കും നല്ലവണ്ണം അറിവുള്ള കാര്യമാണ്. അദ്ദേഹം മലങ്കരയിൽ വന്നപ്പോൾ അദ്ദേഹം പട്ടം കൊടുത്ത 6 മെത്രാന്മാരും അവിവാഹിതരായിരിക്കേ കശ്ശീശാപട്ടം ഏറ്റവരായിരുന്നു. അക്കാര്യം പുലിക്കോട്ടിൽ മെത്രാച്ചന്റെ നേരെ ആരോപിച്ചതിൽ ആട്ടിൻകുട്ടിയെ കൊന്ന് തിന്നുവാൻ സിംഹം നടത്തിയ ആരോപണത്തേക്കാൾ വലിയ യുക്തിയൊന്നും കാണുന്നില്ല – ഗ്രന്ഥകർത്താവ്) ... നമ്മുടെ കല്പനപ്രകാരം അവർ അവനെ വണങ്ങിയതുകൊണ്ട് ഇപ്പോൾ അവൻ ചവുട്ടിയത് അവരുടെ മേൽ അല്ല; നമ്മുടെമേൽ അത്രേ. ആയതുകൊണ്ട് ഇനിമേലാൽ സുന്നഹദോസിൽ യാതൊരു കാര്യവും നിശ്ചയിപ്പാനും പൊതുവിന്നടുത്ത കാര്യങ്ങളിൽ പ്രവേശിപ്പാനും അവന് അധികാരമില്ലെന്നും നാം കല്പിച്ചിരിക്കുന്നു. ഇടവകകളിൽ വെച്ച് കൊച്ചി ഇടവകയും കൊല്ലം ഇടവകയും മാത്രം അവനിരിക്കട്ടെ. ഇതല്ലാതെ

വേറെ പാടില്ല. ഇക്കാര്യങ്ങളെ നിങ്ങൾ പരിശോധിച്ച് സ്ഥിരപ്പെടുത്തി നമ്മോടു അറിയിക്കുന്നതുവരെ ഈ രണ്ടു ഇടവകകളെ വിട്ട് മറ്റു ഇടവകകളിലേക്കു കാൽചവിട്ടുവാനും സഞ്ചരിപ്പാനും അവന് അനുവാദമില്ല. ... മെത്രാന്മാരിൽ ഒരുവനെയും സുന്നഹദോസിന്റെ പ്രസിഡണ്ടാക്കുവാൻ ന്യായവും ആവശ്യവുമില്ല. എന്നാലോ കാശീശന്മാരിൽ ഒരാളെ തെരഞ്ഞെടുത്തു കൊൾവിൻ. അത് സാമർത്ഥ്യമുള്ള മല്പാൻ ആയിരിക്കട്ടെ. പ്രസിഡണ്ടാക്കുന്നവരോട് പാത്രിയർക്കീസിന്റെ കല്പനയും പിതാക്കന്മാരുടെ സകല കാനോനോകളും വിട്ടു നടക്കുകയില്ലെന്ന് പ്രമാണം വാങ്ങിക്കൊള്ളേണ്ടിയിരിക്കുന്നു. സുന്നഹദോസിൽ നിശ്ചയിക്കപ്പെടുന്ന എല്ലാ കാര്യങ്ങളും അവൻ സുറിയാനി ഭാഷയിലാക്കി നമുക്കു അയച്ചു തരണം. ..."[3]

മാർ ദീവന്നാസ്യോസിന് പാത്രിയർക്കീസ് നൽകിയ രണ്ടാമത്തെ നിരോധനമായിരുന്നു ഇത്. ആദ്യത്തെ നിരോധനത്തിന് ഹേതു ഉടമ്പടി നല്കാതിരുന്നതാണ്. രണ്ടാമത്തേതിന് കാരണം ഉടമ്പടി നൽകാത്തതും അദ്ദേഹത്തിന് റോയൽ കോടതി വിധിയിലൂടെ ലൗകികാധികാരം നിഷേധിച്ചതിന്റെ അമർഷവുമാണ്. തുമ്പമണ്ണിന്റെ മാർ യൂലിയോസും കൊച്ചിയുടെ മാർ ദീവന്നാസ്യോസും ഇതിനകം നിര്യാതരായിരുന്നു. ശേഷിച്ച മെത്രാന്മാർക്കും മാനേജിംഗ് കമ്മറ്റി അംഗങ്ങൾക്കും അയച്ച കല്പന മലങ്കരയിൽ യാതൊരു ചലനവും ഉണ്ടാക്കിയില്ല. പാത്രിയർക്കാ ഭക്തന്മാർ മലങ്കരയിൽ ഇല്ലാഞ്ഞതിനാലല്ല. അവർക്കൊക്കെയും അപ്പോഴേക്കും കാര്യങ്ങൾ വ്യക്തമായി കഴിഞ്ഞിരുന്നു. അസോസ്യേഷൻ പ്രവർത്തനംമൂലം യോജിപ്പും ഐക്യവും ജനാധിപത്യവും ശക്തിപ്പെട്ട മലങ്കരസഭയിൽ പാത്രിയർക്കീസിന്റെ അന്യായവും സത്യരഹിതവുമായ ഒരു കല്പനയെച്ചൊല്ലി വിവാദം സൃഷ്ടിക്കുവാൻ ഒരു കുഞ്ഞുപോലും ശ്രമിച്ചില്ല. സഭ ഒന്നടങ്കം മാർ ദീവന്നാസ്യോസ് സഭയിലും സമൂഹത്തിലും വരുത്തിക്കൊണ്ടിരിക്കുന്ന സാംസ്ക്കാരിക നവോത്ഥാനയത്നങ്ങളെ ആവോളം പിന്തുണച്ചു വന്നു. പാത്രിയർക്കീസ് അയച്ച അത്താനാസ്യോസ് ശെമവൂൻ ഇതിനോടകം കാലം ചെയ്തുവെങ്കിലും കൂടെ വന്നിരുന്ന സ്ലീബാ ശെമ്മാശൻ മലങ്കരയിലുടനീളം സഞ്ചരിച്ച് പാത്രിയർക്കാ ഭക്തന്മാരെ സംഘടിപ്പിക്കുവാൻ ശ്രമിക്കുന്നുണ്ടായിരുന്നു. കടവിൽ മെത്രാച്ചൻ മൗനംകൊണ്ട് അതിനെ അനുകൂലിച്ചിരുന്നു. എന്നാൽ മലങ്കരസഭയ്ക്കകത്തും പുറത്തും പരിശുദ്ധനെന്ന നിലയിൽ അതിനോടകം അംഗീകാരം നേടിക്കഴിഞ്ഞിരുന്ന പരുമല മെത്രാച്ചന്റെ ശക്തമായ നിലപാട് മാർ ദീവന്നാസ്യോസിനും സത്യത്തിനും അനുകൂലമായിരുന്നതുകൊണ്ട് മലങ്കരമെത്രാപ്പോലീത്തായ്ക്കെതിരായി പത്രോസ് തൃതീയൻ പാത്രിയർക്കീസ് എഴുതിയ നിരോധന കല്പനകൾക്ക് അതെഴുതിയ കടലാസിന്റെ വിലപോലും കേരളത്തിൽ കിട്ടിയില്ല.

പരുമലയിലെ പുണ്യവാളന്റെ പിന്തുണ ആ നൂറ്റാണ്ടിൽ വലിയ ഒരു പിൻബലമായിരുന്നു. തന്നെയുമല്ല പരുമല മെത്രാച്ചന്റെ ശിഷ്യനായിരുന്ന കോനാട്ട് മാത്തൻ മല്പാൻ ആയിരുന്നു അന്നത്തെ വൈദിക ട്രസ്റ്റി. സി. ജെ. കുരിയൻ അവൈദിക ട്രസ്റ്റിയും. മൂന്നു ട്രസ്റ്റിമാർ തമ്മിൽ അന്നുണ്ടായിരുന്ന പരസ്പര വിശ്വാസവും ബഹുമാനവും അന്യാദൃശ്യമായിരുന്നു. മെത്രാന്മാരുടെ ഏകനായകശക്തിക്കെതിരായിട്ടാണ് ട്രസ്റ്റിമാരുടെയും മാനേജിംഗ് കമ്മറ്റിയുടെയുമൊക്കെ തെരഞ്ഞെടുപ്പും നിയമനവും നടന്നതെങ്കിലും മലങ്കര മെത്രാൻ മാത്രം കാര്യങ്ങൾ നടത്തിയാൽ മതി എന്ന ചിന്തയാണ് പുലിക്കോട്ടിൽ മെത്രാച്ചൻ കാലം ചെയ്യുന്നതുവരെ മറ്റു രണ്ടു ട്രസ്റ്റിമാർ പുലർത്തിയിരുന്നത്. പുലിക്കോട്ടിൽ മെത്രാച്ചന്റെ കർമ്മകുശലതയിലും സഭാപ്രതിബദ്ധതയിലും ജനാധിപത്യ ഭരണശൈലിയിലും ട്രസ്റ്റിമാർക്ക് അത്യധികം വിശ്വാസവും ബോധ്യവും ഉണ്ടായിരുന്നു. തന്മൂലം ട്രസ്റ്റിമാർ കൈവശം വയ്ക്കേണ്ട ട്രസ്റ്റ് താക്കോലുകൾ പോലും രണ്ടു കൂട്ടുട്രസ്റ്റികളും മെത്രാപ്പോലീത്തൻ ട്രസ്റ്റിയെ ഏല്പിച്ചിരുന്നു. ഈ ഐക്യവും തജ്ജന്യമായ ശക്തിയുമാണ് അക്കാലത്തെ എല്ലാ സഭാപുരോഗതിയുടേയും അടിത്തറ എന്ന് പറയാതെ വയ്യ.

റോയൽക്കോടതി വിധിയിൽ വ്യക്തമാക്കപ്പെട്ടപ്രകാരം അന്ത്യോഖ്യാ പാത്രിയർക്കീസിനെ ആത്മീയ ഭരണത്തലവനായി അംഗീകരിച്ചുകൊണ്ട് മലങ്കരയിലെ ഭരണത്തിൽ ഒരു വ്യവസ്ഥാപിതശൈലി എപ്രകാരം സംവിധാനം ചെയ്യാം എന്നതായിരുന്നു കോടതിവിധിയോടുള്ള ആഭ്യന്തരമായ പ്രതികരണം. മലങ്കരയിൽ ഒരു കാതോലിക്കേറ്റ് സ്ഥാപിച്ച് ഒരു ഹയറാർക്കി വ്യവസ്ഥപ്പെടുത്തിയാൽ പാത്രിയർക്കീസിനുള്ള അംഗീകാരം നിലനിർത്തുകയും പാത്രിയർക്കീസിന്റെ ആത്മീയാധികാരം പോലും പരിമിതപ്പെടുത്തുകയും ചെയ്യാമെന്നായിരുന്നു ഈ ചിന്തയുടെ പിന്നിലുള്ള കണക്കുകൂട്ടൽ. വട്ടശ്ശേരിൽ ഗീവറുഗീസ് കത്തനാർ ആയിരുന്നു ഇതിന്റെ വക്താവ്. വട്ടശ്ശേരിൽ ഗീവറുഗ്ഗീസ് കത്തനാർ പരുമല മെത്രാച്ചന്റെ ശിഷ്യത്വത്തിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് 1876 ഒക്ടോബർ 12-ന് പത്രോസ് തൃതീയൻ ബാവായിൽ നിന്ന് ശെമ്മാശുപട്ടം സ്വീകരിച്ചു. പത്രോസ് ബാവായോടൊപ്പം വന്നിരുന്ന അബ്ദുള്ളാ മാർ ഗ്രീഗോറിയോസിനോടൊപ്പം കുറച്ചുകാലം വിവിധ ദേവാലയങ്ങളിൽ സഞ്ചരിച്ചു. പാത്രിയർക്കീസിന്റെ നിരോധനം വകവയ്ക്കാതെ അബ്ദുള്ളാ ഗ്രീഗോറിയോസ് മലങ്കരയിലെ പള്ളികളിൽ മൂറോൻ തൈലം വിതരണം ചെയ്തുകൊണ്ട് 6000 ത്തോളം രൂപ സമ്പാദിച്ചുകൊണ്ടിരുന്നപ്പോൾ 'മല്ലപ്പള്ളിക്കാരൻ ഒരു ശെമ്മാശൻ' അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നതായി കണ്ടനാട് ഗ്രന്ഥവരി (പുറം 432) സാക്ഷിക്കുന്നു. 'മലങ്കര നസ്രാണികൾ' 4-ാം വാല്യത്തിൽ പാറേട്ടും 'ധീരോദാത്ത വിശുദ്ധ'നിൽ സി. കെ. കൊച്ചുകോശിയും ഈ പ്രസ്താവനയെ അനുകൂലിക്കുന്നുണ്ട്. അതിനുശേഷം പരുമല

മെത്രാച്ചന്റെ കീഴിൽ പരുമലയിൽ വെച്ച് വൈദിക വിദ്യാഭ്യാസം നേടി. ഇവിടെ വെച്ചാണ് തന്റെ ഗുരുവിന്റെ ഗുരുവായ പുലിക്കോട്ടിൽ മെത്രാച്ചനെ ശെമ്മാശനും ശെമ്മാച്ചനെ മെത്രാച്ചനും നന്നായി പരിചയപ്പെടുന്നത്. സൂക്ഷ്മനിരീക്ഷണപടുവായ ശെമ്മാശൻ മലങ്കരമെത്രാപ്പോലീത്തായോട് ഭക്തിയും കൂറും അനുസരണവും കാണിച്ചു എങ്കിലും വലിയ മെത്രാച്ചന്റെ നിലപാട് എപ്പിസ്ക്കോപ്പസിയുടെ അന്തസ്സിന് നിരക്കാത്തതാണെന്നായിരുന്നു ശെമ്മാശന്റെ ചിന്ത. എന്നാൽ തന്റെ ഗുരു പരുമല മെത്രാച്ചൻ വല്യമെത്രാച്ചനോട് കാണിച്ച ഭക്തിയും വിധേയത്വവും ശിഷ്യനെ സ്വാഭിപ്രായ പ്രകടനത്തിൽ നിന്നും തടഞ്ഞു നിർത്തി. പത്രോസ് തൃതീയൻ, അബ്ദുള്ളാ ഗ്രീഗോറിയോസ്, സ്ലീബാ ശെമ്മാശൻ (പിന്നീട് മാർ ഒസ്താത്തിയോസ്) ഇവരുമായുള്ള അടുത്ത ബന്ധവും സൗഹാർദ്ദവും സംസർഗ്ഗവും ശെമ്മാശന്റെ ചിന്താമണ്ഡലത്തെ എപ്രകാരം സ്വാധീനിച്ചുവെന്ന് അറിവില്ല. ഏതായാലും പില്ക്കാലത്ത് അനൗപചാരികമായി അദ്ദേഹം തയ്യാറാക്കി പ്രസിദ്ധീകരിച്ച ഭരണഘടനാ ഡ്രാഫ്റ്റിൽ അന്ത്യോഖ്യാ പാത്രിയർക്കീസുമായുള്ള ബന്ധത്തെ പുലിക്കോട്ടിൽ മെത്രാച്ചനേക്കാൾ ഗൗരവമായി പരിഗണിച്ചിട്ടുണ്ട്. നവീകരണവ്യവഹാരത്തിലും മറ്റും ഒഴിച്ചുകൂടാനാവാത്തതു മൂലം പാത്രിയർക്കീസുമായി ബന്ധപ്പെട്ടുവെങ്കിലും പില്ക്കാലത്തെ കയ്പേറിയ അനുഭവങ്ങൾ മൂലം പാത്രിയർക്കാബന്ധത്തെ ബോധപൂർവ്വം മറക്കുവാനാണ് അദ്ദേഹം ശ്രമിച്ചത്. എന്നാൽ അദ്ദേഹം മറക്കുവാൻ ശ്രമിക്കുംതോറും വട്ടശ്ശേരിൽ മല്പാനും സ്ലീബാ ശെമ്മാശനും ആ ബന്ധത്തെ ആവർത്തിച്ച് ഓർക്കുവാൻ സഹായകമായ പല ശ്രമങ്ങളിലും ഏർപ്പെട്ടുവന്നു. മലങ്കരയിൽ പുലിക്കോട്ടിൽ മെത്രാച്ചന്റെ കാലം വരെ ഉപയോഗിച്ചുവന്ന ശീമയിലെ പിതാക്കന്മാരെപ്പറ്റി പരാമർശമില്ലാത്ത തുബ്ദേനുകൾ മാറ്റി തൽസ്ഥാനത്തു അന്ത്യോഖ്യൻ പിതാക്കന്മാരുടെ ശൃംഖലയെ സ്മരിക്കുന്ന തുബ്ദേനുകൾ അടങ്ങിയ കുർബാനക്രമം 1898–ൽ അദ്ദേഹവും കോനാട്ട് മാത്തൻ മല്പാനും ചേർന്ന് പ്രസിദ്ധപ്പെടുത്തിയത് ഇത്തരുണത്തിൽ പരാമർശമർഹിക്കുന്നു.* എപ്പിസ്ക്കോപ്പൽ ശൈലിയെ പാത്രിയർക്കീസ് ആശീർവദിക്കുമെങ്കിൽ പാത്രിയർക്കീസിന്റെ ആത്മീയാധികാരം സ്ഥിരപ്പെടുത്തുന്ന ഒരു സഭാഭരണവ്യവസ്ഥയ്ക്കു രൂപംനൽകുവാൻ അദ്ദേഹം തയ്യാറാണെന്ന ചിന്തയ്ക്ക് ബലം നൽകുന്ന ചില സൂചനകൾ അദ്ദേഹത്തിന്റെ *മതോപദേശസാരങ്ങ*ളിൽ കാണുന്നുണ്ട്. ഈ എപ്പിസ്ക്കോപ്പൽ ഭ്രമം പരുമല മെത്രാച്ചൻ കാലം ചെയ്തതോടെ തിര നീക്കി പ്രത്യക്ഷപ്പെടുകയും അദ്ദേഹത്തോടു വിയോജിക്കുവാൻ കോനാട്ടച്ചനെയും സി. ജെ. കുര്യനെയും പ്രേരിപ്പിക്കുകയും ചെയ്തു. തങ്ങൾക്കഭിമതനായ കൊച്ചുപറമ്പിൽ റമ്പാച്ചന് പകരം വട്ടശ്ശേരിൽ റമ്പാച്ചൻ പുതിയ മെത്രാപ്പോലീത്താ ആകുന്ന ഘട്ടം വന്നപ്പോൾ എന്തു വില കൊടുത്തും

എപ്പിസ്ക്കോപ്പൽ ഭ്രമത്തെ പരാജയപ്പെടുത്തുവാൻ രണ്ടു ട്രസ്റ്റിമാരും നിശ്ചയിക്കുകയും ചെയ്തു. അങ്ങനെയാണ് പുലിക്കോട്ടിൽ മെത്രാച്ചന്റെ കാലശേഷം രണ്ടു ട്രസ്റ്റിമാരും അവർ വെറുത്തിരുന്ന പാത്രിയർക്കീസിന്റെ അനുയായികളായിത്തീർന്നത്.

റോയൽക്കോടതി വിധിയോട് ഇപ്രകാരം രണ്ടു പ്രതികരണങ്ങൾ നടന്നുകൊണ്ടിരുന്നത് മലങ്കരമെത്രാന്റെ സൂക്ഷ്മനേത്രങ്ങൾക്കു അഗോചരമായിരുന്നില്ല. തന്റെ പിൻഗാമിയുടെ കാലത്തു (പരുമല ഗ്രീഗോറിയോസിനെയാണ് അദ്ദേഹം പിൻഗാമിയായി ഉദ്ദേശിച്ചിരുന്നത്) എല്ലാ വിരുദ്ധ പ്രവണതകളെയും അതിജീവിച്ച് മലങ്കരസഭ കരുത്തും യശസ്സും വീണ്ടെടുക്കുമെന്നത് അദ്ദേഹത്തിന്നുറപ്പായിരുന്നു. തന്മൂലം സഭയുടെ വികസനപരമായ കർമ്മപദ്ധതികളിലേക്ക് മെത്രാപ്പോലീത്താ ശ്രദ്ധ തിരിച്ചു.

മലങ്കരസഭയുടെ ചരിത്രത്തിൽ ഒരിക്കലും സംഭവിച്ചിട്ടില്ലാത്ത ചില സംഭവപരമ്പരകൾ അക്കാലത്ത് നാടകീയമായി അരങ്ങേറി. കത്തോലിക്കാസഭയിലെ ഒരു വൈദികൻ ദേശീയബോധം കൊണ്ട് ഉത്തേജിതനായി. പേപ്പൽ ഇരുമ്പുമറയിൽ നിന്ന് സഭ സുതാര്യമായ പ്രവർത്തനശൈലിയിലേക്കു വളരണമെന്നും ആത്മീയരംഗമെന്നപോലെ സാസ്ക്കാരികരംഗവും സഭയുടെ പ്രവർത്തനമേഖലയായി അംഗീകരിക്കണമെന്നും ഈ യുവവൈദികൻ കത്തോലിക്കാസഭയെ പ്രവാചകോചിതമായി ആഹ്വാനം ചെയ്തു. മാറ്റങ്ങൾക്കു നേരെ പുറംതിരിഞ്ഞിരിക്കുകയും മാറ്റങ്ങൾക്കു വേണ്ടി ശബ്ദിക്കുന്നവരെ അവഗണിക്കുകയും ചെയ്യുന്ന ഇരുണ്ട നയമാണ് കത്തോലിക്കാ തിരുസഭ ഈ വൈദികനോട് പുലർത്തിയത്. തന്റെ ഉല്പതിഷ്ണുത്വവും ആദർശബോധവും നിലനിർത്തിക്കൊണ്ട് സഭാസേവനം ചെയ്യാൻ അനുയോജ്യമായി അദ്ദേഹം കണ്ടത് മലങ്കര സുറിയാനി സഭയെയാണ്. സാംസ്ക്കാരിക പ്രവർത്തനം കൊണ്ട് തേജോമയമായ പ്രഭാവലയം സൃഷ്ടിച്ച പുലിക്കോട്ടിൽ മെത്രാച്ചനെ ആ വൈദികൻ ബന്ധപ്പെട്ടു. പുലിക്കോട്ടിൽ മെത്രാച്ചന്റെ കീഴിൽ അഭിമാനത്തോടെ സഭാസേവനം തുടരാനാവുമെന്ന് അദ്ദേഹത്തിന് ഉറപ്പായി. ഫാ. അൽവാറീസിനെ (അതായിരുന്നു ആ കത്തോലിക്കാ വൈദികന്റെ പേര്) മാർ ദീവന്നാസ്യോസ് സഭയിലേക്കു സ്വീകരിച്ചു. അദ്ദേഹത്തോടൊപ്പം ഗോവ, സിലോൺ എന്നീ പ്രദേശങ്ങളിൽ നിന്ന് ധാരാളം കത്തോലിക്കാ സഭാനുയായികൾ മലങ്കരസഭയുടെ അംഗങ്ങളായി. ഗോവയുടെ സ്വാതന്ത്ര്യസമരത്തെ നയിച്ച ഫാ. അൽവാറീസിനെ പോർച്ചുഗീസുകാരോട് മതപരമായി അന്ധമായ വിധേയത്വം പുലർത്തിപ്പോന്ന കത്തോലിക്കാ സഭ വെറുക്കുകയായിരുന്നു. സഭാത്യാഗം കൂടിയായപ്പോൾ വെറുപ്പ് പകയായി വളർന്നു. ഗോവ, സൗത്ത് കാനറാ തുടങ്ങിയ സ്ഥലങ്ങളിൽ വിദ്യാലയങ്ങളും ദേവാലയങ്ങളും സ്ഥാപിച്ച ഫാ. അൽവാറീസ്, മാർ ദീവന്നാ

സ്യോസിന് പ്രിയങ്കരനായി തീർന്നു. പാത്രിയർക്കീസിന്റെ അനുവാദ പ്രകാരം ഫാ. അൽവാറീസിനെ പരുമല ഗ്രീഗോറിയോസ് റമ്പാനാക്കി. 1889-ൽ കോട്ടയം പഴയസെമിനാരിയിൽ വെച്ച് മാർ യൂലിയോസ് എന്ന പേരിൽ മെത്രാനായി വാഴിച്ചു. മാർ ദീവന്നാസ്യോസ് നടത്തിയ ഏക മെത്രാഭിഷേകമാണിത്. കേരളത്തിന് വെളിയിൽ മലങ്കരസഭ വികസിപ്പിക്കുന്നതിൽ സഭ ഒട്ടുക്കു സന്തോഷിച്ചു. അമേരിക്കയിലെ പ്രോട്ടസ്റ്റന്റ് എപ്പിസ്ക്കോപ്പൽ സഭയിലെ റിനിവിലാത്തി എന്ന പട്ടക്കാരനെ മെത്രാനായി വാഴിക്കുവാനായി പാത്രിയർക്കീസ് ബാവാ ആവശ്യപ്പെട്ടതനുസരിച്ച് രണ്ടാമതൊരു മെത്രാനെ കേരളത്തിന് വെളിയിൽ നിയമിക്കുവാൻ സ്മര്യപുരുഷന് സാധിച്ചു. മലങ്കരമെത്രാപ്പോലീത്തായുടെ കല്പനയനുസരിച്ച് സിലോണിൽ വെച്ചാണ് ഈ പട്ടംകൊട നടന്നത്. പരുമല മാർ ഗ്രീഗോറിയോസിന്റെ പ്രധാനകാർമ്മികത്വത്തിലും കടവിൽ മാർ അത്താനാസ്യോസ്, അൽവാറീസ് മാർ യൂലിയോസ് എന്നിവരുടെ കാർമ്മികത്വത്തിലുമാണ് ഈ മെത്രാഭിഷേകം നടന്നത്. സ്മര്യപുരുഷന് പിൽക്കാലത്ത് മലങ്കരസഭ നൽകിയ മംഗളപത്രത്തിൽ ".... അപ്പോസ്തോലിക കാലം മുതൽ കുളത്തിലെ വെള്ളം പോലെ ഈ കേരളത്തിന്റെ അതിർത്തികൾക്കകത്ത് കെട്ടിനിൽക്കുന്ന നമ്മുടെ സത്യവിശ്വാസത്തെ ബ്രിട്ടീഷ് ഇന്ത്യാ, സിലോൺ മുതലായവയിൽ മാത്രമല്ല അമേരിക്ക തുടങ്ങിയുള്ള അതിദൂരദേശങ്ങളിലും യഥാശക്തി പ്രചരിപ്പിക്കുവാൻ ആരംഭിച്ചിട്ടുള്ളത്..." എന്ന് പരാമർശിച്ചിട്ടുള്ളത് ഈ പട്ടംകൊടകളെ ഉദ്ദേശിച്ചാണ്. മലങ്കരസഭ അഖിലഭാരത ദർശനവും ആഗോള ഭാവനയും പുലർത്തിയ ഔന്നത്യം നേടി എങ്കിലും ആ മഹാ ഭാവന മാർ ദീവന്നാസ്യോസിന്റേത് മാത്രമായിരുന്നുവെന്നും മലങ്കരസഭ ആ വിശാലദർശനം ഉൾക്കൊള്ളുവാൻ ശക്തി ആർജ്ജിച്ചിരുന്നില്ലെന്നും പില്ക്കാല സംഭവങ്ങൾ തെളിയിച്ചു. ഈ സഭ മെത്രാൻ സ്ഥാനം നൽകി ഗോവയിലേക്കും അമേരിക്കയിലേക്കും നിയോഗിച്ച മെത്രാന്മാരെ അന്വേഷിക്കുവാനോ അത്യാപത്തുകളിൽപോലും സഹായിക്കുവാനോ മലങ്കരസഭയ്ക്കു സാധിച്ചില്ല. എതിരാളികളുടെ പ്രതികാരത്തിന് വിധേയനായി പീഡനങ്ങളേറ്റ് മാർ യൂലിയോസ് 1923 സെപ്തംബർ 23-ന് കാലം ചെയ്തു. മലങ്കരസഭയിൽ നിന്ന് ആരും അവകാശപ്പെടാതിരുന്നതിനെത്തുടർന്ന് ഗോവയിലെ മുനിസിപ്പൽ ശ്മശാനത്തിൽ ഒരു വൈദികന്റെ പോലും കാർമ്മികത്വമില്ലാതെ അനാഥനെപ്പോലെ മലങ്കരസഭയുടെ ആ മെത്രാപ്പോലീത്താ സംസ്ക്കരിക്കപ്പെട്ടു (ഒന്നാം കാതോലിക്കായുടെയും രണ്ടാം കാതോലിക്കായുടെയും എന്ന പോലെ മാർ യൂലിയോസിന്റെ അന്ത്യവിശ്രമരംഗവും സഭാഭാസുരന്റെ സദ്യശ്ശസിന് കളങ്കം ചാർത്തുന്ന കറുത്ത പാടുകളായി സഭാചരിത്രത്തിൽ ഉത്തരം തേടുന്ന പ്രഹേളികകളായി അവശേഷിക്കുന്നു).

1892 ഇടവം 17–ാം തീയതി സിലോണിൽ വച്ച് വാഴിക്കപ്പെട്ട മാർ തിമോത്തിയോസ് അമേരിക്കാ, യൂറോപ്പ്, ആഫ്രിക്കാ തുടങ്ങിയ ഭൂപ്രദേശങ്ങളിൽ സഞ്ചരിക്കുകയും കുറേ സ്വതന്ത്രസഭകൾ രൂപവത്ക്കരിക്കുകയും ചെയ്തു. മലങ്കരസഭയുടെ മേൽനോട്ടത്തിലും ശിക്ഷണത്തിലും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിതമായിരുന്നെങ്കിൽ വലിയൊരു മിഷണറി ദൗത്യത്തിന് അദ്ദേഹത്തെ ഉപകരണമാക്കാമായിരുന്നു. ദൗർഭാഗ്യവശാൽ മലങ്കരസഭയ്ക്ക് അതിന് കഴിഞ്ഞില്ല.

റോയൽക്കോടതി വിധി അനുകൂലമായി ലഭിച്ചെങ്കിലും അതിനുവേണ്ടി കടം വാങ്ങിച്ചെലവ് ചെയ്ത പണത്തിന് മാർഗ്ഗം കാണാതെ മെത്രാപ്പോലീത്താ നട്ടംതിരിയുകയായിരുന്നു. കേസിന്റെ വിജയം ആഘോഷിക്കുന്നതിനിടയിൽ മറ്റു ബാധ്യതകളെ ഓർക്കുവാൻ സഭ സന്നദ്ധമായിരുന്നില്ല. പല കടക്കാരും മെത്രാച്ചനെതിരെ കേസുകൊടുത്ത് പണം ഈടാക്കുവാനുള്ള വിധി സമ്പാദിച്ചിരുന്നു. എം. ഡി. സെമിനാരി ഹൈസ്കൂൾ തുടങ്ങി താൻ ആരംഭിച്ച പല സ്കൂളുകളുടെയും നിർമ്മാണം പൂർത്തിയാക്കുവാനും, നേരത്തെ നിർമ്മാണം പൂർത്തിയാക്കിയ പുതിയ പള്ളികളുടെ (പരുമല സെമിനാരിയും ചാപ്പലും, കരുവാറ്റ, ചാലശ്ശേരി, തിരുവാങ്കുളം, കാട്ടൂർ, അയിരൂർ, മഞ്ഞപ്ര, തിരുവനന്തപുരം, അല്ലപ്രാ, വേങ്ങൂർ, കൊടശ്ശനാട്, പുത്തൻകാവ്, കണ്യാട്ടുനിരപ്പേൽ, കുണ്ടറ, മാറാട്ടിൽ, ഓണക്കൂർ, നെല്ലിക്കൽ, ചേലാട്ട്, മഴുവന്നൂർ, കുന്നംകുളം) അറ്റകുറ്റപ്പണികൾ നടത്തുവാനും പണം കണ്ടെത്തേണ്ടിയിരുന്നു. അങ്ങനെയാണ് ഷോടതി എന്ന ആശയം സ്മര്യപുരുഷന്റെ മനസ്സിൽ രൂപപ്പെട്ടത്. ഒരു ലക്ഷം രൂപയുടെ ഷോടതി മഹാരാജാവിന്റെ അനുവാദപ്രകാരം അദ്ദേഹം ആവിഷ്ക്കരിച്ചു. 1898–ൽ സർക്കാർ അനുവാദം ലഭിച്ച ഈ ഷോടതി നടത്തിപ്പിൽ വലിയ കോയിത്തമ്പുരാൻ തുടങ്ങിയ മഹാന്മാരും വട്ടശ്ശേരിൽ ഗീവറുഗ്ഗീസ് മല്പാൻ, കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള, ഇ. എം. ഫിലിപ്പ് തുടങ്ങിയവരും അംഗങ്ങളായിരുന്നു. 1901 മാർച്ച് 14–നു ഒരു പൊതുയോഗത്തിൽ വെച്ച് നറുക്കെടുപ്പ് നടത്തുകയും വിജയികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു. ആ ഷോടതി ഇനത്തിൽ എല്ലാ ചെലവും നീക്കി 35000 രൂപ ലാഭമുണ്ടാക്കുവാൻ സാധിച്ചു. പല കട ബാധ്യതകളിൽ നിന്ന് വിമുക്തി നേടുവാനും പള്ളികളുടെ അറ്റകുറ്റപണികൾ നടത്തുവാനും കോട്ടയം എം.ഡി. സ്കൂൾ കെട്ടിടങ്ങൾ പരിഷ്ക്കരിക്കുവാനും ഈ ഉദ്യമം ഗണ്യമായി സഹായിച്ചു.

കോട്ടയം എം.ഡി. സെമിനാരി ഹൈസ്കൂൾ, മദ്രാസ് ക്രിസ്ത്യൻ കോളജിന്റെ മാതൃകയിൽ ഒരു കോളജായി ഉയർത്തുവാനുള്ള ഫണ്ട് സ്വരൂപിക്കുവാൻ കൂടി ഈ ഷോടതി പ്രയോജനപ്പെടുത്താമെന്ന് മാമ്മൻ മാപ്പിളയെപ്പോലെയുള്ള ചില അൽമായ പ്രമുഖർ പ്രതീക്ഷിക്കുകയും

അതിനായി അക്ഷീണ പരിശ്രമം നടത്തുകയും ചെയ്തു. കോളജ് നിർമ്മാണ ആലോചനകളുടെ നിർണ്ണായക ഘട്ടത്തിൽ വട്ടശ്ശേരിൽ ഗീവറുഗീസ് മല്പാൻ 'ഇപ്പോൾ നമുക്കൊരു കോളജ് ആവശ്യമില്ല' എന്ന ഉറച്ച നിലപാട് സ്വീകരിക്കുകയും ആ പദ്ധതി പരാജയപ്പെടുകയും ചെയ്ത തായി കെ. സി. മാമ്മൻ മാപ്പിള ആത്മകഥയിൽ (ജീവിതസ്മരണകൾ, ഒന്നാം പതിപ്പ്, 1977, പുറം 54-55) വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. കോളജ് എന്ന ആ സ്വപ്ന പദ്ധതി വിജയിച്ചിരുന്നെങ്കിൽ സ്മര്യപുരുഷന്റെ തൊപ്പി യിൽ ഒരു പൊൻ തൂവൽ കൂടി പ്രത്യക്ഷപ്പെടുമായിരുന്നു.

മലങ്കരസഭ സന്ദർശിച്ച ആദ്യത്തെ പാത്രിയർക്കീസ് 1894 കന്നിയിൽ, അദ്ദേഹത്തിന്റെ 94-ാം വയസ്സിൽ നിര്യാതനായി. വാർദ്ധക്യത്തിലും കർമ്മ കുശലനായി വർത്തിച്ച അദ്ദേഹം മലങ്കരയിൽ വരുത്തിയ പരിഷ്ക്കാര ങ്ങൾ നിരവധി ആയിരുന്നു. അദ്ദേഹത്തിന് പകരം അബ്ദുൽ മശിഹാ സ്ഥാനാരൂഢനായി. ഇതിൽ പ്രതിഷേധിച്ച് പരാജയപ്പെട്ട സ്ഥാനാർത്ഥി മാർ അബ്ദുള്ളാ ഗ്രീഗോറിയോസ് കത്തോലിക്കാ സഭയിൽ ചേർന്നു.

പ്രായാധിക്യവും ക്ഷീണവും മൂലം മലങ്കര ഇടവകയുടെ ഭരണം ഒഴി യുവാൻ അഗ്രഹിക്കുന്നു എന്നും തനിക്ക് പകരമായി തന്റെ സ്ഥാന ത്തേക്ക് ഒരു മേൽപ്പട്ടക്കാരനെ നിയമിക്കുവാൻ ആഗ്രഹിക്കുന്നതായും 1071 (1895) വൃശ്ചികത്തിൽ കൂടിയ അസോസ്യേഷനിൽ സ്മര്യപുരുഷൻ പ്രസ്താവിച്ചു.[4] അദ്ദേഹത്തിന് അന്ന് 63 വയസ്സ് പ്രായമാണ്. ഒരു ജീവി തകാലം മുഴുവൻ അലഞ്ഞുജീവിച്ചതുകൊണ്ടും പ്രമേഹരോഗബാധ കൊണ്ടും അദ്ദേഹം ശാരീരികമായും മാനസികമായും അസ്വസ്ഥനായി രുന്നു. പാത്രിയർക്കീസിനെ ഉൾക്കൊള്ളിച്ചുകൊണ്ട് മലങ്കരസഭാ ഭരണ ശൈലിക്ക് ലിഖിതമായ ഒരു നിയമാവലി തയ്യാറാക്കുവാൻ അണിയറ നീക്കം ആരംഭിച്ചിരുന്നു. എപ്പിസ്ക്കോപ്പൽ ഭരണശൈലി നടപ്പാക്കണ മെന്നും നിലവിലുള്ള ശൈലി തുടർന്നാൽ മതിയെന്നും രണ്ടു നിലപാടു കൾ സഭയിൽ പടർന്ന് പിടിക്കുന്നതായും സെമിനാരി മല്പാന്മാരായ വട്ടശ്ശേരിൽ ഗീവറുഗ്ഗീസ് മല്പാനും കോനാട്ട് മാത്തൻ മല്പാനും യഥാ ക്രമം ആ വാദമുഖങ്ങളുടെ പ്രചാരകന്മാരായിത്തീർന്നതും മെത്രാച്ചനെ മാനസികമായി തളർത്തിയിരുന്നു. മലങ്കരമെത്രാപ്പോലീത്താ ഏവരു ടെയും കണ്ണിലുണ്ണിയായിരുന്നതിനാൽ പ്രശ്നങ്ങളൊന്നും പരസ്യമായി ഉന്നയിക്കുവാൻ ആരും ധൈര്യപ്പെട്ടിരുന്നില്ല. എങ്കിലും സൂക്ഷ്മഗ്രാഹി യായ വല്യമെത്രാച്ചന്റെ കാര്യങ്ങളെ യാഥാർത്ഥ്യബോധത്തോടെ നേരി ടുവാൻ സന്നദ്ധനായിരുന്നു. തന്റെ പിൻഗാമിയായി തന്റെ ശിഷ്യനും മലങ്ക രസഭയുടെ പ്രിയങ്കരനുമായിരുന്ന പരുമല മാർ ഗ്രീഗോറിയോസിനെ നിയ മിക്കുന്നതോടെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണാനാവുമെന്ന് അദ്ദേഹം വിശ്വസിച്ചു. പരുമല മെത്രാച്ചനെ പിൻഗാമിയാക്കുകയാണെ

ങ്കിൽ പാത്രിയർക്കീസിൽ നിന്നുള്ള മെത്രാൻവാഴ്ച ആവർത്തിക്കുന്നത് ഒഴിവാക്കാമെന്നും അദ്ദേഹം ചിന്തിച്ചു കാണണം. റീനിവിലാത്തി തീമോത്തിയോസിനെയും അൽവാറീസ് യൂലിയോസിനെയും മലങ്കരയിലെ മെത്രാച്ചന്മാർ വാഴിച്ചത് നിമിത്തം മെത്രാൻ വാഴ്ച മലങ്കരയിൽ തന്നെ നടത്തുവാനുള്ള കീഴ്‌വഴക്കം പാത്രിയർക്കീസിന്റെ അനുമതിയോടെ പുലിക്കോട്ടിൽ മെത്രാച്ചൻ ആർജ്ജിച്ചിരുന്നു. തന്മൂലം പുലിക്കോട്ടിൽ മെത്രാച്ചൻ ജീവിച്ചിരിക്കുമ്പോൾ തന്നെ സ്ഥാനമൊഴിയുകയും അസോസ്യേഷന്റെ തെരഞ്ഞെടുപ്പു മുഖേന പുതിയ ഒരാൾ മലങ്കരമെത്രാപ്പോലീത്താസ്ഥാനത്തേക്കു അവരോധിക്കപ്പെടുകയും ചെയ്താൽ അതിനെതിരെ ശബ്ദിക്കാൻ മലങ്കരയിൽ ആരും തയ്യാറാകുകയില്ലെന്ന് അദ്ദേഹത്തിന് നിശ്ചയമായിരുന്നു. മലങ്കരയിൽ അഭിപ്രായ വ്യത്യാസം ഇല്ലാത്ത ഒരു കാര്യത്തിൽ പാത്രിയർക്കീസ് പ്രസാദിച്ചാലും കുപിതനായാലും ഒന്നും സംഭവിക്കുവാൻ പോകുന്നില്ലെന്ന് അനുഭവസമ്പന്നനായ പുലിക്കോട്ടിൽ മെത്രാച്ചനു തീർച്ചയായിരുന്നു. തന്മൂലമാണ് സ്ഥാനത്യാഗത്തെപ്പറ്റി അസോസ്യേഷനിൽ അദ്ദേഹം പ്രസ്താവിച്ചത്.

മാത്രവുമല്ല, മലങ്കരസഭയിൽ ആരോഗ്യകരമായ ഒരു കീഴ്‌വഴക്കം സൃഷ്ടിക്കുവാനും സ്മര്യപുരുഷൻ ആഗ്രഹിച്ചിരുന്നു. ഭരണപരമായി ഏറെ കാര്യങ്ങൾ ചെയ്തുതീർക്കാനുള്ള ഒരു സ്ഥാനി ശാരീരികമായി വാർദ്ധക്യത്തിലെത്തിയാൽ രോഗത്തെപ്രതി അശക്തനും കാര്യപ്രാപ്തി നഷ്ടപ്പെട്ടവനുമായി സഭയ്ക്കു ഉപയോഗശൂന്യനും ഭാരവും ആയിത്തീരുമെന്നും ഊർജ്ജസ്വലനായ ഒരു യുവമെത്രാൻ ഭരണത്തിൽ പ്രവേശിക്കുന്നതു മൂലം ഭരണത്തിന്റെ കർമ്മ നൈരന്തര്യം അവിരാമം തുടരാനാവുമെന്നും അദ്ദേഹം വിശ്വസിച്ചു. സാഹസികതയും തീരുമാനമെടുക്കാനുള്ള സാഹസികധൈര്യവും മനസ്സാന്നിധ്യവും പാടേ നഷ്ടമായിട്ടും സിംഹാസനം നഷ്ടപ്പെട്ടാലോ എന്ന് ഭയന്ന് സിംഹാസനങ്ങളിൽ അള്ളിപ്പിടിച്ചിരിക്കുന്ന മതരാഷ്ട്രീയ മേഖലകളിലെ തലവന്മാരുടെയും മറ്റും കഥകൾ വായിക്കുമ്പോൾ 63-ാം വയസ്സിൽ വിജയശ്രീലാളിതനായി വിരാജിച്ചു നിൽക്കേ, സ്വരം നന്നായിരിക്കേ പാട്ടു നിർത്തുന്നതിനെപ്പറ്റി ആലോചിച്ച സ്മര്യപുരുഷനെ നമസ്ക്കരിക്കുവാൻ നാം പ്രേരിതരാകുന്നു. സ്ഥാനത്യാഗം ചെയ്യുവാനുള്ള ആ അഭ്യർത്ഥന അസോസ്യേഷൻ അംഗീകരിച്ച് അദ്ദേഹത്തിന്റെ പിൻഗാമിയായി പരുമല മെത്രാച്ചനെ യോഗം തിരഞ്ഞെടുത്തെങ്കിൽ സഭയുടെ പിൽക്കാല ചരിത്രം മറ്റൊന്നായി തീരുമായിരുന്നു. വിധിവൈപരീത്യമെന്നു പറയട്ടെ, മെത്രാച്ചനോടുള്ള ആദരവും വാത്സല്യവും നിമിത്തം സ്ഥാനത്യാഗം എന്ന ആശയം സഭ നിരാകരിച്ചു. തന്നോടുള്ള സ്നേഹവും ആദരവും വാത്സല്യവും ആ നിരാകരണത്തിൽ ദർശിച്ച വലിയ മെത്രാച്ചൻ തനിക്കു ലഭിച്ച ദൈവനിയോഗത്തേക്കാൾ ഉപരി സമുദായത്തിന്റെ ആദരവിൽ അഭിമാനം കൊണ്ടതു മൂലം പിന്നീട്

എന്തെന്ത് ദുഃഖങ്ങളാണ് സഭയ്ക്ക് പിണഞ്ഞത്. സമുദായത്തിന്റെയും അതിന്റെ അദ്ധ്യക്ഷന്റെയും ഹ്രസ്വദൃഷ്ടിയെ ദൈവം ശിക്ഷിക്കുകയായിരുന്നുവോ?

സെമിനാരിയുടെ നാനാവിധമായ വികസനത്തിനാണ് മെത്രാപ്പോലീത്താ പിന്നീട് ഉത്സാഹിച്ചത്. തന്റെ പൂർവ്വീകൻ നിർമ്മിക്കുകയും കബറടങ്ങുകയും ചെയ്ത ആ സ്ഥാപനം സഭയുടെ ഹൃദയവും മസ്തിഷ്ക്കവുമായി പുനഃപ്രതിഷ്ഠിക്കുവാൻ അദ്ദേഹം പ്രതിജ്ഞാബദ്ധനായിരുന്നു. വൈദിക വിദ്യാർത്ഥികളെ പഴയസെമിനാരിയിൽ താമസിപ്പിക്കുകയും അവർക്കു മികച്ച വൈദികപരിശീലനം നൽകുവാൻ മികച്ച മല്പാന്മാരെ നിയോഗിക്കുകയും ചെയ്തു. ഏതുകാലത്തും മികവിനെ കണ്ടെത്തുകയും അംഗീകരിക്കുകയും ചെയ്യുക സ്വഭാവമായിരുന്ന സ്മര്യപുരുഷൻ സൂക്ഷ്മദൃഷ്ടിയോടെ ഇക്കാര്യത്തിൽ നിയോഗിച്ചത് പ്രസിദ്ധനായ കോനാട്ട് മാത്തൻ മല്പാനെയും വട്ടശ്ശേരിൽ ഗീവറുഗ്ഗീസ് കത്തനാർ എന്ന യുവ വൈദികനെയുമാണ്. രണ്ടു മല്പാന്മാരുടെയും മേൽനോട്ടത്തിൽ വൈദിക വിദ്യാഭ്യാസം പഴയസെമിനാരിയിൽ 1896-ൽ കാര്യക്ഷമമായി. വല്യമെത്രാച്ചന്റെയും പരുമല മെത്രാച്ചന്റെയും മേലന്വേഷണം ആ വിദ്യാകേന്ദ്രത്തെ നിതരാം തേജോമയമാക്കിത്തീർത്തു.

അപൂർണ്ണമായി അവശേഷിച്ചിരുന്ന സെമിനാരിയുടെ ചാപ്പൽ നിർമ്മാണം സ്മര്യപുരുഷൻ എത്രയുംവേഗം പൂർത്തിയാക്കി. അതിന്റെ കൂദാശ 1897-ൽ സ്മര്യപുരുഷന്റെ പ്രധാനകാർമ്മികത്വത്തിൽ പൂർത്തിയാക്കി. അതൊരു ചിരകാലാഭിലാഷത്തിന്റെ പൂർത്തീകരണമായിരുന്നു. നവീകരണക്കാരിൽ നിന്ന് പഴയസെമിനാരി വീണ്ടെടുത്തതോടെ കൊച്ചിയിൽ നിന്ന് പരുമലയിലേക്ക് മാറ്റിയിരുന്ന സെന്റ് തോമസ് പ്രസ് കോട്ടയം പഴയസെമിനാരിയിലേക്കു മാറ്റി സ്ഥാപിച്ചു. പരുമല മെത്രാച്ചന്റെ ഊർശ്ലേം യാത്ര ഒന്നാം പതിപ്പായി പ്രസിദ്ധീകരിക്കപ്പെട്ടത് ഇവിടെ നിന്നായിരുന്നു.[5] തന്റെ മർദ്ദീൻ യാത്രയെപ്പറ്റി താൻ എഴുതിയ യാത്രാവിവരണഗ്രന്ഥം അപ്രകാശിതമായി തന്റെ കൈവശം ഇരിക്കേയാണ് കൊച്ചുമെത്രാച്ചന്റെ ഗ്രന്ഥം വലിയ മെത്രാച്ചൻ പ്രകാശിപ്പിക്കുന്നത്. വലിയ മെത്രാച്ചൻ തന്റെ വലുപ്പം എപ്പോഴും മുഴുപ്പിച്ചു കാണിക്കുന്നതിൽ ഉത്സുകനല്ലായിരുന്നു. പലപ്പോഴും കൊച്ചുമെത്രാച്ചൻ പ്രധാന കാർമ്മികനായും മലങ്കര മെത്രാപ്പോലീത്താ സഹകാർമ്മികനായും നടന്ന പള്ളികൂദാശകളുടെ ചരിത്രം നമ്മെ അത്ഭുതപ്പെടുത്തും.

ആർത്താറ്റു പള്ളി വ്യവഹാരം സംബന്ധിച്ച് പലപ്പോഴും മെത്രാപ്പോലീത്തായ്ക്കു കോട്ടയത്തിന് വടക്കു താമസിക്കേണ്ടി വന്നിരുന്നു. വല്യമെത്രാച്ചന്റെയും കൊച്ചുമെത്രാച്ചന്റെയും അരുമശിഷ്യനായിരുന്ന ചീരൻ ഗീവറുഗ്ഗീസ് കത്തനാർ വികാരിയായിരുന്ന പഴഞ്ഞി പള്ളിയിലാണ്

അദ്ദേഹം മിക്കവാറും അക്കാലങ്ങളിൽ താമസിച്ചിരുന്നത്. ചിലപ്പോഴൊക്കെ കുന്നംകുളം ആർത്താറ്റ് റോഡിൽ കാണുന്ന മെത്രാച്ചന്റെ കുരിശ് എന്ന് പ്രസിദ്ധമായ സ്ഥലത്തും അദ്ദേഹം താമസിച്ചിട്ടുണ്ട്. പരുമല മെത്രാച്ചൻ ഊർശ്ലേം യാത്രയ്ക്കു പോകുമ്പോഴും യാത്രകഴിഞ്ഞു വരുമ്പോഴും പഴഞ്ഞിയിൽ വന്നത് അവിടെ മാസങ്ങളോളം താമസിച്ചിരുന്ന വലിയ മെത്രാച്ചനെ സന്ദർശിക്കുവാൻ ആയിരുന്നു. അക്കാലത്തും അദ്ദേഹത്തിന്റെ നിർമ്മാണകൗതുകം സജീവമായിരുന്നു. മാർ ദീവന്നാസ്യോസിന്റെ സമകാല ജീവചരിത്രകാരൻ ശ്രീ. വർക്കി എഴുതുന്നു: "കേരളത്തിന് വടക്കുള്ള സുറിയാനിക്കാർ ഈ പരിഷ്കൃതകാലത്ത് ഒഴിച്ചുകൂടാത്തതായി വന്നിരിക്കുന്ന ഇംഗ്ലീഷ് ഭാഷാഭ്യസനത്തിൽ കാണിക്കുന്ന വിരക്തിയെ കഴിയുന്നിടത്തോളം കുറയ്ക്കണമെന്നുള്ളത് നമ്മുടെ കഥാനായകന്റെ മുഖ്യമോഹങ്ങളിലൊന്നാണ്. ഇത് സാധിക്കുന്നതിന് അദ്ദേഹം സഞ്ചാരങ്ങളിൽ വടക്കുള്ള പ്രമാണികളോട് പ്രത്യേകം ഉപദേശിക്കുകയും ഈ വകയിൽ അവർക്കുള്ള ഉത്സാഹത്തെ വർദ്ധിപ്പിക്കുന്നതിന് എല്ലാവിധത്തിലും സഹായിക്കുകയും ചെയ്ക പതിവാണ്. ഇതിന്റെ ഫലമായി വടക്കേ രാജ്യങ്ങളിൽ സുറിയാനിക്കാരുടെ വകയായി രണ്ടു മൂന്ന് ഇംഗ്ലീഷ് സ്കൂൾ സ്ഥാപിക്കപ്പെട്ട് നടന്നു വരുന്നുണ്ട്. എന്നാൽ വളരെ ജനബാഹുല്യമുള്ള കുന്നംകുളം പട്ടണത്തിൽ അതിന്റെ പുഷ്ടിക്കും മാഹാത്മ്യത്തിനും തക്കവണ്ണം ഒരു സ്കൂൾ ഇല്ലാത്ത കുറവിനെ പരിഹരിക്കുന്നതിന് നമ്മുടെ കഥാനായകന്റെ പ്രത്യേകശ്രമത്താൽ അവിടെ 1075 ചിങ്ങത്തിൽ (1899) മാർ ഇഗ്നാത്തിയോസ് ഹൈസ്ക്കൂൾ സ്ഥാപിച്ചു."[6]

ശ്രീ. വർക്കി തുടരുന്നു: "വളരെനാൾ മുമ്പേ ആരംഭിക്കുകയും ഇടയ്ക്കു ധനമില്ലാതെ പണി മുടങ്ങി കിടക്കുകയും ചെയ്ത തിരുവനന്തപുരം പള്ളിയുടെ കൂദാശ 1076 വൃശ്ചികത്തിൽ (1890) കഴിഞ്ഞു. രാജസ്ഥാനത്തു ഒരു പള്ളി ഇല്ലാത്തതിനെപ്പറ്റി നമ്മുടെ കഥാനായകൻ പലപ്പോഴും ദുഃഖിച്ചു പ്രസ്താവിച്ചിട്ടുണ്ട്. ഇടയ്ക്ക് പണി വീഴ്ചയായി കിടന്ന കാലത്ത് അത് ആരംഭിക്കുന്നതിന് മുമ്പുണ്ടായിരുന്നതിനേക്കാൾ അധികം മനോവേദന അദ്ദേഹത്തിനുണ്ടായതാണെങ്കിലും അതും കൃപയാൽ തീർന്നുവല്ലോ."[7]

സ്മര്യപുരുഷന്റെ ഇക്കാലത്തെ നേട്ടമായി രേഖപ്പെടുത്തേണ്ടുന്ന ഒന്നാണ് കോട്ടയം ഏലിയാ കത്തീഡ്രൽ (പൗരസ്ത്യ കാതോലിക്കായുടെ ആസ്ഥാന ദേവാലയമെന്ന് പുകൾപെറ്റ ഏലിയാ കത്തീഡ്രൽ) നിർമ്മാണം. മലങ്കര അസോസ്യേഷൻ നിരവധി തവണ സമ്മേളിച്ച ഇടമാണ് കോട്ടയം ഏലിയാ ചാപ്പൽ.[8] രണ്ടു തവണ കാതോലിക്കാ സ്ഥാനാരോഹണം ഉൾപ്പെടെ ചരിത്രപ്രസിദ്ധമായ നിരവധി സംഭവങ്ങൾക്ക് ഈ ചാപ്പൽ - പിന്നീട് കത്തീഡ്രൽ - സാക്ഷ്യം വഹിച്ചിട്ടുണ്ട്.

പള്ളികളിലെ അന്തഃഛിദ്രങ്ങൾ പരിഹരിക്കുന്നതിന് മെത്രാപ്പോലീത്താ ഉയർന്ന പരിഗണനയാണ് നൽകിയിരുന്നത്. വ്യവഹാരത്തിന്റെ കയ്പ്പ് മറ്റാരേക്കാളും അനുഭവിച്ച അദ്ദേഹം കോടതി വ്യവഹാരങ്ങളിൽ നിന്ന് പള്ളികളെ ഒഴിവാക്കുവാൻ ശ്രമിച്ചിരുന്നു. പ്രശ്നപരിഹാരത്തിന് നേരിട്ട് ഹാജരാകാൻ സാധിക്കാതെ വരുമ്പോൾ വടക്കൻപ്രദേശങ്ങളിൽ മൂക്കഞ്ചേരിൽ ഗീവറുഗ്ഗീസ് റമ്പാൻ, കോനാട്ട് മാത്തൻ മല്പാൻ എന്നിവരെയും തെക്കും വടക്കും പ്രദേശങ്ങളിൽ പരുമല മെത്രാച്ചനെയും അദ്ദേഹം നിയോഗിക്കുമായിരുന്നു. മലങ്കരമെത്രാച്ചന് വേണ്ടി പള്ളിത്തർക്കങ്ങളിൽ മധ്യസ്ഥത വഹിച്ച് അവർ നടത്തിയ വിജയകരമായ രാജിശ്രമങ്ങളെക്കുറിച്ച് അവർ മൂന്നുപേരും എഴുതി അയച്ച റിപ്പോർട്ടുകളും കത്തുകളും കോട്ടയം പഴയസെമിനാരി ആർക്കൈവ്സിലുള്ള മാർ ദീവന്നാസ്യോസ് ഫയലിൽ കാണുന്നുണ്ട്. കുറുപ്പമ്പടി പള്ളിയിലെ ഒരു തർക്കം പരിഹരിച്ച കാര്യം ചരിത്രകാരൻ വിവരിക്കുന്നതു കാണുക. “തുടർന്ന് അദ്ദേഹത്തിന്റെ ശ്രദ്ധ ഓരോ പള്ളികളിലേക്കും തിരിഞ്ഞു. ... രണ്ടു കൂട്ടരുടെയും എടുത്തുചാട്ടങ്ങൾ അവസാനിക്കാറായപ്പോൾ മലങ്കരയുടെ ജോസഫ് മാർ ദീവന്നാസ്യോസ് ഈ പള്ളിയിൽ വന്നിരുന്ന് രണ്ടു പാർട്ടിയുടെയും വാദമുഖങ്ങൾ കേട്ടു. കാര്യങ്ങൾ അവസാനിപ്പിക്കുന്നതിന് തിരുമേനിയുടെ കൂടെ പൂതൃക്കയിൽ ശീമോനും കോനാട്ട് ഇട്ടൻപിള്ളയും ഉണ്ടായിരുന്നു. മശിഹാകാലം 1893-ന് കൊല്ലം 1068-മാണ്ട് മകരമാസം 17-ാം തീയതി ... മലങ്കര അസോസ്യേഷൻ കമ്മറ്റി പ്രസിഡണ്ട് ആയ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് ഇവിടെ എഴുന്നള്ളിയിരുന്ന് നമ്മളിലുള്ള സകല വാദങ്ങളെയും കേട്ട് തീരുമാനിച്ച് മേൽ നടത്തിപ്പിന് വേണ്ടി കല്പിച്ചപ്രകാരം നടപ്പാനായിട്ട് താഴെ പേരെഴുതി കയ്യൊപ്പിട്ടിരിക്കുന്ന കുറുപ്പമ്പടി പള്ളിയിലെ പട്ടക്കാരും കൈക്കാരന്മാരും യോഗജനങ്ങളും കൂടി എഴുതിവച്ചിരിക്കുന്ന നിശ്ചയം 15...2. നമ്മുടെ സഭയുടെ ചട്ടപ്രകാരം പള്ളിയുടെ ആത്മിക സംബന്ധമായും ലൗകികസംബന്ധമായും ഉള്ള എല്ലാ കാര്യങ്ങളിലും മെത്രാപ്പോലീത്തന്മാർക്കുള്ള മേലധികാരത്തെ കൈക്കൊണ്ട് അനുസരിച്ചും നടക്കേണ്ടത് മുറയും കാനോനായ്ക്കടുത്ത വിധിയും ആകകൊണ്ട് നമ്മുടെ മേലധികാരികളായ മലങ്കര അസോസ്യേഷൻ കമ്മറ്റി പ്രസിഡണ്ട് മെത്രാപ്പോലീത്താ അവർകളുടെയും ഇടവക മെത്രാപ്പോലീത്താ അവർകളുടെയും കല്പനയെ അനുസരിച്ച് നടന്നുകൊള്ളുന്നു. ... 12. പട്ടക്കാരോ കൈക്കാരന്മാരോ മുതൽപിടിക്കാരനോ കപ്യാരോ ഏതെങ്കിലും തെറ്റുകൾ ചെയ്താൽ അവരെ ശിക്ഷിക്കുകയോ മാറ്റുകയോ ചെയ്യുന്നതിന് മെത്രാപ്പോലീത്തായ്ക്കു എഴുതി അയയ്ക്കുകയും അവിടെ നിന്ന് കുറ്റം നിശ്ചയിച്ച് വരുന്ന കല്പനപ്രകാരം എല്ലാവരും അനുസരിച്ച് നടക്കേണ്ടതും ആകുന്നു.”[9] സ്മര്യപുരുഷന്റെ ഇതര പ്രവർത്തനങ്ങളെപ്പറ്റി

കുറുപ്പമ്പടി പള്ളി ചരിത്രത്തിൽ കാണുന്ന മറ്റൊരു പ്രസക്തമായ ഭാഗം ഉദ്ധരിക്കട്ടെ:

"1054 (1879) മുതൽ മലങ്കരയിൽ നടമാടിക്കൊണ്ടിരുന്ന സമുദായ ക്കേസ് പാത്രിയർക്കീസ് കക്ഷിക്കു അഥവാ മലങ്കരമെത്രാപ്പോലീത്താ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിന് അനുകൂലമായി 1064-ൽ (1889) വിധിച്ചതോടെ മാർ ദീവന്നാസ്യോസിന്റെ ശ്രദ്ധ മലങ്കരയിലുള്ള പള്ളിക ളിൽ സുവിശേഷപരമായ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്നു ള്ളതായിരുന്നുവെന്ന് മേൽ പ്രസ്താവിച്ചിട്ടുണ്ട്. തൽഫലമായി ഇടവക കളിൽ സണ്ടേസ്കൂൾ, അക്രൈസ്തവരുടെ ഇടയിലെ വേല, മലയാളം - ഇംഗ്ലീഷ് സ്കൂൾ സ്ഥാപനം, പ്രാർത്ഥനായോഗങ്ങൾ, മാർ ഗ്രീഗോറി യോസ് വിദ്യാർത്ഥിസംഘം, സുവിശേഷ പ്രസംഗസംഘം, ദീവന്നാ സ്യോസ് വിദ്യാപ്രചരണസംഘം, ഇടവകപത്രിക, സുറിയാനി സുവിശേ ഷകൻ എന്നീ സ്ഥാപനങ്ങൾ പ്രചാരത്തിൽ ആയിത്തീർന്നു. ആയത് ഈ ഇടവകയ്ക്കും വളരെ പ്രയോജനം ചെയ്തു. 1073-ൽ (1898) ഈ ഇടവകയിൽ ഒരു ഞായറാഴ്ചക്കൂട്ടം സ്ഥാപിച്ചു. ... അതോടുകൂടി ഇടവ കയിൽ ഓരോ കരകളിലും ഞായറാഴ്ചക്കൂട്ടങ്ങൾ സ്ഥാപിച്ചു. നെടുങ്ങപ്ര കരയിൽ അതിന്റെ ചുറ്റുമുള്ളവരുടെ ഉത്സാഹഫലമായി ഞായറാഴ്ചക്കൂ ട്ടത്തിന് 1078-ൽ (1903) ഒരു പള്ളിക്കൂടം പണി ചെയ്തു. തുടർന്ന് 1083 മീനം 11-ാം തീയതി (1908) പുഴുക്കാട്ടുകരയിൽ ഈ എഴുത്തുകാരന്റെ പിതാവ് ഇട്ടൂപ്പ് മുതൽപേർ ചേർന്ന് 1083-ലെ 3518-ാം നമ്പ്ര് രജിസ്റ്റർ ആധാരപ്രകാരം ഒരു സ്ഥലം വാങ്ങി ഒരു സണ്ടേസ്കൂൾ കെട്ടിടം പണി യിച്ച് ഇപ്പോഴും നടന്നുവരുന്നു. 1081-ൽ (1906) ഈ ഇടവകയിൽ സുവി ശേഷവേല ചെയ്യുന്നതിന് പ്രതിമാസം 7 രൂപ ശമ്പളത്തിൽ തെക്കുനിന്ന് ഒരു ഉപദേശിയെ നിയമിച്ചു. ഓരോ കരകളിലെ ഞായറാഴ്ചക്കൂട്ടങ്ങൾ ഓരോ പട്ടക്കാരുടെ ചുമതലയിൽ ആയിരുന്നു. 1085-ൽ (1909) ഈ ഇട വകയിൽപ്പെട്ട കുട്ടികളുടെ പഠനത്തിനായി സണ്ടേസ്കൂൾ സ്ഥാപിച്ചു."[10]

കുറുപ്പമ്പടി പള്ളിയിൽ മാർ ദീവന്നാസ്യോസ് കൊളുത്തിവച്ച ആവേശം ഇംഗ്ലീഷ് മലയാളം പള്ളിക്കൂടങ്ങളുടെ സ്ഥാപനം, സണ്ടേ സ്കൂൾ, വിദ്യാർത്ഥിപ്രസ്ഥാനം, സുവിശേഷസംഘടന എന്നിവയുടെ സ്ഥാപനം മുതലായ പ്രവർത്തനങ്ങളിലൂടെ വളർന്ന് ഇന്ന് പ്രബലമായി പന്തലിച്ചു കിടക്കുന്ന പൗരസ്ത്യ സുവിശേഷസമാജത്തിന്റെ ആരംഭ ത്തിന് അടിത്തറയായിത്തീർന്നു എന്ന് ആത്തുങ്കൽ അച്ചൻ ടി ചരിത്ര ത്തിൽ തുടർന്നു രേഖപ്പെടുത്തുന്നു.

മലങ്കരസഭയിലെ മറ്റൊരു പൂർവ്വീക ഇടവകയായ ആർത്താറ്റ് - കുന്നം കുളം ഇടവകകളിൽ സ്മര്യപുരുഷന്റെ ചില പ്രവർത്തനങ്ങൾ നടന്നിരു ന്നതായി ആർത്താറ്റ് പള്ളിചരിത്രത്തിൽ സൂചനകളുണ്ട്:

“1069-ൽ (1894) പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് സെഹിയോൻ ബംഗ്ലാവ് പണിയിച്ച് കുന്നംകുളത്തു എഴുന്നള്ളി താമസിക്കാൻ തുടങ്ങിയ കാലത്ത് പഴയ പള്ളിപ്പറമ്പിലുണ്ടായിരുന്ന (കുന്നംകുളം) ഊട്ടുപുരക്കെട്ടിടം നന്നാക്കി അതിൽ ഒരു പ്രാഥമിക മലയാളം സ്കൂൾ ആരംഭിക്കുകയും പനക്കൽ ഇട്ടിമാത്തു അവർകളെ അതിന്റെ മാനേജർ ആക്കി നിയമിക്കുകയും ചെയ്തു. പ്രസ്തുത സ്കൂൾ യാക്കോബായ സഭാഅഭിവർദ്ധിനി സംഘത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവന്നിരുന്ന ഒരു സ്ഥാപനമാകയാൽ സാധാരണയായി സംഘം സ്കൂൾ എന്ന നാമധേയത്തിലാണ് അറിയപ്പെട്ടിരുന്നത്. പനക്കൽ കുരിയത് താഞ്ചു ആശാൻ ആയിരുന്നു അതിലെ മാസ്റ്റർ. 1070-ാം ആണ്ടിൽ (1895) ആ കെട്ടിടത്തിന്റെ പടിഞ്ഞാറേ ബ്ലോക്കിൽ അതേ മാനേജുമെണ്ടിൽ തന്നെ ഒരു ആംഗ്ലോ - വെർണാക്കുലർ പ്രാഥമിക പെൺപള്ളിക്കൂടം ആരംഭിച്ചു. കാക്കശ്ശേരി ചാക്കോരു ഇയ്യാക്കു മാസ്റ്റർ ആയിരുന്നു അതിന്റെ ഹെഡ്മാസ്റ്റർ. പള്ളിയിൽ നിന്നും കാര്യമായ ധനസഹായത്തിന് നിവൃത്തിയില്ലാത്തതിനാൽ പെൺപള്ളിക്കൂടത്തിലെ കുട്ടികളുടെ അര ഫീസും നമ്മുടെ സമുദായത്തിലെ എണ്ണക്കച്ചവടക്കാരിൽ നിന്ന് “പള്ളിക്കുഴീൽ” വകയ്ക്കു മാസംതോറും കിട്ടി വന്നിരുന്ന പത്തുപന്ത്രണ്ടു രൂപായും മാത്രമായിരുന്നു വാധ്യാന്മാരുടെ ശമ്പളത്തിനുള്ള വരുമാനം. 1072-ൽ (1897) പരുമല കാലം ചെയ്ത തിരുമേനി ഈ സെഹിയോൻ ബംഗ്ലാവിൽ എഴുന്നെള്ളിയിരുന്ന സമയം സ്കൂളിന്റെ കാര്യക്ഷമമായ നടത്തിപ്പിനെപ്പറ്റി ആലോചിക്കാൻ ബംഗ്ലാവിൽ വച്ച് ഒരു യോഗം കൂടുകയും സ്കൂളിന്റെ പേർ കുന്നംകുളം യാക്കോബായ സുറിയാനി ക്രിസ്ത്യാനി എന്നാക്കുകയും ചെയ്തു. ഗവൺമെണ്ടിൽ നിന്ന് സഹായധനം (ഗ്രാണ്ട്) കിട്ടുന്നതിന് പരിശ്രമിച്ചതിന്റെ ഫലമായി അക്കൊല്ലം മുതൽ മാസംതോറും 30 ക വീതം ഗ്രാന്റ് കിട്ടി വരികയുണ്ടായി. സ്കൂളിന്റെ ഇൻസ്പെക്ടർ ആയും എഴുത്തുകുത്തുകൾക്കായും ചീരൻ അയ്പു പാത്തു മാസ്റ്റർ അവർകളെ നിശ്ചയിച്ചു. കൊച്ചി വലിയതമ്പുരാൻ 4-4-1072-ൽ (1897) കുന്നംകുളം പഴയപള്ളിയും അന്നത്തെ പള്ളി സ്കൂളുകളും സന്ദർശിച്ച് ആനന്ദപുളകിതനായി താഴെ കാണിച്ചവിധം സന്ദർശകപുസ്തകത്തിൽ തൃക്കൈ വിളയാടിയ വിവരം ഉദ്ധരിക്കുന്നത് വായനക്കാർക്ക് രസാവഹം ആയിരിക്കുമെന്ന് വിചാരിക്കുന്നു.

### അതിന്റെ തർജ്ജിമ

കുന്നംകുളം പഴയ പള്ളിപ്പറമ്പിലുള്ള സുറിയാനി പള്ളിസ്കൂൾ സന്ദർശിക്കാൻ ഇടയായതിൽ നാം അതിയായി സന്തോഷിക്കുന്നു. സ്കൂളിലെ ആൺകുട്ടികളും പെൺകുട്ടികളും പഠിക്കുന്ന എല്ലാ ക്ലാസ്സുകളും സന്ദർശി

ക്കുകയുണ്ടായി. എല്ലാവരും വളരെ വൃത്തിയായി ഉടുത്തിരുന്നു. പെൺകുട്ടികൾ അണിഞ്ഞിരുന്ന ആഭരണങ്ങൾ ഉയർന്ന ജാതി ഹിന്ദുക്കൾ ധരിക്കാറുള്ള ആഭരണങ്ങളേക്കാൾ വളരെ വ്യത്യസ്തമായിട്ടുള്ളതല്ല എന്നുള്ളതിൽ നമുക്ക് കൗതുകം തോന്നിച്ചു. ഇവിടുത്തെ പെൺകുട്ടികളെ ഇംഗ്ലീഷ് ഭാഷ പഠിപ്പിച്ചിരുന്നു. നമ്മുടെ രാജ്യത്ത് പെൺകുട്ടികളെ ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്ന എറ്റവും ചുരുക്കം പാഠശാലകളിൽ ഒന്നാണ് ഇത്. നാം കുട്ടികളെ ഇംഗ്ലീഷിലും കണക്കിലും ചില ചോദ്യങ്ങൾ ചോദിക്കുകയും കുട്ടികൾ ഉടനെ ശരിയായ മറുപടി പറയുകയും ചെയ്തു. കുട്ടികൾക്കു കൊടുത്തിരുന്ന വിദ്യാഭ്യാസത്തിന്റെ നില നമുക്ക് വളരെ തൃപ്തികരമായി തോന്നി. സർക്കാരിൽ നിന്നുള്ള എല്ലാ പ്രോത്സാഹനങ്ങൾക്കും ഈ സ്കൂൾ അർഹമാണെന്ന് നാം ആശിക്കുന്നു.

ഇത്ര പ്രയോജനകരമായ സ്ഥാപനം നടത്തുന്നതിൽ കുന്നംകുളം യാക്കോബായ സുറിയാനി ക്രിസ്ത്യൻ യോഗക്കാരെ നാം അഭിനന്ദിക്കുന്നു.

4-4-1072 രാമവർമ്മ (ഒപ്പ്)

വലിയതമ്പുരാൻ തൃപ്പൂണിത്തുറ കോവിലകത്ത് തിരിച്ചെത്തിയ ശേഷം അന്നത്തെ കൊച്ചി ദിവാൻജി സുബ്രഹ്മണ്യൻ പിള്ളയ്ക്കു ഇപ്രകാരം എഴുതി:

"അടുത്തുണ്ടായ നമ്മുടെ തൃശിവപേരൂർ യാത്രയിൽ സർക്കാർ വകയായും സ്വകാര്യഭരണത്തിലുള്ളതുമായ ചില സ്കൂളുകൾ നാം സന്ദർശിക്കുവാൻ ഇടയായി. പൊതുജനങ്ങൾ വിദ്യാഭ്യാസവിഷയത്തിൽ പ്രദർശിപ്പിക്കുന്ന അത്യുത്സാഹം നമ്മെ അത്ഭുതപ്പെടുത്തി. അതുകൊണ്ട് വിദ്യാഭ്യാസ വികസനത്തിനായി ഒരു പദ്ധതി രൂപവത്ക്കരിക്കേണ്ട കാര്യം നിങ്ങൾ ആലോചിക്കണമെന്നും ആ പദ്ധതി ഈ മലയാളം കൊല്ലം അവസാനിക്കുന്നതിന് മുമ്പു തന്നെ നമ്മുടെ മുമ്പാകെ സമർപ്പിക്കണമെന്നും ആവശ്യപ്പെട്ടുകൊള്ളുന്നു. തൃശിവപേരൂരിലുള്ള പെൺപള്ളിക്കൂടവും കുന്നംകുളത്തുള്ള യാക്കോബായ പള്ളിസ്കൂളും നമുക്കു പ്രത്യേകം ബോധ്യമായി. ഈ രണ്ടു സ്ഥാപനങ്ങളും കാലക്രമത്തിൽ ഹൈസ്കൂളുകളായി ഉയരുമെന്നുള്ള കാര്യത്തിൽ നമുക്കു സംശയമില്ല. യാക്കോബായ പെൺകുട്ടികൾ നായർ പെൺകുട്ടികളോട് വളരെ സാദൃശ്യമുള്ളവരാണ്. അവർ ഇരുകൂട്ടർക്കും പുതിയ വിദ്യാഭ്യാസ സമ്പ്രദായത്തെ അനായാസേന സ്വീകരിപ്പാൻ സാധിക്കുമെന്നാണ് നമ്മുടെ അഭിപ്രായം. സ്വകാര്യ ക്ഷേത്രങ്ങളുടെ കാര്യത്തിൽ ഭരണാധികാരികൾ പൊതുജനങ്ങളോടുള്ള കടമ നിറവേറ്റുവാൻ വീഴ്ച വരുത്തുമ്പോൾ ഗവൺമെണ്ട് നേരിട്ട് ഭരണം ഏറ്റെടുക്കുകയോ സ്കൂളുകൾ വേണ്ടതുപോലെ

നടത്തുവാൻ പള്ളിഅധികൃതന്മാരെ നിർബ്ബന്ധിക്കുകയോ ചെയ്യാം. എന്നാൽ ഇപ്രകാരം ചെയ്യേണ്ടതായ സന്ദർഭം നേരിടുകയില്ലെന്നാണ് നമ്മുടെ വിശ്വാസം. എന്തുകൊണ്ടെന്നാൽ യാക്കോബായ പള്ളിക്കാർ അവരുടെ സ്കൂൾ കാര്യത്തിൽ വലിയ ഉത്സാഹം പ്രദർശിപ്പിക്കുന്നു ണ്ടെന്ന് തോന്നുന്നു. ഏതായാലും വിദ്യാഭ്യാസ വികസനത്തിനുള്ള ഒരു വ്യക്തമായ പദ്ധതി ഉണ്ടാവാൻ നാം ആഗ്രഹിക്കുന്നു."

തൃപ്പൂണിത്തുറ കോവിലകം രാമവർമ്മ (ഒപ്പ്)
16-4-1072

തമ്പുരാന്റെ ഡയറിയിൽ ഇക്കാര്യം രേഖപ്പെടുത്തിയത് ഇപ്രകാരം തർജ്ജിമ ചെയ്യാം: "(4-4-2002) ഉച്ച തിരിഞ്ഞു കുന്നംകുളത്തേക്കു എഴു ന്നള്ളി. അവിടെ കക്കാട്ട് കാരണവപ്പാട് ഉൾപ്പെടെ ഒട്ടനേകം പൊതുജന പ്രതിനിധികൾ നമ്മെ സ്വീകരിച്ചു. സ്ഥലത്തെ യാക്കോബായ പള്ളി, പള്ളി വക ഇംഗ്ലീഷ് പെൺപള്ളിക്കൂടം മുതലായവ കാണേണ്ടതായ ചില സ്ഥല ങ്ങളിലേക്ക് നാം ആനയിക്കപ്പെടുകയുണ്ടായി. അല്പം വൈകിയശേഷം തൃശിവപേരൂരിലേക്കു നാം മടങ്ങി എഴുന്നള്ളി."[11]

മാർ ദീവന്നാസ്യോസ് സെഹിയോൻ ബംഗ്ലാവിൽ മാർ ഗ്രീഗോറി യോസുമൊന്നിച്ച് താമസിച്ചിരുന്നപ്പോൾ ബംഗ്ലാവിന്റെ പറമ്പിൽ 1899-ന് 1075 ചിങ്ങം 1-ാം തീയതി ഒരു ലോവർ സെക്കണ്ടറി ആൺ പള്ളിക്കൂടം തുടങ്ങുകയും അതിന് മാർ ഇഗ്നാത്യോസ് എന്ന് നാമകരണം ചെയ്യു കയും പനക്കൽ ഇയ്യാക്കു മാത്തു അവർകളെ മാനേജരായി നിയമിക്കു കയും ചെയ്തു. 1902-ൽ അത് പൂർണ്ണ ഹൈസ്ക്കൂൾ ആക്കി ഉയർത്തി പനക്കൽ അയ്പ്പൂരു പാത്തപ്പൻ അവർകളെ മാനേജർ ആയി നിശ്ചയിച്ചു. ജാതിമതഭേദമെന്യേ അനവധി കുട്ടികളെ ഫീസ് ഒഴിവ് ചെയ്ത് പഠിപ്പി ച്ചിരുന്ന ഒരു പ്രശസ്ത വിദ്യാലയമായിരുന്നു അത്. ... 1086 മിഥുനം 5-നു (1911) അന്നത്തെ ഗവൺമെണ്ട് ഹൈസ്ക്കൂളിനോടു കൂടി നമ്മുടെ സ്കൂൾ കൂട്ടി സംയോജിപ്പിച്ചതിനാൽ കെട്ടിടം ഗവൺമെണ്ടിലേക്കു തൽക്കാലം വാടകയ്ക്കു കൊടുത്തു. അങ്ങനെ നമ്മുടെ വക ഒരു സ്കൂൾ സ്ഥാപനം നഷ്ടപ്പെട്ടുപോയി.[12]

കുറുപ്പംപടിയിലും കുന്നംകുളത്തുമുള്ള സ്കൂളുകളുടെ സ്ഥാപന ത്തിന്റെ ഈ ചരിത്രം തന്നെയാണ് അക്കാലത്തു മലങ്കര ഉണ്ടായിരുന്ന എല്ലാ ദൈവാലയങ്ങൾക്കും പറയാനുള്ളത്. ഇരുന്നൂറ്റിഅമ്പതിലേറെ പ്രാഥമിക വിദ്യാലയങ്ങളും ഏതാനും ഹൈസ്കൂളുകളും സ്മര്യപുരു ഷൻ സ്ഥാപിച്ചിട്ടുള്ളത് പില്ക്കാലത്ത് മാനേജർമാർ അവരുടെ സ്വന്തം വകയാക്കി മാറ്റി. മറ്റ് പലതും സർക്കാർ ഏറ്റെടുത്തു. വളരെ ചുരുക്കം സ്കൂളുകൾ മാത്രം പള്ളികളുടെ ചുമതലയിൽ നിലനിന്നു.

1900-ത്തിന് 1075 കുംഭം 13-ാം തീയതിയിലെ യാക്കോബായ സഭാ അഭിവർദ്ധിനി സംഘം യോഗത്തിന്റെ തീരുമാനപ്രകാരം കുന്നംകുളം പാറയിൽ 930/1-ാം നമ്പ്ര് പറമ്പിൽ ആരംഭിച്ച മേഞ്ചേരി സെന്റ് മേരീസ് സ്കൂളും പിൽക്കാലത്ത് സ്ഥാപിക്കപ്പെട്ട മരത്തംകോട് എം.ജി.എം. സ്കൂളും ചിറമനേങ്ങാട് സ്കൂളും ഇപ്രകാരം ആർത്താറ്റ് പള്ളിയുടെ ഉടമസ്ഥതയിൽ പണിയപ്പെട്ട് നടത്തപ്പെട്ടതായിരുന്നുവെന്നാണ് ശ്രീ. കുഞ്ഞാത്തു രേഖപ്പെടുത്തിയിട്ടുള്ളത്.[13]

സാംസ്കാരിക കേരളത്തിന് മലങ്കരസഭ ഏറ്റവും ഉദാത്തമായ സംഭാവനകൾ നൽകിക്കൊണ്ട് അഭിമാനാർഹമായ ഒരു ദശകം പിന്നിട്ടു. 1075 മേടത്തിൽ (1901) കൂടിയ മലങ്കരയിടവക മഹായോഗത്തിൽ നമ്മുടെ നായകൻ കശ്ശീശാസ്ഥാനമേറ്റിട്ട് അമ്പതാമത്തെ വർഷം ആരംഭിക്കുന്ന ഇക്കൊല്ലം അദ്ദേഹത്തിന്റെ ജൂബിലി ആഘോഷിക്കണമെന്നും മലങ്കരയുള്ള എല്ലാ സുറിയാനി കുടുംബങ്ങളിൽ നിന്നും ഒരു ധനശേഖരണം ചെയ്തു സ്മാരകമായി എന്തെങ്കിലും ഏർപ്പാട് ചെയ്യണമെന്നും തീർച്ചയാക്കി.[14] കോട്ടയത്ത് പഴയസെമിനാരിയിൽ വെച്ച് 1901 വൃശ്ചികമാസം 12-ാം തീയതി സുവർണ്ണജൂബിലി ആഘോഷിച്ചു. ആഘോഷത്തെപ്പറ്റി ദൃക്സാക്ഷിയായ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി എഴുതിയിട്ടുള്ളതിപ്രകാരമാണ്:

കോട്ടയം പഴയസിമ്മനാരിക്കു ചുറ്റും പന്തലുകളും പടിഞ്ഞാറുവശത്ത് അലങ്കരിക്കപ്പെട്ട് ഒരു വലിയ അടച്ചുകൂട്ടു പന്തലും വളരെ ചെലവ് ചെയ്ത് തയ്യാർ ചെയ്തിരുന്നു. വൃശ്ചികം 12-ാം തീയതിക്കു തലേന്നാൾ വരെ മാറാതെ വർഷിച്ചുകൊണ്ടിരുന്ന മഴ ആ രാത്രി മുതൽ അശേഷം നീങ്ങിയതുകൊണ്ട് അല്പമല്ലാത്ത സന്തോഷമുണ്ടായി.

ജൂബിലിക്കമ്മിറ്റി പ്രസിഡണ്ട് കടവിൽ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ ആരംഭം മുതല്ക്കേ സിമ്മനാരിയിൽ താമസിച്ച് ജൂബിലിയാഘോഷം ഭംഗിയാക്കുന്നതിന് ശ്രമിച്ചു വരുന്നതിന് പുറമേ കുറേ ദിവസം മുമ്പു തന്നെ ചാത്തുരുത്തിൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും സിമ്മനാരിയിൽ വന്നുചേർന്നു. റോമായിൽ നിന്നു വന്ന മാർ അൽവാറീസ് മെത്രാപ്പോലീത്താ മുമ്പുതന്നെ ഇവിടെ ഹാജരുണ്ടായിരുന്നു. ... 11-ാം തീയതി ഞായറാഴ്ച വി. കുർബാനയ്ക്കു സിമ്മനാരിപ്പള്ളിയിലും ആൾ തിക്കൽ ആരംഭിച്ചു. അന്നത്തെ വിശുദ്ധ കുർബാനമദ്ധ്യേ വർഷശമനത്തിനായി പ്രത്യേക പ്രാർത്ഥന കഴിച്ചു. സന്ധ്യ ആയപ്പോൾ കോട്ടയം പട്ടണം പുറദേശക്കാരായ ആളുകളെ കൊണ്ട് നിറഞ്ഞു. ജൂബിലിദിവസം വലിയ തിരുമനസ്സുകൊണ്ട് പ്രധാനപീഠത്തിലും മാർ ഈവാനിയോസ്, മാർ ഗ്രീഗോറിയോസ് ഈ തിരുമേനികൾ ഉപപീഠങ്ങളിലുമായി വി. മൂന്നിന്മേൽ കുർബാന ചൊല്ലി. പ്രത്യേക സ്തോത്രബലി

അർപ്പിച്ചു. വി. കുർബാനമദ്ധ്യേ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ ചുരുങ്ങിയ ഒരു പ്രസംഗം പറഞ്ഞു. .... രണ്ടു മണിക്കു മുമ്പു തന്നെ തിരുമേനികൾ മാർ ദീവന്നാസ്യോസ് സിമ്മനാരിയിലേക്കു പ്രൈവറ്റായി എഴുന്നള്ളി. ആ സിമ്മനാരിയും ചാപ്പലും പറമ്പും വിശേഷവിധത്തിൽ അലങ്കരിക്കപ്പെട്ടിരുന്നു. മൂന്നുമണിക്കു വളരെ മുമ്പു തന്നെ സിമ്മനാരി ഹാൾ ക്ഷണിക്കപ്പെട്ടവരും ദൂരെ നിന്ന് വരുന്നവരുമായി കണക്കില്ലാത്ത ആളുകളാൽ തിങ്ങിനിറഞ്ഞു. മൂന്നു മണി ആയപ്പോൾ വലിയ തിരുമേനി മുതലവായൻ മുടിയും, സൂർപ്ലീസ്, മൂറീസ് മുതലായ ഉടുപ്പുകളും ധരിച്ചും ശേഷം തിരുമേനികൾ സാധാരണ വസ്ത്രത്തിലും പട്ടക്കാരുടെ അകമ്പടിയോടും സുറിയാനി സംഗീതത്തോടുംകൂടി ഹാളിലേക്കു എഴുന്നള്ളി. തിരുവിതാംകൂർ – കൊച്ചി ഇടവകയുടെ ആംഗ്ലീയ ബിഷപ്പ് ആയ ഹോഡ്ജസ് ഇംഗ്ലീഷിലും പള്ളിക്കൂടം ഇൻസ്പെക്ടറായ രാമസ്വാമി അയ്യനും പെൻഷൻഡ് എൻജിനീയർ കുരുവിളയും മലയാളത്തിലും ഓരോ പ്രസംഗം പറഞ്ഞു. ഉടൻതന്നെ പഴയസിമ്മനാരിയിലേക്കുള്ള ഘോഷയാത്രയായി. ബാന്റ്, പാണ്ടിവാദ്യം, ഉരുട്ടുചെണ്ട, തമ്പേർ മുതലായ മേളക്കാർ ആദ്യവും പിന്നാലെ പള്ളിക്കുട, മുത്തുക്കുട, പൊൻ, വെള്ളി ഉൾപ്പെടെ നാല്പതോളം കുരിശുകളും ഇവയ്ക്കു പിന്നാലെ പത്തഞ്ഞൂറു കൊടികൾ പിടിച്ചുകൊണ്ട് സ്കൂൾ കുട്ടികളുടെ അണിയണിയായ നിരയും അവരുടെ പിന്നിൽ മറുവഹസാ പിടിച്ചും സുറിയാനി ഗീതം ചൊല്ലിയും കൊണ്ടും ശെമ്മാശന്മാരുടെയും പട്ടക്കാരുടെയും നിരയും ഇവർക്കു പിന്നാലെ കനകപല്ലക്കിൽ വലിയ തിരുമേനിയും പിന്നിൽ വണ്ടികളിൽ ശേഷം തിരുമേനികളും അനന്തരം അനേകം യോഗ്യന്മാരുടെ വണ്ടികളുമായിട്ടത്രേ യാത്ര പുറപ്പെട്ടത്. ജനക്കൂട്ടത്തിന് കണക്കില്ലെന്ന് തന്നെ പറയാം. പഴയസിമ്മനാരി മുതൽ പുത്തൻ സിമ്മനാരി വരെ ജനക്കൂട്ടം തിങ്ങിയിരുന്നു. പഞ്ചവാദ്യക്കാരുടെ മേളങ്ങളോടും ഇടയ്ക്കിടെ കതിനാവെടികളുടെ മുഴക്കങ്ങളോടും കൂടിയുള്ള പ്രദക്ഷിണം ആറു മണിയോടുകൂടി സിമ്മനാരിയിൽ പ്രവേശിച്ച് സന്ധ്യാനമസ്ക്കാരം കഴിഞ്ഞശേഷം ഉദ്ദേശം എട്ടു മണിക്ക് താഴെ എഴുന്നള്ളി വടക്കരും തെക്കരുമായി മാന്യന്മാരായ പലരും ഹാജരാക്കിയ കാഴ്ചകളെ തിരുമേനി സ്വീകരിച്ചശേഷം[15] മലങ്കര ഇടവകയുടെ പൊതുവായ മംഗളപത്രം കോനാട്ടു മൽപ്പാൻ വായിക്കുകയും[16] തിരുമേനി മറുപടി കല്പിക്കുകയും ചെയ്തു. ഈ കൃത്യങ്ങൾ കഴിഞ്ഞശേഷം ഒമ്പതു മണിക്കു തകൃതിയായ വെടിക്കെട്ടുണ്ടായി. അസാധാരണങ്ങളായ പല കാഴ്ചകളും അതിൽ അടങ്ങിയിരുന്നു. ഇത്ര വലിയ ജനക്കൂട്ടവും ഇത്ര കോലാഹല കാഴ്ചകളും കോട്ടയം പട്ടണത്തിൽ ഇതിന് മുമ്പിൽ ഉണ്ടായിട്ടില്ലെന്ന് പറയാം. ... ചൊവ്വാഴ്ച അഞ്ചുമണിക്കു മേൽ പഴയസിമ്മനാരിയിൽ വെച്ച് സ്ഥലത്തുള്ള യൂറോപ്യന്മാർക്ക് ഒരു ചായസൽക്കാരവും ബ്രാഹ്മണരും

ശൂദ്രരുമായ ഉദ്യോഗസ്ഥന്മാർ ഉൾപ്പെട്ട മഹാന്മാർക്കു രാത്രി വയസ്ക്കര വെച്ച് ഒരു വിരുന്നും ഉണ്ടായിരുന്നു.[17]

മലങ്കരസഭ ഒട്ടുക്കു പങ്കെടുത്തുകൊണ്ട് ഇപ്രകാരം ഒരു ജൂബിലിയാഘോഷം ഇതിന് മുമ്പും ശേഷവും നടന്നിട്ടില്ല. സ്മര്യപുരുഷനോടുള്ള ആദരവും ഭക്തിയും ഈ ആഘോഷത്തിൽ പ്രകടമായി.* ഈ സമ്മേളനം കഴിഞ്ഞ ഉടനെ സംഭവബഹുലമായ സ്മര്യപുരുഷന്റെ ജീവിത ചരിത്രം പരാമർശിക്കുന്ന ഒരു ഗ്രന്ഥം രചിക്കുവാൻ പരസ്പരം അറിയാതെ രണ്ടുപേർക്കു പ്രേരണയുണ്ടായി. ഒരാൾ ഗദ്യഭാഷയിലും അപരൻ ഗാനരൂപമായിട്ടും ആണ് രചിച്ചത്. 1901-ൽ വിരചിതമായ ഗദ്യഗ്രന്ഥത്തിന്റെ പേർ *മാർ ദീവന്നാസ്യോസ്* എന്നും ഗാനരൂപത്തിലുള്ള ജീവചരിത്രത്തിന്റെ പേര് *മാർ ദീവന്നാസ്യോസ് ചരിത്രഗാനം* എന്നുമാണ്. ആദ്യത്തേതിന്റെ ഗ്രന്ഥകർത്താവ് ശ്രീ. മൂക്കഞ്ചേരി എം. പി. വർക്കിയും രണ്ടാമത്തേതിന്റെ കവി ചിങ്ങവനത്തു പള്ളി ഇടവകയിൽ ചേർന്ന പുലാത്തുരുത്തിൽ ചാക്കോ ചാക്കോ എന്ന കുരുടനും ആണ്. ഈ ആഘോഷം വിജയകരമാക്കിയതിന്റെ പിന്നിൽ മുഖ്യശില്പി പരുമല മാർ ഗ്രീഗോറിയോസ് മെത്രാച്ചനും വട്ടശ്ശേരിൽ ഗീവറുഗ്ഗീസ് മല്പാനും കോനാട്ട് മാത്തൻ മല്പാനും കാരുചിറ ഗീവറുഗ്ഗീസ് റമ്പാനും സി. ജെ. കുരിയനും ആയിരുന്നു.

മംഗളപത്രത്തിൽ സൂചിപ്പിച്ചിട്ടുള്ളവിധം സ്മര്യപുരുഷനെ മപ്രിയാനയായി വാഴിക്കാനുള്ള ആലോചനകൾ സജീവമായിരുന്നു. അന്നത്തെ പാത്രിയർക്കീസ് അബ്ദുൽ മശിഹാബാവായുമായി ഇക്കാര്യത്തെക്കുറിച്ച് കോനാട്ട് മല്പാൻ നിരന്തരം എഴുത്തുകുത്തുകൾ നടത്തിയിരുന്നതിന്റെ ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1093 മിഥുനം 28-ാം തീയതി (1918) വട്ടിപ്പണക്കേസിൽ വട്ടശ്ശേരിൽ മെത്രാച്ചൻ നല്കിയ സാക്ഷിമൊഴി:

ചോദ്യം: ഊട്ടിയിൽ വച്ച് കാതോലിക്കായെ സംബന്ധിച്ച് വല്ല സംഭാഷണവും ഉണ്ടായോ?

ഉത്തരം: ഉണ്ടായി. 5-ാം പ്രതിയും (കോനാട്ട് മല്പാൻ) ഫാ. ഗീവറുഗ്ഗീസും (ബഥനിയുടെ മാർ ഈവാനിയോസ്) കെ. സി. മാമ്മൻ മാപ്പിളയും ഇം. എം. ഫിലിപ്പും തമ്മിലായിരുന്നു ആ സംഭാഷണം.

ചോദ്യം: ഇതിനെ സംബന്ധിച്ച് അവിടെ നടന്ന ചോദ്യം ഏതു വിധമായിരുന്നു.

ഉത്തരം: നാം മുമ്പു ആലോചിക്കുകയും എഴുത്തുകുത്തുകൾ ചെയ്യുകയും ചെയ്ത കാതോലിക്കാസ്ഥാനം അബ്ദുള്ളാ പാത്രിയർക്കീസ്

ബാവായിൽ നിന്ന് ലഭിക്കുകയില്ല. നാലായിരമോ അയ്യായിരമോ രൂപയെങ്കിലും ഉണ്ടാക്കിത്തരുന്നപക്ഷം അബ്ദേദു മ്ശിഹാ പാത്രിയർക്കീസ് ബാവയിൽ നിന്നും അത് സാധിക്കാമെന്ന് എനിക്ക് നല്ല നിശ്ചയം ഉണ്ട് എന്നും മറ്റും 5-ാം പ്രതി (കോനാട്ട് മല്പാൻ) പറയുന്നതു താൻ കേൾക്കുകയുണ്ടായി.

"... ജോസഫ് ദീവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് കാതോലിക്കാ സ്ഥാനം കൊടുക്കുന്നതിനെപ്പറ്റി ആലോചന നടന്നിട്ടുണ്ട്. കോട്ടയത്തു സാമൂഹ്യസമ്മേളനത്തിന്റെ ഒരു യോഗത്തിൽ വെച്ചാണ് ആലോചന നടന്നത്. ... അതിനെ സംബന്ധിച്ച് ഒരിക്കൽ പാത്രിയർക്കീസ് ബാവായുടെ പേർക്ക് എഴുതി അയച്ചു."

"കെ. സി. മാമ്മൻ മാപ്പിളയും ബാവായും ഞാനും ഊട്ടിയിൽ താമസിക്കുന്ന കാലത്ത് കാതോലിക്കായെപ്പറ്റി സംഭാഷണങ്ങൾ ഉണ്ടായിട്ടുണ്ട്. ഇ. എം. ഫിലിപ്പ്, അഞ്ചാം പ്രതി (മല്പാൻ), ഫാ. പി. ടി. ഗീവറുഗ്ഗീസ്, ഞാൻ ഇങ്ങനെ നാലു പേരും കൂടിയിരിക്കുമ്പോൾ ആണ് സംഭാഷണം ഉണ്ടായത്. ... മലങ്കരസഭയ്ക്ക് ഒരു മപ്രിയാനാ വേണമെന്ന് അബ്ദുൽ മശിഹാബാവായുടെ പേർക്ക് അഞ്ചാം പ്രതി പല എഴുത്തുകൾ എഴുതി അയച്ചിരുന്നുവെന്നും അതിൽ ചില എഴുത്തുകൾ അബ്ദുള്ളാ ബാവായുടെ കൈവശം കിട്ടിയതായും അതിനെപ്പറ്റി ബാവാ ബോംബെയിൽ വച്ച് 5-ാം പ്രതിയെ വളരെ ശാസിച്ചതായും വർത്തമാനമദ്ധ്യേ 5-ാം പ്രതി പറഞ്ഞശേഷം മലങ്കരസഭയ്ക്കു ഏതായാലും ഒരു മപ്രിയാനാ ആവശ്യമാണെന്നും വലിയ മെത്രാപ്പോലീത്താ ജോസഫ് ദീവന്നാസ്യോസ് ഉള്ള മുതല്ക്കേ നാം ഇതിൽ ശ്രമിച്ചുകൊണ്ടിരിക്കുന്നതാണല്ലോ എന്നും അഞ്ചാം പ്രതി പറഞ്ഞു."[18]

ഇക്കാര്യത്തിൽ കോനാട്ട് മല്പാന്റെ ഒരു കത്ത് പാറേട്ട് ഉദ്ധരിച്ച് നൽകിയതിലെ പ്രസക്ത ഭാഗം ഇപ്രകാരമാണ്: ":.... വിശേഷിച്ച് പിറവത്തെ സംഘത്തിൽ വെച്ച് സ്ഥാനം കൊടുപ്പാനുള്ള അനുവാദം തിരുമേനിക്കു കൊടുക്കുകയോ മൽപ്രിയാനൂസോയോ റീശ് എപ്പിസ്ക്കൂപ്പുസോയോ കൊടുക്കുകയോ ചെയ്യണമെന്നും ഈ സഭയ്ക്കുവേണ്ടി മറ്റാരും ചെയ്തിട്ടില്ലാത്തതും ചെയ്യാത്തതുമായ പ്രവൃത്തികൾ കഷ്ടപ്പാടോടും കണ്ണീരോടും ചെയ്തിട്ടുള്ള ആളാണെന്നും വല്ല ബഹുമതികളും ബാവാ ആർക്കെങ്കിലും കൊടുക്കുന്നപക്ഷം അതിന് ഇത്രത്തോളം യോഗ്യൻ വേറെ ഇല്ലെന്നും മറ്റും പള്ളിക്കാരുടെ ഒരെഴുത്തു തയ്യാറാക്കി അതും അനുസരിച്ച് എന്റെ എഴുത്തും ബാവായ്ക്ക് അതോടൊപ്പം അയച്ചിരുന്നു...."[19]

കാര്യങ്ങൾ ഇങ്ങനെ ഇരിക്കെയാണ് പരുമല മാർ ഗ്രീഗോറിയോസിന്റെ

നിര്യാണം. അത് മലങ്കരസഭയെയും മലങ്കരമെത്രാച്ചനെയും ഇടിത്തീ വീണാലെന്നപോലെ സ്തംഭിപ്പിച്ചു കളഞ്ഞു. അതിസൂക്ഷ്മതയോടെ താൻ തെരഞ്ഞെടുത്ത് പ്രോത്സാഹിപ്പിച്ച് സന്യാസം നൽകി അനുകൂലമായ നിരവധി അവസരങ്ങൾ നല്കി തന്റെ പിൻഗാമിയാകുവാൻ വളർത്തിക്കൊണ്ടുവന്ന കൊച്ചുമെത്രാച്ചൻ 54-ാം വയസ്സിൽ നിര്യാതനാവുക – അചിന്ത്യമായിരുന്നു അത്. പക്ഷേ, അതു സംഭവിച്ചു. സ്വന്തം കാലിനടിയിലെ ഭൂമി പെട്ടെന്ന് അപ്രത്യക്ഷമായതുപോലെ. പരുമല സെമിനാരി അനാഥമായി. നിരണം മെത്രാസനം നിരാശ്രയമായി. മലങ്കരസഭ നിരാധാരമായി, മലങ്കരമെത്രാപ്പോലീത്താ നിരാലംബനായി. ശബ്ദിക്കാൻ വാക്കുകളില്ല, കേഴാൻ കണ്ണുനീരില്ല. ആകെ ഉള്ളത് ശൂന്യത മാത്രം. എരിതീച്ചൂളയിൽ ഒരു പുരുഷായുസ്സു മുഴുവൻ ഹോമിക്കേണ്ടി വന്ന തനിക്ക് എപ്പോഴും കുളിർമ്മയുടെ തെളിനീരായിരുന്ന അമൃതകുംഭം പിൻവലിക്കപ്പെട്ടിരിക്കുന്നു!!

പരുമലയിൽ താമസിച്ചിരുന്ന വലിയ തിരുമേനി വിളർത്ത് വിറയാർന്നിരുന്നു. കബറടക്കത്തിന് നേതൃത്വം നൽകാൻ പലവട്ടം മുറിയിൽ നിന്ന് ചാപ്പലിൽ മൃതദേഹത്തിന്റെ മുമ്പിൽ വന്നു നിന്നതാണ്. പക്ഷേ, അംശവസ്ത്രമണിഞ്ഞ് സിംഹാസനത്തിലിരിക്കുന്ന കനിഷ്ഠസഹോദരന്റെ മുഖത്ത് നേക്കുമ്പോഴേക്കും ഏങ്ങലടികൊണ്ട് ഗദ്ഗദകണ്ഠനായി ഒരൊറ്റ പദം പോലും ഉച്ചരിക്കാനാവാതെ തിരിച്ചു മുറിയിൽ വന്ന് തളർന്ന് വീഴുകയായിരുന്നു.

“ഈ സംഭവത്തെ ദൃക്സാക്ഷിയും മികച്ച വാഗ്മിയും സാഹിത്യകാരനുമായ റാവു ബഹദൂർ ഒ. എം. ചെറിയാൻ അനുസ്മരിച്ചിട്ടുള്ളതിപ്രകാരമാണ്. പരുമല തിരുമേനിയെപ്പറ്റി ഒ. എം. ചെറിയാൻ എഴുതിയിട്ടുള്ള രണ്ടു പ്രസക്ത ഭാഗങ്ങൾ ശ്രദ്ധാർഹങ്ങളാണ്. പരുമല തിരുമേനിയുടെ അസുഖത്തിന് ചികിത്സ ലഭിക്കുവാനായി വയസ്ക്കര മൂസുമായി ബന്ധപ്പെടുന്നതിനെപ്പറ്റി മാർ ദീവന്നാസ്യോസ് തിരുമേനിയും മനോരമ പത്രാധിപർ വർഗ്ഗീസ് മാപ്പിളയുമായി ആലോചിക്കുന്നതാണ് ഒന്നാമത്തേത്. രണ്ടാമത്തെ ഭാഗം പരുമല തിരുമേനിയുടെ മരണം, കബറടക്കം എന്നതിനെപ്പറ്റിയാണ്. സ്വസഹോദരതുല്യം സ്നേഹിക്കുകയും തന്റെ പിൻഗാമിയായി ഉദ്ദേശിക്കുകയും ചെയ്തിരുന്ന പരുമല തിരുമേനിയുടെ മൃതദേഹം ദർശിക്കുമ്പോഴുണ്ടാകുന്ന വേദനയും വിഷമവും മൂലം പല പ്രാവശ്യം മുറിയിൽ നിന്ന് ഇറങ്ങി വന്നു. എങ്കിലും ദുഃഖം നിയന്ത്രിക്കുവാൻ നിവൃത്തിയില്ലായ്ക മൂലം തിരിച്ച് മുറിയിൽ കയറിപ്പോയി എന്ന് ഒ. എം. ചെറിയാൻ രേഖപ്പെടുത്തിയിരിക്കുന്നു” (വി. സി. മാത്യു വേഴപ്പറമ്പിൽ കോട്ടയം (ലേഖനം), മാർ ദീവന്നാസ്യോസ് ചരമ നവതി സ്മരണിക, 1999, പു. 47).

ഈ സംഭവത്തെപ്പറ്റി 1995-ൽ എഴുതപ്പെട്ട ഒരു പുസ്തകത്തിൽ കാണുന്ന പരാമർശം ഇപ്രകാരമാണ്. അന്നു ജീവിച്ചിരുന്ന മെത്രാന്മാരിൽ കടവിൽ പൗലോസ് മാർ അത്താനാസ്യോസ് സഞ്ചാരം ചെയ്യാൻ പാടില്ലാത്തവിധം അസുഖമായി പറവൂർ പള്ളിയിൽ താമസിച്ചു വന്നതിനാൽ കബറടക്ക ശുശ്രൂഷയിൽ സംബന്ധിച്ചില്ല. പുലിക്കോട്ടിൽ യൗസേപ്പ് മാർ ദീവന്നാസ്യോസ് മെത്രാച്ചൻ, പത്രോസ് പാത്രിയർക്കീസിന്റെ മുടക്കു കാരണം പരുമല തിരുമേനിയുടെ ശവസംസ്ക്കാര ശുശ്രൂഷയിൽ സംബന്ധിക്കാനാവാതെ പരുമല പള്ളിയോടു ചേർന്നുള്ള തന്റെ മുറിയിൽ തന്നെ കഴിയുകയായിരുന്നു (പി. വി. മാത്യു, *കേരളത്തിലെ നസ്രാണി ക്രിസ്ത്യാനികൾ, വാല്യം 3*, പു. 240). വിഷം പുരണ്ട ഈ ഭാവനാവിലാസം നിരാധാരമായി മലങ്കരസഭയിൽ പ്രചരിപ്പിക്കപ്പെടുന്നത് മലങ്കര സഭാചരിത്രം എന്ന ലേബലിലാണ്!!??

1902 നവംബർ 2-ന് ആ പുണ്യാത്മാവ് അപ്രത്യക്ഷനായി. പതുക്കെ പതുക്കെ മലങ്കരസഭ ആ യാഥാർത്ഥ്യത്തോടു പൊരുത്തപ്പെട്ടു. കൊച്ചു മെത്രാച്ചന്റെ ആത്മീയ സാന്നിദ്ധ്യവും പരിമളവും സഭയ്ക്കാകെ നിർവൃതിദായകമായിത്തീർന്നു. വലിയ മെത്രാച്ചന് അന്ന് 70 വയസ്സ് പ്രായമാണ്. തന്റെയും മലങ്കരസഭയുടെയും സുഖദുഃഖങ്ങളിലും ഭയാശങ്കകളിലും ഉത്ക്കണ്ഠകളിലും പങ്കാളിയായിരുന്ന ഒരാളിനെ പിൻഗാമിയായി കണ്ടു വച്ചിരുന്നത് ഫലപ്രദമാകാതെ പോയി. ആരെ പിൻഗാമിയാക്കിയാലും ആ പിൻഗാമി യൗസേപ്പിനെ ശരിയായി അറിയാത്ത ഫറവോ ആയിരിക്കുമെന്നത് ഉറപ്പായി. മെച്ചപ്പെട്ട മറ്റൊരു പിൻഗാമിക്കു വേണ്ടി ആ വൃദ്ധ നയനങ്ങൾ മലങ്കരയിലെമ്പാടും തിരഞ്ഞു. പഴയസെമിനാരി മാനേജർ ആയിരുന്ന കൊച്ചുപറമ്പിൽ പൗലൂസ് റമ്പാച്ചനിൽ ആ കണ്ണുകൾ പതിഞ്ഞു. ഒരു കുറവേ ഉള്ളൂ. ആജ്ഞാശക്തിയുടെയും നട്ടെല്ലിന്റെയും പിൻബലത്തോടെയുള്ള പൗരുഷം. ജനസമ്മതിയുണ്ട്, സഭാസ്നേഹമുണ്ട്, ജീവിതവിശുദ്ധിയിൽ തികഞ്ഞവനും ആണ്. എങ്കിലും ആജ്ഞാശക്തികൊണ്ടോ അനുനയപാടവംകൊണ്ടോ മാർഗ്ഗദർശിയാകാൻ കരുത്തുള്ള ഒരാളാകണം മലങ്കരമെത്രാൻ. മാർ ഈവാനിയോസ് ആണെങ്കിൽ സാധുപ്രകൃതിയാണെന്നേ ഉള്ളൂ. പിന്നീട് ആ കണ്ണുകൾ പതിഞ്ഞത് സെമിനാരിയിലെ മല്പാന്മാരിലൊരാളായ വട്ടശ്ശേരിൽ ഗീവറുഗീസ് കത്തനാരുടെ മേൽ ആണ്. പ്രാപ്തി, കാര്യശേഷി, ആജ്ഞാശേഷി, ആത്മീയപൗരുഷം, പാണ്ഡിത്യം, സഭാസ്നേഹം തുടങ്ങിയ കാര്യങ്ങളിൽ മല്പാൻ അഗ്രഗണ്യനായിരുന്നു. എന്നാൽ സഭയിലെ വൈദിക - അത്മായ പങ്കാളിത്തത്തെ ഹനിച്ചിട്ടായാലും എപ്പിസ്ക്കോപ്പസിയുടെ വെന്നിക്കൊടി പാറിപ്പറക്കണമെന്നുള്ള അഭിപ്രായക്കാരനാകയാൽ ചില വൃത്തങ്ങളിൽ മല്പാനെപ്പറ്റി അനുകൂലമല്ലാത്ത അഭിപ്രായമുണ്ടായിരുന്നു. മലങ്കര മെത്രാൻ അര നൂറ്റാണ്ടുകാലമായി അച്ചടിച്ച് പ്രസിദ്ധപ്പെ

ടുത്തിക്കൊണ്ടിരുന്ന കുർബാനക്രമം ഉണ്ടായിരിക്കെ, പരുമല മെത്രാച്ചൻ തർജ്ജമ ചെയ്തുവച്ചിരുന്ന കുർബാനക്രമം പരിഷ്ക്കരിച്ചും ഗാനരൂപത്തിലാക്കിയും ദീർഘമായ തുബ്ദേനുകൾ ചേർത്തും വട്ടശ്ശേരിൽ ഗീവറുഗീസ് മല്പാനും കോനാട്ട് മാത്തൻ മല്പാനും ചേർന്ന് പഴയസെമിനാരിയിലെ മാർത്തോമസ് അച്ചുകൂടത്തിൽ നിന്ന് പ്രസിദ്ധീകരിച്ചത് കൂടുതൽ അന്ത്യോഖ്യൻ ഭ്രമത്തിന് ഇടവരുത്തുമോ എന്ന് മെത്രാച്ചൻ ഭയപ്പെട്ടു. പരുമല മെത്രാച്ചൻ കാലം ചെയ്തതോടെ വട്ടശ്ശേരിൽ മല്പാൻ നിയന്ത്രണരേഖ മറികടക്കുന്നുവോ എന്ന് തോന്നിച്ചിരുന്നു. എങ്കിലും പരുമല മെത്രാച്ചനെപ്പോലെ സർവത്തിലും തികഞ്ഞ ഒരാൾ കണ്ടെത്തപ്പെടാത്ത പരിതഃസ്ഥിതിയിൽ വട്ടശ്ശേരിൽ മല്പാനെത്തന്നെ പിൻഗാമിയുടെ സ്ഥാനത്ത് മനസ്സിൽ ഉറപ്പിച്ചു. കോട്ടയം എം.ഡി. ഹൈസ്കൂൾ പ്രിൻസിപ്പൽ, സെമിനാരി മല്പാൻ, പരുമല സെമിനാരി മാനേജർ തുടങ്ങി പല സ്ഥാനങ്ങളിലും നിയമിച്ചു. വല്യമെത്രാച്ചനെ പ്രസാദിപ്പിക്കുവാൻ മല്പാനച്ചൻ ആത്മാർത്ഥമായി പരിശ്രമിച്ചു. വീക്ഷണവ്യത്യാസം കൊണ്ട് കോനാട്ട് മല്പാനും വട്ടശ്ശേരിൽ മല്പാനും ക്രമേണ അകലുന്നത് സ്മര്യപുരുഷൻ വേദനയോടെ അറിഞ്ഞു. ആശ്രയം വയ്ക്കുവാൻ മറ്റ് അർഹതയുള്ള ആരും ദൃഷ്ടിയിൽ പെടാത്തതിനാൽ അദ്ദേഹം മല്പാനെ ആദരിച്ചുപോന്നു.

1903 ഒക്ടോബർ 19-ാം തീയതി സ്മര്യപുരുഷൻ വട്ടശ്ശേരിൽ മല്പാന് സന്യാസം നൽകി. കൊച്ചുപറമ്പിൽ റമ്പാച്ചൻ പഴയസെമിനാരി മാനേജർ ആയും വട്ടശ്ശേരിൽ റമ്പാൻ സെമിനാരി മല്പാൻ ആയും വന്ദ്യ മെത്രാച്ചനൊപ്പം പഴയസെമിനാരിയിൽ താമസിച്ചു. ക്രമേണ പഴയസെമിനാരിയിലെ വൈദിക വിദ്യാർത്ഥികൾ രണ്ടു മല്പാന്മാരുടെ ഗ്രൂപ്പുകളിലായി ധ്രൂവികരിക്കപ്പെട്ടു. ജനാധിപത്യ സമ്പ്രദായത്തിൽ സഭ തുടരണം എന്ന അഭിപ്രായക്കാർ കോനാട്ട് മല്പാന്റെ അനുയായികളായി. എപ്പിസ്ക്കോപ്പൽ ശൈലിയാണ് സഭയുടെ രക്ഷാമാർഗ്ഗമെന്ന് ചിന്തിച്ചവർ വട്ടശ്ശേരിൽ റമ്പാന്റെ അനുയായികളായി. പ്രകടമോ രൂക്ഷമോ ആയ ഗ്രൂപ്പിസമായി കാര്യങ്ങൾ നീങ്ങിയില്ലെങ്കിലും സഭയിൽ ഇപ്രകാരം ഒരു അഭിപ്രായഭിന്നതയുടെ പ്രത്യാഘാതം ഓർത്തു വല്യമെത്രാച്ചൻ നടുങ്ങി. വട്ടശ്ശേരിൽ റമ്പാന്റെ സൗഹൃദവും സമ്പാദിച്ച് ശീമക്കാരൻ സ്ലീബാ ശെമ്മാശൻ ശിമയോൻ മാർ അത്താനാസ്യോസിന്റെ നിര്യാണശേഷവും മലങ്കരയിൽ ചുറ്റിക്കറങ്ങുന്നതിലും നിഗൂഢതകൾ ഉള്ളതുപോലെ തോന്നി.

ഉത്ക്കണ്ഠകളും ആശങ്കകളും നിറഞ്ഞ ഏതാനും വർഷങ്ങൾ കടന്നുപോയി. സ്മര്യപുരുഷന്റെ ആരോഗ്യം കൂടുതൽ ക്ഷയിച്ചു. പ്രമേഹം കൂടാതെ വാതരോഗസംബന്ധമായ അസ്വാസ്ഥ്യങ്ങൾ അദ്ദേഹത്തെ അവശനിലയിലാക്കി.

1. റോയൽക്കോടതി വിധി, ഖണ്ഡിക 347.
2. റോയൽക്കോടതി വിധിയെ മാർ ദീവന്നാസ്യോസ് സ്വാധീനിച്ചുവെന്ന് അക്കാലങ്ങളിൽ സംസാരമുണ്ടായതായും ആ അഭ്യൂഹം പൂർണ്ണമായും തെറ്റാണെന്ന് സാക്ഷിക്കുന്നതായും ഫിലിപ്പ് *രഹസ്യപേടക*ത്തിൽ വിവരിച്ചിട്ടുണ്ട്.
3 *മലങ്കരനസ്രാണികൾ മൂന്നാംഭാഗം*, പു. 234-240.
4. വർക്കി എം. പി., പു. 142.
5. *മലങ്കരസഭാവിജ്ഞാനകോശം*, പു. 137.
6. എം. പി. വർക്കി, പു. 142, 143.
7. എം. പി. വർക്കി.
8. *മലങ്കരസഭാവിജ്ഞാനകോശം*, പു. 160, 161.
9. ആത്തുങ്കൽ ഗീവറുഗ്ഗീസ് കോറെപ്പിസ്ക്കോപ്പാ, *കുറുപ്പമ്പടി പള്ളി ചരിത്രം*, പു. 179, 180.
10. ടി പുസ്തകം, 201, 202.
11. പി. സി. കുഞ്ഞാത്തു, ആർത്താറ്റ് പള്ളിച്ചരിത്രം, പു. 16-22,
12. ടി പുസ്തകം, പു. 24.
13. ടി പുസ്തകം, പു. 31.
14. വർക്കി, പു. 143.
15. കാഴ്ചകളുടെ ലിസ്റ്റ് അറിയുവാൻ നവതി സ്മരണിക (തൃശൂർ, 1999) കാണുക.
16. മംഗളപത്രം, നവതി സ്മരണിക.
17. നവതി സ്മരണിക, തൃശൂർ, 1999, പു. 48, 49.
* ഈ പൗരോഹിത്യ സുവർണ്ണ ജൂബിലിയുടെ ഫിനാൻസ് കമ്മിറ്റിയുടെ ചുമതല വഹിച്ചത് മലങ്കരയുടെ രണ്ടാം കാതോലിക്കാ ആയിത്തീർന്ന വാകത്താനം കാരുചിറ ഗീവറുഗ്ഗീസ് റമ്പാനാണ് (കെ. കുറിയാക്കോസ്: മലങ്കരയിലെ രണ്ടാം കാതോലിക്കാ, പു. 32).
18. പാറേട്ട്, *മലങ്കരനസ്രാണികൾ വാല്യം 3*, പു. 277.
19. ടി പുസ്തകം, പു. 280.

### അദ്ധ്യായം 11

# നല്ല പോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തു......

മാർ ദീവന്നാസ്യോസിന്റെ ജീവിതത്തിന്റെ ഏറ്റവും അനുകരണീയ മായ വശം അതിന്റെ അനുപമവും അനനുകരണീയവുമായ സുതാര്യ തയാണ്. അദ്ദേഹം ജീവിതകാലം മുഴുവൻ യുദ്ധം ചെയ്ത പോരാളി യാണ്. പക്ഷേ, അതൊരു വിശ്വാസപ്പോരാട്ടമായിരുന്നു; ആദർശപ്പോരാ ട്ടവും സംസ്കാരികപോരാട്ടവും ആയിരുന്നു. ആരോടൊക്കെയാണ് അദ്ദേഹം യുദ്ധം ചെയ്തത്? ആദ്യത്തെ യുദ്ധം പ്രോട്ടസ്റ്റണ്ട് വിശ്വാസവും സംസ്കാരവും കേരളസഭയിൽ വഞ്ചനാപൂർവ്വം നട്ടുപിടിപ്പിക്കാൻ ശ്രമം നടത്തിയ പാലക്കുന്നത്ത് മെത്രാച്ചന്മാരോടായിരുന്നു. രണ്ടാമത്തെ യുദ്ധം അന്ത്യോഖ്യൻ കടൽക്കിഴവന്റെ ഭൂതവുംപേറി മലങ്കരയിൽ വിജയനൃത്തം ചവുട്ടിയ യൂയാക്കീം കൂറിലോസിനോടായിരുന്നു. അടുത്ത യുദ്ധം നിഴൽ യുദ്ധം അവസാനിപ്പിച്ച് എല്ലാ ചൂഷണസാമഗ്രികളോടും കൂടെ മറ നീക്കി പുറത്തുവന്ന കൊളോണിയൽ താത്പര്യങ്ങളുടെ പ്രതീകമായ അന്ത്യോഖ്യാ പാത്രിയർക്കീസിനോടായിരുന്നു. ഒടുവിൽ സ്വന്തം രക്ത ത്തിൽ നിന്നുള്ള രക്തവും മാംസത്തിൽ നിന്നുള്ള മാംസവുമായ കൊച്ചു മെത്രാച്ചന്മാരുടെ കൊച്ചുകൊച്ചു സ്വാർത്ഥതകളോടും യുദ്ധം ചെയ്യേണ്ടി വന്നു അദ്ദേഹത്തിന്. വലിയ ദർശനവും വലിയ ഭാവനകളും വലിയ മന സ്സുമുള്ള വലിയ പടത്തലവൻ ഒടുവിൽ താൻ നയിച്ച എല്ലാ പടയോട്ട ങ്ങളിലും ഏകാംഗപ്പടകളിൽപോലും അസൂയാർഹമാംവിധം വിജയം നേടി. എന്തായിരുന്നു അദ്ദേഹത്തിന്റെ കരുത്ത്? പടയോട്ടം ആരംഭിച്ച പ്പോൾ നിസ്വനായിരുന്ന അദ്ദേഹത്തെ ധൈര്യപ്പെടുത്തിയതെന്താണ്? മല ങ്കരസഭാ ചരിത്രത്തെപ്പറ്റി നാളിതുവരെ ഏറ്റവും അധികം ഒറിജിനൽ റിസർച്ച് നടത്തിയതായി ഇതെഴുതുന്ന ആൾ വിശ്വസിക്കുന്ന ഇസ്സഡ്. എം. പാറേട്ട് നൽകുന്ന വിശദീകരണം ഇപ്രകാരമാണ്:

“ആരേയും മടുപ്പിക്കാതെ ആരോടും ‘കറുത്തതിൽ ഒരു വാക്കു പറ യാതെ’ തന്നെ അദ്ദേഹം ജീവിതാന്ത്യത്തിൽ എത്തിച്ചേർന്നു. നവീകര ണമെന്ന കോളിൽപെട്ട് മുങ്ങുമോ എന്ന് ഭയം തോന്നുന്ന നിലയിൽ – അനാഥമെന്ന് തന്നെ പറയത്തക്കസ്ഥിതിയിൽ – ആണ് മലങ്കരസഭാനൗക അദ്ദേഹത്തിന്റെ കൈയിൽ കിട്ടിയത്. ചേപ്പാട്ട് ദീവന്നാസ്യോസിന്റെ കഴി വുകുറവും മാത്യൂസ് അത്താനാസ്യോസിന്റെ ആജ്ഞാശക്തിയും യൂയാക്കീം കൂറിലോസിന്റെ കുറുക്കുവഴികളും ഒക്കെക്കൂടെ ദുർഘട ത്തിൽ എത്തിച്ചിരുന്ന നൗകയെ അതിസമർത്ഥനായ ആ ചുക്കാനി

(ചുക്കാൻ പിടിക്കുന്നവൻ) വിപത്തിൽ നിന്ന് രക്ഷിച്ച് കരയോട് അടുപ്പിച്ചു. അഭിമുഖീകരിക്കേണ്ടതായി വന്ന വിവിധ തരത്തിലും രീതിയിലും ഉള്ള കുഴപ്പങ്ങൾ പരിഹരിക്കുന്നതിന് അനുയോജ്യമായ പ്രതിവിധികൾ അതതു സമയം ഈശ്വരൻ കാണിച്ചു തന്നു എന്നും ഭാവിയിലും ആ ദിവ്യശക്തി തന്നെ കാത്തുരക്ഷിക്കുകയും രക്ഷാമാർഗ്ഗങ്ങൾ ചൂണ്ടിക്കാട്ടുകയും ചെയ്യും എന്നും അദ്ദേഹം വിശ്വസിച്ചിരുന്നു. എങ്കിലും ഒരൊറ്റ സംഗതിയിൽ അൽപമായ മാനസികവിഭ്രമത്തിൽ വിധേയനായിരുന്നു എന്ന് വിചാരിക്കുവാൻ ന്യായം കാണുന്നുണ്ട്. മുളന്തുരുത്തി സുന്നഹദോസിൽ വെച്ച് ഒരു ഭരണഘടന സൃഷ്ടിച്ച് സമുദായത്തിന്റെ കുത്തിക്കെട്ട് മുറുക്കുന്നതിന് സാന്നിദ്ധ്യം മൂലം സഹായിച്ച പത്രോസ് തൃതീയനോട് കടപ്പാടുണ്ടെന്ന് അദ്ദേഹം വിശ്വസിച്ചു എന്നും അത് വീട്ടുന്നതിന് ആവും മട്ട് ശ്രമിക്കാറുണ്ടായിരുന്നു എന്നും ഉള്ളതാണ് അങ്ങനെ സംശയിക്കാൻ ഇടം നൽകുന്നത്. പാത്രിയർക്കീസ് സ്ഥാനത്തു നിന്ന് തുടർച്ചയായി ഉണ്ടായിക്കൊണ്ടിരുന്ന മുട്ടിച്ചുള്ള അവകാശവാദങ്ങൾ – അഭ്യർത്ഥനകൾ – അദ്ദേഹത്തെ കുഴക്കി."[1] അംശവടിയും മോതിരവും പണയം വച്ച് കാര്യങ്ങൾ നടത്തേണ്ടതായി വരുന്ന പരിതഃസ്ഥിതികളിൽ ഉണ്ടായ ഔചിത്യരഹിതമായ ആ ഡിമാണ്ട് അല്ലെങ്കിൽ അഭ്യർത്ഥന ദീവന്നാസ്യോസിനെ അക്ഷമനാക്കി. എങ്കിൽത്തന്നെയും ഒരുത്തരോടും കറുത്ത ഒരു വാക്കു പറയാത്ത ആ നാവ് ഇല്ല എന്ന് ഉച്ചരിക്കാതെ കഴിക്കാൻ ശ്രമിച്ചു. പുഞ്ചിരി സുസ്ഥിരമായി സ്ഥാനം പിടിച്ചിരുന്ന ആ മുഖാരവിന്ദത്തിൽ ഭാവപ്പകർച്ചയുണ്ടാക്കാതെ കഴിക്കാൻ അദ്ദേഹം പണിപ്പെട്ടു. തന്നില്ലെങ്കിൽ മുടക്കിക്കളയും എന്നുള്ള രീതിയിൽ തുടർച്ചയായി ഉണ്ടായിക്കൊണ്ടിരുന്ന ഭീഷണികൾ ജോസഫ് ദീവന്നാസ്യോസിനെ കുഴക്കി. അവയെ ഒക്കെയും നയചാതുര്യത്തോടെ ദീവന്നാസ്യോസ് തരണം ചെയ്തു എന്ന് രോഷത്തോടെ പില്ക്കാലത്ത് പാത്രിയർക്കീസ് കമ്മറ്റിക്കാർക്കു അയച്ച പരസ്യകല്പനയിൽ കാണുന്നുണ്ട്."

സ്മര്യപുരുഷന്റെ നയപരമായ മെയ്വഴക്കത്തെപ്പറ്റി കോട്ടയത്ത് പല സഹപ്രവർത്തകരും അനുസ്മരിച്ചിട്ടുള്ളത് വാമൊഴിയായിക്കേട്ട ഒരു ലേഖകൻ കാര്യങ്ങൾ എഴുതുന്നത് ഇപ്രകാരമാണ്.

"മെത്രാപ്പോലീത്തായുടെ മനസ്സിന്റെ ആഴത്തെ അളക്കുന്നതിനും അദ്ദേഹത്തിന്റെ ബദ്ധശത്രുക്കളോടുപോലും ഉള്ള പെരുമാറ്റം പരിശോധിക്കുന്നതിനും ശ്രമിച്ചിട്ടുള്ള ഏതൊരു വ്യക്തിയും അദ്ദേഹത്തിന്റെ താഴ്മ, ദയ, സമാധാനബുദ്ധി മുതലായി അദ്ദേഹത്തിന്റെ ശ്രേഷ്ഠസ്വാഭാവങ്ങളുടെ അലങ്കാരമായിരിക്കുന്ന വിശിഷ്ടഗുണങ്ങളെ കണ്ട് അത്ഭുതപ്പെടാതെ ഇരിക്കയില്ല. ... വലിയ മെത്രാച്ചന്റെ ഭരണപാടവത്തെയും ഇലയ്ക്കും മുള്ളിനും കേടില്ലാതെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനുള്ള

കഴിവിനെയും വിവരിക്കുമ്പോൾ, അദ്ദേഹത്തെപ്പോലെ ഭരണനൈപുണ്യമുള്ള മറ്റൊരു മലങ്കര മെത്രാപ്പോലീത്തായും ഉണ്ടായിട്ടില്ല എന്ന് തങ്ങളുടെ വ്യക്തിപരമായ ഇടപെടലുകളിൽ നിന്ന് കൈക്കൊണ്ട നിഗമനം എന്റെ പൂർവ്വീകന്മാർ ചർച്ച ചെയ്ത് കേൾക്കാൻ ഇടവന്നിട്ടുണ്ട്."[2]

പ്രത്യുല്പന്നമതിയും പ്രതിഭാശാലിയുമായിരുന്ന സ്മര്യപുരുഷന്റെ മറ്റൊരു സാഹസിക ഉദ്യമം ഇവിടെ രേഖപ്പെടുത്തുവാനുണ്ട്. ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന ഇന്ത്യയിലെ ഓർത്തഡോക്സ് സഭയ്ക്ക് സൂര്യൻ അസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ തലസ്ഥാനമായ ലണ്ടനിൽ ഒരു സ്ഥാനപതി ഉണ്ടായാൽകൊള്ളാമെന്ന് അദ്ദേഹത്തിന് തോന്നി. സഭാ സംബന്ധമായി ഇംഗ്ലീഷ് പത്രങ്ങളിൽ ആവശ്യപ്പെട്ട സംഗതികൾ പ്രസിദ്ധപ്പെടുത്തുക, അവിടെ ഉണ്ടാകുന്ന പ്രധാന സംഗതികളിൽ നമ്മുടെ പ്രാതിനിധ്യം വഹിക്കുക മുതലായ ജോലികൾക്ക് ഒരു സ്ഥാനപതി നിയമിക്കപ്പെടുന്നതാകയാൽ മലങ്കരയുടെ യശസ്സ് ലോകതലത്തിൽ വർദ്ധിക്കുവാൻ ഇടയാകുമെന്ന് അദ്ദേഹം വിശ്വസിച്ചു. പക്ഷേ, ഒരു സ്ഥാനപതിയെ നിയമിച്ചാൽ ശമ്പളം കൊടുക്കുന്നതെങ്ങനെ? ഏറെ താമസിയാതെ പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിച്ചു. ലണ്ടനിൽ സമർത്ഥനായ ഒരു സ്ഥാനപതിയെ മലങ്കര മെത്രാപ്പോലീത്താ നിയമിക്കുകയും ചെയ്തു. അവിശ്വസനീയമായ ആ സംഭവത്തെ സ്മര്യപുരുഷന്റെ സെക്രട്ടറി രേഖപ്പെടുത്തുന്നതിപ്രകാരമാണ്:

"ബോംബായി സംസ്ഥാനത്ത് പൂന നിവാസിയും ജാതിയിൽ പാർസിയുമായിരുന്ന ഒരാൾ ബാല്യത്തിൽ ഇംഗ്ലണ്ടിൽ പോയി പഠിച്ച് വൈദ്യശാസ്ത്രത്തിൽ ഉൽകൃഷ്ട പരീക്ഷാവിജയിയായി ആശുപത്രി ഏർപ്പെടുത്തി ക്രിസ്തുമതം സ്വീകരിച്ച് താമസിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ പേർ ഡോ. എസ്. ഡി. ബാബാ എന്നാണ്. അദ്ദേഹം ക്രിസ്ത്യാനി മതം സ്വീകരിച്ചത് ബിഷോപ്പില്ലാത്ത വർഗ്ഗമായ പ്രസ്ബിറ്റേറിയൻ സഭയിൽ ആയിരുന്നു. അതിൽ പട്ടമേറ്റ് ഒരു പാതിരിജോലിയും അദ്ദേഹം വഹിച്ചിരുന്നു. അദ്ദേഹത്തെക്കുറിച്ച് നമുക്ക് പരിചയവും അറിവും ഇല്ലായിരുന്നെങ്കിലും മലങ്കരസഭയെക്കുറിച്ച് അദ്ദേഹത്തിന് നല്ല ജ്ഞാനമുണ്ടായിരുന്നു. നമ്മുടെ സഭാചരിത്രം, ഉപദേശാചാരങ്ങൾ മുതലായവ മുമ്പേ തന്നെ അദ്ദേഹം വശമാക്കിയിരുന്നു. അദ്ദേഹം പല ലഘുലേഖകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതിൽ ഇന്ത്യയിലെ സഭയെക്കുറിച്ച് പറയുമ്പോൾ ഇന്ത്യയിലെ ജാത്യസഭ സുറിയാനി സഭയാണെന്നും സുറിയാനി സഭയ്ക്കാല്ലാതെ ഇന്ത്യയിൽ സഭാഭരണം ചെയ്യാൻ മറ്റു സഭകൾക്ക് അവകാശമില്ലെന്നും മിഷ്യൻ വേല നടത്തി ഇന്ത്യയെ മനസ്സ് തിരിപ്പാൻ സുറിയാനി സഭയ്ക്കു ശക്തിയില്ലാത്തതുകൊണ്ട് മറ്റു സഭയിലെ മിഷണറിമാർ വേല ചെയ്തു മനസ്സു തിരിക്കുന്നവരെ സുറിയാനി സഭയിലേക്കു വിട്ടുകൊടു

ക്കുകയും സുറിയാനി മേൽപ്പട്ടക്കാരെക്കൊണ്ട് ഭരിപ്പിക്കുകയും ചെയ്യണമെന്നും മറ്റും ചില തത്വങ്ങൾ ... പ്രബോധിപ്പിച്ചിരിക്കുന്നു. പിന്നീട് ... അദ്ദേഹവും മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും തമ്മിൽ പരിചയപ്പെട്ടു. ഇങ്ങനെ അദ്ദേഹം സുറിയാനിസഭയുടെ ഉപദേശാചാരങ്ങളെ വായിച്ചു പഠിച്ച് നമ്മുടെ സഭയുടെ ഒരംഗമായിത്തീർന്നു. പ്രസ്ബിറ്റർ സഭയിൽ നിന്ന് അദ്ദേഹത്തിന് കിട്ടിയ പട്ടം പട്ടമല്ലെന്ന് ബോധ്യം വരികയും സാധുവായ കൈവെപ്പ് വേണമെന്നുള്ള ആഗ്രഹം ജനിക്കയും ചെയ്തു. ലണ്ടനിൽ നിന്ന് ഇവിടെ വന്ന് പട്ടമേൽക്കുന്നത് വലിയ പ്രയാസവും ചെലവും ആയിരുന്നതിനാൽ നമ്മുടെ വലിയതിരുമേനിയുടെ കല്പനയോടു കൂടി അദ്ദേഹത്തെ ഊർശ്ലേമിലേക്കയയ്ക്കുകയും അവിടത്തെ സുറിയാനി മേല്പ്പട്ടക്കാരനായിരുന്ന മാർ ഈവാനിയോസ് ഏലിയാസ് ബാവായെക്കൊണ്ട് ഡോ. ബാബായ്ക്കു ശെമ്മാശുപട്ടവും കശ്ശീശാപട്ടവും കൊടുപ്പിക്കുകയും മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായാൽ കൊടുക്കപ്പെട്ട പട്ടക്കടലാസും അധികാരപത്രവും കൊണ്ട് മലങ്കരസഭയുടെ സ്ഥാനപതിയായി നിയമിക്കപ്പെടുകയും ചെയ്തു. അദ്ദേഹം വിശ്വാസത്തിൽ നല്ല സ്ഥിരക്കാരനും തന്റെ സഭയെക്കുറിച്ച് എരിവുള്ളവനും ആയിരുന്നു. മാർ യാക്കോബ് ശ്ലീഹാ എഴുതിയ കുർബാന തക്സായുടെ ഇംഗ്ലീഷ് തർജ്ജമ വച്ച് അദ്ദേഹം കുർബ്ബാന ചൊല്ലും. ഇംഗ്ലീഷ് പത്രങ്ങളിലും മറ്റും നമ്മുടെ സഭയെക്കുറിച്ച് ഉപന്യാസങ്ങൾ എഴുതുകയും ചെയ്യുന്നുണ്ട്. എഡ്വേർഡ് ചക്രവർത്തിയുടെ ശവസംസ്ക്കാരയാത്രയിൽ സുറിയാനിസഭയുടെ പ്രതിനിധിയായി അദ്ദേഹം ക്ഷണിക്കപ്പെടുകയും പുറംദേശരാജാക്കന്മാരുടെ സ്ഥാനപതികളോട് തുല്യമായി അദ്ദേഹം സ്വീകരിക്കപ്പെടുകയും ചെയ്തതുകൊണ്ട് സ്ഥാനപതിസ്ഥാനത്തിന്റെ മാഹാത്മ്യം ഏകദേശം ഊഹിക്കാവുന്നതാകുന്നു."[3]

ജീവിതാന്ത്യകാലത്ത് സ്മര്യപുരുഷൻ ചെയ്ത സ്മരണീയമായ മറ്റൊരു യത്നം കരുത്തനായ പിൻഗാമിയെ കണ്ടെത്താനുള്ളതായിരുന്നു. അന്ത്യോഖ്യാ പാത്രിയർക്കീസിന് വിധേയത്വ ഉടമ്പടി എഴുതിക്കൊടുത്ത് മേൽപ്പട്ടം വാങ്ങി അപ്പോഴും ജീവിച്ചിരിക്കുന്ന മെത്രാച്ചന്മാരെ അദ്ദേഹം പരിഗണിച്ചില്ല. ഒടുവിൽ ആ കണ്ണുകൾ വട്ടശ്ശേരിൽ ഗീവറുഗീസ് റമ്പാച്ചനിൽ ഉറച്ചു. പരുമല മെത്രാച്ചന്റെ ശിഷ്യനെന്ന നിലയിൽ ആദ്യം പരുമലയിലും പിന്നീട് കോട്ടയം പഴയസെമിനാരിയിലും അദ്ദേഹം മല്പാനായിരുന്നു. കോട്ടയം എം.ഡി. സ്കൂളിന്റെ ചുമതലയിലും ഷോടതി നടത്തിപ്പിലും സുവർണ്ണ ജൂബിലി മഹോത്സവത്തിലും കാര്യശേഷിയും സത്യസന്ധതയും പാണ്ഡിത്യവും തെളിയിച്ച് ജനസമ്മതി നേടിയ വട്ടശ്ശേരിൽ റമ്പാച്ചനെപ്പോലെ ഒരു നിഷ്ക്കാമകർമ്മിയുടെ മുഖം മറ്റാരിലും അദ്ദേഹം കണ്ടില്ല. സ്നേഹനിറകുടമായ ഹൃദയത്തിന്റെ ഉടമയായിരു

ന്നുവെങ്കിലും ജനപ്രിയം നേടാൻ ആവശ്യമായ വിലകുറഞ്ഞ ജാടകളൊന്നും അദ്ദേഹത്തിന് വശമില്ലായിരുന്നു. കർക്കശമായ നിലപാട്, കപടഭക്തിയോടുള്ള സന്ധിയില്ലാ സമരം, മാതൃകായോഗ്യമായ ജീവിതനിഷ്ഠകൾ ഇതൊക്കെ വട്ടശ്ശേരിൽ റമ്പാന് വേണ്ടുവോളമുണ്ടായിരുന്നു. അതേ സമയം ചില പോരായ്മകളും സ്മര്യപുരുഷന്റെ നിരീക്ഷണത്തിൽ പെടാതിരുന്നില്ല. ഒരു ഭരണാധികാരിക്കു അവശ്യം ആവശ്യമായ നയതന്ത്രജ്ഞതയുടെ കാര്യത്തിൽ റമ്പാച്ചൻ പരാജയപ്പെട്ടിരുന്നു. എന്നിരുന്നാലും ഇതര വൈശിഷ്ട്യങ്ങൾ വച്ചു നോക്കുമ്പോൾ റമ്പാനേക്കാൾ യോഗ്യന്മാരായി മറ്റാരേയും അദ്ദേഹം കണ്ടില്ല. വട്ടശ്ശേരിൽ റമ്പാച്ചൻ തന്നെയാകട്ടെ പിൻഗാമി എന്ന് ആ രാജർഷി ഉള്ളിൽ ഉറച്ചു. തന്റെ ശൈലി അനുസരിച്ച് അക്കാര്യത്തിന് ജനകീയ അംഗീകാരം നേടാനുള്ള ശ്രമമായി പിന്നീട്.

ഒരു പിൻഗാമിയെ കണ്ടെത്തുവാൻ വലിയ മെത്രാച്ചൻ ശ്രമിക്കുന്നുവെന്ന് അറിവായതോടെ സഭയിലെങ്ങും അതു ചർച്ച ചെയ്യപ്പെട്ടു. സാധാരണഗതിയിൽ വട്ടശ്ശേരിൽ റമ്പാച്ചൻ ഏവർക്കും സ്വീകാര്യനാവേണ്ടതായിരുന്നു. *മതോപദേശസാരം* എഴുതിയ അദ്ദേഹത്തിന്റെ പാണ്ഡിത്യം സർവാദൃതമായിരുന്നു. വലിയ മെത്രാച്ചൻ പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്ന കുർബാനക്രമം ഗാനങ്ങൾ ചേർത്തും യൂയാക്കീം കൂറിലോസും സ്ലീബാശെമ്മാശനും പ്രചരിപ്പിച്ച സുദീർഘങ്ങളായ തുബ്ദേനുകൾ ചേർത്തും പഴയ തുബ്ദേനുകൾ നീക്കം ചെയ്തും 1898-ൽ പ്രസിദ്ധപ്പെടുത്തിയത് അദ്ദേഹത്തിന്റെ അന്ത്യോഖ്യാഭ്രമത്തെ വിളംബരം ചെയ്തു. മലങ്കരയിൽ നിലവിലിരുന്ന തുബ്ദേനുകൾ തന്റെ അനുമതി കൂടാതെ നീക്കം ചെയ്ത് പുതിയ അന്ത്യോഖ്യൻ തുബ്ദേനുകൾ കൂട്ടിച്ചേർത്തതിൽ വലിയ മെത്രാച്ചൻ അസന്തുഷ്ടനായിരുന്നു. 1898-ൽ പുറത്തിറങ്ങിയ കുർബാനക്രമത്തിന് ശേഷം വലിയമെത്രാച്ചൻ നൂറ്റാണ്ടുകളായി നിലവിലിരുന്ന പഴയ കുർബാനക്രമത്തിന്റെ ഒരു പതിപ്പു കൂടെ പ്രസിദ്ധപ്പെടുത്തി. എങ്കിലും യുവാക്കളായ മല്പാന്മാരുടെ കർമ്മശേഷി ശിഷ്യരായ ശെമ്മാശന്മാരിലൂടെ മലങ്കരയിലെങ്ങും വിജയക്കൊടി നാട്ടുകയായിരുന്നു. ആരെയും പിണക്കുക പതിവില്ലാത്ത വലിയ മെത്രാച്ചൻ നടപടിയൊന്നും എടുത്തതായി അറിവില്ല. റമ്പാച്ചനോടുള്ള മതിപ്പിനും സ്നേഹത്തിനും ഒട്ടും കുറവു വന്നില്ല എന്നത് ആരെയും അത്ഭുതപ്പെടുത്തും. എന്നാൽ ക്രമേണ ചരിത്രത്തിൽ മാറ്റങ്ങൾ വന്നു. കുർബാനക്രമം തയ്യാറാക്കിയ മല്പാന്മാരിൽ പ്രധാനികൾ വട്ടശ്ശേരിൽ ഗീവറുഗ്ഗീസ് കത്തനാരും കോനാട്ട് മാത്തൻ മല്പാനുമായിരുന്നു. 1898-ൽ നാം കാണുന്ന ആത്മസൗഹൃദം ക്രമേണ ശിഥിലമായി. ഈ ശൈഥില്യത്തെപ്പറ്റി ചില ചരിത്രകാരന്മാർ സൂചിപ്പിച്ചുണ്ടെങ്കിലും അതിന്റെ ഹേതുവെ

ത്തെന്ന് ആരും വെളിപ്പെടുത്തിയിട്ടില്ല. വലിയ മെത്രാച്ചൻ കണ്ണിലെ കൃഷ്ണമണി പോലെ വളർത്തിക്കൊണ്ടു വന്ന ഒരാശയത്തോട് വട്ടശ്ശേരിൽ മല്പാൻ കാണിച്ചുപോന്ന അവജ്ഞയും വിയോജിപ്പുമായിരുന്നോ ആ ശൈഥില്യത്തിന്റെ അടിസ്ഥാനകാരണമെന്ന് ചിന്തിക്കുവാൻ ചില സാഹചര്യങ്ങൾ നമ്മെ പ്രേരിപ്പിക്കുന്നുണ്ട്. വലിയ മെത്രാച്ചൻ മെത്രാപ്പോലീത്തൻ ട്രസ്റ്റി, വൈദിക ട്രസ്റ്റി, അത്മായ ട്രസ്റ്റി എന്നീ ത്രിമൂർത്തികളിൽ സഭാഭരണത്തെ വികേന്ദ്രീകരിച്ചപ്പോൾ വൈദിക ട്രസ്റ്റിയേയും അത്മായട്രസ്റ്റിയേയും ഒട്ടൊന്ന് അപ്രധാനരാക്കി മെത്രാൻ ട്രസ്റ്റി കാര്യങ്ങൾ നിർവഹിക്കണമെന്ന പക്ഷക്കാരനായിരുന്നു വട്ടശ്ശേരിൽ റമ്പാച്ചൻ. സഭയിലെ ഭരണ പങ്കാളിത്തത്തിൽ മെത്രാൻ, വൈദികൻ, അത്മേനി ഇവർക്കുണ്ടായിരുന്ന സമതുലിതാവസ്ഥ വട്ടശ്ശേരിൽ റമ്പാച്ചൻ മലങ്കര മെത്രാനായാൽ തകർന്നുപോകുമെന്ന് ഉറപ്പായിരുന്നു. ഇത് അന്നത്തെ വൈദികട്രസ്റ്റിയായിരുന്ന കോനാട്ട് മല്പാനും അത്മായട്രസ്റ്റിയായിരുന്ന സി. ജെ. കുര്യനും സ്വാഭാവികമായും അഭിമതമല്ലായിരുന്നു. ഈ ചിന്ത മലങ്കരസഭയിൽ ഒരു ധ്രുവീകരണത്തിനിടയാക്കി. മൂന്നു ട്രസ്റ്റിമാരുടെയും പങ്കാളിത്തം വലിയ മെത്രാച്ചൻ ആഗ്രഹിച്ചതുപോലെ തുടരണമെന്ന് കോനാട്ട് മല്പാന്റെ നേതൃത്വത്തിൽ വലിയ ഒരു ഭാഗം ആളുകൾ ചിന്തിച്ചു. ക്രമേണ ആ ചിന്ത വടക്കൻ പ്രദേശങ്ങളുടെ നിലപാടായിത്തീർന്നു. മലങ്കര മെത്രാന് പിൻഗാമിയെ തെരഞ്ഞെടുക്കുവാൻ സ്മര്യപുരുഷൻ കല്പന അയച്ചതോടെ ചർച്ച സജീവമായി. അന്ന് സ്മര്യപുരുഷന് 75 വയസ്സ് പൂർത്തിയായിരുന്നു. 1083 കുംഭം 15-നു കോട്ടയം പഴയസെമിനാരിയിലാണ് അസോസ്യേഷൻ യോഗം ക്രമീകരിച്ചത്. രണ്ടു പേരെ മെത്രാൻ സ്ഥാനത്തേക്കു തെരഞ്ഞെടുക്കുക, അതിലൊരാളെ മലങ്കരമെത്രാപ്പോലീത്തായുടെ പിൻഗാമിയായി നിശ്ചയിക്കുക - ഇതു രണ്ടുമായിരുന്നു പ്രധാന അജണ്ട. സെമിനാരി മല്പാൻ ആയിരുന്ന വട്ടശ്ശേരിൽ ഗീവറുഗ്ഗീസ് റമ്പാച്ചനും പഴയസെമിനാരി മാനേജർ ആയിരുന്ന കൊച്ചുപറമ്പിൽ പൗലൂസ് റമ്പാച്ചനും മെത്രാൻ സ്ഥാനാർത്ഥികളെന്ന നിലയിൽ സർവ്വസമ്മതരായിരുന്നു. എന്നാൽ മുൻ മലങ്കരമെത്രാച്ചന്റെ കാലത്തു നിലവിൽ വന്ന ട്രസ്റ്റി സമ്പ്രദായം തുടരണമോ വേണ്ടായോ ഇതായിരുന്നു ധ്രുവീകരണത്തിന്റെ അടിസ്ഥാനം. അക്കാര്യത്തെപ്പറ്റി പാമ്പാടിക്കാരൻ കരിങ്ങണാമറ്റത്തിൽ യാക്കോബ് കത്തനാർ (2004-ൽ 100 വയസ്സ്) അനുസ്മരിക്കുന്നത് കാണുക:

"... ഗീവറുഗ്ഗീസ് റമ്പാച്ചനോട് നീരസമുണ്ടായിരുന്ന കോനാട്ട് മാത്തൻ മല്പാനച്ചൻ കൊച്ചുപറമ്പിൽ പൗലൂസ് റമ്പാനെ പിൻഗാമിസ്ഥാനത്തേക്കു തെരഞ്ഞെടുക്കുവാൻ വടക്കൻ ഇടവകകളുടെ പിൻബലത്തോടെ യോഗം ചേർന്ന് തീരുമാനിച്ച വിവരം മലങ്കരമെത്രാപ്പോലീത്തായെ ദുഃഖിപ്പിച്ചു. അസോസ്യേഷന്റെ തലേദിവസം പഴയസെമിനാരി

യിലെത്തി മലങ്കര മെത്രാപ്പോലീത്തായുടെ കൈ മുത്തിയ മല്പാനച്ചന് കുശലാന്വേഷണങ്ങൾക്കുശേഷം വിശേഷപ്പെട്ട ഒരു ചുവപ്പു കുപ്പായവും സുവർണ്ണമുദ്രയുള്ള ഒരു അരപ്പട്ടയും എടുത്തുകൊടുത്ത് അവ ധരിക്കുവാൻ ആവശ്യപ്പെട്ടു. വെള്ളികെട്ടിയ ഒരു വടിയും അദ്ദേഹം അച്ചന് നൽകിക്കൊണ്ട് പറഞ്ഞു. വിവാഹിതനായതു മൂലം മാത്രമാണ് അച്ചൻ മെത്രാനാകാത്തത്. അർഹതക്കുറവൊന്നുമില്ല. മെത്രാന്മാർക്കു ചേർന്ന പ്രൗഢിയിൽ സഞ്ചരിച്ചുകൊള്ളുവാൻ അച്ചനെ നാം അനുവദിച്ചിരിക്കുന്നു. അച്ചന് സന്തോഷമായി. മെത്രാച്ചൻ, പിറ്റേന്ന് നടക്കാനിരിക്കുന്ന അസോസ്യേഷനിലേക്കു സംസാരം കൊണ്ടുവന്നു. രണ്ടു സ്ഥാനാർത്ഥികളിൽ പിൻഗാമിയാവാൻ ആർക്കാണ് പ്രാപ്തി എന്ന് മെത്രാച്ചൻ ചോദിച്ചു. മെത്രാച്ചന്റെ ഇംഗിതം അറിയാമായിരുന്ന അച്ചൻ പ്രതിവചിച്ചു: വട്ടശ്ശേരിൽ റമ്പാച്ചനാണ് പ്രാപ്തൻ. മെത്രാച്ചൻ ഇങ്ങനെ ഉപസംഹരിച്ചു. എങ്കിൽ വട്ടശ്ശേരിൽ റമ്പാച്ചന്റെ പേർ നാളത്തെ അസോസ്യേഷനിൽ പിൻഗാമിയുടെ സ്ഥാനത്തേക്ക് അച്ചൻ നിർദ്ദേശിക്കണം. വലിയ മെത്രാപ്പോലീത്തായെ ഗുരുവായി സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്ന മല്പാനച്ചൻ വിയർത്തു. പിറ്റേദിവസം അസോസ്യേഷന്റെ ആമുഖപ്രസംഗത്തിന് ശേഷം പിൻഗാമിയുടെ പേർ നിർദ്ദേശിക്കുവാൻ വലിയ മെത്രാപ്പോലീത്താ മല്പാനച്ചനെ ക്ഷണിച്ചു. മല്പാനച്ചൻ അക്ഷോഭ്യനായി വട്ടശ്ശേരിൽ റമ്പാച്ചന്റെ പേർ പിൻഗാമിയുടെ സ്ഥാനത്തേക്ക് നിർദ്ദേശിച്ചു. ആയത് ഏകകണ്ഠമായി അംഗീകരിക്കപ്പെടുകയും ചെയ്തു. കാര്യം അറിയാതിരുന്ന വടക്കൻ ഇടവകക്കാർ മല്പാനച്ചന്റെ അഭിപ്രായം മാറിയതെങ്ങനെ എന്ന് അറിയാതെ അന്ധാളിച്ചു. അതോടെ ആ രംഗത്തിന് തിരശ്ശീല വീണു."[4]

പിൻഗാമിയാകാനുള്ള സ്ഥാനാർത്ഥിയുടെ അയോഗ്യതകളല്ല, യോഗ്യതകളാണ് വലിയ മെത്രാച്ചൻ മുൻഗണന നൽകി പരിഗണിച്ചത്.

മെത്രാൻ സ്ഥാനത്തേയ്ക്ക് തന്റെ പേർ പരിഗണിക്കപ്പെടുകയില്ലെന്ന് കണ്ടതോടെ ശീമക്കാരൻ സ്ലീബാ റമ്പാച്ചൻ നാട്ടിലേക്കു തിരിച്ചുപോയി. പുതിയൊരു സംഭവ വികാസം രൂപപ്പെട്ടുവരുവാനുള്ള തുടക്കമാണതെന്ന് വല്യമെത്രാച്ചന് ബോധ്യമായി. അപ്പോഴേക്കും ശീമയിൽ പാത്രിയർക്കീസായിരുന്ന അബ്ദുൽ മശിഹായുടെ ഫർമാൻ സർക്കാർ പിൻവലിച്ചതിനെത്തുടർന്ന് റോമ്മാസഭയിലേക്ക് പോയിരുന്ന അബ്ദുള്ളാ മടങ്ങിവരികയും പാത്രിയർക്കീസായിത്തീരുകയും ചെയ്തിരുന്നു. കാനോനിക പാത്രിയർക്കീസ് അബ്ദുൽ മശിഹായിൽ നിന്ന് മലങ്കരയിലെ റമ്പാന്മാരും അബ്ദുള്ളായിൽ നിന്ന് സ്ലീബാ റമ്പാനും മെത്രാൻ പട്ടമേറ്റ് മലങ്കരയിലെത്തിയാൽ മറ്റൊരു വ്യവഹാര പരമ്പര വേണ്ടിവന്നേക്കുമെന്ന് അദ്ദേഹത്തിന് ആശങ്ക ഉണ്ടായി. ശീമയിലെ തർക്കവിതർക്കങ്ങളിൽ ഇടപെ

ടാതെ അബ്ദുള്ളായിൽ നിന്ന് മെത്രാൻപട്ടം സ്വീകരിച്ചാൽ ഒരു നിയമ പ്പോരാട്ടം ഒഴിവാക്കാനാവുമെന്ന് അദ്ദേഹം കണ്ടു.

കുംഭം 15-ാം തീയതി കൂടിയ അസോസ്യേഷന്റെ തീരുമാനം പള്ളി കളെ അറിയിച്ചുകൊണ്ടും നിയുക്ത മെത്രാന്മാർക്കു ഊർശ്ലേമിലേക്കുള്ള യാത്രച്ചിലവ് ആവശ്യപ്പെട്ടുകൊണ്ടും തൊട്ടടുത്ത ദിവസം തന്നെ കർമ്മ കുശലനായ വലിയ മെത്രാച്ചൻ കല്പന അയച്ചു (1908-ന് കൊല്ലം 1083 കുംഭം 16-ാം തീയതി)[5] ഒരു മാസത്തിനകം വിഭവ സമാഹരണം നടന്നി രിക്കണം. നിയുക്ത മെത്രാന്മാരും സംഘവും മീനം 29-നു ബോംബെ യിൽ നിന്ന് കപ്പൽ കയറി. യാത്രാസംഘത്തിൽ നിയുക്ത മെത്രാന്മാർക്കു പുറമേ പുന്നൂസ് റമ്പാൻ (മൂന്നാം കാതോലിക്കാ), കരോട്ടുവീട്ടിൽ യൂയാക്കീം കത്തനാർ (മാർ ഈവാനിയോസ്. പരുമലയിൽ കബറ ടങ്ങിയിരിക്കുന്നു), പാറേട്ട് മാത്യൂസ് ശെമ്മാശൻ (പാറേട്ട് മാർ ഈവാ നിയോസ്), ഐപ്പ്, യോഹന്നാൻ (വാല്യക്കാർ) എന്നിവർ ഉണ്ടായിരുന്നു. മേടം 6-നു ഓശാന ഞായറാഴ്ച കപ്പലിൽ തന്നെ കഴിച്ചുകൂട്ടി. പെസ ഹായും ദുഃഖവെള്ളിയും പോർട്ട് സയ്ദിൽ ഈഗുപ്തായ ദേവാലയത്തിൽ കഴിച്ചുകൂട്ടി. ശനി (മേടം 12) യോപ്പയിൽ കപ്പലിറങ്ങി. ശനിയാഴ്ച വൈകിയിട്ട് ഊർശ്ലേമിലെത്തി. മത്തായി ശെമ്മാശ്ശൻ (പിന്നീട് ഔഗേൻ പ്രഥമൻ കാതോലിക്കാബാവാ) അവിടെ ഉണ്ടായിരുന്നു. വെളുപ്പിന് ഏവരും ഊർശ്ലേമിൽ ഉയിർപ്പു ശുശ്രൂഷയിൽ സംബന്ധിച്ചു. അന്ന് സ്ലീബാ റമ്പാച്ചൻ ഉൾപ്പടെ ഏഴു പേർക്കു മെത്രാൻ സ്ഥാനദാന ശുശ്രൂഷ നട ന്നു. ഇടവം 18-ന് (മെയ് 31-ന്) രണ്ടു റമ്പാന്മാർക്കും മെത്രാൻ സ്ഥാനം നൽകപ്പെട്ടു. വട്ടശ്ശേരിൽ റമ്പാൻ ദീവന്നാസ്യോസ് എന്ന നാമത്തിലും കൊച്ചുപറമ്പിൽ റമ്പാൻ കൂറിലോസ് എന്ന നാമത്തിലും അഭിഷിക്ത രായി. സ്ലീബാ ശെമ്മാശനോടൊന്നിച്ച് ശീമയിലേക്കു പോയ ഔഗേൻ (മത്തായി) ശെമ്മാശൻ ഈ നാളുകളിൽ അബ്ദുള്ളാ പാത്രിയർക്കീസിൽ നിന്ന് ശർവോയോ റമ്പാൻ സ്ഥാനമേറ്റു. ഇസ്സഡ്. എം. പാറേട്ടിന്റെ ചില നിരീക്ഷണങ്ങൾ ഇവിടെ സംഗതമാണ്: "…. മലങ്കര അടച്ച് മലങ്കരമെ ത്രാപ്പോലീത്താ ആയി ഭരണം നടത്തുന്നതിന് പറ്റിയ ഒരു സ്താത്തി ക്കോൻ ഒസ്താത്യോസ് മെത്രാന് (സ്ലീബാ) മാർ അബ്ദുള്ളാ കൊടു ത്തുകഴിഞ്ഞിരുന്നു. അതുകൊണ്ട് ദീവന്നാസ്യോസിന് സ്താത്തിക്കോൻ കൊടുക്കുന്നതിന് എന്തൊക്കെയോ ഉഴപ്പ് തുടങ്ങി.[6]

മലങ്കരമെത്രാന്റെ സ്ഥാനം മാർ ഒസ്താത്തിയോസിന് നൽകിയ മാർ അബ്ദുള്ളായുടെ സ്വപ്നത്തെ ആരും വ്യാഖ്യാനിച്ചതായി അറിവില്ല. മല ങ്കരസഭ അക്കാലങ്ങളിൽ വളരെ ആഗ്രഹിച്ച കാതോലിക്കാ-മപ്രിയാനാ സ്ഥാനം നൽകുന്നതിനുവേണ്ടിയുള്ള ഒരു വച്ചുമാറ്റമായിരുന്നോ അത്? അധികാരമുള്ള മലങ്കരമെത്രാൻ സ്ഥാനം പാത്രിയർക്കീസിന്റെ

നാട്ടുകാരൻ മാർ ഒസ്താത്തിയോസിന് നൽകുക, ലൗകിക അധികാര മില്ലാത്ത ആത്മീയപ്രാധാന്യം മാത്രമുള്ള സ്ഥാനം മലങ്കരയിൽ അവ രുടെ ദീർഘകാലത്തെ ആഗ്രഹം സാധിപ്പിക്കാനെന്ന നാട്യത്തിൽ നല്കുക – ഇതായിരുന്നുവോ മാർ അബ്ദുള്ളായുടെ തന്ത്രം? അബ്ദുള്ളാ ബാവാ മലങ്കരയുടെ യതൊരു ക്ഷണവും കൂടാതെ മലങ്കരയിലെത്തി യത് വട്ടശ്ശേരിൽ മെത്രാച്ചനെ കാതോലിക്കാ ആയി വാഴിക്കാൻ വേണ്ടി ആയിരുന്നുവോ എന്ന് ചിന്തിക്കാവുന്ന സൂചനകൾ പാത്രിയർക്കീസിനെ സ്വീകരിക്കുവാൻ മലങ്കരയിൽ നിന്ന് പോയ ചില പ്രമാണിമാരുടെ സാക്ഷി മൊഴികളിൽ നിന്ന് ധ്വനിക്കുന്നുണ്ട്. മലങ്കര മെത്രാപ്പോലീത്താ സ്ഥാനവും കാതോലിക്കാസ്ഥാനവും ഒന്നിച്ച് മലങ്കരയ്ക്കു ലഭിക്കുന്ന തിൽ വട്ടശ്ശേരിൽ മെത്രാച്ചന് വിരോധമൊന്നും ഉണ്ടാവാൻ ഇടയില്ല. എന്നാൽ മലങ്കരമെത്രാൻ സ്ഥാനം മാർ ഒസ്താത്തിയോസിന് നൽകി എന്നറിഞ്ഞപ്പോൾ കാതോലിക്കായുടെ സ്ഥാനത്തിന്റെ കഴമ്പില്ലായ്മ വട്ടശ്ശേരിൽ മെത്രാച്ചന് ആകർഷകമായി തോന്നിയിരിക്കാൻ ഇടയില്ലല്ലോ. കാതോലിക്കാസ്ഥാനം മലങ്കരയ്ക്കു നൽകുന്നതിന്റെ മറവിൽ മലങ്കര മെത്രാൻസ്ഥാനം പാത്രിയർക്കീസ് അപഹരിച്ച് മാർ ഒസ്താത്തിയോസിന് നൽകുമെന്നും തനിക്ക് നിഷേധിക്കുമെന്നും കുശാഗ്രബുദ്ധിയായ വട്ട ശ്ശേരിൽ മെത്രാച്ചൻ പോലും വിഭാവനം ചെയ്തിരിക്കുകയില്ല. പോപ്പിന്റെ മേലധികാരത്തിൻകീഴിൽ ഒരു എപ്പിസ്ക്കോപ്പൽ ഹയരാർക്കി കത്തോ ലിക്കാസഭയിൽ പ്രബലവും സഫലവുമായി നിലനിൽക്കുന്നതുപോലെ പാത്രിയർക്കീസ് പരമമേലദ്ധ്യക്ഷനായി ഒരു എപ്പിസ്ക്കോപ്പൽ ഹയ രാർക്കി മലങ്കരസഭയിൽ രൂപപ്പെടുത്തണമെന്നേ വട്ടശ്ശേരിൽ മെത്രാച്ചൻ ചിന്തിച്ചിരുന്നുള്ളു. ഈ എപ്പിസ്ക്കോപ്പൽ ഹയരാർക്കി സ്വപ്നം അദ്ദേഹം പുലർത്തിയിരുന്നു എന്ന് *മതോപദേശസാര*ങ്ങളും ഭരണഘടനാ ഡ്രാഫ്റ്റും വെളിവാക്കുന്നു. മലങ്കരമെത്രാൻസ്ഥാനം മാർ ഒസ്താത്തി യോസിന് നൽകിയതോടെ വട്ടശ്ശേരിൽ മെത്രാച്ചന്റെ കോട്ടകൾക്കു വിള്ള ലേറ്റു. ഔഗേൻ റമ്പാച്ചനിൽ നിന്ന് മാർ ഒസ്താത്തിയോസിന്റെ സുസ്താ ത്തിക്കോനെപ്പറ്റി വിവരം ലഭിച്ചതു മുതൽ വട്ടശ്ശേരിൽ മെത്രാച്ചന്റെ മനസ്സും ബുദ്ധിയും അസ്വസ്ഥമായി. പുലിക്കോട്ടിൽ മെത്രാച്ചന്റെ സഹാ യിയും പിൻഗാമിയും എന്ന് വട്ടശ്ശേരിൽ മെത്രാച്ചന്റെ സുസ്താത്തിക്കോ നിൽ രേഖപ്പെടുത്തുവാനുള്ള മലങ്കരമെത്രാപ്പോലീത്തായുടെ അഭ്യർ ത്ഥന പാത്രിയർക്കീസ് നിരാകരിച്ചു. സഹായി എന്ന് മാത്രം രേഖപ്പെ ടുത്തി.[7]

അചിരേണ മാർ ഒസ്താത്തിയോസ്, മാർ ദീവന്നാസ്യോസ്, മാർ കൂറി ലോസ് എന്നീ മെത്രാന്മാർ മലങ്കരയിൽ തിരിച്ചെത്തി. കോട്ടയം പഴയസെമിനാരിയിൽ പ്രത്യേകം തയ്യാറാക്കിയിരുന്ന സ്വീകരണപന്തലിൽ വെച്ച് മാർ ജോസഫ് ദീവന്നാസ്യോസ് പുതിയ മൂന്ന് മെത്രാന്മാരെയും

സ്വീകരിക്കുകയും മൂന്നാളുകളുടെയും കഴുത്തിൽ ഓരോ കുരിശുമാല ധരിപ്പിക്കുകയും ചെയ്തു.[8] അന്നുതന്നെ ഉച്ച കഴിഞ്ഞു മലങ്കര മഹാ ജനസഭയുടെ ആഭിമുഖ്യത്തിൽ കോട്ടയം എം.ഡി. സെമിനാരിയിൽ വച്ച് പുതിയ മെത്രാന്മാർക്ക് സ്വീകരണം നൽകപ്പെട്ടു. മലങ്കരമെത്രാപ്പോലീത്തായും മുറിമറ്റത്തിൽ മാർ ഈവാനിയോസും അതിൽ പങ്കെടുത്തിരുന്നു.

താൻ മെത്രാൻസ്ഥാനമേൽക്കാൻ ശീമയിലേക്കയച്ച മെത്രാച്ചന്മാരോട് പാത്രിയർക്കീസ് ചെയ്ത അനീതി വലിയ മെത്രാച്ചനെ ദുഃഖിപ്പിച്ചു. മലങ്കരയിന്മേൽ മുഴുവൻ മാർ ഒസ്താത്തിയോസിന് അധികാരം നൽകി എന്നും തന്റെ പിൻഗാമി എന്ന നിലയിൽ മാർ ദീവന്നാസ്യോസിന് സുസ്താത്തിക്കോൻ നൽകിയില്ലെന്നും അറിഞ്ഞ മലങ്കരമെത്രാപ്പോലീത്താ പരിഭ്രാന്തനായി. പാത്രിയർക്കീസ് നിഷേധിച്ച സ്ഥാനം എത്രയും വേഗം മാർ ദീവന്നാസ്യോസിന് നൽകി അദ്ദേഹത്തെ മലങ്കരമെത്രാന്റെ ചുമതലകൾ ഏല്പിക്കുന്ന രേഖകൾ സൃഷ്ടിക്കുവാൻ അദ്ദേഹം ധൃതിപ്പെട്ടു. എപ്പോഴും ജനശക്തിയിൽ ദൈവഹിതം അനുഭവിച്ചിരുന്ന അദ്ദേഹം അതിനായി 1084 (1908) വൃശ്ചികം 11-നു അസോസ്യേഷൻ മാനേജിംഗ് കമ്മിറ്റിയുടെ ഒരു യോഗം വിളിച്ചുകൂട്ടി. ജൂലായ് 17-നു കോട്ടയത്തെത്തിയ മെത്രാന്മാരുടെ ജോലി വിഭജനം സംബന്ധിച്ച് തീരുമാനമെടുക്കുവാൻ നാലു മാസത്തോളം സമയമെടുത്തതെന്തിന്? സ്ലീബാ മാർ ഒസ്താത്തിയോസിനെ അനുനയിപ്പിച്ച് വഴിപ്പെടുത്തുവാൻ അദ്ദേഹം ഒട്ടേറെ ശ്രമങ്ങൾ നടത്തി. നേരിട്ടും മാർ ഈവാനിയോസ് മുഖേനയും കോനാട്ട് മല്പാൻ മുഖേനയും പലവട്ടം നടത്തിയ ശ്രമങ്ങൾക്കുവേണ്ടിയാണ് നാലു മാസം ഉപയോഗിച്ചത്. അബ്ദുള്ളാ ബാവാ നൽകിയ സുസ്താത്തിക്കോന്റെ ബലത്തിന്റെ അടിസ്ഥാനത്തിൽ, ഒരു കോളനി പിടിച്ചടക്കുന്ന വാശിയോടെ നിയമയുദ്ധം നടത്തുവാൻ മാർ ഒസ്താത്തിയോസ് നിശ്ചയിച്ചു എന്ന് ഒടുവിൽ ബോധ്യമായപ്പോൾ, ഒരു നിയമയുദ്ധത്തിൽ ജയിപ്പാൻ ആവശ്യമായ രേഖകൾ ഉണ്ടാകേണ്ടത് ആവശ്യമായിരുന്നു. 1084 വൃശ്ചികം 11-നു കൂടിയ അസോസ്യേഷൻ മാനേജിംഗ് കമ്മറ്റി യോഗത്തിൽ 75 വയസ്സു കഴിഞ്ഞ മെത്രാച്ചൻ അതിനാണ് ശ്രമിച്ചത്.

മലങ്കരമെത്രാപ്പോലീത്തായുടെ നോട്ടീസനുസരിച്ച് അസോസ്യേഷൻ മാനേജിംഗ് കമ്മിറ്റി 1084 (1908) വൃശ്ചികം 11-ന് (നവംബർ 26-ന്) കൂടി. മലങ്കരയിൽ നിന്ന് ആവശ്യപ്പെട്ടപ്രകാരം മാർ ഗീവറുഗ്ഗീസ് ദീവന്നാസ്യോസ്, മാർ പൗലൂസ് കൂറിലോസ് എന്നീ മെത്രാന്മാരെ വാഴിക്കുകയും സുസ്താത്തിക്കോൻ കൊടുക്കുകയും ചെയ്ത വിവരങ്ങളും മറ്റും കാണിച്ച് പാത്രിയർക്കീസ് അയച്ച സന്ദേശം വായിച്ച് റിക്കാർഡ് ചെയ്തു. അനന്തരം ഗീവറുഗ്ഗീസ് ദീവന്നാസ്യോസിനെ ജോസഫ് ദീവന്നാസ്യോ

സിന്റെ അസിസ്റ്റണ്ടായി വർത്തിക്കുന്നതിന് കമ്മറ്റി ഔപചാരികമായി നിയമിച്ചു (മുൻഗാമി ജീവിച്ചിരിക്കുമ്പോൾ പിൻഗാമിയെ തെരഞ്ഞെടുത്ത് വാഴിച്ച് ഔപചാരികമായ ചുമതലകൾ ഏല്പിക്കുന്ന അനുകരണീയവും മാതൃകാപരവുമായ സമ്പ്രദായം മലങ്കരയിൽ ആദ്യമായി നടപ്പിൽ വരുത്തിയത് സ്മര്യപുരുഷൻ ആണെന്ന് തോന്നുന്നു - ഗ്രന്ഥകർത്താവ്). മാർ ജോസഫ് ദീവന്നാസ്യോസ് പ്രായാധിക്യവും ക്ഷീണവും മൂലം സകല ചുമതലകളിൽ നിന്നും ഒഴിവാകാൻ ആഗ്രഹിക്കുന്നുവെന്ന് യോഗത്തെ അറിയിച്ചു. നാല്പത് വർഷത്തിലധികകാലം മലങ്കരയെ അനിതരസാധാരണമായ വൈഭവത്തോട ഭരിച്ച് സമുദായത്തിന് അനല്പമായ ഐശ്വര്യങ്ങൾ നേടിക്കൊടുത്തിട്ടുള്ള ആ മേല്പട്ടക്കാരൻ ചുമതലകൾ നിശേഷം ഒഴിഞ്ഞ് ഇരുന്നുകളയുന്നത് സങ്കടമാണെന്ന് യോഗം അറിയിച്ചു. അദ്ദേഹത്തിന്റെ നിർബന്ധം മൂലം വട്ടിപ്പണത്തിന്റെ പലിശ വാങ്ങുക, സ്കൂളുകൾ നടത്തുക മുതലായ ലൗകികങ്ങളായ ചുമതലകൾ സൗകര്യംപോലെ മാർ ഗീവറുഗീസ് ദീവന്നാസ്യോസിനെ ഭരമേല്പ്പിക്കുന്നതിന് യോഗം സമ്മതിക്കുകയും ആ വിധം ചെയ്യണമെന്ന് അപേക്ഷിക്കുകയും ചെയ്തു. അങ്ങനെ മണവാളത്വം കഴിഞ്ഞു മാർ ഗീവറുഗീസ് ദീവന്നാസ്യോസ് പണിയിൽ പ്രവേശിച്ചു. പുതിയ മെത്രാൻ ഒരു നിയമയുദ്ധത്തിന്റെ പണിയിൽ പ്രവേശിപ്പിക്കപ്പെട്ട ആളാണെന്നും പണിയിൽ പ്രവേശിപ്പിച്ചത് മുൻഗാമിയും ജനപ്രതിനിധിസഭയും കൂടിയാണെന്നത് ബലം നല്കുമെന്നും സ്മര്യപുരുഷനറിയാമായിരുന്നു.

ഈ സംഭവ വികാസങ്ങളെപ്പറ്റി ഇസഡ്. എം. പാറേട്ട് നടത്തിയ ചില നിരീക്ഷണങ്ങളും ഗവേഷണവും നിഗമനങ്ങളും വളരെ പ്രസക്തമാണെന്ന് തോന്നുന്നതിനാൽ അതു പൂർണ്ണമായും ഉദ്ധരിക്കുന്നു: “മാർ ദീവന്നാസ്യോസ്, വട്ടിപ്പണപലിശ വാങ്ങുക മുതലായി ലൗകികാധികാരം സംബന്ധിച്ച കാര്യങ്ങളിൽ തനിക്കു പകരം ഉടൻതന്നെ പ്രവർത്തിച്ചു തുടങ്ങുകയാണ് നന്നെന്ന് മാനേജിംഗ് കമ്മിറ്റിയെ ധരിപ്പിച്ചാൽ അവർ അത് സമ്മതിക്കും എന്ന് ജോസഫ് ദീവന്നാസ്യോസിന് നിശ്ചയം ഉണ്ടായിരുന്നു. നഷ്ടപ്പെടുത്താൻ സമയമില്ല എന്ന ഒരു തോന്നൽ - വെളിപാട് എന്ന് തന്നെ പറയാം - ഉണ്ടായതുകൊണ്ടാണ് അസിസ്റ്റണ്ടും പിൻഗാമിയുമായി മാർ ഗീവറുഗീസ് ദീവന്നാസ്യോസിനെ പട്ടംകെട്ടിച്ചു വരുത്താൻ അദ്ദേഹം ബദ്ധപ്പെട്ടത്. ഗീവറുഗീസ് ദീവന്നാസ്യോസുമായി മാർ അബ്ദുള്ളാ യരുശലേമിൽ വച്ച് നടത്തിയ വാഗ്വാദങ്ങളും വില പേശലും സംബന്ധിച്ച് ലഭിച്ച വിവരങ്ങൾ വൃദ്ധനായ ദീവന്നാസ്യോസിനെ വല്ലാതെ മർദ്ദിച്ചു. പത്രോസ് തൃതീയന്റെ കൂടെ വന്ന കാലത്ത് റീശീസാ പിരിക്കുന്നതിന് നിയോഗിക്കപ്പെട്ട ഗ്രീഗോറിയോസ് (അബ്ദുള്ളാ) പണത്തിന് വേണ്ടി കാട്ടിക്കൂട്ടിയ വേണ്ടാതീനങ്ങൾ എല്ലാം ജോസഫ് ദീവന്നാസ്യോസിന്റെ ഓർമ്മയിൽ വന്നു. റീശീസാ

പിരിക്കാനാണ് പാത്രിയർക്കീസ് നിയോഗിച്ചതെങ്കിലും കിട്ടിയതിൽ അധികവും മെത്രാനായ തനിക്കു കിട്ടിയ കൈമുത്ത് ആയി ഗ്രീഗോറിയോസ് എടുത്തത് അന്നു കുപ്രസിദ്ധവുമായിരുന്നു. മാക്കാംകുന്നിൽ വെച്ച് പള്ളിക്കാർ കൊടുത്ത മുപ്പത് രൂപാ കുറഞ്ഞുപോയി എന്ന് പറഞ്ഞ് വലിച്ചെറിഞ്ഞു കൈമുത്താൻ ജനങ്ങളെ അനുവദിക്കാതെ ഇറങ്ങിയതും കൂടെ ഉണ്ടായിരുന്ന ചാലപ്പുറത്തു റമ്പാൻ ആ സംഖ്യ പെറുക്കിയെടുത്തത് ചന്ദനപ്പള്ളിയിൽ ചെന്നപ്പോൾ റമ്പാനോട് ഗ്രീഗോറിയോസ് വാങ്ങിയതും 'റീശീസാ കിട്ടുന്നത് കൈമുത്തായി തട്ടുന്നതൊന്നും മോറാനോട് (പത്രോസ് തൃതീയൻ) പറയരുതേ... എനിക്ക് അഗതിയായ ഒരു അമ്മയും ചേട്ടന്റെ മകനും ഉണ്ട്, ചതിക്കരുതേ' എന്ന് കെഞ്ചി കാര്യം കണ്ടതും ജോസഫ് ദീവന്നാസ്യോസിന്റെ ഓർമ്മയിൽ വന്നു. പത്രോസ് തൃതീയൻ നിരണത്തേക്കു കൊടുത്തയച്ച മൂറോൻ, തനിക്കു കിട്ടിയ കൈമുത്ത് കുറഞ്ഞുപോയതിനാൽ മടക്കിക്കൊണ്ടുപോകാൻ തുടങ്ങിയതും കൂടുതൽ സംഖ്യ കൈമുത്ത് വാങ്ങി മൂറോൻ കൊടുത്തതും അതുപോലെ മൂറോൻ വിറ്റു കാശു വാങ്ങിയ മറ്റു പല സംഭവങ്ങളും അദ്ദേഹം ഓർത്തു. അദ്ദേഹം അന്ത്യോഖ്യാ പാത്രിയർക്കീസായി വന്നാൽ എങ്ങനെ, എന്തുകൊണ്ട് തൃപ്തിപ്പെടുത്താം എന്നാലോചിച്ചിട്ട് ഉത്തരം കാണാതെ മനം നീറി. ജോസഫ് ദീവന്നാസ്യോസിന് അതിൽ കൂടുതൽ നീറ്റലുണ്ടായി, മലങ്കരയിൽ ഒരറ്റം മുതൽ മറ്റേ അറ്റം വരെ എല്ലാവരെയും പ്രത്യേകിച്ച് വീട്ടമ്മമാരെയും ആരാധിക്കുന്നുവെന്ന് നടിച്ചും ദീനസ്വരത്തിൽ വളരെ ബഹുമാനത്തോടെ സംസാരിച്ചും നടന്ന സ്ലീബാ ശെമ്മാശു മലങ്കരയിൽ മെത്രാപ്പോലീത്തായും അതിന് പുറമേ ഏഴ് ഇടവകകളുടെയും മെത്രാപ്പോലീത്തായും ആയി സുസ്താത്തിക്കോൻ വാങ്ങിക്കൊണ്ടാണ് വന്നത് എന്നറിഞ്ഞപ്പോൾ."[9]

സമുദായത്തിന്റെ അംഗീകാരവും തെരഞ്ഞെടുപ്പും നിയമനവും വട്ടശ്ശേരിൽ മെത്രാച്ചനുണ്ട് എന്ന് മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനം മൂലം രേഖയുണ്ടായി. ആ തീരുമാനം ഉടനടി പ്രയോഗത്തിൽ വരുത്തുവാൻ ദീർഘദർശിയായ വല്യമെത്രാച്ചൻ തീരുമാനിച്ചു. പാറേട്ട് തുടരുന്നു: "ഏതായാലും എത്രയുംവേഗത്തിൽ ഭരണഭാരം ഒഴിയണമെന്ന് തീർച്ചപ്പെടുത്തി മാർ ഗീവറുഗീസ് ദീവന്നാസ്യോസിനെ തന്റെ പിൻഗാമിയായി അംഗീകരിക്കുകയും വട്ടിപ്പണത്തിന്റെ പലിശ അദ്ദേഹത്തിന്റെ രസീതിൻപടി കൊടുക്കുകയും ചെയ്യണമെന്ന് ബ്രിട്ടീഷ് റസിഡണ്ടിന് കോട്ടയം ചെറിയപള്ളിയിൽ നിന്ന് 1909 മെയ് മാസം 28-ാം തീയതി ജോസഫ് ദീവന്നാസ്യോസ് എഴുതുകയും ചെയ്തു. ആ കത്തിന്റെ ഉള്ളടക്കസാരം: മലങ്കര ഇടവകയിലെ സുറിയാനി പള്ളികളുടെ പ്രതിപുരുഷന്മാർ 1908 ഫെബ്രുവരി മാസം 27-ാം തീയതി കൂടി. വ. ദി. ശ്രീ. ഫാ. വി. ജെ. ഗീവറുഗീസിനെ എന്റെ അസിസ്റ്റണ്ടും പിൻഗാമിയും ആയി തെരഞ്ഞെടുക്കു

കയും അതനുസരിച്ച് അന്ത്യോഖ്യാ പാത്രിയർക്കീസ് അദ്ദേഹത്തെ മാർ ദീവന്നാസ്യോസ് (ജൂനിയർ) എന്ന സ്ഥാനനാമത്തിൽ അഭിഷേകം ചെയ്കയും ഉണ്ടായി. അദ്ദേഹം കഴിഞ്ഞ ജൂലായ് മാസത്തിൽ മടങ്ങി എത്തി. മലങ്കരമെത്രാപ്പോലീത്തായുടെ അസിസ്റ്റണ്ടായി ചാർജ്ജെടുത്തു. കോട്ടയം പഴയസെമിനാരിയുടെയും റസിഡണ്ടിന്റെ ഖജനാവിൽ വട്ടിക്കിട്ടിട്ടുള്ള മൂവായിരം പൂവരാഹൻ ഉൾപ്പെട്ട സെമിനാരിയുടെ നിധികളുടെയും വസ്തുക്കളുടെയും ഭരണം അദ്ദേഹത്തെ ഏല്പിക്കാൻ വാർദ്ധക്യസഹജമായ ബലഹീനത നിമിത്തം ഞാൻ ഇപ്പോൾ നിർബന്ധിതനായിരിക്കുന്നു. അതിനാൽ മാർ ദീവന്നാസ്യോസിനെ (ജൂനിയർ) എന്റെ പിൻഗാമിയായി അംഗീകരിക്കുകയും മൂവായിരം പൂവരാഹന്റെ പ്രതിവർഷപലിശ 1840-ലെ തീർപ്പനുസരിച്ചുള്ള മെത്രാപ്പോലീത്താ ട്രസ്റ്റി എന്ന നിലയിൽ മാർ ദീവന്നാസ്യോസ് ജൂണിയറിന് കൊടുക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.[11]

മലങ്കര അസോസ്യേഷന്റെ തെരഞ്ഞെടുപ്പും പാത്രിയർക്കീസിന്റെ കൈവെപ്പും, മുൻഗാമിയുടെ ആശീർവാദവും അംഗീകാരവും ആർക്കാണെന്ന് വ്യക്തമാക്കുന്ന ഈ രേഖ വട്ടിപ്പണക്കേസിൽ സി. ഒ. അക്കമായി ഹാജരാക്കിയിരുന്നു.

മാർ ദീവന്നാസ്യോസിനെ അധികാരമേല്പ്പിക്കുന്നതിന്റെ ഭാഗമായിട്ടാവണം കോട്ടയം പഴയസെമിനാരിയിൽ താമസിച്ചിരുന്ന മലങ്കരമെത്രാപ്പോലീത്താ തന്റെ ഔദ്യോഗിക ആസ്ഥാനം പിൻഗാമിയുടെ കൈവശത്തിലേല്പിച്ച് കോട്ടയം ചെറിയപള്ളിയിലേക്കു താമസം മാറ്റി ക്രമീകരിച്ചത് എന്ന് അഭ്യൂഹിക്കേണ്ടിയിരിക്കുന്നു. ഒരു വലിയ വ്യവഹാരച്ചുഴിയിൽ നിന്ന് പിൻഗാമിയെ രക്ഷിക്കുവാനായി മുൻഗാമി പഴുതടച്ച് പ്രവർത്തിക്കുന്ന പശ്ചാത്തല ക്രമീകരണമായി ഈ ബദ്ധപ്പാടുകളെ വിശേഷിപ്പിക്കാവുന്നതാണ്.

പുതിയ മെത്രാപ്പോലീത്തൻ ട്രസ്റ്റിയെ മറ്റു ട്രസ്റ്റികളുമായി ഇണക്കുവാൻ മാർ ജോസഫ് ദീവന്നാസ്യോസിന്റെ മെയ് 28-ലെ കത്തു കിട്ടിയ ശേഷം റസിഡണ്ട് കൂട്ടു ട്രസ്റ്റികളായ കോനാട്ട് മാത്തൻ മല്പാനെയും സി. ജെ. കുരിയനെയും വിവരം ധരിപ്പിച്ചു. 1909 ജൂൺ 19-ലെ ആ കത്തിന്റെ സാരാംശം. മലങ്കരഇടവക പൊതുയോഗം വ. ദി. ശ്രീ. ഫാ. വി. ജെ. ഗീവറുഗീസിനെ തന്റെ പിൻഗാമിയായി തെരഞ്ഞെടുത്തിരിക്കുന്നുവെന്നും വട്ടിപ്പണത്തിന്റെ പലിശ അദ്ദേഹത്തിന് കൊടുക്കണമെന്നും മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ 1909 മെയ് 28-ലെ കത്തു മൂലം ആവശ്യപ്പെട്ടിരിക്കുന്നു. ഈ ട്രസ്റ്റിനെ സംബന്ധിച്ചിടത്തോളം മാർ ദീവന്നാസ്യോസിന്റെ പിൻഗാമിയായി വ. ദി. ശ്രീ. ഫാ. വി. ജെ. ഗീവറുഗീസിനെ അംഗീകരിക്കുവാൻ ഞാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു. വ. ദി. ശ്രീ. ഫാ.

വി. ജെ. ഗീവറുഗീസിന്റെ ഒരു മാതൃകാ ഒപ്പ് വാങ്ങി അയച്ചുതരുന്നത് ഉപകാരമായിരിക്കും.[12]

റസിഡണ്ടിന്റെ കത്തിന് ഒരു മാസത്തിന് ശേഷം കൂട്ടുട്രസ്റ്റികൾ “ജൂലായ് 19–ാം തീയതിയിലെ 1017–ാം നമ്പർ കത്തിൽ ആവശ്യപ്പെട്ടിരിക്കുന്നതനുസരിച്ച് മലങ്കരയുടെ മാർ ദീവന്നാസ്യോസ് (സീനിയർ) മെത്രാപ്പോലീത്തായുടെ പിൻഗാമിയും സമുദായം വക വട്ടിപ്പണത്തിന്റെ ട്രസ്റ്റിയുമായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന മാർ ദീവന്നാസ്യോസ് ദ്വിതീയൻ മെത്രാപ്പോലീത്താ (മുൻ ഫാ. വി. ജെ ഗീവറുഗീസ്) യുടെ ഒപ്പിന്റെ മാതൃക ഇതൊന്നിച്ച് അടക്കം ചെയ്തിരിക്കുന്നു.”[13]

ഇപ്രകാരം മാലോകരും ഭരണാധികാരികളും അറികെ പിൻഗാമിയെ ഭരണത്തിലിരുത്തിയ മുൻഗാമിയുടെ ഉൾക്കാഴ്ച പ്രവാചകസഹജമെന്നേ പറയാവൂ. ഇക്കാര്യങ്ങൾ ക്രമപ്പെടുത്തിക്കഴിഞ്ഞതിന് ശേഷം നാല്പത്തിനാലു ദിവസം മാത്രമേ മുൻഗാമി ജീവിച്ചിരുന്നുള്ളു എന്നത് അദ്ദേഹത്തിലെ അമാനുഷിക ശക്തിയെയല്ലേ വിളിച്ചറിയിക്കുന്നത്. അതെ, അദ്ദേഹം തന്റെ അന്ത്യത്തെ അഭിമുഖീകരിക്കുവാൻ ഒരുങ്ങുകയായിരുന്നു. പിൻഗാമിയുടെ നിയമനം ചോദ്യം ചെയ്യപ്പെടാനാവാത്തവിധം ഭദ്രമാക്കുവാൻ അദ്ദേഹം സഫലമായി യത്നിച്ചു. ഒരു പുരുഷായുസ്സ് മുഴുവൻ തന്നെ കോടതിയിൽ തളച്ചിട്ട അനുഭവത്തിൽ നിന്ന് പിൻഗാമിയെ രക്ഷിക്കുവാൻ അദ്ദേഹം സാദ്ധ്യമായ എല്ലാ മുൻകരുതലുകളും സ്വീകരിച്ചു.

പാറേട്ട് കാര്യങ്ങളെ നിരീക്ഷിക്കുന്നു: “ഓരോ ജീവിക്കും പ്രകൃതി നിശ്ചയിച്ചിട്ടുള്ള ചുമതലകൾ നിർവഹിച്ചു കഴിഞ്ഞാൽ ജീവിതം അവസാനിക്കുക എന്നത് ജന്തുവർഗ്ഗത്തിൽ പലതിനെ സംബന്ധിച്ച് ഒഴികഴിവൊന്നുമില്ലാത്ത നിയമമായി ഇന്നും നിലവിലുണ്ട്. മനുഷ്യന്റെ കാര്യത്തിലും ഈ നിയമം പലപ്പോഴും പാലിക്കപ്പെടുന്നുണ്ടെന്ന് ആലോചിച്ചുനോക്കിയാൽ കാണാൻ സാധിക്കും. മാർ ജോസഫ് ദീവന്നാസ്യോസ് മലങ്കരനസ്രാണി സമുദായം ഒരു വല്ലാത്ത സന്ധിയെ അഭിമുഖീകരിച്ച സമയത്ത് രംഗപ്രവേശം ചെയ്തു. രാജ്യതന്ത്രജ്ഞോചിതമാംവിധം അദ്ദേഹം കാര്യങ്ങൾ ക്രമീകരിച്ചു. വളരെ അധികം ക്ലേശങ്ങൾ സഹിച്ചാണ് അത് സാധിച്ചത്. കുറെ പരാതികൾക്കും ഇടം നൽകി. ഏതായാലും നടുക്കടലിൽ ആപത്തിൽ അകപ്പെടുന്ന തരത്തിൽ കിടന്ന് കുഴങ്ങിയ സമുദായനൗകയെ കരയിൽ അടുപ്പിച്ചു. അതിനെ നിയന്ത്രിക്കാൻ പറ്റിയ ഒരു ചുക്കാനിയെ കണ്ടുപിടിച്ച് നിയന്ത്രണം ഏല്പിച്ചുകൊടുത്തു. അങ്ങനെ ചുമതലകളെല്ലാം ഏല്പിച്ചു കഴിഞ്ഞപ്പോൾ ആരോഗ്യം വഷളായി.”[14]

ജീവിതകാലത്ത് സാധിക്കാതിരുന്ന ഒരാഗ്രഹം അപ്പോഴും ബാക്കി കിടപ്പുണ്ടായിരുന്നു. സെമിനാരിക്കേസു മൂലം മലങ്കരസഭയിൽ നിന്ന് അടർന്നുപോയ നവീകരണവിഭാഗത്തെ – മാർത്തോമാസഭയെ – മാതൃ സഭയിലേക്കു പുനരാനയിക്കുക എന്നതായിരുന്നു ആ ചിരകാലാഭിലാഷം. സെമിനാരിക്കേസു മൂലമുണ്ടായ മുറിവുകൾ ഉണങ്ങുമ്പോഴേ അതു സാധ്യമാവൂ എന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. 1909 ഇടവം 28-ന് (ജൂൺ) അദ്ദേഹം അയച്ച അന്ത്യകല്പനയിൽ ഇപ്രകാരം അദ്ദേഹം പ്രബോധിപ്പിച്ചു: "…. പിന്നെയും വാത്സല്യമുള്ളവരേ, വിശുദ്ധസഭയുടെ അഭിവൃദ്ധിയെ ഉദ്ദേശിച്ച് നാം ആഗ്രഹിച്ചിരുന്ന ആഗ്രഹങ്ങളിൽ പലതും സാധിക്കാതെ കിടപ്പുണ്ട്. അവയിൽ സർവപ്രധാനമായി നാം കരുതിയിരിക്കുന്നത് നമ്മുടെ തൊഴുത്തിൽ നിന്ന് വിട്ടുപോയ ആടുകളെ തൊഴുത്തിലേക്കു വീണ്ടും പ്രവേശിപ്പിക്കണമെന്നുള്ളതായിരുന്നു. ഇതിനായി നാം പല സന്ദർഭങ്ങളിലും ശ്രമം ചെയ്തു എങ്കിലും അതിലേക്കു ദൈവം നിശ്ചയിച്ചിട്ടുള്ള സമയവും നാഴികയും വരാത്തതിനാലോ നമ്മുടെ ബലഹീനതയുടെ പാപം നിമിത്തം ഈ ദിവ്യവേലയെ പൂർത്തിയാക്കാൻ നാം അയോഗ്യനാണെന്ന് അവിടേക്കു തോന്നിയിട്ടോ ഈ ആഗ്രഹം സാധിച്ചു കാൺമാൻ നമ്മുടെ ജഡകണ്ണുകളാൽ കഴിയാതെ പോയതു നമ്മുടെ ആയുസ്സിൽ ഏറ്റവും വലിയ നിർഭാഗ്യമായി നാം ഗണിക്കുന്നു. എങ്കിലും ഇതിൽ നമുക്ക് ഇച്ഛാഭംഗമോ നിരാശയോ ഇല്ലെന്ന് നിങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്. കർത്താവിന്റെ ഭവനത്തെ പണിയിപ്പാൻ ദാവീദ് വളരെ ആഗ്രഹിക്കുകയും അതിനായി വേണ്ട സാമാനങ്ങളെ ശേഖരിക്കുകയും ചെയ്തു. എങ്കിലും ആ പ്രവൃത്തി നടത്താൻ അവന്റെ പുത്രനായ ശ്ലേമ്മോനെയാണല്ലോ താൻ തെരഞ്ഞെടുത്തത്. അപ്രകാരം ദേവാലയമാകുന്ന നമ്മുടെ സഭയുടെ കെടുമതികളെ പണിയിക്കുന്നതിന് ദൈവം തന്റെ ദൂതനായി തെരഞ്ഞെടുത്തിരിക്കുന്നത് നമ്മുടെ പിൻഗാമിയെ ആയിരിക്കാമെന്ന് നാം ആശ്വസിക്കുന്നു. ദാവീദ് തന്റെ പുത്രനെ വിളിച്ച്, എന്റെ പുത്രാ കർത്താവ് നിന്നോടുകൂടെ ഇരിക്കുമാറാകട്ടെ. നീ വർദ്ധിച്ച് നിന്റെ ദൈവമായ കർത്താവിന്റെ ഭവനത്തെ പണിയിക്ക. നീ നിന്റെ ദൈവമായ കർത്താവിന്റെ ന്യായപ്രമാണത്തെ ആചരിക്കേണ്ടുന്നതിന് കർത്താവ് നിനക്കു ജ്ഞാനത്തെയും അറിവിനെയും തന്ന് ഇസ്രായേലിനെക്കുറിച്ച് നിനക്ക് കല്പന നൽകുമാറാകട്ടെ എന്നീ വചനങ്ങളാൽ ശ്ലേമ്മോനെയും അവനെ സഹായിക്കണമെന്ന് പറഞ്ഞ് ഇസ്രായേലിലെ പ്രഭുക്കന്മാരെയും ധൈര്യപ്പെടുത്തിയതുപോലെ നമ്മുടെ സഭാഭവനത്തിന്റെ ഈ കേടുകളെ പണിയിച്ച് അതിൽ സമാധാനവും ഐക്യവും വർദ്ധിപ്പിക്കുവാനുള്ള ചുമതല നമ്മുടെ പിൻഗാമിയേയും ആ ദിവ്യ വേലയിൽ സഹായിപ്പാൻ നിങ്ങളിൽ ഓരോരുത്തനേയും നാം പ്രത്യേകം ഭരമേൽപ്പിക്കുന്നു."[15]

മരണത്തോടടുക്കുമ്പോൾ സഭയുടെ ഭാവിയെക്കുറിച്ച് ആശങ്ക ഉദിപ്പി

ക്കുന്ന ഒരു വെല്ലുവിളി ഉയരുന്നത് അദ്ദേഹത്തിന് കേൾക്കാമായിരുന്നു. ആ വെല്ലുവിളി മുഴക്കിയ മല്ലൻ സ്ലീബാ മാർ ഒസ്താത്തിയോസ് ആയിരുന്നു. താൻ കോട്ട കെട്ടി ഭദ്രമാക്കിയ ക്രമീകരണങ്ങളെ തകർക്കുമെന്ന് ഈ അഭിനവ ഗോല്യാത്ത് ഇടമുറിയാതെ ഭീഷണി മുഴക്കിയിരുന്നു. അദ്ദേഹം പറയുമായിരുന്നു. ജോസഫ് ദീവന്നാസ്യോസിന്റെ കാലം ഒന്ന് കഴിയട്ടെ. ഭരണം നടത്തുന്നത് എങ്ങനെ എന്ന് കാണിച്ചുതരാം.[16] വലിയ മെത്രാച്ചൻ ജീവിച്ചിരിക്കുമ്പോൾ ഭിന്നതയുടെ യാതൊരു വിത്തും മലങ്കരയുടെ മണ്ണിൽ വളരുവാൻ സാധ്യമല്ലെന്ന് ഒസ്താത്തിയോസ് മെത്രാച്ചന് അനുഭവത്തിലൂടെ അറിയാമായിരുന്നു. അങ്ങനെയിരിക്കേയാണ് മാർ അബ്ദുള്ളാ പാത്രിയർക്കീസ് മലങ്കരയിലേക്കു വരുന്ന വിവരം വലിയ മെത്രാച്ചൻ അറിയുന്നത്. ആ അറിവ് അദ്ദേഹത്തെ ചിന്താധീനനാക്കി. വാതരോഗബാധിതനായി കോട്ടയം ചെറിയപള്ളിയിൽ വിശ്രമിച്ചിരുന്ന വലിയ മെത്രാച്ചന്റെ രോഗം വർദ്ധിക്കുവാൻ ഈ വാർത്ത കാരണമായി. ഒടുവിൽ തന്റെ ശക്തിയുടെ രഹസ്യം പിൻഗാമിക്കുപദേശിക്കുവാൻ സ്മര്യപുരുഷൻ തയ്യാറായി. മെത്രാച്ചന്മാരെയും കൂട്ടുട്രസ്റ്റിമാരെയും അദ്ദേഹം കോട്ടയം ചെറിയപള്ളിയിലേക്കു ക്ഷണിച്ചു വരുത്തി. മെത്രാന്മാർ തമ്മിലുള്ള സാഹോദര്യവും കൂട്ടുട്രസ്റ്റികൾ തമ്മിലുള്ള ഐക്യവുമാണ് തന്റെ ജീവിത വിജയമെന്ന രഹസ്യം വലിയ മെത്രാച്ചൻ അവർക്കു വെളിപ്പെടുത്തി. അബ്ദുള്ളാ ബാവായുടെ വരവ് ഭിന്നതയുടെ പല രംഗങ്ങളും സൃഷ്ടിക്കുമെന്നും അപ്പോഴെല്ലാം എന്തു ത്യാഗം ചെയ്തും ഐക്യം കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസംരക്ഷിക്കണമെന്ന് വലിയമെത്രാച്ചൻ കൊച്ചുമെത്രാച്ചന്മാരെയും കൂട്ടുട്രസ്റ്റികളെയും അന്തിമമായി പ്രബോധിപ്പിച്ചു. വട്ടശ്ശേരിൽ മെത്രാച്ചനും കൊച്ചുപറമ്പിൽ മെത്രാച്ചനും വലിയമെത്രാച്ചനെ ആലിംഗനം ചെയ്തുകൊണ്ടും കോനാട്ട് മാത്തൻ മല്പാനും സി. ജെ. കുരിയനും വലിയമെത്രാച്ചന്റെ കൈമുത്തിയും ആ പ്രബോധനം അനുസരിച്ചുകൊള്ളാമെന്ന് വലിയ മെത്രാച്ചന് ഉറപ്പു നൽകി.

സംഭവബഹുലമായ ഒരു നീണ്ട പകലിന് ശേഷം ആ സൂര്യൻ എരിഞ്ഞടങ്ങി. 1084 (1909) മിഥുനം 28-ാം തീയതി ആ കർമ്മയോഗി നിശ്ചലനായി. എഴുപത്തിആറാമത്തെ വയസ്സിൽ അദ്ദേഹം നിര്യാതനായതോടെ മലങ്കരസഭാചരിത്രത്തിലെ തിളക്കമുള്ള ഒരു സുവർണ്ണയുഗം അവസാനിക്കുന്നു. മിഥുനം 29-ാം തീയതി തന്റെ പൂർവ്വീകൻ കബറടങ്ങിയ പഴയ സെമിനാരി ചാപ്പലിന്റെ വടക്കുഭാഗത്ത് അദ്ദേഹം കബറടങ്ങി. 1974-ൽ വട്ടശ്ശേരിൽ ഗീവറുഗ്ഗീസ് മാർ ദീവന്നാസ്യോസ്, ഗീവറുഗ്ഗീസ് മാർ ബസ്സേലിയോസ്, ഔഗേൻ മാർ ബസ്സേലിയോസ്, മാർത്തോമ്മാ മാത്യൂസ് പ്രഥമൻ എന്നീ മലങ്കര മെത്രാന്മാരുടെ സൂക്ഷ്മമായ ജീവചരിത്രം വിശകലനം ചെയ്തതിന് ശേഷം ശ്രീ. പാറേട്ട് എഴുതിയ അവലോകനവും

സാക്ഷ്യപത്രവും രേഖപ്പെടുത്തിക്കൊണ്ട് ഈ ജീവചരിത്രം ഉപസംഹരിക്കുകയാണ്:

"മലങ്കര നസ്രാണികളെ സംബന്ധിച്ചിടത്തോളം, അത്യന്തം വിപൽകരമായ ഒരു ഘട്ടത്തിലാണ് മാർ ജോസഫ് ദീവന്നാസ്യോസ് എന്ന നക്ഷത്രം ഉദിച്ചത്. ... മലങ്കര നസ്രാണികളെ ഒരു കാലഘട്ടത്തിൽ നയിക്കുന്നതിനു ഈശ്വരനിയോഗം അനുസരിച്ച് നേതൃസ്ഥാനത്തു വന്ന അദ്ദേഹം, സ്വധർമ്മം കഴിവനുസരിച്ച് ആത്മാർത്ഥതയോടും വൈദഗ്ദ്ധ്യത്തോടും വിജയകരമായും നിർവഹിച്ചു എന്നുള്ളതിൽ സംശയമില്ല. ... പണ്ഡിതന്മാരെന്നു വയ്ക്കാവുന്നവരും, സി.എം.എസ്. കാരുമായുള്ള സമ്പർക്കംമൂലം അധിരാജപ്രതിനിധികളുടെ സഹായം തേടുന്നതിനു സൗകര്യം ഉള്ളവരും ആയ സ്വജനങ്ങളോടു തുറന്നു പടവെട്ടേണ്ട ദുർയോഗമാണ് ജോസഫ് ദീവന്നാസ്യോസിനുണ്ടായത്. ... ആശയ്ക്കു ഇടനൽകുന്ന ഇന്നത്തെ നിലയ്ക്കു അസ്ഥിവാരം ഉറപ്പിച്ചതും മാർ ജോസഫ് ദീവന്നാസ്യോസ് ആയിരുന്നു എന്നു സ്മരിക്കേണ്ടതാണ്. ... ആറുപേരെ മെത്രാൻസ്ഥാനത്തേക്ക് ഉയർത്താൻ (പാത്രിയർക്കീസ്) നിശ്ചയിച്ച് അവരെ രജിസ്തർ ഉടമ്പടിച്ചങ്ങലകൾകൊണ്ട് പൂട്ടി ആത്മീകലൗകികാധികാരങ്ങൾ അഷ്ടബന്ധമിട്ട് ഉറപ്പിച്ചു. ആ ആറു പേർക്കുമായി മലങ്കര ഭാഗം ചെയ്തു കൊടുക്കുകയും ചെയ്തു. ... അതുകൊണ്ടും ക്ഷോഭിച്ചില്ല അദ്ദേഹം. "ഈ കോലാഹലകലാപങ്ങൾ എല്ലാം കഴിഞ്ഞ് പിതാവ് അങ്ങ് പോകും" എന്ന് അറിയാമായിരുന്നതുകൊണ്ടാവാം വാൽസല്യപുത്രൻ അക്ഷോഭ്യനായി, ഉത്തമശിഷ്യനായി "പിതാവിനെ" അനുഗമിക്കുകയും അനുസരിക്കാവുന്ന ഘട്ടങ്ങളിൽ അനുസരിക്കുകയും ചെയ്തത്. അനുസരിക്കാൻ നിവൃത്തിയില്ലാത്ത ഗഡുക്കളിൽ "ഇല്ല, സാധ്യമല്ല'' എന്നു പറഞ്ഞു ''കുരുത്തംകെട്ടവൻ'' എന്ന പേരു വാങ്ങാതെ ഒഴിഞ്ഞുമാറുകയും നിവർത്തനനയം അനുഷ്ഠിക്കുകയും ചെയ്തു. ആറു മെത്രാന്മാരെ വാഴിച്ചതിൽ ഒന്നിലും ഒരിക്കലും അദ്ദേഹം സംബന്ധിച്ചില്ല. ഒരു മെത്രാന്റെയെങ്കിലും സ്താത്തിക്കോനിൽ ഒപ്പിടുകയൊ, ആശീർവാദവചനങ്ങൾ രേഖപ്പെടുത്തുകയൊ ചെയ്തില്ല എന്ന് സെമിനാരിക്കേസിൽ 1058 വൃശ്ചികം 21-ാം തീയതി അദ്ദേഹം കൊടുത്ത മൊഴിയിൽ കാണാം (സെമിനാരി കേസ് ബുക്ക്, വാല്യം 2, പേജ് 14). ... നവീകരണക്കാരുമായുള്ള സമരത്തിനു വേണ്ട ഒത്താശകൾ ചെയ്തതിനു പ്രതിഫലമായി മലങ്കരയെ അടിമയായി ലഭിച്ചു എന്ന് പാത്രിയർക്കീസ് വിശ്വസിച്ചിരിക്കണം. ... എന്തായാലും ഒരു കോപ്പ പായസത്തിനുവേണ്ടി ജന്മാവകാശം തീറുകൊടുക്കാൻ അദ്ദേഹം തയ്യാറല്ലായിരുന്നു. ... പത്രോസ് തൃതീയനും മാർ ദീവന്നാസ്യോസും തമ്മിൽ പൊരുതി, നന്നായി പൊരുതി എന്നതിൽ സംശയിക്കാനില്ല. രക്തരഹിതവും ശബ്ദരഹിതവും ആയിരുന്നു ആ സമരം. രണ്ടു ചാണക്യന്മാർ തമ്മിൽ നടന്ന


തായതുകൊണ്ട് അങ്ങിനെ അല്ലാതെ വരാൻ തരമില്ല. ... ഒരാൾ ഇട ത്തോട്ടു തിരിഞ്ഞു തിരിഞ്ഞു അപരനെ ചുറ്റാനോ ചുറ്റിക്കാനോ മുതിർന്നെങ്കിൽ, അപരൻ വലത്തോട്ടു കറങ്ങിക്കറങ്ങി ചുറ്റഴിച്ചുകൊണ്ടേ ഇരുന്നു എന്നു പറയാം. ... ആ ശബ്ദരഹിത – രക്തരഹിതസമരം – 1164 കുഭം 4–ാം തീയതിയിലെ റോയൽ കോടതി വിധിയോടുകൂടെ അവസാ നിച്ചു എന്ന് തോന്നാം. ... സമുദായാംഗങ്ങളെ സംഘടിപ്പിച്ചു മുമ്പോട്ടു പോയാൽ വിജയിക്കാം എന്നു മാർ ദീവന്നാസ്യോസിനു നിശ്ചയമുണ്ടാ യിരുന്നു. ... "വിഭജിച്ചു ഭരിക്കുക" എന്ന തത്വം അനുസരിച്ച് വിഭജിച്ച തിനെ ഭരിക്കാൻ സൃഷ്ടിക്കപ്പെട്ട മെത്രാന്മാരെ ഉടൻതന്നെ കൂട്ടത്തിൽ കൂട്ടണം. മലങ്കരയുടെ ബലം കുറയ്ക്കാൻ സ്വീകരിച്ച തന്ത്രം ബലം വർദ്ധിപ്പിക്കാൻ ഉപയോഗിക്കണം എന്ന് നീതികുശലനും നയതന്ത്ര ജ്ഞനും ആയ ആ മഹാപണ്ഡിതൻ തീർച്ചപ്പെടുത്തി. ആറു മാസത്തി നകം കാര്യം നേരെ ആക്കി. മാർ ജോസഫ് ദീവന്നാസ്യോസിന്റെ പ്രാമു ഖ്യത പുതിയ മെത്രാന്മാർ വകവച്ചുകൊടുക്കുന്ന കാഴ്ചയാണ് മലങ്കര സഭാംഗങ്ങൾ കണ്ടത്. ... സിവിൾ കോടതിയിൽ അഭയം തേടാൻ പുറ പ്പെടുമ്പോൾ പണം വാരി ചിലവിടാൻ ഒരുക്കമുണ്ടായിരിക്കണം, നീണ്ടു നിൽക്കുന്ന സമരമാണെന്നു മനസ്സിലാക്കി തയ്യാറെടുക്കണം എന്നും അറി യാമായിരുന്നു. ... സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെ ഒരു യോഗം പരുമല സെമിനാരിയിൽ കൂടണം എന്ന് മാർ ജോസഫ് ദീവ ന്നാസ്യോസ് നിശ്ചയിച്ചു. ... സമ്മേളനരംഗവും തീയതിയും തീർച്ചപ്പെടു ത്തുന്നതിനു മുമ്പ്, പാത്രിയർക്കീസിന്റെ സൃഷ്ടികളായിരുന്ന ആറു പുതിയ മെത്രാന്മാരെയും അദ്ദേഹം പാട്ടിലാക്കി. അത് എങ്ങിനെ സാധിച്ചു എന്ന് അറിഞ്ഞുകൂടാ. ആ ഒറ്റ വിജയത്തിനു മാത്രമായി മാർ ജോസഫ് ദീവന്നാസ്യോസിന് "അത്ഭുതപ്രവർത്തക" സ്ഥാനം കൊടുത്താൽ ഒട്ടും അധികമാവില്ല. ... പത്തു വർഷം നാലു മാസത്തെ സമരംകൊണ്ട് മാർ ജോസഫ് ദീവന്നാസ്യോസ് സമ്പൂർണ്ണ വിജയം കൈവരിച്ചു. മലങ്കരസ ഭയിന്മേൽ, ലൗകികമായി പരിപൂർണ്ണാധികാരം ഉറപ്പിക്കാൻ അന്ത്യോഖ്യാ പാത്രിയർക്കീസ് ചെയ്ത യജ്ഞം റോയൽ കോടതി വിധിയോടെ തകർന്നു. അത് ജോസഫ് ദീവന്നാസ്യോസിന് ഒരു പ്രത്യേക നേട്ടം തന്നെ ആയിരുന്നു. ... മാർ ഗീവറുഗീസ് ദീവന്നാസ്യോസ് നടത്തിയ 1096 അസ്സൽ 68–ാം നമ്പരിൽ 1101 മിഥുനം 19–ാം തീയതി തിരുവിതാംകൂർ ഹൈക്കോടതിയിൽ ജ. ചാറ്റ് ഫീൽഡ്, ജ. ജോസഫ് തളിയത്ത്, ജ. പര മേശ്വരൻ പിള്ള എന്നിവരുടെ ബഞ്ചിൽ നിന്ന് സമ്പാദിച്ച വിധിയും; മൂന്നാം നസ്രാണി കാതോലിക്കോസ് നടത്തിയ 1113–ൽ അസ്സൽ 111–ാം നമ്പരിൽ 1954 മെയ് മാസം 21–ാം തീയതി ഇന്ത്യൻ സുപ്രീംകോടതിയിൽ ചീഫ് ജസ്റ്റീസ് എസ്. ആർ. ദാസ്, ജ. ഭഗവതി, ജ. സിൻഹാ, ജ. സുബ്ബറാവു, ജ. വാഞ്ചു എന്നിവരുടെ ബഞ്ചിൽ നിന്നുണ്ടായ വിധിയും വഴി സിദ്ധിച്ച

അവകാശാദികളും കണക്കിൽ എടുക്കണം. ജോസഫ് ദീവന്നാസ്യോസ് ഭയന്നും സംശയിച്ചും ഇട്ട അസ്തിവാരത്തിന്മേലാണ് അവ ഉറപ്പിച്ചതെന്ന് ഓർത്താൽ അദ്ദേഹത്തിന്റെ ശ്രമഫലം എത്ര വിശിഷ്ടമാണെന്ന് മനസ്സിലാക്കാൻ കഴിയും. ... പ്രീണനങ്ങളും പീഡനങ്ങളും പ്രയാസങ്ങളും അവഗണിച്ചും സഹിച്ചും പിതാക്കന്മാരുടെ വിശ്വാസത്തിൽ തുടർന്നു എന്ന് അഭിമാനിക്കാൻ കഴിവുണ്ടായിരുന്ന നസ്രാണികൾക്ക് ഒരുമിച്ച് നിൽക്കാൻ ആവശ്യമായ സംഘടനാസൗകര്യം ആയിരത്തിഎണ്ണൂറ് സംവത്സരകാലത്തേയ്ക്കു മലങ്കരയിൽ ഇല്ലായിരുന്നു. ആ കുറവ് പരിഹരിച്ച മഹാനാണ് ജോസഫ് ദീവന്നാസ്യോസ്. ചളിവാരി എറിയാൻ ആളുകൾ ഉണ്ടാകും, ഉണ്ട് എന്നു ശരിക്ക് അറിഞ്ഞ്കൊണ്ട്, മനം പതറാതെ, ഹൃദയം കുലുങ്ങാതെ, കാൽ വഴുതാതെ, മുമ്പോട്ടു കുതിച്ച് കേറിയ, സുന്നഹദോസിലും ഭരണത്തിലും മാപ്പിളയ്ക്കുള്ള സ്ഥാനം ശരിക്ക് അംഗീകരിച്ച മഹാനാണ് ദീവന്നാസ്യോസ് അഞ്ചാമൻ. മുളന്തുരുത്തി സുന്നഹദോസിന്റെയും മലങ്കരനസ്രാണികളുടെ വ്യവസ്ഥാപിത ഭരണകൂടത്തിന്റെയും മഹാശില്പിയും, ജാതിയുടെ സംഘാടകനും ആയ പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസ്യോസിനെ നമുക്ക് നമസ്ക്കരിക്കാം."[17] ഈ വിധം ബഹുമുഖങ്ങളായ പ്രവർത്തനങ്ങൾ നടത്തിയ മറ്റൊരു മെത്രാൻ നസ്രാണികൾക്കു ഇതേവരെ ഉണ്ടായിട്ടില്ല, ഇനി ഉണ്ടാകുമെന്നും തോന്നുന്നില്ല.[18]

അതെ, മലങ്കരസഭയുടെ നാളിതുവരെയുള്ള ചരിത്രത്തിൽ അനന്വയം (Unique) എന്ന് വിശേഷിപ്പിക്കാവുന്ന മഹാനായ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ജോസഫ് ദ്വിതീയനെ നമുക്കാദരിക്കാം, നമസ്ക്കരിക്കാം. ആ മഹാ പരിശുദ്ധന്റെ പ്രാർത്ഥന നമുക്ക് സംരക്ഷണവും മാർഗദർശനവും നൽകട്ടെ.

1. ജോസഫ് ദീവന്നാസ്യോസ്, പു. 288.
2. വി. സി. മാത്യു വേഴപ്പറമ്പിൽ കോട്ടയം (ലേഖനം), നവതി സ്മരണിക, 1999, പു. 47.
3. *മലങ്കരസഭയുടെ രഹസ്യപേടകം*, പു. 111, 112.
4. ചരമനവതി സുവനീർ, 1999, പു. 11.
5. കല്പന, ചരമനവതി സുവനീർ, പു. 61.
6. *മലങ്കര നസ്രാണികൾ വാല്യം 3*, പു. 291.
7. ടി പുസ്തകം, പു. 127.
8. ടി പുസ്തകം, പു. 133.
9. 1084 വൃശ്ചികം 13-നു മലയാള മനോരമയിൽ വന്ന റിപ്പോർട്ട് സംഗ്രഹിച്ച് ചേർത്തത്. പാറേട്ട്, *മലങ്കര നസ്രാണികൾ വാല്യം 4*, പു. 138.

10. ടി പുസ്തകം, പു. 139, 140.
11. ടി പുസ്തകം, പു. 141.
12. ടി പുസ്തകം, പു. 141. വട്ടിപ്പണക്കേസ് എ. ഡബ്ലിയൂ. അക്കം.
13. ടി പുസ്തകം, പു. 142.
14. പാറേട്ട്, പു. 143.
15. സ്മര്യപുരുഷൻ 1909 ഇടവം 28–ന് എഴുതിയ അന്ത്യ കല്പനയുടെ പൂർണ്ണരൂപം നവതി സ്മരണികയിൽ കാണുക.
16. *മലങ്കര നസ്രാണികൾ മൂന്നാം വാല്യം*, പു. 291.
17. പാറേട്ട്, *മുളന്തുരുത്തി സുന്നഹദോസ്*, ഉപസംഹാരവാക്യം.
18. പാറേട്ട്, *മലങ്കര നസ്രാണികൾ വാല്യം 3*, പു. 302.



**അനുബന്ധം 1**

# സെമിനാരിക്കേസ് വിധിനടത്തും വൈദിക പഠനാരംഭവും

## കാരുചിറ ഗീവർഗീസ് ശെമ്മാശൻ
## (പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാബാവാ)

ഇതിനിടയിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായും[1] മാർ ശെമഓൻ അത്തനാസ്യോസ് ബാവായും കോട്ടയത്ത് പുത്തനങ്ങാടി കുരിശുപള്ളിയിൽ നീങ്ങിയിരിക്കുമ്പോൾ ഗീവറുഗീസു ശെമ്മാശു തിരുമേനികളെ കാൺമാനായി കുരിശുപള്ളിയിൽ എത്തി അനുഗ്രഹം വാങ്ങി അവിടെ താമസിച്ചു. പിറ്റെ ദിവസമായ കർക്കടകം 3-ന് സിമ്മനാരി വ്യവഹാരം[2] ബാവാ കക്ഷികൾക്ക്[3] ഗുണമായി വിധി ഉണ്ടായതിനാൽ വിധി നടത്തി സിമ്മനാരി കൈവശപ്പെടുത്തുന്നതിനായി തിരുമേനികൾ കുരിശുപള്ളിയിൽ നിന്ന് പുറപ്പെട്ട് പുത്തൻപള്ളിയിൽ കേറി പ്രാർത്ഥനയും കഴിച്ച് താഴത്തങ്ങാടി വഴിയായി സിമ്മനാരിയിൽ എത്തി. അന്ന് വലിയ വെള്ളപ്പൊക്കമായിരുന്നതിനാൽ ബോട്ട് സിമ്മനാരിയുടെ പടിഞ്ഞാറെ മിറ്റത്ത് അടുത്തു. ഗീവറുഗീസു ശെമ്മാശു തിരുമേനികളോട് കൂടെ സിമ്മനാരിയിലേക്ക് പോയി. സിമ്മനാരി മുഴുവൻ പൂട്ടി ഇട്ടിരിക്കുകയായിരുന്നു. ആദ്യമേ പടിഞ്ഞാറെ വലിയ വാതിലിന്റെ പൂട്ട് തല്ലിച്ചു. പിന്നീട് പള്ളിയുടേതും തല്ലിച്ചു. പള്ളിയുടെ ത്രോണോസിങ്കലും കബറിങ്കലും പ്രാർത്ഥനകൾ കഴിച്ചു. തിരുമേനികൾ പടിഞ്ഞാറെ കെട്ടിന്റെ തെക്കും വടക്കുമുള്ള വലിയ ഹോൾ മുറികളിൽ താമസിക്കയും ചെയ്തു. ടി. മാസം 4-ന് വാകത്താനത്ത് നിന്നും മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തായും സിമ്മനാരിയിൽ വന്നു താമസം തുടങ്ങി. ...

1062 ചിങ്ങം 30-ന് സിമ്മനാരിയിൽ ഒരു പൊതുയോഗം കൂടി. ആ യോഗത്തിൽ മലങ്കരയുള്ള എല്ലാ ശെമ്മാശന്മാരെയും വൈദിക വിദ്യാർത്ഥികളെയും വരുത്തി സിമ്മനാരിയിൽ പഠനം നടത്തണമെന്ന് ആയതിലേക്ക് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തായെ വിചാരവും കോനാട്ട് മാത്തൻ മല്പാനും വട്ടശ്ശേരിൽ ഗീവറുഗീസ് മല്പാനും[4] മല്പാൻമാർ ആയിരിക്കണമെന്ന് നിശ്ചയിക്കയും യോഗം പിരിയുകയും ചെയ്തു. ടി. കന്നി മാസം 20-ന് കൊച്ചി ഇടവകയുടെ ദിവന്നാസ്യോസ്[5] കാലം ചെയ്തു. തുരുത്തിക്കര പള്ളിയിൽ അടക്കി.

ടി. ആണ്ട് തുലാ മാസം 15-ന് ഗീവറുഗീസ് ശെമ്മാശു സിമ്മനാരി

യിൽ പഠിക്കാൻ പോയി. വൃശ്ചികം ആദ്യം മല്പാനച്ചന്മാരും ശെമ്മാശ ന്മാരും വിദ്യാർത്ഥികളും വന്ന് ചേരുകയും അത്താനാസ്യോസ് മെത്രാ പ്പോലീത്തായുടെ ഒരു പ്രസംഗത്തിന്റെയും കണ്ണീരോടെ ഉള്ള പ്രാർത്ഥ നയുടെയും ശേഷം പഠിത്തം ആരംഭിച്ചു. ആയത് വൃശ്ചികം 3-ന് ആകുന്നു. ഗീവറുഗീസ് ശെമ്മാശനും സിമ്മനാരിയിൽ താമസിച്ചു പഠിച്ചു. മറ്റ് അൻപതിൽപരം ആളുകളും ഉണ്ടായിരുന്നു. മല്പാനച്ചന്മാർ മാറി മാറി ക്ലാസ്സുകാരെ പഠിപ്പിച്ചിരുന്നു. പഠിത്തം എല്ലാ വിധത്തിലും നന്നാ യിരുന്നു.

1. മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് (1833-1909). വിദ്യാഭ്യാസ, പത്രപ്രവർത്തന, പ്രസിദ്ധീകരണ മേഖലക ളിലെല്ലാം പ്രവർത്തിച്ച സാമൂഹ്യ പരിഷ്കർത്താവ്. മലയാള മനോരമ പത്രത്തിന്റെ സ്ഥാപനത്തിൽ നിർണായക പങ്കു വഹിച്ചു. 1865-ൽ മെത്രാ പ്പോലീത്തായായി. നവീകരണ കൊടുങ്കാറ്റിൽ നിന്ന് മലങ്കര സഭയെ രക്ഷപ്പെ ടുത്തി. മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ, മാനേജിംഗ് കമ്മറ്റി എന്നിവയുടെ ശില്പി. ആരാധനാക്രമങ്ങൾ മലയാളത്തിൽ പ്രസി ദ്ധീകരിച്ചു. 200 ൽ പരം സ്കൂളുകൾ സ്ഥാപിച്ചു. 1909 ജൂലൈ 11-നു കാലം ചെയ്തു. പഴയസെമിനാരി ചാപ്പലിൽ കബറടക്കി.
2. മലങ്കരസഭയിൽ നിന്നു പിരിഞ്ഞുപോയ നവീകരണവിഭാഗവുമായി (പിന്നീട് മാർത്തോമ്മാ സഭ) സെമിനാരിക്കു വേണ്ടി നടന്ന വ്യവഹാരം.
3. പാത്രിയർക്കീസ് ബാവായെ അനുകൂലിക്കുന്ന വിഭാഗം എന്ന അർത്ഥ ത്തിലാണ് ഇവിടെ ബാവാ കക്ഷികൾ എന്നുപറഞ്ഞിരിക്കുന്നത്. പാലക്കു ന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിനെ അനുകൂലിക്കുന്ന വിഭാഗമാ യിരുന്നു അന്ന് മെത്രാൻ കക്ഷി. ബാവാ കക്ഷി - മെത്രാൻ കക്ഷി എന്നീ പ്രയോഗങ്ങൾ അബ്ദുള്ളാ പാത്രിയർക്കീസ് മലങ്കരയിലെത്തിയതിനെ തുടർന്ന് യഥാക്രമം പാത്രിയർക്കീസ് - മലങ്കര മെത്രാപ്പോലീത്താ അനു കൂല കക്ഷികൾക്കായി.
4. പ. വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മാർ ദീവന്നാസ്യോസ് VI മലങ്കര മെത്രാപ്പോ ലീത്താ. മല്ലപ്പള്ളി സ്വദേശി. 1858-ൽ ജനിച്ചു. 1891-ൽ മലങ്കര മല്പാൻ. 1908-ൽ മലങ്കര മെത്രാപ്പോലീത്തായുടെ പിൻഗാമിയായി തിരഞ്ഞെടുക്ക പ്പെട്ടു. 1908 മെയ് 31 ന് യേറുശലേമിൽ വെച്ച് മാർ ദീവന്നാസ്യോസ് ആറാ മനായി വാഴിക്കപ്പെട്ടു. 1909-ൽ മലങ്കര മെത്രാപ്പോലീത്താ. 1934 ഫെബ്രു വരി 23-നു കാലം ചെയ്തു. കോട്ടയം പഴയസെമിനാരിയിൽ കബറടക്കി. 2002 ഫെബ്രുവരിയിലെ മലങ്കര ഓർത്തഡോക്സ് സഭാ സുന്നഹദോസ് തീരുമാനപ്രകാരം 2003 ഫെബ്രുവരി 24 ന് പരിശുദ്ധനായി പ്രഖ്യാപിച്ചു.
5. കരവട്ടു വീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസ്. കൊച്ചി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ. ഇദ്ദേഹം രചിച്ച കണ്ടനാട് ഗ്രന്ഥവരി എന്ന സഭാചരിത്രഗ്രന്ഥം ഒരു അമൂല്യ നിധിയാണ്. 1886 ഒക്ടോ. 2-ന് കാലം ചെയ്ത് കടുംഗമംഗലം പള്ളിയിൽ കബറടക്കപ്പെട്ടു.

(ഗീവർഗീസ് പ്രഥമൻ കാതോലിക്കാബാവായുടെ 'സഭാജീവിത നാൾവഴി' എന്ന ഡയറിയിൽ നിന്നും. കാതോലിക്കേറ്റിന്റെ നിധി, പേജ് 130-134. കുറിപ്പുകൾ: ജോയ്സ് തോട്ടയ്ക്കാട്.)

## അനുബന്ധം 2

# സെമിനാരിക്കേസ്: അന്യായഹർജി

സെമിനാരിക്കേസിൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് വാദിയായി ഫയൽ ചെയ്ത അന്യായ ഹർജി:

ആലപ്പുഴ സിവിൽ കോർട്ട് മുമ്പാകെ സിവിൽ നിയമം 11 ഉം 23 ഉം വകുപ്പ് പ്രകാരം ബോധിപ്പിക്കുന്ന ഹർജി.

തിരുവല്ലാ മണ്ടപത്തുംവാതുക്കൽ കടപ്ര പ്രവൃത്തിയിൽ പരുമല മുറിയിൽ സുറിയാനി സിമ്മനാരിയിൽ ഇരിക്കും മലങ്കര യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ കമ്മറ്റിയിൽ പ്രസിഡണ്ടായ 47 വയസുള്ള മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ, തിരുവല്ല മണ്ടപത്തുംവാതുക്കൽ ആറന്മുള പ്രവൃത്തിയിൽ മാരാമണ്ണു മുറിയിൽ കുഴിയത്തു നിന്നും കോട്ടയം മണ്ടപത്തുംവാതുക്കൽ ടി പ്രവൃത്തിയിൽ ഗോവിന്ദപുരം കരയിൽ സുറിയാനി സിമ്മനാരിയിൽ പാർക്കും ഉദ്ദേശം 42 വയസ്സു കാണുന്ന തോമസ് അത്താനാസ്യോസ് എന്ന് പറഞ്ഞുവരുന്ന ആൾ. 2. കോട്ടയം പ്രവൃത്തിയിൽ ടി കരയിൽ പുന്നത്ര ഉദ്ദേശം 35 വയസ്സു കാണുന്ന ചാക്കോ ചാണ്ടപ്പിള്ള കത്തനാർ. 3. പറവൂർ മണ്ടപത്തുംവാതുക്കൽ ടി പ്രവൃത്തിയിൽ ടി മുറിയിൽ കുളങ്ങര ഉദ്ദേശം 48 വയസ്സു കാണുന്ന ഇട്ട്യേച്ചൻ പൈലി.

ഇതോടൊന്നിച്ച് ഹാജരാക്കുന്ന എ. ബി. പത്രികയിൽ വിവരിച്ചിരിക്കുന്ന സ്ഥാവര ജംഗമവസ്തുക്കൾ മലയാളത്തുള്ള യാക്കോബായ സുറിയാനി ക്രിസ്ത്യാനി സമൂഹത്തിലേക്കു ചേർന്ന കോട്ടയത്തു സിമ്മനാരി വകയും സി. പട്ടികയിൽ പറയുന്ന വസ്തുക്കൾ ടി സമൂഹത്തിൽ അതതു സമയം ഉണ്ടായിരുന്ന കാലം ചെയ്ത മെത്രാപ്പോലീത്തന്മാരാൽ സ്ഥാന സംബന്ധമായി ധരിക്കപ്പെട്ടും ഉപയോഗപ്പെട്ടും വന്നതും ആകുന്നു.

2. മേൽ വിവരിച്ച ഇളകാത്തവയും ഇളകുന്നവയും ആയ വകകൾ ടി സുറിയാനി ക്രിസ്ത്യാനി മേലദ്ധ്യക്ഷൻ കൂടിയായ അന്ത്യോഖ്യായുടെ ശുദ്ധമുള്ള പാത്രിയർക്കീസ് ബാവായുടെ ആജ്ഞയിൻകീഴ് അതേ സമയത്തുള്ള മെത്രാപ്പോലീത്തായുടെ അധികാരത്തിലും കൈവശത്തിലും ഇരുന്നിട്ടുള്ളതും ഈ നടപ്പ് അനുസരിച്ച് അന്ത്യോഖ്യായുടെ പാത്രിയർക്കീസ് ബാവായാൽ മെത്രാപ്പോലീത്താ സ്ഥാനം കൊടുക്കപ്പെട്ടതു നിമിത്തം അവകാശം സിദ്ധിക്കപ്പെട്ട ആളായി കഴിഞ്ഞുപോയ അത്താനാസ്യോസ് മെത്രാപ്പോലീത്താ എന്ന് പറയുന്ന ആളിന്റെ കൈവശത്തിലും അധീനത്തിലും ഒടുവിൽ ഇരുന്നിരുന്നു.

3. മേൽപ്പറഞ്ഞ മാർ അത്താനാസ്യോസ് 1052-ാമാണ്ട് കർക്കിടകമാസം 2-ാം തീയതി കഴിഞ്ഞുപോകുകയും അതിൽ പിന്നെ ഒന്നാം പ്രതിയും 2 ഉം 3 ഉം പ്രതികൾ 1-ാം പ്രതിക്ക് അനുകൂലമായും ചേർന്ന് ന്യായരഹിതമായി എ മുതൽ സി വരെ പട്ടികകളിൽ വിവരിച്ച വകകളെ കൈവശം വെച്ചുകൊണ്ടിരിക്കുന്നു.

4. അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായാൽ സ്ഥാനം പ്രാപിക്കപ്പെടുകയും സുറിയാനി അസോസ്യേഷൻ കമ്മറ്റിയിൽ പ്രസിഡണ്ടായി നിയമിക്കപ്പെടുകയും സുറിയാനി സഭയിൽ സമ്മതിക്കപ്പെടുകയും ചെയ്തിരിക്കുന്ന മെത്രാപ്പോലീത്താ ആയിരിക്കുന്നതുകൊണ്ട് കീഴ്നടപ്പനുസരിച്ച് ടി പട്ടികകളിൽ വിവരിച്ച എല്ലാ വസ്തുക്കളുടെയും നിദാനത്തിനും കൈവശത്തിനും നാം പൂർണ്ണ അധികാരി ആയിരിക്കുന്നു.

5. അതുകൊണ്ട് ആ പട്ടികയിൽ പറയുന്ന 72,700 പണം വിലയുള്ള വസ്തുക്കൾ പ്രതികളെക്കൊണ്ട് ഒഴിപ്പിച്ചും അവയിൽ ഒന്നു മുതൽ 13 വരെയും 14 മുതൽ 16 വരെയും നമ്പർ ഭൂമികളുടെ മേലാൽ ഉണ്ടാകുന്ന ആദായങ്ങളും ബി. സി. പട്ടികകളിൽ വിവരിച്ചിരിക്കുന്ന 300.52 ഉം 1532 ഉം പണം വിലയുള്ള ഇളകുന്ന വസ്തുക്കളും ബി പട്ടിയിൽ 1 മുതൽ 3 3 വരെ നമ്പർ മുതലിന്റെ മേലാലുള്ള പലിശയും കോടതിച്ചെലവ് സഹിതം പ്രതികളെ കൊണ്ട് തരുവിക്കുന്നതിന് അപേക്ഷിക്കുന്നു.

6. എ പട്ടികപ്രകാരം ഇളകാത്ത വസ്തുക്കൾക്ക് മതിപ്പുവില പണം 72700. ബി. പട്ടികപ്രകാരം ഇളകുന്ന വസ്തുക്കൾക്ക് മതിപ്പുവില പണം 343432 1/4. സി. പട്ടികപ്രകാരം ഉള്ള വസ്തുക്കൾക്ക് വില പണം 9300. ആകെ പണം 425432 1/4. ... (രണ്ടുവരി അവ്യക്തം) ന്നുണ്ടായിരുന്ന മെത്രാപ്പോലീത്താ സ്ഥാനം ആ ആൾ ഇരിക്കുമ്പോൾ തന്നെ അന്ത്യോഖ്യായുടെ പാത്രിയർക്കീസ് ബാവാന്മാരാൽ ദുർബലപ്പെടുത്തിയിരിക്കുന്നു. ആ സ്ഥിതിക്ക് ആ ആളിന്റെ അധീനത്തെയും കൈവശത്തെയും വിടുർത്തുന്നതിനും ഈ രാജ്യത്തെ അധികാരമുള്ള സിവിൽ കോടതികളിൽ വ്യവഹാരം കൊണ്ടുവരുവാൻ മുമ്പുണ്ടായിരുന്ന തടസം 1051-ാം മാണ്ട് കുംഭമാസം 23-ാം തീയതി ഉണ്ടായ തിരുവെഴുത്തു വിളംബരത്താൽ തീർന്നും ഇരിക്കുന്നു. എന്നാൽ മേൽപ്പറഞ്ഞ അത്താനാസ്യോസിന്റെ സ്ഥാനദൗർബല്യത്തെപ്പറ്റി ആ ആൾ കഴിഞ്ഞുപോയിരിക്കുന്ന സ്ഥിതിയ്ക്ക് സ്വത്തുക്കൾ യാതൊരു തർക്കവും പറയാതെ നമ്മെ ഏൽപ്പിപ്പാൻ അല്ലാതെ കൈവശം വച്ചുകൊണ്ടിരിപ്പാൻ അർഹത ഇല്ലാത്ത 1-ാം പ്രതിയുടെയും ആ പ്രതിയ്ക്ക് അനുകൂലമായിരിക്കുന്ന 2 ഉം 3 ഉം പ്രതികളുടെയും മേൽ ഈ വ്യവഹാരത്തിന് കാരണമാകയും ചെയ്തു. അത് ... (ഒരു വരി നഷ്ടപ്പെട്ടു) മാണ്ട് കർക്കിടകമാസം 3-ാം തീയതി മുതൽക്കു ഉത്ഭവിക്കുകയും ചെയ്തിരിക്കുന്നു.

7. 1-ാം വകുപ്പിൽ വിവരിച്ചിരിക്കുന്ന വകയ്ക്കായി നമുക്കു വിവരം അറിയുവാൻ പാടുള്ളേടത്തോളം വകകൾക്ക് എ മുതൽ സി വരെ പട്ടികകൾ ഹാജരാക്കിയിട്ടുള്ളതും കാര്യത്തിന്റെ കിടപ്പിന് പ്രതികളുടെ കൈവശം ഇരിക്കുന്നതിനാലും ഇതിലധികം വിവരം പറയാൻ തല്ക്കാലം സാധ്യമല്ലാതെ ഇരിക്കുന്നതും ആകയാൽ വിസ്താരമദ്ധ്യേ പ്രതികളുടെ സമ്മതത്താലോ വേറെ വിധത്തിലോ കൂടുതലായ എല്ലാ വസ്തുക്കളോടി പട്ടികകളിൽ വിവരിച്ച വസ്തുക്കളെ സംബന്ധിച്ച് തന്നെയും കൂടുതൽ കുറവായും വല്ല വിവരങ്ങളോ ഉണ്ടായി വരികയും ചെയ്യുന്നപക്ഷം ആ വകയ്ക്കു വിവരമായി പട്ടിക ഹാജരാക്കുകയും കൂടുതൽ ഫീസ് ഒടുക്കുകയും ചെയ്തുകൊള്ളാമെന്ന് ബോധിപ്പിച്ചുകൊള്ളുന്നു. 1054-ാമാണ്ട് കുംഭമാസം 22-ാം തീയതി (സ്ഥാനമുദ്ര) (ഒപ്പ്)

....... (ഒരു വരി നഷ്ടപ്പെട്ടു) നമ്മുടെ അറിവിലും വിശ്വാസത്തിലും അകപ്പെട്ടിടത്തോളം സത്യമെന്ന് ഉറപ്പു വരുത്തുന്നു.

(സ്ഥാനമുദ്ര) (ഒപ്പ്)

വക്കീൽ കൃഷ്ണയ്യൻ (ഒപ്പ്) വക്കീൽ രാമസ്വാമി അയ്യർ (ഒപ്പ്)

വീരരാഘവ അയ്യർ (ഒപ്പ്)

1054-ാമാണ്ട് കുംഭമാസം 22-ാം തീയതി കോർട്ടിൽ കൊടുത്തു. ഫീസു പണം 11620.

റജിസ്റ്റാർ ഫീസ് പണം 42. വക്കാലത്തു ഫീസ് പണം 34. പടി പണം....

ആകെ ഒട്ടുക്കു പണം 11678 22-7-54 ജഡ്ജ് അടയാളം നമ്പ്ര് 7.1

പതിവ് നമ്പ്ര് 439.

(കണ്ടനാട് ഗ്രന്ഥവരി, പുറം 1424-1428)

**അനുബന്ധം 3**

# സെമിനാരിക്കേസ്: പത്രിക

ആലപ്പുഴ ജില്ലാകോർട്ട് മുമ്പാകെ 1054-ാമാണ്ട് ആടി മാസം 7-ാം തീയതി ഈ കോർട്ടിൽ ഈയാണ്ട് അദാലം 439-ാം നമ്പ്രിൽ 1-ാം പ്രതി 42 വയസുള്ള മലങ്കര ഇടവകയുടെ തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ സിവിൽ നിയമം 109-ാം വകുപ്പ് അനുസരിച്ച് ബോധിപ്പിക്കുന്ന കാര്യവിവര പത്രിക.

1. അന്യായം നേരല്ല. അതിൽ പറയുന്നതുപോലെ ഇളകുന്നവയോ ഇളകാത്തവയോ ആയ വസ്തു മുതലോ മേലാൽ ഉള്ള അനുഭവമോ പലിശയോ കോടതിചെലവോ കൊടുപ്പാനും ഇട ഇല്ല. വാദിക്ക് ഈ വ്യവഹാരത്തിന് അർഹതയും ഇല്ലാത്തതാകുന്നു.

2. അന്യായത്തിൽ നമ്മുടെ സ്ഥാനത്തെ ക്രമമായി കാണിച്ചില്ല. വാദിക്ക് ഈ സംസ്ഥാനത്തു സ്ഥിരമായ പാർപ്പും വാസസ്ഥലവും വസ്തുക്കളും ഇല്ല. സ്ഥാനവും സഭാസമ്മതവും ഇല്ല. വാദി കൊച്ചി സംസ്ഥാനത്തു കുന്നംകുളങ്ങര അങ്ങാടിയിൽ പുലിക്കോട്ട് വീട്ടിൽ യൗസേപ്പ് എന്ന് പേരുള്ള ആളാകുന്നു. ആവലാതിയിൽ വാദിയുടെ വീട്ടുപേരും ഇരട്ടപ്പേരും കാണിപ്പാനുള്ളത് ചെയ്യാഞ്ഞത് മേല്പറഞ്ഞ ഭാഗം വെളിപ്പെടുമെന്ന് വിചാരിച്ചാകുന്നു.

3. മലങ്കര ഉള്ള പുത്തൻകൂർ സുറിയാനി ക്രിസ്ത്യാനികളായ നമ്മുടെ ഇടവകയിൽ അസോസ്യേഷൻ കമ്മട്ടി എന്ന് പേരായ ഒരു കമ്മട്ടി ഇല്ലാത്തതും അതിനെ അനുസരിച്ച് ഒരു നടപ്പ് കണ്ടിട്ടില്ലാത്തതും ഈ വാദി മുതൽപേർ കൂടി അങ്ങനെ ഒരു ഏർപ്പാട് ചെയ്യുന്നതായിരുന്നാൽ ആയത് നമ്മെയും നമ്മുടെ ഇടവകയെയും സംബന്ധിക്കുന്നതല്ലാത്തതും ആകുന്നു.

4. വാദിക്കുണ്ടെന്നു നടിക്കുന്ന മെത്രാനെന്ന സ്ഥാനവും പ്രസിഡണ്ട് എന്ന് പറയുന്ന സ്ഥാനവും എപ്പോൾ ആരാൽ കൊടുക്കപ്പെട്ടു എന്നും അതിൽ ഏത് അവകാശം വഴിക്കാണ് ഈ വ്യവഹാരം എന്നും വിവരിക്കയോ ചെയ്തിട്ടില്ലാത്തതും ആയത് നിയമവിരോധവും ആകുന്നു. വാദി സൂക്ഷ്മത്തിൽ വലിയ കടക്കാരനും വേദവിധികൾക്കും നടപ്പിനും വിരോധമായി നടക്കുന്നതിനാലും അംഗവൈകല്യത്താലും മെത്രാപ്പോലീത്താ സ്ഥാനത്തിനു തന്നെ അയോഗ്യനുമാകുന്നു.

5. രണ്ടും മൂന്നും പ്രതികളുടെ അവകാശത്തെപ്പറ്റി യാതൊന്നും അന്യായത്തിൽ വിവരിച്ചിട്ടില്ല. ബി. പട്ടികയിൽ പറയുന്നതിൽ 1-ാം നമ്പർ

മുതലിനെയും 2, 3 നമ്പ്ര് മുതലിന്റെ ചില (വിവരങ്ങളെ) പ്പറ്റി മാത്രമല്ലാതെ ശേഷത്തിന്മേൽ 2, 3 പ്രതികൾക്ക് യാതൊരു സംബന്ധവും കൈവശവും ഇല്ല. ആ സ്ഥിതിക്ക് അവരെയും ഇതിൽ ഒന്നിച്ച് കക്ഷി ചേർത്തിരിക്കുന്നത് സിവിൽ നിയമം 7-ാം വകുപ്പിന് വിരോധവും അന്യായത്തിന് മിസ് ജോയിന്റർ എന്ന ദോഷമുള്ളതും അതിനാൽ പ്രഥമ ദൃഷ്ടിയിൽ തള്ളേണ്ടതും ആകുന്നു.

6. നമുക്കുള്ളതും മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ കാലം ചെയ്യുന്നതുവരെ അദ്ദേഹത്തിനും അദ്ദേഹം 38-ാം ആണ്ടു മുതൽ നമ്മെ സിക്രട്ടറി ആയിട്ടും പിന്നീട് റമ്പാനായിട്ടും 43-ാം മാണ്ടു മുതൽ മെത്രാപ്പോലീത്താ ആയിട്ടും സമൂഹത്തിന്റെ സമ്മതത്തിന്മേൽ നിയമിച്ച് നമ്മെക്കൊണ്ട് നടത്തിച്ചു വന്നതുമായ സ്ഥാനങ്ങൾ തിരുവെഴുത്തു വിളംബരത്താൽ കിട്ടിയിട്ടുള്ളതും അല്ല. തിരുവെഴുത്തു വിളംബരത്താൽ പൊയ്പോയിട്ടും ഇല്ല. അങ്ങനെ പോകുന്നതും അല്ല. നമ്മുടെ സ്ഥാനത്തെപ്പറ്റി ആക്ഷേപിപ്പാൻ ഈ വാദിക്ക് കർത്തവ്യം ഇല്ല. വാദി പറയുന്ന അവകാശം പല കാലങ്ങളിൽ പരദേശക്കാരായിട്ടും മറ്റും പലരും ഈ കൈകാര്യ കർത്തവ്യവും മറ്റും ആഗ്രഹിച്ചു വരികയും ചില കൃത്രിമങ്ങൾ തുടങ്ങുകയും ആയതിന് അന്നന്ന് ഭരിച്ചിരുന്ന മെത്രാപ്പോലീത്താമാർ തടുത്ത് നിൽക്കയും ചെയ്തിട്ടുള്ളതും ആകുന്നു. ആ സ്ഥിതിയും വളരെക്കാലം മുതലേതന്നെ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ അവർകളുടെ ജീവകാലത്തെ തർക്കപ്പെടുകയും അവകാശമുള്ളതായി പറയുന്ന ആളുകൾ സിവിൽ വ്യവഹാരപ്പെട്ട് തീർച്ച സമ്പാദിച്ചുകൊള്ളണമെന്ന് അനേകം തീരുമാനങ്ങൾ ഉണ്ടാകയും ചെയ്തിട്ടുള്ളതും അതിൽ മിക്കതും ഈ വാദിയുടെ നേർക്കു തന്നെ ഉണ്ടായിട്ടുള്ളതും ആകുന്നു. അങ്ങനെ ഏറിയ കാലമായി വിരോധ കൈവശമായിരിക്കുന്നു. അങ്ങനെയുള്ള ഇക്കാര്യത്തിൽ തിരുവെഴുത്തു വിളംബരത്താൽ ഈ വ്യവഹാരത്തിന് കാരണം ഉത്ഭവിച്ചു എന്നും, മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ അവർകൾ മരിച്ചശേഷം ഉത്ഭവിച്ചു എന്ന് വേറെരിടത്തും പറയുന്നത് അസംബന്ധവും കാലഹരണചട്ടത്തെ കേവലം വഞ്ചിപ്പാനും പറയുന്ന വാക്കും ആകുന്നു.

7. .... *(രണ്ടു വരി നഷ്ടപ്പെട്ടു - എഡിറ്റർ)* അദ്ദേഹത്തിന്റെ സ്ഥാനത്തെ ദുർബലപ്പെടുത്തിയിരിക്കുന്നു എന്നും ആവലാതിയിൽ ഒരേടത്തും പറയുന്നു. ആ വാക്കും വാദിക്കു വിരോധമാകുന്നു എന്ന് തന്നെയുമല്ലാ എ പട്ടികയിലെ 7-ാം നമ്പ്ര് സിമ്മനാരിയിൽ പാത്രിയാർക്കും തന്റെ ആൾക്കാരും പ്രവേശിപ്പാൻ ഭാവിച്ചതിനെ നിർത്തൽ ചെയ്തു തരേണമെന്ന് നാം ആവലാതിപ്പെടുകയും അതനുസരിച്ച് സിമ്മനാരിയിൽ പ്രവേശിച്ചു പോകരുതെന്നും 51-ാമാണ്ട് വൃശ്ചികമാസം 8-ാം തീയതി മജിസ്ട്രേട്ടിൽ

നിന്ന് ഉത്തരവും നോട്ടീസും കൊടുത്താറെ നിവൃത്തിക്ക് ശ്രമിക്കാതെ സി. പട്ടികയിൽ പറയുംപ്രകാരം ഉള്ളതിൽ വടി, മുടി, സ്ലീബാ മുതലായതും കൊടുപ്പിക്കണമെന്നും മലങ്കരയിന്മേൽ തങ്ങൾക്ക് അധികാരം ഉണ്ടെന്നും ആയത് നടത്തിക്കണമെന്നും മറ്റും അന്ത്യോഖ്യാ പാത്രിയർക്കീസ് എന്നു പറഞ്ഞ് വന്നിരുന്ന ആൾ തന്നെ വാദിക്കുകയും 51 മീനം 2-ന് ഹജൂരിൽ ഹർജി ബോധിപ്പിക്കുകയും ചെയ്തിരുന്നു. അവകാശം ഉണ്ടെങ്കിൽ ടിയാൻ സിവിൽ വ്യവഹാരം ചെയ്തുകൊള്ളേണ്ടതായിട്ട് തീരുമാനിക്കപ്പെട്ടിരിക്കുന്നതായി കേൾക്കുന്നതും പിന്നീട് ഒരു സംവത്സരത്തിലധികകാലം ഇവിടങ്ങളിൽ തന്നെ അടങ്ങിപ്പാർത്തുംവച്ച് തങ്ങളുടെ അപേക്ഷയെ ഉപേക്ഷിച്ചും മടങ്ങിപ്പോയിരിക്കുന്നതും ആ സ്ഥിതിക്ക് ആ ആൾക്കു തന്നെ സിദ്ധിച്ചിട്ടില്ലാത്ത ഒരു അവകാശത്തെ ആ ആൾക്ക് മുമ്പിൽ ഇരുന്നവരോട് സ്ഥാനം ഏറ്റതായി പറഞ്ഞ് നടിക്കുന്ന ഈ വാദിക്ക് വ്യവഹാരത്തെ കൊണ്ടുവരുവാൻ അവകാശം ഇല്ലാത്തതും മേൽവിവരിച്ച എല്ലാ കാരണങ്ങളാലും പ്രത്യേകം കാലഹരണദോഷം കൂടി ഉള്ളതും ആകുന്നു.

8. വാദിയുടെ ഉദ്ദേശം കേവലം സിമ്മനാരിയെപ്പറ്റി മാത്രം അല്ലാതെ നമുക്കുള്ള മെത്രാപ്പോലീത്താ സ്ഥാനത്തെയും അത് സംബന്ധമായ സകല *(ഒരു വരി നഷ്ടപ്പെട്ടു - എഡിറ്റർ)* മുതൽ കൈവശത്തെയുംപറ്റി ആയിരുന്നാൽ അതിലേക്കുള്ള ഒന്നടങ്കം സല ഇരുത്തി ഫീസ് ഒടുക്കിക്കേണ്ടിയിരുന്നതും ആയത് അന്യായത്തിൽ വിട്ടുപോയിരിക്കുന്ന സ്ഥിതിക്ക് ഇനിയും അധിക ഫീസ് കൊടുക്കാമെന്നും മറ്റും വാദി സമ്മതിക്കുന്ന പക്ഷവും ആയത് സിവിൽ നിയമം 6-ാം വകുപ്പിൽ അനുവദിച്ചിട്ടില്ലാത്ത സംഗതി ആകുന്നു. മതസംബന്ധമായ കൂദാശക്രമങ്ങൾ, വിശേഷവിധിയായ ചില പ്രാർത്ഥനകളോടും മറ്റും കൂടി നടത്തുന്നതും അങ്ങനെ നല്കപ്പെടുന്ന ഒരു സ്ഥാനത്തെയും അതു സംബന്ധമായ കൈവശത്തെയും മറ്റും ഒരു ജീവനക്കാരന്റേതു പോലെ മാറ്റുവാനും തിരികെ ആക്കുവാനും പാടുള്ളതല്ല. ആ സ്ഥിതിക്ക് ഇതു മതസംബന്ധമായ വ്യവഹാരം എങ്കിൽ കോർട്ടിൽ വ്യവഹാരപ്പെടുവാനേ പാടില്ല. മലങ്കര മെത്രാപ്പോലീത്താ എന്നുള്ള സ്ഥാനം ഈ സംസ്ഥാനത്തേക്ക് മാത്രമല്ല, തിരുവിതാംകൂർ, കൊച്ചി, മലബാർ ജില്ല ഇങ്ങനെ മൂന്ന് സ്ഥലത്തുള്ള പുത്തൻകൂർ സുറിയാനി ക്രിസ്ത്യാനികളുടെ പള്ളിയിന്മേലുള്ള സ്ഥാനത്തെപ്പറ്റി ഈ കോർട്ടിൽ തനിച്ച് ഒരു ചുരുങ്ങിയ വ്യവഹാരം കൊണ്ടുവന്ന് അതിൽവച്ച് നമ്മുടെ അവകാശത്തെയും സ്ഥാനത്തെയും പറ്റി തീർച്ചപ്പെടുത്തുവാനും പാടില്ല. സിമ്മനാരി കെട്ടിടം ഒന്നിന് തന്നെയും 25000 രൂപായിൽ കൂടുതൽ വില പിടിക്കുന്നതാകുന്നു. ആയത്പോലെത്തന്നെ അന്യായപട്ടികയിൽ പറയും ശേഷം വകകൾക്കും അന്യായത്തിൽ പറയുന്ന വില ശരി അല്ലാത്തതും ആകുന്നു.

9. സിമ്മനാരി വസ്തുവകകളെക്കുറിച്ച് ഉണ്ടായിട്ടുള്ള പഞ്ചായത്തു തീർപ്പിൽ വിവരിച്ചിരിക്കുന്നവിധത്തിൽ ബ്രിട്ടീഷ് ഖജനാവിൽ ഇരുന്ന പണം 1045-ാം ആണ്ടിൽ ... മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ അവരുംകൂടി ഏറ്റു. ആ വഴിക്ക് 2, 3 പ്രതികളുടെയും നമ്മുടെയും അധീനതയിൽ വന്നിട്ടുള്ളതല്ലാതെ അന്യായത്തിൽ പറയുന്നതുപോലെ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ അവർകൾ കാലംചെയ്ത 1052-ാമാണ്ട് കർക്കിടകമാസം 2-ന് മുതല്ക്ക് അല്ലാത്തതും അതിലേക്കും കാലഹരണദോഷം ഉള്ളതും ആകുന്നു.

10. അന്യായത്തോടുകൂടി ചേർത്തിരിക്കുന്ന 'എ' മുതൽ പട്ടികകളിൽ പറയുന്ന വകകൾ മുഴുവനും പുരാതനമേ ഉള്ളവ എന്ന് നടിച്ച് പ്രസ്താവിച്ചിരിക്കുന്നതു ശരി അല്ല. പുരാതനമായിട്ടുള്ള മിക്കതും 13-ാം ആണ്ടിടയ്ക്ക് സർക്കാരിൽ നിന്നും ഏല്പിച്ചിട്ടുള്ളതും അതിലേക്കുള്ള മുതൽ (ബി) പട്ടികയിൽ 3-ാം നമ്പർ ആയി ചേർത്തിട്ടുള്ളതും അങ്ങനെ വിറ്റുപോയിട്ടുള്ളതു പോകെ (എ) പട്ടികയിൽ പറയുന്നതിൽ 1 മുതൽ 13 വരെയും 15, 16, 17, നമ്പ്ര് വസ്തുക്കളും (ബി) പട്ടികയിൽ 1, 2, 3, 12, 20, 21, 22, 33, 40, 54; (സി) പട്ടികയിൽ 1-ാം നമ്പർ ഉരുപ്പടിയിൽ 2, 4 മുതൽ 6 വരെയും 11-ാം നമ്പർ വസ്തുക്കളും പുരാതനമായിട്ടുള്ളതും നമ്മുടെ കൈവശം ഉള്ളതും അതുകൂടാതെ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ അവർകളുടെ തനതു വകയും പുരാതനവകയും ആയുള്ള ദന്തം കൊണ്ടുള്ള പല്ലക്കും മരം കൊണ്ടുള്ള മേനാവും ചുമപ്പ് വില്ലൂസിൽ പൊന്നു കൊണ്ട് പല പണികൾ ചെയ്തിട്ടുള്ള മുതലവായൻ മുടിയും കസവ് കൊണ്ടുള്ള കുർബാന കാപ്പ മുതലായ പട്ടുസാമാനങ്ങളും അനേകം വെള്ളിസാമാനങ്ങളും വെങ്കല പാത്രങ്ങളും പെട്ടിപ്രമാണങ്ങളും ഒപ്പും മുദ്രയും വച്ച കടലാസുകളും മറ്റു പല റിക്കാർഡുകളും പുസ്തകങ്ങളും കാറ്റ്മെത്ത മുതലായ കിടക്കുന്ന സാമാനങ്ങളും പള്ളിക്കര പള്ളിയിൽ നമ്മുടെ കാരണവർ വച്ചുപൂട്ടിയിരുന്നതിനെ ഈ വാദി മുഖാന്തിരം മോഷണം ചെയ്ത് എടുത്തിട്ടുള്ളതും (സി) പട്ടികയിലെ 1, 12 നമ്പ്ര് വസ്തുക്കൾ നമ്മുടെ കൈവശം ഇല്ലാത്തതും (ബി) പട്ടികയിലെ 7, 8 9 നമ്പ്ര് വസ്തുക്കൾ 2, 3 നമ്പ്ര് മുതലിൽ നിന്ന് സമ്പാദിച്ചിട്ടുള്ളതും ശേഷം വകകൾ നമ്മുടെയും കാരണവരുടെയും തനതായുള്ളതും ആകുന്നു. (ബി) പട്ടികയിൽ പറയുന്ന 1-ാം നമ്പർ മുതൽ പഴയ സ്ഥിതിയിൽ ബ്രിട്ടീഷ് ഗവണ്മെണ്ട് പെട്ടിയിൽ ഇരിക്കുന്നതും 2, 3 നമ്പർ ആയി പറയുന്ന ഇളകുന്നവയും ഇളകാത്തവയും ആയ വസ്തുക്കളെ സിമ്മനാരി വകയ്ക്ക് കെട്ടുകയും ഏതാനും മുതൽ സിമ്മനാരിയിൽ പഠിത്ത സംബന്ധമായി ചിലവായിരിക്കുന്നതും ആകുന്നു. ആ സ്ഥിതിക്കും 1, 3 നമ്പ്ര് മുതൽ മുഴുവനും നമ്മുടെ കൈവശം ഇരിപ്പാ

യിട്ടും ആ മുതൽ കൊടുത്ത് നേടീട്ടുള്ളതിൽ ചിലതിനെ പ്രത്യേകമായിട്ടും (ബി) പട്ടികയിൽ പറഞ്ഞിരിക്കുന്നതും ശരിയല്ല.

11. മേൽ വിവരിച്ച വസ്തുക്കളിൽ പുരാതന വകകൾ മലങ്കര സുറിയാനി സഭയെ അതത് കാലങ്ങളിൽ ഭരിച്ചിരുന്ന നമ്മുടെ കാരണവന്മാരായ പൂർവ്വിക മെത്രാപ്പോലീത്തന്മാരുടെയും ഒടുവിൽ കാലംചെയ്ത മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ അവർകളുടെയും കൈവശത്തിൽ ഇരുന്നതും മലങ്കര സിംഹാസനത്തിന്നുള്ള സ്വാതന്ത്ര്യ അധികാരം *(ഒരു വരി നഷ്ടപ്പെട്ടിരിക്കുന്നു - എഡിറ്റർ)* പാത്രിയർക്കീസിന്റെ ആജ്ഞയോടു കൂടിയും വരുതിയിൻകീഴ് ഉൾപ്പെട്ടും ഇരുന്നിട്ടുള്ളതല്ല. ചില കാരണവശാൽ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ അവർകൾ അന്ത്യോഖ്യായിൽ ചെന്ന് പട്ടം മാത്രം ഏറ്റു എന്നല്ലാതെ ശേഷം ഏതൊരു മെത്രാന്മാരും അന്ത്യോഖ്യായിൽ ചെന്ന് പട്ടം ഏറ്റിട്ടുള്ളവരല്ല. പാത്രിയാർക്കിനെ ധിക്കരിച്ച് നടന്നിട്ടുള്ളവരും ആകുന്നു. മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ തന്നെയും പട്ടം ഏറ്റതുകൊണ്ട് മാത്രം അധികാരവും വസ്തു കൈവശവും സിദ്ധിച്ചിട്ടില്ല. മുൻ ഇരുന്ന മെത്രാപ്പോലീത്തായുടെ സമ്മതത്തിന്മേലും ജനങ്ങളുടെ സമ്മതത്തിന്മേലും നടന്നതാകുന്നു. മലങ്കര മെത്രാപ്പോലീത്താമാർ തങ്ങളുടെ പിൻതുടർച്ചക്കായിട്ട് ജീവകാലത്തേ ആളെ ഏർപ്പെടുത്തി ആ സ്ഥാനം നടപ്പാക്കിക്കൊടുത്തു വസ്തുമുതലുകളെയും കൈവശപ്പെടുത്തിക്കൊടുക്കുന്നത് എത്രയോ പൂർവികകാലം മുതൽക്കേ ഈ രാജ്യത്തെ നടപ്പും ആകുന്നു. അത് അനുസരിച്ചാകുന്നു നമ്മെയും ആക്കി നടത്തിയിട്ടുള്ളത്.

12. നമ്മുടെ ആസ്ഥാനമാകുന്ന മലങ്കരസഭയെ സ്ഥാപിച്ചത് മാർത്തോമ്മാശ്ലീഹായും പാത്രിയർക്കീസിന്റെ ആസ്ഥാനമാകുന്ന അന്ത്യോഖ്യാ സഭയെ സ്ഥാപിച്ചത് മാർ പത്രോസ് ശ്ലീഹായും ആകുന്നു. ആ രണ്ടു പേരും സമാധികാരികളും സ്വാതന്ത്ര്യം ഉള്ളവരും ആയിരുന്നു. അതുപോലെതന്നെ ഈ രണ്ടു സഭകൾക്കും സമാധികാരവും സ്വാതന്ത്ര്യവും പ്രായ തുല്യതയും ആയിരിക്കുന്നു. ഈ രണ്ടു സഭയും മേൽപ്രകാരം സമത്വം ഉള്ളവയല്ലാതെ മേല്കീഴ് എന്നുള്ള ഭാവം ഉണ്ടായിട്ടുമില്ല. ഉണ്ടാവാൻ പാടില്ലാത്തതുമാകുന്നു.

13. ഈ മലങ്കര സുറിയാനിസഭ സ്വാതന്ത്ര്യം ഉള്ളതും പരദേശക്കാരിൽ ആശ്രയം ഇല്ലാത്തതുമാകുന്നു എന്നും മറ്റും സദിർക്കോർട്ട് സമക്ഷത്തിൽ നിന്നും അഭിപ്രായപ്പെട്ടിരിക്കുന്നതു തന്നെയുമല്ല ഈ നമ്പ്ര് വ്യവഹാരത്തെയൊക്കെത്തന്നെ നമ്മുടെ കാരണവർ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ അവർകളുടെമേലും തങ്ങളാൽ മെത്രാനായി നിയമിക്കപ്പെട്ടിട്ടുള്ള ആളിന്റെ മേലും അന്ത്യോഖ്യാ പാത്രിയർക്കീസിനാൽ മെത്രാനായി നിയമിക്കപ്പെട്ടു എന്നും പറഞ്ഞു മലങ്കര മെത്രാപ്പോ

ലീത്താ സ്ഥാനത്തെയും വസ്തു കൈവശത്തെയും മറ്റും പറ്റി മാർ കൂറിലോസ് എന്ന ആൾ ബോധിപ്പിച്ചു. ആ വാദിയുടെ കാര്യസ്ഥനായിട്ട് ഈ വാദി നടത്തിവന്ന വ്യവഹാരത്തിൽ നമ്മുടെ കാരണവരാൽ കൊടുക്കപ്പെട്ട സ്ഥാനത്തെ ഉറപ്പിച്ചും മലങ്കര സംബന്ധിച്ച് പാത്രിയർക്കീസിന് അധികാരം ഇല്ലെന്നും മറ്റും നിഷേധിച്ചും മലബാർ ജില്ലയിലും ആ വിധി സ്ഥിരപ്പെടുത്തി. ബഹുമാനപ്പെട്ട ഹൈക്കോടതിയിലും തീർച്ചപ്പെടുത്തിയിരിക്കുന്നു. ആ സ്ഥിതിക്ക് ഈ വ്യവഹാരത്തിന് റസ്ജൂഡിക്കേറ്റാ എന്ന തടസ്സം കൂടെ ഇല്ലയോ എന്നും ആലോചിക്കേണ്ടതാകുന്നു.[49]

14. അന്ത്യോഖ്യാ പാത്രിയർക്കാ എന്ന് പറയുന്നവർ തന്നെ മൂന്ന് നാല് ഭാഗക്കാരായിട്ടാണെന്ന് കേൾവിയുണ്ട്. ആ സ്ഥിതിക്ക് ഈ വാദിക്ക് പാത്രിയാർക്കിൽ നിന്ന് വാസ്തവമായി സ്ഥാനം തന്നെ കിട്ടിയിരിക്കുന്നോ എന്നും ഇന്ന പാത്രിയാർക്കിൽ നിന്നും എന്നും അറിവാൻ പാടില്ല. ഏതു പാത്രിയാർക്കിൽ നിന്നും ആയിരുന്നാലും അങ്ങനെ കൊടുപ്പാനും അവർക്ക് അധികാരം ഇല്ലാത്തതിനാൽ പട്ടം മേടിച്ചു എന്ന കാരണത്തിന്മേൽ മാത്രം മേൽ 1–ാം വകുപ്പിൽ വിവരിച്ചതുപോലെ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിക്കപ്പെട്ടവയും മലങ്കരയിന്മേൽ യാതൊരു അധികാരമോ മുതൽമുടക്കോ ഇല്ലാതെയും അനേക കാലമായി വിരോധ കൈവശം ഇരിക്കുന്നവയും ആയ ഈ സമസ്ത സ്ഥാനവും വസ്തു കൃത്യങ്ങളും കീഴ്നടപ്പിന് വിരോധമായി ഈ വാദിയെ പ്രാപിക്കുന്നതും അല്ല.

15. ഏത് പാത്രിയർക്കീസിനാൽ തങ്ങൾക്ക് ഒരു സ്ഥാനം കിട്ടി എന്ന് വാദി നടിക്കുന്നുവോ ആ സ്ഥാനത്തുള്ള പാത്രിയർക്കാ എന്നു പറഞ്ഞു വന്നിരുന്ന ആളിനാൽത്തന്നെ ഈ വാദി നീക്കപ്പെടുകയും അതിന് പകരം എന്ന് പറഞ്ഞ് 6 പേരെ നിയമിക്കയും ചെയ്തിരിക്കുന്നതായും മറ്റും വാദി മുതൽപേരുടെ ഭാഗക്കാർ തന്നെ പറഞ്ഞു നടക്കുന്നതായും അങ്ങനെ ചില എഴുത്തുകുത്തുകൾ ഉണ്ടായിട്ടുള്ളതായും കൂടെ ഇപ്പോൾ കേൾക്കുന്നു. അവർ ആരും ഇതിൽ കക്ഷി ചേർന്നു കാണുന്നില്ല.

16. (എ) പട്ടികയിലെ 1 മുതൽ 6 വരെയും 14 മുതൽ 17 വരെയും (ബി) പട്ടികയിലെ 1 മുതൽ 3 വരെയും നമ്പ്ര് വസ്തുവകകളുടെയും അവകളുടെ ഉപയോഗത്തിന്റെ സ്വഭാവത്തിന് മേലാൽ അനുഭവം കിട്ടണമെന്നും പലിശ കിട്ടണമെന്നും മറ്റും പറഞ്ഞിരിക്കുന്നതും അസംബന്ധമാകുന്നു. ടി എ. പട്ടികയിലെ 1 മുതൽ 6 വരെയും നമ്പർ വസ്തുക്കളുടെ വരുമാനം കൊണ്ട് സിമ്മനാരി വക വിളക്കുവയ്പ്പ് വകയ്ക്ക് സർക്കാരിൽ നിന്ന് നീരോടു കൂടി കിട്ടീട്ടുള്ളതും ആയത് അതുപോലെ നടത്തി വരുന്നതും ആകുന്നു. (ബി) പട്ടികയിലെ 1–ാം നമ്പ്ര് മുതൽ സിമ്മനാരി പഠിത്തച്ചിലവിലെ സഹായത്തിനായിട്ട് ബ്രിട്ടീഷ് ഗവണ്മെണ്ടിൽ വച്ച് തന്നുവരുന്ന പലിശ കൊണ്ട്. 23 നമ്പ്ര് മുതലിൽ ചിലവ്

നീക്കി വസ്തുവിൽ സ്ഥാപിച്ചിരിക്കുന്നതിന്റെ എഴുവ് കൊണ്ട് പഠിത്തം മുതലായത് നടത്തിവരുന്നതും ആകുന്നു. അതിലേക്കും കാലഹരണ ദോഷം ഉണ്ടെന്ന് തന്നെയുമല്ല, ബ്രിട്ടീഷ് ഗവണ്മെണ്ടിനെ ഇതിൽ കക്ഷി ചേർത്തും കാണുന്നില്ല. മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ അവർകളാൽ സമ്പാദിക്കപ്പെട്ട വകയിൽ തന്റെ സ്വന്തം ഉപയോഗത്തിനായി കഴിച്ച് വന്ന (ബി) പട്ടികയിൽ ഉൾപ്പെട്ട 14-ാം നമ്പർ ഭൂമി അദ്ദേഹത്തിന്റെ സ്വന്തം ചിലവുകൾക്കായിട്ടും അദ്ദേഹത്തിന്റെ കടത്തിനായിട്ടും അദ്ദേഹം തന്നെ റാന്നി പ്രവൃത്തിയിൽ വടശ്ശേരിക്കര മുറിയിൽ താഴത്തില്ലത്തു നസ്രാണി ഇട്ടിയവിരാ ചാക്കോയ്ക്ക് 52-ാമാണ്ട് ഇടവ മാസം 20-ന് 6860 രൂപായ്ക്ക് ഒറ്റി എഴുതി കൊടുത്ത് അവർ അനുഭവിച്ചു വരുന്നതും അതിന്നും 5000 രൂപാ ആവലാതിയിൽ സല വച്ചിരിക്കുന്നതും ആയതു നമ്മുടെ കൈവശം എന്ന് പറയുന്നതു ശരി അല്ലാത്തതും ആകുന്നു. 15-ാം നമ്പ്ര് വസ്തു കൊല്ലം ജില്ലയിൽ 1052-ാമാണ്ട് വക 451-ാം നമ്പ്ര് വ്യവഹാരത്തിൽ ഇരിക്കുന്നതു കൂടാതെ 16-ാം നമ്പ്ര് വസ്തുവിൽ മധ്യേയുള്ള സ്ഥലം (ടി) പുരയിടത്തിൽ പാർക്കും കൊച്ചുകുഞ്ഞ് വറീയതിന്റെ കൈവശവും അതേപ്പറ്റി തിരുവനന്തപുരം അഡീഷനൽ മുൻസിഫ് കോർട്ടിൽ 52-ാമാണ്ട് 658-ാം നമ്പ്ര് വ്യവഹാരത്തിലും ഇരിക്കുന്നതും ട 16-ാം നമ്പറിൽ ശേഷം ഭാഗത്തിന്റെയും വരുമാനം കൊണ്ട് അതുകളിൽ പണിയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ വലിപ്പത്താൽ അവയുടെ കെട്ടിമേച്ചിൽ മുതലായ ചെലവുകൾക്ക് മതിയാകാതെ അന്യ മുതലുകൾ കൊണ്ട് വഹിച്ച് വരുന്നതും ആകുന്നു. മേൽകാണിച്ച കാരണങ്ങളാൽ ഉപദ്രവിപ്പാനും നഷ്ടപ്പെടുത്തുവാനും മാത്രം കൊണ്ടുവന്നിരിക്കുന്ന ഈ വ്യവഹാരത്തെ പ്രഥമ ദൃഷ്ടിയിൽ തള്ളി ചിലവും തരുവിപ്പാൻ അപേക്ഷിക്കുന്നു.

വക്കീൽ (ഒപ്പ്)

സത്യവാചകം (ഒപ്പ്)

ശരി പകർപ്പ്.

വ. ഗു. നാരായണയ്യർ.

(കണ്ടനാട് ഗ്രന്ഥവരിയിൽ നിന്നും)

## അനുബന്ധം 4

# ചാണ്ടപ്പിള്ള കത്തനാർ: പത്രിക

സെമിനാരിക്കേസിൽ രണ്ടാം പ്രതി പുന്നത്ര താഴത്തു ചാണ്ടപ്പിള്ള കത്തനാർ സമർപ്പിച്ച പത്രിക:

ആലപ്പുഴ ജില്ലാ സിവിൽ കോർട്ടു മുമ്പാകെ 1054-ാമാണ്ട് ആടി മാസം 8-ാം തീയതി ഈ കോർട്ടിൽ അദാലം 439-ാം നമ്പറിൽ രണ്ടാം പ്രതി കോട്ടയം പ്രവൃത്തിയിൽ ടി കരയിൽ പുന്നത്ര 35 വയസ്സുള്ള ചാക്കോ ചാണ്ടപ്പിള്ള കത്തനാർ സിവിൽ നിയമം 109-ാം വകുപ്പനുസരിച്ച് ബോധിപ്പിക്കുന്ന കാര്യവിവര പത്രിക.

1. അന്യായം നേരല്ല. അതിൽ പറയുംപ്രകാരം ഇളകുന്ന മുതലോ മേലാൽ പലിശയോ അനുഭവമോ കോടതി ചെലവോ കൊടുപ്പാനും ഇടയില്ല. വാദിക്ക് ഈ വ്യവഹാരത്തിന് അർഹതയും ഇല്ല. വാദി അന്യസംസ്ഥാനത്തുകാരനും ആകുന്നു.

2. (ബി) പട്ടികയിൽ പറയുന്ന 1, 2, 3 നമ്പ്ര് മുതലിനെയും അതു സംബന്ധമുള്ള ഏർപ്പാടുകളിലും അല്ലാതെ ശേഷത്തിന്മേൽ എനിക്ക് യാതൊരു സംബന്ധവും കൈവശവും ഇല്ലാത്തതും അതിനെ വാദിക്ക് അറിവുള്ളപ്പോൾ ഈ വ്യവഹാരത്തിൽ എന്നെ കൂട്ടിച്ചേർത്തതിന് സിവിൽ നിയമം 7-ാം വകുപ്പ് പ്രകാരം ഈ അന്യായത്തിന് മിസ്ജോയിണ്ടർ എന്ന ദോഷം ഉള്ളതും അതിനാൽ പ്രഥമദൃഷ്ടിയിൽ തള്ളേണ്ടതും ആകുന്നു.

3. (ടി) 1, 2, 3 നമ്പ്ര് മുതൽ കോട്ടയത്തു സിമ്മനാരി വകയും ബ്രിട്ടീഷ് ഖജനാവിൽ അനാമത്ത് വക്കയും ചെയ്തിരുന്നതും ഈ വക മുതൽ മലങ്കര പുത്തൻകൂറ്റ് സുറിയാനികൾ മുഴുവൻ കൂടി സമ്മതിക്കുന്ന ഒരു മെത്രാന്റെയും ഒരു കത്തനാരുടെയും ഒരു അത്മേനിയുടെയും കൈവശം ഏല്പിച്ചുകൊടുപ്പാൻ തക്കവണ്ണം 1-8-40 ലെ പഞ്ചായത്തു തീർപ്പിൽ തീർച്ചപ്പെടുത്തിയിരിക്കുന്നു. അതനുസരിച്ച് എല്ലാ പള്ളിക്കാരും കൂടി 1-ാം പ്രതിയുടെ കാരണവന്റെയും എന്റെയും 3-ാം പ്രതിയുടെയും കൈവശം കൊടുപ്പിക്കണമെന്ന് 1045-ാമാണ്ട് ബ്രിട്ടീഷ് ഗവണ്മെണ്ടിൽ ഹർജി ബോധിപ്പിച്ചു വളരെ വിചാരണ കഴിച്ച് ഞങ്ങളെ ഏല്പിച്ചിട്ടുള്ളതും അതിനെ കൈകാര്യം ചെയ്യേണ്ടിയ ഏർപ്പാടനുസരിച്ച് അന്നുമുതൽ 1-ാം പ്രതിയും ഞാനും 3-ാം പ്രതിയും കൂടി നടത്തിവരുന്നതല്ലാതെ 52-ാമാണ്ട് കർക്കിടക മാസം മുതൽ ന്യായരഹിതമായി ഞങ്ങൾ കൈവശപ്പെടുത്തിയിട്ടുള്ളതല്ല.

4. ഈവക മുതലിനും അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവാ

എന്നവർക്കാകട്ടെ, ആ അധികാരം വഴിക്ക് വരുന്നവർക്കാകട്ടെ യാതൊരു അവകാശവും ഇല്ലാത്തതും ഈ വഴിയായി പലരും ഈ പണത്തിന് ചോദ്യപ്പെട്ടിട്ടുള്ളതു കൂടാതെ വാദിയും പണം ഞങ്ങളുടെ പക്കൽ ഏല്പിച്ചു കൂടാ എന്ന് വിരോധിക്കയും തന്റെ കൈവശം കൊടുക്കണ മെന്ന് വാദിക്കയും ചെയ്തിട്ടുള്ളതും അതിനെ നിഷേധിച്ച് ഞങ്ങളുടെ പക്കൽ ഏല്പിച്ചിട്ടുള്ളതും ഇങ്ങനെ വിരോധ കൈവശ... വ്യവഹാര ത്തിന് വാദിപ്പാൻ വാദിക്ക് കാലഹരണദോഷം ഉള്ളതും ആകുന്നു.

5. (ബി) പട്ടികയിലെ 1-ാം നമ്പ്ര് മുതൽ ഇപ്പോഴും ബ്രിട്ടീഷ് ഗവണ്മെ ണ്ടിൽ ഇരിക്കുന്നതും ഇതു സംബന്ധമായി ഏർപ്പാടുകൾ ആ ഗവണ്മെണ ണ്ടുമായിട്ടുള്ളതും ആ വഴിക്ക് വാദിയും ആ ഭാഗക്കാരും ചോദ്യപ്പെടു കയും ഗവണ്മെണ്ട് വാദിയുടെ ആവലാതിയെ നിഷേധിക്കയും ചെയ്തു. പണം വച്ച് കൊണ്ടിരിക്കുന്ന സ്ഥിതിക്ക് അവരെ ഇതിൽ കക്ഷി ചേർത്തു കാണുന്നില്ല.

6. 2, 3 നമ്പ്ര് മുതല് കൊണ്ട് ഇളകുന്നവയും ഇളകാത്തവയും ആയ വസ്തുക്കളെ നേടീട്ടുള്ളതു കൂടാതെ സിമ്മനാരിയിൽ പഠിത്തം മുത ലായ വകയ്ക്ക് ഏതാനും മുതല് ചെലവായിട്ടുള്ളതും അതിനെ ഒന്നും പ്രസ്താവിക്കാതെയും മുതല് മുഴുവനും ഇരിപ്പായിട്ടും അതുകൊണ്ട് സമ്പാദിച്ചതിനെ പ്രത്യേകമായിട്ട് പട്ടികയിൽ ചേർത്ത് വ്യവഹാരപ്പെട്ടി രിക്കുന്നത് തെറ്റും വഞ്ചനയും ആകുന്നു.

7. ഈ വാദി മുതൽപേർ എന്റെ കൈവശത്തിൽ ഇരിക്കുന്ന പള്ളി യിൽ ബലമായി പ്രവേശിച്ച് ചെയ്തിട്ടുള്ള ഓരോ അഴിമതികളെ ഞാൻ സർക്കാരിൽ ബോധിപ്പിക്കയും വാദി മുതൽപേരെ അതിൽ നിന്നും ഒഴിച്ചും വാദിയുടെ അവകാശത്തെ നിഷേധിച്ചും പള്ളി എനിക്ക് സ്വാധീനപ്പെടു ത്തിത്തരികയും അതിൽ വച്ചുണ്ടായ നഷ്ടത്തെക്കുറിച്ച് ഞാൻ ആവ ലാതിപ്പെടുമെന്ന് വിചാരിച്ച് രാഗാദികളോടു കൂടി എന്നെ നഷ്ടപ്പെടു ത്തുവാൻ വേണ്ടി എന്നെയും ഇതിൽ കക്ഷിചേർത്ത് ഈ വ്യവഹാരം കൊണ്ടു വന്നിട്ടുള്ളതാകുന്നു.

8. അതിനാൽ വാദിയുടെ അന്യായം നീക്കി എന്റെ ചെലവ് തരുവാൻ അപേക്ഷിക്കുന്നു.

(ഒപ്പ്)

വക്കീൽ ഗോവിന്ദൻ നായർ (ഒപ്പ്)

മേൽപേരു പറഞ്ഞ ചാക്കോ ചാണ്ടപ്പിള്ള കത്തനാരായ ഞാൻ ഇതിൽ കാണിച്ചിരിക്കുന്ന സംഗതികൾ ഒക്കെയും സത്യമെന്ന് ഉറപ്പ് വരു ത്തുന്നു. ശരി പകർപ്പ് (ഒപ്പ്).

വ. ഗു. സുബ്രഹ്മണ്യയ്യർ. (കണ്ടനാട് ഗ്രന്ഥവരിയിൽ നിന്നും)

## അനുബന്ധം 5

# പരുമല മാർ ഗ്രീഗോറിയോസ്: സാക്ഷിമൊഴി

1055-ാമാണ്ട് കന്നി മാസം 26-ാം തീയതി പരുമല സിമ്മനാരിയിൽ പാർക്കും മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായോട് കമ്മീഷൻ സ്ഥലത്തു വച്ച് സത്യത്തിന്മേൽ വാങ്ങിയ മൊഴി.

വയസ് - 32. വാദി വക്കീൽ ചോദ്യത്തിന് ഉത്തരം.

നമ്മുടെ സ്ഥാനം മെത്രാൻ ആണ്. സമണിൽ പറയുന്ന പ്രമാണം നമ്മുടെ സ്ഥാത്തിക്കോൻ ആകുന്നു. സ്ഥാത്തിക്കോനിൽ പറയുന്നത് നമ്മെ നിരണം മുതലായ പള്ളികൾക്കു മെത്രാനായിട്ടാണ്. വാദിയെ ഇതിന് മുമ്പിരുന്ന പാത്രിയർക്കീസ് ബാവാ മലയാളം അടച്ച് മെത്രാനായിട്ടാണ് വാഴിച്ചിരുന്നത്. ഈ വാദിക്ക് വേറെയും സ്ഥാനം ഉണ്ട്. ആയത് മലയാളത്തിലുള്ള സുറിയാനിക്കാരുടെ പൊതുവിന്നടുത്ത കമ്മട്ടിയിലെ പ്രസിഡണ്ടാണ്. ആ പ്രസിഡണ്ട് എന്നുള്ള അധികാരം മലയാളത്തുള്ള അധികാരം - മലയാളത്തുള്ള സുറിയാനിപ്പള്ളികൾ ഏഴ് ഇടവകയായിട്ട് ഭാഗിച്ചിട്ടുണ്ട് - അതുകളിന്മേൽ ഒക്കെയും പൊതുവിന്നടുത്ത അധികാരവും വാദിക്കുണ്ട്. പരുമല സിമ്മനാരി പണിയിച്ചിട്ടുള്ളതും വാദി ആകുന്നു. നമ്മെയും നമ്മെപ്പോലെ വേറെ മെത്രാന്മാരെയും വാഴിച്ചിട്ടുള്ളതുകൊണ്ടും വാദിക്ക് ഈ വ്യവഹാരം കൊണ്ടു വരുന്നതിന് യാതൊരു ദോഷവും ഇല്ല. വാദിക്ക് സർക്കീട്ടു ചെയ്യേണ്ടതായ സമയം നീക്കി ഉള്ള താമസമൊക്കെയും പരുമല സിമ്മനാരിയിൽ ആണ്. ആയത് സിമ്മനാരി പണിയിച്ചത് മുതൽ മേൽപ്പറഞ്ഞ സിമ്മനാരിയിലാണ് താമസിക്കുന്നത്. പണിയിച്ചത് 47-ലോ 48-ലോ ആകുന്നു. വാദിയുടെ വക ആയി കട്ടിൽ, കിടക്ക, മേശ, കസേരകൾ, കല്ലച്ചുകൂട്ടം, പെട്ടിബോട്ട് മുതലായി അനേകം സാമാനങ്ങൾ അവിടെ ഉണ്ട്. ഇതുകൾക്ക് ഏകദേശം 1000 രൂപായോളം വിലപിടിക്കും. നാം നിരണത്തും പരുമലയിലും പതിവായി പാർക്കയാണ്. 1053-ാമാണ്ട് കുംഭം മുതൽ ആണ് നാം അവിടെ താമസിക്കുന്നത്. പഠിപ്പിക്കുന്ന വകക്കാണ് പരുമല സിമ്മനാരിയിൽ താമസിക്കുന്നത്. ഇപ്പോഴും സാമാനങ്ങൾ ഒക്കെയും വാദിയുടെ അനുവാദപ്രകാരം നാം സൂക്ഷിച്ചു വരുന്നു. 1053 കുംഭത്തിൽ പ്രസിഡണ്ടായ വാദിയും കമ്മട്ടിക്കാരും പള്ളിക്കാരും കൂടി സുന്നഹദോസു കൂടി നിശ്ചയിച്ചു. ആ നിശ്ചയപ്രകാരം ആണ് നാം പരുമല പഠിപ്പിക്കുന്നതിന്നായി താമസിക്കുന്നതും. വാദിക്ക് പ്രസിഡണ്ടിന്റെ സ്ഥാനം ലഭിച്ചത് പാത്രിയർക്കീസ് ബാവായാലും സഭയാലും ആകുന്നു.

പ്രതി വക്കീലിന്റെ ക്രോസ് ചോദ്യം.

ചോദ്യം: മുമ്പിൽ വാദിക്ക് മലയാളം അടക്കി മെത്രാനായി അധികാരം കൊടുക്കുകയും അതിൽ പിന്നെ ആറ് പേരെ കൂടെ ഇപ്പോൾ നിശ്ചയിക്കുകയും ചെയ്തതുകൊണ്ട് വാദിക്കുള്ള മെത്രാന്റെ അധികാരത്തിന് വല്ല കുറവും ഉണ്ടോ?

ഉത്തരം: ഈ വാദിക്ക് മലയാളം ഒട്ടുക്ക് എല്ലാ ഇടവകകളിലും പൊതുവിന്നടുത്ത അധികാരം ഉണ്ട്. അത് മലയാളത്തിന്റെ കമ്മട്ടിയുടെ പ്രസിഡണ്ട് ആകകൊണ്ടാകുന്നു.

ചോദ്യം: പൊതുവിന്നടുത്ത അധികാരം എന്താകുന്നു?

ഉത്തരം: പൊതുവിന്നടുത്തത് ഏഴു എടവകക്കും കൂടെ സംബന്ധമുള്ള വസ്തുക്കൾമേലും കമ്മട്ടി കൂടുമ്പോൾ നിശ്ചയിക്കപ്പെടുന്നതായ പൊതുവിന്നടുത്ത വല്ല മുതൽശേഖരങ്ങളിന്മേലും ('വിശേഷമായി ചെയ്യപ്പെടുന്ന വല്ല ആശുപത്രി മേലും' ഇത്രയും വാക്കുകൾ വെട്ടിയിട്ടുണ്ട് – എഡിറ്റർ) പണികൾ മേലും സർക്കാർ സംബന്ധമായ വ്യവഹാരങ്ങൾ മേലും വിശേഷമായി ചെയ്യപ്പെടുന്ന വല്ല ആശുപത്രിമേലും പൊതുവിൽ പട്ടത്വത്തിനായിട്ട് നിയമിപ്പാനുള്ള സിമ്മനാരി മേലും സ്കൂളിന്മേലും മറ്റും ആകുന്നു. നമ്മുടെ അധികാരത്തിൽപ്പെട്ട പള്ളികൾ മേലും മേൽപ്പറഞ്ഞ പ്രകാരമുള്ള പൊതുവിന്നടുത്ത മേലധികാരം വാദിക്കുള്ളതാകുന്നു.[50] പൊതുവിന്നടുത്തത് എന്ന് നാം പറഞ്ഞത് ആത്മീകസംബന്ധമായും വസ്തു സംബന്ധമായും ഉള്ള അധികാരങ്ങൾ ആകുന്നു. മുമ്പെ നാം ആശുപത്രി എന്നു പറഞ്ഞതും ആത്മസംബന്ധമായിട്ടുള്ളതാകുന്നു.

ചോദ്യം: വാദിക്ക് ആത്മസംബന്ധമായും ലോകസംബന്ധമായും ഉള്ള മേലധികാരത്തെ അവിടേക്ക് കിട്ടിയിട്ടുള്ള സ്ഥാനപത്രത്തിൽ വിവരിച്ചിട്ടുണ്ടോ?

അത് പ്രമാണം ഹാജരാക്കുന്നതുകൊണ്ട് അത് നോക്കി തീർച്ചപ്പെടുത്തേണ്ടതാകയാൽ ആ ചോദ്യം ആവശ്യമില്ലാ എന്ന് വാദി വക്കീൽ തടുത്തതിനാൽ ഈ ചോദ്യം ചോദിപ്പാൻ അനുവദിച്ചില്ല.

ഉത്തരം: നമുക്ക് മെത്രാന്റെ സ്ഥാനം കിട്ടിയതിൽ പിന്നെ മേൽപ്പറഞ്ഞതുപോലെ വാദിക്കുള്ള മേലധികാരത്തെപ്പറ്റി പാത്രിയർക്കീസ് ബാവായിൽ നിന്ന് ഏതെങ്കിലും പ്രമാണം ഉണ്ടായതായി നമുക്കറിവില്ല.

ചോദ്യം: വാദിക്കു മുമ്പുണ്ടായിരുന്ന അധികാരലക്ഷ്യങ്ങളുടെ പിൻതീയതിക്ക് വാദിക്കു മുമ്പുണ്ടായിരുന്ന അധികാരം വിഭാഗിച്ചതായി പ്രമാണം ഉണ്ടായിരിക്കേ മേലധികാരം ഇപ്പോഴും ഉണ്ടെന്ന് പറയുന്നതെങ്ങനെ?

ഉത്തരം: നമുക്കും നമ്മെപ്പോലെ വേറെ മെത്രാന്മാർക്കും ഉണ്ടായിരിക്കുന്ന സ്ഥാനപത്രം കൊണ്ട് വാദിക്കു മുമ്പുണ്ടായിരുന്ന സ്ഥാനപത്രത്തെ അസ്ഥിരപ്പെടുത്തിയതായി ഒന്നും പറഞ്ഞിട്ടില്ല.[50]

വാദി വക്കീലിന്റെ റീ ചോദ്യം:

അന്യായപ്പെട്ടിട്ടുള്ള കോട്ടയത്ത് സിമ്മനാരി മുതലായത് മേലും അതുകൾക്ക് വ്യവഹാരപ്പെടുവാനും ഉള്ള അധികാരം ആർക്കാകുന്നു?

ഈ ചോദ്യം നൂതന ചോദ്യമാകുന്നു എന്ന് 1-ാം പ്രതിയുടെ വക്കീൽ തടുത്തു. കോർട്ട് അനുവദിക്കായ്കയാൽ,

ഉത്തരം: അതുകളുടെ അധികാരം വാദിക്കാകുന്നു.

കോർട്ട് ചോദ്യം: മേൽപ്പറഞ്ഞ വസ്തുക്കൾക്ക് വേറെ ആളുകൾക്ക് അധികാരം ഉണ്ടോ?

ഉത്തരം: കോട്ടയത്ത് സിമ്മനാരി മുതലായ വസ്തുക്കൾക്ക് വേറെ മെത്രാന്മാർക്ക് അധികാരം കൊടുത്തിട്ടില്ല.

(ഒപ്പ്)

വാദി വക്കീൽ കൃഷ്ണയ്യർ (ഒപ്പ്)

പ്രതി വക്കീൽ കോശി (ഒപ്പ്)

സ്ഥാത്തിക്കോൻ ഹാജരാക്കിയത് കമ്മീഷൻ കോടതിക്ക് കൊണ്ടുപോയിരിക്കുന്നു.

അനുബന്ധം 6

# കൊച്ചി റോയൽകോടതി: അപ്പീൽ പെറ്റീഷൻ

**SYRIAN CHURCH OF THE MALABAR**

**An Appeal Petition filed before the Royal Court of Cochin by Pulikkottil Mar Dionysius Joseph II**

THE Syrian Christians being the oldest Christian community in this ancient and historic Kingdom of Cochin, it is very important, that your Highness, who is universally acknowledged as one of the most enlightened rulers in India, should be well informed of the history and the present condition of this section of your Highness's royal subjects. I beg, there fore, to be excused in venturing to intrude upon your Highness's valuable time and patience with these few lines.

(1) Christianity was first planted in India in A.D. 52 by St. Thomas, one of the twelve Apostles of Jesus Christ, and first town that received the Gospel was Cranganore within the borders of the present state of Cochin. For many years, the infant church was ruled by priests appointed by the Apostle from the converted Brahmin families Pakalomattam & Sankarapuri. But on the death of these priests, the church began to have retrograde movement, due to absence of bishops holding power to ordain priests. In that second century, there is a reliable record of a visit paid to this Indian church of St. Thomas by a celebrated Christian Missionary from Alexandria.

The next record proving the early existence of a Christian Church in this country is the list of bishops that were present at the Great General Council - infact the first Ecumenical Synod of the Christian church held at Nicea in A.D. 325 there, the Emperor Constantine the Great convened a meeting of Christian Bishops to discuss and decide certain dogmatic questions on which controversy had arisen among the theologians of the age. In the list of subscribers to the resolutions of the synod, we meet with the name of "John Bishop of Persia and India Magna."

Among the resolutions passed in this Synod was included one Regulating the goverment of the universal church including that of India. The Christendom was divided into four Patriarchal estates presided over by prelates designated patriarch with supremacy over other bishops within their respective Patriarchates. These were the Patriarchs of Rome, Constantinople, Alexandria and Antioch. They had their own sphere of jurisdiction assigned

to them in the Synod. The patriarch of Anitoch's authority extended "all over the east" including India and China. Thus the Church of Malabar accepted, through her bishop John the supremacy of the sea of Antioch as early in A.D. 325. The Patriarchate of Antioch being very extensive, arrangement was also made in the Synod for the appointment at Seleucia in Persia, of a deputy having power to superintend the eastern part of the patriarchate, subject to the authority of Patriarch.

In A.D 345 the infant church of Malabar was strengthened by the settlement of a Syrian colony deputed by the "Catholicos of the East" under the orders of the patriarch. The colony consisted of four hundred Christians including men, women and children, with the bishop named Joseph and ecclesiastics they were conducted to Malabar by a famous Syrian Merchant Thomas of Cana. The Party landed at Cranganore and was welcomed and honoured by Cheraman Perumal with lands to reside at the Cranganore and seventy two special Privileges peculiar to high cast Hindus. The grants were made on copper plates still preserved by me in the Kottayam Syrian seminary. The Christian quarter in the port of Cranganore was thenceforth called Mahodevar Pattanam.

The native Christians welcomed the Syrian Colony and acknowledged the authority of the bishop sent by the Catholica of the East. They resided with foreigners at Cranganore and adopted their Syrian liturgy and rites and from this circumstance the whole community was called Syrians. Ever since this period Cranganore is regarded as the home of the Syrian community. Until as lately as the introduction of the registration of deeds was the custom of all Syrian Chriatians residing in the Churches of Cochin and the northern division of Travancore, to designate themselves in all tittles - deeds as descendants of the Syrians of Mahadevars Pattanam.

I have already referred to the appointment of a Catholicos as a deputy of the See of Antioch in the East. In the fifth century, a schism was raised in Constantinople by its Patriarch Nestorius, and he was condemend by general Synod held at Ephesus. But in the next century, heretic teachings spread to a certain extent in Persia, supported by the Catholicos of the East. The Patriarch deposed him and appointed another to supersede him. But the heretic rebelled and maintained succession in opposition to the Orthodox Catholicos. This led to the subsequent succession of two lines of Catholicos, one holding the Nestorian heresy and the other owing allegiance to the See of Antioch. Bishops from both lines used to visit Malabar occasionally, as a consequence, Nestorianism also had its supporters now and then in Malabar.

The rise of Nestorians was followed in Syria by another schism originated by one Eutychus. The Patriarch of Antioch had to contend against

both. In the course of the contest, a Zealous bishop Jacob Baradeus worked strenuously to redeem the Christians of syria from the snares of these schismatic, and those who adhered to him were called Jacobites by their adversaries. The Patriarch of Antioch headed the Jacobite Party and the Christians under his jurisdiction came to be known by that name. The Syrians of Malabar also received this special name by their allegiance to the See of Antioch.

The next important point in the history of the Syrian Church of Malabar is their social advancement. It is believed that they attained the Zenith of their prosperity in the tenth century. Thy set up a Kingdom at Diamper (Udiamperoor) under a King of their own, whose dynasty was known by the title Villiarvattam Surupam. The Christian kings of this dynasty were allies of the sovereigns of Cochin, both for offensive and defensive purposes, so much so that when the last king of that dynasty died extinct his territories were quietly added to the kingdom of Cochin and his Syrian subject cordially accepted the sovereignty of your Highness' predecessors:

The next event worth mention in the annals of our Community and Church was the advent of the Portuguese. They were Christians owing spiritual allegiance to the Pope of Rome. As already remarked, Rome was one of the four independent Patriarchates created in the first council of Nicea. The authority of that See didn't extend beyond the western Portion of the Roman Empire. But being the prelate of the capital of the Empire or rather of the then known world he was the most influential bishop in the Christendom. This unique position induced him to claim a sort of supremacy over the other Patriarchs. He assumed the title of pope and declared himself the Vicar of Jesus and Ruler of the Christendom. The other patriarchs refused to acknowledge his ambitions but the vast influence and the unlimited resources he had helped him to carry out his desings to a geat extent, while the rise of the Mahomedan power and the consequent persecutions of the Christians in the East disabled the other Patriarchs to successfully contend with the Pope.

The Portuguese Government and clergy pledged themselves to vindicate the Pope's supremacy and extend his authority in every part of their colonies. Finding that the Syrian Church had no strong secular protection, they tried at first to impose Roman Catholicism upon the Syrian Church by friendly means. This failing, they set watch in all foreign ports to prevent the arrival of bishops from Syria. Those prelates, who happend to fall into their hands were arrested and finally destroyed in their inquisitions. Having thus reduced the Syrian Church to the position of a widow, Menezes, Arch Bishop of Goa visited Malabar and assumed charge of this bishopric Securing the support of the Portuguese authorities and their native allies. Menezis con-

vened a meeting of the Syrian Christians at Diamper in 1599 and forcibly converted the whole diocese in to the Church of Rome. For half a century, The Syrians is remained in subjection to the Roman Church. But in 1653 Mar lgnatius Patriarch of Antioch received in India in person to rescue his Indian flock. However the Portuguese succeeded in arresting him and sent him to Mylapore, where he was accidentally met by two deacons from Malabar who had gone on pilgrimage to the sacred tomb of St. Thomas. Mar Ignatius who was informed of the condition of his people, secretly issued a bull authorizing the temporary elevation of the Syrian Archdeacon Thoma as bishop, subject to certain conditions. Not long after, the Patriarch was brought in chains to Cochin on his way to the inquisition of Goa. The Syrians some how got secret of this and applied to the Rajah of Cochin to mediate for them with the Portuguese Governer for the release of their prelate. The Rajah kindly remonstrated with the Governer but he sent the partriarch at once to Goa, and it was reported abroad that the prelate was drowned in the harbour. The enraged Syrians to the nuber of 25,000, met Mattanchery on the 3rd of Makaram 1653 and holding a large rope tied to the Coonen Cross (still existing there) they took solemn oath binding themselves not to remain in allegiance to the church of Rome. They returned to their creed and independence and consecrated their Arch-deacon as bishop under the title Mar Thomas, on the strength of the authority conferred on them by the patriarch's bull. He was the first native bishop the church having been governed, till the Portuguese period by bishops sent by patriarch of Antioch either directly or through his deputy, the Catholicos. From this Period the Syrian community was split into two sections, one holding their primitive faith and acknowledging the spiritual supremacy of the jacobite partriarch of Antioch and the other following Roman catholic rites under bishop appointed by the Pope. The Roman party called themselves Pazhaykoottookar and other Puthencoottookar. These names continue to this day as applied to the sect owing allegiance to the sees of Rome and Antioch Respectively. In 1665 the patriarch of Antioch set a delegate in the name of Mar Gregorius and he confirmed by Mar Thomas by proper imposition of hands. Between 1665 and 1815 they remanded as themselves a sect, generally designated Jacobite Syrians or shortly the Syrians. Churh was raised was succession by eight bishops all known by name Mar Thoma. They were for the most part concerted and appointed by delegates sent by the patriarch of Antioch time to time. Two of these delegates lie buried in churches situated within the Cochin state of the eight Bishops MARTHOMA the sixth, who was also called Dionysius I or Dionysius the Great was an illustrioues person. It was in his time that Dr. Buchanan and Dr. Kerr who were deputed by Goverment of Bengal and Madras respectively visited the Syrian Churches in Malabar on Mission of investigation into the state of Christianity in south India. Their

reports show that Syrian Church was then Jacobite in her teachings. It was this Metran that invested 3000 star pagodas in Goverment security for the education of the Syrian Community. This endowment was the subject of a recent inter-pleader suit filed by the British Resident in the Travancore Court. My right to the Administration for the fund for the benefit of the Jacobite the Syrian was recognized by the Court, in preference to the claims set up by a schismatic bishop.

Between 1816 and 1842 the Syrian church was governed by three bishops in succession viz Mar Dionysius II, Mar Dionysius III and Mar Dionysius IV. The first named was my paternal grand uncle; and a native of Kunnamkulam and a subject of the Cochin state. His appointment was the result of the a historic fought struggle for leadership, between the Syrians of Travancore, and Cochin. Till then, all the bishops of the Syrians Church were natives of Travancore, and majority of churches being situated in Travancore. The Cochinites had no chance to get sufficient votes for the appointment of one of their members to be the bishop. They insisted in getting a native of Cochin elevated to the Episcopal dignity, but could't succed. At last my grand uncle secured the support of Col. Munro and through his influence succeeded, though after a hard struggle, in ousting all Travencorean competitors. He was accordingly consecrated under the title Dionysius II. With view to check all rebellious prelates and establish his authority throughout the diocese, the governments of Travancore and Cochin issued Royal proclamation for the first time enjoining that all Syrian Christian should submit to his rule. Thus native of Cochin recognized as the spiritual leader of the Syrian community, against the good will and support of the Travancore Syrians, however he proved himself a worthy Bishop, so much so that beneficiant rule helped in a great measure to the gradual removal of the prejudice of the Travancore Syrians against the claim of their Cochin Co-religionist. In 1815, he established a college at Kottayam, still known as the Kottayam Syrian seminary. It soon became the seat of higher education English, Syriac, Greek, Latin and Sanskrit were taught here many years. In fact the Bishop was pioneer of higher education on the Malabar Coast, and the college founded by him was first public educational institution of kind in Travancore and Cochin.

There is another incident in which this Cochinite was protected by the special interference of the Maharaja of Cochin. The Roman Catholics of Kunnamkulam had ousted the Syrian party by force from the Church of Arthat. The dispute about the ownership of the church remainded indisposed of for many year. My grand uncle Mar Dionysius II brought the question to the notice of the celebrated Maharajah of Cochin who deceased at Trichur. His Highness kindly condescended to pay the disputed spot and

decided to settle the question by lot. The lot was drawn in favour of the Jocobite Syrian and a Royal Theetooram was issued placing the church in the sole possession of our party to the exclusion of the Roman sect.

Another important point worth mension in this connection is the entertainment of many Syrians to hold responsible posts in the Government of their countries. Syrian Christian Judges, Magistrates and Tahsildars of the age have left behind a monument on honesty, capability and faithfulness of the race represented by them in administration of Justice.

A review of the above epitome of the history of the Syrian Church brings to our notice many important incidents with the little Kingdom of Cochin and her illustrious Rajahs played memorable parts. In the first place the Apostle of Christ planted his church with in the boarders of the present state of Cochin, so that it can be asserted without fear of contradiction that Cochin is the mother of the Christian Church in India.

(2) The Syrian Colony of 345 found shelter in this State and in the Ruler of this country and the Syrian Community indebted to him for the social privileges they enjoy.

(3) The syrian Royal Dynasty of Diamper was an ally of Cochin and that Kingdom eventually became part and parcel of this state.

(4) In their attempt to throw off the Roman. Yoke and establish their ancient faith and independence, our community received substantial help and encouragement from the Rulers of this picturesque kingdom.

(5) When the Roman party attempted to oust the Syrian Christians from Arthat, one of their most ancient and important churches, a predecessor of your highness thought it his personal duty to interfere in the question and to decide it and equitably favour of the Syrian Church.

(6) In my grand uncle, this state furnished the pioneer of higher education in Malabar.

(7) The Syrian community likewise furnished Judges, Magistrates to administer justice, and soldiers and armed men to defend their country and sovereign.

(8) Religious toleration was always a fundamental policy of this illustrious, Government. When our co-religionists in parts of the world were laying down their lives and forfeit.

(9) Their properties for the sake of their Christian persuasion of forefathers in this country were enjoying full freedom not only to maintain their faith and religion but also propagate them. On every occasion of oppression from ignorant and be rotted neighbors, we found shelter under the protecting wings of the Rulers of this country. Hence, the Syrian Community have

also been loyal, law-abiding, and fondly attached to their beloved sovereigns in every age and on every occasion of emergency.

This paper will not be complete without a short description of the present condition of the Syrian Church. To enable me to grasp the true nature of the present state, it is necessary that he should go through the incidents of an earlier period. About the year 1818, the Missionaries of the C.M.S arrived in Travancore promising to help the Syrian Church in her attempt to extend the spread of education. They were cordially welcomed and allowed to co-operate with the Metran in the administration of the Kottayam Seminary. Their work was at first satisfactory and this state of things continued till about 1836, when the Anglican Bishop of Calcutta ... paid a visit to Kottayam and proposed to the Syrian Metran that doctrines and rituals of this ancient church should be so changed as to co-inside with those of the church of England. This the Syrians refused to do, and as a result of the misunderstanding, the missionaries and the Syrians separated from each other. Since then it has been the policy of the missionaries to make proselytes from the Syrians Church and to encourage the rising up of Schism with in it. They themselves made a revision of the Syrian liturgy and tried to introduce it into our churches, but they failed at that time. In 1842, one Mathew, a Syrian deacon of Travancore who was dismissed by the then Metran and who had been studying in the C.M.S. School in Madras, was notwithstanding his attachment to the missionaries dismissed from his school for grave misconduct. It was a time when the Syrians of Malabar had sent repeated applications to the Patriarch of Antioch for the immediate deputation for bishop to Malabar. Deacon Mathew was fully aware of this state of things, went direct to the patriarch and presented him a forged letter in the name of Syrian Community praying that the bearer of the letter might be consecrated and appointed bishop. The aged patriarch believed him and conferred on him the dignity of Metropolitan under the title Mar Athanasius. On his arrival in the country in 1843 the people reported the patriarch representing the previous history of the new Metran and the manner in which he got himself consecrated. The partriarch in puzzle delegated Mar Coorilos with power to investigate the charge and to pronounce excommunication upon Mar Mathew Athanasius, if he found him guilty. Mar Athanasius questioned the genuineness of the credentials produced by the delegate. The Travencore Government, at the instant of the British Resident appointed a committee to decide the question. They met at Quilon and declared that the papers produced by Mar Coorilose were not genuine. They recommended that Mar Athanasius should be recognized by the state as the lawful Bishop of Malabar. Accordingly in 1852 the Governments of Travencore And Cochin issued Royal Proclamation recognizing his status on the strength of his appointment by

the Patriarch. Mar Athanasius was in wardly a friend of the C.M.S Missionaries and partly inclined to the reforms of doctrines and practices which they had proposed some years ago. However he could not openly introduce any change from fear of open rebellion. He therefore privately encouraged schisms. In consequences of his hostile and suspicious attitude, the Syrian community elected me to supercede him. I visited the patriarch in Mesopotamia and received consecration at his hands. On my return to this country in 1866, I was recognized by the people at large, but the Royal proclamation of 1852 by which Mar Athanasius was formally recognized by the State prevented me from executing the functions of my dignity. My application to the local and the Madras Governments against the proclamation didn't produce any favorable result. The patriarch then came to my help. He visited England in 1875 and moved to Indian Office to interfere in the matter to her Majesty's the late Queen Victoria. Her Majesty's Ministers and the public of England supported my case and the case was referred to the Government of Madras for favorable disposal. The patriarch himself visited this country, with the result and issued fresh ones, withdrawing themselves from interference in the appointment and dismissal of bishops in the Syrian church, and directing all parties to settle their disputes by legal means. No sooner was the previous proclamation cancelled than almost all the Syrian churches in both the states recognized me as their lawful metropolitan. At this critical time Mar Mathew Athanasius died bequeathing his rebellious spirit to his cousin whom he had appointed as his successor, under the title Mar Thomas Athanasius. The new dignitary was bold enough to openly repudiate the ancient supremacy of the Patriarch of Anitoch and to introduce novelties and changes in the teaching of the church. Some Syrians in a few churches in Travancore and Cochin joined him. To secure the churches being abused for the propagation of heretical teachings, I had to resort to legal procedures of courts in Travancore. It is gratifying to observe that all the grades of courts in Travancore, including the Royal court of final Appeal unanimously established the Patriarch's supremacy and my right to be the sole Metropolitan of the Syrian Churches in the country. They also found that Mar Thomas Athanasius, was a pretender and heretic not entitled to hold possession of Syrian Churches and their properties. So far as the churches in Travancore are concerned. I am the Metropolitan recognized by the State and Courts.

In the State of Cochin there are 21 Syrian Churches, all of which with one exception Viz the parish of Arthat which also includes four chapels attached to it, recognize me as their metropolitan even in the Arthat Parish and its Chapels out of a total congregation numbering nearly 1500 families all but fifty families are my adherents. These few dissenters have lately begun to

introduce heretical worship in the church. It became, therfore. Extremely necessary to undertake a civil action in the Court of Cochin also to establish my lawful right as Metropolitan and redeem the church and Chapels from being abused for heretical worship. Unfortunately the case was disposed of in the District and Appeal Courts against me. In the case of my late grand uncle in 1816, the Syrians of Cochin had to fight hard battle to secure the predominance of Cochin in directing the destinies of the Syrian Church and the state of Cochin recognized his appointment. In my own case though I am a native of Kunnamkulam and a subject of your Highness Government the Travancore Syrians had no reluctance to acknowledge me as their metropolitan and the Travancore courts had no scruple to recognize a foreigner as the head of a large and influential section of her subjects in reference to the claims set up by a Travancorean pretender. But in my own State and the country of my birth in spite of the fact that all Syrian churches and all Syrian Christians within it, with the exception of but fifty families strenuously adhere to me my just and lawful rights are disrespected. In fact I am precluded from even visiting the church which apart from being under my Episcopal authority was my parish church in which laws born brought, up and for many yers I had exercised function of a priest, and in which, if it be the will of God, I should like to be buried after my death all these because some fifty families of schismatic Syrian refuse to recognize my just and lawful rights. I have therefore appealed to the highest Court of this state and await its decision in the earnest hope that justice will prevail under the eye of so illustrious. So just so impartial, and so sympathizing a Ruler as Your Highness is.

In this connection it is also worth while to note what the real disputes between the two parties consist of from time immemorial nay from the Apostolic age itself the Transubstantiation of the elements consecrated in the Holy Mass, the belief in the efficiency of prayers and Chatham for the dead, the need of invocation of the Virgin Mary and Saints, the necessity of proper ordination by duly constituted authorities to entitle one to administer the power of a priest or a bishop was communed placidly recognized by the Church of Christ. Difference of opinion on these points have since separated one church from another in Europe. In the Syrian Church of Malabar also these were doctrines recognized by all person alike. But in recent years a heretical party have removed these vital doctrines from the liturgy and have introduced their novelties in the church of Arthat and its chapels. They have set up as their bishop on who has not been regularly and apostolically ordained according to the ancient usage of the church. In short, the points of dogma in which they have departed from the ancient usage of the church. In short, the points of dogma in which they have departed from the ancient

and accepted teachings of the Church are more vital than those which separated the church of England from the church of Rome. It is an undisputed fact that all Syrian churches were founded and continued for worship according to the teachings and rituals of the Jacobite church. In other words, they were set up and continued for a special religious trust. But the schismatic who have departed from the ancient teachings and practices desire to make use of them for worship according to the novel teachings which their vagaries dictate from time to time. Thus they have converted a special trust in to hostile purpose so that we cannot worship together in the same church. My desire in instituting a civil suit is that every church should be set apart for purposes for which it was originally founded.

The above statements represent a dark and melancholy side of the present condition of the Syrian Community. There is however, another side - a pleasant, one to describe. In spite off litigations and internal struggles stated above, my people are improving socially and intellectually. The facilities afforded by the Goverment to the diffusion of education among the all classes of Your Highness subjects are availed of by them. In the State of Cochin I have an English High School at Kunnamkulam and a middlle school at Mulamthuruthy, besides vernacular schools in every place, both of these schools are receiving grants in aid from Your Highness Government. There are graduates and undergraduates in my community some of whom hold positions of rank in the public service discharging their duties to the satisfaction of their superiors. Though the common people are ignorant and antedated then are signs, of improvements in every direction. The people as a body appreciate the value of education, no doubt due to the encouragement accorded by your Highness Government. Though I may not live to see the effect of it, I have no doubt that in the course of some years the state of Cochin will fully eclipse to the highest standard of western civilization, and that the Syrians Community also will enjoy their proper share in it. That God Almighty may bless your Gracious Highness with the long life, health and prosperity to direct the destiny of your Highness loyal sujects, with the humble, earnest and constant prayer of

Your Gracious Highness most obedient servant
and loyal but unfortunate Subject

MAR DIONYSIUS
Syrian Metropolitan of Malabar.

(ഫാ. ഡോ. ജോസഫ് ചീരൻ കണ്ടെടുത്ത് 1999-ൽ മാർ ദീവന്നാസ്യോസ് ചരമ നവതി സുവനീറിൽ - പ്രസാധകർ: യൂഹാനോൻ മാർ സേവേറിയോസ് ഫൗണ്ടേഷൻ - പ്രസിദ്ധീകരിച്ചത്.)

**അനുബന്ധം 7**

# 1877-ൽ പുതിയ മെത്രാന്മാർ അസോസ്യേഷൻ കമ്മിറ്റിയെ അധികാരപ്പെടുത്തുന്ന എഴുത്ത്

11-ാമത് ലക്കം. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ കന്നി മാസം 17-ാം തീയതി തെക്കു നിന്നും കൊച്ചികോട്ടയിൽ എത്തി. 5-ാമത് ലക്കത്തിൽ പറഞ്ഞിരിക്കുന്നപ്രകാരം ഉള്ള കൂട്ടത്തെക്കുറിച്ച് കൊച്ചി ഇടവകയുടെ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുമായി ആലോചിച്ചു. പരുമല കൂടുന്നതിനു പ്രയാസവും ആയതിന് ഏറിയ ചെലവും വരുന്നതിനാൽ ഇവിടെ കൂടുന്നത് തന്നെ നല്ലതെന്ന് നിശ്ചയിച്ച് ആ വിവരത്തിന് 20-ാം തീയതി ശേഷം മെത്രാന്മാർ അഞ്ചു പേരും കൊച്ചിയിൽ വന്ന് കൂടത്തക്കവണ്ണം എഴുതി അയച്ചു. കോട്ടയം ഇടവകയുടെ അത്താനാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് ദീനമാകയാൽ വന്നില്ല. ശേഷം മെത്രാന്മാർ എല്ലാവരും വന്നുകൂടി. അദ്ദേഹത്തിന്റെ സമ്മതപത്രവും ഉണ്ടായിരുന്നു. ആ സമയം മേൽപ്പറഞ്ഞ കൂട്ടത്തിൽ പനക്കൽ ഐപ്പൂരുവും കുന്നുംപുറത്ത് കുര്യൻ റൈട്ടറും ഉണ്ടായിരുന്നു. ആലോചനകൾ പലവിധമായിരുന്നു. എങ്കിലും തമ്മിൽ യോജിച്ച് നിശ്ചയിച്ചതാവിത്:

കോട്ടയം സിമ്മനാരിക്കും വട്ടിപ്പണം മുതലായതിനും സിവിൽ നമ്പ്ര് ഇട്ട് വ്യവഹാരം ചെയ്യുന്നതിന് കമ്മട്ടിക്കാരുടെ പേർക്കും യൗസേഫ് ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ പേർക്കും ശേഷം മെത്രാന്മാർ ആറു പേരും കൂടി ഒരു സമ്മതപത്രം എഴുതി കൊടുക്കത്തക്കവണ്ണവും 2-ാമത് ഇപ്പോൾ പൊതുവിൽ സുറിയാനി പഠിത്തത്തിന് ഒരു സ്ഥലം ഇല്ലാത്തതിനാൽ ദൈവകാരുണ്യത്താൽ കോട്ടയത്ത് സെമിനാരി കൈവശപ്പെടുന്നതു വരെ പുതുപ്പള്ളി പള്ളിയിൽ ഇരുന്ന് കോട്ടയം ഇടവകയുടെ അത്താനാസ്യോസ് മെത്രാപ്പോലീത്തായും തുമ്പൊൻ ഇടവകയുടെ യൂലിയോസ് മെത്രാപ്പോലീത്തായും വടക്കുനിന്നും തെക്കുനിന്നും ശെമ്മാശന്മാരെക്കൂട്ടി വൃശ്ചിക മാസം മുതൽ പഠിപ്പിക്കത്തക്കവണ്ണവും ആ ചിലവു വകക്ക് തെക്കേ ദിക്കുകളിൽനിന്ന് പിടിഅരിയും മറ്റും പിരിച്ച് നടത്തിക്കൊള്ളണമെന്നും ദൈവകാരുണ്യത്താൽ സിമ്മനാരി കൈവശം വന്നാൽ പൊതുസ്ഥലം ആയതും വിശേഷാൽ തെക്കും വടക്കും ഓരോ സിമ്മനാരി കൂടെ ഉണ്ടാക്കിക്കൊള്ളാമെന്നും ശേഷം മെത്രാന്മാർ അവരവരുടെ ഇടവകകളിലേക്ക് പോകത്തക്കവണ്ണവും ഇനി മകര മാസത്തിൽ

തീയതി നിശ്ചയിച്ച് കൂടി വേണ്ടുംകാര്യം ആലോചിച്ചുകൊള്ളാമെന്ന് സുറിയാനിക്കാർക്കായി പഠിത്തം വകയ്ക്ക് സർക്കാരിൽ നിന്നും നിശ്ചയിച്ചിരിക്കുന്ന രൂപായ്ക്ക് യൗസേപ്പ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ഹർജി ബോധിപ്പിച്ച് നടത്തിക്കൊള്ളണമെന്നും നിശ്ചയിച്ച് കന്നി 29-ാം തീയതി വെള്ളിയാഴ്ച പരിശുദ്ധ ചുംബനത്താൽ സന്തോഷത്തോടെ പിരികയും ചെയ്തു.

12-ാമത് ലക്കം. സമ്മതപത്രത്തിന്റെ പകർപ്പ്.

മലങ്കര തുമ്പൊൻ ഇടവകയുടെ ഗീവറുഗീസ് യൂലിയോസ് മെത്രാപ്പോലീത്തായും കോട്ടയം ഇടവകയുടെ പൗലോസ് അത്താനാസ്യോസ് മെത്രാപ്പോലീത്തായും കണ്ടനാട് ഇടവകയുടെ പൗലൂസ് ഈവാനിയോസ് മെത്രാപ്പോലീത്തായും കൊച്ചി ഇടവകയുടെ ശെമവൂൻ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും അങ്കമാലി ഇടവകയുടെ ഗീവറുഗീസ് കൂറിലോസ് മെത്രാപ്പോലീത്തായും നിരണം ഇടവകയുടെ ഗീവറുഗീസ് ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും കൂടി സുറിയാനി അസോസിയേഷൻ കമ്മറ്റിയിലേക്ക് എഴുതുന്നത്.

നമ്മുടെ പൊതുസ്ഥലമാകുന്ന കോട്ടയത്ത് സിമ്മനാരിയും അതിൽ ഉൾപ്പെട്ട വസ്തുക്കളും വട്ടിപ്പണം മുതലായതും കൈവശം വരുത്തേണ്ടതിന് വേണ്ടിവരുന്ന സകല വ്യവഹാരങ്ങളും നിങ്ങൾ കമ്മറ്റിക്കാർ ചെയ്ത് കൈവശപ്പെടുത്തേണ്ടതിനും നമ്മുടെ വിശുദ്ധ പിതാവായ മോറാൻ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവായുടെ അനുവാദ പ്രകാരം അതുകൾ കൊണ്ട് പൊതുവിൽ പഠിത്തം, അച്ചടി മുതലായത് നിങ്ങൾ നടത്തുന്നതിനും ഞങ്ങൾ സമ്മതിച്ച് താഴെപ്പറയുന്ന സാക്ഷികളുടെ മുമ്പാകെ ഒപ്പിട്ടിരിക്കുന്നു എന്ന് 1877-ന് കൊല്ലം 1053-ാമാണ്ട് കന്നി മാസം 27-ാം തീയതി.

യൂലിയോസ് മെത്രാപ്പോലീത്താ (ഒപ്പ്)
അത്താനാസ്യോസ് മെത്രാപ്പോലീത്താ (ഒപ്പ്)
ഈവാനിയോസ് മെത്രാപ്പോലീത്താ (ഒപ്പ്)
ദീവന്നാസ്യോസ് മെത്രാപ്പോലീത്താ (ഒപ്പ്)
കൂറിലോസ് മെത്രാപ്പോലീത്താ (ഒപ്പ്)
ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ (ഒപ്പ്)

സാക്ഷി: വെട്ടിക്കൽ ദയറായിൽ യാക്കോബ് റമ്പാൻ (ഒപ്പ്)

സാക്ഷി: ചെമ്പിൽ പള്ളിയിൽ അമ്പലത്തിങ്കൽ പത്രോസ് കത്തനാർ (ഒപ്പ്).

(*കണ്ടനാട് ഗ്രന്ഥവരി*യിൽ നിന്നും)

അനുബന്ധം 8

# മാർ ദീവന്നാസ്യോസ് ജൂബിലി

## കാരുചിറ ഗീവർഗീസ് ശെമ്മാശൻ
## (പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോല്ക്കാബാവാ)

11-ന് സിമ്മന്നാരി ട്രസ്റ്റിയായിരുന്ന കഴിഞ്ഞുപോയ കുന്നുമ്പുറത്ത് ഉലഹന്നാൻ മൂപ്പിലേക്ക്[42] പകരം ഒരു ട്രസ്റ്റിയെ തിരഞ്ഞെടുക്കുന്നതിനായി പള്ളിക്കാരുടെ ഒരു മഹായോഗം കൂടി ട്രസ്റ്റിയായി ടിയാന്റെ മകൻ കൊച്ചൂഞ്ഞിനെത്തന്നെ സ്ഥിരപ്പെടുത്തുകയും ആ യോഗത്തിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ കശീശാ സ്ഥാനം ഏറ്റ് 50 സംവത്സരം തികയുന്ന വരുന്ന ചിങ്ങം 6-ന് എല്ലാ പള്ളികളിലും പ്രാർത്ഥനയും മറ്റും പ്രത്യേകം കഴിക്കണമെന്നും വരുന്ന വൃശ്ചികം 12-ന് ജൂബിലി ആഘോഷിക്കണമെന്നും നിശ്ചയിച്ച് യോഗം പിരിഞ്ഞു.

12-ന് മാനേജിംഗ് കമ്മറ്റി കൂടി വട്ടിപ്പണക്കേസും മറ്റും നടത്തുന്നതിന് പണം ഉണ്ടാകേണ്ട സംഗതിയെ കുറിച്ചും, പാത്രിയർക്കീസു ബാവാ കുസ്തന്തീനൊപ്പൊലീസിൽ നീങ്ങിയിരിക്കയാൽ അവിടത്തെ ചില വർപ്പിന് പണം അയക്കേണ്ടതിനെ കുറിച്ചും മറ്റും ആലോചിച്ചു തിരുമേനികൾ പള്ളികൾക്ക് കല്പന അയച്ചു. 18-ന് ഗീവറുഗീസു റമ്പാൻ വാകത്താനത്തു വള്ളിക്കാട്ടു പള്ളിയിൽ എത്തി. ഇടവം 4-ന് ഗീവറുഗീസു റമ്പാച്ചന്റെ കൂടെ നില്ക്കേണ്ടതിന് പറവൂർക്കാരൻ ഇഞ്ചക്കാടൻ വർക്കി വന്നു ചേർന്നു.

20-ന് പെന്തിക്കൊസ്തി ഞായറാഴ്ച ഗീവറുഗീസു റമ്പാച്ചൻ നാലുന്നാക്കൽ പള്ളിയിൽ എത്തി കുർബ്ബാനയും പ്രസംഗവും ക്രമവും കഴിക്കയും കാരിക്കോട്ടുചിറ ഇളയ ചെർക്കന്റെ വിവാഹവും നടത്തി തിരിച്ചു വള്ളിക്കാട്ട് പള്ളിയിൽ എത്തി. മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ജൂബിലി[43] ആഘോഷിക്കുന്നതിന് എല്ലാ പള്ളികളിൽ നിന്നും ജനങ്ങളിൽ നിന്നും പിരിവ് എടുക്കണമെന്നും ജനസംഖ്യ എടുക്കണമെന്നും മറ്റും കമ്മട്ടിക്കാർ നിശ്ചയിച്ച വിവരത്തിന് ജൂബിലി കമ്മട്ടി പ്രസിഡണ്ടായ മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ എഴുതി അയക്കയാൽ ഗീവറുഗീസു റമ്പാൻ ടി. പിരിവിനായി കർക്കടം 1-ന് നാലുന്നാക്കൽ പള്ളിയിലും 8-ന് വാകത്താനത്തു പള്ളിയിലും 15-ന് പുതുശെരി പള്ളിയിലും 21-ന് തോട്ടക്കാട്ട് പള്ളിയിലും അഞ്ചേരി പള്ളിയിലും മീനടത്തു പടിഞ്ഞാറെ പള്ളിയിലും 22-ന് മീനടത്ത് കിഴക്കെ പള്ളിയിലും 25-ന് പാമ്പാടി പള്ളിയിലും എത്തി കുർബ്ബാനയും ജൂബിലിയും

സംബന്ധിച്ചും പിരിവിനെ സംബന്ധിച്ചും പ്രസംഗിക്കയും ചെയ്തു. 30-ന് ഗീവറുഗീസ് റമ്പാൻ പാമ്പാടി പള്ളിയിൽ നിന്നും പുതുപ്പള്ളി വഴിയായി വാകത്താനത്ത് വള്ളിക്കാട്ട് പള്ളിയിൽ എത്തുകയും ചെയ്തു.

1077 ചിങ്ങം 6-ന് ഗീവറുഗീസ് റമ്പാൻ ടി. പള്ളിയിൽ കുർബാന ചൊല്ലി ജൂബിലിക്ക് പ്രത്യേകം അച്ചടിച്ചുവന്നിരുന്ന പ്രാർത്ഥനയും അപേക്ഷയും കഴിച്ചു. 20-ന് വള്ളിക്കാട്ട് പള്ളിയിൽ കൂറിലോസ് ബാവായുടെ ഓർമ്മ കഴിച്ചു. 29-ന് വാകത്താനത്തു പള്ളിയിൽ പെരുന്നാളിന് ഗീവറുഗീസു റമ്പാൻ പോയി. കന്നി മാസം 13-ന് അൽവാറീസ് യൂലിയോസ് മെത്രാപ്പോലീത്താ സ്ലീബാ ശെമ്മാശനും ഒരുമിച്ച് വാകത്താനത്തു വരികയും 15-ന് അവിടെ നിന്നും അദ്ദേഹം വള്ളിക്കാട്ട് പള്ളിയിലും എത്തി. 16-ന് കോട്ടയത്തേക്ക് തിരിച്ചുപോരികയും ചെയ്തു. 20-ന് വള്ളിക്കാട്ട് പള്ളിയുടെ കല്ലിട്ട പെരുന്നാളും ബസേലിയോസ് ബാവായുടെ[44] ഓർമ്മയും കഴിക്കയും അവൽ നേർച്ചയും നേർച്ചയിടീലും ഉണ്ടാകയും ചെയ്തു.

തുലാ മാസം 19-ന് മീനടത്ത് പുഞ്ചാൽ പൗലോസു മൂപ്പീലെ അന്ത്യ കൂദാശ കഴിക്കുന്നതിനായി ചെല്ലണമെന്ന് മൂപ്പീലെ മകൻ വള്ളിക്കാട്ട് പള്ളിയിൽ വന്നപേക്ഷിക്കയാൽ ഗീവറുഗീസു റമ്പാൻ മീനടത്ത് പടിഞ്ഞാറെ പള്ളിയിൽ എത്തുകയും 20-ന് കുർബ്ബാന ചൊല്ലിയശേഷം പുഞ്ചയിൽ ചെന്ന് ഉപ്രുശ്മാ കഴിക്കയും വിശുദ്ധ കുർബ്ബാന കൊടുക്കുകയും ചെയ്തു. മൂപ്പീന്ന് 88 വയസ്സുള്ളവന്നും ഒരു ഭക്തനും ആയിരുന്നു. ആയതു കഴിഞ്ഞ് ഗീവറുഗീസു റമ്പാൻ തിരിച്ചുപോരികയും ചെയ്തു.

21-ന് ചക്കുപുരയ്ക്കൽ പീലിപ്പോസിന്റെ കല്യാണം ആയിരുന്നതിനാൽ വാകത്താനത്തു പള്ളിയിൽ എത്തി ആയത് കഴിച്ചു. വൃശ്ചികം 10-ന് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ജൂബിലി ആഘോഷത്തിനായി ഗീവറുഗീസ് റമ്പാൻ കോട്ടയത്തേക്ക് യാത്ര പുറപ്പെട്ട് മാർ ദിവന്നാസ്യോസ് സിമ്മന്നാരിയിൽ എത്തി. അപ്പോൾ അവിടെ വലിയ ഒരുക്കങ്ങളും ആൾക്കൂട്ടവും ഉണ്ടായിരുന്നു. അവിടെ നിന്നും പഴയ സിമ്മന്നാരിയിലേക്ക് പോകയും ചെയ്തു.

ജൂബിലി 12-ന് തിങ്കളാഴ്ച ആയിരുന്നുവെങ്കിലും ശനിയാഴ്ച വൈകുന്നേരം ആയപ്പോഴേക്കും ആളുകളുടെ വരവ് തുടങ്ങിയിരുന്നു. 11-ന് ഞായറാഴ്ച സിമ്മന്നാരി പള്ളിയിൽ മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്താ കുർബ്ബാന ചൊല്ലി പ്രസംഗിക്കയും ജൂബിലിക്കുള്ള പ്രത്യേക പ്രാർത്ഥന കഴിക്കയും ചെയ്തു. നേരത്തെ വന്നുചേർന്നവർക്കും പള്ളിയകത്ത് കടന്നു നിൽക്കാൻ സ്ഥലം കിട്ടാത്തവണ്ണം ആളുകൾ തിങ്ങി നിറഞ്ഞി

രുന്നു. 12 മണിയോടു കൂടെ കുർബ്ബാന കഴിഞ്ഞു. അന്യ ദേശങ്ങളിൽ നിന്നും സമീപദേശങ്ങളിൽ നിന്നും വന്നവരെ കൊണ്ട് സന്ധ്യയായപ്പോഴേക്ക് സിമ്മന്നാരി കെട്ടിടം നിറഞ്ഞു. അരിവെയ്പു മുതലായ ഒരുക്കങ്ങൾ രാത്രി കൊണ്ടു കഴിച്ചു.

12-ന് തിങ്കളാഴ്ച നേരം വെളുത്തപ്പോഴേക്കും കോട്ടയം പട്ടണം മുഴുവൻ ആളുകളെ കൊണ്ട് നിറഞ്ഞു കഴിഞ്ഞു. പല തരം വള്ളങ്ങൾ കൊണ്ട് ആറ്റുകടവിലെങ്ങും സ്ഥലമില്ലാതെയായി. വഴികളിൽ കൂടി വണ്ടി യാത്രക്കാർക്ക് ബുദ്ധിമുട്ടായി. സിമ്മനാരി പള്ളിയിൽ 6 മണിക്ക് തന്നെ ആരാധന ആരംഭിച്ചു. മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ വലിയ ത്രോണോസിലും ഈവാനിയോസ് മെത്രാപ്പോലീത്തായും ഗ്രീഗോറിയോസു മെത്രാപ്പോലീത്തായും താഴെയുള്ള ത്രോണോസുകളിലും മൂന്നിൻമേൽ കുർബ്ബാന ചൊല്ലി. ഇതിന്റെ ഒടുവിൽ ജൂബിലി കമ്മട്ടി പ്രസിഡണ്ടായ മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ അവർകളുടെ ഒരു ചുരുങ്ങിയ പ്രസംഗവും അതിന്റെ ശേഷം പ്രത്യേക ജൂബിലി സ്തോത്രവും കഴിച്ചു. കുർബാന കഴിഞ്ഞു മെത്രാപ്പോലീത്താമാർ പള്ളിയകത്തു നിന്നും പുറപ്പെട്ട് പൂമുഖത്തെത്തിയപ്പോൾ മാർ ദിവന്നാസ്യോസ് സിമ്മനാരി മല്പാന്റെയും വിദ്യാർത്ഥികളായ ശെമ്മാശൻമാരുടെയും ഒരു മംഗള പത്രവും സമ്മാനവും സമർപ്പിച്ചു. അതു കഴിഞ്ഞ് മുറിയിലെത്തിയപ്പോൾ സി. എം. എസ്. കോളജിലെ സുറിയാനി വിദ്യാർത്ഥികളുടെ ഒരു സമ്മാനവും ഉണ്ടായി. ഇതു കഴിഞ്ഞ് ഉദ്ദേശം ആയിരപ്പറയോളം അരി വെച്ചുള്ള സദ്യയും പൊടിപൂരമായി കഴിഞ്ഞു.

പഴയ സിമ്മന്നാരി വെള്ളയടിച്ചും മറ്റും പുതുക്കിയിരുന്നതു കൂടാതെ ചുറ്റും 3 വശം തട്ടു പന്തലു പടിഞ്ഞാറെ വശത്തു തെക്കു വടക്കായി വളരെ പൊക്കത്തിൽ ഒരു അടിച്ചുകൂട്ട് പന്തലും കെട്ടിയുണ്ടാക്കിയിരുന്നു. ഈ വലിയ പന്തൽ കെട്ടി വിതാനിച്ച ഗ്ലോവുകൾ, രസയുണ്ടകൾ, പല മാതിരി പുതിയതരം ചിമ്മിനി വിളക്കുകൾ, കുലവാഴകൾ മുതലായതുകളാൽ അലങ്കരിച്ചിരുന്നു. പഴയ സിമ്മനാരി മുതൽ മനോരമ ആപ്പീസു വരെയുള്ള റോഡുകളും റോട്ടിന്നരികെയുള്ള വീടുകളുടെ പടിവാതിലുകളും തോരണങ്ങളും ആശീർവചനങ്ങൾ അടങ്ങിയ വളച്ചു വാതിലുകളാലും മറ്റും മനോഹരമായിരുന്നു. മാർ ദിവന്നാസ്യോസുസിമ്മനാരിയുടെ മുൻ വശത്തു ഇതിലൊക്കെ വിശേഷമായി ഒരു പന്തലിട്ടു. വളരെ മനോഹരമായി കെട്ടി വിതാനിച്ച് അലങ്കരിച്ചിരുന്നു. സിമ്മനാരിയുടെ അകത്തും ലതകൾ പതിച്ചും ആശീർവചനങ്ങൾ കടലാസുകൾ വെട്ടിഎടുത്ത് ഒട്ടിച്ചും ചില ചില്ലറ അലങ്കാരങ്ങൾ ഇല്ലാതിരുന്നില്ല. സിമ്മനാരിക്കകത്ത് മധ്യഭാഗത്ത് തെക്കേ അരികിൽ ഒരു തട്ട് മേൽക്കട്ടിയും പടികളുമായി ഉയർത്തി പണിതുണ്ടാക്കിയതിൽ ഒരു മേശയും ചുറ്റും

കസേരകളും ഇട്ടിരുന്നു. സിമ്മനാരിക്ക് കിഴക്കു വശത്തുള്ള ചാപ്പലുകളും അലങ്കരിച്ചിരുന്നു.

ഉച്ചകഴിഞ്ഞ് മെത്രാപ്പോലീത്താമാർ പഴയ സിമ്മനാരിയിൽ നിന്നും പുത്തൻ സിമ്മനാരിയിലേക്ക്[45] വണ്ടിയിൽ രഹസ്യമായി എഴുന്നള്ളി സിമ്മനാരി ചാപ്പലിൽ ചെന്നു ചേർന്നു. ആളുകൾ വണ്ടികളിലും മറ്റുമായി വരവു തുടങ്ങി. സിമ്മനാരിയുടെ മുൻവശത്തു കുരിശുകളും മുത്തുക്കുടകളും അണിയണിയായി നിരത്തി തുടങ്ങി. പത്തഞ്ഞൂറ് കൊടിക്കൂറകൾ ഉല്ലാസമായി പറന്നും കൊണ്ട് പൊക്കത്തിൽ നില്ക്കുന്നു. സിമ്മനാരിയുടെ ചുറ്റും മണ്ണ് നുള്ളിയിട്ടാൽ താഴാത്ത പോലെ പുരുഷാരം നിറഞ്ഞു തുടങ്ങി.

സിമ്മനാരിക്കകത്ത് ബിഷോപ്പ് സായ്പ്, പേഷ്കാർ സായ്പന്മാർ, മദാമ്മമാർ, വക്കീലന്മാർ, ഉദ്യോഗസ്ഥന്മാർ മുതലായവരെ കൊണ്ട് നിറഞ്ഞു കഴിഞ്ഞു. ഇങ്ങിനെ ഇരിക്കെ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ ചാപ്പലിൽ നിന്നും നീരാള കുപ്പായവും[46] ധരിച്ച് മുതലവായൻ മുടി ശിരസ്സിലുമായി സഹമെത്രാന്മാരും കത്തനാരമ്മാരും ശെമ്മാശന്മാരും ഒരുമിച്ച് സിമ്മനാരിയിൽ പ്രവേശിച്ചു. കൂടിയിരുന്നവരെല്ലാം എഴുന്നേറ്റ് ഉപചാരം ചെയ്തു. എല്ലാവരും ഇരുന്നപ്പോഴേക്ക് ബാൻഡു ശബ്ദവും ഒരു പാട്ടും കേട്ടുതുടങ്ങി.

ഇതിനു ശേഷം വാദ്ധ്യാന്മാരുടെയും കുട്ടികളുടെയും ഒരു മംഗളപത്രവും വായിക്കയും അതു കഴിഞ്ഞ് മെത്രാപ്പോലീത്തായ്ക്ക് കാഴ്ച വയ്ക്കയും ചെയ്തു. പിന്നീട് ബിഷോപ്പിന്റെയും പള്ളിക്കുടം ഇൻസ്പെക്ടർ രാമസ്വാമി അയ്യർ അവർകളുടെയും പെൻഷൻ എഞ്ചിനിയർ മിസ്റ്റർ കുരുവിളയുടെയും വാചാപ്രസംഗവും അതിനുശേഷം മംഗളപത്രത്തിന് മെത്രാപ്പോലീത്തായുടെ മറുപടി പറച്ചിലും വായനയും കഴിഞ്ഞ് പ്രധാനാദ്ധ്യാപകൻ പ്രസംഗകർത്താക്കന്മാർക്കും പ്രത്യേകിച്ചും ശേഷമുള്ളവർക്കു പൊതുവെയും വന്ദനം പറകയും പാത്രിയർക്കീസു ബാവായ്ക്കും മഹാരാജാവിനും ചിയേഴ്സ് പറകയും ചെയ്തു യോഗം പിരിഞ്ഞു.

ഇതിനുശേഷം പഴയസിമ്മനാരിയിലേക്കുള്ള ഘോഷയാത്രയായി. പോലീസ് ഇൻസ്പെക്ടർമാരായ ഉണ്ണിത്താനും നൈനാനും 2 കുതിരപ്പുറത്ത് കേറി കോൺസ്റ്റബിൾമാരുടെ അകംപടിയോടു കൂടി ഘോഷയാത്രയുടെ മുമ്പേ ഉണ്ട്. മഹമ്മദീയൻമാരുടെ പരീശകളിയും വാളേറും അഭ്യാസവും പിന്നാലെ ആർപ്പുവിളിയും വഞ്ചിപ്പാട്ടുമായി ഒരു കൂട്ടം ആളുകൾ അതിന്റെ പിന്നാലെ പത്തിരുപതു ചെണ്ടകൾ കൊട്ടിത്തകർത്തും കൊണ്ട് മറ്റൊരു കൂട്ടം അതിന്റെ പുറകെ തമ്പേറും, ബാൻഡും, നാഗസ്വരം ഇതുകളുടെ പ്രയോഗവും കൂട്ടവും അതിനു പിറകെ ഇവരുടെ

പിന്നാലെ സിമ്മന്നാരി വാദ്ധ്യാന്മാരുടെ മേൽവിചാരത്തോടു കൂടെ പത്ത റുനൂറു കുട്ടികൾ കയ്യിൽ കൊടികളും പിടിച്ചു പാട്ടു പാടി തകർത്തു കൊണ്ട് അങ്ങനെ നടക്കുന്നു. നടുക്കു സ്വർണ്ണത്തിലും വെള്ളിയിലും ഉള്ള പത്തു നാല്പതു കുരിശുകളും ഇരുഭാഗങ്ങളിലും വളരെ മുത്തു ക്കുടകളുമായി ശെമ്മാശന്മാരുടെയും കത്തനാരന്മാരുടെയും രണ്ടണി അതിനു പിറകെ. പിന്നാലെ ഒരു പല്ലക്കിൽ ദിവന്നാസ്യോസു മെത്രാ പ്പോലീത്താ മുതലവായൻ മുടിയും നീരാള കുപ്പായവും ധരിച്ചിരിക്കു ന്നു. അതിനു പുറകെ സഹമെത്രാന്മാരും മറ്റു ചിലരും വണ്ടികളിൽ ഘോഷയാത്രയുടെ ഇങ്ങെഅറ്റത്ത് ആകപ്പാടെ പുരുഷാരത്തിന്റെ ബഹ ളവും എത്രത്തോളമെന്നു പറവതല്ല. ഇങ്ങനെ ഘോഷയാത്രയോടു കൂടെ പഴയ സിമ്മന്നാരിയിൽ 6 മണിക്കെത്തി സന്ധ്യാ വന്ദനം മുതലായ കർമ്മ ങ്ങൾ കഴിച്ച് ഇത് അവസാനിച്ചു.

പിന്നീട് സിമ്മന്നാരിയുടെ പടിഞ്ഞാറ് വശത്തുള്ള പന്തലിൽ മലങ്കര ഇടവക ജനങ്ങളുടെ ഒരു മംഗളപത്ര സമർപ്പണവും അവരുടെ വെണ് കാഴ്ചകളും മെത്രാപ്പോലീത്തായുടെ അനുഗ്രഹവും നടന്നു. അപ്പോ ഴേക്കും മെത്രാപ്പോലീത്തായുടെ കഴുത്ത് കുരിശുകളാലും മറ്റും അന ക്കാൻ പാടില്ലെന്നായി. കാസകൾ, മോതിരങ്ങൾ മുതലായ പല തരം കാഴ്ചകൾ പലരും സമ്മാനിച്ചു. ഇതു കഴിഞ്ഞ് 8 മണിയോടു കൂടി കരി മരുന്ന് പ്രയോഗവും നടന്നു. വാണം, ചക്രം, എലിവാണം, മത്താപ്പ് മുത ലായവകൾ അനവധി ഉണ്ടായിരുന്നു. ആകെപ്പാടെ ജൂബിലി ആഘോ ഷം വളരെ കേമമായി അവസാനിച്ചു എന്നു പറയാം. പിറ്റെദിവസം സ്ഥല ത്തുള്ള യൂറോപ്യൻമാർക്കും യൂറെഷ്യൻമാർക്കും ഒരു സല്ക്കാര വിരുന്നും സിമ്മനാരിയിൽവച്ചു കൊടുത്തു. ഹിന്ദുക്കളായി സ്ഥലത്തുള്ള ഉദ്യോഗസ്ഥൻമാർക്ക് വയസ്ക്കര വച്ചും ഒരു വിരുന്നു കൊടുത്തു.

(ഗീവർഗീസ് പ്രഥമൻ കാതോലിക്കാബാവായുടെ 'സഭാജീവിത നാൾവഴി' എന്ന ഡയറിയിൽ നിന്നും. കാതോലിക്കേറ്റിന്റെ നിധി, പേജ് 130–134)

അനുബന്ധം 9

# ജൂബിലി സമ്മാനങ്ങൾ

പുതുപ്പള്ളി പള്ളിക്കാർ - ഇരട്ടപ്പത്തിയുള്ള സ്വർണ്ണ അംശവടി.

കോതമംഗലത്തു പള്ളിക്കാർ - സ്വർണ്ണക്കാസാ, പീലാസാ.

മുളക്കുളത്തു മുറന്തൂക്കിൽ വലിയ കത്തനാർ - വെള്ളിക്കാസാ.

മുറന്തൂക്കിൽ ചാണ്ടി - വെള്ളി പീലാസാ.

കോട്ടയം കോളജ് സുറിയാനി വിദ്യാർത്ഥികൾ - വെള്ളിക്കപ്പും സോസറും.

മാർ ദീവന്നാസ്യോസ് സിമ്മനാരി - ഭദ്രാസനം (മദ്രാസ് കഴ്സൻ കമ്പനി ഉണ്ടാക്കിയത്).

കുന്നംകുളം മാർ ദീവന്നാസ്യോസ് സ്കൂൾ കുട്ടികൾ - വെള്ളിക്കപ്പും സോസറും.

കുന്നംകുളം അഭിവൃദ്ധിനീസംഘം - വെള്ളി പൊതിഞ്ഞ വി. വേദ പുസ്തകം.

മാർ ദീവന്നാസ്യോസ് സെമിനാരിയിലെ മല്പാനും ശെമ്മാശന്മാരും - വെള്ളിത്തകിടിന്മേൽ പൊൻപണി ചെയ്ത സുറിയാനി ഏവൻഗേലി യോൻ.

തൃപ്പൂണിത്തുറ നെടിയാത്തു പത്രോസ് - വൈരവും ചുവപ്പുകല്ലു കളും വെച്ച മോതിരം.

മുളന്തുരുത്തി ചാത്തുരുത്തിൽ മാത്തു: വൈരവും ചുവപ്പുകല്ലുകളും വെച്ച മോതിരം.

വെളിയനാടു വാഴയിൽ തോമാ - ആനവരാഹനും ചുറ്റും ചുവപ്പു കല്ലുകളും വെച്ച മോതിരം.

മാന്നാത്തു തേവർകുഴി ചാക്കോ - ഒറ്റവൈരക്കല്ലു വെച്ച മോതിരം.

പാമ്പാക്കുട കോനാട്ടു ഇട്ടൻപിള്ള - വെള്ളിവാച്ചും പൊൻ ചങ്ങലയും.

കോട്ടയം നട്ടാശ്ശേരിൽ ചെറിയാൻ - വെള്ളി കുന്തുരുക്കച്ചെപ്പു.

കണ്ടനാട് തുകലൻ കുഞ്ഞിപ്പൗലോസ് - സ്വർണ്ണ മസ്നപ്സാ.

ചക്കരക്കടവു കോരതു കത്തനാർ - പൊൻ മുദ്രയുള്ള കസവ് ഇട ക്കെട്ട്.

കണ്ടത്തിൽ വീട്ടുകാർ - മുഴു സ്വർണ്ണ അരക്കെട്ട്.

കല്ലൂപ്പാറ അടങ്ങപ്രാ കൊച്ചുപണിക്കർ - പൊൻകുരിശും മാലയും.

പഴഞ്ഞി പുലിക്കോട്ട് ചുമ്മാർ – പൊൻകുരിശും മാലയും (മദ്രാസ് ഓർ ആൻഡ് സൺസ്).

മുളന്തുരുത്തി ചാലിൽ കൊച്ചുകോര: വലിയ മരതകവും ചുറ്റും ചുവപ്പുകല്ലുകളും വെച്ച പൊൻകുരിശ്.

മുളന്തുരുത്തി പള്ളി – പൊൻ കുരിശിനു പൊൻമാല.

മുളന്തുരുത്തി സെന്റ് തോമസ് സ്കൂൾ കുട്ടികൾ – സ്വർണ്ണ പേനാപ്പിടി.

താമരപ്പള്ളിൽ കൊച്ചുതൊമ്മൻ – വില്ലൂസിന്മേൽ സ്വർണ്ണക്കുമിളകൾ ഉള്ള ശീലമുടി.

തുമ്പമൺ പള്ളി – പൊൻ നീരാളക്കാപ്പ.

പറവൂർ കുളങ്ങര മാത്തു – വില്ലൂസിന്മേൽ സ്വർണ്ണക്കുമിളകൾ ഉള്ള ശീലമുടി.

കോനാട്ട് മല്പാനും ശെമ്മാശന്മാരും – വെള്ളിക്കാസാ.

കോട്ടയം ഡിസ്ട്രിക്ട് റജിസ്റ്റാർ വർക്കി – കസവു വെച്ച ചെറിയ മുത്തുക്കുട.

മലങ്കര ഇടവകജനങ്ങൾ – മംഗളപത്രപ്പെട്ടി, ഈട്ടിയിന്മേൽ ദന്തം, വെള്ളി, സ്വർണ്ണപ്പണികളോടുകൂടി പുസ്തകാകൃതിയിൽ (തിരുനവന്തപുരം സർക്കാർ കരകൗശല ശാല).

കുറുപ്പമ്പടി പള്ളിക്കാർ – മിന്നിവച്ച പൊൻ പൂമോതിരം.

കുറുപ്പമ്പടി മാത്തു കത്തനാർ – ഇംഗ്ലീഷ് മോതിരം.

മുകളിൽ കൊടുത്ത ലിസ്റ്റിൽ പെടാത്ത വേറെയും വിലപിടിപ്പുള്ള സമ്മാനങ്ങൾ പുലിക്കോട്ടിൽ തിരുമേനിക്ക് ജൂബിലി സമ്മാനമായി ലഭിച്ചതായി അറിയാം. തിരുമനസ്സിലെ സ്വന്തം ഇടവകയായ ആർത്താറ്റ്, കുന്നംകുളം മഹാഇടവക കൊടുത്ത സമ്മാനം ഇതിൽ കാണുന്നില്ല. പുതുപ്പള്ളി പള്ളിക്കാർ സമ്മാനിച്ച സ്വർണ്ണ അംശവടി വട്ടശ്ശേരിൽ തിരുമേനി, പാണമ്പടി കൊച്ചുപറമ്പിൽ പൗലൂസ് മാർ കൂറിലോസുമൊന്നിച്ച് മേൽപ്പട്ടസ്ഥാനം ഏൽക്കുവാൻ ഊർശ്ലേമിലേക്ക് പോയപ്പോൾ അബ്ദുള്ളാ പാത്രിയർക്കീസ് ബാവായ്ക്ക് സമ്മാനിക്കാൻ പുലിക്കോട്ടിൽ തിരുമേനി കൊടുത്തയച്ചു. അതിവിശിഷ്ടമായ ഈ അംശവടി കണ്ടിട്ട് കൗളി ഫാദേഴ്സിന് വലിയ മതിപ്പ് ഉണ്ടായതായി ഇസ്സഡ്. എം. പാറേട്ട് മലങ്കര നസ്രാണികൾ നാലാം വാല്യം പേജ് 55-ൽ രേഖപ്പെടുത്തിയിട്ടുണ്ട്. പിന്നീട് മാർ അബ്ദുള്ളാ പാത്രിയർക്കീസ് മലങ്കരയിലേക്ക് വന്നപ്പോൾ ഈ മുഴു സ്വർണ്ണ അംശവടി കൊണ്ടുവന്നിരുന്നു.

**അനുബന്ധം 10**

# കേരള പതാക

## കേരള പതാക ഉപപത്രം

നിഖ്യാസുന്നഹദോസ

കോട്ടയത്തു വലിയ പള്ളിയിൽ പീലിപ്പോസ കോർ എപ്പിസ്കോപ്പാ
തർജ്ജമ ചെയ്തു എഴുതുന്നതു

കൊച്ചി ൧൦൫൧ കുംഭ മാസം ൧൫-ാം തീയതി ചൊവ്വാഴ്ച.

പിന്നത്തേതിൽ കഴിയുന്ന എങ്കിൽ ഈ കാസാ കടന്നുപോകണമെന്നു മിശിഹാ പ്രാൎത്ഥിച്ച പ്രകാരം മത്തായി ൨൬-൩൯-ൽ പറഞ്ഞിരിക്കുന്നതിനാലും തന്റെ വിയൎപ്പു രക്ത തുള്ളി പോലെ ആയി വ്യസനിച്ചു എന്നു ലൂക്കോസ്സ ൨൨-൪൪-ൽ പറഞ്ഞിരിക്കുന്നതിനാലും ദൈവമായ മിശിഹാ കഷ്ടപ്പെടുകയും മരിക്കയും ചെയ്യുന്ന നിൎബ്ബാഹം ഇല്ലായ്കകൊണ്ടല്ലാതെ മനസ്സായിട്ടല്ലാഞ്ഞു എന്നു കസ്തന്തിനൊസ്സ പോലീസ്സുകാരൻ യെപുത്തിക്കസ്സ എന്ന പട്ടക്കാരൻ പകച്ചു പറഞ്ഞതിനാൽ ൪൪൯-ാം കാലത്തിൽ ൬൩൦ ബാവാന്മാർ എഫെസോസിൽ രണ്ടാമതു സുന്നഹദോസു കൂടി ഇതിലെ പ്രധാനികൾ അലക്സന്ത്രിയായുടെ ശുദ്ധമുള്ള ദിയസ്കോറൊസ്സ പാത്രിയൎക്കീസ്സും കസ്തന്തീനൊസ്സ പോലീസിന്റെ താബീലാനിയോസ്സ പാത്രിയൎക്കീസ്സും ഊർശലമിന്റെ [illegible] യുവനാലിയോസും എഫെസോസിന്റെ സ്തെഫാനോസും [illegible] യെപുത്തീക്കസ്സ അനുതപിക്കയാൽ രണ്ടാമതു മാമോദീസ്സാ മുക്കാതെ ഇവനെ [illegible] മൊ വഴിയായൊ എന്നു ആലോചിച്ചാറെ പാപപൊറുതിക്കു മാമോദീസാ ഒന്നു ഉണ്ടു എന്നു വിശ്വാസ പ്രമാണത്തിൽ പറഞ്ഞിരിക്കുന്നതിനാൽ അവിശ്വാസം നിമിത്തം പൊയിപ്പോയ മാമോദീസാ പിന്നീടുണ്ടായ അനുതാപം കൊണ്ടും വിശ്വാസം കൊണ്ടും വന്നിരിക്കുന്നതിനാൽ രണ്ടാമതു മാമോദീസ മുക്കണ്ടാ എന്നു ഇവർ നിശ്ചയിക്കയും ചെയ്തു. പിന്നീടും യെപുത്തിക്കസ്സ ഇടത്തട്ടിൽ തന്നെ അകപ്പെട്ടു. സുറിയാനിക്കാർ തങ്ങളുടെ പട്ടംകൊട മുതലായ മുഖ്യ കൎമ്മങ്ങളിൽ എപുത്തിക്കസ്സിനെ പരസ്യമായി മഹറോൻ ചൊല്ലുകയും പിരാകുകയും ചെയ്യുവന്നു. സുറിയാനിക്കാർ [illegible] നടക്കുന്നതു എപുത്തിക്കസിന്റെ അവിശ്വാസമാകുന്നു എന്നു ചിലർ അസൂയ പറയുന്നു. [illegible] മിശിഹാ [illegible] എന്നും [illegible] പിശാശ്രുക്കൾ [illegible] ഇതിനെ ക്ഷമയോടെ [illegible] സഹിക്കുന്നു.

പിന്നത്തേതിൽ റോമായുടെ ലെയൻ പാപ്പാ [illegible] ഇടത്തട്ടിൽ മനസ്സ വച്ചു സത്യ വിശ്വാസത്തിൽ നിന്നും [illegible] വിശ്വാസത്തിൽ നിന്നും [illegible] യായിട്ട ഒരു [illegible] വിശ്വാസമുണ്ടാക്കി [illegible] നടപ്പാക്കുന്നതിന രാജാവിനോട അനുവാദം ചോദിച്ചാറെ സമ്മതിക്കാതെ ഇരിക്കയിൽ രാജാവു മരിച്ചതിൽ പിന്നെ [illegible] വയസ്സു വരെ [illegible] വ്രതം കാത്തിരുന്ന രാജാവിന്റെ സഹോദരി [illegible] മന്ത്രി [illegible] കൊണ്ടു കെട്ടിച്ചു രാജാവിനെ സ്വാധീനപ്പെടുത്തി അനേകം ശുദ്ധമുള്ള ബാവാന്മാരെ പിടിപ്പിച്ചു വരുത്തി ൪൫൧-ാം കാലത്തിൽ കൾക്കെദൊനിയായിൽ ഒരു സുന്നഹദോസു കൂടി നിഖ്യായുടെ നിശ്ചയത്തെക്കായിൽ ൨൦ നിശ്ചയം മുഖ്യപ്പെട്ടിരിപ്പാൻ ൩൬൪-ന്നു ഒരുട്ടിച്ച പടി മെത്രാന്മാർ എ

റമ്പാമ്മാർ, പട്ടക്കാർ, ശെമ്മാശ്ശന്മാർ, മുതലായി നൂറു പേരെക്കൊണ്ടു ഒപ്പിടുവിക്കയും ചെയ്തു. എന്നാൽ ഈ കൂട്ടത്തെ ചതിവിന്റെ സുന്നാദോസ എന്നു പറഞ്ഞു വരുന്നു. ലെഓൻ പാപ്പാ എഴുതി ഉണ്ടാക്കിയ തെറ്റു വിശ്വാസ പുസ്തകം കൂട്ടത്തിൽ വായിച്ചു ഒപ്പിടുവാനായി കൊടുത്തയച്ചാറെ ശുദ്ധമുള്ള ദീയസ്കൊറൊസ്സ പാത്രിയക്കീസ്സ അതിനെ വായിച്ചു കണ്ടു. ഈ പുസ്തകം വായിക്കുന്നവൻ മഹറോൻ ഉണ്ടെന്നു അതിൽ എഴുതി കൊടുക്കയാൽ അന്നു വളരെ കലഹമുണ്ടാകയും ദീയസ്കൊറൊസിനേയും കൂട്ടകാരെയും പാറാവിലാക്കുകയും അവിടെ കിടന്നു അദ്ദേഹം മരണം പ്രാപിക്കുകയും ചെയ്തു. റോമാക്കാറത്ത മുതൽപോരു ദീയസ്കൊറൊസിനെ കഠിനമായി ദ്വേഷിക്കുന്നത ഇതു നിമിത്തമാകുന്നു. പിന്നീടു രാജ ശക്തിയാൽ വാളിന്റെ മൊന കൊണ്ടു ഈ തെറ്റു വിശ്വാസം പല സ്ഥലങ്ങളിലും നടപ്പാക്കുകയും ചെയ്തു.

സത്യ വിശ്വാസത്തിൽ നിന്നും അസത്യ വിശ്വാസത്തിൽ നിന്നും പപ്പാതിയായി പാപ്പാ ഉണ്ടാക്കിയ തെറ്റു വിശ്വാസത്തിന്റെ വിവരം താഴെ പറയുന്നു.

൧-ാമത.

| | |
|---|---|
| നിബ്യായുടെ സത്യ വിശ്വാസം. | മിശിഹായിൽ ഒരു സ്വഭാവവും ഒരാളും എന്നു. |
| നെസ്തോറിന്റെ അസത്യവിശ്വാസം | മിശിഹായിൽ രണ്ടുസ്വഭാവവും രണ്ടാളും എന്നു. |
| കൽക്കെദോനായുടെ തെറ്റുവിശ്വാസം. | മിശിഹായിൽ രണ്ടുസ്വഭാവവും ഒരാളും എന്നു. ഇതുകളിൽ മരിച്ചതു മനുഷ്യസ്വഭാവത്തിൽ എന്നത്രെ. |

൨-ാമത.

നിബ്യാ—ദൈവമാതാവെന്നു.

നസ്തോർ—മനുഷ്യമാതാവെന്നു.

കൽക്കെദോനിയാ—കന്യക മറിയം എന്നു.

൩-ാമത

നിബ്യാ { മനസ്സുപോലെ മിശിഹാ ജനിക്കയും മരിക്കയും മറ്റും ചെയ്തു എന്നു.

എവുത്തിക്കസ—മനസ്സുകൂടാതെ മരിച്ചു എന്നു

കൽക്കദോനിയാ { നിബ്യന്മാരു എഴുതിയതുപോലെ മരിക്കയും മറ്റും ചെയ്തു എന്നു

൪-ാമത

| | |
|---|---|
| നിബ്യാ | പരിശുദ്ധാത്മാവു പിതാവിൽനിന്നുപുറപ്പെടുന്നു എന്നു, |
| മക്കെദോനിയോസ. | പരിശുദ്ധാത്മാവു പുത്രനിൽ നിന്നു പുറപ്പെടുന്നു എന്നു. |
| കൽക്കദോനിയാ. | പരിശുദ്ധാത്മാവ പിതാവിൽനിന്നും പുത്രനിൽ നിന്നും പുറപ്പെടുന്നു എന്നു. |

ഇംഗ്ലീഷ സഭ അനുസരിച്ചു വരുന്നതു മേല്പറഞ്ഞ കൽക്കെദോനിയായുടെ തെറ്റുവിശ്വാസത്തെ തന്നെ ആകുന്നു

---

കൊച്ചിയിൽ സെന്റ തോമ്മാസ അച്ചുക്കൂട്ടത്തിൽ നിന്നും മണ്ടപ്പിള്ള മാണിക്കത്താൻ അച്ചടിച്ചു പ്രസിദ്ധമാക്കുന്നത.

(ദേവലോകം കാതോലിക്കേറ്റ് അരമനയിൽ നിന്നും ജോയ്സ് തോട്ടയ്ക്കാട് കണ്ടെടുത്തത്)

അനുബന്ധം 11

# ലോട്ടറി

ഒരു നൂറ്റാണ്ടു മുമ്പ് കോട്ടയം എം. ഡി. സെമിനാരി ഹൈസ്കൂളിന്റെ ധനശേഖരണാർത്ഥം തിരുവിതാംകൂർ സർക്കാരിന്റെ അനുവാദത്തോടു കൂടി നടത്തപ്പെട്ട ലോട്ടറി സംബന്ധിച്ചുള്ള വിജ്ഞാപനമാണ് ചുവടെ ചേർക്കുന്നത്. വി. ജെ. ഗീവറുഗീസ് മല്പാനായിരുന്നു (പിന്നീട് വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ) ലോട്ടറി നടത്തിപ്പിന്റെ മാനേജരായി പ്രശസ്ത സേവനം ചെയ്തത്.

## THE MAR DIONYSIUS SEMINARY LOTTERY

This lottery was sanctioned by the Government of Travancore in aid of the Funds of the Mar Dionysius Seminary, The central Educational Institution of the Syrian Christian Community of Travancore, Cochin and Malabar. In spite of their venerable antiquity and other historical associations, and inspite of their political privileges, the progress of the Syrians in general and higher education has not, so far, been all that their well-wisher might wish to be. It was no doubt because the Mar Dionysius Seminary and the above lottery were started with a view to remedy this defect, that both of them have been accorded the countenance of the Government of His Most Gracious Highness the Maha Rajah of Travancore.

The lottery will be conducted at Kottayam by a local managing committee acting under instructions from a Board of Supervision constituted as follows.

H. H. Marthanda Varmah B. A. the First Prince of Travancore

H. H. Kerala Varmah CSI Valia Koil Thampuran

**BOARD OF SUPERVISION**

1. M. R. Ry Rajaraja Varmah, Avl. Senior Koil Thampuran Ananthapuram
2. M. R. A. Sree Narayanan Thampy Avl. Son of H. H. the late Maharajah.
3. M.R. T. Vedadrisadasa Mudaliar, Avl. retired Judge of the High Court of Travancore.
4. M.R. A. Govinda Pillay, Avl. B.A. B.L. Puisne Judge of the Highcourt
5. M.R. T. C. Punnen Esq. B.A. Retired Civil & Sessions Judge Ernacolum.
6. M.R. I. H. Prince Esq. Head Sirkar Vakil, Trivandrum
7. M.R. M. Neelakanda Pillay, Avl. Palace Survadikariakar
8. M. R. R. Renga Row Avl. B.A. B.L. Asst. Sirkar Vakil
9. M. R. Veeraraghava Iyengar, Avl. B.A. B.L. Asst. Sirkar Vakil
10. M. R. V. Subramonya Iyer, Avl. B.A. B.L. Asst. Sirkar Vakil

11. M. R. E. J. John Esq. Avl. B.A. B.L. Asst. Sirkar Vakil
12. T. L. Gomez Esq. Assistant Surgeon Kottayam.
13. P. A. Ayyappan Pillay Avl. B. A. Inspector of Schools, Kottayam.
14. C. John Esq. Abkari contractor
15. Panakal I Mathu Esq. Landlord Kunnancolum
16. C. J. Kurian, Esq. Managing Director Western Star.
17. Rev. Fr. Konattu Matthan catanar, Malpan of Malabar
18. Jaralji lalji Esq. Marchants Alleppey
19. Haji Muhamad Haji Jacob Esq. Marchants Alleppey.

MANAGING COMMITTEE


1. The Most Revd. Mar Dionysius, Syrian Metropolitan of Malabar (President)
2. The Rt. Revd. Mar Gregorius Syrian Bishop of Niranam (Treasurer)
3. The Very Revd. V. J. Givargese, Principal, M.D. Seminary (Manager)
4. M.R. Vayaskara Narayanan Moosath, Avl. Govt. Physician, Kottayam
5. T. C. Poonen Esq. B.A. Retired Civil & Sessions Judge Ernacolum.
6. C. John Esq. Abkari Contractor
7. N. C. Kumara Menon Avl. Vakil Munsiff Court
8. K. T. Koshy Esq. Avl. Vakil Munsiff Court
9. C. Cherian Esq. Landlord.
10. K. C. Mammen Mappillay Esq. B.A. Hd. Master MDS Kottayam
11. G. Alexander Esq. B. A. Asst. Master Do Kottayam
12. K. C. Oonnitton Esq. B.A. Asst. Master Do Kottayam
13. K. I. Varugese Mappillay Esq. Editor Malayala Manorama, Joint Secretary
14. E. M. Philip, Esq. Editor, Edvaka Patrika, Joint Secretary

The lottery shall consisted a lakh of tickets at Rupee one each. Forty percent of the amount shall be given away in a thousand money prize and nine thousand prizes will be as follows subject to proporticate reward you in that Prize.



അനുബന്ധം 12

# മലങ്കര ഇടവകപത്രിക


പുസ്തകം [illegible]] [ലക്കം [illegible]

[illegible] കന്നി

മലങ്കരഇടവകപത്രിക.

മാസംതോറും പ്രസിദ്ധപ്പെടുത്തുന്നതു.

"നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കുരിശിങ്കലല്ലാതെ പുകഴ്ച്ചചെയ്വാൻ സംഗതി വരരുത്"
(മാർ പൌലൂസു.)

സംഗതിവിവരങ്ങൾ.

| | പുറം |
|---|---|
| ഒരു സംവാദം | [illegible] |
| സന്ധി ഉത്തമം തന്നെയല്ലെ! | [illegible] |
| നവീകരണ ഉപദേഷ്ടാക്കളും സുവിശേഷ വേലയും | [illegible] |
| 'വിവാഹകാര്യ' ലേഖകന്റെ സമ്പ്രദായങ്ങൾ | [illegible] |
| സുവിശേഷ പ്രാസംഗികൻ | [illegible] |
| രക്ഷാപ്രാസംഗികൻ | [illegible] |
| ഒരു കല്പന | [illegible] |
| സൂചനകൾ | [illegible] |
| ആലുവാ സിമ്മനാരി വക റിപ്പോർട്ടും തിരട്ടും | [illegible] |


Mar Thomas Press,
Cottayam.

പ്രസിദ്ധകൻ റി. ജി. കൊച്ചുമ്മൻ.

(പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിയുടെ കാലത്ത് സഭയുടെ ഔദ്യോഗിക ജിഹ്വയായി പ്രസിദ്ധീകരിച്ചിരുന്ന 'മലങ്കര ഇടവകപത്രിക'യുടെ ഒരു ലക്കത്തിന്റെ കവർപേജ്. 1892 മകരം മുതൽ 1911 മീനം വരെ ഈ മാസിക കോട്ടയം പഴയസെമിനാരിയിലെ മാർത്തോമസ് പ്രസിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്നു.)

## അനുബന്ധം 13


# മാനേജിംഗ് കമ്മിറ്റി മിനിട്സ്



(1887 വൃശ്ചികം 13-ന് പഴയസെമിനാരിയിൽ കൂടിയ മാനേജിംഗ് കമ്മിറ്റി മിനിട്സിൽ ജോസഫ് മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്താ, പ. പരുമല തിരുമേനി എന്നിവർ ഒപ്പിട്ടിരിക്കുന്നു.)

## അനുബന്ധം 14


# കോറൂയോ സ്താത്തിക്കോൻ


Mar Thomas Press Cottayam.

(ജോസഫ് മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്താ കൊടുത്ത കോറൂയോ പട്ടത്തിന്റെ സ്താത്തിക്കോൻ.)

**അനുബന്ധം 15**

# പരദേശയാത്രയുടെ കഥ



(ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ സ്വഹസ്തങ്ങളാൽ രചിച്ച പരദേശയാത്രയുടെ കൈയെഴുത്തുപ്രതി. കൈയെഴുത്തു പ്രതിയുടെ ഏതാനും പേജുകൾ മെത്രാപ്പോലീത്താ ഉപയോഗിച്ചിരുന്ന പെട്ടിയിൽനിന്നും കണ്ടുകിട്ടിയത് ഓർത്തഡോക്സ് സെമിനാരി ആർക്കൈവ്സിൽ സൂക്ഷിച്ചിരിക്കുന്നു.)

## അനുബന്ധം 16

# ഒരു കല്പന

മലങ്കര ഇടവകയുടെ മാർ ദിവന്നാ[illegible]സ്
മെത്രാപ്പോലീത്താ എഴുത്തു

നമ്മുടെ ______ പള്ളിയിൽ വികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ! നമ്മുടെ സഭയ്ക്കു [illegible] ഉണ്ടായിട്ടുള്ള മേല്പട്ടക്കാരുടെ കുറവു തീർക്കുന്ന[illegible] പാത്രിയർക്കീസു ബാവാ തിരുമനസ്സിലെ[illegible] നാം സഹോദരൻ മാർ ഈവാനിയോസു മെത്രാപ്പോലീത്താ അവർകളും കൂടി എഴുതി അയച്ചതിനു തിരുമനസ്സുകൊണ്ടു മലയാളത്തേക്കു എഴുന്നള്ളുന്നതുവരെ ക്ഷമിച്ചിരിപ്പാൻ ഇടയില്ലെന്നു തോന്നുന്നപക്ഷം മേല്പട്ടസ്ഥാനത്തിനു തിരഞ്ഞെടുക്കപ്പെട്ടവരെ ഈ ക്യംതാസ്സുകം ഊർശ്ലേമിൽ എത്താൻതക്കവണ്ണം അയച്ചാൽ തിരുമനസ്സുകൊണ്ടു അവിടെ എത്തി സ്ഥാനം കൊടുത്തയക്കാമെന്നു കല്പന വന്നവിവരം കാണിച്ചു മേല്പട്ടസ്ഥാനത്തിനു ആളെ തിരഞ്ഞെടുക്കാൻ പൊതുയോഗം കൂടുന്നതിനു പള്ളികൾക്കു കല്പന അയച്ചതുപോലെ ഈ മാസം [illegible]-ാം നു- കോട്ടയത്തു സിമ്മനാരിയിൽ കൂടിയ യോഗത്തിൽ നമ്മുടെ പ്രിയ പുത്രന്മാരായ പൌലൂസ് റെമ്പാനെയും ഗീവറുഗീസ് റെമ്പാനെയും തിരഞ്ഞെടുക്കയും ഇവരെ ഊർശ്ലേമിലേക്കയക്കാൻ വേണ്ട പണം പള്ളികളുടെ ശക്തിക്കു തക്കവണ്ണം വരി നിശ്ചയിച്ചു പിരിക്കയും ചെയ്യണമെന്നു നിശ്ചയിച്ചിരിക്കുന്ന വിവരം നിങ്ങൾ അറിഞ്ഞിട്ടുണ്ടല്ലോ.

ഊർശ്ലേംയാത്രയ്ക്കു വണ്ടിക്കൂലി കപ്പൽക്കൂലി മുതലായ ചിലവുകൾക്കു പുറമെ മലയാള സഭയുടെ രണ്ടു പ്രതിപുരുഷന്മാർ ഊർശ്ലേമിൽ എത്തുന്ന സമയം നമ്മുടെ കർത്താവിന്റെ വിശുദ്ധ കബറിങ്കൽ ഒരു നല്ല വഴിപാടു കൊടുപ്പാൻ ആവശ്യമാകുന്നു. അതിനു പുറമെ സ്ഥാന[illegible] [illegible] വിരുന്നുകളും മറ്റും പതിവുള്ളതു നമ്മുടെ സ്ഥിതിക്കു[illegible] [illegible]കൊട[illegible] [illegible]ിയിരിക്കുന്നതു മാത്രമല്ല, ഇങ്ങോട്ടുള്ള യാത്രയിൽ നമ്മുടെ സ്ലീബാ റെമ്പാ[illegible] [illegible] കഴിച്ചുകൂട്ടേ[illegible]മാസ്സും കൂടെ ഉണ്ടായിരിക്കാവുന്നതുകൊണ്ടു അവരുടെ ചിലവും നാം വഹിക്കേണ്ടതായിവരും.

ഈ വകകൾക്കെല്ലാംകൂടി ചുരുങ്ങിയപക്ഷം ൨൫൦൦ രൂപാ ചിലവു വേണ്ടിവരുന്നതാകുന്നു. നാം അയക്കുന്ന റെമ്പാന്മാർ ക്യംതാസ്സയ്ക്കു മുമ്പു ഊർശ്ലേമിൽ എത്താൻ ആവശ്യപ്പെട്ടിരിക്കുന്നതുകൊണ്ടു ഇവർ വലിയ നോമ്പിന്റെ ആരംഭത്തിൽതന്നെ യാത്ര പുറപ്പെടേണ്ടിയിരിക്കുന്നു. അതിനു മുമ്പായി മേല്പറഞ്ഞ സംഖ്യ ഈടാക്കേണ്ടിയിരിക്കുന്നതിനാൽ സമയം അതിക്രമിച്ചിരിക്കുന്നു.

അതിനാൽ ഈ വക ചിലവിലേക്കു ആ പള്ളിക്കു ______ രൂപാ വരി നിശ്ചയിച്ചിരിക്കുന്നതുകൊണ്ടു ഈ സംഖ്യ ഈ കല്പനയുംകൊണ്ടു വരുന്ന ______ വശം [illegible] തടസ്സമൊന്നും പറയാതെ കൊടുത്തയക്കണം. സംഗതിയുടെ ഗൌരവവും ആവശ്യവും സമയക്കുറവും നിങ്ങൾക്കറിയാവുന്നതാകയാൽ ഈ കാര്യത്തിൽ യാതൊരു ഒഴികഴിവും കാലതാമസവും വരുത്തരുതെന്നു നിങ്ങളുടെ സ്നേഹത്തോടു നാം നിർബന്ധിക്കുന്നു.


സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളോടു കൂടെ വസിച്ചിരിക്കുമാറാകട്ടെ.

എന്നു ക്രിസ്തുവർഷം [illegible] കൊല്ലം [illegible] കുംഭം [illegible]-ാം നു-
കോട്ടയത്തു സിമ്മനാരിയിൽ നിന്നും.

(വട്ടശ്ശേരിൽ ഗീവർഗീസ് റമ്പാൻ, കൊച്ചുപറമ്പിൽ പൗലോസ് റമ്പാൻ എന്നിവരുടെ മെത്രാൻ വാഴ്ചയ്ക്കായുള്ള യാത്രയ്ക്കായി പണം സ്വരൂപിക്കുന്നതിന് ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ഇടവകകൾക്കയച്ച കല്പന.)

അനുബന്ധം 17

# പത്രോസ് തൃതീയന്റെ ഒരു കല്പന



(പത്രോസ് തൃതീയൻ പാത്രിയർക്കീസ് ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താക്കയച്ച ഒരു കല്പന, 1891).

## അനുബന്ധം 18

# വിളംബരം

ശ്രീപത്മനാഭ ദാസ വഞ്ചിബാല രാമവൎമ്മ കുലശെഖര കിരീടപതി മന്നെ സുൽത്താൻ മഹാരാജ രാജെ രാമരാജ ബഹദൂർ ഷംഷെർ ജംഗ നൈറ്റുഗ്രാൻഡ കമാൻഡർ ആഫ് ദി മൊസ്റ്റ എക്സ്സൾട്ടെട്ട ആഡർ ആഫ് ദി സ്റ്റാർ ആഫ് ഇൻഡ്യാ മഹാരാജാ അവർകൾ സകലമാന പെൎക്കും പ്രസിദ്ധപ്പെടുത്തുന്ന

വിളംബരം

അന്ത്യോക്കിൽ നിന്നും എഴുതിവന്നതുകൊണ്ടു മാർ അത്തനെഷ്യസ്സിനെ സിറിയൻപള്ളിയിൽ മിത്രാൻ സ്ഥാനത്തിലെക്കു നിയമിച്ചിട്ടുള്ളതായി ൧൦൨൭ മാണ്ടു കൎക്കടക മാസം [illegible] ഉണ്ടായ വിളംബരത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതു കൊണ്ടും - അന്ത്യൊക്കിലെ ഇപ്പൊഴത്തെ പെത്രിയാക്കൊ പെത്രിയാക്കിന്റെ [illegible] മെൽപ്പറഞ്ഞ മാർ അത്തനെഷ്യസ്സിനെ സ്ഥാനത്തിൽനിന്നും മാററി മറെറാരു മിത്രാനെ നിയമിച്ചിരിക്കുന്നു എന്നു വാദിക്കുന്നതായി അറിയുന്നതുകൊണ്ടും ഇതിൽ സംബന്ധം ഉള്ള സകലമാനപെരെയും ഇതിനാൽ അറിയപ്പെടുത്തുന്നതു എന്തെന്നാൽ

ഏതെങ്കിലും പള്ളികളുടെയൊ അവയിൽ ചെൎന്നിട്ടുള്ള വല്ല വസ്തുവിന്റെയൊ ഉടമസ്ഥതയെയൊ അവയിലെക്കുള്ള അവകാശങ്ങളെയൊ അല്ലെങ്കിൽ തൽ സംബന്ധികളായ ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയൊ മാററുകയൊ ചെയ്യെണ്ടതിലെക്കുള്ള അധികാരത്തെയൊ കുറിച്ചുള്ള ഏതെങ്കിലും വ്യവഹാരങ്ങളെ സാധാരണകൊടതികളിൽ എടുത്തു വിസ്തരിച്ചു തീൎച്ചപ്പെടുത്തുന്നതിലെക്കു മുൻപിൽ ഉണ്ടായ വിളംബരം ഒരു പ്രകാരെണയും ബാധകമാണെന്നു വിചാരിച്ചുപൊകരുതാത്തതാകുന്നു

ഇങ്ങിനെയുള്ള എല്ലാകാൎയ്യങ്ങളിലും - വാദിക്കുന്നതുപൊലെ ഒരു മിത്രാനെ മാററുകയും മറെറാരാളിനെ നിയമിക്കുകയും ചെയ്യുന്നതിൽ വച്ചു ഉത്ഭവിക്കാവുന്ന മററു വല്ല തൎക്കങ്ങളിലും സൎക്കാരിൽ നിന്നും അക്രമം നടക്കാതെ സമാധാനത്തെ രക്ഷിക്കുന്നതിനു മാത്രമെ പ്രവെശിക്കയൊള്ളു

കാലക്രമെണ ഇപ്പൊൾ ഭെദപ്പെട്ടു പൊയിട്ടുള്ളവയായ - ഓരൊ സമയങ്ങളിലും ഓരൊ സംഗതിവശാലും ഉണ്ടായിട്ടുള്ള വിളംബരങ്ങളാൽ സിറിയൻ പള്ളിയിൽ ഓരൊ സ്ഥാന നിയമങ്ങളെക്കുറിച്ചു സൎക്കാരിലെക്കുള്ളതായിട്ടു പ്രദൎശിപ്പിക്കപ്പെടുന്നതായി തൊന്നുന്ന എല്ലാ സംബന്ധത്തെയും ഇപ്പൊൾ മുതൽക്കു ഒഴിച്ചുകളയുന്നതാകുന്നു


എല്ലാ കക്ഷിക്കാരനും ൟ രാജ്യത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന കൊടതി മുഖാന്തരെണ [illegible] അന്യായങ്ങളാൽ [illegible] സങ്കട നിവൃത്തികൾ വരുത്തിക്കൊള്ളെണ്ടതാകുന്നു എന്നു എല്ലാവരെയും സ്പഷ്ടമായി തെൎയ്യപ്പെടുത്തുന്നു എന്നു

[illegible]മാണ്ടു കുംഭമാസം [illegible]നു

(മാത്യൂസ് മാർ അത്താനാസ്യോസിന് നൽകിയ രാജകീയ വിളംബരം റദ്ദ് ചെയ്തുകൊണ്ട് തിരുവിതാംകൂർ രാജാവ് പ്രസിദ്ധപ്പെടുത്തിയ വിളംബരം.)

## അനുബന്ധം 19

# പ്രഥമ സുറിയാനി അച്ചടി




പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ കുന്നംകുളത്തു സ്ഥാപിച്ച കല്ലച്ച് പ്രസ്സിൽ നിന്ന് 1856-നും 1860-നും മദ്ധ്യേ പ്രസിദ്ധീകരിച്ച തക്സാക്രമങ്ങളുടെ ഒടുവിലത്തെ പേജ്. ഈ പ്രസ്സിനെപ്പറ്റിയും പ്രസിദ്ധീകരണത്തെപ്പറ്റിയും 1901-ൽ ശ്രീ. എം. പി. വർക്കി രചിച്ച "മാർ ദീവന്നാസ്യോസ്" എന്ന ജീവചരിത്ര പുസ്തകത്തിലും (പു. 11) ചിങ്ങവനത്ത് ശ്രീ. ചാക്കോ ചാക്കോ രചിച്ച "മാർ ദീവന്നാസ്യോസ് ചരിത്രഗാന"ത്തിലും (പു. 6) പരാമർശമുണ്ട്.

1937-ൽ ശ്രീ. കെ. എൻ. ദാനിയേൽ എഴുതിയ A Critical Study of Primitive Liturgies എന്ന ഗവേഷണ ഗ്രന്ഥത്തിൽ ഈ തക്സാകളിൽ നിന്ന് 3 പേജുകളുടെ ഫോട്ടോകൾ ചേർത്തിട്ടുണ്ട് (പു. 189, 191, 193 കാണുക). ലഭ്യമായ ചരിത്രം അനുസരിച്ച് ഇന്ത്യയിലാദ്യമായി സുറിയാനി ഭാഷയിൽ അച്ചടിച്ച് ഒരു പുസ്തകം ഇറങ്ങുന്നത് ഈ പ്രസ്സിൽ നിന്നാണ്. പാമ്പാക്കുടയിൽ മാർ യൂലിയോസ് സ്ഥാപിച്ച കേരളദീപമാണ് രണ്ടാമത്തെ സുറിയാനിപ്രസ്സ് (പിന്നീടതിന്റെ പേര് മാർ യൂലിയോസ് പ്രസ് എന്നായി). മൂന്നാമത്തേത് തൃശ്ശൂർ നഗരത്തിൽ സ്ഥാപിതമായ മാർ നർസൈ പ്രസ്സാണ്. അച്ചടിയുടെ ചരിത്രത്തെപ്പറ്റി രേഖപ്പെടുത്തിയ യാതൊരു ഗ്രന്ഥങ്ങളിലും ഈ അച്ചടിശാലയെപ്പറ്റി പരാമർശങ്ങളില്ല.

(ഫാ. ഡോ. ജോസഫ് ചീരൻ കണ്ടെടുത്ത ഈ രേഖകൾ അദ്ദേഹം എഡിറ്ററായി മാർ സേവേറിയോസ് ഫൗണ്ടേഷൻ, തൃശൂർ പ്രസിദ്ധീകരിച്ച 1999-ലെ 'മാർ ദീവന്നാസ്യോസ് നവതി സ്മരണിക'യിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.)

## അനുബന്ധം 20

# അന്ത്യ കല്പന

### മലങ്കര ഇടവകയുടെ
### മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ എഴുത്തു

നമ്മുടെ അധികാരത്തിൻകീഴുള്ള എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തുപട്ടക്കാരും കൈക്കാരരും ശേഷം ജനങ്ങളുമായി നമ്മുടെ പ്രിയ മക്കളായ എല്ലാവർക്കും വാഴ്വ്.

നമ്മുടെ ആത്മീയതൊഴുത്തിലെ ആടുകളും നമ്മുടെ കണ്ണുകളുടെ കൃഷ്ണമണികളും നമ്മുടെ ഭുജവും ശക്തിയുമായിരിക്കുന്ന പ്രിയ മക്കളേ! നാം കുറെ മാസങ്ങളായി രോഗക്കിടക്കയിൽ കിടക്കുന്നു എന്നുള്ള വിവരം നിങ്ങൾ അറിഞ്ഞിരിക്കുന്നുവല്ലോ. മനുഷ്യായുസ്സ് നിഴൽ പോലെയോ, പുല്ലിന്റെ പൂവു പോലെയോ അസ്ഥിരമായിട്ടുള്ളതാണെന്നു വിശുദ്ധ വേദം നമ്മെ പഠിപ്പിക്കുന്നതു മാത്രമല്ല, ആ പരമസത്യം ആരാലും നിഷേധിപ്പാൻ പാടില്ലാത്തവണ്ണം ദിവസേന എന്നപോലെ നമ്മുടെ കണ്ണുകളാൽ കണ്ടും ചെവികളാൽ കേട്ടും അനുഭവത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതുമാകയാൽ ഒരുത്തനും തന്റെ ആയുസ്സിനെക്കുറിച്ചു പ്രശംസിപ്പാൻ അവകാശമില്ലല്ലോ. എന്നാൽ, നാമോ എഴുപത്തേഴു വയസ്സുപ്രായമുള്ള വൃദ്ധനായിരിക്കുന്ന സ്ഥിതിക്കു നമ്മുടെ ഈ ലോകജീവിതകാലത്തിന്റെ ദൈർഘ്യത്തെക്കുറിച്ചു ആശിച്ചിരിപ്പാനോ ആഗ്രഹിപ്പാനോ ഇനി ഒട്ടുംതന്നെ നമുക്കു അവകാശമില്ല. അതിനാൽ ഈ രോഗത്തിൽ നിന്നു നാം സ്വസ്ഥത പ്രാപിക്കയോ നമ്മുടെ ഈ പരദേശയാത്രയെ അവസാനിപ്പിക്കയോ ദൈവഇഷ്ടം എന്തുതന്നെ ആയിരുന്നാലും അതിനു ക്ഷമയോടെ നാം കീഴ്പ്പെടുകയും അസ്ഥിരമായ ഈ ആയുസ്സിൽ എഴുപത്തേഴു വയസ്സുവരെ നമ്മെ കാത്തുപരിപാലിക്കുകയും അനേകം അപകടങ്ങളിൽക്കൂടി നമ്മെ വഴിനടത്തുകയും ചെയ്ത ഈ പരമദയാലുവായ നമ്മുടെ സ്രഷ്ടാവിനെ നാം മഹത്വപ്പെടുത്തുകയും ചെയ്തുകൊണ്ടു നാം മരിക്കുന്നതായാൽ നമ്മുടെ ജഡത്തെ മണ്ണിലേക്കും നമ്മുടെ ആത്മാവിനെ ദൈവതൃക്കയ്യിലേക്കും നാം ഏല്പിക്കുന്നു.

പ്രിയമക്കളേ! നമ്മുടെ കഴിഞ്ഞ കാലങ്ങളെക്കുറിച്ച് ആലോചിക്കുമ്പോൾ നമ്മുടെ ദിവ്യരക്ഷകൻ നമ്മിൽ പ്രവർത്തിച്ചിട്ടുള്ള കരുണയും സഹായങ്ങളും അവർണ്ണനീയങ്ങളാണെന്നും നാം സകല മനുഷ്യരെയുംകാൾ അധികം തനിക്കു കടപ്പെട്ടവനാണെന്നും നമ്മുടെ കടമയ്ക്കുതക്കവണ്ണം നാം ശരിയായി പ്രവർത്തിച്ചിട്ടില്ല എന്നുമുള്ള ബോദ്ധ്യം നമ്മുടെ മനസ്സിൽ സദാ വ്യാപിച്ചുകൊണ്ടിരിക്കുന്നു. അയോഗ്യനായിരിക്കുന്ന

നമ്മുടെമേൽ താൻ ചെയ്തിട്ടുള്ള അളവറ്റ കരുണയെ ഓർത്തു തന്നെ നാം ഹൃദയപൂർവ്വം അഭിനന്ദിക്കയും നമ്മുടെ അയോഗ്യതയെയും അപാത്രതയെയും വിചാരിക്കുമ്പോൾ നാം വ്യസനിക്കയും ചെയ്യുന്നു. എങ്കിലും പാപികളെ നീതീകരിക്കയും ബലഹീനന്മാരെ ബലപ്പെടുത്തുകയും അയോഗ്യന്മാരെ യോഗ്യന്മാരാക്കുകയും താഴ്മയുള്ളവരെ കുപ്പയിൽ നിന്നു സിംഹാസനത്തിങ്കലേക്കുയർത്തുകയും ചെയ്യുന്നവനായ കർത്താവിന്റെ കരുണയിൽ നമുക്ക് ഉറപ്പായ ആശ്രയവും ഉള്ളതിനാൽ നാം നമ്മെക്കുറിച്ച് ഒട്ടുംതന്നെ ഭയപ്പെടുന്നില്ല.

ദാവീദ് ആടുകളുടെ പിന്നാലെ നടന്നുകൊണ്ടിരിക്കുമ്പോൾ ദൈവം അവനെ വിളിച്ചു തന്റെ ജനത്തിന്മേൽ രാജാവായി അഭിഷേകം ചെയ്തതുപോലെ നാം മലങ്കരയിടവകയിൽ നിസ്സാരന്മാരിൽ നിസ്സാരനായിരുന്നിട്ടും അനേകായിരം ആത്മാക്കളുടെ ആത്മീയഭരണം കയ്യേൽക്കുന്നതിനു ദൈവം തന്റെ കരുണയാൽ നമ്മെ വിളിക്കയും 1865-മാണ്ടു മേടമാസം 18-നു ഡയർബെക്കർ പട്ടണത്തിലുള്ള വിശുദ്ധ ദൈവമാതാവിന്റെ പള്ളിയിൽ വച്ച് അന്ത്യോഖ്യായുടെ രണ്ടാമത്തെ യാക്കോബ് മോറാൻ മാർ ഇഗ്നാത്യോസ് പാത്രിയർക്കീസുബാവാ തിരുമനസ്സിലെ കൈകളാൽ മലങ്കര മെത്രാപ്പോലീത്തായായി നാം അഭിഷേകം ചെയ്യപ്പെടുകയും ചെയ്തു. ആ സമയം നമുക്കു ഭരമേല്പിക്കപ്പെട്ട ചുമതലകളും നാം ചെയ്ത വാഗ്ദത്തങ്ങളും ഏറെക്കുറെ നിറവേറ്റി നമ്മുടെ ആത്മീയമക്കളായ നിങ്ങളെ പരിശുദ്ധ ശ്ലീഹന്മാരുടെയും ബാവാമാരുടെയും അടിസ്ഥാനത്തിന്മേൽ ഉറപ്പിച്ചു ആത്മീയവും ലൗകികവുമായ എല്ലാ കാര്യങ്ങളിലും നമ്മുടെ സഭയെയും സമുദായത്തെയും ഉയർത്തുന്നതിന് അപ്രാപ്തനും ബലഹീനനുമായ നാം ചെയ്തിട്ടുള്ള പരിശ്രമങ്ങൾ നമ്മുടെ മനസ്സിന്റെ ആഗ്രഹപ്രകാരം തൃപ്തികരമായിട്ടുണ്ടെന്നും നിങ്ങൾക്കു നമ്മുടെമേൽ നിഷ്കളങ്കമായ ഭക്തിയും സ്നേഹവും ഉണ്ടെന്നും നിങ്ങൾ എല്ലാ പ്രകാരത്തിലും പ്രത്യക്ഷപ്പെടുത്തിക്കൊണ്ടിരിക്കുന്നതുതന്നെ ഈ രോഗക്കിടക്കയിൽ നമ്മുടെ മനസ്സിനു അനല്പമായ സമാധാനമാകുന്നു. നാം അയോഗ്യപാത്രമാകുന്നു എങ്കിലും വിശുദ്ധ കൂദാശകളുടെ സംബന്ധം വഴിയായി നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരം, കഷ്ടാനുഭവം, കുരിശുമരണം, ഉയിർത്തെഴുന്നേല്പ് ഇവകളാൽ താൻ നമ്മുടെ കുറവുകളെ നികത്തുകയും നാമും നിങ്ങളും തന്റെ ന്യായാസനത്തിനു മുമ്പാകെ നിൽക്കുമ്പോൾ നമുക്കു ഭരമേല്പിക്കപ്പെട്ട കട്ടിവരാഹൻകൊണ്ടു നാം ചെയ്ത വ്യാപാരത്തിന്റെ ഫലങ്ങളായി നിങ്ങളെ നാം സമർപ്പിക്കുവാനും "നല്ലവനും വിശ്വസ്തനുമായ ദാസനേ! നീ അല്പകാര്യത്തിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അനേകകാര്യങ്ങളിൽ അധികാരിയാക്കും, നിന്റെ കർത്താവിന്റെ സന്തോഷത്തിലേക്കു പ്രവേശിക്ക" എന്നുള്ള സന്തോഷകരമായ വചനം നാമും, "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ! ലോകാരംഭത്തിനു മുമ്പായി നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന സ്വർഗ്ഗരാജ്യത്തെ അവകാശിച്ചുകൊള്ളുവിൻ" എന്നുള്ള ആനന്ദ

കരമായ വചനം നിങ്ങളും കേൾക്കാൻ ഇടയാകയും ചെയ്യുമെന്നുള്ള ആശയോടും വിശ്വാസത്തോടും കൂടെ ലോകത്തിനും നിങ്ങൾക്കും ആത്മീയവർദ്ധനവു വരുത്തുവാനും സകല വിശുദ്ധന്മാരോടുകൂടെ അവകാശം തരുവാനും കഴിയുന്ന തന്റെ കൃപയുടെ വചനത്തിനു നാം നിങ്ങളെ ഭരമേല്പിക്കുന്നു. നടപ്പു 20:32 പ്രിയ മക്കളേ! നാം നിങ്ങളുടെ ഇടയിൽ സഞ്ചരിച്ചുകൊണ്ടിരുന്ന കാലത്തു നിങ്ങളോടു ഉപദേശിച്ചിട്ടുള്ള ഉപദേശങ്ങളിൽ നിങ്ങൾ സ്ഥിരമുള്ളവരും വിശ്വസ്തന്മാരുമായിരിക്കണമെന്നു നാം നിങ്ങളെ പ്രബോധിപ്പിക്കുന്നു. പരിശുദ്ധ ശ്ലീഹന്മാരുടെയും സത്യവിശ്വാസികളായ പിതാക്കന്മാരുടെയും നിഖ്യാ, കുസ്തന്തീനോസ്പ്പോലീസ്, എപ്പസൂസ് ഈ മൂന്നു വിശുദ്ധ സുന്നഹദോസുകളുടെയും അടിസ്ഥാനത്തിന്മേൽ പണിയപ്പെട്ടിരിക്കുന്ന നമ്മുടെ വിശുദ്ധ സഭയുടെ വിശ്വാസോപദേശാചാരങ്ങളിൽ നിങ്ങൾ എന്നും സ്ഥിരമായി നിന്ന് ആ സത്യവിശ്വാസത്തിനുവേണ്ടി മരണത്തോളം പോരാടുന്നവർ ആയിരിക്കണമെന്നു നാം ആഗ്രഹിക്കുന്നു. "ഞങ്ങൾ നിങ്ങൾക്കു സുവിശേഷിച്ചതിനു വിരോധമായി ഞങ്ങളോ സ്വർഗ്ഗത്തിൽനിന്ന് ഒരു മാലാഖാതന്നെയോ നിങ്ങളോടു സുവിശേഷിച്ചാൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ" എന്നു വിശുദ്ധ പൗലൂസ് ശ്ലീഹാ ഗലാത്തിയാക്കാരോടു പറഞ്ഞ പ്രസംഗം തന്നെ ഈ രോഗക്കിടക്കയിൽ നിന്നു നാമും നിങ്ങളോടു പ്രസംഗിക്കുന്നു. ആ സത്യവിശ്വാസത്തിൽ നിന്നും ജീവവഴിയിൽ നിന്നും നിങ്ങളെ തെറ്റിക്കുന്നതിനു സാത്താനും അവന്റെ ദൂതന്മാരും ഗർജ്ജിക്കുന്ന സിംഹങ്ങളെപ്പോലെ പാഞ്ഞു നടക്കുന്നു. അവരുടെ കെണികളെ തകർക്കുന്നതിനു നിങ്ങൾ പ്രാപ്തന്മാരാകേണ്ടതിനു ദൈവത്തിന്റെ സർവ്വായുധവർഗ്ഗങ്ങളെയും നിങ്ങൾ ധരിച്ചുകൊണ്ട് ഉപവാസത്താലും പ്രാർത്ഥനയാലും നിങ്ങളെത്തന്നെ ഒരുക്കുവിൻ. നമ്മുടെ സഹോദരന്മാരും പിന്തുടർച്ചക്കാരുമായി നിങ്ങളെ ഭരിപ്പാൻ നിയമിക്കപ്പെടുന്ന നിങ്ങളുടെ മേല്പട്ടക്കാരെയും പട്ടക്കാരെയും അനുസരിക്കയും സഭയിലും പള്ളികളിലും സമുദായത്തിലും സമാധാനവും ഐശ്വര്യവും വർദ്ധിക്കുന്നതിന് വേലചെയ്കയും അങ്ങനെയുള്ള ദിവ്യവേലയിൽ അവരെ സഹായിക്കയും ചെയ്വിൻ. പ്രസംഗക്കാരൻ പറയുന്നതുപോലെ ഈ ലോകവും അതിന്റെ മഹത്വങ്ങളും മായയാകുന്നു. മായാമായകളുടെ മായ, സകലവും മായ തന്നെ. ഈ മായയിൽ ശരണപ്പെട്ടു വിലയേറിയ നിങ്ങളുടെ ആത്മാക്കളെ നഷ്ടപ്പെടുത്താതിരിപ്പാൻ നിങ്ങൾ പ്രത്യേകം ജാഗരൂകന്മാരായിരിപ്പിൻ.

പിന്നെയും വാത്സല്യമുള്ളവരേ, നമ്മുടെ വിശുദ്ധ സഭയുടെ അഭിവൃദ്ധിയെ ഉദ്ദേശിച്ചു നാം ആഗ്രഹിച്ചിരുന്ന ആഗ്രഹങ്ങളിൽ പലതും സാധിക്കാതെ കിടപ്പുണ്ട്. അവയിൽ സർവ്വപ്രധാനമായി നാം കരുതിയിരിക്കുന്നത് നമ്മുടെ തൊഴുത്തിൽ നിന്ന് വിട്ടുപോയ ആടുകളെ തൊഴുത്തിലേക്കു വീണ്ടും ചേർക്കണമെന്നുള്ളതായിരുന്നു. ഇതിനായി നാം പല സന്ദർഭങ്ങളിലും ശ്രമം ചെയ്തു എങ്കിലും അതിലേക്കു ദൈവം നിശ്ച

യിച്ചിട്ടുള്ള സമയവും നാഴികയും വരാത്തതിനാലോ നമ്മുടെ ബലഹീനതയുടെ പാപം നിമിത്തം ഈ ദിവ്യവേലയെ പൂർത്തിയാക്കാൻ നാം അയോഗ്യനാണെന്ന് അവിടേക്കു തോന്നിയിട്ടോ ഈ ആഗ്രഹം സാധിച്ചു കാണ്മാൻ നമ്മുടെ ജഡകണ്ണുകളാൽ കഴിയാതെ പോയതു നമ്മുടെ ആയുസ്സിൽ ഏറ്റവും വലിയ നിർഭാഗ്യമായി നാം ഗണിക്കുന്നു. എങ്കിലും ഇതിൽ നമുക്ക് ഇച്ഛാഭംഗമോ നിരാശയോ ഇല്ലെന്ന് നിങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്. കർത്താവിന്റെ ഭവനത്തെ പണിയിപ്പാൻ ദാവീദു വളരെ ആഗ്രഹിക്കുകയും അതിനായി വേണ്ട സാമാനങ്ങളെ ശേഖരിക്കുകയും ചെയ്തു എങ്കിലും ആ പ്രവൃത്തി നടത്താൻ അവന്റെ പുത്രനായ ശ്ലേമ്മാനെയാണല്ലോ താൻ തിരഞ്ഞെടുത്തത്. അപ്രകാരം ദേവാലയമാകുന്ന നമ്മുടെ സഭയുടെ കെടുമതികളെ പണിയിക്കുന്നതിനു ദൈവം തന്റെ ദൂതനായി തിരഞ്ഞെടുത്തിരിക്കുന്നത് നമ്മുടെ പിൻഗാമിയെ ആയിരിക്കാമെന്നു നാം ആശ്വസിക്കുന്നു. ദാവീദ് തന്റെ പുത്രനെ വിളിച്ചു. “എന്റെ പുത്രാ! കർത്താവു നിന്നോടുകൂടെ ഇരിക്കുമാറാകട്ടെ. നീ വർദ്ധിച്ചു നിന്റെ ഭവനത്തെ പണിയിക്ക. നീ നിന്റെ ദൈവമായ കർത്താവിന്റെ ന്യായപ്രമാണത്തെ ആചരിക്കേണ്ടുന്നതിനു കർത്താവു നിനക്കു ജ്ഞാനത്തെയും അറിവിനെയും തന്നു ഇസ്രായേലിനെക്കുറിച്ചു നിനക്കു കൽപ്പന നൽകുമാറാകട്ടെ” എന്നീ വചനങ്ങളാൽ ശ്ലേമ്മോനെയും, അവനെ സഹായിക്കണമെന്നു പറഞ്ഞു ഇസ്രായേലിലെ പ്രഭുക്കന്മാരെയും ധൈര്യപ്പെടുത്തിയതുപോലെ നമ്മുടെ സഭാ ഭവനത്തിന്റെ ഈ കേടുകളെ പണിയിച്ച് അതിൽ സമാധാനവും ഐക്യവും വർദ്ധിപ്പിക്കുവാനുള്ള ചുമതല നമ്മുടെ പിൻഗാമിയെയും ആ ദിവ്യവേലയിൽ സഹായിപ്പാൻ നിങ്ങളിൽ ഓരോരുത്തരെയും നാം പ്രത്യേകം പ്രത്യേകം ഭരമേൽപ്പിക്കുന്നു. എന്തെന്നാൽ, ഇതു എല്ലാ പ്രകാരത്തിലും ദൈവകണ്ണുകളിൽ ഇഷ്ടമുള്ള സംഗതിയാകുന്നു. “നാം ഒന്നായിരിക്കുന്നതുപോലെ ഇവരും ഒന്നാകേണ്ടുന്നതിനു ഞാൻ അവരിലും നീ എന്നിലുമായി അവർ ഏകത്വത്തിലേക്കു തിരിഞ്ഞവരായിരിക്കേണമേ” എന്നു നമ്മുടെ ദിവ്യരക്ഷകൻ തന്റെ കഷ്ടാനുഭവത്തിന് അല്പം മുമ്പ് തന്റെ ശിഷ്യന്മാർക്കുവേണ്ടി പിതാവിനോടു ചെയ്ത പ്രാർത്ഥന തന്നെയാണ് നാം ആഗ്രഹിക്കുന്നത്. ഈ ആഗ്രഹം നിശ്ചയമായും ഒരിക്കൽ സാധിക്കുമെന്ന് നാം ഉറപ്പായി വിശ്വസിക്കുകയും ചെയ്യുന്നു.

കടശ്ശി, പ്രിയമക്കളേ! നീതിമാൻ ആരുമില്ല, ഒരുത്തൻ പോലുമില്ല. നമ്മുടെ കർത്താവിന്റെ രക്തത്താലല്ലാതെ ഒരു നീതിമാനും നീതീകരിക്കപ്പെടുന്നില്ല. നമ്മുടെ ഭരണകാലത്തു നാം നിങ്ങളിൽ ആരെയെങ്കിലും വ്യസനിപ്പിക്കുകയോ നഷ്ടപ്പെടുത്തുകയോ മനസ്സോടും മനസ്സുകൂടാതെയും അറിവോടും അറിവുകൂടാതെയും വല്ല ദോഷവും ചെയ്കയോ ചെയ്തുപോയിട്ടുണ്ടെങ്കിൽ അവയെല്ലാം പാപികൾക്കുവേണ്ടി തന്റെ ജീവനെ ഏല്പ്പിച്ചുകൊടുക്കുകയും തന്നെ കുരിശിൽ തൂക്കിയവർക്കു വേണ്ടി തന്റെ പിതാവിനോടു പ്രാർത്ഥിക്കുകയും ചെയ്തവനായ

കർത്താവീശോമിശിഹായിൽ നമ്മോടു ക്ഷമിക്കണമെന്നു നാം ഓരോരുത്തനോടും അപേക്ഷിക്കുന്നു. അപ്രകാരം തന്നെ ആരെങ്കിലും നമ്മോടു വല്ലതും പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അതു നാം നമ്മുടെ മനസ്സിൽ അശേഷം ശേഷിപ്പിച്ചിട്ടില്ല എന്നും മ്ശിഹായിൽ നാം ക്ഷമിച്ചിരിക്കുന്നു എന്നും നിങ്ങളെ നാം അറിയിച്ചുകൊള്ളുന്നു. പിന്നെയും പ്രിയരേ! നിങ്ങൾ ഒരുത്തനുവേണ്ടി ഒരുത്തൻ പ്രാർത്ഥിപ്പിൻ എന്ന് വിശുദ്ധ യാക്കോബ് കല്പിച്ചിരിക്കുന്നതുപോലെ നമുക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിപ്പിൻ. നാം മരിക്കുന്നതായാലും സ്വസ്ഥത പ്രാപിക്കുന്നതായാലും നിങ്ങളുടെ പ്രാർത്ഥന നമുക്കു വിലയേറിയ സഹായമാകുന്നു. "ഞാൻ നല്ല പോർ പൊരുതു, ഓട്ടത്തെ തികച്ചു, വിശ്വാസത്തെ കാത്തു, ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു. ആയതു നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസങ്ങളിൽ എനിക്കു തരും" എന്നു വിശുദ്ധ പൗലൂസ് തന്നെക്കുറിച്ചു തന്നെ പറഞ്ഞ വചനം പാപിയായ നമ്മിലും നിവർത്തിക്കുന്നതിനായി നമുക്കുവേണ്ടി ഇപ്പോഴും നമ്മുടെ കാലശേഷവും നിങ്ങൾ പ്രാർത്ഥിക്കയും പട്ടക്കാർ കുർബാന ചൊല്ലുകയും ചെയ്യണമെന്ന് നിങ്ങളുടെ സ്നേഹത്തോടു നാം അപേക്ഷിക്കുന്നു.

നമ്മുടെ കർത്താവായ യേശുമശിഹാ അദൃശ്യമായിരിക്കുന്ന തന്റെ വലത്തുകൈ ബലഹീനനും പാപിയുമായ നമ്മുടെ വലത്തുകൈയോടു കൂടെ നിങ്ങളുടെമേൽ നീട്ടി നിങ്ങളെയും നിങ്ങളുടെ ഭവനങ്ങളെയും നിങ്ങളുടെ കൈകൾ ചെയ്യുന്ന എല്ലാ വേലകളെയും അനുഗ്രഹിക്കയും നമ്മേയും നിങ്ങളെയും വിശ്വാസികളായ നിങ്ങളുടെ എല്ലാ മരിച്ചുപോയവരെയും തന്റെ സ്വർഗ്ഗീയപറുദീസായിൽ ആശ്വസിപ്പിക്കയും ചെയ്വാൻ നാം പ്രാർത്ഥിക്കുന്നു.

അതു ദൈവമാതാവായ വിശുദ്ധ കന്യകമറിയാമ്മിന്റെയും സകല പരിശുദ്ധന്മാരുടെയും പ്രത്യേകം നമ്മുടെ കാവൽക്കാരനായ മാർത്തോമ്മാ ശ്ലീഹായുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

പിതാവായ ദൈവത്തിന്റെ സ്നേഹവും ഏകജാതനായ പുത്രന്റെ കൃപയും വിശുദ്ധ റൂഹായുടെ സംബന്ധവും സഹവാസവും നമ്മുടെ പ്രിയ മക്കളേ! നിങ്ങൾ എല്ലാവരോടും കൂടെ എന്നേക്കും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

എന്ന്,

1909-മാണ്ടു ഇടവമാസം 28-നു കോട്ടയത്തു ചെറിയപള്ളിയിൽ നിന്നും.

(ഫാ. ഡോ. ജോസഫ് ചീരൻ കണ്ടെടുത്ത് 1999-ൽ മാർ ദീവന്നാസ്യോസ് ചരമ നവതി സുവനീറിൽ - പ്രസാധകർ: യൂഹാനോൻ മാർ സേവേറിയോസ് ഫൗണ്ടേഷൻ - പ്രസിദ്ധീകരിച്ചത്.)

## അനുബന്ധം 22

# മാർ ദീവന്നാസ്യോസിന്റെ ദേഹവിയോഗം

### കാരുചിറ ഗീവർഗീസ് ശെമ്മാശൻ
### (പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോല്ക്കാബാവാ)

7-ന് നാല്പതാം പെരുന്നാളു ദിവസം വല്യ മെത്രാച്ചന് പ്രമേഹ പരു ആണെന്നും ആലപ്പുഴ അപ്പോത്തിക്കരി നായിഡുവിനെ വരുത്തി ആയ്തു കീറിച്ചു എന്നും കേട്ട കഥാനായകൻ കാട്ടിൽ കത്തനാരും ഒരുമിച്ച് കോട്ടയത്തു ചെറിയപള്ളിയിലേക്ക് പോയി തിരുമേനിയെ കണ്ട് അവിടെ താമസിച്ചു.

9-ന് ചെറിയപള്ളിയിലും 10-ന് പുത്തനങ്ങാടി കുരിശുപള്ളിയിലും കഥാനായകൻ കുർബ്ബാന ചൊല്ലി. 12-ന് ആലപ്പുഴ നിന്നും രണ്ടാമതും നായിഡുവിനെ വരുത്തി തിരുമേനിക്ക് ചില ശസ്ത്രക്രിയകൾ കൂടി ചെയ്തു. പിന്നെ 2 ദിവസം കഴിഞ്ഞു കൊല്ലത്തു നിന്ന് പീറ്റർ ലക്ഷ്മണൻ ഡോക്ടറെയും വരുത്തി തിരുമേനിയെ കാണിച്ചു. അദ്ദേഹവും ചില തെല്ലാം ചെയ്തുംവച്ച് പോയി.

13-ന് കഥാനായകൻ ചെറിയപള്ളിയിൽ ചൊല്ലി. ചെറിയപള്ളിയിൽ നിത്യവും തിരുമേനിക്കു വേണ്ടി കുർബാനയുണ്ടായിരുന്നു. 17-ന് അൻപതാം പെരുന്നാളിൽ കഥാനായകൻ കോട്ടയത്തു വലിയപള്ളിയിൽ കുർബ്ബാന ചൊല്ലുകയും എടവഴീക്കൽ ഗീവറുഗീസ് കത്തനാരുടെയും മറ്റും സഹകരണത്തോടു കൂടെ ക്രമം കഴിക്കയും ചെയ്തു.

22-ന് ആഞ്ഞൂറെ കൂറിലോസ് മെത്രാനും 22-ന് പാലക്കുന്നത്തു 1-ാം തീത്തോസു മെത്രാനും 22-ന് ടിയിൽ കൊച്ചു തീത്തോസു മെത്രാനും ചെറിയപള്ളിയിൽ വന്ന് തിരുമേനിയെ കാണുകയുണ്ടായി. ആംഗ്ലിക്കൻ ബിഷൊപ്പ് മിക്ക ദിവസങ്ങളിലും വന്നുകൊണ്ടിരുന്നു. മെത്രാച്ചന്മാരും റമ്പാച്ചന്മാരും ആയ എല്ലാവരും എത്തിയിരുന്നു. ...

2-ന് കഥാനായകൻ വീണ്ടും കോട്ടയത്തു ചെറിയപള്ളിയിലേക്കു പോകയും തിരുമേനിയുടെ സുഖക്കേടിന് അല്പസുഖമുണ്ടെന്ന് കാണുകയാൽ തിരിച്ചു വാകത്താനത്തേക്ക് പോരികയും ചെയ്തു.

28-ന് ... പകൽ 11 മണിക്ക് മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് വലിയ മെത്രാപ്പോലീത്താ കാലം ചെയ്തു. ആ വിവരം സന്ധ്യയ്ക്കു മുമ്പ് അറിവു കിട്ടുകയാൽ ഉടനെ പള്ളിയിൽ ദുഃഖ മണിയടിപ്പിക്കയും പട്ടക്കാർ കൂടി കൊഹനൈത്തായിൽ ഒരു ശുശ്രൂഷ കഴിക്കയും ചെയ്തു.

അന്നു സന്ധ്യ കഴിഞ്ഞ് കഥാനായകനും കാട്ടിൽ കത്തനാരും കരിപ്പാൽ കത്തനാരും മറ്റും കൂടി കോട്ടയത്തേക്കു പോയി. കാലത്തു അവിടെ എത്തി. അപ്പോൾ തിരുമേനിയുടെ മൃതശരീരത്തെ ചെറിയപള്ളി മദ്ബഹായിൽ പടിഞ്ഞാറോട്ട് മുഖമായി സ്ഥാനവസ്ത്രഭൂഷിതനായി ഇരുത്തിയിരിക്കയായിരുന്നു. മാർ ഒസ്താത്തിയോസ് ബാവാ കുർബ്ബാന ചൊല്ലുകയും കായങ്കുളം മീഖായേൽ കത്തനാർ മാർ പത്രോസ് പൗലോസു ശ്ലീഹന്മാരെക്കുറിച്ചും തിരുമേനിയെക്കുറിച്ചും പ്രസംഗിക്കയും ചെയ്തു. അനന്തരം കൊഹനൈത്തായിൽ കുറെ ഭാഗം കഴിച്ചുകൊണ്ട് 12 മണിക്ക് മൃതശരീരത്തെ ചെറിയപള്ളിയിൽ നിന്നും സിമ്മന്നാരിയിലേക്ക് കരമാർഗ്ഗം പട്ടക്കാരും ശെമ്മാശന്മാരും കൂടെ വഹിച്ച് മെത്രാച്ചന്മാരുടേയും റമ്പാച്ചന്മാരുടേയും മറ്റ് ദുഃഖഗാനങ്ങളോടു കൂടി കൊണ്ടു പോയി.

1 മണിക്ക് അവിടെ എത്തി കൊഹനൈത്തായിൽ ഒരു തെശുമെശ്ത്താ കഴിച്ച് 2 മണിക്ക് കൈമുത്താരംഭിച്ചു. 4 മണിക്ക് അവസാനിക്കയും ചെയ്തു. പിന്നെ മദ്ബഹായിലേക്ക് കൊണ്ടുപോയി കിഴക്കോട്ട് മുഖമായി 3 പ്രാവശ്യവും ഹൈക്കലായിൽ പടിഞ്ഞാറെ അറ്റത്തും തെക്കും വടക്കും വാതുക്കലും മുമ്മൂന്ന് പ്രാവശ്യം പുശ്ബ്ശ്ലോമ്മാ ചൊല്ലിയ ശേഷം കബറുങ്കലേക്ക് കൊണ്ടുപോയി ചൊല്ലുകളും നിവൃത്തിച്ച് കുഴിയിൽ ഇറക്കി കിഴക്കോട്ട് മുഖമായി ഇരുത്തി കുന്തിരിക്കവും മിക്കവാറും നിറച്ചിട്ട് പലക വച്ച് മൂടി മീതെ കല്ലും പണിതു. അനന്തരം മാർ ഒസ്താത്തിയോസ്, മാർ ദീവന്നാസ്യോസ് ഇവരുടെ പ്രസംഗവും കഴിഞ്ഞ് 5 മണിക്ക് ജനങ്ങൾ എല്ലാവരും പിരിഞ്ഞു. നിരണത്തെയും പുതുപ്പള്ളിയിലെയും പൊൻകുരിശും മറ്റ് പള്ളികളിലെ വെള്ളിക്കുരിശുകളും സാമാനങ്ങളും കൊണ്ടുവന്നിരുന്നു. വാകത്താനത്തെ കുരിശും പോയിരുന്നു. ...

മാർ ദീവന്നാസ്യോസ് വലിയ മെത്രാപ്പോലീത്തായുടെ 30-ാം ദിവസ മടിയന്തിരത്തിന് എത്തണമെന്ന് മാർ ദീവന്നാസ്യോസ് കൊച്ചു മെത്രാപ്പോലീത്തായുടേയും കൂറിലോസു മെത്രാപ്പോലീത്തായുടെയും കല്പനകൾ കഥാനായകന് വരികയാൽ ടി. സദ്യയ്ക്ക് കൊണ്ടുചെല്ലണമെന്ന് അനുസരിച്ചുള്ള സാമാനങ്ങളുമായി 24-ന് സിമ്മന്നാരിയിലേക്ക് പോകയും പിറ്റേദിവസം അവിടെ എത്തുകയും ചെയ്തു. സദ്യയുടെ വട്ടങ്ങൾ എല്ലാം വളരെ കേമമായിരുന്നു. സിമ്മന്നാരിക്ക് വടക്ക് വശത്തും പടിഞ്ഞാറ് വശത്തും ഉള്ള മിറ്റങ്ങൾ കൊട്ടിലുകൾ കെട്ടി ഒരുക്കിയിരുന്നു. കൂടാതെ ബോട്ടുപുരക്കലും കുശിനിയുടെ പടിഞ്ഞാറുവശത്തുമുള്ള മിറ്റത്തും പന്തലുകൾ ഇട്ടിരുന്നു.

26-ന് കൂറിലോസ് മെത്രാച്ചനും കഥാനായകനും ഔഗേൻ റമ്പാനും

കൂടി സിമ്മന്നാരിയിൽ മൂന്നിൻമേൽ കുർബ്ബാന ചൊല്ലി. പിറ്റേദിവസം മാർ ഈവാനിയോസ്, കൂറിലോസ്, ദീവന്നാസ്യോസ് ഈ തിരുമേനികളും മൂന്നിന്മേൽ കുർബ്ബാന ചൊല്ലി. കുർബ്ബാനമദ്ധ്യേ ഒസ്താത്തിയോസു ബാവാ സ്വല്പം പ്രസംഗിച്ചതിനെ കോനാട്ടു മല്പാൻ പരിഭാഷപ്പെടുത്തി. കുർബ്ബാന കഴിഞ്ഞ് പട്ടക്കാരെയും ശെമ്മാശന്മാരെയും പടിഞ്ഞാറെ പന്തലിൽ ഇരുത്തി ഭക്ഷണം കൊടുത്തു. 200-ൽ പരം പട്ടക്കാരുണ്ടായിരുന്നു. അവരുടേതു കഴിഞ്ഞ് പിന്നെ പൊതുസദ്യയും നടന്നു. ആയത് 4 മണിക്ക് മുമ്പവസാനിച്ചു. ഉടനെ പ്രദക്ഷിണവും നേർച്ചയിടീലും കഴിഞ്ഞ് ജനക്കൂട്ടം പിരിഞ്ഞു.

28-ന് കാലം ചെയ്ത തിരുമേനിയുടെ സ്ഥാനത്തേക്ക് കൊച്ചുമെത്രാപ്പോലീത്തായെ സ്വീകരിക്കുന്നതിനായി സുറിയാനി സമുദായത്തിന്റെ ഒരു സംഘം പടിഞ്ഞാറെ വലിയപന്തലിൽ കൂടി. പ്ലാറ്റ്ഫോറത്തിൽ പ്രധാന ആസനങ്ങളിൽ തിരുമേനിയും ശേഷമുള്ളതിൽ റമ്പാച്ചന്മാരും പട്ടക്കാരും ശെമ്മാശന്മാരുംമറ്റും ഇരുന്നു യോഗം ആരംഭിച്ചു. ആ സംഘത്തിൽ ഒസ്താത്തിയോസ് ബാവാ അഗ്രാസനം വഹിച്ചു യോഗത്തിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് പറകയും പൊതുസംഘത്തിന്റെ പ്രതിനിധി എന്ന നിലയിൽ കോനാട്ടു മല്പാനും ജോൺ വക്കീലും പ്രസംഗിച്ച് കാലം ചെയ്ത മെത്രാപ്പോലീത്തായുടെ പിൻഗാമിയായി സ്വീകരിച്ചിരിക്കുന്നു എന്നു വാഗ്ദാനം ചെയ്കയും ഇതേ സംബന്ധിച്ച് വന്നിരുന്ന പാത്രിയർക്കീസു ബാവായുടെ കല്പന വായിക്കയും ചെയ്തു.

... സി.എം.എസ്. കോളജിലെ അദ്ധ്യക്ഷൻ സായിപ്പും ചില മദാമ്മമാരും സംഘത്തിൽ ഹാജരുണ്ടായിരുന്നു. പിന്നെ മെത്രാപ്പോലീത്താമാർ ആദിയായവരെല്ലാം കൂടി പള്ളിയകത്തേക്ക് പോയി മദ്ബഹായിൽ പ്രാർത്ഥന കഴിച്ചുകൊണ്ട് ദീവന്നാസ്യോസു കൊച്ചുമെത്രാപ്പോലീത്തായെ ഒരു കസേരയിൽ ഇരുത്തി എടുത്ത് പൊക്കിക്കൊണ്ട് ഉസിയോസ എന്നതു മൂന്നു പ്രാവശ്യം ഉച്ചത്തിൽ പാടുകയും ചെയ്തു. അതായത് മാർ ദീവന്നാസ്യോസു കൊച്ചു മെത്രാപ്പോലീത്താ മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തിന് യോഗ്യനും സമ്മതമുള്ളവനുമെന്നും, അപ്രകാരം പൊതുവായി സമ്മതിച്ചിരിക്കുന്നു എന്നും തന്നെ. പിന്നീട് തിരുമേനികൾ എല്ലാവരും പട്ടക്കാരുടേയും ശെമ്മാശന്മാരുടേയും അകമ്പടിയോടും ഗീതങ്ങളോടും കൂടി സിമ്മന്നാരിയുടെ മുകളിലത്തെ തട്ടിലേക്ക് യാത്ര ചെയ്കയും അവിടെ വച്ച് മലങ്കര മെത്രാപ്പോലീത്താ എല്ലാവരെയും അനുഗ്രഹിക്കയും കൂട്ടം പിരിയുകയും ചെയ്തു. അടിയന്തിരത്തിന് ആയിരത്തിൽപരം പറ അരി ചിലവായി.

(ഗീവർഗീസ് പ്രഥമൻ കാതോലിക്കാബാവായുടെ 'സഭാജീവിത നാൾവഴി' എന്ന ഡയറിയിൽ നിന്നും. കാതോലിക്കേറ്റിന്റെ നിധി, പേജ് 179-182)

## അനുബന്ധം 23

# മാർ ദീവന്നാസ്യോസിന്റെ അന്ത്യദിനങ്ങൾ

## പ. ഗീവറുഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ

ജോസപ്പു ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ അവസാനത്തെ സുഖക്കേട് പുറത്ത് പരു ആയിരുന്നു. ആ അവസരത്തിൽ ഞാൻ കോട്ട യത്തുണ്ടായിരുന്നു. ആ പരു ആരംഭിക്കുന്നതിന് അഞ്ചെട്ടു ദിവസം മുമ്പാണ് ഞാൻ കോട്ടയത്തു ചെന്നത്. ഞാൻ ചെല്ലണമെന്നു ജോസപ്പു ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എന്റെ പേർക്ക് എഴുതി അയച്ചു. അതനുസരിച്ച് ഞാൻ പോയതാണ്. ...

ആ പരു വരുന്നതിനു മുമ്പുതന്നെ അദ്ദേഹത്തിനു ചില സുഖക്കേടു കൾ ഉണ്ടായിരുന്നു. സിമ്മനാരി സംബന്ധിച്ചും മറ്റുമുള്ള കാര്യങ്ങൾ പ്രത്യേകം എന്നെ ഭരമേല്പിക്കുന്നതിന് എഴുതിഅയച്ചു വരുത്തുകയാണ് ചെയ്തത്. അങ്ങനെ വന്നതിനുശേഷം ഞാനും ജോസപ്പു ദീവന്നാ സ്യോസ് മെത്രാപ്പോലീത്തായും ആയിട്ടു കണ്ടു. കണ്ടിട്ടു ഞങ്ങൾ തമ്മിൽ സംസാരിച്ചു. ...

അദ്ദേഹത്തിനു സുഖക്കേടാണെന്നും സംഗതികൾ ഒക്കെ ഞാൻ ചുമ തലയേറ്റു നടത്തണമെന്നും പറയുകയും ബസ്ഗാസാമുറിയുടെ താക്കോ ലുകൾ അപ്പോൾത്തന്നെ എന്നെ ഏൽപ്പിക്കയും ചെയ്തതു കൂടാതെ പിറ്റേദിവസം ഞാൻ കുർബാന ചൊല്ലണമെന്ന് എന്നോടാവശ്യപ്പെട്ട് എന്നെക്കൊണ്ടു കുർബാന ചൊല്ലിക്കയും, അദ്ദേഹത്തിന്റെ സാമാനങ്ങ ളിൽ പ്രധാനപ്പെട്ടവയായ സ്ലീബാ കുരിശു മുതലായ ചില സാമാനങ്ങൾ അന്ന് എനിക്കു തരികയും ചെയ്തു. കുന്നംകുളങ്ങരക്കാരൻ കാക്കുണ്ണി എന്നയാളെ അറിയും. ആ കാക്കുണ്ണി ജോസപ്പു ദീവന്നാസ്യോസ് മെത്രാ പ്പോലീത്തായുടെ ജ്യേഷ്ഠന്റെ മകനാണ്. മാർ ജോസപ്പു ദീവന്നാസ്യോ സിന്റെ മരണക്കിടക്കയിൽവച്ചു കാക്കുണ്ണിക്കു ചില സാമാനങ്ങൾ കൊടു ക്കയും അന്നുതന്നെ തിരിയെ മെത്രാച്ചന്റെ പെട്ടിയിൽ വെയ്ക്കുകയും ഉണ്ടായി. അങ്ങനെ കൊടുത്തത് ഒരു പൊൻ അരക്കെട്ടും ഒരു വെള്ള ക്കല്ലും ആണ്. ...

ഈ സമയത്ത് ഇതു വാങ്ങിക്കുന്നപക്ഷം വല്ല അപവാദത്തിനും ഇട യായേക്കുമെന്നു കരുതി പിന്നാലെ വാങ്ങിക്കൊള്ളാം എന്നു പറഞ്ഞു തിരിയെ പെട്ടിയിൽ വയ്ക്കയാണ് ചെയ്തത്. ആ വെള്ളക്കല്ല് എങ്ങാണ്ടൊ കിടന്നു കിട്ടിയതായി ഒരാൾ മെത്രാച്ചന്റെ അടുക്കൽ കൊണ്ടുവരികയും മെത്രാച്ചൻ അതിനു വിലകൊടുത്തു വാങ്ങുകയും

ചെയ്തിട്ടുള്ളതാണ്. ആ കല്ലിന് അഞ്ചുരൂപാ കൊടുത്തു എന്നു മെത്രാച്ചൻ പറഞ്ഞു ഞാൻ അറിഞ്ഞിട്ടുണ്ട്. മേല്പറഞ്ഞ സാമാനങ്ങൾ കാക്കുണ്ണിക്കു പിന്നീടു കൊടുക്കയുണ്ടായി. ജോസപ്പു ദീവന്നാസ്യോസ് മെത്രാച്ചന്റെ മുപ്പതടിയന്തിരത്തിനു ശേഷമാണ് കൊടുത്തത്. കോട്ടയം പഴയ സിമ്മനാരിയിൽ വച്ചാണ് കൊടുത്തത്. കൊടുക്കുന്ന അവസരത്തിൽ 4-ഉം 5-ഉം 6-ഉം പ്രതികളും, ഈവാനിയോസും, ഒസ്താത്യോസും, മട്ടയ്ക്കൽ മല്പാനും, വേറെ പലരും ഉണ്ടായിരുന്നു. അടിയന്തിരം കഴിഞ്ഞപ്പോൾ കാക്കുണ്ണിക്കു സ്വദേശത്തേക്കു പോകണമെന്നു വന്നുപറകയും, മെത്രാച്ചന്റെ രോഗസമയത്തു മുൻപറഞ്ഞ സാമാനങ്ങൾ കാക്കുണ്ണിക്കു കൊടുത്ത വിവരം പ്രസ്താവിക്കയുമുണ്ടായി. അപ്പോൾ ഈ സാമാനങ്ങൾ ഞാൻ എടുത്തുകൊണ്ടുവന്നു മേശമേൽ വച്ചു. കാക്കുണ്ണിക്കു തന്നെ കൊടുക്കേണ്ടതാണെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു. ഉടൻ ഒസ്താത്യോസ് മെത്രാൻ എടുത്തു കാക്കുണ്ണിക്കു കൊടുക്കുകയും ചെയ്തു. അങ്ങനെ ആ സാമാനങ്ങൾ കാക്കുണ്ണിക്കു കൊടുക്കുന്നതിനു 4-ഉം 5-ഉം 6-ഉം പ്രതികൾ യാതൊരു വിരോധവും പറഞ്ഞില്ല. ഞാനും കാക്കുണ്ണിയുമായിട്ടു യാതൊരു സംബന്ധവുമില്ല. ജോസപ്പു ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ സാമാനങ്ങൾ വേറെ ആളുകൾക്കും കൊടുത്തിട്ടുണ്ട്. അദ്ദേഹത്തിന്റെ ഓർമ്മയ്ക്കായി അദ്ദേഹത്തിന്റെ സാമാനങ്ങളിൽ വല്ലതും കിട്ടിയാൽ കൊള്ളാമെന്നു കോർട്ടു മുമ്പാകെ ഇരിക്കുന്ന 5-ാം പ്രതിയും, മെത്രാപ്പോലീത്തായുടെ പെങ്ങളുടെ മകനായ കുറിയാക്കോസു കത്തനാരും ആവശ്യപ്പെടുകയും മെത്രാപ്പോലീത്താ ഉപയോഗിച്ചുവന്ന വാച്ച് 5-ാം പ്രതിക്കും, കൈപ്പെട്ടി കുറിയാക്കോസു കത്തനാർക്കും കൊടുക്കയും ചെയ്തു. ഇതല്ലാതെ അദ്ദേഹത്തിന്റെ വേറെയും സാമാനങ്ങൾ കൊടുക്കയുണ്ടായിട്ടുണ്ട്. ...

അബ്ദള്ളാ പാത്രിയർക്കീസു ബാവായ്ക്കു തൽക്കാല ഉപയോഗത്തിലേക്ക് ഒരു പത്രസിൻ, ഒരു വെള്ളി അംശവടി, പിത്തള വാർത്തുകെട്ടിയ ഒരു വളവരപ്പെട്ടി, കുർബാനയ്ക്കുപയോഗിക്കുന്ന ശീലക്കൂട്ടം ഇതുകൾ കൊടുക്കയുണ്ടായിട്ടുണ്ട്. ഇതുകൾ അദ്ദേഹം തിരിയെ തരാതെയാണ് പോയത്. നാലാം പ്രതിയും തന്റെ ഉപയോഗത്തിലേക്കായി ചില സാമാനങ്ങൾ വാങ്ങിയിട്ടുണ്ട്. ഒസ്താത്യോസ് മെത്രാന്റെ കൈവശം പൊന്നുകൊണ്ടുള്ള ഒരു സ്ലീബാ ഇരിപ്പുണ്ട്. ആ പൊൻ സ്ലീബാ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ജീവനോടിരിക്കുമ്പോൾതന്നെ ഒസ്താത്യോസ് മെത്രാൻ വാങ്ങിക്കൊണ്ടുപോയതാണ്. തിരിയെ ഏല്പിക്കാമെന്ന് പറഞ്ഞ് വാങ്ങിക്കൊണ്ടുപോയതാണ്. തിരിയെ കൊടുത്തിട്ടില്ല. മുൻപറഞ്ഞ കുറിയാക്കോസ് കത്തനാർക്കു മോതിരം കൊടുത്തിട്ടില്ല.

ജോസപ്പു ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെക്കൊണ്ടു മരണ

പത്രിക എഴുതിക്കുന്നതിന് സെക്രട്ടറിയായിരുന്ന ഇ. എം. ഫിലിപ്പും, റൈട്ടർ ഉതുപ്പും, മെത്രാപ്പോലീത്തായുടെ ജ്യേഷ്ഠന്റെ മകൻ ഇട്ടൂപ്പും, മെത്രാച്ചന്റെ ഒരു ആശ്രിതനായ ചുമ്മാരും ശ്രമിച്ചു. ഇവർക്കു സൗജന്യ ദാനങ്ങളായി ചില സംഖ്യകൾ കൊടുക്കണമെന്നു മെത്രാപ്പോലീത്താ യുടെ രോഗക്കിടക്കയിൽ വെച്ച് എന്നെ പറഞ്ഞ് ഏൽപ്പിച്ചിരുന്നു. ഒരു മരണപത്രിക ഉണ്ടായി മരണപത്രികയിൽ ഇതു കൂടി വിവരിച്ചിരുന്നാൽ സൗജന്യദാനങ്ങൾ ലഭിക്കുന്നതിനവകാശം സിദ്ധിക്കുമല്ലോ എന്നുള്ള അഭിപ്രായത്തിൽ അവർ ഉത്സാഹിച്ചതാണ്. മരണപത്രിക എഴുതിക്കു ന്നതിനു ഞാൻ ശ്രമം ഒന്നും ചെയ്തിട്ടില്ല.

(1093-94 ൽ നടന്ന വട്ടിപ്പണക്കേസിൽ കൊടുത്ത മൊഴിയിൽ നിന്നും. ഇസഡ്. എം. പാറേട്ട്, 'മാർ ഗീവറുഗീസ് മാർ ദീവന്നാസ്യോസിന്റെ നിത്യാ ക്ഷരങ്ങൾ', പേജ് 62-64)

**അനുബന്ധം 24**

# പ. പുലിക്കോട്ടിൽ യൗസേഫ് മാർ ദീവന്നാസ്യോസ് II മലങ്കര മെത്രാപ്പോലീത്തായുടെ പട്ടംകൊടകൾ

| | പേര് | സ്ഥാനം | ഇടവക | തീയതി | പള്ളി |
|---|---|---|---|---|---|
| 1. | തോമസ് | ശെമ്മാശൻ | പിറവം | 1868 ഒക്ടോബർ 23 | പിറവം |
| 2. | സ്കറിയാ | കശ്ശീശ | പഴഞ്ഞി | 1868 ഡിസംബർ 1 | പഴഞ്ഞി |
| 3. | യൗസേഫ് (ചീരൻ) | കശ്ശീശ | പഴഞ്ഞി | 1868 ഡിസംബർ 1 | പഴഞ്ഞി |
| 4. | ഗീവറുഗീസ് | കശ്ശീശ | പറവൂർ | 1869 ആഗസ്റ്റ് | പറവൂർ |
| 5. | മത്തായി | കശ്ശീശ | കണ്ടനാട് | 1869 സെപ്തംബർ 5 | കണ്ടനാട് |
| 6. | തോമ്മാ | കശ്ശീശ | ചെമ്പിൽ | 1869 സെപ്തംബർ 5 | കണ്ടനാട് |
| 7. | അബ്രഹാം | കശ്ശീശ | നെച്ചൂർ | 1869 സെപ്തംബർ 5 | കണ്ടനാട് |
| 8. | യോഹന്നാൻ | ശെമ്മാശൻ | രാമംഗലം | 1869 ഒക്ടോബർ 9 | രാമംഗലത്ത് സെന്റ് ജയിംസ് പള്ളി |
| 9 | യോഹന്നാൻ | കശ്ശീശ | രാമംഗലം | 1869 ഒക്ടോബർ 12 | രാമംഗലത്ത് പള്ളി |
| 10. | ഗീവറുഗീസ് | ശെമ്മാശൻ | രാമംഗലം | 1869 ഒക്ടോബർ 12 | രാമംഗലത്ത് പള്ളി |
| 11. | ഇസഹാക്ക് | കശ്ശീശ | പഴഞ്ഞി | 1869 ഒക്ടടോബർ 19 | പഴഞ്ഞി സെന്റ് മേരീസ് പള്ളി |
| 12. | ഗീവർഗീസ് | കശ്ശീശ | പഴഞ്ഞി | 1869 ഒക്ടോബർ 19 | പഴഞ്ഞി പള്ളി |
| 13. | യാക്കോബ് (ചീരൻ) | കശ്ശീശ | പഴഞ്ഞി | 1870 മാർച്ച് 8 | പഴഞ്ഞി പള്ളി |

| | | | | | |
|---|---|---|---|---|---|
| 14. | ഗീവർഗീസ് | ശെമ്മാശൻ | മുളക്കുളം | 1870 മെയ് 10 | മുളക്കുളം |
| 15. | ഗീവർഗീസ് | കശ്ശീശ | മുളക്കുളം | 1870 സെപ്തംബർ 27 | മുളക്കുളം |
| 16. | മത്തായി | ശെമ്മാശൻ | കുന്നക്കുരുടി | 1870 ഡിസംബർ 8 | മുളക്കുളം |
| 17. | മത്തായി | കശ്ശീശ | കുന്നക്കുരുടി | 1870 ഡിസംബർ 8 | മുളക്കുളം |
| 18. | മത്തായി | ശെമ്മാശൻ | ആർത്താറ്റ് | 1871 ജനുവരി 15 | കുന്നക്കുരുടി |
| 19. | മാർക്കോസ് | ശെമ്മാശൻ | മുളക്കുളം | 1871 ആഗസ്റ്റ് 1 | മുളന്തുരുത്തി |
| 20. | അബ്രഹാം | ശെമ്മാശൻ | മുളന്തുരുത്തി | 1871 ആഗസ്റ്റ് 1 | മുളന്തുരുത്തി |
| 21. | ഗീവറുഗീസ് | ശെമ്മാശൻ | മാന്തുരുത്തേൽ | 1871 സെപ്തംബർ 12 | മാന്തുരുത്തേൽ |
| 22. | ദാനിയേൽ | കശ്ശീശ | കോട്ടയം | 1871 ഒക്ടോബർ 17 | കോട്ടയം |
| 23. | മത്തായി | ശെമ്മാശൻ | കുന്നക്കുരുടി | 1871 ഒക്ടോബർ 17 | കുന്നക്കുരുടി |
| 24. | ദാനിയേൽ | ശെമ്മാശൻ | മഴുവന്നൂർ | 1871 നവംബർ 16 | മഴുവന്നൂർ |
| 25. | ഗീവറുഗീസ് | ശെമ്മാശൻ | ആർത്താറ്റ് | 1871 നവംബർ 21 | നിരണം |
| 26. | ദാനിയേൽ | ശെമ്മാശൻ | നിരണം | 1871 നവംബർ 21 | നിരണം |
| 27. | അബ്രഹാം | കശ്ശീശ | കണ്ടനാട് | 1871 നവംബർ 30 | കണ്ടനാട് |
| 28. | ദാനിയേൽ | കശ്ശീശ | നിരണം | 1872 ജനുവരി 5 | നിരണം |
| 29. | മത്തായി | കശ്ശീശ | ആർത്താറ്റ് | 1872 ഫെബ്രുവരി 9 | |
| 30. | ഏറമിയ | കശ്ശീശ | നിരണം | 1872 മാർച്ച് 12 | |
| 31. | യാക്കൂബ് | ശെമ്മാശൻ | പുതുപ്പള്ളി | 1872 ഏപ്രിൽ 4 | |
| 32. | ഗീവറുഗീസ് | ശെമ്മാശൻ | കോട്ടയം | 1872 ഏപ്രിൽ 7 | |
| 33. | യാക്കോബ് | കശ്ശീശ | പുതുപ്പള്ളി | 1872 മെയ് 24 | |
| 34. | യാക്കോബ് | കശ്ശീശ | നെല്ലിക്കൽ | 1872 ആഗസ്റ്റ് 19 | മഴുവന്നൂർ |
| 35. | ദാനിയേൽ | കശ്ശീശ | മഴുവന്നൂർ | 1872 ആഗസ്റ്റ് 19 | മഴുവന്നൂർ |

| | | | | | |
|---|---|---|---|---|---|
| 36. | മത്തായി | കശ്ശീശ | കുന്നക്കുരുടി | 1872 ഡിസംബർ 10 | |
| 37. | യാക്കോബ് | കോറി | പരുമല | 1873 ജനുവരി 18 | പരുമല |
| 38. | ഗീവർഗീസ് | ശെമ്മാശൻ | ചെന്നിത്തല | 1873 ജനുവരി 18 | പരുമല |
| 39. | ഗീവർഗീസ് | കശ്ശീശ | ചെന്നിത്തല | 1873 ആഗസ്റ്റ് 19 | ചെന്നിത്തല |
| 40. | പൗലൂസ് | കശ്ശീശ | കണ്ടനാട് | 1873 സെപ്തംബർ 2 | കണ്ടനാട് |
| 41. | പത്രോസ് | കശ്ശീശ | ചെമ്പിൽ | 1873 സെപ്തംബർ 2 | കണ്ടനാട് |
| 42. | ഗീവർഗീസ് | കശ്ശീശ | ചെന്നിത്തല | 1873 സെപ്തംബർ 2 | കണ്ടനാട് |
| 43. | ഇസഹാക്ക് | ശെമ്മാശൻ | കുന്നക്കുരുടി | 1873 | |
| 44. | ഗീവർഗീസ് | കശ്ശീശ | അങ്കമാലി | 1873 | |
| 45. | ഇസഹാക്ക് | കശ്ശീശ | കുന്നക്കുരുടി | 1873 | |
| 46. | മാർക്കോസ് | കശ്ശീശ | മുളക്കുളം | 1873 | |
| 47. | ദാനിയേൽ | കശ്ശീശ | | 1874 | |
| 48. | ഗീവറുഗീസ് | ശെമ്മാശൻ | നാലുന്നാക്കൽ | 1874 | |
| 49. | സ്കറിയാ | കശ്ശീശ | കോട്ടയം ബർസൗമ്മ | 1874 ഫെബ്രുവരി 17 | |
| 50. | ഗീവറുഗീസ് | കശ്ശീശ | തുരുത്തിപ്പള്ളി | 1874 ഒക്ടോബർ 6 | പറവൂർ |
| 51. | മത്തായി | കശ്ശീശ | തുരുത്തിപ്പള്ളി | 1874 ഒക്ടോബർ 6 | പറവൂർ |
| 52. | ഗീവറുഗീസ് | കശ്ശീശ | ആദായ് ശ്ലീഹാ | 1874 ഒക്ടോബർ 6 | പറവൂർ |
| 53. | ബഹനാം | ശെമ്മാശൻ | കുന്നക്കുരുടി | 1874 ഒക്ടോബർ 6 | പറവൂർ |
| 54. | പത്രോസ് | ശെമ്മാശൻ | പിറവം | 1874 ഒക്ടോബർ 15 | പിറവം |
| 55. | കുരിയാക്കോസ് | ശെമ്മാശൻ | പിറവം | 1874 ഒക്ടോബർ 15 | പിറവം |
| 56. | തോമ്മാ | ശെമ്മാശൻ | പിറവം | 1874 ഒക്ടോബർ 15 | പിറവം |
| 57. | ഗീവറുഗീസ് | ശെമ്മാശൻ | രാമംഗലം | 1874 ഒക്ടോബർ 15 | പിറവം |

| | | | | | |
|---|---|---|---|---|---|
| 58. | ഗീവറുഗീസ് | കശ്ശീശ (പുനർ) | മുളന്തുരുത്തി | 1874 ഒക്ടോബർ 20 | മുളന്തുരുത്തി |
| 59. | ബഹനാം | കശ്ശീശ | കുന്നക്കുരുടി | 1874 ഒക്ടോബർ 20 | മുളന്തുരുത്തി |
| 60. | അബ്രഹാം | കശ്ശീശ | കണ്ടനാട് | 1874 നവംബർ 10 | കണ്ടനാട് |
| 61. | ഗീവറുഗീസ് | കശ്ശീശ | കരിങ്ങാച്ചിറ | 1875 ജനുവരി 1 | കരിങ്ങാച്ചിറ |
| 62. | ഗീവറുഗീസ് | കശ്ശീശ | | 1875 ജനുവരി 6 | |
| 63. | യൗസേഫ് | കശ്ശീശ (പുനർ) | കണ്ടനാട് | 1875 ജനുവരി 8 | കണ്ടനാട് |
| 64. | യോഹന്നാൻ | കശ്ശീശ (പുനർ) | കണ്ടനാട് | 1875 ജനുവരി 8 | കണ്ടനാട് |
| 65. | ഗീവറുഗീസ് | കശ്ശീശ (പുനർ) | കണ്ടനാട് | 1875 ജനുവരി 8 | കണ്ടനാട് |
| 66. | അബ്രഹാം | കശ്ശീശ (പുനർ) | കണ്ടനാട് | 1875 ജനുവരി 8 | കണ്ടനാട് |
| 67. | ഗീവറുഗീസ് | കശ്ശീശ (പുനർ) | കണ്ടനാട് | 1875 ജനുവരി 8 | കണ്ടനാട് |
| 68. | സ്കറിയ | കശ്ശീശ | കരിങ്ങാച്ചിറ | 1875 ഫെബ്രുവരി 16 | കരിങ്ങാച്ചിറ |
| 69. | തോമ്മാ | കശ്ശീശ | പാക്കിൽ | 1875 മാർച്ച് 25 | കോട്ടയം |
| 70. | ഗീവറുഗീസ് | കശ്ശീശ | കോട്ടയം | 1875 മാർച്ച് 25 | കോട്ടയം |
| 71. | അബ്രഹാം | കശ്ശീശ | മുളന്തുരുത്തി | 1875 ഏപ്രിൽ 27 | മുളന്തുരുത്തി |
| 72. | യൗസേഫ് | ശെമ്മാശൻ | പുത്തൻകാവിൽ | 1877 ആഗസ്റ്റ് 26 | തിരുവല്ല |
| 73. | മത്തായി | കശ്ശീശ | ഓണാട്ട് | 1878 ഏപ്രിൽ 27 | തിരുവല്ല |
| 74. | മത്തായി | കശ്ശീശ | ചേപ്പാട്ട് | 1878 ഏപ്രിൽ 27 | തിരുവല്ല |
| 75. | യൗനാൻ | കശ്ശീശ | | 1878 ഏപ്രിൽ 27 | തിരുവല്ല |
| 76 | ഗീവറുഗീസ് | കശ്ശീശ | തുമ്പമൺ | 1878 ഏപ്രിൽ 27 | തിരുവല്ല |
| 77 | ഏബ്രഹാം | ശെമ്മാശൻ | കോട്ടൂർ | 1878 ഏപ്രിൽ 27 | തിരുവല്ല |
| 78. | തോമ്മാ | കശ്ശീശ | പള്ളം | 1878 ജൂൺ 18 | നീലമ്പേരൂർ |
| 79. | യോഹന്നാൻ | കശ്ശീശ | പുതുപ്പള്ളി | 1879 ഏപ്രിൽ 22 | പുതുപ്പള്ളി |

| | | | | | |
|---|---|---|---|---|---|
| 80. | ഏബ്രഹാം | കശ്ശീശ | കോട്ടൂർ | 1879 ഏപ്രിൽ 22 | പുതുപ്പള്ളി |
| 81. | ഗീവറുഗീസ് | ശെമ്മാശൻ | കരവട്ട | 1879 ഏപ്രിൽ 22 | പുതുപ്പള്ളി |
| 82. | ഗീവറുഗീസ് | കശ്ശീശ | ഓമല്ലൂർ | 1880 മാർച്ച് 16 | ഓമല്ലൂർ |
| 83. | മത്തായി | ശെമ്മാശൻ | മുളക്കുളം | 1880 മെയ് 11 | തുമ്പമൺ |
| 84. | തോമ്മാ | ശെമ്മാശൻ | പുത്തൻകാവ് | 1880 മെയ് 15 | തുമ്പമൺ |
| 85. | അലക്സന്ത്രയോസ് | കശ്ശീശ | കാരയ്ക്കൽ | 1880 സെപ്തംബർ 14 | പത്തിച്ചിറ |
| 86. | യാക്കോബ് | ശെമ്മാശൻ | നീലമ്പേരൂർ | 1880 സെപ്തംബർ 14 | പത്തിച്ചിറ |
| 87. | ഗീവറുഗീസ് | ശെമ്മാശൻ | കുറുപ്പമ്പടി | 1882 ഏപ്രിൽ 25 | കുറുപ്പമ്പടി |
| 88. | ഗീവറുഗീസ് | ശെമ്മാശൻ | കണ്ടനാട് | 1882 ഏപ്രിൽ 25 | കുറുപ്പമ്പടി |
| 89. | ഗീവറുഗീസ് | കശ്ശീശ | കുറുപ്പമ്പടി | 1882 മെയ് 2 | കോട്ടയം |
| 90. | സ്കറിയാ | ശെമ്മാശൻ | ആനപ്രമ്പാൽ | 1882 മെയ് 2 | കോട്ടയം |
| 91. | ഗീവറുഗീസ് | ശെമ്മാശൻ | ആർത്താറ്റ് | 1883 | |
| 92. | ഗീവർഗീസ് | കശ്ശീശ | ആർത്താറ്റ് | 1883 ഫെബ്രുവരി 20 | കുമരകം |
| 93 | പൗലൂസ് | ശെമ്മാശൻ | ആർത്താറ്റ് | 1883 ഫെബ്രുവരി 20 | കുമരകം |
| 94. | ശീമോൻ | കശ്ശീശ | ആർത്താറ്റ് | 1883 ഏപ്രിൽ 2 | കുമരകം |
| 95. | ശീമോൻ | കശ്ശീശ (പുലിക്കോട്ടിൽ) | പഴഞ്ഞി | 1883 ഏപ്രിൽ 2 | കുമരകം |
| 96. | ചീരൻ ഗീവറുഗീസ് | ശെമ്മാശൻ | പഴഞ്ഞി | 1883 ഏപ്രിൽ 2 | കുമരകം |
| 97. | മത്തായി | ശെമ്മാശൻ (പുലിക്കോട്ടിൽ) | പഴഞ്ഞി | 1883 ഏപ്രിൽ 2 | കുമരകം |
| 98. | മത്തായി | കശ്ശീശ | പാമ്പാക്കുട | 1883 നവംബർ 13 | കൊച്ചീക്കോട്ട |
| 99. | സ്കറിയ | കശ്ശീശ | ആനപ്രമ്പാൽ | 1884 ആഗസ്റ്റ് 26 | മുളന്തുരുത്തി |

| | | | | | |
|---|---|---|---|---|---|
| 100. | യാക്കോബ് | ശെമ്മാശൻ | ആനപ്രമ്പാൽ | 1884 ആഗസ്റ്റ് 26 | മുളന്തുരുത്തി |
| 101. | സ്കറിയാ | ശെമ്മാശൻ | വെട്ടിക്കൽ | 1884 ആഗസ്റ്റ് 26 | മുളന്തുരുത്തി |
| 102. | യാക്കോബ് | ശെമ്മാശൻ | മുളക്കുളം | 1884 ആഗസ്റ്റ് 26 | മുളന്തുരുത്തി |
| 103. | സ്കറിയാ | ശെമ്മാശൻ | വെട്ടിക്കൽ | 1884 ഡിസംബർ 16 | പിറവം |
| 104. | യൗസേഫ് | ശെമ്മാശൻ | പിറവം | 1884 ഡിസംബർ 16 | പിറവം |
| 105. | തോമ്മാ | ശെമ്മാശൻ | പിറവം | 1884 ഡിസംബർ 16 | പിറവം |
| 106. | സ്കറിയാ | ശെമ്മാശൻ | പിറവം | 1884 ഡിസംബർ 16 | പിറവം |
| 107 | പൗലൂസ് | ശെമ്മാശൻ | പിറവം | 1884 ഡിസംബർ 16 | പിറവം |
| 108. | അബ്രഹാം | ശെമ്മാശൻ | മുപ്പക്കുന്നു | 1885 സ്വർഗ്ഗാരോഹണം | ഓമല്ലൂർ |
| 109. | ഗീവർഗീസ് ചീരൻ | കശ്ശീശ | പഴഞ്ഞി | 1886 സെപ്റ്റംബർ 21 | നിരണം |
| 110. | അബ്രഹാം | ശെമ്മാശൻ | നിരണം | 1886 സെപ്റ്റംബർ 21 | നിരണം |
| 111. | അലക്സന്ത്രയോസ് | ശെമ്മാശൻ | നിരണം | 1886 സെപ്റ്റംബർ 21 | നിരണം |
| 112. | ഗീവറുഗീസ് | ശെമ്മാശൻ | ചെന്നിത്തല | 1887 ജനുവരി 18 | മാവേലിക്കര |
| 113. | പീലിപ്പോസ് | ശെമ്മാശൻ | കണ്ണൻകോട് | 1887 ഫെബ്രുവരി 1 | ചെങ്ങന്നൂർ |
| 114. | യാക്കോബ് | ശെമ്മാശൻ | തുമ്പമൺ | 1887 ഏപ്രിൽ 8 | കരുവാറ്റ |
| 115. | മത്തായി | ശെമ്മാശൻ | തുമ്പമൺ | 1887 ഏപ്രിൽ 8 | കരുവാറ്റ |
| 116. | തോമ്മാ | കശ്ശീശാ | പുത്തൻകാവ് | 1887 ഏപ്രിൽ 12 | വീയപുരം |
| 117. | ഗീവറുഗീസ് | കശ്ശീശാ | ചെന്നിത്തല | 1887 ഏപ്രിൽ 12 | വീയപുരം |
| 118. | ഇസഹാക്ക് | ശെമ്മാശൻ | കുറുപ്പമ്പടി | 1887 ഏപ്രിൽ 12 | വീയപുരം |
| 119. | അബ്രഹാം | കശ്ശീശാ | കല്ലൂപ്പാറ | 1887 ഏപ്രിൽ 19 | പരുമല |
| 120. | ലൂക്കോസ് | ശെമ്മാശൻ | കോട്ടയം | 1887 സെപ്തംബർ 20 | പഴയസെമിനാരി |
| 121. | യൗസേഫ് | ശെമ്മാശൻ | റാന്നി | 1887 സെപ്തംബർ 20 | പഴയസെമിനാരി |

| | | | | | |
|---|---|---|---|---|---|
| 122. | അബ്രഹാം | ശെമ്മാശൻ | കല്ലുശ്ശേരി | 1887 സെപ്തംബർ 20 | പഴയസെമിനാരി |
| 123. | മത്തായി (മുറന്തൂക്കിൽ) | ശെമ്മാശൻ | മുളക്കുളം | 1887 നവംബർ 22 | വടകര |
| 124. | കുരിയാക്കോസ് (പുന്നച്ചാലിൽ) | ശെമ്മാശൻ | കണ്ടനാട് | 1887 നവംബർ 22 | വടകര |
| 125. | യോഹന്നാൻ (ചൊള്ളമ്പേൽ) | ശെമ്മാശൻ | വടകര | 1887 നവംബർ 22 | വടകര |
| 126. | കോലാടി ദാവീദ് | ശെമ്മാശൻ | ആർത്താറ്റ് | | |
| 127. | മത്തായി (പുത്തൻപുരയ്ക്കൽ) | ശെമ്മാശൻ | തുമ്പമൺ | 1890 ഫെബ്രുവരി 18 | |
| 128. | കുരിയാക്കോസ് (പുത്തൻപുരയ്ക്കൽ) | ശെമ്മാശൻ | മീനടം | 1893 സെപ്തംബർ 8 | |
| 129. | യേശു | കശ്ശീശ | എടവനക്കാട് | 1893 ജൂൺ 29 | നിരണം |
| 130. | ഗീവറുഗീസ് | കശ്ശീശ | പെണ്ണത്ത് | 1893 ജൂലായ് 11 | പരുമല |
| 131. | മത്തായി (പുലിക്കോട്ടിൽ) | കശ്ശീശ s/o ഐപ്പൂരു | പഴഞ്ഞി | 1894 ജനുവരി 2 | പഴഞ്ഞി |
| 132. | ഇയ്യോബ് (ചീരൻ) | ശെമ്മാശൻ | ചാലശ്ശേരി | 1894 ജനുവരി 2 | പഴഞ്ഞി |
| 133. | ഇയ്യോബ് (ചീരൻ) | കശ്ശീശ s/o ദാവീദ് | ചാലശ്ശേരി | 1894 ജനുവരി 9 | ചാലശ്ശേരി |
| 134. | അബ്രഹാം | കശ്ശീശ | | 1894 ഫെബ്രുവരി 3 | മാന്നാർ |
| 135. | കുരിയാക്കോസ് | കശ്ശീശ | ചന്ദനപ്പള്ളി | | പൂതൃക്ക |
| 136. | യാക്കോബ് | കശ്ശീശ | തുമ്പമൺ | 1894 ഏപ്രിൽ 21 | പുത്തൻകാവ് |
| 137. | | കശ്ശീശ | അറത്തിൽ, പന്തളം | 1894 ഏപ്രിൽ 21 | പുത്തൻകാവ് |
| 138. | യാക്കോബ് | ശെമ്മാശൻ | കാഞ്ഞിരപ്പള്ളി | 1894 ആഗസ്റ്റ് 14 | പഴയസെമിനാരി |

| | | | | | |
|---|---|---|---|---|---|
| 139. | പത്രോസ് | ശെമ്മാശൻ | | 1894 ആഗസ്റ്റ് 14 | പഴയസെമിനാരി |
| 140. | യാക്കോബ് | കശ്ശീശ | കാഞ്ഞിരപ്പള്ളി | 1894 ആഗസ്റ്റ് 15 | പഴയസെമിനാരി |
| 141. | പത്രോസ് | കശ്ശീശ | | 1894 ആഗസ്റ്റ് 15 | പഴയസെമിനാരി |
| 142. | മത്തായി | കശ്ശീശ | കുറുപ്പമ്പടി | 1894 ആഗസ്റ്റ് 15 | പഴയസെമിനാരി |
| 143 | പൗലൂസ് | ശെമ്മാശൻ | കുറുപ്പമ്പടി | 1894 ആഗസ്റ്റ് 15 | പഴയസെമിനാരി |

പരുമല പള്ളി ദൈവമാതാവ്, പത്രോസ് ശ്ലീഹാ, തോമ്മാ ശ്ലീഹാ എന്നിവരുടെ നാമങ്ങളിൽ കൂദാശാപരമായ ശിലാസ്ഥാപനം നടത്തി മദ്ബഹാകളും ത്രോണോസുകളും മാർ ഗ്രീഗോറിയോസിന്റെ സഹകരണത്തോടെ 1895 ജനുവരി 15–ന് കൂദാശ ചെയ്തു.

| | | | | | |
|---|---|---|---|---|---|
| 144. | ഗീവറുഗീസ് | ശെമ്മാശൻ | നിരണം | 1895 ജനുവരി 15 | പരുമല |
| 145. | പൗലോസ് | ശെമ്മാശൻ | പാമ്പാക്കുട | 1895 ഒക്ടോബർ 22 | |
| 146. | ഏബ്രഹാം | ശെമ്മാശൻ | നിരണം | 1895 ഡിസംബർ 25 | നിരണം |
| 147. | യാക്കോബ് | കോറൂയോ | ചെങ്ങന്നൂർ | 1895 ഡിസംബർ 25 | നിരണം |
| 148 | ബർസ്ലീബി | കോറൂയോ | നിരണം | 1895 ഡിസംബർ 25 | നിരണം |
| 149 | കുരിയാക്കോസ് | കോറൂയോ | കുറിച്ചി | 1896 ജനുവരി 8 | |
| 150 | സ്കറിയാ | കോറൂയോ | നീലമ്പേരൂർ | 1896 ജനുവരി 16 | കവിയൂർ |
| 151 | മത്തായി | കോറൂയോ | കൊളുത്താക്കൽ | 1896 ജനുവരി 16 | കവിയൂർ |

1896 ജനുവരി 23–ന് കവിയൂർ സ്ലീബാ പള്ളി മാർ ഗ്രീഗോറിയോസിന്റെ സഹകരണത്തിൽ കൂദാശ ചെയ്തു.

| | | | | | |
|---|---|---|---|---|---|
| 152 | മത്തായി | കോറൂയോ | വെണ്ണിക്കുളം | 1896 ജനുവരി 18 | |
| 153 | കുരിയാക്കോസ് | കോറൂയോ | ആർത്താറ്റ് | 1896 ഡിസംബർ 15 | കല്ലുങ്കത്ര |
| 154 | യാക്കോബ് | ശെമ്മാശൻ | കല്ലുങ്കത്ര | 1897 ജനുവരി 5 | കല്ലുങ്കത്ര |
| 155 | ഗീവറുഗീസ് | ശെമ്മാശൻ | കല്ലുങ്കത്ര | 1897 ജനുവരി 5 | കല്ലുങ്കത്ര |

| | | | | | |
|---|---|---|---|---|---|
| 156 | യാക്കോബ് | കശ്ശീശ | കല്ലുങ്കത്ര | 1897 ജനുവരി 6 | കല്ലുങ്കത്ര |
| 157 | ഗീവറുഗീസ് | കശ്ശീശ | കല്ലുങ്കത്ര | 1897 ജനുവരി 6 | കല്ലുങ്കത്ര |
| 158 | യൗസേഫ് | കശ്ശീശ | പിറവം | 1897 മാർച്ച് 9 | പഴയസെമിനാരി |
| 159 | യാക്കോബ് | ശെമ്മാശൻ | മുളന്തുരുത്തി | 1897 മാർച്ച് 9 | പഴയസെമിനാരി |
| 160 | യൗസേഫ് | ശെമ്മാശൻ | ചെറായി | 1897 മാർച്ച് 9 | പഴയസെമിനാരി |
| 161 | ഗീവറുഗീസ് | കോറൂയോ | കരുവാറ്റ | 1897 ജൂൺ 26 | |
| 162 | സ്കറിയ | കോറൂയോ | കായംകുളം | 1897 ഡിസംബർ 25 | കായംകുളം |
| 163 | അലക്സന്ത്രയോസ് | കോറൂയോ | കായംകുളം | 1897 ഡിസംബർ 25 | കായംകുളം |
| 164 | മീഖായേൽ | കോറൂയോ | കായംകുളം | 1897 ഡിസംബർ 25 | കായംകുളം |
| 165 | മത്തായി | ശെമ്മാശൻ | കുറുപ്പമ്പടി | 1898 മാർച്ച് 23 | കുറുപ്പമ്പടി |
| 166 | യാക്കോബ് | കോറൂയോ | ആർത്താറ്റ് | 1898 മാർച്ച് 23 | കുറുപ്പമ്പടി |
| 167 | മത്തായി | കശ്ശീശ | കുറുപ്പമ്പടി | 1899 ഫെബ്രുവരി 11 | കുറുപ്പമ്പടി |
| 168 | കുരിയാക്കോസ് | കോറൂയോ | നടമേൽ | 1899 ഫെബ്രുവരി 11 | കുറുപ്പമ്പടി |
| 169 | യോഹന്നാൻ (പീടികയിൽ) | കശ്ശീശാ | രാമംഗലം | 1899 ഏപ്രിൽ 25 | കരിങ്ങാച്ചിറ |
| 170 | ഗീവറുഗീസ് | കശ്ശീശാ | മാക്കാംകുന്ന് | 1899 ഡിസംബർ 12 | കാട്ടൂർ |
| 171 | ഫീലിപ്പോസ് | ശെമ്മാശൻ | മതപ്പാറ | 1899 ഡിസംബർ 12 | കാട്ടൂർ |
| 172 | പീലിപ്പോസ് | കോറൂയോ | ഐനൂർ | 1899 ഡിസംബർ 12 | കാട്ടൂർ |
| 173 | ഗീവർഗീസ് | കോറൂയോ | മാവേലിക്കര | 1899 ഡിസംബർ 26 | |
| 174 | മത്തായി | കോറൂയോ | മാവേലിക്കര | 1900 മാർച്ച് 6 | കല്ലട |
| 175 | തോമ്മാ | കശ്ശീശ | കൊട്ടാരക്കര | 1900 മാർച്ച് 25 | കല്ലട |
| 176 | യൗനാൻ | കശ്ശീശ | കല്ലട | 1900 മാർച്ച് 25 | കല്ലട |

| | | | | | |
|---|---|---|---|---|---|
| 177 | യൗസേഫ് | കശ്ശീശ | കല്ലട | 1900 മാർച്ച് 25 | കല്ലട |
| 178 | ഗീവറുഗീസ് | കശ്ശീശ | ചെങ്കുളം | 1900 മാർച്ച് 25 | കല്ലട |
| 179 | ഇസഹാക്ക് | ശെമ്മാശൻ | പോട്ടൂർ | 1900 മാർച്ച് 25 | കല്ലട |
| 180 | യാക്കൂബ് | കശ്ശീശ | മുളന്തുരുത്തി | 1900 ഏപ്രിൽ 18 | കടമ്പനാട് |
| 181 | യൂഹാനോൻ | കശ്ശീശ | കോതനല്ലൂർ | 1901 ജനുവരി 7 | കണ്ടനാട് |
| 182 | യേശു | കശ്ശീശ | തുമ്പമൺ | 1901 മാർച്ച് 7 | കോട്ടയം |
| 183 | കുരിയാക്കോസ് | കശ്ശീശ | ആർത്താറ്റ് | 1901 ഡിസംബർ 21 | സെമിനാരി |
| 184 | ചുമ്മാർ | കോറൂയോ | S/O ഉതുപ്പ്, ആർത്താറ്റ് | 1901 ഡിസംബർ 21 | സെമിനാരി |
| 185 | ഗീവറുഗീസ് | കോറൂയോ | കോതമംഗലം | 1901 ഡിസംബർ 21 | സെമിനാരി |
| 186 | തോമ്മാ | കോറൂയോ | തീബേൽ | 1902 ജനുവരി 8 | തിരുവനന്തപുരം |
| 187 | യാക്കോബ് | മസ്മ്രോണോ | പഴഞ്ഞി | 1902 മാർച്ച് 30 | കൊല്ലം |
| 188 | യാക്കോബ് | കശ്ശീശ | ചെങ്ങന്നൂർ | 1902 ഡിസംബർ 29 | |
| 189 | മീഖായേൽ | ശെമ്മാശൻ | കായംകുളം | 1903 ജനുവരി 15 | കായംകുളം |
| 190 | സ്കറിയാ | ശെമ്മാശൻ | കായംകുളം | 1903 ജനുവരി 15 | കായംകുളം |
| 191 | അലക്സന്ത്രയോസ് | ശെമ്മാശൻ | കായംകുളം | 1903 ജനുവരി 15 | കായംകുളം |
| 192 | ശമുവേൽ | മ്സമ്രോനോ | കറ്റാനം | 1903 ജനുവരി 15 | കായംകുളം |
| 193 | ലൂക്കോസ് | മ്സമ്രോനോ | കല്ലിശ്ശേരി | 1903 ജനുവരി 30 | കല്ലിശ്ശേരി |
| 194 | കുരിയാക്കോസ് | മ്സമ്രോനോ | കല്ലിശ്ശേരി | 1903 ജനുവരി 30 | കല്ലിശ്ശേരി |
| 195 | ഗീവർഗീസ് | കശ്ശീശ | കണ്ണൻകോട് | 1903 ഫെബ്രുവരി 5 | കവിയൂർ |
| 196 | മത്തായി | കോറൂയോ | ഇരുവേലിപ്ര | 1903 ഫെബ്രുവരി 6 | കവിയൂർ |
| 197 | കുരിയൻ | മ്സമ്രോനോ | മീനടം | 1903 സെപ്റ്റംബർ 22 | പുതുപ്പള്ളി |
| 198 | ഗീവർഗീസ് | മല്പാൻ റമ്പാൻ കശ്ശീശ | | 1903 ഒക്ടോബർ 19 | |

| | | | | | |
|---|---|---|---|---|---|
| 199 | യോഹന്നാൻ | s/o മത്തായി (കോനാട്ട്) | | | |
| | | കോറൂയോ | പാമ്പാക്കുട | 1903 ഡിസംബർ 21 | |
| 200 | ഇസഹാക്ക് | കോറൂയോ | കോതമംഗലം | 1904 മാർച്ച് 1 | |
| 201 | ഗീവർഗീസ് | കോറൂയോ | ആർത്താറ്റ് | 1904 ഏപ്രിൽ 12 പുതുഞായർ | പഴഞ്ഞി |
| 202 | യാക്കോബ് | കോറൂയോ | ആർത്താറ്റ് | 1904 ഏപ്രിൽ 19 | പഴഞ്ഞി |
| 203 | മത്തായി | കോറൂയോ | പഴഞ്ഞി | 1904 ഏപ്രിൽ 19 | പഴഞ്ഞി |
| 204 | പീലിപ്പോസ് | കോറൂയോ | കുഴിമറ്റം | 1904 സെപ്റ്റംബർ 8 | |
| 205 | അലക്സന്ത്രയോസ് | കോറൂയോ | കുഴിമറ്റം | 1904 സെപ്റ്റംബർ 8 | |
| 206 | ദാവീദ് | കോറൂയോ | ആർത്താറ്റ് | 1904 ഒക്ടോബർ 17 | കരിങ്ങാച്ചിറ |
| | മേപ്പാടം മാർ കുരിയാക്കോസ് പള്ളികൂദാശ | | | 1904 ഒക്ടോബർ 24 | |
| 207 | അബ്രഹാം | കോറൂയോ | താനക്കാട്ട് | 1904 ഒക്ടോബർ 30 | ചേപ്പാട്ട് |
| 208 | പൗലോസ് | മ്സമ്രോനോ | മഴുവന്നൂർ | 1906 ഫെബ്രുവരി 6 | |
| 209 | പുന്നൂസ് | കശ്ശീശ | ചെങ്ങളം | 1906 മെയ് 1 | പുതുപ്പള്ളി |
| 210 | യോഹന്നാൻ | കശ്ശീശ | കുറിച്ചി | 1906 മെയ് 1 | പുതുപ്പള്ളി |
| 211 | ദാനിയേൽ | കോറൂയോ | മഴുവന്നൂർ | 1906 ജൂൺ 24 | |
| 212 | അലക്സന്ത്രയോസ് | കോറൂയോ | നിരണം | 1906 ജൂലൈ 30 | നിരണം |
| 213 | തോമ്മാ | മ്സമ്രോനോ | കണ്ടനാട് | 1906 ആഗസ്റ്റ് 29 | കണ്ടനാട് |
| 214 | സ്കറിയാ | കശ്ശീശ | വാണിയാംകുളം | 1906 മാർച്ച് 11 | |
| 215 | അലക്സന്ത്രയോസ് | കശ്ശീശ | വാണിയാംകുളം | 1906 മാർച്ച് 11 | |
| 216 | സ്കറിയാ | കോറൂയോ | കാത്തനാട് | 1906 സെപ്തംബർ 10 | കായംകുളം |
| 217 | മത്തായി | കോറൂയോ | ചാത്തന്നൂർ | 1907 ഒക്ടോബർ 28 | |
| 218 | ലൂക്കോസ് | കോറൂയോ | പെരുങ്കനാട് | 1907 ഒക്ടോബർ 28 | |

| | | | | | |
|---|---|---|---|---|---|
| 219 | യൂയാക്കീം | കോറൂയോ | ചാലക്കുഴി | 1907 നവംബർ 4 | |
| 220 | യൗസേഫ് | മ്സമ്രോനോ | | 1907 ഡിസംബർ 23 | കോട്ടയം |
| 221 | തോമ്മാ (പനയ്ക്കാമറ്റം) | മ്സമ്രോനോ | നിരണം | 1908 ജനുവരി 15 | നിരണം |
| 222 | അലക്സന്ത്രയോസ് | മ്സമ്രോനോ | നിരണം | 1908 ജനുവരി 15 | നിരണം |
| 223 | യൂഹാനോൻ | മ്സമ്രോനോ | മുളന്തുരുത്തി | 1908 ജനുവരി 30 | |
| 224 | കുരിയാക്കോസ് | കോറൂയോ | പനമ്പത്തിക്കൽ | 1909 ജനുവരി 8 | |
| 225 | ഗീവറുഗീസ് | കോറൂയോ | വേങ്ങൽ | 1909 ജനുവരി 18 | |
| 226 | കുരിയാക്കോസ് | | കോട്ടയം | 1909 ജനുവരി 22 | |

(പട്ടം ഏല്ക്കുന്ന സ്ഥാനാർത്ഥികൾ കുരിശടയാളത്തിൽ ഒപ്പ് രേഖപ്പെടുത്തിയ (മറ്റ് വിവരങ്ങളൊന്നുമില്ലാത്ത) പത്തോളം പട്ടംകൊടകൾ കാണുന്നുണ്ട്. പരുമല മാർ ഗ്രീഗോറിയോസ് പട്ടം കൊടുത്ത 13 പട്ടംകൊടകൾ ഈ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഗവേഷണം, വിവർത്തനം - ഫാ. ഡോ. ജോസഫ് ചീരൻ, ഫെബ്രുവരി 2005.)

# ഒരു കേരള നവോത്ഥാന നായകന്റെ ജീവിതകഥ

## ഫാ. ഡോ. ജേക്കബ് കുര്യൻ

### 1. കേരള നവോത്ഥാനത്തിന്റെ ആദ്യനായകൻ

കേരള നവോത്ഥാനത്തിന്റെ ചരിത്രം ആരംഭിക്കുന്നത് പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലാണ്. അന്ന് 'കേരളം' എന്ന സംസ്ഥാനമില്ല. "മലയാളനാടെ"ന്ന്, 'തിരുവിതാംകൂറും', 'കൊച്ചി'യും, 'മലബാറും' ഒക്കെയായിരുന്ന പ്രദേശത്തെ നമുക്ക് വിളിക്കാം. നാട്ടുരാജ്യങ്ങളെങ്കിലും, ബ്രിട്ടീഷ് സാമ്രാജ്യത്തിന് സാമന്തരാജ്യങ്ങളായി മാറിക്കഴിഞ്ഞിരുന്ന തിരുവിതാംകൂറും, കൊച്ചിയും, ഒപ്പം നേരിട്ട് ബ്രിട്ടൻ ഭരിക്കുന്ന ബ്രിട്ടീഷ് മലബാറും, സാവധാനം ഒരു സാംസ്കാരിക നവോത്ഥാനത്തിലേക്ക് നീങ്ങുകയായിരുന്നു. ഉത്തരേന്ത്യയിലും നാട്ടുരാജ്യങ്ങളുടെ അതിരുകൾക്കപ്പുറം ഹിന്ദുനവോത്ഥാനം ശക്തിപ്പെടുകയായിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസവും, സ്കൂളുകളിലൂടെയുള്ള പ്രാഥമിക വിദ്യാഭ്യാസപരിപാടികളും ബ്രിട്ടീഷ് ഭരണത്തിൻകീഴുള്ള പ്രദേശങ്ങളിൽ വ്യാപിക്കുന്നതിന്റെ ആദ്യഫലങ്ങൾ പെട്ടെന്ന് കണ്ടത് മലയാളനാട്ടിൽ ആയിരുന്നുവെന്ന് പറയാം. 1819-ൽ റാണി ഗൗരി പാർവ്വതിബായി വിദ്യാഭ്യാസം സ്റ്റേറ്റിന്റെ ചുമതലയാണെന്നുള്ള വിളംബരം പുറപ്പെടുവിച്ചു. ഇംഗ്ലീഷ് മിഷണറിമാരും, സുറിയാനി ക്രിസ്ത്യാനികളും വിദ്യാവികസനത്തിന് തങ്ങളാലാവതു ചെയ്തു. സുറിയാനി ക്രിസ്ത്യാനികളുടെ കൂട്ടത്തിൽ നവോത്ഥാനത്തിന്റെ വിവിധ രംഗങ്ങൾക്ക്, ഉദാ: പ്രാഥമിക വിദ്യാഭ്യാസം, ഇംഗ്ലീഷ് വിദ്യാഭ്യാസം, അച്ചടി, പത്രപ്രവർത്തനം, പുസ്തകപ്രസിദ്ധീകരണം, അധഃസ്ഥിതരുടെ ഉദ്ധാരണം, സാമുദായിക സംഘടന മുതലായവയ്ക്ക് നേതൃത്വം വഹിച്ചത് കുന്നംകുളം പുലിക്കോട്ടിൽ കുടുംബത്തിൽ നിന്ന് മലങ്കരമെത്രാൻ സ്ഥാനത്തെത്തിയ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ ആണ് (1832–1909). അദ്ദേഹത്തിന്റെ പിന്നാലെ മാത്രമാണ് ശ്രീനാരായണഗുരുവും (1854–1928) കെ. കേളപ്പനും (1880–1925), ടി. കെ. മാധവനും (1885–1930), സി. കേശവനും (1891–1969), നടരാജഗുരുവും (1895–1973) ഒക്കെ രംഗത്തു വരുന്നത്. "ജോസഫ്" എന്ന പേരിന് "യൗസേഫ്" എന്ന രൂപവും ഉണ്ടായിരുന്നു. കുന്നംകുളം പുലിക്കോട്ടിൽ കുടുംബത്തിൽ നിന്ന് ജോസഫ് മാർ ദീവന്നാസ്യോസ് എന്നപേരിൽ മെത്രാനാകുന്ന രണ്ടാമത്തെ ആളായതുകൊണ്ടാണ്, "പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ" എന്ന് വിശേഷിപ്പിക്കുന്നത്.[1] ("ദീവന്നാസ്യോസ്" എന്നുമാത്രം ഉപയോഗിക്കുമ്പോൾ, ഇദ്ദേഹം "ദീവന്നാസ്യോസ് അഞ്ചാമൻ"[2] എന്ന് വിളിക്കപ്പെടുന്നു.)

## 2. ജനനം, കുടുംബം, മാതാപിതാക്കൾ, സഹോദരങ്ങൾ, കുടുംബത്തിലെ പ്രഗത്ഭ വൈദികസ്ഥാനികൾ

കേരള നവോത്ഥാനത്തിന്റെ ആദ്യനായകനാണ് "പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ." അദ്ദേഹം ജനിച്ചത് കൊല്ല വർഷം 1008 (1832) വൃശ്ചികം 24-നാണ്.[3] പുരാതനമായ ആർത്താറ്റ് തല പ്പള്ളിയുടെ ശാഖാദേവാലയങ്ങളിലൊന്നായ ലാസർ പള്ളി ഇടവകയിൽ, കുന്നംകുളം അങ്ങാടിയിൽ പുലിക്കോട്ടിൽ തറവാട്ടിൽ താരു കുര്യ ന്റെയും, പഴഞ്ഞി ഇടവകയിൽ പെങ്ങാമുക്ക് ദേശത്ത് കുത്തൂരു താണ്ട മ്മയുടെയും മകൻ. പള്ളിയിൽ "യൗസേഫ്" എന്നും നാട്ടിലും വീട്ടിലും "ഇട്ടൂപ്പ്" എന്നും പേർ വിളിക്കപ്പെട്ടു. "യൗസേഫ്" എന്നപേര് ഇംഗ്ലീഷ് ശൈലിയിൽ "ജോസഫ്" എന്നും ഉപയോഗിക്കപ്പെട്ടു. മൂന്ന് സഹോദരി മാരും രണ്ട് സഹോദരന്മാരും ഇട്ടൂപ്പിനുണ്ടായിരുന്നു. കുട്ടികൾക്ക്, ബാല്യ ത്തിൽ തന്നെ തങ്ങളുടെ കുടുംബത്തിലുണ്ടായിരുന്ന ശ്രേഷ്ഠ വൈദിക രെക്കുറിച്ച് അറിവും അഭിമാനവും ഉണ്ടായിരുന്നു. പിതൃവഴിയിൽ പുലി ക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമനും, മാതൃവഴിയിൽ കുത്തൂർ ഗീവർഗ്ഗീസ് മാർ കൂറിലോസ് (1829-1856) എന്ന തൊഴിയൂർ മെത്രാനും, പ്രത്യേകം അനുസ്മരിക്കപ്പെട്ടു. പുലിക്കോട്ടിൽ ഒന്നാമൻ തിരുമേനി അവർക്ക് പിതാമഹന്റെ സഹോദരനും, കുത്തൂർ മാർ കൂറി ലോസ് അവർക്ക് മാതൃസഹോദരനും ആയിരുന്നു. പുലിക്കോട്ടിൽ ഒന്നാ മൻ തിരുമേനിയുടെ സഭാസ്നേഹം, വിശ്വാസതീക്ഷ്ണത, വിശുദ്ധജീ വിതം ഇവയെക്കുറിച്ച് അവർക്ക് കോരിത്തരിപ്പിക്കുന്ന സംഭവകഥകൾ ഓർമ്മിക്കുവാനുണ്ടായിരുന്നു. നാട്ടുകാരും വീട്ടുകാരും അദ്ദേഹത്തെ സ്നേഹബഹുമാനത്തോടെ വിളിച്ചത് "കാലം ചെയ്ത അച്ചൻ"* എന്നാ യിരുന്നു. ഇതുകൂടാതെ ബാലനായ ഇട്ടൂപ്പിന്റെ പിതൃസഹോദരൻ പുലി ക്കോട്ടിൽ യൗസേഫു കത്തനാർ ഒരു വലിയ ആത്മീയ സാന്നിദ്ധ്യമാ യിട്ട് അവരുടെ കൂടെ ഉണ്ടായിരുന്നു.

## 3. ആർത്താറ്റിന്റെ മഹത്വവും കുന്നംകുളം നസ്രാണിപ്പെരുമയും

ആർത്താറ്റ് തലപ്പള്ളിയുടെ ചരിത്രവും കുന്നംകുളം നസ്രാണിപ്പെരു മയും അല്പം മനസ്സിലാക്കാതെ മുന്നോട്ടുപോകാൻ സാദ്ധ്യമല്ല. പുലി ക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് രണ്ടാമൻ ആയി വളർന്ന പുലി ക്കോട്ടിൽ താരു മകൻ ഇട്ടൂപ്പിനും ബാല്യംമുതൽ ആവേശം നൽകിയത് ഈ ചരിത്രബോധവും സ്വത്വബോധവും ആയിരുന്നു. മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച പാലൂർ[4] പള്ളിയുടെ പിൽക്കാലപേരാണ് ആർത്താറ്റുപള്ളി യെന്നു വിചാരിക്കുവാൻ ന്യായം ഉണ്ട്. എങ്കിലും ആദ്യ പാലൂർ പള്ളി

യുടെ സമീപത്ത് മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച ചാട്ടുകുളങ്ങരകുരിശ് പിൽക്കാലത്ത് ആർത്താറ്റ് പള്ളിയായി രൂപപ്പെട്ടുവെന്നാണ് പലരുടെയും അഭിപ്രായം.[5] ഏതായാലും വളരെ പുരാതനമായ ക്രൈസ്തവപാരമ്പര്യം പാലൂർ പ്രദേശത്തുണ്ടായിരുന്നുവെന്നും, അതിന്റെ കേന്ദ്രദേവാലയം (തലപ്പള്ളി) ആർത്താറ്റുപള്ളിയായി മാറിയെന്നതും സത്യമാണ്. വിശാലമായ "പാലൊറ" (പ്ലിനിയുടെ വിവരണപ്രകാരം) അഥവാ പാലൂർ പ്രദേശം ഒരു തുറമുഖപട്ടണവും വിദേശവ്യാപാരകേന്ദ്രവും ആയിരുന്നു. ഈ തുറമുഖം ആണ് പിൽക്കാലത്ത് പൊന്നാനി തുറമുഖമായി രൂപാന്തരപ്പെട്ടത് എന്നു വേണം വിചാരിക്കാൻ. ഈ പ്രദേശത്ത് ധാരാളം യഹൂദർ തലമുറകളായി തദ്ദേശീയരുമായി കൂടികലർന്ന് കുടിയേറിയിരുന്നുവെന്നും, അവരോട് മാർത്തോമ്മാശ്ലീഹാ സുവിശേഷം അറിയിച്ചുവെന്നും, അവരുടെ ഒരു സുന്നഗോഗാണ് പാലൂരെ ആദ്യ ക്രൈസ്തവ ദേവാലയം ആയത് എന്നും അഭിപ്രായമുണ്ട്.[6] ആർത്താറ്റ് ജൂതക്കുന്നും, ചാട്ടുകുളവും ഒക്കെ ചരിത്രത്തിൽ ചേർത്തുവായിക്കേണ്ടതാണ്. പ്രധാനമായും കച്ചവടം തൊഴിലാക്കിയിരുന്ന പാലൂർ ക്രിസ്ത്യാനികൾ വിവിധ കാരണങ്ങളാൽ പല സ്ഥലത്തേക്കും കുടിയേറിയതിന്റെ ഭാഗമായി, അവർ കൂട്ടമായി പാർക്കുവാനിടയായിടം കുന്നംകുളം അങ്ങാടിയായി. പുരാതനമായ ഒരു ക്രൈസ്തവസംസ്കാരത്തിന്റെ സാന്നിദ്ധ്യം എന്നും കുന്നംകുളത്തുണ്ട്. അവിടത്തെ ക്രിസ്ത്യാനികളുടെ തലപ്പള്ളിയായ ആർത്താറ്റുപള്ളിയുടെ പതിനാറാം നൂറ്റാണ്ടു മുതലുള്ള ചരിത്രത്തിൽ എന്നും തിളങ്ങുന്ന ഒരു കാര്യം, അടിച്ചേൽപ്പിക്കുന്ന മേൽക്കോയ്മയെ ചെറുത്തുതോല്പിക്കുന്ന നസ്രാണി വീര്യം ആണ്. 1599-ലെ ഉദയംപേരൂർ സുന്നഹദോസ്, ആർത്താറ്റ് പള്ളിക്കാർ ബഹിഷ്ക്കരിച്ചു. മെനസിസ് മെത്രാനോട് "അയർത്തു." 18-ാം നൂറ്റാണ്ടിൽ ടിപ്പു സുൽത്താൻ പള്ളി തീവച്ചു നശിപ്പിക്കുകയും അങ്ങാടി കൊള്ളയടിക്കയും, മതപീഡനം നടത്തുകയും, ക്രിസ്ത്യാനികളെ തൂക്കിക്കൊല്ലുകയും ഒക്കെ ചെയ്തപ്പോൾ പൂർവ്വിക വിശ്വാസത്തിൽ നിന്ന് വ്യതിചലിക്കാതെ നിലകൊണ്ടു; 19-ാം നൂറ്റാണ്ടിൽ ചരിത്രപ്രസിദ്ധമായ ആർത്താറ്റു പടിയോലയിലൂടെ, "റോമ്മായിൽ നിന്നോ ബാബേലിൽ നിന്നോ അന്തിയോക്കിയായിൽ നിന്നോ മറ്റു വല്ല പരദേശത്തുനിന്നോ വരുന്ന യാതൊരു മെത്രാന്മാരുടേയും ഉപദേശവും നടപ്പുകളും ഒരുനാളും കേട്ട് വഴങ്ങി നടക്കാതെ നമ്മുടെ മാർതോമ്മാശ്ലീഹായുടെ പൂർവ്വികവിശ്വാസവും ചട്ടങ്ങളും അനുസരിച്ചു നടന്നുകൊള്ളുമാറ്", പ്രഖ്യാപിച്ചു. ശക്തൻതമ്പുരാന്റെ സഹായത്തോടെ നറുക്കെടുപ്പിലൂടെ സ്വന്തം പള്ളി റോമാക്കാരുടെ അവകാശവാദത്തിൽ നിന്നു വിട്ടുകിട്ടിയപ്പോൾ പനക്കൽ കുരിയപ്പൻ രചിച്ച ആർത്താറ്റു പള്ളിപ്പാട്ട്, ഇടവകക്കാരുടെ ആത്മാഭിമാനത്തിന്റെ വിളംബരമായി നിലകൊണ്ടു. ഈ ആത്മാഭിമാനത്തിന്റെ അടിത്തറയിലാണ്, പുലിക്കോട്ടിൽ താരു കുര്യൻ മകൻ ഇട്ടൂപ്പ് തന്റെ പഠനം ആരംഭിച്ചത്.

## 4. വിദ്യാഭ്യാസം

ബാലനായ ഇട്ടൂപ്പിനെ അഞ്ചുവയസ്സിൽ കുന്നംകുളം അങ്ങാടിയിലെ പള്ളിക്കൂടത്തിൽ അയച്ചു. ഒരു കച്ചവടസമൂഹത്തിന് അന്ന് അത്യാവശ്യമായിരുന്ന ഭാഷാജ്ഞാനവും കണക്കുകൂട്ടുവാനുള്ള കഴിവും മാത്രം ഇട്ടൂപ്പിനുണ്ടായാൽ പോരാ എന്ന് പിതൃസഹോദരനായ ജോസഫ് കത്തനാർക്ക് തോന്നിയതുകൊണ്ട്, സുറിയാനിയും, തമിഴും ഹിന്ദുസ്ഥാനിയും പഠിക്കുവാൻ ഇട്ടൂപ്പിനു നിർദ്ദേശം നൽകി. സുറിയാനിഭാഷ ജോസഫ് കത്തനാർ തന്നെ പഠിപ്പിച്ചു. ഹിന്ദുസ്ഥാനിയും തമിഴും പഠിക്കുവാൻ വേറെ ക്രമീകരണം ചെയ്തു. മറുനാട്ടിൽ നിന്നുള്ള കച്ചവടക്കാരുമായി ആശയവിനിമയത്തിന്, ഹിന്ദുസ്ഥാനി അത്യാവശ്യമായിരുന്നുവെങ്കിലും, ജോസഫ് കത്തനാർക്ക് സഹോദരപുത്രനെക്കുറിച്ചുള്ള പ്രതീക്ഷ ഒരു കച്ചവട പ്രമുഖനാക്കുന്നതിലും അപ്പുറം ആയിരുന്നു. പക്ഷേ ഇംഗ്ലീഷ് പഠിക്കുവാനോ, ഉപരിപഠനം നിർവ്വഹിക്കുവാനോ ഉള്ള സൗകര്യം അന്ന് കുന്നംകുളത്തുണ്ടായിരുന്നില്ല. എന്നാൽ തിരുവിതാംകൂറിലും കൊച്ചിയിലും ഇംഗ്ലീഷ് സ്കൂളുകൾ ആരംഭിക്കുവാൻ തുടങ്ങിയിരുന്നു.[7]

## 5. പൊതുസമൂഹം, സഭ

പത്തുപന്ത്രണ്ടുവയസായ ഒരു കുന്നംകുളം ബാലന് പൊതുസമൂഹത്തെക്കുറിച്ചും, സ്വന്തം സഭയെക്കുറിച്ചും, അധികമൊന്നും ഗ്രഹിക്കുവാനുള്ള പ്രായമായിരുന്നില്ല എങ്കിലും, ബോധപൂർവ്വമോ അല്ലാതെയോ ചില സാമൂഹിക സ്പന്ദനങ്ങൾ അനുഭവിച്ചു. വെള്ളക്കാരായ ചില അധികാരി സായിപ്പുമാർക്ക് നാട്ടിലെ രാജാവിനേക്കാളും ശക്തിയുള്ള അവസ്ഥയ്ക്ക്, അവരുടെ നേതൃത്വത്തിൽ, ചില സാമൂഹ്യ അനാചാരങ്ങളും ഉച്ചനീചത്വങ്ങളും നീക്കം ചെയ്യാനുള്ള നടപടികൾ നടന്നുകൊണ്ടിരുന്നു. 1843-ൽ മലബാറിൽ അടിമവേല നിരോധിച്ചു. താഴ്ന്ന ജാതിക്കാർ മനുഷ്യരാണെന്നുള്ള സന്ദേശം ക്രൈസ്തവ മിഷണറിമാർ പ്രചരിപ്പിച്ചതിന്റെ ഭാഗമായി വേണം ഈ നിരോധനത്തെ കാണുവാൻ. ജനസാമാന്യത്തിൽ വിദ്യാഭ്യാസം വ്യാപിപ്പിക്കുവാൻ പ്രാഥമിക വിദ്യാലയങ്ങൾ നടത്തുവാൻ താല്പര്യമുള്ളവർക്ക് ഗ്രാന്റു നൽകുന്ന പ്രഖ്യാപനങ്ങളും ഭരണാധികാരികളിൽ നിന്നും വന്നുകൊണ്ടിരുന്നു. ഇക്കാലഘട്ടത്തിൽ, മലങ്കരസഭയുടെ സ്ഥിതി പ്രത്യേക പരീക്ഷണഘട്ടത്തിലായിരുന്നു. മലങ്കരസഭയെ സഹായിക്കുവാനെത്തിയ ഇംഗ്ലീഷ് മിഷണറിമാർ വിശ്വാസകാര്യങ്ങളിലും ആരാധനാരീതികളിലും കൈകടത്താൻ ഒരുങ്ങിയപ്പോൾ, അന്നത്തെ മലങ്കരമെത്രാപ്പോലീത്തായായ ചേപ്പാട് മാർ ദീവന്നാസ്യോസ് അതിനെ അനുവദിച്ചില്ല. തുടർന്ന് 1836-ൽ മാവേലിക്കരയിൽ കൂടിയ സഭാസമ്മേളനം മെത്രാപ്പോലീത്തായുടെ നടപടിയെ പിന്തുണച്ച് തീരുമാനം പാസ്സാക്കി ('മാവേലിക്കര പടിയോല'). തുടർന്ന് മിഷണറിമാരുമായി

കേസുണ്ടാവുകയും, 1840-ൽ "കൊച്ചിൻ അവാർഡ്" എന്ന വിധിയനുസരിച്ച് വസ്തുവകകൾ വീതം വയ്ക്കുകയുമുണ്ടായി. പക്ഷേ, മിഷണറിമാരോട് അനുഭാവമുള്ള ചില നീക്കങ്ങൾ സഭയ്ക്കുള്ളിൽ നടന്നതിന്റെ ബാക്കിയായി പാലക്കുന്നത്തു കുടുംബത്തിലെ ഒരു വൈദികൻ അന്നത്തെ അന്ത്യോഖ്യാ പാത്രിയർക്കീസ് ഏലിയാസ് ദ്വിതീയനിൽ നിന്ന് മേല്പട്ടസ്ഥാനം പ്രാപിച്ച് 1843-ൽ എത്തിയത് കൂടുതൽ വിവാദത്തിനിടയാക്കി. പുതിയ മെത്രാൻ, മാത്യൂസ് മാർ അത്താനാസ്യോസ്, എല്ലാവർക്കും സ്വീകാര്യനായില്ല. ഈ സാഹചര്യത്തിൽ ശീമ[8]യിൽ നിന്ന് 1846-ൽ യൂയാക്കീം മാർ കൂറിലോസ് എത്തുകയുണ്ടായി. പിന്നീട് അദ്ദേഹത്തെ സഹായിപ്പാൻ സ്തേഫാനോസ് മാർ അത്താനാസ്യോസ് എന്ന മെത്രാനും, ഒരു ശിമയോൻ റമ്പാനും 1849-ൽ മലയാളക്കരയിൽ എത്തി. മലങ്കരസഭയുടെ ഭരണാധികാരത്തെച്ചൊല്ലി മാത്യൂസ് മാർ അത്താനാസ്യോസും യുയാക്കീം മാർ കൂറീലോസുമായി തർക്കം മൂർച്ചിച്ചു.

## 6. ഇട്ടൂപ്പ് വൈദിക വിളി സ്വീകരിക്കുന്നു

പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞതോടെ, ഇട്ടൂപ്പിന്റെ ഭാവിയെക്കുറിച്ച് പിതൃസഹോദരൻ ജോസഫ് കത്തനാരുടെ അഭിപ്രായത്തോട് എല്ലാവരും യോജിച്ചു. കുടുംബത്തിന്റെ ശ്രേഷ്ഠമായ വൈദികപാരമ്പര്യം തുടരുവാൻ വൈദികവിളിയുള്ളവനായി ഇട്ടൂപ്പിനെ കണ്ടെത്തി. അതിൻപ്രകാരം ബാലനായ ഇട്ടൂപ്പിനെയും കൊണ്ട് ജോസഫ് കത്തനാർ കോതമംഗലത്തു ചെറിയപള്ളിയിൽ ചെന്ന് അന്ന് അവിടെയുണ്ടായിരുന്ന മലങ്കരമെത്രാൻ ചേപ്പാട് മാർ ദീവന്നാസ്യോസിനെ കണ്ടു വിവരങ്ങൾ ധരിപ്പിച്ചു. അങ്ങനെ കൊല്ലവർഷം 1021 (1845) കന്നി 23-ന്, പതിമൂന്നു വയസ്സുകാരൻ ഇട്ടൂപ്പിന് കോതമംഗലം ചെറിയപള്ളിയിൽ വച്ച് കോറൂയോപട്ടം[9] ചേപ്പാട് മാർ ദീവന്നാസ്യോസ് നൽകി. ശീമയിൽ നിന്നു വന്ന മെത്രാന്മാരോടൊപ്പം വടക്കുഭാഗത്തുള്ള പല പള്ളിക്കാരും  നിലനിന്നപ്പോൾ പാലക്കുന്നത്തു മാർ അത്താനാസ്യോസിന്റെ സ്വാധീനത്തിൽ തെക്കുഭാഗത്തുള്ള പല പള്ളികളും ആയ ഒരു സാഹചര്യം സാവധാനം വ്യക്തമായി. ഇത്തരുണത്തിൽ ഇട്ടൂപ്പ് കോറൂയോയും മറ്റും സ്വാഭാവികമായും ശീമമെത്രാന്മാരോടും, ചേപ്പാട് മാർ ദീവന്നാസ്യോസിനോടും ഒപ്പം നിന്നു. തുടർന്നുള്ള ഏതാനും വർഷങ്ങൾ രണ്ട് കൂട്ടരും തമ്മിലുള്ള നിയമയുദ്ധമായിരുന്നു. പക്ഷേ നിയമയുദ്ധത്തിൽ ആദ്യം മാർ അത്താനാസ്യോസ് ജയിച്ചു.[10] യൂയാക്കീം മാർ കൂറിലോസിനും ശീമസംഘത്തിനും തിരുവിതാംകൂറിലും കൊച്ചിയിലും നിയന്ത്രണങ്ങൾ ഉണ്ടായി. പാലക്കുന്നത്തു മാർ അത്താനാസ്യോസ് മലങ്കര മെത്രാൻ ആയി രാജകീയ വിളംബരവും പുറപ്പെട്ടു. ഇതിനിടെ ആർത്താറ്റുപള്ളിയിൽ വച്ച് ഇട്ടൂപ്പ് കോറൂയോ, ശീമമെത്രാൻ സ്തേഫാനോസ് മാർ അത്താനാസ്യോസിൽ നിന്ന് പൂർണ്ണ ശെമ്മാശു

പട്ടം സ്വീകരിച്ചു. അവിവാഹിതനായി ദൈവവേലയ്ക്കായി സമർപ്പിക്കപ്പെട്ട ശെമ്മാശ്ശൻ, ശീമയിൽനിന്നു വന്ന ശിമയോൻ റമ്പാനിൽ നിന്ന് സുറിയാനി ഉപരിപഠനവും നേടി. തുടർന്ന് ചാലിശ്ശേരി പള്ളിയിൽവച്ച് 1028 ചിങ്ങം 6-ന് (അന്നത്തെ കൂടാരപ്പെരുന്നാൾ ദിവസം, 1852 ആഗസ്റ്റ്) യൂയാക്കീം മാർ കൂറിലോസിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു. ചിറളയം പള്ളിയിൽ പ്രഥമ ദിവ്യബലി കഴിഞ്ഞ് നവവൈദികൻ വൈദികശുശ്രൂഷ ആരംഭിച്ചത് പഴഞ്ഞിപ്പള്ളിയിലാണ്. അന്ന് പഴഞ്ഞി-ചാലിശ്ശേരി പള്ളികളുടെ വികാരിത്വം വഹിച്ചിരുന്ന ചീരൻ ഇട്ടൂപ്പ് കത്തനാരുടെ അസിസ്റ്റന്റായിട്ടാണ് ആദ്യ നിയമനം കിട്ടിയത്. നവവൈദികൻ പുലിക്കോട്ടിൽ ജോസഫ് കശീശയെക്കുറിച്ച് എല്ലാവർക്കും നല്ലതേ പറയാനുണ്ടായിരുന്നുള്ളൂ.

## 7. പഴഞ്ഞിയിലെ ശുശ്രൂഷയും ഒരു സാംസ്ക്കാരിക നവോത്ഥാന ചിന്തയും

പഴഞ്ഞിയിൽ വൈദികനായി ശുശ്രൂഷയാരംഭിക്കുമ്പോൾ, ജോസഫ് കത്തനാരുടെ മനസിൽ ഒത്തിരി സ്വപ്നങ്ങളുണ്ടായിരുന്നു. അവയിൽ ഏറ്റവും പ്രധാനം രണ്ടെണ്ണമായിരുന്നു. ഒന്ന്, മലയാളനാട്ടിൽ വിദ്യാവികസനത്തിന് വിദ്യാലയങ്ങൾ സ്ഥാപിക്കുവാൻ മുന്നിട്ടു പ്രവർത്തിക്കുക. രണ്ട്, സ്വന്തം സഭയിൽ പൗരാണിക പൗരസ്ത്യ പാരമ്പര്യത്തിൽ നിന്നും വ്യതിചലിച്ചുപോകുന്ന പ്രവണതകളെ, നേരായ ദിശയിലേക്ക് തിരിച്ചുകൊണ്ടുവരുക. അങ്ങനെയാണ് ആറു വിദ്യാലയങ്ങൾ അദ്ദേഹം ആരംഭിച്ചത്. ഫാ. ജോസഫ് ചീരൻ എഴുതുന്നു: "പഴഞ്ഞിപള്ളിയിലെ മൂന്നു കൊല്ലത്തെ സേവനത്തോടൊപ്പം പഴഞ്ഞി, കാഞ്ഞിരമുക്ക്, കാട്ടാകാമ്പൽ, മങ്ങാട്, കരിക്കാട് എന്നീ ദേശങ്ങളിലായി ആറു മലയാളം പള്ളിക്കൂടങ്ങൾ പള്ളിയുടെ മേൽനോട്ടത്തിൽ അദ്ദേഹം ആരംഭിച്ചു. ജാതിമതഭേദമെന്യേ ഏവർക്കും അവയിൽ പ്രവേശനം അനുവദിച്ചു."[11] മലങ്കര മെത്രാനായി രാജകീയ പ്രൗഢിയോടെ വിരാജിച്ചുകൊണ്ടിരുന്ന പാലക്കുന്നത്തു മെത്രാൻ അച്ചടക്കലംഘനവും വിശ്വാസവ്യതിചലനവും കാട്ടുന്നു എന്നു ബോദ്ധ്യപ്പെട്ടപ്പോൾ, പൗരാണികരീതിയിൽ പ്രവർത്തിക്കുന്ന ഒരു സ്വതന്ത്ര ദേവാലയം ആവശ്യമാണെന്ന് ജോസഫ് കത്തനാർക്ക് തോന്നി. അതിൻപ്രകാരം പാലക്കുന്നത്തു മെത്രാന് നിയന്ത്രണം സാധിക്കാത്ത വിധത്തിൽ ഒരു ദേവാലയം സ്ഥാപിക്കുവാൻ തീരുമാനിച്ചു. കൊച്ചി സർക്കാരിന്റെ അനുമതിയോടെ കുന്നംകുളം കിഴക്കേ പുത്തൻപള്ളി 1028 വൃശ്ചികം 12-ന് സ്ഥാപിച്ചു. ഇതിന്മേലും നിയന്ത്രണം ഏർപ്പെടുത്തുവാൻ, തന്റെ രാജകീയ വിളംബരാധികാരം കൊണ്ട് പാലക്കുന്നത്തു മെത്രാൻ ശ്രമിച്ചപ്പോൾ, ജോസഫ് കത്തനാർ കൊച്ചി ദിവാൻജിയുടെ അടുക്കൽ തന്റെ ന്യായമായ അവകാശവാദങ്ങൾ അറിയിച്ച് ദിവാൻജിയിൽ നിന്ന്

പള്ളിക്ക് ശാശ്വത അനുമതി സമ്പാദിച്ചു. ശീമമെത്രാന്മാരെ തോല്പിച്ച്, നവീകരണശ്രമങ്ങളുമായി നീങ്ങിയ മാർ അത്താനാസ്യോസിന്[12] നാട്ടുകാരനായ യുവവൈദികനിൽ നിന്ന് ലഭിച്ച പരാജയം പിന്നീട് മറ്റു പലതിനും നാന്ദിയായി.

## 8. അച്ചടിമേഖലയിലേക്ക്

മലയാളമണ്ണിലെ ആദ്യത്തെ മലയാള അച്ചടിശാല 1811-ൽ കോട്ടയത്തു സ്ഥാപിക്കപ്പെട്ട സി.എം.എസ്. പ്രസ്സാണ്. തുടർന്ന് മലയാളക്കരയുടെ വിവിധ ഭാഗങ്ങളിൽ അച്ചടി പ്രസ്സുകളുടെയും പുസ്തക പ്രസിദ്ധീകരണങ്ങളുടെയും സാംസ്കാരിക വിപ്ലവമായിരുന്നു. ഈ അക്ഷര വിപ്ലവമേഖലയിലേക്ക് 1856-നോടടുത്ത് പുലിക്കോട്ടിൽ ജോസഫ് കത്തനാരും പ്രവേശിച്ചു. “പുലിക്കോട്ടിൽ ജോസഫ് കത്തനാഴ്സ് പ്രസ്സ്” എന്ന പേരിൽ കുന്നംകുളത്ത് പ്രസ്സ് സ്ഥാപിച്ച് അതിൽ പ്രധാനമായും മലയാളത്തിലും സുറിയാനിയിലുമുള്ള ആരാധനക്രമങ്ങൾ അച്ചടിച്ചു വിതരണം ചെയ്തു. പുലിക്കോട്ടിൽ ജോസഫ് കത്തനാരുടെ മുദ്രണരംഗത്തേക്കുള്ള പ്രവേശനവും ഒരുവിധത്തിൽ, പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസിന്റെ നവീകരണശ്രമത്തെ ചെറുത്തുതോല്പിക്കുവാനും കൂടിയായിരുന്നു. മാത്യൂസ് അത്താനാസ്യോസ് 1856-ൽ (കൊ.വ. 1031-ൽ) കോട്ടയത്തു സെമിനാരിയിലെ അച്ചുകൂടത്തിൽനിന്ന് അടിച്ചിറക്കിയ നവീകരണച്ചുവയുള്ള ആരാധനക്രമങ്ങൾക്കു പകരം, സത്യവിശ്വാസത്തിലുള്ള രണ്ടായിരം നമസ്ക്കാരപുസ്തകങ്ങൾ കോഴിക്കോട് പോയി, കാളഹസ്തിയപ്പാ മുതലിയാരുടെ കല്ലച്ചിൽ അച്ചടിപ്പിച്ച് പ്രചരിപ്പിച്ചതായിരുന്നു മുദ്രണരംഗത്തെ ആദ്യത്തെ പ്രവർത്തനം. അതേത്തുടർന്നാണ് കുന്നംകുളംത്ത് സ്വന്തമായ പ്രസ്സ് സ്ഥാപിച്ചത്.

## 9. അധഃസ്ഥിതരോട് അലിവുനിറഞ്ഞ നസ്രാണി വൈദികൻ

വൈദികനായിരിക്കുമ്പോൾ അച്ചടികാര്യത്തിനായിരിക്കണം കോഴിക്കോട്ടു പോയി. അവിടെ നിന്ന് കടൽവഞ്ചിയിൽ കണ്ണൂർക്കു പോകേണ്ടിവന്നതുമായി ബന്ധപ്പെട്ട “ഒരു സംഭവകഥ’ എം. പി. വർക്കി എഴുതിയ ജീവചരിത്രത്തോട് ചേർത്തിട്ടുണ്ട്. കടൽവഞ്ചിയിൽ അന്നത്തെ താഴ്ന്ന ജാതിയിൽപ്പെട്ട ഒരു സ്ത്രീയും കുട്ടിയും കയറിയിട്ടുണ്ടായിരുന്നു. യാത്രയ്ക്കിടെ സ്ത്രീക്ക് വല്ലാത്ത അസ്വസ്ഥതയുണ്ടായി. യാത്രക്കാരിൽ പലരും ആ സ്ത്രീയോട് നിന്ദ്യമായി പെരുമാറിയപ്പോൾ, ജോസഫ് കത്തനാർ ആ സ്ത്രീയെ ശുശ്രൂഷിക്കുവാൻ തന്റെ ഭൃത്യരെ ആക്കുകയും അവരെ ആശ്വസിപ്പിക്കുകയും ചെയ്തു. അവരുടെ വഞ്ചിക്കൂലിയും കൊടുത്തു കണ്ണൂരെത്തി ഒരു വീട്ടിൽ കൊണ്ടുപോയി ആക്കിയിട്ടാണ് അവിടെനിന്ന് പോയത്. ഇതുപോലുള്ള അനേക അനുഭവങ്ങൾ, അധഃസ്ഥിതർക്കുവേണ്ടി പ്രത്യേക കരുതലോടെ ചിന്തിക്കുവാൻ പ്രേരകമായി.

## 10. തൊഴിയൂർ കേസ്സും പുലിക്കോട്ടിൽ ജോസഫ് കത്തനാരും

സ്വന്തം സഭയുടെ ആഭ്യന്തര പ്രശ്നങ്ങളിലേക്ക് ഇറങ്ങിച്ചെല്ലേണ്ടി വന്ന ഒരു സാഹചര്യം വീണ്ടും പുലിക്കോട്ടിൽ ജോസഫ് കത്തനാർക്കുണ്ടായി. ഒരു വശത്ത് പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസ് പ്രതാപവാനായ മലങ്കര മെത്രാനായി ഭരിക്കുന്നു. മറുവശത്ത്, ശീമ മെത്രാൻ യൂയാക്കീം മാർ കൂറിലോസ് അന്ത്യോഖ്യ പാത്രിയർക്കീസിനു വേണ്ടിയെന്ന പേരിൽ അധികാരം നേടിയെടുക്കാൻ ബദ്ധപ്പെടുന്നു. യൂയാക്കീം മാർ കൂറിലോസ് തിരുവിതാംകൂറിലും, കൊച്ചിയിലും, നിയന്ത്രണങ്ങൾ അനുഭവിക്കേണ്ടിവന്നതുകൊണ്ട്, പലപ്പോഴും സ്വാതന്ത്ര്യമുള്ള സങ്കേതമായി കണ്ടിരുന്നത് ബ്രിട്ടീഷ് മലബാറായിരുന്നു. കാട്ടുമങ്ങാട്ട് ബാവായെന്നറിയപ്പെട്ട കൂറീലോസിനുവേണ്ടി സമ്പാദിച്ച ഈ സ്ഥലത്ത് ഒരു പള്ളിയും ഒരു മെത്രാസനാസ്ഥാനവും രൂപപ്പെട്ടിരുന്നു. പിൽക്കാലത്ത് 'അഞ്ഞൂർ സഭ', 'തൊഴിയൂർ സഭ', 'മലബാർ സ്വതന്ത്ര സുറിയാനിസഭ' മുതലായ പേരുകളിലറിയപ്പെടുന്ന ഒരു സ്വതന്ത്രസഭയുടെ ആസ്ഥാനമായി ഇതു മാറി. ഈ കേന്ദ്രത്തിന്റെ സംരക്ഷണകാര്യത്തിൽ ആർത്താറ്റ് പള്ളിയോഗക്കാർ പ്രത്യേകം ശുഷ്ക്കാന്തിയും കാട്ടിയിരുന്നു. എന്നാൽ മലങ്കര മെത്രാനായിരുന്ന പാലക്കുന്നത്തു മാത്യൂസ് അത്താനാസ്യോസ്, മലങ്കരയുടെ മെത്രാൻ എന്ന സ്ഥാനാവകാശത്തെ തൊഴിയൂരിലും ഉറപ്പിക്കുവാൻ അവസരം പാർത്തിരിക്കയായിരുന്നു. ഈ സാഹചര്യത്തിലാണ്, അന്നത്തെ തൊഴിയൂർ മെത്രാനും പുലിക്കോട്ടിൽ ജോസഫ് കത്തനാരുടെ മാതുലനുമായിരുന്ന കുത്തൂർ ഗീവർഗ്ഗീസ് മാർ കൂറീലോസ് 1856 ജൂൺ 16-ന് കാലം ചെയ്ത് അവിടത്തന്നെ അടക്കപ്പെട്ടത്. ആർത്താറ്റുപള്ളിക്കാർ തുടർനടപടികൾക്കായി രമ്യമായ ഒരു ധാരണയുണ്ടാക്കുവാൻ മലങ്കര മെത്രാനെയും, യൂയാക്കീം മാർ കൂറിലോസിനെയും ക്ഷണിച്ചു. പക്ഷേ, കാര്യങ്ങൾ ചെന്നെത്തിയത് രണ്ടു മെത്രാന്മാരും ഇരുചേരിയിലായ ഒരു ക്രിമിനൽ കേസിലാണ്. പിന്നീട് സിവിൽകേസും ഉണ്ടായി. തൊഴിയൂരെ മെത്രാനായി പാലക്കുന്നത്ത് അത്താനാസ്യോസ്, ആർത്താറ്റു വികാരിയായിരുന്ന ആലത്തൂർ പനയ്ക്കൽ ജോസഫ് കത്തനാരെ യൗസേഫ് മാർ കൂറിലോസ് എന്നപേരിൽ വാഴിക്കുകയും, തൊഴിയൂർ പള്ളിക്കാരായ ചിലരെ കൂട്ടുപിടിക്കുകയും ചെയ്തു. ക്രിമിനൽകേസ് നടത്തുവാൻ ചുമതലയെടുത്തത് കുന്നംകുളത്തുകാരൻ കച്ചവടപ്രമാണി പനയ്ക്കൽ ഇയ്യപ്പൻ ആയിരുന്നു. പക്ഷേ സിവിൽകേസും പ്രതികൂലമായി വിധിച്ചു. ഇത്തരുണത്തിൽ, ഇതിന്മേൽ അപ്പീൽ ബോധിപ്പിക്കുവാനുള്ള ചുമതല മദിരാശിയിൽ പോയി ചെയ്യുവാൻ പുലിക്കോട്ടിൽ ജോസഫ് കത്തനാരെ എല്ലാവരും കൂടി ഏല്പിച്ചു. മദ്രാസിൽ പോയി

വേണ്ടപോലെ എല്ലാം ചെയ്തുവെങ്കിലും, മദ്രാസ് ഹൈക്കോടതി കീഴ്ക്കോടതി വിധി സ്ഥിരപ്പെടുത്തുകയാണ് ഉണ്ടായത്. തിരിച്ചുവന്ന പുലിക്കോട്ടിൽ കത്തനാർ ആർത്താറ്റ്പള്ളിയിൽ താമസിച്ച് ഇടവകശുശ്രൂഷയും, പ്രസംഗയോഗങ്ങളും, അഗതീസേവനവും പ്രശംസനീയമായവിധത്തിൽ നിർവ്വഹിച്ചു.

## 11. പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യഘട്ടത്തിലെ സാമൂഹ്യ സാംസ്കാരിക സാഹചര്യവും പുലിക്കോട്ടിൽ കത്തനാരും

1853-ൽ തിരുവിതാകൂറിൽ അടിമസമ്പ്രദായം നിരോധിച്ചതും, കൊച്ചി രാജ്യത്ത് 1854-ൽ അടിമത്തസമ്പ്രദായത്തിനെതിരെ വിളംബരമുണ്ടായതും, 1859-ൽ ഉണ്ടായ ലഹളയെത്തുടർന്ന് കീഴ്ജാതി സ്ത്രീകൾക്ക് മേൽവസ്ത്രം ധരിക്കാൻ അനുവാദത്തിന് തിരുവിതാംകൂർ രാജാവിന്റെ വിളംബരമുണ്ടായതും, മലയാളനാട്ടിൽ വലിയ സാമൂഹ്യ വ്യതിയാനത്തിന്റെ സൂചന നൽകി. 1868-ൽ പ്രൈവറ്റ് സ്കൂളുകൾക്ക് സർക്കാർ ഗ്രാന്റു നൽകുന്ന ഏർപ്പാട് തിരുവിതാംകൂറിൽ നിലവിൽ വന്നു. ആയില്യം തിരുനാൾ മഹാരാജാവും, വിശാഖം തിരുനാൾ മഹാരാജാവും, മൂലം തിരുനാൾ മഹാരാജാവും വിദ്യാഭ്യാസപരമായ വളർച്ചയ്ക്ക് ഏറ്റവും പ്രാമുഖ്യം നൽകി. മൂലം തിരുനാളിന്റെ കാലമായപ്പോൾ (1885-1924) ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷന്റെ നിയമനത്തോടെ, പ്രൈമറി വിദ്യാഭ്യാസം സൗജന്യമായി നൽകുവാനും ആയതിന് സ്വകാര്യ സ്കൂളുകൾക്കും ഗ്രാന്റു നൽകുവാനും ഉദാരപൂർവ്വമായ നടപടികളുണ്ടായി. കൊച്ചിയിലും വിദ്യാഭ്യാസത്തിന് ഗ്രാന്റു കൊടുക്കുന്ന സമ്പ്രദായത്തിന്, ദിവാനായിരുന്ന ഗോവിന്ദമേനോൻ (1879-1889) പ്രോത്സാഹനം നൽകി. മലബാർ പ്രദേശത്തും ബ്രിട്ടീഷ് അധികാരികളുടെ പ്രോത്സാഹനത്തിൻ ബാസൽ മിഷൻ ബഹുമുഖങ്ങളായ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ 1848 മുതൽ ഏർപ്പെട്ടു. ഇങ്ങനെ മലയാളനാടു മുഴുവൻ വിദ്യാഭ്യാസ വിപ്ലവത്തിലേക്ക് പ്രവേശിക്കുന്നതിനിടയിലാണ്, പുലിക്കോട്ടിൽ ജോസഫ് കത്തനാർ തന്റെ സഭ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധകൊടുക്കാത്ത അവസ്ഥ മനസ്സിലാക്കുന്നത്. പഴഞ്ഞി പ്രദേശത്ത് താൻ ആരംഭിച്ച സ്കൂളുകളിൽ ചിലതു പോലും കാര്യക്ഷമമായി പ്രവർത്തിക്കാത്തതിന്റെ ദുഃഖം ഉള്ളിലുണ്ടായിരുന്നു. ഈ ഘട്ടത്തിൽ, വ്യക്തമായ ദിശാബോധമുള്ള ഒരു നേതൃത്വം സഭയ്ക്കുണ്ടാകാതെ കാര്യങ്ങൾ മെച്ചപ്പെടുകയില്ലെന്ന് വ്യക്തമായി. മലങ്കരമെത്രാനായി രാജതുല്യം കഴിഞ്ഞിരുന്ന പാലക്കുന്നത്തു മെത്രാച്ചൻ എന്തുകൊണ്ടോ സഭയുടെ സാമൂഹ്യ ദൗത്യത്തെക്കുറിച്ച് ഒട്ടും ശ്രദ്ധിച്ചില്ലെന്നും മാത്രമല്ല, ഇപ്രകാരമുള്ള കാര്യങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്നവരെ ഒതുക്കുകയോ ഒഴിവാക്കുകയോ ചെയ്യുന്ന പ്രവർത്തനശൈലിയിലേക്ക് മാറിക്കഴിഞ്ഞിരുന്നു.

സഭയെക്കുറിച്ചും സമൂഹത്തെക്കുറിച്ചും ഗൗരവമായി ചിന്തിച്ചവർ പുലിക്കോട്ടിൽ ജോസഫ് കത്തനാരിലേക്ക് ശ്രദ്ധ തിരിച്ചു.

## 12. പുതിയ സഭാനേതൃത്വത്തിന് വേണ്ടി ആലോചന: പുലിക്കോട്ടിൽ ജോസഫ് കത്തനാരെ പലരും മനസ്സിൽ കാണുന്നു

നവീകരണ ചായ്‌വുമായി സഭയെ ഭരിക്കുവാൻ ശ്രമിച്ച പാലക്കുന്നത്ത് അത്താനാസ്യോസിനെ പ്രതിരോധിക്കുവാൻ ശീമ മെത്രാൻ യൂയാക്കീം മാർ കൂറിലോസ് പരാജയപ്പെട്ടു. മിഷണറിമാരുമായുള്ള കേസ്സിൽ 1840-ലെ "കൊച്ചിൻ അവാർഡി"ന്റെ അടിസ്ഥാനത്തിലും, മാത്യൂസ് അത്താനാസ്യോസും യൂയാക്കീം മാർ കൂറിലോസുമായുള്ള കേസ്സിൽ 1852-ലെ 'കൊല്ലം പഞ്ചായത്ത്" വിധിയുടെ അടിസ്ഥാനത്തിലും, രണ്ട് കാര്യങ്ങൾ വ്യക്തമായി. 1. അന്നത്തെ സാഹചര്യത്തിൽ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ പിന്തുണയുള്ള ആളാകണം മലങ്കരമെത്രാൻ. 2. മലങ്കര മെത്രാൻ നാട്ടുകാരനും ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ടവനും ആയിരിക്കണം. മാത്യൂസ് അത്താനാസ്യോസിനുള്ള പിന്തുണ പാത്രിയർക്കീസ് പിൻവലിച്ചതുകൊണ്ട്, ഒരു നാട്ടുകാരനായ വൈദികനെ തിരഞ്ഞെടുത്ത് അയച്ച് അദ്ദേഹം മെത്രാനായി വന്ന് പാത്രിയർക്കീസിന്റെ പിന്തുണയോടെ പ്രവർത്തിച്ചാൽ സഭ രക്ഷപെടും. ഇപ്രകാരം സഭയുടെ അടിയന്തിരമായ ആവശ്യം നിറവേറ്റാൻ കഴിവും സാധ്യതയും ഉള്ള ആൾ പുലിക്കോട്ടിൽ ജോസഫ് കത്തനാരല്ലാതെ മറ്റാരുമല്ല എന്ന് പലർക്കും ബോദ്ധ്യമായി. അന്ത്യോഖ്യാ പാത്രിയർക്കീസുമായി നിരന്തരം എഴുത്തുകുത്തു നടത്തുന്ന ഒരു ശ്രേഷ്ഠ വൈദികൻ അന്നു കോട്ടയത്ത് ഇടവഴിക്കൽ കുടുംബത്തിലെ ഫീലിപ്പോസ് കത്തനാർ ആയിരുന്നു. അദ്ദേഹം, പുലിക്കോട്ടിൽ ജോസഫ് കത്തനാരെ വിളിപ്പിച്ച് കാര്യങ്ങൾ ചർച്ച ചെയ്തു. പാത്രിയർക്കീസുമായി എഴുത്തുകുത്തു നടത്തുവാൻ ഉദ്ദേശിക്കുന്ന കാര്യവും അറിയിച്ചു. ഒഴിവുകഴിവു പറഞ്ഞ് അന്ന് പുലിക്കോട്ടിൽ കത്തനാർ തിരിച്ചുപോയി. പക്ഷേ, സാവധാനം അത് ഒരു ദൈവിക നിയോഗം ആണെന്ന് ജോസഫ് കത്തനാർക്കു മനസ്സിലായി.

## 13. കോട്ടൂർ പള്ളിയിലെ ആലോചനായോഗം

പാത്രിയർക്കീസിന്റെ പിന്തുണയുള്ള നാട്ടുകാരനായ ഒരു മെത്രാനിൽക്കൂടെയേ, പാലക്കുന്നത്തു മെത്രാനെ പ്രതിരോധിക്കാനാവൂ എന്ന് വടക്കൻ പ്രദേശത്തെ ആളുകൾക്ക് ബോധ്യപ്പെട്ടുവെന്നും എന്നാൽ അവരിൽ പലരും 1863-ൽ ദിവാൻ ഇറക്കിയ വിളംബര[13]പ്രകാരം പാലക്കുന്നത്തു മെത്രാച്ചനോട് എതിർത്തുനിൽക്കുവാൻ ധൈര്യപ്പെടുന്നില്ലെന്നും യൂയാക്കീം മാർ കൂറിലോസിന് മനസ്സിലായി. ഈ സാഹചര്യത്തെ വളരെ

ബുദ്ധിപൂർവ്വം കൈകാര്യം ചെയ്യുവാൻ ഉദ്ദേശിച്ചിട്ടായിരിക്കണം, 1038 (1862) ധനു 8-ന് ഒരു ആലോചനായോഗം അദ്ദേഹം കുറിഞ്ഞിപ്പള്ളിയിൽ വിളിച്ചത്. മാർ കൂറിലോസിനു ശാരീരികാസ്വാസ്ഥ്യം നിമിത്തം, അന്നു താമസിച്ചുകൊണ്ടിരുന്ന കോട്ടൂർ പള്ളിയിൽ തന്നെ അവസാനം യോഗം കൂടി. എട്ടുപത്തു പള്ളിക്കാരേ എത്തിയുള്ളൂ. എത്തിയവരോട് മാർ കൂറിലോസ്, മർദീനിൽ നിന്ന് പാത്രിയർക്കീസ് ബാവായുടെ കല്പന വന്നതായി അറിയിച്ചു. അതിന്റെ സാരമായി പറഞ്ഞത്, ഇനിയും മെത്രാന്മാരെ മലങ്കരയ്ക്ക് അയക്കാൻ ഉദ്ദേശ്യമില്ലെന്നും, പള്ളിക്കാർ രണ്ടോ മൂന്നോ കശീശന്മാരെ അയച്ചാൽ "ശോധന ചെയ്ത് പഠിപ്പിച്ച് മെത്രാന്റെ സ്ഥാനം കൊടുത്തയക്കുന്നതാകുന്നു" എന്നും ആയിരുന്നു. അതിനു മറുപടിയായി പള്ളി പ്രതിനിധികൾ, വളരെ സങ്കടപ്പെട്ട് മറുപടി തയാറാക്കിയതായി കണ്ടനാട് ഗ്രന്ഥവരിയിൽ കാണുന്നു.[14] മറുപടിയിൽ, അവിടെനിന്ന് രണ്ട് "ബാവാ"[15]മാരെയും പത്ത് റമ്പാന്മാരെയും, വേണ്ടുന്ന പുസ്തകങ്ങളും, മൂറോനും കൊടുത്തയക്കണമെന്നും, ബാവാമാരെ അയക്കാൻ ഒട്ടും സാധ്യമല്ലെങ്കിൽ കൂറിലോസ് ബാവാ തന്നെ ഒന്നോ രണ്ടോ പേർക്ക് മെത്രാൻ പട്ടം കൊടുക്കുവാൻ പാത്രിയർക്കീസ് അനുവാദ കല്പന കൊടുക്കണമെന്നും താല്പര്യപ്പെട്ടു. പക്ഷേ, ഈ കത്തിന്റെ യഥാർത്ഥ ഉദ്ദേശ്യം കൂറിലോസ് മെത്രാന് പുതിയ നാട്ടുകാരൻ മെത്രാന്റെ തിരഞ്ഞെടുപ്പിലും മറ്റും വിലപേശൽ നടത്തുവാൻ ഒരവസരം ഉണ്ടാവുകയാണെന്ന് തോന്നുന്നു. ഏതായാലും കത്ത് അയയ്ക്കുന്നതിനു മുമ്പ്, വിദഗ്ദമായ മറ്റൊരു നീക്കം നടന്നു.

## 14. കുന്നംകുളം പള്ളിക്കാർ, പുലിക്കോട്ടിൽ ജോസഫ് കത്തനാരെ മെത്രാൻസ്ഥാനത്തേക്ക് തിരഞ്ഞെടുത്ത് മാർ കൂറിലോസിന്റെ ശുപാർശയ്ക്കായി അയയ്ക്കുന്നു

ആർത്താറ്റ് കുന്നംകുളം, ചെറളയം, പോർക്കളം, ചാലിശ്ശേരി, പഴഞ്ഞി, കുന്നംകുളം കിഴക്കേ പുത്തൻപള്ളി എന്നിങ്ങനെ ആറു പള്ളിക്കാർ കൂടി തങ്ങളുടെ ന്യായമായ ഒരാവശ്യത്തിന്റെ കത്തുമായി കൂറിലോസ് മെത്രാച്ചന്റെ അടുക്കലെത്തി. മെത്രാനായി പുലിക്കോട്ടിൽ ജോസഫ് കത്തനാരെ തങ്ങൾക്ക് നിയമിക്കുവാൻ പാത്രിയർക്കീസിനോട് ആവശ്യപ്പെട്ട കത്തിന് പിന്തുണ നേടാനാണവർ വന്നത്. യാത്രാച്ചെലവിനും മറ്റും പണം സ്വരൂപിച്ച വിവരവും അവർ പറഞ്ഞു. ഈ സാഹചര്യത്തിൽ ശുപാർശക്കത്തു കൊടുക്കുകയല്ലാതെ വേറെ പോംവഴി ഇല്ലായിരുന്നു. "... തിരുമുമ്പാകെ ഈ ആൾ വന്നാൽ തിരുമനസ്സുപോലെ ചെയ്യുന്നത് എനിക്കും പള്ളിക്കാർക്കും സമ്മതമാകുന്നു" എന്ന് 1863 മീനമാസം 11-ന് കോട്ടൂർ പള്ളിയിൽ നിന്നും എഴുതി.

## 15. മർദീൻയാത്രയ്ക്ക് ഒരുങ്ങുന്നു

ജോസഫ് കത്തനാർ ബുദ്ധിപൂർവ്വം യാത്രാകാര്യങ്ങൾ ക്രമീകരിച്ചു. യാത്രയ്ക്കാവശ്യമായ പണത്തിൽ കുറെ ചില പള്ളികളും വ്യക്തികളും അദ്ദേഹത്തിന് നൽകി. തന്റെ വലിയ അഭ്യുദയകാംക്ഷിയായ പനയ്ക്കൽ ഇയ്യപ്പൻ കാര്യമായ സാമ്പത്തിക കൈത്താങ്ങൽ നൽകാമെന്ന് ഏറ്റു. തുടർന്ന് വടക്കൻ പ്രദേശത്തുള്ള പ്രധാനപള്ളികളിൽ പോയി ബന്ധപ്പെട്ട് അവരുടെ പിന്തുണ നേടി. ഏറ്റവും പ്രധാനമായി, കുറുപ്പംപടി, കുന്നക്കുരുടി, കടമറ്റം, കോലഞ്ചേരി, കോട്ടൂർ, കുറിഞ്ഞി, കണ്ടനാട്, മുളന്തുരുത്തി, കരിങ്ങാശ്ര മുതലായ പള്ളികളിൽ പോയി. യാത്ര പുറപ്പെടുന്നതിനു മുമ്പായി കോട്ടയത്തുപോയി എടവഴിക്കൽ ഫീലിപ്പോസ് കത്തനാരെ കണ്ട് അനുഗ്രഹം തേടി. അവസാനമായി, കൂറിലോസ് മെത്രാച്ചനെ വീണ്ടും പോയി കണ്ടു. പാത്രിയർക്കീസിനും, ചില ശീമ മെത്രാന്മാർക്കും, പരിചിതരായ ചില ശീമനാട്ടുകാർക്കും, ശുപാർശകത്തുകളും, പാത്രിയർക്കീസിന് സമ്മാനങ്ങളും കൂറിലോസ് മെത്രാച്ചൻ ഏല്പിച്ചു.

## 16. മർദീൻ യാത്ര

1038 (1863) കുംഭം 27-ന് കുന്നംകുളത്തുനിന്ന് യാത്ര തിരിച്ചു. കോട്ടയത്തെത്തി എടവഴിക്കൽ ഫീലിപ്പോസ് കത്തനാരെ കണ്ട് പാത്രിയർക്കീസിനും[16] മറ്റുള്ളവർക്കുമുള്ള എഴുത്തുകൾ വാങ്ങിച്ചു. സെമിനാരി പള്ളിയിൽ കയറി പ്രാർത്ഥിച്ച് കൊച്ചിയിലെത്തി. കൊച്ചിയിൽ നിന്ന് മൂന്നു പേരുള്ള സംഘമായി മേടം 14-ന് കപ്പൽ കയറി. ജോസഫ് കത്തനാരോടൊപ്പം, കണ്ടനാട് മട്ടുമ്മേൽ ഗീവർഗ്ഗീസ് കത്തനാരും, കുത്തൂർ താരപ്പൻ എന്ന സഹായിയും ഉണ്ടായിരുന്നു. ഈ യാത്രയുടെ ഒരു സ്വഹസ്തരചിതമായ വിവരണം "ഒരു പരദേശയാത്രയുടെ കഥ" എന്ന പേരിൽ ലഭിച്ചിരിക്കുന്നതിന്റെ സംഗ്രഹം ഫാ. ഡോ. ചീരൻ നൽകിയിരിക്കുന്നതിപ്രകാരമാണ്.[17]

"..... 1038 മേടം 14-ന് കപ്പൽ പുറപ്പെട്ടു. ക്ലേശകരമായ യാത്രയായിരുന്നു അത്. 22-ന് കപ്പൽ ബോംബെ തുറമുഖത്തെത്തി. ഇടവം 10-ന് കപ്പൽയാത്ര തുടർന്നു. 13-ന് മസ്ക്കറ്റിലും 24-ന് ബസോറയിലുമെത്തി. മിഥുനം 1-ന് കപ്പൽ ബാഗ്ദാദിലെത്തി. 26-ന് മൂസലിലും ചിങ്ങം 13-ന് മർദ്ദീൻ പട്ടണത്തിലുമെത്തി. പാത്രിയർക്കീസിനെക്കണ്ട് യാത്രോദ്ദേശ്യം അറിയിച്ചു. കഥാപുരുഷനെതിരായ കത്തുകൾ പാത്രിയർക്കീസിന് ലഭിച്ചിരുന്നു. അവയുടെ വ്യവസ്ഥ അന്വേഷിക്കുവാൻ നടപടികളായി. ഇതിനിടയിൽ സഹയാത്രികൻ മട്ടുമ്മേൽ ഗീവർഗ്ഗീസ് കത്തനാർ ജ്വരം പിടിപെട്ട്, കന്നി 10-ന് അന്തരിച്ചു. രോഗബാധിതനായ കഥാപുരുഷൻ

അചിരേണ പൂർണ്ണസുഖം പ്രാപിച്ചു. വിശ്രമാർത്ഥം വൃശ്ചികം 25-ന് കുറുക്കുമാ ദയറായിലെത്തി. മേടം 25-ന് (ആമീദിൽ വച്ച്) അദ്ദേഹത്തിന് റമ്പാൻസ്ഥാനം നൽകി. മേടം 26-ന് മാർ ദീവന്നാസ്യോസ് എന്ന സ്ഥാന നാമത്തിൽ അദ്ദേഹത്തെ മെത്രാപ്പോലീത്താ ആയി വാഴിച്ചു. ആമീദിലെ മെത്രാപ്പോലീത്തായും മർദീൻ മെത്രാപ്പോലീത്തായും അർമ്മേനിയൻ മെത്രാപ്പോലീത്തായും സംബന്ധിച്ചു. ഇടവം 2-ന് മടക്കയാത്ര ആരംഭിച്ചു. ഉദ്വേഗജനകമായ നിരവധി കൂടിക്കാഴ്ചകൾക്കും അനുഭവങ്ങൾക്കും ശേഷം കർക്കിടകം 25-ന് (1039) ബോംബെയിൽ എത്തി."

## 17. നാട്ടിൽ തിരിച്ചെത്തുന്നു, സഭാ ദൗത്യങ്ങൾ ഓരോന്നായി ഏറ്റെടുക്കുന്നു

1039 കർക്കിടകം 25-ന് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ബോംബെയിൽ എത്തി എങ്കിലും കൊച്ചിയിൽ എത്തുന്നത് 1040 (1865) ചിങ്ങം 23-ന് മാത്രമാണ്. അവിടെനിന്ന് കുന്നംകുളത്ത് എത്തിയത് കന്നി 4-ാം തീയതിയാണ്. കുന്നംകുളത്തു തിരിച്ചെത്തിയപ്പോൾ, മാതാപിതാക്കളും, കുടുംബാംഗങ്ങളും, അങ്ങാടിയിലെ നാട്ടുകാരും സ്വീകരിച്ചത് അതിരില്ലാത്ത ആനന്ദത്തോടും, അതിഗംഭീരമായ ആഘോഷത്തോടും കൂടിയായിരുന്നു. കന്നി 8-ാം തീയതി ആർത്താറ്റുപള്ളിയിൽ പെരുന്നാളിന് അഭിനവ മെത്രാപ്പോലീത്താ വി. കുർബ്ബാന ചൊല്ലുകയും, യാക്കോബ് ദ്വിതീയൻ പാത്രിയർക്കീസ് കൊടുത്ത സ്താത്തിക്കോൻ[18] ജനങ്ങളെ വായിച്ചു കേൾപ്പിക്കയും ചെയ്തു. സ്താത്തിക്കോനിൽ മാർ ദീവന്നാസ്യോസിനെ "മാർത്തോമ്മാശ്ലീഹായുടെ ഇടവകയായ ഇന്ത്യാ രാജ്യത്തിൽ വസിച്ചുപാർക്കുന്ന എല്ലാവരും ആയ നമ്മുടെ മക്കൾക്ക്" "ഇടയനും ഭരിക്കുന്നവനും" ആയിട്ടാണ് വിശേഷിപ്പിക്കുന്നത്. സ്താത്തിക്കോൻ കൂടാതെ, പാത്രിയർക്കീസ് ബാവാ, മാർ ദീവന്നാസ്യോസിന്, കസവുകാപ്പ, സ്ലീബാ, വടി, മൂറോൻ, മാർ കൗമയുടെയും മാർ യാക്കോബ് ബുർദാനയുടെയും മാർ യാക്കോബ് മ്പസ്ക്കായുടെയും അസ്ഥികളും കൊടുത്താണയച്ചത്. വ്യക്തമായ ഒരു നിയോഗത്തോടെ എത്തിയിരിക്കുന്നു എന്ന ബോധ്യത്തിൽ മാർ ദീവന്നാസ്യോസ് അടുത്തതായി ചെയ്തത് കുന്നംകുളത്തു നിന്ന് തിരിച്ചു കൊച്ചിയിൽ എത്തി, കുന്നംകുളത്തുനിന്നു കിട്ടിയ കൈമുത്തു[19] ഉപയോഗിച്ച് മലയാളം നമസ്ക്കാരപ്പുസ്തകം അച്ചടിപ്പിക്കയായിരുന്നു. കൊച്ചിയിലെ അദ്ദേഹത്തിന്റെ ആസ്ഥാനം കൊച്ചീക്കോട്ടപള്ളി ആയിരുന്നെങ്കിലും പ്രവർത്തനകേന്ദ്രം പനയ്ക്കൽ ഇയ്യപ്പന്റെ കൊച്ചിയിലെ വിശാലമായ പാണ്ടികശാല (ഗോഡൗൺ) ആയിരുന്നു. നമസ്ക്കാരപ്പുസ്തകം അച്ചടിപ്പിച്ച് എല്ലാ പള്ളികളിലും വിതരണം ചെയ്താലേ, പാലക്കുന്നത്തു മെത്രാച്ചൻ തിരുത്തൽവരുത്തി പ്രസിദ്ധപ്പെടുത്തിയ പുസ്തകങ്ങൾ പ്രചരിക്കാതിരിക്കൂ

എന്ന കണക്കുകൂട്ടൽ വാസ്തവമാണെന്നു ബോധ്യപ്പെട്ടു. അതുകൊണ്ട് സ്വന്തമായി ഒരു പ്രസ്സും, അവിടെനിന്ന് പുസ്തകപ്രസിദ്ധീകരണവും, ഒരു വർത്തമാനപ്പത്രവും ഉണ്ടാകുന്നതിനെക്കുറിച്ചായി പിന്നീടുള്ള ചിന്ത. അതോടൊപ്പം കോനാട്ട് യോഹന്നാൻ മല്പാൻ മുതലായവരുമായി സത്യ വിശ്വാസസംരക്ഷണകാര്യവും, സമുദായ പുരോഗതിയ്ക്കാവശ്യമായ കാര്യങ്ങളും ചർച്ച ചെയ്തുകൊണ്ടിരുന്നു. പല പള്ളികളിലെയും ആഭ്യന്തരപ്രശ്നങ്ങൾ ചർച്ചചെയ്ത് പരിഹരിക്കുവാനും പുതിയ മെത്രാന്റെ സാന്നിദ്ധ്യം ആവശ്യമായി. അങ്ങനെയാണ് മാമ്മലശ്ശേരിപ്പള്ളി പ്രശ്നം തീരുവാൻ ഇടയായത്.

## 18. തെക്കൻപള്ളികളിലൂടെ തലസ്ഥാനത്തേക്ക് ഒരു പര്യടനം

പാത്രിയർക്കീസുബാവാ സ്താത്തിക്കോൻ കൊടുത്തയച്ചിരിക്കുന്ന പുതിയ മെത്രാനെ കാണാൻ തെക്കൻ പ്രദേശത്ത് പലർക്കും താല്പര്യം ഉണ്ടായിരുന്നു. രാജകീയവിളംബരത്തിന്റെ പിൻബലത്താൽ മാത്രം മലങ്കരമെത്രാനായി തുടരുകയും, സഭയ്ക്കും സമൂഹത്തിനും വേണ്ടി കാര്യമായിട്ടൊന്നും ചെയ്യാതിരിക്കയും ചെയ്ത പാലക്കുന്നത്തു മെത്രാപ്പോലീത്തായിലുള്ള താല്പര്യം പല പള്ളികൾക്കും കുറഞ്ഞുപോയിരുന്നു. ഏതൊരു കാലഘട്ടത്തിലും, സഭയെ മുഴുവനായി കണ്ട് ഉണർന്ന് പ്രവർത്തിക്കാതെ, തങ്ങളുടെ അധികാരം സഭയ്ക്ക് ഒരു ബാദ്ധ്യതയായി മാറ്റുകയും പിന്നോക്കം ഗമിപ്പിക്കയും ചെയ്യുന്ന നേതൃത്വത്തോട് പരസ്യമായി എതിർത്തില്ലെങ്കിലും താല്പര്യം കുറഞ്ഞുപോകും. മാർ ദീവന്നാസ്യോസ് തെക്കൻ പ്രദേശത്തെ പല പള്ളികളിലും കയറുകയും അവരുടെ സ്നേഹാദരവുകൾ നേടുകയും ചെയ്തു. തിരുവനന്തപുരത്തെത്തി ദിവാൻജിയെ കണ്ടു സംസാരിക്കുവാൻ നേരത്തെ സാഹചര്യം ഒരുക്കിയിരുന്നു. കുറെ പള്ളികളുടെ വകയായി, ഒരു ഹർജി ദിവാൻ മാധവരായർക്ക് കിട്ടിയതിന്റെ അടിസ്ഥാനത്തിൽ അന്ത്യോഖ്യാ പാത്രിയർക്കീസ് പിന്തുണയ്ക്കുന്ന മെത്രാനെ നേരിട്ടുകാണുവാൻ അദ്ദേഹം താല്പര്യം അറിയിച്ചിരുന്നു. ദിവാൻജിയുമായി വിശദമായ ഒരു ചർച്ച നടന്നതിൽ മാർ ദീവന്നാസ്യോസിന് സംതൃപ്തി തോന്നി. മാർ ദീവന്നാസ്യോസിന്റെ സ്താത്തിക്കോൻ ബ്രിട്ടീഷ് റസിഡന്റ് അംഗീകരിച്ചുകഴിഞ്ഞാൽ പാലക്കുന്നത്തു മെത്രാച്ചന് നിലവിലുള്ള രാജകീയ വിളംബരം, പുനർവിചിന്തനം ചെയ്യപ്പെട്ട് പിൻവലിക്കപ്പെടാൻ സാദ്ധ്യതയുള്ളതായി ദിവാൻജി അഭിപ്രായപ്പെടുകയും ചെയ്തു. അതുകൊണ്ട് മദ്രാസിൽ പോയി റസിഡന്റിന് തത്സംബന്ധമായി പരാതി കൊടുക്കുവാൻ പോവുകയും 1869 ഫെബ്രുവരി 3-ന് അതു നൽകുകയും ചെയ്തു.

## 19. സെന്റ് തോമസ് അച്ചുകൂട സ്ഥാപനം, കേരളപതാക വാർത്താപത്രിക

വിദ്യ വികസിക്കുന്നിടത്ത് മാധ്യമങ്ങൾക്ക് നിർണ്ണായകസ്ഥാനം ഉണ്ടെന്ന് നേരത്തേ മനസ്സിലാക്കിയ ആളാണ് മാർ ദീവന്നാസ്യോസ്. ഇതിനായി 'സെന്റ് തോമസ്' എന്നപേരിൽ മാർ ദീവന്നാസ്യോസ് (കൊ. വ. 1045-ൽ - ക്രി.വ. 1870) ഒരു പ്രസ്സ് കൊച്ചിയിൽ ഇയ്യപ്പന്റെ പാണ്ടിക ശാലയോടനുബന്ധിച്ച് ആരംഭിച്ചു. അവിടെനിന്ന് ആരാധനാസംബ ന്ധമായ ഗ്രന്ഥങ്ങൾ അച്ചടിച്ച് പ്രചരിപ്പിക്കുവാനും തുടങ്ങി. സഭാ സംബന്ധമായും, സാമൂഹികമായ വിഷയങ്ങൾക്കും വാർത്തകൾക്കും ഒരു വാർത്താപത്രിക ഉണ്ടാകണമെന്ന മാർ ദീവന്നാസ്യോസിന്റെ ഉദ്ദേശ്യവും രണ്ടു വർഷത്തിനിടയിൽ സാധ്യമായി. 1048 ചിങ്ങം 1 മുതൽ മാസത്തിൽ രണ്ടു തവണയായി ഇറങ്ങിയ "കേരള പതാക' സെന്റ് തോമസ് പ്രസ്സിൽ അച്ചടിച്ചിറക്കി. മലയാളത്തിലെ ആദ്യത്തെ ഒരു പത്രപ്രസിദ്ധീകരണമായി ഇതിനെ കാണാമെങ്കിലും, അക്കാര്യം അംഗീക രിക്കാതെ പിൽക്കാലത്ത് ഇതേപേരിൽ ഇറങ്ങിയ "കേരള പതാക" യെയാണ് ചരിത്രം കൊട്ടിഘോഷിച്ചത്![20]

## 20. കർമ്മനിരതനെങ്കിലും പരീക്ഷണങ്ങളുടെ നടുവിൽ

മെത്രാനായി തിരിച്ചുവന്ന 1865 മുതൽ 1870 വരെയുള്ള അഞ്ചു വർഷം പല രീതിയിലും മാർ ദീവന്നാസ്യോസിന് കർമ്മനിരതമായ ഒരു കാല ഘട്ടം ആയിരുന്നുവെങ്കിലും, അതേകാലഘട്ടം പരീക്ഷണങ്ങളുടെ തീച്ചൂള കൂടിയായിരുന്നു. ഇവിടെയാണ് മാർ ദീവന്നാസ്യോസിന്റെ മഹത്വം ദർശിക്കുന്നത്. പരീക്ഷണങ്ങൾ ഒരു വശത്തു നടന്നാലും, പുരോ ഗമനപരമായി ചെയ്യുവാനുള്ളത് ചെയ്തുകൊണ്ടിരിക്കാൻ അദ്ദേഹം ശ്രദ്ധിച്ചു. "മലകളിളകിലും മഹാജനാനാം മനമിളകാ" എന്നാണല്ലോ പൂർവ്വമതം. പ്രധാനമായി രണ്ട് പരീക്ഷണങ്ങളെയാണ് മാർ ദീവന്നാ സ്യോസിന് നേരിടേണ്ടിവന്നത്. ഒന്ന്, തന്നെ ശുപാർശ ചെയ്ത് പാത്രിയർ ക്കീസിന്റെ അടുക്കൽ പറഞ്ഞയച്ച യൂയാക്കീം മാർ കൂറിലോസ് ഒളിഞ്ഞും തെളിഞ്ഞും എതിർക്കുവാൻ ശ്രമിച്ചു. രണ്ട്, മാർ ദീവന്നാസ്യോസിന്റെ രംഗപ്രവേശനത്തോടെ സടകുടഞ്ഞെഴുന്നേറ്റ സിംഹത്തെപ്പോലെ രാജ കീയ വിളംബരത്തിന്റെ മറവിൽ പാലക്കുന്നത്തു മെത്രാച്ചൻ അധികാര വിനിയോഗത്തിന്റ പുതിയ അടവുകൾ പയറ്റുവാൻ തുടങ്ങി. യൂയാക്കീം മാർ കൂറിലോസ് എതിർപ്പു പ്രകടിപ്പിക്കുവാൻ രണ്ട് കാരണങ്ങളെങ്കിലും ഉണ്ടായിരുന്നു. ഒന്ന്, പുതിയ മെത്രാന്റെ ആഗമനത്തോടെ സ്വന്തം സ്ഥാനവും പ്രസക്തിയും ക്ഷയിക്കുമല്ലോ എന്ന ആശങ്ക. രണ്ട്, പുതിയ മെത്രാനെ വാഴിച്ച കാര്യത്തിന് പാത്രിയർക്കീസ് ബാവാ, മാർ

കൂറിലോസിന് പ്രത്യേക എഴുത്തയയ്ക്കുകയോ അറിയിപ്പു നൽകുകയോ ചെയ്തിരുന്നില്ല എന്ന വസ്തുത. ഇതിന്റെ പശ്ചാത്തലത്തിൽ ഒരുപക്ഷേ, പുലിക്കോട്ടിൽ കത്തനാർക്ക് എതിരായി മാർ കൂറിലോസ് പാത്രിയർക്കീസിന്റെ അടുക്കൽ രഹസ്യത്തിൽ കത്തയച്ചത് ഫലപ്രാപ്തിയിലെത്താത്തതിന്റെയും കത്തിന്റെ വിവരം പുലിക്കോട്ടിൽ കത്തനാർ ഒരുപക്ഷേ അറിഞ്ഞതിന്റെയും ജാള്യതയാകാം എന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. മറുവശത്ത് പാലക്കുന്നത്ത് മാർ അത്താനാസ്യോസിനെ സംബന്ധിച്ചിടത്തോളം ഭരണപരമായി 1865 മുതൽ 1876 വരെ സുവർണ്ണകാലമായിരുന്നു. 1869-ൽ മാർ ദീവന്നാസ്യോസ് മദ്രാസിൽ പോയി കൊടുത്ത പരാതിക്ക് നടപടി ഉണ്ടായില്ലെന്നു മാത്രമല്ല, വട്ടിപ്പണത്തിന്റെ മുപ്പത്തഞ്ചുവർഷത്തെ പലിശ 'മലങ്കരമെത്രാൻ' ട്രസ്റ്റി എന്ന നിലയിൽ 1869-ൽ മാർ അത്താനാസ്യോസ് വാങ്ങിക്കുകയും ചെയ്തു. 1868-ൽ തന്നെ മാത്യൂസ് അത്താനാസ്യോസ്, തന്റെ പിതൃസഹോദരൻ ഏബ്രഹാം മല്പാന്റെ പുത്രനെ തോമസ് അത്താനാസ്യോസ് എന്ന പേരിൽ തന്റെ പിൻഗാമിയായി വാഴിക്കുകയും ചെയ്തിരുന്നു. കോട്ടയം സെമിനാരി കേന്ദ്രീകരിച്ചായിരുന്നു പാലക്കുന്നത്തു മെത്രാന്മാരുടെ പ്രവർത്തനങ്ങൾ. സഭയെ തന്റെ കരവലയത്തിൽ ഒതുക്കുവാനും, കുറെക്കാലമായി സഭയ്ക്കുണ്ടായിരുന്ന മാന്ദ്യം തീർക്കുവാനും 1869-ൽ മാത്യൂസ് മാർ അത്താനാസ്യോസ് (തുലാം 9-ന്) ഒരു പള്ളിപ്രതിപുരുഷയോഗം കോട്ടയം സെമിനാരിയിൽ വിളിച്ചുകൂട്ടി നൂറോളം തീരുമാനങ്ങൾ എടുക്കുകയുണ്ടായി. അതിന്റെ തുടർച്ചപോലെ 1870 മിഥുനം 22-ന് തോമസ് അത്താനാസ്യോസിന്റെ അദ്ധ്യക്ഷതയിൽ വേറൊരു ആലോചനായോഗവും കൂടി ഇരുപതോളം തീരുമാനങ്ങൾ എടുത്തു. ഇതിലെല്ലാം പ്രധാനമായി പാലക്കുന്നത്തു മെത്രാച്ചന്റെ പ്രസാധനകല്പനയോടെ സമ്പൂർണ്ണ വേദപുസ്തക മലയാള പരിഭാഷ ഹെന്റി ബേക്കർ പ്രസിദ്ധീകരിച്ച് സൗജന്യമായി വിതരണം ചെയ്തു. ഇത്രയും ആയപ്പോൾ, മാർ ദീവന്നാസ്യോസിന് ചില കാര്യങ്ങൾ ബോദ്ധ്യമായി. തെക്കൻ പ്രദേശത്ത് തന്റെ പ്രവർത്തനങ്ങൾക്ക് ഒരു സ്ഥിരമായ കേന്ദ്രവും സെമിനാരിയും ഉണ്ടാകണം. കൂടാതെ മാർ കൂറിലോസുമായി ഒന്നിച്ചുനിന്ന്, പാത്രിയർക്കീസ് ബാവായെത്തന്നെ മലങ്കരയിൽ വരുത്തണം. ഈ കാര്യങ്ങൾ നടത്തുവാനായിരുന്നു തുടർന്ന് മാർ ദീവന്നാസ്യോസിന്റെ പ്രയത്നങ്ങൾ.

## 21. ഒരു "കമ്മ്യൂണിക്കേഷൻ ഗ്യാപ്പ്" പാത്രിയർക്കീസിന്റെ ശാസനയും, മലങ്കരയ്ക്കു വരാനുള്ള ഒരുക്കവും

മെത്രാൻസ്ഥാനമേൽക്കുവാൻ പോയപ്പോഴും, തിരിച്ചെത്തിയപ്പോഴും മാർ ദീവന്നാസ്യോസിനോട് അത്ര അനുകൂല നയമല്ലായിരുന്നു

യൂയാക്കീം കൂറിലോസ് മെത്രാപ്പോലീത്തായ്ക്ക്. ഇതിന്റെ പശ്ചാത്തല ത്തിൽ, മാർ ദീവന്നാസ്യോസിനെക്കുറിച്ച് മാർ കൂറിലോസ് ചില ദൂഷണ ങ്ങൾ പരസ്യം ചെയ്യുന്നത് യാക്കോബ് ദ്വിതീയൻ പാത്രിയർക്കീസിന്റെ ശ്രദ്ധയിൽപെട്ടു. അതോടൊപ്പം, മാർ ദീവന്നാസ്യോസിന്റെ ഭാഗത്തുനിന്ന്, പാത്രിയർക്കീസിൽ നിന്ന് കൊണ്ടുവന്ന എഴുത്ത് മാർ കൂറിലോസിന് കൊടുക്കാതിരുന്നതും പാത്രിയർക്കീസ് മനസ്സിലാക്കി. രണ്ടുപേരെയും ശാസിച്ചുകൊണ്ടുള്ള കത്തുകൾ 1868-ൽ ധർമ്മശേഖരണത്തിന് പാത്രി യർക്കീസിന്റെ കല്പനയുമായി വന്ന യാക്കോബ് ശെമ്മാശൻ വശം കൊടുത്തുവിട്ടിരുന്നു. മാർ കൂറിലോസിന് വന്നയെഴുത്തിൽ, താൻ മല ങ്കരയ്ക്ക് വരണം എന്ന അപേക്ഷ മാർ ദീവന്നാസ്യോസിൽ നിന്നും, ഇട വഴിക്കൽ കത്തനാരിൽ നിന്നും ലഭിച്ചിരിക്കയാൽ അതിനുള്ള ഒരുക്കങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു എന്നും സൂചിപ്പിച്ചിരുന്നു. പക്ഷേ, യാക്കോബ് ദ്വിതീയന്റെ മലങ്കരസന്ദർശനം യാഥാർത്ഥ്യമായില്ല. മാർ ദീവന്നാ സ്യോസ്, ധർമ്മശേഖരത്തിനുവന്ന യാക്കോബ് ശെമ്മാശനെ സഹായി ക്കയും, തിരിച്ചുപോയപ്പോൾ പാത്രിയർക്കീസിന് പ്രത്യേക സമ്മാനങ്ങൾ കൊടുത്തയയ്ക്കുകയും ചെയ്തു.

## 22. യാക്കോബ് ദ്വിതീയൻ കാലം ചെയ്യുന്നു; പത്രോസ് തൃതീയൻ സ്ഥാനമേൽക്കുന്നു

മലങ്കരയുമായി ഇടപെട്ടിട്ടുള്ള അന്ത്യോഖ്യാ പാത്രിയർക്കീസന്മാരിൽ, മലങ്കരയ്ക്ക് വളരെ സഹായകരമായി പ്രവർത്തിച്ച ഒരു പാത്രിയർക്കീ സായിരുന്നു യാക്കോബ് ദ്വിതീയൻ. പുലിക്കോട്ടിൽ ജോസഫ് കത്തനാ രോടും സംഘത്തോടും വളരെ സ്നേഹമായിട്ടും, മലങ്കര സഭാകാര്യ ത്തിൽ കാര്യങ്ങൾ മനസ്സിലാക്കി വളരെ സഹായകമായിട്ടും അദ്ദേഹം വർത്തിച്ചു. 1047 (1871) കുംഭം 11-ന് അദ്ദേഹം ഓമ്മീദ് പള്ളിയിൽ വച്ച് കാലം ചെയ്തു. പിൻഗാമിയെ തിരഞ്ഞെടുക്കുവാനുള്ള സുന്നഹദോസിൽ മത്സരിക്കുവാൻ ഉദ്ദേശിച്ചായിരിക്കണം, മാർ കൂറിലോസ് ശീമയ്ക്കു പോകുവാൻ ഒരുങ്ങുന്നുവെന്ന് പറഞ്ഞു കമ്പി അടിച്ചുവെങ്കിലും പോയില്ല. നാല്പതാം അടിയന്തിരം മാർ ദീവന്നാസ്യോസിന്റെ നേതൃ ത്വത്തിൽ കുന്നംകുളത്തു കേമമായി നടത്തി. സുറിയായുടെ പുനിക്കി എന്ന നഗരത്തിന്റെ മെത്രാനായിരുന്ന പത്രോസ് എന്നു നാമമുള്ള മെത്രാ പ്പോലീത്തായെ തിരഞ്ഞെടുത്ത് പത്രോസ് തൃതീയൻ പാത്രിയർക്കീ സായി വാഴിച്ചു. ഈ തെരഞ്ഞെടുപ്പും വാഴ്ചയും സംബന്ധിച്ച് 1048 കന്നി 16-ന് (1872) കേരളപതാകയിൽ വിശദമായ വാർത്തയും കൊടുത്തിരുന്നു.

## 23. വടക്കൊരു രമ്യത

ആദ്യമൊക്കെ മാർ ദീവന്നാസ്യോസിനോട് ഒട്ടും സഹകരണം

കാണിക്കാതെ നിന്നിരുന്ന യൂയാക്കീം മാർ കൂറിലോസ് മെത്രാപ്പോലീത്താ സാവധാനം ഒരു കാര്യം തിരിച്ചറിഞ്ഞു. പാത്രിയർക്കീസും, വടക്കുള്ള പള്ളിക്കാരിൽ ഭൂരിപക്ഷവും മാർ ദീവന്നാസ്യോസിനെ പിന്തുണയ്ക്കുന്നുണ്ടെന്ന്. കോട്ടയത്തെ, ഇടവഴിക്കൽ, പാമ്പാക്കുടയിലെ കോനാട്ട് മുതലായ കുടുംബങ്ങളിലെ പ്രധാനപ്പെട്ട വൈദികരും മാർ ദീവന്നാസ്യോസുമായി കൂടുതൽ അടുത്തിടപെടുന്നതും അദ്ദേഹം മനസ്സിലാക്കി. അതുകൊണ്ട് ദീവന്നാസ്യോസുമായി രമ്യപ്പെട്ടുപോകാൻ മാർ കൂറിലോസ് നിർബന്ധിതനായി. നവീകരണ മലങ്കര മെത്രാപ്പോലീത്തായ്ക്കെതിരെ സഭയെ ഒന്നിച്ചുനിർത്താൻ മാർ ദീവന്നാസ്യോസിനും ഈ രമ്യപ്പെടൽ ആവശ്യമായിരുന്നു.

## 24. പരുമലയിൽ ഒരു ആസ്ഥാനം

ദീർഘകാലമായി മാർ ദീവന്നാസ്യോസിന്റെ മനസ്സിലെ ആഗ്രഹം തെക്കൻ പ്രദേശത്ത് സ്വതന്ത്രവും സ്വന്തവും ആയ ഒരു ആസ്ഥാനം ഉണ്ടാവുകയെന്നതായിരുന്നു. കോട്ടയം സെമിനാരിയിൽ മഹാപ്രതാപത്തോടെ പാലക്കുന്നത്ത് മെത്രാച്ചൻ മലങ്കരമെത്രാനായി, തെക്കുള്ള ഭൂരിപക്ഷം പള്ളികളുടെ ഭരണം നിർവ്വഹിച്ചുകൊണ്ടിരുന്നു. അങ്ങനെയിരിക്കുമ്പോഴാണ് പരുമല ദീപിൽ, നിരണം ഇടവകാംഗമായ അരികുപുറത്ത് കോരുതു മാത്തൻ തന്റെ വസ്തുവിൽ കുറെ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് സെമിനാരി വയ്ക്കാൻ കൊടുക്കാമെന്ന് സമ്മതിച്ചത്. മലയാളവർഷം 1047 കർക്കിടകം 13-ന് സ്ഥലത്തിന്റെ ആധാരം എഴുതുകയും 1048 ചിങ്ങം 16-ന് തിരുവല്ല രജിസ്ട്രാറാഫീസിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തു. ഇവിടെയുണ്ടാക്കിയെടുത്ത ഒരു ചെറിയ കെട്ടിടത്തിൽ ("പുത്തൻ മുറി") താമസിച്ചുകൊണ്ട് മാർ ദീവന്നാസ്യോസ് വൈദികവിദ്യാർത്ഥികളെ പഠിപ്പിക്കുവാൻ തുടങ്ങി. അതിനടുത്തുതന്നെ അരികുപുറത്തു മാത്തൻ സ്ഥാപിച്ച ഒരു പള്ളിയും ഉണ്ടായിരുന്നു. വൈദിക വിദ്യാർത്ഥികൾ "അഴിപ്പുര"യെന്ന ഒരു പഴയ കെട്ടിടത്തിലും താമസിച്ചു. അന്ന് അവിടെത്താമസിക്കുവാനും ശെമ്മാശ്ശന്മാരെ പരിശീലിപ്പിക്കാനും അനുയോജ്യനായ ഒരു സഹായിയെ, ഒരു റമ്പാനെ, അന്വേഷിക്കുവാനുള്ള ആവശ്യവും ബോധ്യപ്പെട്ടു.

## 25. വെട്ടിക്കൽ ദയറായിൽ നിന്ന് ഒരു താരോദയം

മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിലെ പുരാതന കുടുംബങ്ങളിലൊന്നായ പള്ളത്തട്ട കുടുംബശാഖയായ ചാത്തുരുത്തിൽ മത്തായിയുടെയും മറിയത്തിന്റെയും മക്കളിൽ അഞ്ചാമൻ കൊച്ചയ്പോരയെന്ന ഗീവർഗ്ഗീസ്, വൈദികനും കോറെപ്പിസ്ക്കോപ്പായും ആയി ഒരുത്തമ

സന്യാസി വൈദികനായി ദൈവത്തിന് സമർപ്പിച്ചു. പതിനാറു വയസ്സിൽ പൂർണ്ണ ശെമ്മാശനും വൈദികനും കോറെപ്പിസ്ക്കോപ്പായുമായ ഗീവർഗീസ് കശീശ ഏകാന്തമായ പ്രാർത്ഥനാ ജീവിതത്തിന്റെ മാധുര്യം അനുഭവിച്ചറിഞ്ഞതുകൊണ്ട്, വെട്ടിക്കൽ കുരിശുപള്ളിയിൽ താമസിച്ചുകൊണ്ട് വ്രതാനുഷ്ഠാനങ്ങളിൽ ഏർപ്പെട്ടു. മാർ ദീവന്നാസ്യോസിന്റെ സൂക്ഷ്മ ദൃഷ്ടിയിൽ ഗീവർഗീസ് കോറെപ്പിസ്ക്കോപ്പാ താമസംവിനാ "പരുമല തിരുമേനി" ആയിത്തീരുമെന്ന് തെളിഞ്ഞുവെന്നു തോന്നുന്നു. മുളന്തുരുത്തി ഇടവകപ്പൊതുയോഗത്തിന്റെ ശുപാർശയോടും, ചാത്തുരുത്തി കോറെപ്പിസ്ക്കോപ്പായുടെ മൗനസമ്മതത്തോടുംകൂടി ജോസഫ് ദീവന്നാസ്യോസ് അദ്ദേഹത്തെ 1872 ഏപ്രിൽ 7-ന് മുളന്തുരുത്തിയിൽ വച്ച് റമ്പാനാക്കി. ഗീവർഗീസ് റമ്പാൻ തുടർന്ന്, വെട്ടിക്കലിലെ ദയറാ വളർത്തിയെടുക്കുവാൻ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് 1049 (1873) ധനു മാസത്തിൽ ഒരു എഴുത്ത് വടക്കുള്ള പള്ളികൾക്ക് അയച്ചു. ഒരുപക്ഷേ മാർ ദീവന്നാസ്യോസിന്റെ ശീമയാത്രയിൽ പുരാതന ദയറാകളിൽ ചിലതിൽ താമസിച്ചതിൽനിന്ന് മനസ്സിൽ പതിഞ്ഞ ദയറാസ്വപ്നം ഗീവർഗീസ് റമ്പാച്ചനോട് പങ്കുവച്ചുകാണും. ഗീവർഗീസ് റമ്പാച്ചന്റെ വേദജ്ഞാനവും, ആത്മീയ ഉൾക്കാഴ്ചകളും, ആത്മീയമേലധികാരികളോടുള്ള ഭക്തിയും ഒക്കെ മേല്പറഞ്ഞ എഴുത്തു വായിച്ചാൽ മനസ്സിലാകും.[21] മാർ ദീവന്നാസ്യോസിന്റെ ദർശനപ്രകാരം, ഗീവർഗീസ് റമ്പാന്റെ ശരി നിയോഗം പരുമലയിലേക്കായിരുന്നു.

## 26. ചാത്തുരുത്തി റമ്പാനെ പരുമലയ്ക്ക് നിയോഗിക്കുന്നു

വെട്ടിക്കലെ അത്യാവശ്യ ജോലികൾ നിർവ്വഹിച്ച ഗീവർഗീസ് റമ്പാനെ, മാർ ദീവന്നാസ്യോസ് പരുമലയിലേക്ക് മല്പാനും മാനേജരും ആയിട്ട് നിയമിച്ചു. വെട്ടിക്കലെ ധ്യാനാന്തരീക്ഷത്തിൽ നിന്ന് പരുമലയിലേക്കുള്ള മാറ്റം ഗീവർഗീസ് റമ്പാനു സങ്കടകരമായിരുന്നു. എങ്കിലും, ഗുരുതുല്യം താൻ ബഹുമാനിക്കുന്ന പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിനെ അനുസരിക്കുന്നതിൽ പ്രത്യേക ആനന്ദം കണ്ടു. പരുമലയിലെ "അഴിപ്പുര"യോടു ചേർന്ന, "പുത്തൻമുറി"യിൽ താമസിച്ചുകൊണ്ട് മാർ ദീവന്നാസ്യോസും ഗീവർഗീസ് റമ്പാനും ശിഷ്യരെ പഠിപ്പിക്കുവാൻ തുടങ്ങി. ഗുരുഭൂതന്മാരായ, സ്വന്തം കൊച്ചപ്പൻ ഗീവർഗീസ് മല്പാനിൽ നിന്നും, പാമ്പാക്കുട ഗീവർഗ്ഗീസ് മല്പാനിൽനിന്നും, യൂയാക്കീം മാർ കൂറിലോസിൽ നിന്നും കണ്ടുംകേട്ടും പഠിച്ചത് സ്വശിഷ്യരെ പഠിപ്പിച്ചുകൊണ്ടിരുന്ന ഗീവർഗീസ് റമ്പാനെക്കുറിച്ച് മാർ ദീവന്നാസ്യോസിന് വലിയ മതിപ്പു തോന്നി.

## 27. പാത്രിയർക്കീസിനെ മലങ്കരയ്ക്ക് ക്ഷണിക്കാൻ പള്ളി പ്രതിപുരുഷയോഗ തീരുമാനം[22]

പരുമലയിൽ ഒരാസ്ഥാനവും സെമിനാരിയും ഉണ്ടായതോടെ തെക്കൻ പ്രദേശത്തും ഒരു ചലനമുണ്ടാക്കാൻ മാർ ദീവന്നാസ്യോസിനു കഴിഞ്ഞു. പരുമലയിലേക്ക് യൂയാക്കീം മാർ കൂറിലോസിനെ ക്ഷണിച്ചുകൊണ്ടു വരുവാനും, അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ ഒരു മലങ്കര ഇടവക പ്രതിനിധിയോഗം കൂട്ടുവാനും മാർ ദീവന്നാസ്യോസും ചാത്തുരുത്തി റമ്പാനും കൂടി ക്രമീകരണങ്ങൾ ചെയ്തു. ഇതിനോടകം മാർ അത്താനാസ്യോസിനെ ശപിച്ചും മുടക്കിയുമുള്ള പുതിയ പാത്രിയർക്കീസിന്റെ കല്പന മലങ്കരയിൽ എത്തി. മാർ ദീവന്നാസ്യോസിന്റെ ക്ഷണപ്രകാരം, 1049 (1873) ചിങ്ങം 27-ന് മലങ്കര ഇടവകജനങ്ങളുടെ ഒരു യോഗം പരുമലയിൽ കൂടുകയും, യൂയാക്കീം മാർ കൂറിലോസ് അദ്ധ്യക്ഷത വഹിക്കുകയും പാത്രിയർക്കീസിന്റെ കല്പന വായിക്കയും ചെയ്തു. സഭയുടെ അവസ്ഥയെക്കുറിച്ചും, നവീകരണ കുത്തൊഴുക്കിൽ നിന്ന് അതിനെ രക്ഷിക്കാൻ അടിയന്തിരനടപടികൾ ഐക്യമത്യത്തോടെ എടുക്കേണ്ടതിനെക്കുറിച്ചും മാർ ദീവന്നാസ്യോസ് വിശദീകരിച്ചത് കൂട്ടത്തിന് ഒക്കെയും ബോദ്ധ്യമായി. പരിശുദ്ധ പത്രോസ് തൃതീയൻ പാത്രിയർക്കീസ് തന്നെ എഴുന്നെള്ളി ബ്രിട്ടീഷ് അധികാരികളെയും നാട്ടുഭരണക്കാരെയും കണ്ട് തന്റെ പിന്തുണ പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസിനില്ല എന്ന് വ്യക്തമായിപ്പറഞ്ഞാൽ കാര്യങ്ങൾ ഭേദപ്പെടും എന്ന് എല്ലാവരും തീരുമാനിക്കയും, ആയതിന് അപേക്ഷ തയ്യാറാക്കി അയയ്ക്കുവാൻ മെത്രാന്മാരോട് യോഗം ആവശ്യപ്പെടുകയും ചെയ്തു. എഴുത്തുകുത്തിന്റെ പ്രധാന ചുമതല ഗീവർഗീസ് റമ്പാൻ നിർവ്വഹിക്കയും ചെയ്തു. രോഗലക്ഷണങ്ങളുണ്ടായിരുന്ന യൂയാക്കീം മാർ കൂറിലോസ് കൂടുതൽ ക്ഷീണിതനാവുകയും മുളന്തുരുത്തി പള്ളിയിൽ വച്ച് 1050 (1874) ചിങ്ങം 20-ന് കാലം ചെയ്ത് മുളന്തുരുത്തിയിൽ കബറടക്കപ്പെടുകയും ചെയ്തു. കബറടക്ക ശുശ്രൂഷയ്ക്കും, നാല്പതാം അടിയന്തിരത്തിനും മാർ ദീവന്നാസ്യോസ് മുഖ്യകാർമ്മികത്വം വഹിച്ചു.

## 28. പാത്രിയർക്കീസ് മലങ്കരയ്ക്ക് എഴുന്നെള്ളുന്നു

പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ സ്ഥാനമേൽക്കുമ്പോൾ തന്നെ മലങ്കരയിലെ സഭയുടെ അവസ്ഥയെക്കുറിച്ച് അറിഞ്ഞിരുന്നു. പ. ഏലിയാസ് ദ്വിതീയൻ ബാവായിൽ നിന്ന് മെത്രാൻസ്ഥാനം പ്രാപിച്ചുപോയ മാത്യൂസ് മാർ അത്താനാസ്യോസിന്റെ നവീകരണത്തിലേക്കുള്ള വ്യതിചലനം അദ്ദേഹത്തെ ദുഃഖിപ്പിച്ചു. സ്ഥാനം പ്രാപിച്ചു കഴിഞ്ഞ് 1048 മീനം 11-നും 18-നും മലങ്കരയ്ക്ക് അയച്ച കല്പനകൾ[23]

സഭ മുഴുവൻ ഒരു പുതിയ കാറ്റു വീശുവാൻ പ്രാപ്തമാക്കി. പ്രസ്തുത കല്പനയിൽ വളരെ വ്യക്തമായും, മാർ അത്താനാസ്യോസിനെ “ശപിച്ചു തള്ളിയിരിക്കുന്നു” എന്നും “അവൻ ദൈവത്താൽ ശപിക്കപ്പെട്ടവനാകുന്നു” എന്നും അദ്ദേഹം മെത്രാൻസ്ഥാനം കൊടുത്തവരെയും ശപിച്ചിരിക്കുന്നു എന്നും എഴുതിയിരുന്നു. ഈ പശ്ചാത്തലത്തിലാണ്, മലങ്കരയിൽനിന്നുള്ള കത്ത് പാത്രിയർക്കീസിന് അയച്ചത്. ഒരുപക്ഷേ ആ കത്ത് കിട്ടുന്നതിനും മുമ്പുതന്നെ പാത്രിയർക്കീസ് കുസ്തന്തീനോപ്പോലീസിൽ തുർക്കി സുൽത്താന്റെ അടുത്തെത്തി ആവശ്യമായ സാക്ഷ്യപത്രത്തോടെ ഇംഗ്ലണ്ടിൽ എത്തുകയും, അവിടെ മലങ്കരയിൽ നിന്നുള്ള അപേക്ഷകളും മറ്റും എത്താൻ കാത്തിരിക്കയും ചെയ്തുവെന്നു വേണം കരുതാൻ. പാത്രിയർക്കീസ് ഇംഗ്ലണ്ടിൽ എത്തിയ വിവരം കമ്പി മുഖേന മാർ ദീവന്നാസ്യോസിനെ അറിയിക്കയും, കമ്പിയിൽ സൂചിപ്പിച്ചപ്രകാരം ചെലവുകൾക്ക് 500 പവൻ പിരിച്ചയയ്ക്കുകയും ചെയ്തു. ഇംഗ്ലണ്ടിലെ പത്രങ്ങളും, പാത്രിയർക്കീസിന്റെ സന്ദർശനത്തെക്കുറിച്ച് വളരെ പ്രാധാന്യത്തോടെ ചിത്രങ്ങളും വാർത്തകളും കൊടുക്കുകയുണ്ടായി. മലങ്കരയിൽ നിന്ന് യാത്രച്ചിലവും ക്ഷണക്കത്തും കിട്ടിയതനുസരിച്ച് കൊ. വ. 1050 (1875) ഇടവത്തിൽ പാത്രിയർക്കീസ് മലങ്കര എത്തി. ലണ്ടനിൽ വിക്ടോറിയാ രാജ്ഞിയെയും മറ്റും കണ്ട് മലങ്കരസഭയുടെ കാര്യത്തിലുള്ള ബ്രിട്ടീഷ് അധികാരികളുടെ സമീപനത്തിൽ വ്യക്തമായ നയമാറ്റം ഉറപ്പുവരുത്തുന്ന കരുക്കൾ നീക്കുന്നതിൽ അദ്ദേഹം വിജയിക്കുകയും ചെയ്തിരുന്നു. മാർ ദീവന്നാസ്യോസും, ചാത്തുരുത്തി ഗീവർഗീസ് റമ്പാനും, അത്മായപ്രമുഖരും, പള്ളികളും ചേർന്ന് പാത്രിയർക്കീസിന്റെ മലങ്കരസന്ദർശനം മഹാസംഭവമാക്കി.

## 29. പാലക്കുന്നത്തു മെത്രാച്ചനു നൽകിയിരുന്ന തിരുവെഴുത്തു വിളംബരം തിരുവിതാംകൂർ രാജാവ് ദുർബ്ബലപ്പെടുത്തുന്നു

മലങ്കരയിലെത്തിയ പാത്രിയർക്കീസിന് എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുവാനും, സഹയാത്ര ചെയ്യുവാനും മാർ ദീവന്നാസ്യോസും ഗീവർഗീസ് റമ്പാനും, എപ്പോഴും സന്നദ്ധരായിരുന്നു. ബോംബെയിൽ നിന്ന് മലങ്കരയിലേക്ക് എത്തുന്നതിനു മുമ്പുതന്നെ, ഊട്ടിയിൽ പോയി, മദ്രാസ് ഗവർണർ റോബിൻസൺ സായിപ്പിനെ കാണുകയുണ്ടായി. കൊച്ചിയിലെത്തിക്കഴിഞ്ഞ്, തിരുവിതാംകൂർ മഹാരാജാവ് ആയില്യം തിരുനാളിനെയും വിശാഖം തിരുനാൾ ഇളയരാജാവിനെയും സന്ദർശിച്ചപ്പോൾ മാർ ദീവന്നാസ്യോസ്, പാത്രിയർക്കീസ് പിന്തുണയ്ക്കുന്ന മെത്രാൻ എന്നനിലയിൽ കൂടെയുണ്ടായിരുന്നു. മലങ്കരയിലെ വിവിധ പള്ളികൾ സന്ദർശിക്കയും സഭയ്ക്ക് ആവശ്യമുള്ള സംഗതികൽ എന്തെന്ന് നിർണ്ണയിച്ച് നടപടികൾ എടുക്കയും ചെയ്തു

കൊണ്ടിരുന്നു. അതിന്റെയിടയിൽ പാത്രിയർക്കീസിന്റെ സന്ദർശനത്തിന്റെ സുപ്രധാന വിജയമായിട്ട് തിരുവിതാംകൂർ രാജാവ് 1051 കുഭം 23-ന് ഒരു വിളംബരം പ്രസിദ്ധം ചെയ്തു. അതിൻപ്രകാരം, പാലക്കുന്നത്തു മാത്യൂസ് അത്താനാസ്യോസിന് 1027-ൽ ലഭിച്ച വിളംബര പ്രകാരമുള്ള അവകാശങ്ങൾ തുടർന്ന് നിലനിൽക്കുന്നതല്ല എന്നു വ്യക്തമായി. പള്ളിസംബന്ധമായ അവകാശങ്ങൾക്ക് സാധാരണ കോടതികളിൽകൂടി നിവൃത്തി വരുത്തിക്കൊള്ളണം എന്ന് വിളംബരത്തിൽ[24] വ്യക്തമായി. ഈ വിളംബരം, യഥാർത്ഥത്തിൽ മാർ ദീവന്നാസ്യോസിന്റെ മലങ്കര ദർശനത്തിൽ സഭയ്ക്ക് അനിവാര്യമായ ഒരു ആവശ്യമായിരുന്നു. അത് സാധ്യമാക്കിയതിന്റെ പിന്നിൽ ദീവന്നാസ്യോസിന്റെ പ്രാർത്ഥനയും, പ്രവർത്തനവും സുവ്യക്തമായിരുന്നു.

## 30. മുളന്തുരുത്തി സുന്നഹദോസ്: നേട്ടംകൊയ്ത സൂത്രധാരൻ

രാജകീയ വിളംബരത്തിന്റെ പിൻബലം നഷ്ടപ്പെട്ട പാലക്കുന്നത്തു മെത്രാച്ചന്റെ കൂടെ നിൽക്കാൻ നിയമപരമായ ബാധ്യത ഇല്ലെന്ന് തെക്കൻ പള്ളികൾക്ക് പലതിനും ബോധ്യമായി. ഈ സന്ദർഭത്തിൽ അവരുടെ വ്യക്തമായ നിലപാട് മാറ്റുരയ്ക്കാൻ മാർ ദീവന്നാസ്യോസിന് ഒരവസരം ലഭിച്ചത്, മുളന്തുരുത്തിയിൽ കൂടിയ "സുന്നഹദോസ്" യോഗത്തിലാണ്. സുന്നഹദോസ് പാത്രിയർക്കീസിന്റെ അദ്ധ്യക്ഷതയിൽ 1051 (1876) മിഥുനം 15-ാം തീയതി ആരംഭിച്ചു. സമ്മേളനം നാലു ദിവസം നീണ്ടു നിന്നു. അന്ന് മലങ്കരയിൽ ആകെ 150-തോളം പള്ളികൾ ഉണ്ടായിരുന്നതിൽ 103 പള്ളികളാണ് സുന്നഹദോസിൽ ഔദ്യോഗികമായി സംബന്ധിച്ചത്. അതോടെ മലങ്കരയിലെ ഭൂരിപക്ഷം പള്ളികളും മാർ ദീവന്നാസ്യോസിന് ഒപ്പമാണ് എന്ന് വ്യക്തമായി. സുന്നഹദോസ് നിശ്ചയങ്ങൾക്കും ഹാജറിനും ആദ്യത്തെ ഒപ്പിട്ടത് ജോസഫ് മാർ ദീവന്നാസ്യോസായിരുന്നു. സുന്നഹദോസിന്റെ ഏറ്റവും പ്രധാന തീരുമാനങ്ങളിൽ രണ്ടെണ്ണം പ്രത്യേകം ശ്രദ്ധേയമാണ്. ഒന്ന്, "ജാതി മുഴുവൻ കൂടിയ ഒരു സമൂഹം" ആയിട്ട് "സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ" രൂപവൽക്കരിക്കുക. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായുണ്ടാകുന്ന സമുദായ സംഘടനയാണിത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. രണ്ട്, സമുദായത്തിന്റെ നടത്തിപ്പിന് ഒരു "പ്രധാന കമ്മിറ്റി" ഉണ്ടായിരിക്കയും, ആ കമ്മിറ്റിക്ക് അദ്ധ്യക്ഷൻ മലങ്കരയുടെ മെത്രാനായ ജോസഫ് മാർ ദീവന്നാസ്യോസ് ആയിരിക്കയും ചെയ്യുക. ഈ രണ്ടാമത്തെ തീരുമാനത്തിന്റെ പ്രത്യേക പ്രാധാന്യം, മലങ്കരയുടെ മുഴുവൻ പ്രതിനിധിയോഗത്താൽ മലങ്കരമെത്രാനും, ഭരിക്കുന്ന കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായി മാർ ദീവന്നാസ്യോസ് സ്ഥിരീകരിക്കപ്പെട്ടുവെന്നതാണ്.[25]

## 31. പാത്രിയർക്കീസിന്റെ അധികാര പ്രമത്തതയ്ക്കു മുന്നിൽ സൗമ്യമായി ബുദ്ധിപൂർവ്വം

നിർണ്ണായകഘട്ടത്തിൽ സഭയെ സഹായിക്കുവാൻ ശ്രമിക്കുകയും, അതു വിജയകരമായി നിർവ്വഹിക്കുകയും ചെയ്ത പത്രോസ് തൃതീയൻ പാത്രിയർക്കീസ് കൃതജ്ഞത അർഹിക്കുന്നു. പക്ഷേ, ആ കൃതജ്ഞതയുടെ ശോഭയ്ക്ക് അധികാരവിലപേശലിന്റെ മൂടൽമഞ്ഞ് മറയായോ എന്ന് സംശയം. മുളന്തുരുത്തി സുന്നഹദോസിന്റെ ആരംഭം മുതൽ, പള്ളികൾ ഉടമ്പടികൾ എഴുതിക്കൊടുക്കണം എന്ന പാത്രിയർക്കീസിന്റെ ആവശ്യം, പ്രതിനിധികളുടെ മനസ്സിൽ വേദനയുളവാക്കി. ഉദ്ദേശിച്ച പ്രതികരണം കാണാത്തതിൽ അസ്വസ്ഥനായ പാത്രിയർക്കീസ്, മാർ ദീവന്നാസ്യോസിനോടു തന്നെ ഉടമ്പടി ആവശ്യപ്പെട്ടു. സഭയ്ക്കുവേണ്ടി സഭയുടെ മെത്രാൻ എന്ന നിലയിൽ അപ്രകാരം ഉടമ്പടി കൊടുക്കാതിരിക്കാനുള്ള ബുദ്ധിയും, പാത്രിയർക്കീസിനെ ആദരവോടെ കരുതാനുള്ള ഗുരുത്വവും ഒന്നിച്ചു കൈകാര്യം ചെയ്യുന്നതിൽ മാർ ദീവന്നാസ്യോസ് വിജയിച്ചു. പാത്രിയർക്കീസ് മലങ്കര അസോസ്സിയേഷൻ പിരിച്ചുവിട്ടും, മാർ ദീവന്നാസ്യോസിന് വിലക്കു കല്പിച്ചും കല്പനയിറക്കുകയും ചെയ്തിട്ടും, ശാന്തനായി, പ്രസന്നവദനനായി, ക്ഷമയോടെ എല്ലാം അദ്ദേഹം സഹിച്ചു. പാത്രിയർക്കീസിനുവേണ്ടി പാവകളിക്കാൻ എന്ന ഉദ്ദേശ്യത്തോടെ ആറു മെത്രാന്മാരെ തന്നോടുപോലും അഭിപ്രായം ചോദിക്കാതെ പാത്രിയർക്കീസ് വാഴിച്ചപ്പോഴും അവർക്കും അവരോടൊപ്പം തനിക്കും ഭദ്രാസനം തിരിച്ചപ്പോഴും മാർ ദീവന്നാസ്യോസ് മൗനമായിരുന്നു. അവരെയും പിന്നീട് സഭയ്ക്കായി മുതൽക്കൂട്ടി.

## 32. ആറു പുതിയ മെത്രാന്മാർ അവർക്ക് ഒരേ ഒരു നേതാവ്, ഒരേയൊരു അനുരഞ്ജകൻ

പാത്രിയർക്കീസ് പുതിയ മെത്രാന്മാരെ മൂന്നു ബാച്ചുകളായിട്ടാണ് വാഴിച്ചത്. കടവിൽ പൗലൂസ് മാർ അത്താനാസ്യോസ്, കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ് എന്നിവരെ 1876 ഡിസംബർ 3-ന് വടക്കൻപറവൂർ പള്ളിയിൽ വച്ചും, അതേപള്ളിയിൽ വച്ച് അമ്പാട്ട് ഗീവർഗീസ് മാർ കൂറിലോസ്, ചാത്തുരുത്തി ഗീവർഗീസ് മാർ ഗ്രീഗോറിയോസ് എന്നിവരെ 1876 ഡിസംബർ 10-നും, കരവട്ട് ശെമവൂൻ മാർ ദീവന്നാസ്യോസ്, മുറിമറ്റത്ത് പൗലൂസ് മാർ ഈവാനിയോസ് എന്നിവരെ 1877 മെയ് 17-ന് കുന്നംകുളം ചിറളയം ലാസർ പള്ളിയിൽ വച്ചും, പാത്രിയർക്കീസ് വാഴിച്ചു. യഥാക്രമം അവർക്ക് കോട്ടയം, തുമ്പമൺ, അങ്കമാലി, നിരണം, കൊച്ചി, കണ്ടനാട് എന്നീ ഭദ്രാസനങ്ങളായി തിരിച്ചു നൽകുകയും അവരോട് ചേർന്ന് പൊതുവിന്റെ അദ്ധ്യക്ഷനായി അംഗീകരിക്കപ്പെട്ടിരുന്ന

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന് കൊല്ലം ഭദ്രാസന ചുമതലയും നൽകിയപ്പോൾ, പാത്രിയർക്കീസിന്റെ മനസ്സിൽ ചില കണക്കുകൂട്ടലുകൾ ഉണ്ടായിരുന്നു. എന്നാൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെ വ്യക്തിപ്രഭാവവും സമീപനവും അവരുടെയിടയിൽ ഒരേയൊരു നേതാവേ ഉള്ളൂവെന്ന് തെളിയിക്കുന്നതായിരുന്നു. തമ്മിലടിക്കുവാൻ സാധ്യതകൾ ഉണ്ടാകാമായിരുന്ന സാഹചര്യത്തെ സഭയുടെ കെട്ടുപണിക്കായി അനുരഞ്ജിപ്പിക്കുവാൻ അവർക്കിടയിൽ ഒരു 'കൊച്ചുതിരുമേനി' അതേ ചാത്തുരുത്തിൽ ഗീവർഗീസ് റമ്പാനായിരുന്ന ഗീവർഗീസ് മാർ ഗ്രീഗോറിയോസ് എന്ന ഒരേയൊരു അനുരഞ്ജകനും തെളിഞ്ഞുവന്നു. നേതൃത്വം നേടുന്നതല്ല, തെളിയുന്നതാണ്.

## 33. സഭാ നേതൃത്വത്തിൽ പുതിയ കാലഘട്ടം - 'തേജസ്' തെളിയുന്നു

1877 മാർ ദീവന്നാസ്യോസിനു പുതിയ കാലഘട്ടത്തിലേക്കുള്ള പ്രവേശന വർഷമായിരുന്നുവെന്നു തോന്നുന്നു. 1877 ജനുവരി 27 മുതൽ 30 വരെ, വെളിയനാട്ടു പള്ളിയിൽ വച്ച് പത്രോസ് പാത്രിയർക്കീസ്, തെക്കൻ പ്രദേശത്തുള്ള പള്ളിക്കാരെ വിളിച്ച് യോഗം കൂട്ടി. പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസിനെ മുടക്കിയെന്നും, അദ്ദേഹത്തിന്റെ കൂടെ മേലാൽ ചേരരുതെന്നും ഉപദേശിക്കയും തത്സംബന്ധമായ തീരുമാനങ്ങൾ എടുപ്പിക്കയും ചെയ്തു. ഇത് 'വെളിയനാട് സുന്നഹദോസ്' എന്ന് ചരിത്രത്തിൽ അറിയപ്പെടുന്നു. ഇതോടെ പാലക്കുന്നത്തു മെത്രാച്ചന്റെ ശക്തിയും, സ്വാധീനവും ഏതാണ്ട് അസ്തമിച്ചു. പാത്രിയർക്കീസ് ചിറളയത്തെ മെത്രാൻ വാഴ്ചയും കൂടി കഴിഞ്ഞ് തിരിച്ചുപോയി. പാത്രിയർക്കീസിനെ മാന്യമായി സമ്മാനങ്ങളോടും ആദരവോടും കൂടി യാത്ര അയയ്ക്കുവാനും, പാത്രിയർക്കീസിന്റെ മനസ്സു സന്തോഷിച്ച് തന്നെക്കുറിച്ച് നല്ലത് സാക്ഷ്യപ്പെടുത്തി കല്പന ഇറക്കിക്കുവാനും മാർ ദീവന്നാസ്യോസ് ശ്രമിക്കയും അത് ശുഭകരമായി പരിണമിക്കയും ചെയ്തിരുന്നു. പുതിയ മെത്രാന്മാർ എല്ലാവരും "കൊച്ചുതിരുമേനി"യായ മാർ ഗ്രീഗോറിയോസിന്റെ ഉത്സാഹത്തിലും, വലിയ തിരുമേനിയായ മാർ ദീവന്നാസ്യോസിന്റെ പ്രോത്സാഹനങ്ങളിലും വെട്ടിക്കൽ ദയറായിൽ താമസിച്ചുകൊണ്ട് ഉപവസിച്ചു പ്രാർത്ഥിക്കുവാനും സഭയെക്കുറിച്ച് ഒന്നിച്ചു ചിന്തിക്കുവാനും അങ്ങോട്ടേയ്ക്ക് നീങ്ങി. 1877 ജൂലൈ 16-ന് പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസ് കാലം ചെയ്ത്, തോമസ് അത്താനാസ്യോസ് കോട്ടയം സെമിനാരിയിൽ താമസിച്ചുകൊണ്ട് ഭരണം ഏറ്റെടുത്തു. പാത്രിയർക്കീസിന്റെ പിന്തുണയില്ലാതെയും, സമുദായം തെരഞ്ഞെടുക്കാതെയും, രാജകീയവിളംബരം ഇല്ലാതെയും, എല്ലാറ്റിലും ഉപരിയായി പാത്രിയർക്കീസിന്റെ വിലക്കുള്ളയാളുമായ തോമസ് അത്താനാസ്യോസിന്റെ

സ്ഥാനസാധുത തികച്ചും ദുർബലമായിരുന്നു. ഇത്തരുണത്തിൽ, സിവിൽ വ്യവഹാരത്തിൽ കൂടിയാണെങ്കിലും സഭയുടെ വ്യവസ്ഥാപിതവും പൗരാണികവുമായ സംവിധാനം ഉറപ്പാക്കുവാൻ പുതിയ മെത്രാന്മാരും, ഇടവകകളും, ജനനേതാക്കന്മാരും ഒന്നിച്ച് മാർ ദീവന്നാസ്യോസിന്റെ പിന്നിൽ അണിനിരന്നു. 1877 കന്നി 27-ാം തീയതി പുതിയ മെത്രാന്മാർ സംയുക്തമായി സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ കമ്മിറ്റിക്ക് ഇപ്രകാരം എഴുതി:

"നമ്മുടെ പൊതുസ്ഥലമാകുന്ന കോട്ടയത്ത് സിമ്മനാരിയും അതിൽ ഉൾപ്പെട്ട വസ്തുക്കളും വട്ടിപ്പണം മുതലായതും കൈവശം വരുത്തേണ്ടതിന് വേണ്ടിവരുന്ന സകല വ്യവഹാരങ്ങളും നിങ്ങൾ കമ്മിറ്റിക്കാർ ചെയ്തു കൈവശപ്പെടുത്തേണ്ടതിനും നമ്മുടെ വിശുദ്ധ പിതാവായ മോറാൻ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവായുടെ അനുവാദ പ്രകാരം അതുകൾകൊണ്ട് പൊതുവിൽ പഠിത്തം അച്ചടി മുതലായതു നിങ്ങൾ നടത്തുന്നതിനും ഞങ്ങൾ സമ്മതിച്ച് താഴെപ്പറയുന്ന സാക്ഷികളുടെ മുമ്പാകെ ഒപ്പിട്ടിരിക്കുന്നു."[26]

മേല്പ്രകാരം അസോസിയേഷൻ കമ്മിറ്റിക്ക് ചുമതല ഏല്പിച്ചപ്പോൾ, സ്വാഭാവികമായും അതിന്റെ പ്രസിഡന്റായ മാർ ദീവന്നാസ്യോസിന്റെ മേൽ ചുമതലകൾ നിക്ഷിപ്തമായി. അതനുസരിച്ച് 1053 (1878) കുംഭം 6-ാം തീയതി പരുമലയിൽ സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ കൂടി യുക്തമായ തീരുമാനങ്ങളും എടുത്തു. ഗ്രഹണം കഴിഞ്ഞ സൂര്യനെപ്പോലെ, മാർ ദീവന്നാസ്യോസ് അഞ്ചാമൻ, 'തേജസി'ന്റെ പുതിയ അദ്ധ്യായത്തിലേക്ക് പ്രവേശിച്ചു. അതിന്റെ തുടർനടപടിയായി, 1054 (1879) കുംഭമാസം 22-ാം തീയതി, കോട്ടയം സെമിനാരി അനധികൃതമായി കൈവശത്തിൽ വച്ചിരിക്കുന്ന തോമസ് അത്താനാസ്യോസ് മുതൽപേരെ പ്രതിയാക്കി ജോസഫ് മാർ ദീവന്നാസ്യോസ് വാദിയായി ആലപ്പുഴ ജില്ലാ കോടതിയിൽ സിവിൽ വ്യവഹാരം ആരംഭിച്ചു.[27] തുടർന്നു നടന്ന കേസ്സിനെ "സെമിനാരി കേസ്" എന്ന് വിശേഷിപ്പിക്കുന്നു. ഈ കേസ്സിൽ പരുമല കൊച്ചുതിരുമേനിയുടെ സാക്ഷിമൊഴി[28] നിർണ്ണായകമായിരുന്നു. തുടർന്നു നടന്ന ജില്ലാകോടതി വിധി (1059 - 1884 - മിഥുനം 16), ഹൈക്കോടതിവിധി (1061 - 1885 - തുലാം 29) എന്നിവ മാർ ദീവന്നാസ്യോസിന് പൂർണ്ണമായും അനുകൂലമായിരുന്നു. അനുകൂലമായ വിധിയെത്തുടർന്ന് സെമിനാരി നടത്തിയെടുത്ത് കൈവശത്തിലാക്കുവാൻ നൽകിയ ഹർജിയും അനുകൂലമായി വിധിച്ചതിനാൽ 1886 കർക്കിടകം 3-ന് മാർ ദീവന്നാസ്യോസ് മലങ്കരയുടെ മഹാമെത്രാനായി സെമിനാരിയിൽ, മലങ്കരമെത്രാന്റെ ഔദ്യോഗിക ആസ്ഥാനത്ത് സിംഹാസനസ്ഥനായി.

## 34. സഭയുടെ ബഹുമുഖ പുരോഗതിയുടെ ആദ്യഘട്ടം

1878 മുതൽ 1892 വരെ മാർ ദീവന്നാസ്യോസിന്റെ തേജസ്ക്കരമായ സഭാ പ്രവർത്തനത്തിന്റെ 'ശുക്രദശ' എന്ന് വിശേഷിപ്പിക്കാവുന്ന കാലഘട്ടമാണ്. സഭയിൽ, പള്ളികളോട് ചേർന്ന് പള്ളിക്കൂടങ്ങൾ ആരംഭിക്കുവാനും, പുതിയ പള്ളികൾ സ്ഥാപിക്കുവാനും, സഭയ്ക്കു ബാഹ്യകേരള വികസനം ഉണ്ടാകുവാനും, സുറിയാനിക്കാരായ ക്രിസ്ത്യാനികൾക്ക് പൊതുവായി ജാത്യൈക്യസംഘം തുടങ്ങുവാനും, പള്ളികളിൽ ചിലതിനെയൊക്കെ നവീകരണ സമ്പ്രദായത്തിൽ നിന്ന് കേസ്സു നടത്തി വീണ്ടെടുക്കുവാനും സഭയ്ക്കു പൊതുവായി 'ഇടവകപ്പത്രിക' എന്ന പ്രസിദ്ധീകരണം ആരംഭിക്കുവാനും, ഇങ്ങനെ അനേക കാര്യങ്ങളിൽ കർമ്മനിരതനാകുന്ന മലങ്കര മെത്രാപ്പോലീത്തായെയാണ് പിന്നീട് കാണുന്നത്. പരുമല സിമ്മനാരിപ്പള്ളി ഉൾപ്പെടെ കരുവാറ്റാ, കാട്ടൂർ, അയിരൂർ, പുത്തൻകാവ്, ഓണക്കൂർ, ചേലാട്, കണ്യാട്ടുനിരപ്പ്, മഴുവന്നൂർ, നെല്ലിക്കൽ, മാറാട്ടിൽ, കുണ്ടറ, കൊടശ്ശനാട്, വേങ്ങൂർ, മഞ്ഞപ്ര, അല്ലപ്രാ, തിരുവാങ്കുളം, ചാലിശ്ശേരി മുതലായ ഇടങ്ങളിൽ പുതിയ പള്ളികളും പലതിനോടും ചേർന്ന് മലയാളം പള്ളിക്കൂടങ്ങളും സ്ഥാപിതമായി. പള്ളിക്കര പോലെയുള്ള ചില പള്ളികൾ മാർ ദീവന്നാസ്യോസിന് നേരത്തെ നൽകിയിരുന്ന ഉടമ്പടിയെ ധിക്കരിച്ച് അവകാശം സ്ഥാപിക്കാൻ മാത്യൂസ് മാർ അത്താനാസ്യോസ് ശ്രമിച്ചത് പരാജയപ്പെടുകയും ചെയ്തിരുന്നു. ഈയവസരത്തിൽ തന്നെയാണ് സുറിയാനി കത്തോലിക്കരുടെ പ്രമുഖ വൈദികൻ നിധീരിക്കൽ മാണിക്കത്തനാരും ആയിച്ചേർന്ന് 1880-നോട് അടുത്ത് നസ്രാണി ജാത്യൈക്യസംഘം (Syrian National Society)[29] സ്ഥാപിച്ചതും അതിന്റെ ആഭിമുഖ്യത്തിലുള്ള നിരവധി സാമൂഹ്യ പ്രവർത്തനങ്ങൾക്ക് രൂപരേഖയുണ്ടാക്കിയതും. പക്ഷേ, കത്തോലിക്കാ വൈദിക മേലദ്ധ്യക്ഷസ്ഥാനത്തുനിന്നുണ്ടായ എതിർപ്പുനിമിത്തം ആ പദ്ധതി വിജയിച്ചില്ല. അതിനുവേണ്ടി വാങ്ങിയ സ്ഥലത്തിന്റെ മുഴുവൻ സാമ്പത്തികഭാരവും മാർ ദീവന്നാസ്യോസ് ഏറ്റെടുക്കേണ്ടതായി വന്നുവെങ്കിലും, ആ സ്ഥലത്താണ് 1888-ൽ തന്റെ മുൻഗാമി സെമിനാരി സ്ഥാപകന്റ നാമത്തിൽ എം.ഡി. സെമിനാരി പണിയിക്കുകയും, 1893-ൽ അവിടെ പ്രസിദ്ധമായ കോട്ടയം എം.ഡി. സെമിനാരി സ്കൂൾ പടുത്തുയർത്തുകയും ചെയ്തത്. ഇതോടെ കോട്ടയം സെമിനാരി 'പഴയസെമിനാരി' എന്നപേരിൽ വിളിക്കപ്പെടാൻ തുടങ്ങി. സ്കൂൾ കെട്ടിടം പണിയുവാൻ ഒരു പുതിയ സാമ്പത്തിക സമാഹരണശ്രമം, അതായത് ഒരു ലോട്ടറി (ഷോടതി) നടത്തി, വിജയിപ്പിക്കുവാനും മാർ ദീവന്നാസ്യോസിനും കമ്മിറ്റിക്കും സാധിച്ചു. ഇതേ കാമ്പസിൽ മാർ ദീവന്നാസ്യോസിന്റെ പ്രോത്സാഹനത്താലും, സഹകരണത്താലും 1890-ൽ കണ്ടത്തിൽ വർഗീസ് മാപ്പിള മലയാള

മനോരമ പത്രം ആരംഭിച്ചു. കൂടാതെ സെമിനാരി കേസിൽ, തോമസ് അത്താനാസ്യോസ് ഹൈക്കോടതി വിധിയിന്മേൽ റോയൽക്കോടതിയിൽ അപ്പീൽ കൊടുത്തതും 1889 മിഥുനം 30-ന് മാർ ദീവന്നാസ്യോസിന് അനുകൂലമായി വിധിയുണ്ടായി.[30] അതോടെ, നവീകരണവിഭാഗം 'മലങ്കര മാർത്തോമ്മാ സഭ'യെന്ന പേരിൽ വേറൊരു സഭയായി പ്രവർത്തനം ആരംഭിച്ചു.

ഇതേ കാലഘട്ടത്തിലാണ് കത്തോലിക്കാ വൈദികനായ ഫാദർ അൽവാറീസ് ഒരു വലിയ സമൂഹത്തോടൊപ്പം ("സ്വതന്ത്രീയ കത്തോലിക്കാ സഭ")[31] സുറിയാനി സഭയിൽ ചേർന്നത്. അദ്ദേഹത്തെ അവരുടെയും ഗോവയുടെയും മെത്രാനായി അൽവാറീസ് മാർ യൂലിയോസ് എന്ന പേരിൽ 1889 ജൂലായ് 29-ന് കോട്ടയം സെമിനാരി ചാപ്പലിൽ വച്ച് വാഴിച്ചു. അതേ തുടർന്ന് റെനിവിലാത്തിയെന്ന അമേരിക്കൻ ഓൾഡ് കാത്തലിക് ചർച്ച് വൈദികനും 1892-ൽ സുറിയാനിസഭയിൽ അംഗമായി, മാർ ദീവന്നാസ്യോസ് നിയോഗിച്ച മലങ്കരസഭാ മേല്പട്ടക്കാരിൽ നിന്ന് ശ്രീലങ്കയിൽ വച്ച് റെനിവിലാത്തി മാർ തീമോത്തിയോസ് എന്ന പേരിൽ മെത്രാനായി[32] അമേരിക്കക്കായി നിയോഗിക്കപ്പെട്ടു. 1891-ൽ സാമൂഹിക പ്രസക്തിയുള്ള മറ്റൊരു സംഭവത്തിനും മാർ ദീവന്നാസ്യോസ് പ്രധാന പങ്കാളിയായി. നാട്ടുകാരായ അഭ്യസ്തവിദ്യർക്കും സർക്കാർ നിയമനങ്ങളിൽ നീതിപൂർവ്വമായ അവസരങ്ങൾ ഉണ്ടാക്കുവാൻ പ്രധാനമായി നായർ-നസ്രാണി വിഭാഗങ്ങൾ സഹകരിച്ച് ഒരു മെമ്മോറാണ്ടം സർക്കാരിനു നൽകി. അതിന് 1891-ലെ "മലയാളി മെമ്മോറിയൽ" എന്ന് കേരള ചരിത്രത്തിൽ പേരുണ്ട്. സെമിനാരി അധീനത്തിലായതോടെ, സെമിനാരിയോടനുബന്ധിച്ചുണ്ടായിരുന്ന മാർത്തോമ്മാ അച്ചുകൂടത്തിൽ 'ഇടവകപത്രിക' എന്ന സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണവും 1892-ൽ ആരംഭിച്ചു. മാർ ദീവന്നാസ്യോസിന് വിശ്വസ്തനും, പ്രഗത്ഭനും ആയിരുന്ന ഇടവഴിക്കൽ ഇം. എം. ഫിലിപ്പ് അതിന്റെ പത്രാധിപരായി പ്രവർത്തിച്ചു. 1892 മാർച്ച് 30, 31 തീയതികളിൽ കോട്ടയം സെമിനാരിയിൽ കൂടിയ മലങ്കര അസോസ്സിയേഷൻ വട്ടിപ്പണപ്പലിശ വാങ്ങുന്നതിനും മറ്റും ട്രസ്റ്റിമാരെ തെരഞ്ഞെടുത്തു. പ്രസ്തുത അസോസ്സിയേഷനിൽ മാർ ദീവന്നാസ്യോസിന് പട്ടക്കാരുടെ വകയായി അംശവടി, മംഗളപത്രം മുതലായവ സമ്മാനിച്ചു.[33] 1892 മിഥുനം 30-ന് തെക്കൻ ഭദ്രാസനങ്ങളായ നിരണം, തുമ്പമൺ, കൊല്ലം ഭദ്രാസനങ്ങളിലെ വൈദികരുടെ ക്ലിറിക് സംഘയോഗം പരുമലയിൽ കൂടി സഭയെ ആത്മീയമായി ശക്തിപ്പെടുത്തുവാൻ പല പുതിയ തീരുമാനങ്ങളും പരുമല തിരുമേനിയുടെ അദ്ധ്യക്ഷതയിൽ എടുത്തതിൽ, മാർ ദീവന്നാസ്യോസ് അതീവ സന്തുഷ്ടനായിരുന്നു.

## 35. മാർ ദീവന്നാസ്യോസ് മലങ്കരയുടെ മഹാനായ മെത്രാപ്പോലീത്താ

1893-ൽ പാലക്കുന്നത്ത് തോമസ് അത്താനാസ്യോസ് കാലം ചെയ്തു. മാർത്തോമ്മാ സഭ സ്വന്തമായി ഒരു വഴിയിലേക്ക് മാറി. മലങ്കരസഭയും, അതിന്റെ അദ്ധ്യക്ഷ മെത്രാപ്പോലീത്തായും, മലയാളത്തിലെ നസ്രാണികളുടെ പൗരാണികവും ദേശീയവുമായ സഭാപൈതൃകത്തിന്റെ കരുത്തിലേക്ക് തിരിച്ചെത്തി. തൃശൂർ ഒരു പള്ളി പണിയുവാൻ വേണ്ടി ഒരു സ്ഥലം 1894-ൽ സമ്പാദിക്കുവാൻ സാധിച്ചതിൽ മാർ ദീവന്നാസ്യോസിന് വലിയ ചാരിതാർത്ഥ്യം ഉണ്ടായിരുന്നു. ദൈവകരുതലിന്റെ ഒരു വിജയഗാഥ പൂർത്തീകരിച്ച സംതൃപ്തിയോടെ, കോട്ടയം സെമിനാരിയിൽ വച്ച് 1895 നവംബർ 21 മുതൽ 23 വരെ കൂടിയ മലങ്കര അസോസ്സിയേഷനിൽ മാർ ദീവന്നാസ്യോസ് ഭരണം ഒഴിയുവാൻ ആഗ്രഹിക്കുന്നു എന്ന് പ്രഖ്യാപിച്ചു. പക്ഷേ അത് നടപ്പിലാക്കാൻ ആത്മീയമക്കളുടെ സമ്മർദ്ദം മൂലം ശ്രമിച്ചില്ല. പരുമല തിരുമേനിയും സംഘവും 1895-ൽ നടത്തിയ വിശുദ്ധനാട് തീർത്ഥാടനം ചരിത്രപ്രസിദ്ധമാണ്. ആയതിന് പ്രത്യേക അനുഗ്രഹവും പിന്തുണയും മാർ ദീവന്നാസ്യോസ് നൽകിയതിന്റെ തെളിവാണ്, തിരിച്ചുവന്ന പരുമലതിരുമേനിയുടെ താല്പര്യപ്രകാരം മാർ ദീവന്നാസ്യോസ് എം. ഡി. കാമ്പസിൽ മാർ ഏലിയാ ദീർഘദർശിയുടെ നാമത്തിൽ 1896-ൽ ഒരു പള്ളി സ്ഥാപിച്ചത്. വിശുദ്ധനാട് തീർത്ഥാടനത്തിൽ, കപ്പൽ യാത്രയ്ക്കിടെ ഭയങ്കരമായ കടൽക്ഷോഭത്തിൽനിന്ന് രക്ഷപെട്ടത് ഏലിയാ ദീർഘദർശിയുടെ മധ്യസ്ഥപ്രാർത്ഥന യാചിച്ചപ്പോഴായിരുന്നു.

മാർത്തോമ്മാ സഭയുടെ അവകാശവാദങ്ങൾ ചില പള്ളികളുടെമേൽ ഉണ്ടായിരുന്നത് ഓരോന്നായി ഒഴിയുന്ന കോടതിവിധികൾ ഉണ്ടായിക്കൊണ്ടിരുന്നു. എം.ഡി. സെമിനാരിയിൽ മലങ്കരസഭാംഗങ്ങളുടെ ഒരു സംസ്കാരികവും സാമുദായികവുമായ കൂട്ടായ്മ 1897-ൽ (1072 മേടം) ആരംഭിച്ചു. അതിന് മലങ്കര സുറിയാനി മഹാജനസഭ എന്ന് പേരിട്ടു. ആയതിന് പ്രത്യേക സാമൂഹ്യസമ്മേളനവും കൂടുവാൻ തുടങ്ങി. ഇവയുടെ ആരംഭത്തിന് മാർ ദീവന്നാസ്യോസിന്റെ പ്രത്യേക ഉത്സാഹം വ്യക്തമായിരുന്നു. മാർ ദീവന്നാസ്യോസിന്റെ ജീവിതത്തിലെ രണ്ട് അഭിലാഷങ്ങൾ കൂടി യഥാക്രമം 1897-ലും 1900-ലും സഫലമായി. പഴയ സെമിനാരി പള്ളിയുടെ അറ്റകുറ്റം തീർത്ത് കൂദാശ ചെയ്യുവാൻ 1897 വൃശ്ചികത്തിലും, തിരുവനന്തപുരം സെന്റ് ജോർജ്ജ് പള്ളിയുടെ പണിപൂർത്തിയായി കൂദാശ ചെയ്യുവാൻ 1900 വൃശ്ചികത്തിലും സാധിച്ചു.

## 36. മൂന്നു നിർണ്ണായക കേസ്സുകളിലെ അനുകൂല പരിസമാപ്തി

മാർ ദീവന്നാസ്യോസ്, സെമിനാരി കേസ്സിൽ അന്തിമ വിജയം നേടി

യതോടെ, വേറേ മൂന്നു കേസ്സുകളും അനുകൂല പരിസമാപ്തിയിൽ എത്തി. നേരത്തേ തന്നെ ആർത്താറ്റ് ഇടവകട്രസ്റ്റിന്റെ കാര്യത്തിൽ ഒരു കേസ് നടന്നുകൊണ്ടിരിക്കയായിരുന്നു. അത് 'ആർത്താറ്റ് പള്ളിക്കേസ്സ്' എന്ന് അറിയപ്പെട്ടു. ദീവന്നാസ്യോസ് തിരുമനസ്സിലെ ഇടവകപ്പള്ളിയായ ആർത്താറ്റ് പള്ളിയിൽ രണ്ടു പ്രമുഖ കുടുംബങ്ങൾ തമ്മിലുള്ള മത്സരം, സഭാപ്രശ്നമായി പരിണമിച്ചു. ഒരു കക്ഷി പാലക്കുന്നത്തു മെത്രാച്ചനെ പള്ളിയിലേക്ക് ക്ഷണിച്ചപ്പോൾ മറ്റേ കക്ഷി എതിർത്തു. ഇത് പള്ളിക്കേസ്സായി. 1069-ൽ ആരംഭിച്ച കേസ്, അവസാനം റോയൽ കോടതി വരെ എത്തി. 1080-ൽ അന്തിമ വിധി മാർ ദീവന്നാസ്യോസിന് അനുകൂലമായി.

കോട്ടയം ചെറിയപള്ളിയുടെ അവകാശത്തിനായി, നവീകരണാനുകൂലിയായിരുന്ന പുന്നത്ര ചണ്ടപ്പിള്ളക്കത്തനാരുമായി 1054-ൽ ഉണ്ടായ കേസ്സിൽ 1076-ലെ ഹൈക്കോടതി വിധിയോടെ നവീകരണാനുകൂലികൾ പുറത്തായിരുന്നു.[34]

മേല്പറഞ്ഞ രണ്ടിനെയും മകുടമണിയിക്കുന്നതാണ് 'വട്ടിപ്പണക്കേസ്സ്' എന്നറിയപ്പെടുന്ന കേസ്സിന്റെ ഒന്നാംഘട്ട[35] സമാപ്തി. മലങ്കരസഭയുടെ വികസനപ്രവർത്തനത്തിനായി ഏഴാം മാർത്തോമ്മാ, ഈസ്റ്റിൻഡ്യാക്കമ്പനിയിൽ നിക്ഷേപിച്ചിരുന്ന 'വട്ടിപ്പണം' (സ്ഥിരനിക്ഷേപം) പലിശനേടിത്തന്നുകൊണ്ടിരുന്നതിന്റെ അവകാശത്തിന്, നവീകരണചായ്വുള്ള ചാണ്ടപ്പിള്ളക്കത്തനാർ മാർ ദീവന്നാസ്യോസിന് എതിരായി നിലപാടെടുത്തു. ബ്രിട്ടീഷ് റസിഡന്റ് ഇന്റർപ്ലീഡർ കേസ്സുകൊടുത്ത്, അവകാശം പറയുന്ന കക്ഷികൾക്ക് അവകാശം സ്ഥാപിക്കാൻ അവസരം ഉണ്ടായി. 1075-ൽ ആരംഭിച്ച കേസ്സ് 1077-ൽ മാർ ദീവന്നാസ്യോസിനും കൂട്ടുട്രസ്റ്റികൾക്കും അനുകൂലമായി വിധിച്ചു. അങ്ങനെ വട്ടിപ്പണപ്പലിശ കുടിശികയോടെ മാർ ദീവന്നാസ്യോസ് വാങ്ങി സഭയുടെ അഭിമാനം രക്ഷിച്ചു.

## 37. പൗരോഹിത്യ സുവർണ്ണ ജൂബിലി

1901 ഏപ്രിൽ 24, 25 തീയതികളിൽ (1076 മേടം) പഴയസെമിനാരിയിൽ കൂടിയ അസോസ്സിയേഷൻ പ്രത്യേക പരിഗണനയ്ക്കെടുത്ത ഒരു വിഷയം മാർ ദീവന്നാസ്യോസിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആയിരുന്നു. വൈദികനായിട്ട് അമ്പതാം വർഷത്തിലേക്ക് 1901-ൽ പ്രവേശിക്കുന്ന പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി സഭയുടെ മുഴുവൻ ചുമതലയിൽ ആഘോഷിക്കുവാൻ തീരുമാനിച്ചു. 1901 (നവംബർ 25-ന് (1077 വൃശ്ചികം 12-ന്) സെമിനാരി സ്ഥാപകന്റെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് ജൂബിലി ആഘോഷം നടത്തുവാൻ തീരുമാനിക്കയും ആയതിന് കടവിൽ പൗലൂസ് മാർ അത്താനാസ്യോസ്, മുറിമറ്റത്തിൽ പൗലൂസ് മാർ ഈവാനിയോസ്, ചാത്തുരുത്തിൽ ഗീവർഗീസ് മാർ

ഗ്രീഗോറിയോസ് (പരുമലതിരുമേനി), വട്ടശ്ശേരിൽ ഗീവർഗീസ് മല്പാൻ, കാരുചിറ ഗീവർഗീസ് റമ്പാൻ, ഇടവഴിക്കൽ ഇ. എം. ഫിലിപ്പ് മുതലായ വർ പ്രത്യേക നേതൃത്വവും നൽകി ഒരുക്കങ്ങൾ നടന്നു. ആഘോഷം കോട്ടയത്തിന്റെ ചരിത്രത്തിലെ മഹാസംഭവമായിരുന്നു. പ്രസ്തുത ആഘോഷത്തെപ്പറ്റി മലയാള മനോരമ, ഇടവകപത്രിക മുതലായവ യിലും, വാകത്താനത്ത് (വള്ളിക്കാട്ട്) ബാവായുടെ ഡയറിയിലും, മറ്റു പല സമകാലീന കുറിപ്പുകളിലും ഒക്കെ വിശദീകരിച്ചിരുന്നു. 1901 വൃശ്ചികം 12-ന് തിങ്കളാഴ്ച ആയിരുന്നു പ്രധാന ആഘോഷം. എം. ഡി. സെമിനാരിയിൽ ആരംഭിച്ച് പഴയസെമിനാരിയിൽ പൂർത്തീകരിക്കുന്ന രീതിയിലായിരുന്നു സമ്മേളന സജ്ജീകരണം. അന്ന് നേരം വെളുത്തപ്പോ ഴേക്കും കോട്ടയം പട്ടണം മുഴുവൻ ആളുകളെക്കൊണ്ട് നിറഞ്ഞു കഴിഞ്ഞു. പഴയസെമിനാരിയിൽ നടന്ന വിശുദ്ധ മൂന്നിന്മേൽ കുർബ്ബാ നയ്ക്ക് പ്രധാന ത്രോണോസിൽ ജൂബിലേറിയൻ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും, ഇരുവശങ്ങളിലും മുറിമറ്റത്തിൽ മാർ ഈവാനി യോസും പരുമല മാർ ഗ്രീഗോറിയോസും വി. കുർബ്ബാന അർപ്പിച്ചു. സമൂ ഹസദ്യയ്ക്ക് ആയിരത്തിഇരുനൂറുപറ അരി വെച്ചുവെന്നും, ഇരുപത്തയ്യാ യിരം പേരോളം ഭക്ഷണം കഴിച്ചെന്നും ഇടവകപത്രിക റിപ്പോർട്ടു ചെയ്തു. എം. ഡി. യിൽ നിന്ന് പഴയസെമിനാരിയിലേക്ക് ഘോഷയാത്ര, ജൂബിലി സമ്മേളനം എന്നിവ അതിഗംഭീരമായി നടന്നു. അലങ്കാരങ്ങളും വാദ്യഘോഷങ്ങളും, ഘോഷയാത്രയും അതിശയകരമായിരുന്നു. ജൂബിലി സമ്മേളനത്തിന്റെ ആരംഭമായി എം.ഡി. യിൽ വച്ച് ആശംസാ പ്രസംഗങ്ങൾ കഴിഞ്ഞു ഘോഷയാത്രയായി പഴയസെമിനാരിയിൽ എത്തി. അവിടെ മംഗളപത്രസമർപ്പണവും, പാരിതോഷികസമർപ്പണവും, മറുപടി പ്രസംഗവും നടന്നു.[36]

## 38. ആത്മീയമേഖലയിൽ ഒരു ആളിക്കത്തൽ, പക്ഷേ ഒരു അകാലവിയോഗത്തിന്റെ ദുഃഖവും

സമസ്തമേഖലകളിലും കൃതഹസ്തനായി, യുഗശില്പിയുടെ സംതൃ പ്തിയോടെ ജീവിത സായാഹ്നത്തിലേക്ക് പ്രവേശിക്കുന്ന മാർ ദീവന്നാ സ്യോസിനെയാണ് 1901 മുതൽ ദർശിക്കുന്നത്. തന്റെ മനസ്സിൽ രണ്ട് ലക്ഷ്യങ്ങൾ ഉള്ളതുപോലെ തോന്നി. ഒന്ന്, സഭയുടെ ഭാവിനേതൃത്വത്തെ നിർണ്ണയിച്ച് കാര്യങ്ങൾ അവരെ ഭരമേല്പിക്കുക. രണ്ട്, സഭയുടെ ആത്മീയ വളർച്ചയ്ക്കും സാക്ഷ്യത്തിനും ആവശ്യമായ കാര്യങ്ങൾ ശക്തിപ്പെടുത്തുക. ഇവയിൽ ഒന്നാമത്തെ കാര്യത്തെക്കുറിച്ചുള്ള കണക്കുകൂട്ടലുകൾക്കിടയിലാണ്, ഒരു അകാലവിയോഗത്തിന്റെ ദുഃഖം പേറേണ്ടിവന്നത്. പരുമല കൊച്ചുതിരുമേനി, വലിയ തിരുമേനിക്ക് യഥാർ ത്ഥത്തിൽ 'ഉത്സാഹവും', 'ആശ്രയ'വും, 'സമാധാന'വും ആയിക്കഴിഞ്ഞി

രുന്നു. ഭരണകാര്യത്തിലാണെങ്കിലും, ആത്മീയ നേതൃത്വശക്തിയിലാണെങ്കിലും, മനുഷ്യബന്ധങ്ങളിലാണെങ്കിലും, അന്ന് പരുമല തിരുമേനിയ്ക്ക് സമശീർഷനായി മറ്റൊരാളെ കാണാനില്ലായിരുന്നു. അതുകൊണ്ട് സ്വാഭാവികമായും വലിയതിരുമേനിക്ക് ഭാവിനേതൃത്വത്തെക്കുറിച്ച് അധികമൊന്നും ചിന്തിച്ചു ഭാരപ്പെടേണ്ടെന്നും തോന്നി. പക്ഷേ, ദൈവഹിതം മറിച്ചായിരുന്നു. ഉദരരോഗത്താൽ ക്ഷീണിതനായി കൊച്ചു തിരുമേനി, 1902 നവംബർ 2-ന് ലോകത്തോടു വിടപറഞ്ഞു. അതൊരു മഹാദുഃഖമായി മാർ ദീവന്നാസ്യോസിന് അനുഭവപ്പെട്ടുവെങ്കിലും ദൈവഹിതത്തിന് വിധേയപ്പെട്ടു. പരുമലതിരുമേനിയുടെ ശിഷ്യനും, തനിക്ക് പ്രിയങ്കരനുമായിത്തീർന്ന പണ്ഡിതനും, കാര്യശേഷി തെളിയിച്ചവനുമായ വട്ടശ്ശേരിൽ ഗീവർഗീസ് മല്പാനെ സഭയുടെ ഭാവി ദർശനത്തിന്റെ ഭാഗമായി മാർ ദീവന്നാസ്യോസ് കരുതാൻ തുടങ്ങി. അങ്ങനെ പരുമല തിരുമേനിയുടെ ദേഹവിയോഗ ഒന്നാം വാർഷികത്തോട് ചേർന്ന് വട്ടശ്ശേരിൽ മല്പാനെ റമ്പാനും ആക്കി. സഭയ്ക്ക് സമഗ്രമായ അഭിവൃദ്ധിക്കുവേണ്ടിയുള്ള കാര്യങ്ങളിലേക്ക് തുടർന്നും ശ്രദ്ധ കൊടുത്തു. വടക്കൻ മേഖലയിൽ പ്രവർത്തനം ആരംഭിച്ച ''മലബാർ ത്രീസായ് ശുബഹോ സമൂഹ"വും,[37] മറ്റു ചിലയിടങ്ങളിൽ പ്രവർത്തിച്ച "സുറിയാനി ക്രിസ്ത്യാനി അഭിവൃദ്ധിനീസംഘ"വും[38] മറ്റു ചിലയിടങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന "വേദവായനസംഘ"വും,[39] മറ്റൊരു പ്രസ്ഥാനമായി പ്രവർത്തിച്ച "ക്രിസ്തീയ കുടുംബ സഹായസംഘ"വും,[40] സുവിശേഷ പ്രസ്ഥാനമായി തുടങ്ങിയ "മലങ്കര സുറിയാനി സുവിശേഷ സമൂഹ" വും,[41] ഒക്കെ തുടങ്ങിവച്ച ആത്മീയ വിപ്ലവം സഭയ്ക്ക് മുതലാക്കാൻ മാർ ദീവന്നാസ്യോസ് പ്രത്യേകിച്ച് ശ്രദ്ധിച്ചു. അതിന്റെ ഫലമായി 1903 മേടം 20-ന് വൈദികർക്കായി "അഖില മലങ്കര വൈദികസംഘം" എം.ഡി. സെമിനാരിയിൽ ആരംഭിച്ച് വൈദികരുടെ ദൗത്യശക്തീകരണത്തിനും ക്ഷേമപ്രവർത്തനങ്ങൾക്കും ആരംഭമിട്ടു. 'സുറിയാനി സുവിശേഷകൻ' എന്ന സുവിശേഷ മാസികയുടെ പ്രചാരത്തിനായി 1907-ൽ പ്രത്യേക കല്പന ഇറക്കി. സഭാംഗങ്ങളായ വിദ്യാർത്ഥികളെ സഭയുമായി ചേർത്തു നിർത്തി അവർക്ക് ആത്മീയ നേതൃത്വം നൽകാൻ 1908-ൽ 'വിദ്യാർത്ഥി പ്രസ്ഥാനം' (സിറിയൻ വിദ്യാർത്ഥി കോൺഗ്രസ്) ആരംഭിച്ചു. മുമ്പ് പരാമർശിക്കപ്പെട്ട മിക്ക ആത്മീയ പ്രസ്ഥാനങ്ങളുടെയും ഒരു പ്രധാന പ്രവർത്തനമായി നടത്തിയിരുന്നത് സണ്ടേസ്കൂൾ ബോധനം ആയിരുന്നു എന്നതുകൊണ്ട്, സണ്ടേസ്കൂൾ, 1908 ആയപ്പോഴേക്കും സഭ മുഴുവനും ശക്തിയാർജ്ജിച്ച ആത്മീയപ്രസ്ഥാനമായി വളർന്നിരുന്നു. ഇതിനിടയിൽ 1907 നവംബർ 2-ന് കടവിൽ പൗലൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ കാലം ചെയ്ത വാർത്തയും മാർ ദീവന്നാസ്യോസിനെ "ഗൃഹകാര്യം ക്രമത്തിലാക്കു"വാൻ നിർബന്ധിച്ചു.

## 39. രോഗലക്ഷണങ്ങൾ, പിൻഗാമി നിർണ്ണയം

വാതരോഗത്തിന്റെ ചില ലക്ഷണങ്ങൾ തിരുമേനിയിൽ കണ്ടുതുടങ്ങിയതിനെ ആദ്യമൊന്നും കാര്യമായി എടുത്തില്ല. എന്നാൽ ബന്ധപ്പെട്ടവരെ വിളിച്ച് എത്രയുംവേഗം മലങ്കര അസോസ്സിയേഷൻ വിളിച്ചുകൂട്ടുവാൻ നിർദ്ദേശം നൽകുകയും, തന്റെ എഴുപത്തിഅഞ്ച് വയസ്സ് പൂർത്തിയായ സന്ദർഭത്തിൽ തന്നെ പിൻഗാമിയെ നിർണ്ണയിക്കാൻ അസോസ്സിയേഷൻ കൂടുന്നതിന് കല്പന അയപ്പിക്കയും ചെയ്തു. അങ്ങനെ 1908 ഫെബ്രുവരി 27-ന് (1083 കുംഭം 15) പഴയസെമിനാരിയിൽ മാർ ദീവന്നാസ്യോസിന്റെ അദ്ധ്യക്ഷതയിൽ അസോസിയേഷൻ സമ്മേളിച്ചു. പ്രധാന വിഷയങ്ങൾ രണ്ടെണ്ണമായിരുന്നു. മെത്രാൻ സ്ഥാനത്തേക്ക് രണ്ടു പേരെ നിശ്ചയിക്കുക, അതിലൊരാളെ മലങ്കര മെത്രാപ്പോലീത്തായുടെ പിൻഗാമിയായും തീരുമാനിക്കുക. സെമിനാരി മല്പാൻ ആയിരുന്ന വട്ടശ്ശേരിൽ ഗീവർഗീസ് റമ്പാനെയും, പഴയസെമിനാരി മാനേജർ ആയിരുന്ന കൊച്ചുപറമ്പിൽ പൗലൂസ് റമ്പാനെയും മെത്രാൻ സ്ഥാനത്തേക്ക് ഐകകണ്ഠ്യേന തിരഞ്ഞെടുത്തു (യഥാർത്ഥത്തിൽ ഇവരെ 1903-ൽ പരുമലതിരുമേനിയുടെ മുപ്പതാം അടിയന്തിരസമ്മേളനം തന്നെ നാമനിർദ്ദേശം ചെയ്തിരുന്നതാണ്). ഇവരിൽ വട്ടശ്ശേരിൽ റമ്പാച്ചനെ മലങ്കര മെത്രാപ്പോലീത്തായുടെ പിൻഗാമിയായും തീരുമാനിച്ചു. ഇവരെ മെത്രാൻ സ്ഥാനത്തേക്ക് ഉയർത്തുവാൻ, അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അടുത്തേക്ക് അയക്കുന്ന നടപടികളിലേക്കും മാർ ദീവന്നാസ്യോസ് പ്രവേശിച്ചു.

## 40. നിയുക്ത മെത്രാന്മാരുടെ ശീമയാത്ര, മെത്രാൻ സ്ഥാനാഭിഷേകം, പിൻഗാമിയെ അധികാരപ്പെടുത്തൽ

നിയുക്തമെത്രാന്മാർ യരുശലേമിൽ എത്തി 1908 മെയ് 31-ന് അന്ത്യോഖ്യാ പാത്രിയർക്കീസ് അബ്ദുള്ളാ രണ്ടാമനിൽ നിന്ന് മേല്പട്ട സ്ഥാനം പ്രാപിച്ചു. ഗീവർഗീസ് റമ്പാനെ ഗീവർഗീസ് മാർ ദീവന്നാസ്യോസ് എന്ന പേരിലും, പൗലൂസ് റമ്പാനെപൗലൂസ് മാർ കൂറിലോസ് എന്ന പേരിലും മേല്പട്ടക്കാരായി വാഴിച്ച് സ്ഥാനപത്രങ്ങൾ (സുസ്താത്തിക്കോൻ) നൽകി. അവർ 1908 ജൂലായ് 17-നു കോട്ടയത്തു തിരിച്ചെത്തി. അവരെ സ്വീകരിക്കുവാൻ 1908 നവംബർ 26-ന് (1084 വൃശ്ചികം 11) മാനേജിംഗ് കമ്മിറ്റി കൂടുകയും ആയതിൽ വലിയ മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. മാനേജിംഗ് കമ്മിറ്റി സ്ഥാനാഭിഷേകകാര്യം രേഖപ്പെടുത്തുകയും, ഗീവർഗീസ് ദീവന്നാസ്യോസിനെ മലങ്കര മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റും പിൻഗാമിയുമായി നിയമിക്കയും ചെയ്തു. പ്രായാധിക്യവും ക്ഷീണവും മൂലം സകല

ചുമതലകളിൽ നിന്നും ഒഴിയുവാനും, ചുമതലകൾ പിൻഗാമിയെ ഏല്പിക്കുവാനും ആഗ്രഹിക്കുന്നതായി ജോസഫ് മാർ ദീവന്നാസ്യോസ് യോഗത്തെ അറിയിച്ചുവെങ്കിലും, മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്ത് തുടർന്നുകൊണ്ട് ആവശ്യാനുസരണം മാത്രം ചുമതലകൾ ഏല്പിക്കുവാൻ യോഗം സമ്മതിച്ച് അപേക്ഷിക്കുന്ന പ്രമേയം പാസ്സാക്കി. മാർ ദീവന്നാസ്യോസിനെ തന്റെ പിൻഗാമിയായി അംഗീകരിച്ച്, മെത്രാപ്പോലീത്തൻ ട്രസ്റ്റി എന്നനിലയിൽ വട്ടിപ്പണപ്പലിശ അദ്ദേഹത്തിന് കൊടുക്കുവാൻ തക്കവണ്ണം അധികാരപ്പെടുത്തുന്ന എഴുത്ത് ബ്രിട്ടീഷ് റസിഡന്റിന് 1909 മെയ് മാസം 28-നു മാർ ജോസഫ് ദീവന്നാസ്യോസ് എഴുതി. ഇക്കാര്യത്തിൽ കൂട്ടുട്രസ്റ്റികളായ കോനാട്ട് മാത്തൻ മല്പാനിൽ നിന്നും, സി. ജെ. കുരിയനിൽ നിന്നും നിയുക്ത മെത്രാപ്പോലീത്തൻ ട്രസ്റ്റിയുടെ ഒപ്പ് സാക്ഷ്യപ്പെടുത്തുന്ന കത്ത് ബ്രിട്ടീഷ് റസിഡന്റിന്റെ ആവശ്യപ്രകാരം അവരും നൽകി നടപടി പൂർത്തീകരിച്ചു.

## 41. 'സകലവും നിവൃത്തിയായി' - ശാന്തിതീരത്തേക്ക് യാത്രയും ആയി

ഔദ്യോഗികാസ്ഥാനമായ പഴയസെമിനാരി, പിൻഗാമിയെ ഏല്പിച്ചിട്ട്, വലിയ മെത്രാപ്പോലീത്താ കോട്ടയം ചെറിയപള്ളിലേക്ക് താമസം മാറി (വാതരോഗത്തിന്റെ കാഠിന്യ സൂചനയായി ഒരു വാതപ്പരു പ്രത്യക്ഷപ്പെട്ടു). മനസ്സിൽ സഭയെക്കുറിച്ചുള്ള ആകുലത വർദ്ധിപ്പാൻ, നാട്ടിലെത്തിയിരുന്ന ശീമമെത്രാൻ സ്ലീബാ മാർ ഒസ്താത്തിയോസിന്റെ ചില നീക്കങ്ങളും അതിനെ ശക്തീകരിക്കാൻ അന്ത്യോഖ്യാ പാത്രിയർക്കീസ് അബ്ദുള്ളാ രണ്ടാമൻ തന്നെ എഴുന്നെള്ളുവാൻ പോകുന്നു എന്ന വാർത്തയും, കാരണമാക്കി. തന്റെ അടുക്കലേക്ക് മെത്രാച്ചന്മാരെയും കൂട്ടുട്രസ്റ്റികളെയും അടിയന്തിരമായി ക്ഷണിച്ചു. കണ്ണീരിൽ കുതിർന്ന ഒരുപദേശം ആ വലിയ ഇടയൻ അവർക്കായി നൽകി. അബ്ദുള്ളാബാവാ വരാൻ പോകുന്നു എന്നു കേൾക്കുന്നു. സഭയിൽ അധികാരമത്സരങ്ങൾക്ക് അത് ഇടയാക്കിയേക്കാം. മെത്രാന്മാരും, കൂട്ടുട്രസ്റ്റിമാരും ഒന്നിച്ചു നിന്നാൽ ഒന്നും ഭയപ്പെടേണ്ടതില്ല എന്ന അർത്ഥത്തിൽ അവരെ അദ്ദേഹം ഉപദേശിച്ചു. അവർ അപ്രകാരം പ്രവർത്തിക്കുമെന്ന് ഉറപ്പും നൽകി യാത്ര പറഞ്ഞു. ലോകം വിട്ട് സ്വർഗ്ഗീയ പിതാവിന്റെ അടുത്തേക്ക് പോകാൻ സമയമായിയെന്ന് ഗ്രഹിച്ച് അന്ത്യകല്പനയും 1909 ഇടവം 28-ന് അയച്ചു. ഹൃദയസ്പർശിയായ അന്ത്യകല്പനയിൽ,[42] തൊഴുത്തിൽ നിന്ന് വേർപെട്ടുപോയവർ തിരിച്ചുവരാനുള്ള ഇടയന്റെ ആഗ്രഹവും, അത് അതുവരെ സാധിക്കാതെ പോകുന്നതിന്റെ ദുഃഖവും ആണ്, കണ്ണീരിൽ ചാലിച്ച വരികളായത്. സകലവും നിവൃത്തിയായെന്ന ഭാവത്തിൽ, 1084 മിഥുനം 28-നു (1909 ജൂലൈ 11) ഞായറാഴ്ച കോട്ടയം ചെറിയപള്ളിയിൽ വച്ച്

ആ മഹാനുഭാവൻ ശാന്തിതീരമണഞ്ഞു. രാത്രിയിൽ ചെറിയപള്ളിയിൽ തന്നെ ഭൗതികശരീരം വച്ച് ശുശ്രൂഷകൾ നടത്തി. 29-ാം തീയതിയിലെ കബറടക്കകാര്യങ്ങൾ, വാകത്താനത്ത് ബാവ (കാരുചിറ ഗീവർഗീസ് റമ്പാൻ) യുടെ ഡയറിയിൽ വിശദമായി കൊടുത്തിരിക്കുന്നു:

"..... അപ്പോൾ തിരുമേനിയുടെ മൃതശരീരത്തെ ചെറിയപള്ളി മദ്ബഹായിൽ പടിഞ്ഞാറോട്ട് മുഖമായി സ്ഥാനവസ്ത്ര ഭൂഷിതനായി ഇരുത്തിയിരിക്കയായിരുന്നു. മാർ ഒസ്താത്തിയോസ് ബാവാ കുർബ്ബാന ചൊല്ലുകയും കായംകുളം മീഖായേൽ കത്തനാർ മാർ പത്രോസ് പൗലോസ് ശ്ലീഹന്മാരെക്കുറിച്ചും തിരുമേനിയെക്കുറിച്ചും പ്രസംഗിക്കയും ചെയ്തു. അനന്തരം കൊഹനൈത്തായിൽ കുറെ ഭാഗം കഴിച്ചുകൊണ്ട് 12 മണിക്ക് മൃതശരീരത്തെ ചെറിയപള്ളിയിൽ നിന്നും സിമ്മനാരിയിലേക്ക് കരമാർഗ്ഗം പട്ടക്കാരും ശെമ്മാശ്ശന്മാരും കൂടെ വഹിച്ച് മെത്രാന്മാരുടെയും റമ്പാന്മാരുടെയും മറ്റ് ദുഃഖഗാനങ്ങളോടുകൂടി കൊണ്ടുപോയി. 1 മണിക്ക് അവിടെ എത്തി കൊഹനൈത്തായിൽ ഒരു തെശുമെശ്ത്താ കഴിച്ച് 2 മണിക്ക് കൈമുത്താരംഭിച്ചു. 4 മണിക്ക് അവസാനിക്കയും ചെയ്തു. പിന്നെ മദ്ബഹായിലേക്ക് കൊണ്ടുപോയി കിഴക്കോട്ട് മുഖമായി 3 പ്രാവശ്യം ഹൈക്കലായിൽ പടിഞ്ഞാറെ അറ്റത്തും തെക്കും വടക്കും വാതുക്കലും മുമ്മൂന്ന് പ്രാവശ്യം പുശ്ബശോമ്മോ ചൊല്ലിച്ചശേഷം കബറുങ്കലേക്ക് കൊണ്ടുപോയി ചൊല്ലുകളും നിവൃത്തിച്ച് കുഴിയിൽ ഇറക്കി കിഴക്കോട്ട് മുഖമായി ഇരുത്തി കുന്തിരിക്കവും മിക്കവാറും നിറച്ചിട്ട് പലകവച്ച് മൂടി മീതെ കല്ലും പണിതു. അനന്തരം മാർ ഒസ്താത്തിയോസ്, മാർ ദീവന്നാസ്യോസ് ഇവരുടെ പ്രസംഗവും കഴിഞ്ഞ് 5 മണിക്ക് ജനങ്ങൾ എല്ലാവരും പിരിഞ്ഞു."[43]

മാർ ദീവന്നാസ്യോസ് വലിയ മെത്രാപ്പോലീത്തായുടെ മുപ്പതാം അടിയന്തിരം വളരെ ഗംഭീരമായി കർക്കിടം 27-ന് ആചരിച്ചു. അടിയന്തിര സദ്യയ്ക്ക് ആയിരത്തിൽപരംപറ അരി ചിലവായി. പിറ്റെദിവസം, അതായത് കർക്കിടകം 28-ന് പുതിയ മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസിന്റെ സ്ഥാനാരോഹണവും ഗംഭീരമായി നടന്നു.

1 അപ്പോൾ "ഒന്നാമൻ" ആര് എന്ന് പറയേണ്ടിയിരിക്കുന്നു. "പുലിക്കോട്ടിൽ ജോസഫ് (യൗസേഫ്) മാർ ദീവന്നാസ്യോസ് ഒന്നാമൻ" കോട്ടയം സെമിനാരി (പഴയസെമിനാരി) യുടെ സ്ഥാപകനും 1816-ൽ കാലം ചെയ്ത് പഴയസെമിനാരിയിൽ കബറടങ്ങിയ മെത്രാപ്പോലീത്തായുമാണ്. അദ്ദേഹത്തെത്തന്നെയാണ് "ദീവന്നാസ്യോസ് രണ്ടാമൻ" എന്നും വിശേഷിപ്പിക്കുന്നത്. "ദീവന്നാസ്യോസ്" എന്നു മാത്രം പറയുമ്പോൾ, ഈ പേരിൽ മലങ്കര മെത്രാപ്പോലീത്തായായിരുന്ന ആറു പേരിൽ രണ്ടാമത്തെയാൾ എന്ന അർത്ഥത്തിലാണ് ദീവന്നാസ്യോസ്

രണ്ടാമൻ എന്ന് വിളിക്കുന്നത്. ഇദ്ദേഹത്തിന്റെ സഹോദര പൗത്രനാണ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ.

2 മലങ്കര മെത്രാപ്പോലീത്താമാരിൽ ആറു പേർ "ദീവന്നാസ്യോസ്" എന്ന അഭിധാനം ഉള്ളവരായിരുന്നു. ഒന്നാമത്തെ ദീവന്നാസ്യോസ്, അഥവാ ദീവന്നാസ്യോസ് ഒന്നാമൻ വലിയ മാർ ദീവന്നാസ്യോസ് എന്നും മാർത്തോമ്മാ ആറാമൻ എന്നും വിളിക്കപ്പെട്ട് 1808-ൽ കാലം ചെയ്ത് പുത്തൻകാവു പള്ളിയിൽ കബറടങ്ങി. ദീവന്നാസ്യോസ് രണ്ടാമൻ ആണ് പഴയസെമിനാരി സ്ഥാപകൻ (മുകളിലെ കുറിപ്പു കാണുക). ദീവന്നാസ്യോസ് മൂന്നാമൻ പുന്നത്ര മാർ ദീവന്നാസ്യോസ് എന്ന് അറിയപ്പെട്ട് 1825-ൽ കാലം ചെയ്ത് കോട്ടയം ചെറിയ പള്ളിയിൽ കബറടങ്ങി. ദീവന്നാസ്യോസ് നാലാമൻ, ചേപ്പാട്ട് മാർ ദീവന്നാസ്യോസ് എന്ന് അറിയപ്പെട്ട് 1855-ൽ കാലം ചെയ്ത് ചേപ്പാട് പള്ളിയിൽ കബറടങ്ങി. ദീവന്നാസ്യോസ് അഞ്ചാമന്റെ ചരിത്രം ഇവിടെ പറയുന്നു. ദീവന്നാസ്യോസ് ആറാമനാണ് വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മാർ ദീവന്നാസ്യോസ് എന്ന മലങ്കരസഭാ ഭാസുരൻ. 1934-ൽ കാലം ചെയ്ത് പഴയസെമിനാരിയിൽ കബറടങ്ങി.

3 ജനനത്തീയതി കൊല്ലവർഷപ്രകാരം, 1008 വൃശ്ചികം 24 എന്നത്, ക്രിസ്ത്വബ്ദത്തീയതി ആക്കിയപ്പോൾ ജീവചരിത്രകാരന്മാർ തമ്മിൽ വ്യത്യാസം കാണുന്നു. ആദ്യ ചരിത്രമായ എം. പി. വർക്കിയുടേതിൽ 1833 നവംബർ 12 എന്ന് കാണുന്നു. ഡോ. ജോസഫ് ചീരൻ പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങളിലും ലേഖനങ്ങളിലും 1832 നവംബർ 12 എന്നു കൊടുക്കുമ്പോൾ, മറ്റുള്ളവർ 1832 (3) ഡിസംബർ 7 എന്ന് കൊടുത്തിരിക്കുന്നു.

* അച്ചൻ എന്ന പദത്തിന് യജമാനൻ, തലവൻ എന്നെല്ലാമാണ് അർത്ഥം. കത്തനാർമാരുടെ തലവനെ അക്കാലത്ത് അച്ചനെന്ന് വിളിച്ചതിന്റെ ഉദാഹരണം അക്കാലത്തെഴുതിയ നിരണം ഗ്രന്ഥവരിയിൽ കാണാം. 1811-ലെ മലയാളം ബൈബിൾ വിവർത്തനത്തിൽ യജമാനൻ എന്ന അർത്ഥത്തിൽ അച്ചൻ എന്ന പദം പലതവണ ഉപയോഗിച്ചിട്ടുണ്ട്. - എഡിറ്റർ.

4 പാലൂർ പള്ളിയായി ഇന്ന് കത്തോലിക്കർ അവകാശപ്പെടുന്ന "പാലയൂർ' പള്ളി, യഥാർത്ഥത്തിൽ ശക്തൻതമ്പുരാന്റെ (കൊ. വ. 923-981; ക്രി. വ. 1751-1806) കാലംവരെയും തലപ്പള്ളിയായ ആർത്താറ്റ് പള്ളിയുടെ ചാവക്കാട് മാർ കുറിയാക്കോസ് ചാപ്പൽ ആയിരുന്നു. 'പാലയൂർ' എന്ന പേരുതന്നെ അടുത്തകാലത്തുണ്ടായതാണ്. ഉദയംപേരൂർ സുന്നഹദോസിനുശേഷമുള്ള അവകാശതർക്കത്തിൽ ശക്തൻ തമ്പുരാൻ തലപ്പള്ളിയായ പാലൂർപള്ളി അഥവാ ആർത്താറ്റ് പള്ളിയെ സുറിയാനിക്കാർക്കും, ചാവക്കാട് ചാപ്പലിനെ കത്തോലിക്കർക്കുമായി കുറിയിട്ടു നൽകുകയാണുണ്ടായത് (വിശദവിവരത്തിന്, ഫാ. ഡോ. ജോസഫ് ചീരന്റെ *ഇൻഡ്യൻ ഓർത്തഡോക്സ് സഭാചരിത്ര വിജ്ഞാനകോശം*, 'പാലൂർ', 'പാലയൂർ', 'ആർത്താറ്റുപള്ളി' എന്നീ ശീർഷകങ്ങൾ കാണുക). ഏതായാലും 'ചാവക്കാട്' പാലൂർ ആകാൻ സാദ്ധ്യത വളരെക്കുറച്ചേയുള്ളൂ. അതിലും കൂടുതൽ സാദ്ധ്യത ചാട്ടുകുളങ്ങര അഥവാ ആർത്താറ്റ്, പാലൂർ ആകാനാണ്.

5 'ചാട്ടുകുളങ്ങര പള്ളി'യെന്നും, 'പാലൂർ' പള്ളിയെന്നും അറിയപ്പെട്ട പള്ളി "ആർത്താറ്റ്" പള്ളിയായത് ചരിത്രത്തിന്റെ ഭാഗമാണ്. പതിനാറാം നൂറ്റാണ്ടിൽ

മലങ്കരയുള്ള പള്ളികളെ കത്തോലിക്കാ മേലധികാരത്തിൽ കൊണ്ടുവരാൻ, ആർച്ചുബിഷപ്പ് മെനസിസ് വിളിച്ചുകൂട്ടിയ ഉദയമ്പേരൂർ സുന്നഹദോസ് ചാട്ടുകുളങ്ങര-പാലൂർ പള്ളി ബഹിഷ്ക്കരിച്ചു. തുടർന്ന് പള്ളി നേരിട്ടു പിടിച്ചെടുക്കുവാൻ എത്തിയപ്പോൾ, വിശ്വാസികൾ യുദ്ധസന്നാഹത്തോടെ എതിർത്തു ("അയർത്തു"). കൊച്ചി രാജ്യത്തിന്റെ അറ്റത്തെ "അയർത്ത" പള്ളിയെന്ന അർത്ഥത്തിൽ "ആർത്താറ്റ്" എന്ന് പേരായിയെന്ന് പറയപ്പെടുന്നു (*മലങ്കരസഭാ വിജ്ഞാനകോശം*, പേജ് 93).

6 ഫാ. ഡോ. ജോസഫ് ചീരൻ, *ഇന്ത്യൻ ഓർത്തഡോക്സ് സഭാചരിത്ര വിജ്ഞാനകോശം*, പേജ് 485, 86. "പാലൂർ" കുറിപ്പ്.

7 തിരുവിതാംകൂറിൽ 1829 മുതൽ 1846 വരെ ഭരിച്ച സ്വാതിതിരുനാളിന്റെ കാലം, വിദ്യാഭിവൃദ്ധിക്ക് അവസരങ്ങൾ ഒരുക്കുന്നുണ്ടായിരുന്നു. അങ്ങനെ 1834-ൽ തിരുവനന്തപുരത്ത് ആദ്യത്തെ ഇംഗ്ലീഷ് സ്കൂൾ ആരംഭിച്ചു. കൊച്ചിയിൽ 1837 ആയപ്പോൾ തൃപ്പൂണിത്തുറയിലും തൃശൂരും ഇംഗ്ലീഷ് സ്കൂളുകൾ നിലവിൽ വന്നിരുന്നു.

8 സിറിയൻ സഭാപ്രദേശങ്ങൾക്ക് അഥവാ മദ്ധ്യപരസ്ത്യദേശത്തിന് പൊതുവെ സൂചിപ്പിക്കുന്ന പദമാണ് 'ശീമ'. "ശ്ഹീമോ' എന്ന സുറിയാനിപദത്തിന് "സാധാരണ" എന്ന അർത്ഥമാണ് ഉള്ളത്. സുറിയാനിയിലെ ദൈനംദിന സാധാരണ നമസ്ക്കാരത്തിന് 'ശീമ' ('ശ്ഹീമോ' ലോപിച്ച്) നമസ്ക്കാരം എന്നു പറയുമായിരുന്നു. ഒരുപക്ഷേ, ഈ നമസ്ക്കാരത്തിന്റെ നാട് എന്ന സൂചന 'ശീമ'യ്ക്ക് വന്നിട്ടുണ്ടാകാം, അല്ലെങ്കിൽ, 'പശ്ചിമ'നാട് കാലക്രമേണ 'ശീമ' ആയതുമാവാം.

9 വൈദിക വിളിയുടെ പ്രാരംഭമായി ശെമ്മാശുപട്ടത്തിലേക്കുള്ള പ്രാഥമിക പടി. 'കോറൂയോ' എന്നാൽ 'വായനക്കാരൻ' എന്നർത്ഥം.

10 1852-ൽ ഉണ്ടായ "കൊല്ലം പഞ്ചായത്ത്" വിധിപ്രകാരം യുയാക്കീം മാർ കൂറിലോസ് ഹാജരാക്കിയ പല രേഖകളും വ്യാജമാണെന്നാണ് കണ്ടെത്തിയത്.

11 ഫാ. ഡോ. ജോസഫ് ചീരൻ, *മലങ്കരയുടെ മഹാനായ മാർ ദീവന്നാസ്യോസ്*, ആത്മപോഷിണി, കുന്നംകുളം, 2004, പേജ് 27 (പക്ഷേ ഈ സ്കൂളുകളിൽ ചിലത് പിന്നീട് സ്വകാര്യസ്കൂളുകളോ സർക്കാർ സ്കൂളുകളോ ആയി മാറി).

12 പാലക്കുന്നത്തു മാർ അത്താനാസ്യോസ് നവീകരണശ്രമങ്ങളൊന്നും നടത്തിയില്ല എന്നു ചിലർ വാദിച്ചിട്ടുണ്ട്. എന്നാൽ അദ്ദേഹം 1031-ൽ (1856) കോട്ടയം സെമിനാരിയിൽ സ്ഥാപിച്ച അച്ചുകൂടത്തിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയ നമസ്ക്കാരപ്പുസ്തകത്തിൽ തന്നെ "കൃപനിറഞ്ഞമറിയം" എന്ന പ്രാർത്ഥന ഒഴിവാക്കിയിരുന്നു; ഒമ്പതാം മണി നമസ്ക്കാരത്തിൽ അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനെ... എന്നു തുടങ്ങുന്ന വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും ഒഴിവാക്കിയിരുന്നു (വിശദവിവരം: *മലങ്കരയുടെ മാർ ദീവന്നാസ്യോസ്*, ഫാ. ഡോ. ജോസഫ് ചീരൻ, പേജ് 29-31).

13 മാത്യൂസ് അത്താനാസ്യോസിന് അനുകൂലമായി രാജവിളംബരം ഉണ്ടായതിനാൽ, അതിനോട് എതിർക്കുന്നവർ രാജദ്രോഹക്കുറ്റമായിരിക്കും ചെയ്യുന്നതെന്നും അതിനുള്ള ശിക്ഷ കടുത്തതായിരിക്കുമെന്നുമുള്ള സൂചനയാണ് പ്രസ്തുത ദിവാൻ സർക്കുലറിൽ നൽകിയത്.

14 കണ്ടനാട് ഗ്രന്ഥവരി, ശെമവൂൻ മാർ ദീവന്നാസ്യോസ്, വ്യാഖ്യാനം: ഫാ.

ഡോ. ജോസഫ് ചീരൻ, എം.ജെ.ഡി. പബ്ലീഷിംഗ് ഹൗസ്, കുന്നംകുളം, 2008, പേജ് 96, 97.

15 'ബാവ' എന്നപദം മെത്രാന്മാർക്ക് പൊതുവിലും, ശീമമെത്രാന്മാർക്ക് പ്രത്യേകിച്ചും ഉപയോഗിക്കുമായിരുന്നു.

16 മർദീനിൽ ഇരിക്കും അന്ത്യോഖ്യാ പാത്രിയർക്കീസ് യാക്കോബ് ദ്വിതീയൻ.

17 ഈ യാത്രാവിവരണം, ഈ ഗ്രന്ഥത്തിൽ മൂന്നാം ഭാഗത്ത് മുഴുവനായി ചേർത്തിട്ടുണ്ട്. മലയാളത്തിലെ രണ്ടാമത്തെ യാത്രാവിവരണമെന്ന ബഹുമതി ഇത് അർഹിക്കുന്നു എന്ന് ഫാദർ ചീരൻ ന്യായയുക്തം വാദിക്കുന്നു ("ഒരു പരദേശയാത്രയുടെ കഥ", ആത്മപോഷിണി, കുന്നംകുളം, 2003, പേജ് 26, 27). ടി യാത്രാവിവരണത്തിന്റെ സംഗ്രഹം ഫാദർ ചീരൻ തന്റെ "മഹാത്മാവായ കർമ്മയോഗി" എന്ന ഗ്രന്ഥത്തിൽ (ആത്മപോഷിണി, കുന്നംകുളം, 2005, പേജ് 50) കൊടുത്തിരിക്കുന്നു.

18 മെത്രാൻപട്ടം സ്വീകരിക്കുന്നവർക്ക് പട്ടം കൊടുക്കുന്ന മേലധികാരി കൊടുക്കുന്ന ആധികാരികസാക്ഷ്യത്തിനും അധികാരപത്രത്തിനും സ്താത്തിക്കോൻ എന്നു പേരു പറയുന്നു.

19 വൈദികസ്ഥാനികൾക്ക് പള്ളികളിൽനിന്നും ജനങ്ങളിൽ നിന്നും ലഭിക്കുന്ന ദക്ഷിണ അഥവാ സ്തോത്രക്കാഴ്ച "കൈമുത്ത് " എന്നപേരിൽ അറിയപ്പെടുന്നു. കൈമുത്തിക്കൊണ്ടാണ് സാധാരണയായി ഇത് സമർപ്പിക്കുന്നത്.

20 'കേരളപതാക'യുടെ ഒരു ഉപപത്ര കോപ്പി ഈ ഗ്രന്ഥത്തിന്റെ മൂന്നാംഭാഗത്ത് ചേർത്തിട്ടുണ്ട്. കേരളപതാക കുറേനാൾ കഴിഞ്ഞപ്പോൾ, പശ്ചിമതാരക പത്രവുമായി സംയോജിക്കുകയുണ്ടായി.

21 പ്രസ്തുത എഴുത്ത് *കണ്ടനാടുഗ്രന്ഥവരിയിൽ* ചേർത്തിട്ടുണ്ട് (എം.ജെ.ഡി. പബ്ലീഷിംഗ് ഹൗസ്, കുന്നംകുളം, 2008, പേജ് 202–211).

22 പ്രസ്തുത യോഗനിശ്ചയങ്ങൾ ഈ ഗ്രന്ഥത്തിന്റെ മൂന്നാം ഭാഗത്ത് കൊടുത്തിട്ടുണ്ട്.

23 ഈ കല്പനകളുടെ പൂർണ്ണരൂപം മേൽ പരാമർശിച്ചിട്ടുള്ള കണ്ടനാട് ഗ്രന്ഥവരിയിൽ, 201–202 പേജുകളിലും 226 മുതൽ 235 വരെ പേജുകളിലും കാണാം.

24 ഈ വിളംബരത്തിന്റെ പൂർണ്ണരൂപം ഈ ഗ്രന്ഥത്തിന്റെ മൂന്നാം ഭാഗത്ത് കൊടുത്തിട്ടുണ്ട്.

25 മുളന്തുരുത്തി സുന്നഹദോസ് കാനോനാകൾ ഈ ഗ്രന്ഥത്തിന്റെ മൂന്നാം ഭാഗത്ത് കൊടുത്തിട്ടുണ്ട്.

26 ഈ കത്ത് ഗ്രന്ഥത്തിന്റെ മൂന്നാം ഭാഗത്ത് കൊടുത്തിട്ടുണ്ട്.

27 ഈ സിവിൽ ഹർജി ഈ ഗ്രന്ഥത്തിന്റെ മൂന്നാം ഭാഗത്ത് ചേർത്തിട്ടുണ്ട്.

28 ഈ സാക്ഷിമൊഴി ഈ ഗ്രന്ഥത്തിൽ മൂന്നാം ഭാഗത്ത് ചേർത്തിട്ടുണ്ട്.

29 വിൽപ്പന-ആധാരം കോപ്പി (24–3–1064) കാണുക (Exhibit 252 സമുദായകേസ്).

30 റോയൽ കോടതിയിൽ മാർ ദീവന്നാസ്യോസ് കൊടുത്ത പെറ്റീഷന്റെ കോപ്പി ഈ ഗ്രന്ഥത്തിന്റെ മൂന്നാം ഭാഗത്ത് കൊടുത്തിട്ടുണ്ട്.

31 ഇടവകപത്രിക 1892 മേടം 1/4 ലക്കം, പേജ് 55–57 കാണുക).

32 ഇടവകപത്രിക 1892 ഇടവം 1/5 ലക്കം, പേജ് 81 കാണുക. ഇടവകപത്രിക 1892 കന്നി 1/9 ലക്കം, പേജ് 143 (5 മിഷൻ പള്ളികളും 10000 ജനങ്ങളും റിനിവി

ലാത്തിക്ക് യൂറോപ്പിൽ). ഇടവകപത്രിക 1895 കന്നി 3/9 ലക്കം, പേജ് 562 (20,000ൽ പരം റോമാക്കാരെ റെനിവിലാത്തി സഭയിലേക്കു ചേർത്തു).

33. ഇടവകപത്രിക 1892 കുംഭം 1/2 ലക്കം, പേജ് 36 കാണുക.

34. ഇടവകപത്രിക 1892 മിഥുനം 1/6, പേജ് 100 കാണുക. എന്നാൽ ചെറിയ പള്ളിക്കേസ്സ്, ''1071 (1896) മിഥുനത്തിൽ ആലപ്പുഴ ജില്ലാകോടതിയിൽ വ്യവഹരിക്കപ്പെട്ടു" എന്ന് *"മഹാത്മാവായ കർമ്മയോഗിയിൽ"* ഫാ. ഡോ. ജോസഫ് ചീരൻ കുറിക്കുന്നു (പേജ് 64).

35 "വട്ടിപ്പണക്കേസ്സ്" എന്നറിയപ്പെടുന്ന കേസിന് രണ്ട് ഘട്ടങ്ങൾ ഉണ്ടെന്നു പറയാം. ഒന്നാം ഘട്ടം പുലിക്കോട്ടിൽ തിരുമേനിയുടെ കാലത്തും, രണ്ടാം ഘട്ടം വട്ടശ്ശേരിൽ തിരുമേനിയുടെ കാലഘട്ടത്തിലും.

36 ജൂബിലി സംബന്ധിച്ച് വിശദമായ ഒരു അനുബന്ധം ഈ ഗ്രന്ഥത്തിന്റെ മൂന്നാം ഭാഗത്ത് കൊടുത്തിട്ടുണ്ട്.

37 ഇടവകപത്രിക 1892 മീനം 1/3 പേജ് 51 – ലേഖനം

38 ഇടവകപത്രിക 1892 ഇടവം 1/5 പേജ് 76 – (വാർത്ത)

39 ഇടവകപത്രിക 1893 മകരം 2/11 പേജ് 211 (വാർത്ത)

40 ഇടവകപത്രിക 1893 ഇടവം 2/5 പേജ് 293 (പരസ്യം)

41 ഇടവകപത്രിക 1893 മിഥുനം 2/6 പേജ് 310 (വാർത്ത)

42 *അന്ത്യകല്പന ഈ ഗ്രന്ഥത്തിന്റെ മൂന്നാം ഭാഗത്ത് കൊടുത്തിട്ടുണ്ട്.*

43 *കാതോലിക്കേറ്റിന്റെ നിധി,* വള്ളിക്കാട്ട് ദയറാ, കോട്ടയം, 2005, പേജ് 180.

("ഈ ഗ്രന്ഥത്തിന്റെ" എന്ന് ഈ ലേഖനത്തിന്റെ കുറിപ്പുകളിൽ പറയുന്നത് ഈ ലേഖനം പ്രസിദ്ധീകരിച്ചിട്ടുള്ള "യുഗതേജസ്" – എം.ഒ.സി., കോട്ടയം, 2010 – എന്ന ഗ്രന്ഥത്തെക്കുറിച്ചാണ്. – എഡിറ്റർ)

# പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമൻ: ജീവചരിത്ര ഫലകങ്ങൾ

## വർഗീസ് ജോൺ, തോട്ടപ്പുഴ

**1832 ഡിസംബർ 7/ 1008 വൃശ്ചികം 24**

കുന്നംകുളം പുലിക്കോട്ടിൽ കുടുംബത്തിൽ താരു കുര്യൻ, താണ്ടമ്മ എന്നിവരുടെ പുത്രനായി ജനിച്ചു. ബാല്യകാല നാമം ഉട്ടൂപ്പ് (ഇട്ടൂപ്പ്).

**1845 ഒക്ടോബർ 5 / 1021 കന്നി 23**

കോതമംഗലം ചെറിയ പള്ളിയിൽ ചേപ്പാട് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് കോറൂയോ പട്ടമേറ്റു.

**1849/1024**

ആർത്താറ്റ് പള്ളിയിൽ സ്തേഫാനോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് പൂർണ്ണ ശെമ്മാശ പട്ടമേറ്റു.

**1852 ആഗസ്റ്റ് 18 / 1028 ചിങ്ങം 6**

ചാലിശ്ശേരി പള്ളിയിൽ യൂയാക്കീം മാർ കൂറിലോസ് മെത്രാപ്പോലീത്തായിൽ നിന്ന് കശീശാ പട്ടമേറ്റു.

**1865 ഏപ്രിൽ 29 / 1040 മേടം 17 ശനി**

ആമീദ് (ഇന്ന് ടർക്കിയിലെ ഡിയാർബക്കീർ) വിശുദ്ധ മർത്ത് മറിയം പള്ളിയിൽ മാർ ഇഗ്നാത്തിയോസ് യാക്കോബ് ദ്വീതിയൻ പാത്രിയർക്കീസ് ബാവാ റമ്പാൻ സ്ഥാനം നൽകി.

**1865 ഏപ്രിൽ 30/ 1040 മേടം 18 ഞായർ**

ആമീദ് (ഡിയാർബക്കീർ) പള്ളിയിൽ പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ പ്രധാന കാർമ്മികത്വത്തിലും രണ്ടു സുറിയാനി മേല്പട്ടക്കാരുടെയും ഒരു അർമേനിയൻ മേല്പട്ടക്കാരന്റെയും സഹകാർമ്മികത്വത്തിലും “മാർ ദീവന്നാസിയോസ്” എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു.

(ഈ മേൽപട്ട വാഴ്ചയുടെ തീയതി ‘1864 മേയ് 8 (1039 മേടം 26)’ എന്ന് ചില ഗ്രന്ഥങ്ങളിൽ കാണുന്നതു ശരിയാകാൻ ഇടയില്ല).

**1872 ഏപ്രിൽ 7/മീനം 26 (സു.ക.)/1047 മീനം 27 ഞായറാഴ്ച**

മുളന്തുരുത്തി പള്ളിയിൽവച്ച് ചാത്തുരുത്തിൽ ഗീവർഗീസ് കോറെപ്പിസ്കോപ്പായ്ക്ക് റമ്പാൻ സ്ഥാനം നല്കി.

വചനിപ്പു പെരുനാൾ (സുറിയാനി കണക്കിന് മീനം 25) എന്നും കാണുന്നുണ്ട്. അതു ശരിയാണെങ്കിൽ 1872 ഏപ്രിൽ 6 ശനിയാഴ്ച ആണ് വരേണ്ടത്.

**1873 സെപ്ററംബർ 8**

പരുമല സെമിനാരിയിൽ പള്ളിപ്രതിപുരുഷയോഗം വിളിച്ചുകൂട്ടി. യുയാക്കിം മാർ കൂറിലോസ് അദ്ധ്യക്ഷത വഹിച്ചു. മലങ്കര അസോസിയേഷനും മാനേജിംഗ് കമ്മിറ്റിക്കും രൂപം കൊടുത്തു. വിശദമായ ഒരു നിയമാവലി പാസാക്കി.

**1874 സെപ്റ്റംബർ 1**

മുളന്തുരുത്തി മാർ തൊമ്മൻ പള്ളിയിൽ യൂയാക്കിം മാർ കൂറിലോസ് മെത്രാപ്പോലീത്താ കാലം ചെയ്തു. കബറടക്ക ശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു.

**1876 ജൂൺ 27–30/ 1051 മിഥുനം 15–18 ചൊവ്വാ–വെള്ളി**

മുളന്തുരുത്തി മാർ തൊമ്മൻ പള്ളിയിൽ പരിശുദ്ധ ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ അദ്ധ്യക്ഷതയിൽ കൂടിയ സുന്നഹദോസിൽ സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പ്രസിഡന്റ് (മലങ്കര മെത്രാപ്പോലീത്താ) ആയി തെരഞ്ഞെടുക്കപ്പെട്ടു. മാനേജിംഗ് കമ്മിറ്റിയിലേക്ക് 24 പേരെ തെരഞ്ഞെടുത്തു.

**1876 ആഗസ്റ്റ്27/ഓബ് 15/1052 ചിങ്ങം 13 ഞായർ (വാങ്ങിപ്പു പെരുന്നാൾ)**

മുളന്തുരുത്തി മാർ തൊമ്മൻ പള്ളിയിൽ പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ നടന്ന വിശുദ്ധ മൂറോൻ കൂദാശയിൽ അബ്ദള്ളാ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ (പിന്നീട് പാത്രിയർക്കീസ്)യോടൊപ്പം സഹകാർമ്മികത്വം വഹിച്ചു.

**1877 ജനുവരി 27–30**

വെളിയനാട് മാർ സ്തേഫാനോസ് സഹദാ പള്ളിയിൽ പരിശുദ്ധ പത്രോസ് തൃതീയൻ ബാവായുടെ അദ്ധ്യക്ഷതയിൽ കൂടിയ സുന്നഹദോസിൽ സംബന്ധിച്ചു. മെത്രാന്മാരെ തെരഞ്ഞെടുക്കാനുള്ള *മലങ്കര പള്ളി യോഗ*ത്തിന്റെ അവകാശം പാത്രിയർക്കീസ് ബാവാ അംഗീകരിക്കാതിരുന്നതിനാൽ പ്രതിനിധികൾ യോഗം ബഹിഷ്ക്കരിച്ചു.

**1878 ജനുവരി 13 / മകരം 1 (സുക) ഞായറാഴ്ച**

ചാത്തുരുത്തിൽ ഗീവർഗീസ് മാർ ഗ്രീഗോറിയോസ്, മാർ ദിവന്നാസിയോസിന്റെ സാന്നിദ്ധ്യത്തിൽ വെട്ടിയ്ക്കൽ ദയറായ്ക്കു കല്ലിട്ടു. മാർ യൂലിയോസ്, മാർ അത്താനാസിയോസ്, മാർ ഈവാനിയോസ് എന്നീ മേല്പട്ടക്കാരും ഉണ്ടായിരുന്നു.

**1878 ഫെബ്രുവരി 18 / കുംഭം 6 (സുക) തിങ്കളാഴ്ച**

പരുമല സെമിനാരിയിൽ കൂടിയ സുന്നഹദോസിൽ (അസോസിയേഷൻ) അദ്ധ്യക്ഷത വഹിച്ചു. പുതിയ കമ്മിറ്റിക്കാരെ നിശ്ചയിച്ചു. നവീകരണക്കാരുമായുള്ള കേസും അതിനായുള്ള പണപ്പിരിവും ഊർജ്ജിതപ്പെടുത്താനും പരുമല സെമിനാരിയിൽ കോട്ടയം മുതൽ തെക്കോട്ടുള്ള ശെമ്മാശന്മാരെ പഠിപ്പിക്കുന്നതിനും തീരുമാനിച്ചു.

**1879 ഏപ്രിൽ 26/മേടം 14 (സുക) ശനിയാഴ്ച**

പുതുപ്പള്ളിയിൽ നടന്ന പള്ളി പ്രതിപുരുഷയോഗത്തിൽ (അസോസിയേഷൻ) അദ്ധ്യക്ഷത വഹിച്ചു. കേസു മൂലമുണ്ടായ കടം വീട്ടാൻ നടപടി. പള്ളികളെ നാലു ക്ലാസായി തിരിച്ചു. പിരിവു തുക നിശ്ചയിച്ചു.

**1881 ഫെബ്രുവരി 11 / 1056 മകരം 30**

വെട്ടിയ്ക്കൽ ദയറായിൽ കൂടിയ സുന്നഹദോസിൽ അദ്ധ്യക്ഷത വഹിച്ചു.

**1882 ഏപ്രിൽ 27 / മേടം 15**

കൊച്ചിയിൽ കൂടിയ സുന്നഹദോസിൽ അദ്ധ്യക്ഷത വഹിച്ചു.

**1882 ആഗസ്റ്റ് 31 / ചിങ്ങം 19 വ്യാഴാഴ്ച**

കൊച്ചി പൊഞ്ഞിക്കര വച്ച് 11 മണിക്ക് മദ്രാസ് ഗവർണറുമായി കൂടിക്കാഴ്ച നടത്തി. ഗീവർഗീസ് മാർ ഗ്രീഗോറിയോസ്, പൗലോസ് മാർ ഈവാനിയോസ്, ശെമവൂൻ മാർ ദിവന്നാസിയോസ് എന്നിവരുമുണ്ടായിരുന്നു. മംഗളപത്രം സമർപ്പിച്ചു.

**1883 ഡിസംബർ 29 / 1059 ധനു 17**

കോട്ടയം പഴയ സെമിനാരിയിൽ കൂടിയ അസോസിയേഷൻ കമ്മറ്റിയിൽ അദ്ധ്യക്ഷത വഹിച്ചു.

**1886 സെപ്റ്റംബർ 11–13 ശനി – തിങ്കൾ**

കോട്ടയം പഴയസെമിനാരിയിൽ കൂടിയ പള്ളി പ്രതിപുരുഷ (അസോസിയേഷൻ) യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. കൂട്ടു ട്രസ്റ്റിമാരായി

കോനാട്ട് കോര യോഹന്നാൻ മൽപാനെയും കുന്നുംപുറത്ത് കോര ഉലഹന്നാനെയും തെരഞ്ഞെടുത്തു. ഇടവക പള്ളികളുടെ വരുമാനത്തിന്റെ അഞ്ചു ശതമാനം എല്ലാ വർഷവും പൊതുവകയ്ക്ക് നല്കണമെന്ന് തീരുമാനിച്ചു.

**1889 ജൂലൈ 29**

കോട്ടയം പഴയസെമിനാരിയിൽ വച്ച് അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായ്ക്ക് മേല്പട്ടസ്ഥാനം നൽകി. കടവിൽ പൗലോസ് മാർ അത്താനാസ്യോസ്, ഗീവർഗീസ് മാർ ഗ്രീഗോറിയോസ് എന്നിവർ സഹകാർമ്മികത്വം വഹിച്ചു.

**1890 ഫെബ്രുവരി 14 / 1065 കുംഭം 2 മായൽത്തോ പെരുന്നാൾ**

കൈപ്പട്ടൂർ പള്ളി കൂദാശ നടത്തി. ഗീവർഗീസ് മാർ ഗ്രീഗോറിയോസ്, പൗലോസ് മാർ ഈവാനിയോസ് എന്നിവർ സംബന്ധിച്ചു.

**1891 മാർച്ച് 9 / കുംഭം 25 തിങ്കളാഴ്ച**

അമ്പാട്ട് ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ തലേന്ന് രാത്രിയിൽ കാലം ചെയ്തു. അങ്കമാലി ചെറിയ പള്ളിയിൽ കബറടങ്ങി.

**1892 മാർച്ച് 30–ഏപ്രിൽ 2/1067 മീനം 19–22 ബുധൻ – ശനി**

കോട്ടയം പഴയ സെമിനാരിയിൽ നടന്ന പള്ളി പ്രതിപുരുഷയോഗത്തിൽ (സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ) അദ്ധ്യക്ഷത വഹിച്ചു. മാനേജിംഗ് കമ്മിറ്റിയിലേക്ക് പുതിയതായി 24 പേരെ തെരഞ്ഞെടുത്തു. കമ്മിറ്റിയുടെ നടപടിക്രമങ്ങൾക്ക് രൂപംകൊടുത്തു.

**1892 നവംബർ 25–27/വൃശ്ചികം 13–15**

കോട്ടയം പഴയ സെമിനാരിയിൽ കൂടിയ അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയിൽ അദ്ധ്യക്ഷത വഹിച്ചു.

**1893 ഏപ്രിൽ 25–28/മേടം 14–17**

കോട്ടയം സെമിനാരിയിൽ അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയിൽ അദ്ധ്യക്ഷത വഹിച്ചു.

**1894 ഏപ്രിൽ 11, 12/1069 മീനം 30, 31 ബുധൻ, വ്യാഴം**

കോട്ടയം പഴയ സെമിനാരിയിൽ കൂടിയ അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയിൽ സംബന്ധിച്ചു.

**1894 സെപ്റ്റംബർ 12, 13/1070 ചിങ്ങം 28, 29**

വടക്കൻ പറവൂർ പള്ളിയിലെ പ്രശ്നങ്ങളെപ്പറ്റി ചർച്ചചെയ്ത് തീരുമാ

നിക്കുന്നതിനു സെമിനാരിയിൽ കൂടിയ മാനേജിംഗ് കമ്മറ്റിയിൽ അദ്ധ്യക്ഷത വഹിച്ചു.

**1894 ഒക്ടോബർ 8/കന്നി 26 (സുക) തിങ്കളാഴ്ച**

മാർ ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ തലേരാത്രി 10 മണിക്ക് മർദീൻ പട്ടണത്തിലുള്ള പ്രധാന പള്ളിയിലെ അരമനയിൽവച്ച് കാലം ചെയ്തു. കുർക്കുമാ ദയറായിൽ കബറടങ്ങി.

**1895 ജനുവരി 27/മകരം 15 (സുക) ഞായറാഴ്ച**

പരുമലപ്പള്ളിയുടെ താൽക്കാലിക കൂദാശ നടത്തി. ഗീവർഗീസ് മാർ ഗ്രീഗോറിയോസ് സംബന്ധിച്ചു.

**1895 ജൂൺ 16/മിഥുനം 4 ഞായറാഴ്ച**

മർദീനിലെ കുർക്കുമാ ദയറായിൽ വി. പത്രോസിന്റെ സിംഹാസനപള്ളിയിൽ മാർ ഇഗ്നാത്തിയോസ് അബ്ദേദ് മശീഹാ ദ്വിതീയൻ പാത്രിയർക്കീസ് ബാവായുടെ സ്ഥാനാരോഹണം.

**1895 നവംബർ 21–23/വൃശ്ചികം 9–11 (സുക)**

കോട്ടയം പഴയ സെമിനാരിയിൽ കൂടിയ സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. വൈദിക ട്രസ്റ്റിയായ കോനാട്ട് കോര യോഹന്നാൻ മൽപാന്റെ നിര്യാണം മൂലം ഒഴിവുവന്ന സ്ഥാനത്തേക്ക് കോനാട്ട് കോര മാത്തൻ മൽപാനെ തെരഞ്ഞെടുത്തു.

**1895 നവംബർ 23/വൃശ്ചികം 11 ശനിയാഴ്ച**

മാനേജിംഗ് കമ്മറ്റി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. മലങ്കര മെത്രാപ്പോലീത്തായുടെ സഹായിയായി ചാത്തുരുത്തിൽ ഗീവർഗീസ് മാർ ഗ്രീഗോറിയോസിനെ നിയമിച്ചു. അദ്ദേഹത്തെ അസോസിയേഷൻ വൈസ് പ്രസിഡന്റാക്കാൻ ശുപാർശ ചെയ്തു.

**1896 ജനുവരി 25/മകരം 13 (സുക) ശനിയാഴ്ച**

തിരുവല്ലായ്ക്കു സമീപം കവിയൂർ എന്ന സ്ഥലത്തു സ്ഥാപിച്ച താൽക്കാലികപള്ളിയുടെ കൂദാശയും സ്ഥിരം കെട്ടിടത്തിന്റെ ശിലാസ്ഥാപനവും മാർ ഗ്രീഗോറിയോസിനോടൊപ്പം നിർവ്വഹിച്ചു. തലേന്ന് തിരുവല്ലയിൽനിന്നു സ്വീകരണഘോഷയാത്രയുണ്ടായിരുന്നു.

**1897 നവംബർ 24/വൃശ്ചികം 12**

കോട്ടയം പഴയ സെമിനാരി പള്ളി (ചാപ്പൽ) യുടെ അഭിഷേക

കൂദാശ നിർവ്വഹിച്ചു. മാർ ഈവാനിയോസ്, ഗീവർഗീസ് മാർ ഗ്രീഗോറിയോസ് എന്നിവർ സംബന്ധിച്ചു.

**1898 ഫെബ്രുവരി 26/കുംഭം 15 ശനിയാഴ്ച**

കവിയൂർ സ്ലീബാപ്പള്ളിയുടെ കൂദാശ നിർവഹിച്ചു. മാർ ഗ്രീഗോറിയോസ് സംബന്ധിച്ചു.

**1899 നവംബർ 23/വൃശ്ചികം 9**

കോട്ടയം എം. ഡി. സെമിനാരിയിലെ സമ്മാനദാനചടങ്ങിൽ മാർ ഗ്രീഗോറിയോസിനോടൊപ്പം സംബന്ധിച്ചു.

**1900 നവംബർ 22/വൃശ്ചികം 9 (സുക) വ്യാഴാഴ്ച**

തിരുവനന്തപുരം സെന്റ് ജോർജ് പള്ളിയുടെ കൂദാശ നടത്തി. ഗീവർഗീസ് മാർ ഗ്രീഗോറിയോസ് സംബന്ധിച്ചു.

**1901 ഫെബ്രുവരി 24/കുംഭം 13**

സെമിനാരി ട്രസ്റ്റിമാരിൽ ഒരാളായ കുന്നുംപുറത്തു കോര ഉലഹന്നാൻ നിര്യാതനായി. ഗ്രീഗോറിയോസിനോടൊപ്പം ശവസംസ്കാരശുശ്രൂഷ നിർവ്വഹിച്ചു.

**1901 മാർച്ച് 23/മീനം 10 (സുക) ശനിയാഴ്ച**

വർഷങ്ങളായി നവീകരണകക്ഷി കൈവശപ്പെടുത്തിയിരുന്ന കോട്ടയം ചെറിയ പള്ളിയിൽ കോടതിവിധിയ്ക്കുശേഷം മാർ അത്താനാസിയോസ്, മാർ ഗ്രീഗോറിയോസ് എന്നീ മെത്രാപ്പോലീത്താമാരോടൊപ്പം എത്തി. പിറ്റേന്ന് പള്ളി കൂദാശ ചെയ്തു.

**1901 ഏപ്രിൽ 24, 25/മേടം 11, 12 (സുക)**

മലങ്കര മഹജന സഭ (സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ) യിൽ അദ്ധ്യക്ഷത വഹിച്ചു. കുന്നുംപുറത്ത് കോര ഉലഹന്നാൻ മരിച്ച ഒഴിവിൽ കുന്നുംപുറത്ത് കോര കുര്യനെ (സി.ജെ. കുര്യൻ) അത്മായ ട്രസ്റ്റിയായും പുതിയ 24 അംഗ മാനേജിംഗ് കമ്മിറ്റിയേയും തെരഞ്ഞെടുത്തു. മാർ ദീവന്നാസിയോസിന്റെ പൗരോഹിത്യ കനകജൂബിലി ആഘോഷിക്കണം എന്നു തീരുമാനിച്ചു.

**1901 സെപ്റ്റംബർ-ഒക്ടോബർ/കന്നി**

മാർ ഗ്രീഗോറിയോസും ചേർന്ന് മുളന്തുരുത്തി സ്കൂൾ തുറന്നു.

**1901 നവംബർ 25/വൃശ്ചികം 12 (സുക) തിങ്കളാഴ്ച**

കോട്ടയം പഴയ സെമിനാരിയിൽ പൗരോഹിത്യ കനക ജൂബിലിയാഘോഷം.

**1902 നവംബർ 2/തുലാം 20 (സുക)/1078 തുലാം 17 ഞായറാഴ്ച**

പ്രിയശിഷ്യനായ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ രാത്രി (തിങ്കളാഴ്ച വെളുപ്പിന്) ഒരു മണിക്ക് പരുമല സെമിനാരിയിൽ കാലം ചെയ്തു (കാലം ചെയ്ത സമയം പരിഗണിച്ചാൽ തീയതി 1902 നവംബർ 3 ആണ് വരേണ്ടത്)

**1902 നവംബർ 4/തുലാം 22 (സുക) ചൊവ്വാഴ്ച**

മാർ ദീവന്നാസ്യോസിന്റെ സാന്നിദ്ധ്യത്തിലും മുറിമറ്റത്തു പൗലോസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിലും പരുമല പള്ളിയിൽ കബറടക്കശുശ്രൂഷ.

**1907 നവംബർ 2**

കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ കാലം ചെയ്തു. ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ കബറടക്കം.

**1908 ഫെബ്രുവരി 27**

കോട്ടയം പഴയ സെമിനാരിയിൽ കൂടിയ സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. മലങ്കര മൽപാൻ വട്ടശ്ശേരിൽ ഗീവർഗീസ് റമ്പാനെയും, കൊച്ചുപറമ്പിൽ പൗലോസ് റമ്പാനെയും മേൽപട്ട സ്ഥാനത്തേക്കും തെരഞ്ഞെടുത്തു. ഇവരിൽ വട്ടശ്ശേരിൽ റമ്പാനെ മലങ്കര മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റും പിൻഗാമിയുമായി നിശ്ചയിച്ചു. 26 അംഗ മാനേജിംഗ് കമ്മിറ്റിയെ തെരഞ്ഞെടുത്തു.

**1909 ജൂലൈ 11/ 1084 മിഥുനം 28 ഞായർ**

കോട്ടയം ചെറിയ പള്ളിയിൽ രാവിലെ 11.45നു കാലം ചെയ്തു.

**1909 ജൂലൈ 12/ 1084 മിഥുനം 29 തിങ്കൾ**

കോട്ടയം പഴയ സെമിനാരിയിൽ കബറടക്കം.

## പുലിക്കോട്ടിൽ തിരുമേനിയുടെ കാലത്ത് കാലം ചെയ്ത മേല്പട്ടക്കാർ

*മേല്പട്ടക്കാർ, കാലം ചെയ്ത തീയതി, കബറടങ്ങിയ പള്ളി എന്നീ ക്രമത്തിൽ.*

യൂയാക്കിം മാർ കൂറിലോസ് (അന്ത്യോഖ്യൻ) 1874 സെപ്റ്റംബർ 1 മുളന്തുരുത്തി മാർ തൊമ്മൻ പള്ളി.

മാത്യൂസ് മാർ അത്താനാസിയോസ് (പാലക്കുന്നത്ത്) 1877 ജൂലൈ 16 മാരാമൺ മാർത്തോമ്മാ പള്ളി.

ഗീവർഗീസ് മാർ യൂലിയോസ് (കോനാട്ട്) 1884 മാർച്ച് 21 പാമ്പാക്കുട സെന്റ് ജോൺസ് വലിയ പള്ളി.

ശെമവൂൻ മാർ ദിവന്നാസിയോസ് (കരവട്ടുവീട്ടിൽ) 1886 ഒക്ടോബർ 2 കടുങ്ങമംഗലം സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് പള്ളി.

ശെമവൂൻ മാർ അത്താനാസിയോസ് (അന്ത്യോഖ്യൻ) 1889 ജൂൺ 11 കോട്ടയം പുത്തൻപള്ളി.

ഗീവർഗീസ് മാർ കൂറിലോസ് (അമ്പാട്ട്) 1891 മാർച്ച് 9 അങ്കമാലി സെന്റ് മേരീസ് ചെറിയപള്ളി.

തോമസ് മാർ അത്താനാസിയോസ് (പാലക്കുന്നത്ത്) 1893 ആഗസ്റ്റ് 10 മാരാമൺ മാർത്തോമ്മാ പള്ളി.

ഗീവർഗീസ് മാർ ഗ്രീഗോറിയോസ് (ചാത്തുരുത്തിൽ) 1902 നവംബർ 2 പരുമല സെമിനാരി.

പൗലോസ് മാർ അത്താനാസിയോസ് (കടവിൽ) 1907 നവംബർ 2 ആലുവാ തൃക്കുന്നത്തു സെമിനാരി.

**പുലിക്കോട്ടിൽ തിരുമേനിയുടെ കാലത്ത് വാഴിക്കപ്പെട്ട മേല്പട്ടക്കാർ**

*മേല്പട്ടക്കാർ, സ്ഥാനമേറ്റ തീയതി, മേല്പട്ടവാഴ്ച നടന്ന പള്ളി എന്ന ക്രമത്തിൽ. ഈ മേല്പട്ടവാഴ്ചകളിലൊന്നും അദ്ദേഹം സംബന്ധിച്ചിരുന്നില്ല.*

തോമസ് മാർ അത്താനാസിയോസ് (പാലക്കുന്നത്ത്) 1868 മെയ് 31 കോട്ടയം പഴയ സെമിനാരി.

ഗീവർഗീസ് മാർ യൂലിയോസ് (കോനാട്ട്) 1876 ഡിസംബർ 3 വടക്കൻ പറവൂർ മാർ തൊമ്മൻ പള്ളി.

പൗലോസ് മാർ അത്താനാസിയോസ് (കടവിൽ) 1876 ഡിസംബർ 3 വടക്കൻ പറവൂർ മാർ തൊമ്മൻ പള്ളി.

ഗീവർഗീസ് മാർ കൂറിലോസ് (അമ്പാട്ട്) 1876 ഡിസംബർ 10 വടക്കൻ പറവൂർ മാർ തൊമ്മൻ പള്ളി.

ഗീവർഗീസ് മാർ ഗ്രീഗോറിയോസ് (ചാത്തുരുത്തിൽ) 1876 ഡിസംബർ 10 വടക്കൻ പറവൂർ തൊമ്മൻ പള്ളി.

ശെമവൂൻ മാർ ദീവന്നാസിയോസ് (കരവട്ട്) 1877 മേയ് 17 കുന്നംകുളം ചിറളയം സെന്റ് ലാസറസ് പള്ളി.

പൗലോസ് മാർ ഈവാനിയോസ് (മുറിമറ്റത്ത്) 1877 മേയ് 17 കുന്നംകുളം ചിറളയം സെന്റ് ലാസറസ് പള്ളി.

റെനിവിലാത്തി മാർ തീമോത്തിയോസ് 1892 മേയ് 29 കൊളംബോ നൽമരണ മാതാവിന്റെ പള്ളി.

പൗലോസ് മാർ കൂറിലോസ് (കൊച്ചുപറമ്പിൽ) 1908 മേയ് 31 ജറുസലേം മാർ മർക്കോസിന്റെ ദയറാ

ഗീവർഗീസ് മാർ ദിവന്നാസിയോസ് (വട്ടശ്ശേരിൽ) 1908 മേയ് 31 ജറുസലേം മാർ മർക്കോസിന്റെ ദയറാ

**പുലിക്കോട്ടിൽ തിരുമേനിയുടെ കാലത്തുനടന്ന പള്ളിപ്രതിപുരുഷ യോഗങ്ങളും മലങ്കര അസോസിയേഷൻ യോഗങ്ങളും**

കോട്ടയം പഴയ സെമിനാരി

1869 ഒക്ടോബർ 21

1870 ഫെബ്രുവരി 7

1886 സെപ്റ്റംബർ 11-13

1892 മാർച്ച് 30, 31

1895 നവംബർ 21-23

1901 ഏപ്രിൽ 24, 25

1908 ഫെബ്രുവരി 27

പരുമല സെമിനാരി

1873 സെപ്റ്റംബർ 8

1878 ഫെബ്രുവരി 18

മുളന്തുരുത്തി

1876 ജൂൺ 27-30

വെളിയനാട്

1877 ജനുവരി 27-30

പുതുപ്പള്ളി

1879 ഏപ്രിൽ 26

(ആകെ 12 അസോസിയേഷൻ യോഗങ്ങൾ. മറ്റൊരു മലങ്കര മെത്രാന്റെയും കാലത്ത് ഇത്രയും യോഗങ്ങൾ നടന്നിട്ടില്ല. - എഡിറ്റർ)